# THE NEW TESTAMENT
# പുതിയനിയമം

# THE GOSPEL ACCORDING TO MATTHEW

# മത്തായി എഴുതിയ സുവിശേഷം

## മുഖവുര

യേശു വാഗ്ദത്തരക്ഷകനെന്നും, യേശുവിലൂടെയാണ് പഴയനിയമത്തിൽ ജനങ്ങളുമായി ദൈവം ചെയ്ത വാഗ്ദത്തങ്ങളുടെ നിവൃത്തി സാധ്യമായിത്തീരുന്നതെന്നും മത്തായിയുടെ സുവിശേഷം പ്രതിപാദിക്കുന്നു. യേശുക്രിസ്തുവിന്റെ ചരിത്രം ക്രമീകൃതമായി രേഖപ്പെടുത്തിയിരിക്കുന്ന പുസ്തകമാണിത്. ഇതിൽ യേശുവിന്റെ ജനനം, സ്നാനം, പരീക്ഷ, പ്രസംഗങ്ങൾ, ഉപദേശങ്ങൾ, ഗലീലയിലെ രോഗശാന്തി എന്നിവ ഉൾക്കൊള്ളുന്നു. പിന്നീട്, ഗലീലയിൽനിന്ന് യെരൂശലേമിലേക്കുള്ള യേശുവിന്റെ യാത്ര, യേശുവിന്റെ ക്രൂശീകരണത്തോടനുബന്ധിച്ചു നടന്ന സംഭവങ്ങൾ, ക്രൂശീകരണം, ഉയിർപ്പ് എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു.

*1. ക്രിസ്തുവിന്റെ വംശാവലി 18. അവന്റെ ഉദ്ഭവവും ജനനവും 21. അവന്റെ നാമങ്ങൾ*

**അ**ബ്രാഹാമിന്റെ പുത്രനായ[a]
ദാവീദിന്റെ പുത്രനായ[b] യേശുക്രി
സ്തുവിന്റെ വംശാവലി:[c] **2** അബ്രാ
ഹാം യിസ്ഹാക്കിനെ[d] ജനിപ്പിച്ചു;
യിസ്ഹാക് യാക്കോബിനെ[e] ജനി
പ്പിച്ചു; യാക്കോബ് യെഹൂദായെ
യും[f] അവന്റെ സഹോദരന്മാരെയും
ജനിപ്പിച്ചു; **3** യെഹൂദാ താമാറിൽ
പാരെസിനെയും സാരഹിനെയും[g]
ജനിപ്പിച്ചു; പാരെസ് ഹെസ്രോനെ
ജനിപ്പിച്ചു; ഹെസ്രോൻ ആരാമി
നെ ജനിപ്പിച്ചു; **4** ആരാം അമ്മീനാ
ദാബിനെ ജനിപ്പിച്ചു; അമ്മീനാ
ദാബ് നഹശോനെ ജനിപ്പിച്ചു;
നഹശോൻ ശല്മോനെ ജനിപ്പിച്ചു;
**5** ശല്മോൻ രഹാബിൽ[h] ബോവ
സിനെ ജനിപ്പിച്ചു; ബോവസ് രൂ
ത്തിൽ ഓബേദിനെ ജനിപ്പിച്ചു;
ഓബേദ് യിശ്ശായിയെ ജനിപ്പിച്ചു;
**6** യിശ്ശായി ദാവീദുരാജാവിനെ[i]
ജനിപ്പിച്ചു; ദാവീദ് ഊരീയാവിന്റെ
ഭാര്യയായിരുന്നവളിൽ[j] ശലോ
മോനെ ജനിപ്പിച്ചു;[k] **7** ശലോമോൻ
രെഹബ്യാമെ[l] ജനിപ്പിച്ചു; രെഹ
ബ്യാം അബീയാവെ ജനിപ്പിച്ചു;
അബീയാവ് ആസായെ ജനിപ്പി
ച്ചു; **8** ആസാ യോശാഫാത്തിനെ
ജനിപ്പിച്ചു; യോശാഫാത്ത് യോരാ
മിനെ ജനിപ്പിച്ചു; യോരാം ഉസ്സീ
യാവെ[m] ജനിപ്പിച്ചു; **9** ഉസ്സീയാവ്
യോഥാമിനെ ജനിപ്പിച്ചു; യോഥാം
ആഹാസിനെ ജനിപ്പിച്ചു; ആഹാസ്
ഹിസ്കീയാവെ ജനിപ്പിച്ചു; **10** ഹി
സ്കീയാവ് മനശ്ശെയെ ജനിപ്പിച്ചു;
മനശ്ശെ ആമോസിനെ ജനിപ്പിച്ചു;
ആമോസ് യോശീയാവെ ജനി
പ്പിച്ചു; **11** യോശീയാവ്[n] യെഖൊ
ന്യാവെയും[o] അവന്റെ സഹോദ
രന്മാരെയും ബാബേൽപ്രവാസകാ
ലത്തു ജനിപ്പിച്ചു.

**12** ബാബേൽപ്രവാസം കഴി
ഞ്ഞിട്ടു യെഖൊന്യാവ്[p] ശെയല്തീ
യേലിനെ[q] ജനിപ്പിച്ചു; ശെയല്തീ
യേൽ സെരുബ്ബാബേലിനെ[r] ജനി
പ്പിച്ചു; **13** സെരുബ്ബാബേൽ അബീ
ഹൂദിനെ ജനിപ്പിച്ചു; അബീഹൂദ്

**അധ്യായം 1**

1. [a] *ഉൽപ.22:18; ഗലാ.3:16; (റോമ.9:5)*
[b] *2ശമൂ.7:12 - 16; സങ്കീ.132:11; യെശ.11:1; യിരെ.23:5; ലൂക്കൊ.1:32,71; യോഹ.7:42; അപ്പൊ.പ്ര. 2:30; 13:23; റോമ.1:5; 2 തിമൊ.2:8; വെളി.22:16*
[c] *ലൂക്കൊ.3:23 - 38*
2. [d] *ഉൽപ.21:3*
[e] *ഉൽപ.25:26*
[f] *ഉൽപ.29:35*
3. [g] *(രൂത്ത് 4:18 - 22; 1 ദിന.2:1 - 15)*
5. [h] *യോശു. 6:25*
6. [i] *1 ശമൂ.16:1;17:12*
[j] *1 ശമൂ.12:10*
[k] *1 ശമൂ.12:24*
7. [l] *മത്താ.1:7 - 10ക്കു. 1 ദിന.3:10 - 14കാ.*
8. [m] *(2 രാജാ.15:1; 1 ദിന.3:11,12)*
11. [n] *1 ദിന.3:15,16* [o] *എസ്ഥേ.2:6; യിരെ.24:1;27:19*
12. [p] *1 ദിന.3:17 - 19* [q] *ലൂക്കൊ.3:27* [r] *എസ്രാ.3:2*

1:11 ***ബാബേൽ പ്രവാസകാലം:*** (ബി.സി.586 - 538) ബാബിലോൺ സൈന്യം യെരൂശലേം നശിപ്പിച്ച് ധാരാളം യെഹൂദന്മാരെ പ്രവാസികളാക്കി. പേർഷ്യക്കാർ ബാബിലോണ്യരെ തോല്പിച്ച് യെഹൂദന്മാർക്ക് ജന്മദേശത്തേക്ക് മടങ്ങുവാൻ അനുവാദം കൊടുത്തു.

എല്യാക്കീമിനെ ജനിപ്പിച്ചു; എല്യാക്കീം ആസോരിനെ ജനിപ്പിച്ചു. **14** ആസോർ സാദോക്കിനെ ജനിപ്പിച്ചു; സാദോക് ആഖീമിനെ ജനിപ്പിച്ചു; ആഖീം എലീഹൂദിനെ ജനിപ്പിച്ചു; **15** എലീഹൂദ് എലീയാസരെ ജനിപ്പിച്ചു; എലീയാസർ മത്ഥാനെ ജനിപ്പിച്ചു; മത്ഥാൻ യാക്കോബിനെ ജനിപ്പിച്ചു. **16** യാക്കോബ് മറിയയുടെ ഭർത്താവായ യോസേഫിനെ[s] ജനിപ്പിച്ചു. അവളിൽനിന്നു ക്രിസ്തു എന്നു പേരുള്ള യേശു ജനിച്ചു.

**17** ഇങ്ങനെ തലമുറകൾ ആകെ അബ്രാഹാം മുതൽ ദാവീദുവരെ പതിന്നാലും ദാവീദ്മുതൽ ബാബേൽപ്രവാസത്തോളം പതിന്നാലും ബാബേൽപ്രവാസംമുതൽ ക്രിസ്തു[t]വിനോളം പതിന്നാലും ആകുന്നു.

**18** എന്നാൽ യേശുക്രിസ്തുവിന്റെ[u] ജനനം ഇവ്വണ്ണം ആയിരുന്നു. അവന്റെ അമ്മയായ മറിയ യോസേഫിനു വിവാഹം നിശ്ചയിക്കപ്പെട്ട[v]ശേഷം അവർ കൂടിവരുമ്മുമ്പേ പരിശുദ്ധാത്മാവിനാൽ[w] ഗർഭിണിയായി എന്നു കണ്ടു. **19** അവളുടെ ഭർത്താവായ യോസേഫ് നീതിമാനാകകൊണ്ടും അവൾക്കു ലോകാപവാദം വരുത്തുവാൻ[x] അവനു മനസ്സില്ലായ്കകൊണ്ടും അവളെ ഗൂഢമായി ഉപേക്ഷിപ്പാൻ ഭാവിച്ചു. **20** ഇങ്ങനെ നിനച്ചിരിക്കുമ്പോൾ കർത്താവിന്റെ ദൂതൻ[y] അവനു സ്വപ്നത്തിൽ പ്രത്യക്ഷനായി: ദാവീദിന്റെ മകനായ യോസേഫേ, നിന്റെ ഭാര്യയായ മറിയയെ ചേർത്തുകൊൾവാൻ ശങ്കിക്കേണ്ടാ; അവളിൽ ഉൽപാദിതമായതു പരിശുദ്ധാത്മാവിനാൽ ആകുന്നു. **21** അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിപ്പാനിരിക്കകൊണ്ടു[z] നീ അവനു യേശു എന്നു പേർ ഇടേണം[a] എന്നു പറഞ്ഞു.

**22** [b]"കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവനു ദൈവം നമ്മോടുകൂടെ[c] എന്നർഥമുള്ള ഇമ്മാനൂവേൽ[d] എന്നു പേർ വിളിക്കും" **23** എന്നു കർത്താവ് പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതു നിവൃത്തിയാകുവാൻ[e] ഇതൊക്കെയും സംഭവിച്ചു.[f]

**24** യോസേഫ് ഉറക്കം ഉണർന്നു, കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ ചെയ്തു, ഭാര്യയെ ചേർത്തുകൊണ്ടു. **25** മകനെ പ്രസവിക്കുംവരെ അവൻ അവളെ പരിഗ്രഹിച്ചില്ല. മകന് അവൻ യേശു എന്നു പേർ വിളിച്ചു.[g]

❋ ❋ ❋

***1. വിദ്വാന്മാർ ക്രിസ്തുവിന്റെ അടുക്കൽ വരുന്നത് 11. അവർ അവനെ വന്ദിക്കുന്നത് 14. യോസേഫ് മിസ്രയീമിലേക്ക് ഓടിപ്പോകുന്നത് 16. ഹെരോദാ ആൺകുട്ടികളെ കൊല്ലിക്കുന്നത്. 19. യേശുവിനെ മിസ്രയീമിൽനിന്ന് തിരികെ കൊണ്ടുവരുന്നത്.***

## 2

ഹെരോദാരാജാവിന്റെ കാലത്ത്[a] യേശു യെഹൂദ്യയിലെ ബേത്ലഹേമിൽ[b] ജനിച്ചശേഷം[c], കിഴക്കുനിന്നു[d] വിദ്വാന്മാർ യെരൂശലേമിൽ എത്തി: **2** യെഹൂദന്മാരുടെ രാജാവായി[e] പിറന്നവൻ എവിടെ? ഞങ്ങൾ അവന്റെ നക്ഷത്രം[f] കിഴക്കു കണ്ട് അവനെ നമസ്കരിപ്പാൻ

16.[s] *ലൂക്കൊ.3:23*
17.[t] *മത്താ.2:4;11:2; 16:16;22:42;23:10; മർക്കൊ.8:29; ലൂക്കൊ.3:15; യോഹ.1:20; (യോഹ.1:41;4:25)*
18.[u] *മത്താ.1:1; മർക്കൊ.1:1; യോഹ.1:17; 17:3; (മത്താ.1:16)*
[v] *ലൂക്കൊ. 1:27*
[w] *ലൂക്കൊ.1:35*
19.[x] *(ആവ.24:1)*
20.[y] *മത്താ.2:13,19; (മത്താ.2:12,22)*
21.[z] *ലൂക്കൊ. 2:11; അപ്പൊ.പ്ര.4:12; 5:31;13:23,38; (അപ്പൊ.പ്ര.3:26)*
[a] *മത്താ.1:25; ലൂക്കൊ.1:31; 2:21*
22.[b] ***യെശ. 7:14***
[c] *മത്താ. 28:20*
[d] *യെശ.8:8,10*
23.[e] *മത്താ.2:15,23; 4:16;മർക്കൊ.14:49; യോഹ.13:18*
[f] *മത്താ.21:4;26:56; യോഹ.19:36*
25.[g] *മത്താ.1:21*

**അധ്യായം 2**
1.[a] *ലൂക്കൊ.1:5*
[b] *ലൂക്കൊ.2:15; യോഹ.7:42*
[c] *ലൂക്കൊ.2:4 - 7*
[d] *(ഉൽപ.25:6; 1 രാജാ.4:30)*
2.[e] *മത്താ.27:11,37; യിരെ.23:5; 30:9; സെഖ. 9:9; യോഹ. 1:49*
[f] *(സംഖ്യാ.24:17; വെളി.22:16)*

1:16 ***ക്രിസ്തു:*** 'മശിഹാ' എന്ന എബ്രായ വാക്കിന്റെ അർഥം 'തിരഞ്ഞെടുക്കപ്പെട്ടവൻ' അല്ലെങ്കിൽ 'അഭിഷേകം ചെയ്യപ്പെട്ടവൻ' എന്നാണ്. ഗ്രീക്കു ഭാഷയിൽ *ക്രിസ്റ്റോസ്* (ക്രിസ്തു) എന്നു പറയുന്നു.

1:21 ***യേശു:*** എബ്രായ പേരായ 'യോശുവ' ലോപിച്ചാണ് 'യേശു' എന്നു പേരായത്. 'കർത്താവ് രക്ഷിക്കുന്നു' (ലൂക്കൊ.1:31) എന്നാണ് ഇതിനർഥം.

2:1 ***ഹെരോദാരാജാവ്:*** റോമക്കാർ പലസ്തീൻ കൈയടക്കി ഹെരോദാവിനെ ഗലീലയുടെ ഗവർണറായി നിയമിച്ചു. ഹെരോദാവ് ബി.സി.37 - ൽ യെഹൂദ്യാ, ഗലീല, ശമര്യ, യോർദ്ദാനു കിഴക്കുള്ള പ്രദേശങ്ങൾ എന്നിവയുടെ രാജാവായി. യെഹൂദന്മാരുടെ പ്രീതിക്കായി യെരൂശലേം ദൈവാലയം പണിതു. കൈസര്യാ, യെരീഹോ എന്നീ പട്ടണങ്ങൾ വീണ്ടും പണിതു. ബി.സി. 4 - ൽ അദ്ദേഹം മരിച്ചു. (മത്താ.2:19)

വന്നിരിക്കുന്നു[g] എന്നു പറഞ്ഞു.
**3** ഹെരോദാരാജാവ് അതു കേട്ടിട്ട്
അവനും യെരൂശലേമൊക്കെയും
ഭ്രമിച്ച്, **4** ജനത്തിന്റെ മഹാപുരോ
ഹിതന്മാരെയും ശാസ്ത്രിമാരെയും
എല്ലാം കൂട്ടിവരുത്തി: ക്രിസ്തു
എവിടെ ആകുന്നു ജനിക്കുന്നത്[h]
എന്ന് അവരോടു ചോദിച്ചു. **5** അ
വർ അവനോടു: യെഹൂദ്യയിലെ
ബേത്‌ലഹേമിൽ തന്നെ:

**6** [i]"യെഹൂദ്യദേശത്തിലെ ബേത്‌ല
ഹേമേ,നീ യെഹൂദ്യപ്രഭുക്കന്മാരിൽ
ഒട്ടും ചെറുതല്ല; എന്റെ ജനമായ
യിസ്രായേലിനെ മേയ്പാനുള്ള
തലവൻ[j] നിന്നിൽനിന്നു പുറപ്പെട്ടു
വരും" എന്നിങ്ങനെ പ്രവാചകൻ
മുഖാന്തരം എഴുതിയിരിക്കുന്നു
എന്നു പറഞ്ഞു.

**7** എന്നാറെ ഹെരോദാവ് വിദ്വാ
ന്മാരെ രഹസ്യമായി വിളിച്ച് നക്ഷ
ത്രം വെളിവായ സമയം അവരോ
ടു സൂക്ഷ്മമായി ചോദിച്ചറിഞ്ഞു.
**8** അവരെ ബേത്‌ലഹേമിലേക്ക്
അയച്ചു: നിങ്ങൾ ചെന്നു ശിശുവി
നെക്കുറിച്ചു സൂക്ഷ്മമായി അന്വേ
ഷിപ്പിൻ; കണ്ടെത്തിയാൽ ഞാനും
ചെന്ന് അവനെ നമസ്കരിക്കേണ്ട
തിന്, വന്ന് എന്നെ അറിയിപ്പിൻ
എന്നു പറഞ്ഞു. **9** രാജാവ് പറ
ഞ്ഞതു കേട്ട് അവർ പുറപ്പെട്ടു;
അവർ കിഴക്കു കണ്ട നക്ഷത്രം
ശിശു ഇരിക്കുന്ന സ്ഥലത്തിനു
മീതെ വന്നു നില്ക്കുവോളം അ
വർക്കു മുമ്പായി പൊയ്ക്കൊണ്ടി
രുന്നു.**10** നക്ഷത്രം കണ്ടതുകൊ
ണ്ട് അവർ അത്യന്തം സന്തോഷിച്ചു:
**11** ആ വീട്ടിൽ ചെന്നു, ശിശുവിനെ
അമ്മയായ മറിയയോടുകൂടെ കണ്ട്,
വീണ് അവനെ നമസ്കരിച്ചു; നിക്ഷേ
പപാത്രങ്ങളെ തുറന്ന് അവനു
പൊന്നും[k] കുന്തുരുക്കവും[l] മൂരും[m]
കാഴ്ച വച്ചു.[n] **12** ഹെരോദാവിന്റെ
അടുക്കൽ മടങ്ങിപ്പോകരുത് എന്നു
സ്വപ്നത്തിൽ[o] അരുളപ്പാടുണ്ടായിട്ട്
[p]അവർ വേറേ വഴിയായി സ്വദേശ
ത്തേക്കു മടങ്ങിപ്പോയി.

**13** അവർ പോയശേഷം കർത്താ
വിന്റെ ദൂതൻ[q] യോസേഫിനു
സ്വപ്നത്തിൽ പ്രത്യക്ഷനായി:[q] നീ
എഴുന്നേറ്റു ശിശുവിനെയും അമ്മ
യെയും കൂട്ടിക്കൊണ്ടു മിസ്രയീമി
ലേക്ക് ഓടിപ്പോയി, ഞാൻ നിന്നോടു
പറയുംവരെ അവിടെ പാർക്കുക.
ഹെരോദാവ് ശിശുവിനെ നശിപ്പി
ക്കേണ്ടതിന് അവനെ അന്വേഷി
പ്പാൻ ഭാവിക്കുന്നു എന്നു പറഞ്ഞു.
**14** അവൻ എഴുന്നേറ്റു ശിശുവിനെ
യും അമ്മയെയും രാത്രിയിൽതന്നെ
കൂട്ടിക്കൊണ്ടു പുറപ്പെട്ടു മിസ്രയീ
മിലേക്കു പോയി. **15** ഹെരോദാവി
ന്റെ മരണത്തോളം അവൻ അവിടെ
പാർത്തു: "മിസ്രയീമിൽനിന്നു ഞാൻ
എന്റെ മകനെ വിളിച്ചുവരുത്തി"[r]
എന്നു കർത്താവ് പ്രവാചകൻ മുഖാ
ന്തരം അരുളിച്ചെയ്തതു നിവൃത്തി
യാകുവാൻ[s] സംഗതിവന്നു.

**16** വിദ്വാന്മാർ തന്നെ കളിയാക്കി
എന്നു ഹെരോദാവ് കണ്ടു വളരെ
കോപിച്ചു, വിദ്വാന്മാരോടു ചോദി
ച്ചറിഞ്ഞ കാലത്തിനൊത്തവണ്ണം
രണ്ടു വയസ്സും താഴെയുമുള്ള ആൺ
കുട്ടികളെ ഒക്കെയും ബേത്‌ലഹേ
മിലും അതിന്റെ എല്ലാ അതിരു
കളിലും ആളയച്ചു കൊല്ലിച്ചു.

2.[g] *മത്താ. 8:2*
4.[h] *മത്താ. 1:18*
6.[i] ***മീഖാ. 5:2***
[j] *യെഹെ. 34:23; യോഹ. 21:15 - 17; (2 ശമൂ. 5:2; വെളി. 7:17)*
11.[k] *യെശ. 60:6*
[l] *വെളി. 18:13*
[m] *പുറ. 30:23; സങ്കീ. 45:8; യോഹ. 19:39*
[n] *(1 ശമൂ. 9:7; സങ്കീ. 72:10)*
12.[o] *(മത്താ. 27:19; ഉൽപ. 20:6;31:11; സംഖ്യാ. 12:6; ഇയ്യോ. 33:15)*
[p] *മത്താ. 2:22; (മത്താ. 2:13,19)*
13.[q] *മത്താ. 2:19;1:20; (മത്താ. 2:12,22)*
15.[r] ***ഹോശേ. 11:1***
[s] *മത്താ. 1:23*

2:4 ***മഹാപുരോഹിതന്മാരെയും ശാസ്ത്രിമാരെയും:*** മഹാപുരോഹിതന്മാർ യെരൂശലേം ദൈവാലയത്തിന്റെ നിയന്ത്രണാവകാശമുള്ളവരും ശാസ്ത്രിമാർ മോശെയുടെ നിയമപുസ്തകങ്ങൾ പഠിച്ച് അതിനനുസരിച്ചു ജീവിക്കുവാൻ ജനങ്ങളെ ഉപദേശിക്കുന്നവരുമാണ്. പഴയനിയമത്തിലെ ആദ്യത്തെ അഞ്ചു പുസ്തകങ്ങളാണ് മോശെയുടെ ന്യായപ്രമാണങ്ങൾ എന്നറിയപ്പെടുന്നത്.

2:11 ***കുന്തുരുക്കവും മൂരും:*** കുന്തുരുക്കം അറേബ്യയിൽ സാധാരണയായിരുന്നു. യെഹൂദന്മാരുടെ ആരാധനകളിൽ ഇത് ഉപയോഗിക്കുന്നുണ്ട് (പുറ. 30:34 - 38). മീറ അഥവാ മൂര് അറേബ്യയിലും ആഫ്രിക്കയിലും കണ്ടുവരുന്ന ഒരു മരത്തിന്റെ കറുത്തു ചുവന്ന, രൂക്ഷഗന്ധമുള്ള, കൈപ്പുരുചിയുള്ള കറയാണ്. ഇതു പൊടിച്ചു സുഗന്ധവസ്തുക്കളും ലേപനങ്ങളുമുണ്ടാക്കുന്നു.

**17** [t]“റാമായിൽ ഒരു ശബ്ദം കേട്ടു,
കരച്ചലും വലിയ നിലവിളിയും
തന്നെ; റാഹേൽ മക്കളെച്ചൊല്ലി
കരഞ്ഞു; അവർ ഇല്ലായ്കയാൽ
ആശ്വാസം കൈക്കൊൾവാൻ
മനസ്സില്ലാതിരുന്നു”[u]
**18** എന്നു യിരെമ്യാപ്രവാചകൻ
മുഖാന്തരം അരുളിച്ചെയ്തത് അ
ന്നു നിവൃത്തിയായി.[v]
**19** എന്നാൽ ഹെരോദാവ് കഴി
ഞ്ഞുപോയശേഷം കർത്താവിന്റെ
ദൂതൻ മിസ്രയീമിൽവച്ചു യോസേ
ഫിനു സ്വപ്നത്തിൽ പ്രത്യക്ഷനാ
യി: **20** ശിശുവിനു പ്രാണഹാനി
വരുത്തുവാൻ നോക്കിയവർ മരിച്ചു
പോയതുകൊണ്ടു[w] നീ എഴുന്നേറ്റു
ശിശുവിനെയും അമ്മയെയും
കൂട്ടിക്കൊണ്ടു യിസ്രായേൽദേശ
ത്തേക്കു പോക എന്നു പറഞ്ഞു.
**21** അവൻ എഴുന്നേറ്റു ശിശുവി
നെയും അമ്മയെയും കൂട്ടിക്കൊ
ണ്ടു യിസ്രായേൽദേശത്തു വന്നു.
**22** എന്നാൽ യെഹൂദ്യയിൽ അർ
ക്കെലയൊസ് തന്റെ അപ്പനായ
ഹെരോദാവിനു പകരം വാഴുന്നു
എന്നു കേട്ടതുകൊണ്ട് അവിടെ
പോകുവാൻ ഭയപ്പെട്ടു, സ്വപ്ന
ത്തിൽ അരുളപ്പാടുണ്ടായിട്ടു[x] ഗലീല
പ്രദേശങ്ങളിലേക്കു മാറിപ്പോയി.
**23** അവൻ നസറായൻ എന്നു വിളി
ക്കപ്പെടും എന്നു പ്രവാചകന്മാർ
മുഖാന്തരം അരുളിച്ചെയ്തതു
നിവൃത്തിയാവാൻ[y] തക്കവണ്ണം
നസറെത്ത്[z] എന്ന ഗ്രാമത്തിൽ
ചെന്നു പാർത്തു.

❋ ❋ ❋

***1. യോഹന്നാൻ സ്നാപകൻ പ്രസംഗിക്കുന്നത് 4. അവന്റെ ഉടുപ്പും ആഹാരവും 6. അവൻ സ്നാനപ്പെടുത്തിയത് 7. അവൻ പരീശന്മാരെ ശാസിക്കുന്നതും 13. യേശുവിനെ യോർദ്ദാനിൽ സ്നാനം ചെയ്യുന്നതും.***

**3** [a]ആ കാലത്ത് യോഹന്നാൻ
സ്നാപകൻ[b] വന്ന്, യെഹൂദ്യ
മരുഭൂമിയിൽ[c] പ്രസംഗിച്ചു: **2** സ്വർ
ഗരാജ്യം സമീപിച്ചിരിക്കയാൽ[d] മാന
സാന്തരപ്പെടുവിൻ[e] എന്നു പറഞ്ഞു.
**3** [f]“മരുഭൂമിയിൽ വിളിച്ചുപറയു
ന്നവന്റെ വാക്കാവിത്:[g] കർത്താ
വിന്റെ വഴി ഒരുക്കി അവന്റെ
പാത നിരപ്പാക്കുവിൻ”
എന്നിങ്ങനെ യെശയ്യാപ്രവാചകൻ
പറഞ്ഞവൻ ഇവൻതന്നെ. **4** യോഹ
ന്നാന് ഒട്ടകരോമംകൊണ്ടുള്ള
ഉടുപ്പും[h] അരയിൽ തോൽവാറും
ഉണ്ടായിരുന്നു; അവന്റെ ആഹാര
മോ വെട്ടുക്കിളിയും[i] കാട്ടുതേനും[j]
ആയിരുന്നു. **5** അന്ന് യെരൂശലേ
മ്യരും യെഹൂദ്യദേശക്കാരൊക്കെ
യും യോർദ്ദാന്റെ ഇരുകരയുമുള്ള
എല്ലാ നാട്ടുകാരും പുറപ്പെട്ട് അവ
ന്റെ അടുക്കൽ ചെന്നു **6** തങ്ങ
ളുടെ പാപങ്ങളെ ഏറ്റുപറഞ്ഞു
കൊണ്ടു[k] യോർദ്ദാൻനദിയിൽ
അവനാൽ സ്നാനം ഏറ്റു. **7** തന്റെ
സ്നാനത്തിനായി പരീശരിലും[l]
സദൂക്യരിലും[m] പലർ വരുന്നതു
കണ്ടാറെ അവൻ അവരോടു പറ
ഞ്ഞത്: സർപ്പ[n]സന്തതികളേ,[o] വരു
വാനുള്ള കോപത്തെ[p] ഒഴിഞ്ഞ് ഓടി
പ്പോകുവാൻ നിങ്ങൾക്ക് ഉപദേശിച്ചു

17.[t] ***യിരെ. 31:15***
[u] *ഉൽപ. 37:30; 42:13,36; വിലാ. 5:7*
18.[v] *മത്താ. 27:10; (മത്താ. 1:23)*
20.[w] *(പുറ. 4:19)*
22.[x] *മത്താ. 2:12*
23.[y] *മത്താ. 1:23*
[z] *മത്താ. 4:13; മർക്കൊ. 1:9; ലൂക്കൊ. 1:26; 2:39; 4:16; യോഹ. 1:45; അപ്പൊ.പ്ര. 10:38*

**അധ്യായം 3**

1.[a] *മത്താ. 3:1-12ക്കു. മർക്കൊ. 1:2-8; ലൂക്കൊ. 3:2-17കാ.*
[b] *യോഹ. 1:6,7*
[c] *യോശു. 15:61; (ന്യായാ. 1:16)*
2.[d] *മത്താ. 10:7; ദാനീ. 2:44; (മത്താ. 6:10)*
[e] *മത്താ. 4:17; മർക്കൊ. 1:15*
3.[f] *യോഹ. 1:23;* ***യെശ. 40:3***
[g] *ലൂക്കൊ. 1:76*
4.[h] *2 രാജാ. 1:8; സെഖ. 13:4; (എബ്രാ. 11:37)*
[i] *ലേവ്യാ. 11:22*
[j] *1 ശമൂ. 14:25,26*
6.[k] *അപ്പൊ.പ്ര. 19:18*
7.[l] *മത്താ. 23:13,14*
[m] *മത്താ. 22:23*
[n] *സങ്കീ. 140:3*
[o] *മത്താ. 12:34; 23:33*
[p] *റോമ. 5:9; എഫെ. 5:6; കൊലൊ. 3:6; 1തെസ്സ. 1:10*

**2:22,23** ***ഗലീല... നസറെത്ത്:*** യോർദ്ദാൻ നദിക്കും ഗലീലാ തടാകത്തിനും പടിഞ്ഞാറായാണ് ഗലീലാ പ്രദേശം സ്ഥിതിചെയ്യുന്നത്. ഒരിക്കൽ ഇതു വടക്കേ യിസ്രായേലിന്റെ ഭാഗമായിരുന്നു. പിന്നീടു ബാബിലോന്യരും പേർഷ്യക്കാരും ഗ്രീക്കുകാരും സിറിയക്കാരും അവിടം ഭരിച്ചിരുന്നു. യേശു ജീവിച്ചകാലത്ത് റോമക്കാരുടെ അധീനതയിലായിരുന്ന നസറെത്ത് ചെറിയ ഒരു പട്ടണമാണ്. പഴയനിയമത്തിൽ ആ പേര് ഇല്ല.

**2:23** ***നസറായൻ:*** വാക്കിന്റെ ശുദ്ധമായ അർഥം വ്യക്തമല്ല. എബ്രായവാക്കിൽനിന്നു വന്നിട്ടുള്ള ഈ പദത്തിന്റെ അർഥം 'ശാഖ', 'വേര്' (കുടുംബം) എന്നാണ് (യെശ. 11:1). ദാവീദിന്റെ പിതാവായ യിശ്ശായിയുടെ കുടുംബ ത്തിൽനിന്നു വന്നവൻ എന്നർഥത്തിൽ മത്തായി പ്രയോഗിച്ച പദമാകാം ഇത്. ബൈബിളിലെ വിശദീകരണംപോലെ നസറെത്തിൽ വന്നു പാർത്തതുകൊണ്ടു നസറായൻ എന്നു പേരു വിളിക്കപ്പെട്ടതുമാകാം.

**3:2** ***സ്വർഗരാജ്യം:*** ദൈവത്തിന്റെ നിത്യമായ അധികാരത്തെ സൂചിപ്പിക്കുന്ന പദമാണു സ്വർഗരാജ്യം. എന്നാൽ, അതു ഭൂമിയെയും അതിൽ സംഭവിക്കുന്ന എല്ലാറ്റിനെയും ഉൾക്കൊള്ളുന്നു. ഭാവിയിൽ ദൈവികഭരണത്തിന്റെ പൂർണത വന്നെത്തും എന്നു യേശു പറയുന്നുണ്ട് (മത്താ. 24:14,30).

തന്നത് ആർ? **8** മാനസാന്തരത്തിനു
യോഗ്യമായ[q] ഫലം കായ്പിൻ.
**9** അബ്രാഹാം ഞങ്ങൾക്കു പിതാ
വായിട്ട് ഉണ്ട്[r] എന്നു ഉള്ളംകൊ
ണ്ടു പറവാൻ തുനിയരുത്; ഈ
കല്ലുകളിൽനിന്ന്[s] അബ്രാഹാമിനു
മക്കളെ ഉളവാക്കുവാൻ ദൈവ
ത്തിനു കഴിയും എന്നു ഞാൻ നി
ങ്ങളോടു പറയുന്നു. **10** ഇപ്പോൾ
തന്നെ വൃക്ഷങ്ങളുടെ ചുവട്ടിനു
കോടാലി വച്ചിരിക്കുന്നു; നല്ല ഫലം
കായ്ക്കാത്ത വൃക്ഷം എല്ലാം വെട്ടി
തീയിൽ ഇട്ടുകളയുന്നു.[t] **11** ഞാൻ
നിങ്ങളെ മാനസാന്തരത്തിനായി[u]
വെള്ളത്തിൽ സ്നാനം ഏല്പിക്കു
ന്നതേയുള്ളൂ;[v] എന്റെ പിന്നാലെ
വരുന്നവനോ[w] എന്നെക്കാൾ ബല
വാൻ ആകുന്നു; അവന്റെ ചെരിപ്പു
ചുമപ്പാൻ ഞാൻ മതിയായവനല്ല;
അവൻ നിങ്ങളെ പരിശുദ്ധാത്മാ
വിലും[x] തീയിലും[y] സ്നാനം ഏല്പി
ക്കും. **12** വീശുമുറം[z] അവന്റെ
കൈയിൽ ഉണ്ട്; അവൻ കളത്തെ
മുറ്റും വെടിപ്പാക്കി കോതമ്പു കള
പ്പുരയിൽ കൂട്ടിവയ്ക്കയും[a] പതിർ[b]
കെടാത്ത തീയിൽ[c] ഇട്ടു ചുട്ടുകള
കയും ചെയ്യും.
**13** [d]അനന്തരം യേശു യോഹ
ന്നാനാൽ സ്നാനം ഏല്ക്കുവാൻ
ഗലീലയിൽനിന്നു[e] യോർദ്ദാൻകരെ
അവന്റെ അടുക്കൽ വന്നു. **14** യോ
ഹന്നാനോ അവനെ വിലക്കി:[f]
നിന്നാൽ സ്നാനം ഏല്ക്കുവാൻ
എനിക്ക് ആവശ്യം; പിന്നെ നീ
എന്റെ അടുക്കൽ വരുന്നുവോ
എന്നു പറഞ്ഞു. **15** യേശു അവ
നോട്: ഇപ്പോൾ സമ്മതിക്ക; ഇങ്ങ
നെ സകല നീതിയും നിവർത്തി
ക്കുന്നതു നമുക്ക്[g] ഉചിതം എന്ന്
ഉത്തരം പറഞ്ഞു; എന്നാറെ അവൻ
അവനെ സമ്മതിച്ചു. **16** യേശു
സ്നാനം ഏറ്റ ഉടനെ വെള്ളത്തിൽ
നിന്നു കയറി; അപ്പോൾ സ്വർഗം
തുറന്നു[h] ദൈവാത്മാവു പ്രാവെന്ന
പോലെ ഇറങ്ങി തന്റെമേൽ വരു
ന്നത് അവൻ കണ്ടു;[i] **17** ഇവൻ
എന്റെ പ്രിയപുത്രൻ; ഇവനിൽ
ഞാൻ പ്രസാദിച്ചിരിക്കുന്നു[j] എന്നു
സ്വർഗത്തിൽനിന്ന് ഒരു ശബ്ദവും
ഉണ്ടായി.[k]

❋ ❋ ❋

***1. യേശുവിന്റെ ഉപവാസവും പരീക്ഷയും ജയവും 12. അവൻ പ്രസംഗിപ്പാൻ ആരംഭിക്കുന്നത് 18. ചിലരെ തന്റെ ശിഷ്യന്മാരായിട്ട് വിളിക്കുന്നത് 23. പല രോഗികളെ സൗഖ്യമാക്കുന്നത്***

**4** [a]അനന്തരം പിശാചിനാൽ പരീ
ക്ഷിക്കപ്പെടുവാൻ[b] യേശുവിനെ
ആത്മാവ് മരുഭൂമിയിലേക്കു നടത്തി.
**2** അവൻ നാല്പതു പകലും നാ
ല്പതു രാവും[c] ഉപവസിച്ചശേഷം
അവനു വിശന്നു.[d] **3** അപ്പോൾ
പരീക്ഷകൻ അടുത്തു വന്ന്:[e] നീ
ദൈവപുത്രൻ[f] എങ്കിൽ ഈ കല്ല്[g]
അപ്പമായിത്തീരുവാൻ കല്പിക്ക
എന്നു പറഞ്ഞു. **4** അതിന് അവൻ:
“മനുഷ്യൻ അപ്പംകൊണ്ടു മാത്ര
മല്ല, ദൈവത്തിന്റെ വായിൽകൂടി
വരുന്ന സകല വചനംകൊണ്ടും
ജീവിക്കുന്നു”[h] എന്ന് എഴുതിയി
രിക്കുന്നു[i] എന്ന് ഉത്തരം പറഞ്ഞു.
**5** പിന്നെ പിശാച് അവനെ വിശു
ദ്ധനഗരത്തിൽ[j] കൊണ്ടുപോയി[k]
ദൈവാലയത്തിന്റെ അഗ്രത്തിന്മേൽ
നിറുത്തി അവനോട്: **6** [l]നീ ദൈവ
പുത്രൻ എങ്കിൽ താഴത്തോട്ടു
ചാടുക; “നിന്നെക്കുറിച്ച് അവൻ
തന്റെ ദൂതന്മാരോടു കല്പിക്കും;

8.[q] *അപ്പൊ.പ്ര.26:20*
9.[r] *യോഹ.8:39*
[s] *(മത്താ.4:3)*
10.[t] *മത്താ.7:19; ലൂക്കൊ.13:7,9; യോഹ.15:2,6*
11.[u] *അപ്പൊ.പ്ര. 13:24;19:4*
[v] *യോഹ.1:26; അപ്പൊ.പ്ര.1:5*
[w] *യോഹ.1:15,27; 3:30,31; അപ്പൊ.പ്ര.13:25*
[x] *യോഹ.1:33; അപ്പൊ.പ്ര.11:16*
[y] *(യെശ.4:5; മലാ.3:2,3; അപ്പൊ.പ്ര.2:3)*
12.[z] *യെശ.30:24*
[a] *മത്താ.13:30*
[b] *മലാ.4:1*
[c] *മർക്കൊ.9:44,48*
13.[d] *മത്താ.3:13-17 ക്കു.മർക്കൊ.1:9-11; ലൂക്കൊ.3:21,22കാ. (യോഹ.1:32-34)*
[e] *മത്താ.2:22*
14.[f] *(യോഹ.13:6)*
15.[g] *യോഹ.9:4*
16.[h] *അപ്പൊ.പ്ര.7:56*
[i] *യോഹ.1:32,33; (ലൂക്കൊ.4:18,21; അപ്പൊ.പ്ര.10:38)*
17.[j] *മത്താ.17:5; 2 പത്രൊ.1:17; (സങ്കീ.2:7; യെശ.42:1; എഫെ.1:5; കൊലൊ.1:13; 1 യോഹ.5:9)*
[k] *യോഹ.12:28*

**അധ്യായം 4**

1.[a] *മത്താ.4:1-11ക്കു. മർക്കൊ.1:12,13; ലൂക്കൊ.4:1-13കാ.*
[b] *(എബ്രാ.2:18;4:15)*
2.[c] *(ആവ.9:9,18; 1 രാജാ.19:8)* [d] *(യോഹ.4:6,7)*
3.[e] *1തെസ്സ.3:5* [f] *മത്താ.14:33* [g] *(മത്താ.3:9)*
4.[h] ***ആവ.8:3***; *(യോഹ.4:34)* [i] *മത്താ.4:7,10; എഫെ.6:17*
5.[j] *മത്താ.27:53; നെഹെ.11:18; യെശ.48:2;52:1; വെളി.11:2; (സങ്കീ.46:4;48:1;വെളി.21:2;22:19)* [k] *ലൂക്കൊ.4:9*
6.[l] ***സങ്കീ.91:11,12***

3:11 ***ചെരിപ്പു ചുമക്കുവാൻ:*** ഒരു ശുശ്രൂഷകന്റെയോ അടിമജോലിക്കാരന്റെയോ പ്രവൃത്തികളിലൊന്നാണു യജമാനന്റെ ചെരിപ്പു ചുമക്കുക. യേശുവിന്റെ യോഗ്യതയുടെയും മഹത്ത്വത്തിന്റെയും മുമ്പിൽ താനൊരു ചെറിയ മനുഷ്യനാണെന്നത് അലങ്കാര ഭാഷയിൽ പറഞ്ഞിരിക്കുകയാണിവിടെ.

4:1 ***പിശാച്... ആത്മാവ്:*** പിശാചിനെ ദുഷ്ടശക്തികളുടെ പ്രതിനിധിയോ നായകനോ ആയി ചിത്രീകരിക്കുന്നു. പിശാച് ദൈവത്തിനും ദൈവമക്കൾക്കുമെതിരായി പ്രവർത്തിക്കുന്നു.

അവൻ നിന്റെ കാൽ കല്ലിനോടു
തട്ടാതവണ്ണം നിന്നെ കൈയിൽ
താങ്ങിക്കൊള്ളും” എന്ന് എഴുതി
യിരിക്കുന്നുവല്ലോ എന്നു പറഞ്ഞു.
**7** യേശു അവനോട്: [m]“നിന്റെ ദൈ
വമായ കർത്താവിനെ പരീക്ഷിക്ക
രുത്”[n] എന്നുംകൂടെ എഴുതിയിരി
ക്കുന്നു[o] എന്നു പറഞ്ഞു. **8** പിന്നെ
പിശാച് അവനെ ഏറ്റവും ഉയർ
ന്നോരു മലമേൽ കൂട്ടിക്കൊണ്ടു
പോയി ലോകത്തിലുള്ള സകല
രാജ്യങ്ങളെയും അവയുടെ മഹ
ത്വത്തെയും കാണിച്ചു:[p] **9** വീണ്
എന്നെ നമസ്കരിച്ചാൽ ഇതൊ
ക്കെയും നിനക്കു തരാം എന്ന്
അവനോടു പറഞ്ഞു. **10** യേശു
അവനോട്: സാത്താനേ,[q] എന്നെ
വിട്ടുപോ; “നിന്റെ ദൈവമായ കർ
ത്താവിനെ നമസ്കരിച്ച് അവനെ
മാത്രമേ ആരാധിക്കാവൂ”[r] [s]എന്ന്
എഴുതിയിരിക്കുന്നുവല്ലോ[t] എന്നു
പറഞ്ഞു. **11** അപ്പോൾ പിശാച് അവ
നെ വിട്ടുപോയി; ദൂതന്മാർ അടുത്തു
വന്ന് അവനെ ശുശ്രൂഷിച്ചു.[u]

**12** യോഹന്നാൻ തടവിൽ ആയി[v]
എന്നു കേട്ടാറെ അവൻ ഗലീല
യ്ക്കു വാങ്ങിപ്പോയി,[w] **13** നസ
റെത്തു[x] വിട്ടു സെബൂലൂന്റെയും
നഫ്താലിയുടെയും[y] അതിരുക
ളിൽ കടല്ക്ക്[z]രെയുള്ള കഫർന്ന
ഹൂമിൽ[a] ചെന്നു പാർത്തു;

**14** [b]“സെബൂലൂൻദേശവും നഫ്
താലിദേശവും കടല്ക്കരയിലും
യോർദ്ദാനക്കരെയുമുള്ള നാടും
**15** ജാതികളുടെ ഗലീലയും
ഇങ്ങനെ ഇരുട്ടിൽ ഇരിക്കുന്ന
ജനം വലിയോരു വെളിച്ചം കണ്ടു;[c]
മരണത്തിന്റെ ദേശത്തിലും
നിഴലിലും[d] ഇരിക്കുന്നവർക്കു
പ്രകാശം ഉദിച്ചു”

**16** എന്ന് യെശയ്യാപ്രവാചകൻ
മുഖാന്തരം അരുളിച്ചെയ്തതു
നിവൃത്തിയാകുവാൻ ഇടവന്നു.

7.[m] *(യെശ.7:12)*
[n] ***ആവ. 6:16***
[o] *മത്താ.4:4,10*
8.[p] *ലൂക്കൊ.4:5*
10.[q] *1ദിന.21:1*
[r] *1ശമൂ.7:3*
[s] ***ആവ. 6:13***
[t] *മത്താ.4:4,7*
11.[u] *മത്താ.26:53; ലൂക്കൊ.22:43*
12.[v] *മത്താ.14:4; മർക്കൊ.1:14; ലൂക്കൊ.3:19,20; (യോഹ.3:24)*
[w] *ലൂക്കൊ.4:14*
13.[x] *മത്താ.2:23*
[y] *യോശു.19:32 - 34*
[z] *യോഹ.6:1*
[a] *(മത്താ.8:5;9:1)*
14.[b] ***യെശ. 9:1,2***
15.[c] *യെശ.42:7; ലൂക്കൊ.1:79*
[d] *ഇയ്യോ.3:5; സങ്കീ.23:4; ആമോ.5:8*

17.[e] *മർക്കൊ.1:14*
[f] *മത്താ.3:2*
[g] *അപ്പൊ.പ്ര.1:21; 10:37*
18.[h] *മത്താ.4:18 - 22 ക്കു. മർക്കൊ.1:16 - 20കാ (ലൂക്കൊ.5:2 - 11; യോഹ.1:40 - 42)*
[i] *മത്താ.4:13*
19.[j] *മത്താ.13:47*
23.[k] *മർക്കൊ.1:39; ലൂക്കൊ.4:15*
[l] *മത്താ.9:35;13:53; മർക്കൊ.1:21; യോഹ.18:20*
[m] *മത്താ.24:14; ലൂക്കൊ.4:43; (മത്താ.13:19)*
[n] *മത്താ.8:16;14:35,36; മർക്കൊ.1:34;6:55,56*
24.[o] *ലൂക്കൊ.2:2*
[p] *മത്താ.8:6*

**17** അന്നുമുതൽ[e] യേശു: സ്വർ
ഗരാജ്യം സമീപിച്ചിരിക്കയാൽ മാന
സാന്തരപ്പെടുവിൻ[f] എന്നു പ്രസം
ഗിച്ചു[g] തുടങ്ങി.

**18** [h]അവൻ ഗലീലക്കടല്പുറ
ത്തു[i] നടക്കുമ്പോൾ പത്രൊസ്
എന്നു പേരുള്ള ശിമോൻ, അവന്റെ
സഹോദരനായ അന്ത്രെയാസ് എ
ന്നിങ്ങനെ മീൻപിടിക്കാരായ രണ്ടു
സഹോദരന്മാർ കടലിൽ വല വീശു
ന്നതു കണ്ടു: **19** എന്റെ പിന്നാലെ
വരുവിൻ; ഞാൻ നിങ്ങളെ മനു
ഷ്യരെ പിടിക്കുന്നവരാക്കും[j] എന്ന്
അവരോടു പറഞ്ഞു. **20** ഉടനെ
അവർ വല വിട്ടേച്ച് അവനെ അനു
ഗമിച്ചു. **21** അവിടെനിന്നു മുമ്പോട്ടു
പോയാറെ സെബെദിയുടെ മകൻ
യാക്കോബും അവന്റെ സഹോദ
രൻ യോഹന്നാനും എന്ന വേറെ
രണ്ടു സഹോദരന്മാർ പടകിൽ
ഇരുന്ന് അപ്പനായ സെബെദിയു
മായി വല നന്നാക്കുന്നതു കണ്ട്
അവരെയും വിളിച്ചു. **22** അവരും
ഉടനെ പടകിനെയും അപ്പനെയും
വിട്ട് അവനെ അനുഗമിച്ചു.

**23** പിന്നെ യേശു ഗലീലയിലൊ
ക്കെയും ചുറ്റി സഞ്ചരിച്ചുകൊണ്ട്[k]
അവരുടെ പള്ളികളിൽ ഉപദേശി
ക്കയും[l] രാജ്യത്തിന്റെ സുവിശേഷം
പ്രസംഗിക്കയും[m] ജനത്തിലുള്ള
സകല ദീനത്തെയും വ്യാധിയെയും
സൗഖ്യമാക്കുകയും[n] ചെയ്തു.
**24** അവന്റെ ശ്രുതി സുറിയയി[o]ലൊ
ക്കെയും പരന്നു. നാനാവ്യാധിക
ളാലും ബാധകളാലും[p] വലഞ്ഞ
വർ, ഭൂതഗ്രസ്തർ,[q] ചന്ദ്രരോഗികൾ,[r]
പക്ഷവാതക്കാർ[s] ഇങ്ങനെ സകല
വിധ ദീനക്കാരെയും അവന്റെ അടു
ക്കൽ കൊണ്ടുവന്നു.[n] **25** അവൻ
അവരെ സൗഖ്യമാക്കി; ഗലീല,
ദെക്കപ്പൊലി,[t] യെരൂശലേം, യെഹൂദ്യ,

[q] *മത്താ.8:16;9:32; (യോഹ.10:21)* [r] *മത്താ.17:15*
[s] *മത്താ.9:2,6* [n] *(വാ.23 കാ.)* 25.[t] *മർക്കൊ.5:20*

4:14 ***സെബുലൂൻ ദേശവും നഫ്താലി ദേശവും:*** യിസ്രായേൽ ഗോത്രങ്ങൾ താമസിച്ചിരുന്ന പ്രദേശങ്ങൾക്ക് അവരുടെ പേരുകൾ തന്നെ നല്കിയിരുന്നു. പഴയനിയമകാലത്ത് ഈ ഗോത്രങ്ങൾ വടക്കൻ പലസ്തീനിൽ താമസിച്ചിരുന്നു. പുതിയനിയമകാലത്ത് മറ്റു യെഹൂദേതരരായ ആളുകളും ഈ പ്രദേശത്തു താമസിച്ചിരുന്നു.

യോർദ്ദാനക്കരെ എന്നീ ഇടങ്ങ
ളിൽനിന്നു വളരെ പുരുഷാരം അവ
നെ പിന്തുടർന്നു.[u]

❋ ❋ ❋

*3. ഭാഗ്യവാന്മാർ ആരെന്ന് 13. ഭൂലോകത്തിന് ഉപ്പും വെളിച്ചവും ആരെന്ന് 21. കല്പനകളെ വ്യാഖ്യാനിക്കുന്നത്.*

**5** അവൻ പുരുഷാരത്തെ കണ്ടാ
റെ മലമേൽ കയറി.[a] അവൻ
ഇരുന്ന[b]ശേഷം ശിഷ്യന്മാർ അടു
ക്കൽ വന്നു. **2** അവൻ തിരുവായ്
മൊഴിഞ്ഞ്[c] അവരോട് ഉപദേശിച്ച
തെന്തെന്നാൽ:
**3** ആത്മാവിൽ[d] ദരിദ്രരായവർ[e]
ഭാഗ്യവാന്മാർ;[f] സ്വർഗരാജ്യം അവർ
ക്കുള്ളത്.[g]
**4** ദുഃഖിക്കുന്നവർ[h] ഭാഗ്യവാന്മാർ;
അവർക്ക് ആശ്വാസം ലഭിക്കും.
**5** സൗമ്യതയുള്ളവർ[d] ഭാഗ്യവാ
ന്മാർ; അവർ ഭൂമിയെ അവകാശ
മാക്കും.[i]
**6** നീതിക്കു[j] വിശന്നു ദാഹിക്കുന്ന
വർ[k] ഭാഗ്യവാന്മാർ; അവർക്കു
തൃപ്തിവരും.
**7** കരുണയുള്ളവർ[l] ഭാഗ്യവാന്മാർ;
അവർക്കു കരുണ ലഭിക്കും.
**8** ഹൃദയശുദ്ധിയുള്ളവർ[m] ഭാഗ്യവാ
ന്മാർ; അവർ ദൈവത്തെ കാണും.[n]
**9** സമാധാനം ഉണ്ടാക്കുന്നവർ[o]
ഭാഗ്യവാന്മാർ; അവർ ദൈവത്തിന്റെ
പുത്രന്മാർ[p] എന്നു വിളിക്കപ്പെടും.[q]
**10** നീതിനിമിത്തം ഉപദ്രവിക്കപ്പെ
ടുന്നവർ ഭാഗ്യവാന്മാർ;[r] സ്വർഗരാജ്യം
അവർക്കുള്ളത്.[g]
**11** എന്റെ നിമിത്തം[s] നിങ്ങളെ
പഴിക്കയും ഉപദ്രവിക്കയും നിങ്ങളെ
ക്കൊണ്ട് എല്ലാ തിന്മയും കളവാ
യി പറകയും ചെയ്യുമ്പോൾ നിങ്ങൾ
ഭാഗ്യവാന്മാർ.[t] **12** സ്വർഗത്തിൽ
നിങ്ങളുടെ പ്രതിഫലം വലുതാക
കൊണ്ടു സന്തോഷിച്ചുല്ലസിപ്പിൻ;[u]
നിങ്ങൾക്കു മുമ്പേയുണ്ടായിരുന്ന
പ്രവാചകന്മാരെയും അവർ അങ്ങ
നെതന്നെ ഉപദ്രവിച്ചുവല്ലോ.[v]
**13** നിങ്ങൾ ഭൂമിയുടെ ഉപ്പാകു
ന്നു; ഉപ്പു കാരമില്ലാതെപോയാൽ
അതിന് എന്തൊന്നുകൊണ്ടു രസം
വരുത്താം?[w] പുറത്തു കളഞ്ഞിട്ടു
മനുഷ്യർ ചവിട്ടുവാൻ അല്ലാതെ
മറ്റൊന്നിനും പിന്നെ കൊള്ളുന്ന
തല്ല. **14** നിങ്ങൾ ലോകത്തിന്റെ
വെളിച്ചം ആകുന്നു;[x] മലമേൽ ഇരി
ക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ
പാടില്ല. **15** വിളക്കു കത്തിച്ചു പറ
യിൻകീഴല്ല തണ്ടിന്മേലത്രേ[y] വയ്ക്കു
ന്നത്; അപ്പോൾ അതു വീട്ടിലുള്ള
എല്ലാവർക്കും പ്രകാശിക്കുന്നു.
**16** അങ്ങനെതന്നെ മനുഷ്യർ നിങ്ങ
ളുടെ നല്ല പ്രവൃത്തികളെ കണ്ട്,[z]
സ്വർഗസ്ഥനായ നിങ്ങളുടെ പിതാ
വിനെ മഹത്ത്വപ്പെടുത്തേണ്ടതിനു[a]
നിങ്ങളുടെ വെളിച്ചം അവരുടെ
മുമ്പിൽ പ്രകാശിക്കട്ടെ.
**17** ഞാൻ ന്യായപ്രമാണത്തെ
യോ പ്രവാചകന്മാരെയോ[b] നീക്കേ
ണ്ടതിനു വന്നു എന്നു നിരൂപിക്ക
രുത്;[c] നീക്കുവാനല്ല നിവർത്തിപ്പാ
നത്രേ[d] ഞാൻ വന്നത്. **18** സത്യ
മായിട്ടു ഞാൻ നിങ്ങളോടു പറയു
ന്നു: ആകാശവും ഭൂമിയും ഒഴിഞ്ഞു
പോകുംവരെ സകലവും നിവൃത്തി
യാകുവോളം ന്യായപ്രമാണത്തിൽ
നിന്ന് ഒരു വള്ളി എങ്കിലും പുള്ളി
എങ്കിലും ഒരുനാളും ഒഴിഞ്ഞു

25.[u] *മർക്കൊ.3:7,8; ലൂക്കൊ.6:17*

**അധ്യായം 5**

1.[a] *മത്താ.15:29* [b] *ലൂക്കൊ.4:20*
2.[c] *സങ്കീ.78:2; അപ്പൊ.പ്ര.8:35;10:34*
3.[d] *(മത്താ.11:29)* [e] *(യെശ.61:1;66:2)* [f] *മത്താ.5:3-12ക്കു. (ലൂക്കൊ.6:20-23)* [g] *(ലൂക്കൊ.12:32)*
4.[h] *യെശ.61:2,3; യോഹ.16:20; 2കൊരി.1:7;7:10; വെളി.21:4; (യാക്കോ.4:9,10)*
5.[d] *(വാ. 3 കാ.)* [i] *സങ്കീ.37:11*
6.[j] *2 തിമൊ.2:22; (മത്താ.6:33)* [k] *സങ്കീ.42:2; യെശ.55:1,2; യോഹ.7:37*
7.[l] *മത്താ.18:33; 25:34-36; സദൃ.19:17; ലൂക്കൊ.6:36; 2 തിമൊ.1:16; എബ്രാ.6:10*
8.[m] *സങ്കീ.24:4; 2 തിമൊ.2:22; (1 പത്രൊ.1:22)* [n] *എബ്രാ.12:14; 1 യോഹ.3:2,3; വെളി.22:4; (1 കൊരി.13:12)*
9.[o] *യാക്കോ.3:18* [p] *റോമ.8:14* [q] *1 യോഹ.3:1*
10.[r] *2 തിമൊ.2:12; യാക്കോ.5:11; 1 പത്രൊ.3:14* [g] *(വാ. 3 കാ.)*
11.[s] *യോഹ.15:21* [t] *എബ്രാ.11:26; 1 പത്രൊ.4:14*
12.[u] *അപ്പൊ.പ്ര.5:41; റോമ.5:4; 2 കൊരി.12:10; കൊലൊ.1:13,24; എബ്രാ.10:34; യാക്കോ.1:3; 1പത്രൊ.4:13* [v] *മത്താ.21:35*
13.[w] *മർക്കൊ.9:50; ലൂക്കൊ.14:34*
14.[x] *എഫെ.5:8; ഫിലി.2:15; (യോഹ.8:12)*
15.[y] *മർക്കൊ.4:21; ലൂക്കൊ.8:16;11:33*
16.[z] *ഫിലേ.5; 1 പത്രൊ.2:12* [a] *യോഹ.15:8; 2കൊരി. 9:13; ഫിലി.1:11;(മത്താ.9:8)*
17.[b] *മത്താ.7:12* [c] *റോമ.3:31* [d] *(റോമ.10:4; 13:8; ഗലാ.3:24)*

5:13 ***ഉപ്പ്:*** ഉപ്പ് പ്രയോജനപ്പെടുന്നതുപോലെ തന്റെ ശിഷ്യന്മാരും അവർ ജീവിക്കുന്ന സമൂഹത്തിനു പ്രയോജനപ്പെടണം എന്നു യേശു ഉപദേശിക്കുന്നു.

5:14,15 ***ലോകത്തിന്റെ വെളിച്ചം... വിളക്കു കത്തിച്ച്:*** എണ്ണയൊഴിച്ചു തീകത്തിച്ച് ഉപയോഗിച്ചിരുന്ന മൺവിളക്കുകൾ വെളിച്ചം ലഭിക്കുവാൻ ഉയർത്തിവയ്ക്കേണ്ടിയിരുന്നു. വിളക്കുകൾക്കു സമമാണ് ദൈവവചനം. അത് ഉയർത്തിവച്ചു തന്റെ അനുയായികൾ മറ്റുള്ളവർക്കും വെളിച്ചമാകണമെന്നു യേശു ആഗ്രഹിച്ചു.

പോകയില്ല.[e] 19 ആകയാൽ ഈ
ഏറ്റവും ചെറിയ കല്പനകളിൽ
ഒന്ന്[f] അഴിക്കയും[g] മനുഷ്യരെ
അങ്ങനെ പഠിപ്പിക്കയും ചെയ്യുന്ന
വൻ സ്വർഗരാജ്യത്തിൽ[h] ഏറ്റവും
ചെറിയവൻ എന്നു വിളിക്കപ്പെടും;
അവയെ ആചരിക്കയും പഠിപ്പിക്ക
യും ചെയ്യുന്നവനോ സ്വർഗരാജ്യ
ത്തിൽ[h] വലിയവൻ എന്നു വിളിക്ക
പ്പെടും. 20 നിങ്ങളുടെ നീതി ശാ
സ്ത്രിമാരുടെയും പരീശന്മാരുടെ
യും നീതിയെ[i] കവിയുന്നില്ലെങ്കിൽ
നിങ്ങൾ സ്വർഗരാജ്യത്തിൽ കടക്ക
യില്ല[j] എന്നു ഞാൻ നിങ്ങളോടു
പറയുന്നു.

21 [k]കൊല ചെയ്യരുത് എന്നും
ആരെങ്കിലും കൊല ചെയ്താൽ
ന്യായവിധിക്കു[l] യോഗ്യനാകും
എന്നും പൂർവന്മാരോട് അരുളിച്ചെ
യ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ.[m]
22 ഞാനോ നിങ്ങളോടു പറയുന്ന
ത്: സഹോദരനോടു കോപിക്കു
ന്നവൻ എല്ലാം[n] ന്യായവിധിക്കു[l]
യോഗ്യനാകും; സഹോദരനോടു
നിസ്സാര എന്നു പറഞ്ഞാലോ ന്യായാ
ധിപസഭയുടെ[o] മുമ്പിൽ നില്ക്കേ
ണ്ടിവരും; മൂഢാ എന്നു പറഞ്ഞാ
ലോ അഗ്നിനരകത്തിനു[p] യോഗ്യ
നാകും. 23 ആകയാൽ നിന്റെ വഴി
പാടു യാഗപീഠത്തിങ്കൽ കൊണ്ടു
വരുമ്പോൾ[q] സഹോദരനു നിന്റെ
നേരേ വല്ലതും ഉണ്ടെന്ന് അവിടെ
വച്ച് ഓർമ വന്നാൽ 24 നിന്റെ വഴി
പാട് അവിടെ യാഗപീഠത്തിന്റെ
മുമ്പിൽ വച്ചേച്ചു, ഒന്നാമതു ചെന്നു
സഹോദരനോടു നിരന്നുകൊൾക;
പിന്നെ വന്നു നിന്റെ വഴിപാടു കഴി
ക്ക.[r] 25 നിന്റെ പ്രതിയോഗിയോടു
കൂടെ വഴിയിൽ ഉള്ളപ്പോൾത്തന്നെ
വേഗത്തിൽ അവനോട് ഇണങ്ങി

18. [e] ലൂക്കൊ. 16:17; (മത്താ. 24: 35)
19. [f] (ഗലാ. 3:10; യാക്കോ. 2:10)
[g] (1 കൊരി. 3:12 - 15)
[h] മത്താ. 11:11; 18:1 - 4
20. [i] (റോമ. 10:3; ഫിലി. 3:9)
[j] യോഹ. 3:5
21. [k] **പുറ. 20:13; ആവ. 5:17;** (മത്താ. 19:18; മർക്കൊ. 10:19; ലൂക്കൊ. 18:20; റോമ. 13:9; യാക്കോ. 2:11)
[l] (ആവ. 16:18)
[m] മത്താ. 5:33; (മത്താ. 5:27,31,38,43)
22. [n] 1 യോഹ. 3:15
[l] (വാ. 21 കാ.)
[o] മത്താ. 10:17; 26:59
[p] മത്താ. 18:9; മർക്കൊ. 9:44,46; യാക്കോ. 3:6; (മത്താ. 5:29)
23. [q] മത്താ. 8:4; 23:18
24. [r] (മത്താ. 6:15; മർക്കൊ. 11:25)
25. [s] ലൂക്കൊ. 12:58,59
26. [t] (മത്താ. 18:34,35)
27. [u] **പുറ. 20:14; ആവ. 5:18**
[v] മത്താ. 5:21
28. [w] ഇയ്യോ. 31:1 സദൃ. 6:25; (2 ശമൂ. 11:2)
29. [x] മത്താ 18:8,9; മർക്കൊ. 9:43 - 48
[y] മത്താ. 15:12; 17:27; (മത്താ. 13:41; ലൂക്കൊ. 17:1)
[z] മത്താ. 10:28; 23:15,33; ലൂക്കൊ. 12:5; (മത്താ. 5:22)

ക്കൊൾക; അല്ലാഞ്ഞാൽ പ്രതിയോ
ഗി നിന്നെ ന്യായാധിപനും ന്യായാ
ധിപൻ ചേവകനും ഏല്പിച്ചിട്ടു നീ
തടവിൽ ആയിപ്പോകും.[s] 26 ഒടുവി
ലത്തെ കാശുപോലും കൊടുത്തു
തീരുവോളം നീ അവിടെനിന്നു
പുറത്തുവരികയില്ല[t] എന്നു ഞാൻ
സത്യമായിട്ടു നിന്നോടു പറയുന്നു.
27 [u]വ്യഭിചാരം ചെയ്യരുത് എന്ന്
അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടു
ണ്ടല്ലോ.[v] 28 ഞാനോ നിങ്ങളോടു
പറയുന്നത്: സ്ത്രീയെ മോഹിക്കേ
ണ്ടതിന് അവളെ നോക്കുന്നവൻ
എല്ലാം ഹൃദയംകൊണ്ട് അവളോ
ടു വ്യഭിചാരം ചെയ്തുപോയി.[w]
29 എന്നാൽ വലങ്കണ്ണു[x] നിനക്ക്
ഇടർച്ച വരുത്തുന്നു എങ്കിൽ[y] അ
തിനെ ചൂന്നെടുത്ത് എറിഞ്ഞുക
ളക; നിന്റെ ശരീരം മുഴുവനും നര
കത്തിൽ[z] വീഴുന്നതിനെക്കാൾ
നിന്റെ അവയവങ്ങളിൽ ഒന്നു നശി
ക്കുന്നത് നിനക്കു പ്രയോജനമത്രേ.
30 വലങ്കൈ[x] നിനക്ക് ഇടർച്ച വരു
ത്തുന്നു എങ്കിൽ[y] അതിനെ വെട്ടി
എറിഞ്ഞുകളക; നിന്റെ ശരീരം
മുഴുവനും നരകത്തിൽ[z] പോകുന്ന
തിനെക്കാൾ അവയവങ്ങളിൽ ഒന്നു
നശിക്കുന്നതു നിനക്കു പ്രയോജ
നമത്രേ. 31 [a]ആരെങ്കിലും ഭാര്യയെ
ഉപേക്ഷിച്ചാൽ അവൾക്ക് ഉപേക്ഷ
ണപത്രം കൊടുക്കട്ടെ എന്നും അരു
ളിച്ചെയ്തിട്ടുണ്ടല്ലോ.[v] 32 ഞാനോ
നിങ്ങളോടു പറയുന്നത്: പരസംഗം
ഹേതുവായിട്ടല്ലാതെ ഭാര്യയെ ഉപേ
ക്ഷിക്കുന്നവനെല്ലാം അവളെക്കൊ
ണ്ടു വ്യഭിചാരം ചെയ്യിക്കുന്നു;[b]
ഉപേക്ഷിച്ചവളെ ആരെങ്കിലും

30. [x,y,z] (വാ. 29കാ.) 31. [a] മത്താ. 19:7; യിരെ. 3:1; **ആവ. 24:1;** [v] (വാ. 27കാ.) 32. [b] മത്താ. 19:9; മർക്കൊ. 10:11,12; ലൂക്കൊ. 16:18; (1 കൊരി. 7:10,11)

5:22 ***അഗ്നിനരകത്തിനു:*** ഗ്രീക്കു ഭാഷയിൽ നരകം എന്നതിന് *'ഗെഹെന്ന'* എന്നു പറയും. എബ്രായ ഭാഷയിൽ അതിനർഥം ഹിന്നോം *താഴ്വര* എന്നാണ്. ഈ താഴ്വര യെരൂശലേമിനടുത്താണ്. അവിടെ ഒരു കാലത്ത് ശിശുഹോമങ്ങൾ നടത്തിയിരുന്നു. മോലേക് എന്ന ദേവനെ പ്രീതിപ്പെടുത്തുന്ന നരബലിയായിരുന്നു അത് (യിരെ. 32:35; ലേവ്യാ. 20:2 - 5). ഈ സ്ഥലം പിന്നീടു കുപ്പത്തൊട്ടിയായും അവശിഷ്ടങ്ങൾ കത്തിച്ചുകളയുന്നതിനുള്ള ഇടമായും ഉപയോഗിച്ചു. യേശുവിനു മുമ്പുള്ള നൂറ്റാണ്ടിൽ പഠിപ്പിച്ചിരുന്നത് ദുഷ്ടന്മാർ മരിച്ചാൽ ഹിന്നോം താഴ്വരപോലെ കത്തുന്ന ഒരു സ്ഥലത്ത് അവരുടെ ആത്മാവു ചെന്നെത്തുമെന്നായിരുന്നു. പുതിയനിയമം ന്യായവിധി സ്ഥലത്തെപ്പറ്റി പറയുന്നതു നരകയാതനയുടെ അനുഭവം ലഭിക്കുന്ന സ്ഥലമായിട്ടാണ്.

വിവാഹം കഴിച്ചാൽ വ്യഭിചാരം
ചെയ്യുന്നു.[c]
33 കള്ളസ്സത്യം ചെയ്യരുത്[d] എ
ന്നും സത്യം ചെയ്തതു കർത്താ
വിനു നിവർത്തിക്കേണം[e] എന്നും
പൂർവന്മാരോട് അരുളിച്ചെയ്തതു
നിങ്ങൾ കേട്ടിട്ടുണ്ടല്ലോ.[v] 34 ഞാനോ
നിങ്ങളോടു പറയുന്നത്: അശേഷം
സത്യം ചെയ്യരുത്;[f] സ്വർഗത്തെ
ക്കൊണ്ട് അരുത്, അതു ദൈവത്തി
ന്റെ സിംഹാസനം;[g] 35 ഭൂമിയെ
ക്കൊണ്ട് അരുത്, അത് അവന്റെ
പാദപീഠം; യെരൂശലേമിനെക്കൊ
ണ്ട് അരുത്, അതു മഹാരാജാവി
ന്റെ നഗരം.[h] 36 നിന്റെ തലയെ
ക്കൊണ്ടും സത്യം ചെയ്യരുത്; ഒരു
രോമവും വെളുപ്പിപ്പാനോ കറുപ്പി
പ്പാനോ നിനക്കു കഴികയില്ലല്ലോ.
37 നിങ്ങളുടെ വാക്ക് ഉവ്വ്, ഉവ്വ്
എന്നും ഇല്ല, ഇല്ല എന്നും ആയി
രിക്കട്ടെ; ഇതിൽ അധികമായതു[i]
ദുഷ്ടനിൽനിന്നു വരുന്നു.[j]
38 [k]കണ്ണിനു പകരം കണ്ണും പല്ലി
നു പകരം പല്ലും എന്ന് അരുളിച്ചെ
യ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ.[v]
39 ഞാനോ നിങ്ങളോടു പറയുന്ന
ത്: ദുഷ്ടനോട് എതിർക്കരുത്;[l]
നിന്നെ വലത്തെ ചെകിട്ടത്ത് അടി
ക്കുന്നവനു[m] മറ്റേതും തിരിച്ചു
കാണിക്ക.[n] 40 നിന്നോടു വ്യവഹ
രിച്ചു നിന്റെ വസ്ത്രം എടുപ്പാൻ
ഇച്ഛിക്കുന്നവനു നിന്റെ പുതപ്പും
വിട്ടുകൊടുക്ക.[l] 41 ഒരുത്തൻ നിന്നെ
ഒരു നാഴിക വഴി പോകുവാൻ നിർ
ബന്ധിച്ചാൽ രണ്ട് അവനോടുകൂടെ
പോക.[o] 42 നിന്നോടു യാചിക്കു
ന്നവനു കൊടുക്ക;[p] വായ്പ വാങ്ങു
വാൻ ഇച്ഛിക്കുന്നവനെ ഒഴിഞ്ഞു
കളയരുത്.[q]
43 [r]കൂട്ടുകാരനെ സ്നേഹിക്ക
എന്നും ശത്രുവിനെ പകയ്ക്ക[s]
എന്നും അരുളിച്ചെയ്തതു നിങ്ങൾ
കേട്ടിട്ടുണ്ടല്ലോ.[v] 44 ഞാനോ നിങ്ങ
ളോടു പറയുന്നത്: നിങ്ങളുടെ
ശത്രുക്കളെ സ്നേഹിപ്പിൻ;[t] നിങ്ങ
ളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി
പ്രാർഥിപ്പിൻ;[u] 45 സ്വർഗസ്ഥനായ
നിങ്ങളുടെ പിതാവിനു പുത്രന്മാ
രായി തീരേണ്ടതിനു തന്നെ;[v]
അവൻ ദുഷ്ടന്മാരുടെമേലും നല്ല
വരുടെമേലും തന്റെ സൂര്യനെ ഉദി
പ്പിക്കയും നീതിമാന്മാരുടെമേലും
നീതികെട്ടവരുടെമേലും മഴ പെയ്യി
ക്കയും[w] ചെയ്യുന്നുവല്ലോ. 46 നിങ്ങ
ളെ സ്നേഹിക്കുന്നവരെ സ്നേഹി
ച്ചാൽ നിങ്ങൾക്ക് എന്തു പ്രതിഫ
ലം?[x] ചുങ്കക്കാരും അങ്ങനെതന്നെ
ചെയ്യുന്നില്ലയോ? 47 സഹോദര
ന്മാരെ മാത്രം വന്ദനം ചെയ്താൽ
നിങ്ങൾ എന്തു വിശേഷം ചെയ്യു
ന്നു? ജാതികളും[y] അങ്ങനെതന്നെ
ചെയ്യുന്നില്ലയോ? 48 ആകയാൽ
നിങ്ങളുടെ സ്വർഗീയപിതാവ് സൽ
ഗുണപൂർണൻ ആയിരിക്കുന്നതു
പോലെ[z] നിങ്ങളും സൽഗുണപൂർ
ണരാ[a]കുവിൻ.[b]

❋ ❋ ❋

*1. ഭിക്ഷ 5. പ്രാർഥന 14. ക്ഷമ 16. ഉപവാസം 19. നിത്യനിക്ഷേപം 24. പ്രപഞ്ചവിചാരത്തിനു വിരോധമായുള്ള സംഗതികൾ.*

6 മനുഷ്യർ കാണേണ്ടതിനു[a]
നിങ്ങളുടെ നീതിയെ അവരുടെ
മുമ്പിൽ ചെയ്യാതിരിപ്പാൻ[b] സൂക്ഷി
പ്പിൻ; അല്ലാഞ്ഞാൽ സ്വർഗത്തിലു
ള്ള നിങ്ങളുടെ പിതാവിന്റെ പക്കൽ
നിങ്ങൾക്കു പ്രതിഫലമില്ല.
2 ആകയാൽ ഭിക്ഷ കൊടുക്കു
മ്പോൾ[c] മനുഷ്യരാൽ മാനം ലഭി
പ്പാൻ[d] പള്ളികളിലും വീഥികളി
ലും കപടഭക്തിക്കാർ ചെയ്യുന്നതു
പോലെ നിന്റെ മുമ്പിൽ കാഹളം

32. [c] *റോമ. 7:3*
33. [d] *ലേവ്യാ. 19:12; 1 തിമൊ. 1:9* [e] *സംഖ്യാ. 30:2; ആവ. 23:21; സഭാ. 5:4* [v] *(വാ. 27കാ.)*
34. [f] *യാക്കോ. 5:12* [g] *മത്താ. 23:22; യെശ. 66:1; അപ്പൊ. പ്ര. 7:49; വെളി. 4:2*
35. [h] *സങ്കീ. 48:2*
37. [i] *(സദൃ. 10:19)* [j] *മത്താ. 13:19*
38. [k] ***പുറ. 21:24; ലേവ്യാ. 24:20; ആവ. 19:21*** [v] *(വാ. 27കാ.)*
39. [l] *1 കൊരി. 6:7; 1 പത്രൊ. 2:23* [m] *മത്താ. 26:67; യെശ. 50:6; വിലാ. 3:30* [n] *മത്താ. 5:39-42ക്കു ലൂക്കൊ. 6:29,30കാ.; (റോമ. 12:17)*
40. [l] *(വാ. 39കാ.)*
41. [o] *മത്താ. 27:32; മർക്കൊ. 15:21*
42. [p] *സങ്കീ. 37:21; സദൃ. 21:26* [q] *ആവ. 15:8; സങ്കീ. 37:26; 112:5; ലൂക്കൊ. 6:34,35*
43. [r] ***ലേവ്യാ. 19:18;*** *മത്താ. 19:19* [s] *(ആവ. 23:6)* [v] *(വാ. 27 കാ.)*
44. [t] *ലൂക്കൊ. 6:27,28; റോമ. 12:20; (പുറ. 23:4; ഇയ്യോ. 31:29,30; സങ്കീ. 7:4)* [u] *ലൂക്കൊ. 23:34; അപ്പൊ. പ്ര. 7:60; 2 തിമൊ. 4:16; 1 പത്രൊ. 3:9*
45. [v] *ലൂക്കൊ. 6:35; (എഫെ. 5:1; ഫിലി. 2:15)* [w] *അപ്പൊ. പ്ര. 14:17*
46. [x] *ലൂക്കൊ. 6:32*
47. [y] *മത്താ. 6:7,32*
48. [z] *(ലേവ്യാ. 19:2; 1 പത്രൊ. 1:15)* [a] *മത്താ. 19:21; 1 കൊരി. 2:6; ഫിലി. 3:15; കൊലൊ. 1:28; 4:12; യാക്കോ. 1:4; 3:2; ഉൽപ. 17:1* [b] *(ലൂക്കൊ. 6:36)*

**അധ്യായം 6**

1. [a] *മത്താ. 6:16; 23:5* [b] *1 യോഹ. 2:29*
2. [c] *(1 കൊരി. 13:3)* [d] *യോഹ. 5:44*

5:46 ***ചുങ്കക്കാർ:*** റോമക്കാർ കരം പിരിക്കുവാൻ നാട്ടുകാരെ ചുമതലപ്പെടുത്തിയിരുന്നു. അവർ അമിതമായി പിരിവു നടത്തുകയും നിയമവിരുദ്ധമായ പ്രവൃത്തികളിലേർപ്പെടുകയും ചെയ്തിരുന്നു. ജനങ്ങൾ ഇക്കൂട്ടരെ വെറുത്തിരുന്നു.

ഊതിക്കരുത്; അവർക്കു പ്രതിഫ
ലം കിട്ടിപ്പോയി[e] എന്നു ഞാൻ
സത്യമായിട്ടു നിങ്ങളോടു പറയു
ന്നു. **3** നീയോ ഭിക്ഷ കൊടുക്കു
മ്പോൾ നിന്റെ ഭിക്ഷ രഹസ്യത്തി
ലായിരിക്കേണ്ടതിനു വലങ്കൈ
ചെയ്യുന്നത് എന്ത് എന്ന് ഇടങ്കൈ
അറിയരുത്. **4** രഹസ്യത്തിൽ കാ
ണുന്ന നിന്റെ പിതാവ് നിനക്കു
പ്രതിഫലം തരും.[f]

**5** നിങ്ങൾ പ്രാർഥിക്കുമ്പോൾ
കപടഭക്തിക്കാരെപ്പോലെ ആകരു
ത്; അവർ മനുഷ്യർക്കു വിളങ്ങേ
ണ്ടതിനു പള്ളികളിലും തെരുക്കോ
ണുകളിലും നിന്നുകൊണ്ടു പ്രാർ
ഥിപ്പാൻ[g] ഇഷ്ടപ്പെടുന്നു; അവർക്കു
പ്രതിഫലം കിട്ടിപ്പോയി[h] എന്നു
ഞാൻ സത്യമായിട്ടു നിങ്ങളോടു
പറയുന്നു. **6** നീയോ പ്രാർഥിക്കു
മ്പോൾ അറയിൽ കടന്നു വാതിൽ
അടച്ചു രഹസ്യത്തിലുള്ള നിന്റെ
പിതാവിനോടു പ്രാർഥിക്ക;[i] രഹ
സ്യത്തിൽ കാണുന്ന നിന്റെ പി
താവ് നിനക്കു പ്രതിഫലം തരും.[j]
**7** പ്രാർഥിക്കയിൽ നിങ്ങൾ ജാതി
കളെപ്പോലെ[k] ജല്പനം ചെയ്യരുത്;
അതിഭാഷണത്താൽ[l] ഉത്തരം കിട്ടും
എന്നല്ലോ അവർക്കു തോന്നുന്നത്.[m]
**8** അവരോടു തുല്യരാകരുത്; നി
ങ്ങൾക്ക് ആവശ്യമുള്ളത് ഇന്നതെ
ന്ന് നിങ്ങൾ യാചിക്കുംമുമ്പേ നിങ്ങ
ളുടെ പിതാവ് അറിയുന്നുവല്ലോ.[n]
**9** നിങ്ങൾ ഇവ്വണ്ണം പ്രാർഥിപ്പിൻ:[o]
സ്വർഗസ്ഥനായ ഞങ്ങളുടെ പിതാ
വേ,[p] നിന്റെ നാമം[q] വിശുദ്ധീകരി
ക്കപ്പെടേണമേ;[r] **10** നിന്റെ രാജ്യം
വരേണമേ;[s] നിന്റെ ഇഷ്ടം[t] സ്വർഗ
ത്തിലെപ്പോലെ[u] ഭൂമിയിലും ആകേ
ണമേ;[t] **11** ഞങ്ങൾക്ക് ആവശ്യമു
ള്ള ആഹാരം ഇന്നു[v] തരേണമേ;[w]
**12** ഞങ്ങളുടെ കടക്കാരോടു ഞ
ങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ
ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും
ക്ഷമിക്കേണമേ; **13** ഞങ്ങളെ പരീ
ക്ഷയിൽ കടത്താതെ[x] ദുഷ്ടങ്കൽ
നിന്നു[y] ഞങ്ങളെ വിടുവിക്കേണമേ.[z]
രാജ്യവും ശക്തിയും മഹത്ത്വവും
എന്നേക്കും നിനക്കുള്ളതല്ലോ.[a]
**14** നിങ്ങൾ മനുഷ്യരോട് അവരുടെ
പിഴകളെ ക്ഷമിച്ചാൽ, സ്വർഗസ്ഥ
നായ നിങ്ങളുടെ പിതാവ് നിങ്ങ
ളോടും ക്ഷമിക്കും.[b] **15** നിങ്ങൾ
മനുഷ്യരോടു പിഴകളെ ക്ഷമിക്കാ
ഞ്ഞാലോ നിങ്ങളുടെ പിതാവ് നിങ്ങ
ളുടെ പിഴകളെയും ക്ഷമിക്കയില്ല.[c]

**16** ഉപവസിക്കുമ്പോൾ നിങ്ങൾ
കപടഭക്തിക്കാരെപ്പോലെ വാടിയ
മുഖം കാണിക്കരുത്; അവർ ഉപവ
സിക്കുന്നതു മനുഷ്യർക്കു വിളങ്ങേ
ണ്ടതിനു മുഖം വിരൂപമാക്കുന്നു;[d]
അവർക്കു പ്രതിഫലം കിട്ടിപ്പോയി[e]
എന്നു ഞാൻ സത്യമായിട്ടു നിങ്ങ
ളോടു പറയുന്നു. **17** നീയോ ഉപവ
സിക്കുമ്പോൾ നിന്റെ ഉപവാസം
മനുഷ്യർക്കല്ല രഹസ്യത്തിലുള്ള
നിന്റെ പിതാവിനു വിളങ്ങേണ്ടതി
നു തലയിൽ എണ്ണ തേച്ചു മുഖം കഴു
കുക.[f] **18** രഹസ്യത്തിൽ കാണു
ന്ന നിന്റെ പിതാവ് നിനക്കു പ്രതി
ഫലം നല്കും.[g]

**19** പുഴുവും തുരുമ്പും കെടുക്ക
യും[h] കള്ളന്മാർ തുരന്നു മോഷ്ടി
ക്കയും[i] ചെയ്യുന്ന ഈ ഭൂമിയിൽ
നിങ്ങൾ നിക്ഷേപം സ്വരൂപിക്കരു
ത്.[j] **20** പുഴുവും തുരുമ്പും കെടുക്കാ
തെയും കള്ളന്മാർ തുരന്നു മോ
ഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ
ത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾ
വിൻ.[j] **21** നിന്റെ നിക്ഷേപം ഉള്ളേ
ടത്തു നിന്റെ ഹൃദയവും ഇരിക്കും.
**22** ശരീരത്തിന്റെ വിളക്ക് കണ്ണ്
ആകുന്നു; കണ്ണ് ചൊവ്വുള്ളതെങ്കിൽ

2.[e] *ലൂക്കൊ.6:24*
4.[f] *മത്താ.6:6,18*
5.[g] *മർക്കൊ.11:25; ലൂക്കൊ.18:11*
[h] *മത്താ.6:2,16*
6.[i] *2 രാജാ.4:33; യെശ.26:20*
[j] *മത്താ.6:4,18*
7.[k] *മത്താ.6:32;5:47*
[l] *സദൃ.10:19; സഭാ.5:2*
[m] *1രാജാ.18:26*
8.[n] *മത്താ.6:32*
9.[o] *മത്താ.6:9 - 13 ക്കു. (ലൂക്കൊ.11:2 - 4)*
[p] *മത്താ.6:1*
[q] *യോഹ.17:6*
[r] *യെശ.29:23; (ലൂക്കൊ.1:49; 1 പത്രൊ.3:14)*
10.[s] *(മത്താ.3:2;4:17)*
[t] *മത്താ.26:42; ലൂക്കൊ.22:42; അപ്പൊ.പ്ര.21:14; (മത്താ.12:50; എബ്രാ.13:21)*
[u] *സങ്കീ.103:20,21; ദാനീ.4:35*
11.[v] *(മത്താ.6:34)*
[w] *സദൃ.30:8*
13.[x] *മത്താ.26:41; മർക്കൊ.14:38; ലൂക്കൊ.22:40,46; (1 കൊരി.10:13)*
[y] *മത്താ.13:19*
[z] *യോഹ.17:15; 2തെസ്സ.3:3; (2തിമൊ.4:18)*
[a] *1 ദിന.29:11,12*
14.[b] *മർക്കൊ.11:25; ലൂക്കൊ.6:37; എഫെ.4:32; കൊലൊ.3:13*
15.[c] *മത്താ.18:35; യാക്കോ.2:13*
16.[d] *യെശ.58:5*
[e] *മത്താ.6:2,5*

17.[f] *രൂത്ത് 3:3; 2 ശമൂ.12:20; ദാനീ.10:3* 18.[g] *മത്താ.6:4,6* 19.[h] *യാക്കോ.5:2,3* [i] *മത്താ.24:43; ലൂക്കൊ.12:39* [j] *മത്താ.19:21; ലൂക്കൊ.12:21,33,34;18:22; 1തിമൊ.6:9,10,17 - 19;എബ്രാ.13:5* 20.[j] *(വാ.19കാ.)*

**6:6** ***പ്രാർഥിക്കുമ്പോൾ:*** യെഹൂദന്മാർ അവരുടെ പള്ളിയിലോ സുനഗോഗിലോ പ്രാർഥിക്കുമ്പോൾ നിൽക്കുന്നതും കൈകൾ ഉയർത്തുന്നതും പതിവായിരുന്നു. ചിലപ്പോൾ അവർ മുട്ടു മടക്കിനിന്നോ സാഷ്ടാംഗം വീണോ പ്രാർഥിച്ചിരുന്നു. പ്രാർഥന ആരെയും കാണിക്കുവാൻ വേണ്ടിയല്ല ചെയ്യുന്നത് എന്നു യേശു പഠിപ്പിക്കുന്നു.

നിന്റെ ശരീരം മുഴുവനും പ്രകാശി
തമായിരിക്കും.[k] 23 കണ്ണ് കേടുള്ള
തെങ്കിലോ[l] നിന്റെ ശരീരം മുഴുവ
നും ഇരുണ്ടതായിരിക്കും; എന്നാൽ
നിന്നിലുള്ള വെളിച്ചം ഇരുട്ടായാൽ
ഇരുട്ട് എത്ര വലിയത്![k] 24 രണ്ടു
യജമാനന്മാരെ സേവിപ്പാൻ ആർ
ക്കും കഴികയില്ല; അങ്ങനെ ചെ
യ്താൽ ഒരുത്തനെ പകച്ചു മറ്റവനെ
സ്നേഹിക്കും; അല്ലെങ്കിൽ ഒരുത്ത
നോടു പറ്റിച്ചേർന്നു മറ്റവനെ നിര
സിക്കും;[m] നിങ്ങൾക്കു ദൈവത്തെ
യും മാമ്മോനെയും[n] സേവിപ്പാൻ
കഴികയില്ല. 25 അതുകൊണ്ടു
ഞാൻ നിങ്ങളോടു പറയുന്നത്:[o]
എന്തു തിന്നും എന്തു കുടിക്കും
എന്നു നിങ്ങളുടെ ജീവനായിക്കൊ
ണ്ടും എന്ത് ഉടുക്കും എന്നു ശരീര
ത്തിനായിക്കൊണ്ടും വിചാരപ്പെട
രുത്;[p] ആഹാരത്തെക്കാൾ ജീവ
നും ഉടുപ്പിനെക്കാൾ ശരീരവും
വലുതല്ലയോ? 26 ആകാശത്തിലെ
പറവകളെ നോക്കുവിൻ; അവ വി
തയ്ക്കുന്നില്ല, കൊയ്യുന്നില്ല, കള
പ്പുരയിൽ കൂട്ടിവയ്ക്കുന്നതുമില്ല;
എങ്കിലും സ്വർഗസ്ഥനായ നിങ്ങ
ളുടെ പിതാവ് അവയെ പുലർത്തു
ന്നു;[q] അവയെക്കാൾ നിങ്ങൾ
ഏറ്റവും വിശേഷതയുള്ളവരല്ല
യോ?[r] 27 വിചാരപ്പെടുന്നതിനാൽ
തന്റെ നീളത്തോട്[s] ഒരു മുഴം കൂട്ടു
വാൻ നിങ്ങളിൽ ആർക്കു കഴിയും?
28 ഉടുപ്പിനെക്കുറിച്ചു വിചാരപ്പെ
ടുന്നതും എന്ത്? വയലിലെ താമര
എങ്ങനെ വളരുന്നു എന്നു നിരൂപി
പ്പിൻ; അവ അധ്വാനിക്കുന്നില്ല,
നൂല്ക്കുന്നതുമില്ല. 29 എന്നാൽ
ശലോമോൻപോലും തന്റെ സർവ
മഹത്ത്വത്തിലും ഇവയിൽ ഒന്നി
നോളം ചമഞ്ഞിരുന്നില്ല[t] എന്നു
ഞാൻ നിങ്ങളോടു പറയുന്നു.
30 ഇന്നുള്ളതും നാളെ അടുപ്പിൽ
ഇടുന്നതുമായ വയലിലെ പുല്ലിനെ
ദൈവം ഇങ്ങനെ ചമയിക്കുന്നു
എങ്കിൽ, അല്പവിശ്വാസികളേ,[u]
നിങ്ങളെ എത്ര അധികം. 31 ആക
യാൽ നാം എന്തു തിന്നും എന്തു
കുടിക്കും എന്തു ഉടുക്കും എന്നി
ങ്ങനെ നിങ്ങൾ വിചാരപ്പെടരുത്.
32 ഈ വകയൊക്കെയും ജാതി
കൾ അന്വേഷിക്കുന്നു;[v] സ്വർഗസ്ഥ
നായ നിങ്ങളുടെ പിതാവ് ഇതൊ
ക്കെയും നിങ്ങൾക്ക് ആവശ്യം എ
ന്ന് അറിയുന്നുവല്ലോ.[w] 33 മുമ്പേ
അവന്റെ രാജ്യവും[x] നീതിയും
അന്വേഷിപ്പിൻ;[y] അതോടുകൂടെ
ഇതൊക്കെയും നിങ്ങൾക്കു കിട്ടും.[z]
34 അതുകൊണ്ടു നാളേക്കായി
വിചാരപ്പെടരുത്; നാളത്തെ ദിവസം
തനിക്കായി വിചാരപ്പെടുമല്ലോ;[a]
അതതു ദിവസത്തിന് അന്നന്നത്തെ
ദോഷം മതി.

❋ ❋ ❋

***1. യേശു സാഹസബുദ്ധിയെ ശാസിച്ചത് 6. ദൈവകാര്യങ്ങളിൽ വിവേകം വേണമെന്ന് 7. യാചന 13. ഇടുക്കുവാതിൽ 15. കള്ളപ്രവാചകന്മാർ 21. വചനം കേൾക്കുന്നവരായി മാത്രമല്ല പ്രമാണിക്കുന്നവരായി ഇരിക്കേണം എന്നത് 24. കേട്ടതിനെ അനുസരിക്കുക.***

7 നിങ്ങൾ വിധിക്കപ്പെടാതിരി
ക്കേണ്ടതിനു വിധിക്കരുത്.[a]
2 നിങ്ങൾ വിധിക്കുന്ന വിധിയാൽ
നിങ്ങളെയും വിധിക്കും;[b] നിങ്ങൾ
അളക്കുന്ന അളവിനാൽ നിങ്ങൾ
ക്കും അളന്നു കിട്ടും.[c] 3 എന്നാൽ
സ്വന്തക്കണ്ണിലെ കോൽ ഓർക്കാതെ[d]
സഹോദരന്റെ കണ്ണിലെ കരട്
നോക്കുന്നത് എന്ത്? 4 അല്ല,
സ്വന്തകണ്ണിൽ കോൽ ഇരിക്കെ
നീ സഹോദരനോട്: നില്ല്, നിന്റെ
കണ്ണിൽനിന്നു കരട് എടുത്തുകള
യട്ടെ, എന്നു പറയുന്നത് എങ്ങനെ?
5 കപടഭക്തിക്കാരാ, മുമ്പേ സ്വന്ത
കണ്ണിൽനിന്നു കോൽ എടുത്തു
കളക; പിന്നെ സഹോദരന്റെ ക
ണ്ണിൽനിന്നു കരട് എടുത്തുകള
വാൻ വെടിപ്പായി കാണും.
6 വിശുദ്ധമായതു നായ്ക്കൾക്കു[e]
കൊടുക്കരുത്;[f] നിങ്ങളുടെ മുത്തു
കളെ[g] പന്നികളുടെ മുമ്പിൽ ഇടുക
യുമരുത്; അവ കാൽകൊണ്ട് അവ
യെ ചവിട്ടുകയും തിരിഞ്ഞു നിങ്ങളെ

*22.[k] ലൂക്കൊ. 11:34,35*
*23.[l] മത്താ.20:15; ആവ.15:9; സദൃ.28:22; മർക്കൊ.7:22*
*[k] (വാ.22കാ.)*
*24.[m] ലൂക്കൊ.16:13; (റോമ.6:16; യാക്കോ.4:4)*
*[n] ലൂക്കൊ.16:9,11,13*
*25.[o] മത്താ.6:25-33 ക്കു. ലൂക്കൊ.12:22-31 കാ.*
*[p] മത്താ.6:27,28, 31,34;10:19;13:22; 1 കൊരി.7:32; ഫിലി.4:6; 1 പത്രൊ.5:7*
*26.[q] (ഇയ്യോ.38:41; സങ്കീ.147:9)*
*[r] മത്താ.10:31*
*27.[s] ലൂക്കൊ.2:52*
*29.[t] 1രാജാ.10:4-7*
*30.[u] മത്താ.8:26; 14:31;16:8; (മത്താ.17:20)*
*32.[v] മത്താ.6:7*
*[w] മത്താ.6:8*
*33.[x] മത്താ.6:10*
*[y] (മത്താ.5:6,20)*
*[z] (1രാജാ.3:11-14; മർക്കൊ.10:29,30; 1 തിമൊ.4:8; 1 പത്രൊ.3:9)*
*34.[a] (യാക്കോ. 4:13,14)*

**അധ്യായം 7**

*1.[a] മത്താ.7:1-5ക്കു, ലൂക്കൊ. 6:37,38,41,42കാ. (റോമ.14:13; 1 കൊരി.4:5; യാക്കോ.5:9)*
*2.[b] റോമ.2:1,3;14:10; യാക്കോ.2:13;4:11,19*
*[c] മർക്കൊ.4:24; (ന്യായാ.1:7)*
*3.[d] (യോഹ.8:7-9)*
*6.[e] (ഫിലി.3:2; വെളി.22:15)*

*[f] മത്താ.15:26; (സദൃ.9:7,9;23:9) [g] മത്താ.13:46*

ചീന്തിക്കളകയും ചെയ്‌വാൻ ഇട
വരരുത്.
7 യാചിപ്പിൻ[h] എന്നാൽ നിങ്ങൾ
ക്കു കിട്ടും;[i] അന്വേഷിപ്പിൻ എ
ന്നാൽ നിങ്ങൾ കണ്ടെത്തും;[j] മുട്ടു
വിൻ എന്നാൽ നിങ്ങൾക്കു തുറ
ക്കും.[k] 8 യാചിക്കുന്ന ഏവനും
ലഭിക്കുന്നു; അന്വേഷിക്കുന്നവൻ
കണ്ടെത്തുന്നു; മുട്ടുന്നവനു തുറ
ക്കും. 9 മകൻ അപ്പം[l] ചോദിച്ചാൽ
അവനു കല്ലു[l] കൊടുക്കുന്ന മനു
ഷ്യൻ നിങ്ങളിൽ ആരുള്ളു? 10 മീൻ
ചോദിച്ചാൽ അവനു പാമ്പിനെ
കൊടുക്കുമോ? 11 അങ്ങനെ ദോഷി
കളായ[m] നിങ്ങൾ നിങ്ങളുടെ മക്കൾ
ക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ
അറിയുന്നു എങ്കിൽ സ്വർഗസ്ഥനായ
നിങ്ങളുടെ പിതാവ് തന്നോടു യാചി
ക്കുന്നവർക്കു നന്മ എത്ര അധികം
കൊടുക്കും![i] 12 മനുഷ്യർ നിങ്ങൾ
ക്കു ചെയ്യേണം എന്നു നിങ്ങൾ
ഇച്ഛിക്കുന്നതു ഒക്കെയും നിങ്ങൾ
അവർക്കും ചെയ്‌വിൻ;[n] ന്യായപ്ര
മാണവും പ്രവാചകന്മാരും[o] ഇതു
തന്നെ.
13 ഇടുക്കുവാതിലൂടെ അകത്തു
കടപ്പിൻ;[p] നാശത്തിലേക്കു പോകു
ന്ന വാതിൽ വീതിയുള്ളതും വഴി
വിശാലവും അതിൽകൂടി കടക്കുന്ന
വർ അനേകരും ആകുന്നു. 14 ജീവ
ങ്കലേക്കു പോകുന്ന[q] വാതിൽ ഇടു
ക്കവും വഴി[q] ഞെരുക്കവുമുള്ളത്;
അതു കണ്ടെത്തുന്നവർ ചുരുക്ക
മത്രേ.[r]
15 കള്ളപ്രവാചകന്മാരെ സൂക്ഷി
ച്ചുകൊൾവിൻ;[s] അവർ ആടുകളു
ടെ വേഷം പൂണ്ടു നിങ്ങളുടെ അടു
ക്കൽ വരുന്നു; അകമെയോ കടിച്ചു
കീറുന്ന ചെന്നായ്ക്കൾ[t] ആകുന്നു.
16 അവരുടെ ഫലങ്ങളാൽ നിങ്ങൾ
ക്ക് അവരെ തിരിച്ചറിയാം;[u] മുള്ളു
കളിൽനിന്നു മുന്തിരിപ്പഴവും ഞെരി
ഞ്ഞിലുകളിൽനിന്ന് അത്തിപ്പഴവും
പറിക്കുമാറുണ്ടോ? 17 നല്ല വൃക്ഷം
ഒക്കെയും നല്ല ഫലം കായ്ക്കുന്നു;
ആകാത്ത വൃക്ഷമോ ആകാത്ത
ഫലം കായ്ക്കുന്നു.[v] 18 നല്ല വൃക്ഷ
ത്തിന് ആകാത്ത ഫലവും ആകാത്ത
വൃക്ഷത്തിനു നല്ല ഫലവും കാ
യ്പാൻ കഴികയില്ല. 19 നല്ല ഫലം
കായ്ക്കാത്ത വൃക്ഷമൊക്കെയും
വെട്ടി തീയിൽ ഇടുന്നു.[w] 20 ആക
യാൽ അവരുടെ ഫലത്താൽ നി
ങ്ങൾ അവരെ തിരിച്ചറിയും.[u]
21 എന്നോടു കർത്താവേ, കർത്താ
വേ, എന്നു പറയുന്നവൻ[x] ഏവനു
മല്ല,[y] സ്വർഗസ്ഥനായ എന്റെ പി
താവിന്റെ ഇഷ്ടം ചെയ്യുന്നവൻ
അത്രേ[z] സ്വർഗരാജ്യത്തിൽ കട
ക്കുന്നത്.[a] 22 കർത്താവേ, കർ
ത്താവേ, നിന്റെ നാമത്തിൽ ഞ
ങ്ങൾ പ്രവചിക്കയും[b] നിന്റെ നാമ
ത്തിൽ ഭൂതങ്ങളെ പുറത്താക്കു
കയും[c] നിന്റെ നാമത്തിൽ വളരെ
വീര്യപ്രവൃത്തികൾ പ്രവർത്തിക്ക
യും ചെയ്തില്ലയോ എന്നു പലരും
ആ നാളിൽ[d] എന്നോടു പറയും.[e]
23 അന്നു ഞാൻ അവരോട്: ഞാൻ
ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല;[f]
അധർമം പ്രവർത്തിക്കുന്നവരേ,[g]
എന്നെ വിട്ടു പോകുവിൻ[h] എന്നു
തീർത്തുപറയും.[e] 24 ആകയാൽ
എന്റെ ഈ വചനങ്ങളെ കേട്ടു
ചെയ്യുന്നവനൊക്കെയും പാറമേൽ
വീടു പണിത ബുദ്ധിയുള്ള മനുഷ്യ
നോടു[i] തുല്യനാകുന്നു.[j] 25 വന്മഴ
ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റ്
അടിച്ച് ആ വീട്ടിന്മേൽ അലച്ചു;
അതു പാറമേൽ അടിസ്ഥാനമുള്ള
താകയാൽ വീണില്ല. 26 എന്റെ
ഈ വചനങ്ങളെ കേട്ടു ചെയ്യാത്തവ

7.[h] മത്താ.7:7-11ക്കു. ലൂക്കൊ.11:9-13കാ.
[i] മത്താ.18:19;21:22; മർക്കൊ.11:24; യോഹ.14:13;15:7,16; 16:23,24; യാക്കോ.1:5,6,17; 1യോഹ.3:22;5:14,15
[j] 1ദിന.28:9; 2ദിന.15:2;സദൃ.8:17; യിരെ.29:13; (യെശ.55:6)
[k] (വെളി.3:20)
9.[l] മത്താ.4:3
11.[m] മത്താ.12:34; ഉൽപ.6:5;8:21
[i] (വാ.7കാ.)
12.[n] ലൂക്കൊ.6:31
[o] മത്താ.22:40
13.[p] ലൂക്കൊ.13:24
14.[q] സങ്കീ.16:11; (മത്താ.18:8; യോഹ.14:6)
[r] (ലൂക്കൊ.13:23)
15.[s] മത്താ.24:11,24; ആവ.13:1-4; യിരെ.14:14;23:16; മർക്കൊ.13:22; ലൂക്കൊ.6:26; അപ്പൊ.പ്ര.13:6; 2പത്രൊ.2:1; 1യോഹ.4:1; വെളി.19:20
[t] യെഹെ.22:27; അപ്പൊ.പ്ര.20:29; (മീഖാ.3:5; യോഹ.10:12)
16.[u] ലൂക്കൊ.6:43,44; യാക്കോ.2:18
17.[v] മത്താ.12:33-35
19.[w] മത്താ.3:10
20.[u] (വാ.16കാ.)
21.[x] (ഹോശേ.8:2)
[y] ലൂക്കൊ.6:46; റോമ.2:13; യാക്കോ.1:22
[z] മത്താ.12:50
[a] യോഹ.3:3,5
22.[b] (സംഖ്യാ.24:4; യോഹ.11:51; 1കൊരി.13:2) [c] മർക്കൊ.9:38 [d] മലാ.3:17,18 [e] മത്താ.25:11,12; ലൂക്കൊ.13:25-27 23.[f] മത്താ. 10:33; (സങ്കീ.101:4) [g] മത്താ.13:41; സങ്കീ.5:5 [h] മത്താ.25:41; സങ്കീ.6:8 [e] (വാ.22കാ) 24.[i] മത്താ.25:2; (യെഹെ. 13:10-14) [j] മത്താ.7:24-27ക്കു. ലൂക്കൊ.6:47-49 കാ.

7:16 ***അത്തിപ്പഴം:*** ഏകദേശം 30 അടിവരെ വളരുന്ന ഒരു മരമാണ് അത്തി. വലിയ ഇലകളും മധുരമുള്ള പഴവും വർഷത്തിൽ രണ്ടു പ്രാവശ്യം കായ്ക്കുന്നതും പ്രത്യേകതകളാണ്. ആദ്യത്തെ ഫലം അപ്പോഴത്തെ ഉപയോഗത്തിനും രണ്ടാമത്തേത് ഉണക്കിയെടുത്തു തണുപ്പുകാലത്തെ ഭക്ഷണത്തിനും ഉപയോഗിച്ചിരുന്നു.

നൊക്കെയും മണലിന്മേൽ വീടു പണിത മനുഷ്യനോടു[i] തുല്യനാകുന്നു. **27** വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റ് അടിച്ച് ആ വീട്ടിന്മേൽ അലച്ചു, അതു വീണു; അതിന്റെ വീഴ്ച വലിയതായിരുന്നു.

**28** ഈ വചനങ്ങളെ യേശു പറഞ്ഞുതീർന്നപ്പോൾ പുരുഷാരം അവന്റെ ഉപദേശത്തിൽ വിസ്മയിച്ചു;[k] **29** അവരുടെ ശാസ്ത്രിമാരെപ്പോലെ അല്ല, അധികാരമുള്ളവനായിട്ടത്രേ അവൻ അവരോട് ഉപദേശിച്ചത്.[l]

❋ ❋ ❋

*1. യേശു കുഷ്ഠരോഗിയെയും 5. ശതാധിപന്റെ വേലക്കാരനെയും 14. പത്രൊസിന്റെ അമ്മാവിയമ്മയെയും 16. മറ്റുപല ദീനക്കാരെയും സൗഖ്യമാക്കിയത് 18. ശിഷ്യലക്ഷണം 23. കൊടുങ്കാറ്റിനെ ശമിപ്പിച്ചത് 28. രണ്ടു പേരിൽനിന്ന് ഭൂതങ്ങളെ പുറത്താക്കിയത് 31. പന്നിക്കൂട്ടം.*

**8** അവൻ മലയിൽനിന്ന് ഇറങ്ങി വന്നാറെ വളരെ പുരുഷാരം അവനെ പിന്തുടർന്നു.[a] **2** അപ്പോൾ ഒരു കുഷ്ഠരോഗി വന്ന്[b] അവനെ നമസ്കരിച്ച്[c] കർത്താവേ, നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും എന്നു പറഞ്ഞു. **3** അവൻ കൈ നീട്ടി അവനെ തൊട്ടു: എനിക്കു മനസ്സുണ്ട്; നീ ശുദ്ധമാക എന്നു പറഞ്ഞു; ഉടനെ കുഷ്ഠം മാറി അവൻ ശുദ്ധമായി. **4** യേശു അവനോട്: നോക്കൂ, ആരോടും പറയരുത്;[d] അവർക്കു സാക്ഷ്യത്തിനായി[e] നീ ചെന്നു നിന്നെത്തന്നെ പുരോഹിതനു കാണിച്ച്,[f] മോശെ കല്പിച്ച വഴിപാടു കഴിക്ക[g] എന്നു പറഞ്ഞു.

**5** [h]അവൻ കഫർന്നഹൂമിൽ എത്തിയപ്പോൾ ഒരു ശതാധിപൻ വന്ന് അവനോട്: **6** കർത്താവേ, എന്റെ ബാല്യക്കാരൻ പക്ഷവാതം പിടിച്ചു കഠിനമായി വേദനപ്പെട്ടു വീട്ടിൽ കിടക്കുന്നു എന്ന് അപേക്ഷിച്ചു പറഞ്ഞു. **7** അവൻ അവനോട്: ഞാൻ വന്ന് അവനെ സൗഖ്യമാക്കും എന്നു പറഞ്ഞു. **8** അതിനു ശതാധിപൻ: കർത്താവേ, നീ എന്റെ പുരയ്ക്കകത്തു വരുവാൻ ഞാൻ യോഗ്യനല്ല; ഒരു വാക്കു മാത്രം കല്പിച്ചാൽ[i] എന്റെ ബാല്യക്കാരനു സൗഖ്യം വരും. **9** ഞാനും അധികാരത്തിൻകീഴുള്ള മനുഷ്യൻ ആകുന്നു. എന്റെ കീഴിൽ പടയാളികൾ ഉണ്ട്; ഞാൻ ഒരുവനോട്: പോക എന്നു പറഞ്ഞാൽ പോകുന്നു; മറ്റൊരുത്തനോട്: വരിക എന്നു പറഞ്ഞാൽ വരുന്നു; എന്റെ ദാസനോട്: ഇതു ചെയ്ക എന്നു പറഞ്ഞാൽ അവൻ ചെയ്യുന്നു എന്ന് ഉത്തരം പറഞ്ഞു. **10** അതു കേട്ടിട്ട് യേശു അതിശയിച്ചു,[j] പിൻചെല്ലുന്നവരോടു പറഞ്ഞത്: യിസ്രായേലിൽക്കൂടെ ഇത്ര വലിയ വിശ്വാസം[k] കണ്ടിട്ടില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. **11** കിഴക്കുനിന്നും പടിഞ്ഞാറുനിന്നും അനേകർ വന്ന് അബ്രാഹാമിനോടും യിസ്ഹാക്കിനോടും യാക്കോബിനോടുംകൂടെ സ്വർഗരാജ്യത്തിൽ പന്തിക്കിരിക്കും.[l] **12** രാജ്യത്തിന്റെ പുത്രന്മാരെയോ[m] ഏറ്റവും പുറത്തുള്ള ഇരുളിലേക്കു തള്ളിക്കളയും;[n] അവിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും[o] എന്നു ഞാൻ നിങ്ങളോടു പറയുന്നു. **13** പിന്നെ യേശു ശതാധിപനോട്: പോക, നീ വിശ്വസിച്ചതുപോലെ നിനക്കു ഭവിക്കട്ടെ[p] എന്നു പറഞ്ഞു. ആ നാഴികയിൽതന്നെ അവന്റെ ബാല്യക്കാരനു സൗഖ്യം വന്നു.[q]

**14** യേശു പത്രൊസിന്റെ വീട്ടിൽ വന്നാറെ[r] അവന്റെ അമ്മാവിയമ്മ[s] പനിപിടിച്ചു കിടക്കുന്നതു കണ്ടു. **15** അവൻ അവളുടെ കൈ തൊട്ടു[t] പനി അവളെ വിട്ടു; അവൾ എഴുന്നേറ്റ് അവർക്ക് ശുശ്രൂഷ ചെയ്തു.

26.[i] *(വാ.24കാ.)*
28.[k] *മത്താ.13:54; 22:33; മർക്കൊ.1:22;6:2; 11:18;ലൂക്കൊ.4:32; (അപ്പൊ.പ്ര.13:12)*
29.[l] *യോഹ.7:46*
**അധ്യായം 8**
1.[a] *മത്താ.4:25*
2.[b] *മത്താ.8:2-4ക്കു. മർക്കൊ.1:40 - 44; ലൂക്കൊ.5:12 - 14കാ.*
[c] *മത്താ.2:2;9:18; 15:25;20:20; (മത്താ.18:26; അപ്പൊ.പ്ര.10:25)*
4.[d] *മത്താ.9:30;17:9; മർക്കൊ.1:34;5:43; 7:36;8:26; മത്താ.12:16*
[e] *മത്താ.10:18;24:14; മർക്കൊ.6:11; ലൂക്കൊ.9:5; യാക്കോ.5:3*
[f] *ലൂക്കൊ.17:14*
[g] *ലേവ്യ.14:2 - 32*
5.[h] *മത്താ.8:5-13ക്കു. ലൂക്കൊ.7:1 - 10കാ.*
8.[i] *സങ്കീ.107:20; (മത്താ.8:16)*
10.[j] *(മർക്കൊ.6:6)*
[k] *മത്താ.9:2*
11.[l] *ലൂക്കൊ.13:29; എഫെ.3:6; (യെശ.59:19; മലാ.1:11)*
12.[m] *ലൂക്കൊ.13:28; (മത്താ.19:30; 21:41,43)*
[n] *മത്താ.22:13;25:30*
[o] *മത്താ.13:42,50; 22:13;24:51;25:30; ലൂക്കൊ.13:28*
13.[p] *മത്താ.9:29*
[q] *യോഹ.4:53; (മത്താ.9:22)*

14.[r] *മത്താ.8:14 - 16 ക്കു.മർക്കൊ.1:29 - 34; ലൂക്കൊ.4:38 - 41കാ.* [s] *1കൊരി.9:5* 15.[t] *(മത്താ.9:25)*

8:5 ***ശതാധിപൻ:*** നൂറു പടയാളികളുടെ നേതാവായ റോമൻ പടയാളി. പടയാളിയായി 25 വർഷം സേവനം ചെയ്യുന്നവരാണു സാധാരണയായി ശതാധിപന്മാരായി നിയോഗിക്കപ്പെടുന്നത്.

16 വൈകുന്നേരം ആയപ്പോൾ
പല ഭൂതഗ്രസ്തരെയും[u] അവന്റെ
അടുക്കൽ കൊണ്ടുവന്നു; അവൻ
വാക്കുകൊണ്ടു[v] ദുരാത്മാക്കളെ
പുറത്താക്കി സകല ദീനക്കാർക്കും
സൗഖ്യം വരുത്തി. 17 [w]അവൻ
നമ്മുടെ ബലഹീനതകളെ എടു
ത്തു, വ്യാധികളെ ചുമന്നു എന്നു
യെശയ്യാപ്രവാചകൻ പറഞ്ഞതു
നിവൃത്തിയാകുവാൻ തന്നെ.[x]
18 എന്നാൽ യേശു തന്റെ ചുറ്റും
വളരെ പുരുഷാരത്തെ കണ്ടാറെ[y]
അക്കരയ്ക്കു പോകുവാൻ കല്പി
ച്ചു.[z] 19 അന്ന് ഒരു ശാസ്ത്രി അവ
ന്റെ അടുക്കൽ വന്നു:[a] ഗുരോ, നീ
എവിടെ പോയാലും ഞാൻ നിന്നെ
അനുഗമിക്കാം എന്നു പറഞ്ഞു.
20 യേശു അവനോട്: കുറുനരി
കൾക്കു കുഴികളും ആകാശത്തിലെ
പറവകൾക്കു കൂടുകളും[b] ഉണ്ട്;
മനുഷ്യപുത്രനോ തല ചായിപ്പാൻ
ഇടമില്ല എന്നു പറഞ്ഞു. 21 ശിഷ്യ
ന്മാരിൽ വേറൊരുത്തൻ അവനോട്:
കർത്താവേ, ഞാൻ മുമ്പേ പോയി
എന്റെ അപ്പനെ അടക്കം ചെയ്‌വാൻ
അനുവാദം തരേണം എന്നു പറ
ഞ്ഞു. 22 യേശു അവനോട്: നീ
എന്റെ പിന്നാലെ വരിക; മരിച്ചവർ[c]
തങ്ങളുടെ മരിച്ചവരെ അടക്കം
ചെയ്യട്ടെ എന്നു പറഞ്ഞു.
23 അവൻ ഒരു പടകിൽ കയറി
യപ്പോൾ[d] അവന്റെ ശിഷ്യന്മാർ
കൂടെ ചെന്നു. 24 പിന്നെ കടലിൽ
വലിയ ഓളം ഉണ്ടായിട്ടു പടക്
തിരകളാൽ മുങ്ങുമാറായി; അവനോ
ഉറങ്ങുകയായിരുന്നു.[e] 25 അവർ
അടുത്തു ചെന്നു: കർത്താവേ, രക്ഷി
ക്കേണമേ: ഞങ്ങൾ നശിച്ചുപോ
കുന്നു[f] എന്നു പറഞ്ഞ് അവനെ
ഉണർത്തി. 26 അവൻ അവരോട്:
അല്പവിശ്വാസികളേ,[g] നിങ്ങൾ
ഭീരുക്കൾ[h] ആകുവാൻ എന്ത് എന്നു
പറഞ്ഞശേഷം എഴുന്നേറ്റു കാറ്റി
നെയും കടലിനെയും ശാസിച്ച
പ്പോൾ[i] വലിയ ശാന്തതയുണ്ടായി.[j]
27 എന്നാറെ ആ മനുഷ്യർ അതി
ശയിച്ചു:[k] ഇവൻ എങ്ങനെയുള്ള
വൻ? കാറ്റും കടലുംകൂടെ ഇവനെ
അനുസരിക്കുന്നുവല്ലോ[l] എന്നു
പറഞ്ഞു.
28 അവൻ അക്കരെ ഗദരേനരുടെ
ദേശത്ത് എത്തിയാറെ[m] രണ്ടു ഭൂത
ഗ്രസ്തർ[n] ശവക്കല്ലറകളിൽനിന്നു
പുറപ്പെട്ട് അവന് എതിരേ വന്നു;
അവർ അത്യുഗ്രന്മാർ ആയിരുന്നതു
കൊണ്ട് ആർക്കും ആ വഴി നടന്നു
കൂടാഞ്ഞു. 29 അവർ നിലവിളിച്ചു:[o]
ദൈവപുത്രാ,[p] ഞങ്ങൾക്കും നിന
ക്കും തമ്മിൽ എന്ത്?[q] സമയ
ത്തിനു മുമ്പേ[r] ഞങ്ങളെ ദണ്ഡിപ്പി
പ്പാൻ ഇവിടെ വന്നുവോ എന്നു
പറഞ്ഞു. 30 അവർക്കകലെ ഒരു
വലിയ പന്നിക്കൂട്ടം മേഞ്ഞുകൊ
ണ്ടിരുന്നു. 31 ഭൂതങ്ങൾ അവനോട്:
ഞങ്ങളെ പുറത്താക്കുന്നു എങ്കിൽ
പന്നിക്കൂട്ടത്തിലേക്ക് അയയ്ക്കേ
ണം എന്ന് അപേക്ഷിച്ചു. 32 പൊ
യ്ക്കൊൾവിൻ എന്ന് അവൻ അവ
രോടു പറഞ്ഞു; അവർ പുറപ്പെട്ടു
പന്നികളിലേക്കു ചെന്നു; ആ കൂട്ടം
എല്ലാം കടുന്തൂക്കത്തൂടെ കടലി
ലേക്കു പാഞ്ഞ് വെള്ളത്തിൽ
മുങ്ങി ചത്തു. 33 മേയ്ക്കുന്നവർ
ഓടി പട്ടണത്തിൽ ചെന്ന് സകലവും
ഭൂതഗ്രസ്തരുടെ[s] വസ്തുതയും
അറിയിച്ചു. 34 ഉടനെ പട്ടണം
എല്ലാം പുറപ്പെട്ട് യേശുവിന് എതി
രേ ചെന്നു; അവനെ കണ്ടാറെ ത
ങ്ങളുടെ അതിർ വിട്ടുപോകേണ
മെന്ന് അപേക്ഷിച്ചു.[t]

❋ ❋ ❋

16. [u] *മത്താ.8:28,33; 4:24*
[v] *(മത്താ.8:8)*
17. [w] ***യെശ.53:4***
[x] *മത്താ.1:23*
18. [y] *(മത്താ.14:22; യോഹ.6:15-17)*
[z] *മർക്കൊ.4:35; ലൂക്കൊ.8:22*
19. [a] *മത്താ.8:19-22 ക്കു. ലൂക്കൊ.9:57-60 കാ.*
20. [b] *മത്താ.13:32*
22. [c] *(യോഹ.5:25)*
23. [d] *മത്താ.8:23-27 ക്കു. മർക്കൊ.4:36-41; ലൂക്കൊ.8:22-25കാ. (യോഹ.6:16-21)*
24. [e] *(യോഹ.4:6,7)*
25. [f] *(മത്താ.14:30)*
26. [g] *മത്താ.6:30*
[h] *യോഹ.14:27*
[i] *സങ്കീ.104:6,7 (ലൂക്കൊ.4:39)*
[j] *ഇയ്യോ.38:11; സങ്കീ.65:7 (മത്താ.14:32)*
27. [k] *(മർക്കൊ.1:27)*
[l] *(ലൂക്കൊ.5:9)*
28. [m] *മത്താ.8:28-9:1 ക്കു. മർക്കൊ.5:1-21; ലൂക്കൊ.8:26-40 കാ.*
[n] *മത്താ.8:16 (വെളി.18:2)*
29. [o] *മർക്കൊ.1:23,24, 26;ലൂക്കൊ.4:34; അപ്പൊ.പ്ര.8:7*
[p] *(മത്താ.4:3,6); മത്താ.14:33*
[q] *(2 ശമൂ.16:10;19:22; യോഹ.2:4)*
[r] *(വെളി.12:12)*
33. [s] *മത്താ.8:16*
34. [t] *(1 രാജാ.17:18; ലൂക്കൊ.5:8; അപ്പൊ.പ്ര.16:39)*

8:20 ***മനുഷ്യപുത്രൻ:*** ഇങ്ങനെ സ്വയം സംബോധന ചെയ്ത യേശു തന്റെ മാനുഷിക അവസ്ഥയെ വെളിപ്പെടുത്തുന്നു

8:22 ***മരിച്ചവർ തങ്ങളുടെ മരിച്ചവരെ:*** ശവസംസ്കാരം യെഹൂദന്മാരുടെയിടയിൽ വളരെ പ്രധാനപ്പെട്ട ആചാരമായിരുന്നു. അതിനേക്കാൾ പ്രധാനപ്പെട്ടതാണ് തന്നെ അനുഗമിക്കുന്നതെന്നു യേശു പറയുന്നു. ദൈവരാജ്യത്തിനു മുൻഗണന നല്കാത്തവർ മരിച്ചവരാണ്.

*1. യേശു പക്ഷവാതക്കാരനെ സൗഖ്യമാക്കിയത് 9. മത്തായിയെ വിളിച്ചത് 10. ചുങ്കക്കാരോടും പാപികളോടുംകൂടെ ഭക്ഷിച്ചത് 14. ശിഷ്യന്മാർ ഉപവസിക്കാതിരിക്കുന്നതിനു ന്യായം കാണിച്ചത് 20. രക്തസ്രവം സൗഖ്യമാക്കിയത് 23. യായീറൊസിന്റെ പുത്രിയെ ഉയിർപ്പിച്ചത് 27. രണ്ട് കുരുടർക്ക് കാഴ്ച കൊടുത്തത് 32. ഭൂതബാധിതനായ ഊമനെ സൗഖ്യമാക്കിയത്.*

**9** അവൻ പടകിൽ കയറി ഇക്കര
യ്ക്കു കടന്നു സ്വന്തപട്ടണ
ത്തിൽ[a] എത്തി. **2** [b]അവിടെ ചിലർ
കിടക്കമേൽ കിടക്കുന്ന ഒരു പക്ഷ
വാതക്കാരനെ അവന്റെ അടുക്കൽ
കൊണ്ടുവന്നു; യേശു അവരുടെ
വിശ്വാസം കണ്ടു[c] പക്ഷവാതക്കാര
നോട്: മകനേ, ധൈര്യമായിരിക്ക;[d]
നിന്റെ പാപങ്ങൾ മോചിച്ചുതന്നി
രിക്കുന്നു[e] എന്നു പറഞ്ഞു. **3** എ
ന്നാൽ ശാസ്ത്രിമാരിൽ ചിലർ:
ഇവൻ ദൈവദൂഷണം പറയുന്നു[f]
എന്ന് ഉള്ളംകൊണ്ടു പറഞ്ഞു.
**4** യേശുവോ അവരുടെ നിരൂപണം
ഗ്രഹിച്ച്:[g] നിങ്ങൾ ഹൃദയത്തിൽ
ദോഷം നിരൂപിക്കുന്നത് എന്ത്?
**5** നിന്റെ പാപങ്ങൾ മോചിച്ചു തന്നി
രിക്കുന്നു എന്നു പറയുന്നതോ,
എഴുന്നേറ്റു നടക്ക എന്നു പറയു
ന്നതോ, ഏതാകുന്നു എളുപ്പം
എന്നു ചോദിച്ചു. **6** എങ്കിലും ഭൂമി
യിൽ പാപങ്ങളെ മോചിപ്പാൻ മനു
ഷ്യപുത്രന് അധികാരം ഉണ്ട് എന്നു
നിങ്ങൾ അറിയേണ്ടതിന്–അവൻ
പക്ഷവാതക്കാരനോട്: എഴുന്നേറ്റ്,
കിടക്ക എടുത്തു വീട്ടിൽ പോക
എന്നു പറഞ്ഞു. **7** അവൻ എഴു
ന്നേറ്റ് വീട്ടിൽ പോയി. **8** പുരു
ഷാരം അതു കണ്ടു ഭയപ്പെട്ടു[h]
മനുഷ്യർക്ക് ഇങ്ങനെയുള്ള അധി
കാരം കൊടുത്ത[i] ദൈവത്തെ
മഹത്ത്വപ്പെടുത്തി.[h]
**9** [j]യേശു അവിടെനിന്നു പോകു
മ്പോൾ മത്തായി[k] എന്നു പേരുള്ള
ഒരു മനുഷ്യൻ ചുങ്കസ്ഥലത്ത് ഇരി
ക്കുന്നതു കണ്ടു: എന്നെ അനുഗ
മിക്ക എന്ന് അവനോടു പറഞ്ഞു;
അവൻ എഴുന്നേറ്റ് അവനെ അനു
ഗമിച്ചു.
**10** അവൻ വീട്ടിൽ ഭക്ഷണത്തിന്
ഇരിക്കുമ്പോൾ വളരെ ചുങ്കക്കാരും
പാപികളും വന്നു യേശുവിനോടും
അവന്റെ ശിഷ്യന്മാരോടുംകൂടെ
പന്തിയിൽ ഇരുന്നു.[l] **11** പരീശ
ന്മാർ അതു കണ്ട് അവന്റെ ശിഷ്യ
ന്മാരോട്: നിങ്ങളുടെ ഗുരു ചുങ്ക
ക്കാരോടും[l] പാപികളോടുംകൂടെ
ഭക്ഷിക്കുന്നത് എന്ത് എന്നു ചോദി
ച്ചു.[m] **12** യേശു അതു കേട്ടാറെ:
ദീനക്കാർക്കല്ലാതെ സൗഖ്യമുള്ള
വർക്കു വൈദ്യനെക്കൊണ്ട് ആവ
ശ്യമില്ല. **13** [n]യാഗത്തിലല്ല കരുണ
യിൽ അത്രേ ഞാൻ പ്രസാദിക്കു
ന്നു എന്നുള്ളത് എന്ത്[o] എന്നു
പോയി പഠിപ്പിൻ. ഞാൻ നീതിമാ
ന്മാരെ അല്ല[p] പാപികളെ അത്രേ[q]
വിളിപ്പാൻ വന്നത് എന്നു പറഞ്ഞു.
**14** യോഹന്നാന്റെ ശിഷ്യന്മാർ[r]
അവന്റെ അടുക്കൽ വന്നു: ഞങ്ങ
ളും പരീശന്മാരും വളരെ ഉപവസി
ക്കുന്നു;[s] നിന്റെ ശിഷ്യന്മാർ ഉപവസി
ക്കാത്തത് എന്ത് എന്നു ചോദിച്ചു.[t]
**15** യേശു അവരോടു പറഞ്ഞത്:
മണവാളൻ കൂടെയുള്ളപ്പോൾ തോ
ഴ്മക്കാർക്ക് ദുഃഖിപ്പാൻ കഴികയില്ല;[u]
മണവാളൻ പിരിഞ്ഞുപോകേണ്ടുന്ന
നാൾ വരും;[v] അന്ന് അവർ ഉപവസി
ക്കും.[w] **16** കോടിത്തുണിക്കണ്ടം
ആരും പഴയവസ്ത്രത്തിൽ ചേർത്തു
തുന്നുമാറില്ല; തുന്നിച്ചേർത്താൽ
അതുകൊണ്ട് വസ്ത്രം കീറും; ചീ
ന്തൽ ഏറ്റവും വല്ലാതെയായിത്തീ
രും. **17** പുതുവീഞ്ഞ് പഴയ തുരു
ത്തിയിൽ[x] പകരുമാറുമില്ല; പകർ
ന്നാൽ തുരുത്തി പൊളിഞ്ഞ് വീഞ്ഞ്
ഒഴുകിപ്പോകും; തുരുത്തിയും നശി
ച്ചുപോകും. പുതുവീഞ്ഞ് പുതിയ
തുരുത്തിയിലേ പകർന്നു വയ്ക്ക
യുള്ളൂ; അങ്ങനെ രണ്ടും ഭദ്രമായി
രിക്കും.

**അധ്യായം 9**
1. [a] *മത്താ.4:13; (മർക്കൊ.2:1)*
2. [b] *മത്താ.9:2 - 8കൂ. മർക്കൊ.2:3 - 12; ലൂക്കൊ.5:18 - 26 കാ.*
[c] *മത്താ. 9:22,29; 8:10,13; 15:28; മർക്കൊ.10:52; ലൂക്കൊ.7:9,50; 17:19;18:42; അപ്പൊ.പ്ര.3:16; 14:9; യാക്കോ.5:15*
[d] *മത്താ.9:22*
[e] *ലൂക്കൊ.7:48; (യോഹ.5:14)*
3. [f] *മത്താ.26:65; യോഹ.10:36*
4. [g] *മത്താ.12:25; ലൂക്കൊ.6:8;9:47; യോഹ.2:24,25*
8. [h] *ലൂക്കൊ.7:16.*
[i] *മത്താ.28:18*
9. [j] *മത്താ.9:9 - 17കൂ. മർക്കൊ.2:14 - 22; ലൂക്കൊ.5:27 - 38കാ.*
[k] *മത്താ.10:3; മർക്കൊ.3:18; ലൂക്കൊ.6:15; അപ്പൊ.പ്ര.1:13*
10. [l] *മത്താ.11:19; മർക്കൊ.2:15,16; മത്താ.5:46*
11. [l] *(വാ.10 കാ.)*
[m] *(ലൂക്കൊ.15:2)*
13. [n] ***ഹോശേ.6:6**; (മത്താ.23:23; മർക്കൊ.12:33)*
[o] *മത്താ.12:7*
[p] *(ലൂക്കൊ.15:7; യോഹ.9:39)*
[q] *1 തിമൊ.1:15*
14. [r] *മത്താ.11:2; 14:12; ലൂക്കൊ.11:1; യോഹ.1:35; 3:25;4:1; (അപ്പൊ.പ്ര.18:25;19:3)*
[s] *ലൂക്കൊ.18:12* [t] *(മത്താ.15:2)* 15. [u] *യോഹ.3:29*
[v] *ലൂക്കൊ.17:22* [w] *(യോഹ.16:20)* 17. [x] *യോശു.9:4; ഇയ്യോ.32:19; സങ്കീ.119:83*

18 [y]അവൻ ഇങ്ങനെ അവരോടു
സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ
ഒരു പ്രമാണി വന്ന് അവനെ നമ
സ്കരിച്ചു:[z] എന്റെ മകൾ ഇപ്പോൾ
തന്നെ കഴിഞ്ഞുപോയി; എങ്കിലും
നീ വന്ന് അവളുടെമേൽ കൈ
വച്ചാൽ അവൾ ജീവിക്കും എന്നു
പറഞ്ഞു. 19 യേശു എഴുന്നേറ്റ്
ശിഷ്യന്മാരുമായി അവന്റെ കൂടെ
ചെന്നു. 20 അന്നു പന്ത്രണ്ട് സംവ
ത്സരമായിട്ടു രക്തസ്രവമുള്ളൊരു[a]
സ്ത്രീ: 21 അവന്റെ വസ്ത്രം
മാത്രം ഒന്നു തൊട്ടാൽ എനിക്കു
സൗഖ്യം വരും എന്ന് ഉള്ളംകൊ
ണ്ട് പറഞ്ഞു, പിറകിൽ വന്ന് അവ
ന്റെ വസ്ത്രത്തിന്റെ തൊങ്ങൽ[b]
തൊട്ടു. 22 യേശു തിരിഞ്ഞ് അവ
ളെ കണ്ടപ്പോൾ: മകളേ, ധൈര്യ
പ്പെടുക;[c] നിന്റെ വിശ്വാസം നിന്നെ
രക്ഷിച്ചു എന്നു പറഞ്ഞു; ആ
നാഴികമുതൽ സ്ത്രീക്ക് സൗഖ്യം
വന്നു[d] 23 പിന്നെ യേശു പ്രമാണി
യുടെ വീട്ടിൽ കടന്നു, കുഴലൂതുന്ന
വരെയും[e] ആരവാരക്കൂട്ടത്തെയും
കണ്ടിട്ട്: മാറിപ്പോകുവിൻ; 24 ബാല
മരിച്ചില്ലല്ലോ[f] ഉറങ്ങുന്നത്രേ[g] എ
ന്നു പറഞ്ഞു; അവരോ അവനെ
പരിഹസിച്ചു. 25 അവൻ പുരുഷാര
ത്തെ പുറത്താക്കി[h] അകത്തു കടന്ന്
ബാലയുടെ കൈപിടിച്ചു,[i] ബാല
എഴുന്നേറ്റു. 26 ഈ വർത്തമാനം
ആ ദേശത്തൊക്കെയും പരന്നു.
27 [j]യേശു അവിടെനിന്നു പോകു
മ്പോൾ രണ്ടു കുരുടന്മാർ: ദാവീ
ദുപുത്രാ,[k] ഞങ്ങളോടു കരുണ
തോന്നേണമേ എന്നു നിലവിളിച്ചും
കൊണ്ടു പിന്തുടർന്നു. 28 അവൻ
വീട്ടിൽ എത്തിയപ്പോൾ കുരുടന്മാർ
അവന്റെ അടുക്കൽ വന്നു. ഇതു
ചെയ്‌വാൻ എനിക്കു കഴിയും എന്നു
വിശ്വസിക്കുന്നുവോ എന്ന് യേശു
ചോദിച്ചതിന്: ഉവ്വ്, കർത്താവേ
എന്ന് അവർ പറഞ്ഞു. 29 അവൻ
അവരുടെ കണ്ണ് തൊട്ടു:[l] നിങ്ങ
ളുടെ വിശ്വാസംപോലെ നിങ്ങൾ
ക്ക് ഭവിക്കട്ടെ[m] എന്നു പറഞ്ഞു;
ഉടനെ അവരുടെ കണ്ണു തുറന്നു.
30 പിന്നെ യേശു: നോക്കുവിൻ;
ആരും അറിയരുത്[n] എന്ന് അമർച്ച
യായി കല്പിച്ചു. 31 അവരോ പുറ
പ്പെട്ട് ആ ദേശത്തിലൊക്കെയും
അവന്റെ ശ്രുതിയെ പരത്തി.[o]
32 അവർ പോകുമ്പോൾ ചിലർ
ഭൂതഗ്രസ്തനായൊരു[p] ഊമനെ അ
വന്റെ അടുക്കൽ കൊണ്ടുവന്നു.[q]
33 അവൻ ഭൂതത്തെ പുറത്താക്കിയ
ശേഷം ഊമൻ സംസാരിച്ചു: യി
സ്രായേലിൽ ഇങ്ങനെ ഒരുനാളും
കണ്ടിട്ടില്ല എന്നു പുരുഷാരം അതി
ശയിച്ചു.[r] 34 പരീശന്മാരോ: ഇവൻ
ഭൂതങ്ങളുടെ തലവനെക്കൊണ്ട്
ഭൂതങ്ങളെ പുറത്താക്കുന്നു എന്നു
പറഞ്ഞു.
35 യേശു പട്ടണംതോറും ഗ്രാമം
തോറും സഞ്ചരിച്ച് അവരുടെ പള്ളി
കളിൽ ഉപദേശിച്ച് രാജ്യത്തിന്റെ
സുവിശേഷം പ്രസംഗിക്കയും സക
ലവിധ ദീനവും വ്യാധിയും സൗഖ്യ
മാക്കുകയും ചെയ്തു.[s] 36 അവൻ
പുരുഷാരത്തെ[t] ഇടയനില്ലാത്ത
ആടുകളെപ്പോലെ[u] കുഴഞ്ഞവരും
ചിന്നിയവരുമായി കണ്ടിട്ട്[t] അവരെ
ക്കുറിച്ച് മനസ്സലിഞ്ഞു,[v] തന്റെ ശി
ഷ്യന്മാരോട്: 37 കൊയ്ത്ത് വളരെ
ഉണ്ടു സത്യം,[w] വേലക്കാരോ ചുരു
ക്കം; 38 ആകയാൽ കൊയ്ത്തിന്റെ
യജമാനനോടു[x] കൊയ്ത്തിലേക്കു
വേലക്കാരെ അയയ്ക്കേണ്ടതിനു[y]
യാചിപ്പിൻ[x] എന്നു പറഞ്ഞു.

❋ ❋ ❋

*1. അത്ഭുതങ്ങളെ ചെയ്യുവാനും പ്രസംഗിക്കുവാനും അപ്പൊസ്തലന്മാരെ തിരഞ്ഞെടുത്ത് അയച്ചത് 40. അവരെ കൈക്കൊള്ളുന്നവർക്കുള്ള അനുഗ്രഹം.*

10 അനന്തരം അവൻ തന്റെ
പന്ത്രണ്ടു ശിഷ്യന്മാരെയും
അടുക്കൽ വിളിച്ചു,[a] അശുദ്ധാത്മാ
ക്കളെ പുറത്താക്കുവാനും സകല
വിധ ദീനവും വ്യാധിയും പൊറു
പ്പിപ്പാനും അവർക്ക് അധികാരം
കൊടുത്തു.

18.[y] *മത്താ.9:18 - 26 ക്കു. മർക്കൊ.5:22 - 43; ലൂക്കൊ.8:41 - 56കാ.*
[z] *മത്താ.8:2*
20.[a] *ലേവ്യ.15:25*
21.[b] *മത്താ.14:36; 23:5; (സംഖ്യാ.15:38,39; ആവ.22:12)*
22.[c] *മത്താ.9:2; ലൂക്കൊ.7:50*
[d] *മത്താ.15:28;17:18; (മത്താ.8:13)*
23.[e] *വെളി.18:22; (2 ദിന.35:25; യിരെ.9:17)*
24.[f] *(അപ്പൊ.പ്ര. 20:10)*
[g] *യോഹ.11:4,11*
25.[h] *അപ്പൊ.പ്ര.9:40*
[i] *മർക്കൊ.9:27; അപ്പൊ.പ്ര.3:7;9:41*
27.[j] *(മത്താ.20:30 - 34)*
[k] *മത്താ.12:23;15:22; 20:30,31; 22:42;1:1*
29.[l] *മർക്കൊ.8:25; യോഹ.9:6*
[m] *മത്താ.9:2*
30.[n] *മത്താ.8:4*
31.[o] *മർക്കൊ.1:45; 7:36*
32.[p] *മത്താ.4:24*
[q] *(മത്താ.12:22 - 24; ലൂക്കൊ.11:14,15)*
33.[r] *(മർക്കൊ.1:27)*
35.[s] *മത്താ.4:23,24*
36.[t] *(മത്താ.14:14)*
[u] *സംഖ്യാ.27:16; 1 രാജാ.22:17; യെഹെ.34:5*
[v] *മർക്കൊ.6:34*
37.[w] *ലൂക്കൊ.10:2; യോഹ.4:35*
38.[x] *(2 തെസ്സ.3:2)*
[y] *മത്താ.20:2; (മർക്കൊ.1:12)*

അധ്യായം 10
1.[a] *മർക്കൊ.3:13 - 15; 6:7 - 13; ലൂക്കൊ.6:13;9:1,2*

2 പന്ത്രണ്ട് അപ്പൊസ്തലന്മാരുടെ
പേരാവിത്:[b] ഒന്നാമൻ പത്രൊസ്
എന്നു പേരുള്ള[c] ശിമോൻ, അവ
ന്റെ സഹോദരൻ അന്ത്രെയാസ്,[d]
സെബെദിയുടെ മകൻ യാക്കോബ്,
അവന്റെ സഹോദരൻ യോഹ
ന്നാൻ,[d] 3 ഫിലിപ്പൊസ്, ബർത്തൊ
ലൊമായി, തോമാസ്, ചുങ്കക്കാ
രൻ മത്തായി,[e] അല്ഫായിയുടെ മകൻ
യാക്കോബ്, തദ്ദായി, 4 ശിമോൻ,
യേശുവിനെ കാണിച്ചുകൊടുത്ത
ഈസ്കര്യോത്താ യൂദാ.

5 ഈ പന്ത്രണ്ടു പേരെയും യേശു
അയയ്ക്കുമ്പോൾ അവരോട്
ആജ്ഞാപിച്ചതെന്തെന്നാൽ:[a] ജാതി
കളുടെ അടുക്കൽ പോകാതെയും
ശമര്യരുടെ[f] പട്ടണത്തിൽ കടക്കാ
തെയും 6 യിസ്രായേൽഗൃഹത്തി
ലെ[g] കാണാതെ പോയ ആടുകളു
ടെ[h] അടുക്കൽതന്നെ ചെല്ലുവിൻ.[i]
7 നിങ്ങൾ പോകുമ്പോൾ: സ്വർഗ
രാജ്യം സമീപിച്ചിരിക്കുന്നു[j] എന്നു
ഘോഷിപ്പിൻ. 8 രോഗികളെ സൗ
ഖ്യമാക്കുവിൻ; മരിച്ചവരെ ഉയിർപ്പി
പ്പിൻ; കുഷ്ഠരോഗികളെ ശുദ്ധമാ
ക്കുവിൻ; ഭൂതങ്ങളെ പുറത്താക്കു
വിൻ;[k] സൗജന്യമായി നിങ്ങൾക്കു
ലഭിച്ചു സൗജന്യമായി കൊടുപ്പിൻ.[l]
9 [m]മടിശ്ശീലയിൽ പൊന്നും വെള്ളി
യും ചെമ്പും 10 വഴിക്കു പൊക്ക
ണവും രണ്ടുടുപ്പും ചെരിപ്പും വടിയും
കരുതരുത്; വേലക്കാരൻ തന്റെ
ആഹാരത്തിനു യോഗ്യനല്ലോ.[n]
11 ഏതു പട്ടണത്തിലോ ഗ്രാമത്തി
ലോ കടക്കുമ്പോൾ അവിടെ യോ
ഗ്യൻ ആർ എന്ന് അന്വേഷിപ്പിൻ;
പുറപ്പെടുവോളം അവിടെത്തന്നെ
പാർപ്പിൻ. 12 ആ വീട്ടിൽ ചെല്ലു
മ്പോൾ അതിന് വന്ദനം പറവിൻ.[o]
13 വീട്ടിനു യോഗ്യതയുണ്ടെങ്കിൽ[p]
നിങ്ങളുടെ സമാധാനം[o] അതിന്മേൽ
വരട്ടെ; യോഗ്യതയില്ല എന്നു വരി
കിൽ സമാധാനം[o] നിങ്ങളിലേക്കു
മടങ്ങിപ്പോരട്ടെ.[q] 14 ആരെങ്കിലും
നിങ്ങളെ കൈക്കൊള്ളാതെയും
നിങ്ങളുടെ വചനങ്ങളെ കേൾക്കാ
തെയുമിരുന്നാൽ ആ വീടോ പട്ട
ണമോ വിട്ടുപോകുമ്പോൾ നിങ്ങ
ളുടെ കാലിലെ പൊടി തട്ടിക്കള
വിൻ.[r] 15 ന്യായവിധിദിവസത്തിൽ
ആ പട്ടണത്തെക്കാൾ സൊദോമ്യ
രുടെയും ഗമോര്യരുടെയും ദേശ
ത്തിനു[s] സഹിക്കാവതാകും[t]
എന്നു ഞാൻ സത്യമായിട്ടു നിങ്ങ
ളോടു പറയുന്നു.

16 ചെന്നായ്ക്കളുടെ നടുവിൽ
ആടിനെപ്പോലെ ഞാൻ നിങ്ങളെ
അയയ്ക്കുന്നു.[u] ആകയാൽ പാമ്പി
നെപ്പോലെ ബുദ്ധിയുള്ളവരും[v]
പ്രാവിനെപ്പോലെ കളങ്കമില്ലാത്ത
വരും[w] ആയിരിപ്പിൻ. 17 മനുഷ്യരെ
സൂക്ഷിച്ചുകൊൾവിൻ; അവർ നിങ്ങ
ളെ ന്യായാധിപസഭകളിൽ[x] ഏല്പി
ക്കയും[y] തങ്ങളുടെ പള്ളികളിൽ
വച്ച് ചമ്മട്ടികൊണ്ട് അടിക്കയും[z]
18 എന്റെ നിമിത്തം നാടുവാഴികൾ
ക്കും രാജാക്കന്മാർക്കും മുമ്പിൽ
കൊണ്ടുപോകയും[y] ചെയ്യും; അത്
അവർക്കും ജാതികൾക്കും ഒരു
സാക്ഷ്യം ആയിരിക്കും.[a] 19 എ
ന്നാൽ നിങ്ങളെ ഏല്പിക്കുമ്പോൾ[y]
എങ്ങനെയോ എന്തോ പറയേണ്ടൂ
എന്നു വിചാരപ്പെടേണ്ടാ;[b] പറവാ
നുള്ളത്[c] ആ നാഴികയിൽ തന്നെ
നിങ്ങൾക്കു ലഭിക്കും.[d] 20 പറയു

2.[b] മത്താ.10:2 - 4 ക്കു. മർക്കൊ.3:16 - 19; ലൂക്കൊ.6:14 - 16; അപ്പൊ.പ്ര.1:13കാ. [c] മത്താ.16:18; യോഹ.1:42 [d] മത്താ.4:18,21
3.[e] മത്താ.9:9
5.[a] (വാ.1 കാ.) [f] 2രാജാ.17:24; എസ്രാ.4:10; ലൂക്കൊ.9:52; 10:33;17:16; യോഹ.4:9,39,40; 8:48; അപ്പൊ.പ്ര. 8:25; (അപ്പൊ.പ്ര.1:8)
6.[g] അപ്പൊ.പ്ര.2:36; 7:42; എബ്രാ.8:8,10 [h] സങ്കീ.119:176; യെശ.53:6; യിരെ.50:6 (മത്താ.9:36;18:12) [i] മത്താ.15:24; (അപ്പൊ.പ്ര.3:25,26; 13:46)
7.[j] മത്താ.3:2;4:17; ലൂക്കൊ.10:9
8.[k] (മത്താ.11:5) [l] (യെശ.55:1; അപ്പൊ.പ്ര.3:6; 20:33,35)
9.[m] മത്താ.10:9 - 15 ക്കു.മർക്കൊ.6:8 - 11; ലൂക്കൊ.9:3 - 5കാ.; (ലൂക്കൊ.10:4 - 12; 22:35)
10.[n] 1തിമൊ.5:18; (1കൊരി.9:4,7 - 14)
12.[o] (1 ശമൂ.25:6; 1ദിന.12:18)
13.[p] (മത്താ.8:8; അപ്പൊ.പ്ര.16:15) [o] (വാ.12കാ.) [q] (സങ്കീ.35:13)
14.[r] അപ്പൊ.പ്ര.13:51; (നെഹെ.5:13; അപ്പൊ.പ്ര.18:6) 15.[s] ഉൽപ.18:20; 19:28; 2പത്രൊ.2:6 [t] മത്താ.11:24 16.[u] ലൂക്കൊ.10:3; (യോഹ.17:8,18) [v] ഉൽപ.3:1 [w] റോമ.16:19; ഫിലി.2:14; (1കൊരി.14:20) 17.[x] മത്താ. 5:22; 26:59 [y] മർക്കൊ. 13:9,11; ലൂക്കൊ. 12:11,12 [z] മത്താ.23:34 18.[y] (വാ.17 കാ.) [a] മത്താ.8:4 19.[y] (വാ.17 കാ.) [b] മത്താ.6:25 [c] മത്താ.10: 19 - 22ക്കു മർക്കൊ. 13:11 - 13; ലൂക്കൊ. 21:12 - 19; 2 തിമൊ.4:16,17 കാ. [d] ആവ.18:18; (സംഖ്യാ.23:5); പുറ.4:12

10:8 ***കുഷ്ഠരോഗി:*** പലവിധത്തിലുള്ള ത്വക്കു രോഗങ്ങൾക്കു കുഷ്ഠം എന്നു ബൈബിൾ കാലഘട്ടത്തിൽ പേരിട്ടിരുന്നു. ലേവ്യാ. 13,14 ൽ അങ്ങനെയുള്ള രോഗികളെ അശുദ്ധരായി കണക്കാക്കിയിരുന്നു. അവരെ സ്പർശിച്ച വ്യക്തികൾപോലും ശുദ്ധീകരണ കർമങ്ങൾ നടത്തണമായിരുന്നു. അങ്ങനെയല്ലാതെ അവർക്കു സമൂഹത്തിൽ സഹകരണം ലഭിക്കുമായിരുന്നില്ല. ഒരു കുഷ്ഠരോഗിയെ തൊട്ടു സൗഖ്യമാക്കിയ യേശു മോശെയുടെ നിയമപ്രകാരം സ്വയം അശുദ്ധനാവുകയായിരുന്നു.

ന്നത് നിങ്ങൾ അല്ല,[e] നിങ്ങളിൽ
പറയുന്ന നിങ്ങളുടെ പിതാവിന്റെ
ആത്മാവത്രേ.[f] 21 സഹോദരൻ
സഹോദരനെയും അപ്പൻ മകനെ
യും മരണത്തിന് ഏല്പിക്കും;
അമ്മയപ്പന്മാർക്ക് എതിരായി മക്കൾ
എഴുന്നേറ്റ് അവരെ കൊല്ലിക്കും.[g]
22 എന്റെ നാമം നിമിത്തം എല്ലാ
വരും നിങ്ങളെ പകയ്ക്കും;[h] അവ
സാനത്തോളം സഹിച്ചുനില്ക്കുന്ന
വനോ രക്ഷിക്കപ്പെടും.[i] 23 എ
ന്നാൽ ഒരു പട്ടണത്തിൽ നിങ്ങളെ
ഉപദ്രവിച്ചാൽ[j] മറ്റൊന്നിലേക്ക് ഓടി
പ്പോകുവിൻ.[k] മനുഷ്യപുത്രൻ വരു
വോളം[l] നിങ്ങൾ യിസ്രായേൽപട്ട
ണങ്ങളെ സഞ്ചരിച്ചു തീരുകയില്ല
എന്നു ഞാൻ സത്യമായിട്ടു നിങ്ങ
ളോടു പറയുന്നു.

24 ശിഷ്യൻ ഗുരുവിന്മീതെയല്ല;
ദാസൻ യജമാനനു മീതെയുമല്ല;[m]
25 ഗുരുവിനെപ്പോലെയാകുന്നതു
ശിഷ്യനു മതി; യജമാനനെപ്പോലെ
യാകുന്നത് ദാസനും മതി. അവർ
വീട്ടുടയവനെ[n] ബെയെത്സെബൂൽ[o]
എന്നു വിളിച്ചു എങ്കിൽ[n] വീട്ടുകാ
രെ എത്ര അധികം? 26 അതുകൊ
ണ്ട് അവരെ ഭയപ്പെടേണ്ടാ; മറച്ചുവ
ച്ചത് ഒന്നും വെളിപ്പെടാതെയും
ഗൂഢമായത് ഒന്നും അറിയാതെയും
ഇരിക്കയില്ല.[p] 27 ഞാൻ ഇരുട്ടത്തു
നിങ്ങളോടു പറയുന്നതു വെളിച്ച
ത്ത് പറവിൻ; ചെവിയിൽ പറഞ്ഞു
കേൾക്കുന്നത് പുരമുകളിൽനിന്നു[q]
ഘോഷിപ്പിൻ. 28 ദേഹിയെ കൊ
ല്ലുവാൻ കഴിയാതെ ദേഹത്തെ കൊ
ല്ലുന്നവരെ ഭയപ്പെടേണ്ടാ;[r] ദേഹി
യെയും ദേഹത്തെയും നരകത്തിൽ[s]
നശിപ്പിപ്പാൻ കഴിയുന്നവനെ[t]ത്ത
ന്നെ ഭയപ്പെടുവിൻ. 29 കാശിനു
രണ്ടു കുരികിൽ വില്ക്കുന്നില്ലയോ?
അവയിൽ ഒന്നുപോലും നിങ്ങളുടെ
പിതാവു സമ്മതിക്കാതെ നിലത്തു
വീഴുകയില്ല. 30 എന്നാൽ നിങ്ങ
ളുടെ തലയിലെ രോമവും എല്ലാം
എണ്ണപ്പെട്ടിരിക്കുന്നു.[u] 31 ആക
യാൽ ഭയപ്പെടേണ്ടാ; ഏറിയ കുരി
കിലുകളെക്കാളും നിങ്ങൾ വിശേ
ഷതയുള്ളവരല്ലോ.[v] 32 മനുഷ്യരു
ടെ മുമ്പിൽ എന്നെ ഏറ്റുപറയുന്ന
ഏവനെയും സ്വർഗസ്ഥനായ എന്റെ
പിതാവിൻമുമ്പിൽ ഞാനും ഏറ്റു
പറയും.[w] 33 മനുഷ്യരുടെ മുമ്പിൽ
എന്നെ തള്ളിപ്പറയുന്നവനെയോ[x]
എന്റെ പിതാവിൻമുമ്പിൽ ഞാനും
തള്ളിപ്പറയും.[y]

34 ഞാൻ ഭൂമിയിൽ സമാധാനം
വരുത്തുവാൻ വന്നു എന്നു നിരൂപി
ക്കരുത്;[z] സമാധാനം അല്ല, വാൾ
അത്രേ വരുത്തുവാൻ ഞാൻ വന്നത്.[a]
35 മനുഷ്യനെ തന്റെ അപ്പനോടും
മകളെ അമ്മയോടും മരുമകളെ
അമ്മാവിയമ്മയോടും ഭേദിപ്പിപ്പാന
ത്രേ[b] ഞാൻ വന്നത്.[z] 36 [c]മനുഷ്യ
ന്റെ വീട്ടുകാർ തന്നെ അവന്റെ ശത്രു
ക്കൾ ആകും. 37 എന്നെക്കാൾ
അധികം അപ്പനെയോ അമ്മയെ
യോ പ്രിയപ്പെടുന്നവൻ എനിക്കു
യോഗ്യനല്ല;[d] എന്നെക്കാൾ അധി
കം മകനെയോ മകളെയോ പ്രിയ
പ്പെടുന്നവൻ എനിക്കു യോഗ്യനല്ല.
38 തന്റെ ക്രൂശ് എടുത്ത്[e] എന്നെ
അനുഗമിക്കാത്തവനും[f] എനിക്കു
യോഗ്യനല്ല. 39 തന്റെ ജീവനെ
കണ്ടെത്തിയവൻ അതിനെ കളയും;
എന്റെ നിമിത്തം തന്റെ ജീവനെ
കളഞ്ഞവൻ അതിനെ കണ്ടെത്തും.[g]

40 നിങ്ങളെ കൈക്കൊള്ളുന്ന
വൻ എന്നെ കൈക്കൊള്ളുന്നു;[h]
എന്നെ കൈക്കൊള്ളുന്നവൻ എന്നെ
അയച്ചവനെ കൈക്കൊള്ളുന്നു.[i]
41 പ്രവാചകൻ എന്നുവച്ച് പ്രവാച
കനെ കൈക്കൊള്ളുന്നവനു പ്രവാച
കന്റെ പ്രതിഫലം ലഭിക്കും; നീതി
മാൻ എന്നുവച്ച് നീതിമാനെ കൈ
ക്കൊള്ളുന്നവനു നീതിമാന്റെ

20.[e] *ലൂക്കൊ.12:12; അപ്പൊ.പ്ര.4:8;6:10; 13:9;1കൊരി.15:10; 2കൊരി.13:3; (മത്താ.10:40; 1തെസ്സ.2:13; എബ്രാ.1:1)*
[f] *(യോഹ.15:26)*
21.[g] *മത്താ.10:35,36*
22.[h] *മത്താ.24:9; യോഹ.15:18-21; (ലൂക്കൊ.6:22; അപ്പൊ.പ്ര.5:41)*
[i] *മത്താ.24:13; മർക്കൊ.13:13; (ദാനീ.12:12,13; യാക്കോ.5:11; വെളി.2:10); എബ്രാ.3:6*
23.[j] *മത്താ.23:34*
[k] *(മത്താ.12:15; അപ്പൊ.പ്ര.8:1; 9:25,30;14:6; 17:10,14)*
[l] *മത്താ.16:28*
24.[m] *ലൂക്കൊ.6:40; യോഹ.13:16;15:20; (എബ്രാ.12:3)*
25.[n] *മത്താ.9:34; 12:24; മർക്കൊ.3:22; ലൂക്കൊ.11:15; യോഹ.7:20*
[o] *(2രാജാ.1:2)*
26.[p] *മർക്കൊ.4:22; ലൂക്കൊ.8:17; (1തിമൊ.5:25) മത്താ.10:26-33ക്കു ലൂക്കൊ.12:2-9കാ.*
27.[q] *ലൂക്കൊ.5:19*
28.[r] *യെശ.8:12,13; 51:12,13;യിരെ.1:8; 1പത്രൊ.3:14*
[s] *മത്താ.5:29*
[t] *യാക്കോ.4:12*
30.[u] *1ശമൂ.14:45*
31.[v] *മത്താ.6:26;12:12*
32.[w] *(റോമ.10:9,10; എബ്രാ.10:35; വെളി.3:5)*
33.[x] *2തിമൊ.2:12; 2പത്രൊ.2:1; 1യോഹ.2:23; (മർക്കൊ.8:38)* [y] *മത്താ.7:23;25:12; ലൂക്കൊ.13:25*
34.[z] *ലൂക്കൊ. 12:51-53* [a] *(വെളി.6:4)* 35.[b] *മത്താ. 10:21; (മീഖാ.7:6)* [z] *(വാ.34കാ.)* 36.[c] *മീഖാ.7:6; (സങ്കീ.41:9;55:12,13; യോഹ.13:18)* 37.[d] *ലൂക്കൊ. 14:26* 38.[e] *മത്താ.16:24; മർക്കൊ.8:34; ലൂക്കൊ. 9:23;14:27* [f] *മത്താ.9:9; യോഹ.8:12; 12:26;21:19* 39.[g] *മത്താ.16:25; മർക്കൊ.8:35; ലൂക്കൊ.9:24;17:33; യോഹ.12:25* 40.[h] *ലൂക്കൊ. 10:16; യോഹ.13:20; ഗലാ.4:14;(മത്താ.10:20;18:5;25:40)* [i] *മർക്കൊ.9:37; ലൂക്കൊ.9:48; (യോഹ.12:44,45)*

പ്രതിഫലം ലഭിക്കും.[j] 42 ശിഷ്യൻ
എന്നുവച്ച് ഈ ചെറിയവരിൽ ഒരു
ത്തന്[k] ഒരു പാനപാത്രം തണ്ണീർ
മാത്രം കുടിപ്പാൻ കൊടുക്കുന്ന
വനു പ്രതിഫലം കിട്ടാതെ പോക
യില്ല[l] എന്നു ഞാൻ സത്യമായിട്ടു
നിങ്ങളോടു പറയുന്നു.

❋ ❋ ❋

*1. യോഹന്നാൻ തന്റെ ശിഷ്യന്മാരെ യേശുവിന്റെ അടുക്കൽ അയച്ചത് 7. യോഹന്നാനെക്കുറിച്ച് യേശുവിന്റെ സാക്ഷ്യം 20. ചില പട്ടണങ്ങളുടെ നന്ദികേടിനെയും അനുതാപമില്ലായ്മയെയും യേശു ശാസിച്ചു പറയുന്നത് 25. അറിവില്ലാത്തവർക്ക് സുവിശേഷം വെളിപ്പെടുത്തിയതിനാൽ തന്റെ പിതാവിന്റെ വിവേകത്തെ പുകഴ്ത്തുന്നത്*

**11** യേശു തന്റെ പന്ത്രണ്ടു ശിഷ്യ
ന്മാരോടു കല്പിച്ചുതീർന്ന
ശേഷം അതതു പട്ടണങ്ങളിൽ ഉപ
ദേശിപ്പാനും പ്രസംഗിപ്പാനും അവി
ടെനിന്നു പുറപ്പെട്ടുപോയി.
2 യോഹന്നാൻ കാരാഗൃഹത്തിൽ[a]
വച്ച്, ക്രിസ്തുവിന്റെ[b] പ്രവൃത്തിക
ളെക്കുറിച്ചു കേട്ടിട്ടു[c] തന്റെ ശിഷ്യ
ന്മാരെ[d] അയച്ചു: 3 വരുവാനുള്ള
വൻ നീയോ,[e] ഞങ്ങൾ മറ്റൊരുവ
നെ കാത്തിരിക്കയോ[f] എന്ന് അവർ
മുഖാന്തരം അവനോടു ചോദിച്ചു.
4,5 യേശു അവരോട്: കുരുടർ
കാണുന്നു; മുടന്തർ നടക്കുന്നു;
കുഷ്ഠരോഗികൾ ശുദ്ധരായിത്തീ
രുന്നു; ചെകിടർ കേൾക്കുന്നു; മരി
ച്ചവർ ഉയിർക്കുന്നു; ദരിദ്രരോട്[g]
സുവിശേഷം അറിയിക്കുന്നു[h] എന്നി
ങ്ങനെ നിങ്ങൾ കേൾക്കയും കാ
ണുകയും ചെയ്യുന്നത് യോഹന്നാനെ
ചെന്ന് അറിയിപ്പിൻ. 6 എന്നാൽ
എങ്കൽ ഇടറിപ്പോകാത്തവൻ[i] എല്ലാം
ഭാഗ്യവാൻ എന്നുത്തരം പറഞ്ഞു.
7 അവർ പോയശേഷം യേശു
യോഹന്നാനെക്കുറിച്ചു പുരുഷാര
ത്തോടു പറഞ്ഞുതുടങ്ങിയത്: നി
ങ്ങൾ എന്തു കാൺമാൻ മരുഭൂമി
യിലേക്കു പോയി?[j] കാറ്റിനാൽ ഉല
യുന്ന ഓടയോ?[k] 8 അല്ല, എന്തു
കാൺമാൻ പോയി? മാർദവവസ്ത്രം
ധരിച്ച മനുഷ്യനെയോ? മാർദവ
വസ്ത്രം ധരിക്കുന്നവർ രാജഗൃഹ
ങ്ങളിലല്ലോ. 9 അല്ല, എന്തിനു
പോയി? ഒരു പ്രവാചകനെ[l] കാൺ
മാനോ? അതേ, പ്രവാചകനിലും
മികച്ചവനെത്തന്നെ എന്നു ഞാൻ
നിങ്ങളോടു പറയുന്നു.
10 [m]“ഞാൻ എന്റെ ദൂതനെ നിന
ക്കു മുമ്പായി അയയ്ക്കുന്നു;
അവൻ നിന്റെ മുമ്പിൽ നിനക്കു
വഴി ഒരുക്കും”
എന്ന് എഴുതപ്പെട്ടിരിക്കുന്നവൻ
അവൻതന്നെ. 11 സ്ത്രീകളിൽ
നിന്നു ജനിച്ചവരിൽ യോഹന്നാൻ
സ്നാപകനെക്കാൾ വലിയവൻ
ആരും എഴുന്നേറ്റിട്ടില്ല; സ്വർഗരാ
ജ്യത്തിൽ ഏറ്റവും ചെറിയവനോ
അവനിലും വലിയവൻ എന്നു ഞാൻ
സത്യമായിട്ടു നിങ്ങളോടു പറയു
ന്നു. 12 യോഹന്നാൻസ്നാപകന്റെ
നാളുകൾമുതൽ ഇന്നേവരെ സ്വർ
ഗരാജ്യത്തെ ബലാൽക്കാരം ചെയ്യു
ന്നു; ബലാൽക്കാരികൾ അതിനെ
പിടിച്ചടക്കുന്നു.[n] 13 സകല പ്രവാച
കന്മാരും ന്യായപ്രമാണവും യോഹ
ന്നാൻവരെ പ്രവചിച്ചു.[n] 14 നിങ്ങൾ
ക്ക് പരിഗ്രഹിപ്പാൻ മനസ്സുണ്ടെങ്കിൽ
വരുവാനുള്ള ഏലീയാവ് അവൻ
തന്നെ.[o] 15 കേൾപ്പാൻ ചെവിയു
ള്ളവർ കേൾക്കട്ടെ.[p] 16 എന്നാൽ
ഈ തലമുറയെ ഏതിനോട് ഉപമി
ക്കേണ്ടു? ചന്തസ്ഥലങ്ങളിൽ ഇരു
ന്ന് ചങ്ങാതികളോട്: 17 ഞങ്ങൾ

41. [j] *1രാജാ.17:10-15; 18:4; 2രാജാ.4:8 (3യോഹ.5-8)*
42. [k] *മത്താ.18:10*
[l] *മത്താ.25:35,40; മർക്കൊ.9:41; എബ്രാ.6:10*

**അധ്യായം 11**

2. [a] *മത്താ.14:4; (മത്താ.4:12)*
[b] *മത്താ.1:17*
[c] *മത്താ.11:2-19ക്കു ലൂക്കൊ.7:18-35 കാ.*
[d] *മത്താ.9:14*
3. [e] *യോഹ.4:25; 6:14;11:27 (മത്താ.3:11; ഉൽപ.49:10; ആവ.18:15,18; സങ്കീ.118:26; ദാനീ.7:13; റോമ.5:14)*
[f] *(ലൂക്കൊ.3:15)*
5. [g] *യെശ.61:1; ലൂക്കൊ.4:18; (മത്താ.5:3; യാക്കോ.2:5)*
[h] *ലൂക്കൊ.7:22*
6. [i] *മത്താ.13:56; 24:10;26:31; യെശ.8:14,15; മർക്കൊ.6:3; യോഹ.6:61;16:1*
7. [j] *മത്താ.3:1; ലൂക്കൊ.1:80*
[k] *(എഫെ.4:14; യാക്കോ.1:6)*
9. [l] *മത്താ.14:5;21:26; ലൂക്കൊ.1:76*
10. [m] *മർക്കൊ.1:2; മലാ.3:1*
12. [n] *ലൂക്കൊ.16:16*
13. [n] *(വാ. 12 കാ.)*
14. [o] *മത്താ.17:10-13; മലാ.4:5; മർക്കൊ.9:11-13; ലൂക്കൊ.1:17 (യോഹ.1:21)*
15. [p] *മത്താ.13:9,43;ലൂക്കൊ.8:8;14:35;വെളി.2:7*

11:14 ***ഏലീയാവ്:*** യേശുവിന്റെ ജനനത്തിന് 800 വർഷം മുമ്പു യിസ്രായേലിൽ ജീവിച്ചിരുന്ന പ്രവാചകനാണ് ഏലീയാവ്. പിന്നീട് ചില പ്രവാചകന്മാർ ഏലീയാവിന്റെ വീണ്ടുമുള്ള വരവിനെപ്പറ്റിയും ദൈവിക ന്യായവിധിയെപ്പറ്റി അദ്ദേഹം മുന്നറിയിപ്പു നല്കുന്നതിനെക്കുറിച്ചും പറയുന്നുണ്ട്. യോഹന്നാൻ സ്നാപകൻ ഏലീയാവാണെന്നു ചിലർ വിശ്വസിച്ചിരുന്നു (മത്താ. 17:10-13; മർക്കൊ. 9:11-13). യോഹന്നാൻ ഏലീയാവാണെന്നു പറയുമ്പോൾ യേശു ഉദ്ദേശിച്ചത് യോഹന്നാൻ ഏലീയാവിനെപ്പോലെ ദൈവം അയച്ച ഒരു വ്യക്തിയാണ് എന്നാണ്.

നിങ്ങൾക്കായി കുഴലൂതി, നിങ്ങൾ
നൃത്തംചെയ്തില്ല; ഞങ്ങൾ വി
ലാപം പാടി, നിങ്ങൾ മാറത്തടി
ച്ചില്ല; എന്നു വിളിച്ചുപറയുന്ന കുട്ടി
കളോട് അതു തുല്യം. **18** യോഹ
ന്നാൻ തിന്നുകയും[q] കുടിക്കയും[r]
ചെയ്യാത്തവനായി[q] വന്നു; അവനു
ഭൂതമുണ്ടെന്ന് അവർ പറയുന്നു.
**19** മനുഷ്യപുത്രൻ തിന്നും കുടിച്ചും
കൊണ്ടു വന്നു;[s] തിന്നിയും കുടി
യനുമായ മനുഷ്യൻ; ചുങ്കക്കാരു
ടെയും പാപികളുടെയും[t] സ്നേ
ഹിതൻ[u] എന്ന് അവർ പറയുന്നു;
ജ്ഞാനമോ തന്റെ പ്രവൃത്തിക
ളാൽ നീതീകരിക്കപ്പെട്ടിരിക്കുന്നു.[v]
**20** പിന്നെ അവൻ തന്റെ വീര്യ
പ്രവൃത്തികൾ മിക്കതും നടന്ന പട്ട
ണങ്ങൾ മാനസാന്തരപ്പെടായ്ക
യാൽ അവയെ ശാസിച്ചുതുടങ്ങി[w]:
**21** [x]കോരസീനേ, നിനക്കു ഹാ
കഷ്ടം; ബേത്ത്സയിദേ, നിനക്കു
ഹാ കഷ്ടം; നിങ്ങളിൽ നടന്ന
വീര്യപ്രവൃത്തികൾ സോരിലും
സീദോനിലും[y] നടന്നിരുന്നു എ
ങ്കിൽ അവർ പണ്ടു തന്നെ രട്ടിലും
വെണ്ണീറിലും മാനസാന്തരപ്പെടു
മായിരുന്നു. **22** എന്നാൽ ന്യായവി
ധിദിവസത്തിൽ[z] നിങ്ങളെക്കാൾ
സോരിനും സീദോനും[y] സഹിക്കാ
വതാകും[a] എന്നു ഞാൻ നിങ്ങളോ
ടു പറയുന്നു. **23** നീയോ കഫർന്ന
ഹൂമേ, [b]സ്വർഗത്തോളം ഉയർന്നിരി
ക്കുമോ? നീ പാതാളം[c]വരെ താണു
പോകും; നിന്നിൽ നടന്ന വീര്യപ്ര
വൃത്തികൾ സൊദോമിൽ നടന്നി
രുന്നു എങ്കിൽ അത് ഇന്നുവരെ
നില്ക്കുമായിരുന്നു. **24** എന്നാൽ
ന്യായവിധിദിവസത്തിൽ[z] നിന്നെ
ക്കാൾ സൊദോമ്യരുടെ നാട്ടിനു[d]
സഹിക്കാവതാകും[a] എന്നു ഞാൻ
നിങ്ങളോടു പറയുന്നു.
**25** [e]ആ സമയത്തു തന്നെ യേശു
പറഞ്ഞത്: പിതാവേ, സ്വർഗത്തിനും
ഭൂമിക്കും കർത്താവായുള്ളോവേ,[f]
നീ ഇതു ജ്ഞാനികൾക്കും വിവേ
കികൾക്കും മറച്ച്[g] ശിശുക്കൾക്കു
വെളിപ്പെടുത്തിയതുകൊണ്ടു[h] ഞാൻ

18.[q]മത്താ. 3:4;
മർക്കൊ.1:6
[r]ലൂക്കൊ.1:15
19.[s]മത്താ.9:10;
ലൂക്കൊ.7:36;14:1;
യോഹ.2:1;12:2
[t]മത്താ.18:17;
ലൂക്കൊ.5:30
[u]മത്താ.9:11;
ലൂക്കൊ.15:2;19:7
[v]സദൃ.8:1-36;
ലൂക്കൊ.11:49
20.[w](സങ്കീ.
81:11-13;
യെശ.1:2-5)
21.[x]മത്താ.11:21-24
ക്കു.
ലൂക്കൊ.10:12-15
കാ.
[y]മത്താ.15:21;
മർക്കൊ.3:8;
(യെശ. അ.23;
യെഹെ.28:2-24;
ആമോ. 1:9,10)
22.[z]അപ്പൊ.പ്ര.
17:31
[y](വാ.21 കാ.)
[a](ലൂക്കൊ.12:47,48)
23.[b]**യെശ.14:13–15;**
(വിലാ.2:1;
യെഹെ.26:20)
[c]മത്താ.16:18;
ലൂക്കൊ.16:23;
അപ്പൊ.പ്ര.2:27;
വെളി.1:18
24.[d]മത്താ.10:15
[z,a](വാ.22 കാ.)
25.[e]മത്താ.11:25-27
ക്കു.ലൂക്കൊ.
10:21,22 കാ.
[f]അപ്പൊ.പ്ര.17:24
[g]ഇയ്യോ.37:24;
1കൊരി.1:19-27;
2കൊരി.3:14
[h]മത്താ.21:16;
സങ്കീ.8:2
(മത്താ.13:11;16:17)

26.[i]ലൂക്കൊ.12:32;
ഗലാ.1:15,16
27.[j]മത്താ.28:18
[k](യോഹ.1:18;
6:46;7:29;8:19;

നിന്നെ വാഴ്ത്തുന്നു. **26** അതേ,
പിതാവേ, ഇങ്ങനെയല്ലോ നിനക്കു
പ്രസാദം തോന്നിയത്.[i] **27** എന്റെ
പിതാവ് സകലവും എങ്കൽ ഭരമേ
ല്പിച്ചിരിക്കുന്നു;[j] പിതാവല്ലാതെ
ആരും പുത്രനെ അറിയുന്നില്ല;[k]
പുത്രനും പുത്രൻ വെളിപ്പെടുത്തി
ക്കൊടുപ്പാൻ ഇച്ഛിക്കുന്നവനും അ
ല്ലാതെ[l] ആരും പിതാവിനെ അറി
യുന്നതുമില്ല. **28** അധ്വാനിക്കുന്ന
വരും ഭാരം ചുമക്കുന്നവരും[m] ആയു
ള്ളോരേ, എല്ലാവരും എന്റെ[n] അടു
ക്കൽ വരുവിൻ;[o] ഞാൻ നിങ്ങളെ
ആശ്വസിപ്പിക്കും. **29** ഞാൻ സൗ
മ്യതയും താഴ്മയും ഉള്ളവൻ ആക
യാൽ[p] എന്റെ നുകം ഏറ്റുകൊണ്ട്
എന്നോടു പഠിപ്പിൻ;[q] എന്നാൽ
നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാ
സം കണ്ടെത്തും.[r] **30** എന്റെ
നുകം മൃദുവും എന്റെ ചുമടു ലഘു
വും ആകുന്നു.[s]

* * *

*1. ശിഷ്യന്മാർ ശബ്ബത്തിൽ കതിരുകളെ പറിക്കുന്നത് 10. കൈവരണ്ടവനെ സൗഖ്യമാക്കുന്നത് 22. കുരുടനും ഊമനുമായ ഭൂതബാധിതനെ സൗഖ്യമാക്കുന്നത് 31. ദൈവദൂഷണത്തെക്കുറിച്ച് 46. യേശുവിന്റെ അമ്മയും സഹോദരന്മാരും.*

**12** [a]ആ കാലത്ത് യേശു ശബ്ബ
ത്തിൽ വിളഭൂമിയിൽക്കൂടി
കടന്നുപോയി; അവന്റെ ശിഷ്യന്മാർ
വിശന്നിട്ട് കതിർ പറിച്ച് തിന്നു
തുടങ്ങി.[b] **2** പരീശർ അതു കണ്ടിട്ട്:
ഇതാ, ശബ്ബത്തിൽ വിഹിതമല്ലാ
ത്തതു[c] നിന്റെ ശിഷ്യന്മാർ ചെയ്യു
ന്നു[d] എന്ന് അവനോടു പറഞ്ഞു.
**3** അവൻ അവരോട് പറഞ്ഞത്:

10:14;17:25) [l](യോഹ.17:26) 28.[m](മത്താ.23:4; ലൂക്കൊ.11:46) [n](മത്താ.11:3) [o]യോഹ.7:37; (യോഹ.6:37) 29.[p]സെഖ.9:9; 2കൊരി.10:1; ഫിലി.2:7,8; (മത്താ.5:5) [q]യോഹ.13:15; എഫെ.4:21; ഫിലി.2:5; 1പത്രൊ.2:21; 1യോഹ.2:6 [r]യിരെ.6:16 30.[s]1യോഹ.5:3

അധ്യായം 12

1.[a]മത്താ.12:1-8ക്കു മർക്കൊ.2:23-28; ലൂക്കൊ. 6:1-5കാ. [b]ആവ.23:25 2.[c](പുറ.20:9-11)[d](മത്താ. 12:10; ലൂക്കൊ.13:14;14:3; യോഹ.5:10; 7:23;9:16)

ദാവീദ് തനിക്കും കൂടെയുള്ളവർ
ക്കും വിശന്നപ്പോൾ ചെയ്തത് എ
ന്ത്? 4 അവൻ ദൈവാലയത്തിൽ
ചെന്ന് പുരോഹിതന്മാർക്കു മാത്ര
മല്ലാതെ തനിക്കും കൂടെയുള്ളവർ
ക്കും തിന്മാൻ വിഹിതമല്ലാത്ത
കാഴ്ചയപ്പം[e] തിന്നു എന്നു നി
ങ്ങൾ വായിച്ചിട്ടില്ലയോ?[f] 5 അല്ല,
ശബ്ബത്തിൽ പുരോഹിതന്മാർ ദൈ
വാലയത്തിൽവച്ച് ശബ്ബത്തിനെ
ലംഘിക്കുന്നു എങ്കിലും കുറ്റമി
ല്ലാതെ ഇരിക്കുന്നു എന്നു ന്യായ
പ്രമാണത്തിൽ[g] വായിച്ചിട്ടില്ലയോ?
6 എന്നാൽ ദൈവാലയത്തെക്കാൾ
വലിയവൻ ഇവിടെ ഉണ്ട്[h] എന്നു
ഞാൻ നിങ്ങളോടു പറയുന്നു.
7 [i]യാഗത്തിലല്ല, കരുണയിൽ
അത്രേ, ഞാൻ പ്രസാദിക്കുന്നു
എന്നുള്ളത് എന്ത്[j] എന്നു നിങ്ങൾ
അറിഞ്ഞിരുന്നു എങ്കിൽ കുറ്റമി
ല്ലാത്തവരെ കുറ്റം വിധിക്കയില്ലാ
യിരുന്നു. 8 മനുഷ്യപുത്രനോ ശബ്ബ
ത്തിനു കർത്താവാകുന്നു.[k]

9 അവൻ അവിടം വിട്ട് അവ
രുടെ പള്ളിയിൽ ചെന്നപ്പോൾ,[l]
കൈ വരണ്ട ഒരു മനുഷ്യനെ കണ്ടു.
10 അവർ അവനിൽ കുറ്റം ചുമത്തേ
ണ്ടതിനു[m] ശബ്ബത്തിൽ സൗഖ്യമാ
ക്കുന്നത് വിഹിതമോ[n] എന്ന് അവ
നോടു ചോദിച്ചു. 11 അവൻ അവ
രോട്: നിങ്ങളിൽ ഒരുത്തന് ഒരു
ആടുണ്ട് എന്നിരിക്കട്ടെ; അതു ശബ്ബ
ത്തിൽ കുഴിയിൽ വീണാൽ അ
വൻ അതിനെ പിടിച്ചു കയറ്റുകയി
ല്ലയോ?[o] 12 എന്നാൽ മനുഷ്യൻ
ആടിനെക്കാൾ എത്ര വിശേഷത
യുള്ളവൻ.[p] ആകയാൽ ശബ്ബത്തിൽ
നന്മ ചെയ്യുന്നതു വിഹിതം തന്നെ[q]
എന്നു പറഞ്ഞു. 13 പിന്നെ ആ
മനുഷ്യനോട്: കൈ നീട്ടുക എന്നു
പറഞ്ഞു; അവൻ നീട്ടി, അതു മറ്റേ
തുപോലെ സൗഖ്യമായി.[r] 14 പരീ
ശന്മാരോ പുറപ്പെട്ട് അവനെ നശിപ്പി
പ്പാൻവേണ്ടി അവനു വിരോധമായി
തമ്മിൽ ആലോചിച്ചു.[s] 15 യേശു
അത് അറിഞ്ഞിട്ട് അവിടം വിട്ടു
പോയി,[t] വളരെ പേർ അവന്റെ
പിന്നാലെ ചെന്നു;[u] അവൻ അവരെ
ഒക്കെയും സൗഖ്യമാക്കി, 16 തന്നെ
പ്രസിദ്ധമാക്കരുത് എന്ന് അവരോട്
ആജ്ഞാപിച്ചു.[v]
17 [w]“ഇതാ, ഞാൻ തിരഞ്ഞെ
ടുത്ത എന്റെ ദാസൻ,[x] എന്റെ
ഉള്ളം പ്രസാദിക്കുന്ന എന്റെ
പ്രിയൻ;[y] ഞാൻ എന്റെ ആത്മാ
വിനെ അവന്റെമേൽ വയ്ക്കും;[z]
അവൻ ജാതികൾക്കു ന്യായ
വിധി അറിയിക്കും.18 അവൻ
കലഹിക്കയില്ല, നിലവിളിക്ക
യില്ല; ആരും തെരുക്കളിൽ അവ
ന്റെ ശബ്ദം കേൾക്കയുമില്ല.
19 ചതഞ്ഞ ഓട അവൻ ഒടിച്ചു
കളകയില്ല; പുകയുന്ന തിരി
കെടുത്തുകളകയില്ല; അവൻ
ന്യായവിധി ജയത്തോളം നട
ത്തും. 20 അവന്റെ നാമത്തിൽ
ജാതികൾ പ്രത്യാശവയ്ക്കും”[a]
21 എന്നിങ്ങനെ യെശയ്യാപ്രവാച
കൻ മുഖാന്തരം അരുളിച്ചെയ്തതു
നിവൃത്തി ആകുവാൻ സംഗതി
വന്നു.[b]
22 [c]അനന്തരം ചിലർ കുരുടനും
ഊമനുമായൊരു ഭൂതഗ്രസ്തനെ
അവന്റെ അടുക്കൽ കൊണ്ടുവന്നു;
ഊമൻ സംസാരിക്കയും കാൺക
യും ചെയ്‌വാൻ തക്കവണ്ണം അവൻ
അവനെ സൗഖ്യമാക്കി. 23 പുരു
ഷാരം ഒക്കെയും വിസ്മയിച്ചു:
ഇവൻ ദാവീദുപുത്രൻ തന്നെയോ
എന്നു പറഞ്ഞു.[d] 24 അതു കേട്ടി
ട്ടു പരീശന്മാർ: ഇവൻ ഭൂതങ്ങളുടെ
തലവനായ ബെയെത്സെബൂലിനെ
ക്കൊണ്ടല്ലാതെ[e] ഭൂതങ്ങളെ പുറ
ത്താക്കുന്നില്ല എന്നു പറഞ്ഞു.
25 അവൻ അവരുടെ നിരൂപണം
അറിഞ്ഞ്[f] അവരോടു പറഞ്ഞത്:[g]
ഒരു രാജ്യം തന്നിൽത്തന്നെ ഛിദ്രിച്ചു
എങ്കിൽ ശൂന്യമാകും; 26 ഒരു പട്ട
ണമോ ഗൃഹമോ തന്നിൽത്തന്നെ

4.[e] പുറ.25:30; ലേവ്യ.24:5-9
[f] 1ശമൂ.21:1-6; മത്താ.21:16
5.[g] സംഖ്യാ.28:9,10; (1ദിന.9:32; യോഹ.7:22,23)
6.[h] മത്താ.12:41,42 (മത്താ.12:8; ഹഗ്ഗാ.2:9;മലാ.3:1)
7.[i] **ഹോശേ.6:6**; (മീഖാ.6:6-8)
[j] മത്താ.9:13
8.[k] (മത്താ.9:6)
9.[l] മത്താ.12:9-14 ക്കു. മർക്കൊ.3:1-6; ലൂക്കൊ.6:6-11കാ.
10.[m] (ലൂക്കൊ. 11:54;20:20; യോഹ.8:6)
[n] (ലൂക്കൊ.14:3); മത്താ.12:2
11.[o] (പുറ.23:4,5; ആവ.22:4)
12.[p] മത്താ.6:26; 10:31
[q] (യോഹ.5:16,17)
13.[r] (1രാജാ.13:4)
14.[s] മത്താ.22:15; 27:1; 28:12
15.[t] മർക്കൊ.3:7; യോഹ.10:39; മത്താ.10:23
[u] മത്താ.19:2
16.[v] മർക്കൊ.1:25; 3:12;8:30; ലൂക്കൊ.4:41; 9:21; മത്താ.8:4
17.[w] **യെശ.42:1-3**
[x] അപ്പൊ.പ്ര.4:27,30
[y] മത്താ.3:17
[z] (യെശ.61:1; ലൂക്കൊ.4:18; യോഹ.3:34; അപ്പൊ.പ്ര.10:38)
20.[a] യെശ.42:4; (യെശ.11:10; റോമ.15:12)
21.[b] മത്താ.1:23
22.[c] മത്താ.12:22-24 ക്കു. ലൂക്കൊ.11:14,15 കാ. (മത്താ.9:32-34)
23.[d] യോഹ.4:29;7:26,31; മത്താ.9:27
24.[e] മർക്കൊ.3:22; മത്താ.10:25
25.[f] മത്താ.9:4 [g] മത്താ.10:25-29ക്കു മർക്കൊ. 3:23-27; ലൂക്കൊ.11:17-22കാ.

ഛിദ്രിച്ചു എങ്കിൽ നിലനില്ക്ക
യില്ല. സാത്താൻ സാത്താനെ പുറ
ത്താക്കുന്നുവെങ്കിൽ അവൻ തന്നിൽ
ത്തന്നെ ഛിദ്രിച്ചു പോയല്ലോ; പിന്നെ
അവന്റെ രാജ്യം എങ്ങനെ നിലനി
ല്ക്കും? **27** ഞാൻ ബെയെത്സെ
ബൂലിനെക്കൊണ്ടു ഭൂതങ്ങളെ പുറ
ത്താക്കുന്നു എങ്കിൽ, നിങ്ങളുടെ
മക്കൾ[h] ആരെക്കൊണ്ടു[i] പുറത്താ
ക്കുന്നു?[h] അതുകൊണ്ട് അവർ നി
ങ്ങൾക്കു ന്യായാധിപന്മാർ ആകും.
**28** ദൈവാത്മാവിനാൽ[j] ഞാൻ ഭൂത
ങ്ങളെ പുറത്താക്കുന്നു എങ്കിലോ
ദൈവരാജ്യം[k] നിങ്ങളുടെ അടുക്കൽ
വന്നെത്തിയിരിക്കുന്നു സ്പഷ്ടം.
**29** ബലവാനെ പിടിച്ചു കെട്ടീട്ടല്ലാ
തെ ബലവാന്റെ വീട്ടിൽ കടന്ന് അ
വന്റെ കോപ്പു കവർന്നുകളവാൻ
എങ്ങനെ കഴിയും?[l] പിടിച്ചു കെട്ടി
യാൽ പിന്നെ അവന്റെ വീടു കവർച്ച
ചെയ്യാം.[m] **30** എനിക്ക് അനുകൂല
മല്ലാത്തവൻ എനിക്കു പ്രതികൂലം
ആകുന്നു; എന്നോടുകൂടെ ചേർക്കാ
ത്തവൻ ചിതറിക്കുന്നു.[n] **31** [o]അതു
കൊണ്ടു ഞാൻ നിങ്ങളോടു പറ
യുന്നത്: സകല പാപവും ദൂഷണ
വും മനുഷ്യരോടു ക്ഷമിക്കും;
ആത്മാവിനു നേരെയുള്ള ദൂഷ
ണമോ ക്ഷമിക്കയില്ല.[p] **32** ആരെ
ങ്കിലും മനുഷ്യപുത്രനു നേരേ[q] ഒരു
വാക്ക് പറഞ്ഞാൽ അത് അവനോട്
ക്ഷമിക്കും;[r] പരിശുദ്ധാത്മാവിനു
നേരേ പറഞ്ഞാലോ[p] ഈ ലോക
ത്തിലും[s] വരുവാനുള്ളതിലും അവ
നോടു ക്ഷമിക്കയില്ല. **33** ഒന്നുകിൽ
വൃക്ഷം നല്ലത്, ഫലവും നല്ലത്
എന്നു വയ്പിൻ; അല്ലായ്കിൽ
വൃക്ഷം ചീത്ത, ഫലവും ചീത്ത
എന്നു വയ്പിൻ;[t] ഫലംകൊണ്ടല്ലോ
വൃക്ഷം അറിയുന്നത്.[u] **34** സർപ്പസ
ന്തതികളേ,[v] നിങ്ങൾ ദുഷ്ടരായി
രിക്കെ[w] നല്ലതു സംസാരിപ്പാൻ എ
ങ്ങനെ കഴിയും? ഹൃദയം നിറഞ്ഞു
കവിയുന്നതിൽ നിന്നല്ലോ വായ്
സംസാരിക്കുന്നത്.[x] **35** നല്ല മനു
ഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽ
നിന്നു നല്ലതു പുറപ്പെടുവിക്കുന്നു;[x]

27.[h] (2രാജാ.2:7)
[i] (അപ്പൊ.പ്ര.19:13)
28.[j] (മത്താ.12:17)
[k] മത്താ.19:24; 21:31,43;
ലൂക്കൊ.17:21
(മത്താ.3:2;
മർക്കൊ.1:15)
29.[l] യെശ.49:24
[m] (യെശ.53:12)
30.[n] ലൂക്കൊ.11:23;
(മർക്കൊ.9:40;
ലൂക്കൊ.9:50)
31.[o] മത്താ.12:31,32
ക്കു. മർക്കൊ.
3:28 - 30കാ.
(ലൂക്കൊ.12:10;
എബ്രാ.6:4-6; 10:26;
1യോഹ.5:16)
[p] (അപ്പൊ.പ്ര.7:51;
എബ്രാ.10:29)
32.[q] മത്താ.11:19;
യോഹ.7:12;9:24
[r] 1തിമൊ.1:12,13
[p] (വാ. 31 കാ.)
[s] (എഫെ.1:21)
33.[t] മത്താ.7:16 - 20
[u] ലൂക്കൊ.6:43,44
34.[v] മത്താ.3:7; 23:33
[w] മത്താ.7:11
[x] മത്താ.15:18,19;
ലൂക്കൊ.6:45;
(മത്താ.13:52;
എഫെ.4:29)
35.[x] (വാ. 34 കാ.)
36.[y] (എഫെ.5:4,11;
2പത്രൊ. 1:8)
[z] അപ്പൊ.പ്ര.17:31
[a] സഭാ.12:14;
റോമ.14:12;
1പത്രൊ.4:5
37.[b] (മത്താ.5:22;
യാക്കോ.3:2 - 12)
38.[c] മത്താ.16:1;
മർക്കൊ.8:11,12;
ലൂക്കൊ.11:16;23:8;
യോഹ.2:18;4:48;
6:30;1കൊരി.1:22
39.[d] യെശ.57:3;
മർക്കൊ.8:38;
യാക്കോ.4:4

ദുഷ്ടമനുഷ്യൻ ദുർനിക്ഷേപത്തിൽ
നിന്നു തീയതു പുറപ്പെടുവിക്കു
ന്നു. **36** എന്നാൽ മനുഷ്യർ പറ
യുന്ന ഏതു നിസ്സാരവാക്കിനും[y]
ന്യായവിധിദിവസത്തിൽ[z] കണക്കു
ബോധിപ്പിക്കേണ്ടിവരും[a] എന്നു
ഞാൻ നിങ്ങളോടു പറയുന്നു.
**37** നിന്റെ വാക്കുകളാൽ നീതീക
രിക്കപ്പെടുകയും നിന്റെ വാക്കു
കളാൽ കുറ്റം വിധിക്കപ്പെടുകയും
ചെയ്യും.[b]

**38** അപ്പോൾ ശാസ്ത്രിമാരിലും
പരീശന്മാരിലും ചിലർ അവനോട്:
ഗുരോ, നീ ഒരു അടയാളം ചെയ്തു
കാൺമാൻ ഞങ്ങൾ ഇച്ഛിക്കുന്നു[c]
എന്നു പറഞ്ഞു. **39** അവൻ അവ
രോട് ഉത്തരം പറഞ്ഞത്: ദോഷ
വും വ്യഭിചാരവുമുള്ള[d] തലമുറ
അടയാളം തിരയുന്നു; യോനാ
പ്രവാചകന്റെ അടയാളമല്ലാതെ
അതിന് അടയാളം ലഭിക്കയില്ല.[e]
**40** യോനാ കടലാനയുടെ വയ
റ്റിൽ മൂന്നു രാവും മൂന്നു പകലും
ഇരുന്നതുപോലെ[f] മനുഷ്യപുത്രൻ
മൂന്നു രാവും മൂന്നു പകലും ഭൂമി
യുടെ ഉള്ളിൽ ഇരിക്കും.[g] **41** നീനെ
വേക്കാർ ന്യായവിധിയിൽ ഈ തല
മുറയോട് ഒന്നിച്ച് എഴുന്നേറ്റ്[h] അ
തിനെ കുറ്റം വിധിക്കും;[i] അവർ
യോനായുടെ പ്രസംഗം കേട്ടു മാന
സാന്തരപ്പെട്ടുവല്ലോ;[j] ഇതാ, ഇവി
ടെ യോനായിലും വലിയവൻ.[k]
**42** തെക്കേ രാജ്ഞി ന്യായവിധി
യിൽ ഈ തലമുറയോട് ഒന്നിച്ച്
ഉയിർത്തെഴുന്നേറ്റ് അതിനെ കുറ്റം
വിധിക്കും; അവൾ ശലോമോന്റെ
ജ്ഞാനം കേൾപ്പാൻ ഭൂമിയുടെ
അറുതികളിൽനിന്നു വന്നുവല്ലോ;[l]
ഇവിടെ ഇതാ, ശലോമോനിലും
വലിയവൻ.[k] **43** [m]അശുദ്ധാത്മാവ്
ഒരു മനുഷ്യനെ വിട്ടു പുറപ്പെട്ട

[e] മത്താ.16:4; മത്താ.12:39 - 42 ക്കു.ലൂക്കൊ.
11:29 - 32കാ.(മർക്കൊ.8:11,12) 40.[f] യോനാ.1:17
[g] (മത്താ.17:22,23) 41.[h] യോനാ.1:2;[i] എബ്രാ.11:7;
(യിരെ.3:11; യെഹെ.16:51,52; റോമ.2:27)[j] യോനാ.3:5
[k] മത്താ.12:6 42.[l] 1രാജാ. 10:1; 2ദിന.9:1[k] (വാ.41കാ.)
43.[m] മത്താ.12:43 - 45 ക്കു. ലൂക്കൊ.11:24 - 26കാ.

ശേഷം നീരില്ലാത്ത സ്ഥലങ്ങ
ളിൽ[n]ക്കൂടി തണുപ്പ് അന്വേഷിച്ചു
കൊണ്ടു സഞ്ചരിക്കുന്നു; കണ്ടെ
ത്തുന്നില്ലതാനും. **44** ഞാൻ പുറ
പ്പെട്ടുപോന്ന എന്റെ വീട്ടിലേക്കു
മടങ്ങിച്ചെല്ലും എന്ന് അവൻ പറയു
ന്നു; ഉടനെ വന്ന്, അത് ഒഴിഞ്ഞതും
അടിച്ചുവാരി അലങ്കരിച്ചതുമായി
കാണുന്നു. **45** പിന്നെ അവൻ പുറ
പ്പെട്ട്, തന്നിലും ദുഷ്ടതയേറിയ
വേറേ ഏഴ് ആത്മാക്കളെ കൂട്ടിക്കൊ
ണ്ടുവരുന്നു; അവരും അവിടെ കയറി
പാർക്കുന്നു; ആ മനുഷ്യന്റെ പിന്ന
ത്തെ സ്ഥിതി മുമ്പിലത്തേതിലും
വല്ലാതെ ആകും;[o] ഈ ദുഷ്ടതല
മുറയ്ക്കും[p] അങ്ങനെ ഭവിക്കും.
**46** [q]അവൻ പുരുഷാരത്തോടു
സംസാരിച്ചുകൊണ്ടിരിക്കയിൽ
അവന്റെ അമ്മയും സഹോദരന്മാ
രും[r] അവനോടു സംസാരിപ്പാൻ
ആഗ്രഹിച്ചു പുറത്തു നിന്നു. **47** ഒരു
ത്തൻ അവനോട്: നിന്റെ അമ്മയും
സഹോദരന്മാരും നിന്നോടു സംസാ
രിപ്പാൻ ആഗ്രഹിച്ചു പുറത്തുനി
ല്ക്കുന്നു എന്നു പറഞ്ഞു. **48** അതു
പറഞ്ഞവനോട് അവൻ: എന്റെ
അമ്മ ആർ, എന്റെ സഹോദരന്മാർ
ആർ എന്നു ചോദിച്ചു. **49** ശിഷ്യ
ന്മാരുടെ നേരേ കൈ നീട്ടി: ഇതാ,
എന്റെ അമ്മയും എന്റെ സഹോദ
രന്മാരും. **50** [s]സ്വർഗസ്ഥനായ എന്റെ
പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ[t]
എന്റെ സഹോദരനും സഹോദ
രിയും അമ്മയും ആകുന്നു എന്നു
പറഞ്ഞു.

❋ ❋ ❋

***3. വിതയ്ക്കുന്നവന്റെയും 24. കളകളുടെയും 31. കടുകുമണിയുടെയും 33. പുളിച്ചമാവിന്റെയും 44. ഒളിച്ചുവച്ച നിധിയുടെയും 45. മുത്തുകളുടെയും 47. വലയുടെയും ഉപമകൾ 53. നസ്രേത്തുകാരുടെ അവിശ്വാസം.***

**13** [a]അന്ന് യേശു വീട്ടിൽനിന്നു
പുറപ്പെട്ടു കടലരികെ ഇരുന്നു.
**2** വളരെ പുരുഷാരം അവന്റെ
അടുക്കൽ വന്നുകൂടുകകൊണ്ട്
അവൻ പടകിൽ കയറി ഇരുന്നു;[b]
പുരുഷാരം എല്ലാം കരയിൽ ഇരു
ന്നു. **3** അവൻ അവരോടു പലതും
ഉപമകളായി പ്രസ്താവിച്ചതെന്തെ
ന്നാൽ:[c] വിതയ്ക്കുന്നവൻ വിത
പ്പാൻ പുറപ്പെട്ടു.[d] **4** വിതയ്ക്കു
മ്പോൾ ചിലതു വഴിയരികെ വീണു;
പറവകൾ വന്ന് അതു തിന്നുകള
ഞ്ഞു. **5** ചിലതു പാറസ്ഥലത്ത്
ഏറെ മണ്ണില്ലാത്ത ഇടത്ത് വീണു;
മണ്ണിനു താഴ്ചയില്ലായ്കയാൽ
ക്ഷണത്തിൽ മുളച്ചുവന്നു. **6** സൂ
ര്യൻ ഉദിച്ചാറെ ചൂടു തട്ടി,[e] വേർ
ഇല്ലായ്കയാൽ അത് ഉണങ്ങി
പ്പോയി.[f] **7** മറ്റു ചിലതു മുള്ളിനി
ടയിൽ[g] വീണു; മുള്ളു മുളച്ചു
വളർന്ന് അതിനെ ഞെരുക്കിക്ക
ളഞ്ഞു. **8** മറ്റു ചിലതു നല്ല നില
ത്തു വീണു, നൂറും അറുപതും
മുപ്പതും[h] മേനിയായി വിളഞ്ഞു.
**9** ചെവിയുള്ളവൻ കേൾക്കട്ടെ.[i]
**10** പിന്നെ ശിഷ്യന്മാർ അടുക്കൽ
വന്ന്: അവരോട് ഉപമകളായി
സംസാരിക്കുന്നത് എന്ത് എന്ന്
അവനോടു ചോദിച്ചു. **11** അവൻ
അവരോട് ഉത്തരം പറഞ്ഞത്: സ്വർ
ഗരാജ്യത്തിന്റെ മർമങ്ങളെ[j]അറി
വാൻ നിങ്ങൾക്കു വരം ലഭിച്ചിരി
ക്കുന്നു;[k] അവർക്കോ ലഭിച്ചിട്ടില്ല.
**12** ഉള്ളവനു കൊടുക്കും; അവനു
സമൃദ്ധിയുണ്ടാകും;[l] ഇല്ലാത്തവ
നോടോ അവനുള്ളതുംകൂടെ എടു
ത്തുകളയും.[m] **13** അതുകൊണ്ട്
അവർ കണ്ടിട്ടു കാണാതെയും[n]
കേട്ടിട്ടു കേൾക്കാതെയും ഗ്രഹി
ക്കാതെയും[o] ഇരിക്കയാൽ ഞാൻ
ഉപമകളായി അവരോടു സംസാ
രിക്കുന്നു.
**14** [p]“നിങ്ങൾ ചെവിയാൽ
കേൾക്കും ഗ്രഹിക്കയില്ലതാനും; ക
ണ്ണാൽ കാണും ദർശിക്കയില്ല
താനും. ഈ ജനത്തിന്റെ ഹൃദയം
തടിച്ചിരിക്കുന്നു; അവർ ചെവി
കൊണ്ടു മന്ദമായി കേൾക്കുന്നു;[q]
കണ്ണ് അടച്ചിരിക്കുന്നു;[r] അവർ

43.[n] *(സങ്കീ.63:1; യിരെ.2:6)*
45.[o] *2പത്രൊ. 2:20 - 22; (യോഹ.5:14)*
[p] *മത്താ.12:39*
46.[q] *മത്താ.12:46 - 50 ക്കു. മർക്കൊ.3:31 - 35; ലൂക്കൊ.8:19 - 21കാ.*
[r] *മത്താ.13:55; മർക്കൊ.6:3; യോഹ.2:12;7:3,5,10; അപ്പൊ.പ്ര.1:14; 1കൊരി.9:5; ഗലാ.1:19*
50.[s] *(യോഹ.15:14; എബ്രാ.2:11)*
[t] *മത്താ.7:21; (ലൂക്കൊ. 11:28)*

**അധ്യായം 13**

1.[a] *മത്താ.13:1 - 15ക്കു മർക്കൊ.4:1 - 12; ലൂക്കൊ.8:4 - 10കാ.*
2.[b] *(മർക്കൊ.3:9; ലൂക്കൊ.5:1 - 3)*
3.[c] *മത്താ.13:34*
[d] *(യെശ.55:10; ആമോ. 9:13)*
6.[e] *യാക്കോ.1:11*
[f] *യോഹ.15:6*
7.[g] *യിരെ.4:3*
8.[h] *മത്താ.13:23; ഉൽപ. 26:12*
9.[i] *മത്താ.11:15*
11.[j] *റോമ.16:25*
[k] *മത്താ.19:11; കൊലൊ.1:27; (1കൊരി.2:6 - 10; 1യോഹ.2:20,27); മത്താ.11:25*
12.[l] *മത്താ.25:29; മർക്കൊ.4:25; ലൂക്കൊ.8:18;19:26; (യോഹ.15:2; യാക്കോ.4:6)*
[m] *(വെളി.2:5)*
13.[n] *ആവ.29:3; യിരെ.5:21; യെഹെ.12:2; റോമ.11:8; 2കൊരി.3:14;4:4; (യെശ.42:19,20)*
[o] *മത്താ.13:19,51;15:10;16:12; മർക്കൊ.8:21*
14.[p] *യോഹ.12:40; അപ്പൊ.പ്ര.28:26,27;* ***യെശ.6:9,10*** [q] *(എബ്രാ.5:11)*[r] *(യോഹ.9:39,41)*

കണ്ണ് കാണാതെയും ചെവി കേൾ
ക്കാതെയും ഹൃദയം കൊണ്ടു
ഗ്രഹിക്കാതെയും[s] തിരിഞ്ഞുകൊ
ള്ളാതെയും[t] ഞാൻ അവരെ സൗ
ഖ്യമാക്കാതെയും ഇരിക്കേണ്ടതിനു
തന്നെ”
15 എന്നു യെശയ്യാവ് പറഞ്ഞ പ്രവാ
ചകത്തിന് അവരിൽ നിവൃത്തിവ
രുന്നു. 16 എന്നാൽ നിങ്ങളുടെ കണ്ണ്
കാണുന്നതുകൊണ്ടും നിങ്ങളുടെ
ചെവി കേൾക്കുന്നതുകൊണ്ടും
ഭാഗ്യമുള്ളവ.[u] 17 ഏറിയ പ്രവാച
കന്മാരും നീതിമാന്മാരും നിങ്ങൾ
കാണുന്നതു കാൺമാൻ ആഗ്രഹി
ച്ചിട്ടും കണ്ടില്ല; നിങ്ങൾ കേൾക്കു
ന്നതു കേൾപ്പാൻ ആഗ്രഹിച്ചിട്ടും
കേട്ടില്ല[v] എന്നു ഞാൻ സത്യമായിട്ടു
നിങ്ങളോടു പറയുന്നു. 18 [w]എന്നാൽ
വിതയ്ക്കുന്നവന്റെ ഉപമ കേട്ടു
കൊൾവിൻ. 19 ഒരുത്തൻ രാജ്യ
ത്തിന്റെ[x] വചനം കേട്ടിട്ടു ഗ്രഹിക്കാ
ഞ്ഞാൽ[y] ദുഷ്ടൻ[z] വന്ന് അവന്റെ
ഹൃദയത്തിൽ വിതയ്ക്കപ്പെട്ടത്
എടുത്തുകളയുന്നു; ഇതത്രേ വഴി
യരികെ വിതയ്ക്കപ്പെട്ടത്. 20 പാറ
സ്ഥലത്തു വിതയ്ക്കപ്പെട്ടതോ,
ഒരുത്തൻ വചനം കേട്ടിട്ട് ഉടനെ
സന്തോഷത്തോടെ കൈക്കൊള്ളു
ന്നത്[a] ആകുന്നു എങ്കിലും വേരി
ല്ലാതിരിക്കയാൽ അവൻ ക്ഷണിക
നത്രേ.[b] 21 വചനംനിമിത്തം ഞെ
രുക്കമോ ഉപദ്രവമോ നേരിട്ടാൽ
അവൻ ക്ഷണത്തിൽ ഇടറിപ്പോ
കുന്നു.[c] 22 മുള്ളിനിടയിൽ വിത
യ്ക്കപ്പെട്ടതോ, ഒരുത്തൻ വചനം
കേൾക്കുന്നു എങ്കിലും ഈ ലോക
ത്തിന്റെ[d] ചിന്തയും[e] ധനത്തിന്റെ
വഞ്ചനയും[f] വചനത്തെ ഞെരു
ക്കീട്ടു നിഷ്ഫലനായിത്തീരുന്നതാ
കുന്നു. 23 നല്ല നിലത്തു വിതയ്ക്ക
പ്പെട്ടതോ ഒരുത്തൻ വചനം കേട്ടു
ഗ്രഹിക്കുന്നത്[y] ആകുന്നു; അതു
വിളഞ്ഞു[g] നൂറും അറുപതും മുപ്പ
തും[h] മേനി നല്കുന്നു.
24 അവൻ മറ്റൊരു ഉപമ അവർ
ക്കു പറഞ്ഞു കൊടുത്തു: സ്വർഗ
രാജ്യം ഒരു മനുഷ്യൻ തന്റെ നില
ത്തു നല്ല വിത്തു വിതച്ചതിനോടു
സദൃശമാകുന്നു.[i] 25 മനുഷ്യർ ഉറ
ങ്ങുമ്പോൾ അവന്റെ ശത്രു വന്ന്,
കോതമ്പിന്റെ ഇടയിൽ കള വിത
ച്ചു പൊയ്ക്കളഞ്ഞു. 26 ഞാറു
വളർന്നു കതിരായപ്പോൾ കളയും
കാണായ്വന്നു. 27 അപ്പോൾ വീട്ടു
ടയവന്റെ ദാസന്മാർ അവന്റെ അടു
ക്കൽ ചെന്ന്: യജമാനനേ, വയ
ലിൽ നല്ല വിത്തല്ലയോ വിതച്ചത്?
പിന്നെ കള എവിടെനിന്നു വന്നു
എന്നു ചോദിച്ചു. 28 ഇതു ശത്രു
ചെയ്തതാകുന്നു എന്ന് അവൻ
അവരോടു പറഞ്ഞു. ഞങ്ങൾ പോ
യി അതു പറിച്ചുകൂട്ടുവാൻ സമ്മത
മുണ്ടോ എന്നു ദാസന്മാർ അവനോ
ടു ചോദിച്ചു. 29 അതിന് അവൻ:
ഇല്ല, പക്ഷേ കള പറിക്കുമ്പോൾ
കോതമ്പുംകൂടെ പിഴുതുപോകും.[j]
30 രണ്ടും കൂടെ കൊയ്ത്തോളം
വളരട്ടെ; കൊയ്ത്തുകാലത്തു
ഞാൻ കൊയ്യുന്നവരോടു മുമ്പേ
കള പറിച്ചുകൂട്ടി ചുട്ടുകളയേണ്ട
തിനു കെട്ടുകളായി കെട്ടുവാനും
കോതമ്പ് എന്റെ കളപ്പുരയിൽ
കൂട്ടിവയ്പാനും[k] കല്പിക്കും എന്നു
പറഞ്ഞു.
31 മറ്റൊരു ഉപമ അവൻ അവർ
ക്കു പറഞ്ഞു കൊടുത്തു: [l]സ്വർഗ
രാജ്യം കടുകുമണിയോടു[m] സദൃ
ശം; അത് ഒരു മനുഷ്യൻ എടുത്തു
തന്റെ വയലിൽ ഇട്ടു. 32 അത്
എല്ലാ വിത്തിലും ചെറിയതെങ്കിലും
വളർന്നു സസ്യങ്ങളിൽ ഏറ്റവും
വലുതായി, ആകാശത്തിലെ പറവ
കൾ വന്ന് അതിന്റെ കൊമ്പുകളിൽ

14. [s] *(റോമ.10:10)*
[t] *ലൂക്കൊ.22:32*
16. [u] *ലൂക്കൊ.10:23,24; (മത്താ.16:17)*
17. [v] *എബ്രാ.11:13; 1പത്രൊ.1:10 - 12; (യോഹ.8:56)*
18. [w] *മത്താ.13:18 - 23 ക്കു. മർക്കൊ.4:13 - 20; ലൂക്കൊ.8:11 - 15കാ.*
19. [x] *മത്താ.13:38; 4:23;8:12*
[y] *മത്താ.13:13*
[z] *മത്താ.5:37;6:13; യോഹ.17:15; എഫെ.6:16; 2തെസ്സ.3:3; 1യോഹ.2:13,14; 3:12;5:18,19*
20. [a] *(യെശ.58:2; യെഹെ.33:31,32; മർക്കൊ.6:20; യോഹ.5:35)*
[b] *ഗലാ.1:6 (ഹോശേ.6:4; ഗലാ.5:7)*
21. [c] *മത്താ.11:6*
22. [d] *2തിമൊ.4:10*
[e] *മത്താ.6:25*
[f] *1തിമൊ.6:9,10,17; (മത്താ.19:23; മർക്കൊ.10:23; അപൊ.പ്ര.5:1- 11; എബ്രാ.3:13)*
23. [y] *(വാ.19 കാ.)*
[g] *ഹോശേ.14:8; യോഹ.15:5,16; ഫിലി.1:11; കൊലൊ. 1:6*
[h] *മത്താ.13:8*
24. [i] *മത്താ.13:37 - 42; (മർക്കൊ.4:26 - 29)*
29. [j] *(1കൊരി.4:5)*
30. [k] *മത്താ.3:12*
31. [l] *മത്താ.13:31,32 ക്കു.മർക്കൊ.4:30 - 32; ലൂക്കൊ. 13:18,19കാ.* [m] *മത്താ.17:21; ലൂക്കൊ.17:6*

13:31 ***കടുകുമണി:*** ഭക്ഷണത്തിനു രുചിവരുത്തുവാനും പുതുമയോടെയിരിക്കുവാനും കടുകു ചേർക്കുന്നു. ഇതിന്റെ എണ്ണ മരുന്നായും ഉപയോഗിക്കുന്നു. വിത്തുകളിൽ ഏറ്റവും ചെറുതെങ്കിലും താരതമ്യേന അതിന്റെ വളർച്ച അദ്ഭുതപൂർവമാണ്. സ്വർഗരാജ്യത്തിന്റെ ആരംഭം കുറച്ച് ആളുകളിലായിരിക്കുമെങ്കിലും അതു ശക്തിപ്പെട്ടു വളരുന്നു.

വസിപ്പാൻ തക്കവണ്ണം വൃക്ഷമായി
ത്തീരുന്നു.
33 അവൻ മറ്റൊരു ഉപമ അവ
രോടു പറഞ്ഞു: സ്വർഗരാജ്യം പു
ളിച്ച മാവിനോട് സദൃശം;[n] അത്
ഒരു സ്ത്രീ എടുത്തു മൂന്നു പറ മാ
വിൽ[o] എല്ലാം പുളിച്ചുവരുവോളം[p]
അടക്കിവച്ചു. 34 ഇതൊക്കെയും
യേശു പുരുഷാരത്തോട് ഉപമക
ളായി പറഞ്ഞു; ഉപമ കൂടാതെ
അവരോട് ഒന്നും പറഞ്ഞില്ല.[q]
35 [r]“ഞാൻ ഉപമ പ്രസ്താവി
പ്പാൻ വായ് തുറക്കും; ലോകസ്ഥാ
പനംമുതൽ[s] ഗൂഢമായത് ഉച്ച
രിക്കും”[t]
എന്നു പ്രവാചകൻ പറഞ്ഞത് നിവൃ
ത്തിയാകുവാൻ സംഗതിവന്നു.

36 അനന്തരം യേശു പുരുഷാ
രത്തെ പറഞ്ഞയച്ചിട്ടു വീട്ടിൽ[u]
വന്നു, ശിഷ്യന്മാർ അവന്റെ അടു
ക്കൽ ചെന്നു: വയലിലെ കളയുടെ
ഉപമ തെളിയിച്ചുതരേണം[v] എന്ന്
അപേക്ഷിച്ചു. 37 അതിന് അവൻ
ഉത്തരം പറഞ്ഞത്: നല്ല വിത്തു
വിതയ്ക്കുന്നവൻ മനുഷ്യപുത്രൻ;
വയൽ ലോകം; 38 നല്ല വിത്ത് രാജ്യ
ത്തിന്റെ പുത്രന്മാർ;[w] 39 കള ദുഷ്ട
ന്റെ പുത്രന്മാർ;[x] അതു വിതച്ച ശത്രു
പിശാച്; കൊയ്ത്തു[y] ലോകാവ
സാനം;[z] കൊയ്യുന്നവർ ദൂതന്മാർ.
40 കള കൂട്ടി തീയിൽ ഇട്ടു ചുടും
പോലെ[a] ലോകാവസാനത്തിൽ[z]
സംഭവിക്കും. 41 മനുഷ്യപുത്രൻ
തന്റെ ദൂതന്മാരെ അയയ്ക്കും;[b]
അവർ അവന്റെ രാജ്യത്തിൽനിന്നു
എല്ലാ ഇടർച്ചകളെയും[c] അധർമം
പ്രവർത്തിക്കുന്നവരെയും[d] 42 കൂട്ടി
ച്ചേർത്തു തീച്ചൂളയിൽ ഇട്ടുകള
യും.[e] അവിടെ കരച്ചലും പല്ലുകടി
യും ഉണ്ടാകും.[f] 43 അന്നു നീതി
മാന്മാർ[g] തങ്ങളുടെ പിതാവിന്റെ
രാജ്യത്തിൽ[h] സൂര്യനെപ്പോലെ
പ്രകാശിക്കും.[g] ചെവിയുള്ളവൻ
കേൾക്കട്ടെ.[i]

33.[n] ലൂക്കൊ. 13:20,21
[o] ഉൽപ.18:6
[p] 1കൊരി.5:6; ഗലാ.5:9
34.[q] മത്താ.13:3; മർക്കൊ.4:33,34; (യോഹ.16: 25,29)
35.[r] സങ്കീ.77:2
[s] മത്താ.25:34; ലൂക്കൊ.11:51; എബ്രാ.4:3; (യോഹ.17:24; എഫെ.1:4; 1പത്രൊ.1:2)
[t] (മത്താ.13:11; റോമ.16:25,26; 1കൊരി.2:7)
36.[u] മത്താ.13:1
[v] മത്താ.13:24 - 30; (മത്താ.15:15)
38.[w] മത്താ.8:12; (മത്താ. 13:43)
39.[x] യോഹ.8:44; അപ്പൊ.പ്ര.13:10; 1യോഹ.3:10; (മത്താ.23:15); മത്താ.13:19
[y] യോവേ.3:13; വെളി. 14:15
[z] മത്താ.13:49;24:3; 28:20;(ദാനീ.12:13; എബ്രാ.9:26)
40.[a] യോഹ.15:6; (മത്താ.3:12)
[z] (വാ. 39 കാ.)
41.[b] മത്താ.24:31
[c] മത്താ.16:23;18:7; (സെഫ.1:3)
[d] മത്താ.7:23
42.[e] മത്താ.13:50; വെളി.9:2; (വെളി.19:20;20:10)
[f] മത്താ.8:12
43.[g] സദൃ.4:18; ദാനീ.12:3; (1കൊരി.15:41,42)
[h] (മത്താ.13:38; 25:34;26:29; ലൂക്കൊ.12:32)
[i] മത്താ.11:15

44 സ്വർഗരാജ്യം വയലിൽ ഒളി
ച്ചുവച്ച നിധിയോടു സദൃശം.[j] അത്
ഒരു മനുഷ്യൻ കണ്ടു മറച്ചിട്ടു,
തന്റെ സന്തോഷത്താൽ ചെന്നു
തനിക്കുള്ളതൊക്കെയും വിറ്റ്[k] ആ
വയൽ വാങ്ങി.[l]
45 പിന്നെയും സ്വർഗരാജ്യം നല്ല
മുത്ത് അന്വേഷിക്കുന്ന ഒരു വ്യാപാ
രിയോടു സദൃശം. 46 അവൻ വില
യേറിയ ഒരു മുത്ത്[m] കണ്ടെത്തി
യാറെ ചെന്നു തനിക്കുള്ളതൊ
ക്കെയും വിറ്റ്[k] അതു വാങ്ങി.[l]
47 പിന്നെയും സ്വർഗരാജ്യം കട
ലിൽ ഇടുന്നതും എല്ലാവക മീനും
പിടിക്കുന്നതുമായൊരു[n] വലയോ
ടു സദൃശം.[o] 48 നിറഞ്ഞപ്പോൾ
അവർ അതു വലിച്ചു കരയ്ക്കു ക
യറ്റി,[p] ഇരുന്നുകൊണ്ടു നല്ലതു പാത്ര
ങ്ങളിൽ കൂട്ടിവച്ചു, ചീത്ത എറി
ഞ്ഞുകളഞ്ഞു. 49 അങ്ങനെ തന്നെ
ലോകാവസാനത്തിൽ[q] സംഭവി
ക്കും; ദൂതന്മാർ പുറപ്പെട്ടു നീതിമാ
ന്മാരുടെ ഇടയിൽനിന്നു ദുഷ്ട
ന്മാരെ വേർതിരിച്ച്[r] തീച്ചൂളയിൽ
ഇട്ടുകളയും;[s] 50 അവിടെ കര
ച്ചലും പല്ലുകടിയും ഉണ്ടാകും.[s]
51 ഇതെല്ലാം ഗ്രഹിച്ചുവോ?[t] എ
ന്നതിന് അവർ ഉവ്വ് എന്നു പറ
ഞ്ഞു. 52 അവൻ അവരോട്: അതു
കൊണ്ടു സ്വർഗരാജ്യത്തിനു ശിഷ്യ
നായിത്തീർന്ന[u] ഏതു ശാസ്ത്രിയും[v]
തന്റെ നിക്ഷേപത്തിൽനിന്നു പുതി
യതും പഴയതും എടുത്തുകൊടു
ക്കുന്ന[w] ഒരു വീട്ടുടയവനോടു
സദൃശനാകുന്നു എന്നു പറഞ്ഞു.
53 ഈ ഉപമകളെ പറഞ്ഞുതീർ
ന്നശേഷം[x] യേശു അവിടം വിട്ടു

44.[j] സദൃ.2:4 [k] (മത്താ.25:9; സദൃ.23:23; ഫിലി.3:7,8) [l] (യെശ.55:1; വെളി.3:18) 46.[m] മത്താ.7:6; ഇയ്യോ. 28:18; (സദൃ.3:15;8:11) [k,l] (വാ. 44 കാ.) 47.[n] (മത്താ. 13:38;22:10; 25:2) [o] മത്താ.4:19 48.[p] യോഹ.21:11 49.[q] മത്താ. 13:39 [r] മത്താ.25:32; (മത്താ.13:41) [s] മത്താ. 13:42 50.[s] (വാ.49 കാ.) 51.[t] മത്താ.13:10 - 16; (യോഹ. 10:6;16:29) 52.[u] മത്താ. 28:20 [v] മത്താ.23:34 [w] മത്താ.12:35 53.[x] മത്താ.13:53 - 58ക്കു. മർക്കൊ. 6:1 - 6 കാ. (ലൂക്കൊ.4:16 - 30)

13:39 ***ലോകാവസാനം:*** ന്യായവിധി ദിവസമെന്നതും ലോകാവസാനമെന്നതും ഒരേ ആശയമാണ്. ദൈവം വിശ്വസ്തരായവരെ അവിശ്വസ്തരിൽനിന്നു വേർതിരിക്കുന്ന ഒരു ഭാവികാല സംഭവമാണ് ഇത്.

തന്റെ പിതൃനഗരത്തിൽ[y] വന്നു,
അവരുടെ പള്ളിയിൽ അവരെ ഉപ
ദേശിച്ചു.[z] **54** അവർ വിസ്മയിച്ചു:[a]
ഇവന് ഈ ജ്ഞാനവും വീര്യപ്രവൃ
ത്തികളും എവിടെനിന്ന്? **55** ഇവൻ
തച്ചന്റെ മകൻ[b] അല്ലയോ?[c] ഇവ
ന്റെ അമ്മ മറിയ എന്നവളല്ലയോ?
ഇവന്റെ സഹോദരന്മാർ യാക്കോ
ബ്, യോസെ, ശിമോൻ, യൂദാ
എന്നവർ അല്ലയോ?[d] **56** ഇവന്റെ
സഹോദരികളും എല്ലാം നമ്മോടു
കൂടെയില്ലയോ? ഇവന് ഇതൊക്കെ
യും എവിടെനിന്ന് എന്നു പറഞ്ഞ്
അവങ്കൽ ഇടറിപ്പോയി.[e] **57** യേശു
അവരോട്: ഒരു പ്രവാചകൻ തന്റെ
പിതൃനഗരത്തിലും സ്വന്തഭവനത്തി
ലും അല്ലാതെ ബഹുമാനമില്ലാത്ത
വൻ അല്ല[f] എന്നു പറഞ്ഞു. **58** അ
വരുടെ അവിശ്വാസം നിമിത്തം[g]
അവിടെ വളരെ വീര്യപ്രവൃത്തി
കൾ ചെയ്തില്ല.

❋ ❋ ❋

*1. യേശുവിനെക്കുറിച്ച് ഹെരോദാവിന്റെ അഭിപ്രായം 3. യോഹന്നാൻസ്നാപകന്റെ ശിരച്ഛേദനം 15. യേശു അഞ്ചപ്പംകൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ചത് 22. കടലിന്മേൽ നടന്നത്.*

# 14

[a]ആ കാലത്ത് ഇടപ്രഭുവായ
ഹെരോദാവ്[b] യേശുവിന്റെ
ശ്രുതി കേട്ടിട്ട്: **2** അവൻ യോഹ
ന്നാൻസ്നാപകൻ;[c] അവൻ മരിച്ച
വരുടെ ഇടയിൽനിന്ന് ഉയിർത്തു;
അതുകൊണ്ടാകുന്നു ഈ ശക്തി
കൾ അവനിൽ വ്യാപരിക്കുന്നത്[d]
എന്നു തന്റെ ഭൃത്യന്മാരോടു പറ
ഞ്ഞു. **3** ഹെരോദാവ് തന്റെ സഹോ
ദരനായ ഫീലിപ്പൊസിന്റെ ഭാര്യ
ഹെരോദ്യ നിമിത്തം, അവൾ നിന
ക്കു ഭാര്യയായിരിക്കുന്നതു വിഹി
തമല്ല എന്നു **4** യോഹന്നാൻ അവ
നോടു പറഞ്ഞതു[e]കൊണ്ടുതന്നെ,
അവനെ പിടിച്ചു കെട്ടി[f] തടവിൽ
ആക്കിയിരുന്നു.[g] **5** അവനെ കൊ
ല്ലുവാൻ മനസ്സുണ്ടായിട്ടും പുരുഷാ
രം അവനെ പ്രവാചകൻ[h] എന്ന്
എണ്ണുകയാൽ അവരെ ഭയപ്പെട്ടു.[i]
**6** എന്നാൽ ഹെരോദാവിന്റെ ജനന
ദിവസം[j] ആയപ്പോൾ ഹെരോദ്യ
യുടെ മകൾ സഭാമധ്യേ നൃത്തം
ചെയ്തു ഹെരോദാവിനെ പ്രസാ
ദിപ്പിച്ചു. **7** അതുകൊണ്ട് എന്തു
ചോദിച്ചാലും അവൾക്കു കൊടു
ക്കും എന്ന് അവൻ സത്യംചെയ്തു
വാക്കുകൊടുത്തു. **8** അവൾ അമ്മ
യുടെ ഉപദേശപ്രകാരം: യോഹ
ന്നാൻസ്നാപകന്റെ തല ഒരു താല
ത്തിൽ തരേണം എന്നു പറഞ്ഞു.
**9** രാജാവ് ദുഃഖിച്ചു എങ്കിലും ചെ
യ്ത സത്യത്തെയും വിരുന്നുകാ
രെയും വിചാരിച്ച് അതു കൊടുപ്പാൻ
കല്പിച്ചു; **10** ആളയച്ചു തടവിൽ
യോഹന്നാനെ ശിരഃഛേദം ചെയ്യിച്ചു.
**11** അവന്റെ തല ഒരു താലത്തിൽ
കൊണ്ടുവന്നു ബാലയ്ക്കു കൊടു
ത്തു; അവൾ അമ്മയ്ക്കു കൊണ്ടു
പോയി കൊടുത്തു. **12** അവന്റെ
ശിഷ്യന്മാർ[k] ചെന്ന് ഉടൽ എടുത്തു
കുഴിച്ചിട്ടു: പിന്നെ വന്നു യേശു
വിനെ അറിയിച്ചു.

**13** [l]അതു കേട്ടിട്ടു യേശു അവി
ടംവിട്ടു പടകിൽ കയറി നിർജനമാ
യോരു സ്ഥലത്തേക്കു വേറിട്ടു
വാങ്ങിപ്പോയി; പുരുഷാരം അതു
കേട്ടു പട്ടണങ്ങളിൽനിന്നു കാൽന
ടയായി അവന്റെ പിന്നാലെ ചെന്നു.
**14** അവൻ വന്നു വലിയ പുരുഷാര
ത്തെ കണ്ടു അവരിൽ മനസ്സലി
ഞ്ഞ്[m] അവരുടെ രോഗികളെ സൗ
ഖ്യമാക്കി. **15** വൈകുന്നേരമായ
പ്പോൾ ശിഷ്യന്മാർ അവന്റെ അടു
ക്കൽ ചെന്ന്: ഈ സ്ഥലം മരുഭൂമി
യല്ലോ, നേരവും വൈകി; പുരുഷാ
രം ഗ്രാമങ്ങളിൽ പോയി ഭക്ഷണ
സാധനങ്ങൾ കൊള്ളേണ്ടതിനു
അവരെ പറഞ്ഞയയ്ക്കേണം[n] എന്നു
പറഞ്ഞു. **16** യേശു അവരോട്:
അവർ പോകുവാൻ ആവശ്യമില്ല;
നിങ്ങൾ അവർക്കു ഭക്ഷിപ്പാൻ കൊ
ടുപ്പിൻ[o] എന്നു പറഞ്ഞു. **17** അ
വർ അവനോട്: അഞ്ച് അപ്പവും
രണ്ടു മീനും അല്ലാതെ ഞങ്ങൾക്ക്
ഇവിടെ ഒന്നും ഇല്ല എന്നു പറഞ്ഞു.
**18** അത് ഇങ്ങു കൊണ്ടുവരുവിൻ
എന്ന് അവൻ പറഞ്ഞു. **19** പിന്നെ

53.[y] *മത്താ.2:23; ലൂക്കൊ.4:23*
[z] *മത്താ.4:23*
54.[a] *മത്താ.7:28.*
55.[b] *(മർക്കൊ.6:3)*
[c] *(ലൂക്കൊ.4:22; യോഹ.6:42)*
[d] *മത്താ.12:46*
56.[e] *മത്താ.11:6*
57.[f] *ലൂക്കൊ.4:24; യോഹ.4:44; (യിരെ.11:21;12:6; യോഹ.7:5)*
58.[g] *(മത്താ.17:20)*

**അധ്യായം 14**

1.[a] *മത്താ.14:1-12 ക്കു. മർക്കൊ.6:14-29; ലൂക്കൊ.9:7-19കാ.*
[b] *ലൂക്കൊ.3:1; അപ്പൊ.പ്ര.13:1*
2.[c] *മത്താ.16:14*
[d] *മത്താ.13:54*
4.[e] *ലേവ്യ.18:16; 20:21*
[f] *ലൂക്കൊ.3:19,20*
[g] *മത്താ.11:2; യോഹ.3:24*
5.[h] *മത്താ.11:9*
[i] *മത്താ.21:26; (മത്താ.21:46)*
6.[j] *ഉൽപ.40:20*
12.[k] *മത്താ.9:14*
13.[l] *മത്താ.14:13-21 ക്കു. മർക്കൊ.6:32-44; ലൂക്കൊ.9:10-17; യോഹ.6:1-13കാ.; (മത്താ.15:32-38; 16:9;മർക്കൊ.8:2-9)*
14.[m] *(മത്താ.9:36)*
15.[n] *മത്താ.14:22; (മത്താ.15:23)*
16.[o] *2രാജാ.4:42-44*

പുരുഷാരം പുല്ലിന്മേൽ ഇരിപ്പാൻ
കല്പിച്ചു; ആ അഞ്ച് അപ്പവും
രണ്ടു മീനും എടുത്ത്, സ്വർഗത്തേ
ക്കു നോക്കി[p] വാഴ്ത്തി,അപ്പം നുറു
ക്കി, ശിഷ്യന്മാരുടെ പക്കലും[q] ശിഷ്യ
ന്മാർ പുരുഷാരത്തിനും കൊടുത്തു.
**20** എല്ലാവരും തിന്നു തൃപ്തരായി;
ശേഷിച്ച കഷണം പന്ത്രണ്ടു കുട്ട
നിറച്ചെടുത്തു. **21** തിന്നവരോ സ്ത്രീ
കളെയും പൈതങ്ങളെയും കൂടാ
തെ ഏകദേശം അയ്യായിരം പുരു
ഷന്മാർ ആയിരുന്നു.
**22** [r]ഉടനെ യേശു താൻ പുരുഷാ
രത്തെ പറഞ്ഞയയ്ക്കുന്നതിനിട
യിൽ ശിഷ്യന്മാർ പടകിൽ കയറി,
തനിക്കു മുമ്പായി അക്കരയ്ക്കു
പോകുവാൻ അവരെ നിർബന്ധി
ച്ചു.[s] **23** അവൻ പുരുഷാരത്തെ
പറഞ്ഞയച്ചിട്ടു പ്രാർഥിപ്പാൻ തനി
യെ മലയിൽ കയറിപ്പോയി;[t] വൈ
കുന്നേരം ആയപ്പോൾ[u] ഏകനായി
അവിടെ ഇരുന്നു **24** പടകോ കര
വിട്ടു പലനാഴിക ദൂരത്തായി, കാറ്റു
പ്രതികൂലമാകകൊണ്ടു തിരകളാൽ
വലഞ്ഞിരുന്നു. **25** രാത്രിയിലെ
നാലാം യാമത്തിൽ[u] അവൻ കട
ലിന്മേൽ നടന്ന് അവരുടെ അടു
ക്കൽ വന്നു. **26** അവൻ കടലി
ന്മേൽ നടക്കുന്നതു കണ്ടിട്ടു ശിഷ്യ
ന്മാർ ഭ്രമിച്ചു:[v] അത് ഒരു ഭൂതം
എന്നു പറഞ്ഞു പേടിച്ചു നിലവി
ളിച്ചു. **27** ഉടനെ യേശു അവരോട്:
ധൈര്യപ്പെടുവിൻ;[w] ഞാൻ ആകു
ന്നു; പേടിക്കേണ്ടാ[w] എന്നു പറ
ഞ്ഞു. **28** അതിനു പത്രൊസ്: കർ
ത്താവേ, നീ ആകുന്നു എങ്കിൽ
ഞാൻ വെള്ളത്തിന്മേൽ നിന്റെ
അടുക്കെ വരേണ്ടതിനു കല്പിക്കേ
ണം എന്നു പറഞ്ഞു. **29** വരിക
എന്ന് അവൻ പറഞ്ഞു. പത്രൊസ്
പടകിൽനിന്ന് ഇറങ്ങി, യേശുവിന്റെ
അടുക്കൽ ചെല്ലുവാൻ വെള്ളത്തി
ന്മേൽ നടന്നു.[x] **30** എന്നാൽ അ
വൻ കാറ്റു കണ്ടു പേടിച്ചു മുങ്ങി
ത്തുടങ്ങുകയാൽ: കർത്താവേ, എ
ന്നെ രക്ഷിക്കേണമേ[y] എന്നു നില
വിളിച്ചു. **31** യേശു ഉടനെ കൈ
നീട്ടി അവനെ പിടിച്ചു: അല്പവിശ്വാ
സിയേ,[z] നീ എന്തിനു സംശയിച്ചു[a]
എന്നു പറഞ്ഞു. **32** അവർ പട
കിൽ കയറിയപ്പോൾ കാറ്റ് അമർ
ന്നു.[y] **33** പടകിലുള്ളവർ:[b] നീ ദൈ
വപുത്രൻ[c] സത്യം[d] എന്നു പറ
ഞ്ഞ് അവനെ നമസ്കരിച്ചു.[e]
**34** [f]അവർ അക്കരെയെത്തി,
ഗെന്നേസരെത്ത്[g] ദേശത്തു ചെന്നു.
**35** അവിടത്തെ ജനങ്ങൾ അവൻ
ആരെന്ന് അറിഞ്ഞു ചുറ്റുമുള്ള
നാട്ടിൽ എല്ലാം ആളയച്ചു ദീനക്കാ
രെ ഒക്കെയും അവന്റെ അടുക്കൽ
കൊണ്ടുവന്നു.[h] **36** അവന്റെ വസ്ത്ര
ത്തിന്റെ തൊങ്ങൽ[i] മാത്രം തൊടു
വാൻ അനുവാദം ചോദിച്ചു. തൊട്ട
വർക്ക് ഒക്കെയും സൗഖ്യം വന്നു.[j]

❋ ❋ ❋

***1. ദൈവകല്പനകളും മനുഷ്യരുടെ സമ്പ്രദായചട്ടങ്ങളും 10. മനുഷ്യനെ അശുദ്ധമാക്കുന്നവ 21. കനാന്യസ്ത്രീയുടെ മകളെയും മറ്റനേക രോഗികളെയും സൗഖ്യമാക്കിയത് 32. ഏഴപ്പംകൊണ്ട് നാലായിരംപേരെ പോഷിപ്പിച്ചത്.***

**15** [a]അനന്തരം യെരൂശലേമിൽ
നിന്നു[b] പരീശന്മാരും ശാ
സ്ത്രിമാരും[b] യേശുവിന്റെ അടു
ക്കൽ വന്നു: **2** നിന്റെ ശിഷ്യന്മാർ[c]
പൂർവന്മാരുടെ[d] സമ്പ്രദായം[e] ലംഘി
ക്കുന്നത്[c] എന്ത്? അവർ ഭക്ഷിക്കു
മ്പോൾ കൈ കഴുകുന്നില്ലല്ലോ[f]
എന്നു പറഞ്ഞു. **3** അവൻ അവ
രോട് ഉത്തരം പറഞ്ഞത്: നിങ്ങ
ളുടെ സമ്പ്രദായംകൊണ്ടു നിങ്ങൾ
ദൈവകല്പന ലംഘിക്കുന്നത്
എന്ത്? **4** [g]അപ്പനെയും അമ്മയെ
യും ബഹുമാനിക്ക എന്നും [h]അപ്പ
നെയോ അമ്മയെയോ ദുഷിക്കുന്ന
വൻ മരിക്കേണം എന്നും ദൈവം
കല്പിച്ചുവല്ലോ. **5** നിങ്ങളോ ഒരു
ത്തൻ അപ്പനോട് എങ്കിലും അമ്മ
യോട് എങ്കിലും: നിനക്ക് എന്നാൽ

19.[p] *മർക്കൊ.7:34; യോഹ.11:41;17:1*
[q] *മത്താ.26:26; 1ശമൂ.9:13; മർക്കൊ.8:7;14:22; ലൂക്കൊ.24:30 (1കൊരി. 14:16)*
22.[r] *മത്താ.14:22-34 ക്കു. മർക്കൊ.6:42-51; യോഹ.6:15-21കാ.*
[s] *(മത്താ.8:18)*
23.[t] *ലൂക്കൊ.6:12; 9:28;(മർക്കൊ.1:35; ലൂക്കൊ.5:16)*
[u] *(മർക്കൊ.13:35)*
25.[u] *(വാ.23 കാ.)*
26.[v] *(ലൂക്കൊ.24:37)*
27.[w] *മത്താ.17:7; (ആവ.31:6; യെശ.41:13;43:1,2; യോഹ.16:33)*
29.[x] *(യോഹ.21:7)*
30.[y] *(മത്താ.8:25,26)*
31.[z] *മത്താ.6:30*
[a] *(യാക്കോ.1:16)*
32.[y] *(വാ.30 കാ.)*
33.[b] *മത്താ.14:22*
[c] *മത്താ.16:16;26:63; സങ്കീ.2:7; മർക്കൊ.1:1; ലൂക്കൊ.1:35;4:41; യോഹ.1:49;9:35; 10:36;11:27;20:31; അപ്പൊ.പ്ര.9:20; (മത്താ.3:17)*
[d] *(യോഹ.6:14)*
[e] *മത്താ.8:2*
34.[f] *മത്താ.14:34-36 ക്കു.മർക്കൊ. 6:53-56കാ. (യോഹ.6:24,25)*
[g] *ലൂക്കൊ.5:1*
35.[h] *മത്താ.4:24*
36.[i] *മത്താ.9:21*
[j] *മർക്കൊ.3:10; ലൂക്കൊ.6:19; (അപ്പൊ.പ്ര.5:15)*

**അധ്യായം 15**

1.[a] *മത്താ.15:1-20ക്കു. മർക്കൊ.7:1-23കാ.* [b] *മർക്കൊ.3:22* 2.[c] *(മത്താ.9:11)*[d] *എബ്രാ.11:2* [e] *ഗലാ. 1:14; കൊലൊ.2:8* [f] *ലൂക്കൊ.11:38* 4.[g] ***പുറ. 20:12*** [h] ***പുറ. 21:17***

ഉപകാരമായി വരേണ്ടതു വഴിപാട്
എന്നു പറഞ്ഞാൽ 6 അവൻ അപ്പ
നെ ബഹുമാനിക്കേണ്ടാ എന്നു
പറയുന്നു; ഇങ്ങനെ നിങ്ങളുടെ
സമ്പ്രദായത്താൽ നിങ്ങൾ ദൈവ
വചനത്തെ ദുർബലമാക്കിയിരി
ക്കുന്നു.[i] 7 കപടഭക്തിക്കാരേ,[j]
നിങ്ങളെക്കുറിച്ചു യെശയ്യാവ്:
8 [k]“ഈ ജനം അധരംകൊണ്ട്
എന്നെ ബഹുമാനിക്കുന്നു; എങ്കിലും
അവരുടെ ഹൃദയം എന്നെ വിട്ട്
അകന്നിരിക്കുന്നു. 9 മാനുഷകല്പ
നകളായ ഉപദേശങ്ങളെ[l] അവർ
പഠിപ്പിക്കുന്നതുകൊണ്ട് എന്നെ വ്യർ
ഥമായി ഭജിക്കുന്നു” എന്നിങ്ങനെ
പ്രവചിച്ചത് ഒത്തിരിക്കുന്നു. 10 പി
ന്നെ അവൻ പുരുഷാരത്തെ അരി
കെ വിളിച്ച് അവരോടു പറഞ്ഞത്:
കേട്ടു ഗ്രഹിച്ചുകൊൾവിൻ.[m] 11 മനു
ഷ്യന് അശുദ്ധി വരുത്തുന്നതു വാ
യിക്കകത്തു ചെല്ലുന്നത് അല്ല,
വായിൽനിന്നു പുറപ്പെടുന്നതത്രേ;
അതു മനുഷ്യനെ അശുദ്ധമാക്കു
ന്നു.[n] 12 അപ്പോൾ ശിഷ്യന്മാർ
അടുക്കെ വന്നു: പരീശന്മാർ ഈ
വാക്കു കേട്ട് ഇടറിപ്പോയി[o] എന്ന്
അറിയുന്നുവോ എന്നു ചോദിച്ചു.
13 അതിന് അവൻ: സ്വർഗസ്ഥനായ
എന്റെ പിതാവ് നട്ടിട്ടില്ലാത്ത തൈ
ഒക്കെയും[p] വേരോടെ പറിഞ്ഞു
പോകും.[q] 14 അവരെ വിടുവിൻ;
അവർ കുരുടന്മാരായ വഴികാട്ടികൾ
അത്രേ;[r] കുരുടൻ കുരുടനെ വഴി
നടത്തിയാൽ ഇരുവരും കുഴിയിൽ
വീഴും[s] എന്ന് ഉത്തരം പറഞ്ഞു.
15 പത്രൊസ് അവനോട്: ആ ഉപമ
ഞങ്ങൾക്കു തെളിയിച്ചുതരേണം[t]
എന്നു പറഞ്ഞു. 16 അതിന് അവൻ
പറഞ്ഞത്: നിങ്ങളും ഇന്നുവരെ
ബോധമില്ലാത്തവരോ?[u] 17 വായി
ക്കകത്തു കടക്കുന്നത് എല്ലാം വയ
റ്റിൽ ചെന്നിട്ടു മറപ്പുരയിൽ പോകു
ന്നു[v] എന്നു ഗ്രഹിക്കുന്നില്ലയോ?

6.[i] *ഗലാ.3:17; (റോമ.2:23)*
7.[j] *മത്താ.23:13*
8.[k] ***യെശ. 29:13;*** *(യെഹെ.33:31)*
9.[l] *കൊലൊ.2:21; തീത്തൊ.1:14*
10.[m] *മത്താ.13:51*
11.[n] *അപ്പൊ.പ്ര. 10:14,15*
12.[o] *മത്താ.5:29*
13.[p] *(യെശ.60:21; 61:3;യോഹ.15:1,2; 1കൊരി.3:9)*
[q] *യൂദാ.12*
14.[r] *മത്താ.23:16,24; (യെശ.56:10; മലാ.2:8)*
[s] *ലൂക്കൊ.6:39*
15.[t] *(മത്താ.13:36)*
16.[u] *മത്താ.16:9*
17.[v] *(1കൊരി.6:13)*
18.[w] *മത്താ.12:34; യാക്കോ.3:6*
19.[x] *യാക്കോ.2:4; (മത്താ.9:4; ഉൽപ.6:5; സങ്കീ.56:5)*
[y] *മത്താ.5:22,28; പുറ.20:13-16*
[z] *എഫെ.4:31; കൊലൊ.3:8; 1തിമൊ. 6:4*
20.[a] *1കൊരി.6:9,10*
[b] *മർക്കൊ.7:2,5*
21.[c] *മത്താ. 15:21-28 ക്കു. മർക്കൊ. 7:24-30കാ.*
22.[d] *ഉൽപ.10:15,19; ന്യായാ.1:30-33; (മർക്കൊ.7:26)*
[e] *മത്താ.9:27*
23.[f] *(മത്താ.14:15)*
24.[g] *റോമ.15:9; മത്താ.10:5,6*
25.[h] *മത്താ.8:2*
26.[i] *മത്താ.7:6*
27.[j] *(ലൂക്കൊ.16:21)*

18 വായിൽനിന്നുപുറപ്പെടുന്നതോ
ഹൃദയത്തിൽനിന്നു വരുന്നു; അതു
മനുഷ്യനെ അശുദ്ധമാക്കുന്നു.[w]
19 എങ്ങനെയെന്നാൽ ദുശ്ചിന്ത,[x]
കൊലപാതകം, വ്യഭിചാരം, പര
സംഗം, മോഷണം, കള്ളസ്സാക്ഷ്യം,[y]
ദൂഷണം[z] എന്നിവ ഹൃദയത്തിൽ
നിന്നു പുറപ്പെട്ടുവരുന്നു. 20 മനു
ഷ്യനെ അശുദ്ധമാക്കുന്നത് ഇത
ത്രേ;[a] കഴുകാത്ത കൈകൊണ്ടു
ഭക്ഷിക്കുന്നതോ മനുഷ്യനെ അശു
ദ്ധമാക്കുന്നില്ല.[b]
21 [c]യേശു അവിടം വിട്ടു സോർ,
സീദോൻ എന്ന പ്രദേശങ്ങളിലേ
ക്കു വാങ്ങിപ്പോയി. 22 ആ ദേശ
ത്തുനിന്ന് ഒരു കനാന്യസ്ത്രീ[d]
വന്ന്, അവനോട്: കർത്താവേ,
ദാവീദുപുത്രാ, എന്നോടു കരുണ
തോന്നേണമേ;[e] എന്റെ മകൾക്കു
ഭൂതോപദ്രവം കഠിനമായിരിക്കുന്നു
എന്നു നിലവിളിച്ചു പറഞ്ഞു.
23 അവൻ അവളോട് ഒരു വാക്കും
ഉത്തരം പറഞ്ഞില്ല; അവന്റെ ശി
ഷ്യന്മാർ അടുക്കെ വന്നു: അവൾ
നമ്മുടെ പിന്നാലെ നിലവിളിച്ചു
കൊണ്ടു വരുന്നു; അവളെ പറഞ്ഞ
യയ്ക്കേണമേ[f] എന്ന് അവനോട്
അപേക്ഷിച്ചു. 24 അതിന് അവൻ:
യിസ്രായേൽഗൃഹത്തിലെ കാണാ
തെപോയ ആടുകളുടെ അടുക്കലേ
ക്കല്ലാതെ എന്നെ അയച്ചിട്ടില്ല[g]
എന്ന് ഉത്തരം പറഞ്ഞു. 25 എന്നാൽ
അവൾ വന്നു: കർത്താവേ, എന്നെ
സഹായിക്കേണമേ എന്നു പറഞ്ഞ്
അവനെ നമസ്കരിച്ചു.[h] 26 അവ
നോട്: മക്കളുടെ അപ്പം എടുത്തു
നായ്ക്കുട്ടികൾക്ക് ഇട്ടുകൊടുക്കു
ന്നതു[i] നന്നല്ല എന്ന് ഉത്തരം പറ
ഞ്ഞു. 27 അതിന് അവൾ: അതേ,
കർത്താവേ, നായ്ക്കുട്ടികളും ഉട
യവരുടെ മേശയിൽനിന്നു വീഴുന്ന
നുറുക്കുകൾ[j] തിന്നുന്നുണ്ടല്ലോ
എന്നു പറഞ്ഞു. 28 യേശു അവ

15:5 ***വഴിപാട്:*** യെഹൂദമര്യാദപ്രകാരം ദൈവത്തിനു കൊടുത്തതിനു മറ്റാർക്കും അവകാശമില്ല. ചിലർ തങ്ങൾക്കുള്ളതെല്ലാം ദൈവത്തിനു കൊടുത്തിരിക്കുന്നുവെന്നു പറഞ്ഞ് ആർക്കും, സ്വന്തം മാതാപിതാക്കൾക്കുപോലും, ഒന്നും കൊടുത്തിരുന്നില്ല.

ളോട്: സ്ത്രീയേ, നിന്റെ വിശ്വാസം
വലിയത്;[k] നിന്റെ ഇഷ്ടംപോലെ
നിനക്കു ഭവിക്കട്ടെ[l] എന്ന് ഉത്തരം
പറഞ്ഞു. ആ നാഴികമുതൽ[l] അവ
ളുടെ മകൾക്കു[m] സൗഖ്യം വന്നു.[l]
**29** [n]യേശു അവിടെനിന്നു യാത്ര
യായി ഗലീലക്കടലരികെ[o] ചെന്നു
മലയിൽ കയറി അവിടെ ഇരുന്നു.[p]
**30** വളരെ പുരുഷാരം മുടന്തർ,
കുരുടർ, ഊമർ, കൂനർ മുതലായ
പലരെയും[q] അവന്റെ അടുക്കൽ
കൊണ്ടുവന്ന് അവന്റെ കാല്ക്കൽ
വച്ചു; അവൻ അവരെ സൗഖ്യമാ
ക്കി; **31** ഊമർ സംസാരിക്കുന്ന
തും[r] കൂനർ[s] സൗഖ്യമാകുന്നതും
മുടന്തർ നടക്കുന്നതും കുരുടർ
കാണുന്നതും പുരുഷാരം കണ്ടിട്ട്
ആശ്ചര്യപ്പെട്ടു, യിസ്രായേലിന്റെ
ദൈവത്തെ[t] മഹത്ത്വപ്പെടുത്തി.[u]
**32** [v]എന്നാൽ യേശു തന്റെ ശിഷ്യ
ന്മാരെ അടുക്കെ വിളിച്ചു: ഈ
പുരുഷാരം ഇപ്പോൾ മൂന്നു നാളായി
എന്നോടുകൂടെ പാർക്കുന്നു; അ
വർക്കു ഭക്ഷിപ്പാൻ ഒന്നും ഇല്ലാ
യ്കകൊണ്ട് അവരെക്കുറിച്ച് എനി
ക്കു മനസ്സലിവു തോന്നുന്നു;[w] അ
വരെ പട്ടിണിയായി വിട്ടയപ്പാൻ
മനസ്സുമില്ല; അവർ വഴിയിൽവച്ചു
തളർന്നുപോയേക്കും എന്നു പറ
ഞ്ഞു. **33** ശിഷ്യന്മാർ അവനോട്:
ഇത്ര വലിയ പുരുഷാരത്തിനു
തൃപ്തി വരുത്തുവാൻ മതിയായ
അപ്പം ഈ കാട്ടിൽ നമുക്ക് എവിടെ
നിന്ന് എന്നു പറഞ്ഞു. **34** നിങ്ങ
ളുടെ പക്കൽ എത്ര അപ്പം ഉണ്ട്
എന്നു യേശു ചോദിച്ചു; ഏഴ്;[x]
കുറെ ചെറുമീനും ഉണ്ട് എന്ന് അ
വർ പറഞ്ഞു. **35** അവൻ പുരുഷാ
രത്തോടു നിലത്ത് ഇരിപ്പാൻ
കല്പിച്ചു, **36** ആ ഏഴ് അപ്പവും
മീനും എടുത്തു വാഴ്ത്തി നുറുക്കി[y]
ശിഷ്യന്മാരുടെ പക്കലും ശിഷ്യ
ന്മാർ പുരുഷാരത്തിനും കൊടുത്തു.
**37** എല്ലാവരും തിന്നു തൃപ്തരായി;[z]
ശേഷിച്ച കഷണം അവർ ഏഴു
വട്ടി നിറച്ചെടുത്തു. **38** തിന്നവരോ
സ്ത്രീകളെയും പൈതങ്ങളെയും
കൂടാതെ നാലായിരം പുരുഷന്മാർ
ആയിരുന്നു. **39** പിന്നെ അവൻ
പുരുഷാരത്തെ പറഞ്ഞയച്ചിട്ടു
പടകിൽ കയറി മഗദാ[a]ദേശത്ത്
എത്തി.

❋ ❋ ❋

***1. പരീശർ ഒരടയാളം ചോദിച്ചത് 5. യേശു അവരുടെ ഉപദേശത്തെക്കുറിച്ച് പറഞ്ഞത് 16. യേശു ആരെന്ന് പത്രൊസ് അറിയിച്ചത് 21. യേശു തന്റെ മരണം മുൻകൂട്ടി അറിയിച്ചത്***

**16** [a]അനന്തരം പരീശന്മാരും
സദൂക്യരും അടുക്കെ വന്നു:
ആകാശത്തുനിന്ന് ഒരു അടയാളം[b]
കാണിച്ചുതരേണമെന്ന്[c] അവനെ
പരീക്ഷിച്ചു[d] ചോദിച്ചു. **2** അവ
രോട് അവൻ ഉത്തരം പറഞ്ഞത്:
സന്ധ്യാസമയത്ത് ആകാശം ചുവ
ന്നു കണ്ടാൽ നല്ല തെളിവാകും
എന്നും **3** രാവിലെ ആകാശം മൂടി
ചുവന്നു കണ്ടാൽ ഇന്നു മഴക്കോൾ
ഉണ്ടാകും എന്നും നിങ്ങൾ പറയു
ന്നു.[e] ആകാശത്തിന്റെ ഭാവം വിവേ
ചിപ്പാൻ നിങ്ങൾ അറിയുന്നു;[f]
എന്നാൽ കാലലക്ഷണങ്ങളെ[g]
വിവേചിപ്പാൻ കഴികയില്ലയോ?
**4** ദോഷവും വ്യഭിചാരവുമുള്ള
തലമുറ അടയാളം തിരയുന്നു;
യോനായുടെ അടയാളമല്ലാതെ
അതിന് അടയാളം ലഭിക്കയില്ല;[h]
പിന്നെ അവൻ അവരെ വിട്ടു
പോയി.[i]
**5** ശിഷ്യന്മാർ അക്കരെ പോകു
മ്പോൾ അപ്പം എടുപ്പാൻ മറന്നു

28.[k] *മത്താ.9:2*
[l] *(മത്താ.8:13)*
[m] *മത്താ.9:22;17:18; (യോഹ.4:52,53)*
29.[n] *മത്താ.15:29 - 31 ക്കു. (മർക്കൊ.7:31 - 37)*
[o] *മത്താ.4:18; യോഹ. 6:1*
[p] *മത്താ.5:1*
30.[q] *മത്താ.11:5*
31.[r] *മത്താ.9:33*
[s] *മത്താ.18:8; മർക്കൊ.9:44*
[t] *യെശ.29:23; ലൂക്കൊ.1:68; അപ്പൊ.പ്ര.13:17*
[u] *മത്താ.9:8*
32.[v] *മത്താ.15:32 - 39 ക്കു. മർക്കൊ.8:1 - 10കാ. (മത്താ.14:14 - 21)*
[w] *(മത്താ.9:36)*
34.[x] *മത്താ.16:10*
36.[y] *മത്താ.26:27; മർക്കൊ.14:23; ലൂക്കൊ.22:17,19; യോഹ.6:11,23; അപ്പൊ.പ്ര.27:35; റോമ.14:6; 1കൊരി.10:30; 11:24;14:16 1തിമൊ.4:3,4*
37.[z] *(2രാജാ. 4:42 - 44)*
39.[a] *യോശു.19:38; (മർക്കൊ.8:10)*

**അധ്യായം 16**

1.[a] *മത്താ.16:1 - 12 ക്കു. മർക്കൊ.8:11 - 21കാ.*
[b] *ലൂക്കൊ.11:16;21:11*
[c] *1കൊരി.1:22; മത്താ.12:38*
[d] *(യോഹ.8:6)*
3.[e] *(ലൂക്കൊ.12:54,55)*
[f] *ലൂക്കൊ.12:56* [g] *(മത്താ.12:28; ലൂക്കൊ.19:44)*
4.[h] *മത്താ.12:39.* [i] *മത്താ.4:13;21:17*

16:1 ***പരീശന്മാരും സദൂക്യരും:*** പരീശർ എന്ന എബ്രായ പദത്തിനർഥം 'വേർതിരിക്കപ്പെട്ടവർ' 'വിശുദ്ധർ' എന്നൊക്കെ ആണ്. യെഹൂദാ ന്യായപ്രമാണം പഠിക്കുന്നതും പഠിപ്പിക്കുന്നതുമാണവരുടെ തൊഴിൽ. സദൂക്യർ സാദോക് പുരോഹിതവർഗത്തിൽപ്പെട്ട ധനാഢ്യരായിരുന്നു (2 ശമൂ. 20:25; 1 രാജാ. 1:39 - 45). ദൈവാലയത്തിൽ പോയി യാഗം കഴിക്കുന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം എന്നവർ പഠിപ്പിച്ചിരുന്നു.

പോയി. **6** എന്നാൽ യേശു അവ
രോടു: നോക്കുവിൻ; പരീശന്മാരു
ടെയും സദൂക്യരുടെയും പുളിച്ച
മാവു[j] സൂക്ഷിച്ചുകൊൾവിൻ[k] എ
ന്നു പറഞ്ഞു. **7** അപ്പം കൊണ്ടു
പോരായ്കയാൽ ആയിരിക്കും
എന്ന് അവർ തമ്മിൽ തമ്മിൽ പറ
ഞ്ഞു. **8** അത് അറിഞ്ഞിട്ടു[l] യേശു
പറഞ്ഞത്: അല്പവിശ്വാസികളേ,[m]
അപ്പം കൊണ്ടുവരായ്കയാൽ ത
മ്മിൽ തമ്മിൽ പറയുന്നത് എന്ത്?
**9** ഇപ്പോഴും നിങ്ങൾ തിരിച്ചറിയു
ന്നില്ലയോ?[n] അയ്യായിരം പേർക്ക്
അഞ്ച് അപ്പം കൊടുത്തിട്ട് എത്ര
കുട്ട എടുത്തു എന്നും[o] **10** നാലാ
യിരം പേർക്ക് ഏഴ് അപ്പം കൊടു
ത്തിട്ട് എത്ര വട്ടി എടുത്തു എന്നും[p]
ഓർക്കുന്നില്ലയോ? **11** പരീശന്മാ
രുടെയും സദൂക്യരുടെയും പുളിച്ച
മാവു സൂക്ഷിച്ചുകൊള്ളേണം എ
ന്നു പറഞ്ഞത്[k] അപ്പത്തെക്കുറിച്ച
ല്ല എന്നു തിരിച്ചറിയാത്തത് എന്ത്?
**12** അങ്ങനെ അപ്പത്തിന്റെ പുളിച്ച
മാവല്ല, പരീശന്മാരുടെയും സദൂ
ക്യരുടെയും ഉപദേശമത്രേ[q] സൂ
ക്ഷിച്ചുകൊൾവാൻ അവൻ പറഞ്ഞു
എന്ന് അവർ ഗ്രഹിച്ചു.[r]

**13** [s]യേശു ഫിലിപ്പിന്റെ കൈസര്യ
യുടെ പ്രദേശത്ത് എത്തിയശേഷം
തന്റെ ശിഷ്യന്മാരോട്: ജനങ്ങൾ
മനുഷ്യപുത്രനെ ആർ എന്നു പറ
യുന്നു എന്നു ചോദിച്ചു. **14** ചിലർ
യോഹന്നാൻസ്നാപകൻ[t] എന്നും
മറ്റു ചിലർ ഏലീയാ[u]വെന്നും
വേറേ ചിലർ യിരെമ്യാവോ പ്രവാ
ചകന്മാരിൽ ഒരുത്തനോ എന്നും
പറയുന്നു എന്ന് അവർ പറഞ്ഞു.
**15** നിങ്ങളോ എന്നെ ആർ എന്നു
പറയുന്നു എന്ന് അവൻ ചോദിച്ച
തിനു ശിമോൻ പത്രൊസ്: **16** നീ
ജീവനുള്ള ദൈവത്തിന്റെ[v] പുത്ര
നായ[w] ക്രിസ്തു[x] എന്ന് ഉത്തരം
പറഞ്ഞു.[y] **17** യേശു അവനോട്:
ബർയോനാ ശിമോനേ,[z] നീ ഭാഗ്യ
വാൻ;[a] ജഡരക്തങ്ങൾ അല്ല,[b] സ്വർ
ഗസ്ഥനായ എന്റെ പിതാവത്രേ[c]
നിനക്ക് ഇതു വെളിപ്പെടുത്തിയത്.[b]
**18** നീ പത്രൊസ് ആകുന്നു;[d] ഈ
പാറമേൽ ഞാൻ എന്റെ സഭയെ
പണിയും;[e] പാതാള[f]ഗോപുരങ്ങൾ[g]
അതിനെ ജയിക്കയില്ല എന്നു ഞാൻ
നിന്നോടു പറയുന്നു. **19** സ്വർഗ
രാജ്യത്തിന്റെ താക്കോൽ[h] ഞാൻ
നിനക്കു തരുന്നു; നീ ഭൂമിയിൽ
കെട്ടുന്നതൊക്കെയും സ്വർഗത്തിൽ
കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ
അഴിക്കുന്നതൊക്കെയും സ്വർഗ
ത്തിൽ അഴിഞ്ഞിരിക്കും[i] എന്ന് ഉ
ത്തരം പറഞ്ഞു. **20** പിന്നെ താൻ
ക്രിസ്തു ആകുന്നു എന്ന് ആരോ
ടും പറയാതിരിപ്പാൻ ശിഷ്യന്മാ
രോടു കല്പിച്ചു.[j]

**21** [k]അന്നുമുതൽ യേശു[l] താൻ
യെരൂശലേമിൽ ചെന്നിട്ട്,[m] മൂപ്പ
ന്മാർ, മഹാപുരോഹിതന്മാർ, ശാ
സ്ത്രിമാർ എന്നിവരാൽ പലതും
സഹിച്ചു കൊല്ലപ്പെടുകയും[n] മൂന്നാം
നാൾ ഉയിർത്തെഴുന്നേല്ക്കയും[o]
വേണ്ടത് എന്നു ശിഷ്യന്മാരോടു
പ്രസ്താവിച്ചു തുടങ്ങി. **22** പ
ത്രൊസ് അവനെ വേറിട്ടു കൊണ്ടു
പോയി: കർത്താവേ, അത് അരു
തേ; നിനക്ക് അങ്ങനെ ഭവിക്കരുതേ
എന്നു ശാസിച്ചു തുടങ്ങി. **23** അവ
നോ തിരിഞ്ഞു പത്രൊസിനോട്:
സാത്താനേ,[p] എന്നെ വിട്ടു പോ;

6.[j] *1കൊരി.5:6 - 8; ഗലാ.5:9* [k] *ലൂക്കൊ.12:1* 8.[l] *മത്താ.26:10* [m] *മത്താ.6:30* 9.[n] *മത്താ.15:16* [o] *മത്താ.14:17 - 21* 10.[p] *മത്താ.15:34 - 38* 11.[k] *(വാ. 6 കാ.)* 12.[q] *(മത്താ.5:20; 23:3)* [r] *മത്താ.17:13* 13.[s] *മത്താ.16:13 - 16 ക്കു. മർക്കൊ.8:27 - 29; ലൂക്കൊ.9:18 - 20കാ.* 14.[t] *മത്താ.14:2; മർക്കൊ.6:14; ലൂക്കൊ.9:7* [u] *മർക്കൊ.6:15; ലൂക്കൊ.9:8; (മത്താ.17:10; മർക്കൊ.9:11; യോഹ.1:21)* 16.[v] *ആവ.5:26; യോശു.3:10; സങ്കീ.42:2; യിരെ.10:10; ദാനീ.6:20; ഹോശേ.1:10; അപ്പൊ.പ്ര.14:15; 2കൊരി.3:3; 1തിമൊ.4:10; എബ്രാ.3:12* [w] *മത്താ.14:33* [x] *മത്താ.1:17*

[y] *യോഹ.11:27* 17.[z] *(യോഹ.1:42)* [a] *(മത്താ.13:16)* [b] *1കൊരി.15:50; ഗലാ.1:16; എഫെ.6:12; എബ്രാ.2:14* [c] *1കൊരി.2:10;12:3; (മത്താ.11:25; യോഹ.6:45)* 18.[d] *(മത്താ.10:2; യോഹ.1:42)* [e] *എഫെ.2:20; (വെളി.21:14)* [f] *മത്താ.11:23* [g] *ഇയ്യോ.38:17; യെശ.38:10* 19.[h] *(യെശ.22:20; വെളി.1:18;3:7)* [i] *(മത്താ.18:18; യോഹ. 20:23)* 20.[j] *മർക്കൊ.8:30; ലൂക്കൊ.9:21; (മത്താ.17:9); മത്താ.12:16* 21.[k] *മത്താ.16:21 - 28ക്കു. മർക്കൊ.8:31 - 9:1; ലൂക്കൊ.9:22 - 27കാ.(മത്താ.17:12,22,23;20:17 - 19)* [l] *മത്താ.1:18* [m] *മത്താ.20:18; (ലൂക്കൊ.13:33)* [n] *മത്താ.17:12,22,23; ലൂക്കൊ.24:7* [o] *മത്താ.27:63; യോഹ.2:19* 23.[p] *(മത്താ.4:10)*

16:21 ***യെരൂശലേം:*** യെഹൂദ്യയുടെ തലസ്ഥാനം ആയിരുന്നു യെരൂശലേം. യെഹൂദ്യരായ യിസ്രായേൽജനം പാർത്തിരുന്ന പ്രദേശമാണ് ഇത്. ദാവീദ് രാജാവിന്റെ കാലം മുതൽ യെരൂശലേമായിരുന്നു യെഹൂദാമതത്തിന്റെ കേന്ദ്രം. റോമാഭരണകാലത്ത് യെരൂശലേമിൽ ആരാധന നടത്തുന്നതിനു യെഹൂദന്മാരെ അവർ അനുവദിച്ചിരുന്നു. ശലോമോൻ യെരൂശലേം ദൈവാലയം പണിയിച്ചതിനുശേഷം രണ്ടു പ്രാവശ്യം പുനരുദ്ധരിക്കപ്പെട്ടു.

നീ എനിക്ക് ഇടർച്ചയാകുന്നു;[q]
നീ ദൈവത്തിന്റേതല്ല മനുഷ്യരു
ടേതത്രേ കരുതുന്നത്[r] എന്നു പറ
ഞ്ഞു. **24** പിന്നെ യേശു ശിഷ്യന്മാ
രോടു പറഞ്ഞത്: ഒരുത്തൻ എന്റെ
പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ
തന്നെത്താൻ ത്യജിച്ച്,[s] തന്റെ
ക്രൂശ് എടുത്ത് എന്നെ അനുഗ
മിക്കട്ടെ.[t] **25** ആരെങ്കിലും തന്റെ
ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ
അതിനെ കളയും; എന്റെ നിമിത്തം
ആരെങ്കിലും തന്റെ ജീവനെ കള
ഞ്ഞാൽ അതിനെ കണ്ടെത്തും.[t]
**26** ഒരു മനുഷ്യൻ സർവലോകവും
നേടീട്ടും തന്റെ ജീവനെ നഷ്ട
പ്പെടുത്തിയാൽ അവന് എന്തു പ്ര
യോജനം?[u] അല്ല, തന്റെ ജീവനെ
വീണ്ടുകൊൾവാൻ മനുഷ്യൻ
എന്തു മറുവില കൊടുക്കും?[v]
**27** മനുഷ്യപുത്രൻ തന്റെ പിതാ
വിന്റെ മഹത്ത്വത്തിൽ[w] തന്റെ ദൂത
ന്മാരുമായി[x] വരും;[w] അപ്പോൾ
അവൻ ഓരോരുത്തനും അവന
വന്റെ പ്രവൃത്തിക്കു തക്കവണ്ണം
പകരം നല്കും.[y] **28** മനുഷ്യപു
ത്രൻ തന്റെ രാജ്യത്തിൽ വരുന്നതു[z]
കാണുവോളം[a] മരണം ആസ്വദിക്കാ
ത്തവർ[b] ചിലർ ഈ നില്ക്കുന്ന
വരിൽ ഉണ്ട് എന്നു ഞാൻ സത്യ
മായിട്ടു നിങ്ങളോടു പറയുന്നു.

✵ ✵ ✵

*1. യേശുവിന്റെ രൂപാന്തരം 14. ചന്ദ്രരോഗിയെ സൗഖ്യമാക്കിയത് 22. തന്റെ മരണത്തെ പിന്നെയും അറിയിച്ചത് 24. ദ്വിദ്രഹ്മപണം കൊടുത്തത്.*

**17** [a]ആറു ദിവസം കഴിഞ്ഞ
ശേഷം യേശു പത്രൊസി
നെയും യാക്കോബിനെയും അവ
ന്റെ സഹോദരനായ യോഹന്നാ
നെയും കൂട്ടി[b] തനിച്ച് ഒരു ഉയർന്ന
മലയിലേക്കു കൊണ്ടുപോയി,
**2** അവരുടെ മുമ്പാകെ രൂപാന്തര
പ്പെട്ടു,[c] അവന്റെ മുഖം സൂര്യനെപ്പോ
ലെ ശോഭിച്ച്[d] അവന്റെ വസ്ത്രം
വെളിച്ചംപോലെ വെള്ളയായിത്തീർ
ന്നു.[e] **3** മോശെയും ഏലീയാവും

23.[q] *മത്താ.13:41*
[r] *റോമ.8:5; ഫിലി.3:19; കൊലൊ.3:2; (ഫിലി.2:5)*
24.[s] *(2തിമൊ.2:12,13)*
[t] *മത്താ.10:38,39*
25.[t] *(വാ.24കാ.)*
26.[u] *(ലൂക്കൊ.12:20)*
[v] *(സങ്കീ.39:7,8)*
27.[w] *മത്താ.24:30; 25:31;26:64; ദാനീ.7:10,13; സെഖ.14:5; യോഹ.1:51; അപ്പൊ.പ്ര.1:11; 1തെസ്സ.1:10;4:16; യൂദാ.15; വെളി.1:7; (ആവ.33:2)*
[x] *മത്താ.13:41*
[y] *റോമ.2:6;14:12; 2കൊരി.5:10; എബ്രാ.9:27; 1പത്രൊ.1:17; വെളി.2:23; 20:12;22:12; അപ്പൊ.പ്ര.10:42; 1കൊരി.3:8*
28.[z] *ലൂക്കൊ.23:42*
[a] *(മത്താ.10:23; 23:36;24:34)*
[b] *യോഹ.8:52; എബ്രാ. 2:9*

**അധ്യായം 17**

1.[a] *മത്താ.17:1-8ക്കു. മർക്കൊ. 9:2-8; ലൂക്കൊ.9:28-36കാ.*
[b] *മത്താ.26:37; മർക്കൊ.5:37*
2.[c] *(2കൊരി.3:18)*
[d] *വെളി.1:16;10:1*
[e] *ദാനീ.7:9; (മത്താ.28:3; സങ്കീ.104:2)*
4.[f] *(നെഹെ.8:15)*
5.[g] *2പത്രൊ.1:17; (പുറ.24:15,16)*
[h] *മത്താ.3:17*

അവനോടു സംഭാഷിക്കുന്നതായി
അവർ കണ്ടു. **4** അപ്പോൾ പത്രൊ
സ് യേശുവിനോട്: കർത്താവേ,
നാം ഇവിടെ ഇരിക്കുന്നതു നന്ന്;
നിനക്കു സമ്മതമെങ്കിൽ ഞാൻ
ഇവിടെ മൂന്നു കുടിൽ[f] ഉണ്ടാക്കാം,
ഒന്ന് നിനക്കും ഒന്നു മോശെക്കും
ഒന്ന് ഏലീയാവിനും എന്നു പറ
ഞ്ഞു. **5** അവൻ പറയുമ്പോൾ
തന്നെ പ്രകാശമുള്ളോരു മേഘം
അവരുടെമേൽ നിഴലിട്ടു;[g] മേഘ
ത്തിൽനിന്ന്:[g] ഇവൻ എന്റെ പ്രിയ
പുത്രൻ, ഇവങ്കൽ ഞാൻ പ്രസാദി
ക്കുന്നു;[h] ഇവനു ചെവികൊടുപ്പിൻ[i]
എന്ന് ഒരു ശബ്ദവും[g] ഉണ്ടായി.
**6** ശിഷ്യന്മാർ അതു കേട്ടിട്ട്[j] ഏറ്റ
വും ഭയപ്പെട്ടു[k] കവിണ്ണുവീണു.
**7** യേശു അടുത്തു ചെന്ന് അവരെ
തൊട്ടു:[l] എഴുന്നേല്പിൻ, ഭയപ്പെ
ടേണ്ടാ[m] എന്നു പറഞ്ഞു. **8** അ
വർ തല പൊക്കിയാറെ യേശു
വിനെ മാത്രമല്ലാതെ ആരെയും
കണ്ടില്ല.

**9** [n]അവർ മലയിൽനിന്ന് ഇറ
ങ്ങുമ്പോൾ യേശു അവരോട്:
മനുഷ്യപുത്രൻ മരിച്ചവരുടെ ഇട
യിൽനിന്ന് ഉയിർത്തെഴുന്നേല്ക്കും
വരെ ഈ ദർശനം ആരോടും പറ
യരുത്[o] എന്നു കല്പിച്ചു. **10** ശി
ഷ്യന്മാർ അവനോട്: എന്നാൽ ഏലീ
യാവു മുമ്പേ വരേണ്ടത് എന്നു[p]
ശാസ്ത്രിമാർ പറയുന്നത് എന്ത്
എന്നു ചോദിച്ചു. **11** അതിന് അ
വൻ: ഏലീയാവ് വന്നു സകലവും
യഥാസ്ഥാനത്താക്കും[q] സത്യം.
**12** എന്നാൽ ഏലീയാവ് വന്നു
കഴിഞ്ഞു എന്നു ഞാൻ നിങ്ങളോടു
പറയുന്നു; എങ്കിലും അവർ അവ
നെ അറിഞ്ഞുകൊള്ളാതെ തങ്ങൾ
ക്കു തോന്നിയത് എല്ലാം അവനോ
ടു ചെയ്തു.[r] അവ്വണ്ണം മനുഷ്യ

[i] *അപ്പൊ.പ്ര.3:22* 6.[j] *2പത്രൊ.1:18* [k] *(ഉൽപ.17:3; യെഹെ.1:28; വെളി.1:17)* 7.[l] *ദാനീ.8:18;9:21; 10:10,18* [m] *മത്താ.14:27* 9.[n] *മത്താ.17:9-13ക്കു. മർക്കൊ. 9:9-13കാ.* [o] *മത്താ.8:4;12:16* 10.[p] *മത്താ.11:14* 11.[q] *മലാ.4:6;ലൂക്കൊ.1:16,17; (അപ്പൊ.പ്ര.1:6;3:21)* 12.[r] *മത്താ.14:3,10*

പുത്രനും അവരാൽ കഷ്ടപ്പെടു
വാനുണ്ട്[s] എന്ന് ഉത്തരം പറഞ്ഞു.
**13** അവൻ യോഹന്നാൻ സ്നാപ
കനെക്കുറിച്ചു തങ്ങളോടു പറഞ്ഞു
എന്നു ശിഷ്യന്മാർ ഗ്രഹിച്ചു.[t]
**14** [u]അവർ പുരുഷാരത്തിന്റെ
അടുക്കൽ വന്നാറെ ഒരു മനുഷ്യൻ
വന്ന് അവന്റെ മുമ്പാകെ മുട്ടുകു
ത്തി: **15** കർത്താവേ, എന്റെ മക
നോടു കരുണയുണ്ടാകേണമേ;
അവൻ ചന്ദ്രരോഗം[v] പിടിച്ചു പല
പ്പോഴും തീയിലും പലപ്പോഴും വെ
ള്ളത്തിലും വീണു വല്ലാത്ത കഷ്ട
ത്തിലായിപ്പോകുന്നു. **16** ഞാൻ
അവനെ നിന്റെ ശിഷ്യന്മാരുടെ
അടുക്കൽ കൊണ്ടുവന്നു; എ
ന്നാൽ സൗഖ്യം വരുത്തുവാൻ
അവർക്കു കഴിഞ്ഞില്ല[w] എന്നു പറ
ഞ്ഞു. **17** അതിനു യേശു: അവി
ശ്വാസവും[x] കോട്ടവുമുള്ള[x] തല
മുറയേ, എത്രത്തോളം ഞാൻ നി
ങ്ങളോടുകൂടെ ഇരിക്കും?[y] എത്ര
ത്തോളം നിങ്ങളെ സഹിക്കും?
അവനെ എന്റെ അടുക്കൽ കൊ
ണ്ടുവരുവിൻ എന്ന് ഉത്തരം പറ
ഞ്ഞു. **18** യേശു ഭൂതത്തെ ശാസി
ച്ചു,[z] അത് അവനെ വിട്ടുപോയി,
ബാലന് ആ നാഴികമുതൽ സൗഖ്യം
വന്നു.[a] **19** പിന്നെ ശിഷ്യന്മാർ
സ്വകാര്യമായി യേശുവിന്റെ അടു
ക്കൽ വന്ന്: ഞങ്ങൾക്ക് അതിനെ
പുറത്താക്കിക്കൂടാഞ്ഞത് എന്ത്
എന്നു ചോദിച്ചു. **20** അവൻ അവ
രോട്: നിങ്ങളുടെ അല്പവിശ്വാ
സം നിമിത്തമത്രേ;[b] **21** നിങ്ങൾക്കു
കടുകുമണിയോളം വിശ്വാസമുണ്ടെ
ങ്കിൽ[c] ഈ മലയോട്: ഇവിടെനിന്ന്
അങ്ങോട്ടു നീങ്ങുക എന്നു പറ
ഞ്ഞാൽ അതു നീങ്ങും;[d] നിങ്ങൾ
ക്ക് ഒന്നും അസാധ്യമാകയുമില്ല.[e]
[എങ്കിലും പ്രാർഥനയാലും ഉപവാ
സത്താലുമല്ലാതെ ഈ ജാതി
നീങ്ങിപ്പോകുന്നില്ല] എന്നു ഞാൻ
സത്യമായിട്ടു നിങ്ങളോടു പറയു
ന്നു[f] എന്നു പറഞ്ഞു.

**22** [g]അവർ ഗലീലയിൽ സഞ്ച
രിക്കുമ്പോൾ യേശു അവരോട്:
മനുഷ്യപുത്രൻ മനുഷ്യരുടെ കൈ
യിൽ ഏല്പിക്കപ്പെടുവാറായിരിക്കു
ന്നു. **23** അവർ അവനെ കൊല്ലുക
യും മൂന്നാം നാൾ അവൻ ഉയിർത്തെ
ഴുന്നേല്ക്കയും ചെയ്യും[h] എന്നു പറ
ഞ്ഞു; അവരോ ഏറ്റവും ദുഃഖിച്ചു.
**24** അവർ കഫർന്നഹൂമിൽ എ
ത്തിയാറെ[i] ദ്വിദ്രഹ്മപ്പണം[j] വാങ്ങു
ന്നവർ പത്രൊസിന്റെ അടുക്കൽ
വന്നു: നിങ്ങളുടെ ഗുരു ദ്വിദ്രഹ്മപ്പ
ണം കൊടുക്കുന്നില്ലയോ എന്നു
ചോദിച്ചതിന്: ഉവ്വ് എന്ന് അവൻ
പറഞ്ഞു. **25** അവൻ വീട്ടിൽ വന്ന
പ്പോൾ യേശു അവനോട്: ശിമോനേ,
നിനക്ക് എന്തു തോന്നുന്നു?[k] ഭൂമി
യിലെ രാജാക്കന്മാർ ചുങ്കമോ[l]
കരമോ[l] ആരോടു വാങ്ങുന്നു? പുത്ര
ന്മാരോടോ അന്യരോടോ എന്നു
മുന്നിട്ടു ചോദിച്ചതിന്: അന്യരോട്
എന്ന് അവൻ പറഞ്ഞു. **26** യേശു
അവനോട്: എന്നാൽ പുത്രന്മാർ
ഒഴിവുള്ളവരല്ലോ. **27** എങ്കിലും
നാം അവർക്ക് ഇടർച്ച വരുത്താ
തിരിക്കേണ്ടതിനു[m] നീ കടലിലേ
ക്കു ചെന്നു ചൂണ്ടൽ ഇട്ട് ആദ്യം
കിട്ടുന്ന മീനിനെ എടുക്ക; അതി
ന്റെ വായ് തുറക്കുമ്പോൾ ഒരു
ചതുർദ്രഹ്മപ്പണം കാണും; അത്
എടുത്ത് എനിക്കും നിനക്കുംവേ
ണ്ടി കൊടുക്ക എന്നു പറഞ്ഞു.

✵ ✵ ✵

*1. വിനയത്തോടെ ഇരിക്കണമെന്ന് യേശു ഉപദേശിച്ചത് 7. ഇടർച്ചകളെക്കുറിച്ച് 12. ഉഴന്നുപോയ ആടിന്റെ ഉപമ 15. തമ്മിൽ തമ്മിൽ ക്ഷമിക്കണമെന്നുള്ളത് 21. ക്ഷമ, കടക്കാരുടെ ഉപമ.*

# 18

[a]ആ നാഴികയിൽ ശിഷ്യന്മാർ
യേശുവിന്റെ അടുക്കെ വന്നു.
സ്വർഗരാജ്യത്തിൽ ഏറ്റവും വലി
യവൻ ആർ എന്നു ചോദിച്ചു.

*18:1 - 5ക്കു. മർക്കൊ.9:33 - 37; ലൂക്കൊ.9:46 - 48 കാ. (മത്താ.20:20 - 28)*

12.[s] *മത്താ.16:21.*
13.[t] *മത്താ.16:12.*
14.[u] *മത്താ.17:14 - 19 ക്കു. മർക്കൊ.9:14 - 28; ലൂക്കൊ.9:37 - 42 കാ.*
15.[v] *മത്താ.4:24*
16.[w] *മത്താ.10:1; മർക്കൊ.6:7; ലൂക്കൊ.10:17*
17.[x] *ഫിലി.2:14; (യോഹ.20:27)*
[y] *(യോഹ.14:9)*
18.[z] *മത്താ.8:26; സെഖ.3:2; മർക്കൊ.1:25; ലൂക്കൊ.4:35,39; യൂദാ.9*
[a] *മത്താ.9:22*
20.[b] *(യോഹ.11:40) മത്താ.6:30*
21.[c] *ലൂക്കൊ.17:6; (മത്താ.13:31)*
[d] *മത്താ.17:9; (1കൊരി.13:2)*
[e] *മർക്കൊ.9:23*
[f] *മത്താ.21:21,22; മർക്കൊ.11:24*

22.[g] *മത്താ.17:22,23 ക്കു. മർക്കൊ.9:30 - 32; ലൂക്കൊ.9:43 - 45 കാ. (മത്താ.16:21 - 28; 20:17 - 19)*
23.[h] *മർക്കൊ.8:31*
24.[i] *മർക്കൊ.9:33*
[j] *പുറ.30:13;38:26*
25.[k] *മത്താ.18:12; 21:28*
[l] *മത്താ.22:17,19; മർക്കൊ.12:14; റോമ.13:7*
27.[m] *മത്താ.5:29*

**അധ്യായം 18**

1.[a] *മത്താ.17:24;*

17:24 ***ദ്വിദ്രഹ്മപ്പണം:*** രണ്ട് ദ്രഹ്മ (അന്നത്തെ നാണയം), അര ശേക്കെൽ. ഇത് ഒരു കൂലിക്കാരന്റെ രണ്ടു ദിവസത്തെ കൂലിയാണ്. മോശെയുടെ നിയമപ്രകാരം ഓരോ യെഹൂദനും ദൈവാലയത്തിലേക്ക് അടയ്ക്കേണ്ടിയിരുന്ന വിഹിതമായിരുന്നു ഈ തുക

**2** അവൻ ഒരു ശിശുവിനെ അടു
ക്കെ വിളിച്ച് അവരുടെ നടുവിൽ
നിറുത്തി: **3** നിങ്ങൾ തിരിഞ്ഞു[b]
ശിശുക്കളെപ്പോലെ ആയിവരുന്നില്ല
എങ്കിൽ[c] സ്വർഗരാജ്യത്തിൽ കട
ക്കയില്ല[d] എന്നു ഞാൻ സത്യമായി
ട്ടു നിങ്ങളോടു പറയുന്നു എന്നു
പറഞ്ഞു. **4** ആകയാൽ ഈ ശിശു
വിനെപ്പോലെ തന്നെത്താൻ താഴ്
ത്തുന്നവൻ[e] സ്വർഗരാജ്യത്തിൽ
ഏറ്റവും വലിയവൻ ആകുന്നു.[d]
**5** ഇങ്ങനെയുള്ള ശിശുവിനെ എന്റെ
നാമത്തിൽ കൈക്കൊള്ളുന്നവൻ
എന്നെ കൈക്കൊള്ളുന്നു.[f] **6** എ
ന്നിൽ വിശ്വസിക്കുന്ന ഈ ചെറി
യവരിൽ ഒരുത്തന് ആരെങ്കിലും
ഇടർച്ച വരുത്തിയാലോ അവന്റെ
കഴുത്തിൽ വലിയോരു തിരികല്ലു
കെട്ടി അവനെ സമുദ്രത്തിന്റെ ആഴ
ത്തിൽ താഴ്ത്തിക്കളയുന്നത് അവ
നു നന്ന്.[g] **7** ഇടർച്ച ഹേതുവായി[h]
ലോകത്തിന് അയ്യോ കഷ്ടം;
ഇടർച്ച വരുന്നത് ആവശ്യം തന്നെ;[i]
എങ്കിലും ഇടർച്ച വരുത്തുന്ന മനു
ഷ്യന് അയ്യോ കഷ്ടം.[j] **8** നിന്റെ
കൈയോ കാലോ നിനക്ക് ഇടർച്ച
ആയാൽ അതിനെ വെട്ടി എറിഞ്ഞു
കളക; രണ്ടു കൈയും രണ്ടു കാലും
ഉള്ളവനായി നിത്യാഗ്നിയിൽ[k] വീഴു
ന്നതിനെക്കാൾ അംഗഹീനനായി
ട്ടോ മുടന്തനായിട്ടോ ജീവനിൽ കട
ക്കുന്നതു നിനക്കു നന്ന്.[l] **9** നിന്റെ
കണ്ണ് നിനക്ക് ഇടർച്ച ആയാൽ
അതിനെ ചൂന്നെടുത്ത് എറിഞ്ഞു
കളക; രണ്ടു കണ്ണുള്ളവനായി അ
ഗ്നിനരകത്തിൽ[k] വീഴുന്നതിനെ
ക്കാൾ ഒറ്റക്കണ്ണനായി ജീവനിൽ കട
ക്കുന്നതു നിനക്കു നന്ന്.[l] **10** ഈ
ചെറിയവരിൽ ഒരുത്തനെ[m] തുച്ഛീ
കരിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾ
വിൻ. **11** സ്വർഗത്തിൽ അവരുടെ
ദൂതന്മാർ[n] സ്വർഗസ്ഥനായ എന്റെ
പിതാവിന്റെ മുഖം എപ്പോഴും കാ
ണുന്നു[o] എന്നു ഞാൻ നിങ്ങളോടു
പറയുന്നു. **12** [p]നിങ്ങൾക്ക് എന്തു
തോന്നുന്നു?[q] ഒരു മനുഷ്യന് നൂറ്
ആട് ഉണ്ട് എന്നിരിക്കട്ടെ; അവയിൽ
ഒന്ന് തെറ്റി ഉഴന്നുപോയാൽ
തൊണ്ണൂറ്റൊമ്പതിനെയും വിട്ടേച്ചു
തെറ്റിപ്പോയതിനെ മലകളിൽ ചെ
ന്നു തിരയുന്നില്ലയോ? **13** അതിനെ
കണ്ടെത്തിയാൽ തെറ്റിപ്പോകാത്ത
തൊണ്ണൂറ്റൊമ്പതിലും അധികം
അതിനെക്കുറിച്ചു സന്തോഷിക്കും
എന്നു ഞാൻ സത്യമായിട്ടു നിങ്ങ
ളോടു പറയുന്നു. **14** അങ്ങനെ
തന്നെ ഈ ചെറിയവരിൽ ഒരുത്തൻ
നശിച്ചുപോകുന്നതു സ്വർഗസ്ഥ
നായ നിങ്ങളുടെ പിതാവിന്
ഇഷ്ടമല്ല.[r]

**15** നിന്റെ സഹോദരൻ നിന്നോ
ടു പിഴച്ചാൽ[s] നീ ചെന്നു നീയും
അവനും മാത്രം ഉള്ളപ്പോൾ കുറ്റം
അവനു ബോധം വരുത്തുക;[t]
അവൻ നിന്റെ വാക്കു കേട്ടാൽ നീ
സഹോദരനെ നേടി.[u] **16** കേൾ
ക്കാഞ്ഞാലോ രണ്ടു മൂന്നു സാക്ഷി
കളുടെ വായാൽ സകല കാര്യവും
ഉറപ്പാകേണ്ടതിന്[v] ഒന്നു രണ്ടു
പേരെ കൂട്ടിക്കൊണ്ടു ചെല്ലുക.
**17** അവരെ കൂട്ടാക്കാഞ്ഞാൽ സഭ
യോട് അറിയിക്ക;[w] സഭയെയും
കൂട്ടാക്കാഞ്ഞാൽ അവൻ നിനക്കു
പുറജാതിക്കാരനും[x] ചുങ്കക്കാ
രനും[x] എന്നപോലെ ഇരിക്കട്ടെ.[y]
**18** നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെ
ല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരി
ക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കു
ന്നതെല്ലാം സ്വർഗത്തിലും അഴി
ഞ്ഞിരിക്കും[z] എന്നു ഞാൻ സത്യ
മായിട്ടു നിങ്ങളോടു പറയുന്നു.
**19** ഭൂമിയിൽവച്ചു നിങ്ങളിൽ രണ്ടു
പേർ യാചിക്കുന്ന ഏതു കാര്യത്തി
ലും ഐകമത്യപ്പെട്ടാൽ[a] അതു
സ്വർഗസ്ഥനായ എന്റെ പിതാവി
ങ്കൽനിന്ന് അവർക്കു ലഭിക്കും;[b]
**20** രണ്ടോ മൂന്നോ പേർ എന്റെ നാമ
ത്തിൽ കൂടിവരുന്നേടത്തൊക്കെ
യും[c] ഞാൻ അവരുടെ നടുവിൽ

3.[b] *ലൂക്കൊ.22:32*
[c] *മത്താ.19:14; മർക്കൊ.10:15; ലൂക്കൊ.18:17; (സങ്കീ.131:2; 1കൊരി.14:20; 1പത്രൊ.2:2)*
[d] *(മത്താ.5:19,20)*
4.[e] *മത്താ.20:27; 23:11,12*
[d] *(വാ. 3 കാ.)*
5.[f] *(മത്താ.10:40,42)*
6.[g] *മർക്കൊ.9:42; ലൂക്കൊ.17:2; (1കൊരി.8:12)*
7.[h] *മത്താ.13:41*
[i] *ലൂക്കൊ.17:1; 1കൊരി.11:19*
[j] *മത്താ.26:24*
8.[k] *മത്താ.25:41*
[l] *മത്താ.5:29,30; മർക്കൊ.9:43 - 48*
9.[k] *(വാ.8കാ.)*
[l] *(വാ.8കാ.)*
10.[m] *(മത്താ.6:29; 25:40,45; ലൂക്കൊ.15:7,10)*
11.[n] *അപ്പൊ.പ്ര.12:15; (സങ്കീ.34:7;91:11; എബ്രാ.1:14)*
[o] *ലൂക്കൊ.1:19; വെളി.8:2; (എസ്ഥേ.1:13)*
12.[p] *മത്താ.18:12 - 14 ക്കു. (ലൂക്കൊ.15:4 - 7)*
[q] *മത്താ.17:25;21:28*
14.[r] *യോഹ.6:39; 10:28; (യോഹ.17:12)*
15.[s] *ലൂക്കൊ.17:3*
[t] *2തെസ്സ.3:15; (തീത്തൊ.3:10; യാക്കോ.5:19); ലേവ്യാ.19:17*
[u] *1കൊരി.9:19 - 22; 1പത്രൊ.3:1,2*
16.[v] *ആവ.19:15; 2കൊരി.13:1; (സംഖ്യാ.35:30; യോഹ.8:17; 1തിമൊ.5:19; എബ്രാ.10:28)*
17.[w] *(1കൊരി.5:4,5; 6:1 - 6)* [x] *മത്താ.5:46,47* [y] *(റോമ.16:17; 1കൊരി.5:9 - 13; 2തെസ്സ.3:6,14;2യോഹ.10)*
18.[z] *(മത്താ.16:19; യോഹ.20:23)*
19. [a] *(അപ്പൊ.പ്ര.12:5,12;ഫിലേ.22)* [b] *മത്താ.7:7*
20. [c] *(അപ്പൊ.പ്ര.4:30,31; 1കൊരി. 5:4)*

ഉണ്ട്[d] എന്നും ഞാൻ നിങ്ങളോടു
പറയുന്നു.
21 അപ്പോൾ പത്രൊസ് അവന്റെ
അടുക്കൽ വന്ന്: കർത്താവേ,
സഹോദരൻ എത്ര വട്ടം എന്നോട്
പിഴച്ചാൽ ഞാൻ ക്ഷമിക്കേണം?[e]
ഏഴു വട്ടം മതിയോ[f] എന്നു ചോ
ദിച്ചു. 22 യേശു അവനോട്: ഏഴു
വട്ടമല്ല, ഏഴ് എഴുപതു വട്ടം[g] എ
ന്നു ഞാൻ നിന്നോടു പറയുന്നു
എന്നു പറഞ്ഞു. 23 സ്വർഗരാജ്യം
തന്റെ ദാസന്മാരുമായി കണക്കു
തീർപ്പാൻ ഭാവിക്കുന്ന[h] ഒരു രാജാ
വിനോടു സദൃശം. 24 അവൻ ക
ണക്കു നോക്കിത്തുടങ്ങിയപ്പോൾ
പതിനായിരം[i] താലന്ത്[j] കടമ്പെട്ട
ഒരുത്തനെ അവന്റെ അടുക്കൽ
കൊണ്ടുവന്നു. 25 അവനു വീട്ടു
വാൻ വകയില്ലായ്കയാൽ[k] അവ
ന്റെ യജമാനൻ അവനെയും[l] ഭാ
ര്യയെയും മക്കളെയും[m] അവനുള്ള
തൊക്കെയും വിറ്റു കടം തീർപ്പാൻ
കല്പിച്ചു. 26 അതുകൊണ്ട് ആ
ദാസൻ വീണ് അവനെ നമസ്ക
രിച്ചു:[n] യജമാനനേ എന്നോടു ക്ഷമ
തോന്നേണമേ; ഞാൻ സകലവും
തന്നു തീർക്കാം എന്നു പറഞ്ഞു.
27 അപ്പോൾ ആ ദാസന്റെ യജമാ
നൻ മനസ്സലിഞ്ഞ് അവനെ വിട്ട
യച്ചു കടവും ഇളച്ചുകൊടുത്തു.[k]
28 ആ ദാസൻ പോകുമ്പോൾ
തനിക്കു നൂറു വെള്ളിക്കാശു[o] കട
മ്പെട്ട ഒരു കൂട്ടുദാസനെ കണ്ടു
തൊണ്ടയ്ക്കു പിടിച്ചു ഞെക്കി:
നിന്റെ കടം തീർക്കുക എന്നു പറ
ഞ്ഞു. 29 അവന്റെ കൂട്ടുദാസൻ:
എന്നോടു ക്ഷമ തോന്നേണമേ;
ഞാൻ തന്നു തീർക്കാം എന്ന് അവ
നോട് അപേക്ഷിച്ചു. 30 എന്നാൽ
അവൻ മനസ്സില്ലാതെ ഉടനെ ചെ
ന്നു കടംവീട്ടുവോളം അവനെ തട
വിൽ ആക്കിച്ചു. 31 ഈ സംഭവി
ച്ചത് അവന്റെ കൂട്ടുദാസന്മാർ
കണ്ടിട്ടു വളരെ ദുഃഖിച്ചു, ചെന്നു
സംഭവിച്ചത് ഒക്കെയും യജമാന
നെ ബോധിപ്പിച്ചു. 32 യജമാനൻ
അവനെ വിളിച്ചു: ദുഷ്ടദാസനേ,
നീ എന്നോട് അപേക്ഷിക്കയാൽ
ഞാൻ ആ കടം ഒക്കെയും ഇളച്ചു
തന്നുവല്ലോ. 33 എനിക്കു നിന്നോ
ടു കരുണ തോന്നിയതുപോലെ
നിനക്കും കൂട്ടുദാസനോടു കരു
ണ തോന്നേണ്ടതല്ലയോ[p] എന്നു
പറഞ്ഞു. 34 അങ്ങനെ യജമാനൻ
കോപിച്ച്,[q] അവൻ കടമൊക്കെ
യും തീർക്കുവോളം[r] അവനെ
ദണ്ഡിപ്പിക്കുന്നവരുടെ കൈയിൽ
ഏല്പിച്ചു.[r] 35 നിങ്ങൾ ഓരോരു
ത്തൻ സഹോദരനോടു ഹൃദയ
പൂർവം[s] ക്ഷമിക്കാഞ്ഞാൽ സ്വർ
ഗസ്ഥനായ എന്റെ പിതാവ് അങ്ങ
നെതന്നെ നിങ്ങളോടും ചെയ്യും.[t]

❋ ❋ ❋

*1. യേശു രോഗികളെ സൗഖ്യമാക്കിയത് 3. വിവാഹഭംഗത്തെ സംബന്ധിച്ച് പരീശന്മാരോട് ഉത്തരം പറഞ്ഞത് 13. ശിശുക്കളെ അനുഗ്രഹിച്ചത് 16. ധനവാനായ ബാല്യക്കാരൻ.*

**19** ഈ വചനങ്ങളെ പറഞ്ഞു
തീർന്നിട്ടു [a]യേശു ഗലീല[b]
വിട്ടു, 2 യോർദ്ദാനക്കരെ യെഹൂ
ദ്യദേശത്തിന്റെ അതിരോളം[c] ചെ
ന്നു, വളരെ പുരുഷാരം[d] അവനെ
പിൻചെന്നു: അവൻ അവിടെവച്ച്
അവരെ സൗഖ്യമാക്കി.
3 പരീശന്മാർ അവന്റെ അടുക്കൽ
വന്ന്: ഏതു കാരണം ചൊല്ലിയും
ഭാര്യയെ ഉപേക്ഷിക്കുന്നതു വിഹി
തമോ[e] എന്ന് അവനെ പരീക്ഷിച്ചു[f]
ചോദിച്ചു. 4 അതിന് അവൻ:
സൃഷ്ടിച്ചവൻ ആദിയിൽ അവരെ
ആണും പെണ്ണുമായി സൃഷ്ടിച്ചു
എന്നും, 5 [g]അതു നിമിത്തം മനു
ഷ്യൻ അപ്പനെയും അമ്മയെയും
വിട്ടു ഭാര്യയോടു പറ്റിച്ചേരും; ഇരു
വരും ഒരു ദേഹമായിത്തീരും[h]
എന്ന് അരുളിച്ചെയ്തു എന്നും നി
ങ്ങൾ വായിച്ചിട്ടില്ലയോ?[i] 6 അതു
കൊണ്ട് അവർ മേലാൽ രണ്ടല്ല,
ഒരു ദേഹമത്രേ; ആകയാൽ ദൈ
വം യോജിപ്പിച്ചതിനെ മനുഷ്യൻ
വേർപിരിക്കരുത്[j] എന്ന് ഉത്തരം
പറഞ്ഞു. 7 അവർ അവനോട്:

20.[d] (മത്താ.28:20; യോഹ.12:26; 20:19,26)
21.[e] മത്താ.18:15
[f] ലൂക്കൊ.17:3,4; (കൊലൊ.3:13)
22.[g] ഉല്പ.4:24.
23.[h] മത്താ.25:19
24.[i] എസ്ഥേ.3:9
[j] മത്താ.25:15.
25.[k] (ലൂക്കൊ.7:42)
[l] പുറ.21:2; ലേവ്യാ.25:39
[m] 2രാജാ.4:1; നെഹെ. 5:5
26.[n] അപ്പൊ.പ്ര.10:25; മത്താ.8:2
27.[k] (വാ.25 കാ.)
28.[o] മത്താ.20:2; 22:19; മർക്കൊ.6:37;14:5; ലൂക്കൊ.7:41;10:35; യോഹ.6:7; വെളി.6:6
33.[p] (മത്താ.6:12; എഫെ.4:32; കൊലൊ.3:11; 1യോഹ.4:11)
34.[q] യാക്കോ.2:13
[r] മത്താ.18:30; (മത്താ.5:25,26)
35.[s] 1പത്രൊ.1:22; (റോമ.6:17)
[t] മത്താ.6:15; (സദൃ.21:13)

**അധ്യായം 19**

1.[a] മത്താ.19:1-9കു. മർക്കൊ.10:1-12കാ.
[b] മത്താ.17:24
2.[c] ലൂക്കൊ.9:51; 17:11; യോഹ.10:40; (മത്താ.4:25)
[d] മത്താ.12:15
3.[e] മത്താ.5:31
[f] (യോഹ.8:6)
5.[g] എഫെ.5:31; **ഉല്പ. 2:24**
[h] 1കൊരി.6:16; (മലാ.2:15)
[i] ഉല്പ.1:27;2:18, 21-23;5:2; (മത്താ.21:16) 6.[j] 1കൊരി.7:11

എന്നാൽ ഉപേക്ഷണപത്രം കൊ
ടുത്തിട്ട് അവളെ ഉപേക്ഷിപ്പാൻ
മോശെ കല്പിച്ചത് എന്ത് എന്നു
ചോദിച്ചു.[k] 8 അവൻ അവരോട്:
നിങ്ങളുടെ ഹൃദയകാഠിന്യം നിമി
ത്തമത്രേ ഭാര്യമാരെ ഉപേക്ഷി
പ്പാൻ മോശെ അനുവദിച്ചത്;[l]
ആദിയിൽ അങ്ങനെയല്ലായിരുന്നു.
9 ഞാനോ നിങ്ങളോടു പറയുന്നത്:
പരസംഗം നിമിത്തമല്ലാതെ ഭാര്യ
യെ ഉപേക്ഷിച്ചു മറ്റൊരുത്തിയെ
വിവാഹം കഴിക്കുന്നവൻ വ്യഭിചാ
രം ചെയ്യുന്നു; ഉപേക്ഷിക്കപ്പെട്ട
വളെ വിവാഹം കഴിക്കുന്നവനും
വ്യഭിചാരം ചെയ്യുന്നു.[m] 10 ശിഷ്യ
ന്മാർ അവനോട്: സ്ത്രീയെ സം
ബന്ധിച്ചു മനുഷ്യന്റെ അവസ്ഥ
ഇങ്ങനെ എങ്കിൽ വിവാഹം കഴി
ക്കുന്നതു നന്നല്ല എന്നു പറഞ്ഞു.
11 അവൻ അവരോട്: വരം[n] ലഭി
ച്ചവർ[o] അല്ലാതെ എല്ലാവരും ഈ
വചനം ഗ്രഹിക്കുന്നില്ല.[p] 12 അമ്മ
യുടെ ഗർഭത്തിൽനിന്നു ഷണ്ഡന്മാ
രായി ജനിച്ചവർ ഉണ്ട്; മനുഷ്യർ
ഷണ്ഡന്മാരാക്കിയ ഷണ്ഡന്മാരും
ഉണ്ട്; സ്വർഗരാജ്യം നിമിത്തം ത
ങ്ങളെത്തന്നെ ഷണ്ഡന്മാരാക്കിയ[q]
ഷണ്ഡന്മാരും ഉണ്ട്; ഗ്രഹിപ്പാൻ
കഴിയുന്നവൻ ഗ്രഹിക്കട്ടെ എന്നു
പറഞ്ഞു.

13 [r]അവൻ കൈ വച്ചു പ്രാർഥി
ക്കേണ്ടതിനു ചിലർ ശിശുക്കളെ
അവന്റെ അടുക്കൽ കൊണ്ടുവന്നു;
ശിഷ്യന്മാർ അവരെ വിലക്കി.[s]
14 യേശുവോ: ശിശുക്കളെ എന്റെ
അടുക്കൽ വരുവാൻ വിടുവിൻ;[t]
അവരെ തടുക്കരുത്;[u] സ്വർഗരാജ്യം
ഇങ്ങനെയുള്ളവരുടേതല്ലോ എന്നു
പറഞ്ഞു. 15 അങ്ങനെ അവൻ
അവരുടെമേൽ കൈവച്ചു; പിന്നെ
അവിടെനിന്നു യാത്രയായി.

16 [v]അനന്തരം ഒരുത്തൻ വന്ന്
അവനോടു: ഗുരോ, നിത്യജീവനെ[w]
പ്രാപിപ്പാൻ[x] ഞാൻ എന്തു നന്മ
ചെയ്യേണം എന്നു ചോദിച്ചതിന്
അവൻ: 17 എന്നോടു നന്മയെ
ക്കുറിച്ചു ചോദിക്കുന്നത് എന്ത്?
നല്ലവൻ ഒരുത്തനേ ഉള്ളൂ. ജീവ
നിൽ കടപ്പാൻ ഇച്ഛിക്കുന്നു എങ്കിൽ
കല്പനകളെ പ്രമാണിക്ക[y] എന്ന്
അവനോടു പറഞ്ഞു. 18 ഏവ എ
ന്ന് അവൻ ചോദിച്ചതിന് യേശു:
[z]കൊല ചെയ്യരുത്, വ്യഭിചാരം
ചെയ്യരുത്, മോഷ്ടിക്കരുത്, കള്ള
സ്സാക്ഷ്യം പറയരുത്; 19 അപ്പനെ
യും അമ്മയെയും ബഹുമാനിക്ക;
[a]കൂട്ടുകാരനെ നിന്നെപ്പോലെ
തന്നെ സ്നേഹിക്ക എന്നിവ തന്നെ
എന്നു പറഞ്ഞു. 20 യൗവനക്കാ
രൻ അവനോട്: ഇവയൊക്കെയും
ഞാൻ പ്രമാണിച്ചുപോരുന്നു;[b]
ഇനി കുറവുള്ളത് എന്ത് എന്നു
പറഞ്ഞു. 21 യേശു അവനോട്:
സൽഗുണപൂർണൻ[c] ആകുവാൻ
ഇച്ഛിക്കുന്നു എങ്കിൽ നീ ചെന്നു
നിനക്കുള്ളതു വിറ്റു ദരിദ്രർക്കു
കൊടുക്ക;[d] എന്നാൽ സ്വർഗത്തിൽ
നിനക്കു നിക്ഷേപം ഉണ്ടാകും;[e]
പിന്നെ വന്ന് എന്നെ അനുഗമിക്ക
എന്നു പറഞ്ഞു. 22 യൗവനക്കാ
രൻ വളരെ സമ്പത്തുള്ളവനാക
യാൽ ഈ വചനം കേട്ടിട്ടു ദുഃഖി
ച്ചു[f] പൊയ്ക്കളഞ്ഞു.

23 യേശു തന്റെ ശിഷ്യന്മാരോ
ട്: ധനവാൻ സ്വർഗരാജ്യത്തിൽ
കടക്കുന്നതു പ്രയാസം തന്നെ[g]
എന്നു ഞാൻ സത്യമായിട്ടു നി
ങ്ങളോടു പറയുന്നു. 24 ധനവാൻ
ദൈവരാജ്യത്തിൽ[h] കടക്കുന്നതി
നെക്കാൾ ഒട്ടകം സൂചിക്കുഴയൂടെ
കടക്കുന്നത് എളുപ്പം[i] എന്നും
ഞാൻ നിങ്ങളോടു പറയുന്നു
എന്നു പറഞ്ഞു. 25 അതു കേട്ടു
ശിഷ്യന്മാർ ഏറ്റവും വിസ്മയിച്ചു:
എന്നാൽ രക്ഷിക്കപ്പെടുവാൻ ആർ
ക്കു കഴിയും എന്നു പറഞ്ഞു.
26 യേശു അവരെ നോക്കി:[j] അതു
മനുഷ്യർക്ക് അസാധ്യം എങ്കിലും
ദൈവത്തിനു സകലവും സാധ്യം
എന്നു പറഞ്ഞു.[k] 27 പത്രൊസ്

7.[k] *ആവ.24:1-4*
8.[l] *മർക്കൊ.16:14; (മർക്കൊ.3:5;6:52; എബ്രാ.3:8)*
9.[m] *മത്താ.5:32*
11.[n] *മത്താ.13:11*
[o] *(മത്താ.20:23)*
[p] *1കൊരി. 7:2,7-9,17*
12.[q] *(1കൊരി.7:32)*
13.[r] *മത്താ.19:13-15 ക്കു. മർക്കൊ.10:13-16; ലൂക്കൊ.18:15-17കാ.*
[s] *മർക്കൊ.10:48*
14.[t] *മത്താ.18:3*
[u] *(മർക്കൊ.9:39)*
16.[v] *മത്താ.19:16-29 ക്കു. മർക്കൊ.10:17-30; ലൂക്കൊ.18:18-30 കാ. (ലൂക്കൊ.10:25-28)*
[w] *മത്താ.25:46; യോഹ.3:15; (മത്താ.18:8)*
[x] *(മത്താ.19:29)*

17.[y] *ലേവ്യാ.18:5; നെഹെ.9:29; യെഹെ.20:11,13,21; റോമ.10:5; ഗലാ.3:12*
18.[z] *റോമ.13:9;* ***പുറ. 20:12-16; ആവ. 5:16-20;*** *(മത്താ.5:21,27)*
19.[a] *മത്താ.5:43; 22:39; മർക്കൊ.12:31; ലൂക്കൊ.10:27; ഗലാ.5:14; യാക്കോ.2:8;* ***ലേവ്യാ. 19:18***
20.[b] *(ഫിലി.3:6)*
21.[c] *മത്താ.5:48*
[d] *ലൂക്കൊ.12:33; (ലൂക്കൊ.16:9;19:8; അപ്പൊ.പ്ര.2:45; 4:34,35; 1തിമൊ.6:18,19)*
[e] *മത്താ.6:19,20*
22.[f] *(യെഹെ.33:31)*

23.[g] *(1കൊരി.1:26) ; മത്താ.13:22* 24.[h] *മത്താ.12:28*
[i] *(മർക്കൊ.10:24,25)* 26.[j] *മർക്കൊ.10:21; ലൂക്കൊ.22:61* [k] *ഉൽപ.18:14; ഇയ്യോ.42:2; യിരെ. 32:17,27; സെഖ.8:6; മർക്കൊ.14:36; ലൂക്കൊ.1:37*

അവനോടു: ഞങ്ങൾ സകലവും
വിട്ടു നിന്നെ അനുഗമിച്ചുവല്ലോ;[l]
ഞങ്ങൾക്ക് എന്തു കിട്ടും എന്നു
ചോദിച്ചു. **28** യേശു അവരോടു
പറഞ്ഞത്: എന്നെ അനുഗമിച്ചിരി
ക്കുന്ന നിങ്ങൾ പുനർജനനത്തിൽ
മനുഷ്യപുത്രൻ തന്റെ മഹത്ത്വത്തി
ന്റെ സിംഹാസനത്തിൽ ഇരിക്കു
മ്പോൾ[m] നിങ്ങളും പന്ത്രണ്ടു സിം
ഹാസനത്തിൽ ഇരുന്നു[n] യിസ്രാ
യേൽഗോത്രം പന്ത്രണ്ടിനും ന്യായം
വിധിക്കും[o] എന്നു ഞാൻ സത്യ
മായിട്ടു നിങ്ങളോടു പറയുന്നു.
**29** എന്റെ നാമംനിമിത്തം വീടു
കളെയോ സഹോദരന്മാരെയോ
സഹോദരികളെയോ അപ്പനെയോ
അമ്മയെയോ മക്കളെയോ നില
ങ്ങളെയോ വിട്ടുകളഞ്ഞവന് എല്ലാം
നൂറു മടങ്ങു ലഭിക്കും;[p] അവൻ
നിത്യജീവനെയും അവകാശമാ
ക്കും.[q] **30** എങ്കിലും മുമ്പന്മാർ
പലർ പിമ്പന്മാരും[r] പിമ്പന്മാർ
മുമ്പന്മാരും[s] ആകും.

❋ ❋ ❋

*1. മുന്തിരിത്തോട്ടത്തിലെ വേലക്കാർ 17. യേശു തന്റെ മരണത്തെ അറിയിച്ചത് 20. സെബെദി പുത്രന്മാരുടെ കാര്യം പറഞ്ഞുകൊണ്ടു യേശു താഴ്മ പഠിപ്പിക്കുന്നതു 30. രണ്ടു കുരുടന്മാർക്കു കാഴ്ച കൊടുത്തതു.*

**20** സ്വർഗരാജ്യം തന്റെ മുന്തി
രിത്തോട്ടത്തിൽ വേലക്കാ
രെ വിളിച്ചാക്കേണ്ടതിനു പുലർച്ച
യ്ക്കു പുറപ്പെട്ട വീട്ടുടയവനോടു
സദൃശം. **2** വേലക്കാരോട് അവൻ
ദിവസത്തേക്ക് ഓരോ വെള്ളിക്കാ
ശു പറഞ്ഞൊത്തിട്ട്, അവരെ മുന്തി
രിത്തോട്ടത്തിൽ അയച്ചു. **3** മൂന്നാം
മണി നേരത്തും പുറപ്പെട്ടു, മറ്റു
ചിലർ ചന്തയിൽ മിനക്കെട്ടു നി
ല്ക്കുന്നതു കണ്ടു: **4** നിങ്ങളും
മുന്തിരിത്തോട്ടത്തിൽ പോകുവിൻ;
ന്യായമായതു തരാം എന്ന് അവ
രോടു പറഞ്ഞു; അവർ പോയി.
**5** അവൻ ആറാം മണി നേരത്തും
ഒമ്പതാം മണിനേരത്തും ചെന്ന്
അങ്ങനെ തന്നെ ചെയ്തു. **6** പതി
നൊന്നാം മണി നേരത്തും[a] ചെന്നു,
മറ്റു ചിലർ നില്ക്കുന്നതു കണ്ടിട്ടു:
നിങ്ങൾ ഇവിടെ പകൽ മുഴുവൻ
മിനക്കെട്ടു നില്ക്കുന്നത് എന്ത് എ
ന്നു ചോദിച്ചു. **7** ഞങ്ങളെ ആരും
കൂലിക്കു വിളിക്കായ്കകൊണ്ടത്രേ
എന്ന് അവർ പറഞ്ഞപ്പോൾ: നി
ങ്ങളും മുന്തിരിത്തോട്ടത്തിലേക്കു
ചെല്ലുവിൻ എന്ന് അവരോടു
പറഞ്ഞു. **8** സന്ധ്യയായപ്പോൾ[b]
മുന്തിരിത്തോട്ടത്തിന്റെ ഉടയവൻ
തന്റെ വിചാരകനോട്:[c] വേലക്കാ
രെ വിളിച്ചു, പിമ്പന്മാർ തുടങ്ങി
മുമ്പന്മാർവരെ അവർക്കു കൂലി
കൊടുക്ക എന്നു പറഞ്ഞു. **9** അ
ങ്ങനെ പതിനൊന്നാം മണി നേര
ത്തു വന്നവർ ചെന്ന് ഓരോ വെള്ളി
ക്കാശുവാങ്ങി. **10** മുമ്പന്മാർ വന്ന
പ്പോൾ തങ്ങൾക്കു അധികം കിട്ടും
എന്നു നിരൂപിച്ചു; അവർക്കും ഓ
രോ വെള്ളിക്കാശു കിട്ടി. **11** അ
തു വാങ്ങീട്ട് അവർ വീട്ടുടയവന്റെ
നേരേ പിറുപിറുത്തു: **12** ഈ പിമ്പ
ന്മാർ ഒരുമണി നേരം മാത്രം വേല
ചെയ്തിട്ടും നീ അവരെ പകലത്തെ
ഭാരവും വെയിലും[d] സഹിച്ച ഞങ്ങ
ളോടു സമമാക്കിയല്ലോ എന്നു പറ
ഞ്ഞു. **13** അവരിൽ ഒരുത്തനോട്
അവൻ ഉത്തരം പറഞ്ഞത്: സ്നേ
ഹിതാ,[e] ഞാൻ നിന്നോടു അന്യാ
യം ചെയ്യുന്നില്ല; നീ എന്നോട്
ഒരു പണം പറഞ്ഞൊത്തില്ലയോ?
**14** നിന്റേതു[f] വാങ്ങി പൊയ്ക്കൊൾ
ക; നിനക്കു തന്നതുപോലെ ഈ
പിമ്പനും കൊടുപ്പാൻ എനിക്കു
മനസ്സ്. **15** എനിക്കുള്ളതിനെക്കൊ
ണ്ടു മനസ്സുപോലെ ചെയ്‌വാൻ
എനിക്കു ന്യായമില്ലയോ?[g] ഞാൻ
നല്ലവൻ ആകകൊണ്ടു നിന്റെ
കണ്ണ് കടിക്കുന്നുവോ?[h] **16** ഇങ്ങ
നെ പിമ്പന്മാർ മുമ്പന്മാരും മുമ്പ
ന്മാർ പിമ്പന്മാരും ആകും.[i]
**17** [j]യേശു യെരൂശലേമിലേക്കു
യാത്ര ചെയ്യുമ്പോൾ പന്ത്രണ്ട് ശി
ഷ്യന്മാരെയും വേറിട്ടു കൂട്ടിക്കൊ
ണ്ടു വഴിയിൽ വച്ച് അവരോടു പറ
ഞ്ഞത്: **18** നാം യെരൂശലേമിലേക്കു

27.[l] *മത്താ.4:20,22; മർക്കൊ.1:18,20*
28.[m] *മത്താ.16:27*
[n] *ലൂക്കൊ.22:30; വെളി.3:21*
[o] *(1കൊരി.6:2)*
29.[p] *(ലൂക്കൊ.14:26)*
[q] *(മത്താ.19:16); മത്താ.25:34*
30.[r] *മത്താ.20:16; മർക്കൊ.10:31; ലൂക്കൊ.13:30*
[s] *(മത്താ.21:31,32)*

**അധ്യായം 20**

6.[a] *(1കൊരി.15:8)*
8.[b] *ലേവ്യ.19:13; ആവ.24:15*
[c] *ലൂക്കൊ.8:3; 24:45)*
12.[d] *ലൂക്കൊ.12:55; യാക്കോ.1:11; (ഉൽപ.31:40; യോനാ.4:8)*
13.[e] *മത്താ.22:12; 26:50*
14.[f] *മത്താ.25:25*
15.[g] *(റോമ.9:15-24)*
[h] *മത്താ.6:23; ആവ.15:9; സദൃ.23:6; (മർക്കൊ.7:22)*
16.[i] *മത്താ.19:30*
17.[j] *മത്താ.20:17-19 ക്കു. മർക്കൊ.10:32-34; ലൂക്കൊ.18:31-33 കാ. (മത്താ.16:21-28; 17:12,22,23)*

പോകുന്നുവല്ലോ;[k] അവിടെ മനു
ഷ്യപുത്രൻ മഹാപുരോഹിതന്മാർ
ക്കും ശാസ്ത്രിമാർക്കും ഏല്പിക്ക
പ്പെടും; 19 അവർ അവനു മരണ
ശിക്ഷ കല്പിച്ചു,[l] പരിഹസിപ്പാ
നും[m] തല്ലുവാനും ക്രൂശിപ്പാനും[n]
അവനെ ജാതികൾക്ക് ഏല്പിക്കും;[o]
എന്നാൽ മൂന്നാം നാൾ അവൻ
ഉയിർത്തെഴുന്നേല്ക്കും.[p]
20 [q]അന്നു സെബെദിപുത്രന്മാ
രുടെ അമ്മ[r] പുത്രന്മാരുമായി അവ
ന്റെ അടുക്കെ വന്നു നമസ്കരിച്ച്[s]
അവനോട് ഒരു അപേക്ഷ കഴിച്ചു.
21 നിനക്ക് എന്തു വേണം എന്ന്
അവൻ അവളോടു ചോദിച്ചു.
അവൾ അവനോട്: ഈ എന്റെ
പുത്രന്മാർ ഇരുവരും നിന്റെ രാജ്യ
ത്തിൽ[t] ഒരുത്തൻ നിന്റെ വല
ത്തും ഒരുത്തൻ ഇടത്തും ഇരി
പ്പാൻ[u] അരുളിച്ചെയ്യേണമേ എന്നു
പറഞ്ഞു. 22 അതിന് ഉത്തരമായി
യേശു: നിങ്ങൾ യാചിക്കുന്നത്
ഇന്നത് എന്നു നിങ്ങൾ അറിയു
ന്നില്ല;[v] ഞാൻ കുടിപ്പാനിരിക്കുന്ന
പാനപാത്രം കുടിപ്പാൻ[w] നിങ്ങൾക്കു
കഴിയുമോ എന്നു ചോദിച്ചു. കഴി
യും എന്ന് അവർ പറഞ്ഞു. 23 അ
വൻ അവരോട്: എന്റെ പാനപാ
ത്രം[x] നിങ്ങൾ കുടിക്കും[y] നിശ്ചയം;
എങ്കിലും എന്റെ വലത്തും ഇട
ത്തും ഇരിപ്പാൻ വരം നല്കുന്നത്
എന്റേതല്ല; എന്റെ പിതാവ് ആർക്ക്
ഒരുക്കിയിരിക്കുന്നുവോ[z] അവർക്കു
കിട്ടും[a] എന്നു പറഞ്ഞു. 24 ശേഷം
പത്തു പേർ അതു കേട്ടിട്ട് ആ
രണ്ടു സഹോദരന്മാരോടു നീരസ
പ്പെട്ടു. 25 യേശുവോ അവരെ അടു
ക്കെ വിളിച്ചു: [b]ജാതികളുടെ അധി
പന്മാർ അവരിൽ കർത്തൃത്വം ചെ
യ്യുന്നു[c] എന്നും മഹത്തുക്കൾ അവ
രുടെമേൽ അധികാരം നടത്തുന്നു

18.[k] മത്താ.16:21
19.[l] മത്താ.26:66; യോഹ.19:7
[m] മത്താ.27:26 - 31
[n] മത്താ.26:2; ലൂക്കൊ.24:7; യോഹ.12:32,33; 18:32
[o] മത്താ.27:2; യോഹ.18:30,31; അപ്പൊ.പ്ര.3:13; (അപ്പൊ.പ്ര.2:23; 4:27;21:11)
[p] മത്താ.16:21;27:63
20.[q] മത്താ. 20:20 - 28 ക്കു. മർക്കൊ. 10:35 - 45 കാ.
[r] മത്താ.4:21;27:56
[s] മത്താ.8:2
21.[t] മത്താ.16:28; 25:31,34; ലൂക്കൊ.23:42
[u] മത്താ.19:28
22.[v] (ലൂക്കൊ.9:33; 23:34)
[w] മത്താ.26:29,42; മർക്കൊ.14:36; ലൂക്കൊ.22:42; യോഹ.18:11; (യെശ.51:22)
23.[x] (റോമ.8:17; ഫിലി.3:10)
[y] അപ്പൊ.പ്ര.12:2; വെളി.1:9
[z] മത്താ.25:34
[a] (മത്താ.19:11)
25.[b] മത്താ. 20:25 - 28ക്കു. (മത്താ.18:1 - 4; ലൂക്കൊ.22:25 - 27)
[c] 1പത്രൊ.5:3
26.[d] മത്താ.22:13
27.[e] 2കൊരി.4:5
[f] മത്താ.23:11; (ലൂക്കൊ.9:48)

എന്നും നിങ്ങൾ അറിയുന്നു. 26 നി
ങ്ങളിൽ അങ്ങനെ അരുത്; നിങ്ങ
ളിൽ മഹാൻ ആകുവാൻ ഇച്ഛിക്കു
ന്നവനെല്ലാം നിങ്ങളുടെ ശുശ്രൂഷ
ക്കാരൻ[d] ആകേണം. 27 നിങ്ങളിൽ
ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്ന
വനെല്ലാം നിങ്ങളുടെ ദാസനാ[e]കേ
ണം.[f] 28 മനുഷ്യപുത്രൻ ശുശ്രൂഷ
ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും[g] അ
നേകർക്കു[h]വേണ്ടി തന്റെ ജീവനെ
മറുവിലയായി കൊടുപ്പാനും[i] വന്ന
തുപോലെ തന്നെ എന്നു പറഞ്ഞു.
29 [j]അവർ യെരീഹോവിൽനിന്നു
പുറപ്പെട്ടപ്പോൾ വലിയോരു പുരുഷാ
രം അവനെ അനുഗമിച്ചു. 30 അ
പ്പോൾ വഴിയരികെ ഇരിക്കുന്ന രണ്ടു
കുരുടന്മാർ യേശു കടന്നുപോകു
ന്നതു കേട്ടു: കർത്താവേ, ദാവീദു
പുത്രാ,[k] ഞങ്ങളോടു കരുണ തോ
ന്നേണമേ എന്നു നിലവിളിച്ചു.
31 മിണ്ടാതിരിപ്പാൻ പുരുഷാരം
അവരെ ശാസിച്ചപ്പോൾ[l] അവർ:
കർത്താവേ, ദാവീദുപുത്രാ, ഞങ്ങ
ളോടു കരുണ തോന്നേണമേ എന്ന്
അധികം നിലവിളിച്ചു. 32 യേശു
നിന്ന് അവരെ വിളിച്ചു: ഞാൻ
നിങ്ങൾക്ക് എന്തു ചെയ്യേണമെ
ന്നു നിങ്ങൾ ഇച്ഛിക്കുന്നു എന്നു
ചോദിച്ചു. 33 കർത്താവേ, ഞങ്ങൾ
ക്കു കണ്ണു തുറന്നു കിട്ടേണം
എന്ന് അവർ പറഞ്ഞു. 34 യേശു
മനസ്സലിഞ്ഞ് അവരുടെ കണ്ണു
തൊട്ടു: ഉടനെ അവർ കാഴ്ച
പ്രാപിച്ച്, അവനെ അനുഗമിച്ചു.

❋ ❋ ❋

28.[g] യോഹ.13:4,13 - 15; ഫിലി.2:7; (2കൊരി.8:9) [h] മത്താ.26:28; യെശ.53:11,12; എബ്രാ.2:10;9:28; (റോമ.5:15; വെളി.5:9) [i] യെശ.53:10; ദാനീ.9:26; യോഹ.10:15;11:51,52; റോമ.4:24; ഗലാ.1:3; 2:20; 1തിമൊ.2:6; തീത്തൊ.2:14; 1പത്രൊ.1:18,19 29.[j] മത്താ. 20:29 - 34ക്കു. മർക്കൊ.10:46 - 52; ലൂക്കൊ. 18:35 - 43കാ. (മത്താ.9:27 - 31) 30.[k] മത്താ.21:9; 22:42; 1:1 31.[l] മത്താ.19:13

20:18 ***മഹാപുരോഹിതന്മാർ:*** ഇവർ ദൈവാലയം സംബന്ധിച്ചുള്ള പ്രത്യേക ചുമതലകൾ ചെയ്യുവാൻ നിയമിക്കപ്പെട്ടവരായിരുന്നു. ആരാധന നടത്തുക, യാഗവസ്തുക്കൾ തയ്യാറാക്കുക, വഴിപാടുകൾ സ്വീകരിക്കുക, ജനങ്ങളെ അനുഗ്രഹിക്കുക, ആരാധനാലയം കാത്തുസൂക്ഷിക്കുക മുതലായവ ഇവരുടെ ചുമതലകളിൽപ്പെട്ടവയായിരുന്നു. ഒന്നാം നൂറ്റാണ്ടിന്റെ ഏറെക്കാലവും റോമാസാമ്രാജ്യത്തിൽ പുരോഹിതന്മാരുടെ മേൽനോട്ടം വഹിക്കുന്നതിന് ഒരു പ്രത്യേക പുരോഹിതനെ നിയമിച്ചിരുന്നു. അദ്ദേഹത്തെ മഹാപുരോഹിതൻ എന്നു വിളിച്ചിരുന്നു.

*1. യേശു കഴുതപ്പുറത്ത് കയറി യെരുശലേമിൽ പ്രവേശിച്ചത് 12. അവൻ വിൽക്കുന്നവരെയും കൊള്ളുന്നവരെയും ദൈവാലയത്തിൽ നിന്നു പുറത്താക്കിയത് 18. അത്തിവൃക്ഷത്തെ ശപിച്ചത് 28. രണ്ടു പുത്രന്മാരുടെയും 33. കള്ളക്കുടിയാന്മാരുടെയും ഉപമകൾ.*

**21** [a]അനന്തരം അവർ യെരൂശ
ലേമിനോടു സമീപിച്ചു ഒലി
വുമലയരികെ[b] ബേത്ത്ഫാഗയിൽ
എത്തിയപ്പോൾ, യേശു രണ്ടു ശി
ഷ്യന്മാരെ അയച്ചു:[c] **2** നിങ്ങൾക്ക്
എതിരേയുള്ള ഗ്രാമത്തിൽ ചെല്ലു
വിൻ; അവിടെ കെട്ടിയിരിക്കുന്ന
ഒരു പെൺകഴുതയെയും അതിന്റെ
കുട്ടിയെയും നിങ്ങൾ ഉടനെ കാ
ണും; അവയെ അഴിച്ചു കൊണ്ടു
വരുവിൻ. **3** നിങ്ങളോട് ആരാനും
വല്ലതും പറഞ്ഞാൽ: കർത്താവിന്
ഇവയെക്കൊണ്ട് ആവശ്യം ഉണ്ട്
എന്നു പറവിൻ; തൽക്ഷണം അ
വൻ അവയെ അയയ്ക്കും എന്നു
പറഞ്ഞു.
**4** [d]“സീയോൻപുത്രിയോട്: ഇതാ,
നിന്റെ രാജാവ് സൗമ്യനായി[e] കഴു
തപ്പുറത്തും വാഹനമൃഗത്തിന്റെ
കുട്ടിയുടെ പുറത്തും കയറി നിന്റെ
അടുക്കൽ വരുന്നു എന്നു പറ
വിൻ”
**5** എന്നിങ്ങനെ പ്രവാചകൻ മുഖാ
ന്തരം അരുളിച്ചെയ്തതിനു നിവൃ
ത്തിവരുവാൻ[f] ഇതു സംഭവിച്ചു.
**6** ശിഷ്യന്മാർ പുറപ്പെട്ടു യേശു ക
ല്പിച്ചതുപോലെ ചെയ്തു, **7** കഴു
തയെയും കുട്ടിയെയും കൊണ്ടു
വന്നു തങ്ങളുടെ വസ്ത്രം അവ
യുടെമേൽ ഇട്ടു; അവൻ കയറി
ഇരുന്നു. **8** പുരുഷാരം മിക്കതും
തങ്ങളുടെ വസ്ത്രം വഴിയിൽ വിരി
ച്ചു;[g] മറ്റു ചിലർ വൃക്ഷങ്ങളിൽനി
ന്നു കൊമ്പു വെട്ടി വഴിയിൽ വിതറി.
**9** മുന്നും പിന്നും നടന്ന പുരുഷാ
രം: ദാവീദുപുത്രനു[h] ഹോശന്നാ;[i]
[j]കർത്താവിന്റെ നാമത്തിൽ വരു
ന്നവൻ വാഴ്ത്തപ്പെട്ടവൻ; അത്യുന്ന
തങ്ങളിൽ[k] ഹോശന്നാ എന്ന് ആർ
ത്തുകൊണ്ടിരുന്നു. **10** അവൻ
യെരൂശലേമിൽ കടന്നപ്പോൾ[l]
നഗരം മുഴുവനും ഇളകി: ഇവൻ
ആർ എന്നു പറഞ്ഞു. **11** ഇവൻ ഗലീ
ലയിലെ നസറെത്തിൽനിന്നുള്ള[m]
പ്രവാചകനായ യേശു[n] എന്നു പുരു
ഷാരം പറഞ്ഞു.
**12** [o]യേശു ദൈവാലയത്തിൽ
ചെന്നു, ദൈവാലയത്തിൽ വില്ക്കു
ന്നവരെയും കൊള്ളുന്നവരെയും
എല്ലാം പുറത്താക്കി, പൊൻവാണി
ഭക്കാരുടെ[p] മേശകളെയും പ്രാവു
കളെ[q] വില്ക്കുന്നവരുടെ പീഠങ്ങ
ളെയും മറിച്ചുകളഞ്ഞ് അവരോട്:
**13** [r]എന്റെ ആലയം പ്രാർഥനാ
ലയം എന്നു വിളിക്കപ്പെടും എന്ന്
എഴുതിയിരിക്കുന്നു; നിങ്ങളോ
അതിനെ കള്ളന്മാരുടെ ഗുഹയാ
ക്കിത്തീർക്കുന്നു[s] എന്നു പറഞ്ഞു.
**14** കുരുടന്മാരും മുടന്തന്മാരും
ദൈവാലയത്തിൽ അവന്റെ അടു
ക്കൽ വന്നു; അവൻ അവരെ സൗ
ഖ്യമാക്കി.[t] **15** എന്നാൽ മഹാപു
രോഹിതന്മാരും ശാസ്ത്രിമാരും
അവൻ ചെയ്ത അദ്ഭുതങ്ങളെയും[u]
ദാവീദുപുത്രനു ഹോശന്നാ[i] എ
ന്നു ദൈവാലയത്തിൽ ആർക്കുന്ന
ബാലന്മാരെയും കണ്ടിട്ടു നീരസ
പ്പെട്ടു: **16** ഇവർ പറയുന്നതു കേൾ
ക്കുന്നുവോ എന്ന് അവനോടു
ചോദിച്ചു. യേശു അവരോട്: ഉവ്വ്;
[v]ശിശുക്കളുടെയും മുലകുടിക്കു
ന്നവരുടെയും വായിൽനിന്നു[w] നീ
പുകഴ്ച ഒരുക്കിയിരിക്കുന്നു എന്നു
ള്ളതു നിങ്ങൾ ഒരിക്കലും വായിച്ചി
ട്ടില്ലയോ[x] എന്നു ചോദിച്ചു. **17** പി
ന്നെ അവരെ വിട്ടു[y] നഗരത്തിൽ
നിന്നു പുറപ്പെട്ടു[z] ബേഥാന്യയിൽ
ചെന്ന്[a] അവിടെ രാത്രി പാർത്തു.
**18** [b]രാവിലെ അവൻ നഗരത്തി
ലേക്കു മടങ്ങിപ്പോകുന്ന സമയം
വിശന്നിട്ടു[c] **19** വഴിയരികെ ഒരു
അത്തിവൃക്ഷം കണ്ട്,[d] അടുക്കെ

**അധ്യായം 21**

1.[a] *മത്താ.21:1-9ക്കു. മർക്കൊ.11:1-10; ലൂക്കൊ.19:29-38: യോഹ.12:12-15കാ.* [b] *മത്താ.24:3;26:30; സെഖ.14:4; (യോഹ.8:1; അപൊ.പ്ര.1:12)* [c] *(മർക്കൊ.14:13)*
4.[d] ***സെഖ.9:9;*** *(യെശ.62:11)* [e] *മത്താ.11:29*
5.[f] *(മത്താ.1:23)*
8.[g] *2രാജാ.9:13*
9.[h] *മത്താ.20:30* [i] *(വെളി.7:10); സങ്കീ.118:25* [j] *മത്താ.23:39;* ***സങ്കീ.118:26*** [k] *ലൂക്കൊ.2:14; (സങ്കീ.148:1)*
10.[l] *മർക്കൊ.11:11*
11.[m] *മത്താ.2:23* [n] *മത്താ.21:46; ലൂക്കൊ.7:16; 13:33;24:19; യോഹ.4:19; 6:14;7:40;9:17; (മർക്കൊ.6:15; ലൂക്കൊ.9:8,19; യോഹ.1:21)*
12.[o] *മത്താ.21:12-16ക്കു. മർക്കൊ.11:15-18; ലൂക്കൊ.19:45-47കാ.(യോഹ.2:14-16)* [p] *(പുറ.30:13)* [q] *ലേവ്യാ.1:14;5:7; 12:8;ലൂക്കൊ.2:24*
13.[r] ***യെശ.56:7*** [s] *യിരെ.7:11*
14.[t] *മത്താ.11:5;15:31*
15.[u] *(ലൂക്കൊ.19:39,40)* [i] *(വാ.9 കാ.)*
16.[v] ***സങ്കീ.8:2*** [w] *മത്താ.11:25* [x] *മത്താ.21:42; 12:4,5;19:5;22:31*
17.[y] *മത്താ.16:4* [z] *മർക്കൊ.11:19; (ലൂക്കൊ.21:37)* [a] *മർക്കൊ.11:1; ലൂക്കൊ.19:29; 24:50; യോഹ.11:18*
18.[b] *മത്താ.21:18-22ക്കു. മർക്കൊ.11:12-14,20-24കാ.* [c] *മത്താ.4:2*
19.[d] *(ലൂക്കൊ.13:6-9)*

ചെന്നു, അതിൽ ഇലയല്ലാതെ ഒ
ന്നും കാണായ്കയാൽ: ഇനി നി
ന്നിൽ ഒരുനാളും ഫലം ഉണ്ടാകാതെ
പോകട്ടെ എന്ന് അതിനോടു പറ
ഞ്ഞു; ക്ഷണത്തിൽ അത്തി ഉണ
ങ്ങിപ്പോയി. **20** ശിഷ്യന്മാർ അതു
കണ്ടാറെ: അത്തി ഇത്ര ക്ഷണ
ത്തിൽ ഉണങ്ങിപ്പോയത് എങ്ങനെ
എന്നു പറഞ്ഞ് ആശ്ചര്യപ്പെട്ടു.
**21** അതിനു യേശു: നിങ്ങൾ സംശ
യിക്കാതെ[e] വിശ്വാസം ഉള്ളവരാ
യാൽ[f] ഈ അത്തിയോടു ചെയ്ത
തു നിങ്ങളും ചെയ്യും; എന്നു
മാത്രമല്ല, ഈ മലയോടു: നീങ്ങി
കടലിലേക്കു ചാടിപ്പോക എന്നു
പറഞ്ഞാൽ അതും സംഭവിക്കും[g]
എന്നു ഞാൻ സത്യമായിട്ടു നിങ്ങ
ളോടു പറയുന്നു.[h] **22** നിങ്ങൾ
വിശ്വസിച്ചുകൊണ്ട്[f] പ്രാർഥനയിൽ
എന്തു യാചിച്ചാലും[i] നിങ്ങൾക്കു
ലഭിക്കും എന്ന് ഉത്തരം പറഞ്ഞു.
**23** [j]അവൻ ദൈവാലയത്തിൽ
ചെന്ന് ഉപദേശിക്കുമ്പോൾ[k] മഹാ
പുരോഹിതന്മാരും ജനത്തിന്റെ
മൂപ്പന്മാരും അവന്റെ അടുക്കൽ
വന്നു: നീ എന്ത് അധികാരംകൊ
ണ്ട് ഇതു ചെയ്യുന്നു? ഈ അധി
കാരം നിനക്കു തന്നത് ആർ[l]
എന്നു ചോദിച്ചു. **24** യേശു അവ
രോട് ഉത്തരം പറഞ്ഞത്: ഞാനും
നിങ്ങളോട് ഒരു വാക്ക് ചോദിക്കും;
അതു നിങ്ങൾ എന്നോടു പറ
ഞ്ഞാൽ എന്ത് അധികാരംകൊ
ണ്ടു ഞാൻ ഇതു ചെയ്യുന്നു എന്നു
ള്ളതു ഞാനും നിങ്ങളോടു പറ
യും. **25** യോഹന്നാന്റെ സ്നാനം
എവിടെനിന്ന്?[m] സ്വർഗത്തിൽ
നിന്നോ[n] മനുഷ്യരിൽനിന്നോ? അ
വർ തമ്മിൽ ആലോചിച്ചു: സ്വർഗ
ത്തിൽനിന്ന് എന്നു പറഞ്ഞാൽ,
പിന്നെ നിങ്ങൾ അവനെ വിശ്വസി
ക്കാഞ്ഞത് എന്ത്[o] എന്ന് അവൻ
നമ്മോടു ചോദിക്കും; **26** മനുഷ്യ
രിൽനിന്ന് എന്നു പറഞ്ഞാലോ,
നാം പുരുഷാരത്തെ ഭയപ്പെടുന്നു;[p]
എല്ലാവരും യോഹന്നാനെ പ്രവാ
ചകൻ[q] എന്നല്ലോ എണ്ണുന്നത്

21.[e] *അപ്പൊ.പ്ര.10:20; റോമ.4:20;14:23; യാക്കോ.1:6*
[f] *(യോഹ.14:12)*
[g] *(സങ്കീ.46:2; 1കൊരി..13:2; വെളി.8:8)*
[h] *മത്താ.17:21*
22.[f] *(വാ. 21 കാ.)*
[i] *മത്താ.7:7*
23.[j] *മത്താ.21:23 - 27 ക്കു. മർക്കൊ.11:27 - 33; ലൂക്കൊ.20:1 - 8 കാ.*
[k] *മത്താ.26:55*
[l] *(പുറ.2:14; യോഹ.1:25; അപ്പൊ.പ്ര.4:7)*
25.[m] *മത്താ.13:54*
[n] *ലൂക്കൊ.15:18 - 21; യോഹ.3:27*
[o] *മത്താ.21:32; ലൂക്കൊ.7:30*
26.[p] *മത്താ. 21:46;14:5*
[q] *(യോഹ.5:35) മത്താ.11:9*

28.[r] *മത്താ. 17:25;18:12*
[s] *മത്താ.21:33;20:1*
29.[t] *മത്താ.21:32; 27:3;എബ്രാ.7:21*
31.[u] *ലൂക്കൊ.7:29*
[v] *ലൂക്കൊ.7:37 - 50*
[w] *മത്താ.12:28*
32.[x] *മത്താ. 3:8 - 12,15; സദൃ.8:21; 2പത്രൊ.2:21*
[y] *മത്താ.21:25;11:18*
[z] *ലൂക്കൊ.3:12,13*
[t] *(വാ.29 കാ.)*
33.[a] *മത്താ.21:33 - 46 ക്കു. മർക്കൊ.12:1 - 12; ലൂക്കൊ.20:9 - 19 കാ.*
[b] *മത്താ.21:28; സങ്കീ.80:8; യെശ.5:1*
[c] *യെശ.5:2*
[d] *ഉത്തമ.8:11,12*
[e] *മത്താ.25:14,15; (മർക്കൊ.13:34)*

എന്നു പറഞ്ഞു. **27** അങ്ങനെ
അവർ യേശുവിനോട്: ഞങ്ങൾക്ക്
അറിഞ്ഞുകൂടാ എന്ന് ഉത്തരം
പറഞ്ഞു. അവൻ അവരോടു പറ
ഞ്ഞത്: എന്നാൽ ഞാൻ ഇത് എന്ത്
അധികാരംകൊണ്ടു ചെയ്യുന്നു
എന്നുള്ളതു ഞാനും നിങ്ങളോടു
പറയുന്നില്ല. **28** എങ്കിലും നിങ്ങൾ
ക്ക് എന്തു തോന്നുന്നു?[r] ഒരു മനു
ഷ്യനു രണ്ടു പുത്രന്മാർ ഉണ്ടായി
രുന്നു; അവൻ ഒന്നാമത്തവന്റെ
അടുക്കൽ ചെന്നു: മകനേ ഇന്ന്
എന്റെ മുന്തിരിത്തോട്ടത്തിൽ[s] പോ
യി വേല ചെയ്ക എന്നു പറഞ്ഞു.
**29** എനിക്കു മനസ്സില്ല എന്ന് അ
വൻ ഉത്തരം പറഞ്ഞു; എങ്കിലും
പിന്നത്തേതിൽ അനുതപിച്ച് അ
വൻ പോയി.[t] **30** രണ്ടാമത്തവന്റെ
അടുക്കൽ അവൻ ചെന്ന് അങ്ങ
നെതന്നെ പറഞ്ഞപ്പോൾ: ഞാൻ
പോകാം അപ്പാ എന്ന് അവൻ
ഉത്തരം പറഞ്ഞു; പോയില്ലതാനും.
**31** ഈ രണ്ടു പേരിൽ ആർ ആകു
ന്നു അപ്പന്റെ ഇഷ്ടം ചെയ്തത്?
ഒന്നാമത്തവൻ എന്ന് അവർ പറ
ഞ്ഞു. യേശു അവരോടു പറഞ്ഞ
ത്: ചുങ്കക്കാരും[u] വേശ്യമാരും[v] നി
ങ്ങൾക്കു മുമ്പായി ദൈവരാജ്യ
ത്തിൽ[w] കടക്കുന്നു എന്നു സത്യ
മായിട്ടു ഞാൻ നിങ്ങളോടു പറ
യുന്നു. **32** യോഹന്നാൻ നീതി
മാർഗം[x] ഉപദേശിച്ചുകൊണ്ടു നി
ങ്ങളുടെ അടുക്കൽ വന്നു: നിങ്ങൾ
അവനെ വിശ്വസിച്ചില്ല;[y] എന്നാൽ
ചുങ്കക്കാരും[z] വേശ്യമാരും അവനെ
വിശ്വസിച്ചു; അതു കണ്ടിട്ടും നി
ങ്ങൾ അവനെ വിശ്വസിപ്പാൻ തക്ക
വണ്ണം പിന്നത്തേതിൽ അനുതപി
ച്ചില്ല.[t]
**33** [a]മറ്റൊരു ഉപമ കേൾപ്പിൻ.
ഗൃഹസ്ഥനായോരു മനുഷ്യൻ ഒരു
മുന്തിരിത്തോട്ടം[b] നട്ടുണ്ടാക്കി, അ
തിനു വേലി കെട്ടി,[c] അതിൽ ചക്കു
കുഴിച്ചിട്ടു ഗോപുരവും പണിതു;
പിന്നെ കുടിയാന്മാരെ പാട്ടത്തിന്
ഏല്പിച്ചിട്ടു[d] പരദേശത്തു പോയി.[e]
**34** ഫലകാലം സമീപിച്ചപ്പോൾ

തനിക്കുള്ള അനുഭവം വാങ്ങേണ്ട
തിന്[d] അവൻ ദാസന്മാരെ കുടി
യാന്മാരുടെ അടുക്കൽ അയച്ചു.
35 കുടിയാന്മാരോ അവന്റെ ദാസ
ന്മാരെ പിടിച്ച്,[f] ഒരുവനെ തല്ലി,
ഒരുവനെ കൊന്നു, മറ്റൊരുവനെ
കല്ലെറിഞ്ഞു.[g] 36 അവൻ പിന്നെ
യും മുമ്പിലത്തേതിലും അധികം
ദാസന്മാരെ അയച്ചു;[h] അവരോടും
അവർ അങ്ങനെ തന്നെ ചെയ്തു.
37 ഒടുവിൽ അവൻ: എന്റെ മകനെ
അവർ ശങ്കിക്കും എന്നു പറഞ്ഞു,
മകനെ അവരുടെ അടുക്കൽ അ
യച്ചു. 38 മകനെ കണ്ടിട്ടു കുടി
യാന്മാർ: ഇവൻ അവകാശി;[i] വരു
വിൻ, നാം അവനെ കൊന്ന് അവ
ന്റെ അവകാശം കൈവശമാക്കുക[j]
എന്നു തമ്മിൽ പറഞ്ഞു, 39 അ
വനെ പിടിച്ചു തോട്ടത്തിൽനിന്നു
പുറത്താക്കി കൊന്നുകളഞ്ഞു.[k]
40 ആകയാൽ മുന്തിരിത്തോട്ട
ത്തിന്റെ ഉടയവൻ വരുമ്പോൾ ആ
കുടിയാന്മാരോട് എന്തു ചെയ്യും?[l]
41 അവൻ ആ വല്ലാത്തവരെ
വല്ലാതെ നിഗ്രഹിച്ചു[m] തക്കസമ
യത്ത് അനുഭവം കൊടുക്കുന്ന
വേറേ കുടിയാന്മാർക്കു തോട്ടം
ഏല്പിക്കും[n] എന്ന് അവർ അവ
നോടു പറഞ്ഞു. 42 യേശു അവ
രോട്:

[o]"വീടു പണിയുന്നവർ തള്ളി
ക്കളഞ്ഞ കല്ല് മൂലക്കല്ലായി തീർ
ന്നിരിക്കുന്നു; ഇതു കർത്താവി
നാൽ സംഭവിച്ചു നമ്മുടെ ദൃഷ്ടി
യിൽ ആശ്ചര്യവുമായിരിക്കുന്നു"

എന്നു നിങ്ങൾ തിരുവെഴുത്തു
കളിൽ ഒരിക്കലും വായിച്ചിട്ടില്ല
യോ?[p] 43 അതുകൊണ്ടു ദൈവ
രാജ്യം നിങ്ങളുടെ പക്കൽനിന്ന്
എടുത്ത്[q] അതിന്റെ ഫലം കൊടു
ക്കുന്ന[r] ജാതിക്കു കൊടുക്കും[n]
എന്നു ഞാൻ നിങ്ങളോടു പറയു
ന്നു. 44 ഈ കല്ലിന്മേൽ വീഴുന്ന
വൻ തകർന്നുപോകും;[s] അത്
ആരുടെമേൽ എങ്കിലും വീണാൽ[t]
അവനെ ധൂളിപ്പിക്കും[u] എന്നു പറ
ഞ്ഞു. 45 അവന്റെ ഉപമകളെ
മഹാപുരോഹിതന്മാരും പരീശരും
കേട്ടിട്ട്, തങ്ങളെക്കൊണ്ടു പറയു
ന്നു എന്ന് അറിഞ്ഞ്, 46 അവനെ
പിടിപ്പാൻ അന്വേഷിച്ചു;[v] എന്നാൽ
പുരുഷാരം അവനെ പ്രവാചകൻ[w]
എന്ന് എണ്ണുകകൊണ്ട് അവരെ
ഭയപ്പെട്ടു.[x]

❋ ❋ ❋

*1. രാജപുത്രന്റെ കല്യാണം 11. കല്യാണവസ്ത്രം 15. കൈസർക്കു കരം കൊടുക്കുന്ന കാര്യം 23. പുനരുത്ഥാനം 34. യേശു വൈദികനോട് പ്രധാന കല്പന ഏതെന്ന് പറഞ്ഞത് 41. പരീശരെ മൊഴിമുട്ടിച്ചത്.*

22 യേശു പിന്നെയും അവരോട്
ഉപമകളായി[a] പ്രസ്താവിച്ച
തെന്തെന്നാൽ: 2 [b]സ്വർഗരാജ്യം
തന്റെ പുത്രനുവേണ്ടി കല്യാണ
സദ്യ[c] കഴിച്ച ഒരു രാജാവിനോടു
സദൃശം. 3 അവൻ കല്യാണത്തിനു
ക്ഷണിച്ചവരെ വിളിക്കേണ്ടതിനു
ദാസന്മാരെ പറഞ്ഞയച്ചു;[d] അവർ
ക്കോ വരുവാൻ മനസ്സായില്ല.
4 പിന്നെയും അവൻ മറ്റു ദാ
സന്മാരെ അയച്ചു:[e] എന്റെ മുത്താ
ഴം[f] ഒരുക്കിത്തീർന്നു, എന്റെ കാള
കളെയും തടിച്ച മൃഗങ്ങളെയും[g]
അറുത്ത്, എല്ലാം ഒരുങ്ങിയിരിക്കു
ന്നു; കല്യാണത്തിനു വരുവിൻ
എന്നു ക്ഷണിച്ചവരോടു പറയിച്ചു.
5 അവർ അതു കൂട്ടാക്കാതെ[h]
ഒരുത്തൻ തന്റെ നിലത്തിലേക്കും
മറ്റൊരുത്തൻ തന്റെ വ്യാപാരത്തി
നും പൊയ്ക്കളഞ്ഞു. 6 ശേഷമു
ള്ളവർ അവന്റെ ദാസന്മാരെ പിടിച്ച്
അപമാനിച്ചു[i] കൊന്നുകളഞ്ഞു.[j]
7 രാജാവ് കോപിച്ചു സൈന്യങ്ങ
ളെ അയച്ച് ആ കൊലപാതകന്മാ
രെ മുടിച്ച്[k] അവരുടെ പട്ടണം ചുട്ടു
കളഞ്ഞു. 8 പിന്നെ അവൻ ദാസ
ന്മാരോട്: കല്യാണം ഒരുങ്ങിയി
രിക്കുന്നു; ക്ഷണിക്കപ്പെട്ടവരോ

34.[d] *(വാ. 33 കാ.)*
35.[f] *മത്താ.5:12; 22:6;23:34,37; (2ദിന.24:19;36:15,16; നെഹെ.9:26; യിരെ.37:15;38:6; അപ്പൊ.പ്ര.7:52; 2കൊരി.11:24-26; 1തെസ്സ.2:15; എബ്രാ.11:36,37)*
[g] *(2ദിന.24:21; യോഹ.10:31-33; അപ്പൊ.പ്ര.7:59)*
36.[h] *മത്താ.22:4*
38.[i] *എബ്രാ.1:2; (യോഹ.1:11; റോമ.8:17)*
[j] *(1രാജാ.21:19)*
39.[k] *എബ്രാ.13:12*
40.[l] *(മത്താ.24:50,51; 25:19)*
41.[m] *ലൂക്കൊ.19:27*
[n] *മത്താ.21:43; അപ്പൊ.പ്ര.13:46;18:6; 28:28;(മത്താ.8:11,12)*
42.[o] *അപ്പൊ.പ്ര.4:11; 1പത്രൊ.2:7;* ***സങ്കീ.118:22,23***
[p] *മത്താ.21:16*
43.[q] *(ലൂക്കൊ.14:24)*
[r] *(മത്താ.3:10; യെശ.5:4,7)*
[n] *(വാ. 41 കാ.)*
44.[s] *യെശ.8:14,15; റോമ.9:32,33; 1പത്രൊ.2:8*
[t] *ദാനി.2:34,35,44,45.*
[u] *ആമോ.9:9*
46.[v] *മർക്കൊ.11:18; ലൂക്കൊ.19:47,48; യോഹ.7:25,30,44; (മത്താ.26:4)*
[w] *(മത്താ.21:11)*
[x] *മത്താ.21:26*

**അധ്യായം 22**

1.[a] *മത്താ.13:34*
2.[b] *മത്താ.22:2-14ക്കു. (ലൂക്കൊ.14:16-24)*
[c] *വെളി.19:7* 3.[d] *(എസ്ഥേ.6:14; സദൃ.9:3,5)*
4.[e] *മത്താ.21:36* [f] *ലൂക്കൊ.11:38; യോഹ.21:12,15*
[g] *സദൃ.9:2* 5.[h] *(എബ്രാ.2:4)* 6.[i] *ലൂക്കൊ.18:32; അപ്പൊ.പ്ര.14:5; 1തെസ്സ.2:2* [j] *മത്താ.21:35*
7.[k] *മത്താ.21:41; ലൂക്കൊ.19:27*

യോഗ്യരായില്ല.[l] 9 ആകയാൽ വഴി
ത്തലയ്ക്കൽ[m] ചെന്നു കാണുന്ന
വരെ ഒക്കെയും കല്യാണത്തിനു
വിളിപ്പിൻ എന്നു പറഞ്ഞു. 10 ആ
ദാസന്മാർ പെരുവഴികളിൽ പോയി,
കണ്ട ദുഷ്ടന്മാരെയും നല്ലവരെയും
എല്ലാം കൂട്ടിക്കൊണ്ടു വന്നു;[n]
കല്യാണശാല വിരുന്നുകാരെക്കൊ
ണ്ടു നിറഞ്ഞു. 11 വിരുന്നുകാരെ
നോക്കുവാൻ രാജാവ് അകത്തു
വന്നപ്പോൾ കല്യാണവസ്ത്രം ധരി
ക്കാത്ത ഒരു മനുഷ്യനെ[o] അവിടെ
കണ്ടു: 12 സ്നേഹിതാ,[p] നീ
കല്യാണവസ്ത്രം ഇല്ലാതെ ഇവി
ടെ അകത്തുവന്നത് എങ്ങനെ
എന്നു ചോദിച്ചു. എന്നാൽ അവനു
വാക്കു മുട്ടിപ്പോയി. 13 രാജാവ്
ശുശ്രൂഷക്കാരോട്: ഇവനെ കൈ
യും കാലും കെട്ടി ഏറ്റവും പുറ
ത്തുള്ള ഇരുട്ടിൽ തള്ളിക്കളവിൻ[q]
അവിടെ കരച്ചലും പല്ലുകടിയും
ഉണ്ടാകും എന്നു പറഞ്ഞു.[q] 14 വി
ളിക്കപ്പെട്ടവർ[r] അനേകർ; തിര
ഞ്ഞെടുക്കപ്പെട്ടവരോ[r] ചുരുക്കം.
15 [s]അനന്തരം പരീശന്മാർ ചെ
ന്ന് അവനെ വാക്കിൽ കുടുക്കേ
ണ്ടതിന്[t] ആലോചിച്ചുകൊണ്ടു
16 തങ്ങളുടെ ശിഷ്യന്മാരെ[u]
ഹെരോദ്യരോടു[v]കൂടെ അവന്റെ
അടുക്കൽ അയച്ചു: ഗുരോ, നീ
സത്യവാനും[w] ദൈവത്തിന്റെ വഴി[x]
നേരായി പഠിപ്പിക്കുന്നവനും മനു
ഷ്യരുടെ മുഖം നോക്കാത്തവൻ[y]
ആകയാൽ ആരെയും ശങ്കയില്ലാ
ത്തവനും ആകുന്നു എന്നു ഞങ്ങൾ
അറിയുന്നു. 17 നിനക്ക് എന്തു
തോന്നുന്നു? കൈസർക്കു[z] കരം[a]
കൊടുക്കുന്നതു വിഹിതമോ അല്ല
യോ എന്നു പറഞ്ഞു തരേണം

8.[l] *മത്താ. 10:11; അപ്പൊ.പ്ര. 13:46; വെളി. 3:5; (ലൂക്കൊ. 20:35)*
9.[m] *യെഹെ. 21:21; ഓബ. 14*
10.[n] *മത്താ. 13:47*
11.[o] *(വെളി. 19:8; 22:14)*
12.[p] *മത്താ. 20:13; 26:50*
13.[q] *മത്താ. 8:12*
14.[r] *വെളി. 17:14*
15.[s] *മത്താ. 22:15-22 ക്കു. മർക്കൊ. 12:13-27; ലൂക്കൊ. 20:20-38 കാ.*
[t] *(ലൂക്കൊ. 11:54)*
16.[u] *മർക്കൊ. 2:18*
[v] *മർക്കൊ. 3:6; (മർക്കൊ. 8:15)*
[w] *(യോഹ. 3:2)*
[x] *അപ്പൊ.പ്ര. 18:26; (അപ്പൊ.പ്ര. 13:10)*
[y] *അപ്പൊ.പ്ര. 10:34*
17.[z] *ലൂക്കൊ. 2:1; 3:1*
[a] *മത്താ. 17:25*
18.[b] *(യോഹ. 8:6)*
21.[c] *റോമ. 13:7*
22.[d] *മർക്കൊ. 12:12*
23.[e] *അപ്പൊ.പ്ര. 23:8; (അപ്പൊ.പ്ര. 4:2)*
[f] *മത്താ. 22:34; 3:7; 16:1; അപ്പൊ.പ്ര. 4:1; 5:17; 23:6*
24.[g] *(ആവ. 25:5)*

എന്നു പറയിച്ചു. 18 യേശു അവ
രുടെ ദുഷ്ടത അറിഞ്ഞു: കപട
ഭക്തിക്കാരേ, എന്നെ പരീക്ഷിക്കു
ന്നത്[b] എന്ത്? 19 കരത്തിനുള്ള
നാണയം കാണിപ്പിൻ എന്നു പറ
ഞ്ഞു; അവർ അവന്റെ അടുക്കൽ
ഒരു വെള്ളിക്കാശു കൊണ്ടുവന്നു.
20 അവൻ അവരോട്: ഈ സ്വരൂ
പവും മേലെഴുത്തും ആരുടേത്
എന്നു ചോദിച്ചതിനു 21 കൈസരു
ടേത് എന്ന് അവർ പറഞ്ഞു. എ
ന്നാൽ കൈസർക്കുള്ളതു കൈ
സർക്കും ദൈവത്തിനുള്ളതു ദൈവ
ത്തിനും കൊടുപ്പിൻ[c] എന്ന് അവൻ
അവരോടു പറഞ്ഞു. 22 അവർ
കേട്ട് ആശ്ചര്യപ്പെട്ട് അവനെ വിട്ടു
പൊയ്ക്കളഞ്ഞു.[d]
23 പുനരുത്ഥാനം ഇല്ല എന്നു
പറയുന്ന[e] സദൂക്യരും[f] അന്ന് അവ
ന്റെ അടുക്കൽ വന്നു: 24 ഗുരോ,
ഒരുത്തൻ മക്കൾ ഇല്ലാതെ മരിച്ചാൽ
അവന്റെ സഹോദരൻ അവന്റെ
ഭാര്യയെ ദേവരവിവാഹം കഴിച്ചു
തന്റെ സഹോദരനു സന്തതിയെ
ജനിപ്പിക്കേണം[g] എന്നു മോശെ
കല്പിച്ചുവല്ലോ. 25 എന്നാൽ ഞ
ങ്ങളുടെ ഇടയിൽ ഏഴു സഹോദ
രന്മാർ ഉണ്ടായിരുന്നു. അവരിൽ
ഒന്നാമത്തവൻ വിവാഹം ചെയ്ത
ശേഷം മരിച്ചു, സന്തതി ഇല്ലായ്ക
യാൽ തന്റെ ഭാര്യയെ സഹോദ
രനു വിട്ടേച്ചു. 26 രണ്ടാമത്തവനും
മൂന്നാമത്തവനും ഏഴാമത്തവൻ
വരെയും അങ്ങനെതന്നെ. 27 എ
ല്ലാവരും കഴിഞ്ഞിട്ട് ഒടുവിൽ
സ്ത്രീയും മരിച്ചു. 28 എന്നാൽ
പുനരുത്ഥാനത്തിൽ അവൾ എഴു
വരിൽ ആർക്കു ഭാര്യയാകും?
എല്ലാവർക്കും ആയിരുന്നുവല്ലോ

22:19 ***വെള്ളിക്കാശ്:*** ഈ നാണയം ഒരു ദിനാർ ആയിരുന്നിരിക്കാം. യേശുവിന്റെ കാലത്ത് ദിനാറിന്റെ ഒരു വശത്തു തിബെര്യാസ് ചക്രവർത്തിയുടെ ചിത്രം ഉണ്ടായിരുന്നു. ഈ നാണയം ആയിരുന്നു കൈസർക്ക് കരം കൊടുക്കുവാൻ ഉപയോഗിച്ചിരുന്നത്.

22:23 ***സദൂക്യർ:*** മനുഷ്യർ മരിച്ചതിനുശേഷം ഒരു ജീവിതം ഉണ്ടെന്നു സദൂക്യർ വിശ്വസിച്ചിരുന്നില്ല. കാരണം, മോശെയുടെ ന്യായപ്രമാണത്തിൽ അതിനെക്കുറിച്ചു വ്യക്തമായി പഠിപ്പിക്കുന്നില്ല. മനുഷ്യർ മരിച്ചതിനുശേഷം പുനരുത്ഥാനം ഉണ്ടെന്നു വിശ്വസിക്കുന്നതു മണ്ടത്തരം ആണെന്നു കാണിക്കുന്നതിനു വേണ്ടിയാണ് അവർ ഈ ചോദ്യം യേശുവിനോടു ചോദിച്ചത് (അ.പ്ര. 23:8).

എന്നു ചോദിച്ചു. 29 അതിനു
യേശു ഉത്തരം പറഞ്ഞതു: നിങ്ങൾ
തിരുവെഴുത്തുകളെയും[h] ദൈവശ
ക്തിയെയും[i] അറിയായ്കകൊണ്ടു[h]
തെറ്റിപ്പോകുന്നു. 30 പുനരുത്ഥാ
നത്തിൽ അവർ വിവാഹം കഴി
ക്കുന്നില്ല,[j] വിവാഹത്തിനു കൊടു
ക്കപ്പെടുന്നതുമില്ല;[j] സ്വർഗത്തിലെ
ദൂതന്മാരെപ്പോലെ അത്രേ ആകു
ന്നു. 31 മരിച്ചവരുടെ പുനരുത്ഥാ
നത്തെക്കുറിച്ചോ ദൈവം അരു
ളിച്ചെയ്തിരിക്കുന്നതു നിങ്ങൾ
വായിച്ചിട്ടില്ലയോ?[k] 32 [l]ഞാൻ
അബ്രാഹാമിന്റെ ദൈവവും യി
സ്ഹാക്കിന്റെ ദൈവവും യാക്കോ
ബിന്റെ ദൈവവും ആകുന്നു എന്ന്
അവൻ അരുളിച്ചെയ്യുന്നു; എ
ന്നാൽ അവൻ മരിച്ചവരുടെ ദൈവ
മല്ല, ജീവനുള്ളവരുടെ ദൈവമ
ത്രേ. 33 പുരുഷാരം ഇതു കേട്ടിട്ട്
അവന്റെ ഉപദേശത്തിൽ വിസ്മ
യിച്ചു.[m]
34 സദൂക്യരെ[n] അവൻ മിണ്ടാ
താക്കിയപ്രകാരം കേട്ടിട്ടു[o] പരീശ
ന്മാർ ഒന്നിച്ചുകൂടി, 35 അവരിൽ
ഒരു വൈദികൻ[p] അവനെ പരീ
ക്ഷിച്ചു:[q] 36 ഗുരോ, ന്യായപ്രമാ
ണത്തിൽ ഏതു കല്പന വലി
യത് എന്നു ചോദിച്ചു.[r] 37 യേശു
അവനോട്: [s]നിന്റെ ദൈവമായ
കർത്താവിനെ നീ പൂർണഹൃദയ
ത്തോടും പൂർണാത്മാവോടും പൂർ
ണമനസ്സോടുംകൂടെ സ്നേഹിക്കേ
ണം. 38 ഇതാകുന്നു വലിയതും
ഒന്നാമത്തേതുമായ കല്പന. രണ്ടാ
മത്തേത്[t] അതിനോടു സമം:[u]
39 കൂട്ടുകാരനെ നിന്നെപ്പോലെ
തന്നെ സ്നേഹിക്കേണം. 40 ഈ
രണ്ടു കല്പനകളിൽ[v] സകല ന്യായ
പ്രമാണവും പ്രവാചകന്മാരും[w] അട
ങ്ങിയിരിക്കുന്നു എന്നു പറഞ്ഞു.
41 [x]പരീശന്മാർ ഒരുമിച്ചു കൂടി
യിരിക്കുമ്പോൾ[y] യേശു അവരോ
ട്: 42 ക്രിസ്തുവിനെക്കുറിച്ചു[z]
നിങ്ങൾക്ക് എന്തു തോന്നുന്നു?
അവൻ ആരുടെ പുത്രൻ എന്നു
ചോദിച്ചു; ദാവീദിന്റെ[z] പുത്രൻ
എന്ന് അവർ പറഞ്ഞു. 43 അവൻ
അവരോട്: എന്നാൽ ദാവീദ്
ആത്മാവിൽ[a] അവനെ കർത്താവ്
എന്നു വിളിക്കുന്നത് എങ്ങനെ?
44 [b]“ഞാൻ നിന്റെ ശത്രുക്കളെ
നിന്റെ പാദപീഠം ആക്കുവോളം
എന്റെ വലത്തുഭാഗത്ത് ഇരിക്ക
എന്നു കർത്താവ് എന്റെ കർത്താ
വിനോട് അരുളിച്ചെയ്തു”
എന്ന് അവൻ പറയുന്നുവല്ലോ.
45 ദാവീദ് അവനെ കർത്താവ്
എന്നു പറയുന്നുവെങ്കിൽ അവന്റെ
പുത്രൻ ആകുന്നത് എങ്ങനെ
എന്നു ചോദിച്ചു.[c] 46 അവനോട്
ഉത്തരം പറവാൻ ആർക്കും കഴി
ഞ്ഞില്ല;[d] അന്നുമുതൽ ആരും
അവനോട് ഒന്നും ചോദിപ്പാൻ
തുനിഞ്ഞതുമില്ല.[e]

❋ ❋ ❋

*1. പരീശരുടെയും ശാസ്ത്രിമാരുടെയും ഉപദേശം നല്ലതും പ്രവൃത്തി ദോഷവും എന്നുള്ളത് 13. അവർക്ക് കഷ്ടം ചൊല്ലിയത് 37. യെരൂശലേമിന്റെ നാശം മുൻകൂട്ടി പറഞ്ഞത്.*

## 23

[a]അനന്തരം യേശു പുരുഷാര
ത്തോടും തന്റെ ശിഷ്യന്മാ
രോടും പറഞ്ഞത്: 2 ശാസ്ത്രി
മാരും[b] പരീശന്മാരും മോശെയുടെ
പീഠത്തിൽ ഇരിക്കുന്നു.[c] 3 ആക
യാൽ അവർ നിങ്ങളോടു പറയു
ന്നതൊക്കെയും പ്രമാണിച്ചു ചെ
യ്‌വിൻ; അവരുടെ പ്രവൃത്തികൾ
പോലെ ചെയ്യരുതുതാനും;[d] അവർ
പറയുന്നതല്ലാതെ ചെയ്യുന്നില്ലല്ലോ.[e]
4 അവർ ഘനമുള്ള ചുമടുകളെ
കെട്ടി മനുഷ്യരുടെ തോളിൽ
വയ്ക്കുന്നു; ഒരു വിരൽകൊണ്ടു
പോലും അവയെ തൊടുവാൻ
അവർക്കു മനസ്സില്ല.[f] 5 അവർ
തങ്ങളുടെ പ്രവൃത്തികൾ എല്ലാം
മനുഷ്യർ കാണേണ്ടതിനത്രേ[g]
ചെയ്യുന്നത്; തങ്ങളുടെ മന്ത്രപ്പട്ട[h]

29.[h] യോഹ.20:9
[i] 1കൊരി.6:14
30.[j] മത്താ.24:38; ലൂക്കൊ.17:27
31.[k] മത്താ.21:16
32.[l] അപ്പൊ.പ്ര.7:32; പുറ.3:6
33.[m] മത്താ.7:28
34.[n] മത്താ.22:23
[o] മത്താ.22:34-40 ക്കു. മർക്കൊ.12:28-33 കാ.
35.[p] ലൂക്കൊ.7:30
[q] മത്താ.22:18
36.[r] (ലൂക്കൊ.10:25-28)
37.[s] ലൂക്കൊ.10:27; ആവ.6:5
38.[t] (1യോഹ.4:21)
[u] ലേവ്യ.19:18; മത്താ.19:19
40.[v] (റോമ.13:8-10)
[w] മത്താ.7:12; (ഗലാ. 5:14)
41.[x] മത്താ.22:41-45 ക്കു. മർക്കൊ.12:35-37; ലൂക്കൊ.20:41-44 കാ.
[y] മത്താ.22:34
42.[z] മത്താ.1:1,17
43.[a] വെളി.1:10;4:2; (2ശമൂ.23:2)
44.[b] അപ്പൊ.പ്ര. 2:34,35; എബ്രാ.1:13; സങ്കീ.110:1; (1കൊരി.15:25; എബ്രാ.10:13)
45.[c] റോമ.1:5,6
46.[d] (ലൂക്കൊ.14:6)
[e] മർക്കൊ.12:34; ലൂക്കൊ.20:40

അധ്യായം 23

1.[a] മത്താ.23:1,2,5-7 ക്കു. മർക്കൊ. 12:38,39; ലൂക്കൊ. 20:45,46കാ. (ലൂക്കൊ.11:43)

2.[b] (എസ്രാ.7:6,10,25; നെഹെ.8:4) [c] (ആവ.17:10,11; യോഹ.9:28,29) 3.[d] (മത്താ.5:20; 15:3-13) [e] റോമ. 2:17-23 4.[f] ലൂക്കൊ.11:46; (മത്താ.11:28-30; അപ്പൊ.പ്ര.15:10) 5.[g] മത്താ.6:1,16; (യോഹ.5:44) [h] പുറ.13:9; ആവ.6:8; 11:18

വീതിയാക്കി തൊങ്ങൽ[i] വലുതാ
ക്കുന്നു. 6 അത്താഴത്തിൽ പ്രധാന
സ്ഥലവും[j] പള്ളിയിൽ മുഖ്യാസന
വും[k] 7 അങ്ങാടിയിൽ[l] വന്ദനവും[k]
മനുഷ്യർ റബ്ബീ[m] എന്നു വിളിക്കു
ന്നതും അവർക്കു പ്രിയമാകുന്നു.
8 നിങ്ങളോ റബ്ബീ എന്നു പേർ എടു
ക്കരുത്.[n] ഒരുത്തൻ അത്രേ നിങ്ങ
ളുടെ ഗുരു;[o] നിങ്ങളോ എല്ലാവരും
സഹോദരന്മാർ.[p] 9 ഭൂമിയിൽ
ആരെയും പിതാവ് എന്നു വിളിക്ക
രുത്;[q] ഒരുത്തൻ അത്രേ നിങ്ങ
ളുടെ പിതാവ്, സ്വർഗ്ഗസ്ഥൻ[r] തന്നെ.
10 നിങ്ങൾ നായകന്മാർ എന്നും
പേർ എടുക്കരുത്; ഒരുത്തൻ അത്രേ
നിങ്ങളുടെ നായകൻ, ക്രിസ്തു[s]
തന്നെ. 11 നിങ്ങളിൽ ഏറ്റവും
വലിയവൻ നിങ്ങളുടെ ശുശ്രൂഷ
ക്കാരൻ ആകേണം.[t] തന്നെത്താൻ
ഉയർത്തുന്നവൻ എല്ലാം താഴ്ത്ത
പ്പെടും; 12 തന്നെത്താൻ താഴ്ത്തു
ന്നവൻ എല്ലാം ഉയർത്തപ്പെടും.[u]
13 കപടഭക്തിക്കാരായ ശാസ്ത്രി
മാരും പരീശന്മാരുമായുള്ളോരേ,
നിങ്ങൾക്കു[v] ഹാ കഷ്ടം; നിങ്ങൾ
മനുഷ്യർക്കു സ്വർഗരാജ്യം അട
ച്ചുകളയുന്നു;[w] നിങ്ങൾ കടക്കു
ന്നില്ല, കടക്കുന്നവരെ കടപ്പാൻ
സമ്മതിക്കുന്നതുമില്ല.[x] 14 [കപട
ഭക്തിക്കാരായ ശാസ്ത്രിമാരും
പരീശന്മാരുമായുള്ളോരേ, നിങ്ങൾ
ക്കു ഹാ കഷ്ടം; നിങ്ങൾ വിധവ
മാരുടെ വീടുകളെ വിഴുങ്ങുകയും
ഉപായരൂപേണ ദീർഘമായി പ്രാർ
ഥിക്കയും ചെയ്യുന്നു; ഇതു ഹേതു
വായി നിങ്ങൾക്കു കടുപ്പമേറിയ
ശിക്ഷാവിധി വരും;][y] 15 കപടഭ
ക്തിക്കാരായ ശാസ്ത്രിമാരും പരീ
ശന്മാരുമായുള്ളോരേ, നിങ്ങൾക്കു
ഹാ കഷ്ടം; നിങ്ങൾ ഒരുത്തനെ
മതത്തിൽ ചേർക്കുവാൻ[z] കടലും
കരയും ചുറ്റി നടക്കുന്നു; ചേർന്നശേ
ഷം അവനെ നിങ്ങളെക്കാൾ ഇര
ട്ടിച്ച നരക[a]യോഗ്യൻ[b] ആക്കുന്നു.
16 ആരെങ്കിലും മന്ദിരത്തെച്ചൊ
ല്ലി സത്യം ചെയ്താൽ ഏതുമില്ല
എന്നും മന്ദിരത്തിലെ സ്വർണത്തെ
ച്ചൊല്ലി സത്യം ചെയ്യുന്നവനോ
കടക്കാരൻ[c] എന്നും പറയുന്ന
കുരുടന്മാരായ വഴികാട്ടികളേ,[d] നി
ങ്ങൾക്കു ഹാ കഷ്ടം.[e] 17 മൂഢ
ന്മാരും കുരുടന്മാരുമായുള്ളോരേ,
ഏതു വലിയത്? സ്വർണമോ സ്വർ
ണത്തെ ശുദ്ധീകരിക്കുന്ന മന്ദിര
മോ?[f] 18 യാഗപീഠത്തെച്ചൊല്ലി
സത്യം ചെയ്താൽ ഏതുമില്ല;
അതിന്മേലുള്ള വഴിപാടു[g] ചൊല്ലി
സത്യം ചെയ്യുന്നവനോ കടക്കാരൻ
എന്നു നിങ്ങൾ പറയുന്നു. 19 കുരു
ടന്മാരായുള്ളോരേ, ഏതു വലി
യത്? വഴിപാടോ വഴിപാടിനെ
ശുദ്ധീകരിക്കുന്ന യാഗപീഠമോ?[h]
20 ആകയാൽ യാഗപീഠത്തെച്ചൊ
ല്ലി സത്യം ചെയ്യുന്നവൻ അതി
നെയും അതിന്മേലുള്ള സകല
ത്തെയും ചൊല്ലി സത്യം ചെയ്യു
ന്നു. 21 മന്ദിരത്തെച്ചൊല്ലി സത്യം
ചെയ്യുന്നവൻ അതിനെയും അതിൽ
വസിക്കുന്നവനെയും[i] ചൊല്ലി
സത്യം ചെയ്യുന്നു. 22 സ്വർഗത്തെ[j]
ച്ചൊല്ലി സത്യം ചെയ്യുന്നവൻ,
ദൈവത്തിന്റെ സിംഹാസനത്തെ
യും[k] അതിൽ ഇരിക്കുന്നവനെയും[l]
ചൊല്ലി സത്യം ചെയ്യുന്നു.
23 കപടഭക്തിക്കാരായ ശാസ്ത്രി
മാരും പരീശന്മാരുമായുള്ളോരേ,
നിങ്ങൾക്കു ഹാ കഷ്ടം; നിങ്ങൾ
തുളസി, ചതകുപ്പ, ജീരകം[m] ഇവ
യിൽ പതാരം കൊടുക്കയും[n]
ന്യായം,[o] കരുണ, വിശ്വസ്തത ഇ
ങ്ങനെ ന്യായപ്രമാണത്തിൽ ഘന
മേറിയവ ത്യജിച്ചുകളകയും ചെ
യ്യുന്നു.[p] അതു ചെയ്കയും ഇതു
ത്യജിക്കാതിരിക്കയും വേണം.[q]
24 കുരുടന്മാരായ വഴികാട്ടികളേ,
നിങ്ങൾ കൊതുകിനെ അരിച്ചെ
ടുക്കയും ഒട്ടകത്തെ[r] വിഴുങ്ങിക്ക
ളകയും ചെയ്യുന്നു.
25 [s]കപടഭക്തിക്കാരായ ശാ
സ്ത്രിമാരും പരീശന്മാരുമായു
ള്ളോരേ, നിങ്ങൾക്കു ഹാ കഷ്ടം;

5.[i] മത്താ.9:21
6.[j] ലൂക്കൊ.14:7,8
[k] ലൂക്കൊ.11:43
7.[l] മത്താ.11:16;20:3
[k] (വാ. 6 കാ.)
[m] യോഹ.1:38
8.[n] യാക്കോ.3:1
[o] യോഹ.13:13
[p] ലൂക്കൊ.22:32; യോഹ.21:23; ഫിലേ.16
9.[q] (1കൊരി. 1:12;3:4)
[r] മത്താ.6:9; മലാ.1:6; മത്താ.7:11
10.[s] മത്താ.1:17
11.[t] മത്താ.20:26
12.[u] ലൂക്കൊ.14:11; 18:14; (മത്താ.18:4; സദൃ.29:23; യെഹെ.21:26; യാക്കോ.4:6,10; 1പത്രൊ. 5:5,6)
13.[v] ലൂക്കൊ.11:52
[w] (മത്താ.16:19)
[x] (മത്താ.5:20;21:31; ലൂക്കൊ.7:30)
14.[y] മർക്കൊ.12:40; ലൂക്കൊ.20:47
15.[z] അപ്പൊ.പ്ര.2:10; 6:5;13:43
[a] മത്താ.5:29
[b] (യോഹ.17:12; 2തെസ്സ.2:3)
16.[c] (മത്താ.5:33-35)
[d] മത്താ.23:17,19,26; യോഹ.9:39-41; റോമ.2:19; 2പത്രൊ.1:9; വെളി.3:17
[e] മത്താ.15:14
17.[f] പുറ.30:29
18.[g] മത്താ.5:23
19.[h] പുറ.29:37
21.[i] 1രാജാ.8:13; 2ദിന.6:2; സങ്കീ.26:8;132:14
22.[j] (മത്താ.21:25)
[k] മത്താ.5:34
[l] വെളി.4:2

23.[m] യെശ.28:25,27 [n] ആവ.14:22; (ലൂക്കൊ.18:12)
[o] സങ്കീ.33:5; യിരെ.5:1; മീഖാ.6:8; സെഖ.7:9
[p] ലൂക്കൊ.11:42 [q] 1ശമൂ.15:22 24.[r] മത്താ.19:24
25.[s] മത്താ.23:25-28ക്കു.(മത്താ.15:11-20)

നിങ്ങൾ കിണ്ടികിണ്ണങ്ങളുടെ[t]
പുറം വെടിപ്പാക്കുന്നു;[u] അകത്തോ
കവർച്ചയും അതിക്രമവും[v] നിറ
ഞ്ഞിരിക്കുന്നു. 26 കുരുടനായ
പരീശനേ, കിണ്ടികിണ്ണങ്ങളുടെ[t]
പുറം വെടിപ്പാക്കേണ്ടതിനു മുമ്പേ
അവയുടെ അകം വെടിപ്പാക്കുക.
27 കപടഭക്തിക്കാരായ ശാസ്ത്രി
മാരും പരീശന്മാരുമായുള്ളോരേ,
നിങ്ങൾക്കു ഹാ കഷ്ടം; വെള്ള
തേച്ച ശവക്കല്ലറകളോടു[w] നിങ്ങൾ
ഒത്തിരിക്കുന്നു; അവ പുറമേ അഴ
കായി ശോഭിക്കുന്നെങ്കിലും അക
മേ ചത്തവരുടെ അസ്ഥികളും
സകലവിധ അശുദ്ധിയും[x] നിറ
ഞ്ഞിരിക്കുന്നു.[y] 28 അങ്ങനെത
ന്നെ പുറമേ നിങ്ങൾ നീതിമാന്മാർ
എന്നു മനുഷ്യർക്കു തോന്നുന്നു;[z]
അകമേയോ കപടഭക്തിയും അ
ധർമ്മവും[a] നിറഞ്ഞവരത്രേ.
29 കപടഭക്തിക്കാരായ ശാസ്ത്രി
മാരും പരീശന്മാരുമായുള്ളോരേ,
നിങ്ങൾക്കു ഹാ കഷ്ടം; നിങ്ങൾ
പ്രവാചകന്മാരുടെ കല്ലറകളെ
പണിതും നീതിമാന്മാരുടെ കല്ല
റകളെ അലങ്കരിച്ചുംകൊണ്ടു:
30 ഞങ്ങൾ പിതാക്കന്മാരുടെ
കാലത്ത് ഉണ്ടായിരുന്നു എങ്കിൽ
പ്രവാചകന്മാരെ കൊല്ലുന്നതിൽ
കൂട്ടാളികൾ ആകയില്ലായിരുന്നു
എന്നു പറയുന്നു.[b] 31 അങ്ങനെ
നിങ്ങൾ പ്രവാചകന്മാരെ കൊന്ന
വരുടെ മക്കൾ[c] എന്നു നിങ്ങൾ
തന്നെ സാക്ഷ്യം പറയുന്നുവല്ലോ.
32 പിതാക്കന്മാരുടെ അളവ് നി
ങ്ങൾ പൂരിച്ചുകൊൾവിൻ.[d] 33 പാ
മ്പുകളേ, സർപ്പസന്തതികളേ,[e]
നിങ്ങൾ നരക[f]വിധി എങ്ങനെ ഒഴി
ഞ്ഞുപോകും?
34 [g]അതുകൊണ്ട് ഞാൻ പ്രവാ
ചകന്മാരെയും[h] ജ്ഞാനികളെയും
ശാസ്ത്രിമാരെയും[i] നിങ്ങളുടെ
അടുക്കൽ അയയ്ക്കുന്നു;[j] അവ
രിൽ ചിലരെ നിങ്ങൾ ക്രൂശിച്ചു
കൊല്ലുകയും[k] ചിലരെ[k] നിങ്ങ
ളുടെ പള്ളികളിൽ ചമ്മട്ടികൊണ്ട്
അടിക്കയും[l] പട്ടണത്തിൽനിന്നു

25.[t]മർക്കൊ.7:4
[u]ലൂക്കൊ.11:39,40
[v]ലൂക്കൊ.16:14; 20:47
26.[t](വാ. 25 കാ.)
27.[w](അപ്പൊ.പ്ര.23:3)
[x]എഫെ.5:3; (സംഖ്യാ.19:16; 2രാജാ.23:16)
[y]ലൂക്കൊ.11:44
28.[z]മത്താ.23:5
[a]ലൂക്കൊ.12:1
30.[b]ലൂക്കൊ.11:47,48
31.[c]അപ്പൊ.പ്ര.7:51,52
32.[d]ഉൽപ.15:16; ദാനീ.8:23; 1തെസ്സ.2:15,16
33.[e]മത്താ.3:7;12:34
[f]മത്താ.23:15
34.[g]മത്താ.23:34-36ക്കു. (ലൂക്കൊ.11:49-51)
[h]അപ്പൊ.പ്ര.13:1 1കൊരി.12:28
[i]മത്താ.13:52
[j]മത്താ.10:16
[k]മത്താ.21:35
[l]മത്താ.10:18; മർക്കൊ.13:9; ലൂക്കൊ.21:12; അപ്പൊ.പ്ര.22:19; 26:11; (ലൂക്കൊ.12:11)
[m]മത്താ.10:23
35.[n]ഉൽപ.4:4,8; എബ്രാ.11:4; 1യോഹ.3:12
[o]മത്താ.23:16; ലൂക്കൊ.1:9
[p]പുറ.40:6; 2രാജാ.16:14; യെഹെ.40:47
[q]2ദിന.24:21
[r](സെഖ.1:1)
[s]മത്താ.27:4; വെളി.18:24
36.[t](മത്താ.10:23; 16:28;24:34)
37.[u]മത്താ.23:37-39ക്കു.

പട്ടണത്തിലേക്ക് ഓടിക്കയും[m] ചെ
യ്യും. 35 നീതിമാനായ ഹാബെ
ലിന്റെ[n] രക്തംമുതൽ നിങ്ങൾ മന്ദി
രത്തിനും[o] യാഗപീഠത്തിനും[p] നടു
വിൽ വച്ചു കൊന്നവനായി[q] ബെ
രെഖ്യാവിന്റെ മകനായ സെഖര്യാ
വിന്റെ[r] രക്തംവരെ ഭൂമിയിൽ
ചൊരിഞ്ഞ നീതിയുള്ള രക്തം[s]
എല്ലാം നിങ്ങളുടെമേൽ വരേണ്ട
താകുന്നു. 36 ഇതൊക്കെയും ഈ
തലമുറമേൽ വരും[t] എന്നു ഞാൻ
സത്യമായിട്ടു നിങ്ങളോടു പറ
യുന്നു.
37 [u]യെരൂശലേമേ, യെരൂശലേമേ,
പ്രവാചകന്മാരെ കൊല്ലുകയും
നിന്റെ അടുക്കൽ അയച്ചിരിക്കു
ന്നവരെ കല്ലെറികയും ചെയ്യുന്ന
വളേ,[v] കോഴി തന്റെ കുഞ്ഞുങ്ങ
ളെ[w] ചിറകിൻകീഴിൽ[x] ചേർക്കും
പോലെ[w] നിന്റെ മക്കളെ[y] ചേർ
ത്തുകൊൾവാൻ[z] എനിക്ക് എത്ര
വട്ടം[a] മനസ്സായിരുന്നു;[a] നിങ്ങൾ
ക്കോ മനസ്സായില്ല.[b] 38 നിങ്ങ
ളുടെ ഭവനം ശൂന്യമായിത്തീരും.[c]
39 കർത്താവിന്റെ നാമത്തിൽ വരു
ന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ[d]
എന്നു നിങ്ങൾ പറയുവോളം നിങ്ങൾ
ഇനി എന്നെ കാണുകയില്ല എന്നു
ഞാൻ നിങ്ങളോടു പറയുന്നു.

❋ ❋ ❋

*1. ദൈവാലയത്തിന്റെ നാശം മുൻകൂട്ടി ചൊല്ലി
യത് 29. ന്യായവിധിക്കായി യേശുവിന്റെ വരവ്
42. വിശ്വസ്തദാസൻ.*

**24** [a]യേശു ദൈവാലയം വിട്ടു
പോകുമ്പോൾ ശിഷ്യന്മാർ
അവനു ദൈവാലയത്തിന്റെ പണി
കാണിക്കേണ്ടതിന് അവന്റെ അടു
ക്കൽ വന്നു. 2 അവൻ അവരോട്:

*ലൂക്കൊ.13:34,35കാ; (ലൂക്കൊ.19:41-44) [v]മത്താ.21:35 [w](ആവ.32:11,12) [x]രൂത്ത്.2:12 [y]ലൂക്കൊ.23:28 [z](സങ്കീ.147:2; സദൃ.1:24)[a](മത്താ. 26:55; ലൂക്കൊ.4:44) [b]യോഹ.5:40 38.[c](യെശ. 64:11; യിരെ.12:7;22:5) 39.[d]മത്താ.21:9; സങ്കീ. 118:26*

അധ്യായം 24

*1.[a](മത്താ.21:23); മത്താ.24:1-51ക്കു. മർക്കൊ. 13:1-37; ലൂക്കൊ.21:5-36കാ.*

ഇതെല്ലാം കാണുന്നില്ലയോ? ഇടി
ഞ്ഞുപോകാതെ കല്ലിന്മേൽ കല്ല്
ഇവിടെ ശേഷിക്കയില്ല[b] എന്നു
ഞാൻ സത്യമായിട്ടു നിങ്ങളോടു
പറയുന്നു എന്നു പറഞ്ഞു.
3 അവൻ ഒലിവുമലയിൽ[c] ഇരി
ക്കുമ്പോൾ ശിഷ്യന്മാർ തനിച്ച്[d]
അവന്റെ അടുക്കൽ വന്നു: അത്
എപ്പോൾ സംഭവിക്കും[e] എന്നും
നിന്റെ വരവിനും[f] ലോകാവസാന
ത്തിനും[g] അടയാളം എന്ത് എന്നും
പറഞ്ഞുതരേണം എന്ന് അപേ
ക്ഷിച്ചു. 4 അതിനു യേശു ഉത്തരം
പറഞ്ഞത്: ആരും നിങ്ങളെ തെറ്റി
ക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾ
വിൻ.[h] 5 ഞാൻ ക്രിസ്തു[i] എന്നു
പറഞ്ഞ് അനേകർ എന്റെ പേർ
എടുത്തു വന്നു[j] പലരെയും തെറ്റി
ക്കും. 6 നിങ്ങൾ യുദ്ധങ്ങളെയും
യുദ്ധശ്രുതികളെയുംകുറിച്ചു കേൾ
ക്കും; ചഞ്ചലപ്പെടാതിരിപ്പാൻ[k] സൂ
ക്ഷിച്ചുകൊൾവിൻ; അതു സംഭവി
ക്കേണ്ടതുതന്നെ;[l] എന്നാൽ അത്
അവസാനമല്ല; 7 ജാതി ജാതിയോ
ടും[m] രാജ്യം രാജ്യത്തോടും[n] എതിർ
ക്കും; ക്ഷാമവും[o] ഭൂകമ്പവും അവി
ടവിടെ ഉണ്ടാകും. 8 എങ്കിലും ഇത്
ഒക്കെയും ഈറ്റുനോവിന്റെ[p]
ആരംഭമത്രേ. 9 അന്ന് അവർ നിങ്ങ
ളെ ഉപദ്രവത്തിന്[q] ഏല്പിക്കയും
കൊല്ലുകയും[r] ചെയ്യും;[s] എന്റെ
നാമംനിമിത്തം സകല ജാതികളും
നിങ്ങളെ പകയ്ക്കും.[t] 10 പലരും
ഇടറി അന്യോന്യം ഏല്പിച്ചു
കൊടുക്കയും[u] അന്യോന്യം പക
യ്ക്കയും ചെയ്യും. 11 കള്ളപ്രവാ
ചകന്മാർ പലരും വന്ന്[v] അനേ
കരെ തെറ്റിക്കും.[w] 12 അധർമം
പെരുകുന്നതുകൊണ്ട് അനേക
രുടെ സ്നേഹം തണുത്തുപോ
കും.[x] 13 എന്നാൽ അവസാന
ത്തോളം സഹിച്ചുനില്ക്കുന്നവൻ
രക്ഷിക്കപ്പെടും.[y] 14 രാജ്യത്തിന്റെ
ഈ സുവിശേഷം സകല ജാതി
കൾക്കും[z] സാക്ഷ്യമായി[a] ഭൂലോ
കത്തിലൊക്കെയും പ്രസംഗി
ക്കപ്പെടും;[b] അപ്പോൾ അവസാനം
വരും.[c]
15 എന്നാൽ ദാനീയേൽപ്രവാ
ചകൻ മുഖാന്തരം അരുളിച്ചെയ്ത
തുപോലെ[d] ശൂന്യമാക്കുന്ന മ്ലേച്ഛ
ത, വിശുദ്ധസ്ഥലത്തിൽ[e] നില്ക്കു
ന്നതു നിങ്ങൾ കാണുമ്പോൾ–
വായിക്കുന്നവൻ ചിന്തിച്ചുകൊള്ള
ട്ടെ[f] 16 അന്നു യെഹൂദ്യയിലുള്ള
വർ മലകളിലേക്ക് ഓടിപ്പോകട്ടെ.
17 വീട്ടിന്മേൽ[g] ഇരിക്കുന്നവൻ[h]
വീട്ടിലുള്ളത് എടുക്കേണ്ടതിന് ഇറ
ങ്ങരുത്; 18 വയലിലുള്ളവൻ
വസ്ത്രം എടുപ്പാൻ മടങ്ങിപ്പോക
രുത്. 19 ആ കാലത്തു ഗർഭിണി
കൾക്കും മുലകുടിപ്പിക്കുന്നവർക്കും
അയ്യോ കഷ്ടം![i] 20 എന്നാൽ
നിങ്ങളുടെ ഓടിപ്പോക്കു ശീതകാ
ലത്തോ ശബ്ബത്തിലോ സംഭവിക്കാ
തിരിപ്പാൻ പ്രാർഥിപ്പിൻ. 21 ലോ
കാരംഭംമുതൽ ഇന്നുവരെയും
സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ
സംഭവിക്കാത്തതും ആയ[j] വലിയ
കഷ്ടം[k] അന്ന് ഉണ്ടാകും. 22 ആ
നാളുകൾ ചുരുങ്ങാതിരുന്നാൽ
ഒരു ജഡവും രക്ഷിക്കപ്പെടുക
യില്ല; വൃതന്മാർ നിമിത്തമോ[l] ആ
നാളുകൾ ചുരുങ്ങും. 23 അന്ന്
ആരാനും നിങ്ങളോട്: ഇതാ,
ക്രിസ്തു ഇവിടെ, അല്ല അവിടെ
എന്നു പറഞ്ഞാൽ വിശ്വസിക്ക
രുത്.[m] 24 കള്ളക്രിസ്തുക്കളും[n]

2.[b] ലൂക്കൊ.19:44
3.[c] മത്താ.21:1
[d] (മർക്കൊ.4:34)
[e] (അപ്പൊ.പ്ര.1:6,7)
[f] മത്താ.24:27,37,39; 1തെസ്സ.2:19
[g] മത്താ.13:39
4.[h] യിരെ.29:8; എഫെ.5:6; കൊലൊ.2:8; 2തെസ്സ.2:3; 1യോഹ.3:7
5.[i] മത്താ.1:17
[j] മത്താ.24:11,24; യിരെ.14:14; 1യോഹ.2:18
6.[k] 2തെസ്സ.2:2
[l] വെളി.1:1
7.[m] 2ദിന.15:6; (വെളി.6:4)
[n] യെശ.19:2
[o] അപ്പൊ.പ്ര.11:28; വെളി.6:8,12
8.[p] യോഹ.16:21; അപ്പൊ.പ്ര.2:24; റോമ.8:22
9.[q] മത്താ.24:21,29; വെളി.2:10
[r] മത്താ.23:34; യോഹ.16:2
[s] മത്താ.10:17,21
[t] മത്താ.10:22
10.[u] മത്താ.10:21
11.[v] മത്താ.7:15
[w] മത്താ.24:5,24
12.[x] (ലൂക്കൊ.18:7; വെളി.2:4)
13.[y] മത്താ.10:22
14.[z] മത്താ.28:20
[a] മത്താ.10:18
[b] റോമ.10:18; കൊലൊ.1:6,23; (മർക്കൊ.14:9)
[c] (മത്താ.24:6)
15.[d] ദാനീ.9:27; 11:31;12:11
[e] (യോഹ.11:48; അപ്പൊ.പ്ര.6:13; 21:28) [f] (ദാനീ.9:22,23,25; വെളി.1:3) 17.[g] ലൂക്കൊ.5:19 [h] ലൂക്കൊ.17:31 19.[i] ലൂക്കൊ.23:29 21.[j] വെളി.16:18 [k] മത്താ.24:29; ദാനീ.12:1; (വെളി.7:14) 22.[l] മത്താ.24:24,31; യെശ.65:8,9; ലൂക്കൊ.18:7; (മത്താ.22:14) 23.[m] ലൂക്കൊ.17:23; (മത്താ.24:5,26) 24.[n] (1യോഹ.2:18)

24:3 ***ഒലിവുമല:*** ഒലിവുമല, മൂന്നു കി.മീ.ൽ കൂടുതൽ നീളം വരുന്ന ഒരു മലയാണ്. പലസ്തീനിൽ സ്ഥിതിചെയ്യുന്ന ഒരു വലിയ പർവതനിരയുടെ ഒരു ഭാഗം മാത്രമാണ് ഇത്. ഇതിന്റെ ചെരിവുകളിൽ ധാരാളമായി ഒലിവു വൃക്ഷങ്ങൾ വളരുന്നതുകൊണ്ടാണ് ഇതിന് ഒലിവുമല എന്നു പേരു കിട്ടിയത്. യെരുശലേമിൽ ദൈവാലയത്തിന്റെ കിഴക്കു ഭാഗത്തായി ഇതു സ്ഥിതിചെയ്യുന്നു.

കള്ളപ്രവാചകന്മാരും[o] എഴുന്നേറ്റു
കഴിയുമെങ്കിൽ വൃതന്മാരെയും
തെറ്റിപ്പാനായി[n] വലിയ അടയാ
ളങ്ങളും അദ്ഭുതങ്ങളും കാണി
ക്കും.[p] 25 ഓർത്തുകൊൾവിൻ;
ഞാൻ മുമ്പുകൂട്ടി നിങ്ങളോടു പറ
ഞ്ഞിരിക്കുന്നു.[q] 26 ആകയാൽ
നിങ്ങളോട്: അതാ, അവൻ മരുഭൂ
മിയിൽ[r] എന്നു പറഞ്ഞാൽ പുറ
പ്പെടരുത്; ഇതാ, അറകളിൽ എ
ന്നു പറഞ്ഞാൽ വിശ്വസിക്കരുത്.
27 മിന്നൽ കിഴക്കുനിന്നു പുറ
പ്പെട്ടു പടിഞ്ഞാറോളം വിളങ്ങും
പോലെ[s] മനുഷ്യപുത്രന്റെ വരവ്[t]
ആകും. 28 ശവം ഉള്ളേടത്തു
കഴുക്കൾ കൂടും.[u]

29 ആ കാലത്തിലെ കഷ്ടം[v]
കഴിഞ്ഞ ഉടനെ സൂര്യൻ ഇരുണ്ടു
പോകും;[w] ചന്ദ്രൻ പ്രകാശം കൊടു
ക്കാതിരിക്കും; നക്ഷത്രങ്ങൾ ആകാ
ശത്തുനിന്നു വീഴും;[x] ആകാശ
ത്തിലെ ശക്തികൾ ഇളകിപ്പോകും.
30 അപ്പോൾ മനുഷ്യപുത്രന്റെ
അടയാളം[y] ആകാശത്തു വിളങ്ങും;
[z]അന്നു ഭൂമിയിലെ സകല ഗോത്ര
ങ്ങളും പ്രലപിച്ചും[a]കൊണ്ട്, മനുഷ്യ
പുത്രൻ ആകാശത്തിലെ മേഘങ്ങ
ളിന്മേൽ[b] മഹാശക്തിയോടും തേജ
സ്സോടുംകൂടെ[c] വരുന്നതു കാണും.[b]
31 അവൻ തന്റെ ദൂതന്മാരെ[d]
മഹാ കാഹള[e]ധ്വനിയോടുംകൂടെ
അയയ്ക്കും;[d] അവർ അവന്റെ
വൃതന്മാരെ[f] ആകാശത്തിന്റെ
അറുതിമുതൽ അറുതിവരെയും[g]
നാലു ദിക്കിൽനിന്നും[h] കൂട്ടി
ച്ചേർക്കും.[i]

32 അത്തിയെ നോക്കി ഒരു
ഉപമ പഠിപ്പിൻ; അതിന്റെ കൊമ്പ്
ഇളതായി ഇല തളിർക്കുമ്പോൾ
വേനൽ അടുത്തു എന്നു നിങ്ങൾ
അറിയുന്നുവല്ലോ. 33 അങ്ങനെ
നിങ്ങൾ ഇതൊക്കെയും കാണു
മ്പോൾ അവൻ അടുക്കെ വാതി
ല്ക്കൽ[j] തന്നെ ആയിരിക്കുന്നു
എന്ന് അറിഞ്ഞുകൊൾവിൻ.
34 ഇതൊക്കെയും സംഭവിക്കു
വോളം ഈ തലമുറ ഒഴിഞ്ഞു
പോകയില്ല എന്നു ഞാൻ സത്യ
മായിട്ടു നിങ്ങളോടു പറയുന്നു.[k]
35 ആകാശവും ഭൂമിയും ഒഴിഞ്ഞു
പോകും;[l] എന്റെ വചനങ്ങളോ
ഒഴിഞ്ഞുപോകയില്ല.[m] 36 ആ നാ
ളും നാഴികയും സംബന്ധിച്ചോ
എന്റെ പിതാവ് മാത്രമല്ലാതെ[n]
ആരും[o] സ്വർഗത്തിലെ ദൂതന്മാരും
പുത്രനും കൂടെ[p] അറിയുന്നില്ല.[o]
37 നോഹയുടെ കാലംപോലെ[q]
തന്നെ മനുഷ്യപുത്രന്റെ വരവും
ആകും.[r] 38 ജലപ്രളയത്തിനു മു
മ്പുള്ള കാലത്തു[q] നോഹ പെട്ട
കത്തിൽ കയറിയ നാൾവരെ[s]
അവർ തിന്നും കുടിച്ചും വിവാ
ഹം കഴിച്ചും വിവാഹത്തിനു കൊ
ടുത്തും[t] പോന്നു; 39 ജലപ്രളയം
വന്ന് എല്ലാവരെയും നീക്കിക്കള
യുവോളം അവർ അറിഞ്ഞതുമി
ല്ല; മനുഷ്യപുത്രന്റെ വരവും അ
ങ്ങനെതന്നെ ആകും.[r] 40 അന്നു
രണ്ടു പേർ വയലിൽ ഇരിക്കും;[u]
ഒരുത്തനെ കൈക്കൊള്ളും, മറ്റവ
നെ ഉപേക്ഷിക്കും. 41 രണ്ടു പേർ[v]
ഒരു തിരികല്ലിൽ[w] പൊടിച്ചുകൊണ്ടി
രിക്കും;[v] ഒരുത്തിയെ കൈക്കൊ
ള്ളും, മറ്റവളെ ഉപേക്ഷിക്കും.
42 നിങ്ങളുടെ കർത്താവ്[x] ഏതു
ദിവസത്തിൽ വരുന്നു എന്നു നി
ങ്ങൾ അറിയായ്കകൊണ്ട് ഉണർ
ന്നിരിപ്പിൻ.[y] 43 കള്ളൻ വരുന്ന[z]
യാമം ഇന്നതെന്നു വീട്ടുടയവൻ
അറിഞ്ഞു എങ്കിൽ അവൻ ഉണർ
ന്നിരിക്കയും തന്റെ വീട് തുരക്കു
വാൻ[a] സമ്മതിക്കാതിരിക്കയും
ചെയ്യും എന്ന് അറിയുന്നുവല്ലോ.[b]
44 അങ്ങനെ നിങ്ങൾ നിനയ്ക്കാ
ത്ത നാഴികയിൽ മനുഷ്യപുത്രൻ

24.[o] മത്താ.24:11 [p] ആവ.13:1-3; 2തെസ്സ.2:9-11; വെളി.13:13,14; 16:14; 19:20; (അപ്പൊ.പ്ര.8:9)
25.[q] യോഹ.13:19; 14:29; (2പത്രൊ.3:17)
26.[r] അപ്പൊ.പ്ര.21:38
27.[s] ലൂക്കൊ.17:24 [t] മത്താ.24:3,37,39
28.[u] ലൂക്കൊ.17:37; (ഇയ്യോ.39:30)
29.[v] മത്താ.24:21 [w] യെശ.13:10;24:23; യെഹെ.32:7; യോവേ.2:10,31;3:15; അപ്പൊ.പ്ര.2:20; (ആമോ.5:20;8:9; സെഫ.1:15; വെളി.6:12;8:12) [x] വെളി.6:13; (യെശ.14:12;34:4)
30.[y] (മത്താ.24:3) [z] ദാനീ.7:13 [a] വെളി.1:7; (സെഖ.12:12) [b] മത്താ.16:27 [c] മത്താ.26:64; മർക്കൊ.9:1; (മത്താ.25:31)
31.[d] മത്താ.13:41 [e] 1കൊരി.15:52; 1തെസ്സ.4:16 [f] മത്താ.24:22,24 [g] ആവ.4:32;30:4 [h] ദാനീ.7:2; സെഖ.2:6; വെളി.7:1 [i] (മത്താ.23:37; 2തെസ്സ.2:1)
33.[j] യാക്കോ.5:9; വെളി.3:20
34.[k] മത്താ.16:28
35.[l] സങ്കീ.102:26; യെശ.51:6; 2പത്രൊ.3:10; (മത്താ.5:18; എബ്രാ.12:27) [m] സങ്കീ.119:89; യെശ.40:8; 1പത്രൊ.1:23,25
36.[n] (സെഖ.14:7; അപ്പൊ.പ്ര.1:7) [o] മത്താ.25:13; 1തെസ്സ.5:1,2 [p] (ഫിലി.2:6,7)
37.[q] ലൂക്കൊ.17:26,27 [r] മത്താ.24:27
38.[q] (വാ. 37 കാ.) [s] ഉൽപ.7:7-16 [t] മത്താ.22:30
39.[r] (വാ.37 കാ.)
40.[u] ലൂക്കൊ.17:36
41.[v] ലൂക്കൊ.17:35 [w] പുറ.11:5; യെശ.47:2
42.[x] യോഹ.13:13 [y] മത്താ.25:13;26:41; മർക്കൊ. 14:34-38; ലൂക്കൊ.12:37;21:36; അപ്പൊ.പ്ര.20:31; 1കൊരി.16:13; 1തെസ്സ.5:6; 1പത്രൊ.5:8; വെളി.16:15
43.[z] (1തെസ്സ.5:2; 2പത്രൊ.3:10; വെളി.3:3) [a] മത്താ.6:19 [b] മത്താ.24:43-51ക്കു (ലൂക്കൊ.12:39-46)

വരുന്നതുകൊണ്ടു[c] നിങ്ങളും ഒരു
ങ്ങിയിരിപ്പിൻ.[d] **45** എന്നാൽ
യജമാനൻ തന്റെ വീട്ടുകാർക്കു
തത്സമയത്തു ഭക്ഷണം കൊടുക്കേ
ണ്ടതിന് അവരുടെമേൽ ആക്കി
വച്ച വിശ്വസ്തനും[e] ബുദ്ധിമാനും[f]
ആയ ദാസൻ ആർ? **46** യജമാനൻ
വരുമ്പോൾ അങ്ങനെ ചെയ്തു
കാണുന്ന ദാസൻ ഭാഗ്യവാൻ.[g]
**47** അവൻ അവനെ തനിക്കുള്ള
സകലത്തിന്മേലും യജമാനൻ
ആക്കിവയ്ക്കും[h] എന്നു ഞാൻ
സത്യമായിട്ടു നിങ്ങളോടു പറയു
ന്നു. **48** എന്നാൽ അവൻ ദുഷ്ട
ദാസനായി: യജമാനൻ വരുവാൻ
താമസിക്കുന്നു[i] എന്നു ഹൃദയം
കൊണ്ടു പറഞ്ഞു, **49** കൂട്ടുദാ
സന്മാരെ അടിപ്പാനും കുടിയന്മാ
രോടു[j]കൂടി തിന്നുകുടിപ്പാനും തുട
ങ്ങിയാൽ **50** ആ ദാസൻ നിരൂപി
ക്കാത്ത നാളിലും അറിയാത്ത
നാഴികയിലും[k] **51** യജമാനൻ വന്ന്
അവനെ ദണ്ഡിപ്പിച്ച് അവനു കപട
ഭക്തിക്കാരോടുകൂടെ പങ്കു കല്പി
ക്കും; അവിടെ കരച്ചലും പല്ലുക
ടിയും ഉണ്ടാകും.[l]

❋ ❋ ❋

*1. പത്തു കന്യകമാരുടെയും 14. താലന്തുകളു ടെയും ഉപമകൾ 31. ന്യായവിധിയുടെ വിവരം.*

**25** സ്വർഗരാജ്യം മണവാളനെ[a]
എതിരേല്പാൻ വിളക്ക് എടു
ത്തുംകൊണ്ടു പുറപ്പെട്ട പത്തു
കന്യകമാരോടു[b] സദൃശം ആകും.
**2** അവരിൽ അഞ്ചു പേർ ബുദ്ധി
യില്ലാത്തവരും അഞ്ചു പേർ ബുദ്ധി
യുള്ളവരും[c] ആയിരുന്നു. **3** ബുദ്ധി
യില്ലാത്തവർ വിളക്ക് എടുത്ത
പ്പോൾ എണ്ണ എടുത്തില്ല. **4** ബു
ദ്ധിയുള്ളവരോ വിളക്കോടുകൂടെ
പാത്രത്തിൽ എണ്ണയും എടുത്തു.
**5** പിന്നെ മണവാളൻ താമസിക്കു
മ്പോൾ[d] എല്ലാവരും മയക്കംപി
ടിച്ച് ഉറങ്ങി. **6** അർധരാത്രിക്കോ[e]
മണവാളൻ വരുന്നു; അവനെ എ
തിരേല്പാൻ പുറപ്പെടുവിൻ എന്ന്
ആർപ്പുവിളി ഉണ്ടായി. **7** അപ്പോൾ
കന്യകമാർ എല്ലാവരും എഴുന്നേറ്റു
വിളക്കു തെളിയിച്ചു.[f] **8** എന്നാൽ
ബുദ്ധിയില്ലാത്തവർ ബുദ്ധിയുള്ള
വരോട്: ഞങ്ങളുടെ വിളക്കു കെട്ടു
പോകുന്നതുകൊണ്ടു നിങ്ങളുടെ
എണ്ണയിൽ കുറെ ഞങ്ങൾക്കു തരു
വിൻ എന്നു പറഞ്ഞു. **9** ബുദ്ധി
യുള്ളവർ: ഞങ്ങൾക്കും നിങ്ങൾ
ക്കും പോരാ എന്നു വരാതിരി
പ്പാൻ നിങ്ങൾ വില്ക്കുന്നവരുടെ
അടുക്കൽ പോയി വാങ്ങിക്കൊൾ
വിൻ എന്ന് ഉത്തരം പറഞ്ഞു.
**10** [g]അവർ വാങ്ങുവാൻ പോയ
പ്പോൾ മണവാളൻ വന്നു; ഒരുങ്ങി
യിരുന്നവർ[h] അവനോടുകൂടെ ക
ല്യാണസദ്യക്കു[i] ചെന്നു; വാതിൽ
അടയ്ക്കയും ചെയ്തു. **11** അതി
ന്റെ ശേഷം മറ്റേ കന്യകമാരും
വന്നു: കർത്താവേ, കർത്താവേ
ഞങ്ങൾക്കു തുറക്കേണമേ[j] എന്നു
പറഞ്ഞു. **12** അതിന് അവൻ:[j]
ഞാൻ നിങ്ങളെ അറിയുന്നില്ല[k]
എന്നു സത്യമായിട്ടു നിങ്ങ
ളോടു പറയുന്നു എന്നു പറഞ്ഞു.
**13** ആകയാൽ നാളും നാഴികയും
നിങ്ങൾ അറിയായ്കകൊണ്ട്[l]
ഉണർന്നിരിപ്പിൻ.[m]

**14** [n]ഒരു മനുഷ്യൻ പരദേശത്തു
പോകുമ്പോൾ[o] ദാസന്മാരെ വിളിച്ചു
തന്റെ സമ്പത്ത് അവരെ ഏല്പി
ച്ചു.[p] **15** ഒരുവന് അഞ്ചു താലന്ത്,[q]
ഒരുവനു രണ്ട്, ഒരുവന് ഒന്ന്
ഇങ്ങനെ ഓരോരുത്തന് അവനവ
ന്റെ പ്രാപ്തിപോലെകൊടുത്തു[r]
യാത്ര പുറപ്പെട്ടു.[o] **16** അഞ്ചു താ
ലന്തു ലഭിച്ചവൻ ഉടനെ ചെന്നു
വ്യാപാരം ചെയ്തു വേറേ അഞ്ചു
താലന്തു സമ്പാദിച്ചു. **17** അങ്ങനെ
തന്നെ രണ്ടു താലന്തു ലഭിച്ചവൻ
വേറേ രണ്ടു നേടി. **18** ഒന്നു ലഭി
ച്ചവനോ പോയി നിലത്ത് ഒരു
കുഴി കുഴിച്ചു[s] യജമാനന്റെ ദ്രവ്യം
മറച്ചുവച്ചു. **19** വളരെ കാലം

44.[c] *മത്താ.24:27*
[d] *മത്താ.25:10*
45.[e] *മത്താ.25:21; 1കൊരി.4:2; എബ്രാ.3:5*
[f] *മത്താ.7:24; 10:16; 25:2; ലൂക്കൊ.16:8; 1കൊരി.10:15*
46.[g] *യോഹ.13:17; വെളി.16:15*
47.[h] *മത്താ.25:21,23*
48.[i] *മത്താ.25:5*
49.[j] *1തെസ്സ.5:7*
50.[k] *2പത്രൊ.3.11; (മത്താ.25:13)*
51.[l] *മത്താ.8:12*

**അധ്യായം 25**

1.[a] *മത്താ.9:15; യോഹ.3:29; വെളി.19:7; 21:2,9*
[b] *ലൂക്കൊ.19:13*
2.[c] *മത്താ.7:24; 10:16; ലൂക്കൊ.16:8; 1കൊരി.10:15*
5.[d] *മത്താ.24:48 (മത്താ.25:19; എബ്രാ.10:37; 2 പത്രൊ.3:3,4,9)*
6.[e] *മർക്കൊ.13:35*
7.[f] *(ലൂക്കൊ.12:35)*
10.[g] *മത്താ.25:10,12 ക്കു (ലൂക്കൊ.13:25 - 27)*
[h] *മത്താ.24:44*
[i] *മത്താ.22:2*
11.[j] *(മത്താ.7:22,23)*
12.[k] *മത്താ.10:33; (2തിമൊ.2:19)*
13.[l] *(മത്താ.24:50)*
[m] *മത്താ.24:42*
14.[n] *മത്താ.25:14 - 30 ക്കു (ലൂക്കൊ.19:12 - 27)*
[o] *മത്താ.21:33*

[p] *(മർക്കൊ.13:34)* 15.[q] *മത്താ.18:24* [r] *(റോമ.12:6; 1കൊരി.12:11; എഫെ.4:7; 1പത്രൊ.4:10)*
[o] *(വാ. 14 കാ.)* 18.[s] *(മത്താ.13:44)*

കഴിഞ്ഞശേഷം[t] ആ ദാസന്മാരുടെ
യജമാനൻ വന്ന് അവരുമായി
കണക്കു തീർത്തു.[u] 20 അഞ്ചു
താലന്തു ലഭിച്ചവൻ അടുക്കെ
വന്നു, വേറേ അഞ്ചുകൂടെ കൊ
ണ്ടുവന്നു: യജമാനനേ, അഞ്ചു
താലന്തല്ലോ എന്നെ ഏല്പിച്ചത്;
ഞാൻ അഞ്ചു താലന്തുകൂടെ
നേടിയിരിക്കുന്നു എന്നു പറഞ്ഞു.
21 അതിന് യജമാനൻ: നന്ന്, നല്ല
വനും വിശ്വസ്തനുമായ[v] ദാസ
നേ, നീ അല്പത്തിൽ വിശ്വസ്ത
നായിരുന്നു;[w] ഞാൻ നിന്നെ അധി
കത്തിനു വിചാരകനാക്കും;[x] നി
ന്റെ യജമാനന്റെ സന്തോഷത്തി
ലേക്കു[y] പ്രവേശിക്ക എന്ന് അവ
നോടു പറഞ്ഞു. 22 രണ്ടു താല
ന്തു ലഭിച്ചവനും അടുക്കെ വന്നു:
യജമാനനേ, രണ്ടു താലന്തല്ലോ
എന്നെ ഏല്പിച്ചത്; ഞാൻ രണ്ടു
താലന്തുകൂടെ നേടിയിരിക്കുന്നു
എന്നു പറഞ്ഞു. 23 അതിനു
യജമാനൻ നന്ന്, നല്ലവനും വിശ്വ
സ്തനുമായ ദാസനേ, നീ അല്പ
ത്തിൽ വിശ്വസ്തനായിരുന്നു; ഞാൻ
നിന്നെ അധികത്തിനു വിചാരകനാ
ക്കും; നിന്റെ യജമാനന്റെ സന്തോ
ഷത്തിലേക്കു പ്രവേശിക്ക എന്ന്
അവനോടു പറഞ്ഞു. 24 ഒരു
താലന്തു ലഭിച്ചവനും അടുക്കെ
വന്നു: യജമാനനേ, നീ വിത
യ്ക്കാത്തേടത്തുനിന്നു കൊയ്യുക
യും[z] വിതറാത്തേടത്തുനിന്നു
ചേർക്കുകയും ചെയ്യുന്ന കഠിന
മനുഷ്യൻ[a] എന്നു 25 ഞാൻ അറി
ഞ്ഞു ഭയപ്പെട്ടു ചെന്നു നിന്റെ
താലന്തു നിലത്തു മറച്ചുവച്ചു; നി
ന്റേത് ഇതാ, എടുത്തുകൊൾക[b]
എന്നു പറഞ്ഞു. 26 അതിനു യജ
മാനൻ ഉത്തരം പറഞ്ഞത്: ദുഷ്ട
നും[c] മടിയനും[c] ആയ ദാസനേ,
ഞാൻ വിതയ്ക്കാത്തേടത്തുനിന്നു
കൊയ്യുകയും വിതറാത്തേടത്തു
നിന്നു ചേർക്കുകയും ചെയ്യുന്ന
വൻ എന്നു നീ അറിഞ്ഞുവല്ലോ.
27 നീ എന്റെ ദ്രവ്യം പൊൻവാണി
ഭക്കാരെ ഏല്പിക്കേണ്ടിയിരുന്നു;

19.[t] (മത്താ.25:5)
[u] മത്താ.18:23;
റോമ.14:12;
(ലൂക്കൊ.16:2)
21.[v] മത്താ.25:23;
24:45
[w] ലൂക്കൊ.16:10;
1കൊരി.4:2;
(1തിമൊ.3:13)
[x] മത്താ.24:47
[y] എബ്രാ.12:2;
(യെശ.53:11;
യോഹ.15:11)
24.[z] (2കൊരി.8:12)
[a] 1ശമൂ.25:3
25.[b] മത്താ.20:14
26.[c] മത്താ.18:32;
സദൃ.20:4;
റോമ.12:11

29.[d] (ലൂക്കൊ..12:48);
മത്താ.13:12
30.[e] (ലൂക്കൊ.17:10)
[f] മത്താ.8:12
31.[g] മത്താ.16:27,28
[h] മത്താ.19:28
32.[i] യോവേ.3:12;
(മത്താ.24:14;28:20)
[j] (മത്താ.24:31)
[k] യെഹെ.34:17
[l] മത്താ.13:49
34.[m] മത്താ.25:40;
ലൂക്കൊ.19:38;
വെളി.17:14;19:16;
(യെശ.6:5)
[n] 1 രാജാ.2:19;
സങ്കീ.45:9;110:1
[o] (സങ്കീ.37:22;
യെശ.65:23;
എഫെ.1:3)
[p] മത്താ.13:35
[q] മത്താ.20:23;
(1കൊരി.2:9;
എബ്രാ.11:16)
[r] ലൂക്കൊ.12:32;
22:29
[s] മത്താ.19:29;
1പത്രൊ.3:9;
വെളി.21:7;
(റോമ.8:17,
തീത്തൊ.3:6;
എബ്രാ.1:14;
യാക്കോ.2:5
35.[t] യെശ.58:7;

എന്നാൽ ഞാൻ വന്ന് എന്റേതു
പലിശയോടുകൂടെ വാങ്ങിക്കൊ
ള്ളുമായിരുന്നു. 28 ആ താലന്ത്
അവന്റെ പക്കൽനിന്ന് എടുത്തു
പത്തു താലന്ത് ഉള്ളവനു കൊടു
പ്പിൻ. 29 അങ്ങനെ ഉള്ളവന് ഏ
വനും ലഭിക്കും; അവനു സമൃദ്ധി
യും ഉണ്ടാകും; ഇല്ലാത്തവനോടോ
ഉള്ളതും കൂടെ എടുത്തുകളയും.[d]
30 എന്നാൽ കൊള്ളരുതാത്ത ദാ
സനെ[e] ഏറ്റവും പുറത്തുള്ള ഇരുട്ടി
ലേക്കു തള്ളിക്കളവിൻ;[f] അവിടെ
കരച്ചലും പല്ലുകടിയും ഉണ്ടാകും.[f]
31 മനുഷ്യപുത്രൻ തന്റെ തേജ
സ്സോടെ സകല വിശുദ്ധദൂതന്മാരു
മായി വരുമ്പോൾ[g] അവൻ തന്റെ
തേജസ്സിന്റെ സിംഹാസനത്തിൽ
ഇരിക്കും.[h] 32 സകല ജാതികളെ
യും[i] അവന്റെ മുമ്പിൽ കൂട്ടും;[j]
അവൻ അവരെ ഇടയൻ ചെമ്മ
രിയാടുകളെയും[k] കോലാടുകളെ
യും തമ്മിൽ വേർതിരിക്കുന്നതു
പോലെ വേർതിരിച്ച്,[l] 33 ചെമ്മ
രിയാടുകളെ തന്റെ വലത്തും കോ
ലാടുകളെ ഇടത്തും നിറുത്തും.
34 രാജാവ്[m] തന്റെ വലത്തുള്ളവ
രോട്[n] അരുളിച്ചെയ്യും: എന്റെ പിതാ
വിനാൽ അനുഗ്രഹിക്കപ്പെട്ടവരേ,[o]
വരുവിൻ; ലോകസ്ഥാപനംമുതൽ[p]
നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന[q]
രാജ്യം[r] അവകാശമാക്കിക്കൊൾ
വിൻ.[s] 35 എനിക്കു വിശന്നു, നി
ങ്ങൾ ഭക്ഷിപ്പാൻ തന്നു;[t] ദാഹിച്ചു,
നിങ്ങൾ കുടിപ്പാൻ തന്നു;[u] ഞാൻ
അതിഥിയായിരുന്നു, നിങ്ങൾ എ
ന്നെ ചേർത്തുകൊണ്ടു;[v] 36 നഗ്ന
നായിരുന്നു, നിങ്ങൾ എന്നെ ഉടു
പ്പിച്ചു;[t] രോഗിയായിരുന്നു,[w] നിങ്ങൾ
എന്നെ കാൺമാൻ വന്നു;[x] തട
വിൽ ആയിരുന്നു, നിങ്ങൾ എന്റെ
അടുക്കൽ വന്നു.[y] 37 അതിനു
നീതിമാന്മാർ അവനോടു: കർത്താ
വേ, ഞങ്ങൾ എപ്പോൾ നിന്നെ

യെഹെ.18:7,16; (യാക്കോ.2:15,16) [u] മത്താ.10:42
[v] ഇയ്യോ.31:32; റോമ.12:13; എബ്രാ.13 :1,2; 3 യോഹ.5
36.[t] (വാ.35 കാ.) [w] (ലൂക്കൊ.10:33,34) [x] യാക്കോ.
1:27 [y] 2തിമൊ.1;17; (എബ്രാ.10:34;13:3)

വിശന്നു കണ്ടിട്ടു ഭക്ഷിപ്പാൻ തരി
കയോ ദാഹിച്ചു കണ്ടിട്ടു കുടിപ്പാൻ
തരികയോ ചെയ്തു? **38** ഞങ്ങൾ
എപ്പോൾ നിന്നെ അതിഥിയായി
കണ്ടിട്ടു ചേർത്തുകൊൾകയോ
നഗ്നനായി കണ്ടിട്ട് ഉടുപ്പിക്കയോ
ചെയ്തു? **39** നിന്നെ രോഗിയായി
ട്ടോ തടവിലോ എപ്പോൾ കണ്ടിട്ടു
ഞങ്ങൾ നിന്റെ അടുക്കൽ വന്നു
എന്ന് ഉത്തരം പറയും. **40** രാജാവ്
അവരോട്: എന്റെ ഈ ഏറ്റവും
ചെറിയ സഹോദരന്മാരിൽ[z] ഒരു
ത്തനു നിങ്ങൾ ചെയ്തേടത്തോ
ളം എല്ലാം എനിക്കു ചെയ്തു[a]
എന്നു ഞാൻ സത്യമായിട്ടു നിങ്ങ
ളോടു പറയുന്നു എന്ന് അരുളി
ച്ചെയ്യും.[b] **41** പിന്നെ അവൻ ഇട
ത്തുള്ളവരോട്: ശപിക്കപ്പെട്ടവരേ,[c]
എന്നെ വിട്ടു[d] പിശാചിനും അവന്റെ
ദൂതന്മാർക്കും[e] ഒരുക്കിയിരിക്കുന്ന
നിത്യാഗ്നിയിലേക്കു[f] പോകുവിൻ.
**42** എനിക്കു വിശന്നു, നിങ്ങൾ
ഭക്ഷിപ്പാൻ തന്നില്ല;[g] ദാഹിച്ചു, നി
ങ്ങൾ കുടിപ്പാൻ തന്നില്ല. **43** അതി
ഥിയായിരുന്നു, നിങ്ങൾ എന്നെ
ചേർത്തുകൊണ്ടില്ല; നഗ്നനായിരു
ന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചില്ല;
രോഗിയും തടവിലും ആയിരുന്നു,
നിങ്ങൾ എന്നെ കാൺമാൻ വന്നില്ല
എന്ന് അരുളിച്ചെയ്യും. **44** അതിന്
അവർ: കർത്താവേ, ഞങ്ങൾ നി
ന്നെ വിശക്കുന്നവനോ ദാഹിക്കു
ന്നവനോ അതിഥിയോ നഗ്നനോ
രോഗിയോ തടവിലോ ആയി എ
പ്പോൾ കണ്ടു നിനക്കു ശുശ്രൂഷ
ചെയ്യാതിരുന്നു എന്ന് ഉത്തരം
പറയും. **45** അവൻ അവരോട്:
ഈ ഏറ്റവും ചെറിയവരിൽ ഒരു
ത്തനു നിങ്ങൾ ചെയ്യാഞ്ഞേട
ത്തോളമെല്ലാം എനിക്ക് ആകുന്നു
ചെയ്യാഞ്ഞത്[h] എന്നു ഞാൻ
സത്യമായിട്ടു നിങ്ങളോടു പറയു
ന്നു എന്ന് ഉത്തരം അരുളും.
**46** ഇവർ നിത്യദണ്ഡനത്തിലേ
ക്കും[i] നീതിമാന്മാർ നിത്യജീവങ്ക[j]
ലേക്കും[i] പോകും.

❋ ❋ ❋

*1. യേശുവിനെ കൊല്ലുവാൻ പ്രമാണികൾ ആലോചന ചെയ്തത് 6. ഒരു സ്ത്രീ അവനെ അഭിഷേകം ചെയ്തത് 14. യൂദായുടെ ദ്രോഹം 26. കർത്താവിന്റെ അത്താഴം നിയമിക്കപ്പെട്ടത് 36. ഗെത്ത്ശെമനയിൽ വച്ചുള്ള പ്രാർഥന 47. അവൻ യൂദായാൽ ഒറ്റി കൊടുക്കപ്പെടുന്നത് 69. പത്രൊസ് തള്ളിപ്പറഞ്ഞത്.*

**26** ഈ വചനങ്ങളൊക്കെയും
പറഞ്ഞു തീർന്നശേഷം
യേശു ശിഷ്യന്മാരോട്: **2** [a]രണ്ടു
ദിവസം കഴിഞ്ഞിട്ടു പെസഹ ആ
കുന്നു എന്നു നിങ്ങൾ അറിയുന്നു
വല്ലോ;[b] അന്നു മനുഷ്യപുത്രനെ[c]
ക്രൂശിപ്പാൻ ഏല്പിക്കും[d] എന്നു
പറഞ്ഞു. **3** അന്നു മഹാപുരോഹി
തന്മാരും ജനത്തിന്റെ മൂപ്പന്മാരും
കയ്യഫാ[e] മഹാപുരോഹിതന്റെ മ
ണ്ഡപത്തിൽ[f] വന്നുകൂടി.[g] **4** യേ
ശുവിനെ ഉപായത്താൽ പിടിച്ചു
കൊല്ലുവാൻ ആലോചിച്ചു;[h] **5** എ
ങ്കിലും ജനത്തിൽ കലഹമുണ്ടാകാ
തിരിപ്പാൻ[i] പെരുന്നാളിൽ അരുത്
എന്നു പറഞ്ഞു.
**6** [j]യേശു ബേഥാന്യയിൽ[k] കു
ഷ്ഠരോഗിയായിരുന്ന ശീമോന്റെ
വീട്ടിൽ ഇരിക്കുമ്പോൾ[k] **7** ഒരു
സ്ത്രീ വിലയേറിയ പരിമളതൈലം
നിറഞ്ഞ ഒരു വെൺകൽഭരണി
എടുത്തുംകൊണ്ട് അവന്റെ അടു
ക്കെ വന്നു, അവൻ പന്തിയിൽ
ഇരിക്കുമ്പോൾ അത് അവന്റെ
തലയിൽ ഒഴിച്ചു. **8** ശിഷ്യന്മാർ
അതു കണ്ടിട്ടു മുഷിഞ്ഞു: ഈ
വെറും ചെലവ് എന്തിന്? **9** ഇതു
വളരെ വിലയ്ക്കു വിറ്റു ദരിദ്രർക്കു
കൊടുക്കാമായിരുന്നുവല്ലോ[l] എന്നു
പറഞ്ഞു. **10** യേശു അത് അറി
ഞ്ഞ് അവരോട്: [m]സ്ത്രീയെ
അസഹ്യപ്പെടുത്തുന്നത് എന്ത്?
അവൾ എങ്കൽ നല്ല പ്രവൃത്തിയ
ല്ലോ ചെയ്തത്. **11** ദരിദ്രർ നി
ങ്ങൾക്ക് എല്ലായ്പോഴും അടുക്കെ

40.[z] *മത്താ.28:10; യോഹ.20:17; റോമ.8:29; എബ്രാ.2:11; (മത്താ.12:50)*
[a] *മത്താ.10:40,42*
[b] *മത്താ.25:34*
41.[c] *(എബ്രാ.6:8)*
[d] *മത്താ.7:23*
[e] *2പത്രൊ.2:4; യൂദാ.6; വെളി.12:7*
[f] *മത്താ.13:40,42; 18:8; മർക്കൊ.9:43,44,48; യൂദാ.7; (ലൂക്കൊ.16:24); 2 തെസ്സ.1:6,7*
42.[g] *ഇയ്യോ.22:7*
45.[h] *(ലൂക്കൊ.10:16; അപ്പൊ.പ്ര.9:5; 1കൊരി.8:12)*
46.[i] *ദാനി.12:2; യോഹ.5:29; (അപ്പൊ.പ്ര.24:15)*
[j] *റോമ.2:7;5:21;6:23; (യോഹ.10:28; 1യോഹ.2:25)*

**അധ്യായം 26**

2.[a] *മത്താ.26:2-5 ക്കു. മർക്കൊ.14:1,2; ലൂക്കൊ.22:1,2കാ.*
[b] *യോഹ.6:4*
[c] *മത്താ.26:24*
[d] *മത്താ.20:18,19*
3.[e] *മത്താ.26:57; ലൂക്കൊ.3:2; യോഹ.11:49;18:13; അപ്പൊ.പ്ര.4:6*
[f] *മത്താ.26:58,69; ലൂക്കൊ.11:21; യോഹ.18:15; (വെളി.11:2)*
[g] *(സങ്കീ.2:2; യോഹ.11:47; അപ്പൊ.പ്ര.4:27)*
4.[h] *യോഹ.11:53; മത്താ.21:46*
5.[i] *മത്താ.27:24; ലൂക്കൊ.22:6*
6.[j] *മത്താ.26:6-13ക്കു മർക്കൊ.14:3-9; യോഹ.12:1-8കാ.; (ലൂക്കൊ.7: 37-39)*
[k] *മത്താ.21:17; യോഹ.11:18*
9.[l] *(യോഹ.13:29)*
10.[m] *മത്താ.16:8*

ഉണ്ട്;[n] ഞാൻ നിങ്ങൾക്ക് എല്ലാ
യ്പോഴും ഇല്ലതാനും.[o] 12 അവൾ
ഈ തൈലം എന്റെ ദേഹത്തി
ന്മേൽ ഒഴിച്ചത് എന്റെ ശവസംസ്കാ
രത്തിനായി[p] ചെയ്തതാകുന്നു.
13 ലോകത്തിൽ എങ്ങും, ഈ
സുവിശേഷം[q] പ്രസംഗിക്കുന്നേട
ത്തെല്ലാം, അവൾ ചെയ്തതും അ
വളുടെ ഓർമയ്ക്കായി[r] പ്രസ്താ
വിക്കും എന്നു ഞാൻ സത്യമായി
ട്ടു നിങ്ങളോടു പറയുന്നു എന്നു
പറഞ്ഞു.
14 [s]അന്നു പന്തിരുവരിൽ ഒരുത്ത
നായ യൂദാ ഈസ്കര്യോത്താവ്[t]
മഹാപുരോഹിതന്മാരുടെ അടു
ക്കൽ ചെന്നു: 15 നിങ്ങൾ എന്തു
തരും? ഞാൻ അവനെ കാണിച്ചു
തരാം എന്നു പറഞ്ഞു: അവർ
അവനു മുപ്പതു വെള്ളിക്കാശു[u]
തൂക്കിക്കൊടുത്തു.[v] 16 അന്നുമു
തൽ അവനെ കാണിച്ചുകൊടു
പ്പാൻ[w] അവൻ തക്കം അന്വേഷിച്ചു
പോന്നു.
17 പുളിപ്പില്ലാത്ത അപ്പത്തിന്റെ
ഒന്നാം നാളിൽ[x] ശിഷ്യന്മാർ യേ
ശുവിന്റെ അടുക്കൽ വന്നു:[y] നീ
പെസഹ കഴിപ്പാൻ ഞങ്ങൾ ഒരു
ക്കേണ്ടത് എവിടെ എന്നു ചോദിച്ചു.
18 അതിന് അവൻ പറഞ്ഞത്:
നിങ്ങൾ നഗരത്തിൽ ഇന്നവന്റെ
അടുക്കൽ ചെന്ന്: എന്റെ സമയം
അടുത്തിരിക്കുന്നു;[z] ഞാൻ എന്റെ
ശിഷ്യരുമായി നിന്റെ അടുക്കൽ
പെസഹ കഴിക്കും എന്നു ഗുരു[a]
പറയുന്നു എന്നു പറവിൻ. 19 ശി
ഷ്യന്മാർ യേശു കല്പിച്ചതുപോ
ലെ ചെയ്തു പെസഹ ഒരുക്കി.
20 [b]സന്ധ്യയായപ്പോൾ അവൻ
പന്ത്രണ്ടു ശിഷ്യന്മാരോടുകൂടെ
പന്തിയിൽ ഇരുന്നു. 21 അവർ
ഭക്ഷിക്കുമ്പോൾ അവൻ: നിങ്ങളിൽ
ഒരുവൻ എന്നെ കാണിച്ചുകൊടു
ക്കും[c] എന്നു ഞാൻ സത്യമായിട്ടു
നിങ്ങളോടു പറയുന്നു എന്നു പറ
ഞ്ഞു. 22 അപ്പോൾ അവർ അത്യ
ന്തം ദുഃഖിച്ചു: ഞാനോ, ഞാനോ,
കർത്താവേ, എന്ന് ഓരോരുത്തൻ
പറഞ്ഞുതുടങ്ങി. 23 അവൻ ഉത്ത
രം പറഞ്ഞത്: എന്നോടുകൂടെ കൈ
താലത്തിൽ മുക്കുന്നവൻ തന്നെ
എന്നെ കാണിച്ചുകൊടുക്കും.[d]
24 തന്നെക്കുറിച്ചു എഴുതിയിരി
ക്കുന്നതുപോലെ[e] മനുഷ്യപുത്രൻ
പോകുന്നു സത്യം; മനുഷ്യപുത്രനെ
കാണിച്ചുകൊടുക്കുന്ന മനുഷ്യനോ
ഹാ കഷ്ടം;[f] ആ മനുഷ്യൻ ജനി
ക്കാതിരുന്നു എങ്കിൽ അവനു
കൊള്ളായിരുന്നു.[g] 25 എന്നാറെ
അവനെ കാണിച്ചുകൊടുക്കുന്ന
യൂദാ: ഞാനോ, റബ്ബീ,[h] എന്നു
പറഞ്ഞതിന്: നീ തന്നെ[i] എന്ന്
അവൻ പറഞ്ഞു. 26 [j]അവർ ഭക്ഷി
ക്കുമ്പോൾ യേശു അപ്പം എടുത്തു
വാഴ്ത്തി[k] നുറുക്കി ശിഷ്യന്മാർക്കു
കൊടുത്തു: വാങ്ങി ഭക്ഷിപ്പിൻ;
ഇത് എന്റെ ശരീരം എന്നു പറ
ഞ്ഞു.[l] 27 പിന്നെ പാനപാത്രം എടു
ത്തു സ്തോത്രംചൊല്ലി[m] അവർ
ക്കു കൊടുത്തു: എല്ലാവരും ഇതിൽ
നിന്നു കുടിപ്പിൻ. 28 ഇത്[l] അനേ
കർക്കു[n]വേണ്ടി പാപമോചനത്തി
നായി[o] ചൊരിയുന്ന പുതിയനിയമ
ത്തിനുള്ള എന്റെ രക്തം;[p] 29 എ
ന്റെ പിതാവിന്റെ രാജ്യത്തിൽ[q]
നിങ്ങളോടുകൂടെ പുതുതായി കുടി
ക്കുംനാൾവരെ ഞാൻ മുന്തിരിവ
ള്ളിയുടെ ഈ അനുഭവത്തിൽ
നിന്ന് ഇനി കുടിക്കയില്ല എന്നു
ഞാൻ നിങ്ങളോടു പറയുന്നു
എന്നു പറഞ്ഞു.
30 [r]പിന്നെ അവർ സ്തോത്രം
പാടിയശേഷം ഒലിവുമലയ്ക്കു[s]
പുറപ്പെട്ടുപോയി.[t]
31 യേശു അവരോട്: ഈ രാത്രി
യിൽ നിങ്ങൾ എല്ലാവരും എങ്കൽ

11.[n] ആവ.15:11
[o] മത്താ.9:15; യോഹ.7:33
12.[p] യോഹ.19:40
13.[q] (മത്താ.24:14)
[r] അപ്പൊ.പ്ര.10:4
14.[s] മത്താ26:14 – 16 ക്കു. മർക്കൊ.14:10,11 ലൂക്കൊ.22:3-6കാ; (യോഹ.13:2,27,30)
[t] മത്താ.10:4;27:3; അപ്പൊ.പ്ര.1:16; (യോഹ.6:70,71; 12:4)
15.[u] മത്താ.27:3,9: പുറ.21:32
[v] സെഖ.11:12; (ഉൽപ.23:16; യിരെ.32:9)
16.[w] മത്താ.20:18,19
17.[x] പുറ.12:18
[y] മത്താ. 26:17-19ക്കു. മർക്കൊ.14:12-16; ലൂക്കൊ.22:7-13കാ.
18.[z] (മത്താ.26:45; യോഹ.7:6,8,30; 8:20;13:1;17:1)
[a] (മത്താ.23:8); യോഹ.11:28
20.[b] മത്താ.26:20-24 ക്കു. മർക്കൊ.14:17-21 കാ. (ലൂക്കൊ. 22:14,21-23; യോഹ.13:21-26)
21.[c] (യോഹ.6:70,71)
23.[d] (യോഹ.13:18)
24.[e] മത്താ.26:54,56; മർക്കൊ.9:12; ലൂക്കൊ.18:31; 24:25-27,46; അപ്പൊ.പ്ര.17:2,3; 26:22,23; 1കൊരി.15:3; 1പത്രൊ.1:10,11
[f] മത്താ.18:7
[g] യോഹ.17:12
25.[h] മത്താ.26:49; യോഹ.1:38 [i] മത്താ26:64; ലൂക്കൊ.22:70 26.[j] മത്താ. 26:26-29 ക്കു. മർക്കൊ.14:22-25; ലൂക്കൊ. 22:18-20; 1കൊരി.11:23-25കാ. [k] മത്താ.14:19 [l] 1കൊരി.10:16; (യോഹ.6:53) 27.[m] മത്താ.15:36 28.[l] (വാ.26 കാ.) [n] മത്താ.20:28 [o] മർക്കൊ.1:4; (ലൂക്കൊ.1:77) [p] പുറ.24:8; (സെഖ.9:11; എബ്രാ.13:20) 29.[q] (മത്താ.13:43) 30.[r] മത്താ.26:30-35 ക്കു. മർക്കൊ.14:26-31കാ. [s] മത്താ.21:1 [t] ലൂക്കൊ.22:39; യോഹ.18:1

ഇടറും;[u] [v]ഞാൻ ഇടയനെ വെട്ടും;
കൂട്ടത്തിലെ ആടുകൾ ചിതറിപ്പോ
കും എന്ന് എഴുതിയിരിക്കുന്നുവല്ലോ.
32 എന്നാൽ ഞാൻ ഉയിർത്തെഴു
ന്നേറ്റശേഷം നിങ്ങൾക്കു മുമ്പായി
ഗലീലയ്ക്കു പോകും.[w] 33 അതിനു
പത്രൊസ്: എല്ലാവരും നിങ്കൽ ഇട
റിയാലും[u] ഞാൻ ഒരുനാളും ഇടറു
കയില്ല[x] എന്ന് ഉത്തരം പറഞ്ഞു.
34 യേശു അവനോട്: ഈ രാത്രി
യിൽ കോഴി കൂകുംമുമ്പേ[y] നീ
മൂന്നുവട്ടം എന്നെ തള്ളിപ്പറയും
എന്നു ഞാൻ സത്യമായിട്ടു നിന്നോ
ടു പറയുന്നു എന്നു പറഞ്ഞു.[z]
35 നിന്നോടുകൂടെ മരിക്കേണ്ടി
വന്നാലും ഞാൻ നിന്നെ തള്ളിപ്പ
റകയില്ല[a] എന്നു പത്രൊസ് അവ
നോടു പറഞ്ഞു; അതുപോലെ
തന്നെ ശിഷ്യന്മാർ എല്ലാവരും
പറഞ്ഞു.
36 [b]അനന്തരം യേശു അവരു
മായി ഗെത്ത്ശെമന എന്ന തോട്ട
ത്തിൽ[t] വന്നു ശിഷ്യന്മാരോട്: ഞാൻ
അവിടെ പോയി പ്രാർഥിച്ചു വരു
വോളം ഇവിടെ ഇരിപ്പിൻ എന്നു
പറഞ്ഞു, 37 പത്രൊസിനെയും
സെബെദിപുത്രന്മാർ[c] ഇരുവരെയും[d]
കൂട്ടിക്കൊണ്ടുചെന്നു ദുഃഖിച്ചും
വ്യാകുലപ്പെട്ടും തുടങ്ങി: 38 എന്റെ
ഉള്ളം മരണവേദനപോലെ അതി
ദുഃഖിതമായിരിക്കുന്നു;[e] ഇവിടെ
താമസിച്ച് എന്നോടുകൂടെ ഉണർ
ന്നിരിപ്പിൻ[f] എന്ന് അവരോടു പറ
ഞ്ഞു. 39 പിന്നെ അവൻ അല്പം
മുമ്പോട്ടുചെന്നു കവിണ്ണുവീണു:
പിതാവേ, കഴിയും എങ്കിൽ ഈ
പാനപാത്രം എങ്കൽനിന്നു നീങ്ങി
പ്പോകേണമേ;[g] എങ്കിലും ഞാൻ
ഇച്ഛിക്കുംപോലെ അല്ല, നീ ഇച്ഛി
ക്കുംപോലെ ആകട്ടെ[h] എന്നു പ്രാർ
ഥിച്ചു.[i] 40 പിന്നെ അവൻ ശിഷ്യ
ന്മാരുടെ അടുക്കൽ വന്നു, അവർ
ഉറങ്ങുന്നതു കണ്ടു, പത്രൊസി
നോട്: എന്നോടുകൂടെ ഒരു നാഴിക
പോലും ഉണർന്നിരിപ്പാൻ നിങ്ങൾ
ക്കു കഴിഞ്ഞില്ലയോ? 41 പരീക്ഷ
യിൽ അകപ്പെടാതിരിപ്പാൻ[j] ഉണർ
ന്നിരുന്നു[f] പ്രാർഥിപ്പിൻ;[k] ആത്മാവ്
ഒരുക്കമുള്ളത്, ജഡമോ ബലഹീ
നമത്രേ എന്നു പറഞ്ഞു. 42 രണ്ടാ
മതും പോയി: പിതാവേ, ഞാൻ
കുടിക്കാതെ അതു നീങ്ങിക്കൂടാ
എങ്കിൽ, നിന്റെ ഇഷ്ടം ആകട്ടെ[l]
എന്നു പ്രാർഥിച്ചു. 43 അനന്തരം
അവൻ വന്ന്, അവർ കണ്ണിനു ഭാരം
ഏറുകയാൽ[m] പിന്നെയും ഉറങ്ങു
ന്നതു കണ്ടു. 44 അവരെ വിട്ടു
മൂന്നാമതും[n] പോയി ആ വചനം
തന്നെ ചൊല്ലി പ്രാർഥിച്ചു. 45 പി
ന്നെ ശിഷ്യന്മാരുടെ അടുക്കൽ
വന്നു: ഇനി ഉറങ്ങി ആശ്വസിച്ചു
കൊൾവിൻ; നാഴിക അടുത്തു;[o]
മനുഷ്യപുത്രൻ പാപികളുടെ കൈ
യിൽ ഏല്പിക്കപ്പെടുന്നു;[p] 46 എ
ഴുന്നേല്പിൻ, നാം പോക; ഇതാ,
എന്നെ കാണിച്ചുകൊടുക്കുന്നവൻ
അടുത്തിരിക്കുന്നു എന്നു പറഞ്ഞു.
47 [q]അവൻ സംസാരിക്കുമ്പോൾ
തന്നെ പന്തിരുവരിൽ ഒരുത്തനായ
യൂദായും[r] അവനോടുകൂടെ മഹാ
പുരോഹിതന്മാരും ജനത്തിന്റെ
മൂപ്പന്മാരും അയച്ച വലിയോരു
പുരുഷാരവും വാളും വടികളുമാ
യി വന്നു. 48 അവനെ കാണിച്ചു
കൊടുക്കുന്നവൻ: ഞാൻ ഏവനെ
ചുംബിക്കുമോ അവൻതന്നെ
ആകുന്നു; അവനെ പിടിച്ചുകൊൾ
വിൻ എന്ന് അവർക്ക് ഒരു അടയാ
ളം കൊടുത്തിരുന്നു. 49 ഉടനെ
അവൻ യേശുവിന്റെ അടുക്കൽ
വന്നു: റബ്ബീ,[s] വന്ദനം എന്നു പറഞ്ഞ്
അവനെ ചുംബിച്ചു.[t] 50 യേശു
അവനോട്: സ്നേഹിതാ,[u] നീ
വന്ന കാര്യം എന്ത്[v] എന്നു പറഞ്ഞ
പ്പോൾ അവർ അടുത്തു യേശുവി
ന്മേൽ കൈ വച്ച് അവനെ പിടിച്ചു.
51 അപ്പോൾ യേശുവിനോടു
കൂടെ ഉള്ളവരിൽ ഒരുവൻ കൈ
നീട്ടി വാൾ[w] ഊരി, മഹാപുരോ
ഹിതന്റെ ദാസനെ വെട്ടി അവന്റെ
കാത് അറുത്തു. 52 യേശു അവ
നോട്: വാൾ ഉറയിൽ ഇടുക;
വാൾ എടുക്കുന്നവരൊക്കെയും

31.[u] *മത്താ.5:29*
[v] *സെഖ.13:7;*
*(യോഹ.16:32)*
32.[w] *മത്താ.28:7,*
*10,16;മർക്കൊ.16:7*
33.[u] *(വാ. 31 കാ.)*
[x] *(ലൂക്കൊ.22:31,33)*
34.[y] *മത്താ.26:75*
[z] *ലൂക്കൊ.22:34;*
*യോഹ.13:38*
35.[a] *ലൂക്കൊ.22:33;*
*യോഹ.13:37*
36.[b] *മത്താ.26:36-46*
*ക്കു.*
*മർക്കൊ.14:32-42;*
*ലൂക്കൊ.22:40-46*
*കാ.*
[t] *(വാ.30 കാ.)*
37.[c] *മത്താ.4:21*
[d] *മത്താ.17:1*
38.[e] *(സങ്കീ.42:5,6;*
*യോഹ.12:27)*
[f] *മത്താ.24:42*
39.[g] *മത്താ.20:22*
[h] *മത്താ.26:42;*
*യോഹ.5:30;6:38;*
*ഫിലി.2:8*
[i] *എബ്രാ.5:7*
41.[j] *മത്താ.6:13*

[f] *(വാ. 38 കാ.)*
[k] *1പത്രൊ.4:7*
42.[l] *മത്താ.26:39;*
*6:10*
43.[m] *ലൂക്കൊ.9:32*
44.[n] *(2കൊരി.12:8)*
45.[o] *യോഹ.12:23,27;*
*13:1;17:1;*
*(മത്താ.26:18;*
*ലൂക്കൊ.22:53)*
[p] *മത്താ.17:22;20:18*
47.[q] *മത്താ.26:47-56*
*ക്കു.*
*മർക്കൊ.14:43-50;*
*ലൂക്കൊ.22:47-53;*
*യോഹ.18:3-11കാ.*
[r] *മത്താ.26:14;*
*അപ്പൊ.പ്ര.1:16*
49.[s] *മത്താ.26:25*
[t] *ലൂക്കൊ.7:38,45;*
*15:20*
50.[u] *മത്താ.20:13;*
*22:12*

[v] *(യോഹ:13:27)* 51.[w] *(ലൂക്കൊ.22:38)*

വാളാൽ നശിച്ചുപോകും.[x] 53 എ
ന്റെ പിതാവിനോട് ഇപ്പോൾതന്നെ
പന്ത്രണ്ടു ലെഗ്യോനിലും[y] അധി
കം ദൂതന്മാരെ[z] എന്റെ അരികെ
നിറുത്തേണ്ടതിന് എനിക്ക് അപേ
ക്ഷിച്ചുകൂടാ എന്നു തോന്നുന്നു
വോ?[a] 54 എന്നാൽ ഇങ്ങനെ സംഭ
വിക്കേണം എന്നുള്ള തിരുവെഴു
ത്തുകൾക്ക് എങ്ങനെ നിവൃത്തി
വരും[b] എന്നു പറഞ്ഞു. 55 ആ
നാഴികയിൽ യേശു പുരുഷാര
ത്തോട്: ഒരു കള്ളന്റെ നേരേ
എന്നപോലെ നിങ്ങൾ എന്നെ
പിടിപ്പാൻ വാളും വടിയുമായി
വന്നിരിക്കുന്നു; ഞാൻ ദിവസേന
ഉപദേശിച്ചുകൊണ്ടു[c] ദൈവാല
യത്തിൽ ഇരുന്നിട്ടും[d] നിങ്ങൾ
എന്നെ പിടിച്ചില്ല. 56 എന്നാൽ
ഇതൊക്കെയും പ്രവാചകന്മാരുടെ
എഴുത്തുകൾ നിവൃത്തിയാകേണ്ട
തിനു സംഭവിച്ചു[b] എന്നു പറഞ്ഞു.
അപ്പോൾ ശിഷ്യന്മാർ എല്ലാവരും
അവനെ വിട്ട് ഓടിപ്പോയി.[e]
57 [f]യേശുവിനെ പിടിച്ചവരോ
മഹാപുരോഹിതനായ കയ്യഫാ
യുടെ[g] അടുക്കൽ ശാസ്ത്രിമാരും
മൂപ്പന്മാരും ഒന്നിച്ചുകൂടിയിരുന്നേ
ടത്ത് അവനെ കൊണ്ടുപോയി.[h]
58 എന്നാൽ പത്രൊസ്[i] ദൂരവേ മഹാ
പുരോഹിതന്റെ അരമനയോളം[g]
പിൻചെന്ന്,[i] അകത്തു കടന്ന് അവ
സാനം കാൺമാൻ സേവകന്മാരോ
ടുകൂടി[j] ഇരുന്നു. 59 മഹാപുരോ
ഹിതന്മാരും ന്യായാധിപസംഘ[k]-
മൊക്കെയും യേശുവിനെ കൊല്ലേ
ണ്ടതിന് അവന്റെ നേരേ കള്ള
സ്സാക്ഷ്യം അന്വേഷിച്ചു;[l] 60 കള്ള
സ്സാക്ഷികൾ പലരും വന്നിട്ടും[m]
പറ്റിയില്ല. 61 ഒടുവിൽ രണ്ടു പേർ[n]
വന്ന്: ദൈവമന്ദിരം പൊളിച്ചു[o]
മൂന്നു ദിവസംകൊണ്ടു വീണ്ടും
പണിവാൻ എനിക്കു കഴിയും[p]
എന്ന് ഇവൻ പറഞ്ഞു എന്നു
ബോധിപ്പിച്ചു. 62 മഹാപുരോഹി
തൻ എഴുന്നേറ്റ് അവനോട്: നീ
ഒരു ഉത്തരവും പറയുന്നില്ലയോ?
ഇവർ നിന്റെ നേരേ സാക്ഷ്യം

52.[x] *വെളി.13:10; (ഉൽപ.9:6; യെഹെ.35:6)*
53.[y] *ലൂക്കൊ.8:30*
[z] *(മത്താ.4:11; 2രാജാ.6:17; ദാനീ.7:10; ലൂക്കൊ.22:43; യോഹ.18:36)*
[a] *(യോഹ.10:18)*
54.[b] *മത്താ.26:24; 1:23*
55.[c] *മത്താ.21:23; (മത്താ.4:23)*
[d] *(യോഹ.8:2); (ലൂക്കൊ.2:46; യോഹ.18:20)*
56.[b] *(വാ.54 കാ.)*
[e] *മത്താ.26:31; (സങ്കീ.88:8,18; യോഹ.16:32)*
57.[f] *മത്താ.26:57 - 68 ക്കു. മർക്കൊ.14:53 - 65 കാ.(യോഹ. 18:12,13,19 - 24)*
[g] *മത്താ.26:3*
[h] *ലൂക്കൊ.22:54*
58.[i] *യോഹ.18:15*
[g] *(വാ. 57 കാ.)*
[j] *യോഹ.7:32;18:3; അപ്പൊ.പ്ര.5:22,26*
59.[k] *മത്താ.5:22; 10:17*
[l] *അപ്പൊ.പ്ര.6:11*
60.[m] *സങ്കീ.27:12; 35:11*
61.[n] *ആവ.19:15*
[o] *മത്താ.27:40*
[p] *(അപ്പൊ.പ്ര.6:14); യോഹ.2:19*
63.[q] *മത്താ.26:63 - 66 ക്കു. (ലൂക്കൊ.22:67 - 71)*
[r] *മത്താ.27:12,14; യെശ.53:7; യോഹ.19:9*
[s] *മത്താ.14:33*
[t] *(മത്താ.22:42 - 45); മത്താ.1:17*
[u] *യോഹ.10:24*
[v] *മത്താ.16:16*
[w] *(ലേവ്യാ.5:1;*

പറയുന്നത് എന്ത് എന്നു ചോദി
ച്ചു. 63 [q]യേശുവോ മിണ്ടാതിരു
ന്നു.[r] മഹാപുരോഹിതൻ പിന്നെയും
അവനോടു: നീ ദൈവപുത്രനായ[s]
ക്രിസ്തു തന്നെയോ?[t] പറക[u] എ
ന്നു ഞാൻ ജീവനുള്ള ദൈവത്തെ
ക്കൊണ്ടു[v] നിന്നോട് ആണയിട്ട്
ചോദിക്കുന്നു[w] എന്നു പറഞ്ഞു.
64 യേശു അവനോട്: ഞാൻ
ആകുന്നു;[x] ഇനി മനുഷ്യപുത്രൻ[y]
സർവശക്തന്റെ വലത്തുഭാഗത്ത്
ഇരിക്കുന്നതും[z] ആകാശമേഘ
ങ്ങളെ വാഹനമാക്കി വരുന്നതും[y]
നിങ്ങൾ കാണും[y] എന്നു ഞാൻ പറ
യുന്നു എന്നു പറഞ്ഞു. 65 ഉടനെ
മഹാപുരോഹിതൻ വസ്ത്രം കീറി:[a]
ഇവൻ ദൈവദൂഷണം പറഞ്ഞു;[b]
ഇനി സാക്ഷികളെക്കൊണ്ടു നമു
ക്ക് എന്ത് ആവശ്യം? നിങ്ങൾ ഇ
പ്പോൾ ദൈവദൂഷണം കേട്ടുവല്ലോ;
66 നിങ്ങൾക്ക് എന്തു തോന്നുന്നു
എന്നു ചോദിച്ചതിന്: അവൻ
മരണയോഗ്യൻ[c] എന്ന് അവർ
ഉത്തരം പറഞ്ഞു. 67 അപ്പോൾ
അവർ അവന്റെ മുഖത്തു തുപ്പി,
അവനെ മുഷ്ടി ചുരുട്ടി കുത്തി,[d]
ചിലർ[e] അവനെ കന്നത്തടിച്ചു:[f]
68 ഹേ, ക്രിസ്തുവേ,[g] നിന്നെ തല്ലി
യത് ആർ എന്നു ഞങ്ങളോടു പ്രവ
ചിക്ക എന്നു പറഞ്ഞു.
69 [h]എന്നാൽ പത്രൊസ് പുറത്തു
നടുമുറ്റത്ത്[i] ഇരുന്നു. അവന്റെ
അടുക്കൽ ഒരു വേലക്കാരത്തി
വന്നു: നീയും ഗലീലക്കാരനായ
യേശുവിനോടുകൂടെ ആയിരുന്നു
വല്ലോ എന്നു പറഞ്ഞു. 70 അ
തിന് അവൻ: നീ പറയുന്നത് എ
നിക്കു തിരിയുന്നില്ല എന്ന് എല്ലാ
വരും കേൾക്കെ തള്ളിപ്പറഞ്ഞു.

*1ശമൂ.14:24,26; മർക്കൊ.5:7)* 64.[x] *മത്താ.26:25* [y] *മത്താ.16:27; 24:30* [z] *സങ്കീ.110:1;എബ്രാ.1:3; മർക്കൊ.16:19* 65.[a] *സംഖ്യാ.14:6; അപ്പൊ.പ്ര.14:14* [b] *മത്താ.9:3; യോഹ.10:36* 66.[c] *ലേവ്യാ.24:16* 67.[d] *മത്താ.27:30; യെശ.50:6; മർക്കൊ.10:34* [e] *(ലൂക്കൊ.22:63 - 65;യോഹ.18:22)* [f] *മത്താ.5:39; അപ്പൊ.പ്ര.23:2* 68.[g] *മത്താ.26:63* 69.[h] *മത്താ.26: 69 - 75ക്കു. മർക്കൊ.14:66 - 72; ലൂക്കൊ:.22:55 - 62; യോഹ.18:16 - 18,25 - 27കാ.* [i] *മത്താ.26:3*

**71** പിന്നെ അവൻ പടിപ്പുരയി
ലേക്കു പുറപ്പെടുമ്പോൾ മറ്റൊ
രുത്തി അവനെ കണ്ട് അവിടെ
ഉള്ളവരോട്: ഇവനും നസറായ
നായ[j] യേശുവിനോടുകൂടെയായി
രുന്നു എന്നു പറഞ്ഞു. **72** ആ
മനുഷ്യനെ ഞാൻ അറിയുന്നില്ല
എന്ന് അവൻ രണ്ടാമതും ആണ
യോടെ തള്ളിപ്പറഞ്ഞു. **73** അല്പ
നേരം കഴിഞ്ഞിട്ട് അവിടെ നിന്ന
വർ അടുത്തു വന്നു പത്രൊസി
നോട്: നീയും അവരുടെ കൂട്ട
ത്തിൽ ഉള്ളവൻ സത്യം; നിന്റെ
ഉച്ചാരണവും[k] നിന്നെ വെളിവാക്കു
ന്നുവല്ലോ എന്നു പറഞ്ഞു. **74** അ
പ്പോൾ അവൻ: ആ മനുഷ്യനെ
ഞാൻ അറിയുന്നില്ല എന്നു പ്രാകു
വാനും ആണയിടുവാനും തുടങ്ങി;
ഉടനെ കോഴി കൂകി. **75** എന്നാ
റെ: കോഴി കൂകുമ്മുമ്പേ[l] നീ
മൂന്നുവട്ടം എന്നെ തള്ളിപ്പറയും[m]
എന്നു യേശു പറഞ്ഞ വാക്ക്
പത്രൊസ് ഓർത്ത് പുറത്തുപോയി
അതിദുഃഖത്തോടെ കരഞ്ഞു.

❋ ❋ ❋

***1. യേശു പീലാത്തൊസിന്റെ കൈയിൽ ഏല്പിക്കപ്പെട്ടത് 3. യൂദാ തന്നെത്താൻ തൂങ്ങി മരിച്ചത് 11. പീലാത്തൊസിന്റെ വിസ്താരം 31. യേശു കുരിശിൽ തറയ്ക്കപ്പെട്ടത് 57. ശവസംസ്കാരം 66. ശവക്കല്ലറ മുദ്രവച്ച് കാക്കപ്പെട്ടത്***

**27** പുലർച്ചയ്ക്കു[a] മഹാപുരോ
ഹിതന്മാരും ജനത്തിന്റെ
മൂപ്പന്മാരും എല്ലാം യേശുവിനെ
കൊല്ലുവാൻ കൂടി വിചാരിച്ചു,[b]
**2** അവനെ ബന്ധിച്ചുകൊണ്ടു
പോയി[c] നാടുവാഴിയായ പീലാ
ത്തൊസിനെ[d] ഏല്പിച്ചു.[e]
**3** അവനെ ശിക്ഷയ്ക്കു വിധി
ച്ചു എന്ന് അവനെ കാണിച്ചുകൊ
ടുത്ത യൂദാ[f] കണ്ട് അനുതപിച്ചു,[g]
ആ മുപ്പതു വെള്ളിക്കാശ് മഹാ
പുരോഹിതന്മാരുടെയും മൂപ്പന്മാരു
ടെയും അടുക്കൽ മടക്കി കൊണ്ടു
വന്ന്:[h] **4** ഞാൻ കുറ്റമില്ലാത്ത
രക്തത്തെ[i] കാണിച്ചുകൊടുത്തതി
നാൽ പാപം ചെയ്തു എന്നു പറ
ഞ്ഞു. അതു ഞങ്ങൾക്ക് എന്ത്?
നീ തന്നെ നോക്കിക്കൊൾക[j]
എന്ന് അവർ പറഞ്ഞു. **5** അവൻ
ആ വെള്ളിക്കാശ് മന്ദിരത്തിൽ[k]
എറിഞ്ഞ്, ചെന്നു കെട്ടി ഞാന്നു
ചത്തുകളഞ്ഞു.[l] **6** മഹാപുരോ
ഹിതന്മാർ ആ വെള്ളിക്കാശ് എടു
ത്ത് ഇതു രക്തവിലയാകയാൽ
ശ്രീഭണ്ഡാരത്തിൽ[m] ഇടുന്നതു
വിഹിതമല്ല എന്നു പറഞ്ഞു കൂടി
ആലോചിച്ച്, **7** പരദേശികളെ
കുഴിച്ചിടുവാൻ അതുകൊണ്ടു കുശ
വന്റെ നിലം വാങ്ങി. **8** ആകയാൽ
ആ നിലത്തിന്[n] ഇന്നുവരെ[o] രക്ത
നിലം എന്നു പേർ പറയുന്നു.[n]
**9** [p]"യിസ്രായേൽമക്കൾ വിലമതി
ച്ചവന്റെ വിലയായ മുപ്പതു വെള്ളി
ക്കാശ് അവർ എടുത്തു, **10** കർ
ത്താവ് എന്നോട് അരുളിച്ചെയ്ത
തുപോലെ കുശവന്റെ നിലത്തിനു
വേണ്ടി കൊടുത്തു"
എന്നു യിരെമ്യാപ്രവാചകൻ
മുഖാന്തരം അരുളിച്ചെയ്തതിന്
അന്നു നിവൃത്തി വന്നു.[q]
**11** [r]എന്നാൽ യേശു നാടുവാഴി
യുടെ മുമ്പാകെ നിന്നു; നീ യെ
ഹൂദന്മാരുടെ രാജാവോ[s] എന്നു
നാടുവാഴി ചോദിച്ചു; ഞാൻ ആകു
ന്നു[t] എന്നു യേശു അവനോടു
പറഞ്ഞു. **12** മഹാപുരോഹിതന്മാ
രും മൂപ്പന്മാരും കുറ്റംചുമത്തുക
യിൽ[u] അവൻ ഒന്നും ഉത്തരം പറ
ഞ്ഞില്ല. **13** പീലാത്തൊസ് അവ
നോട്: ഇവർ നിന്റെ നേരേ എന്തെ
ല്ലാം സാക്ഷ്യം പറയുന്നു എന്നു
കേൾക്കുന്നില്ലയോ[v] എന്നു ചോ
ദിച്ചു. **14** അവൻ ഒരു വാക്കിനും
ഉത്തരം പറയായ്കയാൽ നാടു
വാഴി അത്യന്തം ആശ്ചര്യപ്പെട്ടു.
**15** [w]എന്നാൽ ഉത്സവസമയത്തു
പുരുഷാരം ഇച്ഛിക്കുന്ന ഒരു തട
വുകാരനെ നാടുവാഴി വിട്ടയയ്ക്ക
പതിവായിരുന്നു. **16** അന്നു ബറ
ബ്ബാസ് എന്ന ശ്രുതിപ്പെട്ടോരു തടവു
കാരൻ ഉണ്ടായിരുന്നു. **17** അവർ
കൂടി വന്നപ്പോൾ പീലാത്തൊസ്
അവരോട്: ബറബ്ബാസിനെയോ,

*71.[j] മത്താ.2:23*
*73.[k] (ന്യായാ.12:6)*
*75.[l] മത്താ.26:34*
*[m] (അപ്പൊ.പ്ര.3:13,14)*

**അധ്യായം 27**

*1.[a] മർക്കൊ.15:1; ലൂക്കൊ.22:66*
*[b] മത്താ.26:4*
*2.[c] ലൂക്കൊ.23:1; യോഹ.18:28*
*[d] ലൂക്കൊ.3:1;13:1; അപ്പൊ.പ്ര.3:13; 4:27; 1തിമൊ.6:13,14*
*[e] മത്താ.20:19*
*3.[f] മത്താ.26:14*
*[g] മത്താ.21:29*
*[h] മത്താ.26:15*
*4.[i] മത്താ.23:35*
*[j] മത്താ.27:24*
*5.[k] ലൂക്കൊ.1:9*
*[l] (2ശമൂ.17:23; അപ്പൊ.പ്ര.1:18)*
*6.[m] മർക്കൊ.12:41,43; ലൂക്കൊ.21:1; യോഹ.8:20*
*8.[n] അപ്പൊ.പ്ര.1:19*
*[o] മത്താ.28:15*
*9.[p]* ***സെഖ.11:13***
*10.[q] മത്താ.1:23*
*11.[r] മത്താ.27:11-14 ക്കു.മർക്കൊ.15:2-5; ലൂക്കൊ.23:2,3; യോഹ.18:29-38കാ.*
*[s] മത്താ.27:29,37;2:2; യോഹ.18:39;19:3; (മത്താ.27:42)*
*[t] (1തിമൊ.6:13); ലൂക്കൊ.22:70*
*12.[u] മത്താ.26:63*
*13.[v] യോഹ.19:10*
*15.[w] മത്താ.27:15-26 ക്കു. മർക്കൊ.15:6-15; ലൂക്കൊ.23:18-25 യോഹ.18:39,40; 19:16കാ.*

ക്രിസ്തു എന്നു പറയുന്ന യേശു
വിനെയോ,[x] ആരെ നിങ്ങൾക്കു
വിട്ടുതരേണം എന്നു ചോദിച്ചു.
**18** അവർ അസൂയ കൊണ്ടാകുന്നു[y]
അവനെ ഏല്പിച്ചത് എന്ന് അവൻ
ഗ്രഹിച്ചിരുന്നു. **19** അവൻ ന്യായാ
സനത്തിൽ[z] ഇരിക്കുമ്പോൾ അവ
ന്റെ ഭാര്യ ആളയച്ചു: ആ നീതി
മാന്റെ[a] കാര്യത്തിൽ ഇടപെടരുത്;
അവൻ നിമിത്തം ഞാൻ ഇന്നു
സ്വപ്നത്തിൽ[b] വളരെ കഷ്ടം
സഹിച്ചു എന്നു പറയിച്ചു. **20** എ
ന്നാൽ ബറബ്ബാസിനെ ചോദിപ്പാ
നും[c] യേശുവിനെ നശിപ്പിപ്പാനും
മഹാപുരോഹിതന്മാരും മൂപ്പന്മാ
രും പുരുഷാരത്തെ സമ്മതിപ്പിച്ചു.
**21** നാടുവാഴി അവരോട്: ഈ
ഇരുവരിൽ ഏവനെ വിട്ടുതരേണ
മെന്നു നിങ്ങൾ ഇച്ഛിക്കുന്നു എന്നു
ചോദിച്ചതിനു ബറബ്ബാസിനെ എ
ന്ന് അവർ പറഞ്ഞു. **22** പീലാ
ത്തൊസ് അവരോട്: എന്നാൽ
ക്രിസ്തു എന്ന യേശുവിനെ എന്തു
ചെയ്യേണ്ടൂ എന്നു ചോദിച്ചതിന്:
അവനെ ക്രൂശിക്കേണം എന്ന് എ
ല്ലാവരും പറഞ്ഞു.[d] **23** അവൻ
ചെയ്ത ദോഷം എന്ത്[e] എന്ന്
അവൻ ചോദിച്ചു. അവനെ ക്രൂശി
ക്കേണം എന്ന് അവർ ഏറ്റവും
നിലവിളിച്ചു പറഞ്ഞു.

**24** ആരവാരം അധികമാകുന്നത
ല്ലാതെ[f] ഒന്നും സാധിക്കുന്നില്ല
എന്നു പീലാത്തൊസ് കണ്ടിട്ടു
വെള്ളം എടുത്തു പുരുഷാരം
കാൺകെ കൈ കഴുകി:[g] ഈ നീ
തിമാന്റെ[h] രക്തത്തിൽ എനിക്കു
കുറ്റം ഇല്ല; നിങ്ങൾതന്നെ നോ
ക്കിക്കൊൾവിൻ[i] എന്നു പറഞ്ഞു.
**25** അവന്റെ രക്തം ഞങ്ങളുടെമേ
ലും[j] ഞങ്ങളുടെ മക്കളുടെമേലും[k]
വരട്ടെ എന്നു ജനമൊക്കെയും ഉ
ത്തരം പറഞ്ഞു. **26** അങ്ങനെ അ
വൻ ബറബ്ബാസിനെ അവർക്കു വിട്ടു
കൊടുത്തു, യേശുവിനെ ചമ്മട്ടി
കൊണ്ടടിപ്പിച്ചു ക്രൂശിക്കേണ്ടതിന്
ഏല്പിച്ചു.[l]

**27** [m]അനന്തരം നാടുവാഴിയുടെ
പടയാളികൾ യേശുവിനെ ആസ്ഥാ
നത്തിലേക്കു[n] കൊണ്ടുപോയി
പട്ടാളത്തെ[o] എല്ലാം അവന്റെ നേരേ
വരുത്തി, **28** അവന്റെ വസ്ത്രം
അഴിച്ച് ഒരു ചുവന്ന മേലങ്കി[p] ധരി
പ്പിച്ചു. **29** മുള്ളുകൊണ്ട് ഒരു
കിരീടം മെടഞ്ഞ് അവന്റെ തല
യിൽ വച്ചു, വലംകൈയിൽ ഒരു
കോലും കൊടുത്ത് അവന്റെ
മുമ്പിൽ മുട്ടുകുത്തി: യെഹൂദന്മാ
രുടെ രാജാവേ,[q] ജയ ജയ എന്നു
പരിഹസിച്ചു[r] പറഞ്ഞു. **30** പിന്നെ
അവന്റെമേൽ തുപ്പി,[s] കോൽ എടു
ത്ത് അവന്റെ തലയിൽ അടിച്ചു.
**31** അവനെ പരിഹസിച്ചു തീർന്ന
പ്പോൾ മേലങ്കി നീക്കി അവന്റെ
സ്വന്തവസ്ത്രം ധരിപ്പിച്ചു, ക്രൂശി
പ്പാൻ കൊണ്ടുപോയി.[t]

**32** അവർ പോകുമ്പോൾ[u] ശീ
മോൻ എന്നു പേരുള്ള കുറേനക്കാ
രനെ കണ്ടു,[v] അവന്റെ ക്രൂശ് ചുമ
പ്പാൻ[v] നിർബന്ധിച്ചു.[w] **33** [x]തലയോ
ടിടം എന്നർഥമുള്ള ഗൊല്ഗോഥാ
എന്ന സ്ഥലത്ത് എത്തിയപ്പോൾ
**34** അവനു കയ്പു[y] കലക്കിയ
വീഞ്ഞു കുടിപ്പാൻ കൊടുത്തു;[z]
അതു രുചിനോക്കിയാറെ അവനു
കുടിപ്പാൻ മനസ്സായില്ല. **35** അവ
നെ ക്രൂശിൽ തറച്ചശേഷം അവർ
ചീട്ടിട്ട് അവന്റെ വസ്ത്രം പകുത്തെ
ടുത്തു,[a] **36** അവിടെ ഇരുന്നുകൊ
ണ്ട് അവനെ കാത്തു.[b] **37** യെഹൂ
ദന്മാരുടെ രാജാവായ്[c] യേശു എന്ന്

*17.[x] മത്താ.27:22*
*18.[y] (യോഹ.12:19)*
*19.[z] യോഹ.19:13; അപ്പൊ.പ്ര.12:21; 18:12;25:6*
*[a] മത്താ.27:24; (ലൂക്കൊ.23:47)*
*[b] മത്താ.2:12*
*20.[c] അപ്പൊ.പ്ര.3:14*
*22.[d] അപ്പൊ.പ്ര.13:28*
*23.[e] (ലൂക്കൊ.23:41; യോഹ.8:46)*
*24.[f] മത്താ.26:5*
*[g] (ആവ.21:6 - 8; സങ്കീ.26:7;73:13)*
*[h] മത്താ.27:19*
*[i] മത്താ.27:4*
*25.[j] (മത്താ.23:35,36; യോശു.2:19; അപ്പൊ.പ്ര.5:28)*
*[k] (പുറ.20:5; വിലാ.5:7)*
*26.[l] മത്താ.20:19; യെഹെ.50:6;53:5; (ലൂക്കൊ.23:16; യോഹ.19:1)*
*27.[m] മത്താ.27:27 - 31ക്കു. മർക്കൊ.15:16 - 20; യോഹ.19:2,3കാ.*
*[n] യോഹ.18:28,33; 19:9; അപ്പൊ.പ്ര.23:35; ഫിലി.1:13*
*[o] അപ്പൊ.പ്ര.10:1*
*28.[p] വെളി.18:12,16; (ലൂക്കൊ.23:11)*
*29.[q] മത്താ.27:11*
*[r] മത്താ.20:19*
*30.[s] മത്താ.26:67*
*31.[t] യെശ.53:7*
*32.[u] എബ്രാ.13:12; (മത്താ.21:39; സംഖ്യാ.15:35)*
*[v] മർക്കൊ.15:21; ലൂക്കൊ.23:26; (യോഹ.19:17) [w] മത്താ.5:41*
*33.[x] മത്താ.27:33 - 51ക്കു. മർക്കൊ.15:22 - 38; ലൂക്കൊ.23:32 - 38,44 - 46; യോഹ. 19:17 - 19,23, 24,28 - 30കാ. 34.[y] അപ്പൊ. പ്ര.8:23 [z] (സങ്കീ.69:21)*
*35.[a] സങ്കീ. 22:18 36.[b] മത്താ.27:54; (സങ്കീ.22:17)*
*37.[c] മത്താ.27:11,29*

27:33 ***തലയോടിടം എന്നർഥമുള്ള ഗൊല്ഗോഥാ:*** മനുഷ്യന്റെ തലയോടിന്റെ ആകൃതിയിലുള്ള ഒരു പാറ ഈ സ്ഥലത്തിനടുത്തുണ്ടായിരുന്നു. അതുകൊണ്ട് സ്ഥലത്തിന് ഈ പേരു ലഭിച്ചതാകാനാണ് സാധ്യത. ഇതിന്റെ സ്ഥാനം നഗരഭിത്തിയുടെ വെളിയിലായിരുന്നിരിക്കാം. ഗൊല്ഗോഥായുടെ ലാറ്റിൻ വിവർത്തനമായ *കാൽവരിയാ* എന്ന പദത്തിൽ നിന്നാണ് 'കാൽവറി' എന്ന ഇംഗ്ലീഷ് വാക്ക് ഉണ്ടായത്.

അവന്റെ കുറ്റസംഗതി എഴുതി
അവന്റെ തലയ്ക്കുമീതെ വച്ചു.
**38** വലത്തും ഇടത്തുമായി[d] രണ്ടു
കള്ളന്മാരെയും[e] അവനോടുകൂടെ
ക്രൂശിച്ചു.

**39** കടന്നുപോകുന്നവർ[f] തലകു
ലുക്കി[g] അവനെ ദുഷിച്ചു:[h] **40** മ
ന്ദിരം പൊളിച്ചു മൂന്നു നാൾകൊ
ണ്ടു പണിയുന്നവനേ, നിന്നെത്ത
ന്നെ രക്ഷിക്ക;[i] ദൈവപുത്രൻ[j]
എങ്കിൽ[k] ക്രൂശിൽനിന്ന് ഇറങ്ങിവാ[k]
എന്നു പറഞ്ഞു. **41** അങ്ങനെതന്നെ
മഹാപുരോഹിതന്മാരും ശാസ്ത്രി
മാരും മൂപ്പന്മാരും പരിഹസിച്ചു:
**42** ഇവൻ മറ്റുള്ളവരെ രക്ഷിച്ചു,[l]
തന്നെത്താൻ രക്ഷിപ്പാൻ കഴിക
യില്ല;[m] അവൻ യിസ്രായേലിന്റെ
രാജാവ് ആകുന്നു[n] എങ്കിൽ ഇ
പ്പോൾ ക്രൂശിൽനിന്ന് ഇറങ്ങിവര
ട്ടെ; എന്നാൽ ഞങ്ങൾ അവനിൽ
വിശ്വസിക്കും. **43** [o]അവൻ ദൈവ
ത്തിൽ ആശ്രയിക്കുന്നു; അവന്
ഇവനിൽ പ്രസാദമുണ്ടെങ്കിൽ ഇ
പ്പോൾ വിടുവിക്കട്ടെ; ഞാൻ ദൈവ
പുത്രൻ എന്ന് അവൻ പറഞ്ഞുവ
ല്ലോ എന്നു പറഞ്ഞു. **44** അങ്ങനെ
തന്നെ അവനോടുകൂടെ ക്രൂശിച്ചി
രുന്ന കള്ളന്മാരും അവനെ നിന്ദിച്ചു.[p]

**45** ആറാംമണി നേരംമുതൽ
ഒമ്പതാംമണി നേരംവരെ ദേശത്ത്
എല്ലാം ഇരുട്ടുണ്ടായി. **46** ഏക
ദേശം ഒമ്പതാംമണി നേരത്തു
യേശു: [q]ഏലീ, ഏലീ, ലമ്മാ ശബ
ക്താനി എന്ന് ഉറക്കെ നിലവിളിച്ചു;
[r]എന്റെ ദൈവമേ, എന്റെ ദൈവമേ,
നീ എന്നെ കൈവിട്ടത് എന്ത്
എന്നർത്ഥം. **47** അവിടെ നിന്നിരു
ന്നവരിൽ ചിലർ അതു കേട്ടിട്ടു:
അവൻ ഏലീയാവെ വിളിക്കുന്നു
എന്നു പറഞ്ഞു. **48** ഉടനെ അവ
രിൽ ഒരുത്തൻ ഓടി ഒരു സ്പോഞ്ച്
എടുത്തു പുളിച്ച വീഞ്ഞു[s] നിറച്ച്
ഓടത്തണ്ടിന്മേൽ ആക്കി അവനു
കുടിപ്പാൻ കൊടുത്തു.[t] **49** ശേഷമു
ള്ളവർ: നില്ക്ക; ഏലീയാവ് അവ
നെ രക്ഷിപ്പാൻ വരുമോ എന്നു നോ
ക്കാം എന്നു പറഞ്ഞു. **50** യേശു

38. [d] *(മത്താ.20:21)*
[e] *(യോഹ.18:40)*
39. [f] *സങ്കീ.22:7; 109:25; (വിലാ.1:12)*
[g] *ഇയ്യോ.16:4; യെശ.37:22; യിരെ.18:16; വിലാ.2:15*
[h] *ലൂക്കൊ.22:65; 23:38; (യാക്കോ.2:7)*
40. [i] *മത്താ.26:61*
[j] *മത്താ.27:43; 26:63;(മത്താ.14:33)*
[k] *മത്താ.4:3,6*
42. [l] *(ലൂക്കൊ.4:23)*
[m] *(മത്താ.26:53,54; യോഹ.10:18)*
[n] *യോഹ.1:49;12:13; (മത്താ.27:37)*
43. [o] ***സങ്കീ.22:8***
44. [p] *(ലൂക്കൊ. 23:39 - 43)*
46. [q] ***സങ്കീ.22:1***
[r] *(എബ്രാ.5:7)*
48. [s] *രൂത്ത് 2:14*
[t] *സങ്കീ.69:21*

50. [u] *മത്താ.27:46*
[v] *(യോഹ.10:18)*
51. [w] *പുറ.26:31 - 33; 2ദിന.3:14*
52. [x] *മത്താ.27:54*
[y] *യോഹ.11:11 - 13; അപ്പൊ.പ്ര.7:60; 13:36; 1കൊരി.15:6,18,20; 1തെസ്സ.4:13 - 15; 2പത്രൊ.3:4*
[z] *(ദാനീ.7:18,22)*
53. [a] *മത്താ.4:5*
54. [b] *മത്താ.27:54 - 56 ക്കു. മർക്കൊ.15:39 - 41; ലൂക്കൊ.23:47,49കാ.*
[c] *മത്താ.27:36*
[d] *മത്താ.27:43*
55. [e] *ലൂക്കൊ.8:2,3*
[f] *യോഹ.19:25*
[g] *സങ്കീ.38:11*
56. [e] *(വാ.55 കാ.)*
[h] *മത്താ.20:20; (മർക്കൊ.15:40)*

പിന്നെയും ഉറക്കെ നിലവിളിച്ചു[u]
പ്രാണനെ വിട്ടു.[v] **51** അപ്പോൾ
മന്ദിരത്തിലെ തിരശ്ശീല[w] മേൽതൊട്ട്
അടിയോളം രണ്ടായി ചീന്തിപ്പോ
യി; **52** ഭൂമി കുലുങ്ങി,[x] പാറകൾ
പിളർന്നു, കല്ലറകൾ തുറന്നു, നിദ്ര
പ്രാപിച്ച[y] വിശുദ്ധന്മാരുടെ[z] ശരീര
ങ്ങൾ പലതും ഉയിർത്തെഴുന്നേറ്റ്
**53** അവന്റെ പുനരുത്ഥാനത്തിന്റെ
ശേഷം കല്ലറകളെ വിട്ടു, വിശുദ്ധ
നഗരത്തിൽ[a] ചെന്നു പലർക്കും
പ്രത്യക്ഷമായി. **54** [b]ശതാധിപനും
അവനോടുകൂടെ യേശുവിനെ
കാത്തുനിന്നവരും[c] ഭൂകമ്പം മുത
ലായി സംഭവിച്ചതു കണ്ടിട്ട്: അ
വൻ ദൈവപുത്രൻ ആയിരുന്നു
സത്യം[d] എന്നു പറഞ്ഞ് ഏറ്റവും
ഭയപ്പെട്ടു. **55** ഗലീലയിൽനിന്നു
യേശുവിനെ ശുശ്രൂഷിച്ചുകൊണ്ട്[e]
അനുഗമിച്ചുവന്ന പല സ്ത്രീകളും[f]
ദൂരത്തുനിന്നു[g] നോക്കിക്കൊണ്ടി
രുന്നു. **56** അവരിൽ മഗ്ദലക്കാ
രത്തി മറിയയും[e] യാക്കോബിന്റെ
യും യോസെയുടെയും അമ്മയായ
മറിയയും സെബെദിപുത്രന്മാരുടെ
അമ്മയും[h] ഉണ്ടായിരുന്നു.

**57** [i]സന്ധ്യയായപ്പോൾ അരിമഥ്യ
ക്കാരനായ യോസേഫ് എന്ന ധന
വാൻ താനും യേശുവിന്റെ ശിഷ്യനാ
യിരിക്കയാൽ വന്ന്, **58** പീലാ
ത്തൊസിന്റെ അടുക്കൽ ചെന്ന്
യേശുവിൻെറ ശരീരം ചോദിച്ചു;
പീലാത്തൊസ് അത് ഏല്പിച്ചു
കൊടുപ്പാൻ കല്പിച്ചു. **59** യോ
സേഫ് ശരീരം എടുത്തു നിർമ്മല
ശീലയിൽ പൊതിഞ്ഞ്, **60** താൻ
പാറയിൽ വെട്ടിച്ചിരുന്ന[j] തന്റെ
പുതിയ കല്ലറയിൽ വച്ചു[k] കല്ലറ
യുടെ വാതിൽക്കൽ ഒരു വലിയ
കല്ല്[l] ഉരുട്ടിവച്ചിട്ടു പോയി. **61** ക
ല്ലറയ്ക്ക് എതിരേ മഗ്ദലക്കാരത്തി
മറിയയും മറ്റേ മറിയയും[m] ഇരു
ന്നിരുന്നു.

57. [i] *മത്താ.27:57 - 61ക്കു. മർക്കൊ.15:42 - 47; ലൂക്കൊ.23:50 - 56; യോഹ.19:38 - 42കാ.* 60. [j] *യെശ.22:16* [k] *യെശ.53:9* [l] *മർക്കൊ.16:4; (യോഹ.11:38)* 61. [m] *മത്താ.27:56;28:1*

62 ഒരുക്കനാളിന്റെ[n] പിറ്റേ ദിവ
സം മഹാപുരോഹിതന്മാരും പരീശ
ന്മാരും പീലാത്തൊസിന്റെ അടു
ക്കൽ ചെന്നുകൂടി: 63 യജമാന
നേ, ആ ചതിയൻ[o] ജീവനോടിരി
ക്കുമ്പോൾ: മൂന്നു നാൾ കഴിഞ്ഞി
ട്ടു ഞാൻ ഉയിർത്തെഴുന്നേല്ക്കും[p]
എന്നു പറഞ്ഞപ്രകാരം ഞങ്ങൾ
ക്ക് ഓർമ്മ വന്നു. 64 അതുകൊണ്ട്
അവന്റെ ശിഷ്യന്മാർ ചെന്ന് അവ
നെ മോഷ്ടിച്ചിട്ട്, അവൻ മരിച്ച
വരുടെ ഇടയിൽനിന്ന് ഉയിർത്തെ
ഴുന്നേറ്റു എന്നു ജനത്തോടു പറക
യും[q] ഒടുവിലത്തെ ചതിവു മുമ്പി
ലത്തേതിലും വിഷമമായിത്തീരു
കയും ചെയ്യാതിരിക്കേണ്ടതിനു
മൂന്നാം നാൾവരെ കല്ലറ ഉറപ്പാക്കു
വാൻ കല്പിക്ക എന്നു പറഞ്ഞു.
65 പീലാത്തൊസ് അവരോട്:
കാവല്ക്കൂട്ടത്തെ[r] തരാം; പോയി
നിങ്ങളാൽ ആകുന്നേടത്തോളം
ഉറപ്പുവരുത്തുവിൻ എന്നു പറ
ഞ്ഞു. 66 അവർ ചെന്നു കല്ലിനു
മുദ്രവച്ചു[s] കാവല്ക്കൂട്ടത്തെ നിറു
ത്തി കല്ലറ ഉറപ്പാക്കി.

❋ ❋ ❋

***1. യേശുവിന്റെ ഉയിർപ്പ് 9. അവൻ സ്ത്രീകൾക്ക് പ്രത്യക്ഷപ്പെട്ടത് 11. കാവല്ക്കാരുടെ ഉപായം 16. തന്റെ ശിഷ്യന്മാർക്ക് പ്രത്യക്ഷനായത് 19. അന്ത്യകല്പന.***

**28** [a]ശബ്ബത്തു കഴിഞ്ഞ് ആഴ്ച
വട്ടത്തിന്റെ ഒന്നാം ദിവസം
വെളുക്കുമ്പോൾ മഗ്ദലക്കാരത്തി
മറിയയും മറ്റേ മറിയയും[b] കല്ലറ
കാൺമാൻ ചെന്നു. 2 പെട്ടെന്ന്
വലിയൊരു ഭൂകമ്പം ഉണ്ടായി;
കർത്താവിന്റെ ദൂതൻ സ്വർഗത്തിൽ
നിന്ന് ഇറങ്ങിവന്ന്, കല്ല് ഉരുട്ടി
നീക്കി അതിന്മേൽ ഇരുന്നിരുന്നു.[c]
3 അവന്റെ രൂപം മിന്നലിന് ഒത്ത
തും[d] അവന്റെ ഉടുപ്പ് ഹിമംപോ
ലെ വെളുത്തതും ആയിരുന്നു.[e]
4 കാവല്ക്കാർ അവനെ കണ്ടു
പേടിച്ചു വിറച്ചു മരിച്ചവരെപ്പോലെ
ആയി.[f] 5 ദൂതൻ സ്ത്രീകളോട്:
ഭയപ്പെടേണ്ടാ; ക്രൂശിക്കപ്പെട്ട
യേശുവിനെ നിങ്ങൾ അന്വേഷി
ക്കുന്നു എന്നു ഞാൻ അറിയുന്നു;
6 അവൻ ഇവിടെ ഇല്ല; താൻ
പറഞ്ഞതുപോലെ[g] ഉയിർത്തെഴു
ന്നേറ്റു; അവൻ കിടന്ന സ്ഥലം
വന്നു കാൺമിൻ. 7 അവൻ മരിച്ച
വരുടെ ഇടയിൽനിന്ന് ഉയിർത്തെ
ഴുന്നേറ്റു എന്നു വേഗം ചെന്ന്
അവന്റെ ശിഷ്യന്മാരോടു പറവിൻ;
അവൻ നിങ്ങൾക്കു മുമ്പേ ഗലീല
യ്ക്കു പോകുന്നു;[h] അവിടെ നി
ങ്ങൾ അവനെ കാണും; ഞാൻ
നിങ്ങളോടു പറഞ്ഞിരിക്കുന്നു
എന്നു പറഞ്ഞു. 8 അങ്ങനെ
അവർ വേഗത്തിൽ ഭയത്തോടും[i]
മഹാസന്തോഷത്തോടും കൂടി കല്ലറ
വിട്ട് അവന്റെ ശിഷ്യന്മാരോട് അറി
യിപ്പാൻ ഓടിപ്പോയി. 9 എന്നാൽ
യേശു അവരെ എതിരേറ്റ്:[j] നിങ്ങൾ
ക്കു വന്ദനം എന്നു പറഞ്ഞു; അ
വർ അടുത്തുചെന്ന് അവന്റെ കാൽ
പിടിച്ച്[k] അവനെ നമസ്കരിച്ചു.[l]
10 യേശു അവരോട്: ഭയപ്പെടേണ്ടാ;
നിങ്ങൾ പോയി എന്റെ സഹോദര
ന്മാരോടു[m] ഗലീലയ്ക്കു പോകുവാൻ
പറവിൻ;[n] അവിടെ അവർ എന്നെ
കാണും എന്നു പറഞ്ഞു.
11 അവർ പോകുമ്പോൾ കാ
വൽക്കൂട്ടത്തിൽ[o] ചിലർ നഗരത്തിൽ
ചെന്നു സംഭവിച്ചത് എല്ലാം മഹാ
പുരോഹിതന്മാരോട് അറിയിച്ചു.
12 അവർ ഒന്നിച്ചുകൂടി മൂപ്പന്മാരു
മായി ആലോചന കഴിച്ചിട്ടു പട
യാളികൾക്കു വേണ്ടുവോളം പണം
കൊടുത്തു: 13 അവന്റെ ശിഷ്യ
ന്മാർ രാത്രിയിൽ വന്നു ഞങ്ങൾ
ഉറങ്ങുമ്പോൾ അവനെ കട്ടുകൊണ്ടു
പോയി എന്നു പറവിൻ.[p] 14 വ
സ്തുത നാടുവാഴിയുടെ സന്നി
ധാനത്തിൽ[q] എത്തി എങ്കിലോ
ഞങ്ങൾ അവനെ സമ്മതിപ്പിച്ചു
[r]നിങ്ങളെ നിർഭയരാക്കിക്കൊള്ളാം
എന്നു പറഞ്ഞു. 15 അവർ പണം
വാങ്ങി ഉപദേശപ്രകാരം ചെയ്തു;
ഈ കഥ ഇന്നുവരെ[s] യെഹൂദന്മാ
രുടെ ഇടയിൽ പരക്കെ നടപ്പായി
രിക്കുന്നു.

62.[n] മർക്കൊ.15:42; ലൂക്കൊ.23:54; യോഹ.19:14,31,42
63.[o] (മത്താ.27:64; യോഹ.7:12)
[p] മത്താ.16:21;17:23; 20:19;28:6; മർക്കൊ.8:31; 10:34; ലൂക്കൊ.9:22; 18:33;24:6,7; (മത്താ.26:61; യോഹ.2:19)
64.[q] മത്താ.28:13
65.[r] മത്താ.28:11
66.[s] ദാനീ.6:17

അധ്യായം 28

1.[a] മത്താ.28:1-8 ക്കു. മർക്കൊ.16:1-8; ലൂക്കൊ.24:1-10; യോഹ.20:1കാ.
[b] മത്താ.27:56,61
2.[c] (യോഹ.20:12)
3.[d] ദാനീ.10:6
[e] (ദാനീ.7:9; മർക്കൊ.9:3; യോഹ.20:12; അപൊ.പ്ര.1:10)
4.[f] (വെളി.1:17)
6.[g] മത്താ.27:63
7.[h] മത്താ.28:10,16; 26:32
8.[i] സങ്കീ.2:11
9.[j] (മർക്കൊ.16:9; യോഹ.20:14)
[k] 2രാജാ.4:27
[l] മത്താ.28:17; ലൂക്കൊ.24:52; മത്താ.8:2
10.[m] യോഹ.20:17; (സങ്കീ.22:22; റോമ.8:29; എബ്രാ.2:11,12,17)
[n] യോഹ.20:18
11.[o] മത്താ.27:65,66
13.[p] (മത്താ.27:64)
14.[q] മത്താ.27:2
[r] അപൊ.പ്ര.12:20
15.[s] മത്താ.27:8

**16** എന്നാൽ പതിനൊന്നു ശിഷ്യ
ന്മാർ ഗലീലയിൽ[t] യേശു അവ
രോടു കല്പിച്ചിരുന്ന മലയ്ക്കു
പോയി.[t] **17** അവനെ കണ്ടപ്പോൾ
അവർ നമസ്കരിച്ചു;[u] ചിലരോ
സംശയിച്ചു. **18** യേശു അടുത്തു
ചെന്നു: സ്വർഗത്തിലും ഭൂമിയിലും[v]
സകല അധികാരവും എനിക്കു
നല്കപ്പെട്ടിരിക്കുന്നു.[w] **19** ആക
യാൽ നിങ്ങൾ പുറപ്പെട്ട്,[x] പിതാ
വിന്റെയും പുത്രന്റെയും പരിശു
ദ്ധാത്മാവിന്റെയും നാമത്തിൽ[y]
[z]സ്നാനം കഴിപ്പിച്ചും[x] **20** ഞാൻ
നിങ്ങളോടു കല്പിച്ചതൊ[a]ക്കെയും
പ്രമാണിപ്പാൻ തക്കവണ്ണം[b] ഉപദേ
ശിച്ചുംകൊണ്ടു സകല ജാതിക
ളെയും[c] ശിഷ്യരാക്കിക്കൊൾവിൻ;[d]
ഞാനോ ലോകാവസാനത്തോളം[e]
എല്ലാനാളും നിങ്ങളോടുകൂടെ
ഉണ്ട്[f] എന്ന് അരുളിച്ചെയ്തു.

* * *

16.[t] മത്താ.28:7
17.[u] മത്താ.28:9
18.[v] (മത്താ.6:10; ലൂക്കൊ.2:14) [w] മത്താ.11:27; ദാനീ.7:13,14; യോഹ.3:35; 13:3;17:2; അപ്പൊ.പ്ര.2:36; റോമ.14:9; 1കൊരി.15:27; എഫെ.1:10,20-22; ഫിലി.2:9,10; കൊലൊ.2:10; എബ്രാ.1:2;2:8; 1പത്രൊ.3:22; വെളി.17:14; (മത്താ.9:6; യോഹ.5:27)
19.[x] മർക്കൊ.16:15,16 [y] (2കൊരി.13:14) [z] അപ്പൊ.പ്ര.8:16
20.[a] (അപ്പൊ.പ്ര.1:2) [b] യോഹ.14:15 [c] ലൂക്കൊ.24:47 [d] മത്താ.13:52 [e] മത്താ.13:39 [f] മത്താ.1:23;18:20; യോഹ.12:26; 14:3;17:24; അപ്പൊ.പ്ര.18:10)

## ഉപമകൾ

ഉപമ എന്നർഥം വരുന്ന ഗ്രീക്കു പദത്തിന് 'താരതമ്യപ്പെടുത്തുന്നതിനുവേണ്ടി വസ്തുതകളെ ഒന്നിച്ചു ചേർക്കുക' എന്നാണ് അർഥം. ഒരു ഗുണപാഠം പഠിപ്പിക്കുന്നതിനുവേണ്ടിയുള്ള ചെറിയ കഥകളാണ് ഉപമകൾ. ചിലപ്പോൾ അതു ചെറിയ പഴഞ്ചൊല്ലുകൾ ആയിരിക്കാം. ചിലപ്പോൾ പ്രകൃതിയിലുള്ള ചിലതിനെ മനുഷ്യരുടെ പ്രവൃത്തികളുമായി താരതമ്യം ചെയ്യുന്നതായിരിക്കാം. അല്ലെങ്കിൽ ചില പൊതുവായ മാനുഷിക അനുഭവങ്ങൾ ആയിരിക്കാം. സ്വന്ത പ്രയത്നത്താൽ ഭാവിയിലേക്ക് ആഹാരം കരുതിവയ്ക്കുന്ന ഉറുമ്പിനെ, സ്വന്തം ചുമതലകൾ നിർവഹിക്കേണ്ട മനുഷ്യനുമായി താരതമ്യം ചെയ്തിരിക്കുന്നു (സദൃ. 6:7,8). യെശയ്യാ പ്രവാചകൻ, തന്റെ കാലത്തെ യിസ്രായേൽമക്കളെ ഫലം കായ്ക്കാത്ത ഒരു മുന്തിരിത്തോപ്പിനോടു താരതമ്യപ്പെടുത്തിയിരിക്കുന്നു (യെശ. 5:1-5). ആ തോട്ടത്തിന്റെ ഉടമസ്ഥൻ, തോട്ടത്തിനു കൊടുത്തിരുന്ന സംരക്ഷണവും അധ്വാനവും വേണ്ടെന്നു വയ്ക്കുന്നു. അതുപോലെ യിസ്രായേൽമക്കൾ നല്ല ഫലം പുറപ്പെടുവിച്ചില്ലെങ്കിൽ (നീതി പ്രവർത്തിച്ചില്ലെങ്കിൽ) ദൈവം അവരെ സംരക്ഷിക്കുകയില്ല എന്നു യെശയ്യാ പ്രവാചകൻ പറയുന്നു.

മത്തായി, മർക്കൊസ്, ലൂക്കൊസ് എന്നീ സുവിശേഷങ്ങളിൽ യേശുവിന്റെ ഉപമകൾ ധാരാളമായി ഉപയോഗിച്ചിരിക്കുന്നു. ദൈവത്തെക്കുറിച്ചും മനുഷ്യരെക്കുറിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശ്യം ഉപമകളാൽ യേശു വിശദീകരിച്ചിരിക്കുന്നു. ചിലത്, ചെറിയ പഴഞ്ചൊല്ലുകളാണ്. ഉദാ. കുരുടൻ എങ്ങനെ കുരുടനെ വഴികാണിക്കും? (മത്താ. 15:14). ഒരു കുടുംബം തന്നിൽത്തന്നെ ഛിദ്രിച്ചു വെങ്കിൽ അതു നിലനിൽക്കുകയില്ല (മത്താ. 12:25). നിങ്ങളുടെ മുത്തുകളെ പന്നികളുടെ മുമ്പിൽ ഇട്ടുകൊടുക്കരുത് (മത്താ. 7:6). ശരീരത്തിന്റെ വിളക്ക് കണ്ണ് ആകുന്നു (മത്താ. 6:22-23). ഇത്തരം 40 ൽ കൂടുതൽ ഉപമകളും ചെറുകഥകളും കണ്ടെത്താം. സ്വർഗരാജ്യത്തെ വയലിൽ വിത്തു വിതച്ച കൃഷിക്കാരനോട് ഉപമിച്ചിരിക്കുന്നു (മത്താ. 13:3-9). ഒളിച്ചുവച്ച നിധിയോടും (മത്താ. 13:44) വിത്തും കളയും ഒന്നിച്ചു വളരുന്നതിനോടും (മത്താ. 13:24-30) ഉപമിച്ചിരിക്കുന്നു. മത്താ. 13:36-43 ൽ ചില ഉപമകളുടെ വിശദീകരണവും കഥയോടൊപ്പം ചേർത്തുകാണുന്നു. യേശുവിന്റെ പുതിയ അനുയായികൾക്ക് അവന്റെ പ്രസംഗങ്ങൾ ശരിയായി മനസിലാക്കുവാൻ ഈ വിശദീകരണങ്ങൾ സഹായിച്ചു. മറ്റു പ്രസിദ്ധങ്ങളായ ഉപമകൾ: നല്ല ശമര്യക്കാരൻ (ലൂക്കൊ. 10:30-37), മൂഢനായ ധനികൻ (ലൂക്കൊ. 12:16-21), ദൈവത്തെ ഭയവും മനുഷ്യനെ ശങ്കയുമില്ലാത്ത ന്യായാധിപൻ (ലൂക്കൊ. 18:1-8), വലിയ സദ്യ (മത്താ. 22:1-10), ഒരു അപ്പനും രണ്ടു പുത്രന്മാരും (ലൂക്കൊ. 15:11-32).

# THE GOSPEL ACCORDING TO MARK

# മർക്കൊസ് എഴുതിയ സുവിശേഷം

## മുഖവുര

വാക്കുകൾക്കും ഉപദേശങ്ങൾക്കും പ്രാധാന്യം കൊടുക്കുന്നതിനെക്കാൾ യേശുവിന്റെ പ്രവൃത്തികൾക്ക് കൂടുതൽ ഊന്നൽ നൽകിക്കൊണ്ട് വളരെ സജീവവും നേരിട്ടുള്ളതുമായ വിവരണമാണ് മർക്കൊസ് നൽകുന്നത്. പ്രവർത്തനനിരതനും ഒപ്പം ആധികാരികതയും ഉള്ള ഒരു മനുഷ്യനായി യേശുവിനെ ചിത്രീകരിക്കുന്നു.

***1. യോഹന്നാൻ സ്നാപകന്റെ സ്ഥാനം 9. യേശുവിന്റെ സ്നാനം 12. തന്റെ പരീക്ഷ 14. യേശുവിന്റെ പ്രസംഗം 16. പത്രൊസിനെയും മറ്റും വിളിച്ചത് 21. കഫർന്നഹൂമിലെ പിശാചുബാധിതൻ 29. ശിമോന്റെ അമ്മാവിയമ്മയെയും മറ്റ് പലരെയും 40. കുഷ്ഠരോഗിയെയും സൗഖ്യമാക്കിയത്.***

**ദൈ**വപുത്രനായ[a] യേശുക്രി
സ്തുവിന്റെ സുവിശേഷത്തിന്റെ
ആരംഭം:
2 [b,c]“ഞാൻ നിനക്കു മുമ്പായി
എന്റെ ദൂതനെ അയയ്ക്കുന്നു;
അവൻ നിന്റെ വഴി ഒരുക്കും.[d]
3 കർത്താവിന്റെ വഴി ഒരുക്കു
വിൻ അവന്റെ പാത നിരപ്പാക്കു
വിൻ എന്നു [e]മരുഭൂമിയിൽ വിളി
ച്ചുപറയുന്നവന്റെ വാക്ക്”
എന്നിങ്ങനെ യെശയ്യാപ്രവാചകന്റെ
പുസ്തകത്തിൽ എഴുതിയിരിക്കുന്ന
തുപോലെ 4 യോഹന്നാൻ വന്നു[f]
മരുഭൂമിയിൽ[g] സ്നാനം കഴിപ്പിച്ചും
പാപമോചനത്തിനായുള്ള[h] മാന
സാന്തര[i]സ്നാനം[j] പ്രസംഗിച്ചുംകൊ
ണ്ടിരുന്നു. 5 അവന്റെ അടുക്കൽ
യെഹൂദ്യദേശം ഒക്കെയും യെരൂ
ശലേമ്യർ എല്ലാവരും വന്നു പാപ
ങ്ങളെ ഏറ്റുപറഞ്ഞു[k] യോർദ്ദാൻ
നദിയിൽ അവനാൽ സ്നാനം കഴി
ഞ്ഞു. 6 യോഹന്നാനോ ഒട്ടകരോ
മംകൊണ്ടുള്ള ഉടുപ്പും[l] അരയിൽ
തോൽവാറും ധരിച്ചും[m] വെട്ടുക്കി
ളിയും[m] കാട്ടുതേനും[n] ഉപജീവി
ച്ചും പോന്നു. 7 എന്നിലും ബലമേ
റിയവൻ എന്റെ പിന്നാലെ വരുന്നു;
അവന്റെ ചെരിപ്പിന്റെ വാറ് കുനി
ഞ്ഞഴിപ്പാൻ ഞാൻ യോഗ്യനല്ല.[o]
8 ഞാൻ നിങ്ങളെ വെള്ളത്തിൽ
സ്നാനം കഴിപ്പിക്കുന്നു;[p] അവ
നോ നിങ്ങളെ പരിശുദ്ധാത്മാ
വിൽ സ്നാനം കഴിപ്പിക്കും[q] എന്ന്
അവൻ പ്രസംഗിച്ചുപറഞ്ഞു.
9 [r]ആ കാലത്ത് യേശു ഗലീല
യിലെ നസറെത്തിൽനിന്നു വന്നു[s]
യോഹന്നാനാൽ യോർദ്ദാനിൽ
സ്നാനം കഴിഞ്ഞു. 10 വെള്ളത്തിൽ
നിന്നു കയറിയ ഉടനെ ആകാശം
പിളരുന്നതും[t] ആത്മാവ് പ്രാവു
പോലെ തന്റെമേൽ വരുന്നതും[u]
കണ്ടു:[v] 11 നീ എന്റെ പ്രിയപു
ത്രൻ; നിന്നിൽ ഞാൻ പ്രസാദിച്ചി
രിക്കുന്നു[w] എന്നു സ്വർഗത്തിൽ
നിന്ന് ഒരു ശബ്ദവും ഉണ്ടായി.[x]
12 അനന്തരം ആത്മാവ് അവ
നെ മരുഭൂമിയിലേക്കു പോകുവാൻ
നിർബന്ധിച്ചു.[y] 13 അവിടെ അവൻ

**അധ്യായം 1**

1. [a] *മത്താ.14:33*
2. [b] *മർക്കൊ.1:2-8 ക്കു.മത്താ.3:1-11; ലൂക്കൊ.3:2-16കാ.* [c] *മത്താ.11:10; ലൂക്കൊ.1:17,76,77; 7:27;* ***മലാ.3:1*** [d] *ലൂക്കൊ.1:76;*
3. [e] *യോഹ.1:27;* ***യെശ.40:3;***
4. [f] *യോഹ.1:6,7* [g] *യോശു.15:61; (ന്യായാ.1:16)* [h] *മത്താ.26:28; (ലൂക്കൊ.1:77)* [i] *മർക്കൊ.1:15* [j] *അപ്പൊ.പ്ര.2:38*
5. [k] *അപ്പൊ.പ്ര.19:18*
6. [l] *(2രാജാ.1:8; സെഖ.13:4; എബ്രാ.11:37)* [m] *ലേവ്യാ.11:22* [n] *1ശമൂ.14:26*
7. [o] *യോഹ.1:15,27; 3:30,31; അപ്പൊ.പ്ര.13:25*
8. [p] *യോഹ.1:26; അപ്പൊ.പ്ര.1:5;11:16* [q] *യോഹ.1:33*
9. [r] *മർക്കൊ.1:9-11ക്കു മത്താ.3:13-17; ലൂക്കൊ.3:21,22കാ. (യോഹ.1:32-34)* [s] *മത്താ.2:23*
10. [t] *യെശ.64:2* [u] *യോഹ.1:32,33; (ലൂക്കൊ.4:18,21; അപ്പൊ.പ്ര.10:38)* [v] *അപ്പൊ.പ്ര.7:56*
11. [w] *(മർക്കൊ.9:7; സങ്കീ.2:7; യെശ.42:1; എഫെ.1:6; കൊലൊ.1:13; 2പത്രൊ.1:17;1യോഹ.5:9)* [x] *യോഹ.12:28*
12. [y] *മത്താ.4:1-11; ലൂക്കൊ.4:1-13*

1:1 ***ദൈവപുത്രൻ***: യേശുക്രിസ്തു ആരാണെന്നു മർക്കൊസ് പ്രസ്താവിക്കുന്നു. 'ദൈവപുത്രൻ' എന്ന സംബോധന യിസ്രായേൽജനത്തെ ഭരിക്കുവാൻ ദൈവം തിരഞ്ഞെടുത്ത രാജാവിനു നല്കുന്നതാണ് (സങ്കീ. 2:6-8). ഈ സംബോധനയിലൂടെ മർക്കൊസ് യേശുവിനെ വെളിപ്പെടുത്തുന്നു. അതായത്, യിസ്രായേലിനെ ഭരിക്കുവാൻ ദൈവം തിരഞ്ഞെടുത്തവനാണു യേശു.

സാത്താനാൽ[z] പരീക്ഷിക്കപ്പെട്ടു[a]
നാല്പതു ദിവസം മരുഭൂമിയിൽ[y]
കാട്ടുമൃഗങ്ങളോടുകൂടെ ആയിരു
ന്നു;[y] ദൂതന്മാർ അവനെ ശുശ്രൂ
ഷിച്ചുപോന്നു.[b]
**14** എന്നാൽ യോഹന്നാൻ തട
വിൽ ആയശേഷം[c] യേശു ഗലീല
യിൽ ചെന്നു[d] ദൈവരാജ്യത്തി
ന്റെ സുവിശേഷം[e] പ്രസംഗിച്ചു:
**15** കാലം തികഞ്ഞു[f] ദൈവരാജ്യം
സമീപിച്ചിരിക്കുന്നു;[g] മാനസാന്തര
പ്പെട്ടു സുവിശേഷത്തിൽ വിശ്വസി
പ്പിൻ[h] എന്നു പറഞ്ഞു.
**16** [i]അവൻ ഗലീലക്കടല്പുറത്തു
നടക്കുമ്പോൾ ശിമോനും അവന്റെ
സഹോദരനായ അന്ത്രെയാസും
കടലിൽ വല വീശുന്നതു കണ്ടു;
അവർ മീൻ പിടിക്കുന്നവർ ആയി
രുന്നു. **17** യേശു അവരോട്: എന്നെ
അനുഗമിപ്പിൻ; ഞാൻ നിങ്ങളെ
മനുഷ്യരെ പിടിക്കുന്നവരാക്കും[j]
എന്നു പറഞ്ഞു. **18** ഉടനെ അവർ
വല വിട്ട് അവനെ അനുഗമിച്ചു.
**19** അവിടെനിന്ന് അല്പം മുന്നോട്ടു
ചെന്നപ്പോൾ സെബെദിയുടെ മക
നായ യാക്കോബും അവന്റെ
സഹോദരനായ യോഹന്നാനും
പടകിൽ ഇരുന്നു വല നന്നാക്കുന്ന
തു കണ്ടു. **20** ഉടനെ അവരെയും
വിളിച്ചു; അവർ അപ്പനായ സെബെ
ദിയെ കൂലിക്കാരോടുകൂടെ പട
കിൽ വിട്ട് അവനെ അനുഗമിച്ചു.
**21** [k]അവർ കഫർന്നഹൂമിലേക്കു
പോയി; ശബ്ബത്തിൽ[l] അവൻ പള്ളി
യിൽ ചെന്ന് ഉപദേശിച്ചു.[m] **22** അവ
ന്റെ ഉപദേശത്തിങ്കൽ അവർ വിസ്മ
യിച്ചു;[n] അവൻ ശാസ്ത്രിമാരെപ്പോ
ലെയല്ല, അധികാരമുള്ളവനായിട്ട
ത്രേ അവരെ ഉപദേശിച്ചത്.[n] **23** അവ
രുടെ പള്ളിയിൽ അശുദ്ധാത്മാവു
ള്ള ഒരു മനുഷ്യൻ ഉണ്ടായിരുന്നു;
**24** അവൻ നിലവിളിച്ച്: നസറായ
നായ യേശുവേ, ഞങ്ങൾക്കും
നിനക്കും തമ്മിൽ എന്ത്? ഞങ്ങളെ
നശിപ്പിപ്പാൻ വന്നുവോ?[o] നീ ആർ
എന്നു ഞാൻ അറിയുന്നു;[p] ദൈവ
ത്തിന്റെ പരിശുദ്ധൻ തന്നെ[q] എന്നു
പറഞ്ഞു. **25** യേശു അതിനെ ശാ
സിച്ചു: മിണ്ടരുത്;[r] അവനെ വിട്ടു
പോ എന്നു പറഞ്ഞു. **26** അപ്പോൾ
അശുദ്ധാത്മാവ് അവനെ ഇഴച്ച്,[s]
ഉറക്കെ നിലവിളിച്ച്[t] അവനെ വിട്ടു
പോയി. **27** എല്ലാവരും ആശ്ചര്യ
പ്പെട്ടു:[u] ഇതെന്ത്? ഒരു പുതിയ ഉപ
ദേശം;[v] അവൻ അധികാരത്തോടെ
അശുദ്ധാത്മാക്കളോടും കല്പി
ക്കുന്നു; അവ അവനെ അനുസരി
ക്കയും ചെയ്യുന്നു എന്നു പറഞ്ഞു
തമ്മിൽ വാദിച്ചുകൊണ്ടിരുന്നു.
**28** അവന്റെ ശ്രുതി വേഗത്തിൽ
ഗലീലനാട് എങ്ങും പരന്നു.
**29** [w]അനന്തരം അവർ പള്ളിയിൽ
നിന്ന്[x] ഇറങ്ങി യാക്കോബും യോഹ
ന്നാനുമായി ശിമോന്റെയും അന്ത്രെ
യാസിന്റെയും വീട്ടിൽ വന്നു. **30** അ
വിടെ ശിമോന്റെ അമ്മാവിയമ്മ[y]
പനിപിടിച്ചു കിടന്നിരുന്നു; അവർ
അവളെക്കുറിച്ച് അവനോടു പറ
ഞ്ഞു. **31** അവൻ അടുത്തു ചെന്ന്
അവളെ കൈക്കു പിടിച്ച് എഴുന്നേ
ല്പിച്ചു;[z] പനി അവളെ വിട്ടുമാറി,
അവൾ അവരെ ശുശ്രൂഷിച്ചു.
**32** വൈകുന്നേരം സൂര്യൻ അസ്ത
മിച്ചശേഷം അവർ സകലവിധ
ദീനക്കാരെയും ഭൂതഗ്രസ്തരെയും[a]
അവന്റെ അടുക്കൽ കൊണ്ടുവന്നു.
**33** പട്ടണം ഒക്കെയും വാതിൽക്കൽ
വന്നുകൂടിയിരുന്നു. **34** നാനാവ്യാ
ധികളാൽ വലഞ്ഞിരുന്ന അനേ
കരെ അവൻ സൗഖ്യമാക്കി,[b] അനേ
കം ഭൂതങ്ങളെയും പുറത്താക്കി;
ഭൂതങ്ങൾ അവനെ അറികകൊണ്ടു
സംസാരിപ്പാൻ അവയെ സമ്മതി
ച്ചില്ല.[c]
**35** [d]അതികാലത്ത് ഇരുട്ടോടെ
അവൻ എഴുന്നേറ്റു പുറപ്പെട്ട് ഒരു
നിർജനസ്ഥലത്തു ചെന്നു പ്രാർ
ഥിച്ചു.[e] **36** ശിമോനും കൂടെയുള്ള
വരും അവന്റെ പിന്നാലെ ചെന്ന്,

13.[z] *1ദിന.21:1*
[a] *(എബ്രാ.2:18;4:15)*
[y] *(വാ.12 കാ.)*
[b] *മത്താ.26:53; ലൂക്കൊ.22:43*
14.[c] *മത്താ.4:12;14:4; ലൂക്കൊ.3:20; (യോഹ.3:24)*
[d] *മത്താ.4:17,23*
[e] *റോമ.1:2;15:15*
15.[f] *ദാനീ.9:25; ഗലാ.4:4; എഫെ.1:10; (ലൂക്കൊ.21:8; യോഹ.7:8)*
[g] *മത്താ.3:2*
[h] *അപ്പൊ.പ്ര.19:4; 20:21; എബ്രാ.6:1,2*
16.[i] *മർക്കൊ. 1:16 - 20 ക്കു. മത്താ.4:18 - 22കാ. (ലൂക്കൊ.5:2 - 11; യോഹ.1:40 - 42)*
17.[j] *മത്താ.13:47*
21.[k] *മത്താ.4:13; മർക്കൊ. 1:21 - 28 ക്കു. ലൂക്കൊ. 4:31 - 37 കാ.*
[l] *മർക്കൊ.6:2*
[m] *മർക്കൊ.1:39; മത്താ.4:23*
22.[n] *മത്താ.7:28,29*
24.[o] *മത്താ.8:29*
[p] *(മർക്കൊ.1:34; അപ്പൊ.പ്ര.19:15; യാക്കോ.2:19)*
[q] *യോഹ.6:69; അപ്പൊ.പ്ര.3:14; വെളി.3:7; (ലൂക്കൊ.1:35; എബ്രാ.7:26; 1യോഹ.2:20)*
25.[r] *മത്താ.12:16*
26.[s] *മർക്കൊ.9:26*
[t] *മർക്കൊ.5:7; അപ്പൊ.പ്ര.8:7*
27.[u] *(മത്താ.8:27)*
[v] *അപ്പൊ.പ്ര.17:19*
29.[w] *മർക്കൊ. 1:29 - 34 ക്കു.* *മത്താ.8:14 - 16;ലൂക്കൊ.4:38 - 41കാ.* [x] *മർക്കൊ. 1:21,23* 30.[y] *1കൊരി.9:5* 31.[z] *മർക്കൊ.9:27; അപ്പൊ.പ്ര.3:7;9:41* 32.[a] *മത്താ.4:24* 34.[b] *മത്താ.4:23* [c] *മർക്കൊ.3:11,12 (അപ്പൊ.പ്ര.16:17,18)* 35.[d] *മർക്കൊ. 1:35 - 38ക്കു. ലൂക്കൊ.4:42,43കാ.* [e] *ലൂക്കൊ.5:16; മത്താ.14:23*

37 അവനെ കണ്ടപ്പോൾ: എല്ലാ
വരും നിന്നെ അന്വേഷിക്കുന്നു[f]
എന്നു പറഞ്ഞു. 38 അവൻ അവ
രോട്: ഞാൻ അടുത്ത ഊരുകളി
ലും പ്രസംഗിക്കേണ്ടതിനു നാം
അവിടേക്കു പോക; ഇതിനായിട്ട
ല്ലോ ഞാൻ പുറപ്പെട്ടു വന്നിരിക്കു
ന്നത്[g] എന്നു പറഞ്ഞു. 39 അങ്ങ
നെ അവൻ ഗലീലയിൽ ഒക്കെയും
അവരുടെ പള്ളികളിൽ ചെന്നു[h]
പ്രസംഗിക്കയും ഭൂതങ്ങളെ[i] പുറ
ത്താക്കുകയും ചെയ്തു.
40 [j]ഒരു കുഷ്ഠരോഗി അവന്റെ
അടുക്കൽ വന്നു മുട്ടുകുത്തി:[k] നിന
ക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധ
മാക്കുവാൻ കഴിയും[l] എന്ന് അപേ
ക്ഷിച്ചു. 41 യേശു മനസ്സലിഞ്ഞു
കൈ നീട്ടി അവനെ തൊട്ടു: 42 മന
സ്സുണ്ട്, ശുദ്ധമാക എന്നു പറഞ്ഞ
ഉടനെ കുഷ്ഠം വിട്ടുമാറി അവനു
ശുദ്ധി വന്നു. 43 യേശു അവനെ
അമർച്ചയായി ശാസിച്ചു:[m] 44 നോ
ക്കൂ, ആരോടും ഒന്നും പറയരുത്;[n]
എന്നാൽ ചെന്നു പുരോഹിതനു
നിന്നെത്തന്നെ കാണിച്ച്,[o] നിന്റെ
ശുദ്ധീകരണത്തിനുവേണ്ടി മോശെ
കല്പിച്ചത്[p] അവർക്കു സാക്ഷ്യ
ത്തിനായി[q] അർപ്പിക്ക[p] എന്നു പറ
ഞ്ഞ് അവനെ വിട്ടയച്ചു. 45 അവ
നോ പുറപ്പെട്ടു വളരെ ഘോഷിപ്പാ
നും വസ്തുത പ്രസംഗിപ്പാനും തുട
ങ്ങി;[r] അതിനാൽ യേശുവിനു പര
സ്യമായി പട്ടണത്തിൽ[s] കടപ്പാൻ
കഴിയായ്കകൊണ്ട് അവൻ പുറ
ത്തു നിർജനസ്ഥലങ്ങളിൽ[s] പാർ
ത്തു; എല്ലാടത്തുനിന്നും ആളുകൾ
അവന്റെ അടുക്കൽ വന്നുകൂടി.[t]

❋ ❋ ❋

*1. പക്ഷവാതക്കാരനെ സൗഖ്യമാക്കിയത്. 14. മത്തായിയെ വിളിച്ചത് 16. ചുങ്കക്കാരോടും പാപികളോടുംകൂടെ ഭക്ഷിച്ചത് 18. ശിഷ്യന്മാർ ഉപവസിക്കാത്തതിനും 23. ശബ്ബത്തിൽ കതിരുകളെ പറിച്ചതിനും ഉത്തരം പറഞ്ഞത്.*

**2** ചില ദിവസം കഴിഞ്ഞശേഷം
അവൻ പിന്നെയും കഫർന്ന
ഹൂമിൽ[a] ചെന്നു; അവൻ വീട്ടിൽ
ഉണ്ടെന്നു ശ്രുതിയായി. 2 ഉടനെ
വാതില്ക്കൽപോലും ഇടമില്ലാത
വണ്ണം പലരും വന്നുകൂടി, അവൻ
അവരോടു തിരുവചനം പ്രസ്താ
വിച്ചു.[b] 3 അപ്പോൾ നാലാൾ ഒരു
പക്ഷവാതക്കാരനെ ചുമന്ന് അവ
ന്റെ അടുക്കൽ കൊണ്ടുവന്നു.
4 പുരുഷാരം നിമിത്തം അവനോ
ടു സമീപിച്ചു കൂടായ്കയാൽ അ
വൻ ഇരുന്ന സ്ഥലത്തിന്റെ മേല്പുര
പൊളിച്ചു തുറന്നു,[c] പക്ഷവാതക്കാ
രനെ കിടക്കയോടെ ഇറക്കിവച്ചു.
5 യേശു അവരുടെ വിശ്വാസം
കണ്ടിട്ട്[d] പക്ഷവാതക്കാരനോട്:
മകനേ, നിന്റെ പാപങ്ങൾ മോചി
ച്ചു തന്നിരിക്കുന്നു[e] എന്നു പറ
ഞ്ഞു. 6 അവിടെ ചില ശാസ്ത്രി
മാർ ഇരുന്നു: ഇവൻ ഇങ്ങനെ ദൈ
വദൂഷണം പറയുന്നത്[f] എന്ത്?
7 ദൈവം ഒരുവൻ അല്ലാതെ പാപ
ങ്ങളെ മോചിപ്പാൻ കഴിയുന്നവൻ
ആർ[g] എന്നു ഹൃദയത്തിൽ ചിന്തി
ച്ചുകൊണ്ടിരുന്നു. 8 ഇങ്ങനെ അ
വർ ഉള്ളിൽ ചിന്തിക്കുന്നതു[h] യേശു
ഉടനെ മനസ്സിൽ ഗ്രഹിച്ച് അവരോ
ട്: നിങ്ങൾ ഹൃദയത്തിൽ ഇങ്ങനെ
ചിന്തിക്കുന്നത് എന്ത്? 9 പക്ഷവാത
ക്കാരനോടു നിന്റെ പാപങ്ങൾ
മോചിച്ചുതന്നിരിക്കുന്നു എന്നു പറ
യുന്നതോ, എഴുന്നേറ്റു കിടക്ക എടു
ത്തു നടക്ക എന്നു പറയുന്നതോ,
ഏതാകുന്നു എളുപ്പം എന്നു ചോ
ദിച്ചു. 10 എന്നാൽ ഭൂമിയിൽ പാപ
ങ്ങളെ മോചിപ്പാൻ മനുഷ്യപുത്രന്
അധികാരം ഉണ്ട്[i] എന്നു നിങ്ങൾ
അറിയേണ്ടതിന്- 11 അവൻ പക്ഷ
വാതക്കാരനോട്: എഴുന്നേറ്റു കിടക്ക
എടുത്തു വീട്ടിലേക്കു പോക എന്നു
ഞാൻ നിന്നോടു പറയുന്നു എന്നു
പറഞ്ഞു. 12 ഉടനെ അവൻ എഴു
ന്നേറ്റു കിടക്ക എടുത്ത് എല്ലാവരും
കാൺകെ പുറപ്പെട്ടു; അതുകൊണ്ട്
എല്ലാവരും വിസ്മയിച്ചു: ഇങ്ങനെ
ഒരുനാളും കണ്ടിട്ടില്ല എന്നു പറഞ്ഞു
ദൈവത്തെ മഹത്ത്വപ്പെടുത്തി.[j]

37.[f] (യോഹ.12:19)
38.[g] യെശ.61:1
39.[h] മർക്കൊ.1:21
[i] (ലൂക്കൊ.4:44)
40.[j] മർക്കൊ. 1:40-44ക്കു. മത്താ.8:2-4; ലൂക്കൊ. 5:12-14 കാ.
[k] മർക്കൊ.10:17; മത്താ.17:14;27:29
[l] (മർക്കൊ.9:22,23; മത്താ.9:28)
43.[m] മത്താ.9:30
44.[n] മർക്കൊ.1:34; 5:43;7:36;8:26; മത്താ.9:30;17:9; 12:16
[o] ലൂക്കൊ.17:14
[p] ലേവ്യാ.14:2-32
[q] മർക്കൊ.6:11; മത്താ.10:18;24:14; ലൂക്കൊ.9:5; യാക്കോ.5:3
45.[r] മർക്കൊ.7:36; മത്താ.9:31; (ലൂക്കൊ.5:15,16)
[s] 2കൊരി.11:26
[t] മർക്കൊ.2:2,13;3:7 (യോഹ.6:2)

**അധ്യായം 2**

1.[a] മർക്കൊ.1:45; മത്താ.9:1
2.[b] മർക്കൊ.2:3-12 ക്കു. മത്താ.9:2-8; ലൂക്കൊ. 5:18-26 കാ.
4.[c] (ലൂക്കൊ.5:19)
5.[d] മർക്കൊ.10:52; മത്താ.8:10,13; 9:22,29;15:28; ലൂക്കൊ.7:9,50; 17:19;18:42; അപ്പൊ.പ്ര.3:16; 14:9;യാക്കോ.5:15
[e] ലൂക്കൊ.7:48; (യോഹ.5:14)
6.[f] മർക്കൊ.14:64; യോഹ.10:36
7.[g] സങ്കീ.32:5; യെശ.43:25 8.[h] യോഹ.2:25
10.[i] (മർക്കൊ.1:27) 12.[j] ലൂക്കൊ.7:16

13 അവൻ പിന്നെയും കടല്ക്കരെ
ചെന്നു; പുരുഷാരം ഒക്കെയും അവ
ന്റെ അടുക്കൽ വന്നു;[k] അവൻ
അവരെ ഉപദേശിച്ചു. 14 [l]പിന്നെ
അവൻ കടന്നുപോകുമ്പോൾ അ
ല്ഫായിയുടെ മകനായ ലേവി ചുങ്ക
സ്ഥലത്ത് ഇരിക്കുന്നതു കണ്ടു:[m]
എന്നെ അനുഗമിക്ക എന്നു പറഞ്ഞു;
അവൻ എഴുന്നേറ്റ് അവനെ അനു
ഗമിച്ചു. 15 അവൻ വീട്ടിൽ പന്തി
യിൽ ഇരിക്കുമ്പോൾ പല ചുങ്കക്കാ
രും പാപികളും[n] യേശുവിനോടും
അവന്റെ ശിഷ്യന്മാരോടുംകൂടി പ
ന്തിയിൽ ഇരുന്നു;[n] അവനെ അനു
ഗമിച്ചുവന്നവർ അനേകർ ആയി
രുന്നു. 16 അവൻ ചുങ്കക്കാരോടും
പാപികളോടുംകൂടെ തിന്നുകയും
കുടിക്കയും ചെയ്യുന്നതു പരീശന്മാ
രുടെ കൂട്ടത്തിലുള്ള ശാസ്ത്രിമാർ[o]
കണ്ടിട്ട് അവന്റെ ശിഷ്യന്മാരോട്:
അവൻ ചുങ്കക്കാരോടും പാപിക
ളോടും കൂടെ തിന്നുകുടിക്കുന്നത്[n]
എന്ത് എന്നു ചോദിച്ചു. 17 യേശു
അതു കേട്ട് അവരോട്: ദീനക്കാർ
ക്കല്ലാതെ സൗഖ്യമുള്ളവർക്കു
വൈദ്യനെക്കൊണ്ട് ആവശ്യമില്ല;
ഞാൻ നീതിമാന്മാരെ അല്ല,[p] പാപി
കളെ അത്രേ[q] വിളിപ്പാൻ വന്നത്
എന്നു പറഞ്ഞു.
18 യോഹന്നാന്റെ ശിഷ്യന്മാരും[r]
പരീശന്മാരും ഉപവസിക്ക പതിവാ
യിരുന്നു; അവർ വന്ന് അവനോട്:
യോഹന്നാന്റെയും പരീശന്മാരുടെ
യും ശിഷ്യന്മാർ ഉപവസിക്കുന്നുവ
ല്ലോ;[s] നിന്റെ ശിഷ്യന്മാർ ഉപവസി
ക്കാത്തത് എന്ത്[t] എന്നു ചോദിച്ചു.
19 യേശു അവരോടു പറഞ്ഞത്:
മണവാളൻ കൂടെ ഉള്ളപ്പോൾ തോ
ഴ്മക്കാർക്ക് ഉപവസിപ്പാൻ കഴിയു
മോ? മണവാളൻ കൂടെ ഇരിക്കും
കാലത്തോളം അവർക്ക് ഉപവസി
പ്പാൻ കഴികയില്ല.[u] 20 എന്നാൽ
മണവാളൻ അവരെ വിട്ടുപിരിയേ
ണ്ടുന്ന കാലം വരും;[v] അന്ന്, ആ
കാലത്ത് അവർ ഉപവസിക്കും.[w]
21 പഴയ വസ്ത്രത്തിൽ കോടിത്തു
ണിക്കണ്ടം ആരും ചേർത്തു തുന്നു
മാറില്ല; തുന്നിയാൽ ചേർത്ത പുതു
ക്കണ്ടം പഴയതിൽനിന്നു വലി
ഞ്ഞിട്ടു ചീന്തൽ ഏറ്റവും വല്ലാതെ
ആകും. 22 ആരും പുതിയ വീഞ്ഞു
പഴയ തുരുത്തിയിൽ[x] പകർന്നു
വയ്ക്കുമാറില്ല; വച്ചാൽ പുതുവീ
ഞ്ഞു തുരുത്തിയെ പൊളിക്കും;
വീഞ്ഞ് ഒഴുകിപ്പോകും; തുരുത്തി
നശിച്ചുപോകും; പുതിയ വീഞ്ഞു
പുതിയ തുരുത്തിയിലത്രേ പകർന്നു
വയ്ക്കേണ്ടത്.
23 [y]അവൻ ശബ്ബത്തിൽ വിളഭൂമി
യിൽകൂടി കടന്നുപോകുമ്പോൾ അ
വൻെറ ശിഷ്യന്മാർ വഴിനടക്കയിൽ
കതിർ പറിച്ചുതുടങ്ങി.[z] 24 പരീ
ശന്മാർ അവനോട്: നോക്കൂ, ഇവർ
ശബ്ബത്തിൽ വിഹിതമല്ലാത്തതു[a]
ചെയ്യുന്നത് എന്ത്[b] എന്നു പറഞ്ഞു.
25 അവൻ അവരോട്: ദാവീദ് തനി
ക്കും കൂടെയുള്ളവർക്കും മുട്ടുണ്ടാ
യി വിശന്നപ്പോൾ ചെയ്തത്[c] എന്ത്?
26 അവൻ അബ്യാഥാർമഹാപു
രോഹിതന്റെ കാലത്തു[d] ദൈവാല
യത്തിൽ ചെന്ന്, പുരോഹിതന്മാർ
ക്കല്ലാതെ ആർക്കും തിന്മാൻ വിഹി
തമല്ലാത്ത കാഴ്ചയപ്പം[e] തിന്നു കൂടെ
യുള്ളവർക്കും കൊടുത്തു എന്നു
നിങ്ങൾ ഒരിക്കലും വായിച്ചിട്ടില്ലയോ[f]
എന്നു ചോദിച്ചു. 27 പിന്നെ
അവൻ അവരോട്: മനുഷ്യൻ ശബ്ബ
ത്ത് നിമിത്തമല്ല;[g] ശബ്ബത്ത് മനു
ഷ്യൻ നിമിത്തമത്രേ[h] ഉണ്ടായത്;
28 അങ്ങനെ മനുഷ്യപുത്രൻ ശബ്ബ
ത്തിനും കർത്താവ് ആകുന്നു[i] എന്നു
പറഞ്ഞു.

❋ ❋ ❋

*1. കൈ വരണ്ടവനെയും 10. മറ്റു പല രോഗിക ളെയും സൗഖ്യമാക്കിയത് 13. പന്ത്രണ്ട് അപ്പൊ സ്തൊലന്മാർ തെരഞ്ഞെടുക്കപ്പെട്ടത്. 20. പരീശരുടെ ദൈവദൂഷണം 31. യേശു വിന്റെ ചാർച്ചക്കാർ ഇന്നവർ എന്നുള്ളത്.*

3 [a]അവൻ പിന്നെയും പള്ളിയിൽ
ചെന്നു:[b] അവിടെ വരണ്ട കൈ
യുള്ള ഒരു മനുഷ്യൻ ഉണ്ടായി
രുന്നു. 2 അവർ അവനെ കുറ്റം
ചുമത്തേണ്ടതിനു ശബ്ബത്തിൽ അ
വനെ സൗഖ്യമാക്കുമോ എന്നു

13.[k] *മർക്കൊ.1:45*
14.[l] *മർക്കൊ. 2:14 - 22 ക്കു മത്താ.9:9 - 17; ലൂക്കൊ. 5:27 - 38 കാ.*
[m] *(മത്താ.9:9)*
15.[n] *മത്താ.11:19; ലൂക്കൊ.15:2*
16.[o] *അപ്പൊ.പ്ര.4:5; 23:9*
[n] *(വാ.15കാ.)*
17.[p] *(ലൂക്കൊ.15:7; യോഹ.9:39)*
[q] *1തിമൊ.1:15*
18.[r] *മത്താ.11:2;14:12; ലൂക്കൊ.11:1; യോഹ.1:35; 3:25;4:1 (അപ്പൊ.പ്ര.18:25; 19:3)*
[s] *ലൂക്കൊ.18:12*
[t] *(മർക്കൊ.7:5)*
19.[u] *യോഹ.3:29*
20.[v] *ലൂക്കൊ.17:22*
[w] *(യോഹ.16:20)*
22.[x] *യോശു.9:4; ഇയ്യോ.32:19; സങ്കീ.119:83*
23.[y] *മർക്കൊ. 2:23 - 28ക്കു. മത്താ.12:1 - 8; ലൂക്കൊ.6:1 - 5കാ.*
[z] *ആവ. 23:25*
24.[a] *(പുറ.20:9 - 11)*
[b] *(മത്താ.9:11)*
25.[c] *1ശമൂ.21:1 - 6*
26.[d] *1ദിന.24:6; (1ശമൂ.21:1; 2ശമൂ.8:17)*
[e] *പുറ.25:30; ലേവ്യാ.24:5 - 9*
[f] *മത്താ.21:16*
27.[g] *കൊലൊ.2:16*
[h] *പുറ.23:12; ആവ.5:14*
28.[i] *(മർക്കൊ.2:10)*

**അധ്യായം 3**

1.[a] *മർക്കൊ. 3:1 - 6 ക്കു മത്താ.12:9 - 14; ലൂക്കൊ.6:6 - 11കാ.*
[b] *മർക്കൊ.1:29*

നോക്കിക്കൊണ്ടിരുന്നു.[c] 3 വരണ്ട
കൈയുള്ള മനുഷ്യനോട് അവൻ:
നടുവിൽ എഴുന്നേറ്റുനില്ക്ക എന്നു
പറഞ്ഞു. 4 പിന്നെ അവരോട്:
ശബ്ബത്തിൽ നന്മ ചെയ്കയോ, തിന്മ
ചെയ്കയോ, ജീവനെ രക്ഷിക്കയോ,
കൊല്ലുകയോ, ഏതു വിഹിതം[d]
എന്നു ചോദിച്ചു. അവരോ മിണ്ടാ
തിരുന്നു. 5 അവരുടെ ഹൃദയകാ
ഠിന്യം നിമിത്തം[e] അവൻ ദുഃഖി
ച്ചുകൊണ്ടു കോപത്തോടെ അവ
രെ ചുറ്റും നോക്കി,[f] ആ മനുഷ്യ
നോട്: കൈ നീട്ടുക എന്നു പറ
ഞ്ഞു; അവൻ നീട്ടി,[g] അവന്റെ
കൈ സൗഖ്യമായി. 6 ഉടനെ പരീ
ശന്മാർ പുറപ്പെട്ട്,[h] അവനെ നശി
പ്പിക്കേണ്ടതിനു ഹെരോദ്യരുമായി[i]
ആലോചന കഴിച്ചു.[h]
7 യേശു ശിഷ്യന്മാരുമായി
കടൽക്കരയ്ക്കു വാങ്ങിപ്പോയി;[j]
ഗലീലയിൽനിന്നു വലിയൊരു
പുരുഷാരം അവനെ അനുഗമിച്ചു;[k]
8 യെഹൂദ്യയിൽനിന്നും യെരൂശ
ലേമിൽനിന്നും എദോമിൽനിന്നും[l]
യോർദ്ദാനക്കരെനിന്നും സോരി
ന്റെയും സീദോന്റെയും[m] ചുറ്റുപാ
ടിൽനിന്നും വലിയൊരു കൂട്ടം അ
വൻ ചെയ്തത് ഒക്കെയും കേട്ടിട്ട്
അവന്റെ അടുക്കൽ വന്നു. 9 പുരു
ഷാരം തന്നെ ഞെരുക്കാതിരിക്കേ
ണ്ടതിന്[n] അവരുടെ നിമിത്തം ഒരു
ചെറുപടകു തനിക്ക് ഒരുക്കി നിറു
ത്തുവാൻ[o] അവൻ ശിഷ്യന്മാരോടു
പറഞ്ഞു. 10 അവൻ അനേകരെ
സൗഖ്യമാക്കുകയാൽ[p] ബാധകൾ[q]
ഉള്ളവർ ഒക്കെയും അവനെ തൊ
ടേണ്ടതിനു[r] തിക്കിത്തിരക്കി വന്നു.
11 അശുദ്ധാത്മാക്കളും[s] അവനെ
കാണുമ്പോൾ ഒക്കെയും അവന്റെ
മുമ്പിൽ വീണു:[t] നീ ദൈവപുത്രൻ[u]
എന്നു നിലവിളിച്ചു പറയും. 12 ത
ന്നെ പ്രസിദ്ധമാക്കാതിരിക്കേണ്ട
തിന് അവൻ അവരെ വളരെ ശാസി
ച്ചുപോന്നു.[v]
13 [w]പിന്നെ അവൻ മലയിൽ
കയറി തനിക്കു ബോധിച്ചവരെ[x]
അടുക്കൽ വിളിച്ചു; അവർ അവ
ന്റെ അരികെ വന്നു. 14 അവൻ
തന്നോടുകൂടെ ഇരിപ്പാനും പ്രസം
ഗിക്കേണ്ടതിന് അയപ്പാനും 15 ഭൂ
തങ്ങളെ പുറത്താക്കേണ്ടതിന്
അധികാരം ഉണ്ടാകുവാനും പന്തി
രുവരെ[w] നിയമിച്ചു:[w] 16 [y]ശിമോ
നു പത്രൊസ് എന്നു പേരിട്ടു;[z]
17 സെബെദിയുടെ മകനായ യാ
ക്കോബ്, യാക്കോബിന്റെ സഹോ
ദരനായ യോഹന്നാൻ:[a] ഇവർക്ക്
ഇടിമക്കൾ[b] എന്നർഥമുള്ള ബൊ
വനേർഗ്ഗെസ് എന്നു പേരിട്ടു–
18 അന്ത്രെയാസ്, ഫീലിപ്പൊസ്,
ബർത്തൊലോമായി, മത്തായി,[c]
തോമാസ്, അല്ഫായിയുടെ മക
നായ യാക്കോബ്, തദ്ദായി, കനാ
ന്യനായ ശിമോൻ, 19 തന്നെ കാണി
ച്ചു കൊടുത്ത ഈസ്കര്യോത്ത്
യൂദാ എന്നിവരെ തന്നേ.
20 അവൻ വീട്ടിൽ വന്നു;[d]
അവർക്കു ഭക്ഷണം കഴിപ്പാൻപോ
ലും വഹിയാതവണ്ണം[e] പുരുഷാരം
പിന്നെയും തിങ്ങിക്കൂടിവന്നു. 21 അ
വന്റെ ചാർച്ചക്കാർ[f] അതു കേട്ട്,
അവനു ബുദ്ധിഭ്രമം[g] ഉണ്ട് എന്നു
പറഞ്ഞ് അവനെ പിടിപ്പാൻ[h] വന്നു.
22 യെരൂശലേമിൽനിന്നു വന്ന
ശാസ്ത്രിമാരും:[i] അവനു ബെയെ
ത്സെബൂൽ ഉണ്ട്, ഭൂതങ്ങളുടെ തല
വനെക്കൊണ്ട് അവൻ ഭൂതങ്ങളെ

2.[c] *ലൂക്കൊ.14:1; 20:20; (ലൂക്കൊ.11:54; യോഹ.8:6)*
4.[d] *(ലൂക്കൊ.14:3)*
5.[e] *മർക്കൊ.6:52; റോമ.11:25; എഫെ.4:18; (മർക്കൊ.10:5; എബ്രാ.3:8)*
[f] *(മർക്കൊ.3:34; 5:32;10:23)*
[g] *(1രാജാ.13:4)*
6.[h] *മത്താ.12:14*
[i] *മർക്കൊ.12:13; മത്താ.22:16 (മർക്കൊ.8:15)*
7.[j] *മത്താ.12:15*
[k] *മത്താ.4:25; ലൂക്കൊ.6:17*
8.[l] *യെശ.34:5; യെഹെ.35:15*
[m] *മത്താ.11:21*
9.[n] *മർക്കൊ.5:24,31*
[o] *മർക്കൊ.6:32,45; 8:10*
10.[p] *മത്താ.4:23*
[q] *മർക്കൊ.5:29,34; ലൂക്കൊ.7:21*
[r] *മർക്കൊ.6:56; മത്താ.9:20,21;14:36; ലൂക്കൊ.6:19*
11.[s] *മർക്കൊ.1:26,34; ലൂക്കൊ.4:41*
[t] *ലൂക്കൊ.8:28*
[u] *മത്താ.14:33*
12.[v] *മത്താ.12:16*
13.[w] *മത്താ.10:1; ലൂക്കൊ.6:12,13; (മർക്കൊ.6:7-13 ലൂക്കൊ.9:1,2)*
[x] *യോഹ.13:18; 15:16,19*
15.[w] *(വാ.13കാ.)*
16.[y] *മർക്കൊ. 3:16-19 ക്കു മത്താ.10:2-4; ലൂക്കൊ.6:14-16; അപ്പൊ.പ്ര. 1:13,14കാ.* [z] *മത്താ.16:18; യോഹ.1:42* 17.[a] *മത്താ.4:21* [b] *(മത്താ.23:15; ലൂക്കൊ.10:6; അപ്പൊ.പ്ര.4:36)*
18.[c] *മത്താ.9:9* 20.[d] *മർക്കൊ.7:17; 9:28* [e] *മർക്കൊ.6:31* 21.[f] *(മർക്കൊ.3:31)* [g] *2കൊരി.5:13; (യോഹ.10:20; അപ്പൊ.പ്ര.26:24)* [h] *(യോഹ.7:5)*
22.[i] *മർക്കൊ.7:1; മത്താ.15:1*

**3:7,8 *ഗലീല, യെഹൂദ്യ, യെരൂശലേം, എദോം, സോർ, സീദോൻ:*** ചാവുകടലിനു തെക്കുള്ള മലയോരപ്രദേശമായിരുന്നു എദോം (ഉൽപ. 32:3; സംഖ്യാ. 20:14-21). സോർ, സീദോൻ എന്നിവ മെഡിറ്ററേനിയൻ സമുദ്രതീരത്തുള്ള പ്രധാനപ്പെട്ട തുറമുഖപട്ടണങ്ങളാണ്. ഇവയ്ക്കു യെഹൂദാ ബന്ധമില്ല. വടക്കൻ പലസ്തീനിലുള്ള ഈ ഭൂപ്രദേശം ഇന്നു ലെബാനോൻ എന്നറിയപ്പെടുന്നു.

പുറത്താക്കുന്നു[j] എന്നു പറഞ്ഞു.
23 [k]അവൻ അവരെ അടുക്കെ വിളിച്ച്
ഉപമകളാൽ അവരോടു പറഞ്ഞത്:
സാത്താനു സാത്താനെ എങ്ങനെ
പുറത്താക്കുവാൻ കഴിയും? 24 ഒരു
രാജ്യം തന്നിൽത്തന്നെ ഛിദ്രിച്ചു
എങ്കിൽ ആ രാജ്യത്തിനു നില
നില്പാൻ കഴികയില്ല. 25 ഒരു
വീടു തന്നിൽത്തന്നെ ഛിദ്രിച്ചു
എങ്കിൽ ആ വീട്ടിനു നിലനില്പാൻ
കഴികയില്ല. 26 സാത്താൻ തന്നോ
ടുതന്നെ എതിർത്തു ഛിദ്രിച്ചു
എങ്കിൽ അവനു നിലനില്പാൻ
കഴിവില്ല; അവന്റെ അവസാനം
വന്നു. 27 ബലവാനെ പിടിച്ചു
കെട്ടീട്ടല്ലാതെ അവന്റെ വീട്ടിൽ
കടന്ന് അവന്റെ കോപ്പു കവർന്നു
കളവാൻ ആർക്കും കഴികയില്ല;[l]
പിടിച്ചു കെട്ടിയാൽ പിന്നെ അവന്റെ
വീടു കവർച്ച ചെയ്യാം.[m] 28 മനു
ഷ്യരോടു സകല പാപങ്ങളും അ
വർ ദുഷിച്ചുപറയുന്ന സകല ദൂഷ
ണങ്ങളും ക്ഷമിക്കും; 29 പരിശു
ദ്ധാത്മാവിന്റെ നേരേ ദൂഷണം പറ
യുന്നവനോ ഒരുനാളും ക്ഷമ കിട്ടാ
തെ നിത്യശിക്ഷയ്ക്കു യോഗ്യനാ
കും[n] എന്നു ഞാൻ സത്യമായിട്ടു[o]
നിങ്ങളോടു പറയുന്നു. 30 അവന്
ഒരു അശുദ്ധാത്മാവ് ഉണ്ട് എന്ന്
അവർ പറഞ്ഞിരുന്നു.
31 [p]അനന്തരം അവന്റെ അ
മ്മയും സഹോദരന്മാരും[q] വന്നു
പുറത്തു നിന്ന് അവനെ വിളിപ്പാൻ
ആളയച്ചു. 32 പുരുഷാരം അവന്റെ
ചുറ്റും ഇരുന്നിരുന്നു; അവർ അവ
നോട്: നിന്റെ അമ്മയും സഹോ
ദരന്മാരും പുറത്തു നിന്നു നിന്നെ
അന്വേഷിക്കുന്നു എന്നു പറഞ്ഞു.
33 അവൻ അവരോട്: എന്റെ അ
മ്മയും സഹോദരന്മാരും ആർ എ
ന്നു പറഞ്ഞിട്ടു 34 ചുറ്റിലും ഇരി
ക്കുന്നവരെ നോക്കിക്കൊണ്ട്:[r] എ
ന്റെ അമ്മയും സഹോദരന്മാരും
ഇതാ. 35 ദൈവത്തിന്റെ ഇഷ്ടം
ചെയ്യുന്നവൻ[s] തന്നെ എന്റെ സ
ഹോദരനും സഹോദരിയും അമ്മ
യും ആകുന്നു എന്നു പറഞ്ഞു.[t]

* * *

*1. വിതയ്ക്കുന്നവന്റെ ഉപമ 13. അവയുടെ അർഥം 21. വിളക്കുതണ്ട് 26. രഹസ്യമായി മുളയ്ക്കുന്ന വിത്തിന്റെയും 30. കടുകുമണിയുടെയും ഉപമ 35. കൊടുങ്കാറ്റിനെ ശമിപ്പിച്ചത്.*

4 [a]അവൻ പിന്നെയും കടൽക്ക
രെവച്ച് ഉപദേശിപ്പാൻ തുടങ്ങി.
അപ്പോൾ ഏറ്റവും വലിയ പുരു
ഷാരം അവന്റെ അടുക്കൽ വന്നു
കൂടുകകൊണ്ട് അവൻ പടകിൽ
കയറി കടലിൽ ഇരുന്നു;[b] പുരു
ഷാരം ഒക്കെയും കടലരികെ കര
യിൽ ആയിരുന്നു. 2 അവൻ ഉപ
മകളാൽ അവരെ പലതും ഉപദേ
ശിച്ചു,[c] ഉപദേശത്തിൽ അവരോ
ടു പറഞ്ഞത്: കേൾപ്പിൻ; 3 വിത
യ്ക്കുന്നവൻ വിതപ്പാൻ പുറപ്പെട്ടു.[d]
4 വിതയ്ക്കുമ്പോൾ ചിലതു വഴി
യരികെ വീണു; പറവകൾ വന്ന്
അതു തിന്നുകളഞ്ഞു. 5 മറ്റു ചിലതു
പാറസ്ഥലത്ത് ഏറെ മണ്ണില്ലാ
ത്തേടത്തു വീണു; മണ്ണിനു താഴ്ച
ഇല്ലായ്കയാൽ ക്ഷണത്തിൽ മുള
ച്ചുവന്നു. 6 സൂര്യൻ ഉദിച്ചാറെ
ചൂടുതട്ടി,[e] വേരില്ലായ്കകൊണ്ട്
ഉണങ്ങിപ്പോയി.[f] 7 മറ്റു ചിലത്
മുള്ളിനിടയിൽ[g] വീണു; മുള്ളു
മുളച്ചു വളർന്ന് അതിനെ ഞെരു
ക്കിക്കളഞ്ഞു; അതു വിളഞ്ഞതു
മില്ല. 8 മറ്റു ചിലതു നല്ലമണ്ണിൽ
വീണിട്ടു മുളച്ചു വളർന്നു ഫലം
കൊടുത്തു; മുപ്പതും അറുപതും
നൂറും[h] മേനി വിളഞ്ഞു. 9 കേൾ
പ്പാൻ ചെവി ഉള്ളവൻ കേൾക്കട്ടെ
എന്നും അവൻ പറഞ്ഞു.[i]
10 അനന്തരം അവൻ തനിച്ചി
രിക്കുമ്പോൾ[j] അവനോടുകൂടെയു
ള്ളവർ പന്തിരുവരുമായി ആ ഉപ
മകളെക്കുറിച്ചു ചോദിച്ചു. 11 അവ
രോട് അവൻ പറഞ്ഞത്: ദൈവ
രാജ്യത്തിന്റെ മർമം[k] നിങ്ങൾക്കു
നല്കപ്പെട്ടിരിക്കുന്നു;[l] പുറത്തുള്ള
വർക്കോ[m] സകലവും ഉപമകളാൽ
ലഭിക്കുന്നു. 12 അവർ മനം തിരി
യാതെയും[n] അവരോടു ക്ഷമിക്കാ

22.[j] മത്താ.9:34;12:24; ലൂക്കൊ,.11:15; (മത്താ.10:25); യോഹ.7:20
23.[k] മർക്കൊ. 3:23 - 27 ക്കു. മത്താ.12:25 - 29; ലൂക്കൊ.11:17 - 22കാ.
27.[l] യെശ.49:24
[m] (യെശ.53:12)
29.[n] (അപ്പൊ.പ്ര.7:51; എബ്രാ.10:29)
[o] മർക്കൊ. 3:28 - 30 ക്കു. മത്താ.12:31,32കാ. (ലൂക്കൊ.12:10; എബ്രാ.6:4 - 6;10:26; 1യോഹ.5:16)
31.[p] മർക്കൊ. 3:31 - 35ക്കു. മത്താ.12:46 - 50; ലൂക്കൊ.8:19 - 21കാ.
[q] മർക്കൊ.6:3; മത്താ.13:55; യോഹ.2:12;7:3,5,10; അപ്പൊ.പ്ര.1:14; 1കൊരി.9:5; ഗലാ.1:19
34.[r] മർക്കൊ.3:5
35.[s] മത്താ.7:21; (ലൂക്കൊ.11:28)
[t] (യോഹ.15:14; എബ്രാ.2:11)

**അധ്യായം 4**

1.[a] മർക്കൊ. 4:1 - 12ക്കു. മത്താ.13:1 - 15; ലൂക്കൊ. 8:4 - 10 കാ.
[b] (മർക്കൊ.3:9; ലൂക്കൊ.5:1 - 3)
2.[c] മർക്കൊ.4:33
3.[d] (യെശ. 55:10; ആമോ.9:13)
6.[e] യാക്കോ.1:11
[f] യോഹ.15:6
7.[g] യിരെ.4:3
8.[h] മർക്കൊ.4:20; ഉൽപ.26:12
9.[i] മത്താ.11:15
10.[j] മർക്കൊ.4:34
11.[k] റോമ.16:25
[l] മത്താ.19:11; കൊലൊ.1:27; (1കൊരി.2:6 - 10; 1യോഹ. 2:20,27) മത്താ.11:25 [m] 1കൊരി.5:12; കൊലൊ.4:5; 1തെസ്സ.4:11; 1തിമൊ.3:7 12.[n] ലൂക്കൊ.22:32

തെയും ഇരിക്കത്തക്കവണ്ണം അവർ
കണ്ടിട്ടും അറിയാതിരിപ്പാനും[o]
കേട്ടിട്ടും ഗ്രഹിക്കാതിരിപ്പാനും[p]
സംഗതിവരും. 13 [q]പിന്നെ അവൻ
അവരോടു പറഞ്ഞത്: ഈ ഉപമ
ഗ്രഹിക്കുന്നില്ലയോ? പിന്നെ മറ്റ്
ഉപമകൾ ഒക്കെയും എങ്ങനെ
ഗ്രഹിക്കും? 14 വിതയ്ക്കുന്നവൻ[r]
വചനം[s] വിതയ്ക്കുന്നു. 15 വചനം
വിതച്ചിട്ടു വഴിയരികെ വീണത്,
കേട്ട ഉടനെ സാത്താൻ വന്നു ഹൃദ
യങ്ങളിൽ വിതയ്ക്കപ്പെട്ട വചനം
എടുത്തുകളയുന്നതാകുന്നു. 16 അ
ങ്ങനെതന്നെ പാറസ്ഥലത്തു വിത
ച്ചതു വചനം കേട്ട ഉടനെ സന്തോ
ഷത്തോടെ[t] കൈക്കൊള്ളുന്നവർ;
17 എങ്കിലും അവർ ഉള്ളിൽ വേരി
ല്ലാതെ ക്ഷണികന്മാർ ആകുന്നു;[u]
വചനം നിമിത്തം ഉപദ്രവമോ പീഡ
യോ ഉണ്ടായാൽ ക്ഷണത്തിൽ ഇട
റിപ്പോകുന്നു.[v] 18 മുള്ളിനിടയിൽ
വിതയ്ക്കപ്പെട്ടതോ വചനം കേട്ടിട്ട്
19 ഇഹലോകത്തിന്റെ[w] ചിന്തകളും[x]
ധനത്തിന്റെ വഞ്ചനയും[y] മറ്റു വിഷ
യമോഹങ്ങളും അകത്തു കടന്ന്,
വചനത്തെ ഞെരുക്കി നിഷ്ഫല
മാക്കി തീർക്കുന്നതാകുന്നു. 20 നല്ല
മണ്ണിൽ വിതയ്ക്കപ്പെട്ടതോ വചനം
കേൾക്കയും അംഗീകരിക്കയും ചെ
യ്യുന്നവർ തന്നെ; അവർ മുപ്പതും
അറുപതും നൂറും[z] മേനി വിളയുന്നു.[a]
21 [b]പിന്നെ അവൻ അവരോടു
പറഞ്ഞത്: വിളക്കു കത്തിച്ചു പറ
യിൻകീഴിലോ കട്ടില്ക്കീഴിലോ
വയ്ക്കുമാറുണ്ടോ? വിളക്കുതണ്ടി
ന്മേലല്ലയോ വയ്ക്കുന്നത്?[c] 22 വെ
ളിപ്പെടുവാനുള്ളതല്ലാതെ ഗൂഢമാ
യത് ഒന്നും ഇല്ല; വെളിച്ചത്തു വരു
വാനുള്ളതല്ലാതെ മറവായത് ഒന്നും
ഇല്ല.[d] 23 കേൾപ്പാൻ ചെവി ഉള്ള
വൻ കേൾക്കട്ടെ.[e] 24 നിങ്ങൾ കേൾ
ക്കുന്നത് എന്ത് എന്നു സൂക്ഷിച്ചു
കൊൾവിൻ; നിങ്ങൾ അളക്കുന്ന

12.[o] *ആവ.29:3; യിരെ.5:21; യെഹെ.12:2; റോമ.11:8; 2കൊരി.3:14;4:4; (യെശ.42:19,20)* [p] *യെശ.6:9,10*
13.[q] *മർക്കൊ. 4:13-20 ക്കു. മത്താ.13:18-23; ലൂക്കൊ.8:11-15കാ.*
14.[r] *(മത്താ.13:37; യോഹ.4:36,37)* [s] *മർക്കൊ.4:33; 2:2;16:20; ലൂക്കൊ.1:1; അപ്പൊ.പ്ര.8:4; യാക്കോ.1:21*
16.[t] *(മർക്കൊ.6:20; യെശ.58:2; യെഹെ.33:31,32; യോഹ.5:35)*
17.[u] *ഗലാ.1:6; (ഹോശേ.6:4; ഗലാ.5:7)* [v] *മത്താ.11:6*
19.[w] *2തിമൊ.4:10* [x] *മത്താ.6:25* [y] *1തിമൊ.6:9,10,17; (മർക്കൊ.10:23; മത്താ.19:23; അപ്പൊ.പ്ര.5:1-11; എബ്രാ.3:13)*
20.[z] *മർക്കൊ.4:8* [a] *ഹോശേ.14:8; യോഹ.15:5,16; ഫിലി.1:11; കൊലൊ.1:6*
21.[b] *മർക്കൊ. 4:21-25 ക്കു. ലൂക്കൊ.8:16-18കാ.* [c] *മത്താ.5:15; ലൂക്കൊ.11:33*
22.[d] *മത്താ.10:26; ലൂക്കൊ.12:2; (1തിമൊ.5:25)*
23.[e] *മർക്കൊ.4:9*
24.[f] *മത്താ.7:2; ലൂക്കൊ.6:38*
25.[g] *മത്താ.13:12*
26.[h] *(മത്താ.13:24-30)*

അളവുകൊണ്ടു നിങ്ങൾക്കും അള
ന്നുകിട്ടും; അധികമായും കിട്ടും.[f]
25 ഉള്ളവനു കൊടുക്കും; ഇല്ലാ
ത്തവനോടോ ഉള്ളതുംകൂടെ എടു
ത്തുകളയും[g] എന്നും അവൻ അവ
രോടു പറഞ്ഞു.
26 പിന്നെ അവൻ പറഞ്ഞത്:
ദൈവരാജ്യം[h] ഒരു മനുഷ്യൻ
മണ്ണിൽ വിത്ത് എറിഞ്ഞശേഷം
27 രാവും പകലും ഉറങ്ങിയും എഴു
ന്നേറ്റും ഇരിക്കെ അവൻ അറി
യാതെ[i] വിത്തു മുളച്ചു വളരുന്ന
തുപോലെ ആകുന്നു. 28 ഭൂമി
സ്വയമായി മുമ്പേ ഞാറും പിന്നെ
കതിരും പിന്നെ കതിരിൽ നിറഞ്ഞ
മണിയും ഇങ്ങനെ വിളയുന്നു.
29 ധാന്യം വിളയുമ്പോൾ കൊ
യ്ത്തായതുകൊണ്ട് അവൻ ഉടനെ
അരിവാൾ വയ്ക്കുന്നു.[j]
30 [k]പിന്നെ അവൻ പറഞ്ഞത്:
ദൈവരാജ്യത്തെ എങ്ങനെ ഉപമി
ക്കേണ്ടു? ഏത് ഉപമയാൽ അതി
നെ വർണ്ണിക്കേണ്ടു? 31 അതു കടു
കുമണി[l]യോടു സദൃശം; അതിനെ
മണ്ണിൽ വിതയ്ക്കുമ്പോൾ ഭൂമി
യിലെ എല്ലാ വിത്തിലും ചെറി
യത്. 32 എങ്കിലും വിതച്ചശേഷം
വളർന്ന്, സകല സസ്യങ്ങളിലും
വലുതായിത്തീർന്ന്, ആകാശത്തി
ലെ പക്ഷികൾ അതിന്റെ നിഴ
ലിൽ വസിപ്പാൻ തക്കവണ്ണം വലു
തായ കൊമ്പുകളെ വിടുന്നു.
33 അവൻ ഇങ്ങനെ പല ഉപമ
കളാൽ[m] അവർക്കു കേൾപ്പാൻ
കഴിയുംപോലെ[n] അവരോടു വച
നം പറഞ്ഞുപോന്നു.[o] 34 ഉപമ
കൂടാതെ അവരോട് ഒന്നും പറ
ഞ്ഞതുമില്ല;[p] തനിച്ചിരിക്കുമ്പോൾ[q]

27.[i] *(സഭാ.11:5,6)* 29.[j] *യോവേ.3:13; വെളി.14:15*
30.[k] *മർക്കൊ.4:30-32 ക്കു. മത്താ.13:31,32; ലൂക്കൊ.13:18,19കാ.* 31.[l] *മത്താ.17:21; ലൂക്കൊ.17:6*
33.[m] *മത്താ.13:34* [n] *യോഹ.16:12; 1കൊരി.3:2; എബ്രാ.5:12* [o] *മർക്കൊ.4:14* 34.[p] *(യോഹ.16:25)* [q] *മർക്കൊ.4:10; (മർക്കൊ.13:3)*

4:21 ***വിളക്കു കത്തിച്ചു... വിളക്കുതണ്ടിന്മേലല്ലയോ:*** വെളിച്ചം തരുന്ന വിളക്ക് ആരും മൂടിവയ്ക്കുകയോ മറച്ചുവയ്ക്കുകയോ ചെയ്യാറില്ല. പ്രകാശം പരത്തേണ്ടതിന് ഉയർന്ന സ്ഥലത്തു വയ്ക്കുന്നു.
4:31 ***കടുകുമണി:*** യേശുവിന്റെ കാലത്ത് ഏറ്റവും ചെറിയ അളവിനെ സൂചിപ്പിക്കുവാൻവേണ്ടി കടുകുമണിയുടെ ഉദാഹരണം ഉപയോഗിച്ചിരുന്നു.

അവൻ ശിഷ്യന്മാരോടു സകലവും
വ്യാഖ്യാനിക്കും.[r]
**35** [s]അന്നു സന്ധ്യയായപ്പോൾ:
നാം അക്കരയ്ക്കു പോക എന്ന്
അവൻ അവരോടു പറഞ്ഞു. **36** അ
വർ പുരുഷാരത്തെ വിട്ട്, താൻ പട
കിൽ ഇരുന്നപാടെ[t] അവനെ കൊ
ണ്ടുപോയി; മറ്റു ചെറുപടകുകളും
കൂടെ ഉണ്ടായിരുന്നു; **37** അപ്പോൾ
വലിയ ചുഴലിക്കാറ്റ് ഉണ്ടായി: പട
കിൽ തിര തള്ളിക്കയറുകകൊണ്ട്[u]
അതു മുങ്ങുമാറായി. **38** അവൻ
അമരത്തു തലയണവച്ച് ഉറങ്ങുക
യായിരുന്നു; അവർ അവനെ ഉണർ
ത്തി: ഗുരോ, ഞങ്ങൾ നശിച്ചുപോ
കുന്നതിൽ നിനക്കു വിചാരം ഇല്ല
യോ എന്നു പറഞ്ഞു. **39** അവൻ
എഴുന്നേറ്റു കാറ്റിനെ ശാസിച്ചു,[v]
കടലിനോട്: അനങ്ങാതിരിക്ക,
അടങ്ങുക എന്നു പറഞ്ഞു; കാറ്റ്
അമർന്നു, വലിയ ശാന്തത ഉണ്ടാ
യി.[w] **40** പിന്നെ അവൻ അവരോട്:
നിങ്ങൾ ഇങ്ങനെ ഭീരുക്കൾ[x] ആകു
വാൻ എന്ത്? നിങ്ങൾക്ക് ഇപ്പോ
ഴും വിശ്വാസം ഇല്ലയോ എന്നു
പറഞ്ഞു. **41** അവർ വളരെ ഭയപ്പെ
ട്ടു: കാറ്റും കടലുംകൂടെ ഇവനെ
അനുസരിക്കുന്നുവല്ലോ;[y] ഇവൻ
ആർ[z] എന്നു തമ്മിൽ പറഞ്ഞു.

❋ ❋ ❋

*1. ഗദരയിലെ പിശാചുബാധിതൻ 25. രക്തസ്രാവക്കാരിയെ സൗഖ്യമാക്കിയത് 35. യായീറൊസിന്റെ മകളെ ജീവിപ്പിക്കുന്നത്.*

**5** [a]അവർ കടലിന്റെ അക്കരെ
ഗദരദേശത്ത് എത്തി. **2** പട
കിൽനിന്ന് ഇറങ്ങിയ ഉടനെ അശു
ദ്ധാത്മാവുള്ള ഒരു മനുഷ്യൻ കല്ലറ
കളിൽ നിന്ന് വന്ന് അവനെ എതി
രേറ്റു. **3** അവന്റെ പാർപ്പ് കല്ലറ
കളിൽ ആയിരുന്നു;[b] ആർക്കും
അവനെ ചങ്ങലകൊണ്ടുപോലും
ബന്ധിച്ചുകൂടാഞ്ഞു. **4** പലപ്പോഴും
അവനെ വിലങ്ങും ചങ്ങലയുംകൊ
ണ്ടു ബന്ധിച്ചിട്ടും അവൻ ചങ്ങല
വലിച്ചു പൊട്ടിച്ചും വിലങ്ങ് ഉരുമ്മി
ഒടിച്ചുംകളഞ്ഞു; ആർക്കും അവ
നെ അടക്കുവാൻ കഴിഞ്ഞില്ല.
**5** അവൻ രാവും പകലും കല്ലറ
കളിലും മലകളിലും ഇടവിടാതെ
നിലവിളിച്ചും തന്നെത്താൻ കല്ലു
കൊണ്ടു ചതച്ചുംപോന്നു. **6** അ
വൻ യേശുവിനെ ദൂരത്തുനിന്നു
കണ്ടിട്ട് ഓടിച്ചെന്ന് അവനെ നമ
സ്കരിച്ചു.[c] **7** അവൻ ഉറക്കെ നില
വിളിച്ചു:[d] യേശുവേ, മഹോന്നത
നായ ദൈവത്തിന്റെ[e] പുത്രാ,[f] എ
നിക്കും നിനക്കും തമ്മിൽ എന്ത്?[g]
ദൈവത്താണ,[h] എന്നെ ദണ്ഡിപ്പി
ക്കരുതേ എന്ന് അപേക്ഷിക്കുന്നു
എന്നു പറഞ്ഞു. **8** അശുദ്ധാത്മാ
വേ, ഈ മനുഷ്യനെ വിട്ടു പുറ
പ്പെട്ടു പോക എന്ന് യേശു കല്പി
ച്ചിരുന്നു. **9** നിന്റെ പേരെന്ത് എന്ന്
അവനോടു ചോദിച്ചതിന്: എന്റെ
പേർ ലെഗ്യോൻ;[i] ഞങ്ങൾ പലർ
ആകുന്നു എന്ന് അവൻ ഉത്തരം
പറഞ്ഞു; **10** നാട്ടിൽനിന്നു തങ്ങ
ളെ അയച്ചുകളയാതിരിപ്പാൻ ഏറി
യോന്ന് അപേക്ഷിച്ചു. **11** അവിടെ
മലയരികെ ഒരു വലിയ പന്നിക്കൂട്ടം
മേഞ്ഞുകൊണ്ടിരുന്നു. **12** ആ
പന്നികളിൽ കടക്കേണ്ടതിനു ഞങ്ങ
ളെ അയയ്ക്കേണം എന്ന് അവർ
അവനോട് അപേക്ഷിച്ചു; **13** അ
വൻ അനുവാദം കൊടുത്തു; അശു
ദ്ധാത്മാക്കൾ പുറപ്പെട്ടു പന്നിക
ളിൽ കടന്നിട്ടു കൂട്ടം കടുന്തൂക്ക
ത്തൂടെ കടലിലേക്കു പാഞ്ഞു വീർ
പ്പുമുട്ടി ചത്തു. അവ ഏകദേശം
രണ്ടായിരം ആയിരുന്നു. **14** പന്നി
കളെ മേയ്ക്കുന്നവർ ഓടിച്ചെന്നു
പട്ടണത്തിലും നാട്ടിലും അറിയിച്ചു:
സംഭവിച്ചതു കാൺമാൻ പലരും
പുറപ്പെട്ടു, **15** യേശുവിന്റെ അടു
ക്കൽ വന്നു, ലെഗ്യോൻ[j] ഉണ്ടാ
യിരുന്ന ഭൂതഗ്രസ്തൻ വസ്ത്രം
ധരിച്ചും സുബോധംപൂണ്ടും[k] ഇരി
ക്കുന്നതു കണ്ടു ഭയപ്പെട്ടു. **16** കണ്ട
വർ ഭൂതഗ്രസ്തനു സംഭവിച്ചതും
പന്നികളുടെ കാര്യവും അവരോട്
അറിയിച്ചു. **17** അപ്പോൾ അവർ
അവനോടു തങ്ങളുടെ അതിർവിട്ടു
പോകുവാൻ അപേക്ഷിച്ചുതുടങ്ങി.[l]
**18** അവൻ പടക് ഏറുമ്പോൾ

34.[r] *(2പത്രൊ.1:20)*
35.[s] *മർക്കൊ. 4:35 - 41ക്കു. മത്താ.8:18,23 - 27; ലൂക്കൊ. 8:22 - 25 കാ. (യോഹ.6:16 - 21)*
36.[t] *യോഹ.4:6;13:25*
37.[u] *(അപ്പൊ.പ്ര. 27:14)*
39.[v] *സങ്കീ.104:7; (ലൂക്കൊ.4:39)*
[w] *ഇയ്യോ.38:11; സങ്കീ.65:7; (മർക്കൊ.6:51; മത്താ.14:32)*
40.[x] *യോഹ.14:27*
41.[y] *(ലൂക്കൊ.5:9)*
[z] *(മർക്കൊ.1:27)*

**അധ്യായം 5**

1.[a] *മർക്കൊ. 5:1 - 21ക്കു. മത്താ.8:28 - 9:1; ലൂക്കൊ. 8:26 - 40കാ.*
3.[b] *(വെളി.18:2)*
6.[c] *മത്താ.8:2*
7.[d] *മർക്കൊ.1:26; അപ്പൊ.പ്ര.8:7*
[e] *ഉൽപ.14:18; സംഖ്യാ.24:16; സങ്കീ.57:2; ദാനീ.3:26; ലൂക്കൊ.1:32;6:35; അപ്പൊ.പ്ര.16:17; എബ്രാ.7:1*
[f] *(മത്താ.4:3,6) മത്താ.14:33*
[g] *(2ശമൂ.16:10; 19:22; യോഹ.2:4)*
[h] *മത്താ.26:63; അപ്പൊ.പ്ര.19:13; (യാക്കോ.2:19)*
9.[i] *മത്താ.26:53*
15.[j] *മർക്കൊ.5:9*
[k] *(ലൂക്കൊ.8:27)*
17.[l] *(1രാജാ.17:18; ലൂക്കൊ.5:8; അപ്പൊ.പ്ര.16:39)*

ഭൂതഗ്രസ്തനായിരുന്നവൻ താനും
കൂടെ പോരട്ടെ എന്ന് അവനോട്
അപേക്ഷിച്ചു. 19 യേശു അവനെ
അനുവദിക്കാതെ: നിന്റെ വീട്ടിൽ
നിനക്കുള്ളവരുടെ അടുക്കൽ
ചെന്ന്, കർത്താവ് നിനക്കു ചെ
യ്തത് ഒക്കെയും നിന്നോടു കരു
ണ കാണിച്ചതും പ്രസ്താവിക്ക[m]
എന്ന് അവനോടു പറഞ്ഞു. 20 അ
വൻ പോയി യേശു തനിക്കു ചെ
യ്തതൊക്കെയും ദെക്കപ്പൊലി
നാട്ടിൽ[n] ഘോഷിച്ചുതുടങ്ങി; എല്ലാ
വരും ആശ്ചര്യപ്പെടുകയും ചെയ്തു.
21 യേശു വീണ്ടും പടകിൽ
കയറി ഇക്കരെ കടന്നു കടലരികെ
ഇരിക്കുമ്പോൾ വലിയ പുരുഷാ
രം അവന്റെ അടുക്കൽ വന്നുകൂടി.
22 [o]പള്ളിപ്രമാണികളിൽ[p] യായീ
റൊസ് എന്നു പേരുള്ള ഒരുത്തൻ
വന്ന്, അവനെ കണ്ടു കാല്ക്കൽ
വീണ്: 23 എന്റെ കുഞ്ഞുമകൾ
അത്യാസനത്തിൽ ഇരിക്കുന്നു; അ
വൾ രക്ഷപെട്ടു ജീവിക്കേണ്ടതിനു
നീ വന്ന് അവളുടെമേൽ കൈ
വയ്ക്കേണമേ[q] എന്നു വളരെ അ
പേക്ഷിച്ചു. 24 അവൻ അവനോടു
കൂടെ പോയി, വലിയ പുരുഷാര
വും പിൻചെന്ന് അവനെ തിക്കി
ക്കൊണ്ടിരുന്നു.[r]
25 പന്ത്രണ്ടു സംവത്സരമായിട്ടു
രക്തസ്രവമുള്ളവളായി[s] 26 പല
വൈദ്യന്മാരാലും ഏറിയോന്നു സ
ഹിച്ചു തനിക്കുള്ളതൊക്കെയും
ചെലവഴിച്ചിട്ടും ഒട്ടും ഭേദം വരാതെ
ഏറ്റവും പരവശയായി തീർന്നിരു
ന്ന 27 ഒരു സ്ത്രീ യേശുവിന്റെ
വർത്തമാനം കേട്ടു: 28 അവന്റെ
വസ്ത്രം എങ്കിലും തൊട്ടാൽ ഞാൻ
രക്ഷപെടും എന്നു പറഞ്ഞു പുരു
ഷാരത്തിൽകൂടി പുറകിൽ വന്ന്
അവന്റെ വസ്ത്രം തൊട്ടു. 29 ക്ഷ
ണത്തിൽ അവളുടെ രക്തസ്രവം
നിന്നു; ബാധ മാറി[t] താൻ സ്വസ്ഥ
യായി[u] എന്ന് അവൾ ശരീരത്തിൽ
അറിഞ്ഞു. 30 ഉടനെ യേശു
തങ്കൽനിന്നു ശക്തി പുറപ്പെട്ടു[v]
എന്ന് ഉള്ളിൽ അറിഞ്ഞിട്ടു പുരു
ഷാരത്തിൽ തിരിഞ്ഞു: എന്റെ വ
സ്ത്രം തൊട്ടത് ആർ എന്നു ചോ
ദിച്ചു. 31 ശിഷ്യന്മാർ അവനോടു
പുരുഷാരം നിന്നെ തിക്കുന്നതു
കണ്ടിട്ടും എന്നെ തൊട്ടത് ആർ
എന്നു ചോദിക്കുന്നുവോ എന്നു
പറഞ്ഞു. 32 അവനോ അതു
ചെയ്തവളെ കാൺമാൻ ചുറ്റും
നോക്കി. 33 സ്ത്രീ തനിക്കു
സംഭവിച്ചത് അറിഞ്ഞിട്ടു ഭയപ്പെ
ട്ടും വിറച്ചുംകൊണ്ടു വന്ന് അവ
ന്റെ മുമ്പിൽ വീണു വസ്തുത
ഒക്കെയും അവനോടു പറഞ്ഞു.
34 അവൻ അവളോടു: മകളേ,
നിന്റെ വിശ്വാസം നിന്നെ രക്ഷി
ച്ചിരിക്കുന്നു;[w] സമാധാനത്തോടെ
പോയി[w] ബാധ ഒഴിഞ്ഞു[u] സ്വസ്ഥ
യായിരിക്ക എന്നു പറഞ്ഞു.
35 ഇങ്ങനെ പറഞ്ഞുകൊണ്ടി
രിക്കുമ്പോൾ തന്നെ പള്ളിപ്രമാ
ണിയുടെ[x] വീട്ടിൽനിന്ന് ആൾ
വന്നു: നിന്റെ മകൾ മരിച്ചുപോയി;
ഗുരുവിനെ[y] ഇനി അസഹ്യപ്പെ
ടുത്തുന്നത്[z] എന്തിന് എന്നു പറ
ഞ്ഞു. 36 യേശു ആ വാക്ക് കാര്യ
മാക്കാതെ പള്ളിപ്രമാണിയോട്:[x]
ഭയപ്പെടേണ്ടാ, വിശ്വസിക്ക മാത്രം
ചെയ്ക എന്നു പറഞ്ഞു. 37 പത്രൊ
സും[a] യാക്കോബും യാക്കോ
ബിന്റെ സഹോദരനായ യോഹ
ന്നാനും[b] അല്ലാതെ മറ്റാരും
തന്നോടുകൂടെ ചെല്ലുവാൻ സമ്മ
തിച്ചില്ല. 38 പള്ളിപ്രമാണിയുടെ
വീട്ടിൽ വന്നാറെ ആരവാരത്തെ
യും വളരെ കരഞ്ഞു വിലപിക്കു
ന്നവരെയും കണ്ടു; 39 അകത്തു
കടന്നു: നിങ്ങളുടെ ആരവാരവും
കരച്ചലും എന്തിന്?[c] കുട്ടി മരിച്ചി
ട്ടില്ല, ഉറങ്ങുന്നത്രേ[d] എന്ന് അവ

19.[m] സങ്കീ.66:16; (മർക്കൊ.1:44)
20.[n] മർക്കൊ.7:31; മത്താ.4:25
22.[o] മർക്കൊ. 5:22-43 ക്കു. മത്താ.9:18-26; ലൂക്കൊ. 8:41-56കാ.
[p] ലൂക്കൊ.13:14; അപ്പൊ.പ്ര.13:15; 18:8,17
23.[q] മർക്കൊ.6:5; 7:32;8:23,25;16:18; മത്താ.9:18; ലൂക്കൊ.4:40;13:12; അപ്പൊ.പ്ര.9:12,17; 28:8
24.[r] മർക്കൊ.5:31; 3:9
25.[s] ലേവ്യ.15:25
29.[t] മർക്കൊ.3:10
[u] മത്താ.15:28;17:18
30.[v] ലൂക്കൊ.5:17; 6:19;8:46; (അപ്പൊ.പ്ര.10:38)
34.[w] ലൂക്കൊ.7:50
[u] (വാ.29കാ.)
35.[x] മർക്കൊ.5:22
[y] യോഹ.11:28
[z] ലൂക്കൊ.7:6
36.[x] (വാ.35കാ.)
37.[a] മർക്കൊ.9:2; 14:33
[b] മർക്കൊ.3:17
39.[c] (അപ്പൊ.പ്ര. 20:10)
[d] യോഹ.11:4,11

5:20 ***ദെക്കപ്പൊലിനാട്ടിൽ:*** ശമര്യയ്ക്കും ഗലീലയ്ക്കും കിഴക്ക് യെഹൂദേതരർ പാർക്കുന്ന 10 നഗരങ്ങളുണ്ടായിരുന്നു. അവയെല്ലാം ഗ്രീക്കു സംസ്കാരത്തിനിണങ്ങുന്ന രീതിയിൽ പണിതിട്ടുള്ളവയായിരുന്നു. അവിടെയുണ്ടായിരുന്ന ജനതയും ഗ്രീക്കു രീതികൾ അവലംബിച്ചിരുന്നു.

രോടു പറഞ്ഞു; അവരോ അവനെ
പരിഹസിച്ചു. **40** അവൻ എല്ലാ
വരെയും പുറത്താക്കി[e] കുട്ടിയുടെ
അപ്പനെയും അമ്മയെയും തന്നോ
ടുകൂടെയുള്ളവരെയും കൂട്ടിക്കൊ
ണ്ടു കുട്ടി കിടക്കുന്ന ഇടത്തു
ചെന്നു **41** കുട്ടിയുടെ കൈക്കു
പിടിച്ചു:[f] ബാലേ, എഴുന്നേല്ക്ക[g]
എന്നു നിന്നോടു കല്പിക്കുന്നു
എന്ന അർഥത്തോടെ തലീഥാ
കൂമി എന്ന് അവളോടു പറഞ്ഞു.
**42** ബാല ഉടനെ എഴുന്നേറ്റു നട
ന്നു; അവൾക്കു പന്ത്രണ്ടു വയസ്സാ
യിരുന്നു; അവർ അത്യന്തം വിസ്മ
യിച്ചു. **43** ഇത് ആരും അറിയ
രുത് എന്ന് അവൻ അവരോട് കർ
ശനമായി കല്പിച്ചു.[h] അവൾക്കു
ഭക്ഷിപ്പാൻ കൊടുക്കേണം എന്നും
പറഞ്ഞു.

❋ ❋ ❋

***1. നസറേത്തുകാരുടെ അവിശ്വാസം 7. പന്തിരുവർക്ക് അശുദ്ധാത്മാക്കളുടെമേൽ അധികാരം കൊടുത്തത് 14. യോഹന്നാൻസ്നാപകന്റെ മരണം 34. അഞ്ച് അപ്പംകൊണ്ട് അയ്യായിരംപേരെ പോഷിപ്പിച്ചത് 48. കടലിന്മേൽ നടന്നത്.***

**6** [a]അവൻ അവിടെനിന്നു പുറ
പ്പെട്ട്, തന്റെ പിതൃനഗരത്തിൽ[b]
ചെന്നു; അവന്റെ ശിഷ്യന്മാരും
അനുഗമിച്ചു. **2** ശബ്ബത്തായപ്പോൾ
അവൻ പള്ളിയിൽ ഉപദേശിച്ചു
തുടങ്ങി;[c] പലരും കേട്ടു വിസ്മ
യിച്ചു:[d] ഇവന് ഇവ എവിടെനിന്ന്?
ഇവനു കിട്ടിയ ഈ ജ്ഞാനവും
ഇവന്റെ കൈയാൽ നടക്കുന്ന വീര്യ
പ്രവൃത്തികളും എന്ത്? **3** ഇവൻ
മറിയയുടെ മകനും യാക്കോബ്,
യോസെ, യൂദാ, ശിമോൻ എന്നിവ
രുടെ സഹോദരനുമായ[e] തച്ചന[f]ല്ല
യോ?[g] ഇവന്റെ സഹോദരികളും
ഇവിടെ നമ്മോടുകൂടെ ഇല്ലയോ
എന്നു പറഞ്ഞ് അവങ്കൽ ഇടറി
പ്പോയി.[h] **4** യേശു അവരോട്: ഒരു
പ്രവാചകൻ തന്റെ പിതൃനഗരത്തി
ലും ചാർച്ചക്കാരുടെ ഇടയിലും
സ്വന്തഭവനത്തിലും അല്ലാതെ
ബഹുമാനമില്ലാത്തവൻ അല്ല[i]
എന്നു പറഞ്ഞു. **5** ഏതാനും ചില
രോഗികളുടെമേൽ കൈ വച്ചു
സൗഖ്യം വരുത്തിയത്[j] അല്ലാതെ
അവിടെ വീര്യപ്രവൃത്തി ഒന്നും
ചെയ്‌വാൻ കഴിഞ്ഞില്ല.[k] **6** അവ
രുടെ അവിശ്വാസം ഹേതുവായി
അവൻ ആശ്ചര്യപ്പെട്ടു.[l]

അവൻ ചുറ്റുമുള്ള ഊരുകളിൽ
ഉപദേശിച്ചുകൊണ്ടു സഞ്ചരിച്ചു
പോന്നു.[m]

**7** [n]അനന്തരം അവൻ പന്തിരു
വരെ അടുക്കെ വിളിച്ചു, അവരെ
ഈരണ്ടായി അയച്ചു തുടങ്ങി, അ
വർക്ക് അശുദ്ധാത്മാക്കളുടെമേൽ
അധികാരം കൊടുത്തു. **8** അവർ
വഴിക്കു വടി അല്ലാതെ ഒന്നും എടു
ക്കരുത്; അപ്പവും പൊക്കണവും
മടിശ്ശീലയിൽ കാശും[o] അരുത്;
ചെരിപ്പ് ഇട്ടുകൊള്ളാം;[p] **9** രണ്ടു
വസ്ത്രം ധരിക്കരുത് എന്നിങ്ങനെ
അവരോടു കല്പിച്ചു. **10** നിങ്ങൾ
എവിടെയെങ്കിലും ഒരു വീട്ടിൽ
ചെന്നാൽ അവിടം വിട്ടു പുറപ്പെടു
വോളം അതിൽത്തന്നെ പാർപ്പിൻ.
**11** ആരെങ്കിലും നിങ്ങളെ കൈ
ക്കൊള്ളാതെയും നിങ്ങളുടെ വാ
ക്കു കേൾക്കാതെയും ഇരുന്നാൽ
അവിടം വിട്ടു പോകുമ്പോൾ നിങ്ങ
ളുടെ കാലിലെ പൊടി[q] അവർ
ക്കു സാക്ഷ്യത്തിനായി[r] കുടഞ്ഞു
കളവിൻ[q] എന്നും അവരോടു
പറഞ്ഞു. **12** അങ്ങനെ അവർ പുറ
പ്പെട്ടു[s] മാനസാന്തരപ്പെടേണം[t] എ
ന്നു പ്രസംഗിച്ചു;[u] **13** വളരെ ഭൂത
ങ്ങളെ പുറത്താക്കുകയും[u] അനേ
കം രോഗികൾക്ക് എണ്ണ തേച്ചു
സൗഖ്യം വരുത്തുകയും ചെയ്തു.[v]

**14** [w]ഇങ്ങനെ അവന്റെ പേർ
പ്രസിദ്ധമായി വരികയാൽ ഹെരോ
ദാരാജാവ് കേട്ടിട്ടു; യോഹന്നാൻ
സ്നാപകൻ മരിച്ചവരുടെ ഇടയിൽ
നിന്നു ഉയിർത്തെഴുന്നേറ്റിരിക്കുന്നു;[x]
അതുകൊണ്ട് ഈ ശക്തികൾ

*40.[e] അപ്പൊ.പ്ര.9:40*
*41.[f] മർക്കൊ.1:31*
*[g] ലൂക്കൊ.7:14,22 (മത്താ.11:4,5; യോഹ.11:43)*
*43.[h] മർക്കൊ.9:9; മത്താ.8:4*

**അധ്യായം 6**

*1.[a] മർക്കൊ.6:1 - 6ക്കു. മത്താ.13:53 - 58കാ. (ലൂക്കൊ.4:16 - 30)*
*[b] മത്താ.2:23; ലൂക്കൊ.4:23*
*2.[c] മർക്കൊ.1:21; ലൂക്കൊ.4:31;6:6; 13:10; (അപ്പൊ.പ്ര.13:14); മത്താ.4:23*
*[d] മത്താ.7:28*
*3.[e] മർക്കൊ.3:31*
*[f] (മത്താ.13:55)*
*[g] (ലൂക്കൊ.4:22; യോഹ.6:42)*
*[h] മത്താ.11:6*
*4.[i] ലൂക്കൊ.4:24; യോഹ.4:44; (യിരെ.11:21;12:6; യോഹ.7:5)*
*5.[j] മർക്കൊ.5:23*
*[k] (മർക്കൊ.9:23; ഉൽപ.19:22)*
*6.[l] യെശ.59:16; (മത്താ.8:10)*
*[m] മത്താ.9:35;11:1; ലൂക്കൊ.8:1;13:22*
*7.[n] മർക്കൊ.3:13 - 15; മർക്കൊ.6:7 - 11ക്കു. മത്താ.10:1,5,9 - 14; ലൂക്കൊ.9:1,3 - 5കാ. (ലൂക്കൊ.10:4 - 11; 22:35)*
*8.[o] മർക്കൊ.12:41; മത്താ.10:9*
*[p] അപ്പൊ.പ്ര.12:8*
*11.[q] അപ്പൊ.പ്ര.13:51; (നെഹെ.5:13; അപ്പൊ.പ്ര.18:6)*
*[r] മർക്കൊ.1:44*
*12.[s] ലൂക്കൊ.9:6*
*[t] മത്താ.3:2;4:17*
*[u] മത്താ.10:7,8*

*13.[u] (വാ. 12 കാ.)[v] യാക്കോ.5:14 14.[w] മർക്കൊ.6:14 - 29ക്കു. മത്താ.14:1 - 12; ലൂക്കൊ.9:7 - 9കാ. [x] മർക്കൊ.8:28; മത്താ.16:14*

അവനിൽ വ്യാപരിക്കുന്നു എന്നു
പറഞ്ഞു. **15** അവൻ ഏലീയാവാ
കുന്നു[x] എന്നു മറ്റു ചിലർ പറഞ്ഞു.
വേറേ ചിലർ: അവൻ പ്രവാചകന്മാ
രിൽ ഒരുത്തനെപ്പോലെ ഒരു പ്രവാ
ചകൻ[y] എന്നു പറഞ്ഞു. **16** അതു
ഹെരോദാവ് കേട്ടാറെ: ഞാൻ തല
വെട്ടിച്ച യോഹന്നാൻ ആകുന്നു
അവൻ; അവൻ ഉയിർത്തെഴുന്നേ
റ്റിരിക്കുന്നു എന്നു പറഞ്ഞു. **17** ഹെ
രോദാ തന്റെ സഹോദരനായ ഫീലി
പ്പൊസിന്റെ ഭാര്യ ഹെരോദ്യയെ
പരിഗ്രഹിച്ചതുകൊണ്ട് അവൾ നി
മിത്തം ആളയച്ചു, യോഹന്നാനെ
പിടിച്ചു[z] തടവിൽ ആക്കിയിരുന്നു.[a]
**18** സഹോദരന്റെ ഭാര്യയെ പരിഗ്ര
ഹിക്കുന്നതു നിനക്കു വിഹിതമല്ല[b]
എന്നു യോഹന്നാൻ ഹെരോദാ
വോടു പറഞ്ഞിരുന്നു.[z] **19** ഹെ
രോദ്യയോ അവന്റെ നേരേ പക
വച്ച് അവനെ കൊല്ലുവാനും ഇച്ഛി
ച്ചു;[c] സാധിച്ചില്ലതാനും. **20** യോഹ
ന്നാൻ നീതിയും വിശുദ്ധിയുമുള്ള
പുരുഷൻ എന്നു ഹെരോദാവ് അറി
ഞ്ഞ് അവനെ ഭയപ്പെടുകയും[d]
അവനെ കാത്തുകൊൾകയും ചെ
യ്തു; അവന്റെ വചനം കേട്ടിട്ടു
വളരെ കലങ്ങിയെങ്കിലും സന്തോഷ
ത്തോടെ കേട്ടുപോന്നു.[e] **21** എ
ന്നാൽ ഹെരോദാവ് തന്റെ ജനനോ
ത്സവത്തിൽ[f] തന്റെ മഹത്തുക്കൾ
ക്കും സഹസ്രാധിപന്മാർക്കും ഗലീ
ലയിലെ പ്രമാണികൾക്കും വിരു
ന്നു കഴിച്ചപ്പോൾ[g] ഒരു തരം വന്നു.
**22** ഹെരോദ്യയുടെ മകൾ അകത്തു
ചെന്നു നൃത്തം ചെയ്തു ഹെരോ
ദാവിനെയും വിരുന്നുകാരെയും
പ്രസാദിപ്പിച്ച സമയം: മനസ്സുള്ളത്
എന്തെങ്കിലും എന്നോടു ചോദിച്ചു
കൊൾക; നിനക്കു തരാം എന്ന്
രാജാവ് ബാലയോടു പറഞ്ഞു.
**23** എന്തു ചോദിച്ചാലും, രാജ്യത്തിൽ
പകുതിയോളം[h] ആയാലും നിന
ക്കു തരാം എന്നു സത്യം ചെയ്തു.
**24** അവൾ പുറത്തിറങ്ങി അമ്മ
യോട്: ഞാൻ എന്തു ചോദിക്കേണം
എന്നു ചോദിച്ചതിനു: യോഹന്നാൻ
സ്നാപകന്റെ തല എന്ന് അവൾ
പറഞ്ഞു. **25** ഉടനെ അവൾ ബദ്ധ
പ്പെട്ടു രാജാവിന്റെ അടുക്കൽ
ചെന്ന്: ഇപ്പോൾ തന്നെ യോഹ
ന്നാൻസ്നാപകന്റെ തല ഒരു തളി
കയിൽ തരേണം എന്നു പറഞ്ഞു.
**26** രാജാവ് അതിദുഃഖിതനായി
എങ്കിലും ആണയെയും വിരുന്നു
കാരെയും വിചാരിച്ച് അവളോടു
നിഷേധിപ്പാൻ മനസ്സില്ലാഞ്ഞു.
**27** ഉടനെ രാജാവ് ഒരു അകമ്പടി
യെ അയച്ച്, അവന്റെ തലകൊണ്ടു
വരുവാൻ കല്പിച്ചു. **28** അവൻ
പോയി തടവിൽ അവനെ ശിരഃ
ഛേദം ചെയ്തു; അവന്റെ തല
ഒരു തളികയിൽ കൊണ്ടുവന്നു
ബാലയ്ക്കു കൊടുത്തു; ബാല
അമ്മയ്ക്കു കൊടുത്തു. **29** അവ
ന്റെ ശിഷ്യന്മാർ[i] അതു കേട്ടിട്ടു
വന്ന് അവന്റെ ശവം എടുത്ത് ഒരു
കല്ലറയിൽ വച്ചു.

**30** പിന്നെ അപ്പൊസ്തലന്മാർ[j]
യേശുവിന്റെ അടുക്കൽ വന്നുകൂടി
തങ്ങൾ ചെയ്തതും ഉപദേശിച്ച
തും എല്ലാം അറിയിച്ചു.[k] **31** വരു
ന്നവരും പോകുന്നവരും വളരെ
ആയിരുന്നതിനാൽ അവർക്കു
ഭക്ഷിപ്പാൻപോലും സമയം ഇല്ലാ
യ്കകൊണ്ട്[l] അവൻ അവരോടു:
നിങ്ങൾ ഒരു ഏകാന്തസ്ഥലത്തു
വേറിട്ടുവന്ന് അല്പം ആശ്വസി
ച്ചുകൊൾവിൻ എന്നു പറഞ്ഞു.
**32** [m]അങ്ങനെ അവർ പടകിൽ[n]
കയറി ഒരു ഏകാന്തസ്ഥലത്തു വേ
റിട്ടുപോയി. **33** അവർ പോകു
ന്നതു പലരും കണ്ട് അറിഞ്ഞ്,[o]
എല്ലാ പട്ടണങ്ങളിൽനിന്നും കാൽ
നടയായി അവിടേക്ക് ഓടി, അവർ
ക്കു മുമ്പേ എത്തി. **34** അവൻ
പടകിൽനിന്ന് ഇറങ്ങിയാറെ വലി
യ പുരുഷാരത്തെ കണ്ടു,[p] അവർ
ഇടയൻ ഇല്ലാത്ത ആടുകളെപ്പോ
ലെ ആകകൊണ്ട് അവരിൽ മനസ്സ
ലിഞ്ഞു[p] പലതും ഉപദേശിച്ചു
തുടങ്ങി. **35** പിന്നെ നേരം നന്നേ
വൈകീട്ടു ശിഷ്യന്മാർ അവന്റെ
അടുക്കൽ വന്നു; ഇതു നിർജന

15.[x] (വാ.14കാ.)
[y] മത്താ.21:11
17.[z] ലൂക്കൊ.3:19,20
[a] മത്താ.11:2; യോഹ.3:24
18.[b] ലേവ്യാ.18:16; 20:21
[z] (വാ.17കാ.)
19.[c] ലൂക്കൊ.11:53,54
20.[d] (മത്താ.14:5; 21:26)
[e] മർക്കൊ.12:37; (മർക്കൊ.4:16)
21.[f] ഉൽപ.40:20
[g] 1രാജാ.3:15; എസ്ഥേ.1:3;2:18
23.[h] എസ്ഥേ.5:3; 17:2
29.[i] മത്താ.9:14
30.[j] മത്താ.10:2; ലൂക്കൊ.6:13;17:5; 22:14;24:10
[k] ലൂക്കൊ.9:10
31.[l] മർക്കൊ.3:20
32.[m] മർക്കൊ. 6:32 - 44കു. മത്താ.14:13 - 21; ലൂക്കൊ.9:10 - 17; യോഹ.6:1 - 13കാ. (മർക്കൊ.8:2 - 9)
[n] മർക്കൊ.3:9
33.[o] മർക്കൊ.6:54
34.[p] (മത്താ.9:36)

പ്രദേശം അല്ലോ; നേരവും നന്നേ
വൈകി; **36** ഭക്ഷിപ്പാൻ ഇല്ലായ്ക
യാൽ അവർ ചുറ്റുമുള്ള കുടിക
ളിലും ഊരുകളിലും ചെന്നു ഭക്ഷി
പ്പാൻ വല്ലതും കൊള്ളേണ്ടതിന്
അവരെ പറഞ്ഞയയ്ക്കേണം[q] എ
ന്നു പറഞ്ഞു. **37** അവൻ അവരോടു:
നിങ്ങൾ അവർക്കു ഭക്ഷിപ്പാൻ
കൊടുപ്പിൻ[r] എന്നു കല്പിച്ചതിനു:
ഞങ്ങൾ പോയി ഇരുനൂറു വെള്ളി
ക്കാശിന് അപ്പം കൊണ്ടിട്ട് അവർ
ക്കു തിന്മാൻ കൊടുക്കയോ[s] എ
ന്ന് അവനോടു പറഞ്ഞു.[t] **38** അ
വൻ അവരോട്: നിങ്ങൾക്ക് എത്ര
അപ്പം ഉണ്ട്? ചെന്നു നോക്കുവിൻ
എന്നു പറഞ്ഞു; അവർ നോക്കീ
ട്ടു: അഞ്ച്, രണ്ടു മീനും[u] ഉണ്ട്
എന്നു പറഞ്ഞു. **39** പിന്നെ അവൻ
അവരോടു: എല്ലാവരെയും പച്ച
പ്പുല്ലിൽ പന്തിപന്തിയായി ഇരുത്തു
വാൻ കല്പിച്ചു. **40** അവർ നൂറും
അമ്പതും വീതം നിരനിരയായി
ഇരുന്നു. **41** അവൻ ആ അഞ്ച്
അപ്പവും രണ്ടു മീനും എടുത്തു
സ്വർഗത്തേക്ക് നോക്കി[v] വാഴ്ത്തി,[w]
അപ്പം നുറുക്കി, അവർക്കു വിളമ്പു
വാൻ തന്റെ ശിഷ്യന്മാർക്കു കൊ
ടുത്തു; ആ രണ്ടു മീനും എല്ലാ
വർക്കും വിഭാഗിച്ചുകൊടുത്തു.
**42** എല്ലാവരും തിന്നു തൃപ്തരാ
യി. **43** കഷണങ്ങളും മീൻനുറു
ക്കും പന്ത്രണ്ടു കുട്ട നിറച്ചെടുത്തു.
**44** അപ്പം തിന്നവരോ അയ്യായിരം
പുരുഷന്മാർ ആയിരുന്നു.
**45** [x]താൻ പുരുഷാരത്തെ പറ
ഞ്ഞയയ്ക്കുന്നതിനിടയിൽ തന്റെ
ശിഷ്യന്മാരെ[y] ഉടനെ പടകു[z] കയറി
അക്കരെ ബേത്ത്സയിദയ്ക്കു[a]
നേരേ മുന്നോടുവാൻ നിർബന്ധി
ച്ചു.[y] **46** അവരെ പറഞ്ഞയച്ചു വിട്ട
ശേഷം താൻ പ്രാർഥിപ്പാൻ മല
യിൽ പോയി.[b] **47** വൈകുന്നേരം
ആയപ്പോൾ[c] പടകു കടലിന്റെ നടു
വിലും താൻ ഏകനായി കരയിലും
ആയിരുന്നു. **48** കാറ്റു പ്രതികൂലം
ആകകൊണ്ട് അവർ തണ്ടുവലിച്ചു
വലയുന്നത് അവൻ കണ്ട് ഏക
ദേശം രാത്രി നാലാം യാമത്തിൽ[c]
കടലിന്മേൽ നടന്ന് അവരുടെ അടു
ക്കൽ ചെന്ന് അവരെ കടന്നുപോ
കുവാൻ ഭാവിച്ചു.[d] **49** അവൻ കട
ലിന്മേൽ നടക്കുന്നതു കണ്ടിട്ടു
ഭൂതം എന്ന് അവർ നിരൂപിച്ചു നില
വിളിച്ചു. **50** എല്ലാവരും അവനെ
കണ്ടു ഭ്രമിച്ചിരുന്നു.[e] ഉടനെ അവൻ
അവരോടു സംസാരിച്ചു: ധൈര്യ
പ്പെടുവിൻ;[f] ഞാൻ തന്നെ ആകു
ന്നു; ഭയപ്പെടേണ്ടാ[f] എന്നു പറഞ്ഞു.
**51** പിന്നെ അവൻ അവരുടെ അടു
ക്കൽ ചെന്നു പടകിൽ കയറി, കാറ്റ്
അമർന്നു; അവർ ഉള്ളിൽ അത്യ
ന്തം ഭ്രമിച്ചാശ്ചര്യപ്പെട്ടു. **52** അവ
രുടെ ഹൃദയം കടുത്തിരുന്നതു
കൊണ്ട്[g] അപ്പത്തിന്റെ സംഗതി
അവർ ഗ്രഹിച്ചില്ല.[h]
**53** [i]അവർ അക്കരെ എത്തി
ഗെന്നേസരെത്ത്[j] ദേശത്ത് അണ
ഞ്ഞു. **54** അവർ പടകിൽനിന്ന്
ഇറങ്ങിയ ഉടനെ ജനങ്ങൾ അവ
നെ അറിഞ്ഞു. **55** ആ നാട്ടിലൊ
ക്കെയും ചുറ്റി ഓടി,[k] അവൻ ഉണ്ട്
എന്നു കേൾക്കുന്ന ഇടത്തേക്കു
ദീനക്കാരെ[l] കിടക്കയിൽ[m] എടുത്തും
കൊണ്ടു വന്നുതുടങ്ങി. **56** ഊരു
കളിലോ പട്ടണങ്ങളിലോ കുടിക
ളിലോ അവൻ ചെന്നേടത്തൊക്കെ
യും അവർ ചന്തകളിൽ രോഗിക
ളെ കൊണ്ടുവന്നു വച്ചു,[n] അവന്റെ
വസ്ത്രത്തിന്റെ തൊങ്ങൽ എങ്കി
ലും[o] തൊടേണ്ടതിന് അപേക്ഷിക്ക
യും അവനെ തൊട്ടവർക്ക് ഒക്കെയും
സൗഖ്യം വരികയും ചെയ്തു.[p]

❋ ❋ ❋

36. [q] (മർക്കൊ.6:45; മത്താ.15:23)
37. [r] (2രാജാ.4:42-44)
[s] (സംഖ്യാ.11:13,21,22)
[t] (യോഹ.6:7)
38. [u] മർക്കൊ.8:19
41. [v] മർക്കൊ.7:34; യോഹ.11:41;17:1
[w] മർക്കൊ.8:7;14:22; 1ശമൂ.9:13; മത്താ.26:26; ലൂക്കൊ.24:30; (1കൊരി.14:16)
45. [x] മർക്കൊ. 6:45-51ക്കു. മത്താ.14:22-32; യോഹ.6:15-21കാ.
[y] (മത്താ.8:18)
[z] മർക്കൊ.6:32
[a] മർക്കൊ.8:22; (ലൂക്കൊ.9:10; യോഹ.6:17)
46. [b] ലൂക്കൊ.6:12; 9:28(മർക്കൊ.1:35; ലൂക്കൊ.5:16)
47. [c] മർക്കൊ.13:35
48. [c] (വാ.47കാ.)
[d] (ഉൽപ.32:26; ലൂക്കൊ.24:28)
50. [e] (ലൂക്കൊ.24:37)
[f] മത്താ.17:7; (ആവ.31:6; യെശ.41:13;43:1,2; യോഹ16:33)
52. [g] യോഹ.12:40; റോമ.11:7; 2കൊരി.3:14; മർക്കൊ.3:5
[h] മർക്കൊ.8:17-21
53. [i] മർക്കൊ. 6:53-56ക്കു. മത്താ.14:34-36കാ. (യോഹ.6:24,25)
[j] ലൂക്കൊ.5:1
55. [k] മർക്കൊ.6:33
[l] മത്താ.4:24
[m] ലൂക്കൊ.5:18
56. [n] അപ്പൊ.പ്ര.5:15
[o] മത്താ.9:21
[p] മർക്കൊ.3:10; ലൂക്കൊ.6:19

***1. കൈകൾ കഴുകാതെ ഭക്ഷിക്കുന്നതിനെയും മനുഷ്യരുടെ സമ്പ്രദായ ചട്ടങ്ങളെയും കുറിച്ച് 24. കനാന്യസ്ത്രീയുടെ വിശ്വാസം 31. വിക്കനും ചെകിടനുമായവനെ സൗഖ്യമാക്കിയത്.***

**7** [a]യെരൂശലേമിൽനിന്നു[b] പരീ
ശന്മാരും ചില ശാസ്ത്രിമാരും
അവന്റെ അടുക്കൽ വന്നു കൂടി.

**അധ്യായം 7**

1. [a] മർക്കൊ.7:1-30ക്കു മത്താ.15:1-28കാ.
[b] മർക്കൊ.3:22

2 അവന്റെ ശിഷ്യന്മാരിൽ ചിലർ
ശുദ്ധിയില്ലാത്ത[c] എന്നുവച്ചാൽ,
കഴുകാത്ത, കൈകൊണ്ടു ഭക്ഷ
ണം കഴിക്കുന്നത് അവർ കണ്ടു.
3 പരീശന്മാരും യെഹൂദന്മാർ ഒക്കെ
യും പൂർവന്മാരുടെ[d] സമ്പ്രദായം[e]
പ്രമാണിച്ചു കൈ നന്നായി കഴു
കീട്ടല്ലാതെ ഭക്ഷണം കഴിക്കയില്ല.
4 ചന്തയിൽനിന്നു വരുമ്പോഴും
കുളിച്ചിട്ടല്ലാതെ ഭക്ഷണം കഴിക്ക
യില്ല. പാനപാത്രം,[f] ഭരണി, ചെമ്പ്
എന്നിവ കഴുകുക[g] മുതലായി
പലതും പ്രമാണിക്കുന്നത് അവർ
ക്കു ചട്ടമായിരിക്കുന്നു. 5 അങ്ങനെ
പരീശന്മാരും ശാസ്ത്രിമാരും: നിന്റെ
ശിഷ്യന്മാർ പൂർവന്മാരുടെ[d] സമ്പ്ര
ദായം[e] അനുസരിച്ചു നടക്കാതെ
ശുദ്ധിയില്ലാത്ത[c] കൈകൊണ്ടു
ഭക്ഷണം കഴിക്കുന്നത്[h] എന്ത് എ
ന്ന് അവനോടു ചോദിച്ചു. 6 അ
വൻ അവരോട് ഉത്തരം പറഞ്ഞ
ത്: കപടഭക്തിക്കാരായ[i] നിങ്ങളെ
ക്കുറിച്ചു യെശയ്യാവ് പ്രവചിച്ചതു[j]
ശരി:

"ഈ ജനം അധരംകൊണ്ട് എ
ന്നെ ബഹുമാനിക്കുന്നു; എങ്കിലും
അവരുടെ ഹൃദയം എങ്കൽനി
ന്നു ദൂരത്ത് അകന്നിരിക്കുന്നു.
7 മാനുഷകല്പനകളായ ഉപ
ദേശങ്ങളെ[k] അവർ ഉപദേശി
ക്കുന്നതുകൊണ്ട് എന്നെ വ്യർ
ഥമായി ഭജിക്കുന്നു"

എന്ന് എഴുതിയിരിക്കുന്നതുപോ
ലെ തന്നേ. 8 നിങ്ങൾ ദൈവ
കല്പന വിട്ടുംകളഞ്ഞു മനുഷ്യ
രുടെ സമ്പ്രദായം പ്രമാണിക്കുന്നു;
9 പിന്നെ അവരോടു പറഞ്ഞത്:
നിങ്ങളുടെ സമ്പ്രദായം പ്രമാണി
പ്പാൻവേണ്ടി നിങ്ങൾ ദൈവകല്പന
തള്ളിക്കളയുന്നതു[l] നന്നായി.
10 [m]നിന്റെ അപ്പനെയും അമ്മയെ
യും ബഹുമാനിക്ക എന്നും [n]അപ്പനെ
യോ അമ്മയെയോ പ്രാകുന്നവൻ
മരിക്കേണം എന്നും മോശെ പറ
ഞ്ഞുവല്ലോ. 11 നിങ്ങളോ ഒരു
മനുഷ്യൻ അപ്പനോടോ അമ്മയോ
ടോ: നിനക്ക് എന്നാൽ ഉപകാര
മായി വരേണ്ടതു വഴിപാട് എന്നർഥ
മുള്ള കൊർബ്ബാൻ[o] എന്നു പറ
ഞ്ഞാൽ മതി എന്നു പറയുന്നു;
12 തന്റെ അപ്പനോ അമ്മയ്ക്കോ
മേലാൽ ഒന്നും ചെയ്‌വാൻ അവ
നെ സമ്മതിക്കുന്നതുമില്ല. 13 ഇ
ങ്ങനെ നിങ്ങൾ ഉപദേശിക്കുന്ന
സമ്പ്രദായത്താൽ ദൈവകല്പന
ദുർബലമാക്കുന്നു;[p] ഈ വക പല
തും നിങ്ങൾ ചെയ്യുന്നു. 14 പിന്നെ
അവൻ പുരുഷാരത്തെ അരികെ
വിളിച്ച് അവരോട്: എല്ലാവരും
കേട്ടു ഗ്രഹിച്ചുകൊൾവിൻ.[q] 15 പുറ
ത്തുനിന്നു മനുഷ്യന്റെ അകത്തു
ചെല്ലുന്ന യാതൊന്നിനും അവനെ
അശുദ്ധമാക്കുവാൻ കഴികയില്ല;[r]
അവനിൽനിന്നു പുറപ്പെടുന്നതത്രേ
മനുഷ്യനെ അശുദ്ധമാക്കുന്നത്
16 [കേൾപ്പാൻ ചെവി ഉള്ളവൻ
കേൾക്കട്ടെ] എന്നു പറഞ്ഞു.
17 അവൻ പുരുഷാരത്തെ വിട്ടു
വീട്ടിൽ[s] ചെന്നശേഷം ശിഷ്യന്മാർ
ആ ഉപമയെക്കുറിച്ച് അവനോടു
ചോദിച്ചു.[t] 18 അവൻ അവരോടു:
ഇങ്ങനെ നിങ്ങളും ബോധമില്ലാ
ത്തവരോ?[u] പുറത്തുനിന്നു മനുഷ്യ
ന്റെ അകത്തു ചെല്ലുന്ന യാതൊ
ന്നിനും അവനെ അശുദ്ധമാക്കു
വാൻ കഴികയില്ല എന്നു തിരിച്ച
റിയുന്നില്ലയോ? 19 അത് അവന്റെ
ഹൃദയത്തിൽ അല്ല വയറ്റിലത്രേ
ചെല്ലുന്നത്;[v] പിന്നെ മറപ്പുരയിലേ
ക്കു പോകുന്നു; ഇങ്ങനെ സകല
ഭോജ്യങ്ങൾക്കും ശുദ്ധിവരുത്തു
ന്നു[w] എന്നു പറഞ്ഞു. 20 മനുഷ്യ
നിൽനിന്നു പുറപ്പെടുന്നതത്രേ മനു
ഷ്യനെ അശുദ്ധനാക്കുന്നത്;[x]
21 അകത്തുനിന്ന്, മനുഷ്യരുടെ ഹൃദ
യത്തിൽനിന്നു തന്നെ, 22 ദുശ്ചി
ന്ത,[y] വ്യഭിചാരം, പരസംഗം, കൊല
പാതകം,[z] മോഷണം, അത്യാഗ്ര
ഹം, ദുഷ്ടത, ചതി, ദുഷ്കർമം,[a]
വിടക്കുകണ്ണ്,[b] ദൂഷണം,[c] അഹ
ങ്കാരം,[d] മൂഢത[e] എന്നിവ പുറ
പ്പെടുന്നു. 23 ഈ ദോഷങ്ങൾ

2.[c] (അപ്പൊ.പ്ര.10:14; റോമ.14:14)
3.[d] എബ്രാ.11:2
[e] ഗലാ.1:14; കൊലൊ.2:8
4.[f] മത്താ.23:25; ലൂക്കൊ.11:39
[g] എബ്രാ.9:10; (യോഹ.2:6)
5.[d] (വാ.3 കാ.)
[e] (വാ.3 കാ.)
[c] (വാ.2 കാ.)
[h] ലൂക്കൊ.11:38
6.[i] മത്താ.23:13
[j] യെശ. 29:13 (യെഹെ.33:31)
7.[k] കൊലൊ.2:21; തീത്തൊ.1:14
9.[l] ലൂക്കൊ.7:30 ഗലാ.2:21 എബ്രാ.10:28
10.[m] പുറ.20:12
[n] പുറ.21:17
11.[o] (ലേവ്യാ.1:2; മത്താ.27:6)
13.[p] ഗലാ.3:17; (റോമ.2:23)
14.[q] മത്താ.13:51
15.[r] അപ്പൊ.പ്ര. 10:14,15
17.[s] മർക്കൊ.3:20; 9:28
[t] (മത്താ.13:36;15:15)
18.[u] മർക്കൊ.8:17,18
19.[v] (1കൊരി.6:13)
[w] (ലൂക്കൊ.11:41; അപ്പൊ.പ്ര.10:15; 11:9)
20.[x] മത്താ.12:34; യാക്കോ.3:6
22.[y] യാക്കോ.2:4 (ഉൽപ.6:5; സങ്കീ.56:5; മത്താ.9:4)
[z] മത്താ.5:22,28; പുറ.20:13,14,17
[a] 2കൊരി.12:21; ഗലാ.5:19; എഫെ.4:19; 2പത്രൊ.2:7; യൂദാ 4
[b] മത്താ.6:23
[c] എഫെ.4:31; കൊലൊ.3:8; 1തിമൊ.6:4 [d] ലൂക്കൊ.1:51 [e] (എഫെ.5:17)

എല്ലാം അകത്തുനിന്നു പുറപ്പെട്ടു
മനുഷ്യനെ അശുദ്ധനാക്കുന്നു[f]
എന്നും അവൻ പറഞ്ഞു.
24 അവൻ അവിടെനിന്നു പുറ
പ്പെട്ട് സീദോന്റെയും സോരിന്റെയും
അതിർനാട്ടിൽ ചെന്ന് ഒരു വീട്ടിൽ
കടന്നു; ആരും അറിയരുത് എന്ന്
ഇച്ഛിച്ചു എങ്കിലും മറഞ്ഞിരിപ്പാൻ
സാധിച്ചില്ല. 25 അശുദ്ധാത്മാവു
ബാധിച്ച ചെറിയ മകൾ ഉള്ളൊരു
സ്ത്രീ അവന്റെ വസ്തുത കേട്ടിട്ടു
വന്ന് അവന്റെ കാല്ക്കൽ വീണു.
26 അവൾ സുറഫൊയീനിക്യ[g]
ജാതിയിലുള്ള ഒരു യവന[h]സ്ത്രീ
ആയിരുന്നു;[i] തന്റെ മകളിൽനിന്നു
ഭൂതത്തെ പുറത്താക്കുവാൻ അവൾ
അവനോട് അപേക്ഷിച്ചു. 27 യേശു
അവളോട്: മുമ്പേ മക്കൾക്കു തൃ
പ്തി വരട്ടെ;[j] മക്കളുടെ അപ്പം
എടുത്തു ചെറുനായ്ക്കൾക്ക് ഇട്ടു
കൊടുക്കുന്നതു[k] നന്നല്ല എന്നു
പറഞ്ഞു. 28 അവൾ അവനോട്:
അതേ, കർത്താവേ, ചെറുനായ്ക്ക
ളും മേശയ്ക്കു കീഴെ കുട്ടിക
ളുടെ അപ്പനുറുക്കുകളെ[l] തിന്നു
ന്നുവല്ലോ എന്ന് ഉത്തരം പറഞ്ഞു.
29 അവൻ അവളോട്: ഈ
വാക്കുനിമിത്തം പൊയ്ക്കൊൾക;[m]
ഭൂതം നിന്റെ മകളെ വിട്ടുപോയി
രിക്കുന്നു എന്നു പറഞ്ഞു. 30 അ
വൾ വീട്ടിൽ വന്നാറെ, മകൾ കിട
ക്കമേൽ കിടക്കുന്നതും ഭൂതം
വിട്ടുപോയതും കണ്ടു.
31 [n]അവൻ വീണ്ടും സോരി
ന്റെ അതിർവിട്ട് സീദോൻവഴി
യായി ദെക്കപ്പൊലിദേശത്തിന്റെ[o]
നടുവിൽക്കൂടി ഗലീലക്കടല്പു
റത്തു[p] വന്നു. 32 അവിടെ അവർ
വിക്കനായൊരു[q] ചെകിടനെ[q]
അവന്റെ അടുക്കൽ കൊണ്ടുവന്ന്,
അവന്റെമേൽ കൈ വയ്ക്കേണം[r]
എന്ന് അപേക്ഷിച്ചു. 33 അവൻ
അവനെ പുരുഷാരത്തിൽനിന്നു
വേറിട്ടു കൂട്ടിക്കൊണ്ടുപോയി[s]
അവന്റെ ചെവിയിൽ വിരൽ ഇട്ട്,
തുപ്പി അവന്റെ നാവിനെ തൊട്ടു,[s]
34 സ്വർഗത്തേക്കു നോക്കി[t]
നെടുവീർപ്പിട്ട്[u] അവനോട്: തുറന്നു
വരിക എന്ന് അർഥമുള്ള എഫഥാ
എന്നു പറഞ്ഞു. 35 ഉടനെ അവ
ന്റെ ചെവി തുറന്നു[q] നാവിന്റെ
കെട്ടും അഴിഞ്ഞിട്ട് അവൻ ശരി
യായി സംസാരിച്ചു. 36 ഇത് ആ
രോടും പറയരുത് എന്ന് അവരോടു
കല്പിച്ചു[v] എങ്കിലും അവൻ എത്ര
കല്പിച്ചുവോ അത്രയും അവർ
പ്രസിദ്ധമാക്കി:[w] 37 അവൻ സക
ലവും നന്നായി ചെയ്തു; ചെകിട
രെ കേൾക്കുമാറാക്കുന്നു; ഊമരെ
സംസാരിക്കുമാറാക്കുന്നു എന്നു
പറഞ്ഞ് അത്യന്തം വിസ്മയിച്ചു.[x]

❋ ❋ ❋

***1. നാലായിരം ജനങ്ങൾക്ക് അത്ഭുതകരമായി ഭക്ഷണം കൊടുത്തത് 11. പരീശർ ഒരടയാളം ചോദിച്ചത് 14. പരീശരുടെയും ഹെരോദാവിന്റെയും ഉപദേശത്തെക്കുറിച്ച് 22. ഒരു കുരുടന് കാഴ്ച കൊടുത്തത് 27. ശിഷ്യന്മാരെ പരിശോധിച്ചത് 31. തന്റെ മരണത്തെയും ഉയിർപ്പിനെയും കുറിച്ച് പറഞ്ഞത് 34. ഉപദ്രവങ്ങളിൽ ക്ഷമ വേണമെന്ന് കാണിച്ചത്.***

**8** [a]ആ ദിവസങ്ങളിൽ ഏറ്റവും
വലിയ പുരുഷാരം ഉണ്ടായിരി
ക്കെ അവർക്കു ഭക്ഷിപ്പാൻ ഒന്നും
ഇല്ലായ്ക്കകൊണ്ടു യേശു ശിഷ്യന്മാ
രെ അടുക്കൽ വിളിച്ച് അവരോട്:
2 ഈ പുരുഷാരം ഇപ്പോൾ മൂന്നു
നാളായി എന്നോടുകൂടെ പാർക്കു
ന്നു; അവർക്കു ഭക്ഷിപ്പാൻ ഒന്നും
ഇല്ലായ്കകൊണ്ട് എനിക്ക് അവ
രോട് അലിവു തോന്നുന്നു;[b]
3 ഞാൻ അവരെ പട്ടിണിയായി
വീട്ടിലേക്ക് അയച്ചാൽ അവർ വഴി
യിൽവച്ചു തളർന്നുപോകും; അവ
രിൽ ചിലർ ദൂരത്തുനിന്നു വന്നവ
രല്ലോ എന്നു പറഞ്ഞു. 4 അതിന്
അവന്റെ ശിഷ്യന്മാർ: ഇവർക്ക്
ഇവിടെ മരുഭൂമിയിൽ അപ്പം
കൊടുത്തു തൃപ്തിവരുത്തുവാൻ
എങ്ങനെ കഴിയും എന്ന് ഉത്തരം
പറഞ്ഞു. 5 അവൻ അവരോട്:
നിങ്ങളുടെ പക്കൽ എത്ര അപ്പം
ഉണ്ട് എന്നു ചോദിച്ചു. ഏഴ്[c]
എന്ന് അവർ പറഞ്ഞു. 6 അവൻ

23.[f] 1കൊരി.6:9,10
26.[g] (അപ്പൊ.പ്ര. 21:2,3)
[h] (1കൊരി.12:13)
[i] (യോഹ.12:20)
27.[j] (അപ്പൊ.പ്ര.3:26; റോമ.1:16)
[k] മത്താ.7:6
28.[l] (ലൂക്കൊ.16:21)
29.[m] യോഹ.4:50
31.[n] മർക്കൊ. 7:31-37 ക്കു. (മത്താ. 15:29-31)
[o] മർക്കൊ.5:20; മത്താ.4:25
[p] മത്താ.4:18; യോഹ.6:1
32.[q] യെശ.35:5,6
[r] മർക്കൊ.5:23
33.[s] മർക്കൊ.8:23
34.[t] മർക്കൊ.6:41
[u] മർക്കൊ.8:12; (യോഹ.11:33)
35.[q] (വാ.32കാ.)
36.[v] മർക്കൊ.9:9; മത്താ.8:4
[w] മർക്കൊ.1:45; മത്താ.9:31
37.[x] മർക്കൊ.10:26

**അധ്യായം 8**

1.[a] മർക്കൊ. 8:1-10ക്കു. മത്താ.15:32-39കാ. (മർക്കൊ.6:32-44)
2.[b] (മത്താ.9:36)
5.[c] മത്താ.16:10

പുരുഷാരത്തോടു നിലത്ത് ഇരി
പ്പാൻ കല്പിച്ചു; പിന്നെ ആ ഏഴപ്പം
എടുത്തു സ്തോത്രം ചെയ്തു[d]
നുറുക്കി, ശിഷ്യന്മാരുടെ പക്കൽ
വിളമ്പുവാൻ കൊടുത്തു; അവർ
പുരുഷാരത്തിനു വിളമ്പി. 7 ചെ
റിയ മീനും കുറെ ഉണ്ടായിരുന്നു;
അതും അവൻ അനുഗ്രഹിച്ചിട്ട്,[e]
വിളമ്പുവാൻ പറഞ്ഞു. 8 അവർ
തിന്നു തൃപ്തരായി;[f] ശേഷിച്ച കഷ
ണങ്ങൾ ഏഴു വട്ടി[c] നിറച്ചെടുത്തു.
9 അവർ ഏകദേശം നാലായിരം
പേർ ആയിരുന്നു. 10 അവൻ അവരെ
പറഞ്ഞയച്ച ഉടനെ ശിഷ്യന്മാരോ
ടുകൂടെ പടകു കയറി[g] ദല്മനൂഥ[h]
അംശങ്ങളിൽ എത്തി.

11 [i]അനന്തരം പരീശന്മാർ വന്ന്
അവനെ പരീക്ഷിച്ചുകൊണ്ട്[j]
ആകാശത്തുനിന്ന് ഒരു അടയാളം[k]
അന്വേഷിച്ച്[l] അവനുമായി തർക്കി
ച്ചു തുടങ്ങി. 12 അവൻ ആത്മാ
വിൽ[m] ഞരങ്ങി:[n] ഈ തലമുറ അട
യാളം അന്വേഷിക്കുന്നതെന്ത്? ഈ
തലമുറയ്ക്ക് അടയാളം ലഭിക്ക
യില്ല എന്നു ഞാൻ സത്യമായിട്ടു
നിങ്ങളോടു പറയുന്നു എന്നു പറ
ഞ്ഞു. 13 അവരെ വിട്ടു[o] പിന്നെ
യും പടകു കയറി അക്കരയ്ക്കു
കടന്നു.

14 അവർ അപ്പം കൊണ്ടുപോ
രുവാൻ മറന്നു പോയിരുന്നു; പട
കിൽ അവരുടെ പക്കൽ ഒരു അപ്പം
മാത്രമേ ഉണ്ടായിരുന്നുള്ളൂ. 15 അ
വൻ അവരോട്: നോക്കുവിൻ, പരീ
ശന്മാരുടെ പുളിച്ച മാവും,[p] ഹെ
രോദാവിന്റെ[q] പുളിച്ച മാവും സൂ
ക്ഷിച്ചുകൊൾവിൻ[r] എന്നു കല്പി
ച്ചു. 16 നമുക്ക് അപ്പം ഇല്ലായ്ക
യാൽ എന്ന് അവർ തമ്മിൽ ത
മ്മിൽ പറഞ്ഞു. 17 അതു യേശു
അറിഞ്ഞ്[s] അവരോട് പറഞ്ഞത്:
അപ്പം ഇല്ലായ്കയാൽ നിങ്ങൾ
തമ്മിൽ പറയുന്നത് എന്ത്? ഇപ്പോ
ഴും തിരിച്ചറിയുന്നില്ലയോ?[t] ഗ്രഹി
ക്കുന്നില്ലയോ?[u] നിങ്ങളുടെ ഹൃദ
യം കടുത്തിരിക്കുന്നുവോ?[u] 18 ക
ണ്ണ് ഉണ്ടായിട്ടും കാണുന്നില്ലയോ?
ചെവി ഉണ്ടായിട്ടും കേൾക്കുന്നി
ല്ലയോ?[v] ഓർക്കുന്നതുമില്ലയോ?
19 അയ്യായിരം പേർക്കു ഞാൻ
അഞ്ചപ്പം നുറുക്കിയപ്പോൾ[w] കഷ
ണങ്ങൾ എത്ര കുട്ട നിറച്ചെടു
ത്തു? പന്ത്രണ്ട് എന്ന് അവർ അവ
നോടു പറഞ്ഞു. 20 നാലായിരം
പേർക്ക് ഏഴു നുറുക്കിയപ്പോൾ[x]
കഷണങ്ങൾ എത്ര വട്ടി നിറച്ചെ
ടുത്തു? ഏഴ് എന്ന് അവർ അവ
നോടു പറഞ്ഞു. 21 പിന്നെ അ
വൻ അവരോട്: ഇപ്പോഴും നി
ങ്ങൾ ഗ്രഹിക്കുന്നില്ലയോ എന്നു
പറഞ്ഞു.

22 അവർ ബേത്ത്സയിദയിൽ[y]
എത്തിയപ്പോൾ: ഒരു കുരുടനെ
അവന്റെ അടുക്കൽ കൊണ്ടുവന്ന്
അവനെ തൊടേണമെന്ന് അപേ
ക്ഷിച്ചു. 23 അവൻ കുരുടന്റെ
കൈക്കു പിടിച്ച്[z] അവനെ ഊ
രിനു പുറത്തു കൊണ്ടുപോയി
അവന്റെ കണ്ണിൽ തുപ്പി[a] അവ
ന്റെമേൽ കൈവച്ചു:[b] നീ വല്ലതും
കാണുന്നുണ്ടോ എന്നു ചോദിച്ചു.
24 അവൻ മേല്പോട്ടു നോക്കി:
ഞാൻ മനുഷ്യരെ കാണുന്നു;
അവർ നടക്കുന്നതു മരങ്ങൾപോ
ലെയത്രേ കാണുന്നത് എന്നു പറ
ഞ്ഞു. 25 പിന്നെയും അവന്റെ
കണ്ണിന്മേൽ കൈ വച്ചാറെ അവൻ
സൗഖ്യം പ്രാപിച്ചു മിഴിച്ചുനോക്കി
എല്ലാം സ്പഷ്ടമായി കണ്ടു.
26 നീ ഊരിൽ കടക്കപോലും
അരുത്[c] എന്ന് അവൻ പറഞ്ഞ്
അവനെ വീട്ടിലേക്ക് അയച്ചു.

27 [d]അനന്തരം യേശു ശിഷ്യ
ന്മാരുമായി ഫീലിപ്പൊസിന്റെ
കൈസര്യക്ക് അടുത്ത ഊരുകളി
ലേക്കു പോയി; വഴിയിൽവച്ചു
ശിഷ്യന്മാരോട്: ജനങ്ങൾ എന്നെ
ആർ എന്നു പറയുന്നു എന്നു
ചോദിച്ചു. 28 യോഹന്നാൻസ്നാ
പകനെന്നു[e] ചിലർ, ഏലീയാവെ
ന്നു[f] ചിലർ, പ്രവാചകന്മാരിൽ ഒരു
ത്തൻ എന്നു മറ്റു ചിലർ എന്ന്
അവർ ഉത്തരം പറഞ്ഞു. 29 അ
വൻ അവരോട്: എന്നാൽ നിങ്ങൾ

6.[d] മർക്കൊ.14:23;
മത്താ.26:27;
ലൂക്കൊ.22:17,19;
യോഹ.6:11,23;
അപ്പൊ.പ്ര.27:35;
റോമ.14:6;
1കൊരി.10:30;
11:24; 14:16;
1തിമൊ.4:3,4
7.[e] മത്താ.14:19
8.[f] (2രാജാ.4:42-44)
[c] (വാ.5കാ.)
10.[g] മർക്കൊ.3:9
[h] (മത്താ.15:39)
11.[i] മർക്കൊ.
8:11-21 ക്കു.
മത്താ.16:1-12കാ.
[j] (യോഹ.8:6)
[k] ലൂക്കൊ.11:16;21:11
[l] 1കൊരി.1:22;
മത്താ.12:38
12.[m] യോഹ.11:33
[n] മർക്കൊ.7:34
13.[o] മത്താ.4:13;21:17
15.[p] 1കൊരി.5:6-8;
ഗലാ.5:9
[q] (മർക്കൊ.3:6;12:13)
[r] ലൂക്കൊ.12:1
17.[s] മത്താ.26:10
[t] മർക്കൊ.7:18
[u] മർക്കൊ.6:52
18.[v] യിരെ.5:21;
യെഹെ.12:2;
(യെശ.42:18,19;
43:8; മത്താ.13:13)
19.[w] മർക്കൊ.6:41,44
20.[x] മർക്കൊ.8:6,9
22.[y] മർക്കൊ.6:45
23.[z] മർക്കൊ.7:33
[a] യോഹ.9:6
[b] മർക്കൊ.5:23
26.[c] മർക്കൊ.8:23;
(മത്താ.8:4)
27.[d] മർക്കൊ.
8:27-29ക്കു
മത്താ.16:13-16;
ലൂക്കൊ.9:18-20കാ.
28.[e] മർക്കൊ.6:14;
മത്താ.14:2;
ലൂക്കൊ.9:8
[f] മർക്കൊ.9:15;
ലൂക്കൊ. 9:8;
(മർക്കൊ.9:11;
മത്താ.17:10;
യോഹ. 1:21)

എന്നെ ആർ എന്നു പറയുന്നു എ
ന്നു ചോദിച്ചതിന്: നീ ക്രിസ്തു[g]
ആകുന്നു[h] എന്നു പത്രൊസ്
ഉത്തരം പറഞ്ഞു. **30** പിന്നെ
തന്നെക്കുറിച്ച് ആരോടും പറയ
രുതെന്ന് അവൻ അവരോടു
ഖണ്ഡിതമായി[i] പറഞ്ഞു. **31** [j]മനു
ഷ്യപുത്രൻ[k] പലതും സഹിക്ക
യും[l] മൂപ്പന്മാരും മഹാപുരോഹി
തന്മാരും ശാസ്ത്രിമാരും അവനെ
തള്ളിക്കളഞ്ഞു കൊല്ലുകയും[m]
മൂന്നു നാൾ കഴിഞ്ഞിട്ട് അവൻ
ഉയിർത്തെഴുന്നേല്ക്കയും[n] വേണം
എന്ന് അവരെ ഉപദേശിച്ചുതു
ടങ്ങി. **32** അവൻ ഈ വാക്കു
തുറന്നുപറഞ്ഞു.[o] അപ്പോൾ പ
ത്രൊസ് അവനെ വേറിട്ടു കൊണ്ടു
പോയി ശാസിച്ചുതുടങ്ങി; **33** അ
വനോ തിരിഞ്ഞുനോക്കി ശിഷ്യ
ന്മാരെ കണ്ടിട്ടു പത്രൊസിനെ
ശാസിച്ചു: സാത്താനേ,[p] എന്നെ
വിട്ടു പോ; നീ ദൈവത്തിന്റേതല്ല
മനുഷ്യരുടേതത്രേ കരുതുന്നത്[q]
എന്നു പറഞ്ഞു.
**34** പിന്നെ അവൻ പുരുഷാര
ത്തെയും തന്റെ ശിഷ്യന്മാരെയും
അരികെ വിളിച്ച് അവരോടു പറ
ഞ്ഞത്: ഒരുവൻ എന്നെ അനുഗ
മിപ്പാൻ ഇച്ഛിച്ചാൽ അവൻ തന്നെ
ത്താൻ ത്യജിച്ചു[r] തന്റെ ക്രൂശ്
എടുത്തുകൊണ്ട് എന്നെ അനുഗ
മിക്കട്ടെ.[s] **35** ആരെങ്കിലും തന്റെ
ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ
അതിനെ കളയും;[s] ആരെങ്കിലും
എന്റെയും സുവിശേഷത്തിന്റെയും[t]
നിമിത്തം തന്റെ ജീവനെ കള
ഞ്ഞാൽ അതിനെ രക്ഷിക്കും.
**36** ഒരു മനുഷ്യൻ സർവലോകവും
നേടുകയും തന്റെ ജീവനെ കള
കയും ചെയ്താൽ അവന് എന്തു
പ്രയോജനം?[u] **37** അല്ല, തന്റെ
ജീവനുവേണ്ടി മനുഷ്യൻ എന്തൊരു
മറുവില കൊടുക്കും;[v] **38** വ്യഭി
ചാരവും പാപവും ഉള്ള ഈ തല
മുറയിൽ[w] ആരെങ്കിലും എന്നെയും
എന്റെ വചനങ്ങളെയും കുറിച്ചു
നാണിച്ചാൽ[x] അവനെക്കുറിച്ചു

**29.** [g] *മർക്കൊ. 14:61,62; മത്താ.1:17*
[h] *യോഹ.11:27*
**30.** [i] *മത്താ.16:20; ലൂക്കൊ.9:21; മത്താ.12:16*
**31.** [j] *മർക്കൊ. 8:31 - 9:1ക്കു മത്താ.16:21 - 28; ലൂക്കൊ.9:22 - 27കാ.*
[k] *മർക്കൊ.10:33; (ലൂക്കൊ. 13:33)*
[l] *മർക്കൊ.9:30,31; മത്താ.17:12,22,23; ലൂക്കൊ.24:7*
[m] *ലൂക്കൊ.17:25; 1പത്രൊ.2:4; (മർക്കൊ.12:10)*
[n] *മർക്കൊ.10:34; മത്താ.27:63; (മത്താ.12:40); യോഹ.2:19*
**32.** [o] *യോഹ.16:25*
**33.** [p] *(മത്താ.4:10)*
[q] *റോമ. 8:5; ഫിലി.3:19; കൊലൊ.3:2; (ഫിലി.2:5)*
**34.** [r] *(2തിമൊ.2:12,13)*
[s] *മത്താ.10:38,39*
**35.** [s] *(വാ.34കാ.)*
[t] *മർക്കൊ.10:29; (1കൊരി.9:23; 2തിമൊ.1:8; ഫിലേ.13)*
**36.** [u] *(ലൂക്കൊ.12:20)*
**37.** [v] *(സങ്കീ.49:7,8)*
**38.** [w] *യെശ.57:3; മത്താ.12:39; യാക്കോ.4:4*
[x] *റോമ.1:16; 2തിമൊ.1:8,12,17; എബ്രാ.11:16; 1യോഹ. 2:28 (മത്താ.10:33)*

[y] *ദാനി.7:10,13; സെഖ.14:5; മത്താ.24:30;25:31; 26:64; യോഹ.1:51;*

മനുഷ്യപുത്രനും തന്റെ പിതാവി
ന്റെ തേജസ്സിൽ[y] വിശുദ്ധദൂതന്മാ
രുമായി[z] വരുമ്പോൾ[y] നാണിക്കും.

❋ ❋ ❋

***1. യേശുവിന്റെ രൂപാന്തരം 11. ഏലീയാവെക്കുറിച്ച് ശിഷ്യന്മാരെ പഠിപ്പിച്ചത് 14. ചന്ദ്രബാധിതനെ സൗഖ്യമാക്കിയത് 30. തന്റെ മരണത്തെ പിന്നെയും അറിയിച്ചത് 33. വിനയത്തെയും ഇടർച്ചകൾ അകറ്റേണ്ടതിനെയും കുറിച്ച് ഉള്ള ഉപദേശം.***

**9** പിന്നെ അവൻ അവരോട്: ദൈ
വരാജ്യം[a] ശക്തിയോടെ[b] വരു
ന്നതു കാണുവോളം[a] മരണം
ആസ്വദിക്കാത്തവർ[c] ചിലർ ഈ
നില്ക്കുന്നവരിൽ ഉണ്ട് എന്നു
ഞാൻ സത്യമായിട്ടു നിങ്ങളോടു
പറയുന്നു എന്നു പറഞ്ഞു.
**2** [d]ആറു ദിവസം കഴിഞ്ഞശേ
ഷം യേശു പത്രൊസിനെയും
യാക്കോബിനെയും യോഹന്നാനെ
യും[e] കൂട്ടി ഒരു ഉയർന്ന മലയി
ലേക്കു തനിച്ചു കൊണ്ടുപോയി
അവരുടെ മുമ്പാകെ രൂപാന്തരപ്പെ
ട്ടു.[f] **3** ഭൂമിയിൽ ഒരു അലക്കുകാ
രനും വെളുപ്പിപ്പാൻ കഴിയാത്തവണ്ണം
അവന്റെ വസ്ത്രം[g] അത്യന്തം വെ
ളുപ്പായി തിളങ്ങി.[g] **4** അപ്പോൾ
ഏലീയാവും മോശെയും അവർക്കു
പ്രത്യക്ഷമായി യേശുവിനോടു
സംഭാഷിച്ചുകൊണ്ടിരുന്നു. **5** പ
ത്രൊസ് യേശുവിനോട്: റബ്ബീ[h] നാം
ഇവിടെ ഇരിക്കുന്നതു നല്ലത്;
ഞങ്ങൾ മൂന്നു കുടിൽ[i] ഉണ്ടാക്കട്ടെ;
ഒന്നു നിനക്കും ഒന്നു മോശെക്കും
ഒന്ന് ഏലീയാവിനും എന്നു പറ
ഞ്ഞു. **6** താൻ എന്തു പറയേണ്ടൂ

*അപ്പൊ.പ്ര.1:11; 1തെസ്സ.1:10;4:16; യൂദാ.15; വെളി.1:7 (ആവ.33:2)* [z] *അപ്പൊ.പ്ര.10:22;വെളി.14:10; (മത്താ. 13:41;16:27)*

**അധ്യായം 9**

**1.** [a] *(മർക്കൊ.13:30; മത്താ.10:23;23:36; 24:34)* [b] *മർക്കൊ.13:26;14:62; (മത്താ.25:31)* [c] *യോഹ.8:52; എബ്രാ. 2:9* **2.** [d] *മർക്കൊ.9:2 - 8ക്കു മത്താ.17:1 - 8; ലൂക്കൊ.9: 28 - 36 കാ.* [e] *മർക്കൊ.5:37; 14:33* [f] *(2കൊരി.3:18)* **3.** [g] *ദാനി.7:9; (സങ്കീ.104:2; മത്താ. 28:3)* **5.** [h] *യോഹ.1:38* [i] *(നെഹെ.8:15)*

എന്ന് അവൻ അറിഞ്ഞില്ല;[j] അവർ
ഭയപരവശരായിരുന്നു. 7 പിന്നെ
ഒരു മേഘം വന്ന് അവരുടെ മേൽ
നിഴലിട്ടു:[k] ഇവൻ എന്റെ പ്രിയ
പുത്രൻ;[l] ഇവനു ചെവികൊടു
പ്പിൻ[m] എന്നു മേഘത്തിൽനിന്ന്
ഒരു ശബ്ദവും ഉണ്ടായി.[k] 8 പെട്ടെ
ന്ന് അവർ ചുറ്റും നോക്കിയാറെ
തങ്ങളോടുകൂടെ യേശുവിനെ മാ
ത്രം അല്ലാതെ ആരെയും കണ്ടില്ല.
9 [n]അവർ മലയിൽനിന്ന് ഇറ
ങ്ങുമ്പോൾ: മനുഷ്യപുത്രൻ മരിച്ച
വരിൽനിന്ന് എഴുന്നേറ്റിട്ടല്ലാതെ[o]
ഈ കണ്ടത് ആരോടും അറിയി
ക്കരുത് എന്ന് അവൻ അവരോടു
കല്പിച്ചു.[p] 10 മരിച്ചവരിൽനിന്ന്
എഴുന്നേല്ക്ക എന്നുള്ളത് എന്ത്
എന്നു തമ്മിൽ തർക്കിച്ചുംകൊ
ണ്ട്[q] അവർ ആ വാക്ക് ഉള്ളിൽ
സംഗ്രഹിച്ചു;[r] 11 ഏലീയാവ് മുമ്പേ
വരേണ്ടത്[s] എന്നു ശാസ്ത്രിമാർ
വാദിക്കുന്നത് എന്ത് എന്ന് അവർ
ചോദിച്ചു. 12 അതിനു യേശു:
ഏലീയാവ് മുമ്പേ വന്നു സകലവും
യഥാസ്ഥാനത്താക്കുന്നു സത്യം;[t]
എന്നാൽ മനുഷ്യപുത്രനെക്കുറിച്ച്:
അവൻ വളരെ കഷ്ടപ്പെടുകയും[u]
ധിക്കരിക്കപ്പെടുകയും[v] ചെയ്യേണ്ടി
വരും എന്ന് എഴുതിയിരിക്കുന്നത്
എങ്ങനെ?[w] 13 ഏലീയാവ് വന്നു;
അവനെക്കുറിച്ച് എഴുതിയിരിക്കുന്ന
തുപോലെ അവർ തങ്ങൾക്കു തോ
ന്നിയത് എല്ലാം അവനോടു ചെ
യ്തു[x] എന്നു ഞാൻ നിങ്ങളോടു
പറയുന്നു എന്ന് ഉത്തരം പറഞ്ഞു.
14 [y]അവൻ ശിഷ്യന്മാരുടെ
അടുക്കെ വന്നാറെ വലിയ പുരു
ഷാരം അവരെ ചുറ്റി നില്ക്കുന്ന
തും ശാസ്ത്രിമാർ അവരോടു തർ
ക്കിക്കുന്നതും കണ്ടു. 15 പുരുഷാരം
അവനെ കണ്ട ഉടനെ ഭ്രമിച്ച്[z] ഓടി
വന്ന് അവനെ വന്ദിച്ചു. 16 അവൻ
അവരോട്: നിങ്ങൾ അവരുമായി
തർക്കിക്കുന്നത് എന്ത് എന്നു ചോ
ദിച്ചു. 17 അതിനു പുരുഷാരത്തിൽ
ഒരുത്തൻ: ഗുരോ, ഊമനായ ആത്മാ
വുള്ള[a] എന്റെ മകനെ ഞാൻ
നിന്റെ അടുക്കൽ കൊണ്ടുവന്നു.
18 അത് അവനെ എവിടെവച്ചു
പിടിച്ചാലും അവനെ തള്ളിയിടു
ന്നു; പിന്നെ അവൻ നുരച്ചു പല്ലു
കടിച്ചു വരണ്ടുപോകുന്നു. അതിനെ
പുറത്താക്കേണ്ടതിനു ഞാൻ നിന്റെ
ശിഷ്യന്മാരോടു പറഞ്ഞിട്ട് അവർ
ക്കു കഴിഞ്ഞില്ല[b] എന്ന് ഉത്തരം
പറഞ്ഞു. 19 അവൻ അവരോട്:
അവിശ്വാസമുള്ള തലമുറയേ,[c] എ
ത്രത്തോളം ഞാൻ നിങ്ങളോടു
കൂടെ ഇരിക്കും?[c] എത്രത്തോളം
നിങ്ങളെ പൊറുക്കും? അവനെ
എന്റെ അടുക്കൽ കൊണ്ടുവരുവിൻ
എന്ന് ഉത്തരം പറഞ്ഞു. 20 അവർ
അവനെ അവന്റെ അടുക്കൽ കൊ
ണ്ടുവന്നു. അവനെ കണ്ട ഉടനെ
ആത്മാവ് അവനെ ഇഴച്ചു;[d] അ
വൻ നിലത്തു വീണു നുരച്ചുരുണ്ടു.
21 ഇത് അവന് സംഭവിച്ചിട്ട് എത്ര
കാലമായി എന്ന് അവന്റെ അപ്പ
നോടു ചോദിച്ചതിന് അവൻ: ചെ
റുപ്പംമുതൽ തന്നെ. 22 അത് അ
വനെ നശിപ്പിക്കേണ്ടതിനു പല
പ്പോഴും തീയിലും വെള്ളത്തിലും
തള്ളിയിട്ടിട്ടുണ്ട്; നിന്നാൽ വല്ലതും
കഴിയും എങ്കിൽ[e] മനസ്സലിഞ്ഞു
ഞങ്ങളെ സഹായിക്കേണമേ എ
ന്നു പറഞ്ഞു. 23 യേശു അവനോട്:
നിന്നാൽ കഴിയും എങ്കിൽ എന്നോ[e]
വിശ്വസിക്കുന്നവനു സകലവും
കഴിയും[f] എന്നു പറഞ്ഞു. 24 ബാ
ലന്റെ അപ്പൻ ഉടനെ നിലവിളിച്ചു:
കർത്താവേ, ഞാൻ വിശ്വസിക്കു
ന്നു; എന്റെ അവിശ്വാസത്തിനു
സഹായിക്കേണമേ[g] എന്നു പറ
ഞ്ഞു. 25 എന്നാറെ പുരുഷാരം
ഓടിക്കൂടുന്നതു[h] യേശു കണ്ടിട്ട്
അശുദ്ധാത്മാവിനെ ശാസിച്ചു:
ഊമനും ചെകിടനുമായ ആത്മാ
വേ,[i] ഇവനെ വിട്ടു പോ; ഇനി അവ
നിൽ കടക്കരുത് എന്നു ഞാൻ
നിന്നോടു കല്പിക്കുന്നു എന്നു
പറഞ്ഞു. 26 അപ്പോൾ അതു
നിലവിളിച്ച് അവനെ വളരെ ഇഴ
ച്ചു[d] പുറപ്പെട്ടുപോയി. മരിച്ചു
പോയി എന്നു പലരും പറവാൻ

6.[j] (മർക്കൊ.14:40; ലൂക്കൊ. 9:33)
7.[k] 2പത്രൊ.1:17; (പുറ.24:15,16)
[l] മർക്കൊ.12:6; മത്താ.3:17
[m] അപ്പൊ.പ്ര.3:22
9.[n] മർക്കൊ. 9:9 - 13ക്കു. മത്താ.17:9 - 13കാ.
[o] മർക്കൊ.8:31
[p] മർക്കൊ.5:43; മത്താ.8:4
10.[q] (യോഹ.16:17)
[r] ലൂക്കൊ.9:36
11.[s] മത്താ.11:14
12.[t] മലാ.4:6; ലൂക്കൊ.1:16,17; (അപ്പൊ.പ്ര.1:6;3:21)
[u] മർക്കൊ.8:31
[v] ലൂക്കൊ.23:11; അപ്പൊ.പ്ര.4:11
[w] സങ്കീ.22:6,7; യെശ.53:2,3; ദാനീ.9:26; സെഖ.13:7; (ഫിലി.2:7); മത്താ. 26:24
13.[x] മർക്കൊ. 6:17,27,28
14.[y] മർക്കൊ. 9:14 - 28ക്കു; മത്താ.17:14 - 19; ലൂക്കൊ. 9:37 - 42കാ.
15.[z] (മർക്കൊ.10:32)
17.[a] മർക്കൊ.9:25; ലൂക്കൊ.11:14
18.[b] (മർക്കൊ.6:7; മത്താ.10:1; ലൂക്കൊ.10:17)
19.[c] (യോഹ.14:9; 20:27)
20.[d] മർക്കൊ.1:26
22.[e] (മർക്കൊ.1:40; മത്താ.9:28)
23.[e] (വാ.22കാ.)
[f] (മർക്കൊ.6:5,6; മത്താ.17:20,21)
24.[g] (ലൂക്കൊ.17:5)
25.[h] മർക്കൊ.9:15
[i] മർക്കൊ.9:17
26.[d] (വാ.20കാ.)

തക്കവണ്ണം അവൻ മരിച്ചപോലെ
ആയി. **27** യേശു അവനെ കൈ
ക്കു പിടിച്ചു നിവിർത്തി,[j] അവൻ
എഴുന്നേറ്റു. **28** വീട്ടിൽ[k] വന്ന
ശേഷം ശിഷ്യന്മാർ സ്വകാര്യമായി
അവനോട്: ഞങ്ങൾക്ക് അതിനെ
പുറത്താക്കുവാൻ കഴിയാതി
രുന്നത് എന്ത് എന്ന് ചോദിച്ചു.
**29** പ്രാർഥനയാൽ അല്ലാതെ ഈ
ജാതി ഒന്നിനാലും പുറപ്പെട്ടുപോ
കയില്ല എന്ന് അവൻ പറഞ്ഞു.
**30** [l]അവിടെനിന്ന് അവർ പുറ
പ്പെട്ടു ഗലീലയിൽക്കൂടി സഞ്ചരി
ച്ചു; അത് ആരും അറിയരുതെന്ന്
അവൻ ഇച്ഛിച്ചു. **31** അവൻ തന്റെ
ശിഷ്യന്മാരെ പഠിപ്പിച്ച് അവരോട്:
മനുഷ്യപുത്രൻ മനുഷ്യരുടെ കൈ
യിൽ ഏല്പിക്കപ്പെടും; അവർ അ
വനെ കൊല്ലും; കൊന്നിട്ട് മൂന്നു
നാൾ കഴിഞ്ഞശേഷം അവൻ ഉയിർ
ത്തെഴുന്നേല്ക്കും[m] എന്നു പറ
ഞ്ഞു. **32** ആ വാക്ക് അവർ ഗ്രഹി
ച്ചില്ല;[n] അവനോടു ചോദിപ്പാനോ
ഭയപ്പെട്ടു.
**33** [o]അവൻ കഫർന്നഹൂമിൽ
വന്നു[p] വീട്ടിൽ ഇരിക്കുമ്പോൾ:
നിങ്ങൾ വഴിയിൽവച്ചു തമ്മിൽ
വാദിച്ചത് എന്ത് എന്ന് അവരോടു
ചോദിച്ചു. **34** അവരോ തങ്ങളുടെ
ഇടയിൽ വലിയവൻ ആർ എന്നു
വഴിയിൽവച്ചു വാദിച്ചതുകൊണ്ടു[q]
മിണ്ടാതിരുന്നു. **35** അവൻ ഇരു
ന്നു പന്തിരുവരെയും വിളിച്ചു: ഒരു
വൻ മുമ്പൻ ആകുവാൻ ഇച്ഛിച്ചാൽ
അവൻ എല്ലാവരിലും ഒടുക്കത്ത
വനും എല്ലാവർക്കും ശുശ്രൂഷക
നും ആകേണം[r] എന്നു പറഞ്ഞു.
**36** ഒരു ശിശുവിനെ എടുത്ത് അവ
രുടെ നടുവിൽ നിറുത്തി അണച്ചു
കൊണ്ട്[s] അവരോട്: **37** ഇങ്ങനെ
യുള്ള ശിശുക്കളിൽ ഒന്നിനെ
എന്റെ നാമത്തിൽ കൈക്കൊള്ളു
ന്നവൻ എന്നെ കൈക്കൊള്ളുന്നു;[t]
എന്നെ കൈക്കൊള്ളുന്നവനോ
എന്നെയല്ല എന്നെ അയച്ചവനെ
കൈക്കൊള്ളുന്നു[t] എന്നു പറഞ്ഞു.

**38** [u]യോഹന്നാൻ അവനോട്:
ഗുരോ, ഒരുവൻ നിന്റെ നാമത്തിൽ
ഭൂതങ്ങളെ പുറത്താക്കുന്നതു[v]
ഞങ്ങൾ കണ്ടു; അവൻ നമ്മെ
അനുഗമിക്കായ്കയാൽ ഞങ്ങൾ
അവനെ വിരോധിച്ചു[w] എന്നു പറ
ഞ്ഞു. **39** അതിനു യേശു പറഞ്ഞ
ത്: അവനെ വിരോധിക്കരുത്;
എന്റെ നാമത്തിൽ ഒരു വീര്യപ്രവൃ
ത്തി ചെയ്തിട്ടു വേഗത്തിൽ എന്നെ
ദുഷിച്ചു പറവാൻ കഴിയുന്നവൻ
ആരും ഇല്ല. **40** നമുക്കു പ്രതികൂല
മല്ലാത്തവൻ നമുക്ക് അനുകൂലമ
ല്ലോ.[x] **41** നിങ്ങൾ ക്രിസ്തുവിനു
ള്ളവർ എന്നീ നാമത്തിൽ[y] ആരെ
ങ്കിലും ഒരു പാനപാത്രം വെള്ളം
നിങ്ങൾക്കു കുടിപ്പാൻ തന്നാൽ[z]
അവനു പ്രതിഫലം കിട്ടാതിരിക്ക
യില്ല എന്നു ഞാൻ സത്യമായിട്ടു
നിങ്ങളോടു പറയുന്നു. **42** എ
ങ്കൽ വിശ്വസിക്കുന്ന[a] ഈ ചെറി
യവരിൽ[b] ഒരുത്തന് ഇടർച്ച വരു
ത്തുന്ന[a]വന്റെ കഴുത്തിൽ വലി
യൊരു തിരികല്ലു കെട്ടി അവനെ
കടലിൽ ഇട്ടുകളയുന്നത് അവന്
ഏറെ നല്ലത്.[c] **43** നിന്റെ കൈ
നിനക്ക് ഇടർച്ച വരുത്തിയാൽ
അതിനെ വെട്ടിക്കളക:[d] **44** ഊന
നായി ജീവനിൽ കടക്കുന്നതു രണ്ടു
കൈയുമുള്ളവൻ ആയി കെടാത്ത
തീയായ[e] നരകത്തിൽ[f] പോകു
ന്നതിനെക്കാൾ നിനക്ക് നല്ലത്.
**45** നിന്റെ കാൽ നിനക്ക് ഇടർച്ച
വരുത്തിയാൽ അതിനെ വെട്ടിക്ക
ളക:[g] **46** മുടന്തനായി ജീവനിൽ
കടക്കുന്നതു രണ്ടു കാലുമുള്ളവൻ
ആയി കെടാത്ത തീയായ നരക
ത്തിൽ[f] വീഴുന്നതിനെക്കാൾ നിന
ക്കു നല്ലത്. **47** നിന്റെ കണ്ണ് നിനക്ക്
ഇടർച്ച വരുത്തിയാൽ അതിനെ
ചൂന്നുകളക;[h] ഒറ്റക്കണ്ണനായി ദൈവ
രാജ്യത്തിൽ കടക്കുന്നത് രണ്ടു ക
ണ്ണുള്ളവനായി അഗ്നിനരകത്തിൽ[f]
വീഴുന്നതിനെക്കാൾ നിനക്ക് നല്ലത്.
**48** അവിടെ അവരുടെ പുഴു

27.[j] *മർക്കൊ.1:31*
28.[k] *മർക്കൊ.3:20; 7:17*
30.[l] *മർക്കൊ. 9:30-32 ക്കു. മത്താ.17:22,23; ലൂക്കൊ.9:43-45 കാ. (മർക്കൊ.8:31; 10:32-34)*
31.[m] *മർക്കൊ.8:31*
32.[n] *മർക്കൊ.6:52; ലൂക്കൊ.2:50; 18:34;24:25; യോഹ.10:6; 12:16;16:17-19; (മർക്കൊ.9:10)*
33.[o] *മർക്കൊ. 9:33-37ക്കു. മത്താ.18:1-5; ലൂക്കൊ.9:46-48കാ. (മർക്കൊ.10:35-45)*
[p] *മത്താ.17:24*
34.[q] *ലൂക്കൊ.22:24; (മർക്കൊ.9:50)*
35.[r] *മർക്കൊ. 10:43,44; മത്താ.20:26,27; 23:11,12; ലൂക്കൊ.22:26*
36.[s] *മർക്കൊ.10:16*
37.[t] *(മത്താ.10:40,42)*
38.[u] *മർക്കൊ. 9:38-40ക്കു. ലൂക്കൊ.9:49,50കാ.*
[v] *മർക്കൊ.16:17; മത്താ.7:22; ലൂക്കൊ.10:17; അപ്പൊ.പ്ര.19:13 (മത്താ.12:27)*
[w] *(സംഖ്യാ.11:28)*
40.[x] *(മത്താ.12:30; ലൂക്കൊ.11:23)*
41.[y] *1പത്രൊ.4:14*
[z] *മത്താ.10:42.*
42.[a] *മത്താ.18:6; ലൂക്കൊ.17:2; (1കൊരി.8:12)*
[b] *(സെഖ.13:7)*
[c] *(മർക്കൊ.14:21)*
43.[d] *മത്താ.5:30;18:8*

44.[e] *മർക്കൊ.9:48; മത്താ.3:12;25:41* [f] *മത്താ.5:22,29*
45.[g] *മത്താ.18:8* 46.[f] *(വാ.44കാ.)* 47.[h] *മത്താ.5:29; 18:9* [f] *(വാ.44കാ.)*

ചാകുന്നില്ല;[i] തീ കെടുന്നതുമില്ല.[j]
49 എല്ലാവനും തീകൊണ്ട് ഉപ്പിടും.
50 ഉപ്പു നല്ലതു തന്നെ;[k] ഉപ്പു
കാരമില്ലാതെ പോയാലോ എന്തൊ
ന്നിനാൽ അതിനു രസം വരു
ത്തും?[l] നിങ്ങളിൽ തന്നെ ഉപ്പുള്ള
വരും[m] അന്യോന്യം സമാധാനമു
ള്ളവരും[n] ആയിരിപ്പിൻ.

❋ ❋ ❋

***1. ഭാര്യയെ ഉപേക്ഷിക്കുന്നതിനെക്കുറിച്ച് 13. ശിശുക്കളെ അനുഗ്രഹിച്ചത് 17. ധനവാനായ ബാല്യക്കാരൻ 23. ധനത്താലുള്ള അപകടം 28. യേശുവിന്റെ നിമിത്തം നഷ്ടം സഹിക്കുന്നവർക്കുള്ള പ്രതിഫലം 32. തന്റെ മരണത്തെക്കുറിച്ച് പറഞ്ഞത് 35. സെബെദിപുത്രന്മാരുടെ അപേക്ഷ 46. ബർത്തിമായിക്ക് കാഴ്ച കൊടുത്തത്.***

**10** [a]അവിടെനിന്ന് അവൻ പുറ
പ്പെട്ടു യോർദ്ദാനക്കരെ യെ
ഹൂദ്യദേശത്തിന്റെ അതിരോളം[b]
ചെന്നു; പുരുഷാരം പിന്നെയും
അവന്റെ അടുക്കൽ വന്നുകൂടി,
പതിവുപോലെ അവൻ അവരെ
പിന്നെയും ഉപദേശിച്ചു.[c] 2 അ
പ്പോൾ പരീശന്മാർ അടുക്കെ വന്നു:
ഭാര്യയെ ഉപേക്ഷിക്കുന്നതു പുരു
ഷനു വിഹിതമോ[d] എന്ന് അവനെ
പരീക്ഷിച്ചുകൊണ്ട്[e] അവനോടു
ചോദിച്ചു. 3 അവൻ അവരോട്:
മോശെ നിങ്ങൾക്ക് എന്തു കല്പന
തന്നു എന്നു ചോദിച്ചു. 4 ഉപേക്ഷ
ണപത്രം എഴുതിക്കൊടുത്ത് അവ
ളെ ഉപേക്ഷിപ്പാൻ മോശെ അനു
വദിച്ചു[f] എന്ന് അവർ പറഞ്ഞു.
5 യേശു അവരോട്: നിങ്ങളുടെ
ഹൃദയകാഠിന്യം[g] നിമിത്തമത്രേ
അവൻ നിങ്ങൾക്ക് ഈ കല്പന
എഴുതിത്തന്നത്. 6 സൃഷ്ടിയുടെ
ആരംഭത്തിങ്കലോ[h] [i]ദൈവം അവരെ
ആണും പെണ്ണുമായി ഉണ്ടാക്കി.
7 [j]അതുകൊണ്ടു മനുഷ്യൻ അപ്പ
നെയും അമ്മയെയും വിട്ടു ഭാര്യ
യോടു പറ്റിച്ചേരും; 8 ഇരുവരും
ഒരു ദേഹമായിത്തീരും;[k] അങ്ങനെ
അവർ പിന്നെ രണ്ടല്ല ഒരു ദേഹ
മത്രേ. 9 ആകയാൽ ദൈവം യോജി
പ്പിച്ചതിനെ മനുഷ്യൻ വേർപിരി
ക്കരുത്[l] എന്ന് ഉത്തരം പറഞ്ഞു.
10 വീട്ടിൽവച്ചു ശിഷ്യന്മാർ പിന്നെ
യും അതിനെക്കുറിച്ച് അവനോടു
ചോദിച്ചു. 11 അവൻ അവരോട്:
ഭാര്യയെ ഉപേക്ഷിച്ചു മറ്റൊരുത്തി
യെ വിവാഹം കഴിക്കുന്നവൻ അ
വൾക്കു വിരോധമായി വ്യഭിചാരം
ചെയ്യുന്നു.[m] 12 സ്ത്രീയും ഭർത്താ
വിനെ ഉപേക്ഷിച്ചു മറ്റൊരുത്തനു
മായി വിവാഹം കഴിഞ്ഞാൽ വ്യഭി
ചാരം ചെയ്യുന്നു[n] എന്നു പറഞ്ഞു.
13 [o]അവൻ തൊടേണ്ടതിനു
ചിലർ ശിശുക്കളെ അവന്റെ അടു
ക്കൽ കൊണ്ടുവന്നു;ശിഷ്യന്മാരോ
അവരെ ശാസിച്ചു.[p] 14 യേശു
അതു കണ്ടാറെ മുഷിഞ്ഞ് അവ
രോട്: ശിശുക്കളെ എന്റെ അടു
ക്കൽ വരുവാൻ വിടുവിൻ;[q] അവ
രെ തടുക്കരുത്;[r] ദൈവരാജ്യം ഇങ്ങ
നെയുള്ളവരുടേതല്ലോ. 15 ദൈവ
രാജ്യത്തെ ശിശു എന്നപോലെ
കൈക്കൊള്ളാത്തവൻ ആരും[s]
ഒരുനാളും അതിൽ കടക്കയില്ല[t]
എന്നു ഞാൻ സത്യമായിട്ടു നിങ്ങ
ളോടു പറയുന്നു എന്നു പറഞ്ഞു.
16 പിന്നെ അവൻ അവരെ അ
ണച്ച്[u] അവരുടെമേൽ കൈവച്ചു,[v]
അവരെ അനുഗ്രഹിച്ചു.[u]
17 [w]അവൻ പുറപ്പെട്ടു യാത്ര
ചെയ്യുമ്പോൾ ഒരുവൻ ഓടിവന്ന്
അവന്റെ മുമ്പിൽ മുട്ടുകുത്തി:[x]
നല്ല ഗുരോ, നിത്യജീവനെ അവ
കാശം ആക്കുവാൻ[y] ഞാൻ എന്തു
ചെയ്യേണം എന്ന് അവനോടു

48.[i] യെശ.66:24
[j] മർക്കൊ.9:44
50.[k] ലൂക്കൊ.14:34
[l] മത്താ.5:13
[m] യെഹെ.43:24; കൊലൊ.4:6; (എഫെ. 4:29)
[n] റോമ.12:18; 2കൊരി.13:11; 1തെസ്സ.5:13; (മർക്കൊ.9:34); റോമ. 14:19

അധ്യായം 10

1.[a] മർക്കൊ. 10:1 - 12 ക്കു. മത്താ.19:1 - 9കാ.
[b] ലൂക്കൊ.9:51; 17:11; യോഹ.10:40; (മത്താ.4:25)
[c] മർക്കൊ.1:21; 2:13;4:2
2.[d] മത്താ.5:31
[e] (യോഹ.8:6)
4.[f] ആവ.24:1 - 4
5.[g] മർക്കൊ.16:14; (മർക്കൊ.3:5;6:52; എബ്രാ.3:8)
6.[h] മർക്കൊ.13:19; 2പത്രൊ.3:4; (റോമ.1:20)
[i] **ഉൽപ.1:27;5:2**
7.[j] എഫെ.5:31; **ഉൽപ. 2:24**
8.[k] 1കൊരി.6:16; (മലാ.2:15)
9.[l] 1കൊരി.7:11
11.[m] മത്താ.5:32
12.[n] 1കൊരി.7:11,13
13.[o] മർക്കൊ. 10:13 - 16ക്കു. മത്താ.19:13 - 15; ലൂക്കൊ.18:15 - 17കാ.
[p] മർക്കൊ.10:48
14.[q] മത്താ.18:3
[r] (മർക്കൊ.9:39)

15.[s] (ലൂക്കൊ.8:13; യാക്കോ.1:21) [t](യോഹ.3:3,5)
16.[u] മർക്കൊ.9:36 [v]വെളി.1:17 17.[w] മർക്കൊ. 10:17 - 30 ക്കു. മത്താ.19:16 - 29; ലൂക്കൊ. 18:18 - 30കാ (ലൂക്കൊ.10:25 - 28)[x] മർക്കൊ.1:40 [y](മത്താ.19:16); മത്താ.25:34

10:13 ***ശിശുക്കളെ:*** യേശു ശിശുക്കളെ ഉദാഹരണങ്ങളാക്കിപ്പറഞ്ഞിട്ടുണ്ട്. അതിനു കാരണം ശിശുക്കൾ പ്രായമായവരെപ്പോലെ ശക്തരോ ബുദ്ധിമാന്മാരോ അല്ല. ദൈവരാജ്യത്തിലെത്തുന്നതിനു വേണ്ടതു ശിശുക്കളുടെ എളിമയും ആശ്രയബോധവുമാണ്.

ചോദിച്ചു. 18 അതിനു യേശു:
എന്നെ നല്ലവൻ എന്നു പറയുന്നത്
എന്ത്? ദൈവം ഒരുവൻ അല്ലാതെ
നല്ലവൻ ആരുമില്ല. 19 [z]കൊല
ചെയ്യരുത്, വ്യഭിചാരം ചെയ്യരുത്,
മോഷ്ടിക്കരുത്, കള്ളസ്സാക്ഷ്യം
പറയരുത്, ചതിക്കരുത്, നിന്റെ
അപ്പനെയും അമ്മയെയും ബഹു
മാനിക്ക എന്നീ കല്പനകളെ നീ
അറിയുന്നുവല്ലോ എന്നു പറഞ്ഞു.
20 അവൻ അവനോട്: ഗുരോ,
ഇതൊക്കെയും ഞാൻ ചെറുപ്പം
മുതൽ പ്രമാണിച്ചുപോരുന്നു[a] എ
ന്നു പറഞ്ഞു. 21 യേശു അവനെ
നോക്കി[b] അവനെ സ്നേഹിച്ചു:[c]
ഒരു കുറവു നിനക്കുണ്ട്; നീ പോയി
നിനക്കുള്ളത് എല്ലാം വിറ്റു ദരിദ്രർ
ക്കു കൊടുക്ക;[d] എന്നാൽ നിനക്കു
സ്വർഗത്തിൽ നിക്ഷേപം ഉണ്ടാകും;[e]
പിന്നെ വന്ന് എന്നെ അനുഗമിക്ക
എന്നു പറഞ്ഞു. 22 അവൻ വളരെ
സമ്പത്തുള്ളവൻ ആകകൊണ്ട് ഈ
വചനത്തിങ്കൽ വിഷാദിച്ചു ദുഃഖി
തനായി പൊയ്ക്കളഞ്ഞു.[f]
23 യേശു ചുറ്റും നോക്കി[g]
തന്റെ ശിഷ്യന്മാരോട്: സമ്പത്തു
ള്ളവർ[h] ദൈവരാജ്യത്തിൽ[i] കടക്കു
ന്നത് എത്ര പ്രയാസം[h] എന്നു പറ
ഞ്ഞു. 24 അവന്റെ ഈ വാക്കി
നാൽ ശിഷ്യന്മാർ വിസ്മയിച്ചു;[j]
എന്നാൽ യേശു പിന്നെയും:
മക്കളേ,[k] സമ്പത്തിൽ ആശ്രയി
ക്കുന്നവർ[l] ദൈവരാജ്യത്തിൽ[i] കട
ക്കുന്നത് എത്ര പ്രയാസം.[m] 25 ധന
വാൻ ദൈവരാജ്യത്തിൽ[i] കടക്കു
ന്നതിനെക്കാൾ ഒട്ടകം സൂചിക്കുഴ
യൂടെ കടക്കുന്നത് എളുപ്പം എന്ന്
ഉത്തരം പറഞ്ഞു. 26 അവർ
ഏറ്റവും വിസ്മയിച്ചു: എന്നാൽ
രക്ഷപ്രാപിപ്പാൻ ആർക്കു കഴിയും
എന്നു തമ്മിൽ തമ്മിൽ പറഞ്ഞു.
27 യേശു അവരെ നോക്കി;[n] മനു
ഷ്യർക്ക് അസാധ്യം തന്നെ,[o] ദൈവ
ത്തിന് അല്ലതാനും. ദൈവത്തിനു
സകലവും സാധ്യമല്ലോ എന്നു
പറഞ്ഞു.

19.[z]റോമ.13:9;
പുറ.20:12-16;
ആവ.5:16-20;
(മത്താ.5:21,27)
20.[a](ഫിലി.3:6)
21.[b]മർക്കൊ.10:27;
ലൂക്കൊ.22:61;
യോഹ.1:42
(മർക്കൊ.3:5)
[c](യോഹ.11:5;13:23)
[d]ലൂക്കൊ.12:33;
(ലൂക്കൊ.16:9;19:8;
അപ്പൊ.പ്ര.2:45;
4:34,35;
1തിമൊ.6:18,19)
[e]മത്താ.6:19,20
22.[f](യെഹെ.33:31)
23.[g]മർക്കൊ.3:5
[h](1കൊരി.1:26);
മത്താ.13:22
[i]മത്താ.12:28
24.[j]മർക്കൊ.10:32
[k]മർക്കൊ.2:5;
(യോഹ.13:33;21:5)
[l]ഇയ്യോ.31:24;
സങ്കീ.49:6;52:7;
സദൃ.11:28;
1തിമൊ.6:17,18
[i](വാ.23 കാ.)
[m](മത്താ.7:14;
ലൂക്കൊ.13:24)
25.[i](വാ.23 കാ.)
27.[n]മർക്കൊ.10:23
[o]മർക്കൊ.14:36;
ഉൽപ.18:14;
ഇയ്യോ.42:2;
യിരെ.32:17,27;
സെഖ.8:6;
ലൂക്കൊ.1:37
28.[p]മർക്കൊ.1:18,20;
മത്താ.4:20,22
29.[q]മർക്കൊ.8:35
30.[r](മത്താ.6:33)
[s]2കൊരി.12:10;
2തെസ്സ.1:4;
2തിമൊ.3:11,12;
(യോഹ.15:20;

28 പത്രൊസ് അവനോട്: ഇതാ,
ഞങ്ങൾ സകലവും വിട്ടു നിന്നെ
അനുഗമിച്ചിരിക്കുന്നു[p] എന്നു പറ
ഞ്ഞുതുടങ്ങി. 29 അതിനു യേശു:
എന്റെ നിമിത്തവും സുവിശേഷം
നിമിത്തവും[q] വീടോ സഹോദര
ന്മാരെയോ സഹോദരികളെയോ
അമ്മയെയോ അപ്പനെയോ മക്ക
ളെയോ നിലങ്ങളെയോ വിട്ടാൽ,
30 ഈ ലോകത്തിൽ തന്നേ,[r]
ഉപദ്രവങ്ങളോടുംകൂടെ,[s] നൂറു മട
ങ്ങു വീടുകളെയും സഹോദരന്മാ
രെയും സഹോദരികളെയും അമ്മ
മാരെയും മക്കളെയും നിലങ്ങളെ
യും വരുവാനുള്ള ലോകത്തിൽ
നിത്യജീവനെയും[t] പ്രാപിക്കാത്ത
വൻ ആരുമില്ല[u] എന്നു ഞാൻ സ
ത്യമായിട്ടു നിങ്ങളോടു പറയുന്നു.
31 എങ്കിലും മുമ്പന്മാർ പലരും
പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരും
ആകും[v] എന്ന് ഉത്തരം പറഞ്ഞു.
32 [w]അവർ യെരൂശലേമിലേക്കു
യാത്രചെയ്കയായിരുന്നു; യേശു
അവർക്കു മുമ്പായി നടന്നു;[x] അവർ
വിസ്മയിച്ചു;[y] അനുഗമിക്കുന്നവ
രോ ഭയപ്പെട്ടു. അവൻ പിന്നെയും
പന്തിരുവരെ കൂട്ടിക്കൊണ്ട് അവ
രോട്: 33 ഇതാ, നാം യെരൂശലേ
മിലേക്കു പോകുന്നു;[z] അവിടെ
മനുഷ്യപുത്രൻ മഹാപുരോഹിത
ന്മാരുടെയും ശാസ്ത്രിമാരുടെയും
കൈയിൽ ഏല്പിക്കപ്പെടും; അവർ
അവനെ മരണത്തിനു വിധിച്ചു[a]
ജാതികൾക്ക് ഏല്പിക്കും.[b] 34 അ
വർ അവനെ പരിഹസിക്കയും[c]
തുപ്പുകയും തല്ലുകയും[d] കൊല്ലു
കയും മൂന്നു നാൾ കഴിഞ്ഞിട്ട്
അവൻ ഉയിർത്തെഴുന്നേല്ക്കയും[e]

അപ്പൊ.പ്ര.14:22) [t]മത്താ.12:32; എഫെ.1:21;
എബ്രാ.6:5; ലൂക്കൊ.20:35 [u](ലൂക്കൊ.14:26)
31.[v]മത്താ.19:30 32.[w]മർക്കൊ.10:32-34ക്കു.
മത്താ.20:17-19; ലൂക്കൊ.18:31-33കാ.[x]ലൂക്കൊ.
9:51;19:28 [y]മർക്കൊ.10:24 33.[z]മത്താ.16:21
[a]മത്താ.26:66; യോഹ.19:7 [b]മത്താ.27:2; യോഹ.
18:30,31; അപ്പൊ.പ്ര.3:13; (അപ്പൊ.പ്ര.2:23; 4:27;
21:11) 34.[c]മത്താ.27:26-31 [d]മർക്കൊ.14:65; 15:19;
മത്താ.26:67 [e]മർക്കൊ.8:31

ചെയ്യും എന്നിങ്ങനെ തനിക്കു സംഭ
വിക്കാനുള്ളതു പറഞ്ഞുതുടങ്ങി.
**35** [f]സെബെദിയുടെ മക്കളായ[g]
യാക്കോബും യോഹന്നാനും അവ
ന്റെ അടുക്കൽ വന്ന് അവനോട്:
ഗുരോ, ഞങ്ങൾ നിന്നോടു യാചി
പ്പാൻ പോകുന്നതു[h] ഞങ്ങൾക്കു
ചെയ്തുതരുവാൻ അപേക്ഷിക്കുന്നു
എന്നു പറഞ്ഞു. **36** അവൻ അവ
രോട്: ഞാൻ നിങ്ങൾക്ക് എന്തു
ചെയ്തുതരുവാൻ നിങ്ങൾ ആഗ്രഹി
ക്കുന്നു[i] എന്നു ചോദിച്ചു. **37** നിന്റെ
മഹത്ത്വത്തിൽ[j] ഞങ്ങളിൽ ഒരു
ത്തൻ നിന്റെ വലത്തും ഒരുത്തൻ
ഇടത്തും ഇരിപ്പാൻ[k] വരം നല്കേണം
എന്ന് അവർ പറഞ്ഞു. **38** യേശു
അവരോട്: നിങ്ങൾ യാചിക്കുന്നത്
ഇന്നത് എന്നു നിങ്ങൾ അറിയു
ന്നില്ല;[l] ഞാൻ കുടിക്കുന്ന പാനപാ
ത്രം കുടിപ്പാനും[m] ഞാൻ ഏല്ക്കുന്ന
സ്നാനം ഏല്പാനും[n] നിങ്ങൾക്കു
കഴിയുമോ എന്നു ചോദിച്ചതിന്
കഴിയും എന്ന് അവർ പറഞ്ഞു.
**39** യേശു അവരോട്: ഞാൻ കുടി
ക്കുന്ന പാനപാത്രം[o] നിങ്ങൾ കുടി
ക്കയും[p] ഞാൻ ഏല്ക്കുന്ന സ്നാനം
ഏല്ക്കയും[q] ചെയ്യും നിശ്ചയം.
**40** എന്റെ വലത്തും ഇടത്തും ഇരി
പ്പാൻ വരം നല്കുന്നതോ എന്റേ
തല്ല; ആർക്ക് ഒരുക്കിയിരിക്കുന്നു
വോ[r] അവർക്കു കിട്ടും[s] എന്നു പറ
ഞ്ഞു. **41** അതു ശേഷം പത്തു
പേരും കേട്ടിട്ട് യാക്കോബിനോടും
യോഹന്നാനോടും നീരസപ്പെട്ടു
തുടങ്ങി. **42** [t]യേശു അവരെ അ
ടുക്കെ വിളിച്ച് അവരോട്: ജാതി
കളിൽ അധിപതികളായവർ അവ
രിൽ കർത്തൃത്വം ചെയ്യുന്നു;[u] അവ
രിൽ മഹത്തുക്കളായവർ അവരുടെ
മേൽ അധികാരം നടത്തുന്നു എന്നു
നിങ്ങൾ അറിയുന്നു. **43** നിങ്ങളു
ടെ ഇടയിൽ അങ്ങനെ അരുത്;[v]
നിങ്ങളിൽ മഹാൻ ആകുവാൻ
ഇച്ഛിക്കുന്നവൻ എല്ലാം നിങ്ങളു
ടെ ശുശ്രൂഷക്കാരൻ[w] ആകേണം;
**44** നിങ്ങളിൽ ഒന്നാമൻ ആകുവാൻ
ഇച്ഛിക്കുന്നവൻ എല്ലാവർക്കും
ദാസനാകേണം.[x] **45** മനുഷ്യപു
ത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂ
ഷിപ്പാനും[y] അനേകർക്കു[z] വേണ്ടി
തന്റെ ജീവനെ മറുവിലയായി
കൊടുപ്പാനും[a] അത്രേ വന്നത്.
**46** [b]അവർ യെരീഹോവിൽ
എത്തി; പിന്നെ അവൻ ശിഷ്യന്മാ
രോടും വലിയ പുരുഷാരത്തോടും
കൂടെ യെരീഹോവിൽനിന്നു പുറ
പ്പെടുമ്പോൾ[c] തിമായിയുടെ മക
നായ ബർത്തിമായി എന്ന കുരുട
നായ ഒരു ഭിക്ഷക്കാരൻ വഴിയ
രികെ ഇരുന്നിരുന്നു.[d] **47** നസറാ
യനായ യേശു[e] എന്നു കേട്ടിട്ട്
അവൻ ദാവീദുപുത്രാ, യേശുവേ,
എന്നോടു കരുണ തോന്നേണമേ
എന്നു നിലവിളിച്ചു തുടങ്ങി.
**48** മിണ്ടാതിരിപ്പാൻ പലരും അവ
നെ ശാസിച്ചിട്ടും:[f] ദാവീദുപുത്രാ,
എന്നോടു കരുണ തോന്നേണമേ
എന്ന് അവൻ ഏറ്റവും അധികം
നിലവിളിച്ചു പറഞ്ഞു. **49** അപ്പോൾ
യേശു നിന്നു: അവനെ വിളിപ്പിൻ
എന്നു പറഞ്ഞു. ധൈര്യപ്പെടുക,[g]
എഴുന്നേല്ക്ക,നിന്നെ വിളിക്കുന്നു
എന്ന് അവർ പറഞ്ഞു കുരുടനെ
വിളിച്ചു. **50** അവൻ തന്റെ പുതപ്പ്[h]
ഇട്ടുംകളഞ്ഞു ചാടിയെഴുന്നേറ്റു
യേശുവിന്റെ അടുക്കൽ വന്നു.
**51** യേശു അവനോട്: ഞാൻ നിന
ക്ക് എന്തു ചെയ്തുതരേണമെന്ന്
നീ ഇച്ഛിക്കുന്നു[i] എന്നു ചോദിച്ച
തിന്: റബ്ബൂനീ,[j] എനിക്കു കാഴ്ച
പ്രാപിക്കേണമെന്നു കുരുടൻ അവ

35.[f] *മർക്കൊ. 10:35-45ക്കു. മത്താ.20:20-28കാ.* [g] *മർക്കൊ.1:19* [h] *(മത്താ.18:19)* 36.[i] *മർക്കൊ.10:51* 37.[j] *(ലൂക്കൊ.9:26)* [k] *(മത്താ.19:28)* 38.[l] *(ലൂക്കൊ.9:33; 23:34)* [m] *മർക്കൊ.14:36; മത്താ.26:29,42; ലൂക്കൊ.22:42; യോഹ.18:11; (യെശ.51:22)* [n] *ലൂക്കൊ.12:50* 39.[o] *(റോമ.8:17; ഫിലി.3:10,11)* [p] *അപ്പൊ.പ്ര.12:2; വെളി.1:9* [q] *(റോമ.6:3)* 40.[r] *മത്താ.25:34* [s] *(മത്താ.19:11)* 42.[t] *മർക്കൊ. 10:42-45 ക്കു. (മർക്കൊ.9:33-36; ലൂക്കൊ.22:25-27)* [u] *1പത്രൊ.5:3* 43.[v] *മത്താ.23:11; (ലൂക്കൊ.9:48)*

[w] *മത്താ.22:13* 44.[x] *2കൊരി.4:5* 45.[y] *യോഹ.13:4,5, 13-15;ഫിലി.2:7; (2കൊരി.8:9)* [z] *മർക്കൊ.14:24; യെശ.53:11,12; എബ്രാ.2:10;9:28; (റോമ.5:15; വെളി.5:9)* [a] *യെശ.53:10; ദാനീ.9:26; യോഹ.10:15; 11:51,52; റോമ.4:24,25; ഗലാ.1:3;2:20; 1തിമൊ.2:6; തീത്തൊ.2:14; 1പത്രൊ.1:18,19* 46. [b] *മർക്കൊ. 10:46-52ക്കു. മത്താ.20:29-34; ലൂക്കൊ. 18:35-43കാ.* [c] *(ലൂക്കൊ.18:35;19:1)* [d] *യോഹ.9:1,8* 47.[e] *മർക്കൊ.1:24; മത്താ.2:23* 48.[f] *മത്താ.19:13* 49.[g] *യോഹ.16:33* 50.[h] *മർക്കൊ.13:16* 51.[i] *മർക്കൊ.10:36* [j] *യോഹ.20:16*

10:38 ***കുടിക്കുന്ന പാനപാത്രം... ഏൽക്കുന്ന സ്നാനം:*** രണ്ടും ഒരേ അർഥത്തിലായിരിക്കണം ഉപയോഗിച്ചത്. യേശു സഹിക്കുവാനിരിക്കുന്ന കഷ്ടതയത്രെ സൂചിപ്പിക്കുന്നത്

10:51 ***റബ്ബൂനി:*** അരാമ്യഭാഷയിലാണ് കുരുടൻ വിളിച്ചത്. അതിന്റെ അർഥം 'എന്റെ ഗുരുവേ' എന്നാണ്.

നോടു പറഞ്ഞു. **52** യേശു അവ
നോട്: പോക; നിന്റെ വിശ്വാസം[k]
നിന്നെ രക്ഷിച്ചിരിക്കുന്നു[l] എന്നു
പറഞ്ഞു. ഉടനെ അവൻ കാഴ്ച
പ്രാപിച്ചു യാത്രയിൽ അവനെ
അനുഗമിച്ചു.

❋ ❋ ❋

*1. യേശു യെരൂശലേമിലേക്ക് പോയത് 12. കായ്ക്കാത്ത അത്തിവൃക്ഷത്തെ ശപിച്ചത് 15. ദൈവാലയത്തിൽനിന്ന് കച്ചവടക്കാരെ പുറത്താക്കിയത് 20. വിശ്വാസത്തെയും ക്ഷമ യെയുംകുറിച്ച് ബുദ്ധി ചൊല്ലിയത് 27. തന്റെ അധികാരത്തെക്കുറിച്ച് ചോദിച്ചവരെ മൊഴി മുട്ടിച്ചത്.*

# 11

[a]അവർ യെരൂശലേമിനോടു
സമീപിച്ച് ഒലിവ്മലയരികെ[b]
ബേത്ത്ഫാഗയിലും ബേഥാന്യ
യിലും[c] എത്തിയപ്പോൾ അവൻ
ശിഷ്യന്മാരിൽ രണ്ടുപേരെ[d]
അയച്ച് അവരോട്: **2** നിങ്ങൾക്ക്
എതിരേയുള്ള ഗ്രാമത്തിൽ ചെല്ലു
വിൻ; അതിൽ കടന്നാൽ ഉടനെ
ആരും ഒരിക്കലും കയറീട്ടില്ലാ
ത്ത[e] ഒരു കഴുതക്കുട്ടിയെ കെട്ടി
യിരിക്കുന്നതു കാണും; അതിനെ
അഴിച്ചു കൊണ്ടുവരുവിൻ. **3** ഇതു
ചെയ്യുന്നത് എന്ത് എന്ന് ആരെ
ങ്കിലും നിങ്ങളോടു ചോദിച്ചാൽ
കർത്താവിന് ഇതിനെക്കൊണ്ട്
ആവശ്യം ഉണ്ട് എന്നു പറവിൻ;
അവൻ ക്ഷണത്തിൽ അതിനെ ഇ
ങ്ങോട്ട് അയയ്ക്കും എന്നു പറ
ഞ്ഞു. **4** അവർ പോയി, തെരു
വിൽ പുറത്തു വാതില്ക്കൽ കഴു
തക്കുട്ടിയെ കെട്ടിയിരിക്കുന്നതു
കണ്ട് അതിനെ അഴിച്ചു. **5** അ
വിടെ നിന്നവരിൽ ചിലർ അവ
രോട്: നിങ്ങൾ കഴുതക്കുട്ടിയെ
അഴിക്കുന്നത് എന്ത് എന്നു ചോദി
ച്ചു. **6** യേശു കല്പിച്ചതുപോലെ
അവർ അവരോടു പറഞ്ഞു;
അവർ അവരെ വിട്ടയച്ചു. **7** അവർ
കഴുതക്കുട്ടിയെ യേശുവിന്റെ അടു
ക്കൽ കൊണ്ടുവന്നു തങ്ങളുടെ
വസ്ത്രം അതിന്മേൽ ഇട്ടു; അവൻ
അതിന്മേൽ കയറി ഇരുന്നു. **8** അ
നേകർ തങ്ങളുടെ വസ്ത്രം വഴിയിൽ
വിരിച്ചു;[f] മറ്റു ചിലർ പറമ്പുകളിൽ
നിന്നു ചില്ലിക്കൊമ്പു വെട്ടി വഴി
യിൽ വിതറി. **9** മുമ്പും പിമ്പും
നടക്കുന്നവർ: ഹോശന്നാ,[g] [h]കർ
ത്താവിന്റെ നാമത്തിൽ വരുന്നവൻ
വാഴ്ത്തപ്പെട്ടവൻ: **10** വരുന്നതായ
രാജ്യം,[i] നമ്മുടെ പിതാവായ[j]
ദാവീദിന്റെ[j] രാജ്യം[k] വാഴ്ത്തപ്പെടു
മാറാകട്ടെ; അത്യുന്നതങ്ങളിൽ[l]
ഹോശന്നാ[g] എന്ന് ആർത്തുകൊ
ണ്ടിരുന്നു.

**11** അവൻ യെരൂശലേമിൽ
ദൈവാലയത്തിലേക്കു ചെന്നു[m]
സകലവും ചുറ്റും നോക്കിയ ശേഷം
നേരം വൈകിയതുകൊണ്ടു പന്തി
രുവരോടുംകൂടെ ബേഥാന്യയിലേക്കു
പോയി.[n]

**12** [o]പിറ്റന്നാൾ അവർ ബേഥാന്യ
വിട്ടുപോരുമ്പോൾ അവനു വിശ
ന്നു;[p] **13** അവൻ ഇലയുള്ളൊരു
അത്തിവൃക്ഷം ദൂരത്തുനിന്നു ക
ണ്ടു;[q] അതിൽ വല്ലതും കണ്ടുകി
ട്ടുമോ എന്നു വച്ചു ചെന്നു; അതി
നരികെ എത്തിയപ്പോൾ ഇല
അല്ലാതെ ഒന്നും കണ്ടില്ല; അത്
അത്തിപ്പഴത്തിന്റെ കാലമല്ലാഞ്ഞു.[r]
**14** അവൻ അതിനോട്: ഇനി
നിങ്കൽനിന്ന് എന്നേക്കും ആരും
ഫലം തിന്നാതിരിക്കട്ടെ എന്നു
പറഞ്ഞു; അതു ശിഷ്യന്മാർ കേട്ടു.

**15** [s]അവർ യെരൂശലേമിൽ
എത്തിയപ്പോൾ അവൻ ദൈവാ
ലയത്തിൽ കടന്നു; ദൈവാലയ
ത്തിൽ വില്ക്കുന്നവരെയും വാങ്ങു
ന്നവരെയും പുറത്താക്കിത്തുടങ്ങി;
പൊൻവാണിഭക്കാരുടെ[t] മേശക
ളെയും പ്രാക്കളെ[u] വില്ക്കുന്നവ
രുടെ പീഠങ്ങളെയും മറിച്ചിട്ടുകള
ഞ്ഞു; **16** ആരും ദൈവാലയ
ത്തിൽക്കൂടി ഒരു വസ്തുവും കൊ
ണ്ടുപോകുവാൻ സമ്മതിച്ചില്ല.
**17** പിന്നെ അവരെ ഉപദേശിച്ചു:
[v]എന്റെ ആലയം സകല ജാതി
കൾക്കും പ്രാർഥനാലയം എന്നു

*52.[k] മർക്കൊ.5:34; മത്താ.9:22 ലൂക്കൊ.7:50; 8:48;17:19*
*[l] മർക്കൊ.5:23, 28;6:56; യോഹ.11:12; അപ്പൊ.പ്ര.4:9;14:9*

**അധ്യായം 11**

*1.[a] മർക്കൊ. 11:1 - 10ക്കു. മത്താ.21:1 - 9; ലൂക്കൊ.19:29 - 38; യോഹ.12:12 - 15കാ. (സെഖ.9:9)*
*[b] സെഖ.14:4; മത്താ.24:3;26:30; യോഹ.8:1 (അപ്പൊ.പ്ര.1:12)*
*[c] മത്താ.21:17; ലൂക്കൊ.24:50; യോഹ.11:18*
*[d] (മർക്കൊ.14:13)*
*2.[e] (ലൂക്കൊ.23:53)*
*8.[f] 2രാജാ.9:13*
*9.[g] സങ്കീ.118:25*
*[h] മത്താ.23:39;* ***സങ്കീ.118:26***
*10.[i] ലൂക്കൊ.1:32*
*[j] (അപ്പൊ.പ്ര.2:29)*
*[k] (യെഹെ.37:24,25)*
*[l] ലൂക്കൊ.2:14; (സങ്കീ.148:1)*
*[g] (വാ.9 കാ.)*
*11.[m] മത്താ.21:10*
*[n] മർക്കൊ.11:19; മത്താ.21:17*
*12.[o] മർക്കൊ. 11:12 - 14ക്കു. മത്താ.21:18,19കാ.*
*[p] മത്താ.4:2*
*13.[q] (ലൂക്കൊ. 13:6 - 9)*
*[r] മർക്കൊ.13:28*
*15.[s] മർക്കൊ. 11:15 - 18ക്കു. മത്താ.21:12 - 16; ലൂക്കൊ. 19:45 - 48 കാ. (യോഹ.2:14 - 16)*
*[t] (പുറ.30:13)*
*[u] ലേവ്യാ.1:14; 5:7;12:8; ലൂക്കൊ.2:24*
*17.[v]* ***യെശ.56:7***

വിളിക്കപ്പെടും എന്ന് എഴുതിയി
രിക്കുന്നില്ലയോ? നിങ്ങളോ അ
തിനെ കള്ളന്മാരുടെ ഗുഹയാ
ക്കിത്തീർത്തു[w] എന്നു പറഞ്ഞു.
18 അതു കേട്ടിട്ട് മഹാപുരോഹി
തന്മാരും ശാസ്ത്രിമാരും അവനെ
നശിപ്പിക്കേണ്ടത് എങ്ങനെ എന്ന്
അന്വേഷിച്ചു.[x] പുരുഷാരം എല്ലാം
അവന്റെ ഉപദേശത്തിൽ അതിശ
യിക്കയാൽ[y] അവർ അവനെ ഭയ
പ്പെട്ടിരുന്നു.
19 സന്ധ്യയാകുമ്പോൾ അവൻ
നഗരം വിട്ടുപോകും.[z]
20 [a]രാവിലെ അവർ കടന്നുപോരു
മ്പോൾ അത്തിവൃക്ഷം വേരോടെ
ഉണങ്ങിപ്പോയതു കണ്ടു. 21 അ
പ്പോൾ പത്രൊസിന് ഓർമവന്നു:
റബ്ബീ,[b] നീ ശപിച്ച അത്തി ഉണങ്ങി
പ്പോയല്ലോ എന്ന് അവനോടു പറ
ഞ്ഞു. 22 യേശു അവരോട് ഉത്തരം
പറഞ്ഞത്: ദൈവത്തിൽ വിശ്വാസ[c]
മുള്ളവർ ആയിരിപ്പിൻ.[d] 23 ആരെ
ങ്കിലും തന്റെ ഹൃദയത്തിൽ സംശ
യിക്കാതെ[e] താൻ പറയുന്നത് സംഭ
വിക്കും എന്നു വിശ്വസിച്ചുംകൊണ്ട്[f]
ഈ മലയോട്: നീ നീങ്ങി കടലിൽ
ചാടിപ്പോക[g] എന്നു പറഞ്ഞാൽ അ
വൻ പറഞ്ഞതുപോലെ സംഭവി
ക്കും[h] എന്നു ഞാൻ സത്യമായിട്ടു
നിങ്ങളോടു പറയുന്നു. 24 അതു
കൊണ്ടു നിങ്ങൾ പ്രാർഥിക്കുമ്പോൾ
യാചിക്കുന്നതൊക്കെയും ലഭിച്ചു[i]
എന്നു വിശ്വസിപ്പിൻ;[f] എന്നാൽ അ
തു നിങ്ങൾക്ക് ഉണ്ടാകും[j] എന്നു
ഞാൻ നിങ്ങളോടു പറയുന്നു.
25 നിങ്ങൾ പ്രാർഥിപ്പാൻ നില്ക്കു
മ്പോൾ[k] സ്വർഗസ്ഥനായ നിങ്ങളു
ടെ പിതാവ് നിങ്ങളുടെ പിഴകളെ
യും ക്ഷമിക്കേണ്ടതിനു[l] നിങ്ങൾക്ക്
ആരോടെങ്കിലും വല്ലതും ഉണ്ടെ
ങ്കിൽ[m] അവനോടു ക്ഷമിപ്പിൻ.[n]
26 നിങ്ങൾ ക്ഷമിക്കാഞ്ഞാലോ സ്വർ
ഗസ്ഥനായ നിങ്ങളുടെ പിതാവ് നി
ങ്ങളുടെ പിഴകളെയും ക്ഷമിക്കയില്ല.
27 [o]അവർ പിന്നെയും യെരൂ
ശലേമിൽ ചെന്നു. അവൻ ദൈവാ
ലയത്തിൽ ചുറ്റി നടക്കുമ്പോൾ

17.[w] യിരെ.7:11
18.[x] മത്താ.21:46
[y] മത്താ.7:28
19.[z] ലൂക്കൊ.21:37; (മർക്കൊ.11:11)
20.[a] മർക്കൊ. 11:20-24ക്കു. മത്താ.21:18-22കാ.
21.[b] യോഹ.1:38
22.[c] എഫെ.3:12; ഫിലി.3:9
[d] യോഹ.14:1
23.[e] അപ്പൊ.പ്ര.10:20; റോമ.4:20;14:23; യാക്കോ.1:6
[f] (മർക്കൊ.16:17; യോഹ.14:12)
[g] (സങ്കീ.46:2; 1കൊരി.13:2; വെളി.8:8)
[h] മത്താ.17:20,21
24.[i] (യെശ.65:24; മത്താ.6:8)
[f] (വാ.23കാ.)
[j] മത്താ.7:7
25.[k] മത്താ.6:5; ലൂക്കൊ.18:11
[l] മത്താ.7:11
[m] കൊലൊ.3:13; (മത്താ.5:23,24;6:15)
[n] മത്താ.6:14
27.[o] മർക്കൊ. 11:27-33 ക്കു. മത്താ.21:23-27; ലൂക്കൊ.20:1-8കാ.
28.[p] (പുറ.2:14; യോഹ.1:25; അപ്പൊ.പ്ര.4:7)
30.[q] ലൂക്കൊ.15:18,21; യോഹ.3:27
31.[r] മത്താ.21:32; ലൂക്കൊ.7:30
32.[s] (യോഹ.5:35); മത്താ.11:9
[t] മത്താ.14:5;21:46

അധ്യായം 12
1.[a] മർക്കൊ. 12:1-12ക്കു. മത്താ.21:33-46; ലൂക്കൊ.20:9-19കാ.
[b] സങ്കീ.80:8; യെശ.5:1; മത്താ.21:28
[c] യെശ.5:2
[d] (യോവേ.3:13)
[e] ഉത്തമ.8:11,12

മഹാപുരോഹിതന്മാരും ശാസ്ത്രി
മാരും മൂപ്പന്മാരും അവന്റെ അടു
ക്കൽ വന്നു; 28 നീ എന്ത് അധി
കാരംകൊണ്ട് ഇത് ചെയ്യുന്നു എ
ന്നും ഇതു ചെയ്‌വാനുള്ള അധി
കാരം നിനക്കു തന്നത് ആർ[p] എന്നും
അവനോട് ചോദിച്ചു. 29 യേശു
അവരോട്: ഞാൻ നിങ്ങളോട് ഒരു
വാക്കു ചോദിക്കും; അതിന് ഉത്ത
രം പറവിൻ; എന്നാൽ ഇന്ന അധി
കാരംകൊണ്ട് ഇത് ചെയ്യുന്നു
എന്നു ഞാനും നിങ്ങളോടു പറ
യും. 30 യോഹന്നാന്റെ സ്നാനം
സ്വർഗത്തിൽനിന്നോ[q] മനുഷ്യരിൽ
നിന്നോ ഉണ്ടായത്? എന്നോട് ഉ
ത്തരം പറവിൻ എന്നു പറഞ്ഞു.
31 അവർ തമ്മിൽ ആലോചിച്ചു:
സ്വർഗത്തിൽനിന്ന് എന്നു പറ
ഞ്ഞാൽ, പിന്നെ നിങ്ങൾ അവനെ
വിശ്വസിക്കാഞ്ഞത് എന്ത്[r] എന്ന്
അവൻ പറയും. 32 മനുഷ്യരിൽ
നിന്ന് എന്നു പറഞ്ഞാലോ– എല്ലാ
വരും യോഹന്നാനെ സാക്ഷാൽ
പ്രവാചകൻ[s] എന്ന് എണ്ണുകകൊ
ണ്ട് അവർ ജനത്തെ ഭയപ്പെട്ടു.[t]
33 അങ്ങനെ അവർ യേശുവിനോട്:
ഞങ്ങൾക്ക് അറിഞ്ഞുകൂടാ എന്ന്
ഉത്തരം പറഞ്ഞു. എന്നാൽ ഞാനും
ഇത് ഇന്ന അധികാരംകൊണ്ടു
ചെയ്യുന്നു എന്നു നിങ്ങളോടു പറ
യുന്നില്ല എന്നു യേശു അവരോടു
പറഞ്ഞു.

❋ ❋ ❋

*1. കള്ളക്കുടിയാന്മാരുടെ ഉപമ 13. കൈസർക്ക് കരം കൊടുക്കുന്നത് 18. ഉയിർപ്പ് 28. ന്യായപ്രമാണത്തിന്റെ സാരാംശം 35. യേശു ദാവീദിന് പുത്രനും കർത്താവും എന്നത് 38. ശാസ്ത്രികളെ ശാസിച്ചത് 41. വിധവയുടെ കാശ്*

12 [a]പിന്നെ അവൻ ഉപമക
ളാൽ അവരോടു പറഞ്ഞു
തുടങ്ങിയത്: ഒരു മനുഷ്യൻ ഒരു
മുന്തിരിത്തോട്ടം[b] നട്ടുണ്ടാക്കി
ചുറ്റും വേലി കെട്ടി[c] ചക്കും കുഴി
ച്ചു[d] നാട്ടി ഗോപുരവും പണിതു
കുടിയാന്മാരെ ഏല്പിച്ചിട്ടു[e]

പരദേശത്തു പോയി.[f] **2** കാലം
ആയപ്പോൾ കുടിയാന്മാരോടു
തോട്ടത്തിന്റെ അനുഭവം വാങ്ങേ
ണ്ടതിന്[e] അവൻ ഒരു ദാസനെ
കുടിയാന്മാരുടെ അടുക്കൽ പറ
ഞ്ഞയച്ചു. **3** അവർ അവനെ പിടി
ച്ചു തല്ലി വെറുതേ അയച്ചുകള
ഞ്ഞു.[g] **4** പിന്നെ[g] മറ്റൊരു ദാസനെ
അവരുടെ അടുക്കൽ പറഞ്ഞയ
ച്ചു;[h] അവനെ അവർ തലയിൽ
മുറിവേല്പിക്കയും[i] അവമാനിക്ക
യും[j] ചെയ്തു. **5** അവൻ മറ്റൊരു
വനെ പറഞ്ഞയച്ചു;[g] അവനെ അ
വർ കൊന്നു; മറ്റു പലരെയും ചില
രെ അടിക്കയും ചിലരെ കൊല്ലു
കയും ചെയ്തു. **6** അവന് ഇനി
ഒരുത്തൻ, ഒരു പ്രിയമകൻ, ഉണ്ടാ
യിരുന്നു.[k] എന്റെ മകനെ അവർ
ശങ്കിക്കും എന്നു പറഞ്ഞ് ഒടുക്കം[l]
അവനെ അവരുടെ അടുക്കൽ പറ
ഞ്ഞയച്ചു. **7** ആ കുടിയാന്മാരോ:
ഇവൻ അവകാശി[m] ആകുന്നു; വരു
വിൻ; നാം ഇവനെ കൊല്ലുക;
എന്നാൽ അവകാശം നമുക്കാകും[n]
എന്നു തമ്മിൽ പറഞ്ഞു. **8** അവർ
അവനെ പിടിച്ചു കൊന്നു തോട്ട
ത്തിൽനിന്ന് എറിഞ്ഞുകളഞ്ഞു.[o]
**9** എന്നാൽ തോട്ടത്തിന്റെ ഉടയ
വൻ എന്തു ചെയ്യും? അവൻ[p] വന്ന്
ആ കുടിയാന്മാരെ നിഗ്രഹിച്ചു[q]
തോട്ടം മറ്റുള്ളവരെ ഏല്പിക്കും.[r]
**10** [s]“വീട് പണിയുന്നവർ തള്ളി
ക്കളഞ്ഞ കല്ല് മൂലക്കല്ലായിത്തീർ
ന്നിരിക്കുന്നു. ഇതു കർത്താവിനാൽ
സംഭവിച്ചു. **11** നമ്മുടെ ദൃഷ്ടിയിൽ
ആശ്ചര്യവുമായിരിക്കുന്നു” എന്ന
തിരുവെഴുത്തു[t] നിങ്ങൾ വായിച്ചി
ട്ടില്ലയോ?[u]
**12** ഈ ഉപമ തങ്ങളെക്കുറിച്ച്
ആകുന്നു പറഞ്ഞത് എന്നു ഗ്രഹി
ച്ചിട്ട് അവർ അവനെ പിടിപ്പാൻ അ
ന്വേഷിച്ചു;[v] എന്നാൽ പുരുഷാരത്തെ
ഭയപ്പെട്ട്[w] അവനെ വിട്ടുപോയി.[x]

1.[f] *മർക്കൊ.13:34; മത്താ.25:14,15*
2.[e] *(വാ.1 കാ.)*
3.[g] *മത്താ.5:12;22:6; 23:34,37; (2ദിന.24:19; 36:15,16; നെഹെ.9:26; യിരെ.37:15;38:6; അപൊ.പ്ര.7:52; 2കൊരി.11:24 - 26; 1തെസ്സ.2:15; എബ്രാ.11:36,37)*
4.[g] *(വാ.3 കാ.)*
[h] *മത്താ.22:4*
[i] *(അപൊ.പ്ര.14:19)*
[j] *അപൊ.പ്ര.5:41*
5.[g] *(വാ.3 കാ.)*
6.[k] *മത്താ.3:17*
[l] *(എബ്രാ.1:1)*
7.[m] *എബ്രാ.1:2; (യോഹ.1:11; റോമ.8:17)*
[n] *(1രാജാ.21:19)*
8.[o] *എബ്രാ.13:12*
9.[p] *(ലൂക്കൊ.19:27)*
[q] *(മത്താ.24:50,51; 25:19)*
[r] *മത്താ.21:43; അപൊ.പ്ര.13:46; 18:6;28:28 (മത്താ.8:11,12)*
10.[s] *അപൊ.പ്ര.4:11; 1പത്രൊ.2:7;* ***സങ്കീ.118:22,23***
11.[t] *ലൂക്കൊ.4:21; അപൊ.പ്ര.8:35; (യോഹ.19:37; അപൊ.പ്ര.1:16)*
[u] *മത്താ.21:16*
12.[v] *മർക്കൊ.11:18; ലൂക്കൊ.19:47,48; യോഹ.7:25,30,44; (മത്താ.26:4)*
[w] *മർക്കൊ.11:32*
[x] *മത്താ.22:22*

**13** [y]അനന്തരം അവനെ വാക്കിൽ
കുടുക്കുവാൻ വേണ്ടി[z] അവർ പരീ
ശന്മാരിലും[a] ഹെരോദ്യരിലും[a] ചി
ലരെ അവന്റെ അടുക്കൽ അയച്ചു.
അവർ വന്ന്: **14** ഗുരോ, നീ മനു
ഷ്യരുടെ മുഖം നോക്കാതെ[b] ദൈ
വത്തിന്റെ വഴി[c] നേരായി പഠിപ്പി
ക്കുന്നതുകൊണ്ടു നീ സത്യവാനും
ആരെയും ഗണ്യമാക്കാത്തവനും
എന്നു ഞങ്ങൾ അറിയുന്നു;[d]
കൈസർക്കു[e] കരം[f] കൊടുക്കു
ന്നതു വിഹിതമോ അല്ലയോ? ഞ
ങ്ങൾ കൊടുക്കയോ കൊടുക്കാ
തിരിക്കയോ വേണ്ടത് എന്ന് അവ
നോടു ചോദിച്ചു. **15** അവൻ അവ
രുടെ കപടം[g] അറിഞ്ഞു: നിങ്ങൾ
എന്നെ പരീക്ഷിക്കുന്നത് എന്ത്?[h]
ഒരു വെള്ളിക്കാശ്[i] കൊണ്ടുവരു
വിൻ; ഞാൻ കാണട്ടെ എന്നു പറ
ഞ്ഞു. **16** അവർ കൊണ്ടുവന്നു.
ഈ സ്വരൂപവും മേലെഴുത്തും ആരു
ടേത് എന്ന് അവരോടു ചോദിച്ച
തിന്: കൈസരുടേത് എന്ന് അവർ
പറഞ്ഞു. **17** യേശു അവരോട്:
കൈസർക്കുള്ളതു കൈസർക്കും
ദൈവത്തിനുള്ളതു ദൈവത്തിനും
കൊടുപ്പിൻ എന്നു പറഞ്ഞു;[j]
അവർ അവങ്കൽ വളരെ ആശ്ചര്യ
പ്പെട്ടു.
**18** പുനരുത്ഥാനം ഇല്ല എന്നു
പറയുന്ന[k] സദൂക്യർ[l] അവന്റെ അടു
ക്കൽ വന്നു ചോദിച്ചതെന്തെന്നാൽ:
**19** ഗുരോ, ഒരുത്തന്റെ സഹോദ
രൻ മക്കളില്ലാതെ മരിച്ചു ഭാര്യ
ശേഷിച്ചാൽ, ആ ഭാര്യയെ അവ
ന്റെ സഹോദരൻ പരിഗ്രഹിച്ചു
തന്റെ സഹോദരനു സന്തതിയെ

13.[y] *മർക്കൊ.12:13 - 27ക്കു.മത്താ.22:15 - 32; ലൂക്കൊ.20:20 - 38കാ.* [z] *ലൂക്കൊ.11:54* [a] *മർക്കൊ.3:6; (മർക്കൊ.8:15)* 14.[b] *അപൊ.പ്ര.10:34* [c] *അപൊ.പ്ര.18:25,26;(അപൊ.പ്ര.13:10)* [d] *(യോഹ.3:2)* [e] *ലൂക്കൊ.2:1; 3:1* [f] *മത്താ.17:25* 15.[g] *മത്താ.23:28; ലൂക്കൊ.12:1* [h] *(യോഹ.8:6)* [i] *മത്താ.18:28* 17.[j] *റോമ.13:7* 18.[k] *അപൊ.പ്ര.23:8; (അപൊ.പ്ര.4:2)* [l] *മത്താ.3:7;16:1;22:34; അപൊ.പ്ര.4:1; 5:17;23:6*

12:15 ***വെള്ളിക്കാശ്:*** ഒരു ദിനാർ ആയിരിക്കാം. യേശുവിന്റെ കാലത്തെ ദിനാറിന്റെ ഒരു വശത്തു തിബെര്യാസ് കൈസറുടെ രൂപം ചേർത്തിരുന്നു. ഔഗസ്തോസ് കൈസറുടെ മകനായിരുന്നു ഇദ്ദേഹം.

ജനിപ്പിക്കേണം[m] എന്നു മോശെ
എഴുതിയിരിക്കുന്നു. 20 എന്നാൽ
ഏഴു സഹോദരന്മാർ ഉണ്ടായിരു
ന്നു; അവരിൽ മൂത്തവൻ ഒരു
സ്ത്രീയെ വിവാഹം കഴിച്ചു സന്ത
തിയില്ലാതെ മരിച്ചുപോയി. 21 ര
ണ്ടാമത്തവൻ അവളെ പരിഗ്രഹിച്ചു
സന്തതിയില്ലാതെ മരിച്ചു; മൂന്നാമ
ത്തവനും അങ്ങനെതന്നെ. 22 എഴു
വരും സന്തതിയില്ലാതെ മരിച്ചു;
എല്ലാവർക്കും ഒടുവിൽ സ്ത്രീയും
മരിച്ചു. 23 പുനരുത്ഥാനത്തിൽ
അവൾ അവരിൽ ഏവനു ഭാര്യ
യാകും? എഴുവർക്കും ഭാര്യ ആയി
രുന്നുവല്ലോ. 24 യേശു അവരോടു
പറഞ്ഞത്: നിങ്ങൾ തിരുവെഴു
ത്തുകളെയും[n] ദൈവശക്തിയെ
യും[o] അറിയായ്കകൊണ്ടല്ലയോ
തെറ്റിപ്പോകുന്നത്? 25 മരിച്ചവരിൽ
നിന്ന് ഉയിർത്തെഴുന്നേല്ക്കുമ്പോൾ
വിവാഹം കഴിക്കയില്ല[p] വിവാഹ
ത്തിനു കൊടുക്കപ്പെടുകയുമില്ല;[p]
സ്വർഗത്തിലെ ദൂതന്മാരെപ്പോലെ
യാകും. 26 എന്നാൽ മരിച്ചവർ
ഉയിർത്തെഴുന്നേല്ക്കുന്നതിനെക്കു
റിച്ചു മോശെയുടെ പുസ്തകത്തിൽ,[q]
മുൾപ്പടർപ്പു[r]ഭാഗത്തു[s] ദൈവം അവ
നോട്: [t]ഞാൻ അബ്രാഹാമിന്റെ
ദൈവവും യിസ്ഹാക്കിന്റെ ദൈവ
വും യാക്കോബിന്റെ ദൈവവും
എന്ന് അരുളിച്ചെയ്തപ്രകാരം വാ
യിച്ചിട്ടില്ലയോ?[u] 27 അവൻ മരിച്ച
വരുടെ ദൈവമല്ല, ജീവനുള്ളവ
രുടെ ദൈവമത്രേ; നിങ്ങൾ വളരെ
തെറ്റിപ്പോകുന്നു.

28 [v]ശാസ്ത്രിമാരിൽ ഒരുവൻ
അടുത്തുവന്ന് അവർ തമ്മിൽ തർ
ക്കിക്കുന്നതു കേട്ട് അവൻ അവ
രോടു നല്ലവണ്ണം ഉത്തരം പറഞ്ഞ
പ്രകാരം ബോധിച്ചിട്ട്: എല്ലാറ്റിലും
മുഖ്യകല്പന ഏത് എന്ന് അവ
നോടു ചോദിച്ചു. 29 അതിന്
യേശു: എല്ലാറ്റിലും മുഖ്യകല്പന
യോ: [w]‘യിസ്രായേലേ, കേൾക്ക;
നമ്മുടെ ദൈവമായ കർത്താവ്
ഏക കർത്താവ്.[x] 30 നിന്റെ ദൈ
വമായ കർത്താവിനെ നീ പൂർണ
ഹൃദയത്തോടും പൂർണാത്മാവോ
ടും പൂർണമനസ്സോടും പൂർണ
ശക്തിയോടുംകൂടെ സ്നേഹിക്കേ
ണം’ എന്ന് ആകുന്നു. 31 രണ്ടാമ
ത്തേതോ:[y] [z]‘കൂട്ടുകാരനെ നിന്നെ
പ്പോലെതന്നെ സ്നേഹിക്കേണം’
എന്നത്രേ; ഇവയിൽ വലുതാ
യിട്ടു[a] മറ്റൊരു കല്പനയും ഇല്ല
എന്ന് ഉത്തരം പറഞ്ഞു. 32 ശാ
സ്ത്രി അവനോട്: നന്ന്, ഗുരോ,
നീ പറഞ്ഞതു സത്യംതന്നെ; ഏക
നേയുള്ളൂ;[w] [b]അവനല്ലാതെ മറ്റൊ
രുത്തനുമില്ല. 33 അവനെ പൂർണ
ഹൃദയത്തോടും പൂർണമനസ്സോ
ടും[c] പൂർണശക്തിയോടുംകൂടെ
സ്നേഹിക്കുന്നതും തന്നെപ്പോലെ
കൂട്ടുകാരനെ സ്നേഹിക്കുന്നതും
സകല സർവ്വാംഗഹോമങ്ങളെ
ക്കാളും യാഗങ്ങളെക്കാളും[d] സാര
മേറിയതു തന്നെ[e] എന്നു പറഞ്ഞു.
34 അവൻ ബുദ്ധിയോടെ ഉത്തരം
പറഞ്ഞു എന്ന് യേശു കണ്ടിട്ട്:
നീ ദൈവരാജ്യത്തോട് അകന്ന
വനല്ല എന്നു പറഞ്ഞു. അതിന്റെ
ശേഷം അവനോട് ആരും ഒന്നും
ചോദിപ്പാൻ തുനിഞ്ഞില്ല.[f]

35 [g]യേശു ദൈവാലയത്തിൽ
ഉപദേശിച്ചുകൊണ്ടു[h] പറഞ്ഞുതു
ടങ്ങിയത്: ക്രിസ്തു ദാവീദിന്റെ
പുത്രൻ[i] എന്നു ശാസ്ത്രിമാർ പറ
യുന്നത് എങ്ങനെ?

36 [j]“കർത്താവ് എന്റെ കർത്താ
വിനോട്: ഞാൻ നിന്റെ ശത്രുക്കളെ
നിന്റെ പാദപീഠം[k] ആക്കുവോളം
എന്റെ വലത്തുഭാഗത്തിരിക്ക എന്ന്
അരുളിച്ചെയ്തു” എന്നു ദാവീദ്
താൻ പരിശുദ്ധാത്മാവിലായി[l] പറ
യുന്നു. 37 ദാവീദ് തന്നെ അവ
നെ കർത്താവ് എന്നു പറയുന്നു
വല്ലോ; പിന്നെ അവന്റെ പുത്രൻ
ആകുന്നത് എങ്ങനെ?[m] എന്നാൽ
വലിയ പുരുഷാരം അവന്റെ വാക്ക്
സന്തോഷത്തോടെ കേട്ടുപോന്നു.[n]

19.[m] (ആവ.25:5)
24.[n] യോഹ.20:9
[o] 1കൊരി.6:14
25.[p] മത്താ.24:38; ലൂക്കൊ.17:27
26.[q] (ലൂക്കൊ.3:6; 20:43; അപ്പൊ.പ്ര.1:20; 7:43)
[r] പുറ.3:1-4,17
[s] (റോമ.11:2)
[t] അപ്പൊ.പ്ര.7:32; **പുറ.3:6**
[u] മത്താ.21:16
28.[v] മർക്കൊ.12:28-34ക്കു. മത്താ.22:34-40, 46കാ.
29.[w] ലൂക്കൊ.10:27; **ആവ.6:4,5**
[x] റോമ.3:30; 1കൊരി.8:4,6; ഗലാ.3:20; എഫെ.4:6; 1തിമൊ.1:17;2:5; യാക്കോ.2:19;4:12; യൂദാ.25; (മത്താ.19:17;23:9; യോഹ.5:44;17:3)
31.[y] (1യോഹ.4:21)
[z] **ലേവ്യ.19:18;** മത്താ.19:19
[a] (മത്താ.23:23)
32.[w] (വാ.29കാ.)
[b] **ആവ.4:35**
33.[c] ആവ.4:6; ലൂക്കൊ.2:47; കൊലൊ.1:10;2:2
[d] സങ്കീ.40:6; എബ്രാ.10:6,8
[e] 1ശമൂ.15:22; ഹോശേ.6:6; മീഖാ.6:6-8; മത്താ.9:13;12:7
34.[f] ലൂക്കൊ.20:40
35.[g] മർക്കൊ.12:35-37ക്കു. മത്താ.22:41-45; ലൂക്കൊ.20:41-44കാ.
[h] മത്താ.26:55

[i] മത്താ.1:1,17 36.[j] അപ്പൊ.പ്ര.2:34,35; എബ്രാ.1:13; **സങ്കീ.110:1;** (1കൊരി.15:25; എബ്രാ.10:13) [k] (അപ്പൊ.പ്ര.7:49) [l] (ലൂക്കൊ.10:21; 1 കൊരി.12:3) 37.[m] (റോമ.1:5) [n] മർക്കൊ.6:20

**38** [o]അവൻ തന്റെ ഉപദേശ
ത്തിൽ അവരോട്: അങ്കികളോടെ
നടക്കുന്നതും അങ്ങാടിയിൽ വന്ദന
വും **39** പള്ളിയിൽ മുഖ്യാസനവും
അത്താഴത്തിൽ പ്രധാനസ്ഥലവും[p]
ഇച്ഛിക്കുന്ന ശാസ്ത്രിമാരെ സൂക്ഷി
ച്ചുകൊൾവിൻ. **40** അവർ വിധവ
മാരുടെ വീടുകളെ വിഴുങ്ങുകയും[q]
ഉപായത്താൽ നീണ്ട പ്രാർഥന
കഴിക്കയും[r] ചെയ്യുന്നു; അവർക്ക്
ഏറ്റവും വലിയ ശിക്ഷാവിധി[s]
വരും എന്നു പറഞ്ഞു.
**41** [t]പിന്നെ യേശു ശ്രീഭണ്ഡാ
രത്തിനു[u] നേരേ ഇരിക്കുമ്പോൾ
പുരുഷാരം ഭണ്ഡാരത്തിൽ പണം[v]
ഇടുന്നതു[w] നോക്കിക്കൊണ്ടിരുന്നു;
ധനവാന്മാർ പലരും വളരെ ഇട്ടു.
**42** ദരിദ്രയായ ഒരു വിധവ വന്ന്
ഒരു പൈസയ്ക്കു ശരിയായ രണ്ടു
കാശ്[x] ഇട്ടു. **43** അപ്പോൾ അവൻ
ശിഷ്യന്മാരെ അടുക്കൽ വിളിച്ചു:
ഭണ്ഡാരത്തിൽ ഇട്ട എല്ലാവരെ
ക്കാളും ഈ ദരിദ്രയായ വിധവ
അധികം ഇട്ടിരിക്കുന്നു[y] എന്നു
ഞാൻ സത്യമായിട്ടു നിങ്ങളോടു
പറയുന്നു. **44** എല്ലാവരും തങ്ങളു
ടെ സമൃദ്ധിയിൽനിന്ന് ഇട്ടു; ഇവ
ളോ തന്റെ ഇല്ലായ്മയിൽനിന്നു[z]
തനിക്കുള്ളതൊക്കെയും തന്റെ
ഉപജീവനം[a] മുഴുവനും ഇട്ടു എന്ന്
അവരോടു പറഞ്ഞു.

❋ ❋ ❋

*1. ദൈവാലയത്തിന്റെ നാശം 9. സുവിശേഷ ത്തിനുവേണ്ടിയുള്ള പീഡകൾ 14. യെഹൂദ ന്മാരുടെ വലിയ ആപത്തുകൾ 24. യേശു വിന്റെ മഹത്ത്വപ്രത്യക്ഷതയും 32. അവയുടെ സമയം മനുഷ്യർക്ക് നിശ്ചയമില്ലാത്തതിനാൽ ജാഗരണം വേണമെന്നതും.*

**13** [a]അവൻ ദൈവാലയത്തെവിട്ടു
പോകുമ്പോൾ ശിഷ്യന്മാരിൽ
ഒരുത്തൻ: ഗുരോ, ഇതാ, എങ്ങ
നെയുള്ള കല്ല്, എങ്ങനെയുള്ള
പണി എന്ന് അവനോടു പറഞ്ഞു.
**2** യേശു അവനോട്: നീ ഈ
വലിയ പണി കാണുന്നുവോ? ഇ
ടിക്കാതെ കല്ലിന്മേൽ കല്ല് ഇവിടെ
ശേഷിക്കയില്ല[b] എന്നു പറഞ്ഞു.
**3** പിന്നെ അവൻ ഒലിവുമലയിൽ[c]
ദൈവാലയത്തിന് നേരേ ഇരിക്കു
മ്പോൾ പത്രൊസും യാക്കോബും
യോഹന്നാനും[d] അന്ത്രെയാസും[e]
സ്വകാര്യമായി[f] അവനോടു: **4** അത്
എപ്പോൾ സംഭവിക്കും? അതിന്
എല്ലാം നിവൃത്തിവരുന്ന കാലത്തി
ന്റെ ലക്ഷണം എന്ത്[g] എന്ന്
ഞങ്ങളോടു പറഞ്ഞാലും എന്നു
ചോദിച്ചു. **5** യേശു അവരോട് പറ
ഞ്ഞുതുടങ്ങിയത്: ആരും നിങ്ങളെ
തെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചു
കൊൾവിൻ.[h] **6** ഞാൻ ആകുന്നു[i]
എന്നു പറഞ്ഞുകൊണ്ട് അനേകർ
എന്റെ പേരെടുത്തു വന്നു[j] പലരെ
യും തെറ്റിക്കും. **7** എന്നാൽ നി
ങ്ങൾ യുദ്ധങ്ങളെയും യുദ്ധശ്രുതി
കളെയും കുറിച്ചു കേൾക്കുമ്പോൾ
ഭ്രമിച്ചുപോകരുത്.[k] അതു സംഭവി
ക്കേണ്ടതു തന്നെ;[l] എന്നാൽ അത്
അവസാനമല്ല. **8** ജാതി ജാതിയോ
ടും[m] രാജ്യം രാജ്യത്തോടും[n] എതിർ
ക്കും. അവിടവിടെ ഭൂകമ്പവും[o]
ക്ഷാമവും[p] ഉണ്ടാകും; ഇത് ഈറ്റു
നോവിന്റെ ആരംഭമത്രേ.
**9** [q]എന്നാൽ നിങ്ങളെത്തന്നെ
സൂക്ഷിച്ചുകൊൾവിൻ;[r] അവർ
നിങ്ങളെ ന്യായാധിപസംഘങ്ങളിൽ[s]
ഏല്പിക്കയും പള്ളികളിൽ വച്ചു
തല്ലുകയും[t] എന്റെ നിമിത്തം നാടു
വാഴികൾക്കും[u] രാജാക്കന്മാർക്കും[v]
മുമ്പാകെ അവർക്കു സാക്ഷ്യത്തി
നായി[w] നിറുത്തുകയും ചെയ്യും.
**10** എന്നാൽ സുവിശേഷം മുമ്പേ
സകല ജാതികളോടും[x] പ്രസംഗി
ക്കേണ്ടതാകുന്നു. **11** അവർ നിങ്ങളെ
കൊണ്ടുപോയി ഏല്പിക്കുമ്പോൾ
എന്തു പറയേണ്ടു എന്നു മുൻ
കൂട്ടി വിചാരപ്പെടരുത്.[y] ആ നാഴി
കയിൽ നിങ്ങൾക്കു ലഭിക്കുന്നതു

38.[o] *മർക്കൊ. 12:38,39ക്കു. മത്താ.23:1,2,5 - 7; ലൂക്കൊ.20:45,46 കാ. (ലൂക്കൊ.11:43)*
39.[p] *ലൂക്കൊ.14:7,8*
40.[q] *(ലൂക്കൊ.11:39; 16:14)*
[r] *(മത്താ.6:5,7)*
[s] *യാക്കോ.3:1*
41.[t] *മർക്കൊ. 12:41 - 44 ക്കു. ലൂക്കൊ.21:1 - 4കാ.*
[u] *മത്താ.27:6; യോഹ.8:20*
[v] *മർക്കൊ.6:8*
[w] *2രാജാ.12:9*
42.[x] *ലൂക്കൊ.12:59*
43.[y] *(2കൊരി.8:2,12)*
44.[z] *ഫിലി.4:11*
[a] *ലൂക്കൊ.8:43*

**അധ്യായം 13**

1.[a] *മർക്കൊ. 13:1 - 37ക്കു. മത്താ.24:1 - 51; ലൂക്കൊ. 21:5 - 36കാ.*
2.[b] *ലൂക്കൊ.19:44*
3.[c] *മത്താ.21:1*
[d] *മത്താ.17:1*
[e] *മർക്കൊ.1:16,29; യോഹ.1:40*
[f] *(മർക്കൊ.4:34)*
4.[g] *(അപ്പൊ.പ്ര.1:6,7)*
5.[h] *മർക്കൊ.13:9, 23,33;യിരെ.29:8; എഫെ.5:6; കൊലൊ.2:8; 1തെസ്സ.2:3; 1യോഹ.3:7*
6.[i] *യോഹ.8:24*
[j] *മർക്കൊ.13:22; യിരെ.14:14; 1യോഹ.2:18*
7.[k] *2തെസ്സ.2:2*
[l] *വെളി.1:1*
8.[m] *2ദിന.15:6; (വെളി.6:4)*
[n] *യെശ.19:2*
[o] *വെളി.6:12*
[p] *അപ്പൊ.പ്ര.11:28; വെളി.6:8*

9.[q] *മർക്കൊ.13:9,11 - 13ക്കു.(മത്താ.10:17 - 22; ലൂക്കൊ.12:11,12)* [r] *മർക്കൊ.13:5; 2യോഹ.8* [s] *മത്താ.5:22;26:59* [t] *മത്താ.23:34* [u] *അപ്പൊ.പ്ര.17:6; 18:12;24:1;25:6* [v] *(അപ്പൊ.പ്ര.27:24; 2തിമൊ.4:16)* [w] *മത്താ.8:4* 10.[x] *മത്താ.28:20; റോമ.10:18; കൊലൊ.1:6,23; (മർക്കൊ.14:9)* 11.[y] *മത്താ.6:25*

തന്നെ പറവിൻ;[z] പറയുന്നതു നി
ങ്ങൾ അല്ല, പരിശുദ്ധാത്മാവത്രേ.[a]
12 സഹോദരൻ സഹോദരനെയും
അപ്പൻ മകനെയും മരണത്തിന്
ഏല്പിക്കും; മക്കളും അമ്മയപ്പന്മാ
രുടെ നേരേ എഴുന്നേറ്റ് അവരെ
കൊല്ലിക്കും.[b] 13 എന്റെ നാമം നി
മിത്തം എല്ലാവരും നിങ്ങളെ പക
യ്ക്കും;[c] എന്നാൽ അവസാന
ത്തോളം സഹിച്ചുനില്ക്കുന്നവൻ
രക്ഷിക്കപ്പെടും.[d]
14 എന്നാൽ ശൂന്യമാക്കുന്ന
മ്ലേച്ഛത[e] നില്ക്കരുതാത്ത സ്ഥല
ത്തു നില്ക്കുന്നതു നിങ്ങൾ കാണു
മ്പോൾ, വായിക്കുന്നവൻ ചിന്തിച്ചു
കൊള്ളട്ടെ[f] അന്നു യെഹൂദ്യദേശ
ത്ത് ഉള്ളവർ മലകളിലേക്ക് ഓടി
പ്പോകട്ടെ. 15 വീട്ടിന്മേൽ[g] ഇരിക്കു
ന്നവൻ അകത്തേക്ക് ഇറങ്ങിപ്പോ
കയോ വീട്ടിൽനിന്നു വല്ലതും എടു
പ്പാൻ കടക്കയോ അരുത്.[h] 16 വയ
ലിൽ ഇരിക്കുന്നവൻ വസ്ത്രം എടു
പ്പാൻ മടങ്ങിപ്പോകരുത്. 17 ആ കാല
ത്തു ഗർഭിണികൾക്കും മുലകുടി
പ്പിക്കുന്നവർക്കും അയ്യോ കഷ്ടം![i]
18 എന്നാൽ അതു ശീതകാലത്തു
സംഭവിക്കാതിരിപ്പാൻ പ്രാർഥിപ്പിൻ.
19 ആ നാളുകൾ ദൈവം സൃഷ്ടി
ച്ച[j] സൃഷ്ടിയുടെ ആരംഭംമുതൽ[k]
ഇന്നുവരെ സംഭവിച്ചിട്ടില്ലാത്തതും[l]
ഇനിമേൽ സംഭവിക്കാത്തതും
ആയ കഷ്ടകാലം[m] ആകും. 20 കർ
ത്താവ് ആ നാളുകളെ ചുരുക്കിയി
ട്ടില്ല എങ്കിൽ ഒരു ജഡവും രക്ഷി
ക്കപ്പെടുകയില്ല. താൻ തിരഞ്ഞെ
ടുത്ത[n] വൃതന്മാർ നിമിത്തമോ[o]
അവൻ ആ നാളുകളെ ചുരുക്കി
യിരിക്കുന്നു. 21 അന്ന് ആരെങ്കി
ലും നിങ്ങളോട്:[p] ഇതാ ക്രിസ്തു
ഇവിടെ എന്നോ അതാ അവിടെ
എന്നോ പറഞ്ഞാൽ വിശ്വസിക്കരു
ത്. 22 കള്ളക്രിസ്തുക്കളും കള്ള
പ്രവാചകന്മാരും[q] എഴുന്നേറ്റ്, കഴി
യും എങ്കിൽ വൃതന്മാരെയും[r] തെറ്റി
പ്പാനായി[s] അടയാളങ്ങളും അദ്ഭു
തങ്ങളും കാണിക്കും.[t] 23 നിങ്ങ
ളോ സൂക്ഷിച്ചുകൊൾവിൻ;[u] ഞാൻ
എല്ലാം നിങ്ങളോടു മുൻകൂട്ടി പറ
ഞ്ഞുവല്ലോ.[v]
24 എങ്കിലോ ആ കാലത്തെ
കഷ്ടം[w] കഴിഞ്ഞശേഷം സൂര്യൻ
ഇരുണ്ടുപോകയും ചന്ദ്രൻ പ്രകാശം
കൊടുക്കാതിരിക്കയും[x] 25 ആകാ
ശത്തുനിന്നു നക്ഷത്രങ്ങൾ വീണു
കൊണ്ടിരിക്കയും[y] ആകാശത്തിലെ
ശക്തികൾ ഇളകിപ്പോകയും ചെ
യ്യും. 26 അപ്പോൾ മനുഷ്യപു
ത്രൻ[z] വലിയ ശക്തിയോടും തേജ
സ്സോടുംകൂടെ[a] മേഘങ്ങളിൽ വരു
ന്നത്[z] അവർ കാണും. 27 അന്ന്
അവൻ തന്റെ ദൂതന്മാരെ അയച്ച്,[b]
തന്റെ വൃതന്മാരെ[c] ഭൂമിയുടെ അ
റുതിമുതൽ[d] ആകാശത്തിന്റെ അറു
തിവരെയും[e] നാലു ദിക്കിൽ
നിന്നും[f] കൂട്ടിച്ചേർക്കും.[g]
28 അത്തിയെ നോക്കി ഒരു
ഉപമ പഠിപ്പിൻ; അതിന്റെ കൊമ്പ്
ഇളതായി ഇല തളിർക്കുമ്പോൾ
വേനൽ അടുത്തു എന്നു നിങ്ങൾ
അറിയുന്നുവല്ലോ. 29 അങ്ങനെ
നിങ്ങളും ഇതു സംഭവിക്കുന്നതു
കാണുമ്പോൾ അവൻ അടുക്കെ
വാതിൽക്കൽ തന്നെ[h] ആയിരിക്കു
ന്നു എന്ന് അറിഞ്ഞുകൊൾവിൻ.
30 ഇത് ഒക്കെയും സംഭവിക്കു
വോളം ഈ തലമുറ ഒഴിഞ്ഞു
പോകയില്ല[i] എന്നു ഞാൻ സത്യ
മായിട്ടു നിങ്ങളോടു പറയുന്നു.
31 ആകാശവും ഭൂമിയും ഒഴിഞ്ഞു
പോകും;[j] എന്റെ വചനങ്ങളോ ഒഴി
ഞ്ഞുപോകയില്ല.[k] 32 ആ നാളും
നാഴികയും സംബന്ധിച്ചോ പിതാ
വല്ലാതെ[l] ആരും,[m] സ്വർഗത്തിലെ

11.[z] ആവ.18:18; (സംഖ്യാ.23:5); പുറ.4:12
[a] അപ്പൊ.പ്ര.4:8; 6:10;13:9; 1കൊരി.15:10; 2കൊരി.13:3; (1തെസ്സ.2:13; എബ്രാ.1:1)
12.[b] മത്താ.10:35,36
13.[c] യോഹ.15:18-21; (ലൂക്കൊ.6:22)
[d] (ദാനീ.12:12,13; യാക്കോ.5:11; വെളി.2:10); എബ്രാ.3:6
14.[e] ദാനീ.9:27; 11:31;12:11
[f] (ദാനീ.9:23,25; വെളി.1:3)
15.[g] ലൂക്കൊ.5:19
[h] ലൂക്കൊ.17:31
17.[i] ലൂക്കൊ.23:29
19.[j] ഉൽപ.1:1
[k] മർക്കൊ.10:6; (ആവ.4:32)
[l] വെളി.16:18
[m] മർക്കൊ.13:24; ദാനീ.12:1; (വെളി.7:14)
20.[n] യോഹ.13:18; 15:19;എഫെ.1:4; യാക്കോ.2:5
[o] മർക്കൊ.13:22,27; യെശ.65:8,9; ലൂക്കൊ.18:7; (മത്താ.22:14)
21.[p] ലൂക്കൊ.17:23; (മർക്കൊ.13:6)
22.[q] (1യോഹ.2:18)
[r] മർക്കൊ.13:20,27
[s] മർക്കൊ.13:6
[t] ആവ.13:1-3; 2തെസ്സ.2:9-11; വെളി.13:13,14; 16:14;19:20; (അപ്പൊ.പ്ര.8:9)
23.[u] മർക്കൊ.13:5
[v] യോഹ.13:19;14:29; (2പത്രൊ.3:17)
24.[w] മർക്കൊ.13:19
[x] യെശ.13:10;24:23; യെഹെ.32:7; യോവേ.2:10,31;3:15;അപ്പൊ.പ്ര.2:20; (ആമോ.5:20;8:9; സെഫ.1:15; വെളി.6:12;8:12)
25.[y] വെളി.6:13;(യെശ.14:12;34:4) 26.[z] ദാനീ.7:13;
[a] മർക്കൊ.9:1; മത്താ.26:64; (മത്താ.25:31)
27.[b] മത്താ.13:41 [c] മർക്കൊ.13:20,22 [d] (അപ്പൊ.പ്ര.1:8) [e] ആവ.4:32;30:4 [f] ദാനീ.7:2; സെഖ.2:6;വെളി.7:1 [g] (മത്താ.23:37; 2തെസ്സ.2:1)
29.[h] യാക്കോ.5:9; വെളി.3:20 30.[i] മർക്കൊ.9:1
31.[j] സങ്കീ.102:26; യെശ.51:6; 2പത്രൊ.3:10; (മത്താ.5:18; എബ്രാ.12:26) [k] സങ്കീ.119:89; യെശ.40:8; 1പത്രൊ.1:23,25 32.[l] (സെഖ.14:7; അപ്പൊ.പ്ര.1:7)
[m] മത്താ.25:13; 1തെസ്സ.5:1,2

ദൂതന്മാരും, പുത്രനുംകൂടെ[n] അറി
യുന്നില്ല.[m] 33 ആ കാലം എപ്പോൾ
എന്നു നിങ്ങൾ അറിയായ്കകൊ
ണ്ടു സൂക്ഷിച്ചുകൊൾവിൻ;[o] ഉണർ
ന്നും പ്രാർഥിച്ചും കൊണ്ടിരിപ്പിൻ.[p]
34 ഒരു മനുഷ്യൻ വീടു വിട്ടു പര
ദേശത്തു പോകുമ്പോൾ[q] ദാസ
ന്മാർക്ക് അധികാരവും അവനവന്
അതതു വേലയും[r] കൊടുത്തിട്ടു
വാതിൽക്കാവല്ക്കാരനോട് ഉണർ
ന്നിരിപ്പാൻ[s] കല്പിച്ചതുപോലെ
തന്നെ.[t] 35 യജമാനൻ സന്ധ്യക്കോ[u]
അർധരാത്രിക്കോ[u] കോഴി കൂകുന്ന
നേരത്തോ[v] രാവിലെയോ[w] എപ്പോൾ
വരും എന്ന് അറിയായ്കകൊണ്ട്,
36 അവൻ പെട്ടെന്നു വന്നു[x] നി
ങ്ങളെ ഉറങ്ങുന്നവരായി കണ്ടെ
ത്താതിരിക്കേണ്ടതിന്[y] ഉണർന്നി
രിപ്പിൻ.[z] 37 ഞാൻ നിങ്ങളോടു
പറയുന്നതോ എല്ലാവരോടും പറ
യുന്നു: ഉണർന്നിരിപ്പിൻ.[z]

❋ ❋ ❋

*1. യേശുവിന് വിരോധമായുള്ള കൂട്ടുകെട്ട് 3. ഒരു സ്ത്രീ അവനെ അഭിഷേകം ചെയ്തത് 10. യൂദായുടെ ദ്രോഹം 17. കർത്താവിന്റെ അത്താഴം നിയമിക്കപ്പെട്ടത് 26. ഗത്ശമനയിലെ പ്രാർഥനാപോരാട്ടം 43. യൂദാ അവനെ ഒറ്റിക്കൊടുത്തത് 66. പത്രൊസ് തള്ളിപ്പറഞ്ഞത്.*

14 [a]രണ്ടു ദിവസം കഴിഞ്ഞിട്ടു
പെസഹയുടെയും[b] പുളിപ്പി
ല്ലാത്ത അപ്പത്തിന്റെയും ഉത്സവം
ആയിരുന്നു. അപ്പോൾ മഹാപു
രോഹിതന്മാരും ശാസ്ത്രിമാരും
അവനെ ഉപായത്താൽ പിടിച്ചു
കൊല്ലേണ്ടത് എങ്ങനെ എന്ന്
അന്വേഷിച്ചു:[c] 2 ജനത്തിൽ
കലഹം ഉണ്ടാകാതിരിപ്പാൻ[d] ഉത്സ
വത്തിൽ അരുത് എന്ന് അവർ
പറഞ്ഞു.
3 [e]അവൻ ബേഥാന്യയിൽ[f] കു
ഷ്ഠരോഗിയായ ശിമോന്റെ വീട്ടിൽ
പന്തിയിൽ ഇരിക്കുമ്പോൾ ഒരു
സ്ത്രീ ഒരു വെൺകൽഭരണി വില
യേറിയ സ്വച്ഛജടാമാംസി തൈല
വുമായി വന്നു ഭരണി പൊട്ടിച്ച് അ
വന്റെ തലയിൽ ഒഴിച്ചു. 4 അവിടെ
ചിലർ: തൈലത്തിന്റെ ഈ വെറും
ചെലവ് എന്തിന്? 5 ഇതു മുന്നൂ
റിൽ അധികം വെള്ളിക്കാശിനു
വിറ്റു ദരിദ്രർക്കു കൊടുപ്പാൻ[g]
കഴിയുമായിരുന്നുവല്ലോ എന്നിങ്ങ
നെ ഉള്ളിൽ നീരസപ്പെട്ട് അവളെ
ഭർത്സിച്ചു.[h] 6 എന്നാൽ യേശു:
അവളെ വിടുവിൻ; അവളെ അ
സഹ്യപ്പെടുത്തുന്നത് എന്ത്? അ
വൾ എങ്കൽ നല്ല പ്രവൃത്തിയല്ലോ
ചെയ്തത്. 7 ദരിദ്രർ നിങ്ങൾക്ക്
എല്ലായ്പോഴും അടുക്കെ ഉണ്ട
ല്ലോ;[i] ഇച്ഛിക്കുമ്പോൾ അവർക്കു
നന്മ ചെയ്‌വാൻ നിങ്ങൾക്കു കഴി
യും;[j] ഞാനോ എല്ലായ്പോഴും
നിങ്ങളോടുകൂടെ ഇരിക്കയില്ല.[k]
8 അവൾ തന്നാൽ ആവതു ചെ
യ്തു;[l] കല്ലറയിലെ അടക്കത്തിനാ
യി[m] എന്റെ ദേഹത്തിനു മുമ്പുകൂട്ടി
തൈലം തേച്ചു. 9 സുവിശേഷം
ലോകത്തിൽ ഒക്കെയും പ്രസംഗി
ക്കുന്നേടത്തെല്ലാം[n] അവൾ ചെ
യ്തതും അവളുടെ ഓർമയ്ക്കായി[o]
പ്രസ്താവിക്കും എന്നു ഞാൻ സത്യ
മായിട്ടു നിങ്ങളോടു പറയുന്നു.
10 [p]പിന്നെ പന്തിരുവരിൽ ഒരു
ത്തനായി ഈസ്കര്യോത്താവായ
യൂദാ[q] അവനെ മഹാപുരോഹിത
ന്മാർക്കു കാണിച്ചുകൊടുക്കേണ്ട
തിന് അവരുടെ അടുക്കൽ ചെന്നു.[q]
11 അവർ അതു കേട്ടു സന്തോ
ഷിച്ച് അവനു പണം കൊടുക്കാം[r]
എന്നു വാഗ്ദത്തം ചെയ്തു; അവ
നും അവനെ എങ്ങനെ കാണിച്ചു
കൊടുക്കാം എന്നു തക്കം അന്വേ
ഷിച്ചുപോന്നു.
12 [s]പെസഹാകുഞ്ഞാടിനെ
അറുക്കുന്നതായ[t] പുളിപ്പില്ലാത്ത

32.[n] (ഫിലി.2:6,7)
33.[o] മർക്കൊ.13:5
[p] എഫെ.6:18; എബ്രാ.13:17; (മർക്കൊ.14:38)
34.[q] (മർക്കൊ.12:1; മത്താ.21:33)
[r] (റോമ.12:6 - 8)
[s] യെഹെ.44:11; യോഹ.10:3; (ലൂക്കൊ.12:36)
[t] (മത്താ.25:14)
35.[u] മർക്കൊ.1:32; ലൂക്കൊ.12:38
[v] മർക്കൊ.14:30, 68,72;(ന്യായാ.7:19)
[w] (മർക്കൊ.6:48; പുറ.14:24)
36.[x] (1തെസ്സ.5:1 - 6)
[y] മർക്കൊ.14:40
[z] മർക്കൊ.14:34 - 38; മത്താ.25:13;26:41; ലൂക്കൊ.12:37; 21:36; അപ്പൊ.പ്ര.20:31; 1കൊരി.16:13; 1തെസ്സ.5:6; 1പത്രൊ.5:8; വെളി.16:15
37.[z] (വാ.36കാ.)

അധ്യായം 14
1.[a] മർക്കൊ. 14:1,2ക്കു. മത്താ.26:2 - 5; ലൂക്കൊ.22:1,2 കാ.
[b] യോഹ.6:4
[c] യോഹ.11:53; മത്താ.21:46
2.[d] മത്താ.27:24; (ലൂക്കൊ.22:6)
3.[e] മർക്കൊ. 14:3 - 9ക്കു. മത്താ.26:6 - 13; യോഹ.12:1 - 8കാ. (ലൂക്കൊ.7:37 - 39)
[f] മത്താ.21:17; യോഹ.11:18
5.[g] (യോഹ.13:29)
[h] യോഹ.11:33,38
7.[i] ആവ.15:11
[j] (2കൊരി.9:7)
[k] മർക്കൊ.2:20; യോഹ.7:33

8.[l] (മർക്കൊ.12:43; ലൂക്കൊ.21:3; 2കൊരി.8:12) [m] യോഹ.19:40 9.[n] (മത്താ.24:14) [o] അപ്പൊ.പ്ര.10:4 10.[p] മർക്കൊ.14:10,11ക്കു. മത്താ.26:14 - 16; ലൂക്കൊ.22:3 - 6കാ.(യോഹ.13:2,27,30) [q] മർക്കൊ.3:19; മത്താ.27:3; അപ്പൊ.പ്ര.1:16; (യോഹ.6:71;12:4) 11.[r] മത്താ.20:18,19 12.[s] മർക്കൊ. 14:12 - 16ക്കു. മത്താ.26:17 - 19; ലൂക്കൊ.22:7 - 13കാ. [t] 1കൊരി.5:7

അപ്പത്തിന്റെ ഒന്നാം നാളിൽ[u] ശിഷ്യ
ന്മാർ അവനോട്: നീ പെസഹ കഴി
പ്പാൻ ഞങ്ങൾ എവിടെ ഒരുക്കേണം
എന്നു ചോദിച്ചു. **13** അവൻ ശിഷ്യ
ന്മാരിൽ രണ്ടുപേരെ[v] അയച്ചു:
നഗരത്തിൽ ചെല്ലുവിൻ; അവിടെ
ഒരു കുടം വെള്ളം ചുമന്നുകൊണ്ട്
ഒരു മനുഷ്യൻ നിങ്ങളെ എതിർ
പെടും. **14** അവന്റെ പിന്നാലെ
ചെന്ന് അവൻ കടക്കുന്നേടത്ത്
ആ വീട്ടുടയവനോട്: ഞാൻ എന്റെ
ശിഷ്യന്മാരുമായി പെസഹ കഴി
പ്പാനുള്ള ശാല[w] എവിടെ എന്നു
ഗുരു ചോദിക്കുന്നു[x] എന്നു പറ
വിൻ. **15** അവൻ വിരിച്ചൊരുക്കിയ
ഒരു വന്മാളിക[y] കാണിച്ചുതരും;
അവിടെ നമുക്ക് ഒരുക്കുവിൻ എ
ന്നു പറഞ്ഞു. **16** ശിഷ്യന്മാർ പുറ
പ്പെട്ടു നഗരത്തിൽ ചെന്ന് അവൻ
തങ്ങളോടു പറഞ്ഞതുപോലെ കണ്ടു
പെസഹ ഒരുക്കി.

**17** [z]സന്ധ്യയായപ്പോൾ അവൻ
പന്തിരുവരോടുംകൂടെ വന്നു. **18** അ
വർ ഇരുന്നു ഭക്ഷിക്കുമ്പോൾ
യേശു: നിങ്ങളിൽ ഒരുവൻ, എന്നോ
ടുകൂടെ ഭക്ഷിക്കുന്നവൻ തന്നെ,[a]
എന്നെ കാണിച്ചുകൊടുക്കും[b] എന്നു
ഞാൻ സത്യമായിട്ടു നിങ്ങളോടു
പറയുന്നു എന്നു പറഞ്ഞു. **19** അ
വർ ദുഃഖിച്ചു, ഓരോരുത്തൻ: ഞാ
നോ, ഞാനോ എന്ന് അവനോടു
ചോദിച്ചു തുടങ്ങി. **20** അവൻ
അവരോട്: പന്തിരുവരിൽ ഒരുവൻ;[c]
എന്നോടുകൂടെ താലത്തിൽ കൈ
മുക്കുന്നവൻ തന്നെ.[a] **21** മനുഷ്യ
പുത്രൻ പോകുന്നതു തന്നെക്കു
റിച്ച് എഴുതിയിരിക്കുന്നതുപോലെ
തന്നെ സത്യം;[d] മനുഷ്യപുത്രനെ
കാണിച്ചുകൊടുക്കുന്ന മനുഷ്യനോ
അയ്യോ കഷ്ടം;[e] ആ മനുഷ്യൻ
ജനിക്കാതിരുന്നു എങ്കിൽ അവനു
കൊള്ളായിരുന്നു[f] എന്നു പറഞ്ഞു.

**22** [g]അവർ ഭക്ഷിക്കുമ്പോൾ
അവൻ അപ്പം എടുത്തു വാഴ്ത്തി
നുറുക്കി അവർക്കു കൊടുത്തു:[h]
വാങ്ങുവിൻ; ഇത് എന്റെ ശരീരം
എന്നു പറഞ്ഞു.[i] **23** പിന്നെ പാന
പാത്രം എടുത്ത് സ്തോത്രം ചൊ
ല്ലി അവർക്കു കൊടുത്തു;[j] എല്ലാ
വരും അതിൽനിന്നു കുടിച്ചു.
**24** ഇത് അനേകർക്കു[k]വേണ്ടി
ചൊരിയുന്നതായി നിയമത്തിനുള്ള
എന്റെ രക്തം.[l] **25** മുന്തിരിവള്ളി
യുടെ അനുഭവം ദൈവരാജ്യത്തിൽ
പുതുതായി അനുഭവിക്കുംനാൾ
വരെ ഞാൻ അത് ഇനി അനുഭവി
ക്കയില്ല എന്നു ഞാൻ സത്യമാ
യിട്ടു നിങ്ങളോടു പറയുന്നു എന്ന്
അവരോടു പറഞ്ഞു.

**26** [m]പിന്നെ അവർ സ്തോത്രം
പാടിയശേഷം ഒലിവ്മലയ്ക്കു[n]
പോയി.[o]

**27** യേശു അവരോട്: നിങ്ങൾ
എല്ലാവരും ഇടറിപ്പോകും;[p] [q]“ഞാൻ
ഇടയനെ വെട്ടും, ആടുകൾ ചിത
റിപ്പോകും” എന്ന് എഴുതിയിരിക്കു
ന്നുവല്ലോ. **28** എന്നാൽ ഞാൻ
ഉയിർത്തെഴുന്നേറ്റശേഷം നിങ്ങൾ
ക്കു മുമ്പേ ഗലീലയ്ക്കു പോകും[r]
എന്നു പറഞ്ഞു. **29** പത്രൊസ് അവ
നോട്: എല്ലാവരും ഇടറിയാലും[p]
ഞാൻ ഇടറുകയില്ല എന്നു പറ
ഞ്ഞു.[s] **30** യേശു അവനോട്:
ഇന്ന്, ഈ രാത്രിയിൽ തന്നെ,
കോഴി രണ്ടു വട്ടം കൂകുംമുമ്പേ[t]
നീ മൂന്നു വട്ടം എന്നെ തള്ളിപ്പ
റയും എന്നു ഞാൻ സത്യമായിട്ടു
നിന്നോടു പറയുന്നു എന്നു പറ
ഞ്ഞു.[u] **31** അവനോ: നിന്നോടു
കൂടെ മരിക്കേണ്ടിവന്നാലും ഞാൻ
നിന്നെ തള്ളിപ്പറകയില്ല എന്ന്
അധികമായി പറഞ്ഞു;[v] അങ്ങനെ
തന്നെ എല്ലാവരും പറഞ്ഞു.

**32** [w]അവർ ഗെത്ത്ശെമന എന്നു
പേരുള്ള തോട്ടത്തിൽ[o] വന്നാറെ അ
വൻ ശിഷ്യന്മാരോട്: ഞാൻ പ്രാർ
ഥിച്ചുതീരുവോളം ഇവിടെ ഇരിപ്പിൻ
എന്നുപറഞ്ഞു. **33** പിന്നെ അവൻ
പത്രൊസിനെയും യാക്കോബിനെയും
യോഹന്നാനെയും[x] കൂട്ടിക്കൊണ്ടു

12.[u] *പുറ.12:18*
13.[v] *(മർക്കൊ.11:1)*
14.[w] *ലൂക്കൊ.2:7*
[x] *(മത്താ.23:8); യോഹ.11:28*
15.[y] *(അപ്പൊ.പ്ര.1:13)*
17.[z] *മർക്കൊ. 14:17-21ക്കു. മത്താ.26:20-24കാ. (ലൂക്കൊ.22:14, 21-23; യോഹ.13:21-26)*
18.[a] *(സങ്കീ.41:9; യോഹ.13:18)*
[b] *(യോഹ.6:70,71)*
20.[c] *മർക്കൊ.14:10*
[a] *(വാ.18കാ.)*
21.[d] *മർക്കൊ.14:49; 9:12;ലൂക്കൊ.18:31; 24:25-27,46; അപ്പൊ.പ്ര.17:2,3; 26:22,23; 1കൊരി.15:3; 1പത്രൊ.1:10,11*
[e] *മത്താ.18:7*
[f] *യോഹ.17:12*
22.[g] *മർക്കൊ. 14:22-25ക്കു. മത്താ.26:26-29; ലൂക്കൊ.22:18-20; 1കൊരി.11:23-25കാ.*
[h] *മത്താ.14:19*
[i] *1കൊരി.10:16; (യോഹ.6:53)*
23.[j] *മത്താ.15:36*
24.[k] *മത്താ.20:28*
[l] *പുറ.24:8; (സെഖ.9:11; എബ്രാ.13:20)*
26.[m] *മർക്കൊ. 14:26-31ക്കു. മത്താ.26:30-35കാ.*
[n] *മത്താ.21:1*
[o] *ലൂക്കൊ.22:39; യോഹ.18:1*
27.[p] *മത്താ.5:29*
[q] ***സെഖ.13:7;*** *(യോഹ.16:32)*
28.[r] *മർക്കൊ.16:7; മത്താ.28:7,10,16*
29.[p] *(വാ.27കാ.)*
[s] *(ലൂക്കൊ.22:31,33)*
30.[t] *മർക്കൊ.14:68,72*
[u] *ലൂക്കൊ.22:34; യോഹ.13:38* 31.[v] *ലൂക്കൊ.22:33; യോഹ.13:37* 32.[w] *മർക്കൊ.14:32-42ക്കു. മത്താ.26:36-46; ലൂക്കൊ.22:40-46കാ.*[o] *(വാ.26കാ.)* 33.[x] *മർക്കൊ.5:37;9:2*

ഭ്രമിപ്പാനും വ്യാകുലപ്പെടുവാനും[y]
തുടങ്ങി: 34 എന്റെ ഉള്ളം മരണ
വേദനപോലെ അതിദുഃഖിതമായി
രിക്കുന്നു;[z] ഇവിടെ പാർത്ത് ഉണർ
ന്നിരിപ്പിൻ[a] എന്ന് അവരോടു പറ
ഞ്ഞു. 35 പിന്നെ അല്പം മുമ്പോ
ട്ടു ചെന്നു നിലത്തു വീണു; കഴി
യും എങ്കിൽ[b] ആ നാഴിക നീങ്ങി
പ്പോകേണം[c] എന്നു പ്രാർഥിച്ചു:[b]
36 അബ്ബാ, പിതാവേ,[d] നിനക്ക്
എല്ലാം കഴിയും;[e] ഈ പാനപാത്രം[f]
എങ്കൽനിന്നു നീക്കേണമേ; എങ്കി
ലും ഞാൻ ഇച്ഛിക്കുന്നതല്ല നീ
ഇച്ഛിക്കുന്നതത്രേ ആകട്ടെ[g] എന്നു
പറഞ്ഞു. 37 പിന്നെ അവൻ വന്ന്
അവർ ഉറങ്ങുന്നതു കണ്ടു പത്രൊ
സിനോട്: ശിമോനേ, നീ ഉറങ്ങു
ന്നുവോ? ഒരു നാഴിക ഉണർന്നിരി
പ്പാൻ നിനക്കു കഴിഞ്ഞില്ലയോ?
38 പരീക്ഷയിൽ അകപ്പെടാതിരി
പ്പാൻ[h] ഉണർന്നിരുന്നു[a] പ്രാർഥി
പ്പിൻ;[i] ആത്മാവ് ഒരുക്കമുള്ളത്,
ജഡമോ ബലഹീനമത്രേ എന്നു
പറഞ്ഞു. 39 അവൻ പിന്നെയും
പോയി ആ വചനം തന്നെ ചൊല്ലി
പ്രാർഥിച്ചു.[j] 40 മടങ്ങി വന്നാറെ
അവരുടെ കണ്ണുകൾക്ക് ഭാരമേറി
യിരുന്നതുകൊണ്ട്[k] അവർ ഉറങ്ങു
ന്നതു കണ്ടു; അവർ അവനോട്
എന്ത് ഉത്തരം പറയേണം എന്ന്
അറിഞ്ഞില്ല.[l] 41 അവൻ മൂന്നാ
മതു വന്ന് അവരോട്: ഇനി ഉറങ്ങി
ആശ്വസിച്ചുകൊൾവിൻ; മതി,[m]
നാഴിക വന്നു;[n] ഇതാ, മനുഷ്യ
പുത്രൻ പാപികളുടെ കൈയിൽ
ഏല്പിക്കപ്പെടുന്നു.[o] 42 എഴുന്നേ
ല്പിൻ; നാം പോക; ഇതാ,
എന്നെ കാണിച്ചുകൊടുക്കുന്നവൻ
അടുത്തിരിക്കുന്നു എന്നു പറഞ്ഞു.
43 [p]ഉടനെ, അവൻ സംസാരിച്ചു
കൊണ്ടിരിക്കുമ്പോൾതന്നെ, പന്തി
രുവരിൽ ഒരുത്തനായ യൂദായും[q]
അവനോടുകൂടെ മഹാപുരോഹി
തന്മാർ, ശാസ്ത്രിമാർ, മൂപ്പന്മാർ
എന്നിവർ അയച്ച ഒരു പുരുഷാര
വും വാളും വടിയുമായി വന്നു.
44 അവനെ കാണിച്ചുകൊടുക്കു
ന്നവൻ: ഞാൻ ഏതവനെ ചുംബി
ക്കുമോ അവൻതന്നെ ആകുന്നു;
അവനെ പിടിച്ചു സൂക്ഷ്മതയോടെ
കൊണ്ടുപോകുവിൻ എന്ന് അവർ
ക്ക് ഒരു അടയാളം പറഞ്ഞുകൊടു
ത്തിരുന്നു. 45 അവൻ വന്ന് ഉടനെ
അടുത്തു ചെന്നു: റബ്ബീ,[r] എന്നു
പറഞ്ഞ് അവനെ ചുംബിച്ചു.[s]
46 അവർ അവന്റെമേൽ കൈവച്ച്
അവനെ പിടിച്ചു. 47 അരികെ നി
ല്ക്കുന്നവരിൽ ഒരുവൻ വാൾ[t] ഊരി
മഹാപുരോഹിതന്റെ ദാസനെ വെട്ടി
കാത് അറുത്തു. 48 യേശു അവ
രോട്: ഒരു കള്ളന്റെ നേരേ എന്ന
പോലെ നിങ്ങൾ എന്നെ പിടിപ്പാൻ
വാളും വടിയുമായി പുറപ്പെട്ടുവന്നു
വോ? 49 ഞാൻ ദിവസേന ദൈവാ
ലയത്തിൽ[u] ഉപദേശിച്ചുകൊണ്ടു[v]
നിങ്ങളോടുകൂടെ ഇരുന്നു; നിങ്ങൾ
എന്നെ പിടിച്ചില്ല; എങ്കിലും തിരു
വെഴുത്തുകൾക്ക് നിവൃത്തിവരേ
ണ്ടതിന് ഇങ്ങനെ സംഭവിക്കുന്നു[w]
എന്നു പറഞ്ഞു. 50 ശിഷ്യന്മാർ
എല്ലാവരും അവനെ വിട്ട് ഓടി
പ്പോയി.[x]
51 ഒരു ബാല്യക്കാരൻ വെറും
ശരീരത്തിന്മേൽ പുതപ്പു[y] പുതച്ചും
കൊണ്ട് അവനെ അനുഗമിച്ചു;
അവർ അവനെ പിടിച്ചു. 52 അവ
നോ പുതപ്പ് വിട്ട് നഗ്നനായി ഓടി
പ്പോയി.
53 [z]അവർ യേശുവിനെ മഹാ
പുരോഹിതന്റെ അടുക്കൽ കൊണ്ടു
പോയി.[a] അവന്റെ അടുക്കൽ മഹാ
പുരോഹിതന്മാരും മൂപ്പന്മാരും ശാ
സ്ത്രിമാരും എല്ലാം വന്നുകൂടിയി
രുന്നു. 54 പത്രൊസ്[b] മഹാപുരോഹി
തന്റെ അരമനയ്ക്ക്[c]കത്തോളവും[d]

33.[y] *മർക്കൊ.9:15; 10:32*
34.[z] *(സങ്കീ.42:5,6; യോഹ.12:27)*
[a] *മത്താ.24:42*
35.[b] *എബ്രാ.5:7*
[c] *മർക്കൊ.14:41; യോഹ.12:23,27; 13:1;17:1; (ലൂക്കൊ.22:53; യോഹ.16:4)*
36.[d] *റോമ.8:15; ഗലാ.4:6*
[e] *മത്താ.19:26*
[f] *മർക്കൊ.10:38*
[g] *യോഹ.5:30;6:38; ഫിലി.2:8*
38.[h] *മത്താ.6:13*
[a] *(വാ.34 കാ.)*
[i] *1പത്രൊ.4:7*
39.[j] *മർക്കൊ.14:36*
40.[k] *ലൂക്കൊ.9:32*
[l] *(മർക്കൊ.9:6; ലൂക്കൊ.9:33)*
41.[m] *(ലൂക്കൊ.22:38)*
[n] *മർക്കൊ.14:35*
[o] *മർക്കൊ.9:31;10:33*
43.[p] *മർക്കൊ. 14:43-50ക്കു. മത്താ.26:47-56; ലൂക്കൊ.22:47-53; യോഹ.18:3-11കാ.*
[q] *മർക്കൊ.14:10; അപ്പൊ.പ്ര.1:16*
45.[r] *യോഹ.1:38*
[s] *ലൂക്കൊ.7:38, 45;15:20; അപ്പൊ.പ്ര.20:38*
47.[t] *(ലൂക്കൊ.22:38)*
49.[u] *(യോഹ.8:2; ലൂക്കൊ.2:46; യോഹ.18:20)*
[v] *മത്താ.21:23; (മത്താ.4:23)*
[w] *മർക്കൊ.14:21; മത്താ.1:23*
50.[x] *മർക്കൊ.14:27; (സങ്കീ.88:8,18; യോഹ.16:32)*

51.[y] *മർക്കൊ.15:46; ന്യായ.14:12; സദൃ.31:24*
53.[z] *മർക്കൊ.14:53-65 ക്കു. മത്താ.26:57-68കാ. (യോഹ.18:12,13,19-24)* [a] *ലൂക്കൊ.22:54,55*
54.[b] *(യോഹ.18:15)* [c] *മത്താ.26:3* [d] *(മർക്കൊ.14:68)*

14:41 ***മനുഷ്യപുത്രൻ പാപികളുടെ കൈയിൽ:*** യേശു ഏതുവിധമാണ് യെഹൂദന്മാരുടെയും റോമക്കാരുടെയും അധികാരികളാൽ പീഡനവും മരണവും ഏൽക്കപ്പെടുവാൻ പോകുന്നത് എന്നു സൂചിപ്പിക്കുന്നു.

അവനെ ദൂരവേ അനുഗമിച്ചു,[b] ഭൃത്യ
ന്മാരോടു[e] ചേർന്നു തീ കാഞ്ഞു
കൊണ്ടിരുന്നു.[f] **55** മഹാപുരോഹി
തന്മാരും ന്യായാധിപസംഘം[g]
ഒക്കെയും യേശുവിനെ കൊല്ലേണ്ട
തിന് അവന്റെ നേരേ സാക്ഷ്യം അ
ന്വേഷിച്ചു കണ്ടില്ലതാനും. **56** അ
നേകർ അവന്റെ നേരേ കള്ള
സ്സാക്ഷ്യം പറഞ്ഞിട്ടും[h] സാക്ഷ്യം
ഒത്തുവന്നില്ല.[i] **57** ചിലർ എഴു
ന്നേറ്റ് അവന്റെ നേരേ: **58** ഞാൻ
കൈപ്പണിയായ[j] ഈ മന്ദിരം പൊ
ളിച്ചു[k] മൂന്നു ദിവസംകൊണ്ടു
കൈപ്പണിയല്ലാത്ത[l] മറ്റൊന്നു
പണിയും എന്ന് ഇവൻ പറഞ്ഞത്
ഞങ്ങൾ കേട്ടു[m] എന്നു കള്ളസ്സാ
ക്ഷ്യം പറഞ്ഞു. **59** എന്നിട്ടും
അവരുടെ സാക്ഷ്യം ഒത്തുവന്നില്ല.
**60** മഹാപുരോഹിതൻ നടുവിൽ
നിന്നുകൊണ്ടു യേശുവിനോട്: നീ
ഒന്നും ഉത്തരം പറയുന്നില്ലയോ?
ഇവർ നിന്റെ നേരേ സാക്ഷ്യം പറ
യുന്നത് എന്ത് എന്ന് ചോദിച്ചു.
**61** അവനോ[n] മിണ്ടാതെയും ഉത്തരം
പറയാതെയും ഇരുന്നു.[o] മഹാപു
രോഹിതൻ പിന്നെയും അവനോട്:
നീ വന്ദ്യനായവന്റെ[p] പുത്രനായ
ക്രിസ്തുവോ[q] എന്നു ചോദിച്ചു.
**62** ഞാൻ ആകുന്നു; മനുഷ്യപു
ത്രൻ[r] സർവശക്തന്റെ വലത്തുഭാ
ഗത്ത് ഇരിക്കുന്നതും[s] ആകാശ
മേഘങ്ങളോടെ വരുന്നതും നിങ്ങൾ
കാണും[r] എന്നു യേശു പറഞ്ഞു.
**63** അപ്പോൾ മഹാപുരോഹിതൻ
വസ്ത്രം കീറി:[t] **64** ഇനി സാക്ഷി
കളെക്കൊണ്ടു നമുക്ക് എന്ത് ആവ
ശ്യം? ദൈവദൂഷണം[u] നിങ്ങൾ
കേട്ടുവല്ലോ; നിങ്ങൾക്ക് എന്തു
തോന്നുന്നു എന്നു ചോദിച്ചു. അ
വൻ മരണയോഗ്യൻ[v] എന്ന് എല്ലാ
വരും വിധിച്ചു.[w] **65** ചിലർ അവ
നെ തുപ്പുകയും[x] അവന്റെ മുഖം
മൂടി[y] അവനെ മുഷ്ടി ചുരുട്ടി
കുത്തുകയും പ്രവചിക്ക എന്ന് അ
വനോടു പറകയും ചെയ്തുതുട
ങ്ങി;[z] ചേവകർ അവനെ അടിച്ചും
കൊണ്ടു[a] കൈയേറ്റു.
**66** [b]പത്രൊസ് താഴെ നടുമുറ്റ
ത്ത്[c] ഇരിക്കുമ്പോൾ മഹാപുരോ
ഹിതന്റെ ബാല്യക്കാരത്തികളിൽ
ഒരുത്തി വന്നു, **67** പത്രൊസ് തീ
കായുന്നതു[c] കണ്ട് അവനെ നോ
ക്കി: നീയും ആ നസറായനായ
യേശുവിനോടു[d]കൂടെ ആയിരുന്നു
എന്നു പറഞ്ഞു. **68** നീ പറയുന്ന
തു തിരിയുന്നില്ല, ബോധ്യമാകു
ന്നതുമില്ല എന്നിങ്ങനെ അവൻ
തള്ളിപ്പറഞ്ഞു; പടിപ്പുരയിലേക്കു
പുറപ്പെട്ടപ്പോൾ കോഴി കൂകി.[e]
**69** ആ ബാല്യക്കാരത്തി അവനെ
പിന്നെയും കണ്ടു സമീപത്തു
നില്ക്കുന്നവരോട്: ഇവൻ ആ
കൂട്ടരിൽ ഉള്ളവൻ തന്നെ എന്നു
പറഞ്ഞുതുടങ്ങി. അവൻ പിന്നെയും
തള്ളിപ്പറഞ്ഞു. **70** കുറയനേരം
കഴിഞ്ഞിട്ട് അരികെ നിന്നവർ
പത്രൊസിനോട്: നീ ആ കൂട്ടരിൽ
ഉള്ളവൻ സത്യം; ഗലീലക്കാരന
ല്ലോ എന്നു പറഞ്ഞു. **71** നിങ്ങൾ
പറയുന്ന മനുഷ്യനെ ഞാൻ അറി
യുന്നില്ല എന്ന് അവൻ പ്രാകുവാ
നും ആണയിടുവാനും തുടങ്ങി.
**72** ഉടനെ കോഴി രണ്ടാമതും
കൂകി.[f] കോഴി രണ്ടു വട്ടം കൂകും
മുമ്പേ[g] നീ മൂന്നു വട്ടം എന്നെ
തള്ളിപ്പറയും[h] എന്നു യേശു ത
ന്നോടു പറഞ്ഞ വാക്ക് പത്രൊസ്
ഓർത്ത് അതിനെക്കുറിച്ചു വിചാ
രിച്ചു കരഞ്ഞു.

❋ ❋ ❋

54.[e] *യോഹ.7:32;18:3; അപ്പൊ.പ്ര.5:22,26* [f] *മർക്കൊ.14:67; യോഹ.18:18* 55.[g] *മത്താ.5:22;10:17* 56.[h] *സങ്കീ.27:12; 35:11* [i] *(ആവ.17:6;19:15)* 58.[j] *അപ്പൊ.പ്ര.7:48; 17:24; എബ്രാ.9:11,24* [k] *മർക്കൊ.15:29; യോഹ.2:19* [l] *2കൊരി.5:1* [m] *(അപ്പൊ.പ്ര.6:14)* 61.[n] *മർക്കൊ.15:4,5; യെശ.53:7; യോഹ.19:9* [o] *മർക്കൊ. 14:61 - 63ക്കു. (ലൂക്കൊ.22:67 - 71)* [p] *(റോമ.1:25)* [q] *മർക്കൊ.8:29; മത്താ.1:17* 62.[r] *മത്താ.16:27; 24:30* [s] *സങ്കീ.110:1; എബ്രാ.1:3; (മർക്കൊ.16:19)* 63.[t] *സംഖ്യാ.14:6; അപ്പൊ.പ്ര.14:14* 64.[u] *മത്താ.9:3; യോഹ.10:36* [v] *ലേവ്യാ.24:16* [w] *(ലൂക്കൊ.23:50,51)* 65.[x] *മർക്കൊ.10:34; 15:19; യെശ.50:6*

[y] *(എസ്ഥേ.7:8)* [z] *ലൂക്കൊ.22:63,64* [a] *മത്താ.5:39; യോഹ.18:22;19:3; (അപ്പൊ.പ്ര.23:2)* 66.[b] *മർക്കൊ. 14:66 - 72ക്കു. മത്താ.26:69 - 75; ലൂക്കൊ.22:55 - 62; യോഹ.18:16 - 18, 25 - 27കാ.* [c] *മർക്കൊ.14:54* 67.[c] *(വാ.66കാ.)* [d] *മർക്കൊ.1:24; 16:6* 68.[e] *മർക്കൊ.14:30,72* 72.[f] *മർക്കൊ.14:68* [g] *മർക്കൊ.14:30* [h] *(അപ്പൊ.പ്ര.3:13,14)*

14:61 ***നീ വന്ദ്യനായവന്റെ പുത്രനായ ക്രിസ്തുവോ:*** രാജാക്കന്മാരെ വിളിച്ചിരുന്ന പേരുകളിലൊന്നായിരുന്നു ദൈവപുത്രൻ. യേശു താൻ ദൈവപുത്രനാണെന്ന് അവകാശപ്പെട്ടാൽ അതു റോമക്കാരോട് അറിയിക്കുകയും യേശു രാജാവാണെന്ന് അവകാശപ്പെട്ടതിനു ശിക്ഷ കൊടുപ്പിക്കുകയും ചെയ്യുവാൻ കഴിയുമായിരുന്നു. അങ്ങനെയൊരാൾ അവകാശപ്പെടുന്നതു രാജ്യദ്രോഹകുറ്റമായിരുന്നു.

*1. യേശു പീലാത്തോസിന്റെ മുമ്പാകെ കുറ്റം ചുമത്തപ്പെട്ടത് 16. പടയാളികളുടെ പരിഹാസം 21. കുരിശിൽ തറയ്ക്കപ്പെട്ടത് 37. മരണം 39. താൻ ദൈവപുത്രനെന്ന് ശതാധിപൻ വിശ്വസിച്ചു പറഞ്ഞത് 42. ശവസംസ്കാരം.*

**15** ഉടനെ അതികാലത്തു[a] തന്നെ
മഹാപുരോഹിതന്മാരും മൂപ്പ
ന്മാരും ശാസ്ത്രിമാരുമായി ന്യായാ
ധിപസംഘമൊക്കെയും കൂടി ആ
ലോചിച്ചു[b] യേശുവിനെ കെട്ടി[c]ക്കൊ
ണ്ടുപോയി[d] പീലാത്തോസിനെ[e]
ഏല്പിച്ചു.[f] **2** പീലാത്തോസ്
അവനോട്:[g] നീ യെഹൂദന്മാരുടെ
രാജാവോ[h] എന്നു ചോദിച്ചതിന്:
ഞാൻ ആകുന്നു[i] എന്ന് അവൻ ഉ
ത്തരം പറഞ്ഞു. **3** മഹാപുരോ
ഹിതന്മാർ അവനെ ഏറിയോന്നു
കുറ്റം ചുമത്തി. **4** പീലാത്തോസ്
പിന്നെയും അവനോടു ചോദിച്ചു:
നീ ഒരുത്തരവും പറയുന്നില്ലയോ?[j]
ഇതാ, അവർ നിന്നെ എന്തെല്ലാം
കുറ്റം ചുമത്തുന്നു എന്നു പറഞ്ഞു.
**5** യേശു പിന്നെയും ഉത്തരം
ഒന്നും പറയായ്കയാൽ[j] പീലാ
ത്തോസ് ആശ്ചര്യപ്പെട്ടു.
**6** [k]അവൻ ഉത്സവംതോറും
അവർ ചോദിക്കുന്ന ഒരു തടവു
കാരനെ അവർക്കു വിട്ടുകൊടു
ക്ക പതിവായിരുന്നു. **7** എന്നാൽ
ഒരു കലഹത്തിൽ കൊല ചെയ്ത
വരായ[l] കലഹക്കാരോടുകൂടെ[m]
ബന്ധിച്ചിരുന്ന ബറബ്ബാസ് എന്നു
പേരുള്ള ഒരുത്തൻ ഉണ്ടായിരുന്നു.
**8** പുരുഷാരം കയറിവന്നു, അവൻ
പതിവുപോലെ ചെയ്യേണം എന്ന്
അപേക്ഷിച്ചുതുടങ്ങി. **9** മഹാപു
രോഹിതന്മാർ അസൂയകൊണ്ട്[n]
അവനെ ഏല്പിച്ചു എന്നു പീലാ
ത്തോസ് അറിഞ്ഞതുകൊണ്ട് അവ
രോട്: **10** യെഹൂദന്മാരുടെ രാജാ
വിനെ നിങ്ങൾക്കു വിട്ടുതരേണം
എന്ന് ഇച്ഛിക്കുന്നുവോ എന്നു
ചോദിച്ചു. **11** എന്നാൽ അവൻ
ബറബ്ബാസിനെ വിട്ടുകൊടുക്കേ
ണ്ടതിനു ചോദിപ്പാൻ മഹാപുരോ
ഹിതന്മാർ പുരുഷാരത്തെ ഉത്സാ
ഹിപ്പിച്ചുകൊണ്ടിരുന്നു. **12** പീലാ
ത്തോസ് പിന്നെയും അവരോട്:
എന്നാൽ യെഹൂദന്മാരുടെ രാജാവ്
എന്നു നിങ്ങൾ പറയുന്നവനെ[o]
ഞാൻ എന്തു ചെയ്യേണം എന്നു
ചോദിച്ചു. **13** അവനെ ക്രൂശിക്ക
എന്ന് അവർ വീണ്ടും നിലവിളി
ച്ചു. **14** പീലാത്തോസ് അവരോട്:
അവൻ എന്തു ദോഷം ചെയ്തു[p]
എന്നു പറഞ്ഞാറെ, അവനെ
ക്രൂശിക്ക എന്ന് അവർ അധികമാ
യി നിലവിളിച്ചു.**15** പീലാത്തോസ്
പുരുഷാരത്തിനു തൃപ്തിവരുത്തു
വാൻ ഇച്ഛിച്ചു ബറബ്ബാസിനെ അ
വർക്കു വിട്ടുകൊടുത്തു, യേശു
വിനെ ചമ്മട്ടികൊണ്ട് അടിപ്പിച്ചു[q]
ക്രൂശിപ്പാൻ ഏല്പിച്ചു.
**16** [r]പടയാളികൾ അവനെ
ആസ്ഥാനമായ[s] മണ്ഡപത്തിനക
ത്തു[t] കൊണ്ടുപോയി പട്ടാളത്തെ[u]
എല്ലാം വിളിച്ചുകൂട്ടി. **17** അവനെ
രക്താംബരം[v] ധരിപ്പിച്ചു, മുള്ളു
കൊണ്ട് ഒരു കിരീടം മെടഞ്ഞ്
അവനെ ചൂടിച്ചു: **18** യെഹൂദന്മാ
രുടെ രാജാവേ,[w] ജയ ജയ എന്നു
പറഞ്ഞു വന്ദിച്ചു. **19** കോൽകൊ
ണ്ട് അവന്റെ തലയിൽ അടിച്ചു,
അവനെ തുപ്പി,[x] മുട്ടുകുത്തി അ
വനെ നമസ്കരിച്ചു.[y] **20** അങ്ങനെ
അവനെ പരിഹസിച്ച[z]ശേഷം അ
വർ രക്താംബരം[v] നീക്കി സ്വന്ത
വസ്ത്രം ധരിപ്പിച്ച് അവനെ ക്രൂ
ശിപ്പാൻ കൊണ്ടുപോയി.[a]
**21** അലെക്സന്തരിന്റെയും
രൂഫൊസിന്റെയും[b] അപ്പനായി
വയലിൽനിന്നു വരുന്ന കുറേനക്കാ
രനായ ശിമോനെ അവന്റെ ക്രൂശ്
ചുമപ്പാൻ[c] അവർ നിർബന്ധിച്ചു.[d]
**22** [e]തലയോടിടം എന്നർഥമുള്ള
ഗൊല്ഗോഥാ എന്ന സ്ഥലത്തേ
ക്ക് അവനെ കൊണ്ടുപോയി;

**അധ്യായം 15**
1.[a] *മത്താ.27:1; ലൂക്കൊ.22:66* [b] *മർക്കൊ.3:6* [c] *മത്താ.27:2* [d] *ലൂക്കൊ.23:1; യോഹ.18:28* [e] *ലൂക്കൊ.3:1;13:1; അപ്പൊ.പ്ര.3:13; 4:27;1തിമൊ.6:14* [f] *മർക്കൊ.10:33*
2.[g] *മർക്കൊ. 15:2-5 ക്കു മത്താ.27:11-14; ലൂക്കൊ.23:2,3; യോഹ.18:29-38കാ.* [h] *മർക്കൊ.15:10, 12,18,26;മത്താ.2:2; യോഹ.18:39;19:3; (മർക്കൊ.15:32)* [i] *(1തിമൊ.6:14); ലൂക്കൊ.22:70*
4.[j] *(യോഹ.19:10); മത്താ.26:63*
5.[j] *(വാ.4 കാ.)*
6.[k] *മർക്കൊ. 15:6-15ക്കു, മത്താ.27:15-26; ലൂക്കൊ.23:18-25; യോഹ.18:39,40; 19:16 കാ.*
7.[l] *അപ്പൊ.പ്ര.3:14* [m] *(അപ്പൊ.പ്ര.5:36,37)*
9.[n] *(യോഹ.12:19)*
12.[o] *(യോഹ.19:15)*
14.[p] *(ലൂക്കൊ.23:41; യോഹ.8:46)*
15.[q] *മർക്കൊ.10:34; യെശ.50:6;53:5; (ലൂക്കൊ.23:16; യോഹ.19:1)*
16.[r] *മർക്കൊ. 15:16-20ക്കു. മത്താ.27:27-31; യോഹ.19:2,3കാ.* [s] *യോഹ.18:28,33; 19:9; അപ്പൊ.പ്ര.23:35; ഫിലി.1:13* [t] *മത്താ.26:3* [u] *അപ്പൊ.പ്ര.10:1*
17.[v] *വെളി.18:12,16; (ലൂക്കൊ.23:11)*
18.[w] *മർക്കൊ.15:2*
19.[x] *മർക്കൊ.14:65* [y] *മത്താ.8:2* 20.[z] *മർക്കൊ.10:34* [v] *(വാ.17 കാ.)* [a] *യെശ.53:7* 21.[b] *റോമ.16:13* [c] *മത്താ.27:32; ലൂക്കൊ.23:26; (യോഹ.19:17)* [d] *മത്താ.5:41* 22.[e] *മർക്കൊ.15:22-38ക്കു. മത്താ.27:33-51; ലൂക്കൊ.23:32-38, 44-46; യോഹ.19:17-19, 23,24,28-30കാ.*

23 കണ്ടിവെണ്ണ്[f] കലർത്തിയ വീ
ഞ്ഞ് അവനു കൊടുത്തു; അവനോ
വാങ്ങിയില്ല. 24 അവനെ ക്രൂശിച്ച
ശേഷം അവന്റെ വസ്ത്രം ഇന്ന
വന് ഇന്നതു കിട്ടേണം എന്നു
ചീട്ടിട്ടു പകുതിചെയ്തു.[g] 25 മൂ
ന്നാംമണി നേരമായപ്പോൾ[h] അവ
നെ ക്രൂശിച്ചു. 26 യെഹൂദന്മാരുടെ
രാജാവ്[i] എന്നിങ്ങനെ അവന്റെ
കുറ്റം മീതെ എഴുതിയിരുന്നു.
27 അവർ രണ്ടു കള്ളന്മാരെ[j] ഒരു
ത്തനെ വലത്തും ഒരുത്തനെ ഇട
ത്തുമായി[k] അവനോടുകൂടെ ക്രൂ
ശിച്ചു. 28 [അധർമികളുടെ കൂട്ട
ത്തിൽ അവനെ എണ്ണി എന്നുള്ള
തിരുവെഴുത്തു നിവൃത്തിയായി.][l]
29 കടന്നുപോകുന്നവർ[m] തല കുലു
ക്കിക്കൊണ്ട്:[n] ഹാ, ഹാ,[o] മന്ദിരം
പൊളിച്ചു മൂന്നു നാളുകൊണ്ടു പ
ണിയുന്നവനേ, 30 നിന്നെത്തന്നെ
രക്ഷിച്ചു ക്രൂശിൽനിന്ന് ഇറങ്ങിവാ[p]
എന്നു പറഞ്ഞ് അവനെ ദുഷിച്ചു.[m]
31 അങ്ങനെ തന്നെ മഹാപുരോ
ഹിതന്മാരും മൂപ്പന്മാരും അവനെ
പരിഹസിച്ചു: ഇവൻ മറ്റുള്ളവരെ
രക്ഷിച്ചു[q] തന്നെത്താൻ രക്ഷിപ്പാൻ
വഹിയാ.[r] 32 നാം കണ്ടു വിശ്വ
സിക്കേണ്ടതിനു[s] ക്രിസ്തു[t] എന്ന
യിസ്രായേൽരാജാവ്[u] ഇപ്പോൾ
ക്രൂശിൽനിന്ന് ഇറങ്ങിവരട്ടെ എന്നു
തമ്മിൽ പറഞ്ഞു; അവനോടുകൂടെ
ക്രൂശിക്കപ്പെട്ടവരും അവനെ പഴിച്ചു
പറഞ്ഞു.[v]

33 ആറാം മണി നേരമായപ്പോൾ
ഒമ്പതാം മണി നേരത്തോളം ദേശത്ത്
എല്ലാം ഇരുട്ട് ഉണ്ടായി. 34 ഒമ്പ
താംമണി നേരത്ത് യേശു: എന്റെ
ദൈവമേ, എന്റെ ദൈവമേ, നീ
എന്നെ കൈവിട്ടത് എന്ത് എന്ന്
അർത്ഥമുള്ള[w] എലോഹീ, എലോഹീ,
ലമ്മാ ശബ്ബക്താനീ എന്ന് അത്യു
ച്ചത്തിൽ നിലവിളിച്ചു.[x] 35 അരികെ
നിന്നവരിൽ ചിലർ കേട്ടിട്ട്: അവൻ
ഏലീയാവെ വിളിക്കുന്നു എന്നു
പറഞ്ഞു. 36 ഒരുത്തൻ ഓടി ഒരു
സ്പോങ്ങിൽ പുളിച്ച വീഞ്ഞു[y]
നിറച്ച് ഒരു ഓടക്കോലിന്മേലാക്കി:
നില്പിൻ; ഏലീയാവ് അവനെ ഇറ
ക്കുവാൻ വരുമോ എന്നു നമുക്കു
കാണാം എന്നു പറഞ്ഞ് അവനു
കുടിപ്പാൻ കൊടുത്തു.[z] 37 യേശു
ഉറക്കെ നിലവിളിച്ചു[a] പ്രാണനെ
വിട്ടു.[b] 38 ഉടനെ മന്ദിരത്തിലെ
തിരശ്ശീല മേൽതൊട്ട് അടിയോ
ളവും രണ്ടായി ചീന്തിപ്പോയി.[c]
39 [d]അവന് എതിരേ നിന്നിരുന്ന
ശതാധിപൻ അവൻ ഇങ്ങനെ പ്രാ
ണനെ വിട്ടതു കണ്ടിട്ട്: ഈ മനു
ഷ്യൻ ദൈവപുത്രൻ[e] ആയിരുന്നു
സത്യം[f] എന്നു പറഞ്ഞു. 40 സ്ത്രീ
കളും[g] ദൂരത്തുനിന്നു[h] നോക്കി
ക്കൊണ്ടിരുന്നു;[g] അവരിൽ മഗ്ദല
ക്കാരത്തി മറിയയും[i] ചെറിയ[j]
യാക്കോബിന്റെയും യോസെയു
ടെയും അമ്മ മറിയയും ശലോമ
യും[k] ഉണ്ടായിരുന്നു. 41 അവൻ
ഗലീലയിൽ ഇരിക്കുമ്പോൾ അവർ
അവനെ അനുഗമിച്ചും ശുശ്രൂഷി
ച്ചും പോന്നു;[i] അവനോടുകൂടെ
യെരൂശലേമിലേക്കു വന്ന[l] മറ്റു
സ്ത്രീകളും ഉണ്ടായിരുന്നു.

42 [m]വൈകുന്നേരമായപ്പോൾ
ശബ്ബത്തിന്റെ തലേനാളായ ഒരു
ക്കനാൾ[n] ആകകൊണ്ടു 43 ശ്രേ
ഷ്ഠ[o]മന്ത്രിയും ദൈവരാജ്യത്തെ
കാത്തിരുന്നവനുമായ[p] അരിമഥ്യ
യിലെ യോസേഫ് വന്നു ധൈര്യ
ത്തോടെ പീലാത്തൊസിന്റെ അടു
ക്കൽ ചെന്നു യേശുവിന്റെ ശരീരം
ചോദിച്ചു. 44 അവൻ മരിച്ചുകഴി
ഞ്ഞുവോ എന്നു പീലാത്തൊസ്
ആശ്ചര്യപ്പെട്ടു ശതാധിപനെ[q] വി
ളിച്ചു: അവൻ മരിച്ചിട്ട് ഒട്ടുനേരമാ
യോ എന്ന് 45 ശതാധിപനോട്[q]
വസ്തുത ചോദിച്ചറിഞ്ഞിട്ട് ഉടൽ
യോസേഫിനു നല്കി. 46 അ
വൻ ഒരു ശീല[r] വാങ്ങി അവനെ
ഇറക്കി ശീലയിൽ ചുറ്റിപ്പൊതി
ഞ്ഞ്, പാറയിൽ വെട്ടിയിട്ടുള്ള[s]

23.[f] മത്താ.2:11;
യോഹ.19:39
24.[g] സങ്കീ.22:18
25.[h] (യോഹ.19:14)
26.[i] മർക്കൊ.15:2
27.[j] (യോഹ.18:40)
[k] (മർക്കൊ.10:37)
28.[l] ലൂക്കൊ.22:37
29.[m] സങ്കീ.22:7;
109:25; (വിലാ.1:12)
[n] ഇയ്യോ.16:4;
യിരെ.18:16;
വിലാ.2:15
[o] സങ്കീ.35:25;40:15
30.[p] മർക്കൊ.14:58
[m] (വാ.29കാ.)
31.[q] (ലൂക്കൊ.4:23)
[r] (മത്താ.26:53,54;
യോഹ.10:18)
32.[s] യോഹ.20:29
[t] മത്താ.1:17
[u] യോഹ.1:49;12:13;
(മർക്കൊ.15:26)
[v] ലൂക്കൊ.23:39-43
34.[w] സങ്കീ.22:1
[x] (എബ്രാ.5:7)
36.[y] രൂത്ത്2:14
[z] സങ്കീ.69:21
37.[a] മർക്കൊ.15:34
[b] (യോഹ.10:18)
38.[c] പുറ.26:31-33;
2ദിന. 3:14
39.[d] മർക്കൊ.
15:39-41 ക്കു.
മത്താ.27:54-56;
ലൂക്കൊ.
23:47,49 കാ.
[e] (ദാനീ.3:25)
[f] മത്താ.27:43
40.[g] യോഹ.19:25
[h] സങ്കീ.38:11
[i] ലൂക്കൊ.8:2,3
[j] ലൂക്കൊ.19:3
[k] മർക്കൊ.16:1;
(മത്താ.27:56)
41.[i] (വാ.40കാ.)
[l] ലൂക്കൊ.2:4

42.[m] മർക്കൊ.15:42-47 ക്കു. മത്താ.27:57-61;
ലൂക്കൊ.23:50-56; യോഹ.19:38-42കാ.[n] മത്താ.
27:62 43.[o] അപ്പൊ.പ്ര.13:50; 17:12 [p] ലൂക്കൊ.
2:25,38 44.[q] മർക്കൊ.15:39 45.[q] (വാ.44 കാ.)
46.[r] മർക്കൊ.14:51 [s] യെശ.22:16

കല്ലറയിൽ വച്ചു;[t] കല്ലറവാതി
ൽക്കൽ ഒരു കല്ല്[u] ഉരുട്ടിവച്ചു.
**47** അവനെ വച്ച ഇടം മഗ്ദല
ക്കാരത്തി മറിയയും യോസെ
യുടെ അമ്മ മറിയയും നോക്കി
ക്കണ്ടു.[v]

❋ ❋ ❋

*1. യേശുവിന്റെ ഉയിർപ്പ് 9. മഗ്ദലനക്കാരി മറിയയ്ക്കും 12. വഴിയാത്രയിൽവച്ച് രണ്ട് ശിഷ്യന്മാർക്കും 14. അപൊസ്തലന്മാർക്കും പ്രത്യക്ഷനായത് 19. സ്വർഗാരോഹണം.*

**16** [a]ശബ്ബത്ത്[b] കഴിഞ്ഞശേഷം
മഗ്ദലക്കാരത്തി മറിയയും[c]
യാക്കോബിന്റെ അമ്മ മറിയയും[c]
ശലോമയും[c] ചെന്ന് അവനെ പൂശേ
ണ്ടതിനു സുഗന്ധവർഗം വാങ്ങി.[d]
**2** ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ
അതികാലത്ത് സൂര്യൻ ഉദിച്ചപ്പോൾ
അവർ കല്ലറയ്ക്കൽ ചെന്നു: **3** കല്ല
റയുടെ വാതിൽക്കൽനിന്നു നമു
ക്കുവേണ്ടി ആർ കല്ല്[e] ഉരുട്ടിക്ക
ളയും എന്നു തമ്മിൽ പറഞ്ഞു.
**4** അവർ നോക്കിയാറെ കല്ല് ഉരു
ട്ടിക്കളഞ്ഞതായി കണ്ടു; അത്
ഏറ്റവും വലുതായിരുന്നു.[f] **5** അ
വർ കല്ലറയ്ക്കകത്തു കടന്നപ്പോൾ[g]
വെള്ള നിലയങ്കി[h] ധരിച്ച്[i] ഒരു
ബാല്യക്കാരൻ വലത്തുഭാഗത്ത്
ഇരിക്കുന്നതു കണ്ടു ഭ്രമിച്ചു.[j]
**6** അവൻ അവരോട്: ഭ്രമിക്കേണ്ടാ;[j]
ക്രൂശിക്കപ്പെട്ട നസറായനായ[k] യേശു
വിനെ നിങ്ങൾ അന്വേഷിക്കുന്നു;
അവൻ ഉയിർത്തെഴുന്നേറ്റു; അവൻ
ഇവിടെ ഇല്ല; അവനെ വച്ച സ്ഥലം
ഇതാ. **7** നിങ്ങൾ പോയി അവന്റെ
ശിഷ്യന്മാരോടും പത്രൊസിനോടും:
അവൻ നിങ്ങൾക്കു മുമ്പേ ഗലീ
ലയ്ക്കു പോകുന്നു[l] എന്നു പറ
വിൻ; അവൻ നിങ്ങളോടു പറഞ്ഞ
തുപോലെ[l] അവിടെ അവനെ
കാണും എന്നു പറവിൻ എന്നു
പറഞ്ഞു. **8** അവർക്കു വിറയലും
ഭ്രമവും പിടിച്ച് അവർ കല്ലറ വിട്ട്
ഓടിപ്പോയി; അവർ ഭയപ്പെടുക
യാൽ ആരോടും ഒന്നും പറഞ്ഞില്ല.

46.[t] *(യെശ.53:9)*
[u] *മർക്കൊ.16:4; (യോഹ.11:38)*
47.[v] *മർക്കൊ.15:40*

**അധ്യായം 16**

1.[a] *മർക്കൊ. 16:1 - 8ക്കു. മത്താ.28:1 - 8; ലൂക്കൊ.24:1 - 10; യോഹ.20:1 കാ.*
[b] *(മർക്കൊ.1:32)*
[c] *മർക്കൊ.15:40; (മത്താ.27:56)*
[d] *ലൂക്കൊ.23:56*
3.[e] *മർക്കൊ.15:46*
4.[f] *മത്താ.27:60*
5.[g] *(യോഹ.20:11,12)*
[h] *വെളി.6:11;7:9*
[i] *(മർക്കൊ.9:3; ദാനീ.7:9; യോഹ.20:12; അപ്പൊ.പ്ര.1:10)*
[j] *മർക്കൊ.9:15*
6.[j] *(വാ.5കാ.)*
[k] *മർക്കൊ.1:24; 14:67*
7.[l] *മർക്കൊ.14:28*
9.[m] *ലൂക്കൊ.8:2*
[n] *യോഹ.20:14; (മത്താ.28:9)*
10.[o] *ലൂക്കൊ.6:25*
[p] *യോഹ.16:20*
[q] *യോഹ.20:18; (മത്താ.28:10; ലൂക്കൊ.24:10)*
11.[r] *ലൂക്കൊ.24:11; (മർക്കൊ.16:16)*
12.[s] *ലൂക്കൊ. 24:13 - 31*
[t] *ലൂക്കൊ.9:29*
[u] *മർക്കൊ.16:14; (യോഹ.21:1,14)*
13.[v] *ലൂക്കൊ. 24:33 - 35*
14.[w] *ലൂക്കൊ.24:36; യോഹ.20:19; 1കൊരി.15:5*
[u] *(വാ.12 കാ.)*
[x] *മർക്കൊ.16:11,13*
[y] *ലൂക്കൊ.24:41*
[z] *മർക്കൊ.10:5*
15.[a] *മത്താ.28:19*
[b] *റോമ.8:22*

**9** [അവൻ ആഴ്ചവട്ടത്തിന്റെ
ഒന്നാം നാൾ രാവിലെ ഉയിർത്തെ
ഴുന്നേറ്റിട്ട് താൻ ഏഴു ഭൂതങ്ങളെ
പുറത്താക്കിയിരുന്ന[m] മഗ്ദലക്കാര
ത്തി മറിയയ്ക്ക്[m] ആദ്യം പ്രത്യക്ഷ
നായി.[n] **10** അവൾ ചെന്ന് അവ
നോടുകൂടെ ഇരുന്നവരായി ദുഃഖി
ച്ചും കരഞ്ഞും[o] കൊണ്ടിരിക്കുന്ന
വരോട്[p] അറിയിച്ചു.[q] **11** അവൻ
ജീവനോടിരിക്കുന്നു എന്നും അ
വൾ അവനെ കണ്ടു എന്നും അവർ
കേട്ടപ്പോൾ വിശ്വസിച്ചില്ല.[r]
**12** പിന്നെ[s] അവരിൽ രണ്ടു പേർ
നാട്ടിലേക്കു പോകുമ്പോൾ അവൻ
മറ്റൊരു രൂപത്തിൽ[t] അവർക്കു പ്ര
ത്യക്ഷനായി.[u] **13** അവർ പോയി
ശേഷമുള്ളവരോട് അറിയിച്ചു;[v]
അവരുടെ വാക്കും അവർ വിശ്വ
സിച്ചില്ല.
**14** പിന്നത്തേതിൽ പതിനൊ
രുവർ[w] ഭക്ഷണത്തിനിരിക്കുമ്പോൾ
അവൻ അവർക്കു പ്രത്യക്ഷനായി,[u]
തന്നെ ഉയിർത്തെഴുന്നേറ്റവനായി
കണ്ടവരുടെ വാക്കു വിശ്വസിക്കാ
യ്കയാൽ[x] അവരുടെ അവിശ്വാ
സത്തെയും[y] ഹൃദയകാഠിന്യത്തെ
യും[z] ശാസിച്ചു. **15** പിന്നെ അ
വൻ അവരോട്: നിങ്ങൾ ഭൂലോ
കത്തിൽ ഒക്കെയും പോയി[a]
സകല സൃഷ്ടിയോടും[b] സുവി
ശേഷം പ്രസംഗിപ്പിൻ.[c] **16** വിശ്വ
സിക്കയും[d] സ്നാനം ഏല്ക്കയും
ചെയ്യുന്നവൻ[e] രക്ഷിക്കപ്പെടും;[f]
വിശ്വസിക്കാത്തവൻ[g] ശിക്ഷാവി
ധിയിൽ അകപ്പെടും.[d] **17** വിശ്വസി
ക്കുന്നവരാൽ ഈ അടയാളങ്ങൾ[h]
നടക്കും: എന്റെ നാമത്തിൽ
അവർ ഭൂതങ്ങളെ പുറത്താക്കും;[i]
പുതുഭാഷകളിൽ സംസാരിക്കും;[j]

[c] *കൊലൊ.1:23; (മർക്കൊ.13:10; അപ്പൊ.പ്ര.1:8; റോമ.10:18)* 16.[d] *(യോഹ.3:36;3:18)* [e] *യോഹ.3:5; അപ്പൊ.പ്ര.2:38;8:12* [f] *അപ്പൊ.പ്ര.16:31; റോമ.10:9; 1പത്രൊ.3:21* [g] *മർക്കൊ.16:11; ലൂക്കൊ.24:11,41; അപ്പൊ.പ്ര.28:24; 1പത്രൊ.2:7; (2തെസ്സ.2:12)* 17.[h] *(മർക്കൊ.11:23)* [i] *അപ്പൊ.പ്ര.5:16; 8:7; 16:18; 19:12; മർക്കൊ.9:38* [j] *അപ്പൊ.പ്ര.2:4; 10:45;19:6; 1കൊരി.12:10,28,30; 13:1;14:2,4*

**18** സർപ്പങ്ങളെ പിടിച്ചെടുക്കും;[k]
മരണകരമായ യാതൊന്നു കുടി
ച്ചാലും അവർക്കു ഹാനി വരിക
യില്ല; രോഗികളുടെമേൽ[l] കൈ
വച്ചാൽ[m] അവർക്കു സൗഖ്യം വരും
എന്നു പറഞ്ഞു.
**19** ഇങ്ങനെ കർത്താവായ യേശു
അവരോട് അരുളിച്ചെയ്തശേഷം[n]
സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു.[o]
ദൈവത്തിന്റെ വലത്തുഭാഗത്ത്
ഇരുന്നു.[p] **20** അവർ പുറപ്പെട്ട്
എല്ലാടത്തും പ്രസംഗിച്ചു; കർത്താ
വ് അവരോടുകൂടെ പ്രവർത്തി
ച്ചും[q] അവരാൽ നടന്ന അടയാള
ങ്ങളാൽ[r] വചനത്തെ[s] ഉറപ്പിച്ചും
പോന്നു.]

✵ ✵ ✵

18. [k] *ലൂക്കൊ.10:19; അപ്പൊ.പ്ര.28:3-5* [l] *അപ്പൊ.പ്ര.5:15, 16;8:7;9:12,17;28:8; യാക്കോ.5:14,15; (യോഹ.14:12)* [m] *മർക്കൊ.5:23*
19. [n] *അപ്പൊ.പ്ര.1:2,3* [o] *ലൂക്കൊ.9:51; 24:51;യോഹ.6:62; അപ്പൊ.പ്ര.1:9; 1തിമൊ.3:16; (യോഹ.20:17; എഫെ.4:8,10;എബ്രാ.4:14)* [p] *അപ്പൊ.പ്ര.7:55,56; റോമ.8:34; എഫെ.1:20,21; കൊലൊ.3:1; എബ്രാ.1:3;8:1; 10:12;12:2; 1പത്രൊ.3:22; വെളി.3:21; മത്താ.22:44; അപ്പൊ.പ്ര.2:33*
20. [q] *എബ്രാ.2:3,4; 1കൊരി.3:9* [r] *അപ്പൊ.പ്ര.5:12* [s] *മർക്കൊ.4:14*

## മത്സ്യബന്ധനം

യേശുവിന്റെ കാലത്തു മത്സ്യബന്ധനം നടന്നിരുന്നതു പ്രധാനമായും ഗലീലത്തടാകത്തിലായിരുന്നു. കാരണം മെഡിറ്ററേനിയൻ കടൽത്തീരം അവരുടെ ശത്രുക്കളുടെ കൈകളിലായിരുന്നു. സോരിൽനിന്നും സീദോനിൽനിന്നും ഉണക്കി ഉപ്പിട്ട മത്സ്യങ്ങൾ കൊണ്ടുവന്നിരിക്കണം. സൃഷ്ടിയുടെ വിവരണത്തിൽ (ഉൽപ. 1:20-22) ദൈവം സമുദ്രത്തിൽ ജീവജന്തുക്കൾ ഉണ്ടാകട്ടെ എന്നു കല്പിക്കുകയും അവയുടെമേൽ മനുഷ്യന് അധികാരം കൊടുക്കുകയും ചെയ്തു (ഉൽപ. 1:28; സങ്കീ. 8:6-8). എന്നാൽ ഈ സൃഷ്ടികളിലൊന്നിന്റെയും രൂപത്തെ ഉണ്ടാക്കി ആരാധിക്കുന്നതു വിലക്കിയിരുന്നു (ആവ. 4:15-18). ദൈവം സൃഷ്ടികളെ പുതുക്കുമ്പോൾ സാന്ദ്രത കൂടിയ ചാവുകടലിൽപ്പോലും ശുദ്ധജലം ഉണ്ടാവുകയും മത്സ്യങ്ങൾ നിറയുകയും ചെയ്യും (യെഹെ. 47:7-10).

മത്സ്യബന്ധനം ഗലീലയിൽ ഒരു തൊഴിലും വരുമാനമാർഗവുമായിരുന്നു. യേശുവിന്റെ അനുയായികളിൽ പലരും മീൻപിടിത്തക്കാരായിരുന്നു. യേശു അവരോടു നിങ്ങൾ മനുഷ്യരെ പിടിക്കുന്നവരാകുമെന്നു പറയുന്നുണ്ട് (മർക്കൊ. 1:16,17; മത്താ. 14:14-21; ലൂക്കൊ. 9:10-17). തന്നിൽ വിശ്വസിച്ചാലുണ്ടാകുന്ന ഫലം യോഹ. 21:4-12 ലൂടെ യേശു കാണിച്ചുകൊടുക്കുന്നുണ്ട്. അവർ വലവീശിയപ്പോൾ അതിൽ മത്സ്യത്തിന്റെ വലിയ കൂട്ടം ലഭിച്ചു. സുവിശേഷത്തിന്റെ ഫലവും അങ്ങനെയായിരിക്കുമെന്നാണ് ഇവിടെ സൂചിപ്പിക്കുന്നത്. ആദ്യകാല ക്രിസ്തീയ സമൂഹങ്ങൾ മത്സ്യം ഒരു പ്രത്യേക സാദൃശ്യമായി യേശുവിന്റെ പേരിനോടു ബന്ധിപ്പിക്കുന്നതിൽ ആഭിമുഖ്യമുള്ളവരായിരുന്നു. കാരണം, മത്സ്യം എന്നതിന്റെ ഗ്രീക്കുനാമം *ഇക്തുസ്* എന്നാണ്. ഈ ഗ്രീക്ക് അക്ഷരങ്ങളോരോന്നും യേശുവിനോടുള്ള ബന്ധത്തിൽ ചുരുക്കെഴുത്തായി ചിത്രീകരിക്കപ്പെട്ടു. അവ താഴെപ്പറയുന്നു.

| | | | |
|---|---|---|---|
| I | - I hsous | - ഈസുസ് | - യേശു |
| X | - Ch ristos | - ക്രിസ്റ്റോസ് | - ക്രിസ്തു |
| Q | - Th eou | - തെയൂ | - ദൈവത്തിന്റെ |
| U | - U ios | - ഹ്യൂയോസ് | - പുത്രൻ |
| S | - S wthr | - സോറ്റേർ | - രക്ഷകൻ |

**അതായത്, രക്ഷകനായ ദൈവപുത്രനാണ് യേശുക്രിസ്തു**

# THE GOSPEL ACCORDING TO LUKE

# ലൂക്കൊസ് എഴുതിയ സുവിശേഷം

## മുഖവുര

മുഴുവൻ മാനവജാതിയുടെ രക്ഷകനായിട്ടും യിസ്രായേലിന്റെ വാഗ്ദത്തരക്ഷകനായിട്ടും ലൂക്കൊസിന്റെ സുവിശേഷം യേശുവിനെ ചിത്രീകരിക്കുന്നു. ദരിദ്രരോട് സുവിശേഷം അറിയിപ്പാൻ ദൈവത്തിന്റെ ആത്മാവ് യേശുവിനെ അഭിഷേകം ചെയ്തു എന്നാണ് ലൂക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ സുവിശേഷത്തിലുടനീളം ദൈവത്തിന്റെ പാപക്ഷമയെക്കുറിച്ചും പ്രാർഥന, പരിശുദ്ധാത്മാവ്, യേശുവിന്റെ ശുശ്രൂഷയിൽ സ്ത്രീകളുടെ പങ്ക് എന്നിവയെക്കുറിച്ചും രേഖപ്പെടുത്തിയിരിക്കുന്നു.

***1. മുഖവുര 5. ദൈവദൂതൻ സെഖര്യാവിന് യോഹന്നാന്റെ ജനനത്തെയും 26. മറിയയ്ക്കു ക്രിസ്താവതാരത്തെയും വാഗ്ദത്തം ചെയ്തതു 39. മറിയ എലീശബെത്തിനെ ചെന്നു കണ്ടത് 57. യോഹന്നാന്റെ ജനനവും പരിച്ഛേദനയും 67. സെഖര്യാവിന്റെ പ്രവചനം.***

**ശ്രീ**മാനായ[a] തെയോഫിലോസേ,[b]
ആദിമുതൽ[c] കണ്ട സാക്ഷികളും[d]
വചനത്തിന്റെ[e] ശുശ്രൂഷകന്മാരുമാ
യവർ[f] നമ്മെ ഭരമേല്പിച്ച[g]തുപോ
ലെ,[h] **2** നമ്മുടെ ഇടയിൽ പൂർണ
മായി പ്രമാണിച്ചുവരുന്ന[i] കാര്യ
ങ്ങളെ വിവരിക്കുന്ന ഒരു ചരിത്രം
ചമപ്പാൻ പലരും തുനിഞ്ഞിരിക്ക
കൊണ്ട്, **3** നിനക്ക് ഉപദേശം ലഭിച്ചി
രിക്കുന്ന[j] വാർത്തയുടെ നിശ്ചയം[k]
നീ അറിയേണ്ടതിന് **4** അതു ക്രമ
മായി[l] എഴുതുന്നതു നന്നെന്ന് ആദി
മുതൽ സകലവും സൂക്ഷ്മമായി
പരിശോധിച്ചിട്ട് എനിക്കും തോന്നി
യിരിക്കുന്നു.
**5** യെഹൂദ്യരാജാവായ ഹെരോ
ദാവിന്റെ കാലത്ത്[m] അബീയാക്കൂ
റിൽ[n] സെഖര്യാവ് എന്നു പേരു
ള്ളോരു പുരോഹിതൻ ഉണ്ടായിരു
ന്നു; അവന്റെ ഭാര്യ അഹരോന്റെ
പുത്രിമാരിൽ ഒരുത്തി ആയിരുന്നു;
അവൾക്ക് എലീശബെത്ത് എന്നു
പേർ. **6** ഇരുവരും ദൈവസന്നിധി
യിൽ നീതിയുള്ളവരും[o] കർത്താവി
ന്റെ സകല കല്പനകളിലും ന്യായ
ങ്ങളിലും[p] കുറ്റമില്ലാത്തവരായി[q]
നടക്കുന്നവരും[p] ആയിരുന്നു. **7** എ
ലീശബെത്ത് മച്ചിയാകകൊണ്ട്[r]
അവർക്കു സന്തതി ഇല്ലാഞ്ഞു;
ഇരുവരും വയസ്സു ചെന്നവരും[s]
ആയിരുന്നു.
**8** അവൻ കൂറിന്റെ[t] ക്രമപ്രകാരം
ദൈവസന്നിധിയിൽ പുരോഹിത
നായി ശുശ്രൂഷ ചെയ്തു[u] വരുമ്പോൾ:
**9** പൗരോഹിത്യമര്യാദപ്രകാരം കർ
ത്താവിന്റെ മന്ദിരത്തിൽ[v] ചെന്ന്[w]
ധൂപം കാട്ടുവാൻ അവനു നറുക്കു
വന്നു. **10** ധൂപം കാട്ടുന്ന നാഴിക
യിൽ ജനസമൂഹമൊക്കെയും പുറ
ത്തു[x] പ്രാർഥിച്ചുകൊണ്ടിരുന്നു.[y]
**11** അപ്പോൾ കർത്താവിന്റെ ദൂതൻ
ധൂപപീഠത്തിന്റെ[z] വലത്തുഭാഗത്തു
നില്ക്കുന്നവനായിട്ട് അവന് പ്രത്യ
ക്ഷനായി. **12** സെഖര്യാവ് അവ
നെ കണ്ടു ഭ്രമിച്ച്[a] ഭയപരവശനാ
യി.[b] **13** ദൂതൻ അവനോടു പറഞ്ഞ
ത്: സെഖര്യാവേ, ഭയപ്പെടേണ്ടാ;
നിന്റെ പ്രാർഥനയ്ക്ക് ഉത്തരമായി:[c]
നിന്റെ ഭാര്യ എലീശബെത്ത് നി
നക്ക് ഒരു മകനെ പ്രസവിക്കും;

**അധ്യായം 1**

**1.** [a] *അപ്പൊ.പ്ര. 23:26; 24:3;26:25*
[b] *അപ്പൊ.പ്ര.1:1*
[c] *യോഹ.15:27; 16:4;(മർക്കൊ.1:1; അപ്പൊ.പ്ര.11:15)*
[d] *2പത്രൊ.1:16; 1യോഹ.1:1,3; (അപ്പൊ.പ്ര.4:20; 1പത്രൊ.5:1)*
[e] *മർക്കൊ.4:14*
[f] *അപ്പൊ.പ്ര.26:16; 1കൊരി.4:1*
[g] *1കൊരി.11:2,23*
[h] *(എബ്രാ.2:3)*
**2.** [i] *2തിമൊ.4:5,17; (അപ്പൊ.പ്ര.3:18)*
**3.** [j] *അപ്പൊ.പ്ര.18:25; റോമ.2:18; 1കൊരി.14:19; ഗലാ.6:6*
[k] *അപ്പൊ.പ്ര.2:36; (2പത്രൊ.1:16,19)*
**4.** [l] *അപ്പൊ.പ്ര.11:4*
**5.** [m] *മത്താ.2:1*
[n] *1ദിന.24:10*
**6.** [o] *ലൂക്കൊ.2:25; ഉൽപ.7:1*
[p] *(ഉൽപ.17:1; 1രാജാ.9:4; സങ്കീ.119:1; അപ്പൊ.പ്ര.9:31)*
[q] *ഫിലി.2:14,15;3:6; 1തെസ്സ.2:10;3:13; 5:23; (അപ്പൊ.പ്ര.23:1; 24:16)*

**7.** [r] *ലൂക്കൊ.1:36; (ന്യായ.13:2; 1ശമൂ.1:2)* [s] *(ഉൽപ.18:11;എബ്രാ.11:11,12)* **8.** [t] *ലൂക്കൊ.1:5* [u] *1ദിന.24:19;2ദിന.8:14;31:2; (ലൂക്കൊ.1:23)* **9.** [v] *ലൂക്കൊ.1:21,22; മത്താ.23:16,35;27:40,51; വെളി.11:2,19;(എബ്രാ.9:2,3)* [w] *പുറ.30:7,8; 1ശമൂ.2:28; 1ദിന.23:13; 2ദിന.29:11* **10.** [x] *(ലേവ്യാ.16:17)* [y] *സങ്കീ.141:2; (വെളി.5:8;8:3,4)* **11.** [z] *പുറ.30:1-10; 40:26,27* **12.** [a] *(ലൂക്കൊ.1:29;2:9; ന്യായ.6:22;13:22, 2ശമൂ.6:9; വെളി.1:17)* [b] *അപ്പൊ.പ്ര.19:17* **13.** [c] *(അപ്പൊ.പ്ര.10:4,31)*

അവനു യോഹന്നാൻ എന്നു പേർ
ഇടേണം.[d] **14** നിനക്കു സന്തോഷ
വും ഉല്ലാസവും ഉണ്ടാകും; അവ
ന്റെ ജനനത്തിങ്കൽ പലരും സന്തോ
ഷിക്കും.[e] **15** അവൻ കർത്താവിന്റെ
സന്നിധിയിൽ വലിയവൻ ആകും;[f]
വീഞ്ഞും മദ്യവും[g] കുടിക്കയില്ല;[h]
അമ്മയുടെ ഗർഭത്തിൽവച്ചു തന്നെ[i]
പരിശുദ്ധാത്മാവുകൊണ്ടു നിറയും.[j]
**16** അവൻ യിസ്രായേൽമക്കളിൽ
പലരെയും അവരുടെ ദൈവമായ
കർത്താവിങ്കലേക്കു തിരിച്ചുവരു
ത്തും. **17** [k]അവൻ അപ്പന്മാരുടെ
ഹൃദയങ്ങളെ മക്കളിലേക്കും വഴങ്ങാ
ത്തവരെ[l] നീതിമാന്മാരുടെ ബോധ
ത്തിലേക്കും തിരിച്ചുംകൊണ്ട് ഒരു
ക്കമുള്ളോരു ജനത്തെ കർത്താവി
നുവേണ്ടി ഒരുക്കുവാൻ[m] അവനു
മുമ്പായി[n] ഏലീയാവിന്റെ ആത്മാ
വോടും ശക്തി[o]യോടും കൂടെ നട
ക്കും.[n] **18** സെഖര്യാവ് ദൂതനോ
ട്: ഇതു ഞാൻ എന്തൊന്നിനാൽ
അറിയും?[p] ഞാൻ വൃദ്ധനും എന്റെ
ഭാര്യ വയസ്സു ചെന്നവളുമല്ലോ
എന്നു പറഞ്ഞു. **19** ദൂതൻ അവ
നോട്: ഞാൻ ദൈവസന്നിധിയിൽ
നില്ക്കുന്ന[q] ഗബ്രീയേൽ[r] ആകുന്നു;
നിന്നോടു സംസാരിപ്പാനും ഈ
സദ്വർത്തമാനം നിന്നോട് അറിയി
പ്പാനും എന്നെ അയച്ചിരിക്കുന്നു.
**20** തക്കസമയത്തു നിവൃത്തി വരു
വാനുള്ള എന്റെ ഈ വാക്ക് വിശ്വ
സിക്കായ്കകൊണ്ട് അതു സംഭവി
ക്കുംവരെ നീ സംസാരിപ്പാൻ കഴി
യാതെ മൗനമായിരിക്കും[s] എന്ന്
ഉത്തരം പറഞ്ഞു. **21** ജനം സെഖ
ര്യാവിനായി കാത്തിരുന്നു, അവൻ
മന്ദിരത്തിൽ[t] താമസിച്ചതിനാൽ
ആശ്ചര്യപ്പെട്ടു. **22** അവൻ പുറ
ത്തുവന്നാറെ അവരോടു സംസാ
രിപ്പാൻ കഴിഞ്ഞില്ല; അതിനാൽ
അവൻ മന്ദിരത്തിൽ[t] ഒരു ദർശനം
കണ്ടു എന്ന് അവർ അറിഞ്ഞു;
അവൻ അവർക്ക് ആംഗ്യം കാട്ടി
ഊമനായി പാർത്തു.[u] **23** അവന്റെ
ശുശ്രൂഷാകാലം[v] തികഞ്ഞശേഷം
അവൻ വീട്ടിലേക്കു പോയി.[w]

**24** ആ നാളുകൾ കഴിഞ്ഞിട്ട് അ
വന്റെ ഭാര്യ എലീശബെത്ത് ഗർഭം
ധരിച്ചു: **25** മനുഷ്യരുടെ ഇടയിൽ
എനിക്കുണ്ടായിരുന്ന നിന്ദ നീക്കു
വാൻ[x] കർത്താവ് എന്നെ കടാക്ഷിച്ച
നാളിൽ ഇങ്ങനെ എനിക്കു ചെയ്തു
തന്നിരിക്കുന്നു എന്നു പറഞ്ഞ്
അഞ്ചു മാസം ഒളിച്ചുപാർത്തു.

**26** ആറാം മാസത്തിൽ ദൈവം
ഗബ്രീയേൽ[y] ദൂതനെ നസറെത്ത്[z]
എന്ന ഗലീലപട്ടണത്തിൽ, **27** ദാവീ
ദുഗൃഹത്തിലുള്ള[a] യോസേഫ് എ
ന്നൊരു പുരുഷന് വിവാഹം നിശ്ച
യിച്ചിരുന്ന കന്യകയുടെ അടുക്കൽ[b]
അയച്ചു; ആ കന്യകയുടെ പേർ
മറിയ എന്ന് ആയിരുന്നു. **28** ദൂതൻ
അവളുടെ അടുക്കൽ അകത്തു
ചെന്ന്: കൃപലഭിച്ചവളേ,[c] നിനക്കു
വന്ദനം; കർത്താവ് നിന്നോടുകൂടെ
ഉണ്ട്[d] എന്നു പറഞ്ഞു. **29** അവൾ
ആ വാക്കു കേട്ടു ഭ്രമിച്ചു:[e] ഇത്
എന്തൊരു വന്ദനം എന്നു വിചാ
രിച്ചു. **30** ദൂതൻ അവളോട്: മറിയ
യേ, ഭയപ്പെടേണ്ടാ; നിനക്ക് ദൈവ
ത്തിന്റെ കൃപ ലഭിച്ചു.[f] **31** നീ ഗർഭം
ധരിച്ച് ഒരു മകനെ പ്രസവിക്കും;[g]
അവന് യേശു എന്നു പേർ വിളി
ക്കേണം.[h] **32** അവൻ വലിയവൻ
ആകും; അത്യുന്നതന്റെ[i] പുത്രൻ
എന്നു വിളിക്കപ്പെടും[j]; കർത്താ
വായ ദൈവം അവന്റെ പിതാവായ
ദാവീദിന്റെ[k] സിംഹാസനം അവനു
കൊടുക്കും.[l] **33** അവൻ യാക്കോ
ബുഗൃഹത്തിന് എന്നേക്കും[m] രാജാ
വായിരിക്കും; അവന്റെ രാജ്യത്തിന്
അവസാനം ഉണ്ടാകയില്ല എന്നു
പറഞ്ഞു. **34** മറിയ ദൂതനോട്: ഞാൻ
പുരുഷനെ അറിയായ്കയാൽ ഇത്
എങ്ങനെ സംഭവിക്കും എന്നു

**13.** [d] *ലൂക്കൊ.1:60,63*
**14.** [e] *(ലൂക്കൊ.1:58)*
**15.** [f] *ലൂക്കൊ. 7:28; മത്താ.11:11*
[g] *(അപ്പൊ.പ്ര.2:15,17; എഫെ.5:18)*
[h] *ലൂക്കൊ. 7:33; സംഖ്യാ.6:3; ന്യായാ.13:4,7,14; മത്താ.11:18*
[i] *യെശ.49:1,5; യിരെ.1:5; ഗലാ.1:15*
[j] *ലൂക്കൊ.1:41,67; അപ്പൊ.പ്ര.2:4*
**17.** [k] ***മലാ. 4:6***
[l] *റോമ.10:21*
[m] *ലൂക്കൊ.7:27; മലാ.3:1; മത്താ.11:10; മർക്കൊ.1:2*
[n] *ലൂക്കൊ.1:76,77; യോഹ.3:28*
[o] *മത്താ.11:14*
**18.** [p] *ഉൽപ.15:8; (ഉൽപ.17:17)*
**19.** [q] *വെളി.8:2; (1രാജാ.17:1; ഇയ്യോ.1:6; യെശ.63:9; മത്താ.18:10,11)*
[r] *ലൂക്കൊ.1:26; ദാനീ.8:16;9:21*
**20.** [s] *(യെഹെ.3:26; 24:27)*
**21.** [t] *ലൂക്കൊ.1:9*
**22.** [t] *(വാ.21കാ.)*
[u] *ലൂക്കൊ.1:62*
**23.** [v] *എബ്രാ.10:11*
[w] *2ദിന.23:8; (ലൂക്കൊ.1:8; 2രാജാ.11:5; 1ദിന.9:25)*
**25.** [x] *(ഉൽപ.30:23; 1ശമൂ.1:6; സങ്കീ.113:9; യെശ.4:1)*
**26.** [y] *ലൂക്കൊ.1:19*
[z] *മത്താ.2:23*
**27.** [a] *ലൂക്കൊ.2:4; മത്താ.1:20*
[b] *മത്താ.1:16,18*
**28.** [c] *(സങ്കീ.45:2; ദാനീ.9:23)*

[d] *ന്യായാ.6:12* **29.** [e] *ലൂക്കൊ.1:12* **30.** [f] *അപ്പൊ.പ്ര.7:46; എബ്രാ.4:16* **31.** [g] *യെശ.7:14* [h] *ലൂക്കൊ.2:21; മത്താ.1:21,25* **32.** [i] *ലൂക്കൊ.1:76;6:35; അപ്പൊ.പ്ര.7:48; മർക്കൊ.5:7* [j] *(മത്താ.16:16;27:54; യോഹ.1:34)* [k] *മത്താ.1:1* [l] *ലൂക്കൊ.1:71; 2ശമൂ.7:11 - 13,16; സങ്കീ.89:4;132:11; യെശ.9:6,7;16:5; അപ്പൊ.പ്ര.2:30; (വെളി.3:7)* **33.** [m] *ദാനീ.2:44;7:14,18,27; എബ്രാ.1:8; വെളി.11:15; (യോഹ.12:34)*

പറഞ്ഞു. **35** അതിന് ദൂതൻ: പരി
ശുദ്ധാത്മാവ് നിന്റെമേൽ വരും;[n]
അത്യുന്നതന്റെ[i] ശക്തി നിന്റെമേൽ
നിഴലിടും; ആകയാൽ ഉദ്ഭവിക്കു
ന്ന വിശുദ്ധ പ്രജ[o] ദൈവപുത്രൻ[p]
എന്നു വിളിക്കപ്പെടും.[j] **36** നിന്റെ
ചാർച്ചക്കാരത്തി എലീശബെത്തും
വാർധക്യത്തിൽ ഒരു മകനെ ഗർഭം
ധരിച്ചിരിക്കുന്നു; മച്ചി എന്നു പറ
ഞ്ഞുവന്നവൾക്ക്[q] ഇത് ആറാം
മാസം. **37** [r]ദൈവത്തിന് ഒരു കാര്യവും
അസാധ്യമല്ലല്ലോ എന്ന് ഉത്തരം
പറഞ്ഞു. **38** അതിനു മറിയ: ഇതാ,
ഞാൻ കർത്താവിന്റെ ദാസി; നിന്റെ
വാക്കുപോലെ എനിക്കു ഭവിക്കട്ടെ
എന്നു പറഞ്ഞു; ദൂതൻ അവളെ
വിട്ടുപോയി.[s]

**39** ആ നാളുകളിൽ മറിയ എഴു
ന്നേറ്റ് മലനാട്ടിൽ[t] ഒരു യെഹൂദ്യ
പട്ടണത്തിൽ ബദ്ധപ്പെട്ടു ചെന്നു,
**40** സെഖര്യാവിന്റെ വീട്ടിൽ എത്തി
എലീശബെത്തിനെ വന്ദിച്ചു. **41** മറി
യയുടെ വന്ദനം എലീശബെത്ത്
കേട്ടപ്പോൾ പിള്ള അവളുടെ ഗർഭ
ത്തിൽ തുള്ളി; എലീശബെത്ത്
പരിശുദ്ധാത്മാവ് നിറഞ്ഞവളായി,[u]
ഉച്ചത്തിൽ വിളിച്ചുപറഞ്ഞത്:
**42** സ്ത്രീകളിൽ നീ അനുഗ്രഹിക്ക
പ്പെട്ടവൾ;[v] നിന്റെ ഗർഭഫലവും[w]
അനുഗ്രഹിക്കപ്പെട്ടത്;[x] **43** എന്റെ
കർത്താവിന്റെ[y] മാതാവ് എന്റെ
അടുക്കൽ വരുന്ന മാനം എനിക്ക്
എവിടെനിന്ന് ഉണ്ടായി. **44** നിന്റെ
വന്ദനസ്വരം എന്റെ ചെവിയിൽ
വീണപ്പോൾ പിള്ള എന്റെ ഗർഭ
ത്തിൽ ആനന്ദംകൊണ്ടു തുള്ളി.
**45** കർത്താവ് തന്നോട് അരുളിച്ചെ
യ്തതിനു നിവൃത്തിയുണ്ടാകും
എന്നു വിശ്വസിച്ചവൾ[z] ഭാഗ്യവതി.[a]
**46** [b]അപ്പോൾ മറിയ പറഞ്ഞത്:
“എന്റെ ഉള്ളം[c] കർത്താവിനെ മഹിമ
പ്പെടുത്തുന്നു;[d]
**47** എന്റെ ആത്മാവ്[c] എന്റെ രക്ഷി
താവായ ദൈവത്തിൽ[e] ഉല്ലസി
ക്കുന്നു.[f]
**48** അവൻ തന്റെ ദാസിയുടെ താ
ഴ്ച കടാക്ഷിച്ചിരിക്കുന്നുവല്ലോ;[g]

35. [n] *മത്താ.1:18,20*
[i] *(വാ.32 കാ.)*
[o] *യോഹ.6:69*
[p] *മത്താ.14:33*
[j] *(വാ.32 കാ.)*
36. [q] *ലൂക്കൊ.1:7*
37. [r] ***ഉൽപ.18:14;*** *മത്താ.19:26*
38. [s] *(ന്യായാ.6:21; അപ്പൊ.പ്ര.12:10)*
39. [t] *ലൂക്കൊ.1:65; യോശു.20:7;21:11*
41. [u] *ലൂക്കൊ.1:15,67*
42. [v] *(ന്യായാ.5:24)*
[w] *സങ്കീ.127:3*
[x] *(ആവ.28:4)*
43. [y] *ലൂക്കൊ.20:42; യോഹ.20:28; (ലൂക്കൊ.2:11)*
45. [z] *അപ്പൊ.പ്ര.27:25*
[a] *യോഹ.20:29; (ലൂക്കൊ.1:20)*
46. [b] *ലൂക്കൊ.1:46-53 ക്കു. (1ശമൂ.2:1-10)*
[c] *1തെസ്സ.5:23*
[d] *സങ്കീ.34:2,3;69:30; അപ്പൊ.പ്ര.10:45; 19:17*
47. [c] *(വാ.46 കാ.)*
[e] *സങ്കീ.106:22; 1തിമൊ.1:1;2:3; തീത്തൊ.1:1;2:9; 3:4;യൂദാ25; (2തിമൊ.1:9)*
[f] *സങ്കീ.35:9; യെശ.61:10; ഹബ.3:18; (അപ്പൊ.പ്ര.16:34)*
48. [g] *1ശമൂ.1:11; സങ്കീ.138:6; (ലൂക്കൊ.9:38)*

[h] *ലൂക്കൊ.11:27; സങ്കീ.72:17; (മലാ.3:12)*
49. [i] *സങ്കീ.89:8; സെഫ.3:17*
[j] *സങ്കീ.71:19;126:2,3*
[k] *സങ്കീ.99:3;111:10; യെശ.57:15*
50. [l] *പുറ.20:6; ആവ.5:10;7:9; സങ്കീ.89:1,2;103:17*
51. [m] *സങ്കീ.89:10; 98:1;118:16;*

ഇന്നുമുതൽ എല്ലാ തലമുറകളും
എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും.[h]
**49** ശക്തനായവൻ[i] എനിക്കു വലി
യവ ചെയ്തിരിക്കുന്നു;[j] അവന്റെ
നാമം പരിശുദ്ധം[k] തന്നെ.
**50** അവനെ ഭയപ്പെടുന്നവർക്ക് അ
വന്റെ കരുണ തലമുറതലമുറയോ
ളം ഇരിക്കുന്നു.[l]
**51** തന്റെ ഭുജംകൊണ്ട് അവൻ
ബലം പ്രവർത്തിച്ചു,[m] ഹൃദയവി
ചാരത്തിൽ അഹങ്കരിക്കുന്നവരെ
ചിതറിച്ചിരിക്കുന്നു.[n]
**52** പ്രഭുക്കന്മാരെ സിംഹാസനങ്ങ
ളിൽനിന്ന് ഇറക്കി[o] താണവരെ
ഉയർത്തിയിരിക്കുന്നു.[n]
**53** വിശന്നിരിക്കുന്നവരെ നന്മക
ളാൽ നിറച്ചു,[p] സമ്പന്നന്മാരെ വെ
റുതെ അയച്ചുകളഞ്ഞിരിക്കുന്നു.[q]
**54** നമ്മുടെ പിതാക്കന്മാരോട് അരു
ളിച്ചെയ്തതുപോലെ[r] അബ്രാഹാ
മിനും അവന്റെ സന്തതിക്കും എ
ന്നേക്കും കരുണ ഓർക്കേണ്ടതിന്,[s]
**55** തന്റെ ദാസനായ യിസ്രായേ
ലിനെ[t] തുണച്ചിരിക്കുന്നു.”[u]

**56** മറിയ ഏകദേശം മൂന്നു മാ
സം അവളോടു കൂടെ പാർത്തിട്ട്
വീട്ടിലേക്കു മടങ്ങിപ്പോയി.

**57** എലീശബെത്തിന് പ്രസവിപ്പാ
നുള്ള കാലം തികഞ്ഞപ്പോൾ അ
വൾ ഒരു മകനെ പ്രസവിച്ചു; **58** കർ
ത്താവ് അവൾക്കു വലിയ കരുണ
കാണിച്ചു[v] എന്ന് അയൽക്കാരും
ചാർച്ചക്കാരും കേട്ടിട്ട് അവളോടു
കൂടെ സന്തോഷിച്ചു. **59** എട്ടാം
നാളിൽ[w] അവർ പൈതലിനെ പരി
ച്ഛേദന ചെയ്‌വാൻ വന്നു; അപ്പന്റെ
പേർപോലെ അവനു സെഖര്യാവ്
എന്നു പേർ വിളിപ്പാൻ ഭാവിച്ചു.
**60** അവന്റെ അമ്മയോ: അല്ല,

*യെശ.51:9* [n] *ദാനീ.4:37; യാക്കോ.4:6* **52.** [o] *ഇയ്യോ.5:11; സങ്കീ.75:7;107:40,41; 113:7,8;147:6; യെഹെ.21:26; (യാക്കോ.4:10)* [n] *(വാ.51 കാ.)* **53.** [p] *സങ്കീ.34:10; 107:9; ലൂക്കൊ.6:21,24,25* [q] *ഇയ്യോ.22:9* **54.** [r] *ഉൽപ.17:19; സങ്കീ.132:11,12; ഗലാ.3:16* [s] *സങ്കീ.98:3; മീഖാ.7:20; (ലൂക്കൊ.1:72,75)* **55.** [t] *യെശ.44:21;49:3* [u] *യെശ.41:8,9;എബ്രാ.2:16* **58.** [v] *ഉൽപ.19:19* **59.** [w] *ലൂക്കൊ.2:21; ഉൽപ.17:12; ലേവ്യാ.12:3; ഫിലി.3:5*

അവന് യോഹന്നാൻ എന്നു പേരി
ടേണം[x] എന്നു പറഞ്ഞു. 61 അ
വർ അവളോട്: നിന്റെ ചാർച്ചയിൽ
ഈ പേരുള്ളവർ ആരും ഇല്ലല്ലോ
എന്നു പറഞ്ഞു. 62 പിന്നെ അവന്
എന്ത് പേർ വിളിപ്പാൻ വിചാരി
ക്കുന്നു എന്ന് അപ്പനോട് ആംഗ്യം
കാട്ടി[y] ചോദിച്ചു. 63 അവൻ ഒരു
എഴുത്തുപലക[z] ചോദിച്ചു: അവ
ന്റെ പേർ യോഹന്നാൻ[x] എന്ന്
എഴുതി; എല്ലാവരും ആശ്ചര്യപ്പെ
ട്ടു. 64 ഉടനെ അവന്റെ വായും[a]
നാവും[b] തുറന്നു, അവൻ സംസാ
രിച്ചു ദൈവത്തെ സ്തുതിച്ചു.[c]
65 ചുറ്റും പാർക്കുന്നവർക്ക് എല്ലാം
ഭയം ഉണ്ടായി;[d] യെഹൂദ്യമലനാ
ട്ടിൽ എങ്ങും[e] ഈ വാർത്ത ഒക്കെ
യും പരന്നു. 66 കേട്ടവർ എല്ലാ
വരും അതു ഹൃദയത്തിൽ നിക്ഷേ
പിച്ചു:[f] ഈ പൈതൽ എന്ത് ആകും
എന്നു പറഞ്ഞു; കർത്താവിന്റെ കൈ
അവനോടുകൂടെ ഉണ്ടായിരുന്നു.[g]

67 അവന്റെ അപ്പനായ സെഖ
ര്യാവ് പരിശുദ്ധാത്മാവ് നിറഞ്ഞവ
നായി[h] പ്രവചിച്ചു[i] പറഞ്ഞത്:
68 “യിസ്രായേലിന്റെ ദൈവമായ[j]
കർത്താവ് അനുഗ്രഹിക്കപ്പെട്ടവൻ.[k]
അവൻ തന്റെ ജനത്തെ സന്ദർ
ശിച്ച്[l] ഉദ്ധാരണം[m] ചെയ്കയും
69 ആദിമുതൽ തന്റെ വിശുദ്ധ
പ്രവാചകന്മാർ
70 മുഖാന്തരം അരുളിച്ചെയ്തതു[n]
പോലെ[o] നമ്മുടെ ശത്രുക്കളുടെ
വശത്തുനിന്നും നമ്മെ പകയ്ക്കുന്ന
ഏവരുടെയും കൈയിൽനിന്നും
നമ്മെ രക്ഷിപ്പാൻ[p]
71 തന്റെ ദാസനായ ദാവീദിന്റെ
ഗൃഹത്തിൽ[q] നമുക്കു രക്ഷയുടെ
കൊമ്പ്[r] ഉയർത്തുകയും ചെയ്തി
രിക്കുന്നത്,[s]
72 നമ്മുടെ പിതാക്കന്മാരോടു
കരുണ പ്രവർത്തിക്കേണ്ടതിനും[t]
73 നമ്മുടെ ശത്രുക്കളുടെ കൈ
യിൽനിന്നു രക്ഷിക്കപ്പെട്ട്,
74 നാം ആയുഷ്കാലമൊക്കെയും[u]
ഭയം കൂടാതെ[v] തിരുമുമ്പിൽ വിശു
ദ്ധിയിലും നീതിയിലും[w] തന്നെ
ആരാധിപ്പാൻ നമുക്കു കൃപ നല്കു
മെന്ന്
75 അവൻ നമ്മുടെ പിതാവായ
അബ്രാഹാമിനോടു ചെയ്ത സത്യ
വും[x] തന്റെ വിശുദ്ധ നിയമവും[y]
ഓർത്തതു കൊണ്ടും[z] ആകുന്നു.
76 നീയോ പൈതലേ, അത്യുന്ന
തന്റെ[a] പ്രവാചകൻ[b] എന്നു വിളി
ക്കപ്പെടും. കർത്താവിന്റെ വഴി ഒരു
ക്കുവാനും
77 നമ്മുടെ ദൈവത്തിന്റെ ആർദ്ര
കരുണയാൽ[c] അവന്റെ ജനത്തിന്
പാപമോചനത്തിൽ[d] രക്ഷാപരി
ജ്ഞാനം കൊടുപ്പാനുമായി നീ
അവനു മുമ്പായി നടക്കും.[e]
78 ഇരുളിലും മരണനിഴലിലും
ഇരിക്കുന്നവർക്കു[f] പ്രകാശിച്ച്,[g] ന
മ്മുടെ കാലുകളെ സമാധാന[h]മാർ
ഗത്തിൽ[i] നടത്തേണ്ടതിന്
79 ആ ആർദ്രകരുണയാൽ[c] ഉയര
ത്തിൽനിന്ന്[j] ഉദയം[k] നമ്മെ സന്ദർ
ശിച്ചിരിക്കുന്നു.”[l]

80 പൈതൽ വളർന്ന് ആത്മാ
വിൽ ബലപ്പെട്ടു;[m] അവൻ യിസ്രാ
യേലിനു തന്നെത്താൻ കാണിക്കും
നാൾവരെ മരുഭൂമിയിൽ[n] ആയി
രുന്നു.

❋ ❋ ❋

***1. റോമാരാജ്യത്തെ ഒക്കെയും ഔഗസ്തൊസ് കൈസർ പേർവഴി ചാർത്തിച്ചത് 6. യേശുവിന്റെ ജനനം 21. പരിച്ഛേദനയും അർപ്പണവും 28. ശിമ്യോനും ഹന്നായും യേശുവിനെക്കുറിച്ചു പ്രവചനം പറഞ്ഞത്***

**2** ആ കാലത്തു ലോകമൊക്കെ
യും പേർ വഴി ചാർത്തേണം[a]
എന്ന് ഔഗുസ്തൊസ് കൈസരുടെ[b]

60.[x] ലൂക്കൊ.1:13
62.[y] ലൂക്കൊ.1:22
63.[z] യെശ.8:1;30:8
[x] (വാ.60 കാ.)
64.[a] ലൂക്കൊ.1:20
[b] മർക്കൊ.7:35
[c] ലൂക്കൊ.2:28; 24:53
65.[d] ലൂക്കൊ.5:26; 7:16;അപ്പൊ.പ്ര.2:43
[e] ലൂക്കൊ.1:39
66.[f] (ലൂക്കൊ.2:19,51)
[g] അപ്പൊ.പ്ര. 11:21;13:11
67.[h] ലൂക്കൊ.1:15,41
[i] യോവേ.2:28
68.[j] യെശ.29:23; മത്താ.15:31
[k] 1രാജാ.1:48; 1ദിന.29:10; എസ്രാ.7:27; സങ്കീ.41:13; 72:18;106:48
[l] ലൂക്കൊ.7:16; പുറ.4:31; (ലൂക്കൊ.1:79; അപ്പൊ.പ്ര.15:14; എബ്രാ.2:6)
[m] ലൂക്കൊ.2:38; സങ്കീ.111:10;130:7,8; (ലൂക്കൊ.24:21; യെശ.43:1;59:20)
70.[n] അപ്പൊ.പ്ര.3:21
[o] റോമ.1:2; (യിരെ.23:5,6)
[p] സങ്കീ.106:10
71.[q] ലൂക്കൊ.1:32
[r] 2ശമൂ.22:3; സങ്കീ.18:2
[s] 1ശമൂ.2:1,10; സങ്കീ.132:17; യെഹെ.29:21
72.[t] മീഖാ.7:20
74.[u] (യിരെ.32:39; മത്താ.28:20)
[v] സെഫ.3:15
[w] എഫെ.4:24; (1തെസ്സ.2:10; തീത്തൊ.2:13)
75.[x] ഉൽപ.22:16 - 18; 26:3;എബ്രാ.6:13,14
[y] റോമ.9:4
[z] ലേവ്യാ.26:42; സങ്കീ.105:8,9; (ലൂക്കൊ.1:54,55) 76.[a] ലൂക്കൊ.1:32 [b] ലൂക്കൊ.7:26; 20:6; മത്താ.11:9;14:5 77.[c] കൊലൊ.3:12 [d] (മത്താ.26:28; മർക്കൊ.1:4) [e] ലൂക്കൊ.1:17;3:4; 7:27; മലാ.3:1; മത്താ.3:3; മർക്കൊ.1:2,3 78.[f] സങ്കീ.107:10; യെശ.42:6 [g] യെശ.9:2; മത്താ.4:15;(അപ്പൊ.പ്ര.26:18); യോഹ.8:12 [h] ലൂക്കൊ.2:14 [i] റോമ.3:17 79.[c] (വാ.77 കാ.) [j] ലൂക്കൊ.24:49 [k] മലാ.4:2; എഫെ.5:14; 2പത്രൊ.1:19 [l] ലൂക്കൊ.1:68 80.[m] ലൂക്കൊ.2:40 [n] മത്താ.3:1;11:7

അധ്യായം 2

1.[a] (അപ്പൊ.പ്ര.5:37) [b] (ലൂക്കൊ.3:1)

ഒരു ആജ്ഞ[c] പുറപ്പെട്ടു. 2 കുറേ
ന്യൊസ് സുറിയനാടു വാഴുമ്പോൾ[d]
ഈ ഒന്നാമത്തെ ചാർത്തൽ[a] ഉ
ണ്ടായി. 3 എല്ലാവരും ചാർത്തപ്പെ
ടേണ്ടതിനു താന്താന്റെ പട്ടണത്തി
ലേക്കു യാത്രയായി. 4 അങ്ങനെ
യോസേഫും ദാവീദിന്റെഗൃഹത്തി
ലും കുലത്തിലും ഉള്ളവൻ ആക
കൊണ്ട്[e] തനിക്കു വിവാഹം നിശ്ച
യിച്ചിരുന്ന മറിയ എന്ന ഗർഭിണി
യായ ഭാര്യയോടുംകൂടെ ചാർത്ത
പ്പെടേണ്ടതിനു ഗലീലയിലെ[f] നസ
റെത്ത്[g] പട്ടണം വിട്ടു, 5 യെഹൂദ്യ
യിൽ ബേത്ലഹേം[h] എന്ന ദാവീ
ദിൻ പട്ടണത്തിലേക്കു[i] പോയി.
6 അവർ അവിടെ ഇരിക്കുമ്പോൾ[h]
അവൾക്കു പ്രസവത്തിനുള്ള കാലം
തികഞ്ഞു. 7 അവൾ ആദ്യജാത
നായ മകനെ പ്രസവിച്ചു, ശീല
കൾ ചുറ്റി[j] വഴിയമ്പലത്തിൽ[k] അ
വർക്ക് സ്ഥലം ഇല്ലായ്കയാൽ
പശുത്തൊട്ടിയിൽ കിടത്തി.[l]

8 അന്ന് ആ പ്രദേശത്ത് ഇടയ
ന്മാർ രാത്രിയിൽ ആട്ടിൻകൂട്ടത്തെ
കാവൽകാത്തു വെളിയിൽ പാർ
ത്തിരുന്നു. 9 അപ്പോൾ കർത്താവി
ന്റെ ഒരു ദൂതൻ അവരുടെ അരികെ
നിന്നു,[m] കർത്താവിന്റെ തേജസ്സ്
അവരെ ചുറ്റിമിന്നി,[n] അവർ ഭയപര
വശരായിത്തീർന്നു. 10 ദൂതൻ അവ
രോട്: ഭയപ്പെടേണ്ടാ; സർവജന
ത്തിനും[o] ഉണ്ടാവാനുള്ളോരു മഹാ
സന്തോഷം ഞാൻ നിങ്ങളോടു
സുവിശേഷിക്കുന്നു. 11 കർത്താ
വായ[p] ക്രിസ്തു[q] എന്ന രക്ഷിതാവ്[r]
ഇന്നു ദാവീദിന്റെ പട്ടണത്തിൽ[s]
നിങ്ങൾക്കായി ജനിച്ചിരിക്കുന്നു.[t]
12 നിങ്ങൾക്ക് അടയാളമോ:[u] ശീല
കൾ ചുറ്റി പശുത്തൊട്ടിയിൽ കിട
ക്കുന്ന[v] ഒരു ശിശുവിനെ നിങ്ങൾ
കാണും എന്നു പറഞ്ഞു. 13 പെ
ട്ടെന്നു സ്വർഗീയസൈന്യത്തിന്റെ
ഒരു സംഘം[w] ദൂതനോടു ചേർന്ന്
ദൈവത്തെ പുകഴ്ത്തി.

14 “അത്യുന്നതങ്ങളിൽ[x] ദൈവ
ത്തിനു മഹത്ത്വം;[y] ഭൂമിയിൽ[x] ദൈവ
പ്രസാദമുള്ള[z] മനുഷ്യർക്കു സമാ
ധാനം”[a] എന്നു പറഞ്ഞു.

15 ദൂതന്മാർ അവരെ വിട്ടു സ്വർ
ഗത്തിൽ പോയശേഷം ഇടയന്മാർ:
നാം ബേത്ലഹേമോളം ചെന്ന്
കർത്താവ് നമ്മോട് അറിയിച്ച ഈ
സംഭവം കാണേണം എന്നു ത
മ്മിൽ പറഞ്ഞു. 16 അവർ ബദ്ധ
പ്പെട്ടു ചെന്ന്, മറിയയെയും യോസേ
ഫിനെയും പശുത്തൊട്ടിയിൽ കിട
ക്കുന്ന[b] ശിശുവിനെയും കണ്ടു.
17 കണ്ടശേഷം ഈ പൈതലിനെ
ക്കുറിച്ചു തങ്ങളോടു പറഞ്ഞ വാക്ക്
അറിയിച്ചു. 18 കേട്ടവർ എല്ലാവരും
ഇടയന്മാർ പറഞ്ഞതിനെക്കുറിച്ച്
ആശ്ചര്യപ്പെട്ടു. 19 മറിയ ഈ വാർ
ത്തയൊക്കെയും ഹൃദയത്തിൽ
സംഗ്രഹിച്ചു[c] ധ്യാനിച്ചുകൊണ്ടിരു
ന്നു. 20 തങ്ങളോട് അറിയിച്ചതു
പോലെ ഇടയന്മാർ കേട്ടതും കണ്ട
തുമായ എല്ലാറ്റിനെയുംകുറിച്ചു
ദൈവത്തെ മഹത്ത്വപ്പെടുത്തിയും
പുകഴ്ത്തിയുംകൊണ്ടു[d] മടങ്ങി
പ്പോയി.

21 പരിച്ഛേദന കഴിപ്പാനുള്ള എട്ടു
ദിവസം തികഞ്ഞപ്പോൾ[e] അവൻ
ഗർഭത്തിൽ ഉല്പാദിക്കും മുമ്പേ
ദൂതൻ പറഞ്ഞതുപോലെ അവനു
യേശു എന്നു പേർ വിളിച്ചു.[f]

22 മോശെയുടെ ന്യായപ്രമാണ
പ്രകാരം അവളുടെ ശുദ്ധീകരണ
കാലം തികഞ്ഞപ്പോൾ[g] 23 കടിഞ്ഞൂ
ലായ ആണൊക്കെയും കർത്താ
വിനു വിശുദ്ധം ആയിരിക്കേണം[h]

1. [c] *അപ്പൊ.പ്ര.17:7*
2. [d] *ലൂക്കൊ.3:1*
[a] *(വാ. 1 കാ.)*
4. [e] *ലൂക്കൊ.1:27*
[f] *ലൂക്കൊ.1:26*
[g] *മത്താ.2:23*
5. [h] *മത്താ.2:1*
[i] *ലൂക്കൊ.2:11; യോഹ.7:42; (1ശമൂ.16:1)*
6. [h] *(വാ. 5 കാ.)*
7. [j] *ലൂക്കൊ.1:12*
[k] *ലൂക്കൊ.22:11*
[l] *ലൂക്കൊ.1:16*
9. [m] *ലൂക്കൊ.24:4; അപ്പൊ.പ്ര.12:7*
[n] *ലൂക്കൊ.9:31; അപ്പൊ.പ്ര.7:55; 2കൊരി.3:18; (പുറ.40:34; യെശ.6:1)*
10. [o] *ലൂക്കൊ.1:30,31; യോഹ.11:50; (സെഖ.9:9)*
11. [p] *(ലൂക്കൊ.1:43)*
[q] *അപ്പൊ.പ്ര.2:36; 10:36; (ലൂക്കൊ.23:2); മത്താ.1:17*
[r] *മത്താ.1:21; യോഹ.4:42; അപ്പൊ.പ്ര.4:12; 5:31;13:23 (ഫിലി.3:20)*
[s] *ലൂക്കൊ.2:5*
[t] *യെശ.9:6*
12. [u] *1ശമൂ.2:34; 2രാജാ.19:29;20:8,9; യെശ.7:11,14*
[v] *ലൂക്കൊ.2:7*
13. [w] *ഉൽപ.28:12; 32:1,2;1രാജാ.22:19; 2ദിന.18:18; സങ്കീ.103:21; 148:2;ദാനീ.7:10; വെളി.5:11*
14. [x] *(ലൂക്കൊ.10:21; മത്താ.6:10;28:18; യോഹ.17:4; അപ്പൊ.പ്ര.7:49; എഫെ.3:14; കൊലൊ.1:15,20; വെളി.5:13)*
[y] *ലൂക്കൊ.19:38; (സങ്കീ.148:1; മത്താ.21:9)*
[z] *(ലൂക്കൊ.3:22;12:32; എഫെ.1:5,9; ഫിലി.2:13)*
[a] *ലൂക്കൊ.1:78; സങ്കീ.85:10;യെശ.9:6,7;ഹഗ്ഗാ.2:9; അപ്പൊ.പ്ര.10:36;റോമ.5:1;എഫെ.2:14,17; കൊലൊ.1:20*
16. [b] *ലൂക്കൊ.2:7,12*
19. [c] *ലൂക്കൊ.2:51; (ലൂക്കൊ.1:66;ഉൽപ.37:11;മത്താ.1:21,25)*
20. [d] *ലൂക്കൊ.7:16*
21. [e] *ലൂക്കൊ.1:59* [f] *ലൂക്കൊ.1:31; മത്താ.1:21,25*
22. [g] *ലേവ്യാ.അ.12; (ലൂക്കൊ.2:21,27; ഗലാ.4:4)*
23. [h] *(പുറ.13:2,12)*

2:11 ***കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ്:*** ജനങ്ങളെ സ്വാതന്ത്ര്യത്തിലേക്കു നയിക്കുന്നയാളാണു രക്ഷിതാവ് (യെശ. 43:11; മത്താ. 1:21). ക്രിസ്തു എന്ന വാക്ക് ഗ്രീക്ക് ഭാഷയിലെ *ക്രിസ്റ്റോസ്* എന്ന പദത്തിൽനിന്നുളവായതാണ്. അതിന്റെ അർഥം 'മശിഹാ' അഥവാ 'തിരഞ്ഞെടുക്കപ്പെട്ടവൻ', 'അഭിഷിക്തൻ' എന്നിവയാണ്.

എന്നു കർത്താവിന്റെ ന്യായപ്രമാ
ണത്തിൽ[i] എഴുതിയിരിക്കുന്നതു
പോലെ 24 അവനെ കർത്താവിന്
അർപ്പിപ്പാനും[j] [k]ഒരു ഇണ കുറു
പ്രാവിനെയോ രണ്ടു പ്രാവിൻ
കുഞ്ഞിനെയോ കർത്താവിന്റെ
ന്യായപ്രമാണത്തിൽ[i] കല്പിച്ചതു
പോലെ യാഗം കഴിപ്പാനും അവർ
അവനെ യെരൂശലേമിലേക്കു കൊ
ണ്ടുപോയി. 25 യെരൂശലേമിൽ
ശിമ്യോൻ എന്നു പേരുള്ളൊരു
മനുഷ്യൻ ഉണ്ടായിരുന്നു; ഈ
മനുഷ്യൻ നീതിമാനും[l] യിസ്രായേ
ലിന്റെ ആശ്വാസത്തിനായി[m] കാ
ത്തിരിക്കുന്നവനും[n] ആയിരുന്നു;
പരിശുദ്ധാത്മാവും അവന്റെമേൽ
ഉണ്ടായിരുന്നു. 26 കർത്താവിന്റെ
ക്രിസ്തുവിനെ[o] കാണും മുമ്പേ
മരണം കാൺകയില്ല[p] എന്നു പരി
ശുദ്ധാത്മാവിനാൽ അവന് അരുള
പ്പാട് ഉണ്ടായിരുന്നു. 27 അവൻ
ആത്മനിയോഗത്താൽ[q] ദൈവാല
യത്തിൽ ചെന്ന്; യേശു എന്ന
പൈതലിനുവേണ്ടി ന്യായപ്രമാണ
ത്തിന്റെ ചട്ടപ്രകാരം ചെയ്‌വാൻ
അമ്മയപ്പന്മാർ അവനെ അകത്തു
കൊണ്ടുചെന്നപ്പോൾ[r] 28 അവൻ
അവനെ കൈയിൽ ഏന്തി ദൈവ
ത്തെ പുകഴ്ത്തി:[s] 29 “ഇപ്പോൾ
നാഥാ തിരുവചനംപോലെ[t] നീ
അടിയനെ സമാധാനത്തോടെ[u]
വിട്ടയയ്ക്കുന്നു. 30 ജാതികൾക്കു
വെളിപ്പെടുവാനുള്ള[v] പ്രകാശവും[w]
നിന്റെ ജനമായ യിസ്രായേലിന്റെ[x]
മഹത്ത്വവുമായി[y] 31 നീ സകല
ജാതികളുടെയും മുമ്പിൽ ഒരു
ക്കിയിരിക്കുന്ന[z] നിന്റെ രക്ഷയെ[a]
32 എന്റെ കണ്ണു കണ്ടുവല്ലോ”[b]
എന്നു പറഞ്ഞു. 33 ഇങ്ങനെ അവ
നെക്കുറിച്ചു പറഞ്ഞതിൽ അവന്റെ
അപ്പനും അമ്മയും[c] ആശ്ചര്യപ്പെട്ടു.
34 പിന്നെ ശിമ്യോൻ അവരെ അനു
ഗ്രഹിച്ച് അവന്റെ അമ്മയായ മറി
യയോട്: അനേക ഹൃദയങ്ങളിലെ
വിചാരം വെളിപ്പെടേണ്ടതിന് ഇവ
നെ യിസ്രായേലിൽ പലരുടെയും
വീഴ്ചയ്ക്കും എഴുന്നേല്പിനും[d]
മറുത്തു പറയുന്ന[e] അടയാളത്തി
നുമായി വച്ചിരിക്കുന്നു. 35 നിന്റെ
സ്വന്ത പ്രാണനിൽക്കൂടിയും ഒരു
വാൾ കടക്കും എന്നു പറഞ്ഞു.
36 ആശേർഗോത്രത്തിൽ ഫനൂവേ
ലിന്റെ മകളായ ഹന്നാ എന്നൊരു
പ്രവാചകി[f] ഉണ്ടായിരുന്നു; അവൾ
കന്യാകാലത്തിൽ പിന്നെ ഭർത്താ
വിനോടുകൂടെ ഏഴു സംവത്സരം
കഴിച്ച് എൺപത്തിനാല് സംവത്സരം
വിധവയും 37 വളരെ വയസ്സു ചെന്ന
വളുമായി ദൈവാലയം വിട്ടുപിരി
യാതെ ഉപവാസത്തോടും പ്രാർഥ
നയോടുംകൂടെ[g] രാവും പകലും
ആരാധന ചെയ്തുപോന്നു.[h] 38 ആ
നാഴികയിൽ അവളും അടുത്തുനി
ന്നു ദൈവത്തെ സ്തുതിച്ചു, യെരൂശ
ലേമിന്റെ വീണ്ടെടുപ്പിനെ കാത്തി
രുന്ന[i] എല്ലാവരോടും അവനെക്കു
റിച്ചു പ്രസ്താവിച്ചു. 39 കർത്താവി
ന്റെ ന്യായപ്രമാണ[j]ത്തിൽ കല്പി
ച്ചിരിക്കുന്നതൊക്കെയും നിവർത്തി
ച്ചശേഷം അവർ ഗലീലയിൽ തങ്ങ
ളുടെ പട്ടണമായ നസറെത്തിലേ
ക്കു[k] മടങ്ങിപ്പോയി.

40 പൈതൽ വളർന്നു ജ്ഞാനം
നിറഞ്ഞു, ആത്മാവിൽ ബലപ്പെട്ടു
പോന്നു;[l] ദൈവകൃപയും അവ
ന്മേൽ ഉണ്ടായിരുന്നു.[m]

41 അവന്റെ അമ്മയപ്പന്മാർ[n] ആ
ണ്ടുതോറും,[o] പെസഹാപെരുന്നാ
ളിനു[p] യെരൂശലേമിലേക്കു പോ
കും. 42 അവനു പന്ത്രണ്ട് വയസ്സാ
യപ്പോൾ അവർ പതിവുപോലെ
പെരുന്നാളിനു പോയി.[q] 43 പെരു
ന്നാൾ[r] കഴിഞ്ഞു മടങ്ങിപ്പോരു
മ്പോൾ ബാലനായ യേശു യെരൂ
ശലേമിൽ താമസിച്ചു; അമ്മയപ്പ
ന്മാരോ[n] അറിഞ്ഞില്ല. 44 സഹയാ
ത്രക്കാരുടെ കൂട്ടത്തിൽ ഉണ്ടായിരി
ക്കും എന്ന് അവർ ഊഹിച്ചിട്ട് ഒരു
ദിവസത്തെ വഴി പോന്നു; പിന്നെ
അവനെ ബന്ധുക്കളുടെയും പരിച
യക്കാരുടെയും ഇടയിൽ തിരഞ്ഞു.

23.[i] ലൂക്കൊ.2:39; പുറ.13:9; 2ദിന.31:3
24.[j] (1ശമൂ.1:22,24)
[k] ലേവ്യാ.12:8
[i] (വാ.23 കാ.)
25.[l] ലൂക്കൊ.1:6
[m] യെശ.40:1;57:18
[n] ലൂക്കൊ.2:38; 23:50; യെശ.25:9; മർക്കൊ.15:43; (ഉൽപ.49:18)
26.[o] (ലൂക്കൊ.9:20; 23:35;1ശമൂ.24:6)
[p] സങ്കീ.89:48; യോഹ.8:51; എബ്രാ.11:5; (അപ്പൊ.പ്ര.2:27)
27.[q] (ലൂക്കൊ.4:1)
[r] ലൂക്കൊ.2:33,41, 43; 48-51
28.[s] ലൂക്കൊ.1:64
29.[t] ലൂക്കൊ.2:26
[u] ഉൽപ.15:15
30.[v] യെശ.25:7
[w] യെശ.42:7;49:6; 52:10;60:3; യോഹ.8:12; അപ്പൊ.പ്ര.13:47; 26:23
[x] ലൂക്കൊ.2:10
[y] (യെശ.45:25; 46:13)
31.[z] സങ്കീ.98:2; ലൂക്കൊ.24:47
[a] ലൂക്കൊ.3:6
32.[b] യെശ.52:10
33.[c] ലൂക്കൊ.2:27
34.[d] (യെശ.8:14; മത്താ.21:44; യോഹ.9:39; 1കൊരി.1:23,24; 2കൊരി.2:16; 1പത്രൊ.2:8,9)

[e] അപ്പൊ.പ്ര.28:22
36.[f] പുറ.15:20
37.[g] ലൂക്കൊ.5:33; മത്താ.6:16-18; അപ്പൊ.പ്ര.13:2; 14:23; 2കൊരി.6:6;11:27
[h] 1തിമൊ.5:5
38.[i] ലൂക്കൊ.2:25; 1:68
39.[j] ലൂക്കൊ.2:23
[k] ലൂക്കൊ.2:4
40.[l] ലൂക്കൊ.1:80
[m] ലൂക്കൊ.2:52

41.[n] ലൂക്കൊ.2:27 [o] (1ശമൂ.1:3) [p] പുറ.23:15; ആവ.16:1; യോഹ.2:13 42.[q] യോഹ.11:55 43.[r] പുറ.12:15; ലേവ്യാ.23:8; ആവ.16:3 [n] (വാ. 41 കാ)

**45** കാണാഞ്ഞിട്ട് അവനെ അന്വേ
ഷിച്ചുകൊണ്ടു യെരൂശലേമിലേ
ക്കു മടങ്ങിപ്പോയി. **46** മൂന്നു നാൾ
കഴിഞ്ഞശേഷം അവൻ ദൈവാല
യത്തിൽ ഉപദേഷ്ടാക്കന്മാരുടെ[s]
നടുവിൽ ഇരിക്കുന്നതും[t] അവരുടെ
ഉപദേശം കേൾക്കയും അവരോടു
ചോദിക്കയും ചെയ്യുന്നതും കണ്ടു.
**47** അവന്റെ വാക്കു കേട്ടവർക്കെല്ലാ
വർക്കും അവന്റെ വിവേകത്തിലും
ഉത്തരങ്ങളിലും വിസ്മയം
തോന്നി. **48** അവനെ കണ്ടിട്ട് അ
വർ അതിശയിച്ചു. അമ്മ അവനോ
ട്: മകനേ, ഞങ്ങളോട് ഇങ്ങനെ
ചെയ്തത് എന്ത്? നിന്റെ അപ്പനും
ഞാനും[u] വ്യസനിച്ചുകൊണ്ടു നിന്നെ
തിരഞ്ഞു എന്ന് പറഞ്ഞു. **49** അ
വൻ അവരോട്: എന്നെ തിരഞ്ഞത്
എന്തിന്? എന്റെ പിതാവിനുള്ള
തിൽ[v] ഞാൻ ഇരിക്കേണ്ടത്[w] എന്നു
നിങ്ങൾ അറിയുന്നില്ലയോ എന്നു
പറഞ്ഞു. **50** അവൻ തങ്ങളോടു
പറഞ്ഞ വാക്ക് അവർ ഗ്രഹിച്ചില്ല.[x]
**51** പിന്നെ അവൻ അവരോടു
കൂടെ ഇറങ്ങി, നസറെത്തിൽ വന്ന്
അവർക്കു കീഴടങ്ങിയിരുന്നു. ഈ
കാര്യങ്ങൾ എല്ലാം അവന്റെ അമ്മ
ഹൃദയത്തിൽ സംഗ്രഹിച്ചു.[y]
**52** യേശുവോ ജ്ഞാനത്തിലും[z]
വളർച്ചയിലും[a] ദൈവത്തിന്റെയും
മനുഷ്യരുടെയും കൃപയിലും[z] മുതിർ
ന്നുവന്നു.

✵ ✵ ✵

*1. യോഹന്നാന്റെ പ്രസംഗവും 15. യേശു
വിനെക്കുറിച്ച് അവന്റെ സാക്ഷ്യവും
19. ഹെരോദാ യോഹന്നാനെ തടവിലാക്കി
യത് 21. യേശു സ്നാനപ്പെട്ടത്, യേശു
വിന്റെ വംശാവലി.*

**3** തിബെര്യാസ് കൈസരുടെ[a]
വാഴ്ചയുടെ പതിനഞ്ചാം ആ
ണ്ടിൽ പൊന്തിയൊസ് പീലാത്തൊ
സ്[b] യെഹൂദ്യനാടു വാഴുമ്പോൾ,[c]
ഹെരോദാവ് ഗലീലയിലും[d] അവ
ന്റെ സഹോദരനായ ഫീലിപ്പൊസ്
ഇതൂര്യ, ത്രഖോന്നിത്തി ദേശങ്ങളിലും[d]
ലുസാന്യാസ് അബിലേനയിലും
ഇടപ്രഭു[d]ക്കന്മാരായും **2** [e]ഹന്നാ
വും കയ്യഫാവും[f] മഹാപുരോഹി
തന്മാരായും[g] ഇരിക്കുംകാലം
സെഖര്യാവിന്റെ മകനായ യോഹ
ന്നാന്[h] മരുഭൂമിയിൽവച്ചു[i] ദൈ
വത്തിന്റെ അരുളപ്പാട് ഉണ്ടായി.
**3** അവൻ യോർദ്ദാനരികെയുള്ള
നാട്ടിലൊക്കെയും വന്നു പാപ
മോചനത്തിനായുള്ള[j] മാനസാന്ത
രസ്നാനം[k] പ്രസംഗിച്ചു.
**4** [l]"മരുഭൂമിയിൽ വിളിച്ചുപറയു
ന്നവന്റെ വാക്കാവിത്: കർത്താവി
ന്റെ വഴി ഒരുക്കുവിൻ;[m] അവന്റെ
പാത നിരപ്പാക്കുവിൻ. **5** എല്ലാ
താഴ്വരയും നികന്നുവരും;[n] എല്ലാ
മലയും കുന്നും താഴും;[o] വളഞ്ഞതു
ചൊവ്വായും ദുർഘടമായതു നിരന്ന
വഴിയായും തീരും;[p] **6** സകല
ജഡവും ദൈവത്തിന്റെ രക്ഷയെ[q]
കാണും"[r]
എന്നിങ്ങനെ യെശയ്യാപ്രവാചക
ന്റെ പുസ്തകത്തിൽ[s] എഴുതിയിരി
ക്കുന്നതുപോലെതന്നെ.
**7** അവനാൽ സ്നാനം ഏല്പാൻ
വന്ന പുരുഷാരത്തോട് അവൻ പറ
ഞ്ഞത്: സർപ്പ[t]സന്തതികളേ,[u] വരു
വാനുള്ള കോപത്തെ[v] ഒഴിഞ്ഞ്
ഓടിപ്പോകുവാൻ നിങ്ങൾക്ക് ഉപ
ദേശിച്ചുതന്നത് ആർ? **8** മാനസാ
ന്തരത്തിനു യോഗ്യമായ[w] ഫലം
കായ്പിൻ. അബ്രാഹാം ഞങ്ങൾ
ക്കു പിതാവായിട്ടുണ്ട്[x] എന്ന് ഉള്ളം
കൊണ്ടു പറവാൻ തുനിയരുത്;
അബ്രാഹാമിന് ഈ കല്ലു[y]കളിൽ
നിന്നു മക്കളെ ഉളവാക്കുവാൻ
ദൈവത്തിനു കഴിയും എന്നു
ഞാൻ നിങ്ങളോടു പറയുന്നു.
**9** ഇപ്പോൾത്തന്നെ വൃക്ഷങ്ങളുടെ
ചുവട്ടിനു കോടാലി വച്ചിരിക്കുന്നു;
നല്ല ഫലം കായ്ക്കാത്ത വൃക്ഷം
എല്ലാം വെട്ടി തീയിൽ ഇട്ടുകളയു
ന്നു.[z] **10** എന്നാൽ ഞങ്ങൾ എന്തു
ചെയ്യേണം[a] എന്നു പുരുഷാരം

46.[s] *ലൂക്കൊ.5:17; യോഹ.3:10*
[t] *മത്താ.26:55*
48.[u] *ലൂക്കൊ.2:27; (ലൂക്കൊ.2:49)*
49.[v] *യോഹ.4:34*
[w] *ലൂക്കൊ.13:33*
50.[x] *(ലൂക്കൊ.18:34); മർക്കൊ.9:32*
51.[y] *ലൂക്കൊ.2:19*
52.[z] *ലൂക്കൊ.2:40; (1ശമൂ.2:26)*
[a] *മത്താ.6:27*

**അധ്യായം 3**

1.[a] *(ലൂക്കൊ.2:1)*
[b] *മത്താ.27:2*
[c] *ലൂക്കൊ.2:2*
[d] *ലൂക്കൊ.3:19;8:3; 9:7,8;13:31;23:7; മത്താ.14:1; അപ്പൊ.പ്ര.4:27;13:1; (മർക്കൊ.6:14)*
2.[e] *ലൂക്കൊ.3:2-17 ക്കു. മത്താ.3:1-12; മർക്കൊ.1:2-8കാ.*
[f] *മത്താ.26:3*
[g] *യോഹ.18:13,24; അപ്പൊ.പ്ര.4:6*
[h] *യോഹ.1:6,7*
[i] *ലൂക്കൊ.1:80; യോശു.15:61; (ന്യായാ.1:16)*
3.[j] *മത്താ.26:28; (ലൂക്കൊ.1:77)*
[k] *അപ്പൊ.പ്ര.2:38*
4.[l] *യോഹ.1:23;* ***യെശ.40:3–5***
[m] *ലൂക്കൊ.1:76*
5.[n] *(യെശ.57:14)*
[o] *യെശ.49:11; സെഖ.4:7*
[p] *യെശ.42:16;45:2*
6.[q] *ലൂക്കൊ.2:31; അപ്പൊ.പ്ര.28:28; (ലൂക്കൊ.1:70,71,77; തീത്തൊ.2:11)*
[r] *യെശ.52:10; (സങ്കീ.98:2,3)*
[s] *ലൂക്കൊ.4:17; (അപ്പൊ.പ്ര.8:28)*
7.[t] *സങ്കീ.140:3*
[u] *മത്താ.12:34;23:33*
[v] *റോമ.5:9; എഫെ.5:6; കൊലൊ.3:6; 1തെസ്സ.1:10*
8.[w] *അപ്പൊ.പ്ര.26:20* [x] *യോഹ.8:39* [y] *(ലൂക്കൊ.4:3)*
9.[z] *ലൂക്കൊ.13:7,9; മത്താ.7:19; യോഹ.15:2,6*
10.[a] *അപ്പൊ.പ്ര.2:37; 16:30;22:10*

അവനോടു ചോദിച്ചു. **11** അതിന്
അവൻ: രണ്ടു വസ്ത്രമുള്ളവൻ
ഇല്ലാത്തവന് കൊടുക്കട്ടെ;[b] ഭക്ഷ
ണസാധനങ്ങൾ ഉള്ളവനും അങ്ങ
നെ തന്നെ ചെയ്യട്ടെ എന്ന് ഉത്തരം
പറഞ്ഞു. **12** ചുങ്കക്കാരും സ്നാനം
ഏല്പാൻ വന്നു:[c] ഗുരോ, ഞങ്ങൾ
എന്തു ചെയ്യേണം[a] എന്ന് അവ
നോട് ചോദിച്ചു. **13** നിങ്ങളോടു
കല്പിച്ചതിൽ അധികം ഒന്നും
പിരിക്കരുത്[d] എന്ന് അവൻ പറ
ഞ്ഞു. **14** പടജ്ജനവും[e] അവനോ
ട്: ഞങ്ങൾ എന്തു ചെയ്യേണം[a]
എന്നു ചോദിച്ചതിന്: ആരെയും
ബലാൽക്കാരം ചെയ്യാതെയും ചതി
യായി ഒന്നും വാങ്ങാതെയും[d] നി
ങ്ങളുടെ ശമ്പളം[f] മതി എന്നു വ
യ്പിൻ എന്ന് അവരോടു പറഞ്ഞു.
**15** ജനം കാത്തുനിന്നു; അവൻ[g]
ക്രിസ്തുവോ[h] എന്ന് എല്ലാവരും
ഹൃദയത്തിൽ യോഹന്നാനെക്കു
റിച്ചു വിചാരിച്ചുകൊണ്ടിരിക്കു
മ്പോൾ **16** യോഹന്നാൻ എല്ലാവ
രോടും ഉത്തരം പറഞ്ഞത്: ഞാൻ
നിങ്ങളെ വെള്ളംകൊണ്ട് സ്നാനം
കഴിപ്പിക്കുന്നു;[i] എന്നാൽ എന്നിലും
ബലവാനായവൻ വരുന്നു;[j] അവ
ന്റെ ചെരിപ്പിന്റെ വാറ് അഴിപ്പാൻ
ഞാൻ യോഗ്യനല്ല;[k] അവൻ നിങ്ങ
ളെ പരിശുദ്ധാത്മാവുകൊണ്ടും[l] തീ
കൊണ്ടും[m] സ്നാനം കഴിപ്പിക്കും.
**17** അവനു വീശുമുറം[n] കൈയിൽ
ഉണ്ട്; അവൻ കളത്തെ മുറ്റും വെ
ടിപ്പാക്കി കോതമ്പ് കളപ്പുരയിൽ
കൂട്ടിവയ്ക്കയും[o] പതിർ[p] കെടാത്ത
തീയിൽ[q] ഇട്ടു ചുട്ടുകളകയും[p]
ചെയ്യും.
**18** മറ്റു പലതും അവൻ പ്രബോധി
പ്പിച്ചുകൊണ്ട് ജനത്തോടു സുവി
ശേഷം അറിയിച്ചു.[r] **19** എന്നാൽ
ഇടപ്രഭുവായ ഹെരോദാവ് സഹോ
ദരന്റെ ഭാര്യ ഹെരോദ്യനിമിത്തവും
ഹെരോദാവ് ചെയ്ത സകല ദോഷ
ങ്ങൾ നിമിത്തവും യോഹന്നാൻ അ
വനെ ആക്ഷേപിക്കയാൽ **20** അതെ
ല്ലാം ചെയ്തതു കൂടാതെ അവനെ
തടവിൽ ആക്കുകയും[s] ചെയ്തു.[t]
**21** [u]ജനം എല്ലാം സ്നാനം ഏ
ല്ക്കുകയിൽ യേശുവും സ്നാനം
ഏറ്റു പ്രാർഥിക്കുമ്പോൾ സ്വർഗം
തുറന്നു,[v] **22** പരിശുദ്ധാത്മാവ്
ദേഹരൂപത്തിൽ പ്രാവ് എന്നപോ
ലെ അവന്റെമേൽ ഇറങ്ങിവന്നു.[w]
നീ എന്റെ പ്രിയപുത്രൻ; നിന്നിൽ
ഞാൻ പ്രസാദിച്ചിരിക്കുന്നു[x] എന്നു
സ്വർഗത്തിൽനിന്ന് ഒരു ശബ്ദവും
ഉണ്ടായി.[y]
**23** യേശുവിനു താൻ പ്രവൃത്തി
ആരംഭിക്കുമ്പോൾ[z] ഏകദേശം
മുപ്പതു വയസ്സായിരുന്നു.[a] അവൻ
യോസേഫിന്റെ മകൻ[b] എന്നു
ജനം വിചാരിച്ചു; **24** യോസേഫ്
ഹേലിയുടെ മകൻ, ഹേലി മത്ഥാ
ത്തിന്റെ മകൻ, മത്ഥാത്ത് ലേവി
യുടെ മകൻ, ലേവി മെല്ക്കിയുടെ
മകൻ, മെല്ക്കി യന്നായിയുടെ
മകൻ, യന്നായി യോസേഫിന്റെ
മകൻ, **25** യോസേഫ് മത്തഥ്യൊ
സിന്റെ മകൻ, മത്തഥ്യൊസ് ആമോ
സിന്റെ മകൻ, ആമോസ് നാഹൂ
മിന്റെ മകൻ, നാഹൂം എസ്ലിയുടെ
മകൻ, എസ്ലി നഗ്ഗായിയുടെ മകൻ,
**26** നഗ്ഗായി മയാത്തിന്റെ മകൻ,
മയാത്ത് മത്തഥ്യൊസിന്റെ മകൻ,
മത്തഥ്യൊസ് ശെമയിയുടെ മകൻ,
ശെമയി യോസേഫിന്റെ മകൻ,
യോസേഫ് യോദയുടെ മകൻ,
**27** യോദ യോഹന്നാന്റെ മകൻ,
യോഹന്നാൻ രേസയുടെ മകൻ,
രേസ സൊരൊബാബേലിന്റെ[c]
മകൻ, സൊരൊബാബേൽ ശല
ഥീയേലിന്റെ[d] മകൻ, **28** ശലഥീ

11.[b] *യെശ.58:7; ദാനീ.4:27; എഫെ.4:28; യാക്കോ.2:15,16; 1യോഹ.3:17; (ലൂക്കൊ.18:22)*
12.[c] *ലൂക്കൊ.7:29; മത്താ.21:32*
[a] *(വാ.10 കാ.)*
13.[d] *ലൂക്കൊ.19:8*
14.[e] *2തിമൊ.2:4*
[a] *(വാ.10 കാ.)*
[d] *(വാ.13 കാ.)*
[f] *1കൊരി.9:7*
15.[g] *യോഹ.1:19,20*
[h] *മത്താ.1:17*
16.[i] *യോഹ.1:26; അപ്പൊ.പ്ര.1:5*
[j] *യോഹ.1:15,27; 3:30,31*
[k] *യെശ.5:27*
[l] *യോഹ.1:33; അപ്പൊ.പ്ര.11:16*
[m] *(യെശ.4:3; മലാ.3:2,3; അപ്പൊ.പ്ര.2:3)*
17.[n] *യെശ.30:24*
[o] *മത്താ.13:30*
[p] *മലാ.4:1*
[q] *മർക്കൊ.9:43,48*
18.[r] *(യോഹ.20:30; 21:25)*
20.[s] *(യോഹ.3:24)*
[t] *മത്താ.14:3; മർക്കൊ.6:17,18; ലൂക്കൊ.3:1*
21.[u] *ലൂക്കൊ.3:21,22 ക്കു.മത്താ.3:13-17; മർക്കൊ.1:9-11കാ. (യോഹ.1:32-34)*
[v] *അപ്പൊ.പ്ര.7:56*
22.[w] *(ലൂക്കൊ.4:18,21; അപ്പൊ.പ്ര.10:38)*
[x] *(ലൂക്കൊ.9:35; സങ്കീ.2:7; യെശ.42:1; എഫെ.1:6; കൊലൊ.1:13; 2പത്രൊ.1:17; 1യോഹ.5:9)* [y] *യോഹ.12:28* 23.[z] *മത്താ.4:17; അപ്പൊ.പ്ര.1:1,21,22* [a] *(സംഖ്യാ.4:2,3)* [b] *ലൂക്കൊ.4:22; മത്താ.13:55; യോഹ.1:45; 6:42; ലൂക്കൊ.3:23-38ക്കു. (മത്താ.1:1-16)കാ.* 27.[c] *മത്താ.1:12* [d] *എസ്രാ.3:2*

3:16 ***പരിശുദ്ധാത്മാവുകൊണ്ടും തീകൊണ്ടും സ്നാനം കഴിപ്പിക്കും:*** വെള്ളംകൊണ്ടു സ്നാനം കഴിപ്പിക്കുന്നതു പഴയ ജീവിതത്തെ കഴുകി ശുദ്ധീകരിക്കുന്നതിന്റെ പ്രതീകമാണ്. അഗ്നി ദൈവിക ന്യായവിധിയുമായും (3:17), പരിശുദ്ധാത്മാവുമായും (അ.പ്ര. 2:3) ബന്ധപ്പെട്ടിരിക്കുന്നു.

യേൽ നേരിയുടെ മകൻ, നേരി
മെല്ക്കിയുടെ മകൻ, മെല്ക്കി
അദ്ദിയുടെ മകൻ, അദ്ദി കോസാ
മിന്റെ മകൻ, കോസാം എല്മാദാ
മിന്റെ മകൻ, എല്മാദാം ഏരിന്റെ
മകൻ, **29** ഏർ യോശുവിന്റെ മകൻ,
യോശു എലീയേസരിന്റെ മകൻ,
എലീയേസർ യോരീമിന്റെ മകൻ,
യോരീം മത്ഥാത്തിന്റെ മകൻ,
**30** മത്ഥാത്ത് ലേവിയുടെ മകൻ,
ലേവി ശിമ്യോന്റെ മകൻ, ശിമ്യോൻ
യെഹൂദായുടെ മകൻ, യെഹൂദാ
യോസേഫിന്റെ മകൻ, യോസേഫ്
യോനാമിന്റെ മകൻ, യോനാം
എല്യാക്കീമിന്റെ മകൻ, **31** എല്യാ
ക്കീം മെല്യാവിന്റെ മകൻ, മെല്യാവ്
മെന്നയുടെ മകൻ, മെന്ന മത്തഥ
യുടെ മകൻ, മത്തഥ നാഥാന്റെ[e]
മകൻ, നാഥാൻ ദാവീദിന്റെ മകൻ,
**32** ദാവീദ് യിശ്ശായിയുടെ[f] മകൻ,
യിശ്ശായി ഓബേദിന്റെ മകൻ,
ഓബേദ് ബോവസിന്റെ മകൻ,
ബോവസ് സല്മോന്റെ മകൻ,
**33** സല്മോൻ നഹശോന്റെ മകൻ,
നഹശോൻ അമ്മീനാദാബിന്റെ
മകൻ, അമ്മീനാദാബ് അരാമിന്റെ
മകൻ, അരാം എസ്രോന്റെ മകൻ,
എസ്രോൻ പാരെസിന്റെ മകൻ,
പാരെസ് യെഹൂദായുടെ മകൻ,
**34** [g]യെഹൂദാ[h] യാക്കോബിന്റെ മ
കൻ, യാക്കോബ് യിസ്ഹാക്കിന്റെ[i]
മകൻ, യിസ്ഹാക് അബ്രാഹാമി
ന്റെ[j] മകൻ, അബ്രാഹാം തേരഹിന്റെ
മകൻ, **35** തേരഹ് നാഹോരിന്റെ
മകൻ, നാഹോർ സെരൂഗിന്റെ മ
കൻ, സെരൂഗ് രെഗുവിന്റെ മകൻ,
രെഗു ഫാലെഗിന്റെ മകൻ, ഫാലെഗ്
ഏബെരിന്റെ മകൻ, ഏബെർ ശലാ
മിന്റെ മകൻ, **36** ശലാം കയിനാന്റെ[k]
മകൻ, കയിനാൻ അർഫക്സാദി
ന്റെ[k] മകൻ, അർഫക്സാദ് ശേമിന്റെ
മകൻ, ശേം നോഹയുടെ മകൻ,
നോഹ ലാമേക്കിന്റെ മകൻ, **37** ലാ
മേക് മെഥൂശലയുടെ മകൻ, മെഥൂ
ശല ഹാനോക്കിന്റെ മകൻ, ഹാ
നോക് യാരെദിന്റെ മകൻ, യാരെദ്
മലെല്യേലിന്റെ മകൻ, മലെല്യേൽ
കയിനാന്റെ മകൻ, **38** കയിനാൻ
എനോശിന്റെ മകൻ, എനോശ്
ശേത്തിന്റെ മകൻ, ശേത്ത് ആദാ
മിന്റെ മകൻ, ആദാം ദൈവത്തി
ന്റെ മകൻ.

❋ ❋ ❋

***1. യേശുവിന്റെ പരീക്ഷയും ജയവും 14. തന്റെ വേലയുടെ ആരംഭം 16. നസറേത്തിലുള്ളവർ അവങ്കൽ ആശ്ചര്യപ്പെട്ടത് 31. കഫർന്നഹൂമിലെ പിശാചുബാധിതനെയും 38. പത്രൊസിന്റെ അമ്മാവിയമ്മയെയും മറ്റുപല ദീനക്കാരെയും സൗഖ്യമാക്കിയത്.***

**4** [a]യേശു പരിശുദ്ധാത്മാവ് നിറ
ഞ്ഞവനായി[b] യോർദ്ദാൻ വിട്ടു
മടങ്ങി;[c] ആത്മാവ്[d] അവനെ മരു
ഭൂമിയിലേക്കു നടത്തി; പിശാച്
അവനെ നാല്പതു ദിവസം[e] പരീ
ക്ഷിച്ചുകൊണ്ടിരുന്നു.[f] **2** ആ ദിവസ
ങ്ങളിൽ അവൻ ഒന്നും ഭക്ഷിച്ചി
ല്ല;[e] അവ കഴിഞ്ഞപ്പോൾ അവനു
വിശന്നു.[g] **3** അപ്പോൾ പിശാച്
അവനോട്: നീ ദൈവപുത്രൻ[h]
എങ്കിൽ ഈ കല്ലിനോട്[i] അപ്പമാ
യിത്തീരുവാൻ കല്പിക്ക എന്നു
പറഞ്ഞു. **4** യേശു അവനോട്:
[j]മനുഷ്യൻ അപ്പംകൊണ്ട് മാത്ര
മല്ല ജീവിക്കുന്നത് എന്ന് എഴുതി
യിരിക്കുന്നു[k] എന്ന് ഉത്തരം പറ
ഞ്ഞു. **5** പിന്നെ പിശാച് അവനെ
മേലോട്ട് കൂട്ടിക്കൊണ്ടുപോയി
ലോകത്തിലെ സകല രാജ്യങ്ങ
ളെയും ക്ഷണനേരത്തിൽ അവനു
കാണിച്ചു:[l] **6** ഈ അധികാരമൊ
ക്കെയും അതിന്റെ മഹത്ത്വവും
നിനക്കു തരാം;[m] അത് എങ്കൽ
ഏല്പിച്ചിരിക്കുന്നു; എനിക്കു മന
സ്സുള്ളവന് ഞാൻ കൊടുക്കുന്നു.[m]
**7** നീ എന്നെ നമസ്കരിച്ചാൽ അ
തെല്ലാം നിന്റേതാകും എന്ന് അവ
നോട് പറഞ്ഞു. **8** യേശു അവ
നോട്: [n]നിന്റെ ദൈവമായ കർ
ത്താവിനെ നമസ്കരിച്ച് അവനെ
മാത്രമേ ആരാധിക്കാവൂ[o] എന്ന്
എഴുതിയിരിക്കുന്നു[p] എന്ന് ഉത്ത
രം പറഞ്ഞു. **9** പിന്നെ അവൻ അ
വനെ യെരൂശലേമിലേക്കു കൂട്ടി

31.[e] *2ശമൂ.5:14; 1ദിന.3:5;14:4; സെഖ.12:12*
32.[f] *1ശമൂ.16:1; 17:12 (രൂത്ത്4:18-22; 1ദിന.2:1-15)*
34.[g] *ലൂക്കൊ. 3:34-38 ക്കു ഉൽപ.5:3-32; 11:10-26; 1ദിന.1:1-4, 24-27 കാ.*
[h] *ഉൽപ.29:35*
[i] *ഉൽപ.25:26*
[j] *ഉൽപ.21:3*
36.[k] *ഉൽപ.10:24*

**അധ്യായം 4**
1.[a] *ലൂക്കൊ.4:1-13 ക്കു മത്താ.4:1-11; മർക്കൊ.1:12,13കാ.*
[b] *ലൂക്കൊ.4:18; 3:22; യോഹ.1:33;3:34; അപ്പൊ.പ്ര.10:38; (ലൂക്കൊ.1:15; അപ്പൊ.പ്ര.6:5)*
[c] *ലൂക്കൊ.3:3,21*
[d] *ലൂക്കൊ.4:14; (ലൂക്കൊ.2:27)*
[e] *(ആവ.9:9,18; 1രാജാ.19:8)*
[f] *(എബ്രാ.2:18;4:15)*
2.[e] *(വാ.1 കാ.)*
[g] *(യോഹ.4:6,7)*
3.[h] *മത്താ.14:33*
[i] *(ലൂക്കൊ.3:8)*
4.[j] ***ആവ. 8:3;*** *(യോഹ.4:34)*
[k] *ലൂക്കൊ.4:8,11; എഫെ.6:17*
5.[l] *മത്താ.4:8*
6.[m] *വെളി.13:2; (ലൂക്കൊ.22:53; യോഹ.12:31; 1യോഹ.5:19)*
8.[n] ***ആവ. 6:13***
[o] *1ശമൂ.7:3*
[p] *ലൂക്കൊ.4:4; (ലൂക്കൊ.4:12)*

ക്കൊണ്ടുപോയി ദൈവാലയത്തി
ന്റെ അഗ്രത്തിന്മേൽ നിറുത്തി[q] അ
വനോട്: നീ ദൈവപുത്രൻ[r] എങ്കിൽ
ഇവിടെനിന്നു താഴോട്ടു ചാടുക.
10 [s]“നിന്നെ കാപ്പാൻ അവൻ
തന്റെ ദൂതന്മാരോട് നിന്നെക്കുറിച്ചു
കല്പിക്കയും 11 നിന്റെ കാൽ
കല്ലിനോട് തട്ടാതവണ്ണം അവർ നി
ന്നെ കൈയിൽ താങ്ങിക്കൊള്ളു
കയും ചെയ്യും” എന്ന് എഴുതിയി
രിക്കുന്നുവല്ലോ എന്നു പറഞ്ഞു.
12 യേശു അവനോട്: [t]നിന്റെ
ദൈവമായ കർത്താവിനെ പരീക്ഷി
ക്കരുത്[u] എന്ന് അരുളിച്ചെയ്തിരി
ക്കുന്നു എന്ന് ഉത്തരം പറഞ്ഞു.
13 അങ്ങനെ പിശാച് സകല
പരീക്ഷയും തികച്ചശേഷം കുറെ
ക്കാലത്തേക്ക്[v] അവനെ വിട്ടുമാറി.
14 യേശു ആത്മാവിന്റെ ശക്തി
യോടെ[w] ഗലീലയ്ക്കു മടങ്ങിച്ചെ
ന്നു;[x] അവന്റെ ശ്രുതി ചുറ്റുമുള്ള
നാട്ടിലൊക്കെയും പരന്നു.[y] 15 അ
വൻ അവരുടെ പള്ളികളിൽ ഉപദേ
ശിച്ചു; എല്ലാവരും അവനെ പ്രശം
സിച്ചു.[z]
16 [a]അവൻ വളർന്ന നസറെ
ത്തിൽ[b] വന്നു: ശബ്ബത്തിൽ തന്റെ
പതിവുപോലെ[c] പള്ളിയിൽ ചെ
ന്നു[d] വായിപ്പാൻ[e] എഴുന്നേറ്റുനിന്നു.
17 യെശയ്യാപ്രവാചകന്റെ പുസ്ത
കം[f] അവനു കൊടുത്തു; അവൻ
പുസ്തകം വിടർത്തി:
18 [g]“ദരിദ്രന്മാരോടു സുവിശേഷം
അറിയിപ്പാൻ[h] കർത്താവ് എന്നെ
അഭിഷേകം ചെയ്കയാൽ അവ
ന്റെ ആത്മാവ് എന്റെമേൽ ഉണ്ട്;[i]
ബദ്ധന്മാർക്ക് വിടുതലും[j] കുരുട
ന്മാർക്ക് കാഴ്ചയും[k] പ്രസംഗിപ്പാനും
പീഡിതന്മാരെ വിടുവിച്ചയപ്പാനും[l]
19 കർത്താവിന്റെ പ്രസാദവർഷം
പ്രസംഗിപ്പാനും[m] എന്നെ അയച്ചി
രിക്കുന്നു” എന്ന് എഴുതിയിരിക്കുന്ന
സ്ഥലം കണ്ടു. 20 പിന്നെ അവൻ
പുസ്തകം മടക്കി ശുശ്രൂഷക്കാരനു
തിരികെ കൊടുത്തിട്ട് ഇരുന്നു;[n]
പള്ളിയിലുള്ള എല്ലാവരുടെയും
കണ്ണ് അവങ്കൽ പതിഞ്ഞിരുന്നു.[o]
21 അവൻ അവരോട്: ഇന്നു നിങ്ങൾ
എന്റെ വചനം[p] കേൾക്കയിൽ ഈ
തിരുവെഴുത്തിനു നിവൃത്തി വന്നി
രിക്കുന്നു[q] എന്നു പറഞ്ഞുതുട
ങ്ങി. 22 എല്ലാവരും അവനെ പുക
ഴ്ത്തി, അവന്റെ വായിൽനിന്നു
പുറപ്പെട്ട ലാവണ്യവാക്കുകൾ[r] നി
മിത്തം ആശ്ചര്യപ്പെട്ടു; ഇവൻ
യോസേഫിന്റെ മകൻ[s] അല്ലയോ[t]
എന്നു പറഞ്ഞു. 23 അവൻ അവ
രോട്: വൈദ്യാ, നിന്നെത്തന്നെ
സൗഖ്യമാക്കുക[u] എന്നുള്ള പഴ
ഞ്ചൊല്ലും കഫർന്നഹൂമിൽ[v] ഉണ്ടാ
യി കേട്ടത് എല്ലാം ഈ നിന്റെ
പിതൃനഗരത്തിലും ചെയ്ക എ
ന്നും നിങ്ങൾ എന്നോടു പറയും
നിശ്ചയം. 24 ഒരു പ്രവാചകനും
തന്റെ പിതൃനഗരത്തിൽ സമ്മത
നല്ല[w] എന്നു ഞാൻ സത്യമായിട്ടു
നിങ്ങളോടു പറയുന്നു എന്നു പറ
ഞ്ഞു. 25 ഏലീയാവിന്റെ കാലത്ത്
ആകാശം മൂവാണ്ടും ആറു മാസ
വും അടഞ്ഞിട്ടു ദേശത്ത് എങ്ങും
മഹാക്ഷാമം ഉണ്ടായപ്പോൾ[x] യി
സ്രായേലിൽ പല വിധവമാർ ഉണ്ടാ
യിരുന്നു എന്നു ഞാൻ യഥാർഥമാ
യി നിങ്ങളോടു പറയുന്നു. 26 എ
ന്നാൽ സീദോനിലെ സരെപ്ത
യിൽ ഒരു വിധവയുടെ അടുക്കലേ
ക്കല്ലാതെ[y] അവരിൽ ആരുടെയും
അടുക്കലേക്ക് ഏലീയാവിനെ അയ
ച്ചില്ല. 27 അവ്വണ്ണം എലീശാപ്രവാ
ചകന്റെ കാലത്ത് യിസ്രായേലിൽ

9.[q] *മത്താ.4:5*
[r] *ലൂക്കൊ.4:3*
10.[s] ***സങ്കീ.91:11,12***
12.[t] ***ആവ.6:16***
[u] *(യെശ.7:12)*
13.[v] *അപ്പൊ.പ്ര.13:11; (ലൂക്കൊ.22:53; യോഹ.14:30)*
14.[w] *ലൂക്കൊ.4:1; (അപ്പൊ.പ്ര.1:8)*
[x] *മത്താ.4:12*
[y] *ലൂക്കൊ.4:37*
15.[z] *മത്താ.4:23*
16.[a] *ലൂക്കൊ.4:16-30ക്കു (മത്താ.13:54-58; മർക്കൊ.6:1-6)*
[b] *ലൂക്കൊ.2:39,51*
[c] *(അപ്പൊ.പ്ര.17:2)*
[d] *ലൂക്കൊ.4:31; മർക്കൊ.6:2*
[e] *അപ്പൊ.പ്ര.13:15,27;15:21*
17.[f] *ലൂക്കൊ.3:6; (അപ്പൊ.പ്ര.8:28,30)*
18.[g] ***യെശ.61:1,2***
[h] *മത്താ.11:5; (ലൂക്കൊ.6:20)*
[i] *ലൂക്കൊ.4:1; അപ്പൊ.പ്ര.1:1*
[j] *സങ്കീ.146:7,8*
[k] *(യെശ.42:6; യോഹ.9:39; അപ്പൊ.പ്ര.26:18)*
[l] *യെശ.58:6*
19.[m] *ലേവ്യാ.25:10; (യെശ.49:8; 2കൊരി.6:2)*
20.[n] *(മത്താ.26:55; യോഹ.8:2; മത്താ.5:1;13:2)*
[o] *അപ്പൊ.പ്ര.3:4; (ലൂക്കൊ.19:48)*
21.[p] *മർക്കൊ.12:11; അപ്പൊ.പ്ര.8:35*
[q] *മത്താ.1:23*
22.[r] *സങ്കീ.45:2*
[s] *ലൂക്കൊ.2:27;3:23*
[t] *(മത്താ.13:55; യോഹ.6:42)* 23.[u] *(ലൂക്കൊ.23:39; മത്താ.27:42)* [v] *മത്താ.11:23; മർക്കൊ.2:1-12; യോഹ.4:46-53* 24.[w] *മത്താ.13:57* 25.[x] *1രാജാ.17:1; 18:1; യാക്കോ.5:17; (വെളി.11:6)* 26.[y] *1രാജാ.17:9*

4:23 ***കഫർന്നഹൂം:*** ഗലീലത്തടാകത്തിന്റെ വടക്കേക്കരയിൽ സ്ഥിതിചെയ്തിരുന്ന പ്രധാനപ്പെട്ട മുക്കുവപട്ടണമായിരുന്നു ഇത്. കരം പിരിക്കുന്നതിന്റെ ചുമതലയുള്ള റോമൻ പട്ടാളക്കാരുടെ ആസ്ഥാനമായിരുന്നു യേശുവിന്റെ കാലത്ത് ഈ നഗരം. മുതിർന്ന വ്യക്തിയായപ്പോൾ യേശു നസറെത്തിൽനിന്ന് ഈ പട്ടണത്തിലേക്കു താമസം മാറ്റി.

പല കുഷ്ഠരോഗികൾ ഉണ്ടായി
രുന്നു.[z] സുറിയാക്കാരനായ നയ
മാൻ അല്ലാതെ[a] അവരാരും ശുദ്ധ
മായില്ല എന്നും അവൻ പറഞ്ഞു.
**28** പള്ളിയിലുള്ളവർ ഇതു കേട്ടിട്ട്
എല്ലാവരും കോപം നിറഞ്ഞവ
രായി എഴുന്നേറ്റു. **29** അവനെ പട്ട
ണത്തിനു പുറത്താക്കി[b] അവരുടെ
പട്ടണം പണിതിരുന്ന മലയുടെ
വക്കോളം കൊണ്ടുപോയി തല
കീഴായി തള്ളിയിടുവാൻ ഭാവിച്ചു.
**30** അവനോ അവരുടെ നടുവിൽ
ക്കൂടി കടന്നുപോയി.[c]
**31** [d]അനന്തരം അവൻ ഗലീല
യിലെ ഒരു പട്ടണമായ കഫർന്നഹൂ
മിൽ ചെന്നു[e] ശബ്ബത്തിൽ[f] അവരെ
ഉപദേശിച്ചുപോന്നു.[g] **32** അവന്റെ
വചനം അധികാരത്തോടെ ആക
യാൽ അവർ അവന്റെ ഉപദേശ
ത്തിൽ വിസ്മയിച്ചു.[h] **33** അവിടെ
പള്ളിയിൽ[g] അശുദ്ധഭൂതം ബാധി
ച്ച ഒരു മനുഷ്യൻ ഉണ്ടായിരുന്നു.
**34** അവൻ നസറായനായ യേശുവേ,
വിടൂ; ഞങ്ങൾക്കും നിനക്കും തമ്മിൽ
എന്ത്?[i] ഞങ്ങളെ നശിപ്പിപ്പാൻ വന്നി
രിക്കുന്നുവോ? നീ ആർ എന്നു
ഞാൻ അറിയുന്നു;[j] ദൈവത്തിന്റെ
പരിശുദ്ധൻ തന്നെ[k] എന്ന് ഉറക്കെ
നിലവിളിച്ചു. **35** മിണ്ടരുത്; അവനെ
വിട്ടുപോക എന്നു യേശു അതിനെ
ശാസിച്ചപ്പോൾ[l] ഭൂതം അവനെ
നടുവിൽ തള്ളിയിട്ടു കേട് ഒന്നും
വരുത്താതെ അവനെ വിട്ടുപോയി.
**36** എല്ലാവർക്കും വിസ്മയം ഉണ്ടാ
യി:[m] ഈ വചനം എന്ത്? അധി
കാരത്തോടും ശക്തിയോടുംകൂടെ
അവൻ അശുദ്ധാത്മാക്കളോടു ക
ല്പിക്കുന്നു; അവ പുറപ്പെട്ടു പോ
കുന്നു[m] എന്നു തമ്മിൽ പറഞ്ഞു
കൊണ്ടിരുന്നു. **37** അവന്റെ ശ്രുതി
ചുറ്റുമുള്ള നാടെങ്ങും പരന്നു.[n]
**38** [o]അവൻ പള്ളിയിൽനിന്ന് ഇറ
ങ്ങി ശിമോന്റെ വീട്ടിൽ ചെന്നു.
ശിമോന്റെ അമ്മാവിയമ്മ[p] കഠിന
ജ്വരംകൊണ്ടു വലഞ്ഞിരിക്കയാൽ
അവർ അവൾക്കുവേണ്ടി അവനോട്
അപേക്ഷിച്ചു. **39** അവൻ അവളെ
കുനിഞ്ഞുനോക്കി, ജ്വരത്തെ ശാ
സിച്ചു;[q] അത് അവളെ വിട്ടുമാറി;
അവൾ ഉടനെ എഴുന്നേറ്റ് അവനെ
ശുശ്രൂഷിച്ചു.
**40** സൂര്യൻ അസ്തമിക്കുമ്പോൾ
നാനാവ്യാധികൾ പിടിച്ച ദീനക്കാർ
ഉള്ളവരൊക്കെയും അവരെ അവ
ന്റെ അടുക്കൽ കൊണ്ടുവന്നു;
അവൻ ഓരോരുത്തന്റെയുംമേൽ
കൈവച്ച് അവരെ സൗഖ്യമാക്കി.[r]
**41** പലരിൽനിന്നും ഭൂതങ്ങൾ; നീ
ദൈവപുത്രനായ[s] ക്രിസ്തു എന്ന്
നിലവിളിച്ചുപറഞ്ഞുകൊണ്ട്[t] പുറ
പ്പെട്ടുപോയി;[u] താൻ ക്രിസ്തു[v]
എന്ന് അവ അറികകൊണ്ട് മിണ്ടു
വാൻ അവൻ സമ്മതിക്കാതെ അ
വയെ ശാസിച്ചു.[u]
**42** [w]നേരം വെളുത്തപ്പോൾ അ
വൻ പുറപ്പെട്ട് ഒരു നിർജനസ്ഥല
ത്തേക്കു[x] പോയി. പുരുഷാരം അ
വനെ തിരഞ്ഞ്[y] അവന്റെ അരിക
ത്തു വന്നു തങ്ങളെ വിട്ടു പോകാതി
രിപ്പാൻ അവനെ തടുത്തു. **43** അ
വൻ അവരോട്: ഞാൻ മറ്റുള്ള പട്ട
ണങ്ങളിലും ദൈവരാജ്യം സുവി
ശേഷിക്കേ[z]ണ്ടതാകുന്നു;[a] ഇതി
നായിട്ടല്ലോ എന്നെ അയച്ചിരിക്കു
ന്നത് എന്നു പറഞ്ഞു.
**44** അങ്ങനെ അവൻ ഗലീല[b]
യിലെ പള്ളികളിൽ പ്രസംഗിച്ചു
പോന്നു.[c]

✵ ✵ ✵

***1. യേശു പത്രൊസിന്റെ പടകിൽ ഇരുന്നു ജനങ്ങളെ പഠിപ്പിച്ചത് 4. അത്ഭുതമായ മീൻപിടുത്തം 12. കുഷ്ഠരോഗിയെ ശുദ്ധനാക്കിയത് 17. പക്ഷവാതരോഗിയെ സൗഖ്യമാക്കിയത് 27. മത്തായിയെ വിളിച്ചത്.***

**5** അവൻ ഗന്നേസരെത്ത്തടാക
ത്തിന്റെ[a] കരയിൽ നില്ക്കു
മ്പോൾ പുരുഷാരം ദൈവവചനം
കേൾക്കേണ്ടതിന് അവനെ തിക്കി

27.[z] *(2രാജാ.7:3)*
[a] *2രാജാ.5:1-14*
29.[b] *(സംഖ്യാ.15:35; അപ്പൊ.പ്ര.7:58)*
30.[c] *യോഹ.8:59; 10:39*
31.[d] *ലൂക്കൊ. 4:31-37ക്കു. മർക്കൊ.1:21-28കാ.*
[e] *മത്താ.4:13*
[f] *മർക്കൊ.6:2*
[g] *ലൂക്കൊ.4:15,16; മത്താ.4:23*
32.[h] *ലൂക്കൊ.4:36; മത്താ.7:28,29*
33.[g] *(വാ.31 കാ.)*
34.[i] *മത്താ.8:29*
[j] *(അപ്പൊ.പ്ര.19:15; യാക്കോ.2:19)*
[k] *യോഹ.6:69; അപ്പൊ.പ്ര.3:14; വെളി.3:7; (ലൂക്കൊ.1:35; എബ്രാ.7:26; 1യോഹ.2:20)*
35.[l] *ലൂക്കൊ.4:41; മത്താ.12:16*
36.[m] *ലൂക്കൊ.4:32; (മത്താ.8:27)*
37.[n] *ലൂക്കൊ.4:14*
38.[o] *ലൂക്കൊ. 4:38-41ക്കു; മത്താ.8:14-16; മർക്കൊ.1:29-34 കാ.*
[p] *1കൊരി.9:5*
39.[q] *ലൂക്കൊ.8:24; 9:42 മത്താ.8:26;17:18; മർക്കൊ.4:39;9:25*
40.[r] *മർക്കൊ.5:23*
41.[s] *മത്താ.14:33*
[t] *ലൂക്കൊ.4:34*
[u] *മർക്കൊ.3:11,12; (അപ്പൊ.പ്ര.16:17,18)*
[v] *മത്താ.1:17*
42.[w] *ലൂക്കൊ. 4:42,43ക്കു. മർക്കൊ.1:35-38കാ.*
[x] *ലൂക്കൊ.5:16*
[y] *(മർക്കൊ.1:36)*
43.[z] *ലൂക്കൊ.8:1; 16:16; മത്താ.4:23;24:14; അപ്പൊ.പ്ര.8:12* [a] *ലൂക്കൊ.13:33* 44.[b] *(യോഹ. 3:22;5:1)* [c] *(മർക്കൊ.1:39)*

**അധ്യായം 5**

1.[a] *സംഖ്യാ.34:11; ആവ.3:17; യോശു.12:3; യോഹ.6:1; (മത്താ.14:34)*

ക്കൊണ്ടിരിക്കയിൽ 2 [b]രണ്ടു പടക്
കരയ്ക്ക് അടുത്തു നില്ക്കുന്നത്
അവൻ കണ്ടു; അവയിൽനിന്ന്
മീൻപിടിക്കാർ ഇറങ്ങി വല കഴുകു
കയായിരുന്നു.[c] 3 ആ പടകുകളിൽ
ശിമോനുള്ളതായ ഒന്നിൽ അവൻ
കയറി കരയിൽനിന്ന് അല്പം നീ
ക്കേണം എന്ന് അവനോട് അപേ
ക്ഷിച്ചു; അങ്ങനെ അവൻ പടകിൽ
ഇരുന്നു പുരുഷാരത്തെ ഉപദേശി
ച്ചു.[d] 4 സംസാരിച്ചു തീർന്നപ്പോൾ
അവൻ ശിമോനോട്: ആഴത്തിലേ
ക്കു നീക്കി മീൻപിടിത്തത്തിനു
വല ഇറക്കുവിൻ എന്നു പറഞ്ഞു.[e]
5 അതിനു ശിമോൻ: നാഥാ, ഞ
ങ്ങൾ രാത്രി മുഴുവനും അധ്വാനി
ച്ചിട്ടും ഒന്നും കിട്ടിയില്ല;[f] എങ്കിലും
നിന്റെ വാക്കിനു ഞാൻ വല ഇറ
ക്കാം എന്ന് ഉത്തരം പറഞ്ഞു.
6 അവർ അങ്ങനെ ചെയ്തപ്പോൾ
പെരുത്ത മീൻകൂട്ടം അകപ്പെട്ടു വല
കീറാറായി.[g] 7 അവർ മറ്റേ പടകി
ലുള്ള കൂട്ടാളികൾ[h] വന്നു സഹായി
പ്പാൻ അവരെ മാടിവിളിച്ചു. അവർ
വന്നു പടകു രണ്ടും മുങ്ങുമാറാകു
വോളം നിറച്ചു. 8 ശിമോൻപത്രൊ
സ് അതു കണ്ടിട്ടു യേശുവിന്റെ
കാൽക്കൽ വീണു: കർത്താവേ,
ഞാൻ പാപിയായ മനുഷ്യൻ ആക
കൊണ്ട്[i] എന്നെ വിട്ടുപോകേ
ണമേ[j] എന്നു പറഞ്ഞു. 9 അവർ
ക്ക് ഉണ്ടായ മീൻപിടിത്തത്തിൽ
അവനും അവനോടുകൂടെയുള്ള
വർക്ക് എല്ലാവർക്കും സംഭ്രമം പിടി
ച്ചിരുന്നു. 10 ശിമോന്റെ കൂട്ടാളി
കളായ യാക്കോബ്, യോഹന്നാൻ
എന്ന സെബെദിമക്കൾക്കും അവ്വ
ണ്ണം തന്നെ. യേശു ശിമോനോട്:
ഭയപ്പെടേണ്ടാ, ഇന്നുമുതൽ നീ
മനുഷ്യരെ പിടിക്കുന്നവൻ ആകും[k]
എന്നു പറഞ്ഞു. 11 പിന്നെ
അവർ പടകുകളെ കരയ്ക്ക് അടു
പ്പിച്ചിട്ടു സകലവും വിട്ട് അവനെ
അനുഗമിച്ചു.[l]

2.[b] ലൂക്കൊ.5:2-11 ക്കു. (മത്താ.4:18-22; മർക്കൊ.1:16-20; യോഹ.1:40-42)
[c] (മർക്കൊ.1:19)
3.[d] (മത്താ.5:1)
4.[e] (യോഹ.21:6)
5.[f] (യോഹ.21:3)
6.[g] (യോഹ.21:11)
7.[h] ഇയ്യോ.41:6
8.[i] യെശ.6:5
[j] മത്താ.8:34
10.[k] 2തിമൊ.2:26
11.[l] ലൂക്കൊ.18:28; മത്താ.19:27; (ലൂക്കൊ.5:28)

12.[m] ലൂക്കൊ. 5:12-14 ക്കു. മത്താ.8:2-4; മർക്കൊ.1:40-44 കാ.
[n] ലൂക്കൊ.17:16
[o] (മത്താ.9:28; മർക്കൊ.9:22,23)
14.[p] മത്താ.9:30; 17:9;മർക്കൊ.1:34; 5:43;7:36;8:26; മത്താ.12:16
[q] ലൂക്കൊ.17:14
[r] ലൂക്കൊ.9:5; മത്താ.10:18;24:14; മർക്കൊ.6:11; യാക്കോ.5:3
[s] ലേവ്യാ.14:2-32
15.[t] (മർക്കൊ.1:45)
16.[u] മർക്കൊ.1:35; മത്താ.14:23
17.[v] ലൂക്കൊ.2:46; അപ്പൊ.പ്ര.5:34; 1തിമൊ.1:7; (മത്താ.22:35)
[w] ലൂക്കൊ.8:46
18.[x] ലൂക്കൊ. 1:18-26ക്കു. മത്താ.9:2-8; മർക്കൊ.2:3-12കാ.
[y] മർക്കൊ.6:55
19.[z] ആവ.22:8; 1ശമൂ.9:25; നെഹെ.8:16; മത്താ.10:27;24:17; അപ്പൊ.പ്ര.10:9
[a] (മർക്കൊ.2:4)

12 [m]അവൻ ഒരു പട്ടണത്തിൽ
ഇരിക്കുമ്പോൾ കുഷ്ഠം നിറഞ്ഞൊ
രു മനുഷ്യൻ യേശുവിനെ കണ്ടു
കവിണ്ണുവീണു:[n] കർത്താവേ, നിന
ക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധ
മാക്കുവാൻ കഴിയും[o] എന്ന് അവ
നോട് അപേക്ഷിച്ചു. 13 യേശു
കൈ നീട്ടി അവനെ തൊട്ടു: എ
നിക്ക് മനസ്സുണ്ട്; ശുദ്ധമാക എന്നു
പറഞ്ഞു. ഉടനെ കുഷ്ഠം അവനെ
വിട്ടുമാറി. 14 അവൻ അവനോട്:
ഇത് ആരോടും പറയരുത്;[p] എ
ന്നാൽ പോയി നിന്നെത്തന്നെ
പുരോഹിതനു കാണിച്ച്,[q] അവർ
ക്കു സാക്ഷ്യത്തിനായി[r] മോശെ
കല്പിച്ചതുപോലെ നിന്റെ ശുദ്ധീ
കരണത്തിനുള്ള വഴിപാട് അർപ്പി
ക്ക[s] എന്ന് അവനോട് കല്പിച്ചു.
15 എന്നാൽ അവനെക്കുറിച്ചുള്ള
വർത്തമാനം അധികം പരന്നു.[t] വ
ളരെ പുരുഷാരം വചനം കേൾക്കേ
ണ്ടതിനും തങ്ങളുടെ വ്യാധികൾക്കു
സൗഖ്യം കിട്ടേണ്ടതിനും കൂടി
വന്നു. 16 അവനോ നിർജനദേശ
ത്തു വാങ്ങിപ്പോയി പ്രാർഥിച്ചുകൊ
ണ്ടിരുന്നു.[u]

17 അവൻ ഒരു ദിവസം ഉപദേശി
ക്കുമ്പോൾ ഗലീലയിലും യെഹൂ
ദ്യയിലുമുള്ള സകല ഗ്രാമത്തിൽ
നിന്നും യെരൂശലേമിൽനിന്നും
വന്ന പരീശന്മാരും ന്യായശാസ്ത്രി
മാരും[v] അവിടെ ഇരുന്നിരുന്നു.
സൗഖ്യമാക്കുവാൻ കർത്താവിന്റെ
ശക്തി[w] അവനോടുകൂടെ ഉണ്ടാ
യിരുന്നു. 18 [x]അപ്പോൾ ചില
ആളുകൾ പക്ഷവാതം പിടിച്ച ഒരു
മനുഷ്യനെ കിടക്കയിൽ[y] എടുത്തു
കൊണ്ടുവന്നു; അവനെ അകത്തു
കൊണ്ടുചെന്ന് അവന്റെ മുമ്പിൽ
വയ്പാൻ ശ്രമിച്ചു. 19 പുരുഷാരം
ഹേതുവായി അവനെ അകത്തു
കൊണ്ടുചെല്ലുവാൻ വഴി കാണാ
ഞ്ഞിട്ടു പുരമേൽ[z] കയറി ഓടു
നീക്കി[a] അവനെ കിടക്കയോടെ

5:10 ***യാക്കോബ്, യോഹന്നാൻ എന്ന സെബെദിമക്കൾ:*** യാക്കോബും യോഹന്നാനും യേശുവിന്റെ ശിഷ്യന്മാരായിരുന്നു (5:11; 6:14). യേശു അവർക്ക് 'ഇടിമക്കൾ' എന്നർഥമുള്ള ബൊവനേർഗ്ഗെസ് എന്ന പേരു നല്കി.

നടുവിൽ യേശുവിന്റെ മുമ്പിൽ,
ഇറക്കിവച്ചു. **20** അവരുടെ വിശ്വാസം
കണ്ടിട്ട്[b] അവൻ: മനുഷ്യാ, നിന്റെ
പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു[c]
എന്നു പറഞ്ഞു. **21** ശാസ്ത്രിമാരും
പരീശന്മാരും: ദൈവദൂഷണം[d] പ
റയുന്ന ഇവൻ ആർ? ദൈവം ഒരു
വൻ അല്ലാതെ പാപങ്ങളെ മോചി
പ്പാൻ കഴിയുന്നവൻ ആർ[e] എന്നു
ചിന്തിച്ചുതുടങ്ങി. **22** യേശു അവ
രുടെ ചിന്തകളെ അറിഞ്ഞ്[f] അവ
രോട്: നിങ്ങൾ ഹൃദയത്തിൽ ചിന്തി
ക്കുന്നത് എന്ത്? **23** നിന്റെ പാപ
ങ്ങൾ മോചിച്ചുതന്നിരിക്കുന്നു
എന്നു പറയുന്നതോ എഴുന്നേറ്റു
നടക്ക എന്നു പറയുന്നതോ ഏതാ
കുന്നു എളുപ്പം എന്നു ചോദിച്ചു.
**24** എങ്കിലും ഭൂമിയിൽ പാപങ്ങളെ
മോചിപ്പാൻ മനുഷ്യപുത്രന് അധി
കാരം ഉണ്ട് [g] എന്ന് നിങ്ങൾ അറി
യേണ്ടതിന് - അവൻ പക്ഷവാത
ക്കാരനോട്: എഴുന്നേറ്റ് കിടക്ക
എടുത്ത് വീട്ടിലേക്ക് പോക എന്നു
ഞാൻ നിന്നോടു പറയുന്നു എന്നു
പറഞ്ഞു. **25** ഉടനെ അവർ കാൺ
കെ അവൻ എഴുന്നേറ്റ്, താൻ കിടന്ന
കിടക്ക എടുത്തു ദൈവത്തെ മഹ
ത്വീകരിച്ചുംകൊണ്ട്[h] വീട്ടിലേക്കു
പോയി. **26** എല്ലാവരും വിസ്മയം
പൂണ്ടു ദൈവത്തെ മഹത്വപ്പെടു
ത്തി[h] ഭയം നിറഞ്ഞവരായി:[h] ഇന്ന്
നാം അപൂർവകാര്യങ്ങളെ കണ്ടു
എന്നു പറഞ്ഞു.

**27** [i]അതിന്റെശേഷം അവൻ പുറ
പ്പെട്ടു, ലേവി[j] എന്നു പേരുള്ളൊരു
ചുങ്കക്കാരൻ[k] ചുങ്കസ്ഥലത്ത് ഇരി
ക്കുന്നതു കണ്ടു; എന്നെ അനുഗമിക്ക
എന്ന് അവനോട് പറഞ്ഞു. **28** അ
വൻ സകലവും വിട്ട്[l] എഴുന്നേറ്റ്
അവനെ അനുഗമിച്ചു. **29** ലേവി
തന്റെ വീട്ടിൽ അവന് ഒരു വലിയ
വിരുന്ന് ഒരുക്കി; ചുങ്കക്കാരും മറ്റും[m]
വലിയൊരു പുരുഷാരം അവരോടു
കൂടെ പന്തിയിൽ ഇരുന്നു.[m] **30** പരീ

20.[b] *ലൂക്കൊ.7:9,50; 17:19;18:42; മത്താ.8:10,13; 9:22,29;15:28; മർക്കൊ.10:52; അപൊ.പ്ര.3:16; 14:9; യാക്കോ.5:15*
[c] *ലൂക്കൊ.7:48; (യോഹ.5:14)*
21.[d] *മത്താ.26:65; യോഹ.10:36*
[e] *സങ്കീ.32:5; യെശ.43:25*
22.[f] *യോഹ.2:25*
24.[g] *(ലൂക്കൊ.6:5)*
25.[h] *ലൂക്കൊ.7:16*
26.[h] *(വാ.25 കാ.)*
27.[i] *ലൂക്കൊ. 5:27 - 38 ക്കു. മത്താ.9:9 - 17; മർക്കൊ.2:14 - 22 കാ.*
[j] *(മത്താ.9:9)*
[k] *മത്താ.11:19; മർക്കൊ.2:15,16; മത്താ.5:46*
28.[l] *ലൂക്കൊ.5:11*
29.[m] *(ലൂക്കൊ.15:1,2)*
30.[n] *അപൊ.പ്ര.4:5; 23:9*
[o] *ലൂക്കൊ.15:2; മത്താ.11:19*
32.[p] *(ലൂക്കൊ.15:7; യോഹ.9:39)*
[q] *1തിമൊ.1:15*
[r] *ലൂക്കൊ.13:3,5; 15:10;24:47; മത്താ4:17;11:20; മർക്കൊ.1:15; അപൊ.പ്ര.5:31*
33.[s] *ലൂക്കൊ.11:1; മത്താ.11:2;14:12; യോഹ.1:35; 3:25; 4:1; (അപൊ.പ്ര.18:25; 19:3)*
[t] *ലൂക്കൊ.2:37*
[u] *ലൂക്കൊ.18:12*
34.[v] *യോഹ.3:29*
35.[w] *ലൂക്കൊ.17:22*
[x] *(യോഹ.16:20)*
37.[y] *യോശു.9:4; ഇയ്യോ.32:19; സങ്കീ.119:83*

ശന്മാരും അവരുടെ ശാസ്ത്രിമാ
രും[n] അവന്റെ ശിഷ്യന്മാരോട്: നി
ങ്ങൾ ചുങ്കക്കാരോടും പാപിക
ളോടുംകൂടെ തിന്നുകുടിക്കുന്നത്
എന്ത്[o] എന്നു പറഞ്ഞ് പിറുപി
റുത്തു. **31** യേശു അവരോട്: ദീന
ക്കാർക്കല്ലാതെ സൗഖ്യമുള്ളവർ
ക്കു വൈദ്യനെക്കൊണ്ട് ആവശ്യമി
ല്ല; **32** ഞാൻ നീതിമാന്മാരെ അല്ല;[p]
പാപികളെ അത്രേ[q] മാനസാന്തര
ത്തിന്[r] വിളിപ്പാൻ വന്നിരിക്കുന്നത്[p]
എന്ന് ഉത്തരം പറഞ്ഞു. **33** അവർ
അവനോട്: യോഹന്നാന്റെ ശിഷ്യ
ന്മാർ[s] കൂടെക്കൂടെ ഉപവസിച്ചു[t]
പ്രാർഥന കഴിച്ചുവരുന്നു;[t] പരീശ
ന്മാരുടെ ശിഷ്യന്മാരും അങ്ങനെ
തന്നെ[u] ചെയ്യുന്നു; നിന്റെ ശിഷ്യ
ന്മാരോ തിന്നുകയും കുടിക്കു
കയും ചെയ്യുന്നു എന്നു പറഞ്ഞു.
**34** യേശു അവരോട്: മണവാളൻ
തോഴ്മക്കാരോടുകൂടെ ഉള്ളപ്പോൾ
അവരെ ഉപവാസം ചെയ്യിപ്പാൻ
കഴിയുമോ?[v] **35** മണവാളൻ അവ
രെ വിട്ടുപിരിയേണ്ടുന്ന കാലം
വരും;[w] അന്ന്, ആ കാലത്ത്, അ
വർ ഉപവസിക്കും[x] എന്നു പറഞ്ഞു.
**36** ഒരു ഉപമയും അവരോട് പറ
ഞ്ഞു: ആരും കോടിത്തുണിക്ക
ണ്ടം കീറിയെടുത്ത് പഴയ വസ്ത്ര
ത്തോടു ചേർത്ത് തുന്നുമാറില്ല.
തുന്നിയാലോ പുതിയതു കീറുകയും
പുതിയ കണ്ടം പഴയതിനോടു ചേ
രാതിരിക്കയും ചെയ്യും. **37** ആരും
പുതുവീഞ്ഞ് പഴയ തുരുത്തിയിൽ[y]
പകരുമാറില്ല; പകർന്നാൽ പുതു
വീഞ്ഞ് തുരുത്തിയെ പൊളിച്ച്
ഒഴുകിപ്പോകും; തുരുത്തിയും നശി
ച്ചുപോകും; **38** പുതുവീഞ്ഞ് പു
തിയ തുരുത്തിയിൽ അത്രേ പകർ
ന്നുവയ്ക്കേണ്ടത്. **39** പിന്നെ പഴ
യതു കുടിച്ചിട്ട് ആരും പുതിയത്
ഉടനെ ആഗ്രഹിക്കുന്നില്ല; പഴയത്
ഏറെ നല്ലത് എന്നു പറയും.

* * *

5:34 ***മണവാളൻ:*** യേശു തന്നെക്കുറിച്ചു പ്രതിപാദിക്കുന്നു (9:22; 17:22).

*1. ശബ്ബത്തുദിവസത്തിൽ ശിഷ്യന്മാർ കതിരുകളെ പറിച്ചത് 12. യേശു പന്ത്രണ്ടാളുകളെ തെരഞ്ഞെടുത്തത് 20. ഗിരിപ്രഭാഷണം.*

**6** [a]ഒരു ശബ്ബത്തിൽ അവൻ വിള
ഭൂമിയിൽ കൂടി കടന്നുപോകു
മ്പോൾ അവന്റെ ശിഷ്യന്മാർ
കതിർ പറിച്ചു[b] കൈകൊണ്ടു
തിരുമ്മിത്തിന്നു. **2** പരീശന്മാരിൽ
ചിലർ ശബ്ബത്തിൽ വിഹിതമല്ലാ
ത്തതു[c] നിങ്ങൾ ചെയ്യുന്നത് എന്ത്[d]
എന്നു പറഞ്ഞു. **3** യേശു അവ
രോട്: ദാവീദ് തനിക്കും കൂടെയു
ള്ളവർക്കും വിശന്നപ്പോൾ ചെ
യ്തത് എന്ത്?[e] അവൻ ദൈവാല
യത്തിൽ ചെന്നു **4** പുരോഹിത
ന്മാർ മാത്രമല്ലാതെ ആരും തിന്നരു
താത്ത കാഴ്ചയപ്പം വാങ്ങി തിന്നു
കയും കൂടെയുള്ളവർക്കു കൊടു
ക്കയും[f] ചെയ്തു എന്നുള്ളതു
നിങ്ങൾ വായിച്ചിട്ടില്ലയോ[g] എന്ന്
ഉത്തരം പറഞ്ഞു. **5** മനുഷ്യപു
ത്രൻ ശബ്ബത്തിനും കർത്താവ് ആ
കുന്നു[h] എന്നും അവരോട് പറഞ്ഞു.
**6** [i]മറ്റൊരു ശബ്ബത്തിൽ അവൻ
പള്ളിയിൽ ചെന്ന് ഉപദേശിക്കു
മ്പോൾ[j] വലംകൈ വരണ്ടുള്ളോരു
മനുഷ്യൻ അവിടെ ഉണ്ടായിരുന്നു.
**7** ശാസ്ത്രിമാരും പരീശന്മാരും അ
വനെ കുറ്റം ചുമത്തുവാൻ സംഗ
തി കിട്ടേണ്ടതിന്[k] അവൻ ശബ്ബ
ത്തിൽ സൗഖ്യമാക്കുമോ എന്നു
നോക്കിക്കൊണ്ടിരുന്നു.[l] **8** അവരു
ടെ വിചാരം അറിഞ്ഞിട്ട്[m] അവൻ
വരണ്ട കൈയുള്ള മനുഷ്യനോട്:
എഴുന്നേറ്റ് നടുവിൽ നില്ക്ക എന്നു
പറഞ്ഞു; അവൻ എഴുന്നേറ്റു
നിന്നു. **9** യേശു അവരോട്: ഞാൻ
നിങ്ങളോട് ഒന്ന് ചോദിക്കട്ടെ,
ശബ്ബത്തിൽ നന്മ ചെയ്കയോ തിന്മ
ചെയ്കയോ, ജീവനെ രക്ഷിക്കയോ
നശിപ്പിക്കയോ ഏത് വിഹിതം[n] എ
ന്നു പറഞ്ഞു. **10** അവരെ എല്ലാം
ചുറ്റും നോക്കിയിട്ട്[o] ആ മനുഷ്യ
നോട്: കൈ നീട്ടുക എന്നു പറ
ഞ്ഞു. അവൻ അങ്ങനെ ചെയ്തു,[p]
അവന്റെ കൈക്കു സൗഖ്യം വന്നു.
**11** അവരോ ഭ്രാന്ത്[q] നിറഞ്ഞവരാ
യി യേശുവിനെ എന്ത് ചെയ്യേണ്ടു
എന്നു തമ്മിൽ ആലോചന കഴിച്ചു.
**12** ആ കാലത്ത് അവൻ പ്രാർഥി
ക്കേണ്ടതിന് ഒരു മലയിൽ ചെന്നു[r]
ദൈവത്തോടുള്ള പ്രാർഥനയിൽ
രാത്രി കഴിച്ചു. **13** [s]നേരം വെളു
ത്തപ്പോൾ അവൻ ശിഷ്യന്മാരെ
അടുക്കെ വിളിച്ചു,[t] അവരിൽ പന്ത്ര
ണ്ടു പേരെ തിരഞ്ഞെടുത്തു,[u] അ
വർക്ക് അപ്പൊസ്തലന്മാർ[v] എന്നും
പേർ വിളിച്ചു. **14** അവർ ആരെ
ന്നാൽ: പത്രൊസ് എന്ന് അവൻ
പേർ വിളിച്ച [w]ശിമോൻ, അവന്റെ
സഹോദരനായ അന്ത്രെയാസ്,[x]
യാക്കോബ്, യോഹന്നാൻ,[x] ഫീലി
പ്പൊസ്, ബർത്തൊലോമായി, **15** മ
ത്തായി,[y] തോമാസ്, അല്ഫായിയു
ടെ മകനായ യാക്കോബ്, എരിവു
കാരനായ[z] ശിമോൻ, **16** യാക്കോ
ബിന്റെ സഹോദരനായ യൂദാ,[a]
ദ്രോഹിയായിത്തീർന്ന ഈസ്ക
ര്യോത്ത് യൂദാ എന്നിവർ തന്നെ.
**17** അവൻ അവരോടുകൂടെ ഇറങ്ങി
സമഭൂമിയിൽ നിന്നു;[b] അവന്റെ
ശിഷ്യന്മാരുടെ കൂട്ടവും യെഹൂദ്യ
യിൽ എല്ലാടത്തുനിന്നും യെരൂശ
ലേമിൽനിന്നും സോർ, സീദോൻ[c]
എന്ന സമുദ്രതീരങ്ങളിൽനിന്നും
അവന്റെ വചനം കേൾപ്പാനും രോഗ
ശാന്തി കിട്ടുവാനും വന്ന ബഹു
പുരുഷാരവും ഉണ്ടായിരുന്നു.[d]
**18** അശുദ്ധാത്മാക്കൾ ബാധിച്ച
വരും സൗഖ്യം പ്രാപിച്ചു.[e] **19** ശ
ക്തി അവനിൽനിന്നു പുറപ്പെട്ട്
എല്ലാവരെയും സൗഖ്യമാക്കുക
കൊണ്ടു[f] പുരുഷാരമൊക്കെയും
അവനെ തൊടുവാൻ ശ്രമിച്ചു.[g]
**20** [h]അനന്തരം അവൻ ശിഷ്യ
ന്മാരെ നോക്കി[i] പറഞ്ഞത്: ദരിദ്ര
ന്മാരായ നിങ്ങൾ[j] ഭാഗ്യവാന്മാർ;
ദൈവരാജ്യം നിങ്ങൾക്കുള്ളത്.[k]
**21** ഇപ്പോൾ വിശക്കുന്നവരായ
നിങ്ങൾ ഭാഗ്യവാന്മാർ; നിങ്ങൾക്കു

അധ്യായം 6
1.[a] *ലൂക്കൊ.6:1-5 ക്കു.മത്താ.12:1-8; മർക്കൊ.2:23-28 കാ.*
[b] *ആവ.23:25*
2.[c] *(പുറ.20:9-11)*
[d] *(മത്താ.9:11)*
3.[e] *1ശമൂ.21:1-6*
4.[f] *പുറ.25:30; ലേവ്യാ.24:5-9*
[g] *മത്താ.21:16*
5.[h] *(ലൂക്കൊ.5:24)*
6.[i] *ലൂക്കൊ.6:6-11 ക്കു. മത്താ.12:9-14; മർക്കൊ.3:1-6കാ.*
[j] *മർക്കൊ.6:2*
7.[k] *(യോഹ.8:6)*
[l] *ലൂക്കൊ.14:1; 20:20; (ലൂക്കൊ.11:54)*
8.[m] *മത്താ.9:4*
9.[n] *ലൂക്കൊ.14:3*
10.[o] *മർക്കൊ.3:34; 5:32;10:23; (മർക്കൊ.10:21)*
[p] *(1രാജാ13:4)*
11.[q] *2തിമൊ.3:9*
12.[r] *മത്താ.14:23*
13.[s] *ലൂക്കൊ. 6:13-16ക്കു. മത്താ.10:2-4; മർക്കൊ.3:16-19; അപ്പൊ.പ്ര.1:13കാ.*
[t] *ലൂക്കൊ.9:1; മത്താ.10:1; മർക്കൊ.3:13;6:7*
[u] *യോഹ.13:18*
[v] *മർക്കൊ.6:30*
14.[w] *മത്താ.16:18; യോഹ.1:42*
[x] *മത്താ.4:18,21*
15.[y] *മത്താ.9:9*
[z] *(അപ്പൊ.പ്ര.21:20)*
16.[a] *യോഹ.14:22*
17.[b] *(ലൂക്കൊ.6:12; മത്താ.5:1)*
[c] *മത്താ.11:21*
[d] *മത്താ.4:25; മർക്കൊ.3:7,8*
18.[e] *മത്താ.4:24*
19.[f] *ലൂക്കൊ.8:46*
[g] *മത്താ.14:36; മർക്കൊ.3:10; (അപ്പൊ.പ്ര.5:15)*
20.[h] *ലൂക്കൊ.6:20-23ക്കു. (മത്താ.5:3-12)*
[i] *യോഹ.6:5* [j] *(യെശ.61:1;66:2)* [k] *(ലൂക്കൊ.12:32)*

തൃപ്തി വരും;[l] ഇപ്പോൾ കരയുന്നവ
രായ നിങ്ങൾ ഭാഗ്യവാന്മാർ; നിങ്ങൾ
ചിരിക്കും.[m] 22 മനുഷ്യപുത്രൻ നിമി
ത്തം[n] മനുഷ്യർ നിങ്ങളെ ദ്വേഷിച്ചു[o]
ഭ്രഷ്ടരാക്കി[p] നിന്ദിച്ചു[q] നിങ്ങളുടെ
പേർ വിടക്ക് എന്നു തള്ളുമ്പോൾ,
നിങ്ങൾ ഭാഗ്യവാന്മാർ. 23 ആ
നാളിൽ സന്തോഷിച്ചു തുള്ളുവിൻ;[r]
നിങ്ങളുടെ പ്രതിഫലം സ്വർഗത്തിൽ
വലിയത്; അവരുടെ പിതാക്കന്മാർ
പ്രവാചകന്മാരോട് അങ്ങനെതന്നെ
ചെയ്തുവല്ലോ.[s] 24 എന്നാൽ
സമ്പന്നന്മാരായ നിങ്ങൾക്ക് അയ്യോ
കഷ്ടം;[t] നിങ്ങളുടെ ആശ്വാസം[u]
നിങ്ങൾക്കു ലഭിച്ചുപോയല്ലോ.[v]
25 ഇപ്പോൾ തൃപ്തന്മാരായ നിങ്ങൾ
ക്ക് അയ്യോ കഷ്ടം; നിങ്ങൾക്കു
വിശക്കും.[w] ഇപ്പോൾ ചിരിക്കുന്നവ
രായ[x] നിങ്ങൾക്ക് അയ്യോ കഷ്ടം;
നിങ്ങൾ ദുഃഖിച്ചു കരയും.[x] 26 സ
കല മനുഷ്യരും നിങ്ങളെ പുക
ഴ്ത്തിപ്പറയുമ്പോൾ[y] നിങ്ങൾക്ക്
അയ്യോ കഷ്ടം; അവരുടെ പിതാ
ക്കന്മാർ[z] കള്ളപ്രവാചകന്മാരെ[a]
അങ്ങനെ ചെയ്തുവല്ലോ.[z]

27 എന്നാൽ കേൾക്കുന്നവരായ
നിങ്ങളോടു ഞാൻ പറയുന്നത്:
നിങ്ങളുടെ ശത്രുക്കളെ സ്നേഹി
പ്പിൻ;[b] നിങ്ങളെ പകയ്ക്കുന്നവർ
ക്കു ഗുണം ചെയ്‌വിൻ.[c] 28 നിങ്ങളെ
ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ;[d]
നിങ്ങളെ ദുഷിക്കുന്നവർക്കുവേണ്ടി
പ്രാർഥിപ്പിൻ.[b] 29 [e]നിന്നെ ഒരു ചെ
കിട്ടത്ത് അടിക്കുന്നവന്[f] മറ്റേതും
കാണിച്ചുകൊടുക്ക; നിന്റെ പുതപ്പ്
എടുത്തുകളയുന്നവന് വസ്ത്രവും
തടുക്കരുത്. 30 നിന്നോടു ചോദി
ക്കുന്ന ഏവനും കൊടുക്ക;[g] നിനക്കു
ള്ളത് എടുത്തുകളയുന്നവനോട്
മടക്കി ചോദിക്കരുത്. 31 മനുഷ്യർ
നിങ്ങൾക്കു ചെയ്യേണം എന്നു നി
ങ്ങൾ ഇച്ഛിക്കുന്നതുപോലെതന്നെ
അവർക്കും ചെയ്‌വിൻ.[h] 32 നിങ്ങ
ളെ സ്നേഹിക്കുന്നവരെ സ്നേഹി
ച്ചാൽ നിങ്ങൾക്ക് എന്ത് ഉപചാരം
കിട്ടും?[i] പാപികളും തങ്ങളെ സ്നേ
ഹിക്കുന്നവരെ സ്നേഹിക്കുന്നു
വല്ലോ. 33 നിങ്ങൾക്കു നന്മ ചെ
യ്യുന്നവർക്കു നന്മ ചെയ്താൽ നി
ങ്ങൾക്ക് എന്ത് ഉപചാരം കിട്ടും?
പാപികളും അങ്ങനെതന്നെ ചെ
യ്യുന്നുവല്ലോ. 34 മടക്കി വാങ്ങി
ക്കൊള്ളാം എന്നു നിങ്ങൾ ആശി
ക്കുന്നവർക്കു കടംകൊടുത്താൽ[j]
നിങ്ങൾക്ക് എന്ത് കിട്ടും?[k] പാപി
കളും കുറയാതെ മടക്കിവാങ്ങേ
ണ്ടതിനു പാപികൾക്കു കടം കൊ
ടുക്കുന്നുവല്ലോ. 35 നിങ്ങളോ ശത്രു
ക്കളെ സ്നേഹിപ്പിൻ;[l] അവർക്കു
നന്മ ചെയ്‌വിൻ; ഒന്നും പകരം
ഇച്ഛിക്കാതെ കടം കൊടുപ്പിൻ;
എന്നാൽ നിങ്ങളുടെ പ്രതിഫലം
വളരെ ആകും; നിങ്ങൾ അത്യുന്നത
ന്റെ[m] മക്കൾ ആകും;[n] അവൻ
നന്ദികെട്ടവരോടും ദുഷ്ടന്മാരോ
ടും ദയാലുവല്ലോ.[o] 36 അങ്ങനെ
നിങ്ങളുടെ പിതാവ് മനസ്സലിവുള്ള
വൻ ആകുന്നതുപോലെ[p] നിങ്ങ
ളും മനസ്സലിവുള്ളവർ ആകു
വിൻ.[q] 37 [r]വിധിക്കരുത്; എന്നാൽ
നിങ്ങളെയും വിധിക്കയില്ല;[s]
ശിക്ഷയ്ക്കു വിധിക്കരുത്; എന്നാൽ
നിങ്ങൾക്കും ശിക്ഷാവിധി ഉണ്ടാ
കയില്ല; വിടുവിൻ; എന്നാൽ നിങ്ങ
ളെയും വിടുവിക്കും.[s] 38 കൊടു
പ്പിൻ; എന്നാൽ നിങ്ങൾക്കു കിട്ടും;[t]
അമർത്തി കുലുക്കി കവിയു
ന്നൊരു നല്ല അളവ് നിങ്ങളുടെ
മടിയിൽ[u] തരും; നിങ്ങൾ അള
ക്കുന്ന അളവിനാൽ നിങ്ങൾക്കും
അളന്നുകിട്ടും.[v]

39 അവൻ ഒരു ഉപമയും അവ
രോടു പറഞ്ഞു: കുരുടനു കുരുട
നെ വഴികാട്ടുവാൻ കഴിയുമോ? ഇ
രുവരും കുഴിയിൽ വീഴുകയില്ല
യോ?[w] 40 ശിഷ്യൻ ഗുരുവിനു
മീതെയല്ല,[x] അഭ്യാസം തികഞ്ഞ
വൻ[y] എല്ലാം ഗുരുവിനെപ്പോലെ

21.[l] *(ലൂക്കൊ.1:53)*
[m] *യെശ.25:8; 57:18; മത്താ.5:4*
22.[n] *യോഹ.15:21*
[o] *മത്താ.10:22*
[p] *(യോഹ.9:22; 12:42;16:2)*
[q] *എബ്രാ.11:26; 1പത്രൊ.4:14*
23.[r] *മത്താ.5:12*
[s] *മത്താ.21:35*
24.[t] *ആമോ.6:1; യാക്കോ.5:1; (ലൂക്കൊ.12:21)*
[u] *മത്താ.6:2*
[v] *(ലൂക്കൊ.16:25)*
25.[w] *യെശ.65:13*
[x] *യെശ.65:14; (സദൃ.14:13; യാക്കോ.4:9)*
26.[y] *(യോഹ.15:19; 17:14;യാക്കോ.4:4; 1യോഹ.4:5)*
[z] *യിരെ.5:31; (യെശ.30:10; മീഖാ.2:11)*
[a] *മത്താ.7:15*
27.[b] *മത്താ.5:44*
[c] *സദൃ.25:21,22; റോമ.12:20,21*
28.[d] *1പത്രൊ.3:9*
[b] *(വാ.27 കാ.)*
29.[e] *ലൂക്കൊ. 6:29,30 ക്കു. മത്താ.5:39-42കാ. (റോമ.12:17)*
[f] *യെശ.50:6; വിലാ.3:30; മത്താ.26:67*
30.[g] *സങ്കീ.37:21; സദൃ.21:26*
31.[h] *മത്താ.7:12*
32.[i] *മത്താ.5:46*
34.[j] *സങ്കീ.37:26*
[k] *(ലൂക്കൊ.14:12-14; സദൃ.19:17; മത്താ.5:42)*
35.[l] *ലൂക്കൊ.6:27*
[m] *ലൂക്കൊ.1:32; മർക്കൊ.5:7*
[n] *മത്താ.5:45*
[o] *(യാക്കോ.1:5)*
36.[p] *യാക്കോ.5:11*
[q] *(മത്താ.5:7,48; എഫെ.5:1,2; യാക്കോ.3:17)*

37.[r] *ലൂക്കൊ.6:37,38, 41,42ക്കു. മത്താ.7:1-5 കാ. (റോമ.14:13; 1കൊരി.4:5; യാക്കോ.5:9)*[s] *(മത്താ.6:14; 18:23-35)* 38.[t] *2കൊരി.9:6-8* [u] *സങ്കീ.79:12; യെശ.65:6,7; യിരെ.32:18* [v] *മർക്കൊ.4:24; (ന്യായാ.1:7)* 39.[w] *മത്താ.15:14* 40.[x] *മത്താ.10:24* [y] *2കൊരി.13:11; എബ്രാ.13:21; 1പത്രൊ.5:10; (1കൊരി.1:10; 2തിമൊ.3:17)*

ആകും. 41 എന്നാൽ നീ സഹോദ
രന്റെ കണ്ണിലെ കരടു നോക്കുകയും[s]
സ്വന്തകണ്ണിലെ കോൽ വിചാരിക്കാ
തിരിക്കയും ചെയ്യുന്നത് എന്ത്?[z]
42 അല്ല, സ്വന്തകണ്ണിലെ കോൽ
നോക്കാതെ: സഹോദരാ, നില്ല്;
നിന്റെ കണ്ണിലെ കരട് എടുത്തുക
ളയട്ടെ എന്നു സഹോദരനോട് പറ
വാൻ നിനക്ക് എങ്ങനെ കഴിയും?
കപടഭക്തിക്കാരാ, മുമ്പേ സ്വന്തക
ണ്ണിലെ കോൽ എടുത്തുകളക;
എന്നാൽ സഹോദരന്റെ കണ്ണിലെ
കരട് എടുത്തുകളവാൻ വെടി
പ്പായി കാണുമല്ലോ. 43 [a]ആകാ
ത്ത ഫലം കായ്ക്കുന്ന നല്ല വൃക്ഷ
മില്ല; നല്ല ഫലം കായ്ക്കുന്ന
ആകാത്ത വൃക്ഷവുമില്ല. 44 ഏതു
വൃക്ഷത്തെയും ഫലംകൊണ്ട്
അറിയാം.[b] മുള്ളിൽനിന്ന് അത്തി
പ്പഴം ശേഖരിക്കയും ഞെരിഞ്ഞി
ലിൽനിന്നു മുന്തിരിങ്ങാ പറിക്കയും
ചെയ്യുമാറില്ലല്ലോ. 45 നല്ല മനു
ഷ്യൻ തന്റെ ഹൃദയത്തിലെ നല്ല
നിക്ഷേപത്തിൽനിന്ന് നല്ലതു പുറ
പ്പെടുവിക്കുന്നു; ദുഷ്ടൻ ദോഷമാ
യതിൽനിന്ന് ദോഷം[c] പുറപ്പെടുവി
ക്കുന്നു.[d] ഹൃദയത്തിൽ നിറഞ്ഞു
കവിയുന്നതല്ലോ വായ് പ്രസ്താവി
ക്കുന്നത്.[e]
46 നിങ്ങൾ എന്നെ കർത്താവേ,
കർത്താവേ എന്നു വിളിക്കയും[f]
ഞാൻ പറയുന്നത് ചെയ്യാതിരിക്ക
യും ചെയ്യുന്നത് എന്ത്?[g] 47 [h]എന്റെ
അടുക്കൽ വന്ന് എന്റെ വചനം
കേട്ടു ചെയ്യുന്നവൻ എല്ലാം ഇന്ന
വനോടു തുല്യൻ എന്നു ഞാൻ
കാണിച്ചുതരാം. 48 ആഴെക്കുഴിച്ചു
പാറമേൽ അടിസ്ഥാനം ഇട്ടു വീടു
പണിയുന്ന മനുഷ്യനോട് അവൻ
തുല്യൻ. വെള്ളപ്പൊക്കം ഉണ്ടാ
യിട്ട് ഒഴുക്ക് വീട്ടിനോട് അടിച്ചു;
എന്നാൽ അത് നല്ലവണ്ണം പണിതി
രിക്കകൊണ്ട് അത് ഇളകിപ്പോയി
ല്ല. 49 കേട്ടിട്ടു ചെയ്യാത്തവനോ
അടിസ്ഥാനം കൂടാതെ മണ്ണിന്മേൽ
വീടു പണിത മനുഷ്യനോടു തു
ല്യൻ.[i] ഒഴുക്ക് അടിച്ച ഉടനെ അത്
വീണു; ആ വീട്ടിന്റെ വീഴ്ച വലി
യതുമായിരുന്നു.[j]

❋ ❋ ❋

*2. ശതാധിപന്റെ വിശ്വാസം 11. വിധവയുടെ മകനെ ഉയിർപ്പിച്ചത് 18. യോഹന്നാന്റെ ദൂതന്മാരോട് ഉത്തരം പറഞ്ഞത് 24. യോഹന്നാനെക്കുറിച്ച് സാക്ഷി പറഞ്ഞത് 38. പാപിയായ സ്ത്രീയാൽ അഭിഷേകം.*

7 [a]ജനം കേൾക്കെ തന്റെ വചന
മൊക്കെയും പറഞ്ഞുതീർന്ന
ശേഷം അവൻ കഫർന്നഹൂമിൽ
ചെന്നു.
2 അവിടെ ഒരു ശതാധിപനു
പ്രിയനായ ദാസൻ ദീനം പിടിച്ചു
മരിപ്പാറായിരുന്നു. 3 അവൻ യേശു
വിന്റെ വസ്തുത കേട്ടിട്ട്, അവൻ
വന്നു തന്റെ ദാസനെ രക്ഷിക്കേ
ണ്ടതിന് അവനോട് അപേക്ഷി
പ്പാൻ യെഹൂദന്മാരുടെ മൂപ്പന്മാരെ
അവന്റെ അടുക്കൽ അയച്ചു.[b]
4 അവർ യേശുവിന്റെ അടുക്കൽ
വന്ന്, അവനോട് താല്പര്യമായി
അപേക്ഷിച്ചു: നീ അത് ചെയ്തു
കൊടുപ്പാൻ അവൻ യോഗ്യൻ;[c]
5 അവൻ നമ്മുടെ ജനത്തെ സ്നേ
ഹിക്കുന്നു; ഞങ്ങൾക്ക് ഒരു പള്ളി
യും[d] തീർപ്പിച്ചുതന്നിരിക്കുന്നു
എന്നു പറഞ്ഞു. 6 യേശു അവരോ
ടുകൂടെ പോയി, വീട്ടിനോട് അടു
പ്പാറായപ്പോൾ ശതാധിപൻ സ്നേ
ഹിതന്മാരെ അവന്റെ അടുക്കൽ
അയച്ചു: കർത്താവേ, പ്രയാസപ്പെടേ
ണ്ടാ;[e] നീ എന്റെ പുരയ്ക്കകത്തു
വരുവാൻ ഞാൻ പോരാത്തവൻ.
7 അതുകൊണ്ട് നിന്റെ അടുക്കൽ
വരുവാൻ ഞാൻ യോഗ്യൻ എന്ന്
എനിക്കു തോന്നീട്ടില്ല. ഒരു വാക്ക്
കല്പിച്ചാൽ എന്റെ ബാല്യക്കാരനു
സൗഖ്യം വരും.[f] 8 ഞാനും അധി
കാരത്തിന് കീഴ്പെട്ട മനുഷ്യൻ;

41.[s] (വാ.37 കാ.)
[z] (യോഹ.8:7-9)
43.[a] ലൂക്കൊ. 6:43,44 ക്കു. മത്താ.7:16,20കാ.
44.[b] മത്താ.12:33
45.[c] (മത്താ.5:37)
[d] മത്താ.12:35; 15:18,19; (മത്താ.13:52; എഫെ.4:29)
[e] മത്താ.12:34
46.[f] യോഹ.13:13
[g] (മലാ.1:6); മത്താ.7:21
47.[h] ലൂക്കൊ. 6:47-49 ക്കു. മത്താ.7:24-27കാ.
49.[i] (യെഹെ. 13:10-16)
[j] ആമോ.6:11

**അധ്യായം 7**

1.[a] ലൂക്കൊ.7:1-10 ക്കു. മത്താ.8:5-13കാ.
3.[b] (മത്താ.8:5)
4.[c] (അപ്പൊ.പ്ര.10:22)
5.[d] ലൂക്കൊ.4:31,33
6.[e] ലൂക്കൊ.8:49; മർക്കൊ.5:35; (മത്താ.9:36)
7.[f] സങ്കീ.107:20; (മത്താ.8:16)

6:41 ***സ്വന്ത കണ്ണിലെ കോൽ:*** മറ്റുള്ളവരെ നാം ന്യായം വിധിക്കുന്നതിനു മുമ്പ് വളരെ ശ്രദ്ധയോടെ സ്വന്ത ജീവിതം വിലയിരുത്തേണ്ടതിന്റെ ആവശ്യം വ്യക്തമാക്കുന്നതിനാണ് യേശു ഇത്രമാത്രം ശക്തീകരണം കൊടുക്കുന്നത്.

എന്റെ കീഴിൽ പടയാളികൾ ഉണ്ട്;
ഒരുവനോട്: പോക എന്നു പറ
ഞ്ഞാൽ അവൻ പോകുന്നു; മറ്റൊ
രുവനോട്: വരിക എന്നു പറഞ്ഞാൽ
അവൻ വരുന്നു; എന്റെ ദാസനോട്:
ഇതു ചെയ്ക എന്നു പറഞ്ഞാൽ
അവൻ ചെയ്യുന്നു എന്നു പറയിച്ചു.
**9** യേശു അത് കേട്ടിട്ട് അവങ്കൽ
ആശ്ചര്യപ്പെട്ടു[g] തിരിഞ്ഞുനോക്കി,
അനുഗമിക്കുന്ന കൂട്ടത്തോട്: യി
സ്രായേലിൽക്കൂടി ഇങ്ങനെയുള്ള
വിശ്വാസം[h] ഞാൻ കണ്ടിട്ടില്ല എന്നു
ഞാൻ നിങ്ങളോടു പറയുന്നു എന്നു
പറഞ്ഞു; **10** ശതാധിപൻ പറഞ്ഞ
യച്ചിരുന്നവർ വീട്ടിൽ മടങ്ങിവന്ന
പ്പോൾ ദാസനെ സൗഖ്യത്തോടെ
കണ്ടു.

**11** പിറ്റന്നാൾ അവൻ നയിൻ എന്ന
പട്ടണത്തിലേക്ക് പോകുമ്പോൾ
അവന്റെ ശിഷ്യന്മാരും വളരെ പുരു
ഷാരവും കൂടെ പോയി. **12** അ
വൻ പട്ടണത്തിന്റെ വാതിലിനോട്
അടുത്തപ്പോൾ മരിച്ചുപോയ ഒരു
ത്തനെ പുറത്തു കൊണ്ടുവരുന്നു;
അവൻ അമ്മയ്ക്ക് ഏകജാതനായ
മകൻ;[i] അവളോ വിധവയായിരുന്നു.
പട്ടണത്തിലെ ഒരു വലിയ പുരു
ഷാരവും അവളോടുകൂടെ ഉണ്ടാ
യിരുന്നു. **13** അവളെ കണ്ടിട്ടു
കർത്താവ് മനസ്സലിഞ്ഞ്[j] അവളോ
ട്: കരയേണ്ടാ എന്നു പറഞ്ഞു;[k]
അവൻ അടുത്തു ചെന്നു മഞ്ചം[l]
തൊട്ടു ചുമക്കുന്നവർ നിന്നു. **14** ബാ
ല്യക്കാരാ, എഴുന്നേല്ക്ക[m] എന്ന്
ഞാൻ നിന്നോടു പറയുന്നു എന്ന്
അവൻ പറഞ്ഞു. **15** മരിച്ചവൻ
എഴുന്നേറ്റ് ഇരുന്നു സംസാരിക്കു
വാൻ തുടങ്ങി; അവൻ അവനെ
അമ്മയ്ക്ക് ഏല്പിച്ചു കൊടുത്തു.[n]
**16** എല്ലാവർക്കും ഭയം പിടിച്ചു:
ഒരു വലിയ പ്രവാചകൻ നമ്മുടെ
ഇടയിൽ എഴുന്നേറ്റിരിക്കുന്നു;[o]
ദൈവം തന്റെ ജനത്തെ സന്ദർശി
ച്ചിരിക്കുന്നു[p] എന്നു പറഞ്ഞു ദൈ
വത്തെ മഹത്ത്വീകരിച്ചു.[q] **17** അവ
നെക്കുറിച്ചുള്ള ഈ ശ്രുതി യെഹൂ
ദ്യയിലൊക്കെയും ചുറ്റുമുള്ള നാ
ടെങ്ങും പരന്നു.

**18** [r]ഇതൊക്കെയും യോഹന്നാ
ന്റെ ശിഷ്യന്മാർ അവനോട് അറി
യിച്ചു.[s] **19** എന്നാറെ യോഹന്നാൻ
തന്റെ ശിഷ്യന്മാരിൽ രണ്ടു പേരെ
വിളിച്ച്, കർത്താവിന്റെ അടുക്കൽ
അയച്ചു: വരുവാനുള്ളവൻ നീയോ?[t]
അല്ല, ഞങ്ങൾ മറ്റൊരുത്തനെ
കാത്തിരിക്കേണമോ[u] എന്നു പറ
യിച്ചു. **20** ആ പുരുഷന്മാർ അവ
ന്റെ അടുക്കൽ വന്ന്: വരുവാനുള്ള
വൻ നീയോ?[t] അല്ല, ഞങ്ങൾ
മറ്റൊരുത്തനെ കാത്തിരിക്കേണമോ
എന്നു ചോദിപ്പാൻ യോഹന്നാൻ
സ്നാപകൻ ഞങ്ങളെ നിന്റെ അടു
ക്കൽ അയച്ചിരിക്കുന്നു എന്നു പറ
ഞ്ഞു. **21** ആ നാഴികയിൽ അവൻ
വ്യാധികളും[v] ദണ്ഡങ്ങളും[w] ദുരാത്മാ
ക്കളും പിടിച്ച പലരെയും സൗഖ്യ
മാക്കുകയും[w] പല കുരുടന്മാർക്കും
കാഴ്ച നല്കുകയും[x] ചെയ്തിട്ട്
അവരോട്: **22** കുരുടർ കാണുന്നു;
മുടന്തർ നടക്കുന്നു;[y] കുഷ്ഠരോഗി
കൾ ശുദ്ധരായിത്തീരുന്നു;[z] ചെകി
ടർ കേൾക്കുന്നു;[a] മരിച്ചവർ ഉയിർ
ത്തെഴുന്നേല്ക്കുന്നു;[b] ദരിദ്രന്മാ
രോടു സുവിശേഷം അറിയിക്കു
ന്നു[c] എന്നിങ്ങനെ നിങ്ങൾ കാണു
കയും കേൾക്കയും ചെയ്യുന്നത്
യോഹന്നാനെ ചെന്ന് അറിയിപ്പിൻ.
**23** എന്നാൽ എങ്കൽ ഇടറിപ്പോകാ
ത്തവൻ[d] ഭാഗ്യവാൻ എന്ന് ഉത്തരം
പറഞ്ഞു.

**24** യോഹന്നാന്റെ ദൂതന്മാർ
പോയശേഷം അവൻ പുരുഷാര
ത്തോട് യോഹന്നാനെക്കുറിച്ചു
പറഞ്ഞുതുടങ്ങിയത്: നിങ്ങൾ
എന്തു കാൺമാൻ മരുഭൂമിയിലേ
ക്ക്[e] പോയി? കാറ്റിനാൽ ഉലയുന്ന
ഓടയോ?[f] **25** അല്ല, എന്ത് കാൺ
മാൻ പോയി? മാർദവവസ്ത്രം ധരി
ച്ച മനുഷ്യനെയോ? മോടിയുള്ള

9.[g] (മർക്കൊ.6:6)
[h] മത്താ.9:2
12.[i] (ലൂക്കൊ.8:42; 9:38;ന്യായാ.11:34; എബ്രാ.11:17,18)
13.[j] മത്താ.20:34; മർക്കൊ.1:41
[k] ലൂക്കൊ.8:52
[l] 2ശമൂ.3:31
14.[m] ലൂക്കൊ.8:54; മർക്കൊ.5:41; (ലൂക്കൊ.7:22; മത്താ.11:5; യോഹ.11:43; അപ്പൊ.പ്ര.9:40)
15.[n] (1രാജാ.17:23; 2രാജാ.4:36; എബ്രാ.11:35)
16.[o] ലൂക്കൊ.7:39; ആവ.18:15; മത്താ.21:11
[p] ലൂക്കൊ.1:68
[q] ലൂക്കൊ.2:20; 23:47; മത്താ.9:8;15:31; അപ്പൊ.പ്ര.4:21; 11:18;21:20; (മത്താ.5:16); ലൂക്കൊ.13:13

18.[r] ലൂക്കൊ.7:18 - 35 ക്കു. മത്താ.11:2 - 19കാ.
[s] മത്താ.9:14
19.[t] യോഹ.4:25; 6:14;11:27 (ലൂക്കൊ.3:15; ഉൽപ.49:10; ആവ.18:15,18; സങ്കീ.118:26 ദാനീ.7:13; റോമ.5:14)
[u] (ലൂക്കൊ.3:15)
20.[t] (വാ.19 കാ.)
21.[v] മർക്കൊ.1:34
[w] മർക്കൊ.3:10
[x] ലൂക്കൊ.18:42; മത്താ.9:29; 12:22;15:31; 20:34;21:14; മർക്കൊ.8:25; യോഹ.9:7
22.[y] യെശ.29:18; 35:5,6;മത്താ.15:30; (യോഹ.3:2)

[z] ലൂക്കൊ.17:14; മത്താ.8:3 [a] മർക്കൊ.7:35 [b] ലൂക്കൊ.7:14 [c] ലൂക്കൊ.4:18; യെശ.61:1; (മത്താ.5:3; യാക്കോ.2:5) **23.**[d] യെശ.8:14,15; മത്താ.13:56; 24:10;26:31; മർക്കൊ.6:3; യോഹ.6:61 **24.**[e] ലൂക്കൊ.1:80;3:2 [f] (എഫെ.4:14; യാക്കോ.1:6)

വസ്ത്രം ധരിച്ചു സുഖഭോഗികളായി
നടക്കുന്നവർ രാജധാനികളിൽ
അത്രേ. 26 അല്ല, എന്തു കാൺ
മാൻ പോയി? ഒരു പ്രവാചകനെ
യോ?[g] അതേ, പ്രവാചകനിലും
മികച്ചവനെത്തന്നെ എന്നു ഞാൻ
നിങ്ങളോടു പറയുന്നു:
27 [h]“ഞാൻ എന്റെ ദൂതനെ നിന
ക്കു മുമ്പായി അയയ്ക്കുന്നു; അ
വൻ നിന്റെ മുമ്പിൽ നിനക്കു വഴി
ഒരുക്കും” എന്ന് എഴുതിയിരിക്കു
ന്നത് അവനെക്കുറിച്ചാകുന്നു.
28 സ്ത്രീകളിൽനിന്നു ജനിച്ച
വരിൽ യോഹന്നാനെക്കാൾ വലി
യവൻ ആരുമില്ല; ദൈവരാജ്യ
ത്തിൽ ഏറ്റവും ചെറിയവനോ
അവനിലും വലിയവൻ എന്നു
ഞാൻ നിങ്ങളോടു പറയുന്നു.–
29 എന്നാൽ ജനമൊക്കെയും[i] ചുങ്ക
ക്കാരും[j] കേട്ടിട്ടു യോഹന്നാന്റെ
സ്നാനം[k] ഏറ്റതിനാൽ ദൈവത്തെ
നീതീകരിച്ചു. 30 എങ്കിലും പരീശ
ന്മാരും ന്യായശാസ്ത്രിമാരും[l] അവ
നാൽ സ്നാനം ഏല്ക്കാതെ ദൈവ
ത്തിന്റെ ആലോചന[m] തങ്ങൾക്കു
വൃഥാവാക്കി[n]ക്കളഞ്ഞു.–[o] 31 ഈ
തലമുറയിലെ മനുഷ്യരെ ഏതി
നോട് ഉപമിക്കേണ്ടു? അവർ ഏതി
നോടു തുല്യം? 32 ഞങ്ങൾ നിങ്ങൾ
ക്കായി കുഴലൂതി, നിങ്ങൾ നൃത്തം
ചെയ്തില്ല; ഞങ്ങൾ നിങ്ങൾക്കായി
വിലാപം പാടി, നിങ്ങൾ കരഞ്ഞില്ല
എന്നു ചന്തസ്ഥലത്ത് ഇരുന്ന് അ
ന്യോന്യം വിളിച്ചുപറയുന്ന കുട്ടിക
ളോട് അവർ തുല്യർ. 33 യോഹ
ന്നാൻസ്നാപകൻ അപ്പം തിന്നാ
തെയും[p] വീഞ്ഞു കുടിക്കാതെയും[q]
വന്നിരിക്കുന്നു; അവന് ഭൂതം ഉണ്ട്
എന്ന് നിങ്ങൾ പറയുന്നു. 34 മനു
ഷ്യപുത്രൻ തിന്നും കുടിച്ചുംകൊ
ണ്ട്[r] വന്നിരിക്കുന്നു; തിന്നിയും
കുടിയനും ആയ മനുഷ്യൻ ചുങ്ക
ക്കാരുടെയും പാപികളുടെയും
സ്നേഹിതൻ[s] എന്നു നിങ്ങൾ പറ
യുന്നു. 35 ജ്ഞാനമോ തന്റെ എ
ല്ലാ മക്കളാലും നീതീകരിക്കപ്പെട്ടി
രിക്കുന്നു.[t]

36 പരീശന്മാരിൽ ഒരുത്തൻ ത
ന്നോടുകൂടെ ഭക്ഷണം കഴിപ്പാൻ
അവനെ ക്ഷണിച്ചു;[u] അവൻ പരീ
ശന്റെ വീട്ടിൽ ചെന്നു ഭക്ഷണത്തി
നിരുന്നു. 37 [v]ആ പട്ടണത്തിൽ
പാപിയായ ഒരു സ്ത്രീ, അവൻ
പരീശന്റെ വീട്ടിൽ ഭക്ഷണത്തിനി
രിക്കുന്നത് അറിഞ്ഞ് ഒരു വെൺ
കൽ ഭരണി പരിമളതൈലം കൊ
ണ്ടുവന്നു, 38 പുറകിൽ അവന്റെ
കാല്ക്കൽ കരഞ്ഞുകൊണ്ട് നിന്നു
കണ്ണുനീർകൊണ്ട് അവന്റെ കാൽ
നനച്ചുതുടങ്ങി; തലമുടികൊണ്ടു
തുടച്ചു[w] കാൽ ചുംബിച്ചു[x] തൈലം
പൂശി. 39 അവനെ ക്ഷണിച്ച പരീ
ശൻ അതു കണ്ടിട്ട്: ഇവൻ[y] പ്രവാ
ചകൻ[z] ആയിരുന്നു എങ്കിൽ, തന്നെ
തൊടുന്ന സ്ത്രീ ആരെന്നും എങ്ങ
നെയുള്ളവൾ എന്നും അറിയുമാ
യിരുന്നു;[a] അവൾ പാപിയല്ലോ
എന്ന് ഉള്ളിൽ പറഞ്ഞു. 40 ശിമോ
നേ, നിന്നോട് ഒന്നു പറവാനുണ്ട്
എന്നു യേശു പറഞ്ഞതിന്: ഗുരോ,
പറഞ്ഞാലും എന്ന് അവൻ പറ
ഞ്ഞു. 41 കടം കൊടുക്കുന്ന ഒരു
ത്തനു രണ്ടു കടക്കാർ ഉണ്ടായിരു
ന്നു; ഒരുത്തൻ അഞ്ഞൂറു വെള്ളി
ക്കാശും[b] മറ്റവൻ അമ്പതു വെള്ളി
ക്കാശും കൊടുപ്പാനുണ്ടായിരുന്നു.
42 വീട്ടുവാൻ അവർക്കു വക ഇല്ലാ
യ്കയാൽ[c] അവൻ ഇരുവർക്കും
ഇളച്ചുകൊടുത്തു;[d] എന്നാൽ അ
വരിൽ ആർ അവനെ അധികം
സ്നേഹിക്കും? 43 അധികം ഇളച്ചു
കിട്ടിയവൻ എന്നു ഞാൻ ഊഹി
ക്കുന്നു എന്നു ശിമോൻ പറഞ്ഞു.
അവൻ അവനോട്: നീ വിധിച്ചത്
ശരി എന്നു പറഞ്ഞു. 44 സ്ത്രീ
യുടെ നേരേ തിരിഞ്ഞു ശിമോ
നോട് പറഞ്ഞത്: ഈ സ്ത്രീയെ
കാണുന്നുവോ? ഞാൻ നിന്റെ വീ
ട്ടിൽ വന്നു, നീ എന്റെ കാലിനു
വെള്ളം തന്നില്ല;[e] ഇവളോ കണ്ണു
നീർകൊണ്ട് എന്റെ കാൽ നനച്ചു
തലമുടികൊണ്ടു തുടച്ചു.[f] 45 നീ
എനിക്കു ചുംബനം തന്നില്ല;[g] ഇ
വളോ ഞാൻ അകത്തു വന്നതു

26.[g] *ലൂക്കൊ.1:76; 20:6; മത്താ.14:5*
27.[h] *മർക്കൊ.1:2; മലാ.3:1; (ലൂക്കൊ.1:17,76,77)*
29.[i] *(ലൂക്കൊ.20:6)*
[j] *ലൂക്കൊ.3:12; മത്താ.21:32*
[k] *അപ്പൊ.പ്ര.18:25; 19:3*
30.[l] *ലൂക്കൊ.10:25; 11:45,46,52;14:3; മത്താ.22:35*
[m] *അപ്പൊ.പ്ര.2:23; 13:36;20:27; (സദൃ.1:25; എഫെ.1:11; എബ്രാ.6:17)*
[n] *മർക്കൊ.7:9*
[o] *(മത്താ.21:25,32; 23:13)*
33.[p] *മത്താ.3:4; മർക്കൊ.1:6*
[q] *ലൂക്കൊ.1:15*
34.[r] *ലൂക്കൊ.7:36; 14:1; മത്താ.9:10; യോഹ.2:1;12:2*
[s] *ലൂക്കൊ.15:2; 19:7; മത്താ.9:11*
35.[t] *(ലൂക്കൊ.11:49; സദൃ.8:1-36)*
36.[u] *ലൂക്കൊ.11:37; 14:11*
37.[v] *ലൂക്കൊ. 7:37-39ക്കു. (മത്താ.26:6-13; മർക്കൊ.14:3-9; യോഹ.12:1-8)*
38.[w] *ലൂക്കൊ.7:44; യോഹ.11:2*
[x] *മത്താ.26:49*
39.[y] *(ലൂക്കൊ.15:2)*
[z] *ലൂക്കൊ.7:16; യോഹ.4:19*
[a] *(ലൂക്കൊ.22:64)*
41.[b] *മത്താ.18:28*
42.[c] *മത്താ.18:25*
[d] *എഫെ.4:32; കൊലൊ.2:13,14; 3:13; (റോമ.8:32)*
44.[e] *1തിമൊ.5:10; ഉൽപ.18:4*
[f] *ലൂക്കൊ.7:38*
45.[g] *2ശമൂ.15:5; 19:39; 20:9*

മുതൽ ഇടവിടാതെ എന്റെ കാൽ
ചുംബിച്ചു.[h] **46** നീ എന്റെ തല
യിൽ തൈലം പൂശിയില്ല;[i] ഇവളോ
പരിമളതൈലംകൊണ്ട് എന്റെ കാൽ
പൂശി. **47** ആകയാൽ ഇവളുടെ
അനേകമായ പാപങ്ങൾ[j] മോചിച്ചി
രിക്കുന്നു എന്നു ഞാൻ നിന്നോടു
പറയുന്നു; അവൾ വളരെ സ്നേ
ഹിച്ചുവല്ലോ; അല്പം മോചിച്ചുകി
ട്ടിയവൻ അല്പം സ്നേഹിക്കുന്നു.
**48** പിന്നെ അവൻ അവളോട്: നി
ന്റെ പാപങ്ങൾ മോചിച്ചുതന്നിരി
ക്കുന്നു[k] എന്നു പറഞ്ഞു. **49** അവ
നോടുകൂടെ പന്തിയിൽ ഇരുന്നവർ:
പാപമോചനവും കൊടുക്കുന്ന
ഇവൻ ആർ[l] എന്നു തമ്മിൽ പറ
ഞ്ഞുതുടങ്ങി. **50** അവനോ സ്ത്രീ
യോട്: നിന്റെ വിശ്വാസം നിന്നെ
രക്ഷിച്ചിരിക്കുന്നു;[m] സമാധാന
ത്തോടെ പോക[n] എന്നു പറഞ്ഞു.

❋ ❋ ❋

*1. സ്ത്രീകൾ യേശുവിനു ശുശ്രൂഷ ചെയ്തത് 4. വിതയ്ക്കുന്നവന്റെയും 16. വിളക്കുതണ്ടിന്റെയും ഉപമ 19. യേശുവിന്റെ ബന്ധുക്കൾ 22. കൊടുങ്കാറ്റും 26. പിശാചുബാധയും ശമിപ്പിച്ചത് 40. രക്തസ്രാവക്കാരത്തിയും യായിറൊസിന്റെ പുത്രിയും.*

**8** അനന്തരം അവൻ ദൈവരാജ്യം[a]
പ്രസംഗിച്ചും സുവിശേഷിച്ചും
കൊണ്ടു[a] പട്ടണംതോറും[b] സഞ്ച
രിച്ചു. **2** അവനോടുകൂടെ പന്തിരു
വരും അവൻ ദുരാത്മാക്കളെയും
വ്യാധികളെയും നീക്കി സൗഖ്യം
വരുത്തിയ ചില സ്ത്രീകളും[c] ഏഴു
ഭൂതങ്ങൾ വിട്ടുപോയ[d] മഗ്ദലക്കാ
രത്തി മറിയയും[e] **3** ഹെരോദാവി
ന്റെ കാര്യവിചാരകനായ കൂസയുടെ
ഭാര്യ യോഹന്നയും[f] ശൂശന്നയും
തങ്ങളുടെ വസ്തുവകകൊണ്ട്
അവർക്കു ശുശ്രൂഷ ചെയ്തുപോന്ന
മറ്റു പല സ്ത്രീകളും ഉണ്ടായി
രുന്നു.
**4** [g]പിന്നെ വലിയൊരു പുരുഷാ
രവും ഓരോ പട്ടണത്തിൽനിന്ന്
അവന്റെ അടുക്കൽ വന്നവരും
ഒരുമിച്ചു കൂടിയപ്പോൾ അവൻ
ഉപമയായി പറഞ്ഞത്: **5** വിതയ്ക്കു
ന്നവൻ[h] വിത്തു വിതപ്പാൻ പുറപ്പെ
ട്ടു. വിതയ്ക്കുമ്പോൾ ചിലത് വഴി
യരികെ വീണിട്ട് ചവിട്ടിപ്പോകയും
ആകാശത്തിലെ പറവജാതി അ
തിനെ തിന്നുകളകയും ചെയ്തു.
**6** മറ്റു ചിലത് പാറമേൽ വീണ്
മുളച്ച് നനവില്ലായ്കയാൽ ഉണങ്ങി
പ്പോയി.[i] **7** മറ്റു ചിലത് മുള്ളിനിട
യിൽ[j] വീണു; മുള്ളുംകൂടെ മുളച്ച്
അതിനെ ഞെരുക്കിക്കളഞ്ഞു.
**8** മറ്റു ചിലത് നല്ല നിലത്തു വീണു
മുളച്ചു നൂറുമേനി[k] ഫലം കൊടു
ത്തു. ഇതു പറഞ്ഞിട്ട്: കേൾപ്പാൻ
ചെവി ഉള്ളവൻ കേൾക്കട്ടെ[l] എന്നു
വിളിച്ചു പറഞ്ഞു.
**9** അവന്റെ ശിഷ്യന്മാർ അവനോട്
ഈ ഉപമ എന്ത് എന്നു ചോദിച്ച
തിന് അവൻ പറഞ്ഞത്: **10** ദൈവ
രാജ്യത്തിന്റെ മർമങ്ങളെ[m] അറി
യുവാൻ നിങ്ങൾക്കു വരം ലഭിച്ചി
രിക്കുന്നു;[n] ശേഷമുള്ളവർക്കോ
കണ്ടിട്ടും കാണാതിരിപ്പാനും, കേ
ട്ടിട്ടും ഗ്രഹിക്കാതിരിപ്പാനും[o] ഉപമ
കളിലത്രേ. **11** [p]ഉപമയുടെ പൊരു
ളോ: വിത്ത് ദൈവവചനം;[q] **12** വഴി
യരികെയുള്ളവർ കേൾക്കുന്നവർ
എങ്കിലും അവർ വിശ്വസിച്ചു രക്ഷി
ക്കപ്പെടാതിരിപ്പാൻ[r] പിശാച് വന്ന്
അവരുടെ ഹൃദയത്തിൽനിന്നു

*45.[h] ലൂക്കൊ.7:38*
*46.[i] സങ്കീ.23:5; 141:5; സഭാ.9:8; മത്താ.6:17*
*47.[j] (ലൂക്കൊ.7:39)*
*48.[k] ലൂക്കൊ.5:20; മത്താ.9:2; മർക്കൊ.2:5; യാക്കോ.5:15; 1യോഹ.2:12; (യോഹ.20:23)*
*49.[l] ലൂക്കൊ.5:21*
*50.[m] ലൂക്കൊ.7:9; (ലൂക്കൊ.7:47; 1തിമൊ.1:14); മർക്കൊ.10:52; എഫെ.2:8 [n] ലൂക്കൊ.8:48; 1ശമൂ.1:17; മർക്കൊ.5:34*

**അധ്യായം 8**

*1.[a] ലൂക്കൊ.4:43 [b] മർക്കൊ.6:6*
*2.[c] ലൂക്കൊ.23:49,55; മത്താ.27:55; മർക്കൊ.15:40,41; അപ്പൊ.പ്ര.1:14 [d] മർക്കൊ.16:9 [e] ലൂക്കൊ.24:10; മത്താ.27:56,61; 28:1; യോഹ.19:25; 20:1,18*
*3.[f] ലൂക്കൊ.24:10*
*4.[g] ലൂക്കൊ.8:4 - 10 ക്കു. മത്താ.13:1 - 15; മർക്കൊ.4:1 - 12കാ,*
*5.[h] (യെശ.55:10; ആമോ.9:13)*
*6.[i] യോഹ.15:6*
*7.[j] യിരെ.4:3*
*8.[k] ഉൽപ.26:12 [l] മത്താ.11:15*
*10.[m] റോമ.16:25 [n] മത്താ.19:11; കൊലൊ.1:27; (1കൊരി.2:6 - 10; 1യോഹ.2:20,27); മത്താ.11:25 [o] യെശ.6:9,10; മത്താ.13:13*
*11.[p] ലൂക്കൊ.8:11 - 15ക്കു. മത്താ.13:18 - 23; മർക്കൊ.4:13 - 20കാ. [q] ലൂക്കൊ.1:1; മർക്കൊ.2:2; 4:33; 16:20; അപ്പൊ.പ്ര.8:4; യാക്കോ.1:21*
*12.[r] മർക്കൊ.16:16*

8:3 ***ഹെരോദാവിന്റെ കാര്യവിചാരകനായ കൂസയുടെ ഭാര്യ യോഹന്നയും ശൂശന്നയും:*** യോഹന്നയും ശൂശന്നയും യേശുവിനോടൊപ്പം സഞ്ചരിക്കുകയും (ലൂക്കൊ. 23:49) യേശുവിന്റെ പരസ്യശുശ്രൂഷയിൽ വേണ്ട ശുശ്രൂഷകൾ നിറവേറ്റുകയും ചെയ്തുപോന്നവരാണ്. സ്ത്രീകൾ യെഹൂദ ഗുരുക്കന്മാർക്കു സാമ്പത്തിക സഹായം നല്കിയിരുന്നു. വേദപുസ്തകത്തിൽ ഇവിടെ മാത്രമേ ശൂശന്നയുടെ പേര് രേഖപ്പെടുത്തിയിട്ടുള്ളൂ. ഹെരോദ് അന്തിപ്പാസിന്റെ കാര്യവിചാരകനായിരുന്നു കൂസ.

വചനം എടുത്തുകളയുന്നു. 13 പാറ
മേലുള്ളവരോ കേൾക്കുമ്പോൾ
വചനം സന്തോഷത്തോടെ[s] കൈ
ക്കൊള്ളുന്നവർ എങ്കിലും അവർ
ക്കു വേരില്ല; അവർ തൽക്കാലം
വിശ്വസിക്കയും[t] പരീക്ഷാസമയത്തു
പിൻവാങ്ങിപ്പോകയും[u] ചെയ്യുന്നു.
14 മുള്ളിനിടയിൽ വീണതോ
കേൾക്കുന്നവർ എങ്കിലും പോയി,[v]
ചിന്തകളാലും ധനത്താലും സംസാ
രഭോഗങ്ങളാലും[w] ഞെരുങ്ങി പൂർ
ണമായി ഫലം കൊടുക്കാത്തവ
രത്രേ. 15 നല്ല മണ്ണിലുള്ളതോ വ
ചനം കേട്ടു ഗുണമുള്ള നല്ല ഹൃദ
യത്തിൽ സംഗ്രഹിച്ചു ക്ഷമയോടെ[x]
ഫലം കൊടുക്കുന്നവർ[y] തന്നേ.
16 [z]വിളക്കു കൊളുത്തീട്ട് ആരും
അതിനെ പാത്രംകൊണ്ടു മൂടുകയോ
കട്ടിൽക്കീഴെ വയ്ക്കയോ ചെയ്യാ
തെ അകത്തു വരുന്നവർ വെളിച്ചം
കാണേണ്ടതിന് തണ്ടിന്മേൽ അത്രേ
വയ്ക്കുന്നത്.[a] 17 വെളിപ്പെടാതെ
ഗൂഢമായത് ഒന്നുമില്ല; പ്രസിദ്ധ
മായി വെളിച്ചത്തു വരാതെ മറവാ
യിരിക്കുന്നതും ഒന്നുമില്ല.[b] 18 ആക
യാൽ നിങ്ങൾ എങ്ങനെ കേൾക്കു
ന്നു എന്നു സൂക്ഷിച്ചുകൊൾവിൻ.[c]
ഉള്ളവനു കിട്ടും; ഇല്ലാത്തവനോ
ടോ ഉണ്ട് എന്നു തോന്നുന്നതും
കൂടെ എടുത്തുകളയും.[d]
19 [e]അവന്റെ അമ്മയും സഹോദര
ന്മാരും[f] അവന്റെ അടുക്കൽ വന്നു;
പുരുഷാരം നിമിത്തം അവനോട്
അടുപ്പാൻ കഴിഞ്ഞില്ല. 20 നിന്റെ
അമ്മയും സഹോദരന്മാരും നിന്നെ
കാൺമാൻ ഇച്ഛിച്ചുകൊണ്ട് പുറ
ത്തുനില്ക്കുന്നു എന്നു ചിലർ അവ
നോട് അറിയിച്ചു. 21 അവരോട്
അവൻ: എന്റെ അമ്മയും സഹോദര
ന്മാരും ദൈവവചനം കേട്ടു ചെയ്യു
ന്നവരത്രേ[g] എന്ന് ഉത്തരം പറഞ്ഞു.
22 [h]ഒരു ദിവസം അവൻ ശിഷ്യ
ന്മാരുമായി പടകിൽ കയറി; നാം
തടാകത്തിന്റെ[i] അക്കരെ പോക
എന്ന് അവരോടു പറഞ്ഞു. 23 അ
വർ നീക്കി ഓടുമ്പോൾ അവൻ
ഉറങ്ങിപ്പോയി. തടാകത്തിൽ[i] ഒരു
ചുഴലിക്കാറ്റ് ഉണ്ടായി 24 പടകിൽ
വെള്ളം നിറഞ്ഞിട്ട് അവർ പ്രാണ
ഭയത്തിലായി അടുക്കൽ ചെന്നു:
നാഥാ, നാഥാ, ഞങ്ങൾ നശിച്ചു
പോകുന്നു എന്നു പറഞ്ഞ് അവ
നെ ഉണർത്തി; അവൻ എഴുന്നേറ്റു
കാറ്റിനെയും വെള്ളത്തിന്റെ കോപ
ത്തെയും ശാസിച്ചു;[j] അവ അമർ
ന്നു ശാന്തത ഉണ്ടായി.[k] 25 പിന്നെ
അവരോട്: നിങ്ങളുടെ വിശ്വാസം
എവിടെ എന്നു പറഞ്ഞു; അവരോ
ഭയപ്പെട്ടു:[l] ഇവൻ ആർ? അവൻ
കാറ്റിനോടും വെള്ളത്തോടും ക
ല്പിക്കയും അവ അനുസരിക്കയും
ചെയ്യുന്നു[m] എന്നു തമ്മിൽ പറ
ഞ്ഞ് ആശ്ചര്യപ്പെട്ടു.[n]
26 [o]അവർ ഗലീലയ്ക്കു നേരേ
യുള്ള ഗെരസേന്യദേശത്ത് അണ
ഞ്ഞു. 27 അവൻ കരയ്ക്ക് ഇറങ്ങി
യപ്പോൾ ബഹുകാലമായി ഭൂത
ങ്ങൾ ബാധിച്ചൊരു മനുഷ്യൻ പട്ട
ണത്തിൽനിന്നു വന്ന് എതിർപെട്ടു;
അവൻ ബഹുകാലമായി വസ്ത്രം
ധരിക്കാതെയും വീട്ടിൽ പാർക്കാ
തെയും ശവക്കല്ലറകളിൽ അത്രേ[p]
ആയിരുന്നു. 28 അവൻ യേശുവി
നെ കണ്ടിട്ടു നിലവിളിച്ച്[q] അവനെ
നമസ്കരിച്ചു: യേശുവേ, മഹോന്ന
തനായ ദൈവത്തിന്റെ[r] പുത്രാ,[s]
എനിക്കും നിനക്കും തമ്മിൽ എന്ത്?[t]
എന്നെ ഉപദ്രവിക്കരുതേ എന്ന്
ഞാൻ അപേക്ഷിക്കുന്നു എന്ന് ഉറ
ക്കെ പറഞ്ഞു.[q] 29 അവൻ അശുദ്ധാ
ത്മാവിനോട് ആ മനുഷ്യനെ വിട്ടു
പോകുവാൻ കല്പിച്ചിരുന്നു. അത്
വളരെ കാലമായി അവനെ ബാധി
ച്ചിരുന്നു; അവനെ ചങ്ങലയും വി
ലങ്ങും ഇട്ടു ബന്ധിച്ചു സൂക്ഷിച്ചി
രുന്നിട്ടും അവൻ ബന്ധനങ്ങളെ

13.[s] (യെശ.58:2; യെഹെ.33:31,32; മർക്കൊ.6:20; യോഹ.5:35) [t] ഗലാ.1:6; (ഹോശേ.6:4; ഗലാ.5:7) [u] 1തിമൊ.4:1; എബ്രാ.3:12; (2തെസ്സ.2:3) 14.[v] (യാക്കോ.1:11) [w] മത്താ.6:25 15.[x] യാക്കോ.5:7; എബ്രാ.10:37 [y] ഹോശേ.14:8; യോഹ.15:5,16; ഫിലി.1:11; കൊലൊ.1:6 16.[z] ലൂക്കൊ. 8:16 - 18ക്കു. മർക്കൊ.4:21 - 25 കാ. [a] ലൂക്കൊ.11:33; മത്താ.5:15 17.[b] ലൂക്കൊ.12:2; മത്താ.10:26; (1തിമൊ.5:25) 18.[c] (ലൂക്കൊ. 8:11 - 15) [d] മത്താ.13:12 19.[e] ലൂക്കൊ. 8:19 - 21ക്കു. മത്താ.12:46 - 50; മർക്കൊ.3:31 - 35കാ. [f] മത്താ.13:55; മർക്കൊ.6:3; യോഹ.2:12; 7:3,5,10; അപ്പൊ.പ്ര.1:14; 1കൊരി.9:5; ഗലാ.1:19 21.[g] ലൂക്കൊ.11:28; യാക്കോ.1:22 22.[h] ലൂക്കൊ. 8:22 - 25ക്കു. മത്താ.8:23 - 27; മർക്കൊ.4:36-41കാ. (യോഹ.6:16 - 21) [i] ലൂക്കൊ.8:33;5:1 23.[i] (വാ.22 കാ.) 24.[j] ലൂക്കൊ.4:39; സങ്കീ.104:7 [k] ഇയ്യോ.38:11; സങ്കീ.65:7; (മത്താ.14:32; മർക്കൊ.6:51) 25.[l] യോഹ.14:27 [m] (ലൂക്കൊ.5:9) [n] (മർക്കൊ.1:27) 26.[o] ലൂക്കൊ. 8:26 - 40ക്കു. മത്താ.8:28 - 9:1; മർക്കൊ.5:1 - 21കാ. 27.[p] (വെളി.18:2) 28.[q] ലൂക്കൊ.4:33,34; മർക്കൊ.1:23,24,26; അപ്പൊ.പ്ര.8:7 [r] ലൂക്കൊ. 1:32;6:35; ഉൽപ.14:18; സംഖ്യാ.24:16; സങ്കീ.57:2; യെശ.14:14; ദാനീ.3:26; അപ്പൊ.പ്ര.16:17; എബ്രാ.7:1 [s] (ലൂക്കൊ.4:3,9); മത്താ.14:33 [t] (2ശമൂ.16:10;19:22; യോഹ.2:4)

തകർക്കയും ഭൂതം അവനെ കാടു
കളിലേക്ക്[u] ഓടിക്കയും ചെയ്യും.
30 യേശു അവനോട്: നിന്റെ പേർ
എന്ത് എന്നു ചോദിച്ചു. അനേകം
ഭൂതങ്ങൾ അവനെ ബാധിച്ചിരുന്നതു
കൊണ്ട്; ലെഗ്യോൻ[v] എന്ന് അവൻ
പറഞ്ഞു. 31 പാതാളത്തിലേക്കു[w]
പോകുവാൻ കല്പിക്കരുത് എന്ന്
അവ അവനോട് അപേക്ഷിച്ചു.
32 അവിടെ മലയിൽ വലിയൊരു
പന്നിക്കൂട്ടം മേഞ്ഞുകൊണ്ടിരുന്നു.
അവയിൽ കടപ്പാൻ അനുവാദം
തരേണം എന്ന് അവനോട് അപേ
ക്ഷിച്ചു; അവൻ അനുവാദം കൊടു
ത്തു. 33 ഭൂതങ്ങൾ ആ മനുഷ്യനെ
വിട്ടു പന്നികളിൽ കടന്നപ്പോൾ കൂട്ടം
കടുന്തൂക്കത്തൂടെ തടാകത്തിലേ
ക്കു[x] പാഞ്ഞു വീർപ്പുമുട്ടി ചത്തു.
34 ഈ സംഭവിച്ചത് മേയിക്കുന്നവർ
കണ്ടിട്ട് ഓടിപ്പോയി പട്ടണത്തിലും
നാട്ടിലും അറിയിച്ചു. 35 സംഭവി
ച്ചതു കാൺമാൻ അവർ പുറപ്പെട്ടു
യേശുവിന്റെ അടുക്കൽ വന്നു,
ഭൂതങ്ങൾ വിട്ടുപോയ മനുഷ്യൻ
വസ്ത്രം ധരിച്ചും[y] സുബോധം
പൂണ്ടും യേശുവിന്റെ കാൽക്കൽ[z]
ഇരിക്കുന്നതു കണ്ടു ഭയപ്പെട്ടു.
36 ഭൂതഗ്രസ്തനു സൗഖ്യം വന്നത്[a]
എങ്ങനെ എന്നു കണ്ടവർ അവ
രോട് അറിയിച്ചു. 37 ഗെരസേന്യ
ദേശത്തിലെ ജനസമൂഹം എല്ലാം
ഭയപരവശരായി; തങ്ങളെ വിട്ടു
പോകേണം എന്ന് അവനോട് അ
പേക്ഷിച്ചു;[b] അങ്ങനെ അവൻ പടകു
കയറി മടങ്ങിപ്പോന്നു. 38 ഭൂതങ്ങൾ
വിട്ടുപോയ ആൾ അവനോടുകൂടെ
ഇരിപ്പാൻ അനുവാദം ചോദിച്ചു.
39 അതിന് അവൻ: നീ വീട്ടിൽ
മടങ്ങിച്ചെന്നു ദൈവം നിനക്കു
ചെയ്തതൊക്കെയും അറിയിക്ക[c]
എന്നു പറഞ്ഞ് അവനെ അയച്ചു.
അവൻ പോയി യേശു തനിക്കു
ചെയ്തതൊക്കെയും പട്ടണത്തിൽ
എല്ലാടവും അറിയിച്ചു.

40 യേശു മടങ്ങിവന്നപ്പോൾ പുരു
ഷാരം അവനെ സന്തോഷത്തോടെ
കൈക്കൊണ്ടു;[d] അവർ എല്ലാവരും
അവനായിട്ട് കാത്തിരിക്കയായിരു
ന്നു. 41 [e]അപ്പോൾ പള്ളിപ്രമാണി
യായ[f] യായീറൊസ് എന്നു പേരു
ള്ളൊരു മനുഷ്യൻ വന്ന് യേശു
വിന്റെ കാൽക്കൽ വീണു. 42 അ
വന് ഏകദേശം പന്ത്രണ്ടു വയസ്സു
ള്ള ഏകജാതയായൊരു മകൾ[g]
ഉണ്ടായിരുന്നു; അവൾ മരിപ്പാറായ
തുകൊണ്ട് തന്റെ വീട്ടിൽ വരേ
ണം എന്ന് അവനോട് അപേക്ഷി
ച്ചു; അവൻ പോകുമ്പോൾ പുരു
ഷാരം അവനെ തിക്കി[h]ക്കൊണ്ടി
രുന്നു.

43 അന്നു പന്ത്രണ്ടു സംവത്സ
രമായി രക്തസ്രവ[i]മുള്ളവളും മുത
ൽ എല്ലാം[j] വൈദ്യന്മാർക്കു കൊടു
ത്തിട്ടും ആരാലും സൗഖ്യം വരു
ത്തുവാൻ കഴിയാഞ്ഞവളുമായോരു
സ്ത്രീ, 44 പുറകിൽ അടുത്തു
ചെന്ന് അവന്റെ വസ്ത്രത്തിന്റെ
തൊങ്ങൽ[k] തൊട്ടു ഉടനെ അവ
ളുടെ രക്തസ്രവം നിന്നുപോയി.[l]
45 എന്നെ തൊട്ടത് ആർ എന്നു
യേശു ചോദിച്ചു. എല്ലാവരും
ഞാനല്ല, ഞാനല്ല എന്നു പറഞ്ഞ
പ്പോൾ: ഗുരോ, പുരുഷാരം നിന്നെ
തിക്കിത്തിരക്കുന്നു എന്നു പത്രൊ
സും കൂടെയുള്ളവരും പറഞ്ഞു.
46 യേശുവോ: ഒരാൾ എന്നെ തൊട്ടു;
എങ്കൽനിന്നു ശക്തി പുറപ്പെട്ടതു[m]
ഞാൻ അറിഞ്ഞു എന്നു പറഞ്ഞു.
47 താൻ മറഞ്ഞിരിക്കുന്നില്ല എ
ന്നു സ്ത്രീ കണ്ടു വിറച്ചുംകൊണ്ടു
വന്ന് അവന്റെ മുമ്പിൽ വീണു, അ
വനെ തൊട്ട സംഗതിയും തൽ
ക്ഷണം സൗഖ്യമായതും സകല
ജനവും കേൾക്കെ അറിയിച്ചു.
48 അവൻ അവളോട്: മകളേ,
നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചി
രിക്കുന്നു;[n] സമാധാനത്തോടെ
പോക[n] എന്നു പറഞ്ഞു.

49 അവൻ സംസാരിച്ചുകൊണ്ടി
രിക്കുമ്പോൾ തന്നെ പള്ളിപ്രമാ
ണിയുടെ[o] ഒരാൾ വന്നു: നിന്റെ
മകൾ മരിച്ചുപോയി; ഗുരുവിനെ[p]
പ്രയാസപ്പെടുത്തേണ്ടാ[q] എന്നു പറ
ഞ്ഞു. 50 യേശു അതു കേട്ടാറെ:

29.[u] (ലൂക്കൊ.11:24; മത്താ.12:43)
30.[v] മത്താ.26:53
31.[w] വെളി.9:1
33.[x] ലൂക്കൊ.8:22,23
35.[y] (ലൂക്കൊ.8:27)
[z] ലൂക്കൊ.10:39
36.[a] മർക്കൊ.10:52
37.[b] (ലൂക്കൊ.5:8; 1രാജാ.17:18; അപ്പൊ.പ്ര.16:39)
39.[c] സങ്കീ.66:16; (ലൂക്കൊ.5:14)
40.[d] ലൂക്കൊ.9:11
41.[e] ലൂക്കൊ. 8:41-56ക്കു. മത്താ.9:18-26; മർക്കൊ.5:22-43കാ.
[f] ലൂക്കൊ.13:14; അപ്പൊ.പ്ര.13:15; 18:8,17
42.[g] ലൂക്കൊ.7:12
[h] ലൂക്കൊ.8:45; മർക്കൊ.3:9
43.[i] ലേവ്യാ.15:25
[j] ലൂക്കൊ.21:4; മർക്കൊ.12:44
44.[k] മത്താ.14:36; 23:5; (സംഖ്യാ.15:38,39; ആവ.22:12)
[l] മത്താ.15:28;17:18
46.[m] ലൂക്കൊ.5:17; 6:19 (അപ്പൊ.പ്ര.10:38)
48.[n] ലൂക്കൊ.7:50
49.[o] ലൂക്കൊ.8:41
[p] യോഹ.11:28
[q] ലൂക്കൊ.7:6

ഭയപ്പെടേണ്ടാ, വിശ്വസിക്ക മാത്രം
ചെയ്ക; എന്നാൽ അവൾ രക്ഷ
പെടും എന്ന് അവനോട് ഉത്തരം
പറഞ്ഞു. 51 വീട്ടിൽ എത്തിയാറെ
പത്രൊസ്, യോഹന്നാൻ,[r] യാക്കോ
ബ് എന്നവരെയും[s] ബാലയുടെ അ
പ്പനെയും അമ്മയെയും അല്ലാതെ
ആരെയും അവൻ തന്നോടുകൂടെ
അകത്തു വരുവാൻ സമ്മതിച്ചില്ല.
52 എല്ലാവരും അവളെച്ചൊല്ലി
കരകയും മുറയിടുകയും[t] ചെയ്തു
മ്പോൾ: കരയേണ്ടാ, അവൾ മരി
ച്ചില്ല,[u] ഉറങ്ങുന്നത്രേ[v] എന്ന് അവൻ
പറഞ്ഞു.[w] 53 അവരോ അവൾ
മരിച്ചുപോയി എന്ന് അറികകൊ
ണ്ട് അവനെ പരിഹസിച്ചു. 54 എ
ന്നാൽ അവൻ അവളുടെ കൈക്കു
പിടിച്ചു;[x] ബാലേ, എഴുന്നേല്ക്ക[y]
എന്ന് അവളോട് ഉറക്കെ പറഞ്ഞു.
55 അവളുടെ ആത്മാവ് മടങ്ങി
വന്നു,[z] അവൾ ഉടനെ എഴുന്നേറ്റു;
അവൾക്കു ഭക്ഷണം കൊടുപ്പാൻ
അവൻ കല്പിച്ചു. 56 അവളുടെ
അമ്മയപ്പന്മാർ വിസ്മയിച്ചു. സംഭ
വിച്ചത് ആരോടും പറയരുതെന്ന്
അവൻ അവരോട് കല്പിച്ചു.[a]

❋ ❋ ❋

*1. അപ്പൊസ്തലന്മാരെ പറഞ്ഞയച്ചത് 7. ഹെരോദാ യേശുവിനെ കാണ്മാൻ ആഗ്രഹിച്ചത് 10. അയ്യായിരം ആളുകൾക്ക് ഭക്ഷണം കൊടുത്തത് 18. ശിമോന്റെ വിശ്വാസവും സ്വമരണം മുന്നറിയിച്ചതും 28. രൂപാന്തരം 37. ചന്ദ്രബാധിതനെ സൗഖ്യമാക്കിയത് 46. ശിശുവിന്റെ ദൃഷ്ടാന്തം 51. ശമര്യയിൽ കടന്നത് 57. ശിഷ്യരാവാൻ വന്ന മൂവരോടു കല്പിച്ചത്.*

**9** അവൻ പന്തിരുവരെ അടുക്കൽ
വിളിച്ചു, സകല ഭൂതങ്ങളുടെ
മേലും വ്യാധികളെ സൗഖ്യമാക്കു
വാനും അവർക്കു ശക്തിയും അ
ധികാരവും കൊടുത്തു;[a] 2 ദൈവ
രാജ്യം പ്രസംഗിപ്പാനും[b] രോഗി
കൾക്കു സൗഖ്യം വരുത്തുവാനും
അവരെ അയച്ചു[c] പറഞ്ഞത്:
3 [d]വഴിക്കു വടിയും പൊക്കണവും
അപ്പവും പണവും ഒന്നും എടു
ക്കരുത്;[e] രണ്ട് ഉടുപ്പും അരുത്.
4 നിങ്ങൾ ഏതു വീട്ടിൽ എങ്കിലും
ചെന്നാൽ അവിടം വിട്ടുപോകും
വരെ അവിടെത്തന്നെ പാർപ്പിൻ.
5 ആരെങ്കിലും നിങ്ങളെ കൈ
ക്കൊള്ളാതിരുന്നാൽ ആ പട്ടണം
വിട്ട് അവരുടെ നേരേ[f] സാക്ഷ്യത്തി
നായി[g] നിങ്ങളുടെ കാലിൽനിന്നു
പൊടി തട്ടിക്കളവിൻ.[h] 6 അവർ
പുറപ്പെട്ട് എങ്ങും സുവിശേഷിച്ചും
രോഗികളെ സൗഖ്യമാക്കിയും
കൊണ്ട് ഊരുതോറും സഞ്ചരിച്ചു.[i]
7 [j]സംഭവിക്കുന്നത് എല്ലാം ഇട
പ്രഭുവായ ഹെരോദാവ്[k] കേട്ടു.
8 യോഹന്നാൻ മരിച്ചവരിൽനിന്ന്
ഉയിർത്തെഴുന്നേറ്റു[l] എന്നു ചിലരും
ഏലീയാവ് പ്രത്യക്ഷനായി എന്നു
ചിലരും[l] പുരാതനപ്രവാചകന്മാ
രിൽ ഒരുത്തൻ ഉയിർത്തെഴുന്നേറ്റു
എന്നു മറ്റു ചിലരും[l] പറകകൊണ്ട്
ഹെരോദാവ് ചഞ്ചലിച്ചു: 9 യോഹ
ന്നാനെ ഞാൻ ശിരഃഛേദം ചെ
യ്തു; എന്നാൽ ഞാൻ ഇങ്ങനെയു
ള്ളത് കേൾക്കുന്ന ഇവൻ ആർ
എന്നു പറഞ്ഞ് അവനെ കാൺ
മാൻ ശ്രമിച്ചു.[m]
10 [n]അപ്പൊസ്തലന്മാർ മടങ്ങി
വന്നിട്ട് തങ്ങൾ ചെയ്തതൊക്കെ
യും അവനോട് അറിയിച്ചു.[o] അവൻ
അവരെ കൂട്ടിക്കൊണ്ട് ബേത്ത്
സയിദ എന്ന പട്ടണത്തിലേക്കു
തനിച്ചു വാങ്ങിപ്പോയി.[o] 11 അതു
പുരുഷാരം അറിഞ്ഞ് അവനെ പി
ന്തുടർന്നു. അവൻ അവരെ കൈ
ക്കൊണ്ടു[p] ദൈവരാജ്യത്തെക്കു
റിച്ച് അവരോടു സംസാരിക്കയും[q]
രോഗശാന്തി വേണ്ടിയവരെ സൗഖ്യ
മാക്കുകയും[q] ചെയ്തു. 12 പകൽ
കഴിവാറായപ്പോൾ[r] പന്തിരുവർ
അടുത്തു വന്ന് അവനോട്: ഇവിടെ
നാം മരുഭൂമിയിൽ ആയിരിക്കകൊ
ണ്ട് പുരുഷാരം ചുറ്റുമുള്ള ഊരു
കളിലും കുടികളിലും പോയി
രാത്രി പാർപ്പാനും ആഹാരം വാങ്ങു
വാനും വേണ്ടി അവരെ പറഞ്ഞയ
യ്ക്കേണം[s] എന്നു പറഞ്ഞു. 13 അ
വൻ അവരോട്: നിങ്ങൾ തന്നെ അ
വർക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ[t]

51.[r] മർക്കൊ.3:17
[s] ലൂക്കൊ.9:28; മർക്കൊ.14:33
52.[t] ലൂക്കൊ.23:27; മത്താ.11:17
[u] (അപ്പൊ.പ്ര.20:10)
[v] യോഹ.11:4,11
[w] ലൂക്കൊ.7:13
54.[x] മർക്കൊ.1:31
[y] ലൂക്കൊ.7:14,22; (മത്താ.11:5; യോഹ.11:43)
55.[z] (ന്യായാ.15:19; 1ശമൂ.30:12)
56.[a] മത്താ.8:4

അധ്യായം 9

1.[a] മത്താ.10:1; മർക്കൊ.3:13-15; 6:7
2.[b] ലൂക്കൊ.9:11,60; 4:43
[c] മത്താ.10:5,7,8; (ലൂക്കൊ.9:11; 10:1,9)
3.[d] ലൂക്കൊ.9:3-5 ക്കു. മത്താ.10:9-14; മർക്കൊ.6:8-11കാ. (ലൂക്കൊ.10:4-11; 22:35)
[e] (മർക്കൊ.6:8)
5.[f] യാക്കോ.5:3
[g] മർക്കൊ.1:44
[h] അപ്പൊ.പ്ര.13:51; (നെഹെ.5:13; അപ്പൊ.പ്ര.18:6)
6.[i] മർക്കൊ.6:12
7.[j] ലൂക്കൊ.9:7-9 ക്കു. മത്താ.14:1-12; മർക്കൊ.6:14-29കാ.
[k] ലൂക്കൊ.3:1,19; അപ്പൊ.പ്ര.13:1
8.[l] ലൂക്കൊ.9:19
9.[m] ലൂക്കൊ.23:8
10.[n] ലൂക്കൊ.9:10-17 ക്കു. മത്താ.14:13-21; മർക്കൊ.6:32-44; യോഹ.6:1-13കാ.; (മത്താ.15:32-38; മർക്കൊ.8:2-9)
[o] മർക്കൊ.6:30
11.[p] ലൂക്കൊ.8:40
[q] ലൂക്കൊ.9:2
12.[r] ലൂക്കൊ.24:29; യിരെ.6:4
[s] (മത്താ.15:23)
13.[t] (2രാജാ.4:42-44)

എന്നു പറഞ്ഞതിന്, അഞ്ചപ്പവും
രണ്ടു മീനും[u] അല്ലാതെ അധികം
ഞങ്ങളുടെ പക്കൽ ഇല്ല; ഞങ്ങൾ
പോയി ഈ സകല ജനത്തിനും
വേണ്ടി ഭോജ്യങ്ങൾ കൊള്ളേണമോ
എന്ന് അവർ പറഞ്ഞു. **14** ഏക
ദേശം അയ്യായിരം പുരുഷന്മാർ ഉ
ണ്ടായിരുന്നു. പിന്നെ അവൻ തന്റെ
ശിഷ്യന്മാരോട്: അവരെ അമ്പതു
വീതം പന്തിപന്തിയായി ഇരുത്തു
വിൻ എന്നു പറഞ്ഞു. **15** അവർ
അങ്ങനെ ചെയ്ത് എല്ലാവരെയും
ഇരുത്തി. **16** അവൻ ആ അഞ്ച്
അപ്പവും രണ്ടു മീനും എടുത്തു
കൊണ്ട് സ്വർഗത്തേക്ക് നോക്കി[v]
അവയെ അനുഗ്രഹിച്ചു നുറുക്കി[w]
പുരുഷാരത്തിനു വിളമ്പുവാൻ ശി
ഷ്യന്മാരുടെ കൈയിൽ കൊടുത്തു.
**17** എല്ലാവരും തിന്നു തൃപ്തരായി,
ശേഷിച്ച കഷണം പന്ത്രണ്ടു കുട്ട
എടുത്തു. **18** [x]അവൻ തനിച്ചു പ്രാർ
ഥിച്ചുകൊണ്ടിരിക്കുമ്പോൾ ശിഷ്യ
ന്മാർ കൂടെ ഉണ്ടായിരുന്നു; അവൻ
അവരോട്: പുരുഷാരം എന്നെ ആ
രെന്നു പറയുന്നു എന്നു ചോദിച്ചു.
**19** യോഹന്നാൻസ്നാപകൻ[y] എ
ന്നും ചിലർ ഏലീയാവ്[z] എന്നും
മറ്റു ചിലർ പുരാതനപ്രവാചകന്മാ
രിൽ ഒരുത്തൻ ഉയിർത്തെഴുന്നേറ്റു
എന്നും പറയുന്നു എന്ന് അവർ
ഉത്തരം പറഞ്ഞു. **20** അവൻ അവ
രോട്: എന്നാൽ നിങ്ങൾ എന്നെ
ആരെന്നു പറയുന്നു എന്നു ചോദി
ച്ചതിന്: ദൈവത്തിന്റെ ക്രിസ്തു[a]
എന്ന് പത്രൊസ് ഉത്തരം പറഞ്ഞു.
**21** ഇത് ആരോടും പറയരുതെന്ന്
അവൻ അവരോട് അമർച്ചയായിട്ടു
കല്പിച്ചു.[b] **22** [c]മനുഷ്യപുത്രൻ[d]
പലതും സഹിക്കയും[e] മൂപ്പന്മാർ,
മഹാപുരോഹിതന്മാർ, ശാസ്ത്രി
കൾ എന്നിവർ അവനെ തള്ളിക്കള
ഞ്ഞു കൊല്ലുകയും[f] അവൻ മൂന്നാം
നാൾ ഉയിർത്തെഴുന്നേല്ക്കയും[g]
വേണം[d] എന്നു പറഞ്ഞു. **23** പിന്നെ
അവൻ എല്ലാവരോടും പറഞ്ഞത്:
എന്നെ അനുഗമിപ്പാൻ ഒരുത്തൻ
ഇച്ഛിച്ചാൽ അവൻ തന്നെത്താൻ
നിഷേധിച്ചു[h] നാൾതോറും[i] തന്റെ
ക്രൂശ് എടുത്തുംകൊണ്ട്[j] എന്നെ
അനുഗമിക്കട്ടെ. **24** ആരെങ്കിലും
തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛി
ച്ചാൽ അതിനെ കളയും; എന്റെ
നിമിത്തം ആരെങ്കിലും തന്റെ
ജീവനെ കളഞ്ഞാലോ അതിനെ
രക്ഷിക്കും.[j] **25** ഒരു മനുഷ്യൻ സർ
വലോകവും നേടീട്ട്, തന്നെത്താൻ
നഷ്ടമാക്കിക്കളകയോ ചേതം
വരുത്തുകയോ ചെയ്താൽ അവന്
എന്ത് പ്രയോജനം?[k] **26** ആരെങ്കി
ലും എന്നെയും എന്റെ വചനങ്ങ
ളെയും കുറിച്ചു നാണിച്ചാൽ[l] അവ
നെക്കുറിച്ചു മനുഷ്യപുത്രൻ തന്റെ
യും[m] പിതാവിന്റെയും വിശുദ്ധ
ദൂതന്മാരുടെയും[n] മഹത്ത്വത്തിൽ
വരുമ്പോൾ[o] നാണിക്കും. **27** എ
ന്നാൽ ദൈവരാജ്യം കാണുവോ
ളം[p] മരണം ആസ്വദിക്കാത്തവർ[q]
ചിലർ ഇവിടെ നില്ക്കുന്നവരിൽ
ഉണ്ട് സത്യം എന്നു ഞാൻ നിങ്ങ
ളോടു പറയുന്നു.

**28** [r]ഈ വാക്കുകളെ പറഞ്ഞിട്ട്
ഏകദേശം എട്ടു നാൾ കഴിഞ്ഞ
പ്പോൾ അവൻ പത്രൊസിനെയും
യോഹന്നാനെയും യാക്കോബിനെ
യും[s] കൂട്ടിക്കൊണ്ടു പ്രാർഥിപ്പാൻ
മലയിൽ കയറിപ്പോയി.[t] **29** അവൻ
പ്രാർഥിക്കുമ്പോൾ മുഖത്തിന്റെ
ഭാവം മാറി,[u] ഉടുപ്പ് മിന്നുന്ന വെള്ള
യായും തീർന്നു.[v] **30** രണ്ടു പുരു
ഷന്മാർ അവനോടു സംഭാഷിച്ചു;
മോശെയും ഏലീയാവും തന്നെ.
**31** അവർ തേജസ്സിൽ പ്രത്യക്ഷരാ
യി അവൻ യെരൂശലേമിൽ പ്രാപി
പ്പാനുള്ള നിര്യാണത്തെ[w]ക്കുറിച്ചു

*13. [u] മത്താ.16:9; മർക്കൊ.8:19*
*16. [v] മർക്കൊ.7:34; യോഹ.11:41;17:1*
*[w] ലൂക്കൊ.24:30; 1ശമൂ.9:13; മത്താ.26:26; മർക്കൊ.8:7;14:22; (1കൊരി.14:16)*
*18. [x] ലൂക്കൊ. 9:18 - 20ക്കു. മത്താ.16:13 - 16; മർക്കൊ.8:27 - 29കാ.*
*19. [y] ലൂക്കൊ.9:7,8,; മത്താ.14:2; മർക്കൊ.6:14*
*[z] ലൂക്കൊ.9:8; മർക്കൊ.6:15; (മത്താ.17:10; മർക്കൊ.9:11; യോഹ.1:21)*
*20. [a] ലൂക്കൊ.23:35; അപ്പൊ.പ്ര.3:18; വെളി.12:10; (ലൂക്കൊ.2:26; അപ്പൊ.പ്ര.4:26; വെളി.11:15); മത്താ.1:17*
*21. [b] മത്താ.16:20; മർക്കൊ.8:30; മത്താ.12:16*
*22. [c] ലൂക്കൊ. 9:22 - 27ക്കു. മത്താ.16:21 - 28; മർക്കൊ.8:31 - 9:1കാ.*
*[d] ലൂക്കൊ.18:31; (ലൂക്കൊ.13:33)*
*[e] ലൂക്കൊ.24:7; മത്താ.17:12,22,23; മർക്കൊ.9:30,31*
*[f] ലൂക്കൊ.17:25; 1പത്രൊ.2:4; (ലൂക്കൊ.20:17)*
*[g] ലൂക്കൊ.18:33; 24:7,46; മത്താ.27:63; യോഹ.2:19*
*23. [h] (2തിമൊ.2:12,13)*
*[i] 1കൊരി.15:31*
*[j] മത്താ.10:38,39*
*24. [j] (വാ.23 കാ.)*
*25. [k] (ലൂക്കൊ.12:20)*
*26. [l] റോമ.1:16; 2തിമൊ.1:8,12,17; എബ്രാ.11:16; 1യോഹ.2:28; (മത്താ.10:33)*
*[m] മത്താ.19:28;25:31; മർക്കൊ.10:37; യോഹ.17:24*
*[n] അപ്പൊ.പ്ര.10:22; വെളി.14:10; (മത്താ.13:41;16:27)*
*[o] ദാനീ.7:10,13; സെഖ.14:5; മത്താ.24:30;25:31; 26:64; യോഹ.1:51; അപ്പൊ.പ്ര.1:11; 1തെസ്സ.1:10; 4:16; യൂദാ.15; വെളി.1:7; (ആവ.33:2)* **27.** *[p] (ലൂക്കൊ. 21:31,32; മത്താ.10:23; 23:36; 24:34, മർക്കൊ.13:30)*
*[q] യോഹ.8:52; എബ്രാ.2:9* **28.** *[r] ലൂക്കൊ.9:28 - 36ക്കു. മത്താ.17:1 - 8; മർക്കൊ.9:2 - 8കാ. [s] ലൂക്കൊ. 8:51; മർക്കൊ.14:33 [t] മത്താ.14:23* **29.** *[u] മർക്കൊ. 16:12 [v] ദാനീ.7:9;(സങ്കീ.104:2; മത്താ.28:3)*
**31.** *[w] 2പത്രൊ.1:15*

സംസാരിച്ചു. **32** പത്രൊസും കൂടെ
യുള്ളവരും ഉറക്കത്താൽ ഭാരപ്പെ
ട്ടിരുന്നു;[x] ഉണർന്നശേഷം അവന്റെ
തേജസ്സിനെയും[y] അവനോടുകൂടെ
നില്ക്കുന്ന രണ്ടു പുരുഷന്മാരെയും
കണ്ടു.[y] **33** അവർ അവനെ വിട്ടു
പിരിയുമ്പോൾ പത്രൊസ് യേശു
വിനോട്: ഗുരോ, നാം ഇവിടെ ഇരി
ക്കുന്നത് നല്ലത്; ഞങ്ങൾ മൂന്നു
കുടിൽ[z] ഉണ്ടാക്കട്ടെ, ഒന്നു നിന
ക്കും ഒന്നു മോശെക്കും ഒന്ന് ഏലീ
യാവിനും എന്നു താൻ പറയുന്നത്
ഇന്നത് എന്ന് അറിയാതെ[a] പറ
ഞ്ഞു. **34** ഇതു പറയുമ്പോൾ ഒരു
മേഘം[b] വന്ന് അവരുടെമേൽ നിഴ
ലിട്ടു. അവർ മേഘത്തിൽ ആയ
പ്പോൾ പേടിച്ചു. **35** മേഘത്തിൽ
നിന്ന്:[b] ഇവൻ എന്റെ പ്രിയപുത്രൻ,[c]
ഇവനു ചെവികൊടുപ്പിൻ[d] എന്ന്
ഒരു ശബ്ദം ഉണ്ടായി.[b] **36** ശബ്ദം
ഉണ്ടായ നേരത്ത് യേശുവിനെ
തനിയേ കണ്ടു; അവർ കണ്ടത്
ഒന്നും ആ നാളുകളിൽ ആരോടും
അറിയിക്കാതെ മൗനമായിരുന്നു.[e]

**37** [f]പിറ്റന്നാൾ അവർ മലയിൽ
നിന്ന് ഇറങ്ങി വന്നപ്പോൾ ബഹു
പുരുഷാരം അവനെ എതിരേറ്റു.
**38** കൂട്ടത്തിൽനിന്ന് ഒരാൾ നിലവി
ളിച്ചു: ഗുരോ, എന്റെ മകനെ കടാ
ക്ഷിക്കേണമെന്നു ഞാൻ നിന്നോട്
അപേക്ഷിക്കുന്നു; അവൻ എനിക്ക്
ഏകജാതൻ[g] ആകുന്നു. **39** ഒരാ
ത്മാവ് അവനെ പിടിച്ചിട്ട് അവൻ
പൊടുന്നനവേ നിലവിളിക്കുന്നു;
അത് അവനെ നുരപ്പിച്ചു പിടപ്പിക്കു
ന്നു;[h] പിന്നെ അവനെ ഞെരിച്ചിട്ടു
പ്രയാസത്തോടെ വിട്ടുമാറുന്നു.
**40** അതിനെ പുറത്താക്കുവാൻ നിന്റെ
ശിഷ്യന്മാരോട് അപേക്ഷിച്ചു എങ്കി
ലും അവർക്കു കഴിഞ്ഞില്ല[i] എന്നു
പറഞ്ഞു. **41** അതിന് യേശു: അവി
ശ്വാസവും കോട്ടവുമുള്ള തലമുറ
യേ,[j] എത്രത്തോളം ഞാൻ നിങ്ങ
ളോടുകൂടെ ഇരുന്നു നിങ്ങളെ സ
ഹിക്കും?[k] നിന്റെ മകനെ ഇവിടെ
കൊണ്ടുവരിക എന്ന് ഉത്തരം പറ
ഞ്ഞു; **42** അവൻ വരുമ്പോൾ
തന്നെ ഭൂതം അവനെ തള്ളിയിട്ടു
പിടപ്പിച്ചു.[h] യേശു അശുദ്ധാത്മാ
വിനെ ശാസിച്ചു[l] ബാലനെ സൗ
ഖ്യമാക്കി, അപ്പനെ ഏല്പിച്ചു.[m]
**43** [n]എല്ലാവരും ദൈവത്തിന്റെ
മഹിമയിങ്കൽ[o] വിസ്മയിച്ചു.

യേശു ചെയ്യുന്നതിലൊക്കെയും
എല്ലാവരും ആശ്ചര്യപ്പെടുമ്പോൾ
അവൻ തന്റെ ശിഷ്യന്മാരോട്:[p]
**44** നിങ്ങൾ ഈ വാക്കു ശ്രദ്ധിച്ചു
കേട്ടുകൊൾവിൻ: മനുഷ്യപുത്രൻ
മനുഷ്യരുടെ കൈയിൽ ഏല്പിക്ക
പ്പെടുവാൻ പോകുന്നു[p] എന്നു പറ
ഞ്ഞു. **45** ആ വാക്ക് അവർ ഗ്രഹി
ച്ചില്ല;[q] അത് തിരിച്ചറിയാതവണ്ണം
അവർക്കു മറഞ്ഞിരുന്നു;[r] ആ
വാക്ക് സംബന്ധിച്ച് അവനോട്
ചോദിപ്പാൻ അവർ ശങ്കിച്ചു.

**46** [s]അവരിൽവച്ച് ആർ വലിയ
വൻ എന്ന് ഒരു വാദം അവരുടെ
ഇടയിൽ നടന്നു. **47** യേശു അവരു
ടെ ഹൃദയവിചാരം കണ്ട്[t] ഒരു
ശിശുവിനെ എടുത്ത് അരികെ
നിറുത്തി: **48** ഈ ശിശുവിനെ
എന്റെ നാമത്തിൽ ആരെങ്കിലും
കൈക്കൊണ്ടാൽ എന്നെ കൈ
ക്കൊള്ളുന്നു;[u] എന്നെ കൈക്കൊ
ള്ളുന്നവനോ എന്നെ അയച്ചവനെ
കൈക്കൊള്ളുന്നു;[u] നിങ്ങളെല്ലാവ
രിലും ചെറിയവനായവൻ അത്രേ
വലിയവൻ ആകും[v] എന്ന് അവ
രോടു പറഞ്ഞു.

**49** [w]നാഥാ, ഒരുത്തൻ നിന്റെ നാമ
ത്തിൽ ഭൂതങ്ങളെ പുറത്താക്കു
ന്നതു[x] ഞങ്ങൾ കണ്ടു; ഞങ്ങളോ
ടുകൂടെ നിന്നെ അനുഗമിക്കായ്ക
യാൽ അവനെ വിരോധിച്ചു[y] എ
ന്നു യോഹന്നാൻ പറഞ്ഞതിന്
**50** യേശു അവനോട്: വിരോധിക്ക
രുത്; നിങ്ങൾക്കു പ്രതികൂലമല്ലാ
ത്തവൻ നിങ്ങൾക്ക് അനുകൂലമ
ല്ലോ[z] എന്നു പറഞ്ഞു.

**32.** [x] *ദാനീ.8:18; മത്താ.26:43* [y] *യോഹ.1:14*
**33.** [z] *(നെഹെ.8:15)* [a] *(മർക്കൊ.9:6; 14:40)*
**34.** [b] *2പത്രൊ.1:17; (പുറ.24:15,16)*
**35.** [b] *(വാ.34 കാ.)* [c] *മത്താ.17:5; മർക്കൊ.9:7* [d] *അപ്പൊ.പ്ര.3:22*
**36.** [e] *മത്താ.17:9; മർക്കൊ.9:9,10*
**37.** [f] *ലൂക്കൊ. 9:37 - 42ക്കു. മത്താ.17:14 - 19; മർക്കൊ.9:14 - 28കാ.*
**38.** [g] *ലൂക്കൊ.7:12*
**39.** [h] *മർക്കൊ.1:26*
**40.** [i] *(ലൂക്കൊ.9:1; 10:17; മത്താ.10:1, മർക്കൊ.6:7)*
**41.** [j] *ഫിലി.2:14; (യോഹ.20:27)* [k] *(യോഹ.14:9)*
**42.** [h] *(വാ.39കാ.)* [l] *ലൂക്കൊ.4:35,39; സെഖ.3:2; മത്താ.8:26; മർക്കൊ.1:25; യൂദാ.9* [m] *ലൂക്കൊ.7:15*
**43.** [n] *ലൂക്കൊ. 9:43 - 45ക്കു. മത്താ.17:22,23; മർക്കൊ. 9:30 - 32കാ.* [o] *2പത്രൊ.1:16* [p] *ലൂക്കൊ.9:22*
**44.** [p] *(വാ.43കാ.)*
**45.** [q] *ലൂക്കൊ.2:50; 18:34; 24:25; മർക്കൊ.6:52; യോഹ.10:6;12:16; 16:17 - 19; (മത്താ.17:13; മർക്കൊ.9:10)* [r] *ലൂക്കൊ.18:34; (ലൂക്കൊ.24:16)*
**46.** [s] *ലൂക്കൊ. 9:46 - 48ക്കു. മത്താ.18:1- 5; മർക്കൊ.9:33- 37കാ. (മത്താ.20:20 - 28; മർക്കൊ.10:35 - 45)*
**47.** [t] *മത്താ.9:4*
**48.** [u] *(മത്താ. 10:40,42)* [v] *ലൂക്കൊ. 22:26*
**49.** [w] *ലൂക്കൊ.9:49,50ക്കു. മർക്കൊ.9:38 - 40കാ.* [x] *ലൂക്കൊ.10:17; മത്താ. 7:22; മർക്കൊ.16:17; അപ്പൊ.പ്ര.19:13; (മത്താ.12:27)* [y] *(സംഖ്യാ.11:28)*
**50.** [z] *(ലൂക്കൊ.11:23; മത്താ.12:30)*

51 അവന്റെ ആരോഹണത്തിനു
ള്ള[a] കാലം തികയാറായപ്പോൾ
അവൻ യെരൂശലേമിലേക്കു യാത്ര
യാവാൻ[b] മനസ്സ് ഉറപ്പിച്ചു[c] തനിക്കു
മുമ്പായി ദൂതന്മാരെ അയച്ചു.[d]
52 അവർ പോയി അവനായി വട്ടം
കൂട്ടേണ്ടതിനു ശമര്യരുടെ[e] ഒരു
ഗ്രാമത്തിൽ ചെന്നു. 53 എന്നാൽ
അവൻ യെരൂശലേമിലേക്കു പോ
കുവാൻ ഭാവിച്ചിരിക്കയാൽ[f] അവർ
അവനെ കൈക്കൊണ്ടില്ല.[g] 54 അത്
അവന്റെ ശിഷ്യന്മാരായ യാക്കോ
ബും യോഹന്നാനും കണ്ടിട്ട്: കർ
ത്താവേ, [ഏലീയാവു ചെയ്തതു
പോലെ] ആകാശത്തുനിന്നു തീ
ഇറങ്ങി അവരെ നശിപ്പിപ്പാൻ[h] ഞ
ങ്ങൾ പറയുന്നതു നിനക്കു സമ്മ
തമോ എന്നു ചോദിച്ചു. 55 അവൻ
തിരിഞ്ഞ് അവരെ ശാസിച്ചു:[i] [നി
ങ്ങൾ ഏത് ആത്മാവിന് അധീനർ
എന്നു നിങ്ങൾ അറിയുന്നില്ല;
56 മനുഷ്യപുത്രൻ മനുഷ്യരുടെ
പ്രാണങ്ങളെ നശിപ്പിപ്പാനല്ല രക്ഷി
പ്പാനത്രേ വന്നത് എന്നു പറഞ്ഞു]
അവർ വേറൊരു ഗ്രാമത്തിലേക്കു
പോയി.
57 [j]അവർ വഴിപോകുമ്പോൾ[k]
ഒരുത്തൻ അവനോട്: നീ എവിടെ
പോയാലും ഞാൻ നിന്നെ അനുഗ
മിക്കാം എന്നു പറഞ്ഞു. 58 യേശു
അവനോട്: കുറുനരികൾക്കു കുഴി
യും ആകാശത്തിലെ പറവജാതിക്കു
കൂടും[l] ഉണ്ട്; മനുഷ്യപുത്രനോ തല
ചായിപ്പാൻ സ്ഥലമില്ല എന്നു പറ
ഞ്ഞു. 59 വേറൊരുത്തനോട്: എന്നെ
അനുഗമിക്ക എന്നു പറഞ്ഞാറെ
അവൻ: ഞാൻ മുമ്പേ പോയി എന്റെ
അപ്പനെ കുഴിച്ചിടുവാൻ അനുവാദം
തരേണം എന്നു പറഞ്ഞു. 60 അ
വൻ അവനോട്: മരിച്ചവർ തങ്ങളുടെ
മരിച്ചവരെ കുഴിച്ചിടട്ടെ;[m] നീയോ
പോയി ദൈവരാജ്യം അറിയിക്ക[n]
എന്നു പറഞ്ഞു. 61 മറ്റൊരുത്തൻ:
കർത്താവേ, ഞാൻ നിന്നെ അനു
ഗമിക്കാം; ആദ്യം എന്റെ വീട്ടിലു
ള്ളവരോടു യാത്ര പറവാൻ അനു
വാദം തരേണം[o] എന്നു പറഞ്ഞു.
62 യേശു അവനോട്: കലപ്പയ്ക്കു
കൈ വച്ചശേഷം പുറകോട്ടു നോ
ക്കുന്നവൻ ആരും ദൈവരാജ്യ
ത്തിനു കൊള്ളാകുന്നവനല്ല[p]
എന്നു പറഞ്ഞു.

❋ ❋ ❋

***1. എഴുപതു ശിഷ്യന്മാരെ നിയോഗിച്ചതും ഗലീലാപട്ടണങ്ങളെ ശാസിച്ചതും 25. നല്ല ശമര്യക്കാരന്റെ ഉപമ 41. മാർത്തയെ ശാസിച്ചത്.***

10 അനന്തരം കർത്താവ് വേറേ
എഴുപതുപേരെ[a] നിയമിച്ചു,
താൻ ചെല്ലുവാനുള്ള ഓരോ പട്ട
ണത്തിലേക്കും സ്ഥലത്തിലേക്കും
അവരെ തനിക്കു മുമ്പായി ഈര
ണ്ടായി അയച്ചു,[b] അവരോട് പറ
ഞ്ഞത്: 2 കൊയ്ത്തു വളരെ ഉണ്ട്
സത്യം; വേലക്കാരോ ചുരുക്കം;[c]
ആകയാൽ കൊയ്ത്തിന്റെ യജമാ
നനോട് തന്റെ കൊയ്ത്തിനു വേ
ലക്കാരെ അയയ്ക്കേണ്ടതിന്
അപേക്ഷിപ്പിൻ.[d] 3 പോകുവിൻ;
ചെന്നായ്ക്കളുടെ നടുവിൽ കുഞ്ഞാ
ടുകളെപ്പോലെ ഞാൻ നിങ്ങളെ
അയയ്ക്കുന്നു.[e] 4 [f]സഞ്ചിയും
പൊക്കണവും ചെരിപ്പും എടു
ക്കരുത്; വഴിയിൽവച്ച് ആരെയും
വന്ദനം ചെയ്കയുമരുത്;[g] 5 ഏതു
വീട്ടിൽ എങ്കിലും ചെന്നാൽ: ഈ
വീട്ടിനു സമാധാനം എന്ന് ആദ്യം
പറവിൻ.[h] 6 അവിടെ ഒരു സമാധാ
നപുത്രൻ ഉണ്ടെങ്കിൽ നിങ്ങളുടെ
സമാധാനം അവന്മേൽ വസിക്കും;[i]
ഇല്ലെന്നുവരികിലോ നിങ്ങളിലേ
ക്കു മടങ്ങിപ്പോരും.[j] 7 അവർ തരു
ന്നതു തിന്നും കുടിച്ചുംകൊണ്ട് ആ
വീട്ടിൽതന്നെ പാർപ്പിൻ; വേലക്കാ
രൻ തന്റെ കൂലിക്കു യോഗ്യനല്ലോ;[k]

51.[a] മർക്കൊ.16:19
[b] ലൂക്കൊ.13:22; 17:11;18:31;19:11,28
[c] 2രാജാ.12:17; യെശ.50:7; യിരെ.42:15; യെഹെ.6:2
[d] (ലൂക്കൊ.10:1)
52.[e] മത്താ.10:5
53.[f] യോഹ.4:20
[g] യോഹ.4:9; (ലൂക്കൊ.10:33)
54.[h] വെളി.13:13; 2രാജാ.1:10,12
55.[i] (ലൂക്കൊ.19:10; യോഹ.3:17;12:47)
57.[j] ലൂക്കൊ. 9:57 - 60ക്കു. മത്താ.8:19 - 22കാ.
[k] ലൂക്കൊ.9:51
58.[l] മത്താ.13:32
60.[m] (യോഹ.5:25)
[n] ലൂക്കൊ.9:2
61.[o] (1രാജാ.19:20)
62.[p] (ഫിലി.3:13,14)

അധ്യായം 10

1.[a] പുറ.24:1,9; സംഖ്യാ.11:16
[b] (ലൂക്കൊ.9:2,51,52)
2.[c] മത്താ.9:37,38; യോഹ.4:35
[d] (2തെസ്സ.3:1,2)
3.[e] മത്താ.10:16; (യോഹ.17:18)
4.[f] ലൂക്കൊ. 10:4 - 12ക്കു. (ലൂക്കൊ.9:1 - 5; 22:35; മത്താ.10:9 - 15; മർക്കൊ.6:8 - 11)
[g] 2രാജാ.4:29
5.[h] 1ശമൂ.25:6
6.[i] (ലൂക്കൊ.7:35; 16:8; 1ശമൂ.20:31; യോഹ.12:36; അപ്പൊ.പ്ര.4:36; 1പത്രൊ.1:14)
[j] (സങ്കീ.35:13)
7.[k] 1തിമൊ.5:18

10:1 ***എഴുപതു പേരെ:*** ഉൽപ. 10 അനുസരിച്ച് നോഹയുടെ പിന്തുടർച്ചക്കാരായി ലോകത്തിൽ ആകെ 70 ജനതകളാണുണ്ടായിരുന്നത്. യേശു ഈ സംഖ്യ തിരഞ്ഞെടുക്കുന്നത് തന്റെ സന്ദേശം ലോകത്തെമ്പാടുമുള്ളവർക്കു വേണ്ടിയാണെന്ന് തെളിയിക്കുവാനാകാം.

വീട്ടിൽനിന്നു വീട്ടിലേക്കു മാറിപ്പോ
കരുത്. 8 ഏതു പട്ടണത്തിലെ
ങ്കിലും ചെന്നാൽ അവർ നിങ്ങളെ
കൈക്കൊള്ളുന്നു എങ്കിൽ നിങ്ങ
ളുടെ മുമ്പിൽ വയ്ക്കുന്നതു ഭക്ഷി
പ്പിൻ. 9 അതിലെ രോഗികളെ
സൗഖ്യമാക്കി, ദൈവരാജ്യം നി
ങ്ങൾക്കു സമീപിച്ചുവന്നിരിക്കുന്നു[l]
എന്ന് അവരോടു പറവിൻ. 10 ഏ
തു പട്ടണത്തിലെങ്കിലും ചെന്നാൽ
അവർ നിങ്ങളെ കൈക്കൊള്ളു
ന്നില്ലെങ്കിൽ അതിന്റെ തെരുക്ക
ളിൽ പോയി: 11 നിങ്ങളുടെ പട്ടണ
ത്തിൽനിന്നു ഞങ്ങളുടെ കാലിനു
പറ്റിയ പൊടിയും ഞങ്ങൾ നിങ്ങൾ
ക്കു കുടഞ്ഞേച്ചു പോകുന്നു;[m]
എന്നാൽ ദൈവരാജ്യം സമീപിച്ചു
വന്നിരിക്കുന്നു[n] എന്ന് അറിഞ്ഞു
കൊൾവിൻ എന്നു പറവിൻ. 12 ആ
പട്ടണത്തെക്കാൾ സൊദോമ്യർ
ക്ക്[o] ആ നാളിൽ[p] സഹിക്കാവതാ
കും[o] എന്നു ഞാൻ നിങ്ങളോടു
പറയുന്നു. 13 [q]കോരസീനേ, നി
നക്ക് അയ്യോ കഷ്ടം! ബേത്ത്സ
യിദേ, നിനക്ക് അയ്യോ കഷ്ടം!
നിങ്ങളിൽ നടന്ന വീര്യപ്രവൃത്തി
കൾ സോരിലും സീദോനിലും[r]
നടന്നിരുന്നു എങ്കിൽ അവർ പണ്ടു
തന്നെ രട്ടിലും വെണ്ണീറിലും ഇരു
ന്നു മാനസാന്തരപ്പെടുമായിരുന്നു.
14 എന്നാൽ ന്യായവിധിയിൽ നി
ങ്ങളെക്കാൾ സോരിനും സീദോ
നും[r] സഹിക്കാവതാകും.[s] 15 നീയോ
കഫർന്നഹൂമേ,[t] സ്വർഗത്തോളം
ഉയർന്നിരിക്കുമോ? നീ പാതാള[u]
ത്തോളം താണുപോകും. 16 നി
ങ്ങളുടെ വാക്ക് കേൾക്കുന്നവൻ[v]
എന്റെ വാക്കു കേൾക്കുന്നു; നിങ്ങ
ളെ തള്ളുന്നവൻ എന്നെ തള്ളുന്നു;[w]
എന്നെ തള്ളുന്നവൻ എന്നെ അയ
ച്ചവനെ തള്ളുന്നു.[x]
17 ആ എഴുപതു പേർ[y] സന്തോ
ഷത്തോടെ മടങ്ങിവന്നു: കർത്താ
വേ, നിന്റെ നാമത്തിൽ ഭൂതങ്ങളും
ഞങ്ങൾക്കു കീഴടങ്ങുന്നു[z] എന്നു
പറഞ്ഞു; 18 അവൻ അവരോട്:
സാത്താൻ[a] മിന്നൽപോലെ ആകാ
ശത്തുനിന്നു വീഴുന്നതു[b] ഞാൻ
കണ്ടു.[a] 19 പാമ്പുകളെയും തേളു
കളെയും ശത്രുവിന്റെ[c] സകല
ബലത്തെയും ചവിട്ടുവാൻ[d] ഞാൻ
നിങ്ങൾക്ക് അധികാരം തരുന്നു;
ഒന്നും നിങ്ങൾക്ക് ഒരിക്കലും
ദോഷം വരുത്തുകയും ഇല്ല.[e]
20 എങ്കിലും ഭൂതങ്ങൾ നിങ്ങൾ
ക്കു കീഴടങ്ങുന്നതിലല്ല[f] നിങ്ങളുടെ
പേർ സ്വർഗത്തിൽ എഴുതിയിരി
ക്കുന്ന[g]തിലത്രേ സന്തോഷിപ്പിൻ.
21 [h]ആ നാഴികയിൽ അവൻ
പരിശുദ്ധാത്മാവിൽ[i] ആനന്ദിച്ചു[j]
പറഞ്ഞത്: പിതാവേ, സ്വർഗത്തി
നും ഭൂമിക്കും കർത്താവായുള്ളോ
വേ,[k] നീ ഇവ ജ്ഞാനികൾക്കും
വിവേകികൾക്കും മറച്ചു[l] ശിശു
ക്കൾക്കു വെളിപ്പെടുത്തിയതുകൊ
ണ്ടു[m] ഞാൻ നിന്നെ വാഴ്ത്തുന്നു.
അതേ, പിതാവേ, ഇങ്ങനെ നിനക്കു
പ്രസാദം തോന്നിയല്ലോ.[n] 22 എന്റെ
പിതാവ് സകലവും എങ്കൽ ഭരമേ
ല്പിച്ചിരിക്കുന്നു.[o] പുത്രൻ ഇന്നവൻ
എന്നു പിതാവല്ലാതെ[o] ആരും അറി
യുന്നില്ല; പിതാവ് ഇന്നവനെന്നു
പുത്രനും[o] പുത്രൻ വെളിപ്പെടുത്തി
ക്കൊടുപ്പാൻ ഇച്ഛിക്കുന്നവനും[p]
അല്ലാതെ ആരും അറിയുന്നതുമില്ല.
23 പിന്നെ ശിഷ്യന്മാരുടെ നേരേ
തിരിഞ്ഞ്: നിങ്ങൾ കാണുന്നതിനെ
കാണുന്ന കണ്ണ് ഭാഗ്യമുള്ളത്.[q]
24 നിങ്ങൾ കാണുന്നതിനെ കാൺ
മാൻ ഏറിയ പ്രവാചകന്മാരും
രാജാക്കന്മാരും ഇച്ഛിച്ചിട്ടും കണ്ടില്ല;

*9. [l] ലൂക്കൊ.10:11; മത്താ.3:2 11. [m] അപ്പൊ.പ്ര.13:51; (നെഹെ.5:13; അപ്പൊ.പ്ര.18:6) [n] ലൂക്കൊ.10:9 12. [o] മത്താ.10:15 [p] മത്താ.7:22; 13. [q] ലൂക്കൊ. 10:13 - 15 ക്കു. മത്താ.11:21 - 23കാ. [r] (യെശ.അ.23; യെഹെ.28:2 - 24; ആമോ.1:9,10) 14. [r] (വാ.13കാ.) [s] (ലൂക്കൊ.12:47,48) 15. [t] **യെശ. 14:13 – 15;** (വിലാ.2:1; യെഹെ.26:20) [u] ലൂക്കൊ.16:23; മത്താ.16:18; അപ്പൊ.പ്ര.2:27; വെളി.1:18 16. [v] മത്താ.10:40 [w] യോഹ.12:48; 1തെസ്സ.4:8; (മത്താ.25:45) [x] യോഹ.5:23 17. [y] ലൂക്കൊ.10:1*

*[z] മർക്കൊ.16:17 18. [a] (യോഹ.12:31; 16:11;കൊലൊ.2:15; വെളി.12:8,9) [b] (യെശ.14:12; വെളി.9:1) 19. [c] മത്താ.13:39 [d] സങ്കീ.91:13; മർക്കൊ.16:18; അപ്പൊ.പ്ര.28:5 [e] ലൂക്കൊ.21:18; (റോമ.8:28,39) 20. [f] (മത്താ.7:22,23) [g] പുറ.32:32,33; സങ്കീ.69:28; യെശ.4:4; യെഹെ.13:9; ദാനീ.12:1; ഫിലി.4:3; എബ്രാ.12:23; വെളി.3:5 21. [h] ലൂക്കൊ.10:21,22ക്കു. മത്താ. 11:25 - 27കാ. [i] (മർക്കൊ.12:36) [j] (യെശ.53:11) [k] അപ്പൊ.പ്ര.17:24 [l] ഇയ്യോ.37:24; 1കൊരി.1:19 - 27; 2കൊരി.3:14 [m] സങ്കീ.8:2; മത്താ.21:16; (ലൂക്കൊ.8:10; മത്താ.16:17) [n] (ലൂക്കൊ.12:32) 22. [o] യോഹ.1:18; 6:46;7:29;8:19;10:14;17:25;മത്താ.28:18 [p] (യോഹ.17:26) 23. [q] മത്താ.13:16,17; (മത്താ.16:17)*

10:13 ***രട്ടിലും വെണ്ണീറിലും:*** ഒട്ടകത്തിന്റെ രോമം കൊണ്ടോ ആടിന്റെ രോമം കൊണ്ടോ ഉണ്ടാക്കിയ കറുത്തിരുണ്ട വസ്ത്രമാണ് രട്ട് (വെളി. 6:12). ജനങ്ങൾ കഠിനമായ ദുഃഖം പ്രകടിപ്പിക്കുവാനും പാപത്തെക്കുറിച്ചുള്ള അനുതാപം വെളിപ്പെടുത്തുവാനും രട്ടുടുത്ത് തലയിൽ വെണ്ണീർ (ചാരം) വിതറുമായിരുന്നു (എസ്ഥേ. 4:1,3; ഇയ്യോ. 2:8).

നിങ്ങൾ കേൾക്കുന്നതിനെ കേൾ
പ്പാൻ ഇച്ഛിച്ചിട്ടും കേട്ടില്ല[r] എന്നു
ഞാൻ നിങ്ങളോടു പറയുന്നു
എന്നു പ്രത്യേകം പറഞ്ഞു.
25 [s]അനന്തരം ഒരു ന്യായശാ
സ്ത്രി[t] എഴുന്നേറ്റ്: ഗുരോ, ഞാൻ
നിത്യജീവന് അവകാശി ആയിത്തീ
രുവാൻ[u] എന്തു ചെയ്യേണം എന്ന്
അവനെ പരീക്ഷിച്ചു ചോദിച്ചു.[v]
26 അവൻ അവനോട്: ന്യായപ്രമാ
ണത്തിൽ എന്ത് എഴുതിയിരിക്കുന്നു;
നീ എങ്ങനെ വായിക്കുന്നു എന്ന്
ചോദിച്ചതിന് അവൻ: 27 [w]നിന്റെ
ദൈവമായ കർത്താവിനെ നീ പൂർ
ണഹൃദയത്തോടും പൂർണാത്മാ
വോടും പൂർണശക്തിയോടും
പൂർണമനസ്സോടുംകൂടെ സ്നേഹി
ക്കേണം എന്നും [x]കൂട്ടുകാരനെ
നിന്നെപ്പോലെതന്നെ സ്നേഹിക്കേ
ണം എന്നുംതന്നെ എന്ന് ഉത്തരം
പറഞ്ഞു. 28 അവൻ അവനോട്:
നീ പറഞ്ഞ ഉത്തരം ശരി; അങ്ങ
നെ ചെയ്ക; എന്നാൽ നീ ജീവി
ക്കും[y] എന്നു പറഞ്ഞു. 29 അവൻ
തന്നെത്താൻ നീതീകരിപ്പാൻ ഇച്ഛി
ച്ചിട്ടു[z] യേശുവിനോട്: എന്റെ കൂട്ടു
കാരൻ ആർ എന്നു ചോദിച്ചതിന്
യേശു ഉത്തരം പറഞ്ഞത്: 30 ഒരു
മനുഷ്യൻ യെരൂശലേമിൽനിന്നു
യെരീഹോവിലേക്കു പോകുമ്പോൾ[a]
കള്ളന്മാരുടെ കൈയിൽ അകപ്പെ
ട്ടു; അവർ അവനെ വസ്ത്രം അ
ഴിച്ചു മുറിവേല്പിച്ച് അർധപ്രാണ
നായി വിട്ടേച്ചുപോയി. 31 ആ വഴി
യായി യദൃച്ഛയാ ഒരു പുരോഹി
തൻ[b] വന്ന് അവനെ കണ്ടിട്ടു മാറി
കടന്നുപോയി. 32 അങ്ങനെ തന്നെ
ഒരു ലേവ്യനും[b] ആ സ്ഥലത്തിൽ
എത്തി അവനെ കണ്ടിട്ടു മാറി
കടന്നുപോയി. 33 ഒരു ശമര്യക്കാ
രനോ[c] വഴിപോകയിൽ അവന്റെ
അടുക്കൽ എത്തി അവനെ കണ്ടിട്ടു
മനസ്സലിഞ്ഞ് അരികെ ചെന്ന്
34 എണ്ണയും വീഞ്ഞും[d] പകർന്ന്
അവന്റെ മുറിവുകളെ കെട്ടി;[d] അ
വനെ തന്റെ വാഹനത്തിൽ കയറ്റി
വഴിയമ്പലത്തിലേക്കു കൊണ്ടു
പോയി രക്ഷചെയ്തു. 35 പിറ്റ
ന്നാൾ അവൻ പുറപ്പെടുമ്പോൾ
രണ്ടു വെള്ളിക്കാശ്[e] എടുത്ത്
വഴിയമ്പലക്കാരനു കൊടുത്തു:
ഇവനെ രക്ഷ ചെയ്യേണം; അധികം
വല്ലതും ചെലവിട്ടാൽ ഞാൻ മട
ങ്ങിവരുമ്പോൾ തന്നുകൊള്ളാം
എന്ന് അവനോടു പറഞ്ഞു. 36 ക
ള്ളന്മാരുടെ കൈയിൽ അകപ്പെട്ട
വന് ഈ മൂവരിൽ ഏവൻ കൂട്ടു
കാരനായിത്തീർന്നു എന്നു നിന
ക്കു തോന്നുന്നു? 37 അവനോടു
കരുണ കാണിച്ചവൻ എന്ന് അ
വൻ പറഞ്ഞു. യേശു അവനോടു
നീയും പോയി അങ്ങനെതന്നെ
ചെയ്ക എന്നു പറഞ്ഞു.
38 പിന്നെ അവർ യാത്ര പോക
യിൽ അവൻ ഒരു ഗ്രാമത്തിൽ
എത്തി; മാർത്ത[f] എന്നു പേരുള്ള
ഒരു സ്ത്രീ അവനെ വീട്ടിൽ കൈ
ക്കൊണ്ടു.[g] 39 അവൾക്കു മറിയ[f]
എന്ന ഒരു സഹോദരി ഉണ്ടായി
രുന്നു. അവൾ കർത്താവിന്റെ കാൽ
ക്കൽ ഇരുന്ന്[h] അവന്റെ വചനം
കേട്ടുകൊണ്ടിരുന്നു. 40 മാർത്തയോ
വളരെ ശുശ്രൂഷയാൽ കുഴങ്ങീട്ട്[i]
അടുക്കെ വന്നു: കർത്താവേ, എന്റെ
സഹോദരി ശുശ്രൂഷയ്ക്ക് എന്നെ
തനിച്ചു വിട്ടിരിക്കുന്നതിൽ നിന
ക്കു വിചാരമില്ലയോ? എന്നെ സഹാ
യിപ്പാൻ അവളോടു കല്പിച്ചാലും
എന്നു പറഞ്ഞു. 41 കർത്താവ്
അവളോട്: മാർത്തയേ, മാർത്തയേ,
നീ പലതിനെച്ചൊല്ലി വിചാരപ്പെ
ട്ടും മനം കലങ്ങിയുമിരിക്കുന്നു;[j]
42 എന്നാൽ അല്പമേ വേണ്ടൂ;
അല്ല, ഒന്നു മതി. മറിയ നല്ല
അംശം[k] തിരഞ്ഞെടുത്തിരിക്കുന്നു;
അത് ആരും അവളോട് അപഹരി
ക്കയുമില്ല.

* * *

24.[r] (എബ്രാ.11:13; 1പത്രൊ.1:10-12; യോഹ.8:56)
25.[s] ലൂക്കൊ. 10:25-28ക്കു. (ലൂക്കൊ.18:18-20; മത്താ.19:16-19; 22:34-39; മർക്കൊ.10:17-19)
[t] ലൂക്കൊ.7:30
[u] മത്താ.19:29; 25:34,46; (യോഹ.3:15)
[v] (യോഹ.8:6)
27.[w] മത്താ.22:37; മർക്കൊ.12:30; **ആവ.6:5**
[x] **ലേവ്യ.19:18;** മത്താ.19:19
28.[y] ലേവ്യ.18:5; നെഹെ.9:29; യെഹെ.20:11; റോമ.10:5; ഗലാ.3:12
29.[z] ലൂക്കൊ.16:15
30.[a] (ലൂക്കൊ.18:31; 19:28)
31.[b] (യോഹ.1:19; സംഖ്യാ.8:19)
32.[b] (വാ.31കാ.)
33.[c] മത്താ.10:5
34.[d] യെശ.1:6
35.[e] മത്താ.18:28
38.[f] യോഹ.11:1,19, 20;12:2,3
[g] ലൂക്കൊ.19:6
39.[f] (വാ.38കാ.)
[h] ലൂക്കൊ.8:35; (അപ്പൊ.പ്ര.22:3)
40.[i] (1കൊരി.7:35)
41.[j] (1കൊരി. 7:32-34); ലൂക്കൊ.12:22
42.[k] സങ്കീ.16:5

10:34 ***എണ്ണയും വീഞ്ഞും:*** യേശുവിന്റെ കാലത്ത് ഒലിവെണ്ണയും വീഞ്ഞും മരുന്നായി ഉപയോഗിച്ചിരുന്നു. ഒലിവെണ്ണ ചില സന്ദർഭങ്ങളിൽ സൗഖ്യദായക ശുശ്രൂഷകളിലും ഉപയോഗിച്ചിരുന്നു (യാക്കോ. 5:14).

*1. യേശു പ്രാർഥിക്കുവാൻ ഉപദേശിച്ചത് 14. ഊമയായ ഭൂതത്തെ പുറത്താക്കിയത് 29. യോനായുടെ അടയാളം 37. മുത്താഴത്തിൽ പരീശരെ ശാസിച്ചത്.*

**11** അവൻ ഒരു സ്ഥലത്തു പ്രാർ
ഥിച്ചുകൊണ്ടിരുന്നു; തീർന്ന
ശേഷം ശിഷ്യന്മാരിൽ ഒരുത്തൻ
അവനോട്: കർത്താവേ, യോഹ
ന്നാൻ തന്റെ ശിഷ്യന്മാരെ[a] പഠിപ്പി
ച്ചതുപോലെ ഞങ്ങളെയും പ്രാർഥി
പ്പാൻ പഠിപ്പിക്കേണമേ എന്നു പറ
ഞ്ഞു. 2 [b]അവൻ അവരോട് പറ
ഞ്ഞത്: നിങ്ങൾ പ്രാർഥിക്കുമ്പോൾ
ചൊല്ലേണ്ടത്: [സ്വർഗസ്ഥനായ
ഞങ്ങളുടെ] പിതാവേ,[c] നിന്റെ
നാമം[d] വിശുദ്ധീകരിക്കപ്പെടേണമേ;[e]
നിന്റെ രാജ്യം വരേണമേ;[f] [നിന്റെ
ഇഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമി
യിലും ആകേണമേ;][g] 3 ഞങ്ങൾ
ക്ക് ആവശ്യമുള്ള ആഹാരം ദിനം
പ്രതി[h] തരേണമേ.[i] 4 ഞങ്ങളുടെ
പാപങ്ങളെ ഞങ്ങളോടു ക്ഷമി
ക്കേണമേ;[j] ഞങ്ങൾക്കു കടംപെ
ട്ടിരിക്കുന്ന ഏവനോടും ഞങ്ങളും
ക്ഷമിക്കുന്നു; ഞങ്ങളെ പരീക്ഷ
യിൽ കടത്തരുതേ;[k] [ദുഷ്ടങ്കൽ
നിന്നു ഞങ്ങളെ വിടുവിക്കേണമേ].[l]
5 പിന്നെ അവൻ അവരോട്
പറഞ്ഞത്: നിങ്ങളിൽ ആർക്കെങ്കി
ലും ഒരു സ്നേഹിതൻ ഉണ്ട് എന്നി
രിക്കട്ടെ; അവൻ അർധരാത്രിക്ക്
അവന്റെ അടുക്കൽ ചെന്ന്: സ്നേ
ഹിതാ, 6 എനിക്കു മൂന്നപ്പം വായ്പ
തരേണം; എന്റെ ഒരു സ്നേഹി
തൻ വഴിയാത്രയിൽ എന്റെ അടു
ക്കൽ വന്നു; അവനു വിളമ്പിക്കൊ
ടുപ്പാൻ എന്റെ പക്കൽ ഏതും
ഇല്ല എന്ന് അവനോടു പറഞ്ഞാൽ:
7 എന്നെ പ്രയാസപ്പെടുത്തരുത്;
കതക് അടച്ചിരിക്കുന്നു; പൈത
ങ്ങളും എന്നോടുകൂടെ കിടക്കുന്നു;
എഴുന്നേറ്റു തരുവാൻ എനിക്കു
കഴികയില്ല എന്ന് അകത്തുനിന്ന്
ഉത്തരം പറഞ്ഞാലും 8 അവൻ
സ്നേഹിതനാകകൊണ്ട്[m] എഴു
ന്നേറ്റ് അവന് കൊടുക്കയില്ലെങ്കിലും
അവൻ ലജ്ജകൂടാതെ മുട്ടിക്കനി
മിത്തം എഴുന്നേറ്റ് അവന് വേണ്ടു
ന്നേടത്തോളം കൊടുക്കും എന്നു
ഞാൻ നിങ്ങളോടു പറയുന്നു.
9 [n]യാചിപ്പിൻ, എന്നാൽ നിങ്ങൾക്ക്
കിട്ടും;[o] അന്വേഷിപ്പിൻ, എന്നാൽ
നിങ്ങൾ കണ്ടെത്തും;[p] മുട്ടുവിൻ,
എന്നാൽ നിങ്ങൾക്കു തുറക്കും.[q]
10 യാചിക്കുന്നവന് ഏവനും ലഭി
ക്കുന്നു; അന്വേഷിക്കുന്നവൻ ക
ണ്ടെത്തുന്നു; മുട്ടുന്നവനു തുറക്കും
എന്നു ഞാൻ നിങ്ങളോടു പറ
യുന്നു. 11 എന്നാൽ നിങ്ങളിൽ ഒരു
അപ്പനോട് മകൻ അപ്പം[r] ചോദി
ച്ചാൽ അവന് കല്ല്[r] കൊടുക്കുമോ?
അല്ല, മീൻ ചോദിച്ചാൽ മീനിനു
പകരം പാമ്പിനെ കൊടുക്കുമോ?
12 മുട്ട ചോദിച്ചാൽ തേളിനെ
കൊടുക്കുമോ? 13 അങ്ങനെ ദോഷി
കളായ[s] നിങ്ങൾ നിങ്ങളുടെ മക്കൾ
ക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ
അറിയുന്നു എങ്കിൽ സ്വർഗസ്ഥ
നായ പിതാവ് തന്നോട് യാചിക്കു
ന്നവർക്ക് പരിശുദ്ധാത്മാവിനെ
എത്ര അധികം കൊടുക്കും.[t]
14 [u]ഒരിക്കൽ അവൻ ഊമയാ
യൊരു ഭൂതത്തെ പുറത്താക്കി. ഭൂതം
വിട്ടുപോയശേഷം ഊമൻ സംസാ
രിച്ചു, പുരുഷാരം ആശ്ചര്യപ്പെട്ടു.
15 അവരിൽ ചിലരോ: ഭൂതങ്ങ
ളുടെ തലവനായ ബെയെത്സെ
ബൂലെക്കൊണ്ടാകുന്നു അവൻ
ഭൂതങ്ങളെ പുറത്താക്കുന്നത്[v]
എന്നു പറഞ്ഞു. 16 വേറേ ചിലർ
അവനെ പരീക്ഷിച്ച്[w] ആകാശ
ത്തുനിന്ന് ഒരടയാളം[x] അവനോടു
ചോദിച്ചു. 17 [y]അവൻ അവരുടെ

അധ്യായം 11
1.[a] മത്താ.9:14
2.[b] ലൂക്കൊ. 11:2-4ക്കു. (മത്താ.6:9-13)
[c] യോഹ.20:17; 1പത്രൊ.1:17
[d] യോഹ.17:6
[e] യെശ.29:23; (ലൂക്കൊ.1:49; 1പത്രൊ.3:14)
[f] (മത്താ.3:2;4:17)
[g] മത്താ.6:10
3.[h] (മത്താ.6:34)
[i] സദൃ.30:8
4.[j] ലൂക്കൊ.7:48
[k] ലൂക്കൊ.22:40,46; മത്താ.26:41; മർക്കൊ. 14:38; (1കൊരി.10:13)
[l] മത്താ.6:13
8.[m] (ലൂക്കൊ.18:1-6)
9.[n] ലൂക്കൊ. 11:9-13ക്കു. മത്താ.7:7-11കാ.
[o] മത്താ.18:19; 21:22; മർക്കൊ.11:24; യോഹ.14:13;15:7, 16;16:23,24; യാക്കോ.1:5,6,17; 1യോഹ.3:22;5:14,15
[p] 1ദിന.28:9; 2ദിന.15:2; സദൃ.8:17; യിരെ. 29:13; യെശ.55:6
[q] (വെളി.3:20)
11.[r] ലൂക്കൊ.4:3
13.[s] ഉൽപ.6:5;8:21; മത്താ.12:34
[t] (യോഹ.4:10; അപ്പൊ.പ്ര.2:38)
14.[u] ലൂക്കൊ. 11:14,15ക്കു. മത്താ.12:22-24കാ. (മത്താ.9:32-34)
15.[v] മത്താ.10:25
16.[w] (യോഹ.8:6)
[x] ലൂക്കൊ.21:11 17.[y] ലൂക്കൊ.11:17-22ക്കു. മത്താ. 12:25-29; മർക്കൊ.3:23-27കാ.

11:15 ***ഭൂതങ്ങളുടെ തലവനായ ബെയെൽസെബൂൽ:*** 'ബാൽ രാജകുമാരൻ' അഥവാ 'അധികാരത്തിന്റെ കർത്താവ്' എന്ന് അർഥം വരുന്ന കനാന്യദേവനായ ബാലിന്റെ നാമത്തിൽനിന്നാണ് ബെയെൽസെബൂൽ എന്ന വാക്കിന്റെ ഉദ്ഭവം. എബ്രായർ ഈ പേര് 'ഈച്ചകളുടെ കർത്താവ്' എന്നർഥം വരത്തക്കരീതിയിൽ ബെയെൽസെബൂബ് എന്നു വ്യത്യാസപ്പെടുത്തി (മത്താ. 9:34; 12:24).

വിചാരം അറിഞ്ഞ്[z] അവരോട് പറ
ഞ്ഞത്: തന്നിൽത്തന്നെ ഛിദ്രിച്ച
രാജ്യം എല്ലാം പാഴായിപ്പോകും;
വീട് ഓരോന്നും വീഴും. 18 സാ
ത്താനും തന്നോടുതന്നെ ഛിദ്രിച്ചു
എങ്കിൽ, അവന്റെ രാജ്യം എങ്ങനെ
നിലനില്ക്കും? ബെയെത്സെബൂലെ
ക്കൊണ്ടു ഞാൻ ഭൂതങ്ങളെ പുറ
ത്താക്കുന്നു എന്നു നിങ്ങൾ പറയു
ന്നുവല്ലോ. 19 ഞാൻ ബെയെത്സെ
ബൂലെക്കൊണ്ടു ഭൂതങ്ങളെ പുറ
ത്താക്കുന്നു എങ്കിൽ നിങ്ങളുടെ
മക്കൾ[a] ആരെക്കൊണ്ടു[b] പുറത്താ
ക്കുന്നു;[a] അതുകൊണ്ട് അവർ
നിങ്ങൾക്കു ന്യായാധിപതികൾ ആ
കും. 20 എന്നാൽ ദൈവത്തിന്റെ
ശക്തികൊണ്ട്[c] ഞാൻ ഭൂതങ്ങളെ
പുറത്താക്കുന്നു എങ്കിൽ ദൈവരാ
ജ്യം[d] നിങ്ങളുടെ അടുക്കൽ വന്നി
രിക്കുന്നു സ്പഷ്ടം. 21 ബലവാൻ
ആയുധം ധരിച്ചു തന്റെ അരമന
കാക്കുമ്പോൾ അവന്റെ വസ്തു
വക ഉറപ്പോടെ ഇരിക്കുന്നു. 22 അ
വനിലും ബലവാനായവൻ വന്ന്[e]
അവനെ ജയിച്ചു[f] എങ്കിലോ അവൻ
ആശ്രയിച്ചിരുന്ന സർവായുധവർഗം[g]
പിടിച്ചുപറിച്ച് അവന്റെ കൊള്ള
പകുതി ചെയ്യുന്നു.[h] 23 എനിക്ക്
അനുകൂലമല്ലാത്തവൻ എനിക്കു
പ്രതികൂലം ആകുന്നു;[i] എന്നോടു
കൂടെ ചേർക്കാത്തവൻ ചിതറിക്കു
ന്നു. 24 [j]അശുദ്ധാത്മാവ് ഒരു മനു
ഷ്യനെ വിട്ടുപോയിട്ടു, നീരില്ലാത്ത
പ്രദേശങ്ങളിൽ[k] തണുപ്പ് തിരഞ്ഞു
നടക്കുന്നു. കാണാഞ്ഞിട്ട്: ഞാൻ
വിട്ടുപോന്ന വീട്ടിലേക്കു മടങ്ങി
ച്ചെല്ലും എന്നു പറഞ്ഞു ചെന്ന്,
25 അത് അടിച്ചുവാരിയും അല
ങ്കരിച്ചും കാണുന്നു. 26 അപ്പോൾ
അവൻ പോയി തന്നിലും ദുഷ്ടത
ഏറിയ ഏഴ് ആത്മാക്കളെ കൂട്ടി
ക്കൊണ്ടുവരുന്നു; അവയും അതിൽ
കടന്നു പാർത്തിട്ട് ആ മനുഷ്യന്റെ
പിന്നത്തെ സ്ഥിതി മുമ്പിലത്തേതി
നെക്കാൾ വല്ലാതെയായി ഭവിക്കും.[l]
27 ഇതു പറയുമ്പോൾ പുരുഷാ
രത്തിൽ ഒരു സ്ത്രീ[m] ഉച്ചത്തിൽ
അവനോട്: നിന്നെ ചുമന്ന ഉദരവും
നീ കുടിച്ച മുലയും ഭാഗ്യമുള്ളവ[n]
എന്നു പറഞ്ഞു. 28 അതിന് അ
വൻ: അല്ല, ദൈവത്തിന്റെ വചനം
കേട്ടു[o] പ്രമാണിക്കുന്നവർ[p] അത്രേ
ഭാഗ്യവാന്മാർ[q] എന്നു പറഞ്ഞു.
29 [r]പുരുഷാരം തിങ്ങിക്കൂടിയ
പ്പോൾ[s] അവൻ പറഞ്ഞുതുടങ്ങി
യത്: ഈ തലമുറ ദോഷമുള്ള
തലമുറയാകുന്നു; അത് അടയാളം
അന്വേഷിക്കുന്നു;[t] യോനായുടെ
അടയാളമല്ലാതെ അതിന് ഒരു അട
യാളവും കൊടുക്കയില്ല. 30 യോനാ
നീനെവേക്കാർക്ക് അടയാളം ആ
യതുപോലെ[u] മനുഷ്യപുത്രൻ ഈ
തലമുറയ്ക്കും ആകും. 31 തെക്കേ
രാജ്ഞി ന്യായവിധിയിൽ ഈ തല
മുറയിലെ ആളുകളോട് ഒന്നിച്ച്
ഉയിർത്തെഴുന്നേറ്റ്[v] അവരെ കുറ്റം
വിധിക്കും;[w] അവൾ ശലോമോന്റെ
ജ്ഞാനം കേൾപ്പാൻ ഭൂമിയുടെ
അറുതികളിൽനിന്നു വന്നുവല്ലോ.
ഇവിടെ ഇതാ, ശലോമോനിലും
വലിയവൻ.[x] 32 നീനെവേക്കാർ
ന്യായവിധിയിൽ ഈ തലമുറയോട്
ഒന്നിച്ച് എഴുന്നേറ്റ്[y] അതിനെ കുറ്റം
വിധിക്കും;[w] അവർ യോനായുടെ
പ്രസംഗം കേട്ടു മാനസാന്തരപ്പെ
ട്ടുവല്ലോ.[z] ഇവിടെ ഇതാ, യോനാ
യിലും വലിയവൻ.[x]
33 വിളക്കു കൊളുത്തീട്ട് ആരും
നിലവറയിലോ പറയിൻകീഴിലോ
വയ്ക്കാതെ അകത്തു വരുന്നവർ
വെളിച്ചം കാണേണ്ടതിന് തണ്ടിന്മേൽ
അത്രേ വയ്ക്കുന്നത്.[a] 34 ശരീര
ത്തിന്റെ വിളക്ക് കണ്ണാകുന്നു;[b]
കണ്ണു ചൊവ്വുള്ളതെങ്കിൽ ശരീരം
മുഴുവനും പ്രകാശിതമായിരിക്കും;
ദോഷമുള്ളതാകിലോ[c] ശരീരവും
ഇരുട്ടുള്ളതു തന്നെ. 35 ആകയാൽ
നിന്നിലുള്ള വെളിച്ചം ഇരുളാകാതി
രിപ്പാൻ നോക്കുക.[b] 36 നിന്റെ ശരീ
രം അന്ധകാരമുള്ള അംശം ഒട്ടുമി
ല്ലാതെ മുഴുവനും പ്രകാശിതമായി
രുന്നാൽ, വിളക്ക് തിളക്കംകൊണ്ടു

17.[z] മത്താ.9:4
19.[a] (2രാജാ.2:7)
[b] (അപ്പൊ.പ്ര.19:13)
20.[c] പുറ.8:19;31:18; ആവ.9:10; സങ്കീ.8:3
[d] ലൂക്കൊ.17:21; മത്താ.19:24; 21:31,43 (മത്താ.3:2; മർക്കൊ.1:15)
22.[e] യെശ.49:24 - 26
[f] (യോഹ.16:33)
[g] എഫെ.6:11
[h] (യെശ.53:12)
23.[i] മത്താ.12:30; (ലൂക്കൊ. 9:50; മർക്കൊ.9:40)
24.[j] ലൂക്കൊ. 11:24 - 26ക്കു. മത്താ.12:43 - 45കാ.
[k] (സങ്കീ.63:1; യിരെ.2:6)
26.[l] 2പത്രൊ.2:20 - 22; (യോഹ.5:14)
27.[m] ലൂക്കൊ.12:13
[n] (2ദിന.9:7) ലൂക്കൊ.1:48
28.[o] ലൂക്കൊ.8:21; യാക്കോ.1:22
[p] ലേവ്യാ.22:31
[q] (വെളി.1:3;22:7)
29.[r] ലൂക്കൊ. 11:29 - 32ക്കു. മത്താ.12:39 - 42കാ. (മർക്കൊ. 8:11,12)
[s] ലൂക്കൊ.12:1
[t] ലൂക്കൊ.11:16; മത്താ.12:38
30.[u] യോനാ.1:17
31.[v] 1രാജാ.10:1; 2ദിന.9:1
[w] എബ്രാ.11:7; (യിരെ. 3:11; യെഹെ.16:51,52; റോമ.2:27)
[x] (മത്താ.12:6)
32.[y] യോനാ.1:2
[w] (വാ. 31 കാ.)
[z] യോനാ.3:5
[x] (വാ.31കാ.)
33.[a] ലൂക്കൊ.8:16; മത്താ. 5:15; മർക്കൊ.4:21
34.[b] മത്താ.6:22,23 [c] ആവ.15:9; സദൃ.28:22; മത്താ.20:15 (മർക്കൊ.7:22) 35.[b] (വാ.34കാ.)

നിന്നെ പ്രകാശിപ്പിക്കുംപോലെ[d]
അശേഷം പ്രകാശിതമായിരിക്കും.
37 അവൻ സംസാരിക്കുമ്പോൾ
തന്നെ ഒരു പരീശൻ[e] തന്നോടുകൂ
ടെ മുത്താഴം കഴിപ്പാൻ[f] അവനെ
ക്ഷണിച്ചു; അവനും അകത്തു കട
ന്ന് ഭക്ഷണത്തിനിരുന്നു; 38 മുത്താ
ഴത്തിനു[f] മുമ്പേ കുളിച്ചില്ല[g] എന്നു
കണ്ടിട്ടു പരീശൻ ആശ്ചര്യപ്പെട്ടു.
39 കർത്താവ് അവനോട്: പരീശ
ന്മാരായ നിങ്ങൾ കിണ്ടികിണ്ണങ്ങ
ളുടെ പുറം വെടിപ്പാക്കുന്നു;[h] നിങ്ങ
ളുടെ ഉള്ളിലോ കവർച്ചയും ദുഷ്ട
തയും[i] നിറഞ്ഞിരിക്കുന്നു. 40 മൂഢ
ന്മാരേ,[j] പുറം ഉണ്ടാക്കിയവൻ അ
ല്ലയോ അകവും ഉണ്ടാക്കിയത്?[h]
41 അകത്തുള്ളതു ഭിക്ഷയായി
കൊടുപ്പിൻ;[k] എന്നാൽ സകലവും
നിങ്ങൾക്കു ശുദ്ധം ആകും[l] എന്നു
പറഞ്ഞു.
42 പരീശന്മാരായ നിങ്ങൾക്ക്
അയ്യോ കഷ്ടം;[m] നിങ്ങൾ തുളസി
യിലും അരൂതയിലും എല്ലാ ചീര
യിലും പതാരം കൊടുക്കയും[n]
ന്യായവും[o] ദൈവസ്നേഹവും[p]
വിട്ടുകളകയും ചെയ്യുന്നു; ഇതു
ചെയ്കയും അതു ത്യജിക്കാതിരി
ക്കയും വേണം.[q] 43 പരീശന്മാരായ
നിങ്ങൾക്ക് അയ്യോ കഷ്ടം; നിങ്ങൾ
ക്കു പള്ളിയിൽ മുഖ്യാസനവും
അങ്ങാടിയിൽ[r] വന്ദനവും പ്രിയമാ
കുന്നു.[s] 44 നിങ്ങൾക്ക് അയ്യോ
കഷ്ടം; നിങ്ങൾ കാൺമാൻ കഴി
യാത്ത കല്ലറകളെപ്പോലെ ആകു
ന്നു;[t] അവയുടെ മീതെ നടക്കുന്ന
മനുഷ്യർ അറിയുന്നില്ല.
45 ന്യായശാസ്ത്രിമാരിൽ[u] ഒരു
ത്തൻ അവനോട്: ഗുരോ, ഇങ്ങനെ
പറയുന്നതിനാൽ നീ ഞങ്ങളെയും
അപമാനിക്കുന്നു എന്നു പറഞ്ഞു.
46 അതിന് അവൻ പറഞ്ഞത്:
ന്യായശാസ്ത്രിമാരായ[v] നിങ്ങൾ
ക്കും അയ്യോ കഷ്ടം; എടുപ്പാൻ
പ്രയാസമുള്ള ചുമടുകളെ നി
ങ്ങൾ മനുഷ്യരെക്കൊണ്ടു ചുമപ്പി
ക്കുന്നു; നിങ്ങൾ ഒരു വിരൽ കൊ
ണ്ടുപോലും ആ ചുമടുകളെ തൊടു
ന്നില്ല.[w] 47 നിങ്ങൾക്ക് അയ്യോ
കഷ്ടം; നിങ്ങൾ പ്രവാചകന്മാരു
ടെ കല്ലറകളെ പണിയുന്നു; നിങ്ങ
ളുടെ പിതാക്കന്മാർ അവരെ കൊ
ന്നു.[x] 48 അതിനാൽ നിങ്ങളുടെ
പിതാക്കന്മാരുടെ[y] പ്രവൃത്തികൾ
ക്കു നിങ്ങൾ സാക്ഷികളായിരിക്ക
യും സമ്മതിക്കയും[z] ചെയ്യുന്നു;[a]
അവർ അവരെ കൊന്നു; നിങ്ങൾ
അവരുടെ കല്ലറകളെ പണിയുന്നു.
49 [b]അതുകൊണ്ടു ദൈവത്തിന്റെ
ജ്ഞാനവും[c] പറയുന്നത്: ഞാൻ
പ്രവാചകന്മാരെയും[d] അപ്പൊസ്ത
ലന്മാരെയും അവരുടെ അടുക്കൽ
അയയ്ക്കുന്നു; അവരിൽ ചിലരെ[e]
അവർ കൊല്ലുകയും ഉപദ്രവിക്കയും
ചെയ്യും.[f] 50 ഹാബെലിന്റെ[g] രക്തം
തുടങ്ങി യാഗപീഠത്തിനും[h] ആല
യത്തിനും[i] നടുവിൽവച്ചു 51 പട്ടു
പോയ സെഖര്യാവിന്റെ[j] രക്തം
വരെ ലോകസ്ഥാപനംമുതൽ[k]
ചൊരിഞ്ഞിരിക്കുന്ന സകല പ്രവാ
ചകന്മാരുടെയും രക്തം[l] ഈ തല
മുറയോടു ചോദിപ്പാൻ ഇടവരേ
ണ്ടതിനു[m] തന്നെ. അതേ, ഈ തല
മുറയോട് അതു ചോദിക്കും[m] എ
ന്നു ഞാൻ നിങ്ങളോടു പറയുന്നു.
52 ന്യായശാസ്ത്രിമാരായ[n] നി
ങ്ങൾക്ക് അയ്യോ കഷ്ടം; നിങ്ങൾ
പരിജ്ഞാനത്തിന്റെ[o] താക്കോൽ
എടുത്തുകളഞ്ഞു;[p] നിങ്ങൾ തന്നെ
കടന്നില്ല; കടക്കുന്നവരെ തടുത്തും
കളഞ്ഞു.[q]
53 അവൻ അവിടംവിട്ടു പോകു
മ്പോൾ ശാസ്ത്രിമാരും പരീശന്മാ
രും അവനെ അത്യന്തം വിഷമിപ്പി
പ്പാനും[r] 54 അവന്റെ വായിൽ
നിന്നു വല്ലതും പിടിക്കാമോ[s] എ
ന്നുവച്ച് അവനായി പതിയിരുന്നു
കൊണ്ടു[t] പലതിനെയും കുറിച്ചു
കുടുക്കുചോദ്യം ചോദിപ്പാനും
തുടങ്ങി.

❋ ❋ ❋

36. d (മത്താ.5:16)
37. e ലൂക്കൊ.7:36; 14:1
f യോഹ.21:12,15
38. f (വാ.37കാ.)
g മത്താ.15:2; മർക്കൊ.7:3,4
39. h മത്താ.23:25,26 (ലൂക്കൊ.20:47)
i (ലൂക്കൊ.16:14)
40. j ലൂക്കൊ.12:20
h (വാ.39കാ.)
41. k ലൂക്കൊ.12:33; (ലൂക്കൊ.16:9; ദാനീ.4:27)
l (തീത്തൊ.1:15)
42. m മത്താ.23:23
n ലൂക്കൊ.18:12; ആവ.14:22
o സങ്കീ.33:5; യിരെ.3:1; മീഖാ.6:8; സെഖ.7:9
p (1യോഹ.3:17)
q (1ശമൂ.15:22)
43. r ലൂക്കൊ.7:32
s ലൂക്കൊ.20:46; മത്താ.23:6,7; മർക്കൊ.12:38,39; (ലൂക്കൊ.14:7)
44. t മത്താ.23:27
45. u ലൂക്കൊ.11:46,52; 7:30
46. v ലൂക്കൊ.11:45,52
w മത്താ.23:4; (മത്താ.11:28-30; അപ്പൊ.പ്ര.15:10)
47. x മത്താ.23:29,30
48. y അപ്പൊ.പ്ര.7:51,52
z റോമ.1:32
a മത്താ.23:31
49. b ലൂക്കൊ.11:49-51 ക്കു. (മത്താ.23:34-36)
c (ലൂക്കൊ.7:35; സദൃ.8:12,22,23,30; മത്താ.11:19; 1കൊരി.1:24,30; കൊലൊ.2:3)
d അപ്പൊ.പ്ര.13:1; 1കൊരി.12:28
e മത്താ.21:35
f 1തെസ്സ.2:15

50. g ഉൽപ.4:4,8; എബ്രാ.11:4; 1യോഹ.3:12 h പുറ.40:6; 2രാജാ.16:14; യെഹെ.40:47 i ലൂക്കൊ.1:9
51. j 2ദിന.24:20,21 k മത്താ.13:35 l വെളി.18:24
m ഉൽപ.42:22; 2ദിന.24:22; യെഹെ.3:18
52. n ലൂക്കൊ.11:45,46 o റോമ.2:20 p മത്താ.23:13; (മലാ.2:7,8) q (ലൂക്കൊ.7:30; മത്താ.5:20;21:31)
53. r മർക്കൊ.6:19 54. s മത്താ.22:15; മർക്കൊ.12:13
t ലൂക്കൊ.20:20; മർക്കൊ.3:2; യോഹ.8:6; (യെശ.29:21)

*1. കപടഭക്തിയും തന്നെ അറിയിക്കുന്നതിനു മനുഷ്യഭയവും അരുത് എന്നു യേശു തന്റെ ശിഷ്യരെ ഓർമപ്പെടുത്തിയത് 13. ദ്രവ്യാഗ്രഹത്തെ ശാസിക്കുന്ന ഉപമ 22. ദൈവാശ്രയം 35. ശുശ്രൂഷയിൽ ജാഗ്രത 49. യേശുവിന്റെ വരവ് 54. കാലത്തിന്റെ അടയാളങ്ങൾ.*

**12** അതിനിടെ പുരുഷാരം ത
മ്മിൽ ചവിട്ടുവാൻ തക്കവണ്ണം
ആയിരം ആയിരമായി[a] തിങ്ങിക്കൂ
ടിയപ്പോൾ[b] അവൻ ആദ്യം ശിഷ്യ
ന്മാരോടു പറഞ്ഞുതുടങ്ങിയത്:
പരീശന്മാരുടെ പുളിച്ച മാവായ[c]
കപടഭക്തി[d] സൂക്ഷിച്ചുകൊൾവിൻ.[e]
2 [f]മൂടിവച്ചത് ഒന്നും വെളിച്ചത്തു
വരാതെയും ഗൂഢമായത് ഒന്നും
അറിയാതെയും ഇരിക്കയില്ല. 3 ആ
കയാൽ നിങ്ങൾ ഇരുട്ടത്തു പറ
ഞ്ഞത് എല്ലാം വെളിച്ചത്തു കേൾ
ക്കും; അറകളിൽ[g] വച്ചു ചെവി
യിൽ മന്ത്രിച്ചത് പുരമുകളിൽ[h]
ഘോഷിക്കും. 4 എന്നാൽ എന്റെ
സ്നേഹിതന്മാരായ[i] നിങ്ങളോടു
ഞാൻ പറയുന്നത്: ദേഹത്തെ
കൊന്നിട്ടു പിന്നെ അധികമായി
ഒന്നും ചെയ്‌വാൻ കഴിയാത്തവരെ
ഭയപ്പെടേണ്ടാ.[j] 5 ആരെ ഭയപ്പെ
ടേണം എന്നു ഞാൻ നിങ്ങൾക്കു
കാണിച്ചുതരാം. കൊന്നിട്ടു[k] നരക
ത്തിൽ[l] തള്ളിക്കളവാൻ അധികാ
രമുള്ളവനെ ഭയപ്പെടുവിൻ:[k] അതേ,
അവനെ ഭയപ്പെടുവിൻ എന്നു
ഞാൻ നിങ്ങളോടു പറയുന്നു.
6 രണ്ടു കാശിന് അഞ്ചു കുരികി
ലിനെ വില്ക്കുന്നില്ലയോ? അവ
യിൽ ഒന്നിനെപ്പോലും ദൈവം
മറന്നുപോകുന്നില്ല.[m] 7 നിങ്ങളുടെ
തലയിലെ മുടിപോലും എല്ലാം
എണ്ണിയിരിക്കുന്നു;[n] ആകയാൽ
ഭയപ്പെടേണ്ടാ; ഏറിയ കുരികിലി
നെക്കാളും നിങ്ങൾ വിശേഷതയു
ള്ളവർ.[o] 8 മനുഷ്യരുടെ മുമ്പിൽ
ആരെങ്കിലും എന്നെ ഏറ്റുപറ
ഞ്ഞാൽ അവനെ മനുഷ്യപുത്രനും
ദൈവദൂതന്മാരുടെ[p] മുമ്പാകെ ഏറ്റു
പറയും.[q] 9 മനുഷ്യരുടെ മുമ്പിൽ
എന്നെ തള്ളിപ്പറയുന്നവനെ[r] ദൈവ
ദൂതന്മാരുടെ മുമ്പിൽ[p] തള്ളിപ്പറ
യും.[s] 10 മനുഷ്യപുത്രന്റെ നേരേ[t]
ഒരു വാക്ക് പറയുന്ന ഏവനോടും[u]
ക്ഷമിക്കും;[v] പരിശുദ്ധാത്മാവിന്റെ
നേരേ ദൂഷണം പറയുന്നവനോ
ടോ[w] ക്ഷമിക്കയില്ല എന്നു ഞാൻ
നിങ്ങളോടു പറയുന്നു. 11 എന്നാൽ[x]
നിങ്ങളെ പള്ളികൾക്കും കോയ്മ
കൾക്കും[y] അധികാരങ്ങൾക്കും[y]
മുമ്പിൽ കൊണ്ടുപോകുമ്പോൾ[z]
എങ്ങനെയോ എന്തോ പ്രതിവാദി
ക്കേണ്ടു? എന്തു പറയേണ്ടു എന്നു
വിചാരപ്പെടേണ്ടാ;[a] 12 പറയേണ്ടത്
പരിശുദ്ധാത്മാവ് ആ നാഴികയിൽ
തന്നെ നിങ്ങളെ പഠിപ്പിക്കും.[b]
13 പുരുഷാരത്തിൽ ഒരുത്തൻ[c]
അവനോട്: ഗുരോ, ഞാനുമായി
അവകാശം പകുതി ചെയ്‌വാൻ
എന്റെ സഹോദരനോട് കല്പിച്ചാ
ലും എന്നു പറഞ്ഞു. 14 അവ
നോട് അവൻ: മനുഷ്യാ,[d] എന്നെ
നിങ്ങൾക്കു ന്യായകർത്താവോ
പങ്കിടുന്നവനോ ആക്കിയത് ആർ[e]
എന്നു ചോദിച്ചു. 15 പിന്നെ അവ
രോട്: സകല ദ്രവ്യാഗ്രഹവും സൂ
ക്ഷിച്ച് ഒഴിഞ്ഞുകൊൾവിൻ;[f] ഒരു
ത്തനു സമൃദ്ധി ഉണ്ടായാലും അവ
ന്റെ വസ്തുവകയല്ല അവന്റെ ജീ
വന് ആധാരമായിരിക്കുന്നത് എ
ന്നു പറഞ്ഞു. 16 ഒരുപമയും
അവരോട് പറഞ്ഞത്: ധനവാനാ
യൊരു മനുഷ്യന്റെ ഭൂമി നന്നായി
വിളഞ്ഞു.[g] 17 അപ്പോൾ അവൻ:
ഞാൻ എന്ത് ചെയ്യേണ്ടൂ? എന്റെ
വിളവ് കൂട്ടിവയ്പാൻ സ്ഥലം പോ
രാ എന്ന് ഉള്ളിൽ വിചാരിച്ചു.[h]

**അധ്യായം 12**

*1.* [a] *അപ്പൊ.പ്ര.21:20* [b] *ലൂക്കൊ.11:29* [c] *1കൊരി.5:6 - 8; ഗലാ.5:9* [d] *മത്താ.23:28; മർക്കൊ.12:15* [e] *മത്താ.16:6,11,12; മർക്കൊ.8:15* *2.* [f] *ലൂക്കൊ.8:17; മർക്കൊ.4:22; (1തിമൊ.5:25) ലൂക്കൊ.12:2 - 9 ക്കു. മത്താ.10:26 - 33കാ.* *3.* [g] *മത്താ.6:6* [h] *ലൂക്കൊ.5:19* *4.* [i] *യോഹ.15:14* [j] *യെശ.8:12,13; 51:12,13; യിരെ.1:8; 1പത്രൊ.3:14* *5.* [k] *യാക്കോ.4:12* [l] *മത്താ.5:29* *6.* [m] *(സങ്കീ.50:11)* *7.* [n] *1ശമൂ.14:45* [o] *മത്താ.6:26;12:12*

*8.* [p] *(ലൂക്കൊ.15:10; മത്താ.25:31; 1തിമൊ.5:21; വെളി.3:5)* [q] *(റോമ.10:9,10; എബ്രാ.10:35; വെളി.3:5)* *9.* [r] *2തിമൊ.2:12; 2പത്രൊ.2:1; 1യോഹ.2:23; (മർക്കൊ.8:38)* [p] *(വാ.8കാ.)* [s] *ലൂക്കൊ.13:25; മത്താ.7:23;25:12* *10.* [t] *മത്താ.11:19; യോഹ.7:12; 9:24* [u] *(മത്താ.12:31,32; മർക്കൊ.3:28 - 30; എബ്രാ.6:4 - 6; 10:26; 1യോഹ.5:16)* [v] *1തിമൊ.1:12,13* [w] *(അപ്പൊ.പ്ര.7:51; എബ്രാ.10:29)* *11.* [x] *മത്താ.10:17,19; (ലൂക്കൊ.21:12,14; മർക്കൊ.13:11)* [y] *തീത്തൊ.3:1* [z] *മത്താ.23:34* [a] *ലൂക്കൊ.12:22* *12.* [b] *മത്താ.10:19,20* *13.* [c] *ലൂക്കൊ.11:27* *14.* [d] *മീഖാ.6:8; റോമ.2:1,3; 9:20* [e] *(പുറ.2:14; അപ്പൊ.പ്ര.7:27)* *15.* [f] *1തിമൊ.6:6 - 11; (എബ്രാ.13:5)* *16.* [g] *(സങ്കീ.49:16 - 20)* *17.* [h] *(സഭാപ്ര.5:10)*

12:5 ***നരകം:*** നരകം എന്ന പദം ഗ്രീക്കു ഭാഷയിൽ *ഗെഹെന്ന* എന്നാണ്. ആ വാക്കിന് എബ്രായഭാഷയിൽ ഹിന്നോംതാഴ്‌വര എന്ന് അർഥമാണ് ഉള്ളത്. യേശുവിനു മുമ്പുതന്നെ ചില യെഹൂദഗുരുക്കന്മാർ ദുഷ്ടന്മാരുടെ മരണാനന്തര ജീവിതം സദാ തീകത്തിക്കൊണ്ടിരിക്കുന്ന ഹിന്നോം താഴ്‌വരയ്ക്കു സദൃശമായിരിക്കുമെന്നു പഠിപ്പിച്ചിട്ടുണ്ട്.

18 പിന്നെ അവൻ പറഞ്ഞത്:
ഞാൻ ഇതു ചെയ്യും; എന്റെ കള
പ്പുരകളെ[i] പൊളിച്ച് അധികം വ
ലിയവ പണിത് എന്റെ വിളവും
വസ്തുവകയും എല്ലാം അതിൽ
കൂട്ടിവയ്ക്കും. 19 എന്നിട്ട് എന്നോ
ടുതന്നെ: നിനക്ക് ഏറിയ ആണ്ടു
കൾക്കു[j] മതിയായ അനവധി വ
സ്തുവക സ്വരൂപിച്ചു വച്ചിരിക്കു
ന്നു; ആശ്വസിക്ക, തിന്നുക, കുടി
ക്ക, ആനന്ദിക്ക[k] എന്നു പറയും.
20 ദൈവമോ അവനോട്: മൂഢാ,[l]
ഈ രാത്രിയിൽ[j] നിന്റെ പ്രാണനെ
നിന്നോടു ചോദിക്കും.[m] പിന്നെ
നീ ഒരുക്കിവച്ചത് ആർക്കാകും[n]
എന്നു പറഞ്ഞു. 21 ദൈവവിഷയ
മായി സമ്പന്നനാകാതെ തനിക്കു
തന്നെ നിക്ഷേപിക്കുന്നവന്റെ കാ
ര്യം ഇങ്ങനെ ആകുന്നു.[o]

22 [p]അവൻ തന്റെ ശിഷ്യന്മാ
രോടു പറഞ്ഞത്: ആകയാൽ എന്തു
തിന്നും എന്നു ജീവനായിക്കൊ
ണ്ടും എന്ത് ഉടുക്കും എന്നു ശരീര
ത്തിനായിക്കൊണ്ടും വിചാരപ്പെ
ടരുത്[q] എന്നു ഞാൻ നിങ്ങളോടു
പറയുന്നു. 23 ആഹാരത്തെക്കാൾ
ജീവനും ഉടുപ്പിനെക്കാൾ ശരീ
രവും വലുതല്ലോ. 24 കാക്കയെ
നോക്കുവിൻ;[r] അതു വിതയ്ക്കു
ന്നില്ല, കൊയ്യുന്നില്ല, അതിനു
പാണ്ടികശാലയും കളപ്പുരയും
ഇല്ല; എങ്കിലും ദൈവം അതിനെ
പുലർത്തുന്നു. പറവജാതിയെക്കാൾ
നിങ്ങൾ എത്ര വിശേഷമുള്ളവർ![s]
25 പിന്നെ വിചാരപ്പെടുന്നതിനാൽ
തന്റെ നീളത്തിൽ[t] ഒരു മുഴം കൂട്ടു
വാൻ നിങ്ങളിൽ ആർക്കുകഴിയും?
26 ആകയാൽ ഏറ്റവും ചെറിയ
തിനുപോലും നിങ്ങൾ പോരാത്ത
വർ എങ്കിൽ ശേഷമുള്ളതിനെക്കു
റിച്ചു വിചാരപ്പെടുന്നത് എന്ത്?
27 താമര എങ്ങനെ വളരുന്നു എ
ന്നു വിചാരിപ്പിൻ; അവ അധ്വാനി
ക്കുന്നില്ല നൂല്ക്കുന്നതുമില്ല; എ
ന്നാൽ ശലോമോൻപോലും തന്റെ
സകല മഹത്ത്വത്തിലും ഇവയിൽ
ഒന്നിനോളം ചമഞ്ഞിരുന്നില്ല[u]
എന്നു ഞാൻ നിങ്ങളോടു പറയു
ന്നു. 28 ഇന്നുള്ളതും നാളെ അടു
പ്പിൽ ഇടുന്നതുമായ വയലിലെ
പുല്ലിനെ ദൈവം ഇങ്ങനെ ഉടു
പ്പിക്കുന്നു എങ്കിൽ, അല്പവിശ്വാ
സികളേ,[v] നിങ്ങളെ എത്ര അധികം?
29 എന്തു തിന്നും എന്തു കുടിക്കും
എന്നു നിങ്ങൾ ചിന്തിച്ചു ചഞ്ചല
പ്പെടരുത്.[w] 30 ഈ വകയൊക്കെ
യും ലോകജാതികൾ അന്വേഷി
ക്കുന്നു;[x] നിങ്ങളുടെ പിതാവോ
ഇവ നിങ്ങൾക്ക് ആവശ്യം എന്ന്
അറിയുന്നു.[x] 31 അവന്റെ രാജ്യം[y]
അന്വേഷിപ്പിൻ;[z] അതോടുകൂടെ
നിങ്ങൾക്ക് ഇതും കിട്ടും.[a] 32 ചെ
റിയ ആട്ടിൻകൂട്ടമേ,[b] ഭയപ്പെടരുത്;[c]
നിങ്ങളുടെ പിതാവ് രാജ്യം[d] നി
ങ്ങൾക്കു നല്കുവാൻ പ്രസാദിച്ചി
രിക്കുന്നു.[e] 33 നിങ്ങൾക്കുള്ളത്
വിറ്റു[f] ഭിക്ഷ കൊടുപ്പിൻ;[g] കള്ളൻ
അടുക്കയോ പുഴു കെടുക്കയോ
ചെയ്യാത്ത സ്വർഗത്തിൽ, പഴകി
പ്പോകാത്ത മടിശ്ശീലകളും തീർന്നു
പോകാത്ത നിക്ഷേപവും[h] നിങ്ങൾ
ക്ക് ഉണ്ടാക്കിക്കൊൾവിൻ.[i] 34 നിങ്ങ
ളുടെ നിക്ഷേപം ഉള്ളേടത്തു നിങ്ങ
ളുടെ ഹൃദയവും ഇരിക്കും.[j]

35 നിങ്ങളുടെ അര കെട്ടിയും[k]
വിളക്കു കത്തിയും[l] കൊണ്ടിരിക്ക
ട്ടെ. 36 യജമാനൻ കല്യാണത്തിനു
പോയി വന്നു മുട്ടിയാൽ[m] ഉടനെ
വാതിൽ തുറന്നുകൊടുക്കേണ്ട
തിന് അവൻ എപ്പോൾ മടങ്ങി
വരും എന്നു കാത്തുനില്ക്കുന്ന[n]
ആളുകളോടു നിങ്ങൾ തുല്യരായി
രിപ്പിൻ. 37 യജമാനൻ വരുംനേരം
ഉണർന്നിരിക്കുന്നവരായി[o] കാണു
ന്ന ദാസന്മാർ ഭാഗ്യവാന്മാർ;[o] അ
വൻ അര കെട്ടി[p] അവരെ ഭക്ഷണ
ത്തിനിരുത്തുകയും വന്ന് അവർക്ക്
ശുശ്രൂഷ ചെയ്കയും[q] ചെയ്യും

18.[i] ലൂക്കൊ.12:24
19.[j] (സദൃ.27:1; യാക്കോ.4:13-15)
[k] സഭാ.2:24;11:9; 1കൊരി.15:32; (ലൂക്കൊ.15:23)
20.[l] യിരെ.17:11; (മത്താ.16:26)
[j] (വാ.19കാ.)
[m] ഇയ്യോ.27:8
[n] സങ്കീ.39:6; (ഇയ്യോ.27:17-22; സഭാ.2:18,21)
21.[o] മത്താ.6:19,20; (ലൂക്കൊ.12:33; 6:24; സങ്കീ.52:7; യാക്കോ.5:3)
22.[p] ലൂക്കൊ. 12:22-31ക്കു. മത്താ.6:25-33കാ.
[q] ലൂക്കൊ.12:11; 10:41; മത്താ.10:19;13:22; 1കൊരി.7:32; ഫിലി.4:6; 1പത്രൊ.5:7
24.[r] (ഇയ്യോ.38:41; സങ്കീ.147:9)
[s] ലൂക്കൊ.12:7
25.[t] ലൂക്കൊ.2:52; (സങ്കീ.39:5)
27.[u] 1രാജാ.10:4-7
28.[v] മത്താ.8:26; 14:31;16:8; (ലൂക്കൊ.17:6)
29.[w] (യാക്കോ.1:6)
30.[x] മത്താ.6:8
31.[y] ലൂക്കൊ.11:2
[z] (മത്താ.5:6,20)
[a] (1രാജാ.3:11-14; മർക്കൊ.10:29,30; 1തിമൊ.4:8; 1പത്രൊ.3:9)
32.[b] യെശ.40:11; മത്താ.26:31; യോഹ.10:16; 21:15-17; അപ്പൊ.പ്ര.20:28,29; 1പത്രൊ.5:2,3
[c] യെശ.41:14;44:2
[d] ലൂക്കൊ.22:29; മത്താ.13:19
[e] (ലൂക്കൊ.10:21; മത്താ.11:26; എഫെ.1:5,9; ഫിലി.2:13)

33.[f] മത്താ.19:21 [g] ലൂക്കൊ.11:41 [h] (മത്താ.6:19,20,21; 1പത്രൊ.1:4,5) [i] (ലൂക്കൊ.16:9) 34.[j] മത്താ.6:21 35.[k] എഫെ.6:14; 1പത്രൊ.1:13; (പുറ.12:11; ഇയ്യോ.38:3; യിരെ.1:17; യോഹ.21:18) [l] (മത്താ.25:7) 36.[m] വെളി.3:20 [n] 2പത്രൊ.3:11 37.[o] മത്താ.24:42,46 [p] (യോഹ.13:5; ലൂക്കൊ.12:35;17:8) [q] (ലൂക്കൊ.22:27)

എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു. 38 അവൻ രണ്ടാം യാമത്തിൽ വന്നാലും മൂന്നാമതിൽ വന്നാലും അങ്ങനെ കണ്ടു എങ്കിൽ അവർ ഭാഗ്യവാന്മാർ. 39 [r]കള്ളൻ[s] ഇന്ന നാഴികയ്ക്കു വരുന്നു[r] എന്നു വീട്ടുടയവൻ അറിഞ്ഞിരുന്നു എങ്കിൽ അവൻ ഉണർന്നിരുന്നു തന്റെ വീടു തുരപ്പാൻ[t] സമ്മതിക്കയില്ല എന്നറിവിൻ. 40 നിനയാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട്[u] നിങ്ങളും ഒരുങ്ങിയിരിപ്പിൻ.[v]

41 കർത്താവേ, ഈ ഉപമ പറയുന്നത് ഞങ്ങളോടോ എല്ലാവരോടും കൂടെയോ[w] എന്നു പത്രൊസ് ചോദിച്ചതിന് 42 കർത്താവ് പറഞ്ഞത്: തക്കസമയത്ത് ആഹാരവീതം കൊടുക്കേണ്ടതിന് യജമാനൻ തന്റെ വേലക്കാരുടെമേൽ ആക്കുന്ന വിശ്വസ്തനും[x] ബുദ്ധിമാനുമായ[x] ഗൃഹവിചാരകൻ[y] ആർ? 43 യജമാനൻ വരുമ്പോൾ അങ്ങനെ ചെയ്തുകാണുന്ന ദാസൻ ഭാഗ്യവാൻ.[z] 44 അവൻ തനിക്കുള്ള സകലത്തിനും അവനെ വിചാരകനാക്കിവയ്ക്കും[a] എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. 45 എന്നാൽ ദാസൻ: യജമാനൻ താമസിച്ചേ[b] വരികയുള്ളൂ എന്നു ഹൃദയത്തിൽ പറഞ്ഞു ബാല്യക്കാരെയും ബാല്യക്കാരത്തികളെയും തല്ലുവാനും തിന്നു കുടിച്ചു മദിപ്പാനും[c] തുടങ്ങിയാൽ, 46 അവൻ നോക്കിയിരിക്കാത്ത നാളിലും[d] അറിയാത്ത നാഴികയിലും[d] ആ ദാസന്റെ യജമാനൻ വന്ന് അവനെ ദണ്ഡിപ്പിക്കയും അവന് അവിശ്വാസികളോടുകൂടെ പങ്കു കല്പിക്കയും ചെയ്യും. 47 യജമാനന്റെ ഇഷ്ടം അറിഞ്ഞിട്ട്[e] ഒരുങ്ങാതെയും[f] അവന്റെ ഇഷ്ടം ചെയ്യാതെയുമിരിക്കുന്ന[e] ദാസന്[g] വളരെ അടികൊള്ളും.[h] 48 അറിയാതെകണ്ട്[i] അടിക്കു യോഗ്യമായത് ചെയ്തവനോ കുറയ അടി കൊള്ളും;[j] വളരെ ലഭിച്ചവനോട് വളരെ ആവശ്യപ്പെടും; അധികം ഏറ്റുവാങ്ങിയവനോട് അധികം ചോദിക്കും.[k]

49 ഭൂമിയിൽ തീ ഇടുവാൻ ഞാൻ വന്നിരിക്കുന്നു;[l] അത് ഇപ്പോഴേ കത്തിയെങ്കിൽ കൊള്ളായിരുന്നു എന്നല്ലാതെ ഞാൻ മറ്റെന്ത് ഇച്ഛിക്കേണ്ടു? 50 എങ്കിലും എനിക്ക് ഒരു സ്നാനം ഏല്പാൻ ഉണ്ട്;[m] അത് കഴിയുവോളം ഞാൻ എത്ര ഞെരുങ്ങുന്നു.[n] 51 [o]ഭൂമിയിൽ സമാധാനം നല്കുവാൻ ഞാൻ വന്നിരിക്കുന്നു എന്നു തോന്നുന്നുവോ? അല്ലല്ല, ഛിദ്രം വരുത്തുവാൻ അത്രേ[p] എന്നു ഞാൻ നിങ്ങളോടു പറയുന്നു. 52 ഇനിമേൽ ഒരു വീട്ടിൽ ഇരുവരോടു മൂവരും മൂവരോട് ഇരുവരും ഇങ്ങനെ അഞ്ചു പേർ തമ്മിൽ ഛിദ്രിച്ചിരിക്കും. 53 അപ്പൻ മകനോടും മകൻ അപ്പനോടും[q] അമ്മ മകളോടും മകൾ അമ്മയോടും അമ്മാവിയമ്മ മരുമകളോടും മരുമകൾ അമ്മാവിയമ്മയോടും ഛിദ്രിച്ചിരിക്കും.

54 പിന്നെ അവൻ പുരുഷാരത്തോടു പറഞ്ഞത്: പടിഞ്ഞാറുനിന്നു മേഘം പൊങ്ങുന്നതു[r] കാണുമ്പോൾ[s] പെരുമഴ വരുന്നു എന്നു നിങ്ങൾ ഉടനെ പറയുന്നു; അങ്ങനെ സംഭവിക്കയും ചെയ്യുന്നു. 55 തെക്കൻകാറ്റ് ഊതുന്നതു കണ്ടാലോ[r] അത്യുഷ്ണം[t] ഉണ്ടാകും എന്നു പറയുന്നു; അതു സംഭവിക്കയും ചെയ്യുന്നു. 56 കപടഭക്തിക്കാരേ, ഭൂമിയുടെയും ആകാശത്തിന്റെയും ഭാവത്തെ വിവേചിപ്പാൻ നിങ്ങൾക്ക് അറിയാം;[u] 57 എന്നാൽ ഈ കാലത്തെ വിവേചിപ്പാൻ അറിയാത്തത് എങ്ങനെ? ന്യായമായത് എന്തെന്ന് നിങ്ങൾ സ്വയമായി[v]

39.[r] *ലൂക്കൊ. 12:39-46ക്കു. (മത്താ.24:43-51)*
[s] *(1തെസ്സ.5:2; 2പത്രൊ.3:10; വെളി.3:3)*
[t] *മത്താ.6:20*
40.[u] *ലൂക്കൊ. 21:27,28,36*
[v] *ലൂക്കൊ.12:47; മത്താ.25:10*
41.[w] *(മർക്കൊ.13:37)*
42.[x] *(മത്താ.24:45)*
[y] *ലൂക്കൊ.16:1; 1പത്രൊ.4:10*
43.[z] *യോഹ.13:17; വെളി.16:15*
44.[a] *മത്താ.25:21,23*
45.[b] *മത്താ.25:5; (എബ്രാ.10:37; 2പത്രൊ.3:3,9)*
[c] *1തെസ്സ.5:7*
46.[d] *2പത്രൊ.3:11; (ലൂക്കൊ.12:40)*
47.[e] *(യാക്കോ.4:17; 2പത്രൊ.2:21)*
[f] *ലൂക്കൊ.12:40*
[g] *(മത്താ.11:24; യോഹ.17:22,24)*
[h] *(ആവ.25:2,3)*
48.[i] *ലേവ്യാ.5:17; (സംഖ്യാ.15:29,30)*
[j] *റോമ.1:19,20; 2:14,15; (1തിമൊ.1:13)*
[k] *(മത്താ.25:29); മത്താ.13:12*
49.[l] *(മത്താ.3:11)*
50.[m] *മർക്കൊ.10:38*
[n] *2കൊരി.5:4; ഫിലി.1:23*
51.[o] *ലൂക്കൊ. 12:51-53ക്കു. മത്താ.10:34,35കാ.*
[p] *(വെളി.6:4)*
53.[q] *മത്താ.10:21; (മീഖാ.7:6)*
54.[r] *1രാജാ.18:43,44*
[s] *(മത്താ.16:2,3)*
55.[r] *(വാ.54കാ.)*
[t] *മത്താ.20:12*
56.[u] *മത്താ.16:3*
57.[v] *ലൂക്കൊ.21:30*

12:54 ***പടിഞ്ഞാറുനിന്നു മേഘം പൊങ്ങുന്നതു കാണുമ്പോൾ:*** കാലാവസ്ഥയെ നിയന്ത്രിക്കുന്ന മേഘം സാധാരണ പടിഞ്ഞാറു നിന്നു കിഴക്കോട്ടു സഞ്ചരിക്കുന്നു. തണുപ്പു കാലത്ത് ഇടയ്ക്കിടെ മഴ പെയ്യുന്ന പലസ്തീനെ സംബന്ധിച്ച് ഇതു വാസ്തവമാണ്.

വിധിക്കാത്തതും[w] എന്ത്? 58 പ്രതി
യോഗിയോടുകൂടെ അധികാരിയു
ടെ അടുക്കൽ പോകുമ്പോൾ വഴി
യിൽവച്ച്[x] അവനോട് നിരന്നു
കൊൾവാൻ ശ്രമിക്ക; അല്ലാ
ഞ്ഞാൽ അവൻ നിന്നെ ന്യായാ
ധിപന്റെ മുമ്പിൽ ഇഴച്ചുകൊണ്ടു
പോകയും ന്യായാധിപൻ നിന്നെ
കോല്ക്കാരന്റെ പക്കൽ ഏല്പി
ക്കയും കോല്ക്കാരൻ തടവിൽ
ആക്കുകയും ചെയ്യും. 59 ഒടുക്ക
ത്തെ കാശു[y]പോലും കൊടുത്തു
തീരുവോളം നീ അവിടെനിന്നു
പുറത്തുവരികയില്ല[z] എന്നു ഞാൻ
നിന്നോടു പറയുന്നു.

❋ ❋ ❋

***1. ഗലീലക്കാരുടെയും മറ്റുള്ളവരുടെയും ശിക്ഷയെക്കൊണ്ടു യേശു മാനസാന്തരത്തിനായി പ്രസംഗിച്ചത് 6. കായിക്കാത്ത അത്തിവൃക്ഷത്തിന്റെ ഉപമ 10. ശബ്ബത്തിൽ കൂനിയായ സ്ത്രീയെ സൗഖ്യമാക്കിയത് 18. കടുകുമണിയുടെയും പുളിച്ചമാവിന്റെയും ഉപമകൾ 22. രക്ഷപെടുവാൻ പോരാടണം 31. ഹെരോദാവെയും യെരൂശലേമ്യരെയും ആക്ഷേപിച്ചത്.***

**13** ആ സമയത്തു തന്നെ അ
വിടെ ഉണ്ടായിരുന്ന ചിലർ
പീലാത്തൊസ്[a] ചില ഗലീലക്കാ
രുടെ ചോര അവരുടെ യാഗങ്ങ
ളോടു കലർത്തിയ വർത്തമാനം
അവനോട് അറിയിച്ചു. 2 അതിന്
അവൻ ഉത്തരം പറഞ്ഞത്: ആ
ഗലീലക്കാർ ഇത് അനുഭവിക്ക
യാൽ എല്ലാ ഗലീലക്കാരിലും പാപി
കൾ ആയിരുന്നു എന്നു നിങ്ങൾ
ക്കു തോന്നുന്നുവോ?[b] 3 അല്ലല്ല,
മാനസാന്തരപ്പെടാഞ്ഞാൽ[c] നിങ്ങൾ
എല്ലാവരും അങ്ങനെതന്നെ നശി
ച്ചുപോകും എന്നു ഞാൻ നിങ്ങ
ളോടു പറയുന്നു. 4 അല്ല, ശീലോ
ഹാമിലെ[d] ഗോപുരം വീണു മരിച്ചു
പോയ ആ പതിനെട്ടു പേർ യെരൂ
ശലേമിൽ പാർക്കുന്ന സകല മനു
ഷ്യരിലും കുറ്റക്കാർ[e] ആയിരുന്നു
എന്നു തോന്നുന്നുവോ? 5 അല്ലല്ല,
മാനസാന്തരപ്പെടാഞ്ഞാൽ[c] നിങ്ങൾ
എല്ലാവരും അങ്ങനെ തന്നെ നശി
ച്ചുപോകും എന്നു ഞാൻ നിങ്ങ
ളോടു പറയുന്നു.
6 അവൻ ഈ ഉപമയും പറഞ്ഞു:
ഒരുത്തനു തന്റെ മുന്തിരിത്തോട്ട
ത്തിൽ നട്ടിരുന്നൊരു അത്തിവൃക്ഷം[f]
ഉണ്ടായിരുന്നു; അവൻ അതിൽ
ഫലം തിരഞ്ഞു വന്നു, കണ്ടില്ല
താനും. 7 അവൻ തോട്ടക്കാരനോട്:
ഞാൻ ഇപ്പോൾ മൂന്നു സംവത്സ
രമായി ഈ അത്തിയിൽ ഫലം
തിരഞ്ഞുവരുന്നു കാണുന്നില്ല
താനും; അതിനെ വെട്ടിക്കളക,[g]
അതു നിലത്തെ നിഷ്ഫലമാക്കു
ന്നത് എന്തിന് എന്നു പറഞ്ഞു.
8 അതിന് അവൻ: കർത്താവേ,
ഞാൻ അതിനു ചുറ്റും കിളച്ചു
വളം ഇടുവോളം ഈ ആണ്ടും
കൂടെ നില്ക്കട്ടെ. 9 മേലാൽ കാ
യ്ച്ചെങ്കിലോ– ഇല്ലെങ്കിൽ വെട്ടി
ക്കളയാം എന്ന് ഉത്തരം പറഞ്ഞു.
10 ഒരു ശബ്ബത്തിൽ അവൻ
ഒരു പള്ളിയിൽ ഉപദേശിച്ചുകൊ
ണ്ടിരുന്നു.[h] 11 അവിടെ പതിനെട്ടു
സംവത്സരമായി ഒരു രോഗാത്മാ
വ്[i] ബാധിച്ചിട്ട് ഒട്ടും നിവിരുവാൻ
കഴിയാതെ കൂനിയായ ഒരു സ്ത്രീ
ഉണ്ടായിരുന്നു. 12 യേശു അവളെ
കണ്ട് അടുക്കെ വിളിച്ച്: സ്ത്രീയേ,
നിന്റെ രോഗബന്ധനം അഴിഞ്ഞി
രിക്കുന്നു എന്നു പറഞ്ഞ് അവ
ളുടെമേൽ കൈ വച്ചു.[j] 13 അവൾ
ക്ഷണത്തിൽ നിവിർന്നു ദൈവ
ത്തെ മഹത്വപ്പെടുത്തി.[k] 14 യേശു
ശബ്ബത്തിൽ സൗഖ്യമാക്കിയതു
കൊണ്ടു[l] പള്ളിപ്രമാണി[m] നീരസ
പ്പെട്ടു പുരുഷാരത്തോട്: വേല
ചെയ്‌വാൻ ആറു ദിവസമുണ്ടല്ലോ;[n]
അതിനകം വന്നു സൗഖ്യം വരു
ത്തിച്ചുകൊൾവിൻ; ശബ്ബത്തിൽ
അരുത് എന്നു പറഞ്ഞു. 15 കർ
ത്താവ് അവനോട്: കപടഭക്തിക്കാ
രേ, നിങ്ങളിൽ ഓരോരുത്തൻ
ശബ്ബത്തിൽ തന്റെ കാളയെയോ
കഴുതയെയോ തൊട്ടിയിൽനിന്ന്
അഴിച്ചു കൊണ്ടുപോയി വെള്ളം
കുടിപ്പിക്കുന്നില്ലയോ?[o] 16 എന്നാൽ

57.[w] *യോഹ.7:24; 1കൊരി.11:13*
58.[x] *മത്താ.5:25,26; (സദൃ.25:8)*
59.[y] *ലൂക്കൊ.21:2; മർക്കൊ.12:42*
[z] *(മത്താ.18:34,35)*

**അധ്യായം 13**

1.[a] *ലൂക്കൊ.3:1*
2.[b] *(ഇയ്യോ.4:7; യോഹ.9:2; അപ്പൊ.പ്ര.28:4)*
3.[c] *ലൂക്കൊ.5:32*
4.[d] *നെഹെ.3:15; യെശ.8:6; യോഹ.9:7,11;*
[e] *ലൂക്കൊ.11:4; മത്താ.6:12*
5.[c] *(വാ.3കാ.)*
6.[f] *മത്താ.21:18; മർക്കൊ.11:13; (യെശ.5:2)*
7.[g] *ലൂക്കൊ.3:9; മത്താ.7:19*
10.[h] *മത്താ.4:23; മർക്കൊ.6:2*
11.[i] *അപ്പൊ.പ്ര.16:16; (ലൂക്കൊ.13:16)*
12.[j] *മർക്കൊ.5:23*
13.[k] *ലൂക്കൊ.5:25; 17:15;18:43;7:16*
14.[l] *മത്താ.12:2*
[m] *ലൂക്കൊ.8:41*
[n] *പുറ.20:9; യെഹെ.46:1*
15.[o] *ലൂക്കൊ.14:5; (മത്താ.12:11)*

സാത്താൻ പതിനെട്ടു സംവത്സര
മായി ബന്ധിച്ചിരുന്ന[p] അബ്രാഹാ
മിന്റെ മകളായ[q] ഇവളെ ശബ്ബത്തു
നാളിൽ ഈ ബന്ധനം അഴിച്ചു
വിടേണ്ടതല്ലയോ എന്ന് ഉത്തരം
പറഞ്ഞു; 17 അവൻ ഇതു പറ
ഞ്ഞപ്പോൾ അവന്റെ വിരോധികൾ
എല്ലാവരും നാണിച്ചു;[r] അവനാൽ
നടക്കുന്ന സകല മഹിമകളാലും
പുരുഷാരമൊക്കെയും സന്തോ
ഷിച്ചു.[s]
18 [t]പിന്നെ അവൻ പറഞ്ഞത്:
ദൈവരാജ്യം ഏതിനോടു സദൃശം?
ഏതിനോട് അതിനെ ഉപമിക്കേ
ണ്ടു? 19 ഒരു മനുഷ്യൻ എടുത്തു
തന്റെ തോട്ടത്തിൽ ഇട്ട കടുകു
മണിയോട്[u] അതു സദൃശം; അതു
വളർന്നു വൃക്ഷമായി, ആകാശത്തി
ലെ പക്ഷികളും വന്ന് അതിന്റെ
കൊമ്പുകളിൽ വസിച്ചു. 20 പിന്നെ
യും അവൻ ദൈവരാജ്യത്തെ ഏതി
നോട് ഉപമിക്കേണ്ടു? 21 അതു
പുളിച്ച മാവിനോടു തുല്യം;[v] അത്
ഒരു സ്ത്രീ എടുത്തു മൂന്നു പറ
മാവിൽ[w] ചേർത്ത് എല്ലാം പുളിച്ചു
വരുവോളം[x] അടക്കിവച്ചു എന്നു
പറഞ്ഞു.
22 അവൻ പട്ടണംതോറും ഗ്രാമം
തോറും സഞ്ചരിച്ച്[y] യെരൂശലേ
മിലേക്കു യാത്രചെയ്തു.[z] 23 അ
പ്പോൾ ഒരുത്തൻ അവനോട്: കർ
ത്താവേ, രക്ഷിക്കപ്പെടുന്നവർ[a]
ചുരുക്കമോ എന്നു ചോദിച്ചതിന്
അവനോടു പറഞ്ഞത്: 24 ഇടു
ക്കുവാതിലിലൂടെ കടപ്പാൻ[b] പോ
രാടുവിൻ.[c] പലരും കടപ്പാൻ നോ
ക്കും കഴികയില്ലതാനും എന്നു
ഞാൻ നിങ്ങളോടു പറയുന്നു.
25 [d]വീട്ടുടയവൻ എഴുന്നേറ്റു കതക്
അടച്ചശേഷം നിങ്ങൾ പുറത്തു
നിന്ന്: കർത്താവേ, തുറന്നു തരേ
ണമേ[e] എന്നു പറഞ്ഞുകൊണ്ട് കത
കിനു മുട്ടിത്തുടങ്ങുമ്പോൾ: നി
ങ്ങൾ എവിടെനിന്ന് എന്ന് ഞാൻ
അറിയുന്നില്ല,[f] എന്ന് അവൻ ഉ
ത്തരം പറയും. 26 അന്നേരം നി
ങ്ങൾ: നിന്റെ മുമ്പിൽ ഞങ്ങൾ
തിന്നുകയും കുടിക്കയും ഞങ്ങ
ളുടെ തെരുക്കളിൽ നീ പഠിപ്പി
ക്കയും ചെയ്തുവല്ലോ[g] എന്നു
പറഞ്ഞുതുടങ്ങും. 27 അവനോ:
നിങ്ങൾ എവിടെനിന്ന് എന്നു
ഞാൻ അറിയുന്നില്ല[f] എന്നു ഞാൻ
നിങ്ങളോടു പറയുന്നു; അനീതി
പ്രവർത്തിക്കുന്ന ഏവരുമായുള്ളോ
രേ, എന്നെ വിട്ടു പോകുവിൻ[h]
എന്നു പറയും. 28 അവിടെ അബ്രാ
ഹാമും യിസ്ഹാക്കും യാക്കോ
ബും സകല പ്രവാചകന്മാരും
ദൈവരാജ്യത്തിൽ ഇരിക്കുന്നതും,[i]
നിങ്ങളെ പുറത്തു തള്ളിക്കളഞ്ഞ
തും[i] നിങ്ങൾ കാണുമ്പോൾ കര
ച്ചലും പല്ലുകടിയും ഉണ്ടാകും.[i]
29 കിഴക്കുനിന്നും പടിഞ്ഞാറു
നിന്നും തെക്കുനിന്നും വടക്കുനി
ന്നും അനേകർ വന്നു[i] ദൈവരാ
ജ്യത്തിൽ പന്തിയിൽ ഇരിക്കും.[j]
30 [k]മുമ്പന്മാരായിത്തീരുന്ന പിമ്പ
ന്മാരുണ്ട്, പിമ്പന്മാരായിത്തീരുന്ന
മുമ്പന്മാരും ഉണ്ട്.
31 ആ നാഴികയിൽതന്നെ ചില
പരീശന്മാർ അടുത്തുവന്ന്: ഇവിടം[l]
വിട്ടു പൊയ്ക്കൊൾക; ഹെരോ
ദാവ് നിന്നെ കൊല്ലുവാൻ ഇച്ഛി
ക്കുന്നു[m] എന്ന് അവനോടു പറ
ഞ്ഞു. 32 അവൻ അവരോട് പറ
ഞ്ഞത്: നിങ്ങൾ പോയി ആ കുറു
ക്കനോട്: ഞാൻ ഇന്നും നാളെ
യും ഭൂതങ്ങളെ പുറത്താക്കുകയും
രോഗശാന്തി വരുത്തുകയും മൂന്നാം
നാളിൽ സമാപിക്കയും[n] ചെയ്യും.
33 എങ്കിലും ഇന്നും നാളെയും
മറ്റന്നാളും ഞാൻ[o] സഞ്ചരിക്കേ
ണ്ടതാകുന്നു;[p] യെരൂശലേമിനു
പുറത്തുവച്ച് ഒരു പ്രവാചകൻ[q]
നശിച്ചുപോകുന്നത് അസംഭവ്യ
മല്ലോ എന്നു പറവിൻ. 34 [r]യെരൂ
ശലേമേ, യെരൂശലേമേ, പ്രവാച
കന്മാരെ കൊല്ലുകയും നിന്റെ
അടുക്കൽ അയച്ചിരിക്കുന്നവരെ
കല്ലെറികയും ചെയ്യുന്നവളേ,[s]

16.[p] (ലൂക്കൊ.13:11; അപ്പൊ.പ്ര.10:38; 1കൊരി.5:5; 2കൊരി.12:7); 1ദിന.21:1
[q] ലൂക്കൊ.19:9
17.[r] സങ്കീ.132:18; 1പത്രൊ.3:16
[s] ലൂക്കൊ.18:43
18.[t] ലൂക്കൊ. 13:18,19ക്കു. മത്താ.13:31,32; മർക്കൊ. 4:30 - 32കാ.
19.[u] ലൂക്കൊ.17:6; മത്താ.17:21
21.[v] മത്താ.13:33
[w] ഉല്പ.18:6
[x] 1കൊരി.5:6; ഗലാ.5:9
22.[y] മർക്കൊ.6:6
[z] (ലൂക്കൊ.13:33); ലൂക്കൊ.9:51
23.[a] അപ്പൊ.പ്ര.2:47; 1കൊരി.1:18; 2കൊരി.2:15
24.[b] മത്താ.7:13
[c] 1തിമൊ.4:10; എബ്രാ.12:4; (1തിമൊ.6:12); 1കൊരി.9:25
25.[d] ലൂക്കൊ. 13:25 - 27ക്കു. (മത്താ.25:10 - 12)
[e] മത്താ.7:22,23
[f] മത്താ.10:33;25:12; (2തിമൊ.2:19)
26.[g] (പുറ.24:11)
27.[f] (വാ.25കാ.)
[h] സങ്കീ.6:8
28.[i] മത്താ.8:11,12
29.[i] (വാ.28കാ.)
[j] (ലൂക്കൊ.14:15; 22:30)
30.[k] മത്താ.19:30
31.[l] (മത്താ.19:1; മർക്കൊ.10:1)
[m] ലൂക്കൊ.3:1
32.[n] എബ്രാ.2:10; 5:9; 7:28
33.[o] (യോഹ.11:9)
[p] ലൂക്കൊ.2:49; 4:43;9:22;17:25; 22:37;24:7; അപ്പൊ.പ്ര.3:21;17:3; 1കൊരി.15:25 [q] മത്താ.21:11
34.[r] ലൂക്കൊ.13:34,35ക്കു. മത്താ.23:37 - 39കാ. (ലൂക്കൊ.19:41 - 44) [s] മത്താ.21:35

കോഴി തന്റെ കുഞ്ഞുങ്ങളെ[t] ചിറ
കിൻകീഴിൽ[u] ചേർക്കുംപോലെ
നിന്റെ മക്കളെ[v] എത്ര വട്ടം[w] ചേർ
ത്തുകൊൾവാൻ[x] എനിക്കു മന
സ്സായിരുന്നു;[w] നിങ്ങൾക്കോ മന
സ്സായില്ല.[y] 35 നിങ്ങളുടെ ഭവനം
ശൂന്യമായിത്തീരും;[z] [a]കർത്താവി
ന്റെ നാമത്തിൽ വരുന്നവൻ അനു
ഗ്രഹിക്കപ്പെട്ടവൻ എന്നു നിങ്ങൾ
പറയുവോളം നിങ്ങൾ എന്നെ
കാണുകയില്ല എന്നു ഞാൻ നിങ്ങ
ളോടു പറയുന്നു.

❋ ❋ ❋

***2. ശബ്ബത്തിൽ മഹോദരമുള്ളവനെ സൗഖ്യമാക്കിയത് 7. വിനയം ഉപദേശിച്ചത് 12. ദരിദ്രരെ പോഷിപ്പിക്കണമെന്നത് 15. വലിയ അത്താഴത്തിന്റെ ഉപമ 25. യേശുവിന്റെ ശിഷ്യരാവാൻ കഴിയാത്തവരെക്കുറിച്ച്.***

**14** പരീശപ്രമാണികളിൽ ഒരു
ത്തന്റെ വീട്ടിൽ അവൻ
ഭക്ഷണം കഴിപ്പാൻ ശബ്ബത്തിൽ
ചെന്നപ്പോൾ[a] അവർ അവനെ ഉറ്റു
നോക്കിക്കൊണ്ടിരുന്നു.[b] 2 മഹോ
ദരമുള്ളൊരു മനുഷ്യൻ അവന്റെ
മുമ്പിൽ ഉണ്ടായിരുന്നു. 3 യേശു
ന്യായശാസ്ത്രിമാരോടും പരീശന്മാ
രോടും:[c] ശബ്ബത്തിൽ സൗഖ്യമാക്കു
ന്നത് വിഹിതമോ അല്ലയോ[d] എ
ന്നു ചോദിച്ചു. അവരോ മിണ്ടാതി
രുന്നു. 4 അവൻ അവനെ തൊട്ടു
സൗഖ്യമാക്കി വിട്ടയച്ചു. 5 പിന്നെ
അവരോട്: നിങ്ങളിൽ ഒരുത്തന്റെ
മകനോ കാളയോ ശബ്ബത്തുനാളിൽ
കിണറ്റിൽ വീണാൽ 6 ക്ഷണ
ത്തിൽ വലിച്ചെടുക്കയില്ലയോ[e]
എന്നു ചോദിച്ചതിന് പ്രത്യുത്തരം
പറവാൻ അവർക്കു കഴിഞ്ഞില്ല.[f]
7 ക്ഷണിക്കപ്പെട്ടവർ മുഖ്യാസന
ങ്ങളെ തിരഞ്ഞെടുക്കുന്നതു[g] ക
ണ്ടിട്ട് അവൻ അവരോട് ഒരു ഉപമ
പറഞ്ഞു: 8 ഒരുത്തൻ നിന്നെ
കല്യാണത്തിനു വിളിച്ചാൽ മുഖ്യാ
സനത്തിൽ ഇരിക്കരുത്; പക്ഷേ
നിന്നിലും മാനമേറിയവനെ അവൻ
വിളിച്ചിരിക്കാം. 9 പിന്നെ നിന്നെയും
അവനെയും ക്ഷണിച്ചവൻ വന്ന്:
ഇവന് ഇടം കൊടുക്ക എന്നു നി
ന്നോടു പറയുമ്പോൾ നീ നാണ
ത്തോടെ ഒടുക്കത്തെ സ്ഥലത്തു
പോയി ഇരിക്കേണ്ടിവരും. 10 നി
ന്നെ വിളിച്ചാൽ ചെന്ന് ഒടുക്ക
ത്തെ സ്ഥലത്ത് ഇരിക്ക; നിന്നെ
ക്ഷണിച്ചവൻ വരുമ്പോൾ നിന്നോ
ട്: സ്നേഹിതാ, മുമ്പോട്ടു വന്ന്
ഇരിക്ക എന്നു പറവാൻ ഇടവര
ട്ടെ;[h] അപ്പോൾ പന്തിയിൽ ഇരി
ക്കുന്നവരുടെ മുമ്പിൽ നിനക്കു
മാനം ഉണ്ടാകും. 11 തന്നെത്താൻ
ഉയർത്തുന്നവൻ എല്ലാം താഴ്ത്ത
പ്പെടും; തന്നെത്താൻ താഴ്ത്തുന്ന
വൻ ഉയർത്തപ്പെടും.[i]
12 തന്നെ ക്ഷണിച്ചവനോട് അ
വൻ പറഞ്ഞത്: നീ ഒരു മുത്താഴ
മോ അത്താഴമോ[j] കഴിക്കുമ്പോൾ
സ്നേഹിതന്മാരെയും സഹോദര
ന്മാരെയും ചാർച്ചക്കാരെയും സമ്പ
ത്തുള്ള അയൽക്കാരെയും വിളി
ക്കരുത്; അവർ നിന്നെ അങ്ങോട്ടും
വിളിച്ചിട്ടു നിനക്കു പ്രത്യുപകാരം
ചെയ്യും.[k] 13 നീ വിരുന്നു കഴിക്കു
മ്പോൾ ദരിദ്രന്മാർ, അംഗഹീനന്മാർ,
മുടന്തന്മാർ, കുരുടന്മാർ എന്നി
വരെ[l] ക്ഷണിക്ക;[m] 14 എന്നാൽ
നീ ഭാഗ്യവാനാകും; നിനക്കു പ്രത്യു
പകാരം ചെയ്‌വാൻ അവർക്കു
വകയില്ലല്ലോ; നീതിമാന്മാരുടെ
പുനരുത്ഥാന[n]ത്തിൽ[o] നിനക്കു
പ്രത്യുപകാരം ഉണ്ടാകും.
15 കൂടെ പന്തിയിലിരുന്നവരിൽ
ഒരുത്തൻ ഇതു കേട്ടിട്ട്: ദൈവരാജ്യ
ത്തിൽ ഭക്ഷണം കഴിക്കുന്നവൻ[p]
ഭാഗ്യവാൻ[q] എന്ന് അവനോട് പറ
ഞ്ഞു; 16 [r]അവനോട് അവൻ പറ
ഞ്ഞത്: ഒരു മനുഷ്യൻ വലിയൊരു
അത്താഴം ഒരുക്കി[s] പലരെയും
ക്ഷണിച്ചു. 17 അത്താഴസമയത്ത്
അവൻ തന്റെ ദാസനെ അയച്ച്[t]
ആ ക്ഷണിച്ചവരോട്: എല്ലാം ഒരു
ങ്ങിയിരിക്കുന്നു; വരുവിൻ എന്നു
പറയിച്ചു. 18 എല്ലാവരും ഒരു
പോലെ ഒഴികഴിവു പറഞ്ഞുതുട
ങ്ങി; ഒന്നാമത്തവൻ അവനോട്:
ഞാൻ ഒരു നിലം കൊണ്ടതിനാൽ

34. [t] *(ആവ.32:11,12)*
[u] *രൂത്ത്.2:12*
[v] *ലൂക്കൊ.23:28*
[w] *(മത്താ.26:55)*
[x] *(സങ്കീ.147:2; സദൃ.1:24)*
[y] *യോഹ.5:40*
35. [z] *(യെശ.64:11; യിരെ.12:7;22:5)*
[a] *ലൂക്കൊ.19:38;* ***സങ്കീ.118:26***

**അധ്യായം 14**

1. [a] *ലൂക്കൊ.7:36; 11:37*
[b] *ലൂക്കൊ.20:20; മർക്കൊ.3:2*
3. [c] *ലൂക്കൊ.7:30*
[d] *ലൂക്കൊ.13:14; മത്താ.12:10*
6. [e] *ലൂക്കൊ.13:15; (ആവ.22:4; മത്താ.12:11)*
[f] *(മത്താ.22:46)*
7. [g] *ലൂക്കൊ.11:43*
10. [h] *സദൃ.25:6,7*
11. [i] *ലൂക്കൊ.18:14; (സദൃ.29:23; യെഹെ.21:26; മത്താ.18:4; യാക്കോ.4:6,10; 1പത്രൊ.5:6)*
12. [j] *യോഹ.21:12*
[k] *(ലൂക്കൊ.6:34)*
13. [l] *ലൂക്കൊ.14:21*
[m] *(നെഹെ.8:10,12; എസ്ഥേ.9:21)*
14. [n] *അപ്പൊ.പ്ര.24:15*
[o] *1കൊരി.15:23; 1തെസ്സ.4:16; (യോഹ.11:24; വെളി.20:4,5)*
15. [p] *(ലൂക്കൊ.13:29;22:16,30)*
[q] *വെളി.19:9*
16. [r] *ലൂക്കൊ.14:16-24ക്കു. (മത്താ.22:2-14)*
[s] *(യെശ.25:6)*
17. [t] *(എസ്ഥേ.6:14; സദൃ.9:3,5)*

അതു ചെന്നു കാണേണ്ടുന്ന ആവ
ശ്യം ഉണ്ട്; എന്നോടു ക്ഷമിച്ചുകൊ
ള്ളേണം എന്നു ഞാൻ അപേക്ഷി
ക്കുന്നു എന്നു പറഞ്ഞു. 19 മറ്റൊ
രുത്തൻ: ഞാൻ അഞ്ചേർ കാളയെ
കൊണ്ടിട്ടുണ്ട്; അവയെ ശോധന
ചെയ്‌വാൻ പോകുന്നു; എന്നോടു
ക്ഷമിച്ചുകൊള്ളേണം എന്നു ഞാൻ
അപേക്ഷിക്കുന്നു എന്നു പറഞ്ഞു.
20 വേറൊരുത്തൻ: ഞാൻ ഇപ്പോൾ
വിവാഹം കഴിച്ചിരിക്കുന്നു;[u] വരു
വാൻ കഴിവില്ല എന്നു പറഞ്ഞു.
21 ദാസൻ മടങ്ങിവന്നു യജമാന
നോട് അറിയിച്ചു. അപ്പോൾ വീട്ടു
ടയവൻ കോപിച്ചു ദാസനോട്: നീ
വേഗം പട്ടണത്തിലെ വീഥികളി
ലും ഇടത്തെരുക്കളിലും ചെന്നു
ദരിദ്രന്മാർ, അംഗഹീനന്മാർ, കുരു
ടന്മാർ, മുടന്തന്മാർ എന്നിവരെ[v]
കൂട്ടിക്കൊണ്ടുവരിക എന്നു കല്പി
ച്ചു. 22 പിന്നെ ദാസൻ: യജമാനനേ,
കല്പിച്ചതു ചെയ്തിരിക്കുന്നു; ഇ
നിയും സ്ഥലം ഉണ്ട് എന്നു പറ
ഞ്ഞു. 23 യജമാനൻ ദാസനോട്:
നീ പെരുവഴികളിലും വേലികൾ
ക്കരികെയും പോയി, എന്റെ വീടു
നിറയേണ്ടതിനു കണ്ടവരെ അകത്തു
വരുവാൻ നിർബന്ധിക്ക.[w] 24 ആ
ക്ഷണിച്ച പുരുഷന്മാർ ആരും എ
ന്റെ അത്താഴം ആസ്വദിക്കയില്ല[x]
എന്നു ഞാൻ നിങ്ങളോടു പറ
യുന്നു എന്നു പറഞ്ഞു.
25 ഏറിയ പുരുഷാരം അവനോ
ടുകൂടെ പോകുമ്പോൾ അവൻ
തിരിഞ്ഞ് അവരോട് പറഞ്ഞത്:
26 എന്റെ അടുക്കൽ വരികയും[y]
അപ്പനെയും അമ്മയെയും ഭാര്യ
യെയും മക്കളെയും സഹോദരന്മാ
രെയും[z] സഹോദരികളെയും സ്വന്ത
ജീവനെയുംകൂടെ[a] പകയ്ക്കാതി
രിക്കയും ചെയ്യുന്നവന് എന്റെ
ശിഷ്യനായിരിപ്പാൻ കഴികയില്ല.
27 തന്റെ ക്രൂശ് എടുത്തുകൊണ്ട്[b]
എന്റെ പിന്നാലെ വരാത്തവനും
എന്റെ ശിഷ്യനായിരിപ്പാൻ കഴിക
യില്ല.[c] 28 നിങ്ങളിൽ ആരെങ്കിലും
ഒരു ഗോപുരം പണിവാൻ ഇച്ഛി
ച്ചാൽ ആദ്യം ഇരുന്ന്[d] അതു തീർ
പ്പാൻ വക ഉണ്ടോ എന്നു കണക്കു
നോക്കുന്നില്ലയോ?[d] 29 അല്ലെങ്കിൽ
അടിസ്ഥാനം ഇട്ടശേഷം തീർപ്പാൻ
വകയില്ല എന്നു വന്നേക്കാം; കാ
ണുന്നവർ എല്ലാം: 30 ഈ മനു
ഷ്യൻ പണിവാൻ തുടങ്ങി, തീർ
പ്പാനോ വകയില്ല എന്നു പരിഹ
സിക്കുമല്ലോ. 31 അല്ല, ഒരു രാജാ
വ് മറ്റൊരു രാജാവിനോടു പട
ഏല്പാൻ പുറപ്പെടുംമുമ്പേ ഇരു
ന്ന്, ഇരുപതിനായിരവുമായി വരു
ന്നവനോട് താൻ പതിനായിരവു
മായി എതിർപ്പാൻ മതിയോ എന്ന്
ആലോചിക്കുന്നില്ലയോ?[e] 32 പോ
രാ എന്നു വരികിൽ മറ്റവൻ ദൂര
ത്തിരിക്കുമ്പോൾ തന്നെ സ്ഥാനാ
പതികളെ അയച്ചു സമാധാനത്തി
നായി അപേക്ഷിക്കുന്നു. 33 അങ്ങ
നെതന്നെ നിങ്ങളിൽ ആരെങ്കിലും[f]
തനിക്കുള്ളതൊക്കെയും വിട്ടുപിരി
യുന്നില്ല എങ്കിൽ[g] അവനു എന്റെ
ശിഷ്യനായിരിപ്പാൻ കഴികയില്ല.
34 ഉപ്പ് നല്ലതു തന്നെ;[h] ഉപ്പ് കാര
മില്ലാതെപോയാൽ എന്തൊന്നു
കൊണ്ട് അതിനു രസം വരുത്തും?[i]
35 പിന്നെ നിലത്തിനും വളത്തിനും
കൊള്ളുന്നതല്ല; അതിനെ പുറ
ത്തുകളയും. കേൾപ്പാൻ ചെവി
ഉള്ളവൻ കേൾക്കട്ടെ.[j]

❋ ❋ ❋

***3. നഷ്ടമായ ആടിന്റെയും 8. കാണാതെ പോയ ദ്രഹ്മപ്പണത്തിന്റെയും 11. മുടിയനായ പുത്രന്റെയും ഉപമ.***

**15** ചുങ്കക്കാരും പാപികളും[a]
എല്ലാം അവന്റെ വചനം
കേൾപ്പാൻ അവന്റെ അടുക്കൽ

20.[u] *ആവ.24:5*
21.[v] *ലൂക്കൊ.14:13*
23.[w] *മത്താ.14:22; മർക്കൊ.6:45*
24.[x] *മത്താ.21:43; അപ്പൊ.പ്ര.13:46*
26.[y] *ലൂക്കൊ.14:33; മത്താ.10:37; (ആവ.33:9)*
[z] *ലൂക്കൊ.16:13*
[a] *യോഹ.12:25; അപ്പൊ.പ്ര.20:24; വെളി.12:11*
27.[b] *യോഹ.19:17*
[c] *ലൂക്കൊ.9:23; മത്താ.10:38;16:24 മർക്കൊ.8:34*
28.[d] *(സദൃ.24:27)*
31.[e] *ലൂക്കൊ.14:28*
33.[f] *(ഫിലി.3:7)*
[g] *(ലൂക്കൊ.14:26; 18:28)*
34.[h] *മർക്കൊ.9:50*
[i] *മത്താ.5:13*
35.[j] *മത്താ.11:15*

**അധ്യായം 15**

1.[a] *മത്താ.11:19*

14:27 ***ക്രൂശ്:*** റോമക്കാർ കുറ്റവാളികളെ ക്രൂശിൽ തറച്ചു കൊന്നിരുന്നതിനാൽ ക്രൂശ് കഷ്ടതയുടെ പ്രതീകമായിരുന്നു. ക്രൂശിലെ മരണം സാവധാനവും വേദനാജനകവുമാണ്. ശ്വാസം ലഭിക്കാതെ പിടഞ്ഞു മരിക്കുന്ന അനുഭവമാണ് പലർക്കുമുണ്ടാകുക (മത്താ. 10:38; 16:24; മർക്കൊ. 8:34; ലൂക്കൊ. 9:23.)

വന്നു. 2 ഇവൻ പാപികളെ കൈ
ക്കൊണ്ട്[b] അവരോടുകൂടി ഭക്ഷി
ക്കുന്നു[c] എന്നു പരീശന്മാരും ശാ
സ്ത്രിമാരും പറഞ്ഞു പിറുപിറു
ത്തു.[d] 3 അവരോട് അവൻ ഈ
ഉപമ പറഞ്ഞു: 4 [e]നിങ്ങളിൽ ഒരു
ആൾക്ക് നൂറ് ആടുണ്ട് എന്നിരി
ക്കട്ടെ. അതിൽ ഒന്നു കാണാതെ
പോയാൽ[f] അവൻ തൊണ്ണൂറ്റൊമ്പ
തിനെയും മരുഭൂമിയിൽ[g] വിട്ടേച്ചു,
ആ കാണാതെപോയതിനെ കണ്ടെ
ത്തുംവരെ നോക്കി നടക്കാതിരി
ക്കുമോ?[h] 5 കണ്ടുകിട്ടിയാൽ
സന്തോഷിച്ചു ചുമലിൽ എടുത്തു[i]
6 വീട്ടിൽ വന്നു സ്നേഹിതന്മാ
രെയും അയൽക്കാരെയും വിളിച്ചു
കൂട്ടി: കാണാതെ പോയ എന്റെ
ആടിനെ കണ്ടുകിട്ടിയതുകൊണ്ട്[j]
എന്നോടുകൂടെ സന്തോഷിപ്പിൻ
എന്ന് അവരോടു പറയും. 7 അ
ങ്ങനെതന്നെ മാനസാന്തരംകൊ
ണ്ട് ആവശ്യമില്ലാത്ത തൊണ്ണൂറ്റൊ
മ്പത് നീതിമാന്മാരെക്കുറിച്ചുള്ളതി
നെക്കാൾ[k] മാനസാന്തരപ്പെടുന്ന[l]
ഒരു പാപിയെച്ചൊല്ലി സ്വർഗത്തിൽ
അധികം സന്തോഷം ഉണ്ടാകും
എന്നു ഞാൻ നിങ്ങളോടു പറയുന്നു.

8 അല്ല, ഒരു സ്ത്രീക്കു പത്തു
ദ്രഹ്മ ഉണ്ട് എന്നിരിക്കട്ടെ; ഒരു
ദ്രഹ്മ കാണാതെ പോയാൽ അവൾ
വിളക്കു കത്തിച്ചു വീട് അടിച്ചു
വാരി അതു കണ്ടുകിട്ടുംവരെ
സൂക്ഷ്മത്തോടെ അന്വേഷിക്കാ
തിരിക്കുമോ? 9 കണ്ടുകിട്ടിയാൽ
സ്നേഹിതമാരെയും അയൽക്കാര
ത്തികളെയും വിളിച്ചുകൂട്ടി: കാണാ
തെപോയ ദ്രഹ്മ കണ്ടുകിട്ടിയതു
കൊണ്ട് എന്നോടുകൂടെ സന്തോ
ഷിപ്പിൻ എന്നു പറയും. 10 അങ്ങ
നെതന്നെ മാനസാന്തരപ്പെടുന്ന
ഒരു പാപിയെക്കുറിച്ചു ദൈവദൂത
ന്മാരുടെ[m] മധ്യേ സന്തോഷം ഉണ്ടാ
കും എന്നു ഞാൻ നിങ്ങളോടു
പറയുന്നു.

11 പിന്നെയും അവൻ പറഞ്ഞ
ത്: ഒരു മനുഷ്യനു രണ്ടു പുത്ര
ന്മാർ ഉണ്ടായിരുന്നു. 12 അവരിൽ
ഇളയവൻ അപ്പനോട്: അപ്പാ,
വസ്തുവിൽ എനിക്കു വരേണ്ടുന്ന
പങ്കു[n] തരേണമേ എന്നു പറഞ്ഞു;
അവൻ അവർക്കു മുതൽ[o] പകു
ത്തുകൊടുത്തു. 13 ഏറെനാൾ
കഴിയും മുമ്പേ ഇളയമകൻ സക
ലവും സ്വരൂപിച്ചു ദൂരദേശത്തേക്കു
യാത്രയായി അവിടെ ദുർന്നടപ്പുകാ
രനായി ജീവിച്ചു[p] വസ്തു നാനാ
വിധമാക്കിക്കളഞ്ഞു. 14 എല്ലാം
ചെലവഴിച്ചശേഷം ആ ദേശത്തു
കഠിനക്ഷാമം ഉണ്ടായിട്ട് അവനു
മുട്ടു വന്നുതുടങ്ങി. 15 അവൻ ആ
ദേശത്തിലെ പൗരന്മാരിൽ ഒരു
ത്തനെ ചെന്ന് ആശ്രയിച്ചു; അവൻ
അവനെ തന്റെ വയലിൽ പന്നി
കളെ മേയ്പാൻ അയച്ചു. 16 പന്നി
തിന്നുന്ന വാളവരകൊണ്ടു വയറു
നിറപ്പാൻ അവൻ ആഗ്രഹിച്ചു,[q]
എങ്കിലും ആരും അവനു കൊടു
ത്തില്ല. 17 അപ്പോൾ സുബോധം[r]
വന്നിട്ട് അവൻ:[s] എന്റെ അപ്പന്റെ
എത്ര കൂലിക്കാർ ഭക്ഷണം കഴിച്ചു
ശേഷിപ്പിക്കുന്നു; ഞാനോ വിശപ്പു
കൊണ്ട് നശിച്ചുപോകുന്നു. 18 ഞാൻ
എഴുന്നേറ്റ് അപ്പന്റെ അടുക്കൽ
ചെന്ന് അവനോട്: അപ്പാ, ഞാൻ
സ്വർഗത്തോടും[t] നിന്നോടും പാപം
ചെയ്തിരിക്കുന്നു.[u] 19 ഇനി നിന്റെ
മകൻ എന്ന പേരിനു ഞാൻ യോഗ്യ
നല്ല;[v] നിന്റെ കൂലിക്കാരിൽ ഒരു
ത്തനെപ്പോലെ എന്നെ ആക്കേണ
മേ എന്നു പറയും എന്നു പറഞ്ഞു.
20 അങ്ങനെ അവൻ എഴുന്നേറ്റ്
അപ്പന്റെ അടുക്കൽ പോയി. ദൂര
ത്തുനിന്നുതന്നെ അപ്പൻ അവനെ
കണ്ടു മനസ്സലിഞ്ഞ് ഓടിച്ചെന്ന്[w]
അവന്റെ കഴുത്തു കെട്ടിപ്പിടിച്ച്[x]
അവനെ ചുംബിച്ചു.[y] 21 മകൻ
അവനോട്: അപ്പാ, ഞാൻ സ്വർഗ
ത്തോടും നിന്നോടും പാപം ചെ
യ്തിരിക്കുന്നു; ഇനി നിന്റെ മകൻ
എന്നു വിളിക്കപ്പെടുവാൻ യോഗ്യ
നല്ല[v] എന്നു പറഞ്ഞു. 22 അപ്പൻ
തന്റെ ദാസന്മാരോട്: വേഗം മേ
ല്ത്തരമായ അങ്കി[z] കൊണ്ടുവന്ന്
ഇവനെ ധരിപ്പിപ്പിൻ; ഇവന്റെ

2.[b] (ലൂക്കൊ.7:39)
[c] ലൂക്കൊ.5:30;
മത്താ.9:11;11:19;
മർക്കൊ.2:16;
(അപ്പൊ.പ്ര.11:3;
1കൊരി.5:11;
ഗലാ.2:12)
[d] ലൂക്കൊ.19:7;
(പുറ.16:2,7,8;
സംഖ്യാ.14:2;
യോശു.9:18)
4.[e] ലൂക്കൊ.
15:4 - 7ക്കു.
(മത്താ.18:12 - 14)
[f] യെഹെ.34:6;
(1പത്രൊ.2:25)
[g] പുറ.3:1;
1ശമൂ.17:28
[h] യെഹെ.34:4,
11,12,16;
(ലൂക്കൊ.19:10)
5.[i] (യെശ.40:11;
49:22; 60:4;66:12)
6.[j] 1പത്രൊ.2:25
7.[k] (ലൂക്കൊ.5:32;
മത്താ.9:13)
[l] ലൂക്കൊ.15:9,10;5:32
10.[m] ലൂക്കൊ.12:8
12.[n] ആവ.21:17
[o] ലൂക്കൊ.15:30;
മർക്കൊ.12:44
13.[p] (എഫെ.5:18;
തീത്തൊ.1:6;
1പത്രൊ.4:4)
16.[q] (ലൂക്കൊ.16:21)
17.[r] (അപ്പൊ.പ്ര.12:11)
[s] (1രാജാ.8:47)
18.[t] മത്താ.21:25;
യോഹ.3:27
[u] (പുറ.10:16)
19.[v] (ലൂക്കൊ.7:6,7)
20.[w] (യാക്കോ.4:8)
[x] ഉൽപ.33:4;
45:14;46:29;
അപ്പൊ.പ്ര.20:38
[y] 2ശമൂ.14:33;
മത്താ.26:49
21.[v] (വാ.19 കാ.)
22.[z] സെഖ.3:3 - 5

കൈക്കു മോതിരവും[a] കാലിനു
ചെരിപ്പും[b] ഇടുവിപ്പിൻ. 23 തടിച്ച
കാളക്കുട്ടിയെ[c] കൊണ്ടുവന്ന്
അറുപ്പിൻ; നാം തിന്ന് ആനന്ദിക്ക.[d]
24 ഈ എന്റെ മകൻ മരിച്ചവനാ
യിരുന്നു;[e] വീണ്ടും ജീവിച്ചു; കാ
ണാതെ പോയിരുന്നു; കണ്ടുകിട്ടി
യിരിക്കുന്നു എന്നു പറഞ്ഞു; അ
ങ്ങനെ അവർ ആനന്ദിച്ചുതുടങ്ങി.
25 അവന്റെ മൂത്തമകൻ വയലിൽ
ആയിരുന്നു; അവൻ വന്നു വീട്ടി
നോട് അടുത്തപ്പോൾ വാദ്യവും
നൃത്തഘോഷവും കേട്ടു, 26 ബാല്യ
ക്കാരിൽ ഒരുത്തനെ വിളിച്ച്: ഇ
തെന്ത് എന്നു ചോദിച്ചു. 27 അവൻ
അവനോട്: നിന്റെ സഹോദരൻ
വന്നു; നിന്റെ അപ്പൻ അവനെ
സൗഖ്യത്തോടെ കിട്ടിയതുകൊണ്ട്
തടിച്ച കാളക്കുട്ടിയെ അറുത്തു
എന്നു പറഞ്ഞു. 28 അപ്പോൾ അ
വൻ കോപിച്ച്, അകത്തു കടപ്പാൻ
മനസ്സില്ലാതെ നിന്നു; അപ്പൻ
പുറത്തു വന്ന് അവനോട് അപേ
ക്ഷിച്ചു. 29 അവൻ അവനോട്:
ഇത്ര കാലമായി ഞാൻ നിന്നെ
സേവിക്കുന്നു; നിന്റെ കല്പന ഒരി
ക്കലും ലംഘിച്ചിട്ടില്ല; എന്നാൽ
എന്റെ ചങ്ങാതികളുമായി ആനന്ദി
ക്കേണ്ടതിനു[f] നീ ഒരിക്കലും എനി
ക്ക് ഒരു ആട്ടിൻകുട്ടിയെ തന്നിട്ടില്ല.
30 വേശ്യമാരോടുകൂടി നിന്റെ
മുതൽ[g] തിന്നുകളഞ്ഞ[h] ഈ നിന്റെ
മകൻ വന്നപ്പോഴേക്കോ, തടിച്ച
കാളക്കുട്ടിയെ അവനുവേണ്ടി അറു
ത്തുവല്ലോ എന്ന് ഉത്തരം പറ
ഞ്ഞു. 31 അതിന് അവൻ അവ
നോട്: മകനേ, നീ എപ്പോഴും
എന്നോടുകൂടെ ഇരിക്കുന്നുവല്ലോ;[i]
എനിക്കുള്ളത് എല്ലാം നിന്റേത്
ആകുന്നു. 32 നിന്റെ ഈ
സഹോദരനോ മരിച്ചവനായിരുന്നു;[j]
വീണ്ടും ജീവിച്ചു; കാണാതെ പോ
യിരുന്നു; കണ്ടു കിട്ടിയിരിക്കുന്നു.
ആകയാൽ ആനന്ദിച്ചു[f] സന്തോഷി
ക്കേണ്ടതാവശ്യമായിരുന്നു എന്നു
പറഞ്ഞു.

✵ ✵ ✵

22.[a] *ഉൽപ.41:42; എസ്ഥേ.3:10;8:2*
[b] *യെഹെ.16:10*
23.[c] *(1ശമൂ.28:24)*
[d] *ലൂക്കൊ.12:19*
24.[e] *ലൂക്കൊ.15:32; (റോമ.11:15; എഫെ.2:1; കൊലൊ.2:13; വെളി.3:1)*
29.[f] *ലൂക്കൊ.15:23*
30.[g] *ലൂക്കൊ.15:12*
[h] *സദൃ.29:3*
31.[i] *യോഹ.8:35*
32.[j] *ലൂക്കൊ.15:24*
[f] *(വാ. 29 കാ.)*

***1. അനീതിയുള്ള കാര്യവിചാരകന്റെ ഉപമ 14. ദ്രവ്യാഗ്രഹികളായ പരീശരെ ആക്ഷേപിച്ചത് 19. ധനവാന്റെയും ദരിദ്രനായ ലാസറിന്റെയും ഉപമ.***

**16** പിന്നെ അവൻ ശിഷ്യന്മാ
രോടു പറഞ്ഞത്: ധനവാനാ
യൊരു മനുഷ്യന് ഒരു കാര്യവി
ചാരകൻ[a] ഉണ്ടായിരുന്നു; അവൻ
അവന്റെ വസ്തുവക നാനാവിധമാ
ക്കുന്നു എന്നു ചിലർ അവനെ
കുറ്റം പറഞ്ഞു. 2 അവൻ അവനെ
വിളിച്ച്: നിന്നെക്കൊണ്ട് ഈ കേൾ
ക്കുന്നത് എന്ത്? നിന്റെ കാര്യവി
ചാരത്തിന്റെ കണക്ക്[b] ഏല്പിച്ചു
തരിക; നീ ഇനി കാര്യവിചാരക
നായിരിപ്പാൻ പാടില്ല എന്നു പറ
ഞ്ഞു. 3 എന്നാറെ കാര്യവിചാര
കൻ: ഞാൻ എന്തു ചെയ്യേണ്ടൂ?
യജമാനൻ കാര്യവിചാരത്തിൽ
നിന്ന് എന്നെ നീക്കുവാൻ പോകു
ന്നു; കിളപ്പാൻ എനിക്കു പ്രാപ്തി
യില്ല; ഇരപ്പാൻ ഞാൻ നാണിക്കു
ന്നു. 4 എന്നെ കാര്യവിചാരത്തിൽ
നിന്നു നീക്കിയാൽ അവർ എന്നെ
തങ്ങളുടെ വീടുകളിൽ ചേർത്തു
കൊൾവാൻ തക്കവണ്ണം ഞാൻ
ചെയ്യേണ്ടത് എന്ത് എന്ന് എനിക്ക്
അറിയാം എന്ന് ഉള്ളുകൊണ്ടു
പറഞ്ഞു. 5 പിന്നെ അവൻ യജ
മാനന്റെ കടക്കാരിൽ ഓരോരുത്ത
നെ വരുത്തി ഒന്നാമത്തവനോട്:
നീ യജമാനന് എത്ര കടംപെട്ടിരി
ക്കുന്നു എന്നു ചോദിച്ചു. 6 നൂറു
കുടം എണ്ണ എന്ന് അവൻ പറ
ഞ്ഞു. അവൻ അവനോട്: നിന്റെ
കൈച്ചീട്ടു വാങ്ങി വേഗം ഇരുന്ന്
അമ്പത് എന്ന് എഴുതുക എന്നു
പറഞ്ഞു. 7 അതിന്റെ ശേഷം
മറ്റൊരുത്തനോട്: നീ എത്ര കടം
പെട്ടിരിക്കുന്നു എന്നു ചോദിച്ചു.
നൂറു പറ കോതമ്പ് എന്ന് അവൻ
പറഞ്ഞു; അവനോട്: നിന്റെ കൈ
ച്ചീട്ടു വാങ്ങി എൺപത് എന്ന്
എഴുതുക എന്നു പറഞ്ഞു. 8 ഈ
അനീതിയുള്ള കാര്യവിചാരകൻ[c]
ബുദ്ധിയോടെ[d] പ്രവർത്തിച്ചതു

**അധ്യായം 16**

1.[a] *ലൂക്കൊ.12:42*
2.[b] *1തിമൊ.1:3; 1കൊരി.9:17*
8.[c] *(ലൂക്കൊ.18:6)*
[d] *മത്താ.25:2*

കൊണ്ടു യജമാനൻ അവനെ
പുകഴ്ത്തി; വെളിച്ചമക്കളെക്കാൾ[e]
ഈ ലോകത്തിന്റെ മക്കൾ[f] തങ്ങ
ളുടെ തലമുറയിൽ ബുദ്ധിയേറിയ[d]
വരല്ലോ. **9** അനീതിയുള്ള മാമ്മോ
നെ[g]ക്കൊണ്ടു നിങ്ങൾക്കു സ്നേ
ഹിതന്മാരെ ഉണ്ടാക്കിക്കൊൾ[h]വിൻ
എന്നു ഞാൻ നിങ്ങളോടു പറയു
ന്നു. അത് ഇല്ലാതെയാകുമ്പോൾ
അവർ നിത്യകൂടാരങ്ങളിൽ നിങ്ങ
ളെ ചേർത്തുകൊൾവാൻ ഇടയാ
കും. **10** അത്യല്പത്തിൽ വിശ്വ
സ്ത[i]നായവൻ[j] അധികത്തിലും
വിശ്വസ്തൻ; അത്യല്പത്തിൽ നീ
തികെട്ടവൻ അധികത്തിലും നീതി
കെട്ടവൻ. **11** നിങ്ങൾ അനീതിയുള്ള
മാമ്മോനിൽ വിശ്വസ്തരായില്ല എ
ങ്കിൽ സത്യമായത് നിങ്ങളെ ആർ
ഭരമേല്പിക്കും? **12** അന്യമായ
തിൽ[k] വിശ്വസ്തരായില്ല എങ്കിൽ
നിങ്ങൾക്കു സ്വന്തമായത് ആർ
തരും? **13** രണ്ടു യജമാനന്മാരെ
സേവിപ്പാൻ ഒരു ഭൃത്യനും കഴിക
യില്ല;[g] അവൻ ഒരുവനെ പകച്ചു
മറ്റവനെ സ്നേഹിക്കും; അല്ലെ
ങ്കിൽ ഒരുത്തനോട് പറ്റിച്ചേർന്നു
മറ്റവനെ നിരസിക്കും. നിങ്ങൾക്കു
ദൈവത്തെയും മാമ്മോനെയും
സേവിപ്പാൻ കഴികയില്ല.
**14** ഇതൊക്കെയും ദ്രവ്യാഗ്രഹി
കളായ[l] പരീശന്മാർ[m] കേട്ട് അവനെ
പരിഹസിച്ചു.[n] **15** അവൻ അവ
രോട് പറഞ്ഞത്: നിങ്ങൾ നിങ്ങളെ
ത്തന്നെ മനുഷ്യരുടെ മുമ്പാകെ
നീതീകരിക്കുന്നവർ[o] ആകുന്നു;
ദൈവമോ നിങ്ങളുടെ ഹൃദയം
അറിയുന്നു;[p] മനുഷ്യരുടെ ഇട
യിൽ ഉന്നതമായത് ദൈവത്തിന്റെ
മുമ്പാകെ അറപ്പത്രേ.[q] **16** ന്യായ
പ്രമാണത്തിന്റെയും പ്രവാചക
ന്മാരുടെയും കാലം യോഹന്നാൻ
വരെ ആയിരുന്നു;[r] അന്നുമുതൽ
ദൈവരാജ്യത്തെ[s] സുവിശേഷിച്ചു
വരുന്നു; എല്ലാവരും ബലാൽക്കാ
രേണ[t] അതിൽ കടപ്പാൻ നോക്കു
ന്നു. **17** ന്യായപ്രമാണത്തിൽ ഒരു
പുള്ളി വീണുപോകുന്നതിനെക്കാൾ
ആകാശവും ഭൂമിയും ഒഴിഞ്ഞു
പോകുന്നത് എളുപ്പം.[u] **18** ഭാര്യയെ
ഉപേക്ഷിച്ചു മറ്റൊരുത്തിയെ വി
വാഹം കഴിക്കുന്നവൻ എല്ലാം
വ്യഭിചാരം ചെയ്യുന്നു; ഭർത്താവ്
ഉപേക്ഷിച്ചവളെ വിവാഹം കഴിക്കു
ന്നവനും വ്യഭിചാരം ചെയ്യുന്നു.[v]
**19** ധനവാനായൊരു മനുഷ്യൻ
ഉണ്ടായിരുന്നു; അവൻ ധൂമ്രവ
സ്ത്രവും പട്ടും[w] ധരിച്ചു ദിനംപ്രതി
ആഡംബരത്തോടെ സുഖിച്ചു
കൊണ്ടിരുന്നു.[x] **20** ലാസർ എന്നു
പേരുള്ളൊരു ദരിദ്രൻ വ്രണം നിറ
ഞ്ഞവനായി അവന്റെ പടിപ്പുര
യ്ക്കൽ കിടന്നു[y] **21** ധനവാന്റെ
മേശയിൽനിന്നു വീഴുന്നതു[z] തിന്നു
വിശപ്പടക്കുവാൻ ആഗ്രഹിച്ചു;
നായ്ക്കളും വന്ന് അവന്റെ വ്രണം
നക്കും. **22** ആ ദരിദ്രൻ മരിച്ച
പ്പോൾ ദൂതന്മാർ[a] അവനെ അബ്രാ
ഹാമിന്റെ മടിയിലേക്കു[b] കൊണ്ടു
പോയി. **23** ധനവാനും മരിച്ച് അട
ക്കപ്പെട്ടു; പാതാളത്തിൽ[c] യാതന
അനുഭവിക്കുമ്പോൾ മേലോട്ടു
നോക്കി ദൂരത്തുനിന്ന് അബ്രാഹാ
മിനെയും[d] അവന്റെ മടിയിൽ[b] ലാസ
റിനെയും കണ്ടു: **24** അബ്രാഹാം[e]
പിതാവേ, എന്നോടു കനിവുണ്ടാ
കേണമേ; ലാസർ വിരലിന്റെ അറ്റം
വെള്ളത്തിൽ മുക്കി എന്റെ നാവി
നെ തണുപ്പിക്കേണ്ടതിന്[f] അവനെ
അയയ്ക്കേണമേ; ഞാൻ ഈ ജ്വാ
ലയിൽ കിടന്നു വേദന അനുഭവി
ക്കുന്നു[g] എന്നു വിളിച്ചുപറഞ്ഞു.
**25** അബ്രാഹാം: മകനേ, നിന്റെ
ആയുസ്സിൽ നീ നന്മയും ലാസർ
അവ്വണ്ണം തിന്മയും പ്രാപിച്ചു[h]
എന്ന് ഓർക്ക; ഇപ്പോൾ അവൻ
ഇവിടെ ആശ്വസിക്കുന്നു; നീയോ
വേദന അനുഭവിക്കുന്നു. **26** അത്ര
യുമല്ല ഞങ്ങൾക്കും നിങ്ങൾക്കും
നടുവേ വലിയൊരു പിളർപ്പുണ്ടാ
ക്കിയിരിക്കുന്നു. ഇവിടെനിന്നു
നിങ്ങളുടെ അടുക്കൽ കടന്നുവരു
വാൻ ഇച്ഛിക്കുന്നവർക്കു കഴിവില്ല;
അവിടെനിന്നു ഞങ്ങളുടെ അടു
ക്കൽ കടന്നുവരുവാനും പാടില്ല

8.[e] യോഹ.12:36; 1തെസ്സ.5:5 (എഫെ.5:9)
[f] ലൂക്കൊ. 20:34;10:6
9.[g] ലൂക്കൊ.16:11,13; മത്താ.6:24
[h] (ലൂക്കൊ.12:33; മത്താ.6:20;19:21; 1തിമൊ.6:10,17-19
10.[i] ലൂക്കൊ.19:17
[j] മത്താ.25:21,23
12.[k] (1ദിന.29:14,16)
13.[g] (വാ. 9 കാ.)
14.[l] (2തിമൊ.3:2; 1തിമൊ.6:10)
[m] (ലൂക്കൊ.11:39; 20:47)
[n] ലൂക്കൊ.23:35
15.[o] ലൂക്കൊ.10:29
[p] 1ശമൂ.16:7; 1ദിന.28:9; സദൃ.21:2; റോമ.8:27
[q] സദൃ.16:5
16.[r] മത്താ.11:12,13
[s] ലൂക്കൊ.4:43
[t] (ലൂക്കൊ.15:1)
17.[u] മത്താ.5:18
18.[v] മത്താ.5:32
19.[w] എസ്ഥേ.8:15; വെളി.18:16
[x] (യാക്കോ.5:5)
20.[y] (അപ്പൊ.പ്ര.3:2)
21.[z] (മത്താ.15:27)
22.[a] ലൂക്കൊ.15:10; മത്താ.18:11; അപ്പൊ.പ്ര.12:15; എബ്രാ.1:13,14; ലൂക്കൊ.12:8
[b] (യോഹ.13:23)
23.[c] മത്താ.11:23
[d] മത്താ.8:11,12
[b] (വാ.22 കാ.)
24.[e] ലൂക്കൊ.16:30; യോഹ.8:33,39,53
[f] (സെഖ.14:12)
[g] (യെശ.66:24); മത്താ.25:41
25.[h] (ലൂക്കൊ.6:24; ഇയ്യോ.21:13; സങ്കീ.17:14)

എന്നു പറഞ്ഞു. **27** അതിന് അ
വൻ: എന്നാൽ പിതാവേ, അവനെ
എന്റെ അപ്പന്റെ വീട്ടിൽ അയ
യ്ക്കേണമെന്നു ഞാൻ അപേക്ഷി
ക്കുന്നു; **28** എനിക്ക് അഞ്ചു സ
ഹോദരന്മാർ ഉണ്ട്; അവരും ഈ
യാതനാസ്ഥലത്തു വരാതിരിപ്പാൻ
അവൻ അവരോടു സാക്ഷ്യം പറ
യട്ടെ എന്നു പറഞ്ഞു. **29** അബ്രാ
ഹാം അവനോട്: അവർക്കു മോ
ശെയും പ്രവാചകന്മാരും ഉണ്ട
ല്ലോ;[i] അവരുടെ വാക്ക് അവർ കേൾ
ക്കട്ടെ[j] എന്നു പറഞ്ഞു. **30** അതിന്
അവൻ: അല്ലല്ല, അബ്രാഹാം പി
താവേ,[k] മരിച്ചവരിൽനിന്ന് ഒരു
ത്തൻ എഴുന്നേറ്റ് അവരുടെ അടു
ക്കൽ ചെന്നു എങ്കിൽ അവർ മാന
സാന്തരപ്പെടും എന്നു പറഞ്ഞു.
**31** അവൻ അവനോട്: അവർ
മോശെയുടെയും പ്രവാചകന്മാരു
ടെയും[i] വാക്കു കേൾക്കാഞ്ഞാൽ
മരിച്ചവരിൽനിന്ന് ഒരുത്തൻ എഴു
ന്നേറ്റു ചെന്നാലും വിശ്വസിക്ക
യില്ല എന്നു പറഞ്ഞു.[l]

❋ ❋ ❋

***1. ഇടർച്ചകൾ, ക്ഷമ, വിശ്വാസവർധന ഇവയെ ഉപദേശിച്ചത് 11. പത്തു കുഷ്ഠരോഗികൾ 20. ദൈവരാജ്യത്തെയും മനുഷ്യപുത്രന്റെ വരവിനെയും സംബന്ധിച്ച്***

**17** അവൻ തന്റെ ശിഷ്യന്മാരോട്
പറഞ്ഞത്: ഇടർച്ചകൾ വരാ
തിരിക്കുന്നത്[a] അസാധ്യം;[b] എങ്കി
ലും അവ വരുത്തുന്നവന് അയ്യോ
കഷ്ടം.[c] **2** അവൻ ഈ ചെറിയ
വരിൽ ഒരുത്തന് ഇടർച്ച വരുത്തു
ന്നതിനെക്കാൾ ഒരു തിരികല്ല് അവ
ന്റെ കഴുത്തിൽ കെട്ടി അവനെ
കടലിൽ എറിഞ്ഞുകളയുന്നത് അ
വന് നന്ന്.[d] **3** സൂക്ഷിച്ചുകൊൾ
വിൻ; സഹോദരൻ പിഴച്ചാൽ[e]
അവനെ ശാസിക്ക;[f] അവൻ മാനസാ
ന്തരപ്പെട്ടാൽ അവനോട് ക്ഷമിക്ക.[g]
**4** ദിവസത്തിൽ ഏഴു വട്ടം[h] നി
ന്നോടു പിഴയ്ക്കയും ഏഴു വട്ടവും
നിന്റെ അടുക്കൽ വന്നു: ഞാൻ
മാനസാന്തരപ്പെടുന്നു എന്നു പറ
കയും ചെയ്താൽ അവനോട്
ക്ഷമിക്ക.
**5** അപ്പൊസ്തലന്മാർ കർത്താ
വിനോട്:[i] ഞങ്ങൾക്കു വിശ്വാസം
വർധിപ്പിച്ചുതരേണമേ[j] എന്നു പറ
ഞ്ഞു. **6** അതിന് കർത്താവ് പറ
ഞ്ഞത്: നിങ്ങൾക്കു കടുകുമണി
യോളം[k] വിശ്വാസമുണ്ടെങ്കിൽ[l]
ഈ കാട്ടത്തിയോട്:[m] വേരോടെ
പറിഞ്ഞു കടലിൽ നട്ടുപോക എ
ന്നു പറഞ്ഞാൽ അതു നിങ്ങളെ
അനുസരിക്കും. **7** നിങ്ങളിൽ ആർ
ക്കെങ്കിലും ഉഴുകയോ മേയ്ക്കയോ
ചെയ്യുന്ന ഒരു ദാസൻ ഉണ്ടെന്നിരി
ക്കട്ടെ. അവൻ വയലിൽനിന്നു വരു
മ്പോൾ: നീ ക്ഷണത്തിൽ വന്ന്
ഊണിനിരിക്ക എന്ന് അവനോടു
പറയുമോ? **8** അല്ല: എനിക്ക് അ
ത്താഴം ഒരുക്കുക; ഞാൻ തിന്നു
കുടിച്ചു തീരുവോളം അര കെട്ടി[n]
എനിക്കു ശുശ്രൂഷ ചെയ്ക; പിന്നെ
നീയും തിന്നുകുടിച്ചുകൊൾക എ
ന്നു പറകയില്ലയോ? **9** തന്നോടു
കല്പിച്ചതു ദാസൻ ചെയ്തതു
കൊണ്ട് അവന് നന്ദി പറയുമോ?
**10** അവ്വണ്ണം നിങ്ങളോടു കല്പിച്ച
തൊക്കെയും ചെയ്തശേഷം: ഞ
ങ്ങൾ പ്രയോജനം ഇല്ലാത്ത ദാസ
ന്മാർ;[o] ചെയ്യേണ്ടതേ ചെയ്തിട്ടു
ള്ളൂ എന്നു നിങ്ങളും പറവിൻ.
**11** അവൻ യെരൂശലേമിലേക്കു
യാത്രചെയ്കയിൽ[p] ശമര്യക്കും
ഗലീലയ്ക്കും നടുവിൽക്കൂടി കട
ക്കുമ്പോൾ[q] **12** ഒരു ഗ്രാമത്തിൽ
ചെല്ലുന്നേരം കുഷ്ഠരോഗികളായ
പത്തു പുരുഷന്മാർ അവന് എ
തിർപെട്ട് അകലെ നിന്നുകൊണ്ട്:[r]
**13** യേശൂ, നായകാ, ഞങ്ങളോടു
കരുണയുണ്ടാകേണമേ എന്ന് ഉറ
ക്കെ പറഞ്ഞു. **14** അവൻ അവരെ
കണ്ടിട്ട്: നിങ്ങൾ പോയി പുരോ
ഹിതന്മാർക്കു നിങ്ങളെത്തന്നെ
കാണിപ്പിൻ[s] എന്നു പറഞ്ഞു;
പോകയിൽത്തന്നെ അവർ ശുദ്ധ
രായിത്തീർന്നു. **15** അവരിൽ ഒരു
ത്തൻ തനിക്കു സൗഖ്യം വന്നതു
കണ്ട് ഉച്ചത്തിൽ ദൈവത്തെ

29.[i] *ലൂക്കൊ.16:31; 24:27; അപ്പൊ.പ്ര.26:27; 28:23*
[j] *(യോഹ.5:45 - 47)*
30.[k] *ലൂക്കൊ.16:24*
31.[i] *(വാ.29 കാ.)*
[l] *(മത്താ.28:11 - 15; യോഹ.12:10,11)*

**അധ്യായം 17**

1.[a] *മത്താ.13:41*
[b] *മത്താ.18:7; 1കൊരി.11:19*
[c] *ലൂക്കൊ.22:22*
2.[d] *മത്താ.18:6; മർക്കൊ.9:42*
3.[e] *മത്താ.18:15,21,22*
[f] *ലേവ്യാ.19:17*
[g] *മത്താ.6:14*
4.[h] *(മത്താ.18:21)*
5.[i] *മർക്കൊ.6:30*
[j] *(മർക്കൊ.9:24)*
6.[k] *മത്താ.13:31*
[l] *മത്താ.17:20*
[m] *(ലൂക്കൊ.19:4)*
8.[n] *യോഹ.13:5; (ലൂക്കൊ.12:35,37)*
10.[o] *മത്താ.25:30; (ഇയ്യോ.22:2,3; 35:7; റോമ.11:35)*
11.[p] *ലൂക്കൊ.9:51*
[q] *(യോഹ.4:3,4); മത്താ.19:1*
12.[r] *ലേവ്യാ.13:45,46*
14.[s] *ലൂക്കൊ.5:14; ലേവ്യാ.13:2 - 14:32; മത്താ.8:4*

മഹത്ത്വപ്പെടുത്തിക്കൊണ്ടു[t] മട
ങ്ങിവന്ന് 16 അവന്റെ കാല്ക്കൽ
കവിണ്ണുവീണ്[u] അവനു നന്ദി പറ
ഞ്ഞു; അവനോ ശമര്യക്കാരൻ[v]
ആയിരുന്നു. 17 പത്തു പേർ ശുദ്ധ
രായിത്തീർന്നില്ലയോ?[w] ഒമ്പതു
പേർ എവിടെ? 18 ഈ അന്യജാ
തിക്കാരൻ[x]ല്ലാതെ ദൈവത്തിനു
മഹത്ത്വം കൊടുപ്പാൻ[y] മടങ്ങി വന്ന
വരായി ആരെയും കാണുന്നില്ലല്ലോ
എന്നു യേശു പറഞ്ഞിട്ട് അവനോ
ട്: 19 എഴുന്നേറ്റു പൊയ്ക്കൊൾക;
നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചി
രിക്കുന്നു[z] എന്നു പറഞ്ഞു.
20 ദൈവരാജ്യം എപ്പോൾ വരു
ന്നു[a] എന്നു പരീശന്മാർ ചോദിച്ച
തിന്: ദൈവരാജ്യം കാണത്തക്കവ
ണ്ണമല്ല വരുന്നത്;[b] 21 ഇതാ ഇവിടെ
എന്നും അതാ അവിടെ എന്നും
പറകയും ഇല്ല;[c] ദൈവരാജ്യം നി
ങ്ങളുടെ ഇടയിൽതന്നെ[d] ഉണ്ടല്ലോ
എന്ന് അവൻ ഉത്തരം പറഞ്ഞു.
22 പിന്നെ അവൻ തന്റെ ശിഷ്യ
ന്മാരോടു പറഞ്ഞത്: നിങ്ങൾ മനു
ഷ്യപുത്രന്റെ ഒരു ദിവസം കാൺ
മാൻ[e] ആഗ്രഹിക്കുന്ന കാലം വരും;[f]
കാണുകയില്ലതാനും. 23 അന്നു
നിങ്ങളോട്: ഇതാ ഇവിടെ എന്നും
അതാ അവിടെ എന്നും പറയും;[g]
നിങ്ങൾ പോകരുത്, പിൻചെല്ലു
കയുമരുത്. 24 മിന്നൽ ആകാശ
ത്തിൻകീഴെ ദിക്കോടുദിക്കെല്ലാം
തിളങ്ങി മിന്നുന്നതുപോലെ[h] മനു
ഷ്യപുത്രൻ തന്റെ ദിവസത്തിൽ[i]
ആകും. 25 എന്നാൽ ആദ്യം അ
വൻ വളരെ കഷ്ടം അനുഭവിക്ക
യും[j] ഈ തലമുറ അവനെ തള്ളി
ക്കളകയും[j] വേണം. 26 നോഹ
യുടെ[k] കാലത്തു സംഭവിച്ചതു
പോലെ[l] മനുഷ്യപുത്രന്റെ നാളി
ലും ഉണ്ടാകും. 27 നോഹ പെട്ട
കത്തിൽ കടന്ന നാൾവരെ അവർ
തിന്നും കുടിച്ചും വിവാഹം കഴിച്ചും
വിവാഹത്തിനു കൊടുത്തും പോ
ന്നു; ജലപ്രളയം വന്ന്, അവരെ
എല്ലാവരെയും മുടിച്ചുകളഞ്ഞു.[m]
28 ലോത്തിന്റെ[n] കാലത്തു സംഭ
വിച്ചതുപോലെയും തന്നെ; അവർ
തിന്നും കുടിച്ചുംകൊണ്ടും വിറ്റും
നട്ടും പണിതും പോന്നു. 29 എ
ന്നാൽ ലോത്ത് സൊദോം വിട്ട
നാളിൽ ആകാശത്തുനിന്നു തീയും
ഗന്ധകവും പെയ്ത് എല്ലാവരെയും
മുടിച്ചുകളഞ്ഞു.[o] 30 മനുഷ്യപു
ത്രൻ വെളിപ്പെടുന്ന നാളിൽ[p] അ
വ്വണ്ണം തന്നെ ആകും. 31 അന്നു
വീട്ടിന്മേൽ[q] ഇരിക്കുന്നവൻ[r] വീട്ടി
നകത്തുള്ള സാധനം എടുപ്പാൻ
ഇറങ്ങിപ്പോകരുത്; അവ്വണ്ണം വയ
ലിൽ ഇരിക്കുന്നവനും പിന്നോക്കം
തിരിയരുത്. 32 ലോത്തിന്റെ ഭാര്യ
യെ ഓർത്തുകൊൾവിൻ.[s] 33 തന്റെ[t]
ജീവനെ നേടുവാൻ[u] നോക്കുന്ന[t]
വനെല്ലാം അതിനെ കളയും; അ
തിനെ കളയുന്നവനെല്ലാം അതിനെ
രക്ഷിക്കും.[v] 34 ആ രാത്രിയിൽ
രണ്ടു പേർ ഒരു കിടക്കമേൽ ആയി
രിക്കും; ഒരുത്തനെ കൈക്കൊള്ളും;
മറ്റവനെ ഉപേക്ഷിക്കും. 35 രണ്ടു
പേർ[w] ഒന്നിച്ചു പൊടിച്ചുകൊണ്ടിരി
ക്കും;[x] ഒരുത്തിയെ കൈക്കൊള്ളും;
മറ്റവളെ ഉപേക്ഷിക്കും 36 [രണ്ടു
പേർ വയലിൽ ഇരിക്കും; ഒരുത്തനെ
കൈക്കൊള്ളും; മറ്റവനെ ഉപേക്ഷി
ക്കും] എന്നു ഞാൻ നിങ്ങളോടു
പറയുന്നു. 37 അവർ അവനോട്:
കർത്താവേ, എവിടെ എന്നു ചോദി
ച്ചതിന്: ശവം ഉള്ളേടത്തു കഴുക്കൾ
കൂടും എന്ന് അവൻ പറഞ്ഞു.[y]

❋ ❋ ❋

*1. പ്രാർഥനയെ വർണിക്കുന്ന രണ്ടുപമകൾ 15. ശിശുക്കളെ അനുഗ്രഹിച്ചത് 18. ധനവാനായ യൗവനക്കാരൻ 31. മരണത്തെ മുന്നറിയിച്ചത് 35. യെരീഹോവിലെ കുരുടൻ.*

18 മടുത്തുപോകാതെ[a] എപ്പോ
ഴും പ്രാർഥിക്കേണം[b] എന്നു
ള്ളതിന് അവൻ അവരോട് ഒരുപമ

15.[t] ലൂക്കൊ.7:16; 13:13
16.[u] ലൂക്കൊ.5:12; സംഖ്യാ.16:22; 1കൊരി.14:25; (മത്താ.26:39)
[v] മത്താ.10:5
17.[w] ലൂക്കൊ.17:12
18.[x] യെശ.66:5
[y] യോഹ.9:24
19.[z] മർക്കൊ.10:52
20.[a] ലൂക്കൊ.19:11
[b] (ലൂക്കൊ.12:39)
21.[c] (ലൂക്കൊ.17:23)
[d] (ലൂക്കൊ.10:9; 11:20; യോഹ.1:26; റോമ.14:17)
22.[e] യോഹ.8:56; (ആമോ.5:18)
[f] ലൂക്കൊ.5:35;21:6; മത്താ.9:15; മർക്കൊ.2:20; (ലൂക്കൊ.19:43; 23:29; യോഹ.4:21)
23.[g] ലൂക്കൊ.21:8; മത്താ.24:23; മർക്കൊ.13:21; (ലൂക്കൊ.17:21)
24.[h] മത്താ.24:27
[i] 1കൊരി.1:8
25.[j] ലൂക്കൊ.13:33; മത്താ.16:21;17:22; മർക്കൊ.8:31
26.[k] എബ്രാ.11:7; 1പത്രൊ. 3:20; 2പത്രൊ.2:5
[l] ഉൽപ.6:5;7:7; മത്താ.24:37; (1തെസ്സ.5:3)
27.[m] മത്താ.24:38,39
28.[n] 2പത്രൊ.2:8
29.[o] ഉൽപ.19:16,24; 2പത്രൊ.2:6
30.[p] 1കൊരി.1:7; 2തെസ്സ.1:6; 1പത്രൊ.1:7,13;4:13 (മത്താ.16:27;24:44)
31.[q] ലൂക്കൊ.5:19
[r] ലൂക്കൊ.21:21; മത്താ.24:17,18 മർക്കൊ.13:15,16
32.[s] ഉൽപ.19:26
33.[t] മത്താ.10:39
[u] എബ്രാ.10:39 [v] അപ്പൊ.പ്ര.7:19; 1തിമൊ.6:14
35.[w] മത്താ.24:40 [x] പുറ.11:5; യെശ.47:2
37.[y] മത്താ.24:30 (ഇയ്യോ.39:27)

**അധ്യായം 18**

1.[a] 2കൊരി.4:1,16; 2 തെസ്സ.3:13 [b] ലൂക്കൊ.21:36; റോമ.12:13; എഫെ. 6:18; കൊലൊ.4:2; 1തെസ്സ.5:16 (ലൂക്കൊ.11:5 - 9)

പറഞ്ഞത്: 2 ദൈവത്തെ ഭയവും
മനുഷ്യനെ ശങ്കയുമില്ലാത്ത[c] ഒരു
ന്യായാധിപൻ ഒരു പട്ടണത്തിൽ
ഉണ്ടായിരുന്നു. 3 ആ പട്ടണത്തിൽ
ഒരു വിധവയും ഉണ്ടായിരുന്നു.
അവൾ അവന്റെ അടുക്കൽ ചെന്നു:
എന്റെ പ്രതിയോഗിയോടു പ്രതി
ക്രിയ നടത്തി രക്ഷിക്കേണമേ
എന്നു പറഞ്ഞു. 4 അവനു കുറെ
കാലത്തേക്കു മനസ്സില്ലായിരുന്നു;
പിന്നെ അവൻ: എനിക്കു ദൈവ
ത്തെ ഭയവും മനുഷ്യനെ ശങ്കയുമില്ല
5 എങ്കിലും വിധവ എന്നെ അസ
ഹ്യമാക്കുന്നതുകൊണ്ടു ഞാൻ അ
വളെ പ്രതിക്രിയ നടത്തി[d] രക്ഷി
ക്കും; അല്ലെങ്കിൽ അവൾ ഒടുവിൽ
വന്ന് എന്നെ മുഖത്തടിക്കും[e] എന്ന്
ഉള്ളുകൊണ്ടു പറഞ്ഞു. 6 അനീ
തിയുള്ള ന്യായാധിപൻ[f] പറയു
ന്നതു കേൾപ്പിൻ. 7 ദൈവമോ[g]
രാപ്പകൽ തന്നോടു നിലവിളിക്കു
ന്ന[h] തന്റെ വൃതന്മാരുടെ[i] കാര്യ
ത്തിൽ ദീർഘക്ഷമയുള്ളവൻ[j] ആ
യാലും അവരെ പ്രതിക്രിയ നടത്തി
രക്ഷിക്കയില്ലയോ?[g] 8 വേഗത്തിൽ[k]
അവരെ പ്രതിക്രിയ നടത്തി രക്ഷി
ക്കും എന്നു ഞാൻ നിങ്ങളോടു
പറയുന്നു. എന്നാൽ മനുഷ്യപുത്രൻ
വരുമ്പോൾ അവൻ ഭൂമിയിൽ
വിശ്വാസം കണ്ടെത്തുമോ[l] എന്നു
കർത്താവ് പറഞ്ഞു.
9 തങ്ങൾ[m] നീതിമാന്മാർ എന്ന്
ഉറച്ചു[n] മറ്റുള്ളവരെ ധിക്കരിക്കുന്ന[o]
ചിലരെക്കുറിച്ച് അവൻ ഒരു ഉപമ
പറഞ്ഞതെന്തെന്നാൽ: 10 രണ്ടു
മനുഷ്യർ പ്രാർഥിപ്പാൻ ദൈവാല
യത്തിൽ പോയി;[p] ഒരുത്തൻ പരീ
ശൻ, മറ്റവൻ ചുങ്കക്കാരൻ. 11 പരീ
ശൻ നിന്നുകൊണ്ട്[q] തന്നോടു
തന്നെ:[r] ദൈവമേ, പിടിച്ചുപറിക്കാർ,
നീതികെട്ടവർ, വ്യഭിചാരികൾ മുത
ലായ ശേഷം മനുഷ്യരെപ്പോലെ
യോ ഈ ചുങ്കക്കാരനെപ്പോലെയോ
ഞാൻ അല്ലായ്കയാൽ നിന്നെ
വാഴ്ത്തുന്നു. 12 ആഴ്ചയിൽ രണ്ടു
വട്ടം ഉപവസിക്കുന്നു;[s] നേടുന്നതി
ലൊക്കെയും പതാരം കൊടുത്തു
വരുന്നു[t] എന്നിങ്ങനെ പ്രാർ
ഥിച്ചു. 13 ചുങ്കക്കാരനോ ദൂരത്തു
നിന്നുകൊണ്ടു[q] സ്വർഗത്തേക്കു
നോക്കുവാൻപോലും തുനിയാ
തെ[u] മാറത്തടിച്ചു:[v] ദൈവമേ,
പാപിയായ എന്നോടു കരുണയു
ണ്ടാകേണമേ[w] എന്നു പറഞ്ഞു.
14 അവൻ നീതീകരിക്കപ്പെട്ടവ
നായി വീട്ടിലേക്കു പോയി; മറ്റ
വൻ അങ്ങനെയല്ല. തന്നെത്താൻ
ഉയർത്തുന്നവൻ എല്ലാം താഴ്ത്ത
പ്പെടും; തന്നെത്താൻ താഴ്ത്തു
ന്നവൻ എല്ലാം ഉയർത്തപ്പെടും[x]
എന്നു ഞാൻ നിങ്ങളോടു പറ
യുന്നു.
15 [y]അവൻ തൊടേണ്ടതിനു
ചിലർ ശിശുക്കളെയും അവന്റെ
അടുക്കൽ കൊണ്ടുവന്നു; ശിഷ്യ
ന്മാർ അതു കണ്ട് അവരെ ശാസി
ച്ചു.[z] 16 യേശുവോ അവരെ അരി
കത്തു വിളിച്ചു: പൈതങ്ങളെ
എന്റെ അടുക്കൽ വരുവാൻ വിടു
വിൻ;[a] അവരെ തടുക്കരുത്;[b] ദൈവ
രാജ്യം ഇങ്ങനെയുള്ളവരുടേത്
ആകുന്നു.[a] 17 ദൈവരാജ്യത്തെ
ശിശു എന്നപോലെ കൈക്കൊ
ള്ളാത്തവൻ[c] ആരും ഒരുനാളും
അതിൽ കടക്കയില്ല എന്നു ഞാൻ
സത്യമായിട്ടു നിങ്ങളോടു പറയു
ന്നു[d] എന്നു പറഞ്ഞു.
18 [e]ഒരു പ്രമാണി അവനോട്:
നല്ല ഗുരോ, ഞാൻ നിത്യജീവനെ
അവകാശമാക്കേണ്ടതിന്[f] എന്തു
ചെയ്യേണം എന്നു ചോദിച്ചു.
19 അതിന് യേശു: എന്നെ നല്ല
വൻ എന്നു പറയുന്നത് എന്ത്?
ദൈവം ഒരുവനല്ലാതെ നല്ലവൻ
ആരും ഇല്ല. 20 [g]വ്യഭിചാരം ചെയ്യ
രുത്; കൊല ചെയ്യരുത്; മോഷ്ടി
ക്കരുത്; കള്ളസ്സാക്ഷ്യം പറയരുത്;
നിന്റെ അപ്പനെയും അമ്മയെയും
ബഹുമാനിക്ക എന്നീ കല്പന
കളെ നീ അറിയുന്നുവല്ലോ എന്നു

2.[c] (2കൊരി.8:21)
5.[d] (ലൂക്കൊ.11:8)
[e] 1കൊരി.9:27
6.[f] (ലൂക്കൊ.16:8,9)
7.[g] വെളി.6:10; (യെശ. 63:4)
[h] സങ്കീ.88:1
[i] റോമ.8:33; കൊലൊ. 3:12; തീത്തൊ.1:3; 1പത്രൊ.2:9; മർക്കൊ. 13:20
[j] യാക്കോ.5:7; 2പത്രൊ.3:9
8.[k] എബ്രാ.10:37
[l] ലൂക്കൊ.17:26-30; (മത്താ.24:12)
9.[m] 2കൊരി.1:9
[n] ലൂക്കൊ.16:15; (മത്താ.5:20)
[o] സദൃ.30:12; യെശ. 65:5; യോഹ.7:48,49
10.[p] 1രാജാ.10:5; 2രാജാ.20:5,8; അപ്പൊ.പ്ര.3:1; (ലൂക്കൊ.18:14)
11.[q] മത്താ.6:5; മർക്കൊ. 11:25
[r] (വെളി.3:17)
12.[s] മത്താ.9:14
[t] ലൂക്കൊ.11:42
13.[q] (വാ.11 കാ.)
[u] എസ്രാ.9:6
[v] ലൂക്കൊ.23:48; മത്താ.11:17
[w] സങ്കീ.79:9; യെഹെ. 16:63; ദാനീ.9:19; (എബ്രാ.2:17; 1യോഹ. 2:2;4:10)
14.[x] ലൂക്കൊ.14:11
15.[y] ലൂക്കൊ. 18:15-17ക്കു. മത്താ.19:13-15; മർക്കൊ. 10:13-16കാ
[z] ലൂക്കൊ.18:39
16.[a] മത്താ.18:3
[b] മർക്കൊ.9:39
17.[c] (ലൂക്കൊ.8:13; യാക്കോ.1:21)
[d] (യോഹ.3:3,5)

18.[e] ലൂക്കൊ.18:18-30ക്കു. മത്താ.19:16-29; മർക്കൊ.10:17-30കാ. (ലൂക്കൊ.10:25-28)
[f] (മത്താ.19:16); മത്താ.25:34 20.[g] റോമ.13:9; **പുറ. 20:12-16; ആവ. 5:16-20;** (മത്താ.5:21,27)

പറഞ്ഞു. **21** ഇവയൊക്കെയും ഞാൻ
ചെറുപ്പംമുതൽ കാത്തുകൊണ്ടി
രിക്കുന്നു[h] എന്ന് **22** അവൻ പറ
ഞ്ഞത് കേട്ടിട്ട് യേശു: ഇനി ഒരു
കുറവ് നിനക്കുണ്ട്; നിനക്കുള്ള
തൊക്കെയും വിറ്റു ദരിദ്രന്മാർക്കു
പകുത്തുകൊടുക്ക;[i] എന്നാൽ സ്വർ
ഗത്തിൽ നിനക്കു നിക്ഷേപം[j] ഉ
ണ്ടാകും; പിന്നെ വന്ന് എന്നെ അനു
ഗമിക്ക എന്നു പറഞ്ഞു. **23** അവൻ
എത്രയും ധനവാനാകകൊണ്ട് ഇതു
കേട്ടിട്ട് അതിദുഃഖിതനായിത്തീർ
ന്നു.[k] **24** യേശു അവനെ കണ്ടിട്ട്:
സമ്പത്തുള്ളവർ[l] ദൈവരാജ്യ
ത്തിൽ[m] കടക്കുന്നത് എത്ര പ്രയാ
സം![l] **25** ധനവാൻ ദൈവരാജ്യ
ത്തിൽ[m] കടക്കുന്നതിനെക്കാൾ
ഒട്ടകം സൂചിക്കുഴയൂടെ കടക്കു
ന്നത് എളുപ്പം എന്നു പറഞ്ഞു.
**26** ഇതു കേട്ടവർ: എന്നാൽ രക്ഷി
ക്കപ്പെടുവാൻ ആർക്കു കഴിയും
എന്നു പറഞ്ഞു. **27** അതിന് അ
വൻ: മനുഷ്യരാൽ അസാധ്യമായത്
ദൈവത്താൽ സാധ്യമാകുന്നു[n]
എന്നു പറഞ്ഞു. **28** ഇതാ ഞങ്ങൾ
സ്വന്തമായതു വിട്ടു[o] നിന്നെ അനു
ഗമിച്ചിരിക്കുന്നു എന്നു പത്രൊസ്
പറഞ്ഞു. **29** യേശു അവരോട്:
ദൈവരാജ്യം നിമിത്തം വീടോ
ഭാര്യയെയോ സഹോദരന്മാരെയോ
അമ്മയപ്പന്മാരെയോ മക്കളെയോ
വിട്ടുകളഞ്ഞിട്ട്[p] **30** ഈ കാല
ത്തിൽ[q] തന്നെ പല മടങ്ങായും[r]
വരുവാനുള്ള ലോകത്തിൽ[s] നിത്യ
ജീവനെയും പ്രാപിക്കാത്തവൻ
ആരും ഇല്ല എന്നു ഞാൻ സത്യ
മായിട്ടു നിങ്ങളോടു പറയുന്നു
എന്നു പറഞ്ഞു.

**31** [t]അനന്തരം അവൻ പന്തിരു
വരെ കൂട്ടിക്കൊണ്ട് അവരോട്:
ഇതാ നാം യെരൂശലേമിലേക്കു
പോകുന്നു;[u] മനുഷ്യപുത്രനെക്കു
റിച്ചു പ്രവാചകന്മാർ എഴുതിയിരി
ക്കുന്നത് എല്ലാം നിവൃത്തിയാകും.[v]
**32** അവനെ ജാതികൾക്ക് ഏല്പി
ച്ചുകൊടുക്കയും[w] അവർ അവനെ
**33** പരിഹസിച്ച്[x] അവമാനിച്ചു
തുപ്പി[y] തല്ലിയിട്ടു കൊല്ലുകയും
മൂന്നാംനാൾ അവൻ ഉയിർത്തെഴു
ന്നേല്ക്കയും[z] ചെയ്യും എന്നു പറ
ഞ്ഞു. **34** അവരോ ഇത് ഒന്നും
ഗ്രഹിച്ചില്ല;[a] ഈ വാക്ക് അവർക്കു
മറവായിരുന്നു;[b] പറഞ്ഞത് അവർ
തിരിച്ചറിഞ്ഞതുമില്ല.

**35** [c]അവൻ യെരീഹോവിന് അടു
ത്തപ്പോൾ ഒരു കുരുടൻ[d] ഇരന്നു
കൊണ്ടു വഴിയരികെ ഇരുന്നിരു
ന്നു. **36** പുരുഷാരം കടന്നുപോകു
ന്നതു കേട്ടു: ഇതെന്ത് എന്ന് അ
വൻ ചോദിച്ചു. **37** നസറായനായ
യേശു[e] കടന്നുപോകുന്നു എന്ന്
അവർ അവനോട് അറിയിച്ചു.
**38** അപ്പോൾ അവൻ: യേശുവേ,
ദാവീദുപുത്രാ,[f] എന്നോടു കരുണ
തോന്നേണമേ എന്നു നിലവിളി
ച്ചു. **39** മുൻനടക്കുന്നവർ അവനെ
മിണ്ടാതിരിപ്പാൻ ശാസിച്ചു;[g] അവ
നോ: ദാവീദുപുത്രാ എന്നോടു കരു
ണ തോന്നേണമേ എന്ന് ഏറ്റവും
അധികം നിലവിളിച്ചു. **40** യേശു
നിന്ന്, അവനെ തന്റെ അടുക്കൽ
കൊണ്ടുവരുവാൻ കല്പിച്ചു. **41** അ
വൻ അടുക്കെ വന്നപ്പോൾ: ഞാൻ
നിനക്ക് എന്തു ചെയ്യേണം[h] എന്നു
ചോദിച്ചു. കർത്താവേ, എനിക്കു
കാഴ്ച കിട്ടേണം എന്ന് അവൻ
പറഞ്ഞു. **42** യേശു അവനോട്:
കാഴ്ച പ്രാപിക്ക; നിന്റെ വിശ്വാ
സം[i] നിന്നെ രക്ഷിച്ചിരിക്കുന്നു[j]
എന്നു പറഞ്ഞു. **43** ക്ഷണത്തിൽ
അവൻ കാഴ്ച പ്രാപിച്ചു ദൈവ
ത്തെ മഹത്ത്വീകരിച്ചും[k] കൊണ്ട്
അവനെ അനുഗമിച്ചു; ജനം എല്ലാം
കണ്ടിട്ടു ദൈവത്തിനു പുകഴ്ച
കൊടുത്തു.[l]

❋ ❋ ❋

*21.[h] (ഫിലി.3:6) 22.[i] ലൂക്കൊ.12:33 (ലൂക്കൊ.16:9;19:8; അപ്പൊ.പ്ര.2:45; 4:34,35; 1തിമൊ. 6:18,19) [j] മത്താ.6:19,20 23.[k] (യെഹെ.33:31) 24.[l] (1കൊരി.1:26) മത്താ.13:22 [m] മത്താ.12:28 25.[m] (വാ. 24 കാ.) 27.[n] ലൂക്കൊ.1:37; ഉൽപ.18:14; ഇയ്യോ.42:2; യിരെ.32:17,27; സെഖ.8:6; മത്താ.14:36 28.[o] മത്താ.4:20,22; മർക്കൊ.1:18,20 29.[p] (ലൂക്കൊ.14:26) 30.[q] (മത്താ.6:33) [r] (ഇയ്യോ.42:10) [s] മത്താ.12:32; എഫെ. 1:21; എബ്രാ.6:5 (ലൂക്കൊ.20:35) 31.[t] ലൂക്കൊ. 18:31-33ക്കു. മത്താ.20:17-19; മർക്കൊ. 10:32-34കാ. [u] ലൂക്കൊ.9:51 [v] സങ്കീ.അ.22; യെശ. 52:13-53:12; മത്താ.1:23; 26:24 32.[w] മത്താ.27:2; യോഹ.18:30,31; അപ്പൊ.പ്ര.3:13; (അപ്പൊ.പ്ര.2:23; 4:27;21:11) 33.[x] മത്താ. 27:26-31*

*[y] മർക്കൊ.14:65; 15:19; മത്താ.26:67 [z] ലൂക്കൊ.9:22 34.[a] മർക്കൊ.9:32 [b] ലൂക്കൊ.9:45; (ലൂക്കൊ.24:16)*

*35.[c] ലൂക്കൊ.18:35-43 ക്കു. മത്താ.20:29-34; മർക്കൊ.10:46-52കാ. [d] യോഹ.9:1,8 37.[e] മത്താ.2:23; (മർക്കൊ.1:24) 38.[f] മത്താ.1:1;9:27 39.[g] ലൂക്കൊ.18:15 41.[h] മർക്കൊ.10:36 42.[i] ലൂക്കൊ.7:50;8:48; 17:19; മത്താ.9:22; മർക്കൊ.5:34 [j] ലൂക്കൊ.7:3;8:36,50; യോഹ.11:12; അപ്പൊ.പ്ര.4:9;14:9 43.[k] ലൂക്കൊ.7:16; 13:13 [l] (ലൂക്കൊ.19:37)*

*1. ചുങ്കക്കാരനായ സക്കായി 11. പത്തു റാത്തൽ വെള്ളിയുടെ ഉപമ 29. യേശു യെരൂശലേമിലേക്കു വാഹനമേറി പോയത് 41. യെരൂശലേമിനെക്കുറിച്ചു കരഞ്ഞു വിലപിച്ചത് 45. ദൈവാലയത്തെ ശുദ്ധീകരിച്ചത്.*

**19** അവൻ യെരീഹോവിൽ എ
ത്തി കടന്നുപോകുമ്പോൾ[a]
**2** ചുങ്കക്കാരിൽ പ്രമാണിയും ധന
വാനുമായ സക്കായി എന്നു പേരു
ള്ളൊരു പുരുഷൻ, **3** യേശു എങ്ങ
നെയുള്ളവൻ എന്നു കാൺമാൻ ശ്ര
മിച്ചു,[b] വളർച്ചയിൽ കുറിയവൻ
ആകകൊണ്ടു പുരുഷാരം നിമിത്തം
കഴിഞ്ഞില്ല. **4** എന്നാറെ അവൻ
മുമ്പോട്ട് ഓടി, അവനെ കാണേണ്ട
തിന് ഒരു കാട്ടത്തിമേൽ[c] കയറി.
യേശു ആ വഴിയായി വരികയായി
രുന്നു. **5** അവൻ ആ സ്ഥലത്ത്
എത്തിയപ്പോൾ മേലോട്ടു നോക്കി:
സക്കായിയേ, വേഗം ഇറങ്ങിവാ;
ഞാൻ ഇന്നു നിന്റെ വീട്ടിൽ പാർ
ക്കേണ്ടതാകുന്നു[d] എന്ന് അവനോ
ടു പറഞ്ഞു. **6** അവൻ ബദ്ധപ്പെട്ട്
ഇറങ്ങി സന്തോഷത്തോടെ അവനെ
കൈക്കൊണ്ടു.[e] **7** കണ്ടവർ എല്ലാം:
അവൻ പാപിയായൊരു മനുഷ്യനോ
ടുകൂടെ പാർപ്പാൻ പോയി എന്നു
പറഞ്ഞു പിറുപിറുത്തു.[f] **8** സക്കാ
യിയോ നിന്ന് കർത്താവിനോട്:
കർത്താവേ, എന്റെ വസ്തുവകയിൽ
പാതി ഞാൻ ദരിദ്രർക്കു കൊടുക്കു
ന്നുണ്ട്;[g] വല്ലതും ചതിവായി വാങ്ങി
യിട്ടുണ്ടെങ്കിൽ[h] നാലു മടങ്ങു[i] മട
ക്കിക്കൊടുക്കുന്നു എന്നു പറഞ്ഞു.
**9** യേശു അവനോട്: ഇവനും അ
ബ്രാഹാമിന്റെ മകൻ ആകയാൽ[j]
ഇന്ന് ഈ വീട്ടിനു രക്ഷ വന്നു.
**10** കാണാതെ പോയതിനെ തിര
ഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യ
പുത്രൻ വന്നത്[k] എന്നു പറഞ്ഞു.
**11** അവർ ഇതു കേട്ടുകൊണ്ടിരി
ക്കുമ്പോൾ അവൻ യെരൂശലേമിനു
സമീപിച്ചിരിക്കയാലും ദൈവരാജ്യം
ക്ഷണത്തിൽ വെളിപ്പെടും എന്ന്
അവർക്കു തോന്നുകയാലും[l] അവൻ
ഒരു ഉപമയുംകൂടെ പറഞ്ഞത്
എന്തെന്നാൽ: **12** [m]കുലീനനായൊ
രു മനുഷ്യൻ രാജത്വം പ്രാപിച്ചു
മടങ്ങിവരേണം എന്നുവച്ചു ദൂരദേശ
ത്തേക്കു യാത്ര പോയി. **13** അ
വൻ പത്തു ദാസന്മാരെ[n] വിളിച്ച്
അവർക്കു പത്തു റാത്തൽ വെള്ളി
കൊടുത്തു: ഞാൻ വരുവോളം[o]
വ്യാപാരം ചെയ്തുകൊൾവിൻ എ
ന്ന് അവരോടു പറഞ്ഞു. **14** അവ
ന്റെ പൗരന്മാരോ അവനെ പകച്ച്[p]
അവന്റെ പിന്നാലെ പ്രതിനിധിക
ളെ അയച്ചു: അവൻ ഞങ്ങൾക്കു
രാജാവായിരിക്കുന്നതു ഞങ്ങൾക്കു
സമ്മതമല്ല എന്നു ബോധിപ്പിച്ചു.
**15** അവൻ രാജത്വം പ്രാപിച്ചു മടങ്ങി
വന്നപ്പോൾ താൻ ദ്രവ്യം കൊടു
ത്തിരുന്ന ദാസന്മാർ വ്യാപാരം
ചെയ്ത് എന്തു നേടി എന്ന് അറി
യേണ്ടതിന് അവരെ വിളിപ്പാൻ ക
ല്പിച്ചു. **16** ഒന്നാമത്തവൻ അടു
ത്തുവന്നു; കർത്താവേ, നീ തന്ന
റാത്തൽകൊണ്ടു പത്തു റാത്തൽ
സമ്പാദിച്ചിരിക്കുന്നു എന്നു പറ
ഞ്ഞു. **17** അവൻ അവനോട്: നന്ന്
നല്ല ദാസനേ; നീ അത്യല്പത്തിൽ
വിശ്വസ്തൻ[q] ആയതുകൊണ്ടു
പത്തു പട്ടണത്തിന് അധികാരമുള്ള
വൻ ആയിരിക്ക[r] എന്നു കല്പിച്ചു.
**18** രണ്ടാമത്തവൻ വന്നു: കർത്താ
വേ, നീ തന്ന റാത്തൽകൊണ്ടു
അഞ്ചു റാത്തൽ സമ്പാദിച്ചിരി
ക്കുന്നു എന്നു പറഞ്ഞു. **19** നീയും
അഞ്ചു പട്ടണത്തിനു മേൽവിചാ
രകൻ ആയിരിക്ക എന്ന് അവൻ
അവനോടു കല്പിച്ചു. **20** മറ്റൊരു
വൻ വന്നു: കർത്താവേ, ഇതാ,
നിന്റെ റാത്തൽ; ഞാൻ അത് ഒരു
ഉറുമാലിൽ[s] കെട്ടി വച്ചിരുന്നു.
**21** നീ വയ്ക്കാത്തത് എടുക്കയും[t]
വിതയ്ക്കാത്തതു കൊയ്കയും
ചെയ്യുന്ന കഠിനമനുഷ്യൻ[u] ആക
കൊണ്ടു ഞാൻ നിന്നെ ഭയപ്പെട്ടു
എന്നു പറഞ്ഞു. **22** അവൻ അവ
നോട്: ദുഷ്ടദാസനേ,[v] നിന്റെ വാ
യിൽനിന്നുതന്നെ ഞാൻ നിന്നെ
ന്യായം വിധിക്കും.[w] ഞാൻ വയ്ക്കാ
ത്തത് എടുക്കയും വിതയ്ക്കാത്തത്

അധ്യായം 19

1.[a] *ലൂക്കൊ.18:35; (മത്താ.20:29; മർക്കൊ.10:46)*
3.[b] *(യോഹ.12:21)*
4.[c] *1രാജാ.10:27; 1ദിന.27:28; സങ്കീ.78:47; യെശ.9:9 (ലൂക്കൊ.17:6)*
5.[d] *(ലൂക്കൊ.13:33)*
6.[e] *ലൂക്കൊ.10:38*
7.[f] *ലൂക്കൊ.15:2*
8.[g] *(ലൂക്കൊ.18:22)*
[h] *ലൂക്കൊ.3:14*
[i] *പുറ.22:1; 2ശമൂ.12:6*
9.[j] *(ലൂക്കൊ.3:8; 13:16;16:24) യോഹ.8:33; റോമ.4:11,12,16; ഗലാ.3:7*
10.[k] *യെഹെ. 34:11,16; (ലൂക്കൊ.15:4; മത്താ.9:13;10:6; 15:24;18:12)*
11.[l] *(ലൂക്കൊ.17:20; അപ്പൊ.പ്ര.1:6)*

[m] *ലൂക്കൊ. 19:12 - 27ക്കു. (മത്താ. 25:14 - 30; മർക്കൊ.13:34)*
13.[n] *മത്താ.25:1*
[o] *(യോഹ.21:22,23)*
14.[p] *(യോഹ.1:14)*
17.[q] *ലൂക്കൊ.16:10; 1കൊരി.4:2; (1തിമൊ.3:13)*
[r] *(മത്താ.24:47)*
20.[s] *യോഹ.11:44; 20:7; അപ്പൊ.പ്ര.19:12*
21.[t] *(2കൊരി.8:12)*
[u] *(1ശമൂ.25:3)*
22.[v] *മത്താ.18:32*
[w] *2ശമൂ.1:16; ഇയ്യോ. 9:20;15:6*

കൊയ്കയും ചെയ്യുന്ന കഠിനമനു
ഷ്യൻ[u] എന്നു നീ അറിഞ്ഞുവല്ലോ.
23 ഞാൻ വന്ന് എന്റെ ദ്രവ്യം
പലിശയോടുകൂടെ വാങ്ങിക്കൊ
ള്ളേണ്ടതിന് അത് നാണ്യപീഠ
ത്തിൽ ഏല്പിക്കാഞ്ഞത് എന്ത്?
24 പിന്നെ അവൻ അരികെ നില്ക്കു
ന്നവരോട്: ആ റാത്തൽ അവന്റെ
പക്കൽനിന്ന് എടുത്തു പത്തു
റാത്തലുള്ളവന് കൊടുപ്പിൻ എന്നു
പറഞ്ഞു. 25 കർത്താവേ, അവന്
പത്തു റാത്തൽ ഉണ്ടല്ലോ എന്ന്
അവർ പറഞ്ഞു. 26 ഉള്ളവന്
ഏവനും കൊടുക്കും ഇല്ലാത്തവ
നോട് ഉള്ളതുംകൂടെ എടുത്തു
കളയും[x] എന്നു ഞാൻ നിങ്ങളോടു
പറയുന്നു. 27 എന്നാൽ ഞാൻ
തങ്ങൾക്കു രാജാവായിരിക്കുന്നതു
സമ്മതമില്ലാത്ത ശത്രുക്കളായവരെ[p]
ഇവിടെ കൊണ്ടുവന്ന്, എന്റെ
മുമ്പിൽവച്ചു കൊന്നുകളവിൻ[y]
എന്ന് അവൻ കല്പിച്ചു.
28 ഇതു പറഞ്ഞിട്ട് അവൻ
മുമ്പായി നടന്നുകൊണ്ട്[z] യെരൂശ
ലേമിലേക്കു യാത്ര ചെയ്തു.[a]
29 [b]അവൻ ഒലിവു[c]മലയരികെ
ബേത്ത്ഫാഗയ്ക്കും ബേഥാന്യ
ക്കും[d] സമീപിച്ചപ്പോൾ ശിഷ്യന്മാ
രിൽ രണ്ടു പേരെ[e] അയച്ചു: 30 നി
ങ്ങൾക്ക് എതിരേയുള്ള ഗ്രാമത്തിൽ
ചെല്ലുവിൻ; അതിൽ കടക്കുമ്പോൾ
ആരും ഒരിക്കലും കയറീട്ടില്ലാത്ത[f]
ഒരു കഴുതക്കുട്ടിയെ കെട്ടിയിരിക്കു
ന്നതു കാണും; അതിനെ അഴിച്ചു
കൊണ്ടുവരുവിൻ. 31 അതിനെ
അഴിക്കുന്നത് എന്ത് എന്ന് ആരെ
ങ്കിലും നിങ്ങളോടു ചോദിച്ചാൽ:
കർത്താവിന് ഇതിനെക്കൊണ്ട്
ആവശ്യം ഉണ്ട് എന്നു പറവിൻ
എന്നു പറഞ്ഞു. 32 അയയ്ക്കപ്പെ
ട്ടവർ പോയി തങ്ങളോടു പറഞ്ഞ
തുപോലെ[g] കണ്ടു. 33 കഴുതക്കു
ട്ടിയെ അഴിക്കുമ്പോൾ അതിന്റെ
ഉടയവർ: കഴുതക്കുട്ടിയെ അഴി
ക്കുന്നത് എന്ത് എന്നു ചോദിച്ച
തിന്: 34 കർത്താവിന് ഇതിനെ
ക്കൊണ്ട് ആവശ്യം ഉണ്ട് എന്ന്
അവർ പറഞ്ഞു. 35 അതിനെ
യേശുവിന്റെ അടുക്കൽ കൊണ്ടു
വന്നു തങ്ങളുടെ വസ്ത്രം കഴു
തക്കുട്ടിമേൽ ഇട്ടു യേശുവിനെ
കയറ്റി. 36 അവൻ പോകുമ്പോൾ
അവർ തങ്ങളുടെ വസ്ത്രം വഴി
യിൽ വിരിച്ചു.[h] 37 അവൻ ഒലി
വുമലയുടെ ഇറക്കത്തിന് അടുത്ത
പ്പോൾ ശിഷ്യന്മാരുടെ കൂട്ടം എല്ലാം[i]
തങ്ങൾ കണ്ട സകല വീര്യപ്രവൃ
ത്തികളെയും കുറിച്ചു[j] സന്തോഷിച്ച്
അത്യുച്ചത്തിൽ ദൈവത്തെ പുക
ഴ്ത്തി:[i] 38 കർത്താവിന്റെ നാമ
ത്തിൽ വരുന്ന രാജാവ്[k] വാഴ്ത്ത
പ്പെട്ടവൻ;[l] സ്വർഗത്തിൽ സമാധാ
നവും അത്യുന്നതങ്ങളിൽ മഹത്ത്വ
വും[m] എന്നു പറഞ്ഞു. 39 [n]പുരു
ഷാരത്തിൽ ചില പരീശന്മാരോ
അവനോട്: ഗുരോ, നിന്റെ ശിഷ്യ
ന്മാരെ വിലക്കുക എന്നു പറഞ്ഞു.
40 അതിന് അവൻ: ഇവർ മിണ്ടാ
തിരുന്നാൽ കല്ലുകൾ ആർത്തുവി
ളിക്കും[o] എന്നു ഞാൻ നിങ്ങളോടു
പറയുന്നു എന്ന് ഉത്തരം പറഞ്ഞു.
41 [p]അവൻ നഗരത്തിനു സമീ
പിച്ചപ്പോൾ അതിനെ കണ്ട് അതി
നെക്കുറിച്ചു കരഞ്ഞു:[q] 42 ഈ
നാളിൽ നിന്റെ സമാധാനത്തിനു
ള്ളത് നീയും അറിഞ്ഞു എങ്കിൽ[r]
കൊള്ളായിരുന്നു. ഇപ്പോഴോ അതു
നിന്റെ കണ്ണിനു മറഞ്ഞിരിക്കുന്നു.[s]
43 നിന്റെ സന്ദർശന[t]കാലം[u] നീ
അറിയാഞ്ഞതുകൊണ്ട് നിന്റെ
ശത്രുക്കൾ നിനക്കു ചുറ്റും വാട
കോരി[v] നിന്നെ വളഞ്ഞ്[w] നാലു
പുറത്തും ഞെരുക്കി 44 നിന്നെ
യും നിന്നിലുള്ള നിന്റെ മക്കളെ
യും നിലത്തു തള്ളിയിട്ട്,[x] നിങ്കൽ
കല്ലിന്മേൽ കല്ല് ശേഷിപ്പിക്കാതി
രിക്കുന്ന[y] കാലം നിനക്കു വരും.[z]

22.[u] (വാ. 21 കാ.)
26.[x] (ലൂക്കൊ.12:48); മത്താ.13:12
27.[p] (വാ. 14 കാ.) [y] ലൂക്കൊ.20:16; മത്താ.22:7; (1ശമൂ.15:33)
28.[z] മർക്കൊ.10:32 [a] ലൂക്കൊ.9:51;10:30
29.[b] ലൂക്കൊ. 19:29-38ക്കു. മത്താ.21:1-9; മർക്കൊ.11:1-10; യോഹ.12:12-15കാ. (സെഖ.9:9) [c] സെഖ.14:4; മത്താ.24:3;26:30; (യോഹ.8:1; അപ്പൊ.പ്ര.1:12) [d] ലൂക്കൊ.24:50; മത്താ.21:17; യോഹ. 11:18 [e] (മർക്കൊ.14:13)
30.[f] (ലൂക്കൊ.23:53)
32.[g] ലൂക്കൊ.22:13
36.[h] 2രാജാ.9:13
37.[i] (ലൂക്കൊ.18:43) [j] (യോഹ.12:17,18)
38.[k] മത്താ.25:34; യോഹ.1:49 [l] ലൂക്കൊ.13:35, **സങ്കീ.118:26** [m] ലൂക്കൊ.2:14 (സങ്കീ.148:1)
39.[n] (മത്താ.21:15,16)
40.[o] ഹബ.2:11
41.[p] ലൂക്കൊ. 19:41-44 ക്കു. (ലൂക്കൊ.13:34,35; 23:28-31) [q] (യോഹ.11:35; എബ്രാ.5:7)
42.[r] (ആവ.32:29) [s] (യോഹ.12:40)
43.[t] 1പത്രൊ.2:12 [u] (ദാനീ.9:24) [v] യെശ.29:3;37:33 യിരെ.6:6; യെഹെ.4:2;26:8 [w] ലൂക്കൊ.21:20
44.[x] സങ്കീ.137:9; ഹോശേ.13:16; നഹൂം.3:10 [y] ലൂക്കൊ.21:6 [z] ലൂക്കൊ.17:22

19:43 ***നിന്റെ സന്ദർശനകാലം***: യേശുവിന്റെ ദീർഘദർശനം വാസ്തവമായിത്തീർന്നു. എ.ഡി. 70 ൽ റോമക്കാർ യെരൂശലേം പ്രക്ഷോഭം അടിച്ചമർത്തി. അക്കൂട്ടത്തിൽ പട്ടണഭിത്തികളും ദൈവാലയവും തകർത്തുകളഞ്ഞു.

45 [a]പിന്നെ അവൻ ദൈവാലയ
ത്തിൽ ചെന്നു വില്ക്കുന്നവരെ പുറ
ത്താക്കിത്തുടങ്ങി: 46 [b]എന്റെ ആല
യം പ്രാർഥനാലയം ആകും എന്ന്
എഴുതിയിരിക്കുന്നു; നിങ്ങളോ അതി
നെ കള്ളന്മാരുടെ ഗുഹ ആക്കിത്തീർ
ത്തു[c] എന്ന് അവരോടു പറഞ്ഞു.
47 അവൻ ദിവസേന ദൈവാല
യത്തിൽ ഉപദേശിച്ചുപോന്നു;[d] എ
ന്നാൽ[e] മഹാപുരോഹിതന്മാരും
ശാസ്ത്രിമാരും ജനത്തിൽ പ്രധാനി
കളായവരും അവനെ നശിപ്പിപ്പാൻ
തക്കം നോക്കി. 48 എങ്കിലും ജനം
എല്ലാം അവന്റെ വചനം കേട്ടു
രഞ്ജിച്ചിരിക്കയാൽ എന്തു ചെയ്യേ
ണ്ടു എന്ന് അവർ അറിഞ്ഞില്ല.

❋ ❋ ❋

***1. പരീശരുടെ ചോദ്യത്തിന് എതിർചോദ്യം 9. കള്ളക്കുടിയാന്മാരുടെ ഉപമ 20. കൈസർക്കുള്ള കരം 27. ഉയിർത്തെഴുന്നേല്പ് 41. യേശു ദാവീദിനു കർത്താവും പുത്രനും എന്നത് 45. പരീശരെ ആക്ഷേപിച്ചത്.***

**20** [a]ആ ദിവസങ്ങളിൽ ഒന്നിൽ
അവൻ ദൈവാലയത്തിൽ
ജനത്തോട് ഉപദേശിച്ചു[b] സുവി
ശേഷം അറിയിക്കുമ്പോൾ മഹാ
പുരോഹിതന്മാരും ശാസ്ത്രിമാരും
മൂപ്പന്മാരുമായി അടുത്തുവന്ന്[c]
അവനോട്: 2 നീ എന്ത് അധികാരം
കൊണ്ട് ഇത് ചെയ്യുന്നു? ഈ
അധികാരം നിനക്ക് തന്നത് ആർ?[d]
ഞങ്ങളോടു പറക എന്നു പറഞ്ഞു.
3 അതിന് ഉത്തരമായി അവൻ:
ഞാനും നിങ്ങളോട് ഒരു വാക്ക്
ചോദിക്കും; അത് എന്നോട് പറവിൻ.
4 യോഹന്നാന്റെ സ്നാനം സ്വർഗ
ത്തിൽനിന്നോ[e] മനുഷ്യരിൽനി
ന്നോ ഉണ്ടായത് എന്നു ചോദിച്ചു.
5 അവർ തമ്മിൽ നിരൂപിച്ചു: സ്വർ
ഗത്തിൽനിന്ന് എന്നു പറഞ്ഞാൽ
പിന്നെ നിങ്ങൾ അവനെ വിശ്വസി
ക്കാഞ്ഞത് എന്ത്[f] എന്ന് അവൻ
ചോദിക്കും. 6 മനുഷ്യരിൽനിന്ന് എ
ന്നു പറഞ്ഞാലോ, ജനമൊക്കെയും
യോഹന്നാൻ ഒരു പ്രവാചകൻ[g]
എന്ന് ഉറച്ചിരിക്കകൊണ്ട് നമ്മെ

45.[a] *ലൂക്കൊ. 19:45-47ക്കു. മത്താ.21:12-16; മർക്കൊ. 11:15-18കാ. (യോഹ.2:14-16)*
46.[b] ***യെശ.56:7*** [c] *യിരെ.7:11*
47.[d] *ലൂക്കൊ.20:1; മത്താ.26:55* [e] *മത്താ.21:46*

**അധ്യായം 20**

1.[a] *ലൂക്കൊ. 20:1-8ക്കു. മത്താ.21:23-27; മർക്കൊ. 11:27-33കാ.* [b] *ലൂക്കൊ.19:47* [c] *അപ്പൊ.പ്ര.4:1;6:12*
2.[d] *(പുറ.2:14; യോഹ.1:25; അപ്പൊ.പ്ര.4:7)*
4.[e] *ലൂക്കൊ.15:18,21; യോഹ.3:27*
5.[f] *ലൂക്കൊ.7:30; മത്താ. 21:32*
6.[g] *(യോഹ.5:35); മത്താ. 11:9*
9.[h] *ലൂക്കൊ. 20:9-19ക്കു. മത്താ.21:33-46; മർക്കൊ.12:1-12കാ.* [i] *സങ്കീ.80:8; യെശ.5:1; മത്താ.21:28* [j] *ഉത്തമ.8:11,12* [k] *മത്താ.25:14,15 (മർക്കൊ.13:34)*
10.[j] *(വാ. 9 കാ.)* [l] *മത്താ.5:12;22:6; 23:34,37; (2ദിന.24:19; 36:15,16; നെഹെ.9:26; യിരെ.37:15;38:6; അപ്പൊ.പ്ര.7:52; 2കൊരി.11:24-26; 1തെസ്സ.2:15; എബ്രാ. 11:36,37)*
11.[l] *(വാ.10 കാ.)* [m] *മത്താ.22:4* [n] *അപ്പൊ.പ്ര.5:41*
12.[l] *(വാ.10 കാ.)*
13.[o] *മത്താ.3:17*

കല്ലെറിയും എന്നു പറഞ്ഞിട്ട്:
7 എവിടെനിന്നോ ഞങ്ങൾ അറി
യുന്നില്ല എന്ന് ഉത്തരം പറഞ്ഞു.
8 യേശു അവരോട്: എന്നാൽ ഞാൻ
ഇതു ചെയ്യുന്നത് ഇന്ന അധികാ
രം കൊണ്ടാകുന്നു എന്നുള്ളതു
ഞാനും നിങ്ങളോടു പറയുന്നില്ല
എന്നു പറഞ്ഞു.
9 [h]അനന്തരം അവൻ ജന
ത്തോട് ഉപമ പറഞ്ഞതെന്തെ
ന്നാൽ: ഒരു മനുഷ്യൻ ഒരു മുന്തി
രിത്തോട്ടം[i] നട്ടുണ്ടാക്കി കുടിയാ
ന്മാരെ പാട്ടത്തിന് ഏല്പിച്ചിട്ട്[j]
ഏറിയകാലം പരദേശത്തു പോയി
പാർത്തു.[k] 10 സമയമായപ്പോൾ
കുടിയാന്മാരോടു തോട്ടത്തിന്റെ
അനുഭവം വാങ്ങേണ്ടതിന്[j] അവ
രുടെ അടുക്കൽ ഒരു ദാസനെ
അയച്ചു; അവനെ കുടിയാന്മാർ
തല്ലി വെറുതേ അയച്ചുകളഞ്ഞു.[l]
11 അവൻ മറ്റൊരു ദാസനെ[l] പറ
ഞ്ഞയച്ചു;[m] അവനെയും അവർ
തല്ലി അപമാനിച്ചു[n] വെറുതേ അയ
ച്ചുകളഞ്ഞു. 12 അവൻ മൂന്നാ
മത് ഒരുത്തനെ പറഞ്ഞയച്ചു;[l] അ
വർ അവനെയും മുറിവേല്പിച്ചു
പുറത്താക്കിക്കളഞ്ഞു. 13 അപ്പോൾ
മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ:
ഞാൻ എന്തു ചെയ്യേണ്ടു? എന്റെ
പ്രിയപുത്രനെ[o] അയയ്ക്കും; പക്ഷേ
അവർ അവനെ ശങ്കിക്കും എന്നു
പറഞ്ഞു. 14 കുടിയാന്മാർ അവനെ
കണ്ടിട്ട്: ഇവൻ അവകാശി;[p] അവ
കാശം നമുക്ക് ആകേണ്ടതിന് നാം
അവനെ കൊന്നുകളക[q] എന്നു
തമ്മിൽ ആലോചിച്ചുപറഞ്ഞു.
15 അവർ അവനെ തോട്ടത്തിൽ
നിന്നു പുറത്താക്കി കൊന്നുകള
ഞ്ഞു.[r] എന്നാൽ തോട്ടത്തിന്റെ
ഉടമസ്ഥൻ അവരോട് എന്തു ചെ
യ്യും? 16 അവൻ വന്ന്[s] ആ കുടിയാ
ന്മാരെ നിഗ്രഹിച്ചു[t] തോട്ടം അന്യ
ന്മാർക്ക് ഏല്പിച്ചുകൊടുക്കും.[u]

14.[p] *എബ്രാ.1:2; (യോഹ.1:11; റോമ.8:17)*[q] *(1രാജാ. 21:19)* 15.[r] *എബ്രാ.13:12* 16.[s] *(ലൂക്കൊ. 19:27)* [t] *(മത്താ.24:50)* [u] *മത്താ.21:43; അപ്പൊ.പ്ര.13:46; 18:6;28:28; (മത്താ.8:11,12)*

അതു കേട്ടിട്ട് അവർ അങ്ങനെ ഒരു
നാളും സംഭവിക്കയില്ല എന്നു പറ
ഞ്ഞു. **17** അവനോ അവരെ
നോക്കി:[v] “എന്നാൽ[w] വീടു പണി
യുന്നവർ തള്ളിക്കളഞ്ഞ കല്ല് മൂല
ക്കല്ലായിത്തീർന്നു” എന്ന് എഴുതി
യിരിക്കുന്നത് എന്ത്? **18** ആ കല്ലി
ന്മേൽ വീഴുന്ന ഏവനും തകർന്നു
പോകും;[x] അത് ആരുടെമേൽ എങ്കി
ലും വീണാൽ[y] അവനെ ധൂളിപ്പി
ക്കും[z] എന്നു പറഞ്ഞു.
**19** ഈ ഉപമ[a] തങ്ങളെക്കുറിച്ചു
പറഞ്ഞു എന്നു ശാസ്ത്രിമാരും
മഹാപുരോഹിതന്മാരും ഗ്രഹിച്ചിട്ട്
ആ നാഴികയിൽതന്നെ അവന്റെ
മേൽ കൈ വയ്പാൻ നോക്കി
എങ്കിലും ജനത്തെ ഭയപ്പെട്ടു.
**20** [b]പിന്നെ അവർ അവനെ നാടു
വാഴിയുടെ[c] അധീനതയിലും അധി
കാരത്തിലും ഏല്പിപ്പാൻ തക്കവ
ണ്ണം അവനെ വാക്കിൽ പിടിക്കേ
ണ്ടതിന്[d] തക്കം നോക്കി[e] നീതി
മാന്മാർ എന്നു നടിക്കുന്ന[f] ഒറ്റു
കാരെ അയച്ചു. **21** അവർ അവ
നോട്: ഗുരോ, നീ നേർ പറഞ്ഞ്
ഉപദേശിക്കയും[g] മുഖപക്ഷം നോ
ക്കാതെ[h] ദൈവത്തിന്റെ വഴി[i]
യഥാർഥമായി പഠിപ്പിക്കയും ചെ
യ്യുന്നു എന്നു ഞങ്ങൾ അറിയുന്നു.
**22** നാം കൈസർക്കു[j] കരം[k] കൊടു
ക്കുന്നതു വിഹിതമോ അല്ലയോ
എന്നു ചോദിച്ചു. **23** അവരുടെ
ഉപായം[l] ഗ്രഹിച്ചിട്ട് അവൻ അവ
രോട്: ഒരു വെള്ളിക്കാശ്[m] കാണി
പ്പിൻ; **24** അതിലുള്ള സ്വരൂപവും
മേലെഴുത്തും ആരുടേത് എന്നു
ചോദിച്ചതിന്: കൈസരുടേത് എന്ന്
അവർ പറഞ്ഞു. **25** എന്നാൽ
കൈസർക്കുള്ളത് കൈസർക്കും
ദൈവത്തിനുള്ളത് ദൈവത്തിനും
കൊടുപ്പിൻ[n] എന്ന് അവൻ അവ
രോടു പറഞ്ഞു. **26** അങ്ങനെ അവർ
ജനത്തിന്റെ മുമ്പിൽവച്ച് അവനെ
വാക്കിൽ പിടിപ്പാൻ[o] കഴിയാതെ
അവന്റെ ഉത്തരത്തിൽ ആശ്ചര്യ
പ്പെട്ടു മിണ്ടാതിരുന്നു.

**27** പുനരുത്ഥാനം ഇല്ല എന്നു
പറയുന്ന[p] സദൂക്യരിൽ[q] ചിലർ അടു
ത്തുവന്ന് അവനോട് ചോദിച്ചത്:
**28** ഗുരോ, ഒരുത്തന്റെ സഹോദ
രൻ വിവാഹം കഴിച്ചിട്ട് മക്കളില്ലാതെ
മരിച്ചുപോയാൽ അവന്റെ സഹോ
ദരൻ അവന്റെ ഭാര്യയെ പരിഗ്ര
ഹിച്ചു സഹോദരനു സന്തതിയെ
ജനിപ്പിക്കേണം എന്നു മോശെ
എഴുതിയിരിക്കുന്നു.[r] **29** എന്നാൽ
ഏഴു സഹോദരന്മാർ ഉണ്ടായിരു
ന്നു; അവരിൽ ഒന്നാമത്തവൻ ഒരു
സ്ത്രീയെ വിവാഹം കഴിച്ചു മക്കളി
ല്ലാതെ മരിച്ചുപോയി. **30** രണ്ടാമ
ത്തവനും മൂന്നാമത്തവനും അവളെ
പരിഗ്രഹിച്ചു. **31** അവ്വണ്ണം ഏഴു
പേരും ചെയ്തു മക്കളില്ലാതെ മരി
ച്ചുപോയി. **32** ഒടുവിൽ സ്ത്രീയും
മരിച്ചു. **33** എന്നാൽ പുനരുത്ഥാന
ത്തിൽ അവൾ അവരിൽ ഏവനു
ഭാര്യയാകും? ഏഴുവർക്കും ഭാര്യയാ
യിരുന്നുവല്ലോ. **34** അതിന് യേശു
ഉത്തരം പറഞ്ഞത്: ഈ ലോക
ത്തിന്റെ മക്കൾ[s] വിവാഹം കഴിക്ക
യും[t] വിവാഹത്തിനു കൊടുക്കയും[t]
ചെയ്യുന്നു. **35** എങ്കിലും ആ ലോക
ത്തിനും[u] മരിച്ചവരിൽനിന്നുള്ള
പുനരുത്ഥാനത്തിനും യോഗ്യരായ
വർ[v] വിവാഹം കഴിക്കയുമില്ല[w]
വിവാഹത്തിനു കൊടുക്കപ്പെടുക
യുമില്ല;[w] അവർക്ക് ഇനി മരിപ്പാനും
കഴികയില്ല.[x] **36** അവർ പുനരുത്ഥാ
നപുത്രന്മാരാകയാൽ[y] ദൈവദൂത
തുല്യരും[z] ദൈവപുത്രന്മാരും[a] ആകു
ന്നു.[b] **37** മരിച്ചവർ ഉയിർത്തെഴുന്നേ
ല്ക്കുന്നു എന്നതോ മോശെയും[c]
മുൾപ്പടർപ്പുഭാഗത്തു[d] [e]കർത്താ
വിനെ അബ്രാഹാമിന്റെ ദൈവവും
യിസ്ഹാക്കിന്റെ ദൈവവും യാക്കോ
ബിന്റെ ദൈവവും എന്നു പറയു
ന്നതിനാൽ സൂചിപ്പിച്ചിരിക്കുന്നു.[c]
**38** ദൈവമോ മരിച്ചവരുടെ ദൈവ
മല്ല, ജീവനുള്ളവരുടെ ദൈവമത്രേ;

**17.** [v] *മർക്കൊ.10:21*
[w] *അപ്പൊ.പ്ര.4:11; 1പത്രൊ.2:7;* ***സങ്കീ.118:22***
**18.** [x] *യെശ.8:14,15; റോമ.9:32,33*
[y] *ദാനീ.2:34,35,44,45*
[z] *ആമോ.9:9*
**19.** [a] *ലൂക്കൊ. 19:47,48*
**20.** [b] *ലൂക്കൊ. 20:20-38ക്കു. മത്താ.22:15-32; മർക്കൊ. 12:13-27കാ.*
[c] *മത്താ.27:2,11;28:14 അപ്പൊ.പ്ര.23:24*
[d] *ലൂക്കൊ.20:26; 11:54*
[e] *ലൂക്കൊ.14:1; മർക്കൊ.3:2*
[f] *(1രാജാ.14:6)*
**21.** [g] *(യോഹ.3:2)*
[h] *അപ്പൊ.പ്ര.10:34*
[i] *അപ്പൊ.പ്ര.18:25,26; (അപ്പൊ.പ്ര.13:10)*
**22.** [j] *ലൂക്കൊ.2:1;3:1*
[k] *മത്താ.17:25*
**23.** [l] *1കൊരി.3:19, 2കൊരി.4:2;11:3; എഫെ.4:14; (2കൊരി.12:16)*
[m] *മത്താ.18:28*
**25.** [n] *റോമ.13:7*
**26.** [o] *ലൂക്കൊ.20:20*

**27.** [p] *അപ്പൊ.പ്ര.23:8 (അപ്പൊ.പ്ര.4:2)*
[q] *മത്താ.3:7; 16:1;22:34; അപ്പൊ.പ്ര.4:1; 5:17; 23:6,7*
**28.** [r] *(ആവ.25:5)*
**34.** [s] *ലൂക്കൊ.16:8; 10:6*
[t] *ലൂക്കൊ.17:27; മത്താ. 24:38; (ലൂക്കൊ.20:35)*
**35.** [u] *(ലൂക്കൊ.18:30); മർക്കൊ.10:30*
[v] *അപ്പൊ.പ്ര.5:41; 2തെസ്സ.1:5,12; (ലൂക്കൊ.21:36) മത്താ.22:8*
[w] *(ലൂക്കൊ.20:34)*
[x] *1കൊരി.15:54,55; വെളി.21:5* **36.** [y] *ലൂക്കൊ.10:6*
[z] *(എബ്രാ.2:7,9)* [a] *(റോമ.8:19,23; 1കൊരി.15:52)*
[b] *(ഉൽപ.1:26; സങ്കീ.82:6)* **37.** [c] *ലൂക്കൊ.20:28*
[d] *പുറ.3:1-4:17* [e] *അപ്പൊ.പ്ര.7:32;* ***പുറ.3:15;***
(പുറ.3:6)

എല്ലാവരും അവന് ജീവിച്ചിരിക്കുന്നു
വല്ലോ.[f] **39** അതിനു ചില ശാസ്ത്രി
മാർ: ഗുരോ, നീ പറഞ്ഞത് ശരി
എന്ന് ഉത്തരം പറഞ്ഞു.[g] **40** പി
ന്നെ അവനോട് ഒന്നും ചോദിപ്പാൻ
അവർ തുനിഞ്ഞതുമില്ല.[h]
**41** [i]എന്നാൽ അവൻ അവരോട്:
ക്രിസ്തു ദാവീദിന്റെ പുത്രൻ[j]
എന്നു പറയുന്നത് എങ്ങനെ?
**42** [k]"കർത്താവ് എന്റെ കർത്താ
വിനോട്: ഞാൻ നിന്റെ ശത്രുക്ക
ളെ നിന്റെ പാദപീഠ[l]മാക്കുവോളം
എന്റെ വലത്തു ഭാഗത്തിരിക്ക
എന്ന് അരുളിച്ചെയ്തു"
**43** എന്നു സങ്കീർത്തനപുസ്ത
കത്തിൽ ദാവീദ് തന്നെ പറയുന്നു
വല്ലോ. **44** ദാവീദ് അവനെ കർ
ത്താവ് എന്നു വിളിക്കുന്നു; പിന്നെ
അവന്റെ പുത്രൻ ആകുന്നത് എ
ങ്ങനെ[m] എന്നു ചോദിച്ചു.
**45** [n]എന്നാൽ ജനമൊക്കെയും
കേൾക്കെ അവൻ തന്റെ ശിഷ്യന്മാ
രോട്: **46** നിലയങ്കികളോടെ നട
പ്പാൻ ഇച്ഛിക്കയും അങ്ങാടിയിൽ
വന്ദനവും പള്ളിയിൽ മുഖ്യാസ
നവും അത്താഴത്തിൽ പ്രധാനസ്ഥ
ലവും[o] പ്രിയപ്പെടുകയും ചെയ്യുന്ന
ശാസ്ത്രിമാരെ സൂക്ഷിച്ചുകൊൾ
വിൻ. **47** അവർ വിധവമാരുടെ
വീടുകളെ വിഴുങ്ങുകയും[p] ഉപായ
രൂപേണ ദീർഘമായി പ്രാർഥിക്ക
യും[q] ചെയ്യുന്നു; അവർക്ക് ഏറ്റവും
വലിയ ശിക്ഷാവിധി[r] വരും.

* * *

*1. വിധവയുടെ വഴിപാട് 5. ലോകാവസാനത്തിനുമുമ്പേ നടക്കേണ്ടുന്നവ 20. യെരൂശലേമിന്റെ നാശം 25. അവസാനനാളിന്റെ അടയാളങ്ങൾ.*

**21** [a]അവൻ തലപൊക്കി ധനവാ
ന്മാർ ഭണ്ഡാരത്തിൽ[b] വഴി
പാട് ഇടുന്നത്[c] കണ്ടു. **2** ദരിദ്രയാ
യൊരു വിധവ രണ്ടു കാശ്[d] ഇടു
ന്നത് കണ്ടിട്ട് അവൻ: **3** ഈ ദരിദ്ര
യായ വിധവ എല്ലാവരെക്കാളും അ
ധികം ഇട്ടിരിക്കുന്നു[e] എന്നു ഞാൻ
സത്യമായി നിങ്ങളോടു പറയുന്നു.

38.[f] *റോമ.6:11;14:7,8; 2കൊരി.5:15; ഗലാ. 2:19; 1തെസ്സ.5:10; 1പത്രൊ.4:2; (എബ്രാ.9:14)*
39.[g] *മർക്കൊ.12:28; (മത്താ.22:34)*
40.[h] *മത്താ.22:46; മർക്കൊ.12:34*
41.[i] *ലൂക്കൊ. 20:41-44ക്കു. മത്താ.22:41-45; മർക്കൊ. 12:35-37കാ.*
[j] *മത്താ.1:1,17*
42.[k] *അപ്പൊ.പ്ര. 2:34,35;എബ്രാ.1:13;* ***സങ്കീ.110:1;*** *(1കൊരി.15:25; എബ്രാ.10:13)*
[l] *(അപ്പൊ.പ്ര.7:49)*
44.[m] *(റോമ.1:5)*
45.[n] *ലൂക്കൊ. 20:45,46ക്കു. മത്താ.23:1,2,5-7; മർക്കൊ.12:38,39കാ. (ലൂക്കൊ.11:43)*
46.[o] *ലൂക്കൊ.14:7,8*
47.[p] *(ലൂക്കൊ.11:39; 16:14)*
[q] *(മത്താ.6:5,7)*
[r] *യാക്കോ.3:1*

**അധ്യായം 21**

1.[a] *ലൂക്കൊ. 21:1-4ക്കു. മർക്കൊ.12:41-44 കാ.*
[b] *മത്താ.27:6; യോഹ.8:20*
[c] *2രാജാ.12:9*
2.[d] *ലൂക്കൊ.12:59*
3.[e] *(2കൊരി.8:4,12)*
4.[f] *ഫിലി.4:11*
[g] *ലൂക്കൊ.8:43*
5.[h] *ലൂക്കൊ.21:5-36ക്കു. മത്താ.അ.24; മർക്കൊ.അ.13*
6.[i] *ലൂക്കൊ.19:43,44; 17:22*
7.[j] *(അപ്പൊ.പ്ര.1:6,7)*

**4** എല്ലാവരും തങ്ങളുടെ സമൃദ്ധി
യിൽ നിന്നല്ലോ വഴിപാട് ഇട്ടത്;
ഇവളോ തന്റെ ഇല്ലായ്മയിൽനിന്നു[f]
തനിക്കുള്ള ഉപജീവനം ഒക്കെയും[g]
ഇട്ടിരിക്കുന്നു.
**5** [h]ചിലർ ദൈവാലയത്തെക്കു
റിച്ച് അതു മനോഹരമായ കല്ലുക
ളാലും വഴിപാടുകളാലും അലങ്കരി
ക്കപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞ
പ്പോൾ: **6** ഈ കാണുന്നതിൽ ഇടി
ഞ്ഞുപോകാതെ കല്ല് കല്ലിന്മേൽ
ശേഷിക്കാത്ത കാലം വരും[i] എന്ന്
അവൻ പറഞ്ഞു. **7** ഗുരോ, അത്
എപ്പോൾ ഉണ്ടാകും? അതു സംഭ
വിപ്പാറാകുമ്പോഴുള്ള ലക്ഷണം
എന്ത്[j] എന്ന് അവർ അവനോടു
ചോദിച്ചു. **8** അതിന് അവൻ: ആരും
നിങ്ങളെ തെറ്റിക്കാതിരിപ്പാൻ സൂ
ക്ഷിച്ചുകൊൾവിൻ.[k] ഞാൻ ആകു
ന്നു[l] എന്നും സമയം അടുത്തിരി
ക്കുന്നു[m] എന്നും പറഞ്ഞ് അനേ
കർ എന്റെ പേരെടുത്തു വരും;[n]
അവരെ അനുഗമിക്കരുത്. **9** നിങ്ങൾ
യുദ്ധങ്ങളെയും കലഹങ്ങളെയും
കുറിച്ചു കേൾക്കുമ്പോൾ ഞെട്ടിപ്പോ
കരുത്;[o] അത് ആദ്യം സംഭവിക്കേ
ണ്ടതു തന്നെ.[p] അവസാനം ഉട
നെ അല്ലതാനും എന്നു പറഞ്ഞു.
**10** പിന്നെ അവൻ അവരോട് പറ
ഞ്ഞത്: ജാതി ജാതിയോടും[q] രാ
ജ്യം രാജ്യത്തോടും[r] എതിർക്കും.
**11** വലിയ ഭൂകമ്പവും[s] ക്ഷാമവും[t]
മഹാവ്യാധികളും അവിടവിടെ
ഉണ്ടാകും; ഭയങ്കരകാഴ്ചകളും[u]
ആകാശത്തിൽ മഹാലക്ഷ്യങ്ങളും[v]
ഉണ്ടാകും. **12** [w]ഇത് എല്ലാറ്റിനും
മുമ്പേ എന്റെ നാമം നിമിത്തം
അവർ നിങ്ങളുടെമേൽ കൈവച്ചു

8.[k] *യിരെ.29:8; എഫെ.5:6; കൊലൊ.2:8; 2തെസ്സ. 2:3; 1യോഹ.3:7* [l] *യോഹ.8:24* [m] *(മത്താ.3:2;4:17; മർക്കൊ.1:15)* [n] *യിരെ.14:14; 1യോഹ. 2:18*
9.[o] *ലൂക്കൊ.24:37* [p] *വെളി.1:1* 10.[q] *2ദിന.15:6; (വെളി.6:4)* [r] *യെശ.19:2* 11.[s] *വെളി.6:12* [t] *അപ്പൊ.പ്ര. 11.28; വെളി.6:8* [u] *യെശ.19:17* [v] *ലൂക്കൊ.11:16; മത്താ.16:1; മർക്കൊ.8:11; (ലൂക്കൊ.21:25; വെളി.12:1,3; 13:13; 15:1)* 12.[w] *ലൂക്കൊ.21:12-17ക്കു. (മത്താ.10:17-22)*

രാജാക്കന്മാരുടെയും[x] നാടുവാഴി
കളുടെയും[y] മുമ്പിൽ കൊണ്ടു
പോയി[z] ഉപദ്രവിക്കയും പള്ളിക
ളിലും[a] തടവുകളിലും[b] ഏല്പിക്ക
യും ചെയ്യും. 13 അതു നിങ്ങൾക്കു
സാക്ഷ്യം പറവാൻ തരം ആകും.[c]
14 ആകയാൽ പ്രതിവാദിപ്പാൻ
മുമ്പുകൂട്ടി വിചാരിക്കാതിരിക്കേ
ണ്ടതിന്[d] മനസ്സിൽ ഉറച്ചുകൊൾ
വിൻ. 15 നിങ്ങളുടെ എതിരികൾ
ക്ക് ആർക്കും ചെറുപ്പാനോ എതിർ
പറവാനോ[e] കഴിയാത്ത വാക്കും
ജ്ഞാനവും[f] ഞാൻ നിങ്ങൾക്കു
തരും.[g] 16 എന്നാൽ അമ്മയപ്പന്മാരും
സഹോദരന്മാരും ചാർച്ചക്കാരും
ചങ്ങാതികളും നിങ്ങളെ ഏല്പിച്ചു
കൊടുക്കയും[h] നിങ്ങളിൽ ചിലരെ
കൊല്ലിക്കയും ചെയ്യും. 17 എന്റെ
നാമംനിമിത്തം എല്ലാവരും നിങ്ങ
ളെ പകയ്ക്കും.[i] 18 നിങ്ങളുടെ
തലയിലെ ഒരു രോമംപോലും
നശിച്ചുപോകയില്ലതാനും.[j] 19 നി
ങ്ങൾ ക്ഷമകൊണ്ടു[k] നിങ്ങളുടെ
പ്രാണനെ നേടും.[l]

20 സൈന്യങ്ങൾ യെരൂശലേ
മിനെ വളഞ്ഞിരിക്കുന്നതു കാണു
മ്പോൾ[m] അതിന്റെ ശൂന്യകാലം
അടുത്തിരിക്കുന്നു[n] എന്ന് അറിഞ്ഞു
കൊൾവിൻ. 21 അന്ന് യെഹൂദ്യ
യിലുള്ളവർ മലകളിലേക്ക് ഓടി
പ്പോകട്ടെ; അതിന്റെ നടുവിലുള്ള
വർ പുറപ്പെട്ടു പോകട്ടെ; നാട്ടുമ്പു
റങ്ങളിലുള്ളവർ അതിൽ കടക്ക
രുത്. 22 എഴുതിയിരിക്കുന്നതെല്ലാം
നിവൃത്തിയാകേണ്ടതിന്[o] ആ നാളു
കൾ[p] പ്രതികാരകാലം[q] ആകുന്നു.
23 ആ കാലത്ത് ഗർഭിണികൾക്കും
മുല കുടിപ്പിക്കുന്നവർക്കും അയ്യോ
കഷ്ടം![r] ദേശത്തു വലിയ ഞെരു
ക്കവും ഈ ജനത്തിന്മേൽ ക്രോ
ധവും[s] ഉണ്ടാകും. 24 അവർ വാളി
ന്റെ വായ്ത്തലയാൽ വീഴുകയും
അവരെ സകല ജാതികളിലേക്കും
ബദ്ധരായി കൊണ്ടുപോകയും[t]
ജാതികളുടെ കാലം തികയുവോളം[u]
ജാതികൾ യെരൂശലേം ചവിട്ടിക്ക
ളകയും ചെയ്യും.[v] 25 സൂര്യനിലും
ചന്ദ്രനിലും[w] നക്ഷത്രങ്ങളിലും[x]
ലക്ഷ്യങ്ങൾ[w] ഉണ്ടാകും; കടലി
ന്റെയും ഓളത്തിന്റെയും മുഴക്കം
നിമിത്തം ഭൂമിയിലെ ജാതികൾ
ക്കു നിരാശയോടുകൂടിയ പരിഭ്രമം[y]
ഉണ്ടാകും. 26 ആകാശത്തിന്റെ
ശക്തികൾ ഇളകിപ്പോകുന്ന[z]തി
നാൽ ഭൂലോകത്തിന് എന്തു ഭവി
പ്പാൻ പോകുന്നു എന്നു പേടിച്ചും
നോക്കിപ്പാർത്തും കൊണ്ടു മനു
ഷ്യർ നിർജ്ജീവന്മാർ ആകും. 27 അ
പ്പോൾ മനുഷ്യപുത്രൻ[a] ശക്തി
യോടും മഹാതേജസ്സോടും കൂടെ[b]
മേഘത്തിൽ വരുന്നത്[a] അവർ
കാണും. 28 ഇതു സംഭവിച്ചുതുട
ങ്ങുമ്പോൾ നിങ്ങളുടെ വീണ്ടെ
ടുപ്പ് അടുത്തുവരുന്നതുകൊണ്ടു[c]
നിവിർന്നു തല പൊക്കുവിൻ.[d]

29 ഒരുപമയും അവരോടു പറ
ഞ്ഞത്: അത്തി മുതലായ സകല
വൃക്ഷങ്ങളെയും നോക്കുവിൻ.
30 അവ തളിർക്കുന്നതു നിങ്ങൾ
കാണുമ്പോൾ വേനൽ അടുത്തി
രിക്കുന്നു എന്നു സ്വതവേ[e] അറി
യുന്നുവല്ലോ. 31 അവ്വണ്ണംതന്നെ
ഇതു സംഭവിക്കുന്നതു കാണു
മ്പോൾ ദൈവരാജ്യം അടുത്തിരി
ക്കുന്നു എന്നു ഗ്രഹിപ്പിൻ. 32 സക
ലവും സംഭവിക്കുവോളം ഈ തല
മുറ ഒഴിഞ്ഞുപോകയില്ല[f] എന്നു
ഞാൻ സത്യമായിട്ടു നിങ്ങളോടു
പറയുന്നു. 33 ആകാശവും ഭൂമിയും
ഒഴിഞ്ഞുപോകും;[g] എന്റെ വചന
ങ്ങളോ ഒഴിഞ്ഞുപോകയില്ല.[h]

34 നിങ്ങളുടെ ഹൃദയം[i] അതി
ഭക്ഷണത്താലും മദ്യപാനത്താലും
ഉപജീവനചിന്തകളാലും[j] ഭാരപ്പെ
ട്ടിട്ട്[i] ആ ദിവസം[k] നിങ്ങൾക്കു

12.[x] (അപ്പൊ.പ്ര.27:24; 2തിമൊ.4:16,17)
[y] അപ്പൊ.പ്ര.17:6; 18:12; 24:1;25:6
[z] അപ്പൊ.പ്ര.16:19
[a] അപ്പൊ.പ്ര.22:19; 26:11
[b] അപ്പൊ.പ്ര.4:3;5:18; 8:3;12:4;16:24;24:27; 2കൊരി.11:23
13.[c] (ഫിലി.1:13,14,19)
14.[d] ലൂക്കൊ.12:11
15.[e] (അപ്പൊ.പ്ര.4:14)
[f] അപ്പൊ.പ്ര.6:10
[g] (പുറ.4:12; യിരെ.1:9)
16.[h] (ലൂക്കൊ.12:53; മത്താ.10:35)
17.[i] യോഹ.15:18-21 (ലൂക്കൊ.6:22)
18.[j] (ലൂക്കൊ.21:16; യോഹ.10:28); 1ശമൂ.14:45
19.[k] റോമ.5:3; യാക്കോ.1:3; (മത്താ.10:22;24:13) എബ്രാ.10:36
[l] (ലൂക്കൊ.9:24; എബ്രാ.10:34)
20.[m] ലൂക്കൊ.19:43
[n] ദാനീ.9:27
22.[o] മത്താ.1:23
[p] യെശ.34:8;63:4; ഹോശേ.9:7
[q] (ലൂക്കൊ.18:7,8)
23.[r] ലൂക്കൊ.23:29
[s] 1തെസ്സ.2:16
24.[t] (ആവ.28:64)
[u] (ദാനീ.12:7; റോമ.11:25)
[v] വെളി.11:2; (സങ്കീ.79:1; യെശ.63:3,18; ദാനീ.8:13; സെഖ.12:3)
25.[w] യെശ.13:10; 24:23;യെഹെ.32:7; യോവേ.2:10,31;3:15; അപ്പൊ.പ്ര.2:20; (ആമോ.5:20;8:9; സെഫ.1:15; വെളി.6:12;8:12)

[x] വെളി.6:13; (യെശ.14:13;34:4) [y] (സങ്കീ.65:7) 26.[z] (യെശ.34:4) 27.[a] ദാനീ.7:13 [b] മത്താ.26:64; മർക്കൊ. 9:1; (മത്താ.25:31) 28.[c] റോമ.8:23; എഫെ. 4:30; (റോമ.13:11); ലൂക്കൊ.1:68 [d] ഇയ്യോ.10:15 30.[e] ലൂക്കൊ.12:57 (മത്താ.16:3) 32.[f] ലൂക്കൊ.9:27 33.[g] സങ്കീ.102:26; യെശ.51:6; 2പത്രൊ.3:10; (മത്താ. 5:18; എബ്രാ.12:27) [h] സങ്കീ.119:89; യെശ.40:8; 1പത്രൊ.1:23,25 34.[i] യാക്കോ.5:5 [j] (മത്താ.13:22) [k] 1തെസ്സ.5:3,4; (ലൂക്കൊ.12:40)

പെട്ടെന്നു[k] കെണിപോലെ[l] വരാ
തിരിപ്പാൻ[m] സൂക്ഷിച്ചുകൊൾവിൻ.
35 അതു സർവ ഭൂതലത്തിലും വസി
ക്കുന്ന ഏവർക്കും[l] വരും. 36 ആക
യാൽ ഈ സംഭവിപ്പാനുള്ള എല്ലാ
റ്റിനും ഒഴിഞ്ഞുപോകുവാനും[n] മനു
ഷ്യപുത്രന്റെ മുമ്പിൽ നില്പാനും[o]
നിങ്ങൾ പ്രാപ്തരാകേണ്ടതിന്[n]
സദാകാലവും[p] ഉണർന്നും പ്രാർ
ഥിച്ചും കൊണ്ടിരിപ്പിൻ.[q]
37 അവൻ ദിവസേന പകൽ
ദൈവാലയത്തിൽ ഉപദേശിച്ചുപോ
ന്നു;[r] രാത്രി[s] ഒലിവു[t]മലയിൽ പോയി
പാർക്കും.[s] 38 ജനം എല്ലാം അവ
ന്റെ വചനം കേൾക്കേണ്ടതിന് അതി
കാലത്തു ദൈവാലയത്തിൽ അവ
ന്റെ അടുക്കൽ ചെല്ലും.[r]

❋ ❋ ❋

*1. യേശുവിനെ ഒറ്റികൊടുക്കുവാൻ യൂദാ ഉത്സാഹിച്ചത് 7. പെസഹാ ഭക്ഷണവും കർത്താവിന്റെ അത്താഴവും 24. അപ്പൊസ്തലരിൽ തർക്കം ഉണ്ടായത് 39. ഗെത്ത്ശെമനയിലെ പോരാട്ടം 47. തോട്ടത്തിൽവച്ച് യേശുവിനെ പിടിച്ചത് 54. പത്രൊസിന്റെ വീഴ്ച 63. ന്യായാധിപസംഘം വിസ്തരിച്ചത്.*

**22** [a]പെസഹ[b] എന്ന പുളിപ്പില്ലാ
ത്ത അപ്പത്തിന്റെ പെരുന്നാൾ
അടുത്തു. 2 അപ്പോൾ മഹാപുരോ
ഹിതന്മാരും ശാസ്ത്രിമാരും ജന
ത്തെ ഭയപ്പെടുകയാൽ അവനെ
ഒടുക്കുവാൻ ഉപായം അന്വേഷിച്ചു.[c]
3 [d]എന്നാൽ പന്തിരുവരുടെ കൂട്ട
ത്തിൽ ഉള്ള ഈസ്കര്യോത്താ
യൂദാ[e]യിൽ സാത്താൻ കടന്നു:[f]
4 അവൻ ചെന്നു മഹാപുരോഹിത
ന്മാരോടും പടനായകന്മാരോടും[g]
അവനെ അവർക്കു കാണിച്ചുകൊ
ടുക്കുന്ന വഴിയെക്കുറിച്ചു സംസാ
രിച്ചു. 5 അവർ സന്തോഷിച്ച് അവ
നു ദ്രവ്യം കൊടുക്കാം എന്നു പറ
ഞ്ഞൊത്തു. 6 അവൻ വാക്കു കൊ
ടുത്തു; പുരുഷാരം ഇല്ലാത്ത സമ
യത്ത്[h] അവനെ കാണിച്ചുകൊടു
പ്പാൻ[i] തക്കം അന്വേഷിച്ചുപോന്നു.
7 [j]പെസഹാകുഞ്ഞാടിനെ അറു
ക്കേണ്ടുന്ന പുളിപ്പില്ലാത്ത അപ്പ

34.[l] *സഭാപ്ര.9:12; യെശ.24:17*
[m] *(റോമ.13:13; 1തെസ്സ.5:6,7; 1പത്രൊ.4:7)*
35.[l] *(വാ.34കാ.)*
36.[n] *(ഹോശേ.12:4; യാക്കോ.5:16)*
[o] *വെളി.6:17*
[p] *ലൂക്കൊ.12:37; മത്താ.25:13;26:41; മർക്കൊ.14:34 - 38; അപ്പൊ.പ്ര.20:31; 1കൊരി.16:13; 1തെസ്സ.5:6; 1പത്രൊ. 5:8; വെളി.16:15*
[q] *ലൂക്കൊ.18:1*
37.[r] *മത്താ.26:55*
[s] *ലൂക്കൊ.22:39; മത്താ. 21:17; മർക്കൊ.11:19; (യോഹ.8:1; യോഹ. 18:2)*
[t] *മത്താ.21:1*
38.[r] *(വാ.37 കാ.)*

**അധ്യായം 22**

1.[a] *ലൂക്കൊ. 22:1,2ക്കു. മത്താ.26:2 - 5; മർക്കൊ. 14:1,2കാ.*
[b] *യോഹ.6:4*
2.[c] *യോഹ.11:53; മത്താ.21:46*
3.[d] *ലൂക്കൊ. 22:3 - 6ക്കു മത്താ. 26:14 - 16; മർക്കൊ.14:10,11കാ. (യോഹ.13:2,27,30)*
[e] *ലൂക്കൊ.6:16; മത്താ.27:3; അപ്പൊ.പ്ര.1:16; (യോഹ.6:71;12:4)*
[f] *(അപ്പൊ.പ്ര.5:3)*
4.[g] *അപ്പൊ.പ്ര.4:1; 5:24,26*
6.[h] *മത്താ.26:5; മർക്കൊ.14:2*
[i] *മത്താ.20:18,19*
7.[j] *ലൂക്കൊ. 22:7 - 13ക്കു. മത്താ.26:17 - 19; മർക്കൊ.14:12 - 16 കാ.*

ത്തിന്റെ പെരുന്നാൾ[k] ആയപ്പോൾ
8 അവൻ പത്രൊസിനെയും യോഹ
ന്നാനെയും അയച്ചു: നിങ്ങൾ പോ
യി നമുക്കു പെസഹ കഴിപ്പാൻ ഒരു
ക്കുവിൻ എന്നു പറഞ്ഞു. 9 ഞ
ങ്ങൾ എവിടെ ഒരുക്കേണം എന്ന്
അവർ ചോദിച്ചതിന്: 10 നിങ്ങൾ
പട്ടണത്തിൽ എത്തുമ്പോൾ ഒരു
കുടം വെള്ളം ചുമന്നുകൊണ്ട്
ഒരു മനുഷ്യൻ നിങ്ങൾക്ക് എതിർ
പെടും; അവൻ കടക്കുന്ന വീട്ടി
ലേക്കു പിൻചെന്നു വീട്ടുടയവ
നോട്: 11 ഞാൻ എന്റെ ശിഷ്യ
ന്മാരുമായി പെസഹ കഴിപ്പാനുള്ള
ശാല[l] എവിടെ എന്നു ഗുരു[m]
നിന്നോടു ചോദിക്കുന്നു എന്നു
പറവിൻ. 12 അവൻ വിരിച്ചൊരു
ക്കിയോരു വന്മാളിക[n] കാണിച്ചു
തരും; അവിടെ ഒരുക്കുവിൻ എന്ന്
അവരോടു പറഞ്ഞു. 13 അവർ
പോയി തങ്ങളോടു പറഞ്ഞതു
പോലെ[o] കണ്ട് പെസഹ ഒരുക്കി.
14 സമയം ആയപ്പോൾ[p] അവൻ
അപ്പൊസ്തലന്മാരുമായി ഭക്ഷണ
ത്തിന് ഇരുന്നു. 15 അവൻ അവ
രോട്: ഞാൻ കഷ്ടം അനുഭവിക്കും
മുമ്പേ ഈ പെസഹ നിങ്ങളോ
ടുകൂടെ കഴിപ്പാൻ വാഞ്ഛയോ
ടെ ആഗ്രഹിച്ചു. 16 അതു ദൈവ
രാജ്യത്തിൽ നിവൃത്തിയാകുവോളം[q]
ഞാൻ ഇനി അതു കഴിക്കയില്ല
എന്നു ഞാൻ നിങ്ങളോടു പറയു
ന്നു എന്നു പറഞ്ഞു. 17 പിന്നെ
പാനപാത്രം എടുത്തു വാഴ്ത്തി:[r]
ഇതു വാങ്ങി പങ്കിട്ടുകൊൾവിൻ.
18 ദൈവരാജ്യം വരുവോളം[q] ഞാൻ
മുന്തിരിവള്ളിയുടെ അനുഭവം ഇന്നു
മുതൽ കുടിക്കയില്ല എന്നു ഞാൻ
നിങ്ങളോടു പറയുന്നു.[s] 19 [t]പിന്നെ

[k] *പുറ.12:8; 1കൊരി.5:7* 11.[l] *ലൂക്കൊ.2:7* [m] *(മത്താ. 23:8); യോഹ.11:28* 12.[n] *(അപ്പൊ.പ്ര.1:13)* 13.[o] *ലൂക്കൊ.19:32* 14.[p] *മത്താ.26:20; മർക്കൊ. 14:17* 16.[q] *(ലൂക്കൊ.22:30;14:15;വെളി.19:9)* 17.[r] *മത്താ.15:36* 18.[q] *(വാ.16കാ.)* [s] *മത്താ.26:29; മർക്കൊ.14:25* 19.[t] *ലൂക്കൊ.22:19,20ക്കു. മത്താ.26:26 - 28; മർക്കൊ.14:22 - 24; 1കൊരി. 11:23 - 25കാ.*

അപ്പം എടുത്തു വാഴ്ത്തി[r] നുറുക്കി
അവർക്കു കൊടുത്തു: ഇതു[u] നി
ങ്ങൾക്കുവേണ്ടി നല്കുന്ന എന്റെ
ശരീരം;[u] എന്റെ ഓർമയ്ക്കായി
ഇതു ചെയ്‌വിൻ എന്നു പറഞ്ഞു.
**20** അവ്വണ്ണംതന്നെ അത്താഴം കഴി
ഞ്ഞശേഷം അവൻ പാനപാത്ര
വും കൊടുത്തു: ഈ പാനപാത്രം[u]
നിങ്ങൾക്കുവേണ്ടി ചൊരിയുന്ന
എന്റെ രക്തത്തിലെ പുതിയ[v]
നിയമം[w] ആകുന്നു. **21** [x]എന്നാൽ
എന്നെ കാണിച്ചുകൊടുക്കുന്നവന്റെ
കൈ എന്റെ അരികെ മേശപ്പുറ
ത്ത്[y] ഉണ്ട്. **22** നിർണയിച്ചിരിക്കു
ന്നതുപോലെ[z] മനുഷ്യപുത്രൻ പോ
കുന്നു സത്യം; എങ്കിലും അവനെ
കാണിച്ചുകൊടുക്കുന്ന മനുഷ്യന്
അയ്യോ കഷ്ടം എന്നു പറഞ്ഞു.
**23** ഇതു ചെയ്‌വാൻ പോകുന്ന
വൻ തങ്ങളുടെ കൂട്ടത്തിൽ ആർ
ആയിരിക്കും എന്ന് അവർ തമ്മിൽ
തമ്മിൽ ചോദിച്ചുതുടങ്ങി.

**24** തങ്ങളുടെ കൂട്ടത്തിൽ ആരെ
ആകുന്നു വലിയവനായി എണ്ണേ
ണ്ടത് എന്നതിനെച്ചൊല്ലി ഒരു തർ
ക്കവും അവരുടെ ഇടയിൽ ഉണ്ടാ
യി.[a] **25** [b]അവനോ അവരോട്
പറഞ്ഞത്: ജാതികളുടെ രാജാക്ക
ന്മാർ അവരിൽ കർത്തൃത്വം നടത്തു
ന്നു;[c] അവരുടെമേൽ അധികാരം
നടത്തുന്നവരെ ഉപകാരികൾ എന്നു
പറയുന്നു. **26** നിങ്ങളോ അങ്ങനെ
യല്ല;[d] നിങ്ങളിൽ വലിയവൻ[c] ഇള
യവനെപ്പോലെയും നായകൻ ശുശ്രൂ
ഷിക്കുന്നവനെപ്പോലെയും ആകട്ടെ.
**27** ആരാകുന്നു വലിയവൻ? ഭക്ഷ
ണത്തിനിരിക്കുന്നവനോ ശുശ്രൂഷി
ക്കുന്നവനോ?[e] ഭക്ഷണത്തിനിരി
ക്കുന്നവനല്ലയോ? ഞാനോ നിങ്ങ
ളുടെ ഇടയിൽ ശുശ്രൂഷിക്കുന്നവ
നെപ്പോലെ ആകുന്നു.[f] **28** നിങ്ങൾ
ആകുന്നു എന്റെ പരീക്ഷകളിൽ[g]
എന്നോടുകൂടെ നിലനിന്നവർ.
**29** എന്റെ പിതാവ് എനിക്കു രാജ്യം
നിയമിച്ചുതന്നതുപോലെ ഞാൻ
നിങ്ങൾക്കും നിയമിച്ചുതരുന്നു.[h]
**30** നിങ്ങൾ എന്റെ രാജ്യത്തിൽ
എന്റെ മേശയിങ്കൽ തിന്നുകുടി
ക്കയും[i] സിംഹാസനങ്ങളിൽ ഇരു
ന്നു[j] യിസ്രായേൽഗോത്രം പന്ത്ര
ണ്ടിനെയും[k] ന്യായം വിധിക്കയും
ചെയ്യും. **31** ശിമോനേ, ശിമോനേ,
സാത്താൻ നിങ്ങളെ കോതമ്പു
പോലെ പാറ്റേണ്ടതിനു[l] കല്പന
ചോദിച്ചു.[m] **32** ഞാനോ നിന്റെ
വിശ്വാസം പൊയ്പോകാതിരിപ്പാൻ
നിനക്കുവേണ്ടി അപേക്ഷിച്ചു;[n] എ
ന്നാൽ നീ ഒരു സമയം തിരിഞ്ഞു
വന്നശേഷം നിന്റെ സഹോദരന്മാ
രെ ഉറപ്പിച്ചുകൊൾക.[o] **33** അവൻ
അവനോട്: കർത്താവേ, ഞാൻ
നിന്നോടുകൂടെ തടവിലാകുവാനും[p]
മരിപ്പാനും[q] ഒരുങ്ങിയിരിക്കുന്നു
എന്നു പറഞ്ഞു. **34** അതിന് അ
വൻ: പത്രൊസേ, നീ എന്നെ അറി
യുന്നില്ല എന്നു മൂന്നു വട്ടം തള്ളി
പ്പറയുംമുമ്പേ ഇന്നു കോഴി കൂകു
കയില്ല എന്നു ഞാൻ നിന്നോടു
പറയുന്നു[r] എന്നു പറഞ്ഞു.

**35** പിന്നെ അവൻ അവരോട്:
ഞാൻ നിങ്ങളെ മടിശ്ശീലയും പൊ
ക്കണവും ചെരിപ്പും കൂടാതെ അയ
ച്ചപ്പോൾ[s] വല്ല കുറവുമുണ്ടായോ
എന്നു ചോദിച്ചതിന്: ഒരു കുറവു
മുണ്ടായില്ല എന്ന് അവർ പറഞ്ഞു.
**36** അവൻ അവരോട്: എന്നാൽ
ഇപ്പോൾ മടിശ്ശീലയുള്ളവൻ അത്
എടുക്കട്ടെ; അവ്വണ്ണംതന്നെ പൊക്ക
ണമുള്ളവനും; ഇല്ലാത്തവനോ ത
ന്റെ വസ്ത്രം വിറ്റു വാൾ കൊള്ളട്ടെ.
**37** [t]അവനെ അധർമികളുടെ കൂട്ട
ത്തിൽ എണ്ണി എന്ന് എഴുതിയിരി
ക്കുന്നതിന് ഇനി എന്നിൽ നിവൃ
ത്തിവരേണം[u] എന്നു ഞാൻ നിങ്ങ
ളോടു പറയുന്നു; എന്നെക്കുറിച്ചു
എഴുതിയിരിക്കുന്നതിന് നിവൃത്തി
വരുന്നു[v] എന്നു പറഞ്ഞു. **38** കർ
ത്താവേ, ഇവിടെ രണ്ടു വാൾ[w] ഉണ്ട്
എന്ന് അവർ പറഞ്ഞതിന്: മതി[x]
എന്ന് അവൻ അവരോടു പറഞ്ഞു.

19.[r] (വാ.17കാ.)
[u] 1കൊരി.10:16;
(യോഹ.6:53)
20.[u] (വാ.19 കാ.)
[v] 2കൊരി.3:6
[w] പുറ.24:8;
(സെഖ. 9:11;
എബ്രാ.13:20)
21.[x] ലൂക്കൊ.
22:21 - 23
ക്കു.മത്താ.26:21 - 24;
മർക്കൊ.14:18 - 21കാ
(യോഹ.13:21 - 26)
[y] (സങ്കീ.41:9;
യോഹ.13:18
22.[z] അപ്പൊ.പ്ര.2:23
24.[a] ലൂക്കൊ.9:46;
മർക്കൊ.9:34
25.[b] ലൂക്കൊ.
22:25 - 27ക്കു.
(മത്താ.18:1 - 4;
20:25 - 28;
മർക്കൊ.10:42 - 45)
[c] 1പത്രൊ.5:3
26.[d] ലൂക്കൊ.9:48;
(മത്താ.23:11)
[c] (വാ.25 കാ.)
27.[e] (ലൂക്കൊ.12:37)
[f] മത്താ.20:28
28.[g] എബ്രാ.2:18;4:15
29.[h] 2തിമൊ.2:12;
(യോഹ.17:18)
മത്താ.25:34;28:18;
അപ്പൊ.പ്ര.14:22;
വെളി.1:6
30.[i] (ലൂക്കൊ.22:16;
13:29; 14:15;
മത്താ.8:11)
[j] മത്താ.19:28
[k] അപ്പൊ.പ്ര.26:7;
യാക്കോ.1:1;
വെളി.21:12
31.[l] ആമോ.9:9;
(യോഹ.16:32)
[m] ഇയ്യോ.1:6 - 12;
2:1 - 6;
(2കൊരി.2:11;
1പത്രൊ.5:8)
1കൊരി.5:5
32.[n] യോഹ.17:9,11,15
[o] (സങ്കീ.51:13;
യോഹ.21:15 - 17)
33.[p] (അപ്പൊ.പ്ര.12:4)
[q] (യോഹ. 21:19)
34.[r] (മത്താ.26:33 - 35;
മർക്കൊ.14:29 - 31;
യോഹ.13:37,38) 35.[s] ലൂക്കൊ.9:3;10:4; മത്താ.
10:9,10; മർക്കൊ.6:8 37.[t] **യെശ.53:12** [u] (അപ്പൊ.പ്ര.
1:16); ലൂക്കൊ.13:33; മത്താ.1:23[v] (യോഹ.17:4;19:30)
38.[w] (ലൂക്കൊ.22:49) [x] (ആവ.3:26; മർക്കൊ.14:41)

39 പിന്നെ അവൻ പതിവുപോ
ലെ[y] ഒലിവുമലയ്ക്കു[z] പുറപ്പെട്ടു
പോയി;[a] ശിഷ്യന്മാരും അവനെ
അനുഗമിച്ചു. 40 [b]ആ സ്ഥലത്ത്[c]
എത്തിയപ്പോൾ അവൻ അവരോട്:
നിങ്ങൾ പരീക്ഷയിൽ അകപ്പെടാ
തിരിപ്പാൻ[d] പ്രാർഥിപ്പിൻ[e] എന്നു
പറഞ്ഞു. 41 താൻ അവരെ വിട്ട്
ഒരു കല്ലേറുദൂരത്തോളം വാങ്ങി
പ്പോയി മുട്ടുകുത്തി:[f] 42 പിതാവേ,
നിനക്കു മനസ്സുണ്ടെങ്കിൽ[g] ഈ
പാനപാത്രം[h] എങ്കൽനിന്നു നീക്കേ
ണമേ; എങ്കിലും എന്റെ ഇഷ്ടം
അല്ല നിന്റെ ഇഷ്ടം തന്നെ ആകട്ടെ[i]
എന്നു പ്രാർഥിച്ചു.[f] 43 അവനെ
ശക്തിപ്പെടുത്തുവാൻ സ്വർഗത്തിൽ
നിന്ന് ഒരു ദൂതൻ[j] അവന് പ്രത്യക്ഷ
നായി. 44 പിന്നെ അവൻ പ്രാണ
വേദനയിലായി അതിശ്രദ്ധയോടെ
പ്രാർഥിച്ചു;[g] അവന്റെ വിയർപ്പ്
നിലത്തു വീഴുന്ന വലിയ ചോര
ത്തുള്ളിപോലെ ആയി. 45 അവൻ
പ്രാർഥന കഴിഞ്ഞ് എഴുന്നേറ്റു ശി
ഷ്യന്മാരുടെ അടുക്കൽ ചെന്നു,
അവർ വിഷാദത്താൽ ഉറങ്ങുന്നതു
കണ്ട് അവരോട്: 46 നിങ്ങൾ ഉറ
ങ്ങുന്നത് എന്ത്? പരീക്ഷയിൽ അക
പ്പെടാതിരിപ്പാൻ എഴുന്നേറ്റു പ്രാർ
ഥിപ്പിൻ[k] എന്നു പറഞ്ഞു.

47 [l]അവൻ സംസാരിക്കുമ്പോൾ
തന്നെ ഇതാ, ഒരു പുരുഷാരം;
പന്തിരുവരിൽ ഒരുവനായ യൂദാ[m]
അവർക്കു മുൻനടന്നു യേശുവിനെ
ചുംബിപ്പാൻ അടുത്തു വന്നു.
48 യേശു അവനോട്: യൂദായേ,
മനുഷ്യപുത്രനെ ചുംബനംകൊ
ണ്ടോ കാണിച്ചുകൊടുക്കുന്നത്
എന്നു പറഞ്ഞു. 49 സംഭവിപ്പാൻ
പോകുന്നത് അവന്റെ കൂടെയുള്ള
വർ കണ്ടു: കർത്താവേ, ഞങ്ങൾ
വാൾകൊണ്ടു[n] വെട്ടേണമോ എന്നു
ചോദിച്ചു. 50 അവരിൽ ഒരുത്തൻ
മഹാപുരോഹിതന്റെ ദാസനെ വെട്ടി
അവന്റെ വലത്തെ കാത് അറുത്തു.
51 അപ്പോൾ യേശു: ഇത്രയ്ക്കു വിടു
വിൻ എന്നു പറഞ്ഞ് അവന്റെ കാതു
തൊട്ടു സൗഖ്യമാക്കി. 52 യേശു
തന്റെ നേരേ വന്ന മഹാപുരോഹി
തന്മാരോടും ദൈവാലയത്തിലെ
പടനായകന്മാരോടും[o] മൂപ്പന്മാരോ
ടും: ഒരു കള്ളന്റെ നേരേ എന്ന
പോലെ നിങ്ങൾ വാളും വടിയുമാ
യി പുറപ്പെട്ടുവന്നുവോ? 53 ഞാൻ
ദിവസേന ദൈവാലയത്തിൽ നി
ങ്ങളോടുകൂടെ ഇരുന്നിട്ടും[p] എന്റെ
നേരേ കൈ ഓങ്ങിയില്ല; എന്നാൽ
ഇതു നിങ്ങളുടെ നാഴികയും[q] ഇ
രുളിന്റെ അധികാരവും[r] ആകുന്നു
എന്നു പറഞ്ഞു.

54 അവർ അവനെ പിടിച്ചു മഹാ
പുരോഹിതന്റെ വീട്ടിൽ കൊണ്ടു
പോയി;[s] പത്രൊസും അകലം
വിട്ടു പിൻചെന്നു.[t] 55 [u]അവർ നടു
മുറ്റത്തിന്റെ[v] മധ്യേ തീ കത്തിച്ച്
ഒന്നിച്ചിരുന്നപ്പോൾ പത്രൊസും അ
വരുടെ ഇടയിൽ ഇരുന്നു. 56 അവൻ
തീവെട്ടത്തിനടുക്കെ ഇരിക്കുന്നത്
ഒരു ബാല്യക്കാരത്തി കണ്ട് അവനെ
ഉറ്റുനോക്കി: ഇവനും അവനോടു
കൂടെ ആയിരുന്നു എന്നു പറഞ്ഞു.
57 അവനോ: സ്ത്രീയേ, ഞാൻ
അവനെ അറിയുന്നില്ല എന്നു
തള്ളിപ്പറഞ്ഞു. 58 കുറഞ്ഞൊന്നു
കഴിഞ്ഞിട്ടു മറ്റൊരുവൻ അവനെ
കണ്ടു: നീയും അവരുടെ കൂട്ടത്തി
ലുള്ളവൻ എന്നു പറഞ്ഞു; പത്രൊ
സോ: മനുഷ്യാ, ഞാൻ അല്ല എ
ന്നു പറഞ്ഞു. 59 ഏകദേശം ഒരു
മണി നേരം കഴിഞ്ഞാറെ വേറൊ
രുവൻ: ഇവനും അവനോടുകൂടെ
ആയിരുന്നു സത്യം; ഇവൻ ഗലീല
ക്കാരനല്ലോ എന്നു നിഷ്കർഷി
ച്ചു പറഞ്ഞു.[w] 60 മനുഷ്യാ, നീ
പറയുന്നത് എനിക്കു തിരിയുന്നില്ല
എന്നു പത്രൊസ് പറഞ്ഞു. അ
വൻ സംസാരിക്കുമ്പോൾതന്നെ
പെട്ടെന്ന് കോഴി കൂകി. 61 അ
പ്പോൾ കർത്താവ് തിരിഞ്ഞു പത്രൊ
സിനെ ഒന്നു നോക്കി:[x] ഇന്നു
കോഴി കൂകുംമുമ്പേ[y] നീ മൂന്നു
വട്ടം എന്നെ തള്ളിപ്പറയും[z] എന്നു
കർത്താവ് തന്നോടു പറഞ്ഞ വാക്ക്
പത്രൊസ് ഓർത്തു 62 പുറത്തിറ
ങ്ങി അതിദുഃഖത്തോടെ കരഞ്ഞു.

39.[y] ലൂക്കൊ.21:37; യോഹ.18:2
[z] മത്താ.21:1
[a] മത്താ.26:30; മർക്കൊ.14:26; (യോഹ.18:1)
40.[b] ലൂക്കൊ. 22:40-46ക്കു. മത്താ.26:36-46; മർക്കൊ. 14:32-42കാ.
[c] യോഹ.18:2
[d] മത്താ.6:13
[e] 1പത്രൊ.4:7
41.[f] അപ്പൊ.പ്ര.7:60
42.[g] എബ്രാ.5:7
[h] മത്താ.20:22
[i] മത്താ.6:10
[f] (വാ.41 കാ.)
43.[j] മത്താ.4:11; (എബ്രാ. 1:14)
44.[g] (വാ.42 കാ.)
46.[k] ലൂക്കൊ.22:40
47.[l] ലൂക്കൊ. 22:47-53ക്കു. മത്താ.26:47-56; മർക്കൊ.14:43-50; യോഹ.18:3-11കാ.
[m] ലൂക്കൊ.22:3
49.[n] ലൂക്കൊ.22:38
52.[o] ലൂക്കൊ.22:4
53.[p] (യോഹ.8:2); (ലൂക്കൊ.2:46; യോഹ.18:20)
[q] (മർക്കൊ.14:35,41; യോഹ.12:27;16:4)
[r] എഫെ.6:12; കൊലൊ.1:13; (അപ്പൊ.പ്ര.26:18)
54.[s] മത്താ.26:57; മർക്കൊ.14:53
[t] മത്താ.26:58; മർക്കൊ. 14:54; യോഹ.18:15
55.[u] ലൂക്കൊ. 22:55-62ക്കു മത്താ.26:69-75; മർക്കൊ.14:66-72; യോഹ.18:16-18, 25-27കാ.
[v] മത്താ.26:3
59.[w] അപ്പൊ.പ്ര.12:15
61.[x] മർക്കൊ.10:21
[y] ലൂക്കൊ.22:34
[z] (അപ്പൊ.പ്ര.3:13,14)

63 യേശുവിനെ പിടിച്ചവർ അ
വനെ പരിഹസിച്ചു[a] കണ്ണു കെട്ടി[a]
തല്ലി: 64 പ്രവചിക്ക;[b] നിന്നെ അടി
ച്ചവൻ ആർ[b] എന്നു ചോദിച്ചു.
65 മറ്റു പലതും അവനെ ദുഷിച്ചു
പറഞ്ഞു.[c]
66 നേരം വെളുത്തപ്പോൾ[d] ജന
ത്തിന്റെ മൂപ്പന്മാരായ മഹാപുരോ
ഹിതന്മാരും ശാസ്ത്രിമാരും വന്നു
കൂടി[e] അവനെ ന്യായാധിപസംഘ
ത്തിൽ[f] വരുത്തി: നീ ക്രിസ്തു[g]
എങ്കിൽ[h] ഞങ്ങളോടു പറക എന്നു
പറഞ്ഞു. 67 [i]അവൻ അവരോട്:
ഞാൻ നിങ്ങളോടു പറഞ്ഞാൽ
നിങ്ങൾ വിശ്വസിക്കയില്ല; 68 ഞാൻ
ചോദിച്ചാൽ ഉത്തരം പറകയുമില്ല.
69 എന്നാൽ ഇന്നുമുതൽ മനുഷ്യ
പുത്രൻ ദൈവശക്തിയുടെ വല
ത്തുഭാഗത്ത്[j] ഇരിക്കും എന്നു പറ
ഞ്ഞു. 70 എന്നാൽ നീ ദൈവപു
ത്രൻ തന്നെയോ[k] എന്ന് എല്ലാവരും
ചോദിച്ചതിന്: നിങ്ങൾ പറയുന്നത്
ശരി; ഞാൻ ആകുന്നു[l] എന്ന്
അവൻ പറഞ്ഞു. 71 അപ്പോൾ
അവർ: ഇനി സാക്ഷ്യംകൊണ്ടു
നമുക്ക് എന്ത് ആവശ്യം? നാം
തന്നെ അവന്റെ വാമൊഴി കേട്ടു
വല്ലോ എന്നു പറഞ്ഞു.

❋ ❋ ❋

***1. യേശു പീലാത്തൊസിന്റെ മുമ്പാകെ കുറ്റം ചുമത്തപ്പെട്ടത് 13. അവൻ അവനെ വിട്ടയയ്ക്കുവാൻ ആഗ്രഹിച്ചത് 26. നഗരത്തിൽ നിന്നു പുറപ്പെട്ടത് 33. ക്രൂശീകരണം 44. മരണം 50. ശവസംസ്കാരം.***

**23** അനന്തരം അവർ എല്ലാവരും
കൂട്ടമേ എഴുന്നേറ്റ് അവനെ
പീലാത്തൊസിന്റെ അടുക്കൽ
കൊണ്ടുപോയി:[a] 2 ഇവൻ ഞങ്ങ
ളുടെ ജാതിയെ മറിച്ചുകളകയും[b]
താൻ ക്രിസ്തു എന്ന രാജാവാ
കുന്നു[c] എന്നു പറഞ്ഞുകൊണ്ട്
കൈസർക്കു[d] കരം കൊടുക്കുന്നതു
വിരോധിക്കയും[e] ചെയ്യുന്നതായി
ഞങ്ങൾ കണ്ടു എന്നു കുറ്റം ചുമ
ത്തിത്തുടങ്ങി. 3 പീലാത്തൊസ്
അവനോട്:[f] നീ യെഹൂദന്മാരുടെ
രാജാവോ[g] എന്നു ചോദിച്ചതിന്:
ഞാൻ ആകുന്നു[h] എന്ന് അവനോട്
ഉത്തരം പറഞ്ഞു. 4 പീലാത്തൊസ്
മഹാപുരോഹിതന്മാരോടും പുരു
ഷാരത്തോടും: ഞാൻ ഈ മനുഷ്യ
നിൽ കുറ്റം ഒന്നും കാണുന്നില്ല[i]
എന്നു പറഞ്ഞു. 5 അതിന് അവർ:
അവൻ ഗലീലയിൽ തുടങ്ങി[j] യെഹൂ
ദ്യയിൽ എങ്ങും ഇവിടത്തോളവും
പഠിപ്പിച്ചു ജനത്തെ കലഹിപ്പിക്കുന്നു
എന്നു നിഷ്കർഷിച്ചു പറഞ്ഞു.
6 ഇതു കേട്ടിട്ട് ഈ മനുഷ്യൻ
ഗലീലക്കാരനോ എന്നു പീലാ
ത്തൊസ് ചോദിച്ചു; 7 ഹെരോ
ദാവിന്റെ അധികാരത്തിൽ[k] ഉൾ
പ്പെട്ടവൻ എന്നറിഞ്ഞിട്ട്, അന്നു
യെരൂശലേമിൽ വന്നുപാർക്കുന്ന
ഹെരോദാവിന്റെ അടുക്കൽ അവ
നെ അയച്ചു.
8 ഹെരോദാവ് യേശുവിനെ
കണ്ടിട്ട് അത്യന്തം സന്തോഷിച്ചു;
അവനെക്കുറിച്ചു കേട്ടിരുന്നതുകൊ
ണ്ട്[l] അവനെ കാൺമാൻ വളരെ
ക്കാലമായി ഇച്ഛിച്ചു,[m] അവൻ വല്ല
അടയാളവും ചെയ്യുന്നതു കാണാം[n]
എന്ന് ആശിച്ചിരുന്നു. 9 ഏറിയോ
ന്നു ചോദിച്ചിട്ടും അവൻ അവ
നോട് ഉത്തരം ഒന്നും പറഞ്ഞില്ല.
10 മഹാപുരോഹിതന്മാരും ശാസ്ത്രി
മാരും കഠിനമായി അവനെ കുറ്റം
ചുമത്തിക്കൊണ്ടു നിന്നു. 11 ഹെ
രോദാവ് തന്റെ പടയാളികളുമായി
അവനെ പരിഹസിച്ചു[o] നിസ്സാര
നാക്കി[p] ശുഭ്രവസ്ത്രം ധരിപ്പിച്ചു[q]
പീലാത്തൊസിന്റെ അടുക്കൽ മടക്കി
അയച്ചു. 12 അന്നു ഹെരോദാവും
പീലാത്തൊസും തമ്മിൽ സ്നേഹി
തന്മാരായിത്തീർന്നു;[r] മുമ്പേ അ
വർ തമ്മിൽ വൈരമായിരുന്നു.
13 പീലാത്തൊസ് മഹാപുരോ
ഹിതന്മാരെയും പ്രമാണികളെയും[s]
ജനത്തെയും വിളിച്ചുകൂട്ടി. 14 അ
വരോട്: ഈ മനുഷ്യൻ ജനത്തെ

8. [l] *മത്താ.14:1; മർക്കൊ.6:14* [m] *ലൂക്കൊ.9:9* [n] *മത്താ.12:38* 11. [o] *ലൂക്കൊ.18:32* [p] *മർക്കൊ.9:12; അപ്പൊ.പ്ര.4:11* [q] *(മത്താ.27:28; മർക്കൊ.15:17)* 12. [r] *അപ്പൊ.പ്ര.4:27; (സങ്കീ.2:2)* 13. [s] *ലൂക്കൊ.24:20*

63. [a] *(മത്താ.26:67,68; മർക്കൊ.14:65; യോഹ.18:22,23*
64. [b] *(ലൂക്കൊ.7:39)*
65. [c] *മത്താ.27:39*
66. [d] *മത്താ.27:1; മർക്കൊ.15:1; യോഹ.18:28*
[e] *അപ്പൊ.പ്ര.22:5*
[f] *മത്താ.5:22*
[g] *മത്താ.1:17*
[h] *യോഹ.10:24,25*
67. [i] *ലൂക്കൊ. 22:67 - 71ക്കു. (മത്താ.26:63 - 66; മർക്കൊ.14:61 - 64; യോഹ.18:19 - 21)*
69. [j] *മർക്കൊ.16:19; അപ്പൊ.പ്ര.7:56; എബ്രാ.1:3*
70. [k] *മത്താ.14:33*
[l] *ലൂക്കൊ.23:3; മത്താ.27:11; മർക്കൊ.15:2; യോഹ.18:37; (മത്താ. 26:25)*

**അധ്യായം 23**

1. [a] *മത്താ.27:2; മർക്കൊ. 15:1; യോഹ.18:28*
2. [b] *ലൂക്കൊ.23:14; (അപ്പൊ.പ്ര.17:6,7; 24:5)*
[c] *യോഹ.18:33,36,37; 19:12; (അപ്പൊ.പ്ര.17:7)*
[d] *ലൂക്കൊ.2:1;3:1*
[e] *(ലൂക്കൊ.20:25)*
3. [f] *മത്താ.27:11; മർക്കൊ.15:2*
[g] *ലൂക്കൊ.23:37,38; മത്താ.2:2; യോഹ.18:39;19:3*
[h] *ലൂക്കൊ.22:70*
4. [i] *ലൂക്കൊ.23:14,22; യോഹ.18:38;19:4,6; (മത്താ.27:24; 1പത്രൊ. 2:22)*
5. [j] *ലൂക്കൊ.4:14; മത്താ.4:12,23; മർക്കൊ.1:14; യോഹ.1:43;2:11*
7. [k] *ലൂക്കൊ.3:1*

മത്സരിപ്പിക്കുന്നു എന്നു പറഞ്ഞു[t]
നിങ്ങൾ അവനെ എന്റെ അടുക്കൽ
കൊണ്ടുവന്നുവല്ലോ; ഞാനോ നി
ങ്ങളുടെ മുമ്പാകെ വിസ്തരിച്ചിട്ടും[u]
നിങ്ങൾ ചുമത്തിയ കുറ്റം ഒന്നും
ഇവനിൽ കണ്ടില്ല;[v] 15 ഹെരോ
ദാവും കണ്ടില്ല;[v] അവൻ അവനെ
നമ്മുടെ അടുക്കൽ മടക്കി അയ
ച്ചുവല്ലോ;[w] ഇവൻ മരണയോഗ്യ
മായത് ഒന്നും പ്രവർത്തിച്ചിട്ടില്ല
സ്പഷ്ടം; 16 അതുകൊണ്ടു ഞാൻ
അവനെ അടിപ്പിച്ചു വിട്ടയയ്ക്കും[x]
എന്നു പറഞ്ഞു. 17 ഇവനെ നീക്കി
ക്കളക; ബറബ്ബാസിനെ വിട്ടുതരിക[y]
എന്ന് എല്ലാവരുംകൂടെ നിലവിളി
ച്ചു; 18 [ഉത്സവന്തോറും ഒരുത്തനെ
വിട്ടുകൊടുക്ക പതിവായിരുന്നു].
19 [z]അവനോ നഗരത്തിൽ ഉണ്ടായ
ഒരു കലഹവും കൊലയും[a] ഹേതു
വായി തടവിലായവൻ ആയിരുന്നു.
20 പീലാത്തൊസ് യേശുവിനെ വിടു
വിപ്പാൻ ഇച്ഛിച്ചിട്ടു പിന്നെയും അവ
രോടു വിളിച്ചുപറഞ്ഞു. 21 അവ
രോ: അവനെ ക്രൂശിക്ക, ക്രൂശിക്ക
എന്ന് എതിരേ നിലവിളിച്ചു. 22 അ
വൻ മൂന്നാമതും അവരോട്: അവൻ
ചെയ്ത ദോഷം എന്ത്?[b] മരണ
യോഗ്യമായത് ഒന്നും അവനിൽ
കണ്ടില്ല;[c] അതുകൊണ്ട് ഞാൻ
അവനെ അടിപ്പിച്ചു വിട്ടയയ്ക്കും[d]
എന്നു പറഞ്ഞു. 23 അവരോ അവ
നെ ക്രൂശിക്കേണ്ടതിന് ഉറക്കെ
മുട്ടിച്ചു ചോദിച്ചു; അവരുടെ നില
വിളി ഫലിച്ചു; 24 അവരുടെ അപേ
ക്ഷപോലെ ആകട്ടെ എന്നു പീലാ
ത്തൊസ് വിധിച്ചു. 25 കലഹവും
കൊലയും ഹേതുവായി തടവിലായ
വനെ അവരുടെ അപേക്ഷപോലെ
വിട്ടുകൊടുക്കയും[e] യേശുവിനെ
അവരുടെ ഇഷ്ടത്തിന് ഏല്പിക്ക
യും[f] ചെയ്തു.
26 അവനെ കൊണ്ടുപോകുമ്പോൾ
വയലിൽ നിന്നു വരുന്ന ശിമോൻ
എന്ന ഒരു കുറേനക്കാരനെ അവർ
പിടിച്ചു ക്രൂശ് ചുമപ്പിച്ചു യേശുവി
ന്റെ പിന്നാലെ നടക്കുമാറാക്കി.[g]
27 ഒരു വലിയ ജനസമൂഹവും
അവനെച്ചൊല്ലി വിലപിച്ചു മുറയി
ടുന്ന[h] അനേകം സ്ത്രീകളും അവ
ന്റെ പിന്നാലെ ചെന്നു. 28 യേശു
തിരിഞ്ഞ് അവരെ നോക്കി: യെരൂ
ശലേംപുത്രിമാരേ,[i] എന്നെച്ചൊല്ലി
കരയേണ്ടാ, നിങ്ങളെയും നിങ്ങളു
ടെ മക്കളെയും ചൊല്ലി കരവിൻ.
29 മച്ചികളും പ്രസവിക്കാത്ത ഉദര
ങ്ങളും കുടിപ്പിക്കാത്ത മുലകളും
ഭാഗ്യമുള്ളവ[j] എന്നു പറയുന്ന കാ
ലം വരുന്നു.[k] 30 അന്നു മലക
ളോട്: ഞങ്ങളുടെമേൽ വീഴുവിൻ
എന്നും കുന്നുകളോട്: ഞങ്ങളെ
മൂടുവിൻ എന്നും പറഞ്ഞുതുടങ്ങും.[l]
31 പച്ചമരത്തോട്[m] ഇങ്ങനെ ചെ
യ്താൽ[n] ഉണങ്ങിയതിന്[m] എന്തു
ഭവിക്കും എന്നു പറഞ്ഞു.
32 ദുഷ്പ്രവൃത്തിക്കാരായ വേറേ
രണ്ടു പേരെയും[o] അവനോടുകൂടെ
കൊല്ലേണ്ടതിനു കൊണ്ടുപോയി.
33 തലയോടിടം എന്ന സ്ഥല
ത്ത് എത്തിയപ്പോൾ[p] അവർ അവി
ടെ അവനെയും ദുഷ്പ്രവൃത്തി
ക്കാരെയും, ഒരുത്തനെ വലത്തും
ഒരുത്തനെ ഇടത്തുമായി ക്രൂശിച്ചു.[o]
34 എന്നാൽ യേശു: പിതാവേ,
ഇവർ ചെയ്യുന്നത് ഇന്നത് എന്ന്
അറിയായ്കകൊണ്ട്[q] ഇവരോട്
ക്ഷമിക്കേണമേ[r] എന്നു പറഞ്ഞു.
അനന്തരം അവർ അവന്റെ വസ്ത്രം
വിഭാഗിച്ചു ചീട്ടിട്ടു.[s] ജനം നോക്കി
ക്കൊണ്ടു നിന്നു.[t] 35 ഇവൻ മറ്റു
ള്ളവരെ രക്ഷിച്ചുവല്ലോ;[u] ദൈവം
തിരഞ്ഞെടുത്ത[v] ക്രിസ്തു[w] എ
ങ്കിൽ[x] തന്നെത്താൻ രക്ഷിക്കട്ടെ[y]

14.[t] ലൂക്കൊ.23:2 [u] അപ്പൊ.പ്ര.3:13 [v] ലൂക്കൊ.23:4
15.[v] (വാ.14കാ.) [w] ലൂക്കൊ.23:11
16.[x] ലൂക്കൊ.23:22; യോഹ.19:1; (അപ്പൊ.പ്ര.5:40)
17.[y] (അപ്പൊ.പ്ര. 21:35; 22:22)
19.[z] ലൂക്കൊ. 23:19 - 25ക്കു. മത്താ.27:15 - 26; മർക്കൊ.15:6 - 15; യോഹ.18:39,40; 19:16കാ. [a] അപ്പൊ.പ്ര.3:14
22.[b] (ലൂക്കൊ.23:41; യോഹ.8:46) [c] ലൂക്കൊ.23:14,15 [d] ലൂക്കൊ.23:16
25.[e] ലൂക്കൊ.23:19 [f] യോഹ.19:16
26.[g] മത്താ.27:32; മർക്കൊ.15:21; (യോഹ.19:17)
27.[h] ലൂക്കൊ.8:52; മത്താ.11:17
28.[i] ഉത്തമ.1:5;2:7
29.[j] ലൂക്കൊ.21:23; മത്താ. 24:19; മർക്കൊ.13:17 [k] ലൂക്കൊ.17:22
30.[l] ഹോശേ.10:8; വെളി.6:16; (യെശ.2:19)
31.[m] യെഹെ.20:47 [n] (സദൃ.11:31; 1പത്രൊ.4:17)
32.[o] മത്താ.27:38; മർക്കൊ.15:27; യോഹ.19:18; (മത്താ.20:21)
33.[p] മത്താ.27:33; മർക്കൊ.15:22; യോഹ.19:17 [o] (വാ.32 കാ.)
34.[q] (മർക്കൊ.10:38) അപ്പൊ.പ്ര.3:17 [r] യെശ.53:12; മത്താ.5:44 [s] സങ്കീ.22:18; മത്താ.27:35; മർക്കൊ.15:24; യോഹ.19:23 [t] സങ്കീ.22:7,17
35.[u] (ലൂക്കൊ.4:23) [v] ലൂക്കൊ.9:35; യെശ.42:1; (മത്താ.12:17; 1പത്രൊ.2:4) [w] (ലൂക്കൊ.9:20; മത്താ.1:17) [x] (ലൂക്കൊ.4:3,9) [y] (മത്താ.26:53,54; യോഹ.10:18)

23:21 ***ക്രൂശിക്കുക:*** റോമക്കാർ കുറ്റവാളികളെ കൊല്ലുന്ന രീതിയിൽ ക്രൂശിൽ തറച്ച് യേശുവിനെ കൊല്ലണമെന്നു ജനക്കൂട്ടം ആവശ്യപ്പെടുന്നു. മോശെയുടെ ന്യായപ്രമാണലംഘനത്തിനല്ല, രാഷ്ട്രീയ കാരണങ്ങളാലാണ് യേശുവിനെ അപ്രകാരം കൊലചെയ്യുന്നത്.

എന്നു പ്രധാനികളും[z] പരിഹസിച്ചു[a]
പറഞ്ഞു.[b] 36 പടയാളികളും അ
വനെ പരിഹസിച്ച് അടുത്തുവന്ന്
അവനു പുളിച്ച വീഞ്ഞു കാണിച്ചു.[c]
37 നീ യെഹൂദന്മാരുടെ രാജാവ്[d]
എങ്കിൽ[e] നിന്നെത്തന്നെ രക്ഷിക്ക
എന്നു പറഞ്ഞു. 38 ഇവൻ യെഹൂ
ദന്മാരുടെ രാജാവ്[d] എന്ന് ഒരു
മേലെഴുത്തും അവന്റെ മീതെ
ഉണ്ടായിരുന്നു.[f]
39 തൂക്കിയ ദുഷ്പ്രവൃത്തിക്കാ
രിൽ ഒരുത്തൻ:[g] നീ ക്രിസ്തു[h]
അല്ലയോ? നിന്നെത്തന്നെയും ഞ
ങ്ങളെയും രക്ഷിക്ക എന്നു പറഞ്ഞ്
അവനെ ദുഷിച്ചു.[i] 40 മറ്റവനോ
അവനെ ശാസിച്ചു: സമശിക്ഷാ
വിധിയിൽ തന്നെ ആയിട്ടും നീ
ദൈവത്തെ ഭയപ്പെടുന്നില്ലയോ?
41 നാമോ ന്യായമായിട്ടു ശിക്ഷ
അനുഭവിക്കുന്നു; നാം പ്രവർത്തിച്ച
തിനു യോഗ്യമായതല്ലോ കിട്ടുന്നത്;
ഇവനോ അരുതാത്തത് ഒന്നും ചെ
യ്തിട്ടില്ല എന്നു പറഞ്ഞു. 42 പിന്നെ
അവൻ: യേശുവേ, നീ രാജത്വം
പ്രാപിച്ചുവരുമ്പോൾ[j] എന്നെ ഓർ
ത്തുകൊള്ളേണമേ എന്നു പറഞ്ഞു.
43 യേശു അവനോട്: ഇന്നു നീ
എന്നോടുകൂടെ പറുദീസയിൽ[k] ഇരി
ക്കും എന്നു ഞാൻ സത്യമായി നി
ന്നോടു പറയുന്നു എന്നു പറഞ്ഞു.
44 ഏകദേശം ആറാം മണി നേര
മായപ്പോൾ[l] സൂര്യൻ ഇരുണ്ടുപോ
യിട്ട് ഒമ്പതാം മണിവരെ ദേശ
ത്തൊക്കെയും അന്ധകാരം ഉണ്ടാ
യി. 45 ദൈവമന്ദിരത്തിലെ തിര
ശ്ശീല[m] നടുവേ ചീന്തിപ്പോയി.
46 യേശു അത്യുച്ചത്തിൽ[n] പിതാ
വേ,[o] ഞാൻ എന്റെ ആത്മാവിനെ
തൃക്കൈയിൽ ഏല്പിക്കുന്നു[p] എന്നു
നിലവിളിച്ചു[n] പറഞ്ഞു; ഇതു പറ
ഞ്ഞിട്ടു പ്രാണനെ വിട്ടു.[q] 47 ഈ
സംഭവിച്ചതു ശതാധിപൻ കണ്ടിട്ട്:[r]
ഈ മനുഷ്യൻ വാസ്തവമായി
നീതിമാൻ ആയിരുന്നു എന്നു പറ
ഞ്ഞു ദൈവത്തെ മഹത്ത്വപ്പെ
ടുത്തി.[s] 48 കാൺമാൻ കൂടിവന്ന
പുരുഷാരമൊക്കെയും സംഭവി
ച്ചതു കണ്ടിട്ട് മാറത്തടിച്ചുകൊണ്ടു[t]
മടങ്ങിപ്പോയി. 49 അവന്റെ പരി
ചയക്കാർ എല്ലാവരും[u] ഗലീല
യിൽനിന്ന് അവനെ അനുഗമിച്ച
സ്ത്രീകളും[v] ഇതു നോക്കിക്കൊണ്ടു
ദൂരത്തു നിന്നു.[w]
50 അരിമഥ്യ എന്നൊരു യെഹൂദ്യ
പട്ടണക്കാരനായി നല്ലവനും നീതി
മാനും ദൈവരാജ്യത്തെ കാത്തിരു[x]
ന്നവനുമായ യോസേഫ് എന്നൊരു
മന്ത്രി- 51 [y]അവൻ അവരുടെ
ആലോചനയ്ക്കും പ്രവൃത്തിക്കും
അനുകൂലമല്ലായിരുന്നു- 52 പീലാ
ത്തൊസിന്റെ അടുക്കൽ ചെന്നു
യേശുവിന്റെ ശരീരം ചോദിച്ചു,
53 അത് ഇറക്കി ഒരു ശീലയിൽ
പൊതിഞ്ഞു പാറയിൽ വെട്ടിയി
രുന്നതും ആരെയും ഒരിക്കലും
വച്ചിട്ടില്ലാത്തതുമായ[z] കല്ലറയിൽ
വച്ചു.[a] 54 അന്ന് ഒരുക്കനാൾ[b] ആ
യിരുന്നു, ശബ്ബത്തും ആരംഭിച്ചു.
55 ഗലീലയിൽനിന്ന് അവനോടു
കൂടെ പോന്ന[c] സ്ത്രീകളും[d] പിന്നാ
ലെ ചെന്നു കല്ലറയും അവന്റെ
ശരീരം വച്ച വിധവും കണ്ടിട്ടു മട
ങ്ങിപ്പോയി. 56 സുഗന്ധവർഗവും
പരിമളതൈലവും ഒരുക്കി;[e] ക
ല്പന അനുസരിച്ചു[f] ശബ്ബത്തിൽ
സ്വസ്ഥമായിരുന്നു.

* * *

***1. യേശുവിന്റെ ഉയിർപ്പു സ്ത്രീകൾ അറിയുന്നത് 13. എമ്മവൂസ്സ് യാത്രയിലെ പ്രത്യക്ഷത 36. അപ്പൊസ്തലന്മാർക്കു കല്പന കൊടുത്തത് 50. സ്വർഗാരോഹണം.***

**24** [a]അവർ ഒരുക്കിയ സുഗന്ധ
വർഗം എടുത്ത്[b] ആഴ്ചവട്ട
ത്തിന്റെ ഒന്നാം ദിവസം അതികാല
ത്തു കല്ലറയ്ക്കൽ എത്തി, 2 കല്ല
റയിൽനിന്നു കല്ല്[c] ഉരുട്ടിക്കളഞ്ഞ
തായി കണ്ടു. 3 അകത്തു കടന്നാറെ

35.[z] ലൂക്കൊ.24:20
[a] ലൂക്കൊ.16:14
[b] (മത്താ.27:41,42; മർക്കൊ.15:31,32)
36.[c] (സങ്കീ.69:21; മത്താ.27:48; മർക്കൊ.15:36; യോഹ.19:29)
37.[d] ലൂക്കൊ.23:3
[e] ലൂക്കൊ.23:37
38.[d] (വാ.37 കാ.)
[f] മത്താ.27:37; മർക്കൊ.15:26; യോഹ.19:19; (യോഹ.19:21,22)
39.[g] (മത്താ.27:44; മർക്കൊ.15:32)
[h] ലൂക്കൊ.23:35,37
[i] മത്താ.27:39
42.[j] (മത്താ.16:28)
43.[k] 2കൊരി.12:3; വെളി.2:7; (ഉൽപ.2:8)
44.[l] മത്താ.27:45; മർക്കൊ.15:33; (യോഹ.19:14)
45.[m] പുറ.26:31-33; 2ദിന.3:14
46.[n] (മത്താ.27:50; മർക്കൊ.15:37; യോഹ.19:30)
[o] സങ്കീ.31:5; (അപ്പൊ.പ്ര.7:59)
[p] 1പത്രൊ.4:19
[q] (യോഹ.10:18)
47.[r] മത്താ.27:54; മർക്കൊ.15:39
[s] ലൂക്കൊ.7:16
48.[t] ലൂക്കൊ.18:13; മത്താ.11:17
49.[u] സങ്കീ.88:8
[v] ലൂക്കൊ.23:54; യോഹ.19:25; ലൂക്കൊ. 8:2
[w] സങ്കീ.38:11
50.[x] ലൂക്കൊ.2:25,38
51.[y] ലൂക്കൊ. 23:51-56ക്കു. മത്താ.27:57-61; മർക്കൊ.15:42-47; യോഹ.19:38-42കാ
53.[z] (മർക്കൊ.11:2)
[a] (യെശ.53:9)
54.[b] മത്താ.27:62
55.[c] ലൂക്കൊ.23:49
[d] മത്താ.28:1

56.[e] ലൂക്കൊ.24:1; മർക്കൊ.16:1;(യോഹ.19:39,40)
[f] പുറ.20:10; ആവ.5:14

അധ്യായം 24

1.[a] ലൂക്കൊ.24:1-10ക്കു. മത്താ.28:1-8; മർക്കൊ. 16:1-8; യോഹ.20:1കാ. [b] ലൂക്കൊ.23:56 2.[c] മത്താ. 27:60; മർക്കൊ. 15:46; (യോഹ.11:38)

കർത്താവായ യേശുവിന്റെ ശരീരം
കണ്ടില്ല. 4 അതിനെക്കുറിച്ച് അവർ
ചഞ്ചലിച്ചിരിക്കുമ്പോൾ മിന്നുന്ന
വസ്ത്രം ധരിച്ച രണ്ടു[d] പുരുഷന്മാർ[e]
അരികെ നില്ക്കുന്നതു കണ്ടു.
5 ഭയപ്പെട്ടു[f] മുഖം കുനിച്ചു നില്ക്കു
മ്പോൾ അവർ അവരോട്: നിങ്ങൾ
ജീവനുള്ളവനെ മരിച്ചവരുടെ ഇട
യിൽ[g] അന്വേഷിക്കുന്നത് എന്ത്?
6 അവൻ ഇവിടെ ഇല്ല ഉയിർത്തെ
ഴുന്നേറ്റിരിക്കുന്നു; മുമ്പേ ഗലീല
യിൽ ഇരിക്കുമ്പോൾതന്നെ[h] അ
വൻ നിങ്ങളോട്: 7 മനുഷ്യപുത്രനെ
പാപികളായ മനുഷ്യരുടെ കൈ
യിൽ ഏല്പിച്ചു[i] ക്രൂശിക്കയും[j]
അവൻ മൂന്നാം നാൾ ഉയിർത്തെഴു
ന്നേല്ക്കയും[k] വേണം എന്നു പറ
ഞ്ഞത്[h] ഓർത്തുകൊൾവിൻ എന്നു
പറഞ്ഞു. 8 അവർ അവന്റെ വാക്ക്
ഓർത്തു,[l] 9 കല്ലറ വിട്ടു മടങ്ങിപ്പോയി
പതിനൊരുവർ മുതലായ എല്ലാവ
രോടും ഇതൊക്കെയും അറിയിച്ചു.[m]
10 അവർ ആരെന്നാൽ മഗ്ദലക്കാ
രത്തി മറിയ,[n] യോഹന്നാ,[o] യാക്കോ
ബിന്റെ അമ്മ മറിയ എന്നവർ
തന്നെ. അവരോടുകൂടെയുള്ള മറ്റു
സ്ത്രീകളും അത് അപ്പൊസ്തല
ന്മാരോടു പറഞ്ഞു. 11 ഈ വാക്ക്
അവർക്കു വെറും കഥപോലെ
തോന്നി; അവരെ വിശ്വസിച്ചില്ല.[p]
12 [എന്നാൽ പത്രൊസ് എഴുന്നേറ്റ്
കല്ലറയ്ക്കൽ ഓടിച്ചെന്നു[q] കുനി
ഞ്ഞുനോക്കി, തുണി[r] മാത്രം കണ്ടു,
സംഭവിച്ചതെന്തെന്ന് ആശ്ചര്യപ്പെ
ട്ടു മടങ്ങിപ്പോന്നു.]
13 അന്നുതന്നെ അവരിൽ രണ്ടു
പേർ[s] യെരൂശലേമിൽനിന്ന് ഏഴു
നാഴിക ദൂരമുള്ള എമ്മവുസ്സ് എന്ന
ഗ്രാമത്തിലേക്കു പോകയിൽ 14 ഈ
സംഭവിച്ചതിനെക്കുറിച്ചൊക്കെയും
തമ്മിൽ സംസാരിച്ചുകൊണ്ടി
രുന്നു. 15 സംസാരിച്ചും തർക്കി
ച്ചും കൊണ്ടിരിക്കുമ്പോൾ യേശു
താനും അടുത്തുചെന്ന് അവരോട്
ചേർന്നു നടന്നു. 16 അവനെ അറി
യാതവണ്ണം അവരുടെ കണ്ണ് നിരോ
ധിച്ചിരുന്നു.[t] 17 അവൻ അവരോട്:

4.[d] യോഹ.20:12
[e] (അപ്പൊ.പ്ര.1:10; 10:30)
5.[f] ലൂക്കൊ.24:37
[g] (യോഹ.6:57; എബ്രാ.7:8; വെളി.1:18)
6.[h] ലൂക്കൊ.9:22,44; മത്താ.17:22,23; മർക്കൊ.9:30,31 (ലൂക്കൊ.24:44)
7.[i] ലൂക്കൊ.13:33
[j] മത്താ.20:19
[k] ലൂക്കൊ.9:22
[h] (വാ.6 കാ.)
8.[l] യോഹ.2:22;12:16
9.[m] (യോഹ.20:18)
10.[n] മത്താ.27:56; മർക്കൊ.15:40,41
[o] ലൂക്കൊ.8:3
11.[p] മർക്കൊ.16:11; 16:16
12.[q] യോഹ.20:3-6
[r] യോഹ.19:40
13.[s] മർക്കൊ.16:12
16.[t] യോഹ.20:14; 21:4;(ലൂക്കൊ.24:31; 9:45; 18:34)

നിങ്ങൾ വഴിനടന്നു തമ്മിൽ വാദി
ക്കുന്ന ഈ കാര്യം എന്ത് എന്നു
ചോദിച്ചു; അവർ വാടിയ മുഖ
ത്തോടെ നിന്നു. 18 ക്ലെയൊപ്പാവ്
എന്നു പേരുള്ളവൻ: യെരൂശലേ
മിലെ പരദേശികളിൽ നീ മാത്രം
ഈ നാളുകളിൽ അവിടെ സംഭ
വിച്ച കാര്യം അറിയാതിരിക്കു
ന്നുവോ എന്ന് ഉത്തരം പറഞ്ഞു.
19 ഏത് എന്ന് അവൻ അവരോടു
ചോദിച്ചതിന് അവർ അവനോട്
പറഞ്ഞത്: ദൈവത്തിനും സകല
ജനത്തിനും മുമ്പാകെ പ്രവൃത്തി
യിലും വാക്കിലും ശക്തിയുള്ള[u]
പ്രവാചക[v]നായിരുന്ന നസറായ
നായ യേശുവിനെ[w]ക്കുറിച്ചുള്ളതു
തന്നെ. 20 നമ്മുടെ മഹാപുരോ
ഹിതന്മാരും പ്രമാണി[x]കളും അ
വനെ മരണവിധിക്ക് ഏല്പിച്ചു
ക്രൂശിച്ചു.[y] 21 ഞങ്ങളോ അവൻ
യിസ്രായേലിനെ വീണ്ടെടുപ്പാനു
ള്ളവൻ[z] എന്ന് ആശിച്ചിരുന്നു;
അത്രയുമല്ല, ഇതു സംഭവിച്ചിട്ട്
ഇന്നു മൂന്നാം നാൾ[a] ആകുന്നു.
22 ഞങ്ങളുടെ കൂട്ടത്തിൽ ചില
സ്ത്രീകൾ രാവിലെ കല്ലറയ്ക്കൽ
പോയി[b] 23 അവന്റെ ശരീരം
കാണാതെ[c] മടങ്ങിവന്ന് അവൻ
ജീവിച്ചിരിക്കുന്നു എന്നു പറഞ്ഞ
ദൂതന്മാരുടെ ദർശനം കണ്ടു[d] എ
ന്നു പറഞ്ഞു ഞങ്ങളെ ഭ്രമിപ്പിച്ചു.
24 ഞങ്ങളുടെ കൂട്ടത്തിൽ ചിലർ
കല്ലറയ്ക്കൽ ചെന്നു സ്ത്രീകൾ
പറഞ്ഞതുപോലെതന്നെ കണ്ടു;[e]
അവനെ കണ്ടില്ലതാനും. 25 അ
വൻ അവരോട്: അയ്യോ, ബുദ്ധി
ഹീനരേ, പ്രവാചകന്മാർ പറഞ്ഞി
രിക്കുന്നത് എല്ലാം വിശ്വസിക്കാ
ത്ത മന്ദബുദ്ധികളേ, 26 ക്രിസ്തു[f]
ഇങ്ങനെ കഷ്ടം അനുഭവിച്ചിട്ടു
തന്റെ മഹത്വത്തിൽ[g] കടക്കേണ്ട
തല്ലയോ[h] എന്നു പറഞ്ഞു. 27 മോ
ശെ[i] തുടങ്ങി[j] സകല പ്രവാചക

19.[u] അപ്പൊ.പ്ര.2:22; (അപ്പൊ.പ്ര.7:22)
[v] മത്താ.21:11
[w] മർക്കൊ.1:24
20.[x] ലൂക്കൊ. 23:13,35; യോഹ.3:1; 7:26,48;12:42 അപ്പൊ.പ്ര.3:17; 4:5,8;13:27; (1കൊരി.2:8)
[y] അപ്പൊ.പ്ര.2:23; 5:30;13:27,28; 1തെസ്സ.2:15
21.[z] ലൂക്കൊ.1:68; 1പത്രൊ.1:18;
[a] ലൂക്കൊ.24:7
22.[b] ലൂക്കൊ.24:1
23.[c] ലൂക്കൊ.24:3
[d] ലൂക്കൊ.24:4,5,9
24.[e] ലൂക്കൊ.24:12; യോഹ.20:3

26.[f] മത്താ.1:17 [g] ലൂക്കൊ.9:26 [h] ലൂക്കൊ. 24:7,44,46,47 27.[i] ഉൽപ.3:15; 12:3;22:18; സംഖ്യാ. 21:9;24:17; ആവ.18:15; (യോഹ.1:45;5:46) [j] അപ്പൊ.പ്ര.8:35

ന്മാരിൽനിന്നും[k] എല്ലാ തിരുവെഴു
ത്തുകളിലും തന്നെക്കുറിച്ചുള്ളത്
അവർക്കു വ്യാഖ്യാനിച്ചുകൊടുത്തു.
**28** അവർ പോകുന്ന ഗ്രാമത്തോട്
അടുത്തപ്പോൾ അവൻ മുമ്പോട്ടു
പോകുന്ന ഭാവം കാണിച്ചു.[l] **29** അ
വരോ: ഞങ്ങളോടുകൂടെ പാർക്കുക;
നേരം വൈകി അസ്തമിപ്പാറായ
ല്ലോ[m] എന്നു പറഞ്ഞ് അവനെ
നിർബന്ധിച്ചു; അവൻ അവരോടു
കൂടെ പാർപ്പാൻ ചെന്നു. **30** അവ
രുമായി ഭക്ഷണത്തിന് ഇരിക്കു
മ്പോൾ അവൻ അപ്പം എടുത്ത്
അനുഗ്രഹിച്ചു നുറുക്കി അവർക്കു
കൊടുത്തു.[n] **31** ഉടനെ അവരുടെ
കണ്ണു തുറന്ന് അവർ അവനെ
അറിഞ്ഞു;[o] അവൻ അവർക്ക് അപ്ര
ത്യക്ഷനായി.[p] **32** അവൻ വഴിയിൽ
നമ്മോടു സംസാരിച്ചു തിരുവെഴു
ത്തുകളെ തെളിയിക്കുമ്പോൾ[q] ന
മ്മുടെ ഹൃദയം നമ്മുടെ ഉള്ളിൽ
കത്തിക്കൊണ്ടിരുന്നില്ലയോ[r] എന്ന്
അവർ തമ്മിൽ പറഞ്ഞു. **33** ആ
നാഴികയിൽതന്നെ അവർ എഴു
ന്നേറ്റു യെരൂശലേമിലേക്കു മടങ്ങി
പ്പോന്നു. **34** കർത്താവ് വാസ്തവ
മായി ഉയിർത്തെഴുന്നേറ്റു ശിമോനു
പ്രത്യക്ഷനായി[s] എന്നു കൂടിയി
രുന്നു പറയുന്ന പതിനൊരുവരെ
യും[t] കൂടെയുള്ളവരെയും[u] കണ്ടു.[t]
**35** വഴിയിൽ സംഭവിച്ചതും അവൻ
അപ്പം നുറുക്കുകയിൽ[v] തങ്ങൾക്കു
അറിയായ്‌വന്നതും[w] അവർ വിവ
രിച്ചുപറഞ്ഞു.
**36** ഇങ്ങനെ അവർ സംസാരിച്ചു
കൊണ്ടിരിക്കുമ്പോൾ അവൻ അവ
രുടെ നടുവിൽ നിന്നു:[x] [നിങ്ങൾ
ക്കു സമാധാനം എന്നു പറഞ്ഞു.]
**37** അവർ ഞെട്ടി[y] ഭയപ്പെട്ടു;[z] ഒരു
ഭൂതത്തെ കാണുന്നു എന്ന് അവർ
ക്കു തോന്നി.[a] **38** അവൻ അവ
രോട്: നിങ്ങൾ കലങ്ങുന്നത് എന്ത്?
നിങ്ങളുടെ ഹൃദയത്തിൽ സംശയം
പൊങ്ങുന്നതും എന്ത്? **39** ഞാൻ
തന്നെ ആകുന്നു എന്ന് എന്റെ
കൈയും കാലും നോക്കി അറി
വിൻ; എന്നെ തൊട്ടുനോക്കു
വിൻ;[b] എന്നിൽ കാണുന്നതുപോ
ലെ ഭൂതത്തിനു മാംസവും അസ്ഥി
യും ഇല്ലല്ലോ എന്നു പറഞ്ഞു.
**40** [ഇങ്ങനെ പറഞ്ഞിട്ട് അവൻ
കൈയും കാലും അവരെ കാണി
ച്ചു.][c] **41** അവർ സന്തോഷത്താൽ[d]
വിശ്വസിക്കാതെ അതിശയിച്ചു നി
ല്ക്കുമ്പോൾ അവരോട്: തിന്നു
വാൻ വല്ലതും ഇവിടെ നിങ്ങളുടെ
പക്കൽ ഉണ്ടോ[e] എന്നു ചോദിച്ചു.
**42** അവർ ഒരു ഖണ്ഡം വറുത്ത
മീനും [തേൻകട്ടയും] അവനു
കൊടുത്തു. **43** അത് അവൻ
വാങ്ങി അവർ കാൺകെ തിന്നു.[f]
**44** പിന്നെ അവൻ അവരോട്:
ഇതാകുന്നു നിങ്ങളോടുകൂടെ ഇരി
ക്കുമ്പോൾ ഞാൻ പറഞ്ഞ വാക്ക്.[g]
മോശെയുടെ ന്യായപ്രമാണത്തിലും
പ്രവാചകപുസ്തകങ്ങളിലും സങ്കീർ
ത്തനങ്ങളിലും[h] എന്നെക്കുറിച്ച്
എഴുതിയിരിക്കുന്നതൊക്കെയും
നിവൃത്തിയാകേണം[i] എന്നുള്ളതു
തന്നെ എന്നു പറഞ്ഞു **45** തിരു
വെഴുത്തുകളെ തിരിച്ചറിയേണ്ടതിന്
അവരുടെ ബുദ്ധിയെ തുറന്നു.[j]
**46** ക്രിസ്തു കഷ്ടം അനുഭവിക്കയും[k]
മൂന്നാംനാൾ മരിച്ചവരിൽനിന്ന് ഉ
യിർത്തെഴുന്നേല്ക്കയും[l] **47** അവ
ന്റെ നാമത്തിൽ[m] മാനസാന്തരവും
പാപമോചനവും[n] യെരൂശലേമിൽ
തുടങ്ങി[o] സകല ജാതികളിലും[p]
പ്രസംഗിക്കയും[n] വേണം എന്നിങ്ങ
നെ എഴുതിയിരിക്കുന്നു.[q] **48** ഇതിനു
നിങ്ങൾ സാക്ഷികൾ ആകുന്നു.[r]
**49** എന്റെ പിതാവ് വാഗ്ദത്തം
ചെയ്തതിനെ[s] ഞാൻ നിങ്ങളുടെ
മേൽ അയയ്ക്കും. നിങ്ങളോ ഉയ
രത്തിൽനിന്നു[t] ശക്തി[u] ധരിക്കു
വോളം[v] നഗരത്തിൽ പാർപ്പിൻ
എന്നും അവരോടു പറഞ്ഞു.

27.[k] *2ശമൂ.7:12-16; യെശ.7:14;9:6;50:6; 52:13-53:12;61:1; യിരെ.23:5,6; ദാനി.7:13,14; 9:24-27; മീഖാ.5:2; സെഖ.6:12;9:9; 12:10; 13:7; മലാ.3:1;4:2; (അപ്പൊ.പ്ര.13:27)*
28.[l] *(മർക്കൊ.6:48)*
29.[m] *ലൂക്കൊ.9:12*
30.[n] *മത്താ.14:19*
31.[o] *(ലൂക്കൊ.24:16)* [p] *(ലൂക്കൊ.4:30)*
32.[q] *ലൂക്കൊ.24:45* [r] *സങ്കീ.39:3*
34.[s] *1കൊരി.15:5* [t] *അപ്പൊ.പ്ര.17:3; മർക്കൊ.16:13* [u] *(അപ്പൊ.പ്ര.1:14)*
35.[v] *അപ്പൊ.പ്ര.2:42* [w] *ലൂക്കൊ.24:30,31*
36.[x] *മർക്കൊ.16:14; യോഹ.20:19*
37.[y] *ലൂക്കൊ.21:9* [z] *ലൂക്കൊ.24:5* [a] *(മത്താ.14:26; മർക്കൊ.6:49)*
39.[b] *1യോഹ.1:1 (യോഹ.20:27)*
40.[c] *യോഹ.20:20*
41.[d] *അപ്പൊ.പ്ര.12:14; (ഉൽപ.45:26)* [e] *യോഹ.21:5*
43.[f] *അപ്പൊ.പ്ര. 1:4;10:41*
44.[g] *ലൂക്കൊ.24:7* [h] *സങ്കീ.2:1,6,8-10; 22:16-19;72:1-19; 110:1;118:22* [i] *ലൂക്കൊ.24:27*
45.[j] *ലൂക്കൊ.24:32; (ഇയ്യോ.33:16; സങ്കീ.119:18; അപ്പൊ.പ്ര.16:14; 1യോഹ.5:20)*
46.[k] *ലൂക്കൊ.24:7,26* [l] *യോഹ.20:9*
47.[m] *അപ്പൊ.പ്ര.4:12* [n] *അപ്പൊ.പ്ര.5:31; 2:38* [o] *ഗലാ.3:8; അപ്പൊ.പ്ര.10:37* [p] *ലൂക്കൊ.2:31; ഉൽപ.12:3; സങ്കീ.22:27; യെശ.2:2;49:6; ഹോശേ.2:23; മലാ.1:11; മത്താ.28:20* [q] *മത്താ.26:24*
48.[r] *അപ്പൊ.പ്ര.1:8,22; 2:32;3:15;4:33; 5:32; 10:39,41; 13:31; 1പത്രൊ.5:1; (യോഹ.15:27; 1കൊരി.15:15)*
49.[s] *യോഹ.14:26; അപ്പൊ.പ്ര.1:4 (അപ്പൊ.പ്ര.2:33; എഫെ.1:14) അപ്പൊ.പ്ര.2:16,17കാ.* [t] *ലൂക്കൊ.1:79; യെശ.32:15* [u] *അപ്പൊ.പ്ര.1:8* [v] *ഇയ്യോ.29:14; സങ്കീ.132:9; കൊലൊ.3:12*

**50** അനന്തരം അവൻ അവരെ
ബേഥാന്യ[w]യോളം കൂട്ടിക്കൊണ്ടു
പോയി[x] കൈ ഉയർത്തി അവരെ
അനുഗ്രഹിച്ചു. **51** അവരെ അനു
ഗ്രഹിക്കയിൽ അവൻ അവരെ വിട്ടു
പിരിഞ്ഞു [സ്വർഗാരോഹണം ചെ
യ്തു].[y] **52** അവർ [അവനെ നമ
സ്കരിച്ചു][z] മഹാസന്തോഷത്തോടെ[a]
യെരൂശലേമിലേക്കു മടങ്ങിച്ചെ
ന്നു[x] എല്ലായ്പോഴും **53** ദൈവാല
യത്തിൽ ഇരുന്നു[b] ദൈവത്തെ
വാഴ്ത്തിപ്പോന്നു.[c]

✵ ✵ ✵

50.[w] *മത്താ.21:17; യോഹ.11:18*
[x] *അപ്പൊ.പ്ര.1:12*
51.[y] *മർക്കൊ.16:19*
52.[z] *മത്താ.28:9*
[a] *യോഹ.16:22*

[x] *(വാ.50 കാ. )* 53.[b] *അപ്പൊ.പ്ര.2:46;3:1; 5:21,42*
[c] *ലൂക്കൊ.1:64; 2:28*

## ശവസംസ്കാരം

മരിച്ചവർക്കു സമുചിതമായ സംസ്കാരം നടത്തേണ്ടത് ആവശ്യമാണെന്ന് യിസ്രായേൽജനവും പശ്ചിമേഷ്യയിലെ ഇതര ജനതകളും കരുതിയിരുന്നു. പലസ്തീനിൽ ചൂടു കാലാവസ്ഥയായിരുന്നതിനാൽ മൃതശരീരം 24 മണിക്കൂറിനുള്ളിൽ സംസ്കരിക്കേണ്ടത് അത്യന്താപേക്ഷിതമായിരുന്നു. യെഹൂദനിയമമനുസരിച്ച് സൂര്യാസ്തമയത്തിനു മുമ്പ് മൃതദേഹം സംസ്കരിക്കേണ്ടിയിരുന്നു (ആവ. 21:22). പ്രിയപ്പെട്ട വ്യക്തിയുടെ ശവശരീരം സംസ്കരിക്കുന്നതിനു മുമ്പ് ചീഞ്ഞഴുകുവാനും കഴുകന്മാരും നായ്ക്കളും തിന്നുവാനുമിടയാകുന്നതു വലിയ അപമാനമായി അവർ കരുതിയിരുന്നു. എങ്ങനെയാണ് സംസ്കാരത്തിനായി മൃതദേഹം യെഹൂദന്മാർ ഒരുക്കിയതെന്നു വേദപുസ്തകം വ്യക്തമായി വിവരിക്കുന്നില്ല. എന്നാൽ മൃതശരീരം കുളിപ്പിക്കുമായിരുന്നു (അ. പ്ര. 9:37). സുഗന്ധദ്രവ്യങ്ങൾ ലേപനം ചെയ്ത് (ലൂക്കൊ. 24:1) തുണിയിൽ പൊതിയുകയും ചെയ്യുമായിരുന്നു (മത്താ. 27:59; യോഹ. 11:44). പുരാതനകാലത്ത് എബ്രായരെ ഗുഹകളിലും നിലത്തു കുഴിക്കുന്ന കുഴികളിലുമാണ് അടക്കിയിരുന്നത്. സാറായെയും അബ്രാഹാമിനെയും ഹെബ്രോനിലെ മക്പേലാ ഗുഹയിലാണ് അടക്കിയത് (ഉൽപ. 23:19; 25:9,10).

പിൽക്കാലത്ത് പാറയിൽ വെട്ടിയുണ്ടാക്കിയ കല്ലറകളിലും മൃതദേഹം അടക്കം ചെയ്തുപോന്നു. ചില കല്ലറകളിൽ ഒരു ശരീരം മാത്രമേ വയ്ക്കാമായിരുന്നുള്ളൂ, എന്നാൽ മറ്റു ചിലതിൽ ഒന്നിൽ കൂടുതൽ അടക്കുവാനുള്ള സൗകര്യമുണ്ടായിരുന്നു. അവ ഒരേ കുടുംബത്തിലെ അംഗങ്ങളെയെല്ലാം അടക്കുവാനുപയോഗിച്ചു. അറിയാതെപോലും ശവശരീരത്തെ സ്പർശിച്ചാൽ ഒരുവൻ മതപരമായി അശുദ്ധനാകുമെന്നതിനാൽ യെഹൂദന്മാർ കല്ലറകളെല്ലാം കൃത്യമായി അടയാളപ്പെടുത്തിയിരുന്നു. മാംസം ചീഞ്ഞഴുകി കഴിയുമ്പോൾ എല്ലുകളെല്ലാം ഒരു പെട്ടിയിൽ ശേഖരിക്കും. വീണ്ടും നിരപ്പാക്കുന്ന ആ കല്ലറയിൽ മരിക്കുന്ന അടുത്ത വ്യക്തിയെ സംസ്കരിക്കുന്നു. സാധാരണയായി ഗ്രീക്കുകാർക്കും റോമക്കാർക്കും കനാന്യർക്കും ശവശരീരം ദഹിപ്പിക്കുന്ന പതിവാണുണ്ടായിരുന്നത്. യെഹൂദന്മാർ ഇത് അപമാനമായിട്ടാണു കരുതിയിരുന്നത്. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ മൃതദേഹം ചീഞ്ഞഴുകിയതാണെങ്കിലും (1 ശമൂ. 31:12), പകർച്ചവ്യാധിമൂലമാണു വ്യക്തി മരിച്ചതെങ്കിലും ഭൗതികാവശിഷ്ടം ദഹിപ്പിച്ചിരുന്നു (ആമോ. 6:10). ദൈവത്തോടു മറുതലിച്ചിട്ടുള്ളവരുടെ ശരീരങ്ങളും ചിലപ്പോൾ ദഹിപ്പിക്കുമായിരുന്നു (ലേവ്യാ. 20:14; യോശു. 7:25).

ശവസംസ്കാര ശുശ്രൂഷകൾ കുടുംബാംഗങ്ങളുടെ മരിച്ചുപോയ വ്യക്തിയെക്കുറിച്ചുള്ള വിലാപത്തിലും ശ്മശാനത്തിലേക്കുള്ള വിലാപയാത്രയിലും കേന്ദ്രീകരിച്ചിരുന്നു. മൃതദേഹം മരംകൊണ്ടുള്ള ചട്ടക്കൂടിൽവച്ചു പലർചേർന്നു ചുമന്നുകൊണ്ടാണ് ശ്മശാനത്തിലേക്കു പോകുന്നത് (2 ശമൂ. 3:31; ലൂക്കൊ. 7:11-15). ശവസംസ്കാരത്തിനുശേഷം ശവശരീരം വഹിച്ചിരുന്നവരെ അശുദ്ധരായി കണക്കാക്കുകയും അവർ സമൂഹത്തിന്റെ ഭാഗമായിത്തീരുവാൻ ശുദ്ധീകരണ ചടങ്ങുകൾക്കു വിധേയരാകുകയും ചെയ്യണമായിരുന്നു (സംഖ്യാ. 19:11-20).

# THE GOSPEL ACCORDING TO JOHN

# യോഹന്നാൻ എഴുതിയ സുവിശേഷം

## മുഖവുര

മനുഷ്യനായി പിറന്ന് മാനവരുടെ ഇടയിൽ ജീവിച്ച ദൈവത്തിന്റെ നിത്യ വചനമാകുന്ന യേശുക്രിസ്തുവിനാണ് യോഹന്നാൻ എഴുതിയ സുവിശേഷം ഊന്നൽ നല്കുന്നത്. ഈ സുവിശേഷത്തിന്റെ പ്രധാന ഉദ്ദേശ്യം വായനക്കാർ യേശു ദൈവപുത്രനെന്നും വാഗ്ദത്തരക്ഷകനെന്നും ഗ്രഹിക്കുകയും വിശ്വാസ ത്തിലൂടെ നിത്യജീവനെ നേടുകയും വേണം എന്നുള്ളതാണ്.

***1. യേശുക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യ ത്വവും അധികാരവും 15. യോഹന്നാന്റെ സാക്ഷി 39. അന്ത്രയൊസ്, പത്രൊസ് മുതലായവരെ വിളിച്ചത്.***

**ആ**ദിയിൽ[a] വചനം[b] ഉണ്ടായിരു
ന്നു; വചനം ദൈവത്തോടുകൂടെ
ആയിരുന്നു;[c] വചനം ദൈവം ആയി
രുന്നു.[d] **2** അവൻ ആദിയിൽ ദൈവ
ത്തോടുകൂടെ ആയിരുന്നു. **3** സക
ലവും അവൻ മുഖാന്തരം ഉളവായി;[e]
ഉളവായത് ഒന്നും അവനെ കൂടാതെ
ഉളവായതല്ല. **4** അവനിൽ ജീവൻ
ഉണ്ടായിരുന്നു;[f] ജീവൻ മനുഷ്യരുടെ
വെളിച്ചമായിരുന്നു.[g] **5** വെളിച്ചം
ഇരുളിൽ പ്രകാശിക്കുന്നു;[h] ഇരുളോ
അതിനെ പിടിച്ചടക്കിയില്ല. **6** ദൈ
വം അയച്ചിട്ട്[i] ഒരു മനുഷ്യൻ വന്നു;
അവനു യോഹന്നാൻ[j] എന്നു പേർ.
**7** അവൻ സാക്ഷ്യത്തിനായി,[k] താൻ
മുഖാന്തരം എല്ലാവരും വിശ്വസി
ക്കേണ്ടതിന്[l] വെളിച്ചത്തെക്കുറിച്ചു
സാക്ഷ്യം പറവാൻതന്നെ വന്നു.
**8** അവൻ വെളിച്ചം ആയിരുന്നില്ല;[m]
വെളിച്ചത്തിനു സാക്ഷ്യം പറയേണ്ടു
ന്നവനത്രേ.[k] **9** ഏതു മനുഷ്യനെയും
പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം[n]
ലോകത്തിലേക്കു വന്നുകൊണ്ടി
രുന്നു.[o] **10** അവൻ ലോകത്തിൽ
ഉണ്ടായിരുന്നു; ലോകം അവൻ മുഖാ
ന്തരം ഉളവായി;[e] ലോകമോ അവ
നെ അറിഞ്ഞില്ല.[p] **11** അവൻ സ്വന്ത
ത്തിലേക്കു[q] വന്നു; സ്വന്ത[r]മായ
വരോ അവനെ കൈക്കൊണ്ടില്ല.[s]
**12** അവനെ കൈക്കൊണ്ട് അവന്റെ
നാമത്തിൽ വിശ്വസിക്കുന്ന[t] ഏവർ
ക്കും ദൈവമക്കൾ[u] ആകുവാൻ[v]
അവൻ അധികാരം കൊടുത്തു.[w]
**13** അവർ രക്തത്തിൽ നിന്നല്ല,[x]
ജഡത്തിന്റെ ഇഷ്ടത്താലല്ല,[y] പുരു
ഷന്റെ ഇഷ്ടത്താലുമല്ല, ദൈവ
ത്തിൽ നിന്നത്രേ ജനിച്ചത്.[z] **14** വ
ചനം[a] ജഡമായിത്തീർന്നു,[b] കൃപ
യും[c] സത്യവും[d] നിറഞ്ഞവനായി
നമ്മുടെ ഇടയിൽ പാർത്തു.[e] ഞ
ങ്ങൾ അവന്റെ തേജസ്സ് പിതാ
വിൽനിന്ന് ഏകജാതനായവന്റെ
തേജസ്സായി കണ്ടു.[f] **15** യോഹ
ന്നാൻ അവനെക്കുറിച്ചു സാക്ഷീ
കരിച്ചു:[g] എന്റെ പിന്നാലെ വരുന്ന
വൻ എനിക്കു മുമ്പനായി തീർന്നു;[h]
അവൻ എനിക്കു മുമ്പേ ഉണ്ടായി
രുന്നു എന്നു ഞാൻ പറഞ്ഞവൻ
ഇവൻ തന്നെ എന്നു വിളിച്ചുപറ
ഞ്ഞു. **16** അവന്റെ നിറവിൽനിന്നു[i]
നമുക്ക് എല്ലാവർക്കും കൃപമേൽ
കൃപ[j] ലഭിച്ചിരിക്കുന്നു. **17** ന്യായപ്ര
മാണം മോശെ മുഖാന്തരം ലഭിച്ചു;[k]

**അധ്യായം 1**
1.[a] *ഉൽപ.1:1; (കൊലൊ.1:17; 1യോഹ.1:1; വെളി.1:4,5,8,17; 3:14; 21:6;22:13)*
[b] *വെളി.19:13; (എബ്രാ.4:12; 1യോഹ.1:2)*
[c] *1യോഹ.1:2; (യോഹ.17:5)*
[d] *ഫിലി.2:6; (യോഹ.1:18; റോമ.9:5)*
3.[e] *യോഹ.1:10; സങ്കീ.33:6; 1കൊരി.8:6; കൊലൊ.1:16; എബ്രാ.1:2*
4.[f] *യോഹ.5:26;11:25; 1യോഹ.1:2;5:11*
[g] *യോഹ.8:12; 9:5; 12:46*
5.[h] *(യോഹ.3:19)*
6.[i] *യോഹ.1:33;3:28; മലാ.3:1*
[j] *മത്താ.3:1; മർക്കൊ. 1:4; ലൂക്കൊ.3:2*
7.[k] *യോഹ.3:26; 5:33; 10:41*
[l] *അപ്പൊ.പ്ര.19:4*
8.[m] *യോഹ.1:19,20*
[k] *(വാ.7 കാ.)*
9.[n] *യെശ.49:6; 1യോഹ.2:8*
[o] *യോഹ.3:19; 11:27; 12:46*
10.[e] *(വാ.3 കാ.)*
[p] *(യോഹ.16:3; 1യോഹ.3:1)*
11.[q] *മത്താ.21:38*
[r] *യോഹ.13:1* [s] *യോഹ.5:43; (യോഹ.3:11,32)*

12.[t] *1യോഹ.5:13* [u] *(ഗലാ.3:26); യോഹ.11:52* [v] *1യോഹ.3:1; (മത്താ.5:45)* [w] *1യോഹ.5:1*
13.[x] *1പത്രൊ.1:23* [y] *യോഹ.3:6* [z] *യാക്കോ.1:18; (യോഹ.3:3; 1പത്രൊ.1:3)* 14.[a] *യോഹ.1:1*
[b] *റോമ.1:5;8:3; ഗലാ.4:4; ഫിലി.2:7,8; കൊലൊ.1:22; 1തിമൊ.3:16; എബ്രാ.2:14;1 യോഹ.4:2; 2യോഹ.7 (യോഹ.6:51)* [c] *യോഹ.1:17* [d] *(യോഹ.14:6)*
[e] *വെളി.7:15;21:3* [f] *യോഹ.2:11; ലൂക്കൊ.9:32; 2പത്രൊ.1:16,17; 1യോഹ.1:1;4:14* 15.[g] *യോഹ.1:7*
[h] *യോഹ.1:27,30; മത്താ.3:11* 16.[i] *എഫെ.1:23; 3:19; 4:13; കൊലൊ.1:19; 2:9* [j] *(മത്താ.25:29)*
17.[k] *യോഹ.7:19; പുറ.20:1; അപ്പൊ.പ്ര.7:38*

കൃപയും സത്യവും യേശുക്രിസ്തു
മുഖാന്തരം വന്നു.[l] 18 ദൈവത്തെ
ആരും ഒരുനാളും കണ്ടിട്ടില്ല;[m]
പിതാവിന്റെ മടിയിൽ ഇരിക്കുന്ന
ഏകജാതനായ പുത്രൻ[n] അവനെ
വെളിപ്പെടുത്തിയിരിക്കുന്നു.[o]
19 നീ ആർ[p] എന്നു യോഹന്നാ
നോടു ചോദിക്കേണ്ടതിനു യെഹൂ
ദന്മാർ യെരൂശലേമിൽനിന്നു പു
രോഹിതന്മാരെയും ലേവ്യരെയും
അവന്റെ അടുക്കൽ അയച്ചപ്പോൾ
അവന്റെ സാക്ഷ്യം എന്തെന്നാൽ:
അവൻ മറുക്കാതെ ഏറ്റുപറഞ്ഞു;[q]
20 ഞാൻ ക്രിസ്തുവല്ല എന്ന് ഏറ്റു
പറഞ്ഞു. 21 പിന്നെ എന്ത്? നീ
ഏലീയാവോ[r] എന്ന് അവനോടു
ചോദിച്ചതിന്: അല്ല എന്നു പറഞ്ഞു.
നീ ആ പ്രവാചകനോ?[s] എന്നതിന്:
അല്ല എന്ന് അവൻ ഉത്തരം പറ
ഞ്ഞു. 22 അവർ അവനോട്: നീ
ആരാകുന്നു? ഞങ്ങളെ അയച്ചവ
രോട് ഉത്തരം പറയേണ്ടതിനു നീ
നിന്നെക്കുറിച്ചുതന്നെ എന്തു പറയു
ന്നു എന്നു ചോദിച്ചു. 23 അതിന്
അവൻ: യെശയ്യാപ്രവാചകൻ പറ
ഞ്ഞതുപോലെ:[t] കർത്താവിന്റെ
വഴി നേരേ ആക്കുവിൻ എന്നു മരു
ഭൂമിയിൽ വിളിച്ചുപറയുന്നവന്റെ
ശബ്ദം ഞാൻ ആകുന്നു എന്നു
പറഞ്ഞു. 24 അയയ്ക്കപ്പെട്ടവർ
പരീശന്മാരുടെ കൂട്ടത്തിലുള്ളവർ
ആയിരുന്നു. 25 എന്നാൽ നീ ക്രി
സ്തുവല്ല, ഏലീയാവല്ല, ആ പ്രവാ
ചകനും അല്ല എന്നു വരികിൽ നീ
സ്നാനം കഴിപ്പിക്കുന്നത് എന്ത്[u]
എന്ന് അവർ ചോദിച്ചു. 26 അതിനു
യോഹന്നാൻ: ഞാൻ വെള്ളത്തിൽ
സ്നാനം കഴിപ്പിക്കുന്നു;[v] എന്നാൽ
നിങ്ങൾ അറിയാത്ത ഒരുത്തൻ
നിങ്ങളുടെ ഇടയിൽ നില്ക്കുന്നു
ണ്ട്; 27 എന്റെ പിന്നാലെ വരുന്ന
വൻ തന്നെ;[w] അവന്റെ ചെരിപ്പിന്റെ
വാറ് അഴിപ്പാൻ ഞാൻ യോഗ്യൻ
അല്ല എന്ന് ഉത്തരം പറഞ്ഞു.
28 ഇതു യോർദ്ദാനക്കരെ യോഹ
ന്നാൻ സ്നാനം കഴിപ്പിച്ചുകൊണ്ടി
രുന്ന ബേഥാന്യയിൽ സംഭവിച്ചു.

29 പിറ്റന്നാൾ യേശു തന്റെ അടു
ക്കൽ വരുന്നത് അവൻ കണ്ടിട്ട്:
ഇതാ, ലോകത്തിന്റെ[x] പാപം ചുമ
ക്കുന്ന[y] ദൈവത്തിന്റെ കുഞ്ഞാട്.[z]
30 എന്റെ പിന്നാലെ ഒരു പുരുഷൻ
വരുന്നു; അവൻ എനിക്കു മുമ്പേ
ഉണ്ടായിരുന്നതുകൊണ്ട് എനിക്കു
മുമ്പനായിത്തീർന്നു[a] എന്നു ഞാൻ
പറഞ്ഞവൻ ഇവൻതന്നെ. 31 ഞാ
നോ അവനെ അറിഞ്ഞില്ല; എങ്കി
ലും അവൻ യിസ്രായേലിനു വെളി
പ്പെടേണ്ടതിനു ഞാൻ വെള്ളത്തിൽ
സ്നാനം കഴിപ്പിപ്പാൻ വന്നിരിക്കു
ന്നു[b] എന്നു പറഞ്ഞു. 32 യോഹ
ന്നാൻ പിന്നെയും സാക്ഷ്യം പറ
ഞ്ഞത്:[c] ആത്മാവ് ഒരു പ്രാവുപോ
ലെ സ്വർഗത്തിൽനിന്ന് ഇറങ്ങിവരു
ന്നതു ഞാൻ കണ്ടു;[d] അത് അവന്റെ
മേൽ വസിച്ചു.[e] 33 ഞാനോ അവ
നെ അറിഞ്ഞില്ല; എങ്കിലും വെള്ള
ത്തിൽ[f] സ്നാനം കഴിപ്പിപ്പാൻ എ
ന്നെ അയച്ചവൻ[g] എന്നോട്: ആരു
ടെമേൽ ആത്മാവ് ഇറങ്ങുന്നതും
വസിക്കുന്നതും നീ കാണുമോ അ
വൻ പരിശുദ്ധാത്മാവിൽ[f] സ്നാനം
കഴിപ്പിക്കുന്നവൻ[h] ആകുന്നു എന്നു
പറഞ്ഞു. 34 അങ്ങനെ ഞാൻ കാണു
കയും ഇവൻ ദൈവപുത്രൻതന്നെ
എന്നു സാക്ഷ്യം പറകയും ചെയ്തി
രിക്കുന്നു.
35 പിറ്റന്നാൾ യോഹന്നാൻ പി
ന്നെയും തന്റെ ശിഷ്യന്മാരിൽ രണ്ടു
പേരുമായി അവിടെ നില്ക്കുമ്പോൾ
കടന്നുപോകുന്ന 36 യേശുവിനെ
നോക്കിയിട്ട്: ഇതാ, ദൈവത്തിന്റെ
കുഞ്ഞാട്[i] എന്നു പറഞ്ഞു. 37 അ
വൻ പറഞ്ഞത് ആ രണ്ടു ശിഷ്യ
ന്മാർ കേട്ട് യേശുവിനെ അനുഗമിച്ചു.
38 യേശു തിരിഞ്ഞ് അവർ പിന്നാ
ലെ വരുന്നതു കണ്ട് അവരോട്:
നിങ്ങൾ എന്ത് അന്വേഷിക്കുന്നു[j]
എന്നു ചോദിച്ചു; അവർ: റബ്ബീ,[k]
എന്നു വച്ചാൽ ഗുരോ, നീ എവി
ടെ പാർക്കുന്നു എന്നു ചോദിച്ചു.

17.[l] *യോഹ.1:14; (റോമ.5:21)*
18.[m] *യോഹ.5:37; 6:46;പുറ. 33:20; കൊലൊ.1:15; 1തിമൊ.6:16; 1യോഹ.4:12,20; (യോഹ.12:45)*
[n] *യോഹ.1:14;3:16*
[o] *(മത്താ.11:27) യോഹ.3:31,32*
19.[p] *(യോഹ.8:25)*
[q] *യോഹ.1:8;3:28; അപ്പൊ.പ്ര.13:25; (ലൂക്കൊ.3:15)*
21.[r] *(മത്താ.11:14; 16:14)*
[s] *ആവ.18:15,18*
23.[t] ***യെശ.40:3;*** *മത്താ.3:3*
25.[u] *മത്താ.3:6; മർക്കൊ.1:4; ലൂക്കൊ.3:3,7;*
26[v] *മത്താ.3:11; മർക്കൊ.1:7,8; ലൂക്കൊ.3:16; അപ്പൊ.പ്ര.1:5;13:24*
27.[w] *യോഹ.1:15,30*

29.[x] *യോഹ.3:16,17; 4:42;12:47, 1യോഹ.2:2;4:14*
[y] *1യോഹ.3:5; (എബ്രാ.10:4,11)*
[z] *യോഹ.1:36; പുറ.12:3; യെശ.53:7; അപ്പൊ.പ്ര.8:32; 1പത്രൊ.1:19; (ഉൽപ.22:8; വെളി.5:6)*
30.[a] *യോഹ.1:15,27*
31.[b] *ലൂക്കൊ.1:17, 76,77*
32.[c] *യോഹ.1:7*
[d] *മത്താ.3:16; മർക്കൊ.1:10; ലൂക്കൊ.3:22*
[e] *(യെശ.11:2; അപ്പൊ.പ്ര.10:38)*
33.[f] *(യോഹ.3:5)*
[g] *യോഹ.1:6; ലൂക്കൊ.3:2*
[h] *മത്താ.3:11; മർക്കൊ.1:8; ലൂക്കൊ.3:16; അപ്പൊ.പ്ര.1:5*
36.[i] *യോഹ.1:29*
38.[j] *യോഹ.18:4,7;20:15* [k] *യോഹ.1:49; 3:2,26; 6:25; (യോഹ.20:16; മർക്കൊ.10:51)*

**39** അവൻ അവരോട്: വന്നു കാൺ
മിൻ എന്നു പറഞ്ഞു. അങ്ങനെ അ
വൻ വസിക്കുന്ന ഇടം അവർ കണ്ട്
അന്ന് അവനോടുകൂടെ പാർത്തു;
അപ്പോൾ ഏകദേശം പത്താംമണി
നേരം ആയിരുന്നു. **40** [l]യോഹന്നാൻ
പറഞ്ഞതു കേട്ട് അവനെ അനുഗ
മിച്ച രണ്ടു പേരിൽ ഒരുത്തൻ ശി
മോൻപത്രൊസിന്റെ സഹോദരനായ
അന്ത്രെയാസ് ആയിരുന്നു. **41** അ
വൻ തന്റെ സഹോദരനായ ശിമോനെ
ആദ്യം കണ്ട് അവനോട്: ഞങ്ങൾ
മശീഹായെ[m] എന്നുവച്ചാൽ ക്രി
സ്തുവെ[n] കണ്ടെത്തിയിരിക്കുന്നു
എന്നു പറഞ്ഞു. **42** അവനെ യേശു
വിന്റെ അടുക്കൽ കൊണ്ടുവന്നു;
യേശു അവനെ നോക്കി: നീ യോഹ
ന്നാന്റെ[o] പുത്രനായ ശിമോൻ ആ
കുന്നു; നിനക്കു കേഫാ[p] എന്നു
പേരാകും എന്നു പറഞ്ഞു; അതു
പത്രൊസ്[q] എന്നാകുന്നു.
**43** പിറ്റന്നാൾ[r] യേശു ഗലീലയ്ക്കു
പുറപ്പെടുവാൻ[s] ഭാവിച്ചപ്പോൾ ഫിലി
പ്പൊസിനെ കണ്ടു; എന്നെ അനുഗ
മിക്ക എന്ന് അവനോടു പറഞ്ഞു.
**44** ഫിലിപ്പൊസോ, അന്ത്രെയാസി
ന്റെയും പത്രൊസിന്റെയും പട്ടണ
മായ ബേത്ത്സയിദയിൽനിന്നുള്ള
വൻ ആയിരുന്നു.[t] **45** ഫിലിപ്പൊസ്
നഥനയേലിനെ[u] കണ്ട് അവനോട്:
ന്യായപ്രമാണത്തിൽ മോശെയും[v]
പ്രവാചകന്മാരും എഴുതിയിരിക്കുന്ന
വനെ കണ്ടെത്തിയിരിക്കുന്നു; അ
വൻ യോസേഫിന്റെ പുത്രനായ[w]
യേശു എന്ന നസറെത്തു[x]കാരൻ
തന്നെ എന്നു പറഞ്ഞു. **46** നഥന
യേൽ അവനോട്: നസറെത്തിൽ
നിന്നു വല്ല നന്മയും വരുമോ[y] എ
ന്നു പറഞ്ഞു. ഫിലിപ്പൊസ് അവ
നോട് വന്നു കാൺക എന്നു പറ
ഞ്ഞു. **47** നഥനയേൽ തന്റെ അടു
ക്കൽ വരുന്നതു യേശു കണ്ടു: ഇതാ,
സാക്ഷാൽ യിസ്രായേല്യൻ;[z] ഇവ
നിൽ കപടം ഇല്ല[a] എന്ന് അവനെ
ക്കുറിച്ചു പറഞ്ഞു. **48** നഥനയേൽ
അവനോട്: എന്നെ എവിടെവച്ച്
അറിയും[b] എന്നു ചോദിച്ചതിന്:
ഫിലിപ്പൊസ് നിന്നെ വിളിക്കും
മുമ്പേ, നീ അത്തിയുടെ കീഴിൽ
ഇരിക്കുമ്പോൾ ഞാൻ നിന്നെ കണ്ടു
എന്ന് യേശു ഉത്തരം പറഞ്ഞു.
**49** നഥനയേൽ അവനോട്: റബ്ബീ,[c]
നീ ദൈവപുത്രൻ,[d] നീ യിസ്രായേ
ലിന്റെ രാജാവ്[e] എന്ന് ഉത്തരം പറ
ഞ്ഞു. **50** യേശു അവനോട്: ഞാൻ
നിന്നെ അത്തിയുടെ കീഴിൽ കണ്ടു
എന്നു നിന്നോടു പറകകൊണ്ടു
നീ വിശ്വസിക്കുന്നുവോ? നീ ഇതിനെ
ക്കാൾ വലിയതു കാണും എന്ന്
ഉത്തരം പറഞ്ഞു. **51** ആമേൻ
ആമേൻ ഞാൻ നിങ്ങളോടു പറയു
ന്നു: സ്വർഗം തുറന്നിരിക്കുന്നതും[f]
മനുഷ്യപുത്രന്റെ[g] അടുക്കൽ ദൈവ
ദൂതന്മാർ[h] കയറുകയും ഇറങ്ങുക
യും ചെയ്യുന്നതും[h] നിങ്ങൾ കാണും
എന്നും അവനോടു പറഞ്ഞു.

❋ ❋ ❋

*1. യേശു വെള്ളം വീഞ്ഞാക്കിയത്. 12. കഫർന്നഹൂമിലേക്കും 13. യെരൂശലേമിലേക്കും പ്രയാണം ചെയ്തതും 14. ദൈവാലയ ശുദ്ധീകരണവും.*

**2** മൂന്നാം നാൾ[a] ഗലീലയിലെ
കാനാവിൽ[b] ഒരു കല്യാണം
ഉണ്ടായി; യേശുവിന്റെ അമ്മ അ
വിടെ ഉണ്ടായിരുന്നു. **2** യേശുവി
നെയും ശിഷ്യന്മാരെയും[c] കല്യാ
ണത്തിന് ക്ഷണിച്ചിരുന്നു. **3** വീഞ്ഞു
പോരാതെ വരികയാൽ യേശുവിന്റെ
അമ്മ അവനോട്: അവർക്കു വീ
ഞ്ഞ് ഇല്ല എന്നുപറഞ്ഞു. **4** യേശു
അവളോട്: സ്ത്രീയേ,[d] എനിക്കും
നിനക്കും തമ്മിൽ എന്ത്?[e] എന്റെ
നാഴിക ഇതുവരെ വന്നിട്ടില്ല[f] എന്നു
പറഞ്ഞു. **5** അവന്റെ അമ്മ ശുശ്രൂ
ഷക്കാരോട്: അവൻ നിങ്ങളോട്
എന്തെങ്കിലും കല്പിച്ചാൽ അതു
ചെയ്‌വിൻ എന്നു പറഞ്ഞു. **6** അ
വിടെ യെഹൂദന്മാരുടെ ശുദ്ധീകര
ണനിയമം അനുസരിച്ച്[g] രണ്ടോ
മൂന്നോ പറ[h] വീതം കൊള്ളുന്ന
ആറു കല്പാത്രം ഉണ്ടായിരുന്നു.
**7** യേശു അവരോട് ഈ കല്പാത്ര
ങ്ങളിൽ വെള്ളം നിറപ്പിൻ എന്നു

40. [l] യോഹ.1:40 - 42 ക്കു.(മത്താ.4:18 - 22; മർക്കൊ.1:16 - 20; ലൂക്കൊ.5:2 - 11)
41. [m] യോഹ.4:25; (ദാനി.9:25,26; 1കൊരി.1:23)
[n] സങ്കീ.2:2
42. [o] യോഹ.21:15 - 17
[p] 1കൊരി.1:12; 3:22; ഗലാ.1:18
[q] മത്താ.16:18
43. [r] (യോഹ.1:35;2:1)
[s] (യോഹ.1:28)
44. [t] യോഹ.12:21
45. [u] യോഹ.21:2
[v] ലൂക്കൊ.16:16; 24:27
[w] യോഹ.6:42; ലൂക്കൊ.3:23
[x] മത്താ.2:23
46. [y] (യോഹ.7:41,52)
47. [z] സങ്കീ.73:1; റോമ.9:4,6
[a] സങ്കീ.32:2; സെഫ.3:13; (വെളി.14:5)
48. [b] യോഹ.2:24,25

49. [c] യോഹ.1:38
[d] (യോഹ.6:69; 11:27;20:31)
[e] യോഹ.12:13; സെഫ.3:15; മത്താ.27:11,12; (സെഖ.9:9)
51. [f] യെഹെ.1:1; മത്താ.3:16; ലൂക്കൊ.3:21; അപ്പൊ.പ്ര.7:56;10:11
[g] ദാനി.7:13
[h] (ഉൽപ.28:12)

**അധ്യായം 2**

1. [a] (യോഹ.1:29,35,43)
[b] യോഹ.4:46;21:2
2. [c] യോഹ.1:40 - 49
4. [d] യോഹ.19:26
[e] 2ശമൂ.16:10
[f] യോഹ.7:30; 8:20; 13:1; (യോഹ.7:6,8;12:23)
6. [g] യോഹ.3:25; (മർക്കൊ.7:3,4)
[h] 2ദിന.4:5

പറഞ്ഞു; അവർ വക്കോളവും നിറച്ചു. **8** ഇപ്പോൾ കോരി വിരുന്നുവാഴിക്കു കൊണ്ടുപോയി കൊടുപ്പിൻ എന്ന് അവൻ പറഞ്ഞു; അവർ കൊണ്ടുപോയി കൊടുത്തു. **9** അത് എവിടെനിന്ന് എന്നു വെള്ളം കോരിയ ശുശ്രൂഷക്കാരല്ലാതെ വിരുന്നുവാഴി അറിഞ്ഞില്ല. വീഞ്ഞായിത്തീർന്ന വെള്ളം[i] വിരുന്നുവാഴി രുചിനോക്കിയാറെ മണവാളനെ വിളിച്ചു: **10** എല്ലാവരും ആദ്യം നല്ല വീഞ്ഞും ലഹരിപിടിച്ചശേഷം ഇളപ്പമായതും കൊടുക്കുമാറുണ്ട്; നീ നല്ല വീഞ്ഞ് ഇതുവരെയും സൂക്ഷിച്ചുവച്ചുവല്ലോ എന്ന് അവനോടു പറഞ്ഞു. **11** യേശു ഇതിനെ അടയാളങ്ങളുടെ ആരംഭമായി ഗലീലയിലെ കാനാവിൽവച്ചു ചെയ്തു തന്റെ മഹത്ത്വം[j] വെളിപ്പെടുത്തി; അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു.[k]

**12** അനന്തരം അവനും അവന്റെ അമ്മയും സഹോദരന്മാരും[l] ശിഷ്യന്മാരും കഫർന്നഹൂമിലേക്കു പോയി; അവിടെ ഏറെനാൾ പാർത്തില്ല.

**13** യെഹൂദന്മാരുടെ പെസഹ[m] സമീപം ആകകൊണ്ടു യേശു യെരൂശലേമിലേക്കു പോയി.[n] **14** [o]ദൈവാലയത്തിൽ കാള, ആട്, പ്രാവ് എന്നിവയെ വില്ക്കുന്നവരെയും അവിടെ ഇരിക്കുന്ന പൊൻവാണിഭക്കാരെയും കണ്ടിട്ടു **15** കയറുകൊണ്ട് ഒരു ചമ്മട്ടി ഉണ്ടാക്കി ആടുമാടുകളോടുംകൂടെ എല്ലാവരെയും ദൈവാലയത്തിൽനിന്നു പുറത്താക്കി. പൊൻവാണിഭക്കാരുടെ നാണ്യം തൂകിക്കളഞ്ഞു മേശകളെ മറിച്ചിട്ടു; **16** പ്രാവുകളെ വില്ക്കുന്നവരോട്: ഇത് ഇവിടെനിന്നു കൊണ്ടുപോകുവിൻ; എന്റെ പിതാവിന്റെ ആലയത്തെ[p] വാണിഭശാല ആക്കരുത് എന്നു പറഞ്ഞു. **17** അപ്പോൾ അവന്റെ ശിഷ്യന്മാർ: [q]നിന്റെ ആലയത്തെക്കുറിച്ചുള്ള എരിവ് എന്നെ തിന്നുകളയുന്നു എന്ന് എഴുതിയിരിക്കുന്നത് ഓർത്തു.

**18** എന്നാൽ യെഹൂദന്മാർ അവനോട്: നിനക്ക് ഇങ്ങനെ ചെയ്യാം എന്നതിന് നീ എന്ത് അടയാളം[r] കാണിച്ചുതരും എന്നു ചോദിച്ചു. **19** യേശു അവരോട്: ഈ മന്ദിരം പൊളിപ്പിൻ;[s] ഞാൻ മൂന്നു ദിവസത്തിനകം അതിനെ പണിയും[t] എന്ന് ഉത്തരം പറഞ്ഞു. **20** യെഹൂദന്മാർ അവനോട്: ഈ മന്ദിരം നാല്പത്താറ് സംവത്സരംകൊണ്ടു പണിതിരിക്കുന്നു; നീ മൂന്നു ദിവസത്തിനകം അതിനെ പണിയുമോ എന്നു ചോദിച്ചു. **21** അവനോ തന്റെ ശരീരം എന്ന മന്ദിരത്തെ[u]ക്കുറിച്ചത്രേ പറഞ്ഞത്. **22** അവൻ ഇതു പറഞ്ഞു എന്ന് അവൻ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റശേഷം ശിഷ്യന്മാർ ഓർത്തു[v] തിരുവെഴുത്തും[w] യേശു പറഞ്ഞ വചനവും വിശ്വസിച്ചു.

**23** പെസഹാപെരുന്നാളിൽ യെരൂശലേമിൽ ഇരിക്കുമ്പോൾ അവൻ ചെയ്ത അടയാളങ്ങൾ കണ്ടിട്ടു[x] പലരും അവന്റെ നാമത്തിൽ വിശ്വസിച്ചു. **24** യേശുവോ എല്ലാവരെയും അറിക[y]കൊണ്ടു തന്നെത്താൻ അവരുടെ പക്കൽ വിശ്വസിച്ചേല്പിച്ചില്ല.[z] **25** മനുഷ്യനിലുള്ളത് എന്ത് എന്നു സ്വതവെ അറിഞ്ഞിരിക്കയാൽ[y] തനിക്കു മനുഷ്യനെക്കുറിച്ചു യാതൊരുത്തന്റെയും സാക്ഷ്യം ആവശ്യമായിരുന്നില്ല.

* * *

*1. യേശു നിക്കോദേമൊസിനു പുതുജനനത്തിന്റെ ആവശ്യം ഉപദേശിച്ചത് 22. യോഹന്നാന്റെ സ്നാനവും. യേശുവിനെക്കുറിച്ച് അവന്റെ സാക്ഷിയും ഉപദേശവും.*

**3** പരീശന്മാരുടെ കൂട്ടത്തിൽ യെഹൂദന്മാരുടെ ഒരു പ്രമാണിയായി[a] നിക്കോദേമൊസ്[b] എന്നു പേരുള്ളൊരു മനുഷ്യൻ ഉണ്ടായിരുന്നു. **2** അവൻ രാത്രിയിൽ[c] അവന്റെ അടുക്കൽ വന്ന് അവനോട്: റബ്ബീ,[d] നീ ദൈവത്തിന്റെ അടുക്കൽനിന്ന് ഉപദേഷ്ടാവായി വന്നിരിക്കുന്നു എന്നു ഞങ്ങൾ അറിയുന്നു;[e] ദൈവം തന്നോടുകൂടെ

9. [i] യോഹ.4:46
11. [j] യോഹ.1:14
[k] യോഹ.2:2
12. [l] മത്താ.12:46
13. [m] യോഹ.11:55;6:4
[n] യോഹ.2:23; ആവ.16:1-6; ലൂക്കൊ.2:41
14. [o] യോഹ. 2:14-17ക്കു. (മത്താ.21:12,13; മർക്കൊ.11:15-17; ലൂക്കൊ.19:45,46; മലാ.3:1-3)
16. [p] (യോഹ.14:2; ലൂക്കൊ.2:49)
17. [q] **സങ്കീ.69:9**
18. [r] യോഹ.4:48;6:30; (പുറ.4:1,8;7:9); മത്താ.12:38
19. [s] (മത്താ.26:61; 27:40; മർക്കൊ.14:58; 15:29)
[t] യോഹ.10:18
21. [u] (യോഹ.1:14; 1കൊരി.6:19; കൊലൊ.2:9)
22. [v] യോഹ.12:16; ലൂക്കൊ.24:7,8
[w] യോഹ.20:9; സങ്കീ.16:10
23. [x] യോഹ.11:45
24 [y] യോഹ.1:48; 5:42;16:30; (യോഹ.6:61,64) മത്താ.9:4
[z] (യോഹ.6:14,15)
25. [y] (വാ.24 കാ.)

**അധ്യായം 3**

1. [a] ലൂക്കൊ.24:20
[b] യോഹ.7:50;19:39
2. [c] (യോഹ.12:42)
[d] യോഹ.1:38
[e] (യോഹ.9:29; മത്താ.22:16)

ഇല്ലെങ്കിൽ[f] നീ ചെയ്യുന്ന ഈ അട
യാളങ്ങളെ ചെയ്‌വാൻ ആർക്കും
കഴികയില്ല എന്നു പറഞ്ഞു. 3 യേശു
അവനോട്: ആമേൻ, ആമേൻ,
ഞാൻ നിന്നോടുപറയുന്നു; പുതു
തായി[g] ജനിച്ചില്ല[h] എങ്കിൽ ദൈവ
രാജ്യം കാൺമാൻ[i] ആർക്കും കഴി
കയില്ല എന്ന് ഉത്തരം പറഞ്ഞു.
4 നിക്കോദേമൊസ് അവനോട്:
മനുഷ്യൻ വൃദ്ധനായശേഷം ജനി
ക്കുന്നത് എങ്ങനെ? രണ്ടാമതും
അമ്മയുടെ ഉദരത്തിൽ കടന്നു ജനി
ക്കാമോ എന്നു ചോദിച്ചു. 5 അതിനു
യേശു: ആമേൻ, ആമേൻ, ഞാൻ
നിന്നോടു പറയുന്നു: വെള്ളത്താ
ലും ആത്മാവിനാലും[j] ജനിച്ചില്ല
എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ
ആർക്കും കഴികയില്ല. 6 ജഡത്താൽ
ജനിച്ചത്[k] ജഡം[l] ആകുന്നു; ആ
ത്മാവിനാൽ ജനിച്ചത് ആത്മാവ്[m]
ആകുന്നു. 7 നിങ്ങൾ പുതുതായി[n]
ജനിക്കേണം എന്ന് ഞാൻ നിന്നോ
ടു പറകയാൽ ആശ്ചര്യപ്പെടരുത്.[o]
8 കാറ്റ് ഇഷ്ടമുള്ളേടത്ത്[p] ഊതു
ന്നു;[q] അതിന്റെ ശബ്ദം നീ കേൾ
ക്കുന്നു; എങ്കിലും അത് എവിടെ
നിന്നു വരുന്നു എന്നും എവിടേക്കു
പോകുന്നു എന്നും അറിയുന്നില്ല;
ആത്മാവിനാൽ ജനിച്ചവൻ എല്ലാം
അതുപോലെ ആകുന്നു എന്ന് ഉ
ത്തരം പറഞ്ഞു. 9 നിക്കോദേമൊസ്
അവനോട്: ഇത് എങ്ങനെ സംഭ
വിക്കും[r] എന്നു ചോദിച്ചു. 10 യേശു
അവനോട് ഉത്തരം പറഞ്ഞത്: നീ
യിസ്രായേലിന്റെ ഉപദേഷ്ടാവായി
രുന്നിട്ടും ഇത് അറിയുന്നില്ലയോ?[s]
11 ആമേൻ, ആമേൻ, ഞാൻ നി
ന്നോടു പറയുന്നു: ഞങ്ങൾ അറിയു
ന്നത് പ്രസ്താവിക്കയും[t] കണ്ടതു
സാക്ഷീകരിക്കയും ചെയ്യുന്നു;
ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ കൈ
ക്കൊള്ളുന്നില്ല[t] താനും. 12 ഭൂമിയി
ലുള്ളതു നിങ്ങളോടു പറഞ്ഞിട്ടു
നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ
സ്വർഗത്തിലുള്ളതു നിങ്ങളോടു
പറഞ്ഞാൽ എങ്ങനെ വിശ്വസിക്കും?
13 സ്വർഗത്തിൽനിന്ന് ഇറങ്ങി
വന്ന[വനായി[u] സ്വർഗത്തിൽ ഇരി
ക്കുന്നവ[v]നായ] മനുഷ്യപുത്രൻ അ
ല്ലാതെ ആരും സ്വർഗത്തിൽ കയ
റീട്ടില്ല.[w] 14 മോശെ മരുഭൂമി
യിൽ സർപ്പത്തെ ഉയർത്തിയതു
പോലെ[x] മനുഷ്യപുത്രനെയും
ഉയർത്തേണ്ടതാകുന്നു.[y] 15 അവ
നിൽ[z] വിശ്വസിക്കുന്ന ഏവനും
നിത്യജീവൻ പ്രാപിക്കേണ്ടതിനു[a]
തന്നെ. 16 തന്റെ ഏകജാതനായ
പുത്രനിൽ വിശ്വസിക്കുന്ന ഏവനും
നശിച്ചു[b] പോകാതെ നിത്യജീവൻ
പ്രാപിക്കേണ്ടതിന് ദൈവം അവനെ
നല്കുവാൻ തക്കവണ്ണം[c] ലോക
ത്തെ[d] സ്നേഹിച്ചു.[e] 17 ദൈവം
തന്റെ പുത്രനെ ലോകത്തിൽ അ
യച്ചത്[f] ലോകത്തെ വിധിപ്പാൻ[g]ല്ല
ലോകം അവനാൽ രക്ഷിക്കപ്പെടു
വാനത്രേ. 18 അവനിൽ വിശ്വസി
ക്കുന്നവനു ന്യായവിധിയില്ല;[h] വിശ്വ
സിക്കാത്തവനു ദൈവത്തിന്റെ ഏക
ജാതനായ പുത്രന്റെ നാമത്തിൽ
വിശ്വസിക്കാ[i]യ്കയാൽ ന്യായവിധി
വന്നുകഴിഞ്ഞു. 19 ന്യായവിധി എ
ന്നതോ,[j] വെളിച്ചം ലോകത്തിൽ
വന്നിട്ടും[k] മനുഷ്യരുടെ പ്രവൃത്തി
ദോഷമുള്ളത്[l] ആകയാൽ അവർ
വെളിച്ചത്തെക്കാൾ ഇരുളിനെ
സ്നേഹിച്ചതു[m] തന്നെ. 20 തിന്മ
പ്രവർത്തിക്കുന്നവൻ എല്ലാം വെളി
ച്ചത്തെ പകയ്ക്കുന്നു;[n] തന്റെ പ്രവൃ
ത്തിക്ക് ആക്ഷേപം വരാതിരിപ്പാൻ[o]
വെളിച്ചത്തിങ്കലേക്കു വരുന്നതു
മില്ല. 21 സത്യം പ്രവർത്തിക്കുന്ന[p]
വനോ, തന്റെ പ്രവൃത്തി ദൈവ
ത്തിൽ ചെയ്തിരിക്കയാൽ അതു
വെളിപ്പെടേണ്ടതിന് വെളിച്ചത്തിങ്ക
ലേക്കു വരുന്നു.[q]
22 അതിന്റെശേഷം യേശു
ശിഷ്യന്മാരുമായി യെഹൂദ്യദേ
ശത്തു വന്ന് അവരോടുകൂടെ
സ്നാനം കഴിപ്പിച്ചു[r] കൊണ്ടിരുന്നു.

2. f അപ്പൊ.പ്ര.10:38; (യോഹ.5:36;9:33; അപ്പൊ.പ്ര.2:22)
3. g (2കൊരി.5:17; ഗലാ.6:15; 1പത്രൊ.1:5,23; യാക്കോ.1:18)
h യോഹ.1:13
i യോഹ.3:36
5. j (യെഹെ.36:25-27; മർക്കൊ.16:16; അപ്പൊ.പ്ര.2:38; എഫെ.5:26; തീത്തൊ.3:6,7; എബ്രാ.10:22)
6. k 1കൊരി.15:50
l യോഹ.6:63
m (യോഹ.4:24)
7. n യോഹ.3:3
o യോഹ.5:28
8. p 1കൊരി.12:11
q (സഭാ.11:5; യെഹെ.37:9)
9. r യോഹ.6:52,60
10. s (യോഹ.9:30)
11. t യോഹ.3:32
13. u യോഹ.3:31; 6:38,42,62; 1കൊരി.15:47; (റോമ.10:6)
v (യോഹ.7:34)
w സദൃ.30:4; (അപ്പൊ.പ്ര.2:34; എഫെ.4:9)
14. x സംഖ്യാ.21:9
y യോഹ.8:28; 12:32,34
15. z (യോഹ.15:4; 16:33; 1യോഹ.5:12,20)
a യോഹ.3:36
16. b യോഹ.10:28
c റോമ.8:32
d യോഹ.1:29
e റോമ.5:8; എഫെ.2:4; 2തെസ്സ.2:16; 1യോഹ.3:1;4:9,10
17. f യോഹ.5:36,38; 6:29,38,57; 7:29;8:42; 10:36;11:42; 17:3;20:21;റോമ.8:3; 1യോഹ.4:9,10,14
g യോഹ.5:45; 8:15;12:47; (യോഹ.5:22;8:11; ലൂക്കൊ.9:55)
18. h യോഹ.5:24; (മർക്കൊ.16:16) i 1യോഹ.5:13
19. j (യോഹ.9:39) k യോഹ.1:4,5,9 l യോഹ.7:7 m (യെശ.30:10; യിരെ.5:31)
20. n (ഇയ്യോ.24:13; റോമ.13:12; എഫെ.5:13) o എഫെ.5:11,13
21. p 1യോഹ.1:6 q സങ്കീ.139:23,24
22. r യോഹ.3:26;4:1,2

**23** യോഹന്നാനും ശലേമിന് അരി
കത്ത് ഐനോനിൽ സ്നാനം കഴി
പ്പിച്ചുകൊണ്ടിരുന്നു; അവിടെ വള
രെ വെള്ളം ഉണ്ടായിരുന്നു; ആളു
കൾ വന്നു സ്നാനം ഏറ്റു. **24** അ
ന്നു യോഹന്നാനെ തടവിൽ ആക്കി
യിരുന്നില്ല.[s] **25** യോഹന്നാന്റെ
ശിഷ്യന്മാരിൽ ചിലർക്ക് ഒരു യെഹൂ
ദനുമായി ശുദ്ധീകരണത്തെ[t]ക്കു
റിച്ച് ഒരു വാദം ഉണ്ടായി; **26** അവർ
യോഹന്നാന്റെ അടുക്കൽ വന്ന്
അവനോട്: റബ്ബീ,[u] യോർദ്ദാനക്കരെ
നിന്നോടുകൂടെ ഇരുന്നവൻ, നീ
സാക്ഷീകരിച്ചിട്ടുള്ളവൻ[v] തന്നെ,
ഇതാ, സ്നാനം കഴിപ്പിക്കുന്നു; എല്ലാ
വരും അവന്റെ അടുക്കൽ ചെല്ലു
ന്നു[w] എന്നു പറഞ്ഞു. **27** അതിന്
യോഹന്നാൻ: സ്വർഗത്തിൽനിന്നു[x]
കൊടുത്തിട്ടല്ലാതെ[y] മനുഷ്യന് ഒന്നും
ലഭിപ്പാൻ കഴികയില്ല.[z] **28** ഞാൻ
ക്രിസ്തു അല്ല,[a] അവനു മുമ്പായി
അയയ്ക്കപ്പെട്ടവനത്രേ[b] എന്നു
ഞാൻ പറഞ്ഞതിന് നിങ്ങൾതന്നെ
എനിക്കു സാക്ഷികൾ ആകുന്നു.
**29** മണവാട്ടി ഉള്ളവൻ മണവാളൻ
ആകുന്നു;[c] മണവാളന്റെ സ്നേഹി
തനോ[d] നിന്നു മണവാളന്റെ സ്വരം
കേട്ടിട്ട് അത്യന്തം സന്തോഷിക്കു
ന്നു:[e] ഈ എന്റെ സന്തോഷം പൂർ
ത്തിയായിരിക്കുന്നു. **30** അവൻ വള
രേണം, ഞാനോ കുറയേണം[f] എ
ന്ന് ഉത്തരം പറഞ്ഞു.

**31** മേലിൽനിന്നു വരുന്നവൻ[g]
എല്ലാവർക്കും മീതെയുള്ളവൻ;[h]
ഭൂമിയിൽനിന്നുള്ളവൻ ഭൗമികൻ
ആകുന്നു; ഭൗമികമായതു സംസാ
രിക്കുന്നു;[i] സ്വർഗത്തിൽനിന്നു വരു
ന്നവൻ[j] എല്ലാവർക്കും മീതെയുള്ള
വനായി[h] താൻ കാൺകയും കേൾ
ക്കയും ചെയ്തത് സാക്ഷീകരിക്കു
ന്നു;[k] **32** അവന്റെ സാക്ഷ്യം ആരും
കൈക്കൊള്ളുന്നില്ല.[l] **33** അവന്റെ
സാക്ഷ്യം കൈക്കൊള്ളുന്നവൻ
ദൈവം സത്യവാൻ[m] എന്നുള്ളതിനു
മുദ്രയിടുന്നു.[n] **34** ദൈവം അയച്ച
വൻ[o] ദൈവത്തിന്റെ വചനം പ്രസ്താ
വിക്കുന്നു; അവൻ ആത്മാവിനെ
അളവുകൂടാതെയല്ലോ[p] കൊടുക്കു
ന്നത്. **35** പിതാവ് പുത്രനെ സ്നേ
ഹിക്കുന്നു;[q] സകലവും അവന്റെ
കൈയിൽ കൊടുത്തുമിരിക്കുന്നു.[r]
**36** പുത്രനിൽ വിശ്വസിക്കുന്നവനു
നിത്യജീവൻ ഉണ്ട്;[s] പുത്രനെ അനു
സരിക്കാത്തവനോ[t] ജീവനെ കാണു
കയില്ല;[u] ദൈവക്രോധം അവന്റെ
മേൽ വസിക്കുന്നതേയുള്ളൂ.

❋ ❋ ❋

***1. യേശു ഒരു ശമര്യസ്ത്രീയോട് സംസാരിച്ചത് 31. ദൈവത്തിന്റെ മഹത്ത്വത്തെക്കുറിച്ച് യേശുവിനുള്ള ശുഷ്കാന്തി 43. അവൻ ഗലീലയ്ക്കു പോയതും കഫർന്നഹൂമിൽ രോഗിയായി കിടന്ന രാജഭൃത്യന്റെ മകനെ സൗഖ്യമാക്കിയതും.***

**4** യേശു യോഹന്നാനെക്കാൾ
അധികം ശിഷ്യന്മാരെ ചേർത്തു
സ്നാനം കഴിപ്പിക്കുന്നു[a] എന്നു
പരീശന്മാർ കേട്ടു എന്ന് കർത്താവ്
അറിഞ്ഞപ്പോൾ– **2** ശിഷ്യന്മാർ അ
ല്ലാതെ, യേശുതന്നെ സ്നാനം കഴി
പ്പിച്ചില്ലതാനും– **3** അവൻ യെഹൂ
ദ്യദേശം വിട്ടു പിന്നെയും ഗലീല
യ്ക്കു യാത്രയായി.[b] **4** അവൻ ശമ
ര്യയിൽക്കൂടി കടന്നുപോകേണ്ടി
വന്നു.[c] **5** അങ്ങനെ അവൻ സുഖാർ
എന്നൊരു ശമര്യപട്ടണത്തിൽ
യാക്കോബ് തന്റെ പുത്രനായ
യോസേഫിനു കൊടുത്ത[d] നില
ത്തിനരികെ എത്തി. **6** അവിടെ
യാക്കോബിന്റെ ഉറവുണ്ടായിരുന്നു.
യേശു വഴി നടന്നു ക്ഷീണിച്ചിട്ട്[e]
ഉറവിനരികെ ഇരുന്നു; അപ്പോൾ
ഏകദേശം ആറാം മണി നേരം
ആയിരുന്നു. **7** ഒരു ശമര്യസ്ത്രീ
വെള്ളംകോരുവാൻ വന്നു; യേശു
അവളോട്: എനിക്കു കുടിപ്പാൻ
തരുമോ[e] എന്നു ചോദിച്ചു. **8** അവ
ന്റെ ശിഷ്യന്മാർ ഭക്ഷണസാധന
ങ്ങളെ കൊള്ളുവാൻ പട്ടണത്തിൽ
പോയിരുന്നു. **9** ശമര്യസ്ത്രീ അവ
നോട്: നീ യെഹൂദൻ ആയിരിക്കെ
ശമര്യക്കാരത്തിയായ എന്നോട്
കുടിപ്പാൻ ചോദിക്കുന്നത് എങ്ങനെ

24.[s] *(യോഹ.5:35); മത്താ.4:12*
25.[t] *യോഹ.2:6*
26.[u] *യോഹ.3:2*
[v] *യോഹ.1:7*
[w] *യോഹ.12:19*
27.[x] *മത്താ.21:25*
[y] *യോഹ.6:65; (യാക്കോ.1:17)*
[z] *1കൊരി.4:7; എബ്രാ.5:4*
28.[a] *യോഹ.1:20*
[b] *മലാ.3:1; മർക്കൊ.1:2; ലൂക്കൊ.1:17; അപ്പൊ.പ്ര.19:4*
29.[c] *മത്താ.25:1*
[d] *ന്യായാ.14:20; ഉത്തമ.5:1*
[e] *മത്താ.9:15*
30.[f] *മത്താ.3:11*
31.[g] *യോഹ.8:23*
[h] *റോമ.9:5; എഫെ.1:21*
[i] *(1യോഹ.4:5)*
[j] *യോഹ.3:13*
[k] *യോഹ.3:11;1:18; 8:26;15:15*
32.[l] *(യോഹ.3:19;1:11; 5:43;12:37)*
33.[m] *(1യോഹ.5:10)*
[n] *(യോഹ.6:27; റോമ.15:28; 2കൊരി.1:22 എഫെ.1:14; വെളി.7:3 - 8);*
34.[o] *യോഹ.3:17*

[p] *(യെഹെ.4:11,16,17)*
35.[q] *യോഹ.5:20*
[r] *മത്താ.28:18*
36.[s] *യോഹ.3:15,16; 5:24; 6:40,47,54; 1യോഹ.5:12,13; (യോഹ.11:25,26; 20:31); മത്താ.19:16*
[t] *(റോമ.2:8; എഫെ.5:6; കൊലൊ.3:6)*
[u] *യോഹ.3:3*

**അധ്യായം 4**

1.[a] *യോഹ.3:22,26*
3.[b] *യോഹ.2:11,12*
4.[c] *(ലൂക്കൊ.13:33)*
5.[d] *യോഹ.4:12; ഉൽപ.33:19;48:22; യോശു.24:32* 6.[e] *യോഹ.19:28, (മത്താ.4:2;8:24;21:18)* 7.[e] *(വാ.6കാ.)*

എന്നു പറഞ്ഞു. യെഹൂദന്മാർക്കും
ശമര്യക്കാർക്കും തമ്മിൽ സമ്പർ
ക്കമില്ല–[f] 10 അതിനു യേശു: നീ
ദൈവത്തിന്റെ ദാനവും നിന്നോടു
കുടിപ്പാൻ ചോദിക്കുന്നവൻ ആരെ
ന്നും അറിഞ്ഞു എങ്കിൽ നീ അവ
നോടു ചോദിക്കയും അവൻ ജീവ
നുള്ള വെള്ളം[g] നിനക്കു തരികയും
ചെയ്യുമായിരുന്നു എന്ന് ഉത്തരം
പറഞ്ഞു. 11 സ്ത്രീ അവനോട്:
യജമാനനേ, നിനക്കു കോരുവാൻ
പാത്രം ഇല്ലല്ലോ; കിണറ് ആഴമു
ള്ളതാകുന്നു; പിന്നെ ജീവനുള്ള
വെള്ളം നിനക്ക് എവിടെനിന്ന്?
12 നമ്മുടെ പിതാവായ യാക്കോബി
നെക്കാൾ നീ വലിയവനോ?[h] അവൻ
ആകുന്നു ഈ കിണറ് ഞങ്ങൾക്കു
തന്നത്;[i] അവനും അവന്റെ മക്കളും
മൃഗങ്ങളും ഇതിലെ വെള്ളം കുടിച്ചു
പോന്നു എന്നു പറഞ്ഞു. 13 യേശു
അവളോട്: ഈ വെള്ളം കുടിക്കു
ന്നവന് എല്ലാം പിന്നെയും ദാഹി
ക്കും. 14 ഞാൻ കൊടുക്കുന്ന വെ
ള്ളം കുടിക്കുന്നവനോ[j] ഒരുനാളും
ദാഹിക്കയില്ല;[k] ഞാൻ കൊടുക്കു
ന്ന വെള്ളം അവനിൽ നിത്യജീവ
ങ്കലേക്കു പൊങ്ങിവരുന്ന നീരുറവാ
യിത്തീരും[l] എന്ന് ഉത്തരം പറഞ്ഞു.
15 സ്ത്രീ അവനോട്: യജമാനനേ,
എനിക്കു ദാഹിക്കാതെയും ഞാൻ
കോരുവാൻ ഇവിടത്തോളം വരാ
തെയുമിരിക്കേണ്ടതിന് ആ വെള്ളം
എനിക്കു തരേണം[m] എന്നു പറഞ്ഞു.
16 യേശു അവളോട്: പോയി ഭർ
ത്താവിനെ വിളിച്ചുകൊണ്ടുവരിക[n]
എന്നു പറഞ്ഞു. 17 എനിക്കു ഭർ
ത്താവ് ഇല്ല എന്നു സ്ത്രീ അവ
നോട് ഉത്തരം പറഞ്ഞതിന്: എ
നിക്കു ഭർത്താവ് ഇല്ല എന്നു നീ
പറഞ്ഞത് ശരി. 18 അഞ്ചു ഭർത്താ
ക്കന്മാർ നിനക്ക് ഉണ്ടായിരുന്നു;
ഇപ്പോൾ ഉള്ളവനോ ഭർത്താവല്ല;
നീ പറഞ്ഞതു സത്യംതന്നെ എന്നു
യേശു പറഞ്ഞു. 19 സ്ത്രീ അവ
നോട്: യജമാനനേ, നീ[o] പ്രവാച
കൻ[p] എന്നു ഞാൻ കാണുന്നു.

9. [f] *ലൂക്കൊ.9:53; (യോഹ.8:48; എഫ്രാ.4:3,10); മത്താ.10:5*
10. [g] *യോഹ.7:38; യിരെ.2:13;17:13; ഉൽപ.26:19; യെശ.55:1; യെഹെ.47:1; (സെഖ.14:8; വെളി.21:6;22:1,17)*
12. [h] *(യോഹ.8:53)* [i] *യോഹ.4:6*
14. [j] *(യോഹ.6:35,51, 58;7:37)* [k] *(യെശ.49:10; വെളി.7:16)* [l] *യോഹ.7:38*
15. [m] *(യോഹ.6:34)*
16. [n] *യോഹ.16:8*
19. [o] *യോഹ.9:17; (യോഹ.6:14)* [p] *ലൂക്കൊ.7:16,39; മത്താ.21:11*
20. [q] *ഉൽപ.12:6,7; 33:18,20; ആവ.11:29;27:12; യോശു.8:33* [r] *ന്യായാ.9:7* [s] *(യോഹ.11:48)* [t] *ആവ.12:5*
21. [u] *യോഹ.2:4* [v] *സെഫ.2:11; മലാ.1:11; 1തിമൊ.2:8* [w] *യോഹ.4:23; 5:25,29;16:2,25,32*
22. [x] *(2രാജാ. 17:28 - 34; അപ്പൊ.പ്ര.17:23)* [y] *സങ്കീ.147:19,20; യെശ.2:3; റോമ.3:1,2;9:4,5* [z] *മത്താ.2:4,5; അപ്പൊ.പ്ര.13:23; റോമ.11:26*
23. [a] *(റോമ.8:15; എഫെ.2:18;6:18; ഫിലി.3:3)*

20 ഞങ്ങളുടെ പിതാക്കന്മാർ[q] ഈ
മലയിൽ[r] നമസ്കരിച്ചു വന്നു; നമ
സ്കരിക്കേണ്ടുന്ന സ്ഥലം[s] യെരൂ
ശലേമിൽ[t] ആകുന്നു എന്നു നി
ങ്ങൾ പറയുന്നു എന്നു പറഞ്ഞു.
21 യേശു അവളോട് പറഞ്ഞത്:
സ്ത്രീയേ,[u] എന്റെ വാക്ക് വിശ്വസി
ക്ക; നിങ്ങൾ പിതാവിനെ നമസ്ക
രിക്കുന്നത് ഈ മലയിലും അല്ല;
യെരൂശലേമിലും അല്ല[v] എന്നുള്ള
നാഴിക വരുന്നു.[w] 22 നിങ്ങൾ
അറിയാത്തതിനെ നമസ്കരിക്കു
ന്നു;[x] ഞങ്ങളോ അറിയുന്നതിനെ
നമസ്കരിക്കുന്നു;[y] രക്ഷ[y] യെഹൂ
ദന്മാരുടെ ഇടയിൽ നിന്നല്ലോ[z]
വരുന്നത്. 23 സത്യനമസ്കാരികൾ
പിതാവിനെ ആത്മാവിലും[a] സത്യ
ത്തിലും[b] നമസ്കരിക്കുന്ന നാഴിക
വരുന്നു;[c] ഇപ്പോൾ വന്നുമിരിക്കു
ന്നു. തന്നെ നമസ്കരിക്കുന്നവർ[d]
ഇങ്ങനെയുള്ളവർ ആയിരിക്കേണം
എന്നു പിതാവ് ഇച്ഛിക്കുന്നു.[d]
24 ദൈവം ആത്മാവ് ആകുന്നു;
അവനെ നമസ്കരിക്കുന്നവർ ആ
ത്മാവിലും സത്യത്തിലും നമസ്ക
രിക്കേണം. 25 സ്ത്രീ അവനോട്:
മശീഹാ–[e] എന്നുവച്ചാൽ ക്രിസ്തു–
വരുന്നു[e] എന്നു ഞാൻ അറിയു
ന്നു; അവൻ വരുമ്പോൾ സകല
വും അറിയിച്ചുതരും[f] എന്നു പറ
ഞ്ഞു. 26 യേശു അവളോട്: നി
ന്നോടു സംസാരിക്കുന്ന ഞാൻ
തന്നെ മശീഹാ[g] എന്നു പറഞ്ഞു.
27 ഇതിനിടയിൽ അവന്റെ
ശിഷ്യന്മാർ വന്നു[h] അവൻ സ്ത്രീ
യോടു സംസാരിക്കയാൽ ആശ്ച
ര്യപ്പെട്ടു എങ്കിലും: നീ എന്തു
ചോദിക്കുന്നു? അവളോട് എന്തു
സംസാരിക്കുന്നു എന്ന് ആരും
ചോദിച്ചില്ല. 28 അനന്തരം സ്ത്രീ
പാത്രം വച്ചിട്ടു പട്ടണത്തിൽ

[b] *സങ്കീ.145:18; (യോഹ.1:17)* [c] *യോഹ.4:21* [d] *(യോഹ.6:44)* 25. [e] *യോഹ.1:41* [f] *ആവ.18:18* 26. [g] *യോഹ.9:35 - 37* 27. [h] *യോഹ.4:8*

4:23 ***സത്യനമസ്കാരികൾ... ആത്മാവിലും... വരുന്നു:*** ഏതെങ്കിലും ഒരു സ്ഥലം ആശ്രയിച്ചാണ് സത്യനമസ്കാരം എന്നു യേശു പറയുന്നില്ല. എന്നാൽ ദൈവാത്മാവ് ജനങ്ങളെ നയിക്കുമ്പോഴാണ് സത്യനമസ്കാരം നടക്കുക.

ചെന്നു ജനങ്ങളോട്: **29** ഞാൻ
ചെയ്തതൊക്കെയും എന്നോടു
പറഞ്ഞ[i] ഒരു മനുഷ്യനെ വന്നു
കാൺമിൻ; അവൻ പക്ഷേ ക്രിസ്തു
ആയിരിക്കുമോ എന്നു പറഞ്ഞു.
**30** അവർ പട്ടണത്തിൽനിന്നു പുറ
പ്പെട്ട് അവന്റെ അടുക്കൽ വന്നു.
**31** അതിനിടയിൽ ശിഷ്യന്മാർ അവ
നോട്: റബ്ബീ, ഭക്ഷിച്ചാലും[j] എന്ന്
അപേക്ഷിച്ചു. **32** അതിന് അവൻ:
നിങ്ങൾ അറിയാത്ത ആഹാരം
ഭക്ഷിപ്പാൻ എനിക്ക് ഉണ്ട് എന്ന്
അവരോടു പറഞ്ഞു. **33** ആക
യാൽ വല്ലവനും അവനു ഭക്ഷി
പ്പാൻ കൊണ്ടുവന്നുവോ[k] എന്നു
ശിഷ്യന്മാർ തമ്മിൽ പറഞ്ഞു.
**34** യേശു അവരോടു പറഞ്ഞത്:
എന്നെ അയച്ചവന്റെ ഇഷ്ടം ചെ
യ്ത്[l] അവന്റെ പ്രവൃത്തി തിക
യ്ക്കുന്നതു[m] തന്നെ എന്റെ ആ
ഹാരം.[n] **35** ഇനി നാലു മാസം
കഴിഞ്ഞിട്ടു കൊയ്ത്തു വരുന്നു
എന്നു നിങ്ങൾ പറയുന്നില്ലയോ?
നിങ്ങൾ തല പൊക്കി നോക്കി
യാൽ നിലങ്ങൾ ഇപ്പോൾതന്നെ
കൊയ്ത്തിനു വെളുത്തിരിക്കുന്ന
തു[o] കാണും എന്നു ഞാൻ നിങ്ങ
ളോടു പറയുന്നു. **36** വിതയ്ക്കു
ന്നവനും[p] കൊയ്യുന്നവനും[q] ഒരു
മിച്ചു സന്തോഷിപ്പാൻ[r] തക്കവണ്ണം
കൊയ്യുന്നവൻ കൂലി വാങ്ങി നിത്യ
ജീവങ്കലേക്കു വിളവു കൂട്ടിവയ്ക്കു
ന്നു. **37** വിതയ്ക്കുന്നത് ഒരുത്തൻ,
കൊയ്യുന്നതു മറ്റൊരുത്തൻ[s] എന്നു
ള്ള പഴഞ്ചൊൽ ഇതിൽ ഒത്തിരി
ക്കുന്നു. **38** നിങ്ങൾ അധ്വാനിച്ചി
ട്ടില്ലാത്തതു[t] കൊയ്‌വാൻ ഞാൻ
നിങ്ങളെ അയച്ചിരിക്കുന്നു; മറ്റു
ള്ളവർ അധ്വാനിച്ചു; അവരുടെ
അധ്വാനഫലത്തിലേക്കു നിങ്ങൾ
പ്രവേശിച്ചിരിക്കുന്നു.[u]
**39** ഞാൻ ചെയ്തതൊക്കെയും
അവൻ എന്നോടു പറഞ്ഞു എന്നു
സ്ത്രീ സാക്ഷ്യം പറഞ്ഞ[v] വാക്കു
നിമിത്തം[w] ആ പട്ടണത്തിലെ പല
ശമര്യരും അവനിൽ വിശ്വസിച്ചു.[x]
**40** അങ്ങനെ ശമര്യർ അവന്റെ
അടുക്കൽ വന്നു തങ്ങളോടുകൂടെ
പാർക്കേണം എന്ന് അവനോട് അ
പേക്ഷിച്ചു; അവൻ രണ്ടു നാൾ
അവിടെ പാർത്തു. **41** ഏറ്റവും അ
ധികം പേർ അവന്റെ വചനം കേട്ടു[y]
വിശ്വസിച്ചു; **42** ഇനി നിന്റെ വാക്കു
കൊണ്ടല്ല ഞങ്ങൾ വിശ്വസിക്കു
ന്നത്; ഞങ്ങൾതന്നെ കേൾക്കയും
അവൻ സാക്ഷാൽ ലോക[z]രക്ഷി
താവ്[a] എന്ന് അറികയും ചെയ്തി
രിക്കുന്നു[b] എന്നു സ്ത്രീയോടു
പറഞ്ഞു.
**43** രണ്ടു ദിവസം[c] കഴിഞ്ഞിട്ട്
അവൻ അവിടം വിട്ടു ഗലീലയ്ക്കു
പോയി. **44** പ്രവാചകനു തന്റെ
പിതൃദേശത്തു ബഹുമാനം ഇല്ല[d]
എന്നു യേശുതന്നെ സാക്ഷ്യം പറ
ഞ്ഞിരുന്നു. **45** അവൻ ഗലീലയിൽ
എത്തിയപ്പോൾ ഗലീലക്കാർ തങ്ങ
ളും പെരുന്നാളിനു പോയി;[e] അവൻ
യെരൂശലേമിൽ വച്ചു പെരുന്നാ
ളിൽ ചെയ്തതൊക്കെയും കണ്ടതു
കൊണ്ട്[f] അവനെ അംഗീകരിച്ചു.
**46** അവൻ പിന്നെയും താൻ വെ
ള്ളം വീഞ്ഞാക്കി[g] ഗലീലയിലെ
കാനാവിൽ[h] വന്നു. അന്ന് മകൻ
രോഗിയായിരുന്നൊരു രാജഭൃത്യൻ
കഫർന്നഹൂമിൽ ഉണ്ടായിരുന്നു.
**47** യേശു യെഹൂദ്യദേശത്തുനിന്നു
ഗലീലയിൽ വന്നു[i] എന്ന് അവൻ
കേട്ട് അവന്റെ അടുക്കൽ ചെന്നു,
തന്റെ മകൻ മരിപ്പാറായിരിക്കകൊ
ണ്ട് അവൻ വന്ന് അവനെ സൗഖ്യ
മാക്കേണം എന്ന് അപേക്ഷിച്ചു.
**48** യേശു അവനോട്: നിങ്ങൾ അട
യാളങ്ങളും അദ്ഭുതങ്ങളും കണ്ടി
ട്ടല്ലാതെ[j] വിശ്വസിക്കയില്ല എന്നു
പറഞ്ഞു. **49** രാജഭൃത്യൻ അവനോ
ട്: കർത്താവേ, പൈതൽ മരിക്കും
മുമ്പേ[k] വരേണമേ എന്നു പറഞ്ഞു.
**50** യേശു അവനോട്: പൊയ്ക്കൊൾ
ക; നിന്റെ മകൻ ജീവിച്ചിരിക്കുന്നു
എന്നു പറഞ്ഞു; യേശു പറഞ്ഞ
വാക്ക് വിശ്വസിച്ച് ആ മനുഷ്യൻ
പോയി. **51** അവൻ പോകയിൽ
അവന്റെ ദാസന്മാർ അവനെ
എതിരേറ്റു മകൻ ജീവിച്ചിരിക്കുന്നു

29[i] യോഹ.4:17,18; (യോഹ.4:25)
31.[j] യോഹ.1:38
33.[k] (യോഹ.4:11,15; 2:20;3:4;6:34,52)
34.[l] യോഹ.5:30; 6:38;14:31
[m] യോഹ.5:36;17:4; (യോഹ.9:4; ലൂക്കൊ.2:49)
[n] (ഇയ്യോ.23:12)
35.[o] മത്താ.9:37; ലൂക്കൊ.10:2; (യോഹ.4:25,37)
36.[p] (മത്താ.13:37; മർക്കൊ.4:14)
[q] യോഹ.4:38
[r] യെശ.9:3; (ആമോ.9:13)
37.[s] (ഇയ്യോ.31:8)
38.[t] യോശു.24:13
[u] (അപ്പൊ.പ്ര. 8:5 - 17,25)
39.[v] യോഹ.4:29
[w] (യോഹ.17:20)
[x] യോഹ.4:5
41.[y] യോഹ.8:30
42.[z] യോഹ.1:29
[a] 1യോഹ.4:14; (യോഹ.3:17;12:47; 1തിമൊ.4:10)
[b] (1യോഹ.5:20)
43.[c] യോഹ.4:40
44.[d] മത്താ.13:57
45.[e] യോഹ.4:20
[f] യോഹ.2:23;3:2
46.[g] യോഹ.2:9
[h] യോഹ.2:1
47.[i] യോഹ.4:3,54
48.[j] യോഹ.2:18; 6:30; (യോഹ.20:30)
49.[k] (യോഹ.11:21,32; മർക്കൊ.5:35; ലൂക്കൊ.8:49)

എന്നു പറഞ്ഞു. **52** അവനു ഭേദം വന്ന നാഴിക അവരോടു ചോദിച്ചതിന്, അവർ അവനോട്: ഇന്നലെ ഏഴു മണിക്കു പനി വിട്ടുമാറി എന്നു പറഞ്ഞു. **53** ആകയാൽ നിന്റെ മകൻ ജീവിച്ചിരിക്കുന്നു എന്നു യേശു പറഞ്ഞ നാഴികയിൽതന്നെ എന്ന് അപ്പൻ ഗ്രഹിച്ചു താനും കുടുംബമൊക്കെയും[l] വിശ്വസിച്ചു. **54** യേശു യെഹൂദ്യയിൽനിന്നു ഗലീലയിൽ വന്നപ്പോൾ ഇതു രണ്ടാമത്തെ അടയാളമായിട്ടു ചെയ്തു.[m]

❋ ❋ ❋

***2. മുപ്പത്തെട്ടാണ്ട് രോഗിയായിരുന്നവനെ യേശു ശബ്ബത്തിൽ സൗഖ്യമാക്കിയത് 10. യെഹൂദന്മാർ അതിന് തർക്കം പറഞ്ഞു അവനെ പീഡിപ്പിച്ചത്.***

**5** അതിന്റെശേഷം യെഹൂദന്മാരുടെ ഒരു ഉത്സവം[a] ഉണ്ടായിട്ട് യേശു യെരൂശലേമിലേക്കു പോയി.

**2** യെരൂശലേമിൽ ആട്ടുവാതിൽക്കൽ[b] ബേഥെസ്ദാ എന്ന് എബ്രായപേരുള്ള ഒരു കുളം ഉണ്ട്; അതിന് അഞ്ചു മണ്ഡപം ഉണ്ട്. **3** അവയിൽ വ്യാധിക്കാർ, കുരുടർ, മുടന്തർ, ക്ഷയരോഗികൾ[c] ഇങ്ങനെ വലിയൊരു കൂട്ടം [വെള്ളത്തിന്റെ ഇളക്കം കാത്തുകൊണ്ടു] കിടന്നിരുന്നു. **4** [അതതു സമയത്ത് ഒരു ദൂതൻ കുളത്തിൽ ഇറങ്ങി വെള്ളം കലക്കും; വെള്ളം കലങ്ങിയ ശേഷം ആദ്യം ഇറങ്ങുന്നവൻ ഏതു വ്യാധി പിടിച്ചവനായിരുന്നാലും അവനു സൗഖ്യം വരും.] **5** എന്നാൽ മുപ്പത്തെട്ട് ആണ്ട് രോഗം പിടിച്ചു കിടന്നൊരു മനുഷ്യൻ അവിടെ ഉണ്ടായിരുന്നു. **6** അവൻ കിടക്കുന്നതു യേശു കണ്ടു, ഇങ്ങനെ ഏറിയ കാലമായിരിക്കുന്നു എന്നറിഞ്ഞു: നിനക്കു സൗഖ്യമാകുവാൻ മനസ്സുണ്ടോ എന്ന് അവനോടു ചോദിച്ചു. **7** രോഗി അവനോട്: യജമാനനേ, വെള്ളം കലങ്ങുമ്പോൾ[d] എന്നെ കുളത്തിൽ ആക്കുവാൻ എനിക്ക് ആരും ഇല്ല; ഞാൻ തന്നെ ചെല്ലുമ്പോൾ മറ്റൊരുത്തൻ എനിക്കു മുമ്പായി ഇറങ്ങുന്നു എന്ന് ഉത്തരം പറഞ്ഞു. **8** യേശു അവനോട്: എഴുന്നേറ്റു നിന്റെ കിടക്ക എടുത്തു നടക്ക[e] എന്നു പറഞ്ഞു. **9** ഉടനെ ആ മനുഷ്യൻ സൗഖ്യമായി കിടക്ക എടുത്തു നടന്നു.[e]

**10** എന്നാൽ അന്ന് ശബ്ബത്ത് ആയിരുന്നു.[f] ആകയാൽ യെഹൂദന്മാർ സൗഖ്യം പ്രാപിച്ചവനോട്: ഇന്നു ശബ്ബത്ത് ആകുന്നു; കിടക്ക എടുക്കുന്നതു വിഹിതമല്ല[g] എന്നു പറഞ്ഞു. **11** അവൻ അവരോട്: എന്നെ സൗഖ്യമാക്കിയവൻ: കിടക്ക എടുത്തു നടക്ക എന്ന് എന്നോടു പറഞ്ഞു എന്ന് ഉത്തരം പറഞ്ഞു. **12** അവർ അവനോട്: കിടക്ക എടുത്തു നടക്ക എന്നു നിന്നോടു പറഞ്ഞ മനുഷ്യൻ ആർ എന്നു ചോദിച്ചു. **13** എന്നാൽ അവിടെ പുരുഷാരം ഉണ്ടായിരിക്കയാൽ യേശു മാറിക്കളഞ്ഞതുകൊണ്ട്[h] അവൻ ആരെന്നു സൗഖ്യം പ്രാപിച്ചവൻ അറിഞ്ഞില്ല. **14** അനന്തരം യേശു അവനെ ദൈവാലയത്തിൽവച്ചു കണ്ട് അവനോട്: നോക്കൂ, നിനക്കു സൗഖ്യമായല്ലോ; അധികം തിന്മയായതു ഭവിക്കാതിരിപ്പാൻ[i] ഇനി പാപം ചെയ്യരുത്[j] എന്നു പറഞ്ഞു. **15** ആ മനുഷ്യൻ പോയി തന്നെ സൗഖ്യമാക്കിയത് യേശു എന്നു യെഹൂദന്മാരോട് അറിയിച്ചു. **16** യേശു ശബ്ബത്തിൽ അതു ചെയ്കകൊണ്ടു[k] യെഹൂദന്മാർ അവനെ ഉപദ്രവിച്ചു.[l] **17** യേശു അവരോട്: എന്റെ പിതാവ് ഇന്നുവരെയും പ്രവർത്തിക്കുന്നു; ഞാനും പ്രവർത്തിക്കുന്നു എന്ന് ഉത്തരം പറഞ്ഞു. **18** അങ്ങനെ അവൻ ശബ്ബത്തിനെ ലംഘിച്ചതു[m]കൊണ്ടു മാത്രമല്ല,[n] ദൈവം സ്വന്തപിതാവ്[o] എന്നു പറഞ്ഞു തന്നെത്താൻ ദൈവത്തോടു സമമാക്കിയതുകൊണ്ടും[p] യെഹൂദന്മാർ അവനെ കൊല്ലുവാൻ അധികമായി ശ്രമിച്ചുപോന്നു.[q]

**19** ആകയാൽ യേശു അവരോട് ഉത്തരം പറഞ്ഞത്: ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: പിതാവു ചെയ്തു കാണുന്നത്

53.[l] *അപ്പൊ.പ്ര. 16:33;18:8;11:14*
54.[m] *(യോഹ.2:11; 4:45,46)*

**അധ്യായം 5**

1.[a] *യോഹ.6:4*
2.[b] *നെഹെ.3:1,32; 12:39*
3.[c] *മത്താ.12:9*
7.[d] *യോഹ.5:4*
8.[e] *മത്താ.9:6,7; മർക്കൊ.2:9,11,12; ലൂക്കൊ.5:24,25*
9.[e] *(വാ.8.കാ.)*
10.[f] *യോഹ.9:14*
[g] *പുറ.20:10; നെഹെ.13:19; യിരെ.17:21,22; (യോഹ.7:23;9:16; മത്താ.12:2; മർക്കൊ.2:24;3:4; ലൂക്കൊ.6:2;13:14)*
13.[h] *(യോഹ.6:15)*
14.[i] *(എസ്രാ.9:14)*
[j] *(യോഹ.8:11)*
16.[k] *യോഹ.7:23;9:16*
[l] *യോഹ.15:20; (അപ്പൊ.പ്ര.9:4,5)*
18.[m] *യോഹ.5:16*
[n] *യോഹ.10:33*
[o] *(റോമ.8:3,32)*
[p] *ഫിലി.2:6*
[q] *യോഹ.7:1*

അല്ലാതെ പുത്രനു[r] സ്വതേ ഒന്നും
ചെയ്‌വാൻ കഴികയില്ല;[s] അവൻ
ചെയ്യുന്നത് എല്ലാം പുത്രനും അവ്വ
ണ്ണംതന്നെ ചെയ്യുന്നു. **20** പിതാവ്
പുത്രനെ സ്നേഹിക്കയും[t] താൻ
ചെയ്യുന്നതൊക്കെയും അവനു
കാണിച്ചുകൊടുക്കയും ചെയ്യുന്നു;
നിങ്ങൾ ആശ്ചര്യപ്പെടുമാറ്[u] ഇവ
യിൽ വലിയ പ്രവൃത്തികളും അവനു
കാണിച്ചുകൊടുക്കും.[v] **21** പിതാവു
മരിച്ചവരെ ഉണർത്തി[w] ജീവിപ്പിക്കു
ന്നതു[x] പോലെ പുത്രനും[y] താൻ
ഇച്ഛിക്കുന്നവരെ[z] ജീവിപ്പിക്കുന്നു.[y]
**22** എല്ലാവരും പിതാവിനെ ബഹു
മാനിക്കുന്നതു[a] പോലെ പുത്രനെയും
ബഹുമാനിക്കേണ്ടതിനു പിതാവ്
ആരെയും ന്യായം വിധിക്കാതെ[b]
ന്യായവിധി എല്ലാം പുത്രനു കൊടു
ത്തിരിക്കുന്നു.[c] **23** പുത്രനെ ബഹു
മാനിക്കാത്തവൻ അവനെ അയച്ച
പിതാവിനെയും ബഹുമാനിക്കുന്നി
ല്ല.[d] **24** ആമേൻ, ആമേൻ, ഞാൻ
നിങ്ങളോടു പറയുന്നു: എന്റെ വചനം
കേട്ട്[e] എന്നെ അയച്ചവനെ വിശ്വ
സിക്കുന്നവനു[f] നിത്യജീവൻ ഉണ്ട്;
അവൻ ന്യായവിധിയിൽ ആകാതെ[g]
മരണത്തിൽനിന്നു ജീവങ്കലേക്കു
കടന്നിരിക്കുന്നു.[h] **25** ആമേൻ, ആ
മേൻ, ഞാൻ നിങ്ങളോടു പറയുന്നു:
മരിച്ചവർ[i] ദൈവപുത്രന്റെ ശബ്ദം[j]
കേൾക്കയും[i] കേൾക്കുന്നവർ ജീ
വിക്കയും[i] ചെയ്യുന്ന നാഴിക വരു
ന്നു;[k] ഇപ്പോൾ വന്നുമിരിക്കുന്നു.
**26** പിതാവിനു തന്നിൽതന്നെ ജീവ
നുള്ളതുപോലെ[l] അവൻ പുത്രനും
തന്നിൽതന്നെ ജീവനുള്ളവൻ ആ
കുമാറ് വരം നല്കി[m] യിരിക്കുന്നു.
**27** അവൻ മനുഷ്യപുത്രൻ ആക
യാൽ[n] ന്യായവിധി നടത്തുവാൻ
അവന് അധികാരവും നല്കിയിരി
ക്കുന്നു.[o] **28** ഇതിങ്കൽ ആശ്ചര്യപ്പെ
ടരുത്; കല്ലറകളിൽ ഉള്ളവർ എല്ലാ
വരും അവന്റെ ശബ്ദം കേട്ടു,[p]

19. [r] *യോഹ.5:30*
[s] *(യോഹ.16:13)*
20. [t] *യോഹ.3:35; 10:17;15:9,10; 17:23-26; (മത്താ.3:17)*
[u] *യോഹ.7:21*
[v] *(യോഹ.14:12)*
21. [w] *(ആവ.32:39; 2കൊരി.1:9)*
[x] *റോമ.4:17;8:11*
[y] *(യോഹ.6:33; 11:25); 1കൊരി.15:45*
[z] *(റോമ.9:18)*
22. [a] *യോഹ.8:49*
[b] *(അപ്പൊ.പ്ര.17:31)*
[c] *യോഹ.5:27;9:39; അപ്പൊ.പ്ര.10:42; (യോഹ.3:17); യോഹ.17:2*
23. [d] *ലൂക്കൊ.10:16; (യോഹ.15:23; 1യോഹ.2:23)*
24. [e] *(യോഹ.8:51)*
[f] *യോഹ.20:31; 1യോഹ.5:9-13; (യോഹ.3:15,36; 12:44)*
[g] *യോഹ.3:18; (യോഹ.5:29)*
[h] *1യോഹ.3:14*
25. [i] *എഫെ.2:1,5*
[j] *(യോഹ.11:43)*
[k] *യോഹ.4:21,23*
26. [l] *(യോഹ.6:57)*
[m] *യോഹ.1:4;17:2*
27. [n] *ദാനീ.7:13*
[o] *യോഹ.5:22*
28. [p] *യോഹ.11:24; 1കൊരി.15:52; (യോഹ.11:44,45)*
29. [q] *ദാനീ.12:2*
[k] *(വാ.25 കാ.)*
30. [r] *യോഹ.5:19; 8:28; 14:10; (യോഹ.10:18)*
[s] *യോഹ.4:34; 6:38; (യോഹ.7:18; റോമ.15:3)*

**29** നന്മ ചെയ്തവർ ജീവനായും[q]
തിന്മ ചെയ്തവർ ന്യായവിധിക്കാ
യും, പുനരുത്ഥാനം ചെയ്‌വാനുള്ള
നാഴിക വരുന്നു.[k]
**30** എനിക്കു സ്വതേ ഒന്നും
ചെയ്‌വാൻ കഴിയുന്നതല്ല;[r] ഞാൻ
കേൾക്കുന്നതുപോലെ ന്യായം വി
ധിക്കുന്നു; ഞാൻ എന്റെ ഇഷ്ടം
അല്ല,[s] എന്നെ അയച്ചവന്റെ ഇഷ്ട
മത്രേ ചെയ്‌വാൻ ഇച്ഛിക്കുന്നതു
കൊണ്ട്[t] എന്റെ വിധി നീതിയുള്ളത്
ആകുന്നു.[u] **31** ഞാൻ എന്നെക്കുറി
ച്ചുതന്നെ സാക്ഷ്യം പറഞ്ഞാൽ എ
ന്റെ സാക്ഷ്യം സത്യമല്ല.[v] **32** എന്നെ
ക്കുറിച്ചു സാക്ഷ്യം പറയുന്നതു
മറ്റൊരുത്തൻ[w] ആകുന്നു; അവൻ
എന്നെക്കുറിച്ചു പറയുന്ന സാക്ഷ്യം
സത്യം എന്നു ഞാൻ അറിയുന്നു.[x]
**33** നിങ്ങൾ യോഹന്നാന്റെ അടു
ക്കൽ ആളയച്ചു; അവൻ സത്യത്തി
നു സാക്ഷ്യം പറഞ്ഞിരിക്കുന്നു.[y]
**34** എനിക്കോ മനുഷ്യന്റെ സാക്ഷ്യം
കൊണ്ട് ആവശ്യമില്ല;[z] നിങ്ങൾ
രക്ഷിക്കപ്പെടുവാനത്രേ ഇതു പറയു
ന്നത്. **35** അവൻ ജ്വലിച്ചു പ്രകാശി
ക്കുന്ന[a] വിളക്ക് ആയിരുന്നു; നി
ങ്ങൾ അല്പസമയത്തേക്ക് അവന്റെ
വെളിച്ചത്തിൽ ഉല്ലസിപ്പാൻ ഇച്ഛി
ച്ചു.[b] **36** എനിക്കോ യോഹന്നാന്റെ
സാക്ഷ്യത്തിലും വലിയ സാക്ഷ്യം
ഉണ്ട്;[z] പിതാവ് എനിക്ക് അനുഷ്ഠി
പ്പാൻ[c] തന്നിരിക്കുന്ന പ്രവൃത്തി
കൾ,[d] ഞാൻ ചെയ്യുന്ന പ്രവൃത്തി
കൾ തന്നെ, പിതാവ് എന്നെ അയ
ച്ചു[e] എന്ന് എന്നെക്കുറിച്ചു സാക്ഷീ
കരിക്കുന്നു.[f] **37** എന്നെ അയച്ച
പിതാവുതാനും എന്നെക്കുറിച്ചു

[t] *മത്താ.26:39* [u] *യോഹ.8:16* 31. [v] *(യോഹ.8:13,14, 18,54;18:21)* 32. [w] *യോഹ.5:37* [x] *യോഹ.7:28,29* 33. [y] *യോഹ.1:7,19* 34. [z] *1യോഹ.5:9* 35. [a] *2പത്രൊ.1:19* [b] *(മത്താ.13:20;21:26)* 36. [z] *(വാ.34 കാ.)* [c] *യോഹ.4:34* [d] *യോഹ.10:25,38; 14:11;15:24; (യോഹ.2:23; മത്താ.11:2)* [e] *യോഹ.3:17* [f] *(യോഹ.3:11)*

5:25 ***നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു:*** പാപക്ഷമയുടെ സന്ദേശം കേട്ട് പുതുജീവനിൽ പ്രവേശിച്ചിരിക്കുന്നവർ അനശ്വര ജീവന്റെ ഉടമകളായിത്തീരുന്നുവെന്ന് യേശു പറയുന്നു. വിശ്വസ്തരായി ജീവിച്ചു മരിച്ചുകഴിഞ്ഞവരെയും ഇതിൽ ഉൾപ്പെടുത്തുന്നു (1 കൊരി. 15:12-57; 1 തെസ്സ. 4:13-18).

സാക്ഷ്യം പറഞ്ഞിരിക്കുന്നു;[g] നി
ങ്ങൾ അവന്റെ ശബ്ദം ഒരുനാളും
കേട്ടിട്ടില്ല, അവന്റെ രൂപം കണ്ടി
ട്ടില്ല;[h] **38** അവന്റെ വചനം നിങ്ങ
ളുടെ ഉള്ളിൽ വസിക്കുന്നതുമില്ല;[i]
അവൻ അയച്ചവനെ നിങ്ങൾ വിശ്വ
സിക്കുന്നില്ലല്ലോ. **39** നിങ്ങൾ തിരു
വെഴുത്തുകളെ ശോധന ചെയ്യുന്നു;[j]
അവയിൽ നിങ്ങൾക്കു നിത്യജീവൻ
ഉണ്ട് എന്നു നിങ്ങൾ നിരൂപിക്കുന്നു
വല്ലോ; അവ എനിക്കു സാക്ഷ്യം
പറയുന്നു.[k] **40** എങ്കിലും ജീവൻ
പ്രാപിക്കേണ്ടതിന് എന്റെ അടുക്കൽ
വരുവാൻ നിങ്ങൾക്കു മനസ്സില്ല.[l]
**41** ഞാൻ മനുഷ്യരോടു ബഹു
മാനം വാങ്ങുന്നില്ല.[m] **42** എന്നാൽ
നിങ്ങൾക്ക് ഉള്ളിൽ ദൈവസ്നേഹം
ഇല്ല[n] എന്നു ഞാൻ അറിഞ്ഞിരി
ക്കുന്നു.[o] **43** ഞാൻ എന്റെ പിതാ
വിന്റെ നാമത്തിൽ[p] വന്നിരിക്കുന്നു;
എന്നെ നിങ്ങൾ കൈക്കൊള്ളുന്നി
ല്ല;[q] മറ്റൊരുത്തൻ സ്വന്തനാമത്തിൽ
വന്നാൽ അവനെ നിങ്ങൾ കൈ
ക്കൊള്ളും.[r] **44** തമ്മിൽ തമ്മിൽ
ബഹുമാനം വാങ്ങിക്കൊണ്ട് ഏക
ദൈവത്തിന്റെ[s] പക്കൽനിന്നുള്ള
ബഹുമാനം[t] അന്വേഷിക്കാത്ത നി
ങ്ങൾക്ക്, എങ്ങനെ വിശ്വസിപ്പാൻ
കഴിയും? **45** ഞാൻ പിതാവിന്റെ
മുമ്പിൽ നിങ്ങളെ കുറ്റം ചുമത്തും
എന്നു നിങ്ങൾക്കു തോന്നരുത്. നി
ങ്ങളെ കുറ്റം ചുമത്തുന്നവൻ ഉണ്ട്;
നിങ്ങൾ പ്രത്യാശവച്ചിരിക്കുന്ന[u]
മോശെ തന്നെ. **46** നിങ്ങൾ മോശെ
യെ വിശ്വസിച്ചു എങ്കിൽ എന്നെയും
വിശ്വസിക്കുമായിരുന്നു; അവൻ എ
ന്നെക്കുറിച്ച് എഴുതിയിരിക്കുന്നു.[v]
**47** എന്നാൽ അവന്റെ എഴുത്ത് നി
ങ്ങൾ വിശ്വസിക്കുന്നില്ല എങ്കിൽ[w]
എന്റെ വാക്ക് എങ്ങനെ വിശ്വസിക്കും?

❋ ❋ ❋

*1. യേശു അയ്യായിരം ആളുകളെ പോഷിപ്പിച്ച
ത് 16. അവൻ കടലിന്മീതെ നടന്നത് 32. താൻ
ജീവന്റെ അപ്പമെന്നു കാണിച്ചത് 66. ശിഷ്യ
ന്മാർ അവനെ വിട്ടുപിരിഞ്ഞത്.*

**6** [a]അനന്തരം യേശു തിബെര്യാ
സ്[b] എന്ന ഗലീക്കടലിന്റെ[c]
അക്കരയ്ക്കു പോയി.[a] **2** അവൻ
രോഗികളിൽ ചെയ്യുന്ന അടയാള
ങ്ങളെ കണ്ടിട്ട് ഒരു വലിയ പുരു
ഷാരം അവന്റെ പിന്നാലെ ചെന്നു.
**3** യേശു മലയിൽ[d] കയറി ശിഷ്യ
ന്മാരോടുകൂടെ അവിടെ ഇരുന്നു.
**4** യെഹൂദന്മാരുടെ പെസഹാ[e]പെ
രുന്നാൾ[f] അടുത്തിരുന്നു. **5** യേശു
വലിയൊരു പുരുഷാരം തന്റെ അ
ടുക്കൽ വരുന്നതു കണ്ടിട്ട്[g] ഫിലി
പ്പൊസിനോട്:[h] ഇവർക്കു തിന്നു
വാൻ നാം എവിടെനിന്ന് അപ്പം
വാങ്ങും എന്നു ചോദിച്ചു. **6** ഇത്
അവനെ പരീക്ഷിപ്പാനത്രേ ചോദി
ച്ചത്; താൻ എന്തു ചെയ്‌വാൻ
പോകുന്നു എന്നു താൻ അറി
ഞ്ഞിരുന്നു. **7** ഫിലിപ്പൊസ് അവ
നോട്:[i] ഓരോരുത്തന് അല്പമ
ല്പം ലഭിക്കേണ്ടതിന് ഇരുനൂറു
പണത്തിന് അപ്പം മതിയാകയില്ല
എന്ന് ഉത്തരം പറഞ്ഞു. **8** ശിഷ്യ
ന്മാരിൽ ഒരുത്തനായ ശിമോൻപത്രൊ
സിന്റെ സഹോദരനായ അന്ത്രെ
യാസ്[j] അവനോട്: **9** ഇവിടെ ഒരു
ബാലകൻ ഉണ്ട്; അവന്റെ പക്കൽ
അഞ്ചു യവത്തപ്പവും[k] രണ്ടു മീനും
ഉണ്ട്; എങ്കിലും ഇത്രപേർക്ക്
അത് എന്തുള്ളൂ[k] എന്നു പറഞ്ഞു.
**10** ആളുകളെ ഇരുത്തുവിൻ എന്നു
യേശു പറഞ്ഞു. ആ സ്ഥലത്തു
വളരെ പുല്ലുണ്ടായിരുന്നു;[l] അയ്യാ
യിരത്തോളം പുരുഷന്മാർ ഇരുന്നു.
**11** പിന്നെ യേശു അപ്പം എടുത്തു
വാഴ്ത്തി,[m] ഇരുന്നവർക്കു പങ്കിട്ടു
കൊടുത്തു; അങ്ങനെതന്നെ മീനും
വേണ്ടുന്നേടത്തോളം കൊടുത്തു.
**12** അവർക്കു തൃപ്തിയായശേഷം
അവൻ ശിഷ്യന്മാരോട്: ശേഷിച്ച
കഷണം ഒന്നും നഷ്ടമാക്കാതെ
ശേഖരിപ്പിൻ എന്നു പറഞ്ഞു.
**13** അഞ്ചു യവത്തപ്പത്തിൽ തിന്നു
ശേഷിച്ച കഷണം അവർ ശേഖ
രിച്ചു; പന്ത്രണ്ടു കുട്ട നിറച്ചെടുത്തു.

37.[g] *യോഹ.8:18; (മത്താ.3:17;17:5)*
[h] *യോഹ.1:18*
38.[i] *(1യോഹ.2:14; 4:13,14;5:10)*
39.[j] *(അപ്പൊ.പ്ര.17:11; 2തിമൊ.3:16)*
[k] *ലൂക്കൊ.24:27*
40.[l] *യോഹ.5:43; 3:19;7:17; (മത്താ.23:37; ലൂക്കൊ.13:34)*
41.[m] *യോഹ.5:34; (മത്താ.6:1,2; 1തെസ്സ.2:6)*
42.[n] *ലൂക്കൊ.11:42; യൂദാ.21*
[o] *യോഹ.2:24,25*
43.[p] *യോഹ.10:25; 12:13;17:12*
[q] *യോഹ.1:11;3:11,32*
[r] *(മത്താ.24:5)*
44.[s] *യോഹ.17:3*
[t] *റോമ.2:29*
45.[u] *(യോഹ.9:28,29; റോമ.2:17)*
46.[v] *യോഹ.5:47; സംഖ്യാ.21:9; ആവ.18:15; ലൂക്കൊ.24:27; (യോഹ.12:41)*
47.[w] *(ലൂക്കൊ.16:31)*

**അധ്യായം 6**

1.[a] *യോഹ.6:1-13 ക്കു. മത്താ.14:13-21; മർക്കൊ.6:32-44; ലൂക്കൊ.9:10-17*
[b] *യോഹ.21:1*
[c] *മത്താ.4:18*
3.[d] *യോഹ.6:15*
4.[e] *യോഹ.2:13;11:55; പുറ.12*
[f] *യോഹ.5:1;7:2*
5.[g] *ലൂക്കൊ.6:20*
[h] *യോഹ.1:44*
7.[i] *(മർക്കൊ.6:37)*
8.[j] *യോഹ.1:40,44*
9.[k] *2രാജാ.4:42,43*
10.[l] *(മർക്കൊ.6:39)*
11.[m] *യോഹ.6:23; മത്താ.15:36*

6:13 ***പന്ത്രണ്ടു കുട്ട നിറച്ചെടുത്തു:*** യിസ്രായേലിനു ഗോത്രങ്ങൾ 12 ആയിരുന്നതിനാൽ, അവരെ സംബന്ധിച്ച് 12 ഒരു പ്രധാനപ്പെട്ട സംഖ്യയായിരുന്നു.

14 അവൻ ചെയ്ത അടയാളം ആ
ളുകൾ കണ്ടിട്ട്: ലോകത്തിലേക്കു
വരുവാനുള്ള[n] പ്രവാചകൻ[o] ഇവൻ
ആകുന്നു സത്യം[p] എന്നു പറഞ്ഞു.
15 [q]അവർ വന്നു തന്നെ പിടിച്ചു
രാജാവാക്കുവാൻ ഭാവിക്കുന്നു എ
ന്നു യേശു അറിഞ്ഞിട്ടു[r] പിന്നെയും
തനിച്ചു മലയിലേക്കു[s] വാങ്ങിപ്പോ
യി. 16 സന്ധ്യയായപ്പോൾ ശിഷ്യ
ന്മാർ കടല്പുറത്തേക്ക് ഇറങ്ങി
17 പടകു കയറി കടലക്കരെ കഫർ
ന്നഹൂമിലേക്കു യാത്രയായി; ഇരു
ട്ടായശേഷവും യേശു അവരുടെ
അടുക്കൽ വന്നിരുന്നില്ല. 18 കൊടു
ങ്കാറ്റ് അടിക്കയാൽ കടൽ കോ
പിച്ചു. 19 അവർ നാലഞ്ചു നാഴിക
ദൂരത്തോളം വലിച്ചശേഷം യേശു
കടലിന്മേൽ നടന്നു പടകിനോടു
സമീപിക്കുന്നതു കണ്ടു പേടിച്ചു.
20 അവൻ അവരോട്: ഞാൻ ആകു
ന്നു; പേടിക്കേണ്ടാ എന്നു പറഞ്ഞു.[t]
21 അവർ അവനെ പടകിൽ കയ
റ്റുവാൻ ഇച്ഛിച്ചു; ഉടനെ പടക് അ
വർ പോകുന്ന ദേശത്ത് എത്തി
പ്പോയി.
22 പിറ്റന്നാൾ കടല്ക്കരെ നിന്ന
പുരുഷാരം ഒരു പടക[u]ല്ലാതെ അ
വിടെ വേറെ ഇല്ലായിരുന്നു എന്നും,
യേശു ശിഷ്യന്മാരോടുകൂടെ പട
കിൽ കയറാതെ ശിഷ്യന്മാർ മാത്രം
പോയിരുന്നു എന്നും ഗ്രഹിച്ചു.
23 എന്നാൽ കർത്താവ് വാഴ്ത്തി
യിട്ട്[v] അവർ അപ്പം തിന്ന സ്ഥല
ത്തിനരികെ തിബെര്യാസിൽനിന്നു
ചെറുപടകുകൾ എത്തിയിരുന്നു.
24 [w]യേശു അവിടെ ഇല്ല ശിഷ്യന്മാ
രും ഇല്ല എന്നു പുരുഷാരം കണ്ട
പ്പോൾ തങ്ങളും പടകു കയറി യേശു
വിനെ തിരഞ്ഞു കഫർന്നഹൂമിൽ
എത്തി.[x] 25 കടലക്കരെ അവനെ
കണ്ടെത്തിയപ്പോൾ: റബ്ബീ,[y] നീ
എപ്പോൾ ഇവിടെ വന്നു എന്നു
ചോദിച്ചു. 26 അതിന് യേശു: ആ
മേൻ, ആമേൻ, ഞാൻ നിങ്ങളോടു
പറയുന്നു: നിങ്ങൾ അടയാളം[z]
കണ്ടതുകൊണ്ടല്ല, അപ്പം തിന്നു
തൃപ്തരായതുകൊണ്ടത്രേ എന്നെ
അന്വേഷിക്കുന്നത്.[a] 27 നശിച്ചു
പോകുന്ന ആഹാരത്തിനായിട്ടല്ല,
നിത്യജീവങ്കലേക്കു നിലനില്ക്കുന്ന
ആഹാരത്തിനായിട്ടു[b] തന്നെ പ്രവർ
ത്തിപ്പിൻ;[c] അതു മനുഷ്യപുത്രൻ[d]
നിങ്ങൾക്കു തരും. അവനെ[e] പിതാ
വായ ദൈവം മുദ്രയിട്ടിരിക്കുന്നു[f]
എന്ന് ഉത്തരം പറഞ്ഞു. 28 അവർ
അവനോടു ദൈവത്തിനു പ്രസാദ
മുള്ള പ്രവൃത്തികളെ[g] പ്രവർത്തി
ക്കേണ്ടതിന് ഞങ്ങൾ എന്തു ചെ
യ്യേണം എന്നു ചോദിച്ചു. 29 യേശു
അവരോട്: ദൈവത്തിനു പ്രസാദ
മുള്ള പ്രവൃത്തി അവൻ അയച്ചവ
നിൽ[h] നിങ്ങൾ വിശ്വസിക്കുന്നതത്രേ[i]
എന്ന് ഉത്തരം പറഞ്ഞു. 30 അവർ
അവനോട്: ഞങ്ങൾ കണ്ടു നിന്നെ
വിശ്വസിക്കേണ്ടതിന് നീ എന്ത്
അടയാളം ചെയ്യുന്നു?[j] എന്തു പ്രവർ
ത്തിക്കുന്നു? 31 നമ്മുടെ പിതാക്ക
ന്മാർ മരുഭൂമിയിൽ മന്ന തിന്നു;[k]
[l]അവർക്കു തിന്നുവാൻ സ്വർഗ
ത്തിൽനിന്ന് അപ്പം കൊടുത്തു
എന്ന് എഴുതിയിരിക്കുന്നുവല്ലോ
എന്നു പറഞ്ഞു. 32 യേശു അവ
രോട്: ആമേൻ, ആമേൻ, ഞാൻ
നിങ്ങളോടു പറയുന്നു: സ്വർഗത്തിൽ
നിന്നുള്ള അപ്പം മോശെയല്ല നി
ങ്ങൾക്കു തന്നത്, എന്റെ പിതാവ
ത്രേ സ്വർഗത്തിൽനിന്നുള്ള സാ
ക്ഷാൽ അപ്പം നിങ്ങൾക്കു തരു
ന്നത്. 33 ദൈവത്തിന്റെ അപ്പമോ
സ്വർഗത്തിൽനിന്ന് ഇറങ്ങിവന്നു
ലോകത്തിനു ജീവനെ കൊടുക്കു
ന്നത് ആകുന്നു[m] എന്നു പറഞ്ഞു.
34 അവർ അവനോട്: കർത്താവേ,
ഈ അപ്പം എപ്പോഴും ഞങ്ങൾക്കു
തരേണമേ[n] എന്നു പറഞ്ഞു. 35 യേശു
അവരോട് പറഞ്ഞത്: ഞാൻ ജീവ
ന്റെ അപ്പം ആകുന്നു;[o] എന്റെ അടു
ക്കൽ വരുന്നവനു വിശക്കയില്ല;[p]

14.[n] യോഹ.11:27; മത്താ.11:3
[o] യോഹ.1:21;7:40; മത്താ.21:11
[p] യോഹ.4:18,19
15.[q] യോഹ.6:15-21 ക്കു.മത്താ.14:22-33; മർക്കൊ.6:45-51കാ. (മത്താ.8:18)
[r] (യോഹ.12:12-15)
[s] യോഹ.6:3
20.[t] (ലൂക്കൊ. 24:38,39)
22.[u] യോഹ.21:8; മർക്കൊ.3:9
23.[v] യോഹ.6:11
24.[w] യോഹ. 6:24,25ക്കു. (മത്താ.14:34-36; മർക്കൊ.6:53-56)
[x] യോഹ.6:17,59
25.[y] യോഹ.1:38
26.[z] യോഹ.6:2
[a] യോഹ.6:24
27.[b] (യോഹ.6:35,50, 51,54,58)
[c] യെശ.55:2
[d] ദാനീ.7:13
[e] (യോഹ.5:36,37; 10:37)
[f] (യെഹെ.9:4; റോമ.4:11; 1കൊരി.9:2; 2തിമൊ.2:19); യോഹ.3:33
28.[g] 1കൊരി.15:58; വെളി.2:26
29.[h] യോഹ.3:17
[i] 1യോഹ.3:23
30.[j] മത്താ.12:38
31.[k] യോഹ.6:49,58; പുറ.16:15; സംഖ്യാ.11:7-9
[l] **നെഹെ. 9:15**; (സങ്കീ.78:24,25; 105:40;1കൊരി.10:3)
33.[m] യോഹ.6:50
34.[n] യോഹ.4:15,33
35.[o] യോഹ.6:41,48,51; (യോഹ.6:58)
[p] യോഹ.4:14;7:37; (യോഹ.5:40; മത്താ.11:28; വെളി.7:16)

6:16 ***കടല്പുറം:*** ഗലീല കടല്പ്പുറമാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ഈ കടലിന്റെ ചുറ്റുപാടും പർവതങ്ങളായതിനാൽ ഇതിൽ കൊടുങ്കാറ്റും തിരമാലകളും നിത്യസംഭവമായിരുന്നു.

എന്നിൽ വിശ്വസിക്കുന്നവന് ഒരുനാ
ളും ദാഹിക്കയുമില്ല. **36** എന്നാൽ
നിങ്ങൾ എന്നെ കണ്ടിട്ടും വിശ്വസി
ക്കുന്നില്ല എന്നു ഞാൻ നിങ്ങളോടു
പറഞ്ഞുവല്ലോ.[q] **37** പിതാവ് എനി
ക്കു തരുന്ന[r]തൊക്കെയും[s] എന്റെ
അടുക്കൽ വരും; എന്റെ അടുക്കൽ
വരുന്നവനെ ഞാൻ ഒരുനാളും ത
ള്ളിക്കളകയില്ല.[t] **38** ഞാൻ എന്റെ
ഇഷ്ടമല്ല[u] എന്നെ അയച്ചവന്റെ[v]
ഇഷ്ടമത്രേ[u] ചെയ്‌വാൻ സ്വർഗ
ത്തിൽനിന്ന് ഇറങ്ങി വന്നിരിക്കു
ന്നത്.[w] **39** അവൻ എനിക്കു തന്ന
തിൽ ഒന്നും[x] ഞാൻ കളയാതെ,[y]
എല്ലാം ഒടുക്കത്തെ നാളിൽ ഉയിർ
ത്തെഴുന്നേല്പിക്കേണം[z] എന്നാകു
ന്നു എന്നെ അയച്ചവന്റെ ഇഷ്ടം.[a]
**40** പുത്രനെ നോക്കിക്കൊണ്ട്[b] അവ
നിൽ വിശ്വസിക്കുന്ന ഏവനും[c]
നിത്യജീവൻ ഉണ്ടാകേണമെന്നാ[d]
കുന്നു എന്റെ പിതാവിന്റെ ഇഷ്ടം;
ഞാൻ അവനെ ഒടുക്കത്തെ നാ
ളിൽ ഉയിർത്തെഴുന്നേല്പിക്കും.
**41** ഞാൻ സ്വർഗത്തിൽനിന്ന്
ഇറങ്ങിവന്ന അപ്പം[e] എന്ന് അവൻ
പറഞ്ഞതിനാൽ യെഹൂദന്മാർ അവ
നെക്കുറിച്ചു പിറുപിറുത്തു: **42** ഇ
വൻ യോസേഫിന്റെ പുത്രനായ[f]
യേശു അല്ലയോ?[g] അവന്റെ അപ്പ
നെയും അമ്മയെയും നാം അറിയു
ന്നുവല്ലോ;[h] പിന്നെ ഞാൻ സ്വർഗ
ത്തിൽനിന്ന് ഇറങ്ങിവന്നു എന്ന്
അവൻ പറയുന്നത് എങ്ങനെ എന്ന്
അവർ പറഞ്ഞു. **43** യേശു അവ
രോട് ഉത്തരം പറഞ്ഞത്: നിങ്ങൾ
തമ്മിൽ പിറുപിറുക്കേണ്ടാ; **44** എ
ന്നെ അയച്ച പിതാവ് ആകർഷിച്ചിട്ട
ല്ലാതെ[i] ആർക്കും എന്റെ അടു
ക്കൽ വരുവാൻ കഴികയില്ല; ഞാൻ
ഒടുക്കത്തെ നാളിൽ അവനെ ഉയിർ
ത്തെഴുന്നേല്പിക്കും.[j] **45** [k]എല്ലാ
വരും ദൈവത്താൽ ഉപദേശിക്ക
പ്പെട്ടവർ[l] ആകും[k] എന്നു പ്രവാച
കപുസ്തകങ്ങളിൽ എഴുതിയിരി
ക്കുന്നു. പിതാവിനോടു കേട്ടുപഠിച്ച
വൻ എല്ലാം എന്റെ അടുക്കൽ വരും.[m]
**46** പിതാവിനെ ആരെങ്കിലും കണ്ടി
ട്ടുണ്ട് എന്നല്ല,[n] ദൈവത്തിന്റെ അടു
ക്കൽനിന്നു വന്നവൻ മാത്രമേ[o]
പിതാവിനെ കണ്ടിട്ടുള്ളൂ.[p] **47** ആ
മേൻ, ആമേൻ, ഞാൻ നിങ്ങളോ
ടു പറയുന്നു: വിശ്വസിക്കുന്നവനു
നിത്യജീവൻ ഉണ്ട്.[q] **48** ഞാൻ ജീവ
ന്റെ അപ്പം ആകുന്നു.[r] **49** നിങ്ങ
ളുടെ പിതാക്കന്മാർ മരുഭൂമിയിൽ
മന്ന തിന്നിട്ടും[s] മരിച്ചുവല്ലോ.[t]
**50** ഇതോ തിന്നുന്നവൻ മരിക്കാ
തിരിക്കേണ്ടതിന്[u] സ്വർഗത്തിൽ
നിന്ന് ഇറങ്ങുന്ന അപ്പം ആകു
ന്നു.[v] **51** സ്വർഗത്തിൽനിന്ന് ഇറ
ങ്ങിയ[w] ജീവനുള്ള അപ്പം ഞാൻ
ആകുന്നു; ഈ അപ്പം തിന്നുന്ന
വൻ എല്ലാം എന്നേക്കും ജീവിക്കും;
ഞാൻ കൊടുപ്പാനിരിക്കുന്ന അപ്പ
മോ ലോകത്തിന്റെ ജീവനുവേണ്ടി[x]
ഞാൻ കൊടുക്കുന്ന എന്റെ മാംസം[y]
ആകുന്നു.
**52** ആകയാൽ യെഹൂദന്മാർ:
നമുക്കു തന്റെ മാംസം തിന്നേണ്ട
തിനു തരുവാൻ ഇവന് എങ്ങനെ
കഴിയും[z] എന്നു പറഞ്ഞു തമ്മിൽ
വാദിച്ചു.[a] **53** യേശു അവരോടു പറ
ഞ്ഞത്: ആമേൻ, ആമേൻ, ഞാൻ
നിങ്ങളോടു പറയുന്നു: നിങ്ങൾ
മനുഷ്യപുത്രന്റെ[b] മാംസം തിന്നാ
തെയും അവന്റെ രക്തം കുടിക്കാ
തെയും ഇരുന്നാൽ നിങ്ങൾക്ക്
ഉള്ളിൽ ജീവൻ ഇല്ല.[c] **54** എന്റെ
മാംസം തിന്നുകയും എന്റെ രക്തം
കുടിക്കയും ചെയ്യുന്നവന് നിത്യ
ജീവൻ ഉണ്ട്;[d] ഞാൻ ഒടുക്കത്തെ
നാളിൽ അവനെ ഉയിർത്തെഴുന്നേ
ല്പിക്കും.[e] **55** എന്റെ മാംസം സാ
ക്ഷാൽ ഭക്ഷണവും എന്റെ രക്തം
സാക്ഷാൽ പാനീയവും ആകുന്നു.
**56** എന്റെ മാംസം തിന്നുകയും
എന്റെ രക്തം കുടിക്കയും ചെയ്യു
ന്നവൻ എന്നിലും ഞാൻ അവനിലും
വസിക്കുന്നു.[f] **57** ജീവനുള്ള പിതാവ്[g]

36.[q] *യോഹ.6:26*
37.[r] *യോഹ.10:29; 17:6,9,24*
[s] *യോഹ.6:39;17:2*
[t] *യോഹ.10:28; 17:12*
38.[u] *യോഹ.5:30*
[v] *യോഹ.4:34*
[w] *യോഹ.3:13*
39.[x] *യോഹ.6:37*
[y] *യോഹ.17:12;18:9*
[z] *യോഹ.6:40,44,54; (യോഹ.11:24, 1കൊരി.6:14)*
[a] *യോഹ.10:28,29; മത്താ.18:14*
40.[b] *യോഹ.12:45; 14:17,19*
[c] *യോഹ.6:47; 3:15,16*
[d] *യോഹ.6:27,54; 4:14*
41.[e] *യോഹ.6:33, 35,38*
42.[f] *യോഹ.1:45*
[g] *മത്താ.13:55*
[h] *യോഹ.7:27,28*
44.[i] *യോഹ.12:32; യിരെ.31:3; ഹോശേ.11:4; (യോഹ.6:65;4:23)*
[j] *യോഹ.6:39*
45.[k] ***യെശ.54:13;*** *(യിരെ.31:33,34; എബ്രാ.8:10,11)*
[l] *1കൊരി.2:13; 1തെസ്സ.4:9; 1യോഹ.2:20,27*
[m] *(യോഹ.6:37)*
46.[n] *യോഹ.1:18*
[o] *യോഹ.7:29*
[p] *(യോഹ.3:31,32; 8:38)*
47.[q] *യോഹ.3:36*
48.[r] *യോഹ.6:35*
49.[s] *യോഹ.6:31*
[t] *യോഹ.6:58*
50.[u] *യോഹ.6:51,58*
[v] *യോഹ.6:33*
51.[w] *യോഹ.3:13*
[x] *യോഹ.6:57; ലൂക്കൊ.22:19*

[y] *യോഹ.6:53-56; (യോഹ.1:14)* 52.[z] *യോഹ.6:60;3:9* [a] *യോഹ.9:16;10:19* 53.[b] *യോഹ.6:27* [c] *യോഹ.20:31* 54.[d] *യോഹ.6:40* [e] *യോഹ.6:39* 56.[f] *യോഹ.15:4,5; 1യോഹ.3:24;4:13,15,16* 57.[g] *(യോഹ.5:26); മത്താ.16:16*

എന്നെ അയച്ചിട്ടു[h] ഞാൻ പിതാ
വിന്മൂലം ജീവിക്കുന്നതുപോലെ[i]
എന്നെ തിന്നുന്നവൻ എന്മൂലം ജീ
വിക്കും. **58** സ്വർഗത്തിൽനിന്ന് ഇറ
ങ്ങിവന്ന അപ്പം ഇത് ആകുന്നു;[j]
പിതാക്കന്മാർ തിന്നുകയും മരിക്ക
യും ചെയ്തതുപോലെ അല്ല; ഈ
അപ്പം തിന്നുന്നവൻ എന്നേക്കും
ജീവിക്കും. **59** അവൻ കഫർന്നഹൂ
മിൽ[k] ഉപദേശിക്കുമ്പോൾ പള്ളി
യിൽവച്ച് ഇതു പറഞ്ഞു.
**60** അവന്റെ ശിഷ്യന്മാർ പലരും
അതു കേട്ടിട്ട്:[l] ഇത് കഠിനവാക്ക്;[m]
ഇത് ആർക്കു കേൾപ്പാൻ കഴിയും
എന്നു പറഞ്ഞു. **61** ശിഷ്യന്മാർ അ
തിനെച്ചൊല്ലി പിറുപിറുക്കുന്നതു
യേശു തന്നിൽത്തന്നെ അറിഞ്ഞ്[n]
അവരോട്: ഇതു നിങ്ങൾക്ക് ഇടർച്ച
ആകുന്നുവോ? **62** മനുഷ്യപുത്രൻ[o]
മുമ്പേ ഇരുന്നേടത്തേക്കു[p] കയറി
പ്പോകുന്നതു[q] നിങ്ങൾ കണ്ടാലോ?
**63** ജീവിപ്പിക്കുന്നത് ആത്മാവ് ആ
കുന്നു;[r] മാംസം ഒന്നിനും ഉപകരി
ക്കുന്നില്ല;[s] ഞാൻ നിങ്ങളോടു സം
സാരിച്ച വചനങ്ങൾ ആത്മാവും
ജീവനും ആകുന്നു.[t] **64** എങ്കിലും
വിശ്വസിക്കാത്തവർ നിങ്ങളുടെ
ഇടയിൽ ഉണ്ട്[u] എന്നു പറഞ്ഞു.–
വിശ്വസിക്കാത്തവർ ഇന്നവർ എന്നും
തന്നെ കാണിച്ചുകൊടുക്കുന്നവൻ
ഇന്നവൻ[v] എന്നും യേശു ആദിമു
തൽ അറിഞ്ഞിരുന്നു[n].– **65** ഇതു
ഹേതുവായിട്ടത്രേ ഞാൻ നിങ്ങ
ളോട്: പിതാവ് കൃപ നല്കിയിട്ടല്ലാ
തെ ആർക്കും എന്റെ അടുക്കൽ
വരുവാൻ കഴികയില്ല[w] എന്നു പറ
ഞ്ഞത് എന്നും അവൻ പറഞ്ഞു.
**66** അന്നുമുതൽ അവന്റെ ശിഷ്യ
ന്മാരിൽ പലരും പിൻവാങ്ങിപ്പോയി,[x]
പിന്നെ അവനോടുകൂടെ സഞ്ചരി
ച്ചില്ല. **67** ആകയാൽ യേശു പന്തി
രുവരോട്:[y] നിങ്ങൾക്കും പൊ
യ്ക്കൊൾവാൻ മനസ്സുണ്ടോ എന്നു
ചോദിച്ചു. **68** ശിമോൻ പത്രൊസ്
അവനോട്: കർത്താവേ, ഞങ്ങൾ
ആരുടെ അടുക്കൽ പോകും? നി
ത്യജീവന്റെ വചനങ്ങൾ[z] നിന്റെ

57.[h] *യോഹ.3:17*
[i] *യോഹ.11:25; വെളി.1:18*
58.[j] *യോഹ.6:31,33, 49 - 51*
59.[k] *യോഹ.6:24*
60.[l] *യോഹ.6:66; (യോഹ.6:64)*
[m] *യൂദാ.15*
61.[n] *(യോഹ.2:24,25)*
62.[o] *യോഹ.6:27*
[p] *(യോഹ.17:5); യോഹ.3:13*
[q] *മർക്കൊ.16:19*
63.[r] *(1കൊരി.15:45; 2കൊരി.3:6)*
[s] *യോഹ.3:6*
[t] *യോഹ.6:68*
64.[u] *യോഹ.6:66*
[v] *യോഹ.6:71;13:11*
[n] *(വാ.61 കാ.)*
65.[w] *യോഹ.6:44,45; 3:27*
66.[x] *യോഹ.6:60,64*
67.[y] *യോഹ.6:70,71*
68.[z] *അപ്പൊ.പ്ര.5:20; (യോഹ.12:50;17:8)*

69.[a] *യോഹ.1:49*
[b] *മർക്കൊ.1:24*
[c] *(യോഹ.11:27; 1യോഹ.4:16)*
70.[y] *(വാ.67 കാ.)*
[d] *യോഹ.13:18*
[e] *യോഹ.13:2,27; 17:12*
[f] *യോഹ.13:26*
71.[g] *യോഹ.6:64,67*

**അധ്യായം 7**

1.[a] *യോഹ.5:18; 8:37,40;11:53*
2.[b] *യോഹ.5:1;6:4*
[c] *ലേവ്യാ.23:34*
3.[d] *യോഹ.7:5,10; മത്താ.12:46*
[e] *(യോഹ.6:66)*
4.[f] *(യോഹ.14:22; 18:20)*
5.[g] *യോഹ.7:3,10*
[h] *(മത്താ.13:57; മർക്കൊ.3:21)*
6.[i] *(യോഹ.7:8,30); യോഹ.2:4*

പക്കൽ ഉണ്ട്. **69** നീ[a] ദൈവത്തിന്റെ
പരിശുദ്ധൻ[b] എന്നു ഞങ്ങൾ വിശ്വ
സിച്ചും അറിഞ്ഞും[c] ഇരിക്കുന്നു
എന്ന് ഉത്തരം പറഞ്ഞു. **70** യേശു
അവരോട്: നിങ്ങളെ പന്ത്രണ്ടു പേ
രെ[y] ഞാൻ തിരഞ്ഞെടുത്തില്ലയോ?[d]
എങ്കിലും നിങ്ങളിൽ ഒരുത്തൻ ഒരു
പിശാച്[e] ആകുന്നു എന്ന് ഉത്തരം
പറഞ്ഞു. ഇത് അവൻ ശിമോൻ
ഈസ്കര്യോത്താവിന്റെ മകനായ[f]
യൂദായെക്കുറിച്ചു പറഞ്ഞു. **71** ഇവൻ
പന്തിരുവരിൽ ഒരുത്തൻ എങ്കിലും
അവനെ കാണിച്ചുകൊടുപ്പാനുള്ള
വൻ ആയിരുന്നു.[g]

✵ ✵ ✵

***1. യേശു തന്റെ ചാർച്ചക്കാരെ ശാസിച്ച് പറഞ്ഞതും 10. കൂടാരപ്പെരുന്നാളിനു പോയതും 14. ദൈവാലയത്തിൽ ഉപദേശിച്ചതും 40. യേശുവിനെക്കുറിച്ച് പല അഭിപ്രായങ്ങൾ 45. പരീശർ ചേവകരോടും നിക്കോദീമോസിനോടും കോപിച്ചത്.***

**7** അതിന്റെശേഷം യേശു ഗലീല
യിൽ സഞ്ചരിച്ചു; യെഹൂദ
ന്മാർ അവനെ കൊല്ലുവാൻ അന്വേ
ഷിച്ചതു[a]കൊണ്ടു, യെഹൂദ്യയിൽ
സഞ്ചരിപ്പാൻ അവനു മനസ്സില്ലാ
യിരുന്നു. **2** എന്നാൽ യെഹൂദന്മാ
രുടെ[b] കൂടാരപ്പെരുന്നാൾ[c] അടു
ത്തിരുന്നു. **3** അവന്റെ സഹോദര
ന്മാർ[d] അവനോട്: നീ ചെയ്യുന്ന
പ്രവൃത്തികളെ നിന്റെ ശിഷ്യന്മാരും[e]
കാണേണ്ടതിന് ഇവിടം വിട്ടു യെഹൂ
ദ്യയിലേക്കു പോക. **4** പ്രസിദ്ധൻ
ആകുവാൻ ആഗ്രഹിക്കുന്നവൻ
ആരും രഹസ്യത്തിൽ ഒന്നും ചെ
യ്യുന്നില്ലല്ലോ; നീ ഇതു ചെയ്യുന്നു
എങ്കിൽ ലോകത്തിനു നിന്നെത്ത
ന്നെ വെളിപ്പെടുത്തുക[f] എന്നു പറ
ഞ്ഞു. **5** അവന്റെ സഹോദരന്മാരും[g]
അവനിൽ വിശ്വസിച്ചില്ല.[h] **6** യേശു
അവരോട്: എന്റെ സമയം ഇതു
വരെ വന്നിട്ടില്ല;[i] നിങ്ങൾക്കോ
എല്ലായ്പോഴും സമയം തന്നെ.
**7** നിങ്ങളെ പകപ്പാൻ ലോകത്തിനു
കഴിയുന്നതല്ല; എന്നാൽ അതിന്റെ

പ്രവൃത്തികൾ ദോഷമുള്ളവ[j] എന്നു
ഞാൻ അതിനെക്കുറിച്ചു സാക്ഷ്യം
പറയുന്നതുകൊണ്ട്, അത് എന്നെ
പകയ്ക്കുന്നു.[k] **8** നിങ്ങൾ പെരു
ന്നാളിനു പോകുവിൻ; എന്റെ സമയം
ഇതുവരെ വന്നിട്ടില്ലായ്കകൊണ്ടു[l]
ഞാൻ ഈ പെരുന്നാളിന് ഇപ്പോൾ
പോകുന്നില്ല; **9** ഇങ്ങനെ അവ
രോടു പറഞ്ഞിട്ടു ഗലീലയിൽ തന്നെ
പാർത്തു.

**10** അവന്റെ സഹോദരന്മാർ പെരു
ന്നാളിന് പോയ[m] ശേഷം അവനും
പരസ്യമായിട്ടല്ല രഹസ്യത്തിൽ
എന്നപോലെ പോയി. **11** എന്നാൽ
യെഹൂദന്മാർ[n] പെരുന്നാളിൽ: അ
വൻ എവിടെ എന്നു ചോദിച്ച് അവ
നെ അന്വേഷിച്ചു.[o] **12** പുരുഷാര
ത്തിൽ അവനെക്കുറിച്ചു വളരെ
കുശുകുശുപ്പ്[p] ഉണ്ടായി: അവൻ
നല്ലവൻ എന്നു ചിലരും[q] അല്ല,
അവൻ പുരുഷാരത്തെ വഞ്ചിക്കു
ന്നു[r] എന്നു മറ്റു ചിലരും പറഞ്ഞു.
**13** എങ്കിലും യെഹൂദന്മാരെ പേടി
ച്ചിട്ട്[s] ആരും പ്രസിദ്ധമായി അവ
നെക്കുറിച്ചു സംസാരിച്ചില്ല.

**14** പെരുന്നാൾ പാതി കഴിഞ്ഞ
ശേഷം യേശു ദൈവാലയത്തിൽ
ചെന്ന്[t] ഉപദേശിച്ചു. **15** വിദ്യാഭ്യാസം
ചെയ്യാത്ത ഇവൻ ശാസ്ത്രം അറി
യുന്നത് എങ്ങനെ എന്നു യെഹൂ
ദന്മാർ പറഞ്ഞ് ആശ്ചര്യപ്പെട്ടു.[u]
**16** യേശു അവരോട് ഉത്തരം പറ
ഞ്ഞത്: എന്റെ ഉപദേശം എന്റേത
ല്ല,[v] എന്നെ അയച്ച[w] വന്റേതത്രേ.
**17** അവന്റെ ഇഷ്ടം ചെയ്‌വാൻ
ഇച്ഛിക്കുന്നവൻ,[x] ഈ ഉപദേശം[y]
ദൈവത്തിൽനിന്നുള്ളതോ ഞാൻ
സ്വയമായി പ്രസ്താവിക്കുന്നതോ[z]
എന്ന് അറിയും.[y] **18** സ്വയമായി പ്ര
സ്താവിക്കുന്നവൻ സ്വന്തമഹത്വം
അന്വേഷിക്കുന്നു;[a] തന്നെ അയച്ച
വന്റെ മഹത്വം അന്വേഷിക്കുന്ന
വൻ സത്യവാൻ ആകുന്നു; നീതി
കേട് അവനിൽ ഇല്ല. **19** മോശെ
നിങ്ങൾക്കു ന്യായപ്രമാണം തന്നി
ട്ടില്ലയോ?[b] എങ്കിലും നിങ്ങളിൽ
ആരും ന്യായപ്രമാണം ആചരിക്കു
ന്നില്ല. നിങ്ങൾ എന്നെ കൊല്ലു
വാൻ അന്വേഷിക്കുന്നത് എന്ത്?[c]
**20** അതിനു പുരുഷാരം: നിനക്ക്
ഒരു ഭൂതം ഉണ്ട്;[d] ആർ നിന്നെ
കൊല്ലുവാൻ അന്വേഷിക്കുന്നു?
എന്ന് ഉത്തരം പറഞ്ഞു. **21** യേശു
അവരോട് ഉത്തരം പറഞ്ഞത്: ഞാൻ
ഒരു പ്രവൃത്തി[e] ചെയ്തു; അതി
ങ്കൽ നിങ്ങൾ എല്ലാവരും ആശ്ചര്യ
പ്പെടുന്നു. **22** മോശെ നിങ്ങൾക്കു
പരിച്ഛേദന നിയമിച്ചിരിക്കയാൽ[f]
– അത് മോശെയുടെ കാലത്തല്ല
പിതാക്കന്മാരുടെ കാലത്തത്രേ[g]
തുടങ്ങിയത്– നിങ്ങൾ ശബ്ബത്തിൽ
മനുഷ്യനെ പരിച്ഛേദന കഴിക്കുന്നു.
**23** മോശെയുടെ ന്യായപ്രമാണ
ത്തിനു നീക്കം വരാതിരിപ്പാൻ ശബ്ബ
ത്തിലും മനുഷ്യൻ പരിച്ഛേദന
ഏല്ക്കുന്നു എങ്കിൽ, ഞാൻ ശബ്ബ
ത്തിൽ ഒരു മനുഷ്യനെ മുഴുവനും
സൗഖ്യമാക്കിയതിനാൽ എന്നോട്
ഈർഷ്യപ്പെടുന്നുവോ?[h] **24** കാഴ്ച
പ്രകാരം വിധിക്കരുത്;[i] നീതി
യുള്ള വിധി വിധിപ്പിൻ.

**25** യെരൂശലേമ്യരിൽ ചിലർ: അ
വർ കൊല്ലുവാൻ അന്വേഷിക്കുന്ന
വൻ[j] ഇവൻ അല്ലയോ? **26** അവൻ
ധൈര്യത്തോടെ സംസാരിക്കുന്നു
വല്ലോ;[k] അവർ അവനോട് ഒന്നും
പറയുന്നില്ല; ഇവൻ ക്രിസ്തു ആ
കുന്നു എന്നു പ്രമാണികൾ യഥാർ
ത്ഥമായി ഗ്രഹിച്ചുവോ?[l] **27** എങ്കിലും
ഇവൻ എവിടെനിന്ന്[m] എന്നു നാം
അറിയുന്നു;[n] ക്രിസ്തു വരുമ്പോ
ഴോ അവൻ എവിടെനിന്ന് എന്ന്
ആരും അറികയില്ല[o] എന്നു പറ
ഞ്ഞു. **28** ആകയാൽ യേശു ദൈ
വാലയത്തിൽ[p] ഉപദേശിക്കുമ്പോൾ:
നിങ്ങൾ എന്നെ അറിയുന്നു;[n] ഞാൻ
എവിടെനിന്നെന്നും അറിയുന്നു.
ഞാൻ സ്വയമായിട്ടു വന്നവനല്ല,[q]
എന്നെ അയച്ചവൻ സത്യവാൻ
ആകുന്നു;[r] അവനെ നിങ്ങൾ
അറിയുന്നില്ല.[s] **29** ഞാൻ അവന്റെ

7.[j] *യോഹ.3:19; (കൊലൊ.1:21; 1യോഹ.3:12)*
[k] *യോഹ.15:18,24*
8.[l] *യോഹ.2:4*
10.[m] *യോഹ.7:3,5*
11.[n] *യോഹ.7:1*
[o] *യോഹ.11:56*
12.[p] *യോഹ.7:32*
[q] *(യോഹ.7:40-43)*
[r] *യോഹ.7:47*
13.[s] *യോഹ.19:38; 20:19; (യോഹ.9:22;12:42)*
14.[t] *യോഹ.7:28*
15.[u] *(യോഹ.7:35,46; ലൂക്കൊ.2:47;4:22; അപ്പൊ.പ്ര.4:13)*
16.[v] *യോഹ.8:28; 12:49; 14:10,24; (യോഹ.3:34)*
[w] *യോഹ.3:17*
17.[x] *(യോഹ.8:31,32; 14:21,23)*
[y] *(യോഹ.8:43; സങ്കീ.25:9; ദാനി.12:10; ഫിലി.3:15)*
[z] *യോഹ.5:30*
18.[a] *യോഹ.5:41; 8:50*
19.[b] *യോഹ.7:23;1:17*
[c] *യോഹ.7:1*
20.[d] *യോഹ.8:48,52; 10:20; (മത്താ.11:18; മർക്കൊ.3:22; ലൂക്കൊ.7:33)*
21.[e] *യോഹ.7:23; 5:2-9*
22.[f] *ലേവ്യ.12:3*
[g] *ഉൽപ.17:10*
23.[h] *യോഹ.5:16; മത്താ.12:2*
24.[i] *യോഹ.8:15; (യെശ.11:3; 2കൊരി.10:7); ആവ.1:16,17*
25.[j] *യോഹ.7:1*
26.[k] *യോഹ.18:20*
[l] *യോഹ.7:48*
27.[m] *യോഹ.19:9*
[n] *(യോഹ.6:42; 8:14,19;9:29)* [o] *(യോഹ.7:42)*
28.[p] *യോഹ.7:14* [n] *(വാ.27 കാ.)* [q] *യോഹ.8:42; (യോഹ.5:43)* [r] *യോഹ.8:26* [s] *യോഹ.8:19;15:21 (യോഹ.4:22;8:55)*

അടുക്കൽനിന്നു[t] വന്നതുകൊണ്ടും
അവൻ എന്നെ അയച്ചതു[u]കൊണ്ടും
ഞാൻ അവനെ അറിയുന്നു[v] എന്നു
വിളിച്ചുപറഞ്ഞു. **30** ആകയാൽ
അവർ അവനെ പിടിപ്പാൻ അന്വേ
ഷിച്ചു[w] എങ്കിലും അവന്റെ നാഴിക
വന്നിട്ടില്ലായ്കയാൽ[x] ആരും അവ
ന്റെമേൽ കൈ വച്ചില്ല.[y] **31** പുരു
ഷാരത്തിൽ പലരും:[z] ക്രിസ്തു
വരുമ്പോൾ ഇവൻ ചെയ്തതിൽ
അധികം അടയാളം ചെയ്യുമോ[a]
എന്നു പറഞ്ഞ് അവനിൽ വിശ്വ
സിച്ചു.[z] **32** പുരുഷാരം അവനെക്കു
റിച്ച് ഇങ്ങനെ കുശുകുശുക്കുന്നു[b]
എന്നു പരീശന്മാർ കേട്ടാറെ അവ
നെ പിടിക്കേണ്ടതിനു മഹാപുരോ
ഹിതന്മാരും പരീശന്മാരും ചേവ
കരെ[c] അയച്ചു. **33** യേശുവോ: ഞാൻ
ഇനി കുറെനേരം നിങ്ങളോടുകൂടെ
ഇരിക്കുന്നു;[d] പിന്നെ എന്നെ അയ
ച്ചവന്റെ അടുക്കൽ പോകുന്നു.[e]
**34** നിങ്ങൾ എന്നെ അന്വേഷിക്കും
കണ്ടെത്തുകയില്ലതാനും;[f] ഞാൻ
ഇരിക്കുന്നേടത്തു നിങ്ങൾക്കു വരു
വാൻ കഴികയുമില്ല എന്നു പറ
ഞ്ഞു. **35** അതു കേട്ടിട്ടു യെഹൂദ
ന്മാർ: നാം കണ്ടെത്താതവണ്ണം
ഇവൻ എവിടേക്കു പോകുവാൻ
ഭാവിക്കുന്നു? യവനന്മാരുടെ[g] ഇട
യിൽ ചിതറിപ്പാർക്കുന്നവരുടെ[h]
അടുക്കൽ പോയി[i] യവനരെ ഉപ
ദേശിപ്പാൻ ഭാവമോ? **36** നിങ്ങൾ
എന്നെ അന്വേഷിക്കും, എന്നെ
കണ്ടെത്തുകയില്ലതാനും;[j] ഞാൻ
ഇരിക്കുന്നേടത്തു നിങ്ങൾക്കു വരു
വാൻ കഴികയുമില്ല എന്ന് ഈ പറ
ഞ്ഞ വാക്ക് എന്ത് എന്ന് തമ്മിൽ
തമ്മിൽ പറഞ്ഞു.
**37** ഉത്സവത്തിന്റെ മഹാദിനമായ
ഒടുക്കത്തെനാളിൽ[k] യേശു നിന്നു
കൊണ്ട്: ദാഹിക്കുന്നവൻ [l]എല്ലാം
എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ.[m]
**38** എന്നിൽ വിശ്വസിക്കുന്നവന്റെ
ഉള്ളിൽനിന്നു[n] തിരുവെഴുത്തു പറ
യുന്നതുപോലെ[o] ജീവജലത്തിന്റെ[p]
നദികൾ ഒഴുകും എന്നു വിളിച്ചുപറ
ഞ്ഞു. **39** അവൻ ഇതു തന്നിൽ
വിശ്വസിക്കുന്നവർക്കു ലഭിപ്പാനുള്ള[q]
ആത്മാവിനെക്കുറിച്ച് ആകുന്നു പറ
ഞ്ഞത്;[r] യേശു അന്ന്[s] തേജസ്കരി
ക്കപ്പെട്ടിട്ടില്ലാ[t]യ്കയാൽ ആത്മാവ്[u]
വന്നിട്ടില്ലാ[v]യിരുന്നു.[u] **40** പുരുഷാര
ത്തിൽ പലരും[w] ആ വാക്കു കേട്ടിട്ട്:
ഇവൻ സാക്ഷാൽ ആ പ്രവാച
കൻ[x] ആകുന്നു എന്നു പറഞ്ഞു.[w]
**41** വേറേ ചിലർ: ഇവൻ ക്രിസ്തു[y]
തന്നെ എന്നും മറ്റു ചിലർ: ഗലീല
യിൽനിന്നോ ക്രിസ്തു വരുന്നത്?[z]
**42** ദാവീദിന്റെ സന്തതിയിൽനിന്നും[a]
ദാവീദ് പാർത്ത[b] ഗ്രാമമായ ബേത്ല
ഹേമിൽനിന്നും[c] ക്രിസ്തു വരുന്നു
എന്നു തിരുവെഴുത്തു പറയുന്നില്ല
യോ എന്നും പറഞ്ഞു. **43** അങ്ങനെ
പുരുഷാരത്തിൽ അവനെച്ചൊല്ലി
ഭിന്നത[d] ഉണ്ടായി. **44** അവരിൽ ചി
ലർ അവനെ പിടിപ്പാൻ ഭാവിച്ചു[e]
എങ്കിലും ആരും അവന്റെമേൽ
കൈ വച്ചില്ല.
**45** ചേവകർ[f] മഹാപുരോഹിത
ന്മാരുടെയും പരീശന്മാരുടെയും അടു
ക്കൽ മടങ്ങിവന്നപ്പോൾ അവർ
അവരോട്: നിങ്ങൾ അവനെ കൊ
ണ്ടുവരാഞ്ഞത് എന്ത് എന്ന് ചോദി
ച്ചതിന്: **46** ഈ മനുഷ്യൻ സംസാരി
ക്കുന്നതുപോലെ ആരും ഒരുനാളും
സംസാരിച്ചിട്ടില്ല[g] എന്ന് ചേവകർ
ഉത്തരം പറഞ്ഞു. **47** പരീശന്മാർ അവ
രോട്: നിങ്ങളും തെറ്റിപ്പോയോ?[h]
**48** പ്രമാണികളിൽ[i] ആകട്ടെ പരീ
ശന്മാരിൽ ആകട്ടെ ആരെങ്കിലും
അവനിൽ വിശ്വസിച്ചിട്ടുണ്ടോ?[i]
**49** ന്യായപ്രമാണം അറിയാത്ത പുരു
ഷാരമോ ശപിക്കപ്പെട്ടവരാകുന്നു
എന്ന് ഉത്തരം പറഞ്ഞു. **50** അവ
രിൽ ഒരുത്തനായി, മുമ്പേ അവന്റെ

29. [t] *യോഹ.6:46; 9:16,33; (യോഹ.1:14)*
[u] *യോഹ.3:17*
[v] *യോഹ.8:55; മത്താ.11:27*
30. [w] *യോഹ.7:44; 10:39; (മത്താ.21:46)*
[x] *യോഹ.7:6*
[y] *യോഹ.8:20*
31. [z] *യോഹ.8:30; 10:41;11:45;12:11; (യോഹ.2:23;12:42; മത്താ.21:11)*
[a] *മത്താ.12:23*
32. [b] *യോഹ.7:12*
[c] *യോഹ.7:45,46*
33. [d] *യോഹ.12:35; 13:33;14:19;16:16 - 19*
[e] *യോഹ.16:5*
34. [f] *യോഹ.8:21; 13:33*
35. [g] *യോഹ.12:20; അപ്പൊ.പ്ര.11:20;14:1*
[h] *യാക്കോ.1:1; 1പത്രൊ.1:1; (യെശ.11:12; സെഫ.3:10)*
[i] *(യോഹ.8:22)*
36. [j] *യോഹ.7:34*
37. [k] *ലേവ്യ.23:36; സംഖ്യാ.29:35; നെഹെ.8:18*
[l] *യെശ.55:1; യോഹ.4:14*
[m] *യോഹ.6:35*
38. [n] *യോഹ.4:14; (സദൃ.18:4)*
[o] *(യെശ.12:3; യെഹെ.47:1)*
[p] *യോഹ.4:10*
39. [q] *യോവേ.2:28; അപ്പൊ.പ്ര.2:16 - 18; (യോഹ.1:33;20:22; ലൂക്കൊ.24:49)*
[r] *യെശ.44:3; (1കൊരി.12:13; ഗലാ.3:14)*
[s] *യോഹ.14:16,17;16:7*
[t] *യോഹ.12:16,23; 13:31,32;17:1* [u] *അപ്പൊ.പ്ര.2:4,33*
[v] *യോഹ.3:34; ലൂക്കൊ.11:13; 1യോഹ.3:22;4:13*
40. [w] *യോഹ.7:31* [x] *യോഹ.1:21; 6:14; മത്താ.21:11*
41. [y] *യോഹ.7:26* [z] *(യോഹ.7:52; 1:46)* 42. [a] *(സങ്കീ. 89:3,4); മത്താ.1:1* [b] *1ശമൂ.16:1* [c] *മീഖാ.5:2; മത്താ. 2:1,5; ലൂക്കൊ.2:5* 43. [d] *യോഹ.9:16; 10:19; (യോഹ. 7:12)* 44. [e] *യോഹ.7:30* 45. [f] *യോഹ.7:32* 46. [g] *മത്താ. 7:29* 47. [h] *യോഹ.7:12* 48. [i] *1കൊരി.1:20,26;2:8; (യോഹ.12:42)*

അടുക്കൽ വന്നിരുന്ന നിക്കോദേ
മൊസ് അവരോട്: **51** ഒരു മനുഷ്യ
ന്റെ വാമൊഴി ആദ്യം കേട്ട്, അവൻ
ചെയ്യുന്നത് ഇന്നത് എന്ന് അറി
ഞ്ഞിട്ട[k]ല്ലാതെ നമ്മുടെ ന്യായപ്രമാ
ണം അവനെ വിധിക്കുന്നുവോ[l] എ
ന്നു പറഞ്ഞു. **52** അവർ അവനോട്:
നീയും ഗലീലക്കാരനോ?[m] പരിശോ
ധിച്ചുനോക്കുക; ഗലീലയിൽനിന്നു
പ്രവാചകൻ എഴുന്നേല്ക്കുന്നി
ല്ലല്ലോ[n] എന്ന് ഉത്തരം പറഞ്ഞു.
**53** [അങ്ങനെ ഓരോരുത്തൻ
താന്താന്റെ വീട്ടിൽ പോയി.

❋ ❋ ❋

***1. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ യേശു വിടുവിച്ചത് 12. യേശു ലോകത്തിന്റെ വെളിച്ചവും തന്റെ ഉപദേശം നീതിയുള്ളതെന്നും തെളിയിച്ചത്.***

**8** യേശുവോ ഒലിവ്മലയിലേക്കു
പോയി. **2** അതികാലത്ത് അ
വൻ പിന്നെയും ദൈവാലയത്തിൽ
ചെന്നു;[a] ജനമൊക്കെയും അവന്റെ
അടുക്കൽ വന്നു; അവൻ ഇരുന്ന്
അവരെ ഉപദേശിച്ചു[b]കൊണ്ടിരി
ക്കുമ്പോൾ **3** ശാസ്ത്രിമാരും പരീ
ശന്മാരും വ്യഭിചാരത്തിൽ പിടിച്ചി
രുന്ന ഒരു സ്ത്രീയെ കൊണ്ടുവന്ന്
നടുവിൽ നിറുത്തി അവനോട്:
**4** ഗുരോ, ഈ സ്ത്രീയെ വ്യഭിചാര
കർമത്തിൽ തന്നെ പിടിച്ചിരിക്കു
ന്നു. **5** ഇങ്ങനെയുള്ളവരെ കല്ലെറി
യേണം[c] എന്ന് മോശെ ന്യായപ്രമാ
ണത്തിൽ ഞങ്ങളോടു കല്പിച്ചി
രിക്കുന്നു;[d] നീ ഇവളെക്കുറിച്ച്
എന്തു പറയുന്നു എന്നു ചോദിച്ചു.
**6** ഇത് അവനെ കുറ്റം ചുമത്തു
വാൻ സംഗതി കിട്ടേണ്ടതിന്[e] അ
വനെ പരീക്ഷിച്ചു[f] ചോദിച്ചതായിരു
ന്നു. യേശുവോ കുനിഞ്ഞു വിരൽ
കൊണ്ടു നിലത്ത് എഴുതിക്കൊണ്ടി
രുന്നു. **7** അവർ അവനോട് ചോ
ദിച്ചുകൊണ്ടിരിക്കുമ്പോൾ അവൻ
നിവിർന്നു: നിങ്ങളിൽ പാപമില്ലാ
ത്തവൻ[g] അവളെ ഒന്നാമത് കല്ല്
എറിയട്ടെ[h] എന്ന് അവരോട് പറ
ഞ്ഞു. **8** പിന്നെയും കുനിഞ്ഞ്
വിരൽകൊണ്ടു നിലത്ത് എഴുതി
ക്കൊണ്ടിരുന്നു. **9** അവർ അതു
കേട്ടിട്ടു, മനസ്സാക്ഷിയുടെ ആക്ഷേ
പം ഹേതുവായി മൂത്തവരും ഇള
യവരും ഓരോരുത്തനായി വിട്ടു
പോയി; യേശു മാത്രവും നടുവിൽ
നില്ക്കുന്ന സ്ത്രീയും ശേഷിച്ചു.
**10** യേശു നിവിർന്ന് അവളോട്:
സ്ത്രീയേ, അവർ എവിടെ? നിനക്ക്
ആരും ശിക്ഷ വിധിച്ചില്ലയോ?
എന്ന് ചോദിച്ചതിന്: **11** ഇല്ല കർ
ത്താവേ, എന്ന് അവൾ പറഞ്ഞു.
ഞാനും നിനക്കു ശിക്ഷ വിധിക്കു
ന്നില്ല;[i] പോക, ഇനി പാപം ചെയ്യ
രുത്[j] എന്ന് യേശു പറഞ്ഞു.]
**12** യേശു പിന്നെയും അവരോടു
സംസാരിച്ചു:[k] ഞാൻ ലോകത്തി
ന്റെ വെളിച്ചം ആകുന്നു;[l] എന്നെ
അനുഗമിക്കുന്നവൻ[m] ഇരുളിൽ
നടക്കാതെ[n] ജീവന്റെ വെളിച്ചമു
ള്ളവൻ ആകും എന്നു പറഞ്ഞു.
**13** പരീശന്മാർ അവനോട്: നീ
നിന്നെക്കുറിച്ചു തന്നെ സാക്ഷ്യം
പറയുന്നു;[o] നിന്റെ സാക്ഷ്യം സത്യം
അല്ല എന്നു പറഞ്ഞു. **14** യേശു
അവരോട് ഉത്തരം പറഞ്ഞത്:
ഞാൻ എന്നെക്കുറിച്ചുതന്നെ സാ
ക്ഷ്യം പറഞ്ഞാലും എന്റെ സാ
ക്ഷ്യം സത്യം ആകുന്നു;[p] ഞാൻ
എവിടെനിന്നു വന്നു[q] എന്നും
എവിടേക്കു പോകുന്നു[r] എന്നും
ഞാൻ അറിയുന്നു; നിങ്ങളോ,
ഞാൻ എവിടെനിന്നു വന്നു എന്നും
എവിടേക്ക് പോകുന്നു എന്നും
അറിയുന്നില്ല.[s] **15** നിങ്ങൾ ജഡപ്ര
കാരം വിധിക്കുന്നു;[t] ഞാൻ ആരെ
യും വിധിക്കുന്നില്ല.[u] **16** ഞാൻ
വിധിച്ചാലും ഞാൻ ഏകനല്ല,[v]
ഞാനും എന്നെ അയച്ച പിതാവും
കൂടെയാകയാൽ എന്റെ വിധി സത്യ
മാകുന്നു.[w] **17** രണ്ടു മനുഷ്യരുടെ
സാക്ഷ്യം സത്യം എന്ന് നിങ്ങളുടെ
ന്യായപ്രമാണത്തിലും എഴുതിയി
രിക്കുന്നുവല്ലോ.[x] **18** ഞാൻ എന്നെ
ക്കുറിച്ചുതന്നെ സാക്ഷ്യം പറയു
ന്നു;[y] എന്നെ അയച്ച പിതാവും
എന്നെക്കുറിച്ചു സാക്ഷ്യം പറയുന്നു.

*50.[j] യോഹ.3:1;19:39*
*51.[k] ആവ.1:16; സദൃ.18:13*
*[l] ആവ.17:6;19:15; (അപ്പൊ.പ്ര.23:3)*
*52.[m] യോഹ.7:41*
*[n] (2രാജാ.14:25; യോശു.19:13)*

**അധ്യായം 8**

*2.[a] (ലൂക്കൊ.21:38)*
*[b] മത്താ.5:1; ലൂക്കൊ.4:20*
*5.[c] ആവ.22:24; യെഹെ.16:38,40*
*[d] ലേവ്യാ.20:10; ആവ.22:22*
*6.[e] ലൂക്കൊ.11:54*
*[f] മത്താ.16:1;19:3; 22:18,35; മർക്കൊ.8:11; 10:2;12:15; ലൂക്കൊ.10:25;11:16*
*7.[g] റോമ.2:1,22*
*[h] ആവ.17:7*
*11.[i] യോഹ.8:15; (യോഹ.3:17; ലൂക്കൊ.12:14)*
*[j] യോഹ.5:14*
*12.[k] യോഹ.7:37,38*
*[l] (സങ്കീ.36:9; യെശ.42:6;49:6; മലാ.4:2); യോഹ.1:4,9*
*[m] യോഹ.12:26;21:19*
*[n] യോഹ.12:35*
*13.[o] യോഹ.5:31*
*14.[p] (വെളി.3:14)*
*[q] യോഹ.13:3;16:28*
*[r] യോഹ.8:21;7:33*
*[s] (യോഹ.7:28;9:29)*
*15.[t] യോഹ.7:24; 1ശമൂ.16:7; (ഇയ്യോ.10:4)*
*[u] യോഹ.12:47; (യോഹ.8:11)*
*16.[v] യോഹ.8:29; 16:32*
*[w] യോഹ.5:30*
*17.[x] സംഖ്യാ.35:30*
*18.[y] യോഹ.5:37*

**19** അവർ അവനോട്: നിന്റെ പി
താവ് എവിടെ എന്നു ചോദിച്ചതിനു
യേശു: നിങ്ങൾ എന്നെ ആകട്ടെ
എന്റെ പിതാവിനെ ആകട്ടെ അറി
യുന്നില്ല;[z] എന്നെ അറിഞ്ഞു എ
ങ്കിൽ എന്റെ പിതാവിനെയും അറി
യുമായിരുന്നു[a] എന്ന് ഉത്തരം പറ
ഞ്ഞു. **20** അവൻ ദൈവാലയത്തി
ൽ ഉപദേശിക്കുമ്പോൾ ഭണ്ഡാര
സ്ഥലത്തു[b] വച്ച് ഈ വചനം പറ
ഞ്ഞു; അവന്റെ നാഴിക അതുവ
രെയും വന്നിട്ടില്ലായ്ക[c] കൊണ്ട് ആ
രും അവനെ പിടിച്ചില്ല.[d]

**21** അവൻ പിന്നെയും അവരോട്:
ഞാൻ പോകുന്നു;[e] നിങ്ങൾ എന്നെ
അന്വേഷിക്കും;[f] നിങ്ങളുടെ പാപ
ത്തിൽ നിങ്ങൾ മരിക്കും;[g] ഞാൻ
പോകുന്ന ഇടത്തേക്കു നിങ്ങൾക്കു
വരുവാൻ കഴികയില്ല എന്നു പറ
ഞ്ഞു. **22** ഞാൻ പോകുന്ന ഇട
ത്തേക്കു നിങ്ങൾക്കു വരുവാൻ കഴി
കയില്ല എന്ന് അവൻ പറഞ്ഞതു
കൊണ്ട് പക്ഷേ തന്നെത്താൻ
കൊല്ലുമോ[h] എന്ന് യെഹൂദന്മാർ
പറഞ്ഞു. **23** അവൻ അവരോട്:
നിങ്ങൾ കീഴിൽനിന്നുള്ളവർ,[i] ഞാൻ
മേലിൽനിന്നുള്ളവൻ, നിങ്ങൾ ഈ
ലോകത്തിൽനിന്നുള്ളവർ;[j] ഞാൻ
ഈ ലോകത്തിൽനിന്നുള്ളവനല്ല.[k]
**24** ആകയാൽ നിങ്ങളുടെ പാപ
ങ്ങളിൽ നിങ്ങൾ മരിക്കും[l] എന്നു
ഞാൻ നിങ്ങളോടു പറഞ്ഞു; ഞാൻ
അങ്ങനെയുള്ളവൻ[m] എന്ന് വിശ്വ
സിക്കാഞ്ഞാൽ,[n] നിങ്ങൾ നിങ്ങ
ളുടെ പാപങ്ങളിൽ മരിക്കും എന്നു
പറഞ്ഞു. **25** അവർ അവനോട്:
നീ ആർ ആകുന്നു[o] എന്ന് ചോദി
ച്ചതിനു യേശു: ആദിമുതൽ ഞാൻ
നിങ്ങളോടു സംസാരിച്ചുപോരുന്ന
തു തന്നെ.[p] **26** നിങ്ങളെക്കുറിച്ചു
വളരെ സംസാരിപ്പാനും വിധിപ്പാ
നും എനിക്ക് ഉണ്ട്; എങ്കിലും എന്നെ
അയച്ചവൻ സത്യവാൻ ആകുന്നു;[q]
അവനോടു കേട്ടതു തന്നെ[r] ഞാൻ
ലോകത്തോടു[s] സംസാരിക്കുന്നു
എന്നു പറഞ്ഞു. **27** പിതാവിനെ
ക്കുറിച്ച് ആകുന്നു അവൻ തങ്ങ
ളോടു പറഞ്ഞത്[t] എന്ന് അവർ ഗ്രഹി
ച്ചില്ല. **28** ആകയാൽ യേശു: നി
ങ്ങൾ മനുഷ്യപുത്രനെ ഉയർത്തിയ[u]
ശേഷം ഞാൻ തന്നെ[v] അവൻ എ
ന്നും ഞാൻ സ്വയമായിട്ട് ഒന്നും
ചെയ്യാതെ[w] പിതാവ് എനിക്ക് ഉപ
ദേശിച്ചുതന്നതുപോലെ[x] ഇത്
സംസാരിക്കുന്നു എന്നും അറിയും.[y]
**29** എന്നെ അയച്ചവൻ എന്നോടു
കൂടെ ഉണ്ട്;[z] ഞാൻ എല്ലായ്പോഴും
അവനു പ്രസാദമുള്ളതു ചെയ്യുന്ന
തുകൊണ്ട്[a] അവൻ എന്നെ ഏക
നായി വിട്ടിട്ടില്ല[z] എന്നു പറഞ്ഞു.
**30** അവൻ ഇങ്ങനെ സംസാരിച്ചു
കൊണ്ടിരിക്കുമ്പോൾ പലരും അവ
നിൽ വിശ്വസിച്ചു.[b]

**31** തന്നിൽ വിശ്വസിച്ച യെഹൂ
ദന്മാരോട് യേശു: എന്റെ വചന
ത്തിൽ നിലനില്ക്കുന്നു എങ്കിൽ[c]
നിങ്ങൾ വാസ്തവമായി എന്റെ
ശിഷ്യന്മാരായി, **32** സത്യം അറി
കയും[d] സത്യം നിങ്ങളെ സ്വതന്ത്ര
ന്മാരാക്കുകയും[e] ചെയ്യും എന്നു
പറഞ്ഞു. **33** അവർ അവനോട്: ഞ
ങ്ങൾ അബ്രാഹാമിന്റെ സന്തതി;
ആർക്കും ഒരുനാളും ദാസന്മാരായി
രുന്നിട്ടില്ല;[f] നിങ്ങൾ സ്വതന്ത്രന്മാർ
ആകും എന്നു നീ പറയുന്നത്
എങ്ങനെ എന്ന് ഉത്തരം പറഞ്ഞു.
**34** അതിനു യേശു: ആമേൻ, ആ
മേൻ, ഞാൻ നിങ്ങളോടു പറയുന്നു:
പാപം ചെയ്യുന്നവൻ എല്ലാം പാപ
ത്തിന്റെ ദാസൻ ആകുന്നു.[g] **35** ദാ
സൻ എന്നേക്കും വീട്ടിൽ വസിക്കു
ന്നില്ല;[h] പുത്രനോ എന്നേക്കും വസി
ക്കുന്നു.[i] **36** പുത്രൻ നിങ്ങൾക്കു
സ്വാതന്ത്ര്യം വരുത്തിയാൽ[j] നിങ്ങൾ
സാക്ഷാൽ സ്വതന്ത്രർ ആകും.
**37** നിങ്ങൾ അബ്രാഹാമിന്റെ സ
ന്തതി എന്നു ഞാൻ അറിയുന്നു;
എങ്കിലും എന്റെ വചനത്തിനു
നിങ്ങളിൽ ഇടം ഇല്ലായ്കകൊണ്ടു

*19.[z] യോഹ.8:55;16:3*
*[a] യോഹ.14:7*
*20.[b] മത്താ.27:6*
*[c] യോഹ.7:8*
*[d] യോഹ.7:30*
*21.[e] യോഹ.14:28; (യോഹ.14:2,3;16:7)*
*[f] യോഹ.7:34*
*[g] യോഹ.8:24; യെഹെ.3:18;33:8*
*22.[h] (യോഹ.7:35)*
*23.[i] (യോഹ.8:44; 3:31)*
*[j] 1യോഹ.4:5*
*[k] യോഹ.17:14,16*
*24.[l] യോഹ.8:21*
*[m] യോഹ.8:28;13:19; മർക്കൊ.13:6; ലൂക്കൊ.21:8; (യോഹ.8:58)*
*[n] യോഹ.16:9*
*25.[o] (യോഹ.1:19)*
*[p] (മത്താ.17:17)*
*26.[q] യോഹ.3:33; 7:28; റോമ.3:4*
*[r] യോഹ.8:38;15;15; (യോഹ.3:31; വെളി.1:1)*
*[s] (യോഹ.18:20)*
*27.[t] യോഹ.8:18,26*
*28.[u] യോഹ.3:14; 12:32,34*
*[v] യോഹ.8:24*
*[w] യോഹ.5:30*
*[x] യോഹ.7:16*
*[y] (യോഹ.16:8-11)*
*29.[z] യോഹ.8:16;16:32; അപ്പൊ.പ്ര.10:38; യോഹ.10:38*
*[a] യോഹ.4:34; 5:30; 6:38; (1യോഹ.3:22)*
*30.[b] യോഹ.7:31*
*31.[c] യോഹ.15:7,8; 2 യോഹ.9*
*32.[d] 2യോഹ.1*
*[e] യോഹ.8:36; റോമ.6:18,22;8:2; 1കൊരി.7:22; 2കൊരി.3:17; ഗലാ.5:1,13; യാക്കോ.1:25;2:12; 1പത്രൊ.2:16*
*33.[f] യോഹ.8:37,39; മത്താ.3:9; (ലൂക്കൊ.19:9; റോമ.9:7) 34.[g] റോമ.6:16-20; തീത്തൊ.3:3; 2പത്രൊ.2:19 35.[h] ഉൽപ.21:10; ഗലാ.4:30 [i] ലൂക്കൊ.15:31 36.[j] ഗലാ.5:1; (എബ്രാ.3:6)*

നിങ്ങൾ എന്നെ കൊല്ലുവാൻ
നോക്കുന്നു.[k] **38** പിതാവിന്റെ അടു
ക്കൽ കണ്ടിട്ടുള്ളത് ഞാൻ സംസാ
രിക്കുന്നു;[l] നിങ്ങളുടെ പിതാവി
നോടു[m] കേട്ടിട്ടുള്ളതു നിങ്ങൾ
ചെയ്യുന്നു എന്ന് ഉത്തരം പറഞ്ഞു.
**39** അവർ അവനോട്: അബ്രാഹാം
ആകുന്നു ഞങ്ങളുടെ പിതാവ്[n]
എന്ന് ഉത്തരം പറഞ്ഞതിനു യേശു
അവരോട്: നിങ്ങൾ അബ്രാഹാമി
ന്റെ മക്കൾ എങ്കിൽ അബ്രാഹാമി
ന്റെ പ്രവൃത്തികളെ ചെയ്യുമായി
രുന്നു.[o] **40** എന്നാൽ ദൈവത്തോടു
കേട്ടിട്ടുള്ള[p] സത്യം നിങ്ങളോടു
സംസാരിച്ചിരിക്കുന്ന മനുഷ്യനായ
എന്നെ നിങ്ങൾ കൊല്ലുവാൻ നോ
ക്കുന്നു;[q] അങ്ങനെ അബ്രാഹാം
ചെയ്തില്ലല്ലോ. **41** നിങ്ങളുടെ പി
താവിന്റെ പ്രവൃത്തികളെ നിങ്ങൾ
ചെയ്യുന്നു എന്നു പറഞ്ഞു. അവർ അ
വനോട്: ഞങ്ങൾ പരസംഗത്താൽ
ജനിച്ചവരല്ല;[r] ഞങ്ങൾക്ക് ഒരു പി
താവേയുള്ളൂ;[s] ദൈവംതന്നെ എ
ന്നു പറഞ്ഞു. **42** യേശു അവരോട്
പറഞ്ഞത്: ദൈവം നിങ്ങളുടെ പി
താവ് എങ്കിൽ നിങ്ങൾ എന്നെ
സ്നേഹിക്കുമായിരുന്നു;[t] ഞാൻ
ദൈവത്തിന്റെ അടുക്കൽനിന്നു[u]
വന്നിരിക്കുന്നു;[v] ഞാൻ സ്വയമായി
വന്നതല്ല,[w] അവൻ എന്നെ അയച്ച
താകുന്നു.[x] **43** എന്റെ ഭാഷണം
നിങ്ങൾ ഗ്രഹിക്കാത്തത് എന്ത്?[y]
എന്റെ വചനം കേൾപ്പാൻ നിങ്ങൾ
ക്കു മനസ്സില്ലായ്ക[z]കൊണ്ടത്രേ.
**44** നിങ്ങൾ പിശാചെന്ന പിതാവിന്റെ
മക്കൾ;[a] നിങ്ങളുടെ പിതാവിന്റെ
മോഹങ്ങളെ ചെയ്‌വാനും ഇച്ഛി
ക്കുന്നു. അവൻ ആദിമുതൽ കൊല
പാതകൻ ആയിരുന്നു;[b] അവനിൽ
സത്യം ഇല്ലായ്കകൊണ്ട് സത്യ
ത്തിൽ നില്ക്കുന്നതുമില്ല.[c] അവൻ
ഭോഷ്ക് പറയുമ്പോൾ സ്വന്തത്തിൽ
നിന്ന് എടുത്തു പറയുന്നു.[d] അവൻ
ഭോഷ്ക് പറയുന്നവനും, അതിന്റെ
അപ്പനും ആകുന്നു. **45** ഞാനോ
സത്യം പറയുന്നതുകൊണ്ടു നിങ്ങൾ
എന്നെ വിശ്വസിക്കുന്നില്ല. **46** നിങ്ങ
ളിൽ ആർ എന്നെ പാപത്തെക്കുറിച്ചു
ബോധം വരുത്തുന്നു? ഞാൻ സത്യം
പറയുന്നു എങ്കിൽ നിങ്ങൾ എന്നെ
വിശ്വസിക്കാത്തത് എന്ത്? **47** ദൈവ
സന്തതിയായവൻ ദൈവവചനം
കേൾക്കുന്നു;[e] നിങ്ങൾ ദൈവസ
ന്തതിയല്ലായ്കകൊണ്ടു[f] കേൾക്കു
ന്നില്ല.[g] **48** യെഹൂദന്മാർ അവനോ
ട്: നീ ഒരു ശമര്യൻ; നിനക്കു ഭൂതം
ഉണ്ട്[h] എന്നു ഞങ്ങൾ പറയുന്നത്
ശരിയല്ലയോ എന്നു പറഞ്ഞു.
**49** അതിനു യേശു: എനിക്കു ഭൂത
മില്ല; ഞാൻ എന്റെ പിതാവിനെ
ബഹുമാനിക്ക അത്രേ ചെയ്യുന്നത്;[i]
നിങ്ങളോ എന്നെ അപമാനിക്കുന്നു.
**50** ഞാൻ എന്റെ മഹത്ത്വം അന്വേ
ഷിക്കുന്നില്ല;[j] അന്വേഷിക്കയും
വിധിക്കയും ചെയ്യുന്നവൻ ഒരുവൻ
ഉണ്ട്. **51** ആമേൻ, ആമേൻ, ഞാൻ
നിങ്ങളോടു പറയുന്നു: എന്റെ വ
ചനം പ്രമാണിക്കുന്നവൻ[k] ഒരു
നാളും മരണം കാൺക[l]യില്ല എന്ന്
ഉത്തരം പറഞ്ഞു. **52** യെഹൂദന്മാർ
അവനോട്: നിനക്ക് ഭൂതം ഉണ്ട്
എന്ന് ഇപ്പോൾ ഞങ്ങൾക്കു മന
സ്സിലായി; അബ്രാഹാമും പ്രവാച
കന്മാരും മരിച്ചു;[m] നീയോ എന്റെ
വചനം പ്രമാണിക്കുന്നവൻ[n] ഒരു
നാളും മരണം ആസ്വദിക്കയില്ല[o]
എന്നു പറയുന്നു.[o] **53** ഞങ്ങളുടെ
പിതാവായ അബ്രാഹാമിനെക്കാൾ
നീ വലിയവനോ?[p] അവൻ മരിച്ചു,
പ്രവാചകന്മാരും മരിച്ചു; നിന്നെ
ത്തന്നെ നീ ആർ ആക്കുന്നു എന്നു
ചോദിച്ചതിന് യേശു: **54** ഞാൻ
എന്നെത്തന്നെ മഹത്ത്വപ്പെടുത്തി
യാൽ എന്റെ മഹത്ത്വം ഏതുമില്ല;[q]
എന്നെ മഹത്ത്വപ്പെടുത്തുന്നത്
എന്റെ പിതാവ് ആകുന്നു;[r] അവനെ
നിങ്ങളുടെ ദൈവം എന്നു നിങ്ങൾ
പറയുന്നു.[s] **55** എങ്കിലും നിങ്ങൾ
അവനെ അറിയുന്നില്ല;[t] ഞാനോ
അവനെ അറിയുന്നു;[u] അവനെ
അറിയുന്നില്ല എന്നു ഞാൻ പറ
ഞ്ഞാൽ നിങ്ങളെപ്പോലെ[v] ഭോഷ്ക്

37. [k] *യോഹ.8:40;7:1*
38. [l] *യോഹ.3:31,32; 5:19;6:46*
[m] *യോഹ.8:41,44*
39. [n] *യോഹ.8:33,56*
[o] *(ഗലാ.3:7,9)*
40. [p] *യോഹ.8:26*
[q] *യോഹ.8:37*
41. [r] *(ഹോശേ.2:4)*
[s] *ആവ.32:6; യെശ.63:16;64:8; (യോഹ.8:47)*
42. [t] *(1യോഹ.5:1)*
[u] *യോഹ.16:28;17:8*
[v] *1യോഹ.5:20; (എബ്രാ.10:9)*
[w] *യോഹ.7:28*
[x] *യോഹ.3:17*
43. [y] *യോഹ.7:17*
[z] *യിരെ.6:10; (1കൊരി.2:14)*
44. [a] *1യോഹ.3:8,10; (യോഹ.8:23); മത്താ.13:38*
[b] *ഉൽപ.4:8,9; 1യോഹ.3:12,15; (റോമ.5:12)*
[c] *(1യോഹ.2:4)*
[d] *ഉൽപ.3:4; 2കൊരി.11:3; വെളി.12:9*
47. [e] *(യോഹ.18:37; 1യോഹ.4:6)*
[f] *(യോഹ.8:41)*
[g] *(യോഹ.10:26)*
48. [h] *യോഹ.7:20*
49. [i] *യോഹ.5:23; (യോഹ.7:18)*
50. [j] *യോഹ.8:54; 5:41*
51. [k] *യോഹ.5:24; 11:26*
[l] *ലൂക്കൊ.2:26*
52. [m] *(സെഖ.1:5)*
[n] *യോഹ.8:51*
[o] *മത്താ.16:28; എബ്രാ.2:9*
53. [p] *(യോഹ.4:12)*
54. [q] *യോഹ.8:50*
[r] *യോഹ.13:32;17:1; അപ്പൊ.പ്ര.3:13; എബ്രാ.5:5; 2പത്രൊ.1:17* [s] *യോഹ.8:41*
55. [t] *യോഹ.8:19;7:28* [u] *യോഹ.7:29; മത്താ.11:27* [v] *യോഹ.8:44*

പറയുന്നവൻ[w] ആകും; എന്നാൽ
ഞാൻ അവനെ അറിയുന്നു; അവ
ന്റെ വചനം പ്രമാണിക്കയും ചെ
യ്യുന്നു. 56 നിങ്ങളുടെ പിതാവായ
അബ്രാഹാം[x] എന്റെ ദിവസം കാ
ണും എന്നുള്ളതുകൊണ്ട്[y] ഉല്ല
സിച്ചു;[z] അവൻ കണ്ടു സന്തോഷി
ച്ചുമിരിക്കുന്നു[a] എന്ന് ഉത്തരം പറ
ഞ്ഞു. 57 യെഹൂദന്മാർ അവനോട്:
നിനക്ക് അമ്പതു വയസ്സ് ആയിട്ടില്ല;
നീ അബ്രാഹാമിനെ കണ്ടിട്ടുണ്ടോ
എന്നു ചോദിച്ചു. 58 യേശു അവ
രോട്: ആമേൻ, ആമേൻ, ഞാൻ
നിങ്ങളോടു പറയുന്നു: അബ്രാഹാം
ജനിച്ചതിനു മുമ്പേ ഞാൻ ഉണ്ട്[b]
എന്നു പറഞ്ഞു. 59 അപ്പോൾ അ
വർ അവനെ എറിവാൻ കല്ല് എ
ടുത്തു,[c] യേശുവോ മറഞ്ഞ്[d] ദൈവാ
ലയം വിട്ടുപോയി.

❋ ❋ ❋

*1. പിറവിക്കുരുടനു കാഴ്ച നൽകിയത് 13. അവൻ പരീശന്മാരുടെ അടുക്കലേക്ക് കൊണ്ടുപോകപ്പെട്ടത് 34. അവർ അവനെ ഭ്രഷ്ടനാക്കിക്കളഞ്ഞത് 35. യേശു അവനെ കൈക്കൊള്ളുകയും അവൻ യേശുവിനെ അനുസരിക്കുകയും ചെയ്തത്.*

**9** അവൻ കടന്നുപോകുമ്പോൾ
പിറവിയിലെ കുരുടനായൊരു
മനുഷ്യനെ കണ്ടു. 2 അവന്റെ ശി
ഷ്യന്മാർ അവനോട്: റബ്ബീ,[a] ഇവൻ
കുരുടനായി പിറക്കത്തക്കവണ്ണം
ആർ പാപം ചെയ്തു?[b] ഇവനോ,[c]
ഇവന്റെ അമ്മയപ്പന്മാരോ[d] എന്നു
ചോദിച്ചു. 3 അതിന് യേശു: അവൻ
എങ്കിലും അവന്റെ അമ്മയപ്പന്മാരെ
ങ്കിലും പാപം ചെയ്തിട്ടല്ല, ദൈവ
പ്രവൃത്തി അവങ്കൽ വെളിവാകേ
ണ്ടതിനത്രേ.[e] 4 എന്നെ അയച്ചവന്റെ
പ്രവൃത്തി[f] പകൽ ഉള്ളേടത്തോളം[g]
നാം ചെയ്യേണ്ടതാകുന്നു;[f] ആർക്കും
പ്രവർത്തിച്ചുകൂടാത്ത രാത്രി വരു
ന്നു. 5 ഞാൻ ലോകത്തിൽ ഇരിക്കു
മ്പോൾ ലോകത്തിന്റെ വെളിച്ചം
ആകുന്നു[h] എന്ന് ഉത്തരം പറഞ്ഞു.
6 ഇങ്ങനെ പറഞ്ഞിട്ട് അവൻ
നിലത്തു തുപ്പി[i] തുപ്പൽകൊണ്ടു
ചേറുണ്ടാക്കി, ചേറ് അവന്റെ കണ്ണി
ന്മേൽ പൂശി[j] 7 നീ ചെന്നു ശിലോ
ഹാംകുളത്തിൽ[k] കഴുകുക എന്ന്
അവനോടു പറഞ്ഞു; ശിലോഹാം
എന്നതിന് അയയ്ക്കപ്പെട്ടവൻ എ
ന്നർഥം. അവൻ പോയി കഴുകി;
കണ്ണു കാണുന്നവനായി മടങ്ങി
വന്നു.[l] 8 അയൽക്കാരും അവനെ
മുമ്പേ ഇരക്കുന്നവനായി കണ്ടവ
രും: ഇവനല്ലയോ[m] അവിടെ ഇരുന്നു
ഭിക്ഷ യാചിച്ചവൻ എന്ന് പറഞ്ഞു.
9 അവൻതന്നെ എന്നു ചിലരും
അല്ല, അവനെപ്പോലെയുള്ളവൻ
എന്ന് മറ്റു ചിലരും പറഞ്ഞു; ഞാൻ
തന്നെ എന്ന് അവൻ പറഞ്ഞു.
10 അവർ അവനോട്: നിന്റെ
കണ്ണു തുറന്നത് എങ്ങനെ എന്നു
ചോദിച്ചതിന് അവൻ: 11 യേശു
എന്നുപേരുള്ള മനുഷ്യൻ ചേറു
ണ്ടാക്കി എന്റെ കണ്ണിന്മേൽ പൂശി:
ശിലോഹാംകുളത്തിൽ ചെന്നു
കഴുകുക എന്ന് എന്നോടു പറ
ഞ്ഞു;[n] ഞാൻ പോയി കഴുകി,
കാഴ്ച പ്രാപിച്ചു എന്ന് ഉത്തരം
പറഞ്ഞു. 12 അവൻ എവിടെ എന്ന്
അവർ അവനോട് ചോദിച്ചതിന്:
ഞാൻ അറിയുന്നില്ല എന്ന് അവൻ
പറഞ്ഞു.

13 കുരുടനായിരുന്നവനെ അവർ
പരീശന്മാരുടെ അടുക്കൽ കൊണ്ടു
പോയി. 14 യേശു ചേറുണ്ടാക്കി
അവന്റെ കണ്ണു തുറന്നത് ശബ്ബത്തു
നാളിൽ ആയിരുന്നു.[o] 15 അവൻ
കാഴ്ച പ്രാപിച്ചത് എങ്ങനെ എന്ന്
പരീശന്മാരും അവനോടു ചോദിച്ചു.[p]
അവൻ അവരോട്: അവൻ എന്റെ
കണ്ണിന്മേൽ ചേറു തേച്ചു ഞാൻ
കഴുകി; കാഴ്ച പ്രാപിച്ചിരിക്കുന്നു
എന്നു പറഞ്ഞു. 16 പരീശന്മാരിൽ
ചിലർ: ഈ മനുഷ്യൻ ശബ്ബത്ത്
പ്രമാണിക്കായ്കകൊണ്ടു[q] ദൈവ
ത്തിന്റെ അടുക്കൽനിന്നു[r] വന്നവ
നല്ല എന്നു പറഞ്ഞു. മറ്റു ചിലർ:
പാപിയായൊരു മനുഷ്യന് ഇങ്ങ
നെയുള്ള അടയാളങ്ങൾ ചെ
യ്‌വാൻ എങ്ങനെ കഴിയും[s] എന്നു
പറഞ്ഞു; അങ്ങനെ അവരുടെ

55.[w] 1യോഹ.1:6
56.[x] യോഹ.8:39
[y] ലൂക്കൊ.17:22
[z] മത്താ.13:17
[a] (എബ്രാ.11:13)
58.[b] (യോഹ.8:18; 17:5,24; കൊലൊ.1:17; എബ്രാ.13:8; വെളി.1:8); പുറ.3:14
59.[c] യോഹ.10:31
[d] യോഹ.12:36

**അധ്യായം 9**

2.[a] യോഹ.1:38
[b] (ലൂക്കൊ.13:2,4)
[c] (യോഹ.9:34)
[d] പുറ.20:5
3.[e] (യോഹ.11:4)
4.[f] യോഹ.4:34
[g] യോഹ.11:9;12:35; (റോമ.13:12; ഗലാ.6:10)
5.[h] യോഹ.1:4,5,9; 8:12
6.[i] മർക്കൊ.7:33; 8:23
[j] മത്താ.9:29
7.[k] നെഹെ.3:15; യെശ.8:6; ലൂക്കൊ.13:4
[l] യോഹ.11:37
8.[m] (അപ്പൊ.പ്ര. 3:2,10)
11.[n] യോഹ.9:6,7
14.[o] യോഹ.5:10
15.[p] യോഹ.9:10
16.[q] മത്താ.12:2
[r] യോഹ.7:29
[s] യോഹ.9:33

ഇടയിൽ ഒരു ഭിന്നത ഉണ്ടായി.[t]
17 അവർ പിന്നെയും കുരുടനോട്:
നിന്റെ കണ്ണു തുറന്നതുകൊണ്ടു
നീ അവനെക്കുറിച്ച് എന്തു പറയു
ന്നു എന്നു ചോദിച്ചതിന്: അവൻ
ഒരു പ്രവാചകൻ[u] എന്ന് അവൻ
പറഞ്ഞു. 18 കാഴ്ച പ്രാപിച്ചവന്റെ
അമ്മയപ്പന്മാരെ വിളിച്ചു ചോദിക്കു
വോളം അവൻ കുരുടനായിരുന്നു
എന്നും കാഴ്ച പ്രാപിച്ചു എന്നും
യെഹൂദന്മാർ വിശ്വസിച്ചില്ല[v] 19 കുരു
ടനായി ജനിച്ചു എന്ന് നിങ്ങൾ പറ
യുന്ന നിങ്ങളുടെ മകൻ ഇവൻ
തന്നെയോ? എന്നാൽ അവന് ഇ
പ്പോൾ കണ്ണു കാണുന്നത് എങ്ങനെ
എന്ന് അവർ അവരോടു ചോദിച്ചു.
20 അവന്റെ അമ്മയപ്പന്മാർ: ഇവൻ
ഞങ്ങളുടെ മകൻ എന്നും, കുരുട
നായി ജനിച്ചവൻ എന്നും ഞങ്ങൾ
അറിയുന്നു. 21 എന്നാൽ കണ്ണു കാ
ണുന്നത് എങ്ങനെ എന്ന് അറിയു
ന്നില്ല; അവന്റെ കണ്ണ് ആർ തുറന്നു
എന്നും അറിയുന്നില്ല; അവനോട്
ചോദിപ്പിൻ; അവന് പ്രായം ഉണ്ടല്ലോ;
അവൻതന്നെ പറയും എന്ന് ഉത്ത
രം പറഞ്ഞു. 22 യെഹൂദന്മാരെ ഭയ
പ്പെടുകകൊണ്ടത്രേ[w] അവന്റെ അമ്മ
യപ്പന്മാർ ഇങ്ങനെ പറഞ്ഞത്; അ
വനെ ക്രിസ്തു എന്ന് ഏറ്റുപറയു
ന്നവൻ[x] പള്ളിഭ്രഷ്ടനാകേണം[y]
എന്ന് യെഹൂദന്മാർ തമ്മിൽ പറ
ഞ്ഞൊത്തിരുന്നു.[z] 23 അതുകൊ
ണ്ടത്രേ അവന്റെ അമ്മയപ്പന്മാർ:
അവന് പ്രായം ഉണ്ടല്ലോ; അവനോ
ടു ചോദിപ്പിൻ[a] എന്നു പറഞ്ഞത്.
24 കുരുടനായിരുന്ന മനുഷ്യനെ
അവർ രണ്ടാമതും വിളിച്ചു: ദൈവ
ത്തിനു മഹത്ത്വം കൊടുക്ക;[b] ആ
മനുഷ്യൻ പാപി[c] എന്ന് ഞങ്ങൾ
അറിയുന്നു എന്നു പറഞ്ഞു. 25 അ
തിന് അവൻ: അവൻ പാപിയോ
അല്ലയോ എന്നു ഞാൻ അറിയു
ന്നില്ല; ഒന്ന് അറിയുന്നു; ഞാൻ
കുരുടനായിരുന്നു; ഇപ്പോൾ കണ്ണു
കാണുന്നു[d] എന്ന് ഉത്തരം പറഞ്ഞു.
26 അവർ അവനോട്: അവൻ നിന
ക്ക് എന്തു ചെയ്തു? നിന്റെ കണ്ണ്
എങ്ങനെ തുറന്നു എന്നു ചോദിച്ചു.
27 അതിന് അവൻ: ഞാൻ നിങ്ങ
ളോടു പറഞ്ഞുവല്ലോ;[e] നിങ്ങൾ
ശ്രദ്ധിച്ചില്ല; വീണ്ടും കേൾപ്പാൻ
ഇച്ഛിക്കുന്നത് എന്ത്? നിങ്ങൾക്കും
അവന്റെ ശിഷ്യന്മാർ ആകുവാൻ
മനസ്സുണ്ടോ എന്ന് ഉത്തരം പറ
ഞ്ഞു. 28 അപ്പോൾ അവർ അവനെ
ശകാരിച്ചു; നീ അവന്റെ ശിഷ്യൻ;
ഞങ്ങൾ മോശെയുടെ ശിഷ്യന്മാർ.[f]
29 മോശെയോടു ദൈവം സംസാ
രിച്ചു എന്ന് ഞങ്ങൾ അറിയുന്നു;
ഇവനോ എവിടെനിന്ന് എന്ന് അറി
യുന്നില്ല[g] എന്നു പറഞ്ഞു. 30 ആ
മനുഷ്യൻ അവരോട്: എന്റെ കണ്ണു
തുറന്നിട്ടും അവൻ എവിടെനിന്ന്
എന്ന് നിങ്ങൾ അറിയാത്തത്[h] ആ
ശ്ചര്യം.[i] 31 പാപികളുടെ പ്രാർഥന
ദൈവം കേൾക്കുന്നില്ല[j] എന്നും
ദൈവഭക്തനായിരുന്ന് അവന്റെ
ഇഷ്ടം ചെയ്യുന്നവന്റെ പ്രാർഥന
കേൾക്കുന്നു[k] എന്നും നാം അറി
യുന്നു. 32 കുരുടനായി പിറന്നവ
ന്റെ കണ്ണ് ആരെങ്കിലും തുറന്നപ്ര
കാരം ലോകം ഉണ്ടായതുമുതൽ
കേട്ടിട്ടില്ല. 33 ദൈവത്തിന്റെ അടു
ക്കൽനിന്നു വന്നവൻ അല്ലെങ്കിൽ
അവന് ഒന്നും ചെയ്‌വാൻ കഴിക
യില്ല[l] എന്ന് ഉത്തരം പറഞ്ഞു.
34 അവർ അവനോട്: നീ മുഴു
വനും പാപത്തിൽ പിറന്നവൻ;[m]
നീ ഞങ്ങളെ ഉപദേശിക്കുന്നുവോ
എന്നു പറഞ്ഞ് അവനെ പുറത്താ
ക്കിക്കളഞ്ഞു.[n]

35 അവനെ പുറത്താക്കി എന്ന്
യേശു കേട്ടു; അവനെ കണ്ടപ്പോൾ:
നീ ദൈവപുത്രനിൽ വിശ്വസിക്കു
ന്നുവോ[o] എന്നു ചോദിച്ചു. 36 അ
തിന് അവൻ: യജമാനനേ,[p] അവൻ

16.[t] യോഹ.7:43;10:19
17.[u] യോഹ.4:19; 6:14
18.[v] യോഹ.9:22; (യോഹ.9:13)
22.[w] യോഹ.7:13
[x] (റോമ.10:9)
[y] യോഹ.12:42; 16:2
[z] (യോഹ.7:45 - 52)
23.[a] യോഹ.9:21
24.[b] യോശു.7:19; യിരെ.13:16; (1ശമൂ.6:5; യെശ.42:12; ലൂക്കൊ.17:18; അപ്പൊ.പ്ര.12:23)
[c] യോഹ.9:16
25.[d] യോഹ.9:18,24
27.[e] യോഹ.9:15
28.[f] (യോഹ.5:45)
29.[g] യോഹ.8:14
30.[h] (യോഹ.3:10)
[i] (യോഹ.12:37; മർക്കൊ.6:6)
31.[j] ഇയ്യോ.27:9; സങ്കീ.66:18; സദൃ.28:9; യെശ.1:15
[k] സങ്കീ.34:15,16; 145:19; സദൃ.15:29; (യാക്കോ.5:16)
33.[l] യോഹ.9:16; (യോഹ.3:2;10:18)
34.[m] (യോഹ.9:2)
[n] (യോഹ.9:22)
35.[o] യോഹ.10:36; (മത്താ.14:33)
36.[p] (റോമ.10:14)

9:17 ***അവൻ ഒരു പ്രവാചകൻ:*** ഏലീയാ, എലീശാ പ്രവാചകന്മാർ അദ്ഭുതങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. യേശു ചെയ്ത അദ്ഭുതങ്ങൾ കാണുകയും അവയെക്കുറിച്ചു കേൾക്കുകയും ചെയ്തവർ ആ പ്രവാചകന്മാരെക്കുറിച്ചു രേഖപ്പെടുത്തിയിട്ടുള്ളത് ഓർത്തുകാണും.

ആർ ആകുന്നു? ഞാൻ അവനിൽ വിശ്വസിക്കാം എന്ന് ഉത്തരം പറഞ്ഞു. **37** യേശു അവനോട്: നീ അവനെ കണ്ടിട്ടുണ്ട്; നിന്നോടു സംസാരിക്കുന്നവൻ അവൻതന്നെ[q] എന്നു പറഞ്ഞു. **38** ഉടനെ അവൻ: കർത്താവേ, ഞാൻ വിശ്വസിക്കുന്നു എന്നു പറഞ്ഞ് അവനെ നമസ്കരിച്ചു. **39** കാണാത്തവർ കാൺമാനും[r] കാണുന്നവർ കുരുടർ ആകുവാനും[s] ഇങ്ങനെ ന്യായവിധിക്കായി ഞാൻ ഇഹലോകത്തിൽ വന്നു[t] എന്നു യേശു പറഞ്ഞു. **40** അവനോടു കൂടെയുള്ള ചില പരീശന്മാർ ഇതു കേട്ടിട്ട് ഞങ്ങളും കുരുടരോ[u] എന്നു ചോദിച്ചു. **41** യേശു അവരോട്: നിങ്ങൾ കുരുടർ ആയിരുന്നു എങ്കിൽ നിങ്ങൾക്കു പാപം ഇല്ലായിരുന്നു;[v] എന്നാൽ: ഞങ്ങൾ കാണുന്നു എന്ന് നിങ്ങൾ പറയുന്നതുകൊണ്ട് നിങ്ങളുടെ പാപം നില്ക്കുന്നു എന്നു പറഞ്ഞു.

❋ ❋ ❋

*1. യേശു നല്ല ഇടയനും 7. ആടുകൾക്ക് വാതിലും എന്നുള്ളത് 19. തന്നെക്കുറിച്ചുള്ള പല അഭിപ്രായങ്ങൾ 22. പ്രതിഷ്ഠപ്പെരുന്നാളിൽ താൻ ക്രിസ്തു ആകുന്നു എന്ന് തന്റെ പ്രവൃത്തികളാൽ തെളിയിച്ചത്.*

**10** ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: ആട്ടിൻതൊഴുത്തിൽ വാതിലൂടെ കടക്കാതെ, വേറേ വഴിയായി കയറുന്നവൻ കള്ളനും കവർച്ചക്കാരനും ആകുന്നു. **2** വാതിലൂടെ കടക്കുന്നവനോ ആടുകളുടെ ഇടയൻ ആകുന്നു. **3** അവനു വാതിൽകാവൽക്കാരൻ തുറന്നുകൊടുക്കുന്നു; ആടുകൾ അവന്റെ ശബ്ദം കേൾക്കുന്നു; തന്റെ ആടുകളെ അവൻ പേർ ചൊല്ലി വിളിച്ചു പുറത്തു കൊണ്ടുപോകുന്നു. **4** തനിക്കുള്ളവയെയൊക്കെയും പുറത്തു കൊണ്ടുപോയശേഷം അവൻ അവയ്ക്ക് മുമ്പായി നടക്കുന്നു; ആടുകൾ അവന്റെ ശബ്ദം അറിഞ്ഞ് അവനെ അനുഗമിക്കുന്നു.

**5** അന്യന്മാരുടെ ശബ്ദം അറിയായ്കകൊണ്ട് അവ അന്യനെ അനുഗമിക്കാതെ[a] വിട്ട് ഓടിപ്പോകും. **6** ഈ സാദൃശ്യം[b] യേശു അവരോട്[c] പറഞ്ഞു; എന്നാൽ തങ്ങളോടു പറഞ്ഞത് ഇന്നത് എന്ന് അവർ ഗ്രഹിച്ചില്ല.[d]

**7** യേശു പിന്നെയും അവരോട് പറഞ്ഞത്: ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: ആടുകളുടെ വാതിൽ ഞാൻ ആകുന്നു.[e] **8** എനിക്കു മുമ്പേ വന്നവരൊക്കെയും കള്ളന്മാരും കവർച്ചക്കാരും അത്രേ; ആടുകളോ അവരുടെ വാക്കു കേട്ടില്ല. **9** ഞാൻ വാതിൽ ആകുന്നു; എന്നിലൂടെ കടക്കുന്നവൻ രക്ഷപെടും;[f] അവൻ അകത്തു വരികയും പുറത്തു പോകയും,[g] മേച്ചൽ കണ്ടെത്തുകയും[h] ചെയ്യും. **10** മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും[i] അല്ലാതെ കള്ളൻ വരുന്നില്ല; അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനും[j] അത്രേ ഞാൻ വന്നിരിക്കുന്നത്. **11** ഞാൻ നല്ല ഇടയൻ ആകുന്നു;[k] നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു.[l] **12** ഇടയനും ആടുകളുടെ ഉടമസ്ഥനുമല്ലാത്ത കൂലിക്കാരൻ[m] ചെന്നായ് വരുന്നതു കണ്ട് ആടുകളെ വിട്ട്[n] ഓടിക്കളയുന്നു; ചെന്നായ് അവയെ പിടിക്കയും ചിന്നിച്ചുകളകയും[o] ചെയ്യുന്നു. **13** അവൻ കൂലിക്കാരനും[p] ആടുകളെക്കുറിച്ചു വിചാരമില്ലാത്തവനു[q]മല്ലോ. **14** ഞാൻ നല്ല ഇടയൻ;[r] പിതാവ് എന്നെ അറികയും ഞാൻ പിതാവിനെ അറികയും[s] ചെയ്യുന്നതുപോലെ ഞാൻ എനിക്കുള്ളവയെ അറികയും[t] എനിക്കുള്ളവ എന്നെ അറികയും[u] ചെയ്യുന്നു. **15** ആടുകൾക്കുവേണ്ടി ഞാൻ എന്റെ ജീവനെ കൊടുക്കുന്നു.[v] **16** ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറേ ആടുകൾ എനിക്ക് ഉണ്ട്;[w] അവയെയും[x] ഞാൻ നടത്തേണ്ട

37. q യോഹ.4:26
39. r (മത്താ.11:25; ലൂക്കൊ.4:18)
s (മത്താ.9:13;13:13; മർക്കൊ.4:12; 2കൊരി.2:16)
t യോഹ.5:22
40. u റോമ.2:19
41. v യോഹ.15:22,24; (യോഹ.19:11; യാക്കോ.4:17; 1യോഹ.1:8)

അധ്യായം 10

5. a (യോഹ.10:12,13)
6. b യോഹ.10:16,29
c യോഹ.9:41
d മർക്കൊ.9:32
7. e യോഹ.10:9; (യോഹ.14:6; എഫെ.2:18)
9. f (യോഹ.5:34)
g അപ്പൊ.പ്ര.1:21; 9:28
h സങ്കീ.23:2; യെഹെ.34:14
10. i (യിരെ.23:1; യെഹെ.34:3)
j (യോഹ.1:16)
11. k യെശ.40:11; യെഹെ.34:12,23; 37:24; സെഖ.13:7; എബ്രാ.13:20; 1പത്രൊ.2:25;5:4; (യോഹ.21:15-17; സങ്കീ.അ.23; വെളി.7:17)
l യോഹ.10:15,17; 15:13; 1യോഹ.3:16; (മത്താ.20:28; മർക്കൊ.10:45)
12. m (യെഹെ.34:2-6)
n സെഖ.11:17;13:7
o (യിരെ.23:1-3)
13. p (1പത്രൊ.5:2,3)
q സെഖ.11:16
14. r യോഹ.10:11
s മത്താ.11:27
t യോഹ.10:27; നഹൂം.1:7; 2തിമൊ.2:19
u യോഹ.10:4
15. v യോഹ.10:11
16. w യെശ.56:8
x (യെഹെ.34:11-13; മത്താ.8:11,12; എഫെ.2:13-18; 1പത്രൊ.2:25)

താകുന്നു; അവ എന്റെ ശബ്ദം
കേൾക്കും;[y] ഒരാട്ടിൻകൂട്ടവും[z] ഒരി
ടയനും[a] ആകും. 17 എന്റെ ജീവനെ
വീണ്ടും പ്രാപിക്കേണ്ടതിന് ഞാൻ
അതിനെ കൊടുക്കുന്നതു[b]കൊണ്ട്[c]
പിതാവ് എന്നെ സ്നേഹിക്കുന്നു.[d]
18 ആരും അതിനെ എന്നോട് എ
ടുത്തുകളയുന്നില്ല;[e] ഞാൻതന്നെ[f]
അതിനെ കൊടുക്കുന്നു;[b] അതിനെ
കൊടുപ്പാൻ എനിക്ക് അധികാരം
ഉണ്ട്;[g] വീണ്ടും പ്രാപിപ്പാനും അധി
കാരം ഉണ്ട്; ഈ കല്പന എന്റെ
പിതാവിങ്കൽനിന്ന് എനിക്കു ലഭിച്ചി
രിക്കുന്നു.[h]

19 ഈ വചനം നിമിത്തം യെഹൂ
ദന്മാരുടെ ഇടയിൽ പിന്നെയും
ഭിന്നത ഉണ്ടായി.[i] 20 അവരിൽ പ
ലരും; അവനു ഭൂതം ഉണ്ട്;[j] അവൻ
ഭ്രാന്തൻ[k] ആകുന്നു; അവന്റെ വാ
ക്കു കേൾക്കുന്നത് എന്തിന് എന്നു
പറഞ്ഞു. 21 മറ്റു ചിലർ: ഇതു ഭൂത
ഗ്രസ്തന്റെ വാക്കല്ല; ഭൂതത്തിനു
കുരുടന്മാരുടെ കണ്ണു തുറപ്പാൻ
കഴിയുമോ[l] എന്നു പറഞ്ഞു.

22 അനന്തരം യെരൂശലേമിൽ
പ്രതിഷ്ഠോത്സവം ആചരിച്ചു; അ
ന്നു ശീതകാലമായിരുന്നു. 23 യേശു
ദൈവാലയത്തിൽ ശലോമോന്റെ
മണ്ഡപത്തിൽ[m] നടന്നുകൊണ്ടി
രുന്നു. 24 യെഹൂദന്മാർ അവനെ
വളഞ്ഞു: നീ എത്രത്തോളം ഞങ്ങ
ളെ ആശിപ്പിക്കുന്നു? നീ ക്രിസ്തു[n]
എങ്കിൽ സ്പഷ്ടമായി പറക[o] എന്ന്
അവനോട് പറഞ്ഞു. 25 യേശു അവ
രോട് ഉത്തരം പറഞ്ഞത്: ഞാൻ
നിങ്ങളോടു പറഞ്ഞിട്ടുണ്ട്; എങ്കി
ലും നിങ്ങൾ വിശ്വസിക്കുന്നില്ല;
എന്റെ പിതാവിന്റെ നാമത്തിൽ[p]
ഞാൻ ചെയ്യുന്ന പ്രവൃത്തികൾ[q]
എനിക്കു സാക്ഷ്യം ആകുന്നു. 26 നി
ങ്ങളോ എന്റെ ആടുകളുടെ കൂട്ടത്തി
ലുള്ളവരല്ലായ്കയാൽ വിശ്വസി
ക്കുന്നില്ല.[r] എന്റെ ആടുകൾ എന്റെ
ശബ്ദം കേൾക്കുന്നു;[s] 27 ഞാൻ
അവയെ അറികയും അവ എന്നെ
അനുഗമിക്കയും ചെയ്യുന്നു. 28 ഞാൻ
അവയ്ക്കു നിത്യജീവൻ കൊടു
ക്കുന്നു;[t] അവ ഒരുനാളും നശിച്ചു
പോകയില്ല;[u] ആരും അവയെ
എന്റെ കൈയിൽനിന്നു പിടിച്ചു പ
റിക്കയും ഇല്ല.[v] 29 അവയെ തന്നി
രിക്കുന്ന[w] എന്റെ പിതാവ് എല്ലാവ
രിലും വലിയവൻ;[x] പിതാവിന്റെ
കൈയിൽനിന്നു[y] പിടിച്ചുപറിപ്പാൻ
ആർക്കും കഴികയില്ല. 30 ഞാനും
പിതാവും ഒന്നാകുന്നു.[z] 31 യെഹൂദ
ന്മാർ അവനെ എറിവാൻ പിന്നെ
യും കല്ല് എടുത്തു.[a] 32 യേശു
അവരോട്: പിതാവിന്റെ കല്പന
യാൽ ഞാൻ പല നല്ല പ്രവൃത്തി
കൾ നിങ്ങളെ കാണിച്ചിരിക്കുന്നു;
അവയിൽ ഏതു പ്രവൃത്തി നിമി
ത്തം നിങ്ങൾ എന്നെ കല്ലെറിയുന്നു
എന്നു ചോദിച്ചു. 33 യെഹൂദന്മാർ
അവനോട്: നല്ല പ്രവൃത്തി നിമി
ത്തമല്ല; ദൈവദൂഷണം[b] നിമിത്ത
വും നീ മനുഷ്യനായിരിക്കെ നിന്നെ
ത്തന്നെ ദൈവം ആക്കുന്നതുകൊ
ണ്ടുമത്രേ[c] ഞങ്ങൾ നിന്നെ കല്ലെ
റിയുന്നത് എന്ന് ഉത്തരം പറഞ്ഞു.
34 യേശു അവരോട്:[d] നിങ്ങൾ
ദേവന്മാർ ആകുന്നു എന്ന് ഞാൻ
പറഞ്ഞു എന്ന് നിങ്ങളുടെ ന്യായ
പ്രമാണത്തിൽ[e] എഴുതിയിരിക്കുന്നി
ല്ലയോ? 35 ദൈവത്തിന്റെ അരുള
പ്പാട് ഉണ്ടായിട്ടുള്ളവരെ ദേവന്മാർ
എന്നു പറഞ്ഞു എങ്കിൽ- തിരുവെ
ഴുത്തിനു നീക്കം വന്നു[f]കൂടായല്ലോ-
36 ഞാൻ ദൈവത്തിന്റെ പുത്രൻ
എന്ന് പറഞ്ഞതുകൊണ്ട്:[g] നീ
ദൈവദൂഷണം പറയുന്നു എന്ന്
പിതാവ്[h] വിശുദ്ധീകരിച്ചു[i] ലോക
ത്തിൽ അയച്ച[j]വനോട് നിങ്ങൾ
പറയുന്നുവോ? 37 ഞാൻ എന്റെ
പിതാവിന്റെ പ്രവൃത്തി ചെയ്യുന്നി
ല്ലെങ്കിൽ[k] എന്നെ വിശ്വസിക്കേണ്ടാ;

16.[y] *യോഹ.5:25;18:37; (അപ്പൊ.പ്ര.28:28)* [z] *(യോഹ.11:52; 12:32; 17:11,21,22)* [a] *യെഹെ.34:23; 37:24*
17.[b] *യോഹ.10:11* [c] *യെശ.53:7,8,12; എബ്രാ.2:9* [d] *ഫിലി.2:9; യോഹ.5:20*
18.[e] *(യോഹ.18:9; മത്താ.26:53)* [f] *(യോഹ.5:30)* [b] *(വാ.17 കാ.)* [g] *യോഹ.2:19; (ഫിലി.2:7)* [h] *യോഹ.12:49; 14:31;15:10*
19.[i] *യോഹ.7:43;9:16*
20.[j] *യോഹ.7:20* [k] *(മർക്കൊ.3:21)*
21.[l] *(പുറ.4:11; സങ്കീ.146:8); യോഹ.9:33*
23.[m] *അപ്പൊ.പ്ര. 3:11;5:12*
24.[n] *യോഹ.1:41* [o] *മത്താ.26:63; ലൂക്കൊ.22:66,67*
25.[p] *യോഹ.5:43* [q] *യോഹ.10:38;5:36*
26.[r] *(യോഹ.8:47)* [s] *യോഹ.10:14,16*
28.[t] *(1യോഹ.2:25; 5:11)* [u] *യോഹ.17:12;18:9* [v] *യോഹ.6:37*
29.[w] *യോഹ.6:37;17:2* [x] *(യോഹ.14:28)* [y] *(ആവ.32:39; യെശ.49:2;51:16)*
30.[z] *യോഹ.17:11,21; (യോഹ.5:19;14:11)*
31.[a] *യോഹ.8:59*
33.[b] *ലേവ്യാ.24:16; മത്താ.9:3* [c] *യോഹ.5:18*
34.[d] ***സങ്കീ.82:6*** [e] *(യോഹ.12:34; 15:25;1കൊരി.14:21)*
35.[f] *(മത്താ.5:17,19)*
36.[g] *യോഹ.5:17,18; (യോഹ.10:30)* [h] *(യോഹ.6:27)* [i] *യോഹ.17:19* [j] *യോഹ.3:17*
37.[k] *യോഹ.15:24*

10:16 ***ഒരാട്ടിൻകൂട്ടവും ഒരിടയനും:*** തന്റെ അനുയായികളുടെ വൈവിധ്യങ്ങളുടെ ഇടയിലും അവരെ യേശു ഒരാട്ടിൻകൂട്ടമാകുവാൻ സഹായിക്കും (ഗലാ. 3:26 – 29).

38 ചെയ്യുന്നു എങ്കിലോ എന്നെ
വിശ്വസിക്കാതിരുന്നാലും[l] പിതാവ്
എന്നിലും ഞാൻ പിതാവിലും[m]
എന്നു നിങ്ങൾ ഗ്രഹിച്ച് അറിയേ
ണ്ടതിന് പ്രവൃത്തിയെ വിശ്വസിപ്പിൻ.[l]
39 അവർ അവനെ പിന്നെയും പിടി
പ്പാൻ നോക്കി;[n] അവനോ അവരുടെ
കൈയിൽനിന്ന് ഒഴിഞ്ഞുപോയി.[o]
40 അവൻ യോർദ്ദാനക്കരെ യോ
ഹന്നാൻ ആദിയിൽ സ്നാനം കഴി
പ്പിച്ചുകൊണ്ടിരുന്ന[p] സ്ഥലത്തു പി
ന്നെയും ചെന്ന് അവിടെ പാർത്തു.
41 പലരും അവന്റെ അടുക്കൽ വന്നു:
യോഹന്നാൻ അടയാളം ഒന്നും ചെ
യ്തിട്ടില്ല; എന്നാൽ ഇവനെക്കുറിച്ചു
യോഹന്നാൻ പറഞ്ഞതൊക്കെയും
സത്യമായിരുന്നു[q] എന്നു പറഞ്ഞു.
42 അവിടെ പലരും അവനിൽ
വിശ്വസിച്ചു.[r]

❋ ❋ ❋

*1. ബേഥാന്യയിലെ ലാസർ മരിച്ചത് 17. യേശു ലാസറെ ഉയിർപ്പിച്ചത് 47. യേശുവിനു വിരോധമായി മഹാപുരോഹിതന്മാരും പരീശന്മാരും സംഘം കൂടിയത്.*

11 മറിയയുടെയും അവളുടെ
സഹോദരി മാർത്തയുടെയും[a]
ഗ്രാമമായ ബേഥാന്യയിലെ ലാസർ
എന്ന ഒരുത്തൻ ദീനമായി കിടന്നു.
2 ഈ മറിയ ആയിരുന്നു കർത്താവി
നെ പരിമളതൈലം പൂശി തന്റെ
തലമുടികൊണ്ട് അവന്റെ കാൽ
തുടച്ചത്.[b] അവളുടെ സഹോദര
നായ ലാസർ ആയിരുന്നു ദീനമായി
ക്കിടന്നത്. 3 ആ സഹോദരിമാർ
അവന്റെ അടുക്കൽ ആളയച്ചു:
കർത്താവേ, നിനക്കു പ്രിയനായ
വൻ ദീനമായിക്കിടക്കുന്നു[c] എന്നു
പറയിച്ചു. 4 യേശു അത് കേട്ടിട്ട്:
ഈ ദീനം മരണത്തിനായിട്ടല്ല,[d]
ദൈവപുത്രൻ മഹത്ത്വപ്പെടേണ്ട
തിനു, ദൈവത്തിന്റെ മഹത്ത്വ
ത്തിനായിട്ടത്രേ[e] എന്നു പറഞ്ഞു.

38.[l] യോഹ.10:25; (യോഹ.14:11)
[m] യോഹ.14:10, 11,20; 17:21,23; (യോഹ.8:29)
39.[n] യോഹ.7:30,44
[o] യോഹ.8:59
40.[p] യോഹ.1:28
41.[q] യോഹ.1:7, 29-34; 3:27-30;5:33
[r] യോഹ.7:31; (യോഹ.10:25)

**അധ്യായം 11**

1.[a] ലൂക്കൊ.10:38,39
2.[b] യോഹ.12:3
3.[c] യോഹ.11:5,11,36
4.[d] (യോഹ.11:11; മത്താ.9:24)
[e] യോഹ.11:40; (യോഹ.9:3;13:31)
5.[f] യോഹ.11:3
6.[g] (യോഹ.2:4; 7:6,8)
7.[h] യോഹ.10:40
8.[i] യോഹ.1:38
[j] യോഹ.8:59;10:31
9.[k] (ലൂക്കൊ.13:33)
[l] യോഹ.9:4; 1യോഹ.2:10
10.[m] യിരെ.13:16; (യോഹ.12:35)
11.[n] മത്താ.27:52
12.[o] മർക്കൊ.10:52
16.[p] യോഹ.14:5; 20:24,26-28;21:2; മത്താ.10:3; മർക്കൊ.3:18; ലൂക്കൊ.6:15; അപ്പൊ.പ്ര.1:13

5 യേശു മാർത്തയെയും അവളുടെ
സഹോദരിയെയും ലാസറിനെയും
സ്നേഹിച്ചു.[f] 6 എന്നിട്ടും അവൻ
ദീനമായിക്കിടക്കുന്നു എന്നു കേട്ടാ
റെ താൻ അന്ന് ഇരുന്ന സ്ഥലത്ത്
രണ്ടു ദിവസം പാർത്തു.[g] 7 അതിന്റെ
ശേഷം അവൻ ശിഷ്യന്മാരോട്:
നാം വീണ്ടും യെഹൂദ്യയിലേക്കു
പോക[h] എന്നു പറഞ്ഞു. 8 ശിഷ്യ
ന്മാർ അവനോട്: റബ്ബീ,[i] യെഹൂദ
ന്മാർ ഇപ്പോൾത്തന്നെ നിന്നെ കല്ലെ
റിവാൻ ഭാവിച്ചുവല്ലോ;[j] നീ പിന്നെ
യും അവിടെ പോകുന്നുവോ എന്നു
ചോദിച്ചു. 9 അതിന് യേശു: പക
ലിനു പന്ത്രണ്ടു മണി നേരം ഇല്ല
യോ?[k] പകൽ സമയത്തു നടക്കുന്ന
വൻ ഈ ലോകത്തിന്റെ വെളിച്ചം
കാണുന്നതുകൊണ്ട് ഇടറുന്നില്ല.[l]
10 രാത്രിയിൽ നടക്കുന്നവനോ
അവനു വെളിച്ചം ഇല്ലായ്കകൊണ്ട്
ഇടറുന്നു[m] എന്ന് ഉത്തരം പറഞ്ഞു.
11 ഇതു പറഞ്ഞിട്ട് അവൻ: നമ്മുടെ
സ്നേഹിതനായ ലാസർ നിദ്രകൊ
ള്ളുന്നു;[n] എങ്കിലും ഞാൻ അവനെ
ഉണർത്തുവാൻ പോകുന്നു എന്ന്
അവരോടു പറഞ്ഞു.12 ശിഷ്യന്മാർ
അവനോട്: കർത്താവേ, അവൻ
നിദ്രകൊള്ളുന്നു എങ്കിൽ അവനു
സൗഖ്യം വരും[o] എന്നു പറഞ്ഞു.
13 യേശുവോ അവന്റെ മരണത്തെ
ക്കുറിച്ച് ആയിരുന്നു പറഞ്ഞത്;
ഉറക്കം എന്ന നിദ്രയെക്കുറിച്ചു
പറഞ്ഞു എന്ന് അവർക്കു തോന്നി
പ്പോയി. 14 അപ്പോൾ യേശു സ്പ
ഷ്ടമായി അവരോട്: ലാസർ മരിച്ചു
പോയി; 15 ഞാൻ അവിടെ ഇല്ലാ
ഞ്ഞതുകൊണ്ട് നിങ്ങളെ വിചാ
രിച്ചു സന്തോഷിക്കുന്നു; നിങ്ങൾ
വിശ്വസിപ്പാൻ ഇടയാകുമല്ലോ;
എന്നാൽ നാം അവന്റെ അടുക്കൽ
പോക എന്നു പറഞ്ഞു. 16 ദിദി
മൊസ് എന്നുപേരുള്ള തോമാസ്[p]
സഹശിഷ്യന്മാരോട്: അവനോടു

11:1 ***ബേഥാന്യ:*** ഒലിവു മലയുടെ ചരിവിൽ യെരൂശലേമിന് ഏകദേശം 4 കി.മീ. കിഴക്കായി ബേഥാന്യ എന്ന ചെറു ഗ്രാമം സ്ഥിതിചെയ്തിരുന്നു. ചിലർ ഈ ഗ്രാമത്തിനു ലാസറിന്റെ പേരുകൂടി ചേർത്ത് എൽ-അസാറിയേ എന്നും വിളിക്കുന്നു (11:1). ലാസറിന്റെ കല്ലറ ഇന്നും അവിടെയുണ്ട് എന്നു പറയപ്പെടുന്നു.

കൂടെ മരിക്കേണ്ടതിനു[q] നാമും
പോക എന്നു പറഞ്ഞു.
**17** യേശു അവിടെ എത്തിയ
പ്പോൾ അവനെ കല്ലറയിൽ വച്ചിട്ടു
നാലു ദിവസമായി[r] എന്ന് അറി
ഞ്ഞു. **18** ബേഥാന്യ യെരൂശലേമി
നരികെ ഏകദേശം രണ്ടു നാഴിക
ദൂരത്തായിരുന്നു. **19** മാർത്തയെയും
മറിയയെയും സഹോദരനെക്കുറിച്ച്
ആശ്വസിപ്പിക്കേണ്ടതിനു[s] പല യെഹൂ
ദന്മാരും അവരുടെ അടുക്കൽ വന്നി
രുന്നു. **20** യേശു വരുന്നു എന്ന്
കേട്ടിട്ടു മാർത്ത അവനെ എതിരേ
ല്പാൻ ചെന്നു;[t] മറിയയോ വീട്ടിൽ
ഇരുന്നു. **21** മാർത്ത യേശുവിനോട്:[u]
കർത്താവേ, നീ ഇവിടെ ഉണ്ടായിരു
ന്നു എങ്കിൽ എന്റെ സഹോദരൻ
മരിക്കയില്ലായിരുന്നു.[v] **22** ഇപ്പോഴും
നീ ദൈവത്തോട് എന്ത് അപേക്ഷി
ച്ചാലും ദൈവം നിനക്കു തരും[w]
എന്ന് ഞാൻ അറിയുന്നു എന്നു പറ
ഞ്ഞു. **23** യേശു അവളോട്: നിന്റെ
സഹോദരൻ ഉയിർത്തെഴുന്നേല്ക്കും
എന്നു പറഞ്ഞു. **24** മാർത്ത അവ
നോട്:[x] ഒടുക്കത്തെ നാളിലെ പുന
രുത്ഥാനത്തിൽ[y] അവൻ ഉയിർത്തെ
ഴുന്നേല്ക്കും എന്നു ഞാൻ അറിയു
ന്നു എന്നു പറഞ്ഞു. **25** യേശു അവ
ളോട്: ഞാൻതന്നെ പുനരുത്ഥാന
വും[z] ജീവനും[a] ആകുന്നു; എന്നിൽ
വിശ്വസിക്കുന്നവൻ മരിച്ചാലും[b] ജീ
വിക്കും.[c] **26** ജീവിച്ചിരുന്ന് എന്നിൽ
വിശ്വസിക്കുന്നവൻ ആരും ഒരുനാളും
മരിക്കയില്ല;[d] ഇതു നീ വിശ്വസിക്കു
ന്നുവോ എന്നു പറഞ്ഞു. **27** അവൾ
അവനോട്: ഉവ്വ്, കർത്താവേ, ലോക
ത്തിൽ വരുവാനുള്ള[e] ദൈവപുത്ര
നായ ക്രിസ്തു നീതന്നെ[f] എന്ന്
ഞാൻ വിശ്വസിച്ചിരിക്കുന്നു[g] എന്നു
പറഞ്ഞിട്ടു പോയി, **28** തന്റെ സഹോ
ദരിയായ മറിയയെ സ്വകാര്യമായി
വിളിച്ചു: ഗുരു[h] വന്നിട്ടുണ്ട്; നിന്നെ
വിളിക്കുന്നു എന്നു പറഞ്ഞു. **29** അ
വൾ കേട്ട ഉടനെ എഴുന്നേറ്റ് അവന്റെ
അടുക്കൽ വന്നു. **30** യേശു അതു
വരെ ഗ്രാമത്തിൽ കടക്കാതെ മാർ
ത്ത അവനെ എതിരേറ്റ സ്ഥലത്തു
തന്നെ ആയിരുന്നു. **31** വീട്ടിൽ അവ
ളോടുകൂടെ ഇരുന്ന് അവളെ ആശ്വ
സിപ്പിക്കുന്ന[i] യെഹൂദന്മാർ, മറിയ
വേഗം എഴുന്നേറ്റുപോകുന്നത്
കണ്ടിട്ട് അവൾ കല്ലറയ്ക്കൽ കര
വാൻ പോകുന്നു എന്ന് വിചാരിച്ചു
പിൻചെന്നു. **32** യേശു ഇരിക്കു
ന്നേടത്തു മറിയ എത്തി അവനെ
കണ്ടിട്ട് അവന്റെ കാൽക്കൽ വീണു:
കർത്താവേ, നീ ഇവിടെ ഉണ്ടായി
രുന്നു എങ്കിൽ എന്റെ സഹോദരൻ
മരിക്കയില്ലായിരുന്നു[j] എന്നു പറ
ഞ്ഞു. **33** അവൾ കരയുന്നതും
അവളോടുകൂടെ വന്ന യെഹൂദന്മാർ
കരയുന്നതും യേശു കണ്ടിട്ട്, ഉള്ളം
നൊന്തു[k] കലങ്ങി:[l] **34** അവനെ
വച്ചത് എവിടെ എന്നു ചോദിച്ചു.
കർത്താവേ, വന്നു കാൺക എന്ന്
അവർ അവനോട് പറഞ്ഞു. **35** യേശു
കണ്ണുനീർ വാർത്തു.[m] **36** ആകയാൽ
യെഹൂദന്മാർ: കണ്ടോ അവനോട്
എത്ര പ്രിയം ഉണ്ടായിരുന്നു[n] എന്നു
പറഞ്ഞു. **37** ചിലരോ: കുരുടന്റെ
കണ്ണു തുറന്ന ഇവന്[o] ഇവനെയും
മരിക്കാതാക്കുവാൻ കഴിഞ്ഞില്ല
യോ[p] എന്നു പറഞ്ഞു. **38** യേശു
പിന്നെയും ഉള്ളം നൊന്ത്[q] കല്ലറ
യ്ക്കൽ എത്തി; അത് ഒരു ഗുഹ[r]
ആയിരുന്നു; ഒരു കല്ലും അതിന്മേൽ
വച്ചിരുന്നു.[s] **39** കല്ലു നീക്കുവിൻ
എന്ന് യേശു പറഞ്ഞു. മരിച്ചവന്റെ
സഹോദരിയായ മാർത്ത: കർത്താ
വേ, നാറ്റം വച്ചുതുടങ്ങി; നാലു
ദിവസമായല്ലോ[t] എന്നു പറഞ്ഞു.
**40** യേശു അവളോട്: വിശ്വസി
ച്ചാൽ[u] നീ ദൈവത്തിന്റെ മഹത്ത്വം[v]
കാണും എന്ന് ഞാൻ നിന്നോട്
പറഞ്ഞില്ലയോ[u] എന്നു പറഞ്ഞു.
അവർ കല്ലു നീക്കി. **41** യേശു
മേലോട്ടു നോക്കി:[w] പിതാവേ, നീ
എന്റെ അപേക്ഷ കേട്ടതിനാൽ
ഞാൻ നിന്നെ വാഴ്ത്തുന്നു. **42** നീ
എപ്പോഴും എന്റെ അപേക്ഷ കേൾ
ക്കുന്നു എന്നു ഞാൻ അറിഞ്ഞിരി
ക്കുന്നു;[x] എങ്കിലും നീ എന്നെ

16.[q] *(യോഹ.13:37)*
17.[r] *യോഹ.11:39*
19.[s] *യോഹ.11:31; ഇയ്യോ.2:11*
20.[t] *(ലൂക്കൊ. 10:38,39)*
21.[u] *യോഹ.11:32*
[v] *(യോഹ.11:37)*
22.[w] *(യോഹ.11:42; 9:31)*
24.[x] *(യോഹ.11:39)*
[y] *യോഹ.5:29; ലൂക്കൊ.14:14; യോഹ.6:39*
25.[z] *(യോഹ.5:21; 6:40,44; 1കൊരി.15:21)*
[a] *യോഹ.14:6 (യോഹ.6:57; കൊലൊ.3:4); യോഹ.1:4*
[b] *(യോഹ.12:25)*
[c] *യോഹ.3:36*
26.[d] *യോഹ.6:50,51; 8:51*
27.[e] *യോഹ.6:14; മത്താ.11:3*
[f] *മത്താ.16:16*
[g] *യോഹ.6:69;20:31; 1യോഹ.5:1,5; (യോഹ.8:24;13:19; 1യോഹ.4:16)*
28.[h] *മത്താ.26:18; മർക്കൊ.14:14; ലൂക്കൊ.22:11; യോഹ.13:13*
31.[i] *യോഹ.11:19*
32.[j] *യോഹ.11:21*
33.[k] *യോഹ.11:38; മർക്കൊ.14:5*
[l] *യോഹ.12:27;13:21*
35.[m] *ലൂക്കൊ.19:41*
36.[n] *യോഹ.11:3*
37.[o] *യോഹ.9:6,7*
[p] *(യോഹ.11:21,32)*
38.[q] *യോഹ.11:33*
[r] *യെശ.22:16*
[s] *യോഹ.20:1; മത്താ.27:60; മർക്കൊ.15:46; ലൂക്കൊ.24:2*
39.[t] *യോഹ.11:17*
40.[u] *യോഹ.11:25,26*
[v] *യോഹ.11:4; (റോമ.6:4)* 41.[w] *യോഹ.17:1* 42.[x] *(യോഹ.11:22; മത്താ.26:53)*

അയച്ചു എന്ന്[y] ചുറ്റും നില്ക്കുന്ന
പുരുഷാരം[z] വിശ്വസിക്കേണ്ടതിന്[y]
അവരുടെ നിമിത്തം ഞാൻ പറ
യുന്നു എന്നു പറഞ്ഞു.[z] **43** ഇങ്ങ
നെ പറഞ്ഞിട്ട് അവൻ: ലാസറേ,
പുറത്തുവരിക എന്ന് ഉറക്കെ വിളി
ച്ചു. **44** മരിച്ചവൻ[a] പുറത്തുവന്നു;[a]
അവന്റെ കാലും കൈയും ശീല
കൊണ്ടു കെട്ടിയും,[b] മുഖം റൂമാൽ
കൊണ്ടു മൂടിയുമിരുന്നു.[c] അവന്റെ
കെട്ട് അഴിപ്പിൻ; അവൻ പോകട്ടെ
എന്ന് യേശു അവരോടു പറഞ്ഞു.
**45** മറിയയുടെ അടുക്കൽ വന്ന[d]
യെഹൂദന്മാരിൽ പലരും[e] അവൻ
ചെയ്തതു കണ്ടിട്ട് അവനിൽ വിശ്വ
സിച്ചു.[f] **46** എന്നാൽ ചിലർ പരീശ
ന്മാരുടെ അടുക്കൽ പോയി യേശു
ചെയ്തത് അവരോട് അറിയിച്ചു.
**47** മഹാപുരോഹിതന്മാരും പരീ
ശന്മാരും സംഘം[g] കൂടി:[h] നാം
എന്തു ചെയ്യേണ്ടു?[i] ഈ മനുഷ്യൻ
വളരെ അടയാളങ്ങൾ ചെയ്യുന്നു
വല്ലോ. **48** അവനെ ഇങ്ങനെ വിട്ട
യച്ചാൽ എല്ലാവരും അവനിൽ വി
ശ്വസിക്കും; റോമാക്കാരും വന്നു[j]
നമ്മുടെ സ്ഥലത്തെയും ജനത്തെ
യും[k] എടുത്തുകളയും[j] എന്നു പറ
ഞ്ഞു. **49** അവരിൽ ഒരുത്തൻ, ആ
സംവത്സരത്തെ മഹാപുരോഹിത
നായ[l] കയ്യഫാവു[m] തന്നെ, അവ
രോട്: നിങ്ങൾ ഒന്നും അറിയു
ന്നില്ല. **50** ജനം മുഴുവനും നശിച്ചു
പോകാതവണ്ണം ഒരു മനുഷ്യൻ ജാ
തിക്കുവേണ്ടി മരിക്കുന്നത് നന്ന്[n]
എന്ന് ഓർക്കുന്നതുമില്ല എന്നു
പറഞ്ഞു. **51** അവൻ ഇതു സ്വയമായി
പറഞ്ഞതല്ല, താൻ ആ സംവത്സ
രത്തെ മഹാപുരോഹിതൻ ആക
യാൽ,[o] ജനത്തിനുവേണ്ടി യേശു
മരിപ്പാൻ ഇരിക്കുന്നു എന്നു പ്രവ
ചിച്ചതത്രേ.[p] **52** ജനത്തിനുവേണ്ടി
മാത്രമല്ല,[q] ചിതറിയിരിക്കുന്ന ദൈവ
മക്കളെ ഒന്നായിട്ടു ചേർക്കേണ്ട
തിനും തന്നെ.[r] **53** അന്നുമുതൽ
അവർ അവനെ കൊല്ലുവാൻ ആലോ
ചിച്ചു.[s]

**54** അതുകൊണ്ടു യേശു യെഹൂ
ദന്മാരുടെ ഇടയിൽ പിന്നെ പരസ്യ
മായി നടക്കാതെ[t] അവിടം വിട്ടു
മരുഭൂമിക്കരികെ എഫ്രയീം എന്ന
പട്ടണത്തിലേക്കു വാങ്ങി ശിഷ്യന്മാ
രുമായി അവിടെ പാർത്തു. **55** യെഹൂ
ദന്മാരുടെ പെസഹ[u] അടുത്തിരിക്ക
യാൽ പലരും[v] തങ്ങൾക്കു ശുദ്ധി
വരുത്തുവാൻ[w] പെസഹയ്ക്കു മുമ്പേ
നാട്ടിൽനിന്നു യെരൂശലേമിലേക്കു
പോയി.[v] **56** അവർ യേശുവിനെ
അന്വേഷിച്ചു[x] ദൈവാലയത്തിൽ
നിന്നുകൊണ്ട്: എന്തു തോന്നുന്നു?
അവൻ പെരുന്നാൾക്കു വരികയി
ല്ലയോ എന്ന് തമ്മിൽ പറഞ്ഞു.
**57** എന്നാൽ മഹാപുരോഹിതന്മാ
രും പരീശന്മാരും അവനെ പിടി
ക്കേണം എന്നുവച്ച് അവൻ ഇരി
ക്കുന്ന ഇടം ആരെങ്കിലും അറി
ഞ്ഞാൽ അറിവു തരേണമെന്ന്
കല്പന കൊടുത്തിരിക്കുന്നു.

❋ ❋ ❋

*1. മറിയ യേശുവിന്റെ കാലുകളിൽ തൈലം പൂശിയത് 12. യെരൂശലേം നഗരപ്രവേശനം 20. യവനന്മാർ സന്ദർശിച്ചതും അന്ത്യപ്രസംഗവും 37. യെഹൂദന്മാരുടെ മനഃകാഠിന്യം.*

**12** [a]യേശു മരിച്ചവരിൽനിന്ന്
ഉയിർപ്പിച്ച ലാസർ പാർത്ത[b]
ബേഥാന്യയിലേക്ക് യേശു പെസ
ഹയ്ക്ക്[c] ആറു ദിവസം മുമ്പേ
വന്നു. **2** അവിടെ അവർ അവന്
ഒരു അത്താഴം ഒരുക്കി; മാർത്ത
ശുശ്രൂഷ ചെയ്തു,[d] ലാസറോ
അവനോടുകൂടെ പന്തിയിൽ ഇരു
ന്നവരിൽ ഒരുവൻ ആയിരുന്നു.
**3** അപ്പോൾ മറിയ വിലയേറിയ
സ്വച്ഛജടാമാംസിതൈലം ഒരു
റാത്തൽ എടുത്തു യേശുവിന്റെ
കാലിൽ പൂശി തന്റെ തലമുടി
കൊണ്ടു കാൽ തുവർത്തി; തൈല
ത്തിന്റെ സൗരഭ്യംകൊണ്ടു വീടു
നിറഞ്ഞു.[e] **4** എന്നാൽ അവന്റെ
ശിഷ്യന്മാരിൽ ഒരുത്തനായി അവ
നെ കാണിച്ചുകൊടുപ്പാനുള്ള യൂദാ
ഈസ്കര്യോത്താവ്; **5** ഈ തൈലം

42.[y] യോഹ.17:8,21; 3:17
[z] യോഹ.12:29,30
44.[a] യോഹ.5:28,29
[b] യോഹ.19:40
[c] (യോഹ.20:7)
45.[d] യോഹ.11:19
[e] യോഹ.12:10; (അപ്പൊ.പ്ര.9:42)
[f] യോഹ.2:23
47.[g] മത്താ.5:22
[h] മത്താ.26:3
[i] യോഹ.12:19; (അപ്പൊ.പ്ര.4:16)
48.[j] (യോഹ.6:15; 18:36,37)
[k] അപ്പൊ.പ്ര.21:28
49.[l] യോഹ.11:51; 18:13
[m] മത്താ.26:3
50.[n] യോഹ.18:14
51.[o] യോഹ.11:49
[p] (പുറ.28:30; സംഖ്യാ.27:21; 1ശമൂ.23:9;30:7; എസ്രാ.2:63; നെഹെ.7:65)
52.[q] യെശ.49:6; 1യോഹ.2:2
[r] യോഹ.10:16
53.[s] യോഹ.7:1
54.[t] യോഹ.7:1,4
55.[u] യോഹ.6:4
[v] ലൂക്കൊ.2:42
[w] 2ദിന.30:17,18; (യോഹ.18:28; അപ്പൊ.പ്ര.21:24)
56.[x] യോഹ.7:11

അധ്യായം 12

1.[a] യോഹ. 12:1-8ക്കു. മത്താ.26:6-11; മർക്കൊ.14:3-8കാ.
[b] യോഹ.11:1
[c] യോഹ.12:12,20; 11:55
2.[d] ലൂക്കൊ.10:38,40
3.[e] (ലൂക്കൊ.7:37,38)

മുന്നൂറു വെള്ളിക്കാശിനു വിറ്റു ദരി
ദ്രന്മാർക്കു കൊടുക്കാഞ്ഞത്[f] എന്ത്
എന്നു പറഞ്ഞു. **6** ഇത് ദരിദ്രന്മാ
രെക്കുറിച്ചു വിചാരം ഉണ്ടായിട്ടല്ല,
അവൻ കള്ളൻ ആകകൊണ്ടും
പണസ്സഞ്ചി തന്റെ പക്കൽ ആക
യാൽ[f] അതിൽ ഇട്ടത് എടുത്തുവ
ന്നതുകൊണ്ടും അത്രേ പറഞ്ഞത്.
**7** യേശുവോ: അവളെ വിടുക;
എന്റെ ശവസംസ്കാരദിവസത്തി
നായി അവൾ ഇതു സൂക്ഷിച്ചു എ
ന്നിരിക്കട്ടെ. **8** ദരിദ്രന്മാർ നിങ്ങൾക്ക്
എല്ലായ്പോഴും അടുക്കെ ഉണ്ടല്ലോ;
ഞാൻ എല്ലായ്പോഴും അടുക്കെ
ഇല്ലതാനും എന്നു പറഞ്ഞു.
**9** അവൻ അവിടെ ഉണ്ടെന്ന്
അറിഞ്ഞിട്ടു യെഹൂദന്മാരുടെ ഒരു
വലിയ പുരുഷാരം[g] യേശുവിന്റെ
നിമിത്തം മാത്രമല്ല അവൻ മരിച്ചവ
രിൽനിന്ന് ഉയിർപ്പിച്ച[h] ലാസറെ
കാൺമാനായിട്ടുംകൂടെ വന്നു. **10** അ
വൻ ഹേതുവായി അനേകം യെഹൂ
ദന്മാർ ചെന്ന് **11** യേശുവിൽ വിശ്വ
സിക്കയാൽ[i] ലാസറെയും കൊല്ലേ
ണം എന്നു മഹാപുരോഹിതന്മാർ
ആലോചിച്ചു.[j]
**12** [k]പിറ്റേന്നു പെരുന്നാൾക്കു
വന്നൊരു വലിയ പുരുഷാരം യേശു
യെരൂശലേമിലേക്കു വരുന്നു എന്നു
കേട്ടിട്ട് **13** ഈത്തപ്പനയുടെ[l] കുരു
ത്തോല എടുത്തുംകൊണ്ട് അവനെ
എതിരേല്പാൻ ചെന്നു: ഹോശന്നാ,[m]
യിസ്രായേലിന്റെ രാജാവായി[n] കർ
ത്താവിന്റെ നാമത്തിൽ വരുന്നവൻ[o]
വാഴ്ത്തപ്പെട്ടവൻ എന്ന് ആർത്തു.
**14** യേശു ഒരു ചെറിയ കഴുതയെ ക
ണ്ടിട്ട് അതിന്മേൽ കയറി. **15** [p]"സീ
യോൻപുത്രീ, ഭയപ്പെടേണ്ടാ; ഇതാ,
നിന്റെ രാജാവ് കഴുതക്കുട്ടിപ്പുറത്തു
കയറിവരുന്നു" എന്ന് എഴുതിയിരി
ക്കുന്നതുപോലെതന്നെ. **16** ഇത്
അവന്റെ ശിഷ്യന്മാർ ആദിയിൽ
ഗ്രഹിച്ചില്ല;[q] യേശുവിനു തേജസ്ക
രണം വന്നശേഷം[r] അവനെക്കു
റിച്ച് ഇങ്ങനെ എഴുതിയിരിക്കുന്നു
എന്നും തങ്ങൾ അവനെ ഇങ്ങനെ
ചെയ്തു എന്നും അവർക്ക് ഓർമ
വന്നു.[s] **17** അവൻ ലാസറെ കല്ല
റയിൽനിന്നു വിളിച്ചു മരിച്ചവരിൽ
നിന്ന് എഴുന്നേല്പിച്ചപ്പോൾ അവ
നോടുകൂടെ ഉണ്ടായിരുന്ന പുരു
ഷാരം സാക്ഷ്യം പറഞ്ഞു.[t] **18** അ
വൻ ഈ അടയാളം ചെയ്തപ്രകാരം
പുരുഷാരം കേട്ടിട്ട്[u] അവനെ എതി
രേറ്റുചെന്നു. **19** ആകയാൽ പരീ
ശന്മാർ തമ്മിൽ തമ്മിൽ: നമുക്ക്
ഒന്നും സാധിക്കുന്നില്ലല്ലോ;[v] ലോകം
അവന്റെ പിന്നാലെ ആയിപ്പോയി[w]
എന്നു പറഞ്ഞു.
**20** പെരുന്നാളിൽ നമസ്കരിപ്പാൻ
വന്നവരിൽ[x] ചില യവനന്മാർ[y] ഉണ്ടാ
യിരുന്നു. **21** ഇവർ ഗലീലയിലെ
ബേത്ത്സയിദക്കാരനായ ഫിലി
പ്പൊസിന്റെ[z] അടുക്കൽ ചെന്ന്
അവനോട്: യജമാനനേ, ഞങ്ങൾ
ക്കു യേശുവിനെ കാൺമാൻ താൽ
പര്യമുണ്ട് എന്ന് അപേക്ഷിച്ചു.
**22** ഫിലിപ്പൊസ് ചെന്ന് അന്ത്രെയാ
സിനോടു[a] പറഞ്ഞു. അന്ത്രെയാ
സും ഫിലിപ്പൊസുംകൂടെ ചെന്നു
യേശുവിനോട് പറഞ്ഞു. **23** യേശു
അവരോട് ഉത്തരം പറഞ്ഞത്: മനു
ഷ്യപുത്രൻ തേജസ്കരിക്കപ്പെടു
വാനുള്ള[b] നാഴിക വന്നിരിക്കുന്നു.[c]
**24** ആമേൻ, ആമേൻ, ഞാൻ നിങ്ങ
ളോട് പറയുന്നു: കോതമ്പുമണി
നിലത്തു വീണു ചാകുന്നില്ല എ
ങ്കിൽ[d] അത് തനിയേ ഇരിക്കും;
ചത്തു എങ്കിലോ വളരെ വിളവു
ണ്ടാകും. **25** തന്റെ ജീവനെ സ്നേഹി
ക്കുന്നവൻ അതിനെ കളയും;[e] ഇഹ
ലോകത്തിൽ തന്റെ ജീവനെ പക
യ്ക്കുന്ന[f]വൻ[g] അതിനെ നിത്യജീ
വനായി സൂക്ഷിക്കും. **26** എനിക്കു
ശുശ്രൂഷ ചെയ്യുന്നവൻ എന്നെ
അനുഗമിക്കട്ടെ;[h] ഞാൻ ഇരിക്കു
ന്നേടത്ത് എന്റെ ശുശ്രൂഷക്കാരനും
ഇരിക്കും;[i] എനിക്കു ശുശ്രൂഷ ചെ
യ്യുന്നവനെ[j] പിതാവു മാനിക്കും.[k]
**27** ഇപ്പോൾ എന്റെ ഉള്ളം കലങ്ങി
യിരിക്കുന്നു;[l] ഞാൻ എന്തു പറയേ
ണ്ടു? പിതാവേ, ഈ നാഴികയിൽ
നിന്ന്[m] എന്നെ രക്ഷിക്കേണമേ;[n]

5.[f] *യോഹ.13:29*
6.[f] *(വാ.5 കാ.)*
9.[g] *യോഹ.12:12*
[h] *യോഹ.11:44*
11.[i] *യോഹ.12:18; 11:45*
[j] *(ലൂക്കൊ.16:31)*
12.[k] *യോഹ.12:12 - 15 ക്കു.മത്താ.21:4 - 9; മർക്കൊ.11:7 - 10; ലൂക്കൊ.19:35 - 38 കാ. (യോഹ.12:9)*
13.[l] *(വെളി.7:9)*
[m] *സങ്കീ.118:25,26*
[n] *യോഹ.1:49*
[o] *(യോഹ.5:43)*
15.[p] ***സെഖ. 9:9***
16.[q] *(യോഹ.13:7); മർക്കൊ.9:32*
[r] *യോഹ.12:23;7:39*
[s] *യോഹ.2:22*
17.[t] *(ലൂക്കൊ.19:37)*
18.[u] *യോഹ.12:9 - 11*
19.[v] *യോഹ.11:47*
[w] *(യോഹ.3:26)*
20.[x] *(1രാജാ.8:41 - 43; അപ്പൊ.പ്ര.8:27)*
[y] *അപ്പൊ.പ്ര.17:4; (മർക്കൊ.7:26); യോഹ.7:35*
21.[z] *യോഹ.1:44*
22.[a] *മർക്കൊ.13:3*
23.[b] *യോഹ.12:16*
[c] *യോഹ.17:1; (യോഹ.12:27; 13:31,32; മർക്കൊ.14:41); യോഹ.2:4*
24.[d] *1കൊരി.15:36*
25.[e] *മത്താ.10:39*
[f] *ലൂക്കൊ.14:26*
[g] *(യോഹ.11:25)*
26.[h] *യോഹ.8:12; 21:19*
[i] *യോഹ.14:3; 17:24; (2കൊരി.5:8; 1തെസ്സ.4:17)*
[j] *(യോഹ.14:21,23; 16:27)*
[k] *1ശമൂ.2:30; സങ്കീ.91:15*
27.[l] *യോഹ.11:33; 13:21; (ലൂക്കൊ.22:44)*

[m] *യോഹ.12:23* [n] *മർക്കൊ.14:35; (എബ്രാ.5:7)*

എങ്കിലും ഇതു നിമിത്തം[o] ഞാൻ
ഈ നാഴികയിലേക്കു[m] വന്നിരിക്കു
ന്നു. 28 പിതാവേ, നിന്റെ നാമത്തെ
മഹത്ത്വപ്പെടുത്തേണമേ. അപ്പോൾ
സ്വർഗത്തിൽനിന്നു;[p] ഞാൻ മഹ
ത്ത്വപ്പെടുത്തിയിരിക്കുന്നു; ഇനിയും
മഹത്ത്വപ്പെടുത്തും എന്നൊരു ശ
ബ്ദം ഉണ്ടായി. 29 അതു കേട്ടിട്ട്
അരികെ നില്ക്കുന്ന പുരുഷാരം:
ഇടി ഉണ്ടായി എന്നു പറഞ്ഞു; മറ്റു
ചിലർ: ഒരു ദൈവദൂതൻ അവനോട്
സംസാരിച്ചു[q] എന്നു പറഞ്ഞു. 30 അ
തിന് യേശു: ഈ ശബ്ദം എന്റെ
നിമിത്തമല്ല; നിങ്ങളുടെ നിമിത്തം
അത്രേ ഉണ്ടായത്.[r] 31 ഇപ്പോൾ ഈ
ലോകത്തിന്റെ ന്യായവിധി ആകു
ന്നു;[s] ഇപ്പോൾ ഈ ലോകത്തിന്റെ
പ്രഭുവിനെ[t] പുറത്തു തള്ളിക്കളയും.[u]
32 ഞാനോ ഭൂമിയിൽനിന്ന് ഉയർ
ത്തപ്പെട്ടാൽ[v] എല്ലാവരെയും എങ്ക
ലേക്ക്[w] ആകർഷിക്കും[x] എന്ന് ഉ
ത്തരം പറഞ്ഞു. 33 ഇതു താൻ മരി
പ്പാനുള്ള മരണവിധം സൂചിപ്പിച്ചു[y]
പറഞ്ഞതത്രേ. 34 പുരുഷാരം അവ
നോട്: ക്രിസ്തു എന്നേക്കും ഇരി
ക്കും[z] എന്നു ഞങ്ങൾ ന്യായപ്രമാണ
ത്തിൽ വായിച്ചുകേട്ടിരിക്കുന്നു;
പിന്നെ മനുഷ്യപുത്രൻ ഉയർത്ത
പ്പെടേണ്ടതെന്നു[a] നീ പറയുന്നത്
എങ്ങനെ? ഈ മനുഷ്യപുത്രൻ
ആർ എന്നു ചോദിച്ചു. 35 അതിനു
യേശു അവരോട്: ഇനി കുറെക്കാ
ലം[b] മാത്രം വെളിച്ചം നിങ്ങളുടെ
ഇടയിൽ ഇരിക്കും;[c] ഇരുൾ നിങ്ങ
ളെ പിടിക്കാതിരിപ്പാൻ[d] നിങ്ങൾക്കു
വെളിച്ചം ഉള്ളേടത്തോളം നടന്നു
കൊൾവിൻ.[e] ഇരുളിൽ നടക്കുന്ന
വൻ[f] താൻ എവിടെ പോകുന്നു എ
ന്ന് അറിയുന്നില്ലല്ലോ. 36 നിങ്ങൾ
വെളിച്ചത്തിന്റെ മക്കൾ[g] ആകേണ്ട
തിന് വെളിച്ചം ഉള്ളേടത്തോളം
വെളിച്ചത്തിൽ വിശ്വസിപ്പിൻ എന്നു
പറഞ്ഞു.

37 ഇതു സംസാരിച്ചിട്ടു യേശു
വാങ്ങിപ്പോയി അവരെ വിട്ടു മറഞ്ഞു.[h]
അവർ കാൺകെ അവൻ ഇത്ര വള
രെ അടയാളങ്ങളെ ചെയ്തിട്ടും
അവർ അവനിൽ വിശ്വസിച്ചില്ല.
38 [i]"കർത്താവേ, ഞങ്ങൾ കേൾ
പ്പിച്ചത് ആർ വിശ്വസിച്ചിരിക്കുന്നു?
കർത്താവിന്റെ ഭുജം ആർക്കു
വെളിപ്പെട്ടിരിക്കുന്നു?"
എന്നു യെശയ്യാപ്രവാചകൻ പറ
ഞ്ഞ വചനം നിവൃത്തിയാവാൻ ഇട
വന്നു.[j] 39 അവർക്കു വിശ്വസിപ്പാൻ
കഴിഞ്ഞില്ല;[k] അതിന്റെ കാരണം
യെശയ്യാവ് വേറേ ഒരേടത്തു പറ
യുന്നത്:
40 [l]"അവർ കണ്ണുകൊണ്ടു കാണു
കയോ ഹൃദയംകൊണ്ടു ഗ്രഹി
ക്കയോ മനം തിരികയോ താൻ
അവരെ സൗഖ്യമാക്കുകയോ
ചെയ്യാതിരിക്കേണ്ടതിന് അവരുടെ
കണ്ണ് അവൻ കുരുടാക്കി ഹൃദയം
തടിപ്പിച്ചിരിക്കുന്നു."[m]
41 യെശയ്യാവ് അവന്റെ തേജസ്സു
കണ്ട്[n] അവനെക്കുറിച്ചു സംസാരി
ച്ചതു[o]കൊണ്ടാകുന്നു ഇതു പറ
ഞ്ഞത്. 42 എന്നിട്ടും പ്രമാണിക
ളിൽ തന്നേയും അനേകർ അവനിൽ
വിശ്വസിച്ചു;[p] പള്ളിഭ്രഷ്ടർ ആകാ[q]
തിരിപ്പാൻ പരീശന്മാർ നിമിത്തം[r]
ഏറ്റുപറ[q]ഞ്ഞില്ലതാനും. 43 അവർ
ദൈവത്താലുള്ള മാനത്തെക്കാൾ
മനുഷ്യരാലുള്ള മാനത്തെ അധി
കം സ്നേഹിച്ചു.[s]
44 യേശു വിളിച്ചുപറഞ്ഞത്: എ
ന്നിൽ വിശ്വസിക്കുന്നവൻ[t] എന്നി
ലല്ല എന്നെ അയച്ചവനിൽതന്നെ[u]
വിശ്വസിക്കുന്നു. 45 എന്നെ കാ
ണുന്ന[v]വൻ[w] എന്നെ അയച്ചവനെ

27.[o] *(യോഹ.18:37)*
28.[p] *മത്താ.3:17;17:5; മർക്കൊ.1:11;9:7; ലൂക്കൊ.3:22;9:35; 2പത്രൊ.1:17*
29.[q] *അപ്പൊ.പ്ര.23:9*
30.[r] *യോഹ.11:42*
31.[s] *യോഹ.16:11; (യോഹ.16:33)* [t] *യോഹ.14:30; 2കൊരി.4:4; എഫെ.2:2;6:12; (മത്താ.13:19; ലൂക്കൊ.4:6; 1യോഹ.4:4;5:19)* [u] *(ലൂക്കൊ.10:18; കൊലൊ.2:15; 1യോഹ.3:8)*
32.[v] *യോഹ.3:14; 8:28* [w] *റോമ.5:18;8:32; 2കൊരി.5:15; 1തിമൊ. 2:6; എബ്രാ.2:9; 1യോഹ.2:2* [x] *യോഹ.6:44*
33.[y] *യോഹ.18:32*
34.[z] *സങ്കീ.89:4; 110:4; യെശ.9:7; യെഹെ.37:25; ലൂക്കൊ.1:33* [a] *യോഹ.12:32*
35.[b] *യോഹ.7:33* [c] *യോഹ.12:46; യോഹ.1:4,9;8:12* [d] *1തെസ്സ.5:4* [e] *യിരെ.13:16; എഫെ.5:8,9* [f] *യെശ.9:2; 1യോഹ.1:6;2:11; (യോഹ.11:10)*
36.[g] *ലൂക്കൊ.10:6*
37.[h] *യോഹ.8:59*
38.[i] *റോമ.10:16;* ***യെശ.53:1*** [j] *(മത്താ.1:23)*
39.[k] *(യോഹ.5:44)*
40.[l] *(യെശ.6:10); മത്താ.13:14,15*

[m] *മർക്കൊ.6:52* 41.[n] *യെശ.6:1* [o] *(യോഹ.5:46)* 42.[p] *യോഹ.3:1; (യോഹ.7:48)* [q] *യോഹ.9:22* [r] *യോഹ.7:13* 43.[s] *യോഹ.5:44* 44.[t] *(യോഹ.13:20); മത്താ.10:40* [u] *യോഹ.14:1; (യോഹ.5:24; 1പത്രൊ. 1:21)* 45.[v] *യോഹ.6:40* [w] *യോഹ.14:9*

12:32 ***ഞാനോ ഭൂമിയിൽനിന്ന് ഉയർത്തപ്പെട്ടാൽ:*** യേശു ക്രൂശിൽ ആണികളിൽ ഉയർത്തപ്പെടുന്നതിനെയും മരണത്തിനു ശേഷം ഉയിർത്തു സ്വർഗത്തിൽ വസിക്കുന്നതിനെയും ചൂണ്ടിക്കാട്ടുന്നതിനായി ഈ വാക്കുകൾ ഉപയോഗിക്കുന്നുണ്ട്.

കാണുന്നു. 46 എന്നിൽ വിശ്വസി
ക്കുന്നവൻ ആരും ഇരുളിൽ വസി
ക്കാതിരിപ്പാൻ ഞാൻ വെളിച്ചമായി
ലോകത്തിൽ വന്നിരിക്കുന്നു.[x] 47 എ
ന്റെ വചനം കേട്ടു[y] പ്രമാണിക്കാ
ത്തവനെ ഞാൻ വിധിക്കുന്നില്ല;[z]
ലോകത്തെ വിധിപ്പാനല്ല; ലോക
ത്തെ രക്ഷിപ്പാനത്രേ ഞാൻ വന്നി
രിക്കുന്നത്.[a] 48 എന്റെ വചനം
കൈക്കൊള്ളാതെ എന്നെ തള്ളി
ക്കളയുന്നവനെ ന്യായം വിധിക്കു
ന്നവൻ ഉണ്ട്;[b] ഞാൻ സംസാരിച്ച
വചനം[c] തന്നെ ഒടുക്കത്തെ നാളിൽ[d]
അവനെ ന്യായം വിധിക്കും. ഞാൻ
സ്വയമായി സംസാരിച്ചിട്ടില്ല;[e] 49 എ
ന്നെ അയച്ച[f] പിതാവുതന്നെ ഞാൻ
ഇന്നതു പറയേണം എന്നും ഇന്നതു
സംസാരിക്കേണം എന്നും കല്പന[g]
തന്നിരിക്കുന്നു. 50 അവന്റെ കല്പന
നിത്യജീവൻ എന്ന് ഞാൻ അറിയു
ന്നു; ആകയാൽ ഞാൻ സംസാരി
ക്കുന്നത് പിതാവ് എന്നോട് അരു
ളിച്ചെയ്തതുപോലെതന്നെ സംസാ
രിക്കുന്നു.

❋ ❋ ❋

*1. യേശു ശിഷ്യന്മാരുടെ കാലുകളെ കഴുകി 12. വിനയത്തിനും സ്നേഹത്തിനും അവരെ ഉത്സാഹിപ്പിച്ചത് 21. യൂദായുടെ ദ്രോഹവും 36. പത്രൊസിന്റെ വീഴ്ചയും അറിയിച്ചത്.*

**13** പെസഹാപെരുന്നാളിനു[a]
മുമ്പേ[b] താൻ ഈ ലോകം
വിട്ടു പിതാവിന്റെ അടുക്കൽ പോകു
വാനുള്ള[c] നാഴിക[d] വന്നു എന്ന്
യേശു അറിഞ്ഞിട്ടു, ലോകത്തിൽ
തനിക്കുള്ളവരെ[e] സ്നേഹിച്ചതു[f]
പോലെ അവസാനത്തോളം അവ
രെ സ്നേഹിച്ചു. 2 അത്താഴം ആയ
പ്പോൾ പിശാച്, ശിമോന്റെ മകനായ
യൂദാ ഈസ്കര്യോത്താവിന്റെ ഹൃദ
യത്തിൽ അവനെ കാണിച്ചുകൊടു
പ്പാൻ തോന്നിച്ചിരുന്നു;[g] 3 പിതാവു
സകലവും തന്റെ കൈയിൽ തന്നി
രിക്കുന്നു[h] എന്നും താൻ ദൈവ
ത്തിന്റെ അടുക്കൽനിന്നു വന്ന്[i]
ദൈവത്തിന്റെ അടുക്കൽ പോകുന്നു[j]
എന്നും യേശു അറിഞ്ഞിരിക്കെ
4 അത്താഴത്തിൽനിന്ന് എഴുന്നേറ്റു
വസ്ത്രം ഊരിവച്ച് 5 ഒരു തുവർ
ത്ത് എടുത്ത് അരയിൽ ചുറ്റി[k] ഒരു
പാത്രത്തിൽ വെള്ളം പകർന്നു[l]
ശിഷ്യന്മാരുടെ കാൽ കഴുകുവാനും
അരയിൽ ചുറ്റിയിരുന്ന തുണികൊ
ണ്ടു തുവർത്തുവാനും തുടങ്ങി.
6 അവൻ ശിമോൻ പത്രൊസിന്റെ
അടുക്കൽവന്നപ്പോൾ അവൻ അവ
നോട്: കർത്താവേ, നീ എന്റെ കാൽ
കഴുകുന്നുവോ എന്നു പറഞ്ഞു.
7 യേശു അവനോട്:[m] ഞാൻ ചെയ്യു
ന്നത് നീ ഇപ്പോൾ അറിയുന്നില്ല;[n]
പിന്നെ അറിയും എന്ന് ഉത്തരം പറ
ഞ്ഞു. 8 നീ ഒരുനാളും എന്റെ കാൽ
കഴുകുകയില്ല എന്ന് പത്രൊസ്
പറഞ്ഞു.[o] അതിന് യേശു: ഞാൻ
നിന്നെ കഴുകാഞ്ഞാൽ നിനക്ക്
എന്നോടുകൂടെ പങ്കില്ല[p] എന്ന്
ഉത്തരം പറഞ്ഞു. 9 അപ്പോൾ
ശിമോൻപത്രൊസ്: കർത്താവേ,
എന്റെ കാൽ മാത്രമല്ല കൈയും
തലയുംകൂടെ കഴുകേണമേ എന്നു
പറഞ്ഞു. 10 യേശു അവനോട്:
കുളിച്ചിരിക്കുന്നവനു കാൽ അല്ലാ
തെ[q] കഴുകുവാൻ ആവശ്യമില്ല;
അവൻ മുഴുവനും ശുദ്ധിയുള്ള
വൻ; നിങ്ങൾ ശുദ്ധിയുള്ളവർ ആ
കുന്നു;[r] എല്ലാവരും അല്ല[s] താനും
എന്നു പറഞ്ഞു. 11 തന്നെ കാണി
ച്ചുകൊടുക്കുന്നവനെ അറിഞ്ഞി
രിക്കകൊണ്ടത്രേ[t] എല്ലാവരും ശുദ്ധി
യുള്ളവരല്ല എന്നു പറഞ്ഞത്.
12 അവൻ അവരുടെ കാൽ കഴു
കീട്ടു വസ്ത്രം ധരിച്ച്[u] വീണ്ടും ഇ
രുന്ന് അവരോട് പറഞ്ഞത്: ഞാൻ
നിങ്ങൾക്കു ചെയ്തത് ഇന്നത് എന്ന്
അറിയുന്നുവോ?[v] 13 നിങ്ങൾ എന്നെ
ഗുരുവെന്നും[w] കർത്താവെന്നും വി
ളിക്കുന്നു;[x] ഞാൻ അങ്ങനെ ആക
കൊണ്ട് നിങ്ങൾ പറയുന്നതു ശരി.
14 കർത്താവും ഗുരുവുമായ ഞാൻ
നിങ്ങളുടെ കാൽ കഴുകി എങ്കിൽ
നിങ്ങളും തമ്മിൽ തമ്മിൽ കാൽ
കഴുകേണ്ടതാകുന്നു.[y] 15 ഞാൻ
നിങ്ങൾക്കു ചെയ്തതുപോലെ നി
ങ്ങളും ചെയ്യേണ്ടതിനു[z] ഞാൻ

46.[x] യോഹ.12:35,36; യോഹ.1:4,5,9;8:12
47.[y] (യോഹ.3:34)
[z] യോഹ.8:15
[a] യോഹ.3:17;4:42
48.[b] ലൂക്കൊ.10:16
[c] ആവ.18:18,19
[d] (റോമ.2:16)
[e] യോഹ.5:19,30
49.[f] യോഹ.3:17
[g] യോഹ.10:18;15:10

**അധ്യായം 13**

1.[a] യോഹ.6:4
[b] യോഹ.12:1
[c] യോഹ.13:3;16:28
[d] യോഹ.12:23
[e] യോഹ.1:11; 17:6,9 - 11
[f] യോഹ.13:34
2.[g] യോഹ.13:11,27; (അപ്പൊ.പ്ര.5:3); യോഹ.6:70,71
3.[h] യോഹ.17:2; മത്താ.11:27; വെളി.2:26
[i] യോഹ.8:42;16:28
[j] യോഹ.14:12
5.[k] (യോഹ.21:7; ലൂക്കൊ.22:27)
[l] (2രാജാ.3:11)
7.[m] (യോഹ.13:36)
[n] യോഹ.13:12; (യോഹ.12:16;15:15)
8.[o] (മത്താ.16:22)
[p] (1കൊരി.6:11; എഫെ.5:26; തീത്തൊ.3:6; എബ്രാ.10:22)
10.[q] ഉൽപ.18:4
[r] യോഹ.15:3
[s] യോഹ.13:18
11.[t] യോഹ.13:2; 6:64; 2:24,25
12.[u] യോഹ.13:4
[v] യോഹ.13:7
13.[w] മത്താ.23:8,10; 1കൊരി.8:6;12:3; ഫിലി.2:11; (എഫെ.6:9)
[x] ലൂക്കൊ.6:46
14.[y] 1തിമൊ.5:10; (1പത്രൊ.5:5)
15.[z] മത്താ.11:29

നിങ്ങൾക്കു ദൃഷ്ടാന്തം തന്നിരിക്കു
ന്നു. **16** ആമേൻ, ആമേൻ, ഞാൻ
നിങ്ങളോടു പറയുന്നു: ദാസൻ യജ
മാനനെക്കാൾ വലിയവൻ അല്ല;[a]
ദൂതൻ തന്നെ അയച്ചവനെക്കാൾ
വലിയവനുമല്ല. **17** ഇതു നിങ്ങൾ
അറിയുന്നു എങ്കിൽ ചെയ്താൽ
ഭാഗ്യവാന്മാർ.[b] **18** നിങ്ങളെ എല്ലാ
വരെയുംകുറിച്ചു പറയുന്നില്ല;[c]
ഞാൻ തിരഞ്ഞെടുത്തവരെ[d] ഞാൻ
അറിയുന്നു; എന്നാൽ [e]"എന്റെ
അപ്പം തിന്നുന്നവൻ എന്റെ നേരേ
കുതികാൽ ഉയർത്തിയിരിക്കുന്നു"
എന്നുള്ള തിരുവെഴുത്തിനു നിവൃത്തി
വരേണ്ടതാകുന്നു.[f] **19** അതു സംഭ
വിക്കുമ്പോൾ ഞാൻ തന്നെ മശീഹാ
എന്നു നിങ്ങൾ വിശ്വസിക്കേണ്ട
തിനു[g] ഞാൻ ഇപ്പോൾ അത് സംഭ
വിക്കുംമുമ്പേ നിങ്ങളോടു പറ
യുന്നു.[h] **20** ആമേൻ, ആമേൻ,
ഞാൻ നിങ്ങളോടു പറയുന്നു:
ഞാൻ അയയ്ക്കുന്നവനെ കൈ
ക്കൊള്ളുന്നവൻ എന്നെ കൈക്കൊ
ള്ളുന്നു;[i] എന്നെ കൈക്കൊള്ളുന്ന
വൻ എന്നെ അയച്ചവനെ കൈ
ക്കൊള്ളുന്നു.

**21** ഇതു പറഞ്ഞിട്ട് യേശു ഉള്ളം
കലങ്ങി:[j] ആമേൻ, ആമേൻ, ഞാൻ
നിങ്ങളോടു പറയുന്നു: നിങ്ങളിൽ
ഒരുത്തൻ[k] എന്നെ കാണിച്ചുകൊ
ടുക്കും[l] എന്നു സാക്ഷീകരിച്ചു പറ
ഞ്ഞു. **22** ഇത് ആരെക്കുറിച്ചു പറ
യുന്നു എന്ന് ശിഷ്യന്മാർ സംശ
യിച്ചു തമ്മിൽ തമ്മിൽ നോക്കി.[m]
**23** ശിഷ്യന്മാരിൽ വച്ചു യേശു
സ്നേഹിച്ച ഒരുത്തൻ[n] യേശുവി
ന്റെ മാർവിടത്തു[o] ചാരിക്കൊണ്ടി
രുന്നു. **24** ശിമോൻ പത്രൊസ് അ
വനോട് ആംഗ്യം കാട്ടി, അവൻ പറ
ഞ്ഞത് ആരെക്കൊണ്ട് എന്ന് ചോദി
പ്പാൻ പറഞ്ഞു. **25** അവൻ യേശു
വിന്റെ നെഞ്ചോടു[p] ചാഞ്ഞു:[q] കർ
ത്താവേ, അത് ആർ എന്നു ചോദിച്ചു.
**26** ഞാൻ അപ്പഖണ്ഡം മുക്കി[r]കൊ
ടുക്കുന്നവൻതന്നെ[s] എന്നു യേശു
ഉത്തരം പറഞ്ഞു; ഖണ്ഡം മുക്കി
ശിമോൻ ഈസ്കര്യോത്താവിന്റെ[t]
മകനായ യൂദായ്ക്കു കൊടുത്തു.[u]
**27** ഖണ്ഡം വാങ്ങിയ ഉടനെ സാ
ത്താൻ അവനിൽ കടന്നു.[v] യേശു
അവനോട്: നീ ചെയ്യുന്നത് വേഗ
ത്തിൽ ചെയ്ക[w] എന്നു പറഞ്ഞു.
**28** എന്നാൽ ഇത് ഇന്നതിനെക്കു
റിച്ചു പറഞ്ഞുവെന്നു പന്തിയിൽ
ഇരുന്നവരിൽ ആരും അറിഞ്ഞില്ല.
**29** പണസ്സഞ്ചി യൂദായുടെ പക്കൽ
ആകയാൽ[x] പെരുന്നാളിൽ[y] വേണ്ടു
ന്നതു മേടിപ്പാനോ ദരിദ്രർക്ക് വല്ല
തും കൊടുപ്പാനോ[z] യേശു അവ
നോട് കല്പിക്കുന്നു എന്നു ചിലർ
ക്കു തോന്നി. **30** ഖണ്ഡം വാങ്ങിയ
ഉടനെ അവൻ എഴുന്നേറ്റ് പോയി,
അപ്പോൾ രാത്രി ആയിരുന്നു.[a]

**31** അവൻ പോയശേഷം യേശു
പറഞ്ഞത്: ഇപ്പോൾ മനുഷ്യപുത്രൻ
മഹത്ത്വപ്പെട്ടി[b]രിക്കുന്നു; **32** ദൈ
വവും അവനിൽ മഹത്ത്വപ്പെട്ടി[c]രി
ക്കുന്നു; ദൈവം അവനിൽ മഹത്ത്വ
പ്പെട്ടിരിക്കുന്നു എങ്കിൽ ദൈവം
അവനെ തന്നിൽതന്നെ മഹത്ത്വ
പ്പെടുത്തും;[d] ക്ഷണത്തിൽ അവനെ
മഹത്ത്വപ്പെടുത്തും.[e] **33** കുഞ്ഞു
ങ്ങളേ, ഞാൻ ഇനി കുറഞ്ഞോന്നു
മാത്രം നിങ്ങളോടുകൂടെ ഇരിക്കും;[f]
നിങ്ങൾ എന്നെ അന്വേഷിക്കും;
ഞാൻ പോകുന്ന ഇടത്തു നിങ്ങൾ
ക്കു വരുവാൻ കഴികയില്ല എന്ന്
ഞാൻ യെഹൂദന്മാരോടു പറഞ്ഞ
തുപോലെ[g] ഇന്നു നിങ്ങളോടും
പറയുന്നു. **34** നിങ്ങൾ തമ്മിൽ ത
മ്മിൽ സ്നേഹിക്കേണം[h] എന്ന്
പുതിയൊരു കല്പന[i] ഞാൻ നി
ങ്ങൾക്കു തരുന്നു;[j] ഞാൻ നിങ്ങളെ
സ്നേഹിച്ചതുപോലെ നിങ്ങളും
തമ്മിൽ തമ്മിൽ സ്നേഹിക്കേണം
എന്നുതന്നെ.[k] **35** നിങ്ങൾക്കു ത
മ്മിൽ തമ്മിൽ സ്നേഹം ഉണ്ടെ
ങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ
എന്ന് എല്ലാവരും അറിയും.[l]

16.[a] *യോഹ.15:20; മത്താ.10:24*
17.[b] *ലൂക്കൊ.11:28; യാക്കോ.1:22*
18.[c] *യോഹ.13:10,11* [d] *യോഹ.6:70; 15:16,19; (മർക്കൊ.3:13; ലൂക്കൊ.6:13; അപ്പൊ.പ്ര.1:1)* [e] ***സങ്കീ.41:9;*** *(യോഹ.13:26; മത്താ.26:23)* [f]*(യോഹ.17:12) മത്താ.1:23*
19.[g] *യോഹ.8:24* [h] *യോഹ.14:29;16:4*
20.[i] *മത്താ.10:40*
21.[j] *യോഹ.12:27* [k] *അപ്പൊ.പ്ര.1:17* [l] *മത്താ.26:21; മർക്കൊ.14:18; ലൂക്കൊ.22:21*
22.[m] *ലൂക്കൊ.22:23*
23.[n] *യോഹ.19:26; 20:2;21:7,20* [o] *(ലൂക്കൊ.16:22)*
25.[p] *യോഹ.4:6; മർക്കൊ.4:36* [q] *യോഹ.21:20*
26.[r] *രൂത്ത് 2:14* [s] *മത്താ.26:23; മർക്കൊ.14:20* [t] *യോഹ.6:70*
[u] *(മത്താ.26:25)*
27.[v] *ലൂക്കൊ.22:3; (യോഹ.13:2; 1കൊരി.11:27)* [w] *(ലൂക്കൊ.12:50)*
29.[x] *യോഹ.12:6* [y] *യോഹ.13:1* [z] *യോഹ.12:5*
30.[a] *(1ശമൂ.28:8)*
31.[b] *യോഹ.7:39*
32.[c] *യോഹ.14:13; 15:18;17:1,4; 1പത്രൊ.4:11* [d] *യോഹ.17:1,5* [e] *യോഹ.12:23*
33.[f] *യോഹ.7:33* [g] *യോഹ.7:34;8:21*
34.[h] *ലേവ്യ.19:18; റോമ.13:8; കൊലൊ.3:14; 1തെസ്സ.4:9; 1തിമൊ.1:5; 1പത്രൊ.1:22; 1യോഹ.3:11;4:21* [i] *1യോഹ.2:7,8;3:23; 2യോഹ.5* [j] *യോഹ.15:12,17; 1യോഹ.3:23;4:21* [k] *യോഹ.15:12; എഫെ.5:2; 1യോഹ.4:10,11*
35.[l] *(1യോഹ.3:14;4:20)*

36 ശിമോൻ പത്രൊസ് അവ
നോട്: കർത്താവേ, നീ എവിടെ
പോകുന്നു എന്നു ചോദിച്ചതിന്:
ഞാൻ പോകുന്ന ഇടത്തേക്കു നിന
ക്ക് ഇപ്പോൾ എന്നെ അനുഗമിപ്പാൻ
കഴികയില്ല;[m] പിന്നത്തേതിൽ നീ
എന്നെ അനുഗമിക്കും[n] എന്ന് യേശു
അവനോട് ഉത്തരം പറഞ്ഞു.[o]
37 പത്രൊസ് അവനോട്: കർത്താ
വേ, ഇപ്പോൾ എനിക്കു നിന്നെ
അനുഗമിപ്പാൻ കഴിയാത്തത് എന്ത്?[p]
ഞാൻ എന്റെ ജീവനെ നിനക്കുവേ
ണ്ടി വച്ചുകളയും എന്നു പറഞ്ഞു.
38 അതിന് യേശു: നിന്റെ ജീവനെ
എനിക്കുവേണ്ടി വച്ചുകളയുമോ?
ആമേൻ, ആമേൻ, ഞാൻ നിന്നോടു
പറയുന്നു: നീ മൂന്നു പ്രാവശ്യം എ
ന്നെ തള്ളിപ്പറയുവോളം കോഴി കൂകു
കയില്ല[q] എന്ന് ഉത്തരം പറഞ്ഞു.

❋ ❋ ❋

*1. യേശു തന്റെ ശിഷ്യന്മാരെ ആശ്വസിപ്പിക്കയും പരിശുദ്ധാത്മാവിനെ കൊടുക്കും എന്ന് വാഗ്ദത്തം ചെയ്തതും.*

**14** നിങ്ങളുടെ ഹൃദയം കലങ്ങി
പ്പോകരുത്;[a] ദൈവത്തിൽ
വിശ്വസിപ്പിൻ,[b] എന്നിലും വിശ്വസി
പ്പിൻ. 2 എന്റെ പിതാവിന്റെ ഭവന
ത്തിൽ[c] അനേകം വാസസ്ഥലങ്ങൾ
ഉണ്ട്; ഇല്ലെങ്കിൽ ഞാൻ നിങ്ങ
ളോടു പറയുമായിരുന്നു. ഞാൻ
നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ
പോകുന്നു.[d] 3 ഞാൻ പോയി
നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ,
ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും
ഇരിക്കേണ്ടതിനു[e] പിന്നെയും വന്നു
നിങ്ങളെ എന്റെ അടുക്കൽ[f] ചേർ
ത്തുകൊള്ളും. 4 ഞാൻ പോകുന്ന
ഇടത്തേക്കുള്ള വഴി നിങ്ങൾ അറി
യുന്നു. 5 തോമാസ്[g] അവനോട്:
കർത്താവേ, നീ എവിടെ പോകുന്നു
എന്ന് ഞങ്ങൾ അറിയുന്നില്ല;[h]
പിന്നെ വഴി എങ്ങനെ അറിയും
എന്നു പറഞ്ഞു. 6 യേശു അവ
നോട്: ഞാൻതന്നെ വഴിയും[i]
സത്യവും[j] ജീവനും[k] ആകുന്നു;
ഞാൻ മുഖാന്തരം[l] മല്ലാതെ ആരും
പിതാവിന്റെ അടുക്കൽ എത്തു
ന്നില്ല. 7 നിങ്ങൾ എന്നെ അറിഞ്ഞു
എങ്കിൽ[m] എന്റെ പിതാവിനെയും
അറിയുമായിരുന്നു;[n] ഇന്നുമുതൽ
നിങ്ങൾ അവനെ അറിയുന്നു; അ
വനെ കണ്ടുമിരിക്കുന്നു[o] എന്നു പറ
ഞ്ഞു. 8 ഫിലിപ്പൊസ്[p] അവനോട്:
കർത്താവേ, പിതാവിനെ ഞങ്ങൾ
ക്കു കാണിച്ചുതരേണം;[q] എന്നാൽ
ഞങ്ങൾക്കു മതി എന്നു പറഞ്ഞു.
9 യേശു അവനോട് പറഞ്ഞത്:
ഞാൻ ഇത്രകാലം നിങ്ങളോടുകൂ
ടെ ഇരുന്നിട്ടും നീ എന്നെ അറിയു
ന്നില്ലയോ ഫിലിപ്പൊസേ? എന്നെ
കണ്ടവൻ പിതാവിനെ കണ്ടിരിക്കു
ന്നു;[r] പിന്നെ പിതാവിനെ ഞങ്ങൾ
ക്കു കാണിച്ചുതരേണം എന്നു നീ
പറയുന്നത് എങ്ങനെ? 10 ഞാൻ
പിതാവിലും പിതാവ് എന്നിലും
ആകുന്നു എന്ന് നീ വിശ്വസിക്കു
ന്നില്ലയോ?[s] ഞാൻ നിങ്ങളോടു
പറയുന്ന വചനം സ്വയമായിട്ടല്ല
സംസാരിക്കുന്നത്;[t] പിതാവ് എ
ന്നിൽ വസിച്ചുകൊണ്ടു തന്റെ പ്ര
വൃത്തി ചെയ്യുന്നു. 11 ഞാൻ പിതാ
വിലും പിതാവ് എന്നിലും എന്ന്
എന്നെ വിശ്വസിപ്പിൻ;[s] അല്ലെങ്കിൽ
പ്രവൃത്തി നിമിത്തം എന്നെ വിശ്വ
സിപ്പിൻ.[u] 12 ആമേൻ, ആമേൻ,
ഞാൻ നിങ്ങളോടു പറയുന്നു:
ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ
വിശ്വസിക്കുന്നവനും ചെയ്യും;[v]
ഞാൻ പിതാവിന്റെ അടുക്കൽ
പോകുന്നതു[w] കൊണ്ട് അതിൽ
വലിയതും അവൻ ചെയ്യും. 13 നി
ങ്ങൾ എന്റെ നാമത്തിൽ അപേ
ക്ഷിക്കുന്നതൊക്കെയും[x] പിതാവ്
പുത്രനിൽ മഹത്വപ്പെടേണ്ടതിനു[y]
ഞാൻ ചെയ്തുതരും. 14 നിങ്ങൾ
എന്റെ നാമത്തിൽ എന്നോട് അപേ
ക്ഷിക്കുന്നത് ഒക്കെയും[x] ഞാൻ
ചെയ്തുതരും. 15 നിങ്ങൾ എന്നെ
സ്നേഹിക്കുന്നു എങ്കിൽ[z] എന്റെ
കല്പനകളെ കാത്തുകൊള്ളും.[a]

36.[m] (യോഹ.7:34; 14:2)
[n] യോഹ.21:18,19; 2പത്രൊ.1:13
[o] (യോഹ.13:7)
37.[p] മത്താ.26:33-35; മർക്കൊ.14:29-31; ലൂക്കൊ.22:33,34
38.[q] യോഹ.18:27

**അധ്യായം 14**

1.[a] യോഹ.14:27; (യോഹ.16:22,23; 1പത്രൊ.3:14)
[b] (യോഹ.17:3; മർക്കൊ.11:22); യോഹ.12:44
2.[c] (യോഹ.2:16)
[d] യോഹ.16:7; (യോഹ.8:21,22; 13:33,36)
3.[e] യോഹ.12:26
[f] യോഹ.14:18,28; (യോഹ.21:22,23)
5.[g] യോഹ.11:16
[h] യോഹ.13:36
6.[i] എബ്രാ.9:8;10:19; (എഫെ.2:18)
[j] യോഹ.1:14,17; (1യോഹ.5:20)
[k] യോഹ.11:25
[l] എബ്രാ.7:25
7.[m] യോഹ.8:19
[n] 1യോഹ.2:13,14
[o] (യോഹ.6:46)
8.[p] യോഹ.1:43,44; 12:21
[q] (പുറ.33:18)
9.[r] യോഹ.12:45; (യോഹ.10:30;15:24; കൊലൊ.1:15; എബ്രാ.1:3)
10.[s] യോഹ.10:38
[t] യോഹ.5:19,20
11.[s] (വാ.10 കാ.)
[u] യോഹ.5:36
12.[v] (മത്താ.17:20,21; 21:21; മർക്കൊ.11:23; 16:17)
[w] യോഹ.14:28; 16:28;(യോഹ.7:33; 13:1,3;16:5,10,17; 17:11,13;20:17) 13.[x] യോഹ.15:16; 16:23,24; മത്താ. 7:7 [y] യോഹ.13:31 14.[x] (വാ.13 കാ.) 15.[z] യോഹ. 14:21,23;15:10; 1യോഹ.5:3; 2യോഹ.6 [a] 1യോഹ.2:3

16 എന്നാൽ ഞാൻ പിതാവിനോട്
ചോദിക്കും;[b] അവൻ സത്യത്തിന്റെ
ആത്മാവ്[c] എന്ന മറ്റൊരു കാര്യ
സ്ഥനെ[d] എന്നേക്കും നിങ്ങളോടു
കൂടെ ഇരിക്കേണ്ടതിനു നിങ്ങൾക്കു
തരും. 17 ലോകം അവനെ കാണു
കയോ അറികയോ ചെയ്യായ്ക
യാൽ അതിന് അവനെ ലഭിപ്പാൻ
കഴികയില്ല;[e] നിങ്ങളോ അവൻ നി
ങ്ങളോടുകൂടെ വസിക്കയും നിങ്ങ
ളിൽ ഇരിക്കുകയും[f] ചെയ്യുന്നതു
കൊണ്ട് അവനെ അറിയുന്നു.
18 ഞാൻ നിങ്ങളെ അനാഥരായി
വിടുകയില്ല; ഞാൻ നിങ്ങളുടെ അടു
ക്കൽ വരും.[g] 19 കുറഞ്ഞോന്നു
കഴിഞ്ഞാൽ ലോകം എന്നെ കാണുക
യില്ല;[h] നിങ്ങളോ എന്നെ കാണും;[i]
ഞാൻ ജീവിക്കുന്നതുകൊണ്ടു നി
ങ്ങളും ജീവിക്കും.[j] 20 ഞാൻ എന്റെ
പിതാവിലും[k] നിങ്ങൾ എന്നിലും[l]
ഞാൻ നിങ്ങളിലും[m] എന്ന് നിങ്ങൾ
അന്ന് അറിയും.[n] 21 എന്റെ കല്പ
നകൾ ലഭിച്ചു[o] പ്രമാണിക്കുന്ന
വൻ[p] എന്നെ സ്നേഹിക്കുന്നവൻ
ആകുന്നു; എന്നെ സ്നേഹിക്കു
ന്നവനെ[q] എന്റെ പിതാവ് സ്നേ
ഹിക്കുന്നു;[r] ഞാനും അവനെ സ്നേ
ഹിച്ച് അവന് എന്നെത്തന്നെ വെ
ളിപ്പെടുത്തും.[s] 22 ഈസ്കര്യോ
ത്താവല്ലാത്ത യൂദാ[t] അവനോട്:
കർത്താവേ, എന്തു സംഭവിച്ചിട്ടാ
കുന്നു നീ ലോകത്തിനല്ല ഞങ്ങൾ
ക്കത്രേ നിന്നെ വെളിപ്പെടുത്തു
വാൻ പോകുന്നത്[u] എന്നു ചോ
ദിച്ചു. 23 യേശു അവനോട് എന്നെ
സ്നേഹിക്കുന്നവൻ എന്റെ വചനം
പ്രമാണിക്കും;[v] എന്റെ പിതാവ്
അവനെ സ്നേഹിക്കും; ഞങ്ങൾ
അവന്റെ അടുക്കൽ വന്ന്[w] അവനോ
ടുകൂടെ വാസം ചെയ്യും.[x] 24 എന്നെ
സ്നേഹിക്കാത്തവൻ എന്റെ വചനം
പ്രമാണിക്കുന്നില്ല; നിങ്ങൾ കേൾ
ക്കുന്ന വചനം എന്റേതല്ല എന്നെ
അയച്ച പിതാവിന്റേതത്രേ[y] എന്ന്
ഉത്തരം പറഞ്ഞു.

25 ഞാൻ നിങ്ങളോടുകൂടെ വ
സിക്കുമ്പോൾ ഇതു നിങ്ങളോട്
സംസാരിച്ചിരിക്കുന്നു. 26 എങ്കിലും
പിതാവ് എന്റെ നാമത്തിൽ അയ
പ്പാനുള്ള[z] പരിശുദ്ധാത്മാവ് എന്ന
കാര്യസ്ഥൻ[a] നിങ്ങൾക്കു സകലവും
ഉപദേശിച്ചുതരികയും[b] ഞാൻ നിങ്ങ
ളോടു പറഞ്ഞതൊക്കെയും നിങ്ങ
ളെ ഓർമപ്പെടുത്തുകയും ചെയ്യും.[c]
27 സമാധാനം ഞാൻ നിങ്ങൾക്കു
തന്നേച്ചുപോകുന്നു;[d] എന്റെ സമാ
ധാനം ഞാൻ നിങ്ങൾക്കു തരുന്നു;[e]
ലോകം തരുന്നതുപോലെ അല്ല
ഞാൻ നിങ്ങൾക്കു തരുന്നത്. നിങ്ങ
ളുടെ ഹൃദയം കലങ്ങരുത്,[f] ഭ്രമി
ക്കയും അരുത്.[g] 28 ഞാൻ പോക
യും നിങ്ങളുടെ അടുക്കൽ മടങ്ങി
വരികയും ചെയ്യും[h] എന്നു ഞാൻ
നിങ്ങളോടു പറഞ്ഞത് കേട്ടുവല്ലോ;[i]
നിങ്ങൾ എന്നെ സ്നേഹിക്കുന്നു
എങ്കിൽ ഞാൻ പിതാവിന്റെ അടു
ക്കൽ പോകുന്നതിനാൽ[j] നിങ്ങൾ
സന്തോഷിക്കുമായിരുന്നു; പിതാവ്
എന്നെക്കാൾ വലിയവനല്ലോ.[k]
29 അത് സംഭവിക്കുമ്പോൾ നി
ങ്ങൾ വിശ്വസിക്കേണ്ടതിന് ഞാൻ
ഇപ്പോൾ അത് സംഭവിക്കുംമുമ്പേ
നിങ്ങളോടു പറഞ്ഞിരിക്കുന്നു.[l]
30 ഞാൻ ഇനി നിങ്ങളോടു വളരെ
സംസാരിക്കയില്ല; ലോകത്തിന്റെ
പ്രഭു[m] വരുന്നു; അവന് എന്നോട്
ഒരു കാര്യവുമില്ല.[n] 31 എങ്കിലും
ഞാൻ പിതാവിനെ സ്നേഹിക്കുന്നു
എന്നും[o] പിതാവ് എന്നോടു കല്പി
ച്ചതുപോലെ ഞാൻ ചെയ്യുന്നു എ
ന്നും[p] ലോകം അറിയട്ടെ.[o] എഴു
ന്നേല്പിൻ: നാം പോക.

❋ ❋ ❋

16.[b] യോഹ.16:26; 17:9,15,20 [c] യോഹ.15:26;16:13; (1കൊരി.2:12-14; 1യോഹ.2:27; 4:6;5:7) [d] യോഹ.14:26; 15:26;16:7; 1യോഹ.2:1; (റോമ. 8:26) 17.[e] 1കൊരി.2:14 [f] അപ്പൊ.പ്ര.2:4; (1യോഹ.2:27; 2യോഹ.1); റോമ.8:9 18.[g] യോഹ.14:3,28 19.[h] യോഹ.7:33 [i] (യോഹ.12:45;16:16) [j] (റോമ.5:10; എഫെ.2:5; വെളി.20:4) 20.[k] യോഹ.14:10 [l] (യോഹ.15:4-7); 1യോഹ.2:28 [m] യോഹ.17:21,23,26 [n] യോഹ.16:23,26 21.[o] (യോഹ.7:17; 8:31,32) [p] യോഹ.14:15; 1യോഹ.2:5 [q] യോഹ.16:27 [r] (യോഹ.12:26) [s] യോഹ.7:4 22.[t] ലൂക്കൊ.6:16; അപ്പൊ.പ്ര.1:13 [u] (അപ്പൊ.പ്ര. 10:40,41) 23.[v] യോഹ.14:15,21 [w] വെളി.3:20 [x] (2കൊരി.6:16; 1യോഹ.2:24) 24.[y] (യോഹ.14:10); യോഹ.7:16

26.[z] (ലൂക്കൊ.24:49; അപ്പൊ.പ്ര.2:33; യോഹ.15:26;16:7) [a] യോഹ.14:16; [b] യോഹ.16:13; 1കൊരി.2:10; 1യോഹ.2:21,27 [c] യോഹ.2:22 27.[d] യോഹ.20:19, 21,26; ലൂക്കൊ.24:36 [e] യോഹ.16:33; കൊലൊ.3:15; (എഫെ.3:17; ഫിലി.4:7) [f] യോഹ.14:1 [g] 2തിമൊ.1:7 28.[h] യോഹ.8:21 [i] യോഹ.14:2-4 [j] യോഹ.14:12 [k] (യോഹ.10:29; ഫിലി.2:6) 29.[l] യോഹ.13:19; 16:4 30.[m] യോഹ.12:31 [n] (യോഹ.17:14;18:36; എബ്രാ.4:15) 31.[o] യോഹ.17:21,23 [p] യോഹ.12:49,50; ഫിലി.2:8; എബ്രാ.5:8

14:16 ***സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥൻ:*** 1 യോഹ. 2:1 ൽ യേശുവിനെ 'നീതിമാനായ കാര്യസ്ഥൻ' എന്നു പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക. ഇവിടെ പരിശുദ്ധാത്മാവിനെ 'മറ്റൊരു കാര്യസ്ഥൻ' എന്നാണു പറഞ്ഞിരിക്കുന്നത്. കാര്യസ്ഥൻ എന്നാൽ നമുക്കുവേണ്ടി വാദിക്കുകയും സഹായിക്കുകയും ചെയ്യുന്നയാൾ എന്നർഥം.

*1. മുന്തിരിവള്ളിയുടെ ഉപമ 26. പരിശുദ്ധാത്മാവിന്റെയും അപൊസ്തലന്മാരുടെയും സ്ഥാനം.*

**15** ഞാൻ സാക്ഷാൽ മുന്തിരി
വള്ളിയും[a] എന്റെ പിതാവ്
തോട്ടക്കാരനും[b] ആകുന്നു. **2** എ
ന്നിൽ കായ്ക്കാത്ത കൊമ്പൊക്കെ
യും[c] അവൻ നീക്കിക്കളയുന്നു;[d]
കായ്ക്കുന്നതൊക്കെയും അധികം
ഫലം കായ്ക്കേണ്ടതിനു[e] ചെത്തി
വെടിപ്പാക്കുന്നു. **3** ഞാൻ നിങ്ങ
ളോടു സംസാരിച്ച വചനം നിമിത്തം[f]
നിങ്ങൾ ഇപ്പോൾ ശുദ്ധിയുള്ളവരാ
കുന്നു.[g] **4** എന്നിൽ[h] വസിപ്പിൻ;[i]
ഞാൻ നിങ്ങളിലും വസിക്കും; കൊ
മ്പിനു മുന്തിരിവള്ളിയിൽ വസിച്ചിട്ട
ല്ലാതെ സ്വയമായി കായ്പാൻ കഴി
യാത്തതുപോലെ എന്നിൽ വസിച്ചി
ട്ടല്ലാതെ നിങ്ങൾക്കു കഴികയില്ല.
**5** ഞാൻ മുന്തിരിവള്ളിയും നിങ്ങൾ
കൊമ്പുകളും[j] ആകുന്നു; ഒരുത്തൻ
എന്നിലും ഞാൻ അവനിലും വസി
ക്കുന്നു എങ്കിൽ അവൻ വളരെ
ഫലം കായ്ക്കും;[k] എന്നെ പിരിഞ്ഞു
നിങ്ങൾക്ക് ഒന്നും ചെയ്‌വാൻ
കഴികയില്ല. **6** എന്നിൽ വസിക്കാ
ത്തവനെ ഒരു കൊമ്പുപോലെ പുറ
ത്തു കളഞ്ഞിട്ട് അവൻ ഉണങ്ങിപ്പോ
കുന്നു;[l] ആ വക ചേർത്തു തീയിൽ
ഇടുന്നു; അത് വെന്തുപോകും.[m]
**7** നിങ്ങൾ എന്നിലും എന്റെ വച
നം നിങ്ങളിലും വസിച്ചാൽ[n] നി
ങ്ങൾ ഇച്ഛിക്കുന്നത് എന്തെങ്കിലും
അപേക്ഷിപ്പിൻ; അത് നിങ്ങൾക്കു
കിട്ടും.[o] **8** നിങ്ങൾ വളരെ ഫലം
കായ്ക്കുന്നതിനാൽ[p] എന്റെ പിതാവ്
മഹത്ത്വപ്പെടുന്നു;[q] അങ്ങനെ നി
ങ്ങൾ എന്റെ ശിഷ്യന്മാർ ആകും.[n]
**9** പിതാവ് എന്നെ സ്നേഹിക്കുന്ന
തുപോലെ[r] ഞാനും നിങ്ങളെ സ്നേ
ഹിക്കുന്നു;[s] എന്റെ സ്നേഹത്തിൽ
വസിപ്പിൻ. **10** ഞാൻ എന്റെ പിതാ
വിന്റെ കല്പനകൾ[t] പ്രമാണിച്ച്[u] അവ
ന്റെ സ്നേഹത്തിൽ വസിക്കുന്നതു
പോലെ നിങ്ങൾ എന്റെ കല്പന
കൾ പ്രമാണിച്ചാൽ എന്റെ സ്നേ
ഹത്തിൽ വസിക്കും.[v] **11** എന്റെ
സന്തോഷം നിങ്ങളിൽ ഇരിപ്പാനും[w]
നിങ്ങളുടെ സന്തോഷം പൂർണമാ
കുവാനും[x] ഞാൻ ഇതു നിങ്ങളോടു
സംസാരിച്ചിരിക്കുന്നു. **12** ഞാൻ
നിങ്ങളെ സ്നേഹിച്ചിരിക്കുന്നതു
പോലെ നിങ്ങളും തമ്മിൽ തമ്മിൽ
സ്നേഹിക്കേണം എന്നാകുന്നു
എന്റെ കല്പന.[y] **13** സ്നേഹിത
ന്മാർക്കുവേണ്ടി ജീവനെ കൊടു
ക്കുന്നതിലും[z] അധികമുള്ള സ്നേ
ഹം ആർക്കും ഇല്ല.[a] **14** ഞാൻ
നിങ്ങളോടു കല്പിക്കുന്നത് ചെ
യ്താൽ[b] നിങ്ങൾ എന്റെ സ്നേഹി
തന്മാർതന്നെ.[c] **15** യജമാനൻ
ചെയ്യുന്നത് ദാസൻ[d] അറിയായ്ക
കൊണ്ട്[e] ഞാൻ നിങ്ങളെ ദാസന്മാർ
എന്ന് ഇനി പറയുന്നില്ല;[f] ഞാൻ
എന്റെ പിതാവിനോട് കേട്ടത്
എല്ലാം[g] നിങ്ങളോട് അറിയിച്ചതു
കൊണ്ട്[h] നിങ്ങളെ സ്നേഹിത
ന്മാർ എന്നു പറഞ്ഞിരിക്കുന്നു.
**16** നിങ്ങൾ എന്നെ തിരഞ്ഞെടു
ത്തു എന്നല്ല, ഞാൻ നിങ്ങളെ
തിരഞ്ഞെടുത്തു,[i] നിങ്ങൾ പോയി
ഫലം കായ്ക്കേണ്ടതിനും[j] നിങ്ങ
ളുടെ ഫലം നിലനില്ക്കേണ്ടതിനും
നിങ്ങളെ ആക്കിവച്ചുമിരിക്കുന്നു;
നിങ്ങൾ എന്റെ നാമത്തിൽ പിതാ
വിനോട് അപേക്ഷിക്കുന്നതൊക്കെ
യും അവൻ നിങ്ങൾക്കു തരുവാനാ
യിട്ടുതന്നെ.[k] **17** നിങ്ങൾ തമ്മിൽ
തമ്മിൽ സ്നേഹിക്കേണ്ടതിനു[l]
ഞാൻ ഇതു നിങ്ങളോടു കല്പി
ക്കുന്നു. **18** ലോകം നിങ്ങളെ പക
യ്ക്കുന്നു എങ്കിൽ അത് നിങ്ങൾ
ക്കുമുമ്പേ എന്നെ പകച്ചിരിക്കുന്നു
എന്ന് അറിവിൻ.[m] **19** നിങ്ങൾ
ലോകക്കാർ ആയിരുന്നു എങ്കിൽ
ലോകം തനിക്കു സ്വന്തമായതിനെ
സ്നേഹിക്കുമായിരുന്നു;[n] എന്നാൽ

**അധ്യായം 15**

1.[a] *(യിരെ.2:21)*
[b] *(1കൊരി.3:9)*
2.[c] *യോഹ.15:6; മത്താ.3:10;7:19; (റോമ.11:17; 2പത്രൊ.1:8)*
[d] *(മത്താ.15:13; റോമ.11:22)*
[e] *(മത്താ.13:12)*
3.[f] *(യോഹ.17:17; 15:7; എഫെ.5:26)*
[g] *യോഹ.13:10*
4.[h] *യോഹ.3:15*
[i] *യോഹ.15:5 - 7; 1യോഹ.2:6; (ഫിലി.1:11; കൊലൊ.1:23); യോഹ.6:56*
5.[j] *റോമ.6:5*
[k] *യോഹ.15:16; കൊലൊ.1:6,10*
6.[l] *യോഹ.15:2*
[m] *മത്താ.13:40 - 43; (യെഹെ.15:4)*
7.[n] *യോഹ.8:31*
[o] *യോഹ.14:13*
8.[p] *യോഹ.15:5*
[q] *യെശ.61:3; മത്താ.5:16; 2കൊരി.9:13; ഫിലി.1:11*
[n] *(വാ.7 കാ.)*
9.[r] *യോഹ.5:20*
[s] *യോഹ.13:34*
10.[t] *യോഹ.10:18*
[u] *യോഹ.8:55;17:6; ഫിലി.2:8*

[v] *(യോഹ.14:15,23)*
11.[w] *(2കൊരി.2:3)*
[x] *യോഹ.3:29; 16:24;17:13; 1യോഹ.1:4; 2യോഹ.12*
12.[y] *യോഹ.13:34*
13.[z] *യോഹ.10:11*
[a] *റോമ.5:7,8; എഫെ.5:2*
14.[b] *(യോഹ.15:10; മത്താ.12:50)*
[c] *ലൂക്കൊ.12:4*
15.[d] *(റോമ.7:14)*
[e] *(യോഹ.13:7,12)* [f] *(യോഹ.15:20)* [g] *യോഹ.3:31; 8:26,40; (യോഹ.16:13)* [h] *യോഹ.17:26; (ഉൽപ.18:17; 1കൊരി.2:16;13:9,12)* 16.[i] *യോഹ.13:18* [j] *(2യോഹ.8)* [k] *(യോഹ.15:7) യോഹ.14:13* 17.[l] *യോഹ.15:12* 18.[m] *യോഹ.7:7; 1യോഹ.3:13; (യോഹ.15:23,24)* 19.[n] *(1യോഹ.4:5)*

നിങ്ങൾ ലോകക്കാരായിരിക്കാതെ
ഞാൻ നിങ്ങളെ ലോകത്തിൽ
നിന്നു തിരഞ്ഞെടുത്തതുകൊണ്ടു
ലോകം നിങ്ങളെ പകയ്ക്കുന്നു.[o]
20 ദാസൻ യജമാനനെക്കാൾ വലി
യവനല്ല[p] എന്ന് ഞാൻ നിങ്ങളോടു
പറഞ്ഞ വാക്ക് ഓർപ്പിൻ. അവർ
എന്നെ ഉപദ്രവിച്ചു എങ്കിൽ നിങ്ങ
ളെയും ഉപദ്രവിക്കും;[q] എന്റെ
വചനം പ്രമാണിച്ചു എങ്കിൽ നിങ്ങ
ളുടേതും പ്രമാണിക്കും.[r] 21 എങ്കി
ലും എന്നെ അയച്ചവനെ അവർ
അറിയായ്കകൊണ്ട് [s]എന്റെ നാമം
നിമിത്തം[t] ഇതൊക്കെയും നിങ്ങ
ളോടു ചെയ്യും.[u] 22 ഞാൻ വന്ന്
അവരോട് സംസാരിക്കാതിരുന്നെ
ങ്കിൽ അവർക്കു പാപം ഇല്ലായി
രുന്നു;[v] ഇപ്പോഴോ അവരുടെ പാപ
ത്തിന് ഒഴികഴിവില്ല. 23 എന്നെ
പകയ്ക്കുന്നവൻ[w] എന്റെ പിതാവി
നെയും പകയ്ക്കുന്നു. 24 മറ്റാരും
ചെയ്തിട്ടില്ലാത്ത പ്രവൃത്തികളെ
ഞാൻ അവരുടെ ഇടയിൽ ചെയ്തി
രുന്നില്ല എങ്കിൽ[x] അവർക്കു പാപം
ഇല്ലായിരുന്നു;[v] ഇപ്പോഴോ അവർ
എന്നെയും എന്റെ പിതാവിനെയും
കാൺകയും പകയ്ക്കുകയും ചെ
യ്തിരിക്കുന്നു.[y] 25 [z]"അവർ വെറു
തേ എന്നെ പകച്ചു" എന്ന് അവരുടെ
ന്യായപ്രമാണത്തിൽ എഴുതിയിരി
ക്കുന്ന വചനം നിവൃത്തിയാകേ
ണ്ടതിനുതന്നെ.[a] 26 ഞാൻ പിതാ
വിന്റെ അടുക്കൽനിന്നു നിങ്ങൾക്ക്
അയപ്പാനുള്ള കാര്യസ്ഥനായി
പിതാവിന്റെ അടുക്കൽനിന്നു പുറ
പ്പെടുന്ന സത്യാത്മാവ് വരുമ്പോൾ[b]
അവൻ എന്നെക്കുറിച്ചു സാക്ഷ്യം
പറയും.[c] 27 നിങ്ങളും ആദിമുതൽ[d]
എന്നോടുകൂടെ ഇരിക്കകൊണ്ടു[e]
സാക്ഷ്യം പറവിൻ.[f]

❋ ❋ ❋

***5. താൻ പോയശേഷം ആത്മാവിനാലുള്ള വരങ്ങളും പ്രവർത്തനങ്ങളും 16. തന്റെ മരണാദികളും അറിയിക്കയാൽ 29. ദുഃഖിതരായിത്തീർന്ന ശിഷ്യന്മാരെ ഉറപ്പിച്ചത്.***

**16** നിങ്ങൾ ഇടറിപ്പോകാതിരി
പ്പാൻ ഞാൻ ഇത് നിങ്ങളോടു
സംസാരിച്ചിരിക്കുന്നു. 2 അവർ
നിങ്ങളെ പള്ളിഭ്രഷ്ടർ ആക്കും;[a]
അത്രയുമല്ല നിങ്ങളെ കൊല്ലുന്ന
വൻ എല്ലാം ദൈവത്തിന് വഴിപാടു
കഴിക്കുന്നു എന്ന് വിചാരിക്കുന്ന[b]
നാഴിക വരുന്നു.[c] 3 അവർ പിതാ
വിനെയും എന്നെയും അറിയായ്ക
കൊണ്ട്[d] ഇങ്ങനെ ചെയ്യും. 4 അ
തിന്റെ നാഴിക വരുമ്പോൾ[e] ഞാൻ
അത് നിങ്ങളോടു പറഞ്ഞിട്ടുണ്ടെ
ന്നു നിങ്ങൾ ഓർക്കേണ്ടതിന് ഇത്
നിങ്ങളോടു സംസാരിച്ചിരിക്കുന്നു;[f]
ആദിയിൽ ഇതു നിങ്ങളോടു പറ
യാഞ്ഞതു ഞാൻ നിങ്ങളോടുകൂടെ
ഇരിക്കകൊണ്ടത്രേ.[g] 5 ഇപ്പോഴോ
ഞാൻ എന്നെ അയച്ചവന്റെ അടു
ക്കൽ പോകുന്നു: നീ എവിടെ
പോകുന്നു[h] എന്ന് നിങ്ങൾ ആരും
എന്നോടു ചോദിക്കുന്നില്ല.[i] 6 എ
ങ്കിലും ഇത് നിങ്ങളോടു സംസാ
രിക്കകൊണ്ട് നിങ്ങളുടെ ഹൃദയ
ത്തിൽ ദുഃഖം നിറഞ്ഞിരിക്കുന്നു.[j]
7 എന്നാൽ ഞാൻ നിങ്ങളോടു
സത്യം പറയുന്നു; ഞാൻ പോകു
ന്നത് നിങ്ങൾക്കു പ്രയോജനം;
ഞാൻ പോകാഞ്ഞാൽ[k] കാര്യസ്ഥൻ
നിങ്ങളുടെ അടുക്കൽ വരികയില്ല;[l]
ഞാൻ പോയാ[m]ൽ[n] അവനെ നി
ങ്ങളുടെ അടുക്കൽ അയയ്ക്കും.[o]
8 അവൻ വന്നു[p] പാപത്തെക്കുറിച്ചും
നീതിയെക്കുറിച്ചും ന്യായവിധിയെ
ക്കുറിച്ചും ലോകത്തിനു ബോധം
വരുത്തും.[q] 9 അവർ എന്നിൽ
വിശ്വസിക്കായ്കകൊണ്ട്[r] പാപത്തെ
ക്കുറിച്ചും 10 ഞാൻ പിതാവിന്റെ
അടുക്കൽ പോകയും നിങ്ങൾ

*19.[o] യോഹ.17:14,16; (ലൂക്കൊ.6:26; ഗലാ.1:3; യാക്കോ.4:4) 20.[p] യോഹ.13:16; മത്താ.10:24; (യോഹ.15:15) [q] യോഹ.16:33; 1കൊരി.4:12; 2കൊരി.4:9; 1തെസ്സ.2:15; 2തിമൊ.3:12 [r] (യെഹെ.3:7) യോഹ.8:51 21.[s] അപ്പൊ.പ്ര.3:17 [t] മത്താ.10:22;24:9; വെളി.2:3; (അപ്പൊ.പ്ര.5:41; 1പത്രൊ.4:14,16) [u] യോഹ.16:3 22.[v] (മത്താ.11:22,24; ലൂക്കൊ.12:47,48); യോഹ.9:41 23.[w] യോഹ.5:23 24.[x] യോഹ.3:2; 7:31;9:32; മത്താ.9:33; (യോഹ.10:32,37) [v] (വാ.22കാ.) [y] യോഹ.14:9 25.[z] **സങ്കീ.35:19; സങ്കീ.69:4** [a] യോഹ.12:38; 10:34 26.[b] യോഹ.14:16, 17,26 [c] 1കൊരി.12:3; 1യോഹ.5:7 27.[d] (ലൂക്കൊ.1:1; അപ്പൊ.പ്ര.1:21,22; 1യോഹ.2:7) [e] അപ്പൊ.പ്ര.4:20 [f] യോഹ.19:35;21:24; 1യോഹ.1:2;4:14; (3 യോഹ.12) ലൂക്കൊ.24:48*

**അധ്യായം 16**

*2.[a] യോഹ.9:22; 12:42 [b] അപ്പൊ.പ്ര.8:1;9:1; 26:9 - 11; (യെശ.66:5; മത്താ.23:34;24:9) [c] യോഹ.4:21 3.[d] യോഹ.8:19,55; 15:21; 17:25 4.[e] ലൂക്കൊ.22:53 [f] യോഹ.13:19;14:29 [g] (മത്താ.9:15) 5.[h] യോഹ.14:12 [i] (യോഹ.13:36; 14:5) 6.[j] യോഹ.16:22;14:1 7.[k] യോഹ.7:39 [l] യോഹ.15:26; (യോഹ.14:16) [m] യോഹ.14:2 [n] അപ്പൊ.പ്ര.2:33 [o] യോഹ.14:26 8.[p] (യോഹ.8:28) [q] (യോഹ.8:46) 9.[r] യോഹ.8:24; (അപ്പൊ.പ്ര.2:36,37; 1കൊരി.12:3)*

15:22 ***പാപം:*** സകല മനുഷ്യരും ദൈവത്തിലേക്കു തിരിയുന്നതിനും സത്യം വിശ്വസിക്കുന്നതിനും അവസരം ഒരുക്കുവാനാണ് യേശു ലോകത്തിലേക്കു വന്നത്. എന്നാൽ അനേകർ യേശുവിന്റെ സന്ദേശം സ്വീകരിച്ചില്ല.

ഇനി എന്നെ കാണാതിരിക്കയും
ചെയ്യുന്നതുകൊണ്ട്[s] നീതിയെക്കു
റിച്ചും[t] **11** ഈ ലോകത്തിന്റെ പ്രഭു
വിധിക്കപ്പെട്ടിരിക്ക[u]കൊണ്ടു ന്യായ
വിധിയെക്കുറിച്ചും[v]തന്നെ. **12** ഇനി
യും വളരെ നിങ്ങളോടു പറവാൻ
ഉണ്ട്; എന്നാൽ നിങ്ങൾക്ക് ഇപ്പോൾ
വഹിപ്പാൻ കഴിവില്ല. **13** സത്യത്തി
ന്റെ ആത്മാവ് വരു[w]മ്പോഴോ അ
വൻ[x] നിങ്ങളെ സകല സത്യത്തിലും
വഴിനടത്തും;[y] അവൻ സ്വയമായി
സംസാരിക്കാതെ താൻ കേൾക്കു
ന്നത് സംസാരിക്കയും[z] വരുവാനു
ള്ളത് നിങ്ങൾക്ക് അറിയിച്ചുതരി
കയും ചെയ്യും. **14** അവൻ എനിക്കു
ള്ളതിൽനിന്ന് എടുത്ത് നിങ്ങൾക്ക്
അറിയിച്ചു തരുന്നതുകൊണ്ട് എന്നെ
മഹത്വപ്പെടുത്തും.[a] **15** പിതാവിനു
ള്ളതൊക്കെയും എനിക്കുള്ളത്;[b]
അതുകൊണ്ടത്രേ അവൻ എനിക്കു
ള്ളതിൽനിന്ന് എടുത്തു നിങ്ങൾക്ക്
അറിയിച്ചുതരും എന്ന് ഞാൻ പറ
ഞ്ഞത്.[c] **16** കുറഞ്ഞോന്നു കഴിഞ്ഞി
ട്ടു നിങ്ങൾ എന്നെ കാണുകയില്ല;[d]
പിന്നെയും കുറഞ്ഞോന്നു കഴി
ഞ്ഞിട്ടു നിങ്ങൾ എന്നെ കാണും.[e]
**17** അവന്റെ ശിഷ്യന്മാരിൽ ചിലർ[f]
കുറഞ്ഞോന്നു കഴിഞ്ഞിട്ടു നിങ്ങൾ
എന്നെ കാണുകയില്ല; പിന്നെയും
കുറഞ്ഞോന്നു കഴിഞ്ഞിട്ടു നിങ്ങൾ
എന്നെ കാണും എന്നും[g] പിതാവി
ന്റെ അടുക്കൽ പോകുന്നു എന്നും[h]
അവൻ നമ്മോട് ഈ പറയുന്നത്
എന്ത്[f] എന്നു തമ്മിൽ ചോദിച്ചു.
**18** കുറഞ്ഞോന്ന് എന്ന് ഈ പറയു
ന്നത് എന്താകുന്നു? അവൻ എന്തു
സംസാരിക്കുന്നു എന്ന് നാം അറി
യുന്നില്ല[i] എന്നും അവർ പറഞ്ഞു.
**19** അവർ തന്നോടു ചോദിപ്പാൻ
ആഗ്രഹിക്കുന്നു എന്ന് അറിഞ്ഞു
യേശു അവരോട് പറഞ്ഞത്: കുറ
ഞ്ഞോന്നു കഴിഞ്ഞിട്ട് എന്നെ കാ
ണുകയില്ല; പിന്നെയും കുറഞ്ഞോ
ന്നു കഴിഞ്ഞിട്ട് എന്നെ കാണും
എന്ന് ഞാൻ പറകയാൽ നിങ്ങൾ
തമ്മിൽ തമ്മിൽ ചോദിക്കുന്നു
വോ?[j] **20** ആമേൻ, ആമേൻ, ഞാൻ
നിങ്ങളോടു പറയുന്നു: നിങ്ങൾ
കരഞ്ഞു വിലപിക്കും;[k] ലോകമോ
സന്തോഷിക്കും;[l] നിങ്ങൾ ദുഃഖി
ക്കും; എന്നാൽ നിങ്ങളുടെ ദുഃഖം
സന്തോഷമായിത്തീരും.[m] **21** സ്ത്രീ
പ്രസവിക്കുമ്പോൾ തന്റെ നാഴിക
വന്നതുകൊണ്ട് അവൾക്കു ദുഃഖം
ഉണ്ട്;[n] കുഞ്ഞിനെ പ്രസവിച്ച ശേ
ഷമോ ഒരു മനുഷ്യൻ ലോകത്തി
ലേക്കു പിറന്നിരിക്കുന്ന സന്തോഷം
നിമിത്തം അവൾ തന്റെ കഷ്ടം
പിന്നെ ഓർക്കുന്നില്ല. **22** അങ്ങനെ
നിങ്ങൾക്കും ഇപ്പോൾ ദുഃഖം
ഉണ്ട്[o] എങ്കിലും ഞാൻ പിന്നെയും
നിങ്ങളെ കാണും;[p] നിങ്ങളുടെ
ഹൃദയം സന്തോഷിക്കും;[q] നിങ്ങ
ളുടെ സന്തോഷം ആരും നിങ്ങ
ളിൽനിന്ന് എടുത്തുകളകയില്ല.
**23** അന്നു[r] നിങ്ങൾ എന്നോട് ഒ
ന്നും ചോദിക്കയില്ല.[s] ആമേൻ,
ആമേൻ, ഞാൻ നിങ്ങളോടു പറ
യുന്നു: നിങ്ങൾ പിതാവിനോട് അ
പേക്ഷിക്കുന്നതൊക്കെയും[t] അവൻ
എന്റെ നാമത്തിൽ നിങ്ങൾക്കു
തരും.[u] **24** ഇന്നുവരെ നിങ്ങൾ
എന്റെ നാമത്തിൽ ഒന്നും അപേ
ക്ഷിച്ചിട്ടില്ല; അപേക്ഷിപ്പിൻ;[v] എ
ന്നാൽ നിങ്ങളുടെ സന്തോഷം
പൂർണമാകും[w]വണ്ണം നിങ്ങൾക്കു
ലഭിക്കും.[v]

**25** ഇതു ഞാൻ സദൃശമായി[x]
നിങ്ങളോടു സംസാരിച്ചിരിക്കു
ന്നു; എങ്കിലും ഞാൻ ഇനി സദൃ
ശമായി[x] നിങ്ങളോടു സംസാരി
ക്കാതെ പിതാവിനെ സംബന്ധി
ച്ചു സ്പഷ്ടമായി നിങ്ങളോട്
അറിയിക്കുന്ന നാഴിക വരുന്നു.[y]
**26** അന്നു നിങ്ങൾ എന്റെ നാമ
ത്തിൽ അപേക്ഷിക്കും; ഞാൻ
നിങ്ങൾക്കുവേണ്ടി പിതാവിനോട്
അപേക്ഷിക്കും[z] എന്നു ഞാൻ
പറയുന്നില്ല. **27** നിങ്ങൾ എന്നെ
സ്നേഹിച്ചു,[a] ഞാൻ പിതാവിന്റെ
അടുക്കൽനിന്നു വന്നിരിക്കുന്നു

10.[s] *യോഹ. 16:16,17,19*
[t] *(അപ്പൊ.പ്ര.17:31)*
11.[u] *(കൊലൊ.2:16; എബ്രാ.2:14,15)*
[v] *യോഹ.12:31*
13.[w] *യോഹ.14:16*
[x] *യോഹ.14:26*
[y] *അപ്പൊ.പ്ര.8:31; (യോഹ. 1:17;14:6; സങ്കീ.25:5)*
[z] *(യോഹ.15:15)*
14.[a] *യോഹ.7:39*
15.[b] *യോഹ.17:10*
[c] *യോഹ.16:14*
16.[d] *യോഹ.7:33*
[e] *(യോഹ.16:22; 1യോഹ.2:8)*
17.[f] *(മർക്കൊ.9:10,32)*
[g] *യോഹ.16:16*
[h] *യോഹ.16:10*
18.[i] *(യോഹ.14:5)*
19.[j] *(യോഹ.16:30); യോഹ.2:24,25*
20.[k] *മത്താ.9:15; മർക്കൊ.16:10; ലൂക്കൊ.23:27*
[l] *(വെളി.11:10)*
[m] *യിരെ.31:13; മത്താ.5:4*
21.[n] *യെശ.26:17; (സങ്കീ.48:6; യെശ.13:8; 1തെസ്സ.5:3; വെളി.12:2)*
22.[o] *യോഹ.16:6; (2കൊരി.6:10)*
[p] *(യോഹ.16:16)*
[q] *സങ്കീ.33:21; യെശ.66:14; ലൂക്കൊ.24:52; അപ്പൊ.പ്ര.2:46; 8:8,39;13:52; 1പത്രൊ.1:9*
23.[r] *യോഹ.16:26; 14:20*
[s] *യോഹ.16:19,30; 1 യോഹ.2:20*
[t] *യോഹ.14:13*
[u] *യോഹ.15:16; (എഫെ.1:3)*
24.[v] *മത്താ.7:7*
[w] *യോഹ.15:11* 25.[x] *യോഹ.10:6* [y] *യോഹ.16:2*
26.[z] *യോഹ.14:16; 17:9,15,20* 27.[a] *യോഹ.21:15-17; (1കൊരി.16:22)*

എന്ന് വിശ്വസിച്ചിരിക്ക[b]കൊണ്ട്
പിതാവ് താനും നിങ്ങളെ സ്നേഹി
ക്കുന്നു.[c] 28 ഞാൻ പിതാവിന്റെ
അടുക്കൽനിന്നു പുറപ്പെട്ടു[d] ലോക
ത്തിൽ വന്നിരിക്കുന്നു; പിന്നെയും
ലോകത്തെ വിട്ടു പിതാവിന്റെ
അടുക്കൽ പോകുന്നു.[e] 29 അതിന്
അവന്റെ ശിഷ്യന്മാർ: ഇപ്പോൾ
നീ സാദൃശ്യം[f] ഒന്നും പറയാതെ
സ്പഷ്ടമായി സംസാരിക്കുന്നു.
30 നീ സകലവും അറിയുന്നു എ
ന്നും[g] ആരും നിന്നോടു ചോദി
പ്പാൻ നിനക്ക് ആവശ്യം ഇല്ല
എന്നും ഞങ്ങൾ ഇപ്പോൾ അറി
യുന്നു; ഇതിനാൽ നീ ദൈവ
ത്തിന്റെ അടുക്കൽനിന്നു വന്നിരി
ക്കുന്നു[h] എന്നു ഞങ്ങൾ വിശ്വസി
ക്കുന്നു എന്നു പറഞ്ഞു. 31 യേശു
അവരോട്: ഇപ്പോൾ നിങ്ങൾ
വിശ്വസിക്കുന്നുവോ? 32 നിങ്ങൾ
ഓരോരുത്തൻ[i] താന്താന്റെ സ്വന്ത
ത്തിലേക്കു[j] ചിതറിപ്പോകയും[i] എ
ന്നെ ഏകനായി വിടുകയും[k] ചെയ്യുന്ന
നാഴിക വരുന്നു;[l] വന്നുമിരിക്കുന്നു;
പിതാവ് എന്നോടുകൂടെ ഉള്ളതു
കൊണ്ടു ഞാൻ ഏകനല്ലതാനും.[m]
33 നിങ്ങൾക്ക് എന്നിൽ സമാധാനം
ഉണ്ടാകേണ്ടതിന് ഇത് നിങ്ങളോടു
സംസാരിച്ചിരിക്കുന്നു;[n] ലോക
ത്തിൽ നിങ്ങൾക്കു കഷ്ടം[o] ഉണ്ട്;[p]
എങ്കിലും ധൈര്യപ്പെടുവിൻ;[q] ഞാൻ
ലോകത്തെ ജയിച്ചിരിക്കുന്നു[r] എ
ന്നു പറഞ്ഞു.

❋ ❋ ❋

*1. യേശു തനിക്കും 9. ശിഷ്യന്മാർക്കും 20. വിശ്വാസികൾക്കുംവേണ്ടി പ്രാർത്ഥിച്ചത്.*

**17** ഇതു സംസാരിച്ചിട്ടു യേശു
സ്വർഗ്ഗത്തേക്കു നോക്കി[a] പറ
ഞ്ഞതെന്തെന്നാൽ: പിതാവേ,
നാഴിക വന്നിരിക്കുന്നു;[b] നിന്റെ
പുത്രൻ നിന്നെ മഹത്ത്വപ്പെടുത്തേ
ണ്ടതിനു[c] പുത്രനെ മഹത്ത്വപ്പെ
ടുത്തേണമേ.[d] 2 നീ അവനു നല്കി
യിട്ടുള്ളവർക്കെല്ലാവർക്കും[e] അ
വൻ നിത്യജീവനെ കൊടുക്കേണ്ട
തിനു[f] നീ സകല ജഡത്തിന്മേലും
അവന് അധികാരം നല്കി[g]യിരി
ക്കുന്നുവല്ലോ. 3 ഏക[h]സത്യദൈവ[i]
മായ നിന്നെയും[j] നീ അയച്ചിരി
ക്കുന്ന യേശുക്രിസ്തുവിനെയും[k]
അറിയുന്നതു തന്നെ[j] നിത്യജീവൻ
ആകുന്നു.[l] 4 ഞാൻ ഭൂമിയിൽ
നിന്നെ മഹത്ത്വപ്പെടുത്തി,[m] നീ
എനിക്കു ചെയ്‌വാൻ തന്ന പ്രവൃ
ത്തി തികച്ചിരിക്കുന്നു.[n] 5 ഇപ്പോൾ
പിതാവേ, ലോകം ഉണ്ടാകുംമുമ്പേ[o]
എനിക്കു നിന്റെ അടുക്കൽ ഉണ്ടാ
യിരുന്ന[p] മഹത്ത്വത്തിൽ എന്നെ
നിന്റെ അടുക്കൽ മഹത്ത്വപ്പെടു
ത്തേണമേ.[q] 6 നീ ലോകത്തിൽ
നിന്ന് എനിക്കു തന്നിട്ടുള്ള[r] മനു
ഷ്യർക്കു ഞാൻ നിന്റെ നാമം
വെളിപ്പെടുത്തി[s]യിരിക്കുന്നു. അ
വർ നിനക്കുള്ളവർ ആയിരുന്നു;[t]
നീ അവരെ എനിക്കു തന്നു;[t]
അവർ നിന്റെ വചനം പ്രമാണിച്ചു
മിരിക്കുന്നു. 7 നീ എനിക്കു തന്നത്
എല്ലാം നിന്റെ പക്കൽനിന്ന് ആകു
ന്നു[t] എന്ന് അവർ ഇപ്പോൾ അറി
ഞ്ഞിരിക്കുന്നു. 8 നീ എനിക്കു
തന്ന വചനം ഞാൻ അവർക്കു
കൊടുത്തു;[u] അവർ അതു കൈ
ക്കൊണ്ടു, ഞാൻ നിന്റെ അടുക്കൽ
നിന്നു വന്നിരിക്കുന്നു[v] എന്നു സ
ത്യമായിട്ട് അറിഞ്ഞും നീ എന്നെ
അയച്ചു എന്ന് വിശ്വസിച്ചു[w]മിരി
ക്കുന്നു 9 ഞാൻ അവർക്കുവേണ്ടി
അപേക്ഷിക്കുന്നു;[x] ലോകത്തിനു
വേണ്ടി അല്ല;[y] നീ എനിക്കു തന്നി
ട്ടുള്ളവർ[z] നിനക്കുള്ളവർ[a] ആക
കൊണ്ട് അവർക്കുവേണ്ടിയത്രേ
ഞാൻ അപേക്ഷിക്കുന്നത്. 10 എ
ന്റേത് എല്ലാം നിന്റേതും നിന്റേത്
എന്റേതും ആകുന്നു;[b] ഞാൻ
അവരിൽ മഹത്ത്വപ്പെട്ടുമിരിക്കു
ന്നു.[c] 11 ഇനി ഞാൻ ലോകത്തിൽ

27. [b] *യോഹ.16:30; 17:8*
[c] *(യോഹ.14:21,23; 17:23)*
28. [d] *യോഹ.8:14; 13:3*
[e] *യോഹ.14:12*
29. [f] *യോഹ.16:25*
30. [g] *യോഹ.21:17; 2:24,25*
[h] *(യോഹ.16:27, 28;3:2)*
32. [i] *മത്താ.26:31; മർക്കൊ.14:27*
[j] *ലൂക്കൊ.18:28*
[k] *(യെശ.63:5)*
[l] *(യോഹ.4:21,23)*
[m] *യോഹ.8:16,29*
33. [n] *കൊലൊ.3:15; യോഹ.14:27*
[o] *വെളി.1:9; അപ്പൊ.പ്ര.14:22*
[p] *(യോഹ.15:18-21)*
[q] *യോഹ.14:1,27*
[r] *(റോമ.8:37; 1യോഹ.4:4;5:4,5; വെളി.3:21;12:11)*

**അധ്യായം 17**

1. [a] *യോഹ.11:41*
[b] *(യോഹ.7:30); യോഹ.12:23*
[c] *യോഹ.17:4*
[d] *യോഹ.7:39*
2. [e] *യോഹ.17:6,9,24; 6:37,39;10:29;18:9; എബ്രാ.2:13*
[f] *യോഹ.10:28; 1യോഹ.2:25*
[g] *മത്താ.28:18; വെളി.2:26,27*
3. [h] *യോഹ.5:44*
[i] *1തെസ്സ.1:9; 1യോഹ.5:20; (യിരെ.10:10)*
[j] *ഹോശേ.2:20;6:3; 2പത്രൊ.1:2,3*
[k] *യോഹ.3:17*
[l] *(1യോഹ.5:20)*
4. [m] *യോഹ.17:1; 13:31*

[n] *(യോഹ.19:30; ലൂക്കൊ.22:37) യോഹ.4:34*
5. [o] *യോഹ.17:24; സദൃ.8:23; യോഹ.8:58*
[p] *യോഹ.1:1,2; (വെളി.3:21)* [q] *യോഹ.13:32*
6. [r] *യോഹ.17:2* [s] *യോഹ.17:26; സങ്കീ.22:22*
[t] *യോഹ.17:9* 7. [t] *(വാ.6 കാ.)* 8. [u] *യോഹ.17:14;15:15; (യോഹ.8:26;12:49)* [v] *യോഹ.8:42;16:27* [w] *യോഹ.17:21,25; 6:69;11:42;16:30* 9. [x] *യോഹ.14:16;16:26*
[y] *(യോഹ.17:20,21)* [z] *യോഹ.17:2* [a] *യോഹ.17:6*
10. [b] *യോഹ.16:15* [c] *2തെസ്സ.1:10*

ഇരിക്കുന്നില്ല; ഇവരോ ലോകത്തിൽ
ഇരിക്കുന്നു;[d] ഞാൻ നിന്റെ അടു
ക്കൽ വരുന്നു.[e] പരിശുദ്ധ പിതാവേ,[f]
അവർ[g] നമ്മെപ്പോലെ[h] ഒന്നാകേ
ണ്ടതിന്[g] നീ എനിക്കു തന്നിരി
ക്കുന്ന[i] നിന്റെ നാമത്തിൽ അവരെ
കാത്തുകൊള്ളേണമേ.[j] 12 അവ
രോടുകൂടെ ഇരുന്നപ്പോൾ ഞാൻ
അവരെ നീ എനിക്കു തന്നിരിക്കുന്ന
നിന്റെ നാമത്തിൽ കാത്തുകൊണ്ടി
രുന്നു; ഞാൻ അവരെ സൂക്ഷിച്ചു;[k]
തിരുവെഴുത്തിനു നിവൃത്തി വരേ
ണ്ടതിന്[l] ആ നാശയോഗ്യന[m]ല്ലാ
തെ അവരിൽ ആരും നശിച്ചുപോ
യിട്ടില്ല.[n] 13 ഇപ്പോഴോ ഞാൻ
നിന്റെ അടുക്കൽ വരുന്നു; എന്റെ
സന്തോഷം[o] അവർക്ക് ഉള്ളിൽ പൂർ
ണമാകേണ്ടതിന് ഇതു ലോകത്തിൽ
വച്ചു സംസാരിക്കുന്നു. 14 ഞാൻ
അവർക്കു നിന്റെ വചനം കൊടു
ത്തിരിക്കുന്നു;[p] ഞാൻ ലൗകികന
ല്ലാത്തതുപോലെ[q] അവരും ലൗകി
കന്മാരല്ലായ്കകൊണ്ട്[r] ലോകം അ
വരെ പകച്ചു.[s] 15 അവരെ ലോക
ത്തിൽനിന്ന് എടുക്കേണം[t] എന്നല്ല[u]
ദുഷ്ടന്റെ[v] കൈയിൽ[w] അകപ്പെടാ
തവണ്ണം അവരെ കാത്തുകൊള്ളേ
ണം[x] എന്നത്രേ ഞാൻ അപേക്ഷി
ക്കുന്നത്.[u] 16 ഞാൻ ലൗകികന
ല്ലാത്തതുപോലെ അവരും ലൗകിക
ന്മാരല്ല.[y] 17 സത്യത്താൽ അവരെ
വിശുദ്ധീകരിക്കേണമേ;[z] നിന്റെ
വചനം സത്യം ആകുന്നു.[a] 18 നീ
എന്നെ ലോകത്തിലേക്ക് അയച്ചതു
പോലെ ഞാൻ അവരെയും ലോക
ത്തിലേക്ക് അയച്ചിരിക്കുന്നു.[b] 19 അ
വരും സാക്ഷാൽ വിശുദ്ധീകരിക്ക
പ്പെട്ടവർ ആകേണ്ടതിന്[c] ഞാൻ
അവർക്കുവേണ്ടി[d] എന്നെത്തന്നെ
വിശുദ്ധീകരിക്കുന്നു.[e] 20 ഇവർ
ക്കുവേണ്ടി മാത്രമല്ല ഇവരുടെ വച
നത്താൽ എന്നിൽ വിശ്വസിപ്പാനി
രിക്കുന്നവർക്കു[f]വേണ്ടിയും ഞാൻ
അപേക്ഷിക്കുന്നു.[g] 21 നീ എന്നെ
അയച്ചിരിക്കുന്നു എന്നു ലോകം
വിശ്വസിപ്പാൻ[h] അവർ എല്ലാവരും
ഒന്നാകേണ്ടതിനു,[i] പിതാവേ, നീ

11.[d] യോഹ.13:1
[e] യോഹ.14:12
[f] (യോഹ.17:25)
[g] യോഹ.17:21,23; (യോഹ.10:16; റോമ.12:5;ഗലാ.3:28; എഫെ.1:10;4:4)
[h] യോഹ.10:30
[i] (പുറ.23:21; ഫിലി.2:9; വെളി.19:12)
[j] യോഹ.17:12,15; യൂദാ.1
12.[k] 2തെസ്സ.3:3; യൂദാ.24
[l] സങ്കീ.109:8; അപ്പൊ.പ്ര.1:16 - 20; (യോഹ.13:18)
[m] 2തെസ്സ.2:3
[n] യോഹ.18:9; (യോഹ.6:39;10:28)
13.[o] യോഹ.15:11
14.[p] യോഹ.17:2
[q] യോഹ.8:23
[r] യോഹ.17:16
[s] യോഹ.15:19
15.[t] (1കൊരി.5:10)
[u] യോഹ.17:9
[v] മത്താ.13:19
[w] (1യോഹ.5:19)
[x] യോഹ.17:11; (മത്താ.6:13; ലൂക്കൊ.11:4; 2തെസ്സ.3:3)
16.[y] യോഹ.17:14
17.[z] (1തെസ്സ.5:23; 2തെസ്സ.2:13; 1പത്രൊ.1:22) യോഹ.15:3
[a] 2ശമൂ.7:28; സങ്കീ.119:160
18.[b] യോഹ.20:21; (യോഹ.4:38; മത്താ.10:5)
19.[c] (1കൊരി.1:2,30; 6:11; എബ്രാ.2:11;10:10)
[d] (തീത്തൊ.2:14)
[e] യോഹ.10:36
20.[f] (യോഹ.4:39; റോമ.10:14; 1കൊരി.3:5)
[g] യോഹ.17:9
21.[h] യോഹ.17:8

എന്നിലും ഞാൻ നിന്നിലും ആകു
ന്നതുപോലെ, അവരും[j] നമ്മിൽ[k]
ആകേണ്ടതിനു[j]തന്നെ. 22 നീ
എനിക്കു തന്നിട്ടുള്ള മഹത്ത്വം[l]
ഞാൻ അവർക്കു കൊടുത്തിരിക്കു
ന്നു.[m] 23 നീ എന്നെ അയച്ചിരി
ക്കുന്നു എന്നും നീ എന്നെ സ്നേ
ഹിക്കുന്നതു[n]പോലെ അവരെയും
സ്നേഹിക്കുന്നു[o] എന്നും ലോകം
അറിയുവാൻ,[p] നാം ഒന്നായിരി
ക്കുന്നതുപോലെ അവരും ഒന്നാ
കേണ്ടതിനും[i] ഞാൻ അവരിലും
നീ എന്നിലുമായി[q] അവർ ഐക്യ
ത്തിൽ തികഞ്ഞവരായിരിക്കേണ്ട
തിനുംതന്നെ.[r] 24 പിതാവേ, നീ
ലോകസ്ഥാപനത്തിനു മുമ്പേ[s]
എന്നെ സ്നേഹിച്ചിരിക്കകൊണ്ട്
എനിക്കു നല്കിയ മഹത്ത്വം നീ
എനിക്കു തന്നിട്ടുള്ളവർ കാണേ
ണ്ടതിനു[t] ഞാൻ ഇരിക്കുന്ന ഇട
ത്ത്[u] അവരും എന്നോടുകൂടെ[v]
ഇരിക്കേണം[u] എന്ന് ഞാൻ ഇച്ഛി
ക്കുന്നു. 25 നീതിയുള്ള പിതാവേ,[w]
ലോകം നിന്നെ അറിഞ്ഞിട്ടില്ല;
ഞാനോ നിന്നെ അറിഞ്ഞിരിക്കു
ന്നു;[x] നീ എന്നെ അയച്ചിരിക്കു
ന്നു എന്ന് ഇവരും അറിഞ്ഞിരി
ക്കുന്നു. 26 നീ എന്നെ സ്നേഹി
ക്കുന്ന സ്നേഹം അവരിൽ ആകു
വാനും[y] ഞാൻ അവരിൽ ആകു
വാനും[z] ഞാൻ നിന്റെ നാമം അ
വർക്കു വെളിപ്പെടുത്തി[a]യിരിക്കു
ന്നു; ഇനിയും വെളിപ്പെടുത്തും.

❋ ❋ ❋

[i] യോഹ.17:11; (1കൊരി.6:17)

[j] 1യോഹ.1:3;3:24;5:20 [k] യോഹ.14:23 22.[l] യോഹ. 17:24; (യോഹ.1:14; ലൂക്കൊ. 9:26) [m] റോമ.8:30 23.[n] യോഹ.17:24,26;5:20 [o] യോഹ.16:27 [p] യോഹ. 17:21;14:31 [i] (വാ.21 കാ.) [q] യോഹ.17:26;14:20; റോമ. 8:10; 2കൊരി. 13:5; ഗലാ.2:20;4:19 [r] 1യോഹ.2:5; (കൊലൊ.3:14; 1യോഹ.4:12,17) 24.[s] എഫെ.1:4; 1പത്രൊ.1:20; യോഹ.17:5 [t] യോഹ.1:14; (1യോഹ. 3:2) [u] യോഹ.12:26 [v] 2തിമൊ.2:11,12 25.[w] യിരെ.12:1; റോമ.3:26; വെളി.16:5,11; (യോഹ.17:11); 1യോഹ.1:9 [x] യോഹ.8:55;10:14 26.[y] യോഹ.17:23;15:9 [z] യോഹ.17:23 [a] യോഹ.17:6;15:15

*1. യൂദാ യേശുവിനെ കാണിച്ചു കൊടുത്തത് 15. പത്രൊസ് മറുത്തു പറഞ്ഞത് 28. യേശു പീലാത്തൊസിന്റെ മുമ്പാകെ നിന്നത്.*

**18** ഇതു പറഞ്ഞിട്ടു യേശു ശിഷ്യ
ന്മാരുമായി[a] കെദ്രോൻതോ
ട്ടിന്[b] അക്കരയ്ക്കുപോയി.[a] അവിടെ
ഒരു തോട്ടം ഉണ്ടായിരുന്നു; അ
തിൽ അവനും ശിഷ്യന്മാരും കടന്നു.
**2** അവിടെ യേശു പലപ്പോഴും
ശിഷ്യന്മാരോടുകൂടെ പോയിരുന്നതു
കൊണ്ട്;[c] അവനെ കാണിച്ചുകൊ
ടുത്ത യൂദായും ആ സ്ഥലം[d] അറി
ഞ്ഞിരുന്നു. **3** [e]അങ്ങനെ യൂദാ
പട്ടാളത്തെയും മഹാപുരോഹിത
ന്മാരും പരീശന്മാരും അയച്ച ചേവ
കരെയും കൂട്ടിക്കൊണ്ടു ദീപട്ടി
പന്തങ്ങളും ആയുധങ്ങളുമായി
അവിടെ വന്നു. **4** യേശു തനിക്കു
നേരിടുവാനുള്ളത് എല്ലാം അറി
ഞ്ഞു[f] പുറത്തു ചെന്നു: നിങ്ങൾ
ആരെ തിരയുന്നു[g] എന്ന് അവ
രോടു ചോദിച്ചു. **5** നസറായനായ
യേശുവിനെ എന്ന് അവർ ഉത്തരം
പറഞ്ഞപ്പോൾ: അത് ഞാൻതന്നെ
എന്ന് യേശു പറഞ്ഞു; അവനെ
കാണിച്ചുകൊടുക്കുന്ന യൂദായും
അവരോടുകൂടെ നിന്നിരുന്നു. **6** ഞാൻ
തന്നെ എന്ന് അവരോടു പറഞ്ഞ
പ്പോൾ അവർ പിൻവാങ്ങി നിലത്തു
വീണു.[h] **7** നിങ്ങൾ ആരെ തിരയു
ന്നു[g] എന്ന് അവൻ പിന്നെയും
അവരോടു ചോദിച്ചതിന് അവർ:
നസറായനായ യേശുവിനെ എന്നു
പറഞ്ഞു. **8** ഞാൻതന്നെ എന്നു
നിങ്ങളോടു പറഞ്ഞുവല്ലോ; എന്നെ
ആകുന്നു തിരയുന്നതെങ്കിൽ ഇവർ
പൊയ്ക്കൊള്ളട്ടെ എന്ന് യേശു
ഉത്തരം പറഞ്ഞു. **9** നീ എനിക്കു
തന്നവരിൽ ആരും നഷ്ടമായിപ്പോ
യിട്ടില്ല എന്ന് അവൻ പറഞ്ഞ വാ
ക്കിന് ഇതിനാൽ നിവൃത്തിവന്നു.[i]
**10** ശിമോൻ പത്രൊസ് തനിക്കുള്ള
വാൾ ഊരി മഹാപുരോഹിതന്റെ
ദാസനെ വെട്ടി അവന്റെ വലത്തു
കാത് അറുത്തുകളഞ്ഞു;[j] ആ
ദാസനു മല്ക്കൊസ് എന്നു പേർ.
**11** യേശു പത്രൊസിനോട്: വാൾ
ഉറയിൽ ഇടുക; പിതാവ് എനിക്കു
തന്ന പാനപാത്രം ഞാൻ കുടിക്കേ
ണ്ടയോ[k] എന്നു പറഞ്ഞു.
**12** പട്ടാളവും സഹസ്രാധിപനും
യെഹൂദന്മാരുടെ ചേവകരും യേശു
വിനെ പിടിച്ചുകെട്ടി **13** ഒന്നാമത്
ഹന്നാവിന്റെ[l] അടുക്കൽ കൊണ്ടു
പോയി;[m] അവൻ ആ സംവത്സര
ത്തെ മഹാപുരോഹിതനായ കയ്യഫാ
വിന്റെ[n] അമ്മായപ്പൻ ആയിരുന്നു.
**14** കയ്യഫാവോ: ജനത്തിനുവേണ്ടി
ഒരു മനുഷ്യൻ മരിക്കുന്നത് നന്ന്
എന്ന്[o] യെഹൂദന്മാരോട് ആലോ
ചന പറഞ്ഞവൻ തന്നെ.
**15** ശിമോൻ പത്രൊസും[p] മറ്റൊരു
ശിഷ്യനും യേശുവിന്റെ പിന്നാലെ
ചെന്നു;[p] ആ ശിഷ്യൻ മഹാപു
രോഹിതന് പരിചയമുള്ളവൻ
ആകയാൽ യേശുവിനോടുകൂടെ
മഹാപുരോഹിതന്റെ നടുമുറ്റത്തു
കടന്നു. **16** [q]പത്രൊസ് വാതിൽ
ക്കൽ പുറത്തു നില്ക്കുമ്പോൾ,
മഹാപുരോഹിതന് പരിചയമുള്ള
മറ്റേ ശിഷ്യൻ പുറത്തുവന്നു വാതിൽ
ക്കാവല്ക്കാരത്തിയോട് പറഞ്ഞു
പത്രൊസിനെ അകത്തു കയറ്റി.
**17** വാതിൽ കാക്കുന്ന ബാല്യക്കാ
രത്തി[r] പത്രൊസിനോട്: നീയും
ഈ മനുഷ്യന്റെ ശിഷ്യന്മാരിൽ
ഒരുവനോ എന്നു ചോദിച്ചു; അല്ല
എന്ന് അവൻ പറഞ്ഞു. **18** അന്ന്
കുളിർ ആകകൊണ്ട് ദാസന്മാരും
ചേവകരും കനൽ കൂട്ടി തീ കാഞ്ഞു
കൊണ്ടിരുന്നു; പത്രൊസും അവ
രോടുകൂടെ തീ കാഞ്ഞുകൊണ്ടു
നിന്നു.[s]
**19** [t]മഹാപുരോഹിതൻ യേശു
വിനോട് അവന്റെ ശിഷ്യന്മാരെയും
ഉപദേശത്തെയും കുറിച്ചു ചോദിച്ചു.
**20** അതിന് യേശു: ഞാൻ ലോക
ത്തോടു[u] പരസ്യമായി[v] സംസാ
രിച്ചിരിക്കുന്നു; പള്ളിയിലും എല്ലാ
യെഹൂദന്മാരും കൂടുന്ന ദൈവാല
യത്തിലും ഞാൻ എപ്പോഴും ഉപ
ദേശിച്ചു; രഹസ്യമായി ഒന്നും സം
സാരിച്ചിട്ടില്ല.[w] **21** നീ എന്നോടു

അധ്യായം 18
1.[a] *മത്താ.26:30,36; മർക്കൊ.14:26,32; ലൂക്കൊ.22:39*
[b] *2ശമൂ.15:23*
2.[c] *(ലൂക്കൊ.21:37; 22:39)*
[d] *ലൂക്കൊ.22:40*
3.[e] *യോഹ. 18:3-11ക്കു. മത്താ.26:47-56; മർക്കൊ.14:43-50; ലൂക്കൊ. 22:47-53 കാ.*
4.[f] *യോഹ.13:1*
[g] *യോഹ.18:7; 1:38;20:15*
6.[h] *(യോഹ.10:18; മത്താ.26:53; വെളി.1:17)*
7.[g] *(വാ.4 കാ.)*
9.[i] *യോഹ.17:12*
10.[j] *(ലൂക്കൊ.22:38)*
11.[k] *മത്താ.20:22; 26:39,42; (യെശ.51:22)*
13.[l] *യോഹ.18:24; ലൂക്കൊ.3:2; അപ്പൊ.പ്ര.4:6*
[m] *(മത്താ.26:57)*
[n] *യോഹ.18:24,28; മത്താ.26:3*
14.[o] *യോഹ.11:50*
15.[p] *മത്താ.26:58; മർക്കൊ.14:54; ലൂക്കൊ.22:54*
16.[q] *യോഹ. 18:16-18ക്കു. മത്താ.26:69,70; മർക്കൊ.14:66-68 ലൂക്കൊ.22:55-57 കാ.*
17.[r] *അപ്പൊ.പ്ര.12:13*
18.[s] *യോഹ.18:25; മർക്കൊ.14:54*
19.[t] *യോഹ. 18:19-24ക്കു. (മത്താ.26:59-68; മർക്കൊ.14:55-65; ലൂക്കൊ.22:63-71)*
20.[u] *(യോഹ.8:26)*
[v] *യോഹ.7:26; (മത്താ.26:55)*
[w] *യെശ.45:19;48:16; (യോഹ.7:4)*

ചോദിക്കുന്നത് എന്ത്? ഞാൻ
സംസാരിച്ചത് എന്തെന്ന് കേട്ടവ
രോട് ചോദിക്ക; ഞാൻ പറഞ്ഞത്
അവർ അറിയുന്നു എന്ന് ഉത്തരം
പറഞ്ഞു. 22 അവൻ ഇങ്ങനെ പറ
യുമ്പോൾ ചേവകരിൽ അരികെ
നിന്ന ഒരുത്തൻ: മഹാപുരോഹിത
നോട് ഇങ്ങനെയോ ഉത്തരം പറയു
ന്നത് എന്നു പറഞ്ഞു[x] യേശുവി
ന്റെ കന്നത്ത് ഒന്നടിച്ചു.[y] 23 യേശു
അവനോട്: ഞാൻ ദോഷമായി
സംസാരിച്ചു എങ്കിൽ തെളിവു
കൊടുക്ക; അല്ലെങ്കിൽ എന്നെ
തല്ലുന്നത് എന്ത് എന്നു പറഞ്ഞു.
24 ഹന്നാവ്[z] അവനെ കെട്ടപ്പെട്ടവ
നായി മഹാപുരോഹിതനായ കയ്യ
ഫാവിന്റെ[z] അടുക്കൽ അയച്ചു.

25 [a]ശിമോൻ പത്രൊസ് തീ
കാഞ്ഞുനില്ക്കുമ്പോൾ: നീയും
അവന്റെ ശിഷ്യന്മാരിൽ ഒരുത്തന
ല്ലയോ എന്ന് ചിലർ അവനോട്
ചോദിച്ചു: അല്ല എന്ന് അവൻ മറു
ത്തുപറഞ്ഞു. 26 മഹാപുരോഹിത
ന്റെ ദാസന്മാരിൽ വച്ച് പത്രൊസ്
കാതറുത്തവന്റെ[b] ചാർച്ചക്കാരനായ
ഒരുത്തൻ ഞാൻ നിന്നെ അവനോ
ടുകൂടെ തോട്ടത്തിൽ[c] കണ്ടില്ലയോ
എന്നു പറഞ്ഞു. 27 പത്രൊസ്
പിന്നെയും മറുത്തുപറഞ്ഞു; ഉടനെ
കോഴി കൂകി.[d]

28 പുലർച്ചയ്ക്ക് അവർ യേശു
വിനെ[e] കയ്യഫാവിന്റെ അടുക്കൽ
നിന്ന്[f] ആസ്ഥാനത്തിലേക്കു[g] കൊ
ണ്ടുപോയി;[e] തങ്ങൾ അശുദ്ധമാ
കാതെ[h] പെസഹ കഴിപ്പാന്ത[i]ക്ക
വണ്ണം ആസ്ഥാനത്തിൽ കടന്നില്ല.
29 [j]പീലാത്തൊസ് അവരുടെ അടു
ക്കൽ പുറത്തു വന്നു: ഈ മനുഷ്യ
ന്റെ നേരേ എന്തു കുറ്റം ബോധിപ്പി
ക്കുന്നു എന്നു ചോദിച്ചു. 30 കുറ്റ
ക്കാരൻ അല്ലാഞ്ഞു എങ്കിൽ ഞ
ങ്ങൾ അവനെ നിന്റെ പക്കൽ
ഏല്പിക്കയില്ലായിരുന്നു എന്ന്
അവർ അവനോട് ഉത്തരം പറഞ്ഞു.
31 പീലാത്തൊസ് അവരോട്: നി
ങ്ങൾ അവനെ കൊണ്ടുപോയി
നിങ്ങളുടെ ന്യായപ്രമാണപ്രകാരം
വിധിപ്പിൻ[k] എന്നു പറഞ്ഞതിനു
യെഹൂദന്മാർ അവനോട്: മരണ
ശിക്ഷയ്ക്കുള്ള അധികാരം ഞ
ങ്ങൾക്കില്ലല്ലോ എന്നു പറഞ്ഞു.
32 യേശു താൻ മരിപ്പാനുള്ള മര
ണവിധം സൂചിപ്പിച്ച[l] വാക്കിന്
ഇതിനാൽ നിവൃത്തി വന്നു.[m]

33 പീലാത്തൊസ് പിന്നെയും
ആസ്ഥാനത്തിൽ ചെന്നു യേശു
വിനെ വിളിച്ചു;[n] നീ യെഹൂദന്മാ
രുടെ രാജാവോ എന്ന് ചോദിച്ചു.[o]
34 അതിന് ഉത്തരമായി യേശു:
ഇതു നീ സ്വയമായി പറയുന്നതോ
മറ്റുള്ളവർ എന്നെക്കുറിച്ചു നിന്നോ
ടു പറഞ്ഞിട്ടോ എന്നു ചോദിച്ചു.
35 പീലാത്തൊസ് അതിനുത്തര
മായി ഞാൻ യെഹൂദനോ? നിന്റെ
ജനവും മഹാപുരോഹിതന്മാരും
നിന്നെ എന്റെ പക്കൽ ഏല്പിച്ചിരി
ക്കുന്നു; നീ എന്തു ചെയ്തു എന്നു
ചോദിച്ചതിന് യേശു: 36 എന്റെ
രാജ്യം[p] ഐഹികമല്ല;[q] എന്റെ
രാജ്യം ഐഹികം ആയിരുന്നു
എങ്കിൽ എന്നെ യെഹൂദന്മാരുടെ
കൈയിൽ ഏല്പിക്കാതവണ്ണം[r] എ
ന്റെ ചേവകർ പോരാടുമായിരുന്നു;[s]
എന്നാൽ എന്റെ രാജ്യം ഐഹി
കമല്ല എന്ന് ഉത്തരം പറഞ്ഞു.
37 പീലാത്തൊസ് അവനോട്: എ
ന്നാൽ നീ രാജാവ് തന്നെയല്ലോ
എന്നു പറഞ്ഞതിനു യേശു: നീ
പറഞ്ഞതുപോലെ ഞാൻ രാജാ
വുതന്നെ;[t] സത്യത്തിനു സാക്ഷി
നില്ക്കേണ്ടതിനു[u] ഞാൻ ജനിച്ച[v]
അതിനായി ലോകത്തിൽ വന്നുമിരി
ക്കുന്നു;[w] സത്യതല്പരനായവൻ[x]
എല്ലാം[y] എന്റെ വാക്കു കേൾക്കുന്നു[z]
എന്ന് ഉത്തരം പറഞ്ഞു. 38 പീലാ
ത്തൊസ് അവനോട്: സത്യം എ
ന്നാൽ എന്ത് എന്നു പറഞ്ഞു; പി
ന്നെയും യെഹൂദന്മാരുടെ അടുക്കൽ
പുറത്തു ചെന്ന്[a] അവരോട്: ഞാൻ
അവനിൽ ഒരു കുറ്റവും കാണുന്നി
ല്ല.[b] 39 [c]എന്നാൽ പെസഹയിൽ
ഞാൻ നിങ്ങൾക്ക് ഒരുത്തനെ

22.[x] (അപ്പൊ.പ്ര.23:4)
[y] യോഹ.19:3
24.[z] യോഹ.18:13
25.[a] യോഹ. 18:25 - 27ക്കു. മത്താ.26:71 - 75; മർക്കൊ.14:69 - 72; ലൂക്കൊ.22:58 - 62 കാ.
26.[b] യോഹ.18:10
[c] യോഹ.18:1
27.[d] യോഹ.13:38
28.[e] മത്താ.27:2; മർക്കൊ.15:1; ലൂക്കൊ.23:1
[f] യോഹ.18:24
[g] യോഹ.18:33;19:9; മത്താ.27:27
[h] അപ്പൊ.പ്ര.10:28; 11:3,8;(യോഹ.11:55)
[i] (യോഹ.19:14)
29.[j] യോഹ. 18:29 - 38ക്കു. മത്താ.27:11 - 14; മർക്കൊ.15:2 - 5; ലൂക്കൊ.23:2,3കാ.
31.[k] (യോഹ.19:6)
32.[l] യോഹ.12:32,33; മത്താ.20:19;26:2; മർക്കൊ.10:33; ലൂക്കൊ.18:32
[m] (യോഹ.13:18)
33.[n] യോഹ.19:9
[o] (യോഹ.19:12)
36.[p] (യോഹ.6:15; ദാനീ.2:44;7:14,27; ലൂക്കൊ.17:21)
[q] യോഹ.8:23; (യോഹ.15:19; 17:14,16; 1യോഹ.2:16)
[r] യോഹ.19:16
[s] (മത്താ.26:53)
37.[t] ലൂക്കൊ.22:70
[u] യോഹ.3:11,32; 5:31; 8:13,14,18; (അപ്പൊ.പ്ര.14:3; 1തിമൊ.6:13,14)
[v] (യോഹ.12:27; റോമ.14:9)
[w] യോഹ.16:28
[x] 1യോഹ.2:21; 3:19
[y] (1യോഹ.4:6; യോഹ.8:47)
[z] യോഹ.10:16,27

38.[a] യോഹ.19:4 [b] യോഹ.19:4,6; ലൂക്കൊ.23:4
39.[c] യോഹ.18:39,40ക്കു. മത്താ.27:15 - 18,20 - 23; മർക്കൊ.15:6 - 14; ലൂക്കൊ.23:18 - 23കാ.

വിട്ടുതരിക പതിവുണ്ടല്ലോ; യെഹൂ
ദന്മാരുടെ രാജാവിനെ വിട്ടുതരു
ന്നത് സമ്മതമോ എന്നു ചോദിച്ച
തിന് അവർ പിന്നെയും: 40 ഇവ
നെ വേണ്ടാ; ബറബ്ബാസിനെ[d] മതി
എന്നു നിലവിളിച്ചു പറഞ്ഞു; ബറ
ബ്ബാസോ കവർച്ചക്കാരൻ ആയി
രുന്നു.

❋ ❋ ❋

*1. യേശുവിനെ അടിച്ച് മരണത്തിനു വിധിച്ചതും 16. ക്രൂശിച്ചതും 31. വിലാപ്പുറത്തു കുത്തിയതും ശവസംസ്ക്കാരവും.*

**19** അനന്തരം പീലാത്തൊസ്
യേശുവിനെ കൊണ്ടുപോയി
വാറുകൊണ്ട് അടിപ്പിച്ചു.[a] 2 പടയാ
ളികൾ മുള്ളുകൊണ്ട് ഒരു കിരീടം
മെടഞ്ഞ് അവന്റെ തലയിൽ വച്ചു
ധൂമ്രവസ്ത്രം ധരിപ്പിച്ചു,[b] 3 അവ
ന്റെ അടുക്കൽ ചെന്നു: യെഹൂദ
ന്മാരുടെ രാജാവേ, ജയ ജയ എന്നു
പറഞ്ഞ് അവനെ കന്നത്തടിച്ചു.[c]
4 പീലാത്തൊസ് പിന്നെയും പുറ
ത്തു വന്നു: ഞാൻ അവനിൽ ഒരു
കുറ്റവും കാണുന്നില്ല[d] എന്ന്
നിങ്ങൾ അറിയേണ്ടതിന് അവനെ
നിങ്ങളുടെ അടുക്കൽ ഇതാ,
പുറത്തു കൊണ്ടുവരുന്നു എന്നു
പറഞ്ഞു. 5 അങ്ങനെ യേശു മുൾ
ക്കിരീടവും ധൂമ്രവസ്ത്രവും[e] ധരിച്ചു
പുറത്തു വന്നു. പീലാത്തൊസ്
അവരോട്: ആ മനുഷ്യൻ ഇതാ[f]
എന്നു പറഞ്ഞു. 6 മഹാപുരോഹി
തന്മാരും ചേവകരും അവനെ കണ്ട
പ്പോൾ: ക്രൂശിക്ക, ക്രൂശിക്ക എന്ന്
ആർത്തുവിളിച്ചു. പീലാത്തൊസ്
അവരോട്: നിങ്ങൾ അവനെ കൊ
ണ്ടുപോയി ക്രൂശിപ്പിൻ;[g] ഞാനോ
അവനിൽ കുറ്റം കാണുന്നില്ല[h]
എന്നു പറഞ്ഞു. 7 യെഹൂദന്മാർ
അവനോട്: ഞങ്ങൾക്ക് ഒരു ന്യായ
പ്രമാണം ഉണ്ട്; അവൻ തന്നെ
ത്താൻ ദൈവപുത്രൻ ആക്കി[i]യതു
കൊണ്ട് ആ ന്യായപ്രമാണപ്രകാരം
അവൻ മരിക്കേണ്ടതാകുന്നു[j] എന്ന്
ഉത്തരം പറഞ്ഞു. 8 ഈ വാക്ക്
കേട്ടിട്ടു പീലാത്തൊസ് ഏറ്റവും
ഭയപ്പെട്ടു,[k] 9 പിന്നെയും ആസ്ഥാ
നത്തിൽ ചെന്നു:[l] നീ എവിടെ
നിന്ന് ആകുന്നു[m] എന്ന് യേശുവി
നോട് ചോദിച്ചു. 10 യേശു ഉത്തരം
പറഞ്ഞില്ല.[n] പീലാത്തൊസ് അവ
നോട്: നീ എന്നോടു സംസാരി
ക്കുന്നില്ലയോ? എനിക്കു നിന്നെ
ക്രൂശിപ്പാൻ അധികാരമുണ്ടെന്നും,
നിന്നെ വിട്ടയപ്പാൻ അധികാരമു
ണ്ടെന്നും നീ അറിയുന്നില്ലയോ
എന്നു ചോദിച്ചതിന് യേശു അവ
നോട്: 11 മേലിൽനിന്നു നിനക്കു
കിട്ടിയിട്ടില്ല എങ്കിൽ എന്റെമേൽ
നിനക്ക് ഒരധികാരവും ഉണ്ടാകയി
ല്ലായിരുന്നു;[o] അതുകൊണ്ട് എന്നെ
നിന്റെ പക്കൽ ഏല്പിച്ചവന്[p] അ
ധികം പാപം ഉണ്ട്[q] എന്ന് ഉത്തരം
പറഞ്ഞു. 12 ഇതുനിമിത്തം പീലാ
ത്തൊസ് അവനെ വിട്ടയപ്പാൻ ശ്ര
മിച്ചു;[r] യെഹൂദന്മാരോ: നീ ഇ
വനെ വിട്ടയച്ചാൽ കൈസരുടെ
സ്നേഹിതൻ അല്ല; തന്നെത്താൻ
രാജാവാക്കുന്നവൻ എല്ലാം കൈസ
രോടു മത്സരിക്കുന്നുവല്ലോ[s] എന്ന്
ആർത്തുപറഞ്ഞു. 13 ഈ വാക്കു
കേട്ടിട്ടു പീലാത്തൊസ് യേശുവിനെ
പുറത്തു കൊണ്ടുവന്നു, കല്ത്തള
മെന്നും എബ്രായഭാഷയിൽ ഗബ്ബഥാ
എന്നും പേരുള്ള സ്ഥലത്തു ന്യായാ
സനത്തിൽ[t] ഇരുന്നു. 14 അപ്പോൾ
പെസഹയുടെ ഒരുക്കനാൾ[u] ഏക
ദേശം ആറാം മണി നേരം ആയി
രുന്നു. അവൻ യെഹൂദന്മാരോട്
ഇതാ നിങ്ങളുടെ രാജാവ്[v] എന്നു
പറഞ്ഞു. 15 അവരോ: കൊന്നു
കളക, കൊന്നുകളക; അവനെ
ക്രൂശിക്ക[w] എന്ന് നിലവിളിച്ചു.
നിങ്ങളുടെ രാജാവിനെ ഞാൻ
ക്രൂശിക്കേണമോ എന്ന് പീലാ
ത്തൊസ് അവരോട് ചോദിച്ചു;
അതിനു മഹാപുരോഹിതന്മാർ: ഞ
ങ്ങൾക്കു കൈസരല്ലാതെ മറ്റൊരു
രാജാവില്ല എന്ന് ഉത്തരം പറഞ്ഞു.
16 അപ്പോൾ അവൻ അവനെ
ക്രൂശിക്കേണ്ടതിന്[x] അവർക്ക്
ഏല്പിച്ചുകൊടുത്തു.[y]

40.[d] *അപ്പൊ.പ്ര. 3:14*

**അദ്ധ്യായം 19**

1.[a] *മത്താ.20:19; 27:26; മർക്കൊ.15:15; ലൂക്കൊ.23:16*
2.[b] *മത്താ.27:27 - 30; മർക്കൊ.15:16 - 19*
3.[c] *യോഹ.18:22*
4.[d] *യോഹ.19:6; 18:38*
5.[e] *യോഹ.19:2*
[f] *(യോഹ.19:14)*
6.[g] *(യോഹ.18:31)*
[h] *യോഹ.19:4*
7.[i] *യോഹ.5:17,18; 10:36; മത്താ.26:63; ലൂക്കൊ.22:70*
[j] *ലേവ്യാ.24:16; (യോഹ.10:33)*
8.[k] *(മത്താ.27:19)*
9.[l] *യോഹ.18:33*
[m] *യോഹ.7:27*
10.[n] *(യോഹ.18:37); മത്താ.26:63*
11.[o] *(റോമ.13:1)*
[p] *(യോഹ.18:14, 28 - 32; മത്താ.27:2)*
[q] *യോഹ.9:41*
12.[r] *അപ്പൊ.പ്ര.3:13*
[s] *ലൂക്കൊ.23:2*
13.[t] *മത്താ.27:19*
14.[u] *(യോഹ.18.28); മത്താ.27:62*
[v] *(യോഹ.19:5)*
15.[w] *ലൂക്കൊ.23:17; (അപ്പൊ.പ്ര.21:35)*
16.[x] *മത്താ.27:26; മർക്കൊ.15:15; ലൂക്കൊ.23:25*
[y] *യോഹ.18:36 - 40*

**17** അവർ യേശുവിനെ കൈയേ
റ്റു; അവൻ താൻ തന്നെ ക്രൂശിനെ
ചുമന്നുകൊണ്ട്[z] എബ്രായഭാഷ
യിൽ ഗൊല്ഗൊഥാ എന്നു പേരുള്ള
തലയോടിടം എന്ന സ്ഥലത്തേക്കു
പോയി.[a] **18** അവിടെ അവർ അവ
നെയും അവനോടുകൂടെ വേറെ
രണ്ട് ആളുകളെയും ഒരുത്തനെ
അപ്പുറത്തും ഒരുത്തനെ ഇപ്പുറ
ത്തും യേശുവിനെ നടുവിലുമായി
ക്രൂശിച്ചു.[b] **19** പീലാത്തൊസ് ഒരു
മേലെഴുത്തും എഴുതി ക്രൂശിന്മേൽ
പതിപ്പിച്ചു;[c] അതിൽ: നസറായനായ
യേശു യെഹൂദന്മാരുടെ രാജാവ്
എന്ന് എഴുതിയിരുന്നു. **20** യേശു
വിനെ ക്രൂശിച്ച സ്ഥലം നഗരത്തിനു
സമീപം ആകയാൽ[d] അനേകം
യെഹൂദന്മാർ ഈ മേലെഴുത്തു
വായിച്ചു. അത് എബ്രായ, റോമ,
യവന ഭാഷകളിൽ എഴുതിയിരുന്നു.
**21** ആകയാൽ യെഹൂദന്മാരുടെ
മഹാപുരോഹിതന്മാർ പീലാത്തൊ
സിനോട്: യെഹൂദന്മാരുടെ രാജാവ്
എന്നല്ല, ഞാൻ യെഹൂദന്മാരുടെ
രാജാവ് എന്ന് അവൻ പറഞ്ഞു
എന്നത്രേ എഴുതേണ്ടത് എന്നു പറ
ഞ്ഞു. **22** അതിന് പീലാത്തൊസ്:
ഞാൻ എഴുതിയത് എഴുതി[e] എന്ന്
ഉത്തരം പറഞ്ഞു.

**23** പടയാളികൾ യേശുവിനെ
ക്രൂശിച്ചശേഷം അവന്റെ വസ്ത്രം
എടുത്ത് ഓരോ പടയാളിക്ക് ഓരോ
പങ്കായിട്ടു നാലു പങ്കാക്കി;[f] അങ്കി
യും എടുത്തു; അങ്കിയോ തുന്നൽ
ഇല്ലാതെ മേൽതൊട്ട് അടിയോളം
മുഴുവനും നെയ്തതായിരുന്നു.
**24** ഇത് കീറരുത്; ആർക്കു വരും
എന്ന് ചീട്ടിടുക എന്ന് അവർ ത
മ്മിൽ പറഞ്ഞു. [g]എന്റെ വസ്ത്രം
അവർ പകുത്തെടുത്ത് എന്റെ അങ്കി
ക്കായി ചീട്ടിട്ടു എന്നുള്ള തിരുവെ
ഴുത്തിന് ഇതിനാൽ നിവൃത്തി
വന്നു.[h] പടയാളികൾ ഇങ്ങനെയൊ
ക്കെയും ചെയ്തു.

**25** യേശുവിന്റെ ക്രൂശിനരികെ
അവന്റെ അമ്മയും അമ്മയുടെ
സഹോദരിയും ക്ലെയോപ്പാവിന്റെ
ഭാര്യ മറിയയും മഗ്ദലക്കാരത്തി
മറിയയും നിന്നിരുന്നു.[i] **26** യേശു
തന്റെ അമ്മയും താൻ സ്നേഹിച്ച
ശിഷ്യനും[j] നില്ക്കുന്നത് കണ്ടിട്ട്:
സ്ത്രീയേ,[k] ഇതാ, നിന്റെ മകൻ
എന്ന് അമ്മയോടു പറഞ്ഞു. **27** പി
ന്നെ ശിഷ്യനോട്: ഇതാ, നിന്റെ
അമ്മ എന്നും പറഞ്ഞു. ആ നാഴി
കമുതൽ ആ ശിഷ്യൻ അവളെ
തന്റെ വീട്ടിൽ[l] കൈക്കൊണ്ടു.

**28** അതിന്റെശേഷം സകലവും
തികഞ്ഞിരിക്കുന്നു[m] എന്നു യേശു
അറിഞ്ഞിട്ട് തിരുവെഴുത്തു നിവൃ
ത്തിയാകുംവണ്ണം:[h] എനിക്കു ദാഹി
ക്കുന്നു[n] എന്നു പറഞ്ഞു. **29** അ
വിടെ പുളിച്ച വീഞ്ഞു നിറഞ്ഞൊ
രു പാത്രം വച്ചിട്ടുണ്ടായിരുന്നു;
അവർ ഒരു സ്പോങ്ങ് പുളിച്ച
വീഞ്ഞു നിറച്ച് ഈസോപ്പുതണ്ടി
ന്മേൽ ആക്കി അവന്റെ വായോട്
അടുപ്പിച്ചു.[o] **30** യേശു പുളിച്ച
വീഞ്ഞു കുടിച്ചശേഷം: നിവൃത്തി
യായി[p] എന്നു പറഞ്ഞു തല ചാ
യിച്ച് ആത്മാവിനെ ഏല്പിച്ചു[q]
കൊടുത്തു.

**31** അന്ന് ഒരുക്കനാളും[r] ആ
ശബ്ബത്ത്നാൾ വലിയതും[s] ആക
കൊണ്ടു ശരീരങ്ങൾ ശബ്ബത്തിൽ
ക്രൂശിന്മേൽ ഇരിക്കരുത്[t] എന്നു
വച്ച് അവരുടെ കാൽ ഒടിച്ച് എടു
പ്പിക്കേണം എന്നു യെഹൂദന്മാർ
പീലാത്തൊസിനോട് അപേക്ഷി
ച്ചു. **32** ആകയാൽ പടയാളികൾ
വന്ന് ഒന്നാമത്തവന്റെയും അവ
നോടുകൂടെ ക്രൂശിക്കപ്പെട്ട[u] മറ്റേ
വന്റെയും കാൽ ഒടിച്ചു. **33** അ
വർ യേശുവിന്റെ അടുക്കൽ വന്ന്,
അവൻ മരിച്ചുപോയി എന്ന് കാൺ
കയാൽ അവന്റെ കാൽ ഒടിച്ചില്ല.
**34** എങ്കിലും പടയാളികളിൽ ഒരു
ത്തൻ കുന്തംകൊണ്ട് അവന്റെ
വിലാപ്പുറത്തു കുത്തി; ഉടനെ
രക്തവും വെള്ളവും[v] പുറപ്പെട്ടു.
**35** ഇതു കണ്ടവൻ സാക്ഷ്യം പറ
ഞ്ഞിരിക്കുന്നു;[w] അവന്റെ സാക്ഷ്യം
സത്യം ആകുന്നു;[x] നിങ്ങളും വി
ശ്വസിക്കേണ്ടതിനു[y] താൻ സത്യം

17.[z] *ലൂക്കൊ.14:27; (മത്താ.27:32; മർക്കൊ.15:21; ലൂക്കൊ.23:26)*
[a] *മത്താ.27:33; മർക്കൊ.15:22; ലൂക്കൊ.23:33*
18.[b] *മത്താ.27:38; മർക്കൊ.15:27; ലൂക്കൊ.23:32,33*
19.[c] *(മത്താ.27:37; മർക്കൊ.15:26; ലൂക്കൊ.23:38)*
20.[d] *യോഹ.19:17; (സംഖ്യാ.15:35,36; എബ്രാ.13:12)*
22.[e] *(ഉൽപ.43:14; എസ്ഥേ.4:16)*
23.[f] *മത്താ.27:35; മർക്കൊ.15:24; ലൂക്കൊ.23:34*
24.[g] ***സങ്കീ.22:18***
[h] *യോഹ.13:18*
25.[i] *മത്താ.27:55,56; മർക്കൊ.15:40,41; ലൂക്കൊ.23:49*
26.[j] *യോഹ.13:23*
[k] *യോഹ.2:4*
27.[l] *(യോഹ.1:11; 16:32)*
28.[m] *(യോഹ.19:30)*
[h] *(വാ.24 കാ.)*
[n] *സങ്കീ.69:21; യോഹ.4:6,7*
29.[o] *മത്താ.27:48; മർക്കൊ.15:36; (ലൂക്കൊ.23:36)*
30.[p] *(യോഹ.19:28; അപ്പൊ.പ്ര.13:29); യോഹ.17:4*
[q] *മത്താ.27:50; മർക്കൊ.15:37; ലൂക്കൊ.23:46*
31.[r] *യോഹ.19:14*
[s] *പുറ.12:16*
[t] *ആവ.21:22; യോശു.8:29; 10:26,27*
32.[u] *യോഹ.19:18*
34.[v] *1യോഹ.5:6,8*
35.[w] *1യോഹ.1:1-3; വെളി.1:2; യോഹ.15:27*
[x] *(യോഹ.21:24)*
[y] *(യോഹ.20:31)*

പറയുന്നു എന്ന് അവൻ അറിയു
ന്നു. **36** [z]“അവന്റെ ഒരു അസ്ഥിയും
ഒടിഞ്ഞുപോകയില്ല”[a] എന്നുള്ള
തിരുവെഴുത്തു നിവൃത്തിയാകേണ്ട
തിന് ഇതു സംഭവിച്ചു.[b] **37** [c]“അവർ
കുത്തിയവങ്കലേക്കു നോക്കും”
എന്ന് മറ്റൊരു തിരുവെഴുത്തും പറ
യുന്നു.

**38** [d]അനന്തരം, യെഹൂദന്മാരെ
പേടിച്ചിട്ടു[e] രഹസ്യത്തിൽ യേശു
വിന്റെ ഒരു ശിഷ്യനായിരുന്ന അ
രിമഥ്യയിലെ യോസേഫ് യേശു
വിന്റെ ശരീരം എടുത്തു കൊണ്ടു
പോകുവാൻ പീലാത്തൊസിനോട്
അനുവാദം ചോദിച്ചു; പീലാത്തൊസ്
അനുവദിക്കയാൽ അവൻ വന്ന്
അവന്റെ ശരീരം എടുത്തു. **39** ആ
ദ്യം രാത്രിയിൽ അവന്റെ അടു
ക്കൽ വന്ന നിക്കൊദേമൊസും[f]
ഏകദേശം നൂറു റാത്തൽ മൂറും
അകിലും[g] കൊണ്ടുള്ള ഒരു കൂട്ടു
കൊണ്ടുവന്നു.[h] **40** അവർ യേശു
വിന്റെ ശരീരം എടുത്തു യെഹൂദ
ന്മാർ ശവം അടക്കുന്ന മര്യാദപ്ര
കാരം അതിനെ സുഗന്ധവർഗ
ത്തോടുകൂടെ ശീല[i] പൊതിഞ്ഞു
കെട്ടി.[j] **41** അവനെ ക്രൂശിച്ച സ്ഥല
ത്തുതന്നെ ഒരു തോട്ടവും[k] ആ
തോട്ടത്തിൽ[l] മുമ്പേ ആരെയും
വച്ചിട്ടില്ലാത്ത[m] പുതിയൊരു കല്ലറ
യും[l] ഉണ്ടായിരുന്നു. **42** ആ കല്ലറ
സമീപം ആകകൊണ്ട്[n] അവർ
യെഹൂദന്മാരുടെ ഒരുക്കനാൾ[o]
നിമിത്തം യേശുവിനെ അവിടെ
വച്ചു.

❋ ❋ ❋

***1. യേശുവിന്റെ ശരീരം കല്ലറയിൽ ഇല്ല എന്നു കേട്ടു രണ്ടു ശിഷ്യന്മാർ അവിടെ എത്തിയത് 11. മറിയയ്ക്കും 19. പത്തു ശിഷ്യന്മാർക്കും പ്രത്യക്ഷനായത് 24. തോമാസിന്റെ അവിശ്വാസവും 26. അനുസരണവാക്കും 30. സുവിശേഷത്തിന്റെ താല്പര്യം.***

**20** ആഴ്ചവട്ടത്തിൽ ഒന്നാംനാൾ[a]
മഗ്ദലക്കാരത്തി മറിയ രാവി
ലെ ഇരുട്ടുള്ളപ്പോൾതന്നെ കല്ലറ
യ്ക്കൽ ചെന്നു കല്ലറവായ്ക്കൽ

36.[z] *പുറ. 12:46; സംഖ്യാ. 9:12; (1കൊരി. 5:7)*
[a] *സങ്കീ. 34:20*
[b] *മത്താ. 1:23*
37.[c] ***സെഖ. 12:10;*** *(വെളി. 1:7)*
38.[d] *യോഹ. 19:38 - 42ക്കു. മത്താ. 27:57 - 61; മർക്കൊ. 15:42 - 47; ലൂക്കൊ. 23:50 - 56 കാ*
[e] *യോഹ. 7:13*
39.[f] *യോഹ. 3:1,2; 7:50*
[g] *സങ്കീ. 45:8; സദൃ. 7:17; ഉത്തമ. 4:14*
[h] *(മർക്കൊ. 16:1; ലൂക്കൊ. 24:1)*
40.[i] *യോഹ. 20:5 - 7; ലൂക്കൊ. 24:12*
[j] *യോഹ. 11:44; (2ദിന. 16:14; അപ്പൊ.പ്ര. 5:6)*
41.[k] *(യോഹ. 20:15)*
[l] *2രാജാ. 21:18,26*
[m] *ലൂക്കൊ. 23:53; (മർക്കൊ. 11:2)*
42.[n] *യോഹ. 19:41*
[o] *യോഹ. 19:14,31*

**അധ്യായം 20**

1.[a] *മത്താ. 28:1; മർക്കൊ. 16:1,2; ലൂക്കൊ. 24:1*

[b] *മത്താ. 27:60,66; 28:2; മർക്കൊ. 15:46; 16:3,4; ലൂക്കൊ. 24:2*
2.[c] *യോഹ. 13:23*
[d] *യോഹ. 20:13*
3.[e] *ലൂക്കൊ. 24:12*
5.[f] *യോഹ. 19:40*
7.[g] *യോഹ. 11:44*
8.[h] *യോഹ. 20:4*
9.[i] *സങ്കീ. 16:10; ലൂക്കൊ. 24:46; അപ്പൊ.പ്ര. 2:25 - 31; 13:34,35; 17:3; 1കൊരി. 15:4*
[j] *മത്താ. 22:29*

നിന്നു കല്ലു നീങ്ങിയിരിക്കുന്നത്
കണ്ടു.[b] **2** അവൾ ഓടി ശിമോൻ
പത്രൊസിന്റെയും യേശുവിനു
പ്രിയനായ[c] മറ്റേ ശിഷ്യന്റെയും
അടുക്കൽ ചെന്നു: കർത്താവിനെ
കല്ലറയിൽനിന്ന് എടുത്തു കൊണ്ടു
പോയി; അവനെ എവിടെ വച്ചു
എന്ന് ഞങ്ങൾ അറിയുന്നില്ല[d] എന്ന്
അവരോട് പറഞ്ഞു. **3** അതുകൊ
ണ്ട് പത്രൊസും[e] മറ്റേ ശിഷ്യനും
പുറപ്പെട്ടു[e] കല്ലറയ്ക്കൽ ചെന്നു.
**4** ഇരുവരും ഒന്നിച്ച് ഓടി; മറ്റേ
ശിഷ്യൻ പത്രൊസിനെക്കാൾ വേഗ
ത്തിൽ ഓടി ആദ്യം കല്ലറയ്ക്കൽ
എത്തി; **5** കുനിഞ്ഞു നോക്കി
ശീലകൾ കിടക്കുന്നത് കണ്ടു;[f]
അകത്തു കടന്നില്ലതാനും. **6** അവ
ന്റെ പിന്നാലെ ശിമോൻ പത്രൊ
സും വന്നു കല്ലറയിൽ കടന്നു.
**7** ശീലകൾ കിടക്കുന്നതും അവന്റെ
തലയിൽ ചുറ്റിയിരുന്ന റൂമാൽ[g]
ശീലകളോടുകൂടെ കിടക്കാതെ
വേറിട്ട് ഒരിടത്തു ചുരുട്ടിവച്ചിരി
ക്കുന്നതും കണ്ടു. **8** ആദ്യം കല്ലറ
യ്ക്കൽ എത്തിയ[h] മറ്റേ ശിഷ്യനും
അപ്പോൾ അകത്തു ചെന്നു കണ്ടു
വിശ്വസിച്ചു. **9** അവൻ മരിച്ചവ
രിൽനിന്ന് ഉയിർത്തെഴുന്നേല്ക്കേ
ണ്ടതാകുന്നു[i] എന്നുള്ള തിരുവെ
ഴുത്ത് അവർ അതുവരെ അറി
ഞ്ഞില്ല.[j] **10** അങ്ങനെ ശിഷ്യന്മാർ
വീട്ടിലേക്കു മടങ്ങിപ്പോയി.

**11** എന്നാൽ മറിയ കല്ലറയ്ക്കൽ
പുറത്തു കരഞ്ഞുകൊണ്ടു നിന്നു.
കരയുന്നതിനിടയിൽ അവൾ കല്ലറ
യിൽ കുനിഞ്ഞുനോക്കി. **12** യേശു
വിന്റെ ശരീരം കിടന്നിരുന്ന ഇട
ത്ത് വെള്ളവസ്ത്രം ധരിച്ച രണ്ടു
ദൂതന്മാർ[k] ഒരുത്തൻ തലയ്ക്കലും
ഒരുത്തൻ കാല്ക്കലും ഇരിക്കു
ന്നത് കണ്ടു.[l] **13** അവർ അവ
ളോട്: സ്ത്രീയേ, നീ കരയുന്നത്
എന്ത്[m] എന്നു ചോദിച്ചു. എന്റെ
കർത്താവിനെ എടുത്തു കൊണ്ടു
പോയി; അവനെ എവിടെവച്ചു

12.[k] *ലൂക്കൊ. 24:4* [l] *(മർക്കൊ. 16:5)* 13.[m] *യോഹ. 20:15; (യോഹ. 2:4)*

എന്ന് ഞാൻ അറിയുന്നില്ല[n] എന്ന്
അവൾ അവരോട് പറഞ്ഞു. 14 ഇ
തു പറഞ്ഞിട്ട് അവൾ പിന്നോക്കം
തിരിഞ്ഞ്, യേശു നില്ക്കുന്നത്
കണ്ടു;[o] യേശു എന്ന് അറിഞ്ഞി
ല്ലതാനും.[p] 15 യേശു അവളോട്:
സ്ത്രീയേ, നീ കരയുന്നത് എന്ത്?[q]
ആരെ തിരയുന്നു[r] എന്നു ചോദി
ച്ചു. അവൻ തോട്ടക്കാരൻ[s] എന്ന്
നിരൂപിച്ചിട്ട് അവൾ: യജമാനനേ,
നീ അവനെ എടുത്തു കൊണ്ടു
പോയി എങ്കിൽ അവനെ എവിടെ
വച്ചു എന്ന് പറഞ്ഞുതരിക; ഞാൻ
അവനെ എടുത്തുകൊണ്ടു പൊയ്
ക്കൊള്ളാം എന്ന് അവനോടു പറ
ഞ്ഞു. 16 യേശു അവളോട്: മറിയ
യേ, എന്നു പറഞ്ഞു. അവൾ തിരി
ഞ്ഞ് എബ്രായഭാഷയിൽ: റബ്ബൂനി[t]
എന്നു പറഞ്ഞു; അതിനു ഗുരു
എന്നർത്ഥം. 17 യേശു അവളോട്:
എന്നെ തൊടരുത്; ഞാൻ ഇതു
വരെ പിതാവിന്റെ അടുക്കൽ കയ
റിപ്പോയില്ല; എങ്കിലും നീ എന്റെ
സഹോദരന്മാരുടെ[u] അടുക്കൽ
ചെന്ന്: എന്റെ പിതാവും നിങ്ങളു
ടെ പിതാവും എന്റെ ദൈവവും[v]
നിങ്ങളുടെ ദൈവവുമായവന്റെ അ
ടുക്കൽ ഞാൻ കയറിപ്പോകുന്നു[w]
എന്ന് അവരോട് പറക എന്നു പറ
ഞ്ഞു. 18 മഗ്ദലക്കാരത്തി മറിയ
വന്നു താൻ കർത്താവിനെ കണ്ടു
എന്നും അവൻ ഇങ്ങനെ തന്നോടു
പറഞ്ഞു എന്നും ശിഷ്യന്മാരോട്
അറിയിച്ചു.[x]
19 ആഴ്ചവട്ടത്തിന്റെ ഒന്നാം
നാൾ ആയ ആ ദിവസം,[y] നേരം
വൈകിയപ്പോൾ[z] ശിഷ്യന്മാർ ഇരു
ന്ന സ്ഥലത്തു യെഹൂദന്മാരെ പേടി
ച്ചു[a] വാതിൽ അടച്ചിരിക്കെ[b] യേശു
വന്നു നടുവിൽ നിന്നുകൊണ്ട്:
നിങ്ങൾക്കു സമാധാനം[c] എന്ന്
അവരോട് പറഞ്ഞു. 20 ഇതു പറ
ഞ്ഞിട്ട് അവൻ കൈയും വിലാപ്പു
റവും അവരെ കാണിച്ചു;[d] കർത്താ
വിനെ കണ്ടിട്ടു ശിഷ്യന്മാർ സന്തോ
ഷിച്ചു.[e] 21 യേശു പിന്നെയും അ
വരോട്: നിങ്ങൾക്കു സമാധാനം;
പിതാവ് എന്നെ അയച്ചതു[f] പോലെ
ഞാനും നിങ്ങളെ അയയ്ക്കുന്നു[g]
എന്നു പറഞ്ഞു. 22 ഇങ്ങനെ പറ
ഞ്ഞശേഷം അവൻ അവരുടെ
മേൽ ഊതി[h] അവരോട്: പരിശു
ദ്ധാത്മാവിനെ കൈക്കൊള്ളുവിൻ.[i]
23 ആരുടെ പാപങ്ങൾ നിങ്ങൾ
മോചിക്കുന്നുവോ അവർക്കു മോചി
ക്കപ്പെട്ടിരിക്കുന്നു;[j] ആരുടെ പാപ
ങ്ങൾ നിർത്തുന്നുവോ അവർക്കു
നിർത്തിയിരിക്കുന്നു എന്നു പറഞ്ഞു.
24 എന്നാൽ യേശു വന്നപ്പോൾ
പന്തിരുവരിൽ ഒരുവനായ ദിദി
മൊസ് എന്ന തോമാസ്[k] അവരോ
ടുകൂടെ ഉണ്ടായിരുന്നില്ല. 25 മറ്റേ
ശിഷ്യന്മാർ അവനോട്: ഞങ്ങൾ
കർത്താവിനെ കണ്ടു എന്ന് പറ
ഞ്ഞാറെ: ഞാൻ അവന്റെ കൈക
ളിൽ ആണിപ്പഴുതു കാണുകയും
ആണിപ്പഴുതിൽ വിരൽ ഇടുകയും
അവന്റെ വിലാപ്പുറത്തു കൈ ഇടു
കയും ചെയ്തിട്ടല്ലാതെ[l] വിശ്വസി
ക്കയില്ല എന്ന് അവൻ അവരോട്
പറഞ്ഞു.
26 എട്ടു ദിവസം കഴിഞ്ഞിട്ടു
ശിഷ്യന്മാർ പിന്നെയും അകത്തു
കൂടിയിരിക്കുമ്പോൾ തോമാസും
ഉണ്ടായിരുന്നു. വാതിൽ അടച്ചി
രിക്കെ[m] യേശു വന്നു നടുവിൽ
നിന്നുകൊണ്ട്: നിങ്ങൾക്കു സമാ
ധാനം[m] എന്നു പറഞ്ഞു. 27 പിന്നെ
തോമാസിനോട്: നിന്റെ വിരൽ
ഇങ്ങോട്ടു നീട്ടി എന്റെ കൈകളെ
കാൺക;[n] നിന്റെ കൈ നീട്ടി എന്റെ
വിലാപ്പുറത്ത് ഇടുക; അവിശ്വാസി
ആകാതെ വിശ്വാസിയായിരിക്ക
എന്നു പറഞ്ഞു. 28 തോമാസ് അവ
നോട്: എന്റെ കർത്താവും എന്റെ
ദൈവവും ആയുള്ളോവേ[o] എന്ന്
ഉത്തരം പറഞ്ഞു. 29 യേശു അവ
നോട്: നീ എന്നെ കണ്ടതുകൊ
ണ്ടു വിശ്വസിച്ചു; കാണാതെ വിശ്വ
സിച്ചവർ ഭാഗ്യവാന്മാർ[p] എന്നു
പറഞ്ഞു.
30 ഈ പുസ്തകത്തിൽ എഴു
തിയിരിക്കുന്നതല്ലാതെ മറ്റ് അനേ
കം അടയാളങ്ങളും[q] യേശു

13.[n] *യോഹ.20:2*
14.[o] *മർക്കൊ.16:9; (മത്താ.28:9)*
[p] *യോഹ.21:4; ലൂക്കൊ.24:16,31*
15.[q] *യോഹ.20:13*
[r] *യോഹ.1:38;18:4,7*
[s] *(യോഹ.19:41)*
16.[t] *യോഹ.1:38*
17.[u] *മത്താ.28:10*
[v] *മത്താ.27:46; എഫെ.1:17; വെളി.3:2,12; (1കൊരി.3:23)*
[w] *(മർക്കൊ.16:19); യോഹ.14:12*
18.[x] *മർക്കൊ.16:10; (മത്താ.28:10; ലൂക്കൊ.24:10, 22,23)*
19.[y] *ലൂക്കൊ. 24:33,36*
[z] *1കൊരി.15:5; (യോഹ.20:26)*
[a] *യോഹ.7:13*
[b] *യോഹ.20:26*
[c] *യോഹ.14:27*
20.[d] *ലൂക്കൊ.24:40*
[e] *യോഹ.16:22*
21.[f] *യോഹ.17:18; (എബ്രാ.3:1); യോഹ.3:17*
[g] *യോഹ.13:20; അപ്പൊ.പ്ര.1:1*
22.[h] *ഉൽപ.2:7*
[i] *(അപ്പൊ.പ്ര.2:4); യോഹ.7:39*
23.[j] *(മത്താ.16:19; 18:18; 1കൊരി.5:4,5)*
24.[k] *യോഹ.11:16*
25.[l] *യോഹ.20:20; (സങ്കീ.22:16)*
26.[m] *യോഹ.20:19*
27.[n] *യോഹ.20:20; 1യോഹ.1:1; (ലൂക്കൊ.24:39)*
28.[o] *(യോഹ.1:1,49)*
29.[p] *1പത്രൊ.1:8; (2കൊരി.5:7)*
30.[q] *യോഹ.21:25*

തന്റെ ശിഷ്യന്മാർ കാൺകെ[r] ചെയ്തു. **31** എന്നാൽ യേശു ദൈവപുത്രനായ്[s] ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേ[t]ണ്ടതിനും വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ[u] നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിനും[v] ഇത് എഴുതിയിരിക്കുന്നു.[w]

❋ ❋ ❋

***1. ഗലീലയിലെ ഒന്നാം പ്രത്യക്ഷത 15. ശിമോൻ, യോഹന്നാൻ എന്നിവരോട് യേശു പ്രവചിച്ചത്.***

**21** അതിന്റെശേഷം യേശു പിന്നെയും[a] തിബെര്യാസ് കടല്ക്കരയിൽ[b] വച്ചു ശിഷ്യന്മാർക്കു പ്രത്യക്ഷനായി;[c] പ്രത്യക്ഷനായത് ഈവിധം ആയിരുന്നു: **2** ശിമോൻ പത്രൊസും ദിദിമൊസ് എന്ന തോമാസും[d] ഗലീലയിലുള്ള കാനായിലെ[e] നഥനയേലും സെബെദിമക്കളും[f] അവന്റെ ശിഷ്യന്മാരിൽ വേറേ രണ്ടു പേരും ഒരുമിച്ചു കൂടിയിരുന്നു. **3** ശിമോൻ പത്രൊസ് അവരോട്: ഞാൻ മീൻ പിടിപ്പാൻ പോകുന്നു എന്നു പറഞ്ഞു; ഞങ്ങളും പോരുന്നു എന്ന് അവർ പറഞ്ഞു. അവർ പുറപ്പെട്ടു പടകു കയറി പോയി; ആ രാത്രിയിൽ ഒന്നും പിടിച്ചില്ല.[g] **4** പുലർച്ച ആയപ്പോൾ യേശു കരയിൽ നിന്നിരുന്നു; യേശു ആകുന്നു എന്ന് ശിഷ്യന്മാർ അറിഞ്ഞില്ല.[h] **5** യേശു അവരോട്: കുഞ്ഞുങ്ങളേ, കൂട്ടുവാൻ വല്ലതും ഉണ്ടോ[i] എന്നു ചോദിച്ചു; ഇല്ല എന്ന് അവർ ഉത്തരം പറഞ്ഞു. **6** പടകിന്റെ വലത്തുഭാഗത്തു വല വീശുവിൻ; എന്നാൽ നിങ്ങൾക്കു കിട്ടും എന്ന് അവൻ അവരോട് പറഞ്ഞു;[j] അവർ വീശി, മീനിന്റെ പെരുപ്പം ഹേതുവായി അത് വലിപ്പാൻ കഴിഞ്ഞില്ല. **7** യേശു സ്നേഹിച്ച[k] ശിഷ്യൻ പത്രൊസിനോട്: അത് കർത്താവ് ആകുന്നു എന്നു പറഞ്ഞു; കർത്താവ് ആകുന്നു എന്ന് ശിമോൻ പത്രൊസ് കേട്ടിട്ടു, താൻ നഗ്നനാ[l]കയാൽ അങ്കി അരയിൽ ചുറ്റി[m] കടലിൽ ചാടി.[n] **8** ശേഷം ശിഷ്യന്മാർ കരയിൽനിന്ന് ഏകദേശം ഇരുനൂറു മുഴത്തിൽ അധികം ദൂരത്തല്ലായ്കയാൽ മീൻ നിറഞ്ഞ വല ഇഴച്ചുംകൊണ്ട് ചെറിയ പടകിൽ[o] വന്നു. **9** കരയ്ക്ക് ഇറങ്ങിയപ്പോൾ അവർ തീക്കനലും അതിന്മേൽ മീൻ വച്ചിരിക്കുന്നതും അപ്പവും കണ്ടു. **10** യേശു അവരോട്: ഇപ്പോൾ പിടിച്ച മീൻ ചിലതു കൊണ്ടുവരുവിൻ എന്നു പറഞ്ഞു. **11** ശിമോൻ പത്രൊസ് കയറി നൂറ്റമ്പത്തിമൂന്നു വലിയ മീൻ നിറഞ്ഞ വല കരയ്ക്കു വലിച്ചു കയറ്റി; അത്ര വളരെ ഉണ്ടായിരുന്നിട്ടും വല കീറിയില്ല. **12** യേശു അവരോട്: വന്നു[p] പ്രാതൽ കഴിച്ചുകൊൾവിൻ[q] എന്നു പറഞ്ഞു; കർത്താവാകുന്നു എന്ന് അറിഞ്ഞിട്ടു ശിഷ്യന്മാരിൽ ഒരുത്തനും:[r] നീ ആർ എന്ന് അവനോട് ചോദിപ്പാൻ തുനിഞ്ഞില്ല.[r] **13** യേശു വന്ന് അപ്പം എടുത്ത് അവർക്കു കൊടുത്തു;[s] മീനും അങ്ങനെതന്നെ. **14** യേശു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റശേഷം ഇങ്ങനെ മൂന്നാം പ്രാവശ്യം[t] ശിഷ്യന്മാർക്കു പ്രത്യക്ഷനായി.

**15** അവർ പ്രാതൽ കഴിച്ചശേഷം[u] യേശു ശിമോൻ പത്രൊസിനോട്: യോഹന്നാന്റെ മകനായ[v] ശിമോനേ,[w] നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ[x] എന്നു ചോദിച്ചു. അതിന് അവൻ: ഉവ്വ്, കർത്താവേ, എനിക്കു നിന്നോടു പ്രിയമുണ്ട് എന്ന് നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ കുഞ്ഞാടുകളെ[y] മേയ്ക്ക എന്ന് അവൻ അവനോട് പറഞ്ഞു. **16** രണ്ടാമതും അവനോട്: യോഹന്നാന്റെ മകനായ

30.[r] *അപ്പൊ.പ്ര. 10:41*
31.[s] *മത്താ.14:33*
[t] *യോഹ.11:27*
[u] *(അപ്പൊ.പ്ര.10:43; 1കൊരി.6:11); അപ്പൊ.പ്ര.3:6*
[v] *യോഹ.3:15,16; 5:40;6:53;10:10; 1യോഹ.5:12*
[w] *1യോഹ.5:13*

**അധ്യായം 21**

1.[a] *യോഹ.20:19,26*
[b] *യോഹ.6:1*
[c] *യോഹ.21:14*
2.[d] *യോഹ.11:16*
[e] *യോഹ.2:1; 4:46*
[f] *മത്താ.4:21; ലൂക്കൊ.5:10*
3.[g] *(ലൂക്കൊ.5:5)*
4.[h] *യോഹ.20:14*
5.[i] *ലൂക്കൊ.24:41*
6.[j] *(ലൂക്കൊ.5:4,6,7)*
7.[k] *യോഹ.13:23*
[l] *1ശമൂ.19:24; യെശ.20:2; മീഖാ.1:8*
[m] *യോഹ.21:18; (യോഹ.13:5)*
[n] *(മത്താ.14:29)*
8.[o] *യോഹ.6:22*
12.[p] *അപ്പൊ.പ്ര.10:41*
[q] *യോഹ.21:15*
[r] *(യോഹ.4:27)*
13.[s] *യോഹ.21:9*
14.[t] *യോഹ.21:1; 20:19,26*
15.[u] *യോഹ.21:12*
[v] *യോഹ.1:42*
[w] *(മത്താ.16:17; ലൂക്കൊ.22:31)*
[x] *(മത്താ.26:33; മർക്കൊ.14:29)*
[y] *യോഹ.10:11-16; (യെശ.40:11)*

21:9 ***മീൻ... അപ്പവും കണ്ടു:*** ഈ സുവിശേഷത്തിൽ ഇവ വെറും ഭക്ഷണപദാർഥങ്ങളല്ല. അപ്പം കർത്താവിന്റെ അത്താഴത്തിലെ അപ്പത്തെ കുറിക്കുന്നു. ജീവൻ നല്കുന്ന അപ്പമാണ് യേശു എന്നും അത് അനുസ്മരിപ്പിക്കുന്നു (6:34). ആദിമസഭയിൽ യേശുവിനെ കുറിക്കുന്ന ഒരു പ്രതീകമായിരുന്നു മീൻ.

ശിമോനേ, നീ എന്നെ സ്നേഹിക്കു
ന്നുവോ എന്നു ചോദിച്ചു. അതിന്
അവൻ: ഉവ്വ്, കർത്താവേ, എനിക്കു
നിന്നോടു പ്രിയമുണ്ട് എന്ന് നീ അറി
യുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ
ആടുകളെ[y] പാലിക്ക[z] എന്ന് അവൻ
അവനോട് പറഞ്ഞു. 17 മൂന്നാ
മതും അവനോട്: യോഹന്നാന്റെ
മകനായ ശിമോനേ, നിനക്ക് എ
ന്നോടു പ്രിയമുണ്ടോ എന്നു ചോ
ദിച്ചു. എന്നോടു പ്രിയമുണ്ടോ
എന്ന് മൂന്നാമതും[a] ചോദിക്കയാൽ
പത്രൊസ് ദുഃഖിച്ചു: കർത്താവേ,
നീ സകലവും അറിയുന്നു;[b] എനി
ക്കു നിന്നോടു പ്രിയമുണ്ട് എന്നും
നീ അറിയുന്നു എന്ന് അവനോട്
പറഞ്ഞു. യേശു അവനോട്: എന്റെ
ആടുകളെ[c] മേയ്ക്ക. 18 ആമേൻ,
ആമേൻ, ഞാൻ നിന്നോടു പറ
യുന്നു: നീ യൗവനക്കാരൻ ആയി
രുന്നപ്പോൾ നീ തന്നെ അരകെട്ടി[d]
ഇഷ്ടമുള്ളേടത്തു നടന്നു;[e] വയ
സ്സനായ ശേഷമോ നീ കൈ നീട്ടു
കയും മറ്റൊരുത്തൻ നിന്റെ അര
കെട്ടി നിനക്ക് ഇഷ്ടമില്ലാത്ത ഇട
ത്തേക്കു നിന്നെ കൊണ്ടുപോകയും
ചെയ്യും എന്നു പറഞ്ഞു.19 അതി
നാൽ അവൻ ഇന്നവിധം മരണം
കൊണ്ടു ദൈവത്തെ മഹത്വപ്പെ
ടുത്തും[f] എന്ന് അവൻ സൂചിപ്പിച്ചു;
ഇതു പറഞ്ഞിട്ട്: എന്നെ അനുഗ
മിക്ക[g] എന്ന് അവനോട് പറഞ്ഞു.
20 പത്രൊസ് തിരിഞ്ഞു യേശു
സ്നേഹിച്ച ശിഷ്യൻ[h] പിൻചെല്ലു
ന്നതു കണ്ടു; അത്താഴത്തിൽ അ
വന്റെ നെഞ്ചോടു ചാഞ്ഞുകൊ
ണ്ട്: കർത്താവേ, നിന്നെ കാണിച്ചു
കൊടുക്കുന്നവൻ ആർ എന്നു ചോ
ദിച്ചത് ഇവൻതന്നെ.[i] 21 അവനെ
പത്രൊസ് കണ്ടിട്ട്: കർത്താവേ,
ഇവന് എന്തു ഭവിക്കും എന്നു യേശു
വിനോട് ചോദിച്ചു. 22 യേശു
അവനോട്: ഞാൻ വരു[j]വോളം[k]
ഇവൻ ഇരിക്കേണമെന്ന് എനിക്ക്
ഇഷ്ടം ഉണ്ടെങ്കിൽ അതു നിനക്ക്
എന്ത്? നീ എന്നെ അനുഗമിക്ക[l]
എന്നു പറഞ്ഞു. 23 ആകയാൽ
ആ ശിഷ്യൻ മരിക്കയില്ല എന്നൊരു
ശ്രുതി സഹോദരന്മാരുടെ[m] ഇട
യിൽ പരന്നു. യേശുവോ: അവൻ
മരിക്കയില്ല എന്നല്ല, ഞാൻ വരു
വോളം ഇവൻ ഇരിക്കേണം എന്ന്
എനിക്ക് ഇഷ്ടമുണ്ടെങ്കിൽ അത്
നിനക്ക് എന്ത് എന്നത്രേ അവ
നോട് പറഞ്ഞത്.

24 ഈ ശിഷ്യൻ ഇതിനെക്കു
റിച്ചു സാക്ഷ്യം പറയുന്നവനും[n]
ഇത് എഴുതിയവനും ആകുന്നു;
അവന്റെ സാക്ഷ്യം സത്യം[o] എന്നു
ഞങ്ങൾ അറിയുന്നു.[p]

25 യേശു ചെയ്തത് മറ്റു പല
തും ഉണ്ട്;[q] അത് ഓരോന്നായി
എഴുതിയാൽ എഴുതിയ പുസ്ത
കങ്ങൾ ലോകത്തിൽതന്നെയും
ഒതുങ്ങുകയില്ല[r] എന്ന് ഞാൻ
നിരൂപിക്കുന്നു.

❋ ❋ ❋

16.[y] (വാ.15കാ.)
[z] അപ്പൊ.പ്ര.20:28; 1പത്രൊ.5:2; വെളി.7:17
17.[a] (യോഹ.13:38)
[b] യോഹ.2:25
[c] യോഹ.21:16
18.[d] യോഹ.21:7
[e] (യോഹ.13:36)
19.[f] 2പത്രൊ.1:13
[g] യോഹ.21:22; മത്താ.16:24; (യോഹ.13:36); യോഹ.8:12
20.[h] യോഹ.21:7
[i] യോഹ.13:25
22.[j] (യോഹ.14:3,18,28; എബ്രാ.10:37; വെളി.2:5,16;3:3,11; 16:15;22:7,12,20); മത്താ.16:27
[k] മത്താ.10:23;16:28; 1കൊരി.4:5;11:26; യാക്കോ.5:7; വെളി.2:25
[l] യോഹ.21:19
23.[m] അപ്പൊ.പ്ര.1:15; 9:30;11:1;12:17;15:1; 16:2,40;21:7,17; 1യോഹ.3:14,16; 3യോഹ.3,5,10
24.[n] യോഹ.15:27
[o] 3യോഹ.12
[p] 1യോഹ.3:2,14; 5:15,18 - 20; (യോഹ.19:35)
25.[q] യോഹ.20:30
[r] (ആമോ.7:10)

## ഞാൻ ആകുന്നു

യിസ്രായേൽജനത്തെ ഈജിപ്തിലെ അടിമത്തത്തിൽനിന്നു വാഗ്ദത്തനാടായ കനാനിലേക്കു നയിക്കുവാൻ ദൈവം മോശെയോടു കല്പിച്ചപ്പോൾ ഇപ്രകാരം അരുളിച്ചെയ്തു: "ഞാൻ നിന്റെ പിതാക്കന്മാരായ അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവം ആകുന്നു (പുറ. 3:1 - 6). ദൈവത്തിന്റെ പേര് എന്താണ് എന്നു മോശെ ചോദിച്ചപ്പോൾ ദൈവം ഇപ്രകാരം മറുപടി നല്കി, 'ഞാൻ ആകുന്നവൻ ഞാൻ ആകുന്നു; ഞാൻ ആകുന്നു എന്നുള്ളവൻ എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു എന്നിങ്ങനെ നീ യിസ്രായേൽമക്കളോടു പറയണം" (പുറ. 3:13 - 15). 'യഹോവ' എന്ന എബ്രായ പദത്തിന്റെ അർഥം 'ഞാനാകുന്നവൻ', 'ഞാനായിരിക്കുന്നവൻ', 'കാരണഭൂതൻ' എന്നിപ്രകാരമാണ്. അതിനാൽ യഹോവ എന്ന വിശുദ്ധനാമത്തിനു ദൈവമായിരിക്കുന്നവൻ, കാരണക്കാരൻ എന്നീ അർഥങ്ങൾ നല്കുന്നു. യഹോവയാം ദൈവം തന്നെയാണ് സകലത്തിന്റെയും ഉറവിടം. ഈ ദൈവം ദൈവജനത്തെക്കുറിച്ചും പ്രകൃതിയെക്കുറിച്ചുമുള്ള ഉദ്ദേശ്യങ്ങൾ നിറവേറ്റും.

# THE ACTS OF THE APOSTLES
# അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ

## മുഖവുര

ലൂക്കൊസ് എഴുതിയ സുവിശേഷത്തിന്റെ തുടർച്ചയാണ് അപ്പൊസ്തലപ്രവൃത്തികൾ. യെരൂശലേമിലും, യെഹൂദയിൽ എല്ലായിടവും, ശമര്യയിലും, ഭൂമിയുടെ അറ്റത്തോളവും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട യേശുവിന്റെ ആദ്യ അനുയായികൾ അവനെക്കുറിച്ചുള്ള ഈ സുവിശേഷം എങ്ങനെ അറിയിച്ചു എന്നു പ്രസ്താവിക്കുകയാണ് ഈ പുസ്തകത്തിന്റെ പ്രധാന ഉദ്ദേശ്യം. പെന്തെക്കൊസ്തു നാളിൽ യെരൂശലേമിൽ കൂടിയിരുന്ന യേശുവിന്റെ ശിഷ്യന്മാരുടെമേൽ ശക്തിയോടെ വ്യാപരിച്ച പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാണ് അപ്പൊസ്തലപ്രവൃത്തിയുടെ കാതലായ വിഷയം. ആ പരിശുദ്ധാത്മാവ് ഇന്നും സഭയെയും സഭാനേതാക്കന്മാരെയും നയിക്കുകയും ശക്തീകരിക്കുകയും ചെയ്യുന്നു എന്നുള്ള വസ്തുത ഈ പുസ്തകത്തിന്റെ പ്രതിപാദ്യങ്ങളിൽ നിറഞ്ഞു നില്ക്കുന്നു.

***1. യേശു ഉയിർത്തെഴുന്നേറ്റശേഷം ശിഷ്യന്മാരോടു സംസാരിച്ചത് 9. സ്വർഗാരോഹണം 15. മത്ഥിയാസ്, അപ്പൊസ്തലനായി നിയമിക്കപ്പെട്ടത്.***

**അധ്യായം 1**

**തെ**യോഫിലൊസേ,[a] ഞാൻ എഴു
തിയ ഒന്നാമത്തെ ചരിത്രം യേശു
തിരഞ്ഞെടുത്ത അപ്പൊസ്തലന്മാർ
ക്കു പരിശുദ്ധാത്മാവിനാൽ[b] കല്പന
കൊടുത്തിട്ട്[c] ആരോഹണം ചെ
യ്ത[d] നാൾവരെ അവൻ ചെയ്തും
ഉപദേശിച്ചും[e] തുടങ്ങിയ സകല
ത്തെയുംകുറിച്ച് ആയിരുന്നുവല്ലോ.
**2** അവൻ കഷ്ടം അനുഭവിച്ചശേഷം
നാല്പതു നാളോളം അവർക്കു പ്ര
ത്യക്ഷനായി ദൈവരാജ്യം സംബ
ന്ധിച്ച കാര്യങ്ങൾ പറഞ്ഞുകൊണ്ട്
**3** താൻ ജീവിച്ചിരിക്കുന്നു എന്ന്
അനേകം ദൃഷ്ടാന്തങ്ങളാൽ അവർ
ക്കു കാണിച്ചുകൊടുത്തു.[f] **4** അങ്ങ
നെ അവൻ അവരുമായി കൂടിയി
രിക്കുമ്പോൾ[g] അവരോട്: നിങ്ങൾ
യെരൂശലേമിൽനിന്നു വാങ്ങിപ്പോ
കാതെ എന്നോടു കേട്ട പിതാവിന്റെ
വാഗ്ദത്തത്തിനായി കാത്തിരിക്കേ
ണം;[h] **5** യോഹന്നാൻ വെള്ളംകൊ
ണ്ടു സ്നാനം കഴിപ്പിച്ചു.[i] നിങ്ങൾ
ക്കോ ഇനി ഏറെനാൾ കഴിയും
മുമ്പേ[j] പരിശുദ്ധാത്മാവുകൊണ്ടു[j]
സ്നാനം ലഭിക്കും എന്നു കല്പിച്ചു.
**6** ഒരുമിച്ചു കൂടിയിരുന്നപ്പോൾ
അവർ അവനോട്: കർത്താവേ, നീ
യിസ്രായേലിന്[k] ഈ കാലത്തിലോ[l]
രാജ്യം യഥാസ്ഥാനത്താക്കിക്കൊടു
ക്കുന്നത്[k] എന്നു ചോദിച്ചു. **7** അവൻ
അവരോട്: പിതാവ് തന്റെ സ്വന്ത
അധികാരത്തിൽ വച്ചിട്ടുള്ള കാല
ങ്ങളെയോ സമയങ്ങളെയോ[m] അറി
യുന്നത് നിങ്ങൾക്കുള്ളതല്ല.[n] **8** എ
ന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ
മേൽ വരുമ്പോൾ[o] നിങ്ങൾ ശക്തി[p]
ലഭിച്ചിട്ടു യെരൂശലേമിലും യെഹൂ
ദ്യയിൽ എല്ലാടത്തും ശമര്യയിലും[q]
ഭൂമിയുടെ അറ്റത്തോളവും[r] എന്റെ
സാക്ഷികൾ[s] ആകും[t] എന്നു പറ
ഞ്ഞു. **9** ഇതു പറഞ്ഞശേഷം അ
വർ കാൺകെ അവൻ ആരോഹണം
ചെയ്തു;[u] ഒരു മേഘം അവനെ
മൂടിയിട്ട് അവൻ അവരുടെ കാഴ്ച
യ്ക്കു മറഞ്ഞു.[v] **10** അവൻ പോകു
ന്നേരം അവർ ആകാശത്തിലേക്ക്
ഉറ്റുനോക്കുമ്പോൾ വെള്ളവസ്ത്രം
ധരിച്ച[w] രണ്ടു[x] പുരുഷന്മാർ[y] അവ
രുടെ അടുക്കൽ നിന്നു: **11** ഗലീലാ
പുരുഷന്മാരേ,[z] നിങ്ങൾ ആകാശ
ത്തിലേക്കു നോക്കിനില്ക്കുന്നത്

1.[a] *ലൂക്കൊ.1:1;* [b] *(അപ്പൊ.പ്ര.10:38; ലൂക്കൊ.4:1,18; യോഹ.20:22)* [c] *(അപ്പൊ.പ്ര.10:42; മത്താ.28:19,20; മർക്കൊ.16:15; ലൂക്കൊ.24:47; യോഹ.20:21)* [d] *മർക്കൊ.16:19* [e] *ലൂക്കൊ.24:19;*
3.[f] *അപ്പൊ.പ്ര. 10:40,41;13:31; മത്താ.28:17; മർക്കൊ.16:14; ലൂക്കൊ.24:34, 36 - 51; യോഹ.20:19 - 29; യോഹ.21; 1കൊരി.15:5 - 7*
4.[g] *അപ്പൊ.പ്ര.10:41; ലൂക്കൊ.24:43; യോഹ.21:13* [h] *ലൂക്കൊ.24:49*
5.[i] *അപ്പൊ.പ്ര.11:16; മത്താ.3:11* [j] *അപ്പൊ.പ്ര.2:1 - 4;*
6.[k] *(മീഖാ.4:8; മത്താ.17:11; മർക്കൊ.9:12; ലൂക്കൊ.19:11)* [l] *ലൂക്കൊ.17:20*
7.[m] *ദാനീ.2:21; 1തെസ്സ.5:1* [n] *(മത്താ.24:36; മർക്കൊ.13:32)*
8.[o] *അപ്പൊ.പ്ര.1:5* [p] *അപ്പൊ.പ്ര.4:33; ലൂക്കൊ.24:49; 1തെസ്സ.1:5; 2തിമൊ.1:7; (അപ്പൊ.പ്ര.10:38; ലൂക്കൊ.4:14)* [q] *അപ്പൊ.പ്ര.8:1,14; (മത്താ.10:5)* [r] *അപ്പൊ.പ്ര.13:47; (മർക്കൊ.16:15; കൊലൊ.1:23)* [s] *അപ്പൊ.പ്ര.2:32; 13:31; (യെശ.43:12)* [t] *(അപ്പൊ.പ്ര.1:22); ലൂക്കൊ.24:48*
9.[u] *അപ്പൊ.പ്ര.1:1* [v] *1തെസ്സ.4:17*
10.[w] *മത്താ.28:3; മർക്കൊ.16:5; യോഹ.20:12* [x] *(ലൂക്കൊ.24:4)* [y] *യോശു.5:13; ദാനീ.9:21;10:5;12:6,7; സെഖ.1:8 - 11*
11.[z] *അപ്പൊ.പ്ര.2:7;13:31*

എന്ത്? നിങ്ങളെ വിട്ടു സ്വർഗാരോ
ഹണം ചെയ്ത ഈ യേശുവിനെ
സ്വർഗത്തിലേക്കു പോകുന്നവനായി
നിങ്ങൾ കണ്ടതുപോലെതന്നെ[a] അ
വൻ വീണ്ടും വരും[b] എന്നു പറഞ്ഞു.
**12** അവർ യെരൂശലേമിന് സമീ
പത്ത് ഒരു ശബ്ബത്ത്ദിവസത്തെ
വഴിദൂരമുള്ള ഒലിവ്മല വിട്ടു യെരൂ
ശലേമിലേക്കു മടങ്ങിപ്പോന്നു.[c]
**13** അവിടെ എത്തിയപ്പോൾ അവർ
പാർത്ത മാളികമുറിയിൽ[d] കയറി
പ്പോയി, പത്രൊസ്, യോഹന്നാൻ,
യാക്കോബ്, അന്ത്രെയാസ്, ഫിലി
പ്പൊസ്, തോമാസ്, ബർത്തൊലൊ
മായി, മത്തായി, അല്ഫായുടെ
മകനായ യാക്കോബ്, എരിവുകാ
രനായ[e] ശിമോൻ, യാക്കോബിന്റെ
മകനായ യൂദാ **14** ഇവർ എല്ലാവ
രും[f] സ്ത്രീകളോടും[g] യേശുവിന്റെ
അമ്മയായ മറിയയോടും അവന്റെ
സഹോദരന്മാരോടും[h] കൂടെ ഒരുമ
നപ്പെട്ടു[i] പ്രാർഥന കഴിച്ചുപോന്നു.[j]
**15** ആ കാലത്ത് ഏകദേശം നൂറ്റി
രുപതു പേരുള്ള[k] ഒരു സംഘം കൂടി
യിരിക്കുമ്പോൾ പത്രൊസ് സഹോ
ദരന്മാരുടെ[l] നടുവിൽ എഴുന്നേറ്റു
നിന്നു പറഞ്ഞത്: **16** സഹോദര
ന്മാരായ പുരുഷന്മാരേ, യേശുവിനെ
പിടിച്ചവർക്കു വഴികാട്ടിയായിത്തീർ
ന്ന[m] യൂദായെക്കുറിച്ചു പരിശുദ്ധാ
ത്മാവ് ദാവീദ് മുഖാന്തരം മുൻപറ
ഞ്ഞ തിരുവെഴുത്തിന് നിവൃത്തിവ
രുവാൻ ആവശ്യമായിരുന്നു.[n] **17** അ
വൻ ഞങ്ങളുടെ എണ്ണത്തിൽ ഉൾ
പ്പെട്ടവനായി[o] ഈ ശുശ്രൂഷ[p]യിൽ
പങ്കു ലഭിച്ചിരുന്നുവല്ലോ.– **18** അ
വൻ അനീതിയുടെ കൂലി[q] കൊണ്ട്
ഒരു നിലം മേടിച്ചു[r] തലകീഴായി
വീണു നടുവേ പിളർന്ന് അവന്റെ
കുടലെല്ലാം തുറിച്ചുപോയി. **19** അത്
യെരൂശലേമിൽ പാർക്കുന്ന എല്ലാവ
രും അറിഞ്ഞതാകകൊണ്ട് ആ നില
ത്തിന് അവരുടെ ഭാഷയിൽ[s] രക്ത
നിലം എന്നർഥമുള്ള അക്കല്ദാമാ
എന്നു പേർ ആയി.– **20** സങ്കീർത്തന

11.[a] *2തെസ്സ.1:9*
[b] *(ഫിലി.3:20; 1തെസ്സ.1:10); മത്താ.16:27*
12.[c] *ലൂക്കൊ. 24:50,52*
13.[d] *അപ്പൊ.പ്ര. 9:37,39;20:8*
[e] *(അപ്പൊ.പ്ര.21:20)*
14.[f] *മത്താ.10:2 – 4; മർക്കൊ.3:16 – 19; ലൂക്കൊ.6:14 – 16*
[g] *ലൂക്കൊ.8:2,3*
[h] *മത്താ.12:46*
[i] *അപ്പൊ.പ്ര.2:46; 4:24;5:12;15:26; റോമ.15:6*
[j] *അപ്പൊ.പ്ര. 2:42;6:4; റോമ.12:13; കൊലൊ.4:2; (എഫെ.6:18)*
15.[k] *വെളി.3:4;11:13*
[l] *യോഹ.21:23*
16.[m] *മത്താ.26:47; മർക്കൊ.14:43; ലൂക്കൊ.22:47; യോഹ.18:3;*
[n] *ലൂക്കൊ.24:44; (ലൂക്കൊ.22:37)*
17.[o] *യോഹ. 6:71;13:21*
[p] *അപ്പൊ.പ്ര.1:24; 20:24;21:19; റോമ.11:14; 2കൊരി.4:1*
18.[q] *(മത്താ.26:14 – 16)*
[r] *(മത്താ.27:5 – 8)*
19.[s] *(അപ്പൊ.പ്ര. 21:40)*
20.[t] ***സങ്കീ.69:25***
[u] ***സങ്കീ.109:8***
21.[v] *അപ്പൊ.പ്ര. 13:24; മർക്കൊ.1:1 – 4*
[w] *അപ്പൊ.പ്ര.1:1,9*
[x] *സംഖ്യാ.27:16; ആവ.31:2; 1ശമൂ.18:13; (യോഹ.10:9)*
[y] *(യോഹ.14:27)*
22.[z] *അപ്പൊ.പ്ര. 4:33;*

പുസ്തകത്തിൽ: [t]"അവന്റെ വാസ
സ്ഥലം ശൂന്യമായിപ്പോകട്ടെ; അ
തിൽ ആരും പാർക്കാതിരിക്കട്ടെ"
എന്നും [u]"അവന്റെ അധ്യക്ഷസ്ഥാ
നം മറ്റൊരുത്തനു ലഭിക്കട്ടെ" എന്നും
എഴുതിയിരിക്കുന്നു. **21** ആകയാൽ
കർത്താവായ യേശു യോഹന്നാന്റെ
സ്നാനംമുതൽ[v] നമ്മെ വിട്ട് ആരോ
ഹണം ചെയ്ത[w] നാൾവരെ നമ്മു
ടെ ഇടയിൽ സഞ്ചരിച്ചുപോന്ന[x]
കാലത്തെല്ലാം[y] **22** ഞങ്ങളോടു
കൂടെ നടന്ന പുരുഷന്മാരിൽ ഒരു
ത്തൻ ഞങ്ങളോടുകൂടെ അവന്റെ
പുനരുത്ഥാനത്തിനു സാക്ഷിയാ
യി[z] ത്തീരേണം. **23** അങ്ങനെ അ
വർ യുസ്തൊസ്[a] എന്നു മറുപേ
രുള്ള ബർശബാ[b] എന്ന യോസേഫ്,
മത്ഥിയാസ്[c] എന്നീ രണ്ടു പേരെ
നിറുത്തി: **24** സകല ഹൃദയങ്ങ
ളെയും അറിയുന്ന[d] കർത്താവേ,
തന്റെ സ്ഥലത്തേക്കു പോകേണ്ട
തിനു യൂദാ ഒഴിഞ്ഞുപോയ ഈ
ശുശ്രൂഷയുടെയും[e] അപ്പൊസ്തല
ത്വത്തിന്റെയും[f] **25** സ്ഥാനം ലഭിക്കേ
ണ്ടതിന് ഈ ഇരുവരിൽ ഏവനെ
നീ തിരഞ്ഞെടുത്തിരിക്കുന്നു എന്നു
കാണിച്ചുതരേണമേ എന്നു പ്രാർ
ഥിച്ച്[g] അവരുടെ പേർക്കു ചീട്ടിട്ടു;
**26** ചീട്ടു മത്ഥിയാസിനു വീഴുകയും
അവനെ പതിനൊന്ന് അപ്പൊസ്ത
ലന്മാരുടെ കൂട്ടത്തിൽ എണ്ണുകയും
ചെയ്തു.

* * *

*1. പെന്തെക്കൊസ്തു നാളിൽ സഭയുടെ സ്ഥാപനം 14. അപ്പൊസ്തലന്മാരുടെ ആദ്യ പ്രസംഗം 37. സഭാവർധനയുടെ ആരംഭം.*

**2** പെന്തെക്കൊസ്തുനാൾ[a] വന്ന
പ്പോൾ എല്ലാവരും ഒരു സ്ഥ
ലത്ത് ഒന്നിച്ചു കൂടിയിരുന്നു.

*(അപ്പൊ.പ്ര.1:8; 1പത്രൊ.1:3); ലൂക്കൊ.24:48*
23.[a] *(അപ്പൊ.പ്ര.18:7; കൊലൊ.4:11)* [b] *(അപ്പൊ.പ്ര. 14:22)* [c] *അപ്പൊ.പ്ര.1:26* 24.[d] *1ശമൂ.16:7; റോമ.8:27* [e] *അപ്പൊ.പ്ര.1:17* [f] *റോമ.1:6; 1കൊരി.1:1; ഗലാ.2:7*
25.[g] *അപ്പൊ.പ്ര.6:6; 23:3*

**അധ്യായം 2**

1.[a] *അപ്പൊ.പ്ര.20:16;1കൊരി.16:8; (ലേവ്യാ.23:15)*

1:12 ***ഒലിവ്മല:*** യെരൂശലേം ദൈവാലയത്തിന്റെ കിഴക്കു ഭാഗത്ത് 3 കി. മീ. നീളത്തിൽ കിദ്രോൻ താഴ്വരയ്ക്കു കുറുകെ നിന്നിരുന്ന പർവതശിഖരമായിരുന്നു ഒലിവ്മല.

**2** പെട്ടെന്നു കൊടിയ കാറ്റടിക്കു
ന്നതു[b]പോലെ ആകാശത്തുനിന്ന്
ഒരു മുഴക്കം ഉണ്ടായി, അവർ ഇരു
ന്നിരുന്ന വീടു മുഴുവനും നിറച്ചു.[c]
**3** അഗ്നിജ്വാലപോലെ[d] പിളർന്നിരി
ക്കുന്ന നാവുകൾ അവർക്കു പ്രത്യ
ക്ഷമായി അവരിൽ ഓരോരുത്തന്റെ
മേൽ പതിഞ്ഞു. **4** എല്ലാവരും
പരിശുദ്ധാത്മാവ് നിറഞ്ഞവരായി[e]
ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ ന
ല്കിയതുപോലെ[f] അന്യഭാഷക
ളിൽ സംസാരിച്ചു[g]തുടങ്ങി.
**5** അന്ന് ആകാശത്തിൻകീഴുള്ള
സകല ജാതികളിൽനിന്നും യെരൂ
ശലേമിൽ വന്നുപാർക്കുന്ന യെഹൂ
ദന്മാരായ ഭക്തിയുള്ള പുരുഷന്മാർ
ഉണ്ടായിരുന്നു. **6** ഈ മുഴക്കം ഉണ്ടാ
യപ്പോൾ[h] പുരുഷാരം വന്നുകൂടി,
ഓരോരുത്തൻ താന്താന്റെ ഭാഷയിൽ
അവർ സംസാരിക്കുന്നത് കേട്ട് അമ്പ
രന്നുപോയി. **7** എല്ലാവരും ഭ്രമിച്ച്
ആശ്ചര്യപ്പെട്ടു:[i] ഈ സംസാരിക്കു
ന്നവർ എല്ലാം ഗലീലക്കാർ[j] അല്ല
യോ? **8** പിന്നെ നാം ഓരോരുത്തൻ
ജനിച്ച നമ്മുടെ സ്വന്തഭാഷയിൽ
അവർ സംസാരിച്ചു കേൾക്കുന്നത്
എങ്ങനെ? **9** പർത്ഥരും മേദ്യരും[k]
ഏലാമ്യരും[l] മെസപ്പൊത്താമ്യയിലും
യെഹൂദ്യയിലും കപ്പദോക്യയിലും
പൊന്തൊസിലും ആസ്യയിലും
**10** പ്രുഗ്യയിലും പംഫുല്യയിലും
മിസ്രയീമിലും കുറേനെയ്ക്കു ചേർന്ന
ലിബ്യാപ്രദേശങ്ങളിലും പാർക്കുന്ന
വരും റോമയിൽനിന്നു വന്നു പാർ
ക്കുന്നവരും യെഹൂദന്മാരും യെഹൂദ
മതാനുസാരികളും[m] **11** ക്രേത്യരും
അറബിക്കാരുമായ നാം ഈ നമ്മുടെ
ഭാഷകളിൽ അവർ ദൈവത്തിന്റെ
വൻകാര്യങ്ങളെ പ്രസ്താവിക്കുന്നതു
കേൾക്കുന്നുവല്ലോ എന്നു പറഞ്ഞു.
**12** എല്ലാവരും ഭ്രമിച്ചു ചഞ്ചലിച്ചു;[n]
ഇത് എന്തായിരിക്കും എന്നു തമ്മിൽ
തമ്മിൽ പറഞ്ഞു. **13** ഇവർ പുതു
വീഞ്ഞു കുടിച്ചിരിക്കുന്നു എന്നു
മറ്റു ചിലർ പരിഹസിച്ചു[o]പറഞ്ഞു.
**14** അപ്പോൾ പത്രൊസ് പതിനൊ
ന്നു പേരോടുകൂടെ നിന്നുകൊണ്ട്
ഉറക്കെ അവരോട് പറഞ്ഞത്: യെഹൂ
ദാപുരുഷന്മാരും യെരൂശലേമിൽ
പാർക്കുന്ന എല്ലാവരുമായുള്ളോരേ,
ഇത് നിങ്ങൾ അറിഞ്ഞിരിക്കട്ടെ;
എന്റെ വാക്ക് ശ്രദ്ധിച്ചുകൊൾവിൻ.
**15** നിങ്ങൾ ഊഹിക്കുന്നതുപോലെ
ഇവർ ലഹരിപിടിച്ചവരല്ല; പകൽ
മൂന്നാം മണി നേരമേ ആയിട്ടുള്ളു
വല്ലോ.[p] **16** ഇതു യോവേൽപ്രവാ
ചകൻ മുഖാന്തരം അരുളിച്ചെയ്ത
തത്രേ; അതെന്തെന്നാൽ:
**17** [q]“അന്ത്യകാലത്ത് ഞാൻ
സകല ജഡത്തിന്മേലും എന്റെ
ആത്മാവിനെ പകരും;[r] നിങ്ങ
ളുടെ പുത്രന്മാരും പുത്രിമാരും[s]
പ്രവചിക്കും; നിങ്ങളുടെ യൗവന
ക്കാർ ദർശനങ്ങൾ ദർശിക്കും;
നിങ്ങളുടെ വൃദ്ധന്മാർ സ്വപ്ന
ങ്ങൾ കാണും. **18** എന്റെ ദാസ
ന്മാരുടെ മേലും ദാസിമാരുടെ
മേലുംകൂടെ ഞാൻ ആ നാളുക
ളിൽ എന്റെ ആത്മാവിനെ പകരും;
അവരും പ്രവചിക്കും.[t] **19** ഞാൻ
മീതെ ആകാശത്തിൽ അദ്ഭുത
ങ്ങളും താഴെ ഭൂമിയിൽ അടയാ
ളങ്ങളും കാണിക്കും; രക്തവും
തീയും പുകയാവിയും തന്നേ.
**20** കർത്താവിന്റെ വലുതും പ്രസി
ദ്ധവുമായ നാൾ[u] വരും മുമ്പേ സൂ
ര്യൻ ഇരുളായും ചന്ദ്രൻ രക്ത
മായും മാറിപ്പോകും.[v] **21** എന്നാൽ
കർത്താവിന്റെ നാമം വിളിച്ചപേ
ക്ഷിക്കുന്നവൻ ഏവനും രക്ഷിക്ക
പ്പെടും[w] എന്നു ദൈവം അരുളിച്ചെ
യ്യുന്നു.”[x]
**22** യിസ്രായേൽപുരുഷന്മാരേ,
ഈ വചനം കേട്ടുകൊൾവിൻ.
നിങ്ങൾതന്നെ അറിയുംപോലെ
ദൈവം അവനെക്കൊണ്ടു[y] നിങ്ങ
ളുടെ നടുവിൽ ചെയ്യിച്ച ശക്തികളും
അദ്ഭുതങ്ങളും അടയാളങ്ങളും[z]
കൊണ്ടു[a] ദൈവം നിങ്ങൾക്കു
കാണിച്ചുതന്ന **23** പുരുഷനായി[b]
നസറായനായ യേശുവിനെ ദൈവം
തന്റെ സ്ഥിരനിർണയത്താലും[c]
മുന്നറിവിനാലും[d] ഏല്പിച്ചിട്ട്,[e]

2.[b] *(1രാജാ.19:11; ഇയ്യോ.38:10; യെഹെ.1:4)*
[c] *(അപ്പൊ.പ്ര.4:31; 16:26)*
3.[d] *മത്താ.3:11*
4.[e] *അപ്പൊ.പ്ര.4:31; 13:52; (അപ്പൊ.പ്ര.1:5; 8:17;11:15,24;13:9)*
[f] *(1കൊരി.12:10,11)*
[g] *മർക്കൊ.16:17*
6.[h] *അപ്പൊ.പ്ര.2:2*
7.[i] *അപ്പൊ.പ്ര.2:11*
[j] *അപ്പൊ.പ്ര.1:11; (മത്താ.26:69)*
9.[k] *2രാജാ.17:6*
[l] *ഉൽപ.14:1,9; യെശ.11:11; ദാനീ.8:2*
10.[m] *അപ്പൊ.പ്ര. 6:5;13:43; മത്താ.23:15*
12.[n] *അപ്പൊ.പ്ര.2:7*
13.[o] *(അപ്പൊ.പ്ര. 17:32;1കൊരി.14:23)*
15.[p] *(1തെസ്സ.5:7)*
17.[q] ***യോവേ.2:28 – 32***
[r] *(അപ്പൊ.പ്ര.10:46; തീത്തൊ.3:7)*
[s] *അപ്പൊ.പ്ര.2:18,33; യെശ.32:15;44:3; യെഹെ.36:27; റോമ.5:5*
18.[t] *അപ്പൊ.പ്ര.21:9*
20.[u] *അപ്പൊ.പ്ര. 11:28; 21:10; 1കൊരി.12:10*
[v] *(1തെസ്സ.5:2; വെളി.16:14)*
21.[w] *മത്താ.24:29*
[x] *റോമ.10:13; (അപ്പൊ.പ്ര.16:31)*
22.[y] *(മത്താ.12:28)*
[z] *2കൊരി.12:12; 2തെസ്സ.2:9; എബ്രാ.2:3; (റോമ.15:18)*
[a] *അപ്പൊ.പ്ര.10:38; ലൂക്കൊ.24:19*
23.[b] *യോഹ.3:2*
[c] *ലൂക്കൊ.22:22; (അപ്പൊ.പ്ര.3:18; 4:28; 13:27)*
[d] *1പത്രൊ.1:2; (1പത്രൊ.1:20; വെളി.13:8)*
[e] *മത്താ.26:24; (അപ്പൊ.പ്ര.3:13; മത്താ.20:19); ലൂക്കൊ.24:20*

നിങ്ങൾ[f] അവനെ അധർമികളു
ടെ[g] കൈയാൽ തറപ്പിച്ചു കൊന്നു;
**24** ദൈവമോ മരണപാശങ്ങളെ
അഴിച്ചിട്ട് അവനെ ഉയിർത്തെഴു
ന്നേല്പിച്ചു.[h] മരണം അവനെ പിടി
ച്ചുവയ്ക്കുന്നത് അസാധ്യമായി
രുന്നു.[i]
**25** [j]“ഞാൻ കർത്താവിനെ എ
പ്പോഴും എന്റെ മുമ്പിൽ കണ്ടിരി
ക്കുന്നു; അവൻ എന്റെ വലത്തു
ഭാഗത്ത് ഇരിക്കയാൽ ഞാൻ കുലു
ങ്ങിപ്പോകയില്ല. **26** അതുകൊണ്ട്
എന്റെ ഹൃദയം സന്തോഷിച്ചു,
എന്റെ നാവ് ആനന്ദിച്ചു, എന്റെ
ജഡവും പ്രത്യാശയോടെ[k] വസി
ക്കും. **27** നീ എന്റെ പ്രാണനെ
പാതാളത്തിൽ[l] വിടുകയില്ല; നിന്റെ
പരിശുദ്ധനെ[m] ദ്രവത്വം കാൺ
മാൻ[n] സമ്മതിക്കയുമില്ല. **28** [o]നീ
ജീവമാർഗങ്ങളെ എന്നോട് അറി
യിച്ചു; നിന്റെ സന്നിധിയിൽ എന്നെ
സന്തോഷപൂർണനാക്കും”
എന്നു ദാവീദ് അവനെക്കുറിച്ചു
പറയുന്നുവല്ലോ. **29** സഹോദരന്മാ
രായ പുരുഷന്മാരേ, ഗോത്രപിതാ
വായ[p] ദാവീദിനെക്കുറിച്ച് അവൻ
മരിച്ച്[q] അടക്കപ്പെട്ടു[r] എന്ന് എനി
ക്കു നിങ്ങളോടു ധൈര്യമായി പറ
യാം; അവന്റെ കല്ലറ[s] ഇന്നുവരെ
നമ്മുടെ ഇടയിൽ ഉണ്ടല്ലോ. **30** എ
ന്നാൽ അവൻ പ്രവാചകൻ ആക
യാൽ[t] ദൈവം അവന്റെ കടിപ്രദേ
ശത്തിന്റെ ഫലത്തിൽനിന്ന് ഒരു
ത്തനെ അവന്റെ സിംഹാസനത്തിൽ
ഇരുത്തും എന്ന് തന്നോടു സത്യം
ചെയ്ത്[u] ഉറപ്പിച്ചു എന്ന് അറിഞ്ഞി
ട്ട്: **31** അവനെ പാതാളത്തിൽ വിട്ടു
കളഞ്ഞില്ല;[v] അവന്റെ ജഡം ദ്രവ
ത്വം കണ്ടതുമില്ല എന്നു ക്രിസ്തു
വിന്റെ പുനരുത്ഥാനം മുമ്പുകൂട്ടി
കണ്ടു പ്രസ്താവിച്ചു. **32** ഈ
യേശുവിനെ ദൈവം ഉയിർത്തെഴു
ന്നേല്പിച്ചു;[w] അതിനു ഞങ്ങൾ
എല്ലാവരും സാക്ഷികൾ ആകുന്നു.[x]
**33** അവൻ ദൈവത്തിന്റെ വലഭാഗ
ത്തേക്ക്[y] ആരോഹണം ചെയ്തു[z]
പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം[a]
പിതാവിനോടു[b] വാങ്ങി, നിങ്ങൾ
ഈ കാണുകയും കേൾക്കുകയും
ചെയ്യുന്നത് പകർന്നുതന്നു.[c] **34** ദാ
വീദ് സ്വർഗാരോഹണം ചെയ്തില്ല
ല്ലോ.[d] എന്നാൽ അവൻ:
**35** [e]“ഞാൻ നിന്റെ ശത്രുക്കളെ
നിന്റെ പാദപീഠം ആക്കുവോളം
നീ എന്റെ വലത്തുഭാഗത്ത് ഇരിക്ക
എന്നു കർത്താവ് എന്റെ കർത്താ
വിനോട് അരുളിച്ചെയ്തു” എന്നു
പറയുന്നു.
**36** ആകയാൽ നിങ്ങൾ ക്രൂശിച്ച[f]
ഈ യേശുവിനെ തന്നെ ദൈവം[g]
കർത്താവും ക്രിസ്തുവു[h]മാക്കി
വച്ചു[g] എന്നു യിസ്രായേൽഗൃഹ
മൊക്കെയും നിശ്ചയമായി അറി
ഞ്ഞുകൊള്ളട്ടെ.
**37** ഇതു കേട്ടിട്ട്[i] അവർ ഹൃദയ
ത്തിൽ കുത്തുകൊണ്ടു പത്രൊസി
നോടും ശേഷം അപ്പൊസ്തലന്മാ
രോടും: സഹോദരന്മാരായ പുരുഷ
ന്മാരേ, ഞങ്ങൾ എന്തു ചെയ്യേണ്ടു[j]
എന്നു ചോദിച്ചു. **38** പത്രൊസ്
അവരോട്: നിങ്ങൾ മാനസാന്തര
പ്പെട്ടു[k] നിങ്ങളുടെ പാപങ്ങളുടെ
മോചനത്തിനായി[l] ഓരോരുത്തൻ
യേശുക്രിസ്തുവിന്റെ നാമത്തിൽ[m]
സ്നാനം ഏല്പിൻ;[n] എന്നാൽ പരി
ശുദ്ധാത്മാവ് എന്ന ദാനം[o] ലഭിക്കും.
**39** വാഗ്ദത്തം നിങ്ങൾക്കും[p] നിങ്ങ
ളുടെ മക്കൾക്കും[q] നമ്മുടെ ദൈവ
മായ കർത്താവ് വിളിച്ചു വരുത്തുന്ന[r]
ദൂരസ്ഥന്മാരായ[s] ഏവർക്കും ഉള്ള
തല്ലോ എന്നു പറഞ്ഞു. **40** മറ്റു

23.[f] *അപ്പൊ.പ്ര. 5:30*
[g] *1കൊരി.9:21 (റോമ.2:12)*
24.[h] *(ലൂക്കൊ.24:5; യോഹ.10:18; 2തിമൊ.1:10; എബ്രാ.2:14; വെളി.1:17,18)*
[i] *അപ്പൊ.പ്ര.2:32; 3:15;4:20;10:40; 13:30,33,34,37; 17:31; റോമ.4:24; 6:4;8:11; 10:9; 1കൊരി.6:14;15:15; 2കൊരി.4:14; ഗലാ.1:1;എഫെ.1:10; കൊലൊ.2:12; 1തെസ്സ.1:10; എബ്രാ.13:20; 1പത്രൊ.1:21; (എഫെ.2:5)*
25.[j] *റോമ.4:18*
26.[k] *അപ്പൊ.പ്ര.2:31; മത്താ.11:23*
27.[l] *എബ്രാ7:26*
[m] *(ലൂക്കൊ.2:26)*
[n] *അപ്പൊ.പ്ര.13:35*
28.[o] ***സങ്കീ.16:8 – 11***
29.[p] *അപ്പൊ.പ്ര.7:8,9; എബ്രാ.7:4*
[q] *(അപ്പൊ.പ്ര.13:36)*
[r] *1രാജാ.2:10*
[s] *നെഹെ.3:16*
30.[t] *(2ശമൂ.23:2; മത്താ.22:43; എബ്രാ.11:32)*
[u] *ലൂക്കൊ.1:32*
31.[v] *അപ്പൊ.പ്ര.2:27*
32.[w] *അപ്പൊ.പ്ര.2:24*
[x] *അപ്പൊ.പ്ര.1:22; 4:33;1:8; ലൂക്കൊ.24:48*
33.[y] *പുറ.15:6; സങ്കീ.98:1; മർക്കൊ.16:19*
[z] *അപ്പൊ.പ്ര.5:31; എഫെ.1:20; ഫിലി.2:9; എബ്രാ.2:9; 1പത്രൊ.3:22*

[a] *ഗലാ.3:14* [b] *അപ്പൊ.പ്ര.1:4; (യോഹ.16:7)* [c] *അപ്പൊ.പ്ര.2:17* 34.[d] *(യോഹ.3:13)* 35.[e] ***സങ്കീ.110:1*** 36.[f] *അപ്പൊ.പ്ര.2:23* [g] *മത്താ.28:28* [h] *റോമ.14:9; 2കൊരി.4:5; ഫിലി.2:9,11* 37.[i] *(അപ്പൊ.പ്ര.5:33;7:54)* [j] *അപ്പൊ.പ്ര.16:30; ലൂക്കൊ.3:10* 38.[k] *അപ്പൊ.പ്ര.3:19; 20:21;26:18,20; ലൂക്കൊ.24:47* [l] *മർക്കൊ.1:4* [m] *അപ്പൊ.പ്ര.10:48; 8:16* [n] *അപ്പൊ.പ്ര.22:16; (അപ്പൊ.പ്ര.8:12);മർക്കൊ.16:16* [o] *അപ്പൊ.പ്ര.10:46; (അപ്പൊ.പ്ര.8:15,20; 11:17); യോഹ.7:39* 39.[p] *റോമ.9:4* [q] *അപ്പൊ.പ്ര.3:25; (യെശ.44:3)* [r] *യോവേ.2:32; റോമ.8:30* [s] *അപ്പൊ.പ്ര.22:21; യെശ.57:19; എഫെ.2:13,17*

പല വാക്കുകളാലും അവൻ സാ
ക്ഷ്യം പറഞ്ഞ് അവരെ പ്രബോധി
പ്പിച്ചു; ഈ വക്രതയുള്ള തലമുറ[t]
യിൽനിന്നു രക്ഷിക്കപ്പെടുവിൻ[u] എ
ന്നു പറഞ്ഞു. **41** അവന്റെ വാക്ക്
കൈക്കൊണ്ടവർ സ്നാനം ഏറ്റു;
അന്നു മൂവായിരത്തോളം പേർ അവ
രോടു ചേർന്നു.[v] **42** അവർ അപ്പൊ
സ്തലന്മാരുടെ ഉപദേശം കേട്ടും[w]
കൂട്ടായ്മ ആചരിച്ചും[x] അപ്പം നുറു
ക്കിയും[y] പ്രാർഥനകഴിച്ചും പോന്നു.[z]

**43** എല്ലാവർക്കും ഭയമായി; അ
പ്പൊസ്തലന്മാരാൽ ഏറിയ അദ്ഭു
തങ്ങളും[a] അടയാളങ്ങളും നടന്നു.
**44** വിശ്വസിച്ചവർ എല്ലാവരും ഒരു
മിച്ചിരുന്ന് സകലവും പൊതുവക
എന്ന് എണ്ണുകയും[b] **45** ജന്മഭൂമി
കളും വസ്തുക്കളും വിറ്റ് അവന
വന് ആവശ്യം ഉള്ളതുപോലെ എ
ല്ലാവർക്കും പങ്കിടുകയും,[b] **46** ഒരു
മനപ്പെട്ടു[c] ദിനംപ്രതി ദൈവാലയ
ത്തിൽ കൂടിവരികയും[d] വീട്ടിൽ അപ്പം
നുറുക്കിക്കൊണ്ട്[e] ഉല്ലാസവും[f] ഹൃദ
യപരമാർഥതയും പൂണ്ടു[f] ഭക്ഷണം
കഴിക്കയും **47** ദൈവത്തെ സ്തുതി
ക്കയും സകല ജനത്തിന്റെയും കൃപ
അനുഭവിക്കയും[g] ചെയ്തു. കർ
ത്താവ് രക്ഷിക്കപ്പെടുന്നവരെ[h] ദിനം
പ്രതി[i] സഭയോടു ചേർത്തുകൊ
ണ്ടിരുന്നു.[j]

❋ ❋ ❋

***1. പത്രൊസും യോഹന്നാനും ഒരു മുടന്തനെ സൗഖ്യമാക്കിയത് 19 മാനസാന്തരത്തിനുവേണ്ട പ്രസംഗം.***

**3** ഒരിക്കൽ പത്രൊസും യോഹ
ന്നാനും ഒമ്പതാം മണി നേരം[a]
പ്രാർഥനാസമയത്തു[b] ദൈവാലയ
ത്തിലേക്കു ചെല്ലുമ്പോൾ[c] **2** അമ്മ
യുടെ ഗർഭംമുതൽ മുടന്തനായ[d]
ഒരാളെ ചിലർ ചുമന്നുകൊണ്ടു
വന്നു; അവനെ ദൈവാലയത്തിൽ
ചെല്ലുന്നവരോട് ഭിക്ഷ യാചിപ്പാൻ[e]
സുന്ദരം എന്ന ദൈവാലയഗോപു
രത്തിങ്കൽ ദിനംപ്രതി ഇരുത്തു
മാറുണ്ട്.[f] **3** അവൻ പത്രൊസും
യോഹന്നാനും ദൈവാലയത്തിൽ
കടപ്പാൻ പോകുന്നത് കണ്ടിട്ടു ഭിക്ഷ
ചോദിച്ചു. **4** പത്രൊസ് യോഹന്നാ
നോടുകൂടെ അവനെ ഉറ്റുനോക്കി:
ഞങ്ങളെ നോക്കൂ എന്നു പറ
ഞ്ഞു. **5** അവൻ വല്ലതും കിട്ടും
എന്നു കരുതി അവരെ സൂക്ഷിച്ചു
നോക്കി. **6** അപ്പോൾ പത്രൊസ്:
വെള്ളിയും പൊന്നും എനിക്കില്ല;[g]
എനിക്കുള്ളത് നിനക്കു തരുന്നു:
നസറായനായ യേശുക്രിസ്തു
വിന്റെ നാമത്തിൽ നടക്ക[h] എന്നു
പറഞ്ഞ് **7** അവനെ വലംകൈക്കു
പിടിച്ച് എഴുന്നേല്പിച്ചു; ക്ഷണ
ത്തിൽ അവന്റെ കാലും നരിയാ
ണിയും ഉറച്ച് **8** അവൻ കുതിച്ചെ
ഴുന്നേറ്റു നടന്നു;[i] നടന്നും തുള്ളി
യും ദൈവത്തെ പുകഴ്ത്തിയും
കൊണ്ട് അവരോടുകൂടെ ദൈവാ
ലയത്തിൽ കടന്നു. **9** അവൻ നട
ക്കുന്നതും ദൈവത്തെ പുകഴ്ത്തു
ന്നതും ജനമൊക്കെയും കണ്ടു,[j]
**10** ഇവൻ സുന്ദരം എന്ന ദൈവാ
ലയഗോപുരത്തിങ്കൽ ഭിക്ഷ യാചി
ച്ചുകൊണ്ട് ഇരുന്നവൻ എന്ന്
അറിഞ്ഞ് അവനു സംഭവിച്ചതി
നെക്കുറിച്ചു വിസ്മയവും പരിഭ്ര
മവും നിറഞ്ഞവരായിത്തീർന്നു.

**11** അവൻ പത്രൊസിനോടും
യോഹന്നാനോടും ചേർന്നു നില്ക്കു
മ്പോൾ[k] ജനം എല്ലാം വിസ്മയം
പൂണ്ടു ശലോമോന്റേത് എന്നു
പേരുള്ള മണ്ഡപത്തിൽ[l] അവരുടെ
അടുക്കൽ ഓടിക്കൂടി. **12** അത്
കണ്ടിട്ടു പത്രൊസ് ജനങ്ങളോടു
പറഞ്ഞത്: യിസ്രായേൽപുരുഷന്മാ
രേ, ഇതിങ്കൽ ആശ്ചര്യപ്പെടുന്നത്
എന്ത്? ഞങ്ങളുടെ സ്വന്തശക്തി
കൊണ്ടോ ഭക്തികൊണ്ടോ ഇവ
നെ നടക്കുമാറാക്കി എന്നപോലെ

40.[t] *ആവ.32:5; മത്താ.17:17; ഫിലി.2:15*
[u] *(അപ്പൊ.പ്ര.2:21,47)*
41.[v] *അപ്പൊ.പ്ര.2:47*
42.[w] *1കൊരി.14:6*
[x] *ഗലാ.2:9; ഫിലി.1:5; 1യോഹ.1:3*
[y] *ലൂക്കൊ.24:35; (അപ്പൊ.പ്ര.2:46); അപ്പൊ.പ്ര.20:7*
[z] *(എബ്രാ.10:25); അപ്പൊ.പ്ര.1:14*
43.[a] *മർക്കൊ.16:20*
44.[b] *അപ്പൊ.പ്ര.4:32, 34,35;(മത്താ.19:21)*
45.[b] *(വാ.44 കാ.)*
46.[c] *അപ്പൊ.പ്ര.1:14*
[d] *അപ്പൊ.പ്ര.3:1; 5:21,42; ലൂക്കൊ.24:53*
[e] *(അപ്പൊ.പ്ര.2:42)*
[f] *(അപ്പൊ.പ്ര.16:34); യോഹ.16:22*
47.[g] *അപ്പൊ.പ്ര.5:13*
[h] *(1കൊരി.1:18,21,40; 16:31)*
[i] *അപ്പൊ.പ്ര.16:5*
[j] *അപ്പൊ.പ്ര.2:41; 5:14;11:24*

**അധ്യായം 3**

1.[a] *അപ്പൊ.പ്ര.10:3,30; മത്താ.27:46; (1രാജാ.18:29)*
[b] *സങ്കീ.55:17*
[c] *ലൂക്കൊ.18:10*
2.[d] *അപ്പൊ.പ്ര.14:8*
[e] *(യോഹ.9:8)*
[f] *(ലൂക്കൊ.16:2)*
6.[g] *2കൊരി.6:10*
[h] *(അപ്പൊ.പ്ര.9:34)*
8.[i] *അപ്പൊ.പ്ര.14:10; യെശ.35:6*
9.[j] *അപ്പൊ.പ്ര.4:16,21*
11.[k] *അപ്പൊ.പ്ര.4:14*
[l] *അപ്പൊ.പ്ര.5:12; യോഹ.10:23*

3:6 ***നസറായനായ യേശുക്രിസ്തു:*** മറ്റു ദൈവങ്ങളുടെ പേരിൽ ചിലർ രോഗികളെ സൗഖ്യമാക്കിയിരുന്നതിനാൽ പത്രൊസ് യേശുക്രിസ്തുവിന്റെ നാമത്തിലാണ് സൗഖ്യമാക്കുന്നത് എന്ന് ഏവരും അറിയണമെന്നു താത്പര്യമുണ്ടായിരുന്നു.

ഞങ്ങളെ ഉറ്റുനോക്കുന്നതും എന്ത്?
13 അബ്രാഹാമിന്റെയും യിസ്ഹാ
ക്കിന്റെയും യാക്കോബിന്റെയും
ദൈവമായ[m] നമ്മുടെ പിതാക്കന്മാ
രുടെ ദൈവം[n] തന്റെ ദാസനായ
യേശുവിനെ മഹത്ത്വപ്പെടുത്തി;[o]
അവനെ നിങ്ങൾ ഏല്പിച്ചുകൊടു
ക്കയും[p] അവനെ വിട്ടയപ്പാൻ വി
ധിച്ച[q] പീലാത്തൊസിന്റെ മുമ്പിൽ
വച്ചു തള്ളിപ്പറയുകയും[r] ചെയ്തു.
14 പരിശുദ്ധനും[s] നീതിമാനു[t]മായ
വനെ നിങ്ങൾ തള്ളിപ്പറഞ്ഞു, കൊ
ലപാതകനായവനെ വിട്ടുതരേണം
എന്നു ചോദിച്ചു,[u] ജീവനായകനെ[v]
കൊന്നുകളഞ്ഞു. 15 അവനെ
ദൈവം മരിച്ചവരിൽനിന്ന് എഴുന്നേ
ല്പിച്ചു;[w] അതിനു ഞങ്ങൾ സാ
ക്ഷികൾ ആകുന്നു.[x] 16 അവന്റെ
നാമത്തിലെ വിശ്വാസത്താൽ[y] അ
വന്റെ നാമം[z]തന്നെ നിങ്ങൾ കാൺ
കയും അറികയും ചെയ്യുന്ന ഇവൻ
ബലം പ്രാപിപ്പാൻ കാരണമായി
ത്തീർന്നു; അവൻ മുഖാന്തരമുള്ള[a]
വിശ്വാസം ഇവനു നിങ്ങൾ എല്ലാ
വരും കാൺകെ ഈ ആരോഗ്യം
വരുവാൻ ഹേതുവായിത്തീർന്നു.
17 സഹോദരന്മാരേ, നിങ്ങളുടെ
പ്രമാണികളെപ്പോലെ നിങ്ങളും
അറിയായ്മകൊണ്ടു[b] പ്രവർത്തിച്ചു
എന്ന് ഞാൻ അറിയുന്നു. 18 ദൈവ
മോ തന്റെ ക്രിസ്തു[c] കഷ്ടം അനു
ഭവിക്കും[d] എന്ന് സകല പ്രവാചക
ന്മാരും മുഖാന്തരം[e] മുന്നറിയിച്ചത്[f]
ഇങ്ങനെ നിവർത്തിച്ചു. 19 ആക
യാൽ നിങ്ങളുടെ പാപങ്ങൾ മാ
ഞ്ഞുകിട്ടേണ്ടതിനു[g] മാനസാന്തര
പ്പെട്ടു[h] തിരിഞ്ഞുകൊൾവിൻ;[i] എ
ന്നാൽ കർത്താവിന്റെ സമ്മുഖത്തു
നിന്ന് ആശ്വാസകാലങ്ങൾ വരി
കയും 20 നിങ്ങൾക്കു മുൻനിയമി
ക്കപ്പെട്ട[j] ക്രിസ്തുവായ യേശുവി
നെ അവൻ അയയ്ക്കയും ചെയ്യും.
21 ദൈവം ലോകാരംഭംമുതൽ
തന്റെ വിശുദ്ധപ്രവാചകന്മാർ മുഖാ
ന്തരം അരുളിച്ചെയ്ത[k]തൊക്കെയും
യഥാസ്ഥാനത്താകുന്ന[l] കാലം വരു
വോളം സ്വർഗം അവനെ കൈക്കൊ
ള്ളേണ്ടതാകുന്നു.[m]

13.[m] മത്താ.22:32
[n] അപ്പൊ.പ്ര.5:30; 22:14; (അപ്പൊ.പ്ര.7:32)
[o] യെശ.55:5; (യെശ.52:13); യോഹ.8:54
[p] മത്താ.20:19
[q] ലൂക്കൊ.23:14,16; യോഹ.19:12
[r] അപ്പൊ.പ്ര.13:28; യോഹ.19:7,12,15
14.[s] (അപ്പൊ.പ്ര. 4:27,30); മർക്കൊ.1:24
[t] അപ്പൊ.പ്ര.7:52; 22:14;1പത്രൊ.3:18; 1യോഹ.2:1;3:7; (യാക്കോ.5:6)
[u] ലൂക്കൊ.23:18,19,25
[v] അപ്പൊ.പ്ര.5:31; എബ്രാ.2:10;12:2
15.[w] അപ്പൊ.പ്ര.2:24
[x] അപ്പൊ.പ്ര.1:8; ലൂക്കൊ.24:28
16.[y] (യോഹ.1:12)
[z] (അപ്പൊ.പ്ര.3:6)
[a] (1പത്രൊ.1:21)
17.[b] അപ്പൊ.പ്ര.13:27; (അപ്പൊ.പ്ര.26:9; ലൂക്കൊ.23:34; യോഹ.16:3; 1കൊരി.2:8; 1തിമൊ.1:13)
18.[c] ലൂക്കൊ.9:20
[d] മത്താ.17:12; ലൂക്കൊ.22:15; 24:46;എബ്രാ.13:12; 1പത്രൊ.2:21,23; 3:18;4:1
[e] അപ്പൊ.പ്ര.17:3; 26:22,23; (എബ്രാ.2:10); ലൂക്കൊ.24:26,27
[f] അപ്പൊ.പ്ര.2:23
19.[g] സങ്കീ.51:1,9; യെശ.43:25;44:22; കൊലൊ.2:14
[h] അപ്പൊ.പ്ര.2:38
[i] ലൂക്കൊ.22:32
20.[j] അപ്പൊ.പ്ര.22:14; 26:16
21.[k] ലൂക്കൊ.1:70
[l] (മത്താ.17:11; റോമ.8:20) [m] (അപ്പൊ.പ്ര.1:11; ലൂക്കൊ.24:26)

22 [n]"ദൈവമായ കർത്താവ് നിങ്ങ
ളുടെ സഹോദരന്മാരിൽനിന്ന്
എന്നെപ്പോലെ ഒരു പ്രവാചകനെ
നിങ്ങൾക്ക് എഴുന്നേല്പിച്ചു തരും;
അവൻ നിങ്ങളോടു സംസാരിക്കു
ന്ന സകലത്തിലും നിങ്ങൾ അവ
ന്റെ വാക്കു കേൾക്കേണം.[o] 23 ആ
പ്രവാചകന്റെ വാക്കു കേൾക്കാ
ത്ത ഏവനും ജനത്തിന്റെ ഇട
യിൽനിന്നു ഛേദിക്കപ്പെടും"[p]
എന്നു മോശെ പറഞ്ഞുവല്ലോ.
24 അത്രയുമല്ല ശമൂവേൽ ആദി
യായി സംസാരിച്ച പ്രവാചകന്മാ
രൊ[q]ക്കെയും ഈ കാലത്തെക്കു
റിച്ചു പ്രസ്താവിച്ചു.
25 [r]"ഭൂമിയിലെ സകല വംശങ്ങ
ളും നിന്റെ സന്തതിയിൽ അനുഗ്ര
ഹിക്കപ്പെടും"
എന്നു ദൈവം അബ്രാഹാമിനോട്
അരുളി നിങ്ങളുടെ പിതാക്കന്മാ
രോടു ചെയ്ത നിയമത്തിന്റെയും[s]
പ്രവാചകന്മാരുടെയും മക്കൾ നി
ങ്ങൾതന്നെ.[t] 26 നിങ്ങൾക്ക് ആദ്യ
മേ[u] ദൈവം തന്റെ ദാസനായ യേശു
വിനെ എഴുന്നേല്പിച്ച്[v] ഓരോരു
ത്തനെ അവനവന്റെ അകൃത്യങ്ങ
ളിൽനിന്നു തിരിക്കുന്നതിനാൽ[w]
നിങ്ങളെ അനുഗ്രഹിക്കേണ്ടതിന്[x]
അവനെ അയച്ചിരിക്കുന്നു.

* * *

*1. പത്രൊസും യോഹന്നാനും കാരാഗൃഹത്തിൽ ആക്കപ്പെട്ടത് 5. അവരുടെ ഉത്തരം 13. അവർ ശാസിക്കപ്പെട്ടത് 23. ശിഷ്യന്മാരുടെ പ്രാർഥന 31. അവരുടെ ഐകമത്യം.*

4 അവർ ജനത്തോടു സംസാരി
ച്ചുകൊണ്ടിരിക്കുമ്പോൾതന്നെ
പുരോഹിതന്മാരും ദൈവാലയ

22.[n] അപ്പൊ.പ്ര.7:37; **ആവ. 18:15,18,19** [o] മത്താ.17:5
23.[p] ലേവ്യാ.23:29 24.[q] അപ്പൊ.പ്ര.13:20; 1ശമൂ.3:20; എബ്രാ.11:32 25.[r] **ഉൽപ. 22:18;** ഉൽപ.12:3
[s] റോമ.9:4,5 [t] അപ്പൊ.പ്ര.2:39 26.[u] അപ്പൊ.പ്ര.13:46; റോമ.1:16;2:9;15:8,9; (മർക്കൊ.7:27) [v] അപ്പൊ.പ്ര.3:22 [w] റോമ.11:26; (യെഹെ.3:19); മത്താ.1:21
[x] അപ്പൊ.പ്ര.3:25

ത്തിലെ പടനായകനും[a] സദൂക്യരും[b]
അവരുടെ നേരേ വന്നു, **2** അവർ
ജനത്തെ ഉപദേശിക്കയാലും മരിച്ച
വരിൽനിന്നുള്ള പുനരുത്ഥാനത്തെ
യേശുവിന്റെ[c] ദൃഷ്ടാന്തത്താൽ
അറിയിക്കയാലും നീരസപ്പെട്ടു.
**3** അവരെ പിടിച്ചു വൈകുന്നേരം
ആകകൊണ്ട് പിറ്റന്നാൾവരെ കാവ
ലിലാക്കി.[d] **4** എന്നാൽ വചനം കേട്ട
വരിൽ പലരും വിശ്വസിച്ചു; പുരു
ഷന്മാരുടെ എണ്ണംതന്നെ അയ്യായി
രത്തോളം[e] ആയി.

**5** പിറ്റന്നാൾ അവരുടെ പ്രമാണിക
ളും മൂപ്പന്മാരും ശാസ്ത്രിമാരും യെരൂ
ശലേമിൽ ഒന്നിച്ചുകൂടി; **6** മഹാപു
രോഹിതനായ ഹന്നാവും[f] കയ്യഫാ
വും[g] യോഹന്നാനും അലെക്സ
ന്തരും മഹാപുരോഹിതവംശത്തിലു
ള്ളവരൊക്കെയും ഉണ്ടായിരുന്നു.
**7** ഇവർ അവരെ നടുവിൽ നിറുത്തി:
ഏതു ശക്തികൊണ്ടോ[h] ഏതു നാമ
ത്തിലോ[i] നിങ്ങൾ ഇതു ചെയ്തു
എന്നു ചോദിച്ചു. **8** പത്രൊസ് പരിശു
ദ്ധാത്മാവ് നിറഞ്ഞവനായി[j] അവ
രോട് പറഞ്ഞത്: ജനത്തിന്റെ പ്രമാ
ണികളും മൂപ്പന്മാരും ആയുള്ളോരേ,
**9** ഈ ബലഹീനമനുഷ്യന് ഉണ്ടായ
ഉപകാരം നിമിത്തം[k] ഇവൻ എ
ന്തൊന്നിനാൽ സൗഖ്യമായി എന്നു
ഞങ്ങളെ ഇന്നു വിസ്തരിക്കുന്നു
എങ്കിൽ **10** നിങ്ങൾ ക്രൂശിച്ചവനും
ദൈവം മരിച്ചവരിൽനിന്ന് ഉയിർപ്പി
ച്ചവനു[l]മായി നസറായനായ യേശു
ക്രിസ്തുവിന്റെ നാമത്തിൽ[m] തന്നെ
ഇവൻ സൗഖ്യമുള്ളവനായി നിങ്ങ
ളുടെ മുമ്പിൽ നില്ക്കുന്നു എന്നു
നിങ്ങൾ എല്ലാവരും യിസ്രായേൽ
ജനമൊക്കെയും അറിഞ്ഞുകൊൾ
വിൻ. **11** വീടു പണിയുന്നവരായ
നിങ്ങൾ തള്ളിക്കളഞ്ഞിട്ട്[n] കോ
ണിന്റെ മൂലക്കല്ലായിത്തീർന്ന കല്ല്
ഇവൻ[o] തന്നെ. **12** മറ്റൊരുത്തനിലും[p]
രക്ഷ[q] ഇല്ല; നാം രക്ഷിക്കപ്പെടുവാൻ
ആകാശത്തിൻകീഴിൽ മനുഷ്യരുടെ
ഇട[p]യിൽ നല്കപ്പെട്ട വേറൊരു
നാമവും[r] ഇല്ല.[s]

**13** അവർ പത്രൊസിന്റെയും
യോഹന്നാന്റെയും ധൈര്യം കാൺ
കയാലും ഇവർ പഠിപ്പില്ലാത്തവരും
സാമാന്യരുമായ മനുഷ്യർ എന്നു
ഗ്രഹിക്കയാലും ആശ്ചര്യപ്പെട്ടു;[t]
അവർ യേശുവിനോടുകൂടെ
ആയിരുന്നവർ എന്നും അറിഞ്ഞു.
**14** സൗഖ്യം പ്രാപിച്ച മനുഷ്യൻ
അവരോടുകൂടെ നില്ക്കുന്നത്[u] കണ്ട
തുകൊണ്ട് അവർക്ക് എതിർ പറ
വാൻ വകയില്ലായിരുന്നു.[v] **15** അവ
രോട് ന്യായാധിപസംഘത്തിൽ
നിന്നു പുറത്തുപോകുവാൻ കല്പി
ച്ചിട്ട് അവർ തമ്മിൽ ആലോചിച്ചു:
**16** ഈ മനുഷ്യരെ എന്തു ചെയ്യേ
ണ്ടൂ?[w] പ്രത്യക്ഷമായൊരു അടയാളം[x]
അവർ ചെയ്തിരിക്കുന്നു എന്നു
യെരൂശലേമിൽ പാർക്കുന്ന എല്ലാ
വർക്കും പ്രസിദ്ധമല്ലോ; നിഷേധി
പ്പാൻ നമുക്കു കഴിവില്ല. **17** എങ്കി
ലും അത് ജനത്തിൽ അധികം
പരക്കാതിരിപ്പാൻ അവർ യാതൊ
രു മനുഷ്യനോടും ഈ നാമത്തിൽ
ഇനി സംസാരിക്കരുതെന്നു[y] നാം
അവരെ തർജ്ജനം ചെയ്യേണം എന്നു
പറഞ്ഞു. **18** പിന്നെ അവരെ വിളി
ച്ചിട്ട്: യേശുവിന്റെ നാമത്തിൽ അ
ശേഷം സംസാരിക്കരുത്, ഉപദേശി
ക്കയും അരുത് എന്നു കല്പിച്ചു.
**19** അതിന് പത്രൊസും യോഹന്നാ
നും: ദൈവത്തെക്കാൾ അധികം
നിങ്ങളെ അനുസരിക്കുന്നത് ദൈ
വത്തിന്റെ മുമ്പാകെ ന്യായമോ[z]
എന്നു വിധിപ്പിൻ. **20** ഞങ്ങൾക്കോ
ഞങ്ങൾ കണ്ടും കേട്ടുമിരിക്കു
ന്നത്[a] പ്രസ്താവിക്കാതിരിപ്പാൻ
കഴിയുന്നതല്ല[b] എന്ന് ഉത്തരം പറ
ഞ്ഞു. **21** എന്നാൽ ഈ സംഭവിച്ച
കാര്യംകൊണ്ട്[c] എല്ലാവരും ദൈവ
ത്തെ മഹത്ത്വപ്പെടുത്തുകയാൽ

**അധ്യായം 4**

1.[a] *അപ്പൊ.പ്ര. 5:24,26; ലൂക്കൊ.22:4,52; (1ദിന.9:11; നെഹെ.11:11)*
[b] *മത്താ.22:23*
2.[c] *അപ്പൊ.പ്ര.17:18; (അപ്പൊ.പ്ര.3:15)*
3.[d] *ലൂക്കൊ.21:12*
4.[e] *(അപ്പൊ.പ്ര.2:41)*
6.[f] *ലൂക്കൊ.3:2; യോഹ.18:13,24*
[g] *മത്താ.26:3*
7.[h] *(മത്താ.21:23)*
[i] *(അപ്പൊ.പ്ര.4:10)*
8.[j] *മത്താ.10:20*
9.[k] *അപ്പൊ.പ്ര.3:7,8*
10.[l] *അപ്പൊ.പ്ര.2:24*
[m] *അപ്പൊ.പ്ര.3:6*
11.[n] *മർക്കൊ.9:12; ലൂക്കൊ.23:11*
[o] *സങ്കീ.118:22*
12.[p] *(1തിമൊ.2:5)*
[q] *അപ്പൊ.പ്ര.13:26; 28:28; യോഹ.4:22; എബ്രാ.2:4; യൂദാ.3*
[r] *അപ്പൊ.പ്ര.10:43; ലൂക്കൊ.24:47; യോഹ.20:31*
[s] *(ഗലാ.1:7)*
13.[t] *(യോഹ.7:15)*
14.[u] *അപ്പൊ.പ്ര.3:11*
[v] *(ലൂക്കൊ.21:15)*
16.[w] *(യോഹ.11:47; 12:19)*
[x] *അപ്പൊ.പ്ര.4:21; 3:9,10*
17.[y] *അപ്പൊ.പ്ര. 5:28,40*
19.[z] *അപ്പൊ.പ്ര.5:29*
20.[a] *അപ്പൊ.പ്ര.22:15; 1യോഹ.1:1,3*
[b] *(ആമോ.3:8; യോഹ.15:27; 1കൊരി.9:16)*
21.[c] *അപ്പൊ.പ്ര.3:7,8*

4:8 ***പരിശുദ്ധാത്മാവു നിറഞ്ഞവനായി:*** അപ്പൊസ്തലന്മാരുടെ പ്രവൃത്തികളിൽ ഈ ഭാഗത്തും മറ്റു പലയിടങ്ങളിലും ഈ വാക്കുകളിലൂടെ യേശുവിന്റെ ശിഷ്യന്മാർക്കു പരിശുദ്ധാത്മാവ് എപ്രകാരം ശക്തിയും ധൈര്യവും പ്രത്യേക വരങ്ങളും നല്കുന്നു എന്നു ചൂണ്ടിക്കാട്ടുന്നു.

അവരെ ശിക്ഷിക്കുന്നതിനു ജനം
നിമിത്തം[d] വഴി ഒന്നും കാണായ്ക
കൊണ്ട് അവർ പിന്നെയും തർ
ജനം ചെയ്ത് അവരെ വിട്ടയച്ചു.
22 ഈ അദ്ഭുതത്താൽ സൗഖ്യം
പ്രാപിച്ച മനുഷ്യൻ നാല്പതിൽ
അധികം വയസ്സുള്ളവനായിരുന്നു.
23 വിട്ടയച്ചശേഷം അവർ കൂട്ടാ
ളികളുടെ അടുക്കൽ ചെന്നു മഹാപു
രോഹിതന്മാരും മൂപ്പന്മാരും തങ്ങ
ളോടു പറഞ്ഞത് എല്ലാം അറിയിച്ചു.
24 അതു കേട്ടിട്ട് അവർ ഒരുമന
പ്പെട്ട്[e] ദൈവത്തോടു നിലവിളിച്ചു
പറഞ്ഞത്: ആകാശവും ഭൂമിയും
സമുദ്രവും അവയിലുള്ള സക
ലവും ഉണ്ടാക്കിയ[f] നാഥനേ,
25 [g]"ജാതികൾ കലഹിക്കുന്നതും
വംശങ്ങൾ വ്യർഥമായതു നിരൂപി
ക്കുന്നതും എന്ത്? 26 ഭൂമിയിലെ
രാജാക്കന്മാർ അണിനിരക്കുകയും
അധിപതികൾ[h] കർത്താവിനു
വിരോധമായും അവന്റെ അഭിഷി
ക്തനു[i] വിരോധമായും ഒന്നിച്ചു
കൂടുകയും[h] ചെയ്തിരിക്കുന്നു"
എന്നു നിന്റെ ദാസനായ ദാവീദ്
മുഖാന്തരം പരിശുദ്ധാത്മാവിനാൽ
അരുളിച്ചെയ്തവനേ, 27 നീ അഭി
ഷേകം ചെയ്ത[j] യേശു എന്ന നിന്റെ
പരിശുദ്ധദാസന്[k] വിരോധമായി
ഹെരോദാവും[l] പൊന്തിയൊസ്
പീലാത്തൊസും[m] ജാതികളും[n]
യിസ്രായേൽജനവുമായി[o] ഈ
നഗരത്തിൽ ഒന്നിച്ചുകൂടി, 28 സംഭ
വിക്കേണം എന്നു നിന്റെ കൈയും
നിന്റെ ആലോചനയും[p] മുൻനിയ
മിച്ചതൊക്കെയും ചെയ്തിരിക്കു
ന്നു[q] സത്യം. 29 ഇപ്പോഴോ കർ
ത്താവേ, അവരുടെ ഭീഷണികളെ
നോക്കേണമേ.[r] 30 സൗഖ്യമാക്കു
വാൻ നിന്റെ കൈ നീട്ടുന്നതിനാ
ലും[s] നിന്റെ പരിശുദ്ധദാസനായ
യേശു[t]വിന്റെ നാമത്താൽ[u] അടയാ
ളങ്ങളും അദ്ഭുതങ്ങളും ഉണ്ടാകു
ന്നതിനാലും നിന്റെ വചനം പൂർണ
ധൈര്യത്തോടും[v]കൂടെ പ്രസ്താ
വിപ്പാൻ നിന്റെ ദാസന്മാർക്കു കൃപ

21.[d] അപ്പൊ.പ്ര.5:13,26; (മത്താ.21:26,46; മർക്കൊ.11:32; ലൂക്കൊ.20:6,19; 22:2)
24.[e] അപ്പൊ.പ്ര.1:14
[f] പുറ.20:11; 2ദിന.2:12; നെഹെ.9:6; സങ്കീ.102:25; 124:8;134:3;146:6
25.[g] സങ്കീ.2:1,2
26.[h] അപ്പൊ.പ്ര.4:5
[i] അപ്പൊ.പ്ര.10:38; ലൂക്കൊ.4:18; എബ്രാ. 1:9; (ദാനീ.9:24; വെളി.11:15)
27.[j] അപ്പൊ.പ്ര.4:26
[k] അപ്പൊ.പ്ര.4:30; 3:13,14
[l] ലൂക്കൊ.23:7 - 11
[m] മത്താ.27:2
[n] മത്താ.20:19
[o] മത്താ.26:3
28.[p] അപ്പൊ.പ്ര.2:23
[q] (യെശ.46:10)
29.[r] (2രാജാ.19:16)
30.[s] (സങ്കീ.138:7; സദൃ.31:20; യെശ.1:25; സെഫ.1:4)
[t] അപ്പൊ.പ്ര.4:27
[u] അപ്പൊ.പ്ര.3:6; (മത്താ.7:22; മർക്കൊ.9:39;16:17)
[v] അപ്പൊ.പ്ര.4:13,31; 9:27 - 29;13:46;14:3; 18:26;19:8;28:30; എഫെ.6:19

31.[w] (അപ്പൊ.പ്ര. 2:2;16:26; സങ്കീ.77:18)
[x] അപ്പൊ.പ്ര.2:4
[y] (ഫിലി.1:14)
32.[z] 2ദിന.30:12; യെഹെ.11:19
[a] ഫിലി.1:27

നല്കേണമേ. 31 ഇങ്ങനെ പ്രാർഥി
ച്ചപ്പോൾ അവർ കൂടിയിരുന്ന സ്ഥലം
കുലുങ്ങി;[w] എല്ലാവരും പരിശുദ്ധാ
ത്മാവു നിറഞ്ഞവരായി[x] ദൈവവ
ചനം ധൈര്യത്തോടെ പ്രസ്താവിച്ചു.[y]
32 വിശ്വസിച്ചവരുടെ കൂട്ടം ഏക
ഹൃദയവും[z] ഏകമനസ്സും[a] ഉള്ളവ
രായിരുന്നു;[z] തനിക്കുള്ളത് ഒന്നും
സ്വന്തം എന്ന് ആരും പറഞ്ഞില്ല;
സകലവും അവർക്കു പൊതുവാ
യിരുന്നു.[b] 33 അപ്പൊസ്തലന്മാർ
മഹാശക്തിയോടെ[c] കർത്താവായ
യേശുവിന്റെ പുനരുത്ഥാനത്തിനു
സാക്ഷ്യം പറഞ്ഞുവന്നു; എല്ലാവർ
ക്കും ധാരാളം കൃപ ലഭിച്ചിരുന്നു.[d]
34 മുട്ടുള്ളവൻ ആരും അവരിൽ
ഉണ്ടായിരുന്നില്ല;[e] നിലങ്ങളുടെയോ
വീടുകളുടെയോ ഉടമസ്ഥന്മാരായ
വരൊക്കെയും അവയെ വിറ്റു വില
കൊണ്ടുവന്ന്[f] 35 അപ്പൊസ്തലന്മാ
രുടെ കാല്ക്കൽ വയ്ക്കും;[g] പിന്നെ
ഓരോരുത്തന് അവനവന്റെ ആവ
ശ്യംപോലെ വിഭാഗിച്ചു കൊടുക്കും.[h]
36 പ്രബോധനപുത്രൻ[i] എന്ന്
അർഥമുള്ള ബർന്നബാസ് എന്ന്
അപ്പൊസ്തലന്മാർ മറുപേർ വിളിച്ച
കുപ്രദ്വീപുകാരനായ യോസേഫ്
എന്നൊരു ലേവ്യൻ 37 തനിക്കുണ്ടാ
യിരുന്ന നിലം വിറ്റു പണം കൊണ്ടു
വന്ന് അപ്പൊസ്തലന്മാരുടെ കാ
ല്ക്കൽ വച്ചു.[j]

❋ ❋ ❋

***1. അനന്യാസിന്റെയും സഫീരയുടെയും മരണം 17. അപ്പൊസ്തലർ തടവിൽ ആക്കപ്പെടുകയും ദൈവദൂതനാൽ വിട്ടയയ്ക്കപ്പെടുകയും ചെയ്തത് 26. പ്രമാണികൾ അവരെ പിടിപ്പിച്ചു വരുത്തിയത് 34. ഗമാലീയേലിന്റെ ആലോചനയാൽ വിട്ടയച്ചത്.***

5 എന്നാൽ അനന്യാസ് എന്നു
പേരുള്ള ഒരു പുരുഷൻ തന്റെ
ഭാര്യയായ സഫീരയോടുകൂടെ

[b] അപ്പൊ.പ്ര.2:44,45 33.[c] അപ്പൊ.പ്ര.1:8,22 [d] (അപ്പൊ.പ്ര.11:23) 34.[e] (2കൊരി.8:14,15) [f] അപ്പൊ.പ്ര.2:45 35.[g] അപ്പൊ.പ്ര.4:37;5:2 [h] (അപ്പൊ.പ്ര.6:1) 36.[i] (മർക്കൊ.3:17) 37.[j] അപ്പൊ.പ്ര.4:35

ഒരു നിലം വിറ്റു. **2** ഭാര്യയുടെ അറി
വോടെ വിലയിൽ കുറെ എടുത്തു
വച്ച്[a] ഒരംശം കൊണ്ടുവന്ന് അപ്പൊ
സ്തലന്മാരുടെ കാല്ക്കൽ വച്ചു.[b]
**3** അപ്പോൾ പത്രൊസ്: അനന്യാസേ,
പരിശുദ്ധാത്മാവിനോട്[c] വ്യാജം
കാണിപ്പാനും നിലത്തിന്റെ വില
യിൽ കുറെ എടുത്തു വയ്പാനും[d]
സാത്താൻ നിന്റെ ഹൃദയം കൈവശ
മാക്കിയത്[e] എന്ത്? **4** അത് വില്ക്കും
മുമ്പേ നിന്റേതായിരുന്നില്ലയോ?
വിറ്റശേഷവും നിന്റെ കൈവശം
അല്ലാഞ്ഞുവോ? ഈ കാര്യത്തിനു
നീ മനസ്സുവച്ചത് എന്ത്? മനുഷ്യരോ
ടല്ല ദൈവത്തോടത്രേ[f] നീ വ്യാജം
കാണിച്ചത് എന്നു പറഞ്ഞു. **5** ഈ
വാക്ക് കേട്ടിട്ട് അനന്യാസ് വീണ്
പ്രാണനെ വിട്ടു;[g] ഇതു കേട്ടവർക്ക്
എല്ലാവർക്കും മഹാഭയം ഉണ്ടായി.[h]
**6** ബാല്യക്കാർ എഴുന്നേറ്റ് അവനെ
ശീലപൊതിഞ്ഞു[i] പുറത്തു കൊ
ണ്ടുപോയി കുഴിച്ചിട്ടു.

**7** ഏകദേശം മൂന്നു മണി നേരം
കഴിഞ്ഞപ്പോൾ അവന്റെ ഭാര്യ ഈ
സംഭവിച്ചത് ഒന്നും അറിയാതെ
അകത്തുവന്നു. **8** പത്രൊസ് അവ
ളോട്: ഇത്രയ്ക്കോ നിങ്ങൾ നിലം
വിറ്റത്? പറക എന്നു പറഞ്ഞു;
അതേ, ഇത്രയ്ക്കുതന്നെ എന്ന് അ
വൾ പറഞ്ഞു. **9** പത്രൊസ് അവ
ളോട്: കർത്താവിന്റെ ആത്മാവിനെ[j]
പരീക്ഷിപ്പാൻ[k] നിങ്ങൾ തമ്മിൽ ഒ
ത്തത് എന്ത്? ഇതാ, നിന്റെ ഭർത്താ
വിനെ കുഴിച്ചിട്ടവരുടെ കാൽ വാ
തിൽക്കൽ ഉണ്ട്; അവർ നിന്നെയും
പുറത്തു കൊണ്ടുപോകും എന്നു
പറഞ്ഞു. **10** ഉടനെ അവൾ അവ
ന്റെ കാല്ക്കൽ വീണ് പ്രാണനെ
വിട്ടു; ബാല്യക്കാർ അകത്തു വന്ന്
അവൾ മരിച്ചു എന്നു കണ്ടു പുറ
ത്തു കൊണ്ടുപോയി ഭർത്താവിന്റെ
അരികെ കുഴിച്ചിട്ടു. **11** സർവസഭ
യ്ക്കും ഇതു കേട്ടവർക്ക് എല്ലാ
വർക്കും മഹാഭയം ഉണ്ടായി.[l]

**12** അപ്പൊസ്തലന്മാരുടെ കൈ
യാൽ ജനത്തിന്റെ ഇടയിൽ പല
അടയാളങ്ങളും അദ്ഭുതങ്ങളും
നടന്നു;[m] അവർ എല്ലാവരും ഏകമ
നസ്സോടെ[n] ശലോമോന്റെ മണ്ഡപ
ത്തിൽ[o] കൂടിവരിക പതിവായിരു
ന്നു. **13** മറ്റുള്ളവരിൽ ആരും അവ
രോടു ചേരുവാൻ തുനിഞ്ഞില്ല;
ജനമോ അവരെ പുകഴ്ത്തിപ്പോ
ന്നു.[p] **14** മേല്ക്കുമേൽ അനവധി
പുരുഷന്മാരും സ്ത്രീകളും കർ
ത്താവിൽ വിശ്വസിച്ചു ചേർന്നു
വന്നു.[q] **15** രോഗികളെ പുറത്തു
കൊണ്ടുവന്നു,[r] പത്രൊസ് കടന്നു
പോകുമ്പോൾ അവന്റെ നിഴൽ
എങ്കിലും അവരിൽ വല്ലവരു
ടേയുംമേൽ വീഴേണ്ടതിനു[s] വീഥി
കളിൽ വിരിപ്പിന്മേലും കിടക്ക
മേലും കിടത്തും.[t] **16** അതു കൂ
ടാതെ യെരൂശലേമിനു ചുറ്റുമുള്ള
പട്ടണങ്ങളിൽനിന്നും പുരുഷാരം
വന്നുകൂടി രോഗികളെയും അശു
ദ്ധാത്മാക്കൾ ബാധിച്ചവരെയും
കൊണ്ടുവരികയും അവർ എല്ലാ
വരും സൗഖ്യം പ്രാപിക്കയും
ചെയ്യും.[u]

**17** പിന്നെ മഹാപുരോഹിതനും
സദൂക്യരുടെ[v] മതക്കാരായ അവന്റെ
പക്ഷക്കാരൊക്കെയും **18** അസൂയ[w]
നിറഞ്ഞ് എഴുന്നേറ്റ് അപ്പൊസ്ത
ലന്മാരെ പിടിച്ചു പൊതുതടവിൽ
ആക്കി.[x] **19** രാത്രിയിലോ കർത്താ
വിന്റെ ദൂതൻ[y] കാരാഗൃഹവാതിൽ
തുറന്ന് അവരെ പുറത്തു കൊണ്ടു
വന്നു:[z] **20** നിങ്ങൾ ദൈവാലയ
ത്തിൽ ചെന്ന് ഈ[a] ജീവന്റെ[b] വ
ചനം[c] എല്ലാം ജനത്തോടു പ്രസ്താ
വിപ്പിൻ എന്നു പറഞ്ഞു. **21** അവർ
കേട്ടു പുലർച്ചയ്ക്കു[d] ദൈവാലയ
ത്തിൽ ചെന്ന്[e] ഉപദേശിച്ചുകൊ
ണ്ടിരുന്നു; മഹാപുരോഹിതനും
കൂടെയുള്ളവരും വന്നു ന്യായാധിപ
സംഘത്തെയും യിസ്രായേൽമക്ക
ളുടെ മൂപ്പന്മാരെയും എല്ലാം വിളിച്ചു
കൂട്ടി, അവരെ കൊണ്ടുവരുവാൻ
തടവിലേക്ക് ആളയച്ചു. **22** ചേവ
കർ ചെന്നപ്പോൾ അവരെ കാരാ
ഗൃഹത്തിൽ കാണാതെ മടങ്ങിവ
ന്നു: കാരാഗൃഹം നല്ല സൂക്ഷ്മ
ത്തോടെ പൂട്ടിയിരിക്കുന്നതും

**അധ്യായം 5**

2.[a] *അപ്പൊ.പ്ര.5:3*
[b] *അപ്പൊ.പ്ര.4:35,37*
3.[c] *(അപ്പൊ.പ്ര.5:4,9)*
[d] *അപ്പൊ.പ്ര.5:2*
[e] *(ലൂക്കൊ.22:3; യോഹ.13:2,27)*
4.[f] *(അപ്പൊ.പ്ര.5:3,9)*
5.[g] *(യെഹെ.11:13)*
[h] *അപ്പൊ.പ്ര.5:11*
6.[i] *അപ്പൊ.പ്ര.8:2; യെഹെ.39:5; യോഹ.19:40*
9.[j] *(അപ്പൊ.പ്ര.5:3,4)*
[k] *(അപ്പൊ.പ്ര.15:10; 1കൊരി.10:9)*
11.[l] *അപ്പൊ.പ്ര.5:5*
12.[m] *അപ്പൊ.പ്ര.2:43;4:30;14:3;19:11; മർക്കൊ.16:20; റോമ.15:18; 2കൊരി.12:12; എബ്രാ.2:3*
[n] *അപ്പൊ.പ്ര.1:14*
[o] *അപ്പൊ.പ്ര.3:11; യോഹ.10:23*
13.[p] *അപ്പൊ.പ്ര.5:26; 2:47;4:21*
14.[q] *(അപ്പൊ.പ്ര.6:1,2)*
15.[r] *മർക്കൊ.6:55,56*
[s] *(2രാജാ.4:29; മത്താ.14:36)*
[t] *(അപ്പൊ.പ്ര.19:12)*
16.[u] *മർക്കൊ.16:17,18*
17.[v] *മത്താ.22:23*
18.[w] *അപ്പൊ.പ്ര.13:45; യാക്കോ.3:14,16; (അപ്പൊ.പ്ര.7:9; 17:5)*
[x] *ലൂക്കൊ.21:12*
19.[y] *അപ്പൊ.പ്ര.8:26*
[z] *അപ്പൊ.പ്ര.12:10; 16:26*
20.[a] *(അപ്പൊ.പ്ര.13:46;22:4;28:28)*
[b] *അപ്പൊ.പ്ര.3:14; 11:18*
[c] *(യോഹ.6:63,68; ഫിലി.2:15)*
21.[d] *(യോഹ.8:2)*
[e] *അപ്പൊ.പ്ര.5:25,42*

കാവൽക്കാർ വാതിൽക്കൽ നില്ക്കു
ന്നതും ഞങ്ങൾ കണ്ടു; **23** തുറന്ന
പ്പോഴോ അകത്ത് ആരെയും ക
ണ്ടില്ല എന്ന് അറിയിച്ചു. **24** ഈ
വാക്കു കേട്ടിട്ട് ദൈവാലയത്തിലെ
പടനായകനും[f] മഹാപുരോഹിത
ന്മാരും ഇത് എന്തായിത്തീരും എ
ന്ന് അവരെക്കുറിച്ചു ചഞ്ചലിച്ചു.
**25** അപ്പോൾ ഒരുത്തൻ വന്നു: നി
ങ്ങൾ തടവിൽ ആക്കിയ പുരുഷ
ന്മാർ ദൈവാലയത്തിൽ നിന്നുകൊ
ണ്ടു ജനത്തെ ഉപദേശിക്കുന്നു[g]
എന്ന് ബോധിപ്പിച്ചു. **26** പടനായ
കൻ[h] ചേവകരുമായി ചെന്ന്, ജനം
കല്ലെറിയും എന്നു ഭയപ്പെടുക
യാൽ[i] ബലാൽക്കാരം ചെയ്യാതെ
അവരെ കൂട്ടിക്കൊണ്ടുവന്നു.
**27** അങ്ങനെ അവരെ കൊണ്ടു
വന്നു ന്യായാധിപസംഘത്തിന്മു
മ്പാകെ നിറുത്തി; മഹാപുരോഹി
തൻ അവരോട്: **28** ഈ നാമത്തിൽ
ഉപദേശിക്കരുത് എന്ന് ഞങ്ങൾ
നിങ്ങളോട് അമർച്ചയായി കല്പിച്ചു
വല്ലോ;[j] നിങ്ങളോ യെരൂശലേമി
നെ നിങ്ങളുടെ ഉപദേശംകൊണ്ടു
നിറച്ചിരിക്കുന്നു; ആ മനുഷ്യന്റെ
രക്തം ഞങ്ങളുടെമേൽ വരുത്തു
വാൻ ഇച്ഛിക്കുന്നു[k] എന്നു പറഞ്ഞു.
**29** അതിന് പത്രൊസും ശേഷം
അപ്പൊസ്തലന്മാരും: മനുഷ്യരെ
ക്കാൾ ദൈവത്തെ അനുസരിക്കേ
ണ്ടതാകുന്നു.[l] **30** നിങ്ങൾ മരത്തിൽ[m]
തൂക്കിക്കൊന്ന[n] യേശുവിനെ നമ്മു
ടെ പിതാക്കന്മാരുടെ ദൈവം[o] ഉയിർ
പ്പിച്ചു;[p] **31** യിസ്രായേലിന് മാനസാ
ന്തരവും[q] പാപമോചനവും[r] നല്കു
വാൻ[q] ദൈവം അവനെ പ്രഭുവാ
യും[s] രക്ഷിതാവായും[t] തന്റെ വലം
കൈയാൽ ഉയർത്തിയിരിക്കുന്നു.[u]
**32** ഈ വസ്തുതയ്ക്കു ഞങ്ങളും[v]
ദൈവം തന്നെ അനുസരിക്കുന്നവർ
ക്കു നല്കിയ[w] പരിശുദ്ധാത്മാവും[x]
സാക്ഷികൾ[v] ആകുന്നു എന്ന് ഉ
ത്തരം പറഞ്ഞു.

**33** ഇതു കേട്ടപ്പോൾ അവർ
കോപപരവശരായി[y] അവരെ ഒടുക്കി
ക്കളവാൻ ഭാവിച്ചു. **34** അപ്പോൾ
സർവജനത്തിനും ബഹുമാനമുള്ള
ധർമോപദേഷ്ടാവായ[z] ഗമാലീ
യേൽ[a] എന്നൊരു പരീശൻ ന്യായാ
ധിപസംഘത്തിൽ എഴുന്നേറ്റ്, അവ
രെ കുറെ നേരം പുറത്താക്കുവാൻ
കല്പിച്ചു. **35** പിന്നെ അവൻ അവ
രോട്: യിസ്രായേൽപുരുഷന്മാരേ,
ഈ മനുഷ്യരുടെ കാര്യത്തിൽ നി
ങ്ങൾ എന്തു ചെയ്‌വാൻ പോകു
ന്നു എന്ന് സൂക്ഷിച്ചുകൊൾവിൻ.
**36** ഈ നാളുകൾക്കു മുമ്പേ[b] ത്യൂ
ദാസ് എന്നവൻ എഴുന്നേറ്റു താൻ
മഹാൻ എന്നു നടിച്ചു;[c] ഏകദേശം
നാനൂറു പുരുഷന്മാർ അവനോടു
ചേർന്നുകൂടി; എങ്കിലും അവൻ
നശിക്കയും അവനെ അനുസരിച്ച
വർ എല്ലാവരും ചിന്നി ഒന്നുമില്ലാ
താകയും ചെയ്തു. **37** അവന്റെ
ശേഷം ഗലീലക്കാരനായ യൂദാ ചാർ
ത്തലി[d]ന്റെ കാലത്ത് എഴുന്നേറ്റു
ജനത്തെ തന്റെ പക്ഷം ചേരുവാൻ
വശീകരിച്ചു; അവനും നശിച്ചു,
അവനെ അനുസരിച്ചവരൊക്കെയും
ചിതറിപ്പോയി. **38** ആകയാൽ ഈ
മനുഷ്യരെ വിട്ട് ഒഴിഞ്ഞുകൊൾവിൻ
എന്ന് ഞാൻ നിങ്ങളോടു പറയുന്നു;
ഈ ആലോചനയോ പ്രവൃത്തിയോ
മാനുഷം എന്നു വരികിൽ അതു
നശിച്ചുപോകും;[e] **39** ദൈവികം
എങ്കിലോ നിങ്ങൾക്ക് അത് നശിപ്പി
പ്പാൻ കഴികയില്ല;[f] നിങ്ങൾ ദൈവ
ത്തോടു പോരാടുന്നു എന്നു വര
രുതല്ലോ[g] എന്നു പറഞ്ഞു. അവർ
അവനെ അനുസരിച്ചു: **40** അപ്പൊ
സ്തലന്മാരെ വരുത്തി[h] അടിപ്പിച്ചു,[i]
ഇനി യേശുവിന്റെ നാമത്തിൽ സം
സാരിക്കരുത് എന്നു കല്പിച്ച് അവ
രെ വിട്ടയച്ചു. **41** തിരുനാമത്തിനു[j]
വേണ്ടി അപമാനം സഹിപ്പാൻ[k]
യോഗ്യരായി എണ്ണപ്പെടുകയാൽ
അവർ സന്തോഷിച്ചുകൊണ്ടു[l] ന്യായാ
ധിപസംഘത്തിന്റെ മുമ്പിൽനിന്നു
പുറപ്പെട്ടുപോയി. **42** പിന്നെ അ
വർ ദിനംപ്രതി ദൈവാലയത്തിലും

24.[f] *അപ്പൊ.പ്ര.5:26; 4:1*
25.[g] *അപ്പൊ.പ്ര.5:21*
26.[h] *അപ്പൊ.പ്ര.5:24*
[i] *അപ്പൊ.പ്ര.5:13; 4:21*
28.[j] *അപ്പൊ.പ്ര.4:18*
[k] *അപ്പൊ.പ്ര.2:23, 36;3:14;4:10;7:52; മത്താ.27:25*
29.[l] *(അപ്പൊ.പ്ര. 4:19,20)*
30.[m] *അപ്പൊ.പ്ര. 13:29;1പത്രൊ.2:24*
[n] *അപ്പൊ.പ്ര.10:39; ഗലാ.3:13; ലൂക്കൊ.24:20*
[o] *അപ്പൊ.പ്ര.3:13*
[p] *അപ്പൊ.പ്ര.2:24*
31.[q] *അപ്പൊ.പ്ര.11:18; 2തിമൊ.2:25; (റോമ.2:4)*
[r] *ലൂക്കൊ.24:47; 5:32*
[s] *അപ്പൊ.പ്ര.3:15*
[t] *ലൂക്കൊ.2:11*
[u] *അപ്പൊ.പ്ര.2:33*
32.[v] *ലൂക്കൊ.24:48*
[w] *അപ്പൊ.പ്ര.2:4*
[x] *(അപ്പൊ.പ്ര.15:28; യോഹ.15:26,27; എബ്രാ.2:3; 1യോഹ. 5:7)*
33.[y] *അപ്പൊ.പ്ര.7:54; (അപ്പൊ.പ്ര.2:37)*
34.[z] *ലൂക്കൊ.5:17*
[a] *അപ്പൊ.പ്ര.22:3*
36.[b] *(അപ്പൊ.പ്ര. 21:38)*
[c] *അപ്പൊ.പ്ര.8:9; (ഗലാ.2:6;6:3)*
37.[d] *(ലൂക്കൊ.2:2)*
38.[e] *വിലാ.3:37*
39.[f] *സദൃ.21:30; യെശ.8:9,10; നഹൂം.1:9*
[g] *2ദിന.13:12; (അപ്പൊ.പ്ര.11:17)*
40.[h] *അപ്പൊ.പ്ര.4:18*
[i] *(അപ്പൊ.പ്ര.22:19; മർക്കൊ.13:9; ലൂക്കൊ.23:16)*
41.[j] *ലേവ്യാ.24:11,16; ഫിലി.2:9; 3യോഹ.7*
[k] *അപ്പൊ.പ്ര.9:16; 21:13; (റോമ.1:6) യോഹ.15:21*
[l] *1പത്രൊ.4:13,14,16; മത്താ.5:12*

വീടുതോറും[m] വിടാതെ ഉപദേശി
ക്കയും യേശുവിനെ ക്രിസ്തു എന്നു[n]
സുവിശേഷിക്കയും[o] ചെയ്തുകൊ
ണ്ടിരുന്നു.

❋ ❋ ❋

*1. ദരിദ്രരെ വിചാരിക്കേണ്ടതിന് ഏഴു ശുശ്രൂഷക്കാർ നിയമിക്കപ്പെട്ടത് 8. സ്തെഫാനൊസിന്മേൽ ദൈവദൂഷണം എന്ന കുറ്റം വ്യാജമായി ചുമത്തിയത്.*

**6** ആ കാലത്തു ശിഷ്യന്മാർ പെരു
കിവരുമ്പോൾ[a] തങ്ങളുടെ വിധ
വമാരെ ദിനംപ്രതിയുള്ള ശുശ്രൂഷ
യിൽ[b] ഉപേക്ഷയായി വിചാരിച്ചു
എന്നു യവനഭാഷക്കാർ[c] എബ്രായ
ഭാഷക്കാരുടെ നേരേ പിറുപിറുത്തു.
**2** പന്തിരുവർ ശിഷ്യന്മാരുടെ കൂട്ട
ത്തെ വിളിച്ചുവരുത്തി: ഞങ്ങൾ ദൈ
വവചനം ഉപേക്ഷിച്ചു മേശകളിൽ
ശുശ്രൂഷ ചെയ്യുന്നത് യോഗ്യമല്ല.
**3** ആകയാൽ സഹോദരന്മാരേ,
ആത്മാവും ജ്ഞാനവും നിറഞ്ഞു[d]
നല്ല സാക്ഷ്യമുള്ള[e] ഏഴു പുരുഷ
ന്മാരെ നിങ്ങളിൽത്തന്നെ തിരഞ്ഞു
കൊൾവിൻ;[f] അവരെ ഈ വേല
യ്ക്ക് ആക്കാം. **4** ഞങ്ങളോ പ്രാർ
ഥനയിലും വചനശുശ്രൂഷയിലും
ഉറ്റിരിക്കും[g] എന്നു പറഞ്ഞു. **5** ഈ
വാക്കു കൂട്ടത്തിനൊക്കെയും ബോ
ധ്യമായി; വിശ്വാസവും[h] പരിശുദ്ധാ
ത്മാവും നിറഞ്ഞ പുരുഷനായ[i]
സ്തെഫാനൊസ്, ഫിലിപ്പൊസ്,[j]
പ്രൊഖൊരൊസ്, നിക്കാനോർ,
തിമോൻ, പർമ്മെനാസ്, യെഹൂദാ
മതാനുസാരിയായ[k] അന്ത്യോക്യ
ക്കാരൻ നിക്കൊലാവൊസ് എന്നി
വരെ തിരഞ്ഞെടുത്തു, **6** അപ്പൊ
സ്തലന്മാരുടെ മുമ്പാകെ നിറുത്തി;
അവർ പ്രാർഥിച്ച്[l] അവരുടെമേൽ
കൈവച്ചു.[m]
**7** ദൈവവചനം പരന്നു,[n] യെരൂ
ശലേമിൽ ശിഷ്യന്മാരുടെ എണ്ണം
ഏറ്റവും പെരുകി, പുരോഹിതന്മാ
രിലും വലിയൊരു കൂട്ടം വിശ്വാസ
ത്തിന്[o] അധീനരായിത്തീർന്നു.[p]
**8** അനന്തരം സ്തെഫാനൊസ്
കൃപയും ശക്തിയും[q] നിറഞ്ഞവ
നായി ജനത്തിൽ വലിയ അദ്ഭുത
ങ്ങളും അടയാളങ്ങളും ചെയ്തു.
**9** ലിബർത്തീനർ എന്നു പേരുള്ള
പള്ളിക്കാരിലും കുറേനക്കാരിലും
അലെക്സന്ത്രിയക്കാരിലും കിലി
ക്യ, ആസ്യ എന്ന ദേശക്കാരിലും
ചിലർ എഴുന്നേറ്റു സ്തെഫാനൊ
സിനോടു തർക്കിച്ചു. **10** എന്നാൽ
അവൻ സംസാരിച്ച ജ്ഞാനത്തോ
ടും ആത്മാവോടും എതിർത്തു
നില്പാൻ അവർക്കു കഴിഞ്ഞില്ല.[r]
**11** അപ്പോൾ അവർ ചില പുരുഷ
ന്മാരെ വശത്താക്കി:[s] ഇവൻ മോശെ
ക്കും ദൈവത്തിനും വിരോധമായി
ദൂഷണം പറയുന്നത് ഞങ്ങൾ കേട്ടു
എന്ന് പറയിച്ചു, **12** ജനത്തെയും
മൂപ്പന്മാരെയും ശാസ്ത്രിമാരെയും
ഇളക്കി, അവന്റെ നേരേ ചെന്ന്
അവനെ പിടിച്ചു ന്യായാധിപസംഘ
ത്തിൽ കൊണ്ടുപോയി **13** കള്ള
സ്സാക്ഷികളെ[t] നിറുത്തി:[u] ഈ മനു
ഷ്യൻ വിശുദ്ധസ്ഥലത്തിനും[v] ന്യായ
പ്രമാണത്തിനും വിരോധമായി ഇട
വിടാതെ സംസാരിച്ചു വരുന്നു;
**14** ആ നസറായനായ യേശു ഈ
സ്ഥലം നശിപ്പിച്ച്[w] മോശെ നമുക്ക്
ഏല്പിച്ച മര്യാദകളെ[x] മാറ്റിക്കള
യും[y] എന്ന് അവൻ പറയുന്നത്
ഞങ്ങൾ കേട്ടു എന്നു പറയിച്ചു.
**15** ന്യായാധിപസംഘത്തിൽ ഇരു
ന്നവർ എല്ലാവരും അവനെ ഉറ്റു
നോക്കി അവന്റെ മുഖം ഒരു ദൈവ
ദൂതന്റെ മുഖംപോലെ[z] കണ്ടു.

❋ ❋ ❋

*1. സ്തെഫാനൊസിന്റെ പ്രതിവാദവും 54. രക്തസാക്ഷി മരണവും.*

**7** ഇത് ഉള്ളതു തന്നെയോ
എന്നു മഹാപുരോഹിതൻ
ചോദിച്ചതിന് **2** അവൻ പറഞ്ഞ
ത്: സഹോദരന്മാരും പിതാക്കന്മാ
രുമായ പുരുഷന്മാരേ,[a] കേൾപ്പിൻ.
നമ്മുടെ പിതാവായ അബ്രാഹാം
ഹാരാനിൽ വന്നു പാർക്കുംമുമ്പേ[b]

42.[m] അപ്പൊ.പ്ര. 2:46 [n] അപ്പൊ.പ്ര.18:5 [o] അപ്പൊ.പ്ര. 8:35; 11:20;17:18

**അധ്യായം 6**

1.[a] അപ്പൊ.പ്ര. 2:41,47;4:4;5:14; (അപ്പൊ.പ്ര.6:7) [b] (അപ്പൊ.പ്ര.4:35) [c] അപ്പൊ.പ്ര. 9:29; 11:20
3.[d] അപ്പൊ.പ്ര. 6:5;7:55; 11:24; (ലൂക്കൊ.1:15;4:1) [e] (1തിമൊ.3:7) [f] (ആവ.1:13)
4.[g] അപ്പൊ.പ്ര.1:14
5.[h] അപ്പൊ.പ്ര.11:24 [i] അപ്പൊ.പ്ര.6:3 [j] അപ്പൊ.പ്ര.8:5;21:8 [k] അപ്പൊ.പ്ര.2:10; 13:43; മത്താ.23:14,15
6.[l] അപ്പൊ.പ്ര. 1:25;13:3 [m] 1തിമൊ.4:14;5:22; 2തിമൊ.1:6; (അപ്പൊ.പ്ര.8:17; 9:17;19:6; എബ്രാ.6:1)
7.[n] അപ്പൊ.പ്ര.12:24; 19:20; (കൊലൊ.1:3,6) [o] അപ്പൊ.പ്ര.13:8; 14:22;16:5; ലൂക്കൊ.18:8 [p] റോമ.1:6
8.[q] അപ്പൊ.പ്ര.1:8
10.[r] ലൂക്കൊ.21:14,15
11.[s] (1രാജാ.21:10,13; മത്താ.26:59,60)
13.[t] അപ്പൊ.പ്ര.7:58 [u] അപ്പൊ.പ്ര.6:11 [v] (അപ്പൊ.പ്ര.21:28; 25:8; മത്താ.24:15)
14.[w] (ദാനീ.9:26; മത്താ.26:61) [x] അപ്പൊ.പ്ര.15:1; 21:21 [y] (മത്താ.5:17)
15.[z] (ന്യായാ.13:6; സഭാ.8:1)

**അധ്യായം 7**

2.[a] അപ്പൊ.പ്ര.22:1 [b] ഉൽപ.11:31

മെസൊപ്പൊത്താമ്യയിൽ ഇരിക്കു
മ്പോൾതന്നെ, തേജോമയനായ[c]
ദൈവം അവനു പ്രത്യക്ഷനായി:[d]
**3** [e]നിന്റെ ദേശത്തെയും നിന്റെ ചാർ
ച്ചക്കാരെയും വിട്ട് ഞാൻ നിനക്കു
കാണിച്ചുതരുന്ന ദേശത്തിലേക്കു
ചെല്ലുക എന്നു പറഞ്ഞു. അങ്ങനെ
അവൻ കല്ദയരുടെ ദേശം വിട്ടു
ഹാരാനിൽ വന്നു പാർത്തു.[b] **4** അ
വന്റെ അപ്പൻ മരിച്ചശേഷം[f] ദൈവം
അവനെ അവിടെനിന്നു നിങ്ങൾ
ഇപ്പോൾ പാർക്കുന്ന ഈ ദേശ
ത്തിൽ കൊണ്ടുവന്നു പാർപ്പിച്ചു.[g]
**5** അവന് അതിൽ ഒരു കാലടി നിലം
പോലും അവകാശം കൊടുത്തില്ല;
അവന് സന്തതിയില്ലാതിരിക്കെ[h]
അവനും അവന്റെ ശേഷം അവന്റെ
സന്തതിക്കും അതിനെ കൈവശ
മായി നല്കുമെന്ന്[i] അവനോടു
വാഗ്ദത്തം ചെയ്തു. **6** [j]അവന്റെ
സന്തതി അന്യദേശത്തു ചെന്നു
പാർക്കും;[k] ആ ദേശക്കാർ അവരെ
അടിമയാക്കി നാനൂറു സംവത്സരം[l]
പീഡിപ്പിക്കും എന്നു ദൈവം കല്പി
ച്ചു. **7** അവർ സേവിക്കുന്ന ജാതി
യെ ഞാൻ ന്യായം വിധിക്കും;[m]
അതിന്റെ ശേഷം അവർ പുറപ്പെ
ട്ടുവന്ന് ഈ സ്ഥലത്ത് എന്നെ
സേവിക്കും[n] എന്ന് ദൈവം അരുളി
ച്ചെയ്തു. **8** പിന്നെ അവനു പരി
ച്ഛേദന എന്ന നിയമം കൊടുത്തു;[o]
അങ്ങനെ അവൻ യിസ്ഹാക്കിനെ
ജനിപ്പിച്ചു,[p] എട്ടാം നാൾ പരിച്ഛേ
ദന ചെയ്തു.[q] യിസ്ഹാക് യാക്കോ
ബിനെയും[r] യാക്കോബ് പന്ത്രണ്ടു
ഗോത്രപിതാക്കന്മാരെയും ജനിപ്പി
ച്ചു.[s] **9** ഗോത്രപിതാക്കന്മാർ യോസേ
ഫിനോട് അസൂയപ്പെട്ട്[t] അവനെ
മിസ്രയീമിലേക്കു വിറ്റുകളഞ്ഞു.[u]
**10** എന്നാൽ ദൈവം അവനോടു
കൂടെ ഇരുന്നു[v] സകല സങ്കടങ്ങ
ളിൽനിന്നും അവനെ വിടുവിച്ച്
മിസ്രയീംരാജാവായ ഫറവോന്റെ
മുമ്പാകെ അവനു കൃപയും ജ്ഞാ
നവും കൊടുത്തു:[w] അവൻ അ
വനെ മിസ്രയീമിനും തന്റെ സർവ
ഗൃഹത്തിനും അധിപതിയാക്കി
വച്ചു.[x] **11** മിസ്രയീംദേശത്തിലും
കനാനിലും എല്ലാം ക്ഷാമവും മഹാ
കഷ്ടവും വന്നാറെ[y] നമ്മുടെ പി
താക്കന്മാർക്ക് ആഹാരം കിട്ടാതെ
യായി. **12** മിസ്രയീമിൽ ധാന്യം
ഉണ്ട് എന്നു കേട്ടിട്ട് യാക്കോബ്
നമ്മുടെ പിതാക്കന്മാരെ ഒന്നാം
പ്രാവശ്യം അയച്ചു.[z] **13** രണ്ടാം
പ്രാവശ്യം[a] യോസേഫ് തന്റെ
സഹോദരന്മാരോടു തന്നെത്താൻ
അറിയിച്ചു[b] യോസേഫിന്റെ വംശം
ഫറവോനു വെളിവായ്‌വന്നു.[c]
**14** യോസേഫ് ആളയച്ചു തന്റെ
പിതാവായ യാക്കോബിനെയും
കുടുംബത്തെയൊക്കെയും[d] വരു
ത്തി;[d] അവർ ആകെ എഴുപത്തഞ്ചു
പേരായിരുന്നു.[e] **15** യാക്കോബ്
മിസ്രയീമിലേക്കു പോയി;[f] അവ
നും [g] നമ്മുടെ പിതാക്കന്മാരും[h]
മരിച്ചു.[g] **16** അവരെ ശെഖേമിൽ
കൊണ്ടുവന്ന്[i] ശെഖേമിൽ എമ്മോ
രിന്റെ മക്കളോട് അബ്രാഹാം വില
കൊടുത്തു വാങ്ങിയ[j] കല്ലറയിൽ
അടക്കം ചെയ്തു.[i] **17** ദൈവം
അബ്രാഹാമിനോട് അരുളിച്ചെയ്ത
വാഗ്ദത്തകാലം അടുത്തപ്പോൾ[k]
ജനം മിസ്രയീമിൽ വർധിച്ചു[l]
പെരുകി. **18** ഒടുവിൽ [m]യോസേ
ഫിനെ അറിയാത്ത വേറൊരു രാ
ജാവ് മിസ്രയീമിൽ വാണു.[l] **19** അ
വൻ നമ്മുടെ വംശത്തോട് ഉപായം
പ്രയോഗിച്ചു നമ്മുടെ പിതാക്കന്മാ
രെ പീഡിപ്പിച്ചു,[n] അവരുടെ ശിശു
ക്കൾ ജീവനോടെ ഇരിക്കരുത്
എന്നുവച്ച് അവരെ പുറത്തിടു
വിച്ചു.[o] **20** ആ കാലത്ത് മോശെ
ജനിച്ചു,[p] ദിവ്യസുന്ദരനായിരുന്നു;[q]
അവനെ മൂന്നു മാസം അപ്പന്റെ
വീട്ടിൽ പോറ്റി. **21** പിന്നെ അവനെ
പുറത്തിട്ടപ്പോൾ ഫറവോന്റെ മകൾ

2.[c] *സങ്കീ.29:3; (1കൊരി.2:8; യാക്കോ.2:1)* [d] *(ഉൽപ.15:7; യോശു.24:3; നെഹെ.9:7)*
3.[e] ***ഉൽപ.12:1*** [b] *(വാ.2 കാ.)*
4.[f] *ഉൽപ.11:32* [g] *ഉൽപ.12:4,5*
5.[h] *ഉൽപ.15:3; 18:10* [i] *ഉൽപ.12:7;13:15; 15:18;17:8;48:4; എബ്രാ.11:8,9*
6.[j] ***ഉൽപ.15:13,14*** [k] *(പുറ.2:22; എബ്രാ.11:9)* [l] *അപ്പൊ.പ്ര.7:17; പുറ.12:40*
7.[m] *(യിരെ.25:12; 30:20)* [n] *(പുറ.3:12)*
8.[o] *ഉൽപ.17:9 - 12* [p] *ഉൽപ.21:2 - 4* [q] *ലൂക്കൊ.1:59* [r] *ഉൽപ.25:26* [s] *ഉൽപ.29:31 - 35; 30:5 - 24;35:18,23 - 26*
9.[t] *ഉൽപ.37:11* [u] *ഉൽപ.37:28; 45:4; സങ്കീ.105:17*
10.[v] *ഉൽപ.39:2,21,23* [w] *ഉൽപ.41:37 - 40* [x] *ഉൽപ.41:41, 43,46;42:6; സങ്കീ.105:22*
11.[y] *ഉൽപ.41:54,55; 42:5; സങ്കീ.105:16*
12.[z] *ഉൽപ.42:1 - 3*
13.[a] *ഉൽപ.43:2 - 15* [b] *ഉൽപ.45:1 - 4* [c] *ഉൽപ.45:16*
14.[d] *ഉൽപ.45:9,10,27* [e] *(ഉൽപ.46:26,27; പുറ.1:5; ആവ.10:22)*
15.[f] *ഉൽപ.46:5,28; സങ്കീ.105:23* [g] *ഉൽപ.49:33* [h] *പുറ.1:6*
16.[i] *ഉൽപ.50:25; പുറ.13:19; യോശു.24:32* [j] *(ഉൽപ.23:16; 33:19; യോശു.24:32)*
17.[k] *അപ്പൊ.പ്ര.7:5 - 7* [l] *അപ്പൊ.പ്ര.13:17; പുറ.1:7,12; സങ്കീ. 105:24*
18.[m] ***പുറ.1:8*** [l] *(വാ.17കാ)*
19.[n] *പുറ.1:9,10; സങ്കീ.105:25* [o] *പുറ.1:16 - 18,22*
20.[p] *പുറ.2:2;* [q] *എബ്രാ.11:23*

അവനെ എടുത്തു തന്റെ മകനായി
വളർത്തി.[r] **22** മോശെ മിസ്രയീമ്യ
രുടെ സകല ജ്ഞാനവും[s] അഭ്യ
സിച്ചു[t] വാക്കിലും പ്രവൃത്തിയിലും
സമർത്ഥനായിത്തീർന്നു.[u] **23** അവനു
നാല്പതു വയസ്സു തികയാറായ
പ്പോൾ യിസ്രായേൽമക്കളായ തന്റെ
സഹോദരന്മാരെ ചെന്നു കാണേ
ണം എന്ന്[v] മനസ്സിൽ തോന്നി.
**24** അവരിൽ ഒരുത്തൻ അന്യായം
ഏല്ക്കുന്നത് കണ്ടിട്ട് അവനു
തുണ നിന്നു, മിസ്രയീമ്യനെ അടി
ച്ചു കൊന്നു, പീഡിതനുവേണ്ടി
പ്രതിക്രിയ ചെയ്തു. **25** ദൈവം
താൻ മുഖാന്തരം അവർക്കു രക്ഷ
നല്കും എന്ന് സഹോദരന്മാർ
ഗ്രഹിക്കും എന്ന് അവൻ നിരൂപി
ച്ചു; എങ്കിലും അവർ ഗ്രഹിച്ചില്ല.
**26** പിറ്റന്നാൾ അവർ കലഹിച്ചു
കൊണ്ടിരിക്കുമ്പോൾ അവൻ അവ
രുടെ അടുക്കൽ വന്നു: പുരുഷന്മാ
രേ, നിങ്ങൾ സഹോദരന്മാരല്ലോ;
തമ്മിൽ അന്യായം ചെയ്യുന്നത് എന്ത്
എന്നു പറഞ്ഞ് അവരെ സമാധാന
പ്പെടുത്തുവാൻ നോക്കി.[w] **27** എ
ന്നാൽ കൂട്ടുകാരനോട് അന്യായം
ചെയ്യുന്നവൻ അവനെ ഉന്തിക്കള
ഞ്ഞു: നിന്നെ ഞങ്ങൾക്ക് അധികാ
രിയും ന്യായകർത്താവും ആക്കി
യത് ആർ?[x] **28** ഇന്നലെ മിസ്രയീ
മ്യനെ കൊന്നതുപോലെ എന്നെ
യും കൊല്ലുവാൻ ഭാവിക്കുന്നുവോ
എന്നു പറഞ്ഞു. **29** ഈ വാക്കു
കേട്ടിട്ടു മോശെ ഓടിപ്പോയി മി
ദ്യാൻദേശത്തു ചെന്നുപാർത്തു,[y]
അവിടെ രണ്ടു പുത്രന്മാരെ ജനി
പ്പിച്ചു.[z] **30** നാല്പതാണ്ടു കഴി
ഞ്ഞപ്പോൾ സീനായിമലയുടെ മരു
ഭൂമിയിൽ[a] ഒരു ദൈവദൂതൻ[b] മുൾ
പ്പടർപ്പിലെ അഗ്നിജ്വാലയിൽ[a] അ
വനു പ്രത്യക്ഷനായി.[b] **31** മോശെ
ആ ദർശനം കണ്ട് ആശ്ചര്യപ്പെട്ടു,
സൂക്ഷിച്ചുനോക്കുവാൻ അടുത്തു
ചെല്ലുമ്പോൾ: **32** [c]ഞാൻ നിന്റെ
പിതാക്കന്മാരുടെ ദൈവമായി അ
ബ്രാഹാമിന്റെയും യിസ്ഹാക്കിന്റെ
യും യാക്കോബിന്റെയും ദൈവം
ആകുന്നു എന്ന് കർത്താവിന്റെ
ശബ്ദം കേട്ടു. മോശെ വിറച്ചിട്ടു
നോക്കുവാൻ തുനിഞ്ഞില്ല. **33** കർ
ത്താവ് അവനോട്: നീ നില്ക്കുന്ന
സ്ഥലം വിശുദ്ധഭൂമിയാകയാൽ
കാലിൽനിന്നു ചെരിപ്പ് ഊരിക്ക
ളക.[d] **34** മിസ്രയീമിൽ എന്റെ
ജനത്തിന്റെ പീഡ ഞാൻ കണ്ടു[e]
കണ്ടു, അവരുടെ ഞരക്കവും
കേട്ടു,[f] അവരെ വിടുവിപ്പാൻ ഇറ
ങ്ങിവന്നിരിക്കുന്നു;[g] ഇപ്പോൾ വ
രിക; ഞാൻ നിന്നെ മിസ്രയീമിലേ
ക്ക് അയയ്ക്കും[h] എന്നു പറഞ്ഞു.
**35** നിന്നെ അധികാരിയും ന്യായ
കർത്താവും ആക്കിയതാർ[i] എന്നി
ങ്ങനെ അവർ തള്ളിപ്പറഞ്ഞ ഈ
മോശെയെ ദൈവം മുൾപ്പടർപ്പിൽ
പ്രത്യക്ഷനായ ദൂതൻ മുഖാന്തരം[j]
അധികാരിയും വീണ്ടെടുപ്പുകാര
നും ആക്കി അയച്ചു. **36** അവൻ[k]
മിസ്രയീമിലും[l] ചെങ്കടലിലും[m] നാ
ല്പതു സംവത്സരം[n] മരുഭൂമിയിലും[o]
അതിശയങ്ങളും അടയാളങ്ങളും[p]
ചെയ്ത് അവരെ നടത്തിക്കൊണ്ടു
വന്നു.[k] **37** [q]ദൈവം നിങ്ങളുടെ
സഹോദരന്മാരിൽനിന്ന് എന്നെപ്പോ
ലെ ഒരു പ്രവാചകനെ നിങ്ങൾക്ക്
എഴുന്നേല്പിച്ചു തരും എന്ന് യിസ്രാ
യേൽമക്കളോടു പറഞ്ഞ മോശെ
അവൻതന്നെ. **38** സീനായിമല
യിൽ തന്നോടു സംസാരിച്ച ദൂത
നോടും[r] നമ്മുടെ പിതാക്കന്മാരോ
ടുംകൂടെ മരുഭൂമിയിലെ സഭയിൽ[s]
ഇരുന്നവനും[t] നമുക്കു തരുവാൻ
ജീവനുള്ള[u] അരുളപ്പാടു[v] ലഭിച്ച
വനും[w] അവൻതന്നെ. **39** നമ്മുടെ
പിതാക്കന്മാർ അവനു കീഴ്പെടു
വാൻ മനസ്സില്ലാതെ അവനെ തള്ളി
ക്കളഞ്ഞ് ഹൃദയംകൊണ്ടു മിസ്രയീ
മിലേക്കു പിന്തിരിഞ്ഞു,[x] **40** [y]അഹ
രോനോട്: ഞങ്ങൾക്കു മുമ്പായി
നടപ്പാൻ ദൈവങ്ങളെ ഉണ്ടാക്കി
ത്തരിക; ഞങ്ങളെ മിസ്രയീമിൽ
നിന്നു നടത്തിക്കൊണ്ടുവന്ന ആ
മോശെക്ക് എന്തു സംഭവിച്ചു എന്ന്

21.[r] *പുറ.2:3-10*
22.[s] *1രാജാ.4:30; (യെശ.19:11)*
[t] *(ദാനീ.1:4,17)*
[u] *(ലൂക്കൊ.24:19)*
23.[v] *പുറ.2:11,12*
26.[w] *പുറ.2:13,14*
27.[x] *അപ്പൊ.പ്ര.7:35; (ലൂക്കൊ.12:14)*
29.[y] *പുറ.2:15*
[z] *പുറ.2:22;18:3,4*
30.[a] *(പുറ.3:1)*
[b] *പുറ.3:2*
32.[c] ***പുറ. 3:6***
33.[d] *പുറ.3:5; യോശു.5:15*
34.[e] *പുറ.3:7*
[f] *പുറ.2:24*
[g] *പുറ.3:8*
[h] *പുറ.3:10*
35.[i] *അപ്പൊ.പ്ര.7:27*
[j] *(പുറ.3:2;14:19; 23:20;സംഖ്യാ.20:16)*
36.[k] *പുറ.12:41; 33:1; എബ്രാ.8:9*
[l] *പുറ.അ.7-12; സങ്കീ.78:42-51; 105:27-36*
[m] *പുറ.14:21,27-31; സങ്കീ.78:53;106:9*
[n] *അപ്പൊ.പ്ര.7:42; 13:18; പുറ.16:35; സംഖ്യാ.14:33,34; സങ്കീ.95:10; എബ്രാ.3:9,17*
[o] *പുറ.16:1,35; 17:1-6; സങ്കീ.78:15*
[p] *പുറ.7:3*
37.[q] *അപ്പൊ.പ്ര.3:22;* ***ആവ.18:15***
38.[r] *(അപ്പൊ.പ്ര.7:53; യെശ.63:9)*
[s] *എബ്രാ.2:12*
[t] *പുറ.19:3,17,18*
[u] *(ആവ.32:47)*
[v] *റോമ.3:2; എബ്രാ.5:12; 1പത്രൊ.4:11*
[w] *ആവ.5:27,31; 33:4; യോഹ.1:17*

39.[x] *പുറ.16:3; സംഖ്യാ.11:4,5;14:3,4; യെഹെ. 20:8,24* 40.[y] ***പുറ.32:1,23***

ഞങ്ങൾ അറിയുന്നില്ലല്ലോ എന്നു
പറഞ്ഞു. **41** അന്നേരം അവർ ഒരു
കാളക്കുട്ടിയെ ഉണ്ടാക്കി, ആ
ബിംബത്തിനു ബലി കഴിച്ചു[z] തങ്ങ
ളുടെ കൈപ്പണിയിൽ[a] ഉല്ലസിച്ചു
കൊണ്ടിരുന്നു.[b] **42** ദൈവവും പി
ന്തിരിഞ്ഞു,[c] ആകാശത്തിലെ സൈ
ന്യത്തെ[d] ആരാധിപ്പാൻ അവരെ
കൈവിട്ടു.[e]

[f]“യിസ്രായേൽഗൃഹമേ, നിങ്ങൾ
മരുഭൂമിയിൽ എനിക്കു നാല്പതു
സംവത്സരം[g] ഹനനയാഗങ്ങളും
ഭോജനയാഗങ്ങളും അർപ്പിച്ചുവോ?
**43** നിങ്ങൾ നമസ്കരിപ്പാൻ ഉണ്ടാ
ക്കിയ സ്വരൂപങ്ങളായ മോലോ
ക്കിന്റെ[h] കൂടാരവും രേഫാൻ ദേവ
ന്റെ നക്ഷത്രവും നിങ്ങൾ എടുത്തു
നടന്നുവല്ലോ; എന്നാൽ ഞാൻ
നിങ്ങളെ ബാബിലോനപ്പുറം പ്രവ
സിപ്പിക്കും”
എന്നു പ്രവാചകന്മാരുടെ പുസ്ത
കത്തിൽ എഴുതിയിരിക്കുന്നുവല്ലോ.
**44** നീ കണ്ട മാതിരിക്കൊത്തവണ്ണം
അതിനെ തീർക്കേണം എന്ന്[i] മോ
ശെയോട് അരുളിച്ചെയ്തവൻ കല്പി
ച്ചതുപോലെ നമ്മുടെ പിതാക്കന്മാർ
ക്കു മരുഭൂമിയിൽ സാക്ഷ്യകൂടാരം[j]
ഉണ്ടായിരുന്നു. **45** നമ്മുടെ പിതാ
ക്കന്മാർ അത് ഏറ്റുവാങ്ങി ദൈവം
നമ്മുടെ പിതാക്കന്മാരുടെ മുമ്പിൽ
നിന്നു നീക്കിക്കളഞ്ഞ[k] ജാതിക
ളുടെ അവകാശത്തിലേക്കു[l] യോ
ശുവ[m]യുമായി കൊണ്ടുവന്നു[n] ദാവീ
ദിന്റെ കാലംവരെ[o] വച്ചിരുന്നു.
**46** അവൻ ദൈവത്തിന്റെ മുമ്പാകെ
കൃപ ലഭിച്ച്,[p] യാക്കോബിന്റെ ദൈ
വത്തിന്[q] ഒരു വാസസ്ഥലം ഉണ്ടാ
ക്കുവാൻ അനുവാദം അപേക്ഷിച്ചു.[r]
**47** ശലോമോൻ അവന് ഒരു ആ
ലയം പണിതു.[s] **48** അത്യുന്നതൻ[t]
കൈപ്പണിയായതിൽ[u] വസിക്കു
ന്നില്ല[t] താനും.

**49** [v]“സ്വർഗം എനിക്കു സിംഹാ
സനവും ഭൂമി എന്റെ പാദപീഠവും
ആകുന്നു; നിങ്ങൾ എനിക്കു പണി
യുന്ന ആലയം ഏതുവിധം? എന്റെ
വിശ്രമസ്ഥലവും ഏത്? **50** ഇതൊ
ക്കെയും എന്റെ കൈയല്ലയോ ഉണ്ടാ
ക്കിയത് എന്ന് കർത്താവ് അരുളി
ച്ചെയ്യുന്നു”
എന്നു പ്രവാചകൻ പറയുന്നുവല്ലോ.
**51** ശാഠ്യക്കാരും[w] ഹൃദയത്തിനും
ചെവിക്കും പരിച്ഛേദന ഇല്ലാത്തവ
രുമായുള്ളോരേ,[x] നിങ്ങളുടെ പിതാ
ക്കന്മാരെപ്പോലെതന്നെ നിങ്ങളും[y]
എല്ലായ്പോഴും പരിശുദ്ധാത്മാവി
നോടു മറുത്തു നില്ക്കുന്നു. **52** പ്ര
വാചകന്മാരിൽ ഏവനെ നിങ്ങളുടെ
പിതാക്കന്മാർ ഉപദ്രവിക്കാതിരുന്നി
ട്ടുള്ളൂ?[z] നീതിമാനായവന്റെ[a] വര
വിനെക്കുറിച്ച് മുൻ അറിയിച്ചവരെ
അവർ കൊന്നുകളഞ്ഞു. **53** അവ
നു നിങ്ങൾ ഇപ്പോൾ ദ്രോഹികളും
കൊലപാതകരും ആയിത്തീർന്നു;[b]
നിങ്ങൾ ദൈവദൂതന്മാരുടെ നിയോ
ഗങ്ങളായി[c] ന്യായപ്രമാണം പ്രാപി
ച്ചു എങ്കിലും അത് പ്രമാണിച്ചിട്ടില്ല.[d]

**54** ഇതു കേട്ടപ്പോൾ അവർ കോ
പപരവശരായി[e] അവന്റെ നേരേ
പല്ലുകടിച്ചു.[f] **55** അവനോ പരിശു
ദ്ധാത്മാവ് നിറഞ്ഞവനായി[g] സ്വർഗ
ത്തിലേക്ക് ഉറ്റുനോക്കി, ദൈവമഹ
ത്ത്വവും[h] ദൈവത്തിന്റെ വലത്തു
ഭാഗത്ത്[i] യേശു നില്ക്കുന്നതും
കണ്ടു: **56** ഇതാ, സ്വർഗം തുറന്നിരി
ക്കുന്നതും[j] മനുഷ്യപുത്രൻ[k] ദൈവ
ത്തിന്റെ വലത്തുഭാഗത്തു[i] നില്ക്കു
ന്നതും[k] ഞാൻ കാണുന്നു എന്നു
പറഞ്ഞു. **57** അവർ ഉറക്കെ നില
വിളിച്ചു, ചെവി പൊത്തിക്കൊണ്ട്
ഒന്നിച്ച് അവന്റെ നേരേ പാഞ്ഞു
ചെന്നു, **58** അവനെ നഗരത്തിൽ
നിന്നു തള്ളി പുറത്താക്കി[l] കല്ലെറി
ഞ്ഞു.[m] സാക്ഷികൾ[n] തങ്ങളുടെ

41.[z] *പുറ.32:4 - 6,35; ആവ.9:16; സങ്കീ.106:19*
[a] *യെശ.2:8; യിരെ.1:16;25:6,7*
[b] *ആമോ.6:13*
42.[c] *(യോശു.24:20; യെശ.63:10)*
[d] *ആവ.4:19; 2രാജാ.17:16; 21:3;23:5; യിരെ.19:13; സെഫ.1:5*
[e] *സങ്കീ.81:12; യെഹെ.20:39; റോമ.1:28*
[f] ***ആമോ.5:25 – 27***
[g] *അപ്പൊ.പ്ര.7:36*
43.[h] *1രാജാ.11:7*
44.[i] *പുറ.25:40*
[j] *വെളി.15:5; പുറ.38:21*
45.[k] *അപ്പൊ.പ്ര.13:19; യോശു.3:10; 23:9; 24:18; 2ദിന.20:7; സങ്കീ.44:2*
[l] *സംഖ്യാ.32:5; ആവ.32:49*
[m] *എബ്രാ.4:8*
[n] *യോശു.3:14 - 17*
[o] *2ശമൂ.7:2*
46.[p] *അപ്പൊ.പ്ര.13:22; 1ശമൂ.16:1; സങ്കീ.89:19*
[q] *(ഉൽപ.49:24; യെശ.49:26)*
[r] *1രാജാ.8:17; 1ദിന.22:7; സങ്കീ.132:3*
47.[s] *2ശമൂ.7:13; 1രാജാ.6:1,2;8:20; 2ദിന.3:1*
48.[t] *(1രാജാ.8:27; 2ദിന.2:6)*
[u] *അപ്പൊ.പ്ര.17:25*
49.[v] *മത്താ.5:34,35;* ***യെശ.66:1,2;*** *(സങ്കീ.11:4)*
51.[w] *ആവ.10:16; പുറ.32:9*
[x] *ലേവ്യാ.26:41; യിരെ. 6:10;9:26; യെഹെ.44:7,9* [y] *മലാ.3:7* 52.[z] *1രാജാ.19:10; 2ദിന.36:16; യിരെ.2:30; മത്താ.23:31,37; 5:12;21:35* [a] *അപ്പൊ.പ്ര.3:14* 53.[b] *അപ്പൊ.പ്ര.5:28* [c] *ഗലാ.3:19; എബ്രാ.2:2; (അപ്പൊ.പ്ര.7:38; ആവ.33:2)* [d] *യോഹ.7:19* 54.[e] *അപ്പൊ.പ്ര.5:33; (അപ്പൊ.പ്ര.2:37)* [f] *ഇയ്യോ.16:9; സങ്കീ. 35:16;37:12* 55.[g] *അപ്പൊ.പ്ര.6:5* [h] *പുറ.24:16; ലൂക്കൊ.2:9; യോഹ.12:41* [i] *സങ്കീ.110:1; മർക്കൊ.16:19* 56.[j] *യോഹ.1:51* [k] *ദാനീ.7:13* [i] *(വാ.55 കാ.)* 58.[l] *ലേവ്യാ.24:14 - 16; സംഖ്യാ.15:35; 1രാജാ.21:13; (ലൂക്കൊ.4:29; എബ്രാ.13:12)* [m] *മത്താ.21:35; 23:37; എബ്രാ.11:37* [n] *അപ്പൊ.പ്ര.6:13; (ആവ.13:9,10;17:7)*

വസ്ത്രം ശൗൽ എന്നു പേരുള്ള
ഒരു ബാല്യക്കാരന്റെ കാല്ക്കൽ[o]
വച്ചു. 59 കർത്താവായ യേശുവേ,
എന്റെ ആത്മാവിനെ കൈക്കൊ
ള്ളേണമേ[p] എന്ന് സ്തെഫാനൊസ്
വിളിച്ചപേക്ഷിക്കയിൽ[q] അവർ അ
വനെ കല്ലെറിഞ്ഞു. 60 അവനോ
മുട്ടുകുത്തി:[r] കർത്താവേ, അവർക്ക്
ഈ പാപം നിറുത്തരുതേ[s] എന്ന്
ഉച്ചത്തിൽ നിലവിളിച്ചു. ഇതു പറ
ഞ്ഞിട്ട് അവൻ നിദ്രപ്രാപിച്ചു.[t]

✵ ✵ ✵

***1. ശമര്യയിൽ സഭ ഉണ്ടായത് 14. അതു പത്രൊസിനാലും യോഹന്നാനാലും ഉറപ്പിക്കപ്പെട്ടത് 18. ആഭിചാരകനായ ശിമോനെക്കുറിച്ച് 26. ഫിലിപ്പൊസ് എത്യോപ്യനായ ഷണ്ഡനെ സ്നാനപ്പെടുത്തിയത്.***

8 അവനെ കൊല ചെയ്തത്
ശൗലിനു[a] സമ്മതമായിരുന്നു.[b]
അന്നു യെരൂശലേമിലെ സഭയ്ക്ക്
ഒരു വലിയ ഉപദ്രവം നേരിട്ടു; അ
പ്പൊസ്തലന്മാർ ഒഴികെ എല്ലാവ
രും യെഹൂദ്യ, ശമര്യ ദേശങ്ങളിൽ
ചിതറിപ്പോയി.[c] 2 ഭക്തിയുള്ള പുരു
ഷന്മാർ സ്തെഫാനൊസിനെ അട
ക്കം ചെയ്തു. അവനെക്കുറിച്ചു വലി
യൊരു പ്രലാപം കഴിച്ചു.[d] 3 എ
ന്നാൽ ശൗൽ വീടുതോറും ചെന്നു
പുരുഷന്മാരെയും സ്ത്രീകളെയും
പിടിച്ചിഴച്ചു തടവിൽ ഏല്പിച്ചു
കൊണ്ടു[e] സഭയെ മുടിച്ചുപോന്നു.[f]
4 ചിതറിപ്പോയവർ വചനം സുവി
ശേഷിച്ചുംകൊണ്ട് അവിടവിടെ
സഞ്ചരിച്ചു.[g] 5 ഫിലിപ്പൊസ്[h] ശമ
ര്യപട്ടണത്തിൽ ചെന്ന് അവരോടു
ക്രിസ്തുവിനെ പ്രസംഗിച്ചു. 6 ഫി
ലിപ്പൊസ് ചെയ്ത അടയാളങ്ങളെ
പുരുഷാരങ്ങൾ കേൾക്കയും കാൺ
കയും ചെയ്കയാൽ[i] അവൻ പറയു
ന്നത് ഏകമനസ്സോടെ ശ്രദ്ധിച്ചു
കൊണ്ടിരുന്നു.[j] 7 അശുദ്ധാത്മാ
ക്കൾ[k] ബാധിച്ച പലരിൽനിന്നും
അവ ഉറക്കെ നിലവിളിച്ചുകൊണ്ടു
പുറപ്പെട്ടു; അനേകം പക്ഷവാത
ക്കാരും മുടന്തരും സൗഖ്യംപ്രാപി
ച്ചു. 8 അങ്ങനെ ആ പട്ടണത്തിൽ
വളരെ സന്തോഷം ഉണ്ടായി.[l]
9 എന്നാൽ ശിമോൻ എന്നു പേ
രുള്ളൊരു പുരുഷൻ ആ പട്ടണ
ത്തിൽ ആഭിചാരം ചെയ്തു,[m] താൻ
മഹാൻ എന്നു പറഞ്ഞു[n] ശമര്യജാ
തിയെ ഭ്രമിപ്പിച്ചുപോന്നു. 10 ഇവൻ
മഹതി[o] എന്ന ദൈവശക്തി ആ
കുന്നു[p] എന്നും പറഞ്ഞ് ആബാല
വൃദ്ധം എല്ലാവരും അവനെ ശ്രദ്ധി
ച്ചുവന്നു. 11 ഇവൻ ആഭിചാരം
കൊണ്ട് ഏറിയകാലം അവരെ ഭ്രമി
പ്പിക്കയാൽ[q] അത്രേ അവർ അവനെ
ശ്രദ്ധിച്ചത്. 12 എന്നാൽ ദൈവരാ
ജ്യത്തെയും യേശുക്രിസ്തുവിന്റെ
നാമത്തെയും കുറിച്ചുള്ള[r] സുവി
ശേഷം അറിയിക്കുന്ന ഫിലിപ്പൊ
സിനെ അവർ വിശ്വസിച്ചപ്പോൾ
പുരുഷന്മാരും സ്ത്രീകളും സ്നാനം
ഏറ്റു.[s] 13 ശിമോൻ താനും വിശ്വ
സിച്ചു സ്നാനം ഏറ്റ് ഫിലിപ്പൊ
സിനോടു ചേർന്നുനിന്നു, വലിയ
വീര്യപ്രവൃത്തികളും[t] അടയാളങ്ങ
ളും നടക്കുന്നതു കണ്ട്[u] ഭ്രമിച്ചു.[v]
14 അനന്തരം യെരൂശലേമിലു
ള്ള അപ്പൊസ്തലന്മാർ,[w] ശമര്യർ
ദൈവവചനം കൈക്കൊണ്ടു[x] എ
ന്നു കേട്ടു പത്രൊസിനെയും യോഹ
ന്നാനെയും അവരുടെ അടുക്കൽ
അയച്ചു. 15 അവർ ചെന്ന്, അവർക്കു
പരിശുദ്ധാത്മാവ് ലഭിക്കേണ്ടതിന്[y]
അവർക്കായി പ്രാർഥിച്ചു. 16 അ
ന്നുവരെ[z] അവരിൽ ആരുടെമേലും
ആത്മാവ് വന്നിരുന്നില്ല;[a] അവർ
കർത്താവായ യേശുവിന്റെ നാമ
ത്തിൽ സ്നാനം ഏറ്റിരുന്നതേയു
ള്ളൂ.[b] 17 അവർ അവരുടെമേൽ

*58.[o] അപ്പൊ.പ്ര.8:1; 22:20; (അപ്പൊ.പ്ര.22:4)*
*59.[p] സങ്കീ.31:5; ലൂക്കൊ.23:46*
*[q] അപ്പൊ.പ്ര.9:14*
*60.[r] അപ്പൊ.പ്ര. 9:40;20:36;21:6; ലൂക്കൊ. 22:41; എഫെ.3:15*
*[s] മത്താ.5:44*
*[t] മത്താ.27:52*

**അധ്യായം 8**

*1.[a] അപ്പൊ.പ്ര.7:58; 22:20*
*[b] റോമ.1:32*
*[c] അപ്പൊ.പ്ര.11:19; മത്താ.10:23*
*2.[d] (ഉൽപ.50:10; യിരെ.6:26)*
*3.[e] (യാക്കോ.2:6)*
*[f] അപ്പൊ.പ്ര.9:1,13, 21;22:4,19;26:10,11; 1കൊരി.15:9; ഗലാ.1:13; ഫിലി.3:6; 1തിമൊ.1:13*
*4.[g] അപ്പൊ.പ്ര.8:1*
*5.[h] അപ്പൊ.പ്ര.6:5*
*6.[i] യോഹ.2:23*
*[j] (യോഹ.4:38)*
*7.[k] മർക്കൊ.16:17,18*
*8.[l] അപ്പൊ.പ്ര.8:39; യോഹ.16:22*
*9.[m] അപ്പൊ.പ്ര. 8:11;13:6*
*[n] അപ്പൊ.പ്ര.5:36*
*10.[o] (അപ്പൊ.പ്ര. 19:27,28)*
*[p] (അപ്പൊ.പ്ര. 14:11;28:6)*
*11.[q] അപ്പൊ.പ്ര.8:9 (അപ്പൊ.പ്ര.8:13; ഗലാ.3:1)*
*12.[r] അപ്പൊ.പ്ര.1:2*
*[s] അപ്പൊ.പ്ര. 16:33,34;18:8; മർക്കൊ.16:16*
*13.[t] അപ്പൊ.പ്ര.19:11*
*[u] അപ്പൊ.പ്ര.8:6,7 [v] (അപ്പൊ.പ്ര.8:9) 14.[w] അപ്പൊ.പ്ര.8:1 [x] അപ്പൊ.പ്ര.1:8 15.[y] അപ്പൊ.പ്ര.2:38 16.[z] (അപ്പൊ.പ്ര.19:2) [a] അപ്പൊ.പ്ര.10:44;11:15 [b] അപ്പൊ.പ്ര.19:5; (അപ്പൊ.പ്ര.2:38; 10:47,48; മത്താ.28:19; 1കൊരി.1:13,15; ഗലാ.3:27)*

**8:5 *ഫിലിപ്പൊസ്*:** നൂതനസഭയുടെ ഏഴു നേതാക്കന്മാരിലൊരുവനായി തിരഞ്ഞെടുക്കപ്പെട്ടയാളായിരുന്നു ഫിലിപ്പൊസ് (6:5).

കൈ വച്ച്[c]പ്പോൾ അവർക്കു പരിശു
ദ്ധാത്മാവ് ലഭിച്ചു.[d] 18 അപ്പൊ
സ്തലന്മാർ കൈവച്ചതിനാൽ പരി
ശുദ്ധാത്മാവ് ലഭിച്ചത് ശിമോൻ ക
ണ്ടാറെ അവർക്കു ദ്രവ്യം കൊണ്ടു
വന്നു: 19 ഞാൻ ഒരുത്തന്റെമേൽ
കൈ വച്ചാൽ അവനു പരിശുദ്ധാ
ത്മാവ് ലഭിപ്പാൻ തക്കവണ്ണം ഈ
അധികാരം എനിക്കും തരേണം
എന്നു പറഞ്ഞു. 20 പത്രൊസ്
അവനോട്: ദൈവത്തിന്റെ ദാനം
പണത്തിനു[e] വാങ്ങിക്കൊള്ളാം
എന്നു നീ നിരൂപിക്കകൊണ്ടു നിന്റെ
പണം നിന്നോടുകൂടെ നശിച്ചുപോ
കട്ടെ.[f] 21 നിന്റെ ഹൃദയം ദൈവ
സന്നിധിയിൽ നേരുള്ളതല്ലായ്ക[g]
കൊണ്ട് ഈ കാര്യത്തിൽ നിനക്കു
പങ്കും ഓഹരിയുമില്ല. 22 നീ ഈ
വഷളത്തം വിട്ടു മാനസാന്തരപ്പെട്ടു
കർത്താവിനോടു പ്രാർഥിക്ക; പ
ക്ഷേ നിന്റെ ഹൃദയത്തിലെ നിരൂ
പണം ക്ഷമിച്ചുകിട്ടുമായിരിക്കും.[h]
23 നീ[i] കയ്പുള്ള പകയിലും[j] അനീ
തിയുടെ ബന്ധനത്തിലും[k] അകപ്പെ
ട്ടിരിക്കുന്നു[i] എന്നു ഞാൻ കാണുന്നു
എന്നു പറഞ്ഞു. 24 അതിന് ശി
മോൻ: നിങ്ങൾ പറഞ്ഞത് ഒന്നും
എനിക്കു ഭവിക്കാതിരിപ്പാൻ കർ
ത്താവിനോട് എനിക്കുവേണ്ടി പ്രാർ
ഥിപ്പിൻ[l] എന്ന് ഉത്തരം പറഞ്ഞു.
25 അവർ കർത്താവിന്റെ വചനം
സാക്ഷീകരിച്ചു പ്രസംഗിച്ചശേഷം
ശമര്യക്കാരുടെ അനേകം ഗ്രാമങ്ങ
ളിൽ സുവിശേഷം അറിയിച്ചുകൊ
ണ്ടു[m] യെരൂശലേമിലേക്കു മടങ്ങി
പ്പോയി.
26 അനന്തരം കർത്താവിന്റെ
ദൂതൻ[n] ഫിലിപ്പൊസിനോട്: നീ
എഴുന്നേറ്റു തെക്കോട്ടു യെരൂശലേ
മിൽനിന്നു ഗസയ്ക്കുള്ള നിർജന
മായ വഴിയിലേക്കു പോക എന്നു
പറഞ്ഞു. 27 അവൻ പുറപ്പെട്ടു
ചെന്നപ്പോൾ കന്ദക്ക എന്ന എത്യോ
പ്യരാജ്ഞിയുടെ ഒരു ഷണ്ഡനും
മഹാനും അവളുടെ സകല ഭണ്ഡാ
രത്തിനും മേൽവിചാരകനുമായ[o]
ഒരു എത്യോപ്യനെ[p] കണ്ടു.[q] അവൻ
യെരൂശലേമിൽ നമസ്കരിപ്പാൻ
വന്നിട്ടു[r] 28 മടങ്ങിപ്പോകയിൽ
തേരിൽ ഇരുന്നു യെശയ്യാപ്രവാച
കന്റെ പുസ്തകം വായിക്കയായി
രുന്നു. 29 ആത്മാവ്[s] ഫിലിപ്പൊ
സിനോട്: നീ അടുത്തുചെന്നു
തേരിനോടു ചേർന്നു നടക്ക എന്നു
പറഞ്ഞു. 30 ഫിലിപ്പൊസ് ഓടിച്ചെ
ല്ലുമ്പോൾ യെശയ്യാപ്രവാചകന്റെ
പുസ്തകം വായിക്കുന്നത് കേട്ടു:
നീ വായിക്കുന്നത് ഗ്രഹിക്കുന്നുവോ
എന്നു ചോദിച്ചതിന്: 31 ഒരുത്തൻ
പൊരുൾ തിരിച്ചു[t]തരാഞ്ഞാൽ എ
ങ്ങനെ ഗ്രഹിക്കും[u] എന്ന് അവൻ
പറഞ്ഞു, ഫിലിപ്പൊസ് കയറി ത
ന്നോടുകൂടെ ഇരിക്കേണം എന്ന്
അപേക്ഷിച്ചു.[v] 32 തിരുവെഴുത്തിൽ
അവൻ വായിച്ച ഭാഗമാവിത്:[w]
“അറുക്കുവാനുള്ള ആടിനെ
പ്പോലെ അവനെ കൊണ്ടുപോയി;
രോമം കത്രിക്കുന്നവന്റെ മുമ്പാകെ
മിണ്ടാതിരിക്കുന്ന കുഞ്ഞാടിനെ
പ്പോലെ അവൻ വായ് തുറക്കാതി
രുന്നു. 33 അവന്റെ താഴ്ച[x]യിൽ
അവനു ന്യായം കിട്ടാതെ പോയി;
അവന്റെ തലമുറയെ ആർ വിവരി
ക്കും? ഭൂമിയിൽനിന്ന് അവന്റെ
ജീവനെ എടുത്തുകളയുന്നുവല്ലോ.”
34 ഷണ്ഡൻ ഫിലിപ്പൊസിനോ
ട്: ഇതു പ്രവാചകൻ ആരെക്കു
റിച്ചു പറയുന്നു? തന്നെക്കുറിച്ചോ
മറ്റൊരുത്തനെക്കുറിച്ചോ എന്നു
പറഞ്ഞുതരേണം എന്ന് അപേക്ഷി
ച്ചു. 35 ഫിലിപ്പൊസ് ഈ തിരുവെ
ഴുത്ത് ആധാരമാക്കി[y] അവനോട്
യേശുവിനെക്കുറിച്ചുള്ള സുവി
ശേഷം അറിയിപ്പാൻ[z] തുടങ്ങി.
36 അവർ ഇങ്ങനെ വഴിപോകയിൽ
വെള്ളമുള്ളൊരു സ്ഥലത്ത് എത്തി
യപ്പോൾ ഷണ്ഡൻ: ഇതാ വെള്ളം;
ഞാൻ സ്നാനം ഏല്ക്കുന്നതിന്
എന്തു വിരോധം[a] എന്നു പറഞ്ഞു.
37 [അതിനു ഫിലിപ്പൊസ്: നീ പൂർ
ണഹൃദയത്തോടെ വിശ്വസിക്കു
ന്നു എങ്കിൽ ആകാം എന്നു പറ
ഞ്ഞു. യേശുക്രിസ്തു ദൈവപുത്രൻ

17.[c] *അപ്പൊ.പ്ര. 9:17;19:6; (അപ്പൊ.പ്ര.6:6; എബ്രാ.6:1)*
[d] *അപ്പൊ.പ്ര.2:4*
20.[e] *യെശ.55:1*
[f] *(2രാജാ.5:16; ദാനീ. 5:17)*
21.[g] *(2രാജാ.10:15; സങ്കീ.78:37)*
22.[h] *ദാനീ.4:27; 2തിമൊ.2:25*
23.[i] *(2രാജാ.8:11,12)*
[j] *ആവ.29:17;32:32; എബ്രാ.12:15*
[k] *യെശ.58:6; (എഫെ.4:3; കൊലൊ.3:14)*
24.[l] *(പുറ.8:8; 9:28;10:17)*
25.[m] *(അപ്പൊ.പ്ര. 8:6 - 8; യോഹ.4:38)*
26.[n] *അപ്പൊ.പ്ര.5:19; 10:3;11:13; 12:7,23; 27:23; (ന്യായാ.6:12;13:3)*
27.[o] *എസ്രാ.7:21*
[p] *സങ്കീ.68:31;87:4; സെഫ.3:10*
[q] *(യിരെ.38:7)*
[r] *(1രാജാ.8:41,42; യോഹ.12:20)*
29.[s] *അപ്പൊ.പ്ര. 10:19;11:12;13:2; 20:23;21:11*
31.[t] *യോഹ.16:13*
[u] *റോമ.10:14*
[v] *(1രാജാ.20:33; 2രാജാ.10:15)*
32.[w] ***യെശ. 53:7,8***
33.[x] *(ഫിലി.2:8)*
35.[y] *(ലൂക്കൊ.24:27; അപ്പൊ.പ്ര.17:2; 18:28)*
[z] *അപ്പൊ.പ്ര.5:42*
36.[a] *അപ്പൊ.പ്ര. 10:47*

എന്ന് ഞാൻ വിശ്വസിക്കുന്നു
എന്ന് അവൻ ഉത്തരം പറഞ്ഞു.]
**38** അങ്ങനെ അവൻ തേർ നിർ
ത്തുവാൻ കല്പിച്ചു; ഫിലിപ്പൊ
സും ഷണ്ഡനും ഇരുവരും വെള്ള
ത്തിൽ ഇറങ്ങി, അവൻ അവനെ
സ്നാനം കഴിപ്പിച്ചു. **39** അവർ
വെള്ളത്തിൽനിന്നു കയറിയപ്പോൾ
കർത്താവിന്റെ ആത്മാവ്[b] ഫിലി
പ്പൊസിനെ എടുത്തുകൊണ്ടുപോ
യി;[c] ഷണ്ഡൻ അവനെ പിന്നെ
കണ്ടില്ല; അവൻ സന്തോഷിച്ചും
കൊണ്ടു തന്റെ വഴിക്കു പോയി.
**40** ഫിലിപ്പൊസിനെ പിന്നെ അ
സ്തോദിൽ കണ്ടു; അവൻ സഞ്ച
രിച്ച് എല്ലാ പട്ടണങ്ങളിലും സുവി
ശേഷം അറിയിച്ചുകൊണ്ടു കൈ
സര്യയിൽ എത്തി.

❋ ❋ ❋

***1. ശൗലിന്റെ അത്ഭുതമായ മാനസാന്തരം 10. അവന്റെ സ്നാനം 20. അവന്റെ പ്രാബല്യം 23. യെഹൂദന്മാർ അവനു വിരോധമായി പതിയിരുന്നത് 31. യെഹൂദസഭയുടെ വർദ്ധനയും പത്രൊസ് ഒരു പക്ഷവാതക്കാരനെ സൗഖ്യമാക്കിയതും 36. തബീഥായെ ജീവിപ്പിച്ചതും.***

**9** ശൗൽ[a] കർത്താവിന്റെ ശിഷ്യ
ന്മാരുടെ നേരേ ഭീഷണിയും
കൊലയും നിശ്വസിച്ചുകൊണ്ടു[b]
മഹാപുരോഹിതന്റെ[c] അടുക്കൽ
ചെന്നു, **2** ദമസ്കൊസിൽ ഈ
മാർഗ[d]ക്കാരായ വല്ല പുരുഷന്മാ
രെയോ സ്ത്രീകളെയോ കണ്ടാൽ
അവരെ പിടിച്ചുകെട്ടി യെരൂശലേ
മിലേക്കു കൊണ്ടുവരുവാൻ തക്ക
വണ്ണം അവിടത്തെ പള്ളികൾക്ക്[e]
അവനോട് അധികാരപത്രം വാങ്ങി.
**3** [f]അവൻ പ്രയാണം ചെയ്തു ദമ
സ്കൊസിനു സമീപിച്ചപ്പോൾ
പെട്ടെന്ന് ആകാശത്തുനിന്ന് ഒരു
വെളിച്ചം അവന്റെ ചുറ്റും മിന്നി;
**4** അവൻ നിലത്തു വീണു; ശൗലേ,
ശൗലേ, നീ എന്നെ[g] ഉപദ്രവിക്കു
ന്നത് എന്ത് എന്നു തന്നോടു പറ
യുന്ന ഒരു ശബ്ദം കേട്ടു. **5** നീ
ആരാകുന്നു, കർത്താവേ, എന്ന്
അവൻ ചോദിച്ചതിന്: നീ ഉപദ്ര
വിക്കുന്ന[g] യേശു ആകുന്നു ഞാൻ.
**6** നീ എഴുന്നേറ്റു[h] പട്ടണത്തിൽ
ചെല്ലുക; നീ ചെയ്യേണ്ടുന്നത്[i]
അവിടെ വച്ചു നിന്നോടു പറയും
എന്ന് അവൻ പറഞ്ഞു. **7** അവ
നോടുകൂടെ പ്രയാണം ചെയ്ത
പുരുഷന്മാർ[j] ശബ്ദം കേട്ടു[k] എ
ങ്കിലും ആരെയും കാണാതെ മര
വിച്ചുനിന്നു.[j] **8** ശൗൽ നിലത്തു
നിന്ന് എഴുന്നേറ്റു കണ്ണു തുറന്നാറെ
ഒന്നും കണ്ടില്ല;[l] അവർ അവനെ
കൈക്കു പിടിച്ചു ദമസ്കൊസിൽ
കൂട്ടിക്കൊണ്ടുപോയി; **9** അവൻ
മൂന്നു ദിവസം കണ്ണു കാണാതെ
യും തിന്നുകയോ കുടിക്കയോ
ചെയ്യാതെയും ഇരുന്നു.

**10** എന്നാൽ അനന്യാസ്[m] എ
ന്നൊരു ശിഷ്യൻ ദമസ്കൊസിൽ
ഉണ്ടായിരുന്നു; അവനെ കർത്താവ്
ഒരു ദർശനത്തിൽ: അനന്യാസേ
എന്നു വിളിച്ചു. കർത്താവേ, അടി
യൻ[n] ഇതാ എന്ന് അവൻ വിളി
കേട്ടു. **11** കർത്താവ് അവനോട്:
നീ എഴുന്നേറ്റു നേർവീഥി എന്ന
തെരുവിൽ ചെന്ന്, യൂദായുടെ വീ
ട്ടിൽ തർസൊസു[o]കാരനായ ശൗൽ
എന്നു പേരുള്ളവനെ അന്വേഷിക്ക;
**12** അവൻ പ്രാർഥിക്കുന്നു; അന
ന്യാസ് എന്നൊരു പുരുഷൻ അക
ത്തു വന്നു താൻ കാഴ്ച പ്രാപിക്കേ
ണ്ടതിന് തന്റെ മേൽ കൈ വയ്ക്കു
ന്നത്[p] അവൻ കണ്ടിരിക്കുന്നു എന്നു
കല്പിച്ചു. **13** അതിന് അനന്യാസ്:
കർത്താവേ, ആ മനുഷ്യൻ യെരൂ
ശലേമിൽ നിന്റെ[q] വിശുദ്ധന്മാർക്ക്[r]
എത്ര ദോഷം ചെയ്തു[s] എന്നു
പലരും പറഞ്ഞു ഞാൻ കേട്ടിരിക്കു
ന്നു. **14** ഇവിടെയും നിന്റെ നാമ
ത്തെ വിളിച്ചപേക്ഷിക്കുന്ന[t]വരെ
യൊക്കെയും പിടിച്ചു കെട്ടുവാൻ

39.[b] *1രാജാ.18:12; 2രാജാ.2:16; യെഹെ.3:12,14;8:3; 11:1,24;43:5*
[c] *2കൊരി.12:2*

**അധ്യായം 9**

1.[a] *അപ്പൊ.പ്ര. 9:13,21;8:3*
[b] *(സങ്കീ.27:12)*
[c] *അപ്പൊ.പ്ര.22:5; 26:10*
2.[d] *അപ്പൊ.പ്ര. 19:9,23; 24:14,22; (അപ്പൊ.പ്ര.16:17; 18:25,26; 22:4; യെശ.30:21;35:8; ആമോ.8:14)*
[e] *അപ്പൊ.പ്ര.22:19; (ലൂക്കൊ.12:11; 21:12)*
3.[f] *അപ്പൊ.പ്ര. 9:3 - 8ക്കു. അപ്പൊ.പ്ര.22:6 - 11; 26:12 - 18കാ. (1കൊരി.15:8)*
4.[g] *(യെശ.63:9; സെഖ.2:8)*
5.[g] *(വാ.4കാ.)*
6.[h] *(യെഹെ.3:22; ഗലാ.1:1)*
[i] *അപ്പൊ.പ്ര.9:16; (1കൊരി.9:16)*
7.[j] *(ദാനീ.10:7)*
[k] *(അപ്പൊ.പ്ര.22:9; യോഹ.12:29)*
8.[l] *(അപ്പൊ.പ്ര.22:11)*
10.[m] *അപ്പൊ.പ്ര. 22:12*
[n] *ഉൽപ.22:1; യെശ.6:8*
11.[o] *അപ്പൊ.പ്ര. 21:39;22:3*
12.[p] *അപ്പൊ.പ്ര. 9:17; മർക്കൊ.5:23*
13.[q] *1തെസ്സ.3:13; 2തെസ്സ.1:9*
[r] *റോമ.15:25,26,30*
[s] *അപ്പൊ.പ്ര.9:1,2*
14.[t] *അപ്പൊ.പ്ര.22:16;റോമ.10:13;1കൊരി.1:2; (അപ്പൊ.പ്ര.7:59; 2തിമൊ.2:22)*

9:10 ***അനന്യാസ്:*** 22: 12 ലും ഈ അനന്യാസിനെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. 'കർത്താവ് കൃപയുള്ളവൻ' എന്നർഥമുള്ള *ഹനനിയ* എന്ന എബ്രായ പേരിന്റെ ഗ്രീക്കു രൂപമായിരിക്കാം അനന്യാസ് എന്ന പേര്.

അവനു മഹാപുരോഹിതന്മാരുടെ[u]
അധികാരപത്രം ഉണ്ട് എന്ന് ഉ
ത്തരം പറഞ്ഞു. 15 കർത്താവ്
അവനോട്: നീ പോക; അവൻ[v]
എന്റെ നാമം ജാതികൾക്കും[w] രാജാ
ക്കന്മാർക്കും[x] യിസ്രായേൽമക്കൾ
ക്കും മുമ്പിൽ വഹിപ്പാൻ ഞാൻ
തിരഞ്ഞെടുത്തിരിക്കുന്നൊരു
പാത്രം[y] ആകുന്നു.[v] 16 എന്റെ
നാമത്തിനുവേണ്ടി[z] അവൻ എന്തെ
ല്ലാം കഷ്ടം അനുഭവിക്കേണ്ടതാ
കുന്നു[a] എന്നു ഞാൻ അവനെ
കാണിക്കും[b] എന്നു പറഞ്ഞു.
17 അങ്ങനെ അനന്യാസ് ആ വീ
ട്ടിൽ ചെന്ന്[c] അവന്റെമേൽ കൈ
വച്ചു:[d] ശൗലേ, സഹോദരാ, നീ
കാഴ്ച പ്രാപിച്ചു പരിശുദ്ധാത്മ
പൂർണ്ണൻ ആകേണ്ടതിനു[e] നീ വന്ന
വഴിയിൽ നിനക്കു പ്രത്യക്ഷനായ
യേശു എന്ന കർത്താവ് എന്നെ
അയച്ചിരിക്കുന്നു എന്നു പറഞ്ഞു.
18 ഉടനെ അവന്റെ കണ്ണിൽനിന്നു
ചെതുമ്പൽപോലെ വീണു; കാഴ്ച
ലഭിച്ച്[f] അവൻ എഴുന്നേറ്റു സ്നാനം
ഏല്ക്കയും[g] ആഹാരം കൈക്കൊ
ണ്ടു ബലം പ്രാപിക്കയും[h] ചെയ്തു.
19 അവൻ ദമസ്കൊസിലുള്ള
ശിഷ്യന്മാരോടുകൂടെ കുറെനാൾ
പാർത്തു,[i] 20 യേശു തന്നെ ദൈവ
പുത്രൻ എന്നു[j] പള്ളികളിൽ
പ്രസംഗിച്ചു. 21 കേട്ടവർ എല്ലാ
വരും വിസ്മയിച്ചു: യെരൂശലേമിൽ
ഈ നാമം വിളിച്ചപേക്ഷിക്കുന്ന
വർക്കു[k] നാശം ചെയ്തവൻ[l] ഇവ
നല്ലയോ? ഇവിടെയും അവരെ
പിടിച്ചുകെട്ടി മഹാപുരോഹിതന്മാ
രുടെ അടുക്കൽ കൊണ്ടുപോകു
വാനല്ലോ വന്നത് എന്നു പറഞ്ഞു.
22 ശൗലോ മേല്ക്കുമേൽ ശക്തി
പ്രാപിച്ചു,[m] യേശുതന്നെ ക്രിസ്തു
എന്ന്[n] തെളിയിച്ചു ദമസ്കൊ
സിൽ പാർക്കുന്ന യെഹൂദന്മാരെ
മിണ്ടാതാക്കി.[o]
23 കുറെനാൾ കഴിഞ്ഞപ്പോൾ[p]
യെഹൂദന്മാർ അവനെ കൊല്ലു
വാൻ ആലോചിച്ചു. 24 ശൗൽ
അവരുടെ കൂട്ടുകെട്ട് അറിഞ്ഞു;[q]

14.[u] *അപ്പൊ.പ്ര.9:21*
15.[v] *(അപ്പൊ.പ്ര.13:2; റോമ.1:2; ഗലാ.1:15; എഫെ.3:7)*
[w] *റോമ.1:6;11:13; 15:15; ഗലാ.1:16;2:2,7-9; എഫെ.3:7,8; 1തിമൊ.2:7; 2തിമൊ.4:17*
[x] *അപ്പൊ.പ്ര. 25:22,23; 26:1,32; 2തിമൊ.4:16*
[y] *റോമ.9:22,23; 2തിമൊ.2:20,21*
16.[z] *അപ്പൊ.പ്ര.5:41*
[a] *അപ്പൊ.പ്ര.9:6; (അപ്പൊ.പ്ര.14:22; 2കൊരി.6:4,5,6; 11:23-28)*
[b] *അപ്പൊ.പ്ര. 20:23; 21:4,11; 1തെസ്സ.3:3*
17.[c] *അപ്പൊ.പ്ര. 22:12-14*
[d] *അപ്പൊ.പ്ര.9:12*
[e] *അപ്പൊ.പ്ര.2:4*
18.[f] *അപ്പൊ.പ്ര.22:13*
[g] *അപ്പൊ.പ്ര.22:16*
[h] *(അപ്പൊ.പ്ര.9:9)*
19.[i] *അപ്പൊ.പ്ര.26:20*
20.[j] *(അപ്പൊ.പ്ര.9:22)*
21.[k] *അപ്പൊ.പ്ര. 9:13,14*
[l] *ഗലാ.1:13,23*
22.[m] *1തിമൊ.1:12*
[n] *(അപ്പൊ.പ്ര.9:20)*
[o] *അപ്പൊ.പ്ര.18:28*
23.[p] *(ഗലാ.1:17,18)*
24.[q] *അപ്പൊ.പ്ര. 20:3,19; 23:30; (അപ്പൊ.പ്ര.23:12; 25:3,4)*

[r] *2കൊരി.11:32*
25.[s] *2കൊരി.11:33 (യോശു.2:15; 1ശമൂ.19:12)*
26.[t] *അപ്പൊ.പ്ര. 22:17-20; 26:20*
27.[u] *അപ്പൊ.പ്ര.4:36*
[v] *(ഗലാ.1:18,19)*

അവനെ കൊല്ലുവാൻ അവർ രാവും
പകലും നഗരഗോപുരങ്ങളിൽ കാ
വൽ വച്ചു.[r] 25 എന്നാൽ അവന്റെ
ശിഷ്യന്മാർ രാത്രിയിൽ അവനെ
ഒരു കുട്ടയിലാക്കി മതിൽവഴി
യായി ഇറക്കിവിട്ടു.[s]
26 അവൻ യെരൂശലേമിൽ എ
ത്തിയാറെ[t] ശിഷ്യന്മാരോടു ചേരു
വാൻ ശ്രമിച്ചു; എന്നാൽ അവൻ
ഒരു ശിഷ്യൻ എന്ന് വിശ്വസിക്കാ
തെ എല്ലാവരും അവനെ പേടിച്ചു.
27 ബർന്നബാസോ[u] അവനെ കൂട്ടി
അപ്പൊസ്തലന്മാരുടെ അടുക്കൽ
കൊണ്ടുചെന്നു;[v] അവൻ വഴിയിൽ
വച്ചു കർത്താവിനെ കണ്ടതും[w]
കർത്താവ് അവനോട് സംസാരി
ച്ചതും ദമസ്കൊസിൽ[x] അവൻ
യേശുവിന്റെ നാമത്തിൽ പ്രാഗല്ഭ്യ
ത്തോടെ പ്രസംഗിച്ചതും എല്ലാം[y]
അവരോട് വിവരിച്ചുപറഞ്ഞു.
28 പിന്നെ അവൻ യെരൂശലേമിൽ
അവരുമായി പെരുമാറുകയും[z] കർ
ത്താവിന്റെ നാമത്തിൽ പ്രാഗല്ഭ്യ
ത്തോടെ പ്രസംഗിക്കയും ചെയ്തു
പോന്നു. 29 യവനഭാഷക്കാരായ
യെഹൂദന്മാരോടും[a] അവൻ സംഭാ
ഷിച്ചു തർക്കിച്ചു; അവരോ അവനെ
കൊല്ലുവാൻ വട്ടംകൂട്ടി.[b] 30 സഹോ
ദരന്മാർ[c] അത് അറിഞ്ഞ് അവനെ
കൈസര്യയിലേക്കു കൂട്ടിക്കൊണ്ടു
പോയി, അവിടെനിന്നു തർസൊ
സിലേക്ക്[d] അയച്ചു.
31 അങ്ങനെ യെഹൂദ്യ, ഗലീല,
ശമര്യ എന്നീ ദേശങ്ങളിലൊക്കെയും
സഭയ്ക്കു സമാധാനം ഉണ്ടായി,[e]
അത് ആത്മികവർധന പ്രാപിച്ചും
കർത്താവിനോടുള്ള ഭക്തിയിലും
പരിശുദ്ധാത്മാവിന്റെ പ്രബോധന
യിലും നടന്നും[f] പെരുകിക്കൊണ്ടി
രുന്നു.[g]
32 പത്രൊസ് എല്ലാടവും സഞ്ച
രിക്കയിൽ[h] ലുദ്ദയിൽ പാർക്കുന്ന

[w] *അപ്പൊ.പ്ര.9:3-6* [x] *അപ്പൊ.പ്ര.9:19,20,22* [y] *അപ്പൊ.പ്ര.4:30* 28.[z] *അപ്പൊ.പ്ര.1:21* 29.[a] *അപ്പൊ.പ്ര.6:1* [b] *(അപ്പൊ.പ്ര.22:18)* 30.[c] *യോഹ.21:23* [d] *(അപ്പൊ.പ്ര.11:25; ഗലാ.1:21)* 31.[e] *(അപ്പൊ.പ്ര.8:1;16:5)* [f] *(നെഹെ.5:9)* [g] *അപ്പൊ.പ്ര.9:35,42* 32.[h] *(അപ്പൊ.പ്ര.8:25)*

വിശുദ്ധന്മാരുടെ അടുക്കലും ചെന്നു;
33 അവിടെ പക്ഷവാതം പിടിച്ച്
എട്ടു സംവത്സരമായി കിടപ്പിൽ
ആയിരുന്ന ഐനെയാസ് എന്നു
പേരുള്ളൊരു മനുഷ്യനെ കണ്ടു.
34 പത്രൊസ് അവനോട്: ഐനെ
യാസേ, യേശുക്രിസ്തു നിന്നെ
സൗഖ്യമാക്കുന്നു;[i] എഴുന്നേറ്റു
താനായി തന്നെ കിടക്ക വിരിച്ചു
കൊൾക എന്നു പറഞ്ഞു; ഉടനെ
അവൻ എഴുന്നേറ്റു. 35 ലുദ്ദയിലും[j]
ശാരോനിലും[k] പാർക്കുന്നവർ[j] എല്ലാ
വരും അവനെ കണ്ടു കർത്താവിങ്ക
ലേക്കു തിരിഞ്ഞു.[l]
36 യോപ്പയിൽ[m] പേടമാൻ എ
ന്നർഥമുള്ള തബീഥാ എന്നു പേരു
ള്ളൊരു ശിഷ്യ ഉണ്ടായിരുന്നു; അ
വൾ വളരെ സൽപ്രവൃത്തികളും[n] ധർ
മങ്ങളും ചെയ്തുപോന്നവളായിരു
ന്നു. 37 ആ കാലത്ത് അവൾ ദീനം
പിടിച്ചു മരിച്ചു; അവർ അവളെ
കുളിപ്പിച്ച് ഒരു മാളികമുറിയിൽ[o]
കിടത്തി. 38 ലുദ്ദ യോപ്പയ്ക്കു
സമീപമാകയാൽ പത്രൊസ് അ
വിടെ ഉണ്ടെന്നു ശിഷ്യന്മാർ കേട്ടു:
നീ താമസിയാതെ[p] ഞങ്ങളുടെ
അടുക്കലോളം വരേണം എന്ന് അ
പേക്ഷിപ്പാൻ രണ്ട് ആളെ അവന്റെ
അടുക്കൽ അയച്ചു. 39 പത്രൊസ്
എഴുന്നേറ്റ് അവരോടുകൂടെ ചെന്നു.
എത്തിയപ്പോൾ അവർ അവനെ
മാളികമുറിയിൽ[q] കൊണ്ടുപോയി;
അവിടെ വിധവമാർ എല്ലാവരും കര
ഞ്ഞുകൊണ്ടും തബീഥാ തങ്ങളോ
ടുകൂടെ ഉള്ളപ്പോൾ ഉണ്ടാക്കിയ
കുപ്പായങ്ങളും ഉടുപ്പുകളും കാണി
ച്ചുകൊണ്ടും അവന്റെ ചുറ്റും
നിന്നു. 40 പത്രൊസ് അവരെയൊ
ക്കെയും പുറത്തിറക്കി[r] മുട്ടുകുത്തി
പ്രാർഥിച്ചു[s] ശവത്തിന്റെ നേരേ
തിരിഞ്ഞു: തബീഥായേ, എഴുന്നേ
ല്ക്ക എന്ന് പറഞ്ഞു;[t] അവൾ കണ്ണു
തുറന്നു പത്രൊസിനെ കണ്ട് എഴു
ന്നേറ്റ് ഇരുന്നു. 41 അവൻ കൈ
കൊടുത്ത് അവളെ എഴുന്നേല്പിച്ചു,
വിശുദ്ധന്മാരെയും വിധവമാരെയും
വിളിച്ച് അവളെ ജീവനുള്ളവളായി

34.[i] (അപ്പൊ.പ്ര.3:6)
35.[j] (അപ്പൊ.പ്ര. 9:31,42)
[k] 1ദിന.5:16;27:29; ഉത്തമ.2:1; (യെശ.33:9)
[l] അപ്പൊ.പ്ര.11:21; 2കൊരി.3:16
36.[m] യോശു.19:46
[n] 1തിമൊ.2:10; (റോമ.13:3 2കൊരി.9:8; എഫെ.2:10; തീത്തൊ.3:1,8)
37.[o] അപ്പൊ.പ്ര. 9:39; 1:13;20:8
38.[p] സംഖ്യാ.22:16
39.[q] അപ്പൊ.പ്ര.9:37
40.[r] മത്താ.9:25
[s] അപ്പൊ.പ്ര.7:60
[t] (മർക്കൊ.5:41; യോഹ.11:43)
42.[u] (യോഹ.11:45; 12:11)
43.[v] അപ്പൊ.പ്ര.10:6

അധ്യായം 10

1.[a] മത്താ.27:27; മർക്കൊ. 15:16; യോഹ.18:3,12
2.[b] അപ്പൊ.പ്ര. 10:22;13:16,26
3.[c] അപ്പൊ.പ്ര.3:1
[d] അപ്പൊ.പ്ര.8:26
[e] അപ്പൊ.പ്ര.10:17,19
4.[f] മത്താ.26:13; മർക്കൊ.14:9; (അപ്പൊ.പ്ര.10:31; എബ്രാ.6:10)
[g] വെളി.8:4; (സങ്കീ.141:2; ദാനീ.10:12)
6.[h] അപ്പൊ.പ്ര.9:43
7.[i] ലൂക്കൊ.16:13; റോമ.14:4; 1പത്രൊ.2:18

അവരുടെ മുമ്പിൽ നിറുത്തി. 42 ഇ
തു യോപ്പയിൽ എങ്ങും പ്രസിദ്ധ
മായി, പലരും കർത്താവിൽ വിശ്വ
സിച്ചു.[u] 43 പിന്നെ അവൻ തോ
ല്ക്കൊല്ലനായ ശിമോൻ എന്ന
ഒരുത്തനോടുകൂടെ[v] വളരെനാൾ
യോപ്പയിൽ പാർത്തു.

❋ ❋ ❋

***1. കൊർന്നേല്യൊസ് പത്രൊസിന് ആളയച്ചത് 9. പത്രൊസിനു ഉണ്ടായ ദർശനം 34. അവൻ പ്രസംഗിച്ചത് 44. കേട്ടവരുടെമേൽ പരിശുദ്ധാത്മാവ് ഇറങ്ങിയത്.***

**10** കൈസര്യയിൽ ഇത്താലിക
എന്ന പട്ടാളത്തിൽ[a] കൊർ
ന്നേല്യൊസ് എന്നു പേരുള്ളൊരു
ശതാധിപൻ ഉണ്ടായിരുന്നു. 2 അ
വൻ ഭക്തനും തന്റെ സകല ഗൃഹ
ത്തോടുംകൂടെ ദൈവത്തെ ഭയപ്പെ
ടുന്നവനു[b]മായി ജനത്തിനു വളരെ
ധർമം കൊടുത്തും എപ്പോഴും
ദൈവത്തോടു പ്രാർഥിച്ചും പോന്നു.
3 അവൻ പകൽ ഏകദേശം ഒമ്പ
താം മണി നേരത്ത്[c] ഒരു ദർശന
ത്തിൽ ഒരു ദൈവദൂതൻ[d] തന്റെ
അടുക്കൽ അകത്തു വരുന്നത്
സ്പഷ്ടമായി കണ്ടു;[e] കൊർന്നേ
ല്യൊസേ, എന്നു തന്നോടു പറയു
ന്നതും കേട്ടു. 4 അവൻ അവനെ
ഉറ്റുനോക്കി ഭയപരവശനായി:
എന്താകുന്നു കർത്താവേ എന്നു
ചോദിച്ചു. അവൻ അവനോട്: നിന്റെ
പ്രാർഥനയും ധർമവും ദൈവത്തി
ന്റെ മുമ്പിൽ[f] എത്തിയിരിക്കുന്നു.[g]
5 ഇപ്പോൾ യോപ്പയിലേക്ക് ആള
യച്ച്, പത്രൊസ് എന്നു മറുപേരുള്ള
ശിമോനെ വരുത്തുക. 6 അവൻ
തോല്ക്കൊല്ലനായ ശിമോൻ എ
ന്നൊരുവനോടുകൂടെ[h] പാർക്കു
ന്നു. അവന്റെ വീടു കടല്പുറത്ത്
ആകുന്നു എന്നു പറഞ്ഞു. 7 അവ
നോട് സംസാരിച്ച ദൂതൻ പോയശേ
ഷം അവൻ തന്റെ വേലക്കാരിൽ[i]
രണ്ടു പേരെയും തന്റെ അടുക്കൽ
അകമ്പടി നില്ക്കുന്നവരിൽ ദൈവ
ഭക്തനായൊരു പടയാളിയെയും
വിളിച്ചു 8 സകലവും വിവരിച്ചു
പറഞ്ഞു യോപ്പയിലേക്ക് അയച്ചു.

9 [j]പിറ്റന്നാൾ അവർ യാത്രചെ
യ്തു പട്ടണത്തോടു സമീപിക്കു
മ്പോൾ പത്രൊസ് ആറാം മണി
നേരത്ത്[k] പ്രാർഥിപ്പാൻ വെൺമാട
ത്തിൽ[l] കയറി. 10 അവൻ വളരെ
വിശന്നിട്ടു ഭക്ഷിപ്പാൻ ആഗ്രഹിച്ചു;
അവർ ഒരുക്കുമ്പോഴേക്ക് അവന്
ഒരു വിവശത വന്നു.[m] 11 ആകാശം
തുറന്നിരിക്കുന്നതും[n] വലിയൊരു
തുപ്പട്ടിപോലെ നാലു കോണും
കെട്ടിയിട്ടു ഭൂമിയിലേക്ക് ഇറക്കി
വിട്ടൊരു പാത്രം വരുന്നതും അവൻ
കണ്ടു. 12 അതിൽ ഭൂമിയിലെ
സകലവിധ നാല്ക്കാലിയും ഇഴ
ജാതിയും ആകാശത്തിലെ പറവ
യും ഉണ്ടായിരുന്നു. 13 പത്രൊസേ,
എഴുന്നേറ്റ് അറുത്തു തിന്നുക എന്ന്
ഒരു ശബ്ദം ഉണ്ടായി. 14 അതിനു
പത്രൊസ്: ഒരിക്കലും പാടില്ല; കർ
ത്താവേ, മലിനമോ[o] അശുദ്ധമോ[p]
ആയതൊന്നും ഞാൻ ഒരുനാളും
തിന്നിട്ടില്ലല്ലോ.[q] 15 ആ ശബ്ദം
രണ്ടാം പ്രാവശ്യം അവനോട്:
ദൈവം ശുദ്ധീകരിച്ചത് നീ മലിന
മെന്നു വിചാരിക്കരുത്[r] എന്നു പറ
ഞ്ഞു. 16 ഇങ്ങനെ മൂന്നു പ്രാവശ്യം
ഉണ്ടായി; ഉടനെ പാത്രം തിരികെ
ആകാശത്തിലേക്കു വലിച്ചെടുത്തു.
17 ഈ കണ്ട ദർശനം[s] എന്താ
യിരിക്കും എന്ന് പത്രൊസ് ഉള്ളിൽ
ചഞ്ചലിച്ചു കൊണ്ടിരിക്കുമ്പോൾ
കൊർന്നേല്യൊസ് അയച്ച പുരു
ഷന്മാർ ശിമോന്റെ വീടു ചോദിച്ചു
കൊണ്ടു പടിവാതിൽക്കൽ നിന്നു:[t]
18 പത്രൊസ് എന്നു മറുപേരുള്ള
ശിമോൻ ഇവിടെ പാർക്കുന്നുണ്ടോ
എന്ന് വിളിച്ചു ചോദിച്ചു. 19 പ
ത്രൊസ് ദർശനത്തെ[s]ക്കുറിച്ചു ചിന്തി
ച്ചുകൊണ്ടിരിക്കുമ്പോൾ ആത്മാവ്[u]
അവനോട്: മൂന്നു പുരുഷന്മാർ
നിന്നെ അന്വേഷിക്കുന്നു; 20 നീ
എഴുന്നേറ്റ് ഇറങ്ങിച്ചെല്ലുക; ഞാൻ
അവരെ അയച്ചതാകകൊണ്ട് ഒന്നും
സംശയിക്കാതെ അവരോടുകൂടെ
പോക[v] എന്നു പറഞ്ഞു. 21 പത്രൊസ്
ആ പുരുഷന്മാരുടെ അടുക്കൽ
ഇറങ്ങിച്ചെന്നു: നിങ്ങൾ അന്വേഷി
ക്കുന്നവൻ ഞാൻതന്നെ; നിങ്ങൾ
വന്ന സംഗതി എന്ത് എന്നു ചോ
ദിച്ചു. 22 അതിന് അവർ: നീതി
മാനും ദൈവഭക്തനും[w] യെഹൂദ
ന്മാരുടെ സകല ജാതിയാലും നല്ല
സാക്ഷ്യംകൊണ്ടവനും ആയ കൊർ
ന്നേല്യൊസ് എന്ന ശതാധിപനു
നിന്നെ വീട്ടിൽ വരുത്തി നിന്റെ
പ്രസംഗം കേൾക്കേണം[x] എന്ന്
ഒരു വിശുദ്ധദൂതനാൽ[y] അരുളപ്പാ
ടുണ്ടായിരിക്കുന്നു എന്നു പറഞ്ഞു.
23 അവൻ അവരെ അകത്തു
വിളിച്ചു പാർപ്പിച്ചു; പിറ്റന്നാൾ എഴു
ന്നേറ്റ് അവരോടുകൂടെ പുറപ്പെട്ടു;
യോപ്പയിലെ സഹോദരന്മാർ[z] ചി
ലരും[a] അവനോടുകൂടെ പോയി.
24 പിറ്റന്നാൾ കൈസര്യയിൽ
എത്തി; അവിടെ കൊർന്നേല്യൊസ്
ചാർച്ചക്കാരെയും അടുത്ത സ്നേ
ഹിതന്മാരെയും കൂട്ടിവരുത്തി, അ
വർക്കായി കാത്തിരുന്നു. 25 പ
ത്രൊസ് അകത്തു കയറിയപ്പോൾ
കൊർന്നേല്യൊസ് എതിരേറ്റ് അ
വന്റെ കാല്ക്കൽ വീണു[b] നമസ്ക
രിച്ചു.[c] 26 പത്രൊസോ: എഴുന്നേ
ല്ക്ക,[d] ഞാനും ഒരു മനുഷ്യനത്രേ
എന്നു പറഞ്ഞ് അവനെ എഴുന്നേ
ല്പിച്ചു. 27 അവനോടു സംഭാഷി
ച്ചുംകൊണ്ടു അകത്തു ചെന്നു,
അനേകർ വന്നുകൂടിയിരിക്കുന്നതു
കണ്ട് അവനോട്: 28 അന്യജാതി
ക്കാരന്റെ അടുക്കൽ ചെല്ലുന്നതും
അവനുമായി പെരുമാറ്റം ചെയ്യുന്ന
തും[e] യെഹൂദനു നിഷിദ്ധം എന്നു
നിങ്ങൾ അറിയുന്നുവല്ലോ. എങ്കിലും
ഒരു മനുഷ്യനെയും മലിനനോ
അശുദ്ധനോ എന്ന് പറയരുതെന്നു
ദൈവം എനിക്കു കാണിച്ചുതന്നി
രിക്കുന്നു.[f] 29 അതുകൊണ്ടാകുന്നു
നിങ്ങൾ ആളയച്ചപ്പോൾ ഞാൻ
എതിർപറയാതെ വന്നത്; എന്നാൽ
എന്നെ വിളിപ്പിച്ച സംഗതി എന്ത്
എന്ന് അറിഞ്ഞാൽ കൊള്ളാം എ
ന്നു പറഞ്ഞു. 30 അതിന് കൊർ
ന്നേല്യൊസ്: നാലാകുന്നാൾ[g] ഈ
നേരത്തു ഞാൻ വീട്ടിൽ ഒമ്പതാം
മണി നേരത്തെ പ്രാർഥന[h] കഴിച്ചു

9.[j] *അപ്പൊ.പ്ര. 10:9 - 32ക്കു. അപ്പൊ.പ്ര. 11:5 - 14കാ.*
[k] *സങ്കീ.55:17*
[l] *(2രാജാ.23:12; യിരെ.19:13;32:29; സെഫ.1:5); 1ശമൂ.9:25*
10.[m] *അപ്പൊ.പ്ര. 22:17*
11.[n] *യോഹ.1:51*
14.[o] *അപ്പൊ.പ്ര. 10:28*
[p] *ലേവ്യാ.11:2 - 47; 20:25; ആവ.14:4 - 20*
[q] *യെഹെ.4:14; ദാനീ.1:8*
15.[r] *റോമ.14:2,14,20; 1തിമൊ.4:4; തീത്തൊ.1:15; (മത്താ.15:11; മർക്കൊ.7:15,19; 1കൊരി.10:25)*
17.[s] *അപ്പൊ.പ്ര.10:3*
[t] *അപ്പൊ.പ്ര.10:7,8*
19.[s] *(വാ.17കാ.)*
[u] *അപ്പൊ.പ്ര.8:29*
20.[v] *(അപ്പൊ.പ്ര. 15:7 - 9)*
22.[w] *അപ്പൊ.പ്ര.10:2*
[x] *അപ്പൊ.പ്ര.11:14*
[y] *മർക്കൊ.8:38*
23.[z] *യോഹ.21:23*
[a] *അപ്പൊ.പ്ര.10:46; (അപ്പൊ.പ്ര.11:12)*
25.[b] *അപ്പൊ.പ്ര. 16:29; ദാനീ.2:46*
[c] *മത്താ.8:2*
26.[d] *വെളി.19:10; 22:8,9; (അപ്പൊ.പ്ര.14:15)*
28.[e] *(അപ്പൊ.പ്ര.11:3; യോഹ.4:9;18:28; ഗലാ.2:12)*
[f] *(അപ്പൊ.പ്ര.10:35); അപ്പൊ.പ്ര.10:14,15*
30.[g] *അപ്പൊ.പ്ര. 10:9,23,24*
[h] *അപ്പൊ.പ്ര.3:1*

കൊണ്ടിരിക്കുമ്പോൾ ശുഭ്രവസ്ത്രം
ധരിച്ചൊരു പുരുഷൻ[i] എന്റെ മു
മ്പിൽ നിന്നു: 31 കൊർന്നേല്യൊ
സേ, ദൈവം നിന്റെ പ്രാർഥന കേട്ടു
നിന്റെ ധർമം ഓർത്തിരിക്കുന്നു.[j]
32 യോപ്പയിലേക്ക് ആളയച്ചു പ
ത്രൊസ് എന്നു മറുപേരുള്ള ശിമോ
നെ വിളിപ്പിക്ക; അവൻ കടല്പുറ
ത്തു തോല്ക്കൊല്ലനായ ശിമോന്റെ
വീട്ടിൽ പാർക്കുന്നു എന്നു പറഞ്ഞു.
33 ക്ഷണത്തിൽ ഞാൻ നിന്റെ അടു
ക്കൽ ആളയച്ചു: നീ വന്നത് ഉപ
കാരം. കർത്താവ് നിന്നോടു കല്പി
ച്ചതൊക്കെയും കേൾപ്പാൻ ഞങ്ങൾ
എല്ലാവരും ഇവിടെ ദൈവത്തിന്റെ
മുമ്പാകെ കൂടിയിരിക്കുന്നു എന്നു
പറഞ്ഞു.

34 അപ്പോൾ പത്രൊസ് വായ്
തുറന്നു പറഞ്ഞു തുടങ്ങിയത്: ദൈ
വത്തിനു മുഖപക്ഷ[k]മില്ല[l] എന്നും
35 ഏതു ജാതിയിലും[k] അവനെ
ഭയപ്പെട്ടു നീതി പ്രവർത്തിക്കുന്ന
വനെ[m] അവൻ അംഗീകരിക്കുന്നു
എന്നും ഞാൻ ഇപ്പോൾ യഥാർഥ
മായി ഗ്രഹിക്കുന്നു. 36 അവൻ
എല്ലാവരുടെയും കർത്താവായ[n]
യേശുക്രിസ്തുമൂലം സമാധാനം[o]
സുവിശേഷിച്ചുകൊണ്ടു[p] യിസ്രാ
യേൽമക്കൾക്ക് അയച്ച വചനം,[q]
37 യോഹന്നാൻ പ്രസംഗിച്ച സ്നാന
ത്തിന്റെശേഷം ഗലീലയിൽ[r] തുടങ്ങി[s]
യെഹൂദ്യയിലൊക്കെയും ഉണ്ടായ
വർത്തമാനം, 38 നസറായനായ
യേശുവിനെ ദൈവം[t] പരിശുദ്ധാത്മാ
വിനാലും[u] ശക്തിയാലും[v] അഭി
ഷേകം ചെയ്തതും[t] ദൈവം അവ
നോടുകൂടെ ഇരുന്നതുകൊണ്ട്[w]
അവൻ നന്മ ചെയ്തും പിശാചു
ബാധിച്ചവരെ[x]യൊക്കെയും സൗഖ്യ
മാക്കിയുംകൊണ്ടു സഞ്ചരിച്ചതു
മായ വിവരംതന്നെ നിങ്ങൾ അറി
യുന്നുവല്ലോ. 39 യെഹൂദ്യദേശ
ത്തിലും യെരൂശലേമിലും അവൻ
ചെയ്ത സകലത്തിനും ഞങ്ങൾ
സാക്ഷികൾ ആകുന്നു.[y] അവനെ
അവർ മരത്തിന്മേൽ തൂക്കിക്കൊ
ന്നു;[z] 40 ദൈവം അവനെ[a] മൂന്നാം
നാൾ[b] ഉയിർത്തെഴുന്നേല്പിച്ചു,[a]
41 സകല ജനത്തിനുമല്ല,[c] ദൈവം
മുമ്പുകൂട്ടി നിയമിച്ച സാക്ഷിക
ളായി,[d] അവൻ മരിച്ചവരിൽനിന്ന്
ഉയിർത്തെഴുന്നേറ്റശേഷം അവ
നോടുകൂടെ തിന്നുകുടിച്ചവരായ[e]
ഞങ്ങൾക്കുതന്നെ പ്രത്യക്ഷനാക്കി
ത്തന്നു.[f] 42 ജീവികൾക്കും മരി
ച്ചവർക്കും [g]ന്യായാധിപതിയായി
ദൈവത്താൽ നിയമിക്കപ്പെട്ടവൻ
അവൻതന്നെ[h] എന്ന് ജനത്തോടു
പ്രസംഗിച്ചു സാക്ഷീകരിപ്പാൻ അവൻ
ഞങ്ങളോട് കല്പിച്ചു.[i] 43 അവ
നിൽ വിശ്വസിക്കുന്ന ഏവനും[j] അവ
ന്റെ നാമംമൂലം[k] പാപമോചനം[l]
ലഭിക്കും എന്ന് സകല പ്രവാചക
ന്മാരും[m] സാക്ഷ്യം പറയുന്നു.[n]

44 ഈ വാക്കുകളെ പത്രൊസ്
പ്രസ്താവിക്കുമ്പോൾതന്നെ വ
ചനം കേട്ട എല്ലാവരുടെമേലും
പരിശുദ്ധാത്മാവ് വന്നു.[o] 45 അവർ
അന്യഭാഷകളിൽ സംസാരിക്കു
ന്നതും[p] ദൈവത്തെ മഹത്ത്വീകരി
ക്കുന്നതും കേൾക്കയാൽ 46 പത്രൊ
സിനോടുകൂടെ വന്ന പരിച്ഛേദന
ക്കാരായ വിശ്വാസികൾ[q] പരിശു
ദ്ധാത്മാവ് എന്ന ദാനം[r] ജാതിക
ളുടെമേലും പകർന്നതു കണ്ട്[s]
വിസ്മയിച്ചു. 47 നമ്മെപ്പോലെ[t]
പരിശുദ്ധാത്മാവ് ലഭിച്ച ഇവരെ
സ്നാനം കഴിപ്പിച്ചു കൂടാതവണ്ണം
വെള്ളം വിലക്കുവാൻ ആർക്കു
കഴിയും[u] എന്നു പറഞ്ഞു. 48 പ
ത്രൊസ് അവരെ യേശുക്രിസ്തു
വിന്റെ നാമത്തിൽ സ്നാനം കഴി
പ്പിപ്പാൻ[v] കല്പിച്ചു.[w] അവൻ ചില
ദിവസം അവിടെ താമസിക്കേണം
എന്ന് അവർ അപേക്ഷിച്ചു.

❋ ❋ ❋

30.[i] (അപ്പൊ.പ്ര.1:10)
31.[j] അപ്പൊ.പ്ര.10:4
34.[k] സദൃ.24:23; യാക്കോ.2:1,9; (യൂദാ.16)
[l] (അപ്പൊ.പ്ര. 10:28;15:19; ആവ.1:17; റോമ.3:29) ആവ.10:17
35.[k] (വാ.34 കാ.)
[m] യെശ.64:5
36.[n] റോമ.10:12; (വെളി.17:14;19:16) അപ്പൊ.പ്ര.2:36; മത്താ.28:18
[o] ലൂക്കൊ.2:14
[p] യെശ.52:7; നഹൂം.1:15; എഫെ.2:17
[q] അപ്പൊ.പ്ര.13:26; സങ്കീ.107:20; 147:18,19
37.[r] മത്താ.4:12; മർക്കൊ.1:14
[s] ലൂക്കൊ.24:47
38.[t] (മത്താ.3:16; യോഹ.1:32,33) അപ്പൊ.പ്ര.4:26
[u] (അപ്പൊ.പ്ര.1:1; 2:22; മത്താ.12:28; ലൂക്കൊ.4:18; റോമ.1:5)
[v] (ലൂക്കൊ.6:19)
[w] യോഹ.8:29;10:38
[x] മത്താ.4:24; ലൂക്കൊ.13:16
39.[y] അപ്പൊ.പ്ര. 10:41;2:32; ലൂക്കൊ.24:48
[z] അപ്പൊ.പ്ര.5:30
40.[a] അപ്പൊ.പ്ര.2:24
[b] ലൂക്കൊ.9:22
41.[c] (യോഹ.14:21,22)
[d] അപ്പൊ.പ്ര.10:39
[e] അപ്പൊ.പ്ര.1:4
[f] അപ്പൊ.പ്ര.1:3
42.[g] 2തിമൊ.4:1; 1പത്രൊ.4:5; (റോമ.14:9,10; 1തെസ്സ.4:15,17)
[h] അപ്പൊ.പ്ര.17:31; 24:25; യോഹ.5:22,27; 2കൊരി.5:10; മത്താ.16:27 [i] അപ്പൊ.പ്ര.1:1
43.[j] അപ്പൊ.പ്ര.11:17; 13:39;15:9; റോമ.9:33;10:11; ഗലാ.3:22 [k] അപ്പൊ.പ്ര.2:38;4:12; യോഹ.20:31; 1യോഹ.2:12 [l] അപ്പൊ.പ്ര.5:31 [m] അപ്പൊ.പ്ര.3:18,24; ലൂക്കൊ.24:27 [n] അപ്പൊ.പ്ര.26:22; റോമ.3:21,22; (യിരെ.31:34) 44.[o] അപ്പൊ.പ്ര.11:15;15:8; 1തെസ്സ.1:5; അപ്പൊ.പ്ര.2:4 45.[p] മർക്കൊ.16:17 46.[q] അപ്പൊ.പ്ര.10:23; (അപ്പൊ.പ്ര.11:2) [r] അപ്പൊ.പ്ര.2:38 [s] അപ്പൊ.പ്ര.2:17 47.[t] അപ്പൊ.പ്ര.2:4; 11:17;15:8 [u] അപ്പൊ.പ്ര.8:36 48.[v] അപ്പൊ.പ്ര.2:38; 8:12,16 [w] (1കൊരി.1:16,17)

***1. യെരൂശലേമിലെ സഹോദരന്മാരോടു പത്രൊസിന്റെ പ്രതിവാദം 19. അന്ത്യൊക്യയിൽ ജാതികളിൽനിന്നു ആദ്യസഭ ഉണ്ടായത് 27. അഗബൊസിന്റെ പ്രവചനം.***

**11** ജാതികളും ദൈവവചനം
കൈക്കൊണ്ടു എന്ന് അപ്പൊ
സ്തലന്മാരും യെഹൂദ്യയിലുള്ള
സഹോദരന്മാരും[a] കേട്ടു. **2** പത്രൊസ്
യെരൂശലേമിൽ എത്തിയപ്പോൾ
പരിച്ഛേദനക്കാർ[b] അവനോട് വാദി
ച്ചു: **3** നീ അഗ്രചർമികളുടെ അടു
ക്കൽ ചെന്ന്[c] അവരോടുകൂടെ
ഭക്ഷിച്ചു[d] എന്നു പറഞ്ഞു. **4** പ
ത്രൊസ് കാര്യം ആദിമുതൽ ക്രമ
മായി അവരോട് വിവരിച്ചുപറഞ്ഞ
ത്: **5** [e]ഞാൻ യോപ്പാപട്ടണത്തിൽ
പ്രാർഥിച്ചുകൊണ്ടിരിക്കുമ്പോൾ
വിവശതയിൽ ഒരു ദർശനം കണ്ടു:
ആകാശത്തിൽനിന്നു നാലു കോ
ണും കെട്ടി ഇറക്കിയ വലിയ തുപ്പട്ടി
പോലെ ഒരു പാത്രം എന്റെ അടു
ക്കലോളം വന്നു. **6** അതിൽ ഞാൻ
സൂക്ഷിച്ചുനോക്കിയപ്പോൾ ഭൂമി
യിലെ നാല്ക്കാലികളെയും കാട്ടു
മൃഗങ്ങളെയും ഇഴജാതികളെയും
ആകാശത്തിലെ പറവകളെയും
കണ്ടു: **7** പത്രൊസേ, എഴുന്നേറ്റ്
അറുത്തു തിന്നുക എന്ന് എന്നോടു
പറയുന്നൊരു ശബ്ദവും കേട്ടു.
**8** അതിന് ഞാൻ: ഒരിക്കലും പാ
ടില്ല, കർത്താവേ, മലിനമോ അശു
ദ്ധമോ ആയതൊന്നും ഒരിക്കലും
എന്റെ വായിൽ ചെന്നിട്ടില്ലല്ലോ
എന്നു പറഞ്ഞു. **9** ആ ശബ്ദം
പിന്നെയും ആകാശത്തിൽനിന്ന്:
ദൈവം ശുദ്ധീകരിച്ചത് നീ മലിനം
എന്ന് വിചാരിക്കരുത് എന്ന് ഉത്തരം
പറഞ്ഞു. **10** ഇതു മൂന്നു പ്രാവശ്യം
ഉണ്ടായി; പിന്നെ എല്ലാം തിരികെ
ആകാശത്തിലേക്കു വലിച്ചെടുത്തു.
**11** അപ്പോൾതന്നെ കൈസര്യയിൽ
നിന്ന് എന്റെ അടുക്കൽ അയച്ചി
രുന്ന മൂന്നു പുരുഷന്മാർ ഞങ്ങൾ
പാർത്ത വീട്ടിന്റെ മുമ്പിൽ നിന്നി
രുന്നു; **12** ഒന്നും സംശയിക്കാതെ[f]
അവരോടുകൂടെ പോകുവാൻ
ആത്മാവ് എന്നോട് കല്പിച്ചു. ഈ
ആറു സഹോദരന്മാരും[g] എന്നോ
ടുകൂടെ പോന്നു; ഞങ്ങൾ ആ പുരു
ഷന്റെ വീട്ടിൽ ചെന്നു. **13** അവൻ
തന്റെ വീട്ടിൽ ഒരു ദൂതൻ നില്ക്കു
ന്നത് കണ്ടു എന്നും നീ യോപ്പ
യിലേക്ക് ആളയച്ചു പത്രൊസ്
എന്നു മറുപേരുള്ള ശിമോനെ വരു
ത്തുക; **14** നീയും നിന്റെ ഗൃഹം
മുഴുവനും രക്ഷിക്കപ്പെടുവാനുള്ള[h]
വാക്കുകളെ അവൻ നിന്നോടു സം
സാരിക്കും[i] എന്ന് ദൂതൻ പറഞ്ഞു
എന്നും ഞങ്ങളോട് അറിയിച്ചു.
**15** ഞാൻ സംസാരിച്ചു തുടങ്ങിയ
പ്പോഴേക്കും പരിശുദ്ധാത്മാവ്[j]
ആദിയിൽ നമ്മുടെമേൽ എന്ന
പോലെ[k] അവരുടെമേലും വന്നു.[j]
**16** അപ്പോൾ ഞാൻ: യോഹന്നാൻ
വെള്ളംകൊണ്ടു സ്നാനം കഴിപ്പിച്ചു;
നിങ്ങൾക്കോ പരിശുദ്ധാത്മാവു
കൊണ്ടു സ്നാനം ലഭിക്കും[l] എന്ന്
കർത്താവ് പറഞ്ഞ വാക്ക് ഓർത്തു.
**17** ആകയാൽ കർത്താവായ യേശു
ക്രിസ്തുവിൽ വിശ്വസിച്ചവരായ[m]
നമുക്കു തന്നതുപോലെ അതേ
ദാനത്തെ[n] അവർക്കും ദൈവം
കൊടുത്തു[o] എങ്കിൽ ദൈവത്തെ
തടുപ്പാൻ തക്കവണ്ണം[p] ഞാൻ ആർ?[q]
**18** അവർ ഇതു കേട്ടപ്പോൾ മിണ്ടാ
തിരുന്നു: അങ്ങനെ ആയാൽ ദൈവം
ജാതികൾക്കും[r] ജീവപ്രാപ്തിക്കായി
മാനസാന്തരം[s] നല്കിയല്ലോ[t] എ
ന്നു പറഞ്ഞു ദൈവത്തെ മഹത്വ
പ്പെടുത്തി.[u]

**19** സ്തെഫാനൊസ് നിമിത്തം
ഉണ്ടായ ഉപദ്രവം ഹേതുവാൽ
ചിതറിപ്പോയവർ[v] യെഹൂദന്മാരോ
ടല്ലാതെ മറ്റാരോടും വചനം സംസാ
രിക്കാതെ ഫൊയ്നീക്യ, കുപ്രൊസ്,
അന്ത്യൊക്യ എന്നീ പ്രദേശങ്ങ
ളോളം സഞ്ചരിച്ചു. **20** അവരിൽ
ചിലർ കുപ്രൊസ്കാരും കുറേന
ക്കാരും ആയിരുന്നു; അവർ അ
ന്ത്യൊക്യയിൽ എത്തിയശേഷം
യവനന്മാരോടും[w] കർത്താവായ
യേശുവിനെക്കുറിച്ചുള്ള സുവിശേഷം
അറിയിച്ചു.[x] **21** കർത്താവിന്റെ

**അധ്യായം 11**

1.[a] *അപ്പൊ.പ്ര.11:29; യോഹ.21:23*
2.[b] *അപ്പൊ.പ്ര.10:46; ഗലാ.2:12; കൊലൊ. 4:11; തീത്തൊ.1:10; (റോമ.4:12)*
3.[c] *ഗലാ.2:12,14; (അപ്പൊ.പ്ര.10:28)*
[d] *(ലൂക്കൊ.15:2)*
5.[e] *അപ്പൊ.പ്ര. 11:5 - 14ക്കു. അപ്പൊ.പ്ര. 10:9 - 32 കാ.*
12.[f] *അപ്പൊ.പ്ര.15:9*
[g] *അപ്പൊ.പ്ര. 10:23,46*
14.[h] *അപ്പൊ.പ്ര.10:2; 16:15,31 - 34;18:8; യോഹ.4:53*
[i] *അപ്പൊ.പ്ര.10:22*
15.[j] *അപ്പൊ.പ്ര.10:44*
[k] *അപ്പൊ.പ്ര.2:4*
16.[l] *അപ്പൊ.പ്ര.1:5; (അപ്പൊ.പ്ര.19:2); മത്താ.3:11*
17.[m] *എഫെ.1:13; അപ്പൊ.പ്ര.10:43*
[n] *അപ്പൊ.പ്ര.2:38*
[o] *അപ്പൊ.പ്ര.10:47*
[p] *അപ്പൊ.പ്ര.10:47; 5:39*
[q] *(റോമ.9:20)*
18.[r] *(അപ്പൊ.പ്ര. 13:47; മത്താ.8:11); അപ്പൊ.പ്ര.10:34,35*
[s] *(2കൊരി.7:10)*
[t] *അപ്പൊ.പ്ര.5:31*
[u] *അപ്പൊ.പ്ര.21:20*
19.[v] *അപ്പൊ.പ്ര.8:1,4*
20.[w] *യോഹ.7:35*
[x] *അപ്പൊ.പ്ര.5:42*

കൈ[y] അവരോടുകൂടെ ഉണ്ടായിരു
ന്നു; വലിയൊരു കൂട്ടം വിശ്വസിച്ചു
കർത്താവിങ്കലേക്ക് തിരിഞ്ഞു.[z]
**22** അവരെക്കുറിച്ചുള്ള ഈ വർ
ത്തമാനം യെരൂശലേമിലെ സഭ
യുടെ ചെവിയിൽ എത്തിയപ്പോൾ
അവർ ബർന്നബാസിനെ അന്ത്യൊ
ക്യയോളം പറഞ്ഞയച്ചു. **23** അവൻ
ചെന്നു ദൈവകൃപ[a] കണ്ടു സന്തോ
ഷിച്ചു. എല്ലാവരും ഹൃദയനിർണ്ണയ
ത്തോടെ[b] കർത്താവിനോടു ചേർ
ന്നു നില്പാൻ തക്കവണ്ണം പ്രബോ
ധിപ്പിച്ചു. **24** അവൻ നല്ല മനുഷ്യനും
പരിശുദ്ധാത്മാവിനാലും വിശ്വാസ
ത്താലും നിറഞ്ഞവനും[c] ആയിരു
ന്നു; വളരെ പുരുഷാരം കർത്താ
വിനോടു ചേർന്നു.[d] **25** അവൻ
ശൗലിനെ തിരവാൻ തർസൊസി
ലേക്കു[e] പോയി, അവനെ കണ്ടെ
ത്തിയാറെ അന്ത്യൊക്യയിലേക്കു
കൂട്ടിക്കൊണ്ടുവന്നു. **26** അവർ
ഒരു സംവത്സരം മുഴുവനും സഭാ
യോഗങ്ങളിൽ കൂടുകയും ബഹു
ജനത്തെ ഉപദേശിക്കയും ചെയ്തു;
ആദ്യം അന്ത്യൊക്യയിൽവച്ചു ശിഷ്യ
ന്മാർക്കു ക്രിസ്ത്യാനികൾ[f] എന്നു
പേർ ഉണ്ടായി.

**27** ആ കാലത്തു യെരൂശലേ
മിൽനിന്നു പ്രവാചകന്മാർ[g] അന്ത്യൊ
ക്യയിലേക്കു വന്നു. **28** അവരിൽ
അഗബൊസ്[h] എന്നു പേരുള്ളൊ
രുവൻ എഴുന്നേറ്റു ലോകത്തിലൊ
ക്കെയും മഹാക്ഷാമം[i] ഉണ്ടാകും
എന്ന് ആത്മാവിനാൽ[j] പ്രവചിച്ചു;
അതു ക്ലൗദ്യൊസിന്റെ[k] കാലത്തു
സംഭവിച്ചു. **29** അപ്പോൾ യെഹൂ
ദ്യയിൽ പാർക്കുന്ന സഹോദരന്മാ
രുടെ[l] ഉതവിക്കായി ശിഷ്യന്മാരിൽ
ഓരോരുത്തൻ പ്രാപ്തിപോലെ
കൊടുത്തയപ്പാൻ[m] നിശ്ചയിച്ചു.
**30** അവർ അതു നടത്തി,[n] ബർന്ന
ബാസിന്റെയും ശൗലിന്റെയും കൈ
യിൽ മൂപ്പന്മാർക്കു[o] കൊടുത്തയച്ചു.

❋ ❋ ❋

21.[y] *അപ്പൊ.പ്ര.13:11; ലൂക്കൊ.1:66; (സങ്കീ.80:17;89:21)*
[z] *അപ്പൊ.പ്ര.9:35*
23.[a] *അപ്പൊ.പ്ര. 13:43;14:26; 20:24,32; റോമ.5:15; 2കൊരി. 6:1; എഫെ.3:2,7; കൊലൊ.1:6; തീത്തൊ.2:11; എബ്രാ.12:15; 1പത്രൊ.5:12; (അപ്പൊ.പ്ര.4:33; 15:39)*
[b] *2തിമൊ.3:10*
24.[c] *അപ്പൊ.പ്ര.6:5*
[d] *അപ്പൊ.പ്ര.5:14; (അപ്പൊ.പ്ര.11:26)*
25.[e] *അപ്പൊ.പ്ര.9:30*
26.[f] *അപ്പൊ.പ്ര.26:28; 1പത്രൊ.4:16*
27.[g] *അപ്പൊ.പ്ര.13:1*
28.[h] *അപ്പൊ.പ്ര.21:10*
[i] *മത്താ.24:7*
[j] *അപ്പൊ.പ്ര.2:18; 8:29*
[k] *അപ്പൊ.പ്ര.18:2*
29.[l] *അപ്പൊ.പ്ര.11:1*
[m] *(അപ്പൊ.പ്ര.24:17; റോമ.15:26)*
30.[n] *അപ്പൊ.പ്ര.12:25*
[o] *അപ്പൊ.പ്ര.14:23; 15:2,4,6;16:4; 20:17; 21:18; 1തിമൊ.5:17,19; തീത്തൊ.1:5; യാക്കോ.5:14; 2യോഹ.2; 3യോഹ.1*

**1. ഹെരോദാ ക്രിസ്ത്യാനികളെ പീഡിപ്പിക്ക**
**യും യാക്കോബിനെ കൊല്ലുകയും പത്രൊ**
**സിനെ കാരാഗൃഹത്തിൽ ആക്കുകയും ചെ**
**യ്തത് 7. പത്രൊസ് ദൈവദൂതനാൽ വിട്ടയ**
**യ്ക്കപ്പെട്ടത് 20. ഹെരോദാവിന്റെ ഡംഭവും**
**മരണവും.**

**12** ആ കാലത്തു ഹെരോദാ
രാജാവ് സഭയിൽ ചിലരെ
പീഡിപ്പിക്കേണ്ടതിനു കൈ നീട്ടി.
**2** യോഹന്നാന്റെ സഹോദരനായ
യാക്കോബിനെ[a] അവൻ വാൾ
കൊണ്ടു[b] കൊന്നു. **3** അത് യെഹൂദ
ന്മാർക്ക് പ്രസാദമായി[c] എന്നു
കണ്ട് അവൻ പത്രൊസിനെയും
പിടിച്ചു. അപ്പോൾ പുളിപ്പില്ലാത്ത
അപ്പത്തിന്റെ പെരുന്നാൾ[d] ആയി
രുന്നു. **4** അവനെ പിടിച്ചശേഷം
പെസഹ കഴിഞ്ഞിട്ടു ജനത്തിന്റെ
മുമ്പിൽ നിറുത്തുവാൻ ഭാവിച്ചു
തടവിലാക്കി[e] അവനെ കാപ്പാൻ
നന്നാലു ചേവകർ ഉള്ള നാലു കൂട്ട
ത്തിന്[f] ഏല്പിച്ചു. **5** ഇങ്ങനെ
പത്രൊസിനെ തടവിൽ സൂക്ഷിച്ചു
വരുമ്പോൾ സഭ[g] ശ്രദ്ധയോടെ അവ
നുവേണ്ടി ദൈവത്തോടു പ്രാർഥന
കഴിച്ചുപോന്നു. **6** ഹെരോദാവ്
അവനെ ജനത്തിന്റെ മുമ്പിൽ നിറു
ത്തുവാൻ ഭാവിച്ചതിന്റെ തലേ
രാത്രിയിൽ പത്രൊസ് രണ്ടു ചങ്ങ
ലയാൽ ബന്ധിക്കപ്പെട്ടവനായി[h]
രണ്ടു പടയാളികളുടെ നടുവിൽ
ഉറങ്ങുകയായിരുന്നു; വാതിലിന്റെ
മുമ്പിൽ കാവൽക്കാർ കാരാഗൃഹം
കാത്തുകൊണ്ടിരുന്നു. **7** പെട്ടെന്നു
കർത്താവിന്റെ ദൂതൻ[i] അവിടെ
പ്രത്യക്ഷനായി,[j] അറയിൽ ഒരു വെ
ളിച്ചം പ്രകാശിച്ചു. അവൻ പത്രൊ
സിനെ വിലാപ്പുറത്തു തട്ടി:[k] വേഗം
എഴുന്നേല്ക്ക എന്നു പറഞ്ഞ്[k] അ
വനെ ഉണർത്തി; ഉടനെ അവന്റെ

**അധ്യായം 12**
2.[a] *മത്താ.4:21; 20:23*
[b] *എബ്രാ.11:37*
3.[c] *(അപ്പൊ.പ്ര. 24:27; 25:9)*
[d] *അപ്പൊ.പ്ര.20:6; പുറ.12:14,15;23:15*

4.[e] *ലൂക്കൊ.21:12* [f] *(യോഹ.19:23)* 5.[g] *2കൊരി.1:11; എഫെ.6:18* 6.[h] *അപ്പൊ.പ്ര.21:33* 7.[i] *അപ്പൊ.പ്ര. 8:26* [j] *ലൂക്കൊ.2:9;24:4* [k] *(1രാജാ.19:7)*

11:28 ***ക്ലൗദ്യൊസിന്റെ കാലത്ത്:*** എ.ഡി. 41-54 കാലത്ത് റോമയിലെ ചക്രവർത്തിയായിരുന്നു ക്ലൗദ്യൊസ്. അദ്ദേഹത്തിന്റെ കാലത്ത് സാമ്രാജ്യത്തിൽ സമാധാനം നിലനിന്നിരുന്നു. തത്ഫലമായി സാമ്രാജ്യത്തിലെമ്പാടും സഭയ്ക്കു വളരുവാനും വികസിക്കുവാനും കഴിഞ്ഞു.

ചങ്ങല കൈമേൽനിന്നു വീണു
പോയി.[l] **8** ദൂതൻ അവനോട്: അര
കെട്ടി ചെരിപ്പ് ഇട്ടു മുറുക്കുക[m]
എന്നു പറഞ്ഞു. അവൻ അങ്ങനെ
ചെയ്തു; നിന്റെ വസ്ത്രം പുതച്ച്
എന്റെ പിന്നാലെ വരിക എന്നു
പറഞ്ഞു. **9** അവൻ പിന്നാലെ
ചെന്നു, ദൂതൻ മുഖാന്തരം സംഭ
വിച്ചത് വാസ്തവം എന്ന് അറി
യാതെ താൻ ഒരു ദർശനം കാണു
ന്നു എന്ന് നിരൂപിച്ചു.[n] **10** അവർ
ഒന്നാം കാവലും രണ്ടാമത്തേതും
കടന്നു പട്ടണത്തിൽ ചെല്ലുന്ന
ഇരുമ്പുവാതിൽക്കൽ എത്തി. അത്
അവർക്കു സ്വതവേ തുറന്നു;[o] അവർ
പുറത്തിറങ്ങി ഒരു തെരുവു കടന്നു,
ഉടനെ ദൂതൻ അവനെ വിട്ടുപോയി.
**11** പത്രൊസിനു സുബോധം
വന്നിട്ടു[p] കർത്താവ് തന്റെ ദൂതനെ
അയച്ചു[q] ഹെരോദാവിന്റെ കൈ
യിൽ നിന്നും യെഹൂദാജനത്തിന്റെ
സകല പ്രതീക്ഷയിൽനിന്നും എന്നെ
വിടുവിച്ചു[r] എന്ന് ഞാൻ ഇപ്പോൾ
വാസ്തവമായി അറിയുന്നു എന്ന്
അവൻ പറഞ്ഞു. **12** ഇങ്ങനെ
ഗ്രഹിച്ചശേഷം അവൻ മർക്കൊസ്
എന്നു മറുപേരുള്ള യോഹന്നാന്റെ[s]
അമ്മ മറിയയുടെ വീട്ടിൽ ചെന്നു.
അവിടെ അനേകർ ഒരുമിച്ചുകൂടി
പ്രാർഥിച്ചുകൊണ്ടിരുന്നു.[t] **13** അ
വൻ പടിപ്പുരവാതിൽക്കൽ മുട്ടി
യാറെ രോദാ എന്നൊരു ബാല്യക്കാ
രത്തി[u] വിളികേൾപ്പാൻ അടുത്തു
വന്നു. **14** പത്രൊസിന്റെ ശബ്ദം
തിരിച്ചറിഞ്ഞു, സന്തോഷത്താൽ[v]
പടിവാതിൽ തുറക്കാതെ അക
ത്തേക്ക് ഓടി, പത്രൊസ് പടിപ്പുര
യ്ക്കൽ നില്ക്കുന്നു എന്ന് അറി
യിച്ചു. **15** അവർ അവളോട്:
നിനക്കു ഭ്രാന്തുണ്ട് എന്നു പറഞ്ഞു;
അവളോ: അല്ല, ഉള്ളതുതന്നെ
എന്ന് ഉറപ്പിച്ചു പറയുമ്പോൾ അവ
ന്റെ ദൂതൻ[w] ആകുന്നു എന്ന് അ
വർ പറഞ്ഞു. **16** പത്രൊസ് മുട്ടിക്കൊ
ണ്ടിരുന്നു; അവർ തുറന്നപ്പോൾ അ
വനെ കണ്ടു വിസ്മയിച്ചു. **17** അവർ
മിണ്ടാതിരിപ്പാൻ അവൻ ആംഗ്യം
കാട്ടി,[x] കർത്താവ് തന്നെ തടവിൽ
നിന്നു പുറപ്പെടുവിച്ച വിവരം പറ
ഞ്ഞുകേൾപ്പിച്ചു; ഇത് യാക്കോ
ബിനോടും[y] ശേഷം സഹോദര
ന്മാരോടും[z] അറിയിപ്പിൻ എന്നു പ
റഞ്ഞു; പിന്നെ അവൻ പുറപ്പെട്ട്
വേറൊരു സ്ഥലത്തേക്കു പോയി.
**18** നേരം വെളുത്തപ്പോൾ പ
ത്രൊസ് എവിടെപ്പോയി എന്ന്
പടയാളികൾക്ക് അല്പമല്ലാത്ത
പരിഭ്രമം ഉണ്ടായി. **19** ഹെരോദാവ്
അവനെ അന്വേഷിച്ചിട്ടു കാണായ്ക
യാൽ കാവല്ക്കാരെ വിസ്തരിച്ച്
അവരെ കൊല്ലുവാൻ കല്പിച്ചു;[a]
പിന്നെ അവൻ യെഹൂദ്യ വിട്ടു കൈ
സര്യയിലേക്കു പോയി അവിടെ
പാർത്തു.

**20** അവൻ സോര്യരുടെയും
സീദോന്യരുടെയും നേരേ ക്രുദ്ധി
ച്ചിരിക്കുമ്പോൾ രാജാവിന്റെ ദേശ
ത്തുനിന്നു തങ്ങളുടെ ദേശത്തിന്
ആഹാരം കിട്ടിവരികയാൽ[b] അവർ
ഏകമനസ്സോടെ അവന്റെ അടുക്കൽ
ചെന്ന്, രാജാവിന്റെ പള്ളിയറക്കാ
രനായ ബ്ലസ്തൊസിനെ വശത്താ
ക്കി[c] സന്ധിക്കായി അപേക്ഷിച്ചു.
**21** നിശ്ചയിച്ച ദിവസത്തിൽ ഹെ
രോദാവ് രാജവസ്ത്രം ധരിച്ചു ഭദ്രാ
സനത്തിൽ[d] ഇരുന്ന് അവരോടു
പ്രസംഗം കഴിച്ചു. **22** ഇതു മനു
ഷ്യന്റെ ശബ്ദമല്ല ഒരു ദേവന്റെ
ശബ്ദം അത്രേ എന്നു ജനം ആർ
ത്തു. **23** അവൻ ദൈവത്തിനു
മഹത്ത്വം കൊടുക്കായ്കയാൽ[e] കർ
ത്താവിന്റെ ദൂതൻ ഉടനെ അവനെ
അടിച്ചു,[f] അവൻ കൃമിക്ക് ഇരയായി
പ്രാണനെ വിട്ടു.

**24** എന്നാൽ ദൈവവചനം മേ
ല്ക്കുമേൽ പരന്നുകൊണ്ടിരുന്നു.[g]

**25** ബർന്നബാസും ശൗലും[h]
ശുശ്രൂഷ നിവർത്തിച്ചശേഷം മർ
ക്കൊസ് എന്നു മറുപേരുള്ള യോഹ
ന്നാനെയും[i] കൂട്ടിക്കൊണ്ടു യെരൂ
ശലേം വിട്ടു മടങ്ങിപ്പോന്നു.[h]

❋ ❋ ❋

7.[l] *അപ്പൊ.പ്ര.16:26*
8.[m] *മർക്കൊ.6:8*
9.[n] *സങ്കീ.126:1*
10.[o] *അപ്പൊ.പ്ര. 5:19;16:26*
11.[p] *(ലൂക്കൊ.15:17)*
[q] *സങ്കീ.34:7;91:11; ദാനീ.3:28;6:22*
[r] *സങ്കീ.33:18,19; 2കൊരി.1:10*
12.[s] *അപ്പൊ.പ്ര. 12:25;13:5,13; 15:36,38; കൊലൊ.4:10; 2തിമൊ.4:11; ഫിലേ.24; 1പത്രൊ.5:13*
[t] *അപ്പൊ.പ്ര.12:5*
13.[u] *യോഹ.18:16,17*
14.[v] *ലൂക്കൊ.24:41; (ഉൽപ.45:26)*
15.[w] *മത്താ.18:11; എബ്രാ.1:14*
17.[x] *അപ്പൊ.പ്ര. 13:16;19:33;21:40*
[y] *അപ്പൊ. പ്ര. 15:13; 21:18; (ഗലാ.1:19;2:9,12)*
[z] *യോഹ.21:23*
19.[a] *(അപ്പൊ.പ്ര. 16:27; 27:42)*
20.[b] *(1രാജാ.5:9; എസ്രാ. 3:7; യെഹെ.27:17)*
[c] *മത്താ.28:14*
21.[d] *മത്താ.27:19*
23.[e] *സങ്കീ.115:1*
[f] *(2ശമൂ.24:16; 2രാജാ.19:35) അപ്പൊ.പ്ര.8:26*
24.[g] *അപ്പൊ.പ്ര.6:7*
25.[h] *അപ്പൊ.പ്ര. 11:29,30*
[i] *അപ്പൊ.പ്ര.12:12*

*1. പൗലൊസും ബർന്നബാസും ജാതികളുടെ അടുക്കലേക്കു പോയത് 42. ജാതികൾ വിശ്വസിച്ചത് 44. യെഹൂദന്മാർ ദുഷിച്ചത്.*

**13** അന്ത്യൊക്ക്യയിലെ സഭയിൽ
ബർന്നബാസ്,[a] നീഗർ എന്നു
പേരുള്ള ശിമോൻ, കുറേനക്കാര
നായ ലൂക്ക്യൊസ്,[b] ഇടപ്രഭുവായ
ഹെരോദാ[c]വോടുകൂടെ വളർന്ന
മനായേൻ, ശൗൽ എന്നീ പ്രവാച
കന്മാരും[d] ഉപദേഷ്ടാക്കന്മാരും[d]
ഉണ്ടായിരുന്നു. **2** അവർ കർത്താ
വിനെ ആരാധിച്ചും ഉപവസിച്ചും
കൊണ്ടിരിക്കുമ്പോൾ: ഞാൻ ബർ
ന്നബാസിനെയും ശൗലിനെയും
വിളിച്ചിരിക്കുന്ന വേലയ്ക്കായിട്ട്[e]
അവരെ എനിക്കു വേർതിരിപ്പിൻ[f]
എന്ന് പരിശുദ്ധാത്മാവ് പറഞ്ഞു.[g]
**3** അങ്ങനെ അവർ ഉപവസിച്ചു
പ്രാർഥിച്ച്[h] അവരുടെമേൽ കൈ
വച്ച് അവരെ പറഞ്ഞയച്ചു.[i]

**4** പരിശുദ്ധാത്മാവ്[j] അവരെ പറ
ഞ്ഞയച്ചിട്ട് അവർ സെലൂക്യയിലേ
ക്കു ചെന്നു; അവിടെനിന്നു കപ്പൽ
കയറി കുപ്രൊസ് ദ്വീപിലേക്കു
പോയി, **5** സലമീസിൽ ചെന്നു
യെഹൂദന്മാരുടെ പള്ളിയിൽ[k] ദൈവ
വചനം അറിയിച്ചു. യോഹന്നാൻ[l]
അവർക്കു ഭൃത്യനായിട്ട്[m] ഉണ്ടാ
യിരുന്നു. **6** അവർ ദ്വീപിൽകൂടി
പാഫൊസ്‌വരെ ചെന്നപ്പോൾ ബർ
യേശു എന്നു പേരുള്ള യെഹൂദ
നായി കള്ളപ്രവാചകനാ[n]യൊരു
വിദ്വാനെ[o] കണ്ടു. **7** അവൻ ബുദ്ധി
മാനായ സെർഗ്ഗ്യൊസ് പൗലൊസ്
എന്ന ദേശാധിപതി[p]യോടുകൂടെ
ആയിരുന്നു; അവൻ ബർന്നബാ
സിനെയും ശൗലിനെയും വരുത്തി
ദൈവവചനം കേൾപ്പാൻ ആഗ്ര
ഹിച്ചു. **8** എന്നാൽ എലീമാസ്
എന്ന വിദ്വാൻ[o]–ഇതാകുന്നു അവ
ന്റെ പേരിന്റെ അർഥം–അവരോട്
എതിർത്തുനിന്നു[q] ദേശാധിപതി
യുടെ[r] വിശ്വാസം തടുത്തുകളവാൻ
ശ്രമിച്ചു. **9** അപ്പോൾ പൗലൊസ്
എന്നു പേരുള്ള ശൗൽ പരിശു
ദ്ധാത്മപൂർണനായി[s] അവനെ ഉറ്റു
നോക്കി: **10** ഹേ! സകല കപട
വും സകല ധൂർത്തും[t] നിറഞ്ഞവ
നേ, പിശാചിന്റെ മകനേ,[u] സർ
വനീതിയുടെയും ശത്രുവേ, കർ
ത്താവിന്റെ നേർവഴികളെ[v] മറി
ച്ചുകളയുന്നത്[w] നീ മതിയാക്കു
കയില്ലയോ? **11** ഇപ്പോൾ കർത്താ
വിന്റെ കൈ[x] നിന്റെമേൽ വീഴും;
നീ ഒരു സമയത്തേക്കു[y] സൂര്യ
നെ കാണാതെ കുരുടനായി
രിക്കും എന്നു പറഞ്ഞു. ഉടനെ
ഒരു തിമിരവും ഇരുട്ടും അവ
ന്റെമേൽ വീണു; കൈ പിടിച്ചു
നടത്തുന്നവരെ[z] തിരഞ്ഞുകൊണ്ട്
അവൻ തപ്പിനടന്നു. **12** ഈ ഉണ്ടാ
യത് ദേശാധിപതി കണ്ടിട്ടു കർ
ത്താവിന്റെ ഉപദേശത്തിൽ[a] വിസ്മ
യിച്ചു വിശ്വസിച്ചു.

**13** പൗലൊസും കൂടെയുള്ള
വരും പാഫൊസിൽനിന്നു കപ്പൽ
നീക്കി, പംഫുല്യാദേശത്തിലെ
പെർഗ്ഗെക്കു ചെന്നു. അവിടെവച്ചു
യോഹന്നാൻ[b] അവരെ വിട്ടുപിരി
ഞ്ഞു യെരൂശലേമിലേക്കു[c] മടങ്ങി
പ്പോയി. **14** അവരോ പെർഗ്ഗയിൽ
നിന്നു പുറപ്പെട്ടു പിസിദ്യാദേശ
ത്തിലെ അന്ത്യൊക്ക്യയിൽ എത്തി
ശബ്ബത്ത് നാളിൽ[d] പള്ളിയിൽ
ചെന്ന് ഇരുന്നു.[e] **15** ന്യായപ്രമാ
ണവും പ്രവാചകന്മാരും[f] വായിച്ചു[g]
തീർന്നപ്പോൾ പള്ളിപ്രമാണികൾ[h]
അവരുടെ അടുക്കൽ ആളയച്ചു:
സഹോദരന്മാരേ, നിങ്ങൾക്കു ജന
ത്തോടു പ്രബോധനം[i] വല്ലതും
ഉണ്ടെങ്കിൽ പറവിൻ എന്നു പറ
യിച്ചു. **16** പൗലൊസ് എഴുന്നേറ്റ്
ആംഗ്യം കാട്ടി[j] പറഞ്ഞത്: യി
സ്രായേൽപുരുഷന്മാരും ദൈവഭ
ക്തന്മാരും[k] ആയുള്ളോരേ, കേൾ
പ്പിൻ.

**17** യിസ്രായേൽജനത്തിന്റെ
ദൈവം[l] നമ്മുടെ പിതാക്കന്മാരെ

അധ്യായം 13
1.[a] *അപ്പൊ.പ്ര. 11:22 - 26*
[b] *റോമ.16:21*
[c] *ലൂക്കൊ.3:1*
[d] *അപ്പൊ.പ്ര.11:27; 15:32;19:6;21:9,10; റോമ.12:6,7; 1കൊരി.12:28,29*
2.[e] *അപ്പൊ.പ്ര.9:15*
[f] *റോമ.1:2; ഗലാ.1:15*
[g] *(അപ്പൊ.പ്ര.20:28); അപ്പൊ.പ്ര.8:29*
3.[h] *അപ്പൊ.പ്ര.6:6*
[i] *അപ്പൊ.പ്ര.14:26*
4.[j] *(അപ്പൊ.പ്ര. 13:2;16:6,7)*
5.[k] *അപ്പൊ.പ്ര.13:14; 9:20;14:1;17:1,2,10,17; 18:4,19;19:8; (അപ്പൊ.പ്ര.13:46); മർക്കൊ.6:2*
[l] *അപ്പൊ.പ്ര.12:12*
[m] *(അപ്പൊ.പ്ര.19:22)*
6.[n] *മത്താ. 7:15*
[o] *അപ്പൊ.പ്ര.8:9,11*
7.[p] *അപ്പൊ.പ്ര. 13:8,12;18:12;19:38*
8.[o] *(വാ.6കാ.)*
[q] *(പുറ.7:11; 2തിമൊ.3:8)*
[r] *അപ്പൊ.പ്ര.13:7,12*
9.[s] *അപ്പൊ.പ്ര.4:8*
10.[t] *(അപ്പൊ.പ്ര.18:14)*
[u] *മത്താ.13:39*
[v] *ഹോശേ.14:9; 2പത്രൊ.2:15; (അപ്പൊ.പ്ര.18:25,26)*
[w] *മീഖാ. 3:9*
11.[x] *അപ്പൊ.പ്ര. 11:21; പുറ.9:3; 1ശമൂ.5:6,7,11; സങ്കീ.32:4; (എബ്രാ.10:31; 1പത്രൊ.5:6)*
[y] *ലൂക്കൊ.4:13*
[z] *അപ്പൊ.പ്ര. 9:8;22:11*
12.[a] *(അപ്പൊ.പ്ര. 13:49;15:35)*
13.[b] *അപ്പൊ.പ്ര.13:5*
[c] *അപ്പൊ.പ്ര.12:12*

14.[d] *അപ്പൊ.പ്ര.13:42,44;16:13; 17:2;18:4* [e] *അപ്പൊ.പ്ര.13:5* 15.[f] *ലൂക്കൊ.16:16* [g] *അപ്പൊ.പ്ര.15:21* [h] *മർക്കൊ.5:22* [i] *എബ്രാ.13:22* 16.[j] *അപ്പൊ.പ്ര.12:17* [k] *അപ്പൊ.പ്ര.13:26;10:2,22* 17.[l] *മത്താ.15:31*

തിരഞ്ഞെടുത്തു,[m] മിസ്രയീംദേശ
ത്തിലെ പ്രവാസകാലത്ത്[n] ജനത്തെ
വർധിപ്പിച്ചു,[o] ഭുജവീര്യംകൊണ്ട്[p]
അവിടെനിന്നു പുറപ്പെടുവിച്ചു.
**18** മരുഭൂമിയിൽ നാല്പതു സംവ
ത്സര[q]കാലത്തോളം അവരുടെ
സ്വഭാവം സഹിച്ചു,[r] **19** കനാൻ
ദേശത്തിലെ ഏഴു ജാതികളെ[s]
ഒടുക്കി,[t] അവരുടെ ദേശം അവർക്ക്
അവകാശമായി വിഭാഗിച്ചു കൊടു
ത്തു.[u] അങ്ങനെ ഏകദേശം നാനൂറ്റ
മ്പത് സംവത്സരം കഴിഞ്ഞു. **20** അ
തിന്റെശേഷം അവൻ അവർക്ക് ശമൂ
വേൽപ്രവാചകൻ[v]വരെ ന്യായാധി
പതിമാരെ കൊടുത്തു.[w] **21** അന
ന്തരം അവർ ഒരു രാജാവിനെ ചോ
ദിച്ചു;[x] ദൈവം അവർക്കു ബെന്യാ
മീൻഗോത്രക്കാരനായ കീശിന്റെ
മകൻ[y] ശൗലിനെ നാല്പതാണ്ടേ
ക്കു കൊടുത്തു.[z] **22** അവനെ
നീക്കിയിട്ടു[a] ദാവീദിനെ അവർക്കു
രാജാവായി വാഴിച്ചു:[b] [c]ഞാൻ യി
ശ്ശായിയുടെ മകനായ ദാവീദിനെ
[d]എനിക്കു ബോധിച്ച പുരുഷനായി
കണ്ടു; അവൻ എന്റെ ഹിതം
എല്ലാം ചെയ്യും[e] എന്ന് അവനെ
ക്കുറിച്ചു സാക്ഷ്യം പറഞ്ഞു. **23** അവ
ന്റെ സന്തതിയിൽനിന്നു[f] ദൈവം
വാഗ്ദത്തം ചെയ്തതുപോലെ[g]
യിസ്രായേലിനു യേശു എന്ന രക്ഷി
താവിനെ[h] കൊടുത്തു. **24** അവന്റെ
വരവിനു[i] മുമ്പേ യോഹന്നാൻ[j]
യിസ്രായേൽജനത്തിനൊക്കെയും
മാനസാന്തരത്തിന്റെ സ്നാനം[k] പ്ര
സംഗിച്ചു.[j] **25** യോഹന്നാൻ ജീവ
കാലം തികവാറായപ്പോൾ: നിങ്ങൾ
എന്നെ ആർ എന്ന് നിരൂപിക്കുന്നു?[l]
ഞാൻ മശീഹായല്ല; അവൻ എന്റെ
പിന്നാലെ വരുന്നു; അവന്റെ കാ
ലിലെ ചെരിപ്പ് അഴിപ്പാൻ ഞാൻ
യോഗ്യനല്ല എന്നു പറഞ്ഞു. **26** സ
ഹോദരന്മാരേ, അബ്രാഹാംവംശ
ത്തിലെ മക്കളും അവരോട് ചേർന്ന
ദൈവഭക്തന്മാരു[m]മായുള്ളോരേ,
നമുക്കാകുന്നു ഈ രക്ഷാ[n]വചനം[o]
അയച്ചിരിക്കുന്നത്. **27** യെരൂശലേം
നിവാസികളും അവരുടെ പ്രമാണി
കളും അവനെയോ ശബ്ബത്തുതോറും
വായിച്ചുവരുന്ന പ്രവാചകന്മാരുടെ
വചനങ്ങളെയോ[p] തിരിച്ചറിയാതെ[q]
അവനെ ശിക്ഷയ്ക്കു വിധിക്കയാൽ
അവയ്ക്കു നിവൃത്തി[r] വരുത്തി.
**28** മരണത്തിന് ഒരു ഹേതുവും
കാണാഞ്ഞിട്ടും[s] അവനെ കൊല്ലേ
ണം എന്ന് അവർ പീലാത്തൊസി
നോട് അപേക്ഷിച്ചു.[t] **29** അവനെ
ക്കുറിച്ച് എഴുതിയിരിക്കുന്നതൊ
ക്കെയും തികച്ചശേഷം[u] അവർ
അവനെ മരത്തിൽ[v]നിന്ന് ഇറക്കി[w]
ഒരു കല്ലറയിൽ വച്ചു. **30** ദൈവ
മോ അവനെ മരിച്ചവരിൽനിന്ന്
ഉയിർത്തെഴുന്നേല്പിച്ചു;[x] **31** അ
വൻ തന്നോടുകൂടെ ഗലീലയിൽ
നിന്നു യെരൂശലേമിലേക്കു[y] വന്ന
വർക്ക്[z] ഏറിയ ദിവസം പ്രത്യക്ഷ
നായി;[a] അവർ ഇപ്പോൾ[b] ജനത്തി
ന്റെ മുമ്പാകെ അവന്റെ സാക്ഷികൾ
ആകുന്നു.[c] **32** ദൈവം പിതാക്ക
ന്മാരോടു ചെയ്ത വാഗ്ദത്തം[d]
യേശുവിനെ ഉയിർത്തെഴുന്നേല്പി
ച്ചതിനാൽ മക്കൾക്കു നിവർത്തിച്ചി
രിക്കുന്നു[e] എന്ന് ഞങ്ങൾ നിങ്ങ
ളോടു സുവിശേഷിക്കുന്നു. **33** [f]നീ
എന്റെ പുത്രൻ; ഇന്നു ഞാൻ
നിന്നെ ജനിപ്പിച്ചു എന്ന് രണ്ടാം

17.[m] *ആവ.7:6-8* [n] *അപ്പൊ.പ്ര.7:17; പുറ.1:1,7,12; സങ്കീ.105:23,24* [o] *സംഖ്യാ.24:7* [p] *പുറ.6:6;13:14,16* 18.[q] *അപ്പൊ.പ്ര.7:36* [r] *(ആവ.9:5-24)* 19.[s] *ആവ.7:1* [t] *അപ്പൊ.പ്ര.7:45* [u] *യോശു.14:1,2; 19:51;സങ്കീ.78:55; 136:21,22* 20.[v] *അപ്പൊ.പ്ര.3:24* [w] *ന്യായാ.2:16;3:9* 21.[x] *1ശമൂ.8:5* [y] *1ശമൂ.9:1,2* [z] *1ശമൂ.10:1* 22.[a] *1ശമൂ. 15:23,26,28; 16:1; (ഹോശേ.13:11)* [b] *1ശമൂ.16:13; 2ശമൂ.2:4;5:3* [c] ***സങ്കീ.89:20*** [d] *അപ്പൊ.പ്ര.7:46;* ***1ശമൂ.13:14*** [e] *അപ്പൊ.പ്ര.13:36* 23.[f] *മത്താ.1:1* [g] *സങ്കീ.132:11,12; (അപ്പൊ.പ്ര.13:32,33)* [h] *ലൂക്കൊ.2:11* 24.[i] *1തെസ്സ.1:10; 2തെസ്സ.2:1* [j] *അപ്പൊ.പ്ര.1:21; മത്താ.3:1* [k] *അപ്പൊ.പ്ര.19:4; മർക്കൊ.1:4; ലൂക്കൊ.3:3; (അപ്പൊ.പ്ര.2:38; മത്താ.3:11)* 25.[l] *യോഹ.1:20,27; (മത്താ.3:11; മർക്കൊ.1:7; ലൂക്കൊ.3:16)*

26.[m] *അപ്പൊ.പ്ര. 13:16* [n] *(അപ്പൊ.പ്ര.5:20); അപ്പൊ.പ്ര.4:12* [o] *അപ്പൊ.പ്ര.10:36; (എഫെ.1:13)* 27.[p] *അപ്പൊ.പ്ര. 13:15; (അപ്പൊ.പ്ര.15:21)* [q] *(2കൊരി.3:14,15); അപ്പൊ.പ്ര.3:17* [r] *ലൂക്കൊ.24:20,26,27,44* 28.[s] *(മർക്കൊ. 14:55; ലൂക്കൊ.23:22)* [t] *അപ്പൊ.പ്ര.2:23;3:14,15; ലൂക്കൊ.23:23* 29.[u] *ലൂക്കൊ.18:31;24:44; യോഹ. 19:28,30,36,37* [v] *അപ്പൊ.പ്ര.5:30* [w] *മത്താ.27:59,60; മർക്കൊ.15:46; ലൂക്കൊ.23:53; യോഹ.19:38,41,42* 30.[x] *അപ്പൊ.പ്ര.2:24* 31.[y] *അപ്പൊ.പ്ര.1:11;2:7* [z] *മർക്കൊ.15:41* [a] *അപ്പൊ.പ്ര.1:3* [b] *ലൂക്കൊ.24:48* [c] *അപ്പൊ.പ്ര.1:8* 32.[d] *അപ്പൊ.പ്ര.26:6; റോമ. 4:13;15:8; ഗലാ.3:16; (റോമ.9:4)* [e] *(അപ്പൊ.പ്ര.13:23; ലൂക്കൊ.1:69-75)* 33.[f] *എബ്രാ.1:5;5:5;* ***സങ്കീ.2:7***

13:21 ***അവർ ഒരു രാജാവിനെ ചോദിച്ചു:*** (1 ശമൂ. 8:5; 10:21). ചുറ്റുപാടുമുള്ള രാജ്യങ്ങളിലെപ്പോലെ രാജാവിനെ ജനം ചോദിച്ചപ്പോൾ ദൈവം യിസ്രായേലിന്റെ ഒന്നാമത്തെ രാജാവായി ശൗലിനെ തിരഞ്ഞെടുത്തു. 1 ശമൂ. 9-31 ൽ ശൗലിന്റെ കാലത്തെ യിസ്രായേല്യചരിത്രം പ്രതിപാദിക്കുന്നു.

സങ്കീർത്തനത്തിൽ എഴുതിയിരിക്കു
ന്നുവല്ലോ. **34** ഇനി[g] ദ്രവത്വത്തി
ലേക്കു തിരിയാതവണ്ണം[h] അവൻ
അവനെ മരിച്ചവരിൽനിന്ന് എഴു
ന്നേല്പിച്ചതിനെക്കുറിച്ച് അവൻ:
[i]ദാവീദിന്റെ സ്ഥിരമായുള്ള വിശുദ്ധ
കൃപകളെ ഞാൻ നിങ്ങൾക്കു ന
ല്കും എന്ന് പറഞ്ഞിരിക്കുന്നു.
**35** മറ്റൊരു സങ്കീർത്തനത്തിലും: [j]നി
ന്റെ പരിശുദ്ധനെ ദ്രവത്വം കാൺ
മാൻ നീ വിട്ടുകൊടുക്കയില്ല എന്നു
പറയുന്നു. **36** ദാവീദ് തന്റെ തലമു
റയിൽ ദൈവത്തിന്റെ ആലോച
നയ്ക്കു ശുശ്രൂഷ ചെയ്തശേഷം[k]
നിദ്രപ്രാപിച്ച്[l] തന്റെ പിതാക്കന്മാ
രോടു ചേർന്നു ദ്രവത്വം കണ്ടു.[m]
**37** ദൈവം ഉയിർത്തെഴുന്നേല്പിച്ച
വനോ ദ്രവത്വം കണ്ടില്ല.[n] ആക
യാൽ സഹോദരന്മാരേ, **38** ഇവൻ
മൂലം[o] നിങ്ങളോടു പാപമോചനം[p]
അറിയിക്കുന്നു എന്നും **39** മോശെ
യുടെ ന്യായപ്രമാണത്താൽ നിങ്ങൾ
ക്കു നീതീകരണം വരുവാൻ കഴിയാ
ത്ത[q] സകലത്തിൽനിന്നും വിശ്വസി
ക്കുന്ന ഏവനും ഇവനാൽ നീതീക
രിക്കപ്പെടുന്നു[r] എന്നും നിങ്ങൾ അറി
ഞ്ഞുകൊൾവിൻ. **40** ആകയാൽ.

[s]"ഹേ നിന്ദക്കാരേ, നോക്കുവിൻ;
ആശ്ചര്യപ്പെട്ടു നശിച്ചുപോകുവിൻ.[t]
നിങ്ങളുടെ കാലത്തു ഞാൻ ഒരു
പ്രവൃത്തി ചെയ്യുന്നു; നിങ്ങളോടു
വിവരിച്ചാൽ നിങ്ങൾ വിശ്വസി
ക്കാത്ത പ്രവൃത്തി തന്നെ"

**41** എന്ന് പ്രവാചകപുസ്തകങ്ങളിൽ
അരുളിച്ചെയ്തിരിക്കുന്നത് നിങ്ങൾ
ക്കു ഭവിക്കാതിരിപ്പാൻ സൂക്ഷിച്ചു
കൊൾവിൻ.

**42** അവർ പള്ളിവിട്ടു പോകു
മ്പോൾ പിറ്റേ ശബ്ബത്തിൽ ഈ വചനം
തങ്ങളോടു പറയേണം എന്ന് അ
വർ അപേക്ഷിച്ചു. **43** പള്ളി പിരിഞ്ഞ
ശേഷം യെഹൂദന്മാരിലും ഭക്തി
യുള്ള[u] യെഹൂദമതാനുസാരിക
ളിലും[v] പലർ പൗലൊസിനെയും
ബർന്നബാസിനെയും അനുഗമിച്ചു;
അവർ അവരോട് സംസാരിച്ചു
ദൈവകൃപയിൽ[w] നിലനില്ക്കേണ്ട
തിന്[x] അവരെ ഉത്സാഹിപ്പിച്ചു.

**44** പിറ്റേ ശബ്ബത്തിൽ ഏകദേശം
പട്ടണം മുഴുവനും ദൈവവചനം
കേൾപ്പാൻ വന്നു കൂടി. **45** യെഹൂ
ദന്മാരോ പുരുഷാരത്തെ കണ്ട്[y]
അസൂയ[z] നിറഞ്ഞവരായി ദുഷിച്ചു
കൊണ്ടു[a] പൗലൊസ് സംസാരി
ക്കുന്നതിന് എതിർ പറഞ്ഞു.[b]
**46** അപ്പോൾ പൗലൊസും ബർന്ന
ബാസും ധൈര്യം പൂണ്ടു: ദൈവ
വചനം ആദ്യം[c] നിങ്ങളോടു പറയു
ന്നത് ആവശ്യമായിരുന്നു; എന്നാൽ
നിങ്ങൾ അതിനെ തള്ളി[d] നിങ്ങളെ
ത്തന്നെ നിത്യജീവന് അയോഗ്യർ[e]
എന്ന് വിധിച്ചുകളയുന്നതിനാൽ
ഇതാ, ഞങ്ങൾ ജാതികളിലേക്കു
തിരിയുന്നു.[f] **47** [g]"നീ ഭൂമിയുടെ
അറ്റത്തോളവും രക്ഷ[h] ആകേണ്ട
തിന് ഞാൻ നിന്നെ ജാതികളുടെ
വെളിച്ച[i]മാക്കി വച്ചിരിക്കുന്നു" എന്ന്
കർത്താവ് ഞങ്ങളോടു കല്പിച്ചി
ട്ടുണ്ട്[j] എന്നു പറഞ്ഞു. **48** ജാതി
കൾ ഇതു കേട്ടു സന്തോഷിച്ചു
ദൈവവചനത്തെ മഹത്ത്വപ്പെടു
ത്തി,[k] നിത്യജീവനായി നിയമിക്ക
പ്പെട്ടവർ എല്ലാവരും വിശ്വസിച്ചു.
**49** കർത്താവിന്റെ വചനം ആ നാ
ട്ടിൽ എങ്ങും വ്യാപിച്ചു. **50** യെഹൂ
ദന്മാരോ ഭക്തിയുള്ള മാന്യസ്ത്രീ
കളെയും[l] പട്ടണത്തിലെ പ്രധാനി
കളെയും ഇളക്കി പൗലൊസിന്റെ
യും ബർന്നബാസിന്റെയും നേരേ
ഉപദ്രവമുണ്ടാക്കി[m] അവരെ തങ്ങ
ളുടെ അതിരുകളിൽനിന്നു പുറ
ത്താക്കി[n]ക്കളഞ്ഞു.[o] **51** എന്നാൽ
അവർ തങ്ങളുടെ കാലിലെ പൊടി
അവരുടെ നേരേ തട്ടിക്കളഞ്ഞ്[p]
ഇക്കോന്യയിലേക്കു പോയി. **52** ശി
ഷ്യന്മാർ സന്തോഷവും[q] പരിശുദ്ധാ
ത്മാവും[r] നിറഞ്ഞവരായിത്തീർന്നു.

✻ ✻ ✻

34.[g] റോമ.6:9; (എബ്രാ.9:25 - 28) [h] അപ്പൊ.പ്ര. 13:35 - 37 [i] **യെശ. 55:3** 35.[j] അപ്പൊ.പ്ര.2:27; **സങ്കീ. 16:10** 36.[k] അപ്പൊ.പ്ര. 13:22;20:27 [l] 2ശമൂ.7:12; 1രാജാ.2:10; (അപ്പൊ.പ്ര.2:29) [m] ന്യായാ.2:10 37.[n] അപ്പൊ.പ്ര. 13:30 38.[o] ലൂക്കൊ.24:47; 1യോഹ.2:12 [p] അപ്പൊ.പ്ര.5:31 39.[q] റോമ.2:13; 3:20;8:3; ഗലാ.2:16;3:11; എഫെ.2:9; 2തിമൊ.1:9; തീത്തൊ.3:5; (എബ്രാ.7:19) [r] റോമ.3:28; അപ്പൊ.പ്ര.10:43 40.[s] **ഹബ. 1:5;** (യെശ.29:14) [t] യാക്കോ.4:14 43.[u] അപ്പൊ.പ്ര. 13:50;17:4,17; (അപ്പൊ.പ്ര.16:14) [v] അപ്പൊ.പ്ര. 2:10;6:5; മത്താ.23:14,15 [w] യൂദാ.4; അപ്പൊ.പ്ര.11:23 [x] (യൂദാ.21)

45.[y] (1തെസ്സ.2:16) [z] അപ്പൊ.പ്ര.5:17 [a] അപ്പൊ.പ്ര. 18:6;26:11; 1തിമൊ.1:20; 2പത്രൊ.2:12; (യാക്കോ.2:7; യൂദാ.10) [b] (അപ്പൊ.പ്ര.19:9) 46.[c] അപ്പൊ.പ്ര. 13:5,14;3:26 [d] മത്താ.21:43

[e] മത്താ.22:8 [f] അപ്പൊ.പ്ര.18:6; 22:21;26:17,18,20; 28:28;9:15 47.[g] **യെശ. 49:6;** (യെശ.45:22) [h] (അപ്പൊ.പ്ര.13:26;1:8) [i] യെശ.42:7; ലൂക്കൊ.2:30 [j] (അപ്പൊ.പ്ര.11:18) 48.[k] (2തെസ്സ.1:11) 50.[l] അപ്പൊ.പ്ര.17:12 [m] 2തിമൊ.3:11 [n] 1തെസ്സ.2:15 [o] (അപ്പൊ.പ്ര.14:2,19;17:5,13;18:12;20:3,19;21:27) 51.[p] മത്താ.10:14; മർക്കൊ.6:11 ലൂക്കൊ.9:5; (അപ്പൊ.പ്ര.18:6) 52.[q] (1തെസ്സ.1:6); മത്താ.5:12; യോഹ.16:22 [r] അപ്പൊ.പ്ര.2:4

***1. പൗലൊസും ബർന്നബാസും പീഡിപ്പിക്കപ്പെട്ടത് 8. പൗലൊസ് ഒരു മുടന്തനെ സൗഖ്യമാക്കിയതിനാൽ അവർ ദേവന്മാരെന്നു ശ്രുതിപ്പെട്ടത് 19. പൗലൊസ് കല്ലേറു കൊണ്ടത് 21. അവർ പല സഭകളിൽ സഞ്ചരിച്ചിട്ടു അന്ത്യോക്യയിൽ മടങ്ങിവന്നത്.***

**14** ഇക്കോന്യയിൽ അവർ ഒരു
മിച്ചു യെഹൂദന്മാരുടെ പള്ളി
യിൽ ചെന്നു[a] യെഹൂദന്മാരിലും
യവനന്മാരിലും വലിയൊരു പുരു
ഷാരം വിശ്വസിപ്പാൻ തക്കവണ്ണം
സംസാരിച്ചു. **2** വിശ്വസിക്കാത്ത[b]
യെഹൂദന്മാരോ ജാതികളുടെ മനസ്സ്
സഹോദരന്മാരുടെ[c] നേരേ ഇളക്കി
വഷളാക്കി.[d] **3** എന്നാൽ അവർ
വളരെക്കാലം അവിടെ പാർത്തു,
കർത്താവിൽ[e] ആശ്രയിച്ചു പ്രാഗ
ല്ഭ്യത്തോടെ പ്രസംഗിച്ചുകൊണ്ടി
രുന്നു; അവൻ തന്റെ കൃപയുടെ
വചനത്തിനു[f] സാക്ഷിനിന്ന്, അവ
രുടെ കൈയാൽ അടയാളങ്ങളും
അദ്ഭുതങ്ങളും ഉണ്ടാകുവാൻ[g]
വരം നല്കി. **4** എന്നാൽ പട്ടണ
ത്തിലെ ജനസമൂഹം ഭിന്നിച്ചു[h]
ചിലർ യെഹൂദന്മാരുടെ പക്ഷത്തി
ലും ചിലർ അപ്പൊസ്തലന്മാരുടെ
പക്ഷത്തിലും ആയി.[i] **5** അവരെ
അവമാനിപ്പാനും[j] കല്ലെറിവാനും[k]
ജാതികളും യെഹൂദന്മാരും അവി
ടത്തെ പ്രമാണികളോടുകൂടി ഒരു
ആക്രമം ഭാവിച്ചപ്പോൾ അവർ
അത് ഗ്രഹിച്ചു **6** ലുസ്ത്ര,[l] ദെർബ്ബ
എന്ന ലുക്കവോന്യപട്ടണങ്ങളി
ലേക്കും ചുറ്റുമുള്ള ദേശത്തി
ലേക്കും ഓടിപ്പോയി[m] **7** അവിടെ
സുവിശേഷം അറിയിച്ചുപോന്നു.
**8** ലുസ്ത്രയിൽ അമ്മയുടെ ഗർ
ഭംമുതൽ മുടന്തനായി[n] ഒരിക്കലും
നടന്നിട്ടില്ലാതെയും കാലിനു ശക്തി
യില്ലാതെയും ഉള്ളൊരു പുരുഷൻ
ഇരുന്നിരുന്നു. **9** അവൻ പൗലൊസ്
സംസാരിക്കുന്നത് കേട്ടു; അവൻ
അവനെ ഉറ്റുനോക്കി, സൗഖ്യം
പ്രാപിപ്പാൻ[o] അവനു വിശ്വാസമുണ്ട്
എന്നു കണ്ടിട്ട്:[p] **10** നീ എഴുന്നേ
റ്റു കാലൂന്നി നിവിർന്നുനില്ക്ക
എന്ന് ഉറക്കെ പറഞ്ഞു; അവൻ
കുതിച്ചെഴുന്നേറ്റു നടന്നു.[q] **11** പൗ
ലൊസ് ചെയ്തതു പുരുഷാരം
കണ്ടിട്ടു: ദേവന്മാർ മനുഷ്യരൂപ
ത്തിൽ നമ്മുടെ അടുക്കൽ ഇറങ്ങി
വന്നിരിക്കുന്നു[r] എന്ന് ലുക്കവോന്യ
ഭാഷയിൽ നിലവിളിച്ചു പറഞ്ഞു.
**12** ബർന്നബാസിന് ഇന്ദ്രൻ[s] എന്നും
പൗലൊസ് മുഖ്യപ്രസംഗിയാക
യാൽ അവനു ബുധൻ എന്നും
പേർ വിളിച്ചു. **13** പട്ടണത്തിന്റെ
മുമ്പിലുള്ള ഇന്ദ്ര[s]ക്ഷേത്രത്തിലെ
പുരോഹിതൻ കാളകളെയും പൂമാല
കളെയും ഗോപുരത്തിങ്കൽ കൊ
ണ്ടുവന്നു പുരുഷാരത്തോടുകൂടെ
യാഗം കഴിപ്പാൻ ഭാവിച്ചു.[t] **14** ഇത്
അപ്പൊസ്തലന്മാരായ ബർന്ന
ബാസും പൗലൊസും കേട്ടിട്ടു
വസ്ത്രം കീറിക്കൊണ്ടു[u] പുരു
ഷാരത്തിന്റെ ഇടയിലേക്ക് ഓടി
ച്ചെന്നു നിലവിളിച്ചു പറഞ്ഞത്:
**15** പുരുഷന്മാരേ, നിങ്ങൾ ഈ
ചെയ്യുന്നത് എന്ത്?[v] ഞങ്ങൾ നിങ്ങ
ളോടു സമസ്വഭാവമുള്ള[w] മനുഷ്യർ
അത്രേ; നിങ്ങൾ ഈ വ്യർഥകാ
ര്യങ്ങളെ[x] വിട്ടു,[y] ആകാശവും
ഭൂമിയും സമുദ്രവും അവയിലുള്ള
സകലവും ഉണ്ടാക്കിയ[z] ജീവനുള്ള
ദൈവ[a]ത്തിങ്കലേക്കു തിരിയേണം[y]
എന്നുള്ള സുവിശേഷം ഞങ്ങൾ
നിങ്ങളോട് അറിയിക്കുന്നു. **16** കഴി
ഞ്ഞ കാലങ്ങളിൽ അവൻ സകല
ജാതികളെയും[b] സ്വന്തവഴികളിൽ
നടപ്പാൻ[c] സമ്മതിച്ചു.[b] **17** എങ്കിലും
അവൻ നന്മ ചെയ്കയും[d] ആകാ
ശത്തുനിന്നു മഴയും ഫലപുഷ്ടി
യുള്ള കാലങ്ങളും[e] നിങ്ങൾക്കു
തരികയും[f] ആഹാരവും[g] സന്തോ
ഷവും[h] നല്കി നിങ്ങളെ തൃപ്തരാ
ക്കുകയും ചെയ്തു പോന്നതിനാൽ

**അധ്യായം 14**

1.[a] *അപ്പൊ.പ്ര.13:5*
2.[b] *അപ്പൊ.പ്ര.19:9; യോഹ.3:36; റോമ.15:30*
[c] *യോഹ.21:23*
[d] *അപ്പൊ.പ്ര.13:50*
3.[e] *അപ്പൊ.പ്ര.15:8; എബ്രാ.2:3; (മർക്കൊ.16:20)*
[f] *അപ്പൊ.പ്ര.20:32*
[g] *അപ്പൊ.പ്ര.4:29,30*
4.[h] *(അപ്പൊ.പ്ര.23:7)*
[i] *(അപ്പൊ.പ്ര.17:4,5; 19:9;28:24)*
5.[j] *1തെസ്സ.2:2; (2കൊരി.12:10)*
[k] *(അപ്പൊ.പ്ര.14:19)*
6.[l] *2തിമൊ.3:11*
[m] *മത്താ.10:23*
8.[n] *അപ്പൊ.പ്ര.3:2*
9.[o] *മർക്കൊ.10:52*
[p] *മത്താ.9:2*
10.[q] *അപ്പൊ.പ്ര.3:8; യെശ.35:6*
11.[r] *അപ്പൊ.പ്ര. 8:10;28:6*
12.[s] *(അപ്പൊ.പ്ര. 19:35;28:11)*
13.[s] *(വാ.12കാ.)*
[t] *(ദാനീ.2:46)*
14.[u] *ഉൽപ.37:29*
15.[v] *അപ്പൊ.പ്ര.10:26*
[w] *യാക്കോ.5:17*
[x] *ആവ.32:21; 1ശമൂ.12:21; യിരെ.14:22; (1കൊരി.8:4)*
[y] *അപ്പൊ.പ്ര.15:19; 26:18,20; ലൂക്കൊ.1:16; 1തെസ്സ.1:10; (അപ്പൊ.പ്ര.15:3; യാക്കോ.5:19,20) അപ്പൊ.പ്ര.9:35*
[z] *അപ്പൊ.പ്ര.17:24; ഉൽപ.1:1; പുറ.20:11; സങ്കീ.146:6; വെളി.4:11;10:7;14:7* [a] *മത്താ.16:16* 16.[b] *(അപ്പൊ.പ്ര.17:30;1പത്രൊ.4:3)* [c] *(സങ്കീ.81:13; മീഖാ.4:5)*
17.[d] *സംഖ്യാ.10:32* [e] *സങ്കീ.67:6;85:12; യെഹെ.34:27; യോവേ.2:24; സെഖ.8:12* [f] *ലേവ്യാ.26:4; ആവ.11:14;28:12; ഇയ്യോ.5:11; സങ്കീ.65:10;147:8,18; യെഹെ.34:26; യോവേ.2:23;മത്താ.5:45* [g] *സങ്കീ.104:27* [h] *സങ്കീ.104:15*

തന്നെക്കുറിച്ചു സാക്ഷ്യം തരാതി
രുന്നിട്ടില്ല.[i] **18** അവർ ഇങ്ങനെ
പറഞ്ഞു തങ്ങൾക്കു യാഗം കഴി
ക്കാതവണ്ണം പുരുഷാരത്തെ പ്രയാ
സത്തോടെ തടുത്തു.
**19** എന്നാൽ അന്ത്യോക്യയിൽ
നിന്നും ഇക്കോന്യയിൽനിന്നും
യെഹൂദന്മാർ വന്നു കൂടി[j] പുരു
ഷാരത്തെ വശത്താക്കി പൗലൊ
സിനെ കല്ലെറിഞ്ഞു;[k] അവൻ
മരിച്ചു എന്ന് വിചാരിച്ചിട്ട് അവനെ
പട്ടണത്തിനു പുറത്തേക്ക് ഇഴച്ചു
കളഞ്ഞു. **20** എന്നാൽ ശിഷ്യന്മാർ
അവനെ ചുറ്റിനില്ക്കയിൽ അവൻ
എഴുന്നേറ്റു പട്ടണത്തിൽ ചെന്നു;
പിറ്റന്നാൾ ബർന്നബാസിനോടു
കൂടെ ദെർബ്ബയ്ക്കു പോയി. **21** ആ
പട്ടണത്തിലും സുവിശേഷം അറി
യിച്ചു പലരെയും ശിഷ്യരാക്കിയ[l]
ശേഷം അവർ ലുസ്ത്ര, ഇക്കോന്യ,
അന്ത്യോക്യ എന്ന പട്ടണങ്ങളി
ലേക്കു മടങ്ങിച്ചെന്നു, **22** വിശ്വാസ
ത്തിൽ[m] നിലനില്ക്കേണം[n] എന്നും
നാം അനേകം കഷ്ടങ്ങളിൽക്കൂടി[o]
ദൈവരാജ്യത്തിൽ കടക്കേണ്ടതാ
കുന്നു എന്നും പ്രബോധിപ്പിച്ചു
ശിഷ്യന്മാരുടെ മനസ്സ് ഉറപ്പിച്ചു
പോന്നു.[p] **23** അവർ സഭതോറും
അവർക്കു മൂപ്പന്മാരെ[q] നിയമിക്കയും[r]
ഉപവസിച്ചും പ്രാർഥിച്ചുംകൊണ്ടു
തങ്ങൾ വിശ്വസിച്ച കർത്താവിങ്കൽ
അവരെ ഭരമേല്പിക്കയും[s] ചെയ്തു.
**24** അവർ പിസിദ്യയിൽക്കൂടി കട
ന്നു പംഫുല്യയിൽ എത്തി, **25** പെർ
ഗ്ഗയിൽ വചനം പ്രസംഗിച്ചശേഷം
അത്തല്യക്കു പോയി. **26** അവിടെ
നിന്നു കപ്പൽ കയറി അന്ത്യോക്യ
യിലേക്കു പോയി; തങ്ങൾ നിവർ
ത്തിച്ച വേലയ്ക്കായി ദൈവകൃപ
യിൽ അവരെ ഭരമേല്പിച്ചയച്ചത്[t]
അവിടെനിന്ന്[u] ആയിരുന്നുവല്ലോ.
**27** അവിടെ എത്തിയശേഷം സഭ
യെ ഒരുമിച്ചു കൂട്ടി, ദൈവം തങ്ങ
ളോടുകൂടെ ഇരുന്നു ചെയ്തതൊ
ക്കെയും ജാതികൾക്കു വിശ്വാസ
ത്തിന്റെ വാതിൽ[v] തുറന്നു[w] കൊടു
ത്തതും[x] അറിയിച്ചു.[y] **28** പിന്നെ
അവൻ ശിഷ്യന്മാരോടുകൂടെ
കുറെക്കാലം അവിടെ പാർത്തു.

❋ ❋ ❋

***1. പരിച്ഛേദനയെക്കുറിച്ചുള്ള പിണക്കം 6. അപ്പൊസ്തലർ അതിനെക്കുറിച്ച് ആലോചിച്ചു 22. അവരുടെ വിധിയെ സഭകൾക്ക് എഴുതി അയച്ചത് 36. പൗലൊസും ബർന്നബാസും തമ്മിൽ പിണങ്ങിപ്പിരിഞ്ഞത്.***

**15** യെഹൂദ്യയിൽനിന്നു ചിലർ
വന്നു:[a] നിങ്ങൾ മോശെ
കല്പിച്ച ആചാരം അനുസരിച്ചു[b]
പരിച്ഛേദന ഏല്ക്കാഞ്ഞാൽ[c] രക്ഷ
പ്രാപിപ്പാൻ കഴികയില്ല എന്ന് സ
ഹോദരന്മാരെ[d] ഉപദേശിച്ചു. **2** പൗ
ലൊസിനും ബർന്നബാസിനും അവ
രോട് അല്പമല്ലാത്ത വാദവും തർ
ക്കവും[e] ഉണ്ടായിട്ടു പൗലൊസും
ബർന്നബാസും അവരിൽ മറ്റു ചി
ലരും ഈ തർക്കസംഗതിയെപ്പറ്റി
യെരൂശലേമിൽ അപ്പൊസ്തലന്മാ
രുടെയും മൂപ്പന്മാരുടെയും[f] അടു
ക്കൽ പോകേണം എന്ന് നിശ്ച
യിച്ചു.[g] **3** സഭ അവരെ യാത്ര അയ
ച്ചിട്ട്[h] അവർ ഫൊയ്നീക്യയിലും
ശമര്യയിലും കൂടി കടന്നു ജാതി
കളുടെ മാനസാന്തരവിവരം അറി
യിച്ചു[i] സഹോദരന്മാർക്കു[j] മഹാ
സന്തോഷം വരുത്തി.[k] **4** അവർ
യെരൂശലേമിൽ എത്തിയാറെ[l]
സഭയും അപ്പൊസ്തലന്മാരും മൂപ്പ
ന്മാരും[m] അവരെ കൈക്കൊണ്ടു;
ദൈവം തങ്ങളോടുകൂടെ ഇരുന്നു
ചെയ്തതൊക്കെയും അവർ അറി
യിച്ചു.[i] **5** എന്നാൽ പരീശപക്ഷ[n]
ത്തിൽനിന്നു വിശ്വസിച്ചവർ ചിലർ
എഴുന്നേറ്റ് അവരെ പരിച്ഛേദന കഴി
പ്പിക്കയും[o] മോശെയുടെ ന്യായ
പ്രമാണം ആചരിപ്പാൻ കല്പി
ക്കയും വേണം[p] എന്നു പറഞ്ഞു.

*17.[i] (അപ്പൊ.പ്ര.17:27; റോമ.1:19,20)*
*19.[j] അപ്പൊ.പ്ര.13:45,50*
*[k] 2കൊരി.11:25; (അപ്പൊ.പ്ര.14:5; 2തിമൊ.3:11); അപ്പൊ.പ്ര.7:58*
*21.[l] മത്താ.28:20*
*22.[m] അപ്പൊ.പ്ര.6:7*
*[n] അപ്പൊ.പ്ര.13:43; കൊലൊ.1:23*
*[o] യോഹ.15:20;16:33; 1തെസ്സ.3:3; 2തിമൊ.3:12; (അപ്പൊ.പ്ര.9:16; ലൂക്കൊ.22:28,29; റോമ.8:17; ഫിലി.1:29; 2തെസ്സ.1:5; 2തിമൊ.2:12; 1പത്രൊ.5:10; വെളി.1:9)*
*[p] അപ്പൊ.പ്ര.15:32,40; (അപ്പൊ.പ്ര.18:23; 1തെസ്സ.3:2,13)*
*23.[q] അപ്പൊ.പ്ര.11:30*
*[r] (തീത്തൊ.1:5)*
*[s] അപ്പൊ.പ്ര.20:32*
*26.[t] അപ്പൊ.പ്ര.15:40*
*[u] അപ്പൊ.പ്ര.13:3*
*27.[v] (ഹോശേ.2:15)*
*[w] 1കൊരി.16:9; 2കൊരി.2:12; കൊലൊ.4:3; വെളി.3:8*
*[x] (അപ്പൊ.പ്ര.11:18)*
*[y] അപ്പൊ.പ്ര.15:4; (അപ്പൊ.പ്ര.15:3,12; 21:19)*

**അധ്യായം 15**

*1.[a] അപ്പൊ.പ്ര.15:24*
*[b] അപ്പൊ.പ്ര.6:14; ലേവ്യാ.12:3*
*[c] അപ്പൊ.പ്ര.15:5; ഗലാ.5:2; (1കൊരി.7:18; ഗലാ.2:11,14)*
*[d] അപ്പൊ.പ്ര.15:3,22,23,35,39; യോഹ.21:23*

*2.[e] അപ്പൊ.പ്ര.15:7 [f] അപ്പൊ.പ്ര.15:4,6,22,23; 16:4; 5:12; 11:30 [g] (ഗലാ.2:1,2) 3.[h] അപ്പൊ.പ്ര.21:5; റോമ.15:24; 1കൊരി.16:6,11; 2കൊരി.1:16; തീത്തൊ.3:13; 3യോഹ.6; (അപ്പൊ.പ്ര.17:15) [i] അപ്പൊ.പ്ര.14:27 [j] അപ്പൊ.പ്ര.15:1 [k] അപ്പൊ.പ്ര.11:18 4.[l] (അപ്പൊ.പ്ര.21:17) [m] അപ്പൊ.പ്ര.15:2 [i] (വാ.3കാ.) 5.[n] അപ്പൊ.പ്ര.24:5 [o] ഗലാ.5:3 [p] അപ്പൊ.പ്ര.15:1*

**6** ഈ സംഗതിയെക്കുറിച്ചു
വിചാരിപ്പാൻ അപ്പൊസ്തലന്മാരും
മൂപ്പന്മാരും[m] വന്നുകൂടി.[q] **7** വളരെ
തർക്കം[r] ഉണ്ടായശേഷം പത്രൊസ്
എഴുന്നേറ്റ് അവരോട് പറഞ്ഞത്:
സഹോദരന്മാരേ, കുറെനാൾ മുമ്പേ
ദൈവം നിങ്ങളിൽവച്ചു ഞാൻ
മുഖാന്തരം[s] ജാതികൾ സുവിശേ
ഷ[t]വചനം[u] കേട്ടു വിശ്വസിക്കേണം
എന്നു നിശ്ചയിച്ചത് നിങ്ങൾ അറി
യുന്നുവല്ലോ. **8** ഹൃദയങ്ങളെ അറി
യുന്ന[v] ദൈവം നമുക്കു തന്നതു
പോലെ അവർക്കും പരിശുദ്ധാ
ത്മാവിനെ കൊടുത്തുകൊണ്ടു[w]
സാക്ഷിനിന്നു[x] വിശ്വാസത്താൽ[y]
**9** അവരുടെ ഹൃദയങ്ങളെ ശുദ്ധീ
കരിച്ചതിനാൽ[z] നമുക്കും അവർ
ക്കും തമ്മിൽ ഒരു വ്യത്യാസവും
വച്ചിട്ടില്ല.[a] **10** ആകയാൽ നമ്മുടെ
പിതാക്കന്മാർക്കും നമുക്കും ചുമ
പ്പാൻ കഴിഞ്ഞിട്ടില്ലാത്ത[b] നുകം
ശിഷ്യന്മാരുടെ കഴുത്തിൽ വയ്പാൻ[c]
നിങ്ങൾ ഇപ്പോൾ ദൈവത്തെ പരീ
ക്ഷിക്കുന്നത്[d] എന്ത്? **11** കർത്താ
വായ യേശുവിന്റെ കൃപയാൽ[e]
രക്ഷപ്രാപിക്കും[f] എന്നു നാം വിശ്വ
സിക്കുന്ന[g]തുപോലെ[c] അവരും
വിശ്വസിക്കുന്നു.

**12** ജനസമൂഹം എല്ലാം മിണ്ടാ
തെ ബർന്നബാസും പൗലൊസും
ദൈവം തങ്ങളെക്കൊണ്ടു ജാതി
കളുടെ ഇടയിൽ ചെയ്യിച്ച അടയാ
ളങ്ങളും അദ്ഭുതങ്ങളും എല്ലാം
വിവരിക്കുന്നതു[h] കേട്ടുകൊണ്ടിരു
ന്നു. **13** അവർ പറഞ്ഞു നിറുത്തി
യശേഷം യാക്കോബ്[i] ഉത്തരം
പറഞ്ഞത്:

സഹോദരന്മാരേ, എന്റെ വാക്കു
കേട്ടുകൊൾവിൻ; **14** ദൈവം തന്റെ
നാമത്തിനായി[j] ജാതികളിൽനിന്ന്
ഒരു ജനത്തെ[j] എടുത്തുകൊൾ
വാൻ ആദ്യമായിട്ടു കടാക്ഷിച്ചത്
ശിമോൻ[k] വിവരിച്ചുവല്ലോ. **15** ഇ
തിനോടു പ്രവാചകന്മാരുടെ വാക്യ
ങ്ങളും ഒക്കുന്നു.

**16**[l] "അനന്തരം ഞാൻ ദാവീദിന്റെ
വീണുപോയ കൂടാരത്തെ വീണ്ടും
പണിയും; അതിന്റെ ശൂന്യശിഷ്ട
ങ്ങളെ വീണ്ടും പണിത് അതി
നെ നിവിർത്തും; **17** മനുഷ്യരിൽ
ശേഷിച്ചവരും എന്റെ നാമം വിളി
ച്ചിരിക്കുന്ന[m] സകല ജാതികളും
കർത്താവിനെ അന്വേഷിക്കും[n]
എന്ന് ഇത് **18** പൂർവകാലംമുതൽ
അറിയിക്കുന്ന[o] കർത്താവ് അരു
ളിച്ചെയ്യുന്നു"
എന്ന് എഴുതിയിരിക്കുന്നുവല്ലോ.
**19** ആകയാൽ ജാതികളിൽനിന്നു
ദൈവത്തിങ്കലേക്കു തിരിയുന്നവരെ[p]
നാം അസഹ്യപ്പെടുത്താതെ അ
വർ **20** വിഗ്രഹമാലിന്യങ്ങൾ,[q] പര
സംഗം,[r] ശ്വാസം മുട്ടിച്ചത്തത്,[s]
രക്തം[s] എന്നിവ വർജിച്ചിരിപ്പാൻ[t]
നാം അവർക്ക് എഴുതേണം എ
ന്നു ഞാൻ അഭിപ്രായപ്പെടുന്നു.[u]
**21** മോശെയുടെ ന്യായപ്രമാണം
ശബ്ബത്തുതോറും പള്ളികളിൽ വാ
യിച്ചുവരുന്നതിനാൽ[v] പൂർവകാലം
മുതൽ പട്ടണംതോറും അത് പ്രസം
ഗിക്കുന്നവർ ഉണ്ടല്ലോ.

**22** അപ്പോൾ തങ്ങളിൽ ചില
പുരുഷന്മാരെ തിരഞ്ഞെടുത്തു
പൗലൊസിനോടും ബർന്നബാസി
നോടുംകൂടെ അന്ത്യോക്യയിലേക്ക്
അയയ്ക്കേണം എന്ന് അപ്പൊ
സ്തലന്മാരും മൂപ്പന്മാരും[w] സർവ
സഭയും നിർണയിച്ചു, സഹോദര
ന്മാരിൽ[x] പ്രമാണപ്പെട്ട പുരുഷന്മാ
രായ ബർശബാസ്[y] എന്ന യൂദാ
യെയും ശീലാസിനെയും[z] നിയോ
ഗിച്ചു. **23** അവരുടെ കൈവശം
എഴുതി അയച്ചതെന്തെന്നാൽ: അ
പ്പൊസ്തലന്മാരും മൂപ്പന്മാരായ[w]
സഹോദരന്മാരും, അന്ത്യോക്യയി
ലും സുറിയയിലും കിലിക്യയിലും

**6.**[m] *(വാ.4കാ.)*
[q] *(അപ്പൊ.പ്ര. 15:12,25,26)*
**7.**[r] *അപ്പൊ.പ്ര.15:2*
[s] *അപ്പൊ.പ്ര.10:20*
[t] *അപ്പൊ.പ്ര.20:24*
[u] *(എഫെ.1:13; കൊലൊ.1:3; 1തെസ്സ.1:5)*
**8.**[v] *അപ്പൊ.പ്ര.1:24*
[w] *അപ്പൊ.പ്ര. 10:44,47;11:15,17; (അപ്പൊ.പ്ര.15:28; ഗലാ.3:2)*
[x] *അപ്പൊ.പ്ര.14:3*
[y] *അപ്പൊ.പ്ര.10:43*
**9.**[z] *സങ്കീ.51:10; (അപ്പൊ.പ്ര.26:18; 2കൊരി.7:1; 1പത്രൊ.1:22)*
[a] *അപ്പൊ.പ്ര.11:12; റോമ.3:22-24; എഫെ.3:6; (അപ്പൊ.പ്ര.10:28,34)*
**10.**[b] *(മത്താ. 11:28;23:4; ലൂക്കൊ.11:46)*
[c] *ഗലാ.5:1; (അപ്പൊ.പ്ര.15:28)*
[d] *സങ്കീ.106:14; യെശ.7:12; (അപ്പൊ.പ്ര.5:9; 1കൊരി.10:9; എബ്രാ.3:9)*
**11.**[e] *റോമ.5:15*
[f] *എഫെ.2:5,8; 2തിമൊ.1:9; തീത്തൊ.2:11;3:7; (റോമ.3:24; 1തെസ്സ.5:9,10)*
[g] *(അപ്പൊ.പ്ര.16:31)*
[c] *(വാ.10 കാ.)*
**12.**[h] *അപ്പൊ.പ്ര.15:4; 14:27*
**13.**[i] *അപ്പൊ.പ്ര.12:17*
**14.**[j] *(അപ്പൊ.പ്ര.18:10; ആവ.7:6; യെശ.43:21; റോമ.9:25,26)*
[k] *2പത്രൊ.1:1; (അപ്പൊ.പ്ര.15:7)*
**16.**[l] ***ആമോ. 9:11,12***

**17.**[m] *യെശ.43:7; യിരെ.14:9; ദാനീ.9:19; യാക്കോ. 2:7* [n] *(അപ്പൊ.പ്ര.17:27)* **18.**[o] *(യെശ.45:21)* **19.**[p] *അപ്പൊ.പ്ര.14:15* **20.**[q] *(അപ്പൊ.പ്ര.15:28,29; യെഹെ. 4:13,14; ദാനീ.1:8; മലാ.1:7,12)* [r] *1കൊരി.10:7,8; വെളി.2:14,20; 1കൊരി.6:18* [s] *ലേവ്യാ.3:17* [t] *അപ്പൊ.പ്ര.21:25* [u] *(അപ്പൊ.പ്ര.15:28)* **21.**[v] *അപ്പൊ.പ്ര. 13:15; 2കൊരി.3:14,15; (അപ്പൊ.പ്ര.13:27)* **22.**[w] *അപ്പൊ.പ്ര.15:2* [x] *അപ്പൊ.പ്ര.15:1* [y] *(അപ്പൊ.പ്ര.1:23)* [z] *1പത്രൊ.5:12* **23.**[w] *(വാ.22 കാ.)*

ജാതികളിൽനിന്നു ചേർന്ന സഹോ
ദരന്മാർക്കു[x] വന്ദനം.[a] 24 ഞങ്ങൾ
കല്പന കൊടുക്കാതെ ചിലർ[b] ഞ
ങ്ങളുടെ ഇടയിൽനിന്നു പുറപ്പെട്ടു
നിങ്ങളെ വാക്കുകളാൽ ഭ്രമിപ്പിച്ചു[c]
നിങ്ങളുടെ ഹൃദയങ്ങളെ കലക്കി
ക്കളഞ്ഞു എന്നു കേൾക്കകൊണ്ടു
25 ഞങ്ങൾ ചില പുരുഷന്മാരെ
തിരഞ്ഞെടുത്തു നമ്മുടെ കർത്താ
വായ യേശുക്രിസ്തുവിന്റെ നാമ
ത്തിനുവേണ്ടി പ്രാണത്യാഗം[d] ചെ
യ്തവരായ[e] നമ്മുടെ പ്രിയ[f] ബർന്ന
ബാസോടും പൗലൊസോടുംകൂടെ
26 നിങ്ങളുടെ അടുക്കൽ അയ
യ്ക്കേണം എന്നു ഞങ്ങൾ ഒരുമന
പ്പെട്ടു[g] നിശ്ചയിച്ചു. 27 ആകയാൽ
ഞങ്ങൾ യൂദായെയും ശീലാസി
നെയും[h] അയച്ചിരിക്കുന്നു; അവർ
വാമൊഴിയായും ഇതുതന്നെ അറി
യിക്കും. 28 വിഗ്രഹാർപ്പിതം, രക്തം,
ശ്വാസംമുട്ടിച്ചത്തത്, പരസംഗം
എന്നിവ[i] വർജിക്കുന്നത്[j] ആവശ്യം
എന്നല്ലാതെ അധികമായ ഭാരം ഒന്നും
നിങ്ങളുടെമേൽ ചുമത്തരുത്[k] എന്ന്
പരിശുദ്ധാത്മാവിനും[l] ഞങ്ങൾക്കും[m]
തോന്നിയിരിക്കുന്നു. 29 ഇവ വർ
ജിച്ചു സൂക്ഷിച്ചുകൊണ്ടാൽ നന്ന്;
ശുഭമായിരിപ്പിൻ.[n]

30 അങ്ങനെ അവർ വിടവാങ്ങി
അന്ത്യോക്യയിൽ ചെന്നു ജനസമൂ
ഹത്തെ കൂട്ടിവരുത്തി ലേഖനം
കൊടുത്തു. 31 അവർ ഈ ആശ്വാ
സവചനം വായിച്ചു സന്തോഷിച്ചു.
32 യൂദായും ശീലാസും പ്രവാച
കന്മാർ[o] ആകകൊണ്ട് പല വചന
ങ്ങളാലും സഹോദരന്മാരെ[p] പ്രബോ
ധിപ്പിച്ച് ഉറപ്പിച്ചു.[q] 33 കുറെനാൾ
താമസിച്ചശേഷം സഹോദരന്മാർ[p]
അവരെ അയച്ചവരുടെ അടുക്കലേ
ക്കു സമാധാനത്തോടെ[r] പറഞ്ഞ
യച്ചു. 34 എന്നാൽ പൗലൊസും
ബർന്നബാസും[s] അന്ത്യോക്യയിൽ
പാർത്തു മറ്റു പലരോടും കൂടി കർ
ത്താവിന്റെ വചനം ഉപദേശിച്ചും
സുവിശേഷിച്ചുംകൊണ്ടിരുന്നു.

35 കുറെനാൾ കഴിഞ്ഞിട്ടു പൗ
ലൊസ് ബർന്നബാസിനോട്: നാം
കർത്താവിന്റെ വചനം അറിയിച്ച
പട്ടണംതോറും[t] പിന്നെയും ചെന്നു
സഹോദരന്മാർ[p] എങ്ങനെയിരി
ക്കുന്നു എന്ന് നോക്കുക എന്നു
പറഞ്ഞു. 36 മർക്കൊസ് എന്ന
യോഹന്നാനെയും[u] കൂട്ടിക്കൊണ്ടു
പോകുവാൻ ബർന്നബാസ് ഇച്ഛി
ച്ചു. 37 പൗലൊസോ പംഫുല്യ
യിൽനിന്നു തങ്ങളെ വിട്ടു പ്രവൃ
ത്തിക്കു വരാതെ പോയവനെ[v] കൂട്ടി
ക്കൊണ്ടു പോകുന്നത് യോഗ്യമല്ല
എന്ന് നിരൂപിച്ചു. 38 അങ്ങനെ അ
വർ തമ്മിൽ ഉഗ്രവാദമുണ്ടായിട്ടു[w]
വേർപിരിഞ്ഞു, ബർന്നബാസ് മർ
ക്കൊസിനെ[x] കൂട്ടി കപ്പൽ കയറി
കുപ്രൊസ്ദ്വീപിലേക്കു പോയി.
39 പൗലൊസോ ശീലാസിനെ തിര
ഞ്ഞെടുത്തു: സഹോദരന്മാരാൽ[y]
കർത്താവിന്റെ കൃപയിൽ[z] ഭരമേല്
പിക്കപ്പെട്ടിട്ട്[a] 40 യാത്ര പുറപ്പെട്ടു
സുറിയാ, കിലിക്യാ ദേശങ്ങളിൽ
കൂടി സഞ്ചരിച്ചു സഭകളെ ഉറപ്പി
ച്ചു[b] പോന്നു.

***1. പൗലൊസ് തിമൊഥെയൊസിനെ പരിച്ഛേദന ചെയ്തത് 14. ലുദിയായുടെ മാനസാന്തരം 16. വെളിച്ചപ്പാടാത്മാവിനെ പുറത്താക്കിയത് 19. പൗലൊസും ശീലാസും കാരാഗൃഹത്തിൽ ആക്കപ്പെട്ടതും 27. കാരാഗൃഹപ്രമാണി മാനസാന്തരപ്പെട്ടതും 35. അവർ വിടുവിക്കപ്പെട്ടതും.***

**16** അവൻ ദെർബ്ബയിലും ലു
സ്ത്രയിലും ചെന്നു. അവിടെ
വിശ്വാസമുള്ളോരു യെഹൂദസ്ത്രീ
യുടെ മകനായി[a] തിമൊഥെയൊ
സ്[b] എന്നു പേരുള്ള ഒരു ശിഷ്യൻ
ഉണ്ടായിരുന്നു. അവന്റെ അപ്പൻ
യവനനായിരുന്നു. 2 അവൻ ലുസ്ത്ര
യിലും ഇക്കോന്യയിലുമുള്ള

23. [x] *(വാ.22 കാ.)*
[a] *അപ്പൊ.പ്ര.23:26; യാക്കോ.1:1; (2യോഹ.10,11)*
24. [b] *അപ്പൊ.പ്ര.15:1; (ഗലാ.2:4;5:12; തീത്തൊ.1:10)*
[c] *ഗലാ.1:7;5:10*
25. [d] *(അപ്പൊ.പ്ര. 20:24; 21:13; 2കൊരി.4:11; 1യോഹ.3:16)*
[e] *അപ്പൊ.പ്ര. 9:23 - 25;14:19*
[f] *(2പത്രൊ.3:15)*
26. [g] *അപ്പൊ.പ്ര. 1:14*
27. [h] *അപ്പൊ.പ്ര. 15:22,32*
28. [i] *അപ്പൊ.പ്ര.21:25; 1കൊരി.8:1,4,7,10; 10:19; വെളി.2:14,20*
[j] *അപ്പൊ.പ്ര.15:20*
[k] *(അപ്പൊ.പ്ര.15:10; വെളി.2:24)*
[l] *(അപ്പൊ.പ്ര. 15:8;5:32; യോഹ.16:13; 1കൊരി.7:40)*
[m] *(അപ്പൊ.പ്ര.15:19)*
29. [n] *അപ്പൊ.പ്ര. 23:30*
32. [o] *അപ്പൊ.പ്ര.13:1*
[p] *അപ്പൊ.പ്ര.15:1*
[q] *അപ്പൊ.പ്ര.14:22*
33. [p] *(വാ.32 കാ.)*
[r] *ഉൽപ.26:29; എബ്രാ.11:31; (1കൊരി.16:11)*
34. [s] *അപ്പൊ.പ്ര.13:1*
35. [t] *അപ്പൊ.പ്ര. 13:4,13,14,51; 14:6,24,25*
[p] *(വാ.32 കാ.)*
36. [u] *അപ്പൊ.പ്ര.12:12*
37. [v] *അപ്പൊ.പ്ര.13:13*
38. [w] *(അപ്പൊ.പ്ര. 17:16)*
[x] *(കൊലൊ.4:10)*
39. [y] *അപ്പൊ.പ്ര.15:1*

[z] *അപ്പൊ.പ്ര.15:11; (അപ്പൊ.പ്ര.11:23);റോമ.16:20*
[a] *അപ്പൊ.പ്ര.14:26* 40. [b] *അപ്പൊ.പ്ര.15:32;16:5*

**അധ്യായം 16**

1. [a] *2തിമൊ.1:5;3:14,15* [b] *അപ്പൊ.പ്ര.17:14;18:5; 19:22;20:4; റോമ.16:21; 1കൊരി.4:17;ഫിലി.2:19; കൊലൊ.1:1;1തെസ്സ.3:2;2തെസ്സ1:1;1തിമൊ.1:2,18; 2തിമൊ.1:1;എബ്രാ.13:23*

സഹോദരന്മാരാൽ[c] നല്ല സാക്ഷ്യം
കൊണ്ടവൻ ആയിരുന്നു. **3** അവൻ
തന്നോടുകൂടെ പോരേണം എന്ന്
പൗലൊസ് ഇച്ഛിച്ചു; അവന്റെ അ
പ്പൻ യവനൻ എന്ന് അവിടങ്ങളി
ലുള്ള യെഹൂദന്മാർ എല്ലാവരും
അറിഞ്ഞിരുന്നതിനാൽ അവരെ
വിചാരിച്ച് അവനെ പരിച്ഛേദന കഴി
പ്പിച്ചു.[d] **4** അവർ പട്ടണംതോറും
ചെന്നു യെരൂശലേമിലെ അപ്പൊ
സ്തലന്മാരും[e] മൂപ്പന്മാരും വിധിച്ച്[f]
നിർണയങ്ങൾ[g] പ്രമാണിക്കേണ്ട
തിന് അവർക്ക് ഏല്പിച്ചുകൊടുത്തു.
**5** അങ്ങനെ സഭകൾ[h] വിശ്വാസ
ത്തിൽ[i] ഉറയ്ക്കയും[h] എണ്ണത്തിൽ
ദിവസേന[j] പെരുകുകയും ചെയ്തു.

**6** അവർ ആസ്യയിൽ വചനം
പ്രസംഗിക്കരുതെന്നു പരിശുദ്ധാ
ത്മാവ് വിലക്കുകയാൽ ഫ്രുഗ്യ
യിലും ഗലാത്യദേശത്തിലുംകൂടി
സഞ്ചരിച്ചു,[k] **7** മുസ്യയിൽ എത്തി
ബിഥുന്യയ്ക്കു പോകുവാൻ ശ്രമി
ച്ചു; യേശുവിന്റെ ആത്മാവോ[l]
അവരെ സമ്മതിച്ചില്ല. **8** അവർ
മുസ്യ കടന്നു ത്രോവാസിൽ[m] എ
ത്തി. **9** അവിടെവച്ചു പൗലൊസ്
രാത്രിയിൽ മക്കെദോന്യക്കാരനാ
യൊരു പുരുഷൻ അരികെ നിന്നു:
നീ മക്കെദോന്യക്കു കടന്നുവന്നു
ഞങ്ങളെ സഹായിക്ക എന്ന് ത
ന്നോട് അപേക്ഷിക്കുന്നതായി ഒരു
ദർശനം കണ്ടു. **10** ഈ ദർശനം
കണ്ടിട്ട് അവരോടു സുവിശേഷം
അറിയിപ്പാൻ ദൈവം ഞങ്ങളെ
വിളിച്ചിരിക്കുന്നു എന്ന് നിശ്ചയിച്ചു,
ഞങ്ങൾ ഉടനെ മക്കെദോന്യക്കു പുറ
പ്പെടുവാൻ ശ്രമിച്ചു.[n]

**11** അങ്ങനെ ഞങ്ങൾ ത്രോവാ
സിൽനിന്നു കപ്പൽ നീക്കി നേരേ[o]
സമൊത്രാക്കെയിലേക്കും പിറ്റ
ന്നാൾ നവപൊലിക്കും അവിടെനി
ന്നു ഫിലിപ്പിയിലേക്കും[p] ചെന്നു.
**12** ഇതു മക്കെദോന്യയുടെ ആ
ഭാഗത്തെ ഒരു പ്രധാന പട്ടണവും
റോമക്കാർ കുടിയേറിപ്പാർത്തതും[q]
ആകുന്നു. ആ പട്ടണത്തിൽ ഞങ്ങൾ
ചില ദിവസം പാർത്തു. **13** ശബ്ബത്തു
നാളിൽ[r] ഞങ്ങൾ ഗോപുരത്തിനു
പുറത്തേക്കു പോയി അവിടെ പ്രാർ
ഥനാസ്ഥലം ഉണ്ടായിരിക്കും എന്നു
ഞങ്ങൾ വിചാരിച്ചു പുഴവക്കത്ത്[s]
ഇരുന്നു;[t] അവിടെ കൂടിവന്ന സ്ത്രീ
കളോടു സംസാരിച്ചു. **14** തുയ
ഥൈരാ പട്ടണക്കാരത്തിയും
രക്താംബരം വില്ക്കുന്നവളുമായി
ലുദിയാ എന്നു പേരുള്ള ദൈവഭ
ക്തയായൊരു[u] സ്ത്രീ കേട്ടുകൊ
ണ്ടിരുന്നു. പൗലൊസ് സംസാരി
ച്ചത് ശ്രദ്ധിക്കേണ്ടതിനു കർത്താ
വ് അവളുടെ ഹൃദയം തുറന്നു.[v]
**15** അവളും കുടുംബവും[w] സ്നാനം
ഏറ്റശേഷം: നിങ്ങൾ എന്നെ കർത്താ
വിൽ വിശ്വസ്ത എന്ന് എണ്ണിയി
രിക്കുന്നുവെങ്കിൽ എന്റെ വീട്ടിൽ
വന്നു പാർപ്പിൻ എന്ന് അപേക്ഷിച്ചു
ഞങ്ങളെ നിർബന്ധിച്ചു.[x]

**16** ഞങ്ങൾ പ്രാർഥനാസ്ഥല
ത്തേക്കു[y] ചെല്ലുമ്പോൾ വെളിച്ച
പ്പാട്[z]ടത്തിയായി[a] ലക്ഷണം പറ
ഞ്ഞു യജമാനന്മാർക്കു വളരെ
ലാഭം വരുത്തുന്ന[b] ഒരു ബാല്യ
ക്കാരത്തി ഞങ്ങളെ എതിരേറ്റു.
**17** അവൾ പൗലൊസിന്റെയും
ഞങ്ങളുടെയും പിന്നാലെ വന്നു:
ഈ മനുഷ്യർ അത്യുന്നതനായ
ദൈവത്തിന്റെ[c] ദാസന്മാർ,[d] രക്ഷാ
മാർഗം[e] നിങ്ങളോട് അറിയിക്കു
ന്നവർ എന്നു വിളിച്ചുപറഞ്ഞു.[f]
**18** ഇങ്ങനെ അവൾ പലനാൾ
ചെയ്തുവന്നു. പൗലൊസ് മുഷി
ഞ്ഞ് തിരിഞ്ഞുനോക്കി അവളി
ലുള്ള ഭൂതത്തോട്: അവളെ വിട്ടു
പോകുവാൻ ഞാൻ യേശുക്രിസ്തു
വിന്റെ നാമത്തിൽ[g] നിന്നോടു ക
ല്പിക്കുന്നു[h] എന്നു പറഞ്ഞു. ആ
നാഴികയിൽതന്നെ അത് അവളെ
വിട്ടുപോയി.[i]

**19** അവളുടെ യജമാനന്മാർ തങ്ങ
ളുടെ ലാഭത്തിന്റെ ആശ പൊ
യ്പോയത് കണ്ടിട്ട്[j] പൗലൊസി
നെയും ശീലാസിനെയും പിടിച്ചു,
ചന്തസ്ഥലത്തു പ്രമാണികളുടെ

2.[c] യോഹ.21:23
3.[d] (ഗലാ.2:3)
4.[e] അപ്പൊ.പ്ര.15:2
[f] അപ്പൊ.പ്ര.15:28,29
[g] അപ്പൊ.പ്ര.17:7
5.[h] (അപ്പൊ.പ്ര.9:31)
[i] അപ്പൊ.പ്ര.6:7
[j] അപ്പൊ.പ്ര.2:47
6.[k] അപ്പൊ.പ്ര.18:23; (ഗലാ.4:13)
7.[l] റോമ.8:9; ഗലാ.4:6; ഫിലി.1:19 1പത്രൊ.1:11; (അപ്പൊ.പ്ര.16:6; 8:29)
8.[m] അപ്പൊ.പ്ര. 20:5,6; 2കൊരി.2:12; 2തിമൊ.4:13
10.[n] അപ്പൊ.പ്ര. 16:11 - 17; 20:5 - 8,13 - 15; 21:1 - 18;27:1 – 28:16; (കൊലൊ.4:14)
11.[o] അപ്പൊ.പ്ര.21:1
[p] ഫിലി.1:1; 1തെസ്സ.2:2
12.[q] (അപ്പൊ.പ്ര. 16:21)
13.[r] അപ്പൊ.പ്ര.13:14
[s] (എസ്രാ.8:15,21; സങ്കീ.137:1)
[t] മത്താ.5:1
14.[u] അപ്പൊ.പ്ര.18:7
[v] ലൂക്കൊ.24:45
15.[w] അപ്പൊ.പ്ര.11:14
[x] ഉൽപ.19:3; ലൂക്കൊ.24:29
16.[y] അപ്പൊ.പ്ര.16:13
[z] ലേവ്യാ.19:31
[a] ലൂക്കൊ.13:11
[b] അപ്പൊ.പ്ര.16:19
17.[c] മർക്കൊ.5:7
[d] ദാനീ.3:26
[e] (അപ്പൊ.പ്ര.9:2; മത്താ.7:14)
[f] യാക്കോ.2:19
18.[g] (മർക്കൊ.9:38)
[h] (മർക്കൊ.1:25,34)
[i] (മത്താ.17:18) 19.[j] അപ്പൊ.പ്ര.16:16; (അപ്പൊ.പ്ര. 19:25,26)

അടുക്കലേക്കു വലിച്ചു കൊണ്ടുപോ
യി[k] **20** അധിപതികളുടെ മുമ്പിൽ
നിറുത്തി: യെഹൂദന്മാരായ ഈ മനു
ഷ്യർ നമ്മുടെ പട്ടണത്തെ കലക്കി,
**21** റോമക്കാരായ[l] നമുക്ക് അംഗീ
കരിപ്പാനും അനുസരിപ്പാനും ന്യായ
മല്ലാത്ത ആചാരങ്ങളെ പ്രസംഗി
ക്കുന്നു[m] എന്നു പറഞ്ഞു. **22** പുരു
ഷാരവും അവരുടെ നേരേ ഇളകി;
അധിപതികൾ അവരുടെ വസ്ത്രം
പറിച്ചുരിഞ്ഞു കോൽകൊണ്ട് അ
വരെ അടിപ്പാൻ കല്പിച്ചു.[n] **23** അ
വരെ വളരെ അടിപ്പിച്ചശേഷം തട
വിൽ ആക്കി കാരാഗൃഹപ്രമാണി
യോട് അവരെ സൂക്ഷ്മത്തോടെ
കാപ്പാൻ കല്പിച്ചു. **24** അവൻ ഇങ്ങ
നെയുള്ള കല്പന കിട്ടുകയാൽ അ
വരെ അകത്തെ തടവിൽ[o] ആക്കി
അവരുടെ കാൽ ആമത്തിൽ[p] ഇട്ടു
പൂട്ടി. **25** അർധരാത്രിക്കു പൗലൊ
സും ശീലാസും പ്രാർഥിച്ചു ദൈവ
ത്തെ പാടി സ്തുതിച്ചു;[q] തടവുകാർ
ശ്രദ്ധിച്ചുകൊണ്ടിരുന്നു. **26** പെട്ടെ
ന്നു വലിയൊരു ഭൂകമ്പം ഉണ്ടായി,[r]
കാരാഗൃഹത്തിന്റെ അടിസ്ഥാനം
കുലുങ്ങി വാതിലൊക്കെയും തുറന്നു[s]
പോയി, എല്ലാവരുടെയും ചങ്ങല
അഴിഞ്ഞുവീണു.[t] **27** കാരാഗൃഹ
പ്രമാണി ഉറക്കുണർന്നു കാരാഗൃ
ഹത്തിന്റെ വാതിലുകൾ തുറന്നിരി
ക്കുന്നത് കണ്ടിട്ടു ചങ്ങലക്കാർ ഓടി
പ്പൊയ്ക്കളഞ്ഞു എന്ന് ഊഹിച്ചു
വാളൂരി തന്നെത്താൻ കൊല്ലുവാൻ
ഭാവിച്ചു.[u] **28** അപ്പോൾ പൗലൊസ്:
നിനക്ക് ഒരു ദോഷവും ചെയ്യരുത്;
ഞങ്ങൾ എല്ലാവരും ഇവിടെ ഉണ്ട
ല്ലോ എന്ന് ഉറക്കെ വിളിച്ചുപറഞ്ഞു.
**29** അവൻ വെളിച്ചം ചോദിച്ച് അക
ത്തേക്കു ചാടി വിറച്ചുംകൊണ്ടു
പൗലൊസിന്റെയും ശീലാസിന്റെയും
മുമ്പിൽ വീണു.[v] **30** അവരെ പുറ
ത്തു കൊണ്ടുവന്ന്: യജമാനന്മാരേ,
രക്ഷപ്രാപിപ്പാൻ[w] ഞാൻ എന്തു
ചെയ്യേണം[x] എന്ന് ചോദിച്ചു. **31** കർ
ത്താവായ യേശുവിൽ വിശ്വസിക്ക;[y]
എന്നാൽ നീയും നിന്റെ കുടുംബ
വും[z] രക്ഷ പ്രാപിക്കും[y] എന്ന് അ
വർ പറഞ്ഞു. **32** പിന്നെ അവർ
കർത്താവിന്റെ വചനം അവനോ
ടും അവന്റെ വീട്ടിലുള്ള എല്ലാവ
രോടും പ്രസംഗിച്ചു. **33** അവൻ
രാത്രിയിൽ, ആ നാഴികയിൽതന്നെ,[a]
അവരെ കൂട്ടിക്കൊണ്ടുപോയി അവ
രുടെ മുറിവുകളെ കഴുകി; താനും
തനിക്കുള്ളവരെല്ലാവരും താമസി
യാതെ സ്നാനം ഏറ്റു.[b] **34** പിന്നെ
അവരെ വീട്ടിൽ കൈക്കൊണ്ട് അ
വർക്കു ഭക്ഷണം[c] കൊടുത്തു,
ദൈവത്തിൽ വിശ്വസിച്ചതിൽ വീട
ടക്കം ആനന്ദിച്ചു.[d]

**35** നേരം പുലർന്നപ്പോൾ അധി
പതികൾ കോല്ക്കാരെ അയച്ചു:
ആ മനുഷ്യരെ വിട്ടയയ്ക്കേണം
എന്നു പറയിച്ചു. **36** കാരാഗൃഹ
പ്രമാണി ഈ വാക്ക് പൗലൊസി
നോട് അറിയിച്ചു: നിങ്ങളെ വിട്ടയ
പ്പാൻ അധിപതികൾ ആളയച്ചിരി
ക്കുന്നു; ആകയാൽ സമാധാന
ത്തോടെ പോകുവിൻ എന്നു പറ
ഞ്ഞു. **37** പൗലൊസ് അവരോട്:
റോമാപൗരന്മാരായ ഞങ്ങളെ അ
വർ വിസ്താരം കൂടാതെ[e] പരസ്യ
മായി അടിപ്പിച്ചു തടവിലാക്കിയല്ലോ;
ഇപ്പോൾ രഹസ്യമായി ഞങ്ങളെ
പുറത്താക്കുന്നുവോ? അങ്ങനെ
അല്ല; അവർതന്നെ വന്ന് ഞങ്ങളെ
പുറത്തു കൊണ്ടുപോകട്ടെ എന്നു
പറഞ്ഞു. **38** കോല്ക്കാർ ആ
വാക്ക് അധിപതികളോടു ബോധി
പ്പിച്ചാറെ അവർ റോമാപൗരന്മാർ
എന്നു കേട്ട് അവർ ഭയപ്പെട്ടു[e]
**39** ചെന്ന് അവരോട് നല്ല വാക്കു
പറഞ്ഞ് അവരെ പുറത്തു കൊണ്ടു
വന്നു പട്ടണം വിട്ടുപോകേണം എന്ന്
അപേക്ഷിച്ചു.[f] **40** അവർ തടവു
വിട്ടു ലുദിയായുടെ[g] വീട്ടിൽ ചെ
ന്നു സഹോദരന്മാരെ[h] കണ്ട് ആശ്വ
സിപ്പിച്ചശേഷം പുറപ്പെട്ടുപോയി.

❋ ❋ ❋

19.[k] *അപ്പൊ.പ്ര. 17:6 - 8;21:30; യാക്കോ.2:6; (അപ്പൊ.പ്ര. 8:3;18:12; മത്താ.10:18);*
21.[l] *(അപ്പൊ.പ്ര.16:12)*
[m] *(എസ്ഥേ.3:8)*
22.[n] *2കൊരി.6:5; 11:23 - 25; 1തെസ്സ.2:2*
24.[o] *ലൂക്കൊ.21:12*
[p] *ഇയ്യോ.13:27;33:11; യിരെ.20:2,3;29:26*
25.[q] *ഇയ്യോ.35:10; സങ്കീ.42:8; 77:6;119:62*
26.[r] *അപ്പൊ.പ്ര.4:31*
[s] *അപ്പൊ.പ്ര. 5:19;12:10*
[t] *അപ്പൊ.പ്ര.12:7*
27.[u] *(അപ്പൊ.പ്ര. 12:19; 27:42; 1രാജാ.20:39)*
29.[v] *അപ്പൊ.പ്ര.10:25*
30.[w] *(അപ്പൊ.പ്ര. 16:17)*
[x] *അപ്പൊ.പ്ര. 2:37;22:10; ലൂക്കൊ.3:10,12,14; (യോഹ.6:28,29)*
31.[y] *മർക്കൊ.16:16*
[z] *അപ്പൊ.പ്ര.11:14*
33.[a] *അപ്പൊ.പ്ര.16:25*
[b] *അപ്പൊ.പ്ര.8:12*
34.[c] *സങ്കീ.23:5*
[d] *സങ്കീ.9:14;13:5; യെശ.25:9; ലൂക്കൊ.1:47; 1പത്രൊ.1:6,8; (അപ്പൊ.പ്ര.2:46)*
37.[e] *അപ്പൊ.പ്ര. 22:25,29*
38.[e] *(വാ.37 കാ.)*
39.[f] *(മത്താ.8:34)*
40.[g] *അപ്പൊ.പ്ര. 16:14*
[h] *യോഹ.21:23*

16:21 ***റോമക്കാരായ... ന്യായമല്ലാത്ത ആചാരങ്ങൾ:*** പുതിയമതത്തിൽ ചേരുവാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നു എന്ന ആരോപണമാണ് പൗലൊസിന്റെയും ശീലാസിന്റെയും നേരേ അവിടെയുള്ളവർ നടത്തിയത്.

*1. പൗലൊസ് തെസ്സലൊനീക്ക്യ 10. ബെരോവ 16. അഥേന എന്നീ യവനപട്ടണങ്ങളിൽ പ്രസംഗിച്ചത്.*

**17** അവർ അംഫിപൊലിസിലും
അപ്പൊലോന്യയിലുംകൂടി
കടന്നു തെസ്സലൊനീക്യയിൽ[a]
എത്തി; അവിടെ യെഹൂദന്മാ
രുടെ ഒരു പള്ളി ഉണ്ടായിരുന്നു.
**2** പൗലൊസ് പതിവുപോലെ[b] അ
വരുടെ അടുക്കൽ ചെന്നു മൂന്നു
ശബ്ബത്തിൽ തിരുവെഴുത്തുകളെ
ആധാരമാക്കി[c] അവരോടു വാദിച്ചു.
**3** ക്രിസ്തു കഷ്ടം അനുഭവിക്ക
യും[d] മരിച്ചവരിൽനിന്ന് ഉയിർത്തെ
ഴുന്നേല്ക്കയും[e] ചെയ്യേണ്ടത് എ
ന്നും; ഞാൻ നിങ്ങളോട് അറിയി
ക്കുന്ന ഈ യേശുതന്നെ ക്രിസ്തു
എന്നും തെളിയിച്ചു വിവരിച്ചുകൊ
ണ്ടിരുന്നു.[f] **4** അവരിൽ ചിലരും[g]
ഭക്തിയുള്ള യവനന്മാരിൽ[h] ഒരു
വലിയകൂട്ടവും[i] മാന്യസ്ത്രീകളിൽ
അനേകരും വിശ്വസിച്ചു[g] പൗലൊ
സിനോടും ശീലാസിനോടും ചേർ
ന്നു. **5** യെഹൂദന്മാരോ[j] അസൂയ[k]
പൂണ്ട്, മിനക്കെട്ടു നടക്കുന്ന ചില
ദുഷ്ടന്മാരെ[l] ചേർത്തു പുരുഷാ
രത്തെ ഇളക്കി പട്ടണത്തിൽ കലഹ
മുണ്ടാക്കി[j] യാസോന്റെ[m] വീടു വള
ഞ്ഞ് അവരെ ജനസമൂഹത്തിൽ
കൊണ്ടുവരുവാൻ ശ്രമിച്ചു. **6** അ
വരെ കാണാഞ്ഞിട്ടു യാസോനെ
യും ചില സഹോദരന്മാരെയും
നഗരാധിപന്മാരുടെ അടുക്കലേക്ക്
ഇഴച്ചുകൊണ്ടു:[n] ഭൂലോകത്തെ കല
ഹിപ്പിച്ചവർ ഇവിടെയും എത്തി;
**7** യാസോൻ അവരെ കൈക്കൊ
ണ്ടും ഇരിക്കുന്നു; അവരൊക്കെയും
യേശു എന്ന മറ്റൊരുവൻ രാജാവ്[o]
എന്നു പറഞ്ഞുകൊണ്ടു കൈസ
രുടെ നിയമങ്ങൾക്കു[p] പ്രതികൂല
മായി പ്രവർത്തിക്കുന്നു എന്ന് നില
വിളിച്ചു. **8** ഇതു കേട്ടിട്ട് പുരുഷാ
രവും നഗരാധിപന്മാരും ഭ്രമിച്ചു.
**9** യാസോൻ മുതലായവരോടു
ജാമ്യം വാങ്ങി അവരെ വിട്ടയച്ചു.
**10** സഹോദരന്മാർ[q] ഉടനെ,
രാത്രിയിൽതന്നെ, പൗലൊസിനെ
യും ശീലാസിനെയും ബെരോവ
യ്ക്കു പറഞ്ഞയച്ചു. അവിടെ എത്തി
യാറെ അവർ യെഹൂദന്മാരുടെ
പള്ളിയിൽ പോയി.[r] **11** അവർ തെസ്സ
ലൊനീക്യയിലുള്ളവരെക്കാൾ ഉ
ത്തമന്മാരായിരുന്നു. അവർ വചനം
പൂർണ ജാഗ്രതയോടെ കൈക്കൊ
ണ്ടതല്ലാതെ അത് അങ്ങനെ തന്നെ
യോ എന്ന് ദിനംപ്രതി തിരുവെഴു
ത്തുകളെ പരിശോധിച്ചു[s] പോന്നു.
**12** അവരിൽ പലരും[t] മാന്യരായ
യവനസ്ത്രീകളിലും[u] പുരുഷന്മാ
രിലും അനേകരും വിശ്വസിച്ചു.[t]
**13** പൗലൊസ് ബെരോവയിലും
ദൈവവചനം അറിയിച്ചത് തെസ്സ
ലൊനീക്യയിലെ യെഹൂദന്മാർ
അറിഞ്ഞ് അവിടെയും വന്നു പുരു
ഷാരത്തെ[v] ഇളക്കി ഭ്രമിപ്പിച്ചു.[v]
**14** ഉടനെ സഹോദരന്മാർ പൗലൊ
സിനെ സമുദ്രതീരത്തേക്കു പറ
ഞ്ഞയച്ചു;[w] ശീലാസും തിമൊഥെ
യൊസും[x] അവിടെത്തന്നെ പാർ
ത്തു. **15** പൗലൊസിനോടുകൂടെ
വഴിത്തുണ പോയവർ[y] അവനെ
അഥേന[z]യോളം കൊണ്ടുപോയി;
ശീലാസും തിമൊഥെയൊസും
കഴിയുന്ന വേഗത്തിൽ തന്റെ അടു
ക്കൽ വരേണം[a] എന്നുള്ള കല്പന
വാങ്ങി മടങ്ങിപ്പോന്നു.
**16** അഥേനയിൽ പൗലൊസ്
അവർക്കായി കാത്തിരിക്കുമ്പോൾ
നഗരത്തിൽ ബിംബങ്ങൾ നിറഞ്ഞി
രിക്കുന്നത്[b] കണ്ടു മനസ്സിനു ചൂടു
പിടിച്ചു.[c] **17** അവൻ പള്ളിയിൽ
വച്ചു[d] യെഹൂദന്മാരോടും ദൈവഭക്ത
ന്മാരോടും ചന്തസ്ഥലത്തു ദിവ
സേന കണ്ടവരോടും സംഭാഷിച്ചു[d]
പോന്നു. **18** എപ്പിക്കൂര്യരും സ്തോ
യിക്കരും ആയ തത്ത്വജ്ഞാനിക
ളിൽ ചിലർ അവനോട് വാദിച്ചു:
ഈ വിടുവായൻ എന്തു പറവാൻ
പോകുന്നു[e] എന്ന് ചിലരും അവൻ
യേശുവിനെയും പുനരുത്ഥാനത്തെ
യും[f] പ്രസംഗിക്കകൊണ്ട്:[g] ഇവൻ
അന്യദേവതകളെ ഘോഷിക്കുന്ന
വൻ എന്നു തോന്നുന്നു എന്ന് മറ്റു
ചിലരും പറഞ്ഞു. **19** പിന്നെ

അധ്യായം 17
1.[a] *അപ്പൊ.പ്ര.20:4; ഫിലി.4:16; 1തെസ്സ.1:1; 2തെസ്സ.1:1*
2.[b] *അപ്പൊ.പ്ര.13:5*
[c] *അപ്പൊ.പ്ര.8:35*
3.[d] *അപ്പൊ.പ്ര.3:18*
[e] *യോഹ.20:9*
[f] *ലൂക്കൊ.24:26,32*
4.[g] *(1തെസ്സ.2:1,2); അപ്പൊ.പ്ര.14:4*
[h] *യോഹ.7:35*
[i] *അപ്പൊ.പ്ര.17:12*
5.[j] *1തെസ്സ.2:14 - 16; അപ്പൊ.പ്ര.13:50*
[k] *അപ്പൊ.പ്ര.5:17*
[l] *(ന്യായാ.9:4;11:3; 2ദിന.13:7)*
[m] *റോമ.16:21*
6.[n] *അപ്പൊ.പ്ര. 16:19 - 21*
7.[o] *ലൂക്കൊ.23:2*
[p] *അപ്പൊ.പ്ര.16:4; ലൂക്കൊ.2:1*
10.[q] *അപ്പൊ.പ്ര. 17:14; യോഹ.21:23*
[r] *അപ്പൊ.പ്ര.17:2*
11.[s] *(യെശ.34:16; യോഹ.5:39)*
12.[t] *അപ്പൊ.പ്ര.17:4*
[u] *അപ്പൊ.പ്ര.13:50*
13.[v] *അപ്പൊ.പ്ര.17:8*
14.[w] *അപ്പൊ.പ്ര. 17:10;മത്താ.10:23*
[x] *അപ്പൊ.പ്ര.16:1*
15.[y] *(അപ്പൊ.പ്ര. 15:3)*
[z] *അപ്പൊ.പ്ര.18:1; 1തെസ്സ.3:1*
[a] *അപ്പൊ.പ്ര.18:5*
16.[b] *(യെശ.2:8)*
[c] *(2പത്രൊ.2:7)*
17.[d] *അപ്പൊ.പ്ര.13:5*
18.[e] *(1കൊരി.4:10)*
[f] *അപ്പൊ.പ്ര. 17:31,32;4:2; (1കൊരി.15:12)*
[g] *അപ്പൊ.പ്ര.5:42*

അവനെ പിടിച്ചു അരയോപഗക്കു
ന്നിന്മേൽ[h] കൊണ്ടുചെന്നു: നീ
പ്രസ്താവിക്കുന്ന ഈ നവീനോപ
ദേശം[i] ഇന്നത് എന്നു ഞങ്ങൾക്ക്
അറിയാമോ? **20** നീ ചില അപൂർവ
ങ്ങളെ[j] ഞങ്ങളുടെ ചെവിയിൽ കട
ത്തുന്നുവല്ലോ; അത് എന്ത് എന്ന്
അറിവാൻ ഞങ്ങൾ ആഗ്രഹിക്കു
ന്നു എന്നു പറഞ്ഞു. **21** എന്നാൽ
അഥേനരൊക്കെയും അവിടെ വന്നു
പാർക്കുന്ന പരദേശികളും വല്ല പു
തുമയും പറകയോ കേൾക്കയോ
ചെയ്‌വാനല്ലാതെ മറ്റൊന്നിനും അവ
സരമുള്ളവരല്ല.

**22** പൗലൊസ് അരയോപഗമദ്ധ്യേ
നിന്നുകൊണ്ടു പറഞ്ഞത്: അഥേന
പുരുഷന്മാരേ, നിങ്ങൾ എല്ലാറ്റിലും
അതിഭക്തന്മാർ[k] എന്ന് ഞാൻ കാ
ണുന്നു. **23** ഞാൻ ചുറ്റിനടന്നു നി
ങ്ങളുടെ പൂജാസ്ഥാനങ്ങളെ[l] നോ
ക്കുമ്പോൾ "അജ്ഞാതദേവന്"[m]
എന്ന് എഴുത്തുള്ള ഒരു വേദിക്കല്ലു
കണ്ടു; എന്നാൽ നിങ്ങൾ അറിയാ
തെ[n] പൂജിക്കുന്നത്[m] തന്നെ ഞാൻ
നിങ്ങളോട് അറിയിക്കുന്നു. **24** ലോ
കവും അതിലുള്ളതൊക്കെയും
ഉണ്ടാക്കിയ ദൈവം[o] സ്വർഗത്തിനും
ഭൂമിക്കും നാഥനാക[p]കൊണ്ടു കൈ
പ്പണിയായ ക്ഷേത്രങ്ങളിൽ വാസം
ചെയ്യുന്നില്ല.[q] **25** താൻ എല്ലാവർ
ക്കും ജീവനും ശ്വാസവും[r] സകല
വും കൊടുക്കുന്നവൻ[s] ആകയാൽ
വല്ലതിനും മുട്ടുള്ളവൻ എന്നപോലെ[t]
മാനുഷകൈകളാൽ ശുശ്രൂഷ ആ
വശ്യപ്പെടുന്നില്ല. **26** ഭൂതലത്തിൽ
എങ്ങും[u] കുടിയിരിപ്പാൻ അവൻ
ഒരുത്തനിൽനിന്നു മനുഷ്യജാതി
യെയൊക്കെയും ഉളവാക്കി,[v] അവ
രുടെ നിവാസത്തിന് അതിരുകളും[w]
കാലങ്ങളും നിശ്ചയിച്ചു.[x] **27** അ
വർ ദൈവത്തെ തപ്പിനോക്കി കണ്ടെ
ത്തുമോ[y] എന്നുവച്ച് അവനെ അന്വേ
ഷിക്കേണ്ടതിനു[z] തന്നെ. അവൻ
നമ്മിൽ ആർക്കും അകന്നിരിക്കുന്ന
വനല്ല[a] താനും. **28** അവനിലല്ലോ
നാം ജീവിക്കയും ചരിക്കയും ഇരി
ക്കയും ചെയ്യുന്നത്.[b] അങ്ങനെ
നിങ്ങളുടെ കവിവരന്മാരിലും[c] ചി
ലർ: "നാം അവന്റെ സന്താനമല്ലോ"
എന്നു പറഞ്ഞിരിക്കുന്നു. **29** നാം
ദൈവത്തിന്റെ സന്താനം എന്നു
വരികയാൽ[d] ദൈവം മനുഷ്യന്റെ
ശില്പവിദ്യയും സങ്കല്പവുംകൊ
ണ്ടു കൊത്തിത്തീർക്കുന്ന പൊൻ,
വെള്ളി, കല്ല് എന്നിവയോടു സദൃ
ശം എന്ന് നിരൂപിക്കേണ്ടതല്ല.[e]
**30** എന്നാൽ അറിയായ്മയുടെ കാല
ങ്ങളെ[f] ദൈവം ലക്ഷ്യമാക്കാതെ[g]
ഇപ്പോൾ[h] എല്ലായിടത്തും എല്ലാവ
രും മാനസാന്തരപ്പെടേണമെന്നു
മനുഷ്യരോടു കല്പിക്കുന്നു.[i]
**31** താൻ നിയമിച്ച പുരുഷൻ മുഖാ
ന്തരം ലോകത്തെ നീതിയിൽ[j]
ന്യായം വിധിപ്പാൻ[k] അവൻ ഒരു ദിവ
സത്തെ[l] നിശ്ചയിച്ചു; അവനെ മരി
ച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്
പിച്ചതിനാൽ[m] എല്ലാവർക്കും അതി
ന്റെ ഉറപ്പു നല്കിയുമിരിക്കുന്നു.[n]

**32** മരിച്ചവരുടെ പുനരുത്ഥാന
ത്തെ[o]ക്കുറിച്ചു കേട്ടിട്ടു ചിലർ പരി
ഹസിച്ചു;[p] മറ്റു ചിലർ: ഞങ്ങൾ
ഇതിനെപ്പറ്റി പിന്നെയും നിന്റെ
പ്രസംഗം കേൾക്കാം[q] എന്നു പറ
ഞ്ഞു. **33** അങ്ങനെ പൗലൊസ്
അവരുടെ നടുവിൽനിന്നു പോയി.
**34** ചില പുരുഷന്മാർ അവനോടു
ചേർന്നു വിശ്വസിച്ചു; അവരിൽ
അരയോപഗസ്ഥാനിയായ[r] ദിയൊ
നുസ്യോസും ദമരിസ് എന്നു പേ
രുള്ളൊരു സ്ത്രീയും മറ്റു ചിലരും
ഉണ്ടായിരുന്നു.

✵ ✵ ✵

19.[h] *അപ്പൊ.പ്ര.17:22; (അപ്പൊ.പ്ര.17:34)* [i] *മർക്കൊ.1:27; (യോഹ.7:16; എബ്രാ.13:9)* 20.[j] *1പത്രൊ.4:4,12; (ഹോശേ.8:12)* 22.[k] *(അപ്പൊ.പ്ര. 25:19)* 23.[l] *2തെസ്സ.2:4* [m] *(യോഹ.4:22; 1കൊരി.15:34)* [n] *(അപ്പൊ.പ്ര.17:30)* 24.[o] *യെശ.42:5; അപ്പൊ.പ്ര.14:15* [p] *മത്താ.11:25 (ആവ.10:14; സങ്കീ.115:16)* [q] *അപ്പൊ.പ്ര.7:48* 25.[r] *ഉൽപ.2:7;7:22; ഇയ്യോ.33:4; (ഇയ്യോ.27:3; സഭാ.12:7; സെഖ.12:1); അപ്പൊ.പ്ര.17:28* [s] *1തിമൊ.6:17; യാക്കോ.1:5,17* [t] *സങ്കീ.50:8 - 12; (1ദിന.29:14,16; ഇയ്യോ.22:2)* 26.[u] *ഉൽപ.11:8; ലൂക്കൊ.21:35* [v] *(ഉൽപ.3:20; മലാ.2:10)* [w] *ആവ.32:8; (സങ്കീ.74:17)* [x] *(ഇയ്യോ.12:23; 14:5)* 27.[y] *(ഇയ്യോ.23:3,8,9)* [z] *(അപ്പൊ.പ്ര.15:17)* [a] *(ആവ.4:7; സങ്കീ.145:18; യിരെ.23:23,24); അപ്പൊ.പ്ര.14:17* 28.[b] *ഇയ്യോ.12:10; ദാനീ.5:23; (എബ്രാ.2:11)*

[c] *(തീത്തൊ.1:12)* 29.[d] *(ലൂക്കൊ.3:38; എബ്രാ.12:9)*

[e] *യെശ.40:18,19,25; 46:5; (റോമ.1:23)* 30.[f] *എഫെ.4:18; 1പത്രൊ.1:14; (അപ്പൊ.പ്ര.17:23)* [g] *(റോമ.3:25); അപ്പൊ.പ്ര.14:16* [h] *(മർക്കൊ.1:15; തീത്തൊ.2:11,12; 1പത്രൊ.4:3)* [i] *അപ്പൊ.പ്ര.26:20;മർക്കൊ.6:12; ലൂക്കൊ.24:47* 31.[j] *സങ്കീ.9:8;96:13;98:9; 1പത്രൊ.2:23; (റോമ.3:6)* [k] *2തിമൊ.4:8; അപ്പൊ.പ്ര.10:42* [l] *മത്താ.12:36; റോമ.2:16; 1കൊരി.3:13; 2പത്രൊ.2:9,10; 1യോഹ.4:17; (യൂദാ.6; യെശ.2:12)* [m] *അപ്പൊ.പ്ര.2:24* [n] *(യോഹ.16:10,11; റോമ.1:5)* 32.[o] *എബ്രാ.6:1; അപ്പൊ.പ്ര.17:18*[p] *(അപ്പൊ.പ്ര.2:13;26:8)* [q] *അപ്പൊ.പ്ര.24:24* 34.[r] *അപ്പൊ.പ്ര.17:19,22*

***1. കൊരിന്തു നഗരത്തിൽ പൗലൊസിന്റെ വേല 9. അവൻ ഒരു ദർശനത്തിൽ ധൈര്യ പ്പെട്ടത് 18. യെരൂശലേമിനും അന്ത്യൊക്യക്കും പോയശേഷം മൂന്നാമത്തെ പ്രസംഗയാത്ര 24. അപ്പൊല്ലോസിന്റെ വസ്തുത.***

**18** അനന്തരം അവൻ അഥേന
വിട്ടു കൊരിന്തിൽ ചെന്നു.
**2** യെഹൂദന്മാർ എല്ലാവരും റോമാ
നഗരം വിട്ടു പോകേണം എന്ന്
ക്ലൌദ്യൊസ്[a] കല്പിച്ചതുകൊണ്ട്
ഇത്തല്യയിൽ നിന്ന് ആ ഇടയ്ക്കു
വന്നവനായി പൊന്തൊസ്കാരൻ
അക്വിലാസ്[b] എന്നു പേരുള്ളൊരു
യെഹൂദനെയും അവന്റെ ഭാര്യ
പ്രിസ്കില്ലയെയും[b] കണ്ട് അവരു
ടെ അടുക്കൽ ചെന്നു. **3** തൊഴിൽ
ഒന്നാകകൊണ്ട് അവൻ അവരോ
ടുകൂടെ പാർത്തു വേല ചെയ്തു
പോന്നു;[c] തൊഴിലോ കൂടാരപ്പണി
യായിരുന്നു. **4** എന്നാൽ ശബ്ബത്ത്
തോറും[d] അവൻ പള്ളിയിൽ സംവാ
ദിച്ചു[d] യെഹൂദന്മാരെയും യവന
ന്മാരെയും സമ്മതിപ്പിച്ചു.
**5** ശീലാസും തിമൊഥെയൊസും
മക്കെദോന്യയിൽനിന്നു വന്നാറെ[e]
പൗലൊസ് വചനഘോഷണത്തിൽ
ശുഷ്കാന്തി പൂണ്ട്[f] യേശുതന്നെ
ക്രിസ്തു എന്ന്[g] യെഹൂദന്മാർക്ക്
സാക്ഷീകരിച്ചു.[h] **6** അവർ എതിർ
പറകയും ദുഷിക്കയും[i] ചെയ്ക
യാൽ അവൻ വസ്ത്രം കുടഞ്ഞു:[j]
നിങ്ങളുടെ നാശത്തിനു നിങ്ങൾ
തന്നെ ഉത്തരവാദികൾ;[k] ഞാൻ
നിർമ്മലൻ;[l] ഇനിമേൽ ഞാൻ ജാതി
കളുടെ അടുക്കൽ പോകും[m] എന്ന്
അവരോട് പറഞ്ഞു. **7** അവൻ അവി
ടം വിട്ടു തീത്തൊസ് യുസ്തൊസ്[n]
എന്ന ഒരു ദൈവഭക്തന്റെ[o] വീട്ടിൽ
ചെന്നു; അവന്റെ വീടു പള്ളിയോടു
തൊട്ടിരുന്നു. **8** പള്ളിപ്രമാണിയായ
ക്രിസ്പൊസ്[p] തന്റെ സകല കുടും
ബത്തോടുംകൂടെ[q] കർത്താവിൽ
വിശ്വസിച്ചു; കൊരിന്ത്യരിൽ അനേ
കർ വചനം കേട്ടു വിശ്വസിച്ചു
സ്നാനം ഏറ്റു. **9** രാത്രിയിൽ[r] കർ
ത്താവ് ദർശനത്തിൽ[s] പൗലൊസി
നോടു: നീ ഭയപ്പെടാതെ[t] പ്രസംഗിക്ക;
മിണ്ടാതിരിക്കരുത്; **10** ഞാൻ നി
ന്നോടുകൂടെ ഉണ്ട്;[t] ആരും നിന്നെ
കൈയേറ്റം ചെയ്തു[u] ദോഷപ്പെ
ടുത്തുകയില്ല ; ഈ പട്ടണത്തിൽ
എനിക്കു വളരെ ജനം ഉണ്ട്[v] എന്ന്
അരുളിച്ചെയ്തു. **11** അങ്ങനെ അ
വൻ ഒരാണ്ടും ആറു മാസവും അവ
രുടെ ഇടയിൽ ദൈവവചനം ഉപ
ദേശിച്ചുകൊണ്ടു താമസിച്ചു.
**12** ഗല്ലിയോൻ അഖായയിൽ
ദേശാധിപതി[w]യായി വാഴുമ്പോൾ
യെഹൂദന്മാർ പൗലൊസിന്റെ നേരേ
ഒരുമനപ്പെട്ട് എഴുന്നേറ്റു,[x] അവനെ
ന്യായാസനത്തിന്റെ മുമ്പാകെ
കൊണ്ടുചെന്നു:[y] **13** ഇവൻ ന്യായ
പ്രമാണത്തിനു[z] വിരോധമായി
ദൈവത്തെ ഭജിപ്പാൻ മനുഷ്യരെ
സമ്മതിപ്പിക്കുന്നു എന്നു പറഞ്ഞു.
**14** പൗലൊസ് വായ് തുറപ്പാൻ ഭാ
വിക്കുമ്പോൾ ഗല്ലിയോൻ യെഹൂദ
ന്മാരോട്: യെഹൂദന്മാരേ, വല്ല
അന്യായമോ വല്ലാത്ത പാതകമോ[a]
ആയിരുന്നെങ്കിൽ ഞാൻ ക്ഷമ
യോടെ നിങ്ങളുടെ സങ്കടം കേൾ
ക്കുമായിരുന്നു. **15** വചനത്തെയും
നാമങ്ങളെയും നിങ്ങളുടെ ന്യായ
പ്രമാണത്തെയും[b] സംബന്ധിച്ചു
ള്ള തർക്കസംഗതികൾ എങ്കിലോ[c]
നിങ്ങൾതന്നെ നോക്കിക്കൊൾവിൻ;
ഈ വകയ്ക്കു ന്യായാധിപതി ആ
കുവാൻ എനിക്കു മനസ്സില്ല എന്നു
പറഞ്ഞ് **16** അവരെ ന്യായാസന
ത്തിങ്കൽനിന്നു പുറത്താക്കി. **17** എ
ല്ലാവരും പള്ളിപ്രമാണിയായ സോ
സ്ഥനേസിനെ പിടിച്ചു ന്യായാസന
ത്തിന്റെ മുമ്പിൽവച്ച് അടിച്ചു; ഇത്
ഒന്നും ഗല്ലിയോൻ കൂട്ടാക്കിയില്ല.
**18** പൗലൊസ് പിന്നെയും കു
റെനാൾ പാർത്തശേഷം സഹോ
ദരന്മാരോടു[d] യാത്ര പറഞ്ഞിട്ട്,

**അധ്യായം 18**

2.[a] *അപ്പൊ.പ്ര.11:28*
[b] *അപ്പൊ.പ്ര.18:18,26; റോമ.16:3; 1കൊരി.16:19; 2തിമൊ.4:19*
3.[c] *അപ്പൊ.പ്ര.20:34; 1കൊരി.4:12;9:15; 2കൊരി.11:7;12:13; 1തെസ്സ.2:9; 2തെസ്സ.3:8*
4.[d] *അപ്പൊ.പ്ര.17:17; 13:5,14*
5.[e] *അപ്പൊ.പ്ര.17:15; 1തെസ്സ.3:6*
[f] *2കൊരി.5:14; (ഇയ്യോ.32:18; യിരെ.6:11;20:9; ആമോ.3:8)*
[g] *അപ്പൊ.പ്ര.18:28; 2:36;5:42;17:3; (അപ്പൊ.പ്ര. 3:20;8:5;9:22)*
[h] *അപ്പൊ.പ്ര.20:21*
6.[i] *അപ്പൊ.പ്ര.13:45*
[j] *നെഹെ.5:13; (അപ്പൊ.പ്ര.13:51)*
[k] *യെഹെ.18:13; 33:4; (2ശമൂ.1:16; മത്താ.27:25)*
[l] *അപ്പൊ.പ്ര.20:26, (യെഹെ.3:18,19)*
[m] *അപ്പൊ.പ്ര.13:46*
7.[n] *(അപ്പൊ.പ്ര.1:23; കൊലൊ.4:11)*
[o] *അപ്പൊ.പ്ര.16:14*
8.[p] *1കൊരി.1:15*
[q] *അപ്പൊ.പ്ര.11:14*
9.[r] *അപ്പൊ.പ്ര.23:11; 27:23*
[s] *(അപ്പൊ.പ്ര.26:16; 2കൊരി.12:1-4)*
[t] *അപ്പൊ.പ്ര.27:24; യോശു.1:5,6; യിരെ.1:8; മത്താ.28:20; (1കൊരി.2:3)*
10.[u] *(ലൂക്കൊ.21:18; 2തെസ്സ.3:2)* [v] *(യോഹ.10:16)* 12.[w] *അപ്പൊ.പ്ര.13:7* [x] *അപ്പൊ.പ്ര. 13:50* [y] *അപ്പൊ.പ്ര.16:19* 13.[z] *അപ്പൊ.പ്ര.18:15* 14.[a] *(അപ്പൊ.പ്ര.13:10)* 15.[b] *അപ്പൊ.പ്ര.18:13* [c] *അപ്പൊ.പ്ര.23:29; 25:19; (1തിമൊ.6:4; 2തിമൊ.2:14)* 18.[d] *യോഹ.21:23*

തനിക്ക് ഒരു നേർച്ച ഉണ്ടായിരുന്ന
തിനാൽ[e] കെംക്രയയിൽ[f]വച്ചു തല
ക്ഷൗരം ചെയ്യിച്ചിട്ടു[e] പ്രിസ്കില്ല
യോടും അക്വിലാസിനോടുംകൂടെ[g]
കപ്പൽ കയറി സുറിയയിലേക്കു
പുറപ്പെട്ട് 19 എഫെസൊസിൽ[h]
എത്തി അവരെ അവിടെ വിട്ടു,
അവൻ പള്ളിയിൽ ചെന്നു യെഹൂ
ദന്മാരോടു സംഭാഷിച്ചു.[i] 20 കുറെ
ക്കൂടെ താമസിക്കേണം എന്ന് അ
വർ അപേക്ഷിച്ചിട്ട് അവൻ സമ്മതി
ക്കാതെ: 21 ദൈവഹിതമുണ്ടെങ്കിൽ[j]
ഞാൻ നിങ്ങളുടെ അടുക്കൽ മടങ്ങി
വരും എന്നു പറഞ്ഞു വിടവാങ്ങി
എഫെസൊസിൽനിന്നു കപ്പൽ
നീക്കി, 22 കൈസര്യയിൽ വന്നിറ
ങ്ങി, യെരൂശലേമിലേക്കു ചെന്ന്,[k]
സഭയെ വന്ദനം ചെയ്തിട്ട് അന്ത്യോ
ക്യയിലേക്കു പോയി. 23 അവിടെ
കുറെനാൾ താമസിച്ചശേഷം പുറ
പ്പെട്ട്, ക്രമത്താലെ ഗലാത്യദേശ
ത്തിലും ഫ്രുഗ്യയിലും[l] സഞ്ചരിച്ചു[l]
ശിഷ്യന്മാരെയൊക്കെയും ഉറപ്പിച്ചു.[m]
24 അലെക്സന്ത്രിയക്കാരനായി
വാഗ്വൈഭവവും തിരുവെഴുത്തുക
ളിൽ സാമർഥ്യവുമുള്ള[n] അപ്പൊ
ല്ലോസ്[o] എന്നു പേരുള്ളൊരു യെ
ഹൂദൻ എഫെസൊസിൽ എത്തി.
25 അവൻ കർത്താവിന്റെ മാർഗ
ത്തിൽ[p] ഉപദേശം ലഭിച്ചവൻ[q] ആ
യിരുന്നു; യോഹന്നാന്റെ സ്നാന
ത്തെ[r]ക്കുറിച്ചു മാത്രം അറിഞ്ഞി
രുന്നു എങ്കിലും ആത്മാവിൽ എരി
വുള്ളവനാകയാൽ[s] അവൻ യേശു
വിന്റെ വസ്തുത സൂക്ഷ്മമായി
പ്രസ്താവിക്കയും ഉപദേശിക്കയും
ചെയ്തു. 26 അവൻ പള്ളിയിൽ
പ്രാഗല്ഭ്യത്തോടെ പ്രസംഗിച്ചു
തുടങ്ങി; അക്വിലാസും പ്രിസ്കില്ല
യും[g] അവന്റെ പ്രസംഗം കേട്ടാറെ
അവനെ ചേർത്തുകൊണ്ട് ദൈവ
ത്തിന്റെ മാർഗം[t] അധികം സ്പഷ്ട
മായി അവനു തെളിയിച്ചുകൊടുത്തു.
27 അവൻ അഖായയിലേക്കു[u]
പോകുവാൻ ഇച്ഛിച്ചപ്പോൾ സഹോ
ദരന്മാർ[v] അവനെ ഉത്സാഹിപ്പിക്ക
യും അവനെ കൈക്കൊള്ളേണ്ട
തിനു ശിഷ്യന്മാർക്ക് എഴുതുകയും[w]
ചെയ്തു; അവിടെ എത്തിയാറെ
അവൻ ദൈവകൃപയാൽ വിശ്വസി
ച്ചവർക്കു[x] വളരെ പ്രയോജനമായി
ത്തീർന്നു.[y] 28 യേശുതന്നെ ക്രി
സ്തു[z] എന്ന് അവൻ തിരുവെഴു
ത്തുകളാൽ തെളിയിച്ചു ബല
ത്തോടെ യെഹൂദന്മാരെ പരസ്യ
മായി ഖണ്ഡിച്ചുകളഞ്ഞു.

❋ ❋ ❋

***1. പൗലൊസ് കൈവച്ചപ്പോൾ പരിശുദ്ധാത്മാവു വന്നത് 13. ചില യെഹൂദന്മാർ ദുരാത്മാക്കളെ പുറത്താക്കുവാൻ ശ്രമിച്ചപ്പോൾ ഓടിക്കപ്പെട്ടത് 23. ദെമേത്രിയൊസ് പൗലൊസിന്റെ നേരെ കലഹം ഉണ്ടാക്കിയത്.***

**19** അപ്പൊല്ലോസ്[a] കൊരിന്തിൽ
ഇരിക്കുമ്പോൾ പൗലൊസ്
ഉൾപ്രദേശങ്ങളിൽക്കൂടി[b] സഞ്ചരി
ച്ച് എഫെസൊസിൽ എത്തി ചില
ശിഷ്യന്മാരെ കണ്ടു: 2 നിങ്ങൾ
വിശ്വസിച്ചിട്ടു പരിശുദ്ധാത്മാവിനെ
പ്രാപിച്ചുവോ[c] എന്ന് അവരോട്
ചോദിച്ചതിന്: പരിശുദ്ധാത്മാവ്
ഉണ്ടെന്നുപോലും ഞങ്ങൾ കേട്ടി
ട്ടില്ല[d] എന്ന് അവർ പറഞ്ഞു.
3 എന്നാൽ ഏതായിരുന്നു നിങ്ങളു
ടെ സ്നാനം[e] എന്ന് അവൻ അവ
രോട് ചോദിച്ചതിന്: യോഹന്നാന്റെ
സ്നാനം[f] എന്ന് അവർ പറഞ്ഞു.
4 അതിനു പൗലൊസ്: യോഹ
ന്നാൻ മാനസാന്തരസ്നാനമത്രേ
കഴിപ്പിച്ചു[f] തന്റെ പിന്നാലെ വരു
ന്നവനായ യേശുവിൽ വിശ്വസി
ക്കേണം എന്ന്[g] ജനത്തോടു പ
റഞ്ഞു എന്നു പറഞ്ഞു. 5 ഇതു
കേട്ടാറെ അവർ കർത്താവായ
യേശുവിന്റെ നാമത്തിൽ സ്നാനം
ഏറ്റു.[h] 6 പൗലൊസ് അവരുടെ
മേൽ കൈ വച്ചപ്പോൾ പരിശുദ്ധാ
ത്മാവ് അവരുടെമേൽ വന്ന്[i] അ
വർ അന്യഭാഷകളിൽ സംസാരി
ക്കയും[j] പ്രവചിക്കയും[k] ചെയ്തു.

18.[e] (അപ്പൊ.പ്ര.21:23,24; സംഖ്യാ.6:2,18)
[f] റോമ.16:1
[g] അപ്പൊ.പ്ര.18:2
19.[h] അപ്പൊ.പ്ര.19:1; 20:16,17 1കൊരി.15:32;16:8; എഫെ.1:1; 1തിമൊ.1:4; 2തിമൊ.1:18; വെളി.2:1
[i] അപ്പൊ.പ്ര.18:4
21.[j] 1കൊരി.4:19; 16:7; എബ്രാ.6:3; യാക്കോ.4:15; (റോമ.15:31; 1പത്രൊ.3:17)
22.[k] അപ്പൊ.പ്ര.11:2; 21:15
23.[l] അപ്പൊ.പ്ര.16:6
[m] അപ്പൊ.പ്ര.14:22
24.[n] (എസ്രാ.7:6)
[o] അപ്പൊ.പ്ര.19:1; 1കൊരി.1:12;3:5,6; 4:6;16:12; തീത്തൊ.3:13
25.[p] അപ്പൊ.പ്ര.9:2
[q] ലൂക്കൊ.1:3
[r] അപ്പൊ.പ്ര.19:3; ലൂക്കൊ.7:29
[s] റോമ.12:11
26.[g] (വാ.18കാ.)
[t] മത്താ.22:16; (അപ്പൊ.പ്ര.18:25)
27.[u] (അപ്പൊ.പ്ര.19:1)
[v] അപ്പൊ.പ്ര.18:18
[w] (2കൊരി.3:1)
[x] (അപ്പൊ.പ്ര.11:21,23; 15:11;എഫെ.2:8)
[y] 1കൊരി.3:6
28.[z] അപ്പൊ.പ്ര.18:5

**അധ്യായം 19**

1.[a] അപ്പൊ.പ്ര.18:24
[b] (അപ്പൊ.പ്ര.18:23)
2.[c] (അപ്പൊ.പ്ര.11:16,17)
[d] (അപ്പൊ.പ്ര.8:16; യോഹ.7:39)
3.[e] അപ്പൊ.പ്ര.8:16
[f] അപ്പൊ.പ്ര.18:25; (എബ്രാ.6:1); അപ്പൊ.പ്ര.13:24,25
4.[f] (വാ.3 കാ.) [g] യോഹ.1:7
5.[h] അപ്പൊ.പ്ര.8:12,16 6.[i] അപ്പൊ.പ്ര.8:17
[j] അപ്പൊ.പ്ര.10:45; മർക്കൊ.16:17 [k] അപ്പൊ.പ്ര.13:1

**7** ആ പുരുഷന്മാർ എല്ലാംകൂടി
പന്ത്രണ്ടോളം ആയിരുന്നു.
**8** പിന്നെ അവൻ പള്ളിയിൽ
ചെന്നു[l] ദൈവരാജ്യത്തെക്കുറിച്ചു[m]
സംവാദിച്ചും സമ്മതിപ്പിച്ചുംകൊ
ണ്ടു മൂന്നു മാസത്തോളം പ്രാഗല്ഭ്യ
ത്തോടെ പ്രസംഗിച്ചു. **9** എന്നാൽ
ചിലർ കഠിനപ്പെട്ട്[n] അനുസരിക്കാ
തെ[o] പുരുഷാരത്തിന്റെ മുമ്പാകെ
ഈ മാർഗത്തെ[p] ദുഷിച്ചപ്പോൾ
അവൻ അവരെ വിട്ടു ശിഷ്യന്മാരെ
വേർതിരിച്ചു, തുറന്നൊസിന്റെ പാഠ
ശാലയിൽ ദിനംപ്രതി സംവാദിച്ചു
പോന്നു. **10** അത് രണ്ടു സംവ
ത്സര[q]ത്തോളം നടക്കയാൽ ആസ്യ
യിൽ പാർക്കുന്ന യെഹൂദന്മാരും
യവനന്മാരും എല്ലാം കർത്താവിന്റെ
വചനം കേൾപ്പാൻ ഇടയായി.[r]
**11** ദൈവം പൗലൊസ് മുഖാന്തരം
അസാധാരണമായ വീര്യപ്രവൃത്തി
കളെ ചെയ്യിക്കയാൽ[s] **12** അവന്റെ
മെയ്മേൽ നിന്നു റൂമാലും ഉത്തരീ
യവും രോഗികളുടെമേൽ കൊണ്ടു
വന്നിടുകയും വ്യാധികൾ അവരെ
വിട്ടുമാറുകയും[s] ദുരാത്മാക്കൾ പുറ
പ്പെടുകയും[t] ചെയ്തു.
**13** എന്നാൽ ദേശാന്തരികളായി
നടക്കുന്ന മന്ത്രവാദികളായ[u] ചില
യെഹൂദന്മാർ: പൗലൊസ് പ്രസംഗി
ക്കുന്ന യേശുവിന്റെ നാമത്തിൽ
ഞാൻ നിങ്ങളോട് ആണയിടുന്നു[v]
എന്നു പറഞ്ഞു യേശുവിന്റെ നാമം
ചൊല്ലുവാൻ തുനിഞ്ഞു.[w] **14** ഇങ്ങ
നെ ചെയ്തവർ മഹാപുരോഹിത
നായ സ്കേവാ എന്ന ഒരു യെഹൂ
ദന്റെ ഏഴു പുത്രന്മാർ ആയിരുന്നു.
**15** ദുരാത്മാവ് അവരോട്: യേശു
വിനെ ഞാൻ അറിയുന്നു;[x] പൗലൊ
സിനെയും പരിചയമുണ്ട്; എന്നാൽ
നിങ്ങൾ ആർ എന്നു ചോദിച്ചു.
**16** പിന്നെ ദുരാത്മാവുള്ള മനുഷ്യൻ
അവരുടെമേൽ ചാടി അവരെ കീഴ
ടക്കി ജയിക്കയാൽ അവർ നഗ്നരും
മുറിവേറ്റവരുമായി ആ വീട്ടിൽനിന്ന്
ഓടിപ്പോയി. **17** ഇത് എഫെസൊ
സിൽ പാർക്കുന്ന സകല യെഹൂ
ദന്മാരും യവനന്മാരും അറിഞ്ഞു;
അവർക്കൊക്കെയും ഭയം തട്ടി, കർ
ത്താവായ യേശുവിന്റെ നാമം മഹി
മപ്പെട്ടു.[y] **18** വിശ്വസിച്ചവരിൽ
അനേകരും വന്നു തങ്ങളുടെ പ്രവൃ
ത്തികളെ ഏറ്റുപറഞ്ഞ്[z] അറിയി
ച്ചു. **19** ക്ഷുദ്രപ്രയോഗം ചെയ്തി
രുന്ന പലരും തങ്ങളുടെ പുസ്തക
ങ്ങളെ കൊണ്ടുവന്ന് എല്ലാവരും
കാൺകെ ചുട്ടുകളഞ്ഞു; അവ
യുടെ വില കണക്കുകൂട്ടിയാറെ
അമ്പതിനായിരം വെള്ളിക്കാശ്[a]
എന്നു കണ്ടു. **20** ഇങ്ങനെ കർത്താ
വിന്റെ വചനം ശക്തിയോടെ പര
ന്നു പ്രബലപ്പെട്ടു.[b]
**21** ഇതു കഴിഞ്ഞിട്ടു പൗലൊസ്
മക്കെദോന്യയിലും അഖായയിലും[c]
കൂടി കടന്നു[d] യെരൂശലേമിലേക്കും
പോകേണം[e] എന്നു മനസ്സിൽ
നിശ്ചയിച്ചു: ഞാൻ അവിടെ ചെന്ന
ശേഷം റോമയും കാണേണം[f]
എന്നു പറഞ്ഞു. **22** തനിക്കു ശു
ശ്രൂഷ ചെയ്യുന്ന[g]വരിൽ തിമൊഥെ
യൊസ്,[h] എരസ്തൊസ്[i] എന്ന
രണ്ടു പേരെ മക്കെദോന്യയിലേക്ക്
അയച്ചിട്ടു താൻ കുറെക്കാലം[j]
ആസ്യയിൽ താമസിച്ചു.
**23** ആ കാലത്ത് ഈ മാർഗത്തെ[k]
ച്ചൊല്ലി വലിയ കലഹം ഉണ്ടായി.[l]
**24** വെള്ളികൊണ്ട് അർത്തെമിസ്
ദേവിയുടെ ക്ഷേത്രരൂപങ്ങളെ തീർ
ക്കുന്ന ദെമേത്രിയൊസ് എന്ന ത
ട്ടാൻ തൊഴിൽക്കാർക്കു വളരെ
ലാഭം വരുത്തിവന്നു.[m] **25** അവൻ
അവരെയും ആ വകയിൽ ഉൾപ്പെട്ട
വേലക്കാരെയും കൂട്ടിവരുത്തി:
പുരുഷന്മാരേ, നമ്മുടെ സമ്പാദ്യം
ഈ തൊഴിൽകൊണ്ട് ആകുന്നു
എന്ന് നിങ്ങൾക്കു ബോധ്യമല്ലോ.[m]
**26** എന്നാൽ ഈ പൗലൊസ് എന്ന
വൻ കൈയാൽ തീർത്തതു ദേവ
ന്മാർ അല്ല[n] എന്ന് പറഞ്ഞുകൊണ്ട്[o]
എഫെസൊസിൽ മാത്രമല്ല, മിക്ക
വാറും ആസ്യയിലൊക്കെയും വളരെ

8.[l] *അപ്പൊ.പ്ര.13:5* [m] *അപ്പൊ.പ്ര. 1:2;28:23*
9.[n] *(അപ്പൊ.പ്ര. 13:45,46; 1കൊരി.16:9)* [o] *അപ്പൊ.പ്ര.14:2* [p] *അപ്പൊ.പ്ര. 19:23;9:2*
10.[q] *(അപ്പൊ.പ്ര. 19:8;20:31)* [r] *(2തിമൊ.1:15)*
11.[s] *(അപ്പൊ.പ്ര.5:15); അപ്പൊ.പ്ര.5:12*
12.[s] *(വാ. 11 കാ.)* [t] *മർക്കൊ.16:17*
13.[u] *(മത്താ.12:27; ലൂക്കൊ.11:19)* [v] *മത്താ.26:63; മർക്കൊ.5:7* [w] *മർക്കൊ.9:38*
15.[x] *യാക്കോ.2:19*
17.[y] *(2തെസ്സ.1:11)*
18.[z] *മത്താ.3:6; മർക്കൊ.1:5; റോമ.14:11; യാക്കോ.5:16*
19.[a] *ലൂക്കൊ.15:8*
20.[b] *അപ്പൊ.പ്ര. 6:7;12:24*
21.[c] *റോമ.15:26; 1തെസ്സ.1:7,8* [d] *1കൊരി.16:5; (അപ്പൊ.പ്ര.20:1)* [e] *അപ്പൊ.പ്ര.20:16,22; റോമ.15:25; 2കൊരി.1:16; (1കൊരി.16:3,4)* [f] *റോമ.15:24,28; (അപ്പൊ.പ്ര.23:11; റോമ.1:13)*
22.[g] *കൊലൊ.4:7; 2തിമൊ.1:18;4:11; ഫിലേ.13; (അപ്പൊ.പ്ര.19:29; 13:5)* [h] *അപ്പൊ.പ്ര.16:1* [i] *റോമ.16:23; 2തിമൊ.4:20* [j] *(1കൊരി.16:8,9)*
23.[k] *അപ്പൊ.പ്ര.19:9* [l] *(2കൊരി.1:8)*
24.[m] *(അപ്പൊ.പ്ര.16:16,19)* 25.[m] *(വാ.24 കാ)*
26.[n] *ആവ.4:28;2രാജാ.19:18;സങ്കീ.115:4; യെശ.44:10-20; യിരെ.10:3-6; വെളി.9:20* [o] *അപ്പൊ.പ്ര.14:15;17:29;1കൊരി.8:4*

ജനങ്ങളെ സമ്മതിപ്പിച്ചു മറിച്ചുക
ളഞ്ഞു എന്ന് നിങ്ങൾ കണ്ടും
കേട്ടും ഇരിക്കുന്നുവല്ലോ. **27** അതി
നാൽ നമ്മുടെ ഈ കാര്യം ആ
ക്ഷേപത്തിൽ ആകുവാൻ അടു
ത്തിരിക്കുന്നതുമല്ലാതെ അർത്തെ
മിസ് മഹാദേവിയുടെ[p] ക്ഷേത്രം
ഏതുമില്ല എന്നു വരികയും ആസ്യ
മുഴുവനും ഭൂതലവും ഭജിച്ചുപോരു
ന്നവളുടെ മാഹാത്മ്യം ഒടുങ്ങിപ്പോ
കയും ചെയ്യും എന്നു പറഞ്ഞു.
**28** അവർ ഇതു കേട്ട് ക്രോധം നിറ
ഞ്ഞവരായി: എഫെസ്യരുടെ അർ
ത്തെമിസ് മഹാദേവി[p] എന്ന് ആർ
ത്തു. **29** പട്ടണം മുഴുവനും കലഹം
കൊണ്ടു നിറഞ്ഞു, അവർ പൗലൊ
സിന്റെ കൂട്ടുയാത്രക്കാരായ[q] ഗാ
യൊസ്,[r] അരിസ്തർഹൊസ്[s] എന്ന
മക്കെദോന്യരെ പിടിച്ചുകൊണ്ടു
രംഗസ്ഥലത്തേക്ക് ഒരുമനപ്പെട്ടു
പാഞ്ഞുചെന്നു. **30** പൗലൊസ്
ജനസമൂഹത്തിൽ ചെല്ലുവാൻ ഭാവി
ച്ചാറെ ശിഷ്യന്മാർ അവനെ വിട്ടില്ല.
**31** ആസ്യാധിപന്മാരിൽ ചിലർ അ
വന്റെ സ്നേഹിതന്മാർ ആകയാൽ:
രംഗസ്ഥലത്തു ചെന്നുപോകരുത്
എന്ന് അവരും അവന്റെ അടുക്കൽ
ആളയച്ച് അപേക്ഷിച്ചു. **32** ജന
സംഘം കലക്കത്തിലായി മിക്കപേ
രും തങ്ങൾ വന്നുകൂടിയ സംഗതി
എന്തെന്ന് അറിയായ്കയാൽ ചിലർ
ഇങ്ങനെയും ചിലർ അങ്ങനെയും
ആർത്തു.[t] **33** യെഹൂദന്മാർ മുമ്പോട്ട്
ഉന്തിക്കൊണ്ടുവന്ന അലെക്സന്ത
രിനെ പുരുഷാരത്തിൽ ചിലർ
സംസാരിപ്പാൻ ഉത്സാഹിപ്പിച്ചു;
അലെക്സന്തർ ആംഗ്യം കാട്ടി[u] ജന
സമൂഹത്തോടു പ്രതിവാദിപ്പാൻ
ഭാവിച്ചു. **34** എന്നാൽ അവൻ യെഹൂ
ദൻ എന്ന് അറിഞ്ഞപ്പോൾ: എഫെ
സ്യരുടെ അർത്തെമിസ് മഹാദേവി[v]
എന്ന് എല്ലാവരും കൂടി രണ്ടു മണി
നേരത്തോളം ഏകശബ്ദത്തോടെ
ആർത്തുകൊണ്ടിരുന്നു. **35** പിന്നെ
പട്ടണമേനവൻ പുരുഷാരത്തെ അ
മർത്തി പറഞ്ഞത്: എഫെസ്യപുരു
ഷന്മാരേ, എഫെസൊസ്പട്ടണം
അർത്തെമിസ് മഹാദേവിക്കും ദ്യോ
വിൽ[w]നിന്നു വീണ ബിംബത്തിനും
ക്ഷേത്രപാലക എന്ന് അറിയാത്ത
മനുഷ്യൻ ആർ? **36** ഇത് എതിർ
മൊഴിയില്ലാത്തതാകയാൽ നിങ്ങൾ
തിടുക്കമായി ഒന്നും ചെയ്യാതെ അട
ങ്ങിപ്പാർക്കേണ്ടതാകുന്നു. **37** ഈ
പുരുഷന്മാരെ[x] നിങ്ങൾ കൂട്ടിക്കൊ
ണ്ടുവന്നുവല്ലോ; അവർ ക്ഷേത്രം
കവർച്ച ചെയ്യുന്നവരല്ല,[y] നമ്മുടെ
ദേവിയെ ദുഷിക്കുന്നവരുമല്ല.
**38** എന്നാൽ ദെമേത്രിയൊസിനും
കൂടെയുള്ള തൊഴിൽക്കാർക്കും
വല്ലവന്റെയും നേരേ ഒരു സംഗതി
ഉണ്ടെങ്കിൽ വിസ്താരദിവസങ്ങൾ
വച്ചിട്ടുണ്ട്, ദേശാധിപതികളും[z]
ഉണ്ട്; തമ്മിൽ വ്യവഹരിക്കട്ടെ.
**39** വേറേ കാര്യം ചൊല്ലി ആകു
ന്നു വാദം എങ്കിൽ ധർമസഭയിൽ
തീർക്കാമല്ലോ. **40** ഇന്നത്തെ കല
ഹത്തിനു കാരണമില്ലായ്കയാൽ അ
തു നിമിത്തം നമ്മുടെ പേരിൽ
കുറ്റം ചുമത്തുവാൻ ഇടയുണ്ട്
സ്പഷ്ടം; ഈ ആൾക്കൂട്ടത്തിന്
ഉത്തരം പറവാൻ നമുക്കു വക
ഒന്നുമില്ലല്ലോ. **41** ഇങ്ങനെ പറ
ഞ്ഞ് അവൻ സഭയെ പിരിച്ചുവിട്ടു.

❋ ❋ ❋

***1. പൗലൊസ് മക്കെദോന്യയിലേക്കു പോയത് 6. ത്രോവാസിൽ പ്രസംഗിക്കുമ്പോൾ കിളിവാതിലിൽനിന്നു വീണു മരിച്ച യൂത്തിക്കൊസിനെ ജീവിപ്പിച്ചത് 15. പൗലൊസ് സഭയെ മിലേത്തൊസിൽ മൂപ്പന്മാർക്ക് ഏല്പിച്ചത്.***

**20** കലഹം ശമിച്ചശേഷം പൗ
ലൊസ് ശിഷ്യന്മാരെ കൂട്ടി
വരുത്തി പ്രബോധിപ്പിച്ചിട്ടു യാത്ര
പറഞ്ഞു മക്കെദോന്യക്കു പുറപ്പെ
ട്ടുപോയി.[a] **2** ആ പ്രദേശങ്ങളിൽ
കൂടി സഞ്ചരിച്ച് അവരെ ഏറി
യോന്നു പ്രബോധിപ്പിച്ചിട്ടു യവന
ദേശത്ത് എത്തി. **3** അവിടെ മൂന്നു
മാസം കഴിച്ചിട്ടു സുറിയയ്ക്കു ക
പ്പൽ കയറിപ്പോകുവാൻ ഭാവിക്കു
മ്പോൾ യെഹൂദന്മാർ അവന്റെ
നേരേ കൂട്ടുകെട്ട് ഉണ്ടാക്കുക
യാൽ[b] മക്കെദോന്യ വഴിയായി

27.[p] *(അപ്പൊ.പ്ര. 8:10)*
28.[p] *(വാ.27 കാ)*
29.[q] *2കൊരി.8:19; (അപ്പൊ.19:22; 20:34)*
[r] *അപ്പൊ.പ്ര.20:4 റോമ.16:23 1കൊരി.1:15; 3യോഹ.1*
[s] *അപ്പൊ.പ്ര.20:4; 27:2; കൊലൊ.4:10; ഫിലേ.24*
32.[t] *അപ്പൊ.പ്ര.21:34*
33.[u] *അപ്പൊ.പ്ര.12:17*
34.[v] *അപ്പൊ.പ്ര. 19:28*
35.[w] *(അപ്പൊ.പ്ര. 14:12)*
37.[x] *അപ്പൊ.പ്ര. 19:29*
[y] *റോമ.2:22*
38.[z] *അപ്പൊ.പ്ര.13:7*

**അധ്യായം 20**

1.[a] *അപ്പൊ.പ്ര.19:21*
3.[b] *അപ്പൊ.പ്ര.20:19; (അപ്പൊ.പ്ര.13:50); അപ്പൊ.പ്ര.9:24*

മടങ്ങിപ്പോകുവാൻ നിശ്ചയിച്ചു.
**4** ബെരോവയിലെ പുറൊസിന്റെ
മകൻ സോപത്രൊസും[c] തെസ്സലൊ
നീക്യരായ അരിസ്തർഹൊസും[d]
സെക്കുന്തൊസും ദെർബ്ബെക്കാര
നായ ഗായൊസും[d] തിമൊഥെ
യൊസും[e] ആസ്യക്കാരായ തുഹി
ക്കൊസും[f] ത്രൊഫിമൊസും[g] ആ
സ്യവരെ അവനോടുകൂടെ പോയി.
**5** അവർ മുമ്പേ പോയി ത്രോവാ
സിൽ[h] ഞങ്ങൾക്കായി[i] കാത്തി
രുന്നു. **6** ഞങ്ങളോ പുളിപ്പില്ലാത്ത
അപ്പത്തിന്റെ പെരുന്നാൾ[j] കഴി
ഞ്ഞിട്ടു ഫിലിപ്പിയിൽനിന്നു കപ്പൽ
കയറി അഞ്ചു ദിവസംകൊണ്ടു
ത്രോവാസിൽ അവരുടെ അടുക്കൽ
എത്തി, ഏഴു ദിവസം അവിടെ
പാർത്തു.
**7** ആഴ്ചവട്ടത്തിന്റെ ഒന്നാം
ദിവസത്തിൽ[k] ഞങ്ങൾ അപ്പം
നുറുക്കുവാൻ[l] കൂടിവന്നപ്പോൾ
പൗലൊസ് പിറ്റന്നാൾ പുറപ്പെടു
വാൻ ഭാവിച്ചതുകൊണ്ട് അവരോട്
സംഭാഷിച്ചു പാതിരവരെയും പ്ര
സംഗം നീട്ടി. **8** ഞങ്ങൾ കൂടിയി
രുന്ന മാളികയിൽ[m] വളരെ വിളക്ക്
ഉണ്ടായിരുന്നു. അവിടെ യൂത്തി
ക്കൊസ് എന്ന യൗവനക്കാരൻ
കിളിവാതിൽക്കൽ ഇരുന്നു ഗാഢ
നിദ്ര പിടിച്ചു, **9** പൗലൊസ് വളരെ
നേരം സംഭാഷിക്കയാൽ നിദ്രാവ
ശനായി മൂന്നാം തട്ടിൽനിന്നും താഴെ
വീണു; അവനെ മരിച്ചവനായി എ
ടുത്തുകൊണ്ടു വന്നു.[n] **10** പൗ
ലൊസ് ഇറങ്ങിച്ചെന്ന് അവന്റെ
മേൽ വീണു[o] തഴുകി ഭ്രമിക്കേണ്ടാ;
അവന്റെ പ്രാണൻ അവനിൽ ഉണ്ട്[p]
എന്നു പറഞ്ഞു. **11** പിന്നെ അവൻ
കയറിച്ചെന്ന് അപ്പം നുറുക്കി[q] തി
ന്നു പുലരുവോളം സംഭാഷിച്ചു
പുറപ്പെട്ടു പോയി. **12** അവർ ആ
ബാലനെ ജീവനുള്ളവനായി കൊ
ണ്ടുവന്ന് അത്യന്തം ആശ്വസിച്ചു.
**13** ഞങ്ങൾ മുമ്പായി കപ്പൽ
കയറി പൗലൊസിനെ അസ്സൊസ്സിൽ
വച്ചു കയറ്റിക്കൊൾവാൻ വിചാരിച്ച്
അവിടേക്ക് ഓടി; അവൻ കാൽനട
യായി വരുവാൻ വിചാരിച്ച് ഇങ്ങനെ
ചട്ടംകെട്ടിയിരുന്നു. **14** അവൻ അ
സ്സൊസ്സിൽ ഞങ്ങളോടു ചേർന്ന
പ്പോൾ അവനെ കയറ്റി മിതുലേന
യിൽ എത്തി; **15** അവിടെനിന്നു
നീക്കി, പിറ്റന്നാൾ ഖിയൊസ് ദ്വീ
പിന്റെ തൂക്കിൽ എത്തി, മറുനാൾ
സാമൊസ് ദ്വീപിൽ അണഞ്ഞു.
പിറ്റേന്നു മിലേത്തൊസിൽ എത്തി.
**16** കഴിയും എങ്കിൽ പെന്തെക്കൊ
സ്തുനാളേക്കു[r] യെരൂശലേമിൽ
എത്തേണ്ടതിനു[s] പൗലൊസ്
ബദ്ധപ്പെടുകയാൽ ആസ്യയിൽ
കാലതാമസം വരരുത് എന്നുവച്ച്
എഫെസൊസിൽ അടുക്കാതെ
ഓടേണം എന്നു നിശ്ചയിച്ചിരുന്നു.
**17** മിലേത്തൊസിൽനിന്ന് അ
വൻ എഫെസൊസിലേക്ക് ആള
യച്ചു സഭയിലെ മൂപ്പന്മാരെ[t] വരുത്തി.
**18** അവർ അവന്റെ അടുക്കൽ
വന്നപ്പോൾ അവൻ അവരോട് പറ
ഞ്ഞത്:
ഞാൻ ആസ്യയിൽ വന്ന ഒന്നാം
നാൾമുതൽ[u] എല്ലായ്പോഴും നിങ്ങ
ളോടുകൂടെ എങ്ങനെയിരുന്നു എ
ന്നും[v] **19** വളരെ താഴ്മയോടും[w]
കണ്ണുനീരോടും[x] യെഹൂദന്മാരുടെ
കൂട്ടുകെട്ടുകളാൽ[y] എനിക്ക് ഉണ്ടായ
കഷ്ടങ്ങളോടും കൂടെ **20** കർ
ത്താവിനെ സേവിച്ചു വന്നു[z] എന്നും
പ്രയോജനമുള്ളതൊന്നും മറച്ചു
വയ്ക്കാതെ[a] പരസ്യമായും വീടു
തോറും നിങ്ങളോട് അറിയിക്കയും
ഉപദേശിക്കയും[b] ചെയ്തു എന്നും
**21** ദൈവത്തിങ്കലേക്കുള്ള മാനസാ
ന്തരവും[c] നമ്മുടെ കർത്താവായ
യേശുക്രിസ്തുവിലുള്ള വിശ്വാസ
വും[d] യെഹൂദന്മാർക്കും യവനന്മാർ
ക്കും സാക്ഷീകരിച്ചു[e] എന്നും നി
ങ്ങൾ അറിയുന്നുവല്ലോ.[f] **22** ഇ
പ്പോൾ ഇതാ ഞാൻ ആത്മാവിനാൽ[g]

4.[c] *റോമ.16:21*
[d] *അപ്പൊ.പ്ര. 14:6,21;19:29*
[e] *അപ്പൊ.പ്ര.16:1*
[f] *എഫെ.6:21; കൊലൊ.4:7; 2തിമൊ.4:12; തീത്തൊ.3:12*
[g] *അപ്പൊ.പ്ര.21:29 2തിമൊ.4:20*
5.[h] *അപ്പൊ.പ്ര. 16:8 - 11*
[i] *അപ്പൊ.പ്ര.20:6 - 8, 13 - 15*
6.[j] *അപ്പൊ.പ്ര.12:3; പുറ.12:14,15;23:15*
7.[k] *1കൊരി.16:2; (മർക്കൊ.16:9; യോഹ.20:19; വെളി.1:10)*
[l] *അപ്പൊ.പ്ര.20:11; 1കൊരി.10:16; 11:23,24; അപ്പൊ.പ്ര.2:42*
8.[m] *അപ്പൊ.പ്ര. 1:13;9:37,39*
9.[n] *2രാജാ.1:2*
10.[o] *(1രാജാ.17:21; 2രാജാ.4:34)*
[p] *(മത്താ.9:23,24; മർക്കൊ.5:39)*
11.[q] *അപ്പൊ.പ്ര.20:7*
16.[r] *അപ്പൊ.പ്ര.2:1*
[s] *അപ്പൊ.പ്ര. 20:22;24:11; (അപ്പൊ.പ്ര. 20:6;19:21; 1കൊരി.16:8)*
17.[t] *(അപ്പൊ.പ്ര. 20:28;1തിമൊ.4:14); അപ്പൊ.പ്ര.11:30*
18.[u] *അപ്പൊ.പ്ര. 18:19;19:1,10*
[v] *1തെസ്സ.1:5; (അപ്പൊ.പ്ര. 20:31,34)*
19.[w] *(1തെസ്സ.2:6,7); എഫെ.4:2*
[x] *(അപ്പൊ.പ്ര.20:31 2കൊരി.2:4; ഫിലി.3:18)*
[y] *അപ്പൊ.പ്ര.20:3* 20.[z] *(റോമ.12:11; കൊലൊ.3:24)*
[a] *അപ്പൊ.പ്ര.20:27* [b] *(അപ്പൊ.പ്ര.20:31)*
21.[c] *മർക്കൊ.1:15; എബ്രാ.6:1; അപ്പൊ.പ്ര.2:38*
[d] *(എഫെ.1:15; കൊലൊ.1:4; 1തിമൊ.3:13)*
[e] *അപ്പൊ.പ്ര.20:24;18:5* [f] *(1തെസ്സ.1:5; അപ്പൊ.പ്ര. 20:31,34)* 22.[g] *(അപ്പൊ.പ്ര.17:16)*

ബന്ധിക്കപ്പെട്ടവനായി യെരൂശലേ
മിലേക്കു പോകുന്നു. **23** ബന്ധന
ങ്ങളും[h] കഷ്ടങ്ങളും[i] എനിക്കായി
കാത്തിരിക്കുന്നു എന്ന് പരിശുദ്ധാ
ത്മാവ് പട്ടണംതോറും സാക്ഷ്യം പറ
യുന്നു[j]തല്ലാതെ അവിടെ എനിക്കു
നേരിടുവാനുള്ളത് ഒന്നും ഞാൻ
അറിയുന്നില്ല. **24** എങ്കിലും ഞാൻ
എന്റെ പ്രാണനെ വിലയേറിയതായി
എണ്ണുന്നില്ല;[k] എന്റെ ഓട്ടവും[l] ദൈ
വകൃപയുടെ[m] സുവിശേഷത്തിനു[n]
സാക്ഷ്യം പറയേണ്ടതിനു[o] കർത്താ
വായ യേശു തന്ന[p] ശുശ്രൂഷയും[q]
തികയ്ക്കേണം[r] എന്നേ എനിക്കുള്ളൂ.
**25** എന്നാൽ നിങ്ങളുടെ ഇടയിൽ
ദൈവരാജ്യം പ്രസംഗിച്ചുകൊണ്ടു[r]
നടന്നവനായ എന്റെ മുഖം നിങ്ങൾ
ആരും ഇനി കാൺകയില്ല എന്ന്
ഞാൻ അറിയുന്നു.[s] **26** അതുകൊ
ണ്ടു നിങ്ങളിൽ ആരെങ്കിലും നശിച്ചു
പോയാൽ ഞാൻ കുറ്റക്കാരനല്ല[t]
എന്ന് ഞാൻ ഇന്നേ ദിവസം നിങ്ങ
ളോടു സാക്ഷ്യം പറയുന്നു.[u] **27** ദൈ
വത്തിന്റെ ആലോചന[v] ഒട്ടും മറച്ചു
വയ്ക്കാതെ ഞാൻ മുഴുവനും അറി
യിച്ചു തന്നിരിക്കുന്നുവല്ലോ.[w] **28** നി
ങ്ങളെത്തന്നെയും താൻ സ്വന്തര
ക്തത്താൽ[x] സമ്പാദിച്ചിരിക്കുന്ന[y]
ദൈവത്തിന്റെ[z] സഭയെ[a] മേയ്പാൻ[b]
പരിശുദ്ധാത്മാവ് നിങ്ങളെ[c] അധ്യ
ക്ഷരാക്കി[d] വച്ച്[c] ആട്ടിൻകൂട്ടം[e] മുഴു
വനെയും സൂക്ഷിച്ചുകൊൾവിൻ.[f]
**29** ഞാൻ പോയ ശേഷം ആട്ടിൻ
കൂട്ടത്തെ ആദരിക്കാത്ത[g] കൊടിയ
ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ
കടക്കും[h] എന്ന് ഞാൻ അറിയുന്നു.[y]
**30** ശിഷ്യന്മാരെ തങ്ങളുടെ പിന്നാ
ലെ വലിച്ചുകളവാനായി വിപരീതോ
പദേശം പ്രസ്താവിക്കുന്ന പുരുഷ
ന്മാർ നിങ്ങളുടെ ഇടയിൽനിന്നും
എഴുന്നേല്ക്കും.[i] **31** അതുകൊണ്ട്
ഉണർന്നിരിപ്പിൻ; ഞാൻ മൂന്നു സംവ
ത്സരം[j] രാപ്പകൽ ഇടവിടാതെ കണ്ണു
നീർ[k] വാർത്തുംകൊണ്ട് ഓരോരു
ത്തനു ബുദ്ധി പറഞ്ഞുതന്നത്[l] ഓർ
ത്തുകൊൾവിൻ.[m] **32** നിങ്ങൾക്ക്
ആത്മികവർധന വരുത്തുവാനും[n]
സകല വിശുദ്ധന്മാരോടുംകൂടെ
അവകാശം[o] തരുവാനും കഴിയുന്ന
ദൈവത്തിലും അവന്റെ കൃപയു
ടെ വചനത്തിലും[p] ഞാൻ ഇപ്പോൾ
നിങ്ങളെ ഭരമേല്പിക്കുന്നു.[q] **33** ആ
രുടെയും വെള്ളിയോ പൊന്നോ
വസ്ത്രമോ ഞാൻ മോഹിച്ചിട്ടില്ല.[r]
**34** എന്റെ മുട്ടിനും എന്നോടു
കൂടെയുള്ളവർക്കും[s] വേണ്ടി ഞാൻ
ഈ കൈകളാൽ[t] അധ്വാനിച്ചു
എന്ന് നിങ്ങൾതന്നെ അറിയുന്നു
വല്ലോ.[u] **35** ഇങ്ങനെ പ്രയത്നം
ചെയ്തു[v] പ്രാപ്തിയില്ലാത്തവരെ
സഹായിക്കയും,[w] വാങ്ങുന്നതിനെ
ക്കാൾ കൊടുക്കുന്നതു[x] ഭാഗ്യം
എന്ന് കർത്താവായ യേശു താൻ
പറഞ്ഞ വാക്ക് ഓർത്തുകൊൾക
യും[y] വേണ്ടത് എന്ന് ഞാൻ എല്ലാം
കൊണ്ടും നിങ്ങൾക്കു ദൃഷ്ടാന്തം
കാണിച്ചിരിക്കുന്നു.[z]

**36** ഇങ്ങനെ പറഞ്ഞിട്ട് അവൻ
മുട്ടുകുത്തി[a] അവരെല്ലാവരോടും
കൂടെ പ്രാർഥിച്ചു. **37** എല്ലാവരും
വളരെ കരഞ്ഞു.[b] **38** ഇനിമേൽ
അവന്റെ മുഖം കാണുകയില്ല എ
ന്നു പറഞ്ഞ വാക്കിനാൽ[c] അവർ
ഏറ്റവും ദുഃഖിച്ചു പൗലൊസിന്റെ
കഴുത്തിൽ കെട്ടിപ്പിടിച്ച്[d] അവനെ
ചുംബിച്ചു[d] കപ്പലോളം അവനോടു
കൂടെ വന്ന് അവനെ യാത്രയയച്ചു[e].

✵ ✵ ✵

23.[h] *അപ്പൊ.പ്ര. 21:33*
[i] *അപ്പൊ.പ്ര.14:22; 1തെസ്സ.3:3*
[j] *(അപ്പൊ.പ്ര.21:4,11); അപ്പൊ.പ്ര.8:29; 9:16*
24.[k] *അപ്പൊ.പ്ര.21:13*
[l] *2തിമൊ.4:7*
[m] *(അപ്പൊ.പ്ര.20:32; 1തിമൊ.1:14); അപ്പൊ.പ്ര.11:23*
[n] *അപ്പൊ.പ്ര.15:7*
[o] *അപ്പൊ.പ്ര.20:21*
[p] *ഗലാ.1:1; 1തെസ്സ.2:4; (അപ്പൊ.പ്ര.26:16; തീത്തൊ.1:3)*
[q] *അപ്പൊ.പ്ര.1:17; 1തിമൊ.1:12*
[r] *അപ്പൊ.പ്ര.28:30*
25.[r] *(വാ.24 കാ.)*
[s] *(ഫിലി.1:25)*
26.[t] *അപ്പൊ.പ്ര.18:6*
[u] *ആവ.8:19*
27.[v] *അപ്പൊ.പ്ര.13:36; ലൂക്കൊ.7:30; (അപ്പൊ.പ്ര.2:23; എഫെ.1:11; എബ്രാ.6:17)*
[w] *അപ്പൊ.20:20; (യിരെ.26:2; യെഹെ.33:8)*
28.[x] *(എബ്രാ.9:12,14; എഫെ.1:7; 1യോഹ.1:7); 1പത്രൊ.1:18,19; വെളി.5:9*
[y] *(2പത്രൊ.2:1)*
[z] *(മത്താ.16:18, റോമ.16:16)*
[a] *1കൊരി.1:2;10:32; 11:16;15:9; ഗലാ.1:13*
[b] *യോഹ.21:16*
[c] *(അപ്പൊ.പ്ര.13:2; 1കൊരി.12:8 - 11)*
[d] *ഫിലി.1:1; 1തിമൊ.3:2; തീത്തൊ.1:7; 1പത്രൊ.2:25; (അപ്പൊ.പ്ര.20:17)*
[e] *അപ്പൊ.പ്ര.20:29; (എഫെ.4:11);* *ലൂക്കൊ.12:32* [f] *(1തിമൊ.4:16)* 29.[g] *യോഹ.10:12; (കൊലൊ.2:8)* [h] *മത്താ.7:15* [y] *(വാ.28 കാ.)* 30.[i] *(1കൊരി.11:19; 2കൊരി.11:13; 1തിമൊ.1:19,20; 1യോഹ.2:18,19* 31.[j] *(അപ്പൊ.പ്ര.19:8,10;24:17)* [k] *(എബ്രാ.13:17); അപ്പൊ.പ്ര.20:19* [l] *കൊലൊ.1:28* [m] *(എബ്രാ.13:17); മത്താ.24:42* 32.[n] *കൊലൊ.2:7*

[o] *അപ്പൊ.പ്ര.26:18; എഫെ.1:14,18;5:5; കൊലൊ.1:12; 3:24; എബ്രാ.9:15; (1പത്രൊ.1:4,5); മത്താ.25:34; റോമ.8:17* [p] *അപ്പൊ.പ്ര.14:3; (അപ്പൊ.പ്ര.20:24)* [q] *അപ്പൊ.പ്ര.14:23* 33.[r] *1കൊരി.9:12; 2കൊരി.7:2; 11:9;12:17; (1ശമൂ.12:3; മത്താ.10:8; 1തെസ്സ.2:5)* 34.[s] *അപ്പൊ.പ്ര.19:22,29* [t] *അപ്പൊ.പ്ര.18:3* [u] *(അപ്പൊ.പ്ര.20:18,21)* 35.[v] *എഫെ.4:28* [w] *1തെസ്സ.5:14; (1കൊരി.12:28)* [x] *മത്താ.10:8* [y] *അപ്പൊ.പ്ര.11:16* [z] *2തെസ്സ.3:7* 36.[a] *അപ്പൊ.പ്ര.7:60* 37.[b] *(2തിമൊ.1:3)* 38.[c] *അപ്പൊ.പ്ര.20:25* [d] *ലൂക്കൊ.15:20* [e] *അപ്പൊ.പ്ര.15:3*

***1. പൗലൊസ് കൈസര്യ വഴിയായി 17. യെരൂശലേമിൽ എത്തിയത് 27. ശത്രുവിനെ കീഴ്പെടുത്തി റോമാ സഹസ്രാധിപനാൽ രക്ഷിക്കപ്പെട്ടത്.***

**21** അവരെ വിട്ടുപിരിഞ്ഞു[a] നീക്കി
യശേഷം ഞങ്ങൾ നേരേ
ഓടി[b] കോസിലും പിറ്റന്നാൾ രൊ
ദൊസിലും അവിടം വിട്ടു പത്ത
രയിലും എത്തി. **2** ഫൊയ്നീക്യ
യിലേക്കു പോകുന്ന ഒരു കപ്പൽ
കണ്ടിട്ടു ഞങ്ങൾ അതിൽ കയറി
ഓടി. **3** കുപ്രൊസ്ദ്വീപ് കണ്ട് അ
തിനെ ഇടത്തുപുറം വിട്ടു സുറിയ
യിലേക്ക് ഓടി സോരിൽ വന്നിറ
ങ്ങി; കപ്പൽ അവിടെ ചരക്ക് ഇറ
ക്കുവാനുള്ളതായിരുന്നു; ഞങ്ങൾ
ശിഷ്യന്മാരെ കണ്ടെത്തി, **4** ഏഴു
നാൾ അവിടെ പാർത്തു. അവർ
പൗലൊസിനോടു യെരൂശലേമിൽ
പോകരുത് എന്ന് ആത്മാവിനാൽ[c]
പറഞ്ഞു. **5** അവിടത്തെ താമസം
കഴിഞ്ഞിട്ടു ഞങ്ങൾ വിട്ടുപോകു
മ്പോൾ **6** അവർ എല്ലാവരും സ്ത്രീ
കളും കുട്ടികളുമായി പട്ടണത്തിനു
പുറത്തോളം ഞങ്ങളോടുകൂടെ
വന്നു[d] കടല്ക്കരയിൽ മുട്ടുകുത്തി[e]
പ്രാർഥിച്ച് തമ്മിൽ യാത്ര പറ
ഞ്ഞിട്ടു ഞങ്ങൾ കപ്പൽ കയറി;
അവർ വീട്ടിലേക്കു മടങ്ങിപ്പോയി.
**7** ഞങ്ങൾ സോർ വിട്ടു കപ്പലോ
ട്ടം തികച്ചു പ്തൊലെമായിസിൽ
എത്തി സഹോദരന്മാരെ[f] വന്ദനം
ചെയ്ത് ഒരു ദിവസം അവരോടു
കൂടെ പാർത്തു. **8** പിറ്റന്നാൾ ഞ
ങ്ങൾ പുറപ്പെട്ടു കൈസര്യയിൽ എ
ത്തി, എഴുവരിൽ ഒരുവനായ ഫിലി
പ്പൊസ്[g] എന്ന സുവിശേഷകന്റെ[h]
വീട്ടിൽ ചെന്ന് അവനോടുകൂടെ
പാർത്തു. **9** അവനു കന്യകമാരും
പ്രവചിക്കുന്ന[i]വരുമായ നാലു പു
ത്രിമാർ ഉണ്ടായിരുന്നു. **10** ഞങ്ങൾ
അവിടെ വളരെ ദിവസം പാർത്തി
രിക്കുമ്പോൾ അഗബൊസ്[j] എന്ന
ഒരു പ്രവാചകൻ യെഹൂദ്യയിൽ
നിന്നു വന്നു. **11** അവൻ ഞങ്ങളു
ടെ അടുക്കൽ വന്നു പൗലൊസിന്റെ
അരക്കച്ച എടുത്തു[k] തന്റെ കൈ
കാലുകളെ കെട്ടി: ഈ അരക്കച്ച
യുടെ ഉടമസ്ഥനെ യെഹൂദന്മാർ
യെരൂശലേമിൽ ഇങ്ങനെ കെട്ടി[l]
ജാതികളുടെ കൈയിൽ ഏല്പി
ക്കും[m] എന്ന് പരിശുദ്ധാത്മാവ് പറ
യുന്നു[n] എന്നു പറഞ്ഞു. **12** ഇതു
കേട്ടാറെ യെരൂശലേമിൽ പോക
രുത് എന്ന് ഞങ്ങളും അവിടത്തു
കാരും അവനോട് അപേക്ഷിച്ചു.[o]
**13** അതിനു പൗലൊസ്: നിങ്ങൾ
കരഞ്ഞ് എന്റെ ഹൃദയം ഇങ്ങനെ
തകർക്കുന്നത് എന്ത്?[o] കർത്താവായ
യേശുവിന്റെ നാമത്തിനുവേണ്ടി[p]
ബന്ധിക്കപ്പെടുവാൻ മാത്രമല്ല യെ
രൂശലേമിൽ മരിപ്പാനും ഞാൻ ഒരു
ങ്ങിയിരിക്കുന്നു[q] എന്ന് ഉത്തരം
പറഞ്ഞു. **14** അവനെ സമ്മതിപ്പിച്ചു
കൂടായ്കയാൽ: കർത്താവിന്റെ
ഇഷ്ടം നടക്കട്ടെ[r] എന്നു പറഞ്ഞു
ഞങ്ങൾ മിണ്ടാതിരുന്നു.[s]
**15** അവിടത്തെ താമസം കഴി
ഞ്ഞിട്ടു ഞങ്ങൾ യാത്രയ്ക്കു കോ
പ്പുകൂട്ടി യെരൂശലേമിലേക്കു പോയി.
**16** കൈസര്യയിലെ ശിഷ്യന്മാരിൽ
ചിലരും ഞങ്ങളോടുകൂടെ പോന്നു,
കുപ്രൊസ്കാരനായ മ്നാസോൻ
എന്ന ഒരു പഴയ ശിഷ്യനോടുകൂടെ
അതിഥികളായി പാർക്കേണ്ടതിനു
ഞങ്ങളെ അവന്റെ അടുക്കൽ കൂട്ടി
ക്കൊണ്ടുപോയി.
**17** യെരൂശലേമിൽ എത്തിയ
പ്പോൾ സഹോദരന്മാർ[t] ഞങ്ങളെ
സന്തോഷത്തോടെ കൈക്കൊണ്ടു.
**18** പിറ്റേന്നു പൗലൊസും ഞങ്ങ
ളും യാക്കോബിന്റെ[u] അടുക്കൽ

അധ്യായം 21
1. [a] *അപ്പൊ.പ്ര.16:10*
[b] *അപ്പൊ.പ്ര.16:11*
4. [c] *അപ്പൊ.പ്ര. 21:11; 20:23*
6. [d] *അപ്പൊ.പ്ര.20:38*
[e] *അപ്പൊ.പ്ര.20:36*
7. [f] *യോഹ.21:23*
8. [g] *അപ്പൊ.പ്ര. 6:5;8:5*
[h] *എഫെ.4:11 2തിമൊ.4:5*
9. [i] *അപ്പൊ.പ്ര. 2:17,18; ലൂക്കൊ.2:36; 1കൊരി.11:5; അപ്പൊ.പ്ര.13:1*
10. [j] *അപ്പൊ.പ്ര.11:28*
11. [k] *(1ശമൂ.15:27,28; 1രാജാ.11:30; യെശ.20:3; യിരെ.13:1-11;27:2)*
[l] *(അപ്പൊ.പ്ര.21:33); അപ്പൊ.പ്ര.9:16*
[m] *(അപ്പൊ.പ്ര. 21:31-33; മത്താ.20:19)*
[n] *അപ്പൊ.പ്ര.20:23*
12. [o] *(മത്താ. 16:21-23)*
13. [o] *(വാ.12 കാ.)*
[p] *അപ്പൊ.പ്ര.5:41*
[q] *അപ്പൊ.പ്ര.20:24; റോമ.8:36; 2കൊരി.4:16; 12:10; ഫിലി.2:17; (അപ്പൊ.പ്ര.15:25)*
14. [r] *മത്താ.6:10*
[s] *(രൂത്ത്.1:18)*
17. [t] *അപ്പൊ.പ്ര.21:7; (അപ്പൊ.പ്ര.15:4)*
18. [u] *അപ്പൊ.പ്ര.12:17*

21:1–3 ***കോസ്... ഫൊയ്നീക്യ... സോർ:*** കോസിൽനിന്നു രൊദൊസ് ദ്വീപിലെ പ്രമുഖ പട്ടണമായ രൊദൊസിൽ എത്താൻ ഒരു ദിവസം കപ്പലിൽ യാത്ര ചെയ്യേണ്ടിയിരുന്നു. പത്തരയിൽ ചെന്നെത്തുവാൻ വീണ്ടും ഒരു ദിവസം യാത്ര ചെയ്യേണ്ടിയിരുന്നു. അവിടെനിന്നു മധ്യധരണ്യാഴിയിലൂടെ ഫൊയ്നീക്യയിലേക്കു പോകുന്ന കപ്പലിൽ പൗലൊസ് യാത്രയാരംഭിച്ചു. ഫൊയ്നീക്യയിലെ പ്രധാനപ്പെട്ട ഒരു പട്ടണമായിരുന്നു സോർ. ഇവിടെ സുറിയ എന്നാണു പറഞ്ഞിരിക്കുന്നത്.

പോയി; മൂപ്പന്മാരും[v] എല്ലാം അവി
ടെ വന്നുകൂടി. **19** അവൻ അവരെ
വന്ദനം ചെയ്തു തന്റെ ശുശ്രൂഷ[w]
യാൽ ദൈവം ജാതികളുടെ ഇട
യിൽ ചെയ്യിച്ചത്[x] ഓരോന്നായി വിവ
രിച്ചുപറഞ്ഞു.[y] **20** അവർ കേട്ടു
ദൈവത്തെ മഹത്വപ്പെടുത്തി.[z] പി
ന്നെ അവനോട് പറഞ്ഞത്: സഹോ
ദരാ, യെഹൂദന്മാരുടെ ഇടയിൽ വിശ്വ
സിച്ചിരിക്കുന്നവർ എത്ര ആയിരം[a]
ഉണ്ട് എന്ന് നീ കാണുന്നുവല്ലോ;
അവർ എല്ലാവരും ന്യായപ്രമാണ
തല്പരന്മാർ[b] ആകുന്നു. **21** മക്കളെ
പരിച്ഛേദന ചെയ്യരുത്[c] എന്നും
നമ്മുടെ മര്യാദ[d] അനുസരിച്ചു നട
ക്ക[e]രുത് എന്നും നീ ജാതികളുടെ
ഇടയിലുള്ള സകല യെഹൂദന്മാ
രോടും[f] പറഞ്ഞു[g] മോശെയെ ഉപേ
ക്ഷിച്ചുകളയുവാൻ ഉപദേശിക്കുന്നു
എന്ന് അവർ നിന്നെക്കുറിച്ചു ധരി
ച്ചിരിക്കുന്നു. **22** ആകയാൽ എന്താ
കുന്നു വേണ്ടത്? നീ വന്നിട്ടുണ്ട്
എന്ന് അവർ കേൾക്കും നിശ്ചയം.
**23** ഞങ്ങൾ നിന്നോട് ഈ പറയു
ന്നത് ചെയ്ക; നേർച്ചയുള്ള[h] നാലു
പുരുഷന്മാർ ഞങ്ങളുടെ ഇടയിൽ
ഉണ്ട്. **24** അവരെ കൂട്ടിക്കൊണ്ട്
അവരോടുകൂടെ നിന്നെ ശുദ്ധിവരു
ത്തി[i] അവരുടെ തല ക്ഷൗരം ചെയ്യേ
ണ്ടതിന്[h] അവർക്കുവേണ്ടി ചെലവു
ചെയ്ക; എന്നാൽ നിന്നെക്കൊണ്ടു
കേട്ടത് ഉള്ളതല്ല എന്നും നീയും
ന്യായപ്രമാണത്തെ ആചരിച്ചു ക്രമ
മായി നടക്കുന്നവൻ എന്നും എല്ലാ
വരും അറിയും. **25** വിശ്വസിച്ചിരി
ക്കുന്ന ജാതികളെ സംബന്ധിച്ചോ
അവർ വിഗ്രഹാർപ്പിതവും രക്തവും
ശ്വാസംമുട്ടിച്ചത്തതും പരസംഗവും
മാത്രം ഒഴിഞ്ഞിരിക്കേണം എന്നു
വിധിച്ച് എഴുതി അയച്ചിട്ടുണ്ടല്ലോ.[j]
**26** അങ്ങനെ പൗലൊസ് ആ പുരു
ഷന്മാരെ കൂട്ടിക്കൊണ്ടു പിറ്റന്നാൾ
അവരോടുകൂടെ തന്നെ ശുദ്ധിവ
രുത്തി[i] ദൈവാലയത്തിൽ ചെന്നു;[k]
അവരിൽ ഓരോരുത്തനുവേണ്ടി വഴി
പാടു കഴിപ്പാനുള്ള[l] ശുദ്ധീകരണകാലം
തികഞ്ഞു എന്ന് ബോധിപ്പിച്ചു.

**27** ആ ഏഴു ദിവസം തീരാറാ
യപ്പോൾ[l] ആസ്യയിൽനിന്നു വന്ന
യെഹൂദന്മാർ[m] അവനെ ദൈവാല
യത്തിൽ കണ്ടിട്ടു[n] പുരുഷാരത്തെ
യൊക്കെയും ഇളക്കി അവനെ
പിടിച്ചു; **28** യിസ്രായേൽപുരുഷ
ന്മാരേ, സഹായിപ്പിൻ; ഇവൻ ആ
കുന്നു ജനത്തിനും ന്യായപ്രമാണ
ത്തിനും[o] ഈ സ്ഥലത്തിനും[o] വി
രോധമായി എല്ലായിടത്തും എല്ലാ
വരെയും ഉപദേശിക്കുന്നവൻ;[p]
അവൻ യവനന്മാരെയും ദൈവാല
യത്തിൽ കൂട്ടിക്കൊണ്ടുവന്ന് ഈ
വിശുദ്ധസ്ഥലം[o] തീണ്ടിച്ചുകളഞ്ഞു[q]
എന്നു വിളിച്ചുകൂകി. **29** അവർ
മുമ്പേ എഫെസ്യനായ ത്രോഫിമോ
സിനെ[r] അവനോടുകൂടെ നഗര
ത്തിൽ കണ്ടതിനാൽ പൗലൊസ്
അവനെ ദൈവാലയത്തിൽ കൂട്ടി
ക്കൊണ്ടുവന്നു എന്നു നിരൂപിച്ചു.
**30** നഗരം എല്ലാം ഇളകി ജനം
ഓടിക്കൂടി പൗലൊസിനെ പിടിച്ചു
ദൈവാലയത്തിനു പുറത്തേക്കിഴച്ചു
കൊണ്ടുപോയി;[s] ഉടനെ വാതിലു
കൾ അടച്ചുകളഞ്ഞു. **31** അവർ
അവനെ കൊല്ലുവാൻ ശ്രമിക്കു
മ്പോൾ[s] യെരൂശലേമൊക്കെയും
കലക്കത്തിൽ ആയി എന്നു പട്ടാ
ളത്തിന്റെ[t] സഹസ്രാധിപനു വർത്ത
മാനം എത്തി. **32** അവൻ ക്ഷണ
ത്തിൽ പടയാളികളെയും ശതാധി
പന്മാരെയും കൂട്ടിക്കൊണ്ട് അവ
രുടെ നേരേ പാഞ്ഞു വന്നു;[u] അവർ
സഹസ്രാധിപനെയും പടയാളിക
ളെയും കണ്ടപ്പോൾ പൗലൊസിനെ
അടിക്കുന്നതു നിറുത്തി. **33** സഹ
സ്രാധിപൻ അടുത്തുവന്ന് അവനെ
പിടിച്ചു രണ്ടു ചങ്ങല[v] വയ്പാൻ[w]
കല്പിച്ചു; ആർ എന്നും എന്തു
ചെയ്തു എന്നും ചോദിച്ചു. **34** പു
രുഷാരത്തിൽ ചിലർ ഇങ്ങനെയും
ചിലർ അങ്ങനെയും നിലവിളിച്ചു
കൊണ്ടിരുന്നു;[x] ആരവാരം ഹേതു
വായി നിശ്ചയം ഒന്നും അറിഞ്ഞു
കൂടായ്കയാൽ അവനെ കോട്ടയിലേ
ക്കു[y] കൊണ്ടുപോകുവാൻ കല്പിച്ചു.
**35** പടിക്കെട്ടിന്മേൽ ആയപ്പോൾ:

18. [v] *അപ്പൊ.പ്ര.11:30*
19. [w] *അപ്പൊ.പ്ര.1:17*
[x] *(റോമ.15:18,19)*
[y] *അപ്പൊ.പ്ര.14:27*
20. [z] *അപ്പൊ.പ്ര.11:18*
[a] *ലൂക്കൊ.12:1; 1കൊരി.4:15*
[b] *അപ്പൊ.പ്ര.22:3; റോമ.10:2; ഗലാ.1:14*
21. [c] *(റോമ.2:28,29; 1കൊരി.7:19)*
[d] *അപ്പൊ.പ്ര. 6:14; 15:1*
[e] *(മർക്കൊ.7:5; ഗലാ.2:14)*
[f] *(യാക്കോ.1:1)*
[g] *അപ്പൊ.പ്ര.21:28*
23. [h] *(അപ്പൊ.പ്ര. 18:18)*
24. [i] *അപ്പൊ.പ്ര. 21:26; 24:18; (യോഹ.11:55)*
[h] *(വാ.23കാ.)*
25. [j] *അപ്പൊ.പ്ര. 15:19,20,29*
26. [i] *(വാ.24കാ.)*
[k] *(സംഖ്യാ.6:13)*
[l] *(സംഖ്യാ.6:9 - 12)*

27. [l] *(വാ.26കാ.)*
[m] *അപ്പൊ.പ്ര.13:50*
[n] *അപ്പൊ.പ്ര. 24:18;26:21*
28. [o] *അപ്പൊ.പ്ര.6:13*
[p] *അപ്പൊ.പ്ര.21:21*
[q] *അപ്പൊ.പ്ര.24:6*
29. [r] *അപ്പൊ.പ്ര.20:4*
30. [s] *അപ്പൊ.പ്ര. 26:21; (2രാജാ.11:15)*
31. [s] *(വാ.30കാ.)*
[t] *അപ്പൊ.പ്ര.10:1*
32. [u] *(അപ്പൊ.പ്ര. 23:27)*
33. [v] *അപ്പൊ.പ്ര.12:6; (അപ്പൊ.പ്ര.22:29; 26:29;28:20; എഫെ.6:19; 2തിമൊ.1:17)*
[w] *അപ്പൊ.പ്ര.20:23; (അപ്പൊ.പ്ര.21:11)*
34. [x] *അപ്പൊ.പ്ര.19:32*
[y] *അപ്പൊ.പ്ര. 22:24; 23:10*

അവനെ കൊന്നുകളക[z] എന്ന് ആർ
ത്തുകൊണ്ടു ജനസമൂഹം പിൻ
ചെല്ലുകയാൽ **36** പുരുഷാരത്തിന്റെ
ബലാൽക്കാരം പേടിച്ചിട്ടു പടയാ
ളികൾ അവനെ എടുക്കേണ്ടിവന്നു.
**37** കോട്ടയിൽ കടക്കുമാറായ
പ്പോൾ പൗലൊസ് സഹസ്രാധിപ
നോട്: എനിക്കു നിന്നോട് ഒരു
വാക്കു പറയാമോ എന്നു ചോദിച്ചു.
അതിന് അവൻ: നിനക്കു യവന
ഭാഷ അറിയാമോ? **38** കുറെനാൾ
മുമ്പേ കലഹം ഉണ്ടാക്കി നാലാ
യിരം കട്ടാരക്കാരെ മരുഭൂമിയിലേ
ക്കു[a] കൂട്ടിക്കൊണ്ടുപോയ മിസ്ര
യീമ്യൻ[b] നീ അല്ലയോ എന്നു ചോ
ദിച്ചു. **39** അതിന് പൗലൊസ്:
ഞാൻ കിലിക്യയിൽ തർസൊസ്
എന്ന പ്രസിദ്ധനഗരത്തിലെ പൗര
നായൊരു യെഹൂദൻ ആകുന്നു.[c]
ജനത്തോടു സംസാരിപ്പാൻ അനു
വദിക്കേണം എന്ന് അപേക്ഷിക്കു
ന്നു എന്നു പറഞ്ഞു. **40** അവൻ
അനുവദിച്ചപ്പോൾ പൗലൊസ് പടി
ക്കെട്ടിന്മേൽ നിന്നുകൊണ്ടു ജന
ത്തോട് ആംഗ്യം കാട്ടി,[d] വളരെ മൗന
മായ ശേഷം എബ്രായഭാഷയിൽ[e]
വിളിച്ചുപറഞ്ഞതാവിത്:

❋ ❋ ❋

***1. പൗലൊസ് തന്റെ മാനസാന്തരത്തിന്റെ വിവരം പറഞ്ഞത് 25. അവൻ ഒരു റോമാ പൗരൻ എന്നുള്ള അവകാശത്താൽ അടി കൊള്ളാതിരുന്നത്.***

**22** സഹോദരന്മാരും പിതാക്ക
ന്മാരുമായുള്ളോരേ,[a] എനിക്ക്
ഇന്നു നിങ്ങളോടുള്ള പ്രതിവാദം
കേട്ടുകൊൾവിൻ.
**2** എന്നാൽ എബ്രായഭാഷയിൽ[b]
സംസാരിക്കുന്നതു കേട്ടിട്ട് അവർ
അധികം മൗനമായി നിന്നു. അവൻ
പറഞ്ഞതെന്തെന്നാൽ:
**3** ഞാൻ കിലിക്യയിലെ തർ
സൊസിൽ ജനിച്ച യെഹൂദനും[c]
ഈ നഗരത്തിൽ വളർന്നു ഗമാലി
യേലിന്റെ[d] കാല്ക്കൽ[e] ഇരുന്നു
പിതാക്കന്മാരുടെ ന്യായപ്രമാണം
സൂക്ഷ്മതയോടെ[f] അഭ്യസിച്ചവനു
മാകയാൽ നിങ്ങൾ എല്ലാവരും ഇന്ന്
ഇരിക്കുന്നതുപോലെ[g] ദൈവസേ
വയിൽ എരിവുള്ളവനായിരുന്നു.[h]
**4** ഞാൻ പുരുഷന്മാരെയും സ്ത്രീ
കളെയും പിടിച്ചുകെട്ടി തടവിൽ
ഏല്പിച്ചും ഈ മാർഗക്കാരെ[i]
കൊല്ലുവാനും[j] മടിക്കാതെ ഉപദ്ര
വിച്ചും വന്നു.[k] **5** അതിനു മഹാപു
രോഹിതനും[l] മൂപ്പന്മാരുടെ സം
ഘ[m]മൊക്കെയും എനിക്കു സാക്ഷി
കൾ; അവരോടു സഹോദരന്മാർ
ക്കായി[n] എഴുത്തു വാങ്ങിക്കൊണ്ടു
ദമസ്കൊസിൽ പാർക്കുന്നവരെയും
പിടിച്ചുകെട്ടി ദണ്ഡനത്തിനായി
യെരൂശലേമിലേക്കു കൊണ്ടുവരേ
ണ്ടതിനു ഞാൻ അവിടേക്കു യാത്ര
യായി. **6** [o]അങ്ങനെ പ്രയാണം
ചെയ്തു ദമസ്കൊസിനോട് അടു
ത്തപ്പോൾ ഏകദേശം ഉച്ചയ്ക്ക്
പെട്ടെന്നു ആകാശത്തുനിന്നു വലി
യൊരു വെളിച്ചം എന്റെ ചുറ്റും
മിന്നി. **7** ഞാൻ നിലത്തു വീണു:
ശൗലേ, ശൗലേ, നീ എന്നെ ഉപദ്ര
വിക്കുന്നത് എന്ത് എന്ന് എന്നോടു
പറയുന്ന ഒരു ശബ്ദം കേട്ടു. **8** കർ
ത്താവേ, നീ ആർ എന്നു ഞാൻ
ചോദിച്ചതിന്: നീ ഉപദ്രവിക്കുന്ന
നസറായനായ യേശു[p] ആകുന്നു
ഞാൻ എന്ന് അവൻ എന്നോടു പറ
ഞ്ഞു. **9** എന്നോടുകൂടെയുള്ളവർ
വെളിച്ചം കണ്ടു എങ്കിലും എന്നോട്
സംസാരിക്കുന്നവന്റെ ശബ്ദം കേ
ട്ടില്ല.[q] **10** കർത്താവേ ഞാൻ എന്തു
ചെയ്യേണം[r] എന്ന് ചോദിച്ചതിന്
കർത്താവ് എന്നോട്: എഴുന്നേറ്റ് ദമ
സ്കൊസിലേക്ക് പോക; നീ ചെയ്യേ
ണ്ടതിന് വിധിച്ചിരിക്കുന്നതെല്ലാം
അവിടെ നിന്നോടു പറയും എന്നു
കല്പിച്ചു. **11** ആ വെളിച്ചത്തിന്റെ
തേജസ്സ് ഹേതുവായിട്ട് കണ്ണു കാ
ണായ്കയാൽ കൂടെയുള്ളവർ എന്നെ
കൈക്കു പിടിച്ചു നടത്തി; അങ്ങ
നെ ഞാൻ ദമസ്കൊസിലെത്തി.
**12** അവിടെ പാർക്കുന്ന സകല
യെഹൂദന്മാരാലും നല്ല സാക്ഷ്യം
കൊണ്ടവനായി[s] ന്യായപ്രമാണപ്ര
കാരം[t] ഭക്തിയുള്ള പുരുഷനായ

35.[z] *അപ്പൊ.പ്ര. 22:22; (ലൂക്കൊ.23:17; യോഹ.19:15)*
38.[a] *മത്താ.24:26*
[b] *(അപ്പൊ.പ്ര.5:36)*
39.[c] *അപ്പൊ.പ്ര. 9:11; 22:3*
40.[d] *അപ്പൊ.പ്ര. 12:17*
[e] *അപ്പൊ.പ്ര.22:2; 26:14*

**അധ്യായം 22**

1.[a] *അപ്പൊ.പ്ര.7:2*
2.[b] *അപ്പൊ.പ്ര.21:40*
3.[c] *അപ്പൊ.പ്ര. 9:11;21:39; റോമ.11:1; 2കൊരി.11:22; ഫിലി.3:5*
[d] *അപ്പൊ.പ്ര.5:34*
[e] *ആവ.33:3; 2രാജാ.4:38; (ലൂക്കൊ.10:39)*
[f] *അപ്പൊ.പ്ര.26:5*
[g] *റോമ.10:2*
[h] *(യോഹ.16:2; ഫിലി.3:6); അപ്പൊ.പ്ര.21:20*
4.[i] *(അപ്പൊ.പ്ര.5:20); അപ്പൊ.പ്ര.9:2*
[j] *അപ്പൊ.പ്ര.26:10; (അപ്പൊ.പ്ര. 22:20;8:1)*
[k] *അപ്പൊ.പ്ര. 22:19; 8:3*
5.[l] *അപ്പൊ.പ്ര.9:1*
[m] *ലൂക്കൊ.22:66; 1തിമൊ.4:14*
[n] *അപ്പൊ.പ്ര.28:21*
6.[o] *അപ്പൊ.പ്ര. 22:6 - 11ക്കു. അപ്പൊ.പ്ര. 9:3 - 8കാ.*
8.[p] *അപ്പൊ.പ്ര.26:9*
9.[q] *(ദാനീ.10:7); അപ്പൊ.പ്ര.9:7*
10.[r] *അപ്പൊ.പ്ര.16:30*
12.[s] *അപ്പൊ.പ്ര.10:22*
[t] *അപ്പൊ.പ്ര.24:14*

അനന്യാസ്[u] എന്നൊരുത്തൻ എന്റെ
അടുക്കൽ വന്നു നിന്നു;[v] 13 സ
ഹോദരനായ ശൗലേ, കാഴ്ച പ്രാ
പിക്ക എന്നു പറഞ്ഞു; ആ നാഴിക
യിൽതന്നെ[w] ഞാൻ കാഴ്ച പ്രാപിച്ച്
അവനെ കണ്ടു. 14 അപ്പോൾ അ
വൻ എന്നോട്: നമ്മുടെ പിതാക്ക
ന്മാരുടെ ദൈവം[x] നിന്നെ തന്റെ
ഇഷ്ടം അറിവാനും[y] നീതിമാനായ
വനെ[z] കാൺമാനും[a] അവന്റെ വാ
യിൽനിന്ന് വചനം കേൾപ്പാനും[b]
നിയമിച്ചിരിക്കുന്നു.[c] 15 നീ കാൺ
കയും കേൾക്കയും[d] ചെയ്തതിന്
സകല മനുഷ്യർക്കും നീ അവന്റെ
സാക്ഷിയായിത്തീരും.[e] 16 ഇനി
താമസിക്കുന്നത് എന്ത്? എഴുന്നേറ്റ്[f]
അവന്റെ നാമം വിളിച്ച്[g] പ്രാർഥിച്ച്
സ്നാനമേറ്റ്[f] നിന്റെ പാപങ്ങളെ
കഴുകിക്കളക[h] എന്നു പറഞ്ഞു.
17 പിന്നെ ഞാൻ യെരൂശലേമിൽ
മടങ്ങിച്ചെന്ന്[i] ദൈവാലയത്തിൽ
പ്രാർഥിക്കുംനേരം[j] ഒരു വിവശത[k]
യിൽ ആയി അവനെ കണ്ടു: 18 നീ
ബദ്ധപ്പെട്ട് വേഗം യെരൂശലേം വിട്ടു
പോക;[l] നീ എന്നെക്കുറിച്ച് പറയുന്ന
സാക്ഷ്യം അവർ കൈക്കൊൾക
യില്ല എന്ന് എന്നോടു കല്പിച്ചു.
19 അതിന് ഞാൻ: കർത്താവേ,
നിന്നിൽ വിശ്വസിക്കുന്നവരെ ഞാൻ
തടവിലാക്കുകയും[m] പള്ളിതോറും
അടിപ്പിക്കയും[n] ചെയ്തു എന്നും
20 നിന്റെ സാക്ഷിയായ[o] സ്തെഫാ
നൊസിന്റെ രക്തം ചൊരിഞ്ഞപ്പോൾ
ഞാനും സമ്മതിച്ച്[p] അരികെനിന്ന്[q]
അവനെ കൊല്ലുന്നവരുടെ വസ്ത്രം
കാത്തുകൊണ്ടിരുന്നു[q] എന്നും
അവർ അറിയുന്നുവല്ലോ എന്നു
പറഞ്ഞു. 21 അവൻ എന്നോട്: നീ
പോക; ഞാൻ നിന്നെ ദൂരത്തു
ജാതികളുടെ അടുക്കലേക്ക്[r] അയ
യ്ക്കും എന്നു കല്പിച്ചു.

22 ഈ വാക്കോളം അവർ അ
വനു ചെവി കൊടുത്തു; പിന്നെ:
ഇങ്ങനത്തവനെ ഭൂമിയിൽനിന്നു
നീക്കിക്കളക;[s] അവൻ ജീവിച്ചിരി
ക്കുന്നതു യോഗ്യമല്ല[t] എന്നു നില
വിളിച്ചു പറഞ്ഞു. 23 അവർ
കൂക്കലിട്ടും വസ്ത്രം കീറിക്കള
ഞ്ഞും പൂഴിവാരി മേലോട്ട് എറി
ഞ്ഞുംകൊണ്ടിരിക്കുമ്പോൾ
24 അവർ ഇങ്ങനെ അവന്റെ
നേരേ ആർക്കുവാൻ സംഗതി എ
ന്ത് എന്ന് അറിയേണ്ടതിന് ചമ്മ
ട്ടികൊണ്ട് അവനോടു ചോദ്യം
ചെയ്യേണം[u] എന്നു സഹസ്രാധി
പൻ പറഞ്ഞ് അവനെ കോട്ടയി
ലേക്കു[v] കൊണ്ടുപോകുവാൻ കല്
പിച്ചു. 25 തന്നെ വാറുകൊണ്ടു
കെട്ടുമ്പോൾ പൗലൊസ് അരികെ
നില്ക്കുന്ന ശതാധിപനോട്: റോമാ
പൗരനും[w] വിസ്താരം കഴിയാത്ത
വനുമായ മനുഷ്യനെ ചമ്മട്ടികൊ
ണ്ട് അടിക്കുന്നതു വിഹിതമോ
എന്നു ചോദിച്ചു. 26 ഇതു കേട്ടി
ട്ടു ശതാധിപൻ ചെന്നു സഹസ്രാ
ധിപനോട്: നീ എന്തു ചെയ്വാൻ
പോകുന്നു? ഈ മനുഷ്യൻ റോമാ
പൗരൻ ആകുന്നു എന്ന് ബോധി
പ്പിച്ചു. 27 സഹസ്രാധിപൻ വന്ന്:
നീ റോമാപൗരൻ തന്നെയോ?
എന്നോട് പറക എന്ന് ചോദിച്ചതി
ന്: അതേ എന്ന് അവൻ പറഞ്ഞു.
28 ഞാൻ ഏറിയ മുതൽ കൊടു
ത്ത് ഈ പൗരത്വം സമ്പാദിച്ചു
എന്ന് സഹസ്രാധിപൻ പറഞ്ഞതി
ന്: ഞാനോ അങ്ങനെ ജനിച്ചിരി
ക്കുന്നു എന്ന് പൗലൊസ് പറഞ്ഞു.
29 ഭേദ്യം ചെയ്വാൻ[x] ഭാവിച്ചവർ
ഉടനെ അവനെ വിട്ടുമാറി; സഹ
സ്രാധിപനും അവൻ റോമാപൗരൻ
എന്ന് അറിഞ്ഞപ്പോൾ[y] അവനെ
ബന്ധിച്ചതു[z] കൊണ്ടു ഭയപ്പെട്ടു.[a]

30 പിറ്റേന്ന് യെഹൂദന്മാർ പൗലൊ
സിന്മേൽ ചുമത്തുന്ന കുറ്റത്തിന്റെ
സൂക്ഷ്മം അറിവാൻ ഇച്ഛിച്ചിട്ട്[b]
അവൻ മഹാപുരോഹിതന്മാരും
ന്യായാധിപസംഘമൊക്കെയും
കൂടിവരുവാൻ കല്പിച്ച് അവനെ
കെട്ട് അഴിച്ചു താഴെ കൊണ്ടുചെ
ന്ന് അവരുടെ മുമ്പിൽ നിറുത്തി.

* * *

12. [u] അപ്പൊ.പ്ര.9:10 [v] അപ്പൊ.പ്ര.9:17
13. [w] അപ്പൊ.പ്ര.9:18
14. [x] അപ്പൊ.പ്ര.3:13 [y] (റോമ.2:18;12:2; എഫെ.1:9; കൊലൊ.1:10) [z] അപ്പൊ.പ്ര.3:14 [a] അപ്പൊ.പ്ര.22:18; 9:17;26:16; 1കൊരി.9:1;15:8; (അപ്പൊ.പ്ര.22:15) [b] (ഗലാ.1:12) [c] അപ്പൊ.പ്ര.9:15; 26:16
15. [d] അപ്പൊ.പ്ര. 22:14;4:20 [e] അപ്പൊ.പ്ര.23:11
16. [f] അപ്പൊ.പ്ര.9:18 [g] അപ്പൊ.പ്ര.9:14 [h] 1കൊരി.6:11; എബ്രാ.10:22; (സങ്കീ.51:2); അപ്പൊ.പ്ര.2:38
17. [i] അപ്പൊ.പ്ര. 9:26;26:20; (ഗലാ.1:18,19) [j] അപ്പൊ.പ്ര.3:1; ലൂക്കൊ.18:10 [k] അപ്പൊ.പ്ര. 10:10;11:5; (2കൊരി.12:1-4)
18. [l] (അപ്പൊ.പ്ര.9:29)
19. [m] അപ്പൊ.പ്ര.22:4 [n] അപ്പൊ.പ്ര.26:11; മത്താ.10:17
20. [o] (വെളി.2:13) [p] അപ്പൊ.പ്ര.8:1; (അപ്പൊ.പ്ര.26:10); റോമ.1:32 [q] അപ്പൊ.പ്ര.7:58
21. [r] അപ്പൊ.പ്ര. 2:39;9:15
22. [s] അപ്പൊ.പ്ര.21:36 [t] അപ്പൊ.പ്ര.25:24
24. [u] അപ്പൊ.പ്ര. 22:29 [v] അപ്പൊ.പ്ര. 21:34;23:10
25. [w] അപ്പൊ.പ്ര. 16:37
29. [x] അപ്പൊ.പ്ര.22:24 [y] (അപ്പൊ.പ്ര.23:27) [z] അപ്പൊ.പ്ര.21:33 [a] അപ്പൊ.പ്ര.16:38
30. [b] അപ്പൊ.പ്ര.22:24; 23:28

***1. പൗലൊസിന്റെ പ്രതിവാദം 7. അവന്റെ അപവാദക്കാരുടെ ഇടയിലുള്ള പിണക്കം 31. അവൻ ഫേലിക്സിന്റെ അടുക്കൽ അയയ്ക്കപ്പെട്ടത്.***

**23** പൗലൊസ് ന്യായാധിപസം
ഘത്തെ ഉറ്റുനോക്കി: സഹോ
ദരന്മാരേ, ഞാൻ ഇന്നേ ദിവസ
ത്തോളവും കേവലം നല്ല മനസ്സാ
ക്ഷിയോടുകൂടെ ദൈവത്തിന്റെ
മുമ്പാകെ നടന്നിരിക്കുന്നു[a] എന്നു
പറഞ്ഞു. **2** അപ്പോൾ മഹാപുരോ
ഹിതനായ അനന്യാസ്[b] അരികെ
നില്ക്കുന്നവരോട് അവന്റെ വായ്ക്ക്
അടിപ്പാൻ[c] കല്പിച്ചു. **3** പൗലൊസ്
അവനോട്: ദൈവം നിന്നെ അടി
ക്കും, വെള്ള തേച്ച[d] ചുവരേ;[e] നീ
ന്യായപ്രമാണപ്രകാരം എന്നെ വി
സ്തരിപ്പാൻ ഇരിക്കയും ന്യായപ്ര
മാണത്തിന് വിരോധമായി[f] എന്നെ
അടിപ്പാൻ കല്പിക്കയും[f] ചെയ്യു
ന്നുവോ എന്നു പറഞ്ഞു. **4** അരികെ
നില്ക്കുന്നവർ: നീ ദൈവത്തിന്റെ
മഹാപുരോഹിതനെ[g] ശകാരിക്കു
ന്നുവോ എന്ന് ചോദിച്ചു. **5** അതിന്
പൗലൊസ്: സഹോദരന്മാരേ,
മഹാപുരോഹിതൻ എന്ന് ഞാൻ
അറിഞ്ഞില്ല;[h] [i]"നിന്റെ ജനത്തിന്റെ
അധിപതിയെ ദുഷിക്കരുത് എന്ന്
എഴുതിയിരിക്കുന്നുവല്ലോ" എന്നു
പറഞ്ഞു. **6** എന്നാൽ ന്യായാധിപ
സംഘത്തിൽ ഒരുപക്ഷം സദൂ
ക്യരും[j] ഒരുപക്ഷം പരീശന്മാരും
ആകുന്നു എന്ന് പൗലൊസ് അറി
ഞ്ഞു: സഹോദരന്മാരേ, ഞാൻ ഒരു
പരീശനും[k] പരീശന്മാരുടെ മകനും
ആകുന്നു; മരിച്ചവരുടെ പ്രത്യാശ[l]
യെയും പുനരുത്ഥാനത്തെയും
കുറിച്ചു[m] ഞാൻ വിസ്താരത്തി
ലായിരിക്കുന്നു എന്നു വിളിച്ചു
പറഞ്ഞു. **7** അവൻ ഇതു പറഞ്ഞ
പ്പോൾ പരീശന്മാരും സദൂക്യരും
തമ്മിൽ ഇടഞ്ഞു സംഘം ഛിദ്രിച്ചു.
**8** പുനരുത്ഥാനം ഇല്ല, ദൂതനും
ആത്മാവും ഇല്ല എന്ന് സദൂക്യർ
പറയുന്നു;[n] പരീശന്മാരോ രണ്ടും
ഉണ്ടെന്നും പ്രമാണിക്കുന്നു. **9** അ
ങ്ങനെ വലിയൊരു നിലവിളി
ഉണ്ടായി; പരീശപക്ഷത്തിലെ ശാ
സ്ത്രിമാരിൽ[o] ചിലർ എഴുന്നേറ്റ്
വാദിച്ചു: ഈ മനുഷ്യനിൽ ഞങ്ങൾ
ഒരു കുറ്റവും കാണുന്നില്ല;[p] ഒരാ
ത്മാവോ ഒരു ദൂതനോ അവനോട്
സംസാരിച്ചു എന്ന് വന്നേക്കാം[q]
എന്നു പറഞ്ഞു. **10** അങ്ങനെ
വലിയ ഇടച്ചൽ ആയതുകൊണ്ട്
അവർ പൗലൊസിനെ ചീന്തിക്കള
യും എന്ന് സഹസ്രാധിപൻ പേടിച്ചു,
പടയാളികൾ ഇറങ്ങിവന്ന് അവ
നെ അവരുടെ നടുവിൽനിന്ന് പിടി
ച്ചെടുത്തു കോട്ടയിൽ[r] കൊണ്ടു
പോകുവാൻ കല്പിച്ചു.
**11** രാത്രിയിൽ[s] കർത്താവ് അവ
ന്റെ അടുക്കൽനിന്ന്:[t] ധൈര്യമായി
രിക്ക;[u] നീ എന്നെക്കുറിച്ച് യെരൂശ
ലേമിൽ സാക്ഷീകരിച്ചതുപോലെ[v]
റോമയിലും സാക്ഷീകരിക്കേണ്ട
താകുന്നു[w] എന്ന് അരുളിച്ചെയ്തു.
**12** നേരം വെളുത്തപ്പോൾ ചില
യെഹൂദന്മാർ തമ്മിൽ യോജിച്ച്[x]
പൗലൊസിനെ കൊന്നുകളയുവോ
ളം ഒന്നും തിന്നുകയോ കുടിക്കയോ
ചെയ്കയില്ല എന്നു ശപഥം ചെ
യ്തു.[y] **13** ഈ ശപഥം ചെയ്തവർ
നാല്പതിൽ അധികം പേർ ആയി
രുന്നു. **14** അവർ മഹാപുരോഹി
തന്മാരുടെയും മൂപ്പന്മാരുടെയും
അടുക്കൽ ചെന്നു: ഞങ്ങൾ പൗലൊ
സിനെ കൊന്നുകളയുവോളം ഒന്നും
ആസ്വദിക്കയില്ല എന്നൊരു കഠിന
ശപഥം ചെയ്തിരിക്കുന്നു. **15** ആക
യാൽ നിങ്ങൾ അവന്റെ കാര്യം
അധികം സൂക്ഷ്മത്തോടെ പരിശോ
ധിക്കേണം എന്നുള്ള ഭാവത്തിൽ
അവനെ നിങ്ങളുടെ അടുക്കൽ
താഴെ കൊണ്ടുവരുവാൻ ന്യായാധി
പസംഘവുമായി സഹസ്രാധിപ
നോട് അപേക്ഷിപ്പിൻ; എന്നാൽ

അധ്യായം 23
1. [a] *2കൊരി.1:12; 2തിമൊ.1:4 (അപ്പൊ.പ്ര.24:16; ഇയ്യോ.27:5,6; 1കൊരി.4:4; 2കൊരി.4:2;5:11; എബ്രാ.13:18)*
2. [b] *അപ്പൊ.പ്ര.24:1*
[c] *1രാജാ.22:24; വിലാ.3:30; മീഖാ.5:1; 2കൊരി.11:20; (യോഹ.18:22)*
3. [d] *(മത്താ.23:27)*
[e] *(യെശ.30:13; യെഹെ.13:10-14)*
[f] *ആവ.25:1,2; യോഹ.7:51*
4. [g] *(1ശമൂ.2:28; സങ്കീ.106:16)*
5. [h] *(അപ്പൊ.പ്ര.24:16)*
[i] ***പുറ.22:28***
6. [j] *മത്താ.22:23*
[k] *അപ്പൊ.പ്ര.26:5; ഫിലി.3:5*
[l] *(അപ്പൊ.പ്ര.2:26,27); കൊലൊ.1:3*
[m] *അപ്പൊ.പ്ര.24:15,20; 26:6-8;28:20*
8. [n] *ലൂക്കൊ.20:27; (1കൊരി.15:12)*
9. [o] *അപ്പൊ.പ്ര.4:5; മർക്കൊ.2:16; ലൂക്കൊ.5:30*
[p] *(അപ്പൊ.പ്ര.23:29)*
[q] *(അപ്പൊ.പ്ര.22:7,17,18; യോഹ.12:29)*
10. [r] *അപ്പൊ.പ്ര.23:16,32; 21:34;22:24*
11. [s] *അപ്പൊ.പ്ര.18:9;27:23*
[t] *1ശമൂ.3:10*
[u] *(2തിമൊ.4:17)*
[v] *(അപ്പൊ.പ്ര.19:21)* [w] *അപ്പൊ.പ്ര.22:15* 12. [x] *അപ്പൊ.പ്ര.23:30* [y] *അപ്പൊ.പ്ര.23:14,21*

23:3 ***വെള്ളതേച്ച ചുവർ:*** നല്ലവനല്ലാത്തവൻ നല്ലവനായി അഭിനയിക്കുന്നത് (മത്താ. 23:27,28).

അവൻ സമീപിക്കും മുമ്പേ ഞങ്ങൾ
അവനെ ഒടുക്കിക്കളവാൻ ഒരുങ്ങി
യിരിക്കുന്നു എന്നു പറഞ്ഞു. **16** ഈ
പതിയിരിപ്പിനെക്കുറിച്ച് പൗലൊസി
ന്റെ പെങ്ങളുടെ മകൻ[z] കേട്ടിട്ടു
ചെന്നു കോട്ട[a]യിൽ കടന്നു പൗലൊ
സിനോട് അറിയിച്ചു. **17** പൗലൊസ്
ശതാധിപന്മാരിൽ ഒരുത്തനെ വിളി
ച്ചു: ഈ യൗവനക്കാരനു സഹസ്രാ
ധിപനോട് ഒരു കാര്യം അറിയിപ്പാ
നുള്ളതിനാൽ അവനെ അങ്ങോട്ടു
കൊണ്ടുപോകേണം എന്നു പറ
ഞ്ഞു. **18** അവൻ അവനെ കൂട്ടി
സഹസ്രാധിപന്റെ അടുക്കൽ കൊ
ണ്ടുചെന്നു: തടവുകാരനായ[b] പൗ
ലൊസ് എന്നെ വിളിച്ച്, നിന്നോട്
ഒരു കാര്യം പറവാനുള്ള ഈ യൗവ
നക്കാരനെ നിന്റെ അടുക്കൽ കൊണ്ടു
വരുവാൻ എന്നോട് അപേക്ഷിച്ചു
എന്നു പറഞ്ഞു. **19** സഹസ്രാധി
പൻ അവനെ കൈക്കു പിടിച്ചു മാറി
നിന്നു: എന്നോട് ബോധിപ്പിപ്പാനു
ള്ളത് എന്ത് എന്ന് സ്വകാര്യമായി
ചോദിച്ചു. **20** അതിന് അവൻ:
യെഹൂദന്മാർ പൗലൊസിനെക്കു
റിച്ച് അധികം സൂക്ഷ്മത്തോടെ
വിസ്താരം കഴിക്കേണം എന്നുള്ള
ഭാവത്തിൽ വന്ന് നാളെ അവനെ
ന്യായാധിപസംഘത്തിലേക്ക് കൊ
ണ്ടുവരേണ്ടതിന് നിന്നോട് അപേ
ക്ഷിപ്പാൻ ഒത്തുകൂടിയിരിക്കുന്നു.[c]
**21** നീ അവരെ വിശ്വസിച്ചുപോകരു
ത്; അവരിൽ നാല്പതിൽ അധികം
പേർ അവനെ ഒടുക്കിക്കളയുവോളം
ഒന്നും തിന്നുകയോ കുടിക്കയോ
ചെയ്കയില്ല എന്ന് ശപഥം ചെയ്ത്[d]
അവനായി പതിയിരിക്കുന്നു; നിന്റെ
വാഗ്ദത്തം കിട്ടുമെന്ന് ആശിച്ച്
അവർ ഇപ്പോൾ ഒരുങ്ങി നില്ക്കു
ന്നു എന്നു പറഞ്ഞു. **22** നീ ഇത്
എന്നോട് അറിയിച്ചു എന്ന് ആരോടും
മിണ്ടരുത് എന്ന് സഹസ്രാധിപൻ
കല്പിച്ച് യൗവനക്കാരനെ പറഞ്ഞ
യച്ചു. **23** പിന്നെ അവൻ ശതാധി
പന്മാരിൽ രണ്ടു പേരെ വരുത്തി:
ഈ രാത്രിയിൽ മൂന്നാം മണി നേര
ത്ത് കൈസര്യക്കു പോകുവാൻ
ഇരുനൂറു കാലാളെയും എഴുപതു
കുതിരച്ചേവകരെയും ഇരുനൂറു
കുന്തക്കാരെയും ഒരുക്കുവിൻ.
**24** പൗലൊസിനെ കയറ്റി ദേശാധി
പതിയായ[e] ഫേലിക്സിന്റെ[f] അടു
ക്കൽ ക്ഷേമത്തോടെ എത്തിപ്പാൻ
മൃഗവാഹനങ്ങളെയും സംഭരിപ്പിൻ
എന്ന് കല്പിച്ചു. **25** താഴെ പറ
യുന്ന വിധത്തിൽ ഒരു എഴുത്തും
എഴുതി:

**26** ക്ലൗദ്യൊസ് ലൂസിയാസ്
രാജശ്രീ ഫേലിക്സ്[g] ദേശാധിപ
തിക്ക് വന്ദനം.[h] **27** ഈ പുരുഷനെ
യെഹൂദന്മാർ പിടിച്ച്[i] കൊല്ലുവാൻ
ഭാവിച്ചപ്പോൾ[j] റോമാപൗരൻ എന്ന്
അറിഞ്ഞ്[k] ഞാൻ പട്ടാളത്തോടും
കൂടെ നേരിട്ടുചെന്ന് അവനെ വിടു
വിച്ചു.[j] **28** അവന്റെമേൽ കുറ്റംചു
മത്തുന്ന സംഗതി ഗ്രഹിപ്പാൻ
ഇച്ഛിച്ചിട്ട്[l] അവരുടെ ന്യായാധിപ
സംഘത്തിലേക്ക് അവനെ കൊണ്ടു
ചെന്നു. **29** എന്നാൽ അവരുടെ
ന്യായപ്രമാണം സംബന്ധിച്ചുള്ള
തർക്കങ്ങളെക്കുറിച്ച്[m] കുറ്റം ചുമ
ത്തുന്നതല്ലാതെ മരണത്തിനോ ച
ങ്ങലയ്ക്കോ യോഗ്യമായത് ഒന്നു
മില്ല[n] എന്നു കണ്ടു. **30** അനന്തരം
ഈ പുരുഷന്റെ നേരേ അവർ
കൂട്ടുകെട്ട് ഉണ്ടാക്കുന്നു[o] എന്നു
തുമ്പു കിട്ടിയപ്പോൾ[p] ഞാൻ തൽ
ക്ഷണം അവനെ നിന്റെ അടുക്ക
ലേക്ക് അയച്ചിരിക്കുന്നു; അവന്റെ
നേരേയുള്ള അന്യായം സന്നിധാന
ത്തിൽ ബോധിപ്പിപ്പാൻ വാദിക
ളോട് കല്പിച്ചുമിരിക്കുന്നു;[q] ശുഭ
മായിരിക്കട്ടെ.

**31** പടയാളികൾ കല്പനപ്രകാ
രം പൗലൊസിനെ കൂട്ടി രാത്രി
യിൽ അന്തിപത്രിസോളം കൊണ്ടു
ചെന്നു, **32** പിറ്റന്നാൾ കുതിരച്ചേവ
കരെ അവനോടുകൂടെ അയച്ചു
കോട്ടയിലേക്ക്[r] മടങ്ങിപ്പോന്നു.
**33** മറ്റവർ കൈസര്യയിൽ എത്തി
ദേശാധിപതിക്ക് എഴുത്തു കൊടു
ത്തു പൗലൊസിനെയും അവന്റെ
മുമ്പിൽ നിർത്തി. **34** അവൻ എഴു
ത്തു വായിച്ചിട്ട് ഏതു സംസ്ഥാന

16. [z] *(റോമ.16:7)*
[a] *അപ്പൊ.പ്ര. 23:10,32*
18. [b] *എഫെ.3:1*
20. [c] *അപ്പൊ.പ്ര. 23:14,15*
21. [d] *അപ്പൊ.പ്ര. 23:12,14*
24. [e] *അപ്പൊ.പ്ര. 23:33;24:1,10;26:30; ലൂക്കൊ.20:20*
[f] *അപ്പൊ.പ്ര. 23:26;24:3;25:14*
26. [g] *അപ്പൊ.പ്ര.24:3*
[h] *അപ്പൊ.പ്ര.15:23*
27. [i] *അപ്പൊ.പ്ര.21:27*
[j] *(അപ്പൊ.പ്ര. 21:32,33)*
[k] *(അപ്പൊ.പ്ര. 22:25 - 29)*
28. [l] *അപ്പൊ.പ്ര.22:30*
29. [m] *അപ്പൊ.പ്ര. 18:15;25:19*
[n] *അപ്പൊ.പ്ര.25:25; 26:31;28:18; (അപ്പൊ.പ്ര.23:9)*
30. [o] *അപ്പൊ.പ്ര. 23:12;9:24*
[p] *അപ്പൊ.പ്ര.23:20*
[q] *അപ്പൊ.പ്ര.23:35; (അപ്പൊ.പ്ര.24:19; 25:16)*
32. [r] *അപ്പൊ.പ്ര. 23:10,16*

ക്കാരൻ[s] എന്നു ചോദിച്ചു. കിലിക്യ
ക്കാരൻ[t] എന്നു കേട്ടാറെ: **35** വാദി
കളും[u]കൂടെ വന്നു ചേരുമ്പോൾ
നിന്നെ വിസ്തരിക്കാം എന്നു
പറഞ്ഞ് ഹെരോദാവിന്റെ ആസ്ഥാ
നത്തിൽ[v] അവനെ കാത്തുകൊൾ
വാൻ കല്പിച്ചു.

❋ ❋ ❋

*1. ഫേലിക്സിന്റെ മുമ്പിൽ യെഹൂദന്മാർ വാദിച്ചതിനു 10. പൗലൊസ് പ്രത്യുത്തരം കൊടുത്തതും 22. ഫേലിക്സിനോട് പ്രസംഗിച്ചതും.*

**24** അഞ്ചു നാൾ കഴിഞ്ഞശേഷം[a]
മഹാപുരോഹിതനായ അന
ന്യാസ്[b] മൂപ്പന്മാരോടും തെർത്തു
ല്ലൊസ് എന്ന ഒരു വ്യവഹാരജ്ഞ
നോടും കൂടി വന്നു, പൗലൊസി
ന്റെ നേരേ ദേശാധിപതിയുടെ[c]
മുമ്പാകെ അന്യായം ബോധിപ്പിച്ചു.
**2** അവനെ വിളിച്ചാറെ തെർത്തു
ല്ലൊസ് അന്യായം വിവരിച്ചു പറ
ഞ്ഞതെന്തെന്നാൽ:
**3** രാജശ്രീ ഫേലിക്സേ,[d] നീ
മുഖാന്തരം ഞങ്ങൾ വളരെ സമാ
ധാനം അനുഭവിക്കുന്നതും നിന്റെ
പരിപാലനത്താൽ ഈ ജാതിക്ക്
ഏറിയ ഗുണീകരണങ്ങൾ സാധി
ച്ചിരിക്കുന്നതും ഞങ്ങൾ എപ്പോഴും
എല്ലായിടത്തും പൂർണനന്ദിയോടും
കൂടെ അംഗീകരിക്കുന്നു. **4** എങ്കി
ലും നിന്നെ അധികം അസഹ്യപ്പെടു
ത്തരുത് എന്നുവച്ചു ക്ഷമയോടെ
ചുരുക്കത്തിൽ ഞങ്ങളുടെ അന്യാ
യം കേൾക്കേണം എന്ന് അപേക്ഷി
ക്കുന്നു. **5** ഈ പുരുഷൻ ഒരു ബാ
ധയും ലോകത്തിലുള്ള സകല
യെഹൂദന്മാരുടെയും ഇടയിൽ കല
ഹമുണ്ടാക്കുന്നവനും[e] നസറായമത
ത്തിനു[f] മുമ്പനും എന്നു ഞങ്ങൾ
കണ്ടിരിക്കുന്നു. **6** അവൻ ദൈവാ
ലയം തീണ്ടിപ്പാനും ശ്രമിച്ചു.[g] അ
വനെ ഞങ്ങൾ പിടിച്ചു [ഞങ്ങളു
ടെ ന്യായപ്രമാണപ്രകാരം വിസ്തരി
പ്പാൻ വിചാരിച്ചു. **7** എങ്കിലും സഹ
സ്രാധിപനായ ലുസിയാസ് വളരെ
ബലത്തോടെ വന്ന് അവനെ ഞങ്ങ
ളുടെ കൈയിൽനിന്നു പിടിച്ചു
കൊണ്ടുപോയി. **8** അവന്റെ വാദി
കൾ നിന്റെ മുമ്പാകെ വരുവാൻ
കല്പിച്ചു.] നീ തന്നെ അവനെ
വിസ്തരിച്ചാൽ ഞങ്ങൾ അന്യായം
ബോധിപ്പിക്കുന്ന ഈ സകല
സംഗതികളും അറിഞ്ഞുകൊൾവാൻ
ഇടയാകും. **9** അത് അങ്ങനെതന്നെ
എന്ന് യെഹൂദന്മാരും യോജിച്ചു
പറഞ്ഞു.
**10** സംസാരിക്കാം എന്ന് ദേശാ
ധിപതി ആംഗ്യം കാട്ടിയാറെ പൗ
ലൊസ് ഉത്തരം പറഞ്ഞത്: ഈ
ജാതിക്കു നീ അനേക സംവത്സര
മായി ന്യായാധിപതി ആയിരിക്കുന്നു
എന്ന് അറികകൊണ്ട് എന്റെ കാര്യ
ത്തിൽ ഞാൻ ധൈര്യത്തോടെ
പ്രതിവാദം ചെയ്യുന്നു. **11** ഞാൻ
യെരൂശലേമിൽ നമസ്കരിപ്പാൻ[h]
പോയിട്ടു[i] പന്ത്രണ്ടു നാളിൽ അധി
കമായില്ല[j] എന്നു നിനക്ക് അറിയാ
വുന്നതാകുന്നു.**12** ദൈവാലയത്തി
ലോ പള്ളികളിലോ നഗരങ്ങളി
ലോ വച്ച് ആരോടും വാദിക്കയെ
ങ്കിലും പുരുഷാരത്തിൽ കലഹം
ഉണ്ടാക്കുകയെങ്കിലും ചെയ്യുന്ന
തായി അവർ എന്നെ കണ്ടിട്ടില്ല.[k]
**13** ഇന്ന് എന്റെ നേരേ ബോധിപ്പി
ക്കുന്ന അന്യായം നിന്റെ മുമ്പാകെ
തെളിയിപ്പാൻ അവർക്കു കഴിയുന്ന
തുമല്ല.[l] **14** എന്നാൽ ഒന്നു ഞാൻ
സമ്മതിക്കുന്നു: മതഭേദം[m] എന്ന്
ഇവർ പറയുന്ന മാർഗ[n]പ്രകാരം ഞാൻ
പിതാക്കന്മാരുടെ ദൈവത്തെ[o] ആ
രാധിക്കയും[p] ന്യായപ്രമാണത്തിലും
പ്രവാചക[q]പുസ്തകങ്ങളിലും എ
ഴുതിയിരിക്കുന്നതൊക്കെയും വിശ്വ
സിക്കയും ചെയ്യുന്നു. **15** നീതിമാ
ന്മാരുടെയും നീതികെട്ടവരുടെയും[r]
പുനരുത്ഥാനം[s] ഉണ്ടാകും എന്ന്
ഇവർ കാത്തിരിക്കുന്നതുപോലെ
ഞാനും ദൈവത്തിങ്കൽ ആശ[t]വച്ചി
രിക്കുന്നു.[u] **16** അതുകൊണ്ട് എനി
ക്കു ദൈവത്തോടും മനുഷ്യരോടും
കുറ്റമില്ലാത്ത[v] മനസ്സാക്ഷി എല്ലാ
യ്പോഴും ഉണ്ടായിരിപ്പാൻ ഞാൻ
ശ്രമിക്കുന്നു.[w] **17** പല സംവത്സരം

34.[s] *അപ്പൊ.പ്ര.25:1*
[t] *അപ്പൊ.പ്ര.21:39*
35.[u] *അപ്പൊ.പ്ര. 23:30*
[v] *മത്താ.27:27*

**അധ്യായം 24**

1.[a] *(അപ്പൊ.പ്ര. 21:18,27;24:11)*
[b] *അപ്പൊ.പ്ര.23:2*
[c] *അപ്പൊ.പ്ര.23:24*
3.[d] *അപ്പൊ.പ്ര.23:26; ലൂക്കൊ.1:1*
5.[e] *ലൂക്കൊ.23:2*
[f] *അപ്പൊ.പ്ര.24:14; 5:17;15:5;26:5;28:22*
6.[g] *അപ്പൊ.പ്ര. 21:27 - 29*
11.[h] *അപ്പൊ.പ്ര.20:16*
[i] *അപ്പൊ.പ്ര.8:27 യോഹ.12:20*
[j] *അപ്പൊ.പ്ര.24:1*
12.[k] *(അപ്പൊ.പ്ര.25:8)*
13.[l] *അപ്പൊ.പ്ര.25:7*
14.[m] *അപ്പൊ.പ്ര.24:5*
[n] *അപ്പൊ.പ്ര. 24:22;9:2*
[o] *അപ്പൊ.പ്ര. 3:13;22:3*
[p] *2തിമൊ.1:4; (അപ്പൊ.പ്ര.27:23; ലൂക്കൊ.1:74; റോമ.1:10; എബ്രാ.9:14;12:28)*
[q] *അപ്പൊ.പ്ര.26:23; 28:23; (റോമ.3:21)*
15.[r] *ദാനീ.12:2*
[s] *ലൂക്കൊ.14:14*
[t] *തീത്തൊ.2:12; (ഗലാ.5:5)*
[u] *അപ്പൊ.പ്ര.23:6*
16.[v] *1കൊരി.10:32; ഫിലി.1:10; (യൂദാ.24); അപ്പൊ.പ്ര.23:1*
[w] *(1തിമൊ.4:7,15)*

കൂടിയിട്ട്[x] ഞാൻ എന്റെ ജാതി
ക്കാർക്ക്[y] ധർമം കൊണ്ടുവരുവാ
നും വഴിപാട്[z] കഴിപ്പാനും വന്നു.[a]
**18** അത് അനുഷ്ഠിക്കുമ്പോൾ അ
വർ എന്നെ ദൈവാലയത്തിൽ വച്ച്
ശുദ്ധീകരണം കഴിഞ്ഞവനായി[b]
കണ്ടു; പുരുഷാരത്തോടുകൂടിയല്ല,
കലഹത്തോടുകൂടിയുമല്ല. **19** എ
ന്നാൽ ആസ്യക്കാരായ ചില യെഹൂ
ദന്മാർ[c] ഉണ്ടായിരുന്നു; അവർക്ക്
എന്റെ നേരേ അന്യായം ഉണ്ടെങ്കിൽ
നിന്റെ മുമ്പിൽ വന്നു ബോധിപ്പിക്കേ
ണ്ടതായിരുന്നു.[d] **20** അല്ല, ഞാൻ
ന്യായാധിപസംഘത്തിന്റെ മുമ്പിൽ
നില്ക്കുമ്പോൾ മരിച്ചവരുടെ പുനരു
ത്ഥാനത്തെക്കുറിച്ച് ഇന്ന് നിങ്ങൾ
എന്നെ വിസ്തരിക്കുന്നു എന്നു
ഞാൻ വിളിച്ചുപറഞ്ഞൊരു[e] വാക്ക
ല്ലാതെ **21** അവിടെ വച്ച് എന്റെ പ
ക്കൽ വല്ല കുറ്റവും കണ്ടിട്ടുണ്ടെ
ങ്കിൽ ഇവർതന്നെ പറയട്ടെ.
**22** ഫേലിക്സിന് ഈ മാർഗം[f]
സംബന്ധിച്ച് സൂക്ഷ്മമായ അറിവ്
ഉണ്ടായിരുന്നിട്ടും: ലുസിയാസ് സഹ
സ്രാധിപൻ വരുമ്പോൾ ഞാൻ നി
ങ്ങളുടെ കാര്യം തീർച്ചപ്പെടുത്തും
എന്നു പറഞ്ഞ് അവധിവച്ച്, **23** ശ
താധിപനോട് അവനെ തടവിൽ
തന്നെ സൂക്ഷിച്ച് ദയ കാണിപ്പാനും[g]
അവന്റെ സ്നേഹിതന്മാർ അവന്
ശുശ്രൂഷ ചെയ്യുന്നത് വിരോധിക്കാ
തിരിപ്പാനും[h] കല്പിച്ചു.
**24** കുറെനാൾ കഴിഞ്ഞിട്ട് ഫേ
ലിക്സ് യെഹൂദാസ്ത്രീയായ തന്റെ
ഭാര്യ ദ്രുസില്ലയുമായി വന്നു, പൗലൊ
സിനെ വരുത്തി ക്രിസ്തുയേശുവി
ലുള്ള[i] വിശ്വാസത്തെ[j]ക്കുറിച്ച് അവ
ന്റെ പ്രസംഗം കേട്ടു. **25** എന്നാൽ
അവൻ നീതി,[k] ഇന്ദ്രിയജയം, വരു
വാനുള്ള ന്യായവിധി എന്നിവയെ
ക്കുറിച്ച് സംസാരിക്കുമ്പോൾ ഫേ
ലിക്സ് ഭയപരവശനായി: തല്ക്കാ
ലം പോകാം; അവസരം ഉള്ള
പ്പോൾ[l] നിന്നെ വിളിപ്പിക്കാം എന്നു
പറഞ്ഞു. **26** പൗലൊസ് തനിക്ക്
ദ്രവ്യം തരും[m] എന്ന് ആശിച്ചു പല
പ്പോഴും അവനെ വരുത്തി അവ
നോട് സംഭാഷിച്ചുപോന്നു. **27** ര
ണ്ടാണ്ടു കഴിഞ്ഞിട്ട് ഫേലിക്സിന്
പിൻവാഴിയായി പൊർക്ക്യൊസ്
ഫെസ്തൊസ്[n] വന്നപ്പോൾ ഫേ
ലിക്സ് യെഹൂദന്മാരുടെ പ്രീതി
സമ്പാദിക്കേണം എന്നു വച്ച്[o]
പൗലൊസിനെ തടവുകാരനായി
വിട്ടേച്ചു[p] പോയി.

❋ ❋ ❋

***1. പൗലൊസ് ഫെസ്തൊസിന്റെ മുമ്പാകെ യെഹൂദന്മാരാൽ കുറ്റം ചുമത്തപ്പെട്ടതും കൈസരെ അഭയം ചൊല്ലിയതും 13. ഫെസ്തൊസ് അഗ്രിപ്പാരാജാവിനോടു സംഭാഷിച്ചതും.***

**25** ഫെസ്തൊസ് സംസ്ഥാന
ത്തിൽ[a] വന്നിട്ടു മൂന്നു നാൾ
കഴിഞ്ഞശേഷം കൈസര്യയിൽ
നിന്നു യെരൂശലേമിലേക്കു പോയി.
**2** അപ്പോൾ മഹാപുരോഹിത
ന്മാരും യെഹൂദന്മാരുടെ പ്രധാനി
കളും പൗലൊസിന്റെ നേരേ അവ
ന്റെ സന്നിധിയിൽ അന്യായം ബോ
ധിപ്പിച്ചു;[b] **3** ദയ ചെയ്ത് അവനെ
യെരൂശലേമിലേക്ക് വരുത്തേണ്ട
തിന് അവർ പൗലൊസിന് പ്രതി
കൂലമായി അവനോട് അപേക്ഷി
ച്ചു; **4** വഴിയിൽവച്ച് അവനെ ഒടു
ക്കിക്കളവാൻ അവർ ഒരു പതി
യിരിപ്പ്[c] നിറുത്തി. അതിന് ഫെ
സ്തൊസ്: പൗലൊസിനെ കൈസ
ര്യയിൽ സൂക്ഷിച്ചിരിക്കുന്നു; ഞാൻ
വേഗം അവിടേക്ക് പോകുന്നുണ്ട്;
**5** നിങ്ങളിൽ പ്രാപ്തിയുള്ളവർ
കൂടെ വന്ന് ആ മനുഷ്യന്റെ നേരേ
അന്യായം ഉണ്ടെങ്കിൽ ബോധി
പ്പിക്കട്ടെ എന്ന് ഉത്തരം പറഞ്ഞു.
**6** അവൻ ഏകദേശം എട്ടു പത്തു
ദിവസം അവരുടെ ഇടയിൽ താമ
സിച്ചശേഷം കൈസര്യക്ക് മടങ്ങി
പ്പോയി; പിറ്റേന്ന് ന്യായാസനത്തിൽ[d]
ഇരുന്ന് പൗലൊസിനെ വരുത്തു
വാൻ കല്പിച്ചു. **7** അവൻ വന്നാറെ
യെരൂശലേമിൽനിന്ന് വന്ന യെഹൂ
ദന്മാർ ചുറ്റും നിന്ന് അവന്റെ നേരേ
കഠിനകുറ്റം പലതും ബോധിപ്പിച്ചു.
**8** പൗലൊസോ: യെഹൂദന്മാരുടെ

17.[x] *(അപ്പൊ.പ്ര. 20:31)*
[y] *അപ്പൊ.പ്ര. 26:4;28:19*
[z] *(അപ്പൊ.പ്ര. 24:11;20:16)*
[a] *റോമ.15:25 - 28,30; 1കൊരി.16:1- 3; 2കൊരി.8:1- 4; 9:1,2,12; (ഗലാ.2:10)*
18.[b] *അപ്പൊ.പ്ര. 21:26;26:21*
19.[c] *അപ്പൊ.പ്ര.21:27*
[d] *അപ്പൊ.പ്ര.23:30*
20.[e] *അപ്പൊ.പ്ര.23:6*
22.[f] *അപ്പൊ.പ്ര. 24:14;9:2*
23.[g] *(അപ്പൊ.പ്ര. 28:16)*
[h] *(അപ്പൊ.പ്ര.27:3)*
24.[i] *ഗലാ.2:16; (റോമ.3:24)*
[j] *അപ്പൊ.പ്ര.20:21*
25.[k] *(തീത്തൊ.2:12,13)*
[l] *അപ്പൊ.പ്ര.17:32; (2തിമൊ.4:2)*
26.[m] *(അപ്പൊ.പ്ര. 24:17)*
27.[n] *അപ്പൊ.പ്ര. 25:1;26:24*
[o] *അപ്പൊ.പ്ര.25:9; (അപ്പൊ.പ്ര.12:3; മർക്കൊ.15:15)*
[p] *അപ്പൊ.പ്ര.25:14; ലൂക്കൊ.21:12*

**അധ്യായം 25**

1.[a] *അപ്പൊ.പ്ര.23:34*
2.[b] *അപ്പൊ.പ്ര.25:15*
4.[c] *അപ്പൊ.പ്ര.9:24*
6.[d] *അപ്പൊ.പ്ര. 25:10,17; മത്താ.27:19*

ന്യായപ്രമാണ[e]ത്തോടാ[f]കട്ടെ ദൈവാ
ലയത്തോടാകട്ടെ കൈസരോടാ[g]
കട്ടെ ഞാൻ ഒരു കുറ്റവും ചെയ്തി
ട്ടില്ല എന്ന് പ്രതിവാദിച്ചാറെ ആ
കുറ്റങ്ങളെ തെളിയിപ്പാൻ അവർക്ക്
കഴിഞ്ഞില്ല.[h] 9 എന്നാൽ ഫെസ്
തൊസ് യെഹൂദന്മാരുടെ പ്രീതി
സമ്പാദിപ്പാൻ ഇച്ഛിച്ച്[i] പൗലൊസി
നോട്: യെരൂശലേമിലേക്ക് ചെന്ന്
അവിടെ എന്റെ മുമ്പിൽവച്ച് ഈ
സംഗതികളെക്കുറിച്ച് വിസ്താരം
നടപ്പാൻ നിനക്ക് സമ്മതമുണ്ടോ
എന്ന് ചോദിച്ചതിന് 10 പൗലൊസ്
ഞാൻ കൈസരുടെ ന്യായാസന
ത്തിന്[j] മുമ്പാകെ നില്ക്കുന്നു; അ
വിടെ എന്നെ വിസ്തരിക്കേണ്ടതാ
കുന്നു; യെഹൂദന്മാരോട് ഞാൻ ഒരു
അന്യായവും ചെയ്തിട്ടില്ല; അത്
നീയും നല്ലവണ്ണം അറിഞ്ഞിരിക്കു
ന്നു. 11 ഞാൻ അന്യായം ചെയ്തു
മരണയോഗ്യമായത് വല്ലതും പ്ര
വർത്തിച്ചിട്ടുണ്ടെങ്കിൽ മരണശിക്ഷ
ഏല്ക്കുന്നതിന് എനിക്ക് വിരോധ
മില്ല. ഇവർ എന്റെ നേരേ ബോധിപ്പി
ക്കുന്ന അന്യായം നേരല്ല എന്നു വരി
കിലോ എന്നെ അവർക്ക് ഏല്പി
ച്ചുകൊടുപ്പാൻ ആർക്കും കഴിയുന്ന
തല്ല; 12 ഞാൻ കൈസരെ അഭയം
ചൊല്ലുന്നു[k] എന്നു പറഞ്ഞു. അ
പ്പോൾ ഫെസ്തൊസ് തന്റെ ആ
ലോചനാസഭയോട് സംസാരിച്ചിട്ട്:
കൈസരെ നീ അഭയം ചൊല്ലിയി
രിക്കുന്നു; കൈസരുടെ അടുക്ക
ലേക്ക് നീ പോകും എന്ന് ഉത്തരം
പറഞ്ഞു.

13 ഒട്ടുനാൾ കഴിഞ്ഞശേഷം
അഗ്രിപ്പാരാജാവും ബെർന്നീക്കയും
ഫെസ്തൊസിനെ വന്ദനം ചെ
യ്‌വാൻ കൈസര്യയിൽ എത്തി.
14 കുറെനാൾ അവിടെ പാർക്കു
മ്പോൾ ഫെസ്തൊസ് പൗലൊസി
ന്റെ സംഗതി രാജാവിനോട് വിവരി
ച്ചുപറഞ്ഞത്: ഫേലിക്സ് വിട്ടേച്ചു
പോയൊരു തടവുകാരൻ ഉണ്ട്.[l]
15 ഞാൻ യെരൂശലേമിൽ ചെന്ന
പ്പോൾ യെഹൂദന്മാരുടെ മഹാപു
രോഹിതന്മാരും മൂപ്പന്മാരും എന്റെ
അടുക്കൽ വന്ന് അവന്റെ നേരേ
അന്യായം ബോധിപ്പിച്ചു[m] വിധിക്ക്
അപേക്ഷിച്ചു. 16 എന്നാൽ പ്രതി
വാദികളെ അഭിമുഖമായി കണ്ട്
അന്യായത്തെക്കുറിച്ച് പ്രതിവാദി
പ്പാൻ ഇടകിട്ടും മുമ്പേ[n] യാതൊ
രു മനുഷ്യനെയും ഏല്പിച്ചുകൊ
ടുക്കുന്നത് റോമർക്ക് മര്യാദയല്ല
എന്ന് ഞാൻ അവരോട് ഉത്തരം
പറഞ്ഞു.[o] 17 ആകയാൽ അവർ
ഇവിടെ വന്നുകൂടിയാറെ[p] ഞാൻ
ഒട്ടും താമസിയാതെ പിറ്റേന്നുതന്നെ
ന്യായാസനത്തിൽ[q] ഇരുന്ന് ആ
പുരുഷനെ കൊണ്ടുവരുവാൻ ക
ല്പിച്ചു. 18 വാദികൾ അവന്റെ
ചുറ്റും നിന്നു ഞാൻ നിരൂപിച്ചിരുന്ന
കുറ്റം ഒന്നും ബോധിപ്പിക്കാതെ
19 സ്വന്ത മതത്തെ[r]ക്കുറിച്ചും ജീവി
ച്ചിരിക്കുന്നു എന്ന് പൗലൊസ് പറ
യുന്ന മരിച്ചുപോയ യേശു എന്നൊ
രുവനെ[s]ക്കുറിച്ചും ചില തർക്കസം
ഗതികളെ[t] കൊണ്ടുവന്നതേയുള്ളൂ.
20 ഇങ്ങനെയുള്ള വിഷയങ്ങളിൽ
വിചാരണ നടത്തേണ്ടത് എങ്ങനെ
യെന്ന് ഞാൻ അറിയായ്കയാൽ:
നിനക്ക് യെരൂശലേമിലേക്ക് പോയി
അവിടെ ഈ സംഗതികളെക്കുറിച്ചു
വിസ്താരം നടപ്പാൻ സമ്മതമുണ്ടോ
എന്നു ചോദിച്ചു.[u] 21 എന്നാൽ
പൗലൊസ് ചക്രവർത്തി[v] തിരുമന
സ്സിലെ വിധിക്കായി തന്നെ സൂക്ഷി
ക്കേണം[w] എന്ന് അഭയം ചൊല്ലു
കയാൽ കൈസരുടെ അടുക്കൽ
അയയ്ക്കുവോളം അവനെ സൂക്ഷി
പ്പാൻ കല്പിച്ചു. 22 ആ മനുഷ്യന്റെ
പ്രസംഗം കേൾപ്പാൻ എനിക്കും
ആഗ്രഹമുണ്ടായിരുന്നു എന്ന് അ
ഗ്രിപ്പാവ് ഫെസ്തൊസിനോട് പറ
ഞ്ഞതിന്:[x] നാളെ കേൾക്കാം എ
ന്ന് അവൻ പറഞ്ഞു.

23 പിറ്റേന്നു അഗ്രിപ്പാവ് ബെർ
ന്നീക്കയുമായി[y] വളരെ ആഡംബ
രത്തോടെ വന്നു. സഹസ്രാധിപതി
കളോടും നഗരത്തിലെ പ്രധാനിക
ളോടുംകൂടെ വിചാരണമണ്ഡപ
ത്തിൽ വന്നാറെ ഫെസ്തൊസിന്റെ
കല്പനയാൽ പൗലൊസിനെ

8. [e] യോഹ. 7:5;19:7
[f] (അപ്പൊ.പ്ര. 24:12,28:17)
[g] യോഹ. 19:12
[h] അപ്പൊ.പ്ര. 24:13
9. [i] അപ്പൊ.പ്ര. 24:27
10. [j] അപ്പൊ.പ്ര. 25:6,17
12. [k] അപ്പൊ.പ്ര. 26:32; 28:19
14. [l] അപ്പൊ.പ്ര. 24:27
15. [m] അപ്പൊ.പ്ര. 25:2,3
16. [n] (യോഹ. 7:51); അപ്പൊ.പ്ര. 23:30
[o] അപ്പൊ.പ്ര. 25:4,5
17. [p] അപ്പൊ.പ്ര. 25:7,24
[q] അപ്പൊ.പ്ര. 25:6,10
19. [r] (അപ്പൊ.പ്ര. 17:22)
[s] (അപ്പൊ.പ്ര. 17:18)
[t] അപ്പൊ.പ്ര. 18:15;23:29
20. [u] അപ്പൊ.പ്ര. 25:9
21. [v] അപ്പൊ.പ്ര. 25:25
[w] അപ്പൊ.പ്ര. 25:11,12
22. [x] അപ്പൊ.പ്ര. 9:15
23. [y] അപ്പൊ.പ്ര. 25:13;26:30

കൊണ്ടുവന്നു. **24** അപ്പോൾ ഫെ
സ്തൊസ് പറഞ്ഞത്: അഗ്രിപ്പാരാ
ജാവേ, ഇവിടെ വന്നുകൂടിയിരി
ക്കുന്ന സകല പുരുഷന്മാരുമായു
ള്ളോരേ, യെഹൂദന്മാരുടെ സമൂഹം
എല്ലാം[z] യെരൂശലേമിലും ഇവിടെ
യും വച്ച് എന്നോട് അപേക്ഷിക്ക
യും അവനെ ജീവനോടെ വച്ചേക്ക
രുത് എന്ന് നിലവിളിക്കയും[a] ചെ
യ്ത ഈ മനുഷ്യനെ നിങ്ങൾ കാ
ണുന്നുവല്ലോ. **25** അവൻ മരണ
യോഗ്യമായത് ഒന്നും ചെയ്തിട്ടില്ല
എന്ന് ഞാൻ ഗ്രഹിച്ചു;[b] അവൻ
തന്നെയും ചക്രവർത്തി[c] തിരുമന
സ്സിനെ അഭയം ചൊല്ലുകയാൽ[d]
അവനെ അയയ്ക്കേണം എന്ന് വിധി
ച്ചിരിക്കുന്നു. **26** അവനെക്കുറിച്ചു
തിരുമേനിക്ക് എഴുതുവാൻ എനിക്കു
നിശ്ചയമായത് ഒന്നുമില്ല; അതു
കൊണ്ടു വിസ്താരം കഴിഞ്ഞിട്ടു
എഴുതുവാൻ വല്ലതും ഉണ്ടാകേണ്ട
തിന് അവനെ നിങ്ങളുടെ മുമ്പിലും,
വിശേഷാൽ അഗ്രിപ്പാരാജാവേ,
തിരുമുമ്പിലും വരുത്തിയിരിക്കുന്നു.
**27** തടവുകാരനെ അയയ്ക്കുമ്പോൾ
അവന്റെ പേരിലുള്ള കുറ്റം കാണി
ക്കാതിരിക്കുന്നത് യുക്തമല്ല എന്നു
തോന്നുന്നു.

❋ ❋ ❋

*1. അഗ്രിപ്പാരാജാവിന്റെ മുമ്പിൽ പൗലൊസ് പ്രതിവാദിച്ചത്.*

**26** അഗ്രിപ്പാവ് പൗലൊസിനോട്:
നിന്റെ കാര്യം പറവാൻ അനു
വാദം ഉണ്ട് എന്നു പറഞ്ഞപ്പോൾ[a]
പൗലൊസ് കൈ നീട്ടി പ്രതിവാദി
ച്ചതെന്തെന്നാൽ:
**2** അഗ്രിപ്പാരാജാവേ, യെഹൂദ
ന്മാർ എന്റെമേൽ ചുമത്തുന്ന എല്ലാ
കുറ്റങ്ങളെയുംകുറിച്ച്[b] ഇന്നു തിരു
മുമ്പാകെ പ്രതിവാദിപ്പാൻ ഇടവന്ന
തുകൊണ്ട്, **3** വിശേഷാൽ നീ യെഹൂ
ദന്മാരുടെ ഇടയിലെ ആചാരങ്ങ
ളും[c] തർക്കങ്ങളും[d] എല്ലാം അറിയു
ന്നവൻ ആകയാൽ ഞാൻ ഭാഗ്യവാൻ
എന്ന് നിരൂപിക്കുന്നു; അതുകൊണ്ട്
എന്റെ പ്രതിവാദം ക്ഷമയോടെ
കേൾക്കേണമെന്ന് അപേക്ഷിക്കു
ന്നു. **4** എന്റെ ജാതിക്കാരുടെ[e]
ഇടയിലും യെരൂശലേമിലും ആദി
മുതൽ ബാല്യം തുടങ്ങിയുള്ള
എന്റെ നടപ്പ്[f] യെഹൂദന്മാർ എല്ലാ
വരും അറിയുന്നു. **5** ഞാൻ നമ്മു
ടെ മാർഗത്തിൽ സൂക്ഷ്മത ഏറി
യ[g] മത[h]ഭേദപ്രകാരം[i] പരീശനാ
യി[j] ജീവിച്ചു എന്ന് അവർ ആദിമു
തൽ അറിയുന്നു; അവർക്കു മന
സ്സുണ്ടെങ്കിൽ സാക്ഷ്യം പറയാം.
**6** ദൈവത്താൽ നമ്മുടെ പിതാക്ക
ന്മാർക്കു ലഭിച്ചതും[k] **7** നമ്മുടെ
പന്ത്രണ്ടു ഗോത്രങ്ങളും[l] രാപ്പകൽ
ശ്രദ്ധയോടെ ആരാധിച്ചുകൊണ്ട്
എത്തിപ്പിടിപ്പാൻ[m] ആശിക്കുന്നതും
ആയ[n] വാഗ്ദത്തത്തിലുള്ള[k] പ്ര
ത്യാശ ഹേതുവായിട്ടത്രേ ഞാൻ ഇ
പ്പോൾ വിസ്താരത്തിൽ ആയിരി
ക്കുന്നത്. ആ പ്രത്യാശയെച്ചൊല്ലി
ആകുന്നു രാജാവേ, യെഹൂദന്മാർ
എന്റെമേൽ കുറ്റം ചുമത്തുന്നത്.[o]
**8** ദൈവം മരിച്ചവരെ ഉയിർപ്പിക്കു
ന്നത് വിശ്വാസയോഗ്യമല്ല[p] എന്ന്
നിങ്ങൾക്കു തോന്നുന്നത് എന്ത്?
**9** നസറായനായ യേശു[q]വിന്റെ നാമ
ത്തിനു വിരോധമായി പലതും
പ്രവർത്തിക്കേണം എന്ന് ഞാനും
വിചാരിച്ചു സത്യം.[r] **10** അത് ഞാൻ
യെരൂശലേമിൽ ചെയ്തിട്ടുമുണ്ട്;[s]
മഹാപുരോഹിതന്മാരോട്[t] അധി
കാരപത്രം വാങ്ങി വിശുദ്ധന്മാരിൽ
പലരെയും തടവിൽ ആക്കി അട
ച്ചു; അവരെ നിഗ്രഹിക്കുന്ന സമ
യം[u] ഞാനും സമ്മതം കൊടുത്തു.
**11** ഞാൻ എല്ലാ പള്ളികളിലും
അവരെ പലപ്പോഴും ദണ്ഡിപ്പിച്ചും
കൊണ്ടു[v] ദൂഷണം പറവാൻ[w] നിർ
ബന്ധിക്കയും അവരുടെ നേരേ
അത്യന്തം ഭ്രാന്തുപിടിച്ച്[x] അന്യപ
ട്ടണങ്ങളോളവും ചെന്ന് അവരെ
ഉപദ്രവിക്കയും ചെയ്തു.[y] **12** [z]ഇ
ങ്ങനെ ചെയ്തുവരികയിൽ ഞാൻ
മഹാപുരോഹിതന്മാരുടെ അധികാ
രത്തോടും ആജ്ഞയോടും കൂടെ
ദമസ്കൊസിലേക്കു യാത്ര പോകു
മ്പോൾ, **13** രാജാവേ, നട്ടുച്ചയ്ക്കു

24. z അപ്പൊ.പ്ര. 25:2,7
a അപ്പൊ.പ്ര.22:22
25. b അപ്പൊ.പ്ര. 23:29
c അപ്പൊ.പ്ര.25:21
d അപ്പൊ.പ്ര. 25:11,12

**അധ്യായം 26**

1. a അപ്പൊ.പ്ര.9:15
2. b അപ്പൊ.പ്ര. 25:7,19; (അപ്പൊ.പ്ര.26:7)
3. c അപ്പൊ.പ്ര.6:14
d അപ്പൊ.പ്ര.18:15
4. e അപ്പൊ.പ്ര. 24:17;28:19
f (ഗലാ.1:13)
5. g അപ്പൊ.പ്ര.22:3
h യാക്കോ.1:26,27
i അപ്പൊ.പ്ര.24:5
j അപ്പൊ.പ്ര.23:6
6. k അപ്പൊ.പ്ര.13:32
7. l മത്താ.19:28; ലൂക്കൊ.22:30; യാക്കോ.1:1; വെളി.21:12; (എസ്രാ.6:17)
m ഫിലി.3:11
n (അപ്പൊ.പ്ര.2:33; എബ്രാ.10:36; 11:13,39)
k (വാ.6 കാ.)
o അപ്പൊ.പ്ര.26:2
8. p (അപ്പൊ.പ്ര. 17:32;1കൊരി.15:12)
9. q അപ്പൊ.പ്ര.22:8
r 1തിമൊ.1:13; (യോഹ.16:2); അപ്പൊ.പ്ര.3:17
10. s അപ്പൊ.പ്ര.8:3
t അപ്പൊ.പ്ര.26:12; 9:1,2,14,21;22:4,5
u അപ്പൊ.പ്ര.22:20
11. v അപ്പൊ.പ്ര.22:19
w അപ്പൊ.പ്ര.13:45
x അപ്പൊ.പ്ര.9:1
y അപ്പൊ.പ്ര.22:5
12. z അപ്പൊ.പ്ര. 26:12 - 18ക്കു. അപ്പൊ.പ്ര. 9:3 - 8;22:6 - 11കാ.

ഞാൻ വഴിയിൽ വച്ചു സൂര്യന്റെ പ്ര
കാശത്തെ കവിഞ്ഞൊരു വെളിച്ചം
ആകാശത്തിൽനിന്ന് എന്നെയും
എന്നോടുകൂടെ യാത്ര ചെയ്യുന്ന
വരെയും ചുറ്റി പ്രകാശിക്കുന്നതു
കണ്ടു. **14** ഞങ്ങൾ എല്ലാവരും
നിലത്തു വീണപ്പോൾ: ശൗലേ,
ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നത്
എന്ത്? മുള്ളിന്റെ നേരേ ഉതയ്ക്കു
ന്നതു നിനക്കു വിഷമം ആകുന്നു
എന്ന് എബ്രായഭാഷയിൽ[a] എ
ന്നോടു പറയുന്നൊരു ശബ്ദം ഞാൻ
കേട്ടു. **15** നീ ആരാകുന്നു കർ
ത്താവേ, എന്നു ഞാൻ ചോദിച്ച
തിനു കർത്താവ്: നീ ഉപദ്രവിക്കുന്ന
യേശുതന്നെ ഞാൻ; **16** എങ്കിലും
എഴുന്നേറ്റു നിവിർന്നു നില്ക്ക;[b]
നീ എന്നെ കണ്ടതിനും ഇനി ഞാൻ
നിനക്കു പ്രത്യക്ഷൻ ആവാനിരിക്കു
ന്നതിനും നിന്നെ ശുശ്രൂഷകനും
സാക്ഷിയുമായി നിയമിപ്പാൻ[c]
ഞാൻ നിനക്കു പ്രത്യക്ഷനായി.
**17** ജനത്തിന്റെയും ജാതികളുടെയും
കൈയിൽനിന്നു ഞാൻ നിന്നെ രക്ഷി
ക്കും.[d] **18** അവർക്കു പാപമോചന
വും[e] എന്നിലുള്ള വിശ്വാസത്താൽ[f]
ശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ
അവകാശവും[g] ലഭിക്കേണ്ടതിന്
അവരുടെ കണ്ണു തുറപ്പാനും[h] അവ
രെ ഇരുളിൽനിന്നു വെളിച്ചത്തി
ലേക്കും[i] സാത്താന്റെ അധികാര
ത്തിൽനിന്നു ദൈവത്തിങ്കലേക്കും[j]
തിരിപ്പാനും[k] ഞാൻ ഇപ്പോൾ നിന്നെ
അവരുടെ അടുക്കൽ[l] അയയ്ക്കു
ന്നു[m] എന്നു കല്പിച്ചു. **19** അതു
കൊണ്ടു അഗ്രിപ്പാരാജാവേ, ഞാൻ
സ്വർഗീയദർശനത്തിന്[n] അനുസര
ണക്കേടു കാണിക്കാതെ **20** ആദ്യം
ദമസ്കൊസിലും[o] യെരൂശലേമിലും[p]
യെഹൂദ്യദേശത്തെങ്ങും ഉള്ളവ
രോടും പിന്നെ ജാതികളോടും[q]
മാനസാന്തരപ്പെട്ട്[r] ദൈവത്തിങ്ക
ലേക്കു തിരിഞ്ഞ്[s] മാനസാന്തര
ത്തിനു യോഗ്യമായ[t] പ്രവൃത്തികൾ
ചെയ്യേണം എന്ന് പ്രസംഗിച്ചു.[u]
**21** ഇതുനിമിത്തം യെഹൂദന്മാർ
ദൈവാലയത്തിൽവച്ച് എന്നെ
പിടിച്ചു കൊല്ലുവാൻ ശ്രമിച്ചു.[v]
**22** എന്നാൽ ദൈവത്തിന്റെ സ
ഹായം ലഭിക്കയാൽ[w] ഞാൻ ഇന്നു
വരെ നില്ക്കയും[x] ചെറിയവരോടും
വലിയവരോടും സാക്ഷ്യം പറഞ്ഞു
പോരുകയും ചെയ്യുന്നു. **23** ക്രിസ്തു
കഷ്ടം[y] അനുഭവിക്കയും മരിച്ചവ
രുടെ പുനരുത്ഥാനത്തിൽ[z] ആദ്യ
നായി[a] ജനത്തോടും ജാതികളോടും
വെളിച്ചം[b] അറിയിക്കയും[c] ചെയ്യും
എന്ന്[d] പ്രവാചകന്മാരും മോശെയും
ഭാവികാലത്തെക്കുറിച്ചു പ്രസ്താ
വിച്ചതൊഴികെ[e] വേറേയൊന്നും
ഞാൻ പറയുന്നില്ല.

**24** ഇങ്ങനെ പ്രതിവാദിക്കയിൽ
ഫെസ്തൊസ്: പൗലൊസേ, നിന
ക്കു ഭ്രാന്തുണ്ട്;[f] വിദ്യാബഹുത്വ
ത്താൽ നിനക്കു ഭ്രാന്ത് പിടിച്ചിരി
ക്കുന്നു എന്ന് ഉറക്കെ പറഞ്ഞു.
**25** അതിനു പൗലൊസ്: രാജശ്രീ
ഫെസ്തൊസേ,[g] എനിക്കു ഭ്രാന്തി
ല്ല; ഞാൻ സത്യവും[h] സുബോധ
വുമായ[i] വാക്കത്രേ[h] സംസാരിക്കു
ന്നത്. **26** രാജാവിന് ഇതിനെക്കു
റിച്ച് അറിവുള്ളതുകൊണ്ട്[j] അവ
നോട് ഞാൻ പ്രാഗല്ഭ്യത്തോടെ
സംസാരിക്കുന്നു; അവന് ഇത് ഒന്നും
മറവായിരിക്കുന്നില്ല എന്ന് എനിക്കു
നിശ്ചയമുണ്ട്; അത് ഒരു കോണിൽ
നടന്നതല്ല. **27** അഗ്രിപ്പാരാജാവേ,
പ്രവാചകന്മാരെ വിശ്വസിക്കുന്നു
വോ? വിശ്വസിക്കുന്നു എന്ന് ഞാൻ
അറിയുന്നു എന്നു പറഞ്ഞു. **28** അ
ഗ്രിപ്പാ പൗലൊസിനോട്: ഞാൻ
ക്രിസ്ത്യാനിയായി[k] ത്തീരുവാൻ നീ
എന്നെ അല്പംകൊണ്ടു സമ്മതിപ്പി
ക്കുന്നു എന്നു പറഞ്ഞു. **29** അതി
നു പൗലൊസ്: നീ മാത്രമല്ല, ഇന്ന്
എന്റെ പ്രസംഗം കേൾക്കുന്നവർ
എല്ലാവരും അല്പംകൊണ്ടാകട്ടെ

**14.** [a] *അപ്പൊ.പ്ര. 21:40;22:2*
**16.** [b] *യെഹെ.2:1; ദാനീ.10:11*
[c] *അപ്പൊ.പ്ര.22:14,15*
**17.** [d] *(അപ്പൊ.പ്ര. 12:11; 1ദിന.16:35; യിരെ.1:8,19;15:20)*
**18.** [e] *അപ്പൊ.പ്ര.5:31*
[f] *(അപ്പൊ.പ്ര.15:9; 2തെസ്സ.2:13)*
[g] *അപ്പൊ.പ്ര.20:32*
[h] *യെശ.35:5;42:6; (യെശ.29:18;32:3; ലൂക്കൊ.4:18; എഫെ.1:17)*
[i] *(സങ്കീ.36:9; യെശ.9:2;42:16; യോഹ.8:12; 2കൊരി.6:14; എഫെ.5:8; കൊലൊ.1:12,13; 1തെസ്സ.5:5; 1പത്രൊ.2:9)*
[j] *ലൂക്കൊ.22:53; 1കൊരി.5:5*
[k] *(ലൂക്കൊ.1:16; യാക്കോ.5:19,20)*
[l] *അപ്പൊ.പ്ര.9:15*
[m] *(റോമ.11:13,14; 1തിമൊ.2:7)*
**19.** [n] *അപ്പൊ.പ്ര.26:13*
**20.** [o] *അപ്പൊ.പ്ര. 9:19,20*
[p] *അപ്പൊ.പ്ര. 9:26-29;22:17-20*
[q] *അപ്പൊ.പ്ര.13:46*
[r] *അപ്പൊ.പ്ര.2:38*
[s] *അപ്പൊ.പ്ര.14:15*
[t] *മത്താ.3:8; ലൂക്കൊ.3:8*
[u] *അപ്പൊ.പ്ര.17:30*
**21.** [v] *അപ്പൊ.പ്ര. 21:27,30,31;24:18*
**22.** [w] *2കൊരി.1:10; (എബ്രാ.13:5,6)*
[x] *(എഫെ.6:13)*
**23.** [y] *(മത്താ.26:42; യോഹ.12:34)*
[z] *റോമ.1:5*
[a] *1കൊരി.15:20,23; കൊലൊ.1:18; വെളി.1:5* [b] *അപ്പൊ.പ്ര.26:18; ലൂക്കൊ.2:30* [c] *(എഫെ.2:17)* [d] *(ലൂക്കൊ.24:26; എബ്രാ.2:10); അപ്പൊ.പ്ര.3:18* [e] *അപ്പൊ.പ്ര.10:43;24:14* **24.** [f] *അപ്പൊ.പ്ര. 12:15; (അപ്പൊ.പ്ര.26:8;17:32; 2രാജാ.9:11; യിരെ.29:26; മർക്കൊ.3:21; യോഹ.10:20; 1കൊരി. 1:23,24;2:14;4:10)* **25.** [g] *അപ്പൊ.പ്ര.24:3* [h] *(2പത്രൊ.1:16)* [i] *(2കൊരി.5:13)* **26.** [j] *(അപ്പൊ.പ്ര.26:3)* **28.** [k] *അപ്പൊ.പ്ര. 11:26; 1പത്രൊ.4:16*

അധികംകൊണ്ടാകട്ടെ ഈ ചങ്ങല[l]
ഒഴികെ എന്നെപ്പോലെ ആകേണം[m]
എന്ന് ഞാൻ ദൈവത്തോട് അപേ
ക്ഷിക്കുന്നു എന്നു പറഞ്ഞു.
**30** അപ്പോൾ രാജാവും ദേശാ
ധിപതിയും[n] ബെർന്നീക്കയും അവ
രോടുകൂടെ ഇരുന്നവരും എഴുന്നേറ്റു
മാറിനിന്നു: **31** ഈ മനുഷ്യൻ മര
ണത്തിനോ ചങ്ങലയ്ക്കോ യോഗ്യ
മായത് ഒന്നും ചെയ്തിട്ടില്ല[o] എന്ന്
തമ്മിൽ പറഞ്ഞു. **32** കൈസരെ[p]
അഭയം ചൊല്ലിയിരുന്നില്ലെങ്കിൽ
അവനെ വിട്ടയപ്പാൻ[q] കഴിയുമായി
രുന്നു[r] എന്ന് അഗ്രിപ്പാവ് ഫെസ്തൊ
സിനോടു പറഞ്ഞു.

❋ ❋ ❋

***1. റോമയിലേക്കുള്ള കപ്പൽ യാത്രയും 14. കൊടുങ്കാറ്റിന്റെ ശേഷം 27. കപ്പൽച്ചേതത്തിൽ നിന്നു രക്ഷപെട്ടതും.***

**27** ഞങ്ങൾ കപ്പൽ കയറി ഇത
ല്യക്കു പോകേണം[a] എന്നു[b]
കല്പനയായപ്പോൾ പൗലൊസി
നെയും മറ്റു ചില തടവുകാരെയും
ഔഗുസ്ത്യ[c] പട്ടാളത്തിലെ[d] ശതാധി
പനായ യൂലിയൊസിനെ ഏല്പിച്ചു.
**2** അങ്ങനെ ഞങ്ങൾ ആസ്യക്കര
പറ്റി ഓടുവാനുള്ള ഒരു അദ്ര
മുത്ത്യകപ്പലിൽ കയറി നീക്കി;
തെസ്സലൊനീക്യയിൽനിന്നുള്ള
മക്കെദോന്യക്കാരനായ അരിസ്തർ
ഹൊസും[e] ഞങ്ങളോടുകൂടെ ഉണ്ടാ
യിരുന്നു. **3** പിറ്റേന്നു ഞങ്ങൾ
സീദോനിൽ എത്തി; യൂലിയൊസ്[f]
പൗലൊസിനോടു ദയ കാണിച്ചു,[g]
സ്നേഹിതന്മാരുടെ അടുക്കൽപോയി
സൽക്കാരം കൈക്കൊൾവാൻ അനു
വദിച്ചു.[h] **4** അവിടെനിന്നു ഞങ്ങൾ
നീക്കി, കാറ്റു പ്രതികൂലമാകയാൽ
കുപ്രൊസ്ദ്വീപിന്റെ മറപറ്റി ഓടി;
**5** കിലിക്യ, പംഫുല്യ കടൽവഴി
യായിചെന്നു ലുക്കിയയിലെ മുറാപ്പ
ട്ടണത്തിൽ എത്തി. **6** അവിടെ ശതാ
ധിപൻ ഇതല്യക്കു പോകുന്ന ഒരു
അലെക്സന്ത്രിയക്കപ്പൽ[i] കണ്ടു
ഞങ്ങളെ അതിൽ കയറ്റി. **7** പിന്നെ
ഞങ്ങൾ ബഹുദിവസം പതുക്കെ
ഓടി, ക്നീദൊസ് തൂക്കിൽ പ്രയാ
സത്തോടെ എത്തി, കാറ്റു സമ്മ
തിക്കായ്കയാൽ ക്രേത്തദ്വീപിന്റെ
മറപറ്റി ശല്മോനയ്ക്ക് നേരേ
ഓടി, **8** കരപറ്റി പ്രയാസത്തോടെ
ലസയ്യപട്ടണത്തിന്റെ സമീപത്തു
ശുഭതുറമുഖം എന്നു പേരുള്ള
സ്ഥലത്ത് എത്തി.
**9** ഇങ്ങനെ വളരെനാൾ ചെന്ന
ശേഷം നോമ്പും[j] കഴിഞ്ഞിരിക്കെ
കപ്പലോട്ടം വൈഷമ്യം ആകകൊ
ണ്ട് പൗലൊസ്: **10** പുരുഷന്മാരേ,
ഈ യാത്രയിൽ ചരക്കിനും കപ്പ
ലിനും മാത്രമല്ല നമ്മുടെ പ്രാണ
ങ്ങൾക്കും ഏറിയ കഷ്ടനഷ്ടങ്ങൾ[k]
വരും എന്ന് ഞാൻ കാണുന്നു
എന്ന് അവരെ പ്രബോധിപ്പിച്ചു.
**11** ശതാധിപനോ പൗലൊസ് പറ
ഞ്ഞതിനെക്കാൾ മാലുമി[l]യുടെ
യും കപ്പലുടമസ്ഥന്റെയും വാക്ക്
അധികം വിശ്വസിച്ചു. **12** ആ തുറ
മുഖം ശീതകാലം കഴിപ്പാൻ തക്ക
തല്ലായ്കയാൽ അവിടെനിന്നു
നീക്കി തെക്കുപടിഞ്ഞാറായും
വടക്കുപടിഞ്ഞാറായും തുറന്നു
കിടക്കുന്ന ഫൊയ്നീക്യ എന്ന
ക്രേത്തതുറമുഖത്തു കഴിവുണ്ടെ
ങ്കിൽ ചെന്നു ശീതകാലം കഴിക്കേ
ണം എന്ന് മിക്കപേരും ആലോ
ചന പറഞ്ഞു. **13** തെക്കൻകാറ്റു
മന്ദമായി ഊതുകയാൽ താൽപര്യം
സാധിച്ചു എന്നു തോന്നി, അവർ
അവിടെനിന്നു നങ്കൂരം എടുത്തു
ക്രേത്തദ്വീപിന്റെ മറപറ്റി ഓടി.
**14** കുറെ കഴിഞ്ഞിട്ട് അതിനു വിരോ
ധമായി ഈശാനമൂലൻ എന്ന കൊ
ടുങ്കാറ്റ് അടിച്ചു.[m] **15** കപ്പൽ കാറ്റി
ന്റെ നേരേ നില്പാൻ കഴിയാത
വണ്ണം കുടുങ്ങുകയാൽ ഞങ്ങൾ
കൈവിട്ട് അങ്ങനെ പാറിപ്പോയി.
**16** ക്ലൗദ എന്ന ചെറിയ ദ്വീപിന്റെ
മറപറ്റി ഓടിയിട്ടു പ്രയാസത്തോടെ
തോണി കൈവശമാക്കി. **17** അത്
വലിച്ചുകയറ്റിയിട്ട് അവർ കപ്പൽ
ചുറ്റിക്കെട്ടിയും മറ്റും ഉറപ്പുവരു
ത്തി; പിന്നെ മണത്തിട്ടമേൽ അ
കപ്പെടും[n] എന്ന് പേടിച്ചു പായ്

29.[l] *അപ്പൊ.പ്ര.21:33*
[m] *(1കൊരി.7:7)*
30.[n] *അപ്പൊ.പ്ര. 23:24.*
31.[o] *അപ്പൊ.പ്ര. 23:29*
32.[p] *അപ്പൊ.പ്ര.9:15*
[q] *അപ്പൊ.പ്ര. 25:11;28:19*
[r] *അപ്പൊ.പ്ര.28:18*

**അധ്യായം 27**

1.[a] *അപ്പൊ.പ്ര.16:10*
[b] *അപ്പൊ.പ്ര. 25:12,25*
[c] *(അപ്പൊ.പ്ര.25:25)*
[d] *അപ്പൊ.പ്ര.10:1*
2.[e] *അപ്പൊ.പ്ര.19:29*
3.[f] *അപ്പൊ.പ്ര.27:43*
[g] *അപ്പൊ.പ്ര.28:2*
[h] *(അപ്പൊ.പ്ര.24:23; 28:16,29)*
6.[i] *അപ്പൊ.പ്ര.28:11*
9.[j] *ലേവ്യ.16:29 - 31; 23:27 - 29; സംഖ്യാ.29:7*
10.[k] *അപ്പൊ.പ്ര.27:21*
11.[l] *വെളി.18:17*
14.[m] *(മർക്കൊ.4:37)*
17.[n] *അപ്പൊ.പ്ര. 27:26,29*

ഇറക്കി അങ്ങനെ പാറിപ്പോയി.
**18** ഞങ്ങൾ കൊടുങ്കാറ്റിനാൽ അ
ത്യന്തം അലയുകകൊണ്ടു പിറ്റേന്ന്
അവർ ചരക്കു പുറത്തുകളഞ്ഞു.[o]
**19** മൂന്നാം നാൾ അവർ സ്വന്തം
കൈയാൽ കപ്പൽക്കോപ്പും കടലിൽ
ഇട്ടുകളഞ്ഞു. **20** വളരെ നാളായിട്ടു
സൂര്യനെയോ നക്ഷത്രങ്ങളെയോ
കാണാതെയും വല്ലാത്ത കൊടു
ങ്കാറ്റ് അടിച്ചുകൊണ്ടും ഇരിക്കയാൽ
ഞങ്ങൾ രക്ഷപെടും എന്നുള്ള
ആശയൊക്കെയും അറ്റുപോയി.
**21** അവർ വളരെ പട്ടിണി കിടന്ന
ശേഷം പൗലൊസ് അവരുടെ നടു
വിൽ നിന്നുകൊണ്ടു പറഞ്ഞത്:
പുരുഷന്മാരേ, എന്റെ വാക്ക് അനു
സരിച്ച്[p] ക്രേത്തയിൽനിന്നു നീക്കാ
തെയും ഈ കഷ്ടനഷ്ടങ്ങൾ[n]
സമ്പാദിക്കാതെയും ഇരിക്കേണ്ട
തായിരുന്നു. **22** എങ്കിലും ഇപ്പോൾ
ധൈര്യത്തോ[q]ടിരിപ്പാൻ ഞാൻ നി
ങ്ങളോടു അപേക്ഷിക്കുന്നു; കപ്പ
ലിന് അല്ലാതെ നിങ്ങളിൽ ആരു
ടെയും പ്രാണനു ഹാനി വരുകയില്ല.
**23** എന്റെ ഉടയവനും[r] ഞാൻ സേ
വിച്ചുവരുന്നവനുമായ[s] ദൈവത്തി
ന്റെ ദൂതൻ[t] ഈ രാത്രിയിൽ എന്റെ
അടുക്കൽനിന്നു:[u] **24** പൗലൊസേ,
ഭയപ്പെടരുത്; നീ കൈസരുടെ
മുമ്പിൽ നില്ക്കേണ്ടതാകുന്നു;[v]
നിന്നോടുകൂടെ യാത്ര ചെയ്യുന്ന
വരെയൊക്കെയും ദൈവം നിനക്കു
ദാനം ചെയ്തിരിക്കുന്നു[w] എന്നു
പറഞ്ഞു.[x] **25** അതുകൊണ്ടു പുരു
ഷന്മാരേ, ധൈര്യത്തോടിരിപ്പിൻ;
എന്നോട് അരുളിച്ചെയ്തതുപോലെ
തന്നെ സംഭവിക്കും എന്ന് ഞാൻ
ദൈവത്തെ വിശ്വസിക്കുന്നു.[y] **26** എ
ങ്കിലും നാം ഒരു ദ്വീപിന്മേൽ മുട്ടി[z]
വീഴേണ്ടതാകുന്നു.[a]

**27** പതിന്നാലാം രാത്രിയായ
പ്പോൾ ഞങ്ങൾ അദ്രിയക്കടലിൽ
അലയുന്നേരം അർധരാത്രിയിൽ
ഒരു കരയ്ക്കു സമീപിക്കുന്നു എന്ന്
കപ്പല്ക്കാർക്കു തോന്നി. **28** അ
വർ ഈയം ഇട്ട് ഇരുപതു മാറെന്നു
കണ്ടു; കുറയ അപ്പുറം പോയിട്ടു
വീണ്ടും ഈയം ഇട്ടു പതിനഞ്ചു
മാറെന്നു കണ്ടു. **29** പാറസ്ഥല
ങ്ങളിൽ അകപ്പെടും[b] എന്നു പേ
ടിച്ച് അവർ അമരത്തുനിന്നു നാലു
നങ്കൂരം ഇട്ട്, നേരം വെളുപ്പാൻ
ആഗ്രഹിച്ചുകൊണ്ടിരുന്നു. **30** എ
ന്നാൽ കപ്പല്ക്കാർ കപ്പൽ വിട്ട് ഓടി
പ്പോകുവാൻ വിചാരിച്ച് അണിയ
ത്തുനിന്നു നങ്കൂരം ഇടുവാൻ പോ
കുന്നു എന്നുള്ള ഭാവത്തിൽ തോ
ണി[c] കടലിൽ ഇറക്കി. **31** അപ്പോൾ
പൗലൊസ് ശതാധിപനോടും പട
യാളികളോടും: ഇവർ കപ്പലിൽ
താമസിച്ചല്ലാതെ നിങ്ങൾക്കു രക്ഷ
പെടുവാൻ കഴിയുന്നതല്ല എന്നു
പറഞ്ഞു. **32** പടയാളികൾ തോണി
യുടെ കയറ് അറുത്ത് അതു വീഴി
ച്ചുകളഞ്ഞു. **33** നേരം വെളുക്കാ
റായപ്പോൾ പൗലൊസ് എല്ലാവ
രോടും ഭക്ഷണം കഴിക്കേണ്ടതിന്
അപേക്ഷിച്ചു: നിങ്ങൾ ഒന്നും ഭക്ഷി
ക്കാതെ കാത്തുകൊണ്ടു പട്ടിണി
കിടക്കുന്നത് ഇന്നു പതിന്നാലാം
ദിവസം ആകുന്നുവല്ലോ. **34** അ
തുകൊണ്ട് ആഹാരം കഴിക്കേണം
എന്ന് ഞാൻ നിങ്ങളോട് അപേക്ഷി
ക്കുന്നു; അത് നിങ്ങളുടെ രക്ഷ
യ്ക്കുള്ളതല്ലോ; നിങ്ങളിൽ ഒരു
ത്തന്റെയും തലയിലെ ഒരു രോമം
പോലും നഷ്ടമാകയില്ല[d] നിശ്ചയം
എന്നു പറഞ്ഞു. **35** ഇങ്ങനെ പറ
ഞ്ഞിട്ട് അപ്പം എടുത്ത് എല്ലാവരും
കാൺകെ ദൈവത്തെ വാഴ്ത്തി
യിട്ടു[e] നുറുക്കി തിന്നുതുടങ്ങി.
**36** അപ്പോൾ എല്ലാവരും ധൈര്യ
പ്പെട്ടു[f] ഭക്ഷണം കഴിച്ചു. **37** കപ്പ
ലിൽ ഞങ്ങൾ ആകപ്പാടെ ഇരുനൂ
റ്റെഴുപത്താറ് ആൾ[g] ഉണ്ടായിരുന്നു.
**38** അവർ തിന്നു തൃപ്തി വന്നശേഷം
ധാന്യം കടലിൽ കളഞ്ഞ്[h] കപ്പലി
ന്റെ ഭാരം കുറച്ചു. **39** വെളിച്ചമായ
പ്പോൾ ഇന്ന ദേശം എന്ന് അവർ
അറിഞ്ഞില്ല[i] എങ്കിലും കരയുള്ളൊ
രു തുറ കണ്ടു, കഴിയും എങ്കിൽ
കപ്പൽ അതിലേക്ക് ഓടിക്കേണം
എന്ന് ഭാവിച്ചു. **40** നങ്കൂരം അറുത്തു
കടലിൽ വിട്ടു ചുക്കാന്റെ കെട്ടും

18.[o] *യോനാ.1:5; (അപ്പൊ.പ്ര.27:38)*
21.[p] *അപ്പൊ.പ്ര. 27:10*
[n] *(വാ.17കാ.)*
22.[q] *അപ്പൊ.പ്ര. 27:25,36*
23.[r] *സങ്കീ.119:94; ദാനീ.5:23*
[s] *(ദാനീ.6:16); അപ്പൊ.പ്ര.24:14*
[t] *അപ്പൊ.പ്ര.8:26*
[u] *2തിമൊ.4:17*
24.[v] *അപ്പൊ.പ്ര.23:11*
[w] *(ഉൽപ.18:26; 19:21,29; യെഹെ.14:14)*
[x] *അപ്പൊ.പ്ര.18:9; 23:11*
25.[y] *ലൂക്കൊ.1:45*
26.[z] *അപ്പൊ.പ്ര. 27:17,29*
[a] *അപ്പൊ.പ്ര.28:1*
29.[b] *അപ്പൊ.പ്ര. 27:17,26*
30.[c] *അപ്പൊ.പ്ര.27:16*
34.[d] *1ശമൂ.14:45; 2ശമൂ.14:11; 1രാജാ.1:52; ലൂക്കൊ.21:18; (മത്താ.10:30)*
35.[e] *മത്താ.15:36*
36.[f] *അപ്പൊ.പ്ര.27:22*
37.[g] *അപ്പൊ.പ്ര. 2:41;7:14; റോമ.13:1; 1പത്രൊ.3:20*
38.[h] *(അപ്പൊ.പ്ര.27:18)*
39.[i] *(അപ്പൊ.പ്ര.28:1)*

അഴിച്ചു പെരുമ്പായ് കാറ്റുമുഖമായി
കൊടുത്തു കരയ്ക്കു നേരേ ഓടി.
**41** ഇരുകടൽ കൂടിയോരു സ്ഥല
ത്തിന്മേൽ ചെന്നു കയറുകയാൽ
കപ്പൽ അടിഞ്ഞ്[j] അണിയം ഉറച്ച്
ഇളക്കമില്ലാതെയായി; അമരം തിര
യുടെ കേമത്താൽ ഉടഞ്ഞുപോയി.
**42** തടവുകാരിൽ ആരും നീന്തി
ഓടിപ്പോകാതിരിപ്പാൻ അവരെ കൊ
ല്ലേണം എന്ന് പടയാളികൾ ആലോ
ചിച്ചു.[k] **43** ശതാധിപനോ പൗലൊ
സിനെ രക്ഷിപ്പാൻ ഇച്ഛിച്ചിട്ട്[l] അവ
രുടെ താല്പര്യം തടുത്തു, നീന്തു
വാൻ കഴിയുന്നവർ ആദ്യം ചാടി
കരയ്ക്കു പറ്റുവാനും **44** ശേഷമു
ള്ളവർ പലകമേലും കപ്പലിന്റെ
ഖണ്ഡങ്ങളുടെ മേലുമായി എത്തു
വാനും കല്പിച്ചു; ഇങ്ങനെ എല്ലാ
വരും കരയിൽ എത്തി രക്ഷപെടു
വാൻ സംഗതിവന്നു.[m]

❋ ❋ ❋

***1. പൗലൊസ് ബർബരന്മാരാൽ സല്ക്കരിക്കപ്പെട്ടത് 8. മെലിത്ത ദ്വീപിൽ പലരെയും രോഗശാന്തി വരുത്തിയത് 11. യാത്രയുടെ അവസാനം 16. റോമയിൽ രണ്ടു സംവത്സരം പ്രസംഗിച്ചത്.***

**28** രക്ഷപെട്ടശേഷം ദ്വീപിന്റെ[a]
പേർ മെലിത്ത എന്ന് ഞ
ങ്ങൾ ഗ്രഹിച്ചു.[b] **2** അവിടത്തെ ബർ
ബരന്മാർ[c] ഞങ്ങൾക്ക് അസാധാരണ
ദയ കാണിച്ചു[d] മഴയും ശീതവും
നിമിത്തം തീകൂട്ടി ഞങ്ങളെയൊ
ക്കെയും കൈക്കൊണ്ടു. **3** പൗ
ലൊസ് കുറെ വിറകു പെറുക്കി
തീയിൽ ഇട്ടപ്പോൾ ഒരു അണലി
ചൂടുനിമിത്തം പുറപ്പെട്ട് അവന്റെ
കൈക്കു പറ്റി. **4** ആ ജന്തു അവന്റെ
കൈമേൽ തൂങ്ങുന്നത് ബർബര
ന്മാർ[e] കണ്ടപ്പോൾ: ഈ മനുഷ്യൻ
ഒരു കൊലപാതകൻ സംശയമില്ല;[f]
കടലിൽനിന്നു രക്ഷപെട്ടിട്ടും നീതി
ദേവി അവനെ ജീവിച്ചിരിപ്പാൻ
സമ്മതിക്കുന്നില്ല[g] എന്ന് തമ്മിൽ
പറഞ്ഞു. **5** അവനോ ആ ജന്തു
വിനെ തീയിൽ കുടഞ്ഞുകളഞ്ഞു,
ദോഷം ഒന്നും പറ്റിയില്ല.[h] **6** അ
വൻ വീർക്കുകയോ പെട്ടെന്നു
ചത്തു വീഴുകയോ ചെയ്യും എന്നു
വച്ച് അവർ കാത്തുനിന്നു; വളരെ
നേരം കാത്തുനിന്നിട്ടും അവന്
ആപത്ത് ഒന്നും ഭവിക്കുന്നില്ല എ
ന്നു കണ്ടു മനസ്സു മാറി[i] അവൻ
ഒരു ദേവൻ എന്നു പറഞ്ഞു.[j]
**7** ആ സ്ഥലത്തിന്റെ സമീപത്തു
പുബ്ലിയൊസ് എന്ന ദ്വീപുപ്രമാണി
ക്ക് ഒരു ജന്മഭൂമി ഉണ്ടായിരുന്നു;
അവൻ ഞങ്ങളെ ചേർത്തു മൂന്നു
ദിവസം ആദരവോടെ അതിഥിസൽ
ക്കാരം ചെയ്തു. **8** പുബ്ലിയൊ
സിന്റെ അപ്പൻ പനിയും അതിസാ
രവും പിടിച്ചു കിടപ്പായിരുന്നു.
പൗലൊസ് അവന്റെ അടുക്കൽ
അകത്തു ചെന്നു പ്രാർഥിച്ച്[k] അവ
ന്റെമേൽ കൈ വച്ചു സൗഖ്യം വരു
ത്തി.[l] **9** ഇത് സംഭവിച്ചശേഷം ദ്വീ
പിലെ മറ്റു ദീനക്കാരും വന്നു സൗ
ഖ്യം പ്രാപിച്ചു. **10** അവരും ഏറിയ
സമ്മാനം തന്നു ഞങ്ങളെ മാനിച്ചു;
ഞങ്ങൾ കപ്പൽ കയറുന്ന സമയം
ആവശ്യമുള്ളത് കയറ്റിത്തന്നു.
**11** മൂന്നു മാസം കഴിഞ്ഞശേഷം
ആ ദ്വീപിൽ ശീതകാലം കഴിച്ചു
കിടന്നിരുന്ന അശ്വിനി ചിഹ്ന[m]മു
ള്ളൊരു അലെക്സന്ത്രിയ കപ്പ
ലിൽ[n] ഞങ്ങൾ കയറി പുറപ്പെട്ടു,
**12** സുറക്കൂസയിൽ കരയ്ക്കിറങ്ങി
മൂന്നു നാൾ പാർത്തു; അവിടെനി
ന്നു ചുറ്റി ഓടി രേഗ്യൊനിൽ എത്തി.
**13** ഒരു ദിവസം കഴിഞ്ഞിട്ടു തെ
ക്കൻകാറ്റ് അടിച്ചതിനാൽ പിറ്റേന്നു
പുത്യൊലിയിൽ എത്തി. **14** അവി
ടെ സഹോദരന്മാരെ[o] കണ്ടു തങ്ങ
ളോടുകൂടെ ഏഴു നാൾ താമസി
ക്കേണം എന്ന് അവർ അപേക്ഷി
ച്ചു; പിന്നെ ഞങ്ങൾ റോമയിൽ
എത്തി. **15** അവിടത്തെ സഹോ
ദരന്മാർ[o] ഞങ്ങളുടെ വർത്തമാനം

41. [j] *(2ക�ൊരി.11:25)*
42. [k] *(അപ്പൊ.പ്ര. 12:19)*
43. [l] *അപ്പൊ.പ്ര.27:3*
44. [m] *അപ്പൊ.പ്ര. 27:22*

**അധ്യായം 28**

1. [a] *അപ്പൊ.പ്ര.27:26*
[b] *(അപ്പൊ.പ്ര.27:39)*
2. [c] *അപ്പൊ.പ്ര.28:4; റോമ.1:14; 1കൊരി.14:11; കൊലൊ.3:11*
[d] *അപ്പൊ.പ്ര.27:3*
4. [e] *അപ്പൊ.പ്ര.28:2*
[f] *(ഇയ്യോ.4:7; ലൂക്കൊ.13:2,4; യോഹ.9:2)*
[g] *(സംഖ്യാ.32:23; ആമോ. 5:19;9:3)*
5. [h] *മർക്കൊ.16:18; ലൂക്കൊ. 10:19*
6. [i] *(അപ്പൊ.പ്ര. 14:11,19)*
[j] *(അപ്പൊ.പ്ര. 8:10;14:11)*
8. [k] *അപ്പൊ.പ്ര.9:40; (യാക്കോ.5:14,15)*
[l] *മർക്കൊ.5:23*
11. [m] *(അപ്പൊ.പ്ര. 14:12)*
[n] *അപ്പൊ.പ്ര.27:6*
14. [o] *യോഹ.21:23*
15. [o] *(വാ.14കാ.)*

28:7 ***പുബ്ലിയൊസ്:*** ഈ ഗ്രീക്കുപദം ദേശാധിപതി എന്നു പരിഭാഷപ്പെടുത്തുന്നുവെങ്കിലും വാക്കിന്റെ അർഥം 'പ്രമാണി', 'ഒന്നാമൻ' എന്നിങ്ങനെയാണ്.

കേട്ടിട്ട് അപ്യപുരവും ത്രിമണ്ഡ
പവും വരെ ഞങ്ങളെ എതിരേറ്റു
വന്നു; അവരെ കണ്ടിട്ടു പൗലൊസ്
ദൈവത്തെ വാഴ്ത്തി[p] ധൈര്യം
പ്രാപിച്ചു.

**16** റോമയിൽ എത്തിയശേഷം
തനിക്കു കാവലായ പടയാളിയോ
ടുകൂടെ വേറിട്ടു പാർപ്പാൻ പൗലൊ
സിന് അനുവാദം കിട്ടി.[q]

**17** മൂന്നു ദിവസം കഴിഞ്ഞിട്ട്
അവൻ യെഹൂദന്മാരിൽ പ്രധാനിക
ളായവരെ വിളിപ്പിച്ചു. അവർ വന്നു
കൂടിയപ്പോൾ അവരോടു പറഞ്ഞ
ത്: സഹോദരന്മാരേ, ഞാൻ ജന
ത്തിനോ[r] പിതാക്കന്മാരുടെ ആചാ
രങ്ങൾക്കോ[s] വിരോധം ഒന്നും ചെ
യ്തിട്ടില്ലാതിരിക്കെ എന്നെ യെരൂ
ശലേമിൽനിന്നു ബദ്ധനായി റോമാ
ക്കാരുടെ കൈയിൽ ഏല്പിച്ചു.
**18** അവർ വിസ്തരിച്ചാറെ മരണ
യോഗ്യമായത് ഒന്നും എന്നിൽ കാ
ണായ്കയാൽ[t] എന്നെ വിട്ടയപ്പാൻ
അവർക്കു മനസ്സുണ്ടായിരുന്നു.[u]
**19** എന്നാൽ യെഹൂദന്മാർ എതിർ
പറകയാൽ ഞാൻ കൈസരെ
അഭയം ചൊല്ലേണ്ടിവന്നു;[v] എന്റെ
ജാതി[w]യുടെ നേരേ അന്യായം
ബോധിപ്പിപ്പാൻ എനിക്കു യാതൊ
ന്നും ഉണ്ടായിട്ടല്ലതാനും. **20** ഇതു
ഹേതുവായി നിങ്ങളെ കണ്ടു സം
സാരിക്കേണം എന്നുവച്ചു ഞാൻ
നിങ്ങളെ വിളിപ്പിച്ചു. യിസ്രായേ
ലിന്റെ പ്രത്യാശ[x] നിമിത്തം[y] ആ
കുന്നു ഞാൻ ഈ[z] ചങ്ങല[a] ചുമ
ക്കുന്നത്. **21** അവർ അവനോട്:
നിന്റെ സംഗതിക്കു യെഹൂദ്യയിൽ
നിന്നു ഞങ്ങൾക്ക് എഴുത്തു വരി
കയോ സഹോദരന്മാരിൽ[b] ആരും
വന്നു നിന്നെക്കൊണ്ടു യാതൊരു
ദോഷവും പറകയോ ചെയ്തിട്ടില്ല.
**22** എങ്കിലും ഈ മതഭേദത്തിന്[c]
എല്ലായിടത്തും വിരോധം പറയുന്നു
എന്നു[d] ഞങ്ങൾ അറിയുന്നതിനാൽ
നിന്റെ മതം ഇന്നത് എന്ന് നീ
തന്നെ പറഞ്ഞു കേൾപ്പാൻ ആഗ്ര
ഹിക്കുന്നു എന്നു പറഞ്ഞു.

**23** ഒരു ദിവസം നിശ്ചയിച്ചിട്ടു
പലരും അവന്റെ പാർപ്പിടത്തിൽ
അവന്റെ അടുക്കൽ വന്നു; അവ
രോട് അവൻ ദൈവരാജ്യത്തിനു[e]
സാക്ഷ്യം പറഞ്ഞു മോശെയുടെ
ന്യായപ്രമാണവും പ്രവാചകപുസ്ത
കങ്ങളും[f] ആധാരമാക്കി യേശുവി
നെക്കുറിച്ച് അവർക്കു ബോധം
വരുമാറ്[g] രാവിലെ തുടങ്ങി സന്ധ്യ
വരെ വിവരിച്ചു.[h] **24** അവൻ പറ
ഞ്ഞത് ചിലർ സമ്മതിച്ചു; ചിലർ
വിശ്വസിച്ചില്ല.[i] **25** അവർ തമ്മിൽ
യോജിക്കാതെ പിരിഞ്ഞുപോകു
മ്പോൾ പൗലൊസ് അവരോട് ഒരു
വാക്ക് പറഞ്ഞതെന്തെന്നാൽ:
**26** [j]“നിങ്ങൾ ചെവികൊണ്ടു
കേട്ടിട്ടും ഗ്രഹിക്കാതിരിക്കും;
കണ്ണുകൊണ്ടു കണ്ടിട്ടും കാണാ
തിരിക്കും; കണ്ണുകൊണ്ടു കാണാ
തെയും ചെവികൊണ്ടു കേൾക്കാ
തെയും ഹൃദയംകൊണ്ടു ഗ്രഹിച്ചു
മനന്തിരിയാതെയും[k] **27** ഞാൻ
അവരെ സൗഖ്യമാക്കാതെയും
ഇരിക്കേണ്ടതിന് ഈ ജനത്തി
ന്റെ ഹൃദയം തടിച്ചിരിക്കുന്നു.[l]
അവരുടെ ചെവി കേൾപ്പാൻ
മന്ദമായിരിക്കുന്നു; അവരുടെ
കണ്ണ് അടച്ചിരിക്കുന്നു[m] എന്ന്
ഈ ജനത്തിന്റെ അടുക്കൽ
പോയി പറക”
എന്നിങ്ങനെ പരിശുദ്ധാത്മാവ്
യെശയ്യാപ്രവാചകൻ മുഖാന്തരം
നിങ്ങളുടെ പിതാക്കന്മാരോടു പ
റഞ്ഞിരിക്കുന്നത് ശരിതന്നെ.[n]
**28** ആകയാൽ ദൈവം തന്റെ ഈ[o]
രക്ഷ[p] ജാതികൾക്ക് അയച്ചിരിക്കു
ന്നു;[q] അവർ കേൾക്കും[r] എന്ന്
നിങ്ങൾ അറിഞ്ഞുകൊൾവിൻ.

**29** അവൻ കൂലിക്കു വാങ്ങിയ
വീട്ടിൽ രണ്ടു സംവത്സരം മുഴുവൻ
പാർത്തു, തന്റെ അടുക്കൽ വരുന്ന
വരെയൊക്കെയും കൈക്കൊണ്ടു[s]
**30** പൂർണപ്രാഗല്ഭ്യത്തോടെ[t] വി
ഘ്നം കൂടാതെ[u] ദൈവരാജ്യം[v]
പ്രസംഗിച്ചും[w] കർത്താവായ യേശു
ക്രിസ്തുവിനെക്കുറിച്ച് ഉപദേ
ശിച്ചും പോന്നു.

❋ ❋ ❋

15.[p] (റോമ.1:9 - 12)
16.[q] (അപ്പൊ.പ്ര. 24:23; 27:3)
17.[r] (അപ്പൊ.പ്ര.25:8)
[s] അപ്പൊ.പ്ര. 6:14;15:1; 21:21
18.[t] അപ്പൊ.പ്ര.23:29
[u] അപ്പൊ.പ്ര.26:31,32
19.[v] അപ്പൊ.പ്ര. 25:11;26:32
[w] അപ്പൊ.പ്ര. 24:17;26:4
20.[x] (ലൂക്കൊ.2:25)
[y] അപ്പൊ.പ്ര.23:6
[z] അപ്പൊ.പ്ര.26:29
[a] എഫെ.6:19; 2തിമൊ.1:17; അപ്പൊ.പ്ര.21:33; ഫിലി.1:7
21.[b] അപ്പൊ.പ്ര.22:5
22.[c] അപ്പൊ.പ്ര.24:5
[d] ലൂക്കൊ.2:34; (1പത്രൊ.2:12; 3:16;4:14,16)
23.[e] അപ്പൊ.പ്ര.28:30
[f] അപ്പൊ.പ്ര. 8:35;24:14; 26:23
[g] (അപ്പൊ.പ്ര.19:8)
[h] (അപ്പൊ.പ്ര.17:2,3)
24.[i] (അപ്പൊ.പ്ര. 14:4;17:4,5;19:9;23:7)
26.[j] **യെശ. 6:9,10**
[k] ലൂക്കൊ.22:32
27.[l] (യോഹ.12:40; റോമ.11:8)
[m] മത്താ.13:14,15; മർക്കൊ.4:12 (ലൂക്കൊ.8:10)
[n] മത്താ.15:7 - 9
28.[o] അപ്പൊ.പ്ര.13:26
[p] സങ്കീ.67:2; യെശ.40:5; ലൂക്കൊ.2:30;3:6; (റോമ.11:11)
[q] അപ്പൊ.പ്ര.13:47
[r] യോഹ.10:16; (അപ്പൊ.പ്ര.13:48; മത്താ.8:11;21:43)
29.[s] (ഫിലി.1:13)
30.[t] അപ്പൊ.പ്ര.4:30
[u] (ഫിലി.1:13,14; 2തിമൊ.2:9)
[v] അപ്പൊ.പ്ര.28:23; (മത്താ.12:28;13:19)
[w] (അപ്പൊ.പ്ര.8:12; 20:25)

# THE EPISTLE OF PAUL THE APOSTLE TO THE ROMANS

# അപ്പൊസ്തലനായ പൗലൊസ് റോമർക്ക് എഴുതിയ ലേഖനം

**മുഖവുര**

റോമിലുള്ള സഭയെ സന്ദർശിക്കുന്നതിന്റെ മുന്നോടിയായി പൗലൊസ് റോമാവിശ്വാസികൾക്ക് എഴുതിയതാണ് റോമാലേഖനം. അവിടെയുള്ള ക്രിസ്ത്യാനികൾക്കിടയിൽ കുറച്ചുനാൾ പ്രവർത്തിച്ചതിനുശേഷം അവരുടെ സഹായത്താൽ സ്പെയിനിലേക്ക് പോകാനായിരുന്നു പൗലൊസിന്റെ പദ്ധതി. അതു മാത്രമല്ല ക്രിസ്ത്യാനികളുടെ പ്രായോഗിക ജീവിതത്തിന്റെ വശങ്ങളെക്കുറിച്ചും ക്രിസ്തീയ വിശ്വാസത്തെക്കുറിച്ചും അവരെ ബോധവൽക്കരിക്കുക എന്ന ആശയവും ഈ ലേഖനത്തിൽ ഉണ്ട്. ഈ ലേഖനം പൗലൊസിന്റെ സന്ദേശത്തിന്റെ സമ്പൂർണതയെയും കാണിക്കുന്നു.

***1. പൗലൊസിന് അപ്പൊസ്തലസ്ഥാനം ലഭിച്ചത് 8. സുവിശേഷത്തിൽ വെളിപ്പെട്ട വിശ്വാസത്താലുള്ള നീതി 18. ദൈവകോപത്തിൽ ഉൾപ്പെട്ട ജാതികളുടെ അവസ്ഥ.***

**ദൈ**വം തന്റെ പുത്രനും നമ്മുടെ
കർത്താവുമായ യേശുക്രിസ്തുവി
നെക്കുറിച്ചു **2** വിശുദ്ധരേഖകളിൽ
തന്റെ പ്രവാചകന്മാർ മുഖാന്തരം[a]
മുമ്പുകൂട്ടി വാഗ്ദത്തം ചെയ്ത[b]
സുവിശേഷത്തിനായി വേർതിരി
ച്ചു[c] വിളിക്കപ്പെട്ട അപ്പൊസ്ത
ലനും[d] യേശുക്രിസ്തുവിന്റെ ദാസ
നുമായ[e] **3** പൗലൊസ് റോമയിൽ
ദൈവത്തിനു പ്രിയരും വിളിക്കപ്പെട്ട
വിശുദ്ധന്മാരുമായ എല്ലാവർക്കും
എഴുതുന്നത്: **4** നമ്മുടെ പിതാവായ
ദൈവത്തിങ്കൽനിന്നും കർത്താവായ
യേശുക്രിസ്തുവിങ്കൽനിന്നും നി
ങ്ങൾക്കു കൃപയും സമാധാനവും
ഉണ്ടാകട്ടെ.[f]
**5** ജഡം സംബന്ധിച്ചു[g] ദാവീ
ദിന്റെ സന്തതിയിൽനിന്നു ജനിക്ക
യും[h] മരിച്ചിട്ട് ഉയിർത്തെഴുന്നേല്ക്ക
യാൽ വിശുദ്ധിയുടെ ആത്മാവ്
സംബന്ധിച്ചു ദൈവപുത്രൻ എന്നു
ശക്തിയോടെ[i] നിർണയിക്കപ്പെടു
കയും[j] ചെയ്തിരിക്കുന്നവനാല
ല്ലോ **6** ഞങ്ങൾ അവന്റെ നാമത്തി
നായി സകല ജാതികളുടെയും
ഇടയിൽ[k] വിശ്വാസത്തിന് അനുസ
രണം വരുത്തേണ്ടതിനു[l] കൃപയും[m]
അപ്പൊസ്തലത്വവും[n] പ്രാപിച്ചത്.
**7** അവരിൽ യേശുക്രിസ്തുവിനാ
യി വിളിക്കപ്പെട്ട നിങ്ങളും ഉൾപ്പെ
ട്ടിരിക്കുന്നു.[o]
**8** നിങ്ങളുടെ വിശ്വാസം സർവ
ലോകത്തിലും പ്രസിദ്ധമായിരിക്കു
ന്നതിനാൽ[p] ഞാൻ ആദ്യം തന്നെ
എന്റെ ദൈവത്തിനു യേശുക്രിസ്തു
മുഖാന്തരം നിങ്ങൾക്കെല്ലാവർക്കും
വേണ്ടി സ്തോത്രം ചെയ്യുന്നു.[q]
**9** ഞാൻ ഇടവിടാതെ നിങ്ങളെ ഓർ
ത്തുകൊണ്ട്[r] ദൈവേഷ്ടത്താൽ[s]
എപ്പോൾ എങ്കിലും നിങ്ങളുടെ
അടുക്കൽ വരുവാൻ സാധിക്കേണ്ട
തിന് എന്റെ പ്രാർഥനയിൽ **10** എ
പ്പോഴും യാചിക്കുന്നു എന്നുള്ള
തിന് അവന്റെ പുത്രനെക്കുറിച്ചു
ള്ള സുവിശേഷഘോഷണത്തിൽ
ഞാൻ എന്റെ ആത്മാവിൽ ആരാധി
ക്കുന്ന[t] ദൈവം എനിക്കു സാക്ഷി.[u]

**അധ്യായം 1**

*2.[a] റോമ.3:22;16:24; ലൂക്കൊ.1:69 [b] തീത്തൊ.1:2 [c] അപ്പൊ.പ്ര.13:2 [d] 1കൊരി.1:1; (1കൊരി.9:1; എബ്രാ.5:4); 2കൊരി.1:1 [e] (ഗലാ.1:10) 4.[f] 1കൊരി.1:3; 2കൊരി.1:2 5.[g] ഗലാ.4:4 [h] മത്താ.1:1 [i] 2കൊരി.13:4; എഫെ.1:19,20; ഫിലി.3:10; (അപ്പൊ.പ്ര.10:38; 26:23) [j] (അപ്പൊ.പ്ര. 13:32,33) 6.[k] അപ്പൊ.പ്ര.9:15 [l] റോമ.6:16;16:24; 1പത്രൊ.1:2; (റോമ.15:18; അപ്പൊ.പ്ര.6:7) [m] റോമ.12:3;15:16; എഫെ.3:2,3,9 [n] അപ്പൊ.പ്ര.1:24 7.[o] വെളി.17:14; (റോമ.8:28,30) 8.[p] റോമ.16:19; (1തെസ്സ.1:8) [q] 1കൊരി.1:4; എഫെ.1:15,16; ഫിലി.1:6; കൊലൊ.1:4,5; 1തെസ്സ.1:4; (റോമ.6:17,18; ഫിലി.4:6; 2തിമൊ.1:4) 9.[r] 2തിമൊ.1:3; ഫിലേ.6 [s] റോമ.15:31; (1തെസ്സ.3:10) 10.[t] അപ്പൊ.പ്ര.24:14 [u] ഫിലി.1:8; 1തെസ്സ.2:5,10;(റോമ.9:1,2; 2കൊരി.1:23; 11:10,31)*

**11** നിങ്ങളുടെ സ്ഥിരീകരണത്തി
നായി ആത്മികവരം വല്ലതും നി
ങ്ങൾക്കു നല്കേണ്ടതിന്, **12** അതാ
യത് നിങ്ങൾക്കും എനിക്കും ഒത്തൊ
രുമിച്ചുള്ള വിശ്വാസത്താൽ[v] നിങ്ങ
ളോടുകൂടെ എനിക്കും ആശ്വാസം
ലഭിക്കേണ്ടതിന് ഞാൻ നിങ്ങളെ
കാൺമാൻ വാഞ്ഛിക്കുന്നു.[w] **13** എ
ന്നാൽ സഹോദരന്മാരേ, എനിക്കു
ശേഷം ജാതികളിൽ എന്നപോലെ
നിങ്ങളിലും വല്ല ഫലവും[x] ഉണ്ടാ
കേണ്ടതിന് നിങ്ങളുടെ അടുക്കൽ
വരുവാൻ പലപ്പോഴും ഭാവിച്ചു[w]
എങ്കിലും ഇതുവരെ മുടക്കം വന്നു[y]
എന്നു നിങ്ങൾ അറിയാതിരിക്ക
രുത് എന്ന് ഞാൻ ആഗ്രഹിക്കുന്നു.
**14** യവനന്മാർക്കും ബർബരന്മാർ
ക്കും[z] ജ്ഞാനികൾക്കും ബുദ്ധി
ഹീനർക്കും ഞാൻ കടക്കാരൻ ആ
കുന്നു.[a] **15** അങ്ങനെ റോമയിലുള്ള
നിങ്ങളോടും സുവിശേഷം അറി
യിപ്പാൻ എന്നാൽ ആവോളം[b] ഞാൻ
ഒരുങ്ങിയിരിക്കുന്നു. **16** സുവിശേഷ
ത്തെക്കുറിച്ച് എനിക്കു ലജ്ജയില്ല;[c]
വിശ്വസിക്കുന്ന ഏവനും ആദ്യം[d]
യെഹൂദനും പിന്നെ യവനനും[e]
അതു രക്ഷയ്ക്കായി ദൈവശക്തി[f]
യാകുന്നുവല്ലോ. **17** അതിൽ ദൈവ
ത്തിന്റെ നീതി[g] വിശ്വാസം ഹേതു
വായും വിശ്വാസത്തിനായിക്കൊ
ണ്ടും[h] വെളിപ്പെടുന്നു.[i] "നീതിമാൻ
വിശ്വാസത്താൽ ജീവിക്കും" എന്ന്
എഴുതിയിരിക്കുന്നുവല്ലോ.

**18** അനീതികൊണ്ടു സത്യത്തെ
തടുക്കുന്ന മനുഷ്യരുടെ സകല അ
ഭക്തിക്കും അനീതിക്കും നേരേ
ദൈവത്തിന്റെ കോപം[j] സ്വർഗത്തിൽ
നിന്നു വെളിപ്പെടുന്നു.[k] **19** ദൈവ
ത്തെക്കുറിച്ച് അറിയാകുന്നത് അ
വർക്കു വെളിവായിരിക്കുന്നു;[l]
ദൈവം അവർക്കു വെളിവാക്കിയ
ല്ലോ. **20** അവന്റെ നിത്യശക്തിയും
ദിവ്യത്വവുമായി അവന്റെ അദൃശ്യ
ലക്ഷണങ്ങൾ ലോകസൃഷ്ടിമുതൽ
അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു
തെളിവായി വെളിപ്പെട്ടുവരുന്നു;[m]
അവർക്കു പ്രതിവാദമില്ലാതിരിക്കേ
ണ്ടതിനുതന്നെ. **21** അവർ ദൈവ
ത്തെ അറിഞ്ഞിട്ടും അവനെ ദൈവ
മെന്ന് ഓർത്തു മഹത്ത്വീകരിക്കയോ
നന്ദി കാണിക്കയോ ചെയ്യാതെ
തങ്ങളുടെ നിരൂപണങ്ങളിൽ വ്യർ
ഥരായിത്തീർന്നു,[n] അവരുടെ വിവേ
കമില്ലാത്ത ഹൃദയം ഇരുണ്ടുപോയി.
**22** ജ്ഞാനികൾ എന്നു പറഞ്ഞു
കൊണ്ട് അവർ മൂഢരായിപ്പോയി;[o]
**23** അക്ഷയനായ[p] ദൈവത്തിന്റെ
തേജസ്സിനെ അവർ ക്ഷയമുള്ള
മനുഷ്യൻ, പക്ഷി, നാല്ക്കാലി, ഇഴ
ജാതി എന്നിവയുടെ രൂപസാദൃശ്യ
മായി മാറ്റിക്കളഞ്ഞു.[q]

**24** അതുകൊണ്ടു ദൈവം അവരെ
തങ്ങളുടെ ഹൃദയങ്ങളിലെ മോഹ
ങ്ങളിൽ സ്വന്തശരീരങ്ങളെ തമ്മിൽ
തമ്മിൽ അവമാനിക്കേണ്ടതിന്[r] അ
ശുദ്ധിയിൽ ഏല്പിച്ചു.[s] **25** ദൈവ
ത്തിന്റെ സത്യം അവർ വ്യാജ[t]മാക്കി
മാറ്റിക്കളഞ്ഞു, സൃഷ്ടിച്ചവനെ
ക്കാൾ സൃഷ്ടിയെ ഭജിച്ച് ആരാധി
ച്ചു; അവൻ എന്നേക്കും വാഴ്ത്ത
പ്പെട്ടവൻ,[u] ആമേൻ.

**26** അതുകൊണ്ട് ദൈവം അവരെ
അവമാനരാഗങ്ങളിൽ[v] ഏല്പിച്ചു;[w]
അവരുടെ സ്ത്രീകൾ സ്വാഭാവിക
ഭോഗത്തെ സ്വഭാവവിരുദ്ധമാക്കിക്ക
ളഞ്ഞു. **27** അവ്വണ്ണം പുരുഷന്മാരും
സ്വാഭാവികസ്ത്രീഭോഗം വിട്ട് അ
ന്യോന്യം കാമം ജ്വലിച്ച് ആണോട്
ആൺ അവലക്ഷണമായതു പ്രവർ
ത്തിച്ചു.[x] ഇങ്ങനെ അവർ തങ്ങളുടെ
വിഭ്രമത്തിനു യോഗ്യമായ പ്രതിഫ
ലം തങ്ങളിൽത്തന്നെ പ്രാപിച്ചു.

**28** ദൈവത്തെ പരിജ്ഞാന
ത്തിൽ ധരിപ്പാൻ ഇഷ്ടമില്ലാത്ത
തിനു തക്കവണ്ണം ദൈവം അവരെ

12.[v] *2പത്രൊ.1:1* [w] *റോമ.15:22,23; (അപ്പൊ.പ്ര.19:21)* 13.[x] *ഫിലി.4:17; (യോഹ.4:36)* [w] *(വാ. 12 കാ.)* [y] *റോമ.15:22; (1തെസ്സ.2:18)* 14.[z] *അപ്പൊ.പ്ര.28:2* [a] *1കൊരി.9:16* 15.[b] *(റോമ.12:18)* 16.[c] *(സങ്കീ.40:9,10); മർക്കൊ.8:38* [d] *റോമ.2:9; അപ്പൊ.പ്ര.3:26* [e] *(മർക്കൊ.7:26); യോഹ.7:35* [f] *1കൊരി.1:18,24* 17.[g] *റോമ.3:21; (2കൊരി.5:21; ഫിലി.3:9)* [h] *റോമ.9:30* [i] *ഗലാ.3:1; എബ്രാ.10:38;* ***ഹബ.2:4*** 18.[j] *എഫെ.5:6; കൊലൊ.3:9; (റോമ.5:9)* [k] *(റോമ.2:5)* 19.[l] *റോമ.2:14,15; അപ്പൊ.പ്ര.14:17; 17:24 - 27*

20.[m] *(സങ്കീ.19:1 - 6; യിരെ.5:21,22)* 21.[n] *2രാജാ.17:15; യിരെ.2:5; എഫെ.4:17,18* 22.[o] *യിരെ.10:14; 1കൊരി.1:20* 23.[p] *1തിമൊ.1:17* [q] *സങ്കീ.106:20; യിരെ.2:11; (ആവ.4:16 - 18; അപ്പൊ.പ്ര.17:29)* 24.[r] *(1തെസ്സ.4:4)* [s] *റോമ.1:26,28; (എഫെ.4:19)* 25.[t] *യെശ.28:15; 44:19,20; യിരെ.10:14; ആമോ.2:4; (2തെസ്സ.2:11,12)* [u] *റോമ.9:5* 26.[v] *(കൊലൊ.3:5; 1തെസ്സ.4:4)* [w] *റോമ.1:24,28* 27.[x] *ലേവ്യാ.18:22;20:13*

1:18 ***സ്വർഗം:*** 'ഉയരങ്ങളിൽ എവിടെയോ' ഉള്ള ഒരു സ്ഥലം എന്നു മിക്കവാറും ജനങ്ങൾ ചിന്തിക്കാറുണ്ട്. എന്നാൽ ദൈവം ഭരിക്കുന്ന ഇടം എന്നാണ് വേദപുസ്തകത്തിൽ ഉടനീളം വിവരിക്കുന്നത്.

ഉചിതമല്ലാത്തതു[y] ചെയ്‌വാൻ നി
കൃഷ്ടബുദ്ധിയിൽ[z] ഏല്പിച്ചു.[a]
**29** അവർ സകല അനീതിയും
ദുഷ്ടതയും അത്യാഗ്രഹവും ദുർ
ബുദ്ധിയും നിറഞ്ഞവർ; അസൂയ,
കൊല, പിണക്കം, കപടം, ദുശ്ശീലം
എന്നിവ തിങ്ങിയവർ, **30** കുരള
ക്കാർ, ഏഷണിക്കാർ, ദൈവദ്വേഷി
കൾ, നിഷ്ഠുരന്മാർ, ഗർവിഷ്ഠന്മാർ,
ആത്മപ്രശംസക്കാർ, പുതുദോഷം
സങ്കല്പിക്കുന്നവർ, മാതാപിതാ
ക്കന്മാരെ അനുസരിക്കാത്തവർ,
ബുദ്ധിഹീനർ, **31** നിയമലംഘി
കൾ, വാത്സല്യമില്ലാത്തവർ, കനിവ
റ്റവർ. **32** ഈ വക പ്രവർത്തിക്കു
ന്നവർ മരണയോഗ്യർ[b] എന്നുള്ള
ദൈവന്യായം[c] അവർ അറിഞ്ഞി
ട്ടും അവയെ പ്രവർത്തിക്ക മാത്രമ
ല്ല പ്രവർത്തിക്കുന്നവരിൽ പ്രസാദി
ക്കയും[d] കൂടെ ചെയ്യുന്നു.

❋ ❋ ❋

***1. മറ്റുള്ളവരെ കുറ്റം വിധിക്കയും തന്നെത്താൻ പാപം ചെയ്കയും ചെയ്യുന്നവർ, ഒഴികഴിവില്ലാത്തവർ.***

**2** അതുകൊണ്ട് വിധിക്കുന്ന ഏതു
മനുഷ്യനുമായുള്ളോവേ, നിന
ക്കു പ്രതിവാദം പറവാൻ ഇല്ല;[a]
അന്യനെ വിധിക്കുന്നതിൽ നീ
നിന്നെത്തന്നെ കുറ്റം വിധിക്കുന്നു;[b]
വിധിക്കുന്ന നീ അതുതന്നെ പ്രവർ
ത്തിക്കുന്നുവല്ലോ. **2** എന്നാൽ ആ
വക പ്രവർത്തിക്കുന്നവരുടെ നേരേ
ദൈവത്തിന്റെ വിധി സത്യാനുസ
രണയായിരിക്കുന്നു എന്നു നാം
അറിയുന്നു. **3** ആ വക പ്രവർത്തി
ക്കുന്നവരെ വിധിക്കയും അതുതന്നെ
പ്രവർത്തിക്കയും ചെയ്യുന്ന മനു
ഷ്യാ, നീ ദൈവത്തിന്റെ വിധിയിൽ
നിന്നു തെറ്റി ഒഴിയും എന്നു നിന
യ്ക്കുന്നുവോ? **4** അല്ല, ദൈവത്തിന്റെ
ദയ നിന്നെ മാനസാന്തരത്തിലേക്കു
നടത്തുന്നു എന്ന് അറിയാതെ[c] നീ
അവന്റെ ദയ, ക്ഷമ,[d] ദീർഘക്ഷാ
ന്തി[e] എന്നിവയുടെ ഐശ്വര്യം[f] നിര
സിക്കുന്നുവോ? **5** എന്നാൽ നിന്റെ
കാഠിന്യത്താലും അനുതാപമില്ലാത്ത
ഹൃദയത്താലും നീ ദൈവത്തിന്റെ
നീതിയുള്ള വിധി വെളിപ്പെടുന്ന
കോപദിവസത്തേക്കു നിനക്കു
തന്നെ കോപം[g] ചരതിച്ചുവയ്ക്കു
ന്നു.[h] **6** അവൻ ഓരോരുത്തന്
അവനവന്റെ പ്രവൃത്തിക്കു തക്ക
പകരം ചെയ്യും.[i] **7** നല്ല പ്രവൃത്തി
ക്കു വേണ്ടുന്ന സ്ഥിരതപൂണ്ടു[j]
തേജസ്സും മാനവും അക്ഷയതയും
അന്വേഷിക്കുന്നവർക്കു **8** നിത്യ
ജീവനും ശാഠ്യം പൂണ്ടു സത്യം
അനുസരിക്കാതെ[k] അനീതി അനു
സരിക്കുന്നവർക്കു കോപവും ക്രോ
ധവും കൊടുക്കും. **9** തിന്മ പ്രവർ
ത്തിക്കുന്ന ഏതു മനുഷ്യാത്മാവി
നും[l] കഷ്ടവും സങ്കടവും ആദ്യം[m]
യെഹൂദനും പിന്നെ യവനനും
വരും. **10** നന്മ പ്രവർത്തിക്കുന്ന
ഏവനും മഹത്ത്വവും മാനവും സ
മാധാനവും[n] ആദ്യം യെഹൂദനും
പിന്നെ യവനനും[o] ലഭിക്കും.
**11** ദൈവത്തിന്റെ പക്കൽ മുഖ
പക്ഷം ഇല്ലല്ലോ.[p] **12** ന്യായപ്ര
മാണം ഇല്ലാതെ[q] പാപം ചെയ്ത
വരൊക്കെയും ന്യായപ്രമാണം
കൂടാതെ നശിച്ചുപോകും; ന്യായ
പ്രമാണം ഉണ്ടായിട്ടു പാപം ചെ
യ്തവരൊക്കെയും ന്യായപ്രമാണ
ത്താൽ വിധിക്കപ്പെടും. **13** ന്യായ
പ്രമാണം കേൾക്കുന്നവരല്ല ദൈവ
സന്നിധിയിൽ നീതിമാന്മാർ;[r] ന്യായ
പ്രമാണം ആചരിക്കുന്നവരത്രേ
നീതീകരിക്കപ്പെടുന്നത്. **14** ന്യായ
പ്രമാണമില്ലാത്ത ജാതികൾ ന്യായ
പ്രമാണത്തിലുള്ളതു സ്വഭാവ
ത്താൽ ചെയ്യുമ്പോൾ[s] ന്യായപ്രമാ
ണമില്ലാത്ത അവർ തങ്ങൾക്കുത
ന്നെ ഒരു ന്യായപ്രമാണം ആകുന്നു.
**15** അവരുടെ മനസ്സാക്ഷികൂടെ
സാക്ഷ്യം പറഞ്ഞും അവരുടെ
വിചാരങ്ങൾ തമ്മിൽ കുറ്റം ചുമ
ത്തുകയോ പ്രതിവാദിക്കയോ ചെ
യ്തുംകൊണ്ട് അവർ ന്യായപ്രമാ
ണത്തിന്റെ പ്രവൃത്തി തങ്ങളുടെ
ഹൃദയത്തിൽ എഴുതിയിരിക്കുന്ന
തായി[t] കാണിക്കുന്നു; **16** ദൈവം

*28.[y] (എഫെ.5:4)*
*[z] (യിരെ.6:30)*
*[a] റോമ.1:24,26*
*32.[b] റോമ.6:21*
*[c] റോമ.2:26;8:4*
*[d] ലൂക്കൊ.11:48; അപ്പൊ.പ്ര.8:1; 22:20; (1കൊരി.13:6; 2തെസ്സ.2:12)*

**അധ്യായം 2**

*1.[a] റോമ.1:20*
*[b] 2ശമൂ.12:5 - 7; യോഹ.8:7; മത്താ.7:2*
*4.[c] യെശ.30:18; 2പത്രൊ.3:9,14; വെളി.2:21*
*[d] റോമ.3:25*
*[e] റോമ.9:24; (പുറ.34:6)*
*[f] റോമ.9:24;10:12; എഫെ.1:8,18;4:7*
*5.[g] സങ്കീ.110:5*
*[h] (ആവ.32:34); യാക്കോ.5:3*
*6.[i] ഇയ്യോ.34:11; സങ്കീ.62:12; സദൃ.24:12; യിരെ.17:10; 32:19; മത്താ.16:27*
*7.[j] ലൂക്കൊ.8:15*
*8.[k] 2തെസ്സ.2:11*
*9.[l] യെഹെ.18:20*
*[m] 1പത്രൊ.4:17*
*10.[n] യെശ.57:19*
*[o] റോമ.1:16*
*11.[p] അപ്പൊ.പ്ര.10:34*
*12.[q] 1കൊരി.9:21; (അപ്പൊ.പ്ര.2:23)*
*13.[r] യാക്കോ.1:22,23*
*14.[s] റോമ.1:19*
*15.[t] യിരെ.31:33*

യേശുക്രിസ്തു മുഖാന്തരം[u] മനു
ഷ്യരുടെ രഹസ്യങ്ങളെ[v] എന്റെ
സുവിശേഷപ്രകാരം[w] ന്യായം
വിധിക്കുന്ന നാളിൽ തന്നെ.[u]
**17** നീയോ യെഹൂദൻ എന്നു
പേർകൊണ്ടും ന്യായപ്രമാണത്തിൽ
ആശ്രയിച്ചും[x] **18** ദൈവത്തിൽ
പ്രശംസിച്ചും ന്യായപ്രമാണത്തിൽ
നിന്നു പഠിക്കയാൽ അവന്റെ
ഇഷ്ടം[y] അറിഞ്ഞും **19** ഭേദാഭേ
ദങ്ങൾ വിവേചിച്ചും[z] ജ്ഞാനത്തി
ന്റെയും[a] സത്യത്തിന്റെയും സ്വരൂ
പം[b] ന്യായപ്രമാണത്തിൽനിന്നു നി
നക്കു ലഭിച്ചതുകൊണ്ടു നീ കുരു
ടർക്കു വഴി കാട്ടുന്നവൻ,[c] **20** ഇരു
ട്ടിലുള്ളവർക്കു വെളിച്ചം, മൂഢരെ
പഠിപ്പിക്കുന്നവൻ, ശിശുക്കൾക്ക്
ഉപദേഷ്ടാവ് എന്ന് ഉറച്ചുമിരിക്കു
ന്നെങ്കിൽ– **21** ഹേ, അന്യനെ ഉപ
ദേശിക്കുന്നവനേ,[d] നീ നിന്നെത്ത
ന്നെ ഉപദേശിക്കാത്തത് എന്ത്?
മോഷ്ടിക്കരുത് എന്നു പ്രസംഗി
ക്കുന്ന നീ മോഷ്ടിക്കുന്നുവോ?
**22** വ്യഭിചാരം ചെയ്യരുത് എന്നു
പറയുന്ന നീ വ്യഭിചാരം ചെയ്യുന്നു
വോ?[e] വിഗ്രഹങ്ങളെ വെറുക്കുന്ന
നീ ക്ഷേത്രം കവർച്ച ചെയ്യുന്നു
വോ? **23** ന്യായപ്രമാണത്തിൽ
പ്രശംസിക്കുന്ന[f] നീ ന്യായപ്രമാണ
ലംഘനത്താൽ ദൈവത്തെ അപ
മാനിക്കുന്നുവോ?[g] **24** [h]"നിങ്ങൾ
നിമിത്തം ദൈവത്തിന്റെ നാമം
ജാതികളുടെ ഇടയിൽ[i] ദുഷിക്ക
പ്പെടുന്നു"[i] എന്ന് എഴുതിയിരിക്കു
ന്നുവല്ലോ.[h] **25** നീ ന്യായപ്രമാണം
ആചരിച്ചാൽ[j] പരിച്ഛേദന പ്രയോ
ജനമുള്ളത് സത്യം; ന്യായപ്രമാണ
ലംഘിയായാലോ നിന്റെ പരിച്ഛേദന
അഗ്രചർമ്മമായിത്തീർന്നു. **26** അഗ്ര
ചർമി[k] ന്യായപ്രമാണത്തിന്റെ നിയ
മങ്ങളെ[l] പ്രമാണിച്ചാൽ അവന്റെ
അഗ്രചർമം പരിച്ഛേദന എന്ന് എണ്ണു
കയില്ലയോ? **27** സ്വഭാവത്താൽ
അഗ്രചർമിയായവൻ ന്യായപ്രമാണം
അനുഷ്ഠിക്കുന്നു എങ്കിൽ അക്ഷര
വും[m] പരിച്ഛേദനയുമുള്ള ന്യായപ്ര
മാണലംഘിയായ നിന്നെ അവൻ
വിധിക്കയില്ലയോ?[n] **28** പുറമേ
യെഹൂദനായവൻ[o] യെഹൂദനല്ല;[p]
പുറമേ ജഡത്തിലുള്ളതു പരിച്ഛേ
ദനയുമല്ല; **29** അകമേ[q] യെഹൂദ
നായവനത്രേ യെഹൂദൻ; അക്ഷര
ത്തിലല്ല ആത്മാവിലുള്ള[m] ഹൃദയ
പരിച്ഛേദനയത്രേ[r] പരിച്ഛേദന; അ
വനു മനുഷ്യരാലല്ല ദൈവത്താൽ
തന്നെ പുകഴ്ച ലഭിക്കും.[s]

16.[u] (റോമ.3:6;14:10; 1കൊരി.4:5); അപ്പൊ.പ്ര.10:42; 17:31
[v] സഭാ.12:14
[w] റോമ.16:25; 2തിമൊ.2:8; (ഗലാ.1:11; 1തിമൊ.1:11)
17.[x] റോമ.2:23; മീഖാ.3:11; (റോമ.9:4; യോഹ.5:45)
18.[y] 1കൊരി.16:12
19.[z] ഫിലി.1:10
[a] ലൂക്കൊ.11:52
[b] 2തിമൊ.3:5; (ഗലാ.4:19; 2തിമൊ.1:13)
[c] (ഇയ്യോ.29:15; മത്താ.15:14;23:16; യോഹ.9:39-41)
21.[d] മത്താ.23:3-28; (സങ്കീ.50:16-21; മത്താ.15:1-9)
22.[e] അപ്പൊ.പ്ര. 19:37; (മലാ.3:8)
23.[f] റോമ.2:17;3:27
[g] (മലാ.1:6)
24.[h] **യെശ. 52:5**
[i] (2ശമൂ.12:14; യെഹെ.36:20,23; 2പത്രൊ.2:2)
25.[j] ഗലാ.5:3
26.[k] എഫെ.2:11; (റോമ.3:30)
[l] റോമ.1:32;8:4
27.[m] റോമ.2:29;7:6; 2കൊരി.3:6
[n] മത്താ.12:41
28.[o] റോമ.2:17
[p] റോമ.9:6-8; (ഗലാ.6:15)
29.[q] 1പത്രൊ.3:4
[m] (വാ.27 കാ.)
[r] (ആവ.10:16;30:6; യിരെ.4:4; അപ്പൊ.പ്ര.7:51; ഫിലി.3:3; കൊലൊ.2:11)
[s] 2കൊരി.10:17; 1തെസ്സ.2:4; (ഗലാ.1:10)

✵ ✵ ✵

***1. യെഹൂദന്മാർക്കുള്ള ശ്രേഷ്ഠത 9. അവരും ജാതികളെപ്പോലെ നീതിഹീനരാകയാൽ 21. വിശ്വാസത്താലത്രേ നീതീകരിക്കപ്പെടുന്നത്.***

**3** എന്നാൽ യെഹൂദന് എന്തു
വിശേഷത? അല്ല, പരിച്ഛേദന
യാൽ എന്തു പ്രയോജനം? സകല
വിധത്തിലും വളരെ ഉണ്ട്; **2** ഒന്നാ
മത് ദൈവത്തിന്റെ അരുളപ്പാടു
കൾ[a] അവരുടെ പക്കൽ സമർപ്പി
ച്ചിരിക്കുന്നതുതന്നെ.[b] **3** ചിലർ
വിശ്വസിച്ചില്ല എങ്കിൽ[c] അവരുടെ
അവിശ്വാസത്താൽ ദൈവത്തിന്റെ
വിശ്വസ്തതയ്ക്കു നീക്കം വരു
മോ?[d] **4** ഒരുനാളും ഇല്ല.
[e]"നിന്റെ വാക്കുകളിൽ നീ നീതീ
കരിക്കപ്പെടുവാനും,നിന്റെ ന്യാ
യവിസ്താരത്തിൽ[f] ജയിപ്പാനും"
എന്നു എഴുതിയിരിക്കുന്നതുപോലെ
ദൈവം സത്യവാൻ,[g] സകല മനു
ഷ്യരും ഭോഷ്കു പറയുന്നവർ[h] എ
ന്നേ വരൂ. **5** എന്നാൽ നമ്മുടെ
അനീതി ദൈവത്തിന്റെ നീതിയെ
പ്രസിദ്ധമാക്കുന്നു എങ്കിൽ നാം
എന്തു പറയും? ശിക്ഷ നടത്തുന്ന[i]
ദൈവം നീതിയില്ലാത്തവൻ എന്നോ?–
ഞാൻ മാനുഷരീതിയിൽ പറയു
ന്നു[j]– ഒരുനാളുമല്ല; **6** അല്ലെങ്കിൽ
ദൈവം ലോകത്തെ എങ്ങനെ വി
ധിക്കും?[k] **7** ദൈവത്തിന്റെ സത്യം

**അധ്യായം 3**

2.[a] അപ്പൊ.പ്ര.7:38 [b] ആവ.4:8; സങ്കീ.147:19,20; യോഹ.4:22 3.[c] റോമ.10:16; എബ്രാ.4:2 [d] (റോമ.9:6; 2തിമൊ.2:13) 4.[e] **സങ്കീ. 51:4** [f] (ഇയ്യോ.9:32) [g] യോഹ.8:26 [h] സങ്കീ.62:9;116:11; (റോമ.3:7) 5.[i] (റോമ.2:5) [j] റോമ.6:19; 1കൊരി.9:8; ഗലാ.3:15; (1കൊരി.15:32) 6.[k] (ഉൽപ.18:25; ഇയ്യോ.8:3) റോമ.2:16

എന്റെ ഭോഷ്കിനാൽ അവന്റെ
മഹത്ത്വത്തിനായി അധികം തെളി
വായി എങ്കിൽ എന്നെ പാപി എന്നു
വിധിക്കുന്നത് എന്ത്?[l] 8 നല്ലതു
വരേണ്ടതിനു തീയതു ചെയ്ക
എന്നു പറയരുതോ?[m] ഞങ്ങൾ
അങ്ങനെ പറയുന്നു എന്നു ചിലർ
ഞങ്ങളെ ദുഷിച്ചുപറയുന്നുവല്ലോ.
ഇവർക്കു വരുന്ന ശിക്ഷാവിധി നീതി
യുള്ളതുതന്നെ.
9 ആകയാൽ എന്ത്? നമുക്കു
വിശേഷതയുണ്ടോ? അശേഷമില്ല;
യെഹൂദന്മാരും[n] യവനന്മാരും[o] ഒരു
പോലെ പാപത്തിൻകീഴാകുന്നു[p]
എന്നു നാം മുമ്പേ തെളിയിച്ചുവല്ലോ;
10 "നീതിമാൻ ആരുമില്ല. ഒരു
ത്തൻ പോലുമില്ല. 11 ഗ്രഹിക്കു
ന്നവൻ ഇല്ല, ദൈവത്തെ അന്വേ
ഷിക്കുന്നവനും ഇല്ല. 12 എല്ലാ
വരും വഴിതെറ്റി ഒരുപോലെ
കൊള്ളരുതാത്തവരായിത്തീർ
ന്നു; നന്മ ചെയ്യുന്നവനില്ല, ഒരു
ത്തൻപോലും ഇല്ല. 13 അവരു
ടെ തൊണ്ട തുറന്ന ശവക്കുഴി;[q]
[r]നാവുകൊണ്ട് അവർ ചതിക്കു
ന്നു; [s]സർപ്പവിഷം അവരുടെ
അധരങ്ങൾക്കു കീഴെ ഉണ്ട്.
14 [t]അവരുടെ വായിൽ ശാപവും
കയ്പും നിറഞ്ഞിരിക്കുന്നു.
15 [u]അവരുടെ കാൽ രക്തം
ചൊരിയുവാൻ ബദ്ധപ്പെടുന്നു.
16 നാശവും അരിഷ്ടതയും
അവരുടെ വഴികളിൽ ഉണ്ട്.
17 സമാധാനമാർഗം[v] അവർ
അറിഞ്ഞിട്ടില്ല. 18 [w]അവരുടെ
ദൃഷ്ടിയിൽ ദൈവഭയം ഇല്ല"
എന്നിങ്ങനെ എഴുതിയിരിക്കു
ന്നുവല്ലോ.[x]
19 ന്യായപ്രമാണം പറയുന്നത്[y]
എല്ലാം ന്യായപ്രമാണത്തിൻകീഴു
ള്ളവരോടു പ്രസ്താവിക്കുന്നു
എന്നു നാം അറിയുന്നു. അങ്ങനെ
ഏതു വായും അടഞ്ഞു[z] സർവ
ലോകവും ദൈവസന്നിധിയിൽ
ശിക്ഷായോഗ്യമായിത്തീരേണ്ടത
ത്രേ.[a] 20 അതുകൊണ്ട് ന്യായപ്രമാ
ണത്തിന്റെ പ്രവൃത്തികളാൽ ഒരു
ജഡവും അവന്റെ സന്നിധിയിൽ
നീതീകരിക്കപ്പെടുകയില്ല;[b] ന്യായ
പ്രമാണത്താൽ പാപത്തിന്റെ പരി
ജ്ഞാനമത്രേ വരുന്നത്.[c] 21 ഇ
പ്പോഴോ ദൈവത്തിന്റെ നീതി,[d]
വിശ്വസിക്കുന്ന എല്ലാവർക്കും യേശു
ക്രിസ്തുവിങ്കലെ വിശ്വാസത്താ
ലുള്ള[e] ദൈവനീതിതന്നെ, ന്യായ
പ്രമാണം കൂടാതെ വെളിപ്പെട്ടുവ
ന്നിരിക്കുന്നു.[f] 22 അതിനു ന്യായ
പ്രമാണവും പ്രവാചകന്മാരും സാ
ക്ഷ്യം പറയുന്നു.[g] 23 ഒരു വ്യത്യാ
സവുമില്ല;[h] എല്ലാവരും പാപം
ചെയ്തു ദൈവതേജസ്സ് ഇല്ലാത്ത
വരായിത്തീർന്നു,[i] 24 അവന്റെ
കൃപയാൽ[j] ക്രിസ്തുയേശുവിങ്ക
ലെ വീണ്ടെടുപ്പുമൂലം[k] സൗജന്യ
മായത്രേ നീതീകരിക്കപ്പെടുന്നത്.[l]
25 വിശ്വസിക്കുന്നവർക്ക് അവൻ
തന്റെ രക്തംമൂലം[m] പ്രായശ്ചിത്ത
മാകുവാൻ[n] ദൈവം അവനെ പര
സ്യമായി നിറുത്തിയിരിക്കുന്നു.[o]
ദൈവം തന്റെ പൊറുമയിൽ[p] മുൻ
കഴിഞ്ഞ പാപങ്ങളെ[q] ശിക്ഷിക്കാതെ
വിടുകനിമിത്തം തന്റെ നീതിയെ
പ്രദർശിപ്പിപ്പാൻ, 26 താൻ നീതി
മാനും[r] യേശുവിൽ വിശ്വസിക്കു
ന്നവനെ നീതീകരിക്കുന്നവനും[r]
ആകേണ്ടതിന് ഇക്കാലത്തു തന്റെ
നീതിയെ പ്രദർശിപ്പിപ്പാൻതന്നെ
അങ്ങനെ ചെയ്തത്. 27 ആക
യാൽ പ്രശംസ എവിടെ?[s] അതു
പൊയ്പോയി. ഏതു മാർഗത്താൽ?
കർമമാർഗത്താലോ? അല്ല, വിശ്വാ
സമാർഗത്താലത്രേ. 28 അങ്ങനെ
മനുഷ്യൻ ന്യായപ്രമാണത്തിന്റെ
പ്രവൃത്തികൂടാതെ[t] വിശ്വാസത്താൽ
തന്നെ നീതീകരിക്കപ്പെടുന്നു എന്നു
നാം അനുമാനിക്കുന്നു. 29 അല്ല,
ദൈവം യെഹൂദന്മാരുടെ ദൈവം
മാത്രമോ?[u] ജാതികളുടെയും ദൈവ
മല്ലയോ? അതേ ജാതികളുടെയും

7.[l] *(റോമ.9:19)*
8.[m] *(റോമ.6:1,15)*
9.[n] *റോമ.2:1-29*
[o] *റോമ.1:18-32*
[p] *ഗലാ.3:22; (റോമ.3:19,23; 11:32; സദൃ.20:9)*
13.[q] *യിരെ.5:16*
[r] ***സങ്കീ.5:9***
[s] ***സങ്കീ.140:3***
14.[t] ***സങ്കീ.10:7***
15.[u] ***സദൃ.1:16;*** *റോമ.3:15-17;* ***യെശ.59:7,8***
17.[v] *ലൂക്കൊ.1:78*
18.[w] ***സങ്കീ.36:1***
[x] *റോമ.3:10-12;* ***സങ്കീ.14:1-3; 53:1-3***
19.[y] *യോഹ.10:34; 15:25*
[z] *ഇയ്യോ.5:16; സങ്കീ.63:11;107:42; യെഹെ.16:62; (റോമ.1:20;2:1)*
[a] *റോമ.3:9*
20.[b] *ഗലാ.2:16; (സങ്കീ.143:2; അപ്പൊ.പ്ര.13:39)*
[c] *റോമ.7:7; (റോമ.4:15; 5:13,20)*
21.[d] *റോമ.1:17*
[e] *റോമ.4:5; (2തിമൊ.3:14)*
[f] *റോമ.16:24; 2തിമൊ.1:10*
22.[g] *അപ്പൊ.പ്ര.10:43; (റോമ.1:2; യോഹ.5:46)*
23.[h] *റോമ.10:12; (ഗലാ.3:28; കൊലൊ.3:11)*
[i] *റോമ.3:9*
24.[j] *റോമ.4:4,5,16; അപ്പൊ.പ്ര.15:11*
[k] *എഫെ.1:7; കൊലൊ.1:14; എബ്രാ.9:15; (1കൊരി.1:30)*
[l] *തീത്തൊ.3:6*
25.[m] *റോമ.5:9; എഫെ.2:13; എബ്രാ.10:20*

[n] *1യോഹ.2:2* [o] *എഫെ.1:9; (1പത്രൊ.1:20)* [p] *റോമ.2:4* [q] *(അപ്പൊ.പ്ര.17:30)* 26.[r] *റോമ.2:13* 27.[s] *റോമ.2:18,23;4:2; 1കൊരി.1:29-31; എഫെ.2:9; 2തിമൊ.1:9; അപ്പൊ.പ്ര.13:39* 28.[t] *യാക്കോ.2:18* 29.[u] *റോമ.9:23; 10:12;15:9; ഗലാ.3:28*

ദൈവം ആകുന്നു. 30 ദൈവം ഏക
നല്ലോ;[v] അവൻ വിശ്വാസംമൂലം
പരിച്ഛേദനക്കാരെയും വിശ്വാസ
ത്താൽ അഗ്രചർമികളെയും[w] നീതീ
കരിക്കുന്നു. 31 ആകയാൽ നാം
വിശ്വാസത്താൽ ന്യായപ്രമാണ
ത്തെ ദുർബലമാക്കുന്നുവോ? ഒരു
നാളും ഇല്ല; നാം ന്യായപ്രമാണ
ത്തെ ഉറപ്പിക്കയത്രേ ചെയ്യുന്നു.

❋ ❋ ❋

***1. അബ്രാഹാമിന്റെ വിശ്വാസം അവനു നീതിയായി കണക്കിട്ടത് 20. നമുക്കും അങ്ങനെ തന്നെ ആകാം.***

**4** എന്നാൽ നമ്മുടെ പൂർവപിതാ
വായ[a] അബ്രാഹാം ജഡപ്ര
കാരം എന്തു പ്രാപിച്ചു എന്നു പറ
യേണ്ടൂ? 2 അബ്രാഹാം പ്രവൃത്തി
യാൽ നീതീകരിക്കപ്പെട്ടു എങ്കിൽ
അവന് പ്രശംസിപ്പാൻ സംഗതി
ഉണ്ട്; ദൈവസന്നിധിയിൽ ഇല്ല
താനും;[b] 3 തിരുവെഴുത്ത് എന്തു
പറയുന്നു?[c] "അബ്രാഹാം ദൈവ
ത്തെ വിശ്വസിച്ചു; അത് അവന്
നീതിയായി കണക്കിട്ടു" എന്നു
തന്നെ. 4 എന്നാൽ പ്രവർത്തി
ക്കുന്നവനു[d] കൂലി കണക്കിടുന്ന
തു കൃപയായിട്ടല്ല കടമായിട്ടത്രേ.
5 പ്രവർത്തിക്കാത്തവൻ എങ്കിലും
അഭക്തനെ നീതീകരിക്കുന്നവനിൽ
വിശ്വസിക്കുന്നവനോ[e] അവന്റെ
വിശ്വാസം നീതിയായി കണക്കി
ടുന്നു. 6 ദൈവം പ്രവൃത്തികൂടാതെ
നീതി കണക്കിടുന്ന മനുഷ്യന്റെ
ഭാഗ്യം ദാവീദും വർണിക്കുന്നത്:

7 [f]"അധർമം മോചിച്ചും പാപം
മറച്ചും കിട്ടിയവർ ഭാഗ്യവാന്മാർ.
8 കർത്താവ് പാപം കണക്കിടാ
ത്ത[g] മനുഷ്യൻ ഭാഗ്യവാൻ."

9 ഈ ഭാഗ്യവർണനം പരിച്ഛേ
ദനയ്ക്കോ?[h] അഗ്രചർമത്തിനു കൂ
ടെയോ? അബ്രാഹാമിനു വിശ്വാസം
നീതിയായി കണക്കിട്ടു എന്നല്ലോ
നാം പറയുന്നത്.[i] 10 എങ്ങനെ
കണക്കിട്ടത്? പരിച്ഛേദനയിലോ?
അഗ്രചർമത്തിലോ? പരിച്ഛേദന
യിലല്ല, അഗ്രചർമത്തിലത്രേ.
11 അഗ്രചർമത്തിൽവച്ച് ഉണ്ടായി
രുന്ന വിശ്വാസനീതിക്കു മുദ്രയായി
പരിച്ഛേദന എന്ന അടയാളം അവനു
ലഭിച്ചത്[j] അഗ്രചർമത്തോടെ വി
ശ്വസിക്കുന്നവർക്കുംകൂടെ നീതി
കണക്കിടപ്പെടുവാൻ തക്കവണ്ണം
താൻ അവർക്ക് എല്ലാവർക്കും പിതാ
വായിരിക്കേണ്ടതിനും[k] 12 പരിച്ഛേ
ദന മാത്രമുള്ളവരല്ല നമ്മുടെ പിതാ
വായ അബ്രാഹാമിന് അഗ്രചർമ
ത്തിൽവച്ച് ഉണ്ടായിരുന്ന വിശ്വാ
സത്തെ അനുഗമിക്കുന്നവരുമായ
പരിച്ഛേദനക്കാർക്കു പിതാവായിരി
ക്കേണ്ടതിനുംതന്നെ. 13 ലോകാ
വകാശി ആകും[l] എന്നുള്ള വാഗ്ദ
ത്തം[m] അബ്രാഹാമിനോ അവന്റെ
സന്തതിക്കോ ന്യായപ്രമാണത്താല
ല്ല വിശ്വാസത്തിന്റെ നീതിയാലല്ലോ
ലഭിച്ചത്. 14 എന്നാൽ ന്യായപ്രമാ
ണമുള്ളവർ അവകാശികൾ എ
ങ്കിൽ[n] വിശ്വാസം വ്യർഥവും വാ
ഗ്ദത്തം ദുർബലവും എന്നു വരും.
15 ന്യായപ്രമാണമോ കോപത്തിനു
ഹേതുവാകുന്നു;[o] ന്യായപ്രമാണം
ഇല്ലാത്തേടത്തു[p] ലംഘനവുമില്ല.[q]
16 അതുകൊണ്ടു കൃപാദാനം എ
ന്നു വരേണ്ടതിനു[r] വിശ്വാസത്താ
ലത്രേ അവകാശികൾ ആകുന്നത്;
വാഗ്ദത്തം സകല സന്തതിക്കും,
ന്യായപ്രമാണമുള്ളവർക്കു മാത്ര
മല്ല, അബ്രാഹാമിന്റെ വിശ്വാസമു
ള്ളവർക്കുംകൂടെ ഉറപ്പാകേണ്ടതി
നുതന്നെ.[s] 17 മരിച്ചവരെ ജീവിപ്പി
ക്കയും[t] ഇല്ലാത്തതിനെ ഉള്ളതിനെ
പ്പോലെ വിളിക്കയും ചെയ്യുന്നവ[u]
നായി താൻ വിശ്വസിച്ച ദൈവത്തി
ന്റെ ദൃഷ്ടിയിൽ അവൻ നമുക്കെ
ല്ലാവർക്കും പിതാവാകേണ്ടതിനു
തന്നെ.[v] [w]"ഞാൻ നിന്നെ ബഹു
ജാതികൾക്കു പിതാവാക്കിവച്ചു"
എന്ന് എഴുതിയിരിക്കുന്നുവല്ലോ.
18 "നിന്റെ സന്തതി ഇവ്വണ്ണം ആ
കും"[x] എന്ന് അരുളിച്ചെയ്തിരിക്കു
ന്നതുപോലെ താൻ ബഹുജാതി
കൾക്കു പിതാവാകും എന്ന് അവൻ
ആശയ്ക്ക് വിരോധമായി ആശ
യോടെ വിശ്വസിച്ചു. 19 അവൻ

30. [v] *ഗലാ.3:20; (റോമ.10:12)*
[w] *ഗലാ.3:8; (റോമ.4:9); റോമ.2:26*

**അധ്യായം 4**

1. [a] *റോമ.4:16; യെശ.51:2*
2. [b] *(1കൊരി.1:31)*
3. [c] *റോമ.4:9,22; ഗലാ.3:6; യാക്കോ.2:23;* ***ഉൽപ.15:6;*** *(തീത്തൊ.3:8)*
4. [d] *(റോമ.11:6; ആവ.9:4,5)*
5. [e] *റോമ.3:21; യോഹ.6:29*
7. [f] ***സങ്കീ.32:1,2***
8. [g] *2കൊരി.5:19*
9. [h] *റോമ.3:30*
[i] *റോമ.4:3*
11. [j] *ഉൽപ.17:10,11*
[k] *റോമ.4:12,16; (റോമ.3:21); ലൂക്കൊ.19:9*
13. [l] *ഉൽപ.17:4 - 6*
[m] *ഗലാ.3:16; എബ്രാ.6:15,17; 7:6;11:9,18; (റോമ.9:8); അപ്പൊ.പ്ര.13:32*
14. [n] *ഗലാ.3:17,18*
15. [o] *റോമ.7:7,10 - 25; 2കൊരി.3:7,9; ഗലാ.3:10*
[p] *(റോമ.3:20)*
[q] *ഗലാ.3:19*
16. [r] *റോമ.3:24*
[s] *ഗലാ.3:22; (റോമ.15:9)*
17. [t] *(എബ്രാ.11:19); യോഹ.5:21*
[u] *1കൊരി.1:28; (എബ്രാ.11:3)*
[v] *(റോമ.9:8)*
[w] ***ഉൽപ.17:5;*** *(റോമ.4:18)*
18. [x] *ഉൽപ.15:5*

ഏകദേശം നൂറു വയസ്സുള്ളവനാ
കയാൽ[y] തന്റെ ശരീരം നിർജീവമാ
യിപ്പോയതും[z] സാറായുടെ ഗർഭ
പാത്രത്തിന്റെ നിർജീവത്വവും[a]
ഗ്രഹിച്ചിട്ടും വിശ്വാസത്തിൽ ക്ഷീണി
ച്ചില്ല. **20** ദൈവത്തിന്റെ വാഗ്ദത്ത
ത്തിങ്കൽ അവിശ്വാസത്താൽ സംശ
യിക്കാതെ വിശ്വാസത്തിൽ ശക്തി
പ്പെട്ടു ദൈവത്തിനു മഹത്ത്വം കൊ
ടുത്തു, **21** അവൻ വാഗ്ദത്തം ചെ
യ്തതു പ്രവർത്തിപ്പാനും ശക്തൻ[b]
എന്നു പൂർണ്ണമായി ഉറച്ചു. **22** അതു
കൊണ്ട് അത് അവനു നീതിയായി
കണക്കിട്ടു. **23** അവനു കണക്കിട്ടു
എന്ന് എഴുതിയിരിക്കുന്നത്[c] അവ
നെ വിചാരിച്ചു മാത്രം അല്ല, നമ്മെ
വിചാരിച്ചുംകൂടെ ആകുന്നു. **24** ന
മ്മുടെ അതിക്രമങ്ങൾ നിമിത്തം
മരണത്തിന് ഏല്പിച്ചും[d] നമ്മുടെ
നീതീകരണത്തിനായി[e] ഉയിർപ്പിച്ചു
മിരിക്കുന്ന **25** നമ്മുടെ കർത്താ
വായ യേശുവിനെ മരിച്ചവരിൽ
നിന്ന് ഉയിർപ്പിച്ചവനിൽ[f] വിശ്വസി
ക്കുന്ന[g] നമുക്കും കണക്കിടുവാനു
ള്ളതാകയാൽ തന്നെ.[g]

✵ ✵ ✵

***1. നീതീകരണത്തിൻ ഫലങ്ങൾ 12. പാപവും മരണവും ആദാമിനാലും 17. നീതീകരണവും ജീവനും ക്രിസ്തുവിനാലും വന്നു എന്നുള്ളത്.***

**5** വിശ്വാസത്താൽ നീതീകരിക്ക
പ്പെട്ടിട്ടു[a] നമ്മുടെ കർത്താ
വായ യേശുക്രിസ്തുമൂലം നമുക്ക്
ദൈവത്തോടു സമാധാനം ഉണ്ട്.[b]
**2** നാം നില്ക്കുന്ന[c] ഈ കൃപയി
ലേക്കു നമുക്ക് അവന്മൂലം വിശ്വാ
സത്താൽ പ്രവേശനവും ലഭിച്ചിരി
ക്കുന്നു;[d] നാം ദൈവതേജസ്സിന്റെ
പ്രത്യാശയിൽ പ്രശംസിക്കുന്നു.[e]
**3** അതുതന്നെ അല്ല, കഷ്ടത സഹി
ഷ്ണുത[f]യെയും സഹിഷ്ണുത
സിദ്ധതയെയും സിദ്ധത പ്രത്യാശ
യെയും ഉളവാക്കുന്നു[f] എന്ന് അറി
ഞ്ഞ് **4** നാം കഷ്ടങ്ങളിലും പ്രശം
സിക്കുന്നു.[g] **5** പ്രത്യാശയ്ക്കോ
ഭംഗം വരുന്നില്ല;[h] ദൈവത്തിന്റെ
സ്നേഹം നമുക്കു നല്കപ്പെട്ട പരി
ശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയ
ങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ.[i]
**6** നാം ബലഹീനർ ആയിരിക്കു
മ്പോൾ[j]തന്നെ ക്രിസ്തു തക്കസമ
യത്ത് അഭക്തർക്കുവേണ്ടി മരിച്ചു.[k]
**7** നീതിമാനുവേണ്ടി ആരെങ്കിലും
മരിക്കുന്നത് ദുർലഭം; ഗുണവാനു
വേണ്ടി പക്ഷേ മരിപ്പാൻ തുനിയു
മായിരിക്കും. **8** ക്രിസ്തുവോ നാം
പാപികൾ ആയിരിക്കുമ്പോൾ[l]തന്നെ
നമുക്കുവേണ്ടി മരിക്കയാൽ ദൈവം
തനിക്കു നമ്മോടുള്ള സ്നേഹത്തെ
പ്രദർശിപ്പിക്കുന്നു.[m] **9** അവന്റെ
രക്തത്താൽ[n] നീതീകരിക്കപ്പെട്ട
ശേഷമോ നാം അവനാൽ എത്ര
അധികമായി കോപത്തിൽ[o]നിന്നു
രക്ഷിക്കപ്പെടും. **10** ശത്രുക്കളായി
രിക്കുമ്പോൾ[p]തന്നെ നമുക്ക് അവ
ന്റെ പുത്രന്റെ മരണത്താൽ ദൈവ
ത്തോടു നിരപ്പ് വന്നു[q] എങ്കിൽ
നിരന്ന ശേഷം നാം അവന്റെ ജീവ
നാൽ[r] എത്ര അധികമായി രക്ഷി
ക്കപ്പെടും. **11** അത്രയുമല്ല, നമുക്ക്
ഇപ്പോൾ നിരപ്പു[s] ലഭിച്ചതിനു കാര
ണമായ നമ്മുടെ കർത്താവായ
യേശുക്രിസ്തു മുഖാന്തരം നാം
ദൈവത്തിൽ പ്രശംസിക്കയും ചെ
യ്യുന്നു.

**12** അതുകൊണ്ട് ഏകമനുഷ്യ
നാൽ പാപവും[t] പാപത്താൽ മര
ണവും[u] ലോകത്തിൽ കടന്നു. ഇ
ങ്ങനെ എല്ലാവരും പാപം ചെയ്ക
യാൽ[v] മരണം സകല മനുഷ്യരിലും
പരന്നിരിക്കുന്നു.[w] **13** പാപമോ
ന്യായപ്രമാണംവരെ ലോകത്തിൽ
ഉണ്ടായിരുന്നു; എന്നാൽ ന്യായപ്ര
മാണം ഇല്ലാതിരിക്കുമ്പോൾ പാപ
ത്തെ കണക്കിടുന്നില്ല.[x] **14** എങ്കി
ലും വരുവാനുള്ളവന്റെ[y] പ്രതിരൂപ
മായ[z] ആദാമിന്റെ ലംഘനത്തിനു

19.[y] *ഉൽപ.17:17*
[z] *എബ്രാ.11:12*
[a] *ഉൽപ.18:11*
21.[b] *ഉൽപ.18:14; (എബ്രാ.11:19)*
23.[c] *റോമ.15:4; 1കൊരി.9:9,10; 10:6,11; 2തിമൊ.3:16,17; (സങ്കീ.102:18)*
24.[d] *റോമ.5:6,8; 8:32; യെശ.53:5,6; മത്താ.20:28; ഗലാ.1:3; 1തിമൊ.1:15*
[e] *റോമ.5:18; (1കൊരി.15:17)*
25.[f] *അപ്പൊ.പ്ര.2:24*
[g] *റോമ.10:9; 1പത്രൊ.1:21*

**അധ്യായം 5**

1.[a] *റോമ.3:28*
[b] *(റോമ.15:13; എബ്രാ.12:28)*
2.[c] *1കൊരി.15:1*
[d] *എഫെ.2:18;3:12; (എബ്രാ.10:19,20; 1പത്രൊ.3:18)*
[e] *റോമ.5:11; എബ്രാ.3:6; (റോമ.12:12)*
3.[f] *ലൂക്കൊ.21:19; യാക്കോ.1:3*
4.[g] *മത്താ.5:12*
5.[h] *സങ്കീ.119:116; ഫിലി.1:20*
[i] *അപ്പൊ.പ്ര.2:17, 18,33;തീത്തൊ.3:7; (ഗലാ.4:6)*
6.[j] *റോമ.5:8,10; (ഹോശേ.13:9; എഫെ.2:5)*
[k] *റോമ.4:24*
8.[l] *റോമ.5:6,10*
[m] *യോഹ.3:16*
9.[n] *റോമ.3:25*
[o] *1തെസ്സ.1:10;2:16; റോമ.1:18*
10.[p] *റോമ.5:6,8; കൊലൊ.1:21; (റോമ.8:32)*
[q] *2കൊരി.5:18 - 20; എഫെ.2:16; കൊലൊ.1:20,21*
[r] *2കൊരി.4:10,11* 11.[s] *റോമ.11:15; 2കൊരി.5:18,19*
12.[t] *ഉൽപ.2:17;3:6; 1കൊരി.15:21,22; (റോമ.5:15 - 17; 6:9; സങ്കീ.51:5)* [u] *റോമ.6:23; യാക്കോ.1:15* [v] *എഫെ.2:3* [w] *(റോമ.5:14,21; 1കൊരി.15:22)* 13.[x] *റോമ.3:20*
14.[y] *(മത്താ.11:3)* [z] *1കൊരി.15:45*

തുല്യമായി[a] പാപം ചെയ്യാത്തവരി
ലും മരണം ആദാംമുതൽ മോശെ
വരെ വാണിരുന്നു. **15** എന്നാൽ
ലംഘനത്തിന്റെ കാര്യവും കൃപാ
വരത്തിന്റെ കാര്യവും ഒരുപോലെ
യല്ല; ഏകന്റെ ലംഘനത്താൽ അ
നേകർ മരിച്ചു എങ്കിൽ ദൈവകൃ
പയും ഏകമനുഷ്യനായ യേശു
ക്രിസ്തുവിന്റെ കൃപയാലുള്ള ദാന
വും അനേകർക്കുവേണ്ടി[b] ഏറ്റവും
അധികം കവിഞ്ഞിരിക്കുന്നു. **16** ഏ
കൻ പാപം ചെയ്തതിന്റെ ഫലവും
ദാനത്തിന്റെ കാര്യവും ഒരുപോലെ
യല്ല; ഏകന്റെ പാപം[c] ശിക്ഷാവിധി
കല്പിപ്പാൻ ഹേതുവായിത്തീർന്നു.
കൃപാവരമോ അനേക ലംഘനങ്ങളെ
മോചിക്കുന്ന നീതീകരണ[d]വിധി
ക്കു ഹേതുവായിത്തീർന്നു. **17** ഏക
ന്റെ ലംഘനത്താൽ മരണം ആ
ഏകൻ നിമിത്തം വാണു എങ്കിൽ
കൃപയുടെയും നീതിദാനത്തിന്റെ
യും സമൃദ്ധി ലഭിക്കുന്നവർ യേശു
ക്രിസ്തു എന്ന ഏകൻ നിമിത്തം
ഏറ്റവും അധികമായി ജീവനിൽ
വാഴും.[e] **18** അങ്ങനെ ഏകലംഘന
ത്താൽ സകല മനുഷ്യർക്കും ശി
ക്ഷാവിധി വന്നതുപോലെ ഏക
നീതിയാൽ സകല മനുഷ്യർക്കും[f]
ജീവകാരണമായ നീതീകരണവും[g]
വന്നു. **19** ഏകമനുഷ്യന്റെ അനു
സരണക്കേടിനാൽ[h] അനേകർ
പാപികളായിത്തീർന്നതുപോലെ
ഏകന്റെ അനുസരണത്താൽ[i] അ
നേകർ നീതിമാന്മാരായിത്തീരും.
**20** എന്നാൽ ലംഘനം പെരുകേണ്ട
തിനു ന്യായപ്രമാണവും ഇടയിൽ
ചേർന്നുവന്നു;[j] എങ്കിലും പാപം
പെരുകിയേടത്തു കൃപ അത്യന്തം
വർധിച്ചു.[k] **21** പാപം മരണത്താൽ
വാണതു[l]പോലെ കൃപയും നമ്മുടെ
കർത്താവായ യേശുക്രിസ്തു മുഖാ
ന്തരം നീതിയാൽ നിത്യജീവനായി
വാഴേണ്ടതിനു തന്നെ.[m]

❋ ❋ ❋

***1. നാം പാപത്തിൽ ഇരിക്കയും 12. അതു നമ്മിൽ ഭരിക്കയും അരുത് 23. പാപത്തിന്റെ ശമ്പളം മരണം എന്നുള്ളത്.***

**6** ആകയാൽ നാം എന്തു പറ
യേണ്ടൂ? കൃപ പെരുകേണ്ട
തിനു പാപം ചെയ്തുകൊണ്ടിരി
ക്ക എന്നോ?[a] ഒരുനാളും അരുത്.
**2** പാപസംബന്ധമായി മരിച്ചവരായ
നാം[b] ഇനി അതിൽ ജീവിക്കു
ന്നത് എങ്ങനെ? അല്ല, **3** യേശു
ക്രിസ്തുവിനോടു[c] ചേരുവാൻ
സ്നാനം ഏറ്റവരായ[d] നാം എല്ലാ
വരും അവന്റെ മരണത്തിൽ പങ്കാ
ളികളാകുവാൻ സ്നാനം ഏറ്റിരി
ക്കുന്നു എന്ന് നിങ്ങൾ അറിയുന്നി
ല്ലയോ? **4** അങ്ങനെ നാം അവന്റെ
മരണത്തിൽ പങ്കാളികളായിത്തീർന്ന
സ്നാനത്താൽ അവനോടുകൂടെ
കുഴിച്ചിടപ്പെട്ടു;[e] ക്രിസ്തു മരിച്ചിട്ടു
പിതാവിന്റെ മഹിമയാൽ[f] ജീവിച്ചെ
ഴുന്നേറ്റതു[g]പോലെ നാമും ജീവന്റെ
പുതുക്കത്തിൽ[h] നടക്കേണ്ടതിനു
തന്നെ. **5** അവന്റെ മരണത്തിന്റെ
സാദൃശ്യത്തോടു[i] നാം ഏകീഭവിച്ച
വരായെങ്കിൽ[j] പുനരുത്ഥാനത്തിന്റെ
സാദൃശ്യത്തോടും ഏകീഭവിക്കും.
**6** നാം ഇനി പാപത്തിന് അടിമ
പ്പെടാതവണ്ണം പാപശരീരത്തിനു
നീക്കം വരേണ്ടതിനു[k] നമ്മുടെ
പഴയ മനുഷ്യൻ[l] അവനോടുകൂടെ
ക്രൂശിക്കപ്പെട്ടു[m] എന്നു നാം അറി
യുന്നു. **7** അങ്ങനെ മരിച്ചവൻ[n] പാപ
ത്തിൽനിന്നു മോചനം പ്രാപിച്ചിരി
ക്കുന്നു.[o] **8** നാം ക്രിസ്തുവിനോടു
കൂടെ മരിച്ചു എങ്കിൽ[p] അവനോടു
കൂടെ ജീവിക്കും എന്നു വിശ്വസി
ക്കുന്നു. **9** ക്രിസ്തു മരിച്ചിട്ട് ഉയിർ
ത്തെഴുന്നേറ്റിരിക്കയാൽ ഇനി മരി
ക്കയില്ല;[q] മരണത്തിന് അവന്റെ
മേൽ ഇനി കർത്തൃത്വമില്ല[r] എന്നു
നാം അറിയുന്നുവല്ലോ. **10** അവൻ

14.[a] *ഹോശേ.6:7*
15.[b] *റോമ.5:19; യെശ.53:11*
16.[c] *1കൊരി.11:32*
[d] *റോമ.5:18; വെളി.19:8*
17.[e] *വെളി.22:5*
18.[f] *യോഹ.12:32*
[g] *റോമ.4:24,25*
19.[h] *(2കൊരി.10:6)*
[i] *എബ്രാ.5:8; (ഫിലി.2:8)*
20.[j] *ഗലാ.3:19; റോമ.3:20*
[k] *1തിമൊ.1:14*
21.[l] *(റോമ.5:12,14)*
[m] *യോഹ.1:17*

**അധ്യായം 6**

1.[a] *റോമ.6:15; (റോമ.3:8)*
2.[b] *റോമ.6:11;7:4,6; ഗലാ.2:19; കൊലൊ.2:20;3:3; 1പത്രൊ.2:24*
3.[c] *മത്താ.28:19*
[d] *ഗലാ.3:27*
4.[e] *കൊലൊ.2:12*
[f] *(യോഹ.11:40; 2കൊരി.13:4)*
[g] *റോമ.6:9;8:11; അപ്പൊ.പ്ര.2:24*
[h] *2കൊരി.5:17; ഗലാ.6:15; എഫെ.4:23,24; കൊലൊ.3:10; (റോമ.7:6)*
5.[i] *ഫിലി.3:10,11; (കൊലൊ.2:12)*
[j] *(2കൊരി.4:10)*
6.[k] *(റോമ.7:24)*
[l] *എഫെ.4:22; കൊലൊ.3:9*
[m] *ഗലാ.2:20; 5:24;6:14*
7.[n] *1പത്രൊ.4:2*
[o] *(റോമ.6:18)*
8.[p] *2തിമൊ.2:11; (2കൊരി.4:10;13:4)*
9.[q] *അപ്പൊ.പ്ര.13:34; വെളി.1:18* [r] *(റോമ.5:14,17)*

5:15 ***കൃപാവരത്തിന്റെ കാര്യവും ഒരുപോലെയല്ല:*** പൗലൊസ് ഇവിടെ സൂചിപ്പിക്കുന്ന കൃപാവരം നിത്യജീവനാണ്. ക്ഷമയും ദൈവത്തോടുള്ള നിരപ്പും സാധ്യമാക്കിയ ക്രിസ്തുവിനെ വിശ്വസിക്കുന്നവർക്കു ദൈവം നല്കുന്ന ദാനമാണിത്. ആദാമിന്റെ പാപം ശിക്ഷയും മരണവും കൊണ്ടുവന്നു.

മരിച്ചതു പാപസംബന്ധമായി ഒരിക്ക
ലായിട്ടു[s] മരിച്ചു; അവൻ ജീവിക്കു
ന്നതോ ദൈവത്തിനു ജീവിക്കുന്നു.
**11** അവ്വണ്ണം നിങ്ങളും പാപസംബ
ന്ധമായി മരിച്ചവർ[t] എന്നും ക്രിസ്തു
യേശുവിൽ ദൈവത്തിനു ജീവിക്കു
ന്നവർ എന്നും നിങ്ങളെത്തന്നെ
എണ്ണുവിൻ.
**12** ആകയാൽ പാപം നിങ്ങളുടെ
മർത്യശരീരത്തിൽ അതിന്റെ മോ
ഹങ്ങളെ അനുസരിക്കുമാറ് ഇനി
വാഴരുത്,[u] **13** നിങ്ങളുടെ അവയ
വങ്ങളെ അനീതിയുടെ ആയുധങ്ങ
ളായി[v] പാപത്തിനു സമർപ്പിക്കയും
അരുത്.[w] നിങ്ങളെത്തന്നെ മരിച്ചിട്ടു
ജീവിക്കുന്നവരായും നിങ്ങളുടെ
അവയവങ്ങളെ നീതിയുടെ ആയു
ധങ്ങളായും ദൈവത്തിനു സമർപ്പി
ച്ചുകൊൾവിൻ.[x] **14** നിങ്ങൾ ന്യായ
പ്രമാണത്തിനല്ല, കൃപയ്ക്കത്രേ അ
ധീനരാകയാൽ പാപം നിങ്ങളിൽ
കർത്തൃത്വം[y] നടത്തുകയില്ലല്ലോ.[z]
**15** എന്നാലെന്ത്? ന്യായപ്രമാണ
ത്തിനല്ല[a] കൃപയ്ക്കത്രേ അധീനരാക
യാൽ നാം പാപം ചെയ്ക എന്നോ?[b]
ഒരുനാളും അരുത്. **16** നിങ്ങൾ
ദാസന്മാരായി അനുസരിപ്പാൻ നിങ്ങ
ളെത്തന്നെ സമർപ്പിക്കയും[c] നിങ്ങൾ
അനുസരിച്ചുപോരുകയും ചെയ്യു
ന്നവനു ദാസന്മാർ ആകുന്നു എന്ന്
അറിയുന്നില്ലയോ? ഒന്നുകിൽ മരണ
ത്തിനായി പാപത്തിന്റെ ദാസന്മാർ,
അല്ലെങ്കിൽ നീതിക്കായി അനുസരണ
ത്തിന്റെ ദാസന്മാർതന്നെ. **17** എ
ന്നാൽ നിങ്ങൾ പാപത്തിന്റെ ദാസ
ന്മാർ ആയിരുന്നുവെങ്കിലും നിങ്ങ
ളെ പഠിപ്പിച്ച ഉപദേശരൂപത്തെ[d]
**18** ഹൃദയപൂർവം അനുസരിച്ച് പാപ
ത്തിൽനിന്നു സ്വാതന്ത്ര്യം ലഭിച്ചു[e]
നീതിക്കു ദാസന്മാരായിത്തീർന്നതു
കൊണ്ട്[f] ദൈവത്തിനു സ്തോത്രം.[g]
**19** നിങ്ങളുടെ ജഡത്തിന്റെ ബല
ഹീനതനിമിത്തം ഞാൻ മാനുഷരീ
തിയിൽ പറയുന്നു.[h] നിങ്ങളുടെ
അവയവങ്ങളെ അധർമത്തിനായി
അശുദ്ധിക്കും അധർമത്തിനും അ
ടിമകളാക്കി സമർപ്പിച്ചതുപോലെ[i]
ഇപ്പോൾ നിങ്ങളുടെ അവയവങ്ങളെ
വിശുദ്ധീകരണത്തിനായി നീതിക്ക്
അടിമകളാക്കി[j] സമർപ്പിപ്പിൻ. **20** നി
ങ്ങൾ പാപത്തിനു ദാസന്മാരായിരു
ന്നപ്പോൾ[k] നീതിയെ സംബന്ധിച്ചു
സ്വതന്ത്രരായിരുന്നുവല്ലോ. **21** നി
ങ്ങൾക്ക് അന്ന് എന്തൊരു ഫലം
ഉണ്ടായിരുന്നു?[l] ഇപ്പോൾ നിങ്ങൾ
ക്കു ലജ്ജ തോന്നുന്നതുതന്നെ.[m]
അതിന്റെ അവസാനം മരണമല്ലോ.[n]
**22** എന്നാൽ ഇപ്പോൾ പാപത്തിൽ
നിന്നു സ്വാതന്ത്ര്യം പ്രാപിച്ചു[o] ദൈവ
ത്തിനു ദാസന്മാരായിരിക്കയാൽ[p]
നിങ്ങൾക്കു ലഭിക്കുന്ന ഫലം[q] വിശു
ദ്ധീകരണവും അതിന്റെ അന്തം
നിത്യജീവനും ആകുന്നു.[r] **23** പാപ
ത്തിന്റെ ശമ്പളം മരണമത്രേ; ദൈവ
ത്തിന്റെ കൃപാവരമോ നമ്മുടെ കർ
ത്താവായ യേശുക്രിസ്തുവിൽ
നിത്യജീവൻ തന്നെ.[s]

❋ ❋ ❋

***1. വിശ്വാസി ന്യായപ്രമാണത്തിന് മരിച്ചവൻ 7. ന്യായപ്രമാണം ശുദ്ധമെങ്കിലും 14. ജഡമയന്മാരിൽ പാപവർദ്ധന കാരണമായിത്തീരുന്നു 24. പാപത്തോടുള്ള പോരാട്ടം.***

**7** സഹോദരന്മാരേ, ന്യായപ്രമാ
ണം അറിയുന്നവരോടല്ലോ
ഞാൻ സംസാരിക്കുന്നത്: മനുഷ്യൻ
ജീവനോടിരിക്കും കാലത്തൊക്കെ
യും ന്യായപ്രമാണത്തിന് അവന്റെ
മേൽ അധികാരം ഉണ്ട് എന്നു
നിങ്ങൾ അറിയുന്നില്ലയോ? **2** ഭർ
ത്താവുള്ള സ്ത്രീ ജീവിച്ചിരിക്കുന്ന
ഭർത്താവിനോടു ന്യായപ്രമാണ
ത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്നു.[a]
ഭർത്താവ് മരിച്ചാൽ അവൾ ഭർ
ത്തൃന്യായപ്രമാണത്തിൽനിന്ന് ഒഴി
വുള്ളവളായി. **3** ഭർത്താവ് ജീവി
ച്ചിരിക്കുമ്പോൾ അവൾ വേറേ പുരു
ഷന് ആയാൽ വ്യഭിചാരിണി എന്നു
പേർ വരും;[b] ഭർത്താവ് മരിച്ചു
എങ്കിലോ അവൾ വേറേ പുരുഷന്
ആയാൽ വ്യഭിചാരിണി എന്നു
വരാതവണ്ണം ന്യായപ്രമാണത്തിൽ
നിന്നു സ്വതന്ത്രയാകുന്നു **4** അതു
കൊണ്ടു സഹോദരന്മാരേ, നാം

10.[s] *എബ്രാ.7:27*
11.[t] *റോമ.6:2*
12.[u] *റോമ.6:14; സങ്കീ.19:13;119:133; മീഖാ.7:19; (2കൊരി.5:17)*
13.[v] *2കൊരി.10:4*
[w] *റോമ.7:5; കൊലൊ.3:5*
[x] *റോമ.12:1; 1പത്രൊ.2:24;4:2*
14.[y] *(റോമ.8:2,12)*
[z] *റോമ.6:12*
15.[a] *(1കൊരി.9:21)*
[b] *റോമ.6:1*
16.[c] *(റോമ.6:20; മത്താ.6:24); യോഹ.8:34*
17.[d] *(2തിമൊ.1:13)*
18.[e] *റോമ.6:22;8:2; (റോമ.6:7); യോഹ.8:32*
[f] *(റോമ.6:22)*
[g] *റോമ.1:8*
19.[h] *റോമ.3:5*
[i] *റോമ.6:13*
[j] *1കൊരി.9:27*
20.[k] *റോമ.6:16*
21.[l] *റോമ.7:5; (യിരെ.12:13)*
[m] *(2കൊരി.4:2)*
[n] *റോമ.1:32;8:6,13; സദൃ.14:12; ഗലാ.6:8*
22.[o] *റോമ.6:18*
[p] *1കൊരി.7:22; 1പത്രൊ.2:16*
[q] *റോമ.7:4*
[r] *1പത്രൊ.1:9*
23.[s] *(റോമ.2:7); റോമ.5:12*

**അധ്യായം 7**

2.[a] *1കൊരി.7:39*
3.[b] *മത്താ.5:32*

ദൈവത്തിനു ഫലം കായ്ക്കുമാറ്[c]
മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റവനായ
വേറൊരുവന് ആകേണ്ടതിന് നി
ങ്ങളും[d] ക്രിസ്തുവിന്റെ ശരീരം
മുഖാന്തരം[e] ന്യായപ്രമാണസംബ
ന്ധമായി[f] മരിച്ചിരിക്കുന്നു.[d] **5** നാം
ജഡത്തിലായിരുന്നപ്പോൾ ന്യായ
പ്രമാണത്താൽ ഉളവായ പാപരാഗ
ങ്ങൾ മരണത്തിനു ഫലം കായ്ക്ക
ത്തക്കവണ്ണം[g] നമ്മുടെ അവയവങ്ങ
ളിൽ[h] വ്യാപരിച്ചുപോന്നു. **6** ഇപ്പോ
ഴോ, നമ്മെ പിടിച്ചടക്കിയിരുന്ന
ന്യായപ്രമാണം സംബന്ധിച്ചു മരിച്ചി
രിക്കകൊണ്ട്, അക്ഷരത്തിന്റെ പഴ
ക്കത്തിലല്ല ആത്മാവിന്റെ[i] പുതുക്ക
ത്തിൽ[j] തന്നെ സേവിക്കേണ്ടതിനു
നാം ന്യായപ്രമാണത്തിൽനിന്ന് ഒഴി
വുള്ളവരായിരിക്കുന്നു.

**7** ആകയാൽ നാം എന്തു പറയേ
ണ്ടൂ? ന്യായപ്രമാണം പാപം എന്നോ?
ഒരുനാളും അരുത്. എങ്കിലും ന്യായ
പ്രമാണത്താൽ അല്ലാതെ ഞാൻ
പാപത്തെ അറിഞ്ഞില്ല;[k] മോഹി
ക്കരുത് എന്നു ന്യായപ്രമാണം പറ[l]
യാതിരുന്നെങ്കിൽ ഞാൻ മോഹ
ത്തെ അറികയില്ലായിരുന്നു. **8** പാപ
മോ അവസരം ലഭിച്ചിട്ടു[m] കല്പന
യാൽ എന്നിൽ സകലവിധ മോഹ
ത്തെയും ജനിപ്പിച്ചു; ന്യായപ്രമാ
ണം കൂടാതെ പാപം നിർജീവമാ
കുന്നു.[n] **9** ഞാൻ ഒരു കാലത്തു
ന്യായപ്രമാണം കൂടാതെ ജീവിച്ചി
രുന്നു; എന്നാൽ കല്പന വന്നപ്പോൾ
പാപം വീണ്ടും ജീവിക്കയും ഞാൻ
മരിക്കയും ചെയ്തു. **10** ഇങ്ങനെ
ജീവനായി ലഭിച്ചിരുന്ന[o] കല്പന
എനിക്ക് മരണഹേതുവായി തീർ
ന്നു എന്ന് ഞാൻ കണ്ടു. **11** പാപം
അവസരം ലഭിച്ചിട്ട്[p] കല്പനയാൽ
എന്നെ ചതിക്കയും[q] കൊല്ലുകയും
ചെയ്തു. **12** ആകയാൽ ന്യായപ്ര
മാണം വിശുദ്ധം;[r] കല്പന വിശു
ദ്ധവും ന്യായവും നല്ലതുംതന്നെ.

**13** എന്നാൽ നന്മയായുള്ളത് എ
നിക്കു മരണകാരണമായിത്തീർന്നു
എന്നോ? ഒരുനാളും അരുത്, പാപ
മത്രേ മരണമായിത്തീർന്നത്; അതു
നന്മയായുള്ളതിനെക്കൊണ്ട് എനി
ക്കു മരണം ഉളവാക്കുന്നതിനാൽ
പാപം എന്നു തെളിയേണ്ടതിനും
കല്പനയാൽ അത്യന്തം പാപമായി
ത്തീരേണ്ടതിനുംതന്നെ. **14** ന്യായ
പ്രമാണം ആത്മികം എന്നു നാം
അറിയുന്നുവല്ലോ; ഞാനോ ജഡമ
യൻ, പാപത്തിനു ദാസനായി വില്ക്ക
പ്പെട്ടവൻ[s] തന്നെ. **15** ഞാൻ പ്രവർ
ത്തിക്കുന്നതു ഞാൻ അറിയുന്നില്ല;
ഞാൻ ഇച്ഛിക്കുന്നതിനെയല്ല,[t] പക
യ്ക്കുന്നതിനെ അത്രേ ചെയ്യുന്നത്.
**16** ഞാൻ ഇച്ഛിക്കാത്തതിനെ ചെ
യ്യുന്നു എങ്കിലോ ന്യായപ്രമാണം
നല്ലത് എന്നു[u] ഞാൻ സമ്മതിക്കുന്നു.
**17** ആകയാൽ അതിനെ പ്രവർത്തി
ക്കുന്നതു ഞാനല്ല[v] എന്നിൽ വസി
ക്കുന്ന പാപമത്രേ. **18** എന്നിൽ
എന്നുവച്ചാൽ എന്റെ ജഡത്തിൽ
നന്മ വസിക്കുന്നില്ല[w] എന്നു ഞാൻ
അറിയുന്നു; നന്മ ചെയ്വാനുള്ള
താല്പര്യം എനിക്കുണ്ട്; പ്രവർത്തി
ക്കുന്നതോ ഇല്ല. **19** ഞാൻ ചെ
യ്വാൻ ഇച്ഛിക്കുന്ന നന്മ ചെയ്യുന്നി
ല്ലല്ലോ;[x] ഇച്ഛിക്കാത്ത തിന്മയത്രേ
പ്രവർത്തിക്കുന്നത്. **20** ഞാൻ ഇ
ച്ഛിക്കാത്തതിനെ ചെയ്യുന്നു എങ്കി
ലോ അതിനെ പ്രവർത്തിക്കുന്നതു
ഞാനല്ല[y] എന്നിൽ വസിക്കുന്ന പാപ
മത്രേ. **21** അങ്ങനെ നന്മ ചെയ്വാൻ
ഇച്ഛിക്കുന്ന ഞാൻ തിന്മ എന്റെ
പക്കൽ ഉണ്ട് എന്നൊരു പ്രമാണം
കാണുന്നു. **22** ഉള്ളംകൊണ്ടു[z]
ഞാൻ ദൈവത്തിന്റെ ന്യായപ്രമാ
ണത്തിൽ രസിക്കുന്നു.[a] **23** എങ്കി
ലും എന്റെ ബുദ്ധിയുടെ പ്രമാണ
ത്തോടു പോരാടുന്ന വേറൊരു
പ്രമാണം[b] ഞാൻ എന്റെ അവയവ
ങ്ങളിൽ കാണുന്നു; അത് എന്റെ

4.[c] *റോമ.6:22; ഗലാ.5:22; എഫെ.5:10*
[d] *റോമ.7:6;6:2*
[e] *(എഫെ.2:16; കൊലൊ.1:22)*
[f] *റോമ.8:2; ഗലാ.2:19;5:18; എഫെ.2:14,15; കൊലൊ.2:14*
5.[g] *റോമ.6:21,23*
[h] *റോമ.6:13*
6.[i] *റോമ.2:27,29; 2കൊരി.3:6*
[j] *റോമ.6:4,5*
7.[k] *റോമ.3:20*
[l] *റോമ.13:9; പുറ.20:17; ആവ.5:21; (പുറ.20:14)*
8.[m] *റോമ.7:11; (ഗലാ.5:13)*
[n] *1കൊരി.15:56*
10.[o] *റോമ.10:5*
11.[p] *റോമ.7:8*
[q] *(ഉൽപ.3:13; എബ്രാ.3:13)*
12.[r] *സങ്കീ.19:8,9; 119:137; 2പത്രൊ.2:21; (റോമ.7:16)*
14.[s] *1രാജാ.21:20,25; 2രാജാ.17:17; യെശ.50:1;52:3*
15.[t] *റോമ.7:18,19; (ഗലാ.5:17)*
16.[u] *1തിമൊ.1:10; (റോമ.7:12)*
17.[v] *റോമ.7:20*
18.[w] *ഉൽപ.6:5;8:21; ഇയ്യോ.14:4;15:14; സങ്കീ.51:5; യിരെ.17:9*
19.[x] *റോമ.7:15*
20.[y] *റോമ.7:17*
22.[z] *2കൊരി.4:16; എഫെ.3:16; (1പത്രൊ.3:4)*
[a] *സങ്കീ.1:2;112:1; 119:35* 23.[b] *ഗലാ.5:17; (യാക്കോ.4:1)*

7:14 ***ന്യായപ്രമാണം ആത്മികം:*** പൗലൊസിനു ന്യായപ്രമാണം ദൈവത്തിൽനിന്നു ലഭിച്ചതും ദൈവത്തിന്റെ പൂർണമായ ഹിതം വെളിപ്പെടുത്തുന്നതുമാണ്. പൗലൊസ് കേവലം മനുഷ്യൻ മാത്രമാകയാൽ അപൂർണനും പാപത്തിന്റെ അടിമയുമാണ്.

അവയവങ്ങളിലുള്ള പാപപ്രമാണ
ത്തിന് എന്നെ ബദ്ധനാക്കിക്കളയു
ന്നു. **24** അയ്യോ, ഞാൻ അരിഷ്ട
മനുഷ്യൻ! ഈ മരണത്തിന് അധീ
നമായ ശരീര[c]ത്തിൽനിന്ന് എന്നെ
ആർ വിടുവിക്കും? **25** നമ്മുടെ കർ
ത്താവായ യേശുക്രിസ്തു മുഖാന്തരം
ഞാൻ ദൈവത്തിനു സ്തോത്രം ചെ
യ്യുന്നു.[d] ഇങ്ങനെ ഞാൻ തന്നെ
ബുദ്ധികൊണ്ടു ദൈവത്തിന്റെ പ്രമാ
ണത്തെയും ജഡംകൊണ്ടു പാപ
ത്തിന്റെ പ്രമാണത്തെയും സേവി
ക്കുന്നു.

❋ ❋ ❋

***1. ക്രിസ്തുവിലുള്ളവർക്ക് ശിക്ഷാവിധി വരാതെ 5. ജഡനിഗ്രഹവും ദൈവപുത്രത്വവും പ്രാപിച്ചു 18. മഹത്ത്വത്തിൻ പ്രത്യാശയിൽ വേരൂന്നി 31. ഭയഹീനർ ആകുന്നത്.***

**8** അതുകൊണ്ട് ഇപ്പോൾ ക്രിസ്തു
യേശുവിലുള്ളവർക്ക് ഒരു ശി
ക്ഷാവിധിയും ഇല്ല. **2** ജീവന്റെ
ആത്മാവിന്റെ[a] പ്രമാണം എനിക്കു
പാപത്തിന്റെയും മരണത്തിന്റെയും
പ്രമാണത്തിൽനിന്നു ക്രിസ്തുയേ
ശുവിൽ സ്വാതന്ത്ര്യം വരുത്തിയിരി
ക്കുന്നു.[b] **3** ജഡത്താലുള്ള ബല
ഹീനത നിമിത്തം[c] ന്യായപ്രമാണ
ത്തിനു കഴിയാഞ്ഞതിനെ[d] (സാധി
പ്പാൻ) ദൈവം തന്റെ പുത്രനെ[e]
പാപജഡത്തിന്റെ സാദൃശ്യത്തിലും[f]
പാപം നിമിത്തവും[g] അയച്ചു,[e] പാപ
ത്തിനു ജഡത്തിൽ ശിക്ഷ വിധിച്ചു.
**4** ജഡത്തെയല്ല ആത്മാവിനെ
അത്രേ അനുസരിച്ചു നടക്കുന്ന[h]
നമ്മിൽ ന്യായപ്രമാണത്തിന്റെ നീതി
നിവൃത്തിയാകേണ്ടതിനുതന്നെ.[i]
**5** ജഡസ്വഭാവമുള്ളവർ[j] ജഡത്തി
നുള്ളതും[k] ആത്മസ്വഭാവമുള്ളവർ
ആത്മാവിനുള്ളതും[l] ചിന്തിക്കുന്നു.
**6** ജഡത്തിന്റെ ചിന്ത മരണം;[m]
ആത്മാവിന്റെ ചിന്തയോ ജീവനും
സമാധാനവുംതന്നെ. **7** ജഡത്തിന്റെ
ചിന്ത ദൈവത്തോടു ശത്രുത്വം[n] ആ
കുന്നു; അതു ദൈവത്തിന്റെ ന്യായ
പ്രമാണത്തിനു കീഴ്പെടുന്നില്ല,
കീഴ്പെടുവാൻ കഴിയുന്നതുമല്ല.[o]
**8** ജഡസ്വഭാവമുള്ളവർക്കു ദൈ
വത്തെ പ്രസാദിപ്പിപ്പാൻ കഴിവില്ല.
**9** നിങ്ങളോ, ദൈവത്തിന്റെ ആ
ത്മാവ് നിങ്ങളിൽ വസിക്കുന്നു[p]
എന്നുവരികിൽ ജഡസ്വഭാവമുള്ള
വരല്ല ആത്മസ്വഭാവമുള്ളവരത്രേ.
ക്രിസ്തുവിന്റെ ആത്മാവി[q]ല്ലാത്ത
വൻ[r] അവനുള്ളവനല്ല. **10** ക്രിസ്തു
നിങ്ങളിൽ ഉണ്ടെങ്കിലോ ശരീരം
പാപം നിമിത്തം മരിക്കേണ്ടതെ
ങ്കിലും ആത്മാവ് നീതിനിമിത്തം
ജീവനാകുന്നു. **11** യേശുവിനെ
മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ[s]
ആത്മാവ് നിങ്ങളിൽ വസിക്കുന്നു
എങ്കിൽ ക്രിസ്തുയേശുവിനെ
മരണത്തിൽനിന്ന് ഉയിർപ്പിച്ചവൻ
നിങ്ങളിൽ വസിക്കുന്ന തന്റെ ആ
ത്മാവിനെക്കൊണ്ടു[t] നിങ്ങളുടെ മർ
ത്യശരീരങ്ങളെയും ജീവിപ്പിക്കും.
**12** ആകയാൽ സഹോദരന്മാരേ,
നാം ജഡത്തെ അനുസരിച്ചു ജീവി
ക്കേണ്ടതിന് ജഡത്തിനല്ല[u] കട
ക്കാരാകുന്നത്. **13** നിങ്ങൾ ജഡ
ത്തെ അനുസരിച്ചു ജീവിക്കുന്നു
എങ്കിൽ മരിക്കും നിശ്ചയം; ആ
ത്മാവിനാൽ ശരീരത്തിന്റെ പ്രവൃ
ത്തികളെ മരിപ്പിക്കുന്നു എങ്കിലോ[v]
നിങ്ങൾ ജീവിക്കും. **14** ദൈവാ
ത്മാവ് നടത്തുന്നവർ[w] ഏവരും
ദൈവത്തിന്റെ മക്കൾ[x] ആകുന്നു.
**15** നിങ്ങൾ പിന്നെയും ഭയപ്പെടേ
ണ്ടതിനു ദാസ്യത്തിന്റെ ആത്മാ
വിനെ[y] അല്ല;[z] നാം അബ്ബാ പിതാ
വേ[a], എന്നു വിളിക്കുന്ന പുത്രത്വ
ത്തിൻ[b] ആത്മാവിനെ അത്രേ പ്രാ
പിച്ചത്. **16** നാം ദൈവത്തിന്റെ
മക്കൾ എന്ന് ആത്മാവുതാനും നമ്മു
ടെ ആത്മാവോടുകൂടെ സാക്ഷ്യം
പറയുന്നു.[c] **17** നാം മക്കൾ എങ്കി
ലോ അവകാശികളും ആകുന്നു;[d]
ദൈവത്തിന്റെ അവകാശികളും
ക്രിസ്തുവിനു കൂട്ടവകാശികളും
തന്നെ; നാം അവനോടുകൂടെ തേജ
സ്കരിക്കപ്പെടേണ്ടതിന് അവനോ
ടുകൂടെ കഷ്ടമനുഭവിച്ചാലത്രേ.[e]

*24.[c] (റോമ.6:6;8:23)*
*25.[d] 1കൊരി.15:57*

**അധ്യായം 8**

*2.[a] 1കൊരി.15:45; 2കൊരി.3:6*
*[b] റോമ.8:12; 6:14,18; 7:4*
*3.[c] ഗലാ.4:9; എബ്രാ.7:18*
*[d] എബ്രാ.10:1,2,10,14; അപ്പൊ.പ്ര.13:39*
*[e] 2കൊരി.5:21*
*[f] ഫിലി.2:7; യോഹ.1:14*
*[g] ലേവ്യാ.16:5; എബ്രാ.10:6,8;13:11*
*4.[h] ഗലാ.5:16,25*
*[i] റോമ.1:32;2:26*
*5.[j] (ഗലാ.6:8)*
*[k] ഗലാ.5:19 - 21*
*[l] ഗലാ.5:22,23,25*
*6.[m] റോമ.8:13; (കൊലൊ.2:18); റോമ.6:21*
*7.[n] യാക്കോ.4:4*
*[o] 1കൊരി.2:14,15*
*9.[p] റോമ.8:11; 1കൊരി.3:16;6:19; 2കൊരി.6:16; 2തിമൊ.1:14*
*[q] അപ്പൊ.പ്ര.16:7*
*[r] യൂദാ.19; (യോഹ.14:17)*
*11.[s] അപ്പൊ.പ്ര.2:24*
*[t] (2കൊരി.3:6)*
*12.[u] റോമ.8:2*
*13.[v] കൊലൊ.3:5*
*14.[w] ഗലാ.5:18*
*[x] റോമ.8:16,19; 9:8,26; ആവ.14:1; ഹോശേ.1:10; യോഹ.1:12; 1യോഹ.3:1*
*15.[y] 2തിമൊ.1:7; (ഗലാ.2:4; എബ്രാ.2:15; 1യോഹ.4:18)*
*[z] 1കൊരി.2:12*
*[a] ഗലാ.4:6; (മർക്കൊ.14:36)*
*[b] റോമ.8:23; ഗലാ.4:5; (റോമ.9:4; യെശ.56:5; യിരെ.31:9)* 16.[c] *2കൊരി.1:22;5:5; എഫെ.1:13,14; 1യോഹ.3:24* 17.[d] *ഗലാ.3:29;4:7; തീത്തൊ.3:6*
*[e] 2കൊരി.1:7; 2തിമൊ.2:12; അപ്പൊ.പ്ര.14:22*

**18** നമ്മിൽ വെളിപ്പെടുവാനുള്ള
തേജസ്സു[f] വിചാരിച്ചാൽ ഈ കാല
ത്തിലെ കഷ്ടങ്ങൾ സാരമില്ല[g]
എന്നു ഞാൻ എണ്ണുന്നു. **19** സൃ
ഷ്ടി ദൈവപുത്രന്മാരുടെ വെളിപ്പാ
ടിനെ[f] ആകാംക്ഷയോടെ കാത്തി
രിക്കുന്നു. **20** സൃഷ്ടി ദ്രവത്വത്തി
ന്റെ ദാസ്യത്തിൽനിന്നു വിടുതലും[h]
ദൈവമക്കളുടെ തേജസ്സാകുന്ന
സ്വാതന്ത്ര്യവും പ്രാപിക്കും എന്നുള്ള
ആശയോടെ മായയ്ക്കു കീഴ്പെട്ടി
രിക്കുന്നു,[i] **21** മനഃപൂർവമായിട്ടല്ല,
അതിനെ കീഴ്പെടുത്തിയവന്റെ കല്
പന നിമിത്തമത്രേ.[j] **22** സർവസൃ
ഷ്ടിയും[k] ഇന്നുവരെ ഒരുപോലെ
ഞരങ്ങി ഈറ്റുനോവോടിരിക്കു
ന്നു[l] എന്നു നാം അറിയുന്നുവല്ലോ.
**23** ആത്മാവെന്ന ആദ്യദാനം[m] ലഭി
ച്ചിരിക്കുന്ന നാമും നമ്മുടെ ശരീ
രത്തിന്റെ വീണ്ടെടുപ്പായ[n] പുത്രത്വ
ത്തിനു കാത്തുകൊണ്ട്[o] ഉള്ളിൽ
ഞരങ്ങുന്നു.[p] **24** പ്രത്യാശയാലല്ലോ
നാം രക്ഷിക്കപ്പെട്ടിരിക്കുന്നത്.[q]
കാണുന്ന പ്രത്യാശയോ പ്രത്യാശ
യല്ല;[r] ഒരുത്തൻ കാണുന്നതിനായി
ഇനി പ്രത്യാശിക്കുന്നത് എന്തിന്?
**25** നാം കാണാത്തതിനായി പ്രത്യാ
ശിക്കുന്നു എങ്കിലോ അതിനായി
ക്ഷമയോടെ[q] കാത്തിരിക്കുന്നു.

**26** അവ്വണ്ണംതന്നെ ആത്മാവ്
നമ്മുടെ ബലഹീനതയ്ക്കു തുണ
നില്ക്കുന്നു. വേണ്ടുംപോലെ പ്രാർ
ഥിക്കേണ്ടത് എന്തെന്നു നാം അറി
യുന്നില്ലല്ലോ.[s] ആത്മാവുതന്നെ
ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ
നമുക്കുവേണ്ടി പക്ഷവാദം ചെ
യ്യുന്നു.[t] **27** എന്നാൽ ആത്മാവു
വിശുദ്ധർക്കുവേണ്ടി[u] ദൈവഹിത
പ്രകാരം[v] പക്ഷവാദം ചെയ്യുന്ന
തു[u] കൊണ്ട് ആത്മാവിന്റെ ചിന്ത[w]
ഇന്നതെന്നു ഹൃദയങ്ങളെ പരിശോ
ധിക്കുന്നവൻ അറിയുന്നു.[x] **28** എ
ന്നാൽ ദൈവത്തെ സ്നേഹിക്കുന്ന
വർക്ക്, നിർണയപ്രകാരം വിളിക്ക
പ്പെട്ടവർക്കു[y] തന്നെ, സകലവും നന്മ
യ്ക്കായി[z] കൂടി വ്യാപരിക്കുന്നു എ
ന്നു നാം അറിയുന്നു. **29** അവൻ
മുന്നറിഞ്ഞവരെ[a] തന്റെ പുത്രൻ
അനേകം സഹോദരന്മാരിൽ ആദ്യ
ജാതൻ ആകേണ്ടതിന്[b] അവന്റെ
സ്വരൂപത്തോട് അനുരൂപരാകു
വാൻ[c] മുൻനിയമിച്ചു[d] മിരിക്കുന്നു.
**30** മുൻനിയമിച്ചവരെ വിളിച്ചും വി
ളിച്ചവരെ നീതീകരിച്ചും[e] നീതീകരി
ച്ചവരെ തേജസ്കരിച്ചു[f] മിരിക്കുന്നു.

**31** ഇതു സംബന്ധിച്ചു നാം എ
ന്തു പറയേണ്ടൂ? ദൈവം നമുക്ക്
അനുകൂലം എങ്കിൽ[g] നമുക്കു പ്ര
തികൂലം ആർ? **32** സ്വന്തപുത്രനെ
ആദരിക്കാതെ[h] നമുക്ക് എല്ലാവർ
ക്കുംവേണ്ടി ഏല്പിച്ചുതന്നവൻ[i]
അവനോടുകൂടെ സകലവും നമുക്കു
നല്കാതിരിക്കുമോ? **33** ദൈവം
തിരഞ്ഞെടുത്തവരെ ആർ കുറ്റം
ചുമത്തും? നീതീകരിക്കുന്നവൻ
ദൈവം.[j] **34** ശിക്ഷ വിധിക്കുന്ന
വൻ ആർ?[k] ക്രിസ്തുയേശു മരിച്ച
വൻ; മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റ
വൻതന്നെ; അവൻ ദൈവത്തിന്റെ
വലത്തുഭാഗത്തിരിക്കയും[l] നമുക്കു
വേണ്ടി പക്ഷവാദം കഴിക്കയും
ചെയ്യുന്നു.[m] **35** ക്രിസ്തുവിന്റെ
സ്നേഹത്തിൽനിന്നു നമ്മെ വേർ
പിരിക്കുന്നതാർ? കഷ്ടതയോ സങ്ക
ടമോ ഉപദ്രവമോ പട്ടിണിയോ നഗ്ന
തയോ ആപത്തോ വാളോ?

**36**[n] "നിന്റെ നിമിത്തം ഞങ്ങളെ
ഇടവിടാതെ കൊല്ലുന്നു;[o] അറുപ്പാ
നുള്ള ആടുകളെപ്പോലെ ഞങ്ങ
ളെ എണ്ണുന്നു"
എന്ന് എഴുതിയിരിക്കുന്നുവല്ലോ.
**37** നാമോ നമ്മെ സ്നേഹിച്ചവൻ[p]
മുഖാന്തരം ഇതിലൊക്കെയും പൂർ
ണജയം പ്രാപിക്കുന്നു.[q] **38** മരണ
ത്തിനോ ജീവനോ ദൂതന്മാർക്കോ

18.[f] 1പത്രൊ.4:13;5:1; 1യോഹ.3:2; (റോമ.2:7) [g] 2കൊരി.4:17; (1പത്രൊ.1:5,6) 19.[f] (വാ.18 കാ.) 20.[h] അപ്പൊ.പ്ര.3:19 [i] ഉൽപ.3:18,19; സഭാ.1:2 21.[j] ഉൽപ.3:17 22.[k] മർക്കൊ.16:15 [l] യിരെ.12:4,11 23.[m] (2കൊരി.5:5; യാക്കോ.1:18) [n] റോമ.7:24; ലൂക്കൊ.21:28 [o] റോമ.8:19,25; യെശ.25:9; ഗലാ.5:5 [p] 2കൊരി.5:2,4 24.[q] (1തെസ്സ.1:3;5:8) [r] 2കൊരി.4:18; എബ്രാ.11:1 25.[q] (വാ.24 കാ.) 26.[s] (മത്താ.20:22; യാക്കോ.4:3) [t] സെഖ.12:10; എഫെ.6:18; യോഹ.14:16 27.[u] (റോമ.8:34) [v] (1യോഹ.5:14) [w] റോമ.8:6 [x] 1ശമൂ.16:7; 1ദിന.28:9; സദൃ.15:11;17:3; യിരെ.11:20;17:10; ലൂക്കൊ.16:15; 1തെസ്സ.2:4; വെളി.2:23 28.[y] റോമ.9:23; 1കൊരി.1:9;7:15,17; ഗലാ.1:15;5:8; എഫെ.4:1,4; 2തിമൊ.1:9; എബ്രാ.9:15 [z] എസ്രാ.8:22; (സഭാ.8:12)

29.[a] റോമ.11:2; 1പത്രൊ.1:2 [b] കൊലൊ.1:15,18; എബ്രാ.1:6; വെളി.1:5 [c] ഫിലി.3:21; (1കൊരി.15:49; കൊലൊ.3:10); 1യോഹ.3:2 [d] 1കൊരി.2:7; എഫെ.1:6,11; (റോമ.9:23) 30.[e] 1കൊരി.6:11 [f] യോഹ.17:22; (എബ്രാ.2:10) 31.[g] സംഖ്യാ.14:9; 2രാജാ.6:16; സങ്കീ.118:6; 1യോഹ.4:4 32.[h] യോഹ.3:16 [i] റോമ.4:24 33.[j] യെശ.50:8,9; (വെളി.12:10,11) 34.[k] റോമ.8:1 [l] മർക്കൊ.16:19 [m] എബ്രാ.7:25; 1യോഹ.2:1; (റോമ.8:27) 36.[n] സങ്കീ.44:22 [o] 1കൊരി.4:9;15:30,31; 2കൊരി.4:10,11; അപ്പൊ.പ്ര.20:24 37.[p] ഗലാ.2:20; എഫെ.5:2; വെളി.1:6;3:9 [q] 1കൊരി.15:57; യോഹ.16:33

വാഴ്ചകൾക്കോ അധികാരങ്ങൾ
ക്കോ ഇപ്പോഴുള്ളതിനോ വരുവാനു
ള്ളതിനോ **39** ഉയരത്തിനോ ആഴ
ത്തിനോ മറ്റു യാതൊരു സൃഷ്ടി
ക്കോ നമ്മുടെ കർത്താവായ യേശു
ക്രിസ്തുവിലുള്ള ദൈവസ്നേഹ
ത്തിൽനിന്നു നമ്മെ വേർപിരിപ്പാൻ
കഴികയില്ല എന്നു ഞാൻ ഉറച്ചിരി
ക്കുന്നു.

❋ ❋ ❋

***1. യെഹൂദന്മാരെക്കുറിച്ചു പൗലൊസിന്റെ ദുഃഖം 6. വിശ്വസിക്കുന്നവർ മാത്രം അബ്രാഹാമിന്റെ മക്കൾ 11. തെരഞ്ഞെടുപ്പ്.***

**9** ഞാൻ ക്രിസ്തുവിൽ സത്യം
പറയുന്നു;[a] ഞാൻ പറയുന്നതു
ഭോഷ്കല്ല; **2** എനിക്കു വലിയ
ദുഃഖവും ഹൃദയത്തിൽ ഇടവി
ടാതെ നോവും ഉണ്ട് എന്ന് എന്റെ
മനസ്സാക്ഷി എനിക്കു പരിശുദ്ധാ
ത്മാവിൽ സാക്ഷിയായിരിക്കുന്നു.
**3** ജഡപ്രകാരം[b] എന്റെ ചാർച്ചക്കാ
രായ എന്റെ സഹോദരന്മാർക്കു
വേണ്ടി ഞാൻതന്നെ ക്രിസ്തുവി
നോടു വേർവിട്ടു ശാപഗ്രസ്തനാ[c]
വാൻ ഞാൻ ആഗ്രഹിക്കാമായി
രുന്നു.[d] **4** അവർ യിസ്രായേല്യർ[e]
പുത്രത്വവും[f] തേജസ്സും[g] നിയമ
ങ്ങളും[h] ന്യായപ്രമാണവും[i] ആരാ
ധനയും[j] വാഗ്ദത്തങ്ങളും[k] അവർ
ക്കുള്ളവ; **5** പിതാക്കന്മാരും[l] അ
വർക്കുള്ളവർതന്നെ; ജഡപ്രകാരം
ക്രിസ്തുവും അവരിൽനിന്നല്ലോ
ഉദ്ഭവിച്ചത്; അവൻ സർവത്തിനും
മീതെ[m] ദൈവമായി എന്നെന്നേ
ക്കും വാഴ്ത്തപ്പെട്ടവൻ.[n] ആമേൻ.
**6** ദൈവവചനം വൃഥാവായിപ്പോയി
എന്നല്ല; യിസ്രായേലിൽനിന്ന് ഉദ്ഭ
വിച്ചവർ എല്ലാം യിസ്രായേല്യർ
എന്നും **7** അബ്രാഹാമിന്റെ സന്ത
തിയാകയാൽ[o] എല്ലാവരും മക്കൾ
എന്നും വരികയില്ല:

[p]“യിസ്ഹാക്കിൽനിന്നു ജനിക്കു
ന്നവർ നിന്റെ സന്തതി എന്നു വിളി
ക്കപ്പെടും”

എന്നേയുള്ളൂ. **8** അതിന്റെ അർഥ
മോ: ജഡപ്രകാരം ജനിച്ച മക്കൾ
അല്ല ദൈവത്തിന്റെ മക്കൾ; വാഗ്ദ
ത്തപ്രകാരം ജനിച്ച മക്കളെയത്രേ
സന്തതി എന്ന് എണ്ണുന്നു.[q]

**9** [r]“ഈ സമയത്തേക്കു ഞാൻ
വരും; അപ്പോൾ സാറായ്ക്ക് ഒരു
മകൻ ഉണ്ടാകും”

എന്നല്ലോ വാഗ്ദത്തവചനം. **10** അ
ത്രയുമല്ല, റിബെക്കായും നമ്മുടെ
പിതാവായ യിസ്ഹാക് എന്ന ഏക
നാൽ ഗർഭം ധരിച്ചു,[s] **11** കുട്ടികൾ
ജനിക്കയോ ഗുണമാകട്ടെ ദോഷ
മാകട്ടെ ഒന്നും പ്രവർത്തിക്കയോ
ചെയ്യുംമുമ്പേ തിരഞ്ഞെടുപ്പിൻ
പ്രകാരമുള്ള ദൈവനിർണയം പ്ര
വൃത്തികൾ നിമിത്തമല്ല വിളിച്ച
വന്റെ[t] ഇഷ്ടം നിമിത്തം തന്നെ
വരേണ്ടതിന്:

**12** [u]“മൂത്തവൻ ഇളയവനെ
സേവിക്കും” എന്ന് അവളോട് അരു
ളിച്ചെയ്തു. **13** [v]“ഞാൻ യാക്കോ
ബിനെ സ്നേഹിച്ച് ഏശാവിനെ
ദ്വേഷിച്ചിരിക്കുന്നു”

എന്ന് എഴുതിയിരിക്കുന്നുവല്ലോ.
**14** ആകയാൽ നാം എന്തു പറയേ
ണ്ടൂ? ദൈവത്തിന്റെ പക്കൽ അനീ
തി ഉണ്ടോ?[w] ഒരുനാളും ഇല്ല.

**15** [x]“എനിക്കു കരുണ തോന്നേ
ണം എന്നുള്ളവനോട് കരുണ
തോന്നുകയും എനിക്കു കനിവ്
തോന്നേണം എന്നുള്ളവനോട്
കനിവു തോന്നുകയും ചെയ്യും”

എന്ന് അവൻ മോശെയോട് അരു
ളിച്ചെയ്യുന്നു. **16** അതുകൊണ്ട്
ഇച്ഛിക്കുന്നവനാലുമല്ല , ഓടുന്ന
വനാലുമല്ല, കരുണ തോന്നുന്ന
ദൈവത്താലത്രേ സകലവും സാ
ധിക്കുന്നത്.

**17** [y]“ഇതിനായിട്ടുതന്നെ ഞാൻ
നിന്നെ നിർത്തിയിരിക്കുന്നത്;
നിന്നിൽ എന്റെ ശക്തി കാണിക്കേ
ണ്ടതിനും എന്റെ നാമം സർവഭൂമി
യിലും പ്രസ്താവിക്കപ്പെടേണ്ട
തിനും തന്നെ”

**അധ്യായം 9**

1.[a] *2കൊരി.11:10; 1തിമൊ.2:7; (2കൊരി.12:19; ഗലാ.1:20); റോമ.1:10*
3.[b] *(റോമ.11:14)* [c] *1കൊരി.12:3; 16:22; ഗലാ.1:8,9* [d] *(പുറ.32:32)*
4.[e] *(റോമ.9:6;2:28,29; ഗലാ.6:16)* [f] *(പുറ.4:22); റോമ.8:15* [g] *പുറ.40:34; 1ശമൂ.4:21; 1രാജാ.8:11* [h] *ഉൽപ.17:2 ആവ.29:13; ഗലാ.4:24; എഫെ.2:12; (ലൂക്കൊ.1:75; അപ്പൊ.പ്ര.3:25)* [i] *ആവ.4:14; (സങ്കീ.147:19)* [j] *എബ്രാ.9:1; (റോമ.12:1)* [k] *(എഫെ.2:12); യോഹ.4:22; അപ്പൊ.പ്ര.13:32*
5.[l] *റോമ.11:28* [m] *(എഫെ.4:6; കൊലൊ.1:16 - 19)* [n] *റോമ.1:25; യോഹ.1:1; 2കൊരി.11:31; എബ്രാ.1:8; (യിരെ.23:6; കൊലൊ.2:9)*
7.[o] *(ഗലാ.4:23); യോഹ.8:33* [p] *എബ്രാ.11:18;* ***ഉൽപ.21:12;*** *(ഗലാ.3:29)*
8.[q] *ഗലാ.4:23,28*
9.[r] ***ഉൽപ.18:10,14;*** *(ഉൽപ.17:21)*
10.[s] *ഉൽപ.25:21*
11.[t] *(റോമ.4:17); റോമ.8:28*

12.[u] ***ഉൽപ.25:23*** 13.[v] ***മലാ.1:2,3*** 14.[w] *ആവ.32:4; 2ദിന.19:7; ഇയ്യോ.8:3;34:10; സങ്കീ.92:15*
15.[x] ***പുറ.33:19*** 17.[y] ***പുറ.9:16***

എന്നു തിരുവെഴുത്തിൽ ഫറവോ
നോട് അരുളിച്ചെയ്യുന്നു. **18** അങ്ങ
നെ തനിക്കു മനസ്സുള്ളവനോട്
അവനു കരുണ തോന്നുന്നു; തനി
ക്കു മനസ്സുള്ളവരെ അവൻ കഠിന
നാക്കുന്നു.[z]
**19** ആകയാൽ അവൻ പിന്നെ
കുറ്റം പറയുന്നത് എന്ത്? ആർ അ
വന്റെ ഇഷ്ടത്തോട് എതിർത്തുനി
ല്ക്കുന്നു[a] എന്നു നീ എന്നോടു
ചോദിക്കും. **20** അയ്യോ, മനുഷ്യാ,
ദൈവത്തോടു പ്രത്യുത്തരം പറ
യുന്ന[b] നീ ആർ? മനഞ്ഞിരിക്കു
ന്നതു മനഞ്ഞവനോട്: നീ എന്നെ
ഇങ്ങനെ ചമച്ചത് എന്ത് എന്നു
ചോദിക്കുമോ?[c] **21** അല്ല, കുശ
വന്[d] അതേ പിണ്ഡത്തിൽനിന്ന്
ഒരു പാത്രം മാനത്തിനും മറ്റൊരു
പാത്രം അപമാനത്തിനും[e] ഉണ്ടാ
ക്കുവാൻ മണ്ണിന്മേൽ അധികാരം
ഇല്ലയോ?[f] **22** എന്നാൽ ദൈവം
തന്റെ കോപം കാണിപ്പാനും ശക്തി
വെളിപ്പെടുത്തുവാനും **23** യെഹൂ
ദന്മാരിൽനിന്നു മാത്രമല്ല;[g] ജാതിക
ളിൽനിന്നും വിളിച്ചു[h] തേജസ്സി
നായി മുന്നൊരുക്കിയ[i] കരുണാപാ
ത്രങ്ങളായ നമ്മിൽ; **24** തന്റെ തേജ
സ്സിന്റെ ധനം[j] വെളിപ്പെടുത്തുവാ
നും ഇച്ഛിച്ചിട്ടു നാശയോഗ്യമായ[k]
കോപപാത്രങ്ങളെ[l] വളരെ ദീർഘ
ക്ഷമയോടെ സഹിച്ചു എങ്കിൽ
എന്ത്?
**25** [m]"എന്റെ ജനമല്ലാത്തവരെ
എന്റെ ജനം എന്നും പ്രിയയല്ലാ
ത്തവളെ പ്രിയ എന്നും ഞാൻ
വിളിക്കും. **26** [n]നിങ്ങൾ എന്റെ
ജനമല്ല എന്ന് അവരോട് പറഞ്ഞ
ഇടത്തിൽ അവർ ജീവനുള്ള ദൈവ[o]
ത്തിന്റെ മക്കൾ എന്നു വിളിക്ക
പ്പെടും"
എന്നു ഹോശേയാപുസ്തകത്തിലും
അരുളിച്ചെയ്യുന്നുവല്ലോ. **27** യെശ
യ്യാവോ യിസ്രായേലിനെക്കുറിച്ച്:
[p]"യിസ്രായേൽമക്കളുടെ എണ്ണം
കടല്ക്കരയിലെ മണൽപോലെ
ആയിരുന്നാലും ശേഷിപ്പത്രേ
രക്ഷിക്കപ്പെടൂ.[q] **28** കർത്താവു

18.[z] *(പുറ.4:21;9:12; 11:10;14:4; ആവ.2:30; യോശു.11:20)*
19.[a] *2ദിന.20:6; ഇയ്യോ.9:12; ദാനീ.4:35*
20.[b] *ഇയ്യോ.33:13*
[c] *യെശ.29:16;45:9*
21.[d] *യെശ.64:8; യിരെ.18:6*
[e] *2തിമൊ.2:20*
[f] *യെശ.64:8; യിരെ.18:6*
23.[g] *റോമ.3:29*
[h] *റോമ.8:28*
[i] *റോമ.8:29*
24.[j] *എഫെ.3:16;*
[k] *(സദൃ.16:4; 1പത്രൊ.2:8)*
[l] *(റോമ.9:21,23; അപ്പൊ.പ്ര.9:15)*
25.[m] ***ഹോശേ. 2:23;*** *(1പത്രൊ.2:10)*
26.[n] ***ഹോശേ. 1:10***
[o] *റോമ.8:14; മത്താ.16:16*
27.[p] ***യെശ. 10:22,23;*** *(ഹോശേ.1:10)*
[q] *റോമ.11:5*
29.[r] ***യെശ. 1:9***
[s] *യാക്കോ.5:4*
[t] *ആവ.29:23; യെശ.13:19; യിരെ.49:18;50:40; ആമോ.4:11*
30.[u] *(റോമ.10:20)*
[v] *റോമ.1:17;3:21,22; 10:6; ഗലാ.2:16;3:24; ഫിലി.3:9; എബ്രാ.11:7*
31.[w] *(റോമ.10:2,3; 11:7)*
[x] *(ഗലാ.5:4)*
32.[y] *1പത്രൊ.2:8*
33.[z] *1പത്രൊ.2:6,7;* ***യെശ. 28:16;*** *(സങ്കീ.118:22)*
[a] *യെശ.8:14*
[b] *റോമ.10:11*
[c] *യെശ.49:23; യോവേ.2:26,27*

ഭൂമിയിൽ തന്റെ വചനം നിവർ
ത്തിച്ച് ക്ഷണത്തിൽ തീർക്കും"
എന്നു വിളിച്ചുപറയുന്നു.
**29** [r]"സൈന്യങ്ങളുടെ കർത്താവ്[s]
നമുക്കു സന്തതിയെ ശേഷിപ്പിച്ചി
ല്ലെങ്കിൽ നാം സൊദോമെപ്പോലെ
ആകുമായിരുന്നു, ഗൊമോറായ്ക്കു
സദൃശമാകുമായിരുന്നു"[t]
എന്നു യെശയ്യാവ് മുമ്പുകൂട്ടി പറ
ഞ്ഞിരിക്കുന്നുവല്ലോ.
**30** ആകയാൽ നാം എന്തു പറ
യേണ്ടൂ? നീതിയെ പിന്തുടരാത്ത
ജാതികൾ നീതിപ്രാപിച്ചു,[u] വിശ്വാ
സത്താലുള്ള നീതി[v] തന്നെ. **31** നീതി
യുടെ പ്രമാണം പിന്തുടർന്ന[w]
യിസ്രായേലോ ആ പ്രമാണത്തി
ങ്കൽ എത്തിയില്ല.[x] **32** അതെന്തു
കൊണ്ട്? വിശ്വാസത്താലല്ല, പ്രവൃ
ത്തികളാൽ അന്വേഷിച്ചതുകൊണ്ടു
തന്നെ അവർ ഇടർച്ചക്കല്ലിന്മേൽ[y]
തട്ടി ഇടറി:
**33**[z]"ഇതാ, ഞാൻ സീയോനിൽ
ഇടർച്ചക്കല്ലും തടങ്ങൽപാറയും[a]
വയ്ക്കുന്നു; അവനിൽ വിശ്വസി
ക്കുന്നവൻ[b] ലജ്ജിച്ചുപോകയില്ല"[c]
എന്ന് എഴുതിയിരിക്കുന്നുവല്ലോ.

❋ ❋ ❋

***1. ന്യായപ്രമാണത്തിന്റെയും വിശ്വാസത്തിന്റെയും നീതീകരണം 11. വിശ്വസിക്കുന്നവൻ ആരായാലും ലജ്ജപ്പെടുകയില്ല.***

**10** സഹോദരന്മാരേ, അവർ രക്ഷി
ക്കപ്പെടേണം എന്നുതന്നെ
എന്റെ ഹൃദയവാഞ്ഛയും അവർ
ക്കുവേണ്ടി ദൈവത്തോടുള്ള യാച
നയും ആകുന്നു. **2** അവർ പരി
ജ്ഞാനപ്രകാരമല്ലെങ്കിലും[a] ദൈ
വത്തെ സംബന്ധിച്ച് എരിവുള്ള
വർ[b] എന്നു ഞാൻ അവർക്കു സാ
ക്ഷ്യം പറയുന്നു. **3** അവർ ദൈവ
ത്തിന്റെ നീതി[c] അറിയാതെ സ്വന്ത
നീതി സ്ഥാപിപ്പാൻ അന്വേഷിച്ചു
കൊണ്ടു ദൈവത്തിന്റെ നീതിക്കു
കീഴ്പെട്ടില്ല. **4** വിശ്വസിക്കുന്ന

**അധ്യായം 10**
2.[a] *(റോമ.9:31)* [b] *അപ്പൊ.പ്ര.21:20* 3.[c] *റോമ.1:17*

ഏവനും നീതി ലഭിപ്പാൻ ക്രിസ്തു
ന്യായപ്രമാണത്തിന്റെ അവസാനം
ആകുന്നു.[d] **5** [e]ന്യായപ്രമാണത്താ
ലുള്ള നീതി സംബന്ധിച്ച്:
“അതു ചെയ്ത മനുഷ്യൻ അതി
നാൽ ജീവിക്കും”[f]
എന്നു മോശെ എഴുതിയിരിക്കുന്നു
വല്ലോ. **6** വിശ്വാസത്താലുള്ള
നീതിയോ[g] ഇവ്വണ്ണം പറയുന്നു:
“ക്രിസ്തുവിനെ ഇറക്കേണം
എന്നു വിചാരിച്ച് ആർ സ്വർഗത്തിൽ
കയറും എന്നോ,[h] **7** ക്രിസ്തുവിനെ
മരിച്ചവരുടെ ഇടയിൽനിന്ന് കയ
റ്റേണം[i] എന്നു വിചാരിച്ച് ആർ
പാതാളത്തിൽ[j] ഇറങ്ങും എന്നോ
നിന്റെ ഹൃദയത്തിൽ പറയരുത്.”[h]
**8** എന്നാൽ അത് എന്തു പറയു
ന്നു? [k]“വചനം നിനക്കു സമീപമായി
നിന്റെ വായിലും നിന്റെ ഹൃദയ
ത്തിലും ഇരിക്കുന്നു;”
അതു ഞങ്ങൾ പ്രസംഗിക്കുന്ന
വിശ്വാസവചനം തന്നെ. **9** യേശു
വിനെ കർത്താവ് എന്നു വായ്കൊ
ണ്ട് ഏറ്റുപറകയും[l] ദൈവം അവനെ
മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേ
ല്പിച്ചു എന്നു[m] ഹൃദയംകൊണ്ടു
വിശ്വസിക്കയും[n] ചെയ്താൽ നീ
രക്ഷിക്കപ്പെടും. **10** ഹൃദയംകൊ
ണ്ടു നീതിക്കായി വിശ്വസിക്കയും
വായ്കൊണ്ടു രക്ഷയ്ക്കായി ഏറ്റു
പറകയും ചെയ്യുന്നു.
**11** “അവനിൽ വിശ്വസിക്കുന്ന
വൻ ഒരുത്തനും ലജ്ജിച്ചുപോക
യില്ല”[o]
എന്നു തിരുവെഴുത്തിൽ അരുളിച്ചെ
യ്യുന്നുവല്ലോ. **12** യെഹൂദൻ എന്നും
യവനൻ എന്നും വ്യത്യാസമില്ല;[p]
എല്ലാവർക്കും കർത്താവ് ഒരുവൻ
തന്നെ;[q] അവൻ തന്നെ വിളിച്ചപേക്ഷി
ക്കുന്ന എല്ലാവർക്കും നല്കുവാൻ
തക്കവണ്ണം സമ്പന്നൻ ആകുന്നു.[r]
**13** [s]“കർത്താവിന്റെ നാമത്തെ
വിളിച്ചപേക്ഷിക്കുന്ന ഏവനും
രക്ഷിക്കപ്പെടും”
എന്നുണ്ടല്ലോ. **14** എന്നാൽ അവർ
വിശ്വസിക്കാത്തവനെ എങ്ങനെ
വിളിച്ചപേക്ഷിക്കും? അവർ കേട്ടിട്ടി
ല്ലാത്തവനിൽ[t] എങ്ങനെ വിശ്വസി
ക്കും? പ്രസംഗിക്കുന്നവൻ ഇല്ലാതെ[u]
എങ്ങനെ കേൾക്കും? **15** ആരും
അയയ്ക്കാതെ എങ്ങനെ പ്രസം
ഗിക്കും?[v]
“നന്മ സുവിശേഷിക്കുന്നവരുടെ
കാൽ എത്ര മനോഹരം”
എന്ന് എഴുതിയിരിക്കുന്നുവല്ലോ.
**16** എങ്കിലും എല്ലാവരും സുവി
ശേഷം അനുസരിച്ചിട്ടില്ല:[w]
[x]“കർത്താവേ, ഞങ്ങൾ കേൾ
പ്പിച്ചത് ആർ വിശ്വസിച്ചു”
എന്നു യെശയ്യാവ് പറയുന്നുവല്ലോ.
**17** ആകയാൽ വിശ്വാസം കേൾവി
യാലും കേൾവി ക്രിസ്തുവിന്റെ
വചനത്താലും വരുന്നു.[y] **18** എ
ന്നാൽ അവർ കേട്ടില്ലയോ എന്നു
ഞാൻ ചോദിക്കുന്നു. കേട്ടിരി
ക്കുന്നു നിശ്ചയം:
[z]“അവരുടെ നാദം സർവഭൂമിയി
ലും[a] അവരുടെ വചനം ഭൂതലത്തി
ന്റെ അറ്റത്തോളവും പരന്നു.”
**19** എന്നാൽ യിസ്രായേൽ ഗ്രഹി
ച്ചില്ലയോ എന്നു ഞാൻ ചോദി
ക്കുന്നു.
[b]“ജനമല്ലാത്തവരെക്കൊണ്ടു
ഞാൻ നിങ്ങൾക്ക് എരിവു വരു
ത്തും;[c] മൂഢ[d]ജാതിയെക്കൊണ്ടു
നിങ്ങൾക്കു കോപം ജനിപ്പിക്കും”
എന്ന് ഒന്നാമതു മോശെ പറയു
ന്നു. **20** യെശയ്യാവോ:
[e]“എന്നെ അന്വേഷിക്കാത്തവർ
എന്നെ കണ്ടെത്തി; എന്നെ ചോദി
ക്കാത്തവർക്കു ഞാൻ പ്രത്യക്ഷ
നായി”
എന്നു ധൈര്യത്തോടെ പറയുന്നു.
**21** യിസ്രായേലിനെക്കുറിച്ചോ:
[f]“അനുസരിക്കാത്തതും മറുത്തു
പറയുന്നതുമായ ജനത്തിങ്കലേക്കു
ഞാൻ ഇടവിടാതെ കൈ നീട്ടി”
എന്ന് അവൻ പറയുന്നു.

❋ ❋ ❋

4.[d] *(മത്താ.5:17; ഗലാ.3:24)*
5.[e] ***ലേവ്യാ.18:5***
[f] *നെഹെ.9:29; യെഹെ.20:11,13,21; മത്താ.19:17; ലൂക്കൊ.10:28; ഗലാ.3:12; (റോമ.7:10)*
6.[g] *റോമ.9:30*
[h] *(ആവ.30:12,13)*
7.[i] *എബ്രാ.13:20*
[j] *വെളി.9:1*
[h] *(വാ.6 കാ.)*
8.[k] ***ആവ.30:14***
9.[l] *മത്താ.10:32; ലൂക്കൊ.12:8; (1കൊരി.12:3; ഫിലി.2:11)*
[m] *(1പത്രൊ.1:21); അപ്പൊ.പ്ര.2:24*
[n] *അപ്പൊ.പ്ര.16:31*
11.[o] *റോമ.9:33*
12.[p] *റോമ.3:23,29*
[q] *അപ്പൊ.പ്ര.10:36*
[r] *റോമ.2:4*
13.[s] *അപ്പൊ.പ്ര.2:21;* ***യോവേ.2:32***
14.[t] *എഫെ.4:21; (യോഹ.9:36;17:20)*
[u] *(അപ്പൊ.പ്ര.8:31; തീത്തൊ.1:1)*
15.[v] ***യെശ.52:7;*** *(നഹൂം1:15; എഫെ.6:15)*
16.[w] *റോമ.3:3; എബ്രാ.4:2*
[x] *യോഹ.12:38;* ***യെശ.53:1***
17.[y] *ഗലാ.3:2,5*
18.[z] ***സങ്കീ.19:4;*** *(1തെസ്സ.1:8)*
[a] *(മർക്കൊ.16:15); മത്താ.24:14*
19.[b] ***ആവ.32:21***
[c] *റോമ.11:11,14*
[d] *(തീത്തൊ.3:3)*
20.[e] ***യെശ.65:1;*** *(റോമ.9:30)*
21.[f] ***യെശ.65:2***

10:12 ***യെഹൂദൻ എന്നും യവനൻ എന്നും:*** യോവേ. 2:32 ൽ കർത്താവിനെ വിളിച്ചപേക്ഷിക്കുന്ന ഏവനും യെഹൂദനെന്നോ യെഹൂദേതരനെന്നോ വ്യത്യാസമില്ലാതെ രക്ഷിക്കപ്പെടും എന്നു കാണുന്നു.

*1. യിസ്രായേലിൽ ശേഷിപ്പിനു രക്ഷയും 11. അവരുടെ വീഴ്ചയാൽ ജാതികൾക്ക് ഉയർച്ചയും 25. ജാതികൾക്കു ശേഷം യിസ്രായേൽ വിശ്വസിക്കുന്നതാകയാൽ 33. ആശ്വാസവും സ്തോത്രവും.*

**11** എന്നാൽ ദൈവം സ്വജന
ത്തെ തള്ളിക്കളഞ്ഞുവോ[a]
എന്നു ഞാൻ ചോദിക്കുന്നു. ഒരു
നാളും ഇല്ല; ഞാനും യിസ്രായേല്യ
നല്ലോ;[b] അബ്രാഹാമിന്റെ സന്ത
തിയിൽ ബെന്യാമീൻഗോത്രത്തിൽ
ജനിച്ചവൻ തന്നെ. **2** ദൈവം മുന്ന
റിഞ്ഞിട്ടുള്ള[c] തന്റെ ജനത്തെ
തള്ളിക്കളഞ്ഞിട്ടില്ല.[d] ഏലീയാവി
ന്റെ ചരിത്രത്തിൽ തിരുവെഴുത്തു
പറയുന്നത് അറിയുന്നില്ലയോ?
**3** അവൻ യിസ്രായേലിനു വിരോ
ധമായി:

[e]“കർത്താവേ, അവർ നിന്റെ
പ്രവാചകന്മാരെ കൊന്നു നിന്റെ
യാഗപീഠങ്ങളെ ഇടിച്ചുകളഞ്ഞു;
ഞാൻ ഒരുത്തൻ മാത്രം ശേഷിച്ചി
രിക്കുന്നു; അവർ എനിക്കും ജീവ
ഹാനി വരുത്തുവാൻ നോക്കുന്നു”
**4** എന്നു ദൈവത്തോടു വാദിക്കു
മ്പോൾ അവന് അരുളപ്പാട് ഉണ്ടാ
യത് എന്ത്?

[f]“ബാലിനു മുട്ടുകുത്താത്ത ഏഴാ
യിരം പേരെ ഞാൻ എനിക്കായി
ശേഷിപ്പിച്ചിരിക്കുന്നു”
എന്നു തന്നെ. **5** അങ്ങനെ ഈ
കാലത്തിലും കൃപയാലുള്ള തിര
ഞ്ഞെടുപ്പിൻപ്രകാരം ഒരു ശേഷി
പ്പുണ്ട്.[g] **6** കൃപയാൽ എങ്കിൽ പ്ര
വൃത്തിയാലല്ല;[h] അല്ലെങ്കിൽ കൃപ
കൃപയല്ല. **7** ആകയാൽ എന്ത്?
യിസ്രായേൽ താൻ തിരഞ്ഞതു പ്രാ
പിച്ചില്ല;[i] തിരഞ്ഞെടുക്കപ്പെട്ടവർ
അതു പ്രാപിച്ചു; ശേഷമുള്ളവരോ
കഠിനപ്പെട്ടിരിക്കുന്നു.[j]

**8**“ദൈവം അവർക്ക് ഇന്നുവരെ
ഗാഢനിദ്രയും[k] കാണാത്ത കണ്ണും[l]
കേൾക്കാത്ത ചെവിയും കൊടു
ത്തു”
എന്ന് എഴുതിയിരിക്കുന്നുവല്ലോ.

അധ്യായം 11
1. [a] 1ശമൂ.12:22;
യിരെ.31:37;33:24
[b] 2കൊരി.11:22;
ഫിലി.3:5
2. [c] റോമ.8:29
[d] സങ്കീ.94:14
3. [e] 1രാജാ.19:10,14
4. [f] 1രാജാ.19:18
5. [g] റോമ.9:27;
(യിരെ.3:14;
സെഖ.13:8)
6. [h] (റോമ.4:4;
ആവ.9:4,5)
7. [i] റോമ.9:31
[j] (റോമ.11:25)
8. [k] യെശ.29:10
[l] ആവ.29:3;
(യെശ.43:8;
യിരെ.5:21;
യെഹെ.12:2;
എഫെ.4:18);
മത്താ.13:14

9. [m] സങ്കീ.69:22,23
11. [n] റോമ.5:15 - 18,20
[o] (അപ്പൊ.പ്ര.28:28)
13. [p] റോമ.15:15;
(അപ്പൊ.പ്ര.26:17);
അപ്പൊ.പ്ര.9:15
14. [q] 1കൊരി.7:16;
9:22;
1തിമൊ.4:16;
യാക്കോ.5:20
15. [r] റോമ.5:11
16. [s] സംഖ്യാ.15:18 - 21;
നെഹെ.10:37;
യെഹെ.44:30
17. [t] യിരെ.11:16;
(സങ്കീ.52:8;
യോഹ.15:2)
[u] (എഫെ.2:12)

**9** [m]“അവരുടെ മേശ അവർക്കു
കെണിയും കുടുക്കും ഇടർച്ചയും
പ്രതികാരവുമായിത്തീരട്ടെ; **10** അ
വരുടെ കണ്ണു കാണാതവണ്ണം ഇരു
ണ്ടു പോകട്ടെ; അവരുടെ മുതുക്
എല്ലായ്പോഴും കുനിയിക്കേണമേ”
എന്നു ദാവീദും പറയുന്നു. **11** എ
ന്നാൽ അവർ വീഴേണ്ടതിനോ ഇട
റിയത് എന്നു ഞാൻ ചോദിക്കുന്നു.
ഒരുനാളും അല്ല; അവർക്ക് എരിവു
വരുത്തുവാൻ അവരുടെ ലംഘനം
ഹേതുവായി[n] ജാതികൾക്കു രക്ഷ
വന്നു[o] എന്നേയുള്ളൂ. **12** എന്നാൽ
അവരുടെ ലംഘനം ലോകത്തിനു
ധനവും അവരുടെ നഷ്ടം ജാതി
കൾക്കു സമ്പത്തും വരുത്തുവാൻ
കാരണമായി എങ്കിൽ അവരുടെ
യഥാസ്ഥാനം എത്ര അധികം?

**13** എന്നാൽ ജാതികളായ നിങ്ങ
ളോടു ഞാൻ പറയുന്നത്: ജാതിക
ളുടെ അപ്പൊസ്തലനായിരിക്ക
യാൽ[p] **14** ഞാൻ എന്റെ സ്വജാതി
ക്കാർക്കു വല്ലവിധേനയും സ്പർധ
ജനിപ്പിച്ച്, അവരിൽ ചിലരെ രക്ഷി
ക്കാമെങ്കിലോ[q] എന്നുവച്ചുതന്നെ
ഞാൻ എന്റെ ശുശ്രൂഷയെ പുക
ഴ്ത്തുന്നു. **15** അവരുടെ ഭ്രംശം
ലോകത്തിന്റെ നിരപ്പിനു[r] ഹേതു
വായി എങ്കിൽ അവരുടെ അംഗീ
കരണം മരിച്ചവരുടെ ഉയിർപ്പെന്ന
ല്ലാതെ എന്താകും? **16** ആദ്യഭാഗം
വിശുദ്ധം എങ്കിൽ പിണ്ഡം മുഴുവനും
അങ്ങനെതന്നെ; വേർ വിശുദ്ധം
എങ്കിൽ[s] കൊമ്പുകളും അങ്ങനെ
തന്നെ. **17** കൊമ്പുകളിൽ ചിലത്
ഒടിച്ചിട്ടു[t] കാട്ടൊലിവായ നിന്നെ[u]
അവയുടെ ഇടയിൽ ഒട്ടിച്ചുചേർത്ത്
ഒലിവുമരത്തിന്റെ ഫലപ്രദമായ
വേരിനു പങ്കാളിയായിത്തീർന്നു എ
ങ്കിലോ, **18** കൊമ്പുകളുടെ നേരേ
പ്രശംസിക്കരുത്; പ്രശംസിക്കുന്നു
വെങ്കിൽ നീ വേരിനെ അല്ല വേർ
നിന്നെയത്രേ ചുമക്കുന്നു എന്ന് ഓർ
ക്ക. **19** എന്നാൽ എന്നെ ഒട്ടിക്കേ
ണ്ടതിനു കൊമ്പുകളെ ഒടിച്ചുകള
ഞ്ഞു എന്നു നീ പറയും. **20** ശരി;

അവിശ്വാസത്താൽ അവ ഒടിഞ്ഞു
പോയി; വിശ്വാസത്താൽ നീ നി
ല്ക്കുന്നു;[v] ഞെളിയാതെ[w] ഭയപ്പെ
ടുക.[x] **21** സ്വാഭാവിക കൊമ്പുകളെ
ദൈവം ആദരിക്കാതെ പോയെ
ങ്കിൽ നിന്നെയും ആദരിക്കാതെ
വന്നേക്കും. **22** ആകയാൽ ദൈവ
ത്തിന്റെ ദയയും ഖണ്ഡിതവും
കാൺക; വീണവരിൽ ദൈവത്തി
ന്റെ ഖണ്ഡിതവും; നിന്നിലോ നീ
ദയയിൽ നിലനിന്നാൽ ദയയും[y]
തന്നെ; അല്ലെങ്കിൽ നീയും ഛേദി
ക്കപ്പെടും.[z] **23** അവിശ്വാസത്തിൽ
നിലനില്ക്കാഞ്ഞാൽ[a] അവരെയും
കൂടെ ഒട്ടിക്കും; അവരെ വീണ്ടും ഒട്ടി
പ്പാൻ ദൈവം ശക്തനല്ലോ. **24** സ്വ
ഭാവത്താൽ കാട്ടുമരമായതിൽനിന്നു
നിന്നെ മുറിച്ചെടുത്തു സ്വഭാവത്തി
നു വിരോധമായി നല്ല ഒലിവുമര
ത്തിൽ ഒട്ടിച്ചു എങ്കിൽ, സ്വാഭാവി
കകൊമ്പുകളായവരെ സ്വന്തമായ
ഒലിവുമരത്തിൽ എത്ര അധികമായി
ഒട്ടിക്കും.

**25** സഹോദരന്മാരേ, നിങ്ങൾ
ബുദ്ധിമാന്മാരെന്നു നിങ്ങൾക്കു
തന്നെ തോന്നാതിരിപ്പാൻ[b] ഈ
രഹസ്യം അറിയാതിരിക്കരുത് എന്നു
ഞാൻ ആഗ്രഹിക്കുന്നു; ജാതിക
ളുടെ പൂർണസംഖ്യ ചേരുവോളം[c]
യിസ്രായേലിന് അംശമായി കാഠിന്യം
ഭവിച്ചിരിക്കുന്നു.[d] **26** ഇങ്ങനെ യി
സ്രായേൽ മുഴുവനും രക്ഷിക്കപ്പെടും.
[e]"വിടുവിക്കുന്നവൻ സീയോനിൽ
നിന്നു[f] വരും; അവൻ യാക്കോ
ബിൽനിന്ന് അഭക്തിയെ മാറ്റും.
**27** ഞാൻ അവരുടെ പാപങ്ങളെ
നീക്കുമ്പോൾ[g] ഇതു ഞാൻ അവ
രോടു ചെയ്യുന്ന നിയമം"[h]
എന്ന് എഴുതിയിരിക്കുന്നുവല്ലോ.
**28** സുവിശേഷം സംബന്ധിച്ച് അ
വർ നിങ്ങൾ നിമിത്തം ശത്രുക്കൾ.
തിരഞ്ഞെടുപ്പു സംബന്ധിച്ചോ പി
താക്കന്മാർ നിമിത്തം പ്രിയന്മാർ.[i]
**29** ദൈവം തന്റെ കൃപാവരങ്ങളെയും
വിളിയെയും[j] കുറിച്ച് അനുതപിക്കു
ന്നില്ലല്ലോ.[k] **30** നിങ്ങൾ മുമ്പേ ദൈ
വത്തെ അനുസരിക്കാതിരുന്നിട്ട്[l]

20.[v] 1കൊരി.10:12; 2കൊരി.1:24 [w] റോമ.12:3,16; 1തിമൊ.6:17 [x] സദൃ.28:14; യെശ.66:2,5; യിരെ.44:10; ഫിലി.2:12
22.[y] 1കൊരി.15:2; എബ്രാ.3:6,14 [z] (യോഹ.15:2)
23.[a] 2കൊരി.3:16
25.[b] റോമ.12:16 [c] (വെളി.7:9); ലൂക്കൊ.21:24 [d] 2കൊരി.3:14; (റോമ.11:9)
26.[e] യെശ.59:20,21; (യോഹ.4:22; എബ്രാ.8:8-12) [f] സങ്കീ.14:7;53:6
27.[g] യെശ.27:9; (എബ്രാ.8:12) [h] റോമ.9:4
28.[i] റോമ.9:5; ആവ.7:8;10:15
29.[j] റോമ.8:28 [k] 2കൊരി.7:10
30.[l] എഫെ.2:2,3,11,13; കൊലൊ.1:21;3:7; തീത്തൊ.3:3
32.[m] റോമ.3:9
33.[n] കൊലൊ.2:3; (സങ്കീ.139:6; എഫെ.3:10) [o] ആവ.29:28; ഇയ്യോ.11:7
34.[p] യെശ.40:13; 1കൊരി.2:16; (ഇയ്യോ.15:8) [q] ഇയ്യോ.36:22,23
35.[r] ഇയ്യോ.35:7; 41:11
36.[s] 1കൊരി.8:6; 11:12; കൊലൊ.1:16; (എബ്രാ.2:10) [t] റോമ.16:26; എഫെ.3:21; ഫിലി.4:20; 1തിമൊ.1:17 1പത്രൊ.4:11; 2പത്രൊ.3:18; യൂദാ.25; വെളി.1:6;5:13

അവരുടെ അനുസരണക്കേടിനാൽ
ഇപ്പോൾ കരുണ ലഭിച്ചതുപോലെ,
**31** നിങ്ങൾക്കു ലഭിച്ച കരുണ
യാൽ അവർക്കു കരുണ ലഭിക്കേ
ണ്ടതിന് അവരും ഇപ്പോൾ അനു
സരിക്കാതിരിക്കുന്നു. **32** ദൈവം
എല്ലാവരോടും കരുണ ചെയ്യേണ്ട
തിന് എല്ലാവരെയും അനുസരണ
ക്കേടിൽ അടച്ചുകളഞ്ഞു.[m]

**33** ഹാ, ദൈവത്തിന്റെ ധനം,
ജ്ഞാനം,[n] അറിവ് എന്നിവയുടെ
ആഴമേ! അവന്റെ ന്യായവിധികൾ
എത്ര അപ്രമേയവും[o] അവന്റെ വഴി
കൾ എത്ര അഗോചരവും ആകു
ന്നു. **34** കർത്താവിന്റെ മനസ്സ് അറി
ഞ്ഞവൻ ആർ?[p] അവനു മന്ത്രിയാ
യിരുന്നവൻ ആർ?[q] **35** അവനു
വല്ലതും മുമ്പേ കൊടുത്തിട്ടു പ്രതി
ഫലം വാങ്ങുന്നവൻ ആർ?[r] **36** സക
ലവും അവനിൽനിന്നും അവനാലും
അവങ്കലേക്കും ആകുന്നുവല്ലോ;[s]
അവന് എന്നേക്കും മഹത്ത്വം,[t]
ആമേൻ.

✵ ✵ ✵

***1. നന്ദിയാൽ ദൈവത്തിനു യാഗം കഴിച്ചും 3. താഴ്മയോടും 9. സ്നേഹത്തോടും നടന്നു 17. സമാധാനത്തോടു പാർപ്പാൻ പ്രബോധനം.***

**12** സഹോദരന്മാരേ, ഞാൻ
ദൈവത്തിന്റെ മനസ്സലിവ് ഓർ
പ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കു
ന്നത്:[a] നിങ്ങൾ ബുദ്ധിയുള്ള ആരാ
ധനയായി നിങ്ങളുടെ ശരീരങ്ങളെ[b]
ജീവനും[c] വിശുദ്ധിയും ദൈവത്തിനു
പ്രസാദവുമുള്ള യാഗമായി സമർ
പ്പിപ്പിൻ.[b] **2** ഈ ലോകത്തിന്
അനുരൂപമാകാതെ[d] നന്മയും പ്രസാ
ദവും പൂർണതയുമുള്ള ദൈവ
ഹിതം ഇന്നതെന്നു തിരിച്ചറിയേ
ണ്ടതിനു[e] മനസ്സു പുതുക്കി[f] രൂപാ
ന്തരപ്പെടുവിൻ.

**അധ്യായം 12**

1.[a] 1കൊരി.1:10; 2കൊരി.10:1; എഫെ.4:1 [b] റോമ.6:13, 16,19; (സങ്കീ.50:13,14; 1കൊരി.6:20); 1പത്രൊ.2:5 [c] എബ്രാ.10:19 2.[d] 1പത്രൊ.1:14; (1യോഹ.2:15) [e] എഫെ.5:9; 1തെസ്സ.4:3 [f] തീത്തൊ.3:7; (സങ്കീ.51:10; 2കൊരി.4:16; എഫെ.4:23; കൊലൊ.3:10)

3 ഭാവിക്കേണ്ടതിനു മീതെ ഭാവി
ച്ചുയരാതെ[g] ദൈവം അവനവനു[h]
വിശ്വാസത്തിന്റെ അളവു[i] പങ്കിട്ട
തുപോലെ[h] സുബോധമാകുംവണ്ണം
ഭാവിക്കേണമെന്നു ഞാൻ എനിക്കു
ലഭിച്ച കൃപയാൽ[j] നിങ്ങളിൽ ഓ
രോരുത്തനോടും പറയുന്നു. 4 ഒരു
ശരീരത്തിൽ നമുക്കു പല അവയ
വങ്ങൾ ഉണ്ടല്ലോ; എല്ലാ അവയവ
ങ്ങൾക്കും പ്രവൃത്തി ഒന്നല്ലതാനും;
5 അതുപോലെ[k] പലരായ[l] നാം
ക്രിസ്തുവിൽ ഒരു ശരീരവും[m] എല്ലാ
വരും തമ്മിൽ അവയവങ്ങളും[n] ആ
കുന്നു. 6 ആകയാൽ നമുക്കു ലഭിച്ച
കൃപയ്ക്ക് ഒത്തവണ്ണം വെവ്വേറേ വരം
ഉള്ളതുകൊണ്ട്[o] പ്രവചനം എ
ങ്കിൽ[p] വിശ്വാസത്തിന് ഒത്തവണ്ണം,[q]
7 ശുശ്രൂഷ[r] എങ്കിൽ ശുശ്രൂഷയിൽ,
ഉപദേശിക്കുന്നവൻ എങ്കിൽ ഉപദേ
ശത്തിൽ, 8 പ്രബോധിപ്പിക്കുന്നവൻ
എങ്കിൽ പ്രബോധനത്തിൽ, ദാനം
ചെയ്യുന്നവൻ ഏകാഗ്രത[s]യോടെ,
ഭരിക്കുന്നവൻ[t] ഉത്സാഹത്തോടെ,
കരുണ ചെയ്യുന്നവൻ പ്രസന്നത[u]യോ
ടെ ആകട്ടെ. 9 സ്നേഹം നിർവ്യാജം
ആയിരിക്കട്ടെ.[v] തീയതിനെ വെറു
ത്തു[w] നല്ലതിനോടു പറ്റിക്കൊൾ
വിൻ. 10 സഹോദരപ്രീതിയിൽ[x]
തമ്മിൽ സ്ഥായിപൂണ്ടു ബഹുമാനി
ക്കുന്നതിൽ[y] അന്യോന്യം മുന്നിട്ടു
കൊൾവിൻ. 11 ഉത്സാഹത്തിൽ
മടുപ്പില്ലാതെ ആത്മാവിൽ എരിവു
ള്ളവരായി[z] കർത്താവിനെ സേവി
പ്പിൻ.[a] 12 ആശയിൽ സന്തോഷി
പ്പിൻ;[b] 13 കഷ്ടതയിൽ സഹി
ഷ്ണുത കാണിപ്പിൻ;[c] പ്രാർഥന
യിൽ ഉറ്റിരിപ്പിൻ;[d] വിശുദ്ധന്മാരുടെ
ആവശ്യങ്ങളിൽ കൂട്ടായ്മ കാണി
ക്കയും[e] അതിഥിസൽക്കാരം ആച
രിക്കയും[f] ചെയ്‌വിൻ. 14 നിങ്ങളെ
ഉപദ്രവിക്കുന്നവരെ അനുഗ്രഹി
പ്പിൻ;[g] ശപിക്കാതെ അനുഗ്രഹിപ്പിൻ.
15 സന്തോഷിക്കുന്നവരോടുകൂടെ
സന്തോഷിക്കയും കരയുന്നവരോടു
കൂടെ കരകയും ചെയ്‌വിൻ.[h] 16 ത
മ്മിൽ ഐകമത്യമുള്ളവരായി[i] വലി
പ്പം ഭാവിക്കാതെ എളിയവരോടു

*3. g റോമ.12:16;11:20 h 1കൊരി.7:17; 1പത്രൊ.4:11 i എഫെ.4:7 j റോമ.1:4 5. k 1കൊരി.12:12 - 14; എഫെ.4:4,16 l 1കൊരി.10:17,33 m 1കൊരി.12:20; എഫെ.4:13; യോഹ.17:11 n എഫെ.4:25; (1കൊരി.6:15;12:27) 6. o 1കൊരി.12:4; 1പത്രൊ.4:10,11; (1കൊരി.7:7; 12:7 - 11) p 1കൊരി.12:10; അപ്പൊ.പ്ര.13:1 q (2തിമൊ.2:15) 7. r അപ്പൊ.പ്ര.6:1 8. s 2കൊരി.8:2; 9:11,13 t 1തിമൊ.5:17; (1കൊരി.12:28) u 2കൊരി.9:7; (പുറ.25:2; 1ദിന.29:5,6; എസ്രാ.1:6) 9. v 2കൊരി.6:6; 1തിമൊ.1:5; 1പത്രൊ.1:22 w സങ്കീ.97:10; 101:3;ആമോ.5:15; (1തെസ്സ.5:21,22) 10. x എബ്രാ.13:1 y റോമ.13:7; ഫിലി.2:3; 1പത്രൊ.2:17 11. z അപ്പൊ.പ്ര.18:25 a അപ്പൊ.പ്ര.20:19 12. b റോമ.5:2 13. c എബ്രാ.10:36 d അപ്പൊ.പ്ര.1:14 e റോമ.15:25; 1കൊരി.16:1,15; 2കൊരി.9:1,12; എബ്രാ.6:10;13:16; (1തിമൊ.6:18) f മത്താ.25:35 14. g മത്താ.5:44; 1പത്രൊ.3:9 15. h 1കൊരി.12:26; (ഇയ്യോ.30:25; എബ്രാ.13:3) 16. i റോമ.15:5; 2കൊരി.13:11; ഫിലി.2:2;4:2; 1പത്രൊ.3:8*

ചേർന്നുകൊൾവിൻ;[j] നിങ്ങളെത്ത
ന്നെ ബുദ്ധിമാന്മാർ എന്നു വിചാരി
ക്കരുത്.[k] 17 ആർക്കും തിന്മയ്ക്കു
പകരം തിന്മ ചെയ്യാതെ,[l] സകല
മനുഷ്യരുടെയും മുമ്പിൽ യോഗ്യ
മായതു മുൻകരുതി,[m] 18 കഴിയു
മെങ്കിൽ നിങ്ങളാൽ ആവോളം
സകല മനുഷ്യരോടും സമാധാന
മായിരിപ്പിൻ.[n] 19 പ്രിയമുള്ളവരേ,
നിങ്ങൾതന്നെ പ്രതികാരം ചെയ്യാ
തെ[l] ദൈവകോപത്തിന് ഇടംകൊ
ടുപ്പിൻ; [o]പ്രതികാരം എനിക്കുള്ളത്;
ഞാൻ പകരം ചെയ്യും എന്നു കർ
ത്താവ് അരുളിച്ചെയ്യുന്നു, 20 എ
ന്നാൽ

[p]"നിന്റെ ശത്രുവിനു വിശക്കുന്നു
എങ്കിൽ അവനു തിന്മാൻ കൊടു
ക്ക; ദാഹിക്കുന്നു എങ്കിൽ കുടി
പ്പാൻ കൊടുക്ക; അങ്ങനെ ചെ
യ്താൽ നീ അവന്റെ തലമേൽ
തീക്കനൽ കുന്നിക്കും"
എന്ന് എഴുതിയിരിക്കുന്നുവല്ലോ.
21 തിന്മയോടു തോല്ക്കാതെ നന്മ
യാൽ തിന്മയെ ജയിക്കുക.

❋ ❋ ❋

***1. അധികാരത്തിനു കീഴ്പെടുന്നതിനെയും 8. സ്നേഹത്തെയും ന്യായപ്രമാണത്തെയും കുറിച്ച്.***

**13** ഏതു മനുഷ്യനും ശ്രേഷ്ഠാ
ധികാരങ്ങൾക്കു കീഴടങ്ങട്ടെ.[a]
ദൈവത്താലല്ലാതെ ഒരധികാരവു
മില്ലല്ലോ;[b] ഉള്ള അധികാരങ്ങളോ
ദൈവത്താൽ നിയമിക്കപ്പെട്ടിരി
ക്കുന്നു. 2 ആകയാൽ അധികാര
ത്തോടു മറുക്കുന്നവൻ ദൈവവ്യ
വസ്ഥയോടു മറുക്കുന്നു. മറുക്കു
ന്നവരോ ശിക്ഷാവിധി പ്രാപിക്കും.

*j റോമ.12:3; സങ്കീ.131:1; യിരെ.45:5 k റോമ.11:25; സദൃ.3:7; (സദൃ.26:12; യെശ.5:21) 17. l സദൃ.20:22; മത്താ.5:39; 1തെസ്സ.5:15; (റോമ.14:19) m 2കൊരി.8:21; (റോമ.14:16) 18. n മർക്കൊ.9:50 19. l (വാ.17കാ.) o എബ്രാ.10:30; **ആവ. 32:35**; (സങ്കീ.94:1; 1തെസ്സ.4:6) 20. p **സദൃ. 25:21,22**; (പുറ.23:4,5; 2രാജാ.6:22; ലൂക്കൊ.6:27)*

**അധ്യായം 13**

*1. a തീത്തൊ.3:1; 1പത്രൊ.2:13 b (യോഹ.19:11); ദാനീ.2:21*

**3** വാഴുന്നവർ സൽപ്രവൃത്തിക്കല്ല
ദുഷ്പ്രവൃത്തിക്കത്രേ ഭയങ്കരം. അ
ധികാരസ്ഥനെ ഭയപ്പെടാതിരിപ്പാൻ
ഇച്ഛിക്കുന്നുവോ? നന്മ ചെയ്ക;
എന്നാൽ അവനോടു പുകഴ്ച ലഭി
ക്കും.[c] **4** നിന്റെ നന്മയ്ക്കായിട്ടല്ലോ
അവൻ ദൈവശുശ്രൂഷക്കാരനായി
രിക്കുന്നത്.[d] നീ തിന്മ ചെയ്താലോ
ഭയപ്പെടുക; വെറുതേ അല്ല അവൻ
വാൾ വഹിക്കുന്നത്; അവൻ ദോഷം
പ്രവർത്തിക്കുന്നവന്റെ ശിക്ഷയ്ക്കാ
യി പ്രതികാരിയായ[e] ദൈവശുശ്രൂഷ
ക്കാരൻതന്നെ. **5** അതുകൊണ്ടു
ശിക്ഷയെ മാത്രമല്ല മനസ്സാക്ഷി
യെയും വിചാരിച്ചു[f] കീഴടങ്ങുക ആ
വശ്യം. **6** അതുകൊണ്ടു നിങ്ങൾ
നികുതിയും കൊടുക്കുന്നു. അവർ
ദൈവശുശ്രൂഷകന്മാരും ആ കാര്യം
തന്നെ നോക്കുന്നവരുമാകുന്നു.
**7** എല്ലാവർക്കും കടമായുള്ളതു
കൊടുപ്പിൻ;[g] നികുതി കൊടുക്കേ
ണ്ടവനു നികുതി; ചുങ്കം കൊടുക്കേ
ണ്ടവനു ചുങ്കം; ഭയം കാണിക്കേണ്ട
വനു ഭയം; മാനം കാണിക്കേണ്ട
വനു മാനം.

**8** അന്യോന്യം സ്നേഹിക്കുന്നത്
അല്ലാതെ ആരോടും ഒന്നും കട
പ്പെട്ടിരിക്കരുത്;[h] അന്യനെ സ്നേഹി
ക്കുന്നവൻ ന്യായപ്രമാണം നിവർ
ത്തിച്ചിരിക്കുന്നുവല്ലോ.[i] **9** വ്യഭി
ചാരം ചെയ്യരുത്, കൊല ചെയ്യരുത്,
മോഷ്ടിക്കരുത്, മോഹിക്കരുത് എ
ന്നുള്ളതും[j] മറ്റ് ഏതു കല്പനയും
കൂട്ടുകാരനെ നിന്നെപ്പോലെ സ്നേ
ഹിക്ക[k] എന്നീ വചനത്തിൽ സംക്ഷേ
പിച്ചിരിക്കുന്നു. **10** സ്നേഹം കൂട്ടു
കാരനു ദോഷം പ്രവർത്തിക്കുന്നില്ല;
ആകയാൽ സ്നേഹം ന്യായപ്രമാ
ണത്തിന്റെ നിവൃത്തി തന്നെ.[l]

**11** ഇതു ചെയ്യേണ്ടത് ഉറക്ക
ത്തിൽനിന്ന് ഉണരുവാൻ[m] നാഴിക
വന്നിരിക്കുന്നു എന്നിങ്ങനെ നി
ങ്ങൾ സമയത്തെ അറികയാൽതന്നെ;
നാം വിശ്വസിച്ച സമയത്തെക്കാൾ
രക്ഷ ഇപ്പോൾ നമുക്ക് അധികം
അടുത്തിരിക്കുന്നു.[n] **12** രാത്രി കഴി
വാറായി പകൽ അടുത്തിരിക്കുന്നു;[o]

3.[c] *1പത്രൊ.2:14*
4.[d] *2ദിന.19:6*
[e] *1തെസ്സ.4:6*
5.[f] *1പത്രൊ.2:19; (സഭാ.8:2)*
7.[g] *മത്താ.17:25; 22:21; മർക്കൊ.12:17; ലൂക്കൊ.20:25;23:2*
8.[h] *(ലേവ്യ.19:13; സദൃ.3:27,28)*
[i] *റോമ.13:10; (മത്താ.22:40; കൊലൊ.3:14); യോഹ.13:34*
9.[j] *മത്താ.19:18;* ***പുറ. 20:13 – 17; ആവ. 5:17 – 21***
[k] ***ലേവ്യ. 19:18***
10.[l] *(യോഹ.14:15); റോമ.13:8*
11.[m] *1കൊരി.15:34; എഫെ.5:14; 1തെസ്സ.5:6*
[n] *(യെശ.56:1; ലൂക്കൊ.21:28)*
12.[o] *(യോഹ.9:4)*

[p] *എഫെ.5:11; (യോഹ.3:20)*
[q] *കൊലൊ.3:8*
[r] *2കൊരി.6:7; എഫെ.6:11,13; 1തെസ്സ.5:8*
13.[s] *1തെസ്സ.4:12*
[t] *ലൂക്കൊ.21:34; ഗലാ.5:21; 1പത്രൊ.4:3*
[u] *യാക്കോ.3:14,16*
14.[v] *ഗലാ.3:27; (ഇയ്യോ.29:14; സങ്കീ.132:9; ലൂക്കൊ.24:49; എഫെ.4:24; കൊലൊ.3:10)*
[w] *ഗലാ.5:16; 1പത്രൊ.2:11*

**അധ്യായം 14**

1.[a] *റോമ.15:1; 1കൊരി.8:9 - 11;9:22*
2.[b] *റോമ.14:14*
3.[c] *കൊലൊ.2:16*
4.[d] *യാക്കോ.4:12*

അതുകൊണ്ടു നാം ഇരുട്ടിന്റെ പ്ര
വൃത്തികളെ[p] വച്ചുകളഞ്ഞു[q] വെ
ളിച്ചത്തിന്റെ ആയുധവർഗം ധരിച്ചു
കൊൾക.[r] **13** പകൽസമയത്ത്
എന്നപോലെ നാം മര്യാദയായി
നടക്ക;[s] വെറിക്കൂത്തുകളിലും മദ്യ
പാനങ്ങളിലുമല്ല,[t] ശയനമോഹങ്ങ
ളിലും ദുഷ്കാമങ്ങളിലുമല്ല, പിണ
ക്കത്തിലും അസൂയയിലും അല്ല,[u]
**14** കർത്താവായ യേശുക്രിസ്തു
വിനെത്തന്നെ ധരിച്ചുകൊൾവിൻ.[v]
മോഹങ്ങൾ ജനിക്കുമാറു[w] ജഡ
ത്തിനായി ചിന്തിക്കരുത്.

* * *

***ഭക്ഷണം മുതലായവയെ സംബന്ധിച്ച ചട്ടങ്ങളെക്കുറിച്ച് തർക്കങ്ങൾ ഉണ്ടാകരുത് എന്നുള്ളത്.***

**14** സംശയവിചാരങ്ങളെ വിധി
ക്കാതെ വിശ്വാസത്തിൽ
ബലഹീനനായവനെ[a] ചേർത്തു
കൊൾവിൻ. **2** ഒരുവൻ എല്ലാം
തിന്നാമെന്നു വിശ്വസിക്കുന്നു;[b]
ബലഹീനനോ സസ്യാദികളെ തി
ന്നുന്നു. **3** തിന്നുന്നവൻ തിന്നാത്ത
വനെ ധിക്കരിക്കരുത്; തിന്നാത്ത
വൻ തിന്നുന്നവനെ വിധിക്കരുത്;[c]
ദൈവം അവനെ കൈക്കൊണ്ടി
രിക്കുന്നുവല്ലോ. **4** മറ്റൊരുത്തന്റെ
ദാസനെ വിധിപ്പാൻ നീ ആർ?[d]
അവൻ നില്ക്കുന്നതോ വീഴുന്ന
തോ സ്വന്തയജമാനനത്രേ; അവൻ
നില്ക്കുംതാനും; അവനെ നില്ക്കു
മാറാക്കുവാൻ കർത്താവിനു കഴി
യുമല്ലോ. **5** ഒരുവൻ ഒരു ദിവസ
ത്തെക്കാൾ മറ്റൊരു ദിവസത്തെ
മാനിക്കുന്നു;[e] വേറൊരുവൻ സ
കല ദിവസങ്ങളെയും മാനിക്കു
ന്നു; ഓരോരുത്തൻ താന്താന്റെ മന
സ്സിൽ ഉറച്ചിരിക്കട്ടെ.[f] **6** ദിവസ
ത്തെ ആദരിക്കുന്നവൻ കർത്താ
വിനായി ആദരിക്കുന്നു; തിന്നുന്ന
വൻ കർത്താവിനായി തിന്നുന്നു;
അവൻ ദൈവത്തെ സ്തുതിക്കുന്നു
വല്ലോ;[g] തിന്നാത്തവൻ കർത്താവി
നായി തിന്നാതിരിക്കുന്നു; അവനും

5.[e] *ഗലാ.4:10; (സെഖ.7:5,6)* [f] *റോമ.14:23*
6.[g] *1കൊരി.10:30,31; 1തിമൊ.4:3,4; മത്താ.15:36*

ദൈവത്തെ സ്തുതിക്കുന്നു. 7 ന
മ്മിൽ ആരും തനിക്കായിത്തന്നെ
ജീവിക്കുന്നില്ല;[h] ആരും തനിക്കായി
ത്തന്നെ മരിക്കുന്നതുമില്ല. 8 ജീവി
ക്കുന്നു എങ്കിൽ നാം കർത്താവി
നായി ജീവിക്കുന്നു; മരിക്കുന്നു
എങ്കിൽ കർത്താവിനായി മരിക്കു
ന്നു; അതുകൊണ്ട് ജീവിക്കുന്നു
എങ്കിലും മരിക്കുന്നു എങ്കിലും
നാം കർത്താവിനുള്ളവർ തന്നെ.[i]
9 മരിച്ചവർക്കും ജീവിച്ചിരിക്കുന്ന
വർക്കും[j] കർത്താവ് ആകേണ്ടതി
നല്ലോ ക്രിസ്തു മരിക്കയും[k] ഉയിർ
ക്കയും ചെയ്തത്. 10 എന്നാൽ
നീ സഹോദരനെ വിധിക്കുന്നത്
എന്ത്? അല്ല, നീ സഹോദരനെ
ധിക്കരിക്കുന്നത് എന്ത്? നാം എല്ലാ
വരും[j] ദൈവത്തിന്റെ ന്യായാസന
ത്തിനു മുമ്പാകെ[l] നില്ക്കേണ്ടി
വരും.[j]

11 [m]“എന്നാണ എന്റെ മുമ്പിൽ
എല്ലാ മുഴങ്കാലും മടങ്ങും, എല്ലാ
നാവും ദൈവത്തെ സ്തുതിക്കും
എന്നു കർത്താവ് അരുളിച്ചെയ്യു
ന്നു”
എന്ന് എഴുതിയിരിക്കുന്നുവല്ലോ.
12 ആകയാൽ നമ്മിൽ ഓരോരു
ത്തൻ ദൈവത്തോടു കണക്കു ബോ
ധിപ്പിക്കേണ്ടിവരും.[n]

13 അതുകൊണ്ടു നാം ഇനി
അന്യോന്യം വിധിക്കരുത്;[o] സഹോ
ദരന് ഇടർച്ചയോ തടങ്ങലോ വയ്ക്കാ
തിരിപ്പാൻ[p] മാത്രം ഉറച്ചുകൊൾ
വിൻ. 14 യാതൊന്നും സ്വതവേ
മലിനമല്ല[q] എന്നു ഞാൻ കർത്താ
വായ യേശുവിൽ അറിഞ്ഞും ഉറ
ച്ചുമിരിക്കുന്നു. വല്ലതും മലിനം
എന്ന് എണ്ണുന്നവനുമാത്രം അതു
മലിനം ആകുന്നു[r] 15 നിന്റെ ഭക്ഷ
ണം നിമിത്തം സഹോദരനെ വ്യസ
നിപ്പിച്ചാൽ നീ സ്നേഹപ്രകാരം നട
ക്കുന്നില്ല.[s] ആർക്കുവേണ്ടി ക്രി
സ്തു മരിച്ചുവോ അവനെ നിന്റെ
ഭക്ഷണംകൊണ്ടു നശിപ്പിക്കരുത്.[t]
16 നിങ്ങളുടെ നന്മയ്ക്കു ദൂഷണം
വരുത്തരുത്.[u] 17 ദൈവരാജ്യം ഭക്ഷ
ണവും പാനീയവുമല്ല,[v] നീതിയും[w]

7. [h] *2കൊരി.5:15; ഗലാ.2:20; 1പത്രൊ.4:2; (1കൊരി.6:19; 1തെസ്സ.5:10)*
8. [i] *ഫിലി.1:20*
9. [j] *അപ്പൊ.പ്ര.10:42; വെളി.20:12*
[k] *വെളി.1:18;2:8*
10. [j] *(വാ.9കാ.)*
[l] *2കൊരി.5:10*
11. [m] *ഫിലി.2:10,11;* ***യെശ.45:23***
12. [n] *മത്താ.12:36; 16:27;1പത്രൊ.4:5; (ഗലാ.6:5)*
13. [o] *മത്താ.7:1*
[p] *(1കൊരി.8:13)*
14. [q] *റോമ.14:2,20; (അപ്പൊ.പ്ര.10:15)*
[r] *(1കൊരി.8:7,10)*
15. [s] *എഫെ.5:2*
[t] *1കൊരി.8:11; (റോമ.14:20)*
16. [u] *(റോമ.12:17; 1കൊരി.10:29,30)*
17. [v] *1കൊരി.8:8*
[w] *(1കൊരി.6:9)*

[x] *ഗലാ.5:22; (റോമ.15:13)*
18. [y] *(2കൊരി.8:21)*
19. [z] *റോമ.15:2; 1കൊരി.14:12; 1തെസ്സ.5:11*
[a] *സങ്കീ.34:14; 1കൊരി.7:15; 2തിമൊ.2:22; എബ്രാ.12:14*
20. [b] *റോമ.14:15*
[c] *തീത്തൊ.1:15; റോമ.14:14*
[d] *1കൊരി.8:9 - 12*
21. [e] *1കൊരി.8:13*
22. [f] *1യോഹ.3:21*

**അധ്യായം 15**

1. [a] *(ഗലാ.6:1)*
[b] *1തെസ്സ.5:14; റോമ.14:1*
2. [c] *1കൊരി.10:33; (1കൊരി.9:19,22; 10:24;ഫിലി.2:4)*
3. [d] ***സങ്കീ.69:9***
[e] *ഫിലി.2:5,8; (യോഹ.5:30;6:38)*
4. [f] *റോമ.4:23*

സമാധാനവും[x] പരിശുദ്ധാത്മാവിൽ
സന്തോഷവും അത്രേ. 18 അ
തിൽ ക്രിസ്തുവിനെ സേവിക്കുന്ന
വൻ ദൈവത്തെ പ്രസാദിപ്പിക്കുന്ന
വനും[y] മനുഷ്യർക്കു കൊള്ളാകുന്ന
വനും തന്നെ. 19 ആകയാൽ നാം
സമാധാനത്തിനും അന്യോന്യം ആ
ത്മികവർധനയ്ക്കും[z] ഉള്ളതിനു
ശ്രമിച്ചുകൊൾക.[a] 20 ഭക്ഷണം
നിമിത്തം ദൈവനിർമാണത്തെ അ
ഴിക്കരുത്.[b] എല്ലാം ശുദ്ധം തന്നെ;[c]
എങ്കിലും ഇടർച്ച വരുത്തുമാറ്
തിന്നുന്ന മനുഷ്യന് അതു ദോഷ
മത്രേ.[d] 21 മാംസം തിന്നാതെയും
വീഞ്ഞു കുടിക്കാതെയും സഹോ
ദരന് ഇടർച്ച വരുത്തുന്ന യാതൊ
ന്നും ചെയ്യാതെയും ഇരിക്കുന്നത്
നല്ലത്.[e] 22 നിനക്കുള്ള വിശ്വാസം
ദൈവസന്നിധിയിൽ നിനക്കുതന്നെ
ഇരിക്കട്ടെ; താൻ സ്വീകരിക്കുന്ന
തിൽ തന്നെത്താൻ വിധിക്കാത്ത
വൻ ഭാഗ്യവാൻ.[f] 23 എന്നാൽ സം
ശയിക്കുന്നവൻ തിന്നുന്നു എങ്കിൽ
അതു വിശ്വാസത്തിൽനിന്ന് ഉദ്ഭവി
ക്കായ്കകൊണ്ട് അവൻ കുറ്റക്കാ
രനായിരിക്കുന്നു. വിശ്വാസത്തിൽ
നിന്ന് ഉദ്ഭവിക്കാത്തതൊക്കെയും
പാപമത്രേ.

❋ ❋ ❋

***1. ബലഹീനരെ താങ്ങിക്കൊണ്ടു 5. ഏകചിന്തയോടിരിപ്പാൻ പ്രബോധനം 14. അപ്പൊസ്തലന്റെ യാത്രാഭാവവും 22. അപേക്ഷയും.***

**15** എന്നാൽ ശക്തരായ നാം[a]
അശക്തരുടെ ബലഹീനത
കളെ ചുമക്കുകയും[b] നമ്മിൽതന്നെ
പ്രസാദിക്കാതിരിക്കയും വേണം.
2 നമ്മിൽ ഓരോരുത്തൻ കൂട്ടു
കാരനെ നന്മയ്ക്കായിട്ട് ആത്മിക
വർധനയ്ക്കുവേണ്ടി പ്രസാദിപ്പി
ക്കേണം.[c]

3 [d]“നിന്നെ നിന്ദിക്കുന്നവരുടെ
നിന്ദ എന്റെമേൽ വീണു”
എന്ന് എഴുതിയിരിക്കുന്നതുപോ
ലെ ക്രിസ്തുവും തന്നിൽത്തന്നെ
പ്രസാദിച്ചില്ല.[e] 4 എന്നാൽ മുൻ
എഴുതിയിരിക്കുന്നതൊക്കെയും[f]

നമ്മുടെ ഉപദേശത്തിനായിട്ടു,[g] ന
മുക്കു തിരുവെഴുത്തുകളാൽ ഉളവാ
കുന്ന സ്ഥിരതയാലും ആശ്വാസ
ത്താലും[h] പ്രത്യാശ ഉണ്ടാകേണ്ട
തിനുതന്നെ എഴുതിയിരിക്കുന്നു.[f]
**5** എന്നാൽ നിങ്ങൾ ഐകമത്യപ്പെട്ട്,
നമ്മുടെ കർത്താവായ യേശുക്രി
സ്തുവിന്റെ പിതാവായ ദൈവത്തെ[i]
ഏകമനസ്സോടെ ഒരു വായിനാൽ
മഹത്ത്വീകരിക്കേണ്ടതിന് **6** സ്ഥിര
തയും ആശ്വാസവും നല്കുന്ന
ദൈവം നിങ്ങൾക്കു ക്രിസ്തുയേ
ശുവിന് അനുരൂപമായി തമ്മിൽ
ഏകചിന്തയോടിരിപ്പാൻ[j] കൃപ
നല്കുമാറാകട്ടെ. **7** അതുകൊണ്ടു
ക്രിസ്തു ദൈവത്തിന്റെ മഹത്ത്വ
ത്തിനായി നിങ്ങളെ കൈക്കൊണ്ട
തുപോലെ നിങ്ങളും അന്യോന്യം
കൈക്കൊൾവിൻ.

**8** പിതാക്കന്മാർക്കു ലഭിച്ച വാഗ്ദ
ത്തങ്ങളെ ഉറപ്പിക്കേണ്ടതിന്[k] **9** ക്രി
സ്തു ദൈവത്തിന്റെ സത്യം നിമി
ത്തം പരിച്ഛേദനയ്ക്കു ശുശ്രൂഷക്കാ
രനായിത്തീർന്നു[l] എന്നും ജാതി
കൾ ദൈവത്തെ അവന്റെ കരുണ
നിമിത്തം മഹത്ത്വീകരിക്കേണം[m]
എന്നും ഞാൻ പറയുന്നു.

**10** "അതുകൊണ്ട് [n]ഞാൻ ജാതി
കളുടെ ഇടയിൽ നിന്നെ വാഴ്ത്തി
നിന്റെ നാമത്തിനു സ്തുതി പാടും"
എന്ന് എഴുതിയിരിക്കുന്നുവല്ലോ.
**11** മറ്റൊരേടത്തു: [o]"ജാതികളേ,
അവന്റെ ജനത്തോട് ഒന്നിച്ച് ആന
ന്ദിപ്പിൻ" എന്നും പറയുന്നു.

[p]"സകല ജാതികളുമായുള്ളോ
രേ, കർത്താവിനെ സ്തുതിപ്പിൻ,
സകല വംശങ്ങളും അവനെ സ്തു
തിക്കട്ടെ" എന്നും പറയുന്നു.

**12** [q]"യിശ്ശായിയുടെ വേരും[r] ജാ
തികളെ ഭരിപ്പാൻ എഴുന്നേല്ക്കുന്ന
വനുമായവൻ ഉണ്ടാകും; അവനിൽ
ജാതികൾ പ്രത്യാശവയ്ക്കും"[s]
എന്നു യെശയ്യാവ് പറയുന്നു.

**13** എന്നാൽ പ്രത്യാശ നല്കുന്ന
ദൈവം പരിശുദ്ധാത്മാവിന്റെ ശക്തി

4.[g] *2തിമൊ.3:16,17*
[h] *സങ്കീ.119:50*
5.[i] *2കൊരി.1:3; എഫെ.1:3; 1പത്രൊ.1:3; (യോഹ.20:17; എഫെ.1:17; വെളി.1:6)*
6.[j] *റോമ.12:16*
8.[k] *(റോമ.4:16; 2കൊരി.1:20)*
9.[l] *മത്താ.15:24; യോഹ.1:11; (എബ്രാ.3:1); അപ്പൊ.പ്ര.3:26*
[m] *റോമ.3:29*
10.[n] ***2ശമൂ. 22:50; സങ്കീ.18:49***
11.[o] ***ആവ.32:43***
[p] ***സങ്കീ.117:1***
12.[q] ***യെശ.11:10***
[r] *യെശ.11:1; (വെളി.5:5;22:16)*
[s] *മത്താ.12:20*
13.[t] *(റോമ.5:1,2; 14:17)*
14.[u] *1കൊരി.1:6; 13:2; (1കൊരി.8:1,7,10; 12:8)*
[v] *(2പത്രൊ.1:12;3:2; 1യോഹ.2:21)*
15.[w] *യെശ.66:20; (ഫിലി.2:17)*
[x] *(മലാ.1:11)*
[y] *റോമ.11:13*
16.[z] *റോമ.1:6*
17.[a] *എബ്രാ.2:17;5:1*
[b] *ഫിലി.3:3*
18.[c] *അപ്പൊ.പ്ര.15:12; 21:19; ഗലാ.2:8*
[d] *റോമ.1:6*
[e] *2കൊരി.12:12; (അപ്പൊ.പ്ര.19:11)*
19.[f] *അപ്പൊ.പ്ര. 22:17 - 21*
[g] *(അപ്പൊ.പ്ര. 20:1,2)*
20.[h] *(2കൊരി. 10:13,15,16)*
21.[i] ***യെശ.52:15***

യാൽ നിങ്ങൾ പ്രത്യാശയിൽ സമൃ
ദ്ധിയുള്ളവരായി വിശ്വസിക്കുന്നതി
ലുള്ള സകല സന്തോഷവും സമാ
ധാനവും[t] കൊണ്ടു നിങ്ങളെ നിറ
യ്ക്കുമാറാകട്ടെ.

**14** സഹോദരന്മാരേ, നിങ്ങൾ
തന്നെ ദയാപൂർണരും സകല
ജ്ഞാനവും[u] നിറഞ്ഞവരും അ
ന്യോന്യം പ്രബോധിപ്പിപ്പാൻ പ്രാ
പ്തരും ആകുന്നു എന്നു ഞാൻ
നിങ്ങളെക്കുറിച്ച് ഉറച്ചിരിക്കുന്നു.[v]
**15** എങ്കിലും ജാതികൾ എന്ന വഴി
പാട്[w] പരിശുദ്ധാത്മാവിനാൽ വി
ശുദ്ധീകരിക്കപ്പെട്ടു പ്രസാദകരമാ
യിത്തീരുവാൻ ഞാൻ ദൈവത്തി
ന്റെ സുവിശേഷഘോഷണം പുരോ
ഹിതനായി അനുഷ്ഠിച്ചുകൊണ്ട്[x]
ജാതികളിൽ ക്രിസ്തുയേശുവിന്റെ
ശുശ്രൂഷകനായിരി[y]ക്കേണ്ടതിന്
**16** ദൈവം എനിക്കു നല്കിയ കൃപ
നിമിത്തം[z] നിങ്ങളെ ഓർമപ്പെടു
ത്തുംവണ്ണം ഞാൻ ചിലേടത്ത്
അതിധൈര്യമായി നിങ്ങൾക്ക്
എഴുതിയിരിക്കുന്നു. **17** ക്രിസ്തു
യേശുവിൽ എനിക്കു ദൈവസംബ
ന്ധമായി[a] പ്രശംസ[b] ഉണ്ട്. **18** ക്രി
സ്തു ഞാൻ മുഖാന്തരം[c] ജാതിക
ളുടെ അനുസരണത്തിനായിട്ടു[d]
വചനത്താലും പ്രവൃത്തിയാലും
അടയാളങ്ങളുടെയും അദ്ഭുതങ്ങ
ളുടെയും ശക്തികൊണ്ടും[e] പരിശു
ദ്ധാത്മാവിന്റെ ശക്തികൊണ്ടും
പ്രവർത്തിച്ചത്[c] അല്ലാതെ മറ്റൊ
ന്നും മിണ്ടുവാൻ ഞാൻ തുനിയു
കയില്ല. **19** അങ്ങനെ ഞാൻ യെരൂ
ശലേമുതൽ[f] ഇല്ലുര്യദേശത്തോളം[g]
ചുറ്റിസഞ്ചരിച്ചു ക്രിസ്തുവിന്റെ
സുവിശേഷഘോഷണം പൂരിപ്പിച്ചി
രിക്കുന്നു. **20** ഞാൻ മറ്റൊരുവന്റെ
അടിസ്ഥാനത്തിന്മേൽ പണിയാതി
രിക്കേണ്ടതിനു[h] ക്രിസ്തുവിന്റെ
നാമം അറിഞ്ഞിട്ടുള്ള ഇടത്തിലല്ല,

**21** [i]"അവനെക്കുറിച്ച് അറിവു
കിട്ടിയിട്ടില്ലാത്തവർ കാണും; കേട്ടി
ട്ടില്ലാത്തവർ ഗ്രഹിക്കും"
എന്ന് എഴുതിയിരിക്കുന്നതുപോലെ

അത്രേ, സുവിശേഷം അറിയിപ്പാൻ
അഭിമാനിക്കുന്നത്.
**22** അതുകൊണ്ടുതന്നെ ഞാൻ
നിങ്ങളുടെ അടുക്കൽ വരുന്നതിനു
പലപ്പോഴും മുടക്കം വന്നു.[j] **23** ഇ
പ്പോഴോ എനിക്ക് ഈ ദിക്കുകളിൽ
ഇനി സ്ഥലമില്ലായ്കയാലും അ
ങ്ങോട്ടു വരുവാൻ അനേകസംവ
ത്സരമായി വാഞ്ഛ ഉണ്ടാകകൊ
ണ്ടും,[k] **24** ഞാൻ സ്പാന്യയിലേക്കു[l]
യാത്ര ചെയ്യുമ്പോൾ പോകുന്ന
വഴിക്കു നിങ്ങളെ കാൺമാനും
ആദ്യം നിങ്ങളെ കണ്ടു സന്തോഷി
ച്ചശേഷം നിങ്ങളാൽ യാത്ര അയ
യ്ക്കപ്പെടുവാനും[m] ആശിക്കുന്നു.
**25** ഇപ്പോഴോ ഞാൻ വിശുദ്ധന്മാർ
ക്കു ശുശ്രൂഷ ചെയ്‌വാൻ യെരൂ
ശലേമിലേക്കു യാത്രയാകുന്നു.[n]
**26** യെരൂശലേമിലെ വിശുദ്ധന്മാ
രിൽ ദരിദ്രരായവർക്ക് ഏതാനും
ധർമ്മോപകാരം ചെയ്‌വാൻ മക്കെ
ദോന്യയിലും അഖായയിലും ഉള്ള
വർക്ക് ഇഷ്ടം തോന്നി.[o] **27** അ
വർക്ക് ഇഷ്ടം തോന്നി എന്നു
മാത്രമല്ല, അത് അവർക്കു കടവും
ആകുന്നു; ജാതികൾ അവരുടെ
ആത്മികനന്മകളിൽ കൂട്ടാളികൾ
ആയെങ്കിൽ ഐഹികനന്മകളിൽ
അവർക്കു ശുശ്രൂഷ ചെയ്‌വാൻ കട
മ്പെട്ടിരിക്കുന്നുവല്ലോ.[p] **28** ഞാൻ
അതു നിവർത്തിച്ച് ഈ ഫലം അ
വർക്ക് ഏല്പിച്ചു ബോധ്യം വരു
ത്തിയശേഷം നിങ്ങളുടെ വഴിയാ
യി സ്പാന്യയിലേക്കു[q] പോകും.
**29** ഞാൻ നിങ്ങളുടെ അടുക്കൽ
വരുമ്പോൾ ക്രിസ്തുവിന്റെ അനു
ഗ്രഹപൂർത്തിയോടെ വരും എന്നു
ഞാൻ അറിയുന്നു.
**30** എന്നാൽ സഹോദരന്മാരേ,
യെഹൂദ്യയിലെ അവിശ്വാസികളു
ടെ കൈയിൽനിന്ന് എന്നെ രക്ഷി
ക്കേണ്ടതിനും[r] യെരൂശലേമിലേക്കു
ഞാൻ കൊണ്ടുപോകുന്ന സഹായം
വിശുദ്ധന്മാർക്കു പ്രസാദമായിത്തീ
രേണ്ടതിനും[s] **31** ഇങ്ങനെ ഞാൻ
ദൈവേഷ്ടത്താൽ സന്തോഷത്തോ
ടെ നിങ്ങളുടെ അടുക്കൽ വന്നു
നിങ്ങളോടുകൂടെ മനം തണുക്കേ
ണ്ടതിനും[t] നിങ്ങൾ എനിക്കുവേണ്ടി
ദൈവത്തോടുള്ള പ്രാർഥനയിൽ
എന്നോടുകൂടെ പോരാടേണം[u]
എന്ന് **32** നമ്മുടെ കർത്താവായ
യേശുക്രിസ്തുവിനെയും ആത്മാ
വിന്റെ സ്നേഹത്തെയും[v] ഓർപ്പിച്ചു
ഞാൻ നിങ്ങളെ പ്രബോധിപ്പിക്കു
ന്നു. **33** സമാധാനത്തിന്റെ ദൈവം[w]
നിങ്ങളെല്ലാവരോടും കൂടെ ഇരി
ക്കുമാറാകട്ടെ. ആമേൻ.

❋ ❋ ❋

***1. പൗലൊസ് പലർക്കും വന്ദനവാക്കുകൾ പറഞ്ഞത് 25. ദൈവത്തിനു സ്തോത്രത്തോടും വന്ദനത്തോടും അവസാനിപ്പിച്ചത്.***

**16** നമ്മുടെ സഹോദരിയും
കെംക്രയ[a] സഭയിലെ ശുശ്രൂ
ഷക്കാരത്തിയുമായ ഫേബയെ
**2** നിങ്ങൾ വിശുദ്ധന്മാർക്കു യോഗ്യ
മാംവണ്ണം കർത്താവിന്റെ നാമ
ത്തിൽ കൈക്കൊണ്ട്,[b] അവൾക്കു
നിങ്ങളുടെ സഹായം വേണ്ടുന്ന
ഏതു കാര്യത്തിലും സഹായിക്കേ
ണ്ടതിന് ഞാൻ നിങ്ങളെ ഭരമേ
ല്പിക്കുന്നു. അവളും പലർക്കും
വിശേഷാൽ എനിക്കും സഹായം
ചെയ്തിരിക്കുന്നു.
**3** ക്രിസ്തുയേശുവിൽ എന്റെ
കൂട്ടുവേലക്കാരായ പ്രിസ്കയെയും
അക്വിലാവെയും[c] വന്ദനം ചെ
യ്‌വിൻ. **4** അവർ എന്റെ പ്രാണനു
വേണ്ടി തങ്ങളുടെ കഴുത്തു വച്ചു
കൊടുത്തവരാകുന്നു; അവർക്കു
ഞാൻ മാത്രമല്ല, ജാതികളുടെ സ
കല സഭകളുംകൂടെ നന്ദി പറയുന്നു.
**5** അവരുടെ വീട്ടിലെ സഭയെയും
വന്ദനം ചെയ്‌വിൻ;[d] ആസ്യയിൽ
ക്രിസ്തുവിന് ആദ്യഫലമായി[e] എ
നിക്കു പ്രിയനായ എപ്പൈനത്തൊ
സിന് വന്ദനം ചൊല്ലുവിൻ. **6** നി
ങ്ങൾക്കായി വളരെ അധ്വാനിച്ചവ
ളായ മറിയയ്ക്ക് വന്ദനം ചൊല്ലു
വിൻ. **7** എന്റെ ചാർച്ചക്കാരും സഹ
ബദ്ധന്മാരുമായ[f] അന്ത്രൊനിക്കൊ
സിനും യൂനിയാവിനും വന്ദനം ചൊ
ല്ലുവിൻ; അവർ അപ്പൊസ്തലന്മാ

22.[j] *റോമ.1:13; (1തെസ്സ.2:18)*
23.[k] *റോമ.15:29,31; 1:9,12; അപ്പൊ.പ്ര.19:21*
24.[l] *റോമ.15:28*
[m] *അപ്പൊ.പ്ര.15:3*
25.[n] *അപ്പൊ.പ്ര.19:21;20:15;24:17; (റോമ.15:30)*
26.[o] *1കൊരി.16:1-4; 2കൊരി.8:2;9:2,13*
27.[p] *1കൊരി.9:11; (ഗലാ.6:6)*
28.[q] *റോമ.15:24*
30.[r] *2തെസ്സ.3:2; (2തിമൊ.3:11;4:17)*
[s] *2കൊരി.8:3*
31.[t] *(1കൊരി.16:18; 2കൊരി.7:13; ഫിലേ.7,20)*
[u] *കൊലൊ.4:12; (2കൊരി.1:11; കൊലൊ.2:1,2; എബ്രാ.13:18)*
32.[v] *(ഫിലി.2:1; കൊലൊ.1:8)*
33.[w] *റോമ.16:20; 2കൊരി.13:11; ഫിലി.4:9; 1തെസ്സ.5:23; എബ്രാ.13:20; (1കൊരി.14:33; 2തെസ്സ.3:16)*

**അധ്യായം 16**

1.[a] *അപ്പൊ.പ്ര.18:18*
2.[b] *ഫിലി.2:29*
3.[c] *അപ്പൊ.പ്ര.18:2*
5.[d] *1കൊരി.16:19; (കൊലൊ.4:15; ഫിലേ.2)*
[e] *(1കൊരി.16:15)*
7.[f] *കൊലൊ.4:10; ഫിലേ.23*

രുടെയിടയിൽ പേർകൊണ്ടവരും
എനിക്കുമുമ്പേ ക്രിസ്തുവിൽ വിശ്വ
സിച്ചവരും ആകുന്നു. **8** കർത്താ
വിൽ എനിക്കു പ്രിയനായ അംപ്ലി
യാത്തൊസിനു വന്ദനം ചൊല്ലു
വിൻ. ക്രിസ്തുവിൽ ഞങ്ങളുടെ
കൂട്ടുവേലക്കാരനായ ഉർബ്ബാനൊ
സിനും **9** എനിക്കു പ്രിയനായ
സ്താക്കുവിനും വന്ദനം ചൊല്ലു
വിൻ. **10** ക്രിസ്തുവിൽ സമ്മതനായ
അപ്പെലേസിനു വന്ദനം ചൊല്ലു
വിൻ. അരിസ്തോബൂലൊസിന്റെ
ഭവനക്കാർക്ക്[g] വന്ദനം ചൊല്ലുവിൻ.
**11** എന്റെ ചാർച്ചക്കാരനായ ഹെരോ
ദിയോനു വന്ദനം ചൊല്ലുവിൻ; നർ
ക്കിസ്സൊസിന്റെ ഭവനക്കാരിൽ കർ
ത്താവിൽ വിശ്വസിച്ചവർക്കു വന്ദനം
ചൊല്ലുവിൻ. **12** കർത്താവിൽ അ
ധ്വാനിക്കുന്നവരായ ത്രുഫൈന
യ്ക്കും ത്രുഫോസയ്ക്കും വന്ദനം
ചൊല്ലുവിൻ. കർത്താവിൽ വളരെ
അധ്വാനിച്ചവളായ പ്രിയ പെർസി
സിനു വന്ദനം ചൊല്ലുവിൻ. **13** കർ
ത്താവിൽ പ്രസിദ്ധനായ രൂഫൊസി
നെയും[h] എനിക്കും അമ്മയായ അ
വന്റെ അമ്മയെയും വന്ദനം ചെ
യ്‌വിൻ. **14** അസുംക്രിതൊസിനും
പ്ലെഗോനും ഹെർമ്മോസിനും
പത്രൊബാസിനും ഹെർമ്മാസിനും
കൂടെയുള്ള സഹോദരന്മാർക്കും
വന്ദനം ചൊല്ലുവിൻ. **15** ഫിലൊ
ലൊഗൊസിനും യൂലിയയ്ക്കും
നെരെയുസിനും അവന്റെ സഹോ
ദരിക്കും ഒലുമ്പാസിനും അവരോടു
കൂടെയുള്ള സകല വിശുദ്ധന്മാർ
ക്കും വന്ദനം ചൊല്ലുവിൻ. **16** വിശു
ദ്ധചുംബനംകൊണ്ട് അന്യോന്യം
വന്ദനം ചെയ്‌വിൻ.[i] ക്രിസ്തുവിന്റെ
സകല സഭകളും നിങ്ങളെ വന്ദനം
ചെയ്യുന്നു.

**17** സഹോദരന്മാരേ, നിങ്ങൾ
പഠിച്ച ഉപദേശത്തിനു വിപരീത
മായ്[j] ദ്വന്ദ്വപക്ഷങ്ങളെയും ഇടർച്ച
കളെയും ഉണ്ടാക്കുന്നവരെ സൂക്ഷി
ച്ചുകൊള്ളേണമെന്നു ഞാൻ നിങ്ങ
ളെ പ്രബോധിപ്പിക്കുന്നു. അവരോട്
അകന്നു മാറുവിൻ.[k] **18** അങ്ങനെ
യുള്ളവർ നമ്മുടെ കർത്താവായ
ക്രിസ്തുവിനെയല്ല, തങ്ങളുടെ
വയറ്റിനെ[l] അത്രേ സേവിക്കയും
ചക്കരവാക്കും മുഖസ്തുതിയും[m]
പറഞ്ഞു സാധുക്കളുടെ ഹൃദയ
ങ്ങളെ വഞ്ചിച്ചുകളകയും ചെയ്യു
ന്നു. **19** നിങ്ങളുടെ അനുസരണം
പരക്കെ എല്ലാവർക്കും പ്രസിദ്ധമാ
യിരിക്കുന്നു;[n] അതുകൊണ്ട് ഞാൻ
നിങ്ങൾ നിമിത്തം സന്തോഷിക്കു
ന്നു; എങ്കിലും നിങ്ങൾ നന്മയ്ക്കു
ജ്ഞാനികളും[o] തിന്മയ്ക്ക് അജ്ഞ
ന്മാരും ആകേണം എന്നു ഞാൻ
ഇച്ഛിക്കുന്നു. **20** സമാധാനത്തിന്റെ
ദൈവമോ[p] വേഗത്തിൽ സാത്താനെ
നിങ്ങളുടെ കാല്ക്കീഴെ ചതച്ചു
കളയും.[q] നമ്മുടെ കർത്താവായ
യേശുക്രിസ്തുവിന്റെ കൃപ നിങ്ങ
ളോടുകൂടെ ഇരിക്കുമാറാകട്ടെ.[r]

**21** എന്റെ കൂട്ടുവേലക്കാരനായ
തിമൊഥെയൊസും[s] എന്റെ ചാർ
ച്ചക്കാരായ ലൂക്യൊസും[t] യാസോ
നും[u] സോസിപത്രൊസും[v] നിങ്ങളെ
വന്ദനം ചെയ്യുന്നു. **22** ഈ ലേഖനം
എഴുതിയ[w] തെർത്തൊസ് എന്ന ഞാൻ
നിങ്ങളെ കർത്താവിൽ വന്ദനം
ചെയ്യുന്നു. **23** എനിക്കും സർവ
സഭയ്ക്കും അതിഥിസൽക്കാരം
ചെയ്യുന്ന ഗായൊസ്[x] നിങ്ങളെ
വന്ദനം ചെയ്യുന്നു. പട്ടണത്തിന്റെ
ഭണ്ഡാരവിചാരകനായ എരസ്തൊ
സും[y] സഹോദരനായ ക്വർത്തൊ
സും നിങ്ങളെ വന്ദനം ചെയ്യുന്നു.

**24** പൂർവകാലങ്ങളിൽ[z] മറഞ്ഞി
രുന്നിട്ട്[a] ഇപ്പോൾ വെളിപ്പെട്ടുവന്ന
തും[b] നിത്യദൈവത്തിന്റെ നിയോ
ഗപ്രകാരം സകല ജാതികൾക്കും
വിശ്വാസത്തിന്റെ അനുസരണത്തി
നായി[c] **25** പ്രവാചകന്മാരുടെ എഴു
ത്തുകളാൽ അറിയിച്ചിരിക്കുന്നതു
മായ മർമ്മത്തിന്റെ വെളിപ്പാടിന് അനു
സരണമായുള്ള[d] എന്റെ സുവിശേ
ഷത്തിനും യേശുക്രിസ്തുവിനെ
ക്കുറിച്ചുള്ള പ്രസംഗത്തിനും ഒത്ത
വണ്ണം[e] നിങ്ങളെ സ്ഥിരപ്പെടുത്തു
വാൻ കഴിയുന്ന[f] **26** ഏകജ്ഞാനി
യായ ദൈവത്തിനു[g] യേശുക്രിസ്തു
മുഖാന്തരം എന്നെന്നേക്കും മഹ
ത്ത്വം ഉണ്ടാകുമാറാകട്ടെ.[h] ആമേൻ.

❋ ❋ ❋

10.[g] 1കൊരി.1:11
13.[h] മർക്കൊ.15:21
16.[i] 1കൊരി.16:20; 2കൊരി.13:12; 1തെസ്സ.5:26; (1പത്രൊ.5:14)
17.[j] 1തിമൊ.1:3;6:3
[k] 2യോഹ.10
18.[l] ഫിലി.3:19; (2തിമൊ.3:4,5; തീത്തൊ.1:12)
[m] കൊലൊ.2:4 2പത്രൊ.2:3
19.[n] റോമ.1:8
[o] (യിരെ.4:22); മത്താ.10:16
20.[p] റോമ.15:33
[q] ഉൽപ.3:15; (ലൂക്കൊ.10:17 - 19; വെളി.12:11)
[r] 1കൊരി.16:23; 2കൊരി.13:14
21.[s] അപ്പൊ.പ്ര.16:1
[t] അപ്പൊ.പ്ര.13:1
[u] അപ്പൊ.പ്ര.17:5
[v] അപ്പൊ.പ്ര.20:4
22.[w] 1കൊരി.16:21
23.[x] 1കൊരി.1:15; (അപ്പൊ.പ്ര. 19:29;20:4; 3 യോഹ.1)
[y] അപ്പൊ.പ്ര.19:22; 2തിമൊ.4:20
24.[z] 2തിമൊ.1:9; തീത്തൊ.1:2
[a] (1കൊരി.2:7)
[b] കൊലൊ.1:26; 2തിമൊ.1:10; തീത്തൊ.1:2; 1പത്രൊ.1:20
[c] (കൊലൊ.1:6); റോമ.1:6
25.[d] 1കൊരി.2:1;4:1; എഫെ.1:9;3:3 - 5; 5:32;6:19; കൊലൊ.1:26,27; 2:2;4:3
[e] റോമ.2:16
[f] എഫെ.3:20; യൂദാ.24
26.[g] 1തിമൊ.1:17; 6:15
[h] റോമ.11:36

# THE FIRST EPISTLE OF PAUL THE APOSTLE TO THE CORINTHIANS

# അപ്പൊസ്തലനായ പൗലൊസ് കൊരിന്ത്യർക്ക് എഴുതിയ ഒന്നാം ലേഖനം

**മുഖവുര**

പൗലൊസിനാൽ സ്ഥാപിക്കപ്പെട്ട കൊരിന്ത്യസഭാവിശ്വാസികളുടെ മധ്യേ ക്രിസ്തീയ ജീവിതവും വിശ്വാസസംബന്ധവുമായി കടന്നുവന്ന ചില വിഷയങ്ങളെ ആസ്പദമാക്കി കൊരിന്ത്യർക്ക് എഴുതിയതാണ് പൗലൊസിന്റെ ആദ്യ കൊരിന്ത്യ ലേഖനം.

***1. വന്ദനവാക്കും സ്തോത്രവും ചെയ്തശേഷം 10. പൗലൊസ് ഏകോത്ഭവത്തിനായി ബുദ്ധിയുപദേശിച്ചത് 12. സഭാഭിന്നതകളെ ആക്ഷേപിച്ചത് 18. ദൈവം ലോകജ്ഞാനികളുടെ ജ്ഞാനത്തെ നശിപ്പിക്കുന്നു എന്നുള്ളത്.***

**അധ്യായം 1**

**ദൈ**വേഷ്ടത്താൽ[a] യേശുക്രി
സ്തുവിന്റെ അപ്പൊസ്തലനായി
വിളിക്കപ്പെട്ട[b] പൗലൊസും സഹോ
ദരനായ സോസ്തെനേസും[c] കൊരി
ന്തിലുള്ള ദൈവസഭയ്ക്ക്, **2** ക്രി
സ്തുയേശുവിൽ വിശുദ്ധീകരിക്ക
പ്പെട്ട[d]വരും അവിടെയും ഇവിടെ
യും എവിടെയും നമ്മുടെ കർത്താ
വായ യേശുക്രിസ്തുവിന്റെ നാമ
ത്തെ വിളിച്ചപേക്ഷിക്കുന്ന[e] ഏവ
രോടുംകൂടെ വിളിക്കപ്പെട്ട വിശുദ്ധ
ന്മാരുമായവർക്കു[f]തന്നെ, എഴുതു
ന്നത്: **3** നമ്മുടെ പിതാവായ ദൈവ
ത്തിങ്കൽനിന്നും കർത്താവായ യേശു
ക്രിസ്തുവിങ്കൽനിന്നും നിങ്ങൾക്കു
കൃപയും സമാധാനവും ഉണ്ടാകട്ടെ.[f]
**4** നിങ്ങൾക്കു ക്രിസ്തുയേശുവിൽ
നല്കപ്പെട്ട ദൈവകൃപനിമിത്തം
ഞാൻ എന്റെ ദൈവത്തിനു നിങ്ങ
ളെക്കുറിച്ച് എപ്പോഴും സ്തോത്രം
ചെയ്യുന്നു.[g] **5** ക്രിസ്തുവിന്റെ സാ
ക്ഷ്യം[h] നിങ്ങളിൽ ഉറപ്പായിരിക്കു
ന്നതുപോലെ **6** അവനിൽ നിങ്ങൾ
സകലത്തിലും വിശേഷാൽ സകല
വചനത്തിലും സകല പരിജ്ഞാ
നത്തിലും[i] സമ്പന്നരായിത്തീർന്നു.[j]
**7** ഇങ്ങനെ നിങ്ങൾ ഒരു കൃപാവര
ത്തിലും കുറവില്ലാത്തവരായി നമ്മു
ടെ കർത്താവായ യേശുക്രിസ്തു
വിന്റെ പ്രത്യക്ഷത കാത്തിരിക്കുന്നു.[k]
**8** നമ്മുടെ കർത്താവായ യേശുക്രി
സ്തുവിന്റെ നാളിൽ[l] കുറ്റമില്ലാത്ത
വരായി[m]രിക്കേണ്ടതിന് അവൻ നി
ങ്ങളെ അവസാനത്തോളം ഉറപ്പി
ക്കും.[n] **9** തന്റെ പുത്രനും നമ്മുടെ
കർത്താവായ യേശുക്രിസ്തുവിന്റെ
കൂട്ടായ്മ[o]യിലേക്കു നിങ്ങളെ വിളി
ച്ചിരിക്കുന്ന ദൈവം വിശ്വസ്തൻ.[p]
**10** സഹോദരന്മാരേ, നിങ്ങൾ
എല്ലാവരും ഒന്നുതന്നെ സംസാരി
ക്കയും നിങ്ങളുടെ ഇടയിൽ ഭിന്നത[q]
ഭവിക്കാതെ ഏകമനസ്സിലും ഏകാ
ഭിപ്രായത്തിലും[r] യോജിച്ചിരിക്കയും
വേണം എന്നു ഞാൻ നിങ്ങളെ
നമ്മുടെ കർത്താവായ യേശുക്രി
സ്തുവിന്റെ നാമം ചൊല്ലി പ്രബോ
ധിപ്പിക്കുന്നു. **11** സഹോദരന്മാരേ,
നിങ്ങളുടെ ഇടയിൽ പിണക്കം[s]
ഉണ്ടെന്നു ക്ലോവയുടെ ആളുക
ളാൽ എനിക്ക് അറിവു കിട്ടിയിരി
ക്കുന്നു. **12** നിങ്ങളിൽ ഓരോരു
ത്തൻ: ഞാൻ പൗലൊസിന്റെ പക്ഷ
ക്കാരൻ,[t] ഞാൻ അപ്പൊല്ലോസിന്റെ

1.[a] *2കൊരി.1:1; എഫെ.1:1; കൊലൊ.1:1; 2തിമൊ.1:1*
[b] *റോമ.1:2*
[c] *അപ്പൊ.പ്ര.18:17*
2.[d] *1കൊരി.6:11; (1കൊരി.1:30); യോഹ.17:19*
[e] *അപ്പൊ.പ്ര.9:14*
[f] *റോമ.1:3,4*
3.[f] *(വാ.2 കാ.)*
4.[g] *റോമ.1:8*
5.[h] *2തിമൊ.1:8; (2തെസ്സ.1:9; 1തിമൊ.2:7; വെളി.1:2)*
6.[i] *2കൊരി.8:7; (1കൊരി.12:8); റോമ.15:14; 1യോഹ.2:20*
[j] *2കൊരി.9:11; (2കൊരി.6:10)*
7.[k] *റോമ.8:19; ഫിലി.3:20; എബ്രാ.9:28; ലൂക്കൊ.17:30; 2പത്രൊ.3:13*
8.[l] *1കൊരി.5:5; 2കൊരി.1:14; ഫിലി.2:16; 1തെസ്സ.5:2; (ലൂക്കൊ.17:24)*
[m] *കൊലൊ.1:22*

[n] *(ഫിലി.1:4; 1തെസ്സ.3:13)* 9.[o] *1യോഹ.1:3* [p] *1കൊരി.10:13; ആവ.7:9; യെശ.49:7; 2കൊരി.1:18; (1തെസ്സ.5:24; 2തെസ്സ.3:3; 2തിമൊ.2:13)* 10.[q] *1കൊരി.11:18* [r] *(ഫിലി.1:27)* 11.[s] *1കൊരി.3:3* 12.[t] *1കൊരി.3:4; (മത്താ.23:9,10)*

പക്ഷക്കാരൻ,[u] ഞാൻ കേഫാവിന്റെ
പക്ഷക്കാരൻ,[v] ഞാൻ ക്രിസ്തു
വിന്റെ പക്ഷക്കാരൻ എന്നിങ്ങനെ
പറയുന്നുപോൽ. 13 ക്രിസ്തു വി
ഭാഗിക്കപ്പെട്ടിരിക്കുന്നുവോ?[w] പൗ
ലൊസ് നിങ്ങൾക്കുവേണ്ടി ക്രൂ
ശിക്കപ്പെട്ടുവോ? അല്ല, പൗലൊ
സിന്റെ നാമത്തിൽ നിങ്ങൾ സ്നാനം
ഏറ്റുവോ?[x] 14 എന്റെ നാമത്തിൽ
ഞാൻ സ്നാനം കഴിപ്പിച്ചു എന്ന്
15 ആരും പറയാതവണ്ണം ക്രിസ്പൊ
സിനെയും[y] ഗായൊസിനെയും[z]
ഒഴികെ നിങ്ങളിൽ ആരെയും ഞാൻ
സ്നാനം കഴിപ്പിക്കായ്കയാൽ ഞാൻ
ദൈവത്തിനു സ്തോത്രം ചെയ്യുന്നു.
16 സ്തെഫനാസിന്റെ ഭവനക്കാ
രെയും ഞാൻ സ്നാനം കഴിപ്പിച്ചു;[a]
അതല്ലാതെ മറ്റു വല്ലവരെയും സ്നാ
നം കഴിപ്പിച്ചുവോ എന്നു ഞാൻ
ഓർക്കുന്നില്ല. 17 സ്നാനം കഴിപ്പി
പ്പാൻ അല്ല സുവിശേഷം അറിയി
പ്പാനത്രേ ക്രിസ്തു എന്നെ അയ
ച്ചത്; ക്രിസ്തുവിന്റെ ക്രൂശ് വ്യർത്ഥ
മാകാതിരിക്കേണ്ടതിനു വാക്ചാ
തുര്യത്തോടെ അല്ല[b] താനും.
18 ക്രൂശിന്റെ വചനം നശിച്ചു
പോകുന്നവർക്കു[c] ഭോഷത്തവും[d]
രക്ഷിക്കപ്പെടുന്ന[e] നമുക്കോ ദൈ
വശക്തിയും[f] ആകുന്നു.
19 [g]"ജ്ഞാനികളുടെ ജ്ഞാനം
ഞാൻ നശിപ്പിക്കയും ബുദ്ധിമാ
ന്മാരുടെ ബുദ്ധി ദുർബലമാക്കു
കയും ചെയ്യും"
എന്ന് എഴുതിയിരിക്കുന്നുവല്ലോ.
20 ജ്ഞാനി എവിടെ?[h] ശാസ്ത്രി
എവിടെ?[i] ഈ ലോകത്തിലെ താർ
ക്കികൻ എവിടെ? ലോകത്തിന്റെ
ജ്ഞാനം ദൈവം ഭോഷത്തമാക്കി
യില്ലയോ?[j] 21 ദൈവത്തിന്റെ ജ്ഞാ
നത്തിൽ ലോകം ജ്ഞാനത്താൽ
ദൈവത്തെ അറിയായ്കകൊണ്ടു
വിശ്വസിക്കുന്നവരെ പ്രസംഗത്തി
ന്റെ ഭോഷത്തത്താൽ രക്ഷിപ്പാൻ
ദൈവത്തിനു പ്രസാദം തോന്നി.
22 യെഹൂദന്മാർ അടയാളം ചോദി
ക്കയും[k] യവനന്മാർ ജ്ഞാനം അന്വേ
ഷിക്കയും ചെയ്യുന്നു; 23 ഞങ്ങളോ
ക്രൂശിക്കപ്പെട്ട[l] ക്രിസ്തുവിനെ പ്ര
സംഗിക്കുന്നു; 24 യെഹൂദന്മാർക്ക്
ഇടർച്ചയും ജാതികൾക്കു ഭോഷ
ത്തവുമെങ്കിലും യെഹൂദന്മാരാകട്ടെ
യവനന്മാരാകട്ടെ വിളിക്കപ്പെട്ട ഏ
വർക്കും ദൈവശക്തിയും[m] ദൈവ
ജ്ഞാനവുമായ[n] ക്രിസ്തുവിനെ
ത്തന്നെ. 25 ദൈവത്തിന്റെ ഭോഷ
ത്തം മനുഷ്യരെക്കാൾ ജ്ഞാനമേ
റിയതും ദൈവത്തിന്റെ ബലഹീനത
മനുഷ്യരെക്കാൾ ബലമേറിയതും
ആകുന്നു.
26 സഹോദരന്മാരേ, നിങ്ങളുടെ
വിളിയെ നോക്കുവിൻ: ലോകാഭി
പ്രായപ്രകാരം ജ്ഞാനികൾ[o] ഏറെ
യില്ല, ബലവാന്മാർ ഏറെയില്ല, കു
ലീനന്മാരും ഏറെയില്ല. 27 ജ്ഞാ
നികളെ ലജ്ജിപ്പിപ്പാൻ ദൈവം
ലോകത്തിൽ ഭോഷത്തമായതു
തിരഞ്ഞെടുത്തു;[p] ബലമുള്ളതിനെ
ലജ്ജിപ്പിപ്പാൻ ദൈവം ലോക
ത്തിൽ ബലഹീനമായതു തിരഞ്ഞെ
ടുത്തു.[q] 28 ഉള്ളതിനെ ഇല്ലായ്മ
യാക്കുവാൻ[r] ദൈവം ലോകത്തിൽ
കുലഹീനവും നികൃഷ്ടവുമായ
തും ഏതുമില്ലാത്തതും[s] തിരഞ്ഞെ
ടുത്തു; 29 ദൈവസന്നിധിയിൽ
ഒരു ജഡവും പ്രശംസിക്കാതിരി
ക്കേണ്ടതിനു തന്നേ.[t] 30 നിങ്ങളോ
അവനാൽ ക്രിസ്തുയേശുവിൽ
ഇരിക്കുന്നു. അവൻ നമുക്കു ദൈവ
ത്തിങ്കൽനിന്നു ജ്ഞാനവും[u] നീതി
യും[v] ശുദ്ധീകരണവും[w] വീണ്ടെടു
പ്പു[x]മായിത്തീർന്നു.
31 "പ്രശംസിക്കുന്നവൻ കർ
ത്താവിൽ പ്രശംസിക്കട്ടെ"[y]
എന്ന് എഴുതിയിരിക്കുന്നതു
പോലെ ആകേണ്ടതിനു തന്നേ.

❋ ❋ ❋

*1. സുവിശേഷം മൂലം ആത്മികർക്ക് ലഭിക്കുന്ന ജ്ഞാനം.*

**2** ഞാനും, സഹോദരന്മാരേ, നിങ്ങ
ളുടെ അടുക്കൽ വന്നപ്പോൾ

12.[u] അപ്പൊ.പ്ര.18:24
[v] യോഹ.1:42
13.[w] (1കൊരി.12:5; 2കൊരി.11:4; എഫെ.4:5)
[x] അപ്പൊ.പ്ര.8:16
15.[y] അപ്പൊ.പ്ര.18:8
[z] റോമ.16:23
16.[a] 1കൊരി.16:15,17
17.[b] 1കൊരി.2:1,5,13; (2കൊരി.10:10; 11:6;2പത്രൊ.1:16)
18.[c] 2കൊരി.2:15; 4:3; 2തെസ്സ.2:9
[d] 1കൊരി.1:21,23, 24; 2:14
[e] 1കൊരി.15:2; (അപ്പൊ.പ്ര.2:47)
[f] റോമ.1:16; (1കൊരി.1:24)
19.[g] യെശ. 29:14; (ഇയ്യോ.5:12,13; യിരെ.8:9; മത്താ.11:25)
20.[h] യെശ.19:11
[i] യെശ.33:18
[j] 1കൊരി.2:6;3:19; യെശ.44:25; റോമ.1:22; (1കൊരി.1:26)
22.[k] മത്താ.12:38
23.[l] ഗലാ.5:11; 1പത്രൊ.2:7,8
24.[m] (1കൊരി.1:18)
[n] 1കൊരി.1:30; കൊലൊ.2:3; (ലൂക്കൊ.11:49)
26.[o] 1കൊരി.2:8; യോഹ.7:48; (1കൊരി.1:20); മത്താ.11:25
27.[p] യാക്കോ.2:5
[q] സങ്കീ.8:2
28.[r] 1കൊരി.2:6; (ഇയ്യോ.34:20,24)
[s] റോമ.4:17
29.[t] എഫെ.2:9; (ന്യായാ.7:2)
30.[u] (1കൊരി.1:24)
[v] യിരെ.23:5,6; 33:16; 2കൊരി.5:21; ഫിലി.3:9
[w] (1കൊരി.1:2) [x] എഫെ.1:7; കൊലൊ.1:14; (റോമ. 3:24) 31.[y] 2കൊരി.10:17; (യിരെ.9:23,24)

വചനത്തിന്റെയോ ജ്ഞാനത്തിന്റെ
യോ വൈഭവം കൂടാതെയത്രേ[a]
ദൈവത്തിന്റെ സാക്ഷ്യം[b] നിങ്ങ
ളോടു പ്രസ്താവിപ്പാൻ വന്നത്.
**2** ക്രൂശിക്കപ്പെട്ടവനായ[c] യേശുക്രി
സ്തുവിനെ അല്ലാതെ മറ്റൊന്നും
അറിയാത്തവനായി നിങ്ങളുടെ
ഇടയിൽ ഇരിക്കേണം എന്നു ഞാൻ
നിർണയിച്ചു. **3** ഞാൻ ബലഹീന
തയോടും[d] ഭയത്തോടും വളരെ നടു
ക്കത്തോടുംകൂടെ നിങ്ങളുടെ ഇട
യിൽ ഇരുന്നു.[e] **4** നിങ്ങളുടെ വിശ്വാ
സത്തിനു മനുഷ്യരുടെ ജ്ഞാനമല്ല,
ദൈവത്തിന്റെ ശക്തി[f]തന്നെ ആധാ
രമായിരിക്കേണ്ടതിന് **5** എന്റെ വച
നവും എന്റെ പ്രസംഗവും[g] ജ്ഞാന
ത്തിന്റെ വശീകരണവാക്കുകളാൽ
അല്ല, ആത്മാവിന്റെയും[h] ശക്തിയു
ടെയും പ്രദർശനത്താലത്രേ ആയി
രുന്നത്.
**6** എന്നാൽ തികഞ്ഞവരുടെ[i]
ഇടയിൽ ഞങ്ങൾ ജ്ഞാനം സംസാ
രിക്കുന്നു; ഈ ലോകത്തിന്റെ ജ്ഞാ
നമല്ല[j] നശിച്ചുപോകുന്നവരായ[k]
ഈ ലോകത്തിന്റെ പ്രഭുക്കന്മാരു
ടെ ജ്ഞാനവുമല്ല; **7** ദൈവം ലോക
സൃഷ്ടിക്കു മുമ്പേ നമ്മുടെ തേജ
സ്സിനായി മുൻനിയമിച്ചതും[l] മറ
ഞ്ഞിരുന്നതുമായ ദൈവത്തിന്റെ
ജ്ഞാനമത്രേ മർമ്മമായി ഞങ്ങൾ
പ്രസ്താവിക്കുന്നു. **8** അത് ഈ
ലോകത്തിന്റെ പ്രഭുക്കന്മാർ[m] ആരും
അറിഞ്ഞില്ല; അറിഞ്ഞിരുന്നു എ
ങ്കിൽ[n] അവർ തേജസ്സിന്റെ കർത്താ
വിനെ[o] ക്രൂശിക്കയില്ലായിരുന്നു.
**9** "ദൈവം തന്നെ സ്നേഹിക്കു
ന്നവർക്ക്[p] ഒരുക്കീട്ടുള്ളതു[q] ക
ണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല,
ഒരു മനുഷ്യന്റെയും ഹൃദയ
ത്തിൽ തോന്നീട്ടുമില്ല"[r]
എന്ന് എഴുതിയിരിക്കുന്നതുപോലെ
തന്നെ. **10** നമുക്കോ ദൈവം തന്റെ
ആത്മാവിനാൽ വെളിപ്പെടുത്തിയി
രിക്കുന്നു;[s] ആത്മാവു സകലത്തെ
യും ദൈവത്തിന്റെ ആഴങ്ങളെയും[t]
ആരായുന്നു. **11** മനുഷ്യനിലുള്ളത്
അവനിലെ മാനുഷാത്മാവല്ലാതെ[u]
മനുഷ്യരിൽ ആർ അറിയും? അവ്വ
ണ്ണംതന്നെ ദൈവത്തിലുള്ളതു
ദൈവാത്മാവല്ലാതെ ആരും ഗ്രഹി
ച്ചിട്ടില്ല. **12** നാമോ ലോകത്തിന്റെ
ആത്മാവിനെ[v] അല്ല, ദൈവം നമുക്കു
നല്കിയത് അറിവാനായി ദൈവ
ത്തിൽനിന്നുള്ള ആത്മാവിനെ അത്രേ
പ്രാപിച്ചത്.[w] **13** അതു ഞങ്ങൾ
മാനുഷജ്ഞാനം ഉപദേശിക്കുന്ന
വചനങ്ങളാൽ അല്ല, ആത്മാവ്
ഉപദേശിക്കുന്ന വചനങ്ങളാൽ[x]ത
ന്നെ പ്രസ്താവിച്ചുകൊണ്ട് ആത്മി
കന്മാർക്ക് ആത്മികമായതു തെളി
യിക്കുന്നു.[y] **14** എന്നാൽ പ്രാകൃത
മനുഷ്യൻ[z] ദൈവാത്മാവിന്റെ ഉപ
ദേശം കൈക്കൊള്ളുന്നില്ല; അത്
അവനു ഭോഷത്തം[a] ആകുന്നു.
ആത്മികമായി വിവേചിക്കേണ്ടതാ
കയാൽ അത് അവനു ഗ്രഹിപ്പാൻ
കഴിയുന്നതുമല്ല.[b] **15** ആത്മികനോ[c]
സകലത്തെയും വിവേചിക്കുന്നു;
താൻ ആരാലും വിവേചിക്കപ്പെടുന്ന
തുമില്ല. **16** [d]കർത്താവിന്റെ മനസ്സ്
അറിഞ്ഞ് അവനെ ഗ്രഹിപ്പിക്കാ
കുന്നവൻ ആർ? നാമോ ക്രിസ്തു
വിന്റെ മനസ്സുള്ളവർ ആകുന്നു.[e]

❋ ❋ ❋

***1. ഛിദ്രം ഹേതുവാൽ കൊരിന്ത്യരെ ശാസിച്ചത് 5. സഭ ദൈവത്തിൻ കൃഷിയും 11. ക്രിസ്തുവിന്മേൽ അടിസ്ഥാനപ്പെട്ട ആലയവുമാകുന്നു.***

**3** എന്നാൽ സഹോദരന്മാരേ,
നിങ്ങളോട് എനിക്ക് ആത്മിക
ന്മാരോട്[a] എന്നപോലെയല്ല, ജഡി
കന്മാരോട്[b] എന്നപോലെ, ക്രിസ്തു
വിൽ ശിശുക്കളായവരോട്[c] എന്ന
പോലെ അത്രേ സംസാരിപ്പാൻ
കഴിഞ്ഞുള്ളൂ. **2** ഭക്ഷണമല്ല,
പാൽ അത്രേ ഞാൻ നിങ്ങൾക്കു

അധ്യായം 2

1. a *1കൊരി.2:4,13; (2കൊരി.1:12); 1കൊരി.1:17* b *റോമ.16:25* 2. c *ഗലാ.6:14* 3. d *2കൊരി.11:30; 12:5,9;13:4,9; ഗലാ.4:13; (1കൊരി.4:10; അപ്പൊ.പ്ര.18:9)* e *അപ്പൊ.പ്ര. 18:1,6,12* 4. f *2കൊരി.4:7; 6:7; (സെഖ.4:6; 2കൊരി.10:4;12:9)* 5. g *1കൊരി.1:21* h *1കൊരി.4:20; റോമ.15:13,18; 1തെസ്സ.1:5; 2പത്രൊ.1:16* 6. i *ഫിലി.3:15; (1കൊരി.3:1)* j *(യാക്കോ.3:15)* k *1കൊരി.1:28* 7. l *റോമ.16:24,25; എഫെ.3:5,9; കൊലൊ.1:26; 2തിമൊ.1:9* 8. m *അപ്പൊ.പ്ര. 13:27; ലൂക്കൊ.24:20* n *അപ്പൊ.പ്ര.3:17* o *യാക്കോ.2:1; (സങ്കീ.24:7 - 10; അപ്പൊ.പ്ര.7:2)* 9. p *യാക്കോ.1:12* q *മത്താ.25:34* r *(യെശ.64:4)* 10. s *മത്താ.16:17; ഗലാ.1:12,16; എഫെ.3:3,5; യോഹ.14:26* t *(വെളി.2:24)* 11. u *സദൃ.20:27*

12. v *(1യോഹ.4:3)* w *റോമ.8:15* 13. x *1കൊരി.2:1,4;1:17* y *2കൊരി.10:12* 14. z *(1കൊരി.3:1; യൂദാ.19)*

a *1കൊരി.1:18* b *റോമ.8:7* 15. c *1കൊരി.3:1;14:37; ഗലാ.6:1; (സദൃ.28:5)* 16. d ***യെശ. 40:13***; *റോമ.11:34* e *(യോഹ.15:15)*

അധ്യായം 3

1. a *1കൊരി.2:15; റോമ.7:14* b *(1കൊരി.2:14)* c *എബ്രാ.5:13; (1കൊരി.2:6)*

തന്നത്;[d] ഭക്ഷിപ്പാൻ നിങ്ങൾക്കു
കഴിവില്ലായിരുന്നു;[e] ഇപ്പോഴും
കഴിവായിട്ടില്ല; ഇന്നും നിങ്ങൾ
ജഡികന്മാരല്ലോ. 3 നിങ്ങളുടെ
ഇടയിൽ ഈർഷ്യയും പിണക്കവും[f]
ഇരിക്കെ, നിങ്ങൾ ജഡികന്മാരും
ശേഷം മനുഷ്യരെപ്പോലെ നടക്കു
ന്നവരുമല്ലയോ? 4 ഒരുത്തൻ: ഞാൻ
പൗലൊസിന്റെ പക്ഷക്കാരനെന്നും,[g]
മറ്റൊരുത്തൻ: ഞാൻ അപ്പൊല്ലോ
സിന്റെ പക്ഷക്കാരനെന്നും പറയു
മ്പോൾ നിങ്ങൾ സാധാരണ മനു
ഷ്യരല്ലയോ?[h] 5 അപ്പൊല്ലോസ്
ആർ? പൗലൊസ് ആർ? തങ്ങൾക്കു
കർത്താവ് നല്കിയതുപോലെ[i]
നിങ്ങൾ വിശ്വസിപ്പാൻ കാരണമാ
യിത്തീർന്ന ശുശ്രൂഷക്കാരത്രേ.[j]
6 ഞാൻ നട്ടു,[k] അപ്പൊല്ലോസ് നന
ച്ചു,[l] ദൈവമത്രേ വളരുമാറാക്കി
യത്.[m] 7 ആകയാൽ വളരുമാറാ
ക്കുന്ന ദൈവമല്ലാതെ നടുന്നവനും
നനയ്ക്കുന്നവനും ഏതുമില്ല.[n]
8 നടുന്നവനും നനയ്ക്കുന്നവനും
ഒരുപോലെ; ഓരോരുത്തനു താന്താ
ന്റെ അധ്വാനത്തിന് ഒത്തവണ്ണം
കൂലി കിട്ടും.[o] 9 ഞങ്ങൾ ദൈവ
ത്തിന്റെ കൂട്ടുവേലക്കാർ;[p] നിങ്ങൾ
ദൈവത്തിന്റെ കൃഷി, ദൈവത്തിന്റെ
ഗൃഹനിർമാണം.[q]

10 എനിക്കു ലഭിച്ച ദൈവകൃപ
യ്ക്ക് ഒത്തവണ്ണം[r] ഞാൻ ജ്ഞാന
മുള്ളോരു പ്രധാന ശില്പിയായി
അടിസ്ഥാനം[s] ഇട്ടിരിക്കുന്നു; മറ്റൊ
രുത്തൻ മീതെ പണിയുന്നു;[t] താൻ
എങ്ങനെ പണിയുന്നു എന്ന് ഓരോ
രുത്തനും നോക്കിക്കൊള്ളട്ടെ.
11 യേശുക്രിസ്തു എന്ന[u] ഇട്ടിരിക്കു
ന്ന[v] അടിസ്ഥാനമല്ലാതെ മറ്റൊന്ന്
ഇടുവാൻ ആർക്കും കഴികയില്ല.[w]
12 ആ അടിസ്ഥാനത്തിന്മേൽ ആ
രെങ്കിലും പൊന്ന്, വെള്ളി, വില
യേറിയ കല്ല്, മരം, പുല്ല്, വൈ
ക്കോൽ എന്നിവ പണിയുന്നു
എങ്കിൽ അവനവന്റെ പ്രവൃത്തി
വെളിപ്പെട്ടുവരും;[x] 13 ആ ദിവസം
അതിനെ തെളിവാക്കും;[y] അതു
തീയോടെ[z] വെളിപ്പെട്ടുവരും; ഓരോ
രുത്തന്റെ പ്രവൃത്തി ഇന്നവിധം
എന്നു തീ തന്നെ ശോധന ചെയ്യും.[a]
14 ഒരുത്തൻ പണിത പ്രവൃത്തി
നിലനില്ക്കും എങ്കിൽ അവനു
പ്രതിഫലം കിട്ടും.[b] 15 ഒരുത്തന്റെ
പ്രവൃത്തി വെന്തുപോയെങ്കിൽ അ
വനു ചേതം വരും; താനോ രക്ഷി
ക്കപ്പെടും; എന്നാൽ തീയിൽക്കൂടി
എന്നപോലെ അത്രേ.[c]

16 നിങ്ങൾ ദൈവത്തിന്റെ മന്ദിരം
എന്നും ദൈവത്തിന്റെ ആത്മാവ്
നിങ്ങളിൽ വസിക്കുന്നു എന്നും
അറിയുന്നില്ലയോ?[d] 17 ദൈവത്തി
ന്റെ മന്ദിരം നശിപ്പിക്കുന്നവനെ
ദൈവം നശിപ്പിക്കും; ദൈവത്തിന്റെ
മന്ദിരം വിശുദ്ധമല്ലോ;[e] നിങ്ങളും
അങ്ങനെതന്നെ.

18 ആരും തന്നെത്താൻ വഞ്ചി
ക്കരുത്;[f] താൻ ഈ ലോകത്തിൽ
ജ്ഞാനി എന്നു നിങ്ങളിൽ ആർ
ക്കെങ്കിലും തോന്നിയാൽ[g] അവൻ
ജ്ഞാനിയാകേണ്ടതിന് ഭോഷനാ
യിത്തീരട്ടെ. 19 ഈ ലോകത്തിന്റെ
ജ്ഞാനം ദൈവസന്നിധിയിൽ ഭോ
ഷത്തമത്രേ.[h]

[i]“അവൻ ജ്ഞാനികളെ അവ
രുടെ കൗശലത്തിൽ പിടിക്കുന്നു”
എന്നും
20 [j]“കർത്താവു ജ്ഞാനികളുടെ
വിചാരം വ്യർഥം എന്നറിയുന്നു”
എന്നും എഴുതിയിരിക്കുന്നുവല്ലോ.
21 ആകയാൽ ആരും മനുഷ്യരിൽ
പ്രശംസിക്കരുത്;[k] സകലവും നി
ങ്ങൾക്കുള്ളതല്ലോ.[l] 22 പൗലൊ
സോ, അപ്പൊല്ലോസോ, കേഫാ
വോ, ലോകമോ, ജീവനോ, മര
ണമോ, ഇപ്പോഴുള്ളതോ, വരുവാ
നുള്ളതോ സകലവും നിങ്ങൾക്കു
ള്ളത്. 23 നിങ്ങളോ ക്രിസ്തുവി
നുള്ളവർ;[m] ക്രിസ്തു ദൈവത്തി
നുള്ളവൻ.[n]

❋ ❋ ❋

2.[d] *എബ്രാ.5:12,13; 1പത്രൊ.2:2*
[e] *യോഹ.16:12*
3.[f] *ഗലാ.5:19,20; (1കൊരി.1:11; 11:18; റോമ.13:13)*
4.[g] *1കൊരി.1:12*
[h] *(1കൊരി.3:3)*
5.[i] *റോമ.12:6*
[j] *2കൊരി.6:4; എഫെ.3:7; കൊലൊ.1:25; (2കൊരി.3:3)*
6.[k] *1കൊരി.4:15; 9:1;15:1; അപ്പൊ.പ്ര.18:4 - 11; 2കൊരി.10:14,15*
[l] *അപ്പൊ.പ്ര.18:27*
[m] *(1കൊരി.15:10; കൊലൊ.1:18)*
7.[n] *2കൊരി.12:11; ഗലാ.6:3; (ഗലാ.2:6)*
8.[o] *1കൊരി.3:14; 15:58; 2യോഹ.8; (1കൊരി.4:5; ഗലാ.6:4,5)*
9.[p] *മർക്കൊ.16:20; 2കൊരി.6:1*
[q] *എഫെ.2:20 - 22; കൊലൊ.2:7; 1പത്രൊ.2:5; (1കൊരി.3:16; സങ്കീ.127:1)*
10.[r] *(2പത്രൊ.3:15); റോമ.12:3*
[s] *1കൊരി.3:11,12; റോമ.15:20; (വെളി.21:14)*
[t] *(1കൊരി.4:15)*
11.[u] *(എഫെ.2:20)*
[v] *(2കൊരി.11:4; ഗലാ.1:6,7)*
[w] *യെശ.28:16*
12.[x] *1കൊരി.4:5*
13.[y] *(മലാ.3:17; 2തെസ്സ.1:10; 2തിമൊ.1:12;4:8)*
[z] *1കൊരി.3:15; 2തെസ്സ.1:6,7*

[a] *1പത്രൊ.1:7*
14.[b] *1കൊരി.3:8*
15.[c] *(സങ്കീ.66:12; യെശ.43:2; യൂദാ.23)* 16.[d] *1കൊരി.6:19; 2കൊരി.6:16; എഫെ.2:21)* 17.[e] *(2കൊരി.7:1)* 18.[f] *(യെശ.5:21; ഗലാ.6:3)* [g] *(1കൊരി.8:2; യിരെ.8:8,9)*
19.[h] *1കൊരി.1:20* [i] ***ഇയ്യോ.5:13*** 20.[j] ***സങ്കീ.94:11***
21.[k] *1കൊരി.3:4 - 6; 1:12;4:6* [l] *റോമ.8:28*
23.[m] *2കൊരി.10:7; ഗലാ.3:29* [n] *(1കൊരി.11:3)*

***1. ഉപദേഷ്ടാക്കന്മാരെക്കുറിച്ചു ശരിയായി വിചാരിക്കേണ്ട ക്രമം 9. അപ്പൊസ്തലന്മാർക്കു സംഭവിച്ച ഉപദ്രവങ്ങൾ 14. പ്രബോധനം.***

**4** ഞങ്ങളെ ക്രിസ്തുവിന്റെ ശു
ശ്രൂഷക്കാരും ദൈവമർമങ്ങ
ളുടെ ഗൃഹവിചാരകന്മാരും[a] എന്നി
ങ്ങനെ ഓരോരുത്തൻ എണ്ണിക്കൊ
ള്ളട്ടെ. **2** ഗൃഹവിചാരകന്മാരിൽ
അന്വേഷിക്കുന്നതോ അവർ വിശ്വ
സ്തരായിരിക്കേണം എന്നത്രേ.
**3** നിങ്ങളോ മനുഷ്യർ കഴിക്കുന്ന
വല്ല വിസ്താരത്തിലോ എന്നെ
വിധിക്കുന്നത് എനിക്ക് എത്രയും
ലഘുകാര്യം; ഞാൻ എന്നെത്തന്നെ
വിധിക്കുന്നതുമില്ല. **4** എനിക്കു
യാതൊരു കുറ്റത്തെക്കുറിച്ചും ബോ
ധമില്ലെങ്കിലും[b] അതിനാൽ ഞാൻ
നീതിമാൻ എന്നു വരികയില്ല;[c]
എന്നെ വിധിക്കുന്നതു കർത്താവ്
ആകുന്നു. **5** ആകയാൽ കർത്താവ്
വരുവോളം[d] സമയത്തിനുമുമ്പേ
ഒന്നും വിധിക്കരുത്;[e] അവൻ ഇരു
ട്ടിൽ മറഞ്ഞിരിക്കുന്നതു വെളിച്ച
ത്താക്കി[f] ഹൃദയങ്ങളുടെ ആലോ
ചനകളെ വെളിപ്പെടുത്തും; അന്ന്
ഓരോരുത്തനു ദൈവത്തിങ്കൽനിന്നു
പുകഴ്ച ഉണ്ടാകും.[g]

**6** സഹോദരന്മാരേ, ഇതു ഞാൻ
നിങ്ങൾ നിമിത്തം എന്നെയും
അപ്പൊല്ലോസിനെയും ഉദ്ദേശിച്ചു
പറഞ്ഞിരിക്കുന്നത്: എഴുതിയിരി
ക്കുന്നതിന് അപ്പുറം (ഭാവിക്കാതി
രിപ്പാൻ) ഞങ്ങളുടെ ദൃഷ്ടാന്തം
കണ്ടു പഠിക്കേണ്ടതിനും ആരും
ഒരുത്തന് അനുകൂലമായും മറ്റൊ
രുവനു പ്രതികൂലമായും ചീർത്തു
പോകാതിരിക്കേണ്ടതിനും തന്നെ.[h]
**7** നിന്നെ വിശേഷിപ്പിക്കുന്നത്
ആർ? ലഭിച്ചതല്ലാതെ നിനക്ക് എ
ന്തുള്ളൂ?[i] ലഭിച്ചതെങ്കിലോ ലഭിച്ച
തല്ല എന്നപോലെ പ്രശംസിക്കു
ന്നത് എന്ത്? **8** ഇത്ര ക്ഷണത്തിൽ
നിങ്ങൾ തൃപ്തന്മാരായി; ഇത്ര
ക്ഷണത്തിൽ നിങ്ങൾ സമ്പന്നന്മാ
രായി; ഞങ്ങളെ കൂടാതെ വാഴു
ന്നവരായി; അയ്യോ, നിങ്ങളോടു
കൂടെ ഞങ്ങളും വാഴേണ്ടതിനു
നിങ്ങൾ വാണു എങ്കിൽ കൊള്ളാ
യിരുന്നു. **9** ഞങ്ങൾ ലോകത്തിന്,
ദൂതന്മാർക്കും മനുഷ്യർക്കും തന്നെ,
കൂത്തുകാഴ്ചയായി തീർന്നിരിക്ക
യാൽ[j] ദൈവം അപ്പൊസ്തലന്മാ
രായ ഞങ്ങളെ ഒടുക്കത്തവരായി
മരണവിധിയിൽ ഉൾപ്പെട്ടവരെപ്പോ
ലെ[k] നിറുത്തി എന്ന് എനിക്കു
തോന്നുന്നു. **10** ഞങ്ങൾ ക്രിസ്തു
നിമിത്തം ഭോഷന്മാർ;[l] നിങ്ങൾ
ക്രിസ്തുവിൽ വിവേകികൾ;[m] ഞ
ങ്ങൾ ബലഹീനർ, നിങ്ങൾ ബല
വാന്മാർ;[n] നിങ്ങൾ മഹത്തുക്കൾ,
ഞങ്ങൾ മാനഹീനർ അത്രേ. **11** ഈ
നാഴികവരെ ഞങ്ങൾ വിശന്നും[o]
ദാഹിച്ചും ഉടുപ്പാൻ ഇല്ലാതെയും
കുത്തുകൊണ്ടും[p] സ്ഥിരവാസം
കൂടാതെയും ഇരിക്കുന്നു.[q] **12** സ്വ
ന്തകൈയാൽ വേല ചെയ്ത് അ
ധ്വാനിക്കുന്നു;[r] ശകാരം കേട്ടിട്ട്
ആശീർവദിക്കുന്നു;[s] ഉപദ്രവം
ഏറ്റിട്ടു സഹിക്കുന്നു;[t] ദൂഷണം
കേട്ടിട്ടു നല്ല വാക്കു പറയുന്നു.
**13** ഞങ്ങൾ ലോകത്തിന്റെ ചവ
റുപോലെയും[u] ഇന്നുവരെ സകല
ത്തിന്റെയും അഴുക്കായും തീർന്നി
രിക്കുന്നു.[v]

**14** നിങ്ങളെ നാണിപ്പിപ്പാനല്ല,[w]
എന്റെ പ്രിയമക്കളോട് എന്നപോ
ലെ[x] ബുദ്ധി പറഞ്ഞുകൊണ്ട് ഇത്
എഴുതുന്നു. **15** നിങ്ങൾക്കു ക്രി
സ്തുവിൽ പതിനായിരം ഗുരുക്ക
ന്മാർ ഉണ്ടെങ്കിലും[y] പിതാക്കന്മാർ
ഏറെയില്ല; ക്രിസ്തുയേശുവിൽ
ഞാനല്ലോ നിങ്ങളെ സുവിശേഷ
ത്താൽ ജനിപ്പിച്ചത്.[z] **16** ആക
യാൽ എന്റെ അനുകാരികൾ ആ
കുവിൻ[a] എന്നു ഞാൻ നിങ്ങളെ
പ്രബോധിപ്പിക്കുന്നു. **17** ഇതു നി
മിത്തം കർത്താവിൽ വിശ്വസ്തനും
എന്റെ പ്രിയമകനുമായ[b] തിമൊ
ഥെയൊസിനെ നിങ്ങളുടെ അടു
ക്കൽ അയച്ചിരിക്കുന്നു.[c] ഞാൻ

**അധ്യായം 4**

1.[a] *(1കൊരി.9:17); 1പത്രൊ.4:10*
4.[b] *അപ്പൊ.പ്ര.23:1*
[c] *ഇയ്യോ.9:2,15; സങ്കീ.130:3; 143:2; (1യോഹ.3:21)*
5.[d] *യോഹ.21:22; റോമ.2:16*
[e] *മത്താ.7:1; റോമ.2:1; (മത്താ.13:29)*
[f] *1കൊരി.3:13*
[g] *2കൊരി.10:18; 1കൊരി.3:8*
6.[h] *1കൊരി.4:18,19; 5:2;13:4*
7.[i] *യോഹ.3:27; (1ദിന.29:14; യാക്കോ.1:17; 1പത്രൊ.4:10)*
9.[j] *എബ്രാ.10:32; (യെശ.20:3,4)*
[k] *റോമ.8:36*
10.[l] *(അപ്പൊ.പ്ര.17:18); 1കൊരി.1:18; അപ്പൊ.പ്ര.26:24*
[m] *2കൊരി.11:19*
[n] *1കൊരി.2:3; 2കൊരി.13:9*
11.[o] *റോമ.8:35; 2കൊരി.11:27; ഫിലി.4:12*
[p] *2കൊരി.11:20,23*
[q] *(മത്താ.8:20)*
12.[r] *അപ്പൊ.പ്ര.18:3*
[s] *1പത്രൊ.3:9*
[t] *യോഹ.15:20*
13.[u] *(യെശ.30:22; 64:6)*
[v] *വിലാ.3:45*
14.[w] *(1കൊരി.6:5; 15:34)*
[x] *2കൊരി.6:13; 1തെസ്സ.2:12; 3യോഹ.4*
15.[y] *(1കൊരി.3:10)*
[z] *ഫിലേ.10; (ഗലാ.4:19)*
16.[a] *1കൊരി.11:1; ഫിലി.3:17; 1തെസ്സ.1:6; (ഫിലി.4:9; 2തെസ്സ.3:9)*
17.[b] *1തിമൊ.1:2; 2തിമൊ.1:1* [c] *1കൊരി.16:10*

എങ്ങും ഏതു സഭയിലും ഉപദേ
ശിക്കുന്നതുപോലെ[d] ക്രിസ്തുവി
ലുള്ള എന്റെ വഴികൾ അവൻ നി
ങ്ങളെ ഓർപ്പിക്കും. 18 എങ്കിലും
ഞാൻ നിങ്ങളുടെ അടുക്കൽ വരി
കയില്ല എന്നു വച്ചു[e] ചിലർ ചീർ
ത്തിരിക്കുന്നു.[f] 19 കർത്താവിന്
ഇഷ്ടം എങ്കിൽ ഞാൻ വേഗം
നിങ്ങളുടെ അടുക്കൽ വന്ന്,[g] ചീർ
ത്തിരിക്കുന്നവരുടെ വാക്കല്ല ശക്തി
തന്നെ കണ്ടറിയും. 20 ദൈവരാജ്യം
വചനത്തിലല്ല ശക്തിയിലത്രേ ആ
കുന്നു.[h] 21 നിങ്ങൾക്ക് ഏതു
വേണം? ഞാൻ വടിയോടുകൂടെ
യോ സ്നേഹത്തിലും സൗമ്യാ
ത്മാവിലുമോ നിങ്ങളുടെ അടു
ക്കൽ വരേണ്ടത്?[i]

❋ ❋ ❋

*1. ദുർന്നടപ്പുകാരന്റെ അവസ്ഥ 9. ദുർന്നടപ്പുകാരിൽനിന്ന് ഒഴിഞ്ഞിരിക്കേണം എന്നത്.*

**5** നിങ്ങളുടെ ഇടയിൽ[a] ദുർന്ന
ടപ്പ് ഉണ്ടെന്നു കേൾക്കുന്നു.
ഒരുത്തൻ തന്റെ അപ്പന്റെ ഭാര്യയെ
വച്ചുകൊള്ളുന്നുപോൽ;[b] അതു
ജാതികളിൽപോലും ഇല്ലാത്ത ദുർ
ന്നടപ്പുതന്നെ. 2 എന്നിട്ടും നിങ്ങൾ
ചീർത്തിരിക്കുന്നു;[c] ഈ ദുഷ്കർമ്മം
ചെയ്തവനെ നിങ്ങളുടെ ഇടയിൽ
നിന്നു നീക്കുവാൻ തക്കവണ്ണം നി
ങ്ങൾ ദുഃഖിച്ചിട്ടുമില്ല.[d] 3 ഞാനോ
ശരീരംകൊണ്ടു ദൂരസ്ഥൻ എങ്കിലും
ആത്മാവുകൊണ്ടു കൂടെയുള്ളവ
നായി,[e] നിങ്ങളുടെ മധ്യേ ഇരിക്കു
ന്നവനായിതന്നെ, ഈ ദുഷ്കർമ്മം
ചെയ്തവനെക്കുറിച്ച്: 4 നിങ്ങളും
എന്റെ ആത്മാവും നമ്മുടെ കർ
ത്താവായ യേശുവിന്റെ ശക്തിയോ
ടെ ഒന്നിച്ചു കൂടിയിട്ടു നമ്മുടെ കർ
ത്താവായ യേശുവിന്റെ നാമത്തിൽ[f]
അവനെ, 5 ആത്മാവ് കർത്താ
വായ യേശുവിന്റെ നാളിൽ[g] രക്ഷി
ക്കപ്പെടേണ്ടതിനു[h] ജഡസംഹാ
രത്തിനായി സാത്താന് ഏല്പി
ക്കേണം[i] എന്നു വിധിച്ചിരിക്കുന്നു.
6 നിങ്ങളുടെ പ്രശംസ നന്നല്ല;[j]
അസാരം പുളിമാവു പിണ്ഡത്തെ
മുഴുവനും പുളിപ്പിക്കുന്നു[k] എന്ന്

17.[d] 1കൊരി.7:17
18.[e] 1കൊരി.4:21; (2കൊരി.10:2)
[f] 1കൊരി.4:6
19.[g] 1കൊരി.11:34; 16:5,6; അപ്പൊ.പ്ര.19:21; 20:2; 2ക�ൊരി.1:15,16
20.[h] 1കൊരി.2:4
21.[i] 2കൊരി.1:23; 2:1,3;12:20;13:2,10

**അധ്യായം 5**

1.[a] 2കൊരി.12:21
[b] ലേവ്യ.18:8; ആവ.22:30;27:20
2.[c] 1കൊരി.4:6
[d] (2കൊരി.7:7 - 10)
3.[e] കൊലൊ.2:5; (1തെസ്സ.2:17)
4.[f] 2തെസ്സ.3:6; (മത്താ.16:19;18:18; യോഹ.20:23; 2കൊരി.13:3,10; 1തിമൊ.5:20)
5.[g] 1കൊരി.1:8
[h] (സദൃ.23:14)
[i] (1തിമൊ.1:20; ഇയ്യോ.2:6; സങ്കീ.109:6; അപ്പൊ.പ്ര.26:18)
6.[j] യാക്കോ.4:16; (1കൊരി.5:2)
[k] ഗലാ.5:9; (1കൊരി.15:33)
8.[l] പുറ.12:15; ആവ.16:3
[m] (മത്താ.16:6,12; മർക്കൊ.8:15; ലൂക്കൊ.12:1)
9.[n] (2കൊരി.6:14; എഫെ.5:11; 2തെസ്സ.3:6,14)
10.[o] എഫെ.5:5; കൊലൊ.3:5; (1കൊരി.6:9)
[p] (1കൊരി.10:27)
[q] (യോഹ.17:15)
11.[r] 2തെസ്സ.3:6
12.[s] മർക്കൊ.4:11

അറിയുന്നില്ലയോ? 7 നിങ്ങൾ പുളി
പ്പില്ലാത്തവരായിരിപ്പാൻ തക്കവണ്ണം
പുതിയ പിണ്ഡം ആകേണ്ടതിനു
പഴയ പുളിമാവിനെ നീക്കിക്കളവിൻ.
നമ്മുടെ പെസഹാക്കുഞ്ഞാടും
അറുക്കപ്പെട്ടിരിക്കുന്നു; ക്രിസ്തു
തന്നെ. 8 ആകയാൽ നാം പഴയ
പുളിമാവുകൊണ്ടല്ല,[l] തിന്മയും
ദുഷ്ടതയും ആയ പുളിമാവു[m]
കൊണ്ടുമല്ല, സ്വച്ഛതയും സത്യ
വുമായ പുളിപ്പില്ലായ്മകൊണ്ടു
തന്നെ ഉത്സവം ആചരിക്ക.
9 ദുർന്നടപ്പുകാരോടു സംസർഗം
അരുത്[n] എന്നു ഞാൻ എന്റെ
ലേഖനത്തിൽ നിങ്ങൾക്ക് എഴുതീ
ട്ടുണ്ടല്ലോ. 10 അത് ഈ ലോക
ത്തിലെ ദുർന്നടപ്പുകാരോടോ[o]
അത്യാഗ്രഹികളോടോ പിടിച്ചുപറി
ക്കാരോടോ വിഗ്രഹാരാധികളോ
ടോ അരുത് എന്നല്ലല്ലോ;[p] അങ്ങ
നെ എങ്കിൽ നിങ്ങൾ ലോകം വിട്ടു
പോകേണ്ടിവരും.[q] 11 എന്നാൽ
സഹോദരൻ എന്നു പേർപെട്ട[r]
ഒരുവൻ ദുർന്നടപ്പുകാരനോ അത്യാ
ഗ്രഹിയോ വിഗ്രഹാരാധിയോ വാ
വിഷ്ഠാണക്കാരനോ മദ്യപനോ
പിടിച്ചുപറിക്കാരനോ ആകുന്നു
എങ്കിൽ അവനോടു സംസർഗം
അരുത്; അങ്ങനെയുള്ളവനോടു
കൂടെ ഭക്ഷണം കഴിക്കപോലും
അരുത് എന്നത്രേ ഞാൻ നിങ്ങൾ
ക്ക് എഴുതിയത്. 12 പുറത്തുള്ള
വരെ[s] വിധിപ്പാൻ എനിക്ക് എന്തു
കാര്യം? നിങ്ങൾ അകത്തുള്ളവരെ
അല്ലയോ വിധിക്കുന്നത്; പുറത്തു
ള്ളവരെ ദൈവം വിധിക്കുന്നു.[t]
13 ആ ദുഷ്ടനെ നിങ്ങളുടെ ഇട
യിൽനിന്നു നീക്കിക്കളവിൻ.[u]

❋ ❋ ❋

*1. കോയ്മ വ്യവഹാരങ്ങളെയും 12. കാമവികാരങ്ങളെയും ആക്ഷേപിച്ചത്.*

**6** നിങ്ങളിൽ ഒരുത്തനു മറ്റൊരു
ത്തനോട് ഒരുകാര്യം ഉണ്ടെ
ങ്കിൽ വിശുദ്ധന്മാരുടെ മുമ്പാകെ

[t] (1കൊരി.6:1 - 4) 13.[u] (ആവ.13:6; 17:7,12; 21:21; 22:21,22,24; ന്യായ.20:13)

അല്ല,[a] അഭക്തന്മാരുടെ മുമ്പിൽ
വ്യവഹാരത്തിനു പോകുവാൻ തുനി
യുന്നുവോ? 2വിശുദ്ധന്മാർ ലോക
ത്തെ വിധിക്കും[b] എന്ന് അറിയു
ന്നില്ലയോ? ലോകത്തെ നിങ്ങൾ
വിധിക്കുമെങ്കിൽ ഏറ്റവും ചെറിയ
സംഗതികളെ വിധിപ്പാൻ നിങ്ങൾ
അയോഗ്യരോ? 3 നാം ദൂതന്മാരെ[c]
വിധിക്കും എന്നു നിങ്ങൾ അറിയു
ന്നില്ലയോ? ഐഹികകാര്യങ്ങളെ
എത്ര അധികം? 4 എന്നാൽ നി
ങ്ങൾക്ക് ഐഹികകാര്യങ്ങളെക്കു
റിച്ചു വ്യവഹാരം ഉണ്ടെങ്കിൽ വിധി
പ്പാൻ സഭ ഗണ്യമാക്കാത്തവരെ
ഇരുത്തുന്നുവോ?[d] 5 നിങ്ങൾക്കു
ലജ്ജയ്ക്കായി ഞാൻ ചോദിക്കു
ന്നു;[e] ഇങ്ങനെ സഹോദരന്മാർക്കു
മദ്ധ്യേ കാര്യം തീർപ്പാൻ പ്രാപ്തി
യുള്ളോരു ജ്ഞാനിയും നിങ്ങ
ളുടെ ഇടയിൽ ഇല്ലയോ? 6 അല്ല,
സഹോദരൻ സഹോദരനോടു വ്യവ
ഹരിക്കുന്നു; അതും അവിശ്വാസിക
ളുടെ മുമ്പിൽതന്നെ. 7 നിങ്ങൾക്കു
തമ്മിൽ വ്യവഹാരം ഉണ്ടാകുന്നതു
തന്നെ കേവലം പോരായ്മയാകുന്നു;
അതിനു പകരം നിങ്ങൾ അന്യായം
സഹിച്ചുകൊള്ളാത്തത് എന്ത്?[f] ന
ഷ്ടം ഏറ്റുകൊള്ളാത്തത് എന്ത്?
8 അല്ല, നിങ്ങൾ അന്യായം ചെയ്ക
യും നഷ്ടം വരുത്തുകയും ചെയ്യുന്നു;
അതും സഹോദരന്മാർക്കുതന്നെ.[g]
9 അന്യായം ചെയ്യുന്നവർ ദൈവ
രാജ്യം അവകാശമാക്കുകയില്ല എ
ന്ന് അറിയുന്നില്ലയോ? നിങ്ങളെ
ത്തന്നെ വഞ്ചിക്കാതിരിപ്പിൻ; ദുർ
ന്നടപ്പുകാർ, വിഗ്രഹാരാധികൾ,
വ്യഭിചാരികൾ, സ്വയഭോഗികൾ,
പുരുഷകാമികൾ, 10 കള്ളന്മാർ,
അത്യാഗ്രഹികൾ, മദ്യപന്മാർ, വാവി
ഷ്ഠാണക്കാർ, പിടിച്ചുപറിക്കാർ
എന്നിവർ ദൈവരാജ്യം അവകാശ
മാക്കുകയില്ല.[h] 11 നിങ്ങളും ചിലർ
ഈ വകക്കാരായിരുന്നു;[i] എങ്കിലും
നിങ്ങൾ കർത്താവായ യേശുക്രി
സ്തുവിന്റെ നാമത്തിലും നമ്മുടെ
ദൈവത്തിന്റെ ആത്മാവിനാലും
നിങ്ങളെത്തന്നെ കഴുകി[j] ശുദ്ധീക
രണവും[k] നീതീകരണവും[l] പ്രാപി
ച്ചിരിക്കുന്നു.
12 സകലത്തിനും എനിക്കു കർ
ത്തവ്യം ഉണ്ട്[m] എങ്കിലും സകല
വും പ്രയോജനമുള്ളതല്ല; സക
ലത്തിനും എനിക്കു കർത്തവ്യം
ഉണ്ട് എങ്കിലും ഞാൻ യാതൊ
ന്നിനും അധീനനാകയില്ല. 13 ഭോ
ജ്യങ്ങൾ വയറ്റിനും വയറു ഭോജ്യ
ങ്ങൾക്കും[n] ഉള്ളത്; എന്നാൽ
ദൈവം ഇതിനെയും അതിനെയും[o]
ഇല്ലായ്മയാക്കും. ശരീരമോ ദുർ
ന്നടപ്പിനല്ല കർത്താവിനത്രേ;[p] കർ
ത്താവു ശരീരത്തിനും.[q] 14 എ
ന്നാൽ ദൈവം കർത്താവിനെ
ഉയിർപ്പിച്ചതു[r]പോലെ നമ്മെയും[s]
തന്റെ ശക്തിയാൽ[t] ഉയിർപ്പിക്കും.[s]
15 നിങ്ങളുടെ ശരീരങ്ങൾ ക്രിസ്തു
വിന്റെ അവയവങ്ങൾ ആകുന്നു[u]
എന്ന് അറിയുന്നില്ലയോ? ക്രിസ്തു
വിന്റെ അവയവങ്ങളെ ഞാൻ
എടുത്തു വേശ്യയുടെ അവയവ
ങ്ങൾ ആക്കാമോ? ഒരുനാളും അ
രുത്. 16 വേശ്യയോടു പറ്റിച്ചേരു
ന്നവൻ അവളുമായി ഏകശരീര
മാകുന്നു എന്നു നിങ്ങൾ അറി
യുന്നില്ലയോ? [v]ഇരുവരും ഒരു
ദേഹമായിത്തീരും എന്നുണ്ടല്ലോ.
17 കർത്താവിനോട് പറ്റിച്ചേരുന്ന
വനോ അവനുമായി ഏകാത്മാവ്
ആകുന്നു.[w] 18 ദുർന്നടപ്പു വിട്ട്
ഓടുവിൻ.[x] മനുഷ്യൻ ചെയ്യുന്ന
ഏതു പാപവും ശരീരത്തിനു പുറ
ത്താകുന്നു. ദുർന്നടപ്പുകാരനോ
സ്വന്തശരീരത്തിനു വിരോധമായി
പാപം ചെയ്യുന്നു.[y] 19 ദൈവത്തിന്റെ
ദാനമായി നിങ്ങളിൽ ഇരിക്കുന്ന
പരിശുദ്ധാത്മാവിന്റെ മന്ദിരമാകു
ന്നു നിങ്ങളുടെ ശരീരം എന്നും[z]
നിങ്ങളെ വിലയ്ക്കു വാങ്ങിയി

**അധ്യായം 6**
1.[a] (മത്താ.18:17)
2.[b] ദാനി.7:21; (മത്താ.19:28; വെളി.20:4)
3.[c] (2പത്രൊ.2:4; യൂദാ.6)
4.[d] (1കൊരി.5:12)
5.[e] 1കൊരി.15:34; (1കൊരി.4:14)
7.[f] (മത്താ.5:39,40)
8.[g] 1തെസ്സ.4:6
10.[h] 1കൊരി.15:50; ഗലാ.5:21; എഫെ.5:5; 1തിമൊ.1:8 - 10; എബ്രാ.12:14;13:4; വെളി.21:8;22:15
11.[i] 1കൊരി.12:2; എഫെ.2:2,3; 4:22;5:8; കൊലൊ.3:7; തീത്തൊ.3:3
[j] അപ്പൊ.പ്ര.22:16; എബ്രാ.10:22; (തീത്തൊ.3:6,7)
[k] 1കൊരി.1:2
[l] റോമ.8:30
12.[m] 1കൊരി.10:23
13.[n] (മത്താ.15:17)
[o] കൊലൊ.2:22
[p] 1കൊരി.6:15,19
[q] (എഫെ.5:23)
14.[r] അപ്പൊ.പ്ര.2:24
[s] 1കൊരി.15:22,23; (യോഹ.6:39,40)
[t] മത്താ.22:29; (എഫെ.1:19 - 21)
15.[u] 1കൊരി.6:13; എഫെ.5:30; (1കൊരി.12:27; റോമ.12:5)
16.[v] മത്താ.19:5; മർക്കൊ.10:8; എഫെ.5:31; **ഉൽപ.2:24**
17.[w] എഫെ.4:4; (യോഹ.17:21- 23)
18.[x] 2കൊരി.12:21;എഫെ.5:3; എബ്രാ.13:4
[y] (സദൃ.5:11) 19.[z] (യോഹ.2:21); 1കൊരി.3:16

6:13 ***ഭോജ്യങ്ങൾ വയറിനും വയറു ഭോജ്യങ്ങൾക്കും:*** കൊരിന്തിലെ ചില ക്രിസ്ത്യാനികൾ വിഗ്രഹങ്ങൾക്കു സമർപ്പിച്ച ഭക്ഷണം കഴിച്ചു എന്ന വസ്തുതയാവണം ഈ പരാമർശം.

രിക്കയാൽ[a] നിങ്ങൾ താന്താങ്ങൾ
ക്കുള്ളവരല്ല എന്നും[b] അറിയുന്നി
ല്ലയോ?[z] 20 ആകയാൽ നിങ്ങ
ളുടെ ശരീരംകൊണ്ടു ദൈവത്തെ
മഹത്ത്വപ്പെടുത്തുവിൻ.[c]

✵ ✵ ✵

### *വിവാഹസംഗതികൾ*

7 നിങ്ങൾ എഴുതി അയച്ച സംഗ
തികളെക്കുറിച്ച് എന്റെ അഭി
പ്രായം എന്തെന്നാൽ: സ്ത്രീയെ
തൊടാതിരിക്കുന്നതു മനുഷ്യനു
നല്ലത്.[a] 2 എങ്കിലും ദുർന്നടപ്പു
നിമിത്തം ഓരോരുത്തനു സ്വന്ത
ഭാര്യയും ഓരോരുത്തിക്കു സ്വന്ത ഭർ
ത്താവും ഉണ്ടായിരിക്കട്ടെ. 3 ഭർ
ത്താവ് ഭാര്യക്കും ഭാര്യ ഭർത്താവിനും
കടംപെട്ടിരിക്കുന്നതു ചെയ്യട്ടെ.[b]
4 ഭാര്യയുടെ ശരീരത്തിന്മേൽ അ
വൾക്കല്ല ഭർത്താവിനത്രേ അധികാ
രമുള്ളത്; അങ്ങനെ ഭർത്താവിന്റെ
ശരീരത്തിന്മേൽ അവനല്ല ഭാര്യക്ക
ത്രേ അധികാരം. 5 പ്രാർഥനയ്ക്ക്
അവസരമുണ്ടാവാൻ ഒരു സമയ
ത്തേക്കു പരസ്പരസമ്മതത്തോടെ
അല്ലാതെ തമ്മിൽ വേർപെട്ടിരിക്ക
രുത്;[c] നിങ്ങളുടെ അജിതേന്ദ്രിയത്വം
നിമിത്തം സാത്താൻ നിങ്ങളെ
പരീക്ഷിക്കാതിരിക്കേണ്ടതിനു[d]
വീണ്ടും ചേർന്നിരിപ്പിൻ. 6 ഞാൻ
ഇതു കല്പനയായിട്ടല്ല[e] അനുവാദ
മായിട്ടത്രേ പറയുന്നത്. 7 സകല
മനുഷ്യരും എന്നെപ്പോലെ[f] ആയിരി
ക്കേണം എന്നു ഞാൻ ഇച്ഛിക്കുന്നു.[g]
എങ്കിലും ഒരുവന് ഇങ്ങനെയും
ഒരുവന് അങ്ങനെയും[h] താന്താന്റെ
കൃപാവരം ദൈവം നല്കിയിരി
ക്കുന്നു.[i]

8 വിവാഹം കഴിയാത്തവരോടും
വിധവമാരോടും: അവർ എന്നെ
പ്പോലെ[j] പാർത്തുകൊണ്ടാൽ അ
വർക്കു കൊള്ളാം[k] എന്നു ഞാൻ
പറയുന്നു. 9 ജിതേന്ദ്രിയത്വമില്ലെ
ങ്കിലോ അവർ വിവാഹം ചെയ്യട്ടെ;[l]
അഴലുന്നതിനെക്കാൾ വിവാഹം
ചെയ്യുന്നത് നല്ലത്. 10 വിവാഹം
കഴിഞ്ഞവരോടോ ഞാനല്ല കർ

19.[a] *1കൊരി.7:23; (അപ്പൊ.പ്ര.20:28; എബ്രാ.9:12,14); 2പത്രൊ.2:1*
[b] *റോമ.14:7*
20.[c] *(ഫിലി.1:20)*

**അധ്യായം 7**

1.[a] *1കൊരി.7:8,26*
3.[b] *പുറ.21:10*
5.[c] *(പുറ.19:15; 1ശമൂ.21:4; സഭാ.3:5; സെഖ.12:12 - 14)*
[d] *1തെസ്സ.3:5*
6.[e] *1കൊരി.7:12,25; 2കൊരി.8:8; (1കൊരി.7:10,40)*
7.[f] *1കൊരി.7:8; (1കൊരി.9:5)*
[g] *(അപ്പൊ.പ്ര.26:29)*
[h] *മത്താ.19:11,12*
[i] *1കൊരി.12:4,11; 1പത്രൊ.4:10; (റോമ.12:6)*
8.[j] *1കൊരി.7:7*
[k] *1കൊരി.7:1,26*
9.[l] *(1തിമൊ.5:14)*
10.[m] *1കൊരി.7:6*
11.[n] *മലാ.2:16; മത്താ.5:32*
[o] *മർക്കൊ.10:12*
14.[p] *എസ്രാ.9:2; മലാ.2:15*
15.[q] *കൊലൊ.3:15; റോമ.14:19*
16.[r] *1പത്രൊ.3:1; റോമ.11:14*
17.[s] *റോമ.12:3*
[t] *2കൊരി.8:18; 11:28; 1കൊരി.11:16; (1കൊരി.16:1; ഗലാ.1:22)*
[u] *1കൊരി.4:17*

ത്താവുതന്നെ കല്പിക്കുന്നത്:[m]
11 ഭാര്യ ഭർത്താവിനെ വേർപിരിയ
രുത്;[n] പിരിഞ്ഞു എന്നു വരികിലോ
വിവാഹംകൂടാതെ പാർക്കേണം;[o]
അല്ലെന്നു വരികിൽ ഭർത്താവി
നോടു നിരന്നുകൊള്ളേണം; ഭർ
ത്താവ് ഭാര്യയെ ഉപേക്ഷിക്കയുമ
രുത്.[n] 12 എന്നാൽ ശേഷമുള്ളവ
രോടു കർത്താവല്ല ഞാൻ തന്നെ
പറയുന്നത്: ഒരു സഹോദരന് അ
വിശ്വാസിയായ ഭാര്യ ഉണ്ടായിരി
ക്കയും അവൾ അവനോടുകൂടെ
പാർപ്പാൻ സമ്മതിക്കയും ചെ
യ്താൽ അവളെ ഉപേക്ഷിക്കരുത്.
13 അവിശ്വാസിയായ ഭർത്താവുള്ള
ഒരു സ്ത്രീയും, അവൻ അവളോ
ടുകൂടെ പാർപ്പാൻ സമ്മതിക്കുന്നു
എങ്കിൽ, ഭർത്താവിനെ ഉപേക്ഷി
ക്കരുത്. 14 അവിശ്വാസിയായ ഭർ
ത്താവു ഭാര്യ മുഖാന്തരം വിശുദ്ധീ
കരിക്കപ്പെട്ടും അവിശ്വാസിയായ
ഭാര്യ സഹോദരൻ മുഖാന്തരം
വിശുദ്ധീകരിക്കപ്പെട്ടുമിരിക്കുന്നു;
അല്ലെങ്കിൽ നിങ്ങളുടെ മക്കൾ അ
ശുദ്ധർ എന്നു വരും;[p] ഇപ്പോഴോ
അവർ വിശുദ്ധർ ആകുന്നു. 15 അ
വിശ്വാസി വേർപിരിയുന്നു എങ്കിൽ
പിരിയട്ടെ; ഈ വകയിൽ സഹോ
ദരനോ സഹോദരിയോ ബദ്ധരായി
രിക്കുന്നില്ല; എന്നാൽ സമാധാന
ത്തിൽ[q] ജീവിപ്പാൻ ദൈവം നമ്മെ
വിളിച്ചിരിക്കുന്നു. 16 സ്ത്രീയേ,
നീ ഭർത്താവിനു രക്ഷ വരുത്തും
എന്നു[r] നിനക്ക് എങ്ങനെ അറിയാം?
പുരുഷാ, നീ ഭാര്യക്കു രക്ഷ വരു
ത്തും എന്നു നിനക്ക് എങ്ങനെ
അറിയാം? 17 എന്നാൽ ഓരോ
രുത്തനു കർത്താവു വിഭാഗിച്ചു
കൊടുത്തതുപോലെയും[s] ഓരോ
രുത്തനെ ദൈവം വിളിച്ചതുപോ
ലെയും അവനവൻ നടക്കട്ടെ;
ഇങ്ങനെ ആകുന്നു ഞാൻ സകല
സഭകളിലും[t] ആജ്ഞാപിക്കുന്നത്.[u]
18 ഒരുത്തൻ പരിച്ഛേദനയോടെ വി
ളിക്കപ്പെട്ടുവോ? അഗ്രചർമം വരുത്ത
രുത്; ഒരുത്തൻ അഗ്രചർമത്തോടെ
വിളിക്കപ്പെട്ടുവോ? പരിച്ഛേദന

ഏല്ക്കരുത്.[v] 19 പരിച്ഛേദന ഒന്നു
മില്ല, അഗ്രചർമവും ഒന്നുമില്ല,[w]
ദൈവകല്പന പ്രമാണിക്കുന്നതത്രേ
കാര്യം.[x] 20 ഓരോരുത്തൻ വിളി
ക്കപ്പെട്ട സ്ഥിതിയിൽതന്നെ വസി
ച്ചുകൊള്ളട്ടെ.[y] 21 നീ ദാസനായി
വിളിക്കപ്പെട്ടുവോ? വ്യസനിക്കരുത്.
സ്വതന്ത്രൻ ആകുവാൻ കഴിയുമെ
ങ്കിലും അതിൽതന്നെ ഇരുന്നു
കൊൾക. 22 ദാസനായി കർത്താ
വിൽ വിളിക്കപ്പെട്ടവൻ കർത്താവി
ന്റെ സ്വതന്ത്രൻ ആകുന്നു.[z] അങ്ങനെ
തന്നെ സ്വതന്ത്രനായി വിളിക്കപ്പെ
ട്ടവൻ ക്രിസ്തുവിന്റെ ദാസനാ
കുന്നു.[a] 23 നിങ്ങളെ വിലയ്ക്കു
വാങ്ങിയിരിക്കുന്നു;[b] മനുഷ്യർക്കു
ദാസന്മാരാകരുത്.[c] 24 സഹോദര
ന്മാരേ, ഓരോരുത്തൻ വിളിക്കപ്പെട്ട
സ്ഥിതിയിൽതന്നെ ദൈവസന്നി
ധിയിൽ വസിക്കട്ടെ[d]

25 കന്യകമാരെക്കുറിച്ച് എനിക്കു
കർത്താവിന്റെ കല്പനയില്ല;[e] എ
ങ്കിലും വിശ്വസ്തൻ[f] ആകുവാൻ
തക്കവണ്ണം കർത്താവിന്റെ കരുണ
ലഭിച്ചവനായി[g] ഞാൻ അഭിപ്രായം
പറയുന്നു. 26 ഇപ്പോഴത്തെ കഷ്ടത
നിമിത്തം ഞാൻ പറഞ്ഞതുപോലെ
മനുഷ്യൻ അങ്ങനെതന്നെ ഇരിക്കു
ന്നത് അവനു നന്ന്[h] എന്ന് എനിക്കു
തോന്നുന്നു. 27 നീ ഭാര്യയോടു
ബന്ധിക്കപ്പെട്ടിരിക്കുന്നുവോ? വേർ
പാട് അന്വേഷിക്കരുത്. നീ ഭാര്യ
ഇല്ലാത്തവനോ? ഭാര്യയെ അന്വേ
ഷിക്കരുത്. 28 നീ വിവാഹം ചെ
യ്താലും ദോഷമില്ല; കന്യകയും
വിവാഹം ചെയ്താൽ ദോഷമില്ല;
എങ്കിലും ഇങ്ങനെയുള്ളവർക്കു
ജഡത്തിൽ കഷ്ടത ഉണ്ടാകും;
അതു നിങ്ങൾക്കു വരരുത് എന്ന്
എന്റെ ആഗ്രഹം. 29 എന്നാൽ
സഹോദരന്മാരേ, ഇതൊന്നു ഞാൻ
പറയുന്നു: കാലം ചുരുങ്ങിയിരി
ക്കുന്നു;[i] 30 ഇനി ഭാര്യമാരുള്ള
വർ ഇല്ലാത്തവരെപ്പോലെയും[j] കര
യുന്നവർ കരയാത്തവരെപ്പോലെ
യും സന്തോഷിക്കുന്നവർ സന്തോ
ഷിക്കാത്തവരെപ്പോലെയും വില
യ്ക്കു വാങ്ങുന്നവർ കൈവശമാ
ക്കാത്തവരെപ്പോലെയും 31 ലോ
കത്തെ അനുഭവിക്കുന്നവർ അതി
നെ അനുഭവിക്കാത്തവരെപ്പോ
ലെയും[k] ആയിരിക്കേണം. ഈ
ലോകത്തിന്റെ രൂപം ഒഴിഞ്ഞുപോ
കുന്നുവല്ലോ.[l] 32 നിങ്ങൾ ചിന്താ
കുലമില്ലാത്ത[m]വരായിരിക്കേണം
എന്നു ഞാൻ ഇച്ഛിക്കുന്നു.
വിവാഹം ചെയ്യാത്തവൻ കർത്താ
വിനെ എങ്ങനെ പ്രസാദിപ്പിക്കും
എന്നുവച്ചു കർത്താവിനുള്ളതു ചി
ന്തിക്കുന്നു.[n] 33 വിവാഹം ചെയ്ത
വൻ ഭാര്യയെ എങ്ങനെ പ്രസാദി
പ്പിക്കും എന്നുവച്ചു ലോകത്തി
നുള്ളതു ചിന്തിക്കുന്നു. 34 അതു
പോലെ ഭാര്യയായവൾക്കും കന്യ
കയ്ക്കും തമ്മിൽ വ്യത്യാസം
ഉണ്ട്. വിവാഹം കഴിയാത്തവൾ
ശരീരത്തിലും ആത്മാവിലും വി
ശുദ്ധയാകേണ്ടതിനു കർത്താവി
നുള്ളതു ചിന്തിക്കുന്നു; വിവാഹം
കഴിഞ്ഞവൾ ഭർത്താവിനെ എങ്ങ
നെ പ്രസാദിപ്പിക്കും എന്നുവച്ചു
ലോകത്തിനുള്ളതു ചിന്തിക്കുന്നു.
35 ഞാൻ ഇതു നിങ്ങൾക്കു കുടു
ക്കിടുവാനല്ല,[o] യോഗ്യത വിചാരി
ച്ചും നിങ്ങൾ ചാപല്യം കൂടാതെ
കർത്താവിങ്കൽ സ്ഥിരമായി വസി
ക്കേണ്ടതിനും നിങ്ങളുടെ ഉപകാര
ത്തിനായിട്ടത്രേ പറയുന്നത്. 36 എ
ന്നാൽ ഒരുത്തൻ തന്റെ കന്യക
യ്ക്കു പ്രായം കടന്നാൽ താൻ
ചെയ്യുന്നത് അയോഗ്യം എന്നു
നിരൂപിക്കുന്നു എങ്കിൽ അങ്ങനെ
വേണ്ടിവന്നാൽ ഇഷ്ടംപോലെ
ചെയ്യട്ടെ; അവൻ ദോഷം ചെയ്യു
ന്നില്ല; അവർ വിവാഹം ചെയ്യട്ടെ.
37 എങ്കിലും നിർബന്ധമില്ലാതെ

18.[v] *അപ്പൊ.പ്ര. 15:1,5,19,24,28; ഗലാ.5:2*
19.[w] *ഗലാ.3:28; 5:6;6:15; കൊലൊ.3:11*
[x] *1യോഹ.2:3*
20.[y] *1കൊരി.7:24*
22.[z] *(കൊലൊ.3:24; ഫിലേ.16); യോഹ.8:36*
[a] *എഫെ.6:6; (1കൊരി.9:21; 1പത്രൊ.2:16)*
23.[b] *1കൊരി.6:19*
[c] *ലേവ്യാ.25:42,55*
24.[d] *1കൊരി.7:20*
25.[e] *1കൊരി.7:6*
[f] *1കൊരി.4:2*
[g] *2കൊരി.4:1; 1തിമൊ.1:13,16*
26.[h] *1കൊരി.7:1,8*
29.[i] *റോമ.13:11*
30.[j] *2കൊരി.6:10*
31.[k] *1കൊരി.9:18*
[l] *സങ്കീ.39:6; യാക്കോ.1:10; 1പത്രൊ.1:24;4:7; 1യോഹ.2:17*
32.[m] *മത്താ.6:25; ലൂക്കൊ.10:41*
[n] *(1തിമൊ.5:5)*
35.[o] *(സദൃ.22:25)*

**7:19** ***പരിച്ഛേദന:*** ആദിമ ക്രിസ്ത്യാനികളിൽ ചിലർ, ദൈവത്തിന്റെ പുതിയ ജനമാകുന്ന സഭയിലെ ആൺകുട്ടികൾ പരിച്ഛേദന ഏൽക്കണമെന്നു നിർബന്ധിച്ചു. ദൈവജനമായിത്തീരാൻ പരിച്ഛേദന ആവശ്യമില്ലാത്തതാണെന്ന് പൗലൊസ് ഈ ലേഖനത്തിലും മറ്റു പല ലേഖനങ്ങളിലും പഠിപ്പിക്കുന്നു (റോമ. 2:25 – 29; ഗലാ. 5:2 – 6).

തന്റെ ഇഷ്ടം നടത്തുവാൻ അധി
കാരമുള്ളവനും ഹൃദയത്തിൽ
സ്ഥിരതയുള്ളവനുമായ ഒരുവൻ
തന്റെ കന്യകയെ സൂക്ഷിച്ചുകൊൾ
വാൻ സ്വന്തഹൃദയത്തിൽ നിർണ്ണ
യിച്ചു എങ്കിൽ അവൻ ചെയ്യുന്നത്
നന്ന്. **38** അങ്ങനെ ഒരുത്തൻ
തന്റെ കന്യകയെ വിവാഹം കഴിപ്പി
ക്കുന്നത് നന്ന്;[p] വിവാഹം കഴിപ്പി
ക്കാതിരിക്കുന്നത് ഏറെ നന്ന്.
**39** ഭർത്താവു ജീവിച്ചിരിക്കുന്ന കാ
ലത്തോളം സ്ത്രീ ബന്ധിക്കപ്പെട്ടി
രിക്കുന്നു;[q] ഭർത്താവു മരിച്ചുപോ
യാൽ തനിക്കു മനസ്സുള്ളവനുമായി
വിവാഹം കഴിപ്പാൻ സ്വാതന്ത്ര്യം
ഉണ്ട്; കർത്താവിൽ[r] വിശ്വസിക്കു
ന്നവനുമായി മാത്രമേ ആകാവൂ.
**40** എന്നാൽ അവൾ അങ്ങനെ
തന്നെ പാർത്തുകൊണ്ടാൽ ഭാഗ്യ
മേറിയവൾ എന്ന് എന്റെ അഭി
പ്രായം;[s] ദൈവാത്മാവ് എനിക്കും
ഉണ്ട് എന്നു തോന്നുന്നു.[t]

❋ ❋ ❋

*വിഗ്രഹാർപ്പിതങ്ങൾ സംബന്ധിച്ചു ബലഹീ
നർ നിമിത്തം സൂക്ഷിച്ചു നടക്കണമെന്ന്.*

**8** വിഗ്രഹാർപ്പിതങ്ങളുടെ[a] കാര്യം
പറഞ്ഞാലോ നമുക്കെല്ലാവർ
ക്കും അറിവ്[b] ഉണ്ട് എന്നു നമുക്ക്
അറിയാം. അറിവു ചീർപ്പിക്കുന്നു;[c]
സ്നേഹമോ ആത്മികവർധന വരു
ത്തുന്നു.[d] **2** താൻ വല്ലതും അറിയു
ന്നു എന്ന് ഒരുത്തനു തോന്നുന്നു
എങ്കിൽ[e] അറിയേണ്ടതുപോലെ
അവൻ ഇന്നുവരെ ഒന്നും അറി
ഞ്ഞിട്ടില്ല.[f] **3** ഒരുത്തൻ ദൈവത്തെ
സ്നേഹിക്കുന്നു എങ്കിലോ അവ
നെ ദൈവം അറിഞ്ഞിരിക്കുന്നു.[g]
**4** വിഗ്രഹാർപ്പിതങ്ങളെ തിന്നുന്ന
തിനെക്കുറിച്ചോ, ലോകത്തിൽ വി
ഗ്രഹം ഏതുമില്ല[h] എന്നും ഏക
ദൈവമല്ലാതെ ദൈവമില്ല[i] എന്നും
നാം അറിയുന്നു. പല ദേവന്മാരും
പല കർത്താക്കന്മാരും ഉണ്ട് എന്നു
പറയുന്നുവല്ലോ. **5** എന്നാൽ ആ
കാശത്തിലോ ഭൂമിയിലോ ദേവന്മാർ
എന്നു പേരുള്ളവർ[j] ഉണ്ടെന്നുവരി
കിലും **6** പിതാവായ ഏകദൈവമേ
നമുക്കുള്ളൂ;[k] അവൻ സകലത്തി
നും കാരണഭൂതനും നാം അവ
നായി ജീവിക്കേണ്ടതും ആകുന്നു.[l]
യേശുക്രിസ്തു എന്ന ഏകകർത്താ
വും നമുക്ക് ഉണ്ട്;[m] അവൻ മുഖാ
ന്തരം സകലവും അവൻ മുഖാന്തരം[n]
നാമും ആകുന്നു. **7** എന്നാൽ എല്ലാ
വരിലും ഈ അറിവില്ല. ചിലർ
ഇന്നുവരെ വിഗ്രഹപരിചയം ഹേ
തുവായി[o] വിഗ്രഹാർപ്പിതം എന്നു
വച്ചു തിന്നുന്നു; **8** അവരുടെ മന
സ്സാക്ഷി ബലഹീനമാകയാൽ മലി
നമായിത്തീരുന്നു.[p] എന്നാൽ ആ
ഹാരം നമ്മെ ദൈവത്തോട് അടു
പ്പിക്കുന്നില്ല;[q] തിന്നാഞ്ഞാൽ നമുക്കു
നഷ്ടമില്ല; തിന്നാൽ ആദായവു
മില്ല. **9** എന്നാൽ നിങ്ങളുടെ ഈ
സ്വാതന്ത്ര്യം ബലഹീനന്മാർക്കു[r]
യാതൊരു വിധത്തിലും[s] തടങ്ങൽ
ആയി വരാതിരിപ്പാൻ നോക്കുവിൻ.
**10** അറിവുള്ളവനായ നീ ക്ഷേത്ര
ത്തിൽ ഭക്ഷണത്തിനിരിക്കുന്നത്
ഒരുത്തൻ കണ്ടാൽ, ബലഹീനനെ
ങ്കിൽ അവന്റെ മനസ്സാക്ഷി വിഗ്ര
ഹാർപ്പിതങ്ങളെ തിന്നുവാൻ തക്ക
വണ്ണം ഉറയ്ക്കയില്ലയോ? **11** ആർ
ക്കുവേണ്ടി ക്രിസ്തു മരിച്ചുവോ, ആ
ബലഹീനസഹോദരൻ ഇങ്ങനെ
നിന്റെ അറിവിനാൽ നശിച്ചുപോ
കുന്നു.[t] **12** ഇങ്ങനെ സഹോദര
ന്മാരുടെ നേരേ പാപം ചെയ്ത്,
അവരുടെ ബലഹീനമനസ്സാക്ഷി
യെ ദണ്ഡിപ്പിക്കുമ്പോൾ[u] നിങ്ങൾ
ക്രിസ്തുവിനോടു പാപം ചെയ്യു
ന്നു.[v] **13** ആകയാൽ ആഹാരം
എന്റെ സഹോദരന് ഇടർച്ചയായി
ത്തീരും എങ്കിൽ[w] എന്റെ സഹോ
ദരന് ഇടർച്ച വരുത്താതിരിക്കേണ്ട
തിനു ഞാൻ ഒരുനാളും മാംസം
തിന്നുകയില്ല.

❋ ❋ ❋

38.[p] *എബ്രാ.13:4*
39.[q] *റോമ.7:2*
[r] *(2കൊരി.6:14)*
40.[s] *1കൊരി.7:6*
[t] *(അപ്പൊ.പ്ര.15:28)*

**അധ്യായം 8**

1.[a] *1കൊരി.8:4,7,10; അപ്പൊ.പ്ര.15:28*
[b] *റോമ.15:14*
[c] *റോമ.14:3*
[d] *1കൊരി.13:4 - 13*
2.[e] *ഗലാ.6:3; (1കൊരി.3:18)*
[f] *(1കൊരി.13:8,9,12; 1തിമൊ.6:3,4)*
3.[g] *ഗലാ.4:9; (പുറ.33:12,17; യിരെ.1:5; നഹൂ.1:7; 2തിമൊ.2:19)*
4.[h] *1കൊരി.10:19; യെശ.41:24; (അപ്പൊ.പ്ര.14:15)*
[i] *1കൊരി.8:6; ആവ.4:35,39*
5.[j] *2തെസ്സ.2:4*
6.[k] *1കൊരി.8:4; മലാ.2:10; എഫെ.4:6*
[l] *റോമ.11:36*
[m] *എഫെ.4:5; (1കൊരി.1:2; 1തിമൊ.2:5); യോഹ.13:13*
[n] *യോഹ.1:3; കൊലൊ.1:16*
7.[o] *(റോമ.14:14,22,23)*
8.[p] *1കൊരി. 10:25,28,29*
[q] *റോമ.14:17*
9.[r] *റോമ.14:1,2*
[s] *(1കൊരി.10:23; റോമ.14:21; ഗലാ.5:13)*
11.[t] *റോമ.14:15,20*
12.[u] *(സെഖ.2:8; മത്താ.18:6)*
[v] *(മത്താ.25:45)*
13.[w] *റോമ.14:13,21; (2കൊരി.6:3;11:29)*

8:6 ***യേശുക്രിസ്തു എന്ന ഏക കർത്താവ്:*** സകലവും യേശു മുഖാന്തരം സൃഷ്ടിക്കപ്പെട്ടു. യേശു ദൈവത്തിന്റെ പുത്രനാണ്; എന്നാൽ ദൈവം ലോകത്തെ സൃഷ്ടിച്ചപ്പോൾ അവൻ ദൈവത്തോടുകൂടെയായിരുന്നു.

***1. പൗലൊസ് തന്റെ സ്വാതന്ത്ര്യത്തെ കാട്ടുന്നത്***
***7. ദൈവശുശ്രൂഷകർ സുവിശേഷത്താൽ ജീവനം കഴിക്കേണ്ടതാകുന്നു എന്നുള്ളത്***
***24. ആയുസ്സ് ഒരു ഓട്ടംപോലെ ആകുന്നു എന്നത്.***

**9** ഞാൻ സ്വതന്ത്രൻ അല്ലയോ?[a]
ഞാൻ അപ്പൊസ്തലൻ അല്ല
യോ?[b] നമ്മുടെ കർത്താവായ യേശു
വിനെ ഞാൻ കണ്ടിട്ടില്ലയോ?[c] കർ
ത്താവിൽ ഞാൻ ചെയ്ത പ്രവൃത്തി
യുടെ ഫലം നിങ്ങൾ അല്ലയോ?[d]
**2** മറ്റുള്ളവർക്കു ഞാൻ അപ്പൊ
സ്തലൻ അല്ലെന്നുവരികിൽ എങ്ങ
നെയെങ്കിലും നിങ്ങൾക്ക് ആകു
ന്നു; കർത്താവിൽ എന്റെ അപ്പൊ
സ്തലത്വത്തിന്റെ മുദ്ര നിങ്ങള
ല്ലോ.[e] **3** എന്നെ വിധിക്കുന്നവരോടു
ഞാൻ പറയുന്ന പ്രതിവാദം ഇതാ
കുന്നു. **4** തിന്നുവാനും കുടിപ്പാനും
ഞങ്ങൾക്ക് അധികാരമില്ലയോ?[f]
**5** ശേഷം അപ്പൊസ്തലന്മാരും കർ
ത്താവിന്റെ സഹോദരന്മാരും[g] കേ
ഫാവും[h] ചെയ്യുന്നതുപോലെ ഭാര്യ
യായോരു സഹോദരിയുമായി സ
ഞ്ചരിപ്പാൻ ഞങ്ങൾക്ക് അധികാര
മില്ലയോ?[i] **6** അല്ല, വേല ചെയ്യാ
തിരിപ്പാൻ എനിക്കും ബർന്നബാ
സിനും മാത്രം അധികാരമില്ല എ
ന്നുണ്ടോ? **7** സ്വന്തചെലവിന്മേൽ
യുദ്ധസേവ ചെയ്യുന്നവൻ ആർ?[j]
മുന്തിരിത്തോട്ടം ഉണ്ടാക്കി അതിന്റെ
ഫലം തിന്നാതിരിക്കുന്നവൻ ആർ?[k]
ആട്ടിൻകൂട്ടത്തെ മേയിച്ചു കൂട്ടത്തി
ന്റെ പാൽകൊണ്ട് ഉപജീവിക്കാ
തിരിക്കുന്നവൻ ആർ? **8** ഞാൻ
ഇതു മനുഷ്യരുടെ മര്യാദപ്രകാരമോ
പറയുന്നത്? ന്യായപ്രമാണവും ഇ
ങ്ങനെ പറയുന്നില്ലയോ?
**9** [l]“മെതിക്കുന്ന കാളയ്ക്കു മുഖ
ക്കുട്ട കെട്ടരുത്” എന്നു മോശെ
യുടെ ന്യായപ്രമാണത്തിൽ എഴു
തിയിരിക്കുന്നുവല്ലോ; ദൈവം കാള
യ്ക്കുവേണ്ടിയോ ചിന്തിക്കുന്നത്?
**10** അല്ല, കേവലം നമുക്കുവേണ്ടി
പറയുന്നതോ? അതേ, ഉഴുന്നവൻ
ആശയോടെ ഉഴുകയും[m] മെതിക്കു
ന്നവൻ പതം കിട്ടും എന്നുള്ള
ആശയോടെ മെതിക്കയും വേണ്ട
താകയാൽ നമുക്കുവേണ്ടി എഴു
തിയിരിക്കുന്ന[n]തത്രേ. **11** ഞങ്ങൾ
ആത്മികമായതു നിങ്ങൾക്കു വിത
ച്ചിട്ടു നിങ്ങളുടെ ഐഹികമായതു
കൊയ്താൽ വലിയ കാര്യമോ?[o]
**12** മറ്റുള്ളവർക്കു നിങ്ങളുടെമേൽ
ഈ അധികാരം ഉണ്ടെങ്കിൽ ഞ
ങ്ങൾക്ക് എത്ര അധികം? എങ്കിലും
ഞങ്ങൾ ഈ അധികാരം പ്രയോ
ഗിച്ചിട്ടില്ല;[p] ക്രിസ്തുവിന്റെ സുവി
ശേഷത്തിനു യാതൊരു വിഘ്നവും
വരുത്താതിരിപ്പാൻ[q] സകലവും
പൊറുക്കുന്നു. **13** ദൈവാലയ കർ
മ്മങ്ങൾ നടത്തുന്നവർ ദൈവാലയം
കൊണ്ട് ഉപജീവിക്കുന്നു എന്നും
യാഗപീഠത്തിങ്കൽ ശുശ്രൂഷ ചെയ്യു
ന്നവർ യാഗപീഠത്തിലെ വഴിപാടു
കളിൽ ഓഹരിക്കാർ ആകുന്നു എ
ന്നും[r] നിങ്ങൾ അറിയുന്നില്ലയോ?
**14** അതുപോലെ കർത്താവും സുവി
ശേഷം അറിയിക്കുന്നവർ സുവി
ശേഷത്താൽ ഉപജീവിക്കേണം[s]
എന്നു കല്പിച്ചിരിക്കുന്നു.
**15** എങ്കിലും ഇത് ഒന്നും ഞാൻ
പ്രയോഗിച്ചിട്ടില്ല;[t] ഇങ്ങനെ എനി
ക്കു കിട്ടേണം എന്നു വച്ചു ഞാൻ
ഇത് എഴുതുന്നതും അല്ല; ആരെ
ങ്കിലും എന്റെ പ്രശംസ വൃഥാവാ
ക്കുന്നതിനെ[u]ക്കാൾ മരിക്ക തന്നെ
എനിക്കു നല്ലത്. **16** ഞാൻ സുവി
ശേഷം അറിയിക്കുന്നു എങ്കിൽ
എനിക്കു പ്രശംസിപ്പാൻ ഒന്നുമില്ല.
നിർബന്ധം എന്റെമേൽ കിടക്കു
ന്നു.[v] ഞാൻ സുവിശേഷം അറി
യിക്കുന്നില്ല എങ്കിൽ എനിക്ക്
അയ്യോ കഷ്ടം! **17** ഞാൻ അതു
മനഃപൂർവം നടത്തുന്നു എങ്കിൽ
എനിക്കു പ്രതിഫലം ഉണ്ട്; മനഃപൂർ
വമല്ലെങ്കിലും കാര്യം[w] എങ്കൽ ഭര
മേല്പിച്ചിരിക്കുന്നു. **18** എന്നാൽ
എന്റെ പ്രതിഫലം എന്ത്? സുവി
ശേഷം അറിയിക്കുമ്പോൾ സുവി
ശേഷഘോഷണത്തിലുള്ള അധി
കാരം മുഴുവനും ഉപയോഗിക്കാതെ[x]
ഞാൻ സുവിശേഷഘോഷണം

**അധ്യായം 9**
1. [a] *1കൊരി.9:19*
[b] *അപ്പൊ.പ്ര.14:14; 2കൊരി.12:12; 1തെസ്സ.2:6; (2കൊരി.10:7; വെളി.2:2)*
[c] *1കൊരി.15:8; അപ്പൊ.പ്ര.9:3,17; 18:9;22:14,18;23:11*
[d] *1കൊരി.3:6*
2. [e] *(2കൊരി.3:2)*
4. [f] *1കൊരി.9:14; 1തെസ്സ.2:6,9; 2തെസ്സ.3:8,9*
5. [g] *മത്താ.12:46*
[h] *മത്താ.8:14; യോഹ.1:42*
[i] *(1കൊരി.7:7)*
7. [j] *2കൊരി.10:4; 1തിമൊ.1:18; 2തിമൊ.2:3,4*
[k] *(1കൊരി.3:6 - 8; ആവ.20:6; സദൃ.27:18; ഉത്തമ.8:12)*
9. [l] *1തിമൊ.5:18;* ***ആവ. 25:4***
10. [m] *2തിമൊ.2:6*
[n] *റോമ.4:24,25*
11. [o] *(റോമ.15:27; ഗലാ.6:6)*
12. [p] *1കൊരി.9:15,18; അപ്പൊ.പ്ര.20:33*
[q] *(2കൊരി.6:3;11:12)*
13. [r] *ലേവ്യാ.6:16,26; 7:6;സംഖ്യാ.5:9,10; 18:8 - 20; ആവ.18:1*
14. [s] *1കൊരി.9:4; മത്താ.10:10*
15. [t] *അപ്പൊ.പ്ര.18:3*
[u] *2കൊരി.11:10*
16. [v] *(അപ്പൊ.പ്ര.4:20;9:6; റോമ.1:14)*
17. [w] *1കൊരി.4:1; ഗലാ.2:8; (ഫിലി.1:16)*
18. [x] *1കൊരി.7:31*

ചെലവു കൂടാതെ നടത്തുന്നതു[y]
തന്നെ. 19 ഇങ്ങനെ ഞാൻ കേവ
ലം സ്വതന്ത്രൻ എങ്കിലും[z] അധികം
പേരെ നേടേണ്ടതിനു[a] ഞാൻ എ
ന്നെത്തന്നെ എല്ലാവർക്കും ദാസ
നാക്കി.[b] 20 യെഹൂദന്മാരെ നേടേ
ണ്ടതിനു ഞാൻ യെഹൂദന്മാർക്കു
യെഹൂദനെപ്പോലെ ആയി;[c] ന്യായ
പ്രമാണത്തിൻ കീഴുള്ളവരെ നേടേ
ണ്ടതിനു ഞാൻ ന്യായപ്രമാണ
ത്തിൻകീഴുള്ളവൻ അല്ല എങ്കിലും
ന്യായപ്രമാണത്തിൻ കീഴുള്ളവർ
ക്കു ന്യായപ്രമാണത്തിൻ കീഴു
ള്ളവനെപ്പോലെ ആയി. 21 ദൈവ
ത്തിനു ന്യായപ്രമാണമില്ലാത്തവൻ
ആകാതെ ക്രിസ്തുവിനു ന്യായപ്ര
മാണമുള്ളവനായിരിക്കെ,[d] ന്യായ
പ്രമാണമില്ലാത്തവരെ നേടേണ്ടതി
നു ഞാൻ ന്യായപ്രമാണമില്ലാത്ത
വർക്കു[e] ന്യായപ്രമാണമില്ലാത്തവ
നെപ്പോലെ[f] ആയി. 22 ബലഹീന
ന്മാരെ നേടേണ്ടതിനു ഞാൻ ബല
ഹീനർക്കു ബലഹീനനായി;[g] ഏതു
വിധത്തിലും ചിലരെ രക്ഷിക്കേ
ണ്ടതിനു[h] ഞാൻ എല്ലാവർക്കും
എല്ലാമായിത്തീർന്നു.[i] 23 സുവി
ശേഷത്തിൽ ഒരു പങ്കാളിയാകേ
ണ്ടതിനു[j] ഞാൻ സകലവും സുവി
ശേഷം നിമിത്തം ചെയ്യുന്നു. 24 ഓട്ട
ക്കളത്തിൽ ഓടുന്നവർ എല്ലാവരും
ഓടുന്നു എങ്കിലും ഒരുവനേ വിരുതു[k]
പ്രാപിക്കുന്നുള്ളൂ എന്ന് അറിയു
ന്നില്ലയോ? നിങ്ങളും പ്രാപിപ്പാൻ
തക്കവണ്ണം ഓടുവിൻ.[l] 25 അങ്കം
പൊരുന്നവനൊക്കെയും[m] സകല
ത്തിലും വർജനം ആചരിക്കുന്നു.
അതോ, അവർ വാടുന്ന കിരീടവും
നാമോ വാടാത്തതും[n] പ്രാപിക്കേണ്ട
തിനുതന്നെ. 26 ആകയാൽ ഞാൻ
നിശ്ചയമില്ലാത്തവണ്ണമല്ല ഓടുന്നത്;
ആകാശത്തെ കുത്തുന്നതുപോലെ[o]
യല്ല ഞാൻ മുഷ്ടിയുദ്ധം ചെയ്യുന്ന
ത്.[p] 27 മറ്റുള്ളവരോടു പ്രസംഗിച്ച
ശേഷം ഞാൻതന്നെ[q] കൊള്ളരുതാ
ത്തവനായി[r] പോകാതിരിക്കേണ്ടതി
ന്[q] എന്റെ ശരീരത്തെ ദണ്ഡിപ്പിച്ച്[s]
അടിമയാക്കുകയത്രേ ചെയ്യുന്നത്.[t]

❋ ❋ ❋

18.[y] 2കൊരി.11:7;12:13
19.[z] 1കൊരി.9:1; (1കൊരി.10:29)
[a] മത്താ.18:15; 1പത്രൊ.3:1,2
[b] 2കൊരി.4:5; (ഗലാ.5:13)
20.[c] അപ്പൊ.പ്ര.16:3; 21:23-26
21.[d] 1കൊരി.7:22
[e] റോമ.2:12,14
[f] (ഗലാ.2:3;3:2)
22.[g] 2കൊരി.11:29
[h] 1കൊരി.7:16; റോമ.11:14
[i] 1കൊരി.10:33
23.[j] (1കൊരി.10:24)
24.[k] ഫിലി.3:14; കൊലൊ.2:18
[l] ഗലാ.2:2;5:7; ഫിലി.2:16; എബ്രാ.12:1; (2തിമൊ.4:7)
25.[m] 1തിമൊ.6:12; 2തിമൊ.2:5;4:7; (യൂദാ.3)
[n] യാക്കോ.1:12
26.[o] (1കൊരി.14:9)
[p] (എബ്രാ.12:4)
27.[q] (ഉത്തമ.1:6)
[r] (യിരെ.6:30; റോമ.1:28; എബ്രാ.6:8)
[s] ലൂക്കൊ.18:5
[t] (റോമ.6:19)

അധ്യായം 10

1.[a] പുറ.13:21
2.[b] പുറ.14:22
3.[c] പുറ.16:15,35; ആവ.8:3; നെഹെ.9:15,20; സങ്കീ.78:24
[d] സങ്കീ.78:25; 105:40; യോഹ.6:31
4.[e] പുറ.17:6
5.[f] സംഖ്യാ.14:29,37; 26:64,65; സങ്കീ.106:26; എബ്രാ.3:18; യൂദാ.5

***1. യിസ്രായേല്യർക്കു വന്ന വീഴ്ചകളും ശിക്ഷയും നമ്മുടെ ദൃഷ്ടാന്തമായിരിക്കണം.***
***14. വിഗ്രഹാരാധികളോടു സംസർഗം ഒഴിച്ച്***
***23. സകലത്തിലും പരോപകാരവും ദൈവമഹത്ത്വവും ലാക്കാക്കണം.***

**10** സഹോദരന്മാരേ, നമ്മുടെ
പിതാക്കന്മാർ എല്ലാവരും
മേഘ[a]ത്തിൻകീഴിൽ ആയിരുന്നു;
2 എല്ലാവരും സമുദ്രത്തൂടെ കടന്ന്[b]
എല്ലാവരും മേഘത്തിലും സമുദ്ര
ത്തിലും സ്നാനം ഏറ്റു മോശെ
യോടു ചേർന്നു. 3 എല്ലാവരും
ഒരേ[c] ആത്മികാഹാരം[d] തിന്ന്[c]
4 എല്ലാവരും ഒരേ ആത്മികപാ
നീയം കുടിച്ചു-[e] അവരെ അനുഗ
മിച്ച ആത്മികപാറയിൽനിന്നല്ലോ
അവർ കുടിച്ചത്; ആ പാറ ക്രിസ്തു
ആയിരുന്നു- 5 എങ്കിലും അവരിൽ
മിക്കപേരിലും ദൈവം പ്രസാദി
ച്ചില്ല, അവരെ മരുഭൂമിയിൽ തള്ളി
യിട്ടുകളഞ്ഞു[f] എന്നു നിങ്ങൾ അറി
യാതിരിക്കരുത് എന്നു ഞാൻ
ആഗ്രഹിക്കുന്നു.
6 ഇതു നമുക്കു ദൃഷ്ടാന്തമായി
സംഭവിച്ചു; അവർ മോഹിച്ചതു
പോലെ[g] നാമും ദുർമോഹികൾ
ആകാതിരിക്കേണ്ടതിനു തന്നെ.
7 [h]"ജനം തിന്നുവാനും കുടി
പ്പാനും ഇരുന്നു, കളിപ്പാൻ
എഴുന്നേറ്റു"
എന്ന് എഴുതിയിരിക്കുന്നപ്രകാരം
അവരിൽ ചിലരെപ്പോലെ[i] നിങ്ങൾ
വിഗ്രഹാരാധികൾ ആകരുത്.[j]
8 അവരിൽ ചിലർ പരസംഗം
ചെയ്ത്[k] ഒരു ദിവസത്തിൽ ഇരു
പത്തിമൂവായിരം പേർ വീണുപോ
യതുപോലെ[l] നാം പരസംഗം
ചെയ്യരുത്.[m] 9 അവരിൽ ചിലർ
പരീക്ഷിച്ചു[n] സർപ്പങ്ങളാൽ നശിച്ചു
പോയതുപോലെ[o] നാം കർത്താ
വിനെ പരീക്ഷിക്കരുത്. 10 അവരിൽ

6.[g] സംഖ്യാ.11:4,33,34;സങ്കീ.78:18;106:14 7.[h] പുറ.32:6 [i] പുറ.32:4 [j] 1കൊരി.10:14 8.[k] സംഖ്യാ.25:1 [l] (സംഖ്യാ.25:9; സങ്കീ.106:29) 9.[m] 1കൊരി.6:18; അപ്പൊ.പ്ര.15:20 [n] സംഖ്യാ.21:5; (പുറ.17:2,7); സങ്കീ.78:18 [o] സംഖ്യാ.21:6

ചിലർ പിറുപിറുത്തു[p] സംഹാരി[q]
യാൽ നശിച്ചു[r]പോയതുപോലെ
നിങ്ങൾ പിറുപിറുക്കയുമരുത്.
**11** ഇതു ദൃഷ്ടാന്തമായിട്ട് അവർ
ക്കു സംഭവിച്ചു, ലോകാവസാനം
വന്നെത്തിയിരിക്കുന്ന നമുക്കു[s]
ബുദ്ധ്യുപദേശത്തിനായി എഴുതി
യുമിരിക്കുന്നു.[t] **12** ആകയാൽ
താൻ നില്ക്കുന്നു എന്നു തോന്നു
ന്നവൻ[u] വീഴാതിരിപ്പാൻ നോക്കി
ക്കൊള്ളട്ടെ. **13** മനുഷ്യർക്കു നടപ്പ
ല്ലാത്ത പരീക്ഷ നിങ്ങൾക്കു നേരി
ട്ടിട്ടില്ല; ദൈവം വിശ്വസ്തൻ;[v] നി
ങ്ങൾക്കു കഴിയുന്നതിനു മീതെ
പരീക്ഷ നേരിടുവാൻ സമ്മതിക്കാ
തെ[w] നിങ്ങൾക്കു സഹിപ്പാൻ കഴി
യേണ്ടതിനു പരീക്ഷയോടുകൂടെ
അവൻ പോക്കുവഴിയും ഉണ്ടാക്കും.

**14** അതുകൊണ്ടു പ്രിയന്മാരേ,
വിഗ്രഹാരാധന വിട്ടോടുവിൻ.[x]
**15** നിങ്ങൾ വിവേകികൾ എന്നു
വച്ചു ഞാൻ പറയുന്നു;[y] ഞാൻ പറ
യുന്നതു വിവേചിപ്പിൻ. **16** നാം
അനുഗ്രഹിക്കുന്ന അനുഗ്രഹപാ
ത്രം[z] ക്രിസ്തുവിന്റെ രക്തത്തിന്റെ
കൂട്ടായ്മ അല്ലയോ? നാം നുറുക്കുന്ന
അപ്പം[a] ക്രിസ്തുവിന്റെ ശരീരത്തിന്റെ
കൂട്ടായ്മ അല്ലയോ? **17** അപ്പം ഒന്ന്
ആകകൊണ്ടു പലരായ നാം ഒരു
ശരീരം[b] ആകുന്നു; നാം എല്ലാവരും
ആ ഒരേ അപ്പത്തിൽ അംശികൾ
ആകുന്നുവല്ലോ. **18** ജഡപ്രകാര
മുള്ള[c] യിസ്രായേലിനെ നോക്കു
വിൻ; യാഗങ്ങൾ ഭുജിക്കുന്നവർ
യാഗപീഠത്തിന്റെ കൂട്ടാളികൾ അല്ല
യോ?[d] **19** ഞാൻ പറയുന്നത് എന്ത്?
വിഗ്രഹാർപ്പിതം വല്ലതും ആകുന്നു
എന്നോ? വിഗ്രഹം വല്ലതും ആകു
ന്നു എന്നോ?[e] **20** അല്ല, ജാതികൾ
ബലികഴിക്കുന്നതു ദൈവത്തിനല്ല
ഭൂതങ്ങൾക്കു[f] കഴിക്കുന്നു[g] എന്നത്രേ;
എന്നാൽ നിങ്ങൾ ഭൂതങ്ങളുടെ
കൂട്ടാളികൾ ആകുവാൻ എനിക്കു
മനസ്സില്ല. **21** നിങ്ങൾക്കു കർത്താ
വിന്റെ പാനപാത്രവും[h] ഭൂതങ്ങളു
ടെ പാനപാത്രവും[i] കുടിപ്പാൻ പാടി
ല്ല;[h] നിങ്ങൾക്കു കർത്താവിന്റെ
മേശയിലും[j] ഭൂതങ്ങളുടെ മേശ
യിലും അംശികൾ ആകുവാനും
പാടില്ല. **22** അല്ല, നാം കർത്താ
വിനു ക്രോധം ജ്വലിപ്പിക്കുന്നു
വോ?[k] അവനെക്കാൾ നാം ബല
വാന്മാരോ?[l]

**23** സകലത്തിനും എനിക്കു കർ
ത്തവ്യം ഉണ്ട്;[m] എങ്കിലും സകല
വും പ്രയോജനമുള്ളതല്ല. സകല
ത്തിനും എനിക്കു കർത്തവ്യം
ഉണ്ട്; എങ്കിലും സകലവും ആത്മി
കവർധന വരുത്തുന്നില്ല. **24** ഓരോ
രുത്തൻ സ്വന്ത ഗുണമല്ല;[n] മറ്റു
ള്ളവന്റെ ഗുണം അന്വേഷിക്കട്ടെ.
**25** അങ്ങാടിയിൽ വില്ക്കുന്നത്
എന്തെങ്കിലും മനസ്സാക്ഷി നിമിത്തം
ഒന്നും അന്വേഷണം കഴിക്കാതെ
തിന്നുവിൻ.[o] **26** ഭൂമിയും അതിന്റെ
പൂർണതയും കർത്താവിനുള്ളത
ല്ലോ.[p] **27** അവിശ്വാസികളിൽ ഒരു
വൻ നിങ്ങളെ ക്ഷണിച്ചാൽ നി
ങ്ങൾക്കു പോകുവാൻ മനസ്സുണ്ടെ
ങ്കിൽ നിങ്ങളുടെ മുമ്പിൽ വിളമ്പു
ന്നത് എന്തായാലും മനസ്സാക്ഷി
നിമിത്തം ഒന്നും അന്വേഷിക്കാതെ
തിന്നുവിൻ.[q] **28** എങ്കിലും ഒരു
വൻ: ഇതു വിഗ്രഹാർപ്പിതം എന്നു
നിങ്ങളോടു പറഞ്ഞാൽ ആ അറി
യിച്ചവൻ നിമിത്തവും മനസ്സാക്ഷി
നിമിത്തവും തിന്നരുത്. **29** മനസ്സാ
ക്ഷി എന്നു ഞാൻ പറയുന്നതു
തന്റേതല്ല മറ്റവന്റേതത്രേ.[r] എന്റെ
സ്വാതന്ത്ര്യം അന്യമനസ്സാക്ഷി
യാൽ വിധിക്കപ്പെടുന്നത് എന്തിന്?[s]
**30** നന്ദിയോടെ അനുഭവിച്ചു
സ്തോത്രം ചെയ്ത്[t] സാധനം നി
മിത്തം ഞാൻ ദുഷിക്കപ്പെടുന്നത്
എന്തിന്? **31** ആകയാൽ നിങ്ങൾ
തിന്നാലും കുടിച്ചാലും എന്തു ചെ
യ്താലും[u] എല്ലാം ദൈവത്തിന്റെ
മഹത്ത്വത്തിനായി ചെയ്‌വിൻ.
**32** യെഹൂദന്മാർക്കും യവനന്മാർ
ക്കും ദൈവസഭയ്ക്കും[v] ഇടർച്ച

10.[p] *സംഖ്യാ.14:2* [q] *പുറ.12:23; 2ശമൂ.24:16; 1ദിന.21:15; സങ്കീ.78:49* [r] *സംഖ്യാ.14:29 - 37* 11.[s] *റോമ.13:11* [t] *റോമ.4:23* 12.[u] *റോമ.11:20; (2പത്രൊ.3:17)* 13.[v] *1കൊരി.1:9* [w] *(ദാനീ.3:17); 2പത്രൊ.2:9* 14.[x] *1കൊരി.10:7* 15.[y] *(1കൊരി.8:1)* 16.[z] *1കൊരി.11:25; മത്താ.26:27,28* [a] *1കൊരി.11:23,24; മത്താ.26:26; അപ്പൊ.പ്ര.2:42; 20:7* 17.[b] *1കൊരി. 12:12,13,20; റോമ.12:5; എഫെ.4:4,16; കൊലൊ.3:15* 18.[c] *റോമ.1:5;4:1;9:5; 2കൊരി.11:18* [d] *ലേവ്യാ.7:15; (എബ്രാ.13:10)* 19.[e] *1കൊരി.8:4* 20.[f] *സങ്കീ.106:37; (ലേവ്യാ.17:7; വെളി.9:20)* [g] *ആവ.32:17* 21.[h] *(2കൊരി.6:15,16)* [i] *(ആവ.32:37)*

[j] *(യെശ.65:11)* 22.[k] *ആവ.32:21* [l] *സഭാ.6:10; യെഹെ.22:14* 23.[m] *1കൊരി.6:12; 8:9* 24.[n] *1കൊരി. 10:33;13:5; ഫിലി.2:21; (1കൊരി.9:23; 2കൊരി.12:14); റോമ.15:1* 25.[o] *1കൊരി.8:7* 26.[p] *സങ്കീ.24:1; (പുറ.9:29;19:5; ആവ.10:14;*
*ഇയ്യോ.41:11; സങ്കീ.50:12)* 27.[q] *ലൂക്കൊ.10:8* 29.[r] *(1കൊരി.8:9 - 12)* [s] *(1കൊരി.9:19; റോമ.14:16)* 30.[t] *റോമ.14:6; 1തിമൊ.4:3,4* 31.[u] *കൊലൊ.3:17; 1പത്രൊ.4:11* 32.[v] *(1കൊരി.11:16); അപ്പൊ.പ്ര.20:28*

യല്ലാത്തവരാകുവിൻ.[w] 33 ഞാനും
എന്റെ ഗുണമല്ല,[x] പലർ രക്ഷി
ക്കപ്പെടേണ്ടതിന് അവരുടെ ഗുണം
തന്നെ അന്വേഷിച്ചുകൊണ്ട് എല്ലാ
വരെയും എല്ലാംകൊണ്ടും പ്രസാ
ദിപ്പിക്കുന്നു[y] വല്ലോ.

❋ ❋ ❋

***1. സഭയിൽ സ്ത്രീകൾ മൂടുപടം ഇടേണ്ടതിനെയും 17. തിരുവത്താഴത്തെയും കുറിച്ച്.***

**11** ഞാൻ ക്രിസ്തുവിന്റെ അനു
കാരിയായിരിക്കുന്നതുപോലെ
നിങ്ങളും എന്റെ അനുകാരികൾ
ആകുവിൻ.[a] 2 നിങ്ങൾ സകല
ത്തിലും എന്നെ ഓർക്കുകയും[b]
ഞാൻ നിങ്ങളെ ഏല്പിച്ച[c] കല്പ
നകളെ പ്രമാണിക്കയും[d] ചെയ്ക
യാൽ നിങ്ങളെ പുകഴ്ത്തുന്നു.
3 എന്നാൽ ഏതു പുരുഷന്റെയും
തല ക്രിസ്തു,[e] സ്ത്രീയുടെ തല
പുരുഷൻ,[f] ക്രിസ്തുവിന്റെ തല
ദൈവം[g] എന്നു നിങ്ങൾ അറിയേ
ണം എന്നു ഞാൻ ആഗ്രഹിക്കുന്നു.
4 മൂടുപടം ഇട്ടു പ്രാർഥിക്കുകയോ
പ്രവചിക്കയോ[h] ചെയ്യുന്ന ഏതു
പുരുഷനും തന്റെ തലയെ അപ
മാനിക്കുന്നു. 5 മൂടുപടമില്ലാതെ[i]
പ്രാർഥിക്കുകയോ പ്രവചിക്കയോ[j]
ചെയ്യുന്ന ഏതു സ്ത്രീയും തന്റെ
തലയെ അപമാനിക്കുന്നു; അത്
അവൾ ക്ഷൗരം ചെയ്യിച്ചതുപോ
ലെയല്ലോ.[k] 6 സ്ത്രീ മൂടുപടമി
ടുന്നില്ലെങ്കിൽ മുടി കത്രിച്ചുകള
യട്ടെ. കത്രിക്കുന്നതോ ക്ഷൗരം
ചെയ്യിക്കുന്നതോ സ്ത്രീക്കു ലജ്ജ
യെങ്കിൽ മൂടുപടം ഇട്ടുകൊള്ളട്ടെ.
7 പുരുഷൻ ദൈവത്തിന്റെ പ്രതി
മയും[l] തേജസ്സും ആകയാൽ മൂടു
പടം ഇടേണ്ടതല്ല. സ്ത്രീയോ പുരു
ഷന്റെ തേജസ്സ് ആകുന്നു.[m] 8 പുരു
ഷൻ സ്ത്രീയിൽ നിന്നല്ലല്ലോ[n]
സ്ത്രീ പുരുഷനിൽ നിന്നത്രേ
ഉണ്ടായത്. 9 പുരുഷൻ സ്ത്രീക്കാ
യിട്ടല്ല സ്ത്രീ പുരുഷനായിട്ടല്ലോ[o]
സൃഷ്ടിക്കപ്പെട്ടത്. 10 ആകയാൽ
സ്ത്രീക്കു ദൂതന്മാർ നിമിത്തം[p] തല
മേൽ അധീനതാലക്ഷ്യം ഉണ്ടായി
രിക്കേണം. 11 എന്നാൽ കർത്താ
വിൽ പുരുഷനെ കൂടാതെ സ്ത്രീ
യുമില്ല സ്ത്രീയെ കൂടാതെ പുരു
ഷനുമില്ല.[q] 12 സ്ത്രീ പുരുഷനിൽ
നിന്ന് ഉണ്ടായതുപോലെ പുരുഷനും
സ്ത്രീ മുഖാന്തരം ഉളവാകുന്നു;
എന്നാൽ സകലത്തിനും ദൈവം
കാരണഭൂതൻ.[r] 13 നിങ്ങൾതന്നെ
വിധിപ്പിൻ; സ്ത്രീ മൂടുപടം ഇടാതെ
ദൈവത്തോടു പ്രാർഥിക്കുന്നതു
യോഗ്യമോ? 14 പുരുഷൻ മുടി
നീട്ടിയാൽ അത് അവന് അപമാനം
എന്നും 15 സ്ത്രീ മുടി നീട്ടിയാ
ലോ അതു മൂടുപടത്തിനു പകരം
നല്കിയിരിക്കകൊണ്ട് അവൾക്ക്
മാനം ആകുന്നു എന്നും പ്രകൃതി
തന്നെ നിങ്ങളെ പഠിപ്പിക്കുന്നില്ല
യോ? 16 ഒരുത്തൻ തർക്കിപ്പാൻ
ഭാവിച്ചാൽ[s] അങ്ങനെയുള്ള മര്യാദ
ഞങ്ങൾക്കില്ല ദൈവസഭകൾക്കു
മില്ല[t] എന്ന് ഓർക്കട്ടെ.
17 ഇനി ആജ്ഞാപിപ്പാൻ പോ
കുന്നതിൽ ഞാൻ നിങ്ങളെ പുക
ഴ്ത്തുന്നില്ല; നിങ്ങൾ കൂടി വരുന്ന
തിനാൽ നന്മയ്ക്കല്ല തിന്മയ്ക്കത്രേ
ഇടയാകുന്നത്. 18 ഒന്നാമതു നി
ങ്ങൾ സഭ കൂടുമ്പോൾ നിങ്ങളുടെ
ഇടയിൽ ഭിന്നത ഉണ്ടെന്നു ഞാൻ
കേൾക്കുന്നു;[u] ഏതാനും വിശ്വസി
ക്കയും ചെയ്യുന്നു. 19 നിങ്ങളിൽ
കൊള്ളാകുന്നവർ വെളിവാകേണ്ട
തിനു[v] നിങ്ങളുടെ ഇടയിൽ ഭിന്ന
പക്ഷങ്ങളും ഉണ്ടാകേണ്ടതു തന്നെ.[w]
20 നിങ്ങൾ കൂടിവരുമ്പോൾ കർ
ത്താവിന്റെ അത്താഴമല്ല കഴിക്കു
ന്നത്. 21 ഭക്ഷണം കഴിക്കയിൽ

32.[w] 1കൊരി.8:13; റോമ.14:13; 2കൊരി.6:3
33.[x] 1കൊരി.10:24
[y] 1കൊരി.9:22; (ഗലാ.1:10)

**അധ്യായം 11**

1.[a] 1കൊരി.4:16
2.[b] (1കൊരി.4:17; 1തെസ്സ.3:6)
[c] (1തെസ്സ.4:1,2)
[d] 2തെസ്സ.2:15;3:6
3.[e] എഫെ.1:22; 4:15;5:23; കൊലൊ.1:18
[f] ഉൽപ.3:16
[g] (1കൊരി.3:23)
4.[h] (1കൊരി. 12:10,28; 14:1; 1തെസ്സ.5:20)
5.[i] (സംഖ്യാ.5:18)
[j] ലൂക്കൊ.2:36,37; അപ്പൊ.പ്ര.21:9; (1കൊരി.14:34)
[k] ആവ.21:12
7.[l] ഉൽപ.1:26
[m] (സദൃ.12:4)
8.[n] ഉൽപ.2:21-23; (1തിമൊ.2:13)
9.[o] ഉൽപ.2:18
10.[p] (മത്താ.18:11; ലൂക്കൊ.15:7,10; 1തിമൊ.5:21)
11.[q] ഗലാ.3:28
12.[r] റോമ.11:36
16.[s] 1തിമൊ.6:3,4
[t] 2തെസ്സ.1:4; (1തെസ്സ.2:14); 1കൊരി.7:17; 10:32
18.[u] 1കൊരി. 1:10-12; (1കൊരി.3:3)
19.[v] 1യോഹ.2:19; (ആവ.13:4)
[w] (മത്താ.18:7; ലൂക്കൊ.17:1; അപ്പൊ.പ്ര.20:30;1തിമൊ.4:1; 2പത്രൊ.2:1)

11:6,10 ***സ്ത്രീ... മൂടുപടം... ഉണ്ടായിരിക്കണം:*** പ്രാചീന യെഹൂദ സംസ്കാരത്തിൽ മുടി ചീകിയൊതുക്കാതെ അഴിച്ചിടുന്നതു വേശ്യാവൃത്തിയോടും വ്യഭിചാരത്തോടും തുല്യപ്പെടുത്തിയിരുന്നതിനാൽ സ്ത്രീകൾ പരസ്യമായി പ്രാർഥിക്കുകയോ പ്രവചിക്കുകയോ ചെയ്യുമ്പോൾ അവരുടെ തല മറയ്ക്കണമെന്നു പൗലൊസ് നിർദേശിക്കുന്നു.

ഓരോരുത്തൻ താന്താന്റെ അത്താഴം
മുമ്പേ കഴിക്കുന്നു. അങ്ങനെ ഒരു
വൻ വിശന്നും മറ്റൊരുവൻ ലഹരി
പിടിച്ചും[x] ഇരിക്കുന്നു. 22 തിന്നു
വാനും കുടിപ്പാനും നിങ്ങൾക്കു
വീടുകൾ ഇല്ലയോ? അല്ല, ദൈവ
ത്തിന്റെ സഭയെ[y] നിങ്ങൾ തുച്ഛീക
രിച്ച്, ഇല്ലാത്തവരെ ലജ്ജിപ്പിക്കു
ന്നുവോ?[z] നിങ്ങളോട് എന്തു പറ
യേണ്ടൂ? നിങ്ങളെ പുകഴ്ത്തുകയോ?
ഇതിൽ ഞാൻ നിങ്ങളെ പുകഴ്ത്തു
ന്നില്ല. 23 [a]ഞാൻ കർത്താവിങ്കൽ
നിന്നു പ്രാപിക്കയും[b] നിങ്ങൾക്ക്
ഏല്പിക്കയും ചെയ്തത് എന്തെ
ന്നാൽ: കർത്താവായ യേശുവിനെ
കാണിച്ചുകൊടുത്ത രാത്രിയിൽ
24 അവൻ അപ്പം എടുത്തു
സ്തോത്രം ചൊല്ലി നുറുക്കി: ഇതു
നിങ്ങൾക്കുവേണ്ടിയുള്ള എന്റെ
ശരീരം; എന്റെ ഓർമ്മയ്ക്കായി ഇതു
ചെയ്‌വിൻ എന്നു പറഞ്ഞു. 25 അ
വ്വണ്ണംതന്നെ അത്താഴം കഴിഞ്ഞ
ശേഷം അവൻ പാനപാത്രവും
എടുത്തു; ഈ പാനപാത്രം എന്റെ
രക്തത്തിൽ പുതിയനിയമം ആകു
ന്നു; ഇതു കുടിക്കുമ്പോഴൊക്കെയും
എന്റെ ഓർമ്മയ്ക്കായി ചെയ്‌വിൻ
എന്നു പറഞ്ഞു. 26 അങ്ങനെ നി
ങ്ങൾ ഈ അപ്പം തിന്നുകയും പാന
പാത്രം കുടിക്കയും ചെയ്യുമ്പോഴൊ
ക്കെയും കർത്താവു വരുവോളം[c]
അവന്റെ മരണത്തെ പ്രസ്താവി
ക്കുന്നു. 27 അതുകൊണ്ട് അയോ
ഗ്യമായി[d] അപ്പം തിന്നുകയോ കർ
ത്താവിന്റെ പാനപാത്രം കുടിക്ക
യോ ചെയ്യുന്നവൻ[e] എല്ലാം കർ
ത്താവിന്റെ ശരീരവും രക്തവും[f]
സംബന്ധിച്ചു കുറ്റക്കാരൻ ആകും.
28 മനുഷ്യൻ തന്നെത്താൻ ശോധന
ചെയ്തിട്ടുവേണം[g] ഈ അപ്പം തി
ന്നുകയും പാനപാത്രത്തിൽനിന്നു
കുടിക്കയും ചെയ്‌വാൻ. 29 തിന്നു
കയും കുടിക്കയും ചെയ്യുന്നവൻ
ശരീരത്തെ വിവേചിക്കാഞ്ഞാൽ
തനിക്കു ശിക്ഷാവിധി തിന്നുകയും
കുടിക്കയും ചെയ്യുന്നു. 30 ഇതു
ഹേതുവായി നിങ്ങളിൽ പലരും

21.[x] *(2പത്രൊ.2:13; യൂദാ.12)*
22.[y] *അപ്പൊ.പ്ര. 20:28*
[z] *(സദൃ.17:5; യാക്കോ.2:6)*
23.[a] *1കൊരി. 11:23-25ക്കു. മത്താ.26:26-28; മർക്കൊ.14:22-24; ലൂക്കൊ.22:19,20കാ.*
[b] *1കൊരി.15:5; ഗലാ.1:12*
26.[c] *യോഹ.21:22*
27.[d] *(യോഹ.13:27)*
[e] *(സംഖ്യാ.9:10,13)*
[f] *യോഹ.6:51,53-56*
28.[g] *(2കൊരി.13:5; ഗലാ.6:4)*
30.[h] *മത്താ.27:52*
31.[i] *1യോഹ.1:9*
32.[j] *റോമ.5:16*
[k] *സദൃ.3:11*
34.[l] *1കൊരി.11:21*
[m] *1കൊരി.11:22*
[n] *1കൊരി.4:19*
[o] *1കൊരി.7:17; തീത്തൊ.1:5*

**അദ്ധ്യായം 12**

1.[a] *1കൊരി.14:1*
2.[b] *എഫെ.2:11,12; (1പത്രൊ.4:3); 1കൊരി.6:11*
[c] *ഹബ.2:18,19; (സങ്കീ.115:5; യെശ.46:7; യിരെ.10:5)*
[d] *1തെസ്സ1:10*
3.[e] *1യോഹ.4:2,3*
[f] *റോമ.9:3*
[g] *യോഹ.15:26; (മത്താ.16:17); റോമ.10:9*
4.[h] *(എബ്രാ.2:3); റോമ.12:6*
[i] *എഫെ.4:4-6*
5.[j] *റോമ.12:7; (എഫെ.4:11)*

ബലഹീനരും രോഗികളും ആകു
ന്നു; അനേകരും നിദ്രകൊള്ളുന്നു.[h]
31 നാം നമ്മെത്തന്നെ വിധിച്ചാൽ
വിധിക്കപ്പെടുകയില്ല.[i] 32 വിധിക്ക
പ്പെടുന്നു എങ്കിലോ നാം ലോക
ത്തോടുകൂടെ ശിക്ഷാവിധിയിൽ
അകപ്പെടാ[j]തിരിക്കേണ്ടതിനു കർ
ത്താവു നമ്മെ ബാലശിക്ഷ കഴി
ക്കയാകുന്നു.[k] 33 ആകയാൽ സ
ഹോദരന്മാരേ, നിങ്ങൾ ഭക്ഷണം
കഴിപ്പാൻ കൂടുമ്പോൾ അന്യോന്യം
കാത്തിരിപ്പിൻ. 34 വല്ലവനും വിശ
ക്കുന്നുവെങ്കിൽ[l] നിങ്ങൾ ഒരുമിച്ച്
കൂടുന്നത് ന്യായവിധിക്കു ഹേതുവാ
കാതിരിക്കേണ്ടതിന് അവൻ വീട്ടിൽ
വച്ചു ഭക്ഷണം കഴിക്കട്ടെ.[m] ശേഷം
കാര്യങ്ങളെ ഞാൻ വന്നിട്ടു[n] ക്രമ
പ്പെടുത്തും.[o]

❋ ❋ ❋

***1. ആത്മികവരങ്ങൾ പലവിധം 7. അവയുടെ താല്പര്യം.***

**12** സഹോദരന്മാരേ, ആത്മിക
വരങ്ങളെക്കുറിച്ചു[a] നിങ്ങൾ
ക്ക് അറിവില്ലാതിരിക്കരുത് എന്നു
ഞാൻ ആഗ്രഹിക്കുന്നു. 2 നിങ്ങൾ
ജാതികൾ ആയിരുന്നപ്പോൾ[b] നി
ങ്ങളെ നടത്തിയതുപോലെ ഊമ
വിഗ്രഹങ്ങളുടെ[c] അടുക്കൽ പോക
പതിവായിരുന്നു[d] എന്നു നിങ്ങൾ
അറിയുന്നുവല്ലോ. 3 ആകയാൽ
ദൈവാത്മാവിൽ സംസാരിക്കുന്ന
വൻ ആരും[e] യേശു ശപിക്കപ്പെട്ട
വൻ[f] എന്നു പറകയില്ല; പരിശു
ദ്ധാത്മാവിൽ അല്ലാതെ യേശു
കർത്താവ് എന്നു പറയുവാൻ
ആർക്കും കഴികയില്ല[g] എന്നു
ഞാൻ നിങ്ങളെ ഗ്രഹിപ്പിക്കുന്നു.
4 എന്നാൽ കൃപാവരങ്ങളിൽ
വ്യത്യാസം ഉണ്ട്;[h] ആത്മാവ് ഒന്ന
ത്രേ.[i] 5 ശുശ്രൂഷകളിൽ വ്യത്യാ
സം ഉണ്ട്;[j] കർത്താവ് ഒരുവൻ.
6 വീര്യപ്രവൃത്തികളിൽ വ്യത്യാസം
ഉണ്ട്; എങ്കിലും എല്ലാവരിലും
എല്ലാം പ്രവർത്തിക്കുന്ന ദൈവം
ഒരുവൻതന്നെ. 7 എന്നാൽ ഓരോ
രുത്തന് ആത്മാവിന്റെ പ്രകാശനം

പൊതുപ്രയോജനത്തിനായി നല്ക
പ്പെടുന്നു.[k] 8 ഒരുത്തന് ആത്മാവി
നാൽ ജ്ഞാനത്തിന്റെ[l] വചനവും
മറ്റൊരുത്തന് അതേ ആത്മാവിനാൽ
പരിജ്ഞാനത്തിന്റെ[m] വചനവും
നല്കപ്പെടുന്നു; 9 വേറൊരുത്തന്
അതേ ആത്മാവിനാൽ വിശ്വാസം,[n]
മറ്റൊരുവന് അതേ ആത്മാവിനാൽ
രോഗശാന്തികളുടെ വരം;[o] 10 മറ്റൊ
രുവന് വീര്യപ്രവൃത്തികൾ;[p] മറ്റൊ
രുവനു പ്രവചനം;[q] മറ്റൊരുവന്
ആത്മാക്കളുടെ വിവേചനം;[r] വേറൊ
രുവനു പലവിധ ഭാഷകൾ;[s] മറ്റൊ
രുവനു ഭാഷകളുടെ വ്യാഖ്യാനം.[t]
11 എന്നാൽ ഇത് എല്ലാം പ്രവർ
ത്തിക്കുന്നതു താൻ ഇച്ഛിക്കും
പോലെ[u] അവനവന് അതതു വരം
പകുത്തുകൊടുക്കുന്ന[v] ഒരേ ആത്മാ
വുതന്നെ. 12 ശരീരം ഒന്നും,[w]
അതിന് അവയവം പലതും ശരീര
ത്തിന്റെ അവയവം പലതായിരിക്കെ
എല്ലാം ഒരു ശരീരവും ആയിരിക്കു
ന്നതുപോലെ ആകുന്നു ക്രിസ്തു
വും.[x] 13 യെഹൂദന്മാരോ യവന
ന്മാരോ[y] ദാസന്മാരോ സ്വതന്ത്രരോ
നാം എല്ലാവരും ഏകശരീരമാകു
മാറ് ഒരേ ആത്മാവിൽ സ്നാനം
ഏറ്റും[z] എല്ലാവരും ഒരേ ആത്മാ
വിനെ പാനംചെയ്തുമിരിക്കുന്നു.[a]
14 ശരീരം ഒരു അവയവമല്ല പല
തത്രേ. 15 ഞാൻ കൈ അല്ലായ്ക
കൊണ്ടു ശരീരത്തിലുള്ളതല്ല
എന്നു കാൽ പറയുന്നു എങ്കിൽ
അതിനാൽ അതു ശരീരത്തിലുള്ള
തല്ല എന്നു വരികയില്ല. 16 ഞാൻ
കണ്ണ് അല്ലായ്കകൊണ്ടു ശരീര
ത്തിലുള്ളതല്ല എന്നു ചെവി പറ
യുന്നു എങ്കിൽ അതിനാൽ അതു
ശരീരത്തിലുള്ളതല്ല എന്നും വരി
കയില്ല. 17 ശരീരം മുഴുവൻ കണ്ണാ
യാൽ ശ്രവണം എവിടെ? മുഴുവൻ
ശ്രവണം ആയാൽ ഘ്രാണം എവി
ടെ? 18 ദൈവമോ തന്റെ ഇഷ്ടപ്ര
കാരം[b] അവയവങ്ങളെ ശരീരത്തിൽ
വെവ്വേറായി വച്ചിരിക്കുന്നു.[c] 19 സ
കലവും ഒരു അവയവം എങ്കിൽ
ശരീരം എവിടെ? 20 എന്നാൽ
അവയവങ്ങൾ പലതെങ്കിലും ശരീരം
ഒന്നുതന്നെ. 21 കണ്ണിനു കൈ
യോട്: നിന്നെക്കൊണ്ട് എനിക്ക്
ആവശ്യമില്ല എന്നും, തലയ്ക്കു
കാലുകളോട്: നിങ്ങളെക്കൊണ്ട്
എനിക്ക് ആവശ്യമില്ല എന്നും പറ
ഞ്ഞുകൂടാ. 22 ശരീരത്തിൽ ബലം
കുറഞ്ഞവ എന്നു തോന്നുന്ന അവ
യവങ്ങൾതന്നെ ആവശ്യമുള്ളവ
യാകുന്നു. 23 ശരീരത്തിൽ മാനം
കുറഞ്ഞവ എന്നു തോന്നുന്നവ
യ്ക്കു നാം അധികം മാനം അണി
യിക്കുന്നു; 24 നമ്മിൽ അഴകു
കുറഞ്ഞവയ്ക്ക് അധികം അഴകു
വരുത്തുന്നു; നമ്മിൽ അഴകുള്ള
അവയവങ്ങൾക്ക് അത് ആവശ്യ
മില്ലല്ലോ. 25 ശരീരത്തിൽ ഭിന്നത
വരാതെ[d] അവയവങ്ങൾ അന്യോ
ന്യം ഒരുപോലെ കരുതേണ്ടതി
നായി ദൈവം കുറവുള്ളതിന് അ
ധികം മാനം കൊടുത്തുകൊണ്ടു
ശരീരത്തെ കൂട്ടിച്ചേർത്തിരിക്കുന്നു.
26 അതിനാൽ ഒരു അവയവം
കഷ്ടം അനുഭവിക്കുന്നു എങ്കിൽ
അവയവങ്ങൾ ഒക്കെയും കൂടെ
കഷ്ടം അനുഭവിക്കുന്നു; ഒരു അവ
യവത്തിനു മാനം വന്നാൽ അവയ
വങ്ങളൊക്കെയുംകൂടെ സന്തോ
ഷിക്കുന്നു.[e] 27 എന്നാൽ നിങ്ങൾ
ക്രിസ്തുവിന്റെ ശരീരവും[f] ഓരോ
രുത്തൻ വെവ്വേറായി അവയവങ്ങ
ളും[g] ആകുന്നു. 28 ദൈവം സഭ
യിൽ ഒന്നാമത് അപ്പൊസ്തലന്മാർ,[h]
രണ്ടാമതു പ്രവാചകന്മാർ,[i] മൂന്നാ
മത് ഉപദേഷ്ടാക്കന്മാർ[j] ഇങ്ങനെ
ഓരോരുത്തരെ നിയമിക്കയും[k] പി
ന്നെ വീര്യപ്രവൃത്തികൾ,[l] രോഗ
ശാന്തികളുടെ വരം,[m] സഹായം
ചെയ്‌വാനുള്ള വരം,[n] പരിപാലന
വരം,[o] വിവിധ ഭാഷാവരം[l] എന്നിവ
നല്കുകയും ചെയ്തു. 29 എല്ലാ
വരും അപ്പൊസ്തലന്മാരോ? എല്ലാ
വരും പ്രവാചകന്മാരോ? എല്ലാവരും
ഉപദേഷ്ടാക്കന്മാരോ? എല്ലാവരും
വീര്യപ്രവൃത്തികൾ ചെയ്യുന്നവരോ?
30 എല്ലാവർക്കും രോഗശാന്തി
ക്കുള്ള വരം ഉണ്ടോ? എല്ലാവരും

7. [k] എഫെ.4:7; (1കൊരി.14:26; റോമ.12:3)
8. [l] 1കൊരി.2:6,7
[m] 1കൊരി.1:6
9. [n] 1കൊരി.13:2; 2കൊരി.4:13
[o] 1കൊരി.12:28,30
10. [p] 1കൊരി. 12:28,29; (ഗലാ.3:5)
[q] 1കൊരി.13:2,8; 14:1
[r] (1കൊരി.14:29; 1യോഹ.4:1)
[s] മർക്കൊ.16:17
[t] 1കൊരി.12:31; 14:26
11. [u] എബ്രാ.2:3
[v] (2കൊരി.10:13)
12. [w] 1കൊരി.10:17
[x] 1കൊരി.12:27
13. [y] ഗലാ.3:28; കൊലൊ.3:11; (എഫെ.2:13 - 17)
[z] (റോമ.6:5; എഫെ.2:18)
[a] (യോഹ.7:37 - 39)
18. [b] 1കൊരി.12:11; (1കൊരി.3:5; റോമ.12:3)
[c] 1കൊരി.12:28
25. [d] 1കൊരി.1:10; 11:18; യോഹ.9:16
26. [e] റോമ.12:15
27. [f] (എഫെ.1:23; 4:13; 5:30; കൊലൊ.1:24)
[g] റോമ.12:5
28. [h] എഫെ.4:11
[i] എഫെ.2:20;3:5
[j] അപ്പൊ.പ്ര.13:1; റോമ.12:7
[k] 1കൊരി.12:18
[l] 1കൊരി.12:10
[m] 1കൊരി.12:9
[n] (അപ്പൊ.പ്ര. 20:34,35)
[o] (റോമ.12:8; 1തിമൊ.5:17; എബ്രാ.13:7,17,24)

അന്യഭാഷകളിൽ സംസാരിക്കുന്നു
വോ? 31 എല്ലാവരും വ്യാഖ്യാനി
ക്കുന്നുവോ? ശ്രേഷ്ഠവരങ്ങളെ
വാഞ്ഛിപ്പിൻ;[p] ഇനി അതിശ്രേ
ഷ്ഠമായൊരു മാർഗം ഞാൻ
നിങ്ങൾക്കു കാണിച്ചുതരാം.

❋ ❋ ❋

*1. വരങ്ങളിൽ വിശേഷമായതു സ്നേഹം*
*7. സ്നേഹലക്ഷണങ്ങൾ.*

**13** ഞാൻ മനുഷ്യരുടെയും ദൂത
ന്മാരുടെയും ഭാഷകളിൽ
സംസാരിച്ചാലും എനിക്കു സ്നേ
ഹമില്ല എങ്കിൽ ഞാൻ മുഴങ്ങുന്ന
ചെമ്പോ ചിലമ്പുന്ന കൈത്താ
ളമോ അത്രേ. 2 എനിക്കു പ്രവച
നവരം[a] ഉണ്ടായിട്ടു സകല മർമ
ങ്ങളും സകല ജ്ഞാനവും ഗ്രഹി
ച്ചാലും, മലകളെ നീക്കുവാൻ തക്ക[b]
വിശ്വാസം ഉണ്ടായാലും സ്നേഹ
മില്ല എങ്കിൽ ഞാൻ ഏതുമില്ല.
3 എനിക്കുള്ളതെല്ലാം അന്നദാനം
ചെയ്താലും[c] എന്റെ ശരീരം ചുടു
വാൻ ഏല്പിച്ചാലും,[d] സ്നേഹം
ഇല്ല എങ്കിൽ എനിക്ക് ഒരു പ്രയോ
ജനവും ഇല്ല. 4 സ്നേഹം ദീർഘ
മായി ക്ഷമിക്കയും[e] ദയ കാണിക്ക
യും[f] ചെയ്യുന്നു; സ്നേഹം സ്പർ
ധിക്കുന്നില്ല.[g] 5 സ്നേഹം നിഗളി
ക്കുന്നില്ല. ചീർക്കുന്നില്ല;[h] അയോ
ഗ്യമായി നടക്കുന്നില്ല സ്വാർഥം
അന്വേഷിക്കുന്നില്ല,[i] ദ്വേഷ്യപ്പെടു
ന്നില്ല, ദോഷം കണക്കിടുന്നില്ല;[j]
6 അനീതിയിൽ സന്തോഷിക്കാ
തെ[k] സത്യത്തിൽ സന്തോഷിക്കു
ന്നു.[l] 7 എല്ലാം പൊറുക്കുന്നു,[m]
എല്ലാം വിശ്വസിക്കുന്നു, എല്ലാം
പ്രത്യാശിക്കുന്നു, എല്ലാം സഹി
ക്കുന്നു.[n] 8 സ്നേഹം ഒരുനാളും
ഉതിർന്നുപോകയില്ല. പ്രവചനവര
മോ, അതു നീങ്ങിപ്പോകും; ഭാഷാ
വരമോ, അതു നിന്നുപോകും;
ജ്ഞാനമോ, അതു നീങ്ങിപ്പോകും.
9 അംശമായി മാത്രം നാം അറി
യുന്നു; അംശമായി മാത്രം പ്രവചി
ക്കുന്നു;[o] 10 പൂർണമായതു വരു
മ്പോഴോ അംശമായതു നീങ്ങി
പ്പോകും.[p] 11 ഞാൻ ശിശുവായി
രുന്നപ്പോൾ ശിശുവിനെപ്പോലെ
സംസാരിച്ചു, ശിശുവിനെപ്പോലെ
ചിന്തിച്ചു, ശിശുവിനെപ്പോലെ നി
രൂപിച്ചു; പുരുഷനായ ശേഷമോ
ഞാൻ ശിശുവിനുള്ളതു ത്യജിച്ചു
കളഞ്ഞു. 12 ഇപ്പോൾ നാം കണ്ണാ
ടിയിൽ കടമൊഴിയായി കാണു
ന്നു;[q] അപ്പോൾ മുഖാമുഖമായി
കാണും;[r] ഇപ്പോൾ ഞാൻ അംശ
മായി അറിയുന്നു; അപ്പോഴോ
ഞാൻ അറിയപ്പെട്ടതു[s] പോലെ
തന്നെ അറിയും, 13 ആകയാൽ
വിശ്വാസം, പ്രത്യാശ, സ്നേഹം ഈ
മൂന്നും നിലനില്ക്കുന്നു; ഇവയിൽ
വലിയതോ സ്നേഹംതന്നെ.

❋ ❋ ❋

*അന്യഭാഷയിൽ സംസാരിക്കുന്നതിനെയും*
*പ്രസംഗിക്കുന്നതിനെയുംകുറിച്ച്.*

**14** സ്നേഹം ആചരിപ്പാൻ ഉ
ത്സാഹിപ്പിൻ![a] ആത്മികവര
ങ്ങളും[b] വിശേഷാൽ പ്രവചനവ
രവും[c] വാഞ്ഛിപ്പിൻ.[d] 2 അന്യ
ഭാഷയിൽ സംസാരിക്കുന്നവൻ
മനുഷ്യരോടല്ല ദൈവത്തോടത്രേ
സംസാരിക്കുന്നു;[e] ആരും തിരിച്ച
റിയുന്നില്ലല്ലോ; എങ്കിലും അവൻ
ആത്മാവിൽ മർമങ്ങളെ സംസാ
രിക്കുന്നു. 3 പ്രവചിക്കുന്നവനോ
ആത്മികവർധനയ്ക്കും പ്രബോധ
നത്തിനും ആശ്വാസത്തിനുമായി
മനുഷ്യരോടു സംസാരിക്കുന്നു.
4 അന്യഭാഷയിൽ സംസാരിക്കു
ന്നവൻ തനിക്കുതാൻ ആത്മിക
വർധന വരുത്തുന്നു; പ്രവചിക്കു
ന്നവൻ സഭയ്ക്ക് ആത്മികവർധന
വരുത്തുന്നു. 5 നിങ്ങൾ എല്ലാവരും
അന്യഭാഷകളിൽ സംസാരിക്കേ
ണം എന്നും വിശേഷാൽ പ്രവചി
ക്കേണം[f] എന്നും ഞാൻ ഇച്ഛിക്കു
ന്നു. അന്യഭാഷകളിൽ സംസാ
രിക്കുന്നവൻ സഭയ്ക്ക് ആത്മിക
വർധന ലഭിക്കേണ്ടതിനു വ്യാ
ഖ്യാനിക്കുന്നില്ലെങ്കിൽ പ്രവചി
ക്കുന്നവൻ അവനെക്കാൾ വലിയ
വൻ. 6 സഹോദരന്മാരേ, ഞാൻ

31.[p] 1കൊരി. 14:1,39

അധ്യായം 13

2.[a] (1കൊരി. 14:1,39; മത്താ. 7:22); അപ്പൊ.പ്ര. 2:18
[b] മത്താ. 17:21; മർക്കൊ. 11:23; (ലൂക്കൊ. 17:6)
3.[c] (മത്താ. 6:2)
[d] ദാനീ. 3:28
4.[e] (സദൃ. 10:12; 17:9; 1തെസ്സ. 5:14; 2തിമൊ. 2:10; 1പത്രൊ. 4:8)
[f] (2കൊരി. 6:6; ഗലാ. 5:22; എഫെ. 4:32; കൊലൊ. 3:12)
[g] അപ്പൊ.പ്ര. 7:9
5.[h] 1കൊരി. 4:6
[i] 1കൊരി. 10:24
[j] (റോമ. 4:6; 2കൊരി. 5:19)
6.[k] (റോമ. 1:32; 2തെസ്സ. 2:11)
[l] (2യോഹ. 4; 3യോഹ. 3,4)
7.[m] 1കൊരി. 9:12
[n] (സദൃ. 10:12; 17:9; 1തെസ്സ. 5:14; 2തിമൊ. 2:10; 1പത്രൊ. 4:8)
9.[o] (1കൊരി. 8:2)
10.[p] (യോഹ. 15:15)
12.[q] യാക്കോ. 1:23; (സംഖ്യാ. 12:8; ഇയ്യോ. 36:26; 2കൊരി. 3:18; 5:7)
[r] 1യോഹ. 3:2; മത്താ. 5:8
[s] 1കൊരി. 8:3

അധ്യായം 14

1.[a] 1കൊരി. 16:14
[b] 1കൊരി. 12:1
[c] 1കൊരി. 11:4; 13:2
[d] 1കൊരി. 12:31
2.[e] 1കൊരി. 14:18-23, 27,28
5.[f] (സംഖ്യാ. 11:29)

വെളിപ്പാടായിട്ടോ[g] ജ്ഞാനമാ
യിട്ടോ പ്രവചനമായിട്ടോ ഉപദേശ
മായിട്ടോ[h] നിങ്ങളോടു സംസാരി
ക്കാതെ അന്യഭാഷകളിൽ സംസാ
രിച്ചുകൊണ്ടു നിങ്ങളുടെ അടുക്കൽ
വന്നാൽ നിങ്ങൾക്ക് എന്തു പ്രയോ
ജനം വരും? **7** കുഴൽ, വീണ എ
ന്നിങ്ങനെ നാദം കൊടുക്കുന്ന നിർ
ജീവസാധനങ്ങൾ തന്നെയും നാദ
ഭേദം കാണിക്കാഞ്ഞാൽ ഊതിയ
തോ മീട്ടിയതോ എന്തെന്ന് എങ്ങ
നെ അറിയും? **8** കാഹളം തെളി
വില്ലാത്ത നാദം കൊടുത്താൽ[i]
പടയ്ക്ക് ആർ ഒരുങ്ങും? **9** അതു
പോലെ നിങ്ങളും നാവുകൊണ്ടു
തെളിവായ വാക്ക് ഉച്ചരിക്കാഞ്ഞാൽ
സംസാരിക്കുന്നത് എന്തെന്ന് എ
ങ്ങനെ അറിയും? നിങ്ങൾ കാറ്റി
നോടു സംസാരിക്കുന്നവർ ആകു
മല്ലോ.[j] **10** ലോകത്തിൽ വിവിധ
ഭാഷകൾ അനവധി ഉണ്ട്; അവ
യിൽ ഒന്നും തെളിവില്ലാത്തതല്ല.
**11** ഞാൻ ഭാഷ അറിയാഞ്ഞാൽ
സംസാരിക്കുന്നവനു ഞാൻ ബർബ്ബ
രൻ ആയിരിക്കും; സംസാരിക്കു
ന്നവൻ എനിക്കും ബർബ്ബരൻ[k] ആ
യിരിക്കും. **12** അവ്വണ്ണം നിങ്ങളും
ആത്മവരങ്ങളെക്കുറിച്ചു വാഞ്ഛ
യുള്ളവരാകയാൽ സഭയുടെ ആ
ത്മികവർധനയ്ക്കായി സഫലന്മാർ
ആകുവാൻ ശ്രമിപ്പിൻ. **13** അതു
കൊണ്ട് അന്യഭാഷയിൽ സംസാരി
ക്കുന്നവൻ വ്യാഖ്യാനവരത്തിനായി
പ്രാർഥിക്കട്ടെ. **14** ഞാൻ അന്യഭാ
ഷയിൽ പ്രാർഥിക്കുന്നു എങ്കിൽ
എന്റെ ആത്മാവ് പ്രാർഥിക്കുന്നു;
എന്റെ ബുദ്ധിയോ അഫലമായിരി
ക്കുന്നു. **15** ആകയാൽ എന്ത്?
ഞാൻ ആത്മാവുകൊണ്ട് പ്രാർഥി
ക്കും; ബുദ്ധികൊണ്ടും പ്രാർഥിക്കും;
ആത്മാവുകൊണ്ടു പാടും;[l] ബുദ്ധി
കൊണ്ടും പാടും.[m] **16** അല്ല, നീ
ആത്മാവുകൊണ്ടു സ്തോത്രം
ചൊല്ലിയാൽ ആത്മവരമില്ലാത്ത
വൻ നീ പറയുന്നതു തിരിയാതിരി
ക്കെ നിന്റെ സ്തോത്രത്തിന്[n] എ
ങ്ങനെ ആമേൻ[o] പറയും? **17** നീ
നന്നായി സ്തോത്രം ചൊല്ലുന്നു
സത്യം; മറ്റവന് ആത്മികവർധന
വരുന്നില്ലതാനും. **18** നിങ്ങളെല്ലാ
വരിലും അധികം ഞാൻ അന്യഭാഷ
കളിൽ സംസാരിക്കുന്നതുകൊണ്ട്
ഞാൻ ദൈവത്തെ സ്തുതിക്കുന്നു.
**19** എങ്കിലും സഭയിൽ പതിനായിരം
വാക്ക് അന്യഭാഷകളിൽ സംസാ
രിക്കുന്നതിനെക്കാൾ അധികം മറ്റു
ള്ളവരെയും പഠിപ്പിക്കേണ്ടതിനു
ബുദ്ധികൊണ്ട് അഞ്ചുവാക്കു പറ
വാൻ ഞാൻ ഇച്ഛിക്കുന്നു.

**20** സഹോദരന്മാരേ, ബുദ്ധിയിൽ
കുഞ്ഞുങ്ങൾ ആകരുത്;[p] തിന്മ
യ്ക്കു ശിശുക്കൾ ആയിരിപ്പിൻ;[q]
ബുദ്ധിയിലോ മുതിർന്നവരാകു
വിൻ.[r]

**21** [s]“അന്യഭാഷകളാലും അന്യ
ന്മാരുടെ അധരങ്ങളാലും ഞാൻ
ഈ ജനത്തോടു സംസാരിക്കും
എങ്കിലും അവർ എന്റെ വാക്കു
കേൾക്കയില്ല എന്നു കർത്താവ്
അരുളിച്ചെയ്യുന്നു”
എന്നു ന്യായപ്രമാണത്തിൽ എഴു
തിയിരിക്കുന്നു.[t] **22** അതുകൊണ്ട്
അന്യഭാഷകൾ അടയാളമായിരി
ക്കുന്നത് വിശ്വാസികൾക്കല്ല, അവി
ശ്വാസികൾക്കത്രേ; പ്രവചനമോ
അവിശ്വാസികൾക്കല്ല, വിശ്വാസി
കൾക്കുതന്നെ. **23** സഭയൊക്കെ
യും ഒരുമിച്ചുകൂടി എല്ലാവരും
അന്യഭാഷകളിൽ സംസാരിക്കു
ന്നു എങ്കിൽ ആത്മവരമില്ലാത്ത
വരോ അവിശ്വാസികളോ അകത്തു
വന്നാൽ നിങ്ങൾക്കു ഭ്രാന്തുണ്ട്
എന്നു പറകയില്ലയോ?[u] **24** എല്ലാ
വരും പ്രവചിക്കുന്നു എങ്കിലോ
അവിശ്വാസിയോ ആത്മവരമില്ലാ
ത്തവനോ അകത്തു വന്നാൽ എ
ല്ലാവരുടെ വാക്കിനാലും അവനു
പാപബോധം വരും; അവൻ എല്ലാ
വരാലും വിവേചിക്കപ്പെടും. **25** അ
വന്റെ ഹൃദയരഹസ്യങ്ങളും വെളി
പ്പെട്ടുവരും;[v] അങ്ങനെ അവൻ
കവിണ്ണുവീണ്,[w] ദൈവം വാസ്തവ
മായി നിങ്ങളുടെ ഇടയിൽ ഉണ്ട്
എന്ന് ഏറ്റുപറഞ്ഞു[x] ദൈവത്തെ
നമസ്കരിക്കും.[w]

6.[g] *1കൊരി.14:26; എഫെ.1:17*
[h] *1കൊരി.14:26; അപ്പൊ.പ്ര.2:42; റോമ.6:17*
8.[i] *(സംഖ്യാ.10:9; യെശ.58:1; യിരെ.4:19; യെഹെ.33:3- 6; യോവേ.2:1)*
9.[j] *(1കൊരി.9:26)*
11.[k] *അപ്പൊ.പ്ര.28:2*
15.[l] *(എഫെ.5:19; കൊലൊ.3:16; യാക്കോ.5:13)*
[m] *സങ്കീ.47:7*
16.[n] *1കൊരി.11:24*
[o] *1ദിന.16:36; നെഹെ.5:13;8:6; സങ്കീ.106:48; യിരെ.11:5;28:6; വെളി.5:14;7:12; 19:4; (2കൊരി.1:20)*
20.[p] *എഫെ.4:14; എബ്രാ.5:12,13*
[q] *(സങ്കീ.131:2; യെശ.28:9; റോമ.16:19); മത്താ.18:3*
[r] *1കൊരി.2:6; എഫെ.4:12*
21.[s] *യെശ.28:11,12; (ആവ.28:49)*
[t] *യോഹ.10:34*
23.[u] *(അപ്പൊ.പ്ര.2:13)*
25.[v] *(എബ്രാ.4:12)*
[w] *ലൂക്കൊ.17:16*
[x] *യെശ.45:14; സെഖ.8:23*

**26** ആകയാൽ എന്ത്? സഹോ
ദരന്മാരേ, നിങ്ങൾ കൂടിവരുമ്പോൾ
ഓരോരുത്തനു സങ്കീർത്തനം[y] ഉണ്ട്,
ഉപദേശം[z] ഉണ്ട്, വെളിപ്പാട്[z] ഉണ്ട്,
അന്യഭാഷ[a] ഉണ്ട്, വ്യാഖ്യാനം[b]
ഉണ്ട്; സകലവും ആത്മികവർധ
നയ്ക്കായി ഉതകട്ടെ.[c] **27** അന്യ
ഭാഷയിൽ[a] സംസാരിക്കുന്നു എ
ങ്കിൽ രണ്ടു പേരോ ഏറിയാൽ
മൂന്നു പേരോ ആകട്ടെ; അവർ
ഓരോരുത്തനായി സംസാരിക്കയും
ഒരുവൻ വ്യാഖ്യാനിക്കയും ചെയ്യ
ട്ടെ. **28** വ്യാഖ്യാനി ഇല്ലാഞ്ഞാൽ
അന്യഭാഷക്കാരൻ സഭയിൽ മി
ണ്ടാതെ തന്നോടും ദൈവത്തോടും
സംസാരിക്കട്ടെ. **29** പ്രവാചകന്മാർ
രണ്ടു മൂന്നു പേർ സംസാരിക്കയും
മറ്റുള്ളവർ വിവേചിക്കയും[d] ചെയ്യട്ടെ.
**30** ഇരിക്കുന്നവനായ മറ്റൊരുവനു
വെളിപ്പാടുണ്ടായാലോ ഒന്നാമത്ത
വൻ മിണ്ടാതിരിക്കട്ടെ.[e] **31** എല്ലാ
വരും പഠിപ്പാനും എല്ലാവർക്കും
പ്രബോധനം ലഭിപ്പാനുമായി നി
ങ്ങൾക്ക് എല്ലാവർക്കും ഓരോരുത്ത
നായി പ്രവചിക്കാമല്ലോ. **32** പ്രവാ
ചകന്മാരുടെ ആത്മാക്കൾ പ്രവാച
കന്മാർക്കു കീഴടങ്ങിയിരിക്കുന്നു.
**33** ദൈവം കലക്കത്തിന്റെ[f] ദൈവ
മല്ല സമാധാനത്തിന്റെ ദൈവമത്രേ.
**34** വിശുദ്ധന്മാരുടെ സർവസഭ
കളിലും[g] എന്നപോലെ സ്ത്രീകൾ
സഭായോഗങ്ങളിൽ മിണ്ടാതിരിക്ക
ട്ടെ;[h] ന്യായപ്രമാണവും[i] പറയു
ന്നതുപോലെ കീഴടങ്ങിയിരിപ്പാ[j]ന
ല്ലാതെ സംസാരിപ്പാൻ അവർക്ക്
അനുവാദമില്ല. **35** അവർ വല്ലതും
പഠിപ്പാൻ ഇച്ഛിക്കുന്നു എങ്കിൽ
വീട്ടിൽവച്ചു ഭർത്താക്കന്മാരോടു
ചോദിച്ചുകൊള്ളട്ടെ; സ്ത്രീ സഭ
യിൽ സംസാരിക്കുന്നത് അനുചിത
മല്ലോ. **36** ദൈവവചനം നിങ്ങ
ളുടെ ഇടയിൽനിന്നോ പുറപ്പെട്ട
ത്? അല്ല, നിങ്ങൾക്കു മാത്രമോ
വന്നത്?

26. [y] എഫെ.5:19
[z] 1കൊരി.14:6
[a] 1കൊരി.14:18
[b] 1കൊരി.14:5,13, 27,28;12:31
[c] 2കൊരി.12:19; 13:10;(1കൊരി.12:7)
27. [a] (വാ.26 കാ.)
29. [d] (1കൊരി.12:10; ഇയ്യോ.12:11; 1യോഹ.4:1)
30. [e] (1തെസ്സ.5:19,20)
33. [f] (1കൊരി.14:40)
34. [g] 1കൊരി.7:17
[h] (1തിമൊ.2:11,12)
[i] ഉൽപ.3:16; (1കൊരി.14:21)
[j] 1പത്രൊ.3:1

37. [k] (2കൊരി.10:7; 1യോഹ.4:6)
39. [l] 1കൊരി.12:31
40. [m] (1കൊരി.14:31,33)
[n] കൊലൊ.2:5

**അധ്യായം 15**

1. [a] (2തിമൊ.2:8); 1കൊരി.3:6
[b] റോമ.5:2; (2കൊരി.1:24; 1പത്രൊ.5:12)
2. [c] ഗലാ.3:4
[d] 1കൊരി.1:18
[e] 1കൊരി.11:2; (എബ്രാ.3:6,14)
3. [f] യോഹ.1:29; ഗലാ.1:3; എബ്രാ.5:1,3; 1പത്രൊ.2:24
[g] യെശ.53; ദാനീ.9:26; സെഖ.13:7; (1പത്രൊ.1:11)
4. [h] സങ്കീ.16:10; യെശ.53:10; (അപ്പൊ.പ്ര.2:25 - 32; 13:33 - 35; 26:22,23)
[i] (ഹോശേ.6:2;

**37** താൻ പ്രവാചകൻ എന്നോ
ആത്മികൻ എന്നോ ഒരുത്തനു
തോന്നുന്നു എങ്കിൽ,[k] ഞാൻ നി
ങ്ങൾക്ക് എഴുതുന്നത് കർത്താവി
ന്റെ കല്പന ആകുന്നു എന്ന് അ
വൻ അറിഞ്ഞുകൊള്ളട്ടെ. **38** ഒരു
വൻ അറിയുന്നില്ലെങ്കിൽ അവൻ
അറിയാതിരിക്കട്ടെ.
**39** അതുകൊണ്ടു സഹോദര
ന്മാരേ, പ്രവചനവരം വാഞ്ഛി
പ്പിൻ;[l] അന്യഭാഷകളിൽ സംസാ
രിക്കുന്നതു വിലക്കുകയുമരുത്.
**40** സകലവും ഉചിതമായും[m] ക്രമ
മായും[n] നടക്കട്ടെ.[m]

❋ ❋ ❋

***1. ക്രിസ്തുവിന്റെ ഉയിർപ്പിനെയും 12. പൊതുവിലുള്ള ഉയിർപ്പിനെയും കുറിച്ച്.***

**15** എന്നാൽ സഹോദരന്മാരേ,
ഞാൻ നിങ്ങളോടു സുവിശേ
ഷിച്ചതും[a] നിങ്ങൾക്കു ലഭിച്ചതും
നിങ്ങൾ നില്ക്കുന്നതും[b] **2** നി
ങ്ങൾ വിശ്വസിച്ചതും വ്യഥാവല്ലെ
ന്നു വരികിൽ[c] നിങ്ങൾ രക്ഷിക്ക
പ്പെടുന്നതുമായ[d] സുവിശേഷം നി
ങ്ങൾ പിടിച്ചുകൊണ്ടാൽ[e] ഞാൻ
ഇന്നവിധം നിങ്ങളോടു സുവിശേ
ഷിച്ചിരിക്കുന്നു എന്നു നിങ്ങളെ
ഓർപ്പിക്കുന്നു. **3** ക്രിസ്തു നമ്മു
ടെ പാപങ്ങൾക്കുവേണ്ടി[f] തിരുവെ
ഴുത്തുകളിൻപ്രകാരം[g] മരിച്ചു അട
ക്കപ്പെട്ടു, **4** തിരുവെഴുത്തുകളിൻ
പ്രകാരം[h] മൂന്നാം നാൾ[i] ഉയിർ
ത്തെഴുന്നേറ്റു **5** കേഫാവിനും[j]
പിന്നെ പന്തിരുവർക്കും[k] പ്രത്യക്ഷ
നായി[j] എന്നിങ്ങനെ ഞാൻ ഗ്രഹി
ച്ചതുതന്നെ നിങ്ങൾക്ക് ആദ്യമായി
ഏല്പിച്ചുതന്നുവല്ലോ.[l] **6** അന
ന്തരം അവൻ അഞ്ഞൂറിൽ അ
ധികം സഹോദരന്മാർക്ക്[m] ഒരു

മത്താ.12:40; യോഹ.2:22) 5. [j] ലൂക്കൊ.24:34
[k] മർക്കൊ.16:14; ലൂക്കൊ.24:36; യോഹ.20:19,26; അപ്പൊ.പ്ര.10:41 [l] 1കൊരി.11:23; ഗലാ.1:12
6. [m] മത്താ.28:17

14:37 ***പ്രവാചകൻ എന്നോ ആത്മികൻ എന്നോ:*** ഒരു ആത്മിക മനുഷ്യൻ ദൈവത്തിന്റെ ആത്മാവിനാൽ നയിക്കപ്പെടുന്നവനും ചില ആത്മികവരങ്ങൾ നല്കപ്പെട്ടവനുമാണ്.

മിച്ചു പ്രത്യക്ഷനായി; അവർ മിക്ക
പേരും ഇന്നുവരെ ജീവനോടിരി
ക്കുന്നു; ചിലരോ നിദ്രപ്രാപിച്ചിരി
ക്കുന്നു. **7** അനന്തരം അവൻ യാ
ക്കോബിനും[n] പിന്നെ അപ്പൊസ്ത
ലന്മാർക്കും[o] എല്ലാവർക്കും പ്രത്യ
ക്ഷനായി. **8** എല്ലാവർക്കും ഒടുവിൽ
അകാലപ്രജപോലെയുള്ള എനി
ക്കും പ്രത്യക്ഷനായി;[p] **9** ഞാൻ
അപ്പൊസ്തലന്മാരിൽ ഏറ്റവും
ചെറിയവനല്ലോ;[q] ദൈവസഭയെ
ഉപദ്രവിച്ചതിനാൽ[r] അപ്പൊസ്ത
ലൻ എന്ന പേരിനു യോഗ്യനുമല്ല.
**10** എങ്കിലും ഞാൻ ആകുന്നതു
ദൈവകൃപയാൽ ആകുന്നു; എ
ന്നോടുള്ള അവന്റെ കൃപ വ്യർത്ഥമാ
യതുമില്ല; അവരെല്ലാവരെക്കാളും
ഞാൻ അത്യന്തം അദ്ധ്വാനിച്ചിരി
ക്കുന്നു;[s] എന്നാൽ ഞാനല്ല എന്നോ
ടുകൂടെയുള്ള ദൈവകൃപയത്രേ.[t]
**11** ഞാനാകട്ടെ അവരാകട്ടെ ഇ
വ്വണ്ണം ഞങ്ങൾ പ്രസംഗിക്കുന്നു;
ഇവ്വണ്ണം നിങ്ങൾ വിശ്വസിച്ചുമിരി
ക്കുന്നു. **12** ക്രിസ്തു മരിച്ചിട്ട് ഉയിർ
ത്തെഴുന്നേറ്റു എന്നു പ്രസംഗിച്ചു
വരുന്ന അവസ്ഥയ്ക്കു മരിച്ചവരുടെ
പുനരുത്ഥാനം ഇല്ല എന്നു നിങ്ങ
ളിൽ ചിലർ പറയുന്നത് എങ്ങനെ?[u]
**13** മരിച്ചവരുടെ പുനരുത്ഥാനം ഇല്ല
എങ്കിൽ ക്രിസ്തുവും ഉയിർത്തെ
ഴുന്നേറ്റിട്ടില്ല.[v] **14** ക്രിസ്തു ഉയിർ
ത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ
പ്രസംഗം വ്യർത്ഥം; **15** നിങ്ങളുടെ
വിശ്വാസവും വ്യർത്ഥം. മരിച്ചവർ ഉയിർ
ക്കുന്നില്ല എന്നു വരികിൽ ദൈവം
ഉയിർപ്പിച്ചിട്ടില്ലാത്ത ക്രിസ്തുവിനെ
അവൻ ഉയിർപ്പിച്ചു[w] എന്നു ദൈവ
ത്തിനു വിരോധമായി സാക്ഷ്യം
പറകയാൽ ഞങ്ങൾ ദൈവത്തിനു
കള്ളസ്സാക്ഷികൾ എന്നു വരും.
**16** മരിച്ചവർ ഉയിർക്കുന്നില്ല എ
ങ്കിൽ ക്രിസ്തുവും ഉയിർത്തിട്ടില്ല.
**17** ക്രിസ്തു ഉയിർത്തിട്ടില്ല എ
ങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥ
മത്രേ; നിങ്ങൾ ഇന്നും നിങ്ങളുടെ
പാപങ്ങളിൽ ഇരിക്കുന്നു.[x] **18** ക്രി
സ്തുവിൽ നിദ്രകൊണ്ടവരും നശിച്ചു
പോയി.[y] **19** നാം ഈ ആയുസ്സിൽ
മാത്രം ക്രിസ്തുവിൽ പ്രത്യാശ
വച്ചിരിക്കുന്നു എങ്കിൽ സകല
മനുഷ്യരിലും അരിഷ്ടന്മാരത്രേ.[z]
**20** എന്നാൽ ക്രിസ്തു നിദ്ര
കൊണ്ടവരിൽ ആദ്യഫലമായി[a]
മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർ
ത്തിരിക്കുന്നു.[b] **21** മനുഷ്യൻമൂലം
മരണം ഉണ്ടാകയാൽ[c] മരിച്ചവരുടെ
പുനരുത്ഥാനവും മനുഷ്യൻ മൂലം
ഉണ്ടായി.[d] **22** ആദാമിൽ എല്ലാവ
രും മരിക്കുന്നതുപോലെ[e] ക്രിസ്തു
വിൽ എല്ലാവരും ജീവിപ്പിക്കപ്പെടും.
**23** ഓരോരുത്തനും താന്താന്റെ
നിരയിലത്രേ; ആദ്യഫലം ക്രിസ്തു;
പിന്നെ ക്രിസ്തുവിനുള്ളവർ[f] അവ
ന്റെ വരവിങ്കൽ;[g] **24** പിന്നെ അവ
സാനം; അന്ന് അവൻ എല്ലാ വാഴ്ച
യ്ക്കും അധികാരത്തിനും ശക്തി
ക്കും[h] നീക്കം വരുത്തീട്ടു രാജ്യം[i]
പിതാവായ ദൈവത്തെ ഏല്പിക്കും.
**25** അവൻ സകല ശത്രുക്കളെ
യും കാല്ക്കീഴാക്കുവോളം[j] വാഴേ
ണ്ടതാകുന്നു. **26** ഒടുക്കത്തെ ശത്രു
വായിട്ടു മരണം നീങ്ങിപ്പോകും.[k]
**27** [l]സകലത്തെയും അവന്റെ കാ
ല്ക്കീഴാക്കിയിരിക്കുന്നു എന്നുണ്ട
ല്ലോ; സകലവും അവനു കീഴ്പെ
ട്ടിരിക്കുന്നു എന്നു പറഞ്ഞാൽ
സകലത്തെയും കീഴാക്കിക്കൊടു
ത്തവൻ ഒഴികയത്രേ എന്നു സ്പ
ഷ്ടം. **28** എന്നാൽ അവനു സകല
വും കീഴ്പെട്ടു[m]വന്നശേഷം ദൈവം
സകലത്തിലും സകലവും ആകേ
ണ്ടതിനു[n] പുത്രൻ താനും സകല
വും തനിക്കു കീഴാക്കിക്കൊടുത്ത
വനു കീഴ്പെട്ടിരിക്കും.
**29** അല്ല, മരിച്ചവർക്കുവേണ്ടി
സ്നാനം ഏല്ക്കുന്നവർ എന്തു
ചെയ്യും? മരിച്ചവർ കേവലം ഉയിർ
ക്കുന്നില്ലെങ്കിൽ അവർക്കുവേണ്ടി
സ്നാനം ഏല്ക്കുന്നത് എന്തിന്?
**30** ഞങ്ങളും നാഴികതോറും പ്രാണ
ഭയത്തിൽ ആകുന്നത്[o] എന്തിന്?
**31** സഹോദരന്മാരേ, നമ്മുടെ കർ
ത്താവായ ക്രിസ്തുയേശുവിങ്കൽ
എനിക്കു നിങ്ങളിലുള്ള പ്രശംസ

7.[n] *അപ്പൊ.പ്ര.12:17*
[o] *ലൂക്കൊ.24:50; അപ്പൊ.പ്ര.1:3,4*
8.[p] *1കൊരി.9:1*
9.[q] *എഫെ.3:7,8; 2കൊരി.12:11; 1തിമൊ.1:13-16*
[r] *അപ്പൊ.പ്ര.8:3*
10.[s] *2കൊരി.11:23; 12:11; കൊലൊ.1:29*
[t] *(1കൊരി.3:6; 2കൊരി.3:5; ഫിലി.2:13); മത്താ.10:20*
12.[u] *(അപ്പൊ.പ്ര.23:8;2തിമൊ.2:18)*
13.[v] *1തെസ്സ.4:14*
15.[w] *അപ്പൊ.പ്ര.2:24*
17.[x] *റോമ.4:24*
18.[y] *1തെസ്സ.4:16; വെളി.14:13*
19.[z] *(1കൊരി.4:9; 2തിമൊ.3:12)*
20.[a] *1കൊരി.15:23; അപ്പൊ.പ്ര.26:23*
[b] *2തിമൊ.2:8; 1പത്രൊ.1:3*
21.[c] *റോമ.5:12*
[d] *യോഹ.11:25; റോമ.6:23*
22.[e] *(റോമ.5:14-18)*
23.[f] *1കൊരി.15:52; 1തെസ്സ.4:16; ലൂക്കൊ.14:14*
[g] *1തെസ്സ.2:19*
24.[h] *എഫെ.1:21*
[i] *(ദാനീ.7:14,27)*
25.[j] *സങ്കീ.110:1*
26.[k] *2തിമൊ.1:10; (വെളി.20:14;21:5)*
27.[l] *എഫെ.1:22; സങ്കീ.8:6; മത്താ.11:27;28:18*
28.[m] *ഫിലി.3:21*
[n] *(1കൊരി.3:23; 11:3)*
30.[o] *2കൊരി.11:26*

യാണ്[p] ഞാൻ ദിവസേന മരിക്കു
ന്നു.[q] 32 ഞാൻ എഫെസൊസിൽ
വച്ചു മൃഗയുദ്ധം ചെയ്തതു[r] വെറും
മാനുഷം എന്നുവരികിൽ എനിക്ക്
എന്തു പ്രയോജനം? മരിച്ചവർ ഉ
യിർക്കുന്നില്ലെങ്കിൽ [s]നാം തിന്നുക,
കുടിക്ക, നാളെ ചാകുമല്ലോ. 33 വ
ഞ്ചിക്കപ്പെടരുത്;[t] "ദുർഭാഷണത്താൽ
സദാചാരം കെട്ടുപോകുന്നു."[u]
34 നീതിക്കു നിർമ്മദരായി ഉണരു
വിൻ;[v] പാപം ചെയ്യാതിരിപ്പിൻ;
ചിലർക്കു ദൈവത്തെക്കുറിച്ചു പരി
ജ്ഞാനമില്ല;[w] ഞാൻ നിങ്ങൾക്കു
ലജ്ജയ്ക്കായി പറയുന്നു.[x]

35 പക്ഷേ ഒരുവൻ; മരിച്ചവർ
എങ്ങനെ ഉയിർക്കുന്നു[y] എന്നും
ഏതുവിധം ശരീരത്തോടെ വരുന്നു
എന്നും ചോദിക്കും. 36 മൂഢാ,
നീ വിതയ്ക്കുന്നതു ചത്തില്ല എ
ങ്കിൽ ജീവിക്കുന്നില്ല.[z] 37 നീ വിത
യ്ക്കുന്നതോ ഉണ്ടാകുവാനുള്ള
ശരീരമല്ല, കോതമ്പിന്റെയോ മറ്റു
വല്ലതിന്റെയോ വെറും മണിയത്രേ
വിതയ്ക്കുന്നത്; 38 ദൈവമോ
തന്റെ ഇഷ്ടംപോലെ അതിന് ഒരു
ശരീരവും ഓരോ വിത്തിന് അത
തിന്റെ ശരീരവും കൊടുക്കുന്നു.
39 സകല മാംസവും ഒരുപോ
ലെയുള്ള മാംസമല്ല; മനുഷ്യരുടെ
മാംസം വേറേ, കന്നുകാലികളുടെ
മാംസം വേറേ; പക്ഷികളുടെ
മാംസം വേറേ, മത്സ്യങ്ങളുടെ മാം
സവും വേറേ. 40 സ്വർഗീയശരീര
ങ്ങളും ഭൗമശരീരങ്ങളും ഉണ്ട്;
സ്വർഗീയശരീരങ്ങളുടെ തേജസ്സു
വേറേ, ഭൗമശരീരങ്ങളുടെ തേജസ്സു
വേറേ. 41 സൂര്യന്റെ തേജസ്സു
വേറേ, ചന്ദ്രന്റെ തേജസ്സു വേറേ,
നക്ഷത്രങ്ങളുടെ തേജസ്സു വേറേ;
നക്ഷത്രവും നക്ഷത്രവും തമ്മിൽ
തേജസ്സുകൊണ്ടു ഭേദം ഉണ്ടല്ലോ.
42 മരിച്ചവരുടെ പുനരുത്ഥാനവും[a]
അവ്വണ്ണംതന്നെ. ദ്രവത്വത്തിൽ വിത
യ്ക്കപ്പെടുന്നു, അദ്രവത്വത്തിൽ
ഉയിർക്കുന്നു; 43 അപമാനത്തിൽ
വിതയ്ക്കപ്പെടുന്നു, തേജസ്സിൽ
ഉയിർക്കുന്നു;[b] ബലഹീനതയിൽ
വിതയ്ക്കപ്പെടുന്നു, ശക്തിയിൽ
ഉയിർക്കുന്നു; 44 പ്രാകൃതശരീരം
വിതയ്ക്കപ്പെടുന്നു,[c] ആത്മികശരീ
രം ഉയിർക്കുന്നു; പ്രാകൃതശരീരം
ഉണ്ടെങ്കിൽ ആത്മികശരീരവും ഉ
ണ്ട്. 45 ഒന്നാം മനുഷ്യനായ ആദാം
ജീവനുള്ള ദേഹിയായിത്തീർന്നു[d]
എന്ന് എഴുതിയിരിക്കുന്നുവല്ലോ,
ഒടുക്കത്തെ ആദാം[e] ജീവിപ്പിക്കുന്ന
ആത്മാവായി.[f] 46 എന്നാൽ ആ
ത്മികമല്ല പ്രാകൃതമത്രേ ഒന്നാമ
ത്തേത്; ആത്മികം പിന്നത്തേതിൽ
വരുന്നു. 47 ഒന്നാം മനുഷ്യൻ
ഭൂമിയിൽനിന്നു[g] മണ്ണുകൊണ്ടുള്ള
വൻ;[h] രണ്ടാം മനുഷ്യൻ സ്വർഗ
ത്തിൽനിന്നുള്ളവൻ.[i] 48 മണ്ണു
കൊണ്ടുള്ളവനെപ്പോലെ മണ്ണു
കൊണ്ടുള്ളവരും സ്വർഗീയനെപ്പോ
ലെ സ്വർഗീയന്മാരും ആകുന്നു;[j]
49 നാം മണ്ണുകൊണ്ടുള്ളവന്റെ
പ്രതിമ ധരിച്ചതുപോലെ[k] സ്വർഗീ
യന്റെ പ്രതിമയും ധരിക്കും.[l]

50 സഹോദരന്മാരേ, മാംസര
ക്തങ്ങൾ[m]ക്കു ദൈവരാജ്യത്തെ
അവകാശമാക്കുവാൻ കഴികയില്ല,[n]
ദ്രവത്വം അദ്രവത്വത്തെ അവകാശ
മാക്കുകയുമില്ല എന്നു ഞാൻ പറ
യുന്നു. 51 ഞാൻ ഒരു മർമ്മം നി
ങ്ങളോടു പറയാം: നാം എല്ലാവരും
നിദ്രകൊള്ളുകയില്ല;[o] 52 എന്നാൽ
അന്ത്യകാഹളനാദത്തിങ്കൽ പെ
ട്ടെന്നു കണ്ണിമയ്ക്കുന്നിടയിൽ
നാം എല്ലാവരും രൂപാന്തരപ്പെടും.[p]
കാഹളം ധ്വനിക്കും;[q] മരിച്ചവർ
അക്ഷയരായി ഉയിർക്കുകയും[r]
നാം രൂപാന്തരപ്പെടുകയും ചെയ്യും.
53 ഈ ദ്രവത്വമുള്ളത് അദ്രവത്വ
ത്തെയും ഈ മർത്യമായത് അമർ
ത്യത്വത്തെയും ധരിക്കേണം.[s]
54 ഈ ദ്രവത്വമുള്ളത് അദ്രവത്വ
ത്തെയും ഈ മർത്യമായത് അമർ
ത്യത്വത്തെയും ധരിക്കുമ്പോൾ
[t]"മരണം നീങ്ങി ജയം വന്നിരിക്കു
ന്നു" എന്ന് എഴുതിയ വചനം നി
വൃത്തിയാകും. 55 ഹേ മരണമേ,
നിന്റെ ജയം എവിടെ?[u] ഹേ മരണ
മേ, നിന്റെ വിഷമുള്ള് എവിടെ?

31.[p] *1തെസ്സ.2:19*
[q] *ലൂക്കൊ.9:23; റോമ.8:36*
32.[r] *(2കൊരി.1:8)*
[s] ***യെശ. 22:13;*** *(യെശ.56:12; ലൂക്കൊ.12:19)*
33.[t] *യാക്കോ.1:16*
[u] *(1കൊരി.5:6)*
34.[v] *റോമ.13:11*
[w] *1തെസ്സ.4:4*
[x] *1കൊരി.6:5; (1കൊരി.4:14)*
35.[y] *(യെഹെ.37:3)*
36.[z] *യോഹ.12:24*
42.[a] *ദാനീ.12:3; (മത്താ.13:43)*
43.[b] *ഫിലി.3:21; കൊലൊ.3:4*
44.[c] *യാക്കോ.3:15*
45.[d] ***ഉൽപ. 2:7***
[e] *റോമ.5:14*
[f] *യോഹ.5:21; (യോഹ.6:33,39, 40,54,57; റോമ.8:2,10)*
47.[g] *യോഹ.3:31*
[h] *(ഉൽപ.2:7;3:19)*
[i] *യോഹ.3:13,31*
48.[j] *(ഫിലി.3:20)*
49.[k] *ഉൽപ.5:3*
[l] *റോമ.8:29*
50.[m] *മത്താ.16:17*
[n] *(യോഹ.3:3,5)*
51.[o] *1തെസ്സ.4:15,17*
52.[p] *ഫിലി.3:21*
[q] *മത്താ.24:31; 1തെസ്സ.4:16; (യെശ.27:13; സെഖ.9:14)*
[r] *യോഹ.5:25,28; (ലൂക്കൊ.20:36)*
53.[s] *(2കൊരി.5:2-4)*
54.[t] ***യെശ. 25:8;*** *(എബ്രാ.2:14,15; വെളി.20:14;21:5)*
55.[u] *ഹോശേ.13:14*

**56** മരണത്തിന്റെ വിഷമുള്ള് പാപം;
പാപത്തിന്റെ ശക്തിയോ ന്യായ
പ്രമാണം.[v] **57** നമ്മുടെ കർത്താ
വായ യേശുക്രിസ്തു മുഖാന്തരം
നമുക്കു ജയം നല്കുന്ന[w] ദൈവ
ത്തിനു സ്തോത്രം. **58** ആകയാൽ
എന്റെ പ്രിയ സഹോദരന്മാരേ,[x]
നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാ
ത്തവരും നിങ്ങളുടെ പ്രയത്നം
കർത്താവിൽ വ്യർഥമല്ല[y] എന്ന്
അറിഞ്ഞിരിക്കയാൽ കർത്താവി
ന്റെ വേലയിൽ[z] എപ്പോഴും വർ
ധിച്ചുവരുന്നവരും ആകുവിൻ.

❋ ❋ ❋

***1. വിശുദ്ധന്മാർക്കുവേണ്ടിയുള്ള ധർമ്മശേഖരത്തെക്കുറിച്ച് 10. തിമൊഥെയൊസിനെയും മറ്റുചിലരെയും കുറിച്ച്.***

**16** വിശുദ്ധന്മാർക്കുവേണ്ടിയുള്ള
ധർമശേഖരത്തിന്റെ[a] കാര്യ
ത്തിലോ ഞാൻ ഗലാത്യസഭകളോട്
ആജ്ഞാപിച്ചതുപോലെ നിങ്ങളും
ചെയ്‌വിൻ. **2** ഞാൻ വന്നശേഷം
മാത്രം ശേഖരം ഉണ്ടാകാതിരിക്കേ
ണ്ടതിന്[b] ആഴ്ചവട്ടത്തിൽ ഒന്നാം
നാൾ[c]തോറും നിങ്ങളിൽ ഓരോ
രുത്തൻ തനിക്കു കഴിവുള്ളതു[d]
ചരതിച്ചു തന്റെ പക്കൽ വച്ചു
കൊള്ളേണം. **3** ഞാൻ എത്തിയ
ശേഷം നിങ്ങളുടെ ധർമം യെരൂശ
ലേമിലേക്കു കൊണ്ടുപോകുവാൻ
നിങ്ങൾക്കു സമ്മതമുള്ളവരെ[e]
ഞാൻ എഴുത്തോടുകൂടെ അയ
യ്ക്കും. **4** ഞാനും പോകുവാൻ
തക്കവണ്ണം അതു യോഗ്യമായി
രുന്നാൽ അവർക്ക് എന്നോടു കൂടി
പോരാം. **5** ഞാൻ മക്കെദോന്യ[f]
യിൽകൂടി കടന്നശേഷം നിങ്ങളുടെ
അടുക്കൽ വരും;[g] മക്കെദോന്യ
യിൽ കൂടിയാകുന്നു ഞാൻ വരു
ന്നത്.[h] **6** ഞാൻ പോകുന്നേടത്തേ
ക്ക് നിങ്ങൾ എന്നെ യാത്ര അയ
പ്പാൻ[i] തക്കവണ്ണം പക്ഷേ നിങ്ങ
ളോടുകൂടെ പാർക്കും; ഹിമകാലം
കൂടെ കഴിക്കുമായിരിക്കും. **7** കർ
ത്താവ് അനുവദിച്ചാൽ[j] കുറേക്കാ
ലം നിങ്ങളോടുകൂടെ പാർപ്പാൻ
ആശിക്കുന്നതുകൊണ്ടു ഞാൻ
ഈ പ്രാവശ്യം കടന്നുപോകുംവ
ഴിയിൽ[k] അല്ല നിങ്ങളെ കാൺമാൻ
ഇച്ഛിക്കുന്നത്. **8** എഫെസൊ
സിൽ ഞാൻ പെന്തെക്കൊസ്തു[l]
വരെ പാർക്കും. **9** എനിക്കു വലി
യതും സഫലവുമായോരു വാതിൽ
തുറന്നിരിക്കുന്നു;[m] എതിരാളികളും
പലർ ഉണ്ട്.[n]

**10** തിമൊഥെയൊസ് വന്നാൽ[o]
അവൻ നിങ്ങളുടെ ഇടയിൽ നിർ
ഭയനായിരിപ്പാൻ നോക്കുവിൻ; എ
ന്നെപ്പോലെതന്നെ അവൻ കർത്താ
വിന്റെ വേല[p] ചെയ്യുന്നുവല്ലോ.[q]
**11** ആരും അവനെ അലക്ഷ്യമാക്ക
രുത്;[r] ഞാൻ സഹോദരന്മാരുമായി
അവനെ കാത്തിരിക്കകൊണ്ട് എ
ന്റെ അടുക്കൽ വരുവാൻ അവനെ
സമാധാനത്തോടെ[s] യാത്ര അയ
പ്പിൻ.[t] **12** സഹോദരനായ അപ്പൊ
ല്ലോസിന്റെ[u] കാര്യമോ, അവൻ
സഹോദരന്മാരോടുകൂടെ നിങ്ങ
ളുടെ അടുക്കൽ വരേണം എന്നു
ഞാൻ അവനോടു വളരെ അപേ
ക്ഷിച്ചു എങ്കിലും ഇപ്പോൾ വരു
വാൻ അവന് ഒട്ടും മനസ്സാ[v]യില്ല;
അവസരം കിട്ടിയാൽ അവൻ
വരും.

**13** ഉണർന്നിരിപ്പിൻ;[w] വിശ്വാസ
ത്തിൽ നിലനില്പിൻ;[x] പുരുഷത്വം
കാണിപ്പിൻ;[y] ശക്തിപ്പെടുവിൻ.[z]
**14** നിങ്ങൾ ചെയ്യുന്നതെല്ലാം
സ്നേഹത്തിൽ ചെയ്‌വിൻ.[a]

**15** സഹോദരന്മാരേ, സ്തെഫ
നാസിന്റെ കുടുംബം[b] അഖായയി
ലെ ആദ്യഫലം[c] എന്നും അവർ
വിശുദ്ധന്മാരുടെ ശുശ്രൂഷയ്ക്കു[d]
തങ്ങളെത്തന്നെ ഏല്പിച്ചിരിക്കു
ന്നു എന്നും നിങ്ങൾ അറിയുന്നു

56.[v] *റോമ.4:15; 5:13; 7:5,8,13*
57.[w] *(റോമ.8:37; 1യോഹ.5:4)*
58.[x] *2പത്രൊ.3:14*
[y] *(ഗലാ.6:9); 1കൊരി.3:8*
[z] *1കൊരി.16:10; യിരെ.48:10; യോഹ.6:28*

**അധ്യായം 16**

1.[a] *അപ്പൊ.പ്ര.24:17*
2.[b] *2കൊരി.9:3*
[c] *അപ്പൊ.പ്ര.20:7; (വെളി.1:10)*
[d] *2കൊരി.8:4,11*
3.[e] *(2കൊരി.8:18,19)*
5.[f] *അപ്പൊ.പ്ര.16:9*
[g] *1കൊരി.4:19*
[h] *അപ്പൊ.പ്ര.19:21*
6.[i] *1കൊരി.16:11; അപ്പൊ.പ്ര.15:3*
7.[j] *1കൊരി.4:19; അപ്പൊ.പ്ര.18:21; യാക്കോ.4:15*
[k] *(2കൊരി.1:15,16)*
8.[l] *അപ്പൊ.പ്ര.2:1*
9.[m] *അപ്പൊ.പ്ര.14:27*
[n] *അപ്പൊ.പ്ര.19:9*
10.[o] *1കൊരി.4:17*
[p] *1കൊരി.15:58*
[q] *റോമ.16:21; 1തെസ്സ.3:2; (ഫിലി.2:20,22)*
11.[r] *1തിമൊ.4:12; (തീത്തൊ.2:15)*
[s] *അപ്പൊ.പ്ര.15:33*
[t] *1കൊരി.16:6*
12.[u] *അപ്പൊ.പ്ര.18:24*
[v] *റോമ.2:18*
13.[w] *മത്താ.24:42*
[x] *ഗലാ.5:1; ഫിലി.1:27;4:1; 1തെസ്സ.3:8; 2തെസ്സ.2:15; 1കൊരി.15:2*
[y] *1ശമൂ.4:9; 2ശമൂ.10:12; യെശ.46:8*
[z] *എഫെ.3:16; (എഫെ.6:10; കൊലൊ.1:11)* 14.[a] *1കൊരി.14:1*
15.[b] *1കൊരി.1:16* [c] *(റോമ.16:5)* [d] *റോമ.15:30*

16:8 ***എഫെസൊസ്...പെന്തെക്കൊസ്ത്:*** യെഹൂദന്മാരുടെ മൂന്നു തീർഥാടന പെരുന്നാളുകളിൽ ഒന്നായ പെന്തെക്കൊസ്തു വിളവെടുപ്പുപെരുന്നാളായും അറിയപ്പെട്ടിരുന്നു.

വല്ലോ. **16** ഇങ്ങനെയുള്ളവർക്കും
അവരോടുകൂടെ പ്രവർത്തിക്കയും
അധ്വാനിക്കയും ചെയ്യുന്ന ഏവനും
നിങ്ങളും കീഴ്പെട്ടിരിക്കേണം[e]
എന്നു ഞാൻ നിങ്ങളെ പ്രബോധി
പ്പിക്കുന്നു. **17** സ്തെഫനാസും
ഫൊർത്തുനാതൊസും അഖായി
ക്കൊസും വന്നത് എനിക്കു സന്തോ
ഷമായി. നിങ്ങളുടെ ഭാഗത്തു
കുറവായിരുന്നത് അവർ നികത്തി
യിരിക്കുന്നു.[f] **18** അവർ എന്റെ
മനസ്സും നിങ്ങളുടെ മനസ്സും തണു
പ്പിച്ചുവല്ലോ;[g] ഇങ്ങനെയുള്ളവരെ
മാനിച്ചുകൊൾവിൻ.[h]

**19** ആസ്യയിലെ സഭകൾ നിങ്ങ
ളെ വന്ദനം ചെയ്യുന്നു; അക്വിലാവും
പ്രിസ്കയും[i] അവരുടെ ഭവനത്തി
ലെ സഭയോടുകൂടെ[j] കർത്താവിൽ
നിങ്ങളെ വളരെ വന്ദനം ചെയ്യുന്നു.[i]
**20** സകല സഹോദരന്മാരും നി
ങ്ങളെ വന്ദനം ചെയ്യുന്നു; വിശുദ്ധ
ചുംബനത്താൽ അന്യോന്യം വന്ദ
നം ചെയ്‍വിൻ.[k]

**21** പൗലൊസായ എന്റെ കൈ
യാൽ വന്ദനം.[l] **22** കർത്താവിനെ
സ്നേഹിക്കാത്തവൻ ഏവനും
ശപിക്കപ്പെട്ടവൻ![m] നമ്മുടെ കർ
ത്താവു വരുന്നു.[n] **23** കർത്താ
വായ യേശുക്രിസ്തുവിന്റെ കൃപ
നിങ്ങളോടുകൂടെ ഇരിക്കുമാറാക
ട്ടെ.[o] **24** നിങ്ങൾക്ക് എല്ലാവർ
ക്കും ക്രിസ്തുയേശുവിൽ എന്റെ
സ്നേഹം. ആമേൻ.

❋ ❋ ❋

16.[e] *1തെസ്സ.5:12; എബ്രാ.13:17*
17.[f] *ഫിലി.2:30; (2കൊരി.11:9; ഫിലേ.13)*
18.[g] *2കൊരി.7:13; (റോമ.15:31; ഫിലേ.7,20)* [h] *ഫിലി.2:29; 1തെസ്സ.5:12*
19.[i] *അപ്പൊ.പ്ര.18:2* [j] *റോമ.16:5*
20.[k] *റോമ.16:16*
21.[l] *കൊലൊ.4:18; 2തെസ്സ.3:17; (റോമ.16:22; ഗലാ.6:11; ഫിലേ.19)* 22.[m] *റോമ.9:3* [n] *(ഫിലി.4:5; യൂദാ.15)* 23.[o] *റോമ.16:20*

## ആത്മികവരങ്ങൾ

ക്രിസ്തുവിന്റെ അനുയായികൾക്ക് അഥവാ സഭയ്ക്കു പ്രത്യേക വരങ്ങളും ഉത്തരവാദിത്വങ്ങളും നല്കുന്ന ദൈവത്തിന്റെ കരുണയെയും ഉദാരതയെയും ആണ് ആത്മികവരങ്ങൾ വെളിവാക്കുന്നത്. ആത്മികവരങ്ങളെ പൊതുവേ രണ്ടായി തരംതിരിക്കാം (1) സമൂഹത്തിന്റെ പൊതു പ്രയോജനത്തിനായി ദൈവം തരുന്ന ജോലി നിർവഹിക്കുന്നതിനോ സഭാജീവിതത്തിലെ ആവശ്യം നേടുന്നതിനോ ഒരു വ്യക്തിക്കു നല്കപ്പെടുന്ന പ്രത്യേക കഴിവ്. ദൈവത്തോടുള്ള ശരിയായ ബന്ധവും അവർ ആസ്വദിക്കുന്ന പുതിയ ജീവനും ദൈവത്തിന്റെ കൃപാവരം അഥവാ *ഖരിസ്മ* ആണ് (റോമ. 5:15 - 17; 6:23) എന്നു പൗലൊസ് റോമിലെ വിശ്വാസികളോടു പറഞ്ഞു. വിശ്വാസത്തിൽ അവരെ ശക്തിപ്പെടുത്തേണ്ടതിനു ദൈവം തനിക്ക് ആവശ്യമായ അനുഗ്രഹങ്ങൾ *(ഖരിസ്മ)* നല്കും എന്നു പ്രത്യാശിച്ചിരുന്നു എന്നും പൗലൊസ് പറഞ്ഞു (റോമ. 1:11). പൗലൊസ് തന്റെ ലേഖനങ്ങളിൽ പരാമർശിക്കുന്ന പ്രത്യേക വരങ്ങളിൽ പ്രവചനം, പരിജ്ഞാനത്തോടും അറിവോടും കൂടിയുള്ള പ്രഭാഷണം, മറ്റുള്ളവരെ ശുശ്രൂഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, ഔദാര്യമുള്ളവരായിരിക്കുക, നേതൃത്വമുള്ളവരായിരിക്കുക എന്നിവ ഉൾപ്പെടുന്നു (റോമ. 12:4 - 8). (2) ചിലരെ അപ്പൊസ്തലന്മാർ, പ്രവാചകന്മാർ, ഉപദേഷ്ടാക്കന്മാർ എന്നീ പ്രത്യേക നേതൃത്വങ്ങളിലേക്കു തിരഞ്ഞെടുത്തു എന്നു പൗലൊസ് വിശദീകരിക്കുന്നു (1 കൊരി. 12:28). അദ്ഭുതപ്രവൃത്തികൾക്കുള്ള കഴിവ് അഥവാ രോഗശാന്തി, നേതാക്കന്മാരാകാൻ സഹായിക്കുക, വിവിധ ഭാഷകളിൽ സംസാരിക്കുക (ഭാഷാവരം), പരിചിതമല്ലാത്ത ഭാഷകളിൽ പറഞ്ഞതു വ്യാഖ്യാനിക്കുക എന്നീ കഴിവുകൾ മറ്റു ചിലർക്കു ലഭിച്ചു (1 കൊരി. 12:7 - 11; 14:1 - 25). എന്നാൽ എല്ലാറ്റിലും ശ്രേഷ്ഠവരം സ്നേഹമാണ് എന്നു പൗലൊസ് പറഞ്ഞു (1 കൊരി. 13).

പ്രത്യേക ജോലികൾക്കായി തിരഞ്ഞെടുക്കപ്പെട്ടവരുടെ തലയിൽ സഭാനേതാക്കന്മാർ കൈകൾവച്ചു (അ. പ്ര. 6:1 - 6; 1 തിമൊ. 4:14) നിയോഗിച്ചു. സഭയുടെ ജീവിതത്തെയും അതിനുള്ളിലെ ചുമതലകളെയും മനുഷ്യശരീരവുമായി പൗലൊസ് താരതമ്യം ചെയ്തു. ക്രിസ്തുവിന്റെ അനുയായികളായ മുഴുവൻ ശരീരത്തിന്റെ (സഭയുടെ) വളർച്ചയ്ക്കും ആധ്യാത്മികാരോഗ്യത്തിനുമായി വ്യത്യസ്തങ്ങളായ അവയവങ്ങൾക്ക് (അംഗങ്ങൾക്ക്) പ്രവർത്തിക്കുവാൻ ആവശ്യമായ കഴിവുകൾ ദൈവത്തിന്റെ ആത്മാവിൽനിന്നു ലഭിച്ചിട്ടുണ്ട് (1 കൊരി. 12:12 - 26).

# THE SECOND EPISTLE OF PAUL THE APOSTLE TO THE CORINTHIANS

# അപ്പൊസ്തലനായ പൗലൊസ് കൊരിന്ത്യർക്ക് എഴുതിയ രണ്ടാം ലേഖനം

**മുഖവുര**

കൊരിന്ത്യസഭയോടുള്ള ബന്ധത്തിൽ പൗലൊസിനുണ്ടായ ചില വേദനാജനകമായ അനുഭവസാഹചര്യത്തിൽ കൊരിന്ത്യവിശ്വാസികൾക്ക് പൗലൊസ് എഴുതിയതാണ് രണ്ടാം കൊരിന്ത്യലേഖനം. ചില സഭാവിശ്വാസികൾ പൗലൊസിനെതിരായി ചില ശക്തമായ എതിർപ്പുകളുമായി എഴുന്നേറ്റപ്പോൾ അവരുമായുള്ള ഒരു അനുരഞ്ജന തയ്യാറെടുപ്പും തൽഫലമായിട്ടുണ്ടായ വലിയ സന്തോഷവും ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നു.

***1. പൗലൊസ് കൊരിന്ത്യരെ ധൈര്യപ്പെടുത്തുന്നത് 15. താൻ അവരുടെ അടുക്കൽ എത്താത്തതിന്റെ കാരണം.***

**ദൈ**വേഷ്ടത്താൽ[a] ക്രിസ്തു
യേശുവിന്റെ അപ്പൊസ്തലനായ[b]
പൗലൊസും സഹോദരനായ തി
മൊഥെയൊസും[c] കൊരിന്തിലെ
ദൈവസഭയ്ക്കും അഖായയിൽ
എല്ലാടത്തുമുള്ള സകല വിശുദ്ധ
ന്മാർക്കും[d] കൂടെ എഴുതുന്നത്: **2** ന
മ്മുടെ പിതാവായ ദൈവത്തിങ്കൽ
നിന്നും കർത്താവായ യേശുക്രിസ്തു
വിങ്കൽനിന്നും നിങ്ങൾക്കു കൃപയും
സമാധാനവും ഉണ്ടാകട്ടെ.[e]
**3** മനസ്സലിവുള്ള പിതാവും സർ
വാശ്വാസവും നല്കുന്ന ദൈവവു
മായി[f] നമ്മുടെ കർത്താവായ യേശു
ക്രിസ്തുവിന്റെ പിതാവായ ദൈവം[g]
വാഴ്ത്തപ്പെട്ടവൻ.[h] **4** ദൈവം ഞ
ങ്ങളെ ആശ്വസിപ്പിക്കുന്ന ആശ്വാ
സംകൊണ്ടു ഞങ്ങൾ യാതൊരു
കഷ്ടത്തിലുമുള്ളവരെ ആശ്വസി
പ്പിപ്പാൻ ശക്തരാകേണ്ടതിനു ഞ
ങ്ങൾക്കുള്ള കഷ്ടത്തിലൊക്കെയും
അവൻ ഞങ്ങളെ ആശ്വസിപ്പിക്കു
ന്നു.[i] **5** ക്രിസ്തുവിന്റെ കഷ്ടങ്ങൾ
ഞങ്ങളിൽ പെരുകുന്നതുപോലെ[j]
തന്നെ ക്രിസ്തുവിനാൽ ഞങ്ങ
ളുടെ ആശ്വാസവും പെരുകുന്നു.
**6** ഞങ്ങൾ കഷ്ടം അനുഭവിക്കുന്നു
എങ്കിൽ അത് നിങ്ങളുടെ ആശ്വാ
സത്തിനും രക്ഷയ്ക്കും ആകുന്നു;[k]
ഞങ്ങൾക്ക് ആശ്വാസം വരുന്നു
എങ്കിൽ അത് ഞങ്ങൾ സഹിക്കു
ന്ന കഷ്ടങ്ങൾ തന്നെ നിങ്ങളും
സഹിക്കുന്നതിൽ നിങ്ങളുടെ ആ
ശ്വാസത്തിനായി ഫലിക്കുന്നു.
**7** നിങ്ങൾ കഷ്ടങ്ങൾക്കു കൂട്ടാളി
കൾ ആകുന്നതുപോലെ[l] ആശ്വാ
സത്തിനും കൂട്ടാളികൾ എന്നറി
കയാൽ നിങ്ങൾക്കുവേണ്ടി ഞങ്ങ
ളുടെ പ്രത്യാശ ഉറപ്പുള്ളതുതന്നെ.
**8** സഹോദരന്മാരേ, ആസ്യയിൽ
ഞങ്ങൾക്ക് ഉണ്ടായ കഷ്ടം[m] നി
ങ്ങൾ അറിയാതിരിപ്പാൻ ഞങ്ങൾ
ക്കു മനസ്സില്ല; ജീവനോടിരിക്കുമോ
എന്ന് നിരാശ തോന്നുമാറ് ഞ
ങ്ങൾ ശക്തിക്കുമീതെ അത്യന്തം
ഭാരപ്പെട്ടു. **9** അതേ, ഞങ്ങളിൽ
അല്ല,[n] മരിച്ചവരെ ഉയിർപ്പിക്കുന്ന[o]
ദൈവത്തിൽതന്നെ[p] ആശ്രയിപ്പാൻ[n]
തക്കവണ്ണം ഞങ്ങൾ മരിക്കും എന്ന്
ഉള്ളിൽ നിർണയിക്കേണ്ടിവന്നു.
**10** ഇത്ര ഭയങ്കരമരണത്തിൽനിന്നു
ദൈവം ഞങ്ങളെ വിടുവിച്ചു, വിടു
വിക്കയും ചെയ്യും;[q] അവൻ മേലാ
ലും വിടുവിക്കും എന്ന് ഞങ്ങൾ
അവനിൽ ആശവച്ചുമിരിക്കുന്നു.[r]
**11** അതിനു നിങ്ങളും ഞങ്ങൾക്കു

**അധ്യായം 1**

1. [a] *1കൊരി.1:1*
[b] *എഫെ.1:1; കൊലൊ.1:1; 1തിമൊ.1:1; 2തിമൊ.1:1; തീത്തൊ.1:3; (റോമ.1:2; ഗലാ.1:1)*
[c] *1തെസ്സ.3:2*
[d] *ഫിലി.1:1; കൊലൊ.1:1*
2. [e] *റോമ.1:4*
3. [f] *റോമ.15:6*
[g] *റോമ.15:5*
[h] *എഫെ. 1:3; 1പത്രൊ.1:3*
4. [i] *(യെശ.51:12; 66:13)*
5. [j] *(2കൊരി.4:10; ഫിലി.3:10; കൊലൊ. 1:24)*
6. [k] *2തിമൊ.2:10; (2കൊരി.4:15;12:15; എഫെ.3:13)*
7. [l] *റോമ.8:17*
8. [m] *അപ്പൊ.പ്ര.19:23; 1കൊരി.15:32*
9. [n] *ലൂക്കൊ.18:9*
[o] *2കൊരി.4:14*
[p] *സങ്കീ.2:12;25:2; 26:1; യിരെ.17:7*
10. [q] *റോമ.15:30*
[r] *1തിമൊ.4:10*

വേണ്ടിയുള്ള പ്രാർഥനയാൽ തുണ
യ്ക്കുന്നുണ്ടല്ലോ;[s] അങ്ങനെ പലർ
മുഖാന്തരം ഞങ്ങൾക്കു കിട്ടിയ
കൃപയ്ക്കുവേണ്ടി പലരാലും ഞ
ങ്ങൾ നിമിത്തം സ്തോത്രം ഉണ്ടാ
കുവാൻ ഇടവരും.[t]
**12** ഞങ്ങൾ ലോകത്തിൽ, വിശേ
ഷാൽ നിങ്ങളോട്, ജഡജ്ഞാന
ത്തിൽ അല്ല,[u] ദൈവകൃപയിലത്രേ,
ദൈവം നല്കുന്ന[v] വിശുദ്ധിയിലും
നിർമ്മലതയിലും[v] പെരുമാറിയിരി
ക്കുന്നു എന്ന് ഞങ്ങളുടെ മനസ്സാ
ക്ഷിയുടെ സാക്ഷ്യം[w] തന്നെ ഞങ്ങ
ളുടെ പ്രശംസ. **13** നിങ്ങൾ വായി
ക്കുന്നതും ഗ്രഹിക്കുന്നതും അല്ലാ
തെ മറ്റൊന്നും ഞങ്ങൾ നിങ്ങൾക്ക്
എഴുതുന്നില്ല; **14** നമ്മുടെ കർത്താ
വായ യേശുവിന്റെ നാളിൽ[x] നി
ങ്ങൾ ഞങ്ങൾക്ക്[y] എന്നപോലെ
ഞങ്ങൾ നിങ്ങൾക്കും പ്രശംസ ആ
കുന്നു[z] എന്ന് നിങ്ങൾ ഞങ്ങളെ
ഏറെക്കുറെ[a] ഗ്രഹിച്ചതുപോലെ
അവസാനത്തോളം ഗ്രഹിക്കും എന്ന്
ഞാൻ ആശിക്കുന്നു.
**15** ഇങ്ങനെ ഉറച്ചിട്ടു നിങ്ങൾക്കു
രണ്ടാമത്[b] ഒരു അനുഗ്രഹം[c] ഉണ്ടാ
കേണം എന്നുവച്ചു **16** മുമ്പേ നിങ്ങ
ളുടെ അടുക്കൽ വരുവാനും[d] ആ
വഴിയായി മക്കെദോന്യക്കു പോയി[e]
പിന്നെയും മക്കെദോന്യയിൽനിന്നു
നിങ്ങളുടെ അടുക്കൽ വരുവാനും
നിങ്ങളാൽ യെഹൂദ്യയിലേക്കു യാത്ര
അയയ്ക്കപ്പെടുവാനും ഞാൻ വിചാ
രിച്ചിരുന്നു.[f] **17** ഇങ്ങനെ വിചാരി
ച്ചതിൽ ഞാൻ ചാപല്യം കാണിച്ചു
വോ? അല്ലെങ്കിൽ എന്റെ വാക്ക്
ഉവ്വ്, ഉവ്വ്; ഇല്ല, ഇല്ല എന്ന് ആകു
വാൻ തക്കവണ്ണം എന്റെ നിരൂപണം
ജഡിക നിരൂപണമോ?[g] **18** നിങ്ങ
ളോടുള്ള ഞങ്ങളുടെ വചനം[h] ഒരി
ക്കൽ ഉവ്വ് എന്നും മറ്റൊരിക്കൽ
ഇല്ല എന്നും ആയിരുന്നില്ല എന്ന
തിനു വിശ്വസ്തനായ ദൈവം സാ
ക്ഷി.[i] **19** ഞാനും സില്വാനൊസും[j]
തിമൊഥെയൊസും നിങ്ങളുടെ ഇട
യിൽ പ്രസംഗിച്ച ദൈവപുത്രനായ[k]
യേശുക്രിസ്തു ഒരിക്കൽ ഉവ്വ് എന്നും
മറ്റൊരിക്കൽ ഇല്ല എന്നും ആയി
രുന്നില്ല; അവനിൽ ഉവ്വ് എന്നത്രേ[l]
യുള്ളൂ. **20** ദൈവത്തിന്റെ വാഗ്ദത്ത
ങ്ങൾ എത്ര ഉണ്ടെങ്കിലും[m] അവനിൽ
ഉവ്വ്[n] എന്നത്രേ; അതുകൊണ്ടു ഞ
ങ്ങളാൽ ദൈവത്തിനു മഹത്ത്വം
ഉണ്ടാകുമാറ് അവനിൽ ആമേൻ
എന്നുംതന്നെ. **21** ഞങ്ങളെ നിങ്ങ
ളോടുകൂടെ ക്രിസ്തുവിൽ ഉറപ്പിക്കു
ന്നതും നമ്മെ അഭിഷേകം ചെയ്ത
തും[o] ദൈവമല്ലോ. **22** അവൻ നമ്മെ
മുദ്രയിട്ടും[p] ആത്മാവ് എന്ന അച്ചാരം
നമ്മുടെ ഹൃദയങ്ങളിൽ തന്നുമിരി
ക്കുന്നു.[q]
**23** എന്നാണ, നിങ്ങളെ ആദരിച്ചി
ട്ടത്രേ ഞാൻ ഇതുവരെ കൊരി
ന്തിൽ വരാഞ്ഞത്;[r] അതിനു ദൈവം
സാക്ഷി.[s] **24** നിങ്ങളുടെ വിശ്വാസ
ത്തിന്മേൽ ഞങ്ങൾ കർത്തൃത്വം
ഉള്ളവർ എന്നല്ല,[t] നിങ്ങളുടെ സ
ന്തോഷത്തിനു ഞങ്ങൾ സഹായി
കൾ അത്രേ; വിശ്വാസസംബന്ധ
മായി നിങ്ങൾ ഉറച്ചു നില്ക്കുന്നു
വല്ലോ.[u]

❋ ❋ ❋

*1. താൻ പാതകനോടു ക്ഷമിക്കുന്നു 14. തന്റെ പ്രസംഗത്താൽ രണ്ടുവിധമുള്ള ഫലസിദ്ധി.*

**2** എന്നാൽ ഞാൻ വീണ്ടും നിങ്ങ
ളുടെ അടുക്കൽ വരുന്നത് ദുഃഖ
ത്തോടെ ആകരുത് എന്നു[a] ഞാൻ
നിർണയിച്ചു. **2** ഞാൻ നിങ്ങളെ
ദുഃഖിപ്പിച്ചാൽ[b] എന്നാൽ ദുഃഖി
തനായവൻ അല്ലാതെ എന്നെ സ
ന്തോഷിപ്പിക്കുന്നത് ആർ? **3** ഞാൻ
ഇതുതന്നെ എഴുതിയത് ഞാൻ
വന്നാൽ എന്നെ സന്തോഷിപ്പിക്കേ
ണ്ടിയവരാൽ ദുഃഖം ഉണ്ടാകരുത്
എന്നുവച്ചും എന്റെ സന്തോഷം
നിങ്ങൾക്ക് എല്ലാവർക്കും സന്തോ
ഷം ആയിരിക്കും എന്ന് നിങ്ങളെ
എല്ലാവരെയുംകുറിച്ചു വിശ്വസിച്ചി
രിക്കകൊണ്ടും[c] ആകുന്നു. **4** വളരെ

11.[s] *(അപ്പൊ.പ്ര.12:5; റോമ.15:31; ഫിലി.1:19; ഫിലേ.22)*
[t] *(2കൊരി.4:15; 9:11,12)*
12.[u] *1കൊരി.2:4,13*
[v] *2കൊരി.2:17;4:2*
[w] *(1തെസ്സ.2:10) അപ്പൊ.പ്ര.23:1*
14.[x] *1കൊരി.1:8*
[y] *1കൊരി.9:15; ഫിലി.2:16;4:1; 1തെസ്സ.2:19,20*
[z] *(2കൊരി.5:12;9:3)*
[a] *2കൊരി.2:5*
15.[b] *(അപ്പൊ.പ്ര. 18:1-18)*
[c] *(റോമ.1:11)*
16.[d] *1കൊരി.4:19*
[e] *അപ്പൊ.പ്ര.19:21; (1കൊരി.16:5-7)*
[f] *1കൊരി.4:19*
17.[g] *2കൊരി.10:2,3*
18.[h] *(2കൊരി.2:17)*
[i] *1കൊരി.1:9*
19.[j] *അപ്പൊ.പ്ര.15:32*
[k] *മത്താ.14:33*
[l] *(എബ്രാ.13:8)*
20.[m] *(റോമ.15:8; എബ്രാ.10:23)*
[n] *(വെളി.3:14); 1കൊരി.14:16*
21.[o] *(1യോഹ. 2:20,27)*
22.[p] *എഫെ. 1:14;4:30*
[q] *2കൊരി.5:5; എഫെ.1:14; റോമ.8:16*
23.[r] *2കൊരി.2:1,3; 1കൊരി.4:21*
[s] *(ഗലാ.1:20); റോമ.1:10*
24.[t] *1പത്രൊ.5:3; (2കൊരി.4:5; മത്താ.23:8-10)*
[u] *റോമ.11:20; 1കൊരി.15:1*

**അധ്യായം 2**

1.[a] *2കൊരി.1:23; (2കൊരി.12:20,21; 13:10)* 2.[b] *(2കൊരി.7:8)* 3.[c] *2കൊരി.8:22; ഗലാ.5:10; 2തെസ്സ.3:4; (2കൊരി.7:16)*

കഷ്ടവും മനോവ്യസനവും ഉണ്ടാ
യിട്ടു വളരെ കണ്ണുനീരോടുകൂടെ
ഞാൻ നിങ്ങൾക്ക് എഴുതിയത്[d]
നിങ്ങൾ ദുഃഖിക്കേണ്ടതിനല്ല; എനി
ക്കു നിങ്ങളോടുള്ള വലിയ സ്നേഹം
നിങ്ങൾ അറിയേണ്ടതിനത്രേ.
**5** ഒരുവൻ എന്നെ ദുഃഖിപ്പിച്ചു
എങ്കിൽ[e] അവൻ എന്നെയല്ല[f] ഒരു
വിധത്തിൽ[g]–ഞാൻ കണക്കിൽ ഏറെ
പറയരുതല്ലോ–നിങ്ങളെ എല്ലാവരെ
യും ദുഃഖിപ്പിച്ചിരിക്കുന്നു.[f] **6** അവനു
ഭൂരിപക്ഷത്താൽ ഉണ്ടായ ഈ ശിക്ഷ[h]
മതി. **7** അവൻ അതിദുഃഖത്തിൽ
മുങ്ങിപ്പോകാതിരിക്കേണ്ടതിനു നി
ങ്ങൾ അവനോടു ക്ഷമിക്കയും[i] അ
വനെ ആശ്വസിപ്പിക്കയും തന്നെ
വേണ്ടത്. **8** അതുകൊണ്ടു നിങ്ങ
ളുടെ സ്നേഹം അവന് ഉറപ്പിച്ചു
കൊടുപ്പാൻ ഞാൻ നിങ്ങളോട് അ
പേക്ഷിക്കുന്നു. **9** നിങ്ങൾ സകല
ത്തിലും അനുസരണമുള്ളവരോ
എന്ന്[j] പരീക്ഷിച്ച്[k]റിയേണ്ടതിനുമാ
യിരുന്നു ഞാൻ എഴുതിയത്. **10** നി
ങ്ങൾ വല്ലതും ക്ഷമിക്കുന്നവനോടു
ഞാനും ക്ഷമിക്കുന്നു; എന്നാൽ
ഞാൻ വല്ലതും ക്ഷമിച്ചിരിക്കുന്നു
എങ്കിൽ നിങ്ങൾ നിമിത്തം ക്രിസ്തു
വിന്റെ സന്നിധാനത്തിൽ ക്ഷമിച്ചി
രിക്കുന്നു. **11** സാത്താൻ നമ്മെ
തോല്പിക്കരുത്; അവന്റെ തന്ത്രങ്ങ
ളെ നാം അറിയാത്തവരല്ലല്ലോ.[l]
**12** എന്നാൽ ഞാൻ ക്രിസ്തുവി
ന്റെ സുവിശേഷം അറിയിപ്പാൻ ത്രോ
വാസിൽ വന്നാറെ[m] കർത്താവിന്റെ
പ്രവൃത്തിക്കായി എനിക്ക് ഒരു വാ
തിൽ തുറന്നുകിട്ടിയപ്പോൾ[n] **13** എ
ന്റെ സഹോദരനായ തീത്തൊസിനെ
കാണാഞ്ഞിട്ടു മനസ്സിൽ സ്വസ്ഥത
യില്ലായ്കയാൽ[o] ഞാൻ അവരോട്
യാത്ര പറഞ്ഞു മക്കെദോന്യക്കു പുറ
പ്പെട്ടു. **14** ക്രിസ്തുവിൽ ഞങ്ങളെ
എപ്പോഴും ജയോത്സവമായി നട
ത്തുകയും[p] എല്ലാടത്തും ഞങ്ങളെ
ക്കൊണ്ടു തന്റെ പരിജ്ഞാനത്തി
ന്റെ വാസന[q] വെളിപ്പെടുത്തുകയും
ചെയ്യുന്ന ദൈവത്തിനു സ്തോത്രം.[r]
**15** രക്ഷിക്കപ്പെടുന്നവരുടെ ഇടയിലും[s]
നശിക്കുന്നവരുടെ ഇടയിലും[t] ഞ
ങ്ങൾ ദൈവത്തിനു ക്രിസ്തുവിന്റെ
സൗരഭ്യവാസന ആകുന്നു; **16** ഇ
വർക്കു മരണത്തിൽനിന്നു മരണ
ത്തിലേക്കുള്ള വാസന,[u] അവർ
ക്കോ ജീവനിൽനിന്നു ജീവങ്കലേ
ക്കുള്ള വാസനതന്നെ.[u] എന്നാൽ
ഇതിന് ആർ പ്രാപ്തൻ?[v] **17** ഞ
ങ്ങൾ ദൈവവചനത്തിൽ കൂട്ടുചേർ
ക്കുന്ന[w] അനേകരെപ്പോലെ അല്ല,
നിർമ്മലതയോടും ദൈവത്തിന്റെ
കല്പനയാലും ദൈവസന്നിധിയിൽ
ക്രിസ്തുവിൽ സംസാരിക്കുന്നു.

✵ ✵ ✵

***1. പൗലൊസ് തന്റെ ശുശ്രൂഷയെ പ്രശംസിക്കുന്നത് 6. ന്യായപ്രമാണത്തിന്റെയും സുവിശേഷത്തിന്റെയും ശുശ്രൂഷകർ തമ്മിലുള്ള ഭേദാഭേദം.***

**3** ഞങ്ങൾ പിന്നെയും ഞങ്ങളെ
ത്തന്നെ ശ്ലാഘിപ്പാൻ തുടങ്ങു
ന്നുവോ?[a] അല്ല ചിലർ ചെയ്യുന്ന
തുപോലെ[b] നിങ്ങൾക്ക് ശ്ലാഘ്യ
പത്രം[c] കാണിപ്പാനാകട്ടെ നിങ്ങ
ളോടു വാങ്ങുവാനാകട്ടെ ഞങ്ങൾ
ക്ക് ആവശ്യമോ? **2** ഞങ്ങളുടെ
ഹൃദയങ്ങളിൽ എഴുതിയതായി
സകല മനുഷ്യരും അറിയുന്നതും
വായിക്കുന്നതുമായ ഞങ്ങളുടെ
പത്രം നിങ്ങൾതന്നെ.[d] **3** ഞങ്ങളു
ടെ ശുശ്രൂഷയാൽ ഉണ്ടായ ക്രിസ്തു
വിൻ പത്രമായി നിങ്ങൾ വെളിപ്പെ
ടുന്നുവല്ലോ. അതു മഷികൊണ്ടല്ല,
ജീവനുള്ള ദൈവത്തിന്റെ[e] ആത്മാ
വിനാൽ അത്രേ. കല്പലകയിൽ[f]
അല്ല, ഹൃദയമെന്ന മാംസ[g]പ്പല
കയിൽ[h] തന്നെ എഴുതിയിരിക്കുന്ന
ത്. **4** ഈ വിധം ഉറപ്പ് ഞങ്ങൾക്കു
ദൈവത്തോടു ക്രിസ്തുവിനാൽ
ഉണ്ട്.[i] **5** ഞങ്ങളിൽനിന്നുതന്നെ
വരുമ്പോലെ സ്വയമായി വല്ലതും
സങ്കല്പിപ്പാൻ ഞങ്ങൾ പ്രാപ്തർ
എന്നല്ല;[j] ഞങ്ങളുടെ പ്രാപ്തി
ദൈവത്തിന്റെ ദാനമത്രേ.[k] **6** അവൻ
ഞങ്ങളെ പുതുനിയമത്തിന്റെ[l]

6.[l] *യിരെ.31:31; ലൂക്കൊ.22:20;1കൊരി.11:25; എബ്രാ.8:8,13; (2കൊരി.3:14; എബ്രാ.9:15)*

4.[d] *2കൊരി.7:8,12; അപ്പൊ.പ്ര.20:19*
5.[e] *(1കൊരി.5:1,2)*
[f] *(ഗലാ.4:12)*
[g] *2കൊരി.1:14*
6.[h] *1കൊരി.5:4,5; (2കൊരി.7:11)*
7.[i] *ഗലാ.6:1; (എഫെ.4:32)*
9.[j] *2കൊരി.7:15;10:6*
[k] *ഫിലി.2:22*
11.[l] *1പത്രൊ.5:8*
12.[m] *അപ്പൊ.പ്ര. 16:8;20:6*
[n] *അപ്പൊ.പ്ര.14:27*
13.[o] *2കൊരി.7:5*
14.[p] *കൊലൊ.2:15*
[q] *എഫെ.5:2; ഫിലി.4:18; (ഉത്തമ.1:3)*
[r] *2കൊരി.8:16; (2കൊരി.9:15); റോമ.6:17*
15.[s] *1കൊരി.1:18*
[t] *2കൊരി.4:3*
16.[u] *(ലൂക്കൊ.2:34; യോഹ.9:39; 1പത്രൊ. 2:7,8)*
[v] *2കൊരി.3:5,6*
17.[w] *(2കൊരി. 1:18;4:2; 1തെസ്സ.3:5; 2പത്രൊ.2:3)*

**അധ്യായം 3**

1.[a] *2കൊരി.5:12; 10:12;12:11*
[b] *(2കൊരി.11:4)*
[c] *(അപ്പൊ.പ്ര.18:27; 1കൊരി.16:3)*
2.[d] *(1കൊരി.9:2)*
3.[e] *മത്താ.16:16*
[f] *പുറ.24:12; ആവ.4:13*
[g] *യെഹെ.11:19; 36:26; (യിരെ.31:33; എബ്രാ.8:10)*
[h] *സദൃ.3:3;7:3; യിരെ.17:1*
4.[i] *എഫെ.3:12*
5.[j] *(എഫെ.2:8)*
[k] *1കൊരി.15:10*

ശുശ്രൂഷകന്മാർ[m] ആകുവാൻ പ്രാ
പ്തരാക്കി; അക്ഷരത്തിന്റെ[n] ശുശ്രൂ
ഷകന്മാരല്ല, ആത്മാവിന്റെ ശുശ്രൂ
ഷകന്മാരത്രേ; അക്ഷരം കൊല്ലു
ന്നു, ആത്മാവോ ജീവിപ്പിക്കുന്നു.[o]
7 എന്നാൽ കല്ലിൽ അക്ഷരമായി
കൊത്തിയിരുന്ന മരണശുശ്രൂഷ,[p]
നീക്കംവരുന്നതായ[q] മോശെയുടെ
മുഖതേജസ്സുനിമിത്തം യിസ്രായേൽ
മക്കൾക്ക് അവന്റെ മുഖത്തു നോക്കി
ക്കൂടാതവണ്ണം[r] തേജസ്സുള്ളതായെ
ങ്കിൽ 8 ആത്മാവിന്റെ ശുശ്രൂഷ
അധികം തേജസ്സുള്ളതാകയില്ലയോ?
9 ശിക്ഷാവിധിയുടെ ശുശ്രൂഷ[s] തേജ
സ്സാകുന്നു എങ്കിൽ നീതിയുടെ ശു
ശ്രൂഷ[t] തേജസ്സേറിയതായിരിക്കും.
10 അതേ, തേജസ്സോടുകൂടിയത്
ഈ കാര്യത്തിൽ ഈ അതിമഹ
ത്തായ തേജസ്സുനിമിത്തം ഒട്ടും
തേജസ്സില്ലാത്തതായി. 11 നീക്കം
വരുന്നതു തേജസ്സുള്ളതായിരുന്നെ
ങ്കിൽ നിലനില്ക്കുന്നത് എത്ര അ
ധികം തേജസ്സുള്ളതായിരിക്കും!

12 ഈ വിധം പ്രത്യാശയുള്ളവരാ
യി ഞങ്ങൾ വളരെ പ്രാഗല്ഭ്യത്തോ
ടെ സംസാരിക്കുന്നു.[u] 13 നീങ്ങി
പ്പോകുന്നതിന്റെ അന്തം യിസ്രാ
യേൽമക്കൾ കാണാതവണ്ണം മോശെ
തന്റെ മുഖത്തു മൂടുപടം ഇട്ടതു
പോലെ[v] അല്ല. 14 എന്നാൽ അവ
രുടെ മനസ്സു[w] കഠിനപ്പെട്ടുപോയി.[x]
പഴയനിയമം[y] വായിക്കുമ്പോഴൊ
ക്കെയും[z] ആ മൂടുപടം നീങ്ങാതെ
ഇന്നുവരെ ഇരിക്കുന്നുവല്ലോ; അത്
ക്രിസ്തുവിൽ നീങ്ങിപ്പോകുന്നു.
15 മോശെയുടെ പുസ്തകം വായി
ക്കുമ്പോൾ മൂടുപടം ഇന്നേയോളം
അവരുടെ ഹൃദയത്തിന്മേൽ കിട
ക്കുന്നു. 16 കർത്താവിങ്കലേക്കു തിരി
യുമ്പോൾ[a] മൂടുപടം നീങ്ങിപ്പോകും.[b]
17 കർത്താവ് ആത്മാവാകുന്നു;
കർത്താവിന്റെ ആത്മാവു[c]ള്ളേടത്തു
സ്വാതന്ത്ര്യം[d] ഉണ്ട്. 18 എന്നാൽ
മൂടുപടം നീങ്ങിയ മുഖത്തു കർ
ത്താവിന്റെ തേജസ്സിനെ[e] കണ്ണാടി
പോലെ പ്രതിബിംബിക്കുന്നവരായി[f]
നാം എല്ലാവരും ആത്മാവാകുന്ന

6. [m] *എഫെ.3:7; കൊലൊ.1:23,25; (2കൊരി.4:1;5:18; 1തിമൊ.1:12)*
[n] *റോമ.2:27*
[o] *(യോഹ.6:63; റോമ.8:2)*
7. [p] *2കൊരി.3:9; റോമ.4:15*
[q] *1കൊരി.13:8,10*
[r] *2കൊരി.3:13; പുറ.34:29 - 35*
9. [s] *2കൊരി.3:7; (എബ്രാ.12:18 - 21)*
[t] *2കൊരി.11:15*
12. [u] *2കൊരി.7:4; എഫെ.6:19*
13. [v] *2കൊരി.3:7*
14. [w] *(2കൊരി.4:4; റോമ.11:25)*
[x] *മർക്കൊ.6:52*
[y] *(2കൊരി.3:6)*
[z] *അപ്പൊ.പ്ര. 13:15;15:21*
16. [a] *റോമ.11:23; (പുറ.34:34)*
[b] *(യെശ.25:7)*
17. [c] *യെശ.61:1,2; (ഗലാ.4:6)*
[d] *ഗലാ.5:1,13; യോഹ.8:32*
18. [e] *2കൊരി.4:4,6; 1തിമൊ.1:11; യോഹ.17:24*
[f] *1കൊരി.13:12*
[g] *(സങ്കീ.84:7)*
[h] *റോമ.8:29; 1കൊരി.15:49; 1യോഹ.3:2*

കർത്താവിന്റെ ദാനമായി തേജസ്സി
ന്മേൽ തേജസ്സു പ്രാപിച്ച്[g] അതേ
പ്രതിമയായി രൂപാന്തരപ്പെടുന്നു.[h]

✵ ✵ ✵

***1. പൗലൊസിന്റെ പ്രസംഗവേലയിലെ ഉത്സാഹവും പരമാർത്ഥതയും 7. അതുനിമിത്തം അനുഭവിച്ച ഉപദ്രവങ്ങൾ 14. തനിക്കുള്ള പ്രത്യാശ.***

# 4

അതുകൊണ്ടു ഞങ്ങൾക്കു ക
രുണ ലഭിച്ചിട്ട്[a] ഈ ശുശ്രൂഷ[b]
ഉണ്ടാകയാൽ ഞങ്ങൾ അധൈര്യ
പ്പെടാതെ 2 ലജ്ജാകരമായ രഹ
സ്യങ്ങളെ[c] ത്യജിച്ച് ഉപായം പ്രയോ
ഗിക്കാതെയും ദൈവവചനത്തിൽ
കൂട്ടു ചേർക്കാതെയും[d] സത്യം വെ
ളിപ്പെടുത്തുന്നതിനാൽ[e] ദൈവസ
ന്നിധിയിൽ സകല മനുഷ്യരുടെയും
മനസ്സാക്ഷിക്കു ഞങ്ങളെത്തന്നെ
ബോധ്യമാക്കുന്നു.[f] 3 എന്നാൽ ഞ
ങ്ങളുടെ സുവിശേഷം മറഞ്ഞിരി
ക്കുന്നു എങ്കിൽ[g] നശിച്ചുപോകു
ന്നവർക്കത്രേ[h] മറഞ്ഞിരിക്കുന്നു.[i]
4 ദൈവപ്രതിമയായ[j] ക്രിസ്തുവിന്റെ
തേജസ്സുള്ള സുവിശേഷത്തിന്റെ[k]
പ്രകാശനം[l] ശോഭിക്കാതിരിപ്പാൻ
ഈ ലോകത്തിന്റെ ദൈവം[m] അവി
ശ്വാസികളുടെ മനസ്സു കുരുടാക്കി.[g]
5 ഞങ്ങളെത്തന്നെ അല്ല, ക്രിസ്തു
യേശുവിനെ കർത്താവ് എന്നും
ഞങ്ങളെയോ യേശു നിമിത്തം നി
ങ്ങളുടെ ദാസന്മാർ എന്നും[n] അത്രേ
ഞങ്ങൾ പ്രസംഗിക്കുന്നത്.[o] 6 ഇരു
ട്ടിൽനിന്നു വെളിച്ചം പ്രകാശിക്കേ
ണം[p] എന്ന് അരുളിച്ചെയ്ത ദൈവം
യേശുക്രിസ്തുവിന്റെ മുഖത്തിലു
ള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം
വിളങ്ങിക്കേണ്ടതിനു[q] ഞങ്ങളുടെ
ഹൃദയങ്ങളിൽ പ്രകാശിച്ചിരിക്കുന്നു.[r]

7 എങ്കിലും ഈ അത്യന്തശക്തി[s]
ഞങ്ങളുടെ സ്വന്തം എന്നല്ല, ദൈവ
ത്തിന്റെ ദാനമത്രേ എന്ന് വരേണ്ട
തിന് ഈ നിക്ഷേപം ഞങ്ങൾക്കു

**അധ്യായം 4**

1. [a] *1കൊരി.7:25; 1തിമൊ.1:13*
[b] *2കൊരി.3:6*
2. [c] *റോമ.6:21*
[d] *2കൊരി.2:17*
[e] *2കൊരി.6:7;7:14*
[f] *2കൊരി.5:11,12*
3. [g] *(2കൊരി.3:14)*
[h] *2കൊരി.2:15; 1കൊരി.1:18; 2തെസ്സ.2:9*
[i] *(മത്താ.13:15)*
4. [j] *കൊലൊ.1:15; (ഫിലി.2:6; എബ്രാ.1:3)* [k] *2കൊരി.3:18* [l] *2കൊരി.4:6; അപ്പൊ.പ്ര.26:18* [m] *യോഹ.12:31* [g] *(വാ.3 കാ.)*
5. [n] *1കൊരി.9:19; 2കൊരി.1:24* [o] *(1തെസ്സ.2:6)*
6. [p] *ഉൽപ.1:3* [q] *2കൊരി.4:4* [r] *2പത്രൊ.1:19*
7. [s] *1കൊരി.2:5; (ന്യായാ.7:2)*

മൺപാത്രങ്ങളിൽ[t] ആകുന്നു ഉള്ളത്.
**8** ഞങ്ങൾ സകലവിധത്തിലും ക
ഷ്ടം സഹിക്കുന്നവർ[u] എങ്കിലും
ഇടുങ്ങിയിരിക്കുന്നില്ല; **9** ബുദ്ധിമു
ട്ടുന്നവർ എങ്കിലും നിരാശപ്പെടു
ന്നില്ല;[v] ഉപദ്രവം അനുഭവിക്കുന്ന
വർ[w] എങ്കിലും ഉപേക്ഷിക്കപ്പെടു
ന്നില്ല; വീണുകിടക്കുന്നവർ എങ്കിലും
നശിച്ചുപോകുന്നില്ല; **10** യേശുവിന്റെ
ജീവൻ ഞങ്ങളുടെ ശരീരത്തിൽ
വെളിപ്പെടേണ്ടതിനു[x] യേശുവിന്റെ
മരണം ശരീരത്തിൽ എപ്പോഴും വ
ഹിക്കുന്നു.[y] **11** ഞങ്ങളുടെ മർത്യ
ശരീരത്തിൽ യേശുവിന്റെ ജീവൻ
വെളിപ്പെടേണ്ടതിനു ജീവിച്ചിരിക്കുന്ന
ഞങ്ങൾ എല്ലായ്പോഴും യേശു
നിമിത്തം മരണത്തിൽ ഏല്പിക്ക
പ്പെടുന്നു. **12** അങ്ങനെ ഞങ്ങളിൽ
മരണവും[z] നിങ്ങളിൽ ജീവനും
വ്യാപരിക്കുന്നു.[z]

**13** [a]“ഞാൻ വിശ്വസിച്ചു, അതു
കൊണ്ടു ഞാൻ സംസാരിച്ചു”
എന്ന് എഴുതിയിരിക്കുന്നതുപോലെ
വിശ്വാസത്തിന്റെ അതേ ആത്മാവു[b]
ഞങ്ങൾക്കുള്ളതിനാൽ ഞങ്ങളും
വിശ്വസിക്കുന്നു, അതുകൊണ്ടു
സംസാരിക്കുന്നു. **14** കർത്താവായ
യേശുവിനെ ഉയിർപ്പിച്ചവൻ[c] ഞങ്ങ
ളെയും യേശുവോടുകൂടെ ഉയിർ
പ്പിച്ചു[d] നിങ്ങളോടുകൂടെ തിരുസ
ന്നിധിയിൽ നിറുത്തും[e] എന്ന് ഞ
ങ്ങൾ അറിയുന്നു. **15** കൃപ പല
രിലും പെരുകി[f] ദൈവത്തിന്റെ മഹി
മയ്ക്കായി[g] സ്തോത്രം വർധിപ്പി
ക്കേണ്ടതിനു സകലവും നിങ്ങൾ
നിമിത്തമല്ലോ ആകുന്നു.[h]

**16** അതുകൊണ്ടു ഞങ്ങൾ അധൈ
ര്യപ്പെടാതെ ഞങ്ങളുടെ പുറമേയു
ള്ള മനുഷ്യൻ ക്ഷയിച്ചുപോകുന്നു
എങ്കിലും[i] ഞങ്ങളുടെ അകമേയു
ള്ളവൻ[j] നാൾക്കുനാൾ പുതുക്കം
പ്രാപിക്കുന്നു.[k] **17** നൊടിനേരത്തേ
ക്കുള്ള ഞങ്ങളുടെ ലഘുവായ ക
ഷ്ടം[l] അത്യന്തം അനവധിയായി
തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു
കിട്ടുവാൻ ഹേതുവാകുന്നു. **18** കാണു
ന്നതിനെ അല്ല, കാണാത്തതിനെ

7.[t] *2തിമൊ.2:20; (2കൊരി.5:1; ഇയ്യോ.10:9;13:12; വിലാ.4:2; 1തെസ്സ.4:5; 1പത്രൊ.3:7)*
8.[u] *2കൊരി.7:5; (സങ്കീ.129:2)*
9.[v] *എബ്രാ.13:5; (ആവ.4:31)*
[w] *സങ്കീ.37:24; സദൃ. 24:16; മീഖാ.7:8*
10.[x] *2തിമൊ.2:11; (റോമ.5:10;6:8)*
[y] *2കൊരി.6:9; 1കൊരി.4:9;15:31; (2കൊരി.1:5,9; റോമ.6:5;8:36)*
12.[z] *(2കൊരി.13:9)*
13.[a] ***സങ്കീ.116:10***
[b] *1കൊരി.12:9; 2പത്രൊ.1:1*
14.[c] *1തെസ്സ.4:14; അപ്പൊ.പ്ര.2:24*
[d] *2കൊരി.1:9*
[e] *(യൂദാ.24)*
15.[f] *(2കൊരി. 1:11;9:11,12)*
[g] *2കൊരി.8:19*
[h] *(1കൊരി.1:6); റോമ.8:28*
16.[i] *അപ്പൊ.പ്ര.20:24*
[j] *റോമ.7:22*
[k] *(യെശ.40:30,31); റോമ.12:2*
17.[l] *റോമ.8:18; 1പത്രൊ.1:6;5:10; (സങ്കീ.30:5; യെശ.54:7)*

18.[m] *2കൊരി.5:7; റോമ.8:24; എബ്രാ.11:1,13*

**അധ്യായം 5**

1.[a] *2പത്രൊ.1:13,14; (യെശ.38:12)*
[b] *2കൊരി.4:7*
[c] *മർക്കൊ.14:58*
2.[d] *റോമ.8:23*
3.[e] *(1കൊരി.15:53,54)*
4.[f] *1കൊരി.15:54*

അത്രേ ഞങ്ങൾ നോക്കിക്കൊണ്ടി
രിക്കുന്നു;[m] കാണുന്നത് താൽക്കാ
ലികം, കാണാത്തതോ നിത്യം.

❋ ❋ ❋

***<u>1. നിത്യഭവനത്തിനുള്ള ആശയാൽ അപ്പൊ
സ്തലനുണ്ടായ ധൈര്യം 11. സുവിശേഷവേ
ലയിലുള്ള ഉത്സാഹം.</u>***

# 5

കൂടാരമായ[a] ഞങ്ങളുടെ ഭൗമ
ഭവനം[b] അഴിഞ്ഞുപോയാൽ
കൈപ്പണിയല്ലാത്ത നിത്യഭവന
മായി[c] ദൈവത്തിന്റെ ദാനമാ
യോരു കെട്ടിടം ഞങ്ങൾക്കു സ്വർ
ഗത്തിൽ ഉണ്ടെന്ന് അറിയുന്നു.
**2** ഈ കൂടാരത്തിൽ ഞരങ്ങിക്കൊ
ണ്ടു[d] ഞങ്ങൾ നഗ്നരായിട്ടല്ല ഉടു
പ്പുള്ളവരായിരിക്കുന്നു **3** എങ്കിൽ
സ്വർഗീയമായ ഞങ്ങളുടെ പാർ
പ്പിടം അതിനുമീതെ ധരിപ്പാൻ[e]
വാഞ്ഛിക്കുന്നു. **4** ഉരിവാനല്ല
മർത്യമായത് ജീവനാൽ നീങ്ങി
പ്പോകേണ്ടതിനു[f] മീതെ ഉടുപ്പാൻ
ഇച്ഛിക്കയാൽ ഞങ്ങൾ ഈ കൂടാര
ത്തിൽ ഇരിക്കുന്നേടത്തോളം ഭാര
പ്പെട്ടു ഞരങ്ങുന്നു. **5** അതിനായി
ഞങ്ങളെ ഒരുക്കിയത് ആത്മാവിനെ
അച്ചാരമായി തന്നിരിക്കുന്ന[g] ദൈവം
തന്നെ. **6** ആകയാൽ ഞങ്ങൾ
എല്ലായ്പോഴും ധൈര്യപ്പെട്ടും,
ശരീരത്തിൽ വസിക്കുമ്പോഴൊക്കെ
യും[h] കർത്താവിനോട് അകന്നു
പരദേശികൾ ആയിരിക്കുന്നു എന്ന്
അറിയുന്നു. **7** കാഴ്ചയാൽ അല്ല[i]
വിശ്വാസത്താലത്രേ ഞങ്ങൾ നട
ക്കുന്നത്.[j] **8** ഇങ്ങനെ ഞങ്ങൾ
ധൈര്യപ്പെട്ടു ശരീരം വിട്ടു[k] കർത്താ
വിനോടുകൂടെ വസിപ്പാൻ അധികം
ഇഷ്ടപ്പെടുന്നു.[k] **9** അതുകൊണ്ടു
ശരീരത്തിൽ വസിച്ചാലും ശരീരം
വിട്ടാലും ഞങ്ങൾ അവനെ പ്രസാ
ദിപ്പിക്കുന്നവർ[l] ആകുവാൻ അഭി
മാനിക്കുന്നു. **10** അവനവൻ ശരീര
ത്തിൽ ഇരിക്കുമ്പോൾ ചെയ്തതു

5.[g] *(റോമ.8:23); 2കൊരി.1:22* 6.[h] *(എബ്രാ.11:13,14)*
7.[i] *1കൊരി.13:12* [j] *(യോഹ.20:29); 2കൊരി.4:18*
8.[k] *(ഫിലി.1:23)* 9.[l] *(കൊലൊ.1:10; 1തെസ്സ.4:1)*

നല്ലതാകിലും തീയതാകിലും അ
തിനു തക്കവണ്ണം പ്രാപിക്കേണ്ടതി
നു[m] നാം എല്ലാവരും ക്രിസ്തുവി
ന്റെ ന്യായാസനത്തിന്റെ മുമ്പാകെ
വെളിപ്പെടേണ്ടതാകുന്നു.[n]

**11** ആകയാൽ കർത്താവിനെ ഭയ
പ്പെടേണം[o] എന്ന് അറിഞ്ഞിട്ടു ഞ
ങ്ങൾ മനുഷ്യരെ സമ്മതിപ്പിക്കുന്നു;
എന്നാൽ ദൈവത്തിനു ഞങ്ങൾ
വെളിപ്പെട്ടിരിക്കുന്നു;[p] നിങ്ങളുടെ
മനസ്സാക്ഷികളിലും വെളിപ്പെട്ടിരി
ക്കുന്നു എന്ന് ഞാൻ ആശിക്കുന്നു.
**12** ഞങ്ങൾ പിന്നെയും ഞങ്ങളെ
ത്തന്നെ നിങ്ങളോടു ശ്ലാഘിക്കയല്ല,[q]
ഹൃദയം നോക്കിയിട്ടല്ല, മുഖം നോ
ക്കിയിട്ടു പ്രശംസിക്കുന്നവരോട്
ഉത്തരം പറവാൻ നിങ്ങൾക്കു വക
ഉണ്ടാകേണ്ടതിനു ഞങ്ങളെക്കുറിച്ചു
പ്രശംസിപ്പാൻ നിങ്ങൾക്കു കാരണം
തരുകയത്രേ ചെയ്യുന്നത്.[r] **13** ഞ
ങ്ങൾ വിവശന്മാർ[s] എന്നു വരികിൽ
ദൈവത്തിനും സുബോധമുള്ളവർ
എന്നു വരികിൽ നിങ്ങൾക്കും ആ
കുന്നു. **14** ക്രിസ്തുവിന്റെ സ്നേഹം
ഞങ്ങളെ നിർബന്ധിക്കുന്നു;[t] എല്ലാ
വർക്കുംവേണ്ടി ഒരുവൻ മരിച്ചിരി
ക്കെ, **15** എല്ലാവരും മരിച്ചു[u] എന്നും
ജീവിക്കുന്നവർ ഇനി തങ്ങൾക്കാ
യിട്ടല്ല[v] തങ്ങൾക്കുവേണ്ടി മരിച്ച്
ഉയിർത്തവനായിട്ടു[w] തന്നെ ജീവി
ക്കേണ്ടതിന്[v] അവൻ എല്ലാവർക്കും
വേണ്ടി മരിച്ചു എന്നും ഞങ്ങൾ
നിർണയിച്ചിരിക്കുന്നു. **16** ആകയാൽ
ഞങ്ങൾ ഇന്നുമുതൽ ആരെയും
ജഡപ്രകാരം അറിയുന്നില്ല;[x] ക്രി
സ്തുവിനെ ജഡപ്രകാരം അറിഞ്ഞു
എങ്കിലും ഇനിമേൽ അങ്ങനെ അ
റിയുന്നില്ല. **17** ഒരുത്തൻ ക്രിസ്തു
വിലായാൽ[y] അവൻ പുതിയ സൃ
ഷ്ടി ആകുന്നു;[z] പഴയത് കഴിഞ്ഞു
പോയി,[a] ഇതാ, അതു പുതുതായി
തീർന്നിരിക്കുന്നു. **18** അതിനൊ
ക്കെയും ദൈവംതന്നെ കാരണഭൂ
തൻ; അവൻ നമ്മെ ക്രിസ്തുമൂലം
തന്നോടു നിരപ്പിച്ചു,[b] നിരപ്പിന്റെ
ശുശ്രൂഷ[c] ഞങ്ങൾക്കു തന്നിരി
ക്കുന്നു. **19** ദൈവം ലോകത്തിനു

10. [m] *സങ്കീ.62:12*
[n] *മത്താ.25:31,32; (റോമ.14:10); അപ്പൊ.പ്ര.10:42*
11. [o] *(ഇയ്യോ.31:23; അപ്പൊ.പ്ര.9:31; എബ്രാ.10:31; യൂദാ.23)*
[p] *2കൊരി.4:2*
12. [q] *2കൊരി.3:1*
[r] *(2കൊരി.1:14)*
13. [s] *2കൊരി. 11:1,16,17;12:6,11*
14. [t] *അപ്പൊ.പ്ര.18:5*
15. [u] *റോമ.5:15*
[v] *(റോമ.6:10,11); റോമ.14:7*
[w] *(2കൊരി.12:10)*
16. [x] *(ഗലാ.2:6; ഫിലി.3:7,8; കൊലൊ.2:11; 1തിമൊ.5:21)*
17. [y] *2കൊരി.12:2; റോമ.16:7; ഗലാ.1:22*
[z] *(യോഹ.3:3); റോമ.6:5*
[a] *യെശ.43:18,19; വെളി.21:5; (യെശ.65:17; എഫെ.2:14;4:24; എബ്രാ.8:13)*
18. [b] *കൊലൊ.1:20; റോമ.5:10; 1യോഹ.2:2*
[c] *റോമ.5:11*
19. [d] *സങ്കീ.32:2; റോമ.4:8; (1കൊരി.13:5)*
[c] *(വാ.18കാ.)*
20. [e] *എഫെ.6:19; (മലാ.2:7; ഗലാ.4:14)*
[f] *2കൊരി.6:1*
21. [g] *1പത്രൊ.2:22*
[h] *റോമ.1:17; 1കൊരി.1:30*
[i] *റോമ.8:3; ഗലാ.3:13; റോമ.4:24*

**അധ്യായം 6**
1. [a] *(എബ്രാ.12:15)*

ലംഘനങ്ങളെ കണക്കിടാതെ[d]
ലോകത്തെ ക്രിസ്തുവിൽ തന്നോടു
നിരപ്പിച്ചു പോന്നു. ഈ നിരപ്പിന്റെ
വചനം[c] ഞങ്ങളുടെ പക്കൽ ഭരമേ
ല്പിച്ചുമിരിക്കുന്നു.

**20** ആകയാൽ ഞങ്ങൾ ക്രിസ്തു
വിനുവേണ്ടി സ്ഥാനാപതികളായി[e]
ദൈവത്തോടു നിരന്നുകൊൾവിൻ
എന്ന് ക്രിസ്തുവിനു പകരം അപേ
ക്ഷിക്കുന്നു; അത് ദൈവം ഞങ്ങൾ
മുഖാന്തരം പ്രബോധിപ്പിക്കുന്നതു
പോലെ[f] ആകുന്നു. **21** പാപം അറി
യാത്തവനെ,[g] നാം അവനിൽ ദൈവ
ത്തിന്റെ നീതി[h] ആകേണ്ടതിന്, അ
വൻ നമുക്കുവേണ്ടി പാപം ആക്കി.[i]

❋ ❋ ❋

***1. പൗലൊസ് വിശ്വസ്തതയോടെ സുവിശേഷി ച്ചത് 14. വിഗ്രഹാരാധകരിൽനിന്നു ഒഴിഞ്ഞി രിക്കണമെന്നുള്ള ബുദ്ധിയുപദേശം.***

**6** നിങ്ങൾക്കു ദൈവത്തിന്റെ കൃപ
ലഭിച്ചത് വ്യർഥമായിത്തീരരുത്
എന്ന്[a] ഞങ്ങൾ സഹപ്രവൃത്തി
ക്കാരായി[b] നിങ്ങളെ പ്രബോധി
പ്പിക്കുന്നു.[c]

**2** [d]“പ്രസാദകാലത്തു ഞാൻ
നിനക്ക് ഉത്തരം അരുളി; രക്ഷാ
ദിവസത്തിൽ ഞാൻ നിന്നെ
സഹായിച്ചു”

എന്ന് അവൻ അരുളിച്ചെയ്യുന്നുവ
ല്ലോ. ഇപ്പോൾ[e] ആകുന്നു സുപ്ര
സാദകാലം;[f] ഇപ്പോൾ ആകുന്നു
രക്ഷാദിവസം. **3** ശുശ്രൂഷയ്ക്ക്
ആക്ഷേപം വരാതിരിക്കേണ്ടതിനു
ഞങ്ങൾ ഒന്നിലും ഇടർച്ചയ്ക്കു
ഹേതു കൊടുക്കാതെ[g] **4** സകലത്തി
ലും ഞങ്ങളെത്തന്നെ ദൈവത്തിന്റെ
ശുശ്രൂഷകന്മാരായി[h] കാണിക്കുന്നു;
ബഹുസഹിഷ്ണുത,[i] കഷ്ടം,[j] ബു
ദ്ധിമുട്ട്,[k] സങ്കടം, **5** തല്ല്,[l] തടവ്,

[b] *മർക്കൊ.16:20; 1കൊരി.3:9; (അപ്പൊ.പ്ര.15:4)* [c] *2കൊരി.5:20* 2. [d] ***യെശ.49:8*** [e] *(സങ്കീ.32:6;69:13; യെശ.55:6; എബ്രാ.3:13)* [f] *(ലൂക്കൊ.4:19)* 3. [g] *1കൊരി. 8:13;9:12* 4. [h] *(1തെസ്സ.3:2; 2തിമൊ.2:24,26); 2കൊരി.3:6* [i] *2കൊരി.12:12; 2തിമൊ.3:10* [j] *അപ്പൊ.പ്ര.9:16* [k] *2കൊരി.12:10* 5. [l] *2കൊരി. 11:23-27; അപ്പൊ.പ്ര.16:23*

കലഹം,[m] അധ്വാനം, ഉറക്കിളപ്പ്,
പട്ടിണി, **6** നിർമ്മലത,[n] പരിജ്ഞാ
നം,[o] ദീർഘക്ഷമ, ദയ, പരിശുദ്ധാ
ത്മാവ്,[p] നിർവ്യാജസ്നേഹം,[q]
**7** സത്യവചനം,[r] ദൈവശക്തി[s] എ
ന്നിവയിലും ഇടത്തും വലത്തും
നീതിയുടെ ആയുധങ്ങൾ[t] ധരിച്ചു
കൊണ്ട് **8** മാനാപമാനങ്ങളും ദു
ഷ്കീർത്തിസൽകീർത്തികളും[u]
അനുഭവിച്ചും ചതിയന്മാരെന്നിട്ടും
സത്യവാന്മാർ, **9** ആരും അറിയാത്ത
വരെന്നിട്ടും എല്ലാവരും നല്ലവണ്ണം
അറിയുന്നവർ,[v] മരിക്കുന്നവരെന്നി
ട്ടും[w] ഇതാ, ഞങ്ങൾ ജീവിക്കുന്നു;
ശിക്ഷിക്കപ്പെടുന്നവരെന്നിട്ടും[x]
കൊല്ലപ്പെടാത്തവർ; **10** ദുഃഖിതരെ
ങ്കിലും[y] എപ്പോഴും സന്തോഷിക്കു
ന്നവർ; ദരിദ്രരെങ്കിലും[z] പലരെയും
സമ്പന്നർ ആക്കുന്നവർ; ഒന്നും ഇ
ല്ലാത്തവർ എങ്കിലും[a] എല്ലാം കൈ
വശമുള്ളവരായി[b] ത്തന്നെ.

**11** അല്ലയോ കൊരിന്ത്യരേ, ഞ
ങ്ങളുടെ വായ് നിങ്ങളോടു തുറ
ന്നിരിക്കുന്നു; ഞങ്ങളുടെ ഹൃദയം
വിശാലമായിരിക്കുന്നു.[c] **12** ഞങ്ങ
ളുടെ ഉള്ളിൽ നിങ്ങൾക്ക് ഇടുക്ക
മില്ല, നിങ്ങളുടെ ഹൃദയങ്ങളിൽ
അത്രേ ഇടുക്കമുള്ളത്.[d] **13** ഇതിനു
പ്രതിഫലമായി[e] നിങ്ങളും വിശാല
തയുള്ളവരായിരിപ്പിൻ എന്ന് ഞാൻ
മക്കളോട് എന്നപോലെ[f] നിങ്ങ
ളോടു പറയുന്നു.

**14** നിങ്ങൾ അവിശ്വാസികളോട്
ഇണയല്ലാപ്പിണ കൂടരുത്;[g] നീതി
ക്കും അധർമ്മത്തിനും തമ്മിൽ എ
ന്തോരു ചേർച്ച?[h] വെളിച്ചത്തിന്
ഇരുളോട് എന്തോരു കൂട്ടായ്മ?[i]
**15** ക്രിസ്തുവിനും ബെലീയാലിനും
തമ്മിൽ എന്തു പൊരുത്തം?[j] അല്ല,
വിശ്വാസിക്ക് അവിശ്വാസിയുമായി
എന്ത് ഓഹരി? **16** ദൈവാലയത്തിനു
വിഗ്രഹങ്ങളോട് എന്തു യോജ്യത?
നാം ജീവനുള്ള ദൈവത്തിന്റെ ആല
യമല്ലോ.[k]

[l]"ഞാൻ അവരിൽ വസിക്കയും
അവരുടെ ഇടയിൽ നടക്കയും[m]
ചെയ്യും; ഞാൻ അവർക്കു
ദൈവവും അവർ എനിക്കു
ജനവും ആകും"[n]
എന്നു ദൈവം അരുളിച്ചെയ്തിരി
ക്കുന്നുവല്ലോ. അതുകൊണ്ട്
**17** [o]"അവരുടെ നടുവിൽനിന്നു
പുറപ്പെട്ടു വേർപെട്ടിരിപ്പിൻ എ
ന്ന് കർത്താവ് അരുളിച്ചെയ്യുന്നു;
അശുദ്ധമായത് ഒന്നും തൊടരു
ത്; എന്നാൽ ഞാൻ നിങ്ങളെ
കൈക്കൊണ്ട് **18** നിങ്ങൾക്കു
പിതാവും[p] നിങ്ങൾ എനിക്കു
പുത്രന്മാരും പുത്രിമാരും ആയി
രിക്കും"
എന്നു സർവശക്തനായ കർത്താവ്
അരുളിച്ചെയ്യുന്നു.

❋ ❋ ❋

***1. പൗലൊസ് വിശുദ്ധിക്കായി ബുദ്ധിയുപദേ
ശിച്ചത് 6. തീത്തൊസ് കൊരിന്ത്യരെക്കുറിച്ചു
ബോധിപ്പിച്ചതിൽ നിന്നുണ്ടായ സന്തോഷം.***

**7** പ്രിയമുള്ളവരേ, ഈ വാഗ്ദ
ത്തങ്ങൾ നമുക്ക് ഉള്ളതുകൊ
ണ്ടു നാം ജഡത്തിലെയും ആത്മാ
വിലെയും സകല കന്മഷവും നീക്കി
നമ്മെത്തന്നെ വെടിപ്പാക്കി ദൈവ
ഭയത്തിൽ വിശുദ്ധിയെ തികച്ചു
കൊൾക.[a]

**2** നിങ്ങളുടെ ഉള്ളിൽ ഞങ്ങൾ
ക്ക് ഇടം തരുവിൻ;[b] ഞങ്ങൾ
ആരോടും അന്യായം ചെയ്തിട്ടി
ല്ല,[c] ആരെയും കെടുത്തിയിട്ടില്ല;
ആരോടും ഒന്നും വഞ്ചിച്ചെടുത്തി
ട്ടുമില്ല. **3** കുറ്റം വിധിക്കുവാനല്ല
ഞാൻ ഇതു പറയുന്നത്; ഒരുമിച്ചു
മരിപ്പാനും ഒരുമിച്ചു ജീവിപ്പാനും
നിങ്ങൾ ഞങ്ങളുടെ ഹൃദയങ്ങളിൽ
ഇരിക്കുന്നു[d] എന്ന് ഞാൻ മുമ്പു
തന്നെ പറഞ്ഞിട്ടുണ്ടല്ലോ. **4** നിങ്ങ
ളോട് എനിക്കുള്ള പ്രാഗല്ഭ്യം
വലിയത്;[e] നിങ്ങളെക്കുറിച്ചുള്ള

5. [m] *അപ്പൊ.പ്ര.17:5*
6. [n] *1തെസ്സ.2:10*
[o] *2കൊരി.11:6*
[p] *റോമ.15:18; 1തെസ്സ.1:5*
[q] *റോമ.12:9; (യാക്കോ.3:17)*
7. [r] *എഫെ.1:13; കൊലൊ.1:3*
[s] *1കൊരി.2:5*
[t] *2കൊരി.10:4; എഫെ.6:11 - 17*
8. [u] *റോമ.3:8*
9. [v] *(2കൊരി.11:6)*
[w] *2കൊരി.4:10*
[x] *സങ്കീ.118:18*
10. [y] *യോഹ.16:22; (2കൊരി.7:5)*
[z] *(2കൊരി.8:9; സദൃ.13:7; 1കൊരി.1:6)*
[a] *അപ്പൊ.പ്ര.3:6*
[b] *1കൊരി.7:30*
11. [c] *2കൊരി.7:3; (2കൊരി.11:11;12:15; സങ്കീ.119:32)*
12. [d] *2കൊരി.7:2*
13. [e] *(ഗലാ.4:12)*
[f] *1കൊരി.4:14*
14. [g] *ആവ.7:3; യോശു.23:12; എസ്രാ.9:2; നെഹെ.13:25; (1കൊരി.7:39)*
[h] *എഫെ.5:7,11; 1യോഹ.1:6*
[i] *അപ്പൊ.പ്ര.26:18*
15. [j] *(1കൊരി.10:21)*
16. [k] *(എഫെ.2:22); 1കൊരി.3:16*
[l] ***ലേവ്യാ.26:12;*** *പുറ.29:45*
[m] *(വെളി.2:1;21:3)*
[n] *പുറ.6:7; യിരെ.31:33; യെഹെ.11:20; സെഖ.8:8;13:9*
17. [o] ***യെശ.52:11;*** *(2കൊരി.7:1; യെഹെ.20:34,35,41; സെഫ.3:20; വെളി.18:4)*
18. [p] *(പുറ.4:22; 2ശമൂ.7:8,14; യെശ.43:6; യിരെ.31:9; ഹോശേ.1:10; വെളി.21:7)*

**അധ്യായം 7**

1. [a] *1പത്രൊ.2:12; 1യോഹ.3:3* 2. [b] *2കൊരി.6:12,13* [c] *അപ്പൊ.പ്ര.20:33; (2കൊരി.11:20)* 3. [d] *(2കൊരി.6:11 - 13)* 4. [e] *2കൊരി.3:12*

എന്റെ പ്രശംസ[f] വലിയത്; ഞാൻ
ആശ്വാസംകൊണ്ടു നിറഞ്ഞിരിക്കു
ന്നു;[g] ഞങ്ങളുടെ സകല കഷ്ടത
യിലും സന്തോഷം എനിക്കു കവി
ഞ്ഞിരിക്കുന്നു.
5 ഞങ്ങൾ മക്കെദോന്യയിൽ
എത്തിയശേഷവും[h] ഞങ്ങളുടെ
ജഡത്തിന് ഒട്ടും സുഖമല്ല എല്ലാ
വിധത്തിലും കഷ്ടമത്രേ ഉണ്ടാ
യത്; പുറത്തു യുദ്ധം,[i] അകത്തു
ഭയം. 6 എങ്കിലും എളിയവരെ ആ
ശ്വസിപ്പിക്കുന്ന ദൈവം[j] തീത്തൊ
സിന്റെ വരവിനാൽ ഞങ്ങളെ ആ
ശ്വസിപ്പിച്ചു.[k] 7 അവന്റെ വരവിനാൽ
മാത്രമല്ല, അവനു നിങ്ങളെക്കൊ
ണ്ടു ലഭിച്ച ആശ്വാസത്താലുംകൂടെ;
നിങ്ങളുടെ വാഞ്ഛയും നിങ്ങ
ളുടെ വിലാപവും എനിക്കായുള്ള
നിങ്ങളുടെ എരിവും ഞങ്ങളോട്
അറിയിച്ചതിനാൽതന്നെ. അതു
കൊണ്ടു ഞാൻ അധികമായി
സന്തോഷിച്ചു. 8 ഞാൻ ലേഖന
ത്താൽ നിങ്ങളെ ദുഃഖിപ്പിച്ചു എ
ന്നു വരികിലും[l] ഞാൻ അനുതപി
ക്കുന്നില്ല; ആ ലേഖനം നിങ്ങളെ
കുറയ നേരത്തേക്കെങ്കിലും ദുഃഖി
പ്പിച്ചു എന്നു കാണുന്നതുകൊണ്ട്
മുമ്പേ അനുതപിച്ചു[m] എങ്കിലും
ഇപ്പോൾ ഞാൻ സന്തോഷിക്കു
ന്നു; 9 നിങ്ങൾ ദുഃഖിച്ചതിനാലല്ല,
മാനസാന്തരത്തിനായി ദുഃഖിച്ചതി
നാൽ അത്രേ.[n] നിങ്ങൾക്കു ഞങ്ങ
ളാൽ ഒന്നിലും ചേതം വരാതവണ്ണം
ദൈവഹിതപ്രകാരമല്ലോ നിങ്ങൾ
ദുഃഖിച്ചത്. 10 ദൈവഹിതപ്രകാര
മുള്ള ദുഃഖം[o] അനുതാപം വരാത്ത
മാനസാന്തരത്തെ രക്ഷയ്ക്കായി
ഉളവാക്കുന്നു; ലോകത്തിന്റെ ദുഃഖ
മോ[p] മരണത്തെ ഉളവാക്കുന്നു.
11 ദൈവഹിതപ്രകാരം നിങ്ങൾക്കു
ണ്ടായ ഈ ദുഃഖം എത്ര ഉത്സാഹം,
എത്ര പ്രതിവാദം, എത്ര നീരസം,
എത്ര ഭയം, എത്ര വാഞ്ഛ, എത്ര
എരിവ്,[q] എത്ര പ്രതികാരം നിങ്ങ
ളിൽ ജനിപ്പിച്ചു; ഈ കാര്യത്തിൽ
നിങ്ങൾ നിർമ്മലന്മാർ എന്ന് എല്ലാ
വിധത്തിലും കാണിച്ചിരിക്കുന്നു.
12 ഞാൻ നിങ്ങൾക്ക് എഴുതിയത്
അന്യായം ചെയ്തവൻ[r] നിമിത്തം
അല്ല, അന്യായം അനുഭവിച്ചവൻ
നിമിത്തവുമല്ല, ഞങ്ങൾക്കുവേണ്ടി
യുള്ള നിങ്ങളുടെ ഉത്സാഹം ദൈവ
ത്തിൻ മുമ്പാകെ നിങ്ങളുടെ ഇ
ടയിൽ വെളിപ്പെടേണ്ടതിനുതന്നെ.
13 അതുകൊണ്ടു ഞങ്ങൾക്ക്
ആശ്വാസം വന്നിരിക്കുന്നു;[s] ഞങ്ങ
ളുടെ ആശ്വാസമൊഴികെ തീത്തൊ
സിന്റെ മനസ്സിനു നിങ്ങളെല്ലാവരാ
ലും തണുപ്പ് വന്നതുകൊണ്ട്[t] അവ
നുണ്ടായ സന്തോഷം നിമിത്തം
ഞങ്ങൾ എത്രയും അധികം സന്തോ
ഷിച്ചു. 14 അവനോട് നിങ്ങളെക്കു
റിച്ചു വല്ലതും പ്രശംസിച്ചിട്ടുണ്ടെ
ങ്കിൽ[u] ഞാൻ ലജ്ജിച്ചുപോയിട്ടില്ല;
ഞങ്ങൾ നിങ്ങളോടു സകലവും
സത്യമായി[v] പറഞ്ഞതുപോലെ
തീത്തൊസിനോട് ഞങ്ങൾ പ്രശം
സിച്ചതും സത്യമായി വന്നു. 15 അ
വനെ ഭയത്തോടും വിറയലോടും
കൈക്കൊണ്ടതിൽ നിങ്ങളെല്ലാവ
രും കാണിച്ച അനുസരണം[w] അവൻ
ഓർക്കുമ്പോൾ നിങ്ങളോടുള്ള അ
വന്റെ അനുരാഗം അത്യന്തം വർധി
ക്കുന്നു. 16 നിങ്ങളെ സംബന്ധിച്ച്
എല്ലാ കാര്യത്തിലും ധൈര്യപ്പെടു
വാൻ ഇടയുള്ളതിനാൽ[x] ഞാൻ
സന്തോഷിക്കുന്നു.

❋ ❋ ❋

***1. വിശുദ്ധന്മാർക്കു സഹായം ചെയ്തു കൊടുക്കുവാൻ അവൻ ഉത്സാഹിപ്പിച്ചത് 16. തീത്തൊസിനെയും മറ്റുള്ളവരെയും പ്രശംസിച്ചത്.***

8 സഹോദരന്മാരേ, മക്കെദോന്യ
സഭകൾക്കു ലഭിച്ച[a] ദൈവകൃപ
ഞങ്ങൾ നിങ്ങളോട് അറിയിക്കു
ന്നു. 2 കഷ്ടത എന്ന കഠിനശോധന
യിൽ ആയിരുന്നിട്ടും അവരുടെ
സന്തോഷസമൃദ്ധിയും മഹാദാരി
ദ്ര്യവും[b] ധാരാളം ഔദാര്യം കാ
ണിപ്പാൻ കാരണമായിത്തീർന്നു.
3 വിശുദ്ധന്മാരുടെ സഹായത്തിനുള്ള[c]
ധർമവും കൂട്ടായ്മയും സംബന്ധി
ച്ച്[d] അവർ വളരെ താല്പര്യത്തോ
ടെ 4 ഞങ്ങളോട് അപേക്ഷിച്ചു

4. [f] 2കൊരി.1:12; 8:24;9:2
[g] 2കൊരി.1:4; ഫിലി.2:17; കൊലൊ.1:24; (2കൊരി.6:10)
5. [h] 2കൊരി.2:13
[i] (ആവ.32:25; വിലാ.1:20)
6. [j] 2കൊരി.1:4
[k] 2കൊരി.7:13; (1തെസ്സ.3:6,7)
8. [l] (2കൊരി.2:2)
[m] 2കൊരി.2:4
9. [n] സങ്കീ.38:18; (1കൊരി.5:2)
10. [o] (2ശമൂ.12:13; അപ്പൊ.പ്ര.11:18)
[p] (സദൃ.17:22)
11. [q] (2കൊരി.2:6)
12. [r] (1കൊരി.5:1,2)
13. [s] 2കൊരി.7:6
[t] റോമ.15:31
14. [u] 2കൊരി.8:24; 9:2; 10:8; (2തെസ്സ.1:4)
[v] 2കൊരി.4:2;6:7
15. [w] 2കൊരി.2:9; 10:6
16. [x] 2കൊരി.2:3

**അധ്യായം 8**

1. [a] 2കൊരി.8:5
2. [b] (മർക്കൊ.12:44)
3. [c] റോമ.15:30
[d] 2കൊരി.9:2; റോമ.15:25,26; അപ്പൊ.പ്ര.24:17

പ്രാപ്തിപോലെയും[e] പ്രാപ്തിക്കു
മീതെയും സ്വമേധയായി കൊടു
ത്തു എന്നതിനു ഞാൻ സാക്ഷി.
**5** അതും ഞങ്ങൾ വിചാരിച്ചിരുന്ന
തുപോലെയല്ല; അവർ മുമ്പേ തങ്ങ
ളെത്തന്നെ കർത്താവിനും[f] പിന്നെ
ദൈവേഷ്ടത്തിനൊത്തവണ്ണം ഞ
ങ്ങൾക്കും ഏല്പിച്ചു.[f] **6** അങ്ങനെ
തീത്തൊസ്[g] ആരംഭിച്ചതുപോലെ
നിങ്ങളുടെ ഇടയിൽ ഈ ധർമ്മശേ
ഖരം[h] നിവർത്തിക്കേണം എന്ന് ഞ
ങ്ങൾ അവനോട് അപേക്ഷിച്ചു.[g]
**7** എന്നാൽ വിശ്വാസം, വചനം, പരി
ജ്ഞാനം, പൂർണജാഗ്രത, ഞങ്ങ
ളോടുള്ള സ്നേഹം ഇങ്ങനെ എല്ലാ
റ്റിലും നിങ്ങൾ മുന്തിയിരിക്കുന്ന
തു[i]പോലെ ഈ ധർമകാര്യത്തിലും
മുന്തിവരുവിൻ.[j] **8** ഞാൻ കല്പന
യായിട്ടല്ല, മറ്റുള്ളവരുടെ ജാഗ്രത
കൊണ്ടു നിങ്ങളുടെ സ്നേഹത്തിന്റെ
പരമാർഥതയും ശോധന ചെയ്യേണ്ട
തിനത്രേ പറയുന്നത്.[k] **9** നമ്മുടെ
കർത്താവായ യേശുക്രിസ്തു സമ്പ
ന്നൻ ആയിരുന്നിട്ടും[l] അവന്റെ ദാരി
ദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേ
ണ്ടതിനു നിങ്ങൾ നിമിത്തം ദരിദ്ര
നായിത്തീർന്ന കൃപ നിങ്ങൾ അറി
യുന്നുവല്ലോ. **10** ഞാൻ ഇതിൽ
എന്റെ അഭിപ്രായം പറഞ്ഞുതരു
ന്നു;[m] ചെയ്വാൻ മാത്രമല്ല, താല്പ
ര്യപ്പെടുവാനും കൂടെ ഒരു ആണ്ട്
മുമ്പേ[n] ആദ്യമായി ആരംഭിച്ച നി
ങ്ങൾക്ക് ഇതു യോഗ്യം.[o] **11** എ
ന്നാൽ താല്പര്യപ്പെടുവാൻ മനസ്സൊ
രുക്കം ഉണ്ടായതുപോലെ നിങ്ങളുടെ
പ്രാപ്തിക്ക് ഒത്തവണ്ണം നിവൃത്തി
ഉണ്ടാകേണ്ടതിന് ഇപ്പോൾ പ്രവൃ
ത്തിയും അനുഷ്ഠിപ്പിൻ. **12** ഒരു
ത്തനു മനസ്സൊരുക്കം ഉണ്ടെങ്കിൽ
പ്രാപ്തിയില്ലാത്തതുപോലെയല്ല
പ്രാപ്തിയുള്ളതുപോലെ[p] കൊടു
ത്താൽ അവനു ദൈവപ്രസാദം ലഭി
ക്കും. **13** മറ്റുള്ളവർക്കു സുഭിക്ഷവും
നിങ്ങൾക്കു ദുർഭിക്ഷവും വരേണം
എന്നല്ല സമത്വം വേണം എന്നത്രേ.
**14** സമത്വം ഉണ്ടാവാൻ തക്കവണ്ണം
അവരുടെ സുഭിക്ഷം നിങ്ങളുടെ
ദുർഭിക്ഷത്തിന്[q] ഉതകേണ്ടതിന്
ഇക്കാലം നിങ്ങൾക്കുള്ള സുഭിക്ഷം
അവരുടെ ദുർഭിക്ഷത്തിന്[q] ഉതകട്ടെ.
**15** [r]“ഏറെ പെറുക്കിയവന് ഏ
റെയും കുറെ പെറുക്കിയവനു
കുറവും കണ്ടില്ല”
എന്ന് എഴുതിയിരിക്കുന്നതുപോ
ലെ തന്നെ.
**16** നിങ്ങൾക്കുവേണ്ടി തീത്തൊ
സിന്റെ ഹൃദയത്തിലും ഈ ജാഗ്രത
നല്കിയ[s] ദൈവത്തിനു സ്തോത്രം.[t]
**17** അവൻ അപേക്ഷ കൈക്കൊണ്ടു
എന്നു[u] മാത്രമല്ല, അത്യുത്സാഹി
യാകയാൽ സ്വമേധയായി നിങ്ങ
ളുടെ അടുക്കലേക്കു പുറപ്പെട്ടു.
**18** ഞങ്ങൾ അവനോടുകൂടെ ഒരു
സഹോദരനെയും[v] അയച്ചിരിക്കുന്നു;
സുവിശേഷസംബന്ധമായുള്ള അ
വന്റെ പുകഴ്ച സകല സഭകളി
ലും[w] പരന്നിരിക്കുന്നു. **19** അത്രയു
മല്ല, കർത്താവിന്റെ മഹത്ത്വത്തി
നായും[x] നമ്മുടെ മനസ്സൊരുക്കം
കാണിപ്പാനായും ഞങ്ങളുടെ ശുശ്രൂ
ഷയാൽ നടക്കുന്ന ഈ ധർമ്മ[y]കാര്യ
ത്തിൽ അവൻ ഞങ്ങൾക്കു കൂട്ടു
യാത്രക്കാരനായി സഭകളാൽ തിര
ഞ്ഞെടുക്കപ്പെട്ട[z]വനും ആകുന്നു.
**20** ഞങ്ങൾ നടത്തിവരുന്ന ഈ
ധർമശേഖരകാര്യത്തിൽ ആരും
ഞങ്ങളെ അപവാദം പറയാതിരി
പ്പാൻ സൂക്ഷിച്ചുകൊണ്ട് **21** ഞ
ങ്ങൾ കർത്താവിന്റെ മുമ്പാകെ മാ
ത്രമല്ല[a] മനുഷ്യരുടെ മുമ്പാകെയും
യോഗ്യമായത് മുൻകരുതുന്നു.[b]
**22** ഞങ്ങൾ പലതിലും പലപ്പോഴും
ശോധന ചെയ്ത് ഉത്സാഹിയായി
കണ്ടും ഇപ്പോഴോ തനിക്കു നിങ്ങ
ളെക്കുറിച്ച് ധൈര്യം പെരുകുക
യാൽ അത്യുത്സാഹിയായുമിരി
ക്കുന്ന നമ്മുടെ സഹോദരനെയും
അവരോടുകൂടെ അയച്ചിരിക്കുന്നു.
**23** തീത്തൊസ് എനിക്കു കൂട്ടാളി
യും[c] നിങ്ങൾക്കായിട്ടു കൂട്ടുവേല
ക്കാരനും ആകുന്നു; നമ്മുടെ സ
ഹോദരന്മാർ സഭകളുടെ ദൂതന്മാ
രും[d] ക്രിസ്തുവിനു മഹത്ത്വവും
തന്നെ. **24** ആകയാൽ നിങ്ങളുടെ

4. [e] *2കൊരി.8:11; 1കൊരി.16:2*
5. [f] *2കൊരി.8:1*
6. [g] *2കൊരി.8:17; 12:18*
[h] *2കൊരി.8:19; (2കൊരി.8:3)*
7. [i] *1കൊരി.1:6*
[j] *2കൊരി.9:8*
8. [k] *1കൊരി.7:6*
9. [l] *ഫിലി.2:6,7; (2കൊരി.6:10; മത്താ.20:28)*
10. [m] *1കൊരി.7:25*
[n] *2കൊരി.9:2*
[o] *ആവ.15:7,8; സദൃ.19:17;28:29; 1തിമൊ.6:18,19; എബ്രാ.13:16*
12. [p] *(2കൊരി.9:7; മർക്കൊ.12:43,44; ലൂക്കൊ.21:3,4)*
14. [q] *2കൊരി.9:12 ; (അപ്പൊ.പ്ര.4:34)*
15. [r] ***പുറ.16:18***
16. [s] *വെളി.17:17*
[t] *2കൊരി.2:14*
17. [u] *2കൊരി.8:6*
18. [v] *2കൊരി.12:18*
[w] *1കൊരി.7:17*
19. [x] *2കൊരി.4:15*
[y] *2കൊരി.8:6*
[z] *(1കൊരി.16:3,4)*
21. [a] *(റോമ.14:18; ഫിലി.4:8; 1പത്രൊ.2:12)*
[b] *റോമ.12:17*
23. [c] *(ഫിലേ.17)*
[d] *ഫിലി.2:25*

സ്നേഹത്തിനും നിങ്ങളെച്ചൊല്ലി
ഞങ്ങൾ പറയുന്ന പ്രശംസയ്ക്കും[e]
ഒത്ത ദൃഷ്ടാന്തം സഭകൾ കാൺകെ
അവർക്കു കാണിച്ചുകൊടുപ്പിൻ.

✵ ✵ ✵

***ഔദാര്യമായി കൊടുക്കുവാൻ ഉത്സാഹിപ്പിച്ചത്.***

**9** വിശുദ്ധന്മാർക്കുവേണ്ടി നട
ത്തുന്ന ദ്രവ്യശേഖരത്തെ[a]ക്കു
റിച്ചു നിങ്ങൾക്ക് എഴുതുവാൻ ആവ
ശ്യമില്ലല്ലോ.[b] **2** അഖായ കീഴാണ്ടു
മുതൽ[c] ഒരുങ്ങിയിരിക്കുന്നു എന്ന്
ഞാൻ നിങ്ങളെക്കുറിച്ച് മക്കെദോ
ന്യരോട് പ്രശംസിച്ചുവരുന്ന[d] നിങ്ങ
ളുടെ മനസ്സൊരുക്കം ഞാൻ അറി
യുന്നു; നിങ്ങളുടെ എരിവു മിക്ക
പേർക്കും ഉത്സാഹകാരണമായി
ത്തീർന്നിരിക്കുന്നു. **3** നിങ്ങളെക്കു
റിച്ചു ഞങ്ങൾ പറയുന്ന പ്രശംസ
ഈ കാര്യത്തിൽ വ്യർഥമാകാതെ
ഞാൻ പറഞ്ഞതുപോലെ നിങ്ങൾ
ഒരുങ്ങിയിരിക്കേണ്ടതിനു[e] തന്നെ
ഞാൻ സഹോദരന്മാരെ അയച്ചത്.[f]
**4** അല്ലെങ്കിൽ പക്ഷേ മക്കെദോ
ന്യർ എന്നോടുകൂടെ വരികയും[g]
നിങ്ങളെ ഒരുങ്ങാത്തവരായി കാ
ണുകയും ചെയ്താൽ നിങ്ങൾ എ
ന്നല്ല ഞങ്ങൾതന്നെ ഈ അതി
ധൈര്യം നിമിത്തം ലജ്ജിച്ചുപോ
കുമല്ലോ. **5** ആകയാൽ സഹോദര
ന്മാർ ഞങ്ങൾക്കു മുമ്പായി അ
ങ്ങോട്ടു വരികയും നിങ്ങൾ മുമ്പേ
വാഗ്ദത്തം ചെയ്ത അനുഗ്രഹം[h]
പിശുക്കായിട്ടല്ല[i] അനുഗ്രഹമായിട്ട്[j]
ഒരുങ്ങിയിരിപ്പാൻ തക്കവണ്ണം മുമ്പു
കൂട്ടി ഒരുക്കിവയ്ക്കയും ചെയ്യേണ്ട
തിന് അവരോട് അപേക്ഷിപ്പാൻ
ആവശ്യം എന്ന് ഞങ്ങൾക്കു തോന്നി.
**6** എന്നാൽ ലോഭമായി വിത
യ്ക്കുന്നവൻ ലോഭമായി കൊയ്യും;[k]
ധാരാളമായി വിതയ്ക്കുന്നവൻ
ധാരാളമായി കൊയ്യും എന്ന് ഓർ
ത്തുകൊൾവിൻ. **7** അവനവൻ ഹൃ
ദയത്തിൽ നിശ്ചയിച്ചതുപോലെ
കൊടുക്കട്ടെ. സങ്കടത്തോടെ അ
രുത്;[l] നിർബ്ബന്ധത്താലുമരുത്;
സന്തോഷത്തോടെ കൊടുക്കുന്ന
വനെ ദൈവം സ്നേഹിക്കുന്നു.[m]
**8** നിങ്ങൾ സകലത്തിലും എപ്പോഴും
പൂർണതൃപ്തിയുള്ളവരായി സകല
സൽപ്രവൃത്തിയിലും പെരുകി വരു
മാറ് നിങ്ങളിൽ സകല കൃപയും
പെരുക്കുവാൻ ദൈവം ശക്തൻ
ആകുന്നു.[n]

**9** [o]"അവൻ വാരി വിതറി ദരിദ്ര
ന്മാർക്കു കൊടുക്കുന്നു; അവന്റെ
നീതി എന്നേക്കും നിലനി
ല്ക്കുന്നു"

എന്ന് എഴുതിയിരിക്കുന്നുവല്ലോ.
**10** എന്നാൽ വിതയ്ക്കുന്നവനു
വിത്തും[p] ഭക്ഷിപ്പാൻ ആഹാരവും
നല്കുന്നവൻ നിങ്ങളുടെ വിതയും
നല്കി പൊലിപ്പിക്കയും നിങ്ങളുടെ
നീതിയുടെ വിളവു വർധിപ്പിക്കയും[q]
ചെയ്യും. **11** ഇങ്ങനെ ദൈവത്തിനു
ഞങ്ങളാൽ സ്തോത്രം[r] വരുവാൻ
കാരണമായിരിക്കുന്ന ഔദാര്യമൊ
ക്കെയും കാണിക്കേണ്ടതിനു നി
ങ്ങൾ സകലത്തിലും സമ്പന്നന്മാർ
ആകും.[s] **12** ഈ നടത്തുന്ന ധർ
മശേഖരം വിശുദ്ധന്മാരുടെ ബുദ്ധി
മുട്ടു[t] തീർക്കുന്നതുമല്ലാതെ ദൈവ
ത്തിന് അനവധി സ്തോത്രം വരു
വാൻ കാരണവും ആകുന്നു. **13** ഈ
സഹായത്താൽ തെളിയുന്ന സി
ദ്ധത ഹേതുവായി ക്രിസ്തുവിന്റെ
സുവിശേഷം നിങ്ങൾ സ്വീകരിച്ച[u]
അനുസരണം നിമിത്തവും അവ
രോടും എല്ലാവരോടും നിങ്ങൾ
കാണിക്കുന്ന കൂട്ടായ്മയുടെ ഔദാ
ര്യം നിമിത്തവും അവർ ദൈവത്തെ
മഹത്ത്വപ്പെടുത്തും.[v] **14** നിങ്ങൾക്കു
ലഭിച്ച അതിമഹത്തായ ദൈവകൃപ
നിമിത്തം അവർ നിങ്ങളെ കാൺ
മാൻ വാഞ്ഛിച്ചു നിങ്ങൾക്കുവേ
ണ്ടി പ്രാർഥിക്കും. **15** പറഞ്ഞുതീ
രാത്ത ദാനം നിമിത്തം ദൈവത്തി
നു സ്തോത്രം.[w]

✵ ✵ ✵

24.[e] *2കൊരി. 7:4,14;9:2,3*

**അധ്യായം 9**

1.[a] *റോമ.15:25*
[b] *(1തെസ്സ.4:9)*
2.[c] *2കൊരി.8:10*
[d] *2കൊരി.8:24*
3.[e] *1കൊരി.16:2*
[f] *2കൊരി.8:6,17,18,22*
4.[g] *(അപ്പൊ.പ്ര.20:4)*
5.[h] *ഉൽപ.33:11; ന്യായാ.1:15; 1ശമൂ.25:27; 2രാജാ.5:15*
[i] *(2കൊരി.12:17,18)*
[j] *(ഫിലി.4:17)*
6.[k] *സദൃ.11:24,25; 22:9; ഗലാ.6:7,9; (മലാ.3:10; ലൂക്കൊ.6:38)*
7.[l] *ആവ.15:10; 2കൊരി.8:12*
[m] *പുറ.25:2*
8.[n] *ഫിലി.4:19; (എഫെ.3:2)*
9.[o] ***സങ്കീ.112:9***
10.[p] *യെശ.55:10*
[q] *(ഹോശേ.10:12)*
11.[r] *(2കൊരി.1:11)*
[s] *1കൊരി.1:6*
12.[t] *2കൊരി.8:14*
13.[u] *1തിമൊ.6:12,13; എബ്രാ.3:1;4:14; 10:23*
[v] *മത്താ.5:16; 1പത്രൊ.2:12*
15.[w] *(യോഹ.3:16; എഫെ.2:8); 2കൊരി.2:14*

9:2 ***അഖായ... മക്കെദോന്യ:*** ഗ്രീസിന്റെ മധ്യദക്ഷിണ ദേശവും എഫെസൊസിൽനിന്ന് ഈജിയൻ കടലിനു നേരേ പടിഞ്ഞാറുള്ള പ്രദേശവുമാണ് അഖായ.

*1. സഭയെ യഥാസ്ഥാനപ്പെടുത്തുവാൻ തന്റെ അധികാരത്തെ പ്രശംസിച്ച് എതിരാളികളെ ശാസിക്കുന്നത് 13. തന്റെ വേലയ്ക്കു പ്രതിവാദം ചൊല്ലിയത്.*

**10** നിങ്ങളുടെ സമക്ഷത്തു താഴ്മ
യുള്ളവൻ എന്നും അകല
ത്തിരിക്കെ നിങ്ങളോടു ധൈര്യപ്പെ
ടുന്നവൻ എന്നുമുള്ള പൗലൊ
സായ ഞാൻ[a] ക്രിസ്തുവിന്റെ
സൗമ്യതയും[b] ശാന്തതയും[c] ഓർ
പ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കു
ന്നു.[a] **2** ഞങ്ങൾ ജഡത്തെ അനു
സരിച്ചു നടക്കുന്നു എന്ന് നിരൂപി
ക്കുന്ന ചിലരോടു[d] ധീരത കാണി
പ്പാൻ ഞാൻ ഭാവിക്കുന്നു; ഞാൻ
നിങ്ങളുടെ അടുക്കൽ വരുമ്പോൾ
അങ്ങനെ ഖണ്ഡിതമായ ധൈര്യം
കാണിപ്പാൻ[e] ഇടവരരുത്[e] എന്ന്
അപേക്ഷിക്കുന്നു. **3** ഞങ്ങൾ ജഡ
ത്തിൽ സഞ്ചരിക്കുന്നവർ എങ്കിലും
ജഡപ്രകാരം പോരാടുന്നില്ല. **4** ഞ
ങ്ങളുടെ പോരിന്റെ[f] ആയുധങ്ങളോ[g]
ജഡികങ്ങൾ അല്ല, കോട്ടകളെ ഇടി
പ്പാൻ[h] ദൈവസന്നിധിയിൽ[i] ശക്തി
യുള്ളവ[j] തന്നെ. **5** അവയാൽ ഞ
ങ്ങൾ സങ്കല്പങ്ങളും ദൈവത്തിന്റെ
പരിജ്ഞാനത്തിനു വിരോധമായി
പൊങ്ങുന്ന എല്ലാ ഉയർച്ചയും[k] ഇടി
ച്ചുകളഞ്ഞ്, ഏതു വിചാരത്തെയും
ക്രിസ്തുവിനോടുള്ള അനുസരണ
ത്തിനായിട്ടു[l] പിടിച്ചടക്കി, **6** നിങ്ങ
ളുടെ അനുസരണം തികഞ്ഞുവരു
മ്പോൾ[m] എല്ലാ അനുസരണക്കേ
ടിനും പ്രതികാരം ചെയ്‌വാൻ ഒരു
ങ്ങിയുമിരിക്കുന്നു.[n] നിങ്ങൾ പുറ
മേയുള്ളതു നോക്കുന്നു.[o] **7** താൻ
ക്രിസ്തുവിനുള്ളവൻ എന്ന് ഒരു
ത്തൻ ഉറച്ചിരിക്കുന്നു എങ്കിൽ[p]
അവൻ ക്രിസ്തുവിനുള്ളവൻ[q] എന്ന
പോലെ ഞങ്ങളും ക്രിസ്തുവിനുള്ള
വർ[r] എന്ന് അവൻ പിന്നെയും നിരൂ
പിക്കട്ടെ. **8** നിങ്ങളെ ഇടിച്ചുകള
വാനല്ല പണിവാനത്രേ കർത്താവ്
ഞങ്ങൾക്കു തന്ന അധികാരത്തെ[s]
ക്കുറിച്ച് ഒന്ന് അധികം പ്രശംസിച്ചാ
ലും ഞാൻ ലജ്ജിച്ചുപോകയില്ല.
**9** ഞാൻ ലേഖനങ്ങളെക്കൊണ്ടു
നിങ്ങളെ പേടിപ്പിക്കുന്നു എന്ന്
തോന്നരുത്. **10** അവന്റെ ലേഖന
ങ്ങൾ ഘനവും ഊറ്റവും ഉള്ളവത
ന്നെ; ശരീരസന്നിധിയോ ബലഹീ
നവും[t] വാക്ക് നിന്ദ്യവുമത്രേ[u] എന്ന്
ചിലർ പറയുന്നുവല്ലോ. **11** അകലെ
യിരിക്കുമ്പോൾ ഞങ്ങൾ ലേഖന
ങ്ങളാൽ വാക്കിൽ എങ്ങനെയുള്ള
വരോ അരികത്തിരിക്കുമ്പോൾ
പ്രവൃത്തിയിലും അങ്ങനെയുള്ള
വർതന്നെ എന്ന് അങ്ങനത്തവൻ
നിരൂപിക്കട്ടെ. **12** തങ്ങളെത്തന്നെ
ശ്ലാഘിക്കുന്ന[v] ചിലരോടു ഞങ്ങ
ളെത്തന്നെ ചേർത്തൊരുമിപ്പാനോ
ഉപമിപ്പാനോ[w] തുനിയുന്നില്ല; അ
വർ തങ്ങളാൽതന്നെ തങ്ങളെ അള
ക്കുകയും തങ്ങളോടുതന്നെ തങ്ങ
ളെ ഉപമിക്കയും ചെയ്യുന്നതുകൊ
ണ്ടു തിരിച്ചറിവുള്ളവരല്ല.[x] **13** ഞ
ങ്ങളോ അളവില്ലാത്തവണ്ണമല്ല,[y]
നിങ്ങളുടെ അടുക്കലോളം എത്തു
മാറു[z] ദൈവം ഞങ്ങൾക്ക് അളന്നു
തന്ന അതിരിന്റെ അളവിന് ഒത്ത
വണ്ണമത്രേ[a] പ്രശംസിക്കുന്നത്.
**14** ഞങ്ങൾ നിങ്ങളുടെ അടുക്ക
ലോളം എത്താതെ അതിർ കടന്നു
പോകുന്നു എന്നല്ല; ക്രിസ്തുവിന്റെ
സുവിശേഷം പ്രസംഗിച്ചുകൊണ്ടു
ഞങ്ങൾ നിങ്ങളുടെ അടുക്കലോളം
വന്നിട്ടുണ്ടല്ലോ.[b] **15** ഞങ്ങൾ മറ്റു
ള്ളവരുടെ പ്രയത്നഫലം കൈവ
ശമാക്കി അളവില്ലാതെ പ്രശംസി
ക്കുന്നു എന്നുമില്ല. നിങ്ങളുടെ വി
ശ്വാസം വർധിച്ചാൽ[c] ഞങ്ങളുടെ
അതിരിനകത്തു നിങ്ങളുടെ ഇട
യിൽ അത്യന്തം വലുതായ ഫലം
പ്രാപിപ്പാനും[d] **16** മറ്റൊരുത്തന്റെ
അതിരിനകത്തു സാധിച്ചതിൽ പ്ര
ശംസിക്കാതെ നിങ്ങൾക്ക് അപ്പുറ
ത്തുള്ള ദിക്കുകളോളം സുവിശേഷം
പ്രസംഗിപ്പാനും ആശിക്കയത്രേ
ചെയ്യുന്നു. **17** പ്രശംസിക്കുന്ന
വൻ[e] കർത്താവിൽ പ്രശംസിക്ക
ട്ടെ. തന്നെത്താൻ പുകഴ്ത്തുന്ന
വനല്ല,[f] കർത്താവ് പുകഴ്ത്തുന്ന
വനത്രേ[g] കൊള്ളാകുന്നവൻ.[f]

✵ ✵ ✵

അധ്യായം 10

1. [a] *റോമ.12:1*
[b] *സെഖ.9:9; മത്താ.11:29; ഫിലി.2:7,8*
[c] *ഫിലി.4:5*
2. [d] *(1കൊരി.4:18)*
[e] *2കൊരി.13:2,10; 1കൊരി.4:21; (2കൊരി.10:6)*
4. [f] *1കൊരി.9:7*
[g] *2കൊരി.6:7; റോമ.6:13; (എഫെ.6:11; 1തെസ്സ.5:8)*
[h] *യിരെ.1:10*
[i] *(അപ്പൊ.പ്ര.7:19-21)*
[j] *2കൊരി.13:3,4; 1കൊരി.2:5*
5. [k] *(യെശ.2:11,12)*
[l] *2കൊരി.9:13; (റോമ.5:19)*
6. [m] *2കൊരി.2:9;7:15*
[n] *2കൊരി.10:2*
[o] *(2കൊരി.5:12; യോഹ.7:24)*
7. [p] *(1കൊരി.1:12; 14:37; 1യോഹ.4:6)*
[q] *1കൊരി.3:23*
[r] *(2കൊരി.11:23; 1കൊരി.9:1; ഗലാ.1:12)*
8. [s] *2കൊരി.13:10*
10. [t] *2കൊരി.11:21; (2കൊരി.12:7)*
[u] *1കൊരി.1:17*
12. [v] *2കൊരി.10:17; 3:1;12:6; (സദൃ.27:2)*
[w] *1കൊരി.2:13*
[x] *(സദൃ.26:12)*
13. [y] *2കൊരി.10:15*
[z] *(റോമ.15:19)*
[a] *റോമ.12:3*
14. [b] *1കൊരി.3:5; 4:15;9:1*
15. [c] *2തെസ്സ.1:3*
[d] *(അപ്പൊ.പ്ര.5:13)*
17. [e] *1കൊരി.1:31; (യിരെ.9:23,24)*
[f] *2കൊരി.10:12*
[g] *റോമ.2:29; 1കൊരി.4:5*

***കള്ളഅപ്പൊസ്തലരോടു തന്നെ ഉപമിച്ചു പ്രശംസിക്കുന്നു.***

**11** നിങ്ങൾ എന്റെ പക്കൽ
അസാരംബുദ്ധിഹീനത പൊ
റുത്തുകൊണ്ടാൽ കൊള്ളാമായിരു
ന്നു; അതേ, നിങ്ങൾ എന്നെ പൊറു
ത്തുകൊള്ളുന്നുവല്ലോ. **2** ഞാൻ
നിങ്ങളെക്കുറിച്ചു ദൈവത്തിന്റെ
എരിവോടെ എരിയുന്നു; ഞാൻ
ക്രിസ്തു എന്ന ഏകപുരുഷനു[a]
നിങ്ങളെ നിർമ്മലകന്യകയായി[b]
ഏല്പിപ്പാൻ[c] വിവാഹനിശ്ചയം
ചെയ്തിരിക്കുന്നു.[a] **3** എന്നാൽ
സർപ്പം ഹവ്വായെ ഉപായത്താൽ
ചതിച്ചതുപോലെ[d] നിങ്ങളുടെ മന
സ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്ര
തയും[e] നിർമ്മലതയും[f] വിട്ടു വഷ
ളായിപ്പോകുമോ[g] എന്ന് ഞാൻ
ഭയപ്പെടുന്നു. **4** ഒരുത്തൻ വന്നു
ഞങ്ങൾ പ്രസംഗിക്കാത്ത മറ്റൊരു
യേശുവിനെ പ്രസംഗിക്കയോ,[h]
നിങ്ങൾക്കു ലഭിക്കാത്ത വേറൊരു
ആത്മാവെങ്കിലും നിങ്ങൾ കൈ
ക്കൊള്ളാത്ത വേറൊരു സുവിശേ
ഷ[i]മെങ്കിലും ലഭിക്കയോ ചെയ്യു
മ്പോൾ നിങ്ങൾ പൊറുക്കുന്നത്
ആശ്ചര്യം. **5** ഞാൻ അതിശ്രേഷ്ഠ
തയുള്ള അപ്പൊസ്തലന്മാരെക്കാൾ
ഒട്ടും കുറഞ്ഞവനല്ല[j] എന്നു നിരൂ
പിക്കുന്നു. **6** ഞാൻ വാക്സാമർത്ഥ്യ
മില്ലാത്തവൻ എങ്കിലും[k] പരിജ്ഞാ
നമില്ലാത്തവനല്ല;[l] ഞങ്ങൾ അത്
നിങ്ങൾക്ക് എല്ലായ്പോഴും എല്ലാ
വിധത്തിലും വെളിപ്പെടുത്തിയിരി
ക്കുന്നുവല്ലോ.[m] **7** അല്ലെങ്കിൽ
ഞാൻ ദൈവത്തിന്റെ സുവിശേഷം
നിങ്ങൾക്കു സൗജന്യമായി പ്രസം
ഗിച്ചു[n]കൊണ്ടു നിങ്ങൾ ഉയരേണ്ട
തിന് എന്നെത്തന്നെ താഴ്ത്തുക
യാൽ പാപം ചെയ്തുവോ?[o] **8** നി
ങ്ങളുടെ ഇടയിൽ ശുശ്രൂഷ ചെ
യ്‌വാൻ ഞാൻ മറ്റു സഭകളെ
കവർന്ന് അവരോടു ചെലവിനു
വാങ്ങി. **9** നിങ്ങളുടെ ഇടയിൽ ഇരു
ന്നപ്പോൾ മുട്ടുണ്ടായാറെ[p] ഞാൻ
ഒരുത്തനെയും ഭാരപ്പെടുത്തിയില്ല.[q]
മക്കെദോന്യയിൽനിന്നു വന്ന
സഹോദരന്മാർ അത്രേ എന്റെ മുട്ടു
തീർത്തത്.[r] ഞാൻ ഒരു വിധേ
നയും നിങ്ങൾക്കു ഭാരമായിത്തീ
രാതവണ്ണം[s] സൂക്ഷിച്ചു, മേലാലും
സൂക്ഷിക്കും. **10** എന്നിലുള്ള ക്രി
സ്തുവിന്റെ സത്യത്താണ[t] അഖായ
പ്രദേശങ്ങളിൽ ഈ പ്രശംസ എനി
ക്ക് ആരും ഇല്ലാതാക്കുകയില്ല.[u]
**11** അത് എന്തുകൊണ്ട്? ഞാൻ നി
ങ്ങളെ സ്നേഹിക്കായ്കകൊണ്ടോ?[v]
ദൈവം അറിയുന്നു.[w] **12** എന്നെ
നിന്ദിപ്പാൻ കാരണം അന്വേഷിക്കു
ന്നവർക്കു കാരണം അറുത്തുകള
യേണ്ടതിനു[x] ഞാൻ ചെയ്യുന്നതു
മേലാലും ചെയ്യും; അവർ പ്രശംസി
ക്കുന്ന കാര്യത്തിൽ ഞങ്ങളെപ്പോ
ലെ അവരെ കാണട്ടെ. **13** ഇങ്ങ
നെയുള്ളവർ കള്ളഅപ്പൊസ്തല
ന്മാർ,[y] കപടവേലക്കാർ,[z] ക്രിസ്തു
വിന്റെ അപ്പൊസ്തലന്മാരുടെ വേ
ഷം ധരിക്കുന്നവരത്രേ;[a] **14** അത്
ആശ്ചര്യവുമല്ല; സാത്താൻതാനും
വെളിച്ചദൂതന്റെ[b] വേഷം ധരിക്കു
ന്നുവല്ലോ. **15** ആകയാൽ അവന്റെ
ശുശ്രൂഷക്കാർ നീതിയുടെ ശുശ്രൂ
ഷക്കാരുടെ[c] വേഷം ധരിച്ചാൽ
അതിശയമല്ല; അവരുടെ അവസാ
നം അവരുടെ പ്രവൃത്തികൾക്ക്
ഒത്തതായിരിക്കും.[d]

**16** ആരും എന്നെ ബുദ്ധിഹീനൻ
എന്നു വിചാരിക്കരുത്[e] എന്ന് ഞാൻ
പിന്നെയും പറയുന്നു; വിചാരിച്ചാ
ലോ ഞാനും അല്പം പ്രശംസി
ക്കേണ്ടതിനു ബുദ്ധിഹീനനെപ്പോ
ലെയെങ്കിലും എന്നെ കൈക്കൊൾ
വിൻ. **17** ഞാൻ ഈ സംസാരിക്കു
ന്നത് കർത്താവിന്റെ ഹിതപ്രകാ
രമല്ല,[f] പ്രശംസിക്കുന്ന ഈ അതി
ധൈര്യത്തോടെ[g] ബുദ്ധിഹീനനെ
പ്പോലെ അത്രേ സംസാരിക്കുന്നത്.
**18** പലരും ജഡപ്രകാരം പ്രശംസി
ക്കയാൽ[h] ഞാനും പ്രശംസിക്കും.
**19** നിങ്ങൾ ബുദ്ധിമാന്മാർ ആക
യാൽ[i] ബുദ്ധിഹീനരെ സന്തോഷ
ത്തോടെ പൊറുക്കുന്നുവല്ലോ.
**20** നിങ്ങളെ ഒരുവൻ അടിമപ്പെടുത്തി
യാലും[j] ഒരുവൻ തിന്നുകളഞ്ഞാലും[k]

അധ്യായം 11
2. [a] *(ഹോശേ.2:19,20)*
[b] *എഫെ.5:27; വെളി.14:4*
[c] *കൊലൊ.1:22,28*
3. [d] *ഉൽപ.3:4; 1തിമൊ.2:14; (യോഹ.8:44; 1തെസ്സ.3:5)*
[e] *(എഫെ.6:5)*
[f] *2കൊരി.6:6*
[g] *കൊലൊ.2:4,8*
4. [h] *(1കൊരി.3:11)*
[i] *ഗലാ.1:6*
5. [j] *2കൊരി.12:11; ഗലാ.2:6*
6. [k] *1കൊരി.1:17*
[l] *(എഫെ.3:4)*
[m] *2കൊരി.4:2; 5:11;12:12*
7. [n] *അപ്പൊ.പ്ര.18:3*
[o] *(2കൊരി.12:13)*
9. [p] *ഫിലി.4:12*
[q] *2കൊരി.12:13,14*
[r] *(1കൊരി.16:17; ഫിലി.4:15,16)*
[s] *2കൊരി.12:16; 1തെസ്സ.2:6*
10. [t] *റോമ.1:10;9:1*
[u] *1കൊരി.9:15*
11. [v] *2കൊരി.6:11*
[w] *2കൊരി.11:31; 12:2,3*
12. [x] *(1കൊരി.9:12)*
13. [y] *വെളി.2:2; (ഗലാ.1:7;2:4;6:12; ഫിലി.1:15;3:18; തീത്തൊ.1:10,12; 2പത്രൊ.2:1; 1യോഹ.4:1)*
[z] *(ഫിലി.3:2)*
[a] *2കൊരി.11:14,15*
14. [b] *ഗലാ.1:8*
15. [c] *2കൊരി.3:9*
[d] *ഫിലി.3:19*
16. [e] *2കൊരി.12:6*
17. [f] *(1കൊരി.7:12)*
[g] *2കൊരി.9:4*
18. [h] *ഫിലി.3:3,4*
19. [i] *1കൊരി.4:10*
20. [j] *ഗലാ.2:4; (ഗലാ.4:3,9; 5:1)*
[k] *(2കൊരി.7:2)*

ഒരുവൻ പിടിച്ചു കൊണ്ടുപോയാലും
ഒരുവൻ അഹങ്കരിച്ചാലും ഒരുവൻ
നിങ്ങളെ മുഖത്ത് അടിച്ചാലും[l] നി
ങ്ങൾ പൊറുക്കുന്നുവല്ലോ. **21** അ
തിൽ ഞങ്ങൾ ബലഹീനരായിരു
ന്നു എന്ന്[m] ഞാൻ മാനംകെട്ടു പറ
യുന്നു. എന്നാൽ ആരെങ്കിലും ധൈ
ര്യപ്പെടുന്ന കാര്യത്തിൽ– ഞാൻ
ബുദ്ധിഹീനനായി പറയുന്നു– ഞാ
നും ധൈര്യപ്പെടുന്നു. **22** അവർ എ
ബ്രായരോ? ഞാനും അതേ; അവർ
യിസ്രായേല്യരോ? ഞാനും അതേ;[n]
അവർ അബ്രാഹാമിന്റെ സന്തതി
യോ? ഞാനും അതേ; **23** ക്രിസ്തു
വിന്റെ ശുശ്രൂഷക്കാരോ?[o]– ഞാൻ
ബുദ്ധിഭ്രമമായി സംസാരിക്കുന്നു–
ഞാൻ അധികം;[p] ഞാൻ ഏറ്റവും
അധികം അധ്വാനിച്ചു, അധികം
പ്രാവശ്യം തടവിലായി,[q] അനവധി
അടികൊണ്ടു,[r] പലപ്പോഴും പ്രാണ
ഭയത്തിലായി;[s] **24** യെഹൂദരാൽ
ഞാൻ ഒന്നു കുറയ നാല്പത് അ
ടി[t] അഞ്ചു വട്ടം കൊണ്ടു; **25** മൂന്നു
വട്ടം കോലിനാൽ അടി കൊണ്ടു;[u]
ഒരിക്കൽ കല്ലേറു കൊണ്ടു,[v] മൂന്നു
വട്ടം കപ്പൽച്ചേതത്തിൽ അകപ്പെട്ടു,[w]
ഒരു രാപ്പകൽ വെള്ളത്തിൽ കഴിച്ചു.
**26** ഞാൻ പലപ്പോഴും യാത്ര ചെ
യ്തു; നദികളിലെ ആപത്ത്,[x] കള്ള
ന്മാരാലുള്ള ആപത്ത്, സ്വജന
ത്താലുള്ള ആപത്ത്, ജാതികളാ
ലുള്ള ആപത്ത്,[y] പട്ടണത്തിലെ
ആപത്ത്,[z] കാട്ടിലെ ആപത്ത്,
കടലിലെ ആപത്ത്, കള്ളസഹോ
ദരന്മാരാലുള്ള ആപത്ത്; **27** അ
ധ്വാനം, പ്രയാസം,[a] പലവട്ടം ഉറക്കി
ളപ്പ്, പൈദാഹം,[b] പലവട്ടം പട്ടിണി,
ശീതം, നഗ്നത എന്നീ **28** അസാധാ
രണ സംഗതികൾ ഭവിച്ചതു കൂടാതെ
എനിക്കു ദിവസേന സർവസഭകളെ
യും[c] കുറിച്ചുള്ള ചിന്താഭാരം എന്ന
തിരക്കും ഉണ്ട്. **29** ആർ ബലഹീ
നനായിട്ടു ഞാൻ ബലഹീനനാകാ
തെ ഇരിക്കുന്നു?[d] ആർ ഇടറിപ്പോ
യിട്ടു ഞാൻ അഴലാതിരിക്കുന്നു?
**30** പ്രശംസിക്കേണമെങ്കിൽ എന്റെ
ബലഹീനത സംബന്ധിച്ചു ഞാൻ
പ്രശംസിക്കും.[e] **31** നമ്മുടെ കർത്താ
വായ യേശുക്രിസ്തുവിന്റെ ദൈവ
വും പിതാവുമായി[f] എന്നേക്കും വാ
ഴ്ത്തപ്പെട്ടവൻ[g] ഞാൻ ഭോഷ്കല്ല
പറയുന്നത് എന്നറിയുന്നു.[h] **32** ദമ
സ്കൊസിലെ അരേതാ രാജാവി
ന്റെ നാടുവാഴി എന്നെ പിടിപ്പാൻ
ഇച്ഛിച്ചു, ദമസ്കപട്ടണത്തെ
കാവൽ വച്ചു കാത്തു.[i] **33** എന്നാൽ
അവർ എന്നെ മതിലിലുള്ള ഒരു
കിളിവാതിൽ വഴിയായി ഒരു കുട്ട
യിൽ ഇറക്കിവിട്ടു,[j] അങ്ങനെ ഞാൻ
അവന്റെ കൈയിൽനിന്നു തെറ്റി
ഓടിപ്പോയി.

✵ ✵ ✵

*1. തന്റെ വെളിപ്പാടുകളെക്കുറിച്ചു വിനയത്തോടും ബലഹീനതകളെക്കുറിച്ചു പുകഴ്ചയോടും പറയുന്നത്.*

**12** പ്രശംസിക്കുന്നതിനാൽ പ്ര
യോജനമില്ല എങ്കിലും അത്
ആവശ്യമായിരിക്കുന്നു. ഞാൻ കർ
ത്താവിന്റെ ദർശനങ്ങളെയും വെളി
പ്പാടുകളെയും കുറിച്ചു[a] പറവാൻ
പോകുന്നു. **2** ക്രിസ്തുവിലുള്ള[b]
ഒരു മനുഷ്യനെ ഞാൻ അറിയുന്നു:
അവൻ പതിന്നാലു സംവത്സരം
മുമ്പേ മൂന്നാം സ്വർഗത്തോളം[c] എ
ടുക്കപ്പെട്ടു;[d] ശരീരത്തോടെയോ
എന്ന് ഞാൻ അറിയുന്നില്ല, ശരീരം
കൂടാതെയോ എന്നും അറിയുന്നി
ല്ല; ദൈവം അറിയുന്നു.[e] **3** ആ
മനുഷ്യൻ പറുദീസ[f]യോളം എടുക്ക
പ്പെട്ടു; ശരീരത്തോടെയോ ശരീരം
കൂടാതെയോ എന്ന് ഞാൻ അറി
യുന്നില്ല; ദൈവം അറിയുന്നു.[e]
**4** മനുഷ്യന് ഉച്ചരിപ്പാൻ പാടില്ലാ
ത്തതും പറഞ്ഞുകൂടാത്തതുമായ
വാക്കുകളെ അവൻ കേട്ടു എന്ന്
ഞാൻ അറിയുന്നു. **5** അവനെക്കു
റിച്ചു ഞാൻ പ്രശംസിക്കും; എന്നെ
ക്കുറിച്ചോ എന്റെ ബലഹീനതക
ളിൽ അല്ലാതെ[g] ഞാൻ പ്രശംസി
ക്കയില്ല. **6** ഞാൻ പ്രശംസിപ്പാൻ

20.[l] 1കൊരി.4:11
21.[m] 2കൊരി.10:10
22.[n] റോമ.11:1; ഫിലി.3:5
23.[o] 2കൊരി.3:6; 10:7
[p] 1കൊരി.15:10
[q] 2കൊരി.6:5
[r] അപ്പൊ.പ്ര.16:23
[s] 2കൊരി.1:9,10; 4:11;6:9; റോമ.8:36; 1കൊരി.15:30 - 32
24.[t] ആവ.25:3
25.[u] അപ്പൊ.പ്ര.16:22
[v] അപ്പൊ.പ്ര.14:19
[w] (അപ്പൊ.പ്ര.27:41)
26.[x] അപ്പൊ.പ്ര.9:23; 13:50;14:5;17:5; 1തെസ്സ.2:15; (അപ്പൊ.പ്ര.18:12; 20:3,19;21:27; 23:10,12;25:3)
[y] അപ്പൊ.പ്ര.14:5; (അപ്പൊ.പ്ര.19:23; 27:42)
[z] അപ്പൊ.പ്ര.21:31
27.[a] 1തെസ്സ.2:9; 2തെസ്സ.3:8
[b] 1കൊരി.4:11; ഫിലി.4:12
28.[c] 1കൊരി.7:17
29.[d] 1കൊരി.8:13; 9:22
30.[e] 2കൊരി.10:10; 12:5,9; 1കൊരി.2:3
31.[f] റോമ.15:5
[g] റോമ.9:5
[h] 2കൊരി.11:11
32.[i] അപ്പൊ.പ്ര.9:24
33.[j] അപ്പൊ.പ്ര.9:25

**അധ്യായം 12**

1.[a] ഗലാ.1:12;2:2; എഫെ.3:3
2.[b] 2കൊരി.5:17
[c] സങ്കീ.148:4
[d] 2കൊരി.12:3; 1തെസ്സ.4:17; വെളി.12:5; (യെഹെ.8:3; അപ്പൊ.പ്ര.8:39)
[e] 2കൊരി.11:11
3.[f] ലൂക്കൊ.23:43; വെളി.2:7; (ഉൽപ.2:8)
[e] (വാ.2കാ.)
5.[g] 1കൊരി.2:3

വിചാരിച്ചാലും മൂഢനാകയില്ല;[h]
സത്യമല്ലോ പറയുന്നത്; എങ്കിലും
എന്നെ കാണുന്നതിനും എന്റെ
വായിൽനിന്നു കേൾക്കുന്നതിനും
മീതെ ആരും എന്നെക്കുറിച്ചു നിരൂ
പിക്കരുത് എന്നുവച്ചു ഞാൻ അട
ങ്ങുന്നു. **7** വെളിപ്പാടുകളുടെ ആ
ധിക്യത്താൽ ഞാൻ അതിയായി
നിഗളിച്ചു പോകാതിരിപ്പാൻ[i] എ
നിക്കു ജഡത്തിൽ ഒരു ശൂലം[j]
തന്നിരിക്കുന്നു; ഞാൻ നിഗളിച്ചു
പോകാതിരിക്കേണ്ടതിന് എന്നെ
കുത്തുവാൻ സാത്താന്റെ ദൂതനെ[k]
തന്നെ. **8** അത് എന്നെ വിട്ടു
നീങ്ങേണ്ടതിനു ഞാൻ മൂന്നു വട്ടം[l]
കർത്താവിനോട് അപേക്ഷിച്ചു.
**9** അവൻ എന്നോട്: എന്റെ കൃപ
നിനക്കുമതി;[m] എന്റെ ശക്തി ബല
ഹീനതയിൽ തികഞ്ഞുവരുന്നു[n]
എന്നു പറഞ്ഞു. ആകയാൽ ക്രി
സ്തുവിന്റെ ശക്തി എന്റെമേൽ
ആവസിക്കേണ്ടതിനു[o] ഞാൻ അതി
സന്തോഷത്തോടെ എന്റെ ബലഹീ
നതകളിൽ പ്രശംസിക്കും. **10** അതു
കൊണ്ട് ഞാൻ ക്രിസ്തുവിനു
വേണ്ടി[p] ബലഹീനത, കൈയേറ്റം,
ബുദ്ധിമുട്ട്, ഉപദ്രവം, ഞെരുക്കം
എന്നിവ സഹിപ്പാൻ ഇഷ്ടപ്പെടു
ന്നു;[q] ബലഹീനനായിരിക്കുമ്പോൾ
തന്നെ ഞാൻ ശക്തനാകുന്നു.[r]

**11** ഞാൻ മൂഢനായിപ്പോയി;[s]
നിങ്ങൾ എന്നെ നിർബന്ധിച്ചു; നി
ങ്ങൾ എന്നെ ശ്ലാഘിക്കേണ്ടതായി
രുന്നു; ഞാൻ ഏതുമില്ല എങ്കിലും[t]
അതിശ്രേഷ്ഠതയുള്ള അപ്പൊസ്ത
ലന്മാരിൽ ഒട്ടും കുറഞ്ഞവനല്ല.[u]
**12** അപ്പൊസ്തലന്റെ ലക്ഷണങ്ങൾ[v]
പൂർണസഹിഷ്ണുതയിലും[w] അട
യാളങ്ങളാലും അദ്ഭുതങ്ങളാലും
വീര്യപ്രവൃത്തികളാലും നിങ്ങളുടെ
ഇടയിൽ വെളിപ്പെട്ടുവന്നുവല്ലോ.
**13** ഞാൻ നിങ്ങൾക്കു ഭാരമായി
ത്തീർന്നില്ല[x] എന്നുള്ളതല്ലാതെ
ശേഷം സഭകളെക്കാൾ നിങ്ങൾ
ക്ക് ഏതൊന്നിൽ കുറവു വന്നു?
ഈ അന്യായം ക്ഷമിച്ചുകൊൾ
വിൻ.

**14** ഈ മൂന്നാം പ്രാവശ്യം നിങ്ങ
ളുടെ അടുക്കൽ വരുവാൻ ഞാൻ
ഒരുങ്ങിയിരിക്കുന്നു;[y] നിങ്ങൾക്ക്
ഭാരമായിത്തീരുകയുമില്ല; നിങ്ങൾ
ക്കുള്ളതിനെയല്ല നിങ്ങളെത്തന്നെ
ഞാൻ അന്വേഷിക്കുന്നു.[z] മക്കൾ
അമ്മയപ്പന്മാർക്കല്ല[a] അമ്മയപ്പന്മാർ
മക്കൾക്കായിട്ടല്ലോ[b] ചരതിക്കേണ്ട
ത്.[a] **15** ഞാൻ അതിസന്തോഷ
ത്തോടെ നിങ്ങളുടെ ജീവനുവേണ്ടി
ചെലവിടുകയും ചെലവായിപ്പോ
കയും ചെയ്യും.[c] ഞാൻ നിങ്ങളെ
അധികമായി സ്നേഹിച്ചാൽ[d] നി
ങ്ങൾ എന്നെ അല്പമായി സ്നേ
ഹിക്കുന്നുവോ? **16** ഞാൻ നിങ്ങൾ
ക്കു ഭാരമായിത്തീർന്നില്ല[e] എങ്കിലും
ഉപായിയാകയാൽ കൗശലംകൊ
ണ്ടു നിങ്ങളെ കൈവശമാക്കി എ
ന്ന് നിങ്ങൾ പറയുമായിരിക്കും.
**17** ഞാൻ നിങ്ങളുടെ അടുക്കൽ
അയച്ചവരിൽ വല്ലവനെക്കൊണ്ടും[f]
നിങ്ങളോടു വല്ലതും വഞ്ചിച്ചെടു
ത്തുവോ? **18** ഞാൻ തീത്തൊസി
നെ പ്രബോധിപ്പിച്ച്,[g] ആ സഹോ
ദരനെയും[h] കൂടെ അയച്ചിരുന്നു;
തീത്തൊസ് നിങ്ങളോടു വല്ലതും
വഞ്ചിച്ചെടുത്തുവോ? ഞങ്ങൾ നട
ന്നത് അതേ ആത്മാവിൽ അല്ല
യോ? അതേ കാൽച്ചുവടുകളിൽ
അല്ലയോ?

**19** ഇത്രനേരം ഞങ്ങൾ നിങ്ങ
ളോടു പ്രതിവാദിക്കുന്നു എന്ന് നി
ങ്ങൾക്കു തോന്നുന്നുവോ? ദൈവ
ത്തിന്മുമ്പാകെ ക്രിസ്തുവിൽ ആ
കുന്നു ഞങ്ങൾ സംസാരിക്കുന്നത്;[i]
പ്രിയമുള്ളവരേ, സകലവും നിങ്ങ
ളുടെ ആത്മികവർധനയ്ക്കായിട്ട
ത്രേ.[j] **20** ഞാൻ വരുമ്പോൾ[k] ഞാൻ
ഇച്ഛിക്കാത്തവിധത്തിൽ നിങ്ങ
ളെ കാണുകയും നിങ്ങൾ ഇച്ഛി
ക്കാത്തവിധത്തിൽ എന്നെ കാണു
കയും ചെയ്യുമോ എന്നും പിണക്കം,
ഈർഷ്യ, ക്രോധം, ശാഠ്യം, ഏഷണി,
കുശുകുശുപ്പ്, നിഗളം, കലഹം
എന്നിവ ഉണ്ടാകുമോ എന്നും
**21** ഞാൻ വീണ്ടും വരുമ്പോൾ
എന്റെ ദൈവം എന്നെ നിങ്ങളുടെ

6. [h] *2കൊരി.5:13; 11:16,17; (2കൊരി.12:11)*
7. [i] *(2കൊരി.10:10)*
[j] *(സംഖ്യാ.33:55; യെഹെ.28:24)*
[k] *(ലൂക്കൊ.13:16); 1കൊരി.5:5*
8. [l] *(മത്താ.26:44)*
9. [m] *യെശ.43:2*
[n] *യെശ.40:29 - 31; (ഫിലി.4:13)*
[o] *(വെളി.7:15); 1കൊരി.2:5*
10. [p] *(2കൊരി.5:15); മത്താ.5:11,12*
[q] *റോമ.5:3,4*
[r] *(2കൊരി.13:4)*
11. [s] *(2കൊരി.12:6)*
[t] *1കൊരി.3:7;15:9*
[u] *2കൊരി.11:5; 1കൊരി.15:10*
12. [v] *റോമ.15:18; 1കൊരി.9:1*
[w] *2കൊരി.6:4*
13. [x] *1കൊരി.9:12; അപ്പൊ.പ്ര.20:33*
14. [y] *2കൊരി.13:1; (2കൊരി.1:15;13:2)*
[z] *1കൊരി.10:24,33*
[a] *1കൊരി.4:14,15*
[b] *(സദൃ.19:14; യെഹെ.34:2)*
15. [c] *(2കൊരി.1:6; ഫിലി.2:17; കൊലൊ.1:24; 1തെസ്സ.2:8; 2തിമൊ.2:10)*
[d] *2കൊരി.6:11*
16. [e] *2കൊരി.11:9*
17. [f] *(2കൊരി.9:5)*
18. [g] *2കൊരി.8:6*
[h] *2കൊരി.8:18*
19. [i] *റോമ.1:9;9:1*
[j] *1കൊരി.14:26*
20. [k] *(2കൊരി.2:1-4); 1കൊരി.4:21*

ഇടയിൽ താഴ്ത്തുവാനും പാപം
ചെയ്തിട്ടു[l] തങ്ങൾ പ്രവർത്തിച്ച
അശുദ്ധി, ദുർന്നടപ്പ്,[m] ദുഷ്കാമം
എന്നിവയെക്കുറിച്ചു മാനസാന്തര
പ്പെടാത്ത പലരെയും ചൊല്ലി ഖേദി
പ്പാനും സംഗതിവരുമോ എന്നും
ഞാൻ ഭയപ്പെടുന്നു.

❋ ❋ ❋

***അനുസരണമില്ലാത്ത പാപികളെ ഭയപ്പെടുത്തി പറയുന്നത്.***

13 ഈ മൂന്നാം പ്രാവശ്യം ഞാൻ
നിങ്ങളുടെ അടുക്കൽ വരു
ന്നുണ്ട്:[a] [b]“രണ്ടു മൂന്നു സാക്ഷി
കളുടെ വാമൊഴിയാൽ ഏതു കാ
ര്യവും ഉറപ്പാകും”.
2 ഞാൻ രണ്ടാം പ്രാവശ്യം നി
ങ്ങളുടെ ഇടയിൽ ഇരുന്നപ്പോൾ:
ഞാൻ വീണ്ടും വന്നാൽ ക്ഷമിക്ക
യില്ല[c] എന്നു പറഞ്ഞതു[d]പോലെ
ഞാൻ ഇപ്പോൾ ദൂരത്തിരുന്നുകൊ
ണ്ട് ആ പാപം ചെയ്തവരോടും[e]
മറ്റെല്ലാവരോടും മുൻകൂട്ടി പറയു
ന്നു.[f] 3 ക്രിസ്തു എന്നിൽ സംസാരി
ക്കുന്നു[g] എന്നതിനു നിങ്ങൾ തുമ്പ്
അന്വേഷിക്കുന്നുവല്ലോ. അവൻ
നിങ്ങളെ സംബന്ധിച്ചു ബലഹീന
നല്ല, നിങ്ങളിൽ ശക്തൻതന്നെ.[h]
4 ബലഹീനതയാൽ അവൻ ക്രൂശി
ക്കപ്പെട്ടിട്ടും[i] ദൈവശക്തിയാൽ
ജീവിക്കുന്നു;[j] ഞങ്ങളും അവനിൽ
ബലഹീനർ[k] എങ്കിലും അവനോടു
കൂടെ ദൈവശക്തിയാൽ നിങ്ങൾ
ക്കുവേണ്ടി ജീവിക്കുന്നു.[l] 5 നിങ്ങൾ
വിശ്വാസത്തിൽ ഇരിക്കുന്നുവോ
എന്ന് നിങ്ങളെത്തന്നെ പരീക്ഷി
പ്പിൻ; നിങ്ങളെത്തന്നെ ശോധന
ചെയ്വിൻ.[m] നിങ്ങൾ കൊള്ളരുതാ
ത്തവർ അല്ല എന്നു വരികിൽ, യേശു
ക്രിസ്തു നിങ്ങളിൽ ഉണ്ട്[n] എന്നു
നിങ്ങളെത്തന്നെ അറിയുന്നില്ലയോ?
6 ഞങ്ങൾ കൊള്ളരുതാത്തവർ
അല്ല എന്ന് നിങ്ങൾ അറിയും
എന്ന് ഞാൻ ആശിക്കുന്നു.
7 നിങ്ങൾ ഒരു ദോഷവും ചെ
യ്യാതിരിക്കേണ്ടതിനു ഞങ്ങൾ
ദൈവത്തോടു പ്രാർഥിക്കുന്നു;
ഞങ്ങൾ കൊള്ളാകുന്നവരായി
തോന്നേണ്ടതിനല്ല, ഞങ്ങൾ
കൊള്ളരുതാത്തവർ എന്നപോലെ
ഇരുന്നാലും നിങ്ങൾ നന്മ ചെയ്യേ
ണ്ടതിനത്രേ. 8 സത്യത്തിന് അനു
കൂലമല്ലാതെ സത്യത്തിനു പ്രതി
കൂലമായി ഞങ്ങൾക്ക് ഒന്നും കഴി
വില്ലല്ലോ. 9 ഞങ്ങൾ ബലഹീ
നരും[o] നിങ്ങൾ ശക്തരും ആയി
രിക്കുമ്പോൾ ഞങ്ങൾ സന്തോ
ഷിക്കുന്നു; നിങ്ങളുടെ യഥാസ്ഥാ
നത്വത്തിനായി[p] തന്നെ ഞങ്ങൾ
പ്രാർഥിക്കുന്നു. 10 അതുനിമിത്തം
ഞാൻ വന്നെത്തിയാൽ ഇടിച്ചു
കളവാനല്ല പണിവാനത്രേ കർ
ത്താവ് തന്ന അധികാരത്തിനു[q]
തക്കവണ്ണം ഖണ്ഡിതം[r] പ്രയോഗി
ക്കാതിരിക്കേണ്ടതിനു[s] ദൂരത്തു
നിന്ന് ഇത് എഴുതുന്നു.

11 തീർച്ചയ്ക്ക്, സഹോദരന്മാ
രേ, സന്തോഷിപ്പിൻ;[t] യഥാസ്ഥാന
പ്പെടുവിൻ;[u] ആശ്വസിച്ചുകൊൾ
വിൻ; ഏകമനസ്സുള്ളവരാകുവിൻ;[v]
സമാധാനത്തോടെ ഇരിപ്പിൻ;[w]
എന്നാൽ സ്നേഹത്തിന്റെയും
സമാധാനത്തിന്റെയും[x] ദൈവം
നിങ്ങളോടുകൂടെ ഇരിക്കും. 12 വി
ശുദ്ധ ചുംബനംകൊണ്ട് അന്യോ
ന്യം വന്ദനം ചെയ്വിൻ.[y]

13 വിശുദ്ധന്മാർ എല്ലാവരും
നിങ്ങൾക്കു വന്ദനം ചൊല്ലുന്നു.[z]

14 കർത്താവായ യേശുക്രിസ്തു
വിന്റെ കൃപയും[a] ദൈവത്തിന്റെ
സ്നേഹവും[b] പരിശുദ്ധാത്മാവി
ന്റെ കൂട്ടായ്മയും[c] നിങ്ങളെല്ലാവ
രോടുംകൂടെ ഇരിക്കുമാറാകട്ടെ.

❋ ❋ ❋

21.[l] *2കൊരി.13:2; (വെളി.2:21)*
[m] *1കൊരി.5:1;6:18*

**അധ്യായം 13**

1.[a] *2കൊരി.12:14*
[b] ***ആവ. 19:15;*** *സംഖ്യാ.35:30*
2.[c] *2കൊരി.13:10; 1കൊരി.4:21*
[d] *2കൊരി.10:2*
[e] *2കൊരി.12:21*
[f] *1തെസ്സ.3:4*
3.[g] *മത്താ.10:20; 1കൊരി.5:4*
[h] *2കൊരി.10:4*
4.[i] *(ഫിലി.2:7,8; 1പത്രൊ.3:18)*
[j] *റോമ.1:5;6:4*
[k] *(2കൊരി.12:10)*
[l] *റോമ.6:8*
5.[m] *(1കൊരി.11:28; ഗലാ.6:4)*
[n] *റോമ.8:10; ഗലാ.4:19*
9.[o] *1കൊരി.4:10; (2കൊരി.4:12; 12:5,9,10)*
[p] *എഫെ.4:12; 1തെസ്സ.3:10; (2കൊരി.13:11)*
10.[q] *2കൊരി.10:8*
[r] *തീത്തൊ.1:14*
[s] *(2കൊരി.2:3)*
11.[t] *ഫിലി.3:1*
[u] *ലൂക്കൊ.6:40*
[v] *റോമ.12:16*
[w] *മർക്കൊ.9:50*
[x] *റോമ.15:33*
12.[y] *റോമ.16:16*
13.[z] *ഫിലി.4:22*
14.[a] *റോമ.16:20; 1കൊരി.16:23*
[b] *യൂദാ.21*
[c] *ഫിലി.2:1*

13:2 ***ഞാൻ രണ്ടാം പ്രാവശ്യം... മുൻകൂട്ടി പറയുന്നു:*** ഇവിടെ പറയുന്ന പാപങ്ങൾ മിക്കവാറും ലൈംഗിക അസാന്മാർഗികതയോ (1 കൊരി. 5) വിഗ്രഹാരാധനയോ (1 കൊരി. 8; 2 കൊരി. 6:14 – 7:1) അനുയായികൾ കർത്താവിന്റെ അത്താഴം കഴിക്കുവാൻ വന്നുകൂടുമ്പോൾ കാട്ടുന്ന ആദരവില്ലാത്ത പെരുമാറ്റവുമോ (1 കൊരി. 11:17 – 34) ആയിരിക്കാം.

# THE EPISTLE OF PAUL THE APOSTLE TO THE GALATIANS

# അപ്പൊസ്തലനായ പൗലൊസ് ഗലാത്യർക്ക് എഴുതിയ ലേഖനം

**മുഖവുര**

തെറ്റായ പഠിപ്പിക്കലിലൂടെ സത്യമാർഗത്തിൽനിന്ന് വ്യതിചലിച്ചവരെ സത്യ വിശ്വാസത്തിലേക്ക് തിരികെ കൊണ്ടുവരുവാനുള്ള ഉദ്ദേശ്യത്തിൽനിന്ന് ജനിച്ച താണ് ഗലാത്യർക്ക് എഴുതിയ പൗലൊസിന്റെ ലേഖനം.

***1. അവർ ഇത്ര വേഗത്തിൽ സുവിശേഷത്തിൽനിന്ന് തെറ്റിപ്പോയതുകൊണ്ട് പൗലൊസ് ആശ്ചര്യപ്പെടുന്നത് 11. താൻ പ്രസംഗിച്ച സുവിശേഷം മനുഷ്യരിൽനിന്നുള്ളതല്ല എന്ന്.***

മനുഷ്യരിൽനിന്നല്ല[a] മനുഷ്യനാ
ലുമല്ല യേശുക്രിസ്തുവിനാലും[b]
അവനെ മരിച്ചവരുടെ ഇടയിൽനി
ന്ന് ഉയിർപ്പിച്ച[c] പിതാവായ ദൈവ
ത്താലുമത്രേ അപ്പൊസ്തലനായ[d]
പൗലൊസും **2** കൂടെയുള്ള സകല
സഹോദരന്മാരും[e] ഗലാത്യസഭകൾ
ക്ക്[f] എഴുതുന്നത്: **3** പിതാവായ
ദൈവത്തിങ്കൽനിന്നും[g] നമ്മുടെ
ദൈവവും പിതാവുമായവന്റെ[h]
ഇഷ്ടപ്രകാരം ഇപ്പോഴത്തെ ദുഷ്ട
ലോക[i]ത്തിൽനിന്നു നമ്മെ വിടുവി
ക്കേണ്ടതിനു നമ്മുടെ പാപങ്ങൾ
നിമിത്തം തന്നെത്താൻ ഏല്പിച്ചു
കൊടുത്തവനായി[j] **4** നമ്മുടെ കർ
ത്താവായ യേശുക്രിസ്തുവിങ്കൽ
നിന്നും നിങ്ങൾക്കു കൃപയും സമാ
ധാനവും[k] ഉണ്ടാകട്ടെ. **5** അവന്
എന്നെന്നേക്കും മഹത്ത്വം. ആമേൻ.
**6** ക്രിസ്തുവിന്റെ കൃപയാൽ നി
ങ്ങളെ വിളിച്ചവനെ[l] വിട്ടു നിങ്ങൾ
ഇത്ര വേഗത്തിൽ[m] വേറൊരു സു
വിശേഷത്തിലേക്കു[n] മറിയുന്നതു
കൊണ്ടു ഞാൻ ആശ്ചര്യപ്പെടുന്നു.
**7** അതു വേറൊരു സുവിശേഷം
എന്നല്ല,[o] ചിലർ നിങ്ങളെ കലക്കി
ക്രിസ്തുവിന്റെ സുവിശേഷം മറി
ച്ചുകളവാൻ ഇച്ഛിക്കുന്നു[p] എന്ന
ത്രേ. **8** എന്നാൽ ഞങ്ങൾ നിങ്ങ
ളോട് അറിയിച്ചതിനു വിപരീത
മായി ഞങ്ങൾ ആകട്ടെ സ്വർഗ
ത്തിൽനിന്ന് ഒരു ദൂതനാ[q]കട്ടെ നിങ്ങ
ളോടു സുവിശേഷം അറിയിച്ചാൽ
അവൻ ശപിക്കപ്പെട്ടവൻ.[r] **9** ഞ
ങ്ങൾ മുൻപറഞ്ഞതുപോലെ ഞാൻ
ഇപ്പോൾ പിന്നെയും പറയുന്നു:
നിങ്ങൾ കൈക്കൊണ്ട സുവിശേ
ഷത്തിനു വിപരീതമായി ആരെ
ങ്കിലും നിങ്ങളോടു സുവിശേഷം
അറിയിച്ചാൽ അവൻ ശപിക്കപ്പെ
ട്ടവൻ.[r] **10** ഇപ്പോൾ ഞാൻ മനുഷ്യ
രെയോ ദൈവത്തെയോ സന്തോഷി
പ്പിക്കുന്നത്? അല്ല, ഞാൻ മനുഷ്യരെ
പ്രസാദിപ്പിപ്പാൻ[s] നോക്കുന്നുവോ?
ഇന്നും ഞാൻ മനുഷ്യരെ പ്രസാ
ദിപ്പിക്കുന്നു എങ്കിൽ ക്രിസ്തുവി
ന്റെ ദാസനാ[t]യിരിക്കയില്ല.
**11** സഹോദരന്മാരേ, ഞാൻ അ
റിയിച്ച സുവിശേഷം[u] മാനുഷമല്ല

**അധ്യായം 1**

1. [a] *ഗലാ.1:11,12*
[b] *അപ്പൊ.പ്ര.9:6; 20:24;22:10,15,21; 26:16; (1തിമൊ.1:1; തീത്തൊ.1:1)*
[c] *അപ്പൊ.പ്ര.2:24*
[d] *2കൊരി.1:1*
2. [e] *ഫിലി.4:21*
[f] *അപ്പൊ.പ്ര.16:6; 1കൊരി.16:1*
3. [g] *1തിമൊ.1:2*
[h] *ഫിലി.4:20; 1തെസ്സ.1:3;3:11,13*
[i] *(എഫെ.2:2; 1യോഹ.5:19); യോഹ.15:19*
[j] *മത്താ.20:28; റോമ.4:24; 1കൊരി.15:3*
4. [k] *റോമ.1:4; 1കൊരി.1:3; 2കൊരി.1:2*
6. [l] *ഗലാ.5:8*
[m] *(ഗലാ.4:13; അപ്പൊ.പ്ര.16:6; 18:23)*
[n] *2കൊരി.11:4; (1തിമൊ.1:3)*
7. [o] *(അപ്പൊ.പ്ര.4:12; 1കൊരി.3:11)*
[p] *ഗലാ.5:10; അപ്പൊ.പ്ര.15:24; 2കൊരി.11:13*
8. [q] *2കൊരി.11:14* [r] *റോമ.9:3* 9. [r] *(വാ.8കാ.)*
10. [s] *1തെസ്സ.2:4; (റോമ.2:29; 1കൊരി.10:33; എഫെ.6:6; കൊലൊ.3:22)* [t] *(റോമ.1:2)* 11. [u] *റോമ.2:16*

***അപ്പൊസ്തലനായ പൗലൊസ്:*** അപ്പൊസ്തലൻ എന്നാൽ അയയ്ക്കപ്പെട്ടവൻ എന്നാണർഥം, ഒരു വ്യക്തിയോ ഒരു സമൂഹമോ പ്രത്യേക ചുമതല നല്കി അയയ്ക്കുന്ന ആൾ. ഇവിടെ യേശുക്രിസ്തുവിനെക്കുറിച്ചുള്ള സുവിശേഷം അറിയിക്കുന്നതിനു ദൈവം തിരഞ്ഞെടുത്ത് അയച്ചിരിക്കുന്ന ആളാണ് അപ്പൊസ്തലൻ. മനുഷ്യർ ആരുമല്ല ദൈവമാണ് അദ്ദേഹത്തെ തിരഞ്ഞെടുത്തതെന്നു പൗലൊസ് അവകാശപ്പെടുന്നു.

എന്നു നിങ്ങളെ ഓർപ്പിക്കുന്നു.[v]
12 അതു ഞാൻ മനുഷ്യരോടു
പ്രാപിച്ചിട്ടില്ല[w] പഠിച്ചിട്ടുമില്ല, യേശു
ക്രിസ്തുവിന്റെ വെളിപ്പാടിനാൽ[x]
അത്രേ പ്രാപിച്ചത്. 13 യെഹൂദമത
ത്തിലെ എന്റെ മുമ്പിലത്തെ നടപ്പു[y]
നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. 14 ഞാൻ
ദൈവത്തിന്റെ സഭയെ അത്യന്തം
ഉപദ്രവിച്ചു[z] മുടിക്കയും എന്റെ
പിതൃപാരമ്പര്യത്തെക്കുറിച്ച്[a] അ
ത്യന്തം എരിവേറി,[b] എന്റെ സ്വജന
ത്തിൽ സമപ്രായക്കാരായ പലരെ
ക്കാളും യെഹൂദമതത്തിൽ അധി
കം മുതിരുകയും ചെയ്തുപോന്നു.
15 എങ്കിലും എന്റെ ജനനംമുതൽ[c]
എന്നെ വേർതിരിച്ച്[d] തന്റെ കൃപ
യാൽ വിളിച്ചിരിക്കുന്ന[e] ദൈവം
16 തന്റെ പുത്രനെക്കുറിച്ചുള്ള സുവി
ശേഷം ഞാൻ ജാതികളുടെ ഇട
യിൽ അറിയിക്കേണ്ടതിന്[f] അവനെ
എന്നിൽ വെളിപ്പെടുത്തുവാൻ പ്രസാ
ദിച്ചപ്പോൾ ഞാൻ മാംസരക്തങ്ങ
ളോട് ആലോചിക്കയോ, 17 എനിക്കു
മുമ്പേ അപ്പൊസ്തലന്മാരായവരുടെ
അടുക്കൽ യെരൂശലേമിലേക്കു
പോകയോ ചെയ്യാതെ നേരേ അറ
ബിയിലേക്കു പോകയും ദമസ്കൊ
സിലേക്കു മടങ്ങിപ്പോരുകയും
ചെയ്തു.
18 മൂവാണ്ടു കഴിഞ്ഞിട്ടു[g] കേ
ഫാവുമായി മുഖപരിചയമാകേണ്ട
തിനു യെരൂശലേമിലേക്കു പോയി[h]
പതിനഞ്ചു ദിവസം അവനോടു
കൂടെ പാർത്തു. 19 എന്നാൽ കർത്താ
വിന്റെ സഹോദരനായ[i] യാക്കോ
ബിനെ അല്ലാതെ അപ്പൊസ്തലന്മാ
രിൽ വേറൊരുത്തനെയും കണ്ടില്ല.
20 ഞാൻ നിങ്ങൾക്ക് എഴുതുന്നതു
ഭോഷ്കല്ല[j] എന്നതിനു ദൈവം
സാക്ഷി. 21 പിന്നെ ഞാൻ സുറിയ,
കിലിക്യ ദിക്കുകളിലേക്കു പോയി.[k]
22 യെഹൂദ്യയിലെ ക്രിസ്തു സഭ
കൾക്കോ[l] ഞാൻ മുഖപരിചയം ഇ
ല്ലാത്തവൻ ആയിരുന്നു; 23 മുമ്പേ
നമ്മെ ഉപദ്രവിച്ചവൻ താൻ മുമ്പേ
മുടിച്ച വിശ്വാസത്തെ ഇപ്പോൾ
പ്രസംഗിക്കുന്നു 24 എന്നു മാത്രം
അവർ കേട്ട് എന്നെച്ചൊല്ലി ദൈ
വത്തെ മഹത്ത്വപ്പെടുത്തി.

❋ ❋ ❋

***1. പൗലൊസ് യെരൂശലേമിലേക്ക് പോയത്. 11. അന്ത്യൊക്യയിൽവച്ച് പത്രൊസിനെ ആക്ഷേപിച്ചത് 16. വിശ്വാസത്താലുള്ള നീതീകരണം.***

**2** പതിന്നാല് ആണ്ട് കഴിഞ്ഞിട്ടു
ഞാൻ ബർന്നബാസുമായി
തീത്തൊസിനെയും കൂട്ടിക്കൊണ്ടു
വീണ്ടും യെരൂശലേമിലേക്കു പോ
യി.[a] 2 ഞാൻ ഒരു വെളിപ്പാട്
അനുസരിച്ചത്രേ പോയത്; ഞാൻ
ഓടുന്നതോ ഓടിയതോ[b] വെറുതേ
എന്നു വരാതിരിപ്പാൻ[c] ഞാൻ ജാതി
കളുടെ ഇടയിൽ പ്രസംഗിക്കുന്ന[d]
സുവിശേഷം അവരോട്, വിശേ
ഷാൽ പ്രമാണികളോടു[e] വിവരിച്ചു.
3 എന്റെകൂടെയുള്ള തീത്തൊസ്
യവനൻ എങ്കിലും പരിച്ഛേദന ഏ
ല്പാൻ അവനെ ആരും നിർബ
ന്ധിച്ചില്ല.[f] 4 അതോ, നുഴഞ്ഞു
വന്ന കള്ളസ്സഹോദരന്മാർ നിമിത്ത
മായിരുന്നു;[g] അവർ നമ്മെ അടിമ
പ്പെടുത്തേണ്ടതിനു[h] ക്രിസ്തുയേ
ശുവിൽ നമുക്കുള്ള സ്വാതന്ത്ര്യം[i]
ഒറ്റുനോക്കുവാൻ നുഴഞ്ഞുവന്നിരു
ന്നു.[j] 5 സുവിശേഷത്തിന്റെ സത്യം
നിങ്ങളോടുകൂടെ നിലനില്ക്കേണ്ട
തിനു[k] ഞങ്ങൾ അവർക്ക് ഒരു നാഴി
കപോലും വഴങ്ങിക്കൊടുത്തില്ല.
6 പ്രമാണികളായവരോ[l] അവർ
പണ്ട് എങ്ങനെയുള്ളവർ ആയിരു
ന്നാലും എനിക്ക് ഏതുമില്ല; ദൈവം
മനുഷ്യന്റെ മുഖം നോക്കുന്നില്ല;[m]
പ്രമാണികൾ എനിക്ക് ഒന്നും ഗ്രഹി
പ്പിച്ചു തന്നിട്ടില്ല.[n] 7 നേരേ മറിച്ചു
പരിച്ഛേദനയുടെ അപ്പൊസ്തലത്വ
ത്തിനായി പത്രൊസിനോടുകൂടെ
വ്യാപരിച്ചവൻ ജാതികൾക്കായി
എന്നോടുകൂടെയും വ്യാപരിച്ചതു
കൊണ്ട് 8 പത്രൊസിനു പരിച്ഛേദ
നക്കാരുടെ ഇടയിലെ സുവിശേഷ

11. [v] *1കൊരി.15:1*
12. [w] *ഗലാ.1:1; 1കൊരി.11:23;15:5; (അപ്പൊ.പ്ര.22:14)*
[x] *ഗലാ.1:16; 1കൊരി.2:10; 2കൊരി.12:1*
13. [y] *(അപ്പൊ.പ്ര.26:4)*
14. [z] *അപ്പൊ.പ്ര.8:3*
[a] *(യിരെ.9:14; 2തിമൊ.1:4); മത്താ.15:2*
[b] *ഫിലി.3:6; അപ്പൊ.പ്ര.21:20*
15. [c] *യെശ.49:1,5; യിരെ.1:5; ലൂക്കൊ.1:15*
[d] *അപ്പൊ.പ്ര.13:2; റോമ.1:2*
[e] *ഗലാ.1:6*
16. [f] *ഗലാ.2:9; അപ്പൊ.പ്ര.9:15*
18. [g] *(അപ്പൊ.പ്ര.9:22,23)*
[h] *(അപ്പൊ.പ്ര.9:26,27;22:17)*
19. [i] *മത്താ.12:46; അപ്പൊ.പ്ര.12:17*
20. [j] *റോമ.1:10;9:1*
21. [k] *(അപ്പൊ.പ്ര.9:30; 11:25,26;13:1)*
22. [l] *1തെസ്സ.2:14*

**അധ്യായം 2**

1. [a] *(അപ്പൊ.പ്ര.15:2)*
2. [b] *ഫിലി.2:16*
[c] *ഗലാ.4:11; 1തെസ്സ.3:5*
[d] *1തിമൊ.3:16*
[e] *ഗലാ.2:6,9*
3. [f] *(അപ്പൊ.പ്ര.16:3)*
4. [g] *അപ്പൊ.പ്ര.15:24; 2കൊരി.11:26; (ഗലാ.5:12)*
[h] *ഗലാ.4:3,9,24,25; 2കൊരി.11:20; (റോമ.8:15)*
[i] *ഗലാ.5:1*
[j] *(2പത്രൊ.2:1; യൂദാ.4)*
5. [k] *ഗലാ.2:14; (ഗലാ.4:16;5:7; തീത്തൊ.1:14; 2യോഹ.1)* 6. [l] *ഗലാ.2:2,9; (ഗലാ.6:3; അപ്പൊ.പ്ര.5:36) 1കൊരി.3:7* [m] *ആവ.10:17;* [n] *(2കൊരി.11:5;12:11)*

ഘോഷണം എന്നപോലെ എനിക്ക്
അഗ്രചർമ്മക്കാരുടെ ഇടയിലെ[o] സുവി
ശേഷഘോഷണം ഭരമേല്പിച്ചിരി
ക്കുന്നു[p] എന്നു കണ്ടും **9** എനിക്കു
ലഭിച്ച കൃപ[q] അറിഞ്ഞുംകൊണ്ടു
തൂണുകളായി[r] എണ്ണപ്പെട്ടിരുന്ന[l]
യാക്കോബും കേഫാവും യോഹ
ന്നാനും ഞങ്ങൾ ജാതികളുടെ ഇട
യിലും അവർ പരിച്ഛേദനക്കാരുടെ
ഇടയിലും സുവിശേഷം അറിയി
പ്പാൻ തക്കവണ്ണം എനിക്കും ബർന്ന
ബാസിനും കൂട്ടായ്മയുടെ വലം
കൈ തന്നു.[s] ദരിദ്രരെ ഞങ്ങൾ ഓർ
ത്തുകൊള്ളേണം എന്നു മാത്രം
അവർ പറഞ്ഞു; **10** അങ്ങനെ
ചെയ്‌വാൻ ഞാൻ ഉത്സാഹിച്ചുമി
രിക്കുന്നു.[t]
**11** എന്നാൽ കേഫാവ് അന്ത്യോ
ക്യയിൽ വന്നാറെ[u] അവനിൽ കുറ്റം
കാണുകയാൽ ഞാൻ അഭിമുഖ
മായി[v] അവനോട് എതിർത്തുനിന്നു.
**12** യാക്കോബിന്റെ അടുക്കൽനിന്നു
ചിലർ വരുംമുമ്പേ അവൻ ജാതിക
ളോടുകൂടെ തിന്നുപോന്നു;[w] അവർ
വന്നപ്പോഴോ അവൻ പരിച്ഛേദന
ക്കാരെ[x] ഭയപ്പെട്ടു പിൻവാങ്ങി പിരി
ഞ്ഞുനിന്നു. **13** ശേഷം യെഹൂദ
ന്മാരും അവനോടുകൂടെ കപടം
കാണിച്ചതുകൊണ്ടു ബർന്നബാസും
അവരുടെ കപടത്താൽ തെറ്റിപ്പോ
കുവാൻ ഇടവന്നു. **14** അവർ സു
വിശേഷത്തിന്റെ സത്യം[y] അനുസ
രിച്ചു ചൊവ്വായി നടക്കുന്നില്ല[z]
എന്നു കണ്ടിട്ടു ഞാൻ എല്ലാവരും
കേൾക്കെ[a] കേഫാവിനോടു പറ
ഞ്ഞത്: യെഹൂദനായ നീ യെഹൂദ
മര്യാദപ്രകാരമല്ല ജാതികളുടെ
മര്യാദപ്രകാരം ജീവിക്കുന്നു[b] എ
ങ്കിൽ നീ ജാതികളെ യെഹൂദ
മര്യാദ അനുസരിപ്പാൻ നിർബന്ധി
ക്കുന്നത് എന്ത്? **15** നാം സ്വഭാവ
ത്താൽ ജാതികളിൽനിന്നുള്ള പാപി
കളല്ല,[c] യെഹൂദന്മാരത്രേ; **16** എ
ന്നാൽ യേശുക്രിസ്തുവിലുള്ള വി
ശ്വാസത്താലല്ലാതെ[d] ന്യായപ്രമാണ
ത്തിന്റെ പ്രവൃത്തികളാൽ മനുഷ്യൻ
നീതീകരിക്കപ്പെടുന്നില്ല[e] എന്ന്
അറിഞ്ഞിരിക്കകൊണ്ടു നാമും
ന്യായപ്രമാണത്തിന്റെ പ്രവൃത്തി
കളാലല്ല ക്രിസ്തുവിലുള്ള വിശ്വാ
സത്താൽതന്നെ നീതീകരിക്കപ്പെ
ടേണ്ടതിനു ക്രിസ്തുയേശുവിൽ
വിശ്വസിച്ചു; ന്യായപ്രമാണത്തിന്റെ
പ്രവൃത്തികളാൽ ഒരു ജഡവും
നീതീകരിക്കപ്പെടുകയില്ലല്ലോ.[f]
**17** എന്നാൽ ക്രിസ്തുവിൽ നീതീ
കരണം അന്വേഷിക്കയിൽ നാമും
പാപികൾ[g] എന്നു വരുന്നു എങ്കിൽ
ക്രിസ്തു പാപത്തിന്റെ ശുശ്രൂഷ
ക്കാരൻ എന്നോ? ഒരുനാളും അല്ല.
**18** ഞാൻ പൊളിച്ചതു വീണ്ടും
പണിതാൽ ഞാൻ ലംഘനക്കാ
രൻ എന്ന് എന്നെത്തന്നെ തെളിയി
ക്കുന്നു. **19** ഞാൻ ദൈവത്തിനായി
ജീവിക്കേണ്ടതിനു[h] ന്യായപ്രമാണ
ത്താൽ ന്യായപ്രമാണസംബന്ധ
മായി മരിച്ചു.[i] **20** ഞാൻ ക്രിസ്തു
വിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കു
ന്നു;[j] ഇനി ജീവിക്കുന്നത് ഞാനല്ല
ക്രിസ്തുവത്രേ എന്നിൽ[k] ജീവിക്കു
ന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ
ജീവിക്കുന്നതോ എന്നെ സ്നേഹി
ച്ച്[l] എനിക്കുവേണ്ടി തന്നെത്താൻ
ഏല്പിച്ചുകൊടുത്ത[m] ദൈവപു
ത്രങ്കലുള്ള വിശ്വാസത്താലത്രേ
ജീവിക്കുന്നത്. **21** ഞാൻ ദൈവ
ത്തിന്റെ കൃപ വൃഥാവാക്കുന്നില്ല
ന്യായപ്രമാണത്താൽ നീതി വരു
ന്നു എങ്കിൽ[n] ക്രിസ്തു മരിച്ചത്
വെറുതേയല്ലോ.[o]

❋ ❋ ❋

*1. ന്യായപ്രമാണത്തിലുള്ള ആശ്രയത്തെ ആക്ഷേപിക്കുന്നത് 6. വിശ്വസിക്കുന്നവർ നീതീകരിക്കപ്പെടുകയും അബ്രാഹാമിനോടുകൂടെ അനുഗ്രഹിക്കപ്പെടുകയും ചെയ്യും എന്നത്.*

**3** ഹാ ബുദ്ധിയില്ലാത്ത ഗലാ
ത്യരേ, യേശുക്രിസ്തു ക്രൂശി
ക്കപ്പെട്ടവനായി[a] നിങ്ങളുടെ ക
ണ്ണിനു മുമ്പിൽ[b] വരച്ചുകിട്ടിയിരി
ക്കെ[a] നിങ്ങളെ ക്ഷുദ്രംചെയ്തു
മയക്കിയത് ആർ? **2** ഞാൻ ഇതൊ
ന്നു മാത്രം നിങ്ങളോടു ഗ്രഹിപ്പാൻ

8.[o] ഗലാ.1:16; അപ്പൊ.പ്ര.9:15
[p] 1തെസ്സ.2:4; 1തിമൊ.1:11; 1കൊരി.9:17
9.[q] റോമ.1:6
[r] യിരെ.1:18; വെളി.3:12
[l] (വാ.6 കാ.)
[s] (2പത്രൊ.3:15)
10.[t] അപ്പൊ.പ്ര.24:17
11.[u] (അപ്പൊ.പ്ര. 15:1,35)
[v] ഇയ്യോ.21:31
12.[w] അപ്പൊ.പ്ര.11:3; (ഗലാ.2:14; അപ്പൊ.പ്ര.10:28); ലൂക്കൊ.15:2
[x] അപ്പൊ.പ്ര.11:2
14.[y] ഗലാ.2:5
[z] എബ്രാ.12:13
[a] 1തിമൊ.5:20
[b] ഗലാ.2:12
15.[c] ഗലാ.2:17; (എഫെ.2:3,12)
16.[d] റോമ.9:30
[e] ഗലാ.3:11; അപ്പൊ.പ്ര.13:39
[f] റോമ.3:20; (സങ്കീ.143:2)
17.[g] ഗലാ.2:15
19.[h] ലൂക്കൊ.20:38; റോമ.6:11;14:7,8; 2കൊരി.5:15; 1തെസ്സ.5:9,10; എബ്രാ.9:14; 1പത്രൊ.4:2
[i] റോമ.6:2;7:4
20.[j] ഗലാ.5:24; 6:14; റോമ.6:6
[k] യോഹ.17:23
[l] റോമ.8:37
[m] ഗലാ.1:3
21.[n] (ഗലാ.3:21; എബ്രാ.7:11)
[o] (ഗലാ.5:4)

**അധ്യായം 3**

1.[a] (1കൊരി.1:23)
[b] (സംഖ്യാ.21:9)

ഇച്ഛിക്കുന്നു; നിങ്ങൾക്ക് ആത്മാവു
ലഭിച്ചതു ന്യായപ്രമാണത്തിന്റെ
പ്രവൃത്തിയാലോ[c] വിശ്വാസത്തി
ന്റെ പ്രസംഗം കേട്ടതിനാലോ?[d]
**3** നിങ്ങൾ ഇത്ര ബുദ്ധികെട്ടവരോ?
ആത്മാവുകൊണ്ട് ആരംഭിച്ചിട്ട്
ഇപ്പോൾ ജഡംകൊണ്ടോ സമാപി
ക്കുന്നത്?[e] **4** ഇത്ര എല്ലാം വെറു
തേ അനുഭവിച്ചുവോ?[f] വെറുതേ
അത്രേ എന്നു വരികിൽ, **5** എ
ന്നാൽ നിങ്ങൾക്ക് ആത്മാവിനെ
നല്കി നിങ്ങളുടെ ഇടയിൽ വീര്യ
പ്രവൃത്തികളെ ചെയ്യുന്നവൻ[g]
ന്യായപ്രമാണത്തിന്റെ പ്രവൃത്തി
യാലോ[h] വിശ്വാസത്തിന്റെ പ്രസംഗ
ത്താലോ അങ്ങനെ ചെയ്യുന്നത്?
**6** [i]അബ്രാഹാം ദൈവത്തിൽ വിശ്വ
സിച്ചു; അത് അവന് നീതിയായി
കണക്കിട്ടു എന്നുണ്ടല്ലോ. **7** അതു
കൊണ്ടു വിശ്വാസികൾ അത്രേ[j]
അബ്രാഹാമിന്റെ മക്കൾ[k] എന്ന്
അറിവിൻ. **8** എന്നാൽ ദൈവം
വിശ്വാസംമൂലം ജാതികളെ നീതീ
കരിക്കുന്നു[l] എന്നു തിരുവെഴുത്തു
മുൻകണ്ടിട്ട്: [m]“നിന്നിൽ സകല
ജാതികളും അനുഗ്രഹിക്കപ്പെടും”
എന്നുള്ള സുവിശേഷം അബ്രാ
ഹാമിനോടു മുമ്പുകൂട്ടി അറിയിച്ചു.
**9** അങ്ങനെ വിശ്വാസികൾ, വിശ്വാ
സിയായ അബ്രാഹാമിനോടുകൂടെ
അനുഗ്രഹിക്കപ്പെടുന്നു. **10** എ
ന്നാൽ ന്യായപ്രമാണത്തിന്റെ പ്രവൃ
ത്തിയിൽ ആശ്രയിക്കുന്ന ഏവരും
ശാപത്തിൻ കീഴാകുന്നു;[n] ന്യായ
പ്രമാണപുസ്തകത്തിൽ എഴുതിയി
രിക്കുന്നതൊക്കെയും[o] ചെയ്‌വാൻ
തക്കവണ്ണം അതിൽ നിലനില്ക്കാ
ത്തവൻ എല്ലാം ശപിക്കപ്പെട്ടവൻ[p]
എന്ന് എഴുതിയിരിക്കുന്നുവല്ലോ.
**11** എന്നാൽ ന്യായപ്രമാണത്താൽ
ആരും ദൈവസന്നിധിയിൽ നീതീ
കരിക്കപ്പെടുന്നില്ല[q] എന്നതു സ്പ
ഷ്ടം; [r]“നീതിമാൻ വിശ്വാസത്താൽ
ജീവിക്കും” എന്നല്ലോ ഉള്ളത്.
**12** ന്യായപ്രമാണത്തിനോ വിശ്വാ
സമല്ല ആധാരമായിരിക്കുന്നത്;
[s]“അതു ചെയ്യുന്നവൻ അതിനാൽ
ജീവിക്കും” എന്നുണ്ടല്ലോ. **13** [t]“മര
ത്തിന്മേൽ[u] തൂങ്ങുന്നവൻ എല്ലാം
ശപിക്കപ്പെട്ടവൻ” എന്ന് എഴുതിയി
രിക്കുന്നതുപോലെ ക്രിസ്തു നമു
ക്കുവേണ്ടി ശാപമായിത്തീർന്നു.
ന്യായപ്രമാണത്തിന്റെ ശാപത്തിൽ
നിന്നു നമ്മെ വിലയ്ക്കു വാങ്ങി.[v]
**14** അബ്രാഹാമിന്റെ അനുഗ്രഹം
ക്രിസ്തുയേശുവിൽ ജാതികൾക്കു
വരേണ്ടതിനു[w] നാം ആത്മാവെന്ന
വാഗ്ദത്ത[x]വിഷയം വിശ്വാസ
ത്താൽ പ്രാപിപ്പാൻ[y] തന്നെ.

**15** സഹോദരന്മാരേ, ഞാൻ
മനുഷ്യരുടെ ഇടയിൽ നടപ്പുള്ള ഒരു
ദൃഷ്ടാന്തം പറയാം:[z] ഒരു മനുഷ്യ
ന്റെ നിയമം ആയാലും,[a] അതിന്
ഉറപ്പു വന്നശേഷം ആരും ദുർബല
മാക്കുകയോ അതിനോടു വല്ലതും
കൂട്ടിക്കല്പിക്കയോ ചെയ്യുന്നില്ല.
**16** എന്നാൽ അബ്രാഹാമിനും[b]
അവന്റെ സന്തതിക്കും വാഗ്ദത്ത
ങ്ങൾ ലഭിച്ചു;[c] സന്തതികൾക്കും
എന്ന് അനേകരെക്കുറിച്ചല്ല, നിന്റെ
സന്തതിക്കും[d] എന്ന് ഏകനെക്കു
റിച്ചത്രേ പറയുന്നത്; അതു ക്രിസ്തു
തന്നെ. **17** ഞാൻ പറയുന്നതിന്റെ
താല്പര്യമോ: നാനൂറ്റിമുപ്പത് ആ
ണ്ടു[e] കഴിഞ്ഞിട്ട് ഉണ്ടായ ന്യായ
പ്രമാണം വാഗ്ദത്തത്തെ നീക്കു
വാൻ തക്കവണ്ണം[f] അതു ദൈവം
മുമ്പ് ഉറപ്പാക്കിയ നിയമത്തെ ദുർ
ബലമാക്കുന്നില്ല. **18** അവകാശം
ന്യായപ്രമാണത്താൽ എങ്കിൽ വാ
ഗ്ദത്തത്താലല്ല വരുന്നത്; അബ്രാ
ഹാമിനോ ദൈവം അതിനെ വാഗ്ദ
ത്തംമൂലം നല്കി.[g] **19** എന്നാൽ
ന്യായപ്രമാണം എന്തിന്? വാഗ്ദ
ത്തം ലഭിച്ച സന്തതി വരുവോളം[h]
അതു ലംഘനങ്ങൾ നിമിത്തം
കൂട്ടിച്ചേർത്തതും[i] ദൂതന്മാർ മുഖാ
ന്തരം[j] മധ്യസ്ഥന്റെ കൈയിൽ[k]
ഏല്പിച്ചതുമത്രേ.[j] **20** ഒരുത്തൻ
മാത്രം എങ്കിൽ മധ്യസ്ഥൻ വേണ്ടി

2.[c] *ഗലാ.3:14; എഫെ.1:13,14; എബ്രാ.6:4; അപ്പൊ.പ്ര.15:8*
[d] *റോമ.10:17*
3.[e] *ഫിലി.1:4; (ഗലാ.4:9)*
4.[f] *1കൊരി.15:2; (എബ്രാ.10:35; 2യോഹ.8)*
5.[g] *(1കൊരി.12:10)*
[h] *ഗലാ.3:2*
6.[i] ***ഉൽപ.15:6;*** *(റോമ.4:9,21,22); റോമ.4:3*
7.[j] *ഗലാ.3:9; റോമ.3:26*
[k] *ലൂക്കൊ.19:9*
8.[l] *റോമ.3:30*
[m] ***ഉൽപ.12:3***
10.[n] *(ഗലാ.5:4); റോമ.4:15*
[o] *(മത്താ.5:19)*
[p] ***ആവ.27:26;*** *(യിരെ.11:3; യെഹെ.18:4)*
11.[q] *ഗലാ.2:16*
[r] *റോമ.1:17; എബ്രാ.10:38;* ***ഹബ.2:4***
12.[s] ***ലേവ്യാ.18:5;*** *റോമ.10:5*
13.[t] ***ആവ.21:23***
[u] *അപ്പൊ.പ്ര.5:30*
[v] *ഗലാ.4:5; (വെളി.22:3); 2പത്രൊ.2:1*
14.[w] *റോമ.4:9,16; (ഗലാ.3:28)*
[x] *അപ്പൊ.പ്ര.2:33; (യെശ.32:15;44:3; യോവേ.2:28; യോഹ.7:39; എഫെ.1:14)*
[y] *ഗലാ.3:2*
15.[z] *റോമ.3:5*
[a] *(എബ്രാ.9:17)*
16.[b] *റോമ.4:13,16; ലൂക്കൊ.1:54*
[c] *അപ്പൊ.പ്ര.13:32*
[d] *അപ്പൊ.പ്ര.3:25; ഉൽപ.13:15; 17:7,8;22:18*

17.[e] *പുറ.12:40,41; (ഉൽപ.15:13; അപ്പൊ.പ്ര.7:6)* [f] *റോമ.4:14* 18.[g] *(എബ്രാ.6:13,14)* 19.[h] *ഗലാ.3:16* [i] *(റോമ.4:15)* [j] *അപ്പൊ.പ്ര.7:53; എബ്രാ.2:2* [k] *പുറ.20:19,21,22; ആവ.5:5,22,23,27,31; അപ്പൊ.പ്ര.7:38*

വരികയില്ല;[l] ദൈവമോ ഒരുത്തൻ
മാത്രം.[m] 21 എന്നാൽ ന്യായപ്രമാ
ണം ദൈവവാഗ്ദത്തങ്ങൾക്കു
വിരോധമോ? ഒരുനാളും അല്ല;
ജീവിപ്പിപ്പാൻ കഴിയുന്നൊരു ന്യായ
പ്രമാണം നല്കിയിരുന്നു എങ്കിൽ[n]
ന്യായപ്രമാണം വാസ്തവമായി
നീതിക്ക് ആധാരമാകുമായിരുന്നു.
22 എങ്കിലും വിശ്വസിക്കുന്നവർക്കു[o]
വാഗ്ദത്തം യേശുക്രിസ്തുവിലെ
വിശ്വാസത്താൽ ലഭിക്കേണ്ടതിനു[p]
തിരുവെഴുത്ത് എല്ലാവറ്റെയും പാപ
ത്തിൻ കീഴടച്ചുകളഞ്ഞു.[q]
23 വിശ്വാസം വരുംമുമ്പേ നമ്മെ
വെളിപ്പെടുവാനിരുന്ന വിശ്വാസ
ത്തിനായിക്കൊണ്ടു[r] ന്യായപ്രമാണ
ത്തിൻകീഴിൽ അടച്ചു സൂക്ഷിച്ചി
രുന്നു. 24 അങ്ങനെ നാം വിശ്വാ
സത്താൽ നീതീകരിക്കപ്പെടേണ്ട
തിന്[s] ന്യായപ്രമാണം[t] ക്രിസ്തുവി
ന്റെ അടുക്കലേക്കു നടത്തുവാൻ
നമുക്കു ശിശുപാലകനായി[u] ഭവിച്ചു.[t]
25 വിശ്വാസം വന്ന ശേഷമോ നാം
ഇനി ശിശുപാലകന്റെ കീഴിൽ അല്ല.
26 ക്രിസ്തുയേശുവിലെ വിശ്വാ
സത്താൽ നിങ്ങൾ എല്ലാവരും
ദൈവത്തിന്റെ മക്കൾ ആകുന്നു.[v]
27 ക്രിസ്തുവിനോടു[w] ചേരുവാൻ
സ്നാനം ഏറ്റിരിക്കുന്ന[x] നിങ്ങൾ
എല്ലാവരും ക്രിസ്തുവിനെ ധരിച്ചി
രിക്കുന്നു.[y] 28 അതിൽ യെഹൂ
ദനും യവനനും എന്നില്ല;[z] ദാസനും
സ്വതന്ത്രനും എന്നില്ല, ആണും
പെണ്ണും എന്നുമില്ല;[a] നിങ്ങൾ എ
ല്ലാവരും ക്രിസ്തുയേശുവിൽ ഒന്ന
ത്രേ.[b] 29 ക്രിസ്തുവിനുള്ളവർ
എങ്കിലോ[c] നിങ്ങൾ അബ്രാഹാ
മിന്റെ സന്തതിയും വാഗ്ദത്തപ്ര
കാരം അവകാശികളും[d] ആകുന്നു.

✵ ✵ ✵

***1. ക്രിസ്തുമൂലം പുത്രാവകാശം വന്നിരിക്കുകയാൽ 8. ന്യായപ്രമാണത്തിലേക്കു തിരിഞ്ഞു ചെല്ലേണ്ടതില്ല 22. ഹാഗാറെ ഉദ്ദേശിച്ചു പറഞ്ഞ ഉപമ.***

**4** അവകാശി സർവത്തിനും യജ
മാനൻ എങ്കിലും ശിശുവായിരി
ക്കുന്നേടത്തോളം ദാസനെക്കാൾ
ഒട്ടും വിശേഷതയുള്ളവനല്ല, 2 പി
താവു നിശ്ചയിച്ച അവധിയോളം
രക്ഷകന്മാർക്കും ഗൃഹവിചാരക
ന്മാർക്കും കീഴ്പെട്ടവനത്രേ എന്നു
ഞാൻ പറയുന്നു. 3 അതുപോലെ
നാമും ശിശുക്കൾ ആയിരുന്ന
പ്പോൾ ലോകത്തിന്റെ ആദിപാഠ
ങ്ങളിൻ[a]കീഴ് അടിമപ്പെട്ടിരുന്നു.[b]
4 എന്നാൽ കാലസമ്പൂർണത വന്ന
പ്പോൾ[c] ദൈവം തന്റെ പുത്രനെ
സ്ത്രീയിൽനിന്നു[d] ജനിച്ചവനായി[e]
ന്യായപ്രമാണത്തിൻകീഴ്[f] ജനിച്ച
വനായി നിയോഗിച്ചയച്ചത് 5 അ
വൻ ന്യായപ്രമാണത്തിൻ കീഴു
ള്ളവരെ വിലയ്ക്കു വാങ്ങിയിട്ടു[g]
നാം പുത്രത്വം[h] പ്രാപിക്കേണ്ടതിനു
തന്നെ. 6 നിങ്ങൾ മക്കൾ ആക
കൊണ്ട് അബ്ബാ പിതാവേ എന്നു
വിളിക്കുന്ന സ്വപുത്രന്റെ ആത്മാ
വിനെ[i] ദൈവം നമ്മുടെ ഹൃദയ
ങ്ങളിൽ അയച്ചു. 7 അങ്ങനെ നീ
ഇനി ദാസനല്ല പുത്രനത്രേ; പുത്ര
നെങ്കിലോ ദൈവഹിതത്താൽ
അവകാശിയും[j] ആകുന്നു.
8 എന്നാൽ അന്നു നിങ്ങൾ
ദൈവത്തെ അറിയാതെ[k] സ്വഭാവ
ത്താൽ ദൈവങ്ങളല്ലാത്ത[l]വർക്ക്
അടിമപ്പെട്ടിരുന്നു.[m] 9 ഇപ്പോഴോ
ദൈവത്തെ അറിഞ്ഞും വിശേഷാൽ
ദൈവം നിങ്ങളെ അറിഞ്ഞു[n]മി
രിക്കെ നിങ്ങൾ പിന്നെയും ബല
ഹീനവും ദരിദ്രവുമായ ആദിപാഠ
ങ്ങളിലേക്കു[o] തിരിഞ്ഞ്[p] അവ
യ്ക്കു പുതുതായി അടിമപ്പെടു
വാൻ ഇച്ഛിക്കുന്നത് എങ്ങനെ?
10 നിങ്ങൾ ദിവസങ്ങളും മാസ
ങ്ങളും കാലങ്ങളും ആണ്ടുകളും
പ്രമാണിക്കുന്നു.[q] 11 ഞാൻ നി
ങ്ങൾക്കുവേണ്ടി അധ്വാനിച്ചതു

*20.[l] 1തിമൊ.2:5; എബ്രാ.8:6;9:15; 12:24;(എബ്രാ.6:17) [m] റോമ.3:30 21.[n] ഗലാ.2:21 22.[o] അപ്പൊ.പ്ര.10:43 [p] റോമ.4:16 [q] റോമ.11:32;3:9 23.[r] (1പത്രൊ.1:4) 24.[s] ഗലാ.3:11;2:16 [t] (മത്താ.5:17; റോമ.10:4; കൊലൊ.2:17; എബ്രാ.9:9,10) [u] 1കൊരി.4:15 26.[v] ഗലാ.4:5,6; (യോഹ.1:12); റോമ.8:14 - 16 27.[w] അപ്പൊ.പ്ര.8:16 [x] റോമ.6:3 [y] റോമ.13:14 28.[z] (ഗലാ.3:14; 5:6;6:15); റോമ.3:30; 1കൊരി.12:13 [a] 1കൊരി.11:11 [b] (യോഹ.10:16; 17:11; 1കൊരി.10:17; എഫെ.2:14 - 16;4:4) 29.[c] റോമ.9:7; 1കൊരി.3:23 [d] ഗലാ.4:1,7; റോമ.8:17; എഫെ.3:6; (ഗലാ.4:28; 2തിമൊ.1:1; തീത്തൊ.1:2; എബ്രാ.9:15)*

**അധ്യായം 4**

*3.[a] കൊലൊ.2:8,20 [b] ഗലാ.2:4 4.[c] (1തിമൊ.2:7); മർക്കൊ.1:15 [d] (1തിമൊ.2:15); ഉൽപ.3:15 [e] ഫിലി.2:7; യോഹ.1:14*

*[f] (ലൂക്കൊ.2:21,22,27) 5.[g] ഗലാ.3:13 [h] ഗലാ.3:26; റോമ.8:15 6.[i] (റോമ.5:5; 2കൊരി.3:17); അപ്പൊ.പ്ര.16:7 7.[j] ഗലാ.3:29 8.[k] 1കൊരി.1:21; 1തെസ്സ.4:4; 2തെസ്സ.1:7; 1യോഹ.4:8 [l] 2ദിന.13:9; യെശ.37:19; യിരെ.2:11;5:7;16:20; (1കൊരി.8:4) [m] (എഫെ.2:11,12; 1തെസ്സ.1:10) 9.[n] 1കൊരി.8:3 [o] റോമ.8:3; എബ്രാ.7:18 [p] (ഗലാ.3:3) 10.[q] റോമ.14:5; കൊലൊ.2:16*

വെറുതെയായി[r] എന്നു ഞാൻ ഭയ
പ്പെടുന്നു.
12 സഹോദരന്മാരേ, ഞാൻ
നിങ്ങളെപ്പോലെ ആകയാൽ നി
ങ്ങളും എന്നെപ്പോലെ ആകുവാൻ
ഞാൻ നിങ്ങളോട് അപേക്ഷിക്കു
ന്നു.[s] നിങ്ങൾ എന്നോട് ഒരു അന്യാ
യവും ചെയ്തിട്ടില്ല.[t] 13 ഞാൻ
ശരീരത്തിലെ ബലഹീനതനിമി
ത്തം[u] ഒന്നാമതു[v] നിങ്ങളോടു
സുവിശേഷം അറിയിപ്പാൻ സംഗതി
വന്നു എന്നു നിങ്ങൾ അറിയുന്നു
വല്ലോ. 14 എന്റെ ശരീരസംബ
ന്ധമായി നിങ്ങൾക്കുണ്ടായ പരീ
ക്ഷനിമിത്തം നിങ്ങൾ നിന്ദയോ
വെറുപ്പോ കാണിക്കാതെ ദൈവ
ദൂതനെപ്പോലെ,[w] ക്രിസ്തുയേശു
വിനെപ്പോലെ[x] എന്നെ കൈക്കൊ
ള്ളുകയത്രേ ചെയ്തത്. 15 നിങ്ങ
ളുടെ ഭാഗ്യപ്രശംസ എവിടെ? കഴി
യും എങ്കിൽ നിങ്ങളുടെ കണ്ണു
ചൂന്നെടുത്ത് എനിക്കു തരുമായി
രുന്നു എന്നതിനു ഞാൻ സാക്ഷി.
16 അങ്ങനെയിരിക്കെ നിങ്ങളോടു
സത്യം പറകകൊണ്ടു[y] ഞാൻ നി
ങ്ങൾക്കു ശത്രുവായിപ്പോയോ?
17 അവർ നിങ്ങളെക്കുറിച്ച് എരിവ്
കാണിക്കുന്നതു ഗുണത്തിനായി
ട്ടല്ല; നിങ്ങളും അവരെക്കുറിച്ച്
എരിവു കാണിക്കേണ്ടതിന് അവർ
നിങ്ങളെ പുറത്തിട്ട് അടച്ചുകള
വാൻ ഇച്ഛിക്കയത്രേ ചെയ്യുന്നത്.
18 ഞാൻ നിങ്ങളോടുകൂടെ ഇരി
ക്കുമ്പോൾ മാത്രമല്ല[z] എല്ലായ്പോ
ഴും നല്ല കാര്യത്തിൽ എരിവു കാ
ണിക്കുന്നത് നന്ന്. 19 ക്രിസ്തു
നിങ്ങളിൽ ഉരുവാകു[a]വോളം ഞാൻ
പിന്നെയും പ്രസവവേദനപ്പെടുന്ന
വരായ[b] എന്റെ കുഞ്ഞുങ്ങളേ,[c]
20 ഇന്നു നിങ്ങളുടെ അടുക്കൽ
ഇരുന്ന് എന്റെ ശബ്ദം മാറ്റുവാൻ
കഴിഞ്ഞിരുന്നു എങ്കിൽ കൊള്ളാ
യിരുന്നു; ഞാൻ നിങ്ങളെക്കുറിച്ചു
വിഷമിക്കുന്നു.

21 ന്യായപ്രമാണത്തിൻ കീഴി
രിപ്പാൻ ഇച്ഛിക്കുന്നവരേ, നിങ്ങൾ
ന്യായപ്രമാണം കേൾക്കുന്നില്ലയോ?
22 എന്നോടു പറവിൻ. അബ്രാ
ഹാമിനു രണ്ടു പുത്രന്മാർ ഉണ്ടാ
യിരുന്നു; ഒരുവൻ ദാസി പ്രസവി
ച്ചവൻ,[d] ഒരുവൻ സ്വതന്ത്ര പ്രസ
വിച്ചവൻ[e] എന്ന് എഴുതിയിരിക്കു
ന്നുവല്ലോ. 23 ദാസിയുടെ മകൻ
ജഡപ്രകാരവും[f] സ്വതന്ത്രയുടെ
മകനോ വാഗ്ദത്തത്താലും[g] ജനി
ച്ചിരുന്നു. ഇതു സാദൃശ്യമാകുന്നു.
24 ഈ സ്ത്രീകൾ രണ്ടു നിയമ
ങ്ങൾ[h] അത്രേ; ഒന്നു സീനായിമല
യിൽനിന്ന്[i] ഉണ്ടായി അടിമകളെ
പ്രസവിക്കുന്നു; അതു ഹാഗാർ.
25 ഹാഗാർ എന്നത് അറബിദേശ
ത്തു സീനായിമലയെ കുറിക്കുന്നു.
അത് ഇപ്പോഴത്തെ യെരൂശലേമി
നോട് ഒക്കുന്നു; അതു തന്റെ മക്ക
ളോടുകൂടെ അടിമയിലല്ലോ ഇരി
ക്കുന്നത്. 26 മീതെയുള്ള യെരൂ
ശലേമോ[j] സ്വതന്ത്രയാകുന്നു; അ
വൾതന്നെ നമ്മുടെ അമ്മ.
27 [k]"പ്രസവിക്കാത്ത മച്ചിയേ,
ആനന്ദിക്ക; നോവുകിട്ടാത്തവ
ളേ, പൊട്ടി ആർക്കുക; ഏകാകി
നിയുടെ മക്കൾ ഭർത്താവുള്ള
വളുടെ മക്കളെക്കാൾ അധികം"
എന്ന് എഴുതിയിരിക്കുന്നുവല്ലോ.
28 നാമോ സഹോദരന്മാരേ, യി
സ്ഹാക്കിനെപ്പോലെ[l] വാഗ്ദത്ത
ത്താൽ ജനിച്ച മക്കൾ ആകുന്നു.[m]
29 എന്നാൽ അന്നു ജഡപ്രകാരം
ജനിച്ചവൻ ആത്മപ്രകാരം ജനിച്ച
വനെ ഉപദ്രവിച്ചതുപോലെ[n] ഇന്നും
കാണുന്നു.[o] 30 തിരുവെഴുത്തോ
എന്തു പറയുന്നു ദാസിയെയും
മകനെയും പുറത്താക്കിക്കളക;
ദാസിയുടെ മകൻ സ്വതന്ത്രയുടെ
മകനോടുകൂടെ അവകാശി ആക
യില്ല.[p] 31 അങ്ങനെ സഹോദര
ന്മാരേ, നാം ദാസിയുടെ മക്കളല്ല
സ്വതന്ത്രയുടെ[q] മക്കളത്രേ.

✵ ✵ ✵

11.[r] *ഗലാ.2:2;5:2,4; 1തെസ്സ.3:5*
12.[s] *(2കൊരി.6:13)* [t] *(2കൊരി.2:5)*
13.[u] *1കൊരി.2:3* [v] *(ഗലാ.1:6)*
14.[w] *1ശമൂ.29:9; സെഖ.12:8; (മലാ.2:7; 2കൊരി.5:20)* [x] *മത്താ.10:40*
16.[y] *ഗലാ.2:5*
18.[z] *(ഗലാ.4:13)*
19.[a] *റോമ.8:10; 2കൊരി.13:5* [b] *(യാക്കോ.1:18)* [c] *(1കൊരി.4:14; ഫിലേ.10)*
22.[d] *ഉൽപ.16:5* [e] *ഉൽപ.21:2*
23.[f] *ഗലാ.4:29; (റോമ.9:7)* [g] *ഗലാ.4:28; ഉൽപ.17:16-19; 18:10,14;21:1,2; എബ്രാ.11:11*
24.[h] *റോമ.9:4* [i] *ആവ.33:2*
26.[j] *(എബ്രാ.12:22; വെളി.3:12;21:2,10)*
27.[k] ***യെശ.54:1***
28.[l] *ഗലാ.4:23* [m] *റോമ.9:8; ഗലാ.3:29*
29.[n] *ഉൽപ.21:9* [o] *ഗലാ.5:11*
30.[p] ***ഉൽപ.21:10;*** *(യോഹ.8:35)*
31.[q] *(1പത്രൊ.3:6)*

4:14 ***എന്റെ ശരീരസംബന്ധമായി... നിമിത്തം:*** ഗലാത്യയിലെ ആദ്യസന്ദർശനത്തിൽ പൗലൊസിനു ശാരീരികമായ അസുഖം ഉണ്ടായപ്പോൾ അവർ അദ്ദേഹത്തെ സ്നേഹത്തോടുകൂടെ ശുശ്രൂഷിച്ചതിലുള്ള നന്ദി പ്രകാശിപ്പിക്കുന്നു.

*1. അവൻ അവരെ അവരുടെ സ്വാതന്ത്ര്യത്തിൽ നിലനിൽക്കുവാനും 3. പരിച്ഛേദന അല്ല, 13. വിശേഷാൽ സ്നേഹത്തെതന്നെ പ്രമാണിക്കുവാനും ഉത്സാഹിപ്പിക്കുന്നത് 19. ജഡത്തിന്റെ പ്രവൃത്തികളെയും ആത്മാവിൻ ഫലങ്ങളെയും കുറിച്ച്.*

**5** സ്വാതന്ത്ര്യത്തിനായിട്ടു[a] ക്രി
സ്തു നമ്മെ സ്വതന്ത്രരാക്കി;[b]
ആകയാൽ അതിൽ ഉറച്ചുനില്പിൻ;[c]
അടിമ[d]നുകത്തിൽ[e] പിന്നെയും
കുടുങ്ങിപ്പോകരുത്.
**2** നിങ്ങൾ പരിച്ഛേദന ഏറ്റാൽ[f]
ക്രിസ്തുവിനെക്കൊണ്ടു നിങ്ങൾക്ക്
ഒരു പ്രയോജനവുമില്ല[g] എന്നു
പൗലൊസായ ഞാൻ നിങ്ങളോടു
പറയുന്നു. **3** പരിച്ഛേദന ഏല്ക്കുന്ന
ഏതു മനുഷ്യനോടും: അവൻ ന്യായ
പ്രമാണം മുഴുവനും നിവർത്തി
പ്പാൻ കടപ്പെട്ടിരിക്കുന്നു[h] എന്നു
ഞാൻ പിന്നെയും സാക്ഷീകരി
ക്കുന്നു. **4** ന്യായപ്രമാണത്താൽ
നീതീകരിക്കപ്പെടുവാൻ ഇച്ഛിക്കു
ന്ന നിങ്ങൾ[i] ക്രിസ്തുവിനോടു വേർ
പെട്ടുപോയി;[j] നിങ്ങൾ കൃപയിൽ
നിന്നു വീണുപോയി.[k] **5** ഞങ്ങളോ
വിശ്വാസത്താൽ നീതി ലഭിക്കും
എന്നുള്ള പ്രത്യാശാ[l]നിവൃത്തിയെ
ആത്മാവിനാൽ കാത്തിരിക്കുന്നു.[l]
**6** ക്രിസ്തുയേശുവിൽ പരിച്ഛേദന
യല്ല അഗ്രചർമവുമല്ല;[m] സ്നേഹ
ത്താൽ വ്യാപരിക്കുന്ന വിശ്വാസ
മത്രേ[n] കാര്യം. **7** നിങ്ങൾ നന്നായി
ഓടിയിരുന്നു;[o] സത്യം[p] അനുസരി
ക്കാതിരിപ്പാൻ നിങ്ങളെ ആർ തടു
ത്തുകളഞ്ഞു? **8** ഇങ്ങനെ നിങ്ങളെ
അനുസരിപ്പിച്ചതു നിങ്ങളെ വിളിച്ച
വന്റെ[q] പ്രവൃത്തിയല്ല. **9** അസാരം
പുളിമാവു പിണ്ഡത്തെ മുഴുവനും
പുളിപ്പിക്കുന്നു.[r] **10** നിങ്ങൾക്കു
ഭിന്നാഭിപ്രായമുണ്ടാകയില്ല[s] എന്നു
ഞാൻ കർത്താവിൽ ഉറച്ചിരിക്കുന്നു,[t]
എന്നാൽ നിങ്ങളെ കലക്കുന്നവൻ
ആരായാലും ശിക്ഷാവിധി ചുമക്കും.[u]
**11** ഞാനോ, സഹോദരന്മാരേ,
ഇപ്പോഴും പരിച്ഛേദന പ്രസംഗിക്കു
ന്നു എന്നുവരികിൽ ഇനിയും ഉപ
ദ്രവം സഹിക്കുന്നത് എന്ത്?[v]

അദ്ധ്യായം 5
1.[a] *ഗലാ.2:4;5:13; യാക്കോ.1:25*
[b] *യോഹ.8:32*
[c] *1കൊരി.16:13*
[d] *ഗലാ.2:4*
[e] *അപ്പൊ.പ്ര.15:10*
2.[f] *ഗലാ.5:3,11; അപ്പൊ.പ്ര.15:1; 1കൊരി.7:18*
[g] *ഗലാ.4:11*
3.[h] *റോമ.2:25*
4.[i] *(ഗലാ.2:21;3:10; റോമ.9:31,32)*
[j] *റോമ.7:6*
[k] *(എബ്രാ.12:15; 2പത്രൊ.3:17)*
5.[l] *റോമ.8:24,25*
6.[m] *ഗലാ.6:15; 1കൊരി.7:19; കൊലൊ.3:11; ഗലാ.3:28*
[n] *(എഫെ.6:23; 1തെസ്സ.1:2; യാക്കോ.2:18,20,22)*
7.[o] *1കൊരി.9:24*
[p] *ഗലാ.2:5*
8.[q] *ഗലാ.1:6*
9.[r] *1കൊരി.5:6; (1കൊരി.15:33; എബ്രാ.12:15)*
10.[s] *(ഫിലി.3:15)*
[t] *2കൊരി.2:3*
[u] *ഗലാ.1:7; (ഗലാ.5:12)*
11.[v] *ഗലാ.4:29;6:12*

[w] *1കൊരി.1:23,24; 1പത്രൊ.2:8*
12.[x] *(ഗലാ.5:10); ഗലാ.2:4*
13.[y] *ഗലാ.5:1*
[z] *1പത്രൊ.2:16; യൂദാ.4; (1കൊരി.8:9; 2പത്രൊ.2:19)*
[a] *1കൊരി.9:19*
14.[b] ***ലേവ്യാ.19:18;*** *(ഗലാ.5:22;6:2); മത്താ.19:19; യോഹ.13:34*
[c] *(മത്താ.7:12;22:40)*
15.[d] *(ഫിലി.3:2)*
16.[e] *ഗലാ.5:24,25; റോമ.8:4;13:14*

അങ്ങനെ എങ്കിൽ ക്രൂശിന്റെ ഇ
ടർച്ച നീങ്ങിപ്പോയല്ലോ.[w] **12** നിങ്ങ
ളെ കലഹിപ്പിക്കുന്നവർ[x] അംഗ
ച്ഛേദം ചെയ്തുകൊണ്ടാൽ കൊ
ള്ളായിരുന്നു.
**13** സഹോദരന്മാരേ, നിങ്ങൾ
സ്വാതന്ത്ര്യത്തിനായി[y] വിളിക്കപ്പെ
ട്ടിരിക്കുന്നു; ഈ സ്വാതന്ത്ര്യം ജഡ
ത്തിന് അവസരമാക്കുക മാത്രം
ചെയ്യാതെ[z] സ്നേഹത്താൽ അ
ന്യോന്യം സേവിപ്പിൻ.[a] **14** [b]കൂട്ടു
കാരനെ നിന്നെപ്പോലെ തന്നേ
സ്നേഹിക്കേണം എന്നുള്ള ഏക
വാക്യത്തിൽ ന്യായപ്രമാണം മുഴു
വനും അടങ്ങിയിരിക്കുന്നു.[c] **15** നി
ങ്ങൾ അന്യോന്യം കടിക്കയും തി
ന്നുകളകയും ചെയ്താലോ[d] ഒരു
വനാൽ ഒരുവൻ ഒടുങ്ങിപ്പോകാ
തിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ.
**16** ആത്മാവിനെ അനുസരിച്ചു
നടപ്പിൻ;[e] എന്നാൽ നിങ്ങൾ ജഡ
ത്തിന്റെ മോഹം[f] നിവർത്തിക്കയില്ല
എന്നു ഞാൻ പറയുന്നു. **17** ജഡാ
ഭിലാഷം ആത്മാവിനും ആത്മാ
ഭിലാഷം ജഡത്തിനും വിരോധമാ
യിരിക്കുന്നു;[g] നിങ്ങൾ ഇച്ഛിക്കുന്ന
തു ചെയ്യാതവണ്ണം[h] അവ തമ്മിൽ
പ്രതികൂലമല്ലോ. **18** ആത്മാവിനെ
അനുസരിച്ചു നടക്കുന്നു എങ്കിൽ[i]
നിങ്ങൾ ന്യായപ്രമാണത്തിൻ കീഴു
ള്ളവരല്ല.[j] **19** ജഡത്തിന്റെ പ്രവൃ
ത്തികളോ[k] ദുർന്നടപ്പ്, അശുദ്ധി,
**20** ദുഷ്കാമം, വിഗ്രഹാരാധന,
ആഭിചാരം, പക, പിണക്കം, ജാര
ശങ്ക, ക്രോധം, ശാഠ്യം, **21** ദ്വന്ദ്വപ
ക്ഷം, ഭിന്നത,[l] അസൂയ, മദ്യപാനം,
വെറിക്കൂത്ത് മുതലായവ എന്നു
വെളിവാകുന്നു; ഈ വക പ്രവർ
ത്തിക്കുന്നവർ ദൈവരാജ്യം അവ
കാശമാക്കുകയില്ല[m] എന്നു ഞാൻ
മുമ്പേ പറഞ്ഞതുപോലെ ഇപ്പോഴും
നിങ്ങളോടു മുൻകൂട്ടി പറയുന്നു.

[f] *എഫെ.2:3* 17.[g] *റോമ.7:23;8:5-7* [h] *റോമ.7:15, 18,19* 18.[i] *റോമ.8:14* [j] *റോമ.7:4* 19.[k] *1കൊരി.3:3; എഫെ.5:3; കൊലൊ.3:5; യാക്കോ.3:14,15; (മത്താ.15:18-20)* 21.[l] *1കൊരി.11:19* [m] *(കൊലൊ.3:6); 1കൊരി.6:9*

**22** ആത്മാവിന്റെ ഫലമോ:[n] സ്നേ
ഹം,[o] സന്തോഷം, സമാധാനം,
ദീർഘക്ഷമ, ദയ,[p] പരോപകാരം,
വിശ്വസ്തത, **23** സൗമ്യത,[q] ഇന്ദ്രി
യജയം;[r] ഈ വകയ്ക്കു വിരോധ
മായി ഒരു ന്യായപ്രമാണവുമില്ല.[s]
**24** ക്രിസ്തുയേശുവിനുള്ളവർ
ജഡത്തെ[t] അതിന്റെ രാഗമോഹങ്ങ
ളോടും[u] കൂടെ ക്രൂശിച്ചിരിക്കുന്നു.[t]
**25** ആത്മാവിനാൽ നാം ജീവി
ക്കുന്നു എങ്കിൽ ആത്മാവിനെ അ
നുസരിച്ചു നടക്കുകയും ചെയ്ക.[v]
**26** നാം അന്യോന്യം പോരിനു
വിളിച്ചും അന്യോന്യം അസൂയ
പ്പെട്ടുംകൊണ്ടു വൃഥാഭിമാനികൾ
ആകരുത്.[w]

❋ ❋ ❋

***1. തെറ്റിപ്പോകുന്ന സഹോദരനോട് ശാന്തമായിരിക്കുവാനും 6. തങ്ങളുടെ ഉപദേഷ്ടാക്കന്മാർക്ക് ഔദാര്യം ചെയ്യുവാനും 9. നന്മ ചെയ്യുന്നതിനു മുഷിച്ചിൽ ഇല്ലാതിരിക്കുവാനും പ്രബോധനം.***

**6** സഹോദരന്മാരേ, ഒരു മനുഷ്യൻ
വല്ല തെറ്റിലും അകപ്പെട്ടുപോ
യെങ്കിൽ[a] ആത്മികരായ നിങ്ങൾ[b]
അങ്ങനെയുള്ളവനെ സൗമ്യതയുടെ
ആത്മാവിൽ[c] യഥാസ്ഥാനപ്പെടു
ത്തുവിൻ; നീയും പരീക്ഷയിൽ
അകപ്പെടാതിരിപ്പാൻ സൂക്ഷിച്ചു
കൊൾക. **2** തമ്മിൽ തമ്മിൽ ഭാര
ങ്ങളെ ചുമപ്പിൻ;[d] ഇങ്ങനെ ക്രിസ്തു
വിന്റെ ന്യായപ്രമാണം[e] നിവർത്തി
പ്പിൻ.[f] **3** താൻ അല്പനായിരിക്കെ[g]
മഹാൻ ആകുന്നു എന്ന് ഒരുത്തൻ
നിരൂപിച്ചാൽ[h] തന്നെത്താൻ വഞ്ചി
ക്കുന്നു. **4** ഓരോരുത്തൻ താന്താ
ന്റെ പ്രവൃത്തി ശോധന ചെയ്യട്ടെ;[i]
എന്നാൽ അവൻ തന്റെ പ്രശംസ
മറ്റൊരുത്തനെ കാണിക്കാതെ
തന്നിൽത്തന്നെ അടക്കി വയ്ക്കും.
**5** ഓരോരുത്തൻ താന്താന്റെ ചു
മടു ചുമക്കുമല്ലോ.[j]

**6** വചനം പഠിക്കുന്നവൻ പഠിപ്പി
ക്കുന്നവന് എല്ലാ നന്മയിലും ഓ
ഹരി കൊടുക്കേണം.[k] **7** വഞ്ചന
പ്പെടാതിരിപ്പിൻ;[l] ദൈവത്തെ പരി
ഹസിച്ചുകൂടാ;[m] മനുഷ്യൻ വിത
യ്ക്കുന്നതുതന്നെ കൊയ്യും.[n] **8** ജഡ
ത്തിൽ വിതയ്ക്കുന്നവൻ[o] ജഡ
ത്തിൽനിന്നു നാശം കൊയ്യും;[p]
ആത്മാവിൽ വിതയ്ക്കുന്നവൻ[q]
ആത്മാവിൽനിന്നു നിത്യജീവനെ
കൊയ്യും. **9** നന്മ ചെയ്കയിൽ നാം
മടുത്തുപോകരുത്;[r] തളർന്നുപോ
കാഞ്ഞാൽ[s] തക്കസമയത്തു നാം
കൊയ്യും. **10** ആകയാൽ അവ
സരം കിട്ടുംപോലെ[t] നാം എല്ലാ
വർക്കും, വിശേഷാൽ സഹവിശ്വാ
സികൾക്കും[u] നന്മ ചെയ്ക.[v]
**11** നോക്കുവിൻ: എത്ര വലിയ
അക്ഷരമായി ഞാൻ നിങ്ങൾക്കു
സ്വന്തകൈകൊണ്ടുതന്നെ[w] എഴു
തിയിരിക്കുന്നു. **12** ജഡത്തിൽ
സുമുഖം കാണിപ്പാൻ ഇച്ഛിക്കുന്ന
വരൊക്കെയും[x] ക്രിസ്തുവിന്റെ
ക്രൂശുനിമിത്തം ഉപദ്രവം സഹി
ക്കാതിരിക്കേണ്ടതിനു മാത്രം[y] നി
ങ്ങളെ പരിച്ഛേദന ഏല്പാൻ നിർ
ബന്ധിക്കുന്നു.[z] **13** പരിച്ഛേദന
ക്കാർ തന്നെയും ന്യായപ്രമാണം
ആചരിക്കുന്നില്ലല്ലോ; നിങ്ങളുടെ
ജഡത്തിൽ പ്രശംസിക്കേണം എന്നു
വച്ചു നിങ്ങൾ പരിച്ഛേദന ഏല്പാൻ
അവർ ഇച്ഛിക്കുന്നതേയുള്ളൂ.
**14** എനിക്കോ നമ്മുടെ കർത്താ
വായ യേശുക്രിസ്തുവിന്റെ ക്രൂ
ശിൽ അല്ലാതെ[a] പ്രശംസിപ്പാൻ
ഇടവരരുത്; അവനാൽ ലോകം
എനിക്കും ഞാൻ ലോകത്തിനും

22.[n] *(റോമ.7:4;8:5; എഫെ.5:10)*
[o] *റോമ.5:1-5; കൊലൊ.3:12-17*
[p] *2കൊരി.6:6*
23.[q] *എഫെ.4:2*
[r] *അപ്പൊ.പ്ര.24:25; 2പത്രൊ.1:6*
[s] *1തിമൊ.1:10*
24.[t] *(ഗലാ.5:16); റോമ.6:6*
[u] *റോമ.7:5*
25.[v] *(ഗലാ.5:16)*
26.[w] *ഫിലി.2:3*

**അധ്യായം 6**

1.[a] *(സങ്കീ.141:5; 2കൊരി.2:7; എബ്രാ.12:13; യാക്കോ.5:19)*
[b] *(റോമ.15:1; 1കൊരി.10:15); 1കൊരി.2:15*
[c] *1കൊരി.4:21; (2തിമൊ.2:26)*
2.[d] *റോമ.15:1; 1തെസ്സ.5:14*
[e] *1യോഹ.4:21; യോഹ.13:34*
[f] *(ഗലാ.5:14)*
3.[g] *2കൊരി.12:11*
[h] *(ഗലാ.2:6); 1കൊരി.3:7,18*
4.[i] *(1കൊരി.11:28; 2കൊരി.13:5)*
5.[j] *(റോമ.14:12)*

6.[k] *(റോമ.15:27; 1കൊരി.9:11,12)*
7.[l] *1കൊരി.6:9; 15:33;യാക്കോ.1:16*
[m] *ഇയ്യോ.13:9*
[n] *2കൊരി.9:6*
8.[o] *(ഹോശേ.8:7); ഇയ്യോ.4:8*
[p] *റോമ.6:21*
[q] *യാക്കോ.3:18*

9.[r] *2തെസ്സ.3:13; (1കൊരി.15:58)* [s] *എബ്രാ.12:3,5; (എബ്രാ.10:36); മത്താ.10:22* 10.[t] *സദൃ.3:27; യോഹ.9:4;12:35* [u] *(എഫെ.2:19; 1തിമൊ.5:8; എബ്രാ.3:6)* [v] *എഫെ.4:28; 1തിമൊ.6:18; (1തെസ്സ.5:15)* 11.[w] *1കൊരി.16:21* 12.[x] *2കൊരി.11:13* [y] *ഗലാ.5:11* [z] *ഗലാ.2:3* 14.[a] *1കൊരി.2:2; (ഫിലി.3:3,7,8)*

**5:22,23** ***ആത്മാവിന്റെ ഫലം:*** ഒമ്പതു വിശേഷ സ്വഭാവങ്ങൾ ചേർത്തിരിക്കുന്നു. ഇവയെല്ലാം കൂടെ ആത്മാവിന്റെ ഫലം (ഫലങ്ങൾ അല്ല) എന്നാണു പറഞ്ഞിരിക്കുന്നത്. ഒന്നു സ്വീകരിച്ചിട്ടു മറ്റൊന്നു വിട്ടുകളയുവാൻ സാധ്യമല്ല. ആ പട്ടികയിലെ ആദ്യ സ്വഭാവഗുണം സ്നേഹമാണ്. ആ സ്നേഹം ദൈവിക സ്നേഹത്തിന്റെ ബഹിർസ്ഫുരണമാണ്.

ക്രൂശിക്കപ്പെട്ടിരിക്കുന്നു.[b] **15** പരി
ച്ഛേദനയല്ല അഗ്രചർമവുമല്ല[c] പു
തിയ സൃഷ്ടിയത്രേ[d] കാര്യം. **16** ഈ
പ്രമാണം അനുസരിച്ചുനടക്കുന്ന
ഏവർക്കും ദൈവത്തിന്റെ യിസ്രാ
യേലിനും[e] സമാധാനവും കരുണ
യും ഉണ്ടാകട്ടെ.[f]
**17** ഇനി ആരും എനിക്കു
പ്രയാസം വരുത്തരുത്; ഞാൻ
യേശുവിന്റെ ചൂടടയാളം എന്റെ
ശരീരത്തിൽ വഹിക്കുന്നു.[g]
**18** സഹോദരന്മാരേ, നമ്മുടെ
കർത്താവായ യേശുക്രിസ്തു
വിന്റെ കൃപ[h] നിങ്ങളുടെ ആത്മാ
വിനോടുകൂടെ[i] ഇരിക്കുമാറാകട്ടെ.
ആമേൻ.

❋ ❋ ❋

14.[b] *റോമ.6:6*
15.[c] *(റോമ.2:28); ഗലാ.5:6* [d] *(യോഹ.3:5,7); റോമ.6:5*
16.[e] *ഗലാ.3:7,9,29; റോമ.2:29;4:12; 9:6 - 8;ഫിലി.3:3* [f] *സങ്കീ.125:5; 128:6*

17.[g] *യെശ.44:5; യെഹെ.9:4; വെളി.13:16;16:2; 19:20;20:4* 18.[h] *ഫിലേ.25;റോമ.16:20* [i] *2തിമൊ.4:22*

6:17 ***ചൂടടയാളം:*** അടിമകളുടെയും വളർത്തുന്ന കന്നുകാലികളുടെയും ഉടമസ്ഥാവകാശം കാണിക്കുന്നതിന് മാഞ്ഞുപോകാത്ത അടയാളം (ചെവി തുളച്ചും മറ്റും) ഉണ്ടാക്കുന്നത് അക്കാലത്തു പതിവായിരുന്നു. അപ്പൊസ്തലൻ സുവിശേഷഘോഷണം നിമിത്തം വളരെയധികം പ്രഹരങ്ങൾ ഏൽക്കേണ്ടിവന്നിട്ടുണ്ട്. അതിന്റെ ചില മായാത്ത പാടുകൾ ശരീരത്തിൽ ഉള്ളതിനെ, യേശുക്രിസ്തുവിന്റെ അടിമ എന്ന സ്ഥാനത്തിന്റെ അടയാളമായി അദ്ദേഹം കരുതുന്നു (2 കൊരി. 11:23 - 26).

## പരിച്ഛേദന

പരിച്ഛേദന അല്ലെങ്കിൽ അഗ്രചർമം മുറിക്കുക എന്ന കർമം പ്രാചീന പശ്ചിമേഷ്യൻ പ്രദേശത്തു പുരുഷപ്രജ സ്വീകരിച്ചിരുന്ന ഒരു അനുഷ്ഠാനമായിരുന്നു. എങ്ങനെ അത് ആരംഭിച്ചു എന്നു വ്യക്തമല്ല. സിപ്പോറാ മോശെയെ രക്ഷിക്കുന്നതിനു മകന്റെ പരിച്ഛേദന നടത്തിയതായി പുറ. 4:24 - 26 ൽ രേഖപ്പെടുത്തുന്നു. വേദപുസ്തകത്തിൽ പരിച്ഛേദനയെ സംബന്ധിച്ച് ആദ്യമായി പറഞ്ഞിരിക്കുന്നത് ഉൽപ. 17:1 - 14 വരെയുള്ള ഭാഗത്താണ്. ദൈവം അബ്രാഹാമിനും സന്തതിക്കും സമൃദ്ധിയായ അനുഗ്രഹം വാഗ്ദത്തം ചെയ്തതിനുശേഷം ദൈവവും അബ്രാഹാമും തമ്മിലുള്ള ഉടമ്പടിബന്ധത്തിന്റെ അടയാളമായി ഈ കർമം ആരംഭിച്ചതായിട്ടാണ് മനസിലാകുന്നത്. യിസ്രായേല്യ വംശത്തിൽ പെടാത്തവരും അവരുടെ ഭാഗത്തായിത്തീരണമെങ്കിൽ പരിച്ഛേദന ഏൽക്കണമായിരുന്നു (ഉൽപ. 17:12,13; 34:21 - 24). ഈജിപ്തിലും കനാൻ സംസ്കാരത്തിലും ഈ കർമം അനുഷ്ഠിച്ചിരുന്നു. 12 - ാമത്തെ വയസ്സിലാണ് അവർ അതു നടത്തിയിരുന്നത്. അബ്രാഹാമ്യ സന്തതികൾക്ക് ആൺകുട്ടികൾ ജനിച്ചാൽ ഉൽപ. 17:12 അനുസരിച്ച് എട്ടാം ദിവസം പരിച്ഛേദന കഴിച്ചിരുന്നു. ദൈവവുമായുള്ള ഉടമ്പടിബന്ധത്തിന്റെ അടയാളമായതിനാൽ പരിച്ഛേദന ഏൽക്കാത്ത പുരുഷപ്രജയെ ജനത്തിൽനിന്നു ഛേദിച്ചുകളയണമായിരുന്നു (ഉൽപ. 17:14). എന്നാൽ യിരെമ്യാ പ്രവാചകൻ, ബാഹ്യമായ പരിച്ഛേദനകൊണ്ടു മാത്രം ആരും യഥാർഥ ദൈവജനമായിത്തീരുന്നില്ല; ഹൃദയത്തിന്റെ പരിച്ഛേദനയാണ് അത്യാവശ്യം എന്നു പഠിപ്പിച്ചു (യിരെ. 9:25, 26). യിരെ. 31:31 - 34 വരെയുള്ള ഭാഗത്ത് ദൈവത്തിന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും എന്നു ദൈവം കല്പിക്കുന്നതായി രേഖപ്പെടുത്തുന്നു. എബ്രായ ലേഖനകർത്താവ് യിരെമ്യാവിനെ ആധാരമാക്കി പറയുന്നത് ആദ്യ ഉടമ്പടിയായ ന്യായപ്രമാണത്തെ ക്രിസ്തുയേശുവിൽ ഒരു പുതിയ ഉടമ്പടിയാക്കി പുതുക്കിയിരിക്കുന്നു എന്നാണ് (എബ്രാ. 8:1 - 13). പരിച്ഛേദന ആദിമ ക്രിസ്ത്യാനികളുടെ ഇടയിൽ വലിയ വിവാദത്തിനും ചേരിതിരിവിനും കാരണമായിത്തീർന്നു. ക്രിസ്തീയവിശ്വാസത്തിലേക്കു വരുന്ന യെഹൂദേതരർ പരിച്ഛേദന ഉൾപ്പെടെയുള്ള എല്ലാ ന്യായപ്രമാണ പാരമ്പര്യങ്ങളും അനുഷ്ഠിക്കണമെന്നു പല യെഹൂദക്രിസ്ത്യാനികളും വാദിച്ചു. ദൈവജനമായിത്തീരേണ്ടതിനു പരിച്ഛേദന ഒഴിച്ചുകൂടാനാകാത്തതാണെന്ന അഭിപ്രായം പൗലൊസ് അപ്പൊസ്തലൻ ഉൾപ്പെടെ പല നേതാക്കളും എതിർത്തു. യഥാർഥ പരിച്ഛേദന ഹൃദയത്തിന്റെ പരിച്ഛേദനയാണെന്നും അതാണു ദൈവസന്നിധിയിൽ സ്വീകാര്യമായതെന്നും അവർ ശഠിച്ചു (റോമ. 2:25 - 29). ന്യായപ്രമാണത്തിന്റെ അനുഷ്ഠാനത്താലല്ല വിശ്വാസത്താലാണ് നീതീകരണം പ്രാപിക്കുന്നതെന്നു പൗലൊസ് ഉപദേശിച്ചു (റോമ. 3:28; ഫിലി. 3:7 - 9). വിശ്വാസികളായ യെഹൂദേതരർ ന്യായപ്രമാണം സ്വീകരിക്കണമെന്നു വാദിക്കുന്നവരെ കലക്കക്കാർ എന്നാണ് പൗലൊസ് വിളിച്ചിരുന്നത്. പരിച്ഛേദനയ്ക്കു നിർബന്ധിക്കുന്നവർ ആത്മാവുകൊണ്ട് ആരംഭിച്ചിട്ടു ജഡംകൊണ്ടു സമാപിക്കുന്നവരാണ് (ഗലാ. 3:1 - 3). എന്നാൽ പരിച്ഛേദനയുമല്ല അഗ്രചർമവുമല്ല, പുതിയ സൃഷ്ടിയാണു കാര്യം എന്നു പൗലൊസ് സമർഥിക്കുന്നു.

# THE EPISTLE OF PAUL THE APOSTLE TO THE EPHESIANS
# അപ്പൊസ്തലനായ പൗലൊസ് എഫെസ്യർക്ക് എഴുതിയ ലേഖനം

## മുഖവുര

സ്വർഗത്തിലും ഭൂമിയിലും ഉള്ളതെല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായി ച്ചേർക്ക എന്നിങ്ങനെ കാലസമ്പൂർണതയിലെ ദൈവവ്യവസ്ഥയെക്കുറിച്ചുള്ള പൗലൊസിന്റെ ലേഖനമാണ് എഫെസ്യലേഖനം. യേശുക്രിസ്തുവിലൂടെ സകല മാനവജാതിക്കുംവേണ്ടി ദൈവം ഒരുക്കിയിരിക്കുന്ന ആ വലിയ ദൈവവ്യവസ്ഥ യുടെ അർഥത്തിൽ ജീവിക്കുവാനുള്ള ഒരു ആഹ്വാനം കൂടിയാണ് ഈ ലേഖനം.

*1. തിരഞ്ഞെടുപ്പിന്റെയും 6. പുത്രസ്വീകാരത്തി ന്റെയും സംഗതി 11. അതു മനുഷ്യന്റെ രക്ഷ യുടെ മൂലമാകുന്നു എന്നുള്ളത്.*

**ദൈ**വേഷ്ടത്താൽ[a] ക്രിസ്തു
യേശുവിന്റെ അപ്പൊസ്തലനായ[b]
പൗലൊസ് [എഫെസൊസിൽ
ഉള്ള] വിശുദ്ധന്മാരും ക്രിസ്തുയേ
ശുവിൽ വിശ്വാസികളുമായവർക്ക്[c]
എഴുതുന്നത്: **2** നമ്മുടെ പിതാ
വായ ദൈവത്തിങ്കൽനിന്നും കർ
ത്താവായ യേശുക്രിസ്തുവിങ്കൽ
നിന്നും നിങ്ങൾക്കു കൃപയും സമാ
ധാനവും ഉണ്ടാകട്ടെ.[d]
**3** സ്വർഗത്തിലെ[e] സകല ആത്മി
കാനുഗ്രഹത്താലും നമ്മെ ക്രിസ്തു
വിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ
കർത്താവായ യേശുക്രിസ്തുവി
ന്റെ ദൈവവും പിതാവുമായവൻ[f]
വാഴ്ത്തപ്പെട്ടവൻ.[g] **4** നാം തന്റെ
സന്നിധിയിൽ വിശുദ്ധരും നിഷ്ക
ളങ്കരും[h] ആകേണ്ടതിന് അവൻ ലോ
കസ്ഥാപനത്തിനു മുമ്പേ[i] നമ്മെ
**5** അവനിൽ തിരഞ്ഞെടുക്കയും[j]
തിരുഹിതത്തിന്റെ പ്രസാദപ്രകാരം[k]
യേശുക്രിസ്തു മുഖാന്തരം **6** നമ്മെ
ദത്തെടുക്കേണ്ടതിന്[l] അവൻ പ്രിയ
നായവനിൽ[m] നമുക്കു സൗജന്യ
മായി നല്കിയ തന്റെ കൃപാമഹ
ത്ത്വത്തിന്റെ പുകഴ്ചയ്ക്കായി[n]
സ്നേഹത്തിൽ നമ്മെ മുൻനിയമി
ക്കയും[o] ചെയ്തുവല്ലോ.[p] **7** അവ
നിൽ നമുക്ക് അവന്റെ രക്തത്താൽ[q]
അതിക്രമങ്ങളുടെ മോചനമെന്ന[r]
വീണ്ടെടുപ്പ്[s] ഉണ്ട്.[t] **8** അത് അവൻ

**അധ്യായം 1**
1. [a] *1കൊരി.1:1* [b] *2കൊരി.1:1* [c] *കൊലൊ.1:1*
2. [d] *റോമ.1:4*
3. [e] *എഫെ.1:21;2:7; 3:10;6:12* [f] *റോമ.15:5* [g] *2കൊരി.1:3; 1പത്രൊ.1:3*
4. [h] *എഫെ.5:27; കൊലൊ.1:22; 1തെസ്സ.4:7; തീത്തൊ.2:13,14* [i] *(2തിമൊ.1:9); മത്താ.13:35*
5. [j] *യാക്കോ.2:5; (ആവ.7:6;26:18,19)* [k] *എഫെ.1:9; (ലൂക്കൊ.2:14; എബ്രാ.2:3); ലൂക്കൊ.12:32*
6. [l] *റോമ.8:15* [m] *(യോഹ.3:35;10:17; കൊലൊ.1:13); മത്താ.3:17* [n] *എഫെ.1:12,14* [o] *എഫെ.1:11; റോമ.8:29,30* [p] *(എഫെ.2:10; 2തെസ്സ.2:13; 1പത്രൊ.1:2)*
7. [q] *അപ്പൊ.പ്ര.20:28* [r] *അപ്പൊ.പ്ര.2:38* [s] *റോമ.3:24; 1കൊരി.1:30;(എഫെ.4:30)* [t] *കൊലൊ.1:14*

***എഫെസൊസ്:*** ഈജിയൻ കടലിലെ പ്രധാന തുറമുഖമായിരുന്നു എഫെസൊസ്. എന്നാൽ പൗലൊസിന്റെ കാലമായപ്പോഴേയ്ക്കും പ്രസ്തുത തുറമുഖം എക്കൽകൊണ്ടു നിറഞ്ഞിരുന്നു. അർത്തെമിസ് ദേവിയുടെ ക്ഷേത്രം ഉള്ളതും മനോഹരവുമായ പട്ടണമായിരുന്നു അത്. അവിടെ ദേവി നല്കിയതും ആകാശത്തിൽനിന്നു വീണതും എന്നു കരുതുന്ന വളരെ പ്രശസ്തവും ഭീമാകാരവുമായ ഒരു വിഗ്രഹം (ഉൽക്ക) ഉണ്ടായിരുന്നു (അ. പ്ര. 19:35). ഈ ക്ഷേത്രത്തിൽ നൂറുകണക്കിനു ദേവദാസികൾ വേശ്യാവൃത്തി ചെയ്തിരുന്നു. അർത്തെമിസ് ദേവിയെ ആരാധിക്കാൻ എല്ലാത്തരം ആഭരണങ്ങളും ഉണ്ടാക്കി വിൽക്കുന്ന പ്രാദേശിക വ്യാപാരവും ഉണ്ടായി രുന്നു (അപ്പൊ. പ്ര. 19:23 - 41). പ്രസ്തുത പട്ടണത്തിൽ വലിയ നാടകവേദികൾ, വാൾപയറ്റുകാരുടെ മത്സര ത്തിനായുള്ള സ്റ്റേഡിയം, വായനശാലകൾ എന്നിവ ഉണ്ടായിരുന്നു. പൗലൊസ് എഫെസൊസിൽ ഏകദേശം മൂന്നു വർഷം പ്രവർത്തിച്ചു. ക്രിസ്തുവിനോടുള്ള അവരുടെ ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്നാണ് (വെളി. 2:1 - 7) ഒരു തലമുറ കഴിഞ്ഞ്, വെളിപാട് എഴുത്തുകാരൻ എഫെസ്യ ക്രിസ്ത്യാനികളെപ്പറ്റി എഴുതിയിരിക്കുന്നത്.

നമുക്കു താൻ ധാരാളമായി കാണിച്ച
കൃപാധനപ്രകാരം[u] സകല ജ്ഞാന
വും വിവേകവുമായി നല്കിയിരി
ക്കുന്നു. **9** അവനിൽ താൻ മുൻ
നിർണയിച്ച[v] തന്റെ പ്രസാദത്തിനു
തക്കവണ്ണം തന്റെ ഹിതത്തിന്റെ
മർമം അവൻ നമ്മോട് അറിയിച്ചു.[w]
**10** അതു സ്വർഗത്തിലും ഭൂമിയിലു
മുള്ളത് എല്ലാം പിന്നെയും ക്രിസ്
തുവിൽ ഒന്നായിച്ചേർക്ക[x] എന്നി
ങ്ങനെ കാലസമ്പൂർണതയിലെ[y]
വ്യവസ്ഥയ്ക്കായിക്കൊണ്ടു തന്നേ.
**11** അവനിൽ നാം അവകാശവും[z]
പ്രാപിച്ചു, തന്റെ ഹിതത്തിന്റെ ആ
ലോചന[a]പോലെ സകലവും പ്രവർ
ത്തിക്കുന്നവന്റെ നിർണയപ്രകാരം[b]
മുൻനിയമിക്കപ്പെട്ടത്[c] **12** മുമ്പിൽ
കൂട്ടി ക്രിസ്തുവിൽ ആശ വച്ചവരായ
ഞങ്ങൾ അവന്റെ മഹത്ത്വത്തിന്റെ
പുകഴ്ചയ്ക്കാ[d]കേണ്ടതിനുതന്നെ.
**13** അവനിൽ നിങ്ങൾക്കും നിങ്ങ
ളുടെ രക്ഷയെക്കുറിച്ചുള്ള സുവി
ശേഷം എന്ന സത്യവചനം[e] നി
ങ്ങൾ കേൾക്കയും അവനിൽ വിശ്വ
സിക്കയും ചെയ്തിട്ട്, **14** തന്റെ
സ്വന്തജനത്തിന്റെ[f] വീണ്ടെടുപ്പിനു[g]
വേണ്ടി തന്റെ മഹത്ത്വത്തിന്റെ
പുകഴ്ചയ്ക്കായിട്ടു[h] നമ്മുടെ അവ
കാശത്തിന്റെ[i] അച്ചാരമായ[j] വാഗ്ദ
ത്തത്തിൻ[k] പരിശുദ്ധാത്മാവിനാൽ
മുദ്രയിട്ടിരിക്കുന്നു.[l]

**15** അതുനിമിത്തം ഞാനും നി
ങ്ങൾക്കു കർത്താവായ യേശുവിലു
ള്ള വിശ്വാസത്തെയും സകല വിശു
ദ്ധന്മാരോടുമുള്ള സ്നേഹത്തെയും
കുറിച്ചു കേട്ടിട്ട്,[m] **16** നിങ്ങൾക്കു
വേണ്ടി ഇടവിടാതെ സ്തോത്രം
ചെയ്ത്[n] എന്റെ പ്രാർഥനയിൽ
നിങ്ങളെ ഓർത്തുംകൊണ്ട്[o]
**17** നമ്മുടെ കർത്താവായ യേശു
ക്രിസ്തുവിന്റെ ദൈവവും മഹത്ത്വ
മുള്ള പിതാവുമായവൻ[p] നിങ്ങൾക്കു
തന്നെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ
ജ്ഞാനത്തിന്റെയും വെളിപ്പാടിന്റെ
യും ആത്മാവിനെ തരേണ്ടതിനും[q]
നിങ്ങളുടെ ഹൃദയദൃഷ്ടി പ്രകാശി
പ്പിച്ചിട്ട്[r] **18** അവന്റെ വിളിയാലുള്ള
ആശ[s] ഇന്നതെന്നും വിശുദ്ധന്മാ
രിൽ അവന്റെ അവകാശത്തിന്റെ
മഹിമാധനം[t] ഇന്നതെന്നും അവ
ന്റെ ബലത്തിൻ വല്ലഭത്വത്തിന്റെ[u]
വ്യാപാരത്താൽ[v] **19** വിശ്വസിക്കു
ന്ന നമുക്കുവേണ്ടി വ്യാപരിക്കുന്ന
അവന്റെ ശക്തിയുടെ അളവറ്റ വലി
പ്പം ഇന്നതെന്ന് നിങ്ങൾ അറിയേ
ണ്ടതിനും പ്രാർഥിക്കുന്നു. **20** അ
ങ്ങനെ അവൻ ക്രിസ്തുവിലും വ്യാ
പരിച്ച് അവനെ മരിച്ചവരുടെ ഇട
യിൽനിന്ന് ഉയിർപ്പിക്കയും[w] **21** സ്വർ
ഗത്തിൽ[x] തന്റെ വലത്തുഭാഗത്ത്
എല്ലാ വാഴ്ചയ്ക്കും അധികാരത്തി
നും ശക്തിക്കും കർത്തൃത്വത്തിനും[y]
ഈ ലോകത്തിൽ[z] മാത്രമല്ല വരുവാ
നുള്ളതിലും വിളിക്കപ്പെടുന്ന സകല
നാമത്തിനും[a] അത്യന്തം മീതെ[b]
ഇരുത്തുകയും[c] **22** [d]സർവവും
അവന്റെ കാല്ക്കീഴാക്കി വച്ച് അവ
നെ സർവത്തിനും മീതെ തലയാ
ക്കി[e] **23** എല്ലാറ്റിലും എല്ലാം[f] നിറ
യ്ക്കുന്ന[g]വന്റെ നിറവാ[h]യിരിക്കുന്ന
അവന്റെ ശരീരമായ[i] സഭയ്ക്കു
കൊടുക്കയും ചെയ്തിരിക്കുന്നു.

❋ ❋ ❋

***1. പ്രകൃതികൊണ്ടു നാം ആരാണെന്നും 5. കൃപകൊണ്ടു നാം ആരാണെന്നും ഉള്ളത് 10. സൽപ്രവൃത്തികൾക്കായി സൃഷ്ടിക്കപ്പെട്ടതുകൊണ്ട് നാം ദൈവത്തിന്റെ പൈതങ്ങളെപ്പോലെ നടക്കണമെന്നത്.***

**2** അതിക്രമങ്ങളാലും പാപങ്ങ
ളാലും മരിച്ചവരായിരുന്ന[a]
നിങ്ങളെയും അവൻ ഉയിർപ്പിച്ചു.[b]

8. [u] *(എഫെ.3:9,16; കൊലൊ.1:27); റോമ.2:4*
9. [v] *റോമ.3:25; (എഫെ.1:11; റോമ.8:28;9:11)* [w] *റോമ.16:25*
10. [x] *കൊലൊ.1:16,20; (എഫെ.3:14; ഫിലി.2:9,10)* [y] *മർക്കൊ.1:15*
11. [z] *ആവ.4:20;32:9; എഫെ.1:14* [a] *(അപ്പൊ.പ്ര.20:27)* [b] *എഫെ.3:11; (വെളി.4:11); റോമ.8:28* [c] *എഫെ.1:6*
12. [d] *എഫെ.1:6,14; (ഫിലി.1:11)*
13. [e] *2കൊരി.6:7; കൊലൊ.1:3; 2തിമൊ.2:15; (അപ്പൊ.പ്ര. 13:26;15:7)*
14. [f] *1പത്രൊ.2:9* [g] *തീത്തൊ.2:14; എഫെ.1:7* [h] *എഫെ.1:6,12* [i] *അപ്പൊ.പ്ര.20:32; (എഫെ.1:18)* [j] *2കൊരി.1:22* [k] *അപ്പൊ.പ്ര.1:4* [l] *എഫെ.4:30*
15. [m] *കൊലൊ.1:4; ഫിലേ.4; റോമ.1:8*
16. [n] *കൊലൊ.1:9* [o] *റോമ.1:9; 2തിമൊ.1:3; ഫിലേ.6*
17. [p] *റോമ.15:5* [q] *(കൊലൊ.1:10)* [r] *(എബ്രാ.6:4;10:32; വെളി.3:17,18); അപ്പൊ.പ്ര.26:18*
18. [s] *എഫെ.4:4; (എഫെ.2:12)* [t] *എഫെ.3:8,16; കൊലൊ.1:27; എഫെ.1:8* [u] *എഫെ.6:10; (ദാനീ.4:30; 1പത്രൊ.3:22)* [v] *എഫെ.3:7; ഫിലി.3:21; കൊലൊ.1:29;2:12*
20. [w] *അപ്പൊ.പ്ര.2:24*
21. [x] *എഫെ.1:3* [y] *1കൊരി.15:24* [z] *(മത്താ.12:32)* [a] *എഫെ.3:14; ഫിലി.2:9; (എബ്രാ.1:4)* [b] *എഫെ.4:10; കൊലൊ.2:10; യോഹ.3:31* [c] *മർക്കൊ.16:19; അപ്പൊ.പ്ര.2:33; 1പത്രൊ.3:22*
22. [d] ***സങ്കീ.8:6;*** *1കൊരി.15:27* [e] *എഫെ.4:15;5:23; കൊലൊ.1:18;2:19; (1കൊരി.11:3; കൊലൊ.2:10)*
23. [f] *(യിരെ.23:24; കൊലൊ.3:11)* [g] *എഫെ.4:10* [h] *എഫെ.3:19; യോഹ.1:16* [i] *എഫെ.4:13,16; 5:30; കൊലൊ.1:18,24; (എഫെ.5:23; 1കൊരി.12:27)*

**അധ്യായം 2**

1. [a] *എഫെ.2:5;(എഫെ.4:18); ലൂക്കൊ.15:24* [b] *കൊലൊ.2:13; (കൊലൊ.1:21,22)*

**2** അവയിൽ നിങ്ങൾ മുമ്പേ ഈ
ലോകത്തിന്റെ കാലഗതിയെയും[c]
ആകാശത്തിലെ അധികാരത്തിനും
അനുസരണക്കേടിന്റെ മക്കളിൽ[d]
ഇപ്പോൾ വ്യാപരിക്കുന്ന ആത്മാ
വിനും അധിപതിയായവനെയും[e]
അനുസരിച്ചുനടന്നു.[c] **3** അവരുടെ
ഇടയിൽ നാം എല്ലാവരും മുമ്പേ
നമ്മുടെ ജഡമോഹങ്ങളിൽ[f] നടന്നു
ജഡത്തിനും മനോവികാരങ്ങൾക്കും
ഇഷ്ടമായതു ചെയ്തുംകൊണ്ടു
മറ്റുള്ളവരെപ്പോലെ പ്രകൃതിയാൽ
കോപത്തിന്റെ മക്കൾ[g] ആയി
രുന്നു.[h] **4** കരുണാസമ്പന്നനായ[i]
ദൈവമോ നമ്മെ സ്നേഹിച്ച മഹാ
സ്നേഹം നിമിത്തം[j] **5** അതിക്രമ
ങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ[k]
ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്ക
യും[l]–കൃപയാലത്രേ നിങ്ങൾ രക്ഷി
ക്കപ്പെട്ടിരിക്കുന്നു–[m] **6** ക്രിസ്തുയേ
ശുവിൽ നമ്മെക്കുറിച്ചുള്ള വാത്സ
ല്യത്തിൽ[n] തന്റെ കൃപയുടെ അത്യ
ന്തധനത്തെ[o] വരുംകാലങ്ങളിൽ
കാണിക്കേണ്ടതിന് **7** ക്രിസ്തു
യേശുവിൽ അവനോടുകൂടെ ഉയിർ
ത്തെഴുന്നേല്പിച്ചു സ്വർഗത്തിൽ
ഇരുത്തുകയും[p] ചെയ്തു. **8** കൃപ
യാലല്ലോ[q] നിങ്ങൾ വിശ്വാസം
മൂലം[r] രക്ഷിക്കപ്പെട്ടിരിക്കുന്നത്;[q]
അതിനും നിങ്ങൾ കാരണമല്ല;[s]
ദൈവത്തിന്റെ ദാനമത്രേയാകുന്നു.[t]
**9** ആരും പ്രശംസിക്കാതിരിപ്പാൻ[u]
പ്രവൃത്തികളും കാരണമല്ല.[v] **10** നാം
അവന്റെ കൈപ്പണിയായി[w] സൽ
പ്രവൃത്തികൾക്കായിട്ടു[x] ക്രിസ്തു
യേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകു
ന്നു;[y] നാം ചെയ്തു പോരേണ്ടതിനു[z]
ദൈവം അവ മുന്നൊരുക്കിയിരി
ക്കുന്നു.[a]

**11** ആകയാൽ നിങ്ങൾ മുമ്പേ
പ്രകൃതിയാൽ ജാതികളായിരുന്നു;
ജഡത്തിൽ കൈയാലുള്ള പരിച്ഛേ
ദനം[b] ഏറ്റു പരിച്ഛേദനക്കാർ എന്നു
പേരുള്ളവരാൽ അഗ്രചർമക്കാർ
എന്നു വിളിക്കപ്പെട്ടിരുന്നു; **12** അ
ക്കാലത്തു നിങ്ങൾ ക്രിസ്തുവിനെ
കൂടാതെയുള്ളവരും[c] യിസ്രായേൽ

2.[c] *എഫെ.4:17,22; 5:8,9;കൊലൊ.3:7; റോമ.11:30; 1കൊരി.6:11*
[d] *എഫെ.5:6; (1പത്രൊ.1:15)*
[e] *(എഫെ.6:12; വെളി.9:11); യോഹ.12:31*
3.[f] *ഗലാ.5:16*
[g] *(2പത്രൊ.2:14)*
[h] *സങ്കീ.51:5; റോമ.5:12*
4.[i] *എഫെ.2:6; തീത്തൊ.3:5; റോമ.2:4*
[j] *യോഹ.3:16*
5.[k] *എഫെ.2:1; (റോമ.5:6,8,10)*
[l] *കൊലൊ.2:12,13; (യോഹ.14:19; വെളി.20:4)*
[m] *എഫെ.2:8; അപ്പൊ.പ്ര.15:11*
6.[n] *തീത്തൊ.3:4*
[o] *എഫെ.2:4*
7.[p] *എഫെ.1:21*
8.[q] *എഫെ.2:5*
[r] *1പത്രൊ.1:4; (റോമ.4:16)*
[s] *(2കൊരി.3:5)*
[t] *(യോഹ.4:10; എബ്രാ.6:4)*
9.[u] *1കൊരി.1:29; (ന്യായാ.7:2)*
[v] *2തിമൊ.1:9; തീത്തൊ.3:5; റോമ.3:20,28*
10.[w] *ആവ.32:6,15; സങ്കീ.100:3; യെശ.29:23;64:8*
[x] *എഫെ.4:24; തീത്തൊ.2:14*
[y] *(എഫെ.3:9;4:24; കൊലൊ.3:10)*
[z] *കൊലൊ.1:10*
[a] *(എഫെ.1:4)*
11.[b] *റോമ.2:26,28; (കൊലൊ.2:11,13)*
12.[c] *1കൊരി.12:2; (എഫെ.5:8; കൊലൊ.3:7)*

പൗരതയോടു സംബന്ധമില്ലാത്ത
വരും[d] വാഗ്ദത്തത്തിന്റെ നിയമ
ങ്ങൾക്ക്[e] അന്യരും പ്രത്യാശയില്ലാ
ത്തവരും[f] ലോകത്തിൽ ദൈവമില്ലാ
ത്തവരും ആയിരുന്നു എന്ന് ഓർ
ത്തുകൊൾവിൻ. **13** മുമ്പേ ദൂരസ്ഥ
രായിരുന്ന[g] നിങ്ങൾ ഇപ്പോൾ ക്രി
സ്തുയേശുവിൽ ക്രിസ്തുവിന്റെ
രക്തത്താൽ[h] സമീപസ്ഥരായിത്തീർ
ന്നു. **14** അവൻ നമ്മുടെ സമാധാനം;[i]
അവൻ ഇരുപക്ഷത്തെയും ഒന്നാ
ക്കി,[j] ചട്ടങ്ങളും[k] കല്പനകളുമായ
ന്യായപ്രമാണം എന്ന ശത്രുത്വം ത
ന്റെ ജഡത്താൽ[l] നീക്കി വേർപാടി
ന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞത്,
**15** സമാധാനം ഉണ്ടാക്കിക്കൊണ്ട്
ഇരുപക്ഷത്തെയും തന്നിൽ ഒരേ
പുതുമനുഷ്യ[m]നാക്കി സൃഷ്ടിപ്പാ
നും, **16** ക്രൂശിന്മേൽവച്ചു ശത്രുത്വം
ഇല്ലാതാക്കി അതിനാൽ ഇരുപക്ഷ
ത്തെയും ഏകശരീരത്തിൽ ദൈവ
ത്തോടു നിരപ്പിപ്പാനും[n] തന്നെ.
**17** അവൻ വന്നു ദൂരത്തായിരുന്ന[o]
നിങ്ങൾക്കു സമാധാനവും സമീപ
ത്തുള്ളവർക്കു[p] സമാധാനവും സു
വിശേഷിച്ചു.[q] **18** അവൻ മുഖാ
ന്തരം[r] നമുക്ക് ഇരുപക്ഷക്കാർക്കും
ഏകാത്മാവിനാൽ[s] പിതാവിങ്കലേ
ക്കു പ്രവേശനം[t] ഉണ്ട്. **19** ആക
യാൽ നിങ്ങൾ ഇനി അന്യന്മാരും
പരദേശികളു[u]മല്ല വിശുദ്ധന്മാരുടെ
സഹപൗരന്മാരും[v] ദൈവത്തിന്റെ
ഭവനക്കാരു[w]മത്രേ. **20** ക്രിസ്തു
യേശുതന്നെ[x] മൂലക്കല്ലാ[y]യിരിക്കെ

[d] *എഫെ.4:18; കൊലൊ.1:21,22; (യെഹെ.14:4,5; ഗലാ.2:15;4:8)* [e] *റോമ.9:4* [f] *1തെസ്സ.4:13; എഫെ.1:18*
13.[g] *എഫെ.2:17; അപ്പൊ.പ്ര.2:39* [h] *(കൊലൊ.1:20); റോമ.3:25* 14.[i] *സങ്കീ.72:7; മീഖാ.5:5; സെഖ.9:10; (കൊലൊ.3:15); ലൂക്കൊ.2:14* [j] *ഗലാ.3:28*
[k] *കൊലൊ.2:14,21* [l] *കൊലൊ.1:21,22; (റോമ.7:4)*
15.[m] *റോമ.6:4,5* 16.[n] *കൊലൊ.1:20 - 22; (1കൊരി.12:13)* 17.[o] *എഫെ.2:13* [p] *ആവ.4:7; സങ്കീ.148:14*
[q] *യെശ.57:19* 18.[r] *(യോഹ.14:6)* [s] *എഫെ.4:4; 1കൊരി.12:13; (യോഹ.4:23)* [t] *എഫെ.3:12; (യോഹ.10:7,9); റോമ.5:2* 19.[u] *എഫെ.2:12; (എബ്രാ.11:13;13:14)* [v] *ഫിലി.3:20; (എബ്രാ.12:22,23)*
[w] *ഗലാ.6:10* 20.[x] *(1കൊരി.3:11)* [y] *സങ്കീ.118:22; യെശ.28:16; 1പത്രൊ.2:6*

നിങ്ങളെ അപ്പൊസ്തലന്മാരും
പ്രവാചകന്മാരും[z] എന്ന അടിസ്ഥാ
നത്തിന്മേൽ പണിതിരിക്കുന്നു.[a]
21 അവനിൽ കെട്ടിടം മുഴുവനും
യുക്തമായി ചേർന്ന്[b] കർത്താവിൽ
വിശുദ്ധമന്ദിരമായി[c] വളരുന്നു.[b]
22 അവനിൽ നിങ്ങളെയും[d] ദൈവ
ത്തിന്റെ നിവാസമാകേണ്ടതിന്[e]
ആത്മാവിനാൽ ഒന്നിച്ചു പണിതു
വരുന്നു.[d]

❋ ❋ ❋

*1. ജാതികൾ രക്ഷിക്കപ്പെടുമെന്നു മറപൊരുളായുള്ള രഹസ്യം 14. അവർക്കുവേണ്ടിയുള്ള പ്രാർഥന.*

**3** അതുനിമിത്തം പൗലൊസ്
എന്ന ഞാൻ ജാതികളായ നി
ങ്ങൾക്കുവേണ്ടി[a] ക്രിസ്തുയേശു
വിന്റെ ബദ്ധനായിരിക്കുന്നു.[b] 2 നി
ങ്ങൾക്കായി എനിക്കു ലഭിച്ച ദൈവ
കൃപയുടെ[c] വ്യവസ്ഥയെ[d]ക്കുറി
ച്ചു 3 ഞാൻ മീതെ ചുരുക്കത്തിൽ
എഴുതിയതുപോലെ[e] വെളിപ്പാടി
നാൽ[f] എനിക്ക് ഒരു മർമം അറി
യായ്‌വന്നു[g] എന്നു നിങ്ങൾ കേട്ടി
ട്ടുണ്ടല്ലോ. 4 നിങ്ങൾ അതു വായി
ച്ചാൽ[h] ക്രിസ്തുവിനെ സംബന്ധി
ച്ചുള്ള മർമത്തിൽ[i] എനിക്കുള്ള
ബോധം നിങ്ങൾക്കു ഗ്രഹിക്കാം.[h]
5 ആ മർമം ഇപ്പോൾ അവന്റെ
വിശുദ്ധ അപ്പൊസ്തലന്മാർക്കും
പ്രവാചകന്മാർക്കും ആത്മാവിനാൽ
വെളിപ്പെട്ടതുപോലെ പൂർവകാല
ങ്ങളിൽ മനുഷ്യർക്ക് അറിയായ്
വന്നിരുന്നില്ല. 6 അതോ ജാതി
കൾ സുവിശേഷത്താൽ ക്രിസ്തു
യേശുവിൽ കൂട്ടവകാശികളും[j] ഏക
ശരീരസ്ഥരും[k] വാഗ്ദത്തത്തിൽ
പങ്കാളികളും[l] ആകേണം എന്നുള്ള
തുതന്നെ. 7 ആ സുവിശേഷത്തിനു
ഞാൻ അവന്റെ ശക്തിയുടെ വ്യാ
പാരപ്രകാരം[m] എനിക്കു ലഭിച്ച
ദൈവത്തിന്റെ കൃപാ[n]ദാനത്താൽ
ശുശ്രൂഷക്കാരനായി[o]ത്തീർന്നു.[p]
8 സകല വിശുദ്ധന്മാരിലും ഏറ്റവും
ചെറിയവനായ[q] എനിക്കു ജാതിക
ളോടു ക്രിസ്തുവിന്റെ അപ്രമേയ[r]

20.[z] *മത്താ.16:18; വെളി.21:14*
[a] *(യിരെ.12:16); 1കൊരി.3:9*
21.[b] *എഫെ.4:15,16*
[c] *1കൊരി.3:16,17*
22.[d] *1പത്രൊ.2:5*
[e] *(എഫെ.3:17; 2കൊരി.6:16; 1തിമൊ.3:15)*

**അധ്യായം 3**

1.[a] *എഫെ.3:13; കൊലൊ.1:24*
[b] *എഫെ.4:1; അപ്പൊ.പ്ര.23:18; ഫിലി.1:7;2തിമൊ.1:8; (എഫെ.6:19)*
2.[c] *എഫെ.3:7;4:7; അപ്പൊ.പ്ര.11:23; റോമ.1:6*
[d] *എഫെ.1:10; കൊലൊ.1:25; 1തിമൊ.1:3; 1കൊരി.9:17*
3.[e] *(എഫെ.1:9,10)*
[f] *(ദാനീ.2:29); റോമ.16:25; 2കൊരി.12:1*
[g] *അപ്പൊ.പ്ര.22:17,21; 26:16 - 18*
4.[h] *(2കൊരി.11:6)*
[i] *കൊലൊ.4:3*
6.[j] *ഗലാ.3:29*
[k] *എഫെ.2:16*
[l] *എഫെ.5:7*
7.[m] *(എഫെ.3:20); എഫെ.1:19*
[n] *എഫെ.3:2*
[o] *2കൊരി.3:6*
[p] *കൊലൊ.1:23,25*
8.[q] *1കൊരി.15:9*
[r] *(ഇയ്യോ.5:9; റോമ.11:33)*

[s] *എഫെ.1:18; റോമ.2:4*
[t] *അപ്പൊ.പ്ര.9:15*
9.[u] *വെളി.4:11; (എഫെ.2:10)*
[v] *കൊലൊ.1:26*
[w] *എഫെ.3:2,3*
10.[x] *എഫെ.1:3*
[y] *എഫെ.1:21; (എഫെ.6:12)*

ധനത്തെ[s]ക്കുറിച്ചു പ്രസംഗിപ്പാനും[t]
9 സകലവും സൃഷ്ടിച്ച[u] ദൈവ
ത്തിൽ അനാദികാലംമുതൽ മറ
ഞ്ഞുകിടന്ന[v] മർമത്തിന്റെ വ്യവസ്ഥ
ഇന്നതെന്ന് എല്ലാവർക്കും പ്രകാ
ശിപ്പിപ്പാനുമായി[w] ഈ കൃപ നല്കി
യിരിക്കുന്നു. 10 അങ്ങനെ ഇ
പ്പോൾ സ്വർഗത്തിൽ[x] വാഴ്ചകൾ
ക്കും അധികാരങ്ങൾക്കും[y] ദൈവ
ത്തിന്റെ ബഹുവിധമായ ജ്ഞാനം,[z]
11 അവൻ നമ്മുടെ കർത്താവായ
യേശുക്രിസ്തുവിൽ നിവർത്തിച്ച
അനാദിനിർണയപ്രകാരം[a] സഭ
മുഖാന്തരം അറിയായ്[b] വരുന്നു.
12 അവനിൽ ആശ്രയിച്ചിട്ട്[c] അവ
ങ്കലുള്ള വിശ്വാസത്താൽ[d] നമുക്കു
ധൈര്യവും[e] പ്രവേശനവും[f] ഉണ്ട്.
13 അതുകൊണ്ടു ഞാൻ നിങ്ങൾ
ക്കുവേണ്ടി[g] സഹിക്കുന്ന കഷ്ട
ങ്ങൾ നിങ്ങളുടെ മഹത്ത്വമാക
യാൽ[h] അവ നിമിത്തം അധൈര്യ
പ്പെട്ടുപോകരുത് എന്നു ഞാൻ
അപേക്ഷിക്കുന്നു.
14 അതുനിമിത്തം ഞാൻ സ്വർ
ഗത്തിലും ഭൂമിയിലുമുള്ള സകല
കുടുംബത്തിനും[i] പേർ വരുവാൻ
കാരണമായ 15 പിതാവിന്റെ സന്നി
ധിയിൽ മുട്ടുകുത്തുന്നു. 16 അവൻ
തന്റെ മഹത്ത്വത്തിന്റെ ധന[j]ത്തിന്
ഒത്തവണ്ണം അവന്റെ ആത്മാവി
നാൽ നിങ്ങൾ അകത്തെ മനുഷ്യ
നെ സംബന്ധിച്ചു[k] ശക്തിയോടെ
ബലപ്പെടേണ്ടതിനും[l] 17 ക്രിസ്തു
വിശ്വാസത്താൽ നിങ്ങളുടെ ഹൃദ
യങ്ങളിൽ വസിക്കേണ്ടതിനും[m]
വരം നല്കേണം എന്നും നിങ്ങൾ
സ്നേഹത്തിൽ വേരൂന്നി[n] അടി
സ്ഥാനപ്പെട്ടവരായി[o] 18 വീതിയും
നീളവും ഉയരവും[p] ആഴവും എന്ത്
എന്നു സകല വിശുദ്ധന്മാരോടും

[z] *റോമ.11:33* 11.[a] *എഫെ.1:11* [b] *(1പത്രൊ.1:12)* 12.[c] *2കൊരി.3:4* [d] *മർക്കൊ.11:22; ഫിലി.3:9* [e] *എബ്രാ.4:16;10:20* [f] *എഫെ.2:18* 13.[g] *എഫെ.3:1* [h] *(2കൊരി.1:6)* 14.[i] *എഫെ.1:10,21* 16.[j] *എഫെ.3:8* [k] *റോമ.7:22* [l] *1കൊരി.16:13; (എഫെ.6:10; ഫിലി.4:13; കൊലൊ.1:11)* 17.[m] *(എഫെ.2:22)* [n] *കൊലൊ.2:7* [o] *കൊലൊ.1:23* 18.[p] *റോമ.8:39; (ഇയ്യോ.11:8,9)*

കൂടെ ഗ്രഹിപ്പാനും[q] **19** പരിജ്ഞാ
നത്തെ കവിയുന്ന[r] ക്രിസ്തുവിൻ
സ്നേഹത്തെ അറിവാനും പ്രാപ്ത
രാകയും ദൈവത്തിന്റെ എല്ലാ നിറ
വി[s]നോളം നിറഞ്ഞുവരികയും[t]
വേണം എന്നും പ്രാർഥിക്കുന്നു.

**20** എന്നാൽ നാം ചോദിക്കുന്ന
തിലും നിനയ്ക്കുന്നതിലും അത്യ
ന്തം പരമായി ചെയ്വാൻ[u] നമ്മിൽ
വ്യാപരിക്കുന്ന ശക്തിയാൽ[v] കഴിയു
ന്നവനു[v] **21** സഭയിലും ക്രിസ്തു
യേശുവിലും എന്നേക്കും തലമുറ
തലമുറയായും മഹത്ത്വം[w] ഉണ്ടാ
കട്ടെ. ആമേൻ.[x]

❋ ❋ ❋

### *പല പ്രബോധനങ്ങൾ*

**4** കർത്തൃസേവനിമിത്തം ബദ്ധ
നാ[a]യിരിക്കുന്ന ഞാൻ പ്രബോ
ധിപ്പിക്കുന്നത്: നിങ്ങളെ വിളിച്ചിരി
ക്കുന്ന വിളിക്കു[b] യോഗ്യമാംവണ്ണം
**2** പൂർണവിനയത്തോടും[c] സൗമ്യ
തയോടും[d] ദീർഘക്ഷമയോടും[e]
കൂടെ നടക്കയും[f] സ്നേഹത്തിൽ
അന്യോന്യം പൊറുക്കയും[g] **3** ആ
ത്മാവിന്റെ ഐക്യത സമാധാന
ബന്ധത്തിൽ[h] കാപ്പാൻ ശ്രമിക്കയും
ചെയ്‌വിൻ. **4** നിങ്ങളെ വിളിച്ചപ്പോൾ
ഏകപ്രത്യാശയ്ക്കായി[i] നിങ്ങളെ
വിളിച്ചതുപോലെ ശരീരം ഒന്ന്,[j]
ആത്മാവ് ഒന്ന്,[k] **5** കർത്താവ് ഒരു
വൻ,[l] വിശ്വാസം ഒന്ന്,[m] സ്നാനം
ഒന്ന്,[n] **6** എല്ലാവർക്കും മീതെയു
ള്ളവനും[o] എല്ലാവരിലും കൂടി വ്യാപ
രിക്കുന്നവനും എല്ലാവരിലും ഇരി
ക്കുന്നവനുമായി എല്ലാവർക്കും ദൈ
വവും പിതാവുമായവൻ ഒരുവൻ.[p]
**7** എന്നാൽ നമ്മിൽ ഓരോരുത്തനു[q]
ക്രിസ്തുവിന്റെ ദാനത്തിന്റെ അള
വിന് ഒത്തവണ്ണം[r] കൃപ ലഭിച്ചിരി
ക്കുന്നു.[s] **8** അതുകൊണ്ട്:

> [t]"അവൻ ബദ്ധന്മാരെ പിടിച്ചു
> കൊണ്ടുപോയി[u] ഉയരത്തിൽ
> കയറി മനുഷ്യർക്കു ദാനങ്ങളെ
> കൊടുത്തു"

എന്നു പറയുന്നു. **9** കയറി എന്ന
തിനാൽ അവൻ ഭൂമിയുടെ അധോ
ഭാഗങ്ങളിലേക്ക്[v] ഇറങ്ങി എന്നു
വരുന്നില്ലയോ?[w] **10** ഇറങ്ങിയവൻ
സകലത്തെയും നിറയ്ക്കേണ്ട
തിനു[x] സ്വർഗാധിസ്വർഗത്തിനു
മീതെ[y] കയറിയ[z]വനും ആകുന്നു.
**11** അവൻ ചിലരെ അപ്പൊസ്ത
ലന്മാരായും[a] ചിലരെ പ്രവാചക
ന്മാരായും ചിലരെ സുവിശേഷക
ന്മാരായും[b] ചിലരെ ഇടയന്മാ
രായും ഉപദേഷ്ടാക്കന്മാരായും[c]
നിയമിച്ചിരിക്കുന്നു;[d] **12** അതു
നാം എല്ലാവരും വിശ്വാസത്തിലും
ദൈവപുത്രനെക്കുറിച്ചുള്ള പരി
ജ്ഞാനത്തിലുമുള്ള ഐക്യതയും[e]
തികഞ്ഞ പുരുഷത്വവും[f] ക്രിസ്തു
വിന്റെ സമ്പൂർണതയായ[g] പ്രായ
ത്തിന്റെ അളവും പ്രാപിക്കുവോളം
**13** വിശുദ്ധന്മാരുടെ യഥാസ്ഥാന
ത്വത്തിനായുള്ള[h] ശുശ്രൂഷയുടെ
വേലയ്ക്കും ക്രിസ്തുവിന്റെ ശരീ
രത്തിന്റെ[i] ആത്മികവർധനയ്ക്കും[j]
ആകുന്നു. **14** അങ്ങനെ നാം ഇനി
മനുഷ്യരുടെ ചതിയാലും ഉപായ
ത്താലും തെറ്റിച്ചുകളയുന്ന തന്ത്ര
ങ്ങളിൽ[k] കുടുങ്ങിപ്പോകുവാൻ തക്ക
വണ്ണം ഉപദേശത്തിന്റെ ഓരോ
കാറ്റിനാൽ അലഞ്ഞുഴലുന്ന[l] ശിശു
ക്കൾ ആയിരിക്കാതെ **15** സ്നേഹ
ത്തിൽ സത്യം സംസാരിച്ചുകൊണ്ടു[m]
ക്രിസ്തു എന്ന[n] തലയോളം സക
ലത്തിലും വളരുവാൻ[o] ഇടയാകും.
**16** ശരീരം മുഴുവനും യുക്തമായി
ചേർന്ന് ഏകീഭവിച്ചും ഓരോ അംഗ
ത്തിന്റെ അതതു വ്യാപാരത്തിന്
ഒത്തവണ്ണം[p] ഉതവി ലഭിപ്പാനുള്ള
ഏതു സന്ധിയാലും സ്നേഹത്തി
ലുള്ള വർധനയ്ക്കായി അവനിൽ
നിന്നു വളർച്ച പ്രാപിക്കുന്നു.[q]

**17** ആകയാൽ ഞാൻ കർത്താ
വിൽ സാക്ഷീകരിച്ചു[r] പറയുന്നത്

18.[q] *(യോഹ.1:5)*
19.[r] *(ഫിലി.4:7)*
[s] *എഫെ.1:23*
[t] *കൊലൊ.2:10*
20.[u] *(2കൊരി.9:8)*
[v] *(എഫെ.3:7)*
21.[w] *റോമ.11:36*
[x] *റോമ.16:26;യൂദാ.25*

**അധ്യായം 4**

1.[a] *എഫെ.3:1*
[b] *റോമ.8:28*
2.[c] *അപ്പൊ.പ്ര.20:19; ഫിലി.2:3; കൊലൊ.3:12; 1പത്രൊ.3:8;5:5; (കൊലൊ.2:18,23)*
[d] *ഗലാ.5:22,23*
[e] *കൊലൊ.1:11*
[f] *കൊലൊ.1:10;2:6; 1തെസ്സ.2:11; (ഫിലി.1:27)*
[g] *കൊലൊ.3:13*
3.[h] *കൊലൊ.3:14; (അപ്പൊ.പ്ര.8:23)*
4.[i] *എഫെ.1:18*
[j] *എഫെ.2:16*
[k] *എഫെ.2:18*
5.[l] *സെഖ.14:9; 1കൊരി.1:13;8:6*
[m] *(എഫെ.4:12; യൂദാ.3)*
[n] *ഗലാ.3:27,28*
6.[o] *റോമ.9:5*
[p] *1കൊരി.12:5,6*
7.[q] *(മത്താ.25:15; 1കൊരി.12:7)*
[r] *റോമ.12:3; (എഫെ.4:16)*
[s] *എഫെ.3:2*
8.[t] ***സങ്കീ.68:18***
[u] *ന്യായാ.5:12; (കൊലൊ.2:15)*
9.[v] *സങ്കീ.63:9; യെശ.44:23*
[w] *യോഹ.3:13*
10.[x] *എഫെ.1:23*
[y] *എബ്രാ.4:14; 7:26;9:24*
[z] *മർക്കൊ.16:19*
11.[a] *1കൊരി.12:28*
[b] *അപ്പൊ.പ്ര.21:8; 2തിമൊ.4:5*
[c] *യിരെ.3:15; (അപ്പൊ.പ്ര.20:28)* [d] *(1കൊരി.12:5,6)* 12.[e] *(എഫെ.4:5)* [f] *1കൊരി.14:20; എബ്രാ.5:14* [g] *എഫെ.1:23*
13.[h] *2കൊരി.13:9* [i] *1കൊരി.12:27* [j] *എഫെ.4:16,29*
14.[k] *എഫെ.6:11* [l] *(മത്താ.11:7; എബ്രാ.13:9; യാക്കോ.1:6; യൂദാ.12)* 15.[m] *1യോഹ.3:18; (എഫെ.4:25)* [n] *എഫെ.1:22* [o] *എഫെ.2:21*
16.[p] *(എഫെ.4:7)* [q] *കൊലൊ.2:19* 17.[r] *1തെസ്സ.2:12*

എന്തെന്നാൽ: ജാതികൾ[s] തങ്ങ
ളുടെ വ്യർഥബുദ്ധി[t] അനുസരിച്ചു
നടക്കുന്നതുപോലെ നിങ്ങൾ ഇനി
നടക്കരുത്.[s] **18** അവർ അന്ധബു
ദ്ധികളായി[u] അജ്ഞാനം നിമിത്തം,
ഹൃദയകാഠിന്യം[v] നിമിത്തംതന്നെ,
**19** ദൈവത്തിന്റെ ജീവനിൽനിന്ന്
അകന്നു[w] മനം തഴമ്പിച്ചുപോയ
വർ ആകയാൽ[x] അത്യാഗ്രഹത്തോ
ടെ സകല അശുദ്ധിയും പ്രവർ
ത്തിപ്പാൻ ദുഷ്കാമത്തിനു തങ്ങ
ളെത്തന്നെ ഏല്പിച്ചിരിക്കുന്നു.[y]
**20** നിങ്ങളോ യേശുവിൽ സത്യം
ഉള്ളതുപോലെ അവനെക്കുറിച്ചു
കേട്ട്[z] അവനിൽ ഉപദേശം ലഭി
ച്ചു[a] എങ്കിൽ **21** ക്രിസ്തുവിനെ[b]
ക്കുറിച്ച് ഇങ്ങനെയല്ല പഠിച്ചത്.[b]
**22** മുമ്പിലത്തെ നടപ്പു സംബന്ധി
ച്ചു ചതിമോഹങ്ങളാൽ[c] വഷളായി
പ്പോകുന്ന പഴയ മനുഷ്യനെ[d] ഉപേ
ക്ഷിച്ചു[e] **23** നിങ്ങളുടെ ഉള്ളിലെ
ആത്മാവു സംബന്ധമായി **24** പു
തുക്കം പ്രാപിച്ചു[f] സത്യത്തിന്റെ
ഫലമായ നീതിയിലും വിശുദ്ധിയി
ലും ദൈവാനുരൂപമായി സൃഷ്ടി
ക്കപ്പെട്ട[g] പുതുമനുഷ്യനെ[h] ധരിച്ചു
കൊൾവിൻ.

**25** ആകയാൽ ഭോഷ്ക് ഉപേ
ക്ഷിച്ച് ഓരോരുത്തൻ താന്താന്റെ
കൂട്ടുകാരനോടു സത്യം സംസാരി
പ്പിൻ;[i] നാം തമ്മിൽ അവയവങ്ങ
ളല്ലോ.[j] **26** കോപിച്ചാൽ പാപം
ചെയ്യാതിരിപ്പിൻ.[k] സൂര്യൻ അസ്ത
മിക്കുവോളം നിങ്ങൾ കോപം വച്ചു
കൊണ്ടിരിക്കരുത്. **27** പിശാചിന്
ഇടം കൊടുക്കരുത്.[l] **28** കള്ളൻ
ഇനി കക്കാതെ മുട്ടുള്ളവനു ദാനം
ചെയ്‌വാൻ ഉണ്ടാകേണ്ടതിനു[m] കൈ
കൊണ്ടു നല്ലതു പ്രവർത്തിച്ച്[n] അധ്വാ
നിക്കയത്രേ[o] വേണ്ടത്. **29** കേൾ
ക്കുന്നവർക്കു കൃപ[p] ലഭിക്കേണ്ട
തിന് ആവശ്യംപോലെ ആത്മിക
വർധനയ്ക്കായി നല്ല വാക്കല്ലാതെ
ആകാത്തത് ഒന്നും നിങ്ങളുടെ
വായിൽനിന്നു പുറപ്പെടരുത്.[q]
**30** ദൈവത്തിന്റെ പരിശുദ്ധാത്മാവി
നെ ദുഃഖിപ്പിക്കരുത്;[r] അവനാലല്ലോ

17.[s] *എഫെ.4:22; 2:1-3; കൊലൊ.3:7; 1പത്രൊ.4:3*
[t] *റോമ.1:21; 1പത്രൊ.1:18; (കൊലൊ.2:18; 2പത്രൊ.2:18)*
18.[u] *(റോമ.11:10)*
[v] *മർക്കൊ.3:5*
19.[w] *എഫെ.2:12*
[x] *(സദൃ.23:35); 1തിമൊ.4:2*
[y] *(1രാജാ.21:25; റോമ.1:24,26,28)*
20.[z] *എഫെ.1:13*
[a] *കൊലൊ.2:7*
21.[b] *മത്താ.11:29*
22.[c] *(എബ്രാ.3:13)*
[d] *റോമ.6:6; കൊലൊ.3:9*
[e] *കൊലൊ.3:8; എബ്രാ.12:1; യാക്കോ.1:21; 1പത്രൊ.2:1*
24.[f] *റോമ.12:2*
[g] *എഫെ.2:10*
[h] *റോമ.6:4,5*
25.[i] *സെഖ.8:16; കൊലൊ.3:9; (എഫെ.4:15)*
[j] *റോമ.12:5*
26.[k] *സങ്കീ.4:4; (സങ്കീ.37:8)*
27.[l] *യാക്കോ.4:7*
28.[m] *(സദൃ.21:26)*
[n] *1തെസ്സ.4:12; 2തെസ്സ.3:9,11,12; (തീത്തൊ.3:8,14)*
[o] *അപ്പൊ.പ്ര.20:35; ഗലാ.6:10*
29.[p] *കൊലൊ.4:6; (സഭാ.10:12)*
[q] *എഫെ.5:4; കൊലൊ.3:8; (മത്താ.12:34)*
30.[r] *യെശ.63:10 (1തെസ്സ.5:19)*

[s] *എഫെ.1:7*
[t] *എഫെ.1:14*
31.[u] *1പത്രൊ.2:1*
[v] *കൊലൊ.3:8,19*
32.[w] *കൊലൊ.3:12,13; 1പത്രൊ.3:8*
[x] *(2കൊരി.2:7,10); മത്താ.6:14*

നിങ്ങൾക്കു വീണ്ടെടുപ്പു[s]നാളിനാ
യി മുദ്രയിട്ടിരിക്കുന്നത്.[t] **31** എല്ലാ
കയ്പും കോപവും ക്രോധവും
കൂറ്റാരവും ദൂഷണവും സകല ദുർ
ഗുണവു[u]മായി നിങ്ങളെ വിട്ട് ഒഴി
ഞ്ഞുപോകട്ടെ.[v] **32** നിങ്ങൾ ത
മ്മിൽ ദയയും[w] മനസ്സലിവുമുള്ളവ
രായി ദൈവം ക്രിസ്തുവിൽ നിങ്ങ
ളോടു ക്ഷമിച്ചതുപോലെ അന്യോ
ന്യം ക്ഷമിപ്പിൻ.[x]

❋ ❋ ❋

***1. അന്യോന്യം സ്നേഹിക്കുവാനും 3. ദുർന്നടപ്പു വിട്ടു 7. വെളിച്ചത്തിൻ മക്കളും 15. ക്രിസ്തുവിനു യോഗ്യരുമായി നടക്കുവാൻ പ്രബോധനം 22. ഭാര്യാഭർത്താക്കന്മാരുടെ മുറകൾ.***

**5** ആകയാൽ പ്രിയമക്കൾ എന്ന
പോലെ ദൈവത്തെ അനുകരി
പ്പിൻ.[a] **2** ക്രിസ്തുവും നിങ്ങളെ
സ്നേഹിച്ചു[b] നമുക്കുവേണ്ടി[c] തന്നെ
ത്താൻ ദൈവത്തിനു സൗരഭ്യവാസ
നയായ[d] വഴിപാടും യാഗവുമായി[e]
അർപ്പിച്ചതുപോലെ സ്നേഹത്തിൽ
നടപ്പിൻ.[f] **3** ദുർന്നടപ്പും[g] യാതൊരു
അശുദ്ധിയും അത്യാഗ്രഹവും നി
ങ്ങളുടെ ഇടയിൽ പേർ പറകപോ
ലും അരുത്;[h] **4** അങ്ങനെ ആകു
ന്നു വിശുദ്ധന്മാർക്ക് ഉചിതം. ചീത്ത
ത്തരം,[i] പൊട്ടച്ചൊൽ, കളിവാക്ക്
ഇങ്ങനെ ചേർച്ചയല്ലാത്തവ[j] ഒന്നും
അരുത്; സ്തോത്രമത്രേ വേണ്ടത്.[k]
**5** ദുർന്നടപ്പുകാരൻ,[l] അശുദ്ധൻ,
വിഗ്രഹാരാധി[m]യായ ദ്രവ്യാഗ്രഹി
ഇവർക്ക് ആർക്കും ക്രിസ്തുവിന്റെ
യും ദൈവത്തിന്റെയും രാജ്യത്തിൽ
അവകാശം ഇല്ല എന്നു നിങ്ങൾ
അറിയുന്നുവല്ലോ. **6** വ്യർഥവാക്കു
കളാൽ ആരും നിങ്ങളെ ചതിക്ക[n]
രുത്;[o] ഈ വക നിമിത്തമല്ലോ

അധ്യായം 5

1.[a] *(എഫെ.4:32; മത്താ.5:45,48; ലൂക്കൊ.6:36)* 2.[b] *റോമ.8:37* [c] *റോമ.4:24* [d] *ഉൽപ.8:21* [e] *എബ്രാ.7:27; 9:14; 10:10,12* [f] *റോമ.14:15; (കൊലൊ.3:14); യോഹ.13:34* 3.[g] *1കൊരി.6:18; ഗലാ.5:19* [h] *(എഫെ.5:12; സങ്കീ.16:4)* 4.[i] *എഫെ.4:29; (സഭാ.10:13)* [j] *(റോമ.1:28)* [k] *എഫെ.5:20* 5.[l] *1കൊരി.6:9* [m] *കൊലൊ.3:5* 6.[n] *കൊലൊ.2:8* [o] *മത്താ.24:4*

ദൈവകോപം[p] അനുസരണംകെട്ട
വരുടെ[q]മേൽ വരുന്നു. 7 നിങ്ങൾ
അവരുടെ കൂട്ടാളികൾ[r] ആകരുത്.
8 മുമ്പേ നിങ്ങൾ ഇരുളാ[s]യിരുന്നു;[t]
ഇപ്പോഴോ കർത്താവിൽ വെളിച്ചം
ആകുന്നു. 9 കർത്താവിനു പ്രസാദ
മായത് എന്തെന്നു പരിശോധിച്ചു
കൊണ്ടു[u] വെളിച്ചത്തിലുള്ളവരായി
നടന്നുകൊൾവിൻ.[v] 10 സകല സൽ
ഗുണവും നീതിയും സത്യവുമല്ലോ
വെളിച്ചത്തിന്റെ ഫലം.[w] 11 ഇരു
ട്ടിന്റെ[x] നിഷ്ഫല[y]പ്രവൃത്തികളിൽ[x]
കൂട്ടാളികൾ ആകരുത്;[z] അവയെ
ശാസിക്ക[a] അത്രേ വേണ്ടത്. 12 അ
വർ ഗൂഢമായി ചെയ്യുന്നതു പറ
വാൻപോലും ലജ്ജയാകുന്നു.[b]
13 അവയെ ശാസിക്കുമ്പോഴോ
സകലത്തെയുംകുറിച്ചു വെളിച്ച
ത്താൽ ബോധം വരും;[c] ബോധം
വരുന്നതെല്ലാം വെളിച്ചംപോലെ
തെളിവല്ലോ. 14 അതുകൊണ്ട്:
[d]"ഉറങ്ങുന്നവനേ, ഉണർന്നു മരിച്ചവ
രുടെ ഇടയിൽനിന്ന് എഴുന്നേല്ക്ക[e];
എന്നാൽ ക്രിസ്തു നിന്റെമേൽ
പ്രകാശിക്കും"[f] എന്നു ചൊല്ലുന്നു.
15 ആകയാൽ സൂക്ഷ്മത്തോടെ,
അജ്ഞാനികളായിട്ടല്ല ജ്ഞാനിക
ളായിട്ടത്രേ നടപ്പാൻ നോക്കുവിൻ.[g]
16 ഇതു ദുഷ്കാലമാകയാൽ[h]
സമയം തക്കത്തിൽ ഉപയോഗിച്ചു
കൊൾവിൻ.[g] 17 ബുദ്ധിഹീനരാകാ
തെ കർത്താവിന്റെ ഇഷ്ടം[i] ഇന്ന
തെന്നു ഗ്രഹിച്ചുകൊൾവിൻ. 18 വീ
ഞ്ഞു കുടിച്ചു മത്തരാകരുത്;[j] അ
തിനാൽ ദുർന്നടപ്പ്[k] ഉണ്ടാകുമല്ലോ.
ആത്മാവു നിറഞ്ഞവരായി[l] 19 സ
ങ്കീർത്തനങ്ങളാലും സ്തുതികളാലും
ആത്മികഗീതങ്ങളാലും[m] തമ്മിൽ
സംസാരിച്ചും നിങ്ങളുടെ ഹൃദയ
ത്തിൽ കർത്താവിനു പാടിയും കീർ
ത്തനം ചെയ്തും 20 നമ്മുടെ കർ
ത്താവായ യേശുക്രിസ്തുവിന്റെ
നാമത്തിൽ[n] ദൈവവും പിതാവുമാ
യവന് എല്ലായ്പോഴും എല്ലാറ്റിനു
വേണ്ടിയും സ്തോത്രം ചെയ്തു
കൊൾവിൻ.[o] 21 ക്രിസ്തുവിന്റെ ഭയ
ത്തിൽ അന്യോന്യം കീഴ്പെട്ടിരിപ്പിൻ.[p]

6.[p] റോമ.1:18;
കൊലൊ.3:6
[q] എഫെ.2:2;
(1പത്രൊ.1:15)
7.[r] എഫെ.3:6
8.[s] അപ്പൊ.പ്ര.26:18
[t] എഫെ.2:1,2
9.[u] റോമ.12:2;
1തെസ്സ.2:4;5:21
[v] യെശ.2:5;
ലൂക്കൊ.16:8;
യോഹ.12:35,36
10.[w] (ഗലാ.5:22);
റോമ.7:4
11.[x] റോമ.13:12
[y] റോമ.6:21
[z] 1കൊരി.5:9
[a] ലേവ്യ.19:17;
1തിമൊ.5:20
12.[b] (എഫെ.5:3)
13.[c] യോഹ.3:20,21;
(എഫെ.5:9)
14.[d] (യെശ.51:17;
52:1;60:1;
മലാ.4:2);
റോമ.13:11
[e] യെശ.26:19
[f] ലൂക്കൊ.1:78,79
15.[g] കൊലൊ.4:5;
(സദൃ.15:21)
16.[h] എഫെ.6:13;
ആമോ.5:13;
ഗലാ.1:3
[g] (വാ.15കാ.)
17.[i] റോമ.12:2;
1തെസ്സ.4:3;5:18
18.[j] സദൃ.20:1;23:20,31;
1കൊരി.5:11
[k] തീത്തൊ.1:6;
1പത്രൊ.4:4;
[l] (ലൂക്കൊ.1:15)
19.[m] അപ്പൊ.പ്ര.16:25;
1കൊരി.14:26;
കൊലൊ.3:16;
യാക്കോ.5:13
20.[n] എബ്രാ.13:15;
(യോഹ.14:13)
[o] കൊലൊ.3:17;
1തെസ്സ.1:4;
2തെസ്സ.1:3;
(സങ്കീ.34:1;
യെശ.63:7;
കൊലൊ.2:7)
21.[p] (ഫിലി.2:3)

22 [q]ഭാര്യമാരേ, കർത്താവിന്
എന്നപോലെ[r] സ്വന്ത ഭർത്താക്ക
ന്മാർക്കു കീഴടങ്ങുവിൻ.[s] 23 ക്രി
സ്തു ശരീരത്തിന്റെ രക്ഷിതാവായി[t]
സഭയ്ക്കു തലയാകുന്നതു[u]പോലെ
ഭർത്താവ് ഭാര്യക്കു തലയാകുന്നു.[v]
24 എന്നാൽ സഭ ക്രിസ്തുവിനു
കീഴടങ്ങിയിരിക്കുന്നതുപോലെ ഭാര്യ
മാരും ഭർത്താക്കന്മാർക്കു സകല
ത്തിലും[w] കീഴടങ്ങിയിരിക്കേണം.
25 ഭർത്താക്കന്മാരേ, ക്രിസ്തുവും
സഭയെ സ്നേഹിച്ചതുപോലെ
നിങ്ങളുടെ ഭാര്യമാരെ സ്നേഹി
പ്പിൻ.[x] 26 അവൻ അവളെ വചന
ത്തോടുകൂടിയ[y] ജലസ്നാനത്താൽ[z]
വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ട
തിനും 27 കറ, ചുളുക്കം മുതലാ
യത് ഒന്നും ഇല്ലാതെ[a] സഭയെ ശു
ദ്ധയും നിഷ്കളങ്കയുമായി തനി
ക്കുതന്നെ തേജസ്സോടെ മുൻനിറു
ത്തേണ്ടതിനും[b] തന്നെത്താൻ അ
വൾക്കുവേണ്ടി ഏല്പിച്ചുകൊടു
ത്തു.[c] 28 അവ്വണ്ണം ഭർത്താക്കന്മാ
രും തങ്ങളുടെ ഭാര്യമാരെ സ്വന്ത
ശരീരങ്ങളെപ്പോലെ സ്നേഹിക്കേ
ണ്ടതാകുന്നു.[d] ഭാര്യയെ സ്നേഹി
ക്കുന്നവൻ തന്നെത്താൻ സ്നേഹി
ക്കുന്നു. 29 ആരും തന്റെ ജഡ
ത്തെ ഒരുനാളും പകച്ചിട്ടില്ലല്ലോ;
ക്രിസ്തുവും സഭയെ ചെയ്യുന്നതു
പോലെ അതിനെ പോറ്റി പുലർ
ത്തുകയത്രേ ചെയ്യുന്നത്. 30 നാം
അവന്റെ ശരീരത്തിന്റെ അവയവ
ങ്ങളല്ലോ.[e] 31 അതുനിമിത്തം ഒരു
മനുഷ്യൻ അപ്പനെയും അമ്മയെ
യും വിട്ടു ഭാര്യയോടു പറ്റിച്ചേരും;[f]
ഇരുവരും ഒരു ദേഹമായിത്തീരും.[g]

22.[q] എഫെ.5:22 - 6:9 ക്കു.കൊലൊ.3:18 - 4:1കാ.
[r] (എഫെ.6:5) [s] ഉൽപ.3:16 23.[t] (1കൊരി.6:13)
[u] എഫെ.1:22,23 [v] 1കൊരി.11:3 24.[w] (കൊലൊ.
3:20,22; തീത്തൊ.2:9) 25.[x] എഫെ.5:28,33; (1പ
ത്രൊ.3:7) 26.[y] എഫെ.6:17; എബ്രാ.6:5; യോഹ.
15:3[z] തീത്തൊ.3:6; (വെളി.7:14) 27.[a] ഉത്തമ.4:7
[b] 2കൊരി.11:2; എഫെ.1:4 [c] എഫെ.5:2 28.[d] എഫെ.
5:25,33 30.[e] (ഉൽപ.2:23); 1കൊരി.6:15 31.[f] മത്താ.
19:5; മർക്കൊ.10:7,8; **ഉൽപ. 2:24** [g] 1കൊരി.6:16

**32** ഈ മർമ്മം വലിയത്; ഞാൻ
ക്രിസ്തുവിനെയും സഭയെയും ഉ
ദ്ദേശിച്ചത്രേ പറയുന്നത്. **33** എ
ന്നാൽ നിങ്ങളും അങ്ങനെതന്നെ
ഓരോരുത്തൻ താന്താന്റെ ഭാര്യ
യെ തന്നെപ്പോലെതന്നെ സ്നേഹി
ക്കേണം.[h] ഭാര്യയോ ഭർത്താവിനെ
ഭയപ്പെടേണ്ടതാകുന്നു.[i]

❋ ❋ ❋

***1. മക്കളുടെയും 4. മാതാപിതാക്കന്മാരുടെയും 5. ഭൃത്യന്മാരുടെയും 9. യജമാനന്മാരുടെയും മുറകൾ 10. ക്രിസ്ത്യാനിയുടെ ആത്മിക യുദ്ധത്തെയും 13. സർവ്വായുധവർഗത്തെയും കുറിച്ച്.***

**6** മക്കളേ, നിങ്ങളുടെ അമ്മയപ്പ
ന്മാരെ കർത്താവിൽ അനുസരി
പ്പിൻ;[a] അതു ന്യായമല്ലോ. **2** [b]“നി
നക്കു നന്മ ഉണ്ടാകുവാനും നീ
ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാ
നും **3** നിന്റെ അപ്പനെയും അമ്മ
യെയും ബഹുമാനിക്ക” എന്നതു
വാഗ്ദത്തത്തോടുകൂടിയ ആദ്യക
ല്പന ആകുന്നു. **4** പിതാക്കന്മാരേ,
നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ
കർത്താവിന്റെ ബാലശിക്ഷയിലും
പത്ഥ്യോപദേശത്തിലും പോറ്റി വളർ
ത്തുവിൻ.[c]

**5** ദാസന്മാരേ, ജഡപ്രകാരം യജ
മാനന്മാരായവരെ ക്രിസ്തുവിനെ
പ്പോലെ[d] തന്നെ ഹൃദയത്തിന്റെ
ഏകാഗ്രതയിൽ[e] ഭയത്തോടും വിറ
യലോടുംകൂടെ അനുസരിപ്പിൻ.[f]
**6** മനുഷ്യരെ പ്രസാദിപ്പിക്കുന്നവരെ[g]
പ്പോലെ ദൃഷ്ടിസേവയാൽ അല്ല,
ക്രിസ്തുവിന്റെ ദാസന്മാരെപ്പോലെ
ദൈവേഷ്ടം മനസ്സോടെ ചെയ്തും
**7** മനുഷ്യരെയല്ല കർത്താവിനെ
ത്തന്നെ പ്രീതിയോടെ സേവിച്ചും
കൊണ്ട് അനുസരിപ്പിൻ. **8** ദാസ
നോ സ്വതന്ത്രനോ[h] ഓരോരുത്തൻ
ചെയ്യുന്ന നന്മയ്ക്കു കർത്താവിൽ
നിന്നു പ്രതിഫലം പ്രാപിക്കും എ
ന്നു നിങ്ങൾ അറിയുന്നുവല്ലോ.[i]
**9** യജമാനന്മാരേ, അവരുടെയും
നിങ്ങളുടെയും യജമാനൻ സ്വർ
ഗത്തിൽ ഉണ്ടെന്നും[j] അവന്റെ
പക്കൽ മുഖപക്ഷം ഇല്ലെന്നും[k]
അറിഞ്ഞുകൊണ്ട് അങ്ങനെതന്നെ
അവരോടു പെരുമാറുകയും ഭീഷ
ണിവാക്ക് ഒഴിക്കയും[l] ചെയ്വിൻ.

**10** ഒടുവിൽ കർത്താവിലും[m] അ
വന്റെ അമിതബലത്തിലും[n] ശക്തി
പ്പെടുവിൻ.[m] **11** പിശാചിന്റെ തന്ത്ര
ങ്ങളോട്[o] എതിർത്തുനില്പാൻ
കഴിയേണ്ടതിനു ദൈവത്തിന്റെ
സർവായുധവർഗം[p] ധരിച്ചുകൊൾ
വിൻ.[q] **12** നമുക്കു പോരാട്ടം ഉള്ള
തു ജഡരക്തങ്ങളോടല്ല,[r] വാഴ്ച
കളോടും[s] അധികാരങ്ങളോടും
ഈ അന്ധകാരത്തിന്റെ[t] ലോകാധി
പതികളോടും[u] സ്വർലോകങ്ങളിലെ[v]
ദുഷ്ടാത്മസേനയോടും[w] അത്രേ.
**13** അതുകൊണ്ടു നിങ്ങൾ ദുർദി
വസത്തിൽ[x] എതിർപ്പാനും സക
ലവും സമാപിച്ചിട്ട് ഉറച്ചു നില്പാ
നും കഴിയേണ്ടതിനു ദൈവത്തി
ന്റെ സർവായുധവർഗം എടുത്തു
കൊൾവിൻ.[y] **14** നിങ്ങളുടെ അ
രയ്ക്കു സത്യം കെട്ടിയും[z] നീതി
എന്ന കവചം ധരിച്ചും[a] **15** സമാ
ധാനസുവിശേഷത്തിനായുള്ള ഒരു
ക്കം കാലിനു ചെരിപ്പാക്കിയും[b]
**16** എല്ലാറ്റിനും മീതെ ദുഷ്ടന്റെ[c]
തീയമ്പുകളെ[d] യൊക്കെയും കെടു
ക്കുവാൻ തക്കതായ വിശ്വാസം
എന്ന പരിച[e] എടുത്തുകൊണ്ടും
നില്പിൻ. **17** രക്ഷ എന്ന ശിര
സ്ത്രവും[a] ദൈവവചനം എന്ന ആ
ത്മാവിന്റെ വാളും[f] കൈക്കൊൾ
വിൻ. **18** സകല പ്രാർഥനയാലും
യാചനയാലും[g] ഏതു നേരത്തും[h]
ആത്മാവിൽ[i] പ്രാർഥിച്ചും അതി
നായി ജാഗരിച്ചുംകൊണ്ടു,[j] സ
കല വിശുദ്ധന്മാർക്കും എനിക്കും
വേണ്ടി[k] പ്രാർഥനയിൽ[l] പൂർണ
സ്ഥിരത കാണിപ്പിൻ. **19** ഞാൻ
ചങ്ങല ധരിച്ചു[m] സ്ഥാനാപതിയായി[n]

33.[h] *എഫെ.5:25,28*
[i] *1പത്രൊ.3:1,6*

**അധ്യായം 6**

1.[a] *സദൃ.1:8;6:20; 23:22*
2.[b] ***പുറ.20:12***
4.[c] *ഉൽപ.18:19; ആവ.4:9;6:7; 11:19; സങ്കീ.78:4; സദൃ.19:18; 22:6; 29:17; (2തിമൊ.3:15)*
5.[d] *(എഫെ.5:22)*
[e] *(2കൊരി.11:3)*
[f] *1പത്രൊ.2:18*
6.[g] *ഗലാ.1:10*
8.[h] *ഗലാ.3:28; കൊലൊ.3:11*
[i] *സങ്കീ.62:12*
9.[j] *യോഹ.13:13; (ഇയ്യോ.31:13-15)*
[k] *ആവ.10:17*
[l] *ലേവ്യാ.25:43*
10.[m] *റോമ.4:20; 2തിമൊ.2:1; (1യോഹ.2:14) എഫെ.3:16*
[n] *എഫെ.1:19*
11.[o] *എഫെ.4:14*
[p] *എഫെ.6:13; (2കൊരി.10:4)*
[q] *എഫെ.6:14-16; ഇയ്യോ.29:14; റോമ.13:12*
12.[r] *1കൊരി.9:25*
[s] *എഫെ.1:21*
[t] *ലൂക്കൊ.22:53; കൊലൊ.1:13*
[u] *എഫെ.2:2*
[v] *എഫെ.1:3*
[w] *(എഫെ.3:10)*
13.[x] *എഫെ.5:16*
[y] *(1പത്രൊ.4:1)*
14.[z] *1പത്രൊ.1:13; (യെശ.11:5); ലൂക്കൊ.12:35*
[a] *യെശ.59:17; 1തെസ്സ.5:8; (യെശ.61:10; 2കൊരി.6:7)*

15.[b] *യെശ.52:7; റോമ.10:15; (പുറ.12:11)* 16.[c] *മത്താ.13:19* [d] *(സങ്കീ.120:4)* [e] *(1യോഹ.5:4)* 17.[a] *(വാ.14 കാ.)* [f] *എബ്രാ.4:12; (യെശ.49:2; ഹോശേ.6:5; 2കൊരി.6:7)* 18.[g] *കൊലൊ.4:2-4* [h] *ലൂക്കൊ.18:1* [i] *യൂദാ.20; റോമ.8:26* [j] *മർക്കൊ.13:33* [k] *കൊലൊ.4:4; 1തെസ്സ.5:25; 2തെസ്സ.3:2; (യെശ.50:4)* [l] *1തിമൊ.2:2* 19.[m] *അപ്പൊ.പ്ര.28:20* [n] *2കൊരി.5:20*

സേവിക്കുന്ന സുവിശേഷത്തിന്റെ
മർമം[o] പ്രാഗല്ഭ്യത്തോടെ[p] അറിയി
പ്പാൻ എന്റെ വായ് തുറക്കുമ്പോൾ
എനിക്കു വചനം നല്കപ്പെടേണ്ട
തിനും **20** ഞാൻ സംസാരിക്കേണ്ടും
വണ്ണം അതിൽ പ്രാഗല്ഭ്യത്തോടെ
സംസാരിക്കേണ്ടതിനും പ്രാർഥിപ്പിൻ.
**21** ഞാൻ എങ്ങനെ ഇരിക്കുന്നു
എന്ന് എന്റെ അവസ്ഥ നിങ്ങളും
അറിയേണ്ടതിനു[q] പ്രിയസഹോദ
രനും കർത്താവിൽ വിശ്വസ്ത ശു
ശ്രൂഷകനുമായ തിഹിക്കൊസ്[r]
നിങ്ങളോടു സകലവും അറിയിക്കും.
**22** നിങ്ങൾ ഞങ്ങളുടെ വസ്തുത
അറിവാനും അവൻ നിങ്ങളുടെ
ഹൃദയങ്ങളെ ആശ്വസിപ്പിപ്പാനു
മായി[s] ഞാൻ അവനെ നിങ്ങളുടെ
അടുക്കലേക്ക് അയച്ചിരിക്കുന്നു.
**23** പിതാവായ ദൈവത്തിങ്കൽ
നിന്നും കർത്താവായ യേശുക്രി
സ്തുവിങ്കൽനിന്നും സഹോദര
ന്മാർക്കു സമാധാനവും[t] വിശ്വാസ
ത്തോടുകൂടിയ സ്നേഹവും[u] ഉണ്ടാ
കട്ടെ. **24** നമ്മുടെ കർത്താവായ
യേശുക്രിസ്തുവിനെ അക്ഷയമാ
യി സ്നേഹിക്കുന്ന[v] എല്ലാവരോ
ടുംകൂടെ കൃപ ഇരിക്കുമാറാകട്ടെ.

❋ ❋ ❋

19.[o] *എഫെ.3:3*
[p] *അപ്പൊ.പ്ര.4:30*
21.[q] *കൊലൊ.4:7-9*
[r] *അപ്പൊ.പ്ര.20:4; 2തിമൊ.4:12; തീത്തൊ.3:12*
22.[s] *കൊലൊ.2:2*
23.[t] *ഗലാ.6:16; 2തെസ്സ.3:16; 1പത്രൊ.5:14*
[u] *(ഗലാ.5:6; 1തെസ്സ.5:8)*
24.[v] *(1കൊരി.16:22)*

## സഭ

വേദപുസ്തകത്തിൽ 'സഭ' എന്നതിന്റെ ഗ്രീക്കു പദത്തിനു യേശുക്രിസ്തുവിനെപ്പറ്റിയുള്ള സുവിശേഷത്തിൽ വിശ്വസിക്കുന്നവരുടെ കൂട്ടം, സമ്മേളനം എന്ന അർഥമാണുള്ളത്. അവർ ദൈവത്തിന്റെ ഉദ്ദേശ്യം എന്താണെന്നു കാണിച്ചു കൊടുക്കുകയും അതു നിവർത്തിക്കുവാൻ തിരഞ്ഞെടുക്കപ്പെടുകയും ചെയ്തവരാണ്. കർത്താവായ യേശുക്രിസ്തു സഭയുടെ തലയാണ് (എഫെ. 1:22; കൊലൊ. 1:18). അതിന്റെ ഉടമസ്ഥതയും കർത്താവിനുതന്നെ. കർത്താവ് എന്നതിന്റെ ഗ്രീക്കു നാമം *കുറിയോസ്* എന്നാണ്. സഭയെ *കുറിയാക്കോൻ* എന്നും വിളിക്കുന്നു. അതിന്റെ അർഥം കർത്താവിനുള്ളത് എന്നാണ്. സഭയെന്ന വാക്കിന്റെ ഉദ്ഭവം *കുറിയാക്കോൻ* എന്ന പദത്തിൽനിന്നാണ്.

പുതിയനിയമത്തിൽ പല വിധത്തിൽ സഭയെ ചിത്രീകരിച്ചിരിക്കുന്നു. മത്തായിയുടെ സുവിശേഷത്തിൽ അത് അനുസരണയുള്ള ദൈവജനമാണ്. റോമാലേഖനത്തിലും ഗലാത്യലേഖനത്തിലും പൗലൊസ് വാദിക്കുന്നത്, സഭ ഒരു പുതിയ ജനമാണ്; മോശെയുടെ ന്യായപ്രമാണം അനുസരിക്കാൻ ബാധ്യസ്ഥമായ തിരുവെഴുത്തുകളിൽ പറയുന്ന ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമല്ല, എന്നാണ്. സഭ ക്രിസ്തുവിന്റെ ശരീരം ആണെന്നും അദ്ദേഹം പരാമർശിക്കുന്നു (1 കൊരി. 1:12, 27-31). ലൂക്കൊസിന്റെ സുവിശേഷവും അപ്പൊസ്തലന്മാരുടെ പ്രവൃത്തികളും അനുസരിച്ച് ക്രിസ്തുവിന്റെ അനുയായികളുടെ പ്രധാനപ്പെട്ട പ്രവർത്തനം വർഗ സംസ്കാര വ്യത്യാസം കൂടാതെ ലോകം മുഴുവൻ സുവിശേഷം എത്തിക്കുക എന്നതായിരുന്നു (അപ്പൊ. പ്ര. 1:8). പത്രൊസിന്റെ ഒന്നാം ലേഖനത്തിൽ 'ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട പ്രത്യേക ജനമായിട്ടാണ്' സഭയെ വിശദീകരിക്കുന്നത്. 'രാജകീയ പുരോഹിത വർഗവും വിശുദ്ധ വംശവും' എന്നും വിശേഷിപ്പിക്കുന്നു (1 പത്രൊ. 2:9; പുറ. 19:5,6). യോഹന്നാന്റെ സുവിശേഷത്തിൽ 'സഭ' നല്ല ഇടയന്റെ ആടുകളും (യോഹ. 10:16) യഥാർഥ മുന്തിരിവള്ളിയായ യേശുവിന്റെ ശാഖകളുമാണ് (യോഹ. 15:1-16).

അപ്പൊസ്തലന്മാരുടെ ഒന്നാമത്തെ തലമുറ പോയിക്കഴിഞ്ഞപ്പോൾ സഭ സംഘടനാപരമായി കൂടുതൽ വ്യവസ്ഥാപിതമായി. നേതൃത്വം നിർവഹിക്കേണ്ട പങ്ക്, അംഗങ്ങൾ പെരുമാറ്റങ്ങളിൽ പാലിക്കേണ്ട നിയമങ്ങൾ ഇവയെല്ലാം വ്യക്തമായി നിർവചിച്ചു. ഈ സംഘടനകളെപ്പറ്റിയുള്ള വിശദീകരണങ്ങൾ എഫെസ്യർ, ഒന്നും രണ്ടും തിമൊഥെയൊസ്, തീത്തൊസ് എന്നീ ലേഖനങ്ങളിലും രണ്ടാംനൂറ്റാണ്ടിലെ 'അപ്പൊസ്തലിക പിതാക്കന്മാർ' എന്ന പേരിലറിയപ്പെടുന്ന നേതാക്കന്മാരുടെ എഴുത്തുകളിലും പ്രത്യക്ഷപ്പെടുകയുണ്ടായി. ആ സമയത്താണ് നേതാക്കന്മാരെ *എപ്പിസ്കോപ്പോയി* എന്നു ഗ്രീക്കു ഭാഷയിൽ വിളിക്കുകയും (മേൽപ്പട്ടക്കാർ/*ബിഷപ്പ്* എന്നു ചിലപ്പോൾ പരിഭാഷപ്പെടുത്തിയിരിക്കുന്നു) സഭകളുടെ പ്രവർത്തനങ്ങളിൽ മേൽനോട്ടക്കാരായി നിയമിക്കുകയും ചെയ്തത്.

# THE EPISTLE OF PAUL THE APOSTLE TO THE PHILIPPIANS

# അപ്പൊസ്തലനായ പൗലൊസ് ഫിലിപ്പിയർക്ക് എഴുതിയ ലേഖനം

## മുഖവുര

യൂറോപ്യൻ മണ്ണിൽ മക്കെദോന്യ എന്ന റോമാപ്രവിശ്യയിൽ പൗലൊസ് സ്ഥാപിച്ച ആദ്യസഭയായ ഫിലിപ്പിയസഭയ്ക്ക് എഴുതുന്ന ലേഖനമാണിത്. ഇത് പൗലൊസിന്റെ ഒരു കാരാഗൃഹലേഖനമാണെന്ന് മാത്രമല്ല ക്രിസ്തീയ ശുശ്രൂഷകർ തനിക്കെതിരെ പ്രകടിപ്പിച്ച പ്രതിഷേധത്തിൽ വേദനപ്പെട്ടും ഫിലിപ്പിയസഭയിലെ ചില തെറ്റായ പഠിപ്പിക്കലിൽ മനംനൊന്തും എഴുതിയതാണ് ഈ ലേഖനം. തന്റെ ആവശ്യത്തിൽ പൗലൊസിനെ താങ്ങുവാൻ ഫിലിപ്പിയ വിശ്വാസികൾ കാണിച്ച ഔദാര്യതയെ പുകഴ്ത്തുകയാണ് ഈ ലേഖനത്തിന്റെ ആദ്യപടി. വിശ്വാസികൾ നേരിടുന്ന പ്രതികൂലത്തിന്റെ നടുവിൽ അവരെ ധൈര്യപ്പെടുത്തുകയും ക്രിസ്തുവിൽ അവരെ ഉറപ്പിക്കുകയുമാണ് ഈ ലേഖനത്തിന്റെ മറ്റൊരുദ്ദേശ്യം.

### അധ്യായം 1

*1. അവർക്കുവേണ്ടി ദൈവത്തോടുള്ള പൗലൊസിന്റെ നന്ദിയും പ്രാർഥനയും 21. കഷ്ടമനുഭവിക്കുവാൻ അവൻ ഒരുങ്ങിയിരിക്കുന്നു എന്നും തനിക്കു മരണം ലാഭമെന്നും കാണിച്ചത്.*

**ക്രി**സ്തുയേശുവിന്റെ ദാസന്മാരായ
പൗലൊസും തിമൊഥെയൊസും
ഫിലിപ്പിയിൽ ക്രിസ്തുയേശുവി
ലുള്ള സകല വിശുദ്ധന്മാർക്കും[a]
അധ്യക്ഷന്മാർക്കും[b] ശുശ്രൂഷകന്മാർ
ക്കും[c] കൂടെ എഴുതുന്നത്: **2** നമ്മുടെ
പിതാവായ ദൈവത്തിങ്കൽനിന്നും
കർത്താവായ ക്രിസ്തുയേശുവിങ്കൽ
നിന്നും നിങ്ങൾക്കു കൃപയും സമാ
ധാനവും ഉണ്ടാകട്ടെ.[d]

**3** ഞാൻ നിങ്ങൾക്ക് എല്ലാവർക്കും
വേണ്ടി കഴിക്കുന്ന സകല പ്രാർഥ
നയിലും എപ്പോഴും സന്തോഷ
ത്തോടെ പ്രാർഥിച്ചും **4** നിങ്ങളിൽ
നല്ല പ്രവൃത്തിയെ[e] ആരംഭിച്ചവൻ
യേശുക്രിസ്തുവിന്റെ നാളോളം[f]
അതിനെ തികയ്ക്കും[g] എന്ന് ഉറ
പ്പായി വിശ്വസിച്ചുമിരിക്കുന്നു.
**5** ഒന്നാം നാൾമുതൽ ഇതുവരെയും
സുവിശേഷഘോഷണത്തിൽ നി
ങ്ങൾക്കുള്ള കൂട്ടായ്മ[h] നിമിത്തം
**6** ഞാൻ നിങ്ങളെ ഓർക്കുമ്പോഴൊ[i]
ക്കെയും എന്റെ ദൈവത്തിനു സ്തോ
ത്രം ചെയ്യുന്നു.[j] **7** കൃപയിൽ എനി
ക്കു കൂട്ടാളികളായ[k] നിങ്ങളെയൊ
ക്കെയും എന്റെ ബന്ധനങ്ങളിലും[l]

1.[a] *2കൊരി.1:1; കൊലൊ.1:1* [b] *അപ്പൊ.പ്ര.20:28* [c] *1തിമൊ.3:8,12*
2.[d] *റോമ.1:4; 1കൊരി.1:3; 2കൊരി.1:2*
4.[e] *(1തെസ്സ.1:2)* [f] *1കൊരി.1:8* [g] *സങ്കീ.57:2;138:8; (1തെസ്സ.5:24)*
5.[h] *(ഫിലി. 2:12;4:15; അപ്പൊ.പ്ര.16:12-40)*
6.[i] *റോമ.1:9; എഫെ.1:16; 2തിമൊ.1:3; ഫിലേ.6* [j] *റോമ.1:8*
7.[k] *(ഫിലി.4:14)* [l] *അപ്പൊ.പ്ര.20:23;26:29; കൊലൊ.4:18; 2തിമൊ.2:9; ഫിലേ.10,13; എഫെ.3:1*

***ഫിലിപ്പിയ:*** വി. പൗലൊസിന്റെ കാലത്ത് ഫിലിപ്പിയ റോമാപൗരന്മാരുടെ ഒരു കോളനി ആയിരുന്നു. പട്ടണത്തിൽ വിനോദശാലകൾ, നീന്തൽക്കുളങ്ങൾ, വ്യാപാരകേന്ദ്രങ്ങൾ *(ഫോറം)* എന്നിവ ഉണ്ടായിരുന്നു. റോമാ ദേവന്മാരുടെ പ്രതിമകളും ധാരാളം ഉണ്ടായിരുന്നു. റോമാ പടയാളികൾ പലരും ജോലിയിൽനിന്നു വിരമിച്ചശേഷം ഫിലിപ്പിയിൽ താമസം ഉറപ്പിച്ചിരുന്നു. മഹാനായ അലക്സാണ്ടറുടെ പിതാവായ മാസിഡോണിയായിലെ ഫിലിപ്പ് ദ്വിതീയന്റെ നാമത്തിൽ പണിത നഗരമായിരുന്നു ഫിലിപ്പിയ. ആ കാലത്ത് ഫിലിപ്പിയ അപ്രധാനമായിരുന്നെങ്കിലും അതിന്റെ സമീപത്തുണ്ടായിരുന്ന പാങ്ങ് യൂസ് മലയിലെ സ്വർണം, വെള്ളി ഖനികളാൽ ആകൃഷ്ടനായി 356 (ബി. സി.) ൽ ഫിലിപ്പ് ഈ പ്രദേശം പിടിച്ചെടുത്തു. വർഷങ്ങൾക്കുശേഷം റോമക്കാർ അതു കീഴടക്കുകയും പൂർവദിക്കുകളിലുള്ള ബൈസാന്റിയവും പശ്ചിമദിക്കിലുള്ള അദ്രിയാറ്റിക് തുറമുഖങ്ങളുമായി ബന്ധിപ്പിക്കുന്ന എഗ്നേഷ്യൻപാത നിർമിക്കുകയും ചെയ്തപ്പോൾ ഫിലിപ്പിയ ഒരു പ്രധാന നഗരമായിത്തീർന്നു.

സുവിശേഷത്തിന്റെ പ്രതിവാദത്തിലും[m] സ്ഥിരീകരണത്തിലും ഞാൻ എന്റെ ഹൃദയത്തിൽ[n] വഹിച്ചിരിക്കകൊണ്ട് അങ്ങനെ നിങ്ങളെയെല്ലാവരെയും കുറിച്ച് വിചാരിക്കുന്നത് എനിക്ക് ന്യായമല്ലോ. **8** ക്രിസ്തുയേശുവിന്റെ ആർദ്രതയോടെ ഞാൻ നിങ്ങളെ എല്ലാവരെയും കാൺമാൻ എത്ര വാഞ്ഛിക്കുന്നു[o] എന്നതിനു ദൈവം സാക്ഷി.[p] **9** നിങ്ങളുടെ സ്നേഹം[q] മേല്ക്കുമേൽ പരിജ്ഞാനത്തിലും[r] സകല വിവേകത്തിലും വർധിച്ചു[q] വന്നിട്ട് **10** നിങ്ങൾ ഭേദാഭേദങ്ങളെ വിവേചിപ്പാറാകേണം[s] എന്നും ക്രിസ്തുവിന്റെ നാളിലേക്കു[t] നിർമ്മലന്മാരും ഇടർച്ചയില്ലാത്തവരും[u] **11** ദൈവത്തിന്റെ മഹത്ത്വത്തിനും പുകഴ്ചയ്ക്കുമായിട്ടു[v] യേശുക്രിസ്തുവിനാൽ[w] നീതിഫലം[x] നിറഞ്ഞവരുമായിത്തീരേണം എന്നും ഞാൻ പ്രാർഥിക്കുന്നു.

**12** സഹോദരന്മാരേ, എനിക്കു ഭവിച്ചത് സുവിശേഷത്തിന്റെ അഭിവൃദ്ധിക്കു[y] കാരണമായിത്തീർന്നു എന്ന് നിങ്ങൾ അറിവാൻ ഞാൻ ഇച്ഛിക്കുന്നു. **13** എന്റെ ബന്ധനങ്ങൾ[z] ക്രിസ്തു നിമിത്തമാകുന്നു എന്ന് അകമ്പടി പട്ടാളത്തിലൊക്കെയും ശേഷം എല്ലാവർക്കും[a] തെളിവായി വരികയും **14** സഹോദരന്മാർ മിക്കപേരും എന്റെ ബന്ധനങ്ങളാൽ കർത്താവിൽ ധൈര്യം പൂണ്ടു ദൈവത്തിന്റെ വചനം ഭയം കൂടാതെ പ്രസ്താവിപ്പാൻ[b] അധികം തുനിയുകയും ചെയ്തിരിക്കുന്നു. **15** ചിലർ ക്രിസ്തുവിനെ അസൂയയും പിണക്കവും നിമിത്തം പ്രസംഗിക്കുന്നു;[c] ചിലരോ നല്ല മനസ്സോടെ തന്നെ. **16** അവർ സുവിശേഷത്തിന്റെ പ്രതിവാദത്തിനായിട്ടു[d] ഞാൻ ഇവിടെ കിടക്കുന്നു എന്ന് അറിഞ്ഞിട്ട്[e] അത് സ്നേഹത്താൽ ചെയ്യുന്നു. **17** മറ്റവരോ എന്റെ ബന്ധനങ്ങളിൽ എനിക്കു ക്ലേശം വരുത്തുവാൻ ഭാവിച്ചുകൊണ്ട് നിർമ്മലതയോടെയല്ല ശാഠ്യത്താൽ[f] അത്രേ ക്രിസ്തുവിനെ പ്രസംഗിക്കുന്നത്.

പിന്നെ എന്ത്? **18** നാട്യമായിട്ടോ പരമാർഥമായിട്ടോ ഏതുവിധമായാലും ക്രിസ്തുവിനെ അല്ലോ പ്രസംഗിക്കുന്നത്. ഇതിൽ ഞാൻ സന്തോഷിക്കുന്നു; ഇനിയും സന്തോഷിക്കും. **19** നിങ്ങളുടെ പ്രാർഥനയാലും[g] യേശുക്രിസ്തുവിന്റെ ആത്മാവിന്റെ[h] സഹായത്താലും[i] അത് എനിക്കു രക്ഷാകാരണമായിത്തീരും എന്ന് ഞാൻ അറിയുന്നു. **20** അങ്ങനെ ഞാൻ ഒന്നിലും ലജ്ജിച്ചുപോകാതെ[j] പൂർണധൈര്യം[k] പൂണ്ടു ക്രിസ്തു എന്റെ ശരീരത്തിങ്കൽ[l] ജീവനാൽ ആകട്ടെ മരണത്താൽ ആകട്ടെ[m] എപ്പോഴും എന്നപോലെ ഇപ്പോഴും മഹിമപ്പെടുകേയുള്ളൂ[l] എന്ന് പ്രതീക്ഷിക്കയും പ്രത്യാശിക്കയും ചെയ്യുന്നു. **21** എനിക്കു ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു.[n] **22** എന്നാൽ ജഡത്തിൽ ജീവിക്കുന്നതിനാൽ എന്റെ വേലയ്ക്കു ഫലം വരുമെങ്കിൽ ഏതു തിരഞ്ഞെടുക്കേണ്ടൂ എന്ന് ഞാൻ അറിയുന്നില്ല. **23** ഇവ രണ്ടിനാലും ഞാൻ ഞെരുങ്ങുന്നു;[o] വിട്ടുപിരിഞ്ഞു[p] ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ[q] എനിക്കു കാംക്ഷയുണ്ട്; അത് അത്യുത്തമമല്ലോ. **24** എന്നാൽ ഞാൻ ജഡത്തിൽ ഇരിക്കുന്നത് നിങ്ങൾ നിമിത്തം ഏറെ ആവശ്യം. **25** ഇങ്ങനെ ഉറച്ചുകൊണ്ട്[r] നിങ്ങളുടെ വിശ്വാസത്തിന്റെ അഭിവൃദ്ധിക്കും[s] സന്തോഷത്തിനു[t]മായിത്തന്നെ ഞാൻ ജീവനോടിരിക്കും എന്നും നിങ്ങളോട് എല്ലാവരോടുംകൂടെ ഇരിക്കും എന്നും അറിയുന്നു.[u] **26** അങ്ങനെ ഞാൻ നിങ്ങളുടെ അടുക്കൽ മടങ്ങിവരുന്നതിനാൽ എന്നെക്കുറിച്ചു നിങ്ങൾക്കുള്ള പ്രശംസ ക്രിസ്തുയേശുവിൽ വർധിപ്പാൻ ഇടയാകും.[v] **27** ഞാൻ നിങ്ങളെ വന്നു കണ്ടിട്ടോ ദൂരത്തിരുന്നു നിങ്ങളുടെ അവസ്ഥ കേട്ടിട്ടോ നിങ്ങൾ ഏകാത്മാവിൽ നിലനിന്ന്[w] എതിരാളികളാൽ ഒന്നിലും കുലുങ്ങിപ്പോകാതെ ഏകമനസ്സോടെ[x] സുവിശേഷത്തിന്റെ വിശ്വാസത്തിനായി

7.[m] *ഫിലി.1:16*
[n] *2കൊരി.7:3*
8.[o] *(ഫിലി.4:1; റോമ.1:12; 15:23; 1തെസ്സ.3:6; 2തിമൊ.1:3)*
[p] *റോമ.1:10;9:2*
9.[q] *1തെസ്സ.3:12; 2തെസ്സ.1:3*
[r] *കൊലൊ.1:10; 3:10; ഫിലേ.5*
10.[s] *റോമ.2:18*
[t] *ഫിലി.1:4*
[u] *അപ്പൊ.പ്ര.24:16; 1തെസ്സ.3:13;5:23*
11.[v] *എഫെ.1:12,14*
[w] *(യോഹ.15:4,5)*
[x] *(കൊലൊ.1:6,10) യാക്കോ.3:18*
12.[y] *ഫിലി.1:25; 1തിമൊ.4:15*
13.[z] *(ലൂക്കൊ.21:12); ഫിലി.1:7*
[a] *(അപ്പൊ.പ്ര. 28:29,30; 2തിമൊ.2:9)*
14.[b] *(അപ്പൊ.പ്ര.4:31)*
15.[c] *2കൊരി.11:13*
16.[d] *ഫിലി.1:7*
[e] *(1കൊരി.9:17)*
17.[f] *ഫിലി.2:3; യാക്കോ.3:14*
19.[g] *2കൊരി.1:11*
[h] *അപ്പൊ.പ്ര.16:7*
[i] *ഗലാ.3:5*
20.[j] *റോമ.5:5; (യോവേ.2:27; 2 തിമൊ.2:15)*
[k] *അപ്പൊ.പ്ര.4:13*
[l] *(1കൊരി.6:20)*
[m] *റോമ.14:8*
21.[n] *(ഗലാ.2:20)*
23.[o] *(2കൊരി.5:8)*
[p] *2തിമൊ.4:6*
[q] *യോഹ.12:26*
25.[r] *(ഫിലി.2:24)*
[s] *ഫിലി.1:12*
[t] *റോമ.15:13*
[u] *(അപ്പൊ.പ്ര.20:25)*
26.[v] *2കൊരി.1:14*
27.[w] *1കൊരി.16:13*
[x] *(ഫിലി.2:2; 1കൊരി.1:10)*

പോരാട്ടം കഴിക്കുന്നു[y] എന്ന് ഗ്രഹി
ക്കേണ്ടതിനു ക്രിസ്തുവിന്റെ സുവി
ശേഷത്തിന് യോഗ്യമാം[z] വണ്ണം
മാത്രം നടപ്പിൻ.[a] 28 ഇത് അവരു
ടെ നാശത്തിനും[b] നിങ്ങളുടെ രക്ഷ
യ്ക്കും[c] ഒരു അടയാളമാകുന്നു;[b]
29 അത് ദൈവംതന്നെ വച്ചതാകു
ന്നു. ക്രിസ്തുവിൽ വിശ്വസിപ്പാൻ
മാത്രമല്ല[d] അവനുവേണ്ടി കഷ്ടം
അനുഭവിപ്പാനും[c] കൂടെ നിങ്ങൾക്കു
വരം നല്കിയിരിക്കുന്നു.[d] 30 നി
ങ്ങൾ എങ്കൽ കണ്ടതും ഇപ്പോൾ
എന്നെക്കുറിച്ചു കേൾക്കുന്നതുമായ[e]
അതേ പോരാട്ടം[f] നിങ്ങൾക്കും ഉ
ണ്ടല്ലോ.

❋ ❋ ❋

*1. ഐക്യതയ്ക്കും താഴ്മയ്ക്കും 12. രക്ഷയുടെ വഴിയിൽ ജാഗ്രതയായി നടക്കുവാനും പ്രബോധനം 19. തിമൊഥെയൊസിനെയും എപ്പഫ്രൊദിത്തൊസിനെയും അയയ്ക്കുന്നത്.*

**2** ക്രിസ്തുവിൽ വല്ല പ്രബോധ
നവും ഉണ്ടെങ്കിൽ, സ്നേഹ
ത്തിന്റെ[a] വല്ല ആശ്വാസവും ഉണ്ടെ
ങ്കിൽ, ആത്മാവിന്റെ വല്ല കൂട്ടാ
യ്മയും[b] ഉണ്ടെങ്കിൽ, വല്ല ആർ
ദ്രതയും മനസ്സലിവും[c] ഉണ്ടെങ്കിൽ,
2 നിങ്ങൾ ഏകമനസ്സുള്ളവരായി[d]
ഏകസ്നേഹം പൂണ്ടു ഐകമത്യ
പ്പെട്ട് ഏകഭാവമുള്ളവരായി ഇങ്ങ
നെ എന്റെ സന്തോഷം പൂർണമാ
ക്കുവിൻ.[e] 3 ശാഠ്യത്താലോ[f] ദുരഭി
മാനത്താലോ[g] ഒന്നും ചെയ്യാതെ
താഴ്മയോടെ[h] ഓരോരുത്തൻ മറ്റു
ള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ
എന്ന് എണ്ണിക്കൊൾവിൻ. 4 ഓരോ
രുത്തൻ സ്വന്തഗുണമല്ല മറ്റുള്ളവ
ന്റെ ഗുണവുംകൂടെ നോക്കേണം.[i]
5 ക്രിസ്തുയേശുവിലുള്ള ഭാവം
തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ.[j]
6 അവൻ ദൈവരൂപത്തിൽ ഇരിക്കെ[k]
ദൈവത്തോടുള്ള സമത്വം മുറുകെ
പിടിച്ചുകൊള്ളേണം[l] 7 എന്ന് വിചാ
രിക്കാതെ[m] ദാസ[n]രൂപം എടുത്തു
8 മനുഷ്യസാദൃശ്യത്തിലായി[o] തന്നെ
ത്താൻ ഒഴിച്ച്[p] വേഷത്തിൽ മനു
ഷ്യനായി വിളങ്ങി തന്നെത്താൻ

y യൂദാ.3
z എഫെ.4:1
a (ഫിലി.3:18)
28. b (2തെസ്സ.1:5)
c അപ്പൊ.പ്ര.14:22
29. d മത്താ.5:12
c (വാ.28 കാ.)
30. e അപ്പൊ.പ്ര. 16:19 - 40; 1തെസ്സ.2:2
f കൊലൊ.1:29;2:2; 1തിമൊ.6:12; 2തിമൊ.4:7; (എബ്രാ.10:33)

അധ്യായം 2

1. a (റോമ.15:32; 2തെസ്സ.2:16)
b 2കൊരി.13:14
c കൊലൊ.3:12
2. d റോമ.12:16
e യോഹ.3:29;15:11
3. f ഫിലി.1:17
g ഗലാ.5:26
h (എഫെ.5:21); റോമ.12:10; എഫെ.4:2
4. i റോമ.15:2
5. j റോമ.15:3; മത്താ.11:29
6. k 2കൊരി.4:4
l യോഹ.5:18;10:33; (യോഹ.14:28)
7. m യോഹ.1:1
n യെശ.42:1; മത്താ.20:28
8. o റോമ.8:3; ഗലാ.4:4; യോഹ.1:14
p 2കൊരി.8:9;13:4; മർക്കൊ.9:12
q എബ്രാ.12:2
r എബ്രാ.5:8; (മത്താ.26:39; യോഹ.10:18; റോമ.5:19)
9. s യോഹ.10:17; (യെശ.52:13;53:12; എബ്രാ.2:9)
t മത്താ.28:18
u അപ്പൊ.പ്ര.2:33
v എഫെ.1:21; എബ്രാ.1:4; (അപ്പൊ.പ്ര.5:41)

താഴ്ത്തി മരണത്തോളം ക്രൂശിലെ
മരണത്തോളം[q] തന്നെ, അനുസര
ണമുള്ളവനായി[r] ത്തീർന്നു. 9 അ
തുകൊണ്ടു[s] ദൈവവും[t] അവനെ
ഏറ്റവും ഉയർത്തി[u] സകല നാമ
ത്തിനും മേലായ നാമം[v] നല്കി;
10 അങ്ങനെ യേശുവിന്റെ നാമത്തി
ങ്കൽ സ്വർലോകരുടെയും ഭൂലോ
കരുടെയും അധോലോകരുടെയും[w]
മുഴങ്കാലൊക്കെയും മടങ്ങുകയും[x]
11 എല്ലാ നാവും[y] "യേശുക്രിസ്തു
കർത്താവ്"[z] എന്ന് പിതാവായ
ദൈവത്തിന്റെ മഹത്ത്വത്തിനായി
ഏറ്റുപറകയും[y] ചെയ്യേണ്ടിവരും.
12 അതുകൊണ്ട്, പ്രിയമുള്ളവ
രേ, നിങ്ങൾ എല്ലായ്പോഴും അനു
സരിച്ചതു[a] പോലെ[b] ഞാൻ അരിക
ത്തിരിക്കുമ്പോൾ മാത്രമല്ല ഇന്നു
ദൂരത്തിരിക്കുമ്പോൾ ഏറ്റവും അധി
കമായി ഭയത്തോടും വിറയലോ
ടുംകൂടെ നിങ്ങളുടെ രക്ഷയ്ക്കായി
പ്രവർത്തിപ്പിൻ. 13 ഇച്ഛിക്ക എന്ന
തും പ്രവർത്തിക്ക എന്നതും നിങ്ങ
ളിൽ ദൈവമല്ലോ തിരുവുള്ളം
ഉണ്ടായിട്ട്[c] പ്രവർത്തിക്കുന്നത്.[d]
14 വക്രതയും കോട്ടവുമുള്ള തല
മുറയുടെ[e] നടുവിൽ[f] നിങ്ങൾ അനി
ന്ദ്യരും പരമാർഥികളും ദൈവത്തി
ന്റെ നിഷ്കളങ്ക[g] മക്കളും[h] ആകേ
ണ്ടതിന് എല്ലാം പിറുപിറുപ്പും[i]
വാദവും കൂടാതെ[j] ചെയ്‌വിൻ.
15 അവരുടെ ഇടയിൽ നിങ്ങൾ
ജീവന്റെ വചനം[k] പ്രമാണിച്ചുകൊ
ണ്ട് ലോകത്തിൽ ജ്യോതിസ്സുകളെ
പ്പോലെ[l] പ്രകാശിക്കുന്നു. 16 അ
ങ്ങനെ ഞാൻ ഓടിയതും അധ്വാ
നിച്ചതും വെറുതെയായില്ല[m] എന്ന്
ക്രിസ്തുവിന്റെ നാളിൽ[n] എനിക്കു

10. w (വെളി.5:3,13); എഫെ.1:10 x യെശ.45:23; റോമ.14:11 11. y (റോമ.10:9; 1കൊരി.12:3) z (റോമ.14:9); യോഹ.13:13 12. a എബ്രാ.5:9; (2കൊരി.10:5; 1പത്രൊ.1:2) b (ഫിലി.1:5;4:15) 13. c (1തിമൊ.2:4) d 1കൊരി.12:6; (എബ്രാ.13:21); 1കൊരി.15:10 14. e ആവ.32:5 f 1പത്രൊ.2:12 g യൂദാ.24 h (മത്താ.5:45; എഫെ.5:1) i 1പത്രൊ.4:9 j 1 തിമൊ.2:8 15. k (അപ്പൊ.പ്ര.5:20) l മത്താ.5:14,16; (തീത്തൊ.2:9,10) 16. m ഗലാ.2:2; 1തെസ്സ.3:5; (ഗലാ.4:11) n 1കൊരി.1:8

പ്രശംസ ഉണ്ടാകും.[o] 17 എന്നാൽ
നിങ്ങളുടെ വിശ്വാസം എന്ന യാഗം
അർപ്പിക്കുന്ന ശുശ്രൂഷയിൽ[p] എ
ന്റെ രക്തം ഒഴിക്കേണ്ടിവന്നാലും[q]
ഞാൻ സന്തോഷിക്കും; നിങ്ങളോട്
എല്ലാവരോടുംകൂടെ സന്തോഷി
ക്കും. 18 അങ്ങനെതന്നെ നിങ്ങളും
സന്തോഷിപ്പിൻ; എന്നോടുകൂടെ
സന്തോഷിപ്പിൻ;

19 എന്നാൽ നിങ്ങളുടെ വസ്തുത
അറിഞ്ഞിട്ട് എനിക്ക് മനം തണു
ക്കേണ്ടതിനു തിമൊഥെയൊസിനെ
വേഗത്തിൽ അങ്ങോട്ട് അയയ്ക്കാം
എന്ന്[r] കർത്താവായ യേശുവിൽ
ഞാൻ ആശിക്കുന്നു. 20 നിങ്ങളെ
സംബന്ധിച്ചു പരമാർത്ഥമായി കരു
തുവാൻ തുല്യചിത്തനായി[s] എനി
ക്കു മറ്റാരുമില്ല. 21 യേശുക്രിസ്തു
വിന്റെ കാര്യമല്ല, സ്വന്തകാര്യമത്രേ[t]
എല്ലാവരും നോക്കുന്നു. 22 അവനോ
മകൻ അപ്പനു ചെയ്യുന്നതുപോലെ[u]
എന്നോടുകൂടെ സുവിശേഷഘോ
ഷണത്തിൽ സേവ ചെയ്തു[v] എ
ന്നുള്ള അവന്റെ സിദ്ധത[w] നിങ്ങൾ
അറിയുന്നുവല്ലോ. 23 ആകയാൽ
എന്റെ കാര്യം എങ്ങനെ ആകും
എന്ന് അറിഞ്ഞ ഉടനെ ഞാൻ
അവനെ അയപ്പാൻ ആശിക്കുന്നു.
24 ഞാനും വേഗം വരും എന്ന് കർ
ത്താവിൽ ആശ്രയിച്ചിരിക്കുന്നു.[x]
25 എന്നാൽ എന്റെ സഹോദരനും
കൂട്ടുവേലക്കാരനും സഹഭടനും[y]
നിങ്ങളുടെ ദൂതനും[z] എന്റെ ബുദ്ധി
മുട്ടിനു ശുശ്രൂഷിച്ചവനു[a]മായ എപ്പ
ഫ്രൊദിത്തൊസിനെ[b] നിങ്ങളുടെ
അടുക്കൽ അയയ്ക്കുന്നത് ആ
വശ്യം എന്ന് എനിക്കു തോന്നി.
26 അവൻ നിങ്ങളെ എല്ലാവരെയും
കാൺമാൻ വാഞ്ഛിച്ചും താൻ
ദീനമായിക്കിടന്നു എന്ന് നിങ്ങൾ
കേട്ടതുകൊണ്ടു വ്യസനിച്ചുമിരുന്നു.
27 അവൻ ദീനം പിടിച്ചു മരിപ്പാറാ
യിരുന്നു സത്യം; എങ്കിലും ദൈവം
അവനോടു കരുണ ചെയ്തു; അവ
നോടു മാത്രമല്ല, എനിക്കു ദുഃഖത്തി
ന്മേൽ ദുഃഖം വരാതിരിപ്പാൻ എന്നോ
ടും കരുണ ചെയ്തു. 28 ആകയാൽ
നിങ്ങൾ അവനെ വീണ്ടും കണ്ടു
സന്തോഷിപ്പാനും എനിക്കു ദുഃഖം
കുറവാനും ഞാൻ അവനെ അധികം
ജാഗ്രതയോടെ അയച്ചിരിക്കുന്നു.
29 അവനെ കർത്താവിൽ പൂർണ്ണ
സന്തോഷത്തോടെ കൈക്കൊൾ
വിൻ;[c] ഇങ്ങനെയുള്ളവരെ ബഹുമാ
നിപ്പിൻ.[d] 30 എനിക്കുവേണ്ടിയുള്ള
നിങ്ങളുടെ ശുശ്രൂഷയുടെ കുറവു
തീർപ്പാനല്ലോ[e] അവൻ തന്റെ പ്രാണ
നെപ്പോലും കരുതാതെ ക്രിസ്തു
വിന്റെ വേലനിമിത്തം മരണത്തോ
ളം ആയിപ്പോയത്.[f]

✵ ✵ ✵

***1. കള്ള ഉപദേഷ്ടാക്കന്മാരെ വെടിഞ്ഞും 14. ക്രിസ്തുവിനെ മാത്രം ലാക്കാക്കിയും 17. മുന്നോട്ടു നടക്കുവാൻ പ്രബോധനം.***

**3** ഒടുവിൽ എന്റെ സഹോദരന്മാ
രേ, കർത്താവിൽ സന്തോഷി
പ്പിൻ.[a] അതേ കാര്യം നിങ്ങൾക്കു
പിന്നെയും എഴുതുന്നതിൽ എനി
ക്കു മടുപ്പില്ല;[b] നിങ്ങൾക്ക് അത് ഉറ
പ്പുമാകുന്നു. 2 നായ്ക്കളെ[c] സൂക്ഷി
പ്പിൻ; ആകാത്ത വേലക്കാരെ[d] സൂ
ക്ഷിപ്പിൻ; വിച്ഛേദനക്കാരെ സൂക്ഷി
പ്പിൻ. 3 നാമല്ലോ പരിച്ഛേദനക്കാർ;[e]
ദൈവത്തിന്റെ ആത്മാവുകൊണ്ട്[f]
ആരാധിക്കയും[g] ക്രിസ്തുയേശു
വിൽ പ്രശംസിക്കയും[h] ജഡത്തിൽ
ആശ്രയിക്കാതിരിക്കയും ചെയ്യുന്ന
നാംതന്നെ. 4 പക്ഷേ എനിക്കു
ജഡത്തിലും ആശ്രയിപ്പാൻ വക
യുണ്ട്;[i] മറ്റാർക്കാനും ജഡത്തിൽ
ആശ്രയിക്കാം എന്ന് തോന്നിയാൽ
എനിക്ക് അധികം; 5 എട്ടാം നാളിൽ
പരിച്ഛേദന ഏറ്റവൻ;[j] യിസ്രായേൽ
ജാതിക്കാരൻ;[k] ബെന്യാമീൻഗോ
ത്രക്കാരൻ;[l] എബ്രായരിൽനിന്നു
ജനിച്ച എബ്രായൻ;[k] ന്യായപ്രമാണം
സംബന്ധിച്ചു പരീശൻ;[m] 6 ശുഷ്കാ
ന്തി സംബന്ധിച്ചു[n] സഭയെ ഉപദ്ര
വിച്ചവൻ;[o] ന്യായപ്രമാണത്തിലെ
നീതി സംബന്ധിച്ച് അനിന്ദ്യൻ.[p]
7 എങ്കിലും എനിക്കു ലാഭമായിരു
ന്നതൊക്കെയും[q] ഞാൻ ക്രിസ്തു

16. o *2കൊരി.1:14*
17. p *(റോമ.15:15)*
q *2തിമൊ.4:6; (1യോഹ.3:16); 2കൊരി.12:15*
19. r *(1കൊരി.4:17; 1തെസ്സ.3:2)*
20. s *(1കൊരി.16:10)*
21. t *(2തിമൊ.3:2); 1കൊരി.10:24*
22. u *1കൊരി.4:17; 1തിമൊ.1:2; 2തിമൊ.1:1*
v *(2തിമൊ.3:10,11)*
w *2കൊരി.2:9*
24. x *(ഫിലി.1:25; ഫിലേ.22)*
25. y *ഫിലേ.2*
z *2കൊരി.8:23*
a *(ഫിലി.4:18)*
b *ഫിലി.4:18*

29. c *റോമ.16:2*
d *1കൊരി.16:18; 1തെസ്സ.5:12,13; 1തിമൊ.5:17*
30. e *(ഫിലി.4:10); 1കൊരി.16:17*
f *(അപ്പൊ.പ്ര.20:24)*

**അധ്യായം 3**

1. a *ഫിലി.4:4; 1തെസ്സ.5:16*
b *(2പത്രൊ.1:12)*
2. c *സങ്കീ.22:16,20; യെശ.56:10,11; വെളി.22:15; (ഗലാ.5:15)*
d *(2കൊരി.11:13)*
3. e *റോമ.2:29*
f *(ഗലാ.5:25; യൂദാ.20)*
g *(യോഹ.4:23)*
h *റോമ.15:17; (ഗലാ.6:14)*
4. i *2കൊരി.11:18*
5. j *ഉൽപ.17:12*
k *2കൊരി.11:22*
l *റോമ.11:1*
m *അപ്പൊ.പ്ര.23:6; 26:5*

6. n *അപ്പൊ.പ്ര.22:3,4; ഗലാ.1:13,14* o *അപ്പൊ.പ്ര.8:3*
p *(ഫിലി.3:9)* 7. q *(ലൂക്കൊ.14:33)*

നിമിത്തം ചേതം എന്ന് എണ്ണിയിരി
ക്കുന്നു.[r] 8 അത്രയുമല്ല, എന്റെ കർ
ത്താവായ ക്രിസ്തുയേശുവിനെക്കു
റിച്ചുള്ള[s] പരിജ്ഞാനത്തിന്റെ ശ്രേ
ഷ്ഠത[t] നിമിത്തം ഞാൻ ഇപ്പോഴും
എല്ലാം ചേതം[u] എന്ന് എണ്ണുന്നു.
9 ഞാൻ ക്രിസ്തുവിനെ നേടേണ്ട
തിനും ന്യായപ്രമാണത്തിൽ നിന്നുള്ള
എന്റെ സ്വന്ത നീതി[v] യല്ല, ക്രിസ്തു
വിങ്കലുള്ള വിശ്വാസംമൂലം[w] ദൈവം
വിശ്വസിക്കുന്നവർക്കു നല്കുന്ന
നീതിതന്നെ ലഭിച്ച് അവനിൽ ഇരി
ക്കേണ്ടതിനും 10 അവന്റെ മരണ
ത്തോട് അനുരൂപപ്പെട്ടിട്ട് അവനെ
യും[x] അവന്റെ പുനരുത്ഥാനത്തിന്റെ
ശക്തിയെയും[y] 11 അവന്റെ കഷ്ടാ
നുഭവങ്ങളുടെ കൂട്ടായ്മയെയും[z]
അനുഭവിച്ചറിയേണ്ടതിനും[x] ഇങ്ങനെ
വല്ലവിധേനയും മരിച്ചവരുടെ ഇട
യിൽനിന്നുള്ള പുനരുത്ഥാനം പ്രാ
പിക്കേണം[a] എന്നു വച്ചും ഞാൻ
അവന്റെ നിമിത്തം എല്ലാം ഉപേ
ക്ഷിച്ചു ചവറ് എന്ന് എണ്ണുന്നു.
12 ലഭിച്ചു[b] കഴിഞ്ഞു എന്നോ, തിക
ഞ്ഞവനായി[c] എന്നോ അല്ല, ഞാൻ
ക്രിസ്തുയേശുവിനാൽ പിടിക്കപ്പെ
ട്ടിരിക്കുന്നതുകൊണ്ട് എനിക്കും
അത് പിടിക്കാമോ എന്നുവച്ച് പിന്തു
ടരുന്നതേയുള്ളൂ. 13 സഹോദര
ന്മാരേ, ഞാൻ പിടിച്ചിരിക്കുന്നു
എന്ന് നിരൂപിക്കുന്നില്ല. 14 ഒന്നു
ഞാൻ ചെയ്യുന്നു: പിമ്പിലുള്ളത്
മറന്നും[d] മുമ്പിലുള്ളതിന് ആഞ്ഞും
കൊണ്ടു ക്രിസ്തുയേശുവിൽ ദൈവ
ത്തിന്റെ പരമവിളിയുടെ[e] വിരുതി
നായി[f] ലാക്കിലേക്ക് ഓടുന്നു. 15 ന
മ്മിൽ തികഞ്ഞ[g] വരൊക്കെയും
ഇങ്ങനെതന്നെ ചിന്തിച്ചുകൊൾക;
വല്ലതിലും നിങ്ങൾ വേറേ വിധമായി
ചിന്തിച്ചാൽ[h] ദൈവം അതും നി
ങ്ങൾക്കു വെളിപ്പെടുത്തിത്തരും.[i]
16 എന്നാൽ നാം പ്രാപിച്ചിരിക്കുന്ന
പരിജ്ഞാനം തന്നെ അനുസരിച്ചു
നടക്കുക.[j]

17 സഹോദരന്മാരേ, നിങ്ങൾ
എല്ലാവരും എന്നെ അനുകരിപ്പിൻ;[k]
ഞങ്ങൾ നിങ്ങൾക്കു കാണിച്ച

7. r (എബ്രാ.11:26)
8. s യെശ.53:11; യിരെ.9:23,24; യോഹ.17:3; 2പത്രൊ.1:3
t 2കൊരി.5:15
u ലൂക്കൊ.9:25
9. v റോമ.10:5; (ഫിലി.3:6)
w റോമ.9:30; 1കൊരി.1:30
10. x (എഫെ.4:12)
y (റോമ.1:5;6:5)
11. z 1പത്രൊ.4:13; 2കൊരി.1:5
x (വാ.10കാ.)
a അപ്പൊ.പ്ര.26:7
12. b (1തിമൊ.6:12,19)
c എബ്രാ.11:40; 12:23; (എബ്രാ.5:9)
14. d (സങ്കീ.45:10; ലൂക്കൊ.9:62; എബ്രാ.6:2)
e (എബ്രാ.3:1; 1പത്രൊ.5:10); റോമ.8:28
f 1കൊരി.9:24
15. g 1കൊരി.2:6; മത്താ.5:48
h (ഗലാ.5:10)
i (യോഹ.7:17)
16. j ഗലാ.6:16
17. k (ഫിലി.4:9); 1കൊരി.4:16

l 1പത്രൊ.5:3
18. m 2കൊരി.11:13
n (അപ്പൊ.പ്ര.20:31)
19. o 2കൊരി.11:15; (2തെസ്സ.1:10; 2പത്രൊ.2:1,3)
p റോമ.16:18
q (ഹോശേ.4:7; 2കൊരി.11:12; ഗലാ.6:13; യൂദാ.13)
r റോമ.8:5; കൊലൊ.3:2
20. s എഫെ.2:19
t അപ്പൊ.പ്ര.1:11
u 1കൊരി.1:7
21. v 1കൊരി.15:28
w എഫെ.1:19

മാതൃകപ്രകാരം[l] നടക്കുന്നവരെ
യും കുറിക്കൊൾവിൻ. 18 ഞാൻ
പലപ്പോഴും നിങ്ങളോടു പറഞ്ഞതു
പോലെ അനേകർ ക്രിസ്തുവിന്റെ
ക്രൂശിനു ശത്രുക്കളായി നടക്കുന്നു[m]
എന്ന് ഇപ്പോൾ കരഞ്ഞുംകൊണ്ട്[n]
പറയുന്നു. 19 അവരുടെ അവസാനം
നാശം;[o] അവരുടെ ദൈവം വയറ്;[p]
ലജ്ജയായതിൽ അവർക്കു മാനം[q]
തോന്നുന്നു; അവർ ഭൂമിയിലുള്ളത്
ചിന്തിക്കുന്നു.[r] 20 നമ്മുടെ പൗര
ത്വമോ സ്വർഗത്തിൽ ആകുന്നു;[s]
അവിടെനിന്നു[t] കർത്താവായ യേശു
ക്രിസ്തു രക്ഷിതാവായി വരും എന്ന്
നാം കാത്തിരിക്കുന്നു.[u] 21 അവൻ
സകലവും തനിക്കു കീഴ്പെടുത്തു
വാൻ[v] കഴിയുന്ന തന്റെ വ്യാപാരശ
ക്തികൊണ്ട്[w] നമ്മുടെ താഴ്ചയുള്ള
ശരീരത്തെ[x] തന്റെ മഹത്ത്വമുള്ള
ശരീരത്തോട് അനുരൂപമായി[y] രൂപാ
ന്തരപ്പെടുത്തും.

❋ ❋ ❋

***1. പൊതുവിലുള്ള പ്രബോധനം 10. പൗലൊസിനോട് അവർക്കുള്ള ഔദാര്യത്തിനും അവരോട് ദൈവത്തിനുള്ള കൃപയ്ക്കുമായി താൻ സന്തോഷിക്കുന്നത്.***

**4** അതുകൊണ്ട് എന്റെ പ്രിയരും
വാഞ്ഛിതരുമായ[a] സഹോദ
രന്മാരേ, എന്റെ സന്തോഷവും[b]
കിരീടവു[c] മായുള്ളോരേ, ഇങ്ങനെ
കർത്താവിൽ നിലനില്പിൻ,[d] പ്രിയ
മുള്ളവരേ.

2 കർത്താവിൽ ഏകചിന്തയോ
ടിരിപ്പാൻ[e] ഞാൻ യുവൊദ്യയെയും
സുന്തുകയെയും പ്രബോധിപ്പിക്കു
ന്നു. 3 സാക്ഷാൽ ഇണയാളിയായു
ള്ളോവേ, അവർക്കു തുണ നില്ക്കേ
ണം എന്ന് ഞാൻ നിന്നോടും അപേ
ക്ഷിക്കുന്നു; ജീവപുസ്തകത്തിൽ
പേരുള്ള[f] ക്ലേമന്ത് മുതലായ എന്റെ
കൂട്ടുവേലക്കാരുമായി ആ സ്ത്രീകൾ

x (1കൊരി.15:43 - 53) y (ഫിലി.3:10; കൊലൊ.3:4); റോമ.8:29

അധ്യായം 4

1. a ഫിലി.1:8 b ഫിലി.1:3;2:16; 2കൊരി.1:14 c സദൃ.16:31;17:6 d ഫിലി.1:27 2. e ഫിലി.2:2 3. f ലൂക്കൊ.10:20

എന്നോടുകൂടെ സുവിശേഷഘോ
ഷണത്തിൽ പോരാടിയിരിക്കുന്നു.
4 കർത്താവിൽ എപ്പോഴും സ
ന്തോഷിപ്പിൻ;[g] സന്തോഷിപ്പിൻ എ
ന്ന് ഞാൻ പിന്നെയും പറയുന്നു.
5 നിങ്ങളുടെ സൗമ്യത സകല മനു
ഷ്യരും അറിയട്ടെ;[h] കർത്താവ് വരു
വാൻ അടുത്തിരിക്കുന്നു.[i] 6 ഒന്നി
നെക്കുറിച്ചും വിചാരപ്പെടരുത്;[j]
എല്ലാറ്റിലും[k] പ്രാർഥനയാലും അപേ
ക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ
സ്തോത്രത്തോടുകൂടെ[l] ദൈവ
ത്തോട് അറിയിക്കയത്രേ വേണ്ടത്.
7 എന്നാൽ സകല ബുദ്ധിയെയും
കവിയുന്ന[m] ദൈവസമാധാനം[n]
നിങ്ങളുടെ ഹൃദയങ്ങളെയും നിന
വുകളെയും ക്രിസ്തുയേശുവിങ്കൽ
കാക്കും.

8 ഒടുവിൽ സഹോദരന്മാരേ,
സത്യമായത് ഒക്കെയും ഘനമായത്
ഒക്കെയും നീതിയായത് ഒക്കെയും
നിർമ്മലമായത് ഒക്കെയും രമ്യമാ
യത് ഒക്കെയും സൽക്കീർത്തിയാ
യത് ഒക്കെയും സൽഗുണമോ പുക
ഴ്ചയോ അത് ഒക്കെയും ചിന്തിച്ചു
കൊൾവിൻ. 9 എന്നോടു[o] പഠിച്ചും
ഗ്രഹിച്ചും[p] കേട്ടും കണ്ടുമുള്ളത്
പ്രവർത്തിപ്പിൻ; എന്നാൽ സമാധാ
നത്തിന്റെ ദൈവം നിങ്ങളോടുകൂടെ
ഇരിക്കും.[q]

10 നിങ്ങൾ പിന്നെയും എനിക്കു
വേണ്ടി വിചാരിപ്പാൻ തുടങ്ങിയ
തിനാൽ[r] ഞാൻ കർത്താവിൽ വള
രെ സന്തോഷിച്ചു; മുമ്പേതന്നെ നി
ങ്ങൾക്കു വിചാരമുണ്ടായിരുന്നു.
എങ്കിലും അവസരം കിട്ടിയില്ല.
11 ബുദ്ധിമുട്ടു നിമിത്തമല്ല ഞാൻ
പറയുന്നത്; ഉള്ള അവസ്ഥയിൽ
അലംഭാവ[s]ത്തോടിരിപ്പാൻ ഞാൻ
പഠിച്ചിട്ടുണ്ട്. 12 താഴ്ചയിൽ ഇരി
പ്പാനും സമൃദ്ധിയിൽ ഇരിപ്പാനും
എനിക്ക് അറിയാം; തൃപ്തനായിരി
പ്പാനും വിശന്നിരിപ്പാനും[t] സമൃദ്ധി
യിൽ ഇരിപ്പാനും ബുദ്ധിമുട്ട് അനു
ഭവിപ്പാനും[u] എല്ലാം ഞാൻ ശീലിച്ചി
രിക്കുന്നു. 13 എന്നെ ശക്തനാക്കു
ന്നവൻ[v] മുഖാന്തരം ഞാൻ സകല
ത്തിനും മതിയാകുന്നു. 14 എങ്കി
ലും എന്റെ കഷ്ടതയിൽ നിങ്ങൾ
കൂട്ടായ്മ കാണിച്ചത്[w] നന്നായി.
15 ഫിലിപ്പിയരേ, സുവിശേഷഘോ
ഷണത്തിന്റെ ആരംഭത്തിൽ[x] ഞാൻ
മക്കെദോന്യയിൽനിന്നു പുറപ്പെ
ട്ടാറെ നിങ്ങൾ മാത്രമല്ലാതെ ഒരു
സഭയും വരവുചിലവുകാര്യത്തിൽ
എന്നോടു കൂട്ടായ്മ കാണിച്ചില്ല[y]
എന്ന് നിങ്ങളും അറിയുന്നു. 16 തെ
സ്സലൊനീക്യയിലും എന്റെ ബുദ്ധി
മുട്ടു തീർപ്പാൻ നിങ്ങൾ ഒന്നുരണ്ടു
വട്ടം അയച്ചുതന്നുവല്ലോ. 17 ഞാൻ
ദാനം ആഗ്രഹിക്കുന്നു എന്നല്ല,[z]
നിങ്ങളുടെ കണക്കിലേക്ക് ഏറുന്ന
ഫലം[a] അത്രേ ആഗ്രഹിക്കുന്നത്.
18 ഇപ്പോൾ എനിക്കു വേണ്ടുന്നത്
എല്ലാം ഉണ്ട്; സമൃദ്ധിയായുമിരി
ക്കുന്നു; നിങ്ങൾ അയച്ചുതന്നതു[b]
സൗരഭ്യവാസനയായി[c] ദൈവത്തി
നു പ്രസാദവും സുഗ്രാഹ്യവുമായ
യാഗമായി[d] എപ്പഫ്രൊദിത്തൊ
സിന്റെ കൈയാൽ ഞാൻ പ്രതിഗ്ര
ഹിച്ചു[b] തൃപ്തനായിരിക്കുന്നു.
19 എന്റെ ദൈവമോ നിങ്ങളുടെ
ബുദ്ധിമുട്ടൊക്കെയും[e] മഹത്വ
ത്തോടെ തന്റെ ധനത്തിനൊത്ത
വണ്ണം[f] ക്രിസ്തുയേശുവിൽ പൂർണ
മായി തീർത്തുതരും.[e] 20 നമ്മുടെ
ദൈവവും പിതാവുമായവന്[g] എ
ന്നെന്നേക്കും മഹത്വം.[h] ആമേൻ.

21 ക്രിസ്തുയേശുവിൽ ഓരോ
വിശുദ്ധനെയും വന്ദനം ചെയ്‌വിൻ.
എന്നോടുകൂടെയുള്ള സഹോദര
ന്മാർ നിങ്ങളെ വന്ദനം ചെയ്യുന്നു.[i]
22 വിശുദ്ധന്മാർ എല്ലാവരും[j] വിശേ
ഷാൽ കൈസരുടെ അരമനയി
ലുള്ളവരും നിങ്ങളെ വന്ദനം ചെ
യ്യുന്നു.[j]

23 കർത്താവായ യേശുക്രിസ്തു
വിന്റെ കൃപ നിങ്ങളുടെ ആത്മാവി
നോടുകൂടെ ഇരിക്കുമാറാകട്ടെ.[k]

❋ ❋ ❋

4.[g] ഫിലി.3:1
5.[h] 2കൊരി.10:1
[i] (1കൊരി.16:22); യാക്കോ.5:8
6.[j] മത്താ.6:25
[k] (സദൃ.16:3)
[l] റോമ.1:8
7.[m] (എഫെ.3:19)
[n] (ഫിലി.4:9; യെശ.26:3; കൊലൊ.3:15); യോഹ.14:27
9.[o] (ഫിലി.3:17)
[p] 1തെസ്സ.4:1
[q] (ഫിലി.4:7); റോമ.15:33
10.[r] (2കൊരി.11:9; ഫിലി.2:30)
11.[s] 1തിമൊ.6:6,8; (2കൊരി.9:8; എബ്രാ.13:5)
12.[t] 1കൊരി.4:11; 2കൊരി.11:27
[u] 2കൊരി.11:9
13.[v] (2കൊരി.12:9); എഫെ.3:16; 1തിമൊ.1:12
14.[w] (ഫിലി.1:7; വെളി.1:9)
15.[x] ഫിലി.1:5
[y] 2കൊരി.11:8,9
17.[z] (2കൊരി.9:5)
[a] റോമ.1:13; (തീത്തൊ.3:14)
18.[b] ഫിലി.2:25
[c] ഉൽപ.8:21
[d] എബ്രാ.13:16
19.[e] സങ്കീ.23:1; 2കൊരി.9:8
[f] റോമ.2:4
20.[g] ഗലാ.1:3; 1തെസ്സ.1:3;3:11,13
[h] ഗലാ.1:5; റോമ.11:36
21.[i] ഗലാ.1:2
22.[j] 2കൊരി.13:13
23.[k] റോമ.16:20

4:15 ***മക്കെദോന്യ:*** ഗ്രീസിന്റെ വടക്കു ഭാഗത്തുള്ള ഒരു പ്രദേശം. പൗലൊസിന്റെ ഫിലിപ്പിയിലെ പ്രഥമ സന്ദർശനമാണ് ഇവിടെ സൂചിപ്പിക്കുന്നത് (അപ്പൊ.പ്ര. 16:12 – 40).

# THE EPISTLE OF PAUL THE APOSTLE TO THE COLOSSIANS

# അപ്പൊസ്തലനായ പൗലൊസ് കൊലൊസ്സ്യർക്ക് എഴുതിയ ലേഖനം

## മുഖവുര

എഫെസൊസിന് കിഴക്കുള്ള ഏഷ്യാമൈനറിലെ ഒരു പട്ടണമായ കൊലൊസ്സ്യസഭയ്ക്കാണ് ഈ ലേഖനം. സത്യസുവിശേഷസന്ദേശത്തിലൂടെ ദുരുപദേശങ്ങളെ എതിർക്കുകയാണ് പൗലൊസ് ഇതിലൂടെ ചെയ്തത്. യേശുക്രിസ്തുവിനു മാത്രമേ പൂർണരക്ഷ നല്കുവാൻ കഴിയുകയുള്ളൂ എന്നും മറ്റ് അന്ധവിശ്വാസങ്ങളും അനാചാരങ്ങളും എല്ലാം ക്രിസ്തുവിൽനിന്ന് തങ്ങളെ മാറ്റിനിർത്തുന്നതാണെന്നുമാണ് പൗലൊസ് ഉദ്ബോധിപ്പിച്ചത്.

*1. അവരുടെ വിശ്വാസത്തെക്കുറിച്ച് ദൈവത്തെ സ്തുതിക്കയും 9. കൃപയിൽ വർധിക്കുവാൻ പ്രാർഥിക്കയും 13. സഭാശിരസ്സാകുന്ന ക്രിസ്തുവിനെ വർണിക്കുകയും ചെയ്തത്.*

### അധ്യായം 1

**ദൈ**വേഷ്ടത്താൽ[a] ക്രിസ്തുയേ
ശുവിന്റെ അപ്പൊസ്തലനായ[b] പൗ
ലൊസും സഹോദരനായ[c] തിമൊ
ഥെയൊസും കൊലൊസ്സ്യയിലുള്ള
വിശുദ്ധന്മാരും ക്രിസ്തുവിൽ വിശ്വ
സ്ത സഹോദരന്മാരു[d]മായവർക്ക്
എഴുതുന്നത്: **2** നമ്മുടെ പിതാവായ
ദൈവത്തിങ്കൽനിന്നു നിങ്ങൾക്കു
കൃപയും സമാധാനവും ഉണ്ടാകട്ടെ.[e]
**3** സുവിശേഷത്തിന്റെ സത്യവച
നത്തിൽ[f] നിങ്ങൾ മുമ്പു കേട്ടതായി
സ്വർഗത്തിൽ നിങ്ങൾക്കു സംഗ്രഹി
ച്ചിരിക്കുന്ന[g] പ്രത്യാശ[h] നിമിത്തം,
**4** ക്രിസ്തുയേശുവിൽ നിങ്ങളുടെ
വിശ്വാസത്തെയും[i] സകല വിശുദ്ധ
ന്മാരോടും നിങ്ങൾക്കുള്ള സ്നേ
ഹത്തെയും[i] കുറിച്ചു ഞങ്ങൾ കേ
ട്ടിട്ടു നിങ്ങൾക്കുവേണ്ടി പ്രാർഥിക്ക
യിൽ, **5** എപ്പോഴും നമ്മുടെ കർ
ത്താവായ യേശുക്രിസ്തുവിന്റെ
പിതാവായ ദൈവത്തിനു സ്തോത്രം
ചെയ്യുന്നു.[j] **6** ആ സുവിശേഷം
സർവലോകത്തിലും[k] എന്നപോലെ
നിങ്ങളുടെ അടുക്കലും എത്തി;
നിങ്ങൾ ദൈവകൃപയെ[l] യഥാർഥ
മായി കേട്ടറിഞ്ഞ[m] നാൾമുതൽ
നിങ്ങളുടെ ഇടയിൽ എന്നപോലെ
സർവലോകത്തിലും ഫലം കായി
ച്ചും വർധിച്ചും[n] വരുന്നു. **7** ഇങ്ങനെ
നിങ്ങൾ ഞങ്ങളുടെ പ്രിയ സഹ
ഭൃത്യനായ[o] എപ്പഫ്രാസിനോടു[p]

1.[a] *1കൊരി.1:1* [b] *2കൊരി.1:1* [c] *1തെസ്സ.3:2* [d] *എഫെ.1:1; ഫിലി.1.1*
2.[e] *റോമ.1:4; എഫെ.1:2*
3.[f] *എഫെ.1:13* [g] *2തിമൊ.4:8; 1പത്രൊ.1:4* [h] *കൊലൊ. 1:23; അപ്പൊ.പ്ര.23:6; തീത്തൊ.1:2; എബ്രാ.3:6*
4.[i] *1തെസ്സ.1:2*
5.[j] *എഫെ.1:15,16; ഫിലേ.5,6*
6.[k] *(കൊലൊ.1:23; സങ്കീ.98:3); മത്താ.24:14* [l] *അപ്പൊ.പ്ര.11:23* [m] *(റോമ.16:24,25; എഫെ.4:21)* [n] *യോഹ.15:5,16; (ഫിലി.1:11)*
7.[o] *കൊലൊ.4:7* [p] *കൊലൊ.4:12; ഫിലേ.23*

***കൊലൊസ്സ്യ:*** തുറമുഖ പട്ടണമായ എഫെസൊസിൽനിന്ന് 170 കി. മീ. കിഴക്ക് ലൈക്കുസ് നദീതടത്തിൽ കിഴക്കു - പടിഞ്ഞാറായി കിടക്കുന്ന വ്യാപാര പ്രാധാന്യമുള്ള കൊലൊസ്സ്യ രാജവീഥിയിൽ സ്ഥിതിചെയ്യുന്നു. പൗലൊസിന്റെ കാലത്തിനു മുമ്പ് അഞ്ചു ശതാബ്ദത്തോളം കമ്പിളി, ജൗളി (തുണി) വ്യവസായങ്ങളിൽ മുമ്പന്തിയിൽ നിന്ന ഒരു നഗരമായിരുന്നു ഇത്. പൗലൊസിന്റെ കാലത്ത് ഹിയരാപൊലിസ്, ലവൊദിക്യ എന്നീ സമീപനഗരങ്ങളെ അപേക്ഷിച്ച് കൊലൊസ്സ്യയുടെ പ്രാധാന്യം കുറഞ്ഞുപോകുകയും എ. ഡി. 62 നോടടുത്ത് ഒരു ഭൂകമ്പത്താൽ നഗരം നാമാവശേഷമായിത്തീരുകയും ചെയ്തു. കൊലൊസ്സ്യയുടെ പരിസര പ്രദേശങ്ങളിൽ പല മത, തത്ത്വജ്ഞാന പാരമ്പര്യങ്ങൾ നിലവിലിരുന്നതായി ഈ ലേഖനത്തിൽനിന്നു മനസിലാക്കാം. അത് 'മനുഷ്യരുടെ സമ്പ്രദായത്തിനും ലോകത്തിന്റെ ആദ്യപാഠങ്ങൾക്കും യോജിച്ചതെന്നല്ലാതെ ക്രിസ്തുവിന് അനുയോജ്യമായതല്ല' (2:8) എന്ന് ജ്യോതിഷം, ദൂതാരാധന, അനുയായികൾക്കു കർക്കശമായ നിബന്ധനകൾ അനുശാസിച്ചിരുന്ന നിഗൂഢമതങ്ങൾ മുതലായവയെ സംബന്ധിച്ചു പൗലൊസ് മുന്നറിയിപ്പു നല്കുന്നു (2:16 - 23).

പഠിച്ചിട്ടുണ്ടല്ലോ; **8** അവൻ നി
ങ്ങൾക്കുവേണ്ടി ക്രിസ്തുവിന്റെ വി
ശ്വസ്ത ശുശ്രൂഷകനും[o] നിങ്ങൾക്ക്
ആത്മാവിനാലുള്ള സ്നേഹം[q] ഞങ്ങ
ളോടു അറിയിച്ചവനും ആകുന്നു.
**9** അതുകൊണ്ടു ഞങ്ങൾ അതു
കേട്ട നാൾമുതൽ[r] നിങ്ങൾക്കുവേ
ണ്ടി ഇടവിടാതെ പ്രാർഥിക്കുന്നു.[s]
**10** നിങ്ങൾ പൂർണപ്രസാദത്തിനാ
യി[t] കർത്താവിനു യോഗ്യമാകുംവ
ണ്ണം നടന്നു,[u] ആത്മികമായ സകല
ജ്ഞാനത്തിലും വിവേകത്തിലും[v]
അവന്റെ ഇഷ്ടത്തിന്റെ പരിജ്ഞാ
നം[w]കൊണ്ടു നിറഞ്ഞുവരേണം[x]
എന്നും, സകല സൽപ്രവൃത്തിയി
ലും ഫലം കായിച്ചു[y] ദൈവത്തെക്കു
റിച്ചുള്ള പരിജ്ഞാനത്തിൽ വളരേ
ണമെന്നും **11** സകല സഹിഷ്ണു
തയ്ക്കും ദീർഘക്ഷമയ്ക്കുമായി[z]
അവന്റെ മഹത്ത്വത്തിന്റെ വല്ലഭത്വ
ത്തിന് ഒത്തവണ്ണം പൂർണശക്തി
യോടെ ബലപ്പെടേണമെന്നും[a]
**12** വിശുദ്ധന്മാർക്കു വെളിച്ചത്തി
ലുള്ള അവകാശ[b]ത്തിനായി നമ്മെ
പ്രാപ്തന്മാരാക്കുകയും **13** നമ്മെ
ഇരുട്ടിന്റെ അധികാരത്തിൽ[c] നിന്നു
വിടുവിച്ചു[d] തന്റെ സ്നേഹസ്വരൂപ
നായ പുത്രന്റെ[e] രാജ്യത്തി[f]ലാക്കി
വയ്ക്കുകയും ചെയ്ത പിതാവിനു
സന്തോഷത്തോടെ[g] സ്തോത്രം
ചെയ്യുന്നവരാകേണം[h] എന്നും അ
പേക്ഷിക്കുന്നു. **14** അവനിൽ നമു
ക്കു പാപമോചനമെന്ന വീണ്ടെടുപ്പ്
ഉണ്ട്.[i] **15** അവൻ അദൃശ്യനായ
ദൈവത്തിന്റെ[j] പ്രതിമയും[k] സർവ
സൃഷ്ടിക്കും ആദ്യജാതനും[l] ആ
കുന്നു. **16** സ്വർഗത്തിലുള്ളതും
ഭൂമിയിലുള്ളതും[m] ദൃശ്യമായതും
അദൃശ്യമായതും സിംഹാസനങ്ങൾ[n]
ആകട്ടെ കർത്തൃത്വങ്ങൾ[o] ആകട്ടെ
വാഴ്ചകൾ ആകട്ടെ അധികാരങ്ങൾ
ആകട്ടെ സകലവും അവൻ മുഖാ
ന്തരം[p] സൃഷ്ടിക്കപ്പെട്ടു; അവൻ
മുഖാന്തരവും അവനായിട്ടും സക
ലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.
**17** അവൻ സർവത്തിനും മുമ്പേയു
ള്ളവൻ;[q] അവൻ സകലത്തിനും
ആധാരമായിരിക്കുന്നു.[r] **18** അവൻ
സഭ എന്ന ശരീരത്തിന്റെ തലയും
ആകുന്നു;[s] സകലത്തിലും താൻ
മുമ്പനാകേണ്ടതിന് അവൻ ആരം
ഭവും[t] മരിച്ചവരുടെ ഇടയിൽനിന്ന്
ആദ്യനായി എഴുന്നേറ്റവനും[u] ആകു
ന്നു. **19** അവനിൽ സർവസമ്പൂർണ
തയും[v] വസിപ്പാനും[w] **20** അവൻ
ക്രൂശിൽ ചൊരിഞ്ഞ രക്തംകൊണ്ട്[x]
അവൻ മുഖാന്തരം സമാധാനം ഉ
ണ്ടാക്കി,[y] ഭൂമിയിലുള്ളതോ സ്വർ
ഗത്തിലുള്ളതോ സകലത്തെയും
അവനെക്കൊണ്ടു തന്നോടു നിരപ്പി
പ്പാനും[z] പിതാവിനു പ്രസാദം തോന്നി.
**21** മുമ്പേ ദുഷ്പ്രവൃത്തികളാൽ[a]
മനസ്സുകൊണ്ട് അകന്നവരും ശത്രു
ക്കളുമായിരുന്ന **22** നിങ്ങളെ[b] അവ
ന്റെ മുമ്പിൽ വിശുദ്ധരും നിഷ്കള
ങ്കരും കുറ്റമില്ലാത്തവരു[c]മായി നിറു
ത്തേണ്ടതിന്[d] അവൻ ഇപ്പോൾ ത
ന്റെ ജഡശരീരത്തിൽ[e] തന്റെ മര
ണത്താൽ നിരപ്പിച്ചു. **23** ആകാശ
ത്തിൻകീഴെ സകല സൃഷ്ടികളു
ടെയും[f] ഇടയിൽ ഘോഷിച്ചും പൗ
ലൊസ് എന്ന ഞാൻ ശുശ്രൂഷക
നായിത്തീർന്നും[g] നിങ്ങൾ കേട്ടുമി
രിക്കുന്ന സുവിശേഷത്തിന്റെ പ്രത്യാ
ശയിൽ[h]നിന്നു നിങ്ങൾ ഇളകാതെ
അടിസ്ഥാനപ്പെട്ടവരും സ്ഥിരതയു
ള്ളവരുമായി[i] വിശ്വാസത്തിൽ നില
നിന്നുകൊണ്ടാൽ[j] അങ്ങനെ അവ
ന്റെ മുമ്പിൽ നില്ക്കും.
**24** ഇപ്പോൾ ഞാൻ നിങ്ങൾക്കു
വേണ്ടിയുള്ള കഷ്ടാനുഭവങ്ങളിൽ
സന്തോഷിച്ചു[k] ക്രിസ്തുവിന്റെ ക
ഷ്ടങ്ങളിൽ കുറവായുള്ളത്[l] എന്റെ
ജഡത്തിൽ സഭയായ അവന്റെ
ശരീരത്തിനുവേണ്ടി[m] പൂരിപ്പിക്കു
ന്നു.[n] **25** നിങ്ങൾക്കുവേണ്ടി ദൈവം
എനിക്കു നല്കിയിരിക്കുന്ന ഉദ്യോ
ഗ[o]പ്രകാരം ദൈവവചനഘോഷണം

8.[o] *(വാ.7കാ.)*
[q] *(റോമ.15:32)*
9.[r] *കൊലൊ.1:4*
[s] *2തെസ്സ.1:12*
10.[t] *(2കൊരി.5:9; എഫെ.5:9; 1തെസ്സ.4:1)*
[u] *(സങ്കീ.1:1,3); എഫെ.4:1,2*
[v] *കൊലൊ.4:5; എഫെ.1:8; (1കൊരി.12:8)*
[w] *എഫെ.1:9;4:12*
[x] *(എഫെ.1:17)*
[y] *കൊലൊ.1:6*
11.[z] *എഫെ.4:2*
[a] *എഫെ.3:16*
12.[b] *അപ്പൊ.പ്ര.26:18*
13.[c] *ലൂക്കൊ.22:53; എഫെ.6:12*
[d] *1തെസ്സ.1:10*
[e] *(എഫെ.1:6)*
[f] *2പത്രൊ.1:11*
[g] *മത്താ.5:12*
[h] *കൊലൊ.3:15; എഫെ.5:20*
14.[i] *എഫെ.1:7*
15.[j] *1തിമൊ.1:17*
[k] *2കൊരി.4:4*
[l] *(സങ്കീ.89:27); റോമ.8:29*
16.[m] *എഫെ.1:10*
[n] *(യെഹെ.10:1)*
[o] *എഫെ.1:21*
[p] *യോഹ.1:3; റോമ.11:36; 1കൊരി.8:6*
17.[q] *(യോഹ.8:58); യോഹ.1:1*
[r] *(എബ്രാ.1:3)*
18.[s] *എഫെ.1:22,23*
[t] *വെളി.3:14*
[u] *അപ്പൊ.പ്ര.26:23; 1കൊരി.15:20; വെളി.1:5*
19.[v] *യോഹ.1:16*
[w] *കൊലൊ.2:9*
20.[x] *(എഫെ.2:13)*
[y] *എഫെ.2:14*
[z] *2കൊരി.5:18; എഫെ.1:10*
21.[a] *(തീത്തൊ.1:16)*

22.[b] *എഫെ.2:1,2,12* [c] *1കൊരി.1:8* [d] *യൂദാ.24; എഫെ.1:4* [e] *(റോമ.7:4)* 23.[f] *മർക്കൊ.16:15; (അപ്പൊ.പ്ര.2:5)* [g] *2കൊരി.3:6* [h] *കൊലൊ.1:3,6* [i] *കൊലൊ.2:7; എഫെ.3:17* [j] *യോഹ.15:4* 24.[k] *2കൊരി.7:4* [l] *2കൊരി.1:5* [m] *(എഫെ.4:13)* [n] *(2തിമൊ.1:8)* 25.[o] *എഫെ.3:2*

നിവർത്തിക്കേണ്ടതിനു[p] ഞാൻ സ
ഭയുടെ ശുശ്രൂഷകനായിരിക്കുന്നു.[q]
**26** അതു പൂർവകാലങ്ങൾക്കും തല
മുറകൾക്കും മറഞ്ഞുകിടന്ന മർമം[r]
എങ്കിലും ഇപ്പോൾ അവന്റെ വിശു
ദ്ധന്മാർക്കു വെളിപ്പെട്ടിരിക്കുന്നു.
**27** അവരോടു[s] ജാതികളുടെ ഇട
യിൽ ഈ മർമ്മത്തിന്റെ[r] മഹിമാധനം[t]
എന്തെന്ന് അറിയിപ്പാൻ ദൈവത്തിന്
ഇഷ്ടമായി;[s] ആ മർമം മഹത്വത്തി
ന്റെ പ്രത്യാശ[u]യായ ക്രിസ്തു നിങ്ങ
ളിൽ ഇരിക്കുന്നു എന്നുള്ളതുതന്നെ.
**28** അവനെ ഞങ്ങൾ അറിയിക്കുന്ന
തിൽ ഏതു മനുഷ്യനെയും[v] ക്രിസ്തു
വിൽ തികഞ്ഞവനായി[w] നിറുത്തേ
ണ്ടതിന്[v] ഏതു മനുഷ്യനെയും പ്ര
ബോധിപ്പിക്കയും ഏതു മനുഷ്യ
നോടും സകല ജ്ഞാനത്തോടും
കൂടെ ഉപദേശിക്കയും ചെയ്യുന്നു.
**29** അതിനായി ഞാൻ എന്നിൽ ബല
ത്തോടെ വ്യാപരിക്കുന്ന അവന്റെ
വ്യാപാരശക്തിക്ക് ഒത്തവണ്ണം[x] പോ
രാടിക്കൊണ്ട്[y] അധ്വാനിക്കുന്നു.[z]

* * *

***1. ക്രിസ്തുവിൽ സ്ഥിരതയോടിരിക്കുവാനും 8. ലൗകിക ജ്ഞാനത്തിൽനിന്നും വെറുതെയുള്ള പാരമ്പര്യ ന്യായങ്ങളിൽനിന്നും 18. ദൈവദൂതന്മാരെ ആരാധിക്കുന്നതിൽനിന്നും 20. ന്യായപ്രമാണ സംബന്ധമായ കർമങ്ങളിൽനിന്നും ഒഴിഞ്ഞിരിക്കുവാൻ പ്രബോധനം.***

**2** നിങ്ങൾക്കും ലവൊദിക്യയിലു
ള്ളവർക്കും ജഡത്തിൽ എന്റെ
മുഖം കണ്ടിട്ടില്ലാത്ത എല്ലാവർക്കും
വേണ്ടി, **2** അവർ ക്രിസ്തുവെന്ന
ദൈവമർമ്മത്തിന്റെ[a] പരിജ്ഞാനവും
വിവേകപൂർണതയുടെ സമ്പത്തും
പ്രാപിപ്പാന്തക്കവണ്ണം സ്നേഹ
ത്തിൽ[b] ഏകീഭവിച്ചിട്ടു[b] ഹൃദയ
ങ്ങൾക്ക് ആശ്വാസം ലഭിക്കേണം[c]
എന്നു വച്ചു ഞാൻ എത്ര വലിയ[d]
പോരാട്ടം[e] കഴിക്കുന്നു എന്നു നി
ങ്ങൾ അറിവാൻ ഞാൻ ഇച്ഛിക്കുന്നു.
**3** അവനിൽ ജ്ഞാനത്തിന്റെയും
പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങ
ളൊക്കെയും ഗുപ്തമായിട്ട് ഇരിക്കു
ന്നു.[f] **4** വശീകരണവാക്കുകൊണ്ട്
ആരും നിങ്ങളെ ചതിക്കാതിരിപ്പാൻ[g]
ഞാൻ ഇതു പറയുന്നു. **5** ഞാൻ
ശരീരംകൊണ്ടു ദൂരസ്ഥനെങ്കിലും[h]
ആത്മാവുകൊണ്ട് നിങ്ങളോടുകൂടെ
യുള്ളവനായി നിങ്ങളുടെ ക്രമവും[i]
ക്രിസ്തുവിൽ നിങ്ങൾക്കുള്ള വി
ശ്വാസത്തിന്റെ സ്ഥിരതയും[j] കണ്ട്
സന്തോഷിക്കുന്നു.
**6** ആകയാൽ നിങ്ങൾ കർത്താ
വായ ക്രിസ്തുയേശുവിനെ കൈ
ക്കൊണ്ടതുപോലെ[k] അവന്റെ കൂട്ടാ
യ്മയിൽ നടപ്പിൻ; **7** അവനിൽ
വേരൂന്നിയും[l] ആത്മികവർധന പ്രാ
പിച്ചും[m] നിങ്ങൾക്ക് ഉപദേശിച്ചു
തന്നതിന് ഒത്തവണ്ണം[n] വിശ്വാസ
ത്താൽ ഉറച്ചും[o] സ്തോത്രത്തിൽ[p]
കവിഞ്ഞും ഇരിപ്പിൻ.
**8** തത്വജ്ഞാനവും[q] വെറും
വഞ്ചനയും[r]കൊണ്ട് ആരും നിങ്ങളെ
കവർന്നുകളയാതിരിപ്പാൻ സൂക്ഷി
പ്പിൻ; അതു മനുഷ്യരുടെ സമ്പ്രദാ
യത്തിന്[s] ഒത്തവണ്ണം, ലോകത്തി
ന്റെ ആദ്യപാഠങ്ങൾക്ക്[t] ഒത്തവണ്ണം
അല്ലാതെ ക്രിസ്തുവിന് ഒത്തവണ്ണ
മുള്ളതല്ല. **9** അവനിലല്ലോ ദൈവ
ത്തിന്റെ സർവസമ്പൂർണതയും[u]
ദേഹരൂപമായി[v] വസിക്കുന്നത്.[u]
**10** എല്ലാ വാഴ്ചയ്ക്കും അധികാര
ത്തിനും തലയായ[w] അവനിൽ നി
ങ്ങൾ പരിപൂർണരായിരിക്കുന്നു.[x]
**11** അവനിൽ നിങ്ങൾക്കു ക്രിസ്തു
വിന്റെ പരിച്ഛേദനയാൽ ജഡശരീരം
ഉരിഞ്ഞുകളഞ്ഞതിനാൽ[y] തന്നെ
കൈ കൊണ്ടല്ലാത്ത പരിച്ഛേദന
യും ലഭിച്ചു.[z] **12** സ്നാനത്തിൽ
നിങ്ങൾ അവനോടുകൂടെ അടക്ക
പ്പെടുകയും[a] അവനെ മരിച്ചവരുടെ
ഇടയിൽനിന്നു ഉയിർത്തെഴുന്നേ
ല്പിച്ച[b] ദൈവത്തിന്റെ വ്യാപാരശ
ക്തിയിലുള്ള[b] വിശ്വാസത്താൽ അവ
നോടുകൂടെ നിങ്ങളും ഉയിർത്തെഴു
ന്നേല്ക്കയും ചെയ്തു.[c] **13** അതി
ക്രമങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ

25. [p] *റോമ.15:19* [q] *കൊലൊ.1:23*
26. [r] *എഫെ.3:9*
27. [s] *(കൊലൊ.2:2)* [r] *(വാ.26 കാ.)* [t] *എഫെ.1:18;3:16* [u] *1തിമൊ.1:1*
28. [v] *കൊലൊ.1:22* [w] *മത്താ.5:48*
29. [x] *എഫെ.1:19* [y] *കൊലൊ.4:12; (കൊലൊ.2:2)* [z] *1തിമൊ.4:10; 1കൊരി.15:10*

**അധ്യായം 2**

2. [a] *കൊലൊ.1:27* [b] *(കൊലൊ.3:14)* [c] *കൊലൊ.4:8; എഫെ.6:22* [d] *ഫിലി.1:30* [e] *1തിമൊ.4:10; 1കൊരി.15:10*
3. [f] *യെശ.11:2;45:3; 1കൊരി.1:24,30; 2:6,7; (ലൂക്കൊ.11:49; എഫെ.1:8)*
4. [g] *റോമ.16:18; (എഫെ.5:6; 2പത്രൊ.2:3)*
5. [h] *1കൊരി.5:3* [i] *1കൊരി.14:40* [j] *1പത്രൊ.5:9*
6. [k] *കൊലൊ.1:10; 1തെസ്സ.4:1*
7. [l] *എഫെ.3:17* [m] *അപ്പൊ.പ്ര.20:32; എഫെ.2:20; 1കൊരി.3:9* [n] *എഫെ.4:21* [o] *എബ്രാ.13:9* [p] *കൊലൊ.4:2; എഫെ.5:20*
8. [q] *(1തിമൊ.6:20)* [r] *എഫെ.5:6* [s] *മത്താ.15:2* [t] *കൊലൊ.2:20; ഗലാ.4:3*
9. [u] *കൊലൊ.1:19; യോഹ.1:14* [v] *(കൊലൊ.2:17)*
10. [w] *എഫെ.1:21,22* [x] *എഫെ.3:19*
11. [y] *കൊലൊ.2:15;3:9* [z] *(എഫെ.2:11); റോമ.2:29*
12. [a] *റോമ.6:4* [b] *(1കൊരി.6:14); അപ്പൊ.പ്ര.2:24; എഫെ.1:20* [c] *കൊലൊ.3:1; (റോമ.6:5)*

അഗ്രചർമ്മത്തിലും മരിച്ചവരായിരുന്ന
നിങ്ങളെയും[d] അവൻ, അവനോടു
കൂടെ ജീവിപ്പിച്ചു;[e] **14** അതിക്രമ
ങ്ങളൊക്കെയും നമ്മോടു ക്ഷമിച്ച്
ചട്ടങ്ങളാൽ നമുക്കു വിരോധവും
പ്രതികൂലവുമായിരുന്ന കൈയെ
ഴുത്തു[f] മായിച്ചു[g] ക്രൂശിൽ തറച്ചു
നടുവിൽനിന്നു നീക്കിക്കളഞ്ഞു;
**15** വാഴ്ചകളെയും അധികാരങ്ങ
ളെയും ആയുധവർഗം വയ്പിച്ചു[h]
ക്രൂശിൽ അവരുടെമേൽ ജയോ
ത്സവം കൊണ്ടാടി[i] അവരെ പരസ്യ
മായ കാഴ്ചയാക്കി.[j]
**16** അതുകൊണ്ടു ഭക്ഷണപാന
ങ്ങൾ[k] സംബന്ധിച്ചോ പെരുന്നാൾ,[l]
വാവ്, ശബ്ബത്ത്[m] എന്നീ കാര്യത്തി
ലോ ആരും നിങ്ങളെ വിധിക്കരുത്.[n]
**17** ഇവ വരുവാനിരുന്നവയുടെ
നിഴലത്രേ;[o] ദേഹം എന്നതോ ക്രി
സ്തുവിനുള്ളത്.[p] **18** താഴ്മയിലും[q]
ദൂതന്മാരെ ആരാധിക്കുന്നതിലും
രസിച്ചു സ്വന്തദർശനങ്ങളിൽ പ്രവേ
ശിക്കയും[r] തന്റെ ജഡമനസ്സിനാൽ[s]
വെറുതെ ചീർക്കയും[t] തലയെ മു
റുകെ പിടിക്കാ[u]തിരിക്കയും[v] ചെയ്യു
ന്നവൻ ആരും നിങ്ങളെ വിരുത്
തെറ്റിക്കരുത്.[w] **19** തലയായവനിൽ
നിന്നല്ലോ ശരീരം മുഴുവൻ സന്ധി
കളാലും ഞരമ്പുകളാലും ചൈത
ന്യം ലഭിച്ചും ഏകീഭവിച്ചും ദൈവി
കമായ വളർച്ച പ്രാപിക്കുന്നു.
**20** നിങ്ങൾ ക്രിസ്തുവിനോടു
കൂടെ ലോകത്തിന്റെ ആദ്യപാഠ
ങ്ങൾ[x] സംബന്ധിച്ചു മരിച്ചു[y] എ
ങ്കിൽ ലോകത്തിൽ ജീവിക്കുന്നവ
രെപ്പോലെ **21** മാനുഷകല്പനകൾ
ക്കും ഉപദേശങ്ങൾക്കും[z] അനുസ
രണമായി: പിടിക്കരുത്, രുചിക്ക
രുത്, തൊടരുത് എന്നുള്ള[a] ചട്ട
ങ്ങൾക്കു കീഴ്പെടുന്നത് എന്ത്?[b]
**22** ഇതെല്ലാം ഉപയോഗത്താൽ
നശിച്ചുപോകുന്നതത്രേ.[c] **23** അ
തൊക്കെയും സ്വേച്ഛാരാധന
യിലും[d] താഴ്മയിലും ശരീരത്തിന്റെ
ഉപേക്ഷയിലും രസിക്കുന്നവർക്കു
ജ്ഞാനത്തിന്റെ പേരു മാത്രമുള്ളത്;
ജഡാഭിലാഷം അടക്കുവാനോ പ്ര
യോജനമുള്ളതല്ല.[e]

❋ ❋ ❋

*1. ക്രിസ്തുവിനോടുകൂടെ തേജസ്സിൽ 5. ഇന്ദ്രിയനിഗ്രഹത്തിനും 12. സ്നേഹത്തിനും താഴ്മയ്ക്കും പൊതുവായും പ്രത്യേകമായും പലമുറകൾക്കുമുള്ള പ്രബോധനം.*

**3** ആകയാൽ നിങ്ങൾ ക്രിസ്തു
വിനോടുകൂടെ ഉയിർത്തെഴു
ന്നേറ്റിരിക്കുന്നു എങ്കിൽ[a] ക്രിസ്തു
ദൈവത്തിന്റെ വലത്തുഭാഗത്ത് ഇ
രിക്കുന്നിടമായ[b] ഉയരത്തിലുള്ളത്[c]
അന്വേഷിപ്പിൻ. **2** ഭൂമിയിലുള്ളതല്ല
ഉയരത്തിലുള്ളതുതന്നെ ചിന്തി
പ്പിൻ.[d] **3** നിങ്ങൾ മരിച്ചു[e] നിങ്ങളു
ടെ ജീവൻ ക്രിസ്തുവിനോടുകൂടെ
ദൈവത്തിൽ മറഞ്ഞിരിക്കുന്നു.
**4** നമ്മുടെ ജീവനായ[f] ക്രിസ്തു വെ
ളിപ്പെടുമ്പോൾ[g] നിങ്ങളും അവനോ
ടുകൂടെ തേജസ്സിൽ[h] വെളിപ്പെടും.
**5** ആകയാൽ ദുർന്നടപ്പ്,[i] അശു
ദ്ധി, അതിരാഗം,[j] ദുർമോഹം, വിഗ്ര
ഹാരാധനയായ[k] അത്യാഗ്രഹം ഇ
ങ്ങനെ ഭൂമിയിലുള്ള നിങ്ങളുടെ
അവയവങ്ങളെ[l] മരിപ്പിപ്പിൻ.[m] **6** ഈ
വക നിമിത്തം ദൈവകോപം അനു
സരണംകെട്ടവരുടെമേൽ വരുന്നു.[n]
**7** അവയിൽ ജീവിച്ചിരുന്ന കാലം
നിങ്ങളും മുമ്പേ അവയിൽ നടന്നു
പോന്നു.[o] **8** ഇപ്പോഴോ നിങ്ങളും
കോപം,[p] ക്രോധം, ഈർഷ്യ, വാ
യിൽനിന്നു വരുന്ന ദൂഷണം, ദുർ
ഭാഷണം[q] ഇവയൊക്കെയും വിട്ടു
കളവിൻ.[r] **9** അന്യോന്യം ഭോഷ്കു
പറയരുത്;[s] നിങ്ങൾ പഴയ മനുഷ്യനെ[t]
അവന്റെ പ്രവൃത്തികളോടുകൂടെ ഉരി
ഞ്ഞുകളഞ്ഞു,[u] **10** തന്നെ സൃഷ്ടി
ച്ചവന്റെ[v] പ്രതിമപ്രകാരം[w] പരിജ്ഞാ
നത്തിനായി പുതുക്കം പ്രാപിക്കുന്ന[x]

13. [d] *എഫെ.2:1*
[e] *എഫെ.2:5*
14. [f] *റോമ.7:4*
[g] *അപ്പൊ.പ്ര.3:19*
15. [h] *കൊലൊ.2:11; 3:9*
[i] *(എഫെ.2:16)*
[j] *(ഉൽപ.3:15; സങ്കീ.68:18; യെശ.53:12; മത്താ.12:29; ലൂക്കൊ.10:18; യോഹ.12:31;16:11; എഫെ.4:8; എബ്രാ.2:14,15)*
16. [k] *റോമ.14:17; എബ്രാ.9:10; ലേവ്യാ.11:2*
[l] *ലേവ്യാ.23:2; റോമ.14:5*
[m] *(മർക്കൊ.2:28); സംഖ്യ.28:11*
[n] *റോമ.14:3,10,13*
17. [o] *എബ്രാ.8:5;10:1*
[p] *(കൊലൊ.2:9)*
18. [q] *കൊലൊ.2:23*
[r] *(യെഹെ.13:7; 1തിമൊ.1:7)*
[s] *(റോമ.8:7)*
[t] *(എഫെ.4:17)*
[u] *വെളി.2:13;3:11*
[v] *എഫെ.4:15,16*
[w] *1കൊരി.9:24*
20. [x] *കൊലൊ.2:8*
[y] *റോമ.6:2*
21. [z] *യെശ.29:13; മത്താ.15:9; (തീത്തൊ.1:14)*
[a] *കൊലൊ.2:16; 1തിമൊ.4:3*
[b] *(ഗലാ.4:9)*
22. [c] *1കൊരി.6:13*
23. [d] *കൊലൊ.2:18*
[e] *(1തിമൊ.4:8)*

**അധ്യായം 3**

1. [a] *കൊലൊ.2:12*
[b] *എഫെ.1:20*
[c] *(ഫിലി.3:14)*
2. [d] *മത്താ.16:23*
3. [e] *കൊലൊ.2:20; റോമ.6:2*
4. [f] *യോഹ.11:25* [g] *(ഫിലി.3:21; 1പത്രൊ.1:7,13; 1യോഹ.2:28;3:2)* [h] *1കൊരി.15:43* 5. [i] *എഫെ.5:3,5* [j] *റോമ.1:26* [k] *(ഇയ്യോ.31:25,26)* [l] *റോമ.6:13* [m] *റോമ.8:13; (ഗലാ.5:24)* 6. [n] *എഫെ.5:6* 7. [o] *എഫെ.2:2,12* 8. [p] *എഫെ.4:31* [q] *എഫെ.4:29* [r] *എഫെ.4:22* 9. [s] *ലേവ്യാ.19:11; എഫെ.4:25* [t] *റോമ.6:6; എഫെ.4:22* [u] *കൊലൊ.2:11* 10. [v] *(എഫെ.2:10)* [w] *റോമ.8:29* [x] *റോമ.12:2*

പുതിയ മനുഷ്യനെ[y] ധരിച്ചിരിക്കു
ന്നുവല്ലോ.[z] **11** അതിൽ യവനനും
യെഹൂദനും എന്നില്ല,[a] പരിച്ഛേദന
യും അഗ്രചർമവും എന്നില്ല, ബർ
ബ്ബരൻ, ശകൻ, ദാസൻ, സ്വതന്ത്രൻ
എന്നുമില്ല; ക്രിസ്തുവത്രേ എല്ലാ
വരിലും[b] എല്ലാം ആകുന്നു.

**12** അതുകൊണ്ടു ദൈവത്തി
ന്റെ വൃതന്മാരും[c] വിശുദ്ധന്മാരും
പ്രിയരുമായി മനസ്സലിവ്,[d] ദയ,[e]
താഴ്മ,[f] സൗമ്യത, ദീർഘക്ഷമ
എന്നിവ ധരിച്ചുകൊണ്ട്[g] അന്യോ
ന്യം പൊറുക്കയും[f] **13** ഒരുവനോടു
ഒരുവന് വഴക്കുണ്ടായാൽ[h] തമ്മിൽ
ക്ഷമിക്കയും ചെയ്‌വിൻ;[e] കർത്താവു
നിങ്ങളോടു ക്ഷമിച്ചതുപോലെ നി
ങ്ങളും ചെയ്‌വിൻ.[e] **14** എല്ലാറ്റിനും
മീതെ സമ്പൂർണതയുടെ[i] ബന്ധ
മായ്[j] സ്നേഹം[k] ധരിപ്പിൻ. **15** ക്രി
സ്തുവിന്റെ സമാധാനം[l] നിങ്ങളുടെ
ഹൃദയങ്ങളിൽ വാഴട്ടെ; അതിനല്ലോ
നിങ്ങൾ ഏകശരീരമായി[m] വിളിക്ക
പ്പെട്ടുമിരിക്കുന്നത്; നന്ദിയുള്ളവരാ
യും ഇരിപ്പിൻ.[n] **16** സങ്കീർത്തനങ്ങ
ളാലും സ്തുതികളാലും ആത്മിക
ഗീതങ്ങളാലും[o] തമ്മിൽ പഠിപ്പിച്ചും
ബുദ്ധിയുപദേശിച്ചും നന്ദിയോടെ[p]
നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവ
ത്തിനു പാടിയും ഇങ്ങനെ ക്രിസ്തു
വിന്റെ വചനം ഐശ്വര്യമായി സ
കല ജ്ഞാനത്തോടുംകൂടെ നിങ്ങ
ളിൽ വസിക്കട്ടെ.[q] **17** വാക്കിനാലോ
ക്രിയയാലോ എന്തു ചെയ്താലും[r]
സകലവും കർത്താവായ യേശു
വിന്റെ നാമത്തിൽ ചെയ്തും അ
വൻ മുഖാന്തരം പിതാവായ ദൈവ
ത്തിനു സ്തോത്രം പറഞ്ഞും[s]
കൊണ്ടിരിപ്പിൻ.

**18** ഭാര്യമാരേ,[t] നിങ്ങളുടെ ഭർ
ത്താക്കന്മാർക്കു കർത്താവിൽ ഉചി
തമാകുംവണ്ണം[u] കീഴടങ്ങുവിൻ.
**19** ഭർത്താക്കന്മാരേ, നിങ്ങളുടെ
ഭാര്യമാരെ സ്നേഹിപ്പിൻ; അവ
രോടു കയ്പായിരിക്കയുമരുത്.[v]
**20** മക്കളേ, നിങ്ങളുടെ അമ്മയപ്പ
ന്മാരെ സകലത്തിലും[w] അനുസരി
പ്പിൻ. ഇതു കർത്താവിന്റെ ശിഷ്യ
ന്മാരിൽ കണ്ടാൽ പ്രസാദകരമല്ലോ.
**21** പിതാക്കന്മാരേ, നിങ്ങളുടെ
മക്കൾ അധൈര്യപ്പെടാതിരിക്കേ
ണ്ടതിന് അവരെ കോപിപ്പിക്കരുത്.
**22** ദാസന്മാരേ, ജഡപ്രകാരമുള്ള
യജമാനന്മാരെ സകലത്തിലും[w]
അനുസരിപ്പിൻ; മനുഷ്യരെ പ്രസാ
ദിപ്പിക്കുന്നവരെപ്പോലെ ദൃഷ്ടിസേ
വകളാലല്ല കർത്താവിനെ ഭയപ്പെ
ട്ടുകൊണ്ടു ഹൃദയത്തിന്റെ ഏകാ
ഗ്രതയോടെ അത്രേ അനുസരിക്കേ
ണ്ടത്. **23** നിങ്ങൾ ചെയ്യുന്നതൊ
ക്കെയും[x] മനുഷ്യർക്കെന്നല്ല കർ
ത്താവിന് എന്നപോലെ[y] മനസ്സോ
ടെ ചെയ്‌വിൻ.[x] **24** അവകാശമെന്ന
പ്രതിഫലം കർത്താവു തരും[z] എ
ന്നറിഞ്ഞു കർത്താവായ ക്രിസ്തു
വിനെ സേവിപ്പിൻ.[a] **25** അന്യായം
ചെയ്യുന്നവൻ താൻ ചെയ്ത അന്യാ
യത്തിന് ഒത്തതു പ്രാപിക്കും; മുഖ
പക്ഷം ഇല്ല.

✵ ✵ ✵

*പല പ്രബോധനങ്ങൾ.*

**4** യജമാനന്മാരേ, നിങ്ങൾക്കും
സ്വർഗത്തിൽ യജമാനൻ ഉണ്ട്
എന്നറിഞ്ഞു ദാസന്മാരോടു നീതി
യും ന്യായവും ആചരിപ്പിൻ.

**2** [a]പ്രാർഥനയിൽ ഉറ്റിരിപ്പിൻ;
സ്തോത്രത്തോടെ[b] അതിൽ ജാഗ
രിപ്പിൻ. **3** എനിക്കു ബന്ധനകാരണ
മായ്[c] ക്രിസ്തുവിന്റെ മർമം പ്രസ്താ
വിപ്പാൻ[d] തക്കവണ്ണം ദൈവം ഞ
ങ്ങൾക്കു വചനത്തിന്റെ വാതിൽ
തുറന്നുതരികയും[e] **4** ഞാൻ സം
സാരിക്കേണ്ടുംവണ്ണം അതിനെ
വെളിപ്പെടുത്തുകയും ചെയ്യേണ്ട
തിനു ഞങ്ങൾക്കുവേണ്ടിയും പ്രാർ
ഥിപ്പിൻ. **5** സമയം തക്കത്തിൽ ഉപ
യോഗിച്ചുകൊണ്ടു പുറത്തുള്ളവ
രോടു[f] ജ്ഞാനത്തോടെ പെരുമാ
റുവിൻ.[g] **6** ഓരോരുത്തനോടു നി
ങ്ങൾ എങ്ങനെ ഉത്തരം പറയേണം
എന്ന് അറിയേണ്ടതിനു[h] നിങ്ങളുടെ

10. [y] *റോമ.6:4,5*
[z] *എഫെ.4:24*
11. [a] *(റോമ.10:12); 1കൊരി.12:13; ഗലാ.5:6*
[b] *എഫെ.1:23*
12. [c] *റോമ.8:33; തീത്തൊ.1:3*
[d] *ഫിലി.2:1; (1യോഹ.3:17)*
[e] *എഫെ.4:32*
[f] *എഫെ.4:2*
[g] *കൊലൊ.3:10*
13. [h] *മർക്കൊ.11:25*
[e] *(വാ.12 കാ.)*
14. [i] *എബ്രാ.6:2; (യോഹ.17:23)*
[j] *എഫെ.4:3*
[k] *(1തെസ്സ.5:8); എഫെ.5:2*
15. [l] *ഫിലി.4:7*
[m] *എഫെ.2:16*
[n] *കൊലൊ.3:17*
16. [o] *എഫെ.5:19*
[p] *കൊലൊ.4:6*
[q] *യോഹ.15:3*
17. [r] *കൊലൊ.3:23; 1കൊരി.10:31*
[s] *കൊലൊ.1:13;4:2; എഫെ.5:20*
18. [t] *കൊലൊ. 3:18 - 4:1ക്കു. എഫെ.5:22 - 6:9കാ.*
[u] *എഫെ.5:3,4; ഫിലേ.8*
19. [v] *എഫെ.4:31*
20. [w] *(എഫെ.5:24; തീത്തൊ.2:9)*
22. [w] *(വാ.20 കാ.)*
23. [x] *കൊലൊ.3:17*
[y] *(ഫിലേ.16)*
24. [z] *(എഫെ.6:8)*
[a] *(1കൊരി.7:22)*

**അധ്യായം 4**

2. [a] *കൊലൊ. 4:2 - 4ക്കു. എഫെ.6:18 - 20കാ.*
[b] *കൊലൊ.2:7*
3. [c] *കൊലൊ.4:18; എഫെ.6:19; ഫിലി.1:7*
[d] *റോമ.16:25* [e] *അപ്പൊ.പ്ര.14:27* 5. [f] *മർക്കൊ.4:11*
[g] *എഫെ.5:15 - 17* 6. [h] *1പത്രൊ.3:15*

വാക്ക് എപ്പോഴും കൃപയോടുകൂ
ടിയതും[i] ഉപ്പിനാൽ രുചിവരുത്തി
യതും[j] ആയിരിക്കട്ടെ.
**7** [k]എന്റെ അവസ്ഥയൊക്കെയും
കർത്താവിൽ പ്രിയസഹോദരനും
വിശ്വസ്ത ശുശ്രൂഷകനും സഹഭൃ
ത്യനുമായ തിഹിക്കൊസ് നിങ്ങ
ളോട് അറിയിക്കും. **8** നിങ്ങൾ
ഞങ്ങളുടെ അവസ്ഥ അറിവാനും
അവൻ നിങ്ങളുടെ ഹൃദയങ്ങളെ
ആശ്വസിപ്പിപ്പാനുമായി **9** ഞാൻ
അവനെ നിങ്ങളിൽ ഒരുത്തനായ
ഒനേസിമൊസ്[l] എന്ന വിശ്വസ്തനും
പ്രിയനുമായ സഹോദരനോടു[m]കൂടെ
നിങ്ങളുടെ അടുക്കൽ അയച്ചിരിക്കു
ന്നു; ഇവിടത്തെ അവസ്ഥ എല്ലാം
അവർ നിങ്ങളോട് അറിയിക്കും.
**10** എന്റെ സഹബദ്ധനായ അരി
സ്തർഹൊസും[n] ബർന്നബാസിന്റെ
മച്ചുനനായ[o] മർക്കൊസും-[p] അവ
നെക്കുറിച്ചു നിങ്ങൾക്കു കല്പന
കിട്ടിയിട്ടുണ്ടല്ലോ; അവൻ നിങ്ങ
ളുടെ അടുക്കൽ വന്നാൽ അവനെ
കൈക്കൊൾവിൻ-[q] **11** യുസ്തൊ
സ്[r] എന്നു പറയുന്ന യേശുവും നി
ങ്ങളെ വന്ദനം ചെയ്യുന്നു; പരിച്ഛേ
ദനക്കാരിൽ[s] ഇവർ മാത്രം[t] ദൈവ
രാജ്യത്തിനു കൂട്ടുവേലക്കാരായിട്ട്
എനിക്ക് ആശ്വാസമായി[t]ത്തീർന്നു.
**12** നിങ്ങളിൽ ഒരുത്തനായി ക്രി
സ്തുയേശുവിന്റെ ദാസനായ എപ്പ
ഫ്രാസ്[u] നിങ്ങളെ വന്ദനം ചെയ്യു
ന്നു; നിങ്ങൾ തികഞ്ഞവരും ദൈവ
ഹിതം സംബന്ധിച്ചൊക്കെയും പൂർ
ണനിശ്ചയമുള്ളവരുമായി[v] നില്ക്കേ
ണ്ടതിന് അവൻ പ്രാർഥനയിൽ നി
ങ്ങൾക്കുവേണ്ടി എപ്പോഴും പോരാ
ടുന്നു.[w] **13** നിങ്ങൾക്കും ലവൊദി
കൃക്കാർക്കും ഹിയരപൊലിക്കാർ
ക്കുംവേണ്ടി അവൻ വളരെ പ്രയാ
സപ്പെടുന്നു എന്നുള്ളതിനു ഞാൻ
സാക്ഷി. **14** വൈദ്യനായ പ്രിയ
ലൂക്കൊസും[x] ദേമാസും[y] നിങ്ങളെ
വന്ദനം ചെയ്യുന്നു. **15** ലവൊദിക്യ
യിലെ സഹോദരന്മാർക്കും നുംഫെ
ക്കും അവളുടെ വീട്ടിലെ സഭയ്ക്കും[z]
വന്ദനം ചൊല്ലുവിൻ. **16** നിങ്ങളുടെ
ഇടയിൽ ഈ ലേഖനം[a] വായിച്ചു
തീർന്നശേഷം ലവൊദിക്യസഭയിൽ
കൂടെ വായിപ്പിക്കയും ലവൊദിക്യ
യിൽനിന്നുള്ളതു നിങ്ങളും വായി
ക്കയും ചെയ്‌വിൻ. **17** അർഹിപ്പൊ
സിനോടു[b] കർത്താവിൽ ലഭിച്ച
ശുശ്രൂഷ[c] നിവർത്തിപ്പാൻ നോക്കേ
ണം എന്നു പറവിൻ.
**18** പൗലൊസായ എന്റെ സ്വന്ത
കൈയാലെ വന്ദനം;[d] എന്റെ ബ
ന്ധനങ്ങളെ[e] ഓർത്തുകൊൾവിൻ.[f]
കൃപ നിങ്ങളോടുകൂടെ ഇരിക്കുമാ
റാകട്ടെ.[g]

* * *

6. [i] *കൊലൊ.3:16*
[j] *മർക്കൊ.9:50*
7. [k] *കൊലൊ. 4:7 - 9 ക്കു. എഫെ.6:21,22കാ.*
9. [l] *ഫിലേ.10*
[m] *ഫിലേ.16*
10. [n] *അപ്പൊ.പ്ര. 19:29; 20:4;27:2; ഫിലേ.24; (റോമ.16:7)*
[o] *(അപ്പൊ.പ്ര. 15:37,39)*
[p] *അപ്പൊ.പ്ര.12:12*
[q] *(2തിമൊ.4:11)*
11. [r] *(അപ്പൊ.പ്ര. 1:23;18:7)*
[s] *അപ്പൊ.പ്ര.11:2*
[t] *(ഫിലേ.7)*
12. [u] *കൊലൊ.1:7; ഫിലേ.23*
[v] *മത്താ.5:48*
[w] *റോമ.15:31*
14. [x] *2തിമൊ.4:11; അപ്പൊ.പ്ര.16:10*
[y] *2തിമൊ.4:10; ഫിലേ.24*
15. [z] *റോമ.16:5*
16. [a] *1തെസ്സ.5:27*
17. [b] *ഫിലേ.2*
[c] *2തിമൊ.4:5*
18. [d] *1കൊരി.16:21*
[e] *കൊലൊ.4:3; ഫിലി.1:7*
[f] *(എബ്രാ.13:3)*
[g] *1തിമൊ.6:22; 2തിമൊ.4:22; (തീത്തൊ.3:15; എബ്രാ.13:25)*

## പ്രാർഥന

ദൈവത്തോടു സംസാരിക്കുകയും ദൈവശബ്ദം ശ്രദ്ധിക്കുകയും ചെയ്യുന്നതും ഗാനത്തിലൂടെയോ അല്ലാതെയോ ദൈവത്തെ വാഴ്ത്തുന്നതും പ്രാർഥനയാണ്. നാം ചെയ്തതോ ചിന്തിച്ചതോ ആയ തെറ്റുകളെ ഏറ്റുപറയുന്നത് അനുതാപപ്രാർഥനയും, ദൈവസഹായം മറ്റുള്ളവർക്കും നമുക്കും വേണ്ടി അർഥിക്കുന്നതു മധ്യസ്ഥപ്രാർഥനയും ആണ്. ദൈവിക അനുഗ്രഹങ്ങൾക്കായി സ്തോത്രം ചെയ്യുന്നതും പ്രാർഥനയാണ്. യേശുക്രിസ്തു പലപ്പോഴും ചെയ്തുകൊണ്ടിരുന്നതുപോലെ നമുക്കും ഏകാന്തതയിൽ ദൈവത്തെ സമീപിക്കാം (മത്താ. 14:23); സഹവിശ്വാസികളോടൊത്തും ഒരു വ്യക്തിയുടെ നേതൃത്വത്തിലും ദൈവത്തോടു പ്രാർഥിക്കാം. സങ്കീർത്തനങ്ങൾ, പ്രാർഥനകളും ഗാനങ്ങളും അടങ്ങിയ പുസ്തകമാണ്. സ്തോത്രം (സങ്കീ. 11:18; 63; 103), ദൈവത്തിനു സ്തുതി (സങ്കീ. 104; 148), ചെയ്തുപോയ തെറ്റുകളെക്കുറിച്ചുള്ള അനുതാപം (സങ്കീ. 51), ശത്രുക്കളിൽനിന്നുള്ള വിടുതലിനായുള്ള അപേക്ഷ (സങ്കീ. 59; 69), ദൈവവാഗ്ദത്തങ്ങൾ നിറവേറ്റുന്നതിനുള്ള അപേക്ഷ (സങ്കീ. 89), ദൈവം തന്റെ ജനത്തിനായി ചെയ്തിട്ടുള്ള വൻ കാര്യങ്ങൾക്കായുള്ള സ്തുതി (സങ്കീ. 136) ഇങ്ങനെ വിവിധതരത്തിലുള്ള പ്രാർഥനകൾ അതിൽ അടങ്ങിയിട്ടുണ്ട്. പ്രവാചകന്മാർ, ദൈവത്തോടു നേരിട്ട് ഇടപെട്ടിട്ടുള്ള അനുഭവങ്ങൾ വിവരിക്കുന്നുണ്ട്. ഉദാ: യെശ. 6; യിരെ. 11:18 - 20; 17:7 - 18. ദൈവജനത്തിനുവേണ്ടിയുള്ള പ്രാർഥന പുരോഹിതന്മാർ കഴിക്കണമെന്നു യെഹെസ്കേൽ നിർദേശിക്കുന്നു (യെഹെ. 40 - 48). യെശ. 66:23 ൽ സകലജഡവും ദൈവസന്നിധിയിൽ നമസ്കരിക്കാൻ വരുമെന്നു പ്രവചിക്കുന്നു.

# THE FIRST EPISTLE OF PAUL THE APOSTLE TO THE THESSALONIANS
# അപ്പൊസ്തലനായ പൗലൊസ് തെസ്സലൊനീക്യർക്ക് എഴുതിയ ഒന്നാം ലേഖനം

## മുഖവുര

ക്രിസ്തുവിശ്വാസികളെ പ്രോത്സാഹിപ്പിക്കുവാനും ക്രിസ്തുവിൽ അവരെ ഉറപ്പിക്കുവാനുമാണ് ഈ ലേഖനം. അവരുടെ വിശ്വാസത്തെയും സ്നേഹത്തെയും കുറിച്ചുള്ള വാർത്ത കേട്ടിട്ട് നന്ദി അർപ്പിക്കുകയും, അവരോടുകൂടെ പൗലൊസിന്റെ ജീവിതം എങ്ങനെയായിരുന്നു എന്ന് ഓർമിപ്പിക്കുകയും ക്രിസ്തുവിന്റെ രണ്ടാം വരവിനെപ്പറ്റി സഭയിൽ ഉയർന്ന ചില ചോദ്യങ്ങൾക്ക് അദ്ദേഹം ഈ ലേഖനത്തിലൂടെ ഉത്തരം കൊടുക്കുകയും ചെയ്യുന്നു.

***1. അവൻ അവരെ സ്തോത്രത്തിലും പ്രാർഥനയിലും ഓർക്കുന്നതിനാലും 5. അവരുടെ പരമാർഥമുള്ള വിശ്വാസത്തെയും മാനസാന്തരത്തെയും കുറിച്ച് തനിക്കുള്ള ബോധത്തെയും കാട്ടുന്നത്.***

**പൗ**ലൊസും സില്വാനൊസും[a]
തിമൊഥെയൊസും പിതാവായ
ദൈവത്തിലും കർത്താവായ യേശു
ക്രിസ്തുവിലും ഉള്ള തെസ്സലൊ
നീക്യ[b]സഭയ്ക്ക് എഴുതുന്നത്: നി
ങ്ങൾക്കു കൃപയും സമാധാനവും
ഉണ്ടാകട്ടെ.[c]
**2** ഞങ്ങളുടെ പ്രാർഥനയിൽ നി
ങ്ങളെ സ്മരിച്ചുകൊണ്ടു[d] നിങ്ങളു
ടെ വിശ്വാസത്തിന്റെ വേലയും[e]
സ്നേഹ[f]പ്രയത്നവും **3** നമ്മുടെ കർ
ത്താവായ യേശുക്രിസ്തുവിനെക്കു
റിച്ചുള്ള പ്രത്യാശയുടെ സ്ഥിരത
യും[g] ഇടവിടാതെ[h] നമ്മുടെ ദൈ
വവും പിതാവുമായവന്റെ[i] സന്നി
ധിയിൽ ഓർത്തു ഞങ്ങൾ നിങ്ങൾ
ക്കെല്ലാവർക്കുംവേണ്ടി എപ്പോഴും
ദൈവത്തിനു സ്തോത്രം ചെയ്യു
ന്നു.[h] **4** ദൈവത്താൽ സ്നേഹിക്ക
പ്പെട്ട സഹോദരന്മാരേ,[j] നിങ്ങളുടെ
തിരഞ്ഞെടുപ്പിനെ[k] അറിയുന്നുവ
ല്ലോ. **5** ഞങ്ങളുടെ സുവിശേഷം[l]
വചനമായി മാത്രമല്ല, ശക്തിയോടും
പരിശുദ്ധാത്മാവോടും[m] ബഹുനി
ശ്ചയത്തോടും[n]കൂടെ ആയിരുന്നു
നിങ്ങളുടെ അടുക്കൽ വന്നത്; നി
ങ്ങളുടെ നിമിത്തം ഞങ്ങൾ നിങ്ങ
ളുടെ ഇടയിൽ എങ്ങനെ പെരുമാ
റി[o]യിരുന്നു എന്ന് അറിയുന്നുവല്ലോ.
**6** ബഹുകഷ്ടം[p] സഹിക്കേണ്ടിവ
ന്നിട്ടും നിങ്ങൾ പരിശുദ്ധാത്മാവി
ന്റെ സന്തോഷ[q]ത്തോടെ[r] വചനം
കൈക്കൊണ്ടു[p] ഞങ്ങൾക്കും[s] കർ
ത്താവിനും[t] അനുകാരികളായിത്തീർ
ന്നു.[s] **7** അങ്ങനെ നിങ്ങൾ മക്കെ
ദോന്യയിലും അഖായയിലും വിശ്വ
സിക്കുന്നവർക്ക് എല്ലാവർക്കും മാ
തൃകയായിത്തീർന്നു. **8** നിങ്ങളുടെ
അടുക്കൽനിന്നു കർത്താവിന്റെ വ
ചനം മുഴങ്ങിച്ചെന്നത്[u] മക്കെദോ
ന്യയിലും അഖായയിലും മാത്രമല്ല;
എല്ലാടവും നിങ്ങൾക്കു ദൈവത്തി
ലുള്ള വിശ്വാസം പ്രസിദ്ധമായിരി
ക്കുന്നു;[v] അതുകൊണ്ടു ഞങ്ങൾ
ഒന്നും പറവാൻ ആവശ്യമില്ല. **9** ഞ
ങ്ങൾക്കു നിങ്ങളുടെ അടുക്കൽ

**അധ്യായം 1**

1. [a] *അപ്പൊ.പ്ര.15:22; 2കൊരി.1:19; 2തെസ്സ.1:1; 1പത്രൊ.5:12* [b] *അപ്പൊ.പ്ര.17:1* [c] *റോമ.1:4; എഫെ.1:2*
2. [d] *റോമ.1:9; 2തിമൊ.1:3; ഫിലേ.6*
3. [e] *2തെസ്സ.1:12; (യോഹ.6:29; ഗലാ.5:6; എബ്രാ.6:10; യാക്കോ.2:22)* [f] *2തെസ്സ.1:3,4; (കൊലൊ.1:4; 1തിമൊ.1:14; വെളി.2:19)* [g] *റോമ.8:25;15:4* [h] *1തെസ്സ.2:13; റോമ.1:8; എഫെ.5:20* [i] *ഗലാ.1:3*
4. [j] *2തെസ്സ.2:13* [k] *2പത്രൊ.1:10*
5. [l] *2തെസ്സ.2:14* [m] *2കൊരി.6:6; 1കൊരി.2:5* [n] *കൊലൊ.2:2; (എബ്രാ.2:3)* [o] *(1തെസ്സ.2:10; അപ്പൊ.പ്ര.20:18; 2തെസ്സ.3:7)*
6. [p] *അപ്പൊ.പ്ര.17:5-10* [q] *അപ്പൊ.പ്ര.13:52; ഗലാ.5:22* [r] *മത്താ.5:12* [s] *(1തെസ്സ.2:14; 2തെസ്സ.3:7,9); 1കൊരി.4:16* [t] *1കൊരി.11:1*
8. [u] *(റോമ.10:18; 2തെസ്സ.3:1)* [v] *(റോമ.1:8;16:19; 2തെസ്സ.1:4)*

എങ്ങനെയുള്ള പ്രവേശനം[w] സാ
ധിച്ചു എന്നും ജീവനുള്ള സത്യ
ദൈവത്തെ[x] സേവിപ്പാനും അവൻ
മരിച്ചവരുടെ ഇടയിൽനിന്നു ഉയിർ
പ്പിച്ച[y] തന്റെ പുത്രനും വരുവാനുള്ള
കോപത്തിൽ[z]നിന്ന് നമ്മെ വിടുവി
ക്കുന്നവനുമായ[a] 10 യേശു സ്വർ
ഗത്തിൽനിന്നു[b] വരുന്നത് കാത്തി
രിപ്പാനും[c] നിങ്ങൾ വിഗ്രഹങ്ങളെ
വിട്ട്[d] ദൈവത്തിങ്കലേക്ക് എങ്ങനെ
തിരിഞ്ഞു[e] വന്നു എന്നും അവർ
തന്നെ പറയുന്നു.

❋ ❋ ❋

***1. അവർക്കു സുവിശേഷം പ്രസംഗിക്കപ്പെട്ട വിവരവും അവർ അതിനെ സ്വീകരിച്ച വിവരവും 17. അവൻ അവരെ കാൺമാൻ ആഗ്രഹിച്ചിരുന്നത്.***

**2** സഹോദരന്മാരേ, ഞങ്ങൾ നി
ങ്ങളുടെ അടുക്കൽ വന്നത്[a]
വ്യർത്ഥമായില്ല[b] എന്ന് നിങ്ങൾതന്നെ
അറിയുന്നുവല്ലോ. **2** നിങ്ങൾ അ
റിയുംപോലെ ഞങ്ങൾ ഫിലിപ്പി
യിൽ[c] വച്ചു കഷ്ടവും അപമാനവും
അനുഭവിച്ചിട്ടും വലിയ പോരാട്ട
ത്തോടെ[d] ദൈവത്തിന്റെ സുവിശേ
ഷം നിങ്ങളോടു പ്രസംഗിപ്പാൻ[e]
ഞങ്ങളുടെ ദൈവത്തിൽ ധൈര്യ
പ്പെട്ടിരുന്നു.[f] **3** ഞങ്ങളുടെ പ്ര
ബോധനം[g] അബദ്ധത്തിൽ[h] നിന്നോ
അശുദ്ധിയിൽ[i]നിന്നോ വ്യാജത്തോ
ടെയോ[j] വന്നതല്ല. **4** ഞങ്ങളെ
സുവിശേഷം ഭരമേല്പിക്കേണ്ട
തിനു[k] ഞങ്ങൾ ദൈവത്തിനു
കൊള്ളാകുന്നവരായി തെളിഞ്ഞ
തുപോലെ ഞങ്ങൾ മനുഷ്യരെ[l]
യല്ല ഞങ്ങളുടെ ഹൃദയം ശോധന
ചെയ്യുന്ന[m] ദൈവത്തെ അത്രേ
പ്രസാദിപ്പിച്ചു[l]കൊണ്ടു സംസാരി
ക്കുന്നത്. **5** നിങ്ങൾ അറിയുംപോ
ലെ ഞങ്ങൾ ഒരിക്കലും മുഖസ്തു
തിയോ ദ്രവ്യാഗ്രഹത്തിന്റെ ഉപാ
യമോ പ്രയോഗിച്ചിട്ടില്ല;[n] ദൈവം
സാക്ഷി.[o] **6** ക്രിസ്തുവിന്റെ അപ്പൊ
സ്തലന്മാർ[p] എന്ന അവസ്ഥയ്ക്കു
ഘനത്തോടെയിരിപ്പാൻ[q] കഴിവു
ണ്ടായിട്ടും[r] ഞങ്ങൾ മനുഷ്യരോട്,
നിങ്ങളോടാകട്ടെ മറ്റുള്ളവരോടാ
കട്ടെ മാനം അന്വേഷിച്ചില്ല;[s] **7** ഒരു
അമ്മ തന്റെ കുഞ്ഞുങ്ങളെ പോറ്റും
പോലെ[t] ഞങ്ങൾ നിങ്ങളുടെ ഇട
യിൽ ആർദ്രതയുള്ളവരായിരുന്നു.[u]
**8** ഇങ്ങനെ ഞങ്ങൾ നിങ്ങളെ ഓമ
നിച്ചുകൊണ്ട് നിങ്ങൾക്കു ദൈവ
ത്തിന്റെ സുവിശേഷം പ്രസംഗിപ്പാൻ
മാത്രമല്ല, നിങ്ങൾ ഞങ്ങൾക്കു
പ്രിയരാകയാൽ ഞങ്ങളുടെ പ്രാ
ണനും കൂടെ[v] വച്ചുതരുവാൻ ഒരു
ക്കമായിരുന്നു. **9** സഹോദരന്മാരേ,
ഞങ്ങളുടെ അധ്വാനവും പ്രയാസ
വും[w] നിങ്ങൾ ഓർക്കുന്നുവല്ലോ;
നിങ്ങളിൽ ആർക്കും ഭാരമായി
ത്തീരരുത് എന്നുവച്ചു ഞങ്ങൾ
രാവും പകലും വേല ചെയ്തു
കൊണ്ടു[x] നിങ്ങളോടു ദൈവത്തി
ന്റെ സുവിശേഷം പ്രസംഗിച്ചു.
**10** വിശ്വസിക്കുന്ന നിങ്ങളുടെ
ഇടയിൽ ഞങ്ങൾ എത്ര പവിത്രമാ
യും നീതിയായും അനിന്ദ്യമായും[y]
നടന്നു എന്നതിനു നിങ്ങളും ദൈ
വവും[z] സാക്ഷി. **11** തന്റെ രാജ്യ
ത്തിനും മഹത്വത്തിനും നിങ്ങളെ
വിളിക്കുന്ന[a] ദൈവത്തിനു യോഗ്യ
മായി നടപ്പാൻ[b] തക്കവണ്ണം **12** ഞ
ങ്ങൾ നിങ്ങളിൽ ഓരോരുത്തനെ
അപ്പൻ മക്കളെ എന്നപോലെ[c] പ്ര
ബോധിപ്പിച്ചും ഉത്സാഹിപ്പിച്ചും
സാക്ഷ്യം പറഞ്ഞും[d] പോന്നു എ
ന്ന് നിങ്ങൾക്ക് അറിയാമല്ലോ.
**13** ഞങ്ങൾ പ്രസംഗിച്ച ദൈവ
വചനം[e] നിങ്ങൾ കേട്ടു, മനുഷ്യന്റെ
വചനമായിട്ടല്ല[f] സാക്ഷാൽ ആകു
ന്നതുപോലെ ദൈവവചനമായി
ട്ടുതന്നെ കൈക്കൊണ്ടതിനാൽ
ഞങ്ങൾ ദൈവത്തെ ഇടവിടാതെ
സ്തുതിക്കുന്നു;[g] വിശ്വസിക്കുന്ന
നിങ്ങളിൽ അത് വ്യാപരിച്ചുകൊ
ണ്ടിരിക്കുന്നു.[h] **14** സഹോദരന്മാ
രേ, യെഹൂദ്യയിൽ ക്രിസ്തുയേശു

9. [w] *1തെസ്സ.2:1*
[x] *യോഹ.17:3*
[y] *അപ്പൊ.പ്ര.2:24*
[z] *1തെസ്സ.2:16;5:9; മത്താ.3:7; റോമ.5:9*
[a] *കൊലൊ.1:13*
10. [b] *1തെസ്സ.4:16; (2തെസ്സ.1:9); അപ്പൊ.പ്ര.1:11*
[c] *1കൊരി.1:7*
[d] *1കൊരി.12:2; (ഗലാ.4:8)*
[e] *അപ്പൊ.പ്ര.14:15*

**അധ്യായം 2**

1. [a] *1തെസ്സ.1:9*
[b] *(2തെസ്സ.1:9)*
2. [c] *അപ്പൊ.പ്ര.16:22 - 24*
[d] *ഫിലി.1:30*
[e] *അപ്പൊ.പ്ര.17:2 - 9*
[f] *അപ്പൊ.പ്ര.4:13*
3. [g] *(2കൊരി.2:17)*
[h] *2തെസ്സ.2:12*
[i] *1തെസ്സ.4:7*
[j] *2കൊരി.4:2*
4. [k] *ഗലാ.2:8*
[l] *ഗലാ.1:10*
[m] *സങ്കീ.17:3; റോമ.8:27*
5. [n] *അപ്പൊ.പ്ര.20:33*
[o] *1തെസ്സ.2:10; റോമ.1:10*
6. [p] *1കൊരി.9:1*
[q] *(1തെസ്സ.2:9; 2കൊരി.11:9)*
[r] *1കൊരി.9:4; 2തെസ്സ.3:9; (ഫിലേ.8,9)*
[s] *(2കൊരി.4:5); യോഹ.5:41*
7. [t] *(1തെസ്സ.2:12; യെശ.49:23;60:16)*
[u] *2തിമൊ.2:24; (1കൊരി.14:20); മത്താ.18:3*
8. [v] *2കൊരി.12:15*
9. [w] *2തെസ്സ.3:8; (ഫിലി.4:16)*
[x] *അപ്പൊ.പ്ര.18:3*

10. [y] *1തെസ്സ.1:5* [z] *1തെസ്സ.2:5* 11. [a] *1തെസ്സ.5:24; 2തെസ്സ.2:14; 1പത്രൊ.5:10; റോമ.8:28* [b] *എഫെ.4:1*
12. [c] *(1തെസ്സ.2:7); 1കൊരി.4:14* [d] *എഫെ.4:17*
13. [e] *എബ്രാ.4:2; (റോമ.10:17)* [f] *(ഗലാ.4:14); മത്താ.10:20* [g] *1തെസ്സ.1:2,3* [h] *എബ്രാ.4:12*

വിലുള്ള ദൈവസഭകൾക്കു[i] നിങ്ങൾ
അനുകാരികളായിത്തീർന്നു.[j] അവർ
യെഹൂദരാൽ അനുഭവിച്ചതു[k] തന്നെ
നിങ്ങളും സ്വജാതിക്കാരാൽ അനു
ഭവിച്ചുവല്ലോ.[l] 15 യെഹൂദർ കർ
ത്താവായ യേശുവിനെയും[m] സ്വന്ത
പ്രവാചകന്മാരെയും[n] കൊന്നവരും[m]
ഞങ്ങളെ ഓടിച്ചുകളഞ്ഞവരും
ദൈവത്തെ പ്രസാദിപ്പിക്കാത്ത
വരും സകല മനുഷ്യർക്കും വിരോ
ധികളും[o] 16 ജാതികൾ രക്ഷിക്ക
പ്പെടേണ്ടതിനായി ഞങ്ങൾ അവ
രോട് പ്രസംഗിക്കുന്നത് വിലക്കുന്ന
വരും[p] ആകുന്നു; അങ്ങനെ അവർ
തങ്ങളുടെ പാപങ്ങളെ എപ്പോഴും
പൂരിപ്പിക്കുന്നു.[q] എന്നാൽ ദൈവ
ക്രോധം അവരുടെമേൽ മുഴുത്തു
വന്നിരിക്കുന്നു.[r]
17 സഹോദരന്മാരേ, ഞങ്ങൾ
അല്പനേരത്തേക്കു ഹൃദയംകൊ
ണ്ടല്ല, മുഖംകൊണ്ടു[s] നിങ്ങളെ വിട്ടു
പിരിഞ്ഞിട്ടു ബഹുകാംക്ഷയോടെ
നിങ്ങളുടെ മുഖം കാൺമാൻ[t] ഏറ്റ
വും അധികം ശ്രമിച്ചു. 18 അതു
കൊണ്ടു നിങ്ങളുടെ അടുക്കൽ
വരുവാൻ ഞങ്ങൾ, വിശേഷാൽ
പൗലൊസായ ഞാൻ, ഒന്നു രണ്ടു
പ്രാവശ്യം വിചാരിച്ചു; എന്നാൽ സാ
ത്താൻ ഞങ്ങളെ തടുത്തു.[u] 19 ന
മ്മുടെ കർത്താവായ യേശുവിന്റെ
മുമ്പാകെ അവന്റെ പ്രത്യക്ഷതയിൽ[v]
ഞങ്ങളുടെ ആശയോ സന്തോഷ
മോ[w] പ്രശംസാകിരീടമോ ആർ
ആകുന്നു? നിങ്ങളും അല്ലയോ?[x]
20 ഞങ്ങളുടെ മഹത്ത്വവും സന്തോ
ഷവും നിങ്ങൾതന്നെ.

❋ ❋ ❋

*1. തിമൊഥെയൊസിനെ അയച്ച് അവരുടെ വസ്തുത അറികയാൽ വന്ന ആശ്വാസം 10. അവരെ ചെന്നു കാണ്മാനുള്ള ആഗ്രഹം.*

**3** ആകയാൽ സഹിച്ചുകൂടാഞ്ഞിട്ടു
ഞങ്ങൾ അഥേനയിൽ തനിച്ച്
ഇരിക്കേണ്ടി[a] വന്നാലും വേണ്ടതില്ല
എന്നുവച്ച് 2 ഈ കഷ്ടങ്ങളിൽ
ആരും കുലുങ്ങിപ്പോകാതിരിക്കേണ്ട
തിനു നിങ്ങളെ സ്ഥിരപ്പെടുത്തു
വാനും നിങ്ങളുടെ വിശ്വാസം സം
ബന്ധിച്ചു നിങ്ങളെ പ്രബോധിപ്പി
പ്പാനുമായിട്ടു നമ്മുടെ സഹോദര
നും[b] ക്രിസ്തുവിന്റെ സുവിശേഷ
ഘോഷണത്തിൽ ദൈവത്തിന്റെ
ശുശ്രൂഷകനുമായ തിമൊഥെയൊ
സിനെ അയച്ചു.[c] 3 കഷ്ടം അനു
ഭവിപ്പാൻ നാം നിയമിക്കപ്പെട്ടിരി
ക്കുന്നു[d] എന്ന് നിങ്ങൾതന്നെ അ
റിയുന്നുവല്ലോ. 4 നാം കഷ്ടമനു
ഭവിക്കേണ്ടിവരും എന്ന് ഞങ്ങൾ
നിങ്ങളോടുകൂടെ ഇരുന്നപ്പോൾ
മുമ്പുകൂട്ടി പറഞ്ഞിട്ടുമുണ്ട്; അവ്വ
ണ്ണംതന്നെ സംഭവിച്ചു എന്ന് നി
ങ്ങൾ അറിയുന്നു.[e] 5 ഇതുനിമി
ത്തം എനിക്ക് ഒട്ടും സഹിച്ചുകൂടാ
ഞ്ഞിട്ടു[f] പരീക്ഷകൻ[g] നിങ്ങളെ
പരീക്ഷിച്ചുവോ,[h] ഞങ്ങളുടെ പ്ര
യത്നം വെറുതേയായിപ്പോയോ[i]
എന്ന് ഭയപ്പെട്ടു ഞാൻ നിങ്ങളുടെ
വിശ്വാസത്തിന്റെ വസ്തുത അറി
യേണ്ടതിന് ആളയച്ചു.[f] 6 ഇപ്പോ
ഴോ, തിമൊഥെയൊസ് നിങ്ങളുടെ
അടുക്കൽനിന്നു വന്ന്[j] നിങ്ങളുടെ
വിശ്വാസത്തെയും സ്നേഹത്തെ
യും[k] പറ്റിയും ഞങ്ങൾ നിങ്ങളെ
കാൺമാൻ വാഞ്ഛിക്കുന്നതുപോ
ലെ നിങ്ങൾ ഞങ്ങളെയും കാൺ
മാൻ വാഞ്ഛിച്ചുകൊണ്ടു[l] ഞങ്ങ
ളെക്കുറിച്ചു നിങ്ങൾക്ക് എപ്പോഴും
നല്ല ഓർമ ഉണ്ട്[m] എന്നും ഞങ്ങ
ളോടു സദ്വർത്തമാനം അറിയിച്ച
കാരണത്താൽ, 7 സഹോദരന്മാരേ,
ഞങ്ങളുടെ സകല കഷ്ടത്തിലും
സങ്കടത്തിലും നിങ്ങളുടെ വിശ്വാ
സം ഹേതുവായി ഞങ്ങൾ നിങ്ങ
ളെക്കുറിച്ച് ആശ്വാസം പ്രാപിച്ചു.[n]
8 നിങ്ങൾ കർത്താവിൽ നിലനി
ല്ക്കുന്നു[o] എന്ന് അറിഞ്ഞു ഞങ്ങൾ
വീണ്ടും ജീവിക്കുന്നു. 9 നമ്മുടെ
ദൈവത്തിന്റെ സന്നിധിയിൽ നി
ങ്ങളെച്ചൊല്ലി ഞങ്ങൾ സന്തോഷി
ക്കുന്ന സകല സന്തോഷത്തിനും
തക്കതായി ദൈവത്തിന് എന്തൊരു
സ്തോത്രം ചെയ്‌വാൻ ഞങ്ങളാൽ

14. i 1കൊരി.7:17
j 1തെസ്സ.1:6
k (എബ്രാ.10:33,34)
l 1തെസ്സ.3:4; അപ്പൊ.പ്ര.17:5; 2തെസ്സ.1:4,5
15. m ലൂക്കൊ.24:20
n യിരെ.2:30; മത്താ.23:29 - 34; മത്താ.5:12
o (എസ്ഥേ.3:8)
16. p അപ്പൊ.പ്ര. 13:45,50;14:2,19; 17:5,13;18:12;22:21,22
q ഉൽപ.15:16
r 1തെസ്സ.1:10
17. s 1കൊരി.5:3; കൊലൊ.2:5
t 1തെസ്സ.3:10
18. u റോമ.15:22; (റോമ.1:13)
19. v 1തെസ്സ.3:13; 4:15;5:23; മത്താ.24:3; 1കൊരി.15:23; 2തെസ്സ.2:1,8; യാക്കോ.5:7,8; 2പത്രൊ.1:16; 3:3,11; 1യോഹ.2:28
w ഫിലി.4:1
x 1കൊരി.15:31; (2തെസ്സ.1:4); 2കൊരി.1:14.

**അധ്യായം 3**

1. a അപ്പൊ.പ്ര. 17:15,16
2. b 2കൊരി.1:1; കൊലൊ,1:1; ഫിലേ.1; എബ്രാ.13:23
c ഫിലി.2:19
3. d അപ്പൊ.പ്ര. 9:16;14:22
4. e 1തെസ്സ.2:14
5. f 1തെസ്സ.3:1,2
g മത്താ.4:3
h (1കൊരി.7:5; 2കൊരി.11:3)
i ഫിലി.2:16
6. j അപ്പൊ.പ്ര.18:5; (2കൊരി.7:6,9) k 1തെസ്സ.1:2 l ഫിലി.1:8
m (1കൊരി.11:2) 7. n 2കൊരി.1:4 8. o 1കൊരി.16:13

കഴിയും?[p] 10 ഇനി നിങ്ങളുടെ
മുഖം കാൺമാനും[q] നിങ്ങളുടെ
വിശ്വാസത്തിന്റെ കുറവു തീർപ്പാ
നുമായി[r] ഞങ്ങൾ രാവും പകലും
വളരെ താല്പര്യത്തോടെ പ്രാർ
ഥിച്ചുപോരുന്നു.[s]
11 നമ്മുടെ ദൈവവും പിതാവു
മായവനും[t] നമ്മുടെ കർത്താവായ
യേശുവും ഞങ്ങൾ നിങ്ങളുടെ അടു
ക്കൽ വരുവാൻ വഴിനിരത്തിത്തരു
മാറാകട്ടെ.[u] 12 എന്നാൽ ഞങ്ങൾ
ക്കു നിങ്ങളോടുള്ള സ്നേഹം വർ
ധിക്കുന്നതുപോലെ കർത്താവു
നിങ്ങൾക്കു തമ്മിലും[v] എല്ലാവ
രോടുമുള്ള സ്നേഹം വർധിപ്പിച്ചു
കവിയുമാറാക്കുകയും[w] 13 ഇങ്ങ
നെ നമ്മുടെ കർത്താവായ യേശു[x]
തന്റെ സകല വിശുദ്ധന്മാരുമായി[y]
വരുന്ന പ്രത്യക്ഷതയിൽ[x] നമ്മുടെ
ദൈവവും പിതാവുമായവന്റെ[t]
മുമ്പാകെ വിശുദ്ധീകരണത്തിൽ
അനിന്ദ്യരായി വെളിപ്പെടുംവണ്ണം
നിങ്ങളുടെ ഹൃദയങ്ങളെ[z] സ്ഥിര
പ്പെടുത്തുകയും[z] ചെയ്യുമാറാകട്ടെ.

❋ ❋ ❋

*1. വിശുദ്ധീകരണത്തിനു പ്രബോധനം 13. കർത്താവിൻ വരവിങ്കലുള്ള ഉയിർത്തെഴുന്നേല്പിൻ വിവരം.*

4 ഒടുവിൽ സഹോദരന്മാരേ,
ദൈവപ്രസാദം ലഭിപ്പാൻ തക്ക
വണ്ണം[a] നിങ്ങൾ എങ്ങനെ നടക്കേ
ണം[b] എന്ന് ഞങ്ങളോടു ഗ്രഹിച്ച
തു[c]പോലെ- നിങ്ങൾ നടക്കുന്നതു
പോലെതന്നെ- ഇനിയും അധികം
വർധിച്ചു വരേണ്ടതിനു[d] ഞങ്ങൾ
കർത്താവായ യേശുവിന്റെ നാമ
ത്തിൽ നിങ്ങളോട് അപേക്ഷിച്ചു
പ്രബോധിപ്പിക്കുന്നു. 2 ഞങ്ങൾ
കർത്താവായ യേശുവിന്റെ ആജ്ഞ
യാൽ ഇന്ന കല്പനകളെ തന്നു
എന്ന് നിങ്ങൾ അറിയുന്നുവല്ലോ.[e]
3 ദൈവത്തിന്റെ ഇഷ്ടമോ നിങ്ങ
ളുടെ ശുദ്ധീകരണം[f]തന്നെ. 4 നി
ങ്ങൾ ദുർന്നടപ്പു വിട്ടൊഴിഞ്ഞ്[g]
ഓരോരുത്തൻ ദൈവത്തെ അറി
യാത്ത[h] ജാതികളെപ്പോലെ[i] കാമ

9.[p] (1തെസ്സ.1:4)
10.[q] 1തെസ്സ.2:17; (റോമ.1:9)
[r] 2കൊരി.13:9
[s] 2തിമൊ.1:3
11.[t] ഗലാ.1:3
[u] 2തെസ്സ.3:5
12.[v] 1തെസ്സ.4:9;5:15
[w] 1തെസ്സ.4:1,10; ഫിലി.1:9; 2തെസ്സ.1:3
13.[x] 1തെസ്സ.2:19
[y] സെഖ.14:5; യൂദാ.15
[t] (വാ.11 കാ.)
[z] യാക്കോ.5:8; 1പത്രൊ.5:10

**അധ്യായം 4**

1.[a] കൊലൊ.1:10
[b] എഫെ.4:1,2
[c] ഫിലി.4:9; കൊലൊ.2:6
[d] 1തെസ്സ.3:12
2.[e] (1കൊരി.11:2)
3.[f] റോമ.6:19,22; 1കൊരി.1:30; 2തെസ്സ.2:13; 1തിമൊ.2:15; എബ്രാ.12:14; 1പത്രൊ.1:2
4.[g] 1കൊരി.6:18
[h] സങ്കീ.79:6; യിരെ.9:3;10:25; ഗലാ.4:8
[i] എഫെ.4:17
[j] റോമ.1:26
5.[k] (റോമ.1:24)
[l] 1പത്രൊ.3:7; (2കൊരി.4:7)
6.[m] 1കൊരി.6:8
[n] റോമ.13:4; (റോമ.12:19; എബ്രാ.13:4)
7.[o] 1തെസ്സ.2:3
[p] 1തെസ്സ.4:3; 1പത്രൊ.1:15
8.[q] (1തെസ്സ.2:13); ലൂക്കൊ.10:16
[r] 1യോഹ.3:24;4:13
9.[s] എബ്രാ.13:1
[t] 1തെസ്സ.5:1

വികാരത്തി[j]ലല്ല, 5 വിശുദ്ധീകര
ണത്തിലും മാനത്തിലും[k] താന്താ
ന്റെ പാത്രത്തെ[l] നേടിക്കൊള്ളട്ടെ.
6 ഈ കാര്യത്തിൽ ആരും അതി
ക്രമിക്കയും സഹോദരനെ ചതി
ക്കയും[m] അരുത്; ഞങ്ങൾ നിങ്ങ
ളോടു മുമ്പേ പറഞ്ഞതുപോലെ
ഈ വകയ്ക്ക് ഒക്കെയും പ്രതികാ
രം ചെയ്യുന്നവൻ[n] കർത്താവല്ലോ.
7 ദൈവം നമ്മെ അശുദ്ധി[o]ക്കല്ല
വിശുദ്ധീകരണത്തിനത്രേ വിളി
ച്ചത്.[p] 8 ആകയാൽ തുച്ഛീകരിക്കു
ന്നവൻ[q] മനുഷ്യനെ അല്ല, തന്റെ
പരിശുദ്ധാത്മാവിനെ നിങ്ങൾക്കു
തരുന്ന[r] ദൈവത്തെത്തന്നെ തുച്ഛീ
കരിക്കുന്നു.
9 സഹോദരപ്രീതിയെ[s]ക്കുറിച്ചു
നിങ്ങൾക്ക് എഴുതുവാൻ ആവശ്യ
മില്ല;[t] അന്യോന്യം സ്നേഹിപ്പാൻ[u]
നിങ്ങൾ ദൈവത്താൽ ഉപദേശം
പ്രാപിച്ച[v]തല്ലാതെ 10 മക്കെദോ
ന്യയിൽ എങ്ങുമുള്ള സഹോദരന്മാ
രോടൊക്കെയും അങ്ങനെ ആച
രിച്ചും പോരുന്നുവല്ലോ;[w] എന്നാൽ
സഹോദരന്മാരേ, അതിൽ നിങ്ങൾ
അധികമായി വർധിച്ചുവരേണം[x]
എന്നും 11 പുറത്തുള്ള[y]വരോടു
മര്യാദയായി നടപ്പാനും[z] ഒന്നിനും
മുട്ടില്ലാതിരിപ്പാനുംവേണ്ടി 12 ഞ
ങ്ങൾ നിങ്ങളോട് ആജ്ഞാപിച്ചതു
പോലെ അടങ്ങിപ്പാർപ്പാനും[a] സ്വന്ത
കാര്യം നോക്കുവാനും[b] സ്വന്തകൈ
കൊണ്ടു വേലചെയ്‌വാനും[c] അഭി
മാനം തോന്നേണം എന്നും നിങ്ങളെ
പ്രബോധിപ്പിക്കുന്നു.
13 സഹോദരന്മാരേ, നിങ്ങൾ
പ്രത്യാശയില്ലാത്ത[d] മറ്റുള്ളവരെപ്പോ
ലെ ദുഃഖിക്കാതിരിക്കേണ്ടതിന്[e]
നിദ്രകൊള്ളുന്നവരെക്കുറിച്ച് അറി
വില്ലാതിരിക്കരുത് എന്ന് ഞങ്ങൾ

[u] യോഹ.13:34 [v] യോഹ.6:45; (1യോഹ.2:27) 10.[w] 1തെസ്സ.1:7 [x] 1തെസ്സ.3:12 11.[y] മർക്കൊ.4:11 [z] റോമ.13:13; (കൊലൊ.4:5) 12.[a] സദൃ.17:14; 20:3;25:8; 2തെസ്സ.3:12 [b] 2തെസ്സ.3:11; 1പത്രൊ.4:15 [c] (അപ്പൊ.പ്ര.18:3); എഫെ.4:28 13.[d] എഫെ.2:12 [e] (ലേവ്യാ.19:28; ആവ.14:1; 2ശമൂ.12:20 - 23; മർക്കൊ.5:39)

ആഗ്രഹിക്കുന്നു. **14** യേശു മരിക്ക
യും ജീവിച്ചെഴുന്നേല്ക്കയും ചെ
യ്തു എന്ന് നാം വിശ്വസിക്കുന്നു
എങ്കിൽ[f] അങ്ങനെതന്നെ ദൈവം
നിദ്രകൊണ്ടവരെയും[g] യേശു മുഖാ
ന്തരം അവനോടുകൂടെ വരുത്തും.
**15** കർത്താവിന്റെ പ്രത്യക്ഷത[h]വരെ
ജീവനോടെ ശേഷിക്കുന്നവരായ
നാം[i] നിദ്രകൊണ്ടവർക്കു മുമ്പാക
യില്ല എന്ന് ഞങ്ങൾ കർത്താവിന്റെ
വചനത്താൽ[j] നിങ്ങളോടു പറയു
ന്നു. **16** കർത്താവ് താൻ[k] ഗംഭീര
നാദത്തോടും[l] പ്രധാനദൂതന്റെ[m]
ശബ്ദത്തോടും ദൈവത്തിന്റെ
കാഹളത്തോടും[n]കൂടെ സ്വർഗത്തിൽ
നിന്ന്[o] ഇറങ്ങിവരികയും[k] ക്രിസ്തു
വിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴു
ന്നേല്ക്കയും ചെയ്യും.[p] **17** പിന്നെ
ജീവനോടെ ശേഷിക്കുന്ന നാം
അവരോട് ഒരുമിച്ച് ആകാശത്തിൽ[q]
കർത്താവിനെ എതിരേല്പാൻ മേഘ
ങ്ങളിൽ എടുക്കപ്പെടും;[r] ഇങ്ങനെ
നാം എപ്പോഴും കർത്താവിനോടു
കൂടെ ഇരിക്കും.[s] **18** ഈ വചന
ങ്ങളെക്കൊണ്ട് അന്യോന്യം ആശ്വ
സിപ്പിച്ചുകൊൾവിൻ.[t]

❋ ❋ ❋

***1. ന്യായവിധിക്കായി ക്രിസ്തുവിന്റെ രണ്ടാം വരവിനു കാത്തിരിക്കുവാനും മറ്റുമുള്ള പ്രബോധനങ്ങൾ.***

**5** സഹോദരന്മാരേ, കാലങ്ങളെ
യും സമയങ്ങളെയും[a]കുറിച്ചു
നിങ്ങളെ എഴുതിയറിയിപ്പാൻ ആവ
ശ്യമില്ല.[b] **2** കള്ളൻ രാത്രിയിൽ വരും
പോലെ കർത്താവിന്റെ നാൾ വരു
ന്നു[c] എന്ന് നിങ്ങൾതന്നെ നന്നായി
അറിയുന്നുവല്ലോ. **3** അവർ സമാ
ധാനമെന്നും നിർഭയമെന്നും പറയു
മ്പോൾ ഗർഭിണിക്കു പ്രസവവേദന
വരുംപോലെ[d] അവർക്കു പെട്ടെന്ന്
നാശം വന്നു ഭവിക്കും;[e] അവർക്കു
തെറ്റിയൊഴിയാവതുമല്ല. **4** എ
ന്നാൽ സഹോദരന്മാരേ, ആ നാൾ
കള്ളൻ എന്നപോലെ നിങ്ങളെ
പിടിപ്പാൻ നിങ്ങൾ ഇരുട്ടിലുള്ള
വരല്ല;[f] **5** നിങ്ങൾ എല്ലാവരും
വെളിച്ചത്തിന്റെ മക്കളും[g] പകലി
ന്റെ മക്കളും ആകുന്നു; നാം രാത്രി
ക്കും ഇരുളിനുമുള്ളവരല്ല. **6** ആക
യാൽ നാം ശേഷമുള്ളവരെപ്പോലെ
ഉറങ്ങാതെ[h] ഉണർന്നും[i] സുബോ
ധമായു[j]മിരിക്ക. **7** ഉറങ്ങുന്നവർ
രാത്രിയിൽ ഉറങ്ങുന്നു; മദ്യപിക്കു
ന്നവർ രാത്രിയിൽ മദ്യപിക്കുന്നു.[k]
**8** നാമോ പകലിനുള്ളവരാകയാൽ
വിശ്വാസവും സ്നേഹവും എന്ന[l]
കവചവും ശിരസ്ത്രമായി രക്ഷയു
ടെ പ്രത്യാശയും ധരിച്ചുകൊണ്ടു[m]
സുബോധമായിരിക്ക. **9** ദൈവം
നമ്മെ കോപ[n]ത്തിനല്ല, **10** നാം
ഉണർന്നിരുന്നാലും ഉറങ്ങിയാലും
തന്നോടുകൂടെ ജീവിക്കേണ്ടതിനു
നമുക്കുവേണ്ടി മരിച്ച്[o] നമ്മുടെ കർ
ത്താവായ യേശുക്രിസ്തുമൂലം
രക്ഷയെ പ്രാപിപ്പാന[p]ത്രേ നിയമി
ച്ചിരിക്കുന്നത്. **11** ആകയാൽ നി
ങ്ങൾ ചെയ്തുവരുന്നതുപോലെ
അന്യോന്യം പ്രബോധിപ്പിച്ചും[q]
തമ്മിൽ ആത്മികവർധന വരു
ത്തിയും പോരുവിൻ.

**12** സഹോദരന്മാരേ, നിങ്ങളു
ടെ ഇടയിൽ അധ്വാനിക്കയും കർ
ത്താവിൽ നിങ്ങളെ ഭരിക്കയും[r]
പ്രബോധിപ്പിക്കയും ചെയ്യുന്നവരെ
അറിഞ്ഞ്[s] **13** അവരുടെ വേലനി
മിത്തം ഏറ്റവും സ്നേഹത്തോടെ
വിചാരിക്കേണം എന്ന് നിങ്ങളോട്
അപേക്ഷിക്കുന്നു. തമ്മിൽ സമാ
ധാനമായിരിപ്പിൻ.[t] **14** സഹോദര
ന്മാരേ, ഞങ്ങൾ നിങ്ങളെ പ്രബോ
ധിപ്പിക്കുന്നത്: ക്രമംകെട്ടവരെ[u]
ബുദ്ധിയുപദേശിപ്പിൻ; ഉൾക്കരു
ത്തില്ലാത്തവരെ ധൈര്യപ്പെടുത്തു
വിൻ;[v] ബലഹീനരെ താങ്ങുവിൻ;[w]
എല്ലാവരോടും ദീർഘക്ഷമ കാണി
പ്പിൻ.[x] **15** ആരും തിന്മയ്ക്കു പകരം
തിന്മ ചെയ്യാതിരിപ്പാൻ[y] നോക്കു
വിൻ; തമ്മിലും എല്ലാവരോടും

14.[f] *1ക�ൊരി.15:13; (2കൊരി.4:14; വെളി.1:18)*
[g] *1കൊരി.15:18*
15.[h] *1തെസ്സ.2:19*
[i] *1കൊരി.15:52*
[j] *1രാജാ.13:17*
16.[k] *മത്താ.16:27*
[l] *(യോവേ.2:11)*
[m] *യൂദാ.9*
[n] *മത്താ.24:31; 1കൊരി.15:52*
[o] *2തെസ്സ.1:6*
[p] *1കൊരി.15:23; (2തെസ്സ.2:1; വെളി.14:13)*
17.[q] *(ദാനീ.7:13; അപ്പൊ.പ്ര.1:9; വെളി.11:12)*
[r] *2കൊരി.12:2*
[s] *യോഹ.12:26*
18.[t] *1തെസ്സ.5:11*

**അധ്യായം 5**

1.[a] *ദാനീ.2:21; അപ്പൊ.പ്ര.1:7*
[b] *1തെസ്സ.4:9*
2.[c] *(2തെസ്സ.2:2); മത്താ.24:43; ലൂക്കൊ.17:24*
3.[d] *യെശ.13:8*
[e] *ലൂക്കൊ.21:34; (സങ്കീ.35:8; ലൂക്കൊ.17:26 - 30; 2തെസ്സ.1:10);*
4.[f] *1യോഹ.2:8*
5.[g] *ലൂക്കൊ.16:8*
6.[h] *(മർക്കൊ.13:36); റോമ.13:11 - 13*
[i] *മത്താ.24:42*
[j] *1പത്രൊ.1:13*
7.[k] *(അപ്പൊ.പ്ര.2:15, 2പത്രൊ.2:13)*
8.[l] *(എഫെ.6:23)*
[m] *യെശ.59:17; എഫെ.6:14,17*
9.[n] *1തെസ്സ.1:10*
10.[o] *റോമ.14:9; (2തിമൊ.2:11)*
[p] *2തെസ്സ.2:13,14; (എബ്രാ.10:39)*
11.[q] *1തെസ്സ.4:18*

12.[r] *1കൊരി.16:16; എബ്രാ.13:17* [s] *1കൊരി.16:18; ഫിലി.2:29; 1തിമൊ.5:17* 13.[t] *മർക്കൊ.9:50*
14.[u] *2തെസ്സ.3:6,7,11* [v] *യെശ.35:4; (എബ്രാ.12:12)*
[w] *അപ്പൊ.പ്ര.20:35; റോമ.15:1* [x] *1കൊരി.13:4*
15.[y] *1പത്രൊ.3:9; റോമ.12:17*

എപ്പോഴും നന്മ ചെയ്തുകൊണ്ടി
രിപ്പിൻ;[z] 16 എപ്പോഴും സന്തോഷി
പ്പിൻ;[a] 17 ഇടവിടാതെ പ്രാർഥി
പ്പിൻ;[b] 18 എല്ലാറ്റിനും സ്തോത്രം
ചെയ്‌വിൻ;[c] ഇതല്ലോ നിങ്ങളെക്കു
റിച്ചു ക്രിസ്തുയേശുവിൽ ദൈവേ
ഷ്ടം. 19 ആത്മാവിനെ കെടുക്ക
രുത്.[d] 20 പ്രവചനം[e] തുച്ഛീകരിക്ക
രുത്. 21 സകലവും ശോധന
ചെയ്തു[f] നല്ലത് മുറുകെ പിടിപ്പിൻ.
22 സകലവിധ ദോഷവും വിട്ടക
ലുവിൻ.
23 സമാധാനത്തിന്റെ ദൈവം[g]
തന്നെ നിങ്ങളെ മുഴുവനും ശുദ്ധീ
കരിക്കുമാറാകട്ടെ;[h] നിങ്ങളുടെ
ആത്മാവും[i] പ്രാണനും ദേഹവും
അശേഷം നമ്മുടെ കർത്താവായ
യേശുക്രിസ്തുവിന്റെ പ്രത്യക്ഷത
യിൽ[j] അനിന്ദ്യമായി വെളിപ്പെടും
വണ്ണം കാക്കപ്പെടുമാറാകട്ടെ.[k]
24 നിങ്ങളെ വിളിക്കുന്നവൻ വിശ്വ
സ്തൻ ആകുന്നു;[l] അവൻ അത്
നിവർത്തിക്കും.[m]
25 സഹോദരന്മാരേ, ഞങ്ങൾ
ക്കുവേണ്ടി പ്രാർഥിപ്പിൻ.[n]
26 സകല സഹോദരന്മാരെയും
വിശുദ്ധ ചുംബനത്താൽ വന്ദനം
ചെയ്‌വിൻ.[o] 27 കർത്താവാണ,
സഹോദരന്മാരെയൊക്കെയും ഈ
ലേഖനം വായിച്ചു കേൾപ്പിക്കേ
ണം.[p]
28 നമ്മുടെ കർത്താവായ യേശു
ക്രിസ്തുവിന്റെ കൃപ നിങ്ങളോടു
കൂടെ ഇരിക്കുമാറാകട്ടെ.[q]

* * *

15.[z] (റോമ.12:9); ഗലാ.6:10
16.[a] ഫിലി.4:4
17.[b] ലൂക്കൊ.18:1
18.[c] എഫെ.5:20
19.[d] (1കൊരി.14:30; എഫെ.4:30; 1തിമൊ.4:14; 2തിമൊ.1:6)
20.[e] 1കൊരി.11:4
21.[f] 1യോഹ.4:1,2; (ഇയ്യോ.34:4); എഫെ.5:9
23.[g] റോമ.15:33
[h] പുറ.31:13; യോഹ.17:17
[i] ലൂക്കൊ.1:46,47; എബ്രാ.4:12; (1കൊരി.14:14)
[j] 1തെസ്സ.2:19
[k] 2പത്രൊ.3:14;യൂദാ.1 24.[l] 1കൊരി.1:9 [m] ഫിലി.1:4
25.[n] 2തെസ്സ.3:1,2; എബ്രാ.13:18 26.[o] റോമ.16:16
27.[p] കൊലൊ.4:16 28.[q] റോമ.16:20

## യുഗാന്ത്യം

വേദപുസ്തകത്തിലെ പല ലേഖകന്മാരും ഇപ്പോഴത്തെ ഈ ലോകം എങ്ങനെ അവസാനിക്കുമെന്നും ദൈവം അഖിലാണ്ഡത്തിന്റെ പൂർണമായ നിയന്ത്രണം എപ്രകാരം ഏറ്റെടുക്കുമെന്നും ഉള്ള കാര്യങ്ങളെക്കുറിച്ചു ചിന്തിച്ചിരുന്നു. ദാനീയേൽ പുസ്തകത്തിന്റെ രചയിതാവ്, മാനുഷിക പരിപാടികളും പദ്ധതികളും നീക്കംചെയ്തു ദൈവികോദ്ദേശ്യം നടത്തുകയും മരിച്ചവർ ന്യായംവിധിക്കപ്പെടുകയും ചെയ്യുന്ന ഒരു അന്ത്യകാലം ദൈവം നിശ്ചയിച്ചിട്ടുണ്ട് എന്നു പ്രസ്താവിക്കുന്നു. ദൈവത്തിന്റെ സമയം തെറ്റുകയില്ല, അതു നിശ്ചയമായി വരും, നീതിമാൻ വിശ്വാസത്താൽ ജീവിക്കും എന്നു ഹബക്കൂക് രേഖപ്പെടുത്തുന്നു. ഈ വിശ്വാസം ആദ്യകാല ക്രിസ്തീയ ഗ്രന്ഥങ്ങളിലും പ്രതിപാദിച്ചിട്ടുണ്ട്. യേശുക്രിസ്തു തന്റെ ശിഷ്യന്മാരോട്, പല ഭയാനകമായ സംഭവവികാസങ്ങളുണ്ടാകുന്നതും മനുഷ്യപുത്രൻ (യേശു) തിരഞ്ഞെടുക്കപ്പെട്ടവരെ ചേർത്തുകൊള്ളുവാനായി വരുന്നതുമായ ഒരു ഭാവി സമയത്തെക്കുറിച്ചു പ്രസ്താവിച്ചിട്ടുണ്ട്. അന്ത്യകാലത്തു ദുർഘടസമയങ്ങൾ വരും എന്ന് 2 തിമൊ. 3:1 -ൽ കാണുന്നുണ്ട്.

ഒന്നാം ശതകത്തിൽ അന്ത്യകാലത്തെക്കുറിച്ചു രണ്ടു ചിന്താഗതികൾ നിലവിലിരുന്നു. ഒന്നാമത്, നന്മയുടെയും തിന്മയുടെയും ശക്തികൾ തമ്മിൽ ഒരു അന്തിമപോരാട്ടം നടക്കും. രണ്ടാമത്, അന്തിമ ഘട്ടത്തിനു മുന്നോടിയായി ദൈവജനം വളരെയധികം കഷ്ടതകൾ നേരിടേണ്ടിവരും. ഈ വിശ്വാസത്തിന്റെ അടിസ്ഥാനം ചരിത്രപരമായ ചില സംഭവങ്ങളായിരുന്നു. ബാബിലോൺ പ്രവാസത്തിൽനിന്നു മടങ്ങിവന്ന് യെഹൂദർ തങ്ങളുടെ രാജ്യം വീണ്ടും ദാവീദിന്റെ കാലത്തെപ്പോലെ സുശക്തമായിത്തീരും എന്നു പ്രത്യാശിച്ചിരുന്നു.ഇതു സംഭവിച്ചില്ല; മാത്രമല്ല പേർഷ്യ, ഗ്രീസ്, റോമാ സാമ്രാജ്യങ്ങളുടെ അധീനതയിൽ അവർ കഴിയേണ്ടിവരുകയും ചെയ്തു. മക്കാബിയരുടെ നേതൃത്വത്തിൽ ഒരു യെഹൂദാരാഷ്ട്രം രൂപീകരിക്കുവാനുള്ള ശ്രമം താൽക്കാലികമായി വിജയിച്ചെങ്കിലും നിലനിന്നില്ല.

കൂടാതെ, പല രാഷ്ട്രീയ പ്രതിസന്ധികളെ അഭിമുഖീകരിക്കുവാൻ നിർബന്ധിതരായിരുന്ന യെഹൂദർ പ്രവാസകാലത്ത് പേർഷ്യൻ മതോപദേശങ്ങൾ പലതും മനസിലാക്കിയിരുന്നു. തിന്മ എന്നത് മാനുഷിക അപജയങ്ങളും സ്വാർഥതയും നിമിത്തം ഉണ്ടാകുന്നതു മാത്രമല്ല, നന്മതിന്മ ശക്തികൾ തമ്മിലുള്ള നിർണായകമായ ഒരു പോരാട്ടം കൂടെയാണെന്നു പേർഷ്യൻ മതവിശ്വാസത്തിൽ ഉണ്ട്. ദൈവത്തോടു ശത്രുതയുള്ള ഒരു തിന്മയുടെ മൂർത്തി ലോകത്തിൽ ഉണ്ട് എന്ന ഒരു ദ്വൈതവാദം നിലവിലിരുന്നു. എബ്രായ ഭാഷയിൽ ഈ തിന്മയുടെ മൂർത്തിയെ സാത്താൻ എന്നു വിളിച്ചിരുന്നു. എന്നാൽ തിന്മയുടെമേൽ നന്മ അന്തിമ വിജയം നേടും എന്നും അവർ വിശ്വസിച്ചിരുന്നു. ഈ ചിന്തകൾ പിൽക്കാല യെഹൂദാ ഗ്രന്ഥങ്ങളിലും (സെഖ. 3-12) പുതിയനിയമത്തിലും കാണുന്നുണ്ട്.

# THE SECOND EPISTLE OF PAUL THE APOSTLE TO THE THESSALONIANS

# അപ്പൊസ്തലനായ പൗലൊസ് തെസ്സലൊനീക്യർക്ക് എഴുതിയ രണ്ടാം ലേഖനം

## മുഖവുര

തെസ്സലൊനീക്യസഭയിൽ കർത്താവിന്റെ രണ്ടാം വരവിനെക്കുറിച്ചുള്ള ആശയക്കുഴപ്പങ്ങൾ തുടർന്നിരുന്നു. കർത്താവിന്റെ വരവ് ആസന്നമായി എന്നു സൂചിപ്പിക്കുന്ന ലേഖനമാണിത്. പക്ഷേ കർത്താവിന്റെ വരവിന് മുന്നോടിയായി ദുർന്നടപ്പും, ദുഷ്ടതയും അതിന്റെ ഉന്നതിയിൽ എത്തുകയും ക്രിസ്തുവിനെ എതിർക്കുന്ന അധർമമൂർത്തി പ്രത്യക്ഷപ്പെടുകയും വേണം.

***1. അവരുടെ വിശ്വാസത്തെയും സ്നേഹത്തെയും ക്ഷമയെയുംകുറിച്ച് തനിക്കുള്ള സന്തോഷത്തെ കാട്ടുകയും 11. പീഡയ്ക്കു വിരോധമായി അവരെ ആശ്വസിപ്പിക്കയും ചെയ്തത്.***

### അധ്യായം 1

[a] **പൗ**ലൊസും സിലാനൊസും
തിമൊഥെയൊസും പിതാവായ
ദൈവത്തിലും കർത്താവായ യേശു
ക്രിസ്തുവിലുമുള്ള തെസ്സലൊനീ
ക്യസഭയ്ക്ക് എഴുതുന്നത്: **2** പിതാ
വായ ദൈവത്തിങ്കൽനിന്നും കർ
ത്താവായ യേശുക്രിസ്തുവിങ്കൽ
നിന്നും നിങ്ങൾക്ക് കൃപയും സമാ
ധാനവും ഉണ്ടാകട്ടെ.
**3** സഹോദരന്മാരേ, നിങ്ങളുടെ
വിശ്വാസം ഏറ്റവും വർധിച്ചും ആ
ളാംപ്രതി നിങ്ങൾക്ക് എല്ലാവർക്കും
അന്യോന്യസ്നേഹം പെരുകിയും
വരികയാൽ ഞങ്ങൾ യോഗ്യമാകും
വണ്ണം ദൈവത്തിന് എപ്പോഴും
നിങ്ങളെക്കുറിച്ചു സ്തോത്രം ചെ
യ്‌വാൻ കടമ്പെട്ടിരിക്കുന്നു.[b] **4** അതു
കൊണ്ടു നിങ്ങൾ സഹിക്കുന്ന
സകല ഉപദ്രവങ്ങളിലും[c] കഷ്ടങ്ങ
ളിലുമുള്ള നിങ്ങളുടെ സഹിഷ്ണു
തയും വിശ്വാസവും നിമിത്തം
ഞങ്ങൾ[d] ദൈവത്തിന്റെ സഭകളിൽ[e]
നിങ്ങളെച്ചൊല്ലി പ്രശംസിക്കുന്നു.[d]
**5** അത് നിങ്ങൾ കഷ്ടപ്പെടുവാൻ
ഹേതുവായിരിക്കുന്ന ദൈവരാജ്യ
ത്തിനു നിങ്ങളെ യോഗ്യന്മാരായി
എണ്ണും[f] എന്നിങ്ങനെ ദൈവത്തിന്റെ
നീതിയുള്ള വിധിക്ക് അടയാളം ആ
കുന്നു.[g] **6** കർത്താവായ യേശു[h]
തന്റെ ശക്തിയുള്ള ദൂതന്മാരുമായി[i]
സ്വർഗത്തിൽനിന്ന്[h] അഗ്നിജ്വാല
യിൽ[j] പ്രത്യക്ഷനായി[h] **7** ദൈവ
ത്തെ അറിയാത്തവർക്കും[k] നമ്മുടെ

*1.[a] 2തെസ്സ.1:1,2ക്കു. 1തെസ്സ.1:1കാ.*
*3.[b] 2തെസ്സ.2:13; എഫെ.5:20 1തെസ്സ.1:2-4*
*4.[c] (മർക്കൊ.10:30); 1തെസ്സ.2:14*
*[d] (2കൊരി.7:14); 1തെസ്സ.2:19*
*[e] (1തെസ്സ.1:8); 1കൊരി.7:17*
*5.[f] (അപ്പൊ.പ്ര.14:22); ലൂക്കൊ.20:35*
*[g] (ഫിലി.1:28)*
*6.[h] ലൂക്കൊ.17:30*
*[i] യൂദാ.15*
*[j] യെശ.66:15,16; മത്താ.25:41; 1കൊരി.3:13; എബ്രാ.10:27;12:29; 2പത്രൊ.3:7; വെളി.21:8; (മലാ.4:1)*
*7.[k] ഗലാ.4:8*

1:1 ***തെസ്സലൊനീക്യ:*** ഗ്രീസിന്റെ വടക്കു ഭാഗത്ത് തെർമായിക് ഉൾക്കടൽ തീരത്തു സ്ഥിതിചെയ്യുന്ന വലിയ വ്യാപാരകേന്ദ്രമായ ഒരു തുറമുഖപട്ടണമായിരുന്നു തെസ്സലൊനീക്യ. ബി.സി. 316 ൽ മഹാനായ അലക്സാണ്ടറിന്റെ സർവസൈന്യാധിപന്മാരിൽ ഒരാൾ അലക്സാണ്ടറിന്റെ ഭാര്യ തെസ്സലൊനീക്യയുടെ പേരിൽ ഈ പട്ടണം പണിതു. മക്കെദോന്യ പ്രവിശ്യയുടെ തലസ്ഥാനമായ ഈ പട്ടണം എഗ്നേഷ്യൻ രാജപാതയും, വടക്ക് ഡാന്യൂബ് നദിവരെ പോകുന്ന മറ്റൊരു പ്രധാന പാതയും തമ്മിൽ കൂടിച്ചേരുന്ന സ്ഥാനത്തായിരുന്നതിനാൽ, ഒരു പ്രസിദ്ധ വ്യാപാരകേന്ദ്രമായിത്തീർന്നു. പൗലൊസ് ആ പട്ടണം സന്ദർശിക്കുമ്പോൾ ഉദ്ദേശം രണ്ടു ലക്ഷം ആളുകൾ അവിടെ പാർത്തിരുന്നു. അവിടെ ഒരു യെഹൂദാകോളനിയും അവർക്ക് ആരാധിക്കുന്നതിന് ഒരു സുനഗോഗും ഉണ്ടായിരുന്നു. ഗ്രീക്ക്, ഈജിപ്ത് മതദേവന്മാരുടെയും ദേവികളുടെയും ആരാധനസ്ഥലങ്ങളും ഉണ്ടായിരുന്നു.

കർത്താവായ യേശുവിന്റെ സുവി
ശേഷം അനുസരിക്കാത്തവർക്കും[l]
പ്രതികാരം കൊടുക്കുമ്പോൾ **8** നി
ങ്ങളെ പീഡിപ്പിക്കുന്നവർക്കു പീ
ഡയും[m] പീഡ അനുഭവിക്കുന്ന നി
ങ്ങൾക്കു ഞങ്ങളോടുകൂടെ ആശ്വാ
സവും[n] പകരം നല്കുന്നത് [m] ദൈവ
സന്നിധിയിൽ നീതിയല്ലോ.[o] **9** ആ
നാളിൽ[p] അവൻ തന്റെ വിശുദ്ധ
ന്മാരിൽ മഹത്ത്വപ്പെടേണ്ടതിനും[q]
ഞങ്ങളുടെ സാക്ഷ്യം[r] നിങ്ങൾ വിശ്വ
സിച്ചതു[s] പോലെ വിശ്വസിച്ച എല്ലാ
വരിലും താൻ അതിശയവിഷയം
ആകേണ്ടതിനും വരുമ്പോൾ[t] **10** സു
വിശേഷം അനുസരിക്കാത്തവർ
കർത്താവിന്റെ സന്നിധാനവും[u] അ
വന്റെ വല്ലഭത്വത്തോടു കൂടിയ മഹ
ത്ത്വവും വിട്ടകന്നു നിത്യനാശം[v]
എന്ന ശിക്ഷാവിധി അനുഭവിക്കും.
**11** അതുകൊണ്ടു ഞങ്ങൾ നമ്മുടെ
ദൈവത്തിന്റെയും കർത്താവായ
യേശുക്രിസ്തുവിന്റെയും കൃപയാൽ
നമ്മുടെ കർത്താവായ യേശുവിന്റെ
നാമം നിങ്ങളിലും നിങ്ങൾ അവ
നിലും മഹത്ത്വപ്പെടേണ്ടതിന്,[w]
**12** നമ്മുടെ ദൈവം നിങ്ങളെ തന്റെ
വിളിക്കു യോഗ്യരായി എണ്ണി[x] സൽ
ഗുണത്തിലുള്ള സകല താല്പര്യ
വും[y] വിശ്വാസത്തിന്റെ പ്രവൃത്തി[z]
യും ശക്തിയോടെ പൂർണ്ണമാക്കിത്ത
രേണം എന്ന് നിങ്ങൾക്കുവേണ്ടി
എപ്പോഴും പ്രാർഥിക്കുന്നു.[a]

❋ ❋ ❋

***1. കർത്താവിൻനാൾ വരുംമുമ്പേ അന്തിക്രിസ്തു വെളിപ്പെടേണ്ടതാകയാൽ 13. ഉറപ്പായി നിൽപ്പാൻ പ്രബോധിപ്പിച്ചത്.***

**2** ഇനി സഹോദരന്മാരേ, നമ്മുടെ
കർത്താവായ യേശുക്രിസ്തുവി
ന്റെ പ്രത്യക്ഷതയും[a] അവന്റെ അടു
ക്കലുള്ള നമ്മുടെ സമാഗമനവും[b]
സംബന്ധിച്ചു ഞങ്ങൾ നിങ്ങളോട്
അപേക്ഷിക്കുന്നത്: **2** കർത്താവിന്റെ
നാൾ അടുത്തിരിക്കുന്നു[c] എന്നു
വച്ച് നിങ്ങൾ വല്ല ആത്മാവിനാ
ലോ[d] വചനത്താലോ[e] ഞങ്ങൾ
എഴുതി എന്ന ഭാവത്തിലുള്ള ലേഖ
നത്താലോ,[e] സുബോധംവിട്ടു വേഗ
ത്തിൽ ഇളകുകയും ഞെട്ടിപ്പോക[f]
യുമരുത്. **3** ആരും ഏതു വിധേ
നയും നിങ്ങളെ ചതിക്കരുത്; [g]
ആദ്യമേ വിശ്വാസത്യാഗം സംഭവി
ക്കയും[h] നാശയോഗ്യനും[i] അധർമ
മൂർത്തി[j]യുമായവൻ വെളിപ്പെടുക
യും വേണം. **4** അവൻ ദൈവാല
യത്തിൽ ഇരുന്നുകൊണ്ടു ദൈവം
എന്നു നടിച്ച്,[k] ദൈവം എന്നോ
പൂജാവിഷയം എന്നോ[l] പേരുള്ള
സകലത്തിനും മീതെ തന്നെത്താൻ
ഉയർത്തുന്ന എതിരാളി അത്രേ.
**5** നിങ്ങളോടുകൂടെ ഇരിക്കുമ്പോൾ
തന്നെ ഞാൻ ഇത് നിങ്ങളോട്
പറഞ്ഞു എന്ന് ഓർക്കുന്നില്ലയോ?
**6** അവൻ സമയത്തിനു മുമ്പേ
വെളിപ്പെടാതിരിക്കേണ്ടതിന് ഇ
പ്പോൾ തടുക്കുന്നത് എന്ത് എന്ന്
നിങ്ങൾ അറിയുന്നു. **7** അധർമ
ത്തിന്റെ മർമം[m] ഇപ്പോഴേ വ്യാപരി
ക്കുന്നുണ്ട്;[n] ഇതുവരെ തടുക്കുന്ന
വൻ വഴിയിൽനിന്നു നീങ്ങിപ്പോക
മാത്രം വേണം. **8** അപ്പോൾ അധർ
മമൂർത്തി[o] വെളിപ്പെട്ടുവരും; അവ
നെ കർത്താവായ യേശു തന്റെ
വായിലെ ശ്വാസത്താൽ[p] ഒടുക്കി[q]
തന്റെ പ്രത്യക്ഷതയുടെ പ്രഭാവ
ത്താൽ[r] നശിപ്പിക്കും. **9** അധർമ
മൂർത്തിയുടെ പ്രത്യക്ഷത നശിച്ചു
പോകുന്നവർക്കു[s] സാത്താന്റെ വ്യാ
പാരശക്തിക്ക് ഒത്തവണ്ണം വ്യാജ
മായ സകല ശക്തിയോടും അട
യാളങ്ങളോടും അദ്ഭുതങ്ങളോടും[t]
അനീതിയുടെ സകല വഞ്ചനയോ
ടുംകൂടെ ആയിരിക്കും; **10** അവർ
രക്ഷിക്കപ്പെടുവാൻ തക്കവണ്ണം
സത്യത്തെ സ്നേഹിച്ചു കൈക്കൊ
ള്ളായ്കയാൽതന്നെ അങ്ങനെ
ഭവിക്കും. **11** സത്യത്തെ വിശ്വസി
ക്കാതെ[u] അനീതിയിൽ രസിക്കുന്ന[v]
ഏവർക്കും ന്യായവിധി വരേണ്ടതിന്
**12** ദൈവം അവർക്കു ഭോഷ്ക്[w]

*7.[l] റോമ.2:8*
*8.[m] (പുറ.23:22; യോവേ.3:4,7)*
*[n] (വെളി.6:11; 11:18;14:13)*
*[o] (വെളി.6:10)*
*9.[p] 1കൊരി.3:13*
*[q] സങ്കീ.89:7; യെശ.49:3; യോഹ.17:10*
*[r] (1കൊരി.1:5)*
*[s] (1തെസ്സ.2:1,13; 1തിമൊ.3:16)*
*[t] 1തെസ്സ.1:10*
*10.[u] യെശ.2:10,19,20; (2തെസ്സ.2:8)*
*[v] (ഫിലി.3:19; 1തെസ്സ.5:3)*
*11.[w] (യെശ.66:5; അപ്പൊ.പ്ര.13:48)*
*12.[x] (2തെസ്സ.1:5)*
*[y] റോമ.10:1*
*[z] 1തെസ്സ.1:2*
*[a] കൊലൊ.1:9*

**അധ്യായം 2**

*1.[a] 1തെസ്സ.2:19*
*[b] (മത്താ.24:31; 1തെസ്സ.4:15 - 17)*
*2.[c] 1കൊരി.1:8*
*[d] (1യോഹ.4:1)*
*[e] 2തെസ്സ.2:15; (1തെസ്സ.5:2)*
*[f] മത്താ.24:6; മർക്കൊ.13:7*
*3.[g] എഫെ.5:6*
*[h] 1തിമൊ.4:1*
*[i] യോഹ.17:12; (മത്താ.23:15)*
*[j] (2തെസ്സ.2:8; ദാനീ.7:25;8:25;11:36; വെളി.13:5,6)*
*4.[k] (യെശ.14:14; യെഹെ.28:2)*
*[l] അപ്പൊ.പ്ര.17:23*
*7.[m] വെളി.17:5,7*
*[n] 1യോഹ.2:18;4:3*
*8.[o] 2തെസ്സ.2:3*
*[p] യെശ.11:4; ഇയ്യോ.4:9; വെളി.2:16*
*[q] (ദാനീ.7:10,11)*
*[r] (1തിമൊ.6:13; 2തിമൊ.1:10;4:1,8; തീത്തൊ.2:12)* 9.[s] *1കൊരി.1:18* [t] *(വെളി.13:14); മത്താ.24:24* 11.[u] *റോമ.2:8* [v] *റോമ. 1:32* 12.[w] *(1തെസ്സ.2:3; 1തിമൊ.4:1); റോമ.1:25*

വിശ്വസിക്കുമാറു വ്യാജത്തിന്റെ
വ്യാപാരശക്തി അയയ്ക്കുന്നു.[x]
**13** ഞങ്ങളോ, കർത്താവിനു പ്രിയ
രായ സഹോദരന്മാരേ,[y] ദൈവം
നിങ്ങളെ ആദിമുതൽ[z] ആത്മാവിന്റെ
വിശുദ്ധീകരണത്തിലും[a] സത്യത്തി
ന്റെ വിശ്വാസത്തിലും രക്ഷയ്ക്കായി[b]
തിരഞ്ഞെടുത്തതുകൊണ്ട് നിങ്ങൾ
നിമിത്തം ദൈവത്തെ എപ്പോഴും
സ്തുതിപ്പാൻ കടമ്പെട്ടിരിക്കുന്നു.[c]
**14** നമ്മുടെ കർത്താവായ യേശു
ക്രിസ്തുവിന്റെ മഹത്ത്വം പ്രാപിപ്പാ
നല്ലോ[b] അവൻ ഞങ്ങളുടെ സുവി
ശേഷഘോഷണത്താൽ[d] നിങ്ങളെ
രക്ഷയ്ക്കു വിളിച്ചത്. **15** ആകയാൽ
സഹോദരന്മാരേ, നിങ്ങൾ ഉറച്ചു
നിന്നു[e] ഞങ്ങൾ വാക്കിനാലോ,[f]
ലേഖനത്താലോ[f] ഉപദേശിച്ചുതന്ന
പ്രമാണങ്ങളെ[g] മുറുകെ പിടിച്ചു
കൊൾവിൻ.

**16** നമ്മുടെ കർത്താവായ യേശു
ക്രിസ്തുതാനും നമ്മെ സ്നേഹിച്ചു[h]
നിത്യാശ്വാസവും നല്ല പ്രത്യാശയും[i]
കൃപയാലെ നല്കിയിരിക്കുന്ന
**17** നമ്മുടെ പിതാവായ ദൈവവും
നിങ്ങളുടെ ഹൃദയങ്ങളെ ആശ്വസി
പ്പിച്ച് എല്ലാ നല്ല പ്രവൃത്തിയിലും
വാക്കിലും സ്ഥിരപ്പെടുത്തുമാറാകട്ടെ.[j]

❋ ❋ ❋

***1. തനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് അവരോട് അപേക്ഷിക്കയും 3. അവരെക്കുറിച്ച് തനിക്കുള്ള നിശ്ചയത്തെ സാക്ഷീകരിക്കയും 6. വിശേഷാൽ മടിയെയും ദുർജനസംസർഗത്തെയും ഒഴിഞ്ഞിരിക്കുവാൻ അവർക്ക് പല കല്പനകളെയും കൊടുത്തത്.***

**3** ഒടുവിൽ സഹോദരന്മാരേ, കർ
ത്താവിന്റെ വചനം നിങ്ങളുടെ
അടുക്കൽ എത്തിയതുപോലെ
വേഗം വ്യാപിച്ചു മഹത്ത്വപ്പെടു
വാനും[a] **2** വല്ലാത്തവരും ദുഷ്ടന്മാ
രുമായ മനുഷ്യരുടെ കൈയിൽ
നിന്നു ഞങ്ങൾ വിടുവിക്കപ്പെടു
വാനും[b] ഞങ്ങൾക്കുവേണ്ടി പ്രാർ
ത്ഥിപ്പിൻ;[c] വിശ്വാസം എല്ലാവർക്കും
ഇല്ലല്ലോ.[d] **3** കർത്താവോ വിശ്വ
സ്തൻ;[e] അവൻ നിങ്ങളെ ഉറപ്പിച്ച്
ദുഷ്ടന്റെ കൈയിൽ അകപ്പെടാത
വണ്ണം[f] കാത്തുകൊള്ളും.[g] **4** ഞ
ങ്ങൾ ആജ്ഞാപിക്കുന്നത് നിങ്ങൾ
ചെയ്യുന്നു എന്നും മേലാലും ചെയ്യും
എന്നും ഞങ്ങൾ നിങ്ങളെക്കുറി
ച്ചു കർത്താവിൽ ഉറച്ചിരിക്കുന്നു.[h]
**5** കർത്താവ് താൻ നിങ്ങളുടെ ഹൃദ
യങ്ങളെ ദൈവത്തിന്റെ സ്നേഹ
ത്തിലേക്കും ക്രിസ്തുവിന്റെ സഹി
ഷ്ണുതയിലേക്കും തിരിക്കുമാറാ
കട്ടെ.[i]

**6** സഹോദരന്മാരേ, ഞങ്ങളോടു
പ്രാപിച്ച പ്രമാണം വിട്ടു ക്രമംകെട്ടു
നടക്കുന്ന[j] ഏതു സഹോദരനോ
ടും[k] അകന്നുകൊള്ളേണം[l] എന്ന്
നമ്മുടെ കർത്താവായ യേശുക്രി
സ്തുവിന്റെ നാമത്തിൽ[m] ഞങ്ങൾ
നിങ്ങളോട് ആജ്ഞാപിക്കുന്നു.
**7** ഞങ്ങളെ അനുകരിക്കേണ്ടത്
എങ്ങനെ എന്ന്[n] നിങ്ങൾ തന്നെ
അറിയുന്നുവല്ലോ. ഞങ്ങൾ നിങ്ങ
ളുടെ ഇടയിൽ ക്രമംകെട്ടു നടന്നി
ട്ടില്ല,[o] **8** ആരുടെയും ആഹാരം
വെറുതെ അനുഭവിച്ചിട്ടുമില്ല; നി
ങ്ങളിൽ ആർക്കും ഭാരമായിത്തീ
രരുത് എന്നുവച്ചു ഞങ്ങൾ അധ്വാ
നത്തോടും പ്രയാസത്തോടും കൂടെ[p]
**9** രാപ്പകൽ വേല ചെയ്തുപോന്നത്
അധികാരമില്ലാഞ്ഞിട്ടല്ല,[q] അനു
കരിപ്പാൻ നിങ്ങൾക്കു ഞങ്ങളെ
മാതൃക[r]യാക്കിത്തരേണ്ടതിനത്രേ.
**10** വേല ചെയ്‌വാൻ മനസ്സില്ലാ
ത്തവൻ തിന്നുകയുമരുത്[s] എന്ന്
ഞങ്ങൾ നിങ്ങളോടുകൂടെ ഇരി
ക്കുമ്പോൾതന്നെ ആജ്ഞാപിച്ചി
ട്ടുണ്ടല്ലോ. **11** നിങ്ങളിൽ ചിലർ
ഒട്ടും വേല ചെയ്യാതെ പരകാര്യം
നോക്കി[t] ക്രമംകെട്ടു നടക്കുന്നു[u]
എന്നു കേൾക്കുന്നു. **12** ഇങ്ങനെ
യുള്ളവരോട്: സാവധാനത്തോടെ
വേല ചെയ്ത് അഹോവൃത്തി കഴി
ക്കേണം എന്ന് കർത്താവായ യേശു
ക്രിസ്തുവിൽ ഞങ്ങൾ ആജ്ഞാ
പിച്ചു പ്രബോധിപ്പിക്കുന്നു. **13** നി
ങ്ങളോ, സഹോദരന്മാരേ, നന്മ

12.[x] *(1രാജാ.22:22; യെഹെ.14:9; വെളി.17:17)*
13.[y] *1തെസ്സ.1:4; (ആവ.33:12)*
[z] *എഫെ.1:4*
[a] *1തെസ്സ.4:3*
[b] *1തെസ്സ.5:9; (2തിമൊ.1:9)*
[c] *2തെസ്സ.1:3*
14.[b] *(വാ.13കാ.)*
[d] *1തെസ്സ.1:5*
15.[e] *1കൊരി.16:13*
[f] *2തെസ്സ.2:2*
[g] *2തെസ്സ.3:6; 1കൊരി.11:2*
16.[h] *യോഹ.3:16; 1യോഹ.4:10; വെളി.1:6*
[i] *1പത്രൊ.1:3*
17.[j] *2തെസ്സ.3:3; 1തെസ്സ.3:13; 1പത്രൊ.5:10*

**അധ്യായം 3**

1.[a] *സങ്കീ.147:15; (1തെസ്സ.1:8)*
2.[b] *റോമ.15:30*
[c] *1തെസ്സ.5:25*
[d] *(ആവ.32:20)*
3.[e] *1കൊരി.1:9*
[f] *മത്താ.13:19*
[g] *മത്താ.6:13; യോഹ.17:15*
4.[h] *2കൊരി.2:3*
5.[i] *1തെസ്സ.3:11*
6.[j] *2തെസ്സ.3:11; 1തെസ്സ.5:14*
[k] *1കൊരി.5:11*
[l] *2തെസ്സ.3:14; (മത്താ.18:17; 2തിമൊ.3:5); 1കൊരി.5:9 2യോഹ.10*
[m] *1കൊരി.5:4*
7.[n] *(അപ്പൊ.പ്ര. 20:35); 1തെസ്സ.1:6*
[o] *1തെസ്സ.1:5*
8.[p] *1തെസ്സ.2:9*
9.[q] *1കൊരി.9:4; 1തെസ്സ.2:6*
[r] *2തെസ്സ.3:7; 1പത്രൊ.5:3*

10.[s] *(ഉൽപ.3:19);1തെസ്സ.4:12* 11.[t] *1തിമൊ.5:13; 1പത്രൊ.4:15* [u] *2തെസ്സ.3:6*

ചെയ്യുന്നതിൽ തളർന്നുപോക
രുത്.[v] **14** ഈ ലേഖനത്തിലുള്ള
ഞങ്ങളുടെ വാക്ക് അനുസരിക്കാ
ത്തവൻ നാണിക്കേണ്ടതിന് അവ
നോടുള്ള സംസർഗം വിട്ട്[w] അവനെ
വേർതിരിപ്പിൻ. **15** എങ്കിലും ശത്രു
എന്ന് വിചാരിക്കാതെ[x] സഹോദ
രൻ എന്നുവച്ച് അവനെ ബുദ്ധിയു
പദേശിക്ക[y]യത്രേ വേണ്ടത്.
**16** സമാധാനത്തിന്റെ കർത്താ
വായവൻ[z] താൻ നിങ്ങൾക്ക് എ
ല്ലായ്പോഴും സകലവിധത്തിലും
സമാധാനം നല്കുമാറാകട്ടെ;[a] കർ
ത്താവ് നിങ്ങളെല്ലാവരോടുംകൂടെ
ഇരിക്കുമാറാകട്ടെ.[b]
**17** പൗലൊസായ എന്റെ കൈ
യാൽ വന്ദനം;[c] സകല ലേഖനത്തി
ലും ഇതുതന്നെ അടയാളം; ഇങ്ങ
നെ ഞാൻ എഴുതുന്നു. **18** നമ്മുടെ
കർത്താവായ യേശുക്രിസ്തുവിന്റെ
കൃപ നിങ്ങളെല്ലാവരോടുംകൂടെ
ഇരിക്കുമാറാകട്ടെ.[d]

❋ ❋ ❋

13.[v] *ഗലാ.6:9; (1കൊരി.15:58)*
14.[w] *2തെസ്സ.3:6*
15.[x] *ലേവ്യാ.19:17; മത്താ.18:15*
[y] *1തെസ്സ.5:12,14; (തീത്തൊ.3:10)*
16.[z] *റോമ.15:33; എഫെ.6:23*
[a] *സംഖ്യാ.6:26*
[b] *രൂത്ത്.2:4*
17.[c] *1കൊരി.16:21* 18.[d] *റോമ.16:20*

## രണ്ടാമത്തെ വരവ്

ദൈവരാജ്യം സ്ഥാപിക്കുന്നതിനും ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും ന്യായം വിധിക്കുന്നതിനും ക്രിസ്തു വീണ്ടും വരുന്നതിനെയാണ് പുനരാഗമനം എന്നും രണ്ടാമത്തെ വരവ് എന്നും വിവക്ഷിക്കുന്നത്. രണ്ടാമത്തെ വരവ് എന്ന പദം പുതിയനിയമത്തിലില്ല. എന്നാൽ 'ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ...പിന്നെയും വന്നു നിങ്ങളെ ചേർത്തുകൊള്ളും' (യോഹ. 14:3) എന്നു യേശു പറഞ്ഞിട്ടുണ്ട്. 'തനിക്കായി കാത്തുനിൽക്കുന്നവരുടെ രക്ഷയ്ക്കായി അവൻ രണ്ടാമതും പ്രത്യക്ഷനാകും' എന്ന് എബ്രായ ലേഖന കർത്താവ് പ്രസ്താവിച്ചിരിക്കുന്നു (എബ്രാ. 9:28). ആ ഭാവികാല സംഭവം വിവരിക്കുന്നതിനായി *പറൂസിയാ* എന്ന ഗ്രീക്കു പദം പല ഭാഗങ്ങളിലും ഉപയോഗിച്ചിട്ടുണ്ട് (ഉദാ. 1 കൊരി. 15:23; 1 തെസ്സ. 3:13). എ. ഡി. ആദ്യനൂറ്റാണ്ടിൽ റോമാ സാമ്രാജ്യത്തിൽ *പറൂസിയാ* എന്ന പദം ഉപയോഗിച്ചിരുന്നത് വിശ്വസ്ത പ്രജകളാൽ സ്വാഗതംചെയ്യപ്പെടുന്ന ഒരു രാജാവിന്റെ പരസ്യപ്രത്യക്ഷതയെ കുറിക്കുന്നതിനാണ്. യേശുവിന്റെ സ്വർഗാരോഹണം ഉറ്റുനോക്കിക്കൊണ്ടു നിന്ന ശിഷ്യന്മാരോട്, .ഈ യേശുവിനെ സ്വർഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെതന്നെ അവൻ 'വീണ്ടും വരും' എന്നു ദൂതന്മാർ പറഞ്ഞതായി അപ്പൊ.പ്ര. 1:11 ൽ രേഖപ്പെടുത്തിയിരിക്കുന്നു. സുവിശേഷങ്ങളിലും മനുഷ്യപുത്രൻ വീണ്ടും വരുമെന്നു സൂചിപ്പിക്കുന്നു. മനുഷ്യപുത്രന്റെ വരവിനുമുമ്പായി കഷ്ടതയുടെയും തീവ്രവേദനയുടെയും ഒരു കാലം ഉണ്ടാകും (മത്താ. 24:29 - 31; മർക്കൊ. 13:3 - 27). രണ്ടാമത്തെ വരവിനുമുമ്പു നടക്കേണ്ട പല അടയാളങ്ങളും യേശു വിവരിച്ചിട്ടുണ്ട്. എങ്കിലും അത് എപ്പോൾ സംഭവിക്കും എന്നു ദൂതന്മാർക്കോ പുത്രനു തന്നെയുമോ അറിയുവാൻ കഴിയുകയില്ല (മത്താ. 24:36 - 44; മർക്കൊ. 13:32 - 37). തിന്മചെയ്തവർക്കു ശിക്ഷയും നന്മചെയ്തവർക്കു പ്രതിഫലവും നല്കുന്ന ന്യായവിധിയും രണ്ടാമത്തെ വരവിൽ ഉണ്ടാകും (മത്താ. 13:41 - 43; 16:27,28; 25:31 - 46; ലൂക്കൊ. 18:1 - 8; 21:34 - 36). കർത്താവിന്റെ വരവിൽ ഭക്തികെട്ട മനുഷ്യർ നശിക്കുകയും ആകാശവും ഭൂമിയും തീക്കിരയാകുകയും പുതിയ ആകാശവും ഭൂമിയും ആവിർഭവിക്കുകയും ചെയ്യുമെന്ന് 2 പത്രൊ. 3:7 - 13 ഭാഗത്തു രേഖപ്പെടുത്തിയിരിക്കുന്നു (വെളി. 20:11 - 21:4).

പൗലൊസിന്റെ ലേഖനങ്ങളിൽ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെ അപ്പൊസ്തലൻ വിവരിക്കുന്നത് ക്രിസ്തുവിനുള്ളവരുടെ പുനരുത്ഥാനത്തിന്റെ സമയമായിട്ടാണ് (1 കൊരി. 15:22 - 24; 1 തെസ്സ. 4:14 - 18). അന്ന് ക്രിസ്തു എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും ശക്തിക്കും നീക്കം വരുത്തിയിട്ടു രാജ്യം പിതാവായ ദൈവത്തെ ഭരമേല്പിക്കും (1 കൊരി. 15:24 - 28). അതിനു മുമ്പു ക്രിസ്തുവിന്റെ അനുയായികൾ, ക്രിസ്തുവിന്റെ പ്രത്യക്ഷതവരെ സമാധാനത്തിലും വിശുദ്ധീകരണത്തിലും ജീവിക്കട്ടെ എന്ന് അപ്പൊസ്തലൻ ആശംസിക്കുന്നു (1 തെസ്സ. 5:23). യാക്കോബിന്റെ ലേഖനത്തിൽ 'കർത്താവിന്റെ പ്രത്യക്ഷതവരെ ദീർഘക്ഷമയോടിരിപ്പിൻ' എന്നതിൽ പ്രതിധ്വനിക്കുന്നത് രണ്ടാമത്തെ വരവിനെക്കുറിച്ച് അവരുടെ കാലത്തുതന്നെ സംഭവിക്കും എന്ന ആദിമ ക്രിസ്ത്യാനികൾക്കിടയിലുണ്ടായിരുന്ന വിശ്വാസമാണ് (യാക്കോ. 5:7,8; 1 യോഹ. 2:18; വെളി. 22:6 - 10, 20). ആദിമ ക്രിസ്ത്യാനികൾ പ്രതീക്ഷിച്ചതുപോലെ കർത്താവ് വരാതിരുന്നപ്പോൾ ചില എഴുത്തുകാർ അതിനു കാരണം എന്തെന്നു പ്രസ്താവിച്ചിട്ടുണ്ട് (യോഹ. 21:20 - 23; 2 പത്രൊ. 3:3 - 10).

# THE FIRST EPISTLE OF PAUL THE APOSTLE TO TIMOTHY
# അപ്പൊസ്തലനായ പൗലൊസ് തിമൊഥെയൊസിന് എഴുതിയ ഒന്നാം ലേഖനം

## മുഖവുര

അപ്പൊസ്തലനായ പൗലൊസ് തിമൊഥെയൊസിനെഴുതിയ ലേഖനത്തിൽ പ്രധാനമായി മൂന്നു കാര്യങ്ങളാണ് പ്രതിപാദിച്ചിരിക്കുന്നത്. സഭയിലെ തെറ്റായ പഠിപ്പിക്കലിനെതിരെയുള്ള മുന്നറിയിപ്പാണ് ഒന്നാമത്തേത്. സഭാനേതാക്കന്മാർക്കും ശുശ്രൂഷകന്മാർക്കും ഉണ്ടായിരിക്കേണ്ട സ്വഭാവവിശേഷതകളുടെ ഒരു വിവരണവും സഭയുടെ ഭരണത്തിനും ആരാധനയ്ക്കും വേണ്ട നിർദേശങ്ങളും ഇതിൽ രണ്ടാമതായി ഉൾക്കൊള്ളിച്ചിരിക്കുന്നു. അവസാനമായി, ക്രിസ്തുവിന്റെ ഒരു നല്ല ഭടനായിത്തീരേണ്ടത് എങ്ങനെ എന്നും പല വിശ്വാസസമൂഹത്തോടുള്ള ഉത്തരവാദിത്വം എങ്ങനെ ആയിരിക്കണം എന്നും തിമൊഥെയൊസിനെ ഉപദേശിക്കുന്നു.

***1. പൗലൊസ് താൻ തിമൊഥെയൊസിനു കൊടുത്ത കല്പനയെ അവനെ ഓർമപ്പെടുത്തുന്നത് 5. ന്യായപ്രമാണത്തിന്റെ താല്പര്യം 12. പൗലൊസ് ഒരു അപ്പൊസ്തലനായി വിളിക്കപ്പെട്ടത് 19. വിശ്വാസത്തിൽനിന്ന് മറിഞ്ഞുപോയ ചിലരെക്കുറിച്ച്.***

### അധ്യായം 1

നമ്മുടെ രക്ഷിതാവായ ദൈവത്തി
ന്റെയും[a] നമ്മുടെ പ്രത്യാശയായ[b]
ക്രിസ്തുയേശുവിന്റെയും കല്പന
പ്രകാരം[c] ക്രിസ്തുയേശുവിന്റെ
**2** അപ്പൊസ്തലനായ[d] പൗലൊസ്
വിശ്വാസത്തിൽ നിജപുത്രനായ[e]
തിമൊഥെയൊസിന് എഴുതുന്നത്:
പിതാവായ ദൈവത്തിങ്കൽനിന്നും
നമ്മുടെ കർത്താവായ ക്രിസ്തു
യേശുവിങ്കൽനിന്നും നിനക്കു കൃപ
യും കനിവും സമാധാനവും ഉണ്ടാ
കട്ടെ.[f]
**3** അന്യഥാ ഉപദേശിക്ക[g]രുതെന്നും
വിശ്വാസം എന്ന ദൈവവ്യവസ്ഥ[h]
യ്ക്കല്ല തർക്കങ്ങൾക്കു[i] മാത്രം ഉത
കുന്ന കെട്ടുകഥകളെയും അന്ത
മില്ലാത്ത വംശാവലികളെയും[j] ശ്ര
ദ്ധിക്ക[k]രുതെന്നും ചിലരോട് ആ
ജ്ഞാപിക്കേണ്ടതിന് **4** നീ എഫെ
സൊസിൽ താമസിക്കേണം എന്നു[l]

1\. [a] *ലൂക്കൊ.1:47* [b] *കൊലൊ.1:27* [c] *തീത്തൊ.1:1; (റോമ.16:24)* 2. [d] *2കൊരി.1:1* [e] *തീത്തൊ.1:4* [f] *2തിമൊ.1:2; 2യോഹ.3; യൂദാ.2* 3. [g] *1തിമൊ.6:3; (ഗലാ.1:6,7)* [h] *എഫെ.3:2; 1കൊരി.9:17* [i] *1തിമൊ.6:4* [j] *തീത്തൊ.3:9* [k] *1തിമൊ.4:7; 2തിമൊ.4:4; തീത്തൊ.1:14; 2പത്രൊ.1:16* 4. [l] *(തീത്തൊ.1:5)*

***സഭാശുശ്രൂഷകരുടെ നിയമനം:*** തിമൊഥെയൊസിന് എഴുതിയ ഒന്നാം ലേഖനത്തിൽ സഭാശുശ്രൂഷകരായി (ബിഷപ്പുമാർ, പട്ടക്കാർ/മൂപ്പന്മാർ, ഡീക്കന്മാർ/ശുശ്രൂഷകന്മാർ) തിരഞ്ഞെടുക്കപ്പെടുന്നവർ എങ്ങനെയുള്ളവരായിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. ശുശ്രൂഷാസ്ഥാനത്തേക്കു സഭ തിരഞ്ഞെടുക്കുന്ന ആളിന്റെ തലയിൽ അപ്പൊസ്തലന്മാർ (മൂപ്പന്മാർ) കൈവച്ചു പ്രാർഥിക്കുന്നു (4:14; അപ്പൊ.പ്ര. 6:5,6). തലയിൽ കൈവച്ചു പ്രാർഥിച്ച് നിയോഗമോ അനുഗ്രഹമോ നല്കുന്ന പതിവ് പഴയനിയമകാലത്തും ഉണ്ടായിരുന്നു (സംഖ്യാ. 27:23; ഉൽപ. 48:13-20). പുതിയനിയമത്തിലും ഇതു പതിവായിരുന്നു: സൗഖ്യം നല്കുന്നതിന് (മർക്കൊ. 1:4), അനുഗ്രഹിക്കുന്നതിന് (മർക്കൊ. 10:16), പ്രത്യേക ശുശ്രൂഷയ്ക്കായി നിയോഗിക്കുന്നതിന് (അപ്പൊ. പ്ര. 6:6; 1 തിമൊ. 5:22), പരിശുദ്ധാത്മവരം ലഭിക്കുന്നതിന് (അപ്പൊ.പ്ര. 8:17; 19:6). ആധുനിക നാളുകളിൽ പ്രത്യേക ദൗത്യത്തിനായി ആളുകളെ തിരഞ്ഞെടുക്കുന്നതിന് 'അഭിഷേകം ചെയ്യുക','നിയോഗിക്കുക' എന്നൊക്കെയാണു പറയാറുള്ളത് (സഭയിൽ ശുശ്രൂഷകർക്ക് തലയിൽ കൈവച്ചു പട്ടാഭിഷേകം നല്കുന്നത് ഈ പാരമ്പര്യത്തിന്റെ തുടർച്ചയാണ്).

ഞാൻ മക്കെദോന്യക്കു പോകു
മ്പോൾ അപേക്ഷിച്ചതുപോലെ[l]
ഇപ്പോഴും ചെയ്യുന്നു. 5 ആജ്ഞ
യുടെ ഉദ്ദേശ്യമോ: ശുദ്ധഹൃദയം,[m]
നല്ല മനസ്സാക്ഷി,[n] നിർവ്യാജവിശ്വാ
സം[o] എന്നിവയാൽ ഉളവാകുന്ന
സ്നേഹം തന്നെ. 6 ചിലർ ഇവ
വിട്ടുമാറി[p] വൃഥാവാദത്തിലേക്കു[q]
തിരിഞ്ഞു 7 ധർമ്മോപദേഷ്ടാക്ക
ന്മാരായിരിപ്പാൻ ഇച്ഛിക്കുന്നു; ത
ങ്ങൾ പറയുന്നത് ഇന്നത് എന്നും
സ്ഥാപിക്കുന്നത് ഇന്നത് എന്നും
ഗ്രഹിക്കുന്നില്ലതാനും.[r] 8 ന്യായപ്ര
മാണമോ നീതിമാനല്ല,[s] അധർമ്മി
കൾ, അഭക്തർ, അനുസരണം
കെട്ടവർ, പാപികൾ, അശുദ്ധർ,
ബാഹ്യന്മാർ, പിതൃഹന്താക്കൾ,
മാതൃഹന്താക്കൾ, കൊലപാതകർ,
9 ദുർന്നടപ്പുകാർ, പുരുഷമൈഥു
നക്കാർ, നരമോഷ്ടാക്കൾ, ഭോ
ഷ്കുപറയുന്നവർ, കള്ളസ്സത്യം
ചെയ്യുന്നവർ എന്നീ വകക്കാർക്കും
10 പത്ഥ്യോപദേശത്തിനു[t] വിപരീ
തമായ മറ്റ് ഏതിനും അത്രേ വച്ചി
രിക്കുന്നത് എന്നു ഗ്രഹിച്ചുകൊ
ണ്ട്, അതിനെ ന്യായോചിതമായി
ഉപയോഗിച്ചാൽ ന്യായപ്രമാണം
നല്ലതു[u]തന്നെ എന്നു നാം അറി
യുന്നു. 11 ഈ പരിജ്ഞാനം, എ
ങ്കൽ ഭരമേല്പിച്ചിരിക്കുന്നതായി[v]
ധന്യനായ ദൈവത്തിന്റെ[w] മഹത്ത്വ
മുള്ള സുവിശേഷ[x]ത്തിന് അനു
സാരമായതുതന്നെ.

12 എനിക്കു ശക്തി നല്കിയ[y]
ക്രിസ്തുയേശു എന്ന നമ്മുടെ കർ
ത്താവ് എന്നെ വിശ്വസ്തൻ എന്ന്
എണ്ണി ശുശ്രൂഷയ്ക്ക് ആക്കിയതു
കൊണ്ട്[z] ഞാൻ അവനെ സ്തുതി
ക്കുന്നു. 13 മുമ്പേ ഞാൻ ദൂഷക
നും ഉപദ്രവിയും[a] നിഷ്ഠുരനും ആ
യിരുന്നു; എങ്കിലും അവിശ്വാസ
ത്താൽ അറിയാതെ ചെയ്തതാ
കകൊണ്ട്[b] എനിക്കു കരുണ ലഭി
ച്ചു.[c] 14 നമ്മുടെ കർത്താവിന്റെ
കൃപ[d] ക്രിസ്തുയേശുവിലുള്ള വി
ശ്വാസത്തോടും സ്നേഹത്തോ
ടും[e]കൂടെ അത്യന്തം വർധിച്ചു[d]മിരി

5.[m] 2തിമൊ.2:22; 1പത്രൊ.1:22
[n] 1പത്രൊ.3:16,21
[o] റോമ.12:9; 2തിമൊ.1:5
6.[p] 1തിമൊ.6:21; 2തിമൊ.2:18
[q] തീത്തൊ.1:10
7.[r] (1തിമൊ.6:4; കൊലൊ.2:18)
8.[s] ഗലാ.5:23
10.[t] 2തിമൊ.4:3; തീത്തൊ.1:9;2:1; (1തിമൊ.6:3; 2തിമൊ.1:13; തീത്തൊ.1:13;2:2)
[u] റോമ.7:16
11.[v] തീത്തൊ.1:1; റോമ.2:16; ഗലാ.2:8
[w] 1തിമൊ.6:15
[x] (2കൊരി.4:4)
12.[y] അപ്പൊ.പ്ര.9:22; ഫിലി.4:13; 2തിമൊ.4:7
[z] 2കൊരി.3:6
13.[a] അപ്പൊ.പ്ര.8:3
[b] അപ്പൊ.പ്ര.3:17
[c] 1കൊരി.7:25; 2കൊരി.4:1
14.[d] റോമ.5:20
[e] (ലൂക്കൊ.7:47,50); 1തെസ്സ.1:2

15.[f] മത്താ.9:13; യോഹ.3:17; റോമ.4:24,25
[g] 1തിമൊ.3:1;4:9; 2തിമൊ.2:13; തീത്തൊ.3:8; (വെളി.22:6)
[h] (1കൊരി.15:9)
17.[i] വെളി.15:3; (സങ്കീ.10:16; വെളി.4:9,10)
[j] 1തിമൊ.6:15,16; റോമ.1:23
[k] യോഹ.1:18; കൊലൊ.1:15; എബ്രാ.11:27; 1യോഹ.4:12
[l] യൂദാ.25
[m] 1ദിന.29:11
18.[n] 1തിമൊ.4:14
[o] 2തിമൊ.2:2

ക്കുന്നു. 15 ക്രിസ്തുയേശു പാപി
കളെ രക്ഷിപ്പാൻ ലോകത്തിൽ
വന്നു[f] എന്നുള്ളതു വിശ്വാസ്യവും
എല്ലാവരും അംഗീകരിപ്പാൻ യോഗ്യ
വുമായ വചനം[g]തന്നെ; ആ പാപി
കളിൽ ഞാൻ ഒന്നാമൻ.[h] 16 എ
ന്നിട്ടും യേശുക്രിസ്തു നിത്യജീവ
നായിക്കൊണ്ടു തന്നിൽ വിശ്വസിപ്പാ
നുള്ളവർക്ക് ദൃഷ്ടാന്തത്തിനായി
സകല ദീർഘക്ഷമയും ഒന്നാമ
നായ എന്നിൽ കാണിക്കേണ്ടതിന്
എനിക്ക് കരുണ ലഭിച്ചു. 17 നിത്യ
രാജാവായി[i] അക്ഷയനും[j] അദൃശ്യ
നുമായ[k] ഏകദൈവത്തിന്[l] എന്നെ
ന്നേക്കും ബഹുമാനവും മഹത്ത്വ
വും.[m] ആമേൻ. 18 മകനേ, തിമൊ
ഥെയൊസേ, നിന്നെക്കുറിച്ചു മുമ്പു
ണ്ടായ പ്രവചനങ്ങൾക്ക്[n] ഒത്തവ
ണ്ണം ഞാൻ ഈ ആജ്ഞ നിനക്ക്
ഏല്പിക്കുന്നു;[o] നീ വിശ്വാസവും
നല്ല മനസ്സാക്ഷിയും ഉള്ളവനായി
അവയെ അനുസരിച്ചു[p] നല്ല യുദ്ധ
സേവ[q] ചെയ്ക. 19 ചിലർ നല്ല മന
സ്സാക്ഷി തള്ളിക്കളഞ്ഞിട്ട് അവരുടെ
വിശ്വാസക്കപ്പൽ തകർന്നുപോയി.[r]
20 ഹുമനയൊസും[s] അലെക്സന്ത
രും[t] ഈ കൂട്ടത്തിൽ ഉള്ളവർ ആ
കുന്നു, അവർ ദൂഷണം[u] പറയാതി
രിപ്പാൻ പഠിക്കേണ്ടതിനു ഞാൻ
അവരെ സാത്താനെ ഏല്പിച്ചിരി
ക്കുന്നു.[v]

❋ ❋ ❋

***1. സകല ജനങ്ങൾക്കുംവേണ്ടി പ്രാർഥനകൾ ചെയ്യപ്പെടേണ്ടുന്നതും അതിന്റെ ഹേതുവും 8. സഭാപ്രാർഥനയിൽ പുരുഷന്മാരും സ്ത്രീകളും ആചരിക്കേണ്ടത്.***

**2** എന്നാൽ സകല മനുഷ്യർക്കും
നാം സർവഭക്തിയോടും ഘന
ത്തോടും[a]കൂടെ സാവധാനതയും
സ്വസ്ഥതയുമുള്ള ജീവനം കഴി

[p] (1തിമൊ.3:9) [q] 1കൊരി.9:7; 2കൊരി.10:4; 2തിമൊ.2:3,4; (1തിമൊ.6:12) 19.[r] (1തിമൊ.6:9) 20.[s] 2തിമൊ.2:18 [t] 2തിമൊ.4:14 [u] അപ്പൊ.പ്ര.13:45 [v] 1കൊരി.5:5

അധ്യായം 2

1.[a] 1തിമൊ.3:4

ക്കേണ്ടതിനു 2 വിശേഷാൽ രാജാ
ക്കന്മാർക്കും സകല അധികാരസ്ഥ
ന്മാർക്കുംവേണ്ടി[b] യാചനയും പ്രാർ
ത്ഥനയും പക്ഷവാദവും സ്തോത്രവും
ചെയ്യേണം എന്നു ഞാൻ സകലത്തി
നും മുമ്പേ പ്രബോധിപ്പിക്കുന്നു.
3 അതു നമ്മുടെ രക്ഷിതാവായ ദൈ
വത്തിന്റെ[c] സന്നിധിയിൽ നല്ലതും
പ്രസാദകരവും[d] ആകുന്നു. 4 അ
വൻ സകല മനുഷ്യരും രക്ഷ പ്രാപി
പ്പാനും[e] സത്യത്തിന്റെ പരിജ്ഞാ
നത്തിൽ[f] എത്തുവാനും[g] ഇച്ഛി
ക്കുന്നു. 5 ദൈവം ഒരുവനല്ലോ;[h]
ദൈവത്തിനും മനുഷ്യർക്കും മധ്യ
സ്ഥനും ഒരുവൻ: 6 എല്ലാവർക്കും
വേണ്ടി മറുവിലയായി തന്നെത്താൻ
കൊടുത്ത[i] മനുഷ്യനായ ക്രിസ്തു
യേശു തന്നെ. 7 തക്കസമയത്ത്[j]
അറിയിക്കേണ്ട ഈ സാക്ഷ്യത്തി
നായി[k] ഞാൻ പ്രസംഗിയും അപ്പൊ
സ്തലനു[l]മായി-ഭോഷ്കല്ല, പരമാർ
ത്ഥംതന്നെ പറയുന്നു[m]-ജാതികളെ
വിശ്വാസവും സത്യവും ഉപദേശി
പ്പാൻ[n] നിയമിക്കപ്പെട്ടിരിക്കുന്നു.[l]
8 ആകയാൽ പുരുഷന്മാർ എല്ലാ
ടത്തും[o] കോപവും വാഗ്വാദവും
വിട്ടകന്നു വിശുദ്ധ കൈകളെ[p] ഉ
യർത്തി[q] പ്രാർത്ഥിക്കേണം എന്നു
ഞാൻ ആഗ്രഹിക്കുന്നു. 9 അവ്വണ്ണം
സ്ത്രീകളും യോഗ്യമായ വസ്ത്രം
ധരിച്ചു[r] ലജ്ജാശീലത്തോടും സു
ബോധത്തോടുംകൂടെ തങ്ങളെ
അലങ്കരിക്കേണം. 10 പിന്നിയ തല
മുടി, പൊന്ന്, മുത്ത്, വിലയേറിയ
വസ്ത്രം എന്നിവകൊണ്ടല്ല, ദൈവ
ഭക്തിയെ സ്വീകരിക്കുന്ന സ്ത്രീ
കൾക്ക് ഉചിതമാകുംവണ്ണം സൽ
പ്രവൃത്തികളെക്കൊണ്ടത്രേ[s] അല
ങ്കരിക്കേണ്ടത്. 11 സ്ത്രീ മൗനമായി
രുന്നു പൂർണാനുസരണത്തോടും
കൂടെ[t] പഠിക്കട്ടെ. 12 മൗനമായിരി
പ്പാൻ അല്ലാതെ ഉപദേശിപ്പാനോ[u]
പുരുഷന്റെമേൽ അധികാരം നടത്തു
വാനോ ഞാൻ സ്ത്രീയെ അനുവദി
ക്കുന്നില്ല.[u] 13 ആദാം ആദ്യം നിർ
മ്മിക്കപ്പെട്ടു,[v] 14 പിന്നെ ഹവ്വാ;[w]
ആദാം അല്ല, സ്ത്രീ അത്രേ വഞ്ചി

2.[b] എസ്രാ.6:9
3.[c] 1തിമൊ.1:1
[d] 1തിമൊ.5:4
4.[e] 1തിമൊ.4:10; യെഹെ.18:23,32; തീത്തൊ.2:11
[f] 2തിമൊ.2:25; തീത്തൊ.1:3; എബ്രാ.10:26
[g] 2തിമൊ.3:7
5.[h] ഗലാ.3:20
6.[i] മത്താ.20:28
7.[j] 1തിമൊ.6:16; തീത്തൊ.1:1; (ഗലാ.4:4)
[k] 1കൊരി.1:5
[l] 1തിമൊ.1:11; എഫെ.3:7,8; 2തിമൊ.1:11
[m] റോമ.9:1
[n] അപ്പൊ.പ്ര.9:15
8.[o] (യോഹ.4:21)
[p] ഇയ്യോ.17:9; സങ്കീ.24:4
[q] സങ്കീ.63:4; 119:48; (യെശ.1:15)
9.[r] 1പത്രൊ.3:3; (യെശ.3:18-23)
10.[s] (1പത്രൊ.3:4)
11.[t] തീത്തൊ.2:5
12.[u] (1കൊരി.14:34)
13.[v] ഉൽപ.1:27;2:8
14.[w] ഉൽപ.2:18,22
[x] ഉൽപ.3:6,13
15.[y] 1തിമൊ.1:14
[z] (ഗലാ.4:4)

ക്കപ്പെട്ടു ലംഘനത്തിൽ അകപ്പെ
ട്ടത്.[x] 15 എന്നാൽ വിശ്വാസത്തി
ലും[y] സ്നേഹത്തിലും വിശുദ്ധീക
രണത്തിലും സുബോധത്തോടെ
പാർക്കുന്നു എങ്കിൽ അവൾ മക്ക
ളെ പ്രസവിച്ചു[z] രക്ഷ പ്രാപിക്കും.

❋ ❋ ❋

*1. അധ്യക്ഷരും 8. ശുശ്രൂഷകരും 11. അവരുടെ ഭാര്യമാരും ഇപ്രകാരമുള്ളവരായിരിക്കണമെന്നുള്ളത് 14. ഈ കാര്യങ്ങളെ പൗലൊസ് തിമൊഥെയൊസിനു എന്തിന് എഴുതി എന്നുള്ളത്.*

3 ഒരുവൻ അധ്യക്ഷസ്ഥാനം[a]
കാംക്ഷിക്കുന്നു എങ്കിൽ നല്ല
വേല ആഗ്രഹിക്കുന്നു എന്നുള്ള
തു വിശ്വാസയോഗ്യം ആകുന്നു.[b]
2 എന്നാൽ അധ്യക്ഷൻ നിരപ
വാദ്യനായി[c] ഏകഭാര്യയുടെ ഭർ
ത്താവും[d] നിർമ്മദനും[e] ജിതേന്ദ്രിയ
നും സുശീലനും അതിഥിപ്രിയനും[f]
ഉപദേശിപ്പാൻ സമർത്ഥനും[g] ആയി
രിക്കേണം. 3 മദ്യപ്രിയനും തല്ലു
കാരനും അരുത്; ശാന്തനും[h] കല
ഹിക്കാത്തവനും 4 ദ്രവ്യാഗ്രഹമി
ല്ലാത്തവനും[i] സ്വന്തകുടുംബത്തെ
നന്നായി ഭരിക്കുന്നവനും മക്കളെ
പൂർണഗൗരവത്തോടെ അനുസര
ണത്തിൽ പാലിക്കുന്നവനും[j] ആ
യിരിക്കേണം. 5 സ്വന്തകുടുംബ
ത്തെ ഭരിപ്പാൻ അറിയാത്തവൻ
ദൈവസഭയെ[a] എങ്ങനെ പരിപാ
ലിക്കും? 6 നിഗളിച്ചിട്ടു[k] പിശാചിനു
വന്ന ശിക്ഷാവിധിയിൽ അകപ്പെടാ
തിരിപ്പാൻ പുതിയ ശിഷ്യനും അ
രുത്. 7 നിന്ദയിലും പിശാചിന്റെ
കെണിയിലും[l] കുടുങ്ങാതിരിപ്പാൻ
പുറമേയുള്ളവരോടു[m] നല്ല സാക്ഷ്യം
പ്രാപിച്ചവനും ആയിരിക്കേണം.
8 അവ്വണ്ണം ശുശ്രൂഷകന്മാർ[n] ഘന
ശാലികളായിരിക്കേണം; ഇരുവാ
ക്കുകാരും മദ്യപന്മാരും[o] ദുർലാഭ
മോഹികളും[p] അരുത്.[o] 9 അവർ

അധ്യായം 3
1.[a] അപ്പൊ.പ്ര.20:28
[b] 1തിമൊ.1:15
2.[c] തീത്തൊ.1:6-9
[d] (1തിമൊ.5:9)
[e] 1തിമൊ.3:11; തീത്തൊ.2:2
[f] 1പത്രൊ.4:9
[g] 2തിമൊ.2:24
3.[h] തീത്തൊ.3:2
4.[i] എബ്രാ.13:5; (1തിമൊ.6:10)
[j] (1തിമൊ.3:12)
5.[a] (വാ.1കാ.)
6.[k] 1തിമൊ.6:4; 2തിമൊ.3:4 7.[l] 2തിമൊ.2:26; (1തിമൊ.6:9) [m] മർക്കൊ.4:11 8.[n] ഫിലി.1:1 [o] (1തിമൊ.5:23; തീത്തൊ.2:3) [p] തീത്തൊ.1:7; 1പത്രൊ.5:2

വിശ്വാസത്തിന്റെ മർമ്മം[q] ശുദ്ധമന
സ്സാക്ഷിയിൽ[r] വച്ചുകൊള്ളുന്നവർ
ആയിരിക്കേണം.[q] **10** അവരെ ആ
ദ്യം പരീക്ഷിക്കേണം;[s] അനിന്ദ്യ
രായി കണ്ടാൽ അവർ ശുശ്രൂഷ
ഏല്ക്കട്ടെ. **11** അവ്വണ്ണം സ്ത്രീ
കളും ഘനശാലികളായി[t] ഏഷണി
പറയാതെ നിർമ്മദമാരും എല്ലാറ്റിലും
വിശ്വസ്തമാരു[u]മായിരിക്കേണം.
**12** ശുശ്രൂഷകന്മാർ ഏക ഭാര്യയു
ള്ള ഭർത്താക്കന്മാരും[v] മക്കളെയും
സ്വന്തകുടുംബങ്ങളെയും നന്നായി
ഭരിക്കുന്നവരും ആയിരിക്കേണം.
**13** നന്നായി ശുശ്രൂഷ ചെയ്തിട്ടു
ള്ളവർ തങ്ങൾക്കു നല്ല നിലയും
ക്രിസ്തുയേശുവിങ്കലുള്ള വിശ്വാ
സത്തിൽ വളരെ പ്രാഗല്ഭ്യവും
സമ്പാദിക്കുന്നു.[w]

**14** ഞാൻ വേഗത്തിൽ നിന്റെ
അടുക്കൽ വരും എന്ന് ആശിക്കു
ന്നു; **15** താമസിച്ചുപോയാലോ
സത്യത്തിന്റെ തൂണും അടിസ്ഥാന
വുമായി ജീവനുള്ള ദൈവത്തിന്റെ
സഭയാകുന്ന ദൈവാലയത്തിൽ[x]
നടക്കേണ്ടത് എങ്ങനെയെന്നു നീ
അറിയേണ്ടതിന് ഇത് എഴുതുന്നു.
**16** അവൻ ജഡത്തിൽ വെളിപ്പെ
ട്ടു;[y] ആത്മാവിൽ നീതീകരിക്കപ്പെ
ട്ടു; ദൂതന്മാർക്കു പ്രത്യക്ഷനായി;[z]
ജാതികളുടെ ഇടയിൽ പ്രസംഗി
ക്കപ്പെട്ടു;[a] ലോകത്തിൽ വിശ്വസി
ക്കപ്പെട്ടു;[b] തേജസ്സിൽ എടുക്ക
പ്പെട്ടു.[c]
എന്നിങ്ങനെ ദൈവഭക്തിയുടെ
മർമ്മം സമ്മതമാംവണ്ണം വലിയതാ
കുന്നു.

❋ ❋ ❋

***1. ഭാവികാലങ്ങളിൽ വിശ്വാസത്തിൽനിന്ന് ഒരു വേർപിരിയൽ ഉണ്ടാകുമെന്നും തിമൊഥെയൊസ് ഇന്നപ്രകാരം ആചരിക്കണമെന്നും കല്പിച്ചത്.***

**4** എന്നാൽ ഭാവികാലത്തു[a] ചിലർ
വ്യാജാത്മാക്കളെയും ഭൂതങ്ങ
ളുടെ ഉപദേശങ്ങളെയും[b] ആശ്ര
യിച്ചു ഭോഷ്കു പറയുന്നവരുടെ[c]
കപടത്താൽ വിശ്വാസം ത്യജിക്കും

9.[q] (1തിമൊ.1:19)
[r] അപ്പൊ.പ്ര.23:1
10.[s] (1തിമൊ.5:22)
11.[t] തീത്തൊ.2:3
[u] (തീത്തൊ.2:10)
12.[v] 1തിമൊ.3:2,4
13.[w] മത്താ.25:21
15.[x] (എഫെ.2:21,22; എബ്രാ.3:6)
16.[y] യോഹ.1:14; 1പത്രൊ.1:20; 1യോഹ.1:2;3:5,8
[z] ലൂക്കൊ.2:13; 24:4
[a] ഗലാ.2:2
[b] 2തെസ്സ.1:9
[c] അപ്പൊ.പ്ര.1:1

**അധ്യായം 4**

1.[a] (2തെസ്സ.2:3 - 9; 2തിമൊ.3:1); 1കൊരി.11:19
[b] 1യോഹ.4:6; മത്താ.7:15
[c] (1തെസ്സ.2:3; 2തെസ്സ.2:12)
[d] യോഹ.14:16
2.[e] (എഫെ.4:19)
3.[f] (ദാനീ.11:37; എബ്രാ.13:4)
[g] റോമ.14:6
[h] ഉൽപ.1:29;9:3
[i] കൊലൊ.2:16
4.[j] ഉൽപ.1:31
[g] (വാ.3 കാ.)
[k] അപ്പൊ.പ്ര.10:15
5.[l] ഉൽപ.1:25,31
6.[m] (2തിമൊ.3:14,15)
[n] 2തിമൊ.3:10,11
7.[o] 1തിമൊ.1:3
[p] എബ്രാ.5:14
8.[q] (കൊലൊ.2:23)
[r] സങ്കീ.37:4,9,11; 84:11;112:2;145:19; സദൃ.19:23;22:4; മത്താ.6:33; മർക്കൊ.10:30; 1പത്രൊ.3:9
[s] (1തിമൊ.6:6)
9.[t] 1തിമൊ.1:15
10.[u] 1തിമൊ.2:4; യോഹ.4:42
11.[v] 1തിമൊ.5:7;6:2

എന്ന് ആത്മാവ് തെളിവായി പറയു
ന്നു.[d] **2** അവർ സ്വന്തമനസ്സാക്ഷി
യിൽ ചൂടുവച്ചവരായി[e] **3** വിവാഹം
വിലക്കുകയും[f] സത്യത്തെ ഗ്രഹിച്ചി
രിക്കുന്ന വിശ്വാസികൾ സ്തോത്ര
ത്തോടെ അനുഭവിപ്പാൻ[g] ദൈവം
സൃഷ്ടിച്ച ഭോജ്യങ്ങളെ[h] വർജി
ക്കേണം[i] എന്നു കല്പിക്കയും ചെ
യ്യും. **4** എന്നാൽ ദൈവത്തിന്റെ
സൃഷ്ടി എല്ലാം നല്ലത്;[j] സ്തോത്ര
ത്തോടെ അനുഭവിക്കുന്നു[g] എ
ങ്കിൽ ഒന്നും വർജിക്കേണ്ടതല്ല;[k]
**5** ദൈവവചനത്താലും പ്രാർഥന
യാലും വിശുദ്ധീകരിക്കപ്പെടുന്നു
വല്ലോ.[l]

**6** ഇതു സഹോദരന്മാരെ ഗ്രഹിപ്പി
ച്ചാൽ[m] നീ അനുസരിച്ച[n] വിശ്വാസ
ത്തിന്റെയും സദുപദേശത്തിന്റെയും
വചനത്താൽ പോഷണം ലഭിച്ചു
ക്രിസ്തുയേശുവിനു നല്ല ശുശ്രൂഷ
കൻ ആകും. **7** ഭക്തിവിരുദ്ധമായ
കിഴവിക്കഥകളെ[o] ഒഴിച്ചു ദൈവ
ഭക്തിക്കു തക്കവണ്ണം അഭ്യാസം
ചെയ്ക.[p] **8** ശരീരാഭ്യാസം അല്പ
പ്രയോജനമുള്ളതത്രേ;[q] ദൈവഭ
ക്തിയോ ഇപ്പോഴത്തെ ജീവന്റെയും
വരുവാനിരിക്കുന്നതിന്റെയും വാ
ഗ്ദത്തമുള്ളതാകയാൽ[r] സകല
ത്തിനും പ്രയോജനകരമാകുന്നു.[s]
**9** ഇതു വിശ്വാസ്യവും എല്ലാവരും
അംഗീകരിപ്പാൻ യോഗ്യവുമായ
വചനം.[t] **10** അതിനായിട്ടുതന്നെ
നാം സകല മനുഷ്യരുടെയും പ്ര
ത്യേകം വിശ്വാസികളുടെയും രക്ഷി
താവായ[u] ജീവനുള്ള ദൈവത്തിൽ
ആശവച്ച് അധ്വാനിച്ചും പോരാടി
യും വരുന്നു. **11** ഇതു നീ ആജ്ഞാ
പിക്കയും ഉപദേശിക്കയും ചെയ്ക.[v]
**12** ആരും നിന്റെ യൗവനം തുച്ഛീ
കരിക്കരുത്;[w] വാക്കിലും നടപ്പിലും
സ്നേഹത്തിലും വിശ്വാസത്തിലും
നിർമ്മലതയിലും വിശ്വാസികൾക്കു
മാതൃകയായിരിക്ക.[x] **13** ഞാൻ വരു
വോളം വായന, പ്രബോധനം, ഉപ
ദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്ക.

12.[w] 1കൊരി.16:11; (2തിമൊ.2:22; തീത്തൊ.2:15)
[x] തീത്തൊ.2:7; 1പത്രൊ.5:3

14 മൂപ്പന്മാരുടെ[y] കൈവയ്പോടു
കൂടെ[z] പ്രവചനത്താൽ[a] നിനക്കു
ലഭിച്ചതായി നിന്നിലുള്ള കൃപാ
വരം ഉപേക്ഷയായി വിചാരിക്കാ
തെ[b] 15 നിന്റെ അഭിവൃദ്ധി[c] എല്ലാ
വർക്കും പ്രസിദ്ധമായിത്തീരേണ്ട
തിന് ഇതു കരുതുക, ഇതിൽ തന്നെ
ഇരുന്നുകൊൾക. 16 നിന്നെത്ത
ന്നെയും ഉപദേശത്തെയും സൂക്ഷി
ച്ചുകൊൾക;[d] ഇതിൽ ഉറച്ചുനില്ക്ക;
അങ്ങനെ ചെയ്താൽ നീ നിന്നെ
യും[e] നിന്റെ പ്രസംഗം കേൾക്കുന്ന
വരെയും[f] രക്ഷിക്കും.

❋ ❋ ❋

*1. വിധവമാരെയും 17. മൂപ്പന്മാരെയും 20. കുറ്റം ചെയ്യുന്നവരെയും കുറിച്ച്.*

**5** മൂത്തവനെ ഭർത്സിക്കാതെ[a]
അപ്പനെപ്പോലെയും ഇളയവ
രെ സഹോദരന്മാരെപ്പോലെയും[b]
2 മൂത്ത സ്ത്രീകളെ അമ്മമാരെ
പ്പോലെയും ഇളയ സ്ത്രീകളെ പൂർ
ണനിർമ്മലതയോടെ സഹോദരി
കളെപ്പോലെയും പ്രബോധിപ്പിക്ക.
3 സാക്ഷാൽ വിധവമാരായിരിക്കു
ന്ന[c] വിധവമാരെ മാനിക്ക. 4 വല്ല
വിധവയ്ക്കും പുത്രപൗത്രന്മാർ
ഉണ്ടെങ്കിൽ അവർ മുമ്പേ സ്വന്ത
കുടുംബത്തിൽ ഭക്തി കാണിച്ച്[d]
അമ്മയപ്പന്മാർക്കു പ്രത്യുപകാരം
ചെയ്‌വാൻ പഠിക്കട്ടെ; ഇതു ദൈ
വസന്നിധിയിൽ പ്രസാദകരമാകു
ന്നു.[e] 5 സാക്ഷാൽ വിധവയും[f]
ഏകാകിയുമായവൾ ദൈവത്തിൽ
ആശവച്ചു രാപ്പകൽ യാചനയിലും
പ്രാർഥനയിലും ഉറ്റുപാർക്കുന്നു.[g]
6 കാമുകിയായവളോ[h] ജീവിച്ചിരി
ക്കയിൽത്തന്നെ ചത്തവൾ.[i] 7 അ
വർ നിരപവാദ്യമാരായിരിക്കേണ്ട
തിനു നീ ഇത് ആജ്ഞാപിക്ക.[j]
8 തനിക്കുള്ളവർക്കും പ്രത്യേകം
സ്വന്തകുടുംബക്കാർക്കുംവേണ്ടി[k]
കരുതാത്തവൻ വിശ്വാസം തള്ളി
ക്കളഞ്ഞ്[l] അവിശ്വാസിയെക്കാൾ
അധമനായിരിക്കുന്നു. 9 സൽപ്രവൃ
ത്തികളാൽ ശ്രുതിപ്പെട്ട് ഏകഭർ
ത്താവിന്റെ ഭാര്യ[m]യായിരുന്ന് അറു
പതു വയസ്സിനു താഴെയല്ലാത്ത
10 വിധവ മക്കളെ വളർത്തുകയോ
അതിഥികളെ സൽക്കരിക്ക[m]യോ
വിശുദ്ധന്മാരുടെ കാലുകളെ കഴു
കുക[n]യോ ഞെരുക്കമുള്ളവർക്കു
മുട്ടുതീർക്കുക[o]യോ സർവസൽ
പ്രവൃത്തിയും ചെയ്തുപോരുക[p]
യോ ചെയ്തു എങ്കിൽ അവളെ
തിരഞ്ഞെടുക്കാം. 11 ഇളയ വിധവ
മാരെ ഒഴിക്ക; അവർ ക്രിസ്തുവിനു
വിരോധമായി പുളച്ചു മദിക്കു
മ്പോൾ[q] വിവാഹം ചെയ്‌വാൻ ഇ
ച്ഛിക്കും. 12 ആദ്യവിശ്വാസം തള്ളു
കയാൽ അവർക്കു ശിക്ഷാവിധി
ഉണ്ട്. 13 അത്രയുമല്ല അവർ വീടു
തോറും നടന്നു മിനക്കെടുവാനും
ശീലിക്കും; മിനക്കെടുക മാത്രമല്ല
വായാടികളും[r] പരകാര്യത്തിൽ
ഇടപെടുന്നവരു[s]മായി അരുതാത്ത
തു സംസാരിക്കും.[s] 14 ആകയാൽ
ഇളയവർ വിവാഹം ചെയ്കയും[t]
പുത്രസമ്പത്തുണ്ടാക്കുകയും ഭവനം
രക്ഷിക്കയും[u] വിരോധിക്ക് അപ
വാദത്തിന് അവസരം ഒന്നും കൊ
ടുക്കാതിരിക്കയും[v] വേണം എന്നു
ഞാൻ ഇച്ഛിക്കുന്നു. 15 ഇപ്പോൾ
ത്തന്നെ ചിലർ സാത്താന്റെ പി
ന്നാലെ പോയല്ലോ.[w] 16 ഒരു വി
ശ്വാസിനിക്കു വിധവമാർ ഉണ്ടെ
ങ്കിൽ അവൾതന്നെ അവർക്കു
മുട്ടുതീർക്കട്ടെ; സഭയ്ക്കു ഭാരം
വരരുത്; സാക്ഷാൽ വിധവമാരാ
യവർക്കു[x] മുട്ടുതീർപ്പാനുണ്ടല്ലോ.
17 നന്നായി ഭരിക്കുന്ന[y] മൂപ്പ
ന്മാരെ, പ്രത്യേകം വചനത്തിലും
ഉപദേശത്തിലും അധ്വാനിക്കുന്ന
വരെതന്നെ, ഇരട്ടി മാനത്തിനു[z]
യോഗ്യരായി എണ്ണുക. 18 [a]മെതി
ക്കുന്ന കാളയ്ക്കു മുഖക്കുട്ട കെട്ട
രുത് എന്നു തിരുവെഴുത്തു പറയു
ന്നു; [b]വേലക്കാരൻ തന്റെ കൂലി
ക്കു യോഗ്യൻ എന്നും ഉണ്ടല്ലോ.
19 രണ്ടുമൂന്നു സാക്ഷികൾ മുഖേ
ന[c]യല്ലാതെ ഒരു മൂപ്പന്റെ നേരേ

14.[y] (അപ്പൊ.പ്ര. 20:17)
[z] അപ്പൊ.പ്ര.6:6
[a] 1തിമൊ.1:18
[b] 1തെസ്സ.5:19
15.[c] ഫിലി.1:12
16.[d] (അപ്പൊ.പ്ര. 20:28)
[e] യെഹെ.33:9
[f] റോമ.11:14

**അധ്യായം 5**

1.[a] (ലേവ്യാ.19:32)
[b] തീത്തൊ.2:6
3.[c] 1തിമൊ.5:5,16
4.[d] മത്താ.15:4 - 6; മർക്കൊ.7:10 - 13; എഫെ.6:1,2; (ഉൽപ.45:9 - 11)
[e] 1തിമൊ.2:3
5.[f] 1തിമൊ.5:3,16
[g] (ലൂക്കൊ.2:37; 18:1 - 5)
6.[h] യാക്കോ.5:5; (യെഹെ.16:49)
[i] വെളി.3:1
7.[j] 1തിമൊ.4:11;6:2
8.[k] ഗലാ.6:10
[l] വെളി.2:13; (2തിമൊ.3:5; തീത്തൊ.1:16; 2പത്രൊ.2:1; വെളി.3:8)
9.[m] (1തിമൊ.3:2)
10.[m] (വാ.9 കാ.)
[n] ഉൽപ.18:4
[o] 1തിമൊ.5:16
[p] (1തിമൊ.6:18)
11.[q] (വെളി.18:3,7,9)
13.[r] 3യോഹ.10
[s] 2തെസ്സ.3:11; 1പത്രൊ.4:15
14.[t] (1കൊരി.7:9)
[u] (തീത്തൊ.2:5)
[v] 1തിമൊ.6:1; തീത്തൊ.2:4,5,7,8
15.[w] (1തിമൊ.1:20)
16.[x] 1തിമൊ.5:3,5
17.[y] റോമ.12:8; 1തെസ്സ.5:12; (1കൊരി.12:28)
[z] ആവ.21:17
18.[a] 1കൊരി.9:9; ആവ.25:4 [b] മത്താ.10:10; ലൂക്കൊ.10:7; (ലേവ്യാ.19:13; ആവ.24:15; 1കൊരി.9:4,7 - 14)
19.[c] ആവ.19:15

അന്യായം എടുക്കരുത്. **20** പാപം
ചെയ്യുന്നവരെ ശേഷമുള്ളവർക്കും
ഭയത്തിനായി[d] എല്ലാവരും കേൾ
ക്കെ ശാസിക്ക.[e] **21** നീ പക്ഷമായി
ഒന്നും ചെയ്യാതെ[f]കണ്ട് സിദ്ധാന്തം
കൂടാതെ ഇവ പ്രമാണിച്ചുകൊ
ള്ളേണം എന്നു ഞാൻ ദൈവത്തെ
യും ക്രിസ്തുയേശുവിനെയും
ശ്രേഷ്ഠദൂതന്മാരെയും സാക്ഷി
യാക്കി നിന്നോടു കല്പിക്കുന്നു.[g]
**22** യാതൊരുത്തന്റെമേലും വേഗ
ത്തിൽ[h] കൈവയ്ക്കരുത്;[i] അന്യ
ന്മാരുടെ പാപങ്ങളിൽ ഓഹരിക്കാ
രനാ[j]കയുമരുത്. നിന്നെത്തന്നെ
നിർമ്മലനായി കാത്തുകൊൾക.
**23** മേലാൽ വെള്ളം മാത്രം കുടി
ക്കാതെ നിന്റെ അജീർണതയും
കൂടെക്കൂടെയുള്ള ക്ഷീണതയും
നിമിത്തം[k] അല്പം വീഞ്ഞും സേ
വിച്ചുകൊൾക.[l] **24** ചില മനുഷ്യ
രുടെ പാപങ്ങൾ വിസ്താരത്തിനു
മുമ്പേതന്നെ വെളിവായിരിക്കുന്നു;
ചിലരുടെ പാപങ്ങളോ ക്രമേണയ
ത്രേ. **25** സൽപ്രവൃത്തികളും അ
ങ്ങനെതന്നെ വെളിവാകുന്നു; വെ
ളിവാകാത്തവയും മറഞ്ഞിരിക്കുക
യില്ല.[m]

❋ ❋ ❋

***1. ഭൃത്യന്മാരെ പ്രബോധിപ്പിച്ച് 3. ദുരുപദേശവും ദ്രവ്യാഗ്രഹവും വർജിച്ച് 11. നിത്യജീവനെ തേടേണ്ടത്.***

**6** നുകത്തിൻകീഴിൽ ദാസന്മാരാ
യിരിക്കുന്നവരൊ[a]ക്കെയും ദൈവ
നാമവും ഉപദേശവും ദുഷിക്കപ്പെ
ടാതിരിപ്പാൻ[b] തങ്ങളുടെ യജമാന
ന്മാരെ സകല മാനത്തിനും യോഗ്യ
ന്മാർ എന്ന് എണ്ണേണ്ടതാകുന്നു.[a]
**2** വിശ്വാസികളായ യജമാനന്മാരു
ള്ളവർ അവരെ സഹോദരന്മാർ[c]
എന്നുവച്ച് അലക്ഷ്യമാക്കരുത്;
തങ്ങളെക്കൊണ്ടുള്ള ഉപകാരം
അനുഭവിക്കുന്നവർ വിശ്വാസികളും
പ്രിയരും ആകകൊണ്ട് അവരെ
വിശേഷാൽ സേവിക്കയത്രേ വേണ്ട
ത്; ഇത് നീ ഉപദേശിക്കയും പ്ര
ബോധിപ്പിക്കയും ചെയ്ക.[d]

20.[d] *ആവ.13:12*
[e] *തീത്തൊ.1:14;2:15*
21.[f] *2കൊരി.5:16*
[g] *1തിമൊ.6:14; 2തിമൊ.2:14;4:1*
22.[h] *(1തിമൊ.3:10)*
[i] *അപ്പൊ.പ്ര.6:6*
[j] *(2യോഹ.11)*
23.[k] *സങ്കീ.104:15*
[l] *(1തിമൊ.3:8)*
25.[m] *(സങ്കീ.37:6; സദൃ.10:9)*

**അധ്യായം 6**

1.[a] *1പത്രൊ.2:18*
[b] *യെശ.52:5; റോമ.2:24; തീത്തൊ.2:4*
2.[c] *ഫിലേ.16*
[d] *1തിമൊ.4:11,13; 5:7*

3.[e] *1തിമൊ.1:10*
[f] *തീത്തൊ.1:3*
[g] *1തിമൊ.1:3*
[h] *1കൊരി.8:2; (1തിമൊ.1:7)*
4.[i] *1തിമൊ.1:3; 2തിമൊ.2:23; തീത്തൊ.3:9*
[j] *2തിമൊ.2:14; (അപ്പൊ.പ്ര.18:15)*
[k] *1തിമൊ.3:6; 2തിമൊ.3:4*
5.[l] *2തിമൊ.3:8; (എഫെ.4:24; തീത്തൊ.1:15)*
[m] *തീത്തൊ.1:11; 2പത്രൊ.2:3*
6.[n] *സങ്കീ.37:16; സദൃ.15:16;16:8; ഫിലി.4:11; എബ്രാ.13:5*
[o] *(1തിമൊ.4:8)*
7.[p] *ഇയ്യോ.1:21; സങ്കീ.49:17; സഭാ.5:15*
8.[q] *ഉൽപ.28:20; സദൃ.30:8*
9.[r] *സദൃ.15:27; 23:4;28:20; മത്താ.13:22*
[s] *(1തിമൊ.3:7)*
[t] *(1തിമൊ.1:19)*

**3** നമ്മുടെ കർത്താവായ യേശു
ക്രിസ്തുവിന്റെ പത്ഥ്യവചനവും[e]
ഭക്തിക്കൊത്ത[f] ഉപദേശവും അനു
സരിക്കാതെ അന്യഥാ ഉപദേശിക്കു
ന്നവൻ[g] ഒന്നും തിരിച്ചറിയാതെ[h]
**4** തർക്കത്തിന്റെയും[i] വാഗ്വാദത്തി
ന്റെയും[j] ഭ്രാന്തു പിടിച്ചു ചീർത്തി
രിക്കുന്നു;[k] അവയാൽ അസൂയ,
ശണ്ഠ, **5** ദൂഷണം, ദുസ്സംശയം, ദുർ
ബുദ്ധികളും സത്യത്യാഗികളുമായ[l]
മനുഷ്യരുടെ വ്യർഥവാദം എന്നിവ
ഉളവാകുന്നു; അവർ ദൈവഭക്തി
ആദായസൂത്രം എന്നു വിചാരിക്കു
ന്നു.[m] **6**അലംഭാവത്തോടുകൂടിയ[n]
ദൈവഭക്തി[o] വലുതായ ആദായം
ആകുന്നുതാനും. **7** ഇഹലോക
ത്തിലേക്കു നാം ഒന്നും കൊണ്ടു
വന്നിട്ടില്ല; ഇവിടെനിന്നു യാതൊ
ന്നും കൊണ്ടുപോകുവാൻ കഴിയു
ന്നതുമല്ല.[p] **8** ഉൺമാനും ഉടുപ്പാനും
ഉണ്ടെങ്കിൽ മതി എന്നു നാം വിചാ
രിക്ക.[q] **9** ധനികന്മാരാകുവാൻ ആഗ്ര
ഹിക്കുന്നവർ[r] പരീക്ഷയിലും കെണി
യിലും[s] കുടുങ്ങുകയും മനുഷ്യർ
സംഹാരനാശങ്ങളിൽ മുങ്ങിപ്പോ
കുവാൻ[t] ഇടവരുന്ന മൗഢ്യവും
ദോഷകരവുമായ പല മോഹങ്ങൾ
ക്കും ഇരയായിത്തീരുകയും ചെയ്യു
ന്നു. **10** ദ്രവ്യാഗ്രഹം സകലവിധ
ദോഷത്തിനും[u] മൂലമല്ലോ. ഇതു
ചിലർ കാംക്ഷിച്ചിട്ടു വിശ്വാസം
വിട്ടുഴന്നു ബഹുദുഃഖങ്ങൾക്ക്
അധീനരായിത്തീർന്നിരിക്കുന്നു.
**11** നീയോ ദൈവത്തിന്റെ മനു
ഷ്യനായുള്ളോവേ,[v] അതു വിട്ടോടി[w]
നീതി, ഭക്തി, വിശ്വാസം, സ്നേഹം,
ക്ഷമ, സൗമ്യത എന്നിവയെ പിന്തു
ടരുക.[x] **12** വിശ്വാസത്തിന്റെ നല്ല
പോർ പൊരുതുക;[y] നിത്യജീവനെ
പിടിച്ചുകൊൾക;[z] അതിനായി നീ
വിളിക്കപ്പെട്ട്[a] അനേകം സാക്ഷിക
ളുടെ മുമ്പാകെ നല്ല സ്വീകാരം[b]

10.[u] *(പുറ.23:8; ആവ.16:19)* 11.[v] *2തിമൊ.3:16; (ആവ.33:1; 1ദിന.23:14)* [w] *2തിമൊ.2:22* [x] *സദൃ.15:9*
12.[y] *(1തിമൊ.1:18);1കൊരി.9:25* [z] *(ഫിലി.3:12)*
[a] *1പത്രൊ.5:10* [b] *2കൊരി.9:13*

കഴിച്ചുവല്ലോ. **13** നീ നിഷ്കളങ്കനും
നിരപവാദ്യനുമായി ഈ കല്പന
നമ്മുടെ കർത്താവായ യേശുവിന്റെ
പ്രത്യക്ഷതവരെ[c] പ്രമാണിച്ചുകൊ
ള്ളേണം എന്നിങ്ങനെ **14** സകലത്തെ
യും ജീവിപ്പിക്കുന്ന ദൈവത്തെയും[d]
പൊന്തിയൊസ് പീലാത്തൊസിന്റെ
മുമ്പിൽ[e] നല്ല സ്വീകാരം കഴിച്ച[f]
ക്രിസ്തുയേശുവിനെയും സാക്ഷി
വച്ചു ഞാൻ നിന്നോട് ആജ്ഞാപി
ക്കുന്നു.[g] **15** ധന്യനായ ഏകാധിപതി
യും[h] രാജാധിരാജാവും[i] കർത്താധി
കർത്താവും **16** താൻ മാത്രം അമർ
ത്യതയുള്ളവനും[j] അടുത്തുകൂടാ
ത്ത[k] വെളിച്ചത്തിൽ വസിക്കുന്നവ
നും[l] മനുഷ്യർ ആരും കാണാത്ത
വനും കാൺമാൻ കഴിയാത്തവനു
മായവൻ[m] തക്കസമയത്ത് ആ പ്രത്യ
ക്ഷത വരുത്തും.[n] അവനു ബഹുമാ
നവും നിത്യബലവും ഉണ്ടാകട്ടെ.
ആമേൻ.
**17** ഈ ലോകത്തിലെ[o] ധനവാ
ന്മാരോട് ഉന്നതഭാവം കൂടാതെയി
രിപ്പാനും[p] നിശ്ചയമില്ലാത്ത ധന
ത്തില[q]ല്ല, നമുക്കു സകലവും
ധാരാളമായി അനുഭവിപ്പാൻ തരു
ന്ന[r] **18** ദൈവത്തിൽ ആശ വയ്പാ
നും[s] നന്മ ചെയ്‌വാനും സൽപ്രവൃ
ത്തികളിൽ സമ്പന്നരായി[t] ദാനശീ
ലരും ഔദാര്യമുള്ളവരുമായി[u]
**19** സാക്ഷാലുള്ള ജീവനെ[v] പിടിച്ചു
കൊള്ളേണ്ടതിനു[w] വരുംകാലത്തേ
ക്കു നല്ലൊരു അടിസ്ഥാനം നിക്ഷേ
പിച്ചുകൊൾവാനും[x] ആജ്ഞാപിക്ക.
**20** അല്ലയോ തിമൊഥെയൊസേ,
നിന്റെ പക്കൽ ഏല്പിച്ചിരിക്കുന്ന
ഉപനിധി[y] കാത്തുകൊണ്ടു ജ്ഞാനം
എന്നു വ്യാജമായി പേർ പറയു
ന്നതിന്റെ ഭക്തിവിരുദ്ധമായ വൃഥാ
ലാപങ്ങളെയും തർക്കസൂത്രങ്ങ
ളെയും[z] ഒഴിഞ്ഞുനില്ക്ക.[a] **21** ആ
ജ്ഞാനം ചിലർ സ്വീകരിച്ചു വിശ്വാ
സം വിട്ടു തെറ്റിപ്പോയിരിക്കുന്നു.[b]
**22** കൃപ നിങ്ങളോടുകൂടെ ഇരി
ക്കുമാറാകട്ടെ.[c]

❋ ❋ ❋

13.[c] *2തെസ്സ.2:8*
14.[d] *1തിമൊ.5:21*
[e] *(മത്താ.27:11; യോഹ.18:37; വെളി.1:5;3:14)*
[f] *2കൊരി.9:13*
[g] *1തിമൊ.5:21*
15.[h] *1തിമൊ.1:11*
[i] *വെളി.17:14*
16.[j] *1തിമൊ.1:17*
[k] *ഇയ്യോ.37:23*
[l] *(സങ്കീ.104:2)*
[m] *യോഹ.1:18*
[n] *1തിമൊ.2:7*
17.[o] *2തിമൊ.4:10; തീത്തൊ.2:13*
[p] *റോമ.11:20;12:3,16*
[q] *സദൃ.23:5; (മത്താ.13:22)*
[r] *അപ്പൊ.പ്ര.14:17*
18.[s] *മർക്കൊ.10:24*
[t] *ലൂക്കൊ.12:21; തീത്തൊ.3:8,14*
[u] *റോമ.12:13*
19.[v] *(2തിമൊ.1:1)*
[w] *1തിമൊ.6:12*
[x] *മത്താ.6:19,20* 20.[y] *2തിമൊ.1:12,14* [z] *2തിമൊ.2:16*
[a] *2തിമൊ.3:5; (കൊലൊ.2:8; 2തിമൊ.4:4; തീത്തൊ.1:14)* 21.[b] *1തിമൊ.1:6* 22.[c] *കൊലൊ.4:18*

## പറുദീസ

പറുദീസയ്ക്കുള്ള എബ്രായ പദം പേർഷ്യൻ പദത്തിൽനിന്നു കടമെടുത്തതാണ്. 'സമാധാനപൂർവവും സൗന്ദര്യപൂർണവുമായ ഉദ്യാനം' എന്നാണതിന്റെ അർഥം. ബാബിലോണ്യപ്രവാസത്തിൽനിന്നു തിരികെവന്നതിനുശേഷം യിസ്രായേൽജനം ഉപയോഗിച്ചു തുടങ്ങിയതാണ് ഈ കടമെടുത്ത വാക്ക്. നെഹെ. 2:8 ൽ ഇതു രാജാവിന്റെ വനമായും സഭാ. 2:5 ലും ഉത്തമ. 4:13 ലും ഇതു നന്നായി നനയ്ക്കപ്പെട്ട ഉദ്യാനമായും ഉപയോഗിച്ചിരിക്കുന്നു. വിശ്വസ്തരായവർ മരിച്ചാൽ വീണ്ടും ജീവിക്കും എന്നു യിസ്രായേലിലെ ചില പ്രവാചകന്മാർ പറയുവാൻ തുടങ്ങി (ദാനീ. 12:2,3; യെശ. 26:19). അവർ മരണത്തിനുശേഷം ജീവിക്കുന്ന സ്ഥലമായിട്ടാണു പറുദീസ എന്ന പദം ആത്യന്തികമായി ഉപയോഗിച്ചത്. ചിലർക്ക്, പറുദീസ സ്വർഗത്തിലോ ഭൂമിയിലോ ഉള്ള അവസ്ഥ എന്ന ചിന്തയാണ്. മറ്റു ചിലർക്ക്, അതു ജീവവൃക്ഷങ്ങൾ എന്നേക്കും വളരുന്ന പുതിയ ഏദെൻതോട്ടമാണ്. എന്നാലും ചിലർ വിശ്വസിക്കുന്നത് വിശ്വസ്തരായവർ മരിച്ചശേഷം ന്യായവിധി ദിവസത്തിനായി കാത്തുകൊണ്ടു വിശ്രമിക്കുന്ന സ്ഥലമാണെന്നാണ്.

പുതിയനിയമത്തിലെ പലഭാഗങ്ങളിലും സമാനമായ അറിവുകൾ പറുദീസയെപ്പറ്റി നല്കുന്നതായി കാണാം. ഉദാഹരണമായി, യേശു തന്നോടുകൂടെ ക്രൂശിക്കപ്പെട്ട വ്യക്തിയോട് 'അവനും' തന്നോടുകൂടി ആ ദിവസം പറുദീസയിലിരിക്കും എന്നു വാഗ്ദാനം ചെയ്തു. മറ്റൊരുദാഹരണം, യേശു ദരിദ്രനായ ലാസറിനെയും ധനവാനായ മനുഷ്യനെയും പറ്റി പറഞ്ഞ ഉപമയിൽ പറുദീസയെപ്പറ്റി സൂചിപ്പിക്കുന്നുണ്ട്. ഈ കഥയിലെ ദരിദ്രനായ മനുഷ്യൻ മരിച്ചശേഷം അബ്രാഹാമിന്റെ മടിയിലേക്ക് എടുക്കപ്പെട്ടു എന്നു വിവരിച്ചിരിക്കുന്നു.

2 കൊരി. 12:1-4 ഭാഗത്ത് പൗലൊസ് പഠിപ്പിക്കുന്നത് ദൈവം പൗലൊസിന് പ്രത്യേക ദൂത് നല്കിയപ്പോൾ അദ്ദേഹം സ്വർഗത്തോളം എടുക്കപ്പെട്ടു എന്നാണ്. കർത്താവിനോടുകൂടെ ആയിരിക്കുവാൻ സാധിക്കുന്നു എന്ന കാരണത്താൽ മരണത്തെ പൗലൊസിനു ഭയമില്ലായിരുന്നു. വെളിപാടുപുസ്തകത്തിൽ, ജീവവൃക്ഷങ്ങൾ ഉള്ളതും ദൈവജനം ഒരുമിച്ചുകൂടുന്നതും തിന്മയുടെ ശക്തി തോല്പിക്കപ്പെടുന്നതും സകലസൃഷ്ടിയുടെമേലും ദൈവം ഭരണം ഏറ്റെടുക്കുന്നതുമായ അനുഭവമാണ് പറുദീസ. ഈ പുതിയ പറുദീസയിൽ ജീവവൃക്ഷത്തിന്റെ ഫലം ദൈവജനം പങ്കിടും.

# THE SECOND EPISTLE OF PAUL THE APOSTLE TO TIMOTHY

# അപ്പൊസ്തലനായ പൗലൊസ് തിമൊഥെയൊസിന് എഴുതിയ രണ്ടാം ലേഖനം

**മുഖവുര**

സഹപ്രവർത്തകനും യൗവനക്കാരനും എന്ന നിലയിൽ പൗലൊസിന്റെ രണ്ടാം ലേഖനം, വ്യക്തിപരമായി തിമൊഥെയൊസിനോടുള്ള ഉപദേശമാണ്.

***1. പൗലൊസിനു തിമൊഥെയൊസിനോടുള്ള സ്നേഹവും തിമൊഥെയൊസിന്റെ വിശ്വാസവും 6. ദൈവവേലയിൽ 8. കഷ്ടപ്പെട്ടും ഉത്സാഹിക്കേണ്ടത് 15. തന്നെ വിട്ടുപിരിഞ്ഞവരെയും ഒനേസിഫൊരൊസിനെയും കുറിച്ച്.***

**ക്രി**സ്തുയേശുവിലുള്ള ജീവന്റെ
വാഗ്ദത്ത[a]പ്രകാരം ദൈവേഷ്ട
ത്താൽ[b] ക്രിസ്തുയേശുവിന്റെ
അപ്പൊസ്തലനായ[c] പൗലൊസ്
പ്രിയമകനായ[d] തിമൊഥെയൊ
സിന് എഴുതുന്നത്: **2** പിതാവായ
ദൈവത്തിങ്കൽനിന്നും നമ്മുടെ കർ
ത്താവായ യേശുക്രിസ്തുവിങ്കൽ
നിന്നും നിനക്കു കൃപയും കനിവും
സമാധാനവും ഉണ്ടാകട്ടെ.[e]
**3** എന്റെ പ്രാർഥനയിൽ രാവും
പകലും ഇടവിടാതെ നിന്നെ സ്മ
രിച്ചു[f] നിന്റെ കണ്ണുനീർ ഓർത്തും[g]
നിന്നെ കണ്ടു[h] സന്തോഷപൂർണ
നാകുവാൻ വാഞ്ഛിച്ചുംകൊണ്ട്[h]
**4** ഞാൻ പൂർവന്മാരുടെ[i] ദൃഷ്ടാന്തം
അനുസരിച്ചു നിർമ്മലമനസ്സാക്ഷി
യോടെ[j] ആരാധിക്കുന്ന[i] ദൈവ
ത്തിന് നിന്റെ നിർവ്യാജവിശ്വാസ
ത്തിന്റെ[k] ഓർമ നിമിത്തം സ്തോത്രം
ചെയ്യുന്നു.[l] **5** ആ വിശ്വാസം ആദ്യം
നിന്റെ വലിയമ്മ ലോവീസിലും
അമ്മ യൂനീക്കയിലും[m] ഉണ്ടായിരു
ന്നു; നിന്നിലും ഉണ്ടെന്നു ഞാൻ ഉറ
ച്ചിരിക്കുന്നു. **6** അതുകൊണ്ട് എന്റെ
കൈവയ്പിനാൽ നിന്നിലുള്ള ദൈവ
ത്തിന്റെ കൃപാവരം ജ്വലിപ്പിക്കേണം[n]

അധ്യായം 1
1.[a] *തീത്തൊ.1:2; എബ്രാ.9:15*
[b] *1കൊരി.1:1*
[c] *2കൊരി.1:1*
[d] *1കൊരി.4:17; (2തിമൊ.2:1); 3 യോഹ.4*
2.[e] *1തിമൊ.1:2*
3.[f] *റോമ.1:9; ഫിലേ.6*
[g] *(അപ്പൊ.പ്ര.20:37)*
[h] *ഫിലി.1:8; (2തിമൊ.4:9,21)*
4.[i] *അപ്പൊ.പ്ര.22:3; 24:14*
[j] *1തിമൊ.3:9; അപ്പൊ.പ്ര.23:1*
[k] *റോമ.12:9; 1തിമൊ.1:5*
[l] *റോമ.1:8*
5.[m] *അപ്പൊ.പ്ര.16:1; (2തിമൊ.3:14; സങ്കീ.86:16;116:16)*
6.[n] *1തിമൊ.4:14; (1തെസ്സ.5:19)*
7.[o] *റോമ.8:15; (യോഹ.14:27; വെളി.21:8)*
[p] *ലൂക്കൊ.24:49; അപ്പൊ.പ്ര.1:8*
8.[q] *1കൊരി.1:5*
[r] *(2തിമൊ.1:17); എഫെ.3:1*

എന്നു നിന്നെ ഓർമപ്പെടുത്തുന്നു.
**7** ഭീരുത്വത്തിന്റെ ആത്മാവിനെ[o]
അല്ല, ശക്തിയുടെയും സ്നേഹത്തി
ന്റെയും സുബോധത്തിന്റെയും[p]
ആത്മാവിനെയത്രേ ദൈവം നമുക്കു
തന്നത്. **8** അതുകൊണ്ടു നമ്മുടെ
കർത്താവിന്റെ സാക്ഷ്യത്തെയും[q]
അവന്റെ ബദ്ധനായ എന്നെയും[r]
കുറിച്ചു ലജ്ജിക്കാതെ[s] സുവിശേ
ഷത്തിനായി ദൈവശക്തിക്ക് ഒത്ത
വണ്ണം നീയും എന്നോടുകൂടെ ക
ഷ്ടം സഹിക്ക.[t] **9** അവൻ നമ്മെ
രക്ഷിക്കയും[u] വിശുദ്ധവിളികൊണ്ടു
വിളിക്കയും[v] ചെയ്തതു, നമ്മുടെ
പ്രവൃത്തികൾ നിമിത്തമല്ല,[w] സക
ല കാലത്തിനും മുമ്പേ[x] ക്രിസ്തു
യേശുവിൽ നമുക്കു നല്കിയിരി
ക്കുന്നതും, **10** ഇപ്പോൾ മരണം
നീക്കുകയും[y] സുവിശേഷംകൊണ്ടു
ജീവനും[z] അക്ഷയതയും[a] വെളി
പ്പെടുത്തുകയും[z] ചെയ്ത നമ്മുടെ
രക്ഷിതാവായ ക്രിസ്തുയേശുവി
ന്റെ പ്രത്യക്ഷതയാൽ[b] വെളിപ്പെ
ട്ടിരിക്കുന്നതുമായ[c] തന്റെ സ്വന്തനിർ
ണയത്തിനും കൃപയ്ക്കും[v] ഒത്തവ
ണ്ണമത്രേ. **11** ആ സുവിശേഷത്തിനു

[s] *മർക്കൊ.8:38* [t] *2തിമൊ.2:3,9;4:5* 9.[u] *1തിമൊ.1:1; തീത്തൊ.3:4* [v] *(എബ്രാ.3:1); റോമ.8:28* [w] *തീത്തൊ.3:5;റോമ.3:27* [x] *തീത്തൊ.1:2; (റോമ.16:24); എഫെ.1:4* 10.[y] *1കൊരി.15:26; (1കൊരി.15:54,55; എബ്രാ.2:14,15)* [z] *(ഇയ്യോ.33:30)* [a] *റോമ.2:7* [b] *2തെസ്സ.2:8* [c] *റോമ.16:24* [v] *(വാ. 9 കാ.)*

ഞാൻ പ്രസംഗിയും അപ്പൊസ്ത
ലനും ഉപദേഷ്ടാവുമായി നിയമി
ക്കപ്പെട്ടിരിക്കുന്നു.[d] **12** അതുനിമി
ത്തം തന്നെ ഞാൻ ഇതൊക്കെയും
സഹിക്കുന്നു;[e] എങ്കിലും ലജ്ജി
ക്കുന്നില്ല;[f] ഞാൻ ആരെ വിശ്വസി
ച്ചിരിക്കുന്നു എന്നറിയുന്നു;[g] അ
വൻ എന്റെ ഉപനിധി[h] ആ ദിവസം[i]
വരെ സൂക്ഷിപ്പാൻ ശക്തൻ എന്ന്
ഉറച്ചുമിരിക്കുന്നു. **13** എന്നോടു
കേട്ട[j] പഥ്യവചനം[k] നീ ക്രിസ്തു
യേശുവിലുള്ള വിശ്വാസത്തിലും
സ്നേഹത്തിലും[l] മാതൃകയാക്കി[m]
ക്കൊൾക.[n] **14** ആ നല്ല ഉപനിധി[h]
നമ്മിൽ അധിവസിക്കുന്ന[o] പരിശു
ദ്ധാത്മാവിനാൽ സൂക്ഷിച്ചുകൊൾക.
**15** ആസ്യക്കാർ എല്ലാവരും എ
ന്നെ വിട്ടു പൊയ്ക്കളഞ്ഞു[p] എന്നു
നീ അറിയുന്നുവല്ലോ; ഫുഗലൊസും
ഹെർമ്മൊഗനേസും ആ കൂട്ടത്തിൽ
ഉള്ളവർ ആകുന്നു. **16** പലപ്പോഴും
എന്നെ തണുപ്പിച്ചവനായ[q] ഒനേസി
ഫൊരൊസിന്റെ കുടുംബത്തിന്[r]
കർത്താവ് കരുണ നല്കുമാറാകട്ടെ.
**17** അവൻ എന്റെ ചങ്ങലയെ[s]ക്കു
റിച്ചു ലജ്ജിക്കാതെ ഞാൻ റോമ
യിൽ എത്തിയ ഉടനെ താല്പര്യ
ത്തോടെ എന്നെ തിരഞ്ഞു[t] കണ്ടെ
ത്തുകയും ചെയ്തു. **18** ആ ദിവ
സത്തിൽ[u] കർത്താവിന്റെ പക്കൽ
കരുണ കണ്ടെത്തുവാൻ കർത്താവ്
അവന് സംഗതി വരുത്തട്ടെ. എഫെ
സൊസിൽ വച്ച് അവൻ എനിക്ക്
എന്തെല്ലാം ശുശ്രൂഷ ചെയ്തു[v]
എന്നു നീ നല്ലവണ്ണം അറിയുന്നു
വല്ലോ.

❋ ❋ ❋

***1. സ്ഥിരതയോടും ഉത്സാഹത്തോടും ഇരി ക്കുവാനും 15. താൻ തന്നെ സമ്മതപ്പെട്ടവ നെന്നു കാട്ടുവാനും തിമൊഥെയൊസിനു പ്രബോധനം.***

**2** എന്റെ മകനേ,[a] ക്രിസ്തുയേശു
വിലുള്ള കൃപയാൽ ശക്തിപ്പെ
ടുക.[b] **2** നീ പല സാക്ഷികളുടെ
മുമ്പാകെ എന്നോടു കേട്ട[c]തെല്ലാം
മറ്റുള്ളവരെ ഉപദേശിപ്പാൻ സമർ
ത്ഥരായ[d] വിശ്വസ്ത മനുഷ്യരെ ഭര
മേല്പിക്ക.[e] **3** ക്രിസ്തുയേശുവി
ന്റെ നല്ല ഭടനായി[f] നീയും എന്നോ
ടുകൂടെ കഷ്ടം സഹിക്ക.[g] **4** പട
ചേർത്തവനെ പ്രസാദിപ്പിക്കേണ്ട
തിന് യാതൊരു പടയാളിയും ജീ
വനകാര്യങ്ങളിൽ ഇടപെടാതിരി
ക്കുന്നു.[h] **5** ഒരുത്തൻ മല്ലുകെട്ടിയാ
ലും[i] ചട്ടപ്രകാരം പൊരുതായ്കിൽ
കിരീടം പ്രാപിക്കയില്ല.[j] **6** അധ്വാ
നിക്കുന്ന കൃഷിക്കാരൻ ആകുന്നു
ആദ്യം ഫലം അനുഭവിക്കേണ്ടത്.[k]
**7** ഞാൻ പറയുന്നതു ചിന്തിച്ചു
കൊൾക. കർത്താവ് സകലത്തി
ലും നിനക്ക് ബുദ്ധി നല്കുമല്ലോ;
**8** ദാവീദിന്റെ സന്തതിയായി ജനിച്ചു[l]
മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കു
ന്ന[m] യേശുക്രിസ്തുവിനെ ഓർത്തു
കൊൾക. അത് ആകുന്നു എന്റെ
സുവിശേഷം.[n] **9** അത് അറിയി
ക്കുന്നതിൽ ഞാൻ ദുഷ്പ്രവൃത്തി
ക്കാരൻ എന്നപോലെ ചങ്ങല
ധരിച്ചു[o] കഷ്ടം സഹിക്കുന്നു;[p]
ദൈവവചനത്തിനോ ബന്ധനം
ഇല്ല.[q] **10** അതുകൊണ്ട് ക്രിസ്തു
യേശുവിലുള്ള രക്ഷ[r] നിത്യതേജ
സ്സോടു[s]കൂടെ വ്രതന്മാർക്കു കിട്ടേ
ണ്ടതിനു ഞാൻ അവർക്കായി സക
ലവും സഹിക്കുന്നു.[t] **11** നാം അവ
നോടുകൂടെ മരിച്ചു എങ്കിൽ[u] കൂടെ
ജീവിക്കും;[v] സഹിക്കുന്നു എങ്കിൽ
കൂടെ വാഴും;[w] **12** നാം തള്ളിപ്പ
റയും എങ്കിൽ അവൻ നമ്മെയും
തള്ളിപ്പറയും.[x] **13** നാം അവിശ്വ
സ്തരായിത്തീർന്നാലും[y] അവൻ
വിശ്വസ്തനായി പാർക്കുന്നു;[z] ത
ന്റെ സ്വഭാവം ത്യജിപ്പാൻ അവനു
കഴിയുകയില്ലല്ലോ;[a] ഈ വചനം
വിശ്വാസയോഗ്യമാകുന്നു.[b]
**14** കേൾക്കുന്നവരെ മറിച്ചു
കളയുന്നതിനല്ലാതെ ഒന്നിനും

11.[d] *1തിമൊ.2:7*
12.[e] *2തിമൊ.2:9*
[f] *2തിമൊ.1:8*
[g] *(സങ്കീ.10:14; 1പത്രൊ.4:19)*
[h] *1തിമൊ.6:20*
[i] *2തിമൊ.1:18;4:8; 1കൊരി.3:13*
13.[j] *2തിമൊ.2:2*
[k] *1തിമൊ.1:10*
[l] *1തിമൊ.1:14*
[m] *(റോമ.2:19,20;6:17)*
[n] *(2തിമൊ.3:14,15; തീത്തൊ.1:9; വെളി.3:3)*
14.[h] *(വാ.12 കാ.)*
[o] *റോമ.8:9*
15.[p] *അപ്പൊ.പ്ര.19:10; (2തിമൊ.4:10,11,16)*
16.[q] *ഫിലേ.7*
[r] *2തിമൊ.4:19*
17.[s] *(2തിമൊ.1:8); അപ്പൊ.പ്ര.28:20*
[t] *മത്താ.25:36 - 40*
18.[u] *2തിമൊ.1:12*
[v] *എബ്രാ.6:10*

**അധ്യായം 2**

1.[a] *2തിമൊ.1:1*
[b] *എഫെ.6:10*
2.[c] *2തിമൊ.1:13*
[d] *(തീത്തൊ.1:5)*
[e] *1തിമൊ.1:18*
3.[f] *1തിമൊ.1:18*
[g] *2തിമൊ.1:8;4:5*
4.[h] *2പത്രൊ.2:20*
5.[i] *1കൊരി.9:25*
[j] *(2തിമൊ.4:8)*
6.[k] *1കൊരി.9:10; (എബ്രാ.6:7)*
8.[l] *മത്താ.1:1*
[m] *1കൊരി.15:20*
[n] *റോമ.2:16*
9.[o] *ഫിലി.1:7*
[p] *2തിമൊ.1:8,12*
[q] *(2തിമൊ.4:17); ഫിലി.1:13*
10.[r] *2കൊരി.1:6*
[s] *1പത്രൊ.5:10*
[t] *എഫെ.3:13; കൊലൊ.1:24; (1കൊരി.13:7)*
11.[u] *(1തെസ്സ.5:10); റോമ.6:8* [v] *വെളി.20:4* [w] *(2തെസ്സ.1:4,5); റോമ.8:17; എബ്രാ.10:36; വെളി.20:4*
12.[x] *മത്താ.10:33* 13.[y] *റോമ.3:3* [z] *1കൊരി.1:9*
[a] *സംഖ്യാ.23:19; തീത്തൊ.1:2* [b] *1തിമൊ.1:15*

കൊള്ളാത്ത[c] വാഗ്വാദം ചെയ്യാതി
രിക്കണമെന്നു[d] കർത്താവിനെ സാ
ക്ഷിയാക്കി[e] അവരെ ഓർമപ്പെടു
ത്തുക. 15 സത്യവചനത്തെ യഥാർ
ഥമായി പ്രസംഗിച്ചുകൊണ്ട് ലജ്ജി
പ്പാൻ സംഗതിയില്ലാത്ത[f] വേലക്കാ
രനായി ദൈവത്തിനു കൊള്ളാകുന്ന
വനായി നില്പാൻ ശ്രമിക്ക. 16 ഭക്തി
വിരുദ്ധമായ വ്യർഥാലാപങ്ങളെ[g] ഒഴി
ഞ്ഞിരിക്ക;[h] ആ വകക്കാർക്ക് അഭക്തി
അധികം മുതിർന്നുവരും; 17 അവ
രുടെ വാക്ക് അർബുദവ്യാധിപോലെ
തിന്നുകൊണ്ടിരിക്കും. 18 ഹുമന
യൊസും[i] ഫിലേത്തൊസും അവ
രുടെ കൂട്ടത്തിൽ ഉള്ളവരാകുന്നു;
അവർ സത്യം വിട്ടു തെറ്റി:[j] പുനരു
ത്ഥാനം കഴിഞ്ഞു എന്നു പറഞ്ഞു[k]
ചിലരുടെ വിശ്വാസം മറിച്ചുകളയു
ന്നു. 19 എങ്കിലും ദൈവത്തിന്റെ
സ്ഥിരമായ അടിസ്ഥാനം നിലനി
ല്ക്കുന്നു; കർത്താവ് തനിക്കുള്ള
വരെ അറിയുന്നു[l] എന്നും കർത്താ
വിന്റെ നാമം ഉച്ചരിക്കുന്നവൻ എല്ലാം
അനീതി വിട്ടകന്നുകൊള്ളട്ടെ[m]
എന്നും ആകുന്നു അതിന്റെ മുദ്ര.
20 എന്നാൽ ഒരു വലിയ വീട്ടിൽ[n]
പൊന്നും വെള്ളിയും കൊണ്ടുള്ള
സാമാനങ്ങൾ മാത്രമല്ല, മരവും
മണ്ണുംകൊണ്ടുള്ളവയും ഉണ്ട്; ചി
ലത് മാന്യകാര്യത്തിനും ചിലത്
ഹീനകാര്യത്തിനും[o] ഉപയോഗിക്കു
ന്നു. 21 ഇവയെ വിട്ടകന്നു തന്നെ
ത്താൻ വെടിപ്പാക്കുന്നവൻ[p] വിശു
ദ്ധവും ഉടമസ്ഥന് ഉപയോഗവുമായി
നല്ല വേലയ്ക്കൊക്കെയും ഒരുങ്ങി
യിരിക്കുന്ന[q] മാനപാത്രം ആയിരിക്കും.
22 യൗവനമോഹങ്ങളെ[r] വിട്ടോടി[s]
നീതിയും വിശ്വാസവും സ്നേഹവും
ശുദ്ധഹൃദയത്തോടെ[t] കർത്താവി
നെ വിളിച്ചപേക്ഷിക്കുന്ന[u] എല്ലാവ
രോടും സമാധാനവും ആചരിക്ക.
23 ബുദ്ധിയില്ലാത്ത മൗഢ്യതർക്കം[v]
ശണ്ഠ ജനിപ്പിക്കുന്നു എന്നറിഞ്ഞ്
അത് ഒഴിഞ്ഞിരിക്ക. 24 കർത്താവി
ന്റെ ദാസൻ ശണ്ഠ ഇടാതെ[w] എല്ലാ
വരോടും ശാന്തനും[x] ഉപദേശിപ്പാൻ
സമർഥനും[y] ദോഷം സഹിക്കുന്ന
വനുമായി അത്രേ ഇരിക്കേണ്ടത്.
25 വിരോധികൾക്കു[z] ദൈവം സത്യ
ത്തിന്റെ പരിജ്ഞാനത്തിനായി[a]
മാനസാന്തരം നല്കുമോ എന്നും[b]
26 പിശാചിനാൽ പിടിപെട്ടു[c] കുടുങ്ങി
യവരാകയാൽ അവർ സുബോധം
പ്രാപിച്ച് അവന്റെ കെണി[d]യിൽ
നിന്ന് ഒഴിഞ്ഞു ദൈവേഷ്ടം ചെ
യ്യുമോ എന്നും[e] വച്ച് അവരെ സൗ
മ്യതയോടെ പഠിപ്പിക്കേണ്ടതും[z]
ആകുന്നു.

❋ ❋ ❋

***1. സഭയിൽ വരുവാനിരിക്കുന്ന വഷളത്വങ്ങളെ പൗലൊസ് മുന്നറിയിക്കയും 6. സത്യത്തിന്റെ ശത്രുക്കൾ ഇന്നവരെന്നു വർണിക്കയും 16. തിരുവെഴുത്തുകളെ പ്രശംസിക്കയും ചെയ്യുന്നത്.***

**3** അന്ത്യകാലത്തു[a] ദുർഘടസമയ
ങ്ങൾ വരും എന്നറിക. 2 മനു
ഷ്യർ സ്വസ്നേഹികളും[b] ദ്രവ്യാ
ഗ്രഹികളും[c] വമ്പുപറയുന്നവരും[d]
അഹങ്കാരികളും[d] ദൂഷകന്മാരും
അമ്മയപ്പന്മാരെ അനുസരിക്കാത്ത
വരും[d] നന്ദികെട്ടവരും അശുദ്ധരും
3 വാത്സല്യമില്ലാത്തവരും[e] ഇണ
ങ്ങാത്തവരും ഏഷണിക്കാരും അ
ജിതേന്ദ്രിയന്മാരും ഉഗ്രന്മാരും സൽ
ഗുണദ്വേഷികളും[f] 4 ദ്രോഹികളും
ധാർഷ്ട്യക്കാരും നിഗളികളുമായി[g]
ദൈവപ്രിയമില്ലാതെ ഭോഗപ്രിയ
രായി[h] 5 ഭക്തിയുടെ വേഷം ധരിച്ച്
അതിന്റെ ശക്തി ത്യജിക്കുന്നവരു
മായിരിക്കും.[i] അങ്ങനെയുള്ളവരെ
വിട്ടൊഴിയുക.[j] 6 വീടുകളിൽ
നൂണുകടക്കയും[k] പാപങ്ങളെ ചുമ
ന്നുകൊണ്ടു നാനാമോഹങ്ങൾ
ക്കും അധീനരായി 7 എപ്പോഴും
പഠിച്ചിട്ടും ഒരിക്കലും സത്യത്തിന്റെ
പരിജ്ഞാനം പ്രാപിപ്പാൻ[l] കഴി
യാത്ത പെണ്ണുങ്ങളെ സ്വാധീനമാ
ക്കുകയും ചെയ്യുന്നവർ ഈ കൂട്ട
ത്തിലുള്ളവർ ആകുന്നു; 8 യന്നേ
സും യംബ്രേസും[m] മോശെയോട്

14.[c] *തീത്തൊ.3:9*
[d] *1തിമൊ.6:4; (2തിമൊ.2:23)*
[e] *1തിമൊ.5:21;6:14*
15.[f] *(ഫിലി.1:20)*
16.[g] *1തിമൊ.6:20*
[h] *തീത്തൊ.3:9*
18.[i] *1തിമൊ.1:20*
[j] *1തിമൊ.1:6;6:21*
[k] *(1കൊരി.15:12)*
19.[l] *സംഖ്യാ.16:5; നഹൂം1:7; യോഹ.10:14,27; (ലൂക്കൊ.13:27); 1കൊരി.8:3*
[m] *യെശ.26:13*
20.[n] *1തിമൊ.3:15*
[o] *റോമ.9:21*
21.[p] *(സദൃ.25:4; യെശ.52:11)*
[q] *2തിമൊ.3:16; തീത്തൊ.3:1; (1തിമൊ.5:10)*
22.[r] *(1തിമൊ.4:12)*
[s] *1തിമൊ.6:11*
[t] *1തിമൊ.1:5*
[u] *അപ്പൊ.പ്ര.7:59; 9:14; 1കൊരി.1:2*
23.[v] *1തിമൊ.6:4*
24.[w] *മത്താ.12:18,19 (1തിമൊ.3:3)*
[x] *1തെസ്സ.2:7*
[y] *1തിമൊ.3:2*
25.[z] *ഗലാ.6:1; തീത്തൊ.3:2; (1തിമൊ.6:11; 1പത്രൊ.3:15)*
[a] *1തിമൊ.2:4*
[b] *ദാനീ.4:27; അപ്പൊ.പ്ര.8:22;5:31*
26.[c] *ലൂക്കൊ.5:10*
[d] *1തിമൊ.3:7*
[e] *1കൊരി.15:34*
[z] *(വാ.25 കാ.)*

**അധ്യായം 3**

1.[a] *1തിമൊ.4:1*
2.[b] *(ഫിലി.2:21)*
[c] *ലൂക്കൊ.16:14; (1തിമൊ.6:10)*
[d] *റോമ.1:30*
3.[e] *റോമ.1:31*
[f] *(തീത്തൊ.1:8)*
4.[g] *1തിമൊ.3:6;6:4*
[h] *ഫിലി.3:19*
5.[i] *1തിമൊ.5:8* [j] *1തിമൊ.6:20; (തീത്തൊ.1:14)*
6.[k] *(തീത്തൊ.1:11)* 7.[l] *1തിമൊ.2:4* 8.[m] *പുറ.7:11*

എതിർത്തു[n] നിന്നതുപോലെതന്നെ
ഇവരും സത്യത്തോടു മറുത്തുനി
ല്ക്കുന്നു; ദുർബ്ബുദ്ധികളും[o] വിശ്വാ
സം സംബന്ധിച്ചു കൊള്ളരുതാ
ത്തവരു[p] മത്രേ. **9** അവർ അധികം
മുഴുക്കയില്ല; മേല്പറഞ്ഞവരുടെ
ബുദ്ധികേട് എല്ലാവർക്കും വെളി
പ്പെട്ടതുപോലെ[q] ഇവരുടെ ബുദ്ധി
കേടും വെളിപ്പെടും. **10** നീയോ
എന്റെ ഉപദേശം, നടപ്പ്, ഉദ്ദേശ്യം,
വിശ്വാസം, ദീർഘക്ഷമ, സ്നേ
ഹം, സഹിഷ്ണുത എന്നിവയും[r]
**11** അന്ത്യൊക്യയിലും[s] ഇക്കൊന്യ
യിലും[t] ലുസ്ത്രയിലും[u] എനിക്കു
സംഭവിച്ച ഉപദ്രവവും കഷ്ടാനു
ഭവവും കണ്ടറിഞ്ഞിരിക്കുന്നു;[r]
ഞാൻ എന്തെല്ലാം ഉപദ്രവം സ
ഹിച്ചു; അതിലെല്ലാറ്റിൽനിന്നും[v]
കർത്താവ് എന്നെ വിടുവിച്ചു.[w]
**12** എന്നാൽ ക്രിസ്തുയേശുവിൽ
ഭക്തിയോടെ ജീവിപ്പാൻ[x] മനസ്സു
ള്ളവർക്ക് എല്ലാം ഉപദ്രവം ഉണ്ടാ
കും.[y] **13** ദുഷ്ടമനുഷ്യരും മായാവി
കളും[z] വഞ്ചിച്ചും വഞ്ചിക്കപ്പെട്ടും[a]
കൊണ്ടു മേല്ക്കുമേൽ ദോഷ
ത്തിൽ മുതിർന്നുവരും.[z] **14** നീയോ
ഇന്നവരോടു പഠിച്ചു എന്ന് ഓർക്കു
കയും ക്രിസ്തുയേശുവിങ്കലുള്ള
വിശ്വാസത്താൽ നിന്നെ രക്ഷ
യ്ക്കു ജ്ഞാനിയാക്കുവാൻ മതി
യായ[b] തിരുവെഴുത്തുകളെ[c] ബാല്യം
മുതൽ[d] അറികയും ചെയ്യുന്നതു
കൊണ്ട് **15** നീ പഠിച്ചും നിശ്ചയം
പ്രാപിച്ചും ഇരിക്കുന്നതിൽ നില
നില്ക്ക.[e] **16** എല്ലാ തിരുവെഴുത്തും
ദൈവശ്വാസീയമാകയാൽ ദൈവ
ത്തിന്റെ മനുഷ്യൻ[f] സകല സൽ
പ്രവൃത്തിക്കും[g] വക പ്രാപിച്ചു തിക
ഞ്ഞവൻ[h] ആകേണ്ടതിന്[f] **17** ഉപ
ദേശത്തിനും ശാസനത്തിനും ഗുണീ
കരണത്തിനും നീതിയിലെ അഭ്യാ
സത്തിനും പ്രയോജനമുള്ളത്
ആകുന്നു.[i]

8.[n] *(അപ്പൊ.പ്ര.13:8)*
[o] *1തിമൊ.6:5*
[p] *തീത്തൊ.1:16*
9.[q] *പുറ.7:12; 8:18;9:11*
10.[r] *(ഫിലി.2:22)*
11.[s] *അപ്പൊ.പ്ര. 13:14,45,50*
[t] *അപ്പൊ.പ്ര.14:1,2,5*
[u] *അപ്പൊ.പ്ര.14:6,19*
[r] *(വാ.10കാ.)*
[v] *സങ്കീ.34:19*
[w] *2തിമൊ.4:17; (2കൊരി.1:10)*
12.[x] *തീത്തൊ.2:13*
[y] *അപ്പൊ.പ്ര.14:22*
13.[z] *(വെളി.22:11)*
[a] *തീത്തൊ.3:3*
14.[b] *സങ്കീ.119:99*
[c] *(യോഹ.5:39)*
[d] *(എഫെ.6:4); 2തിമൊ.1:5*
15.[e] *(1തിമൊ.4:6); 2തിമൊ.1:13*
16.[f] *1തിമൊ.6:11*
[g] *2തിമൊ.2:21*
[h] *(ലൂക്കൊ.6:40)*
17.[i] *റോമ.15:4; 2പത്രൊ.1:20,21*

**അധ്യായം 4**

1.[a] *2തിമൊ.2:14; 1തിമൊ.5:21;6:14*
[b] *അപ്പൊ.പ്ര.10:42*
[c] *2തിമൊ.4:8; 2തെസ്സ.2:8*
2.[d] *1തിമൊ.4:13*
[e] *1തിമൊ.5:20; തീത്തൊ.1:14;2:15*
3.[f] *1തിമൊ.1:10*
4.[g] *1തിമൊ.6:20*
[h] *1തിമൊ.1:3,6*
[i] *2തിമൊ.3:1*
5.[j] *1പത്രൊ.1:13*
[k] *2തിമൊ.1:8;2:3,9*
[l] *അപ്പൊ.പ്ര.21:8; എഫെ.4:11*
[m] *കൊലൊ.4:17*
6.[n] *ഫിലി.2:17*
[o] *ഫിലി.1:23; (2പത്രൊ.1:15)*

***1. ജാഗ്രതയോടെ പ്രയത്നം ചെയ്യുവാൻ പ്രബോധനം 9. താൻ മരിക്കുംമുമ്പേ തിമൊഥെയൊസ് വന്ന് തന്നെ കാണണമെന്ന്.***

# 4
ഞാൻ ദൈവത്തെയും,[a] ജീവി
കൾക്കും മരിച്ചവർക്കും ന്യായ
വിസ്താരം നടത്തുവാനുള്ള[b]
ക്രിസ്തുയേശുവിനെയും[a] സാക്ഷി
വച്ച് അവന്റെ പ്രത്യക്ഷതയും
രാജ്യവും[c] ചൊല്ലി സത്യംചെ
യ്തു കല്പിക്കുന്നത്:[a] **2** വചനം
പ്രസംഗിക്ക; സമയത്തിലും അസമ
യത്തിലും ഒരുങ്ങിനില്ക്ക; സകല
ദീർഘക്ഷമയോടും ഉപദേശത്തോ
ടുംകൂടെ ശാസിക്ക;[d] തർജനം ചെ
യ്ക; പ്രബോധിപ്പിക്ക.[e] **3** അവർ
പത്ഥ്യോപദേശം[f] പൊറുക്കാതെ
കർണരസമാകുമാറു സ്വന്തമോഹ
ങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാ
ക്കന്മാരെ പെരുക്കുകയും **4** സത്യ
ത്തിനു ചെവികൊടുക്കാതെ[g] കെട്ടു
കഥ കേൾപ്പാൻ തിരികയും ചെയ്യു
ന്ന[h] കാലം വരും.[i] **5** നീയോ
സകലത്തിലും നിർമദൻ ആയി
രിക്ക;[j] കഷ്ടം സഹിക്ക;[k] സുവി
ശേഷകന്റെ[l] പ്രവൃത്തി ചെയ്ക;
നിന്റെ ശുശ്രൂഷ നിറപടിയായി
നിവർത്തിക്ക.[m] **6** ഞാനോ ഇപ്പോൾ
ത്തന്നെ പാനീയയാഗമായി ഒഴിക്ക
പ്പെടുന്നു;[n] എന്റെ നിര്യാണ കാല
വും[o] അടുത്തിരിക്കുന്നു. **7** ഞാൻ
നല്ല പോർ പൊരുതു,[p] ഓട്ടം തിക
ച്ചു,[q] വിശ്വാസം കാത്തു. **8** ഇനി
നീതിയുടെ കിരീടം[r] എനിക്കായി
വച്ചിരിക്കുന്നു;[s] അതു നീതിയുള്ള
ന്യായാധിപതിയായ[t] കർത്താവ് ആ
ദിവസത്തിൽ[u] എനിക്കു നല്കും;
എനിക്കു മാത്രമല്ല, അവന്റെ പ്രത്യ
ക്ഷതയിൽ പ്രിയംവച്ച[v] ഏവർക്കും
കൂടെ.

7.[p] *1തിമൊ.6:12* [q] *അപ്പൊ.പ്ര.20:24* 8.[r] *യാക്കോ.1:12* [s] *കൊലൊ.1:3; 1പത്രൊ.1:4* [t] *സങ്കീ.7:11* [u] *2തിമൊ.1:12* [v] *(വെളി.22:20)*

*4:6* ***നിര്യാണകാലം:*** അപ്പൊസ്തലന്റെ മരണത്തെയാണ് ഇതു സൂചിപ്പിക്കുന്നത്. എന്നാൽ ഇവിടെ നങ്കൂരം അറുത്തുവിട്ട് വിശാലമായ സമുദ്രയാത്രയ്ക്കൊരുങ്ങുന്ന കപ്പൽ, അല്ലെങ്കിൽ കൂടാരസാമഗ്രികൾ അഴിച്ചു മറ്റൊരു സ്ഥലത്തേക്കു പോകുവാൻ ഒരുങ്ങുന്ന പടയാളി, എന്ന അർത്ഥം വരുന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്.

9 വേഗത്തിൽ എന്റെ അടുക്കൽ
വരുവാൻ ഉത്സാഹിക്ക.[w] 10 ദേമാസ്[x]
ഈ ലോകത്തെ[y] സ്നേഹിച്ചിട്ട്[z]
എന്നെ വിട്ടു[a] തെസ്സലൊനീക്യയി
ലേക്കു പോയി. ക്രേസ്കേസ് ഗലാ
ത്യക്കും തീത്തൊസ്[b] ദല്മാത്യക്കും
പോയി; 11 ലൂക്കൊസ് മാത്രമേ എ
ന്നോടുകൂടെയുള്ളൂ;[a] മർക്കൊസ്[c]
എനിക്കു ശുശ്രൂഷയ്ക്കായി ഉപ
യോഗമുള്ളവനാകയാൽ അവനെ
കൂട്ടിക്കൊണ്ടു വരിക. 12 തിഹി
ക്കൊസിനെ[d] ഞാൻ എഫെസൊസി
ലേക്ക് അയച്ചിരിക്കുന്നു. 13 ഞാൻ
ത്രോവാസിൽ കർപ്പൊസിന്റെ പ
ക്കൽ വച്ചേച്ചു പോന്ന പുതപ്പും പു
സ്തകങ്ങളും വിശേഷാൽ ചർമലി
ഖിതങ്ങളും നീ വരുമ്പോൾ കൊണ്ടു
വരിക. 14 ചെമ്പുപണിക്കാരൻ അലെ
ക്സന്തർ[e] എനിക്കു വളരെ ദോഷം
ചെയ്തു; അവന്റെ പ്രവൃത്തികൾ
ക്കു തക്കവണ്ണം കർത്താവ് അവനു
പകരം ചെയ്യും.[f] 15 അവൻ നമ്മുടെ
പ്രസംഗത്തോട് അത്യന്തം എതിർ
ത്തു നിന്നതുകൊണ്ട് നീയും അവ
നെ സൂക്ഷിച്ചുകൊൾക. 16 എന്റെ
ഒന്നാം പ്രതിവാദത്തിൽ ആരും എ
നിക്കു തുണ നിന്നില്ല; എല്ലാവരും
എന്നെ കൈവിട്ടു; അത് അവർക്കു
കണക്കിടാതിരിക്കട്ടെ.[g] 17 കർത്താ
വോ എനിക്കു തുണനിന്നു[h] പ്രസംഗം
എന്നെക്കൊണ്ടു നിവർത്തിപ്പാനും[i]
സകല ജാതികളും കേൾപ്പാനും[j]
എന്നെ ശക്തീകരിച്ചു;[k] അങ്ങനെ
ഞാൻ സിംഹത്തിന്റെ വായിൽ
നിന്നു[l] രക്ഷപ്രാപിച്ചു.[m] 18 കർ
ത്താവ് എന്നെ സകല ദുഷ്പ്രവൃ
ത്തിയിൽനിന്നും വിടുവിച്ചു തന്റെ
സ്വർഗീയരാജ്യത്തിനായി രക്ഷി
ക്കും;[n] അവന് എന്നെന്നേക്കും
മഹത്ത്വം.[o] ആമേൻ.

19 പ്രിസ്കയ്ക്കും അക്വിലാവി
നും[p] ഒനേസിഫൊരൊസിന്റെ കു
ടുംബത്തിനും[q] വന്ദനം ചൊല്ലുക.
20 എരസ്തൊസ് കൊരിന്തിൽ താമ
സിച്ചു.[r] ത്രോഫിമൊസിനെ ഞാൻ
മിലേത്തിൽ രോഗിയായി വിട്ടേച്ചു
പോന്നു.[s] 21 ശീതകാലത്തിനു മുമ്പേ
വരുവാൻ ശ്രമിക്ക.[t] യൂബൂലൊസും
പൂദെസും ലീനൊസും ക്ലൗദിയയും
സഹോദരന്മാർ എല്ലാവരും നിനക്കു
വന്ദനം ചൊല്ലുന്നു.

22 യേശുക്രിസ്തു നിന്റെ ആ
ത്മാവോടുകൂടെ[u] ഇരിക്കട്ടെ. കൃപ
നിങ്ങളോടുകൂടെ ഇരിക്കുമാറാകട്ടെ.[v]

❋ ❋ ❋

9.[w] *2തിമൊ.1:3*
10.[x] *കൊലൊ.4:14; ഫിലേ.24*
[y] *1തിമൊ.6:17; തീത്തൊ.2:13*
[z] *1യോഹ.2:15*
[a] *(2തിമൊ.1:15)*
[b] *(തീത്തൊ.3:12)*
11.[a] *(വാ. 10 കാ.)*
[c] *അപ്പൊ.പ്ര.12:12*
12.[d] *അപ്പൊ.പ്ര.20:4; എഫെ.6:21; കൊലൊ.4:7; തീത്തൊ.3:12*
14.[e] *1തിമൊ.1:20*
[f] *സങ്കീ.62:12; സദൃ.24:12; (നെഹെ.6:14;13:29; സങ്കീ.28:4; വെളി.18:6)*
16.[g] *(അപ്പൊ.പ്ര.7:60)*
17.[h] *അപ്പൊ.പ്ര.23:11;27:23; (മത്താ.10:19)*
[i] *തീത്തൊ.1:1*
[j] *അപ്പൊ.പ്ര.9:15*
[k] *1തിമൊ.1:12*
[l] *സങ്കീ.22:21; (1ശമൂ.17:37)*
[m] *2തിമൊ.3:11*
18.[n] *(സങ്കീ.121:7; മത്താ.6:13)*
[o] *റോമ.11:36* 19.[p] *അപ്പൊ.പ്ര.18:2* [q] *2തിമൊ.1:16*
20.[r] *അപ്പൊ.പ്ര.19:22; റോമ.16:23* [s] *അപ്പൊ.പ്ര.20:4;21:29* 21.[t] *2തിമൊ.4:9* 22.[u] *ഗലാ.6:18; ഫിലേ.25* [v] *കൊലൊ.4:18*

## ചുരുളുകൾ

പുരാതനകാലത്ത് തുകലിലോ പപ്പൈറസിലോ നിർമിച്ച ചുരുളുകളിലായിരുന്നു എഴുതിയിരുന്നത്. ബി.സി മൂന്നാം നൂറ്റാണ്ടിനു മുമ്പുതന്നെ ചുരുളുകൾക്കാവശ്യമായ പപ്പൈറസ് ഈജിപ്തിൽ ലഭ്യമായിരുന്നു. ചുരുളുകൾ നിർമിച്ചിരുന്നത് ഇപ്രകാരമായിരുന്നു:
1. പപ്പൈറസിന്റെ തണ്ടിൽനിന്നു പൊളികൾ വെട്ടിയെടുക്കുന്നു. 2. വെള്ളത്തിലിട്ടു മൃദുവാക്കുന്നു. 3. അവ നെയ്തെടുക്കുന്നു. കണ്ടുകിട്ടിയിട്ടുള്ള ചുരുളുകളിൽ പപ്പൈറസ് ചുരുളുകൾ താരതമ്യേന കുറവാണ്. കാരണം, ഈർപ്പം അതിനെ നശിപ്പിച്ചിരിക്കാം. മരുഭൂമിയിൽനിന്നാണ് ഉണങ്ങിയ കൂടുതൽ പഴക്കമുള്ള ചുരുളുകൾ കണ്ടെത്തിയിട്ടുള്ളത്. തുകലുകൊണ്ടുള്ള ചുരുളുകളും ഉപയോഗിച്ചിരുന്നു. അതു പിന്നീട് പപ്പൈറസ് ചുരുളുകളെ കീഴടക്കി. കോഴി, കന്നുകാലി, കോലാട്, ചെമ്മരിയാട്, എന്നിവയുടെ തുകലിൽ നിന്നാണ് തുകൽ ചുരുളുകൾ ഉണ്ടാക്കിയിട്ടുള്ളത്. രോമം നീക്കം ചെയ്ത വശത്തു മാത്രമേ എഴുതിയിരുന്നുള്ളൂ. ഇതിൽ എഴുതിയ കാര്യങ്ങൾ മായ്ച്ചുകളയുവാൻ കഴിഞ്ഞിരുന്നില്ല. നീളമുള്ള ചുരുളുകൾ നിർമിക്കുന്നതിനു പല തുകലുകൾ തുന്നിച്ചേർത്തിരുന്നു. കുമ്രാനിൽനിന്നു കണ്ടെടുത്ത 24 അടി നീളമുണ്ടായിരുന്ന യെശയ്യാപ്രവചനത്തിന്റെ ചുരുൾ പരുത്തിനൂലുകൊണ്ടു തയ്ച്ചു ചേർത്തതായിരുന്നു. ആടിന്റെ തുകൽ കഷണങ്ങളും ഇതിൽ ഉണ്ടായിരുന്നു.

# THE EPISTLE OF PAUL THE APOSTLE TO TITUS
# അപ്പൊസ്തലനായ പൗലൊസ് തീത്തൊസിന് എഴുതിയ ലേഖനം

## മുഖവുര

പൗലൊസ് തന്റെ യുവസഹായകനും ക്രേത്തയിലുള്ള സഭയുടെ പ്രവർത്തനങ്ങളിൽ മേൽനോട്ടം വഹിക്കുന്നവനുമായ തീത്തൊസിനെ അഭിസംബോധന ചെയ്യുന്നതാണ് ഈ ലേഖനം. ഇതിൽ മൂന്നു കാര്യങ്ങൾ പ്രതിപാദിക്കുന്നു. ആദ്യമായി സഭയുടെ ഭരണകർത്താക്കൾക്കുവേണ്ടതായ സ്വഭാവവിശേഷതകളെക്കുറിച്ചാണ് പൗലൊസ് തീത്തൊസിനെ ഓർമിപ്പിക്കുന്നത്. അടുത്തതായി സഭയിലെ വിവിധ തരത്തിലുള്ള ആളുകളെ വിശിഷ്യാ മുതിർന്ന സ്ത്രീകൾ (സഭയിലുള്ള യൗവനക്കാരികളെ പഠിപ്പിക്കുവാൻ പ്രാപ്തരായവർ), മുതിർന്ന പുരുഷന്മാർ, യൗവനക്കാർ, അടിമകൾ തുടങ്ങിയവരെ എങ്ങനെ പഠിപ്പിക്കണമെന്ന് തീത്തൊസിനെ ഉപദേശിക്കുന്നു. അവസാനമായി പൗലൊസ് തീത്തൊസിന് ക്രിസ്തീയ സ്വഭാവം, പ്രത്യേകിച്ച് സ്നേഹം, സമാധാനം എന്നിവയുടെ ആവശ്യകത; വെറുപ്പ്, തർക്കം, സഭയിലുള്ള ഭിന്നത എന്നിവ ഒഴിവാക്കേണ്ടതിനെപ്പറ്റിയുള്ള ഉപദേശം തുടങ്ങിയവ നൽകിയിരിക്കുന്നു.

***1. തീത്തൊസ് ക്രേത്തയിൽ പാർപ്പിക്കപ്പെട്ടതിന്റെ ഉദ്ദേശ്യം 6. ഏത് പ്രകാരമുള്ളവർക്ക് അധ്യക്ഷസ്ഥാനം കൊടുക്കണമെന്നും 10. എതിരികളുടെ വായ് അടയ്ക്കേണ്ട വിധവും.***

നമ്മുടെ രക്ഷിതാവായ ദൈവ
ത്തിന്റെ കല്പനപ്രകാരം[a] എന്നെ
ഭരമേല്പിച്ച[b] പ്രസംഗത്താൽ[c] തക്ക
സമയത്ത് തന്റെ വചനം വെളിപ്പെടു
ത്തിയ[d] 2 ഭോഷ്കില്ലാത്ത[e] ദൈവം
സകല കാലത്തിനും മുമ്പേ[f] വാഗ്ദ
ത്തം ചെയ്ത[g] നിത്യജീവന്റെ പ്ര
ത്യാശ[h] ഹേതുവായി 3 തന്റെ വൃത
ന്മാരുടെ വിശ്വാസത്തിനും ഭക്തിക്ക
നുസാരമായ[i] സത്യത്തിന്റെ പരി
ജ്ഞാനത്തിനുമായി[j] ദൈവത്തിന്റെ
ദാസനും യേശുക്രിസ്തുവിന്റെ
അപ്പൊസ്തലനുമായ[k] പൗലൊസ്
4 പൊതുവിശ്വാസത്തിൽ[l] നിജപുത്ര
നായ[m] തീത്തൊസിന് എഴുതുന്നത്:
പിതാവായ ദൈവത്തിങ്കൽനിന്നും
നമ്മുടെ രക്ഷിതാവായ ക്രിസ്തു
യേശുവിങ്കൽനിന്നും, നിനക്ക് കൃപ
യും സമാധാനവും ഉണ്ടാകട്ടെ.[n]

**അധ്യായം1**

1.[a] *1തിമൊ.1:1*
[b] *1തിമൊ.1:11*
[c] *2തിമൊ.4:17; (റോമ.10:14)*
[d] *1തിമൊ.2:6*
2.[e] *സംഖ്യാ.23:19; 2തിമൊ.2:13; എബ്രാ.6:18*
[f] *2തിമൊ.1:9*
[g] *റോമ.1:2*
[h] *2തിമൊ.1:1; എബ്രാ.9:15; (തീത്തൊ.2:12;3:6)*
3.[i] *1തിമൊ.6:3*
[j] *1തിമൊ.2:4*
[k] *2കൊരി.1:1*
4.[l] *യൂദാ.3; 2പത്രൊ.1:1*
[m] *3യോഹ.4*
[n] *1തിമൊ.1:2*

5.[o] *(1തിമൊ.1:4)*
[p] *(അപ്പൊ.പ്ര.14:23; 2തിമൊ.2:2)*

5 ഞാൻ ക്രേത്തയിൽ നിന്നെ
വിട്ടേച്ചുപോന്നത്:[o] ശേഷിച്ച കാര്യ
ങ്ങളെ ക്രമത്തിലാക്കേണ്ടതിനും
ഞാൻ നിന്നോട് ആജ്ഞാപിച്ചതു
പോലെ പട്ടണംതോറും മൂപ്പന്മാരെ
ആക്കി വയ്ക്കേണ്ടതിനും[p] തന്നെ.
6 [q]മൂപ്പൻ കുറ്റമില്ലാത്തവനും ഏക
ഭാര്യയുള്ളവനും ദുർന്നടപ്പിന്റെ[r]
ശ്രുതിയോ അനുസരണക്കേടോ ഇ
ല്ലാത്ത വിശ്വാസികളായ മക്കളുള്ള
വനും ആയിരിക്കേണം. 7 അധ്യ
ക്ഷൻ ദൈവത്തിന്റെ ഗൃഹവിചാര
കനാകയാൽ[s] അനിന്ദ്യനായിരിക്കേ
ണം; തന്നിഷ്ടക്കാരനും[t] കോപിയും
മദ്യപ്രിയനും തല്ലുകാരനും ദുർലാ
ഭമോഹിയും[u] അരുത്.[t] 8 അതിഥി
പ്രിയനും സൽഗുണപ്രിയനും സു
ബോധശീലനും നീതിമാനും നിർ
മ്മലനും ജിതേന്ദ്രിയനും[v] 9 പഥ്യോ
പദേശത്താൽ[w] പ്രബോധിപ്പിപ്പാനും

6.[q] *തീത്തൊ.1:6 - 8ക്കു.1തിമൊ.3:2 - 4കാ.* [r] *എഫെ. 5:18* 7.[s] *ലൂക്കൊ.12:42; 1കൊരി.4:1; 1പത്രൊ.4:10* [t] *2പത്രൊ.2:11* [u] *1തിമൊ.3:8; 1പത്രൊ.5:2* 8.[v] *(1കൊരി.9:25)* 9.[w] *1തിമൊ.1:10*

വിരോധികൾക്കു ബോധം വരുത്തു
വാനും ശക്തനാകേണ്ടതിന് ഉപ
ദേശപ്രകാരമുള്ള വിശ്വാസ്യവചനം
മുറുകെപ്പിടിക്കുന്നവനും[x] ആയിരി
ക്കേണം.
10 വൃഥാവാചാലന്മാരും[y] മനോ
വഞ്ചകന്മാരുമായി വഴങ്ങാത്തവ
രായ പലരും ഉണ്ടല്ലോ; വിശേഷാൽ
പരിച്ഛേദനക്കാർ[z] തന്നെ. 11 അവ
രുടെ വായ് അടയ്ക്കേണ്ടതാകുന്നു.
അവർ ദുരാദായം വിചാരിച്ച്[a] അരു
താത്തത് ഉപദേശിച്ചുകൊണ്ട് കുടും
ബങ്ങളെ മുഴുവനും മറിച്ചുകളയു
ന്നു.[b] 12 ക്രേത്തർ സർവദാ അസ
ത്യവാദികളും ദുഷ്ടജന്തുക്കളും
മടിയന്മാരായ പെരുവയറന്മാരും
അത്രേ എന്ന് അവരിൽ ഒരുവൻ,[c]
അവരുടെ ഒരു വിദ്വാൻതന്നെ, പറ
ഞ്ഞിരിക്കുന്നു. 13 ഈ സാക്ഷ്യം
നേർതന്നെ; അതു നിമിത്തം അവർ
വിശ്വാസത്തിൽ ആരോഗ്യമുള്ളവരാ
യിത്തീരേണ്ടതിനും[d] 14 യെഹൂദ
കഥകളെയും[e] സത്യം വിട്ടകലുന്ന[f]
മനുഷ്യരുടെ കല്പനകളെയും[g]
ശ്രദ്ധിക്കാതിരിക്കേണ്ടതിനും[e] അവ
രെ കഠിനമായി[h] ശാസിക്ക.[i] 15 ശുദ്ധി
യുള്ളവർക്ക് എല്ലാം ശുദ്ധംതന്നെ;[j]
എന്നാൽ മലിനന്മാർക്കും അവിശ്വാ
സികൾക്കും[k] ഒന്നും ശുദ്ധമല്ല; അ
വരുടെ ചിത്തവും മനസ്സാക്ഷിയും
മലിനമായിത്തീർന്നിരിക്കുന്നു.[l]
16 അവർ ദൈവത്തെ അറിയുന്നു
എന്നു പറയുന്നുവെങ്കിലും[m] പ്രവൃ
ത്തികളാൽ അവനെ നിഷേധിക്കു
ന്നു.[n] അവർ അറയ്ക്കത്തക്കവരും
അനുസരണംകെട്ടവരും യാതൊരു
നല്ല കാര്യത്തിനും കൊള്ളരുതാ
ത്തവരുമാകുന്നു.[o]

❋ ❋ ❋

*1. തീത്തൊസിന്റെ ഉപദേശത്തിനും നടപ്പിനും അവനു കൊടുക്കപ്പെട്ട കല്പനകൾ 9. ദാസന്മാരുടെ ക്രമം.*

**2** നീയോ പഥ്യോപദേശത്തിനു[a]
ചേരുന്നതു പ്രസ്താവിക്ക. 2 വൃ
ദ്ധന്മാർ നിർമ്മദവും ഗൗരവവും സു
ബോധവും ഉള്ളവരും വിശ്വാസ

9.[x] (2തെസ്സ.2:13,15); 1തിമൊ.1:15; 2തിമൊ.1:13
10.[y] 1തിമൊ.1:6
[z] അപ്പൊ.പ്ര.11:2
11.[a] 1തിമൊ.6:5; 2പത്രൊ.2:3
[b] (2തിമൊ.3:7)
12.[c] (അപ്പൊ.പ്ര. 17:28)
13.[d] തീത്തൊ.2:1,2
14.[e] 1തിമൊ.1:3
[f] 1തിമൊ.6:20
[g] കൊലൊ.2:21
[h] 2കൊരി.13:10
[i] തീത്തൊ.2:15; 1തിമൊ.5:20
15.[j] (ലൂക്കൊ.11:41; 1തിമൊ.4:3)
[k] (റോമ.14:23)
[l] 1തിമൊ.6:5
16.[m] (1യോഹ.2:4)
[n] 1തിമൊ.5:8
[o] 2തിമൊ.3:8

**അധ്യായം 2**

1.[a] 1തിമൊ.1:10

2.[a] (വാ.1 കാ.)
3.[b] (1തിമൊ.2:9)
[c] 1തിമൊ.3:11
[d] (1തിമൊ.3:8;5:23)
4.[e] 1തിമൊ.6:1
5.[f] 1പത്രൊ.3:1,2
[g] (1തിമൊ.5:14)
[h] ഉൽപ.3:16
6.[i] 1തിമൊ.5:2
7.[j] നെഹെ.5:9; 1തിമൊ.5:14; 1പത്രൊ.2:12;3:16
[k] 1തിമൊ.4:12; 1പത്രൊ.5:3
8.[l] (2കൊരി.11:3)
[m] 1തിമൊ.2:1
[n] (1തിമൊ.6:3)
9.[o] 1പത്രൊ.2:18
[p] മത്താ.5:16; ഫിലി.2:15
[q] (കൊലൊ.3:22)
10.[r] (1തിമൊ.3:11)
11.[s] (സങ്കീ.67:2)
[t] തീത്തൊ.3:4
[u] തീത്തൊ.3:6; അപ്പൊ.പ്ര.11:23

ത്തിലും സ്നേഹത്തിലും സഹി
ഷ്ണുതയിലും ആരോഗ്യമുള്ളവരും[a]
ആയിരിക്കേണം എന്നും 3 വൃദ്ധ
മാരും അങ്ങനെതന്നെ നടപ്പിൽ
പവിത്രയോഗ്യമാരും[b] ഏഷണി പറ
യാത്തവരും[c] വീഞ്ഞിന് അടിമപ്പെ
ടാത്തവരു[d]മായിരിക്കേണം എന്നും
4 ദൈവവചനം ദുഷിക്കപ്പെടാതി
രിക്കേണ്ടതിനു[e] യൗവനക്കാരത്തി
കളെ ഭർത്തൃപ്രിയമാരും പുത്രപ്രിയ
മാരും 5 സുബോധവും പാതി
വ്രത്യവുമുള്ളവരും[f] വീട്ടുകാര്യം
നോക്കുന്നവരും[g] ദയയുള്ളവരും
ഭർത്താക്കന്മാർക്കു കീഴ്പെടുന്ന
വരും[h] ആയിരിപ്പാൻ ശീലിപ്പിക്കേ
ണ്ടതിന് നന്മ ഉപദേശിക്കുന്നവരാ
യിരിക്കേണം എന്നും പ്രബോധി
പ്പിക്ക. 6 അവ്വണ്ണം യൗവനക്കാരെ
യും സുബോധമുള്ളവരായിരിപ്പാൻ
പ്രബോധിപ്പിക്ക.[i] 7 വിരോധി നമ്മെ
ക്കൊണ്ട് ഒരു തിന്മയും പറവാൻ
വകയില്ലാതെ ലജ്ജിക്കേണ്ടതിനു[j]
സകലത്തിലും നിന്നെത്തന്നെ സൽ
പ്രവൃത്തികൾക്കു മാതൃകയാക്കി
കാണിക്ക.[k] 8 ഉപദേശത്തിൽ നിർ
മ്മലതയും[l] ഗൗരവവും[m] ആക്ഷേ
പിച്ചുകൂടാത്ത പഥ്യവചനവും[n]
ഉള്ളവൻ ആയിരിക്ക. 9 ദാസന്മാർ[o]
നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ
ഉപദേശത്തെ സകലത്തിലും അല
ങ്കരിക്കേണ്ടതിനു[p] യജമാനന്മാർക്കു
കീഴടങ്ങി[o] സകലവിധത്തിലും[q]
പ്രസാദം വരുത്തുന്നവരും 10 എ
തിർ പറകയോ വഞ്ചിച്ചെടുക്കയോ
ചെയ്യാതെ സകലത്തിലും നല്ല
വിശ്വസ്തത കാണിക്കുന്നവരുമായി
ഇരിപ്പാൻ[r] (കല്പിക്ക). 11 സകല
മനുഷ്യർക്കും[s] രക്ഷാകരമായ[t] ദൈവ
കൃപ[u] ഉദിച്ചുവല്ലോ;[t] 12 നാം ഭാഗ്യ
കരമായ പ്രത്യാശ[v]യ്ക്കായിട്ടും
മഹാദൈവവും നമ്മുടെ രക്ഷിതാ
വുമായ യേശുക്രിസ്തുവിന്റെ[w]
തേജസ്സിന്റെ പ്രത്യക്ഷതയ്ക്കാ
യിട്ടും[x] കാത്തുകൊണ്ട്[y] 13 ഭക്തി

12.[v] തീത്തൊ.1:2 [w] 2പത്രൊ.1:1 [x] 2തെസ്സ.2:8 [y] 1കൊരി.1:7; 2പത്രൊ.3:11

കേടും പ്രപഞ്ചമോഹങ്ങളും[z] വർ
ജിച്ചിട്ട് ഈ ലോകത്തിൽ[a] സുബോ
ധത്തോടും നീതിയോടും ദൈവ
ഭക്തിയോടുംകൂടെ ജീവിച്ചുപോരേ
ണ്ടതിന്[b] അതു നമ്മെ ശിക്ഷിച്ചു
വളർത്തുന്നു. **14** അവൻ നമ്മെ
സകല അധർമത്തിൽനിന്നും വീ
ണ്ടെടുത്തു[c] സൽപ്രവൃത്തികളിൽ
ശുഷ്കാന്തിയുള്ളോരു[d] സ്വന്തജന
മായി തനിക്കു ശുദ്ധീകരിക്കേണ്ടതി
നു[e] തന്നെത്താൻ നമുക്കുവേണ്ടി
കൊടുത്തു.[f]
**15** ഇത് പൂർണഗൗരവത്തോടെ
പ്രസംഗിക്കയും പ്രബോധിപ്പിക്ക
യും ശാസിക്കയും[g] ചെയ്ക. ആരും
നിന്നെ തുച്ഛീകരിക്കരുത്.[h]

❋ ❋ ❋

***1. ഇന്നതിനെ ഉപദേശിക്കണമെന്നും 10. വക്രബുദ്ധികളായ വേദവിപരീതക്കാരെ തള്ളിക്കളയണമെന്നും തീത്തൊസിനോടു കല്പിക്കുന്നത്.***

**3** വാഴ്ചകൾക്കും അധികാരങ്ങൾ
ക്കും കീഴടങ്ങി അനുസരിപ്പാ
നും[a] സകല സൽപ്രവൃത്തിക്കും
ഒരുങ്ങിയിരിപ്പാനും[b] **2** ആരെക്കൊ
ണ്ടും ദൂഷണം പറയാതെയും[c] ക
ലഹിക്കാതെയും[d] ശാന്തന്മാരായി
സകല മനുഷ്യരോടും പൂർണസൗ
മ്യത കാണിപ്പാനും[e] അവരെ ഓർമ
പ്പെടുത്തുക. **3** മുമ്പേ നാമും ബുദ്ധി
കെട്ടവരും അനുസരണമില്ലാത്തവ
രും വഴിതെറ്റി നടക്കുന്നവരും നാനാ
മോഹങ്ങൾക്കും ഭോഗങ്ങൾക്കും
അധീനരും ഈർഷ്യയിലും അസൂ
യയിലും കാലം കഴിക്കുന്നവരും
ദ്വേഷിതരും അന്യോന്യം പകയ്ക്കു
ന്നവരും ആയിരുന്നുവല്ലോ.[f] **4** എ
ന്നാൽ നമ്മുടെ രക്ഷിതാവായ
ദൈവത്തിന്റെ ദയയും മനുഷ്യപ്രീ
തിയും ഉദിച്ചപ്പോൾ[g] **5** അവൻ
നമ്മെ നാം ചെയ്ത നീതിപ്രവൃത്തി
കളാലല്ല,[h] തന്റെ കരുണപ്രകാര
മത്രേ രക്ഷിച്ചത്.[i] **6** നാം അവന്റെ
കൃപയാൽ നീതീകരിക്കപ്പെട്ടിട്ടു[j]
പ്രത്യാശപ്രകാരം[k] നിത്യജീവന്റെ
അവകാശികളായി[l]ത്തീരേണ്ടതിനു
പുനർജനനസ്നാനംകൊണ്ടും[m]
**7** നമ്മുടെ രക്ഷിതാവായ യേശു
ക്രിസ്തുമൂലം നമ്മുടെമേൽ ധാരാ
ളമായി പകർന്ന[n] പരിശുദ്ധാത്മാ
വിന്റെ നവീകരണംകൊണ്ടും[o] ത
ന്നെ. **8** ഈ വചനം വിശ്വാസ
യോഗ്യം;[p] ദൈവത്തിൽ വിശ്വസി
ച്ചവർ സൽപ്രവൃത്തികളിൽ ഉത്സാ
ഹികളായിരിപ്പാൻ[q] കരുതേണ്ട
തിന് നീ ഇത് ഉറപ്പിച്ചു പറയേണം
എന്ന് ഞാൻ ഇച്ഛിക്കുന്നു. ഇത്
ശുഭവും മനുഷ്യർക്ക് ഉപകാരവും
ആകുന്നു. **9** മൗഢ്യതർക്കവും[r]
വംശാവലികളും[s] കലഹവും ന്യായ
പ്രമാണത്തെക്കുറിച്ചുള്ള വാദവും
ഒഴിഞ്ഞുനില്ക്ക.[t] ഇവ നിഷ്പ്ര
യോജനവും വ്യർഥവുമല്ലോ.[u]
**10** സഭയിൽ ഭിന്നത വരുത്തുന്ന
മനുഷ്യനോട് ഒന്നു രണ്ടു വട്ടം
ബുദ്ധി പറഞ്ഞശേഷം[v] അവനെ
ഒഴിക്ക;[w] **11** ഇങ്ങനെയുള്ളവൻ
വക്രബുദ്ധിയായി പാപം ചെയ്തു
തന്നെത്താൻ കുറ്റം വിധിച്ചിരിക്കു
ന്നു എന്ന് നിനക്ക് അറിയാമല്ലോ.
**12** ഞാൻ അർത്തെമാസിനെ
യോ തിഹിക്കൊസിനെയോ[x] അ
ങ്ങോട്ട് അയയ്ക്കുമ്പോൾ നിക്കൊ
പ്പൊലിസിൽ[y] വന്ന് എന്നോടു ചേരു
വാൻ ശ്രമിക്ക. അവിടെ ഞാൻ ശീത
കാലം കഴിപ്പാൻ നിശ്ചയിച്ചിരിക്കു
ന്നു. **13** ന്യായശാസ്ത്രിയായ സേനാ
സിനും അപ്പൊല്ലോസിനും[z] ഒരു
മുട്ടും വരാതവണ്ണം ഉത്സാഹിച്ചു വഴി
യാത്ര അയയ്ക്ക. **14** നമുക്കുള്ള
വരും ഫലമില്ലാത്തവർ[a] ആകാതെ
അത്യാവശ്യസംഗതികളിൽ സൽ
പ്രവൃത്തികൾക്ക് മുമ്പരായിരിപ്പാൻ[b]
പഠിക്കട്ടെ.
**15** എന്നോടുകൂടെയുള്ളവർ
എല്ലാവരും നിനക്കു വന്ദനം ചൊ
ല്ലുന്നു. ഞങ്ങളെ വിശ്വാസത്തിൽ
സ്നേഹിക്കുന്നവർക്കു വന്ദനം
ചൊല്ലുക.

കൃപ നിങ്ങളോടെല്ലാവരോടും
കൂടെ ഇരിക്കുമാറാകട്ടെ.[c]

❋ ❋ ❋

13.[z] 1പത്രൊ.4:2; 1യോഹ.2:16
[a] 1തിമൊ.6:17; 2തിമൊ.4:10
[b] 2തിമൊ.3:12; (അപ്പൊ.പ്ര.24:25)
14.[c] സങ്കീ.130:8; 1പത്രൊ.1:18
[d] തീത്തൊ.3:8; എഫെ.2:10
[e] യെഹെ.37:23; പുറ.19:5
[f] മത്താ.20:28
15.[g] തീത്തൊ.1:14; 1തിമൊ.5:20
[h] 1തിമൊ.4:12

**അധ്യായം 3**

1.[a] റോമ.13:1; 1പത്രൊ.2:13
[b] 2തിമൊ.2:21
2.[c] എഫെ.4:31
[d] 1തിമൊ.3:3
[e] 2തിമൊ.2:26
3.[f] 1കൊരി.6:11
4.[g] റോമ.2:4
5.[h] റോമ.3:27
[i] എഫെ.2:5; 1പത്രൊ.1:3
6.[j] തീത്തൊ.2:11; റോമ.3:24
[k] തീത്തൊ.1:2
[l] റോമ.8:17
[m] എഫെ.5:26; യോഹ.3:5; 1കൊരി.6:11; 1പത്രൊ.3:21
7.[n] യോവേ.2:28; അപ്പൊ.പ്ര. 2:33;10:46; റോമ.5:5
[o] റോമ.12:2
8.[p] 1തിമൊ.1:15
[q] തീത്തൊ.3:14;2:14
9.[r] 1തിമൊ.6:4
[s] 1തിമൊ.1:3
[t] 2തിമൊ.2:16
[u] 2തിമൊ.2:14
10.[v] മത്താ.18:15
[w] 2യോഹ.10
12.[x] 2തിമൊ.4:12
[y] (2തിമൊ.4:10)
13.[z] അപ്പൊ.പ്ര.18:24
14.[a] 2പത്രൊ.1:8; (ഫിലി.1:11;4:17; കൊലൊ.1:10) [b] തീത്തൊ.3:8 15.[c] കൊലൊ.4:18

# THE EPISTLE OF PAUL THE APOSTLE TO PHILEMON

# അപ്പൊസ്തലനായ പൗലൊസ് ഫിലേമൊന് എഴുതിയ ലേഖനം

**മുഖവുര**

പൗലൊസിന്റെ ഈ ലേഖനം അടിമയായ ഒനേസിമൊസുമായിട്ടുള്ള അനുരഞ്ജനത്തിനുവേണ്ടി ഫിലേമൊനോടുള്ള ഒരു അപേക്ഷയാണ്. ഫിലേമൊന്റെ അടുത്തേക്ക് പൗലൊസ് തിരിച്ചയയ്ക്കുന്ന ഒനേസിമൊസിനെ വീണ്ടും ഒരു അടിമയായിട്ടല്ല മറിച്ച് ഒരു ക്രിസ്തീയസഹോദരനായി സ്വീകരിക്കുവാൻ ഉപദേശിക്കുന്നു.

***1. ഫിലേമൊൻ തന്റെ ഭൃത്യനോട് ക്ഷമിക്കണമെന്നും രണ്ടാമതും അവനെ സ്നേഹത്തോടെ കൈക്കൊള്ളണമെന്നും പൗലൊസ് അപേക്ഷിക്കുന്നത്.***

**ക്രി**സ്തുയേശുവിന്റെ ബദ്ധനായ[a]
പൗലൊസും സഹോദരനായ തിമൊ
ഥെയൊസും[b] ഞങ്ങളുടെ പ്രിയനും
കൂട്ടുവേലക്കാരനുമായ **2** ഫിലേ
മൊൻ എന്ന നിനക്കും സഹോദരി
യായ അപ്പിയയ്ക്കും ഞങ്ങളുടെ
സഹഭടനായ[c] അർക്കിപ്പൊസിനും[d]
നിന്റെ വീട്ടിലെ സഭയ്ക്കും[e] എഴു
തുന്നത്: **3** നമ്മുടെ പിതാവായ
ദൈവത്തിങ്കൽനിന്നും കർത്താവായ
യേശുക്രിസ്തുവിങ്കൽനിന്നും നി
ങ്ങൾക്കു കൃപയും സമാധാനവും
ഉണ്ടാകട്ടെ.[f]

**4** കർത്താവായ യേശുവിനോടും
സകല വിശുദ്ധന്മാരോടും നിനക്കു
ള്ള സ്നേഹത്തെയും വിശ്വാസ
ത്തെയും[g] കുറിച്ചു ഞാൻ കേട്ടിട്ടു[h]
**5** നമ്മിലുള്ള എല്ലാ നന്മയുടെയും
പരിജ്ഞാനത്താൽ[i] നിന്റെ വിശ്വാ
സത്തിന്റെ കൂട്ടായ്മ ക്രിസ്തുവി
നായി സഫലമാകേണ്ടതിന് **6** എ
ന്റെ പ്രാർഥനയിൽ നിന്നെ ഓർത്ത്
എപ്പോഴും എന്റെ ദൈവത്തിനു
സ്തോത്രം ചെയ്യുന്നു.[j] **7** സഹോ
ദരാ, വിശുദ്ധന്മാരുടെ ഹൃദയം നീ
തണുപ്പിച്ചതു[k] നിമിത്തം നിന്റെ
സ്നേഹത്തിൽ എനിക്കു വളരെ സ
ന്തോഷവും ആശ്വാസവും[l] ഉണ്ടായി.

1.[a] *ഫിലേ.9; എഫെ.3:1*
[b] *1തെസ്സ.3:2*
2.[c] *ഫിലി.2:25*
[d] *കൊലൊ.4:17*
[e] *റോമ.16:5*
3.[f] *റോമ.1:4*
4.[g] *എഫെ.1:15*
[h] *കൊലൊ.1:4*
5.[i] *ഫിലി.1:9; കൊലൊ.1:10*
6.[j] *റോമ.1:8,9*
7.[k] *ഫിലേ.20; 2തിമൊ.1:16; (റോമ.15:31; 2കൊരി.7:13)*
[l] *(2കൊരി.7:4,13; കൊലൊ.4:11)*

8.[m] *എഫെ.5:4*
9.[n] *(1തെസ്സ.2:6)*
[o] *(എഫെ.6:19)*
[p] *ഫിലേ.1*
10.[q] *ഫിലേ.13; 1കൊരി.4:15; (ഗലാ.4:19)*
[r] *3യോഹ.4*
[s] *കൊലൊ.4:9*
13.[t] *ഫിലേ.10; ഫിലി.1:7*
[u] *1കൊരി.16:17*
14.[v] *(2കൊരി.9:7; 1പത്രൊ.5:2)*
15.[w] *(ഉൽപ.45:5,8)*
16.[x] *1കൊരി.7:22*

**8** ആകയാൽ യുക്തമായതു[m] നി
ന്നോടു കല്പിപ്പാൻ **9** ക്രിസ്തു
വിൽ എനിക്കു വളരെ ധൈര്യം
ഉണ്ടെങ്കിലും[n] പൗലൊസ് എന്ന
വയസ്സനും[o] ഇപ്പോൾ ക്രിസ്തുയേ
ശുവിന്റെ ബദ്ധനുമായിരിക്കുന്ന[p]
ഈ ഞാൻ സ്നേഹം നിമിത്തം
അപേക്ഷിക്കയത്രേ ചെയ്യുന്നത്.
**10** തടവിൽ ഇരിക്കുമ്പോൾ ഞാൻ
ജനിപ്പിച്ച[q] എന്റെ മകനായ[r] ഒനേ
സിമൊസിനുവേണ്ടി[s] ആകുന്നു നി
ന്നോട് അപേക്ഷിക്കുന്നത്. **11** അ
വൻ മുമ്പേ നിനക്കു പ്രയോജനമി
ല്ലാത്തവൻ ആയിരുന്നു; ഇപ്പോൾ
നിനക്കും എനിക്കും നല്ല പ്രയോ
ജനമുള്ളവൻതന്നെ. **12** എനിക്കു
പ്രാണപ്രിയനായ അവനെ ഞാൻ
മടക്കി അയച്ചിരിക്കുന്നു. **13** സുവി
ശേഷം നിമിത്തമുള്ള തടവിൽ[t] എ
ന്നെ ശുശ്രൂഷിക്കേണ്ടതിന് അവനെ
നിനക്കു പകരം[u] എന്റെ അടുക്കൽ
തന്നെ നിർത്തിക്കൊൾവാൻ എനി
ക്ക് ആഗ്രഹമുണ്ടായിരുന്നു. **14** എ
ങ്കിലും നിന്റെ ഗുണം നിർബന്ധ
ത്താൽ[v] എന്നപോലെ അല്ല, മന
സ്സോടെ ആകേണ്ടതിന് നിന്റെ സ
മ്മതം കൂടാതെ ഒന്നും ചെയ്‌വാൻ
എനിക്കു മനസ്സില്ലായിരുന്നു. **15** അ
വൻ അല്പകാലം വേർവിട്ടുപോ
യത്[w] അവനെ സദാകാലത്തേക്കും
നിനക്കു ലഭിക്കേണ്ടതിന് ആയിരി
ക്കും; **16** അവൻ ഇനി ദാസനല്ല,[x]

ദാസനുമീതെ പ്രിയസഹോദരൻ[y]
തന്നെ; അവൻ വിശേഷാൽ എനി
ക്കു പ്രിയൻ എങ്കിൽ നിനക്കു ജഡ
സംബന്ധമായും[z] കർത്തൃസംബ
ന്ധമായും എത്ര അധികം? **17** ആ
കയാൽ നീ എന്നെ കൂട്ടാളി[a] എന്നു
കരുതുന്നു എങ്കിൽ അവനെ എന്നെ
പ്പോലെ ചേർത്തുകൊൾക. **18** അ
വൻ നിന്നോടു വല്ലതും അന്യായം
ചെയ്തിട്ടോ കടംപെട്ടിട്ടോ ഉണ്ടെ
ങ്കിൽ അത് എന്റെ പേരിൽ കണ
ക്കിട്ടുകൊൾക. **19** പൗലൊസ് എന്ന
ഞാൻ സ്വന്തകൈയാൽ എഴുതിയി
രിക്കുന്നു;[b] ഞാൻ തന്നു തീർക്കാം.
നീ നിന്നെത്തന്നെ എനിക്കു തരു
വാൻ കടംപെട്ടിരിക്കുന്നു എന്നു
ഞാൻ പറയേണം എന്നില്ലല്ലോ.
**20** അതേ സഹോദരാ, നിന്നെക്കൊ
ണ്ട് എനിക്ക് കർത്താവിൽ ഒരനു
ഭവം വേണ്ടിയിരിക്കുന്നു; ക്രിസ്തു
വിൽ എന്റെ ഹൃദയം തണുപ്പിക്ക.[c]

**21** നിന്റെ അനുസരണത്തെപ്പറ്റി
എനിക്കു നിശ്ചയം ഉണ്ട്;[d] ഞാൻ
പറയുന്നതിലുമധികം നീ ചെയ്യും
എന്നറിഞ്ഞിട്ടാകുന്നു ഞാൻ എഴു
തുന്നത്. **22** ഇതല്ലാതെ നിങ്ങളുടെ
പ്രാർഥനയാൽ[e] ഞാൻ നിങ്ങൾ
ക്കു നല്കപ്പെടും[f] എന്നു പ്രത്യാശ
ഉണ്ടാകകൊണ്ട്[g] എനിക്കു പാർപ്പി
ടം ഒരുക്കിക്കൊൾക.

**23** ക്രിസ്തുയേശുവിൽ എന്റെ
സഹബദ്ധനായ[h] എപ്പഫ്രാസും[i]
**24** എന്റെ കൂട്ടുവേലക്കാരനായ മർ
ക്കൊസും[j] അരിസ്തർക്കൊസും[j]
ദേമാസും[k] ലൂക്കൊസും[k] നിനക്കു
വന്ദനം ചൊല്ലുന്നു.

**25** നമ്മുടെ കർത്താവായ യേശു
ക്രിസ്തുവിന്റെ കൃപ നിങ്ങളുടെ
ആത്മാവോടുകൂടെ ഇരിക്കുമാറാ
കട്ടെ.[l] ആമേൻ.

❋ ❋ ❋

16.[y] *മത്താ.23:8; കൊലൊ.4:9; 1തിമൊ.6:2*
[z] *കൊലൊ.3:22,23; (എഫെ.6:5)*
17.[a] *2കൊരി.8:23*
19.[b] *1കൊരി.16:21*
20.[c] *ഫിലേ.7*
21.[d] *2കൊരി.2:3*
22.[e] *2കൊരി.1:11*
[f] *(എബ്രാ.13:19)*
[g] *ഫിലി.1:25;2:24*
23.[h] *റോമ.16:7*
[i] *കൊലൊ.1:7*
24.[j] *കൊലൊ.4:10*
[k] *കൊലൊ.4:14; 2തിമൊ.4:10,11*
25.[l] *ഗലാ.6:18*

## പുതിയനിയമത്തിലെ ഗൃഹസഭകളുടെ നേതാക്കൾ

കൂട്ടം എന്നർഥം വരുന്ന *എക്ലീസിയ* എന്ന ഗ്രീക്കുപദത്തിൽ നിന്നാണ് സഭ എന്ന നാമം ഉണ്ടായത്. ഭവനങ്ങളിൽ കൂടിയ ആദ്യ കൂട്ടങ്ങളിൽ പ്രാർഥന, പാട്ട്, വേദവായന, സ്നേഹവിരുന്ന് തുടങ്ങിയവ നടത്തിയിരുന്നു. ഗൃഹസഭയുടെ നേതാക്കൾ എന്ന് ഇവിടെ പരാമർശിക്കുന്നവർ ആദ്യകാലത്ത് തങ്ങളുടെ ഭവനങ്ങൾ ക്രൈസ്തവരുടെ ആരാധനയ്ക്കായി തുറന്നു കൊടുത്തവരാണ്. ഇവരെക്കുറിച്ചു വളരെ കുറച്ചു വിവരങ്ങൾ മാത്രമേ ലഭ്യമായിട്ടുള്ളൂ.

| നേതാക്കൾ | പട്ടണം | വേദപുസ്തകസൂചിക |
|---|---|---|
| ഫേബ | കെംക്രയാ | റോമ. 16:1,2 |
| ഗായൊസ് | കൊരിന്ത് | റോമ.16:23,24; 1 കൊരി. 1:14 |
| പ്രിസ്കില്ലയും അക്വിലാസും | എഫെസൊസ് | അപ്പൊ. പ്ര. 18:1 - 26; റോമ. 16:3 - 5; 1 കൊരി. 16:19 |
| ഫിലേമൊൻ | കൊലൊസ്യ | ഫിലേ. 2 |
| നുംഫ | ലവൊദിക്യാ | കൊലൊ. 4:15 |

# THE EPISTLE TO THE HEBREWS
# എബ്രായർക്ക് എഴുതിയ ലേഖനം

## മുഖവുര

വർദ്ധിച്ചുവരുന്ന പീഡനങ്ങൾമൂലം ക്രിസ്തീയവിശ്വാസം ത്യജിച്ചുകളയാമായിരുന്ന ഒരു പറ്റം ക്രിസ്തീയവിശ്വാസികൾക്കുവേണ്ടി എഴുതിയതാണ് എബ്രായലേഖനം. ഇതിന്റെ എഴുത്തുകാരൻ അവരുടെ വിശ്വാസത്തെ വർദ്ധിപ്പിക്കുന്നതിനായി യേശുക്രിസ്തു ദൈവത്തിന്റെ അവസാന വെളിപ്പാടും, യാഥാർഥ്യവും ആണ് എന്ന് പ്രാരംഭമായി ചൂണ്ടിക്കാണിക്കുന്നു. ഉപദേശവും മുന്നറിയിപ്പും കൊണ്ടാണ് ഈ പുസ്തകം അവസാനിച്ചിരിക്കുന്നത്.

*1. ക്രിസ്തുവിന്റെ മഹിമയും 5. താൻ ദൈവദൂതരിലും ശ്രേഷ്ഠൻ എന്നുള്ളതും.*

**അധ്യായം 1**

**ദൈ**വം പണ്ടു ഭാഗം ഭാഗമായിട്ടും
വിവിധമായിട്ടും[a] പ്രവാചകന്മാർ
മുഖാന്തരം പിതാക്കന്മാരോട് അരു
ളിച്ചെയ്തിട്ട് **2** ഈ അന്ത്യകാല
ത്തു[b] പുത്രൻ[c] മുഖാന്തരം നമ്മോട്
അരുളിച്ചെയ്തിരിക്കുന്നു.[d] അവനെ
താൻ സകലത്തിനും അവകാശി[e]
യാക്കി വച്ചു; അവൻ മുഖാന്തരം[f]
ലോകത്തെയും[g] ഉണ്ടാക്കി.[f] **3** അ
വൻ അവന്റെ തേജസ്സിന്റെ പ്രഭയും
തത്ത്വത്തിന്റെ മുദ്രയും[h] സകല
ത്തെയും തന്റെ ശക്തിയുള്ള വചന
ത്താൽ വഹിക്കുന്നവനും[i] ആക
കൊണ്ടു പാപങ്ങൾക്കു പരിഹാരം
ഉണ്ടാക്കിയ[j] ശേഷം ഉയരത്തിൽ മ
ഹിമയുടെ വലത്തുഭാഗത്ത്[k] ഇരി
ക്കയും[l] **4** അവൻ ദൈവദൂതന്മാരെ
ക്കാൾ വിശിഷ്ടമായ നാമത്തിന്
അവകാശിയായതിന്[m] ഒത്തവണ്ണം
അവരെക്കാൾ ശ്രേഷ്ഠനായിത്തീ
രുകയും ചെയ്തു. **5** [n]"നീ എന്റെ
പുത്രൻ; ഞാൻ ഇന്നു നിന്നെ ജനി
പ്പിച്ചിരിക്കുന്നു" എന്നും [o]"ഞാൻ
അവനു പിതാവും അവൻ എനിക്കു
പുത്രനും ആയിരിക്കും" എന്നും
ദൂതന്മാരിൽ ആരോടെങ്കിലും വല്ല
പ്പോഴും അരുളിച്ചെയ്തിട്ടുണ്ടോ?
**6** ആദ്യജാതനെ[p] പിന്നെയും ഭൂതല
ത്തിലേക്കു പ്രവേശിപ്പിക്കുമ്പോൾ:
[q]"ദൈവത്തിന്റെ സകല ദൂതന്മാരും
അവനെ നമസ്കരിക്കേണം" എന്ന്
താൻ അരുളിച്ചെയ്യുന്നു. **7** [r]"അവൻ
കാറ്റുകളെ തന്റെ ദൂതന്മാരും അഗ്നി
ജ്വാലയെ തന്റെ ശുശ്രൂഷകന്മാരും
ആക്കുന്നു" എന്ന് ദൂതന്മാരെക്കു
റിച്ചു പറയുന്നു. **8** പുത്രനോടോ:
[s]"ദൈവമേ, നിന്റെ സിംഹാസനം
എന്നും എന്നേക്കുമുള്ളത്; നിന്റെ
രാജത്വത്തിന്റെ ചെങ്കോൽ നേരുള്ള
ചെങ്കോൽ. **9** നീ നീതിയെ ഇഷ്ട
പ്പെടുകയും ദുഷ്ടതയെ ദ്വേഷി
ക്കയും ചെയ്തിരിക്കയാൽ ദൈവ
മേ, നിന്റെ ദൈവം നിന്റെ കൂട്ടുകാ
രിൽ പരമായി നിന്നെ ആനന്ദതൈ
ലം[t] കൊണ്ട് അഭിഷേകം ചെയ്തി
രിക്കുന്നു"[u] എന്നും **10** "കർത്താ
വേ,[v] നീ പൂർവകാലത്തു ഭൂമിക്ക്
അടിസ്ഥാനം ഇട്ടു, ആകാശവും
നിന്റെ കൈകളുടെ പ്രവൃത്തി ആ
കുന്നു. **11** അവ നശിക്കും; നീയോ
നിലനില്ക്കും; അവ എല്ലാം വസ്ത്രം
പോലെ പഴകിപ്പോകും; **12** ഉടുപ്പു
പോലെ നീ അവയെ ചുരുട്ടും; വ
സ്ത്രംപോലെ അവ മാറിപ്പോകും;
നീയോ അനന്യൻ;[w] നിന്റെ സംവ
ത്സരങ്ങൾ അവസാനിക്കയുമില്ല"
എന്നും പറയുന്നു. **13** [x]"ഞാൻ
നിന്റെ ശത്രുക്കളെ നിനക്കു പാദ
പീഠമാക്കുവോളം[y] നീ എന്റെ വല
ത്തുഭാഗത്തിരിക്ക" എന്ന് ദൂതന്മാ
രിൽ ആരോടെങ്കിലും വല്ലപ്പോഴും

1.[a] *(സംഖ്യാ.12:6,8; യോവേ.2:28)*
2.[b] *1പത്രൊ.1:20; (എബ്രാ.9:26; അപ്പൊ.പ്ര.2:17)*
[c] *എബ്രാ.3:6; 4:14;5:8; മത്താ.14:33*
[d] *എബ്രാ.2:3,4*
[e] *സങ്കീ.2:8; മത്താ.21:38; 28:18*
[f] *(എബ്രാ.3:3); യോഹ.1:3*
[g] *എബ്രാ.11:3*
3.[h] *2കൊരി.4:4*
[i] *(എബ്രാ.11:3; കൊലൊ.1:17)*
[j] *എബ്രാ.9:14*
[k] *(ലൂക്കൊ.22:69)*
[l] *മർക്കൊ.16:19*
4.[m] *എഫെ.1:21; ഫിലി.2:9*
5.[n] *എബ്രാ.5:5; അപ്പൊ.പ്ര.13:33;* ***സങ്കീ.2:7***
[o] ***2ശമൂ.7:14;*** *(സങ്കീ.89:26,27)*
6.[p] *റോമ.8:29*
[q] ***ആവ.32:43;*** *(സങ്കീ.97:7)*
7.[r] ***സങ്കീ.104:4***
8.[s] ***സങ്കീ.45:6,7***
9.[t] *യെശ.61:3*
[u] *യെശ.61:1*
10.[v] *സങ്കീ.102:25-27*
12.[w] *എബ്രാ.13:8* 13.[x] ***സങ്കീ.110:1*** [y] *എബ്രാ.10:13*

അരുളിച്ചെയ്തിട്ടുണ്ടോ? **14** അവരൊക്കെയും രക്ഷപ്രാപിപ്പാ[z]നുള്ളവരുടെ ശുശ്രൂഷയ്ക്ക് അയയ്ക്കപ്പെടുന്ന[a] സേവകാത്മാക്കളല്ലയോ?

❋ ❋ ❋

***1. ഭാവിലോകത്തിനും കർത്താവായ ക്രിസ്തു 8. നമ്മുടെ രക്ഷയ്ക്കായി ദൂതരിൽ ചെറിയവനായത്.***

**2** അതുകൊണ്ട് നാം വല്ലപ്പോഴും ഒഴുകിപ്പോകാതിരിക്കേണ്ടതിനു കേട്ടത് അധികം ശ്രദ്ധയോടെ കരുതിക്കൊൾവാൻ ആവശ്യമാകുന്നു. **2** ദൂതന്മാർ മുഖാന്തരം അരുളിച്ചെയ്ത വചനം[a] സ്ഥിരമായിരിക്കയും ഓരോരോ ലംഘനത്തിനും അനുസരണക്കേടിനും[b] ന്യായമായ പ്രതിഫലം[c] ലഭിക്കയും ചെയ്തു എങ്കിൽ **3** കർത്താവ് താൻ പറഞ്ഞുതുടങ്ങിയതും[d] ദൈവം[e] അടയാളങ്ങളാലും അദ്ഭുതങ്ങളാലും[f] വിവിധ വീര്യപ്രവൃത്തികളാലും തന്റെ ഇഷ്ടപ്രകാരം[g] പരിശുദ്ധാത്മാവിനെ നല്കിക്കൊണ്ടും[h] സാക്ഷിനിന്നതും[e] **4** കേട്ടവർ[i] നമുക്ക് ഉറപ്പിച്ചു തന്നതുമായ[j] ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ[j] പോയാൽ എങ്ങനെ തെറ്റി ഒഴിയും?[k]

**5** നാം പ്രസ്താവിക്കുന്ന ഭാവി[l] ലോകത്തെ അവൻ ദൂതന്മാർക്കല്ലല്ലോ കീഴ്പെടുത്തിയത്. **6** എന്നാൽ [m]“മനുഷ്യനെ നീ ഓർക്കേണ്ടതിന് അവൻ എന്ത്? മനുഷ്യപുത്രനെ സന്ദർശിക്കേണ്ടതിന് അവൻ എന്തുമാത്രം? **7** നീ അവനെ ദൂതന്മാരെക്കാൾ അല്പം മാത്രം താഴ്ത്തി; തേജസ്സും ബഹുമാനവും അവനെ അണിയിച്ചിരിക്കുന്നു; നിന്റെ കൈകളുടെ പ്രവൃത്തികൾക്കു നീ അവനെ അധിപതി ആക്കി, **8** സകലവും അവന്റെ കാൽക്കീഴാക്കിയിരിക്കുന്നു” എന്ന് ഒരുവൻ ഒരേടത്തു സാക്ഷ്യം പറയുന്നു. സകലവും അവനു കീഴാക്കിയതിൽ ഒന്നിനെയും കീഴ്പെടുത്താതെ വിട്ടിട്ടില്ല; എന്നാൽ ഇപ്പോൾ സകലവും അവനു കീഴ്പെട്ടതായി കാണുന്നില്ല.[n] **9** എങ്കിലും ദൈവകൃപയാൽ എല്ലാവർക്കും വേണ്ടി[o] മരണം ആസ്വദിപ്പാൻ[p] ദൂതന്മാരിലും അല്പം ഒരു താഴ്ച വന്നവനായ[q] യേശു മരണം അനുഭവിച്ചതുകൊണ്ട്[r] അവനെ മഹത്ത്വവും ബഹുമാനവും അണിഞ്ഞവനായി[s] നാം കാണുന്നു. **10** സകലത്തിനും ലാക്കും സകലത്തിനും കാരണഭൂതനുമായവൻ[t] അനേകം പുത്രന്മാരെ തേജസ്സിലേക്കു[u] നടത്തുമ്പോൾ അവരുടെ രക്ഷാനായകനെ[v] കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനാക്കുന്നത്[w] യുക്തം ആയിരുന്നു.[x] **11** വിശുദ്ധീകരിക്കുന്നവനും[y] വിശുദ്ധീകരിക്കപ്പെടുന്നവർക്കും[z] എല്ലാം ഒരുവനല്ലോ പിതാവ്;[a] അതു ഹേതുവായി അവൻ അവരെ സഹോദരന്മാർ[b] എന്ന് വിളിപ്പാൻ ലജ്ജിക്കാതെ: **12** [c]“ഞാൻ നിന്റെ നാമത്തെ എന്റെ സഹോദരന്മാരോടു കീർത്തിക്കും; സഭാ[d]മധ്യേ ഞാൻ നിന്നെ സ്തുതിക്കും” എന്നും **13** [e]“ഞാൻ അവനിൽ ആശ്രയിക്കും” എന്നും [f]“ഇതാ, ഞാനും ദൈവം എനിക്കു തന്ന[g] മക്കളും” എന്നും പറയുന്നു. **14** മക്കൾ ജഡരക്തങ്ങളോടു കൂടിയവർ ആകകൊണ്ട് അവനും അവരെപ്പോലെ ജഡരക്തങ്ങളോടു കൂടിയവനായി[h] മരണത്തിന്റെ അധികാരിയായ പിശാചിനെ[i] **15** തന്റെ മരണത്താൽ[j] നീക്കി[k] ജീവപര്യന്തം മരണഭീതിയാൽ[l] അടിമകളായിരുന്നവരെയൊക്കെയും വിടുവിച്ചു. **16** ദൂതന്മാരെ സംരക്ഷണ ചെയ്‌വാനല്ല അബ്രാഹാമിന്റെ സന്തതിയെ സംരക്ഷണ ചെയ്‌വാനത്രേ[m] അവൻ വന്നത്. **17** അതുകൊണ്ടു ജനത്തിന്റെ പാപങ്ങൾക്കു പ്രായശ്ചിത്തം വരുത്തുവാൻ അവൻ കരുണയുള്ളവനും[n]

14.[z] *മത്താ.25:34*
[a] *ഉൽപ.19:16; 28:12; 32:1,2; ന്യായാ.6:11;13:3 സങ്കീ.34:7;91:11; 103:20,21; ദാനീ.3:28; 6:22; 10:11; മത്താ.18:11; അപ്പൊ.പ്ര.12:7,15*

**അധ്യായം 2**

2.[a] *അപ്പൊ.പ്ര.7:53*
[b] *(എബ്രാ.10:28; സംഖ്യാ.15:30,31; ആവ.4:3;17:2,5,12; 27:26)*
[c] *എബ്രാ.10:35; 11:26*
3.[d] *എബ്രാ.1:2*
[e] *മർക്കൊ.16:20; (അപ്പൊ.പ്ര.5:32)*
[f] *അപ്പൊ.പ്ര.2:22,43*
[g] *(എഫെ.1:5)*
[h] *(1കൊരി.12:4,11)*
4.[i] *(ലൂക്കൊ.1:1)*
[j] *മത്താ.22:5*
[k] *എബ്രാ.10:28,29; 12:25*
5.[l] *എബ്രാ.6:5*
6.[m] *സങ്കീ.8:4 - 6*
8.[n] *(1കൊരി.15:25)*
9.[o] *യോഹ.12:32*
[p] *മത്താ.16:28; യോഹ.8:52*
[q] *എബ്രാ.2:7*
[r] *ഫിലി.2:7 - 9; യോഹ.10:17*
[s] *അപ്പൊ.പ്ര.3:13; 1പത്രൊ.1:21; അപ്പൊ.പ്ര.2:33*
10.[t] *റോമ.11:36*
[u] *(എബ്രാ.3:1; റോമ.8:30)*
[v] *എബ്രാ.12:2; അപ്പൊ.പ്ര.3:14; (എബ്രാ.5:9)*
[w] *എബ്രാ.5:9;7:28; ലൂക്കൊ.13:32; (ഫിലി.3:12)*
[x] *(ലൂക്കൊ.24:26)*
11.[y] *എബ്രാ.13:12*
[z] *എബ്രാ.10:10,14,29*
[a] *അപ്പൊ.പ്ര.17:28*

[b] *മത്താ.25:40* 12.[c] ***സങ്കീ.22:22*** [d] *എബ്രാ.12:23; അപ്പൊ.പ്ര.7:38* 13.[e] *(സങ്കീ.18:2; യെശ.8:17;12:2)* [f] ***യെശ.8:18*** [g] *യോഹ.17:2* 14.[h] *എബ്രാ.7:13; യോഹ.1:14* [i] *1യോഹ.3:8; (യോഹ.16:11)* 15.[j] *1കൊരി.15:54 - 56* [k] *(കൊലൊ.2:15; 2തിമൊ.1:10)* [l] *റോമ.8:15* 16.[m] *യെശ.41:8,9; (എബ്രാ.8:9)* 17.[n] *എബ്രാ.4:15,16; (എബ്രാ.5:2,7,8)*

ദൈവകാര്യത്തിൽ[o] വിശ്വസ്തമഹാ
പുരോഹിതനും ആകേണ്ടതിനു[n]
സകലത്തിലും തന്റെ സഹോദരന്മാ
രോടു സദൃശനായിത്തീരുവാൻ[p]
ആവശ്യമായിരുന്നു. 18 താൻ തന്നെ
പരീക്ഷിതനായി[q] കഷ്ടമനുഭവിച്ചി
രിക്കയാൽ പരീക്ഷിക്കപ്പെടുന്നവർ
ക്ക് സഹായിപ്പാൻ കഴിവുള്ളവൻ
ആകുന്നു.

❋ ❋ ❋

*1. മോശെയെക്കാൾ ക്രിസ്തു ശ്രേഷ്ഠൻ*
*7. യിസ്രായേല്യരെപ്പോലെ അവിശ്വാസത്തിൽ വീഴരുത്.*

**3** അതുകൊണ്ടു വിശുദ്ധ സഹോ
ദരന്മാരേ, സ്വർഗീയവിളിക്ക്[a]
ഓഹരിക്കാരായുള്ളോരേ, നാം
സ്വീകരിച്ചു പറയുന്ന അപ്പൊസ്ത
ലനും മഹാപുരോഹിതനുമായ യേ
ശുവിനെ[b] ശ്രദ്ധിച്ചു നോക്കുവിൻ.
**2** മോശെ ദൈവഭവനത്തിലൊക്കെ
യും വിശ്വസ്തനായിരുന്നതുപോലെ[c]
യേശുവും തന്നെ നിയമിച്ചാക്കി
യവനു വിശ്വസ്തൻ ആകുന്നു.
**3** ഭവനത്തെക്കാളും ഭവനം ചമച്ച
വന് അധികം മാനമുള്ളതുപോലെ
യേശുവും മോശെയെക്കാൾ അധി
കം മഹത്ത്വത്തിനു യോഗ്യൻ എന്ന്
എണ്ണിയിരിക്കുന്നു. **4** ഏത് ഭവനവും
ചമപ്പാൻ ഒരാൾ വേണം; സർവവും
ചമച്ചവൻ ദൈവം തന്നെ.[d] **5** അവ
ന്റെ ഭവനത്തിലൊക്കെയും മോശെ
വിശ്വസ്തനായിരുന്നത്[e] അരുളി
ച്ചെയ്‌വാനിരുന്നതിനു സാക്ഷ്യം പറ
യുന്ന[f] ഭൃത്യനായിട്ടത്രേ.[g] **6** ക്രി
സ്തുവോ അവന്റെ ഭവനത്തിന്
അധികാരിയായ പുത്രനായിട്ടു[h]
തന്നെ; പ്രത്യാശയുടെ ധൈര്യവും
പ്രശംസയും നാം അവസാനത്തോ
ളം[i] മുറുകെപ്പിടിച്ചുകൊണ്ടാൽ
നാംതന്നെ അവന്റെ ഭവനം ആകു
ന്നു[j] **7** അതുകൊണ്ടു പരിശുദ്ധാ
ത്മാവ് അരുളിച്ചെയ്യുന്നതുപോലെ:
**8** [k]“ഇന്ന് നിങ്ങൾ അവന്റെ ശ
ബ്ദം കേൾക്കുന്നുവെങ്കിൽ മരുഭൂമി
യിൽവച്ചു പരീക്ഷാദിവസത്തിലെ
മത്സരത്തിൽ എന്നപോലെ നിങ്ങ
ളുടെ ഹൃദയം കഠിനമാക്കരുത്.
**9** അവിടെവച്ചു നിങ്ങളുടെ പിതാ
ക്കന്മാർ എന്നെ പരീക്ഷിച്ചു നാ
ല്പത് ആണ്ട്[l] എന്റെ പ്രവൃത്തി
കളെ കണ്ടിട്ടും എന്നെ ശോധന
ചെയ്തു. **10** അതുകൊണ്ട് എനി
ക്ക് ആ തലമുറയോടു നീരസം
ഉണ്ടായി. അവർ എപ്പോഴും തെറ്റി
പ്പോകുന്ന ഹൃദയമുള്ളവർ എന്നും
എന്റെ വഴികളെ അറിയാത്തവർ
എന്നും ഞാൻ പറഞ്ഞു; **11** അവർ
എന്റെ സ്വസ്ഥതയിൽ പ്രവേശിക്ക
യില്ല എന്നു ഞാൻ എന്റെ ക്രോധ
ത്തിൽ സത്യം ചെയ്തു.”[m]
**12** സഹോദരന്മാരേ, ജീവനുള്ള
ദൈവത്തെ[n] ത്യജിച്ചുകളയാതി
രിക്കേണ്ടതിന് അവിശ്വാസമുള്ള
ദുഷ്ടഹൃദയം നിങ്ങളിൽ ആർക്കും
ഉണ്ടാകാതിരിപ്പാൻ നോക്കുവിൻ.
**13** നിങ്ങൾ ആരും പാപത്തിന്റെ
ചതിയാൽ[o] കഠിനപ്പെടാതിരിക്കേ
ണ്ടതിന് “ഇന്ന്” എന്നു പറയുന്നേട
ത്തോളം നാൾതോറും അന്യോ
ന്യം പ്രബോധിപ്പിച്ചു[p]കൊൾവിൻ.
**14** ആദ്യവിശ്വാസം അവസാനത്തോ
ളം മുറുകെപ്പിടിച്ചുകൊണ്ടാൽ[q]
നാം ക്രിസ്തുവിൽ പങ്കാളികളായി
ത്തീർന്നിരിക്കുന്നുവല്ലോ.
**15** [k]“ഇന്നു നിങ്ങൾ അവന്റെ
ശബ്ദം കേൾക്കുന്നുവെങ്കിൽ
മത്സരത്തിൽ എന്നപോലെ നിങ്ങ
ളുടെ ഹൃദയങ്ങളെ കഠിനമാക്ക
രുത്”
**16** എന്നു പറയുന്നതിൽ ആരാകു
ന്നു കേട്ടിട്ടു മത്സരിച്ചവർ?[r] മിസ്ര
യീമിൽനിന്നു മോശെ മുഖാന്തരം
പുറപ്പെട്ടുവന്നവർ[s] എല്ലാവരുമ
ല്ലോ. **17** നാല്പത് ആണ്ട് ആരോ
ടു ക്രുദ്ധിച്ചു? പാപം ചെയ്തവരോ
ടല്ലയോ? **18** അവരുടെ ശവങ്ങൾ
മരുഭൂമിയിൽ വീണുപോയി.[t] എന്റെ
സ്വസ്ഥതയിൽ പ്രവേശിക്കയില്ല[u]
എന്ന് ആണയിട്ടത് അനുസരണം
കെട്ടവരോടല്ലാതെ പിന്നെ ആരോ
ടാകുന്നു? **19** ഇങ്ങനെ അവിശ്വാസം
നിമിത്തം അവർക്കു പ്രവേശിപ്പാൻ
കഴിഞ്ഞില്ല[v] എന്ന് നാം കാണുന്നു.

❋ ❋ ❋

17.[o] *എബ്രാ.5:1; റോമ.15:17*
[p] *ഫിലി.2:7*
18.[q] *എബ്രാ.4:15; ലൂക്കൊ.22:28*

**അധ്യായം 3**

1.[a] *എഫെ.4:1; ഫിലി.3:14; 2തിമൊ.1:9*
[b] *(യോഹ.20:21; റോമ.15:8,9)*
2.[c] *എബ്രാ.3:5*
4.[d] *എഫെ.2:10;3:9*
5.[e] *എബ്രാ.3:2; സംഖ്യാ.12:7*
[f] *ആവ.18:15,18,19*
[g] *പുറ.14:31; ആവ.34:5; യോശു.1:2;8:31; സങ്കീ.105:26; വെളി.15:3*
6.[h] *എബ്രാ.1:2*
[i] *എബ്രാ.3:14;6:11; സങ്കീ.119:33,112 മത്താ.10:22; വെളി.2:26*
[j] *1കൊരി.3:16;6:19; 2കൊരി.6:16; എഫെ.2:21; 1തിമൊ.3:15; 1പത്രൊ.2:5*
8.[k] *എബ്രാ.3:15;4:7; സങ്കീ.95:8 - 11*
9.[l] *അപ്പൊ.പ്ര.7:36*
11.[m] *എബ്രാ.4:3,5*
12.[n] *മത്താ.16:16*
13.[o] *(യെശ.44:20; റോമ.7:11; എഫെ.4:22)*
[p] *(എബ്രാ.10:24,25)*
14.[q] *എബ്രാ.3:6; 10:23; 1കൊരി.15:2*
15.[k] *(വാ.8 കാ.)*
16.[r] *സംഖ്യാ.14:2; ആവ.1:34,35*
[s] *(സംഖ്യാ.14:24,30; ആവ.1:36,38)*
18.[t] *സംഖ്യാ.14:29; യൂദാ.5*
[u] *ആവ.1:34,35; (എബ്രാ.4:2)*
19.[v] *എബ്രാ.4:6; സങ്കീ.78:22;106:24*

*1. ക്രിസ്ത്യാനികൾക്കുള്ള സ്വസ്ഥതയെക്കുറിച്ചുള്ള വാഗ്ദത്തം 14. നമ്മുടെ മഹാപുരോഹിതനെ ആശ്രയിക്കുന്നവരാകേണം എന്ന്.*

**4** അവന്റെ സ്വസ്ഥതയിൽ പ്രവേ
ശിപ്പാനുള്ള വാഗ്ദത്തം ശേഷി
ച്ചിരിക്കയാൽ നിങ്ങളിൽ ആർക്കെ
ങ്കിലും അത് ലഭിക്കാതെപോയി
എന്ന് വരാതിരിപ്പാൻ[a] നാം ഭയപ്പെ
ടുക. **2** അവരെപ്പോലെ നാമും ഒരു
സദ്വർത്തമാനം കേട്ടവർ ആകുന്നു;
എങ്കിലും കേട്ടവരിൽ വിശ്വാസമായി
പരിണമിക്കായ്കകൊണ്ടു[b] കേട്ട
വചനം അവർക്ക് ഉപകാരമായി
വന്നില്ല.[c] **3** വിശ്വസിച്ചവരായ നാമ
ല്ലോ സ്വസ്ഥതയിൽ പ്രവേശിക്കുന്നു;
ലോകസ്ഥാപനത്തിങ്കൽ പ്രവൃത്തി
കൾ തീർന്നുപോയ ശേഷവും:[d]
“അവർ എന്റെ സ്വസ്ഥതയിൽ പ്രവേ
ശിക്കയില്ല എന്നു ഞാൻ എന്റെ
കോപത്തിൽ സത്യം ചെയ്തു”
എന്ന് അരുളിച്ചെയ്തിരിക്കുന്നുവ
ല്ലോ. **4** [e]“ഏഴാം നാളിൽ ദൈവം
തന്റെ സകല പ്രവൃത്തികളിൽനി
ന്നും നിവൃത്തനായി” എന്ന് ഏഴാം
നാളിനെക്കുറിച്ച് ഒരേടത്തു പറ
ഞ്ഞിരിക്കുന്നു. **5** [f]“എന്റെ സ്വസ്ഥ
തയിൽ അവർ പ്രവേശിക്കയില്ല”
എന്ന് ഇവിടെ പിന്നെയും അരുളി
ച്ചെയ്യുന്നു. **6** അതുകൊണ്ട് ചിലർ
അതിൽ പ്രവേശിപ്പാൻ ഇട ശേഷി
ച്ചിരിക്കയാലും മുമ്പേ സദ്വർത്ത
മാനം കേട്ടവർ അനുസരണക്കേടു
നിമിത്തം പ്രവേശിക്കാതെ പോക
യാലും[g] **7** ഇത്ര കാലത്തിന്റെ
ശേഷം ദാവീദ് മുഖാന്തരം: [h]“ഇന്ന്
അവന്റെ ശബ്ദം കേൾക്കുന്നു
എങ്കിൽ നിങ്ങളുടെ ഹൃദയം കഠി
നമാക്കരുത്” എന്ന് മുമ്പേ പറ
ഞ്ഞതുപോലെ “ഇന്ന്” എന്നൊരു
ദിവസം പിന്നെയും നിശ്ചയിക്കുന്നു.
**8** യോശുവ[i] അവർക്കു സ്വസ്ഥത
വരുത്തി എങ്കിൽ മറ്റൊരു ദിവസത്തെ
ക്കുറിച്ചു പിന്നത്തേതിൽ കല്പിക്ക
യില്ലായിരുന്നു; **9** ആകയാൽ ദൈവ
ത്തിന്റെ ജനത്തിന് ഒരു ശബ്ബത്തനു
ഭവം ശേഷിച്ചിരിക്കുന്നു. **10** ദൈവം
തന്റെ പ്രവൃത്തികളിൽനിന്ന് എന്ന
പോലെ അവന്റെ സ്വസ്ഥതയിൽ
പ്രവേശിച്ചവൻ താനും തന്റെ പ്രവൃ
ത്തികളിൽനിന്ന് നിവൃത്തനായി
ത്തീർന്നു.[j] **11** അതുകൊണ്ട് ആരും
അനുസരണക്കേടിന്റെ സമദൃഷ്ടാ
ന്തത്തിനൊത്തവണ്ണം വീഴാതിരിക്കേ
ണ്ടതിനു[k] നാം ആ സ്വസ്ഥതയിൽ
പ്രവേശിപ്പാൻ ഉത്സാഹിക്ക. **12** ദൈവ
ത്തിന്റെ വചനം ജീവനും[l] ചൈത
ന്യവുമുള്ളതായി[m] ഇരുവായ്ത്ത
ലയുള്ള ഏതു വാളിനെ[n]ക്കാളും
മൂർച്ചയേറിയതും[o] പ്രാണനെയും
ആത്മാവിനെയും സന്ധിമജ്ജക
ളെയും വേർവിടുവിക്കുംവരെ തുള
ച്ചുചെല്ലുന്നതും ഹൃദയത്തിലെ
ചിന്തനങ്ങളെയും ഭാവങ്ങളെയും
വിവേചിക്കുന്നതും[p] ആകുന്നു.
**13** അവനു മറഞ്ഞിരിക്കുന്ന ഒരു
സൃഷ്ടിയുമില്ല;[q] സകലവും അവ
ന്റെ കണ്ണിനു നഗ്നവും മലർന്നതു
മായി കിടക്കുന്നു;[r] അവനുമായിട്ടാ
കുന്നു നമുക്കു കാര്യമുള്ളത്.

**14** ആകയാൽ ദൈവപുത്രനായ
യേശു ആകാശത്തിൽകൂടി കട
ന്നു[s]പോയൊരു ശ്രേഷ്ഠമഹാപു
രോഹിതനായി[t] നമുക്ക് ഉള്ളതു
കൊണ്ട് നാം നമ്മുടെ സ്വീകാരം

അധ്യായം 4
1.[a] *എബ്രാ.12:16*
2.[b] *റോമ.3:3*
[c] *1തെസ്സ.2:12*
3.[d] *എബ്രാ.3:11; സങ്കീ.95:11*
4.[e] *ഉൽപ. 2:2; (പുറ.20:11;31:17)*
5.[f] *എബ്രാ.4:3*
6.[g] *എബ്രാ.3:19*
7.[h] *എബ്രാ.3:7,8*
8.[i] *അപ്പൊ.പ്ര.7:45*
10.[j] *(വെളി.14:13)*
11.[k] *(എബ്രാ.3:12)*
12.[l] *1പത്രൊ.1:23*
[m] *(യിരെ.23:29; 1തെസ്സ.2:13)*
[n] *സദൃ.5:4; വെളി.1:16;2:12*
[o] *യെശ.49:2; എഫെ.6:17*
[p] *(1കൊരി.14:24,25)*
13.[q] *2ദിന.16:9; ഇയ്യോ.34:21 സങ്കീ.33:13-15; സദൃ.15:11*
[r] *ഇയ്യോ.26:6*
14.[s] *എബ്രാ.9:24; എഫെ.4:10*
[t] *എബ്രാ.2:17,18*

4:14 ***ഒരു ശ്രേഷ്ഠ മഹാപുരോഹിതൻ:*** 5:10 വരെയുള്ള ഭാഗത്ത് ദൈവപുത്രനായ യേശുക്രിസ്തു ശ്രേഷ്ഠമഹാപുരോഹിതനാണ് എന്നു തെളിയിക്കുന്നു. തന്റെയും ജനത്തിന്റെയും പാപപരിഹാരത്തിനായി ലേവ്യ മഹാപുരോഹിതൻ അതിവിശുദ്ധ സ്ഥലത്തേക്കു വർഷത്തിലൊരിക്കൽ പാപപരിഹാരദിനത്തിൽ മാത്രം യാഗമൃഗത്തിന്റെ രക്തവുമായി പ്രവേശിച്ചിരുന്നു. എന്നാൽ, ശ്രേഷ്ഠമഹാപുരോഹിതനായ യേശുക്രിസ്തു പാപപരിഹാരയാഗമായി സ്വയം സമർപ്പിച്ചിട്ട് സ്വർഗാരോഹണംചെയ്ത് പിതാവിന്റെ വലത്തുഭാഗത്തേക്കു പ്രവേശിച്ചിരിക്കുന്നതിനാൽ ദൈവത്തിലേക്കുള്ള വഴി തുറന്നു തന്നിരിക്കുന്നു. പാപികളായ നമ്മുടെ ബലഹീനതകളിൽ സഹതപിക്കുന്ന ഈ മഹാപുരോഹിതന്റെ മധ്യസ്ഥതയാൽ നമുക്കു തക്കസമയത്തു കരുണയും സഹായവും ലഭിക്കുവാനായി ധൈര്യത്തോടെ കൃപാസനത്തിന് അടുത്തു ചെല്ലാം.

മുറുകെപ്പിടിച്ചുകൊൾക.[u] **15** നമു
ക്കുള്ള മഹാപുരോഹിതൻ നമ്മുടെ
ബലഹീനതകളിൽ സഹതാപം കാ
ണിപ്പാൻ കഴിയാത്തവനല്ല;[v] പാപം
ഒഴികെ[w] സർവത്തിലും നമുക്ക് തു
ല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ[t]
നമുക്കുള്ളത്. **16** അതുകൊണ്ടു
കരുണ ലഭിപ്പാനും തത്സമയത്തു
സഹായത്തിനുള്ള കൃപ പ്രാപിപ്പാനു
മായി നാം ധൈര്യത്തോടെ കൃപാ
സനത്തിന് അടുത്തു ചെല്ലുക.[x]

❋ ❋ ❋

***1. ക്രിസ്തു മഹാപുരോഹിതൻ എന്നു കാട്ടുകയാൽ 11. എബ്രായർക്ക് ആയതിനെ കേൾക്കുന്നതിനുള്ള മന്ദതയെ ആക്ഷേപിക്കുന്നത്.***

**5** മനുഷ്യരുടെ ഇടയിൽനിന്ന് എടു
ക്കുന്ന ഏതു മഹാപുരോഹിത
നും പാപങ്ങൾക്കായി വഴിപാടും
യാഗവും അർപ്പിപ്പാൻ[a] ദൈവകാ
ര്യത്തിൽ[b] മനുഷ്യർക്കുവേണ്ടി നി
യമിക്കപ്പെടുന്നു.[c] **2** താനും ബല
ഹീനത പൂണ്ട[d]വനാകയാൽ അറി
വില്ലാത്തവരോടും വഴി തെറ്റിപ്പോ
കുന്നവരോടും സഹതാപം കാണി
പ്പാൻ കഴിയുന്നവനും[e] **3** ബലഹീ
നതനിമിത്തം ജനത്തിനുവേണ്ടി[f]
എന്നപോലെ തനിക്കുവേണ്ടിയും
പാപയാഗം അർപ്പിക്കേണ്ടവൻ ആ
കുന്നു. **4** എന്നാൽ അഹരോനെ
പ്പോലെ[g] ദൈവം വിളിക്കുന്നവന
ല്ലാതെ ആരും ആ സ്ഥാനം സ്വത
വേ എടുക്കുന്നില്ല.[h] **5** അവ്വണ്ണം
ക്രിസ്തുവും മഹാപുരോഹിതൻ
ആകുവാനുള്ള മഹത്ത്വം സ്വതവേ
എടുത്തിട്ടില്ല;[i] [j]"നീ എന്റെ പുത്രൻ;
ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചിരി
ക്കുന്നു" എന്ന് അവനോട് അരുളി
ച്ചെയ്തവൻ അവനു കൊടുത്തത
ത്രേ. **6** അങ്ങനെ മറ്റൊരേടത്തും:
[k]"നീ മല്ക്കീസേദെക്കിന്റെ ക്രമപ്ര
കാരം എന്നേക്കും ഒരു പുരോഹി
തൻ" എന്നു പറയുന്നു. **7** ക്രിസ്തു
തന്റെ ഐഹികജീവകാലത്തു ത
ന്നെ മരണത്തിൽനിന്നു രക്ഷിപ്പാൻ
കഴിയുന്ന[l]വനോട് ഉറച്ച നിലവിളി
യോടും കണ്ണുനീരോടുംകൂടെ[m]
അപേക്ഷയും അഭയയാചനയും
കഴിക്കയും[n] ഭയഭക്തി നിമിത്തം
ഉത്തരം ലഭിക്കയും ചെയ്തു.[o]
**8** പുത്രൻ[p] എങ്കിലും താൻ അനു
ഭവിച്ച കഷ്ടങ്ങളാൽ അനുസര
ണം പഠിച്ചു[q] **9** തികഞ്ഞവനായി
തന്നെ[r] അനുസരിക്കുന്ന ഏവർക്കും
നിത്യരക്ഷയുടെ കാരണഭൂതനായി
ത്തീർന്നു. **10** മല്ക്കീസേദെക്കിന്റെ
ക്രമപ്രകാരം[s] മഹാപുരോഹിതൻ
എന്നുള്ള നാമം ദൈവത്താൽ
ലഭിച്ചുമിരിക്കുന്നു.
**11** ഇതിനെക്കുറിച്ചു ഞങ്ങൾക്കു
വളരെ പറവാനുണ്ട്; എങ്കിലും നി
ങ്ങൾ കേൾപ്പാൻ മാന്ദ്യമുള്ളവരാ
യിത്തീർന്നതുകൊണ്ടു തെളിയി
ച്ചു തരുവാൻ വിഷമം.[t] **12** കാലം
നോക്കിയാൽ ഇപ്പോൾ ഉപദേഷ്ടാ
ക്കന്മാർ ആയിരിക്കേണ്ടുന്ന നി
ങ്ങൾക്കു ദൈവത്തിന്റെ അരുളപ്പാ
ടുകളുടെ ആദ്യപാഠങ്ങളെ[u]ത്തന്നെ
വീണ്ടും ഉപദേശിച്ചുതരുവാൻ ആ
വശ്യമായിരിക്കുന്നു; കട്ടിയായുള്ള
ആഹാരമല്ല, പാലത്രേ[v] നിങ്ങൾ
ക്ക് ആവശ്യമെന്നു വന്നിരിക്കുന്നു.
**13** പാൽ കുടിക്കുന്നവൻ എല്ലാം
നീതിയുടെ വചനത്തിൽ പരിചയ
മില്ലാത്തവനത്രേ; അവൻ ശിശു
വല്ലോ.[w] **14** കട്ടിയായുള്ള ആഹാ
രം നന്മതിന്മകളെ തിരിച്ചറിവാൻ[x]
തഴക്കത്താൽ അഭ്യസിച്ച ഇന്ദ്രിയ
ങ്ങളുള്ളവരായി പ്രായം തികഞ്ഞ[y]
വർക്കേ പറ്റുകയുള്ളൂ.

❋ ❋ ❋

***1. വിശ്വാസത്തിൽനിന്നു മറിഞ്ഞുപോയവരെക്കുറിച്ച് 9. എബ്രായർ നിലനിന്നു വളരും എന്നാശിച്ചു. 13. അബ്രഹാമിനോടു ചെയ്ത സത്യത്താൽ പ്രബോധിപ്പിക്കുന്നത്.***

**6** അതുകൊണ്ടു നിർജീവപ്രവൃ
ത്തികളെക്കുറിച്ചുള്ള[a] മാനസാ
ന്തരം, ദൈവത്തിങ്കലെ വിശ്വാസം,

14.[u] *എബ്രാ.10:23*
15.[v] *(എബ്രാ.5:2; യെശ.53:3)*
[w] *എബ്രാ.9:28; 1പത്രൊ.2:22; 1യോഹ.3:5; (എബ്രാ.7:26; യോഹ.8:46;14:30)*
[t] *(വാ.14 കാ.)*
16.[x] *എബ്രാ.10:22; എഫെ.3:12; (എബ്രാ.7:19,25)*

**അധ്യായം 5**

1.[a] *എബ്രാ.8:3,4; 9:9;10:11;11:4*
[b] *എബ്രാ.2:17*
[c] *എബ്രാ.8:3*
2.[d] *(എബ്രാ.7:28)*
[e] *എബ്രാ.2:18;4:15*
3.[f] *എബ്രാ.7:27;9:7; ലേവ്യാ.4:3;9:7;16:6*
4.[g] *പുറ.28:1; 1ദിന.23:13*
[h] *സംഖ്യാ.16:5,40; 18:7; 2ദിന.26:18*
5.[i] *യോഹ.8:54*
[j] *എബ്രാ.1:5*
6.[k] *എബ്രാ.7:17,21; **സങ്കീ.110:4***
7.[l] *മർക്കൊ.14:36*
[m] *സങ്കീ.22:1,2; (മത്താ.27:46,50; മർക്കൊ.15:34,37; ലൂക്കൊ.23:46)*
[n] *മത്താ.26:39,44; മർക്കൊ.14:36,39; ലൂക്കൊ.22:41,44*
[o] *സങ്കീ.22:24*
8.[p] *എബ്രാ.1:2*
[q] *ഫിലി.2:8*
9.[r] *എബ്രാ.2:10*
10.[s] *എബ്രാ.5:6;6:20*
11.[t] *(2പത്രൊ.3:16)*
12.[u] *എബ്രാ.6:2*
[v] *1കൊരി.3:2*
13.[w] *(1കൊരി.3:1; 1പത്രൊ.2:2)*
14.[x] *ഉൽപ.3:22; 1രാജാ.3:9; യെശ.7:15*
[y] *എഫെ.4:12; (എബ്രാ.6:2)*

**അധ്യായം 6**

1.[a] *എബ്രാ.9:14*

സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേ
ശം,[b] കൈവയ്പു,[c] മരിച്ചവരുടെ
പുനരുത്ഥാനം,[d] 2 നിത്യശിക്ഷാ
വിധി[e] എന്നിങ്ങനെയുള്ള അടി
സ്ഥാനം പിന്നെയും ഇടാതെ നാം
ക്രിസ്തുവിനെക്കുറിച്ചുള്ള ആദ്യ
വചനം[f] വിട്ടു[g] പരിജ്ഞാനപൂർത്തി
പ്രാപിപ്പാൻ ശ്രമിക്കുക. 3 ദൈവം
അനുവദിക്കുന്ന പക്ഷം[h] നാം അതു
ചെയ്യും. 4 ഒരിക്കൽ പ്രകാശനം
ലഭിച്ചിട്ടു[i] സ്വർഗീയദാനം[j] ആസ്വ
ദിക്കയും പരിശുദ്ധാത്മാവിനെ പ്രാ
പിക്കയും[k] 5 ദൈവത്തിന്റെ നല്ല
വചനവും[l] വരുവാനുള്ള ലോക
ത്തിന്റെ[k] ശക്തിയും ആസ്വദിക്കയും[l]
ചെയ്തവർ പിന്മാറിപ്പോയാൽ,
6 തങ്ങൾക്കുതന്നെ ദൈവപുത്രനെ
വീണ്ടും ക്രൂശിക്കുന്നവരും അവനു
ലോകാപവാദം വരുത്തുന്നവരും[m]
ആകകൊണ്ട് അവരെ പിന്നെയും
മാനസാന്തരത്തിലേക്കു പുതുക്കു
വാൻ കഴിവുള്ളതല്ല.[n] 7 പലപ്പോഴും
പെയ്ത മഴ കുടിച്ചിട്ടു[o] ഭൂമി[o]
കൃഷി ചെയ്യുന്നവർക്ക് ഹിതമായ
സസ്യാദികളെ വിളയിക്കുന്നു എ
ങ്കിൽ ദൈവത്തിന്റെ അനുഗ്രഹം
പ്രാപിക്കുന്നു. 8 മുള്ളും ഞെരി
ഞ്ഞിലും മുളപ്പിച്ചാലോ[p] അത്
കൊള്ളരുതാത്തതും ശാപത്തിന്
അടുത്തതും ആകുന്നു; ചുട്ടുകളക
അത്രേ അതിന്റെ അവസാനം.[q]

9 എന്നാൽ പ്രിയമുള്ളവരേ, ഞ
ങ്ങൾ ഇങ്ങനെ സംസാരിക്കുന്നു
എങ്കിലും നിങ്ങളെക്കുറിച്ച് ശുഭമേ
റിയതും രക്ഷയ്ക്ക് ഉതകുന്നതും
വിശ്വസിക്കുന്നു. 10 ദൈവം[r] നിങ്ങ
ളുടെ പ്രവൃത്തിയും[s] വിശുദ്ധന്മാരെ
ശുശ്രൂഷിച്ചതിനാലും ശുശ്രൂഷിക്കു
ന്നതിനാലും[t] തന്റെ നാമത്തോടു
കാണിച്ച സ്നേഹവും[s] മറന്നുകള
വാൻ തക്കവണ്ണം അനീതിയുള്ളവ
നല്ല.[r] 11 എന്നാൽ നിങ്ങൾ ഓരോ
രുത്തൻ പ്രത്യാശയുടെ[u] പൂർണ
നിശ്ചയം പ്രാപിപ്പാൻ അവസാന
ത്തോളം ഒരുപോലെ ഉത്സാഹം
കാണിക്കേണമെന്നു ഞങ്ങൾ ആഗ്ര
ഹിക്കുന്നു. 12 അങ്ങനെ നിങ്ങൾ
മന്ദതയുള്ളവരാകാതെ വിശ്വാസ
ത്താലും ദീർഘക്ഷമയാലും വാഗ്ദ
ത്തങ്ങളെ അവകാശമാക്കുന്നവരുടെ
അനുകാരികളായിത്തീരും.[v]

13 ദൈവം അബ്രാഹാമിനോടു
വാഗ്ദത്തം ചെയ്യുമ്പോൾ തന്നെ
ക്കാൾ വലിയവനെക്കൊണ്ടു സത്യം
ചെയ്‌വാൻ ഇല്ലാഞ്ഞിട്ടു തന്നെ
ക്കൊണ്ടുതന്നെ സത്യം ചെയ്തു:[w]
14 [x]"ഞാൻ നിന്നെ അനുഗ്രഹിക്ക
യും നിന്നെ വർധിപ്പിക്കയും ചെയ്യും"
എന്ന് അരുളിച്ചെയ്തു. 15 അങ്ങ
നെ അവൻ ദീർഘക്ഷമയോടിരു
ന്നു[y] വാഗ്ദത്തവിഷയം പ്രാപിച്ചു.
16 തങ്ങളെക്കാൾ വലിയവനെക്കൊ
ണ്ടല്ലോ മനുഷ്യർ സത്യം ചെയ്യു
ന്നത്; ആണ അവർക്ക് ഉറപ്പിനായി
സകല വാദത്തിന്റെയും തീർച്ചയാ
കുന്നു.[z] 17 അതുകൊണ്ടു ദൈവം
വാഗ്ദത്തത്തിന്റെ അവകാശികൾ
ക്കു[a] തന്റെ ആലോചന മാറാത്തത്[b]
എന്ന് അധികം സ്പഷ്ടമായി കാ
ണിപ്പാൻ ഇച്ഛിച്ച് ഒരു ആണയാലും
ഉറപ്പുകൊടുത്തു.[c] 18 അങ്ങനെ
നമ്മുടെ മുമ്പിൽ വച്ചിട്ടുള്ള[d] പ്ര
ത്യാശ പിടിച്ചുകൊൾവാൻ ശരണ
ത്തിനായി ഓടിവന്ന നാം മാറിപ്പോ
കാത്തതും ദൈവത്തിനു ഭോഷ്കു
പറവാൻ കഴിയാത്തതുമായ[e] രണ്ടു
കാര്യങ്ങളാൽ ശക്തിയുള്ള പ്രബോ
ധനം പ്രാപിപ്പാൻ ഇടവരുന്നു.
19 ആ പ്രത്യാശ നമുക്ക് ആത്മാവി
ന്റെ ഒരു നങ്കൂരംതന്നെ; അത് നി
ശ്ചയവും സ്ഥിരവും തിരശ്ശീലയ്ക്ക
കത്തേക്കു[f] കടക്കുന്നതുമാകുന്നു.
20 അവിടേക്കു യേശു മല്ക്കീസേ
ദെക്കിന്റെ ക്രമപ്രകാരം എന്നേ
ക്കും മഹാപുരോഹിതനായി[g] മു
മ്പുകൂട്ടി നമുക്കുവേണ്ടി പ്രവേശി
ച്ചിരിക്കുന്നു.[h]

❋ ❋ ❋

1.[b] *അപ്പൊ.പ്ര.19:4,5* [c] *അപ്പൊ.പ്ര.8:17; 19:6* [d] *അപ്പൊ.പ്ര. 17:31,32*
2.[e] *അപ്പൊ.പ്ര.10:42* [f] *എബ്രാ.5:12* [g] *(ഫിലി.3:12-14)*
3.[h] *1കൊരി.16:7*
4.[i] *എബ്രാ.10:32* [j] *(യോഹ.4:10; എഫെ.2:8)* [k] *എബ്രാ.2:4,5; ഗലാ.3:2,5*
5.[l] *സങ്കീ.34:8; 1പത്രൊ.2:3* [k] *(വാ.4കാ.)*
6.[m] *(എബ്രാ.10:29)* [n] *(മത്താ.19:26); 1യോഹ.5:16*
7.[o] *സങ്കീ.65:10*
8.[p] *യെശ.5:1-7; (ഉൽപ.3:17,18; ആവ.29:22,23; യിരെ.44:22; ലൂക്കൊ.13:6-9)* [q] *(മലാ.4:1; യോഹ.15:6)*
10.[r] *സദൃ.19:17; മത്താ.10:42;25:40; മർക്കൊ.9:41* [s] *1തെസ്സ.1:2* [t] *റോമ.15:30; 2കൊരി.8:3; 9:1,12; 2തിമൊ.1:18; വെളി.2:19*
11.[u] *റോമ.5:2-5*
12.[v] *എബ്രാ.13:7; (എബ്രാ.10:36)*
13.[w] *ഉൽപ.22:18*
14.[x] ***ഉൽപ.22:17***
15.[y] *എബ്രാ.6:12,17; (എബ്രാ.7:6); റോമ.4:13*
16.[z] *പുറ.22:11* 17.[a] *എബ്രാ.11:9* [b] *എബ്രാ.6:18; (സങ്കീ.110:4; സദൃ.19:21)* [c] *(ഗലാ.3:20)*
18.[d] *എബ്രാ.12:1,2* [e] *തീത്തൊ.1:1,2* 19.[f] *എബ്രാ.9:7; ലേവ്യാ.16:15* 20.[g] *എബ്രാ.3:1;5:6,10; 7:17,21* [h] *എബ്രാ.4:14;8:1;9:24*

*1. മല്ക്കീസേദെക്കിൻ പുരോഹിതസ്ഥാനം ലേവ്യരുടേതിനേക്കാൾ ശ്രേഷ്ഠം 18. രണ്ടും തമ്മിലുള്ള ഭേദം.*

**7** ശാലേം[a] രാജാവും അത്യുന്നത
നായ ദൈവത്തിന്റെ[b] പുരോഹി
തനുമായ ഈ മല്ക്കീസേദെക്[c]
രാജാക്കന്മാരെ ജയിച്ചു മടങ്ങിവ
രുന്ന അബ്രാഹാമിനെ എതിരേറ്റ്
അനുഗ്രഹിച്ചു; **2** അബ്രാഹാം അ
വനു സകലത്തിലും പത്തിലൊന്നു
കൊടുത്തു. അവന്റെ പേരിന് ആദ്യം
നീതിയുടെ രാജാവെന്നും പിന്നെ
ശാലേംരാജാവ് എന്നുവച്ചാൽ സമാ
ധാനത്തിന്റെ രാജാവ് എന്നും അർ
ഥം. **3** അവനു പിതാവില്ല, മാതാ
വില്ല, വംശാവലിയില്ല,[d] ജീവാരംഭ
വും ജീവാവസാനവും ഇല്ല; അവൻ
ദൈവപുത്രനു തുല്യനായി എന്നേ
ക്കും പുരോഹിതനായിരിക്കുന്നു.
**4** ഇവൻ എത്ര മഹാൻ എന്ന്
നോക്കുവിൻ; ഗോത്രപിതാവായ[e]
അബ്രാഹാംകൂടെയും അവനു കൊ
ള്ളയുടെ വിശേഷസാധനങ്ങളിൽ
പത്തിലൊന്നു കൊടുത്തുവല്ലോ.
**5** ലേവിപുത്രന്മാരിൽ പൗരോഹിത്യം
ലഭിക്കുന്നവർക്ക് ന്യായപ്രമാണപ്ര
കാരം ജനത്തോടു ദശാംശം വാങ്ങു
വാൻ കല്പന ഉണ്ട്;[f] അത് അബ്രാ
ഹാമിന്റെ കടിപ്രദേശത്തുനിന്ന്
ഉദ്ഭവിച്ച സഹോദരന്മാരോട് ആ
കുന്നു വാങ്ങുന്നത്. **6** എന്നാൽ അ
വരുടെ വംശാവലിയിൽ ഉൾപ്പെടാ
ത്തവൻ[g] അബ്രാഹാമിനോടുതന്നെ
ദശാംശം വാങ്ങിയും വാഗ്ദത്ത
ങ്ങൾ പ്രാപിച്ചവനെ[h] അനുഗ്രഹിച്ചു
മിരിക്കുന്നു. **7** ഉയർന്നവൻ താണ
വനെ അനുഗ്രഹിക്കുന്നു എന്നതിനു
തർക്കം ഏതുമില്ലല്ലോ. **8** ഇവിടെ
മരിക്കുന്ന മനുഷ്യർ ദശാംശം വാ
ങ്ങുന്നു; അവിടെയോ ജീവിക്കുന്നു[i]
എന്ന സാക്ഷ്യം പ്രാപിച്ചവൻ[j] തന്നെ.
**9** ദശാംശം വാങ്ങുന്ന ലേവിയും
അബ്രാഹാം മുഖാന്തരം ദശാംശം
കൊടുത്തിരിക്കുന്നു എന്ന് ഒരു വിധ
ത്തിൽ പറയാം. **10** അവന്റെ പിതാ
വിനെ മല്ക്കീസേദെക് എതിരേറ്റ
പ്പോൾ ലേവി അവന്റെ കടിപ്രദേ
ശത്ത് ഉണ്ടായിരുന്നുവല്ലോ.
**11** ലേവ്യപൗരോഹിത്യത്താൽ
സമ്പൂർണത വന്നെങ്കിൽ–[k] അതിൻ
കീഴല്ലോ ജനം ന്യായപ്രമാണം
പ്രാപിച്ചത്– അഹരോന്റെ ക്രമപ്ര
കാരം എന്നു പറയാതെ മല്ക്കീസേ
ദെക്കിന്റെ ക്രമപ്രകാരം വേറൊരു
പുരോഹിതൻ വരുവാൻ എന്തൊ
രാവശ്യം? **12** പൗരോഹിത്യം മാ
റിപ്പോകുന്ന പക്ഷം ന്യായപ്രമാണ
ത്തിനുംകൂടെ മാറ്റം വരുവാൻ ആ
വശ്യം. **13** എന്നാൽ ഇത് ആരെ
ക്കുറിച്ചു പറഞ്ഞിരിക്കുന്നുവോ അ
വൻ വേറൊരു ഗോത്രത്തിൽ ഉള്ള
വൻ; ആ ഗോത്രത്തിൽ ആരും യാഗ
പീഠത്തിങ്കൽ ശുശ്രൂഷ ചെയ്തി
ട്ടില്ല. **14** യെഹൂദായിൽനിന്നു[l]
നമ്മുടെ കർത്താവ് ഉദിച്ചു എന്ന്
സ്പഷ്ടമല്ലോ; ആ ഗോത്രത്തോടു
മോശെ പൗരോഹിത്യം സംബന്ധി
ച്ച് ഒന്നും കല്പിച്ചിട്ടില്ല. **15** ജഡ
സംബന്ധമായ കല്പനയുടെ പ്ര
മാണത്താൽ അല്ല, അഴിഞ്ഞുപോ
കാത്ത ജീവന്റെ ശക്തിയാൽ ഉ
ളവായ വേറേ ഒരു പുരോഹിതൻ
**16** മല്ക്കീസേദെക്കിനു സദൃശ
നായി ഉദിക്കുന്നു എങ്കിൽ അത്
ഏറ്റവും അധികം തെളിയുന്നു.
**17** നീ മല്ക്കീസേദെക്കിന്റെ ക്രമ
പ്രകാരം എന്നേക്കും പുരോഹി
തൻ എന്നല്ലോ[m] സാക്ഷീകരിച്ചിരി
ക്കുന്നത്. **18** മുമ്പിലത്തെ കല്പ
നയ്ക്ക് അതിന്റെ ബലഹീനതയും
നിഷ്പ്രയോജനവും[n] നിമിത്തം നീ
ക്കവും– **19** ന്യായപ്രമാണത്താൽ
ഒന്നും പൂർത്തിപ്രാപിച്ചിട്ടില്ലല്ലോ–[o]
നാം ദൈവത്തോട് അടുക്കുന്നതി
നുള്ള[p] ഏറെ നല്ല പ്രത്യാശയ്ക്കു[q]
സ്ഥാപനവും വന്നിരിക്കുന്നു. **20** അ
വർ ആണ കൂടാതെ പുരോഹിതന്മാ
രായിത്തീർന്നു. **21** ഇവനോ [r]“നീ
എന്നേക്കും പുരോഹിതൻ എന്ന്
കർത്താവ് സത്യംചെയ്തു, അനുത
പിക്കയുമില്ല” എന്ന് തന്നോട് അരു
ളിച്ചെയ്തവൻ ഇട്ട ആണയോടുകൂ
ടെതന്നെ. **22** ആണ കൂടാതെയല്ല

അധ്യായം 7

1.[a] *സങ്കീ.76:2; യോഹ.3:23*
[b] *സംഖ്യാ.24:16; ആവ.32:8; മർക്കൊ.5:7*
[c] *ഉൽപ.14:18-20*
3.[d] *(എബ്രാ.7:6)*
4.[e] *(അപ്പൊ.പ്ര.2:29; 7:8,9)*
5.[f] *സംഖ്യാ.18:21,26; 2ദിന.31:4,5*
6.[g] *(എബ്രാ.7:3)*
[h] *റോമ.4:13*
8.[i] *(ലൂക്കൊ.24:5; യോഹ.6:57; വെളി.1:17,18)*
[j] *(എബ്രാ.5:6;6:20)*
11.[k] *എബ്രാ.7:18,19; 8:7; (ഗലാ.2:21)*
14.[l] *യെശ.11:1; മീഖാ.5:2; മത്താ.1:3; ലൂക്കൊ.3:33; വെളി.5:5*
17.[m] *എബ്രാ.7:21; 5:6;6:20;* ***സങ്കീ.110:4***
18.[n] *റോമ.8:3; ഗലാ.4:9*
19.[o] *എബ്രാ.9:9;10:1; ലേവ്യാ.16:16; അപ്പൊ.പ്ര.13:39*
[p] *(എബ്രാ.7:25; ലേവ്യാ.10:3); എബ്രാ.4:16*
[q] *എബ്രാ.6:18*
21.[r] *എബ്രാ.7:17*

എന്നതിന് ഒത്തവണ്ണം വിശേഷമേ
റിയ നിയമത്തിന് [s]യേശു ഉത്തരവാ
ദിയായിത്തീർന്നിരിക്കുന്നു. **23** മര
ണം നിമിത്തം അവർക്ക് നിലനി
ല്പാൻ മുടക്കം വരികകൊണ്ടു പു
രോഹിതന്മാർ ആയിത്തീർന്നവർ
അനേകർ ആകുന്നു. **24** ഇവനോ,
എന്നേക്കും[t] ഇരിക്കുന്നതുകൊണ്ട്
മാറാത്ത പൗരോഹിത്യം ആകുന്നു
പ്രാപിച്ചിരിക്കുന്നത്. **25** അതു
കൊണ്ടു താൻ മുഖാന്തരമായി[u]
ദൈവത്തോട് അടുക്കുന്നവർക്കു
വേണ്ടി[v] പക്ഷവാദം ചെയ്‌വാൻ[w]
സദാ ജീവിക്കുന്നവനാകയാൽ
അവരെ പൂർണമായി രക്ഷിപ്പാൻ
അവൻ പ്രാപ്തനാകുന്നു.
**26** ഇങ്ങനെയുള്ള മഹാപുരോ
ഹിതനല്ലോ നമുക്ക് വേണ്ടിയത്:
പവിത്രൻ,[x] നിർദോഷൻ, നിർമ്മ
ലൻ, പാപികളോടു വേർവിട്ടവൻ,[y]
സ്വർഗത്തെക്കാൾ ഉന്നതനായി
ത്തീർന്നവൻ;[z] **27** ആ മഹാപുരോ
ഹിതന്മാരെപ്പോലെ ആദ്യം സ്വന്ത
പാപങ്ങൾക്കായും[a] പിന്നെ ജന
ത്തിന്റെ പാപങ്ങൾക്കായും ദിനം
പ്രതി യാഗം കഴിപ്പാൻ ആവശ്യമി
ല്ലാത്തവൻ തന്നെ. അത് അവൻ
തന്നെത്താൻ അർപ്പിച്ചുകൊണ്ട്
ഒരിക്കലായിട്ടു[b] ചെയ്തുവല്ലോ.
**28** ന്യായപ്രമാണം ബലഹീനമനു
ഷ്യരെ[c] മഹാപുരോഹിതന്മാരാക്കു
ന്നു; ന്യായപ്രമാണത്തിനു പിമ്പുള്ള
ആണയുടെ വചനമോ എന്നേക്കും
തികഞ്ഞവനായിത്തീർന്ന[d] പുത്ര
നെ പുരോഹിതനാക്കുന്നു.

❋ ❋ ❋

*1. ക്രിസ്തുവിന്റെ നിത്യപൗരോഹിത്യം കൊണ്ടു ലേവ്യാപൗരോഹിത്യവും 7. നിത്യനിയമംകൊണ്ടു അനിത്യനിയമവും തള്ളപ്പെടും എന്ന്.*

**8** നാം ഈ പറയുന്നതിന്റെ
സാരം എന്തെന്നാൽ: സ്വർഗ
ത്തിൽ മഹിമാസനത്തിന്റെ വല
ത്തുഭാഗത്ത് ഇരുന്നവനായി,[a] **2** വി
ശുദ്ധസ്ഥലത്തിന്റെയും മനുഷ്യനല്ല
കർത്താവ് സ്ഥാപിച്ച[b] സത്യകൂടാര
ത്തിന്റെയും[c] ശുശ്രൂഷകനായ മഹാ
പുരോഹിതൻ നമുക്കുണ്ട്. **3** ഏതു
മഹാപുരോഹിതനും വഴിപാടും
യാഗവും അർപ്പിപ്പാൻ നിയമിക്ക
പ്പെടുന്നു;[d] ആകയാൽ അർപ്പി
പ്പാൻ ഇവനും വല്ലതും വേണം.[e]
**4** അവൻ ഭൂമിയിൽ ആയിരുന്നെ
ങ്കിൽ പുരോഹിതൻ ആകയില്ലാ
യിരുന്നു; ന്യായപ്രമാണപ്രകാരം
വഴിപാട് അർപ്പിക്കുന്നവർ ഉണ്ടല്ലോ.
**5** കൂടാരം തീർപ്പാൻ മോശെ ആരം
ഭിച്ചപ്പോൾ [f]"പർവതത്തിൽ നിന
ക്കു കാണിച്ച മാതൃകപ്രകാരം നീ
സകലവും ചെയ്‌വാൻ നോക്കുക"
എന്ന് അവനോട് അരുളിച്ചെയ്തതു
പോലെ അവർ സ്വർഗീയത്തിന്റെ
ദൃഷ്ടാന്തവും[g] നിഴലുമായതിൽ[h]
ശുശ്രൂഷ ചെയ്യുന്നു. **6** അവനോ
വിശേഷതയേറിയ വാഗ്ദത്തങ്ങളി
ന്മേൽ സ്ഥാപിക്കപ്പെട്ട നിയമത്തി
ന്റെ[i] മധ്യസ്ഥനാകയാൽ[j] അതിന്റെ
വിശേഷതയ്ക്ക് ഒത്തവണ്ണം വിശേ
ഷതയേറിയ[k] ശുശ്രൂഷയും പ്രാപി
ച്ചിരിക്കുന്നു. **7** ഒന്നാമത്തെ നിയമം
കുറവില്ലാത്തതായിരുന്നു എങ്കിൽ[l]
രണ്ടാമത്തേതിന് ഇടം അന്വേഷി
ക്കയില്ലായിരുന്നു. **8** എന്നാൽ അ
വൻ അവരെ ആക്ഷേപിച്ചുകൊണ്ട്
അരുളിച്ചെയ്യുന്നത്:
[m]"ഞാൻ യിസ്രായേൽഗൃഹത്തോ
ടും യെഹൂദാഗൃഹത്തോടും പുതി
യോരു നിയമം ചെയ്യുന്ന കാലം
വരും എന്ന് കർത്താവിന്റെ അരു
ളപ്പാട്.
**9** ഞാൻ അവരുടെ പിതാക്കന്മാ
രെ കൈക്കു പിടിച്ചു മിസ്രയീംദേശ
ത്തുനിന്നു കൊണ്ടുവന്ന നാളിൽ
ഞാൻ അവരോടു ചെയ്ത നിയമം
പോലെ അല്ല; അവർ എന്റെ നിയ
മത്തിൽ നിലനിന്നില്ല; ഞാൻ അവ
രെ ആദരിച്ചതുമില്ല എന്നു കർത്താ
വിന്റെ അരുളപ്പാട്. **10** ഈ കാലം
കഴിഞ്ഞശേഷം ഞാൻ യിസ്രായേൽ
ഗൃഹത്തോടു ചെയ്‌വാനിരിക്കുന്ന
നിയമം ഇങ്ങനെ[n] ആകുന്നു: ഞാൻ
എന്റെ ന്യായപ്രമാണം അവരുടെ
ഉള്ളിലാക്കി അവരുടെ ഹൃദയങ്ങ

22.[s] *എബ്രാ.8:6*
24.[t] *എബ്രാ.7:21,28*
25.[u] *(യോഹ.14:6)*
[v] *(എബ്രാ.7:19)*
[w] *എബ്രാ.9:24; റോമ.8:34*
26.[x] *സങ്കീ.16:10; വെളി.15:4;16:5; (മർക്കൊ.1:24)*
[y] *എബ്രാ.4:15*
[z] *(എബ്രാ.8:1); എബ്രാ.4:14*
27.[a] *എബ്രാ.5:3*
[b] *എബ്രാ.9:12; 10:10; (എബ്രാ.9:28)*
28.[c] *(എബ്രാ.5:2)*
[d] *എബ്രാ.2:10;5:9*

**അധ്യായം 8**

1.[a] *മർക്കൊ.16:19*
2.[b] *പുറ.33:7*
[c] *എബ്രാ.9:24; (എബ്രാ.9:11)*
3.[d] *എബ്രാ.5:1*
[e] *എബ്രാ.9:12-14; 10:9-12; എഫെ.5:2*
5.[f] ***പുറ. 25:40***
[g] *എബ്രാ.9:23*
[h] *എബ്രാ.10:1; കൊലൊ.2:17*
6.[i] *എബ്രാ.7:22*
[j] *എബ്രാ.9:15; 12:24; (ഗലാ.3:19)*
[k] *എബ്രാ.1:4; 2കൊരി.3:6-11*
7.[l] *എബ്രാ.7:11*
8.[m] ***യിരെ.31:31-34***
10.[n] *എബ്രാ.10:16; റോമ.11:27*

ളിൽ[o] എഴുതും; ഞാൻ അവർക്കു
ദൈവമായും അവർ എനിക്കു ജന
മായും ഇരിക്കും.11 ഇനി അവരിൽ
ആരും തന്റെ കൂട്ടുകാരനെയും തന്റെ
സഹോദരനെയും കർത്താവിനെ
അറിക എന്ന് ഉപദേശിക്കയില്ല;
അവർ ആബാലവൃദ്ധം എല്ലാവരും
എന്നെ അറിയും.[p] 12 ഞാൻ അവ
രുടെ അകൃത്യങ്ങളെക്കുറിച്ചു കരു
ണയുള്ളവൻ ആകും; അവരുടെ
പാപങ്ങളെ ഇനി ഓർക്കയുമില്ല[q]
എന്ന് കർത്താവിന്റെ അരുളപ്പാട്."
13 പുതിയത് എന്നു പറയുന്നതി
നാൽ ആദ്യത്തേതിനെ പഴയതാക്കി
യിരിക്കുന്നു; എന്നാൽ പഴയതാകു
ന്നതും ജീർണിക്കുന്നതും എല്ലാം
നീങ്ങിപ്പോകുവാൻ അടുത്തിരി
ക്കുന്നു.[r]

❋ ❋ ❋

***1. ന്യായപ്രമാണത്തിന്റെ കർമ്മങ്ങളും രക്ത യാഗവും 11. ക്രിസ്തുവിന്റെ രക്തത്തെയും യാഗത്തെയുംകാൾ തുലോം കുറവാകുന്നു എന്നത്.***

**9** എന്നാൽ ആദ്യനിയമത്തിനും
ആരാധനയ്ക്കുള്ള ചട്ടങ്ങളും
ലൗകികമായ വിശുദ്ധ മന്ദിരവും[a]
ഉണ്ടായിരുന്നു. 2 ഒരു കൂടാരം
ചമച്ചു;[b] അതിന്റെ ആദ്യഭാഗത്തു
നിലവിളക്കും[c] മേശയും[d] കാഴ്ച
യപ്പവും[e] ഉണ്ടായിരുന്നു. അതിനു
വിശുദ്ധസ്ഥലം എന്നു പേർ. 3 ര
ണ്ടാം തിരശ്ശീലയ്ക്കു[f] പിന്നിലോ
അതിവിശുദ്ധം എന്ന കൂടാരം ഉണ്ടാ
യിരുന്നു. 4 അതിൽ പൊന്നുകൊ
ണ്ടുള്ള ധൂപകലശവും[g] മുഴുവനും
പൊന്നു പൊതിഞ്ഞ നിയമപെട്ട
കവും[h] അതിനകത്തു മന്ന ഇട്ടു
വച്ച പൊൻപാത്രവും[i] അഹരോന്റെ
തളിർത്ത വടിയും[j] നിയമത്തിന്റെ
കല്പലകകളും[k] 5 അതിനു മീതെ
കൃപാസനത്തെ[l] മൂടുന്ന തേജസ്സിന്റെ
കെരൂബുകളും[m] ഉണ്ടായിരുന്നു.
അത് ഇപ്പോൾ ഓരോന്നായി വി
വരിപ്പാൻ കഴിവില്ല. 6 ഇവ ഇങ്ങനെ
തീർന്നശേഷം പുരോഹിതന്മാർ
നിത്യം മുൻകൂടാരത്തിൽ ചെന്നു
ശുശ്രൂഷ കഴിക്കും.[n] 7 രണ്ടാമത്തേ
തിലോ ആണ്ടിൽ ഒരിക്കൽ[o] മഹാ
പുരോഹിതൻ മാത്രം ചെല്ലും;[p]
രക്തം കൂടാതെ അല്ല; അത്
അവൻ തന്റെയും ജനത്തിന്റെയും
അബദ്ധങ്ങൾക്കുവേണ്ടി അർപ്പി
ക്കും.[p] 8 മുൻകൂടാരം നില്ക്കുന്നേ
ടത്തോളം വിശുദ്ധമന്ദിരത്തിലേ
ക്കുള്ള വഴി വെളിപ്പെട്ടില്ല[q] എന്ന്
പരിശുദ്ധാത്മാവ് ഇതിനാൽ സൂ
ചിപ്പിക്കുന്നു. 9 ആ കൂടാരം ഈ
കാലത്തേക്ക് ഒരു സാദൃശ്യമത്രേ.
അതിന് ഒത്തവണ്ണം ആരാധനക്കാ
രനു മനസ്സാക്ഷിയിൽ പൂർണസ
മാധാനം വരുത്തുവാൻ കഴിയാത്ത[r]
വഴിപാടും യാഗവും അർപ്പിച്ചു
പോരുന്നു. 10 അവ ഭക്ഷ്യങ്ങൾ,
പാനീയങ്ങൾ,[s] വിവിധ സ്നാന
ങ്ങൾ[t] എന്നിവയോടുകൂടെ ഗുണീ
കരണകാലത്തോളം ചുമത്തിയിരു
ന്ന ജഡികനിയമങ്ങളത്രേ.

11 ക്രിസ്തുവോ വരുവാനുള്ള
നന്മകളുടെ[u] മഹാപുരോഹിതനായി
വന്നിട്ട്: കൈപ്പണിയല്ലാത്തതായി[v]
എന്നുവച്ചാൽ ഈ സൃഷ്ടിയിൽ
ഉൾപ്പെടാത്തതായി വലിപ്പവും തിക
വുമേറിയ ഒരു കൂടാരത്തിൽക്കൂടി[w]
12 ആട്ടുകൊറ്റന്മാരുടെയും പശു
ക്കിടാക്കളുടെയും രക്ത[x]ത്താലല്ല,
സ്വന്തരക്തത്താൽ[y] തന്നെ ഒരിക്ക
ലായിട്ടു വിശുദ്ധമന്ദിരത്തിൽ[z] പ്ര
വേശിച്ച്[a] എന്നേക്കുമുള്ളോരു വീ
ണ്ടെടുപ്പു സാധിപ്പിച്ചു.[b] 13 ആട്ടു
കൊറ്റന്മാരുടെയും കാളകളുടെ
യും രക്തവും[c] മലിനപ്പെട്ടവരുടെ
മേൽ തളിക്കുന്ന പശു ഭസ്മവും[d]
ജഡികശുദ്ധി വരുത്തുന്നു എങ്കിൽ
14 നിത്യാത്മാവിനാൽ ദൈവ
ത്തിനു തന്നെത്താൻ നിഷ്കളങ്ക
നായി അർപ്പിച്ച[e] ക്രിസ്തുവിന്റെ
രക്തം[f] ജീവനുള്ള ദൈവത്തെ
ആരാധിപ്പാൻ[g] നിങ്ങളുടെ മനസ്സാ
ക്ഷിയെ[h] നിർജീവപ്രവൃത്തികളെ[i]

10.[o] *(2കൊരി.3:3)*
11.[p] *യെശ.54:13; യോഹ.6:45; 1യോഹ.2:27*
12.[q] *എബ്രാ.10:17; റോമ.11:27*
13.[r] *(2കൊരി.5:17)*

**അധ്യായം 9**

1.[a] *പുറ.25:8*
2.[b] *പുറ.26:1*
[c] *പുറ.25:31-39; 26:35;40:4*
[d] *പുറ.25:23-29*
[e] *പുറ.25:30; ലേവ്യാ.24:5-8*
3.[f] *പുറ.26:31-33; 40:3,21*
4.[g] *ലേവ്യാ.16:12,13; (പുറ.30:1; 1രാജാ.6:22)*
[h] *പുറ.25:10; 26:33; 40:3,21; വെളി.11:19*
[i] *പുറ.16:33,34*
[j] *സംഖ്യാ.17:10*
[k] *പുറ.25:16;40:20; ആവ.10:2,5; 1രാജാ.8:9,21; 2ദിന.5:10*
5.[l] *ലേവ്യാ.16:2*
[m] *പുറ.25:18-22; (1രാജാ.8:6,7)*

6.[n] *(സംഖ്യാ.28:3)*
7.[o] *ലേവ്യാ.16:15,34; (എബ്രാ.10:3; പുറ.30:10)*
[p] *എബ്രാ.5:3*
8.[q] *എബ്രാ.10:19; (യോഹ.14:6)*
9.[r] *എബ്രാ.7:19*
10.[s] *ലേവ്യാ.11:2*
[t] *മർക്കൊ.7:4,8; (എബ്രാ.6:1); ലേവ്യാ.11:25*
11.[u] *എബ്രാ.10:1*
[v] *മർക്കൊ.14:58*
[w] *(എബ്രാ. 9:24;8:2)*
12.[x] *എബ്രാ.10:4*
[y] *അപ്പൊ.പ്ര.20:28*
[z] *എബ്രാ.7:27;10:10*
[a] *എബ്രാ.9:24*
[b] *ഇയ്യോ.33:24; (ദാനീ.9:24; 1കൊരി.6:19)*
13.[c] *ലേവ്യാ.16:14-16*
[d] *സംഖ്യാ.19:2,17,18*
14.[e] *എബ്രാ.7:27;8:3*
[f] *ലേവ്യാ. 9:12; 1യോഹ.1:7; വെളി.7:14*
[g] *റോമ.6:13; 1പത്രൊ. 4:2*
[h] *എബ്രാ.1:3;10:22*
[i] *എബ്രാ.6:1*

പോക്കി എത്ര അധികം ശുദ്ധീകരി
ക്കും?[h] 15 അതുനിമിത്തം [j]ആദ്യ
നിയമത്തിലെ ലംഘനങ്ങളിൽ
നിന്നുള്ള വീണ്ടെടുപ്പിനായി ഒരു
മരണം ഉണ്ടായിട്ട്[k] നിത്യാവകാശ
ത്തിന്റെ വാഗ്ദത്തം[l] വിളിക്കപ്പെ
ട്ടവർക്ക്[m] ലഭിക്കേണ്ടതിന്[l] അവൻ
പുതിയനിയമത്തിന്റെ മധ്യസ്ഥൻ
ആകുന്നു. 16 നിയമം ഉള്ളേടത്തു
നിയമകർത്താവിന്റെ മരണം തെളി
വാൻ ആവശ്യം. 17 മരിച്ചശേഷമ
ല്ലോ നിയമം സ്ഥിരമാകുന്നത്;[n]
നിയമകർത്താവിന്റെ ജീവകാല
ത്തോളം അതിന് ഉറപ്പില്ല. 18 അതു
കൊണ്ട് ആദ്യനിയമവും രക്തം കൂ
ടാതെ[o] പ്രതിഷ്ഠിച്ചതല്ല. 19 മോശെ
ന്യായപ്രമാണപ്രകാരം കല്പനയൊ
ക്കെയും സകല ജനത്തോടും പ്ര
സ്താവിച്ചശേഷം പശുക്കിടാക്കളു
ടെയും ആട്ടുകൊറ്റന്മാരുടെയും
രക്തത്തെ[p] വെള്ളവും ചുവന്ന
ആട്ടുരോമവും ഈസോപ്പുമായി[q]
എടുത്തു പുസ്തകത്തിന്മേലും
സകല ജനത്തിന്മേലും തളിച്ചു:
20 [r]"ഇത് ദൈവം നിങ്ങളോടു
കല്പിച്ച നിയമത്തിന്റെ രക്തം"
എന്നു പറഞ്ഞു. 21 അങ്ങനെ
തന്നെ അവൻ കൂടാരത്തിന്മേലും
ആരാധനയ്ക്കുള്ള ഉപകരണങ്ങ
ളിന്മേലും എല്ലാം രക്തം തളിച്ചു.[s]
22 ന്യായപ്രമാണപ്രകാരം ഏകദേശം
സകലവും രക്തത്താൽ ശുദ്ധീകരി
ക്കപ്പെടുന്നു; രക്തം ചൊരിഞ്ഞിട്ട
ല്ലാതെ വിമോചനമില്ല.[t] 23 ആ
കയാൽ സ്വർഗത്തിലുള്ളവയുടെ
പ്രതിബിംബങ്ങളെ[u] ഈ വകയാൽ
ശുദ്ധമാക്കുന്നത് ആവശ്യം. സ്വർ
ഗീയമായവയ്ക്കോ ഇവയെക്കാൾ
നല്ല യാഗങ്ങൾ ആവശ്യം. 24 ക്രി
സ്തു വാസ്തവമായതിന്റെ പ്രതി
ബിംബമായി കൈപ്പണിയായ[v] വിശു
ദ്ധമന്ദിരത്തിലേക്കല്ല, ഇപ്പോൾ നമു
ക്കുവേണ്ടി[w] ദൈവസന്നിധിയിൽ
പ്രത്യക്ഷനാവാൻ സ്വർഗത്തിലേ
ക്കത്രേ പ്രവേശിച്ചത്. 25 മഹാപു
രോഹിതൻ[x] ആണ്ടുതോറും അന്യ
രക്തത്തോടുകൂടെ വിശുദ്ധമന്ദിര
ത്തിൽ[y] പ്രവേശിക്കുന്നതുപോലെ[z]
അവൻ തന്നെത്താൻ കൂടെക്കൂടെ
അർപ്പിപ്പാൻ ആവശ്യമില്ല. 26 അ
ങ്ങനെയായാൽ ലോകസ്ഥാപനം
മുതൽക്ക് അവൻ പലപ്പോഴും കഷ്ട
മനുഭവിക്കേണ്ടിയിരുന്നു. എന്നാൽ
അവൻ ലോകാവസാനത്തിൽ[a] സ്വന്ത
യാഗംകൊണ്ടു പാപപരിഹാരം വരു
ത്തുവാൻ[b] ഒരിക്കൽ[c] പ്രത്യക്ഷ
നായി.[b] 27 ഒരിക്കൽ മരിക്കയും[d]
പിന്നെ ന്യായവിധിയും[e] മനുഷ്യർ
ക്കു നിയമിച്ചിരിക്കയാൽ[d] 28 ക്രി
സ്തുവും അങ്ങനെതന്നെ അനേ
കരുടെ[f] പാപങ്ങളെ ചുമപ്പാൻ[g] ഒരി
ക്കൽ അർപ്പിക്കപ്പെട്ടു തനിക്കായി
കാത്തു[h]നില്ക്കുന്നവരുടെ രക്ഷ
യ്ക്കായി അവൻ പാപം കൂടാതെ[i]
രണ്ടാമതു പ്രത്യക്ഷനാകും.[j]

❋ ❋ ❋

*1. പാപമോചനം ന്യായപ്രമാണബലികളാലല്ല*
*12. ക്രിസ്തു തന്റെ ശരീരത്തെ യാഗം നൽകി*
*യതിനാൽ അത്രേ.*

**10** ന്യായപ്രമാണം വരുവാനുള്ള
നന്മകളുടെ[a] നിഴലല്ലാ[b]തെ
കാര്യങ്ങളുടെ സാക്ഷാൽ സ്വരൂപ
മല്ലായ്കകൊണ്ട് ആണ്ടുതോറും
ഇടവിടാതെ കഴിച്ചുവരുന്ന അതേ
യാഗങ്ങളാൽ അടുത്തുവരുന്നവർ
ക്കു സൽഗുണപൂർത്തി വരുത്തു
വാൻ ഒരുനാളും കഴിവുള്ളതല്ല.[c]
2 അല്ലെങ്കിൽ ആരാധനക്കാർക്ക്
ഒരിക്കൽ ശുദ്ധിവന്നതിന്റെശേഷം
പാപങ്ങളെക്കുറിച്ചുള്ള മനോ
ബോധം പിന്നെ ഇല്ലായ്കകൊണ്ടു
യാഗം കഴിക്കുന്നത് നിന്നുപോക
യില്ലയോ? 3 ഇപ്പോഴോ ആണ്ടുതോ
റും അവയാൽ[d] പാപങ്ങളുടെ ഓർമ
ഉണ്ടാകുന്നു.[e] 4 കാളകളുടെയും
ആട്ടുകൊറ്റന്മാരുടെയും രക്ത
ത്തിനു പാപങ്ങളെ നീക്കുവാൻ
കഴിയുന്നതല്ല.[f] 5 ആകയാൽ ലോ
കത്തിൽ വരുമ്പോൾ:[g]

15. j എബ്രാ. 8:6; 12:24
k റോമ. 3:24,25; 5:6; വെളി. 5:9
l (എബ്രാ. 10:36; പുറ. 32:13)
m (എബ്രാ. 3:1); റോമ. 8:28
17. n (ഗലാ. 3:15)
18. o പുറ. 24:6,8
19. p എബ്രാ. 9:12
q ലേവ്യാ. 14:4,7; (സംഖ്യാ. 19:6,17)
20. r *പുറ. 24:8;* (മത്താ. 26:28)
21. s (പുറ. 29:12,36; ലേവ്യാ. 8:15,19; 16:14,16; 2ദിന. 29:22)
22. t ലേവ്യാ. 17:11
23. u എബ്രാ. 8:5
24. v (എബ്രാ. 8:2; 9:11)
w എബ്രാ. 7:25; റോമ. 8:34
25. x എബ്രാ. 9:7
y എബ്രാ. 10:20
z എബ്രാ. 9:7
26. a (എബ്രാ. 1:2; 1കൊരി. 10:11); മത്താ. 13:39
b 1യോഹ. 3:5
c എബ്രാ. 9:12; 7:27; 10:10; 1പത്രൊ. 3:18
27. d ഉൽപ. 3:19
e മത്താ. 16:27
28. f മത്താ. 20:28; 26:28; മർക്കൊ. 10:45; വെളി. 5:9
g യെശ. 53:12; 1പത്രൊ. 2:24;3:18
h തീത്തൊ. 2:12; (യെശ. 25:9)
i എബ്രാ. 4:15
j അപ്പൊ.പ്ര. 1:11

അധ്യായം 10

1. a എബ്രാ. 9:11
b എബ്രാ. 8:5; കൊലൊ. 2:17

c (എബ്രാ. 9:9) 3. d എബ്രാ. 9:7 e ലേവ്യാ. 16:21
4. f എബ്രാ. 10:11;(യെശ. 1:11 - 15; മീഖാ. 6:6 - 8)
5. g (എബ്രാ. 1:6)

[h]“ഹനനയാഗവും വഴിപാടും നീ
ഇച്ഛിച്ചില്ല; എന്നാൽ ഒരു ശരീരം
നീ എനിക്ക് ഒരുക്കിയിരിക്കുന്നു.
**6** സർവാംഗഹോമങ്ങളിലും പാപ
യാഗങ്ങളിലും നീ പ്രസാദിച്ചില്ല.
**7** അപ്പോൾ ഞാൻ പറഞ്ഞു: ഇ
താ, ഞാൻ വരുന്നു; പുസ്തകച്ചു
രുളിൽ എന്നെക്കുറിച്ച് എഴുതിയി
രിക്കുന്നു; ദൈവമേ, നിന്റെ ഇഷ്ടം
ചെയ്‌വാൻ ഞാൻ വരുന്നു” എന്ന്
അവൻ പറയുന്നു.

**8** ന്യായപ്രമാണപ്രകാരം കഴിച്ചു
വരുന്ന യാഗങ്ങളും വഴിപാടും സർ
വാംഗഹോമങ്ങളും പാപയാഗങ്ങ
ളും നീ ഇച്ഛിച്ചില്ല അവയിൽ പ്രസാ
ദിച്ചതുമില്ല[h] എന്നിങ്ങനെ പറഞ്ഞ
ശേഷം: **9** ഇതാ, ഞാൻ നിന്റെ
ഇഷ്ടം ചെയ്‌വാൻ വരുന്നു[i] എന്നു
പറഞ്ഞുകൊണ്ട് അവൻ രണ്ടാമത്തേ
തിനെ സ്ഥാപിപ്പാൻ ഒന്നാമത്തേ
തിനെ നീക്കിക്കളയുന്നു. **10** ആ
ഇഷ്ടത്തിൽ നാം യേശുക്രിസ്തു
ഒരിക്കലായി[j] കഴിച്ച ശരീരയാഗ
ത്താൽ[k] വിശുദ്ധീകരിക്കപ്പെട്ടിരിക്കു
ന്നു.[l] **11** ഏതു പുരോഹിതനും ദിവ
സേന ശുശ്രൂഷിച്ചും[m] പാപങ്ങളെ
പരിഹരിപ്പാൻ ഒരുനാളും കഴിയാ
ത്ത[n] അതേ യാഗങ്ങളെ കൂടെക്കൂ
ടെ കഴിച്ചുംകൊണ്ടു[o] നില്ക്കുന്നു.
**12** യേശുവോ പാപങ്ങൾക്കുവേണ്ടി
ഏകയാഗം കഴിച്ചിട്ട് എന്നേക്കും
ദൈവത്തിന്റെ വലത്തുഭാഗത്ത്
ഇരുന്നുകൊണ്ട്[p] **13** തന്റെ ശത്രു
ക്കൾ തന്റെ പാദപീഠം ആകുവോ
ളം[q] കാത്തിരിക്കുന്നു. **14** ഏകയാ
ഗത്താൽ അവൻ വിശുദ്ധീകരിക്ക
പ്പെടുന്നവർക്ക് സദാകാലത്തേക്കും
സൽഗുണപൂർത്തി വരുത്തിയിരി
ക്കുന്നു.[r] **15** അത് പരിശുദ്ധാത്മാ
വും നമുക്ക് സാക്ഷീകരിക്കുന്നു.
**16** [s]“ഈ കാലം കഴിഞ്ഞശേഷം
ഞാൻ അവരോടു ചെയ്‌വാനിരി
ക്കുന്ന നിയമം ഇങ്ങനെയാകുന്നു:
എന്റെ ന്യായപ്രമാണം അവരുടെ
ഉള്ളിലാക്കി അവരുടെ ഹൃദയങ്ങ
ളിൽ എഴുതും എന്നു കർത്താവിന്റെ
അരുളപ്പാട്” എന്ന് അരുളിച്ചെയ്ത
ശേഷം: **17** [t]“അവരുടെ പാപങ്ങ
ളെയും അകൃത്യങ്ങളെയും ഞാൻ
ഇനി ഓർക്കയുമില്ല” എന്ന് അരു
ളിച്ചെയ്യുന്നു. **18** എന്നാൽ ഇവ
യുടെ മോചനം ഉള്ളേടത്ത് ഇനി
മേൽ പാപങ്ങൾക്കുവേണ്ടി ഒരു
യാഗവും ആവശ്യമില്ല.

**19** അതുകൊണ്ടു സഹോദരന്മാ
രേ, യേശു തന്റെ ദേഹം എന്ന തിര
ശ്ശീലയിൽക്കൂടി[u] നമുക്കു പ്രതി
ഷ്ഠിച്ച ജീവനുള്ള പുതുവഴിയായി,[v]
**20** തന്റെ രക്തത്താൽ വിശുദ്ധമന്ദി
രത്തിലേക്കുള്ള[w] പ്രവേശനത്തിന്
ധൈര്യവും[x] **21** ദൈവാലയത്തി
ന്മേൽ ഒരു മഹാപുരോഹിതനും[y]
നമുക്കുള്ളതുകൊണ്ട്[x] **22** നാം ദുർ
മനസ്സാക്ഷി നീങ്ങുമാറ്[z] ഹൃദയങ്ങ
ളിൽ തളിക്കപ്പെട്ടവരും[a] ശുദ്ധവെ
ള്ളത്താൽ ശരീരം കഴുകപ്പെട്ടവരു
മായി[b] വിശ്വാസത്തിന്റെ പൂർണനി
ശ്ചയം പൂണ്ടു പരമാർഥഹൃദയത്തോ
ടെ അടുത്തു ചെല്ലുക. **23** പ്രത്യാശ
യുടെ സ്വീകാരം നാം മുറുകെ പിടിച്ചു
കൊൾക;[c] വാഗ്ദത്തം ചെയ്തവൻ
വിശ്വസ്തനല്ലോ.[d] **24** ചിലർ ചെയ്യു
ന്നതുപോലെ നമ്മുടെ സഭായോഗ
ങ്ങളെ ഉപേക്ഷിക്കാതെ[e] തമ്മിൽ
പ്രബോധിപ്പിച്ചുകൊണ്ട് **25** സ്നേ
ഹത്തിനും സൽപ്രവൃത്തികൾക്കും
ഉത്സാഹം വർധിപ്പിപ്പാൻ അന്യോ
ന്യം സൂക്ഷിച്ചുകൊൾക.[f] നാൾ
സമീപിക്കുന്നു[g] എന്നു കാണും
തോറും അത് അധികമധികമായി
ചെയ്യേണ്ടതാകുന്നു.[h]

**26** സത്യത്തിന്റെ പരിജ്ഞാനം
ലഭിച്ചശേഷം[i] നാം മനഃപൂർവം
പാപം ചെയ്താൽ[j] പാപങ്ങൾക്കു
വേണ്ടി ഇനി ഒരു യാഗവും ശേഷി
ക്കാതെ[k] **27** ന്യായവിധിക്കായി ഭയ
ങ്കരമായോരു പ്രതീക്ഷയും[l] എതി
രികളെ ദഹിപ്പിപ്പാനുള്ള ക്രോധാ
ഗ്നിയുമേയുള്ളൂ.[m] **28** മോശെയു
ടെ ന്യായപ്രമാണം അനുസരിക്കാ
ത്തവനു[n] കരുണ കൂടാതെ രണ്ടു

5.[h] *സങ്കീ. 40:6 – 8*
8.[h] *(വാ.5കാ.)*
9.[i] *എബ്രാ.10:7*
10.[j] *എബ്രാ.7:27; 9:12*
[k] *മത്താ.26:26; മർക്കൊ.14:22; ലൂക്കൊ.22:19; 1കൊരി.11:24; (എബ്രാ.10:5)*
[l] *എബ്രാ.2:11;13:12*
11.[m] *(സംഖ്യാ.28:3)*
[n] *എബ്രാ.10:1,4; (എബ്രാ.9:9)*
[o] *എബ്രാ.5:1*
12.[p] *എബ്രാ.1:3; മർക്കൊ.16:19*
13.[q] *എബ്രാ.1:13; (1കൊരി.15:25 - 28)*
14.[r] *എബ്രാ.10:1*
16.[s] *എബ്രാ.8:10; റോമ.11:27;* ***യിരെ. 31:33***
17.[t] *എബ്രാ.8:12* ***യിരെ. 31:34***
19.[u] *എബ്രാ.9:3*
[v] *എബ്രാ.9:8; (യോഹ.10:9;14:6)*
20.[w] *എബ്രാ.9:25*
[x] *എബ്രാ.4:16*
21.[y] *സെഖ.6:11 - 13; (എബ്രാ.4:14); എബ്രാ.2:17*
[x] *(വാ.20 കാ.)*
22.[z] *എബ്രാ.9:14*
[a] *യെഹെ.36:25; (എബ്രാ.12:24; 2കൊരി.7:1; 1പത്രൊ.1:2)*
[b] *(1കൊരി.6:11)*
23.[c] *എബ്രാ.4:14*
[d] *എബ്രാ.11:11; 1കൊരി.1:9*
24.[e] *(അപ്പൊ.പ്ര.2:42)*
25.[f] *(എബ്രാ.3:13)*
[g] *1കൊരി.3:13*
[h] *റോമ.13:11 - 13; യാക്കോ.5:8*
26.[i] *എബ്രാ.6:4; 2പത്രൊ.2:20,21*
[j] *സംഖ്യാ.15:30; ആവ.17:12*
[k] *(എബ്രാ.6:6; 1യോഹ.5:16)*
27.[l] *എബ്രാ.2:3,4;12:25*
[m] *സങ്കീ.79:5; യെശ.26:11; സെഫ.1:18;3:8; (യെഹെ.36:5; സെഖ.8:2); 2തെസ്സ.1:8*
28.[n] *ആവ.17:2 - 6*

മൂന്നു സാക്ഷികളുടെ വാമൊഴി
കേട്ടു[o] മരണശിക്ഷ കല്പിക്കുന്നു
വല്ലോ.[n] **29** ദൈവപുത്രനെ ചവിട്ടി
ക്കളകയും[p] തന്നെ വിശുദ്ധീകരിച്ച[q]
നിയമരക്തത്തെ[r] മലിനം എന്നു നി
രൂപിക്കയും കൃപയുടെ ആത്മാവിനെ
നിന്ദിക്കയും[s] ചെയ്തവൻ എത്ര
കഠിനമേറിയ ശിക്ഷയ്ക്കു പാത്രമാ
കും എന്ന് വിചാരിപ്പിൻ. **30** [t]“പ്രതി
കാരം എനിക്കുള്ളത്, ഞാൻ പകരം
വീട്ടും” എന്നും [u]“കർത്താവ് തന്റെ
ജനത്തെ ന്യായം വിധിക്കും” എന്നും
അരുളിച്ചെയ്തവനെ നാം അറിയുന്നു
വല്ലോ. **31** ജീവനുള്ള ദൈവത്തിന്റെ
കൈയിൽ വീഴുന്നത് ഭയങ്കരം.[v]

**32** എന്നാൽ നിങ്ങൾ പ്രകാശനം
ലഭിച്ച[w]ശേഷം നിന്ദകളാലും പീഡ
കളാലും കൂത്തുകാഴ്ചയായി[x] ഭവി
ച്ചും **33** ആ വക അനുഭവിക്കുന്ന
വർക്ക് കൂട്ടാളികളായിത്തീർന്നും
ഇങ്ങനെ കഷ്ടങ്ങളാൽ വളരെ
പോരാട്ടം[y] കഴിച്ച പൂർവകാലം ഓർ
ത്തുകൊൾവിൻ. **34** തടവുകാരോടു
നിങ്ങൾ സഹതാപം കാണിച്ചതല്ലാ
തെ[z] സ്വർഗത്തിൽ നിലനില്ക്കുന്ന
ഉത്തമസമ്പത്ത്[a] നിങ്ങൾക്ക് ഉണ്ട്[b]
എന്നറിഞ്ഞു സമ്പത്തുകളുടെ അപ
ഹാരവും സന്തോഷത്തോടെ സഹി
ച്ചുവല്ലോ.[c] **35** അതുകൊണ്ടു മഹാ
പ്രതിഫലമുള്ള[d] നിങ്ങളുടെ ധൈര്യം
തള്ളിക്കളയരുത്. **36** ദൈവേഷ്ടം
ചെയ്തു[e] വാഗ്ദത്തം പ്രാപിപ്പാൻ[f]
സഹിഷ്ണുത നിങ്ങൾക്ക് ആവശ്യം.[g]
**37** [h]“ഇനി എത്രയും അല്പകാലം
കഴിഞ്ഞിട്ടു[i] വരുവാനുള്ളവൻ വരും
താമസിക്കയുമില്ല;” **38** എന്നാൽ
[j]“എന്റെ നീതിമാൻ വിശ്വാസത്താൽ
ജീവിക്കും; പിന്മാറുന്നു എങ്കിൽ എ
ന്റെ ഉള്ളത്തിന് അവനിൽ പ്രസാ
ദമില്ല.” **39** നാമോ നാശത്തിലേക്കു
പിന്മാറുന്നവരുടെ കൂട്ടത്തിലല്ല,
വിശ്വസിച്ചു ജീവരക്ഷ പ്രാപിക്കു
ന്നവരുടെ കൂട്ടത്തിലത്രേ ആകുന്നു.

✵ ✵ ✵

28.[o] *സംഖ്യാ.35:30*
29.[p] *(എബ്രാ.6:6)*
[q] *എബ്രാ.9:13,14*
[r] *എബ്രാ.13:20; സെഖ.9:11*
[s] *(മത്താ.12:31,32; എഫെ.4:30)*
30.[t] *റോമ.12:19;* ***ആവ.32:35***
[u] *സങ്കീ.50:4; 135:14;* ***ആവ.32:36***
31.[v] *യെശ.33:14; ലൂക്കൊ.12:5*
32.[w] *എബ്രാ.6:4*
[x] *1കൊരി.4:9*
33.[y] *ഫിലി.1:30*
34.[z] *(എബ്രാ.13:3; മത്താ.25:36; 2തിമൊ.1:16)*
[a] *1പത്രൊ.1:4,5*
[b] *(ലൂക്കൊ.21:19)*
[c] *മത്താ.5:12*
35.[d] *എബ്രാ.2:2; 11:25*
36.[e] *എബ്രാ.13:21; (1യോഹ.2:17)*
[f] *എബ്രാ.11:39*
[g] *എബ്രാ.12:1-7; ലൂക്കൊ.21:19; റോമ.2:7;12:12; മത്താ.10:22*
37.[h] ***ഹബ.2:3,4***
[i] *യെശ.26:20; ഹഗ്ഗാ.2:6; ലൂക്കൊ.18:8*
38.[j] *റോമ.1:17; ഗലാ.3:11*

***1. വിശ്വാസം ഇന്നതാകുന്നു എന്നും 6. അതു കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴികയില്ല എന്നുമുള്ളത് 7. വിശ്വാസത്തിൻ ഫലങ്ങൾ.***

**11** വിശ്വാസം എന്നതോ, ആശി
ക്കുന്നതിന്റെ ഉറപ്പും കാണാ
ത്ത കാര്യങ്ങളുടെ[a] നിശ്ചയവും
ആകുന്നു. **2** അതിനാലല്ലോ പൂർവ
ന്മാർക്ക് സാക്ഷ്യം ലഭിച്ചത്. **3** ഈ
കാണുന്ന ലോകത്തിനു ദൃശ്യമാ
യതല്ല[b] കാരണം എന്നു വരുമാറ്
ലോകം ദൈവത്തിന്റെ വചന
ത്താൽ നിർമ്മിക്കപ്പെട്ടു[c] എന്ന്
നാം വിശ്വാസത്താൽ അറിയുന്നു.
**4** വിശ്വാസത്താൽ ഹാബെൽ[d]
ദൈവത്തിനു കയീന്റേതിലും ഉത്തമ
മായ[e] യാഗം കഴിച്ചു;[d] അതിനാൽ
അവനു നീതിമാൻ എന്ന സാക്ഷ്യം
ലഭിച്ചു; ദൈവം അവന്റെ വഴിപാ
ടിനു സാക്ഷ്യം കല്പിച്ചു. മരിച്ച
ശേഷവും[f] അവൻ വിശ്വാസത്താൽ
സംസാരിച്ചുകൊണ്ടിരിക്കുന്നു.[g]
**5** വിശ്വാസത്താൽ ഹാനോക് മര
ണം കാണാതെ എടുക്കപ്പെട്ടു;[h]
ദൈവം അവനെ എടുത്തുകൊണ്ട
തിനാൽ കാണാതെയായി. അവൻ
ദൈവത്തെ പ്രസാദിപ്പിച്ചു എന്ന്
അവൻ എടുക്കപ്പെട്ടതിനു മുമ്പേ
സാക്ഷ്യം പ്രാപിച്ചു. **6** എന്നാൽ
വിശ്വാസം കൂടാതെ ദൈവത്തെ
പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല;
ദൈവത്തിന്റെ അടുക്കൽ വരുന്ന
വൻ ദൈവം ഉണ്ട് എന്നും തന്നെ
അന്വേഷിക്കുന്നവർക്ക് പ്രതിഫലം
കൊടുക്കുന്നു എന്നും വിശ്വസി
ക്കേണ്ടതല്ലോ.[i] **7** വിശ്വാസത്താൽ
നോഹ[j] അതുവരെ കാണാത്തവ
യെക്കുറിച്ച്[k] അരുളപ്പാടുണ്ടായിട്ടു
ഭയഭക്തി പൂണ്ടു തന്റെ കുടുംബ

**അധ്യായം 11**

1.[a] *റോമ.8:24; 2കൊരി.4:18;5:7; 1പത്രൊ.1:8*
3.[b] *(റോമ.4:17)*
[c] *ഉൽപ.1:1*
4.[d] *ഉൽപ.4:4-8; 1യോഹ.3:12*
[e] *സദൃ.15:8*
[f] *ഉൽപ.4:10*
[g] *എബ്രാ.12:24* 5.[h] *ഉൽപ.5:22-24; (2രാജാ.2:11)*
6.[i] *1ദിന.28:9; യിരെ.29:12-14; (യോഹ.4:24)*
7.[j] *ഉൽപ.6:13-22; ലൂക്കൊ.17:26; 1പത്രൊ.3:20*
[k] *എബ്രാ.11:1*

11:1 ***വിശ്വാസം:*** വിശ്വാസം എന്നാൽ ദൈവത്തിൽ പൂർണമായി ആശ്രയിക്കുക എന്നാണ്. വിശ്വാസപ്രമാണങ്ങളും ഉപദേശങ്ങളും കൈക്കൊള്ളുന്നത് ദൈവത്തിലുള്ള ആശ്രയത്തിനു മാറ്റു കൂട്ടുന്നതു മാത്രമാണ്.

ത്തിന്റെ രക്ഷയ്ക്കായിട്ട് ഒരു പെ
ട്ടകം തീർത്തു;[j] അതിനാൽ അവൻ
ലോകത്തെ കുറ്റം വിധിച്ച് വിശ്വാ
സത്താലുള്ള നീതിക്ക്[l] അവകാശി
യായിത്തീർന്നു. **8** വിശ്വാസത്താൽ
അബ്രാഹാം[m] തനിക്ക് അവകാശ
മായി കിട്ടുവാനിരുന്ന[n] ദേശത്തേക്കു
യാത്രയാകുവാൻ വിളിക്കപ്പെട്ടാറെ
അനുസരിച്ച് എവിടേക്കു പോകുന്നു
എന്നറിയാതെ പുറപ്പെട്ടു.[m] **9** വിശ്വാ
സത്താൽ അവൻ വാഗ്ദത്തദേശ
ത്ത്[o] ഒരു അന്യദേശത്ത് എന്ന
പോലെ ചെന്ന് വാഗ്ദത്തത്തിനു
കൂട്ടവകാശികളായ യിസ്ഹാക്കി
നോടും യാക്കോബിനോടുംകൂടെ[p]
കൂടാരങ്ങളിൽ പാർത്തുകൊണ്ട്[q]
**10** ദൈവം ശില്പിയായി നിർമ്മി
ച്ചതും[r] അടിസ്ഥാനങ്ങ[s]ളുള്ളതു
മായ നഗരത്തിനായി[t] കാത്തിരുന്നു.
**11** വിശ്വാസത്താൽ സാറായും[u]
വാഗ്ദത്തം ചെയ്തവനെ വിശ്വ
സ്തൻ[v] എന്ന് എണ്ണുകയാൽ പ്രായം
കഴിഞ്ഞിട്ടും പുത്രോല്പാദനത്തിനു
ശക്തി പ്രാപിച്ചു.[u] **12** അതുകൊ
ണ്ട് ഒരുവന്, മൃതപ്രായനായവനു[w]
തന്നെ, പെരുപ്പത്തിൽ ആകാശ
ത്തിലെ നക്ഷത്രങ്ങൾപോലെയും[x]
കടല്പുറത്തെ എണ്ണിക്കൂടാത്ത മ
ണൽപോലെയും സന്തതി ജനിച്ചു.

**13** ഇവർ എല്ലാവരും വാഗ്ദത്ത
നിവൃത്തി പ്രാപിക്കാതെ[y] ദൂരത്തു
നിന്ന് അത് കണ്ട് അഭിവന്ദിച്ചും[z]
ഭൂമിയിൽ തങ്ങൾ അന്യരും പര
ദേശികളും[a] എന്ന് ഏറ്റുപറഞ്ഞും
കൊണ്ടു[b] വിശ്വാസത്തിൽ മരിച്ചു.
**14** ഇങ്ങനെ പറയുന്നവർ ഒരു പി
തൃദേശം അന്വേഷിക്കുന്നു എന്ന്
കാണിക്കുന്നു. **15** അവർ വിട്ടു
പോന്നതിനെ ഓർത്തു എങ്കിൽ മട
ങ്ങിപ്പോകുവാൻ ഇട ഉണ്ടായിരുന്നു
വല്ലോ.[c] **16** അവരോ അധികം നല്ല
തിനെ, സ്വർഗീയമായതിനെത്തന്നെ,
കാംക്ഷിച്ചിരുന്നു; ആകയാൽ ദൈവം
അവരുടെ ദൈവം എന്ന് വിളിക്ക
പ്പെടുവാൻ[d] ലജ്ജിക്കുന്നില്ല; അവൻ
അവർക്കായി ഒരു നഗരം ഒരുക്കി
യിരിക്കുന്നുവല്ലോ.[e]

**17** വിശ്വാസത്താൽ അബ്രാഹാം
താൻ പരീക്ഷിക്കപ്പെട്ടപ്പോൾ
യിസ്ഹാക്കിനെ യാഗം അർപ്പിച്ചു.[f]
**18** യിസ്ഹാക്കിൽനിന്നു ജനിക്കു
ന്നവർ നിന്റെ സന്തതി എന്ന് വിളി
ക്കപ്പെടും[g] എന്ന് അരുളപ്പാട് ല
ഭിച്ചു വാഗ്ദത്തങ്ങളെ കൈക്കൊ
ണ്ടവൻ തന്റെ ഏകജാതനെ അർ
പ്പിച്ചു; **19** മരിച്ചവരുടെ ഇടയിൽ
നിന്ന് ഉയിർപ്പിപ്പാൻ ദൈവം ശക്തൻ
എന്ന് എണ്ണുകയും[h] അവരുടെ ഇട
യിൽനിന്ന് എഴുന്നേറ്റവനെപ്പോലെ
അവനെ തിരികെ പ്രാപിക്കയും
ചെയ്തു. **20** വിശ്വാസത്താൽ
യിസ്ഹാക് യാക്കോബിനെയും
ഏശാവിനെയും ഭാവികാലം സംബ
ന്ധിച്ച് അനുഗ്രഹിച്ചു.[i] **21** വിശ്വാ
സത്താൽ യാക്കോബ് മരണകാല
ത്തിങ്കൽ യോസേഫിന്റെ മക്കളെ
ഇരുവരെയും അനുഗ്രഹിക്കയും[j]
തന്റെ വടിയുടെ അറ്റത്ത് ചാരി
ക്കൊണ്ടു നമസ്കരിക്കയും[k] ചെ
യ്തു. **22** വിശ്വാസത്താൽ യോ
സേഫ് താൻ മരിപ്പാറായപ്പോൾ
യിസ്രായേൽമക്കളുടെ പുറപ്പാടിന്റെ
കാര്യം ഓർപ്പിച്ചു,[l] തന്റെ അസ്ഥി
കളെക്കുറിച്ചു കല്പന കൊടുത്തു.
**23** വിശ്വാസത്താൽ മോശെയുടെ
ജനനത്തിങ്കൽ ശിശു സുന്ദരൻ
എന്ന് അമ്മയപ്പന്മാർ കണ്ടു;[m] രാജാ
വിന്റെ കല്പന[n] ഭയപ്പെടാതെ അ
വനെ മൂന്നു മാസം ഒളിപ്പിച്ചുവച്ചു.[m]
**24** വിശ്വാസത്താൽ മോശെ താൻ
വളർന്നപ്പോൾ പാപത്തിന്റെ തൽ
ക്കാലഭോഗത്തെക്കാളും[o] ദൈവ
ജനത്തോടുകൂടെ കഷ്ടമനുഭ
വിക്കുന്നത് തിരഞ്ഞെടുത്തു.[p]
**25** പ്രതിഫലം[q] നോക്കിയതുകൊ
ണ്ടു ഫറവോന്റെ പുത്രിയുടെ മകൻ
എന്ന് വിളിക്കപ്പെടുന്നത് നിരസി
ക്കയും[r] **26** മിസ്രയീമിലെ നിക്ഷേ
പങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദ
വലിയ ധനം എന്ന് എണ്ണുകയും
ചെയ്തു.[s] **27** വിശ്വാസത്താൽ

7. [l] *റോമ.4:13; (ഉൽപ.6:9; യെഹെ.14:14,20)*
8. [m] *ഉൽപ.12:1-4; അപ്പൊ.പ്ര.7:2-4* [n] *ഉൽപ.12:7*
9. [o] *അപ്പൊ.പ്ര.7:5* [p] *ഉൽപ.35:27* [q] *ഉൽപ.12:8; 13:3,18;18:1,9*
10. [r] *വെളി.21:2,10* [s] *സങ്കീ.87:1; വെളി.21:14* [t] *എബ്രാ.12:22; (എബ്രാ.13:14)*
11. [u] *ഉൽപ.17:19; 18:11-14;21:2* [v] *എബ്രാ.10:23*
12. [w] *റോമ.4:19* [x] *ഉൽപ.22:17; 32:12;15:5*
13. [y] *എബ്രാ.11:39* [z] *എബ്രാ.11:27; യോഹ.8:56; (മത്താ.13:17)* [a] *എഫെ.2:19* [b] *ഉൽപ.23:4;47:9; (1ദിന.29:15; സങ്കീ.39:12)*
15. [c] *(ഉൽപ.24:6-8)*
16. [d] *ഉൽപ.26:24; 28:13; പുറ.3:6;4:5; (എബ്രാ.2:13)* [e] *(എബ്രാ.11:10; മത്താ.25:34; യോഹ.14:2)*
17. [f] *ഉൽപ.22:1-10; യാക്കോ.2:21*
18. [g] *റോമ.9:7;* ***ഉൽപ.21:12***
19. [h] *റോമ.4:17-21*
20. [i] *ഉൽപ. 27:27-29,39,40*
21. [j] *ഉൽപ.48:16,20* [k] *(ഉൽപ.47:31)*
22. [l] *ഉൽപ.50:24,25; പുറ.13:19*
23. [m] *പുറ.2:2,3; അപ്പൊ.പ്ര.7:20* [n] *പുറ.1:16,22*
24. [o] *1യോഹ.2:17* [p] *(ഇയ്യോ.36:21; സങ്കീ.84:10)*
25. [q] *എബ്രാ.2:2;10:35* [r] *പുറ.2:10,11*
26. [s] *എബ്രാ.13:13; (സങ്കീ.89:50,51; ഫിലി.3:7,8; 1പത്രൊ.4:14)*

അവൻ അദൃശ്യദൈവത്തെ കണ്ട
തുപോലെ[t] ഉറച്ചുനില്ക്കയാൽ
രാജാവിന്റെ കോപം ഭയപ്പെടാതെ[u]
മിസ്രയീം വിട്ടുപോന്നു.[v] **28** വിശ്വാ
സത്താൽ അവൻ കടിഞ്ഞൂലുക
ളുടെ സംഹാരകൻ അവരെ തൊടാ
തിരിപ്പാൻ പെസഹയും ചോരത്ത
ളിയും ആചരിച്ചു.[w] **29** വിശ്വാസ
ത്താൽ അവർ കരയിൽ എന്ന
പോലെ ചെങ്കടലിൽകൂടി കടന്നു;[x]
അത് മിസ്രയീമ്യർ ചെയ്‌വാൻ നോ
ക്കിയിട്ടു മുങ്ങിപ്പോയി. **30** വിശ്വാ
സത്താൽ അവർ ഏഴു ദിവസം
ചുറ്റിനടന്നപ്പോൾ യെരീഹോ
മതിൽ ഇടിഞ്ഞുവീണു.[y] **31** വിശ്വാ
സത്താൽ രാഹാബ് എന്ന വേശ്യ[z]
ഒറ്റുകാരെ സമാധാനത്തോടെ
കൈക്കൊണ്ട്[a] അവിശ്വാസിക
ളോടുകൂടെ നശിക്കാതിരുന്നു.[z]
**32** ഇനി എന്തു പറയേണ്ടൂ? ഗി
ദ്യോൻ,[b] ബാരാക്,[c] ശിംശോൻ,[d]
യിഫ്താഹ്,[e] ദാവീദ്[f] എന്നവരെ
യും ശമൂവേൽ[g] മുതലായ പ്രവാച
കന്മാരെയും കുറിച്ചു വിവരിപ്പാൻ
സമയം പോരാ. **33** വിശ്വാസത്താൽ
അവർ രാജ്യങ്ങളെ അടക്കി, നീതി
നടത്തി, വാഗ്ദത്തം പ്രാപിച്ചു,[h]
സിംഹങ്ങളുടെ വായ് അടച്ചു,[i]
**34** തീയുടെ ബലം കെടുത്തു,[j]
വാളിന്റെ വായ്ക്കു തെറ്റി, ബല
ഹീനതയിൽ ശക്തി പ്രാപിച്ചു,
യുദ്ധത്തിൽ വീരന്മാരായിത്തീർന്നു,[k]
അന്യന്മാരുടെ സൈന്യങ്ങളെ
ഓടിച്ചു.[k] **35** സ്ത്രീകൾക്കു തങ്ങ
ളുടെ മരിച്ചവരെ ഉയിർത്തെഴുന്നേ
ല്പിനാൽ തിരികെ കിട്ടി;[l] മറ്റു
ചിലർ ഏറ്റവും നല്ലൊരു ഉയിർ
ത്തെഴുന്നേല്പു ലഭിക്കേണ്ടതിന്
ഉദ്ധാരണം കൈക്കൊള്ളാതെ ഭേദ്യം
ഏറ്റു. **36** വേറേ ചിലർ പരിഹാ
സം, ചമ്മട്ടി, ചങ്ങല,[m] തടവ് ഇവ
യാലുള്ള പരീക്ഷ അനുഭവിച്ചു.
**37** കല്ലേറ് ഏറ്റു,[n] ഈർച്ചവാളാൽ[o]
അറുക്കപ്പെട്ടു, പരീക്ഷിക്കപ്പെട്ടു,
വാളാൽ കൊല്ലപ്പെട്ടു, ജടയാടു
കളുടെയും കോലാടുകളുടെയും
തോൽ ധരിച്ചു,[p] ബുദ്ധിമുട്ടും ഉപ
ദ്രവവും കഷ്ടവും സഹിച്ചു,
**38** കാടുകളിലും മലകളിലും ഗു
ഹകളിലും ഭൂമിയുടെ പിളർപ്പുക
ളിലും ഉഴന്നു വലഞ്ഞു;[q] ലോകം
അവർക്കു യോഗ്യമായിരുന്നില്ല.
**39** അവർ എല്ലാവരും വിശ്വാസ
ത്താൽ സാക്ഷ്യം ലഭിച്ചിട്ടും വാഗ്ദ
ത്തനിവൃത്തി പ്രാപിച്ചില്ല.[r] **40** അ
വർ നമ്മെ കൂടാതെ രക്ഷാപൂർ
ത്തി പ്രാപിക്കാതിരിക്കേണ്ടതിനു[s]
ദൈവം നമുക്കുവേണ്ടി ഏറ്റവും
നല്ലതൊന്നു മുൻകരുതിയിരുന്നു.

❋ ❋ ❋

***1. നാം നമ്മുടെ ഓട്ടത്തെ വിശ്വാസത്തോടും ക്ഷമയോടും ദൈവഭക്തിയോടും കൂടെ ഓടിതികയ്ക്കേണം 22. പുതിയനിയമം പഴയതിനെക്കാൾ വിശേഷം.***

# 12

ആകയാൽ നാമും സാക്ഷി
കളുടെ ഇത്ര വലിയോരു
സമൂഹം നമുക്കു ചുറ്റും നില്ക്കു
ന്നതുകൊണ്ടു സകല ഭാരവും
മുറുകെ പറ്റുന്ന പാപവും[a] വിട്ടു
നമുക്കു മുമ്പിൽ[b] വച്ചിരിക്കുന്ന
ഓട്ടം സ്ഥിരതയോടെ[c] ഓടുക.[d]
**2** വിശ്വാസത്തിന്റെ നായകനും[e]
പൂർത്തി വരുത്തുന്നവനുമായ യേശു
വിനെ നോക്കുക; തന്റെ മുമ്പിൽ
വച്ചിരുന്ന സന്തോഷം[f] ഓർത്ത്
അവൻ അപമാനം[g] അലക്ഷ്യമാക്കി
ക്രൂശിനെ സഹിക്കയും[f] ദൈവ
സിംഹാസനത്തിന്റെ വലത്തുഭാഗ
ത്ത് ഇരിക്കയും ചെയ്തു.[h] **3** നിങ്ങ
ളുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാ
തിരിപ്പാൻ[i] പാപികളാൽ തനിക്കു
നേരിട്ട ഇങ്ങനെയുള്ള വിരോധം
സഹിച്ചവനെ ധ്യാനിച്ചു കൊൾ
വിൻ.[j] **4** പാപത്തോടു പോരാടു
ന്നതിൽ നിങ്ങൾ ഇതുവരെ പ്രാണ
ത്യാഗത്തോളം എതിർത്തു നിന്നി
ട്ടില്ല. **5** [k]“മകനേ, കർത്താവിന്റെ
ശിക്ഷ നിരസിക്കരുത്; അവൻ ശാ
സിക്കുമ്പോൾ മുഷികയുമരുത്.[l]
**6** കർത്താവ് താൻ സ്നേഹിക്കു
ന്നവനെ ശിക്ഷിക്കുന്നു;[m] താൻ

*27.[t] എബ്രാ.11:13; 1തിമൊ.1:17 [u] പുറ.10:28,29 [v] പുറ.12:37;13:17,18 28.[w] പുറ.12:21-30 29.[x] പുറ.14:21-30 30.[y] യോശു. 6:15,16,20 31.[z] യോശു.6:25; യാക്കോ.2:25 [a] യോശു.2:1,8-13 32.[b] ന്യായാ.6:11 [c] ന്യായാ.4:6 [d] ന്യായാ.13:24 [e] ന്യായാ.11:1 [f] 1ശമൂ.16:1,13 [g] 1ശമൂ.1:20 33.[h] 2ശമൂ.7:11,12 [i] ന്യായാ.14:6; 1ശമൂ.17:35; ദാനീ.6:22 34.[j] ദാനീ.3:25 [k] ന്യായാ.7:21; 1ശമൂ.17:51; 2ശമൂ.12:29 35.[l] 1രാജാ.17:22; 2രാജാ.4:35 36.[m] ഉൽപ.39:20; യിരെ.20:2;37:15 37.[n] 1രാജാ.21:13; 2ദിന.24:21 [o] 1രാജാ.19:10; യിരെ.26:23 [p] 2രാജാ.1:8*

*38.[q] 1ശമൂ.22:1; 1രാജാ.18:4;19:9 39.[r] എബ്രാ.11:2,13; (1പത്രൊ.1:12) 40.[s] (വെളി.6:11)*

**അധ്യായം 12**

*1.[a] എഫെ.4:22 [b] എബ്രാ.6:18 [c] എബ്രാ.10:36 [d] 1കൊരി.9:24 2.[e] എബ്രാ.2:10 [f] ലൂക്കൊ.24:26; ഫിലി.2:8; (യെശ.53:11) [g] സങ്കീ.22:6,7;69:19; യെശ.53:3 [h] എബ്രാ.1:3 3.[i] ഗലാ.6:9*

*[j] (മത്താ.10:24; വെളി.2:3) 5.[k] **സദൃ.3:11,12** [l] ഇയ്യോ.5:17 6.[m] സങ്കീ.94:13; 119:67,75; വെളി.3:19*

കൈക്കൊള്ളുന്ന ഏതു മകനെയും
തല്ലുന്നു" എന്നിങ്ങനെ മക്കളോട്
എന്നപോലെ നിങ്ങളോടു സംവാ
ദിക്കുന്ന പ്രബോധനം നിങ്ങൾ മറ
ന്നുകളഞ്ഞുവോ? **7** നിങ്ങൾ ബാല
ശിക്ഷ സഹിച്ചാൽ ദൈവം മക്ക
ളോട് എന്നപോലെ നിങ്ങളോടു
പെരുമാറുന്നു;[n] അപ്പൻ ശിക്ഷി
ക്കാത്ത മകൻ എവിടെയുള്ളൂ?
**8** എല്ലാവരും പ്രാപിക്കുന്ന[o] ബാല
ശിക്ഷ കൂടാതിരിക്കുന്നു എങ്കിൽ
നിങ്ങൾ മക്കളല്ല, കൗലടേയന്മാര
ത്രേ. **9** നമ്മുടെ ജഡസംബന്ധമായ
പിതാക്കന്മാർ നമ്മെ ശിക്ഷിച്ചപ്പോൾ
നാം അവരെ വണങ്ങിപ്പോന്നുവ
ല്ലോ; ആത്മാക്കളുടെ പിതാവിന്[p]
ഏറ്റവും അധികമായി കീഴടങ്ങി
ജീവിക്കേണ്ടതല്ലയോ?[q] **10** അവർ
ശിക്ഷിച്ചത് കുറെക്കാലവും തങ്ങൾ
ക്കു ബോധിച്ചപ്രകാരവുമത്രേ; അ
വനോ, നാം അവന്റെ വിശുദ്ധി
പ്രാപിക്കേണ്ടതിനു[r] നമ്മുടെ ഗുണ
ത്തിനായി തന്നെ ശിക്ഷിക്കുന്നത്.
**11** ഏതു ശിക്ഷയും തൽക്കാലം
സന്തോഷകരമല്ല[s] ദുഃഖകരമത്രേ
എന്നു തോന്നും; പിന്നത്തേതിലോ
അതിനാൽ അഭ്യാസം വന്നവർക്ക്
നീതി എന്ന സമാധാനഫലം[t] ലഭി
ക്കും. **12** ആകയാൽ തളർന്ന
കൈയും കുഴഞ്ഞ മുഴങ്കാലും നി
വിർത്തുവിൻ.[u] **13** മുടന്തുള്ളത്
ഉളുക്കിപ്പോകാതെ ഭേദമാകേണ്ട
തിനു[v] നിങ്ങളുടെ കാലിനു പാത
നിരത്തുവിൻ.[w]

**14** എല്ലാവരോടും സമാധാനം
ആചരിച്ചു[x] ശുദ്ധീകരണം[y] പ്രാപി
പ്പാൻ ഉത്സാഹിപ്പിൻ.[x] ശുദ്ധീകരണം
കൂടാതെ ആരും കർത്താവിനെ
കാണുകയില്ല.[z] **15** ആരും ദൈവ
കൃപ വിട്ടു പിന്മാറുകയും[a] വല്ല ക
യ്പുള്ള വേരും മുളച്ചു കലക്കമു
ണ്ടാക്കി[b] അനേകർ അതിനാൽ മലി
നപ്പെടുകയും ആരും ദുർന്നടപ്പുകാ
രനോ,[c] **16** ഒരു ഊണിനു ജ്യേഷ്ഠാ
വകാശം വിറ്റുകളഞ്ഞ[d] ഏശാവിനെ
പ്പോലെ അഭക്തനോ ആയിത്തീരു
കയും ചെയ്യാതിരിപ്പാൻ കരുതി

7.[n] ആവ.8:5; 2ശമൂ.7:14; (സദൃ.13:24; 19:18;23:13)
8.[o] (1പത്രൊ.5:9)
9.[p] സംഖ്യാ.16:22
[q] (യെശ.38:16)
10.[r] (2പത്രൊ.1:4); ലേവ്യാ.11:44
11.[s] (1പത്രൊ.1:6)
[t] യാക്കോ.3:17,18
12.[u] **യെശ.35:3;** (ഇയ്യോ.4:3,4)
13.[v] യാക്കോ.5:16; (ഗലാ.6:1)
[w] സദൃ.4:26,27
14.[x] റോമ.14:19
[y] 1തെസ്സ.4:7
[z] മത്താ.5:8; (2കൊരി.7:1; എഫെ.5:5; വെളി.21:27;22:4)
15.[a] എബ്രാ.4:1; (2കൊരി.6:1; ഗലാ.5:4)
[b] ആവ.29:17; അപ്പൊ.പ്ര.8:23
[c] എബ്രാ.13:4
16.[d] ഉൽപ.25:33
17.[e] ഉൽപ. 27:34,36,38
18.[f] പുറ.19:18; 20:18; ആവ.4:11;5:22; (2കൊരി.3:9)
[g] പുറ.19:16,19
19.[h] പുറ.20:19; ആവ.5:5;18:16
20.[i] **പുറ.19:12,13**
21.[j] (പുറ.19:16; ആവ.9:19)
22.[k] വെളി.14:1
[l] ഗലാ.4:26
[m] യൂദാ.15
23.[n] ലൂക്കൊ.10:20
[o] എബ്രാ.2:12; (പുറ.4:22)
[p] ഉൽപ.18:25; സങ്കീ.58:11

ക്കൊൾവിൻ. **17** അവൻ പിന്ന
ത്തേതിൽ അനുഗ്രഹം ലഭിപ്പാൻ
ആഗ്രഹിച്ചു[e] കണ്ണുനീരോടുകൂടെ
അപേക്ഷിച്ചിട്ടും തള്ളപ്പെട്ടു മാന
സാന്തരത്തിന് ഇട കണ്ടില്ല എ
ന്നു നിങ്ങൾ അറിയുന്നുവല്ലോ.

**18** സ്ഥൂലമായതും തീ കത്തു
ന്നതുമായ പർവതത്തിനും,[f] മേഘ
തമസ്സ്, കൂരിരുട്ട്, കൊടുങ്കാറ്റ്, കാ
ഹളനാദം, വാക്കുകളുടെ ശബ്ദം[g]
എന്നിവയ്ക്കും അടുക്കൽ അല്ലല്ലോ
നിങ്ങൾ വന്നിരിക്കുന്നത്. **19** ആ
ശബ്ദം കേട്ടവർ ഇനി ഒരു വചന
വും തങ്ങളോടു പറയരുതേ എന്ന്
അപേക്ഷിച്ചു.[h] **20** ഒരു മൃഗം എ
ങ്കിലും പർവതം തൊട്ടാൽ അതിനെ
കല്ലെറിഞ്ഞു കൊല്ലേണം[i] എന്നു
ള്ള കല്പന അവർക്കു സഹിച്ചു
കൂടാഞ്ഞു. **21** ഞാൻ അത്യന്തം
പേടിച്ചു വിറയ്ക്കുന്നു എന്ന് മോ
ശെയും പറയത്തക്കവണ്ണം ആ
കാഴ്ച ഭയങ്കരമായിരുന്നു.[j] **22** പി
ന്നെയോ സീയോൻപർവതത്തിനും[k]
ജീവനുള്ള ദൈവത്തിന്റെ നഗര
മായ സ്വർഗീയ യെരൂശലേമിനും[l]
അനേകായിരം ദൂതന്മാരുടെ സർവ
സംഘത്തിനും[m] **23** സ്വർഗത്തിൽ
പേരെഴുതിയിരിക്കുന്ന[n] ആദ്യജാത
ന്മാരുടെ സഭയ്ക്കും[o] എല്ലാവരു
ടെയും ദൈവമായ ന്യായാധിപതി
ക്കും[p] സിദ്ധന്മാരായ നീതിമാന്മാ
രുടെ ആത്മാക്കൾക്കും **24** പുതു
നിയമത്തിന്റെ മധ്യസ്ഥനായ[q] യേശു
വിനും ഹാബെലിന്റെ രക്തത്തെ
ക്കാൾ ഗുണകരമായി സംസാരി
ക്കുന്ന[r] പുണ്യാഹരക്തത്തിനും[s]
അടുക്കലത്രേ നിങ്ങൾ വന്നിരിക്കു
ന്നത്. **25** അരുളിച്ചെയ്യുന്നവനെ
നിരസിക്കാതിരിപ്പാൻ നോക്കു
വിൻ. ഭൂമിയിൽ അരുളിച്ചെയ്ത
വനെ നിരസിച്ചവർ തെറ്റി ഒഴിയാ
തിരുന്നു എങ്കിൽ[t] സ്വർഗത്തിൽ
നിന്ന് അരുളിച്ചെയ്യുന്നവനെ നാം
വിട്ടുമാറിയാൽ എത്ര അധികം.
**26** അവന്റെ ശബ്ദം അന്നു ഭൂമിയെ
ഇളക്കി;[u] ഇപ്പോഴോ, [v]"ഞാൻ

24.[q] എബ്രാ.8:6;9:15 [r] എബ്രാ.11:4; ഉൽപ.4:10
[s] എബ്രാ.10:22 25.[t] എബ്രാ.2:4

ഇനി ഒരിക്കൽ ഭൂമിയെ മാത്രമല്ല,
ആകാശത്തെയും ഇളക്കും" എ
ന്ന് അവൻ വാഗ്ദത്തം ചെയ്തു.
**27** "ഇനി ഒരിക്കൽ" എന്നത്, ഇളക്ക
മില്ലാത്തത് നിലനില്ക്കേണ്ടതിന്
നിർമ്മിതമായ ഇളക്കമുള്ളതിനു
മാറ്റം വരും[w] എന്ന് സൂചിപ്പിക്കുന്നു.
**28** ആകയാൽ ഇളകാത്ത രാജ്യം[x]
പ്രാപിക്കുന്നതുകൊണ്ട് നാം നന്ദി
യുള്ളവരായി[y] ദൈവത്തിനു പ്ര
സാദം വരുമാറ് ഭക്തിയോടും ഭയ
ത്തോടും[z] കൂടെ സേവ ചെയ്ക.
**29** നമ്മുടെ ദൈവം ദഹിപ്പിക്കുന്ന
അഗ്നിയല്ലോ.[a]

❋ ❋ ❋

***1. സ്നേഹത്തെയും 4. വിശുദ്ധനടപ്പിനെയും 5. അലംഭാവത്തെയുംകുറിച്ച് 7. അന്യോപദേശങ്ങളെ സൂക്ഷിച്ചുകൊള്ളണമെന്നും മറ്റും പല പ്രബോധനങ്ങൾ.***

**13** സഹോദരപ്രീതി നിലനില്ക്ക
ട്ടെ.[a] **2** അതിഥിസൽക്കാരം
മറക്കരുത്.[b] അതിനാൽ ചിലർ അറി
യാതെ ദൈവദൂതന്മാരെ സൽക്കരി
ച്ചിട്ടുണ്ടല്ലോ.[c] **3** നിങ്ങളും തടവു
കാർ എന്നപോലെ തടവുകാരെയും[d]
നിങ്ങളും ശരീരത്തിൽ ഇരിക്കുന്ന
വരാകയാൽ കഷ്ടമനുഭവിക്കുന്ന
വരെയും ഓർത്തുകൊൾവിൻ.[d]
**4** വിവാഹം എല്ലാവർക്കും മാന്യ
വും കിടക്ക നിർമ്മലവും ആയിരി
ക്കട്ടെ;[e] എന്നാൽ ദുർന്നടപ്പുകാരെ
യും വ്യഭിചാരികളെയും ദൈവം
വിധിക്കും.[f] **5** നിങ്ങളുടെ നടപ്പ്
ദ്രവ്യാഗ്രഹമില്ലാത്ത[g] തായിരിക്കട്ടെ;
ഉള്ളതുകൊണ്ടു തൃപ്തിപ്പെടുവിൻ;[h]
"ഞാൻ നിന്നെ ഒരു നാളും കൈ
വിടുകയില്ല, ഉപേക്ഷിക്കയുമില്ല"[i]
എന്ന് അവൻ തന്നെ അരുളിച്ചെ
യ്തിരിക്കുന്നുവല്ലോ. **6** ആകയാൽ
[j] "കർത്താവ് എനിക്കു തുണ; ഞാൻ
പേടിക്കയില്ല;[k] മനുഷ്യൻ എന്നോട്
എന്തുചെയ്യും" എന്നു നമുക്ക്
ധൈര്യത്തോടെ പറയാം.

**7** നിങ്ങളോടു ദൈവവചനം
പ്രസംഗിച്ചു നിങ്ങളെ നടത്തിയ
വരെ[l] ഓർത്തുകൊൾവിൻ; അവ
രുടെ ജീവാവസാനം ഓർത്ത് അവ
രുടെ വിശ്വാസം അനുകരിപ്പിൻ.[m]
**8** യേശുക്രിസ്തു ഇന്നലെയും
ഇന്നും എന്നെന്നേക്കും അനന്യൻ
തന്നെ.[n] **9** വിവിധവും അന്യവുമായ
ഉപദേശങ്ങളാൽ ആരും നിങ്ങളെ
വലിച്ചുകൊണ്ടുപോകരുത്;[o] ആ
ചരിച്ചുപോന്നവർക്കു പ്രയോജന
മില്ലാത്ത ഭോജനനിയമങ്ങളാലല്ല,[p]
കൃപയാൽതന്നെ ഹൃദയം ഉറപ്പി
ക്കുന്നത് നല്ലത്. **10** കൂടാരത്തിൽ
ശുശ്രൂഷിക്കുന്നവർക്ക് അഹോവൃ
ത്തി കഴിപ്പാൻ അവകാശമില്ലാത്ത[q]
ഒരു യാഗപീഠം നമുക്കുണ്ട്. **11** മഹാ
പുരോഹിതൻ പാപപരിഹാരമായി
രക്തം വിശുദ്ധമന്ദിരത്തിലേക്കു
കൊണ്ടുപോകുന്ന മൃഗങ്ങളുടെ
ഉടൽ പാളയത്തിനു പുറത്തുവച്ചു[r]
ചുട്ടുകളയുന്നു.[s] **12** അങ്ങനെ
യേശുവും സ്വന്തരക്തത്താൽ[t] ജന
ത്തെ വിശുദ്ധീകരിക്കേണ്ടതിനു നഗ
രവാതിലിനു പുറത്തുവച്ചു[u] കഷ്ടം
അനുഭവിച്ചു.[v] **13** ആകയാൽ നാം
അവന്റെ നിന്ദ[w] ചുമന്നുകൊണ്ടു
പാളയത്തിനു പുറത്ത് അവന്റെ
അടുക്കൽ ചെല്ലുക. **14** ഇവിടെ
നമുക്ക് നിലനില്ക്കുന്ന നഗരമി
ല്ലല്ലോ,[x] വരുവാനുള്ളത് അത്രേ
നാം അന്വേഷിക്കുന്നത്. **15** അതു
കൊണ്ട് അവൻ മുഖാന്തരം[y] നാം
ദൈവത്തിന് അവന്റെ നാമത്തെ
ഏറ്റു പറയുന്ന അധരഫലം[z] എന്ന
സ്തോത്രയാഗം[a] ഇടവിടാതെ അർ
പ്പിക്കുക.[y] **16** നന്മ ചെയ്‌വാനും
കൂട്ടായ്മ കാണിപ്പാനും മറക്കരുത്.[b]
ഈ വക യാഗത്തിലല്ലോ[c] ദൈവം
പ്രസാദിക്കുന്നത്. **17** നിങ്ങളെ നട
ത്തുന്നവരെ[d] അനുസരിച്ചു കീഴ
ടങ്ങിയിരിപ്പിൻ; അവർ കണക്കു
ബോധിപ്പിക്കേണ്ടുന്ന[e] വരാകയാൽ

26.[u] *പുറ.19:18*
[v] ***ഹഗ്ഗാ. 2:6;***
*(ഹഗ്ഗാ.2:21)*
27.[w] *സങ്കീ.102:26*
28.[x] *ദാനീ.2:44*
[y] *എബ്രാ.13:15*
[z] *എബ്രാ.5:7*
29.[a] ***ആവ. 4:24;***
*2തെസ്സ.1:6,7*

**അധ്യായം 13**

1.[a] *റോമ.12:10;*
*1തെസ്സ.4:9;*
*1പത്രൊ.1:22;*
*2പത്രൊ.1:7;*
*(1പത്രൊ.2:17;3:8;*
*1യോഹ.3:10;*
*4:7,20,21)*
2.[b] *മത്താ.25:35;*
*1പത്രൊ.4:9*
[c] *ഉൽപ.18:3;19:2*
3.[d] *എബ്രാ.10:34;*
*മത്താ.25:36*
4.[e] *1കൊരി.7:38;*
*(1തിമൊ.4:3)*
[f] *1കൊരി.6:9*
5.[g] *1തിമൊ.3:3*
[h] *1തിമൊ.6:7,8;*
*(ഫിലി.4:11);*
*മത്താ.6:25*
[i] ***യോശു. 1:5;***
*(സങ്കീ.37:25;*
*2കൊരി.4:9)*
6.[j] ***സങ്കീ. 118:6;***
*(സങ്കീ.27:1)*
[k] *സങ്കീ.56:4,11*

7.[l] *എബ്രാ.13:17,24*
[m] *(എബ്രാ.6:12)*
8.[n] *എബ്രാ.1:12;*
*യോഹ.8:58;*
*വെളി.1:4,8;*
*(2കൊരി.1:19)*
9.[o] *യൂദാ.12;*
*എഫെ.4:14*
[p] *കൊലൊ.2:16*
10.[q] *(1കൊരി.*
*9:13;10:18)*
11.[r] *എബ്രാ.13:13;*
*വെളി.20:9*
[s] *പുറ.29:14*
12.[t] *എബ്രാ.9:12*
[u] *(വെളി.14:20)*

[v] *മത്താ.21:39;27:32; യോഹ.19:17,20; (അപ്പൊ.(പ.7:58)* 13.[w] *എബ്രാ.11:26;1പത്രൊ.4:14*
14.[x] *(എബ്രാ.11:10,16; 12:28; മീഖാ.2:10)*
15.[y] *എഫെ.5:20* [z] *യെശ.57:19; ഹോശേ.14:2; (സങ്കീ.119:108)* [a] *ലേവ്യാ.7:12; സങ്കീ.107:22;116:17*
16.[b] *റോമ.12:13* [c] *മീഖാ.6:7,8; ഫിലി.4:18*
17.[d] *എബ്രാ.13:7,24*

നിങ്ങളുടെ ആത്മാക്കൾക്കുവേണ്ടി
ജാഗരിച്ചിരിക്കുന്നു;[f] ഇത് അവർ
ഞരങ്ങിക്കൊണ്ടല്ല സന്തോഷത്തോ
ടെ ചെയ്‌വാൻ ഇടവരുത്തുവിൻ;[g]
അല്ലാഞ്ഞാൽ നിങ്ങൾക്കു നന്നല്ല.
**18** ഞങ്ങൾക്കുവേണ്ടി പ്രാർഥി
പ്പിൻ.[h] സകലത്തിലും നല്ലവരായി
നടപ്പാൻ ഇച്ഛിക്കകൊണ്ടു ഞങ്ങൾ
ക്കു നല്ല മനസ്സാക്ഷി ഉണ്ടെന്നു
ഞങ്ങൾ ഉറച്ചിരിക്കുന്നു. **19** എന്നെ
നിങ്ങൾക്കു വേഗത്തിൽ വീണ്ടും
കിട്ടേണ്ടതിനു[i] നിങ്ങൾ പ്രാർഥി
ക്കേണം എന്ന് ഞാൻ വിശേഷാൽ
അപേക്ഷിക്കുന്നു.
**20** നിത്യനിയമത്തിന്റെ രക്ത
ത്താൽ[j] ആടുകളുടെ വലിയ ഇടയ
നായ[k] നമ്മുടെ കർത്താവായ യേശു
വിനെ മരിച്ചവരുടെ ഇടയിൽനിന്നു
മടക്കിവരുത്തിയ[l] സമാധാനത്തിന്റെ
ദൈവം[m] **21** നിങ്ങളെ അവന്റെ
ഇഷ്ടം ചെയ്‌വാൻ തക്കവണ്ണം
എല്ലാ നന്മയിലും യഥാസ്ഥാനപ്പെ
ടുത്തി[n] തനിക്കു പ്രസാദമുള്ളത്
യേശുക്രിസ്തു മുഖാന്തരം ന
മ്മിൽ നിവർത്തിക്കുമാറാകട്ടെ;[o]
അവന് എന്നേക്കും മഹത്ത്വം.
ആമേൻ.[p]
**22** സഹോദരന്മാരേ, ഈ പ്ര
ബോധനവാക്യം പൊറുത്തുകൊൾ
വിൻ എന്ന് അപേക്ഷിക്കുന്നു; ചു
രുക്കമായിട്ടല്ലോ ഞാൻ എഴുതിയിരി
ക്കുന്നത്.[q] **23** സഹോദരനായ
തിമൊഥെയൊസ് തടവിൽനിന്ന്
ഇറങ്ങി[r] എന്ന് അറിവിൻ. അവൻ
വേഗത്തിൽ വന്നാൽ ഞാൻ അവ
നുമായി നിങ്ങളെ വന്നുകാണും.
**24** നിങ്ങളെ നടത്തുന്നവർക്ക്
എല്ലാവർക്കും[s] സകല വിശുദ്ധ
ന്മാർക്കും വന്ദനം ചൊല്ലുവിൻ.
ഇതല്യക്കാർ നിങ്ങൾക്കു വന്ദനം
ചൊല്ലുന്നു.
**25** കൃപ നിങ്ങളോടെല്ലാവ
രോടുംകൂടെ ഇരിക്കുമാറാകട്ടെ.[t]
ആമേൻ.

✵ ✵ ✵

17.[e] *യിരെ.13:20; യെഹെ.34:10*
[f] *യെഹെ.3:17*
[g] *(അപ്പൊ.പ്ര. 20:24,31)*
18.[h] *1തെസ്സ.5:25; 2തെസ്സ.3:2*
19.[i] *(ഫിലേ.22)*
20.[j] *എബ്രാ.10:29; സെഖ.9:11; (യെശ.54:10)*
[k] *യെശ.63:11; യോഹ.10:11*
[l] *അപ്പൊ.പ്ര.2:24*
[m] *റോമ.15:33*
21.[n] *2തെസ്സ.2:17; 1പത്രൊ.5:10*
[o] *എബ്രാ.10:36; (ഫിലി.2:13)*
[p] *റോമ.11:36*
22.[q] *(1പത്രൊ.5:12)*
23.[r] *1തെസ്സ.3:2*
24.[s] *എബ്രാ.13:7,17*
25.[t] *കൊലൊ.4:18*

## മോശെ

മോശെയുടെ മാതാപിതാക്കൾ എബ്രായരായിരുന്നെങ്കിലും ഫറവോന്റെ പുത്രിയുടെ ദത്തുപുത്രനായിട്ടാണ് വളർന്നത്. രാജകൊട്ടാരത്തിന്റെ സുഖസൗകര്യങ്ങളിൽ വളർന്നുവെങ്കിലും ഈജിപ്തുകാർ എബ്രായരെ അടിമകളാക്കി പീഡിപ്പിച്ചിരുന്നതു മോശെയ്ക്ക് അസഹനീയമായിരുന്നു. ഒരിക്കൽ ഒരു എബ്രായനെ മർദിച്ച ഈജിപ്തുകാരനെ കൊന്നതിനുശേഷം മോശെ മിദ്യാനിലേക്ക് ഓടിപ്പോയി. എന്നാൽ, ദൈവം മുൾപ്പടർപ്പിൽ അവനു പ്രത്യക്ഷനായി. അടിമത്തത്തിൽനിന്ന് എബ്രായരെ വിടുവിക്കുന്നതിനായി ഈജിപ്തിലേക്കു തിരിച്ചയച്ചു. പത്തു ബാധകളാലുള്ള ദണ്ഡനം ഏറ്റതിനു ശേഷം മാത്രമാണു ഫറവോൻ എബ്രായരെ സ്വതന്ത്രരാക്കിയത്. മോശെ അവരെ നയിച്ചു ചെങ്കടൽ കടത്തി. മോശെ ദൈവത്തിന്റെ അരുളപ്പാടുകൾക്കനുസരണമായി പല അദ്ഭുതങ്ങൾ പ്രവർത്തിച്ച മഹാനായ ഒരു നേതാവായിരുന്നു. യിസ്രായേലിന്റെ ജീവിതത്തെയും ആരാധനയെയും സംബന്ധിക്കുന്ന പ്രസിദ്ധമായ പത്തു കല്പനകൾ ദൈവം മോശെ മുഖാന്തരമാണ് നല്കിയത്. ഈ കല്പനകളുടെ വിശദീകരണം പുറപ്പാട്, ലേവ്യാ, സംഖ്യാ, ആവർത്തനം എന്നീ പുസ്തകങ്ങളിൽ കാണാം. ദൈവത്തിന്റെ വാഗ്ദത്തങ്ങളും ന്യായവിധിയും ജനത്തിന് അറിയിച്ചുകൊടുത്ത ഒരു പ്രവാചക ശ്രേഷ്ഠനായിരുന്നു മോശെ.

മോശെ പുരോഹിതനല്ലായിരുന്നു (പുരോഹിതൻ അഹരോൻ ആയിരുന്നു). എങ്കിലും സമാഗമനകൂടാരം പണിയുന്നതു സംബന്ധിച്ചും ആരാധന, യാഗങ്ങൾ ഇവ നടത്തുന്നതു സംബന്ധിച്ചുമുള്ള കല്പനകൾ യിസ്രായേലിനു നല്കിയത് മോശെ മുഖാന്തരമായിരുന്നു. മോശെ ജനത്തിനുവേണ്ടി പ്രാർഥിക്കുകയും മധ്യസ്ഥത വഹിക്കുകയും സമാഗമനകൂടാരത്തിൽ ദൈവത്തോട് അഭിമുഖമായി സംസാരിക്കുകയും ചെയ്തിരുന്നു. ദൈവികപ്രമാണങ്ങളനുസരിച്ചു ജനങ്ങളുടെ ആവലാതി കേട്ടു ന്യായം വിധിക്കുകയും ആ പ്രവർത്തനത്തിൽ തന്നെ സഹായിക്കുന്നതിനു മറ്റു ന്യായാധിപന്മാരെ നിയമിക്കുകയും ചെയ്ത ന്യായാധിപനായിരുന്നു മോശെ. വാഗ്ദത്തനാടായ കനാനിലേക്കുള്ള യാത്രാമധ്യേ എതിരെവന്ന ജനതകളോടു പോരാടി ജയിച്ച ഒരു യുദ്ധവീരനായ സൈന്യാധിപൻകൂടിയായിരുന്നു അദ്ദേഹം. എന്നാൽ, ദൈവം മോശെയെ കനാനിലേക്കു കടക്കുവാൻ അനുവദിച്ചില്ല. നെബോ മലമുകളിൽനിന്നു വാഗ്ദത്തനാടു നോക്കിക്കാണുവാൻ മാത്രമേ ദൈവം അനുവദിച്ചുള്ളൂ. പുതിയനിയമത്തിൽ മോശെയെ ന്യായപ്രമാണദാതാവായും വിശ്വാസത്തിന്റെ പ്രതീകമായും ഒരു പ്രവാചകനായും ചിത്രീകരിച്ചിരിക്കുന്നു.

# THE EPISTLE OF JAMES
# യാക്കോബ് എഴുതിയ ലേഖനം

## മുഖവുര

ലോകത്തിന്റെ പല ഭാഗങ്ങളിൽ ചിതറിക്കിടക്കുന്നവർക്കു വേണ്ടിയുള്ള പ്രായോഗിക നിർദ്ദേശങ്ങളുടെ ഒരു സമാഹാരമാണ് യാക്കോബിന്റെ ലേഖനത്തിൽ അടങ്ങിയിരിക്കുന്നത്. ക്രിസ്തീയ മതാചാരങ്ങളിൽ വിശ്വാസത്തോടുകൂടിയുള്ള പ്രവൃത്തിയുടെ പ്രാധാന്യം ഈ ലേഖനത്തിൽ ഊന്നിപ്പറഞ്ഞിരിക്കുന്നു.

***1. ഉപദ്രവങ്ങളിൽ സന്തോഷിക്കുകയും 5. ദൈവത്തോടു ജ്ഞാനത്തിനായി പ്രാർഥിക്കുകയും 13. പാപത്തിനുള്ള പരീക്ഷ ദൈവത്തിന്മേൽ ചുമത്താതെയും 19. തിരുവചന പ്രകാരം നടന്ന് 26. സത്യദൈവഭക്തരായും ഇരിക്കണം എന്നത്.***

അധ്യായം 1

**ദൈ**വത്തിന്റെയും കർത്താവായ
യേശുക്രിസ്തുവിന്റെയും[a] ദാസനായ
യാക്കോബ്[b] എഴുതുന്നത്: ചിതറി
പ്പാർക്കുന്ന[c] പന്ത്രണ്ടു ഗോത്രങ്ങൾ
ക്കും[d] വന്ദനം. **2** എന്റെ സഹോദ
രന്മാരേ, നിങ്ങൾ വിവിധ പരീക്ഷ
കളിൽ[e] അകപ്പെടുമ്പോൾ **3** നിങ്ങ
ളുടെ വിശ്വാസത്തിന്റെ പരിശോധന[f]
സ്ഥിരത ഉളവാക്കുന്നു[g] എന്ന് അറി
ഞ്ഞ് അത് അശേഷം സന്തോഷം
എന്ന് എണ്ണുവിൻ.[h] **4** എന്നാൽ നി
ങ്ങൾ ഒന്നിലും കുറവില്ലാതെ തിക
ഞ്ഞവരും സമ്പൂർണരും[i] ആകേണ്ട
തിനു സ്ഥിരതയ്ക്കു തികഞ്ഞ പ്രവൃ
ത്തി ഉണ്ടാകട്ടെ.
**5** നിങ്ങളിൽ ഒരുത്തനു ജ്ഞാനം
കുറവാകുന്നു എങ്കിൽ[j] ഭർത്സിക്കാ
തെ എല്ലാവർക്കും ഔദാര്യമായി
കൊടുക്കുന്നവനായ[k] ദൈവത്തോടു
യാചിക്കട്ടെ;[l] അപ്പോൾ അവനു
ലഭിക്കും. **6** എന്നാൽ അവൻ ഒന്നും
സംശയിക്കാതെ[m] വിശ്വാസത്തോ
ടെ യാചിക്കേണം:[n] സംശയിക്കുന്ന
വൻ കാറ്റടിച്ച് അലയുന്ന കടൽത്തി
രയ്ക്കു[o] സമൻ. **7** ഇങ്ങനെയുള്ള
മനുഷ്യൻ കർത്താവിങ്കൽനിന്നു വ
ല്ലതും ലഭിക്കും എന്നു നിരൂപിക്ക
രുത്. **8** ഇരുമനസ്സുള്ള മനുഷ്യൻ[p]
തന്റെ വഴികളിലൊക്കെയും അസ്ഥി
രൻ ആകുന്നു.[q]
**9** എന്നാൽ എളിയ സഹോദരൻ
തന്റെ ഉയർച്ചയിലും **10** ധനവാനോ[r]
പുല്ലിന്റെ പൂപോലെ ഒഴിഞ്ഞുപോ
കുന്നവനാകയാൽ[s] തന്റെ എളിമ
യിലും പ്രശംസിക്കട്ടെ.[r] **11** സൂര്യൻ
ഉഷ്ണക്കാറ്റോടെ ഉദിച്ചിട്ടു പുല്ല്
ഉണങ്ങി[t] പൂവുതിർന്ന് അതിന്റെ
രൂപഭംഗി കെട്ടുപോകുന്നു. അതു
പോലെ ധനവാനും തന്റെ പ്രയ
ത്നങ്ങളിൽ വാടിപ്പോകും.
**12** പരീക്ഷ സഹിക്കുന്ന മനു
ഷ്യൻ ഭാഗ്യവാൻ;[u] അവൻ കൊള്ളാ
കുന്നവനായി തെളിഞ്ഞശേഷം
കർത്താവ് തന്നെ സ്നേഹിക്കുന്ന
വർക്കു വാഗ്ദത്തം ചെയ്ത[v] ജീവ
കിരീടം[w] പ്രാപിക്കും. **13** പരീക്ഷിക്ക
പ്പെടുമ്പോൾ ഞാൻ ദൈവത്താൽ
പരീക്ഷിക്കപ്പെടുന്നു എന്ന് ആരും
പറയരുത്. ദൈവം ദോഷങ്ങളാൽ
പരീക്ഷിക്കപ്പെടാത്തവൻ ആകു
ന്നു; താൻ ആരെയും പരീക്ഷിക്കു
ന്നതുമില്ല. **14** ഓരോരുത്തൻ പരീ
ക്ഷിക്കപ്പെടുന്നതു സ്വന്തമോഹ
ത്താൽ ആകർഷിച്ചു വശീകരിക്ക
പ്പെടുകയാൽ ആകുന്നു. **15** മോഹം
ഗർഭം ധരിച്ചു[x] പാപത്തെ പ്രസവി
ക്കുന്നു; പാപം മുഴുത്തിട്ടു മരണ
ത്തെ പെറുന്നു.[y] **16** എന്റെ പ്രിയ
സഹോദരന്മാരേ, വഞ്ചിക്കപ്പെടരുത്.
**17** എല്ലാ നല്ല ദാനവും തികഞ്ഞ

1.[a] *റോമ.1:2; 2പത്രൊ.1:1; യൂദാ.1*
[b] *അപ്പൊ.പ്ര.12:17*
[c] *1പത്രൊ.1:1; (അപ്പൊ.പ്ര.2:9-11); യോഹ.7:35*
[d] *ലൂക്കൊ.22:30; അപ്പൊ.പ്ര.26:7*
2.[e] *1പത്രൊ.1:6*
3.[f] *1പത്രൊ.1:7*
[g] *റോമ.5:3; (യാക്കോ.5:11; എബ്രാ.10:36; 2പത്രൊ.1:6)*
[h] *മത്താ.5:12*
4.[i] *1തെസ്സ.5:23; മത്താ.5:48*
5.[j] *1രാജാ.3:9-12; സദൃ.2:3-6*
[k] *സദൃ.28:5*
[l] *മത്താ.7:7*
6.[m] *മത്താ.21:21*
[n] *മർക്കൊ.11:24*
[o] *(യെശ.57:20; എഫെ.4:14)*
8.[p] *യാക്കോ.4:8*

[q] *(2പത്രൊ.2:14;3:16)*
10.[r] *യിരെ.9:23*
[s] *(സങ്കീ.102:4,11; 1കൊരി.7:31; 1പത്രൊ.1:24)*
11.[t] *യെശ.40:7*
12.[u] *യാക്കോ.5:11; മത്താ.10:22; 1പത്രൊ.3:14; (ദാനീ.12:12)*
[v] *യാക്കോ.2:5*

[w] *വെളി.2:10;3:11; (1കൊരി.9:25; 2തിമൊ.4:8; 1പത്രൊ.5:4)* 15.[x] *ഇയ്യോ.15:35; സങ്കീ.7:14; യെശ.59:4* [y] *റോമ.5:12;6:23*

വരമൊക്കെയും ഉയരത്തിൽനിന്നു[z]
വെളിച്ചങ്ങളുടെ പിതാവിങ്കൽനിന്ന്[a]
ഇറങ്ങിവരുന്നു. അവനു വികാരമോ[b]
ഗതിഭേദത്താലുള്ള ആച്ഛാദനമോ
ഇല്ല.[b] 18 നാം[c] അവന്റെ സൃഷ്ടി
കളിൽ ഒരുവിധം ആദ്യഫലമാ[d]
കേണ്ടതിന്[c] അവൻ തന്റെ ഇഷ്ടം
ഹേതുവായി[e] സത്യത്തിന്റെ വചന
ത്താൽ നമ്മെ ജനിപ്പിച്ചിരിക്കുന്നു.[f]
19 പ്രിയ സഹോദരന്മാരേ,
നിങ്ങൾ അത് അറിയുന്നുവല്ലോ.[g]
എന്നാൽ ഏതു മനുഷ്യനും കേൾ
പ്പാൻ വേഗതയും[h] പറവാൻ താമ
സവും[i] കോപത്തിനു താമസവുമു
ള്ളവൻ[j] ആയിരിക്കട്ടെ. 20 മനുഷ്യ
ന്റെ കോപം ദൈവത്തിന്റെ നീതിയെ
പ്രവർത്തിക്കുന്നില്ല. 21 ആകയാൽ
എല്ലാ അഴുക്കും ദുഷ്ടതയുടെ
ആധിക്യവും വിട്ടു[k] നിങ്ങളുടെ ആ
ത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ള
തും[l] ഉൾനട്ടതുമായ വചനം സൗ
മ്യതയോടെ[m] കൈക്കൊൾവിൻ.
22 എങ്കിലും വചനം കേൾക്ക മാത്രം
ചെയ്തുകൊണ്ടു തങ്ങളെത്തന്നെ
ചതിക്കാതെ അതിനെ ചെയ്യുന്ന
വരായും[n] ഇരിപ്പിൻ. 23 ഒരുത്തൻ
വചനം കേൾക്കുന്നവൻ എങ്കിലും
ചെയ്യാത്തവനായിരുന്നാൽ അവൻ
തന്റെ സ്വാഭാവികമുഖം കണ്ണാടി
യിൽ നോക്കുന്ന ആളോടൊക്കുന്നു.
24 അവൻ തന്നെത്താൻ കണ്ടു
പുറപ്പെട്ടു താൻ ഇന്ന രൂപം ആയി
രുന്നു എന്ന് ഉടനെ മറന്നുപോകു
ന്നു. 25 സ്വാതന്ത്ര്യത്തിന്റെ തിക
ഞ്ഞ ന്യായപ്രമാണം[o] ഉറ്റുനോക്കി
അതിൽ നിലനില്ക്കുന്നവനോ കേട്ടു
മറക്കുന്നവനല്ല, പ്രവൃത്തി ചെയ്യുന്ന
വനായി താൻ ചെയ്യുന്നതിൽ ഭാഗ്യ
വാൻ ആകും.[p] 26 നിങ്ങളിൽ ഒരു
വൻ തന്റെ നാവിനു കടിഞ്ഞാണി
ടാതെ[q] തന്റെ ഹൃദയത്തെ വഞ്ചി
ച്ചുകൊണ്ടു താൻ ഭക്തൻ എന്നു
നിരൂപിച്ചാൽ അവന്റെ ഭക്തി വ്യർ
ത്ഥം[r] അത്രേ. 27 പിതാവായ ദൈവ
ത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മ
ലവുമായുള്ള ഭക്തിയോ: അനാഥ
രെയും വിധവമാരെയും[s] അവരുടെ
സങ്കടത്തിൽ ചെന്നു കാണുന്നതും,[t]
ലോകത്താലുള്ള കളങ്കം പറ്റാത
വണ്ണം[u] തന്നെത്താൻ കാത്തുകൊ
ള്ളുന്നതും[v] ആകുന്നു.

❋ ❋ ❋

*1. ദരിദ്രരെ നിന്ദിക്കരുതു എന്നുള്ളത്*
*14. പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം*
*നിർജീവം.*

**2** സഹോദരന്മാരേ, തേജസ്സുള്ള
വനായി[a] നമ്മുടെ കർത്താവായ
യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന
നിങ്ങൾ മുഖപക്ഷം[b] കാണിക്കരുത്.
2 നിങ്ങളുടെ പള്ളിയിൽ മോടിയു
ള്ള വസ്ത്രം ധരിച്ചും പൊൻമോ
തിരം ഇട്ടുംകൊണ്ട് ഒരുത്തനും
മുഷിഞ്ഞ വസ്ത്രം ധരിച്ചോരു ദരി
ദ്രനും വന്നാൽ 3 നിങ്ങൾ മോടി
യുള്ള വസ്ത്രം ധരിച്ചവനെ നോ
ക്കി: ഇവിടെ സുഖേന ഇരുന്നാലും
എന്നും ദരിദ്രനോട്: നീ അവിടെ
നില്ക്ക; അല്ലെങ്കിൽ എന്റെ പാദ
പീഠത്തിങ്കൽ ഇരിക്ക എന്നും പറ
യുന്നു എങ്കിൽ[c] 4 നിങ്ങൾ ഉള്ളിൽ
പ്രമാണമില്ലാതെ ന്യായരഹിതമായി
വിധിക്കുന്നവരായില്ലയോ?[d] 5 പ്രിയ
സഹോദരന്മാരേ, കേൾപ്പിൻ: ദൈവം
ലോകത്തിൽ ദരിദ്രരായവരെ വിശ്വാ
സത്തിൽ സമ്പന്നരും[e] തന്നെ സ്നേ
ഹിക്കുന്നവർക്കു വാഗ്ദത്തം ചെ
യ്ത[f] രാജ്യത്തിന്റെ[g] അവകാശിക
ളുമാകേണ്ടതിനു തിരഞ്ഞെടുത്തി
ല്ലയോ?[h] നിങ്ങളോ ദരിദ്രനെ അപ
മാനിച്ചിരിക്കുന്നു.[i] 6 ധനവാന്മാർ
അല്ലയോ നിങ്ങളെ പീഡിപ്പിക്കു
ന്നത്? അവർ അല്ലയോ നിങ്ങളെ
ന്യായസ്ഥാനങ്ങളിലേക്ക്[j] ഇഴച്ചു
കൊണ്ടുപോകുന്നത്?[k] 7 നിങ്ങളു
ടെമേൽ വിളിച്ചിരിക്കുന്ന നല്ല നാമ
ത്തെ[l] അവർ അല്ലയോ ദുഷിക്കു
ന്നത്? 8 എന്നാൽ [m]“കൂട്ടുകാരനെ

17.[z] *സങ്കീ.85:12; യോഹ.3:27; 1കൊരി.4:7* [a] *1യോഹ.1:5* [b] *മലാ.3:6*
18.[c] *(എഫെ.1:12)* [d] *യിരെ.2:3; വെളി.14:4; (റോമ.8:19-23)* [e] *യോഹ.1:13* [f] *(ഗലാ.4:19; 1പത്രൊ.1:5,23)*
19.[g] *1യോഹ.2:21* [h] *(സഭാ.5:1,2)* [i] *സദൃ.10:19;17:27* [j] *സദൃ.14:29*
21.[k] *കൊലൊ.3:8; 1പത്രൊ.2:1* [l] *1കൊരി.15:2; എഫെ.1:13* [m] *യാക്കോ.3:13*
22.[n] *റോമ.2:13; (യാക്കോ.2:14-20; മത്താ.7:21,24-27; ലൂക്കൊ.8:21; യോഹ.13:17)*
25.[o] *യാക്കോ.2:12; (ഗലാ.2:4;5:1,13; 1പത്രൊ.2:16; 2പത്രൊ.2:19); യോഹ.8:32* [p] *സങ്കീ.1:1,2; ലൂക്കൊ.11:28*
26.[q] *യാക്കോ.3:2,3; സങ്കീ.39:1; (യാക്കോ.3:6; സങ്കീ.34:13;141:3)* [r] *അപ്പൊ.പ്ര.26:5*
27.[s] *ഇയ്യോ.31:17,18; യെശ.1:17,23* [t] *മത്താ.25:36* [u] *2പത്രൊ.3:14* [v] *1തിമൊ.5:22; 1യോഹ.5:18*

**അധ്യായം 2**

1.[a] *1കൊരി.2:8; (അപ്പൊ.പ്ര.7:2)* [b] *യാക്കോ.2:9; ലേവ്യ.19:15; ആവ.1:17;16:19; സദൃ.24:23; റോമ.2:11; എഫെ.6:9; 1പത്രൊ.1:17* 3.[c] *(സദൃ.18:23)* 4.[d] *യോഹ.7:24*
5.[e] *2കൊരി.8:9; വെളി.2:9; ലൂക്കൊ.12:21* [f] *യാക്കോ.1:12* [g] *മത്താ.5:3; ലൂക്കൊ.6:20;12:32* [h] *1കൊരി.1:27,28; (ഇയ്യോ.34:19)* [i] *(1കൊരി.11:22)*
6.[j] *അപ്പൊ.പ്ര.8:3;17:6;18:12; (യാക്കോ.5:6)* [k] *അപ്പൊ.പ്ര.16:19* 7.[l] *(യെശ.63:19;65:1; ആമോ.9:11; അപ്പൊ.പ്ര.15:17)* 8.[m] ***ലേവ്യ.19:18***

നിന്നെപ്പോലെതന്നെ സ്നേഹിക്കേ
ണം” എന്ന തിരുവെഴുത്തിന് ഒത്ത
വണ്ണം രാജകീയന്യായപ്രമാണം നി
ങ്ങൾ നിവർത്തിക്കുന്നു എങ്കിൽ
നന്ന്. **9** മുഖപക്ഷം[n] കാണിച്ചാലോ
പാപം ചെയ്യുന്നു; നിങ്ങൾ ലംഘന
ക്കാർ എന്നു ന്യായപ്രമാണത്താൽ
തെളിയുന്നു. **10** ഒരുത്തൻ ന്യായ
പ്രമാണം മുഴുവനും അനുസരിച്ചു
നടന്നിട്ടും ഒന്നിൽ തെറ്റിയാൽ
അവൻ സകലത്തിനും കുറ്റക്കാര
നായിത്തീർന്നു.[o] **11** വ്യഭിചാരം
ചെയ്യരുത്[p] എന്നു കല്പിച്ചവൻ
കൊല ചെയ്യരുത്[p] എന്നും കല്പി
ച്ചിരിക്കുന്നു. നീ വ്യഭിചാരം ചെ
യ്യുന്നില്ലെങ്കിലും കൊല ചെയ്യുന്നു
എങ്കിൽ ന്യായപ്രമാണം ലംഘി
ക്കുന്നവനായിത്തീർന്നു. **12** സ്വാത
ന്ത്ര്യത്തിന്റെ ന്യായപ്രമാണത്താൽ[q]
വിധിക്കപ്പെടുവാനുള്ളവരെപ്പോലെ
സംസാരിക്കയും പ്രവർത്തിക്കയും
ചെയ്‌വിൻ. **13** കരുണ കാണിക്കാ
ത്തവന് കരുണ ഇല്ലാത്ത ന്യായ
വിധി ഉണ്ടാകും;[r] കരുണ ന്യായ
വിധിയെ ജയിച്ചു പ്രശംസിക്കുന്നു.
**14** സഹോദരന്മാരേ, ഒരുത്തൻ
തനിക്കു വിശ്വാസം ഉണ്ട് എന്നു പറ
കയും പ്രവൃത്തികൾ ഇല്ലാതിരിക്ക
യും[s] ചെയ്താൽ ഉപകാരം എന്ത്?
ആ വിശ്വാസത്താൽ അവൻ രക്ഷ
പ്രാപിക്കുമോ? **15** ഒരു സഹോദര
നോ, സഹോദരിയോ നഗ്നരും അ
ഹോവൃത്തിക്കു വക ഇല്ലാത്തവരു
മായിരിക്കെ[t] നിങ്ങളിൽ ഒരുത്തൻ
അവരോട്: **16** സമാധാനത്തോടെ
പോയി തീ കായുകയും വിശപ്പട
ക്കയും ചെയ്‌വിൻ[u] എന്നു പറയു
ന്നതല്ലാതെ ദേഹരക്ഷയ്ക്ക് ആവ
ശ്യമുള്ളത് അവർക്കു കൊടുക്കാതി
രുന്നാൽ ഉപകാരം എന്ത്? **17** അ
ങ്ങനെ വിശ്വാസവും പ്രവൃത്തികളി
ല്ലാത്തതായാൽ സ്വതവേ നിർജ്ജീവ
മാകുന്നു. **18** എന്നാൽ ഒരുത്തൻ:
നിനക്കു വിശ്വാസം ഉണ്ട്; എനിക്കു
പ്രവൃത്തികൾ ഉണ്ട് എന്നു പറയു
മായിരിക്കും. നിന്റെ വിശ്വാസം പ്രവൃ
ത്തികൾ കൂടാതെ[v] കാണിച്ചുതരിക;
ഞാനും എന്റെ വിശ്വാസം പ്രവൃത്തി
കളാൽ[w] കാണിച്ചുതരാം. **19** ദൈവം
ഏകൻ എന്നു നീ വിശ്വസിക്കു
ന്നുവോ;[x] കൊള്ളാം; പിശാചുകളും
അങ്ങനെ വിശ്വസിക്കയും[y] വിറ
യ്ക്കയും ചെയ്യുന്നു. **20** വ്യർത്ഥ
മനുഷ്യാ, പ്രവൃത്തിയില്ലാത്ത വിശ്വാ
സം നിഷ്ഫലമെന്നു ഗ്രഹിപ്പാൻ
നിനക്കു മനസ്സുണ്ടോ? **21** നമ്മുടെ
പിതാവായ അബ്രാഹാം തന്റെ മ
കനായ യിസ്ഹാക്കിനെ യാഗപീ
ഠത്തിന്മേൽ അർപ്പിച്ചിട്ടു പ്രവൃത്തി
യാൽ അല്ലയോ നീതീകരിക്കപ്പെ
ട്ടത്?[z] **22** അവന്റെ പ്രവൃത്തിയോ
ടുകൂടെ വിശ്വാസം വ്യാപരിച്ചു[a] എ
ന്നും പ്രവൃത്തിയാൽ വിശ്വാസം
പൂർണ്ണമായി[b] എന്നും നീ കാണു
ന്നുവല്ലോ. **23** [c]അബ്രാഹാം ദൈ
വത്തെ വിശ്വസിക്കയും അത് അ
വനു നീതിയായി കണക്കിടുകയും
ചെയ്തു എന്നുള്ള തിരുവെഴുത്തു
നിവൃത്തിയായി അവൻ ദൈവത്തി
ന്റെ സ്നേഹിതൻ[d] എന്നു പേർ
പ്രാപിച്ചു. **24** അങ്ങനെ മനുഷ്യൻ
വെറും വിശ്വാസത്താലല്ല പ്രവൃ
ത്തികളാൽതന്നെ നീതീകരിക്ക
പ്പെടുന്നു എന്നു നിങ്ങൾ കാണു
ന്നു. **25** അവ്വണ്ണം രാഹാബ് എന്ന
വേശ്യയും ദൂതരെ കൈക്കൊൾക
യും വേറൊരു വഴിയായി പറഞ്ഞ
യയ്ക്കയും ചെയ്തതിൽ[e] പ്രവൃ
ത്തികളാൽ അല്ലയോ നീതീകരി
ക്കപ്പെട്ടത്?[f] **26** ഇങ്ങനെ ആത്മാ
വില്ലാത്ത ശരീരം നിർജ്ജീവമായി
രിക്കുന്നതുപോലെ പ്രവൃത്തിയി
ല്ലാത്ത വിശ്വാസവും നിർജ്ജീവമാ
കുന്നു.

❋ ❋ ❋

***1. നാവിനെ അടക്കണമെന്നും 13. സൗമ്യതയാൽ ജ്ഞാനത്തെ കാണിക്കണമെന്നും.***

**3** സഹോദരന്മാരേ, അധികം ശി
ക്ഷാവിധിവരും എന്ന് അറിഞ്ഞു
നിങ്ങളിൽ അനേകർ ഉപദേഷ്ടാ
ക്കന്മാർ ആകരുത്.[a] **2** നാം എല്ലാ
വരും പലതിലും തെറ്റിപ്പോകുന്നു;[b]

9.[n] *യാക്കോ.2:1*
10.[o] *മത്താ.5:19; ഗലാ.3:10*
11.[p] ***പുറ. 20:14,13***
12.[q] *യാക്കോ.1:25*
13.[r] *ഇയ്യോ.22:6 - 11; സങ്കീ.18:25,26; സദൃ.21:13; യെഹെ.25:11 - 14; മത്താ.6:15; 18:32 - 35; ലൂക്കൊ.6:38*
14.[s] *(യാക്കോ.1:22)*
15.[t] *(ഇയ്യോ.31:19,20); ലൂക്കൊ.3:11*
16.[u] *1യോഹ.3:17,18*
18.[v] *(റോമ.3:28;4:6; എബ്രാ.11:33)*

[w] *മത്താ.7:16,17; ഗലാ.5:6*
19.[x] *ആവ.6:4; 1കൊരി.8:6; (റോമ.2:17 - 25)*
[y] *മത്താ.8:29; മർക്കൊ.1:24;5:7; ലൂക്കൊ.4:33,34; അപ്പൊ.പ്ര.16:17; 19:15*
21.[z] *ഉൽപ. 22:9,12,16 - 18*
22.[a] *എബ്രാ.11:17*
[b] *1തെസ്സ.1:2*
23.[c] *റോമ.4:3; ഗലാ.3:6;* ***ഉൽപ. 15:6***
[d] *2ദിന.20:7; യെശ.41:8*
25.[e] *യോശു. 2:1 - 22;6:23*
[f] *എബ്രാ.11:31*

**അധ്യായം 3**

1.[a] *മത്താ.23:8; (റോമ.2:20,21; 1തിമൊ.1:7)*
2.[b] *1രാജാ.8:46; സദൃ.20:9; സഭാ.7:20; 1യോഹ.1:8*

ഒരുത്തൻ വാക്കിൽ തെറ്റാതിരു
ന്നാൽ അവൻ ശരീരത്തെ മുഴുവ
നും കടിഞ്ഞാണിട്ടു നടത്തുവാൻ
ശക്തനായി[c] സൽഗുണപൂർത്തി
യുള്ള പുരുഷൻ ആകുന്നു.[d] 3 കുതി
രയെ അധീനമാക്കുവാൻ വായിൽ
കടിഞ്ഞാൺ[e] ഇട്ട് അതിന്റെ ശരീ
രം മുഴുവനും തിരിക്കുന്നുവല്ലോ.
4 കപ്പലും എത്ര വലിയത് ആയാ
ലും കൊടുങ്കാറ്റടിച്ച് ഓടുന്നതാ
യാലും അമരക്കാരൻ ഏറ്റവും
ചെറിയ ചുക്കാൻകൊണ്ടു തനിക്കു
ബോധിച്ച ദിക്കിലേക്കു തിരിക്കു
ന്നു. 5 അങ്ങനെതന്നെ നാവും
ചെറിയ അവയവം എങ്കിലും വളരെ
വമ്പു പറയുന്നു.[f] കുറഞ്ഞ തീ
എത്ര വലിയ കാടു കത്തിക്കുന്നു;
6 നാവും ഒരു തീതന്നെ;[g] അതു
നമ്മുടെ അംഗങ്ങളുടെ കൂട്ടത്തിൽ
അനീതി ലോകമായി ദേഹത്തെ
മുഴുവൻ മലിനമാക്കി[h] ജീവചക്ര
ത്തിനു തീ കൊളുത്തുകയും ന
രകത്താൽ അതിനു തീ പിടിക്ക
യും ചെയ്യുന്നു. 7 മൃഗം, പക്ഷി,
ഇഴജാതി, ജലജന്തു ഈ വക
എല്ലാം മനുഷ്യജാതിയോടു മെരു
ങ്ങുന്നു, മെരുങ്ങിയുമിരിക്കുന്നു.
8 നാവിനെയോ മനുഷ്യർക്കാർ
ക്കും മെരുക്കാവതല്ല; അത് അട
ങ്ങാത്ത ദോഷം; മരണകരമായ
വിഷം നിറഞ്ഞത്.[i] 9 അതിനാൽ
നാം കർത്താവും പിതാവുമായവ
നെ സ്തുതിക്കുന്നു; ദൈവത്തിന്റെ
സാദൃശ്യത്തിൽ ഉണ്ടായ[j] മനുഷ്യ
രെ അതിനാൽ ശപിക്കുന്നു. 10 ഒരു
വായിൽനിന്നു തന്നെ സ്തോത്രവും
ശാപവും പുറപ്പെടുന്നു. സഹോദര
ന്മാരേ, ഇങ്ങനെ ആയിരിക്കുന്നതു
യോഗ്യമല്ല. 11 ഉറവിന്റെ ഒരേ ദ്വാ
രത്തിൽനിന്നു മധുരവും കയ്പു
മുള്ള വെള്ളം പുറപ്പെട്ടുവരുമോ?
12 സഹോദരന്മാരേ, അത്തിവൃ
ക്ഷം ഒലിവുപഴവും മുന്തിരിവള്ളി
അത്തിപ്പഴവും കായ്ക്കുമോ? ഉപ്പു
റവിൽനിന്നു മധുരമുള്ള വെള്ളം
പുറപ്പെടുകയുമില്ല.

2.[c] *യാക്കോ.1:26*
[d] *(മത്താ.12:37)*
3.[e] *സങ്കീ.32:9*
5.[f] *(സങ്കീ.12:3,4; 73:8,9)*
6.[g] *സങ്കീ.120:2-4; സദൃ.16:27*
[h] *മത്താ.15:18*
8.[i] *സങ്കീ.140:3; സഭാ.10:11; റോമ.3:13*
9.[j] *ഉൽപ.1:26*
13.[k] *യാക്കോ.1:21*
[l] *യാക്കോ.2:18*
14.[m] *യാക്കോ.3:16; അപ്പൊ.പ്ര.5:17; റോമ.2:8; 2കൊരി.12:20; ഗലാ.5:20; ഫിലി.1:17;2:3; (റോമ.13:13)*
15.[n] *യാക്കോ.1:17*
[o] *യൂദാ.19*
[p] *(1രാജാ.22:22; 2തെസ്സ.2:9,10; 1തിമൊ.4:1 വെളി.2:24)*
17.[q] *(1കൊരി.2:6,7)*
[r] *എബ്രാ.12:11*
[s] *ഫിലി.4:5*
[t] *(ലൂക്കൊ.6:36)*
[u] *യാക്കോ.2:4*
[v] *റോമ.12:9*
18.[w] *മത്താ.5:9; ഗലാ.6:7,8*
[x] *സദൃ.11:18; യെശ.32:17; ഹോശേ.10:12; ആമോ.6:12; ഫിലി.1:11*

**അധ്യായം 4**

1.[a] *റോമ.7:23 1പത്രൊ.2:11*
3.[b] *(1യോഹ.5:14)*
4.[c] *യെശ.54:5; യിരെ.2:2*

13 നിങ്ങളിൽ ജ്ഞാനിയും വിവേ
കിയുമായവൻ ആർ? അവൻ ജ്ഞാന
ലക്ഷണമായ സൗമ്യതയോടെ[k] നല്ല
നടപ്പിൽ[l] തന്റെ പ്രവൃത്തികളെ കാ
ണിക്കട്ടെ.[l] 14 എന്നാൽ നിങ്ങൾ
ക്കു ഹൃദയത്തിൽ കയ്പുള്ള ഈർ
ഷ്യയും[m] ശാഠ്യവും ഉണ്ടെങ്കിൽ സ
ത്യത്തിനു വിരോധമായി പ്രശംസി
ക്കയും ഭോഷ്കു പറകയുമരുത്.
15 ഇത് ഉയരത്തിൽനിന്നു വരുന്ന
ജ്ഞാന[n]മല്ല, ഭൗമികവും പ്രാകൃത
വും[o] പൈശാചികവും[p] ആയതത്രേ.
16 ഈർഷ്യയും ശാഠ്യവും ഉള്ളേട
ത്തു കലക്കവും സകല ദുഷ്പ്രവൃ
ത്തിയും ഉണ്ട്. 17 ഉയരത്തിൽനിന്നു
ള്ള ജ്ഞാനമോ[q] ഒന്നാമതു നിർമ്മ
ലവും പിന്നെ സമാധാനവും[r] ശാന്ത
തയും[s] അനുസരണവുമുള്ളതും
കരുണയും സൽഫലവും നിറഞ്ഞ
തും[t] പക്ഷപാതവും[u] കപടവും[v] ഇ
ല്ലാത്തതുമാകുന്നു.[u] 18 എന്നാൽ
സമാധാനം ഉണ്ടാക്കുന്നവർ സമാ
ധാനത്തിൽ വിതച്ചു[w] നീതി എന്ന
ഫലം[x] കൊയ്യും.

❋ ❋ ❋

***1. ദ്രവ്യാഗ്രഹത്തിനും 5. ഡംഭത്തിനും 11. ദൂഷണത്തിനും വിരോധമായുള്ള സംഗതികൾ.***

4 നിങ്ങളിൽ ശണ്ഠയും കലഹ
വും എവിടെ നിന്ന്? നിങ്ങളു
ടെ അവയവങ്ങളിൽ പോരാടുന്ന[a]
ഭോഗേച്ഛകളിൽ നിന്നല്ലയോ? 2 നി
ങ്ങൾ മോഹിച്ചിട്ടും പ്രാപിക്കുന്നില്ല;
നിങ്ങൾ കൊല്ലുകയും അസൂയ
പ്പെടുകയും ചെയ്തിട്ടും ഒന്നും
സാധിക്കുന്നില്ല; നിങ്ങൾ കലഹി
ക്കയും ശണ്ഠയിടുകയും ചെയ്തി
ട്ടും യാചിക്കായ്കകൊണ്ടു കിട്ടു
ന്നില്ല. 3 നിങ്ങൾ യാചിക്കുന്നു
എങ്കിലും നിങ്ങളുടെ ഭോഗങ്ങളിൽ
ചെലവിടേണ്ടതിനു വല്ലാതെ[b]
യാചിക്കകൊണ്ട് ഒന്നും ലഭിക്കു
ന്നില്ല. 4 വ്യഭിചാരിണികളായു
ള്ളോരേ,[c] ലോകസ്നേഹം ദൈവ
ത്തോടു ശത്രുത്വം ആകുന്നു എ
ന്നു നിങ്ങൾ അറിയുന്നില്ലയോ?

ആകയാൽ ലോകത്തിന്റെ സ്നേ
ഹിതൻ ആകുവാൻ ഇച്ഛിക്കുന്നവ
നെല്ലാം ദൈവത്തിന്റെ ശത്രുവാ
യിത്തീരുന്നു.[d] **5** അല്ലെങ്കിൽ തിരു
വെഴുത്തു വെറുതെ സംസാരിക്കുന്നു
എന്നു തോന്നുന്നുവോ? അവൻ ന
മ്മിൽ വസിക്കു[e]മാറാക്കിയ ആത്മാവ്
അസൂയയ്ക്കായി കാംക്ഷിക്കുന്നു
വോ?[f] **6** എന്നാൽ അവൻ അധികം
കൃപ നല്കുന്നു;[g] അതുകൊണ്ടു
[h]“ദൈവം നിഗളികളോട് എതിർത്തു
നില്ക്കയും താഴ്മയുള്ളവർക്കു കൃപ
നല്കുകയും[g] ചെയ്യുന്നു” എന്നു
പറഞ്ഞിരിക്കുന്നു. **7** ആകയാൽ
നിങ്ങൾ ദൈവത്തിനു കീഴടങ്ങു
വിൻ; പിശാചിനോട് എതിർത്തുനി
ല്പിൻ; എന്നാൽ അവൻ നിങ്ങളെ
വിട്ട് ഓടിപ്പോകും.[i] **8** ദൈവത്തോട്
അടുത്തു ചെല്ലുവിൻ; എന്നാൽ
അവൻ നിങ്ങളോട് അടുത്തുവരും.[j]
പാപികളേ, കൈകളെ വെടിപ്പാക്കു
വിൻ;[k] ഇരുമനസ്സുള്ളവരേ,[l] ഹൃദയ
ങ്ങളെ ശുദ്ധീകരിപ്പിൻ;[m] **9** സങ്കട
പ്പെട്ടു ദുഃഖിച്ചു കരവിൻ;[n] നിങ്ങ
ളുടെ ചിരി ദുഃഖമായും സന്തോഷം
വിഷാദമായും തീരട്ടെ. **10** കർത്താ
വിന്റെ സന്നിധിയിൽ താഴുവിൻ;
എന്നാൽ അവൻ നിങ്ങളെ ഉയർ
ത്തും.[o]

**11** സഹോദരന്മാരേ, അന്യോന്യം
ദുഷിക്കരുത്;[p] തന്റെ സഹോദരനെ
ദുഷിക്കയും വിധിക്കയും[q] ചെയ്യു
ന്നവൻ ന്യായപ്രമാണത്തെ ദുഷിക്ക
യും ന്യായപ്രമാണത്തെ വിധിക്ക
യും[q] ചെയ്യുന്നു. ന്യായപ്രമാണത്തെ
വിധിക്കുന്നു എങ്കിൽ നീ ന്യായപ്ര
മാണത്തെ അനുഷ്ഠിക്കുന്നവനല്ല,
വിധിക്കുന്നവനത്രേ. **12** ന്യായപ്ര
മാണകർത്താവും[r] ന്യായാധിപതി
യും[s] ഒരുവനേയുള്ളൂ: രക്ഷിപ്പാനും
നശിപ്പിപ്പാനും[t] ശക്തനായവൻ തന്നേ;
കൂട്ടുകാരനെ വിധിപ്പാൻ നീ ആർ?[u]

**13** ഇന്നോ നാളെയോ ഞങ്ങൾ
ഇന്ന പട്ടണത്തിൽ പോയി അവിടെ
ഒരാണ്ടു കഴിച്ചു വ്യാപാരം ചെയ്തു
ലാഭം ഉണ്ടാക്കും[v] എന്നു പറയുന്ന
വരേ, കേൾപ്പിൻ: **14** നാളത്തേതു

*4. d യോഹ.15:19; 1യോഹ.2:15; (മത്താ.6:24)*
*5. e 1കൊരി.6:19; 2കൊരി.6:16*
*f (യിരെ.3:14; ഹോശേ.2:19)*
*6. g യെശ.54:7,8; മത്താ.13:12*
*h 1പത്രൊ.5:5; **സദൃ.3:34;** (ഇയ്യോ.22:29; സങ്കീ.138:6; മത്താ.23:12)*
*7. i 1പത്രൊ.5:8,9; (എഫെ.4:27;6:11)*
*8. j 2ദിന.15:2; വിലാ.3:57; സെഖ.1:3; മലാ.3:7; (ലൂക്കൊ.15:20)*
*k യെശ.1:16*
*l യാക്കോ.1:8*
*m യിരെ.4:14*
*9. n (മത്താ.5:4)*
*10. o യാക്കോ.4:6; യെശ.57:15; (ലൂക്കൊ.1:52); മത്താ.23:12*
*11. p 2കൊരി.12:20; 1പത്രൊ.2:1; (യാക്കോ.5:9)*
*q മത്താ.7:1*
*12. r യെശ.33:22*
*s യാക്കോ.5:9*
*t മത്താ.10:28*
*u റോമ.14:4*
*13. v സദൃ.27:1; ലൂക്കൊ.12:18 - 20*
*14. w സങ്കീ.102:3; (ഇയ്യോ.7:7)*
*15. x അപ്പൊ.പ്ര.18:21*
*16. y (1കൊരി.5:6)*
*17. z (ലൂക്കൊ.12:47,48; 2പത്രൊ.2:21); യോഹ.9:41*

**അധ്യായം 5**

*1. a ലൂക്കൊ.6:24; (സദൃ.11:28; ആമോ.6:1; 1തിമൊ.6:9)*

നിങ്ങൾ അറിയുന്നില്ലല്ലോ; നിങ്ങ
ളുടെ ജീവൻ[w] എങ്ങനെയുള്ളത്?
അല്പനേരത്തേക്കു കാണുന്നതും
പിന്നെ മറഞ്ഞുപോകുന്നതുമായ
ആവിയല്ലോ.[w] **15** കർത്താവിന് ഇ
ഷ്ടമുണ്ടെങ്കിൽ ഞങ്ങൾ ജീവിച്ചി
രുന്ന് ഇന്നിന്നതു ചെയ്യും[x] എന്ന
ല്ലയോ പറയേണ്ടത്. **16** നിങ്ങളോ
വമ്പു പറഞ്ഞു പ്രശംസിക്കുന്നു;
ഈവക പ്രശംസ എല്ലാം ദോഷം
ആകുന്നു.[y] **17** നന്മ ചെയ്‌വാനറി
ഞ്ഞിട്ടും ചെയ്യാത്തവന് അതു
പാപംതന്നെ.[z]

❋ ❋ ❋

***1. ധനവാന്മാർക്കു ന്യായവിധിയെ അറിയിച്ചത് 7. ക്ഷമയെക്കുറിച്ചു 12. ആണയിടാതിരിക്കുവാനും 13. പ്രാർഥനയിൽ ഉത്സാഹിക്കുവാനും 19. സഹോദരനെ രക്ഷിക്കുവാനും പ്രബോധിപ്പിക്കുന്നത്.***

**5** അല്ലയോ ധനവാന്മാരേ,[a] നി
ങ്ങളുടെമേൽ വരുന്ന ദുരിത
ങ്ങൾ[b] നിമിത്തം കരഞ്ഞു മുറയിടു
വിൻ.[a] **2** നിങ്ങളുടെ ധനം ദ്രവിച്ചും
ഉടുപ്പു പുഴുവരിച്ചും പോയി.[c] **3** നി
ങ്ങളുടെ പൊന്നും വെള്ളിയും കറ
പിടിച്ചു; ആ കറ നിങ്ങളുടെ നേരേ
സാക്ഷിയാകും; അതു തീപോലെ
നിങ്ങളുടെ ജഡത്തെ തിന്നുകളയും.
അന്ത്യകാലത്തു[d] നിങ്ങൾ നിക്ഷേ
പങ്ങളെ ശേഖരിച്ചിരിക്കുന്നു.[e]
**4** നിങ്ങളുടെ നിലങ്ങളെ കൊയ്ത
വേലക്കാരുടെ കൂലി നിങ്ങൾ പിടി
ച്ചുവല്ലോ; അതു നിങ്ങളുടെ അ
ടുക്കൽനിന്നു നിലവിളിക്കുന്നു.[f]
കൊയ്തവരുടെ മുറവിളി[g] സൈ
ന്യങ്ങളുടെ കർത്താവിന്റെ[h] ചെവി
യിൽ എത്തിയിരിക്കുന്നു.[g] **5** നി
ങ്ങൾ ഭൂമിയിൽ ആഡംബരത്തോ
ടെ സുഖിച്ചു[i] പുളച്ചു[j] കൊലദിവ
സത്തിൽ[k] എന്നപോലെ നിങ്ങളുടെ

*b റോമ.3:16 2. c ഇയ്യോ.13:28; യെശ.50:9; മത്താ.6:19,20 3. d (യാക്കോ.5:8,9) e മത്താ.6:19; ലൂക്കൊ.12:21; റോമ.2:5 4. f ഇയ്യോ.24:10; ലേവ്യാ.19:13 g ആവ.24:15 h റോമ.9:29 5. i (ഇയ്യോ.21:13; ലൂക്കൊ.16:19; 2പത്രൊ.2:13) j 1തിമൊ.5:6 k യിരെ.12:3*

ഹൃദയത്തെ പോഷിപ്പിച്ചിരിക്കുന്നു.
6 നിങ്ങൾ[l] നീതിമാനെ[m] കുറ്റം
വിധിച്ചു കൊന്നു;[l] അവൻ നിങ്ങ
ളോടു മറുത്തുനില്ക്കുന്നതുമില്ല.
7 എന്നാൽ സഹോദരന്മാരേ,
കർത്താവിന്റെ പ്രത്യക്ഷതവരെ
ദീർഘക്ഷമയോടിരിപ്പിൻ; കൃഷി
ക്കാരൻ ഭൂമിയുടെ വിലയേറിയ
ഫലത്തിനു കാത്തുകൊണ്ടു മുന്മ
ഴയും പിന്മഴയും[n] അതിനു കിട്ടു
വോളം ദീർഘക്ഷമയോടിരിക്കുന്നു
വല്ലോ. 8 നിങ്ങളും ദീർഘക്ഷമ
യോടിരിപ്പിൻ; നിങ്ങളുടെ ഹൃദയം
സ്ഥിരമാക്കുവിൻ;[o] കർത്താവിന്റെ
പ്രത്യക്ഷത സമീപിച്ചിരിക്കുന്നു.[p]
9 സഹോദരന്മാരേ, വിധിക്കപ്പെടാ
തിരിപ്പാൻ[q] ഒരുവന്റെ നേരേ ഒരു
വൻ ഞരങ്ങിപ്പോകരുത്; ഇതാ,
ന്യായാധിപതി[r] വാതിൽക്കൽ[s] നി
ല്ക്കുന്നു.[r] 10 സഹോദരന്മാരേ,
കർത്താവിന്റെ നാമത്തിൽ സംസാ
രിച്ച പ്രവാചകന്മാരെ[t] കഷ്ടാനു
ഭവത്തിനും ദീർഘക്ഷമയ്ക്കും
ദൃഷ്ടാന്തമായി വിചാരിച്ചുകൊൾ
വിൻ. 11 സഹിഷ്ണുത കാണിച്ച
വരെ നാം ഭാഗ്യവാന്മാർ എന്നു പുക
ഴ്ത്തുന്നു. യോബിന്റെ സഹിഷ്ണു
ത[u] നിങ്ങൾ കേട്ടും കർത്താവ് വരു
ത്തിയ അവസാനം[v] കണ്ടുമിരിക്കു
ന്നു; കർത്താവു മഹാകരുണയും
മനസ്സലിവുമുള്ളവനല്ലോ.[w]
12 വിശേഷാൽ സഹോദരന്മാ
രേ, സ്വർഗത്തെയോ ഭൂമിയെയോ
മറ്റു യാതൊന്നിനെയുമോ ചൊല്ലി
സത്യം ചെയ്യരുത്;[x] ശിക്ഷാവിധി
യിൽ അകപ്പെടാതിരിപ്പാൻ നി
ങ്ങൾ ഉവ്വ് എന്നു പറഞ്ഞാൽ ഉവ്വ്
എന്നും ഇല്ല എന്നു പറഞ്ഞാൽ
ഇല്ല എന്നും ഇരിക്കട്ടെ.

6.[l] യാക്കോ.4:2
[m] (അപ്പൊ.പ്ര.3:14)
7.[n] ആവ.11:14
8.[o] 1തെസ്സ.3:13
[p] 1പത്രൊ.4:7; (റോമ.13:11,12; ഫിലി.4:5; എബ്രാ.10:25,37)
9.[q] മത്താ.7:1
[r] (1പത്രൊ.4:5; വെളി.22:12)
[s] മത്താ.24:33; മർക്കൊ.13:29; (1കൊരി.4:5)
10.[t] മത്താ.5:12; 23:34; അപ്പൊ.പ്ര.7:52; എബ്രാ.11:32-38
11.[u] ഇയ്യോ.1:21,22; 2:10
[v] ഇയ്യോ.42:10,12
[w] പുറ.34:6
12.[x] മത്താ.5:34
13.[y] (കൊലൊ.3:16)
14.[z] മർക്കൊ.6:13; (മർക്കൊ.16:18)
15.[a] യെശ.33:24; മത്താ.9:2; മർക്കൊ.2:5; ലൂക്കൊ.5:20
16.[b] എബ്രാ.12:13
[c] അപ്പൊ.പ്ര.19:18
[d] ഉൽപ.18:23-32; 20:17; സംഖ്യാ.11:2; 1രാജാ.13:6;17:22; 2രാജാ.4:33; 19:15-20; 20:2-5; ഇയ്യോ.42:8; സദൃ.15:29
17.[e] അപ്പൊ.പ്ര.14:15
[f] 1രാജാ.17:1;18:1
[g] ലൂക്കൊ.4:25
18.[h] 1രാജാ.18:42,45

13 നിങ്ങളിൽ കഷ്ടമനുഭവിക്കു
ന്നവൻ പ്രാർഥിക്കട്ടെ; സുഖം അ
നുഭവിക്കുന്നവൻ പാട്ടു പാടട്ടെ.[y]
14 നിങ്ങളിൽ ദീനമായി കിടക്കു
ന്നവൻ സഭയിലെ മൂപ്പന്മാരെ വരു
ത്തട്ടെ. അവർ കർത്താവിന്റെ നാമ
ത്തിൽ അവനെ എണ്ണ പൂശി[z] അ
വനുവേണ്ടി പ്രാർഥിക്കട്ടെ. 15 എ
ന്നാൽ വിശ്വാസത്തോടുകൂടിയ
പ്രാർഥന ദീനക്കാരനെ രക്ഷിക്കും;
കർത്താവ് അവനെ എഴുന്നേല്പി
ക്കും; അവൻ പാപം ചെയ്തിട്ടു
ണ്ടെങ്കിൽ അവനോടു ക്ഷമിക്കും.[a]
16 എന്നാൽ നിങ്ങൾക്കു രോഗശാ
ന്തി വരേണ്ടതിനു[b] തമ്മിൽ പാപ
ങ്ങളെ ഏറ്റുപറഞ്ഞു[c] ഒരുവനുവേ
ണ്ടി ഒരുവൻ പ്രാർഥിപ്പിൻ. നീതി
മാന്റെ ശ്രദ്ധയോടുകൂടിയ പ്രാർഥന
വളരെ ഫലിക്കുന്നു.[d] 17 ഏലീയാവ്
നമുക്കു സമസ്വഭാവമുള്ള[e] മനു
ഷ്യൻ ആയിരുന്നു; മഴ പെയ്യാതിരി
ക്കേണ്ടതിന് അവൻ പ്രാർഥനയിൽ
അപേക്ഷിച്ചു;[f] മൂന്നു സംവത്സരവും
ആറു മാസവും[g] ദേശത്തു മഴ പെ
യ്തില്ല. 18 അവൻ വീണ്ടും പ്രാർഥി
ച്ചപ്പോൾ[h] ആകാശത്തുനിന്നു മഴ
പെയ്തു, ഭൂമിയിൽ ധാന്യം വിളഞ്ഞു.
19 സഹോദരന്മാരേ, നിങ്ങളിൽ
ഒരുവൻ സത്യംവിട്ടു തെറ്റിപ്പോക
യും[i] അവനെ ഒരുവൻ തിരിച്ചുവരു
ത്തുകയും[j] ചെയ്താൽ 20 പാപിയെ
നേർവഴിക്ക് ആക്കുന്നവൻ അവ
ന്റെ പ്രാണനെ മരണത്തിൽനിന്നു
രക്ഷിക്കയും[k] പാപങ്ങളുടെ ബഹു
ത്വം മറയ്ക്കയും[l] ചെയ്യും എന്ന്
അവൻ അറിഞ്ഞുകൊള്ളട്ടെ.

❋ ❋ ❋

19.[i] (മത്താ.18:15; ഗലാ.6:1) [j] സങ്കീ.51:13; ദാനീ.12:3; മലാ.2:6; (ലൂക്കൊ.1:16) 20.[k] റോമ.11:14 [l] 1പത്രൊ.4:8; (നെഹെ.4:5; സങ്കീ.32:1;85:2; സദൃ.10:12)

5:10 ***പ്രവാചകന്മാർ:*** ദൈവത്തിന്റെ ദൂത് അറിയിച്ചവരും അതിനുവേണ്ടി കഷ്ടത അനുഭവിച്ചിട്ടുള്ളവരുമായ പഴയനിയമ പ്രവാചകന്മാരെയാണ് ഉദ്ദേശിച്ചിരിക്കുന്നത്.

5:11 ***ഇയ്യോബിന്റെ സഹിഷ്ണുത:*** സഹിഷ്ണുത എന്നതിന്റെ ഗ്രീക്കു പദം *ഹ്യൂപൊമൊണേ* എന്നാണ്. സഹിഷ്ണുത, ദീർഘക്ഷമ എന്നെല്ലാമാണ് ഇതു തർജമ ചെയ്തിരിക്കുന്നത്. അതിന് നിഷ്ക്രിയമായ ക്ഷമ എന്നല്ല, ധൈര്യമുള്ളതും ശ്രേഷ്ഠവുമായ ക്ഷമ എന്നാണ് അർഥം. അതിന്റെ ഉത്തമമാതൃകയാണ് ഇയ്യോബിന്റെ അനുഭവം. അസഹനീയമായ കഷ്ടനഷ്ടങ്ങളുടെ മധ്യത്തിലും പതറിപ്പോകാത്ത വിശ്വാസസ്ഥിരതയോടുകൂടെയുള്ള സഹിഷ്ണുതയാണ് ഇയ്യോബിൽ കാണുന്നത്. ദൈവം അതു മാനിച്ച് ഇയ്യോബിനെ അനുഗ്രഹിച്ചു (ഇയ്യോ. 42:12).

# THE FIRST EPISTLE OF PETER
# പത്രൊസ് എഴുതിയ ഒന്നാം ലേഖനം

## മുഖവുര

ഏഷ്യാപ്രവിശ്യയുടെ വടക്കുഭാഗത്ത് ഉടനീളം ചിതറിക്കിടക്കുന്ന ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തെ അഭിസംബോധന ചെയ്തുകൊണ്ട് പത്രൊസ് എഴുതിയ ഒന്നാം ലേഖനമാണ് ഇത്. തങ്ങളുടെ വിശ്വാസത്തിനുവേണ്ടി കഷ്ടവും പീഡനവും അനുഭവിക്കുന്ന വായനക്കാരെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ ലേഖനത്തിന്റെ പ്രധാന ഉദ്ദേശ്യം. കഷ്ടങ്ങളിൽ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ക്രിസ്തുവിനുള്ളവരെപ്പോലെ ജീവിക്കുവാനും പ്രബോധിപ്പിക്കുന്നു.

***1. അവൻ ദൈവത്തെ അവന്റെ ആത്മസംബന്ധമായ പല കൃപകൾക്കുംവേണ്ടി സ്തുതിക്കയും 10. ക്രിസ്തുവിലുള്ള രക്ഷ പുതിയ വർത്തമാനമല്ല, പണ്ടു പ്രവചനമായി നൽകപ്പെട്ടിരിക്കുന്ന കാര്യമത്രേ ആകുന്നതെന്നു കാട്ടുകയും 13. വിശുദ്ധരായും 22. സ്നേഹത്തോടും നടക്കുവാൻ പ്രബോധനം.***

**അധ്യായം 1**

**യേ**ശുക്രിസ്തുവിന്റെ അപ്പൊ
സ്തലനായ പത്രൊസ് പൊന്തൊ
സിലും ഗലാത്യയിലും കപ്പദൊക്യ
യിലും ആസ്യയിലും ബിഥുന്യ
യിലും ചിതറിപ്പാർക്കുന്ന[a] പരദേശി
കളും **2** പിതാവായ ദൈവത്തിന്റെ
മുന്നറിവിന് ഒത്തവണ്ണം[b] ആത്മാ
വിന്റെ വിശുദ്ധീകരണം പ്രാപിച്ച്[c]
അനുസരണം കാണിപ്പാനും യേശു
ക്രിസ്തുവിന്റെ രക്തത്താൽ തളി
ക്കപ്പെടുവാനു[d]മായി വൃതന്മാരുമാ
യവർക്ക് എഴുതുന്നത്: നിങ്ങൾക്കു
കൃപയും[e] സമാധാനവും[f] വർധി
ക്കുമാറാകട്ടെ. **3** നമ്മുടെ കർത്താ
വായ യേശുക്രിസ്തുവിന്റെ പിതാ
വായ ദൈവത്തിനു സ്തോത്രം.[g]
അവൻ മരിച്ചവരുടെ ഇടയിൽനിന്നു
ള്ള യേശുക്രിസ്തുവിന്റെ പുനരു
ത്ഥാനത്താൽ[h] തന്റെ കരുണാധിക്യ
പ്രകാരം[i] നമ്മെ ജീവനുള്ള പ്രത്യാ
ശയ്ക്കായി,[j] **4** അന്ത്യകാലത്തിൽ
വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കു
ന്ന[k] രക്ഷയ്ക്കു വിശ്വാസത്താൽ[l]
ദൈവശക്തിയിൽ കാക്കപ്പെടുന്ന
നിങ്ങൾക്കുവേണ്ടി സ്വർഗത്തിൽ
സൂക്ഷിച്ചിരിക്കുന്നതും[m] **5** ക്ഷയം,
മാലിന്യം, വാട്ടം[n] എന്നിവ ഇല്ലാ
ത്തതുമായ അവകാശത്തിനായി[o]
തന്നെ വീണ്ടും ജനിപ്പിച്ചിരിക്കു
ന്നു.[j] **6** അതിൽ നിങ്ങൾ ഇപ്പോൾ
അല്പനേരത്തേക്കു നാനാപരീക്ഷ
കളാൽ[p] ദുഃഖിച്ചിരിക്കേണ്ടിവന്നാ
ലും ആനന്ദിക്കുന്നു. **7** അഴിഞ്ഞു
പോകുന്നതും തീയിൽ[q] ശോധന
കഴിക്കുന്നതുമായ[r] പൊന്നിനെ
ക്കാൾ നിങ്ങളുടെ വിശ്വാസത്തി
ന്റെ പരിശോധന വിലയേറിയത്[s]
എന്ന് യേശുക്രിസ്തുവിന്റെ പ്രത്യ
ക്ഷതയിൽ പുകഴ്ചയ്ക്കും തേജ
സ്സിനും മാനത്തിനുമായി[t] കാൺ
മാൻ അങ്ങനെ ഇടവരും. **8** അവനെ
നിങ്ങൾ കണ്ടിട്ടില്ലെങ്കിലും സ്നേ
ഹിക്കുന്നു;[u] ഇപ്പോൾ കാണാതെ
വിശ്വസിച്ചുംകൊണ്ടു **9** നിങ്ങ
ളുടെ വിശ്വാസത്തിന്റെ അന്തമായ[v]
ആത്മരക്ഷ പ്രാപിക്കയും പറഞ്ഞു
തീരാത്തതും മഹിമയുള്ളതുമായ
സന്തോഷത്തോടെ ആനന്ദിക്കയും
ചെയ്യുന്നു.[w] **10** നിങ്ങൾക്കു വരുവാ
നിരിക്കുന്ന കൃപയെക്കുറിച്ചു പ്രവ
ചിച്ച പ്രവാചകന്മാർ ഈ രക്ഷയെ
ആരാഞ്ഞ് അന്വേഷിച്ചിരുന്നു.[x]
**11** അവരിലുള്ള ക്രിസ്തുവിൻ ആ
ത്മാവ്[y] ക്രിസ്തുവിനു വരേണ്ടിയ
കഷ്ടങ്ങളെയും[z] പിൻവരുന്ന മഹിമ
യെയും മുമ്പിൽകൂട്ടി സാക്ഷീകരിച്ച

**1.** [a] *യാക്കോ.1:1*
**2.** [b] *അപ്പൊ.പ്ര.2:23; (റോമ.8:29;11:2)*
[c] *1തെസ്സ.4:5*
[d] *എബ്രാ.10:22; 12:24*
[e] *2പത്രൊ.1:2*
[f] *ദാനീ.4:1; യൂദാ.2*
**3.** [g] *2കൊരി.1:3; എഫെ.1:3*
[h] *1പത്രൊ.3:21; (1കൊരി.15:21)*
[i] *തീത്തൊ.3:5*
[j] *1പത്രൊ.1:23*
**4.** [k] *(1പത്രൊ.5:10; റോമ.8:18; 2കൊരി.4:17; എബ്രാ.12:11)*
[l] *എഫെ.2:8*
[m] *(കൊലൊ.1:3; 2തിമൊ.4:8)*
**5.** [n] *(1പത്രൊ.5:4)*
[o] *റോമ.8:17*
[j] *(വാ.3 കാ.)*
**6.** [p] *യാക്കോ.1:2; (1പത്രൊ.4:12)*
**7.** [q] *1കൊരി.3:13*
[r] *ഇയ്യോ.23:10; സങ്കീ.66:10; സദൃ.17:3; യെശ.48:10; സെഖ.13:9*
[s] *യാക്കോ.1:3*
[t] *റോമ.2:7,10; 1കൊരി.4:5; (2തെസ്സ.1:7- 12)*
**8.** [u] *(1യോഹ.4:20)*
**9.** [v] *റോമ.6:22*

[w] *(എബ്രാ.11:27); യോഹ.20:29* **10.** [x] *2പത്രൊ.1:19; (ദാനീ.8:15; മത്താ.13:17; ലൂക്കൊ.10:24)* **11.** [y] *റോമ.8:9; (2പത്രൊ.1:21); അപ്പൊ.പ്ര.16:7* [z] *യെശ.52:13- 53:12; ലൂക്കൊ.24:26; അപ്പൊ.പ്ര.3:18*

പ്പോൾ[a] സൂചിപ്പിച്ച സമയം ഏതോ
എങ്ങനെയുള്ളതോ എന്നു[b] പ്രവാ
ചകന്മാർ ആരാഞ്ഞുനോക്കി, തങ്ങൾ
ക്കായിട്ടല്ല[c] നിങ്ങൾക്കായിട്ടത്രേ
12 തങ്ങൾ ആ ശുശ്രൂഷ ചെയ്യുന്നു
എന്ന് അവർക്കു വെളിപ്പെട്ടു;[d] സ്വർ
ഗത്തിൽനിന്ന് അയച്ച പരിശുദ്ധാ
ത്മാവിനാൽ[e] നിങ്ങളോടു സുവി
ശേഷം അറിയിച്ചവർ അത് ഇപ്പോൾ
നിങ്ങളെ ഗ്രഹിപ്പിച്ചിരിക്കുന്നു. അതി
ലേക്കു ദൈവദൂതന്മാരും കുനിഞ്ഞു
നോക്കുവാൻ ആഗ്രഹിക്കുന്നു.[f]
13 ആകയാൽ നിങ്ങളുടെ മനസ്സ്
ഉറപ്പിച്ചു[g] നിർമദരായി[h] യേശുക്രി
സ്തുവിന്റെ പ്രത്യക്ഷതയിങ്കൽ നി
ങ്ങൾക്കു വരുവാനുള്ള കൃപയിൽ
പൂർണപ്രത്യാശ വച്ചുകൊൾവിൻ.
14 പണ്ടു നിങ്ങളുടെ അജ്ഞാന
കാലത്ത്[i] ഉണ്ടായിരുന്ന മോഹങ്ങളെ
മാതൃകയാക്കാതെ[j] 15 നിങ്ങളെ
വിളിച്ച വിശുദ്ധന് ഒത്തവണ്ണം[k] അനു
സരണമുള്ള മക്കളായി എല്ലാ നടപ്പി
ലും[l] വിശുദ്ധരാകുവിൻ. 16 [m]“ഞാൻ
വിശുദ്ധനാകയാൽ നിങ്ങളും വിശു
ദ്ധരായിരിപ്പിൻ” എന്ന് എഴുതിയിരി
ക്കുന്നുവല്ലോ. 17 മുഖപക്ഷം കൂ
ടാതെ[n] ഓരോരുത്തന്റെ പ്രവൃത്തി
ക്കു തക്കവണ്ണം ന്യായം വിധിക്കു
ന്നവനെ[o] നിങ്ങൾ പിതാവ് എന്നു
വിളിക്കുന്നു[p] എങ്കിൽ നിങ്ങളുടെ
പ്രവാസകാലം ഭയത്തോടെ[q] കഴി
പ്പിൻ. 18 വ്യർഥവും പിതൃപാരമ്പ
ര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ[r]
നിന്നു നിങ്ങളെ വീണ്ടെടുത്തിരി
ക്കുന്നതു[s] പൊന്ന്, വെള്ളി മുത
ലായ അഴിഞ്ഞുപോകുന്ന വസ്തു
ക്കളെക്കൊണ്ടല്ല, 19 ക്രിസ്തു
എന്ന നിർദോഷവും നിഷ്കളങ്കവു
മായ[t] കുഞ്ഞാടിന്റെ[u] വിലയേറിയ
രക്തം കൊണ്ടത്രേ[v] എന്നു നിങ്ങൾ
അറിയുന്നുവല്ലോ. 20 അവൻ ലോക
സ്ഥാപനത്തിനു മുമ്പേ മുന്നറിയപ്പെ
ട്ടവനും[w] അവൻ മുഖാന്തരം ദൈവ
ത്തിൽ വിശ്വസിക്കുന്ന നിങ്ങൾ[x]
നിമിത്തം ഈ അന്ത്യകാലത്തു[y]
വെളിപ്പെട്ടവനും[z] ആകുന്നു. 21 നി
ങ്ങളുടെ വിശ്വാസവും പ്രത്യാശയും
ദൈവത്തിൽ വച്ചുകൊള്ളേണ്ടതിനു
ദൈവം അവനെ മരിച്ചവരുടെ ഇട
യിൽനിന്ന് എഴുന്നേല്പിച്ച്,[a] അവ
നു തേജസ്സു കൊടുത്തുമിരിക്കുന്നു.[b]
22 എന്നാൽ സത്യം അനുസരിക്ക
യാൽ നിങ്ങളുടെ ആത്മാക്കളെ
നിർവ്യാജമായ സഹോദരപ്രീതി
ക്കായി[c] നിർമ്മലീകരിച്ചിരിക്കകൊ
ണ്ടു ഹൃദയപൂർവം അന്യോന്യം
ഉറ്റുസ്നേഹിപ്പിൻ.[d] 23 കെടുന്ന
ബീജത്താലല്ല,[e] കെടാത്തതിനാൽ,
ജീവനുള്ളതും നിലനില്ക്കുന്നതു
മായ[f] ദൈവവചനത്താൽതന്നെ, നി
ങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു.[g]
24 [h]“സകല ജഡവും പുല്ലുപോലെ
യും അതിന്റെ ഭംഗി എല്ലാം പുല്ലിന്റെ
പൂപോലെയും ആകുന്നു; പുല്ലു
വാടി, പൂവുതിർന്നുപോയി; 25 കർ
ത്താവിന്റെ വചനമോ എന്നേക്കും
നിലനില്ക്കുന്നു.”[i] അത് ആകുന്നു
നിങ്ങളോടു പ്രസംഗിച്ച വചനം.[j]

✵ ✵ ✵

*1. സ്നേഹത്തിനു ഭംഗം വരരുത് എന്നും 11. ജഡമോഹങ്ങളിൽനിന്ന് ഒഴിഞ്ഞിരിക്കുവാനും 13. അധികാരികളെ അനുസരിച്ചിരിക്കുവാനും അപേക്ഷിക്കുന്നത് 18. ഭൃത്യന്മാരുടെ ക്രമം 20. ക്രിസ്തുനിമിത്തം ക്ഷമയോടെ കഷ്ടമനുഭവിക്കണമെന്നുള്ളത്.*

2 ആകയാൽ സകല ദുഷ്ടതയും
എല്ലാ ചതിവും വ്യാജഭാവവും
അസൂയയും എല്ലാ നുണയും നീക്കി
ക്കളഞ്ഞ്[a] 2 ഇപ്പോൾ ജനിച്ച
ശിശുക്കളെപ്പോലെ[b] രക്ഷയ്ക്കായി
വളരുവാൻ വചനം എന്ന മായമി
ല്ലാത്ത പാൽ[c] കുടിപ്പാൻ വാഞ്ഛരി
പ്പിൻ. 3 കർത്താവ് ദയാലു എന്നു
നിങ്ങൾ ആസ്വദിച്ചിട്ടുണ്ടല്ലോ.[d]
4 മനുഷ്യർ തള്ളിയതെങ്കിലും[e]
ദൈവസന്നിധിയിൽ ശ്രേഷ്ഠവും

11.[a] *മത്താ.26:24*
[b] *ദാനീ.9:24 - 26*
[c] *(മത്താ.13:17; എബ്രാ.11:39,40)*
12.[d] *ദാനീ.12:4,9,13*
[e] *അപ്പൊ.പ്ര.2:2 - 4*
[f] *(ദാനീ.8:13;12:5 - 7; എഫെ.3:10,11)*
13.[g] *ലൂക്കൊ.12:35*
[h] *1പത്രൊ.4:7;5:8; 1തെസ്സ.5:6,8; 2തിമൊ.4:5*
14.[i] *അപ്പൊ.പ്ര.17:30*
[j] *1പത്രൊ.4:2,3; റോമ.12:2; തീത്തൊ.3:3*
15.[k] *1യോഹ.3:3; (2കൊരി.7:1; 1തെസ്സ.4:7; എബ്രാ.12:14)*
[l] *യാക്കോ.3:13*
16.[m] ***ലേവ്യാ.11:44***
17.[n] *യാക്കോ.2:1*
[o] *സങ്കീ.62:12*
[p] *യിരെ.3:19; മലാ.1:6; 2കൊരി.6:18; (മത്താ.6:9)*
[q] *1പത്രൊ.3:15; 2കൊരി.7:1; (റോമ.11:20)*
18.[r] *എഫെ.4:17*
[s] *(സങ്കീ.49:9; 130:8;1കൊരി.6:19; തീത്തൊ.2:14; 2പത്രൊ.2:1)*
19.[t] *എബ്രാ.9:14; (പുറ.12:5)*
[u] *യോഹ.1:29*
[v] *അപ്പൊ.പ്ര.20:28*
20.[w] *(എഫെ.3:11; വെളി.13:8)*
[x] *യോഹ.12:44*
[y] *എബ്രാ.1:2*
[z] *റോമ.16:25*
21.[a] *(റോമ.10:9); അപ്പൊ.പ്ര.2:24*
[b] *അപ്പൊ.പ്ര.3:13; എബ്രാ.2:9; (1പത്രൊ.3:22); യോഹ.7:39*
22.[c] *റോമ.12:10; എബ്രാ.13:1*
[d] *1തിമൊ.1:5*
23.[e] *യോഹ.1:13* [f] *എബ്രാ.4:12* [g] *1പത്രൊ.1:5; (യോഹ.3:3; യാക്കോ.1:18)* 24.[h] *യാക്കോ.1:10,11;* ***യെശ.40:6,8*** 25.[i] *(മത്താ.24:35)* [j] *യെശ.40:9*

**അധ്യായം 2**

1.[a] *എഫെ.4:22,25,31; കൊലൊ.3:8; യാക്കോ.1:21*
2.[b] *മത്താ.18:3* [c] *1കൊരി.3:2; എബ്രാ.5:12,13*
3.[d] *സങ്കീ.34:8; എബ്രാ.6:5* 4.[e] *1പത്രൊ.2:6,7*

മാന്യവുമായ ജീവനുള്ള കല്ലായ അ
വന്റെ അടുക്കൽ വന്നിട്ടു 5 നിങ്ങ
ളും ജീവനുള്ള കല്ലുകൾ എന്നപോ
ലെ[f] ആത്മികഗൃഹമായി[g] യേശു
ക്രിസ്തു മുഖാന്തരം ദൈവത്തിനു
പ്രസാദമുള്ള[h] ആത്മികയാഗം കഴി
പ്പാൻ തക്ക[i] വിശുദ്ധപുരോഹിതവർ
ഗ[j]മാകേണ്ടതിനു പണിയപ്പെടുന്നു.
6 [k]“ഞാൻ ശ്രേഷ്ഠവും മാന്യവു
മായൊരു മൂലക്കല്ല് സീയോനിൽ
ഇടുന്നു; അവനിൽ വിശ്വസിക്കുന്ന
വൻ ലജ്ജിച്ചുപോകയില്ല”[l] എന്നു
തിരുവെഴുത്തിൽ കാണുന്നുവല്ലോ.
7 വിശ്വസിക്കുന്ന[m] നിങ്ങൾക്ക് ആ
മാന്യതയുണ്ട്;വിശ്വസിക്കാത്തവർ
ക്കോ[m] [n]“വീടു പണിയുന്നവർ തള്ളി
ക്കളഞ്ഞ കല്ലുതന്നെ മൂലക്കല്ലും[o]
ഇടർച്ചക്കല്ലും തടങ്കൽപ്പാറയുമാ
യിത്തീർന്നു.” 8 അവർ വചനം
അനുസരിക്കായ്കയാൽ ഇടറിപ്പോ
കുന്നു; അതിന് അവരെ വച്ചുമിരി
ക്കുന്നു.[p] 9 നിങ്ങളോ അന്ധകാര
ത്തിൽനിന്നു[q] തന്റെ അദ്ഭുതപ്രകാ
ശത്തിലേക്കു[r] നിങ്ങളെ വിളിച്ചവന്റെ
സൽഗുണങ്ങളെ ഘോഷിപ്പാൻ തക്ക
വണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു
ജാതിയും[s] രാജകീയ[t] പുരോഹിത
വർഗവും[u] വിശുദ്ധവംശവും[v] സ്വന്ത
ജനവും[w] ആകുന്നു. 10 മുമ്പേ നി
ങ്ങൾ ജനമല്ലാത്തവർ; ഇപ്പോഴോ
ദൈവത്തിന്റെ ജനം;[x] കരുണ ലഭി
ക്കാത്തവർ; ഇപ്പോഴോ കരുണ ലഭി
ച്ചവർ തന്നെ.
11 പ്രിയമുള്ളവരേ, പ്രവാസി
കളും പരദേശികളുമായ[y] നിങ്ങളെ
ആത്മാവിനോടു പോരാടുന്ന[z] ജഡ
മോഹങ്ങളെ വിട്ടകന്നു[a] ജാതികൾ
നിങ്ങളെ ദുഷ്പ്രവൃത്തിക്കാർ എന്നു
ദുഷിക്കുന്തോറും 12 നിങ്ങളുടെ
നല്ല പ്രവൃത്തികളെ കണ്ടറിഞ്ഞിട്ടു[b]
സന്ദർശനദിവസത്തിൽ[c] ദൈവത്തെ
മഹത്ത്വപ്പെടുത്തേണ്ടതിന് അവരുടെ
ഇടയിൽ നിങ്ങളുടെ നടപ്പു നന്നാ
യിരിക്കേണം[d] എന്നു ഞാൻ പ്രബോ
ധിപ്പിക്കുന്നു.
13 സകല മാനുഷനിയമത്തിനും
കർത്താവിൻ നിമിത്തം കീഴടങ്ങു

5.[f] എഫെ.2:20 - 22; (1കൊരി.3:9) [g] എബ്രാ.3:4,6 [h] റോമ.15:15; ഫിലി.4:18 [i] യെശ.56:7; മലാ.1:11; റോമ.12:1; എബ്രാ.13:15 [j] 1പത്രൊ.2:9 6.[k] ***യെശ. 28:16*** [l] റോമ.3:3;10:11 7.[m] (2കൊരി.2:16) [n] റോമ.9:33; ***യെശ. 8:14*** [o] ***സങ്കീ. 118:22*** 8.[p] (റോമ.9:24; യൂദാ.4) 9.[q] (യെശ.42:16); അപ്പൊ.പ്ര.26:18 [r] സങ്കീ.36:9 [s] ആവ.10:15; യെശ.43:20 [t] പുറ.19:6; വെളി.1:6;5:10 [u] യെശ.61:6;66:21 [v] ആവ.7:6 [w] പുറ.19:5; ആവ.7:6; യെശ.43:21; മലാ.3:17; തീത്തൊ.2:14 10.[x] ഹോശേ. 1:6,9,10; 2:23; റോമ.9:25,26;10:19 11.[y] ലേവ്യാ.25:23 [z] യാക്കോ.4:1 [a] റോമ.13:14; ഗലാ.5:24 12.[b] മത്താ.5:16; 2കൊരി.9:13; ഗലാ.1:24 [c] യെശ.10:3; ലൂക്കൊ.19:43 [d] (1പത്രൊ.3:16; 2കൊരി.8:21; ഫിലി.2:15; തീത്തൊ.2:8)

13.[e] റോമ.13:1; തീത്തൊ.3:1 14.[f] റോമ.13:4 [g] റോമ.13:3

വിൻ.[e] 14 ശ്രേഷ്ഠാധികാരി എന്നു
വച്ചു രാജാവിനും ദുഷ്പ്രവൃത്തി
ക്കാരുടെ ദണ്ഡനത്തിനും[f] സൽ
പ്രവൃത്തിക്കാരുടെ മാനത്തിനുമാ
യി[g] അവനാൽ അയയ്ക്കപ്പെട്ടവർ
എന്നുവച്ചു നാടുവാഴികൾക്കും കീഴ
ടങ്ങുവിൻ. 15 നിങ്ങൾ നന്മ ചെ
യ്തുകൊണ്ടു ബുദ്ധിയില്ലാത്ത
മനുഷ്യരുടെ ഭോഷത്തം മിണ്ടാതാ
ക്കേണം[h] എന്നുള്ളതു ദൈവേഷ്ടം
ആകുന്നു. 16 സ്വതന്ത്രരായും
സ്വാതന്ത്ര്യം ദുഷ്ടതയ്ക്കു മറയാ
ക്കാതെ[i] ദൈവത്തിന്റെ ദാസന്മാ
രായും[j] നടപ്പിൻ. 17 എല്ലാവരെ
യും ബഹുമാനിപ്പിൻ;[k] സഹോദര
വർഗത്തെ സ്നേഹിപ്പിൻ;[l] ദൈവ
ത്തെ ഭയപ്പെടുവിൻ;[m] രാജാവിനെ
ബഹുമാനിപ്പിൻ.
18 വേലക്കാരേ, പൂർണഭയത്തോ
ടെ യജമാനന്മാർക്ക്, നല്ലവർക്കും
ശാന്തന്മാർക്കും മാത്രമല്ല, മൂർഖ
ന്മാർക്കുംകൂടെ കീഴടങ്ങിയിരി
പ്പിൻ.[n] 19 ഒരുത്തൻ ദൈവത്തെ
ക്കുറിച്ചുള്ള മനോബോധം നിമി
ത്തം[o] അന്യായമായി കഷ്ടവും
ദുഃഖവും സഹിച്ചാൽ അതു പ്രസാ
ദം ആകുന്നു. 20 നിങ്ങൾ കുറ്റം
ചെയ്തിട്ട് അടി കൊള്ളുന്നതു
സഹിച്ചാൽ എന്തു യശസ്സുള്ളൂ?
അല്ല, നന്മ ചെയ്തിട്ടു കഷ്ടം
സഹിച്ചാൽ അതു ദൈവത്തിനു
പ്രസാദം.[p] 21 അതിനായിട്ടല്ലോ
നിങ്ങളെ വിളിച്ചിരിക്കുന്നത്.[q] ക്രി
സ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടം
അനുഭവിച്ചു,[p] നിങ്ങൾ അവന്റെ
കാൽച്ചുവടു പിന്തുടരുവാൻ ഒരു
മാതൃക വച്ചേച്ചു പോയിരിക്കുന്നു.[r]
22 അവൻ പാപം ചെയ്തിട്ടില്ല;
അവന്റെ വായിൽ വഞ്ചന ഒന്നും

15.[h] 1പത്രൊ.2:12 16.[i] യാക്കോ.1:25 [j] 1കൊരി.7:22; (റോമ.6:22) 17.[k] റോമ.12:10;13:7 [l] എബ്രാ.13:1 [m] സദൃ.24:21 18.[n] എഫെ.6:5; കൊലൊ.3:22; 1തിമൊ.6:1; തീത്തൊ.2:9 19.[o] 1പത്രൊ.3:14,17; (1പത്രൊ.4:16) 20.[p] 1പത്രൊ.3:17,18; 4:13,16 21.[q] 1പത്രൊ.3:9; അപ്പൊ.പ്ര.14:22 [p] (വാ.20കാ.) [r] മത്താ.11:29

ഉണ്ടായിരുന്നില്ല.[s] **23** തന്നെ ശകാ
രിച്ചിട്ടു പകരം ശകാരിക്കാതെയും[t]
കഷ്ടം അനുഭവിച്ചിട്ടു ഭീഷണം
പറയാതെയും ന്യായമായി വിധി
ക്കുന്നവങ്കൽ കാര്യം ഭരമേല്പിക്ക
യത്രേ[u] ചെയ്തത്. **24** നാം പാപം
സംബന്ധിച്ചു മരിച്ചു[v] നീതിക്കു
ജീവിക്കേണ്ടതിന്[w] അവൻ തന്റെ
ശരീരത്തിൽ നമ്മുടെ പാപങ്ങളെ
ചുമന്നു[x]കൊണ്ടു ക്രൂശിന്മേൽ
കയറി; അവന്റെ അടിപ്പിണരാൽ
നിങ്ങൾക്കു സൗഖ്യം വന്നിരിക്കു
ന്നു.[y] **25** നിങ്ങൾ തെറ്റി ഉഴലുന്ന
ആടുകളെപ്പോലെ ആയിരുന്നു;[z]
ഇപ്പോഴോ നിങ്ങളുടെ ആത്മാക്ക
ളുടെ ഇടയനും അധ്യക്ഷനുമായ
വങ്കലേക്കു[a] മടങ്ങിവന്നിരിക്കുന്നു.

❋ ❋ ❋

***1. ഭാര്യാഭർത്താക്കന്മാരുടെ മുറകൾ 8. ഐക്യ
തയ്ക്കും സ്നേഹത്തിനും 14. പീഡയെ
സഹിക്കുവാനുമുള്ള പ്രബോധനം.***

**3** ഭാര്യമാരേ, നിങ്ങളുടെ ഭർത്താ
ക്കന്മാർക്കു കീഴടങ്ങിയിരിപ്പിൻ;[a]
അവരിൽ വല്ലവരും വചനം അനു
സരിക്കാത്തപക്ഷം ഭയത്തോടു
കൂടിയ നിങ്ങളുടെ നിർമ്മലമായ
നടപ്പു[b] കണ്ടറിഞ്ഞു **2** വചനം
കൂടാതെ[c] ഭാര്യമാരുടെ നടപ്പിനാൽ
ചേർന്നുവരുവാൻ[d] ഇടയാകും.
**3** നിങ്ങളുടെ അലങ്കാരം തലമുടി
പിന്നുന്നതും പൊന്നണിയുന്നതും
വസ്ത്രം ധരിക്കുന്നതും ഇങ്ങനെ
പുറമേയുള്ളതല്ല,[e] **4** സൗമ്യതയും
സാവധാനതയുമുള്ള മനസ്സ് എന്ന
അക്ഷയഭൂഷണമായ ഹൃദയത്തിന്റെ
ഗൂഢമനുഷ്യൻ[f] തന്നെ ആയിരിക്കേ
ണം; അതു ദൈവസന്നിധിയിൽ
വിലയേറിയതാകുന്നു. **5** ഇങ്ങനെ
യല്ലോ പണ്ട് ദൈവത്തിൽ പ്രത്യാ
ശവച്ചിരുന്ന വിശുദ്ധസ്ത്രീകൾ
തങ്ങളെത്തന്നെ അലങ്കരിച്ചു ഭർ
ത്താക്കന്മാർക്കു കീഴടങ്ങിയിരു
ന്നത്. **6** അങ്ങനെ സാറാ അബ്രാ
ഹാമിനെ യജമാനൻ എന്നു വി
ളിച്ച്[g] അനുസരിച്ചിരുന്നു; നന്മ
ചെയ്ത് യാതൊരു ഭീഷണിയും
പേടിക്കാതിരുന്നാൽ[h] നിങ്ങൾ
അവളുടെ മക്കൾ ആയിത്തീർന്നു.
**7** അങ്ങനെതന്നെ ഭർത്താക്ക
ന്മാരേ,[i] നിങ്ങളുടെ പ്രാർഥനയ്ക്കു
മുടക്കം വരാതിരിക്കേണ്ടതിനു
വിവേകത്തോടെ ഭാര്യമാരോടു
കൂടെ വസിച്ച്, സ്ത്രീജനം ബല
ഹീനപാത്രം[j] എന്നും അവർ ജീവ
ന്റെ കൃപയ്ക്കു കൂട്ടവകാശികൾ
എന്നും ഓർത്ത് അവർക്കു ബഹു
മാനം കൊടുപ്പിൻ.
**8** തീർച്ചയ്ക്ക് എല്ലാവരും ഐക
മത്യവും[k] സഹതാപവും സഹോദര
പ്രീതിയും[l] മനസ്സലിവും[m] വിനയബു
ദ്ധിയു[n]മുള്ളവരായിരിപ്പിൻ. **9** ദോഷ
ത്തിനു ദോഷവും ശകാരത്തിനു
ശകാരവും പകരം ചെയ്യാതെ[o]
നിങ്ങൾ അനുഗ്രഹം അനുഭവിക്കേ
ണ്ടതിനു വിളിക്കപ്പെട്ടതുകൊണ്ട്[p]
അനുഗ്രഹിക്കുന്നവരായിരിപ്പിൻ.[q]
**10** [r]"ജീവനെ ആഗ്രഹിക്കയും
ശുഭകാലം കാൺമാൻ ഇച്ഛിക്കയും
ചെയ്യുന്നവൻ ദോഷം ചെയ്യാതെ
തന്റെ നാവിനെയും വ്യാജം പറ
യാതെ അധരത്തെയും അടക്കി
ക്കൊള്ളട്ടെ. **11** അവൻ ദോഷം
വിട്ടകന്നു ഗുണം ചെയ്കയും
സമാധാനം അന്വേഷിച്ചു പിന്തുട
രുകയും ചെയ്യട്ടെ. **12** കർത്താവി
ന്റെ കണ്ണ് നീതിമാന്മാരുടെ മേലും
അവന്റെ ചെവി അവരുടെ പ്രാർ
ഥനയ്ക്കും തുറന്നിരിക്കുന്നു; എ
ന്നാൽ കർത്താവിന്റെ മുഖം ദുഷ്പ്ര
വൃത്തിക്കാർക്കു പ്രതികൂലമായിരി
ക്കുന്നു."
**13** നിങ്ങൾ നന്മ ചെയ്യുന്നതിൽ
ശുഷ്കാന്തിയുള്ളവർ ആകുന്നു
എങ്കിൽ നിങ്ങൾക്കു ദോഷം ചെ
യ്യുന്നവൻ ആർ?[s] **14** നീതി നിമിത്തം
കഷ്ടം സഹിക്കേണ്ടി വന്നാലും
നിങ്ങൾ ഭാഗ്യവാന്മാർ.[t] അവരുടെ
ഭീഷണത്തിങ്കൽ ഭയപ്പെടുകയും[u]
കലങ്ങുകയുമരുത്;[v] എന്നാൽ ക്രി
സ്തുവിനെ നിങ്ങളുടെ ഹൃദയങ്ങളിൽ
കർത്താവായി വിശുദ്ധീകരിപ്പിൻ.[w]

*22.[s] യെശ.53:9; (2കൊരി.5:21; എബ്രാ.4:15; 1യോഹ.3:5)*
*23.[t] 1പത്രൊ.3:9; യെശ.53:7; എബ്രാ.12:3*
*[u] ലൂക്കൊ.23:46*
*24.[v] റോമ.6:2,11; 7:4,6; കൊലൊ.2:20;3:3*
*[w] റോമ.6:13*
*[x] യെശ.53:4,11; മത്താ.8:17; എബ്രാ.9:28*
*[y] യെശ.53:5*
*25.[z] യെശ.53:6; (സങ്കീ.119:176; യെഹെ.34:6; ലൂക്കൊ.15:4)*
*[a] യോഹ.10:11*

**അധ്യായം 3**

*1.[a] ഉൽപ.3:16*
*[b] തീത്തൊ.2:5*
*2.[c] 1കൊരി.7:16*
*[d] മത്താ.18:15; 1കൊരി.9:19 - 22*
*3.[e] 1തിമൊ.2:9; (യെശ.3:18 - 23)*
*4.[f] റോമ.2:29; (റോമ.7:22; 2കൊരി.4:16; എഫെ.3:16)*
*6.[g] ഉൽപ.18:12*
*[h] സദൃ.3:25*
*7.[i] എഫെ.5:25; കൊലൊ.3:19*
*[j] 1തെസ്സ.4:5*
*8.[k] റോമ.12:16*
*[l] എബ്രാ.13:1*
*[m] എഫെ.4:32*
*[n] എഫെ.4:2*
*9.[o] 1പത്രൊ.2:23; റോമ.12:17*
*[p] 1പത്രൊ.2:21*
*[q] ലൂക്കൊ.6:28; റോമ.12:14; 1കൊരി.4:12*
*10.[r] **സങ്കീ.34:12 – 16***
*13.[s] (സദൃ.16:7)*
*14.[t] 1പത്രൊ.2:19,20; 4:14,16; മത്താ.5:10*
*[u] യെശ.8:12,13; (1പത്രൊ.3:6; മത്താ.10:28) [v] യോഹ.14:1,27 [w] (യെശ.29:23; മത്താ.6:9)*

15 നിങ്ങളിലുള്ള പ്രത്യാശയെക്കു
റിച്ചു ന്യായം ചോദിക്കുന്ന ഏവനോ
ടും[x] സൗമ്യതയും[y] ഭയഭക്തിയും[z]
പൂണ്ടു പ്രതിവാദം പറവാൻ എപ്പോ
ഴും ഒരുങ്ങിയിരിപ്പിൻ.[x] 16 ക്രിസ്തു
വിൽ നിങ്ങൾക്കുള്ള നല്ല നടപ്പിനെ
ദുഷിക്കുന്നവർ നിങ്ങളെ പഴിച്ചു
പറയുന്നതിൽ ലജ്ജിക്കേണ്ടതിനു[a]
നല്ല മനസ്സാക്ഷിയുള്ളവരായിരി
പ്പിൻ.[b] 17 നിങ്ങൾ കഷ്ടം സഹി
ക്കേണം എന്നു ദൈവഹിതമെങ്കിൽ
തിന്മ ചെയ്തിട്ടല്ല, നന്മ ചെയ്തി
ട്ടു സഹിക്കുന്നത് ഏറ്റവും നന്ന്.[c]
18 ക്രിസ്തുവും നമ്മെ ദൈവത്തോട്
അടുപ്പിക്കേണ്ടതിനു[d] നീതിമാനായി
നീതികെട്ടവർക്കുവേണ്ടി പാപംനി
മിത്തം[e] ഒരിക്കൽ[f] കഷ്ടം അനുഭ
വിച്ചു,[e] ജഡത്തിൽ[g] മരണശിക്ഷ
ഏല്ക്കയും ആത്മാവിൽ[h] ജീവി
പ്പിക്കപ്പെടുകയും ചെയ്തു. 19 ആ
ത്മാവിൽ അവൻ ചെന്നു, പണ്ടു
നോഹയുടെ കാലത്തു പെട്ടകം
ഒരുക്കുന്ന സമയം[i] ദൈവം ദീർഘ
ക്ഷമയോടെ കാത്തിരിക്കുമ്പോൾ[j]
അനുസരിക്കാത്തവരായി തടവിലു
ള്ള ആത്മാക്കളോടു പ്രസംഗിച്ചു.[h]
20 ആ പെട്ടകത്തിൽ അല്പ ജനം,
എന്നുവച്ചാൽ എട്ടു പേർ,[k] വെള്ള
ത്തിൽകൂടി രക്ഷ പ്രാപിച്ചു. 21 അതു
സ്നാനത്തിന് ഒരു മുൻകുറി. സ്നാ
നമോ ഇപ്പോൾ ജഡത്തിന്റെ അ
ഴുക്കു കളയുന്നതായിട്ടല്ല, ദൈവ
ത്തോടു നല്ല മനസ്സാക്ഷിക്കായുള്ള
അപേക്ഷയായിട്ടത്രേ[l] യേശുക്രി
സ്തുവിന്റെ പുനരുത്ഥാനത്താൽ[m]
നമ്മെയും രക്ഷിക്കുന്നു.[n] 22 അവൻ
സ്വർഗത്തിലേക്കു പോയി ദൈവ
ത്തിന്റെ വലത്തുഭാഗത്ത് ഇരിക്കു
ന്നു.[o] ദൂതന്മാരും അധികാരങ്ങളും
ശക്തികളും അവനു കീഴ്പെട്ടുമിരി
ക്കുന്നു.[p]

❋ ❋ ❋

***1. പാപത്തെ വിട്ടൊഴിഞ്ഞ് 7. ന്യായവിധിക്ക് ഒരുങ്ങുവാനും 12. ക്രിസ്ത്യാനികൾ എന്ന പോലെ കഷ്ടങ്ങൾ സഹിക്കുവാനും പ്രബോധനം.***

**4** ക്രിസ്തു ജഡത്തിൽ കഷ്ടമ
നുഭവിച്ചതുകൊണ്ടു[a] നിങ്ങളും
ആ ഭാവംതന്നെ ആയുധമായി ധരി
പ്പിൻ.[b] 2 ജഡത്തിൽ കഷ്ടമനുഭ
വിച്ചവൻ[c] ജഡത്തിൽ ശേഷിച്ചി
രിക്കുംകാലം[d] ഇനി മനുഷ്യരുടെ
മോഹങ്ങൾ[e]ക്കല്ല, ദൈവത്തിന്റെ
ഇഷ്ടത്തിനത്രേ[f] ജീവിക്കേണ്ടതിനു[g]
പാപം വിട്ടൊഴിഞ്ഞിരിക്കുന്നു.[h]
3 കാമാർത്തികളിലും മോഹങ്ങ
ളിലും വീഞ്ഞുകുടിയിലും വെറി
ക്കൂത്തുകളിലും മദ്യപാനത്തിലും
ധർമവിരുദ്ധമായ വിഗ്രഹാരാധന
യിലും നടന്നു ജാതികളുടെ ഇഷ്ടം
പ്രവർത്തിച്ചുകൊണ്ടു[i] കാലം
പോക്കിയതു മതി.[j] 4 ദുർന്നടപ്പി
ന്റെ[k] അതേ കവിച്ചലിൽ നിങ്ങൾ
അവരോടു ചേർന്നു നടക്കാതി
രിക്കുന്നത് അപൂർവം എന്നുവച്ച്
അവർ ദുഷിക്കുന്നു.[l] 5 ജീവികളെ
യും മരിച്ചവരെയും ന്യായം വിധി
പ്പാൻ[m] ഒരുങ്ങിയിരിക്കുന്നവന്
അവർ കണക്കു ബോധിപ്പിക്കേണ്ടി
വരും. 6 ഇതിനായിട്ടല്ലോ മരിച്ചവ
രോടും സുവിശേഷം അറിയിച്ചത്.[n]
അവർ ജഡസംബന്ധമായി മനു
ഷ്യരെപ്പോലെ വിധിക്കപ്പെടുകയും
ആത്മാവു സംബന്ധമായി ദൈവ
ത്തിനൊത്തവണ്ണം ജീവിക്കയും
ചെയ്യേണ്ടതിനുതന്നെ.
7 എന്നാൽ എല്ലാറ്റിന്റെയും
അവസാനം സമീപിച്ചിരിക്കുന്നു;[o]

15.[x] *കൊലൊ.4:6* [y] *(2തിമൊ.2:26)* [z] *1പത്രൊ.1:17* 16.[a] *1പത്രൊ.2:12* [b] *എബ്രാ.13:18* 17.[c] *1പത്രൊ.2:20; (1പത്രൊ.4:15,16)* 18.[d] *റോമ.5:2* [e] *1പത്രൊ.2:21;4:1; റോമ.4:24* [f] *എബ്രാ.9:26,28* [g] *1പത്രൊ.4:1; കൊലൊ.1:22; (2കൊരി.13:4)* [h] *1പത്രൊ.4:6* 19.[i] *എബ്രാ.11:7* [j] *ഉൽപ.6:3,5,13,14* [h] *(വാ.18കാ.)* 20.[k] *ഉൽപ. 7:1,7,23;8:18; 2പത്രൊ.2:5* 21.[l] *(റോമ.10:10)* [m] *1പത്രൊ.1:3* [n] *മർക്കൊ.16:16; അപ്പൊ.പ്ര.16:33; റോമ.6:3-6; തീത്തൊ.3:5* 22.[o] *അപ്പൊ.പ്ര. 2:33,35; റോമ.8:34; എഫെ.1:21; കൊലൊ.3:1; എബ്രാ.1:3* [p] *റോമ.8:38,39; 1കൊരി.15:24; എഫെ.1:21*

**അധ്യായം 4**

1.[a] *1പത്രൊ.3:18* [b] *(എഫെ.6:13)* 2.[c] *റോമ.6:2,7; ഗലാ.5:24; കൊലൊ.3:3,5* [d] *1പത്രൊ.1:14,15* [e] *തീത്തൊ.2:13; 1യോഹ.2:16* [f] *റോമ.6:11* [g] *റോമ.6:14;14:7; 2കൊരി.5:15* [h] *(2പത്രൊ.2:14)* 3.[i] *എഫെ.4:17-19; 1തെസ്സ.4:5; (1കൊരി.12:2)* [j] *യെഹെ.44:6;45:9; അപ്പൊ.പ്ര.17:30* 4.[k] *എഫെ. 5:18* [l] *1പത്രൊ.2:12; 3:16* 5.[m] *(യാക്കോ.5:9); അപ്പൊ.പ്ര.10:42* 6.[n] *1പത്രൊ.3:19* 7.[o] *യാക്കോ.5:8*

4:5 ***ജീവനുള്ളവരെയും മരിച്ചവരെയും:*** ന്യായവിധി ഒരു യാഥാർഥ്യമാണ്. ഓരോരുവരും ചെയ്തിട്ടുള്ള പ്രവൃത്തികൾക്കു കണക്കുബോധിപ്പിക്കേണ്ടിവരും. അത് എല്ലാ തലമുറകൾക്കും എല്ലാവർക്കും ബാധകമാണ്.
4:6 ***മരിച്ചവരോടും സുവിശേഷം അറിയിച്ചത്:*** യേശുക്രിസ്തു മുഖാന്തരമുള്ള രക്ഷയുടെ സുവിശേഷം പ്രസംഗിക്കപ്പെടുന്നതിനു മുമ്പ് മരിച്ചവരോടും സുവിശേഷം ആത്മാവിൽ യേശു പ്രസംഗിച്ചു. അതിനാൽ എല്ലാ തലമുറകളും സുവിശേഷം കേൾക്കുവാൻ ഇടയായിത്തീർന്നു.

ആകയാൽ പ്രാർഥനയ്ക്കു[p] സുബോ
ധമുള്ളവരും നിർമദരുമായിരിപ്പിൻ.[q]
8 സകലത്തിനും മുമ്പേ തമ്മിൽ
ഉറ്റ സ്നേഹം ഉള്ളവരായിരിപ്പിൻ.
സ്നേഹം പാപങ്ങളുടെ ബഹുത്വ
ത്തെ മറയ്ക്കുന്നു.[r] 9 പിറുപിറുപ്പു
കൂടാതെ തമ്മിൽ അതിഥിസൽ
ക്കാരം ആചരിപ്പിൻ.[s] 10 ഓരോരു
ത്തനു വരം ലഭിച്ചതുപോലെ[t] വി
വിധമായുള്ള ദൈവകൃപയുടെ
നല്ല ഗൃഹവിചാരകന്മാരായി[u] അതി
നെക്കൊണ്ട് അന്യോന്യം ശുശ്രൂഷി
പ്പിൻ. 11 ഒരുത്തൻ പ്രസംഗിക്കുന്നു
എങ്കിൽ ദൈവത്തിന്റെ അരുളപ്പാടു[v]
പ്രസ്താവിക്കുന്നു എന്നപോലെയും
ഒരുത്തൻ ശുശ്രൂഷിക്കുന്നു എങ്കിൽ
ദൈവം നല്കുന്ന പ്രാപ്തിക്ക് ഒത്ത
വണ്ണവും[w] ആകട്ടെ. എല്ലാറ്റിലും
ദൈവം യേശുക്രിസ്തുമൂലം മഹ
ത്വപ്പെടുവാൻ[x] ഇടവരട്ടെ. മഹ
ത്വവും[y] ബലവും[z] എന്നെന്നേക്കും
അവനുള്ളത്.[y] ആമേൻ.

12 പ്രിയമുള്ളവരേ, നിങ്ങൾക്കു
പരീക്ഷയ്ക്കായി സംഭവിച്ചിരിക്കു
ന്ന അഗ്നിശോധനയിങ്കൽ[a] ഒരു
അപൂർവകാര്യം നിങ്ങൾക്കു വന്നു
കൂടി എന്നുവച്ച് അതിശയിച്ചു
പോകരുത്. 13 ക്രിസ്തുവിന്റെ കഷ്ട
ങ്ങൾക്കു പങ്കുള്ളവരാകുന്തോറും[b]
സന്തോഷിച്ചുകൊൾവിൻ.[b] അങ്ങ
നെ നിങ്ങൾ അവന്റെ തേജസ്സിന്റെ
പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദി
പ്പാൻ[c] ഇടവരും. 14 ക്രിസ്തുവിന്റെ
നാമം ഹേതുവായി[d] നിന്ദ സഹി
ക്കേണ്ടിവന്നാൽ[e] നിങ്ങൾ ഭാഗ്യവാ
ന്മാർ; മഹത്വത്തിന്റെ ആത്മാവായ
ദൈവാത്മാവു നിങ്ങളുടെമേൽ
ആവസിക്കുന്നുവല്ലോ. 15 നിങ്ങ
ളിൽ ആരും കൊലപാതകനോ
കള്ളനോ ദുഷ്പ്രവൃത്തിക്കാരനോ
ആയിട്ടല്ല കഷ്ടം സഹിക്കേണ്ടത്;[f]
പരകാര്യത്തിൽ ഇടപെടുന്നവനാ
യിട്ടുമല്ല;[g] 16 ക്രിസ്ത്യാനിയായിട്ടു[h]
കഷ്ടം സഹിക്കേണ്ടിവന്നാലോ[i]
ലജ്ജിക്കരുത്; ഈ നാമം ധരിച്ചിട്ടു[d]
ദൈവത്തെ മഹത്വപ്പെടുത്തുകയ
ത്രേ വേണ്ടത്. 17 ന്യായവിധി ദൈവ
ഗൃഹത്തിൽ ആരംഭിപ്പാൻ[i] സമയ
മായല്ലോ. അതു നമ്മിൽ തുടങ്ങി
യാൽ[j] ദൈവത്തിന്റെ സുവിശേഷം
അനുസരിക്കാത്തവരുടെ[k] അവ
സാനം എന്താകും? 18 നീതിമാൻ
പ്രയാസേന രക്ഷ പ്രാപിക്കുന്നു
എങ്കിൽ[l] അഭക്തന്റെയും പാപിയു
ടെയും ഗതി എന്താകും? 19 അതു
കൊണ്ടു ദൈവേഷ്ടപ്രകാരം കഷ്ടം
സഹിക്കുന്നവർ നന്മ ചെയ്തുകൊ
ണ്ടു തങ്ങളുടെ പ്രാണനെ വിശ്വ
സ്തനായ സ്രഷ്ടാവിങ്കൽ ഭരമേ
ല്പിക്കട്ടെ.[m]

❋ ❋ ❋

*1. മൂപ്പന്മാരോടും 5. ഇളയവരോടും 8. പൊതു വിൽ എല്ലാവരോടുമുള്ള പ്രബോധനങ്ങൾ.*

**5** നിങ്ങളിലുള്ള മൂപ്പന്മാരെ ഒരു
കൂട്ടുമൂപ്പനും[a] ക്രിസ്തുവിന്റെ
കഷ്ടാനുഭവത്തിനു സാക്ഷിയും[b]
വെളിപ്പെടുവാനുള്ള തേജസ്സിനു
കൂട്ടാളിയുമായ ഞാൻ പ്രബോധി
പ്പിക്കുന്നത്: 2 നിങ്ങളുടെ വിചാര
ണയിലുള്ള ദൈവത്തിന്റെ ആട്ടിൻ
കൂട്ടത്തെ മേയിച്ചുകൊൾവിൻ.
നിർബന്ധത്താലല്ല,[c] ദൈവത്തിനു
ഹിതമാംവണ്ണം മനഃപൂർവമായും
ദുരാഗ്രഹത്തോടെയല്ല,[d] ഉന്മേഷ
ത്തോടെയും 3 ഇടവകകളുടെമേൽ
കർത്തൃത്വം നടത്തുന്നവരായിട്ടല്ല,[e]
ആട്ടിൻകൂട്ടത്തിനു മാതൃകകളായി
ത്തീർന്നുകൊണ്ടും[f] അധ്യക്ഷത
ചെയ്വിൻ.[g] 4 എന്നാൽ ഇടയശ്രേ
ഷ്ഠൻ[h] പ്രത്യക്ഷനാകുമ്പോൾ
നിങ്ങൾ തേജസ്സിന്റെ[i] വാടാത്ത[j]
കിരീടം[i] പ്രാപിക്കും. 5 അവ്വണ്ണം
ഇളയവരേ, മൂപ്പന്മാർക്കു കീഴട
ങ്ങുവിൻ. എല്ലാവരും തമ്മിൽ
തമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചു
കൊൾവിൻ.[k] ദൈവം നിഗളികളോട്

[p] മത്താ.26:41; ലൂക്കൊ.21:36
[q] 1പത്രൊ.1:13
8.[r] (1കൊരി.13:5,6); യാക്കോ.5:20
9.[s] എബ്രാ.13:2; (1തിമൊ.3:2; തീത്തൊ.1:8)
10.[t] റോമ.12:6,7; 1കൊരി.4:7; (മത്താ.25:15)
[u] ലൂക്കൊ.12:42; 1കൊരി.4:1,2; തീത്തൊ.1:7
11.[v] അപ്പൊ.പ്ര.7:38; റോമ.3:2; എബ്രാ.5:12
[w] റോമ.12:3
[x] 1കൊരി.10:31
[y] റോമ.11:36
[z] 1പത്രൊ.5:11; യൂദാ.25; വെളി.1:6;5:13
12.[a] 1പത്രൊ.1:7
13.[b] ഫിലി.3:10,11; അപ്പൊ.പ്ര.5:41
[c] (1പത്രൊ.1:5 - 7; 5:1; റോമ.8:17,18; യൂദാ.24)
14.[d] മർക്കൊ.9:41; യോഹ.15:21; (എബ്രാ.11:26)
[e] സങ്കീ.89:51; മത്താ.5:11
15.[f] 1പത്രൊ.2:19,20; 3:14,17
[g] 1തെസ്സ.4:12; 2തെസ്സ.3:11; 1തിമൊ.5:13
16.[h] അപ്പൊ.പ്ര.26:28
[i] യിരെ.25:29; യെഹെ.9:6; ആമോ.3:2; റോമ.2:9
[d] (വാ.14കാ.)
17.[i] (വാ.16കാ)
[j] (ലൂക്കൊ.23:31)
[k] (2തെസ്സ.1:7)
18.[l] സദൃ.11:31
19.[m] സങ്കീ.31:5; ലൂക്കൊ.23:46; (സങ്കീ.10:14; 2തിമൊ.1:12)

അധ്യായം 5

1.[a] (2യോഹ.2; 3യോഹ.1) [b] ലൂക്കൊ.24:48
2.[c] (ഫിലേ.14) [d] 1തിമൊ.3:8; തീത്തൊ.1:7
3.[e] യെഹെ.34:4; മത്താ.20:25; മർക്കൊ.10:42; 2കൊരി.1:24 [f] ഫിലി.3:17; 2തെസ്സ.3:9; 1തിമൊ.4:12; തീത്തൊ.2:7 [g] (യൂദാ.12); യോഹ.21:16 4.[h] എബ്രാ.13:20 [i] 1കൊരി.9:25; യാക്കോ.1:12 [j] (1പത്രൊ.1:5)
5.[k] (മത്താ.20:26,27; യോഹ.13:4,5,14)

എതിർത്തുനില്ക്കുന്നു; താഴ്മയുള്ള
വർക്കോ കൃപ നല്കുന്നു.[l] 6 അതു
കൊണ്ട് അവൻ തക്കസമയത്തു
നിങ്ങളെ ഉയർത്തുവാൻ ദൈവത്തി
ന്റെ ബലമുള്ള കൈക്കീഴെ താണി
രിപ്പിൻ.[l] 7 അവൻ നിങ്ങൾക്കായി
കരുതുന്നതാകയാൽ[m] നിങ്ങളുടെ
സകല ചിന്താകുലവും അവന്റെ
മേൽ ഇട്ടുകൊൾവിൻ.[n] 8 നിർമദ
രായിരിപ്പിൻ;[o] ഉണർന്നിരിപ്പിൻ;[p] നി
ങ്ങളുടെ പ്രതിയോഗിയായ പിശാച്[q]
അലറുന്ന സിംഹം എന്നപോലെ[r]
ആരെ വിഴുങ്ങേണ്ടൂ എന്നു തിര
ഞ്ഞു ചുറ്റിനടക്കുന്നു.[s] 9 ലോക
ത്തിൽ നിങ്ങൾക്കുള്ള സഹോദര
വർഗത്തിന് ആ വക കഷ്ടപ്പാടു
കൾ തന്നെ പൂർത്തിയായി വരുന്നു[t]
എന്നറിഞ്ഞു വിശ്വാസത്തിൽ സ്ഥിര
മുള്ളവരായി[u] അവനോട് എതിർ
ത്തു നില്പിൻ.[v] 10 എന്നാൽ അല്പ
കാലത്തേക്കു കഷ്ടം സഹിക്കുന്ന
നിങ്ങളെ[w] ക്രിസ്തുവിൽ തന്റെ
നിത്യതേജസ്സിനായി[x] വിളിച്ചിരിക്കു
ന്ന[y] സർവകൃപാലുവായ ദൈവം
തന്നെ യഥാസ്ഥാനപ്പെടുത്തി[z] ഉറ
പ്പിച്ചു[a] ശക്തീകരിക്കും. 11 ബലം
എന്നെന്നേക്കും അവനുള്ളത്.[b]
ആമേൻ.

12 നിങ്ങളെ പ്രബോധിപ്പിച്ചും
നിങ്ങൾ ഈ നില്ക്കുന്നതു[c] ദൈവ
ത്തിന്റെ സത്യകൃപയിൽ[d] ആകുന്നു
എന്നു സാക്ഷീകരിച്ചുംകൊണ്ടു
ഞാൻ നിങ്ങൾക്കു വിശ്വസ്ത
സഹോദരൻ എന്നു നിരൂപിക്കുന്ന
സില്വാനൊസ്[e] മുഖാന്തരം ചുരു
ക്കത്തിൽ എഴുതിയിരിക്കുന്നു.[f]
13 നിങ്ങളുടെ സഹവൃതയായ
ബാബിലോനിലെ സഭയും എനി
ക്കു മകനായ മർക്കൊസും[g] നിങ്ങൾ
ക്കു വന്ദനം ചൊല്ലുന്നു. 14 സ്നേഹ
ചുംബനത്താൽ തമ്മിൽ വന്ദനം
ചെയ്‌വിൻ.[h]

ക്രിസ്തുവിലുള്ള നിങ്ങൾക്ക് എ
ല്ലാവർക്കും സമാധാനം ഉണ്ടാകട്ടെ.[i]

✵ ✵ ✵

5. [l] യാക്കോ.4:6,10
6. [l] (വാ.5കാ.)
7. [m] സങ്കീ.40:17
[n] (സങ്കീ.37:5; 55:22);മത്താ.6:25
8. [o] 1പത്രൊ.1:13
[p] മത്താ.24:42
[q] എഫെ.4:27;6:11; വെളി.12:9,12; (ഇയ്യോ.1:9-12; ലൂക്കൊ.22:31; 2കൊരി.2:11)
[r] (സങ്കീ.22:21)
[s] ഇയ്യോ.1:7;2:2
9. [t] അപ്പൊ.പ്ര.14:22; 1തെസ്സ.3:3; 2തിമൊ.3:12
[u] കൊലൊ.2:5
[v] യാക്കോ.4:7
10. [w] 1പത്രൊ.1:6
[x] 2തിമൊ.2:10
[y] 1കൊരി.1:9; 1തെസ്സ.2:11; 1തിമൊ.6:12
[z] എബ്രാ.13:21
[a] ലൂക്കൊ.22:32; റോമ.16:25; 1തെസ്സ.3:2 11. [b] 1പത്രൊ.4:11 12. [c] 1കൊരി.15:1
[d] അപ്പൊ.പ്ര.11:23 [e] അപ്പൊ.പ്ര.15:22; 2കൊരി. 1:19; 1തെസ്സ.1:1; 2തെസ്സ.1:1 [f] (എബ്രാ.13:22)
13. [g] അപ്പൊ.പ്ര.12:12 14. [h] റോമ.16:16 [i] എഫെ.6:23

## പ്രത്യാശ

പ്രത്യാശ എന്നു പറഞ്ഞാൽ ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷ എന്നാണ് സാധാരണ മനസിലാക്കുന്നത്. ഉദാ. ലൂക്കൊ. 23:8. പഴയ നിയമത്തിൽ പ്രതീക്ഷയോടെ കാത്തിരിക്കുക എന്നും പ്രതീക്ഷിക്കുന്നതു ലഭിക്കും അല്ലെങ്കിൽ സംഭവിക്കും എന്നുമുള്ള ഉറപ്പോടുകൂടെയുള്ള പ്രത്യാശ എന്നൊക്കെ അർഥമുള്ള വാക്കുകൾ ഉപയോഗിച്ചിട്ടുണ്ട്. സങ്കീ. 71:5; യിരെ. 14:8; 17:13 ഭാഗങ്ങളിൽ യിസ്രായേലിന്റെ പ്രത്യാശയായ ദൈവത്തിൽനിന്നു രക്ഷവരുമെന്ന് ഉറപ്പായുള്ള പ്രത്യാശ പ്രകടിപ്പിച്ചിരിക്കുന്നു. സങ്കീ. 33:18 ൽ യഹോവയുടെ ദൃഷ്ടി തന്റെ ഭക്തന്മാരുടെമേലും തന്റെ ദയയ്ക്കായി പ്രത്യാശിക്കുന്നവരുടെമേലും ഇരിക്കുന്നു. ദൈവം വിശ്വസ്തനായതിനാൽ ദൈവത്തിൽ ആശ്രയിക്കുന്നവർക്കു പ്രത്യാശയ്ക്കു ഭംഗംവരുകയില്ല എന്നാണ് ഈ ഭാഗങ്ങളിൽനിന്നു മനസിലാകുന്നത്. എന്നാൽ ചില ഭാഗങ്ങളിൽ ദൈവത്തിലല്ലാതെ മറ്റു വ്യക്തികളിലോ വസ്തുക്കളിലോ ആശ്രയിക്കുന്നതു ദോഷകരമാണ് എന്നും കാണുന്നു. ബാബിലോണിലെ പ്രവാസത്തിനു ശേഷം യിസ്രായേലിന്റെ ഭാവിപ്രത്യാശ സൈന്യബലത്തിലും സൈനിക സഖ്യത്തിലും അല്ല ഹൃദയത്തിന്റെ പുതുക്കത്തിലും മനസ്സിന്റെ രൂപാന്തരത്തിലും ദൈവാശ്രയത്തിലുമാണ് ഉറപ്പിക്കേണ്ടത് എന്നു പ്രവാചകന്മാർ ഉപദേശിച്ചു. ബി.സി. അവസാന നൂറ്റാണ്ടുകളിൽ യെഹൂദരുടെ പ്രത്യാശ, ദൈവഭരണത്തെ എതിർക്കുന്നവരെ ദൈവം തോല്പിച്ച് യിസ്രായേലിൽ ഒരു നവോത്ഥാനം നല്കും എന്ന ചിന്തയിലും ആയിരുന്നു. വെളിപാടു സാഹിത്യത്തിൽ ഈ ആശയത്തിനു വളരെ ശക്തീകരണം കൊടുത്തിട്ടുണ്ട്.

പുതിയനിയമത്തിൽ, പ്രത്യേകിച്ചും പൗലൊസിന്റെ ലേഖനങ്ങളിൽ, പ്രത്യാശ എന്ന വിഷയത്തിനു വളരെ പ്രാധാന്യം കൊടുത്തിട്ടുണ്ട്. വിശ്വാസം, സ്നേഹം ഇവയോടു തുല്യമായിട്ടാണ് പൗലൊസ് പ്രത്യാശയെ ഗണിക്കുന്നത് (1 കൊരി. 13:13). കഷ്ടത സഹിക്കുന്നതു മൂലം അന്തിമമായി ഒരു വിശ്വാസിക്കു ലഭിക്കുന്നത് ഭംഗംവരാത്ത പ്രത്യാശയാണ്. വിശ്വാസം ആശിക്കുന്നതിന്റെ ഉറപ്പാണ് (എബ്രാ. 11:1). അതിനാൽ വിശ്വാസം പ്രത്യാശയെ ഉളവാക്കുന്നു. ജീവനുള്ള പ്രത്യാശ വിശ്വാസത്തിനുവേണ്ടിയുള്ള അഗ്നിപരിശോധനയെ അഭിമുഖീകരിക്കാൻ ധൈര്യപ്പെടുത്തുകയും ചെയ്യുന്നതാണ് .

# THE SECOND EPISTLE OF PETER
# പത്രൊസ് എഴുതിയ രണ്ടാം ലേഖനം

## മുഖവുര

ലോകമെമ്പാടും ഉള്ള ക്രിസ്ത്യാനികളെ അഭിസംബോധന ചെയ്ത് എഴുതുന്നതാണ് പത്രൊസിന്റെ രണ്ടാം ലേഖനം. ദുരുപദേശകന്മാരുടെ പഠിപ്പിക്കലിനെയും അതുളവാക്കുന്ന അധാർമിക ജീവിതത്തെയും എതിർക്കുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ഉദ്ദേശ്യം. ദൈവത്തെയും കർത്താവായ യേശുക്രിസ്തുവിനെയും കുറിച്ചുള്ള ശരിയായ അറിവാണ് ഈ പ്രശ്നങ്ങളുടെ പരിഹാരമാർഗ്ഗം. യേശുവിനെ നേരിട്ട് കാണുകയും കേൾക്കുകയും ചെയ്തവരാലാണ് ഈ അറിവ് നമുക്ക് ലഭിച്ചത്.

***1. തിരഞ്ഞെടുപ്പിനെ ഉറപ്പുവരുത്തി 12. ക്രിസ്തുവിലുള്ള വിശ്വാസത്തിൽ സ്ഥിരമായിരിക്കണമെന്നു പ്രബോധനം.***

### അധ്യായം 1

യേശുക്രിസ്തുവിന്റെ ദാസനും
അപ്പൊസ്തലനുമായ ശിമോൻ
പത്രൊസ്,[a] നമ്മുടെ ദൈവത്തിന്റെ
യും രക്ഷിതാവായ യേശുക്രിസ്തു
വിന്റെയും[b] നീതിയാൽ[c] ഞങ്ങൾ
ക്കു ലഭിച്ചതുപോലെ അതേ വില
യേറിയ വിശ്വാസം[d] ലഭിച്ചവർക്ക്
എഴുതുന്നത്: **2** ദൈവത്തിന്റെയും
നമ്മുടെ കർത്താവായ യേശുവി
ന്റെയും പരിജ്ഞാനത്തിൽ[e] നി
ങ്ങൾക്കു കൃപയും സമാധാനവും
വർധിക്കുമാറാകട്ടെ.[f] **3** തന്റെ മഹ
ത്വത്താലും വീര്യത്താലും നമ്മെ
വിളിച്ചവന്റെ[g] പരിജ്ഞാനത്താൽ
അവന്റെ ദിവ്യശക്തി ജീവനും ഭക്തി
ക്കും വേണ്ടിയതൊക്കെയും നമു
ക്കു ദാനം ചെയ്തിരിക്കുന്നുവല്ലോ.
**4** അവയാൽ അവൻ നമുക്കു വില
യേറിയതും അതിമഹത്തുമായ വാ
ഗ്ദത്തങ്ങളും നല്കിയിരിക്കുന്നു.
ഇവയാൽ നിങ്ങൾ ലോകത്തിൽ
മോഹത്താലുള്ള നാശം വിട്ടൊഴി
ഞ്ഞിട്ടു[h] ദിവ്യസ്വഭാവത്തിനു കൂട്ടാ
ളികളായി[i]ത്തീരുവാൻ ഇടവരുന്നു.
**5** അതുനിമിത്തം തന്നെ നിങ്ങൾ
സകല ഉത്സാഹവും കഴിച്ചു, നിങ്ങ
ളുടെ വിശ്വാസത്തോടു വീര്യവും[j]
വീര്യത്തോടു പരിജ്ഞാനവും[k]
**6** പരിജ്ഞാനത്തോട് ഇന്ദ്രിയ
ജയവും[l] ഇന്ദ്രിയജയത്തോടു സ്ഥിര
തയും[m] സ്ഥിരതയോടു ഭക്തിയും
**7** ഭക്തിയോടു സഹോദരപ്രീതി
യും[n] സഹോദരപ്രീതിയോടു സ്നേ
ഹവും[o] കൂട്ടിക്കൊൾവിൻ. **8** ഇവ
നിങ്ങൾക്കുണ്ടായി വർധിക്കുന്നു
എങ്കിൽ നിങ്ങൾ നമ്മുടെ കർത്താ
വായ യേശുക്രിസ്തുവിന്റെ പരി
ജ്ഞാനം സംബന്ധിച്ച് ഉത്സാഹ
മില്ലാത്തവരും നിഷ്ഫലന്മാരും[p]
ആയിരിക്കയില്ല. **9** അവയില്ലാത്ത
വനോ കുരുടൻ[q] അത്രേ; അവൻ
ഹ്രസ്വദൃഷ്ടിയുള്ളവനും തന്റെ
മുമ്പിലത്തെ പാപങ്ങളുടെ ശുദ്ധീക
രണം[r] മറന്നവനും തന്നെ. **10** അതു
കൊണ്ടു സഹോദരന്മാരേ, നിങ്ങ
ളുടെ വിളിയും[s] തിരഞ്ഞെടുപ്പും[t]
ഉറപ്പാക്കുവാൻ[s] അധികം ശ്രമി
പ്പിൻ. **11** ഇങ്ങനെ ചെയ്താൽ
നിങ്ങൾ ഒരുനാളും ഇടറിപ്പോകാ
തെ[u] നമ്മുടെ കർത്താവും രക്ഷി
താവുമായ യേശുക്രിസ്തുവിന്റെ
നിത്യരാജ്യത്തിലേക്കുള്ള പ്രവേശ
നം[v] ധാരാളമായി പ്രാപിക്കും.

**12** അതുകൊണ്ടു നിങ്ങൾ അ
റിഞ്ഞവരും ലഭിച്ച സത്യത്തിൽ[w]
ഉറച്ചു നില്ക്കുന്നവരും എന്നു വരി
കിലും ഇതു നിങ്ങളെ എപ്പോഴും

*1.[a] അപ്പൊ.പ്ര.15:14 [b] തീത്തൊ.2:12 [c] റോമ.3:21-26 [d] റോമ.1:12; 2കൊരി.4:13; തീത്തൊ.1:3 2.[e] 2പത്രൊ.1:3,8; 2:20;(യോഹ.17:3; ഫിലി.3:8) [f] 1പത്രൊ.1:2; യൂദാ.2 3.[g] (1തെസ്സ.2:11; 2തെസ്സ.2:14; 2തിമൊ.1:9; 1പത്രൊ.5:10) 4.[h] 2പത്രൊ.2:18,20 [i] (എഫെ.4:24; എബ്രാ.12:10; 1യോഹ.3:2) 5.[j] ഫിലി.4:8 [k] 1പത്രൊ.3:7*

*6.[l] അപ്പൊ.പ്ര.24:25; ഗലാ.5:23 [m] എബ്രാ.10:36; യാക്കോ.1:3 7.[n] എബ്രാ.13:1 [o] 1കൊരി.അ.13; 1യോഹ.4:16 8.[p] യോഹ.15:2; തീത്തൊ.3:14 9.[q] ഇയ്യോ.5:14;12:25; യെശ.59:10; സെഫ.1:17; (1യോഹ.2:9-11) [r] എഫെ.5:26; തീത്തൊ.2:14; എബ്രാ.9:14; 1യോഹ.1:7; വെളി.7:14 10.[s] (ഫിലി.2:12; എബ്രാ.3:14) [t] 1തെസ്സ.1:4 11.[u] (2പത്രൊ.3:17; 1യോഹ.2:10) [v] കൊലൊ.1:13; (അപ്പൊ.പ്ര.14:22) 12.[w] 2യോഹ.2*

ഓർപ്പിപ്പാൻ[x] ഞാൻ ഒരുങ്ങിയിരി
ക്കും. **13** നമ്മുടെ കർത്താവായ
യേശുക്രിസ്തു എനിക്ക് അറിവു
തന്നതുപോലെ[y] എന്റെ കൂടാരം
പൊളിഞ്ഞുപോകുവാൻ അടുത്തി
രിക്കുന്നു എന്ന് അറിഞ്ഞിരിക്ക
യാൽ[z] **14** ഞാൻ ഈ കൂടാരത്തിൽ[a]
ഇരിക്കുന്നേടത്തോളം നിങ്ങളെ ഓർ
പ്പിച്ചുണർത്തുക[b] യുക്തം എന്നു
വിചാരിക്കുന്നു. **15** നിങ്ങൾ അത്
എന്റെ നിര്യാണത്തിന്റെശേഷം എ
പ്പോഴും ഓർത്തുകൊൾവാൻ തക്ക
വണ്ണം ഞാൻ ഉത്സാഹിക്കും. **16** ഞ
ങ്ങൾ നമ്മുടെ കർത്താവായ യേശു
ക്രിസ്തുവിന്റെ ശക്തിയും[c] പ്രത്യ
ക്ഷതയും[d] നിങ്ങളോട് അറിയിച്ചതു
നിർമ്മിത[e] കഥകളെ[f] പ്രമാണിച്ചിട്ടല്ല,
അവന്റെ മഹിമ കണ്ട സാക്ഷിക
ളായിത്തീർന്നിട്ടത്രേ.[g] **17** [h]"ഇവൻ
എന്റെ പ്രിയപുത്രൻ; ഇവങ്കൽ ഞാൻ
പ്രസാദിച്ചിരിക്കുന്നു" എന്നുള്ള
ശബ്ദം അതിശ്രേഷ്ഠ തേജസ്സിങ്കൽ
നിന്നു വന്നപ്പോൾ പിതാവായ ദൈവ
ത്താൽ അവനു മാനവും തേജസ്സും
ലഭിച്ചു. **18** ഞങ്ങൾ അവനോടു
കൂടെ വിശുദ്ധപർവതത്തിൽ[i] ഇരി
ക്കുമ്പോൾ സ്വർഗത്തിൽനിന്നും ഈ
ശബ്ദം ഉണ്ടായതു കേട്ടു. **19** പ്രവാ
ചകവാക്യവും അധികം സ്ഥിരമാ
യിട്ടു നമുക്കുണ്ട്.[j] നേരം വെളുക്കു
കയും നിങ്ങളുടെ ഹൃദയങ്ങളിൽ[k]
ഉദയനക്ഷത്രം[l] ഉദിക്കയും[k] ചെയ്യു
വോളം ഇരുണ്ട സ്ഥലത്തു പ്രകാശി
ക്കുന്ന വിളക്കുപോലെ[m] അതിനെ
കരുതിക്കൊണ്ടാൽ നന്ന്. **20** തിരു
വെഴുത്തിലെ പ്രവചനം ഒന്നും
സ്വയമായ വ്യാഖ്യാനത്താൽ ഉള
വാകുന്നതല്ല എന്ന് ആദ്യം തന്നെ
അറിഞ്ഞുകൊള്ളേണം. **21** പ്രവ
ചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ട
ത്താൽ വന്നതല്ല,[n] ദൈവകല്പന
യാൽ മനുഷ്യർ പരിശുദ്ധാത്മനി
യോഗം പ്രാപിച്ചിട്ടു[o] സംസാരിച്ച
തത്രേ.

❋ ❋ ❋

***സഭയിലെ കള്ള ഉപദേഷ്ടാക്കന്മാരുടെ വർണന.***

**2** എന്നാൽ കള്ളപ്രവാചകന്മാരും
ജനത്തിന്റെ ഇടയിൽ ഉണ്ടാ
യിരുന്നു.[a] അങ്ങനെ നിങ്ങളുടെ
ഇടയിലും ദുരുപദേഷ്ടാക്കന്മാർ
ഉണ്ടാകും;[b] അവർ നാശകരമായ
മതഭേദങ്ങളെ നുഴയിച്ചു[c] തങ്ങളെ
വിലയ്ക്കു വാങ്ങിയ[d] നാഥനെ
തള്ളിപ്പറഞ്ഞു[c] തങ്ങൾക്കുതന്നെ
ശീഘ്രനാശം വരുത്തും. **2** അവ
രുടെ ദുഷ്കാമപ്രവൃത്തികളെ പ
ലരും അനുകരിക്കും; അവർ നിമി
ത്തം സത്യമാർഗം ദുഷിക്കപ്പെടും.[e]
**3** അവർ ദ്രവ്യാഗ്രഹത്തിൽ[f] കൗശ
ലവാക്കു പറഞ്ഞു[g] നിങ്ങളെ വാ
ണിഭം ആക്കും.[h] അവർക്കു പൂർ
വകാലംമുതൽ ന്യായവിധി താമ
സിയാതെ[i] വരുന്നു; അവരുടെ
നാശം ഉറങ്ങുന്നതുമില്ല. **4** പാപം
ചെയ്ത ദൂതന്മാരെ[j] ദൈവം ആദ
രിക്കാതെ അന്ധതമസ്സിന്റെ ചങ്ങ
ലയിട്ടു നരകത്തിലാക്കി ന്യായവി
ധിക്കായി കാപ്പാൻ[k] ഏല്പിക്കയും[l]
**5** പുരാതനലോകത്തെയും ആദ
രിക്കാതെ ഭക്തികെട്ടവരുടെ ലോക
ത്തിൽ ജലപ്രളയം[m] വരുത്തിയ
പ്പോൾ നീതിപ്രസംഗിയായ നോഹ
യെ ഏഴു പേരോടുകൂടെ പാലിക്ക
യും[n] **6** സൊദോം, ഗൊമോറാ
എന്ന പട്ടണങ്ങളെ ഭസ്മീകരിച്ച്[o]
ഉന്മൂലനാശത്താൽ ന്യായം വിധിച്ചു
മേലാൽ ഭക്തികെട്ടു നടക്കുന്ന
വർക്കു[p] ദൃഷ്ടാന്തമാക്കിവയ്ക്ക
യും[q] **7** അധർമികളുടെ ഇടയിൽ
വസിച്ചിരിക്കുമ്പോൾ നാൾതോറും
അധർമപ്രവൃത്തി കണ്ടും കേട്ടും
തന്റെ നീതിയുള്ള മനസ്സിൽ

*12.*[x] *യൂദാ.5; (റോമ.15:14,16; ഫിലി.3:1; 1യോഹ.2:21)*
*13.*[y] *യോഹ.21:18,19* [z] *(ആവ.4:21,22; 31:14; 2തിമൊ.4:6)*
*14.*[a] *2കൊരി.5:1,4* [b] *2പത്രൊ.3:2*
*16.*[c] *1കൊരി.2:4* [d] *1തെസ്സ.2:19* [e] *1കൊരി.1:17* [f] *1തിമൊ.1:3* [g] *മത്താ.17:1,2,6; മർക്കൊ.9:2; ലൂക്കൊ.9:28,29; യോഹ.1:14*
*17.*[h] *മത്താ.17:5; മർക്കൊ.9:7; ലൂക്കൊ.9:35; (മത്താ.3:17)*
*18.*[i] *(പുറ.3:5; യോശു.5:15)*
*19.*[j] *1പത്രൊ.1:10* [k] *2കൊരി.4:6;* [l] *വെളി.2:28; 22:16; (മലാ.4:2)* [m] *സങ്കീ.119:105; യോഹ.5:35*
*21.*[n] *2തിമൊ.3:16* [o] *1പത്രൊ.1:11; (2ശമൂ.23:2; ലൂക്കൊ.1:69,70; അപ്പൊ.പ്ര.1:16; 3:18)*

**അധ്യായം 2**

*1.*[a] *ആവ.13:2,3; മത്താ.7:15* [b] *അപ്പൊ.പ്ര.20:30; 2കൊരി.11:13; 1തിമൊ.4:1; (മത്താ.24:11)* [c] *യൂദാ.4; (മത്താ.10:33; ഗലാ.2:4)* [d] *1കൊരി.6:19;7:23; ഗലാ.3:13;4:5; വെളി.5:9; (പുറ.15:16; 1പത്രൊ.1:18,19; വെളി.14:3,4)* *2.*[e] *റോമ.2:24* *3.*[f] *(2കൊരി.12:17,18; 1തിമൊ.6:5; തീത്തൊ.1:11)* [g] *റോമ.16:18; കൊലൊ.2:4* [h] *2കൊരി.2:17* [i] *(ആവ.32:35; ഫിലി.3:19)* *4.*[j] *യൂദാ.6* [k] *മത്താ.25:41* [l] *(വെളി.20:2,3,10)* *5.*[m] *2പത്രൊ.3:6; ഇയ്യോ.22:16* [n] *1പത്രൊ.3:20* *6.*[o] *ഉൽപ.19:24* [p] *യൂദാ.15* [q] *(സംഖ്യാ.26:10)*

1:13 ***കൂടാരം... അടുത്തിരിക്കുന്നു:*** ലേഖനകർത്താവിന്റെ നിര്യാണം അടുത്തിരിക്കുന്നു എന്നു തോന്നുന്നതിനാൽ വായനക്കാർ എക്കാലവും ഓർത്തിരിക്കത്തക്കവിധം യേശുക്രിസ്തുവിനെ സംബന്ധിച്ചുള്ള ദൂത് അവർക്കു നല്കുന്നു (2 കൊരി. 5:1-5).

നൊന്ത്[r] 8 അവരുടെ ദുഷ്കാമപ്രവൃ
ത്തിയാൽ വലഞ്ഞുപോയ നീതിമാ
നായ ലോത്തിനെ വിടുവിക്കയും[s]
ചെയ്തു. 9 കർത്താവു ഭക്തന്മാരെ
പരീക്ഷയിൽനിന്നു വിടുവിപ്പാനും
നീതികെട്ടവരെ, വിശേഷാൽ മലിന
മോഹംകൊണ്ടു ജഡത്തെ അനു
സരിച്ചു നടക്കയും[t] കർത്തൃത്വത്തെ
നിന്ദിക്കയും[u] ചെയ്യുന്നവരെത്തന്നെ,
10 ന്യായവിധിദിവസത്തിലെ ദണ്ഡ
നത്തിനായി കാപ്പാനും അറിയുന്നു
വല്ലോ.[v] 11 ബലവും ശക്തിയും
ഏറിയ ദൂതന്മാർ കർത്താവിന്റെ
സന്നിധിയിൽ അവരുടെ നേരേ
ദൂഷണവിധി ഉച്ചരിക്കാതിരിക്കെ,[w]
ആ ധാർഷ്ട്യമുള്ള തന്നിഷ്ടക്കാർ
മഹിമകളെ ദുഷിപ്പാൻ[u] ശങ്കിക്കു
ന്നില്ല. 12 ജാത്യാ പിടിപെട്ടു നശി
പ്പാൻ പിറന്ന[x] ബുദ്ധിയില്ലാത്ത
ജന്തുക്കളെപ്പോലെ[y] അവർ അറി
യാത്തതിനെ ദുഷിക്കയാൽ അനീ
തിയുടെ കൂലി[z] അനുഭവിച്ചുകൊ
ണ്ടു സ്വന്തവഷളത്തത്താൽ നശി
ച്ചുപോകും. 13 അവർ താൽക്കാ
ലിക ഭോഗതൃപ്തി[a] സുഖം എന്നു
വച്ചു നിങ്ങളുടെ സ്നേഹസദ്യക
ളിൽ[b] നിങ്ങളോടുകൂടെ വിരുന്നു
കഴിഞ്ഞു[c] പുളയ്ക്കുന്ന കറകളും
കളങ്കങ്ങളും ആകുന്നു.[b] 14 അവർ
വ്യഭിചാരിണി[d]യെ കണ്ടു രസിക്ക
യും പാപം കണ്ടു തൃപ്തിപ്പെടാ
തിരിക്കയും ചെയ്യുന്ന[e] കണ്ണുള്ള
വരും സ്ഥിരമില്ലാത്ത ദേഹികളെ
വശീകരിക്കുന്നവരും ദ്രവ്യാഗ്രഹ
ത്തിൽ അഭ്യാസം തികഞ്ഞ[f] ഹൃദ
യമുള്ളവരുമായ ശാപയോഗ്യന്മാർ.[g]
15 അവർ നേർവഴി വിട്ടു തെറ്റി[h]
ബെയോരിന്റെ മകനായ ബിലെയാ
മിന്റെ വഴിയിൽ[i] നടന്നു. 16 അവൻ
അനീതിയുടെ കൂലി[j] കൊതിച്ചു
എങ്കിലും തന്റെ അകൃത്യത്തിനു
ശാസന കിട്ടി; ഉരിയാടാക്കഴുത
മനുഷ്യവാക്കായി ഉരിയാടി പ്രവാചക
ന്റെ ബുദ്ധിഭ്രമത്തെ തടുത്തുവല്ലോ.[k]
17 അവർ വെള്ളമില്ലാത്ത കിണറു
കളും കൊടുങ്കാറ്റുകൊണ്ട് ഓടുന്ന
മഞ്ഞുമേഘങ്ങളും ആകുന്നു;[l]

7.[r] സങ്കീ.119:136,158; (യെഹെ.9:4)
8.[s] ഉൽപ.19:16
9.[t] യൂദാ.16,18
[u] യൂദാ.8; (പുറ.22:28)
10.[v] 1കൊരി.10:13; വെളി.3:10
11.[w] യൂദാ 9;
[u] (വാ.9കാ.)
12.[x] (യിരെ.12:3; ഫിലി.3:19)
[y] യൂദാ.10
[z] 2പത്രൊ.2:16
13.[a] (റോമ.13:13; 1തെസ്സ.5:7); യാക്കോ.5:5
[b] യൂദാ 12
[c] (1കൊരി.11:21)
14.[d] യാക്കോ.4:4
[e] (1പത്രൊ.4:2)
[f] 2പത്രൊ.2:3; (1തിമൊ.4:7)
[g] (എഫെ.2:3)
15.[h] യെഹെ.14:10
[i] സംഖ്യാ.22:5,7; ആവ.23:4; നെഹെ.13:2; യൂദാ.11; വെളി.2:14
16.[j] 2പത്രൊ.2:12
[k] സംഖ്യാ.22:21,23,28
17.[l] യൂദാ.12
[m] യൂദാ.13
18.[n] 2പത്രൊ. 2:20; 1:4
[o] യൂദാ.16
19.[p] യോഹ.8:34; റോമ.6:16
[q] ഗലാ.5:13; യാക്കോ.1:25
20.[r] 2പത്രൊ.1:2
[s] 2പത്രൊ.2:18
[t] മത്താ.12:45
21.[u] റോമ.7:12
[v] (യെഹെ.18:24; ലൂക്കൊ.12:47; എബ്രാ.6:4 - 6; 10:26,27; യാക്കോ.4:17)
22.[w] സദൃ.26:11

അവർക്കു കൂരിരുട്ടു സംഗ്രഹിച്ചി
രിക്കുന്നു.[m] 18 വഴിതെറ്റി നടക്കു
ന്നവരോട് ഇപ്പോൾ അകന്നുവന്ന
വരെ[n] ഇവർ വെറും വമ്പുപറഞ്ഞു[o]
ദുഷ്കാമവൃത്തികളാൽ കാമഭോ
ഗങ്ങളിൽ കുടുക്കുന്നു. 19 തങ്ങൾ
തന്നേ നാശത്തിന്റെ അടിമകളാ
യിരിക്കെ[p] മറ്റവർക്കും സ്വാത
ന്ത്ര്യത്തെ[q] വാഗ്ദത്തം ചെയ്യുന്നു.
ഒരുത്തൻ ഏതിനോടു തോല്ക്കു
ന്നുവോ അതിന് അടിമപ്പെട്ടിരി
ക്കുന്നു. 20 കർത്താവും രക്ഷി
താവുമായ യേശുക്രിസ്തുവിന്റെ
പരിജ്ഞാനത്താൽ[r] ലോകത്തിന്റെ
മാലിന്യം വിട്ടോടിയവർ[s] അതിൽ
വീണ്ടും കുടുങ്ങി തോറ്റുപോയാൽ
അവരുടെ ഒടുവിലത്തെ സ്ഥിതി
ആദ്യത്തേതിനെക്കാൾ അധികം
വഷളായിപ്പോയി.[t] 21 തങ്ങൾക്ക്
ഏല്പിച്ചുകിട്ടിയ വിശുദ്ധകല്പന
യെ[u] നീതിയുടെ വഴി അറിഞ്ഞ
ശേഷം വിട്ടുകളയുന്നതിനെക്കാൾ
അത് അറിയാതിരിക്കുന്നത് അവർ
ക്ക് നന്നായിരുന്നു.[v] 22 എന്നാൽ
സ്വന്ത ഛർദ്ദിക്കു തിരിഞ്ഞ നായെ
ന്നും കുളിച്ചിട്ടു ചെളിയിൽ ഉരു
ളുവാൻ തിരിഞ്ഞ പന്നിയെന്നും[w]
ഉള്ള സത്യമായ പഴഞ്ചൊല്ലുപോ
ലെ അവർക്കു സംഭവിച്ചു.

✵ ✵ ✵

***1. ന്യായവിധിക്കായി ക്രിസ്തു വരുന്നതിന്റെ നിശ്ചയം 10. ഭൂലോകം നശിച്ചുപോകുന്ന പ്രകാരം 14. ദൈവഭക്തിക്കായി പ്രബോധനം.***

**3** പ്രിയമുള്ളവരേ, ഞാൻ ഇപ്പോൾ
നിങ്ങൾക്ക് എഴുതുന്നതു രണ്ടാം
ലേഖനമല്ലോ. 2 വിശുദ്ധപ്രവാച
കന്മാർ[a] മുൻപറഞ്ഞ വചനങ്ങളും
നിങ്ങളുടെ അപ്പൊസ്തലന്മാർ
മുഖാന്തരം കർത്താവും രക്ഷിതാ
വുമായവൻ തന്ന കല്പനയും ഓർ
ത്തുകൊള്ളേണമെന്ന്[b] ഈ ലേ
ഖനം രണ്ടിനാലും ഞാൻ നിങ്ങ
ളെ ഓർമപ്പെടുത്തി നിങ്ങളുടെ

**അധ്യായം 3**

2.[a] ലൂക്കൊ.1:69; അപ്പൊ.പ്ര.3:21 [b] യൂദാ.17

പരമാർഥമനസ്സ് ഉണർത്തുന്നു.[c]
**3** അവന്റെ പ്രത്യക്ഷതയുടെ[d] വാ
ഗ്ദത്തം എവിടെ? **4** പിതാക്ക
ന്മാർ നിദ്രകൊണ്ടശേഷം സകല
വും സൃഷ്ടിയുടെ ആരംഭത്തിൽ
ഇരുന്നതുപോലെതന്നെ ഇരിക്കുന്നു
എന്നു പറഞ്ഞു[e] സ്വന്തമോഹങ്ങ
ളെ അനുസരിച്ചു നടക്കുന്ന[f] പരി
ഹാസികൾ പരിഹാസത്തോടെ
അന്ത്യകാലത്തു[g] വരുമെന്നു വി
ശേഷാൽ അറിഞ്ഞുകൊൾവിൻ.
**5** ആകാശവും വെള്ളത്തിൽനിന്നും
വെള്ളത്താലും ഉളവായ[h] ഭൂമിയും
പണ്ടു ദൈവത്തിന്റെ വചനത്താൽ[i]
ഉണ്ടായി എന്നും **6** അതിനാൽ
അന്നുള്ള ലോകം ജലപ്രളയ
ത്തിൽ മുങ്ങി[j] നശിച്ചു[k] എന്നും
**7** ഇപ്പോഴത്തെ ആകാശവും ഭൂ
മിയും അതേ വചനത്താൽ തീ
ക്കായി സൂക്ഷിച്ചും[l] ന്യായവിധിയും
ഭക്തികെട്ട മനുഷ്യരുടെ നാശവും[m]
സംഭവിപ്പാനുള്ള ദിവസത്തേക്കു കാ
ത്തുമിരിക്കുന്നു എന്നും അവർ
മനസ്സോടെ മറന്നുകളയുന്നു.
**8** എന്നാൽ പ്രിയമുള്ളവരേ, കർ
ത്താവിന് ഒരു ദിവസം ആയിരം
സംവത്സരംപോലെയും ആയിരം
സംവത്സരം ഒരു ദിവസംപോ
ലെയും[n] ഇരിക്കുന്നു എന്നീ കാര്യം
നിങ്ങൾ മറക്കരുത്. **9** ചിലർ താ
മസം എന്നു വിചാരിക്കുന്നതുപോ
ലെ[o] കർത്താവ് തന്റെ വാഗ്ദത്തം
നിവർത്തിപ്പാൻ താമസിക്കുന്നില്ല.[p]
ആരും നശിച്ചുപോകാതെ[q] എല്ലാ
വരും മാനസാന്തരപ്പെടുവാൻ[r] അ
വൻ ഇച്ഛിച്ചു[q] നിങ്ങളോടു ദീർഘ
ക്ഷമ കാണിക്കുന്നതേയുള്ളൂ.[s]
**10** കർത്താവിന്റെ ദിവസമോ കള്ള
നെപ്പോലെ വരും.[t] അന്ന് ആകാശം
കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞു
പോകും;[u] മൂലപദാർഥങ്ങൾ കത്തി
യഴികയും[v] ഭൂമിയും അതിലുള്ള പ
ണികളും വെന്തുപോകയും ചെയ്യും.
**11** ഇങ്ങനെ ഇവയൊക്കെയും അഴി
വാനുള്ളതായിരിക്കയാൽ ആകാശം
ചുട്ടഴിവാനും മൂലപദാർഥങ്ങൾ
വെന്തുരുകുവാനും[w] ഉള്ള ദൈവ
ദിവസത്തിന്റെ വരവു കാത്തിരു
ന്നും ബദ്ധപ്പെടുത്തിയുംകൊണ്ടു[x]
**12** നിങ്ങൾ എത്ര വിശുദ്ധജീവ
നവും ഭക്തിയും ഉള്ളവർ ആയിരി
ക്കേണം.[y] **13** എന്നാൽ നാം അവ
ന്റെ വാഗ്ദത്തപ്രകാരം നീതി വസി
ക്കുന്ന[z] പുതിയ ആകാശത്തിനും
പുതിയ ഭൂമിക്കുമായിട്ടു[a] കാത്തി
രിക്കുന്നു.
**14** അതുകൊണ്ടു പ്രിയമുള്ളവ
രേ, നിങ്ങൾ ഇവയ്ക്കായി കാത്തി
രിക്കയാൽ[b] അവൻ നിങ്ങളെ കറ
യും[c] കളങ്കവും ഇല്ലാത്തവരായി[d]
സമാധാനത്തോടെ കാൺമാൻ[e]
ഉത്സാഹിച്ചുകൊണ്ടു[b] നമ്മുടെ കർ
ത്താവിന്റെ ദീർഘക്ഷമയെ രക്ഷ
എന്നു[f] വിചാരിപ്പിൻ. **15** അങ്ങനെ
തന്നെ നമ്മുടെ പ്രിയസഹോദര
നായ പൗലൊസും[g] തനിക്കു ലഭിച്ച
ജ്ഞാനത്തിനു തക്കവണ്ണം[h] നിങ്ങൾ
ക്കും **16** ഇതിനെക്കുറിച്ചു സംസാ
രിക്കുന്ന[i] സകല ലേഖനങ്ങളിലും
എഴുതീട്ടുണ്ടല്ലോ. അവയിൽ ഗ്രഹി
പ്പാൻ പ്രയാസമുള്ളതു ചിലതുണ്ട്.[j]
അറിവില്ലാത്തവരും അസ്ഥിരന്മാരു
മായവർ ശേഷം തിരുവെഴുത്തുക
ളെപ്പോലെ അതും തങ്ങളുടെ നാശ
ത്തിനായി[k] കോട്ടിക്കളയുന്നു. **17** എ
ന്നാൽ പ്രിയമുള്ളവരേ, നിങ്ങൾ മു
മ്പുകൂട്ടി അറിഞ്ഞിരിക്കകൊണ്ട്[l]
അധർമികളുടെ വഞ്ചനയിൽ കുടു
ങ്ങി സ്വന്തസ്ഥിരത വിട്ടു വീണു
പോകാതിരിപ്പാൻ സൂക്ഷിച്ചുകൊൾ
വിൻ,[m] **18** കൃപയിലും നമ്മുടെ
കർത്താവും രക്ഷിതാവുമായ യേശു
ക്രിസ്തുവിന്റെ പരിജ്ഞാനത്തിലും
വളരുവിൻ.[n] അവന് ഇപ്പോഴും എ
ന്നെന്നേക്കും[o] മഹത്ത്വം.[p] ആമേൻ.

2.[c] *2പത്രൊ.1:14*
3.[d] *1തെസ്സ.2:19*
4.[e] *യെശ.5:19; യിരെ.17:15; യെഹെ.11:3; 12:22,27;മലാ.2:17*
[f] *2പത്രൊ.2:9*
[g] *യൂദാ.18*
5.[h] *സങ്കീ.24:2; 136:6*
[i] *ഉൽപ.1:6,9; സങ്കീ.33:6; (എബ്രാ.11:3)*
6.[j] *2പത്രൊ.2:5*
[k] *ഉൽപ.7:11,21*
7.[l] *2പത്രൊ.3:10,11*
[m] *(2തെസ്സ.1:10)*
8.[n] *സങ്കീ.90:4*
9.[o] *(സഭാ.8:11; വെളി.2:21)*
[p] *ഹബ.2:3; എബ്രാ.10:37*
[q] *യെഹെ.18:23,32; 33:11*
[r] *1തിമൊ.2:4*
[s] *യെശ.30:18; ലൂക്കൊ.18:7; 1പത്രൊ.3:19*
10.[t] *മത്താ.24:43*
[u] *(വെളി.6:14; 20:11;21:1); മത്താ.24:35*
[v] *യെശ.34:4; (യെശ.24:19; മീഖാ.1:4; നഹൂം 1:5)*
11.[w] *2പത്രൊ.3:10*
[x] *(ലൂക്കൊ.12:36; 1കൊരി.1:7; 1തെസ്സ.1:10; തീത്തൊ.2:12; യൂദാ.21)*
12.[y] *1പത്രൊ.1:15*
13.[z] *യെശ.60:21; വെളി.21:27*
[a] *യെശ.65:17; 66:22;വെളി.21:1*
14.[b] *1കൊരി.15:58*
[c] *യാക്കോ.1:27*
[d] *ഫിലി.2:14*
[e] *(ഫിലി.1:10; 1തെസ്സ.3:13;5:23)* [f] *2പത്രൊ.3:9,10*
15.[g] *(അപ്പൊ.പ്ര.15:26)* [h] *1കൊരി.3:10* 16.[i] *(റോമ.8:19; 1കൊരി.15:24; 1തെസ്സ.4:15)* [j] *(എബ്രാ.5:11)*
[k] *(യെശ.28:13)* 17.[l] *2പത്രൊ.1:12; (മർക്കൊ.13:23)*
[m] *2പത്രൊ.1:10; 1കൊരി.10:12* 18.[n] *2പത്രൊ.1:5; എഫെ.4:15; കൊലൊ.1:10;2:19; 1പത്രൊ.2:2*
[o] *(2പത്രൊ.3:8)* [p] *റോമ.11:36*

# THE FIRST EPISTLE OF JOHN
# യോഹന്നാൻ എഴുതിയ ഒന്നാം ലേഖനം

## മുഖവുര

യോഹന്നാന്റെ ഒന്നാം ലേഖനത്തിനു പ്രധാനമായും രണ്ട് ഉദ്ദേശ്യമാണ് ഉള്ളത്. ദൈവത്തോടും അവന്റെ പുത്രനായ യേശുക്രിസ്തുവിനോടുമുള്ള കൂട്ടായ്മയും അവയെ തകർക്കുന്ന ദുരുപദേശകന്മാർക്കെതിരെയുള്ള മുന്നറിയിപ്പുമാണ് ഈ ലേഖനത്തിൽ ഉള്ളത്. ഈ പഠിപ്പിക്കലുകൾക്ക് വിപരീതമായി ലേഖകൻ വ്യക്തമായി പ്രതിപാദിക്കുന്നത് യേശുക്രിസ്തു യഥാർഥമായി മനുഷ്യനാണെന്നും യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവരും ദൈവത്തെ സ്നേഹിക്കുന്നവരും തമ്മിൽതമ്മിൽ സ്നേഹിക്കുന്നവരുമായിരിക്കും എന്നുമാണ്.

*1. ദൈവത്തോടുള്ള കൂട്ടായ്മ 7. വെളിച്ചത്തിൽ നടക്കുന്നതും 8. താഴ്മയും.*

**അധ്യായം 1**

**ആ**ദിമുതലു[a]ള്ളതും[b] ഞങ്ങൾ
കേട്ടതും[c] സ്വന്തകണ്ണുകൊണ്ടു ക
ണ്ടതും[d] ഞങ്ങൾ നോക്കിയതും[e]
ഞങ്ങളുടെ കൈ തൊട്ടതും[f] ആയ
ജീവന്റെ വചനം സംബന്ധിച്ചു-
**2** ജീവൻ[g] പ്രത്യക്ഷമായി,[h] ഞങ്ങൾ
കണ്ടു സാക്ഷീകരിക്കയും[i] പിതാവി
നോടുകൂടെയിരുന്ന്[b] ഞങ്ങൾക്കു
പ്രത്യക്ഷമായ[h] നിത്യജീവനെ നിങ്ങ
ളോട് അറിയിക്കയും ചെയ്യുന്നു-
**3** ഞങ്ങൾ കണ്ടും കേട്ടുമുള്ളതു
നിങ്ങൾക്കു ഞങ്ങളോടു കൂട്ടായ്മ
ഉണ്ടാകേണ്ടതിനു നിങ്ങളോടും
അറിയിക്കുന്നു.[c] ഞങ്ങളുടെ കൂട്ടാ
യ്മയോ പിതാവിനോടും അവന്റെ
പുത്രനായ യേശുക്രിസ്തുവിനോടും
ആകുന്നു.[j] **4** നമ്മുടെ സന്തോഷം
പൂർണമാകുവാൻ[k] ഞങ്ങൾ ഇതു
നിങ്ങൾക്ക് എഴുതുന്നു.
**5** ദൈവം വെളിച്ചം ആകുന്നു;
അവനിൽ ഇരുട്ട് ഒട്ടും ഇല്ല എന്നു
ള്ളതു[l] ഞങ്ങൾ അവനോടു കേട്ടു
നിങ്ങളോട് അറിയിക്കുന്ന ദൂതാ
കുന്നു.[m] **6** അവനോടു കൂട്ടായ്മ
ഉണ്ട് എന്നു പറകയും ഇരുട്ടിൽ
നടക്കയും ചെയ്താൽ നാം ഭോ
ഷ്കു പറയുന്നു;[n] സത്യം പ്രവർ
ത്തിക്കുന്നതുമില്ല.[o] **7** അവൻ വെ
ളിച്ചത്തിൽ ഇരിക്കുന്നതുപോലെ[p]
നാം വെളിച്ചത്തിൽ നടക്കുന്നു എ
ങ്കിൽ[q] നമുക്കു തമ്മിൽ കൂട്ടായ്മ
ഉണ്ട്; അവന്റെ പുത്രനായ യേശു
വിന്റെ രക്തം സകല പാപവും
പോക്കി നമ്മെ ശുദ്ധീകരിക്കുന്നു.[r]
**8** നമുക്കു പാപം ഇല്ല എന്നു നാം
പറയുന്നു എങ്കിൽ നമ്മെത്തന്നെ
വഞ്ചിക്കുന്നു;[s] സത്യം നമ്മിൽ ഇ
ല്ലാതെയായി.[t] **9** നമ്മുടെ പാപങ്ങളെ

1.[a] *(1യോഹ.2:13,14)* [b] *യോഹ.1:1* [c] *അപ്പൊ.പ്ര.4:20* [d] *യോഹ.19:35* [e] *1യോഹ.4:14; യോഹ.1:14; 2പത്രൊ.1:16* [f] *ലൂക്കൊ.24:39; യോഹ.20:27* 2.[g] *യോഹ.1:4; 11:25;14:6* [h] *1യോഹ.3:5,8; റോമ.16:25; 1തിമൊ.3:16* [i] *യോഹ.15:27* [b] *(വാ. 1 കാ.)* 3.[c] *(വാ. 1 കാ.)* [j] *യോഹ.17:21; 1കൊരി.1:9; (1യോഹ.2:21)* 4.[k] *യോഹ.15:11; 16:24; 2യോഹ.12* 5.[l] *യാക്കോ.1:17; (1യോഹ.4:8; യോഹ.4:24)* [m] *1യോഹ.3:11* 6.[n] *1യോഹ.2:11; യോഹ.12:35; 2കൊരി.6:14* [o] *യോഹ.3:21* 7.[p] *(സങ്കീ.104:2; 1തിമൊ.6:16)* [q] *(യെശ.2:5)* [r] *എഫെ.1:7; എബ്രാ.9:14; 1പത്രൊ.1:19; വെളി.5:9; 7:14;12:11* 8.[s] *(ഇയ്യോ.15:14; യിരെ.2:35); യാക്കോ.3:2* [t] *1യോഹ.2:4*

***ഇരുളും വെളിച്ചവും:*** ഇരുൾ കഷ്ടതയുടെയും (സങ്കീ. 107:10) ഭോഷത്തത്തിന്റെയും (സഭാ. 2:14) പ്രതീകമാണ്. ദൈവത്തോടു ശത്രുതയുള്ളവർ അന്ധകാരത്തിന്റെ ലോകാധിപതികളാണ് (എഫെ. 6:12). ദൈവഹിതം അനുസരിക്കാത്തവർ ഇരുട്ടിൽ തള്ളപ്പെടും, അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും (മത്താ. 22:13). ഇരുട്ടിൽ നടക്കുന്നവർ ഭോഷ്ക് ഇഷ്ടപ്പെടുന്നു (1:6). യേശുവിനെ ലോകത്തിന്റെ വെളിച്ചമെന്നാണു സംബോധന ചെയ്യുന്നത് (യോഹ. 8:12). യേശുവും പിതാവും ഒന്നായതിനാൽ പിതാവാം ദൈവവും വെളിച്ചമാകുന്നു എന്നു സമർഥിക്കാം. പഴയനിയമത്തിലും ദൈവം വെളിച്ചമാകുന്നു എന്നു രേഖപ്പെടുത്തിയിട്ടുണ്ട് (സങ്കീ. 27:1; 139:11, 12). ബൈബിളിൽ ദൈവവും ദൈവവചനവും വെളിച്ചമാകുന്നു എന്ന പ്രസ്താവന കാണാം (യോഹ. 1:3, 4; സങ്കീ. 119:105). ദൈവസത്യം വെളിപ്പെടുത്തുന്ന വ്യക്തിയും വസ്തുക്കളും വെളിച്ചമാണ് (യെശ. 49:6). യേശുവിന്റെ അനുയായികൾ വെളിച്ചത്തിന്റെ മക്കളാണ് (എഫെ. 5:8); ലോകത്തിന്റെ വെളിച്ചമാണ് (മത്താ. 5:14).

ഏറ്റുപറയുന്നു എങ്കിൽ[u] അവൻ
നമ്മോടു പാപങ്ങളെ ക്ഷമിച്ചു
സകല അനീതിയും പോക്കി നമ്മെ
ശുദ്ധീകരിപ്പാൻ[r] തക്കവണ്ണം വിശ്വ
സ്തനും നീതിമാനും[v] ആകുന്നു.
**10** നാം പാപം ചെയ്തിട്ടില്ല എന്നു
പറയുന്നുവെങ്കിൽ അവനെ അസത്യ
വാദിയാക്കുന്നു;[w] അവന്റെ വചനം
നമ്മിൽ ഇല്ലാതെയായി.[x]

❋ ❋ ❋

***1. ക്രിസ്തു നമ്മുടെ പാപങ്ങൾക്കു പ്രതിശാന്തി 3. വെളിച്ചത്തിൽ നടക്കുന്നവർ ദൈവകല്പനയെ പ്രമാണിക്കുന്നു 18. വഞ്ചനക്കാരെ സൂക്ഷിക്കണമെന്നതും 20. അവരുടെ വഞ്ചനകളിൽനിന്നു ദൈവഭക്തർ വിശ്വാസത്താലും നടപ്പിന്റെ ശുദ്ധിയാലും രക്ഷിക്കപ്പെടുന്നു എന്നുമുള്ളത്.***

**2** എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ
പാപം ചെയ്യാതിരിപ്പാൻ ഞാൻ
ഇതു നിങ്ങൾക്ക് എഴുതുന്നു. ഒരു
ത്തൻ പാപം ചെയ്തു എങ്കിലോ,
നീതിമാനായ യേശുക്രിസ്തു എന്ന
കാര്യസ്ഥൻ[a] നമുക്കു പിതാവിന്റെ
അടുക്കൽ ഉണ്ട്.[b] **2** അവൻ നമ്മുടെ
പാപങ്ങൾക്കു പ്രായശ്ചിത്തം ആ
കുന്നു;[c] നമ്മുടേതിനു മാത്രമല്ല,
സർവലോകത്തിന്റെ പാപത്തിനും
തന്നെ.[d] **3** അവന്റെ കല്പനകളെ
പ്രമാണിക്കുന്നു എങ്കിൽ[e] നാം അ
വനെ അറിഞ്ഞിരിക്കുന്നു എന്ന്
അതിനാൽ അറിയുന്നു. **4** അവനെ
അറിഞ്ഞിരിക്കുന്നു എന്നു പറ
കയും അവന്റെ കല്പനകളെ
പ്രമാണിക്കാതിരിക്കയും ചെയ്യുന്ന
വൻ കള്ളൻ ആകുന്നു;[f] സത്യം
അവനിൽ ഇല്ല.[f] **5** എന്നാൽ ആരെ
ങ്കിലും അവന്റെ വചനം പ്രമാണി
ക്കുന്നു എങ്കിൽ[g] അവനിൽ ദൈവ
സ്നേഹം വാസ്തവമായി തിക
ഞ്ഞിരിക്കുന്നു.[h] നാം അവനിൽ
ഇരിക്കുന്നു എന്ന് ഇതിനാൽ നമു
ക്ക് അറിയാം.[i] **6** അവനിൽ വസി
ക്കുന്നു[j] എന്നു പറയുന്നവൻ അ
വൻ നടന്നതുപോലെ നടക്കേണ്ട
താകുന്നു.[k]

9.[u] സങ്കീ.32:5; 51:3; സദൃ.28:13
[r] (വാ.7കാ.)
[v] (സങ്കീ.143:1; റോമ.3:26)
10.[w] 1യോഹ.5:10
[x] യോഹ.5:38;8:37

**അധ്യായം 2**

1.[a] യോഹ.14:6
[b] റോമ.8:34; 1തിമൊ.2:5; എബ്രാ.7:25
2.[c] 1യോഹ.4:10; റോമ.3:25; (2കൊരി.5:18,19; കൊലൊ.1:20)
[d] 1യോഹ.4:14; യോഹ.1:29;4:42; 11:51,52;12:32
3.[e] യോഹ.14:15; 15:10; വെളി.12:17;14:12
4.[f] 1യോഹ.1:8; യോഹ.8:44
5.[g] 1യോഹ.5:3; യോഹ.14:23
[h] 1യോഹ.4:12
[i] 1യോഹ.3:24; 4:13;5:2
6.[j] യോഹ.15:4,5,7
[k] മത്താ.11:29

7.[l] (1യോഹ.2:24; 3:11; 2യോഹ.5,6)
[m] ലേവ്യാ.19:18
[n] 2യോഹ.5
8.[o] യോഹ.13:34
[p] റോമ.13:12; എഫെ.5:8; 1തെസ്സ.5:4,5
[q] യോഹ.1:9;8:12
9.[r] 1യോഹ.4:20; (1യോഹ.3:14,15; തീത്തൊ.3:3)
10.[s] യോഹ.11:10; (സദൃ.4:19; 2പത്രൊ.1:11)
11.[t] 1യോഹ.1:6
12.[u] ലൂക്കൊ.24:47; അപ്പൊ.പ്ര.10:43; 13:38
13.[v] (1യോഹ.1:1)

**7** പ്രിയമുള്ളവരേ, പുതിയൊരു
കല്പനയല്ല ആദിമുതൽ നിങ്ങൾ
ക്കുള്ള[l] പഴയ കല്പനയത്രേ[m]
ഞാൻ നിങ്ങൾക്ക് എഴുതുന്നത്.[n]
ആ പഴയ കല്പന നിങ്ങൾ കേട്ട
വചനംതന്നെ. **8** പുതിയൊരു ക
ല്പന ഞാൻ നിങ്ങൾക്ക് എഴുതു
ന്നു[o] എന്നും പറയാം. അത് അവ
നിലും നിങ്ങളിലും സത്യമായിരി
ക്കുന്നു; ഇരുട്ടു നീങ്ങിപ്പോകുന്നു;[p]
സത്യവെളിച്ചം ഇതാ പ്രകാശിക്കു
ന്നു.[q] **9** വെളിച്ചത്തിൽ ഇരിക്കുന്നു
എന്നു പറകയും സഹോദരനെ പക
യ്ക്കയും[r] ചെയ്യുന്നവൻ ഇന്നയോളം
ഇരുട്ടിൽ ഇരിക്കുന്നു. **10** സഹോദ
രനെ സ്നേഹിക്കുന്നവൻ വെളിച്ച
ത്തിൽ വസിക്കുന്നു; ഇടർച്ചയ്ക്ക്[s]
അവനിൽ കാരണമില്ല. **11** സഹോ
ദരനെ പകയ്ക്കുന്നവനോ ഇരുട്ടിൽ
ഇരിക്കുന്നു; ഇരുട്ടിൽ നടക്കയും
ചെയ്യുന്നു.[t] ഇരുട്ട് അവന്റെ കണ്ണു
കുരുടാക്കുകയാൽ എവിടേക്കു പോ
കുന്നു എന്ന് അവൻ അറിയുന്നില്ല.
**12** കുഞ്ഞുങ്ങളേ, നിങ്ങൾക്ക് അ
വന്റെ നാമംനിമിത്തം പാപങ്ങൾ
മോചിച്ചിരിക്കയാൽ[u] ഞാൻ നി
ങ്ങൾക്ക് എഴുതുന്നു. **13** പിതാക്ക
ന്മാരേ, ആദിമുതലുള്ളവനെ[v] നി
ങ്ങൾ അറിഞ്ഞിരിക്കയാൽ നിങ്ങൾ
ക്ക് എഴുതുന്നു. ബാല്യക്കാരേ, നി
ങ്ങൾ ദുഷ്ടനെ ജയിച്ചിരിക്കയാൽ[w]
നിങ്ങൾക്ക് എഴുതുന്നു. കുഞ്ഞു
ങ്ങളേ, നിങ്ങൾ പിതാവിനെ അറി
ഞ്ഞിരിക്കയാൽ[x] ഞാൻ നിങ്ങൾക്ക്
എഴുതിയിരിക്കുന്നു. **14** പിതാക്ക
ന്മാരേ, ആദിമുതലുള്ളവനെ നി
ങ്ങൾ അറിഞ്ഞിരിക്കയാൽ[v] ഞാൻ
നിങ്ങൾക്ക് എഴുതിയിരിക്കുന്നു. ബാ
ല്യക്കാരേ, നിങ്ങൾ ശക്തരാകയാലും
ദൈവവചനം നിങ്ങളിൽ വസിക്ക
യാലും നിങ്ങൾ ദുഷ്ടനെ ജയിച്ചി
രിക്കയാലും[w] ഞാൻ നിങ്ങൾക്ക്
എഴുതിയിരിക്കുന്നു. **15** ലോകത്തെ
യും ലോകത്തിലുള്ളതിനെയും

[w] എഫെ.6:10; (1യോഹ.5:4,5) [x] യോഹ.14:7
14.[v] (വാ.13കാ.) [w] (വാ.13 കാ.)

സ്നേഹിക്കരുത്.[y] ഒരുവൻ ലോക
ത്തെ സ്നേഹിക്കുന്നു എങ്കിൽ അവ
നിൽ പിതാവിന്റെ സ്നേഹം ഇല്ല.[z]
16 ജഡമോഹം,[a] കൺമോഹം,[b]
ജീവനത്തിന്റെ പ്രതാപം ഇങ്ങനെ
ലോകത്തിലുള്ളത് എല്ലാം പിതാ
വിൽനിന്നല്ല, ലോകത്തിൽനിന്നത്രേ
ആകുന്നു. 17 ലോകവും അതിന്റെ
മോഹവും ഒഴിഞ്ഞുപോകുന്നു;[c]
ദൈവേഷ്ടം ചെയ്യുന്നവനോ എന്നേ
ക്കും ഇരിക്കുന്നു.

18 കുഞ്ഞുങ്ങളേ, ഇത് അന്ത്യ
നാഴിക ആകുന്നു;[d] എതിർക്രിസ്തു
വരുന്നു[e] എന്നു നിങ്ങൾ കേട്ടിട്ടുണ്ട
ല്ലോ. ഇപ്പോൾ അനേകം എതിർക്രി
സ്തുക്കൾ[f] എഴുന്നേറ്റിരിക്കയാൽ
അന്ത്യനാഴിക ആകുന്നു എന്നു
നമുക്ക് അറിയാം.[g] 19 അവർ നമ്മു
ടെ ഇടയിൽനിന്നു പുറപ്പെട്ടു എങ്കി
ലും നമുക്കുള്ളവർ ആയിരുന്നില്ല;[h]
അവർ നമുക്കുള്ളവർ ആയിരുന്നു
എങ്കിൽ നമ്മോടുകൂടെ പാർക്കുമാ
യിരുന്നു;[i] എന്നാൽ എല്ലാവരും നമു
ക്കുള്ളവരല്ല എന്നു പ്രസിദ്ധമാകേ
ണ്ടതല്ലോ.[j] 20 നിങ്ങളോ പരിശുദ്ധ
നാൽ[k] അഭിഷേകം പ്രാപിച്ചു[l] സക
ലവും അറിയുന്നു.[m] 21 നിങ്ങൾ
സത്യം അറിയായ്കകൊണ്ടല്ല, നി
ങ്ങൾ അത് അറികയാലും ഭോഷ്ക്
ഒന്നും സത്യത്തിൽനിന്നു വരായ്ക
യാലുമത്രേ ഞാൻ നിങ്ങൾക്ക് എ
ഴുതിയിരിക്കുന്നത്. 22 യേശുവിനെ
ക്രിസ്തുവല്ല എന്നു നിഷേധിക്കു
ന്നവൻ[n] അല്ലാതെ കള്ളൻ ആർ
ആകുന്നു? പിതാവിനെയും പുത്ര
നെയും നിഷേധിക്കുന്നവൻതന്നെ
എതിർക്രിസ്തു[o] ആകുന്നു. 23 പു
ത്രനെ നിഷേധിക്കുന്നവനു പിതാവു
മില്ല;[p] പുത്രനെ സ്വീകരിക്കുന്നവന്
പിതാവും ഉണ്ട്. 24 നിങ്ങൾ ആദി
മുതൽ കേട്ടത്[q] നിങ്ങളിൽ വസിക്ക
ട്ടെ. ആദിമുതൽ കേട്ടതു നിങ്ങളിൽ
വസിക്കുന്നു എങ്കിൽ നിങ്ങൾ പു
ത്രനിലും പിതാവിലും വസിക്കും.[r]
25 ഇതാകുന്നു അവൻ നമുക്കു തന്ന
വാഗ്ദത്തം: നിത്യജീവൻ തന്നെ.[s]

15.[y] *(റോമ.12:2; 2തിമൊ.4:10)* [z] *യാക്കോ.4:4*
16.[a] *റോമ.13:14; എഫെ.2:3; 1പത്രൊ.4:2; 2പത്രൊ.2:18* [b] *സഭാ.4:8;5:11*
17.[c] *1കൊരി.7:31*
18.[d] *(2തിമൊ.3:1; യാക്കോ.5:3; 2പത്രൊ.3:4; യൂദാ.18)* [e] *1യോഹ.2:22; 4:3; 2യോഹ.7; (മത്താ.24:5,24)* [f] *(1യോഹ.4:1; മത്താ.24:5)* [g] *1തിമൊ.4:1*
19.[h] *ആവ.13:13; അപ്പൊ.പ്ര.20:30* [i] *യോഹ.17:12* [j] *1കൊരി.11:19*
20.[k] *മർക്കൊ.1:24* [l] *1യോഹ.2:27; (2കൊരി.1:21)* [m] *1യോഹ.2:27; സദൃ.28:5; (മത്താ.13:11); യോഹ.14:26*
22.[n] *1യോഹ.4:3; 2 യോഹ.7* [o] *(1യോഹ.4:1; മത്താ.24:5)*
23.[p] *1യോഹ.4:15; 5:1; 2യോഹ.9*
24.[q] *1യോഹ.3:11; 2യോഹ.6* [r] *(യോഹ.14:23); 1യോഹ.1:3*
25.[s] *യോഹ.17:2*

26 നിങ്ങളെ തെറ്റിക്കുന്നവരെ[t]
ഓർത്തു ഞാൻ ഇതു നിങ്ങൾക്ക്
എഴുതിയിരിക്കുന്നു. 27 അവനാൽ
പ്രാപിച്ച അഭിഷേകം നിങ്ങളിൽ വ
സിക്കുന്നു;[u] ആരും നിങ്ങളെ ഉപ
ദേശിപ്പാൻ ആവശ്യമില്ല;[v] അവന്റെ
അഭിഷേകം തന്നെ നിങ്ങൾക്കു
സകലവും ഉപദേശിച്ചുതരികയാലും
അതു ഭോഷ്കല്ല സത്യംതന്നെ
ആയിരിക്കയാലും[w] അതു നിങ്ങളെ
ഉപദേശിച്ചതുപോലെ നിങ്ങൾ അ
വനിൽ വസിപ്പിൻ. 28 ഇനിയും
കുഞ്ഞുങ്ങളേ, അവൻ പ്രത്യക്ഷ
നാകുമ്പോൾ[x] നാം അവന്റെ സന്നി
ധിയിൽ ലജ്ജിച്ചുപോകാതെ അവ
ന്റെ പ്രത്യക്ഷതയിൽ[y] നമുക്കു
ധൈര്യം ഉണ്ടാകേണ്ടതിന്[z] അവ
നിൽ വസിപ്പിൻ. 29 അവൻ നീതി
മാൻ[a] എന്നു നിങ്ങൾ ഗ്രഹിച്ചിരി
ക്കുന്നു എങ്കിൽ നീതി ചെയ്യുന്നവ
നൊക്കെയും അവനിൽനിന്നു ജനി
ച്ചിരിക്കുന്നു[b] എന്നു നിങ്ങൾ അ
റിയുന്നു.

26.[t] *1യോഹ.3:7; 2യോഹ.7*
27.[u] *1യോഹ.2:20* [v] *യിരെ.31:34; എബ്രാ.8:11* [w] *യോഹ.14:17*
28.[x] *1യോഹ.3:2; (കൊലൊ.3:4)* [y] *1തെസ്സ.2:19* [z] *1യോഹ.3:21; 4:17;5:14*
29.[a] *1യോഹ.3:7*

✵ ✵ ✵

***1. ദൈവം നമ്മോടു കാണിക്കുന്ന മഹാസ്നേഹത്തെക്കുറിച്ച് 3. അതുകൊണ്ടു നാം വണക്കത്തോടെ അവന്റെ കല്പനകളെ പ്രമാണിക്കയും 11. തമ്മിൽ തമ്മിൽ സ്നേഹിക്കയും ചെയ്യേണ്ടതാകുന്നു എന്ന്.***

**3** കാൺമിൻ, നാം ദൈവമക്കൾ[a]
എന്നു വിളിക്കപ്പെടുവാൻ പി
താവ് നമുക്ക് എത്ര വലിയ സ്നേഹം
നല്കിയിരിക്കുന്നു;[b] അങ്ങനെതന്നെ
നാം ആകുന്നു. ലോകം അവനെ
അറിഞ്ഞിട്ടില്ലായ്കകൊണ്ടു[c] നമ്മെ
യും അറിയുന്നില്ല.[d] 2 പ്രിയമുള്ള
വരേ, നാം ഇപ്പോൾ[e] ദൈവമക്കൾ[a]
ആകുന്നു. നാം ഇന്നത് ആകും
എന്ന് ഇതുവരെ പ്രത്യക്ഷമായില്ല.[f]

[b] *1യോഹ.3:9;4:7;5:1,4,18; 3യോഹ.11*

അധ്യായം 3

1.[a] *യോഹ.1:12* [b] *1യോഹ.4:10; യോഹ.3:16* [c] *യോഹ.16:3;17:25* [d] *(1യോഹ.4:17)* 2.[e] *റോമ.8:15; ഗലാ.3:26; എഫെ.1:5* [a] *(വാ.1 കാ.)* [f] *(റോമ.8:18; 2കൊരി.4:17)*

അവൻ പ്രത്യക്ഷനാകുമ്പോൾ[g]
നാം അവനെ താൻ ഇരിക്കുംപോ
ലെതന്നെ കാണുന്നതാക[h]കൊണ്ട്
അവനോടു സദൃശന്മാർ ആകും[i]
എന്നു നാം അറിയുന്നു. 3 അവ
നിൽ[j] ഈ പ്രത്യാശയുള്ളവൻ എ
ല്ലാം അവൻ നിർമ്മലനായിരിക്കു
ന്നതുപോലെ തന്നെത്തന്നെ നിർമ്മ
ലീകരിക്കുന്നു.[k] 4 പാപം ചെയ്യുന്ന
വൻ എല്ലാം അധർമ്മവും ചെയ്യുന്നു;
പാപം അധർമ്മം തന്നെ.[l] 5 പാപ
ങ്ങളെ നീക്കുവാൻ[m] അവൻ പ്രത്യ
ക്ഷനായി[n] എന്നു നിങ്ങൾ അറി
യുന്നു; അവനിൽ പാപം ഇല്ല.[o]
6 അവനിൽ വസിക്കുന്നവൻ ആരും
പാപം ചെയ്യുന്നില്ല, പാപം ചെയ്യു
ന്നവൻ ആരും അവനെ കണ്ടിട്ടില്ല,[p]
അറിഞ്ഞിട്ടുമില്ല. 7 കുഞ്ഞുങ്ങളേ,
ആരും നിങ്ങളെ തെറ്റിക്കരുത്;[q]
അവൻ നീതിമാൻ ആയിരിക്കുന്നതു
പോലെ നീതി ചെയ്യുന്നവൻ നീതി
മാൻ ആകുന്നു.[r] 8 പാപം ചെയ്യു
ന്നവൻ പിശാചിന്റെ മകൻ ആകു
ന്നു.[s] പിശാച് ആദിമുതൽ പാപം
ചെയ്യുന്നുവല്ലോ. പിശാചിന്റെ പ്രവൃ
ത്തികളെ അഴിപ്പാൻ[t]തന്നെ ദൈവ
പുത്രൻ പ്രത്യക്ഷനായി. 9 ദൈവ
ത്തിൽനിന്നു ജനിച്ചവൻ ആരും
പാപം ചെയ്യുന്നില്ല;[u] അവന്റെ വി
ത്ത് അവനിൽ വസിക്കുന്നു; ദൈവ
ത്തിൽനിന്നു ജനിച്ചതിനാൽ അവനു
പാപം ചെയ്‌വാൻ കഴികയുമില്ല.
10 ദൈവത്തിന്റെ മക്കൾ ആരെന്നും
പിശാചിന്റെ മക്കൾ ആരെന്നും
ഇതിനാൽ തെളിയുന്നു; നീതി
പ്രവർത്തിക്കാത്തവൻ ആരും സ
ഹോദരനെ സ്നേഹിക്കാത്ത[v]വ
നും ദൈവത്തിൽനിന്നുള്ളവനല്ല.[w]
11 നിങ്ങൾ ആദിമുതൽ കേട്ട
ദൂത്:[x] നാം അന്യോന്യം സ്നേഹി
ക്കേണം എന്നല്ലോ[y] ആകുന്നു.
12 കയീൻ ദുഷ്ടനിൽ നിന്നുള്ള
വനായി സഹോദരനെ കൊന്നതു
പോലെ അല്ല;[z] അവനെ കൊല്ലു
വാൻ സംഗതി എന്ത്? തന്റെ പ്രവൃ
ത്തി ദോഷവും സഹോദരന്റേതു
നീതിയുമുള്ളതാകകൊണ്ടത്രേ.[a]
13 സഹോദരന്മാരേ, ലോകം
നിങ്ങളെ പകയ്ക്കുന്നു എങ്കിൽ[b]
ആശ്ചര്യപ്പെടരുത്. 14 നാം മരണം
വിട്ടു ജീവനിൽ കടന്നിരിക്കുന്നു[c]
എന്നു സഹോദരന്മാരെ സ്നേഹി
ക്കുന്നതിനാൽ നമുക്ക് അറിയാം.
സ്നേഹിക്കാത്തവൻ മരണത്തിൽ
വസിക്കുന്നു. 15 സഹോദരനെ
പകയ്ക്കുന്നവൻ എല്ലാം കൊല
പാതകൻ ആകുന്നു.[d] യാതൊരു
കൊലപാതകനും നിത്യജീവൻ
ഉള്ളിൽ വസിച്ചിരിപ്പില്ല[e] എന്നു
നിങ്ങൾ അറിയുന്നു. 16 അവൻ
നമുക്കുവേണ്ടി തന്റെ പ്രാണനെ
വച്ചുകൊടുത്തതിനാൽ[f] നാം സ്നേ
ഹം എന്തു എന്ന് അറിഞ്ഞിരിക്കു
ന്നു; നാമും സഹോദരന്മാർക്കു
വേണ്ടി പ്രാണനെ വച്ചുകൊടുക്കേ
ണ്ടതാകുന്നു.[g] 17 എന്നാൽ ഈ
ലോകത്തിലെ വസ്തുവക ഉള്ള
വൻ ആരെങ്കിലും തന്റെ സഹോ
ദരനു മുട്ടുള്ളതു കണ്ടിട്ട്[h] അവ
നോടു മനസ്സലിവു കാണിക്കാ
ഞ്ഞാൽ[i] ദൈവത്തിന്റെ സ്നേഹം
അവനിൽ എങ്ങനെ വസിക്കും?[j]
18 കുഞ്ഞുങ്ങളേ, നാം വാക്കിനാലും
നാവിനാലും അല്ല,[k] പ്രവൃത്തിയി
ലും സത്യത്തിലും[l] തന്നെ സ്നേ
ഹിക്കുക.[k] 19 നാം സത്യത്തിന്റെ
പക്ഷത്തു നില്ക്കുന്നവർ എന്ന്
ഇതിനാൽ അറിയും; 20 ഹൃദയം
നമ്മെ കുറ്റം വിധിക്കുന്നു എങ്കിൽ
ദൈവം നമ്മുടെ ഹൃദയത്തെക്കാൾ
വലിയവനും എല്ലാം അറിയുന്ന
വനും എന്നു നമ്മുടെ ഹൃദയത്തെ
അവന്റെ സന്നിധിയിൽ ഉറപ്പിക്കാം.
21 പ്രിയമുള്ളവരേ, ഹൃദയം നമ്മെ
കുറ്റം വിധിക്കുന്നില്ലെങ്കിൽ[m] നമു
ക്കു ദൈവത്തോടു പ്രാഗല്ഭ്യം
ഉണ്ട്.[n] 22 അവന്റെ കല്പനകളെ
നാം പ്രമാണിച്ച് അവനു പ്രസാദമു
ള്ളതു ചെയ്യുന്നതു[o]കൊണ്ട് എന്തു
യാചിച്ചാലും അവങ്കൽനിന്നു ലഭി
ക്കും.[p] 23 അവന്റെ കല്പനയോ,

2.[g] *1യോഹ.2:28*
[h] *യോഹ.17:24; 1കൊരി.13:12; വെളി.22:4*
[i] *റോമ.8:29; 2കൊരി.3:18;4:11; ഫിലി.3:21; 2പത്രൊ.1:4*
3.[j] *റോമ.15:12*
[k] *2കൊരി.7:1*
4.[l] *(1യോഹ.5:17; റോമ.4:15)*
5.[m] *യോഹ.1:29; (യെശ.53:11,12)*
[n] *എബ്രാ.9:26; 1യോഹ.1:2*
[o] *1പത്രൊ.2:22*
6.[p] *1യോഹ.2:4;4:8; 3 യോഹ.11*
7.[q] *1യോഹ.2:26*
[r] *1യോഹ.2:29*
8.[s] *മത്താ.13:38; യോഹ.8:44*
[t] *എബ്രാ.2:14; (ഉൽപ.3:15; ലൂക്കൊ.10:18; യോഹ.16:11)*
9.[u] *1യോഹ.5:18*
10.[v] *1യോഹ.4:20,21*
[w] *1യോഹ.4:8*
11.[x] *1യോഹ.1:5;2:24*
[y] *യോഹ.13:34*
12.[z] *ഉൽപ.4:4,8; എബ്രാ.11:4; യൂദാ.11*
[a] *സങ്കീ.38:20; സദൃ.29:10*
13.[b] *യോഹ.15:18; 17:14*
14.[c] *യോഹ.5:24*
15.[d] *മത്താ.5:21,22*
[e] *ഗലാ.5:21; വെളി.21:8*
16.[f] *യോഹ.15:13*
[g] *(ഫിലി.2:17)*
17.[h] *യാക്കോ.2:15,16*
[i] *ആവ.15:7*
[j] *(1യോഹ.4:20)*
18.[k] *യെഹെ.33:31; എഫെ.4:15*
[l] *2യോഹ.2; 3 യോഹ.1*
21.[m] *(1കൊരി.4:4)*
[n] *1യോഹ.5:14; (ഇയ്യോ.11:15;22:26; റോമ.14:22)*
22.[o] *യോഹ.8:29* [p] *മത്താ.7:7*

അവന്റെ പുത്രനായ യേശുക്രിസ്തു
വിന്റെ നാമത്തിൽ നാം വിശ്വസി
ക്കയും[q] അവൻ നമുക്കു കല്പന
തന്നതുപോലെ[r] അന്യോന്യം സ്നേ
ഹിക്കയും[s] വേണം എന്നുള്ളതു
തന്നെ. **24** അവന്റെ കല്പനകളെ
പ്രമാണിക്കുന്നവൻ അവനിലും
അവൻ ഇവനിലും വസിക്കുന്നു.[t]
അവൻ നമ്മിൽ വസിക്കുന്നു എന്ന്
അവൻ നമുക്കു തന്ന ആത്മാവിനാൽ
നാം അറിയുന്നു.[u]

❋ ❋ ❋

***1. കള്ള ആത്മാക്കളെയും സത്യ ആത്മാവിനെയും പരിശോധിക്കേണ്ടുന്ന വിധം 7. സഹോദരസ്നേഹത്തിനു പല ന്യായങ്ങൾ കൊണ്ടും പ്രബോധനം ചെയ്യുന്നത്.***

**4** പ്രിയമുള്ളവരേ, കള്ളപ്രവാച
കന്മാർ[a] പലരും[b] ലോകത്തി
ലേക്കു പുറപ്പെട്ടിരിക്കയാൽ[c] ഏത്
ആത്മാവിനെയും വിശ്വസിക്കാതെ[d]
ആത്മാക്കൾ ദൈവത്തിൽനിന്നുള്ള
വയോ എന്നു ശോധന ചെയ്‌വിൻ.[e]
**2** ദൈവാത്മാവിനെ ഇതിനാൽ
അറിയാം; യേശുക്രിസ്തു ജഡ
ത്തിൽ വന്നു[f] എന്നു സ്വീകരിക്കുന്ന
ആത്മാവൊക്കെയും[g] ദൈവത്തിൽ
നിന്നുള്ളത്. **3** യേശുവിനെ സ്വീക
രിക്കാത്ത യാതൊരു ആത്മാവും
ദൈവത്തിൽനിന്നുള്ളതല്ല.[h] അത്
എതിർക്രിസ്തുവിന്റെ ആത്മാവു
തന്നെ; അതു വരും എന്നു നിങ്ങൾ
കേട്ടിട്ടുണ്ടല്ലോ; അത് ഇപ്പോൾത
ന്നെ ലോകത്തിൽ ഉണ്ട്.[i] **4** കു
ഞ്ഞുങ്ങളേ, നിങ്ങൾ ദൈവത്തിൽ
നിന്നുള്ളവർ ആകുന്നു; അവരെ
ജയിച്ചുമിരിക്കുന്നു. നിങ്ങളിലുള്ള
വൻ ലോകത്തിൽ ഉള്ളവനെ[j]ക്കാൾ
വലിയവനല്ലോ.[k] **5** അവർ ലൗകിക
ന്മാർ ആകയാൽ[l] ലൗകികമായതു
സംസാരിക്കുന്നു; ലോകം അവരുടെ
വാക്കു കേൾക്കുന്നു.[m] **6** ഞങ്ങൾ
ദൈവത്തിൽനിന്നുള്ളവരാകുന്നു;
ദൈവത്തെ അറിയുന്നവൻ ഞങ്ങളു
ടെ വാക്കു കേൾക്കുന്നു.[n] ദൈവ
ത്തിൽനിന്നല്ലാത്തവൻ ഞങ്ങളുടെ
വാക്കു കേൾക്കുന്നില്ല. സത്യത്തിന്റെ

23.[q] *യോഹ.6:29; (അപ്പൊ.പ്ര.18:8)*
[r] *(1യോഹ.2:8)*
[s] *1യോഹ.3:11*
24.[t] *(യോഹ.6:56; 14:20;15:4,5;17:21)*
[u] *1യോഹ.4:13; റോമ.8:9*

**അധ്യായം 4**

1.[a] *2പത്രൊ.2:1*
[b] *1യോഹ.2:18*
[c] *2യോഹ.7*
[d] *യിരെ.29:8*
[e] *1തെസ്സ.5:21; (1കൊരി.12:10; 14:29; വെളി.2:2)*
2.[f] *2യോഹ.7*
[g] *(1കൊരി.12:3)*
3.[h] *1യോഹ.2:22; 2യോഹ.7*
[i] *1യോഹ.2:18; (2തെസ്സ.2:3-7)*
4.[j] *(1കൊരി.2:12); യോഹ.12:31*
[k] *റോമ.8:31*
5.[l] *യോഹ.3:31;8:23*
[m] *യോഹ.15:19*
6.[n] *(യോഹ.8:47; 10:16; 18:37; 1കൊരി.14:37)*

ആത്മാവ്[o] ഏത് എന്നും വഞ്ചന
യുടെ ആത്മാവ്[p] ഏത് എന്നും
നമുക്ക് ഇതിനാൽ അറിയാം.
**7** പ്രിയമുള്ളവരേ, നാം അന്യോ
ന്യം സ്നേഹിക്ക;[q] സ്നേഹം ദൈവ
ത്തിൽനിന്നു വരുന്നു. സ്നേഹിക്കു
ന്നവനെല്ലാം ദൈവത്തിൽനിന്നു
ജനിച്ചിരിക്കുന്നു,[r] ദൈവത്തെ അ
റികയും ചെയ്യുന്നു. **8** സ്നേഹി
ക്കാത്തവൻ ദൈവത്തെ അറിഞ്ഞി
ട്ടില്ല;[s] ദൈവം സ്നേഹം തന്നെ.[t]
**9** ദൈവം തന്റെ ഏകജാതനായ
പുത്രനെ നാം അവനാൽ ജീവിക്കേ
ണ്ടതിനു ലോകത്തിലേക്ക് അയച്ചു[u]
എന്നുള്ളതിനാൽ ദൈവത്തിനു
നമ്മോടുള്ള സ്നേഹം പ്രത്യക്ഷ
മായി. **10** നാം ദൈവത്തെ സ്നേ
ഹിച്ചതല്ല,[v] അവൻ നമ്മെ സ്നേഹി
ച്ചു[u] തന്റെ പുത്രനെ നമ്മുടെ പാ
പങ്ങൾക്കു പ്രായശ്ചിത്തം[w] ആകു
വാൻ അയച്ചതുതന്നെ സാക്ഷാൽ
സ്നേഹം ആകുന്നു. **11** പ്രിയമു
ള്ളവരേ, ദൈവം നമ്മെ ഇങ്ങനെ
സ്നേഹിച്ചു എങ്കിൽ നാമും അ
ന്യോന്യം സ്നേഹിക്കേണ്ടതാകു
ന്നു. **12** ദൈവത്തെ ആരും ഒരു
നാളും കണ്ടിട്ടില്ല.[x] നാം അന്യോന്യം
സ്നേഹിക്കുന്നു എങ്കിൽ ദൈവം
നമ്മിൽ വസിക്കുന്നു; അവന്റെ
സ്നേഹം നമ്മിൽ തികഞ്ഞുമിരി
ക്കുന്നു.[y] **13** നാം അവനിലും അ
വൻ നമ്മിലും വസിക്കുന്നു എന്ന്
അവൻ തന്റെ ആത്മാവിനെ തന്ന
തിനാൽ നാം അറിയുന്നു.[z] **14** പി
താവ് പുത്രനെ[a] ലോക[b]രക്ഷിതാ
വായിട്ട് അയച്ചിരിക്കുന്നു[a] എന്നു
ഞങ്ങൾ കണ്ടു സാക്ഷ്യം പറയു
ന്നു.[c] **15** യേശു ദൈവപുത്രൻ എ
ന്നു സ്വീകരിക്കുന്നവനിൽ ദൈവവും
അവൻ ദൈവത്തിലും വസിക്കു
ന്നു.[d] **16** ഇങ്ങനെ ദൈവത്തിനു
നമ്മോടുള്ള സ്നേഹത്തെ നാം
അറിഞ്ഞും വിശ്വസിച്ചുമിരിക്കുന്നു.[e]

[o] *യോഹ.14:16; 15:26;16:13*
[p] *(1കൊരി.2:12; 1തിമൊ.4:1)*
7.[q] *1യോഹ.3:11*
[r] *1യോഹ.2:29*
8.[s] *1യോഹ.3:10*
[t] *1യോഹ.4:16; 2കൊരി.13:11; (1യോഹ.1:5; യോഹ.4:24)*
9.[u] *യോഹ.3:16*
10.[v] *റോമ.5:8,10*
[u] *(വാ.9 കാ.)*
[w] *1യോഹ.2:2*
12.[x] *1യോഹ.4:20; യോഹ.1:18; 1തിമൊ.6:16* [y] *1യോഹ.2:5* 13.[z] *1യോഹ.3:24*
14.[a] *യോഹ.3:17* [b] *1യോഹ.2:2* [c] *1യോഹ.1:1,2*
15.[d] *1യോഹ.5:5; (റോമ.10:9); മത്താ.14:33*
16.[e] *യോഹ.6:69*

ദൈവം സ്നേഹം തന്നെ;[f] സ്നേഹ
ത്തിൽ വസിക്കുന്നവൻ ദൈവ
ത്തിൽ വസിക്കുന്നു; ദൈവം അവ
നിലും വസിക്കുന്നു.[g] **17** ന്യായവി
ധിദിവസത്തിൽ നമുക്കു ധൈര്യം
ഉണ്ടാവാൻ തക്കവണ്ണം[h] ഇതിനാൽ
സ്നേഹം നമ്മോടു തികഞ്ഞിരി
ക്കുന്നു.[i] അവൻ ഇരിക്കുന്നതുപോ
ലെ ഈ ലോകത്തിൽ നാമും ഇ
രിക്കുന്നു.[j] **18** സ്നേഹത്തിൽ ഭയ
മില്ല; ഭയത്തിനു ദണ്ഡനം ഉള്ളതി
നാൽ തികഞ്ഞ സ്നേഹം ഭയത്തെ
പുറത്താക്കിക്കളയുന്നു;[k] ഭയപ്പെടു
ന്നവൻ സ്നേഹത്തിൽ തികഞ്ഞ[i]
വനല്ല. **19** അവൻ ആദ്യം നമ്മെ
സ്നേഹിച്ചതുകൊണ്ടു നാം സ്നേ
ഹിക്കുന്നു.[l] **20** ഞാൻ ദൈവത്തെ
സ്നേഹിക്കുന്നു എന്നു പറകയും[m]
തന്റെ സഹോദരനെ പകയ്ക്കയും[n]
ചെയ്യുന്നവൻ കള്ളനാകുന്നു. താൻ
കണ്ടിട്ടുള്ള സഹോദരനെ സ്നേ
ഹിക്കാത്തവനു കണ്ടിട്ടില്ലാത്ത[o]
ദൈവത്തെ സ്നേഹിപ്പാൻ കഴിയു
ന്നതല്ല. **21** ദൈവത്തെ സ്നേഹി
ക്കുന്നവൻ[p] സഹോദരനെയും സ്നേ
ഹിക്കേണം എന്നീ കല്പന നമുക്ക്
അവങ്കൽനിന്നു ലഭിച്ചിരിക്കുന്നു.[q]

❋ ❋ ❋

***1. വിശ്വാസത്താൽ ജയം 6. വിശ്വാസികൾക്കു കിട്ടിയ ദൈവസാക്ഷ്യം 9. യേശു നമ്മെ രക്ഷിക്കുവാനും നമുക്കുവേണ്ടിയും മറ്റുള്ളവർക്കുവേണ്ടിയും നാം ചെയ്യുന്ന നമ്മുടെ പ്രാർഥനകളെ കേൾക്കുവാനും പ്രാപ്തനായ ദൈവപുത്രനാകുന്നു എന്നുള്ളത്.***

**5** യേശുവിനെ ക്രിസ്തു[a] എന്നു
വിശ്വസിക്കുന്നവൻ എല്ലാം[b]
ദൈവത്തിൽനിന്നു ജനിച്ചിരിക്കു
ന്നു.[c] ജനിപ്പിച്ചവനെ സ്നേഹിക്കു
ന്നവൻ എല്ലാം അവനിൽനിന്നു
ജനിച്ചവനെയും സ്നേഹിക്കുന്നു.[d]
**2** നാം ദൈവത്തെ സ്നേഹിച്ച്
അവന്റെ കല്പനകളെ അനുസ
രിച്ചു നടക്കുമ്പോൾ ദൈവമക്കളെ
സ്നേഹിക്കുന്നു എന്ന് അതിനാൽ
അറിയാം.[e] **3** അവന്റെ കല്പനക
ളെ പ്രമാണിക്കുന്നതല്ലോ[f] ദൈവ
ത്തോടുള്ള സ്നേഹം;[g] അവന്റെ
കല്പനകൾ ഭാരമുള്ളവയല്ല.[h]
**4** ദൈവത്തിൽനിന്നു ജനിച്ചതൊ
ക്കെയും ലോകത്തെ ജയിക്കുന്നു;[i]
ലോകത്തെ ജയിച്ച ജയമോ നമ്മുടെ
വിശ്വാസം[j] തന്നെ. **5** യേശു ദൈവ
പുത്രൻ എന്നു[k] വിശ്വസിക്കുന്ന
വൻ അല്ലാതെ ആരാകുന്നു ലോക
ത്തെ ജയിക്കുന്നവൻ? **6** ജലത്താ
ലും രക്തത്താലും[l] വന്നവൻ ഇവൻ
ആകുന്നു: യേശുക്രിസ്തു തന്നെ;
ജലത്താൽ മാത്രമല്ല, ജലത്താലും
രക്തത്താലും തന്നെ. **7** ആത്മാവു
സാക്ഷ്യം[m] പറയുന്നു; ആത്മാവു
സത്യമല്ലോ.[n] **8** സാക്ഷ്യം പറയു
ന്നവർ മൂവർ ഉണ്ട്: ആത്മാവ്,
ജലം, രക്തം; ഈ മൂന്നിന്റെയും
സാക്ഷ്യം ഒന്നുതന്നെ. **9** നാം മനു
ഷ്യരുടെ സാക്ഷ്യം കൈക്കൊള്ളു
ന്നു എങ്കിൽ ദൈവത്തിന്റെ സാ
ക്ഷ്യം അതിലും വലുതാകുന്നു.[o]
ദൈവത്തിന്റെ സാക്ഷ്യമോ അവൻ
തന്റെ പുത്രനെക്കുറിച്ചു സാക്ഷീക
രിച്ചിരിക്കുന്നതുതന്നെ.[p] **10** ദൈവ
പുത്രനിൽ വിശ്വസിക്കുന്നവന്
ഉള്ളിൽ ആ സാക്ഷ്യം ഉണ്ട്.[q]
ദൈവത്തെ വിശ്വസിക്കാത്തവൻ
ദൈവം തന്റെ പുത്രനെക്കുറിച്ചു
പറഞ്ഞ സാക്ഷ്യം വിശ്വസിക്കാ
യ്കയാൽ[r] അവനെ അസത്യവാ
ദിയാക്കുന്നു.[s] **11** ആ സാക്ഷ്യമോ
ദൈവം നമുക്കു നിത്യജീവൻ[t] തന്നു;
ആ ജീവൻ അവന്റെ പുത്രനിൽ
ഉണ്ട്[u] എന്നുള്ളതുതന്നെ. **12** പുത്ര
നുള്ളവനു ജീവൻ ഉണ്ട്;[v] ദൈവ
പുത്രനില്ലാത്തവന് ജീവൻ ഇല്ല.
**13** ദൈവപുത്രന്റെ നാമത്തിൽ
വിശ്വസിക്കുന്ന[w] നിങ്ങൾക്കു ഞാൻ
ഇത് എഴുതിയിരിക്കുന്നതു നിങ്ങൾ
ക്കു നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ
അറിയേണ്ടതിനു[x] തന്നെ. **14** അവ
ന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കി
ലും അപേക്ഷിച്ചാൽ അവൻ നമ്മുടെ
അപേക്ഷ കേൾക്കുന്നു[y] എന്നുള്ളതു

16.[f] *1യോഹ.4:8*
[g] *1യോഹ.4:12;3:24*
17.[h] *1യോഹ.2:28; 3:21*
[i] *(1യോഹ.2:5)*
[j] *1യോഹ.3:1*
18.[k] *(യോഹ.3:18; റോമ.8:15)*
[i] *(വാ.17 കാ.)*
19.[l] *1യോഹ.4:10*
20.[m] *1യോഹ.2:4; 3:17*
[n] *1യോഹ.2:9,11*
[o] *1യോഹ.4:12; (1പത്രൊ.1:8,9)*
21.[p] *1യോഹ.4:7; 3:11*
[q] *ഗലാ.6:2*

**അധ്യായം 5**

1.[a] *1യോഹ.2:22*
[b] *യോഹ.1:12*
[c] *യോഹ.1:12*
[d] *യോഹ.8:42*
2.[e] *1യോഹ.2:5; 3:24;4:13*
3.[f] *1യോഹ.2:3*
[g] *2യോഹ.6; യോഹ.14:15*
[h] *മത്താ.11:30*
4.[i] *1യോഹ.3:9;4:4; യോഹ.16:33*
[j] *(1കൊരി.15:57; എഫെ.6:16)*
5.[k] *1യോഹ.4:15*
6.[l] *യോഹ.19:34; (1യോഹ.5:8)*
7.[m] *യോഹ.15:26; (അപ്പൊ.പ്ര.5:32)*
[n] *യോഹ.14:16; 15:26; 16:13*
9.[o] *യോഹ.5:34, 36,37;8:17,18*
[p] *മത്താ.3:17*
10.[q] *(റോമ.8:16; ഗലാ.4:6; വെളി.12:17;19:10)*
[r] *(യോഹ.3:18)*
[s] *1യോഹ.1:10; (യോഹ.3:33)*
11.[t] *1യോഹ.2:25; (1യോഹ.4:9)*

[u] *യോഹ.1:4* 12.[v] *(യോഹ.3:15,36;5:24;6:40,47)*
13.[w] *യോഹ.1:12* [x] *യോഹ.20:31* 14.[y] *1യോഹ.3:22; (സദൃ.10:24)*

നമുക്ക് അവനോടുള്ള ധൈര്യം[z]
ആകുന്നു. **15** നാം എന്ത് അപേ
ക്ഷിച്ചാലും അവൻ നമ്മുടെ അപേ
ക്ഷ കേൾക്കുന്നു എന്നറിയുന്നുവെ
ങ്കിൽ അവനോടു കഴിച്ച അപേക്ഷ
നമുക്കു ലഭിച്ചു എന്നും അറിയുന്നു.
**16** സഹോദരൻ മരണത്തിനല്ലാത്ത
പാപം ചെയ്യുന്നത് ആരെങ്കിലും ക
ണ്ടാൽ അപേക്ഷിക്കാം; ദൈവം
അവനു ജീവനെ കൊടുക്കും;[a] മര
ണത്തിനല്ലാത്ത പാപം ചെയ്യുന്ന
വർക്കുതന്നെ; മരണത്തിനുള്ള
പാപം ഉണ്ട്;[b] അതിനെക്കുറിച്ച്
അപേക്ഷിക്കേണം എന്നു ഞാൻ
പറയുന്നില്ല.[c] **17** ഏത് അനീതിയും
പാപം ആകുന്നു;[d] മരണത്തിനല്ലാ
ത്ത പാപം ഉണ്ടുതാനും.

**18** ദൈവത്തിൽനിന്നു ജനിച്ചി
രിക്കുന്നവൻ ആരും പാപം ചെയ്യു
ന്നില്ല[e] എന്നും നാം അറിയുന്നു;
ദൈവത്തിൽനിന്നു ജനിച്ചവൻ[f]
തന്നെത്താൻ[g] സൂക്ഷിക്കുന്നു;[h]
ദുഷ്ടൻ അവനെ തൊടുന്നതുമില്ല.
**19** നാം ദൈവത്തിൽനിന്നുള്ളവർ
എന്നു നാം അറിയുന്നു. സർവലോ
കവും ദുഷ്ടന്റെ അധീനതയിൽ
കിടക്കുന്നു.[i] **20** ദൈവപുത്രൻ
വന്നു എന്നും സത്യദൈവത്തെ[j]
അറിവാൻ നമുക്കു വിവേകം തന്നു[k]
എന്നും നാം അറിയുന്നു; നാം
സത്യദൈവത്തിൽ അവന്റെ പുത്ര
നായ യേശുക്രിസ്തുവിൽ തന്നെ
ആകുന്നു. അവൻ സത്യദൈവവും
നിത്യജീവനും[l] ആകുന്നു. **21** കു
ഞ്ഞുങ്ങളേ, വിഗ്രഹങ്ങളോട് അ
കന്നു സൂക്ഷിച്ചുകൊൾവിൻ.[m]

❋ ❋ ❋

z *1യോഹ.2:28; 3:21;4:17*
16.a *(ഇയ്യോ.42:8; യാക്കോ.5:15)*
b *മത്താ.12:31,32; മർക്കൊ.3:29; ലൂക്കൊ.12:10; എബ്രാ.6:4-6; 10:26*
c *(യിരെ.7:16;14:11)*
17.d *(1യോഹ.3:4)*
18.e *1യോഹ.3:9*
f *യോഹ.1:18*
g *യാക്കോ.1:27*
h *യോഹ.17:12*
19.i *(ലൂക്കൊ.4:6; ഗലാ.1:3)*
20.j *യോഹ.17:3; വെളി.3:7*
k *(ലൂക്കൊ.24:45)*
l *1യോഹ.5:11-13* 21.m *1കൊരി.10:7,14*

## സ്നേഹം

പഴയനിയമത്തിൽ സ്നേഹത്തിനു പല അർഥങ്ങളുണ്ട്. പഴയനിയമത്തിലെ ചില കഥകളിൽ കുടുംബാംഗങ്ങൾ തമ്മിലും (ഉൽപ. 25:27, 28; രൂത്ത് 1:1-18) പുരുഷനും സ്ത്രീയും തമ്മിലും (ഉൽപ. 24:67; 29:20; ഉത്ത. 1-8) ചില കഥകളിൽ സ്നേഹിതർ തമ്മിലും (2 ശമൂ. 1:26) മറ്റു ചിലവയിൽ ദാസരും യജമാനന്മാരും തമ്മിലും (ആവ. 15:16,17) ഉള്ള സ്നേഹബന്ധം ഈ വാക്കുകൊണ്ടു പ്രകടിപ്പിക്കുന്നു. എല്ലാറ്റിലും ഉപരി യിസ്രായേൽജനത ദൈവത്തെയും (ആവ. 6:5) സ്നേഹിതരും ബന്ധുക്കളും ഉൾപ്പെടെയുള്ള അയൽക്കാരെയും (ലേവ്യാ. 19:18) ദേശത്തുള്ള പരദേശികളെയും (ആവ. 10:17-19) സ്നേഹിക്കണമായിരുന്നു. പിൽക്കാലത്ത് പ്രവാചകന്മാരും കവികളും ദൈവത്തിനു ജനത്തോടുള്ള സ്നേഹത്തെ ഭർത്താവും ഭാര്യയും തമ്മിലുള്ള സ്നേഹത്തോടു താരതമ്യപ്പെടുത്തിയിട്ടുണ്ട്. ഉത്തമഗീതത്തിൽ വിവരിക്കുന്ന പ്രിയനും പ്രിയയും തമ്മിലുള്ള സ്നേഹം, തന്റെ ജനത്തോടു ദൈവത്തിനുള്ള അതിരറ്റ സ്നേഹത്തെ പ്രതിഫലിപ്പിക്കുന്നതായിട്ടാണു മനസിലാക്കിയിട്ടുള്ളത്. ഹോശേ. 2 ൽ യിസ്രായേൽ ദൈവത്തെ അനുസരിക്കുന്നതിലുള്ള പരാജയം, ഒരു ഭാര്യ ഭർത്താവിനോട് അവിശ്വസ്തത കാണിക്കുന്നതിനു തുല്യമായി വിവക്ഷിക്കുന്നു; ഈ തകർന്ന ബന്ധം പുനഃസ്ഥാപിക്കുന്നതിനു ദൈവംതന്നെ മുൻകൈയെടുത്തു പ്രവർത്തിക്കുന്നു (ഹോശേ. 3). ഒരു പിതാവിനു കുഞ്ഞിനോടുള്ള സ്നേഹത്തെ ദൈവസ്നേഹവുമായി ഹോശേ. 11 ൽ താരതമ്യപ്പെടുത്തുന്നു. യെശ. 49 ൽ ദൈവത്തിനു തന്റെ ജനത്തോടുള്ള സ്നേഹത്തെ ഒരു മാതാവിനു കുഞ്ഞിനോടുള്ള സ്നേഹത്തോടു തുലനം ചെയ്യുന്നു.

പുതിയനിയമത്തിൽ സ്നേഹത്തിന് ഏറ്റവും കൂടുതൽ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുപദം *അഗാപേ* ആണ്. സ്വയം പരിത്യജിക്കുന്ന സ്നേഹം; അതാണ് ദൈവിക സ്നേഹം. സ്നേഹം എന്നു തർജമ ചെയ്യപ്പെടുന്ന വേറെ രണ്ടു ഗ്രീക്കുപദങ്ങൾ കൂടെയുണ്ട്. *ഫിലെഓ* എന്ന പദത്തിന് സഖിത്വം, കുടുംബാംഗങ്ങൾ തമ്മിലുള്ള സ്നേഹം എന്നീ അർഥങ്ങളുണ്ട് (മത്താ. 10:37). മറ്റൊരു പദം *എറൊസ്* ആണ്. ഇത് ലൈംഗിക ബന്ധത്തെക്കുറിക്കുന്നു. ഈ പദം പുതിയനിയമത്തിൽ ഉപയോഗിച്ചിട്ടില്ല. പഴയനിയമത്തിലും പുതിയനിയമത്തിലും ദൈവത്തെയും അയൽക്കാരെയും ശത്രുക്കളെയും സ്നേഹിക്കണം എന്നുള്ള കല്പനയാണു കാണുന്നത്. അതു സ്വയം പരിത്യജിക്കുന്ന ദൈവികസ്നേഹമാണ്. ആ സ്നേഹമാണ് ദൈവം യേശുക്രിസ്തുവിൽ നമുക്കു നല്കിയിരിക്കുന്നത്.

# THE SECOND EPISTLE OF JOHN
# യോഹന്നാൻ എഴുതിയ രണ്ടാം ലേഖനം

## മുഖവുര

യോഹന്നാൻ എന്ന 'മൂപ്പനാൽ' ഒരു സ്ത്രീക്കും അവളുടെ മക്കൾക്കുംവേണ്ടി എഴുതപ്പെട്ടതാണ് യോഹന്നാന്റെ രണ്ടാം ലേഖനം. ഇത് അർഥമാക്കുന്നത് ഒരു പ്രാദേശിക സഭയെയും അതിലെ അംഗങ്ങളെയുമായിരിക്കും. ഇതിന്റെ ദൂത് തമ്മിൽതമ്മിൽ സ്നേഹിക്കുവാനുള്ള അപേക്ഷയും ദുരുപദേശകന്മാരുടെ ദുരുപദേശത്തിനെതിരെയുമുള്ള മുന്നറിയിപ്പുമാണ്.

***സഭയെ വിശ്വാസത്തിലും സ്നേഹത്തിലും നിലനിൽപാൻ പ്രബോധിപ്പിക്കുന്നത്.***

**ന**മ്മിൽ വസിക്കുന്നതും നമ്മോടു
കൂടെ എന്നേക്കും ഇരിക്കുന്നതുമായ
സത്യം നിമിത്തം[a] ഞാൻ മാത്രമല്ല,
**2** സത്യത്തെ[b] അറിഞ്ഞി[c]രിക്കു
ന്നവർ എല്ലാവരും സത്യത്തിൽ
സ്നേഹിക്കുന്ന[d] മാന്യ നായിക
യാർക്കും മക്കൾക്കും മൂപ്പനായ[e]
ഞാൻ എഴുതുന്നത്: **3** പിതാവായ
ദൈവത്തിങ്കൽനിന്നും പിതാവിന്റെ
പുത്രനായ യേശുക്രിസ്തുവിങ്കൽ
നിന്നും സ്നേഹത്തിലും സത്യത്തി
ലും കൃപയും കനിവും സമാധാന
വും നമ്മോടുകൂടെ ഇരിക്കുമാറാ
കട്ടെ.[f]
**4** നമുക്കു പിതാവിങ്കൽനിന്നു
കല്പന ലഭിച്ചതുപോലെ അവിട
ത്തെ മക്കളിൽ ചിലർ സത്യത്തിൽ
നടക്കുന്നതു ഞാൻ കണ്ട് അത്യന്തം
സന്തോഷിച്ചു.[g] **5** ഇനി നായിക
യാരേ, നാം അന്യോന്യം സ്നേഹി
ക്കേണം എന്നു[h] പുതിയ കല്പന
യായിട്ടല്ല,[i] ആദിമുതൽ നമുക്ക്
ഉള്ളതായിട്ടുതന്നെ ഞാൻ അവിട
ത്തേക്ക് എഴുതി അപേക്ഷിക്കുന്നു.
**6** നാം അവന്റെ കല്പനകളെ അനു
സരിച്ച് നടക്കുന്നതുതന്നെ സ്നേഹം
ആകുന്നു.[j] നിങ്ങൾ ആദിമുതൽ
കേട്ടതുപോലെ[k] അനുസരിച്ചു നട
പ്പാനുള്ള കല്പന ഇതത്രേ. **7** യേശു
ക്രിസ്തുവിനെ ജഡത്തിൽ വന്ന
വൻ എന്നു സ്വീകരിക്കാത്ത[l] വഞ്ച
കന്മാർ പലരും[m] ലോകത്തിലേക്കു
പുറപ്പെട്ടിരിക്കുന്നുവല്ലോ.[n] വഞ്ചക
നും എതിർക്രിസ്തുവും ഇങ്ങനെ
യുള്ളവൻ ആകുന്നു.[l] **8** ഞങ്ങ
ളുടെ പ്രയത്നഫലം കളയാതെ[o]
പൂർണപ്രതിഫലം പ്രാപിക്കേണ്ട
തിനു[p] സൂക്ഷിച്ചുകൊൾവിൻ.
**9** ക്രിസ്തുവിന്റെ ഉപദേശത്തിൽ
നിലനില്ക്കാതെ അതിർ കടന്നു
പോകുന്ന[q] ഒരുത്തനും ദൈവം
ഇല്ല;[r] ഉപദേശത്തിൽ നിലനില്ക്കു
ന്നവനോ പിതാവും പുത്രനും
ഉണ്ട്.[r] **10** ഒരുത്തൻ ഈ ഉപദേ
ശവുംകൊണ്ട് അല്ലാതെ നിങ്ങ
ളുടെ അടുക്കൽ വന്നുവെങ്കിൽ
അവനെ വീട്ടിൽ കൈക്കൊള്ള
രുത്;[s] അവനു കുശലം പറകയു
മരുത്. **11** അവനു കുശലം പറയു
ന്നവൻ അവന്റെ ദുഷ്പ്രവൃത്തി
കൾക്കു കൂട്ടാളിയല്ലോ.[t] **12** നി
ങ്ങൾക്ക് എഴുതുവാൻ പലതും
ഉണ്ട്: എങ്കിലും കടലാസിലും മഷി
കൊണ്ടും എഴുതുവാൻ എനിക്കു
മനസ്സില്ല.[u] നിങ്ങളുടെ സന്തോഷം
പൂർണമാകേണ്ടതിനു[v] നിങ്ങളുടെ
അടുക്കൽ വന്നു മുഖാമുഖമായി
സംസാരിപ്പാൻ ആശിക്കുന്നു.[w]
**13** അവിടത്തെ മാന്യസഹോദരി
യുടെ മക്കൾ വന്ദനം ചൊല്ലുന്നു.

***

1.[a] *(1കൊരി 13:6)*
2.[b] *യോഹ.1:17; 14:6; ഗലാ.2:5*
[c] *യോഹ.8:32; (1തിമൊ.2:4; എബ്രാ.10:26)*
[d] *1യോഹ.3:18; 3യോഹ.1*
[e] *3 യോഹ.1; (1പത്രൊ.5:1)*
3.[f] *1തിമൊ.1:2; 2തിമൊ.1:2; (യൂദാ.2)*
4.[g] *3യോഹ.3,4*
5.[h] *1യോഹ.3:11*
[i] *1യോഹ.2:7*
6.[j] *1യോഹ.5:3; (1യോഹ.2:5); യോഹ.14:15*
[k] *1യോഹ.2:24*
7.[l] *1യോഹ.2:22; 4:2,3*
[m] *1യോഹ.2:18,26*
[n] *1യോഹ.4:1*
8.[o] *(ഗലാ.3:4; എബ്രാ.10:35)*
[p] *1കൊരി.3:8*
9.[q] *(3യോഹ.9)*
[r] *1യോഹ.2:23*
10.[s] *(റോമ.16:17; ഗലാ.1.8,9; 2തെസ്സ.3:6,14; തീത്തൊ.3:10)*
11.[t] *(1തിമൊ.5:22)*
12.[u] *3യോഹ.13* [v] *യോഹ.15:11; 17:13; 1യോഹ.1:4*
[w] *3യോഹ.14*

# THE THIRD EPISTLE OF JOHN
# യോഹന്നാൻ എഴുതിയ മൂന്നാം ലേഖനം

## മുഖവുര

യോഹന്നാന്റെ മൂന്നാമത്തെ ലേഖനം ഗായൊസ് എന്നു പറയുന്ന സഭാനേതാവിന് 'മൂപ്പനായ യോഹന്നാൻ' എഴുതിയതാണ്. എഴുത്തുകാരൻ ഗായൊസിനെ പുകഴ്ത്തിയിരിക്കുന്നു. കാരണം മറ്റു ക്രിസ്ത്യാനികൾക്ക് അദ്ദേഹം സഹായം ചെയ്തിരുന്നു. അതുപോലെ തന്നെ ദിയൊത്രെഫേസ് എന്നു പറയുന്ന വ്യക്തിയെക്കുറിച്ചുള്ള മുന്നറിയിപ്പും നൽകിയിട്ടുണ്ട്.

***1. ഗായൊസിന്റെ ദൈവഭക്തിയെക്കുറിച്ചും 5. നേരായുള്ള പ്രസംഗകരോടു അവൻ ചെയ്ത അതിഥിപൂജയെക്കുറിച്ചും പുകഴ്ത്തി 9. ദിയൊത്രെഫേസിന്റെ കുറ്റവും മറ്റും ചൊല്ലി എഴുതുന്നത്.***

**മൂ**പ്പനായ[a] ഞാൻ സത്യത്തിൽ
സ്നേഹിക്കുന്ന[b] പ്രിയ ഗായൊസിന്
എഴുതുന്നത്: **2** പ്രിയനേ, നിന്റെ
ആത്മാവ് ശുഭമായിരിക്കുന്നതുപോ
ലെ നീ സകലത്തിലും ശുഭമായും
സുഖമായും ഇരിക്കേണം എന്നു
ഞാൻ പ്രാർഥിക്കുന്നു. **3** സഹോ
ദരന്മാർ വന്നു, നീ സത്യത്തിൽ നട
ക്കുന്നു എന്ന നിന്റെ സത്യത്തിനു
സാക്ഷ്യം പറകയാൽ ഞാൻ അ
ത്യന്തം സന്തോഷിച്ചു.[c] **4** എന്റെ
മക്കൾ[d] സത്യത്തിൽ നടക്കുന്നു
എന്നു കേൾക്കുന്നതിനെക്കാൾ
വലിയ സന്തോഷം എനിക്കില്ല.

**5** പ്രിയനേ, നീ സഹോദരന്മാർ
ക്കും[e] വിശേഷാൽ അതിഥികൾ
ക്കും[f] വേണ്ടി അധ്വാനിക്കുന്നതിലൊ
ക്കെയും വിശ്വസ്തത കാണിക്കു
ന്നു. **6** അവർ സഭയുടെ മുമ്പാകെ
നിന്റെ സ്നേഹത്തിനു സാക്ഷ്യം
പറഞ്ഞിരിക്കുന്നു; നീ അവരെ
ദൈവത്തിനു യോഗ്യമാകുംവണ്ണം[g]
യാത്ര അയച്ചാൽ നന്നായിരിക്കും.
**7** തിരുനാമം[h] നിമിത്തമല്ലോ അവർ
ജാതികളോട് ഒന്നും വാങ്ങാതെ[i]
പുറപ്പെട്ടത്. **8** ആകയാൽ നാം
സത്യത്തിനു കൂട്ടുവേലക്കാർ ആ
കേണ്ടതിന് ഇങ്ങനെയുള്ളവരെ
സൽക്കരിക്കേണ്ടതാകുന്നു.

1.[a] *2യോഹ.2*
[b] *1യോഹ.3:18; 2യോഹ.2*
3.[c] *2യോഹ.4*
4.[d] *(1കൊരി.4:14,15; ഗലാ.4:19; 1തിമൊ.1:2; 2തിമൊ.1:1; തീത്തൊ.1:4; ഫിലേ.10)*
5.[e] *(ഗലാ.6:10; എബ്രാ.13:1)*
[f] *മത്താ.25:35*
6.[g] *1തെസ്സ.2:11; (കൊലൊ.1:10)*
7.[h] *അപ്പൊ.പ്ര.5:41*
[i] *1കൊരി.9:12,15*

**9** സഭയ്ക്കു ഞാൻ ഒന്നെഴുതിയി
രുന്നു; എങ്കിലും അവരിൽ പ്രധാനി
യാകുവാൻ ആഗ്രഹിക്കുന്ന[j] ദിയൊ
ത്രെഫേസ് ഞങ്ങളെ കൂട്ടാക്കുന്നില്ല.
**10** അതുകൊണ്ട് ഞാൻ വന്നാൽ
അവൻ ഞങ്ങളെ ദുർവാക്കു പറ
ഞ്ഞു ശകാരിച്ചുകൊണ്ടു ചെയ്യുന്ന
പ്രവൃത്തി അവന് ഓർമ വരുത്തും.
അവൻ അങ്ങനെ ചെയ്യുന്നതു
പോരാ എന്നുവച്ചു താൻ സഹോ
ദരന്മാരെ കൈക്കൊള്ളാതിരിക്കു
ന്നതു മാത്രമല്ല, അതിനു മനസ്സുള്ള
വരെ വിരോധിക്കയും സഭയിൽനി
ന്നു പുറത്താക്കുകയും ചെയ്യുന്നു.
**11** പ്രിയനേ, നന്മയല്ലാതെ തിന്മ
അനുകരിക്കരുത്;[k] നന്മ ചെയ്യുന്ന
വൻ ദൈവത്തിൽനിന്നുള്ളവൻ
ആകുന്നു;[l] തിന്മ ചെയ്യുന്നവൻ
ദൈവത്തെ കണ്ടിട്ടില്ല.[m] **12** ദെമേ
ത്രിയൊസിന് എല്ലാവരാലും സത്യ
ത്താൽ തന്നെയും സാക്ഷ്യം ലഭി
ച്ചിട്ടുണ്ട്;[n] ഞങ്ങളും സാക്ഷ്യം പറ
യുന്നു; ഞങ്ങളുടെ സാക്ഷ്യം
സത്യം എന്നു നീ അറിയുന്നു.[o]

**13** എഴുതി അയപ്പാൻ പലതും
ഉണ്ടായിരുന്നു എങ്കിലും മഷിയും
തൂവലുംകൊണ്ട് എഴുതുവാൻ എ
നിക്കു മനസ്സില്ല.[p] **14** വേഗത്തിൽ
നിന്നെ കാൺമാൻ ആശിക്കുന്നു.
അപ്പോൾ നമുക്കു മുഖാമുഖമായി
സംസാരിക്കാം. **15** നിനക്കു സമാ
ധാനം. സ്നേഹിതന്മാർ നിനക്കു
വന്ദനം ചൊല്ലുന്നു. സ്നേഹിത
ന്മാർക്കു പേരുപേരായി[q] വന്ദനം
ചൊല്ലുക.

9.[j] *(2യോഹ.9)*
11.[k] *(സങ്കീ.34:14; 37:27; യെശ.1:16,17)*
[l] *1യോഹ.2:29*
[m] *1യോഹ.3:6*
12.[n] *(1തിമൊ.3:7)*
[o] *യോഹ.21:24*
13.[p] *2യോഹ.12*
15.[q] *യോഹ.10:3*

# THE EPISTLE OF JUDE
# യൂദാ എഴുതിയ ലേഖനം

## മുഖവുര

യൂദായുടെ ലേഖനം വിശ്വാസികൾ എന്നു പറയുന്ന ദുരുപദേശകന്മാർക്ക് എതിരെയുള്ള മുന്നറിയിപ്പാണ്.

***1. വിശ്വാസത്തിൽ സ്ഥിരതയോടെ ഇരിക്കണമെന്നും 4. കള്ള ഉപദേഷ്ടാക്കന്മാരുടെ വ്യാപാരം നിമിത്തമുള്ള ഉപദേശ പ്രബോധനങ്ങൾ.***

യേശുക്രിസ്തുവിന്റെ ദാസനും
യാക്കോബിന്റെ സഹോദരനുമായ
യൂദാ,[a] പിതാവായ ദൈവത്തിൽ
സ്നേഹിക്കപ്പെട്ടും[b] യേശുക്രിസ്തു
വിനായി സൂക്ഷിക്കപ്പെട്ടും[c] ഇരി
ക്കുന്നവരായ വിളിക്കപ്പെട്ടവർക്ക്[d]
എഴുതുന്നത്: **2** നിങ്ങൾക്കു കരുണ
യും[e] സമാധാനവും[f] സ്നേഹവും
വർധിക്കുമാറാകട്ടെ.[e]
**3** പ്രിയരേ, നമുക്കു പൊതുവിലു
ള്ള രക്ഷയെ[g]ക്കുറിച്ച് നിങ്ങൾക്ക്
എഴുതുവാൻ സകല പ്രയത്നവും
ചെയ്കയിൽ വിശുദ്ധന്മാർക്ക് ഒരി
ക്കലായിട്ടു ഭരമേല്പിച്ചിരിക്കുന്ന
വിശ്വാസത്തിനുവേണ്ടി പോരാടേ
ണ്ടതിനു[h] പ്രബോധിപ്പിച്ചെഴുതു
വാൻ ആവശ്യം എന്ന് എനിക്കു
തോന്നി. **4** നമ്മുടെ ദൈവത്തിന്റെ
കൃപയെ[i] ദുഷ്കാമവൃത്തിക്കു ഹേ
തുവാക്കി ഏകനാഥനും നമ്മുടെ
കർത്താവുമായ യേശുക്രിസ്തുവി
നെ നിഷേധിക്കുന്ന[j] അഭക്തരായ
ചില മനുഷ്യർ[k] നുഴഞ്ഞു വന്നിരി
ക്കുന്നു;[l] അവരുടെ ഈ ശിക്ഷാ
വിധി പണ്ടുതന്നെ എഴുതിയിരി
ക്കുന്നു.[m]
**5** നിങ്ങളോ സകലവും ഒരിക്കൽ
അറിഞ്ഞുവെങ്കിലും നിങ്ങളെ ഓർ
പ്പിപ്പാൻ[n] ഞാൻ ഇച്ഛിക്കുന്നതെന്തെ
ന്നാൽ: കർത്താവ് ജനത്തെ മിസ്ര
യീമിൽനിന്നു രക്ഷിച്ചിട്ടും[o] വിശ്വ
സിക്കാത്തവരെ പിന്നത്തേതിൽ ന
ശിപ്പിച്ചു.[p] **6** തങ്ങളുടെ വാഴ്ച
കാത്തുകൊള്ളാതെ സ്വന്തവാസ
സ്ഥലം വിട്ടുപോയ ദൂതന്മാരെ
മഹാദിവസത്തിന്റെ വിധിക്കായി
എന്നേക്കുമുള്ള ചങ്ങലയിട്ട് അന്ധ
കാരത്തിൻകീഴിൽ സൂക്ഷിച്ചിരി
ക്കുന്നു.[q] **7** അതുപോലെ സൊ
ദോമും ഗൊമോറായും[r] ചുറ്റുമുള്ള
പട്ടണങ്ങളും[s] അവർക്കു സമമായി
ദുർന്നടപ്പ് ആചരിച്ച് അന്യജഡം
മോഹിച്ചു നടന്നതിനാൽ[t] നിത്യാ
ഗ്നിയുടെ ശിക്ഷാവിധി സഹിച്ചു
കൊണ്ടു ദൃഷ്ടാന്തമായി കിടക്കു
ന്നു. **8** അങ്ങനെതന്നെ ഇവരും
സ്വപ്നാവസ്ഥയിലായി ജഡത്തെ
മലിനമാക്കുകയും കർത്തൃത്വത്തെ
തുച്ഛീകരിക്കുകയും മഹിമകളെ
ദുഷിക്കയും[u] ചെയ്യുന്നു. **9** എ
ന്നാൽ പ്രധാനദൂതനായ[v] മീഖാ
യേൽ[w] മോശെയുടെ ശരീരത്തെ
ക്കുറിച്ചു[x] പിശാചിനോടു തർക്കി
ച്ചു വാദിക്കുമ്പോൾ ഒരു ദൂഷണ
വിധി ഉച്ചരിപ്പാൻ തുനിയാതെ: കർ
ത്താവു നിന്നെ ഭർത്സിക്കട്ടെ[y] എ
ന്നു പറഞ്ഞതേ ഉള്ളൂ. **10** ഇവരോ
തങ്ങൾ അറിയാത്തത് എല്ലാം ദുഷി
ക്കുന്നു;[z] ബുദ്ധിയില്ലാത്ത മൃഗങ്ങ
ളെപ്പോലെ സ്വാഭാവികമായി ഗ്രഹി
ക്കുന്നവയാലൊക്കെയും തങ്ങളെ
ത്തന്നെ വഷളാക്കുന്നു. **11** അവർ
ക്ക് അയ്യോ കഷ്ടം! അവർ കയീന്റെ
വഴിയിൽ[a] നടക്കയും കൂലി കൊ
തിച്ചു ബിലെയാമിന്റെ വഞ്ചന
യിൽ[b] തങ്ങളെത്തന്നെ ഏല്പി
ക്കയും കോരഹിന്റെ മത്സരത്തിൽ

*1.[a] മർക്കൊ.6:3; ലൂക്കൊ.6:16 [b] 1തെസ്സ.1:4; 2തെസ്സ.2:13 [c] യോഹ.17:11,15; 1തെസ്സ.5:23 [d] റോമ.1:7; 1കൊരി.1:24 2.[e] (2യോഹ.3) [f] 1പത്രൊ.1:2; 2പത്രൊ.1:2 3.[g] തീത്തൊ.1:4 [h] 1തിമൊ.6:12; 2തിമൊ.4:7; (ലൂക്കൊ.13:24; 1കൊരി.9:25; ഫിലി.1:27) 4.[i] അപ്പൊ.പ്ര.11:23 [j] തീത്തൊ.1:16; 2പത്രൊ.2:1; 1യോഹ.2:22 [k] 2പത്രൊ.2:1 [l] (ഗലാ.2:4) [m] 1പത്രൊ.2:8 5.[n] 2പത്രൊ.1:12;3:17 [o] (1കൊരി.10:4,5,9) [p] സംഖ്യാ.14:29,37; 26:64,65; സങ്കീ.106:26; എബ്രാ.3:17 - 19*

*6.[q] 2പത്രൊ.2:4; (വെളി.20:2) 7.[r] ഉൽപ.19:24 [s] ആവ.29:23; ഹോശേ.11:8 [t] 2പത്രൊ.2:9 8.[u] 2പത്രൊ.2:9; (പുറ.22:28) 9.[v] 1തെസ്സ.4:16; (2പത്രൊ.2:11)*

*[w] ദാനീ.10:13;12:1; വെളി.12:7 [x] (ആവ.34:6) [y] സെഖ.3:2 10.[z] 2പത്രൊ.2:12 11.[a] ഉൽപ.4:5 - 8 [b] 2പത്രൊ.2:15*

നശിച്ചുപോകയും[c] ചെയ്യുന്നു. **12** ഇ
വർ നിങ്ങളുടെ സ്നേഹസദ്യക
ളിൽ[d] മറഞ്ഞുകിടക്കുന്ന പാറകൾ;
നിങ്ങളോടുകൂടെ വിരുന്നു കഴി
ഞ്ഞു ഭയം കൂടാതെ നിങ്ങളെത്ത
ന്നെ തീറ്റുന്നവർ[e]; കാറ്റുകൊണ്ട്
ഓടുന്ന[f] വെള്ളമില്ലാത്ത മേഘ
ങ്ങൾ;[g] ഇല കൊഴിഞ്ഞും ഫലമി
ല്ലാതെയും രണ്ടുരു ചത്തും വേര
റ്റും പോയ[h] വൃക്ഷങ്ങൾ; **13** തങ്ങ
ളുടെ നാണക്കേടു[i] നുരച്ചു തള്ളുന്ന
കൊടിയ കടൽത്തിരകൾ;[j] സദാകാ
ലത്തേക്കും അന്ധതമസ്സ് സൂക്ഷി
ച്ചുവച്ചിരിക്കുന്ന[k] വക്രഗതിയുള്ള
നക്ഷത്രങ്ങൾ[l] തന്നെ. **14** ആദാം
മുതൽ ഏഴാമനായ[m] ഹാനോക്കും
ഇവരെക്കുറിച്ച്: **15** [n]“ഇതാ കർ
ത്താവ് എല്ലാവരെയും വിധിപ്പാനും[o]
അവർ അഭക്തിയോടെ ചെയ്ത[p]
ഭക്തിവിരുദ്ധമായ സകല പ്രവൃത്തി
കളും നിമിത്തം ഭക്തികെട്ട പാപി
കൾ തന്റെ നേരേ പറഞ്ഞ സകല
നിഷ്ഠുരങ്ങളും നിമിത്തവും[q] ഭക്തി
കെട്ടവരെയൊക്കെയും ബോധം
വരുത്തുവാനും ആയിരമായിരം വിശു
ദ്ധന്മാരോടുകൂടെ വന്നിരിക്കുന്നു”
എന്നു പ്രവചിച്ചു. **16** അവർ പിറു
പിറുപ്പുകാരും തങ്ങളുടെ ഗതിയെ
ക്കുറിച്ച് ആവലാതി പറയുന്നവരു
മായി സ്വന്തമോഹങ്ങളെ അനുസ
രിച്ചു നടക്കുന്നു.[r] അവരുടെ വായ്
വമ്പു പറയുന്നു;[s] കാര്യസാധ്യത്തി
നായി അവർ മുഖസ്തുതി പ്രയോ
ഗിക്കുന്നു.[t]

**17** നിങ്ങളോ, പ്രിയരേ, നമ്മുടെ
കർത്താവായ യേശുക്രിസ്തുവിന്റെ
അപ്പൊസ്തലന്മാർ മുൻപറഞ്ഞ
വാക്കുകളെ ഓർപ്പിൻ.[u] **18** അന്ത്യ
കാലത്തു ഭക്തികെട്ട മോഹങ്ങളെ
അനുസരിച്ചു നടക്കുന്ന പരിഹാ
സികൾ ഉണ്ടാകും[v] എന്ന് അവർ
നിങ്ങളോടു പറഞ്ഞുവല്ലോ. **19** അ
വർ ഭിന്നത ഉണ്ടാക്കുന്നവർ, പ്രാ
കൃതന്മാർ,[w] ആത്മാവില്ലാത്തവർ.[x]
**20** നിങ്ങളോ, പ്രിയമുള്ളവരേ, നി
ങ്ങളുടെ അതിവിശുദ്ധ വിശ്വാസത്തെ
ആധാരമാക്കി നിങ്ങൾക്കുതന്നെ
ആത്മികവർധന വരുത്തിയും[y] പരി
ശുദ്ധാത്മാവിൽ പ്രാർഥിച്ചും[z] **21** നി
ത്യജീവനായിട്ടു നമ്മുടെ കർത്താ
വായ യേശുക്രിസ്തുവിന്റെ കരു
ണയ്ക്കായി കാത്തിരുന്നുംകൊണ്ടു[a]
ദൈവസ്നേഹത്തിൽ നിങ്ങളെ
ത്തന്നെ സൂക്ഷിച്ചുകൊൾവിൻ.[b]
**22** സംശയിക്കുന്നവരായ ചിലരോടു
കരുണ ചെയ്വിൻ; **23** ചിലരെ തീ
യിൽ[c]നിന്നു വലിച്ചെടുത്തു രക്ഷി
പ്പിൻ;[d] ജഡത്താൽ കറപിടിച്ച അങ്കി[e]
പോലും പകച്ചുകൊണ്ടു ചിലർക്കു
ഭയത്തോടെ[f] കരുണ കാണിപ്പിൻ.

**24** വീഴാതവണ്ണം നിങ്ങളെ സൂ
ക്ഷിച്ചു,[g] തന്റെ മഹിമാസന്നിധി
യിൽ[h] കളങ്കമില്ലാത്തവരായി[i] ആന
ന്ദത്തോടെ നിറുത്തുവാൻ[h] ശക്തി
യുള്ളവന്, **25** നമ്മുടെ കർത്താ
വായ യേശുക്രിസ്തു മുഖാന്തരം
നമ്മുടെ രക്ഷിതാവായ ഏകദൈവ
ത്തിനു[j] തന്നെ, സർവകാലത്തിനു
മുമ്പും ഇപ്പോഴും സദാകാലത്തോ
ളവും[k] തേജസ്സും മഹിമയും ബല
വും അധികാരവും ഉണ്ടാകുമാറാ
കട്ടെ.[l] ആമേൻ.

❋ ❋ ❋

11.[c] *സംഖ്യാ.16:1-3, 31-35*
12.[d] *2പത്രൊ.2:13* [e] *യെഹെ.34:2,8,10* [f] *എബ്രാ.13:9* [g] *സദൃ.25:14; 2പത്രൊ.2:17* [h] *മത്താ.15:13*
13.[i] *(2കൊരി.4:2; ഫിലി.3:19)* [j] *യെശ.57:20* [k] *2പത്രൊ.2:17* [l] *(യെശ.14:12)*
14.[m] *ഉൽപ.5:18*
15.[n] *ആവ.33:2; (ദാനീ.7:10; മർക്കൊ.8:38; 1തെസ്സ.3:13; 2തെസ്സ.1:6-8)* [o] *(2പത്രൊ.2:6)* [p] *2പത്രൊ.2:6* [q] *1ശമൂ.2:3; സങ്കീ.94:4; യോഹ.6:60*
16.[r] *2പത്രൊ.2:9* [s] *2പത്രൊ.2:18* [t] *ലേവ്യാ.19:15; ആവ.10:17*
17.[u] *2പത്രൊ.3:2*
18.[v] *2പത്രൊ.3:4*
19.[w] *(1കൊരി.2:14)* [x] *(റോമ.8:9; ഫിലി.3:3)*
20.[y] *കൊലൊ.2:7* [z] *എഫെ.6:18; (റോമ.8:26)*
21.[a] *തീത്തൊ.2:12; 2പത്രൊ.3:11* [b] *2കൊരി.13:14; (അപ്പൊ.പ്ര.13:43)*
23.[c] *1കൊരി.3:15* [d] *ആമോ.4:11; സെഖ.3:2* [e] *വെളി.3:4; (സെഖ.3:4)* [f] *(2കൊരി.5:11)*
24.[g] *യോഹ.17:12* [h] *കൊലൊ.1:22; (1പത്രൊ.4:13)* [i] *എഫെ.1:4; 5:27; ഫിലി.2:14; വെളി.14:5*
25.[j] *യോഹ.5:44; 1തിമൊ.1:17* [k] *റോമ.11:36* [l] *റോമ.16:26; എഫെ.3:21*

24,25 ***വീഴാത്തവിധം നിങ്ങളെ... ഉണ്ടാകട്ടെ:*** വീഴാത്തവിധം എന്ന് ഇവിടെ പറഞ്ഞിരിക്കുന്നതിന്റെ അർഥം, വ്യാജോപദേഷ്ടാക്കളുടെ വലയിൽപ്പെട്ടു വിശ്വാസത്തിൽനിന്നു വ്യതിചലിച്ചുപോകരുത്, അല്ലെങ്കിൽ വിശ്വാസത്തിൽ സ്ഥിരതയുള്ളവരായിരിക്കുക എന്നാണ്. വിശ്വാസികളെ നിലനിറുത്തുന്നതു ദൈവത്തിന്റെ ശക്തി നമ്മിൽ വ്യാപരിക്കുന്നതിനാലാണ്. വിശ്വാസത്തിൽനിന്നു വ്യതിചലിപ്പിക്കാതിരിക്കുക മാത്രമല്ല, കളങ്കമില്ലാത്തവരായി കർത്താവിലുള്ള ആനന്ദത്തോടെ ദൈവം നമ്മെ നിലനിർത്തുകയും ചെയ്യുന്നു. ജ്ഞാനമതക്കാർ പല ദൈവങ്ങളെക്കുറിച്ചും പറയുന്നുണ്ട്. അതുകൊണ്ട് 'ഏകദൈവ'ത്തിനാണ് ഇവിടെ മഹത്ത്വം അർപ്പിക്കുന്നത്.

# THE REVELATION OF JOHN
# യോഹന്നാന് ഉണ്ടായ വെളിപ്പാട്

## മുഖവുര

ക്രിസ്തുവിലുള്ള വിശ്വാസംമൂലം പീഡനങ്ങളിൽകൂടി സഭ കടന്നുപോകുമ്പോൾ യോഹന്നാൻ എഴുതിയതാണ് വെളിപ്പാട്. എഴുത്തുകാരന്റെ പ്രധാന ഉദ്ദേശ്യം വിശ്വാസവും പ്രത്യാശയും സഭയ്ക്ക് നൽകിക്കൊടുക്കുമ്പോൾത്തന്നെ പ്രതികൂലത്തിന്റെയും കഷ്ടതയുടെയും നടുവിൽ വിശ്വാസം മുറുകെ പിടിക്കുവാൻ പ്രബോധിപ്പിക്കുകയാണ്. ഈ പുസ്തകത്തെ വിവിധ നിലകളിൽ വ്യാഖ്യാനിക്കുമെങ്കിലും പ്രധാനപ്പെട്ട ആശയം വ്യക്തമാണ്. കർത്താവായ ക്രിസ്തു മുഖാന്തരം ദൈവം സാത്താൻ ഉൾപ്പെടെയുള്ള സകല ശത്രുക്കളെയും പരാജയപ്പെടുത്തും. എന്നാൽ കർത്താവിൽ വിശ്വസിക്കുന്നവർക്ക് അവസാനവിജയത്തിൽ അനുഗ്രഹവും പുതിയ ആകാശവും പുതിയ ഭൂമിയും അവകാശമായും ലഭിക്കും.

*1. മുഖവുര 4. യോഹന്നാന്റെ ദർശനവിവരം 7. ക്രിസ്തുവിന്റെ വരവ്.*

**യേ**ശുക്രിസ്തുവിന്റെ വെളിപ്പാട്:
വേഗത്തിൽ സംഭവിപ്പാനുള്ളത്
തന്റെ ദാസന്മാരെ കാണിക്കേണ്ട
തിനു[a] ദൈവം അത് അവനു കൊ
ടുത്തു.[b] അവൻ അത് തന്റെ ദൂതൻ
മുഖാന്തരം അയച്ച് തന്റെ ദാസ
നായ യോഹന്നാനു പ്രദർശിപ്പിച്ചു.[c]
2 അവൻ ദൈവത്തിന്റെ വചന
വും[d] യേശുക്രിസ്തുവിന്റെ സാ
ക്ഷ്യവുമായി[e] താൻ കണ്ടതൊക്കെ
യും[f] സാക്ഷീകരിച്ചു.[d] 3 ഈ പ്രവ
ചനത്തിന്റെ വാക്കുകളെ വായിച്ചു
കേൾപ്പിക്കുന്നവനും കേൾക്കുന്നവ
രും അതിൽ എഴുതിയിരിക്കുന്നതു
പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ;[g]
സമയം അടുത്തിരിക്കുന്നു.[h]
4 യോഹന്നാൻ ആസ്യയിലെ
ഏഴു സഭകൾക്കും എഴുതുന്നത്: ഇ
രിക്കുന്നവനും[i] ഇരുന്നവനും[j] വരു
ന്നവനുമായവങ്കൽ[k] നിന്നും അവന്റെ
സിംഹാസനത്തിന്മുമ്പിലുള്ള ഏഴ്
ആത്മാക്കളുടെ[l] പക്കൽനിന്നും
5 വിശ്വസ്തസാക്ഷിയും[m] മരിച്ച
വരിൽ ആദ്യജാതനും[n] ഭൂരാജാക്ക
ന്മാർക്ക് അധിപതിയും[o] ആയ യേശു
ക്രിസ്തുവിങ്കൽനിന്നും നിങ്ങൾക്കു
കൃപയും സമാധാനവും ഉണ്ടാകട്ടെ.
6 നമ്മെ സ്നേഹിക്കുന്നവനും[p]
നമ്മുടെ പാപം പോക്കി നമ്മെ തന്റെ
രക്തത്താൽ വിടുവിച്ചു[q] തന്റെ
പിതാവായ ദൈവത്തിനു[r] നമ്മെ
രാജ്യവും[s] പുരോഹിതന്മാരും[s] ആ
ക്കിത്തീർത്തവനുമായവന് എന്നെ
ന്നേക്കും മഹത്ത്വവും[t] ബലവും;[u]
ആമേൻ. 7 ഇതാ, അവൻ മേഘാരൂ
ഢനായി വരുന്നു;[v] ഏതു കണ്ണും,
അവനെ കുത്തിത്തുളച്ചവരും അ
വനെ കാണും;[w] ഭൂമിയിലെ ഗോത്ര
ങ്ങളൊക്കെയും അവനെച്ചൊല്ലി
വിലപിക്കും. ഉവ്വ്, ആമേൻ.
8 ഞാൻ അല്ഫയും ഓമേഗയും
ആകുന്നു[x] എന്ന് ഇരിക്കുന്നവനും

അധ്യായം 1

1. [a] വെളി.22:6 [b] യോഹ.17:7,8; (യോഹ.8:26;14:10) [c] വെളി.22:16 2. [d] യോഹ.19:35 [e] വെളി.6:9;12:17; 19:10; 1കൊരി.1:5 [f] വെളി.1:11,19 3. [g] വെളി.22:7; (ലൂക്കൊ.11:28; യോഹ.8:51; 1യോഹ.2:3) [h] വെളി.22:10; (1യോഹ.2:18); റോമ.13:11 4. [i] പുറ.3:14 [j] യോഹ.1:1 [k] വെളി.1:8;4:8; എബ്രാ.13:8 [l] വെളി.3:1;4:5;5:6 5. [m] വെളി.3:14; യോഹ.18:37; 1തിമൊ.6:14; (വെളി.2:13; സങ്കീ.89:37; യെശ.55:4) [n] കൊലൊ.1:18; (സങ്കീ.89:27; അപ്പൊ.പ്ര.26:23; 1കൊരി.15:20) [o] വെളി.17:14; 19:16; (സങ്കീ.89:27) 6. [p] യോഹ.13:34;15:9; റോമ.8:37 [q] 1പത്രൊ.1:18,19 [r] റോമ.15:5 [s] വെളി.5:10; 20:6; 1പത്രൊ.2:9 [t] റോമ.11:36 [u] 1പത്രൊ.4:11 7. [v] ദാനീ.7:13; മത്താ.16:27 [w] സെഖ.12:10; യോഹ.19:37 8. [x] വെളി.21:6;22:13; (യെശ.41:4; 43:10;44:6)

***അല്ഫയും ഓമേഗയും:*** ഗ്രീക്ക് അക്ഷരമാലയിലെ ഒന്നാമത്തെയും അവസാനത്തേതുമായ അക്ഷരങ്ങളാണ് അല്ഫയും ഓമേഗയും. ചില സമയങ്ങളിൽ 'ആദ്യം' എന്നതിനും 'അവസാനം' എന്നതിനും പകരമായി ഈ അക്ഷരങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. വെളിപാടിൽ യോഹന്നാൻ ആദ്യഭാഗത്തും അവസാനഭാഗത്തുമായി (1:8,17; 21:6) രണ്ടു പ്രാവശ്യം ഇവ ഉപയോഗിക്കുന്നു. ഇതുപോലെ യെശയ്യാ പ്രവാചകൻ ദൈവത്തിന്റെ പൂർണതയും ആകമാനസ്വഭാവവും വെളിപ്പെടുത്തുവാൻ ഇപ്രകാരമുള്ള പ്രയോഗങ്ങൾ നടത്തിയിട്ടുണ്ട് (യെശ. 44:6; 48:12).

ഇരുന്നവനും വരുന്നവനുമായി[y]
സർവശക്തിയുള്ള ദൈവമായ കർ
ത്താവ് അരുളിച്ചെയ്യുന്നു.
9 നിങ്ങളുടെ സഹോദരനും
യേശുവിന്റെ കഷ്ടതയിലും[z] രാജ്യ
ത്തിലും[a] സഹിഷ്ണുതയിലും[b]
കൂട്ടാളിയുമായ[c] യോഹന്നാൻ എന്ന
ഞാൻ ദൈവവചനവും യേശുവിന്റെ
സാക്ഷ്യവും നിമിത്തം[d] പത്മൊസ്
എന്ന ദ്വീപിൽ ആയിരുന്നു. 10 കർ
ത്തൃദിവസത്തിൽ[e] ഞാൻ ആത്മ
വിവശനായി:[f] 11 നീ കാണുന്നത്
ഒരു പുസ്തകത്തിൽ എഴുതി[g]
എഫെസൊസ്, സ്മുർന്നാ, പെർഗ്ഗ
മൊസ്, തുയഥൈര, സർദ്ദിസ്സ്,
ഫിലദെൽഫ്യ, ലവൊദിക്യ എന്ന
ഏഴു സഭകൾക്കും അയയ്ക്കുക
എന്നിങ്ങനെ കാഹളത്തിനൊത്ത[h]
ഒരു മഹാനാദം എന്റെ പുറകിൽ
കേട്ടു. 12 എന്നോടു സംസാരിച്ച
നാദം എന്ത് എന്നു കാൺമാൻ ഞാൻ
തിരിഞ്ഞു. 13 തിരിഞ്ഞപ്പോൾ
ഏഴു പൊൻനിലവിളക്കുകളെയും[i]
നിലവിളക്കുകളുടെ നടുവിൽ നില
യങ്കി ധരിച്ചു[j] മാറത്തു പൊൻകച്ച
കെട്ടിയവനായി[k] മനുഷ്യപുത്രനോ
ടു[l] സദൃശനായവനെയും[m] കണ്ടു.
14 അവന്റെ തലയും തലമുടിയും
വെളുത്ത പഞ്ഞിപോലെ ഹിമത്തോ
ളം വെള്ളയും[n] കണ്ണ് അഗ്നിജ്വാല
യ്ക്ക് ഒത്തതും[o] 15 കാൽ ഉലയിൽ
ചുട്ടു പഴുപ്പിച്ച വെള്ളോട്ടിനു സദൃ
ശവും[p] അവന്റെ ശബ്ദം പെരു
വെള്ളത്തിന്റെ ഇരച്ചിൽപോലെ
യും[q] ആയിരുന്നു. 16 അവന്റെ വലം
കൈയിൽ ഏഴു നക്ഷത്രം ഉണ്ട്;[r]
അവന്റെ വായിൽനിന്നു മൂർച്ചയേ
റിയ ഇരുവായ്ത്തലയുള്ള വാൾ
പുറപ്പെടുന്നു;[s] അവന്റെ മുഖം
സൂര്യൻ[t] ശക്തിയോടെ[u] പ്രകാശി
ക്കുന്നതുപോലെ[t] ആയിരുന്നു.
17 അവനെ കണ്ടിട്ടു ഞാൻ മരിച്ച
വനെപ്പോലെ അവന്റെ കാല്ക്കൽ
വീണു.[v] അവൻ വലംകൈ എന്റെ
മേൽ വച്ചു:[v] ഭയപ്പെടേണ്ടാ,[w] ഞാൻ
ആദ്യനും അന്ത്യനും[x] ജീവനുള്ള
വനും ആകുന്നു. 18 ഞാൻ മരിച്ച
വനായിരുന്നു; എന്നാൽ ഇതാ, എ
ന്നെന്നേക്കും ജീവിച്ചിരിക്കുന്നു;[y]
മരണത്തിന്റെയും പാതാളത്തിന്റെ
യും താക്കോൽ എന്റെ കൈവശ
മുണ്ട്.[z] 19 നീ കണ്ടതും ഇപ്പോൾ
ഉള്ളതും ഇനി സംഭവിപ്പാനിരിക്കു
ന്നതും[a] 20 എന്റെ വലംകൈയിൽ
കണ്ട ഏഴു നക്ഷത്രത്തിന്റെ മർമ
വും ഏഴു പൊൻനിലവിളക്കിന്റെ[b]
വിവരവും എഴുതുക.[c] ഏഴു നക്ഷത്രം
ഏഴു സഭകളുടെ ദൂതന്മാരാകുന്നു;
ഏഴു നിലവിളക്ക് ഏഴു സഭകൾ
ആകുന്നു[d] എന്നു കല്പിച്ചു.

❋ ❋ ❋

*1. എഫെസ്യ 8. സ്മുർന്ന 12. പെർഗ്ഗമൊസ് 18. തുയഥൈര എന്നീ സഭകൾക്കുള്ള ലേഖനങ്ങൾ.*

**2** എഫെസൊസിലെ സഭയുടെ
ദൂതന് എഴുതുക: ഏഴു നക്ഷ
ത്രം വലംകൈയിൽ പിടിച്ചും
കൊണ്ട്[a] ഏഴു പൊൻനിലവിള
ക്കുകളുടെ നടുവിൽ നടക്കുന്ന
വൻ[b] അരുളിച്ചെയ്യുന്നത്: 2 ഞാൻ
നിന്റെ പ്രവൃത്തിയും പ്രയത്നവും
സഹിഷ്ണുതയും കൊള്ളരുതാ
ത്തവരെ നിനക്കു സഹിച്ചുകൂടാ
ത്തതും അപ്പൊസ്തലന്മാരല്ലാതി
രിക്കെ തങ്ങൾ അപ്പൊസ്തലന്മാർ
എന്നു പറയുന്നവരെ[c] നീ പരീ
ക്ഷിച്ചു[d] കള്ളന്മാർ എന്നു കണ്ടതും,
3 നിനക്കു സഹിഷ്ണുതയുള്ളതും

8.[y] *വെളി.1:4*
9.[z] *യോഹ.16:33*
[a] *2തിമൊ.2:11*
[b] *വെളി.3:10*
[c] *(ഫിലി.4:14)*
[d] *വെളി.1:2*
10.[e] *അപ്പൊ.പ്ര.20:7; 1കൊരി.16:2*
[f] *വെളി.4:2; (വെളി.17:3;21:10; മത്താ.22:43; 1രാജാ.18:12; യെഹെ.3:12; 2കൊരി.12:2)*
11.[g] *വെളി.1:2,19,20*
[h] *വെളി.4:1*
13.[i] *വെളി.1:20;2:1; പുറ.25:37; 2ദിന.4:20; സെഖ.4:2; (വെളി.11:4)*
[j] *ദാനീ.10:5*
[k] *വെളി.15:6*
[l] *വെളി.14:14; ദാനീ.10:16; യോഹ.5:27*
[m] *ദാനീ.7:13*
14.[n] *ദാനീ.7:9*
[o] *വെളി.2:18;19:12; (ദാനീ.10:6)*
15.[p] *യെഹെ.1:7; ദാനീ.10:6*
[q] *വെളി.14:2;19:6; യെഹെ.43:2*
16.[r] *വെളി.1:20; 2:1;3:1*
[s] *വെളി.19:15; (വെളി.2:12,16; യെശ.49:2; എഫെ.6:17; എബ്രാ.4:12)*
[t] *മത്താ.17:2*
[u] *ന്യായാ.5:31*
17.[v] *ദാനീ.8:17,18; 10:9,10,15; (ലൂക്കൊ.24:37; യോഹ.21:12)*
[w] *മത്താ.17:7*
[x] *വെളി.2:8;22:13; യെശ.41:4;44:6; 48:12* 18.[y] *റോമ.6:9;14:9* [z] *(വെളി.9:1;20:1)* 19.[a] *വെളി.1:12 - 16* 20.[b] *വെളി.1:12,13* [c] *വെളി.1:2,11* [d] *(മത്താ.5:14,15)*

അധ്യായം 2

1.[a] *വെളി.1:16,20* [b] *വെളി.1:13* 2.[c] *2കൊരി.11:13* [d] *1യോഹ.4:1*

1:9 ***പത്മൊസ് എന്ന ദ്വീപ്:*** ആസ്യ പ്രവിശ്യയുടെ 30 കി.മീ. പടിഞ്ഞാറ് ഈജിയൻ കടലിലെ പർവതസമാനമായ പാറക്കെട്ടുകൾ നിറഞ്ഞ ദ്വീപാണു പത്മൊസ്. ചക്രവർത്തിയെ വിമർശിക്കുന്നവരെ റോമക്കാർ ചിലപ്പോൾ പത്മൊസിലേക്കു നാടുകടത്തിയിരുന്നു.

എന്റെ നാമംനിമിത്തം[e] നീ സഹി
ച്ചതും തളർന്നുപോകാഞ്ഞതും[f]
ഞാൻ അറിയുന്നു.[g] 4 എങ്കിലും
നിന്റെ ആദ്യസ്നേഹം[h] വിട്ടുകളഞ്ഞു
എന്ന് ഒരു കുറ്റം നിന്നെക്കുറിച്ചു
പറവാനുണ്ട്. 5 നീ ഏതിൽനിന്ന്
വീണിരിക്കുന്നു എന്ന് ഓർത്തു മാന
സാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തി[i]
ചെയ്ക; അല്ലാഞ്ഞാൽ ഞാൻ വരി
കയും[j] നീ മാനസാന്തരപ്പെടാഞ്ഞാൽ
നിന്റെ നിലവിളക്ക് അതിന്റെ നില
യിൽനിന്നു നീക്കുകയും ചെയ്യും.
6 എങ്കിലും നിക്കൊലാവ്യരുടെ[k]
നടപ്പു നീ പകയ്ക്കുന്നു എന്നൊരു
നന്മ നിനക്കുണ്ട്. 7 അത് ഞാനും
പകയ്ക്കുന്നു. ആത്മാവ് സഭക
ളോടു പറയുന്നത് എന്തെന്നു ചെ
വിയുള്ളവൻ കേൾക്കട്ടെ.[l] ജയിക്കു
ന്നവന്[m] ഞാൻ ദൈവത്തിന്റെ പറു
ദീസയിൽ[m] [n]ഉള്ള ജീവവൃക്ഷത്തി
ന്റെ[o] ഫലം തിന്മാൻ കൊടുക്കും.
8 സ്മുർന്നയിലെ സഭയുടെ
ദൂതന് എഴുതുക: മരിച്ചവനായിരു
ന്നു വീണ്ടും ജീവിക്കയും[p] ചെയ്ത
ആദ്യനും അന്ത്യനുമായവൻ[q] അരു
ളിച്ചെയ്യുന്നത്: 9 ഞാൻ നിന്റെ
കഷ്ടതയും ദാരിദ്ര്യവും[r]-നീ ധനവാ
നാകുന്നുതാനും[r]- തങ്ങൾ യെഹൂ
ദർ എന്നു പറയുന്നെങ്കിലും യെഹൂ
ദരല്ല,[s] സാത്താന്റെ പള്ളിക്കാരായ
വരുടെ ദൂഷണവും അറിയുന്നു.
10 നീ സഹിപ്പാനുള്ളത് പേടിക്കേ
ണ്ടാ; നിങ്ങളെ പരീക്ഷിക്കേണ്ടതി
നു[s] പിശാചു നിങ്ങളിൽ ചിലരെ
തടവിൽ ആക്കുവാൻ പോകുന്നു;
പത്തു ദിവസം[t] നിങ്ങൾക്ക് ഉപദ്ര
വം ഉണ്ടാകും;[u] മരണപര്യന്തം[v]
വിശ്വസ്തനായിരിക്ക;[w] എന്നാൽ
ഞാൻ ജീവകിരീടം[x] നിനക്കു തരും.
11 ആത്മാവ് സഭകളോടു പറയു
ന്നത് എന്തെന്നു ചെവിയുള്ളവൻ
കേൾക്കട്ടെ.[y] ജയിക്കുന്നവനു[y] രണ്ടാം
മരണത്താൽ[z] ദോഷം വരികയില്ല.
12 പെർഗ്ഗമൊസിലെ സഭയുടെ
ദൂതന് എഴുതുക: മൂർച്ചയേറിയ ഇരു
വായ്ത്തലവാൾ[a] ഉള്ളവൻ അരുളി
ച്ചെയ്യുന്നത്: 13 നീ എവിടെ പാർ
ക്കുന്നു എന്നും അത് സാത്താന്റെ
സിംഹാസനം ഉള്ളേടം[b] എന്നും
ഞാൻ അറിയുന്നു; നീ എന്റെ
നാമം മുറുകെ പിടിച്ചിരിക്കുന്നു;
നിങ്ങളുടെ ഇടയിൽ, സാത്താൻ
പാർക്കുന്നേടത്തുതന്നെ, എന്റെ
സാക്ഷിയും[c] വിശ്വസ്തനുമായ അ
ന്തിപ്പാസിനെ കൊന്ന കാലത്തു
പോലും നീ എങ്കലുള്ള വിശ്വാസം
നിഷേധി[d]ച്ചിട്ടില്ല. 14 എങ്കിലും നി
ന്നെക്കുറിച്ചു കുറഞ്ഞോരു കുറ്റം
പറവാൻ ഉണ്ട്; യിസ്രായേൽമ
ക്കൾ വിഗ്രഹാർപ്പിതം തിന്നേണ്ട
തിനും[e] ദുർന്നടപ്പ് ആചരിക്കേണ്ട
തിനും[f] അവരുടെ മുമ്പിൽ ഇടർച്ച
വയ്പാൻ ബാലാക്കിന് ഉപദേശിച്ചു
കൊടുത്ത ബിലെയാമിന്റെ[g] ഉപ
ദേശം പിടിച്ചിരിക്കുന്നവർ അവിടെ
നിനക്കുണ്ട്. 15 അവ്വണ്ണം നിക്കൊ
ലാവ്യരുടെ[h] ഉപദേശം കൈക്കൊ
ള്ളുന്നവർ നിനക്കും ഉണ്ട്. 16 ആ
കയാൽ മാനസാന്തരപ്പെടുക; അല്ലാ
ഞ്ഞാൽ ഞാൻ വേഗത്തിൽ വന്ന്[i]
എന്റെ വായിലെ വാളുകൊണ്ട്[j]
അവരോടു പോരാടും.[k] 17 ആത്മാ
വ് സഭകളോടു പറയുന്നത് എന്തെ
ന്നു ചെവിയുള്ളവൻ കേൾക്കട്ടെ.[l]
ജയിക്കുന്നവനു[l] ഞാൻ മറഞ്ഞിരി
ക്കുന്ന മന്ന[m] കൊടുക്കും; ഞാൻ
അവനു വെള്ളക്കല്ലും, ലഭിക്കുന്ന
വനല്ലാതെ ആരും അറിയാത്ത
തും[n] ആ കല്ലിന്മേൽ എഴുതിയിരി
ക്കുന്നതുമായ പുതിയ പേരും[o]
കൊടുക്കും.
18 തുയത്തൈരയിലെ സഭയുടെ
ദൂതന് എഴുതുക: അഗ്നിജ്വാലയ്ക്ക്
ഒത്ത കണ്ണും വെള്ളോട്ടിനു സദൃ
ശമായ കാലും[p] ഉള്ള ദൈവപുത്രൻ
അരുളിച്ചെയ്യുന്നത്: 19 ഞാൻ
നിന്റെ പ്രവൃത്തിയും[q] നിന്റെ സ്നേ
ഹം, വിശ്വാസം, ശുശ്രൂഷ, സഹി
ഷ്ണുത എന്നിവയും നിന്റെ ഒടു
വിലത്തെ പ്രവൃത്തി ആദ്യത്തേതി
ലും ഏറെയെന്നും അറിയുന്നു.[q]

3.[e] *യോഹ.15:21*
[f] *(എബ്രാ.12:3,5)*
[g] *വെളി.2:19; 3:1,8,15*
4.[h] *യിരെ.2:2*
5.[i] *വെളി.2:2; (എബ്രാ.10:33)*
[j] *വെളി.3:3,19*
6.[k] *വെളി.2:15*
7.[l] *വെളി.2:11,17,29; 3:6,13,22;13:9; മത്താ.11:15;13:9*
[m] *വെളി.3:5;21:7*
[n] *യെഹെ.28:13; 31:8*
[o] *ഉൽപ.2:9*
8.[p] *വെളി.1:18*
[q] *വെളി.1:17*
9.[r] *യാക്കോ.2:5; (1തിമൊ.6:18; എബ്രാ.10:34; 11:26)*
[s] *വെളി.3:9,10*
10.[s] *(വാ.9കാ.)*
[t] *(ഉൽപ.24:55; ദാനീ.1:12,14)*
[u] *മത്താ.24:9*
[v] *വെളി.12:11*
[w] *മത്താ.10:22; എബ്രാ.3:5,6*
[x] *യാക്കോ.1:12*
11.[y] *വെളി.2:7*
[z] *വെളി.20:6,14; 21:8*
12.[a] *വെളി.2:16;1:16*
13.[b] *വെളി.2:9*
[c] *അപ്പൊ.പ്ര.22:20; (1വെളി.1:5; 11:3;17:6)*
[d] *1തിമൊ.5:8*
14.[e] *വെളി.2:20; അപ്പൊ.പ്ര.15:29; 1കൊരി.8:10;10:19*
[f] *സംഖ്യാ.25:1;31:16; 1കൊരി.10:8*
[g] *2പത്രൊ.2:15*
15.[h] *വെളി.3:6*
16.[i] *(വെളി.22:7)*
[j] *വെളി.2:12; 1:16*
[k] *2തെസ്സ.2:8*
17.[l] *വെളി.2:7*
[m] *(യോഹ.6:48-50)*

[n] *വെളി.19:12; (വെളി.14:3)* [o] *വെളി.3:12; യെശ.62:2;65:15* 18.[p] *വെളി.1:14,15* 19.[q] *വെളി.2:2*

20 എങ്കിലും താൻ പ്രവാചകി എ
ന്നു പറഞ്ഞു ദുർന്നടപ്പ് ആചരിപ്പാ
നും[r] വിഗ്രഹാർപ്പിതം തിന്മാനും[r]
എന്റെ ദാസന്മാരെ ഉപദേശിക്ക
യും തെറ്റിച്ചുകളകയും ചെയ്യുന്ന
ഈസേബെൽ[s] എന്ന സ്ത്രീയെ
നീ അനുവദിക്കുന്നു എന്നൊരു
കുറ്റം നിന്നെക്കുറിച്ചു പറവാൻ
ഉണ്ട്. 21 ഞാൻ അവൾക്കു മാന
സാന്തരപ്പെടുവാൻ സമയം കൊടു
ത്തിട്ടും ദുർന്നടപ്പു വിട്ടു മാനസാ
ന്തരപ്പെടുവാൻ അവൾക്ക് മനസ്സി
ല്ല.[t] 22 ഞാൻ അവളെ കിടപ്പിലും
അവളുമായി വ്യഭിചരിക്കുന്നവരെ
അവളുടെ നടപ്പു വിട്ടു മാനസാന്ത
രപ്പെടാതിരുന്നാൽ വലിയ കഷ്ടത
യിലും ആക്കിക്കളയും. 23 അവ
ളുടെ മക്കളെയും ഞാൻ കൊന്നു
കളയും; ഞാൻ ഉൾപ്പൂവുകളെയും
ഹൃദയങ്ങളെയും ആരായുന്നവൻ[u]
എന്ന് സകല സഭകളും അറിയും;
നിങ്ങളുടെ പ്രവൃത്തിക്കു തക്കവ
ണ്ണം ഞാൻ നിങ്ങൾക്ക് ഏവർക്കും
പകരം ചെയ്യും.[v] 24 എന്നാൽ ഈ
ഉപദേശം കൈക്കൊള്ളാതെയും
അവർ പറയുംപോലെ സാത്താന്റെ
ആഴങ്ങൾ[w] അറിഞ്ഞിട്ടില്ലാതെയും
തുയഥൈരയിലെ ശേഷം പേരോട്:
വേറൊരു ഭാരം ഞാൻ നിങ്ങളുടെ
മേൽ ചുമത്തുന്നില്ല;[x] 25 എങ്കി
ലും നിങ്ങൾക്കുള്ളത് ഞാൻ വരും
വരെ പിടിച്ചുകൊൾവിൻ[y] എന്ന്
ഞാൻ കല്പിക്കുന്നു. 26 ജയിക്ക
യും[z] ഞാൻ കല്പിച്ച പ്രവൃത്തികളെ
അവസാനത്തോളം[a] അനുഷ്ഠിക്ക
യും ചെയ്യുന്നവന് എന്റെ പിതാവ് എ
നിക്കു തന്നതുപോലെ ഞാൻ ജാ
തികളുടെമേൽ അധികാരം കൊ
ടുക്കും.[b] 27 അവൻ ഇരുമ്പുകോൽ
കൊണ്ട്[c] അവരെ മേയിക്കും;[d] അ
വർ കുശവന്റെ പാത്രങ്ങൾപോലെ
നുറുങ്ങിപ്പോകും.[e] 28 ഞാൻ അ
വന് ഉദയനക്ഷത്രവും[f] കൊടുക്കും.
29 ആത്മാവ് സഭകളോടു പറയു
ന്നത് എന്തെന്നു ചെവിയുള്ളവൻ
കേൾക്കട്ടെ.[z]

*1. സർദ്ദിസ് 7. ഫിലദെൽഫ്യ 14. ലവൊദിക്യ സഭകൾക്കുള്ള ലേഖനങ്ങൾ.*

3 സർദ്ദിസിലെ സഭയുടെ ദൂതന്
എഴുതുക. ദൈവത്തിന്റെ ഏഴാ
ത്മാവും[a] ഏഴു നക്ഷത്രവും ഉള്ള
വൻ അരുളിച്ചെയ്യുന്നത്: ഞാൻ
നിന്റെ പ്രവൃത്തി അറിയുന്നു. ജീവ
നുള്ളവൻ[b] എന്ന് നിനക്കു പേരു
ണ്ട് എങ്കിലും നീ മരിച്ചവനാകുന്നു.[c]
2 ഉണർന്നുകൊൾക; ചാവാറായ
ശേഷിപ്പുകളെ ശക്തീകരിക്ക; ഞാൻ
നിന്റെ പ്രവൃത്തി എന്റെ ദൈവ
ത്തിന്റെ സന്നിധിയിൽ പൂർണതയു
ള്ളതായി[d] കണ്ടില്ല. 3 ആകയാൽ
നീ പ്രാപിക്കയും കേൾക്കയും ചെ
യ്തത് എങ്ങനെ എന്ന് ഓർത്ത്[e]
അത് കാത്തുകൊൾകയും മാനസാ
ന്തരപ്പെടുകയും ചെയ്ക. നീ ഉണ
രാതിരുന്നാൽ ഞാൻ കള്ളനെപ്പോ
ലെ[f] വരും;[g] ഏത് നാഴികയ്ക്കു
നിന്റെമേൽ വരും എന്ന് നീ അറി
കയും ഇല്ല. 4 എങ്കിലും ഉടുപ്പു
മലിനമാകാത്ത[h] കുറെ പേർ[i] സർ
ദ്ദിസിൽ നിനക്കുണ്ട്. 5 അവർ യോ
ഗ്യന്മാരാകയാൽ[j] വെള്ള ധരിച്ചും
കൊണ്ട്[k] എന്നോടുകൂടെ നടക്കും.
ജയിക്കുന്നവൻ വെള്ളയുടുപ്പു ധരി
ക്കും;[l] അവന്റെ പേർ[m] ഞാൻ ജീവ
പുസ്തകത്തിൽനിന്നു[n] മായിച്ചു
കളയാതെ[m] എന്റെ പിതാവിന്റെ
സന്നിധിയിലും അവന്റെ ദൂതന്മാരു
ടെ മുമ്പിലും അവന്റെ പേർ ഏറ്റു
പറയും.[o] 6 ആത്മാവ് സഭകളോ
ടു പറയുന്നത് എന്തെന്നു ചെവി
യുള്ളവൻ കേൾക്കട്ടെ.[l]
7 ഫിലദെൽഫ്യയിലെ സഭയു
ടെ ദൂതന് എഴുതുക: വിശുദ്ധനും[p]
സത്യവാനും[q] ദാവീദിന്റെ താക്കോ
ലുള്ളവനും[r] ആയി ആരും അട
യ്ക്കാതവണ്ണം തുറക്കുകയും[s] ആരും
തുറക്കാതവണ്ണം അടയ്ക്കുകയും
ചെയ്യുന്നവൻ അരുളിച്ചെയ്യുന്നത്:
8 ഞാൻ നിന്റെ പ്രവൃത്തി അറിയു
ന്നു. ഇതാ, ഞാൻ നിന്റെ മുമ്പിൽ
ഒരു വാതിൽ[t] തുറന്നുവച്ചിരിക്കുന്നു;

20.[r] വെളി.2:14
[s] 1രാജാ.16:31; 21:25; 2രാജാ.9:7
21.[t] (വെളി.9:20,21; 16:9,11); റോമ.2:4
23.[u] സങ്കീ.7:9;26:2; യിരെ.20:12; റോമ.8:27
[v] മത്താ.16:27
24.[w] (1കൊരി.2:10)
[x] (അപ്പൊ.പ്ര.15:28)
25.[y] വെളി.3:11
26.[z] വെളി.2:7
[a] എബ്രാ.3:6
[b] സങ്കീ.2:8; (വെളി.3:21;20:4)
27.[c] സങ്കീ.2:9
[d] വെളി.12:5;19:15
[e] യെശ.30:14; യിരെ.19:11
28.[f] (2പത്രൊ.1:19); വെളി.22:16
29.[z] (വാ.26 കാ.)

**അധ്യായം 3**

1.[a] വെളി.1:4,16
[b] 1തിമൊ.5:6
[c] ലൂക്കൊ.15:24
2.[d] അപ്പൊ.പ്ര.14:26
3.[e] (2തിമൊ.1:13)
[f] വെളി.16:15; മത്താ.24:43; 1തെസ്സ.5:2,4; 2പത്രൊ.3:10
[g] വെളി.2:5
4.[h] യൂദാ.23
[i] വെളി.11:13; അപ്പൊ.പ്ര.1:15
5.[j] (ലൂക്കൊ.20:35)
[k] വെളി.6:11;7:9; (സഭാ.9:8)
[l] വെളി.2:7
[m] പുറ.32:32
[n] വെളി.13:8;17:8; 20:12,15;21:27; ഫിലി.4:3
[o] മത്താ.10:32; ലൂക്കൊ.12:8
6.[l] (വാ.5 കാ.)
7.[p] വെളി.6:10
[q] വെളി.3:14;19:11; 1യോഹ.5:20
[r] യെശ.22:22; (ലൂക്കൊ.1:32)
[s] ഇയ്യോ.12:14; (മത്താ.16:19) 8.[t] അപ്പൊ.പ്ര.14:27; 1കൊരി.16:9; 2കൊരി.2:12; കൊലൊ.4:3

അത് ആർക്കും അടച്ചുകൂടാ. നി
നക്ക് അല്പമേ ശക്തിയുള്ളൂ എ
ങ്കിലും നീ എന്റെ വചനം കാത്തു,
എന്റെ നാമം നിഷേധിച്ചിട്ടില്ല.
**9** യെഹൂദരല്ലാതിരിക്കെ യെഹൂദ
രെന്നു കളവായി പറയുന്ന ചിലരെ
ഞാൻ സാത്താന്റെ പള്ളിയിൽനി
ന്നു[u] വരുത്തും; അവർ നിന്റെ കാ
ല്ക്കൽ വന്നു നമസ്കരിപ്പാനും[v]
ഞാൻ നിന്നെ സ്നേഹിച്ചു[w] എന്ന്
അറിവാനും സംഗതി വരുത്തും.
**10** സഹിഷ്ണുതയെക്കുറിച്ചുള്ള
എന്റെ വചനം നീ കാത്തുകൊണ്ട
തിനാൽ[x] ഭൂമിയിൽ വസിക്കുന്നവരെ[y]
പരീക്ഷിക്കേണ്ടതിനു ഭൂതലത്തിൽ
എങ്ങും വരുവാനുള്ള പരീക്ഷാ
കാലത്ത് ഞാനും നിന്നെ കാക്കും.
**11** ഞാൻ വേഗം വരുന്നു;[z] നിന്റെ
കിരീടം[a] ആരും എടുക്കാതിരിപ്പാൻ
തക്കവണ്ണം നിനക്കുള്ളത് പിടിച്ചു
കൊൾക.[b] **12** ജയിക്കുന്നവനെ[c]
ഞാൻ എന്റെ ദൈവത്തിന്റെ ആല
യത്തിൽ ഒരു തൂണാക്കും;[d] അവൻ
ഒരിക്കലും അവിടെനിന്നു പോക
യില്ല; എന്റെ ദൈവത്തിന്റെ നാമ
വും[e] എന്റെ ദൈവത്തിന്റെ പക്കൽ
നിന്ന്, സ്വർഗത്തിൽനിന്നു തന്നെ,
ഇറങ്ങുന്ന[f] പുതിയ യെരൂശലേം[g]
എന്ന എന്റെ ദൈവത്തിൻ നഗര
ത്തിന്റെ നാമവും[g] എന്റെ പുതിയ
നാമവും[h] ഞാൻ അവന്റെമേൽ എ
ഴുതും. **13** ആത്മാവ് സഭകളോടു
പറയുന്നത് എന്തെന്നു ചെവിയുള്ള
വൻ കേൾക്കട്ടെ.[c]

**14** ലവൊദിക്യയിലെ സഭയുടെ
ദൂതന് എഴുതുക: വിശ്വസ്തനും
സത്യവാനുമായ സാക്ഷിയായി[i]
ദൈവസൃഷ്ടിയുടെ ആരംഭമായ[j]
ആമേൻ[k] എന്നുള്ളവൻ അരുളിച്ചെ
യ്യുന്നത്: **15** ഞാൻ നിന്റെ പ്രവൃ
ത്തി അറിയുന്നു; നീ ഉഷ്ണവാനു
മല്ല; ശീതവാനുമല്ല; ശീതവാനോ
ഉഷ്ണവാനോ ആയിരുന്നു എങ്കിൽ
കൊള്ളായിരുന്നു.[l] **16** ഇങ്ങനെ
ശീതവാനുമല്ല ഉഷ്ണവാനുമല്ല,
ശീതോഷ്ണവാനാകയാൽ നി
ന്നെ എന്റെ വായിൽനിന്നു ഉമിണ്ണു
കളയും. **17** ഞാൻ ധനവാൻ; സ
മ്പന്നനായിരിക്കുന്നു; എനിക്ക് ഒ
ന്നിനും മുട്ടില്ല എന്നു പറഞ്ഞു
കൊണ്ടു[m] നീ നിർഭാഗ്യനും അരി
ഷ്ടനും ദരിദ്രനും കുരുടനും നഗ്ന
നും[n] എന്ന് അറിയാതിരിക്കയാൽ
**18** നീ സമ്പന്നൻ ആകേണ്ടതിനു
തീയിൽ ഊതിക്കഴിച്ച പൊന്നും[o]
നിന്റെ നഗ്നതയുടെ ലജ്ജ വെളിവാ
കാതവണ്ണം[p] ധരിക്കേണ്ടതിനു
വെള്ളയുടുപ്പും[q] നിനക്കു കാഴ്ച
ലഭിക്കേണ്ടതിനു[n] കണ്ണിൽ എഴു
തുവാൻ ലേപവും എന്നോടു വി
ലയ്ക്കു വാങ്ങുവാൻ[o] ഞാൻ നി
ന്നോടു ബുദ്ധി പറയുന്നു. **19** എ
നിക്കു പ്രിയമുള്ളവരെയൊക്കെ
യും ഞാൻ ശാസിക്കയും ശിക്ഷി
ക്കയും ചെയ്യുന്നു;[r] ആകയാൽ നീ
ജാഗ്രതയുള്ളവനായിരിക്ക; മാന
സാന്തരപ്പെടുക. **20** ഞാൻ വാ
തിൽക്കൽനിന്നു മുട്ടുന്നു;[s] ആരെ
ങ്കിലും എന്റെ ശബ്ദം കേട്ടു വാ
തിൽ തുറന്നാൽ[t] ഞാൻ അവന്റെ
അടുക്കൽ ചെന്ന് അവനോടും അ
വൻ എന്നോടുംകൂടെ അത്താഴം
കഴിക്കും.[u] **21** ജയിക്കുന്നവനു[v]
ഞാൻ എന്നോടുകൂടെ എന്റെ സിം
ഹാസനത്തിൽ ഇരിപ്പാൻ വരം
നല്കും;[w] ഞാനും ജയിച്ച് എന്റെ
പിതാവിനോടുകൂടെ അവന്റെ സിം
ഹാസനത്തിൽ ഇരുന്നതുപോലെ
തന്നെ.[x] **22** ആത്മാവ് സഭകളോടു
പറയുന്നത് എന്തെന്നു ചെവിയുള്ള
വൻ കേൾക്കട്ടെ.[v]

✵ ✵ ✵

9.[u] *വെളി.2:9*
[v] *(യെശ.45:14; 49:23; 60:14)*
[w] *യെശ.43:4*
10.[x] *വെളി.1:9; 2പത്രൊ.2:9,10*
[y] *വെളി.6:10;8:13; 11:10;13:8,14;17:8*
11.[z] *വെളി.22:7,12,20*
[a] *വെളി.2:10*
[b] *വെളി.2:25*
12.[c] *വെളി.2:7*
[d] *1രാജാ.7:21; 2ദിന.3:17; യിരെ.1:18; ഗലാ.2:9; (സങ്കീ.23:6;27:4)*
[e] *വെളി.14:1;22:4*
[f] *വെളി.21:10*
[g] *വെളി.21:2; യെഹെ.48:35; (ഗലാ.4:26; എബ്രാ.12:22)*
[h] *വെളി.2:17*
13.[c] *(വാ.12 കാ.)*
14.[i] *വെളി.3:7; 1:5;19:11; 22:6*
[j] *കൊലൊ.1:15,18; (വെളി.21:6;22:13; സദൃ.8:22)*
[k] *യെശ.65:16; 2കൊരി.1:20*
15.[l] *(2പത്രൊ.2:21)*
17.[m] *ഹോശേ.12:8; സെഖ.11:5; 1കൊരി.4:8*
[n] *യോഹ.9:39 - 41; എഫെ.1:17*
18.[o] *യെശ.55:1; മത്താ.13:44;25:9; (സദൃ.8:19)*
[p] *വെളി.16:15*
[q] *(വെളി.19:8); വെളി.3:4,5*
[n] *(വാ.17 കാ.)*
19.[r] *എബ്രാ.12:6*
20.[s] *(ഉത്തമ.5:2)*
[t] *ലൂക്കൊ.12:36*
[u] *യോഹ.14:23; (ലൂക്കൊ.24:29,30)* 21.[v] *വെളി.2:7*
[w] *വെളി.20:4; (വെളി.2:26; യോഹ.12:26; 2തിമൊ.2:12); മത്താ.19:28* [x] *വെളി.5:5;6:2;17:14; യോഹ.16:33* 22.[v] *(വാ.21കാ.)*

3:17 ***ഞാൻ ധനവാൻ... എന്ന് അറിയാതിരിക്കുകയാൽ:*** സ്മുർന്നയിലെ പാവപ്പെട്ട ക്രിസ്ത്യാനികൾക്കുള്ള ദൂതിന്റെ വിപരീതമാണ് ഒരു വിധത്തിൽ ഇത്. ലവൊദിക്യസഭയിലെ മിക്ക ക്രിസ്ത്യാനികളും ധനികരും വിജയികളുമായിരുന്നു. എന്നാലും അവർ ക്രിസ്തുവിശ്വാസത്തിനനുസൃതമായി ജീവിക്കാതിരുന്നതിനാൽ അവർ ആത്മികമായി ദരിദ്രരായിരുന്നു.

*1. സ്വർഗത്തിൽ ദൈവത്തിന്റെ സിംഹാസന
ത്തെയും 4. ഇരുപത്തിനാലു മൂപ്പന്മാരെയും
6. മുമ്പിലും പിറകിലും കണ്ണുകൾ നിറഞ്ഞ
നാലു ജീവജന്തുക്കളെയും ദർശിച്ചത് 10. മൂപ്പ
ന്മാർ തങ്ങളുടെ കിരീടങ്ങളെ ഇട്ടുകളകയും
സിംഹാസനത്തിന്മേൽ ഇരുന്നവനെ വന്ദി
ക്കയും ചെയ്യുന്നത്.*

**4** അനന്തരം സ്വർഗത്തിൽ ഒരു
വാതിൽ തുറന്നിരിക്കുന്നത്
ഞാൻ കണ്ടു; കാഹളനാദംപോ
ലെ[a] എന്നോടു സംസാരിച്ചു കേട്ട
ആദ്യത്തെ ശബ്ദം എന്നോട്: ഇ
വിടെ കയറിവരിക;[b] മേലാൽ സംഭ
വിപ്പാനുള്ളത് ഞാൻ നിനക്ക് കാണി
ച്ചുതരാം[c] എന്നു കല്പിച്ചു. **2** ഉട
നെ ഞാൻ ആത്മവിവശനായി[d]
സ്വർഗത്തിൽ ഒരു സിംഹാസനം
വച്ചിരിക്കുന്നതും സിംഹാസനത്തിൽ
ഒരുവൻ ഇരിക്കുന്നതും[e] കണ്ടു.
**3** ഇരിക്കുന്നവൻ കാഴ്ചയ്ക്കു സൂര്യ
കാന്തത്തോടും[f] പത്മരാഗത്തോടും
സദൃശൻ; സിംഹാസനത്തിന്റെ
ചുറ്റും കാഴ്ചയ്ക്കു മരതകത്തോ
ടു സദൃശമായൊരു പച്ചവില്ല്;[g]
**4** സിംഹാസനത്തിന്റെ ചുറ്റിലും
ഇരുപത്തിനാലു സിംഹാസനം;[h]
വെള്ളയുടുപ്പ് ധരിച്ചുംകൊണ്ടു[i]
സിംഹാസനങ്ങളിൽ ഇരിക്കുന്ന
ഇരുപത്തിനാലു മൂപ്പന്മാർ; അവ
രുടെ തലയിൽ പൊൻകിരീടം;[j]
**5** സിംഹാസനത്തിൽനിന്നും മിന്ന
ലും[k] നാദവും ഇടിമുഴക്കവും പുറ
പ്പെടുന്നു; ദൈവത്തിന്റെ ഏഴ്
ആത്മാക്കളായ[l] ഏഴു ദീപങ്ങൾ[m]
സിംഹാസനത്തിന്റെ മുമ്പിൽ ജ്വലി
ച്ചുകൊണ്ടിരിക്കുന്നു; **6** സിംഹാ
സനത്തിന്റെ മുമ്പിൽ പളുങ്കിനൊ
ത്ത കണ്ണാടിക്കടൽ;[n] സിംഹാസ
നത്തിന്റെ നടുവിലും സിംഹാസ
നത്തിന്റെ ചുറ്റിലും നാലു ജീവി
കൾ;[o] അവയ്ക്കു മുമ്പുറവും പിമ്പു
റവും കണ്ണു നിറഞ്ഞിരിക്കുന്നു.[p]
**7** ഒന്നാം ജീവി സിംഹത്തിനു
സദൃശം;[q] രണ്ടാം ജീവി കാളയ്ക്കു
സദൃശം; മൂന്നാം ജീവി മനുഷ്യ
നെപ്പോലെ മുഖമുള്ളത്; നാലാം
ജീവി പറക്കുന്ന കഴുകിനു സദൃ
ശം. **8** നാലു ജീവികളും ഓരോ
ന്നിനും ആറാറു ചിറകുള്ളതായി[r]
ചുറ്റിലും അകത്തും കണ്ണ് നിറ
ഞ്ഞിരിക്കുന്നു.[s] ഇരിക്കുന്നവനും
ഇരുന്നവനും വരുന്നവനുമായി[t]
സർവശക്തിയുള്ള കർത്താവായ
ദൈവം പരിശുദ്ധൻ, പരിശുദ്ധൻ,
പരിശുദ്ധൻ[u] എന്ന് അവർ രാപ്പ
കൽ വിശ്രമം കൂടാതെ പറഞ്ഞു
കൊണ്ടിരിക്കുന്നു.[v] **9** എന്നെന്നേ
ക്കും ജീവിച്ചിരിക്കുന്നവനായി[w]
സിംഹാസനത്തിൽ ഇരിക്കുന്നവന്
ആ ജീവികൾ മഹത്ത്വവും ബഹു
മാനവും സ്തോത്രവും കൊടു
ക്കുമ്പോഴൊക്കെയും, **10** ഇരുപ
ത്തിനാലു മൂപ്പന്മാരും സിംഹാസ
നത്തിൽ ഇരിക്കുന്നവന്റെ മുമ്പിൽ
വീണ്, എന്നെന്നേക്കും ജീവിച്ചിരി
ക്കുന്നവനെ നമസ്കരിച്ചു:[x] **11** കർ
ത്താവേ, നീ സർവവും സൃഷ്ടിച്ച
വനും[y] എല്ലാം നിന്റെ ഇഷ്ടം
ഹേതുവാൽ ഉണ്ടായതും സൃഷ്ടിക്ക
പ്പെട്ടതും ആകയാൽ[z] മഹത്ത്വവും
ബഹുമാനവും ശക്തിയും കൈ
ക്കൊൾവാൻ യോഗ്യൻ[a] എന്നു
പറഞ്ഞുംകൊണ്ടു തങ്ങളുടെ കി
രീടങ്ങളെ[b] സിംഹാസനത്തിന്മു
മ്പിൽ ഇടും.

❋ ❋ ❋

*1. മുദ്രയിടപ്പെട്ട പുസ്തകത്തെ 6. കുഞ്ഞാടാ
യവൻ വാങ്ങുകയാൽ 8. ജീവികളും മൂപ്പ
ന്മാരും 11. ദൂതന്മാരും സ്തുതിക്കുന്നത്.*

**5** ഞാൻ സിംഹാസനത്തിൽ ഇരി
ക്കുന്നവന്റെ വലംകൈയിൽ
അകത്തും പുറത്തും എഴുത്തുള്ള
തായി[a] ഏഴു മുദ്രയാൽ മുദ്രയി
ട്ടൊ[b]രു പുസ്തകം[a] കണ്ടു. **2** ആ
പുസ്തകം തുറപ്പാനും അതിന്റെ
മുദ്ര പൊട്ടിപ്പാനും യോഗ്യൻ ആരു
ള്ളൂ എന്ന് അത്യുച്ചത്തിൽ ഘോ
ഷിക്കുന്ന ശക്തനായൊരു ദൂതനെ
യും കണ്ടു.[c] **3** പുസ്തകം തുറപ്പാ
നോ നോക്കുവാനോ സ്വർഗത്തിലും

**അധ്യായം 4**

1.[a] *വെളി.1:11; (പുറ.19:19,20)*
[b] *വെളി.11:12*
[c] *വെളി.1:1,19;22:6*
2.[d] *വെളി.1:10*
[e] *സങ്കീ.11:4; 103:19; യെശ.66:1; മത്താ.5:34;23:22; 1രാജാ.22:19*
3.[f] *വെളി.21:11*
[g] *യെഹെ.1:28; (വെളി.10:1; ഉൽപ.9:13-17)*
4.[h] *വെളി.11:16*
[i] *വെളി.3:5*
[j] *വെളി.4:11; യാക്കോ.1:12*
5.[k] *വെളി.8:5; 11:19;16:18; (പുറ.19:16)*
[l] *വെളി.1:4*
[m] *(സെഖ.4:2)*
6.[n] *വെളി.15:2; (വെളി.21:18,21; സങ്കീ.77:19)*
[o] *യെഹെ.1:5*
[p] *യെഹെ.10:12*
7.[q] *(യെഹെ.1:10; 10:14)*
8.[r] *യെശ.6:2*
[s] *വെളി.4:6*
[t] *വെളി.1:4*
[u] *യെശ.6:3*
[v] *വെളി.14:11*
9.[w] *വെളി.1:18; 5:13;15:7; ദാനീ.4:34;12:7*
10.[x] *വെളി.5:8,14; 7:11; 11:16;19:4*
11.[y] *വെളി.10:7; 14:7; ഉൽപ.1:1; അപ്പൊ.പ്ര.14:15; എഫെ.3:9*
[z] *സങ്കീ.33:9-11; (എഫെ.1:11)*
[a] *വെളി.5:12*
[b] *വെളി.4:4*

**അധ്യായം 5**

1.[a] *യെഹെ.2:9,10*
[b] *യെശ.29:11; ദാനീ.12:4*
2.[c] *(വെളി.10:1;18:21)*

ഭൂമിയിലും ഭൂമിക്കു കീഴിലും ആർ
ക്കും കഴിഞ്ഞില്ല. 4 പുസ്തകം
തുറന്നു വായിപ്പാനെങ്കിലും അത്
നോക്കുവാനെങ്കിലും യോഗ്യനാ
യി ആരെയും കാണായ്കകൊണ്ടു
ഞാൻ ഏറ്റവും കരഞ്ഞു. 5 അ
പ്പോൾ മൂപ്പന്മാരിൽ ഒരുത്തൻ എ
ന്നോട്: കരയേണ്ടാ; യെഹൂദാഗോ
ത്രത്തിലെ[d] സിംഹവും[e] ദാവീദി
ന്റെ വേരുമായവൻ[f] പുസ്തകവും
അതിന്റെ ഏഴു മുദ്രയും തുറപ്പാൻ
തക്കവണ്ണം ജയം പ്രാപിച്ചിരി
ക്കുന്നു എന്നു പറഞ്ഞു. 6 ഞാൻ
സിംഹാസനത്തിന്റെയും നാലു
ജീവികളുടെയും നടുവിലും മൂപ്പന്മാ
രുടെ മധ്യത്തിലും ഒരു കുഞ്ഞാട്
അറുക്കപ്പെട്ടതുപോലെ നില്ക്കു
ന്നതു[g] കണ്ടു: അതിന് ഏഴു കൊ
മ്പും, സർവഭൂമിയിലേക്കും അയച്ചി
രിക്കുന്ന ഏഴു ദൈവാത്മാക്കൾ[h]
ആയ ഏഴു കണ്ണും[i] ഉണ്ട്. 7 അവൻ
വന്നു സിംഹാസനത്തിൽ ഇരിക്കു
ന്നവന്റെ വലംകൈയിൽനിന്നു പു
സ്തകം വാങ്ങി. 8 വാങ്ങിയപ്പോൾ
നാലു ജീവികളും ഇരുപത്തിനാലു
മൂപ്പന്മാരും ഓരോരുത്തൻ വീണ
യും[j] വിശുദ്ധന്മാരുടെ പ്രാർഥന
എന്ന[k] ധൂപവർഗം നിറഞ്ഞ പൊൻ
കലശവും[l] പിടിച്ചുകൊണ്ടു[j] കുഞ്ഞാ
ടിന്റെ മുമ്പാകെ വീണു.[m] 9 പു
സ്തകം വാങ്ങുവാനും അതിന്റെ
മുദ്ര പൊട്ടിപ്പാനും നീ യോഗ്യൻ;
നീ അറുക്കപ്പെട്ടു[n] നിന്റെ രക്തം
കൊണ്ടു[o] സർവഗോത്രത്തിലും
ഭാഷയിലും വംശത്തിലും ജാതി
യിലും നിന്നുള്ളവരെ[p] ദൈവത്തി
നായി വിലയ്ക്കു വാങ്ങി;[o] 10 ഞ
ങ്ങളുടെ ദൈവത്തിന് അവരെ രാ
ജ്യവും പുരോഹിതന്മാരും[q] ആക്കി
വച്ചു; അവർ ഭൂമിയിൽ വാഴുന്നു
എന്നൊരു പുതിയ പാട്ട്[r] അവർ
പാടുന്നു. 11 പിന്നെ ഞാൻ ദർ
ശനത്തിൽ സിംഹാസനത്തിന്റെ
യും ജീവികളുടെയും മൂപ്പന്മാരു
ടെയും ചുറ്റിലും ഏറിയ ദൂതന്മാ
രുടെ ശബ്ദം കേട്ടു; അവരുടെ
എണ്ണം പതിനായിരം പതിനായി
രവും ആയിരം ആയിരവും[s] ആയി
രുന്നു. 12 അവർ അത്യുച്ചത്തിൽ:
അറുക്കപ്പെട്ട കുഞ്ഞാട് ശക്തി
യും ധനവും ജ്ഞാനവും ബല
വും ബഹുമാനവും മഹത്ത്വവും
സ്തോത്രവും ലഭിപ്പാൻ യോഗ്യൻ
എന്നു[t] പറഞ്ഞു. 13 സ്വർഗത്തി
ലും ഭൂമിയിലും ഭൂമിക്കു കീഴിലും
സമുദ്രത്തിലും ഉള്ള സകല സൃ
ഷ്ടിയും അവയിലുള്ളതൊക്കെ
യും:[u] സിംഹാസനത്തിൽ ഇരിക്കു
ന്നവനും കുഞ്ഞാടിനും സ്തോ
ത്രവും ബഹുമാനവും മഹത്ത്വവും
ബലവും എന്നെന്നേക്കും ഉണ്ടാ
കട്ടെ എന്നു പറയുന്നത് ഞാൻ
കേട്ടു. 14 നാലു ജീവികളും: ആ
മേൻ എന്നു പറഞ്ഞു;[v] മൂപ്പന്മാർ
വീണു നമസ്കരിച്ചു.[w]

✻ ✻ ✻

***1. ആറു മുദ്രകളെ ഓരോന്നായി പൊട്ടിച്ചപ്പോൾ കണ്ട വിവരങ്ങൾ.***

**6** കുഞ്ഞാട് മുദ്രകളിൽ[a] ഒന്നു
പൊട്ടിച്ചപ്പോൾ: നീ വരിക[b]
എന്ന് നാലു ജീവികളിൽ ഒന്ന്[c]
ഇടിമുഴക്കംപോലെ[d] പറയുന്നത്
ഞാൻ കേട്ടു. 2 അപ്പോൾ ഞാൻ
ഒരു വെള്ളക്കുതിരയെ[e] കണ്ടു;
അതിന്മേൽ ഇരിക്കുന്നവന്റെ കൈ
യിൽ ഒരു വില്ലുണ്ട്;[f] അവന് ഒരു
കിരീടവും[g] ലഭിച്ചു; അവൻ ജയി
ക്കുന്നവനായും ജയിപ്പാനായും[h]
പുറപ്പെട്ടു.

5.[d] *എബ്രാ.7:14*
[e] *ഉൽപ.49:9*
[f] *വെളി.22:16; യെശ.11:1,10; റോമ.15:12*
6.[g] *വെളി.5:9,12; 13:8; യെശ.53:7; യോഹ.1:29,36; 1പത്രൊ.1:19*
[h] *വെളി.1:4*
[i] *സെഖ.3:9;4:10*
8.[j] *വെളി.14:2;15:2*
[k] *വെളി.8:3,4; സങ്കീ.141:2*
[l] *(വെളി.15:7)*
[m] *വെളി.4:10*
9.[n] *വെളി.5:6*
[o] *വെളി.14:3,4; 2പത്രൊ.2:1*
[p] *വെളി.7:9;11:9; 14:6; ദാനീ.3:4*
10.[q] *വെളി.1:6*
[r] *വെളി.14:3; സങ്കീ.33:3*
11.[s] *ദാനീ.7:10; (എബ്രാ.12:22)*
12.[t] *വെളി.4:11*
13.[u] *സങ്കീ.145:21; 150:6*
14.[v] *വെളി.7:12;19:4*
[w] *വെളി.5:8;4:10*

**അധ്യായം 6**

1.[a] *വെളി.5:1,5 - 7*
[b] *വെളി.22:20*
[c] *വെളി.4:7*
[d] *വെളി.14:2;19:6*
2.[e] *സെഖ.6:3; (വെളി.19:11,19,21)*
[f] *(സങ്കീ.45:4,5; ഹബ.3:8,9; സെഖ.9:13,14)*
[g] *വെളി.14:14; (സെഖ.6:11)*
[h] *വെളി.3:21*

5:6 ***കുഞ്ഞാട്:*** ഒരു സിംഹത്തെ കാണുവാനായി യോഹന്നാൻ ആഗ്രഹിച്ചിരുന്നപ്പോൾ അദ്ദേഹം കണ്ടത് ഒരിക്കൽ അറുക്കപ്പെട്ടതിന്റെ അടയാളങ്ങളോടുകൂടിയ കുഞ്ഞാടിനെയാണ്. യോഹ.1:29 ൽ പറയുന്നതുപോലെ ക്രിസ്തുവിനെയാണ് ദൈവത്തിന്റെ കുഞ്ഞാടായി ചിത്രീകരിച്ചിരിക്കുന്നത്. യെശ.53:7 ൽ പറഞ്ഞിരിക്കുന്ന കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടായ മിണ്ടാതിരിക്കുന്ന ദൈവത്തിന്റെ ദാസന്റെ പ്രതിരൂപമാണു ഭാഗികമായി ഇവിടെ അടിസ്ഥാനപ്പെട്ടിരിക്കുന്നത്. യേശുവിനെ മനുഷ്യരാശിയുടെ പാപങ്ങൾക്കുവേണ്ടി യാഗമായിത്തീരുന്ന കുഞ്ഞാടായിട്ടാണു മറ്റു പുതിയനിയമ ഭാഗങ്ങൾ വിവരിക്കുന്നത്.

3 അവൻ രണ്ടാം മുദ്ര പൊട്ടി
ച്ചപ്പോൾ: വരിക എന്ന് രണ്ടാം
ജീവി[i] പറയുന്നത് ഞാൻ കേട്ടു.
4 അപ്പോൾ ചുവന്നതായ മറ്റൊരു
കുതിര[j] പുറപ്പെട്ടു; അതിന്റെ പുറ
ത്ത് ഇരിക്കുന്നവനു മനുഷ്യർ അ
ന്യോന്യം കൊല്ലുവാൻ തക്കവണ്ണം
ഭൂമിയിൽനിന്നു സമാധാനം എടു
ത്തുകളയേണ്ടതിന്[k] അധികാരം
ലഭിച്ചു; ഒരു വലിയ വാളും അവനു
കിട്ടി.
5 മൂന്നാം മുദ്ര പൊട്ടിച്ചപ്പോൾ:
വരിക എന്ന് മൂന്നാം ജീവി[i] പറയു
ന്നതു ഞാൻ കേട്ടു. അപ്പോൾ
ഞാൻ ഒരു കറുത്ത കുതിരയെ[l]
കണ്ടു; അതിന്മേൽ ഇരിക്കുന്നവൻ
ഒരു തുലാസു കൈയിൽ പിടിച്ചി
രുന്നു. 6 ഒരു പണത്തിന് ഒരിട
ങ്ങഴി കോതമ്പ്;[m] ഒരു പണത്തിനു
മൂന്നിടങ്ങഴി യവം; എന്നാൽ എ
ണ്ണയ്ക്കും വീഞ്ഞിനും കേടു വ
രുത്തരുത്[n] എന്ന് നാലു ജീവിക
ളുടെയും നടുവിൽനിന്ന് ഒരു ശബ്ദം
ഞാൻ കേട്ടു.
7 നാലാം മുദ്ര പൊട്ടിച്ചപ്പോൾ:
വരിക എന്ന് നാലാം ജീവി[o] പറ
യുന്നതു ഞാൻ കേട്ടു. 8 അപ്പോൾ
ഞാൻ മഞ്ഞനിറമുള്ളൊരു കുതി
രയെ[p] കണ്ടു; അതിന്മേൽ ഇരി
ക്കുന്നവനു മരണം എന്നു പേർ;
പാതാളം അവനെ പിന്തുടർന്നു;
അവർക്കു വാളുകൊണ്ടും[q] ക്ഷാ
മംകൊണ്ടും മഹാവ്യാധികൊണ്ടും
ഭൂമിയിലെ കാട്ടുമൃഗങ്ങളെക്കൊ
ണ്ടും[r] കൊന്നുകളവാൻ ഭൂമിയുടെ
കാലംശത്തിന്മേൽ അധികാരം
ലഭിച്ചു.
9 അവൻ അഞ്ചാം മുദ്ര പൊട്ടി
ച്ചപ്പോൾ: ദൈവവചനം നിമി
ത്തവും[s] തങ്ങൾ പറഞ്ഞ സാക്ഷ്യം
ഹേതുവായും[t] അറുക്കപ്പെട്ടവരുടെ
ആത്മാക്കളെ[u] ഞാൻ യാഗപീ
ഠ[v]ത്തിൻകീഴിൽ കണ്ടു; 10 വിശുദ്ധ
നും സത്യവാനും[w] ആയ നാഥാ,
ഭൂമിയിൽ വസിക്കുന്നവരോടു[x]
ഞങ്ങളുടെ രക്തത്തെക്കുറിച്ചു നീ
എത്രത്തോളം[y] ന്യായവിധിയും[z]
പ്രതികാരവും നടത്താതെയിരിക്കും[a]
എന്ന് അവർ ഉറക്കെ നിലവിളിച്ചു.
11 അപ്പോൾ അവരിൽ ഓരോരു
ത്തനും വെള്ളനിലയങ്കി[b] കൊടു
ത്തു; അവരെപ്പോലെ കൊല്ലപ്പെ
ടുവാനിരിക്കുന്ന സഹഭൃത്യന്മാരും
സഹോദരന്മാരും[c] വന്നുതിക
യു[d]വോളം[c] അല്പകാലംകൂടെ
സ്വസ്ഥമായി പാർക്കേണം[e] എന്ന്
അവർക്ക് അരുളപ്പാടുണ്ടായി.
12 ആറാം മുദ്ര പൊട്ടിച്ചപ്പോൾ
വലിയൊരു ഭൂകമ്പം ഉണ്ടായി;[f]
സൂര്യൻ[g] കരിമ്പടംപോലെ[h] കറു
ത്തു;[g] ചന്ദ്രൻ മുഴുവനും രക്തതു
ല്യമായിത്തീർന്നു. 13 അത്തിവൃക്ഷം
പെരുങ്കാറ്റുകൊണ്ടു കുലുങ്ങിയി
ട്ടു കായ് ഉതിർക്കുമ്പോലെ[i] ആകാ
ശത്തിലെ നക്ഷത്രങ്ങൾ ഭൂമിയിൽ
വീണു.[j] 14 പുസ്തകച്ചുരുൾ ചു
രുട്ടുംപോലെ[i] ആകാശം മാറിപ്പോ
യി;[k] എല്ലാ മലയും ദ്വീപും സ്വ
സ്ഥാനത്തുനിന്ന് ഇളകിപ്പോയി.[l]
15 ഭൂമിയിലെ രാജാക്കന്മാരും
മഹത്തുക്കളും സഹസ്രാധിപന്മാ
രും ധനവാന്മാരും ബലവാന്മാരും
സകല ദാസനും സ്വതന്ത്രനും ഗുഹ
കളിലും മലപ്പാറകളിലും ഒളിച്ചു
കൊണ്ടു[m] മലകളോടും പാറക
ളോടും[n]: 16 ഞങ്ങളുടെമേൽ വീ
ഴുവിൻ; സിംഹാസനത്തിൽ ഇരി
ക്കുന്നവന്റെ[o] മുഖം കാണാതവ
ണ്ണവും കുഞ്ഞാടിന്റെ കോപം ത
ട്ടാതവണ്ണവും ഞങ്ങളെ മറപ്പിൻ.
17 അവരുടെ മഹാകോപദിവസം
വന്നു;[p] ആർക്കു നില്പാൻ കഴി
യും[q] എന്നു പറഞ്ഞു.

❋ ❋ ❋

*1. ദൈവജനങ്ങളുടെ നെറ്റികളിൽ മുദ്രയിടുന്നത് 4. അവരുടെ സംഖ്യ 9. സകലജാതികളിൽ നിന്നുമുള്ള ദൈവജനം അനുഭവിക്കുന്ന മഹാഭാഗ്യം.*

**7** അതിന്റെശേഷം ഭൂമിമേലും
കടലിന്മേലും യാതൊരു വൃക്ഷ
ത്തിന്മേലും കാറ്റ് ഊതാതിരി

3. i *വെളി.4:7*
4. j *സെഖ.1:8;6:2*
k *(മത്താ.10:34; 24:6,7)*
5. i *(വാ.3കാ.)*
l *സെഖ.6:2*
6. m *(യെഹെ.4:10,11; 5:10,16)*
n *വെളി.7:3;9:4*
7. o *വെളി.4:7*
8. p *(സെഖ.6:3)*
q *യെഹെ.14:21*
r *ലേവ്യാ.26:22; ആവ.32:24*
9. s *വെളി.1:9*
t *വെളി.1:2*
u *വെളി.20:4*
v *വെളി.14:18;16:7*
10. w *വെളി.3:7*
x *വെളി.3:10*
y *(സങ്കീ.94:3; സെഖ.1:12)*
z *വെളി.11:18;19:2*
a *സങ്കീ.79:10; 119:84; ലൂക്കൊ.18:7,8*
11. b *വെളി.3:4,5;7:9*
c *(എബ്രാ.11:40)*
d *(ഉൽപ.15:16)*
e *വെളി.14:13*
12. f *വെളി.11:13; 16:18; (എബ്രാ.12:26)*
g *മത്താ.24:29*
h *യെശ.50:3*
13. i *യെശ.34:4*
j *(വെളി.8:10;9:1)*
14. i *(വാ.13കാ.)*
k *(വെളി.20:11;21:1)*
l *വെളി.16:20; (യെശ.54:10; യിരെ.4:24; യെഹെ.38:20; നഹൂം1:5)*
15. m *യെശ.2:19,20*
n *ഹോശേ.10:8; ലൂക്കൊ.23:30*
16. o *വെളി.4:2*
17. p *യിരെ.30:7; യോവേ.2:11,31; സെഫ.1:14*
q *എബ്രാ.9:15; സങ്കീ.76:7; മലാ.3:2; ലൂക്കൊ.21:36*

ക്കേണ്ടതിനു[a] നാലു ദൂതന്മാർ ഭൂമി
യിലെ നാലു കാറ്റും[b] പിടിച്ചുകൊ
ണ്ടു ഭൂമിയുടെ നാലു കോണിലും
നില്ക്കുന്നത് ഞാൻ കണ്ടു. **2** മ
റ്റൊരു ദൂതൻ ജീവനുള്ള ദൈവ
ത്തിന്റെ മുദ്രയുമായി[c] കിഴക്കുനി
ന്നു[d] കയറുന്നതും കണ്ടു. അവൻ
ഭൂമിക്കും സമുദ്രത്തിനും കേടു വരു
ത്തുവാൻ അധികാരം ലഭിച്ച നാലു
ദൂതന്മാരോട്: **3** നമ്മുടെ ദൈവ
ത്തിന്റെ ദാസന്മാരുടെ നെറ്റിയിൽ[e]
ഞങ്ങൾ മുദ്രയിട്ടു കഴിയുവോളം
ഭൂമിക്കും സമുദ്രത്തിനും വൃക്ഷ
ങ്ങൾക്കും കേടു വരുത്തരുത്[f] എന്ന്
ഉറക്കെ വിളിച്ചുപറഞ്ഞു. **4** മുദ്ര
യേറ്റവരുടെ എണ്ണവും ഞാൻ
കേട്ടു;[g] യിസ്രായേൽമക്കളുടെ
സകല ഗോത്രത്തിലുംനിന്നു മുദ്ര
യേറ്റവർ നൂറ്റിനാല്പത്തിനാലായി
രം പേർ.

**5** യെഹൂദാഗോത്രത്തിൽ മുദ്രയേ
റ്റവർ പന്തീരായിരം; രൂബേൻഗോ
ത്രത്തിൽ പന്തീരായിരം; ഗാദ്ഗോ
ത്രത്തിൽ പന്തീരായിരം;

**6** ആശേർഗോത്രത്തിൽ പന്തീരായി
രം; നഫ്താലിഗോത്രത്തിൽ പ
ന്തീരായിരം; മനശ്ശെഗോത്രത്തിൽ
പന്തീരായിരം;

**7** ശിമെയോൻഗോത്രത്തിൽ പന്തീ
രായിരം; ലേവിഗോത്രത്തിൽ പ
ന്തീരായിരം; യിസ്സാഖാർഗോത്ര
ത്തിൽ പന്തീരായിരം;

**8** സെബൂലൂൻഗോത്രത്തിൽ പന്തീ
രായിരം; യോസേഫ്ഗോത്രത്തിൽ
പന്തീരായിരം; ബെന്യാമീൻഗോ
ത്രത്തിൽ മുദ്രയേറ്റവർ പന്തീരാ
യിരം പേർ.

**9** ഇതിന്റെശേഷം സകല ജാതി
കളിലും ഗോത്രങ്ങളിലും വംശങ്ങ
ളിലും ഭാഷകളിലും നിന്ന് ഉള്ളതാ
യി[h] ആർക്കും എണ്ണിക്കൂടാത്ത ഒരു
മഹാപുരുഷാരം[i] വെള്ളനിലയങ്കി
ധരിച്ചു[j] കൈയിൽ കുരുത്തോലയു
മായി[k] സിംഹാസനത്തിനും കു
ഞ്ഞാടിനും മുമ്പാകെ നില്ക്കുന്നത്
ഞാൻ കണ്ടു. **10** രക്ഷ എന്നുള്ളത്
സിംഹാസനത്തിൽ ഇരിക്കുന്നവ
നായ നമ്മുടെ ദൈവത്തിന്റെയും
കുഞ്ഞാടിന്റെയും[l] ദാനം എന്ന്
അവർ അത്യുച്ചത്തിൽ ആർത്തു
കൊണ്ടിരുന്നു. **11** സകല ദൂതന്മാ
രും സിംഹാസനത്തിന്റെയും മൂപ്പ
ന്മാരുടെയും നാലു ജീവികളുടെ
യും[m] ചുറ്റും നിന്നു സിംഹാസന
ത്തിന്റെ മുമ്പിൽ കവിണ്ണുവീണു;[n]
**12** ആമേൻ; നമ്മുടെ ദൈവത്തിന്
എന്നെന്നേക്കും സ്തുതിയും മഹ
ത്ത്വവും ജ്ഞാനവും സ്തോത്രവും
ബഹുമാനവും ശക്തിയും ബലവും;
ആമേൻ എന്നു പറഞ്ഞു[o] ദൈവ
ത്തെ നമസ്കരിച്ചു. **13** മൂപ്പന്മാരിൽ
ഒരുത്തൻ എന്നോട്: വെള്ളനില
യങ്കി ധരിച്ചിരിക്കുന്ന[j] ഇവർ ആർ?
എവിടെനിന്നു വന്നു എന്നു ചോ
ദിച്ചു. **14** യജമാനൻ അറിയുമല്ലോ
എന്ന് ഞാൻ പറഞ്ഞതിന് അവൻ
എന്നോടു പറഞ്ഞത്: ഇവർ മഹാ
കഷ്ടത്തിൽനിന്നു[p] വന്നവർ; കു
ഞ്ഞാടിന്റെ രക്തത്തിൽ[q] തങ്ങളു
ടെ അങ്കി അലക്കി[r] വെളുപ്പിച്ചിരി
ക്കുന്നു.[s] **15** അതുകൊണ്ട് അവർ
ദൈവത്തിന്റെ സിംഹാസനത്തിൻ
മുമ്പിൽ ഇരുന്ന് അവന്റെ ആലയ
ത്തിൽ രാപ്പകൽ അവനെ ആരാധി
ക്കുന്നു;[t] സിംഹാസനത്തിൽ ഇരി
ക്കുന്നവൻ അവർക്കു കൂടാരം ആയി
രിക്കും.[u] **16** ഇനി അവർക്കു വിശ
ക്കയില്ല, ദാഹിക്കയും ഇല്ല;[v] വെ
യിലും യാതൊരു ചൂടും അവരുടെ
മേൽ തട്ടുകയുമില്ല.[w] **17** സിംഹാ
സനത്തിന്റെ മധ്യേ ഉള്ള കുഞ്ഞാട്
അവരെ മേയിച്ചു[x] ജീവജലത്തിന്റെ[y]
ഉറവുകളിലേക്കു നടത്തുകയും
ദൈവംതാൻ അവരുടെ കണ്ണിൽ
നിന്ന് കണ്ണുനീർ എല്ലാം തുടച്ചുക
ളകയും[z] ചെയ്യും.

*1. ഏഴാം മുദ്ര തുറന്നപ്പോൾ ഏഴു കാഹളധ്വനികൾ ഉണ്ടായതിൽ 7. ആദ്യത്തെ നാലു കാഹളധ്വനികൾ.*

**8** അവൻ ഏഴാം മുദ്ര[a] പൊട്ടിച്ച
പ്പോൾ സ്വർഗത്തിൽ ഏകദേ
ശം അര മണിക്കൂറോളം മൗനത

**അധ്യായം 7**

1. a *(വെളി. 7:3)*
b *യിരെ. 49:36; ദാനീ. 7:2*
2. c *വെളി. 7:4*
d *വെളി. 16:12*
3. e *വെളി. 14:1; 22:4; യെഹെ. 9:4; (വെളി. 13:16; യെഹെ. 3:8,9)*
f *വെളി. 6:6; 9:4*
4. g *വെളി. 9:16*
9. h *വെളി. 5:9*
i *(റോമ. 11:25)*
j *വെളി. 7:14; 3:4,5*
k *(ലേവ്യാ. 23:40; യോഹ. 12:13)*
10. l *വെളി. 12:10; 19:1; സങ്കീ. 3:8*
11. m *വെളി. 4:6*
n *വെളി. 4:10*
12. o *വെളി. 5:14; 19:4; (1ദിന. 29:10,11)*
13. j *(വാ. 9കാ.)*
14. p *മത്താ. 24:21*
q *വെളി. 1:6*
r *വെളി. 22:14; (യെശ. 1:18; സെഖ. 3:3-5)*
s *(ദാനീ. 12:10; 1യോഹ. 1:7)*
15. t *വെളി. 22:3*
u *വെളി. 21:3; യെഹെ. 37:27; യോഹ. 1:14; (യെശ. 4:5,6)*
16. v *യെശ. 49:10*
w *സങ്കീ. 121:6*
17. x *സങ്കീ. 23:1,2; (മത്താ. 2:6); യോഹ. 10:11*
y *വെളി. 22:1; (സങ്കീ. 36:8,9; യോഹ. 4:14)*
z *വെളി. 21:4; യെശ. 25:8*

**അധ്യായം 8**

1. a *വെളി. 5:1; 6:1*

ഉണ്ടായി. **2** അപ്പോൾ ദൈവസന്നി
ധിയിൽ ഏഴു ദൂതന്മാർ നില്ക്കു
ന്നത്[b] ഞാൻ കണ്ടു; അവർക്ക്
ഏഴു കാഹളം ലഭിച്ചു.
**3** മറ്റൊരു ദൂതൻ ഒരു സ്വർണ
ധൂപകലശവുമായി വന്നു യാഗപീഠ
ത്തിനരികെ[c] നിന്നു. സിംഹാസന
ത്തിൻ മുമ്പിലുള്ള സ്വർണപീഠത്തി
ന്മേൽ[d] സകല വിശുദ്ധന്മാരുടെ
യും പ്രാർഥനയോടു[e] ചേർക്കേ
ണ്ടതിനു വളരെ ധൂപവർഗം അവ
നു കൊടുത്തു. **4** ധൂപവർഗത്തിന്റെ
പുക[f] വിശുദ്ധന്മാരുടെ പ്രാർഥന
യോടുകൂടെ ദൂതന്റെ കൈയിൽ
നിന്നു ദൈവസന്നിധിയിലേക്കു
കയറി. **5** ദൂതൻ ധൂപകലശം എ
ടുത്തു യാഗപീഠത്തിലെ കനൽ
നിറച്ചു[g] ഭൂമിയിലേക്ക് എറിഞ്ഞു;
ഉടനെ ഇടിമുഴക്കവും നാദവും
മിന്നലും ഭൂകമ്പവും[h] ഉണ്ടായി[i]
**6** ഏഴു കാഹളമുള്ള ദൂതന്മാർ
എഴുവരും കാഹളം ഊതുവാൻ
ഒരുങ്ങിനിന്നു.
**7** ഒന്നാമത്തവൻ ഊതി; അ
പ്പോൾ രക്തം കലർന്ന കന്മഴയും[j]
തീയും[k] ഭൂമിമേൽ ചൊരിഞ്ഞിട്ടു
ഭൂമിയിൽ മൂന്നിലൊന്നു വെന്തു
പോയി;[l] വൃക്ഷങ്ങളിൽ[m] മൂന്നി
ലൊന്ന് വെന്തുപോയി;[l] എല്ലാ പച്ച
പ്പുല്ലും വെന്തുപോയി.
**8** രണ്ടാമത്തെ ദൂതൻ ഊതി;
അപ്പോൾ തീ കത്തുന്ന വൻമല
പോലെയൊന്നു സമുദ്രത്തിലേക്ക്
എറിഞ്ഞിട്ടു[n] കടലിൽ മൂന്നിലൊ
ന്നു രക്തമായിത്തീർന്നു.[o] **9** സമു
ദ്രത്തിൽ പ്രാണനുള്ള സൃഷ്ടിക
ളിൽ മൂന്നിലൊന്നു ചത്തുപോയി;
കപ്പലുകളിലും[p] മൂന്നിലൊന്ന് ചേ
തം വന്നു.
**10** മൂന്നാമത്തെ ദൂതൻ ഊതി;
അപ്പോൾ ദീപംപോലെ ജ്വലിക്കുന്ന
ഒരു മഹാനക്ഷത്രം ആകാശത്തു
നിന്നു വീണു;[q] നദികളിൽ മൂന്നി
ലൊന്നിന്മേലും നീരുറവുകളിന്മേ
ലും[r] ആയിരുന്നു വീണത്. **11** ആ
നക്ഷത്രത്തിനു കാഞ്ഞിരം എന്നു
പേർ; വെള്ളത്തിൽ മൂന്നിലൊന്നു
കാഞ്ഞിരംപോലെ ആയി;[s] വെ
ള്ളം കയ്പായതിനാൽ[t] മനുഷ്യ
രിൽ പലരും മരിച്ചുപോയി.
**12** നാലാമത്തെ ദൂതൻ ഊതി;
അപ്പോൾ സൂര്യനിൽ[u] മൂന്നിലൊ
ന്നിനും ചന്ദ്രനിൽ മൂന്നിലൊന്നി
നും നക്ഷത്രങ്ങളിൽ മൂന്നിലൊന്നി
നും ബാധ തട്ടി;[u] അവയിൽ മൂ
ന്നിലൊന്ന് ഇരുണ്ടുപോയി, രാ
വും പകലും മൂന്നിലൊന്നു വെ
ളിച്ചമില്ലാതെയായി.
**13** അനന്തരം ഒരു കഴുക്: ഇനി
കാഹളം ഊതുവാനുള്ള മൂന്നു
ദൂതന്മാരുടെ കാഹളനാദം ഹേതു
വായി ഭൂവാസികൾക്കു കഷ്ടം,
കഷ്ടം, കഷ്ടം[v] എന്നു ഉറക്കെ
പറഞ്ഞുകൊണ്ട് ആകാശമധ്യേ
പറക്കുന്നത് ഞാൻ കാൺകയും
കേൾക്കയും ചെയ്തു.

✵ ✵ ✵

***1. അഞ്ചാമത്തെയും 13. ആറാമത്തെയും കാഹളധ്വനികളാലുള്ള രണ്ടു കഷ്ടങ്ങൾ.***

**9** അഞ്ചാമത്തെ ദൂതൻ ഊതി;
അപ്പോൾ ഒരു നക്ഷത്രം ആകാ
ശത്തുനിന്നു ഭൂമിയിൽ വീണുകിട
ക്കുന്നത് ഞാൻ കണ്ടു;[a] അവന്
അഗാധ[b]കൂപത്തിന്റെ താക്കോൽ[c]
ലഭിച്ചു. **2** അവൻ അഗാധകൂപം
തുറന്നു; ഉടനെ പെരുംചൂളയിലെ
പുകപോലെ കൂപത്തിൽനിന്നു
പുക[d] പൊങ്ങി; കൂപത്തിന്റെ
പുകയാൽ സൂര്യനും ആകാശവും
ഇരുണ്ടുപോയി.[e] **3** പുകയിൽനി
ന്നു വെട്ടുക്കിളി[f] ഭൂമിയിൽ പുറ
പ്പെട്ടു. അതിനു ഭൂമിയിലെ തേളി
നുള്ള ശക്തി ലഭിച്ചു. **4** നെറ്റിയിൽ
ദൈവത്തിന്റെ മുദ്ര[g]യില്ലാത്ത മനു
ഷ്യർക്കല്ലാതെ ഭൂമിയിലെ പുല്ലിനും
പച്ചയായതൊന്നിനും യാതൊരു
വൃക്ഷത്തിനും[h] കേടു വരുത്തരുത്
എന്ന്[i] അതിനു കല്പന ഉണ്ടായി.
**5** അവരെ കൊല്ലുവാനല്ല, അഞ്ചു
മാസം[j] ദണ്ഡിപ്പിപ്പാനത്രേ അതിന്
അധികാരം ലഭിച്ചത്; അവരുടെ വേ
ദന, തേൾ മനുഷ്യനെ കുത്തുമ്പോൾ

2.[b] *ലൂക്കൊ.1:19*
3.[c] *ആമോ.9:1*
[d] *വെളി.9:13; പുറ.30:1,3*
[e] *വെളി.5:8*
4.[f] *(സങ്കീ.141:2)*
5.[g] *ലേവ്യാ.16:12*
[h] *വെളി.4:5*
[i] *(സങ്കീ.18:7,8)*
7.[j] *പുറ.9:23,24; സങ്കീ.18:13; യെഹെ.38:22*
[k] *യോവേ.2:30*
[l] *വെളി.8:8-12; 9:15,18;12:4; (സെഖ.13:8,9)*
[m] *വെളി.9:4; യെശ.2:13*
8.[n] *യിരെ.51:25; (മർക്കൊ.11:23)*
[o] *വെളി.11:6; (പുറ.7:17,19)*
9.[p] *യെശ.2:16*
10.[q] *വെളി.9:1; (യെശ.14:12)*
[r] *വെളി.14:7;16:4*
11.[s] *ആവ.29:17; യിരെ.9:15;23:15*
[t] *(പുറ.15:23)*
12.[u] *(പുറ.10:21-23; യെശ.13:10;30:26)*
13.[v] *(വെളി.9:12; 11:14)*

**അധ്യായം 9**
1.[a] *വെളി.8:10; (വെളി.12:9; ലൂക്കൊ.10:18)*
[b] *വെളി.9:2,11; 11:7;17:8;20:1,3; ലൂക്കൊ.8:31; റോമ.10:7*
[c] *വെളി.1:18*
2.[d] *(ഉൽപ.19:28; യെശ.34:10)*
[e] *(യോവേ.2:10)*
3.[f] *പുറ.10:4*
4.[g] *വെളി.7:2,3*
[h] *വെളി.8:7*
[i] *വെളി.6:6;7:3*
5.[j] *വെളി.9:10*

ഉള്ള വേദനപോലെ തന്നെ. **6** ആ
കാലത്തു മനുഷ്യർ മരണം അന്വേ
ഷിക്കും; കാൺകയില്ലതാനും;[k] മരി
പ്പാൻ കൊതിക്കും; മരണം അവരെ
വിട്ട് ഓടിപ്പോകും. **7** വെട്ടുക്കിളി
യുടെ രൂപം യുദ്ധത്തിനു ചമയിച്ച
കുതിരയ്ക്കു സമം;[l] തലയിൽ
പൊൻകിരീടം ഉള്ളതുപോലെയും[m]
മുഖം മാനുഷമുഖംപോലെയും[n]
ആയിരുന്നു. **8** സ്ത്രീകളുടെ മുടി
പോലെ അതിനു മുടി ഉണ്ട്; പല്ല്
സിംഹത്തിന്റെ പല്ലുപോലെ ആയി
രുന്നു.[o] **9** ഇരുമ്പുകവചംപോലെ
കവചം ഉണ്ട്; ചിറകിന്റെ ഒച്ച പട
യ്ക്ക് ഓടുന്ന അനേകം കുതിര[p]ത്തേ
രുകളുടെ ഒച്ചപോലെ[q] ആയിരുന്നു.
**10** തേളിനുള്ളതുപോലെ വാലും
വിഷമുള്ളും ഉണ്ട്; മനുഷ്യരെ അ
ഞ്ചു മാസം[r] ഉപദ്രവിപ്പാൻ അതിനു
ള്ള ശക്തി വാലിൽ ആയിരുന്നു.
**11** അഗാധദൂതൻ അതിനു രാജാ
വായിരുന്നു;[s] അവന് എബ്രായ
ഭാഷയിൽ അബദ്ദോൻ[t] എന്നും
യവനഭാഷയിൽ അപ്പൊല്ലുവോൻ
എന്നും പേർ.

**12** കഷ്ടം ഒന്നു കഴിഞ്ഞു;[u]
ഇനി രണ്ടു കഷ്ടം പിന്നാലെ
വരുന്നു.

**13** ആറാമത്തെ ദൂതൻ ഊതി;
അപ്പോൾ ദൈവസന്നിധിയിലെ സ്വർ
ണപീഠത്തിന്റെ കൊമ്പുകളിൽ[v]നി
ന്ന് ഒരു ശബ്ദം കാഹളമുള്ള ആറാം
ദൂതനോട്: **14** യൂഫ്രാത്തേസ് എന്ന
മഹാനദീതീരത്തു[w] ബന്ധിച്ചിരി
ക്കുന്ന നാലു ദൂതന്മാരെയും[x] അഴി
ച്ചുവിടുക എന്നു പറയുന്നതു ഞാൻ
കേട്ടു. **15** ഉടനെ മനുഷ്യരിൽ മൂ
ന്നിലൊന്നിനെ കൊല്ലുവാൻ[y] ഇന്ന
ആണ്ട്, മാസം, ദിവസം, നാഴിക
യ്ക്ക് ഒരുങ്ങിയിരുന്ന നാലു ദൂത
ന്മാരെയും അഴിച്ചുവിട്ടു. **16** കുതിര
പ്പടയുടെ[z] സംഖ്യ പതിനായിരം
മടങ്ങ് ഇരുപതിനായിരം[a] എന്നു
ഞാൻ കേട്ടു.[b] **17** ഞാൻ കുതിര
കളെയും കുതിരപ്പുറത്ത് ഇരിക്കു
ന്നവരെയും ദർശനത്തിൽ കണ്ടത്
എങ്ങനെയെന്നാൽ: അവർക്കു തീ
നിറവും രക്തനീലവും ഗന്ധക വർ
ണവുമായ കവചം ഉണ്ടായിരുന്നു;
കുതിരകളുടെ തല സിംഹങ്ങളുടെ
തലപോലെ[c] ആയിരുന്നു; വായിൽ
നിന്നു തീയും പുകയും ഗന്ധകവും
പുറപ്പെട്ടു. **18** വായിൽനിന്നു പുറ
പ്പെടുന്ന തീ, പുക, ഗന്ധകം എന്നീ
മൂന്നു ബാധയാൽ മനുഷ്യരിൽ
മൂന്നിലൊന്നു മരിച്ചുപോയി. **19** കു
തിരകളുടെ ശക്തി വായിലും വാ
ലിലും ആയിരുന്നു; വാലോ സർപ്പ
ത്തെപ്പോലെയും തലയുള്ളതും
ആയിരുന്നു; ഇവയാലത്രേ കേടു
വരുത്തുന്നത്. **20** ഈ ബാധക
ളാൽ മരിച്ചുപോകാത്ത ശേഷം
മനുഷ്യരോ ദുർഭൂതങ്ങളെയും,[d]
കാൺമാനും കേൾപ്പാനും നടപ്പാനും
വഹിയാത്ത പൊന്ന്, വെള്ളി, ചെ
മ്പ്, കല്ല്, മരം ഇവകൊണ്ടുള്ള
ബിംബങ്ങളെയും[e] നമസ്കരിക്കാ
തവണ്ണം തങ്ങളുടെ കൈപ്പണി[f]
വിട്ടു മാനസാന്തരപ്പെട്ടില്ല.[g] **21** ത
ങ്ങളുടെ കൊലപാതകം, ക്ഷുദ്രം,
ദുർന്നടപ്പ്,[h] മോഷണം എന്നിവ
വിട്ടു മാനസാന്തരപ്പെട്ടതുമില്ല.

6.[k] *ഇയ്യോ.3:21; 7:15,16; യിരെ.8:3*
7.[l] *യോവേ.2:4*
[m] *(നഹൂം 3:17)*
[n] *ദാനീ.7:8*
8.[o] *യോവേ.1:6*
9.[p] *യിരെ.8:6; (ഇയ്യോ.39:21-25)*
[q] *യോവേ.2:5*
10.[r] *വെളി.9:5*
11.[s] *(ഇയ്യോ.18:14; സദൃ.30:27; എഫെ.2:2)*
[t] *ഇയ്യോ.26:6*
12.[u] *(വെളി.8:13; 11:14)*
13.[v] *പുറ.30:3*
14.[w] *വെളി.16:12*
[x] *(വെളി.7:1)*
15.[y] *വെളി.8:7*
16.[z] *യെഹെ.38:4*
[a] *(സങ്കീ.68:17; ദാനീ.7:10)*
[b] *വെളി.7:4*
17.[c] *(1ദിന.12:8; യെശ.5:28,29)*
20.[d] *1കൊരി.10:20*
[e] *സങ്കീ.115:4-7; 135:15-17; ദാനീ.5:23*
[f] *ആവ.31:29; യിരെ.1:16;25:14*
[g] *വെളി.2:21*
21.[h] *വെളി.21:8; 22:15; ഗലാ.5:19*

❋ ❋ ❋

***1. ദൈവമർമം വേഗത്തിൽ നിവൃത്തിയാകും എന്ന് ഒരു ദൂതൻ അറിയിച്ചത് 8. അവന്റെ കൈയിൽ ഇരുന്ന തുറന്നിരിക്കുന്ന പുസ്തകം യോഹന്നാൻ വാങ്ങി ഭക്ഷിക്കുന്നത്.***

**10** ബലവാനായ മറ്റൊരു ദൂതൻ
സ്വർഗത്തിൽനിന്നിറങ്ങുന്നത്
ഞാൻ കണ്ടു. അവൻ മേഘം ഉ
ടുത്തും തലയിൽ ആകാശവില്ലു
ധരിച്ചും[a] മുഖം സൂര്യനെപ്പോലെ
യും[b] കാൽ തീത്തൂണുപോലെയും[c]
ഉള്ളവൻ. **2** അവന്റെ കൈയിൽ
തുറന്നൊരു ചെറുപുസ്തകം ഉണ്ടാ
യിരുന്നു.[d] അവൻ വലംകാൽ സമു
ദ്രത്തിന്മേലും ഇടംകാൽ ഭൂമിമേലും
വച്ചു. **3** സിംഹം അലറുംപോലെ[e]
അത്യുച്ചത്തിൽ ആർത്തു; ആർ
ത്തപ്പോൾ ഏഴ് ഇടിയും നാദം
മുഴക്കി. **4** ഏഴ് ഇടി നാദം മുഴ
ക്കിയപ്പോൾ ഞാൻ എഴുതുവാൻ

**അധ്യായം 10**
1.[a] *യെഹെ.1:28*
[b] *വെളി.1:16; മത്താ.17:2*
[c] *വെളി.1:15*
2.[d] *വെളി.10:8-10*
3.[e] *യോവേ.3:16; ആമോ.1:2*

ഭാവിച്ചു; എന്നാൽ ഏഴ് ഇടി മുഴ
ക്കിയത് എഴുതാതെ മുദ്രയിട്ടേക്ക്[f]
എന്ന് സ്വർഗത്തിൽനിന്ന് ഒരു ശ
ബ്ദം കേട്ടു. **5** സമുദ്രത്തിന്മേലും
ഭൂമിമേലും നില്ക്കുന്നവനായി
ഞാൻ കണ്ട ദൂതൻ വലംകൈ
ആകാശത്തേക്ക് ഉയർത്തി:[g] **6** ഇ
നി കാലം ഉണ്ടാകയില്ല;[h] ഏഴാമ
ത്തെ ദൂതൻ കാഹളം ഊതുവാനി
രിക്കുന്ന നാദത്തിന്റെ കാലത്ത്[i]
ദൈവത്തിന്റെ മർമം അവൻ തന്റെ
ദാസന്മാരായ പ്രവാചകന്മാർക്ക്
അറിയിച്ചു കൊടുത്തതുപോലെ[j]
നിവൃത്തിയാകുമെന്ന് **7** ആകാശ
വും അതിലുള്ളതും ഭൂമിയും അതി
ലുള്ളതും സമുദ്രവും അതിലുള്ള
തും സൃഷ്ടിച്ചവനായി[k] എന്നെന്നേ
ക്കും ജീവിച്ചിരിക്കുന്നവനെച്ചൊ
ല്ലി[l] സത്യം ചെയ്തു. **8** ഞാൻ
സ്വർഗത്തിൽനിന്നു കേട്ട ശബ്ദം
പിന്നെയും എന്നോടു സംസാരിച്ചു:
നീ ചെന്നു സമുദ്രത്തിന്മേലും ഭൂ
മിമേലും നില്ക്കുന്ന ദൂതന്റെ കൈ
യിൽ തുറന്നിരിക്കുന്ന പുസ്തകം
വാങ്ങുക എന്നു കല്പിച്ചു. **9** ഞാൻ
ദൂതന്റെ അടുക്കൽ ചെന്ന് ആ ചെറു
പുസ്തകം തരുവാൻ പറഞ്ഞു. അ
വൻ എന്നോട്: നീ ഇതു വാങ്ങി[m]
തിന്നുക;[n] അത് നിന്റെ വയറ്റിനെ
കയ്പിക്കും എങ്കിലും വായിൽ
തേൻപോലെ മധുരിക്കും എന്നു
പറഞ്ഞു. **10** ഞാൻ ദൂതന്റെ കൈ
യിൽനിന്ന് ചെറുപുസ്തകം വാങ്ങി
ത്തിന്നു; അത് എന്റെ വായിൽ
തേൻപോലെ മധുരമായിരുന്നു;
തിന്നു കഴിഞ്ഞപ്പോൾ എന്റെ വ
യർ കയ്ച്ചുപോയി. **11** അവൻ
എന്നോട്: നീ ഇനിയും അനേകം
വംശങ്ങളെയും ജാതികളെയും
ഭാഷകളെയും രാജാക്കന്മാരെയും
കുറിച്ചു പ്രവചിക്കേണ്ടിവരും[o]
എന്നു പറഞ്ഞു.

✵ ✵ ✵

4.[f] *ദാനീ.8:26; 12:4,9; (വെളി.22:10)*
5.[g] *ഉൽപ.14:23*
6.[h] *(വെളി.12:12; 16:17;21:6; ദാനീ.12:7)*
[i] *വെളി.11:15*
[j] *(ആമോ.3:7)*
7.[k] *വെളി.4:11*
[l] *വെളി.4:9*
9.[m] *യെഹെ.2:8; 3:1-3*
[n] *(യിരെ.15:16)*
11.[o] *(യെഹെ.37:4)*

**അധ്യായം 11**

1.[a] *വെളി.21:15,16; യെഹെ.40:3; സെഖ.2:1*
2.[b] *യെഹെ.40:17,20*
[c] *ലൂക്കൊ.21:24*
[d] *വെളി.12:6;13:5*
3.[e] *യെശ.20:2*
[d] *(വാ.2കാ.)*
4.[f] *സെഖ.4:3,11,14; (സങ്കീ.52:8; യിരെ.11:16)*
5.[g] *(2രാജാ.1:10,12; യിരെ.5:14)*
[h] *(സംഖ്യാ.16:29,35)*
6.[i] *(1രാജാ.17:1; ലൂക്കൊ.4:25; യാക്കോ.5:17)*
[j] *(പുറ.7:19)*
[k] *(പുറ.7-10; 1ശമൂ.4:8)*
7.[l] *വെളി.9:1*
[m] *വെളി.17:8; (വെളി.13:1)*
[n] *ദാനീ.7:22*
8.[o] *യെശ.1:10;3:9*
[p] *(യെഹെ.23:3, 8,19,27)*

***1. രണ്ടു സാക്ഷികൾ 7. അവരുടെ മരണവും പുനർജീവനവും 15. ഏഴാം കാഹളം ധ്വനിക്കപ്പെട്ടത്.***

**11** പിന്നെ ദണ്ഡുപോലെയുള്ള
ഒരു കോൽ[a] എന്റെ കൈയിൽ
കിട്ടി കല്പന ലഭിച്ചത്: നീ എഴു
ന്നേറ്റു ദൈവത്തിന്റെ ആലയത്തെ
യും യാഗപീഠത്തെയും അതിൽ
നമസ്കരിക്കുന്നവരെയും അളക്കു
ക. **2** ആലയത്തിനു പുറത്തുള്ള
പ്രാകാരം[b] അളക്കാതെ വിട്ടേക്ക;
അത് ജാതികൾക്കു കൊടുത്തിരി
ക്കുന്നു;[c] അവർ വിശുദ്ധനഗരത്തെ
നാല്പത്തിരണ്ടു മാസം[d] ചവിട്ടും.
**3** അന്നു ഞാൻ എന്റെ രണ്ടു സാ
ക്ഷികൾക്കും വരം നല്കും; അ
വർ രട്ട് ഉടുത്തുംകൊണ്ട്[e] ആയി
രത്തിരുനൂറ്ററുപതു ദിവസം[d] പ്രവ
ചിക്കും. **4** അവർ ഭൂമിയുടെ കർ
ത്താവിന്റെ സന്നിധിയിൽ നില്ക്കു
ന്ന രണ്ട് ഒലിവ് വൃക്ഷവും[f] രണ്ടു
നിലവിളക്കും ആകുന്നു. **5** ആരെ
ങ്കിലും അവർക്കു ദോഷം ചെ
യ്‌വാൻ ഇച്ഛിച്ചാൽ അവരുടെ വാ
യിൽനിന്നു തീ പുറപ്പെട്ട് അവരു
ടെ ശത്രുക്കളെ ദഹിപ്പിച്ചുകളയും;[g]
അവർക്കു ദോഷം വരുത്തുവാൻ
ഇച്ഛിക്കുന്നവൻ ഇങ്ങനെ മരിക്കേണ്ടി
വരും.[h] **6** അവരുടെ പ്രവചനകാല
ത്തു മഴ പെയ്യാതവണ്ണം ആകാശം
അടച്ചുകളവാൻ[i] അവർക്ക് അധി
കാരം ഉണ്ട്. വെള്ളത്തെ രക്തമാ
ക്കുവാനും[j] ഇച്ഛിക്കുമ്പോഴൊക്കെ
യും സകല ബാധകൊണ്ടും ഭൂമി
യെ ദണ്ഡിപ്പിപ്പാനും[k] അധികാരം
ഉണ്ട്. **7** അവർ തങ്ങളുടെ സാക്ഷ്യം
തികച്ചശേഷം ആഴത്തിൽ[l] നിന്നു
കയറിവരുന്ന മൃഗം[m] അവരോടു പട
വെട്ടി[n] അവരെ ജയിച്ചു കൊന്നു
കളയും. **8** അവരുടെ കർത്താവ്
ക്രൂശിക്കപ്പെട്ടതും ആത്മികമായി
സൊദോം[o] എന്നും മിസ്രയീം[p]

10:6 ***ദൈവത്തിന്റെ മർമം... പ്രവാചകന്മാർക്ക്:*** പ്രത്യാശയുടെയും ന്യായവിധിയുടെയും ദൈവത്തിന്റെ സന്ദേശം അറിയിച്ചിരുന്ന പുരാതന യിസ്രായേലിലെ പ്രവാചകന്മാരെ കുറിക്കുന്നതാണ് ഇത്. ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ച കാര്യമായിരിക്കാം ദൈവം വാഗ്ദത്തം ചെയ്യുന്ന മർമം.

എന്നും പേരുള്ളതുമായ മഹാനഗര
ത്തിന്റെ[q] വീഥിയിൽ അവരുടെ
ശവം കിടക്കും. **9** സകല വംശക്കാ
രും ഗോത്രക്കാരും ഭാഷക്കാരും
ജാതിക്കാരും അവരുടെ ശവം മൂ
ന്നര ദിവസം കാണും; അവരുടെ
ശവം കല്ലറയിൽ വയ്പാൻ സമ്മ
തിക്കയില്ല.[r] **10** ഈ പ്രവാചകന്മാർ
ഇരുവരും ഭൂമിയിൽ വസിക്കുന്നവ
രെ ദണ്ഡിപ്പിച്ചതു[s] കൊണ്ടു ഭൂവാ
സികൾ അവർ നിമിത്തം സന്തോ
ഷിച്ച് ആനന്ദിക്കയും[t] അന്യോന്യം
സമ്മാനം കൊടുത്തയയ്ക്കയും[u]
ചെയ്യും. **11** മൂന്നര ദിവസം കഴിഞ്ഞ
ശേഷം ദൈവത്തിൽനിന്നു ജീവ
ശ്വാസം അവരിൽ വന്ന്[v] അവർ
കാൽ ഊന്നിനിന്നു– അവരെ കണ്ട
വർ ഭയപരവശരായിത്തീർന്നു–
**12** ഇവിടെ കയറിവരുവിൻ[w] എന്ന്
സ്വർഗത്തിൽനിന്ന് ഒരു മഹാശ
ബ്ദം പറയുന്നതു കേട്ടു, അവർ
മേഘത്തിൽ[x] സ്വർഗത്തിലേക്കു ക
യറി;[y] അവരുടെ ശത്രുക്കൾ അവ
രെ നോക്കിക്കൊണ്ടിരുന്നു. **13** ആ
നാഴികയിൽ വലിയോരു ഭൂകമ്പം[z]
ഉണ്ടായി; നഗരത്തിൽ പത്തിലൊന്ന്
ഇടിഞ്ഞുവീണു;[a] ഭൂകമ്പത്തിൽ
ഏഴായിരം പേർ മരിച്ചുപോയി;
ശേഷിച്ചവർ ഭയപരവശരായി സ്വർ
ഗത്തിലെ ദൈവത്തിനു[b] മഹത്വം
കൊടുത്തു.[c]

**14** രണ്ടാമത്തെ കഷ്ടം കഴി
ഞ്ഞു;[d] മൂന്നാമത്തെ കഷ്ടം വേഗം
വരുന്നു.

**15** ഏഴാമത്തെ ദൂതൻ ഊതിയ
പ്പോൾ:[e] ലോകരാജത്വം നമ്മുടെ
കർത്താവിനും അവന്റെ ക്രിസ്തു
വിനും[f] ആയിത്തീർന്നിരിക്കുന്നു;[g]
അവൻ എന്നെന്നേക്കും വാഴും[h]
എന്ന് സ്വർഗത്തിൽ ഒരു മഹാഘോ
ഷം ഉണ്ടായി.[i] **16** ദൈവസന്നിധി
യിൽ സിംഹാസനങ്ങളിൽ ഇരി
ക്കുന്ന[j] ഇരുപത്തിനാല് മൂപ്പന്മാ
രും കവിണ്ണുവീണു[k] ദൈവത്തെ
നമസ്കരിച്ചുപറഞ്ഞത്: **17** സർവ
ശക്തിയുള്ള കർത്താവായ ദൈവമേ,
ഇരിക്കുന്നവനും ഇരുന്നവനുമായു

8.[q] *(വെളി.16:19; 17:18;18:10)*
9.[r] *സങ്കീ.79:2,3*
10.[s] *(1രാജാ.18:17)*
[t] *(യോഹ.16:20); വെളി.3:10*
[u] *നെഹെ.8:10,12; എസ്ഥേ.9:19,20,21*
11.[v] *ഉൽപ.2:7; യെഹെ.37:5,9,10,14*
12.[w] *വെളി.4:1*
[x] *(അപ്പൊ.പ്ര.1:9)*
[y] *(വെളി.12:5; 2രാജാ.2:11)*
13.[z] *വെളി.6:12*
[a] *(വെളി.16:19)*
[b] *2ദിന.36:23; യോന.1:9*
[c] *വെളി.14:7;16:9; 19:7; യോശു.7:19*
14.[d] *(വെളി.8:13; 9:12)*
15.[e] *വെളി.10:6*
[f] *സങ്കീ.2:2; ലൂക്കൊ.9:20; അപ്പൊ.പ്ര.4:26*
[g] *വെളി.12:10*
[h] *ലൂക്കൊ.1:33*
[i] *വെളി.16:17;19:1; (യെശ.27:13)*
16.[j] *വെളി.4:4*
[k] *വെളി.4:10*
17.[l] *വെളി.16:5; (വെളി.1:4,8;4:8)*
[m] *വെളി.19:6; സങ്കീ.97:1*
18.[n] *സങ്കീ.2:5;110:5*
[o] *വെളി.6:10;20:12; (ദാനീ.7:10; 2തെസ്സ.1:6,8)*
[p] *വെളി.19:5*
[q] *(വെളി.13:10)*
19.[r] *വെളി.15:5*
[s] *എബ്രാ.9:4*
[t] *വെളി.16:21*

**അധ്യായം 12**

1.[a] *(ഉത്തമ.6:10)*
[b] *(സങ്കീ.104:2)*
2.[c] *(യെശ.66:7 - 10; മീഖാ.4:10)*
3.[d] *വെളി.13:1; 17:9,12*

ള്ളോവേ,[l] നീ മഹാശക്തി ധരിച്ചു
വാഴുകയാൽ[m] ഞങ്ങൾ നിന്നെ
സ്തുതിക്കുന്നു. **18** ജാതികൾ
കോപിച്ചു, നിന്റെ കോപവും വ
ന്നു;[n] മരിച്ചവരെ ന്യായം വിധിപ്പാ
നും[o] നിന്റെ ദാസന്മാരായ പ്രവാ
ചകന്മാർക്കും വിശുദ്ധന്മാർക്കും
ചെറിയവരും വലിയവരുമായി
നിന്റെ ഭക്തന്മാർക്കും[p] പ്രതിഫലം
കൊടുപ്പാനും ഭൂമിയെ നശിപ്പി
ക്കുന്നവരെ നശിപ്പിപ്പാനും[q] ഉള്ള
കാലവും[o] വന്നു.

**19** അപ്പോൾ സ്വർഗത്തിലെ
ദൈവാലയം തുറന്നു,[r] അവന്റെ
നിയമപെട്ടകം[s] അവന്റെ ആലയ
ത്തിൽ പ്രത്യക്ഷമായി; മിന്നലും
നാദവും ഇടിമുഴക്കവും ഭൂകമ്പ
വും വലിയ കന്മഴയും[t] ഉണ്ടായി.

❋ ❋ ❋

***1. സൂര്യനെ അണിഞ്ഞൊരു സ്ത്രീ പ്രസവവേദനപ്പെടുന്നത് 3. തീ നിറമുള്ളൊരു മഹാസർപ്പം ആ സ്ത്രീയുടെ കുഞ്ഞിനെ തിന്നുകളയുന്നതിനായിട്ടു നിൽക്കുന്നത് 7. മീഖായേലും അവന്റെ ദൂതന്മാരും മഹാസർപ്പത്തോടു പടവെട്ടി ജയംകൊള്ളുന്നത് 13. മഹാസർപ്പം ഭൂമിയിലേക്കു തള്ളിക്കളയപ്പെട്ടിട്ട് ആ സ്ത്രീയെ ഉപദ്രവിച്ചു തുടങ്ങിയത്.***

**12** സ്വർഗത്തിൽ വലിയൊരു
അടയാളം കാണായി: സൂ
ര്യനെ[a] അണിഞ്ഞൊരു[b] സ്ത്രീ;
അവളുടെ കാല്ക്കീഴ് ചന്ദ്രനും[a]
അവളുടെ തലയിൽ പന്ത്രണ്ടു നക്ഷ
ത്രംകൊണ്ടുള്ള കിരീടവും ഉണ്ടാ
യിരുന്നു. **2** അവൾ ഗർഭിണിയായി
നോവുകിട്ടി വേദനപ്പെട്ടു നില
വിളിച്ചു.[c] **3** സ്വർഗത്തിൽ മറ്റൊരു
അടയാളം കാണായി: ഏഴു തല
യും[d] പത്തു കൊമ്പും[e] തലയിൽ
ഏഴു രാജമുടിയു[f]മായി തീനിറമു
ള്ളൊരു മഹാസർപ്പം.[g] **4** അതിന്റെ
വാൽ ആകാശത്തിലെ നക്ഷത്ര
ങ്ങളിൽ മൂന്നിലൊന്നിനെ[h] വലി
ച്ചുകൂട്ടി ഭൂമിയിലേക്ക് എറിഞ്ഞു

[e] *ദാനീ.7:7* [f] *(വെളി.19:12)* [g] *(വെളി.17:3; യെശ.27:1)*
4.[h] *വെളി.8:7*

കളഞ്ഞു.[i] പ്രസവിപ്പാറായ സ്ത്രീ
പ്രസവിച്ച ഉടനെ കുട്ടിയെ തിന്നു
കളവാൻ[j] മഹാസർപ്പം അവളുടെ
മുമ്പിൽ നിന്നു. **5** അവൾ സകല
ജാതികളെയും ഇരുമ്പുകോൽകൊ
ണ്ടു മേയിപ്പാനുള്ളൊരു[k] ആൺ
കുട്ടിയെ പ്രസവിച്ചു; കുട്ടി ദൈവ
ത്തിന്റെ അടുക്കലേക്കും അവന്റെ
സിംഹാസനത്തിലേക്കും പെട്ടെന്ന്
എടുക്കപ്പെട്ടു.[l] **6** സ്ത്രീ മരുഭൂമിയി
ലേക്ക് ഓടിപ്പോയി; അവിടെ അവ
ളെ ആയിരത്തിരുനൂറ്ററുപതു ദിവ
സം[m] പോറ്റേണ്ടതിനു ദൈവം ഒരു
ക്കിയൊരു സ്ഥലം അവൾക്കുണ്ട്.
**7** പിന്നെ സ്വർഗത്തിൽ യുദ്ധം
ഉണ്ടായി; മീഖായേലും[n] അവന്റെ
ദൂതന്മാരും[o] മഹാസർപ്പത്തോടു
പടവെട്ടി; തന്റെ ദൂതന്മാരുമായി
മഹാസർപ്പവും പടവെട്ടി; **8** ജയി
ച്ചില്ലതാനും. സ്വർഗത്തിൽ അവരു
ടെ സ്ഥലം പിന്നെ കണ്ടതുമില്ല.
**9** ഭൂതലത്തെ മുഴുവൻ തെറ്റിച്ചു
കളയുന്ന[p] പിശാചും സാത്താനും
എന്ന മഹാസർപ്പമായ[q] പഴയ പാ
മ്പിനെ[r] ഭൂമിയിലേക്കു തള്ളിക്കള
ഞ്ഞു;[s] അവന്റെ ദൂതന്മാരെയും
അവനോടുകൂടെ തള്ളിക്കളഞ്ഞു.
**10** അപ്പോൾ ഞാൻ സ്വർഗത്തിൽ
ഒരു മഹാശബ്ദം പറഞ്ഞു കേട്ടത്:
ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ
രക്ഷയും ശക്തിയും രാജ്യവും[t]
അവന്റെ ക്രിസ്തുവിന്റെ ആധിപ
ത്യവും തുടങ്ങിയിരിക്കുന്നു; നമ്മു
ടെ സഹോദരന്മാരെ രാപ്പകൽ
ദൈവസന്നിധിയിൽ കുറ്റം ചുമ
ത്തുന്ന[u] അപവാദിയെ തള്ളിയിട്ടു
കളഞ്ഞുവല്ലോ. **11** അവർ അവനെ
കുഞ്ഞാടിന്റെ രക്തം ഹേതുവാ
യിട്ടും തങ്ങളുടെ സാക്ഷ്യവചനം
ഹേതുവായിട്ടും ജയിച്ചു;[v] മരണ
പര്യന്തം[w] തങ്ങളുടെ പ്രാണനെ
സ്നേഹിച്ചതുമില്ല.[x] **12** ആകയാൽ
സ്വർഗവും അതിൽ വസിക്കുന്നവരു
മായുള്ളോരേ, ആനന്ദിപ്പിൻ;[y] ഭൂമി
ക്കും സമുദ്രത്തിനും അയ്യോ ക
ഷ്ടം;[z] പിശാചു തനിക്കു അല്പ
കാലമേയുള്ളൂ എന്ന് അറിഞ്ഞു[a]
മഹാക്രോധത്തോടെ നിങ്ങളുടെ
അടുക്കൽ ഇറങ്ങിവന്നിരിക്കുന്നു.
**13** തന്നെ ഭൂമിയിലേക്കു തള്ളി
ക്കളഞ്ഞു എന്നു മഹാസർപ്പം ക
ണ്ടിട്ട് ആൺകുട്ടിയെ പ്രസവിച്ച
സ്ത്രീയെ[b] ഉപദ്രവിച്ചുതുടങ്ങി.
**14** അപ്പോൾ സ്ത്രീക്കു മരുഭൂമി
യിൽ[c] തന്റെ സ്ഥലത്തേക്കു പറ
ന്നുപോകേണ്ടതിനു വലിയ കഴു
കിന്റെ രണ്ടു ചിറകു[d] ലഭിച്ചു;
അവിടെ അവളെ സർപ്പത്തോട്
അകലെ ഒരുകാലവും ഇരുകാലവും
അരക്കാലവും[e] പോറ്റി രക്ഷിച്ചു.
**15** സർപ്പം സ്ത്രീയെ ഒഴുക്കിക്കള
യേണ്ടതിന് അവളുടെ പിന്നാലെ
തന്റെ വായിൽനിന്നു നദിപോലെ[f]
വെള്ളം ചാടിച്ചു. **16** എന്നാൽ
ഭൂമി സ്ത്രീക്കു തുണനിന്നു; മഹാ
സർപ്പം വായിൽനിന്നു ചാടിച്ച ന
ദിയെ ഭൂമി വായ്തുറന്നു വിഴുങ്ങി
ക്കളഞ്ഞു. **17** മഹാസർപ്പം സ്ത്രീ
യോടു കോപിച്ചു, ദൈവകല്പന
പ്രമാണിക്കുന്നവരും[g] യേശുവിന്റെ
സാക്ഷ്യം[h] ഉള്ളവരുമായി അവ
ളുടെ സന്തതി[i]യിൽ ശേഷിപ്പുള്ള
വരോടു യുദ്ധം ചെയ്‌വാൻ[j] പുറപ്പെ
ട്ടു. അവൻ കടല്പുറത്തെ മണ
ലിന്മേൽ നിന്നു.

❋ ❋ ❋

***1. സമുദ്രത്തിൽനിന്നു കയറിയ ഏഴു തലകളും പത്തു കൊമ്പുകളുമുള്ള മൃഗത്തിനു മഹാസർപ്പം തന്റെ അധികാരം കൊടുത്തത്***
***11. മറ്റൊരു മൃഗം ഭൂമിയിൽനിന്നു കയറി മനുഷ്യരെക്കൊണ്ട് അതിനെ വന്ദിപ്പിക്കുന്നത്.***

**13** അപ്പോൾ പത്തു കൊമ്പും
ഏഴു തലയും[a] കൊമ്പുകളിൽ
പത്തു രാജമുടിയും തലയിൽ ദൂഷ
ണനാമങ്ങളും[b] ഉള്ളൊരു മൃഗം
സമുദ്രത്തിൽനിന്നു കയറുന്നത്[c]
ഞാൻ കണ്ടു. **2** ഞാൻ കണ്ട മൃഗം
പുള്ളിപ്പുലിക്കു സദൃശവും[d] അ
തിന്റെ കാൽ കരടിയുടെ കാൽ[e]
പോലെയും വായ് സിംഹത്തിന്റെ[f]
വായ്പോലെയും ആയിരുന്നു. അ
തിനു മഹാസർപ്പം തന്റെ ശക്തി
യും[g] സിംഹാസനവും[h] വലിയ

4.[i] *ദാനീ.8:10*
[j] *(മത്താ.2:16)*
5.[k] *മത്താ.2:6; വെളി.2:27*
[l] *2കൊരി.12:2*
6.[m] *വെളി.11:2;13:5*
7.[n] *യൂദാ.9*
[o] *മത്താ.25:41*
9.[p] *വെളി.20:3,10; (വെളി.13:14; യോഹ.8:44)*
[q] *ലൂക്കൊ.10:18; യോഹ.12:31*
[r] *വെളി.20:2; ഉൽപ.3:1*
[s] *വെളി.9:1*
10.[t] *വെളി.7:10;19:1*
[u] *ഇയ്യോ.1:9;2:5; സെഖ.3:1*
11.[v] *വെളി.15:2; (റോമ.16:20); യോഹ.16:33*
[w] *വെളി.2:10*
[x] *ലൂക്കൊ.14:26; യോഹ.12:25*
12.[y] *വെളി.18:20; സങ്കീ.96:11; യെശ.44:23;49:13*
[z] *വെളി.8:13*
[a] *(മത്താ.8:29); വെളി.10:6*

13.[b] *വെളി.12:5*
14.[c] *വെളി.12:6*
[d] *പുറ.19:4*
[e] *ദാനീ.7:25;12:7; വെളി.12:6*
15.[f] *(യെശ.59:19)*
17.[g] *വെളി.14:12; 1യോഹ.2:3*
[h] *വെളി.1:2;6:9;19:10*
[i] *ഉൽപ.3:15*
[j] *വെളി.11:7;13:7*

**അധ്യായം 13**

1.[a] *വെളി.12:3*
[b] *വെളി.17:3*
[c] *ദാനീ.7:3*
2.[d] *ദാനീ.7:6*
[e] *ദാനീ.7:5*
[f] *ദാനീ.7:4*
[g] *വെളി.13:4,11; (ലൂക്കൊ.4:6)*
[h] *വെളി.16:10*

അധികാരവും കൊടുത്തു.[g] 3 അ
തിന്റെ തലകളിൽ ഒന്നു മരണക
രമായ മുറിവേറ്റതുപോലെ ഞാൻ
കണ്ടു; അതിന്റെ മരണകരമായ
മുറിവു പൊറുത്തുപോയി; സർവ
ഭൂമിയും മൃഗത്തെ കണ്ടു വിസ്മയി
ച്ചു.[i] 4 മൃഗത്തിന് അധികാരം കൊ
ടുത്തതുകൊണ്ട് അവർ മഹാസർ
പ്പത്തെ നമസ്കരിച്ചു: മൃഗത്തോടു
തുല്യൻ ആർ?[j] അതിനോടു പൊരു
തുവാൻ ആർക്കു കഴിയും എന്നു
പറഞ്ഞു മൃഗത്തെയും നമസ്ക
രിച്ചു. 5 വമ്പും ദൂഷണവും സം
സാരിക്കുന്ന വായ്[k] അതിനു ലഭി
ച്ചു; നാല്പത്തിരണ്ടു മാസം[l] പ്രവർ
ത്തിപ്പാൻ അധികാരവും ലഭിച്ചു.
6 അത് ദൈവത്തിന്റെ നാമത്തെ
യും അവന്റെ കൂടാരത്തെയും
സ്വർഗത്തിൽ വസിക്കുന്നവരെയും
ദുഷിപ്പാൻ ദൈവദൂഷണത്തിനായി
വായ്തുറന്നു. 7 വിശുദ്ധന്മാരോടു
യുദ്ധം ചെയ്ത് അവരെ ജയിപ്പാ
നും[m] അതിന് അധികാരം ലഭിച്ചു;
സകല ഗോത്രത്തിന്മേലും വംശത്തി
ന്മേലും ഭാഷമേലും ജാതിമേലും
അധികാരവും ലഭിച്ചു. 8 ലോക
സ്ഥാപനംമുതൽ അറുക്കപ്പെട്ട[n] കു
ഞ്ഞാടിന്റെ[o] ജീവപുസ്തകത്തിൽ[p]
പേർ എഴുതീട്ടില്ലാത്ത ഭൂവാസിക
ളൊക്കെയും അതിനെ നമസ്കരി
ക്കും.[q] 9 ചെവിയുള്ളവൻ കേൾ
ക്കട്ടെ.[r] 10 അടിമയാക്കി കൊണ്ടു
പോകുന്നവൻ അടിമയായിപ്പോ
കും;[s] വാൾകൊണ്ടു കൊല്ലുന്നവൻ
വാളാൽ മരിക്കേണ്ടിവരും:[t] ഇവിടെ
വിശുദ്ധന്മാരുടെ സഹിഷ്ണുതയും
വിശ്വാസവും കൊണ്ട് ആവശ്യം.[u]
11 മറ്റൊരു മൃഗം ഭൂമിയിൽനിന്നു
കയറുന്നത് ഞാൻ കണ്ടു;[v] അതിനു
കുഞ്ഞാടിനുള്ളതുപോലെ രണ്ടു
കൊമ്പുണ്ടായിരുന്നു; അത് മഹാ
സർപ്പം എന്നപോലെ സംസാരിച്ചു.
12 അത് ഒന്നാമത്തെ മൃഗത്തിന്റെ
മുമ്പാകെ അതിന്റെ അധികാരം
എല്ലാം നടത്തി ഭൂമിയെയും അതിൽ
വസിക്കുന്നവരെയും മരണകരമായ
മുറിവു പൊറുത്തുപോയ[w] ഒന്നാം
മൃഗത്തെ നമസ്കരിക്കുമാറാക്കു
ന്നു. 13 അത് മനുഷ്യർ കാൺകെ
ആകാശത്തുനിന്നു ഭൂമിയിലേക്കു
തീ ഇറങ്ങുമാറ്[x] വലിയ അടയാള
ങ്ങൾ പ്രവർത്തിക്കയും[y] 14 മൃഗ
ത്തിന്റെ മുമ്പിൽ പ്രവർത്തിപ്പാൻ
തനിക്കു ബലം കിട്ടിയ അടയാള
ങ്ങളെക്കൊണ്ടു ഭൂവാസികളെ
തെറ്റിക്കുകയും[z] വാളാൽ മുറിവേ
റ്റിട്ടും[a] ജീവിച്ച മൃഗത്തിനു പ്രതിമ
ഉണ്ടാക്കുവാൻ ഭൂവാസികളോടു
പറകയും ചെയ്യുന്നു. 15 മൃഗത്തി
ന്റെ പ്രതിമ സംസാരിക്കേണ്ടതിനും
മൃഗത്തിന്റെ പ്രതിമയെ നമസ്കരി
ക്കാത്ത[b]വരെയൊക്കെയും കൊ
ല്ലിക്കേണ്ടതിനും[c] മൃഗത്തിന്റെ
പ്രതിമയ്ക്ക് ആത്മാവിനെ കൊ
ടുപ്പാൻ അതിനു ബലം ലഭിച്ചു.
16 അത് ചെറിയവരും വലിയവരും
സമ്പന്നന്മാരും ദരിദ്രന്മാരും സ്വത
ന്ത്രന്മാരും ദാസന്മാരുമായ എല്ലാ
വർക്കും വലംകൈമേലോ നെറ്റി
യിലോ മുദ്ര[d] കിട്ടുമാറും 17 മൃഗ
ത്തിന്റെ പേരോ[e] പേരിന്റെ സംഖ്യ
യോ[f] ആയ മുദ്രയുള്ളവനല്ലാതെ
വാങ്ങുകയോ വില്ക്കുകയോ ചെ
യ്‌വാൻ വഹിയാതെയും ആക്കുന്നു.
18 ഇവിടെ ജ്ഞാനംകൊണ്ട് ആ
വശ്യം.[g] ബുദ്ധിയുള്ളവൻ മൃഗ
ത്തിന്റെ സംഖ്യ ഗണിക്കട്ടെ: അത്
ഒരു മനുഷ്യന്റെ[h] സംഖ്യയത്രേ.
അതിന്റെ സംഖ്യ അറുനൂറ്ററുപ
ത്താറ്.

✵ ✵ ✵

***1. ക്രിസ്തുവും തന്റെ ജനങ്ങളുംകൂടെ നിൽക്കുന്നതിനെ കാണുന്നത് 6. ഒരു ദൂതൻ സുവിശേഷത്തെ പ്രസംഗിക്കുന്നത് 8. ബാബേലിന്റെ വീഴ്ച 14. ലോകത്തിന്റെ കൊയ്ത്ത്.***

14 പിന്നെ ഞാൻ സീയോൻമല
യിൽ[a] കുഞ്ഞാടും[b] അവ
നോടുകൂടെ നെറ്റിയിൽ[c] അവന്റെ
നാമവും പിതാവിന്റെ നാമവും എ
ഴുതിയിരിക്കുന്ന[d] നൂറ്റിനാല്പത്തി
നാലായിരം[e] പേരും നില്ക്കുന്നതു

3.[i] *(വെളി.17:8)*
4.[j] *(വെളി.18:18)*
5.[k] *ദാനീ.7:8,11,20; 11:36; (2തെസ്സ.2:4)*
[l] *വെളി.11:2;12:6*
7.[m] *വെളി.11:7; 12:17; ദാനീ.7:22*
8.[n] *(അപ്പൊ.പ്ര.2:23; 1പത്രൊ.1:19,20)*
[o] *വെളി.5:6*
[p] *വെളി.3:5*
[q] *വെളി.3:10*
9.[r] *വെളി.2:7*
10.[s] *(യെശ.33:1; യിരെ.15:2;43:11)*
[t] *ഉൽപ.9:6*
[u] *വെളി.14:12*
11.[v] *(വെളി.13:1,14; 16:13)*
12.[w] *വെളി.13:3*
13.[x] *വെളി.20:9; 1രാജാ.18:38; 2രാജാ.1:10,12*
[y] *വെളി.16:14; 19:20; ആവ.13:1-3; മത്താ.24:24; 2തെസ്സ.2:9-11*
14.[z] *(വെളി.12:9)*
[a] *(വെളി.13:3,12)*
15.[b] *വെളി.14:9,11; 16:2; 19:20; 20:4*
[c] *(വെളി.16:6)*
16.[d] *(വെളി.7:2); ഗലാ.6:17*
17.[e] *വെളി.14:11*
[f] *വെളി.15:2*
18.[g] *(വെളി.17:9)*
[h] *(വെളി.21:17)*

**അധ്യായം 14**

1.[a] *സങ്കീ.2:6; എബ്രാ.12:22*
[b] *വെളി.5:6*
[c] *വെളി.7:3*
[d] *വെളി.3:12*
[e] *വെളി.7:4*

കണ്ടു. **2** പെരുവെള്ളത്തിന്റെ ഇര
ച്ചിൽപോലെയും[f] വലിയൊരു ഇടി
മുഴക്കംപോലെയും[g] സ്വർഗത്തിൽ
നിന്ന് ഒരു ഘോഷം കേട്ടു; ഞാൻ
കേട്ട ഘോഷം വൈണികന്മാർ[h]
വീണമീട്ടുന്നതുപോലെ ആയിരു
ന്നു. **3** അവർ സിംഹാസനത്തിനും
നാലു ജീവികൾക്കും മൂപ്പന്മാർക്കും
മുമ്പാകെ ഒരു പുതിയ പാട്ടു[i] പാടി;
ഭൂമിയിൽനിന്നു വിലയ്ക്കു വാങ്ങി
യിരുന്ന നൂറ്റിനാല്പത്തിനാലായിരം
പേർക്കല്ലാതെ ആർക്കും ആ പാട്ടു
പഠിപ്പാൻ കഴിഞ്ഞില്ല.[j] **4** അവർ
കന്യകമാരാകയാൽ[k] സ്ത്രീകളോ
ടുകൂടെ മാലിന്യപ്പെടാത്തവർ. കു
ഞ്ഞാടു പോകുന്നേടത്തൊക്കെയും
അവർ അവനെ അനുഗമിക്കുന്നു;[l]
അവരെ ദൈവത്തിനും കുഞ്ഞാ
ടിനും ആദ്യഫലമായി[m] മനുഷ്യ
രുടെ ഇടയിൽനിന്നു വീണ്ടെടു
ത്തിരിക്കുന്നു. **5** ഭോഷ്ക് അവ
രുടെ വായിൽ ഉണ്ടായിരുന്നില്ല;[n]
അവർ കളങ്കമില്ലാത്തവർ[o] തന്നെ.

**6** വേറൊരു ദൂതൻ ആകാശമദ്ധ്യേ
പറക്കുന്നതു[p] ഞാൻ കണ്ടു; ഭൂവാ
സികളായ സകല ജാതിയും ഗോ
ത്രവും ഭാഷയും വംശവും ആയവ
രോട്[q] അറിയിപ്പാൻ അവന്റെ
പക്കൽ ഒരു നിത്യസുവിശേഷം
ഉണ്ടായിരുന്നു. **7** ദൈവത്തെ ഭയ
പ്പെട്ട്[r] അവന് മഹത്ത്വം കൊടു
പ്പിൻ;[s] അവന്റെ ന്യായവിധിയുടെ
നാഴിക വന്നിരിക്കുന്നു; ആകാശവും
ഭൂമിയും സമുദ്രവും നീരുറവുക
ളും[t] ഉണ്ടാക്കിയവനെ നമസ്കരി
പ്പിൻ[u] എന്ന് അവൻ അത്യുച്ച
ത്തിൽ പറഞ്ഞുകൊണ്ടിരുന്നു.

**8** രണ്ടാമത് വേറൊരു ദൂതൻ
പിൻചെന്നു; വീണു[v]പോയി; തന്റെ
ദുർന്നടപ്പിന്റെ ക്രോധമദ്യം[w] സകല
ജാതികളെയും കുടിപ്പിച്ച[x] മഹതി
യാം ബാബിലോൻ[y] വീണുപോയി
എന്നു പറഞ്ഞു.

**9** മൂന്നാമതു വേറൊരു ദൂതൻ
അവരുടെ പിന്നാലെ വന്ന് അത്യു
ച്ചത്തിൽ പറഞ്ഞത്: മൃഗത്തെയും
അതിന്റെ പ്രതിമയെയും നമസ്ക

2.[f] *വെളി.1:15*
[g] *വെളി.6:1;19:6*
[h] *വെളി.5:8;15:2*
3.[i] *വെളി.5:10*
[j] *(വെളി.2:17;19:12)*
4.[k] *2കൊരി.11:2*
[l] *(വെളി.3:5;17:14)*
[m] *യാക്കോ.1:18*
5.[n] *സെഫ.3:13; (സങ്കീ.32:2; യെശ.63:8; യോഹ.1:47)*
[o] *യൂദാ.24*
6.[p] *വെളി.8:13*
[q] *(വെളി.3:10)*
7.[r] *വെളി.15:4*
[s] *വെളി.11:13*
[t] *വെളി.8:10;16:4*
[u] *നെഹെ.9:6; വെളി.4:10*
8.[v] *വെളി.18:2; യെശ.21:9; യിരെ.51:8*
[w] *വെളി.18:3*
[x] *യിരെ.51:7*
[y] *വെളി.16:19; 17:5;18:10; (ദാനീ.4:30)*

9.[z] *വെളി.13:15*
[a] *വെളി.13:16*
10.[b] *(വെളി.18:6; യെശ.1:22)*
[c] *വെളി.16:19; ഇയ്യോ.21:20*
[d] *വെളി.20:10*
11.[e] *യെശ.34:10; (വെളി.18:18;19:3; ഉൽപ.19:28)*
[z] *(വാ.9 കാ.)*
[f] *വെളി.4:8*
12.[g] *വെളി.12:17*
[h] *വെളി.13:10*
13.[i] *1കൊരി.15:18; 1തെസ്സ.4:16*
[j] *വെളി.20:6*
[k] *വെളി.6:11*
14.[l] *വെളി.1:13*
[m] *വെളി.6:2*
15.[n] *(വെളി.15:6; 16:17)*
[o] *വെളി.14:18; യോവേ.3:13; മർക്കൊ.4:29*
[p] *യിരെ.51:33*

രിച്ചു[z] നെറ്റിയിലോ കൈമേലോ
മുദ്ര[a] ഏല്ക്കുന്നവൻ **10** ദൈവ
കോപത്തിന്റെ പാത്രത്തിൽ കലർ
പ്പില്ലാതെ പകർന്നിരിക്കുന്ന[b] ദൈവ
ക്രോധമദ്യം[c] കുടിക്കേണ്ടിവരും;
വിശുദ്ധദൂതന്മാർക്കും കുഞ്ഞാടിനും
മുമ്പാകെ അഗ്നിഗന്ധകങ്ങളിൽ
ദണ്ഡനം[d] അനുഭവിക്കും. **11** അവ
രുടെ ദണ്ഡനത്തിന്റെ പുക എന്നെ
ന്നേക്കും പൊങ്ങും;[e] മൃഗത്തെയും
അതിന്റെ പ്രതിമയെയും നമസ്ക
രിക്കുന്നവർക്കും[z] അതിന്റെ പേരി
ന്റെ മുദ്ര ഏല്ക്കുന്ന ഏവനും
രാവും പകലും ഒരു സ്വസ്ഥതയും
ഉണ്ടാകയില്ല.[f] **12** ദൈവകല്പന
യും യേശുവിങ്കലുള്ള വിശ്വാസവും
കാത്തുകൊള്ളുന്ന[g] വിശുദ്ധന്മാ
രുടെ സഹിഷ്ണുതകൊണ്ട് ഇവിടെ
ആവശ്യം.[h]

**13** ഞാൻ സ്വർഗത്തിൽനിന്ന്
ഒരു ശബ്ദം കേട്ടു; അതു പറ
ഞ്ഞത്: എഴുതുക: ഇന്നുമുതൽ
കർത്താവിൽ മരിക്കുന്ന[i] മൃതന്മാർ
ഭാഗ്യവാന്മാർ;[j] അതെ, അവർ ത
ങ്ങളുടെ പ്രയത്നങ്ങളിൽനിന്നു വി
ശ്രമിക്കേണ്ടതാകുന്നു;[k] അവരുടെ
പ്രവൃത്തി അവരെ പിന്തുടരുന്നു
എന്ന് ആത്മാവ് പറയുന്നു.

**14** പിന്നെ ഞാൻ വെളുത്തോരു
മേഘവും മേഘത്തിന്മേൽ മനു
ഷ്യപുത്രനു സദൃശനായ[l] ഒരു
ത്തൻ തലയിൽ പൊൻകിരീടവും[m]
കൈയിൽ മൂർച്ചയുള്ള അരിവാ
ളുമായി ഇരിക്കുന്നതും കണ്ടു.
**15** മറ്റൊരു ദൂതൻ ദൈവാലയ
ത്തിൽനിന്നും പുറപ്പെട്ടു,[n] മേഘ
ത്തിന്മേൽ ഇരിക്കുന്നവനോട്:
കൊയ്ത്തിനു സമയം വന്നതുകൊ
ണ്ടു നിന്റെ അരിവാൾ അയച്ചു
കൊയ്ക;[o] ഭൂമിയിലെ വിളവു വിള
ഞ്ഞുണങ്ങിയിരിക്കുന്നു[p] എന്ന് ഉറ
ക്കെ വിളിച്ചുപറഞ്ഞു. **16** മേഘ
ത്തിന്മേൽ ഇരിക്കുന്നവൻ അരിവാൾ
ഭൂമിയിലേക്ക് എറിഞ്ഞു; ഭൂമിയിൽ
കൊയ്ത്തു നടന്നു.

**17** മറ്റൊരു ദൂതൻ സ്വർഗത്തിലെ
ആലയത്തിൽനിന്നു പുറപ്പെട്ടു;

അവൻ മൂർച്ചയുള്ളൊരു കോങ്കത്തി
പിടിച്ചിരുന്നു. 18 തീയുടെമേൽ
അധികാരമുള്ള[q] വേറൊരു ദൂതൻ
യാഗപീഠത്തിങ്കൽനിന്നു പുറപ്പെട്ടു,
മൂർച്ചയുള്ള കോങ്കത്തി പിടിച്ചിരു
ന്നവനോട്: ഭൂമിയിലെ മുന്തിരിങ്ങ
പഴുത്തിരിക്കയാൽ[r] നിന്റെ മൂർച്ച
യുള്ള കോങ്കത്തി അയച്ചു മുന്തി
രിവള്ളിയുടെ കുല അറുക്കുക
എന്ന് ഉറക്കെ വിളിച്ചുപറഞ്ഞു.
19 ദൂതൻ കോങ്കത്തി ഭൂമിയിലേ
ക്ക് എറിഞ്ഞു, ഭൂമിയിലെ മുന്തി
രിക്കുല അറുത്തു, ദൈവകോപ
ത്തിന്റെ വലിയ ചക്കിൽ[s] ഇട്ടു.
20 ചക്കു[t] നഗരത്തിനു പുറത്തു
വച്ചു[u] മെതിച്ചു;[t] ചക്കിൽനിന്നു
രക്തം കുതിരകളുടെ[v] കടിവാളങ്ങ
ളോളം പൊങ്ങി ഇരുനൂറു നാഴിക
ദൂരത്തോളം ഒഴുകി.

❋ ❋ ❋

*1. ഒടുക്കത്തെ ഏഴ് ബാധയുള്ള ഏഴു ദൂതന്മാർ 3. മൃഗത്തെ ജയിക്കുന്നവരുടെ പാട്ട് 7. ദൈവകോപം നിറഞ്ഞുള്ള ഏഴു കലശങ്ങൾ.*

**15** ഞാൻ വലുതും അദ്ഭുതവു
മായ മറ്റൊരു അടയാളം
സ്വർഗത്തിൽ കണ്ടു;[a] ഒടുക്കത്തെ
ഏഴു ബാധയുമുള്ള ഏഴു ദൂതന്മാരെ
ത്തന്നെ;[b] അതോടുകൂടെ ദൈവ
ക്രോധം തീർന്നു.
2 തീ കലർന്ന പളുങ്കുകടൽ
പോലെ[c] ഒന്നും മൃഗത്തോടും
അതിന്റെ പ്രതിമയോടും[d] പേരി
ന്റെ സംഖ്യയോടും[e] ജയിച്ചവർ[d]
ദൈവത്തിന്റെ വീണകൾ പിടിച്ചും
കൊണ്ടു[f] പളുങ്കുകടലിനരികെ
നില്ക്കുന്നതും ഞാൻ കണ്ടു.
3 അവർ ദൈവത്തിന്റെ ദാസനായ[g]
മോശെയുടെ പാട്ടും[h] കുഞ്ഞാടിന്റെ
പാട്ടും പാടി ചൊല്ലിയത്: സർവ
ശക്തിയുള്ള ദൈവമായ കർത്താ
വേ, നിന്റെ പ്രവൃത്തികൾ വലുതും
അദ്ഭുതവുമായവ;[i] സർവജാതിക
ളുടെയും രാജാവേ,[j] നിന്റെ വഴി
കൾ നീതിയും സത്യവുമുള്ളവ.[k]

18. q (വെളി.16:8)
r യോവേ.3:13
19. s വെളി.19:15
t യെശ.63:3; വിലാ.1:15
u (എബ്രാ.13:12)
v (വെളി.19:14)

അധ്യായം 15

1. a (വെളി.12:1,3)
b വെളി.16:1; 17:1;21:9
2. c വെളി.4:6; 21:18,21
d വെളി.12:11
e വെളി.13:17
f വെളി.5:8;14:2
3. g എബ്രാ.3:5
h പുറ.15:1; ആവ.31:30
i ആവ.32:3,4; (ഇയ്യോ.37:5; സങ്കീ.111:2; 139:14;145:17)
j 1തിമൊ.1:17; യിരെ.10:7
k വെളി.16:7; ഹോശേ.14:9
4. l വെളി.14:7; മലാ.2:2
m വെളി.16:5; എബ്രാ.7:26
n സങ്കീ.86:9
5. o പുറ.38:21; സംഖ്യാ.1:50; അപ്പൊ.പ്ര.7:45
p വെളി.11:19
6. q വെളി.15:1
r വെളി.19:8
s വെളി.1:13
7. t വെളി.4:6
u വെളി.1:18;4:9;5:13
v (വെളി.5:8)
8. w പുറ.40:34; യെശ.6:4; ഹഗ്ഗാ.2:7; (1രാജാ.8:10,11; 2ദിന.5:13,14)
x പുറ.40:35; 1രാജാ.8:11

അധ്യായം 16

1. a വെളി.15:7

4 കർത്താവേ, ആർ നിന്റെ നാമ
ത്തെ ഭയപ്പെടാതെയും മഹത്ത്വ
പ്പെടുത്താതെയും ഇരിക്കും?[l] നീ
യല്ലോ ഏക പരിശുദ്ധൻ;[m] നിന്റെ
ന്യായവിധികൾ വിളങ്ങിവന്നതി
നാൽ സകല ജാതികളും വന്നു
തിരുസന്നിധിയിൽ നമസ്കരിക്കും.[n]
5 ഇതിന്റെശേഷം സ്വർഗത്തി
ലെ സാക്ഷ്യകൂടാരമായ[o] ദൈവാ
ലയം[p] തുറന്നതു ഞാൻ കണ്ടു.
6 ഏഴു ബാധയുള്ള ഏഴു ദൂത
ന്മാരും[q] ശുദ്ധവും ശുഭ്രവുമായുള്ള[r]
ശണവസ്ത്രം ധരിച്ചും മാറത്തു
പൊൻകച്ച കെട്ടിയുംകൊണ്ടു[s]
ദൈവാലയത്തിൽനിന്നു പുറപ്പെ
ട്ടുവന്നു. 7 അപ്പോൾ നാലു ജീവി
കളിൽ[t] ഒന്ന് എന്നെന്നേക്കും
ജീവിച്ചിരിക്കുന്ന[u] ദൈവത്തിന്റെ
ക്രോധം നിറഞ്ഞ ഏഴു പൊൻ
കലശം[v] ആ ഏഴു ദൂതന്മാർക്കു
കൊടുത്തു. 8 ദൈവത്തിന്റെ തേ
ജസ്സും ശക്തിയും ഹേതുവായിട്ടു
ദൈവാലയം പുകകൊണ്ടു നിറ
ഞ്ഞു;[w] ഏഴു ദൂതന്മാരുടെ ബാധ
ഏഴും കഴിയുവോളം ദൈവാല
യത്തിൽ കടപ്പാൻ ആർക്കും കഴി
ഞ്ഞില്ല.[x]

❋ ❋ ❋

*1. ദൂതന്മാർ ക്രോധകലശങ്ങൾ ഒഴിച്ചപ്പോൾ ഉണ്ടായ ബാധകൾ 15. ക്രിസ്തുവിന്റെ വരവ് നിനച്ചിരിക്കാത്ത സമയത്താകയാൽ ജാഗരിക്കുന്നവർ ഭാഗ്യവാന്മാർ.*

**16** നിങ്ങൾ പോയി ക്രോധ
കലശം ഏഴും[a] ഭൂമിയിൽ
ഒഴിച്ചുകളവിൻ[b] എന്ന് ഒരു മഹാ
ശബ്ദം ദൈവാലയത്തിൽനിന്ന്
ഏഴു ദൂതന്മാരോടും[c] പറയുന്നതു
ഞാൻ കേട്ടു.
2 ഒന്നാമത്തവൻ പോയി തന്റെ
കലശം ഭൂമിയിൽ ഒഴിച്ചു; അപ്പോൾ
മൃഗത്തിന്റെ മുദ്ര[d]യുള്ളവരും
അതിന്റെ പ്രതിമയെ നമസ്കരിക്കു
ന്നവരുമായ മനുഷ്യർക്കു വല്ലാത്ത
ദുർവ്രണം[e] ഉണ്ടായി.

b സങ്കീ.79:6; യിരെ.10:25; സെഫ.3:8 c വെളി.15:1
2. d വെളി.13:16 e വെളി.16:11; പുറ.9:9 - 11

3 രണ്ടാമത്തവൻ തന്റെ കലശം
സമുദ്രത്തിൽ ഒഴിച്ചു; അപ്പോൾ അതു
മരിച്ചവന്റെ രക്തംപോലെ ആയി
ത്തീർന്നു;[f] സമുദ്രത്തിലെ ജീവജ
ന്തുവൊക്കെയും ചത്തുപോയി.[g]
4 മൂന്നാമത്തെ ദൂതൻ തന്റെ
കലശം നദികളിലും നീരുറവുകളി
ലും[h] ഒഴിച്ചു; അവ രക്തമായി
ത്തീർന്നു.[i] 5 അപ്പോൾ ജലാധിപ
തിയായ ദൂതൻ ഇവ്വണ്ണം പറയു
ന്നതു ഞാൻ കേട്ടു: ഇരിക്കുന്നവ
നും ഇരുന്നവനുമായി[j] പരിശുദ്ധ
നായുള്ളോവേ,[k] നീ ഇങ്ങനെ ന്യാ
യം വിധിച്ചതുകൊണ്ടു നീതിമാൻ
ആകുന്നു.[l] 6 വിശുദ്ധന്മാരുടെയും[m]
പ്രവാചകന്മാരുടെയും രക്തം അ
വർ ചിന്നിച്ചതുകൊണ്ട്[n] നീ അവർ
ക്കു രക്തം കുടിപ്പാൻ കൊടുത്തു;[o]
അതിന് അവർ യോഗ്യർതന്നെ.
7 അവ്വണ്ണം യാഗപീഠവും:[p] അതേ,
സർവശക്തിയുള്ള ദൈവമായ കർ
ത്താവേ, നിന്റെ ന്യായവിധികൾ
സത്യവും നീതിയുമുള്ളവ[q] എന്നു
പറയുന്നതു[p] ഞാൻ കേട്ടു.
8 നാലാമത്തവൻ തന്റെ കലശം
സൂര്യനിൽ ഒഴിച്ചു; അപ്പോൾ തീ
കൊണ്ടു[r] മനുഷ്യരെ ചുടുവാൻ തക്ക
വണ്ണം അതിന് അധികാരം ലഭിച്ചു.
9 മനുഷ്യർ അത്യുഷ്ണത്താൽ
വെന്തുപോയി; ഈ ബാധകളുടെ
മേൽ അധികാരമുള്ള ദൈവത്തി
ന്റെ നാമത്തെ ദുഷിച്ചതല്ലാതെ[s]
അവനു മഹത്ത്വം കൊടുപ്പാൻ തക്ക
വണ്ണം[t] മാനസാന്തരപ്പെട്ടില്ല.[u]
10 അഞ്ചാമത്തവൻ തന്റെ ക
ലശം മൃഗത്തിന്റെ സിംഹാസന
ത്തിന്മേൽ[v] ഒഴിച്ചു; അപ്പോൾ അ
തിന്റെ രാജ്യം ഇരുണ്ടുപോയി.[w]
11 അവർ കഷ്ടത നിമിത്തം നാവു
കടിച്ചുംകൊണ്ടു കഷ്ടങ്ങളും വ്രണ
ങ്ങളും[x] ഹേതുവാൽ സ്വർഗത്തിലെ
ദൈവത്തെ[y] ദുഷിച്ചതല്ലാതെ തങ്ങ
ളുടെ പ്രവൃത്തികളെ വിട്ടു മാനസാ
ന്തരപ്പെട്ടില്ല.[u]
12 ആറാമത്തവൻ തന്റെ കലശം
യൂഫ്രാത്തേസ് എന്ന മഹാനദിയിൽ[z]
ഒഴിച്ചു; കിഴക്കുനിന്നു[a] വരുന്ന
രാജാക്കന്മാർക്കു വഴി ഒരുക്കേണ്ട
തിന്[b] അതിലെ വെള്ളം വറ്റിപ്പോയി.[c]
13 മഹാസർപ്പത്തിന്റെ[d] വായിൽ
നിന്നും മൃഗത്തിന്റെ[e] വായിൽനി
ന്നും കള്ളപ്രവാചകന്റെ[f] വായിൽ
നിന്നും തവളയെ[g]പ്പോലെ മൂന്ന്
അശുദ്ധാത്മാക്കൾ[h] പുറപ്പെടുന്നതു
ഞാൻ കണ്ടു. 14 ഇവ സർവഭൂത
ലത്തിലും ഉള്ള രാജാക്കന്മാരെ
സർവശക്തനായ ദൈവത്തിന്റെ മ
ഹാദിവസത്തിലെ[i] യുദ്ധത്തിനു
കൂട്ടിച്ചേർപ്പാൻ[j] അദ്ഭുതങ്ങൾ
ചെയ്തുകൊണ്ട്[k] അവരുടെ അടു
ക്കലേക്കു പുറപ്പെടുന്ന ഭൂതാത്മാ
ക്കൾ[l] തന്നെ. 15 ഞാൻ കള്ളനെ
പ്പോലെ വരും;[m] തന്റെ ലജ്ജ കാ
ണുമാറു നഗ്നനായി നടക്കാതിരി
പ്പാൻ[n] തന്റെ ഉടുപ്പു സൂക്ഷിച്ചും
ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യ
വാൻ.[o] 16 അവ അവരെ എബ്രാ
യഭാഷയിൽ ഹർമ്മഗെദ്ദോൻ[p]
എന്നു പേരുള്ള സ്ഥലത്തിൽ കൂട്ടി
ച്ചേർത്തു.[q]
17 ഏഴാമത്തവൻ തന്റെ കലശം
ആകാശത്തിൽ[r] ഒഴിച്ചു; അപ്പോൾ
സംഭവിച്ചുതീർന്നു[s] എന്ന് ഒരുമഹാ
ശബ്ദം ദൈവാലയത്തിലെ സിംഹാ
സനത്തിൽനിന്നു വന്നു. 18 മിന്ന
ലും[t] നാദവും ഇടിമുഴക്കവും വലിയ
ഭൂകമ്പവും ഉണ്ടായി;[u] ഭൂമിയിൽ
മനുഷ്യർ ഉണ്ടായതുമുതൽ അതു
പോലെ അത്ര വലുതായൊരു ഭൂക
മ്പം ഉണ്ടായിട്ടില്ല.[v] 19 മഹാന
ഗരം[w] മൂന്നംശമായി പിരിഞ്ഞു;[x]
ജാതികളുടെ പട്ടണങ്ങളും വീണു
പോയി; ദൈവകോപത്തിന്റെ
ക്രോധമദ്യമുള്ള പാത്രം[y] മഹാബാ
ബിലോനു[z] കൊടുക്കേണ്ടതിന്[y]
അവളെ ദൈവസന്നിധിയിൽ ഓർ
ത്തു.[a] 20 സകല ദ്വീപും ഓടിപ്പോ
യി;[b] മലകൾ കാൺമാനില്ലാതെ
യായി. 21 താലന്തോളം ഘനമുള്ള

3.[f] *വെളി.8:8*
[g] *വെളി.8:9*
4.[h] *വെളി.8:10*
[i] *പുറ.7:17 - 20*
5.[j] *വെളി.11:17; (വെളി.1:4,8;4:8)*
[k] *വെളി.15:4*
[l] *യിരെ.12:1; യോഹ.17:25*
6.[m] *വെളി.11:18*
[n] *വെളി.18:24; (വെളി.13:15)*
[o] *(യെശ.49:26; ലൂക്കൊ.11:49,50)*
7.[p] *വെളി.6:9*
[q] *വെളി.15:3;19:2; (സങ്കീ.119:137)*
8.[r] *വെളി.9:17; (വെളി.14:18)*
9.[s] *വെളി.16:11,21*
[t] *(ദാനീ.5:23); വെളി.11:13*
[u] *(ദാനീ.5:22); വെളി.2:21*
10.[v] *വെളി.13:2*
[w] *വെളി.9:2; പുറ.10:21*
11.[x] *വെളി.16:2*
[y] *വെളി.11:13*
[u] *(വാ.9 കാ.)*
12.[z] *വെളി.9:14*
[a] *വെളി.7:2*
[b] *(യെശ.41:2,25; 46:11)*
[c] *യെശ.11:15;44:27; യിരെ.50:38; 51:31,36*
13.[d] *വെളി.12:3,9*
[e] *വെളി.13:1*
[f] *വെളി.19:20;20:10; (വെളി.13:11,14)*
[g] *(പുറ.8:6)*
[h] *വെളി.18:2*
14.[i] *വെളി.6:17*
[j] *വെളി.20:8; (വെളി.17:14;19:19; 1രാജാ.22:20)*
[k] *വെളി.13:13*
[l] *(1തിമൊ.4:1)*
15.[m] *വെളി.3:3*
[n] *വെളി.3:18*
[o] *വെളി.3:2,3; മത്താ.24:42*

16.[p] *സെഖ.12:11; ന്യായാ.5:19* [q] *വെളി.19:19*
17.[r] *(എഫെ.2:2)* [s] *വെളി.10:6* 18.[t] *വെളി.4:5;8:5;11:19*
[u] *വെളി.6:12;11:13* [v] *ദാനീ.12:1; യോവേ.2:2; മത്താ.24:21*
19.[w] *വെളി.11:8* [x] *(വെളി.11:13)* [y] *വെളി.14:10* [z] *വെളി.14:8*
[a] *വെളി.18:5; (സങ്കീ.74:18)* 20.[b] *വെളി.6:14*

കല്ലായി വലിയ കന്മഴ[c] ആകാശ
ത്തുനിന്ന് മനുഷ്യരുടെമേൽ പെ
യ്തു; കന്മഴയുടെ ബാധ[d] ഏറ്റവും
വലുതാകകൊണ്ടു മനുഷ്യർ ആ
ബാധ നിമിത്തം ദൈവത്തെ ദു
ഷിച്ചു.[e]

❋ ❋ ❋

*1. ബാബിലോൺ എന്ന വേശ്യയുടെ മോടി വേഷം 7. അവളെ ചുമന്നുകൊണ്ടിരിക്കുന്ന മൃഗത്തെ വർണിച്ചത് 15. ആ മൃഗം തന്നെ അവളുടെ നാശത്തിനു കാരണം.*

**17** പിന്നെ ഏഴു കലശമുള്ള[a]
ഏഴു ദൂതന്മാരിൽ ഒരുവൻ[b]
വന്ന് എന്നോടു സംസാരിച്ചു: വരിക,
ഭൂമിയിലെ രാജാക്കന്മാരോടു വേശ്യാ
വൃത്തി ചെയ്തു[c] തന്റെ വേശ്യാ
വൃത്തിയുടെ മദ്യത്താൽ[d] ഭൂവാ
സികളെ[e] മത്തരാക്കിയവളായി[d]
**2** പെരുവെള്ളത്തിന്മീതെ ഇരിക്കു
ന്ന[f] മഹാവേശ്യയുടെ[g] ന്യായവിധി
ഞാൻ കാണിച്ചുതരാം എന്നു പറ
ഞ്ഞു. **3** അവൻ എന്നെ ആത്മാ
വിൽ മരുഭൂമിയിലേക്കു[h] കൊണ്ടു
പോയി.[i] അപ്പോൾ ഏഴു തലയും
പത്തു കൊമ്പും ഉള്ളതായി[j] ദൂഷ
ണനാമങ്ങൾ[k] നിറഞ്ഞു കടുംചുവ
പ്പുള്ളൊരു മൃഗത്തിന്മേൽ[l] ഒരു
സ്ത്രീ ഇരിക്കുന്നതു ഞാൻ കണ്ടു.
**4** ആ സ്ത്രീ ധൂമ്രവർണവും കടും
ചുവപ്പു നിറവും ഉള്ള വസ്ത്രം
ധരിച്ച്[m] പൊന്നും രത്നവും മുത്തും[n]
അണിഞ്ഞവളായി തന്റെ വേശ്യാ
വൃത്തിയുടെ മ്ലേച്ഛതയും അശുദ്ധി
യും നിറഞ്ഞ സ്വർണപാനപാത്രം[o]
കൈയിൽ പിടിച്ചിരുന്നു. **5** **മർമം:**[p]
**മഹതിയാം ബാബിലോൺ;**[q] **വേശ്യ**
**മാരുടെയും മ്ലേച്ഛതകളുടെയും**
**മാതാവ്** എന്നൊരു പേർ അവളുടെ
നെറ്റിയിൽ എഴുതീട്ടുണ്ട്. **6** വിശു
ദ്ധന്മാരുടെ രക്തവും[r] യേശുവിന്റെ
സാക്ഷികളുടെ[s] രക്തവും കുടിച്ചു
സ്ത്രീ മത്തയായിരിക്കുന്നതു ഞാൻ
കണ്ടു; അവളെ കണ്ടിട്ട് അത്യന്തം
ആശ്ചര്യപ്പെട്ടു. **7** ദൂതൻ എന്നോടു
പറഞ്ഞത്: നീ ആശ്ചര്യപ്പെടുന്നത്
എന്ത്? ഈ സ്ത്രീയുടെയും ഏഴു

21.[c] *വെളി.11:19*
[d] *പുറ.9:23-25*
[e] *പുറ.16:9,11*

**അധ്യായം 17**

1.[a] *വെളി.15:7*
[b] *വെളി.21:9*
[c] *വെളി.18:3,9; (യെശ.23:17)*
[d] *വെളി.14:8; യിരെ.51:7*
[e] *വെളി.3:10*
2.[f] *വെളി.17:15; (യിരെ.51:13)*
[g] *വെളി.19:2; നഹൂം3:4; (യെശ.1:21; യിരെ.2:20)*
3.[h] *വെളി.12:6,14*
[i] *വെളി.21:10*
[j] *വെളി.17:7,9,12*
[k] *വെളി.13:1*
[l] *(വെളി.12:3)*
4.[m] *വെളി.18:16*
[n] *ദാനീ.11:38*
[o] *യിരെ.51:7; (വെളി.18:6)*
5.[p] *വെളി.17:7; 2തെസ്സ.2:7*
[q] *വെളി.14:8*
6.[r] *വെളി.16:6; (വെളി.13:15)*
[s] *വെളി.2:13*
7.[t] *വെളി.17:5*
8.[u] *വെളി.17:11; (വെളി.1:4;13:3)*
[v] *വെളി.9:1*
[w] *വെളി.11:7*
[x] *വെളി.13:10*
[y] *വെളി.13:8*
[z] *വെളി.3:5*
[a] *വെളി.3:10*
9.[b] *(വെളി.13:18)*
11.[c] *വെളി.17:8; (വെളി.11:17)*
12.[d] *വെളി.17:16; ദാനീ.7:24; (വെളി.13:1; സെഖ.1:18-21)*
[e] *(വെളി.18:10,16,19)*

തലയും പത്തു കൊമ്പും ഉള്ള
തായി അവളെ ചുമക്കുന്ന മൃഗ
ത്തിന്റെയും മർമം[t] ഞാൻ പറ
ഞ്ഞുതരാം. **8** നീ കണ്ട മൃഗമോ
ഉണ്ടായിരുന്നതും ഇപ്പോൾ ഇല്ലാ
ത്തതും[u] ഇനി അഗാധത്തിൽ[v]
നിന്നു കയറി[w] നാശത്തിലേക്കു
പോകുവാൻ[x] ഇരിക്കുന്നതും[w]
ആകുന്നു; ഉണ്ടായിരുന്നതും ഇല്ലാ
ത്തതും വരുവാനുള്ളതുമായ[u]
മൃഗത്തെ ലോകസ്ഥാപനംമുതൽ[y]
ജീവപുസ്തകത്തിൽ[z] പേർ എഴു
താതിരിക്കുന്ന ഭൂവാസികൾ കണ്ട്
അതിശയിക്കും.[a] **9** ഇവിടെ ജ്ഞാന
ബുദ്ധി ഉണ്ട്;[b] തല ഏഴും സ്ത്രീ
ഇരിക്കുന്ന ഏഴു മലയാകുന്നു.
**10** അവ ഏഴു രാജാക്കന്മാരും
ആകുന്നു; അഞ്ചു പേർ വീണു
പോയി; ഒരുത്തൻ ഉണ്ട്; മറ്റവൻ
ഇതുവരെ വന്നിട്ടില്ല; വന്നാൽ
പിന്നെ അവൻ കുറഞ്ഞോന്ന് ഇരി
ക്കേണ്ടതാകുന്നു. **11** ഉണ്ടായിരു
ന്നതും ഇല്ലാത്തതുമായ[c] മൃഗം
എട്ടാമത്തവനും എഴുവരിൽ ഉൾ
പ്പെട്ടവനും തന്നെ; അവൻ നാശ
ത്തിലേക്കു പോകുന്നു. **12** നീ
കണ്ട പത്തു കൊമ്പ് പത്തു രാജാ
ക്കന്മാർ;[d] അവർ ഇതുവരെ രാജ
ത്വം പ്രാപിച്ചിട്ടില്ല; മൃഗത്തോട്
ഒന്നിച്ച് ഒരു നാഴിക നേരത്തേക്കു[e]
രാജാക്കന്മാരെപ്പോലെ അധികാരം
പ്രാപിക്കുംതാനും. **13** ഇവർ ഒരേ
അഭിപ്രായമുള്ളവർ; തങ്ങളുടെ
ശക്തിയും അധികാരവും മൃഗ
ത്തിനു ഏല്പിച്ചുകൊടുക്കുന്നു.
**14** അവർ കുഞ്ഞാടിനോടു പോ
രാടും;[f] താൻ കർത്താധികർത്താ
വും[g] രാജാധിരാജാവും[g] ആകകൊ
ണ്ടു കുഞ്ഞാടു[h] തന്നോടുകൂടെയു
ള്ള വിളിക്കപ്പെട്ടവരും തിരഞ്ഞെടു
ക്കപ്പെട്ടവരും വിശ്വസ്തരുമായി[i]
അവരെ ജയിക്കും.[h] **15** പിന്നെ
അവൻ എന്നോടു പറഞ്ഞത്: നീ

14.[f] *വെളി.16:14* [g] *വെളി.19:16; ആവ.10:17; സങ്കീ.136:3; ദാനീ.2:47; 1തിമൊ.6:15; (വെളി.1:5; മത്താ.28:18; അപ്പൊ.പ്ര.10:36)* [h] *വെളി.3:21* [i] *വെളി.2:10; ലൂക്കൊ.18:7;റോമ.1:6*

കണ്ടതും വേശ്യ ഇരിക്കുന്നതുമായ
വെള്ളം വംശങ്ങളും പുരുഷാരങ്ങ
ളും ജാതികളും ഭാഷകളും അത്രേ.[j]
16 നീ കണ്ട പത്തു കൊമ്പും[k]
മൃഗവും വേശ്യയെ ദ്വേഷിച്ചു[l] ശൂന്യ
വും[m] നഗ്നവുമാക്കി[n] അവളുടെ
മാംസം തിന്നുകളയും;[o] അവളെ
തീകൊണ്ടു ദഹിപ്പിക്കയും[p] ചെയ്യും.
17 ദൈവത്തിന്റെ വചനം നിവൃ
ത്തിയാകുവോളം തന്റെ ഹിതം
ചെയ്‌വാനും[q] ഒരേ അഭിപ്രായം
നടത്തുവാനും തങ്ങളുടെ രാജത്വം
മൃഗത്തിനു കൊടുപ്പാനും[r] ദൈവം
അവരുടെ ഹൃദയത്തിൽ തോന്നി
ച്ചു.[q] 18 നീ കണ്ട സ്ത്രീയോ
ഭൂരാജാക്കന്മാരുടെമേൽ രാജത്വ
മുള്ള മഹാനഗരംതന്നെ.[s]

* * *

*1. ബാബിലോണിന്റെ വീഴ്ച 9. അവളെക്കുറിച്ചു ലോകരുടെ വിലാപവും 20. അവളുടെ നേരെയുള്ള ദൈവത്തിന്റെ ന്യായവിധികൾക്കായിട്ടു ശുദ്ധിമാന്മാരുടെ സന്തോഷവും.*

**18** അനന്തരം ഞാൻ വലിയ അ
ധികാരമുള്ള മറ്റൊരു ദൂതൻ[a]
സ്വർഗത്തിൽനിന്ന് ഇറങ്ങുന്നതു
കണ്ടു; അവന്റെ തേജസ്സിനാൽ
ഭൂമി പ്രകാശിച്ചു.[b] 2 അവൻ ഉറക്കെ
വിളിച്ചുപറഞ്ഞത്: വീണുപോയി;[c]
മഹതിയാം ബാബിലോൻ വീണു
പോയി; ദുർഭൂതങ്ങളുടെ പാർപ്പിട
വും[d] സകല അശുദ്ധാത്മാക്കളു
ടെയും[e] തടവും അശുദ്ധിയും അറ
പ്പുമുള്ള സകല പക്ഷികളുടെയും[f]
തടവുമായിത്തീർന്നു. 3 അവളുടെ
വേശ്യാവൃത്തിയുടെ ക്രോധമദ്യം
സകല ജാതികളും കുടിച്ചു;[g] ഭൂമി
യിലെ രാജാക്കന്മാർ അവളോടു
വേശ്യാസംഗം ചെയ്കയും[h] ഭൂമി
യിലെ വ്യാപാരികൾ അവളുടെ
പുളപ്പിന്റെ ആധിക്യത്താൽ സമ്പ
ന്നരാകയും[i] ചെയ്തു.
4 വേറൊരു ശബ്ദം സ്വർഗ
ത്തിൽനിന്നു പറയുന്നതായി ഞാൻ
കേട്ടത്: എന്റെ ജനമായുള്ളോരേ,
അവളുടെ പാപങ്ങളിൽ കൂട്ടാളിക
ളാകാതെയും അവളുടെ ബാധക
ളിൽ ഓഹരിക്കാരാകാതെയുമിരി
പ്പാൻ അവളെ വിട്ടുപോരുവിൻ.[j]
5 അവളുടെ പാപം ആകാശത്തോ
ളം കുന്നിച്ചിരിക്കുന്നു;[k] അവളുടെ
അകൃത്യം ദൈവം ഓർത്തിട്ടുമുണ്ട്.[l]
6 അവൾ നിങ്ങൾക്കു ചെയ്തതു
പോലെ നിങ്ങൾ അവൾക്ക് പകരം
ചെയ്‌വിൻ;[m] അവളുടെ പ്രവൃത്തി
കൾക്കു തക്കവണ്ണം അവൾക്ക് ഇര
ട്ടിച്ചു കൊടുപ്പിൻ;[n] അവൾ കലക്കി
ത്തന്ന പാനപാത്രത്തിൽ അവൾക്ക്
ഇരട്ടി കലക്കിക്കൊടുപ്പിൻ;[o] 7 അ
വൾ തന്നെത്താൻ മഹത്വപ്പെടു
ത്തി പുളച്ചേടത്തോളം അവൾക്കു
പീഡയും ദുഃഖവും കൊടുപ്പിൻ.[p]
രാജ്ഞിയായിട്ട് ഞാൻ ഇരിക്കുന്നു;[q]
ഞാൻ വിധവയല്ല; ദുഃഖം കാൺ
കയുമില്ല എന്ന് അവൾ ഹൃദയം
കൊണ്ടു പറയുന്നു. 8 അതുനിമി
ത്തം മരണം, ദുഃഖം, ക്ഷാമം എന്നി
ങ്ങനെ അവളുടെ ബാധകൾ ഒരു
ദിവസത്തിൽതന്നെ വരും;[r] അവ
ളെ തീയിൽ ഇട്ടു ചുട്ടുകളയും;[s]
അവളെ ന്യായം വിധിച്ച ദൈവമായ
കർത്താവ് ശക്തനല്ലോ.[t] 9 അവ
ളോടുകൂടെ വേശ്യാസംഗം ചെ
യ്തു പുളച്ചിരിക്കുന്ന ഭൂരാജാക്ക
ന്മാർ[u] അവളുടെ പീഡനിമിത്തം
ഭയപ്പെട്ടു ദൂരത്തു നിന്നുകൊണ്ട്[v]
അവളുടെ ദഹനത്തിന്റെ പുക
കാണുമ്പോൾ[w] അവളെച്ചൊല്ലി
കരഞ്ഞും മാറത്തടിച്ചുംകൊണ്ടു:[x]
10 അയ്യോ, അയ്യോ, മഹാനഗരമായ
ബാബിലോനേ,[y] ബലമേറിയ പട്ട
ണമേ, ഒരു മണിക്കൂറുകൊണ്ടു
നിന്റെ ന്യായവിധി വന്നല്ലോ[z] എന്നു
പറയും. 11 ഭൂമിയിലെ വ്യാപാരി
കൾ പൊന്ന്, വെള്ളി, രത്നം, മുത്ത്,
നേരിയ തുണി, 12 ധൂമ്രവസ്ത്രം,
പട്ട്, കടുംചുവപ്പ്, ചന്ദനത്തരങ്ങൾ,
ആനക്കൊമ്പുകൊണ്ടുള്ള സകല
വിധ സാമാനങ്ങൾ, വിലയേറിയ
മരവും പിച്ചളയും ഇരുമ്പും മർമര
ക്കല്ലുംകൊണ്ടുള്ള ഓരോ സാമാനം,

15.[j] *വെളി.17:1; (യെശ.8:7)*
16.[k] *വെളി.17:16; ദാനീ.7:24; (വെളി.13:1; സെഖ.1:18-21)*
[l] *(യിരെ.50:41,42)*
[m] *വെളി.18:16,19*
[n] *യെഹെ.16:37,39*
[o] *(വെളി.19:18)*
[p] *വെളി.18:8; (ലേവ്യാ.21:9)*
17.[q] *2കൊരി.8:16*
[r] *(2തെസ്സ.2:12)*
18.[s] *വെളി.16:19; (വെളി.11:8)*

**അധ്യായം 18**

1.[a] *വെളി.17:1,7*
[b] *യെഹെ.43:2*
2.[c] *വെളി.14:8*
[d] *യെശ.13:21,34:14; യിരെ.50:39;51:37; (സെഫ.2:14,15)*
[e] *വെളി.16:13*
[f] *യെശ.14:23;34:11*
3.[g] *വെളി.14:8*
[h] *വെളി.18:9;17:1*
[i] *വെളി.18:11,15; യെഹെ.27:33*
4.[j] *(2കൊരി.6:17); യെശ.48:20*
5.[k] *യിരെ.51:9; (ഉൽപ.18:20,21; എസ്രാ.9:6; യോന.1:2)*
[l] *വെളി.16:19*
6.[m] *സങ്കീ.137:8; യിരെ.50:15,29; 51:24,49*
[n] *യിരെ.16:18*
[o] *(വെളി.14:10; 16:19;17:4)*
7.[p] *(യെഹെ.28:2-8)*
[q] *യെശ.47:7,8; സെഫ.2:15; (വെളി.3:17)*
8.[r] *യെശ.47:9; (വെളി.18:10)*
[s] *വെളി.17:16*
[t] *യിരെ.50:34*
9.[u] *വെളി.18:3; 17:1; (യെഹെ.26:16,17)*
[v] *വെളി.18:15,17* [w] *വെളി.18:18;19:3* [x] *(യിരെ.50:46)*
10.[y] *വെളി.14:8* [z] *വെളി.18:16,19; (വെളി.18:8)*

13 ലവംഗം, ഏലം, ധൂപവർഗം,
മൂറ്, കുന്തുരുക്കം, വീഞ്ഞ്, എണ്ണ,
നേരിയ മാവ്, കോതമ്പ്, കന്നുകാലി,
ആട്, കുതിര, രഥം, മാനുഷദേഹം,
മാനുഷപ്രാണൻ എന്നീ ചരക്ക്
ഇനി ആരും വാങ്ങായ്കയാൽ അവ
ളെച്ചൊല്ലി കരഞ്ഞു ദുഃഖിക്കുന്നു.[a]
14 നീ കൊതിച്ച കായ്കനിയും
നിന്നെ വിട്ടുപോയി; സ്വാദും ശോ
ഭയും ഉള്ളതെല്ലാം നിനക്ക് ഇല്ലാ
തെയായി; നീ ഇനി അവയെ ഒരി
ക്കലും കാണുകയില്ല. 15 ഈ വക
കൊണ്ടു വ്യാപാരം ചെയ്ത് അവ
ളാൽ സമ്പന്നരായവർ[b] അവൾ
ക്കുള്ള പീഡ ഭയപ്പെട്ടു ദൂരത്തു
നിന്നു:[c] 16 അയ്യോ, അയ്യോ, മഹാ
നഗരമേ, നേരിയ തുണിയും ധൂമ്ര
വർണവും കടുംചുവപ്പും ധരിച്ചു
പൊന്നും രത്നവും മുത്തും അണി
ഞ്ഞവളേ,[d] 17 ഇത്ര വലിയ സമ്പ
ത്ത് ഒരു മണിക്കൂറുകൊണ്ടു[e] നശി
ച്ചുപോയല്ലോ[f] എന്നു പറഞ്ഞു കര
ഞ്ഞു ദുഃഖിക്കും. ഏതു മാലുമിയും[g]
ഓരോ ദിക്കിലേക്കു കപ്പലേറി പോ
കുന്ന ഏവനും കപ്പൽക്കാരും കട
ലിൽ തൊഴിൽ ചെയ്യുന്നവരൊക്കെ
യും 18 ദൂരത്തുനിന്ന് അവളുടെ
ദഹനത്തിന്റെ പുക കണ്ട്:[h] മഹാ
നഗരത്തോടു തുല്യമായ നഗരം
ഏത്[i] എന്നു നിലവിളിച്ചുപറഞ്ഞു.[j]
19 അവർ തലയിൽ പൂഴി[k] വാരിയി
ട്ടുംകൊണ്ട്: അയ്യോ, അയ്യോ, കട
ലിൽ കപ്പലുള്ളവർക്ക് എല്ലാം തന്റെ
ഐശ്വര്യത്താൽ സമ്പത്ത് വർധി
പ്പിച്ച[l] മഹാനഗരം ഒരു മണിക്കൂറു
കൊണ്ടു നശിച്ചുപോയല്ലോ[m] എന്നു
പറഞ്ഞ് കരഞ്ഞും ദുഃഖിച്ചുംകൊ
ണ്ടു നിലവിളിച്ചു. 20 സ്വർഗമേ,
വിശുദ്ധന്മാരും അപ്പൊസ്തലന്മാരും
പ്രവാചകന്മാരുമായുള്ളോരേ,[n]
ദൈവം അവളോട് നിങ്ങൾക്കുവേ
ണ്ടി പ്രതികാരം നടത്തിയതുകൊ
ണ്ട്[o] അവളെച്ചൊല്ലി ആനന്ദിപ്പിൻ.[p]
21 പിന്നെ ശക്തനായൊരു ദൂതൻ[q]
തിരികല്ലോളം വലുതായൊരു കല്ല്
എടുത്തു[r] സമുദ്രത്തിൽ എറിഞ്ഞു
പറഞ്ഞത്: ഇങ്ങനെ ബാബിലോൻ
മഹാനഗരത്തെ[s] ഹേമത്തോടെ
എറിഞ്ഞുകളയും; ഇനി അതിനെ
കാണുകയില്ല. 22 വൈണികന്മാർ,
വാദ്യക്കാർ, കുഴലൂത്തുകാർ, കാഹ
ളക്കാർ എന്നിവരുടെ സ്വരം[t] നി
ന്നിൽ ഇനി കേൾക്കയില്ല; യാതൊ
രു കൗശലപ്പണിയും ചെയ്യുന്ന ഒരു
ശില്പിയെയും നിന്നിൽ ഇനി കാ
ണുകയില്ല; തിരികല്ലിന്റെ ഒച്ച[u] ഇനി
നിന്നിൽ കേൾക്കയില്ല. 23 വിളക്കി
ന്റെ വെളിച്ചം ഇനി നിന്നിൽ പ്രകാ
ശിക്കയില്ല; മണവാളന്റെയും മണ
വാട്ടിയുടെയും സ്വരം[v] ഇനി നി
ന്നിൽ കേൾക്കയില്ല; നിന്റെ വ്യാ
പാരികൾ ഭൂമിയിലെ മഹത്തുക്കൾ
ആയിരുന്നു;[w] നിന്റെ ക്ഷുദ്രത്താൽ
സകല ജാതികളും വശീകരിക്ക
പ്പെട്ടിരുന്നു.[x] 24 പ്രവാചകന്മാരുടെ
യും വിശുദ്ധന്മാരുടെയും[y] ഭൂമി
യിൽ വച്ചു കൊന്നുകളഞ്ഞ എല്ലാ
വരുടെയും[z] രക്തം അവളിൽ
അല്ലോ കണ്ടത്.[y]

* * *

*1. ബാബിലോണിന്റെ നാശത്തെ സ്വർഗ
ത്തിൽ കൊണ്ടാടിയതും 11. ദൈവപുത്ര
ന്റെ വിജയം 17. രണ്ടു മൃഗങ്ങളെയും നിഗ്ര
ഹിക്കുന്നതും.*

**19** അനന്തരം ഞാൻ സ്വർഗ
ത്തിൽ വലിയോരു പുരുഷാ
രത്തിന്റെ മഹാഘോഷംപോലെ[a]
കേട്ടത്: ഹല്ലേലൂയ്യാ![b] രക്ഷയും
മഹത്ത്വവും ശക്തിയും നമ്മുടെ
ദൈവത്തിനുള്ളത്.[c] 2 വേശ്യാവൃ
ത്തികൊണ്ടു ഭൂമിയെ വഷളാക്കിയ
മഹാവേശ്യക്ക്[d] അവൻ ശിക്ഷ
വിധിച്ചു. തന്റെ ദാസന്മാരുടെ
രക്തം അവളുടെ കൈയിൽനിന്നു
ചോദിച്ച് പ്രതികാരം ചെയ്കകൊ
ണ്ട്[e] അവന്റെ ന്യായവിധികൾ സ
ത്യവും നീതിയുമുള്ളവ.[f] 3 അ
വർ പിന്നെയും: ഹല്ലേലൂയ്യാ! അവ
ളുടെ പുക എന്നെന്നേക്കും പൊ
ങ്ങുന്നു[g] എന്നു പറഞ്ഞു. 4 ഇരു
പത്തിനാലു മൂപ്പന്മാരും നാലു

13.[a] വെളി.18:3,15,16; (യെഹെ.27:36)
15.[b] വെളി.18:3,11,13
[c] വെളി.18:9
16.[d] വെളി.17:4
17.[e] വെളി.18:10,19
[f] വെളി.17:16
[g] യെഹെ.27:28,29
18.[h] വെളി.18:9
[i] യെഹെ.27:32; (വെളി.13:4)
[j] യെഹെ.27:30
19.[k] യോശു.7:6; ഇയ്യോ.2:12
[l] വെളി.18:3,15
[m] വെളി.18:10,16
20.[n] ലൂക്കൊ.11:49,51
[o] വെളി.19:2
[p] ആവ.32:43; യിരെ.51:48; വെളി.12:12
21.[q] വെളി.5:2;10:1
[r] (യിരെ.51:63,64)
[s] വെളി.18:16
22.[t] യെശ.14:11; 24:8; യെഹെ.26:13
[u] സഭാ.12:6; യിരെ.25:10
23.[v] യിരെ.7:34; 16:9;33:11
[w] യെശ.23:8
[x] നഹൂം.3:4
24.[y] വെളി.17:6; (മത്താ.23:35,36)
[z] (യിരെ.51:49)

അധ്യായം 19

1.[a] വെളി.11:15
[b] സങ്കീ.106:1
[c] വെളി.4:11; 7:10;12:10
2.[d] വെളി.17:2
[e] ആവ.32:43; 2രാജാ.9:7; (വെളി.16:6); വെളി.6:10
[f] വെളി.15:3;16:7

3.[g] വെളി.18:9,18; യെശ.34:10; (വെളി.14:11)

ജീവികളും:[h] ആമേൻ, ഹല്ലേലൂയ്യാ!
എന്നു പറഞ്ഞ് സിംഹാസനത്തി
ലിരിക്കുന്ന ദൈവത്തെ വീണു നമ
സ്കരിച്ചു. **5** നമ്മുടെ ദൈവത്തിന്റെ
സകല ദാസന്മാരും ഭക്തന്മാരുമാ
യി[i] ചെറിയവരും വലിയവരും ആയു
ള്ളോരേ, അവനെ വാഴ്ത്തുവിൻ[j]
എന്നു പറയുന്നൊരു ശബ്ദം സിം
ഹാസനത്തിൽനിന്നു പുറപ്പെട്ടു.
**6** അപ്പോൾ വലിയ പുരുഷാരത്തി
ന്റെ ഘോഷം[k]പോലെയും പെരു
വെള്ളത്തിന്റെ ഇരച്ചിൽ[l]പോലെ
യും തകർത്ത ഇടിമുഴക്കംപോലെ
യും[m] ഞാൻ കേട്ടത്: ഹല്ലേലൂയ്യാ!
സർവശക്തിയുള്ള നമ്മുടെ ദൈവ
മായ കർത്താവ് രാജത്വം ഏറ്റിരി
ക്കുന്നു.[n] **7** നാം സന്തോഷിച്ച് ഉല്ല
സിച്ച് അവനു മഹത്ത്വം കൊടു
ക്കുക; കുഞ്ഞാടിന്റെ കല്യാണം
വന്നുവല്ലോ;[o] അവന്റെ കാന്തയും
തന്നെത്താൻ ഒരുക്കിയിരിക്കുന്നു.[p]
**8** അവൾക്കു ശുദ്ധവും ശുഭ്രവുമായ
വിശേഷവസ്ത്രം ധരിപ്പാൻ കൃപ
ലഭിച്ചിരിക്കുന്നു;[q] ആ വിശേഷ
വസ്ത്രം വിശുദ്ധന്മാരുടെ നീതിപ്ര
വൃത്തികൾ[r] തന്നെ. **9** പിന്നെ അ
വൻ എന്നോട്: കുഞ്ഞാടിന്റെ ക
ല്യാണസദ്യക്കു ക്ഷണിക്കപ്പെട്ടവർ
ഭാഗ്യവാന്മാർ[s] എന്ന് എഴുതുക
എന്നു പറഞ്ഞു. ഇതു ദൈവത്തിന്റെ
സത്യവചനം എന്നും[t] എന്നോടു
പറഞ്ഞു. **10** ഞാൻ അവനെ ന
മസ്കരിക്കേണ്ടതിന് അവന്റെ കാ
ല്ക്കൽ വീണു;[u] അപ്പോൾ അവൻ
എന്നോട്: അതരുത്:[v] ഞാൻ നിന
ക്കും യേശുവിന്റെ സാക്ഷ്യ[w]മുള്ള
നിന്റെ സഹോദരന്മാർക്കും സഹ
ഭൃത്യനത്രേ; ദൈവത്തെ നമസ്ക
രിക്ക; യേശുവിന്റെ സാക്ഷ്യമോ
പ്രവചനത്തിന്റെ ആത്മാവു തന്നെ
എന്നു പറഞ്ഞു.[v]
**11** അനന്തരം സ്വർഗം തുറന്നിരി
ക്കുന്നതു[x] ഞാൻ കണ്ടു; ഒരു വെള്ള
ക്കുതിര[y] പ്രത്യക്ഷമായി; അതി
ന്മേൽ ഇരിക്കുന്നവനു വിശ്വസ്ത
നും സത്യവാനും[z] എന്നു പേർ.
അവൻ നീതിയോടെ വിധിക്കയും

4.[h] *വെളി.4:4,6,10; 5:14*
5.[i] *വെളി.11:18*
[j] *സങ്കീ.22:23;113:1; 134:1;135:1*
6.[k] *ദാനീ.10:6; (വെളി.19:1)*
[l] *വെളി.1:15*
[m] *വെളി.6:1;14:2*
[n] *വെളി.11:15,17; സങ്കീ.97:1*
7.[o] *മത്താ.22:2; 25:10; ലൂക്കൊ.12:36; 14:8; യോഹ.2:1; (എഫെ.5:22-32)*
[p] *വെളി.21:2,9; (യെശ.54:5; ഹോശേ.2:19,20)*
8.[q] *(സങ്കീ.45:13-15; യെഹെ.16:10)*
[r] *(സങ്കീ.132:9; യെശ.61:10)*
9.[s] *ലൂക്കൊ.14:15; വെളി.19:7*
[t] *(വെളി.21:5;22:6)*
10.[u] *വെളി.22:8*
[v] *വെളി.22:9; അപ്പൊ.പ്ര.10:26*
[w] *വെളി.1:2;6:9; 12:17*
11.[x] *യെഹെ.1:1*
[y] *വെളി.6:2*
[z] *വെളി.3:7,14*

[a] *(സങ്കീ.96:13; യെശ.11:4)*
12.[b] *വെളി.1:14;2:18*
[y] *(വാ.11 കാ.)*
[c] *(വെളി.12:3)*
[d] *വെളി.19:16;2:17; (സദൃ.30:4)*
13.[e] *യെശ.63:2,3*
[f] *യോഹ.1:1*
14.[g] *വെളി.3:4,5;7:9*
[h] *(വെളി.14:20)*
15.[i] *(യെശ.11:4; 2തെസ്സ.2:8)*
[j] *വെളി.19:21;1:16*
[k] *വെളി.2:27;12:5*

പോരാടുകയും ചെയ്യുന്നു.[a] **12** അ
വന്റെ കണ്ണ് അഗ്നിജ്വാല,[b] തല
യിൽ[y] അനേകം രാജമുടികൾ;[c] എ
ഴുതീട്ടുള്ള ഒരു നാമവും[d] അവനു
ണ്ട്; അത് അവനല്ലാതെ ആർക്കും
അറിഞ്ഞുകൂടാ. **13** അവൻ രക്തം
തളിച്ച ഉടുപ്പു[e] ധരിച്ചിരിക്കുന്നു;
അവനു ദൈവവചനം[f] എന്നു പേർ
പറയുന്നു. **14** സ്വർഗത്തിലെ സൈ
ന്യം നിർമ്മലവും ശുഭ്രവുമായ
വിശേഷവസ്ത്രം ധരിച്ച്[g] വെള്ള
ക്കുതിരപ്പുറത്തു കയറി അവനെ
അനുഗമിച്ചു.[h] **15** ജാതികളെ വെ
ട്ടുവാൻ[i] അവന്റെ വായിൽനിന്നു
മൂർച്ചയുള്ള വാൾ പുറപ്പെടുന്നു;[j]
അവൻ ഇരുമ്പുകോൽകൊണ്ട്
അവരെ മേയിക്കും;[k] സർവശക്തി
യുള്ള ദൈവത്തിന്റെ കോപവും
ക്രോധവുമായ മദ്യത്തിന്റെ ചക്ക്
അവൻ മെതിക്കുന്നു.[l] **16** രാജാധി
രാജാവും കർത്താധികർത്താവും[m]
എന്ന നാമം[n] അവന്റെ ഉടുപ്പിന്മേലും
തുടമേലും എഴുതിയിരിക്കുന്നു.[n]
**17** ഒരു ദൂതൻ സൂര്യനിൽ നില്ക്കു
ന്നത് ഞാൻ കണ്ടു; അവൻ ആകാ
ശമദ്ധ്യേ പറക്കുന്ന സകല പക്ഷിക
ളോടും;[o] **18** രാജാക്കന്മാരുടെ
മാംസവും സഹസ്രാധിപന്മാരുടെ
മാംസവും വീരന്മാരുടെ മാംസവും
കുതിരകളുടെയും കുതിരപ്പുറത്തി
രിക്കുന്നവരുടെയും മാംസവും
സ്വതന്ത്രന്മാരും ദാസന്മാരും ചെറി
യവരും വലിയവരുമായ എല്ലാവരു
ടെയും മാംസവും തിന്മാൻ[p] മഹാ
ദൈവത്തിന്റെ അത്താഴത്തിനു[q] വ
ന്നുകൂടുവിൻ[r] എന്ന് ഉറക്കെ വിളി
ച്ചുപറഞ്ഞു.
**19** കുതിരപ്പുറത്തിരിക്കുന്നവ
നോടും അവന്റെ സൈന്യത്തോ
ടും യുദ്ധം ചെയ്‌വാൻ[s] മൃഗവും
ഭൂരാജാക്കന്മാരും അവരുടെ സൈ
ന്യങ്ങളും[t] ഒന്നിച്ചു വന്നുകൂടിയതു[s]
ഞാൻ കണ്ടു. **20** മൃഗത്തെയും

[l] *വെളി.14:20; യെശ.63:3* 16.[m] *വെളി.17:14*
[n] *വെളി.19:12* 17.[o] *വെളി.19:21* 18.[p] *യെഹെ.39:18,20*
[q] *(യെശ.34:6; യിരെ.46:10; യെഹെ.39:19)* [r] *യിരെ.12:9; യെഹെ.39:17* 19.[s] *വെളി.16:16* [t] *വെളി.11:7;13:1*

അതിന്റെ മുമ്പാകെ താൻ ചെയ്ത
അടയാളങ്ങളാൽ മനുഷ്യരെ ചതിച്ചു[u]
മൃഗത്തിന്റെ മുദ്ര ഏല്പിക്കയും[u]
അതിന്റെ പ്രതിമയെ നമസ്കരിപ്പിക്ക
യും[v] ചെയ്ത കള്ളപ്രവാചകനെയും[w]
പിടിച്ചുകെട്ടി ഇരുവരെയും ഗന്ധകം
കത്തുന്ന[x] തീപ്പൊയ്കയിൽ ജീവ
നോടെ തള്ളിക്കളഞ്ഞു.[y] **21** ശേഷി
ച്ചവരെ കുതിരപ്പുറത്തിരിക്കുന്നവ
ന്റെ വായിൽനിന്നു പുറപ്പെടുന്ന[z]
വാൾകൊണ്ടു കൊന്നു. അവരുടെ
മാംസം തിന്നു സകല പക്ഷികൾ
ക്കും തൃപ്തിവന്നു.[a]

❋ ❋ ❋

***1. സാത്താൻ ആയിരം ആണ്ടേക്കു ബന്ധിക്കപ്പെട്ടത് 4. സഹസ്രാബ്ദ വാഴ്ച 7. സാത്താൻ പിന്നെയും അഴിച്ചുവിടപ്പെടുന്നത് 12. പൊതുവിലുള്ള പുനരുത്ഥാനം.***

**20** അനന്തരം ഒരു ദൂതൻ അഗാധ
ത്തിന്റെ[a] താക്കോലും ഒരു
വലിയ ചങ്ങലയും കൈയിൽ പി
ടിച്ചുകൊണ്ടു[b] സ്വർഗത്തിൽനിന്ന്
ഇറങ്ങുന്നത് ഞാൻ കണ്ടു. **2** അ
വൻ പിശാചും സാത്താനും എന്നു
ള്ള പഴയ പാമ്പായ മഹാസർപ്പ
ത്തെ[c] പിടിച്ചു ആയിരം ആണ്ടേക്കു
ചങ്ങലയിട്ടു.[d] **3** ആയിരം ആണ്ടു
കഴിയുവോളം ജാതികളെ വഞ്ചിക്കാ
തിരിപ്പാൻ[e] അവനെ അഗാധത്തിൽ[a]
തള്ളിയിട്ട് അടച്ചുപൂട്ടുകയും മീതെ
മുദ്രയിടുകയും[f] ചെയ്തു. അതിന്റെ
ശേഷം അവനെ അല്പകാലത്തേ
ക്ക് അഴിച്ചുവിടേണ്ടതാകുന്നു.
**4** ഞാൻ ന്യായാസനങ്ങളെ[g] ക
ണ്ടു; അവയിൽ ഇരിക്കുന്നവർക്ക്[h]
ന്യായവിധിയുടെ അധികാരം കൊ
ടുത്തു;[i] യേശുവിന്റെ സാക്ഷ്യവും
ദൈവവചനവും നിമിത്തം തല
ഛേദിക്കപ്പെട്ടവരും[j] മൃഗത്തെയോ
അതിന്റെ പ്രതിമയെയോ നമസ്കരി
ക്കാതിരുന്നവരും[k] നെറ്റിയിലും കൈ
മേലും അതിന്റെ മുദ്ര കൈക്കൊള്ളാ
തിരുന്നവരുമായവരുടെ ആത്മാക്ക
ളെയും[j] ഞാൻ കണ്ടു; അവർ ജീവി
ച്ച്[l] ആയിരമാണ്ട് ക്രിസ്തുവിനോടു
കൂടി വാണു.[m] **5** മരിച്ചവരിൽ ശേഷ
മുള്ളവർ ആയിരം ആണ്ടു കഴിയു
വോളം ജീവിച്ചില്ല. **6** ഇത് ഒന്നാ
മത്തെ പുനരുത്ഥാനം. ഒന്നാമത്തെ
പുനരുത്ഥാനത്തിൽ പങ്കുള്ളവൻ
ഭാഗ്യവാനും വിശുദ്ധനും ആകു
ന്നു;[n] അവരുടെമേൽ രണ്ടാം മരണ
ത്തിന് അധികാരം ഇല്ല;[o] അവർ
ദൈവത്തിനും ക്രിസ്തുവിനും പുരോ
ഹിതന്മാരായി[p] ക്രിസ്തുവിനോടു
കൂടെ ആയിരം ആണ്ടു വാഴും.[q]
**7** ആയിരം ആണ്ടു കഴിയുമ്പോ
ഴോ സാത്താനെ തടവിൽനിന്ന് അ
ഴിച്ചുവിടും.[r] **8** അവൻ ഭൂമിയുടെ
നാലു ദിക്കിലുമുള്ള ജാതികളായി
സംഖ്യയിൽ കടല്പുറത്തെ മണൽ
പോലെയുള്ള ഗോഗ്, മാഗോഗ്[s]
എന്നവരെ യുദ്ധത്തിനായി കൂട്ടി
ച്ചേർക്കേണ്ടതിന്[t] വശീകരിപ്പാൻ[u]
പുറപ്പെടും. **9** അവർ ഭൂമിയിൽ പര
ക്കെ ചെന്ന്[v] വിശുദ്ധന്മാരുടെ പാള
യത്തെയും[w] പ്രിയനഗരത്തെയും[x]
വളയും; എന്നാൽ ആകാശത്തു
നിന്ന് തീ ഇറങ്ങി അവരെ ദഹിപ്പി
ച്ചുകളയും.[y] **10** അവരെ വഞ്ചിച്ച[z]
പിശാചിനെ മൃഗവും[a] കള്ളപ്രവാ
ചകനും കിടക്കുന്ന ഗന്ധകത്തീ
പ്പൊയ്കയിലേക്ക് തള്ളിയിടും;[b]
അവർ എന്നെന്നേക്കും രാപ്പകൽ
ദണ്ഡനം സഹിക്കേണ്ടിവരും.
**11** ഞാൻ വലിയോരു വെള്ള
സിംഹാസനവും അതിൽ ഒരുത്തൻ
ഇരിക്കുന്നതും കണ്ടു; അവന്റെ സ
ന്നിധിയിൽനിന്നു ഭൂമിയും ആകാ
ശവും ഓടിപ്പോയി;[c] അവയെ പി
ന്നെ കണ്ടില്ല.[d] **12** മരിച്ചവർ ആബാ
ലവൃദ്ധം സിംഹാസനത്തിൻ
മുമ്പിൽ നില്ക്കുന്നതും കണ്ടു; പു
സ്തകങ്ങൾ തുറന്നു;[e] ജീവന്റെ
പുസ്തകം[f] എന്ന മറ്റൊരു പുസ്ത
കവും തുറന്നു; പുസ്തകങ്ങളിൽ
എഴുതിയിരുന്നതിന് ഒത്തവണ്ണം
മരിച്ചവർക്ക്[g] അവരുടെ പ്രവൃത്തി
കൾക്കടുത്ത്[h] ന്യായവിധിയുണ്ടായി.[i]
**13** സമുദ്രം തന്നിലുള്ള മരിച്ചവരെ

20. [u] *വെളി.13:11-14* [v] *വെളി.13:15* [w] *വെളി.16:13;20:10* [x] *വെളി.14:10; 21:8; 2തെസ്സ.1:6* [y] *വെളി.20:10,14,15; (ദാനീ.7:11)*
21. [z] *വെളി.19:15* [a] *വെളി.19:17*

**അധ്യായം 20**

1. [a] *വെളി.9:1* [b] *വെളി.1:18*
2. [c] *വെളി.12:9;* [d] *(2പത്രൊ.2:4; യൂദാ.6)*
3. [e] *വെളി.20:8,10* [a] *(വാ.1 കാ.)* [f] *ദാനീ.6:17; (മത്താ.27:66)*
4. [g] *ദാനീ.7:9; മത്താ.19:28; ലൂക്കൊ.22:30* [h] *വെളി.3:21* [i] *ദാനീ.7:21; 1കൊരി.6:2,3* [j] *വെളി.6:9* [k] *വെളി.13:12,14-16* [l] *(യോഹ.14:19; 2തിമൊ.2:11)* [m] *വെളി.20:6; 5:10; 22:5; ദാനീ.7:18; മത്താ.20:21,27; 2തിമൊ.2:11; (സങ്കീ.45:16)*
6. [n] *വെളി.14:13* [o] *വെളി.20:14; 2:11;21:8* [p] *വെളി.1:6* [q] *വെളി.20:4*
7. [r] *വെളി.20:2*
8. [s] *യെഹെ.38:2;39:1* [t] *വെളി.16:14* [u] *വെളി.20:3,10*
9. [v] *(യെശ.8:8; യെഹെ.38:9,16; ഹബ.1:6)* [w] *എബ്രാ.13:11,13* [x] *(സങ്കീ.132:13)* [y] *വെളി.13:13*
10. [z] *വെളി.20:3,8* [a] *വെളി.16:13* [b] *വെളി.19:20*
11. [c] *സങ്കീ.102:26* [d] *വെളി.12:8; ദാനീ.2:35*
12. [e] *ദാനീ.7:10* [f] *വെളി.3:5* [g] *റോമ.14:10; 2കൊരി.5:10; വെളി.11:18* [h] *മത്താ.16:27* [i] *റോമ.14:10; 2കൊരി.5:10; വെളി.11:18*

ഏല്പിച്ചുകൊടുത്തു; മരണവും
പാതാളവും[j] തങ്ങളിലുള്ള മരിച്ചവ
രെ ഏല്പിച്ചുകൊടുത്തു; ഓരോരു
ത്തനും അവനവന്റെ പ്രവൃത്തികൾ
ക്കടുത്ത[h] വിധി ഉണ്ടായി. 14 മരണ
ത്തെയും പാതാളത്തെയും[j] തീ
പ്പൊയ്കയിൽ തള്ളിയിട്ടു;[k] ഈ
തീപ്പൊയ്ക രണ്ടാമത്തെ മരണം.[l]
15 ജീവപുസ്തകത്തിൽ പേരെഴു
തിക്കാണാത്ത ഏവനെയും തീപ്പൊ
യ്കയിൽ തള്ളിയിടും.[m]

❋ ❋ ❋

*1. പുതിയ ആകാശവും പുതിയ ഭൂമിയും 9. സ്വർഗീയ യെരൂശലേമിൻ മഹിമകളുടെ വർണന.*

**21** ഞാൻ പുതിയ ആകാശവും
പുതിയ ഭൂമിയും[a] കണ്ടു;
ഒന്നാമത്തെ ആകാശവും ഒന്നാമ
ത്തെ ഭൂമിയും[b] ഒഴിഞ്ഞുപോയി;
സമുദ്രവും ഇനി ഇല്ല. 2 പുതിയ
യെരൂശലേം[c] എന്ന വിശുദ്ധനഗ
രം[d] ഭർത്താവിനായി അലങ്കരിച്ചിട്ടു
ള്ള മണവാട്ടിയെപ്പോലെ[e] ഒരുങ്ങി[f]
സ്വർഗത്തിൽനിന്ന്, ദൈവസന്നി
ധിയിൽനിന്നുതന്നെ, ഇറങ്ങുന്നത്[g]
ഞാൻ കണ്ടു. 3 സിംഹാസന
ത്തിൽനിന്ന് ഒരു മഹാശബ്ദം പ
റയുന്നതായി ഞാൻ കേട്ടത്:
ഇതാ, മനുഷ്യരോടുകൂടെ ദൈ
വത്തിന്റെ കൂടാരം;[h] അവൻ അ
വരോടുകൂടെ വസിക്കും;[i] അവർ
അവന്റെ ജനമായിരിക്കും; ദൈ
വം താൻ അവരുടെ ദൈവമായി
അവരോടുകൂടെ ഇരിക്കും. 4 അ
വൻ അവരുടെ കണ്ണിൽനിന്നു ക
ണ്ണുനീർ എല്ലാം തുടച്ചുകളയും.[j]
5 ഇനി മരണം ഉണ്ടാകയില്ല;[k]
ദുഃഖവും മുറവിളിയും കഷ്ടതയും
ഇനി ഉണ്ടാകയില്ല;[l] ഒന്നാമത്തേത്
കഴിഞ്ഞുപോയി; സിംഹാസന
ത്തിൽ ഇരിക്കുന്നവൻ:[m] ഇതാ,
ഞാൻ സകലവും പുതുതാക്കുന്നു[n]
എന്ന് അരുളിച്ചെയ്തു. എഴുതുക,
ഈ വചനം വിശ്വാസയോഗ്യവും
സത്യവും ആകുന്നു[o] എന്നും അവൻ

13.[j] *വെളി.6:8*
[h] *(വാ.12 കാ.)*
14.[j] *(വാ.13 കാ.)*
[k] *(വെളി.21:5; ലൂക്കൊ.20:35; 1കൊരി.15:26)*
[l] *വെളി.20:6*
15.[m] *മത്താ.13:42,50*

**അധ്യായം 21**
1.[a] *യെശ.65:17; 66:22; 2പത്രൊ.3:13*
[b] *വെളി.20:11*
2.[c] *വെളി.3:12*
[d] *വെളി.11:2;22:19; യെശ.52:1*
[e] *യെശ.61:10*
[f] *വെളി.19:7; (യോഹ.14:3)*
[g] *(എബ്രാ.11:10)*
3.[h] *ലേവ്യാ.26:11,12*
[i] *യോഹ.1:14; (വെളി.7:15)*
4.[j] *വെളി.7:17*
5.[k] *(വെളി.20:14; 1കൊരി.15:26)*
[l] *യെശ.35:10; 51:11;65:19*
[m] *വെളി.4:2,9; 5:1;20:11*
[n] *2കൊരി.5:17*
[o] *വെളി.22:6; (വെളി.3:14;19:11; 1തിമൊ.1:15)*
6.[p] *വെളി.10:6*
[q] *വെളി.1:8;22:13*
[r] *വെളി.22:17; യോഹ.4:10;7:37*
7.[s] *വെളി.2:7*
[t] *വെളി.21:3*
[u] *2കൊരി.6:18*
8.[v] *വെളി.22:15; 1കൊരി.6:9,10; 1തിമൊ.1:9; ഗലാ.5:19 - 21; എഫെ.5:5; എബ്രാ.12:14*
[w] *ലൂക്കൊ.12:46*
[x] *വെളി.19:20*
[y] *വെളി.2:11;20:6,14*

കല്പിച്ചു. 6 പിന്നെയും അവൻ
എന്നോട് അരുളിച്ചെയ്തത്: സംഭ
വിച്ചുതീർന്നു;[p] ഞാൻ അല്ഫയും
ഓമേഗയും ആദിയും അന്തവും
ആകുന്നു;[q] ദാഹിക്കുന്നവന് ഞാൻ
ജീവനീരുറവിൽനിന്നു സൗജന്യ
മായി കൊടുക്കും.[r] 7 ജയിക്കുന്ന
വന്[s] ഇത് അവകാശമായി ലഭി
ക്കും; ഞാൻ അവന് ദൈവവും[t]
അവൻ എനിക്ക് മകനുമായിരിക്കും.[u]
8 എന്നാൽ ഭീരുക്കൾ, അവിശ്വാ
സികൾ, അറയ്ക്കപ്പെട്ടവർ, കൊല
പാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷു
ദ്രക്കാർ, ബിംബാരാധികൾ എന്നി
വർക്കും ഭോഷ്കു പറയുന്ന ഏവർ
ക്കുമുള്ള[v] ഓഹരി[w] തീയും ഗന്ധ
കവും കത്തുന്ന പൊയ്ക[x]യില
ത്രേ; അതു രണ്ടാമത്തെ മരണം.[y]
9 അന്ത്യബാധ ഏഴും[z] നിറഞ്ഞ
ഏഴു കലശം ഉണ്ടായിരുന്ന ഏഴു
ദൂതന്മാരിൽ ഒരുത്തൻ[a] വന്ന് എ
ന്നോട്: വരിക, കുഞ്ഞാടിന്റെ കാ
ന്തയായ മണവാട്ടിയെ[b] കാണിച്ചു
തരാം എന്നു പറഞ്ഞു. 10 അവൻ
എന്നെ ആത്മവിവശതയിൽ ഉയർ
ന്നൊരു വന്മലയിൽ[c] കൊണ്ടുപോ
യി,[d] യെരൂശലേമെന്ന വിശുദ്ധനഗരം
സ്വർഗത്തിൽനിന്ന്, ദൈവസന്നിധി
യിൽനിന്നുതന്നെ, ദൈവതേജസ്സു
ള്ളതായി[e] ഇറങ്ങുന്നത് കാണിച്ചു
തന്നു. 11 അതിന്റെ ജ്യോതിസ്സ്[f]
ഏറ്റവും വിലയേറിയ രത്നത്തിനു
തുല്യമായി[g] സ്ഫടികസ്വച്ഛതയുള്ള
സൂര്യകാന്തംപോലെ ആയിരുന്നു.
12 അതിന് പൊക്കമുള്ള വന്മതിലും
പന്ത്രണ്ടു ഗോപുരവും[h] ഗോപുര
ങ്ങളിൽ പന്ത്രണ്ടു ദൂതന്മാരും ഉണ്ട്;
യിസ്രായേൽമക്കളുടെ പന്ത്രണ്ടു
ഗോത്രങ്ങളുടെയും പേർ കൊത്തീ
ട്ടും ഉണ്ട്. 13 കിഴക്കു മൂന്നു ഗോ
പുരം, വടക്കു മൂന്നു ഗോപുരം, തെ
ക്കു മൂന്നു ഗോപുരം, പടിഞ്ഞാറ്
മൂന്നു ഗോപുരം. 14 നഗരത്തിന്റെ

9.[z] *വെളി.15:1* [a] *വെളി.17:1* [b] *വെളി.21:2* 10.[c] *സങ്കീ. 87:1; യെഹെ.40:2* [d] *വെളി.17:3; (യെഹെ.43:5)* [e] *വെളി.21:23; (വെളി.22:5; സങ്കീ.84:11; യെഹെ. 43:2,4)* 11.[f] *(മത്താ.5:14; ഫിലി.2:15)* [g] *വെളി.4:3,6* 12.[h] *യെഹെ.48:31 - 34*

മതിലിന് പന്ത്രണ്ട് അടിസ്ഥാനവും[i]
അതിൽ കുഞ്ഞാടിന്റെ പന്ത്രണ്ട്
അപ്പൊസ്തലന്മാരുടെ പന്ത്രണ്ടു
പേരും[j] ഉണ്ട്. **15** എന്നോട് സംസാ
രിച്ചവന് നഗരത്തെയും അതിന്റെ
ഗോപുരങ്ങളെയും മതിലിനെയും
അളക്കേണ്ടതിന് പൊന്നുകൊണ്ടു
ള്ള ഒരു അളവുകോൽ[k] ഉണ്ടായി
രുന്നു. **16** നഗരം സമചതുരമായി
കിടക്കുന്നു; അതിന്റെ വീതിയും
നീളവും സമം. അളവുകോൽകൊണ്ട്
അവൻ നഗരത്തെ അളന്നു, ആയി
രത്തിരുനൂറു നാഴിക കണ്ടു; അതി
ന്റെ നീളവും വീതിയും ഉയരവും
സമം തന്നെ. **17** അതിന്റെ മതിൽ
അളന്നു; മനുഷ്യന്റെ അളവിന്[l]
എന്നുവച്ചാൽ ദൂതന്റെ അളവിനു[m]
തന്നെ, നൂറ്റിനാല്പത്തിനാലു മുഴം
ഉണ്ടായിരുന്നു. **18** മതിലിന്റെ പണി
സൂര്യകാന്തവും[n] നഗരം സ്വച്ഛസ്ഫ
ടികത്തിനൊത്ത[n] തങ്കവും ആയി
രുന്നു. **19** നഗരമതിലിന്റെ അടി
സ്ഥാനങ്ങൾ[o] സകല രത്നവുംകൊ
ണ്ട് അലങ്കരിച്ചിരിക്കുന്നു; ഒന്നാം
അടിസ്ഥാനം സൂര്യകാന്തം, രണ്ടാമ
ത്തേത് നീലരത്നം, മൂന്നാമത്തേത്
മാണിക്യം, നാലാമത്തേത് മരതകം,
**20** അഞ്ചാമത്തേത് നഖവർണി,
ആറാമത്തേത് ചുവപ്പുകല്ല്, ഏഴാമ
ത്തേത് പീതരത്നം, എട്ടാമത്തേത്
ഗോമേദകം, ഒമ്പതാമത്തേത് പുഷ്യ
രാഗം, പത്താമത്തേത് വൈഡൂര്യം,
പതിനൊന്നാമത്തേത് പത്മരാഗം,
പന്ത്രണ്ടാമത്തേത് സുഗന്ധിരത്നം.
**21** പന്ത്രണ്ടു ഗോപുരവും പന്ത്രണ്ടു
മുത്ത്; ഓരോ ഗോപുരം ഓരോ മു
ത്തുകൊണ്ടുള്ളതും നഗരത്തിന്റെ
വീഥി[p] സ്വച്ഛസ്ഫടികത്തിന് തുല്യ
മായ തങ്കവും ആയിരുന്നു. **22** മ
ന്ദിരം അതിൽ കണ്ടില്ല;[q] സർവശ
ക്തിയുള്ള ദൈവമായ കർത്താവും
കുഞ്ഞാടും അതിന്റെ മന്ദിരം ആകു
ന്നു. **23** നഗരത്തിൽ പ്രകാശിപ്പാൻ
സൂര്യനും ചന്ദ്രനും ആവശ്യമില്ല;[r]
ദൈവതേജസ്സ് അതിനെ പ്രകാശി
പ്പിച്ചു;[s] കുഞ്ഞാട് അതിന്റെ വിളക്ക്
ആകുന്നു. **24** ജാതികൾ അതിന്റെ

14.[i] *എബ്രാ.11:10; (1കൊരി.3:11)*
[j] *മത്താ.16:18; എഫെ.2:20*
15.[k] *വെളി.11:1*
17.[l] *ആവ.3:11; (വെളി.13:18)*
[m] *വെളി.21:9*
18.[n] *വെളി.21:11*
19.[o] *(യെശ.54:11,12)*
21.[p] *വെളി.22:1*
22.[q] *(യോഹ.4:23)*
23.[r] *വെളി.22:5; യെശ.60:19,20; (വെളി.21:25)*
[s] *വെളി.21:11*
24.[t] *യെശ.60:3; (വെളി.22:2)*
[u] *വെളി.21:26; (യെശ.60:5,16)*
25.[v] *യെശ.60:11*
[w] *വെളി.21:23*
27.[x] *വെളി.3:5*
[y] *(വെളി.22:14,15; യെശ.35:8;52:1; യെഹെ.44:9; യോവേ.3:17; സെഖ.14:21)*

അധ്യായം 22

1.[a] *വെളി.21:21*
[b] *വെളി.21:6*
[c] *യെഹെ.47:1; സെഖ.14:8; (സങ്കീ.46:4)*
2.[d] *യെഹെ.47:12*
[e] *വെളി.22:14,19; 2:7; ഉൽപ.2:9*
[f] *(വെളി.21:24)*
3.[g] *സെഖ.14:11; (ഉൽപ.3:17)*
[h] *വെളി.21:3,23; യെഹെ.48:35*
[i] *വെളി.7:15*
4.[j] *മത്താ.5:8; 1കൊരി.13:12; 1യോഹ.3:2*
[k] *വെളി.3:12; 7:3;14:1*
5.[l] *വെളി.21:25*
[m] *സങ്കീ.36:9; വെളി.21:11*

വെളിച്ചത്തിൽ നടക്കും;[t] ഭൂമിയുടെ
രാജാക്കന്മാർ തങ്ങളുടെ മഹത്ത്വം
അതിലേക്കു കൊണ്ടുവരും.[u] **25** അ
തിന്റെ ഗോപുരങ്ങൾ പകൽക്കാല
ത്ത് അടയ്ക്കുകയില്ല;[v] രാത്രി അ
വിടെ ഇല്ലല്ലോ.[w] **26** ജാതികളുടെ
മഹത്ത്വവും ബഹുമാനവും അതി
ലേക്കു കൊണ്ടുവരും. **27** കുഞ്ഞാ
ടിന്റെ ജീവപുസ്തകത്തിൽ[x] എഴു
തിയിരിക്കുന്നവരല്ലാതെ അശുദ്ധ
മായത് യാതൊന്നും മ്ലേച്ഛതയും
ഭോഷ്കും പ്രവർത്തിക്കുന്നവൻ
ആരും അതിൽ കടക്കയില്ല.[y]

❋ ❋ ❋

***1. ജീവനദി, ജീവവൃക്ഷം മുതലായ പരമഭാഗ്യങ്ങൾ 8. ദൂതനെ കുമ്പിടുകയാൽ യോഹന്നാൻ ശാസിക്കപ്പെട്ടത് 11. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിന്റെ സമീപത 18. വേദവാക്യത്തിൽ കൂട്ടുകയും കുറയ്ക്കുകയും ചെയ്യുന്നവർക്കുള്ള ശിക്ഷ.***

**22** വീഥിയുടെ[a] നടുവിൽ ദൈ
വത്തിന്റെയും കുഞ്ഞാടിന്റെ
യും സിംഹാസനത്തിൽ നിന്നു
പുറപ്പെടുന്നതായി പളുങ്കുപോലെ
ശുഭ്രമായ ജീവജല[b]നദിയും[c] അ
വൻ എന്നെ കാണിച്ചു. **2** നദിക്ക്
ഇക്കരെയും അക്കരെയും[d] ജീവ
വൃക്ഷം[e] ഉണ്ട്; അതു പന്ത്രണ്ടു
വിധം ഫലം കായ്ച്ചു മാസംതോറും
അതതു ഫലം കൊടുക്കുന്നു;
വൃക്ഷത്തിന്റെ ഇല ജാതികളുടെ
രോഗശാന്തിക്ക്[f] ഉതകുന്നു. **3** യാ
തൊരു ശാപവും ഇനി ഉണ്ടാക
യില്ല;[g] ദൈവത്തിന്റെയും കുഞ്ഞാ
ടിന്റെയും സിംഹാസനം അതിൽ
ഇരിക്കും;[h] അവന്റെ ദാസന്മാർ
അവനെ ആരാധിക്കും.[i] **4** അവർ
അവന്റെ മുഖം കാണും;[j] അവ
ന്റെ നാമം അവരുടെ നെറ്റിയിൽ
ഇരിക്കും.[k] **5** ഇനി രാത്രി ഉണ്ടാക
യില്ല;[l] ദൈവമായ കർത്താവ് അവ
രുടെമേൽ പ്രകാശിക്കുന്നതു[m]
കൊണ്ടു വിളക്കിന്റെ വെളിച്ചമോ
സൂര്യന്റെ വെളിച്ചമോ[n] അവർക്ക്

[n] *വെളി.21:23*

ആവശ്യമില്ല. അവർ എന്നെന്നേ
ക്കും രാജാക്കന്മാരായിരിക്കും.[o]
**6** പിന്നെ അവൻ എന്നോട്: ഈ
വചനം വിശ്വാസയോഗ്യവും സത്യ
വും ആകുന്നു;[p] പ്രവാചകന്മാരുടെ
ആത്മാക്കളുടെ[q] ദൈവമായ കർ
ത്താവ് വേഗത്തിൽ സംഭവിക്കേണ്ട
തു തന്റെ ദാസന്മാർക്കു കാണിച്ചു
കൊടുപ്പാൻ തന്റെ ദൂതനെ അയ
ച്ചു.[r] **7** ഇതാ, ഞാൻ വേഗത്തിൽ
വരുന്നു;[s] ഈ പുസ്തകത്തിലെ
പ്രവചനം പ്രമാണിക്കുന്നവൻ ഭാ
ഗ്യവാൻ[t] എന്നു പറഞ്ഞു.
**8** ഇതു കേൾക്കയും കാണുക
യും ചെയ്തതു യോഹന്നാൻ[u]
എന്ന ഞാൻ തന്നെ. കേൾക്കയും
കാണുകയും ചെയ്തശേഷം അത്
എനിക്കു കാണിച്ചുതന്ന ദൂതന്റെ
കാൽക്കൽ ഞാൻ വീണു നമസ്ക
രിച്ചു.[v] **9** എന്നാൽ അവൻ എന്നോ
ട്: അതരുത്;[v] ഞാൻ നിന്റെയും
നിന്റെ സഹോദരന്മാരായ പ്രവാച
കന്മാരുടെയും ഈ പുസ്തകത്തി
ലെ വചനം പ്രമാണിക്കുന്ന[t]വരുടെ
യും സഹഭൃത്യനത്രേ; ദൈവത്തെ
നമസ്കരിക്ക എന്നു പറഞ്ഞു.
**10** അവൻ പിന്നെയും എന്നോടു
പറഞ്ഞത്: സമയം അടുത്തിരിക്ക
യാൽ ഈ പുസ്തകത്തിലെ പ്രവ
ചനം മുദ്രയിടരുത്.[w] **11** അനീതി
ചെയ്യുന്നവൻ ഇനിയും അനീതി
ചെയ്യട്ടെ;[x] അഴുക്കുള്ളവൻ ഇനിയും
അഴുക്കാടട്ടെ; നീതിമാൻ ഇനിയും
നീതി ചെയ്യട്ടെ; വിശുദ്ധൻ ഇനിയും
തന്നെ വിശുദ്ധീകരിക്കട്ടെ. **12** ഇ
താ, ഞാൻ വേഗം വരുന്നു;[y] ഓ
രോരുത്തനും അവനവന്റെ പ്രവൃ
ത്തിക്കു തക്കവണ്ണം കൊടുപ്പാൻ[z]
പ്രതിഫലം എന്റെ പക്കൽ ഉണ്ട്.[a]
**13** ഞാൻ അല്ഫയും ഓമേഗയും[b]
ഒന്നാമനും ഒടുക്കത്തവനും[c] ആദി
യും അന്തവും[d] ആകുന്നു. **14** ജീവ
ന്റെ വൃക്ഷത്തിൽ[e] തങ്ങൾക്ക് അ
ധികാരം ഉണ്ടാകേണ്ടതിനും ഗോപു
രങ്ങളിൽക്കൂടി നഗരത്തിൽ കട
ക്കേണ്ടതിനും[f] തങ്ങളുടെ വസ്ത്രം
അലക്കുന്നവർ[g] ഭാഗ്യവാന്മാർ.
**15** നായ്ക്കളും[h] ക്ഷുദ്രക്കാരും[i] ദുർ
ന്നടപ്പുകാരും കൊലപാതകന്മാരും
ബിംബാരാധികളും ഭോഷ്കിൽ
പ്രിയപ്പെടുകയും അതിനെ പ്രവർ
ത്തിക്കയും ചെയ്യുന്ന ഏവനും പു
റത്തു തന്നെ.[j]
**16** യേശു എന്ന ഞാൻ[k] സഭ
കൾക്കുവേണ്ടി[l] നിങ്ങളോട് ഇതു
സാക്ഷീകരിപ്പാൻ എന്റെ ദൂതനെ
അയച്ചു;[k] ഞാൻ ദാവീദിന്റെ വേ
രും[m] വംശവും[n] ശുഭ്രമായ ഉദയ
നക്ഷത്രവു[o]മാകുന്നു.
**17** വരിക എന്ന് ആത്മാവും
മണവാട്ടിയും[p] പറയുന്നു; കേൾ
ക്കുന്നവനും: വരിക എന്നു പറയട്ടെ;
ദാഹിക്കുന്നവൻ[q] വരട്ടെ; ഇച്ഛിക്കു
ന്നവൻ ജീവജലം[r] സൗജന്യമായി
വാങ്ങട്ടെ.
**18** ഈ പുസ്തകത്തിലെ പ്രവ
ചനം കേൾക്കുന്ന ഏവനോടും
ഞാൻ സാക്ഷീകരിക്കുന്നതെന്തെ
ന്നാൽ: അതിനോട് ആരെങ്കിലും
കൂട്ടിയാൽ[s] ഈ പുസ്തകത്തിൽ
എഴുതിയ ബാധകളെ ദൈവം അവ
നു വരുത്തും. **19** ഈ പ്രവചനപു
സ്തകത്തിലെ വചനത്തിൽനിന്ന്
ആരെങ്കിലും വല്ലതും നീക്കിക്കള
ഞ്ഞാൽ ഈ പുസ്തകത്തിൽ എഴു
തിയിരിക്കുന്ന ജീവവൃക്ഷത്തിലും[t]
വിശുദ്ധനഗരത്തിലും[u] അവനുള്ള
അംശം ദൈവം നീക്കിക്കളയും.
**20** ഇതു സാക്ഷീകരിക്കുന്നവൻ:
അതേ, ഞാൻ വേഗം വരുന്നു[v] എന്ന്
അരുളിച്ചെയ്യുന്നു; ആമേൻ, കർ
ത്താവായ യേശുവേ, വരേണമേ.[w]
**21** കർത്താവായ യേശുക്രിസ്തു
വിന്റെ കൃപ നിങ്ങളോടെല്ലാവ
രോടുംകൂടെ ഇരിക്കുമാറാകട്ടെ;
ആമേൻ.

❋ ❋ ❋

5.[o] *ദാനീ.7:18,27; റോമ.5:17; 2തിമൊ.2:12; വെളി.20:4*
6.[p] *വെളി.21:5*
[q] *1കൊരി.14:32*
[r] *വെളി.1:1*
7.[s] *വെളി.22:12,20; 3:11*
[t] *വെളി.1:3*
8.[u] *വെളി.1:1,4,9*
[v] *വെളി.19:10*
9.[v] *(വാ.8 കാ.)*
[t] *(വാ.7 കാ.)*
10.[w] *(വെളി.10:4)*
11.[x] *യെഹെ.3:27; (ദാനീ.12:10; 2തിമൊ.3:13)*
12.[y] *വെളി.22:7,20*
[z] *മത്താ.16:27*
[a] *യെശ.40:10;62:11*
13.[b] *വെളി.1:8*
[c] *വെളി.1:17*
[d] *വെളി.21:6*
14.[e] *വെളി.22:2,19*
[f] *സങ്കീ.118:20; 21:27*
[g] *വെളി.7:14*
15.[h] *ഫിലി.3:2*
[i] *വെളി.21:8*
[j] *(ഗലാ.5:19-21); മത്താ.8:12*
16.[k] *വെളി.1:1*
[l] *വെളി.1:4*
[m] *വെളി.5:5*
[n] *മത്താ.1:1*
[o] *(വെളി.2:28; സംഖ്യാ.24:17; യെശ.60:3; മത്താ.2:2)*
17.[p] *വെളി.21:2,9*
[q] *വെളി.21:6; യെശ.55:1; യോഹ.7:37*
[r] *വെളി.21:6*
18.[s] *ആവ.4:2;13:1 (സദൃ.30:6)*
19.[t] *വെളി.22:2,14*
[u] *വെളി.21:2*
20.[v] *വെളി.22:7,12* [w] *(2തിമൊ.4:8)*

22:17 ***മണവാട്ടി:*** *ദൈവത്തിന്റെ പുതിയ ജനം* എന്നാണ് ഉദ്ദേശിക്കുന്നത് (മത്താ. 22:1-14; എഫെ. 5:22-32).